# ശബ്ദതാരാവലി.

വ്യുൽപത്തി ചരിത്രപ്രയോഗങ്ങൾ മുതലായവ അടങ്ങിയ ഒരു

# മലയാളനിഘണ്ടു.

കൂടുതൽ വാക്കുകളും വിവരണങ്ങളും ചിത്രങ്ങളും

മററും ചേർത്തു പരിഷ്കരിച്ച

രണ്ടാം പതിപ്പ്.

രണ്ടാം വാല്യം.

ധ മുതൽ ഴ വരെ

ഗ്രന്ഥകർത്താവ്

ശ്രീകണ്ഠേശ്വരം ജി. പത്മനാഭപിള്ള.

പ്രകാശകൻ

പി. ചന്ദ്രശേഖരൻനായർ.

—:0:—

പ്രതി ൧൦൦൦.

"ഭാസ്കര" പ്രസ്സ് — തിരുവനന്തപുരം.

൧൧൦൩.

വില ബ്രി. രൂപ 7.

(പകർപ്പവകാശം പ്രകാശകനില്ലം മററം)

ഒന്നാംവാല്യത്തിന്റെ ആദ്യവും രണ്ടാംവാല്യത്തിന്റെ ഒടുവിലും പ്രസാധകന്റെ മുദ്രയില്ലാത്ത പുസ്തകം വ്യാജനിർമ്മിതമാകുന്നു.

# ധ

**ധ**-ഹല്ലുകളിൽ പത്തൊൻപതാം അക്ഷരം. ദന്ത്യങ്ങളിൽ ഒന്ന്. ഒരു ഘോഷാക്ഷരം. സപ്തസ്വരങ്ങളിൽ ഒന്ന്.

**ധടം**-തുലാസ്സ്, ത്രാസ്സ്.

**ധടി, ധടികാ**-പഴയ വസ്ത്രം (ഉടുപ്പ്)

**ധത്തൂരം**-ഒരു ചെടി, ഉമ്മത്ത്. രസാദി സപ്തധാതുക്കളെ ക്ഷയിപ്പിക്കുന്നതെന്നർത്ഥം.

**ധൻ**-൧. ബ്രഹ്മാവ്. ൨. കുബേരൻ.

**ധനകേളി**-കുബേരൻ.

**ധനക്ഷയം**-ദ്രവ്യനാശം.

**ധനച്ഛദ**-വരണ.

**ധനഞ്ജയൻ**-൧. അഗ്നി. ധനത്തെ ജയിക്കുന്നവനെന്നർത്ഥം. യാഗം മുതലായവകൊണ്ടു ധനവാന്മാർക്കു ധനവ്യയമുണ്ടാക്കിത്തീർക്കുന്നവൻ എന്നു താൽപര്യം. ൨. അർജ്ജുനൻ. രാജസൂയയാഗത്തിനുവേണ്ടി അനേകം ധനം സമ്പാദിക്കയാലും ധനത്തിങ്കൽ ആഗ്രഹമില്ലായ്കയാലും അർജ്ജുനന് ഈ പേർ വന്നു എന്നും കാണുന്നു. ൩. പ്രാണാദിവായുക്കളുടെ അവാന്തരഭേദങ്ങളിൽ ഒന്ന്.

ധനഞ്ജയൻ എന്ന വായു സർവ്വവ്യാപിയാണ് മരിച്ചാൽപോലും ദേഹത്തെ വിട്ടുപിരികയില്ല. ശരീരം മണ്ണോടു ചേർന്നോ അഗ്നിയിൽ ദഹിച്ചോ മറ്റോ നശിക്കുന്നതായാൽ അതിനും നാശം വരും.

൪. നീർമരുത്. ൫. കൊടുവേലി. ൬. വിഷ്ണു.

**ധനഞ്ജയവിജയ**-ഒരു ചെറിയ നാടകം.

വിരാടദേശത്തുവച്ച് അർജ്ജുനൻ ചെയ്ത പ്രവൃത്തികൾ ഇതിൽ അടങ്ങിയിരിക്കുന്നു.

**ധനദ**-വി. ദ്രവ്യത്തെ കൊടുക്കുന്ന.

**ധനദൻ**-വൈശ്രവണൻ. ധനത്തെ രക്ഷിക്കുന്നവൻ എന്നർത്ഥം. (മേൽപാഠമനേ)

ധനത്തെ ദാനംചെയ്യുന്നവൻ എന്നുള്ള വാസ്തവവിരുദ്ധമായ വ്യാഖ്യാനത്തെ ഞാൻ സ്വീകരിക്കുന്നില്ല.

**ധനദം**-നീർക്കടമ്പ്.

**ധനധാനി**-ഖജനാവ്, ഭണ്ഡാരപ്പുര.

**ധനനാശചതുഷ്ടയം**-ദേവന്മാർക്കും ബ്രാഹ്മണർക്കും ബന്ധുക്കൾക്കും തനിക്കും വേണ്ടി ചെലവാക്കാതെ നേടിവച്ച ധനത്തെ ജലവും ശത്രുവും രാജാവും കള്ളനും കൊണ്ടുപോവുക.

**ധനപതി**-൧. വൈശ്രവണൻ. ൨. സ്രാഫ്, ഖജാൻജി, ഭണ്ഡാരവിചാരകൻ.

**ധനപ്രിയ**-വി. ധനത്തിൽ ആഗ്രഹമുള്ള

**ധനപ്രിയ**-ഒരുവക ചീര.

**ധനം**-ദ്രവ്യം, സമ്പത്ത്. പര്യായങ്ങൾ-ദ്രവ്യം, വിത്തം, സ്വാപതേയം, രിക്ഥം, ധനം, വസു, ഋക്ഥം, ഹിരണ്യം, ദ്രവിണം, ദ്യുമ്നം, അർത്ഥം, വിഭവം.

ധനം എന്നു സാധാരണ പറയുന്നതിന്റെ അർത്ഥം അനുഭവത്തിനു സ്വാധീനമുള്ള മുതൽ, നിത്യോപയോഗത്തിനു സൌകര്യപ്പെടുന്ന സാധനം, പണം ഉണ്ടാക്കുന്നതിന് ഉപകരിക്കുന്ന സാധനം എന്നൊക്കെയാകുന്നു. ധനാദിസമൃദ്ധിയുടെ പേർ=സമ്പത്, സമ്പത്തി, ശ്രീ, ലക്ഷ്മി. ദാനംചെയ്യാതിരിക്ക, അനുഭവിക്കാതിരിക്ക ഇവ രണ്ടുമാത്രം ധനനാശകാരണദ്വയം.

**ധനവൽ**-വി. സമ്പത്തുള്ള.

ധനവാൻ-വളരെ ധനമുള്ളവൻ. പര്യായങ്ങൾ-ഇഭ്യൻ, ആഢ്യൻ, ധനി.

ധനവൃദ്ധി-ദ്രവ്യവൃദ്ധി.

ധനസ്ഥാനം-പു. രണ്ടാമിടം. 2. ഖജനാവ്, ഭണ്ഡാരപ്പുര.

ധനസ്യകം-ചെറിയ ഞെരിഞ്ഞിൽ.

ധനഹര-വി. മോഷ്ടിക്കുന്ന.

ധനഹരൻ-കള്ളൻ.

ധനഹരം-അടവിക്കച്ചോലം.

ധനഹരി-ഒരു മരുന്ന്, കാട്ടുകച്ചോലം. തമിഴിൽ-കരുങ്കച്ചോലം, ചെറുകച്ചോലം എന്നും പറയുന്നുണ്ട്. അധികം വിലയുള്ളതിനാൽ ധനത്തെ ഹരിക്കുന്നതെന്നർത്ഥം.

ധനഹാരി, ധനഹരി-വി. കൈക്കലാക്കുന്ന ധനത്തിന്നവകാശമുള്ള.

ധനാഢ്യൽ-പറയൻകിഴങ്ങ്.

ധനാഗമം-ദ്രവ്യലാഭം.

ധനാഢ്യൻ-പു. ധനവാൻ. 2. വൈശ്രവണൻ.

ധനാധാരം-ഖജനാവ്, ഭണ്ഡാരപ്പുര.

ധനാധിപൻ-വൈശ്രവണൻ.

ധനാശി-ഒരു രാഗം.

ധനാശിപാടുക-അവസാനിക്കുക. (ശൈലി).

ധനി-വി. ധനമുള്ള, സമ്പത്തുള്ള.

ധനിക-വി. ധനമുള്ള.

ധനികൻ-പു. ധനവാൻ. 2. ഒരു സംസ്കൃതകവി, വിഷ്ണുപുത്രൻ, കാവ്യനിർണ്ണയം, ദശരൂപാവലോകം ഇവ നിർമ്മിച്ചു.

ധനികം-കൊത്തമ്പാലയരി.

ധനികാ-സ്ത്രീ. യൌവനമുള്ളവൾ 2. ഞാഴൽ.

ധനിഷ്ഠ അവിട്ടം. ഈ നക്ഷത്രത്തിൽ ജനിച്ചവർ ധനവാന്മാരായിത്തീരുന്നതിനാൽ ഈ പേരുണ്ടായി. ഇതിനെ സേവിക്കുന്നവർ ധനവാന്മാരും പ്രസിദ്ധന്മാരുമായിത്തീരും എന്നുമാവാം.

ധനിഷ്ഠ-വി. വളരെ ധനമുള്ള.

ധനീ-പു. ധനവാൻ, ധാരാളം ധനമുള്ളവൻ. മററു പര്യായങ്ങൾ-ഇഭ്യൻ, ആഢ്യൻ. 2. കൊത്തമ്പാലയരി.

ധനീ, ധനീകാ-ചെറുപ്പക്കാരി.

ധനീയകം-കൊത്തമ്പാലരി.

ധനു-പു. ധനുരാശി. 2. ധനുമാസം. 3. മുരളമരം. 4. മണൽക്കര.

ധനുക്കൂറ്-മൂലവും പൂരാടവും ഉത്രാടത്തിൽ കാലും.

ധനുഗ്രഹൻ, ധനുർഗ്രാഹൻ-വില്ലാളി

ധനുഞായർ-ധനുമാസം.

ധനുദ്രുമം-മുള.

ധനുധരൻ-വില്ലാളി.

ധനുമാസം-മാർകഴിമാസം.

ധനുരാശി-ഒൻപതാമത്തെ രാശി.

ധനുശ്ശ്ലാഘം-ചെറുഞെരിഞ്ഞാലി.

ധനുർദ്ധരൻ, ധനുർഭൃത്-വില്ലെടുത്തവൻ, വില്ലാളി.

ധനുർഗ്ഗ്രാസം-കൊട്ടത്തുവ.

ധനുർവൃക്ഷം-മുള.

ധനുർവ്വേദം-വില്ലഭ്യാസത്തിനുള്ള വിദ്യ, ആയുധശാസ്ത്രം, യജുർവ്വേദത്തിന്റെ ഉപവേദം.

ധനുർവ്വേദി-പു. ധനുർവ്വേദം അറിയാവുന്നവൻ. 2. ശിവൻ.

ധനുഷ്കൻ-വില്ലാളി. ധനുസ്സ് പ്രഹരണമായിട്ടുള്ളവൻ എന്നർത്ഥം.

ധനുഷ്പടം-മുരളവൃക്ഷം. ഒരു വില്പാട് വിസ്താരമുള്ളതെന്നർത്ഥം.

ധനുഷ്പാണി-കൈയിൽ വില്ലു ധരിച്ചവൻ.

ധനുഷ്മാൻ-വില്ലാളി. ധനുസ്സുള്ളവനെന്നർത്ഥം.

ധനുസ്സ്-പു. വില്ല്. 2. ധനുരാശി.

ധനൂ-വില്ല്.

ധാനേയകം-കൊത്തമ്പാലയരി.

**ധനേശൻ**-വൈശ്രവണൻ.

**ധന്യ**-വി. ഫ. ഭാഗ്യമുള്ള. വ. ധനമുള്ള. ന. മഹത്വമുള്ള.

**ധന്യൻ**-ഫ. സുകൃതമുള്ളവൻ. വ. ഭാഗ്യവാൻ. ന. ഉത്തമൻ. ർ. അനുഗ്രഹീതൻ (ധനം ലഭിച്ചവൻ).

**ധന്യം**-ഫ. കൊത്തമ്പാലയരി. വ. പെരുമരുത്.

**ധന്യശീല**-വി. സുകൃതമുള്ള, നല്ല ശീലമുള്ള.

**ധന്യാ**-ഫ. കൊത്തമ്പാലയരി. വ. നെല്ലി. ന. തുവരമ്പയറ്.

**ധന്യാകം**-കൊത്തമ്പാലയരി. ഭക്ഷ്യാർത്ഥികൾ നല്ലതെന്നു പറയുന്നതെന്നർത്ഥം

**ധന്വന്തരി**-ഫ. വിഷ്ണുവിന്റെ അവതാരസ്വരൂപം, സ്വർഗ്ഗത്തിലെ വൈദ്യൻ. പാലാഴിയിൽ നിന്നുണ്ടായി.

പാലാഴി കടഞ്ഞപ്പോൾ ധന്വന്തരി കൈയിൽ അമൃതവുംകൊണ്ടു ജലത്തിൽ നിന്നു കയറി. അതിനാലാണു 'സുധാപാണി' എന്ന പേരുണ്ടായത്. 'അമൃതൻ' എന്ന പേരും കാണുന്നുണ്ട്.

വ. വിക്രമാദിത്യസദസ്സിലെ നവരത്നങ്ങളിൽ ഒരാളായ ഒരു വൈദ്യൻ.

**ധന്വന്തരം**-തൊണ്ണൂറാറംഗുലം നീളം.

**ധന്വനം**-ഒരു വൃക്ഷം.

ഈ വൃക്ഷം ഏറെ വലുതും നീളമുള്ളതുമാണ്. ഇലന്തയിലപോലെ കുറച്ചു വലുതായിരിക്കും. തടി വീട്ടുപണിക്കുന്നു. ഇതിന്റെ പഴുത്ത കായ് മലത്തെ തടുക്കാം. കഫവാതങ്ങളെ ശമിപ്പിക്കും.

**ധന്വം**-വില്ല്. ശബ്ദിക്കുന്നതെന്നർത്ഥം.

**ധന്വയാഷം, ധന്വയാസം**-ഒരു മരുന്ന്, കൊട്ടുത്തുവ.

**ധന്വാവ്**-ഫ. മരുഭൂമി, നിർജ്ജലഭൂമി. പിപാസമൂലം ഇതിൽനിന്ന് ഓടുന്നു എന്നർത്ഥം. വ. വില്ല്.

**ധന്വിനം**-പന്നി.

**ധന്വീ**-ഫ. വില്ലാളി. വില്ലുള്ളവൻ എന്നർത്ഥം. വ. ചെങ്കൊടിത്തുവ. ന. ഇലഞ്ഞി. ർ. നീർമരുത്. ഇ. ശിവൻ. ന്ന. വിഷ്ണു. ൬. അർജ്ജുനൻ.

**ധം**-ധനം.

**ധമകൻ**-കൊല്ലൻ.

**ധമൻ**-ഫ. ചന്ദ്രൻ. വ. കൃഷ്ണൻ. ന. യമൻ. ർ. ബ്രഹ്മാവ്.

**ധമന**-വി. ഫ. ഊതുന്ന, വീക്കുന്ന. വ. ക്രൂരമായ.

**ധമനം**-ഫ. വേഴം, വേഴൽപ്പുല്ല്. ശബ്ദിക്കുന്നതെന്നർത്ഥം. വ. ഊതുക, ഊത്ത്.

**ധമനി**-ഫ. ഞരമ്പ്. കുഴൽപോലെയുള്ളതെന്നർത്ഥം.

'ധമനീസമുദായസന്തതഗാത്രന്മാരായ്'
(ഭാരതം)

വ. കുഴൽ. ന. പവിഴക്കൊടി. സുഷിരങ്ങൾ ഉള്ളതിനാൽ കാററു തട്ടുന്ന സമയം ഊതുന്നതു (ശബ്ദിക്കുന്നതു) എന്നർത്ഥം. ർ. നളി എന്ന ഗന്ധദ്രവ്യം. ഇ. മഞ്ഞൾ. ന്ന. ഓരില. ൬. തൊണ്ട. വ്യ. കഴുത്ത്.

**ധമിക്കുന്നു**-ഊതുന്നു.

**ധമ്മില്ലം**-കൊണ്ടകെട്ട്, കെട്ടിവച്ച തലമുടി, മുത്തുമാല മുതലായതുകൊണ്ടു കൂട്ടിക്കെട്ടിയ തലമുടി. മാല മുതലായവയുടെ സംയോജനത്തിലുണ്ടാകുന്ന ശബ്ദത്തോടെ കൂടിച്ചേരുന്നതെന്നർത്ഥം. ധമ്മലം, ധമ്മിലം എന്ന പാഠങ്ങളും കാണുന്നു.

'മല്ലായുധൻ തഴയ്ക്കുല്ലൽനൽകുന്ന ധ-
മ്മില്ലവുംചന്ദ്രനേവെല്ലും മുഖാബ്ജവും'
(കല്യാണസൗഗന്ധികം തുള്ളൽ)

**ധയ**-(പദാന്തത്തിൽ) കുടിക്കുന്ന, വലിച്ചു കുടിക്കുന്ന. ഉ-ം, സ്തനംധയ.

**ധര**-വി. ധരിച്ച.

**ധരണ**-വി. വഹിക്കുന്ന, എടുക്കുന്ന.

ധരണൻ-സൂര്യൻ.

ധരണം-ഫ. എടുക്കുക. ൨. എരിക്ക്. ൩. പർവ്വതത്തിന്റെ അരിക്. ൪ ഭൂമി. ൫. സ്ത്രീകളുടെ നെഞ്ച്. ൬. അരി, ധാന്യം. ൭ ഹിമാലയപർവ്വതം.

ധരണി, ധരണീ-ഫ. ഭൂമി. വിശ്വത്തെ ധരിക്കുന്നത്, പർവ്വതങ്ങൾ ഉള്ളത്, അനന്താദി കൂർമ്മാദികളാൽ ധരിക്കപ്പെടുന്നത് ഇങ്ങിനെ അർത്ഥം. ൨. നിലം. ൩. ഇലവ്. ൪. പരശുരാമന്റെ ഭാര്യ.

ധരണിജൻ-ഫ. ചൊവ്വാഗ്രഹം. ൨. നരകാസുരൻ.

ധരണിജാ-സീത.

ധരണിധരൻ-ഫ. വിഷ്ണു. ൨. ശേഷൻ.

ധരണിധരം-ഫ. പർവ്വതം. ൨. ആമ.

ധരണിസുതൻ-ഫ. നരകാസുരൻ. ൨. ചൊവ്വാഗ്രഹം.

ധരണിസുതാ-സീതാ.

ധരണീകന്ദം-വെങ്കായം, നിലക്കിഴങ്ങ്

ധരണീകീലകം-ഫ. പർവ്വതം. ൨. ആമ.

ധരണീതലം-ഭൂമി.

ധരണീധരൻ-ഫ. ശേഷൻ. ൨. വിഷ്ണു. ൩. രാജാവ്.

ധരണീധരം-ഫ. പർവ്വതം. ൨. ആമ.

ധരണീനിർജ്ജരൻ-ബ്രാഹ്മണൻ.

ഭൂമി എന്നതിന്റെ പര്യായപദങ്ങളോട് ദേവൻ എന്നർത്ഥം വരുന്ന ശബ്ദങ്ങൾ ചേർത്താൽ ബ്രാഹ്മണൻ എന്ന അർത്ഥമുണ്ടാകും.

ധരണീപതി-ഫ. രാജാവ്. ൨. വിഷ്ണു

ധരണീപൂരം-സമുദ്രം.

ധരണീപ്ലവം-കടൽ.

ധരണീഭൃത്ത്-ഫ. പർവ്വതം. ൨. രാജാവ് ൩. വിഷ്ണു. ൪. ശേഷൻ.

ധരണീമണ്ഡലം-ഭൂഗോളം.

ധരണീയ-വി. ഫ. ധരിക്കത്തക്ക. ൨. വഹിക്കത്തക്ക. ൩. രക്ഷിക്കത്തക്ക.

ധരണീരമണൻ-രാജാവ്.

ഭൂമിയുടെ പര്യായങ്ങളിൽ ഏതിലെങ്കിലും ഭർത്താവ് എന്നുള്ള പദം കൂടി (പിന്നാലെ) ചേർത്താൽ രാജാവ് എന്നുള്ള അർത്ഥം വരും.

ധരണീശ്വരൻ-ഫ. രാജാവ്. ൨. വിഷ്ണു

ധരണീസുത-സീത.

ധരണീസുതൻ-ഫ. നരകാസുരൻ. ൨. ചൊവ്വാഗ്രഹം.

ധരം-പർവ്വതം. ഭൂമിയെ ധരിക്കുന്നതെന്നർത്ഥം.

ധരാ-ഫ. ഭൂമി. (ശബ്ദാർത്ഥത്തിന് ധരണി എന്നതു നോക്കുക). ൨, മജ്ജ. ൩. ഗർഭപാത്രം. ൪. മേദം.

ധരാതലം-ഭൂമി.

ധരാത്മജാ-സീത.

ധരാത്മജൻ-ഫ. നരകാസുരൻ. ൨. ചൊവ്വാഗ്രഹം.

ധരാദേവൻ-ബ്രാഹ്മണൻ.

ധരാധരൻ-ഫ. വിഷ്ണു, കൃഷ്ണൻ ൨. ശേഷൻ.

ധരാധരം-പർവ്വതം.

'അയിതൃണധരാധരാധീശ! രാമാജ്ഞയാ'
(ലങ്കാമർദ്ദനം തുള്ളൽ)

ധരാപതി-ഫ. രാജാവ്. ൨. വിഷ്ണു.

ധരാപുത്രൻ-ഫ. ചൊവ്വാ. ൨. നരകാസുരൻ.

ധരാഭൃത്ത്-ഫ. രാജാവ്. ൨. പർവ്വതം.

ധരാമരൻ-ബ്രാഹ്മണൻ.

ധരാസുതൻ-ഫ നരകാസുരൻ. ൨. ചൊവ്വാഗ്രഹം.

ധരാസുരൻ-ബ്രാഹ്മണൻ.

ധരാസൂനു-ഫ. നരകാസുരൻ. ൨. ചൊവ്വാഗ്രഹം.

ധരിക്കുന്നു-ഫ. വഹിക്കുന്നു, എടുക്കുന്നു. ൨. അറിയുന്നു. (കാ. ക്രി. ധരിപ്പിക്കുന്നു).

ധരിത്രി-ഭൂമി. (ശബ്ദാൎത്ഥത്തിന്നു ധരണി എന്നതു നോക്കുക)

ധരിമ-ആകൃതി.

ധരേന്ദ്രൻ-ഹിമവാൻ, പൎവ്വതശ്രേഷ്ഠൻ.

ധൎത്തൂരം-ഉമ്മത്തു്.

ധൎമ്മകൎത്താവു്-ധൎമ്മം ചെയ്യുന്നവൻ.

ധൎമ്മകാൎയ്യം-ഗുണത്തെ സംബന്ധിച്ചുള്ള പ്രവൃത്തി.

ധൎമ്മകീലം-ഒരു ധൎമ്മാസനത്തിന്റെ കീഴുള്ള രാജ്യം, ഒരു ന്യായവിചാരസ്ഥലത്തിന്റെ കീഴിലുള്ള ദിക്കു്.

ധൎമ്മകൃത്തു്-ധൎമ്മം ചെയ്യുന്നവൻ.

ധൎമ്മകഞ്ഞി-കഞ്ഞിവെച്ചു ധൎമ്മമായിട്ടു കൊടുക്കുക.

ധൎമ്മക്കാരൻ-ഭിക്ഷതെണ്ടി നടക്കുന്നവൻ.

ധൎമ്മക്കാരി-ഭിക്ഷതെണ്ടി നടക്കുന്നവൾ.

ധൎമ്മക്കൊള്ളി—ശേഷക്കാരില്ലാത്തവൻ മരിച്ചാൽ മററു വല്ലവരും ശവത്തെ ദഹിപ്പിക്കുക.

ധൎമ്മക്ഷേത്രം-൧. ഭാരതഭൂമി. ൨. പുണ്യസ്ഥലം.

ധൎമ്മഗുപ്തൻ-വിഷ്ണു.

ധൎമ്മഘ്നു-താന്നി.

ധൎമ്മചാരി-വി. ധൎമ്മത്തെ ചെയ്യുന്ന.

ധൎമ്മചാരിണി-൧. നല്ല മൎയ്യാദപ്രകാരം ഇരിക്കുന്നവൾ. ൨. ഭാൎയ്യ, പതിവ്രതയായ ഭാൎയ്യ.

ധൎമ്മചിന്ത, ധൎമ്മചിന്തനം-ധൎമ്മത്തെക്കുറിച്ചുള്ള വിചാരം മറെറാരു പൎയ്യായം-ഉപാധി.

ദുഃഖമുള്ളവനേ വാസ്തവമായി ധൎമ്മചിന്ത ഉണ്ടാവുകയുള്ളൂ.

ധൎമ്മജ്ഞ-വി. ധൎമ്മത്തെ അറിയുന്ന.

ധൎമ്മണം-പാമ്പു്.

ധൎമ്മതത്വം-ആചാരാദികളുടെ പരമാൎത്ഥം.

ധൎമ്മതോണി-പരോപകാരത്തിനായിട്ടു് ഇട്ടിരിക്കുന്ന കടവുവള്ളം.

ധൎമ്മദാരങ്ങൾ-വിവാഹം ചെയ്തുണ്ടായ ഭാൎയ്യ

ധൎമ്മദൈവം-വംശപാരമ്പൎയ്യമായിട്ടു സേവിക്കപ്പെട്ടുവരുന്ന ഈശ്വരൻ.

ധൎമ്മദ്രോഹി-൧. ധൎമ്മത്തെ ദ്രോഹിക്കുന്നവൻ. ൨. അസുരൻ. ൩. രാക്ഷസൻ.

ധൎമ്മദ്വയം-പ്രവൃത്തി, നിവൃത്തി ഇവ രണ്ടും.

ധൎമ്മദ്വേഷം-ആചാരം മുതലായ ധൎമ്മങ്ങളെ നിന്ദിക്കുക.

ധൎമ്മദ്വേഷി-താന്നി.

ധൎമ്മധ്വജൻ-സൂൎയ്യൻ.

ധൎമ്മധ്വജി-കപടഭക്തിക്കാരൻ. ധൎമ്മചിഹ്നം മാത്രമുള്ളവനെന്നൎത്ഥം.

ധൎമ്മൻ-൧. യമൻ, ധൎമ്മരാജാവു്. ൨. സോമയാഗം ചെയ്തവൻ (ചോമാതിരി). ൩. ഒരു ഋഷി.

ഈ ഋഷി പ്രജാപതികളിൽ ഒരുവനാണെന്നു് അഭിപ്രായം കാണുന്നു. ദക്ഷന്റെ ൧൩ പുത്രിമാരെ വേളികഴിച്ചു. അവരിൽ അനേകം മക്കളുമുണ്ടായിട്ടുണ്ടു്.

൪ ധൎമ്മപുത്രൻ.

ധൎമ്മനന്ദനൻ-ധൎമ്മരാജാവിന്റെമകൻ.

ധൎമ്മനിഷ്ഠ-ധൎമ്മത്തിങ്കലേ ഉറപ്പു്, ധൎമ്മത്തിലുള്ള താല്പൎയ്യം.

ധൎമ്മനേത്രൻ-ഹേഹയരാജാവു്.

ധൎമ്മന്യായം-ധൎമ്മാചാരത്തോടു കൂടിയുള്ള മൎയ്യാദ.

ധൎമ്മപത്നി-പ്രധാനഭാൎയ്യ, അഗ്നിസാക്ഷികമായി വേൾക്കപ്പെട്ട ഭാൎയ്യ, ഭാൎയ്യ.

അഗ്നിസാക്ഷിയായി വിവാഹം ചെയ്ത ഭാൎയ്യയുടെ പേർ = പത്നി, പാണിഗൃഹീതി, ദ്വിതീയ, സഹധൎമ്മിണി, ഭാൎയ്യ, ജായ, ദാരങ്ങൾ.

**ധർമ്മപത്തനം**-മ. യമന്റെ ഗൃഹം. വ. കുരുമുളക്. ധർമ്മപത്തന (മലയാളദേശ) ത്തിലുണ്ടായതെന്നർത്ഥം.

**ധർമ്മപഥം**- സദാചാരത്തോടുകൂടിയ ജീവിതമാർഗ്ഗം.

**ധർമ്മപാലനം**- ആചാരമര്യാദകളെ രക്ഷിക്കുക.

**ധർമ്മപുത്രൻ**-പു. ധർമ്മരാജാവിന്റെ മകൻ, യുധിഷ്ഠിരൻ.

ധർമ്മപുത്രർ - ശ്രീമഹാഭാരതത്തിലെ കഥാനായകനാണ്. പാണ്ഡുവായ അച്ഛൻ മരിച്ചതിന്റെശേഷം ശതശൃംഗപർവ്വതത്തിൽനിന്നു ഇദ്ദേഹം ഹസ്തിനാപുരിയിലെത്തി. അനന്തരം വലിയച്ഛനായ ധൃതരാഷ്ട്രർ തന്റെ പുത്രരോടൊന്നിച്ചു ധർമ്മപുത്രാദികളേയും കൃപാചാര്യരുടെ അടുക്കൽ വിദ്യാഭ്യാസംചെയ്യിച്ചു മാതുലപുത്രനായ ശ്രീകൃഷ്ണന്റെ സഹായത്തോടുകൂടി രാജസൂയയാഗം ചെയ്തു ദ്യൂതുകളിയിൽ ഇദ്ദേഹം തന്റെ സർവ്വസ്വവും അനുജന്മാരേയും തന്നേയും ഭാര്യയേയും കൂടി പണയംവച്ചു കാട്ടകേറി. ഇദ്ദേഹത്തിന്റെ ക്ഷമ, ധർമ്മബുദ്ധി, നീതിനൈപുണ്യം സത്യനിഷ്ഠ, ധാർമ്മികത്വം, ഔദാര്യം, ദയാലുത്വം, ഭരണശക്തി, പ്രജാവാത്സല്യം, വംശസ്നേഹം, ലോകമര്യാദ മുതലായവ ഓരോന്നും ഓരോ പ്രവൃത്തികൾകൊണ്ടു വെളിപ്പെടുന്നുണ്ട്. വസ്ത്രാക്ഷേപസന്ദർഭത്തിൽ മൗനംഭജിച്ചതിനെക്കാളും കീചകൻ ഹേതുവായിട്ടു പാഞ്ചാലി സങ്കടം അനുഭവിച്ച അവസരത്തിൽ ഇദ്ദേഹം ക്ഷമിച്ചതു നോക്കുമ്പോൾ ഇദ്ദേഹത്തിന്റെ സഹനശക്തി വെളിപ്പെടുന്നു. ധർമ്മവിരോധങ്ങളായ ആലോചനകൾ കൊണ്ടു താൻ വരുത്തിക്കൂട്ടിയ ഏതാനും സംഗതികൾ മഹാപാപകരങ്ങളെന്നു ഓർത്തു ധർമ്മപുത്രർ തന്നെ പശ്ചാത്തപിച്ചിട്ടുണ്ട്. അശ്വമേധയാഗം സംബന്ധിച്ചു അസിധാരാവ്രതാനുഷ്ഠാനം കൊണ്ടു ഇദ്ദേഹത്തിന്റെ ഇന്ദ്രിയനിഗ്രഹം, ധൈര്യം, കർമ്മത്തിലുള്ള ശ്രദ്ധ ഇവ സ്പഷ്ടമാകുന്നു. ഇദ്ദേഹം മുപ്പത്താറുവർഷം രാജ്യം ഭരിച്ചു ഭീമസേനന്റെ മുഖ്യവാക്കനിമിത്തം താൻ വാനപ്രസ്ഥവൃത്തിയിൽ ഇരുന്നു വീണ്ടും ഹസ്തിനാപുരിയിൽ വന്നു. കുറച്ചുകഴിഞ്ഞു പരീക്ഷിത്തിനെ രാജാവാക്കീട്ടു അനുജന്മാരോടും പാഞ്ചാലിയോടും മഹാപ്രസ്ഥാനം ചെയ്തു. ഇവിടെ മററുള്ളവർ ഓരോരുത്തരായി മരിച്ചുവീണു. ധർമ്മപുത്രർ ദേവദൂതൻ കൊണ്ടുവന്ന വിമാനത്തിൽ കയറി. ഉടലോടെ സ്വർഗ്ഗം പ്രാപിച്ചു.

വ. ദാനശീലമുള്ളവൻ. (ശൈലി).

**ധർമ്മഫലം** - പുണ്യം ചെയ്താലുണ്ടാകുന്ന ഫലം.

**ധർമ്മബുദ്ധി**-പു. ധർമ്മത്തിങ്കലെ മനസ്സ്. വ. ധർമ്മത്തിൽ മനസ്സുള്ളവൻ.

**ധർമ്മഭഗിനി**-നേരെയുള്ള സഹോദരി.

**ധർമ്മഭാണകൻ**-ഭാരതം ഭാഗവതം മുതലായ വിശുദ്ധ ഗ്രന്ഥങ്ങൾ വായിക്കയോ അവ സംബന്ധിച്ചു പ്രസംഗം ചെയ്കയോ ചെയ്യുന്നവൻ.

**ധർമ്മഭാഗിനി**-സൽഗുണമുള്ള ഭാര്യ

**ധർമ്മം**-പു. പുണ്യം. മററ പര്യായങ്ങൾ- പുണ്യം, ശ്രേയസ്സ്, സുകൃതം, വൃഷം. വ. ന്യായം, ന. ആചാരം. ര. നീതി. ഉ. സ്വഭാവം. ന്ന ക്ഷേമം. ൭. വേദത്താൽ വിധിക്കപ്പെട്ട യാഗാദികൾ. വ്രതം. ൻ. ചെയ്യേണ്ടും മുറ. ൧൦ കല്പങ്ങളിൽ മൂന്നുഭാഗങ്ങൾ ഉള്ളതിൽ ഒന്ന്. ഇതിൽ ലോകനീതികളെപ്പററി പറയുന്നു. മറേറവ-ശ്രൗതം, ഗൃഹ്യം.

**ധർമ്മയുഗം**-കൃതയുഗം.

**ധൎമ്മയുദ്ധം**-ചതിവുകൂടാതെ പറഞ്ഞു സമ്മതിച്ചു നേരെ ചെന്നു യുദ്ധംചെയ്യു.

**ധൎമ്മയൂപൻ**-വിഷ്ണു.

**ധൎമ്മരഹസ്യം**-ധൎമ്മശാസ്ത്രങ്ങളുടെ സാരമായ അൎത്ഥം.

**ധൎമ്മരാജൻ**-൧. യമൻ. ൨. ബുദ്ധമുനി. ൩. ജിനദേവൻ. ൪ യുധിഷ്ഠിരൻ. ധൎമ്മംകൊണ്ടു ശോഭിക്കുന്നവൻ, ധൎമ്മിഷ്ഠരല്ലാത്തവരെ ശാസിച്ചു ധൎമ്മസംരക്ഷണം ചെയ്യുന്നവൻ ഇങ്ങനെ ശബ്ദാൎത്ഥം.

**ധൎമ്മലക്ഷണം** - നാലുവിധം. വേദം, സ്മൃതി, സദാചാരം, ആത്മഹിതം.

'വേദഃസ്മൃതിസ്സദാചാരഃ
സ്വസ്യചപ്രിയമാത്മനഃ'

**ധൎമ്മവൽ**-വി. ധൎമ്മമുള്ള.

**ധൎമ്മവാസരം**-വെളുത്തവാവു്.

**ധൎമ്മവാഹനൻ**-ശിവൻ.

**ധൎമ്മവാഹനം**-പോത്തു്. (യമന്റെ വാഹനം.)

**ധൎമ്മവിചാരം**- ഗുണമായുള്ളതിനേ കുറിച്ചുള്ള വിചാരം.

**ധൎമ്മവിൽ**-ധൎമ്മത്തെ അറിയുന്നവൻ.

**ധൎമ്മവിരുദ്ധ**-വി. ന്യായമല്ലാതുള്ള.

**ധൎമ്മവൃക്ഷം**-അരയാൽ.

**ധൎമ്മവ്യാധൻ**-പന്നിയുടെയും പോത്തിന്റെയും മാംസം വിററുനടന്ന ഒരു വേടൻ.

ബ്രാഹ്മണൎക്കു ആവശ്യമുള്ള ജ്ഞാനവും വേദത്തിൽ നല്ല പരിജ്ഞാനവും ഉണ്ടായിരുന്നു. കാരണം കഴിഞ്ഞ ജന്മത്തിൽ ബ്രാഹ്മണനായിരുന്നതാണത്രേ.

**ധൎമ്മശാല**-വഴിയൂട്ടുപുര, വഴിയമ്പലം.

**ധൎമ്മശാലി**-വി. ധൎമ്മമുള്ള.

**ധൎമ്മശാസ്ത്രം, ധൎമ്മശാസനം**-മൎയ്യാദയും ആചാരവും മററും അറിയുന്നതിനുള്ള ശാസ്ത്രം. (രാജനീതി.)

മനുഷ്യരുടെ നടത്തയുടെ ഗുണദോഷങ്ങളെക്കുറിച്ചു വിവരിക്കുന്ന ശാസ്ത്രമാകുന്നു. ചിലതെല്ലാം നല്ലതു് മററു ചിലതെല്ലാം ചീത്ത എന്നുമാത്രം പറഞ്ഞാൽ അതു ശാസ്ത്രമായില്ല. സൽപ്രവൃത്തികളിൽ അന്തൎഭവിച്ചിരിക്കുന്ന നിയമങ്ങളെ വിശദീകരിക്കയാണു് ധൎമ്മശാസ്ത്രത്തിന്റെ കൃത്യം.

**ധൎമ്മശീല**-വി. ധൎമ്മങ്ങളെ പരിചയിച്ചിട്ടുള്ള, ധൎമ്മംകൊടുക്കുന്ന സ്വഭാവമുള്ള.

**ധൎമ്മശീലം**-ധൎമ്മസ്വഭാവം.

**ധൎമ്മസഭ**-ആസ്ഥാനമണ്ഡപം, രാജാവിന്റെ ന്യായം വിചാരിക്കുന്ന സ്ഥലം.

**ധൎമ്മസംഗീതി**-ആലോചനസഭ.

**ധൎമ്മസംസ്കാരം**-ശേഷക്കാരില്ലാത്തവരുടെ ശവം ദഹിപ്പിക്ക.

**ധൎമ്മസംഹിത**-മനു പരാശരൻ മുതലായവർ ഉണ്ടാക്കീട്ടുള്ള സ്മൃതിഗ്രന്ഥങ്ങൾ പതിനെട്ടും, മനുസ്മൃതി മുതലായ ധൎമ്മശാസ്ത്രങ്ങൾ ധൎമ്മബോധാൎത്ഥം രചിക്കപ്പെട്ട സംഹിത എന്നൎത്ഥം.

**ധൎമ്മസാക്ഷി**-വിസ്താരങ്ങളിൽ നേരുള്ള സാക്ഷിക്കാരൻ.

**ധൎമ്മസാവൎണ്ണി**-പതിനൊന്നാമത്തെ മനു

**ധൎമ്മസുതൻ**-ധൎമ്മപുത്രൻ.

**ധൎമ്മസൂ**-കട്ടമച്ചാത്തൻ.

**ധൎമ്മസൂത്രം**-ധൎമ്മശാസ്ത്രങ്ങളിൽ പറയുന്നതിന്റെ ചുരുക്കമായിട്ടുള്ള സാരം.

**ധൎമ്മസ്ഥൻ**-൧. ധൎമ്മമുള്ളവൻ. ൨. ന്യായാധിപതി.

**ധൎമ്മസ്ഥാപനം**-ധൎമ്മത്തെ ഉറപ്പിക്കുക.

**ധൎമ്മസ്ഥിതി**-ധൎമ്മത്തിന്റെ ഉറപ്പു്.

**ധൎമ്മാത്മജൻ**-ധൎമ്മപുത്രൻ.

**ധൎമ്മാത്മാവു്**-൧. ധൎമ്മബുദ്ധിയുള്ളവൻ, ൨. ധൎമ്മസ്വഭാവം.

ധമ്മാദ്ധ്യക്ഷൻ-ന്യായാധിപതി, ജഡ്ജി.

ധമ്മാധമ്മങ്ങൾ-ധമ്മവും അധമ്മവും

ധമ്മാധികരണം-നീതിന്യായക്കോടതി.

ധമ്മാധികരണികൻ-പു. ജഡ്ജി. ൨. മജിസ്ത്രേട്ട്.

ധമ്മാധികാരി- ധമ്മം നടത്തേണ്ടവൻ, ന്യായാധിപതി, ജഡ്ജി, മജിസ്ത്രേട്ട്.

ധമ്മാധിഷ്ഠാനം- ന്യായം കേൾക്കുന്ന സ്ഥലം, കോടതി.

ധമ്മാംഗം-കൊക്ക്.

ധമ്മാസനം-ന്യായസ്ഥലം.

ധമ്മാനുഷ്ഠാനം-ധമ്മത്തെ ചെയ്യുക.

ധമ്മി-വി. ധമ്മത്തെ അറിയുന്ന, ധമ്മം ചെയ്യുന്ന.

ധമ്മിണി-സ്ത്രീ. ധമ്മം ചെയ്യുന്നവൾ ൨. അരേണുകം.

ധമ്മിഷ്ഠ-വി. ധമ്മമുള്ള, സുകൃതവും മററുമുള്ള.

ധമ്മിഷ്ഠ-ധമ്മമുള്ളവൾ, സുകൃതവും മററുമുള്ളവൾ.

ധമ്മേശൻ-യമൻ.

ധമ്മോപദേശകൻ, ധമ്മോപദേഷ്ടാവ്-ആചാരാദികളെ ഗ്രഹിപ്പിക്കുന്നവൻ.

ധമ്മോൽപ്രേക്ഷ - ഉൽപ്രേക്ഷാലങ്കാരങ്ങളിൽ ഒരിനം.

ധമ്മ്യ-വി. ധമ്മസംബന്ധമായുള്ള, ധമ്മമായുള്ള, ഉത്തമമായുള്ള.

ധമ്മ്യോൽപ്രേക്ഷ- ഉൽപ്രേക്ഷാലങ്കാരങ്ങളിൽ ഒരിനം.

ധഷ്ട-വി. നിഗളമുള്ള, അഹംഭാവമുള്ള.

ധഷകൻ-പു. വശീകരക്കാരൻ. ൨. പരസ്ത്രീസംഗക്കാരൻ. ൩. ആട്ടക്കാരൻ.

ധഷണം, ധഷണാ-സ്ത്രീ. പരിഭവം. ൨. അഹങ്കാരം. ൩. വിരോധം. ൪. അതിക്രമം. ൫. ധൈര്യം.

ധഷണി-കാമചാരിണി, ദുന്നടത്തക്കാരി, വ്യഭിചാരിണി.

ധഷൻ-പു. നപുംസകൻ. ൨. അഹമ്മതിക്കാരൻ.

ധഷം-പു. ഡംഭം. ൨. പരിഭവം. ൩. ധൈര്യം. ൪. അധിക്ഷേപം. ൫. വശീകരണം. ൬. ഉപദ്രവം ൭. നിരോധം.

ധഷിക്കുന്നു-തന്റെ ധൈര്യമോ ബുദ്ധിയോ കൊണ്ടു അന്യന്റെ ധൈര്യത്തെ അല്പമാക്കുന്നു, തന്റെ ധൈര്യംകൊണ്ടു ഒരു അതി ഗംഭീരനെ സമീപിക്കയോ വല്ലതും ചെയ്കയോ സ്വാധീനമാക്കുകയൊ ചെയ്യുന്നു.

ധഷിണി-വ്യഭിചാരിണി. സാമത്ഥ്യമുള്ളവൾ, പുരുഷന്റെ മയ്യാദയെ കളയിക്കുന്നവൾ എന്നത്ഥം.

ധഷിത-വി. ധഷിക്കപ്പെട്ട.

ധവൻ-പു. ഭത്താവ്. സ്ത്രീയെ ഇളക്കിത്തീക്കുന്നവൻ. സ്ത്രീകൾക്കു ഭത്താവു വന്നുകഴിഞ്ഞാൽ അതുവരെയുള്ള നിലയിൽ നിന്നു ഒരിളക്കമുണ്ടാകുന്നതു പതിവാണല്ലൊ. ൨. മനുഷ്യൻ. ൩. വഞ്ചകൻ, കള്ളൻ.

ധവം-പു. വൃക്ഷവിശേഷം, ഞമ. ൨. ഇളക്കം, ചലനം.

ധവള-വി. വെളുത്ത.

ധവള-വെളുത്ത നിറമുള്ളവൾ. ൨. വെളുത്ത നിറമുള്ള പശു.

ധവളഗിരി-ഹിമവാന്റെ ഒരു കൊടുമുടി

ധവളപക്ഷം-അരയന്നം.

ധവളം-പു. വെളുപ്പുനിറം. ശുദ്ധമാക്കുന്നതു് എന്നത്ഥം. ധവത്തെ (ഇളക്കത്തെ-ചലനത്തെ) ദാനം ചെയ്യുന്നതു എന്നുമാവാം. ൨. ചീനക്കപ്പൂരം. ൩. ൩. വെളുത്തമുളക. ൪. ശംഖ്. ൫. നീർമരുതു്. ൬. ഞമ.

ധവളാപാംഗി-പെണ്മയിൽ. മയിലിൻെറ കണ്ണിൻെറ അററം വെളുത്തിരിക്കുന്നതിനാൽ ഈ പേർ വന്നു.

'കാട്ടിൽപ്പോംകുന്നമവുധവളാ-
പാംഗിമാർ കണ്ടുകൂടി'
(മയൂരസന്ദേശം)

ധവളി-൧. വെളുത്ത പശു. ൨. വെളുത്ത വരം.

ധവളിമ-വെണ്മ.

ധവാണകൻ-വംശ്യ.

ധവിത്രം-൧. വിശറി, ആലവട്ടം. ൨. യാഗത്തിൽ അഗ്നിയെ വീശിക്കത്തിക്കുന്നതിനു മാൻതോലുകൊണ്ടുണ്ടാക്കി മുളകൊണ്ടു തണ്ടിട്ട വിശറി. ഇതുകൊണ്ടു വീശുന്നതിനാൽ ഈ പേർ വന്നു.

## ധാ

ധാകം-൧. കാളു. ൨. കലവറ. ൩. ചോറു ൪. തൂണു്.

ധാടി-൧. ഭയംകൂടാതെ ശത്രുവിൻെറ നേരെ ചെല്ലുക. ൨. പ്രൌഢി. ൩. സാമർത്ഥ്യം.

ധാതകം-ഒരു മരുന്നു.

ധാതകി-ഒരു മരുന്നു്, താതിരി. പുഷ്പങ്ങളെ ധരിക്കുന്നതു എന്നർത്ഥം.

ധാതാവു്-൧. ബ്രഹ്മാവു്. സകലത്തേയും ധരിക്കുന്നവൻ, പോഷിപ്പിക്കുന്നവൻ, ലോകസ്രഷ്ടാവു് ഇങ്ങിനെ ശബ്ദാർത്ഥം. ൨. ദൈവം.

ധാതു-൧. മനോല മുതലായി പർവ്വതത്തിൽ നിന്നുണ്ടാകുന്നവ.

'സുവർണ്ണരൌപ്യതാമ്രാണി
ഹരിതാലം മനശ്ശിലാ
ഗൈരികാഞ്ജനകാസീസ
സീസലോഹാസ്സഹിംഗുളാഃ
ഗന്ധകോഭ്രകമിത്യാദ്യാ
ധാതവോഗിരിസംഭവാഃ'

സ്വർണ്ണം, വെള്ളി, ചെമ്പു്, അരിതാരം, മനോല, കാവിമണ്ണു, അഞ്ജനം, കാരീയ്യം, ഈയ്യം, ഇരു്മ്പു്, ചായില്യം, ഗന്ധകം, അഭ്രം മുതലായവ പർവ്വതത്തിൽനിന്നുണ്ടാകുന്ന ധാതുക്കളാകുന്നു. ൨. ധാതുദ്രവ്യങ്ങൾ വിളയുന്ന സ്ഥലം ൩. ക്രിയാപദങ്ങളുടെ മൂലം. ധാതു എന്നാൽ ക്രിയയെ കുറിക്കുന്ന ശബ്ദം അല്ലെങ്കിൽ പ്രകൃതി. ൪. ത്രിദോഷങ്ങൾ (വാതം,പിത്തം, കഫം) ൫. സപ്തധാതുക്കൾ (രസം, രക്തം, മാംസം, മേദസ്സ്, അസ്ഥി, മജ്ജ, ശുക്ലം). ൬. പഞ്ചഭൂതങ്ങൾ (ഭൂമി, ജലം, അഗ്നി, വായു, ആകാശം). ൭. കർമ്മേന്ദ്രിയങ്ങളും ജ്ഞാനേന്ദ്രിയങ്ങളും (ശബ്ദം, രസം, രൂപം, സ്പർശം, ഗന്ധം. കണ്ണു, മൂക്കു, ചെവി, നാവു, തൊലി). ൮. കാവിമണ്ണു്. ൯. സ്വർണ്ണം. ൧൦. ഇരിമ്പു്. ൧൧. ചെമ്പു്. ൧൨. ഉത്ഭവസ്ഥാനം (മൂലം).

ധാതുകാസീസം-കാതീതം,അന്നഭേതി, അന്നഭേദി.

വാതം, കഫം, ചൊറി, അശ്മരി, മൂത്രകൃഛ്റം, നേത്രരോഗം, ശ്വിത്രം മുതലായവക്കു നന്നു. ക്ഷയത്തെ ശമിപ്പിക്കും. വ്രണത്തെ വററും. ദേഹകാന്തിയെ ഉണ്ടാക്കും. ജോനകനാരങ്ങനീരിൽ സ്വേദനയന്ത്രത്തിൽ പചിച്ചു ചൂടുവെള്ളത്തിൽ കഴുകി ഉണക്കിയാൽ ശുദ്ധമാകും. സം കാസീസം ഇം. Sulphate of iron, Green vitriol സൽഫേറ്റ് ഓഫ് അയൺ, ഗ്രീൻവ്രിട്രിയൽ.

ധാതുവല്ലാ-കാടി.

ധാതുജം-൧. ധാതുവിൽ ജനിക്കുന്നതു്. ൨. വ്യാകരണപ്രകാരം അക്ഷരങ്ങളെ ഉച്ചരിച്ചു പ്രമാണിച്ചു നാലായി പിരിച്ചതിൽ ഒന്നു്. ഉ-ം, 'മുറച്ചു്' സംസാരിക്കുന്നു.

ധാതുദ്രവ്യം-സ്വർണ്ണം മുതലായതു്.

ധാതുപുഷ്പിക-താതിരിമരം. കാവിമണ്ണിനോടു തുല്യനിറമുള്ള പൂവുള്ളതു് എന്നർത്ഥം.

ധാതുമലം-കാരീയം.

ധാതുമാരിണി-പൊൻകാരം.

ധാതുവാദി-രസവാദി.

ധാതുവൈരി-ഗന്ധകം.

ധാത്രുപുഷ്പികാ-താതിരി. ശോഭയെ ധരിക്കുന്നതായ പൂവുള്ളതു് എന്നർത്ഥം.

ധാത്രികാ-നെല്ലി.

ധാത്രീ-൧ ഭൂമി. ൨. വളത്തമ്മ.

'എൻബാലകന്മാരെ ധാത്രീഗളതലമതു'
(അമരുകശതകം)

൩. നെല്ലി, നെല്ലിക്ക. പാനംചെയ്യപ്പെടുന്നവർ, അനുഭവിക്കപ്പെടുന്നതു ഇങ്ങിനെ ശബ്ദാർത്ഥം.

ധാത്രീകഥ-അതിബാല്യത്തിൽ ശിശുക്കൾക്കു കേട്ടു രസിക്കാനുള്ള കഥ.

ധാത്രീദേവൻ-ബ്രാഹ്മണൻ,

ധാത്രീപതി-രാജാവു്.

ധാത്രീപത്രം-താലീസപത്രം.

ധാത്രീഫലം-നെല്ലി.

ധാത്രേയിക-വളത്തമ്മയുടെ പുത്രി.

'ഓത്തുധാത്രേയികയാം ശൂദ്രയുമതുനേരം'
(ഭാരതം)

ധാത്വക്ഷരങ്ങൾ—യ, ര,ല,വ ശ,ഷ, സ, ഹ.

ധാന-൧ ഊമൻ മലർ. ൨. യവം വറുത്തുപൊടിച്ചതു്. ൩. അരി മുതലായതു വറുത്തു പൊടിച്ചതു്. ൪ കൊത്തമ്പാലയരി. ധനധാന്യങ്ങളെ പോഷിപ്പിക്കുന്നതു എന്നർത്ഥം.

ധാനകം-കൊത്തമ്പാലയരി.

ധാനി-ഇരിപ്പിടം.

ധാനുഷ്കൻ-വില്ലാളി. ധനുസ്സു പ്രഹരണമായിട്ടുള്ളവൻ എന്നർത്ഥം.

ധാനേയ്യം-മുള.

ധാന്യകം-കൊത്തമ്പാലയരി.

ധാന്യകോഷ്ഠം-൧. കളപ്പുര. ൨. വല്ലം

ധാന്യത്വക്കു്-ധാന്യങ്ങളുടെ തൊലി, ഉമി.

ധാന്യം-൧. നെല്ലു് ചാമ പയറു മുതലായവ. ൨. കൊത്തമ്പാലയരി. ധനത്തിൽ സാധു എന്നർത്ഥം.

[നെല്ലു് യവം മുതലായ ധാന്യസാമാന്യത്തിന്റെ പേർ=ധാന്യം,വ്രീഹി, സ്തംബകരി]

ധാന്യരാജൻ-യവം.

ധാന്യവർദ്ധനം-പൊലികടം.

ധാന്യവീരം-ഉഴുന്നു്.

ധാന്യവൃത്തി-൧ നിറം. ൨. പൊലികടം.

ധാന്യശൂകം-നെല്ലിന്റെ ഓക്.

ധാന്യസാരം-മെതിച്ചെടുത്ത നെല്ലു്.

ധാന്യാകം-കൊത്തമ്പാലയരി,

ധാന്യാമ്ലം-വെപ്പുകാടി, ചെന്നെല്ലും മറവും കൊണ്ടുണ്ടാക്കിയ കാടി.

ധാന്യാരി-എലി.

ധാന്യാർത്ഥം-ധാന്യസമ്പത്തു്.

ധാന്യോൽക്ഷേപണം- നെല്ലു കാറ്റത്തിടുക.

ധാന്യോത്തമം-ചെന്നെല്ലു്.

ധാമനിധി-സൂര്യൻ. തേജസ്സിന്നിരിപ്പിടം എന്നർത്ഥം.

ധാമം-൧ ഗൃഹം, ഇരിപ്പിടം; വാസസ്ഥാനം. ൨. ദേഹം. ൩. ശോഭ, തേജസ്സ്. ൪. പ്രഭാവം, കീർത്തി. [ണോ'

'സമമുടനൽഗിരന്തിപരധാമസമാക്രമ
(അഭിജ്ഞാനശാകുന്തളം)

൫ സ്ഥലം. ൬ ജനനം. ധരിക്കുന്നതു്, ധരിക്കപ്പെടുന്നതെന്നർത്ഥം.

**ധാമാൎഗ്ഗവം**-പു. വലിയ കടലാടി, ഗൃഹത്തെ ശുദ്ധിവരുത്തുന്നതു്. (ഇതുകൊണ്ടു ചൂൽ കെട്ടിയുണ്ടാക്കി ഭവനം അടിച്ചുനന്നാക്കുന്നു) ൧. പീരകം. ൨. വരിപ്പീച്ചിൽ. ൩. ആനപ്പീച്ചിൽ. വഴിയിൽ ചുററിപ്പിണഞ്ഞു കിടക്കുന്നതെന്നൎത്ഥം. തേജസ്സുള്ളതു് എന്നുമാവാം. ൪. ചെറിയ കടലാടി. ൫. ദേവതാളി.

**ധായ്**-വി. തനിച്ചുള്ള, അവകാശമുള്ള.

**ധായ്യാ**-അഗ്നിയെ പ്രജ്വലിപ്പിക്കുവാനുള്ള ഋക്കമന്ത്രം. അഗ്നി ഇതുകൊണ്ടു വൃദ്ധിയെ പ്രാപിക്കുന്നു എന്നൎത്ഥം.

'ഉൽബുധ്യസ്വാഗ്നേ......' ഇത്യാദിയത്രേ മന്ത്രം.

**ധാര**-പു. ഇടവിടാതെയുള്ള മഴ. ൧. ഒരു ഭാരത്തിലോ മറേറാ കൂടി വണ്ണംകുറഞ്ഞു ഇടവിടാതെ ചോരുക. ൨. ചില ദീനക്കാൎക്ക എണ്ണ മുതലായതുകൊണ്ടു ധാരചെയ്ക. ൩. വാളിന്റെ മൂച്ച്. ൪. കുതിരയുടെ നടപ്പ്. ആസ്കന്ദിതാദികളായ അഞ്ചു് അശ്വഗതി വിശേഷങ്ങൾക്കു പൊതുവിലുള്ള പേർ. ൫. കടം. ൬. ജലം. ൭. ജലധാര, അവിച്ഛിന്നമായ ജലപ്രവാഹം.

**ധാരകം**-പു. പാത്രം. ൧. പെട്ടി. ൨. ജലപാത്രം.

**ധാരക്കിടാരം**-ധാരചെയ്യുന്നതിനുള്ള ചെമ്പുപാത്രം.

**ധാരച്ചട്ടി**-ധാരവീഴ്ത്തുന്നതിനുള്ള പാത്രം, ധാരക്കിടാരം.

**ധാരണ**-പു. നിലനില്പ്, മൎയ്യാദ, ന്യായമാൎഗ്ഗത്തിൽനിന്നു തെററായ്ക. ധൎമ്മത്തെ ധരിക്കുന്നതെന്നൎത്ഥം. ൧. ധാരണാശക്തി, ധീരത. ൨. യോഗവിദ്യയുടെ ഒരു സമ്പ്രദായഭേദം. അഷ്ടാംഗയോഗത്തിൽ ഒന്നു്. നാഭിചക്രം, നാസാഗ്രം മുതലായ ചില സ്ഥലങ്ങളിൽ മനസ്സിനെ നിറുത്തുന്നതാകുന്നു ധാരണ. ധ്യേയവസ്തുവിൽതന്നെ ചിത്തത്തെ സ്ഥിരമായി ബന്ധിച്ചുവെച്ചുകൊണ്ടിരിക്കുന്ന അവസ്ഥ. ൩. ഓൎമ്മ. ൪. കടം.

ബുദ്ധിക്കു മൂന്നു ശക്തികൾ ഉണ്ടു്. അവ താഴെ വിവരിക്കുന്നു. പു. ഗ്രഹണം-പറയുന്നതു കേട്ടമാത്രയിൽ മനസ്സിലാക്കുന്നതു്. ൧. ധാരണ-മനസ്സിലാക്കിയതിനെ ഉറപ്പായി വച്ച് ആവശ്യംപോലെ അനുമാനാദികളെ ഉപയോഗിച്ചു കാൎയ്യങ്ങളെ അറിയുന്നതു്. ൨. സ്മരണ-പഠിച്ചതുമാത്രം ഓൎമ്മിക്കുന്നതു്.

**ധാരണകൻ**-കടക്കാരൻ, കടമുള്ളവൻ.

**ധാരണത്തോണി**-ധാരചെയ്യുന്നതിനു കിടപ്പാനുള്ള തോണി.

**ധാരണം**-ധരിക്കുക, എടുക്കുക.

**ധാരണാവൽ**-വി. ധാരണയുള്ള.

**ധാരണാവതി**-ബുദ്ധി.

**ധാരണാശക്തി**-മനസ്സിലാക്കിയതൊന്നും മറക്കാതിരിക്കുന്ന ശക്തി.

**ധാരൻ**-വിഷ്ണു.

**ധാരപ്പാത്തി**-ധാരത്തോണി.

**ധാരം**-പു. മഴവെള്ളം. ൧. താണ സ്ഥലം. ൨. അതിര്. ൩. ഒരുവക കല്ല്. ൪. ആലിപ്പഴം.

**ധാരയിടുന്നു**-ധാരകോരുന്നു, ധാരവീഴ്ത്തുന്നു.

**ധാരയിത്രീ**-ഭൂമി.

**ധാരാ**-ക്ഷീരകാകോളി.

**ധാരാടം**-കുതിര.

**ധാരാധരം**-പു. മേഘം. ജലധാരയെ ധരിക്കുന്നതു് എന്നൎത്ഥം. ൧. വാൾ.

'ധാരാധരാസിമേഘയോഃ'

(മേദിനി)

**ധാരാങ്കുരം**-പു. ആലിപ്പഴം, കരകം. ൧. ചാററമഴ.

ധാരായന്ത്രം-ജലം മുകളിൽ കൊണ്ടുവന്നു കീഴ്പ്പോട്ടു ചൊരിയിക്കുന്ന യന്ത്രം.

ധാരാവാഹി-രീതികളിൽ ഒന്നു്.

നിരർഗ്ഗളമായ ധാടിയോടു കൂടെ ഗംഗാപ്രവാഹം പോലെ ശബ്ദശുദ്ധമായ മനമായി പറയുന്ന വാഗ്ധോരണിയത്രേ ധാരാവാഹി. വാസനയുള്ളവന്റെ വാക്കു ധാരാവാഹിയായിരിക്കും. ഇതിന്നു വിപരീതം - ക്ലിഷ്ടം. (സാഹിത്യസാഹ്യം.)

ധാരാസമ്പാതം-പെരുമഴ, ധാരമുറിയാതെയുള്ള മഴ. ജലധാരകൾ ഒരുമിച്ചു കൂടി ഇടയില്ലാതെ വീഴുക എന്നർത്ഥം. മറെറാരു പര്യായം-ആസാരം.

ധാരാള-വി. വെള്ളത്തോടുകൂടിയിരിക്കുന്ന

ധാരാളം- ലോഭം കൂടാതെയുള്ളതു്, ഔദാര്യം.

'ധാരാളമാക്കുമുളവാംതണലത്തുറക്കം'

(അഭിജ്ഞാനശാകുന്തളം)

ധാരാളംവെക്കുന്നു- മടികൂടാതെ മുതൽ ചെലവിടുന്നു.

ധാരി-ഉകമരം.

ധാരി-വി. ധരിക്കുന്ന.

ധാരിണി-അഗ്നിമിത്രന്റെ മഹിഷി.

ധാരിണി-ന്ത്രീ. ഇലവു്. ൨. ഭൂമി.

ധാർത്തരാഷ്ട്രം-പു. കറുത്ത കൊക്കും ചുണ്ടുമുള്ള അരയന്നം. ധൃതരാഷ്ട്രദേശത്തിലുള്ളതു് എന്നർത്ഥം. ൨. പാമ്പു്.

ധാർമ്മപത്തനം- നല്ലമുളകു്, കൊടിമുളകു്.

ധാർമ്മിക-വി. ധർമ്മമുള്ള.

ധാര്യ-വി ധരിക്കപ്പെടുവാൻ യോഗ്യമായ

'അനഘാവക്ഷസിധാര്യമായരത്നം'

(അഭിജ്ഞാനശാകുന്തളം)

ധാർഷ്ട്യക്കാരൻ-ധാർഷ്ട്യം (ധൃഷ്ടത) യുള്ളവൻ.

ധാർഷ്ട്യം-ന. കുറച്ചു അറിവോ ബലമോ ഉള്ളതിനെ അധികം തോന്നിക്ക, അറിവില്ലാത്തവൻ അറിവുണ്ടെന്നു ഭാവിക്ക, ലജ്ജയില്ലായ്ക, വലിപ്പം ഭാവിക്ക. ൨. സാഹസം, കൂസൽകൂടാതെയുള്ള പ്രവൃത്തി.

'ദുർബ്ബുദ്ധേ! നിന്നുടെധാർഷ്ട്യമിതെല്ലാമെന്നുടെനേരേകൊണ്ടുവരേണ്ടാ'

(ലങ്കാമർദ്ദനം തുള്ളൽ)

ധാവക-വി. ന്ത്രീ. ഓടുന്ന. ൨. ഒലിക്കുന്ന. ൩. വേഗമുള്ള. ൪. കഴുകുന്ന.

ധാവകൻ-പു. ഓടുന്നവൻ. ൨. വൃത്തിയാക്കുന്നവൻ. ൩. അലക്കുകാരൻ ൪. ശ്രീഹർഷരാജാവിന്നുവേണ്ടി 'രത്നാവലി' എന്ന ഗ്രന്ഥം രചിച്ച ഒരു കവി.

ധാവതിചെയ്യുന്നു,ധാവതിവയ്ക്കുന്നു-പോകുന്നു, ഓടുന്നു. [ധാ'

'ധാവതിപ്പിച്ചുമങ്ങോട്ടിങ്ങോട്ടുംപലവി

(ഭാഗവതം)

'എന്തുഘോഷമിതെന്നുഗോപിക-
ളന്തികത്തിൽവരുംവിധൌ
ഹന്തചാടിനടന്നുധാവതിവയ്ക്കയും'

(ഭാഗവതം ഇരുപത്തുനാലുവൃത്തം)

ധാവനം-ന. ഓട്ടം. ൨. ശുദ്ധിവരുത്തുക ൩. കഴുകിനന്നാക്കുക.

ധാവനി-ന്ത്രീ. ഒരു ചെടി, മുവ്വില. വ്യാപിക്കുന്നതു് എന്നർത്ഥം. ശുദ്ധിയെ ചെയ്യുന്നതു് എന്നുമാവാം. ൨. ഓരില ൩. പെരുമല്ലി. ൪. കണ്ടകാരിച്ചുണ്ട. ൫. കിലുകിലുപ്പു്.

ധാവനിക-ഒരു ചെടി, ചെറുവഴുതിന.

ധാവള്യം-വെളുപ്പു്.

ധാവിത-വി. ശുദ്ധീകരിക്കപ്പെട്ട.

## ധി

ധിക്-അ. നിന്ദിക്കുക, കഷ്ടം, അപകാരശബ്ദങ്ങളെക്കൊണ്ടു ഭയമുണ്ടാക്കുക.

ധിക്‌ധിക്-അ. കഷ്ടം കഷ്ടം.

ധിക്കരിക്കുന്നു-നിന്ദിക്കുന്നു.

ധിക്കാരം-നിന്ദ.

ധിക്കാരി-നിന്ദകാട്ടുന്നവൻ

ധിക്കൃത-വി നിന്ദിക്കപ്പെട്ട.

ധിക്കൃതൻ ധിക്കരിക്കപ്പെട്ടവൻ. ധിക എന്നു പറഞ്ഞു നിന്ദിക്കപ്പെട്ടവൻ എന്നർത്ഥം. (ധിക്കരിക്കുക=നിന്ദിക്കുക) മറെറാരു പര്യായം-അപധ്വസ്തൻ.

ധിക്കൃതി-നിന്ദ.

ധിഷണ-ഗ. ബുദ്ധി. അർത്ഥംധരിക്കുന്നതിനുള്ളതു്, ജനങ്ങളെ പ്രഗത്ഭന്മാരാക്കിത്തീക്കുന്നതു് ഇങ്ങിനെ അർത്ഥം വ. ഭൂമി.

ധിഷണൻ-ഗ. വ്യാഴം, ബൃഹസ്പതി വ. പ്രഗത്ഭൻ, പ്രശസ്തമായ ബുദ്ധിയുള്ളവൻ.

'അയിപട്ട ധിഷണം നിന്നാശയം
[നൈവമ്മാരന'
(അളിജ്ഞാനശാകുന്തളം)

ധിഷണം-ഭവനം.

ധിഷ്ണ്യൻ-അസുരഗുരുവായ ശുക്രൻ.

ധിഷ്ണ്യം-ഗ. ഭവനം. വ. സ്ഥാനം. ന. അഗ്നി പ്രസിദ്ധപ്പെട്ടതെന്നർത്ഥം. ൪. നക്ഷത്രം. ൫. ശക്തി.

## ധീ

ധീ-ബുദ്ധി. ധ്യാനിക്കുന്നതിനുള്ളതെന്നർത്ഥം. ധ്യാനിക്കുന്നതു് എന്നുമാവാം (ധൈ്യ ചിന്തായാം).

ധീഗുണങ്ങൾ-ബുദ്ധിഗുണങ്ങൾ.

'ശുശ്രൂഷാ ശ്രവണംചൈവ
ഗ്രഹണം ധാരണംതഥാ
ഊഹാപോഹോർത്ഥവിജ്ഞാനം
തത്വജ്ഞാനഞ്ച ധീ ഗുണാഃ'

ധീന്ദ്രിയം-മനസ്സ് കണ്ണു മുതലായതു്. (ധീ=ജ്ഞാനം. ജ്ഞാനേന്ദ്രിയം)

'മനഃകൎണ്ണൌ തഥാനേത്രം
രസനാ ചത്വചാസഹ
നാസികാ ചേതി ഷൾതാനി
ധീന്ദ്രിയാണി പ്രചക്ഷതേ'

മനസ്സ്, ചെവി, കണ്ണ്, രസന, ത്വക്, നാസിക ഇവ ആറും ജ്ഞാനേന്ദ്രിയങ്ങൾ. കർമ്മേന്ദ്രിയങ്ങളും ജ്ഞാനേന്ദ്രിയങ്ങളും അയ്യഞ്ചാണെന്നും കാണുന്നുണ്ട്. അവിടെ മനസ്സിനെ ഇന്ദ്രിയങ്ങളുടെ കൂട്ടത്തിൽ ഗണിക്കുന്നില്ല. ഇതു സംബന്ധിച്ചു യോഗശാസ്ത്രാദികളിൽ നിന്നും കൂടുതൽ വിവരം ഗ്രഹിക്കാം.

ധീമൽ-വി ബുദ്ധിയുള്ള.

ധീമതി-ബുദ്ധിയുള്ളവൾ, ബുദ്ധിമതി; അലൌകികങ്ങളായ വസ്തുക്കളിൽ കൂടി അറിവുള്ളവൾ.

ധീമാൻ-വിദ്വാൻ ബുദ്ധിയുള്ളവനെന്നർത്ഥം

ധീര-വി മനസ്സിന്നുറപ്പുള്ള, ബുദ്ധിയുള്ള.

ധീരൻ-ധൈര്യമുള്ളവൻ. വ. വിദ്വാൻ. ബുദ്ധിയെ ദാനംചെയ്യുന്നവനെന്നർത്ഥം. എല്ലാക്കാര്യത്തിലും മനസ്സിരുത്തി പ്രവൎത്തിക്കുന്നവനെന്നുമാവാം.

ധീരപ്രസന്നൻ-നാടകത്തിലെ ഒരു നായകൻ

ധീരം-ഗ. കുങ്കുമം. ശോഭയെ ധരിക്കുന്നതെന്നർത്ഥം. വ. ഇടവകം. ന. കടൽ.

ധീരപ്രശാന്തൻ-നാടകത്തിലെ നാലുവിധം നായകന്മാരിൽ ഒരുവൻ.

'സാമാന്യഗുണൈർഭൂയാൻ
ദ്വിജാദികോധീരശാന്തഃസ്യാൽ'
(സാഹിത്യദൎപ്പണം)

ഉ-ം മാലതീമാധവത്തിലെ മാധവൻ മുതലായവർ.

ധീരലളിതൻ-നാടകത്തിലേ നാലുവിധം നായകന്മാരിൽ ഒരുവൻ.

'നിശ്ചിന്തോമൃദുരനിശം
കലാപരോധീരലളിതഃ സ്യാൽ'
(സാഹിത്യദർപ്പണം)

ഉ-ം, രത്നാവലിയിലെ വത്സരാജൻ മുതലായവർ.

ധീരസ്കന്ദം-പോത്ത്

ധീരാ-ക. ചിററമൃത്. വ. കാകോളി. ന. വലിയ വാലുഴവം ൪. ഇരിവുൾമരം.

ധീരോദാത്ത-വി. ധൈര്യം ഉന്മേഷം മുതലായ സൽഗുണങ്ങൾ തികഞ്ഞിട്ടുള്ള, നായകഗുണത്തോടുകൂടിയ.

ധീരോദാത്തൻ-നാടകത്തിലേ നാലുവിധം നായകന്മാരിൽ ഒരുവൻ.

'അവികത്ഥനഃ ക്ഷമാവാ-
നതിഗംഭീരോമഹാസത്വഃ
സ്ഥേയാന്നിഗൂഢമാനോ
ധീരോദാത്തോ ദൃഢവ്രതഃ കഥിതഃ'
(സാഹിത്യദർപ്പണം)

ഉ-ം രാമൻ യുധിഷ്ഠിരൻ മുതലായവർ.

ധീരോദ്ധതൻ—നാടകത്തിലേ നാലുവിധം നായകന്മാരിൽ ഒരുവൻ.

'മായാപരഃ പ്രചണ്ഡ-
ശ്ചപലോഹംകാരദർപ്പഭൂയിഷ്ഠഃ
ആത്മശ്ലാഘാനിരതോ
ധീരൈർധീരോദ്ധതഃ കഥിതഃ'
(സാഹിത്യദർപ്പണം)

ഉ-ം ഭീമസേനൻ മുതലായവർ.

ധീവരകൻ-മുക്കുവൻ

ധീവരൻ-ക. മുക്കുവൻ. മത്സ്യത്തെ പിടിക്കുന്നവനെന്നൎത്ഥം. വ. ബുദ്ധിമാൻ

കൌശലംകൊണ്ടു മത്സ്യത്തെ പിടിക്കുന്നവനാകയാൽ ബുദ്ധികൊണ്ടു ശ്രേഷ്ഠൻ എന്ന അൎത്ഥവും വന്നു.

ധീവാ-കന്നാൻ.

ധീശക്തി—ബുദ്ധിശക്തി, ബുദ്ധിസാമൎത്ഥ്യം.

ധീസഖൻ-മന്ത്രി.

ധീസചിവൻ-പ്രധാന മന്ത്രി. ബുദ്ധികൊണ്ടു സഹായിക്കുന്നവനെന്നൎത്ഥം. ബുദ്ധിയുള്ള മന്ത്രി എന്നുമാവാം.

## ധു

ധുത-വി ഉപേക്ഷിക്കപ്പെട്ട വ. കറഞ്ഞൊന്നു ഇളക്കപ്പെട്ട

ധുത്തൂരം-ഉമ്മത്ത്.

ധുനി-നദി, പുഴ. സന്തോഷിപ്പിക്കുന്നതു് എന്നൎത്ഥം. [ധൂഡം'

'അമൃതകരകരോടീസല്ലുനീബല
(ഉണ്ണുനീലീസന്ദേശം)

ധുന്ധു-ഒരസുരൻ.

ഇയാൾ മണലിൽ ഒളിച്ചിരുന്നു. കുവലയാശ്വരാജാവു തന്റെ ൨൧൦൦൦ മക്കളുമൊന്നിച്ചു അയാളെ കഴിച്ചുകൂട്ടുവാൻ നന്ന ശ്രമിച്ചു മൂന്നുപേരൊഴിച്ചു ശേഷം എല്ലാവരും ഇതുമൂലം ദഹിച്ചു. പല വിധവും ഒടുവിൽ കുവലയാശ്വൻ അയാളെ പുറത്താക്കി വധിച്ചു ]

ധുന്ധുമാരൻ-കുവലയാശ്വരാജാവു്.

ധുന്ധുമാരം-ക. ഒരുവക പുഴു (കൃമി), ഇന്ദ്രഗോപം വ. ഗൃഹത്തിലുള്ള പുക.

ധുരന്ധരൻ-ഭാരത്തെ വഹിക്കുന്ന കാള. ഉപചാരാൽ മററു ഭാരവാഹികൾക്കും പറയാം.

ധുരന്ധര-വി. ഭാരത്തെ വഹിക്കുന്ന, ഒരു കാൎയ്യത്തെ തനിച്ചു ഏല്ക്കുന്ന.

ധുരന്ധരം-ഞമ.

ധുര-ക. ഭാരം, നുകം. വ. വിചാരം. ന. രഥത്തിന്റെ മുൻ തണ്ടു്.

ധുരാ-നുകം.

**ധുരീണ**-വി. ഭാരത്തെ വഹിക്കുന്ന

**ധുരീണൻ**-ഭാരത്തെ വഹിക്കുന്ന കാള, പൊതിക്കാള. (ഉപചാരാൽ മററു ഭാര വാഹികൾക്കും പറയാം)

**ധുരീയം**-കാള.

**ധുർത്തൂരാ**-ഉമ്മത്തു്.

**ധുദ്ധൂരം**-ഉമ്മത്തു്.

**ധുര്യ**-വി. ഭാരത്തെ വഹിക്കുന്ന.

**ധുര്യൻ**-ഭാരത്തെ വഹിക്കുന്ന കാള, പൊതിക്കാള. (ഉപചാരാൽ മററു ഭാര വാഹികൾക്കും പറയാം) കുതിര എന്നു അൎത്ഥവും കാണുന്നു.

'അധ്യയന്താരമാദിശ്യ
ധുര്യാൻവിശ്രാമയേതിസഃ'
(രഘുവംശം)

ഇവിടെ ധുര്യാൻ എന്നതിനു കുതിരകളെ എന്നൎത്ഥം.

**ധുര്യം**-പു. കാള. ൨. ഇടവകം.

**ധുർവ്വഹ**-വി. ഭാരത്തെ വഹിക്കുന്ന.

**ധുർവ്വഹൻ**-ഭാരം വഹിക്കുന്നവൻ, പൊതിക്കാള.

**ധുവനം**-അഗ്നി.

**ധുവിത്രം**-വിശറി, ആലവട്ടം. (ധവിത്രത്തിന്റെ പാഠം)

**ധുസ്തൂരം**-ഉമ്മത്തു്.

**ധുസ്തൂരാ**-ഉമ്മത്തു്.

## ധൂ

**ധൂകം**-പു. വായു. ൨. വഞ്ചകൻ.

**ധൂത**-വി. പു. ഇളക്കപ്പെട്ട. ൨. നിന്ദിക്കപ്പെട്ട, ഉപേക്ഷിക്കപ്പെട്ട.

**ധൂനനം**-ഇളക്കം, ഇളക്കുക.

**ധൂനികം**-ചെഞ്ചല്യം.

**ധൂപക്കാൽ**-ധൂപക്കററി.

**ധൂപക്കററി**-ധൂപിക്കുന്നതിനുള്ള പാത്രം.

**ധൂപനം**-കുന്തുരുക്കം.

**ധൂപഭൂരുഹം**-ഗുഗ്ഗുലു.

**ധൂപം**-പു. സുഗന്ധദ്രവ്യങ്ങളിട്ടു പുകക്കുക. ൨. ധൂമം, പുക.

**ധൂപവൎഗ്ഗം**-ധൂപിപ്പാനുള്ള വസ്തുക്കൾ.

**ധൂപവൃക്ഷം**-ചരളം.

**ധൂപാംഗം**-തിരുവട്ടപ്പശ.

**ധൂപായിത**-വി. ചൂടു പിടിപ്പിക്കപ്പെട്ട, സന്തപിപ്പിക്കപ്പെട്ട, ഉഷ്ണിച്ച.

**ധൂപാരാധന**-ധൂപംകൊണ്ടു പൂജിക്ക.

**ധൂപിക്കുന്നു**-പുകക്കുന്നു.

**ധൂപിത**-വി. ധൂപിക്കപ്പെട്ട. ചൂടുപിടിപ്പിക്കപ്പെട്ട, സന്തപിപ്പിക്കപ്പെട്ട, ഉഷ്ണിച്ച.

**ധൂമകേതു**-പു. ദുൎന്നിമിത്തസൂചകമായ വാൽനക്ഷത്രം. ൨. അഗ്നി. ൩. അഗ്നിയാലുണ്ടാക്കപ്പെട്ട ഉപദ്രവം. (ആപത്തു്) ൪ ഗ്രഹണസന്ദൎഭത്തിൽ അഗ്നിമണ്ഡലത്തിൽ നിന്നുണ്ടാകുന്ന ഉൽപാതസൂചകമായ തേജസ്സ്. പൎയ്യായങ്ങൾ- അഗ്ന്യുൽപാതം, ഉപാഹിതം. ധൂമമാകുന്ന ചിഹ്നത്തോടുകൂടിയതു എന്നൎത്ഥം.

ചില ഗോളങ്ങൾ സൂൎയ്യന്റെ ചുററും വൃത്തത്തിൽ ചുററുന്നവയും, ചിലതു അണ്ഡാകൃതിയിൽ സഞ്ചരിക്കുന്നവയും മററുചിലതു് ഇരിമ്പുകുടിലിന്റെ ആകൃതിയിൽ സഞ്ചരിക്കുന്നവയും ആയിട്ടുണ്ടു്. ധൂമകേതുവൎഗ്ഗം മേല്പറഞ്ഞ ആകൃതികളിലെല്ലാം ഗതിചെയ്യുന്ന വകക്കാരാണു്. ഈ ധൂമകേതുക്കളെല്ലാം സൂൎയ്യനെ വളഞ്ഞു ചുററുന്നു. ഇപ്പോൾ ഏകദേശം ഇരുനൂററിൽ ചില്വാനം ധൂമകേതുക്കളുടെ ഗമനമാൎഗ്ഗങ്ങൾ കണ്ടുകിട്ടീട്ടുണ്ടു്. ഈ ധൂമകേതുക്കൾ മണിക്കൂറിൽ മൂന്നുകോടി ഇരുപതുലക്ഷം നാഴികവരെ ഗതിവേഗത്തോടുകൂടിയവയാകുന്നു. ഒന്നുമുതൽ

എഴുപത്തഞ്ചുവരെ കൊല്ലങ്ങളെക്കൊണ്ടു സൂര്യനെ ഒരു വട്ടം ചുററിമറിഞ്ഞു മറയുന്നു. ഭൂമിയുടെയും ധൂമകേതുവിന്റെയും ഗമനമാർഗ്ഗങ്ങൾ ഇടയുന്ന ദിക്കിൽവച്ചു ധൂമകേതുവും ഭൂമിയും തമ്മിൽ കൂട്ടി മുട്ടുന്നതായാൽ ഭൂമി നശിച്ചു വെണ്ണീറായി എന്നുകൂടെ വന്നേക്കാം.

ധൂമജം-പു. മുത്തങ്ങ. ൨. മേഘം.

ധൂമദ്ധ്വജൻ-അഗ്നി.

ധൂമപത്രാ-പുകയില.

ധൂമപത്രാ-പുകയില.

ധൂമം-പുക.

ധൂമയോനി- മേഘം. ധൂമത്തിൽനിന്നുണ്ടായതു് എന്നർത്ഥം.

ധൂമവർണ്ണൻ-ഒരു നാഗരാജാവു്.

യദുവിനെ ബലാൽ പിടിച്ചു തലസ്ഥാനത്തു കൊണ്ടുചെന്നു തന്റെ അഞ്ചു പുത്രിമാരേയും അയാളെക്കൊണ്ടു വിവാഹം ചെയ്യിച്ചു.

ധൂമല-വി. കരിച്ചെമപ്പുനിറമുള്ള.

ധൂമളം-കറപ്പും ചെമപ്പും കൂടിയ നിറം, ധൂമ്രവർണ്ണം. പുകയുടെ നിറത്തെ അളാനംചെയ്യുന്ന എന്നർത്ഥം. പുകയുടെ നിറത്തോടുതുല്യം.

ധൂമാഭ-വി. പുകയുടെ നിറംപോലെ നിറമുള്ള.

ധൂമാഭം-പുകനിറം.

ധൂമാവലി-പുകക്കൂട്ടം.

ധൂമികാ-പു. ആവി. ൨. മഞ്ഞു്, മൂടൽമഞ്ഞു്. ൩. പുക.

ധൂമോർണ്ണാ-യമന്റെ ഭാര്യ.

ധൂമ്യാ-പുകക്കൂട്ടം.

ധൂമ്യാടം-ചെറകരികിൽപക്ഷി, കടുമച്ചാത്തൻ. പുകപോലെ സഞ്ചരിക്കുന്നതു് എന്നർത്ഥം.

ധൂമ്ര-വി. ധൂമ്രവർണ്ണമുള്ള.

ധൂമ്ര(ക)ം-ഒട്ടകം.

ധൂമ്രൻ-ശിവൻ.

ധൂമ്രം-പു. കറപ്പും ചെമപ്പും കൂടിയനിറം. പുകയുടെ നിറത്തെ ആദാനം ചെയ്യുന്നതു് എന്നർത്ഥം. പുകയുടെ നിറത്തോടു സദൃശം. ൨. അറബിക്കുന്തുരുക്കം. ൩. പാപം. ൪. മൌഢ്യം.

ധൂമ്രവർണ്ണ-വി. കറപ്പും ചെമപ്പും കൂടിയ നിറമുള്ള.

ധൂമ്രവർണ്ണം-കറപ്പും ചെമപ്പും കൂടിയ നിറം. പര്യായങ്ങൾ-ധൂമ്രം, ധൂമളം, കൃഷ്ണലോഹിതം.

ധൂമ്രുകം-ഒട്ടകം.

ധൂമ്രാ-ദുർഗ്ഗാ.

ധൂർ-ചുമടു്.

ധൂർജ്ജടി-ശിവൻ. ചുമടായ ജടയുള്ളവൻ. വളരെ വലിപ്പമുള്ള ജടയുള്ളവൻ എന്നർത്ഥം.

ധൂർത്ത-വി. ചതിവുള്ള.

ധൂർത്തകൻ-പു. കുറുക്കൻ. ൨. കള്ളൻ.

ധൂർത്തനർത്തകം - ശൈവസന്യാസികളെ പരിഹസിച്ചു സാമരാജദീക്ഷിതർ ഉണ്ടാക്കിയ ഒരു നാടകം.

ധൂർത്തൻ-പു. ചതിയൻ. ൨. ചൂതുകളിക്കുന്നവൻ. ഹിംസിക്കുന്നവൻ, മുതൽ നശിപ്പിക്കുന്നവൻ എന്നർത്ഥം. ൩. കള്ളൻ. ൪. തന്നിഷ്ടക്കാരൻ.

ധൂർത്തം- പു. ഉമ്മത്തു്. ഹിംസിക്കുന്നതു് എന്നർത്ഥം ൨. വിളയുപ്പു്. ൩. ഇരിമ്പിൻകിട്ടം, ൪. അടവിക്കച്ചോലം. ൫. ഗുഗ്ഗുലു.

ധൂർത്തത-ചതിവു്, താന്തോന്നിത്തം

ധൂർത്തസമാഗമം-ഒരു നാടകം.

ഹാസ്യരസപ്രധാനമാണു്. വിശേഷഗുണമൊന്നുമില്ല. കർത്താവു് ജ്യോതിരീശ്വരനാകുന്നു.

ധൂർവ്വഹ-വി. ചുമടിനെ വഹിക്കുന്ന.

ധൂൎവ്വഹൻ-ഭാരത്തെ വഹിക്കുന്ന കാള. (ഉപചാരാൽ മററു ഭാരവാഹികൾക്കും പറയാം )

ധൂലകം-വിഷം.

ധൂലികാ-മഞ്ഞുകട്ടി.

ധൂലിജംഘം-കാക്ക.

ധൂസര-വി. ൧. ഒട്ടുവെളുത്തനിറമുള്ള, മഞ്ഞൾനിറത്തോടുകൂടിയ. ൨. പൊടിപററിയ. ൩. കാന്തിയോടുകൂടിയ.

'മെത്തുംപൃത്ഥ്വീരജോധൂസരസുരഭിലമേന്തരാളം'

(ഉത്തരരാമായണം ചമ്പു)

'പാംസുക്കളേററിട്ടുധൂസരമായുള്ള'

(കൃഷ്ണഗാഥ)

ധൂസരം-൧. കഴുത. ൨. ഒട്ടകം. ൩. പ്രാവ്. ൪ കുട്ടുകരികിൽ.

ധൂസരം- ഒട്ടുവെളുത്തനിറം, ചാരനിറം. മഞ്ഞൾനിറത്തോടുകൂടിയവെളുപ്പ് (അല്പമായ വെളുപ്പ്), അല്പം മഞ്ഞകൂടിച്ചേൎന്ന വെളുപ്പ്. ചിത്തത്തെ ഇളക്കുന്നത് എന്നൎത്ഥം, കാന്തിയെ കൊടുക്കുന്നത് എന്നുമാവാം.

ഈ നിറം ബകുളപുഷ്പത്തിന്റെ നിറത്തോടു തുല്യമാണെന്നു കൂടി പറയുന്നു. ധൂസരസ്സിതഃ പീതലേശവാൻ ബകുളപുഷ്പവിഃ എന്നു ശബ്ദാൎണ്ണവം.

ധൂസരി-കിന്നരസ്ത്രീ.

ധൂസരിത-വി ധൂസരമാക്കപ്പെട്ട, മലിനമാക്കപ്പെട്ട.

ധൂസ്തൂരം-ഉമ്മത്തു്.

ധൂൾ-പൊടി, ധൂളി. നേരിയപൊടി.

ധൂളി-൧. പൊടി. നേരിയപൊടി. ഇളക്കിത്തീൎക്കുന്നതു എന്നൎത്ഥം.

'തുരഗഖുരപുടത്താലുദ്ധതം ധൂളിജാലം'

(അഭിജ്ഞാനശാകുന്തളം)

൨. വ്യഭിചാരമുള്ള സ്ത്രീ.

'അഹോകഷ്ടമെന്തുധൂളി
നമ്മുടെ നാട്ടിലും വന്നു'

(നളായണീചരിതം തുള്ളൽ)

൩. കാന്തിയെ കൊടുക്കുന്ന. ൪. ഒരു മാതിരി പട്ടുണ്ടാക്കുവാനുള്ള പഞ്ഞി. ൫. ഒരു വലിയ സംഖ്യ.

'ലക്ഷകോട്യൎബ്ബുദധൂളീപരാൎദ്ധ്യവും'

(കല്യാണസൌഗന്ധികം തുള്ളൽ)

ധൂളിക-മഞ്ഞു്.

ധൂളികുട്ടിമം-വാട.

ധൂളിക്കുന്നു-൧. പറപ്പിക്കുന്നു. ൨ പൊടിക്കുന്നു. ൩. തൂവുന്നു ൪. തുള്ളിയായി വീഴുന്നു.

ധൂളിത്വം-വ്യഭിചാരസ്വഭാവം.

ധൂളിപ്പിക്ക-പറപ്പിക്ക (പറത്തിക്ക)

ധൂളിപ്പെണ്ണ്-വ്യഭിചാരംചെയ്യുന്നസ്ത്രീ.

ധൂളിമാനം-പൊടി.

ധൂളിമെത്ത-അധികം മാൎദ്ദവമുള്ള മെത്ത

ധൂളിയാകുന്നു-പൊടിയാകുന്നു.

ധൂളുന്നു പറപ്പിക്കുന്നു.

## ധൃ

ധൃത-വി. ൧. ധരിക്കപ്പെട്ട ൨. പിടിക്കപ്പെട്ട. ൩ അറിയപ്പെട്ട.

ധൃതഗതി അവിവേകമായ രീതി, ആലോചിക്കുവാനിടയാകാതെയുള്ള പോക്ക്, ചുരുക്ക്.

ധൃതഗതിക്കാരൻ-ധൃതഗതിയുള്ളവൻ.

ധൃതദീധിതി-അഗ്നി

ധൃതദ്വേഷൻ-ദ്വേഷത്തോടുകൂടിയവൻ

'വിധിതാനെന്നിൽ ധൃതദ്വേഷനായി'

(അമരുകശതകം)

ധൃതരാഷ്ട്രൻ-൧. ചന്ദ്രവംശത്തിൽ ജനിച്ച കുരുടനായ ഒരു രാജാവു.

'കൃഷ്ണദ്വൈപായനനാം മാമുനി വേദവ്യാസൻ വിഷ്ണുതാൻ തന്നെയാണു പിറന്നിവിമൂർത്തി*സോദരൻ മുമ്പിൽ വേട്ടോരംബികാ ഗൃഹന്തന്നിൽ ആദരവോടുചെന്നാനാകാത്തവേഷത്തോടും* വേഷവൈരൂപ്യമൊരു ഗന്ധവും സഹിയാഞ്ഞു യോഷാമാർ മണിയാകുമംബികയുളുന്നേരം*കണ്ണുകൾ ചിമ്മിപ്പൂണ്ടോരു കാരണമായിക്കണ്ണുകൂടാതെ പിറന്നീടിനാൻ കുമാരനും'. (ഭാരതം)

വിചിത്രവീര്യൻെറ ഭാര്യയായ അംബികയിൽ വ്യാസനുണ്ടായവൻ. പാണ്ഡുവിൻെറ സഹോദരൻ. ഗാന്ധാരിയുടെ ഭർത്താവു്. ഗാന്ധാരിയിൽ ധൃതരാഷ്ട്രർക്കു ദുര്യോധനൻ മുതലായി ൧൦൦ പുത്രന്മാരും, ദുശ്ശള എന്ന ഒരു പുത്രിയുമുണ്ടായി. ധൃതരാഷ്ട്രർ കുരുടനും പാണ്ഡു പാണ്ഡുനിറത്തോടുകൂടിയവനും ആയിരുന്നു പാണ്ഡു ഭാര്യമാരൊന്നിച്ചു വനത്തിൽ പോയി. ധൃതരാഷ്ട്രർ രാജ്യം ഭരിച്ചു ധൃതരാഷ്ട്രരുടെ പുത്രരായ കൌരവരും പാണ്ഡുവിൻെറ പുത്രരായ പാണ്ഡവരും കൂടിയായിരുന്നു മഹാഭാരതയുദ്ധം നടത്തിയതു. പാണ്ഡവർ വിജയം പ്രാപിച്ചു ധൃതരാഷ്ട്രർ ഭാര്യയൊന്നിച്ചു കാട്ടുതീയിൽ നശിച്ചു

൨. അനേകം തലകളും അസാമാന്യശക്തിയുമുള്ള ഒരു മഹാസർപ്പം. ൩. പാത്ത.

ധൃതരാഷ്ട്രം-കറുത്ത കൊക്കും ചുണ്ടുമുള്ള അരയന്നം ധൃതരാഷ്ട്രദേശത്തിലുള്ളതു് എന്നർത്ഥം.

ധൃതവ്രതൻ-൧. ഇന്ദ്രൻ. ൨. വരുണൻ ൩. അഗ്നി.

ധൃതി-൧. വഹിക്കുക, ധരിക്കുക. ൨. ധൈര്യം, മനസ്സുറപ്പു്, സങ്കടങ്ങളിൽ മനസ്സിളകായ്ക. ൩. സന്തോഷം. ൪. ജ്യോതിശ്ശാസ്ത്രത്തിൽ പറയുന്ന യോഗങ്ങളിൽ ഒന്നു്. ൫. ഛന്ദസ്സുകളിൽ ഒന്നു്. (ഓരോ പാദത്തിൽ ൧൮ അക്ഷരം വീതം കാണും).

ധൃതി-മ. ൧. വേഗം, ഝടിതി. ൨. ബദ്ധപ്പാടു്.

ധൃതിമൽ-വി. ധൃതിയുള്ള, മനസ്സുറപ്പുള്ള.

ധൃതിമതി-ധൃതിയുള്ളവൾ, മനസ്സുറപ്പുള്ളവൾ.

ധൃതിമാൻ-ധൃതിയുള്ളവൻ, മനസ്സുറപ്പുള്ളവൻ.

ധൃഷ്ട-വി. ധൈര്യമുള്ള, ഉറപ്പുള്ള.

ധൃഷ്ട?കേതു-൧. ധൃഷ്ടദ്യുമ്നൻെറ ഒരു പുത്രൻ ൨. ചേദിരാജാവായ ശിശുപാലൻെറ പുത്രൻ, പാണ്ഡവരുടെ ഒരു സഖി ൩. കേകയരാജാവു്.

ധൃഷ്ടത-ധൈര്യം, ഉറപ്പു്.

ധൃഷ്ടദ്യുമ്നൻ-പാഞ്ചാലിയുടെ സഹോദരൻ, ദ്രുപദൻെറ പുത്രൻ.

ധൃഷ്ടദ്യുമ്നൻ അച്ഛൻ ഒന്നിച്ചു പാണ്ഡവരുടെ പക്ഷത്തു ചേൎന്നു് കൌരവരെ എതിൎത്തു കുറച്ചുദിവസം സേനാപതിയുമായിരുന്നു. ഒരു ഘോരയുദ്ധത്തിൽ ദ്രോണർ ദ്രുപദനെ കൊന്നതിൻെറ ശേഷം ഇതിനു പക വീട്ടുന്നുണ്ടെന്നു ധൃഷ്ടദ്യുമ്നൻ സത്യംചെയ്തു അതിന്നു ഭാരതയുദ്ധം ൧൫-ാം ദിവസം അയാൾ ദ്രോണരുടെ തലവെട്ടി. അനന്തരം നിദ്രയിൽ അശ്വത്ഥാമാവിനാൽ വധിക്കപ്പെട്ടു (ചവിട്ടിക്കൊന്നു)

'സൃഞ്ജയനായിടമാവും ദ്രോണരെക്കൊന്നവനൊരു നിൎജ്ജരവരസമനാകിയ

തനയനും* അർജ്ജുനൻ തനിക്ക നൽകീട്ട
വാനൊരു പെണ്ണും ഇജ്ജനത്തിന്ന ലഭി
ച്ചീടുവാൻ തക്കതൊരു* യജ്ഞം ചെയ്യേ
ണമെന്നുമാമുനിമാരെന്നോടരി വിജ്ഞാ
നമുള്ളനൃപൻ പറഞ്ഞൊരനന്തരം* യാ
ഗവും തുടങ്ങിനാരംഗമറിഞ്ഞവരാഗ
മിച്ചിതു വിണ്ണോരാഹൂതിഭുജിപ്പാനായ്*
കുണ്ഡത്തിൽനിന്നുനേരെ പൊങ്ങിനാ
നൊരുപുമാൻ ചണ്ഡഭാനുവിന്ന നേരാ
കിയ കാന്തിയോടും* ഖഡ്ഗചാപേഷു
കിരീടാദിവർമ്മങ്ങളോട്ട മുൽഗമിച്ചതു
കണ്ടു തെളിഞ്ഞാരെല്ലാവരും രണ്ടാമതൊ
രു പെണ്ണുമുണ്ടായിതവൾകണ്ടാൽ തണ്ടാർ
മാനിനിയെന്നുകൊണ്ടാടിപ്പറഞ്ഞിടാം*
പിന്നെയുമാണോ പെണ്ണുമല്ലാതെയൊന്നു
ണ്ടായി മുന്നമഗ്നുവംതന്നിൽ ജ്യേഷ്ഠയുണ്ടാ
യപോലെ* ധൃഷ്ടദ്യുമ്നനും നല്ല കൃഷ്ണയും
ശിഖണ്ഡിയും പൃഷ്ടകൌതുകത്തോടും വ
ളൎന്നുതുടങ്ങിനാർ'.

(ഭാരതം)

ധൃഷ്ടൻ-൧. ധൈര്യമുള്ളവൻ. ൨. ലജ്ജയില്ലാത്തവൻ. ൩. വിശ്വാസമില്ലാത്ത ഭർത്താവ്. പ്രഗത്ഭൻ എന്നൎത്ഥം. നവരസങ്ങളിൽ സർവ്വാത്മനാ പ്രാധാന്യം വഹിക്കുന്ന ശൃംഗാരത്തിന്നു വിഷയീഭൂതനായ നാലുവക നായകന്മാരിൽ ഒരാൾ.

ധൃഷ്ടാ-൧. ധൈര്യമുള്ളവൾ. ൨. വിശ്വാസമില്ലാത്ത ഭാൎയ്യ.

ധൃഷ്ണക്-ലജ്ജയില്ലാത്തവൻ.

ധൃഷ്ണി-രശ്മി, പ്രഭ.

ധൃഷ്ണു-വി. ധൈര്യമുള്ള, ലജ്ജയില്ലാത്ത

## ധേ

ധേനം-കടൽ.

ധേനാ-നദി.

ധേനി-൧ കൊത്തമ്പാലരി. ൨. നദി.

ധേനു-൧. പശു. ൨. കറക്കുന്ന പശു. അടുത്ത കാലത്തു പ്രസവിച്ച പശു. ജലം കുടിക്കുന്നവൾ എന്നൎത്ഥം. മറ്റൊരു പൎയ്യായം-നവസൂതികാ.

ധേനുക-൧. പിടിയാന. ധേനുതുല്യ എന്നൎത്ഥം. ൨. കറക്കുന്ന പശു, പശു. ൩. ചുരിക. ൪. സമ്മാനം.

ധേനുകൻ-ഒരു അസുരൻ. (ബലരാമനാൽ വധിക്കപ്പെട്ടു).

[ബാലരായ രാമകൃഷ്ണന്മാർ കൂട്ടരൊന്നിച്ചു ധേനുകന്റെ താലവനത്തിൽ കരിമ്പനനിറഞ്ഞ കാവിൽനിന്നു പഴങ്ങൾ പറിക്കുമ്പോൾ അവൻ ഒരു കഴുതയുടെ ആകൃതിയിൽ വന്നു ബലരാമനെ ചവിട്ടുന്നതിന്നു ആരംഭിച്ചു. ഉടൻ അദ്ദേഹം കാലിന്നു പിടികൂടി ചുഴററി എറിഞ്ഞു. മൃതനായി അവൻ ഒരു പനയുടെ മുകളിൽ പതിച്ചു. അവന്റെ സഹായികളെയും ബലരാമൻ അപ്രകാരം തന്നെ ചെയ്തു.

ധേനുകസൂദനൻ-ബലരാമൻ.

ധേനുജിഹ്വാ-കൊഴുപ്പ.

ധേനുമൽ-വി. പശുവുള്ള.

ധേനുഷ്യാ-കെട്ടിനിൽക്കുന്ന പശു, കറവിലയ്ക്കു കൊടുത്ത പശു.

കടം തീരുന്നതുവരെ കറന്നെടുക്കുവാനുള്ള അനുവാദത്തോടുകൂടെ ഉത്തമൎണ്ണന്റെ ഗൃഹത്തിൽ നിറുത്തിയ പശു.

ധേയ-വി. ൧ വഹിക്കുന്ന, എടുക്കുന്ന. ൨. വഹിക്കത്തക്ക ൩ വളൎത്തത്തക്ക.

ധൈനുകം-പശുവിനെ സംബന്ധിച്ച

ധൈനുകാ-പശുക്കൂട്ടം.

ധൈര്യപ്പെടുത്തുന്നു ഉറപ്പു വരുത്തുന്നു

ധൈര്യം-൧ ധീരത, ഉറപ്പ്. ൨. നായികാശ്രിതങ്ങളായ ൨൮ അലങ്കാരങ്ങളിൽ ഒന്ന്, ആത്മപ്രശംസകൂടാതെയും ഒരു

പ്രകാരത്തിലും ഇളകാതെയുമുള്ള മനോവൃത്തിയത്രേ ധൈൎയ്യം. ശീലഗുണാദികളെ ലംഘിക്കാതിരിക്കുക (വിലാസം നോക്കുക)

ധൈൎയ്യവൽ-വി. ധീരതയുള്ള.

ധൈൎയ്യവതി-ധീരതയുള്ളവൾ.

ധൈൎയ്യവാൻ-ധീരതയുള്ളവൻ.

ധൈൎയ്യശാലി-ധൈൎയ്യമുള്ളവൻ.

ധൈൎയ്യശാലിനി-ധൈൎയ്യമുള്ളവൾ

ധൈവതം-ആറാമത്തെ സ്വരം, വീണയുടെ കമ്പികളിൽ നിന്നും കണ്ഠത്തിൽ നിന്നും പുറപ്പെടുന്ന സപ്തസ്വരങ്ങളിൽ ഒന്നു്. നാഭ്യാദിസ്ഥാനങ്ങളിൽ നില്ക്കുന്നതു എന്നൎത്ഥം. ധീമാന്മാരാൽ-ബുദ്ധിമാന്മാരാൽ-ഗാനം ചെയ്യപ്പെടുന്നതു 'ധൈവതം'. ആറാമത്തേതായ ആജ്ഞാചക്രത്തിൽ-ഭ്രൂമദ്ധ്യത്തിൽ ധരിക്കപ്പെടുന്നതാകയാൽ 'ധൈവതം' എന്നുമാവാം.

അശ്വം ധൈവതസ്വരത്തെ അനുസരിച്ചു ശബ്ദിക്കുന്നു-അശ്വസ്തുധൈവതം രൌതി.

ധൈവത്യം-സാമൎത്ഥ്യം.

ധോയികവിരാജൻ-ജയദേവരുടെ കാലികന്മാരായ കവികളിൽ ഒരാൾ.

ധോരണം-ന. വാഹനം, പരമ്പരയായി വഹിക്കപ്പെടുന്ന വാഹനം. ഭംഗിയായി ഗമിക്കുന്നതു എന്നൎത്ഥം. തേരിനു കെട്ടുന്ന കാള മുതലായതു് ൨. കുതിരയുടെ നടപ്പിൽ ഒരുമാതിരി ഭേദം (യാഗ്രക്കാൽനട. Trot)

ധോരണി-ന. പാരമ്പൎയ്യന്യായം, പാരമ്പൎയ്യം ൨. പരിചയം ൩. നിര ൪. വഴി ൫ ആരെയും ശങ്കിയ്ക്കായ്ക. ൬. ഒഴുക്കു്. തടവില്ലായ്ക ൭. ഡംഭു്.

ധോരണിക്കാരൻ- ധോരണിയുള്ളവൻ, ആരെയും കൂട്ടാക്കാതെ ഡംഭുകാട്ടി നടക്കുന്നവൻ.

ധോരിതകം — അശ്വഗതിവിശേഷം. (ധൌരിതകം എന്നതിന്റെ പാഠം)

## ധൌ

ധൌത-വി. കഴുകപ്പെട്ട, ശുദ്ധീകരിക്കപ്പെട്ട. നിൎമ്മലമായ.

ധൌതകൌശേയം-വെള്ളപ്പട്ടു, അലക്കിയ പട്ടു്, അഴുക്കുകളഞ്ഞ പട്ടു്.

ധൌതം-വെള്ളി.

ധൌതശിലം-സ്ഫടികം.

ധൌതേയം-ഇന്തുപ്പു്.

ധൌമ്യൻ-പാണ്ഡവരുടെ കുലഗുരു.

ഉപമന്യു, ആരുണി, പാഞ്ചാലൻ, വൈദൻ എന്നവർ ഇദ്ദേഹത്തിന്റെ ശിഷ്യന്മാരാകുന്നു.

ധൌരിതകഗതി-ചാതുൎയ്യത്തോടു കൂടിയ നേരെയുള്ള (കുതിരയുടെ) നടപ്പു്.

ധൌരിതകം-കുതിരയുടെ ഒരുമാതിരി നടപ്പു്.

കീരി, കഴു, മയിൽ, പന്നി എന്നവയുടെ ഗതിപോലെ ഭംഗിയുള്ള അശ്വഗതി വിശേഷം.

ധൌരേയ-വി. ചുമടെടുക്കുന്ന, ഭാരം വഹിക്കുന്ന

ധൌരേയൻ-ഭാരത്തെ വഹിക്കുന്ന കാള, പൊതിക്കാള. (ഉപചാരാൽ മററു ഭാരവാഹികൾക്കും പറയാം.)

ധ്മാകാരൻ-കൊല്ലൻ.

ധ്മാത-വി. ഊതപ്പെട്ട.

ധ്മാംക്ഷം-ന. കാക്ക. ൨. കൊക്കു്.

ധ്മാംക്ഷപുഷ്ടാ-കയിൽ

ധ്മാനം-ഊത്തു്.

ധ്മാങ്ക്ഷാരാതി-ഊമൻ.

## ധ്യ

**ധ്യാത**-വി. ധ്യാനിക്കപ്പെട്ട.

**ധ്യാതം**-ധ്യാനം.

**ധ്യാനനിഷ്ഠ**-വി. വിചാരത്തിൽ നല്ല ഉറപ്പുള്ള.

**ധ്യാനം**-പു. വിചാരം. ൨. മനസ്സുകൊണ്ടുള്ള ആരാധനം, മനസ്സു മറെറാരിടത്തു പോകാതെ ഈശ്വരന്റെ സ്വരൂപത്തെ തന്നെ വിചാരിക്ക, നിരന്തരസ്മരണം.

ധ്യാനം-അഷ്ടാംഗയോഗങ്ങളിൽ ഒന്നു്. നാഭിചക്രം നാസാഗ്രം മുതലായ ചില സ്ഥലങ്ങളിൽ മനസ്സിനെ നിറുത്തുന്നതു ധാരണ. അങ്ങിനെയുള്ള ധാരണ നിരന്തരമായി നടന്നുകൊണ്ടിരിക്കുന്നതു ധ്യാനം.

**ധ്യാനമൂകൻ**-ഏകചിന്തയിൽ ഏർപ്പെട്ടിരിക്കുക നിമിത്തം ഒന്നും മിണ്ടാതെ നാക്കില്ലാത്തവനെപ്പോലെയിരിക്കുന്നവൻ

**ധ്യാനശക്തി**-ഓരോ സങ്കല്പങ്ങളെ മനസ്സിൽ ഉറപ്പിക്കുവാനുള്ള കരുത്തു്.

**ധ്യാനിക്കുന്നു**-പ. ഈശ്വരസ്വരൂപത്തെ മനസ്സുകൊണ്ടു കാണുന്നു. ൨. വിചാരിക്കുന്നു.

**ധ്യാമം**-നാന്മുകപ്പുല്ലു്. പശുക്കളാൽ ധ്യാനിക്കപ്പെടുന്നതെന്നർത്ഥം.

**ധ്യായമാനം**-വി. ധ്യാനിക്കുന്ന.

**ധ്യേയ**-വി. ധ്യാനിക്കപ്പെടേണ്ടുന്ന, വിചാരിക്കപ്പെടുവാനുള്ള

—:o:—

## ധ്രു

**ധ്രീചി**-സഖി.

**ധ്രുവ**-വി. ൧. നിത്യമായുള്ള. ൨. ഇളക്കമില്ലാത്ത

**ധ്രുവ**-പു. വയ്യങ്കതകൊണ്ടുള്ള ഹോമപാത്രം. ൨. ഓരില ൩. മൂവില,

**ധ്രുവദീപ്തി**-ധ്രുവങ്ങൾ സംബന്ധിച്ച ദീപ്തി.

ഭൂഗോളത്തിന്റെ ഉത്തരദക്ഷിണധ്രുവങ്ങളിലും അയൽ രാജ്യങ്ങളിലുമുള്ള വായുമണ്ഡലത്തിൽ സാധാരണ കണ്ടുവരുന്ന ഒരുമാതിരി പ്രഭാപൂരത്തിനു ധ്രുവദീപ്തി എന്നു പേർ.

**ധ്രുവൻ**-പു. സ്വായംഭുവമനുവിനു പിറന്ന ഉത്താനപാദന്റെ പുത്രനായ ഒരു രാജാവു്.

ഉത്താനപാദനു രണ്ടു ഭാര്യമാർ. ഒരുവൾ സുനീതി. മറെറവൾ സുരുചി. സുനീതിയുടെ മകനത്രെ ധ്രുവൻ. സുരുചിയുടെ മകൻ ഉത്തമൻ. ഉത്താനപാദൻ സുരുചിയിൽ വശനായി. ധ്രുവനും തന്റെ അമ്മയും സുരുചിയുടെ ക്രൂരകൃത്യങ്ങളാൽ സന്തപിച്ചു കാലയാപനം ചെയ്തുവ. നാരദമുനിയുടെ ഉപദേശപ്രകാരം ധ്രുവൻ വിഷ്ണുവിനെ ഉദ്ദേശിച്ചു തപസ്സു ചെയ്തു വിഷ്ണുപ്രീതിയെ സമ്പാദിച്ചു. വിഷ്ണു അദ്ദേഹത്തെ ധ്രുവനക്ഷത്രമായി ആകാശത്തിൽ സ്ഥാപിച്ചു. ധ്രുവനു ഔത്താനപാദി, ഗ്രഹാധാരൻ ഈ നാമങ്ങളും കാണുന്നുണ്ടു്.

൨. ഇളക്കമില്ലാത്തതായിട്ടു വടക്കു കാണുന്ന ഒരു നക്ഷത്രം. എന്നും സ്ഥിരമായി നില്ക്കുന്നവനെന്നർത്ഥം. മറെറാരു പര്യായം-ഔത്താനപാദി.

ഉത്താനപാദൻ എന്ന രാജാവിന്റെ പുത്രനായ ധ്രുവൻ ഭഗവൽകൃപ ഹേതുവായിട്ടു കല്പാന്തകാലത്തിലും നാശമില്ലാത്ത വിധത്തിൽ ജ്യോതിശ്ചക്രത്തിനും മേൽഭാഗത്തു നക്ഷത്രരൂപത്തിൽ നില്ക്കുന്നു എന്നും പുരാണം.

൩. വിഷ്ണു. ൪. ശിവൻ. ൫. ബ്രഹ്മാവു്.

**ധ്രുവങ്ങൾ**-ഭൂഗോളത്തിന്റെ തെക്കേഅററവും വടക്കേഅററവും.

ധ്രുവം-൧. നിശ്ചയം. ൨. കററി ഇലയും കൊമ്പും കവരവും ഇല്ലാത്ത മരം, മരക്കററി. ഇളക്കമില്ലാത്തമട്ടിൽ ഉറച്ചുനില്ക്കുന്നതെന്നർത്ഥം. ൩. ഒരു താളം. ൪. രാഗം. ൫. നിത്യമായുള്ളതു്. ൬ നക്ഷത്രവിശേഷം. ൭. പേരാൽ. ൮. താറാവു്. ൯. ആകാശം. ൧൦. സ്വർഗ്ഗം.

ധ്രുവാ-മഹത്വമുള്ള സ്ത്രീ.

ധ്രുവാ-൧. മൂവില. ൨. ഹോമപാത്രം. ൩. പെരുങ്കുരുമ്പ.

ധ്രുവാക്ഷരൻ-വിഷ്ണു.

ധ്രുവാവൃക്ഷം- വയ്യങ്കതമരം. സ്രുവാവൃക്ഷം എന്നതിന്റെ പാഠാന്തരം.

—:o:—

## ധ്വ

ധ്വജദ്രുമം-പന.

ധ്വജൻ-൧. പ്രസിദ്ധൻ, പ്രധാനി. ഉ-ം, കുലധ്വജൻ. ൨. മദ്യവും മററും ഉണ്ടാക്കി വില്ക്കുന്നവൻ.

ധ്വജപടം-കൊടി.

ധ്വജപ്രതിഷ്ഠ-കൊടിമരം നിറുത്തുക.

ധ്വജപ്രഹരണൻ-വായു.

ധ്വജം-൧. കൊടി. ൨. കൊടിമരത്തിന്റെ മുകളിലുള്ള അടയാളം, കൊടിക്കൂറ. ശമിക്കുന്നതു്-പാറുന്നതു് എന്നർത്ഥം. ൩. അടയാളം. ൪. ശിശ്നം. ൫. കരിമ്പന.

ധ്വജമണ്ഡപം-കൊടിമരത്തറ.

ധ്വജവൽ-വി. ധ്വജമുള്ള, അടയാളമുള്ള.

ധ്വജവതി-ധ്വജമുള്ളവൾ, അടയാളമുള്ളവൾ.

ധ്വജവാൻ-൧. ധ്വജമുള്ളവൻ, അടയാളമുള്ളവൻ. ൨. കൊടിക്കാരൻ.

ധ്വജി-വി. ധ്വജമുള്ള.

ധ്വജിനി-സേന. ധ്വജങ്ങൾ ഉള്ളതു് എന്നർത്ഥം.

ധ്വജീ-൧. കുതിര. ൨. പാമ്പു്. ൩. മയിൽ. ൪. പർവതം. ൫. വണ്ടി.

ധ്വജീ-൧ ബ്രാഹ്മണൻ. ൨. ചെത്തിവില്ക്കുന്നവൻ. ൩. മദ്യം വില്ക്കുന്നവൻ.

ധ്വനം-൧. ശബ്ദം. ൨. ഝങ്കാരം.

ധ്വനി-൧. ശബ്ദം. ൨. കവിതകളിലെ ഒരു അർത്ഥവിശേഷം. ൩. ഉത്തമകാവ്യം.

ധ്വനിക്കുന്നു-൧. ശബ്ദിക്കുന്നു. ൨. ഒരു കാര്യം പറയുമ്പോൾ ഗൂഢവും സാരവുമായിരിക്കുന്ന വേറെ ഒരർത്ഥംകൂടി പൂർണ്ണമായി തോന്നുന്നു. (സ. ക്രി. ധ്വനിപ്പിക്കുന്നു)

ധ്വനിത-വി. ശബ്ദിക്കപ്പെട്ട, ശബ്ദിച്ച.

ധ്വനിതം-൧ ഒച്ചപ്പെടുത്തപ്പെട്ടതു്. ൨. ശബ്ദിച്ചതു്.

ധ്വന്യാലോകം-ഒരു ഗ്രന്ഥം.

൯-ാം നൂററാണ്ടിന്റെ അവസാനം കാശ്മീരരാജ്യം പരിപാലിച്ചിരുന്ന അവന്തിവർമ്മരാജാവിന്റെ സമാനകാലീനനെന്നു രാജതരംഗിണിമൂലം വിചാരിക്കപ്പെട്ടുവരുന്ന ആനന്ദവർദ്ധനാചാര്യർ ഉണ്ടാക്കിയതാണു് ഈ ഗ്രന്ഥം.

ധ്വംസനം-നാശം, മുടിവു്.

ധ്വംസിക്കുന്നു-നശിപ്പിക്കുന്നു, കൊല്ലുന്നു

ധ്വസ്ത-വി. നശിപ്പിക്കപ്പെട്ട, നശിച്ച, വീണുപോയ.

ധ്വാന്തം-ഇരുട്ടു്. ശബ്ദിപ്പിക്കുന്നതു് എന്നർത്ഥം.

ഇരുട്ടായിരുന്നാൽ ജനങ്ങൾ വഴി കാണായ്കനിമിത്തവും സർപ്പങ്ങളുടെയും മററും ഭീതികൊണ്ടും ഒക മുഖം ഇവകൊണ്ടു ശബ്ദത്തെ ചെയ്യുന്നതു പതിവാണു്.

ധ്വാനധാടി-ശബ്ദഘോഷം

ധ്വാനം-ഒച്ച, ശബ്ദം.

ധ്വാംക്ഷം-൧. കാക്ക. ഘോരമായി ശബ്ദിക്കുന്നതെന്നർത്ഥം. ൨. നീർക്കാക്ക. ൩. കൊക്കു്. ൪. കയിൽ.

ധ്വാംക്ഷൻ-൧. ധിക്കാരി, ൨. ആശാരി.

ധ്വാങ്ക്ഷപുഷ്ടം-കുയിൽ.

ധ്വാങ്ക്ഷാരാതി-ഊമൻ.

## ന

ന-ഹല്ലുകളിൽ ഇരുപതാം അക്ഷരം. ഒരു ദന്ത്യം, ചില്ലുകളിൽ ഒന്ന്, ഒരു വ്യഞ്ജനം.

ന-അ. ഇല്ല, അല്ല.

നഃ-൧. ഗണേശൻ. ൨. ബുദ്ധൻ.

നഃ-൧. മുത്ത്. ൨. ധനം. ൩. യുദ്ധം, ൪. സമ്മാനം.

നക-൧. രത്നം. ൨. ആഭരണം, (നക=ചിരിക്ക, പ്രകാശിക്ക. തമിഴ് കർണ്ണാടകം മുതലായതിൽ.)

നകട്ടുന്നു-ഇളക്കിമറിക്കുന്നു. (പ-മ.)

നകത്തു-റൊക്കം. (അറബിഭാഷ.)

നകർ-നഗരം.

നകാരം-൧. ന എന്നുള്ള അക്ഷരം. ൨. പെരുമ്പറ.

നകുചം-അയിനി.

നകുടം-മൂക്ക്.

നകുല-വി. കുലത്തിൽ നിന്നു തള്ളപ്പെട്ട.

നകുലൻ-൧. പാണ്ഡവന്മാരിൽ നാലാമൻ.

മാദ്രിയുടെ ഒരു പുത്രൻ. അജ്ഞാതവാസത്തിൽ 'ദാമഗ്രന്ഥി' എന്ന പേരോടുകൂടി വിരാടരാജാവിന്റെ കുതിരകളെ പാലിച്ചുവന്നു. നകുലൻ ദ്രോണനിൽ നിന്നു അശ്വശാസ്ത്രം പഠിച്ചു. ഭാര്യ-കരേണു (ചേദിരാജകുമാരി.). പുത്രൻ- നിരമിത്രൻ. അജ്ഞാതവാസത്തിൽ നകുലനു 'ജയത്സേനൻ' എന്ന പേർ കൂടിയുള്ള പ്രകാരം കാണുന്നു.

൨. പുത്രൻ. ൩. ശിവൻ.

നകുലപ്രിയ-പേരരത്ത.

നകുലം-൧. കീരി. ൨. കങ്കമം.

നകുലി-൧. ഒരു വൃക്ഷം. ൨. പട്ടുപഞ്ഞിമരം. ൩. ഇലവ്. ൪. മഞ്ചി. ൫. കീരിവള്ളി.

നകുലേഷ്ടാ-അരത്ത, ചിററരത്ത. കീരിക്കു ഇഷ്ടമായിട്ടുള്ളത് എന്നർത്ഥം.

നക്കൽ-൧. നക്കുക. ൨. ആദ്യം ആലേഖിച്ചു ചുരുക്കമായിട്ടോ പിഴ തീരാത്തതായിട്ടോ എഴുതിയ വാചകം. (അറബിഭാഷ.)

നക്കി-൧. തെണ്ടുന്നവൻ, ഇരപ്പാളി. ൨. നക്കുന്നവൻ. (സ്ത്രീലിംഗം-നക്കിച്ചി.)

നക്കുന്നു-നാക്കുകൊണ്ടു നക്കി തുടെച്ചെടുക്കുന്നു. (കാ. ക്രി. നക്കിക്കുന്നു.) തെലുങ്കിൽ നാക്=നക്കുക.

നക്തകം-൧. വിയർപ്പു തുടയ്ക്കുന്നതിനും മറവുമായി കൈയിൽ വെച്ചുകൊണ്ടിരിക്കുന്ന വസ്ത്രഖണ്ഡം (ടവൽ). ലജ്ജിപ്പിക്കുന്നത്, രാത്രിയിൽ സുഖമുള്ളത് ഇങ്ങിനെ അർത്ഥം. പകൽ കൊണ്ടുനടപ്പാൻ കൊള്ളരുതാത്തത് എന്നു താല്പര്യം. ൨. പഴയ വസ്ത്രം.

ലക്തകം എന്നും പാഠം കാണുന്നു.

നക്തചരൻ-ഊമൻ.

നക്തചാരം-പൂച്ച.

നക്തഞ്ചര-വി. രാത്രിയിൽ സഞ്ചരിക്കുന്ന.

നക്തഞ്ചരൻ-൧. രാക്ഷസൻ. ൨. കള്ളൻ. ൩. മൂങ്ങ. ൪. ഗുൽഗുലു.

നക്തഞ്ചരി-രാക്ഷസി.

നക്തന്ദിവം-രാപ്പകൽ.

'നക്തന്ദിവംജീവിതാവധികേൾക്കിലും'
(രാമായണം)

നക്തഭോജനം-അത്താഴം.

നക്തഭോജി-വാവൽ.

**നക്തം**-അ. രാത്രിയിൽ. മറെറാരുപര്യായം-ദോഷാ.

**നക്തമാലം** - ഉങ്ങുമരം. രാത്രികാലത്തു ശോഭിക്കുന്നതെന്നർത്ഥം. രക്തമാലം എന്ന പാഠവും കാണുന്നു.

**നക്തമുഖ**-മഞ്ഞരം.

**നക്താ**-മേത്തോന്നി.

**നക്താന്ധ്യം**-മാലക്കണ്ണ്.

**നക്രദംഷ്ട്രികാ**-തേക്കിട.

**നക്രം**-൧. മുതല. ഭൂമിയിൽ പാദവിക്ഷേപം ചെയ്യാത്തത്. കാലുകൊണ്ടു നടന്നു അധികം ദൂരത്തേയ്ക്കു പോകാത്തത് എന്നർത്ഥം. ൨. ചീങ്കണ്ണി. ൩. ഒരു വാദ്യം, നകരാവ്.

**നക്രമട്ടളം**-നകരാവ് (ഒരുമാതിരി കൊട്ടുന്ന വാദ്യം). (അറബിഭാഷ)

**നക്രഹാരകം**-മുതല.

**നക്രാ**-മൂക്ക്.

**നക്ഷത്രദർശകൻ**-ജ്യോതിഷക്കാരൻ, ഗണിതക്കാരൻ.

**നക്ഷത്രനാഥൻ**-ചന്ദ്രൻ.

**നക്ഷത്രനേമി**-ചന്ദ്രൻ.

**നക്ഷത്രപതി**-ചന്ദ്രൻ.

**നക്ഷത്രപഥം**-ആകാശം.

**നക്ഷത്രപൻ**-ചന്ദ്രൻ.

**നക്ഷത്രപാഠകൻ**-ജ്യോതിഷക്കാരൻ.

**നക്ഷത്രം**-൧. അശ്വതി മുതലായ ഇരുപത്തേഴ് നാൾ. ക്ഷരമില്ലാത്തതെന്നർത്ഥം. പര്യായങ്ങൾ-ഋക്ഷം, ഭം, താരാ, താരകാ, ഉഡു (നക്ഷത്രം=ഗമനശീലം, ഹിംസാശീലമല്ലാത്തതു്) തന്നെ സേവിപ്പവർക്കു ഗുണം ചെയ്യുന്നത് എന്നും താൽപര്യം.

നക്ഷത്രങ്ങൾ ഇരുപത്തേഴുള്ളതിൽ ഒന്നുകൂടി ചേർത്തിട്ടുണ്ട്. അതത്രേ 'അഭിജിത്ത്'.

## നക്ഷത്രങ്ങളുടെ പേർ.

൧. അശ്വിനി-അശ്വതി. ൨. ഭരണി. ൩. കൃത്തിക-കാർത്തിക. ൪. രോഹിണി. ൫. മൃഗശിരസ്സ്-മകയിരം. ൬. ആർദ്ര-തിരുവാതിര. ൭. പുനർവസു-പുണർതം. ൮. പുഷ്യം-പൂയം. ൯. ആശ്ലേഷം-ആയില്യം. ൧൦. മഘം-മകം. ൧൧. പൂർവം-പൂരം. ൧൨. ഉത്രം-ഉത്തര. ൧൩. ഹസ്തം-അത്തം. ൧൪. ചിത്ര-ചിത്തിര ൧൫. സ്വാതി-ചോതി. ൧൬. വിശാഖം. ൧൭. അനിരധം-അനിഴം. ൧൮. ജ്യേഷ്ഠ-കേട്ട. ൧൯. മൂലം. ൨൦. പൂർവാഷാഢം-പൂരാടം. ൨൧. ഉത്തരാഷാഢം-ഉത്രാടം. ൨൨. ശ്രാവണം-തിരുവോണം. ൨൩. ധനിഷ്ഠ-ഒട്ടം. ൨൪. ശതഭിഷക്-ചതയം. ൨൫. പൂർവാഭദ്രം-പൂരുട്ടാതി. ൨൬. ഉത്തരാഭദ്രം-ഉത്തരട്ടാതി. ൨൭ രേവതി (൨൮-ാമത് അഭിജിത്ത്)

| നമ്പർ. | പേർ. | ആകൃതി. | എണ്ണം. |
|---|---|---|---|
| ൧. | അശ്വതി | അശ്വമുഖം | ൩ |
| ൨. | ഭരണി | അടുപ്പ് | ൩ |
| ൩. | കാർത്തിക | കൈവട്ടക | ൬ |
| ൪. | രോഹിണി | ഒററാൽ | ൬ |
| ൫. | മകയിരം | തേങ്ങാക്കണ്ണ് | ൩ |
| ൬ | തിരുവാതിര | ദീക്കനൽ | ൧ |
| ൭. | പുണർതം | പുഴത്തോണി | ൬ |
| ൮ | പൂയം | വാൽക്കണ്ണാടി | ൮ |
| ൯. | ആയില്യം | അമ്മി | ൪ |
| ൧൦. | മകം | നകം | ൪ |
| ൧൧ | പൂരം | തൊട്ടിൽകാൽ | ൨ |
| ൧൨. | ഉത്രം | ടി | ൨ |
| ൧൩. | അത്തം | ആവനാഴി | ൫ |
| ൧൪. | ചിത്തിര | ചിരവ | ൬ |
| ൧൫. | ചോതി | പൊൻകട്ട | ൧ |
| ൧൬. | വിശാഖം | വക്കിടിഞ്ഞ വട്ടക്കിണറ് | ൯ |

| | | | |
|---|---|---|---|
| ൧൭. | അനിഴം | വില്ല് | ൪ |
| ൧൮. | കേട്ട | കുന്തം | ൩ |
| ൧൯. | മൂലം | കാഹളം | ൪ |
| ൨൦. | പൂരാടം | മുറം | ൪ |
| ൨൧. | ഉത്രാടം | മുറം | ൪ |
| ൨൨. | തിരുവോണം | മുഴക്കോൽ | ൩ |
| ൨൩. | അവിട്ടം | ആട്ടിൻതല | ൬ |
| ൨൪. | ചതയം | വട്ടത്തിൽ | ൬ |
| ൨൫. | പൂരുരുട്ടാതി | കട്ടിൽക്കാൽ | ൨ |
| ൨൬. | ഉത്രട്ടാതി | ടി | ൨ |
| ൨൭. | രേവതി | മിഴാവു | ൬ |

൨. മുത്ത്.

നക്ഷത്രം എണ്ണിക്ക - ബുദ്ധിമുട്ടിക്ക. (ശൈലി.)

നക്ഷത്രമണ്ഡലം - ൧. നക്ഷത്രബിംബം. ൨. നക്ഷത്രമാർഗ്ഗം. ൩. നക്ഷത്രക്കൂട്ടം.

നക്ഷത്രമാല- ൧. ഇരുപത്തേഴു മുത്തു കോർത്ത മാല. നക്ഷത്രസംഖ്യമായ കരുവുള്ള മാലയെന്നർത്ഥം. ൨. നക്ഷത്രക്കൂട്ടം.

നക്ഷത്രരാജൻ-ചന്ദ്രൻ.

നക്ഷത്രവിദ്യ-ജ്യോതിഷം, ഗണിതം.

നക്ഷത്രവീഥി- നക്ഷത്രഗമനത്തിന്റെ വഴി.

നക്ഷത്രേശൻ-൧. ചന്ദ്രൻ. നക്ഷത്രങ്ങളുടെ നാഥനെന്നർത്ഥം. ൨. കർപ്പൂരം.

നക്ഷത്രേശ്വരൻ-ചന്ദ്രൻ.

നഖച്ചുറവ്-നഖത്തിനു ചുററിവരുന്ന ദീനം, വിരൽച്ചുറവ്.

നഖം-൧. വിരലിന്റെ അററത്തു നീണ്ടു നില്ക്കുന്നതു്. സുഷിരമില്ലാത്തതു് എന്നർത്ഥം. മററു പര്യായങ്ങൾ-പുനർഭവം (പുനർന്നവം), കരരുഹം, നഖരം. ൨. നാഗ്ഗണം. ൩. പുലിച്ചുവടി.

നഖരന്ധ്രം-നഖത്തിന്റെ വിടവു്.

നഖരം-൧. വിരലിന്റെ അററത്തു നീണ്ടു നില്ക്കുന്നതു്, നഖം. ൨. നാഗ്ഗണം.

നഖരായുധം-൧. പൂച്ച. ൨. വ്യാഘ്രം. ൩. സിംഹം. ൪. കോഴി. ൫. കടുവ.

നഖരീ-൧. നാഗ്ഗണം. ൨. പുലിച്ചുവടി.

നഖരേഖ-നഖംകൊണ്ടുണ്ടാക്കിയ വര.

നഖായുധൻ-൧. വ്യാഘ്രം. ൨. സിംഹം ൩. പൂവൻകോഴി.

നഖവ്രണം-നഖംകൊണ്ടുണ്ടായ വ്രണം.

നഖശാഖ (കി)ം-ഞവണ്ടു്.

നഖക്ഷതം- നഖംകൊണ്ടു മുറിഞ്ഞതു്, പോറൽ.

നഖാങ്കം-പുലിച്ചുവടി.

നഖാംഗം-നാഗ്ഗണം.

നഖാശീ-ഊമൻ.

നഖി-വി. നഖമുള്ള.

നഖി-൧. നഖം നീണ്ടുള്ളവർ. ൨. മുരൾ. ൩. കടുവാ. ൪. നാഗ്ഗണം ൫. സിംഹം. ൬ പെരുച്ചാഴി.

നഗജം-ആന

നഗജാ-പാർവതി

നഗജാനാഥൻ-ശിവൻ. (നഗം=പർവ്വതം. നഗജാ=പർവ്വതപുത്രി. നാഥൻ=ഭർത്താവ്.)

നഗണം-൧. വൃത്തശാസ്ത്രപ്രകാരം എട്ടു ഗണങ്ങളുള്ളതിൽ ഒന്നു്. ൨. ഒരു നേത്രരോഗം.

നഗണം എന്ന രോഗം ഇമയിന്മേൽ ഉണ്ടാകുന്നതാകുന്നു. പോളയിൽ തടിച്ചിട്ടും വേദനയില്ലാതെയും പഴുക്കാതെയും കടുപ്പമായിട്ടും ഉണ്ടാകുന്ന മുഴയാണ്.

നഗൗകസ്-സൂര്യൻ

നഗഭൂഷണാ-കയിൽപ്പേട.

നഗം-൧. പർവ്വതം. ൨ വൃക്ഷം. ൩. സർപ്പം. ൪. ഏഴ് എന്ന അക്കം.

നഗരഘാതം-ആന.

നഗരം-പട്ടണം.

മോക്ഷപ്രദങ്ങളായ ഏഴു നഗരങ്ങൾ-അയോദ്ധ്യാ, മഥുരാ, ഹരിദ്വാരം (മായാ), കാശി, കാഞ്ചി, അവന്തികാ, ദ്വാരകാ.

നഗരവാസി-നഗരത്തിൽ വസിക്കുന്ന (പാക്കുന്ന).

നഗരശോധന-വല്ലതും അറിയുന്നതിനു പട്ടണത്തിൽ ശോധന കഴിക്കുക.

നഗരാവ്-പടഹം, ഒരുമാതിരി പറ.

ഇതു ഹിന്തുസ്ഥാനി പദമാണ്-നകരാ.

നഗരി-ഫ. പട്ടണം. വ. രാജധാനിയുള്ള നഗരം, മൂലനഗരം, തലസ്ഥാനം. ക്രീഡാർത്ഥകങ്ങളായ നഗങ്ങൾ (വൃക്ഷങ്ങൾ, പർവ്വതങ്ങൾ) പർവ്വതസദൃശങ്ങളായ പ്രാസാദങ്ങൾ ഇവയുള്ളതിനാൽ ഈ പേർ വന്നു. നഗരം എന്നുമാവാം. ന. ശരഭം. വൃക്ഷം വാസസ്ഥാനമായിട്ടുള്ളതു് എന്നർത്ഥം. ര്. കാക്ക.

നഗരീകാകം-കൊക്ക്.

നഗരോത്ഥം-പെരുമുത്തങ്ങ.

നഗരൌഷധി-വാഴ.

നഗാടനം-കുരങ്ങ്.

നഗാധിപൻ, നാഗാധിരാജൻ, നാഗേന്ദ്രൻ-പു. ഹിമാലയപർവ്വതം. വ. സുമേരു.

നഗാരി-ഇന്ദ്രൻ.

നഗാവാസം-മയിൽ

നഗൌകം-പു. പക്ഷി. വ. സിംഹം. ന. ശരഭം.

നഗ്ന-വി. വസ്ത്രമില്ലാത്ത.

നഗ്നത-വസ്ത്രമില്ലായ്ക.

നഗ്നൻ-പു. വസ്ത്രം ഉടുക്കാത്തവൻ. ലജ്ജിക്കുന്നവൻ എന്നർത്ഥം. മററു പര്യായങ്ങൾ-അവാസസ്സ്, ദിഗംബരൻ. വ. അർഹതൻ.

നഗ്നയായി നടക്കുന്നവൾ = നഗ്നികാ, കോട (ട്ട) വി.

നഗ്നഹൂ-പു. വറുത്ത എള്ളും യവവും പൊടിച്ചു തൈർ ചേർത്തുണ്ടാക്കുന്ന മദ്യം. അനേക ദ്രവ്യങ്ങളെക്കൊണ്ടുണ്ടാക്കിയ സുരാബീജം. നഗ്നന്മാരാൽ (മദ്യപാനമദോന്മത്തന്മാരാൽ) ആഹ്വാനം ചെയ്യപ്പെടുന്നതു് എന്നർത്ഥം. വ. കള്ളുകുടിച്ചു മദിച്ചവർ നഗ്നരായി ക്രീഡിക്കുക. 'നഗ്നഹൂ' എന്നുമാവാം.

ഏതു ദ്രവ്യം കൊണ്ടാണോ മദ്യം ഉണ്ടാക്കുന്നതു അതത്രേ 'സുരാബീജം'.

നഗ്നികാ-ഫ. വസ്ത്രം ഉടുക്കാത്ത സ്ത്രീ. കാണുന്നവർക്കു ലജ്ജയുണ്ടാക്കുന്നവൾ എന്നർത്ഥം. വ. പത്തു വയസ്സിനു താഴെയുള്ള സ്ത്രീ, തിരളാത്തവൾ. ലജ്ജയില്ലാത്തവൾ എന്നർത്ഥം.

നങ്കു-ഒരുവക മീൻ. (തമിഴിൽ-നൻകു= അഴക്.)

നങ്കൂരം-കപ്പലിന്റെ ചീനി.



നങ്ങ-ഒരുവക പുല്ല്. (നങ്കു-തമിഴിൽ ഭംഗി എന്നർത്ഥം.

നങ്ങച്ചിപ്പുല്ല്-ഒരുമാതിരി പുല്ല്.

നങ്ങപ്പിള്ള-കല്യാണം കഴിയാത്ത ബ്രാഹ്മണകന്യക.

നങ്ങിയാര്, നങ്ങ്യാർ-നമ്പ്യാർ ജാതിയിലുള്ള സ്ത്രീ. നമ്പ്യാർ> <നങ്ങ്യാർ.

നങ്ങീച്ച-കണ്ണീച്ച. (an eye fly).

നചികേതസ്സ്-പു. അഗ്നി. വ. വാജശ്രവസ്സിന്റെ പുത്രൻ.

മോക്ഷലാഭത്തിനായി വാജശ്രവസ്സു വളരെ യാഗങ്ങൾ കഴിക്കയും ബ്രാഹ്മണർക്കു വേണ്ടുവോളം ദാനങ്ങൾ ചെയ്കയുംചെയ്തു. അപ്പോൾ പുത്രൻ അച്ഛനോടു 'എല്ലാം കൊടുത്തില്ല, ഞാനൊരുവൻ ശേഷിച്ചിട്ടുണ്ടു്; എന്നെ ആർക്കു

കൊടുപ്പനാണ് നിശ്ചയിച്ചിട്ടുള്ളത്' എന്നു ചോദിച്ചു ഇതിനുത്തരമായി വാജശ്രവസ്സ് കോപാന്ധനായിട്ട 'യമനു' എന്നു മറുപടി പറഞ്ഞു. അതനുസരിച്ച് അയാൾ യമനെ പ്രാപിച്ചു യമനിൽ നിന്നു ആത്മജ്ഞാനം ലഭിച്ചതിൽ പിന്നീട യമൻ നൽകിയ വരം കൊണ്ടു തിരിയെ ഭൂമിയിലേക്കു വന്നു പിതാവൊന്നിച്ചു സ്നേഹപുരസ്സരം സൌഖ്യമായി പാൎത്തു.

നച്ചക്കുഴൽ, നച്ചക്കോൽ-കളിമണ്ണുണ്ട മുതലായതു വച്ചു പക്ഷികളേയും മററും തെററുന്നതിനുള്ള സാധനം.

നച്ചം-പറയർ പശുവിനെ കൊല്ലുന്നതിനു ചാണ്ടുന്ന വിഷമുള്ളൂ ഒരു സൂചി.

നച്ചെലി-ഒരുമാതിരി ചെറിയ എലി.

ഇതിൻെറ മാംസം എലിമാംസത്തിനൊത്തതാണ്. തമിഴിൽ മൂഞ്ചൂറ് (ര്) ഇം-(musk-rat) മസ്ക്റാററ്.

നഞ്ചു്-വിഷം. (നഞ്ചുക എന്നാൽ തെലുങ്കിലും കൎണ്ണാടകത്തിലും രുചിയോടെ തിന്നുക എന്നൎത്ഥം) തമിഴിൽ-നഞ്ചു.

നഞ്ചക്കല്ലു്-കണ്ണെഴുതുന്നതിനു കൊള്ളുന്ന ഒരു നീലക്കല്ലു്.

നഞ്ചുവൃക്ഷം-ഒരുവക വിഷവൃക്ഷം.

നഞ്ചറപ്പച്ച-ഒരു പച്ചമരുന്നു്.

നഞ്ചറമൂച്ചം-ഒരു പച്ചമരുന്നു്.

നജർ- കാഴ്ചദ്രവ്യം, ഇനാം. (അറബി ഭാഷ.)

നഞ്ഞു്-ഫ. വിഷം, നഞ്ചു് വ. ചുരുക്കുള്ള വേല.

നഞ്ഞൻ-ദുൎഗ്ഗുണമുള്ള മനുഷ്യൻ.

നഞ്ഞനാടി-നിലം കഴിച്ചു ചുററും കല്ലുകൊണ്ടു കെട്ടി മണ്ണുകൊണ്ടു മൂടുക.

നട-ഫ. ഗൃഹത്തിൽ കേറുന്നതിനുള്ള കല്പട, വാതിൽ. വ ക്ഷേത്രം ന. കാലുകൊണ്ടു പോകയും വരികയും ചെയ്യുക. അററിലോ കൂത്തിലോ ഇറങ്ങുന്നതിനു കല്ലുകൊണ്ടു പണിതതു്. ഉ. പലകപ്പയ്യാന. കാററടിക്കുമ്പോൾ ഇളകിക്കൊണ്ടിരിക്കുന്നതു് എന്നൎത്ഥം ന്യ. വേഴൽ. ൧. മലങ്കാര. വൃ അശോകം.

നടകൻ-നടൻ.

നടകാവൽ-ഫ. ക്ഷേത്രത്തിൻെറ നടയിൽ കാത്തുനിൽക്കുന്ന ജോലി. വ. നടയിൽ കാത്തുനിൽക്കുക

നടകൊൾക-പോവുക.

നടക്കല്ലു്-ഗൃഹവാതിലിൽ ചവിട്ടിക്കയറുന്നതിനുള്ള കല്ല്.

നടക്കല്ലുപറിക്ക-ദരിദ്രനാവുക (ശൈലി.)

നടക്കാവു്-വഴിക്കു രണ്ടുഭാഗത്തും വച്ചുപിടിപ്പിക്കുന്ന വൃക്ഷക്കൂട്ടം.

നടക്കുന്നു-ഫ. നടന്നുപോകുന്നു വ. കാൎയ്യങ്ങൾ വീഴ്ചകൂടാതെ ആകുന്നു. ന. കപ്പൽ, വള്ളം, വണ്ടി മുതലായതു സഞ്ചരിക്കുന്നു. ര. നാണിഭം എല്ലാവരും പെരുമാറുന്നു. (സ. ക്രി. നടത്തുന്നു. കാ. ക്രി. നടത്തിക്കുന്നു) ൯. ഇളക്കുന്നു.

നടതള-ആനയുടെ ചമയക്കോപ്പുകളിൽ ഒന്നു്.

നടത്ത-ഫ. നടപടി. വ. നടപ്പ്, ഗതി.

നടത്തം-ഫ. നടപ്പ്. വ. കാൎയ്യവിചാരം.

നടത്തൽ-ഫ. കാൎയ്യം വിചാരിക്കുക. വ. നടത്തുക.

നടത്തുക-ഫ. പായിക്കുക. വ. സാധിക്കുക.

നടത്തുചൊല്ലുന്നു-യാത്രയുടെ ഘോഷത്തിനായിട്ടു നടനടയോ എന്നു ഉറക്കെ ശബ്ദിക്കുന്നു.

നടനട, നടാടെ-അ. മുമ്പേ. വ. ആദിയിൽ

നടൻ-ഫ. (നാടകത്തിലെ) വേഷക്കാരൻ പൎയ്യായങ്ങൾ-ശൈലാലിനൻ, ശൈലൂഷൻ, ജായാജീവൻ, കൃശാശ്വീ, ഭരതൻ.

'രംഗാവതാരീശൈലൂഷോ
നടോഭരതഭാരതൌ'

(വാചസ്പതി)

൨. ചാക്യാര്. ൩. ആട്ടക്കാരൻ, നാട്യവിദ്യക്കാരൻ

നടനം-ആട്ടം, കൂത്ത്, തുള്ളൽ, നാട്യം. നടിക്കുക എന്നർത്ഥം.

നടനാൾ-ഒരുവർ തിരണ്ടുതീണ്ടാരി കഴിഞ്ഞു തിരിയെ വേലയിൽ പ്രവേശിക്കുന്ന ദിവസം.

നടപടി-നടപ്പ്, അവസ്ഥ, പെരുമാററം, കഴിച്ചിലിൻെറ ഭാവം. (നടവടി എന്നതു നന്ന്.)

നടപ്പ്-൧. നടക്കുക. ൨. സ്വഭാവം. ൩. യാത്ര. ൪ പ്രവൃത്തി. ൫. നാണിഭ നടപ്പ്. ൬. കൃഷിനടപ്പ്. ൭. സമ്മതം. ൮. വിചാരിക്കുന്ന കാര്യങ്ങൾ മനോഭിലാഷം പോലെ വേണ്ടുവോളം സാധിക്കുന്ന സ്ഥിതി.

നടപ്പന്തൽ-നടയിലുള്ള പന്തൽ, നടപ്പുര.

നടപ്പാകുന്നു-പ്രസിദ്ധമാകുന്നു, സമ്മതമാകുന്നു. (സ. ക്രി. നടപ്പാക്കുന്നു.)

നടപ്പുകാരൻ-൧. എല്ലാവൎക്കും അറിവുള്ളവൻ. ൨. വളരെ നടക്കുന്നവൻ. ൩. അനുഭവക്കാരൻ. ൪. ജയം കൊള്ളുന്നവൻ. ൫. കൃഷിക്കാരൻ

നടപ്പുകേട്-ദുൎന്നടപ്പ്, പ്രവൃത്തിദോഷം.

നടപ്പുദീനം-സാംക്രമികരോഗം, വിഷൂചിക മുതലായത്, പകരുന്ന വ്യാധി.

നടപ്പുദോഷം-ചൎയ്യാക്രമത്തിലുള്ള ദോഷം.

നടപ്പുനിലം— കൃഷിയിറക്കിയിരിക്കുന്ന വയൽ.

നടപ്പുഭാഷ-അതാതുദിക്കിൽ എല്ലാവരും അറിയുന്ന വാക്ക്.

നടപ്പുര-നടപ്പന്തൽ.

നടപ്പുവഴി-നാട്ടുവഴി, എല്ലാവരും അധികം നടക്കുന്ന വഴി.

നടഭൂഷണം-അരിതാരം.

നടം-൧. പലകപ്പയ്യാനി. ൨. ആട്ടം. ൩. വേഴൽ. ൪. മലങ്കാര. ൫. അശോകം.

നടമടക്കുന്നു-ആനയും മററും കാൽ മടക്കി നിലത്തു ചേരുന്നു.

നടമണ്ഡനം- പൊന്നരിതാരം, അരിതാരം.

നടമാടം-നടപ്പ്, സഞ്ചാരം.

നടമാടുന്നു-൧. സഞ്ചരിക്കുന്നു. ൨. നൃത്തം ചെയ്യുന്നു.

നടമാളി-തെരുവ്.

നടമിട്ട്-നൃത്തമാടിയാലും.

നടമിഴാവ്-ഒരുവക വാദ്യം.

നടമുഖം-ക്ഷേത്രത്തിലും മററും കേറുവാനുള്ള പ്രധാന വാതിൽ.

നടയൻ-നടപ്പിനു വിശേഷമുള്ള കുതിര

നടയിട-അ. കാലുകളുടെ നടുവിലെ ഭാഗം.

നടയുമ്മരം-നടവാതിൽ.

നടയ്ക്കുവയ്ക്കുന്നു-ക്ഷേത്രത്തിലൊ പള്ളിയിലോ നേൎച്ചവയ്ക്കുന്നു.

നടരാജൻ-ശിവൻ (പ്രദോഷകാലത്തിലുള്ള ശിവൻെറ അവതാരം).

'നൃത്താവസാനേനടരാജരാജഃ'

നടവടി-നടപടി. (നടപടി എന്നതു നോക്കുക)

നടവരമ്പ്-കെട്ടുവരമ്പ്, നടപ്പാൻതക്ക വരമ്പ്.

നടവരവ്-നേൎച്ചവകയായിട്ടു ക്ഷേത്രത്തിൻെറ നടയിൽ വരുന്ന പണം മുതലായത്.

നടവാതിൽ-പുരയുടെ നേരെയുള്ള വാതിൽ.

നടവാഴി-സാമൂതിരിയുടെ കീഴിലുള്ള ഒരു ഉദ്യോഗസ്ഥൻ.

നടവെടി-രാജയാത്രയിലും മററുമുള്ള പീരങ്കിവെടി.

നടസംജ്ഞകം-അരിതാരം.

നടാനടേ-അ. ഒന്നിന്റെ പുറകേ ഒന്നായിട്ടു

നടി-ഫ. നാട്യവിദ്യക്കാരി, ആട്ടക്കാരി, നാടകത്തിലെ വേഷക്കാരി. ഉ. നങ്ങിയാര്. ന. പവിഴക്കൊടി. കാററടിക്കുമ്പോൾ നൃത്തംചെയ്യുന്നതെന്നർത്ഥം. ര. നവനീണ്ടി.

നടിക്കുന്നു-ഭാവിക്കുന്നു, നട്യം കാട്ടുന്നു. (കാ. ക്രി. നടിപ്പിക്കുന്നു)

നടിച്ചിൽ-ഫ. നടുക ഉ. നടിക്കുക.

നടിപ്പ്-ഫ. ഭാവം. ഉ. നാട്യം.

നടീല്-നടുക.

നടു-ഫ. നടുവ്, മദ്ധ്യം. ഉ. ഇട, അര. ന. നടുക. ര. മുതുക്, കറുക്ക്. ഇ. പക്ഷഭേദമില്ലായ്ക.

നടുക്കൂറ് - വൃക്ഷം നട്ടുണ്ടാക്കിയവനുള്ള ഒരു അവകാശം

നടുക്കടൽ-സമുദ്രത്തിന്റെ മദ്ധ്യം.

നടുക്കം-ഞെട്ടൽ, ചഞ്ചലത്വം.

നടുക്കാണം-വസ്തു കൈമാറുമ്പോൾ ജന്മിയുടെ അവകാശിക്കും സാക്ഷികൾക്കും കൊടുക്കുന്ന ഫീസു. (അതിൽ പകുതിയോളം ജന്മിക്കും എഴുത്തുകാരനും കിട്ടണം).

നടുക്കാരൻ-പഞ്ചായക്കാരൻ, മദ്ധ്യസ്ഥൻ.

നടുക്കൂട്ടം-പഞ്ചായത്തു്.

നടുക്കെട്ട്-ഫ. അരയിലെ ഒരുമാതിരി കെട്ട്. ഉ. ഭവനത്തിന്റെ നടുവിലെ ഒരു പണി. ന. വില്ലയുള്ളവർ ര. മൂന്നാമനേ ഏല്പിക്കുക.

നടുങ്ങൽ-ഞെട്ടൽ, പേടി.

നടുങ്ങുന്നു-ഞെട്ടുന്നു, പേടിക്കുന്നു. (സ. ക്രി. നടുക്കുന്നു).

നടുതല-ഫ. നടുന്നവസ്തു, ചേനകിഴങ്ങു മുതലായ കറിസ്സാമാനം, ആണ്ടിലൊരിക്കൽ ഫലമെടുക്കാവുന്ന കാച്ചിൽ മുതലായവ. ഉ. ഒരു ദേശത്തിലെ നടന്നുതെഞ്ഞ വഴി.

നടുതലപ്പണി-നടുതല നടുന്നതിന്നു വേണ്ടിയുള്ള വേല

നടുത്തരം-വി. നടുവിലത്തെ.

നടുത്തരം-ഏടത്തരം, രണ്ടാംതരം.

നടുത്തല-ഉച്ചി, നിറുകൻതല, നെറുക, മൂർദ്ധാവ്.

നടുത്തുണ്ടം-മദ്ധ്യയുള്ള തുണ്ടം.

നടുത്തുണ്ട്-നടുവിലത്തെ തുണ്ട്.

നടുനടേ-അ. നടനടെ, മദ്ധ്യെ, ആളിയിൽ, പണ്ടുപണ്ടെ.

നടുനന-നട്ടുനനച്ചു വളർത്തേണ്ടതു്.

നടുനായകം - ആഭരണത്തിന്റെ നടുവിൽ പതിക്കുന്ന രത്നം.

നടുനിവിർത്തുക-വിശ്രമിക്കുക.

നടുന്നു-മുളച്ചുവരുന്നതിന്നായി കുഴിച്ചുവെക്കുന്നു. (സ. ക്രി. നടുവിക്കുന്നു, നടിയിക്കുന്നു)

നടുപ്പടവ്-ഫ. ചുവരിന്റെ നടുഭാഗം. ഉ. കണ്ഠത്തിന്റെ നടുഭാഗം.

നടുപ്പന്തി-നടുക്കുള്ള വരി.

നടുപ്പാട്ടം-നിലം പുരയിടങ്ങൾക്കു അവകാശത്തർക്കം വന്നാൽ തർക്കം തീരുന്നതുവരെ മൂന്നാമനെ ഏല്പിക്കൽ.

നടുപ്പാതി-നേർപാതി.

നടുപ്പെട്ടസ്ഥലം-നടുമയ്യം.

നടുമയ്യം-ഒത്ത നടു, മദ്ധ്യവര.

നടുമുററം-ഫ. നാലുകെട്ടു പുരയുടെ നടുവിലെ മുററം, ഭവനത്തിന്റെ നടുവിലെ മുററം.

നടുയാമം-അർദ്ധരാത്രി.

നടുവ്-മദ്ധ്യപ്രദേശം.

നടുവൻ-ഫ. പ്രധാനമായി മദ്ധ്യത്തിൽ നില്ക്കുന്നവൻ, മദ്ധ്യസ്ഥൻ. ഉ. ന്യായാധിപതി. ന. ചിട്ടിമുമ്പൻ, ചിട്ടി കൂടുന്നതിന്റെ മുന്നാൾ.

നടുവൽ-നടുക, നടൽ.

നടുവാക-ജാമ്യം കൊടുക്ക.

നടുവാതി-പുറന്തിണ്ണ, വീട്ടിൻതളം.

നടുവിരൽ-നടുവിലുള്ള വിരൽ. കഴവിരൽ പര്യായം-മധ്യമം.

നടുവിരിക്കുന്നു-പ്രസവിക്കുന്നവരെക്ക സഹായിച്ചു പുറകിൽ ചാരിയിരിക്കുന്നു

നടുവിൽ-അ മദ്ധ്യേ.

നടുവീഥി-ഗ്രാമമദ്ധ്യത്തിലുള്ള പ്രധാന വീഥി. പര്യായങ്ങൾ-രഥ്യാ, പ്രതോളി, വിശിഖ.

നടുവുകഴയ്പ്പ്-അരയ്ക്കുമേൽ അടുത്തു പിൻഭാഗത്തുണ്ടാകുന്ന ഒരു വേദന.

നടുവെഴുത്തു്-ഉരക്കണക്ക്, ദേശത്തെ ആധാരമെഴുത്തുകാരന്റെ വേല.

നടുവേ-അ. നടുവിൽക്കൂടെ.

നടുസ്ഥാനം-മദ്ധ്യസ്ഥലം, മദ്ധ്യസ്ഥം, പഞ്ചായത്തു്.

നടേ-അ. മുമ്പേ,

'നടേതാനൊന്നുനാളുമേ കേളാതെ
(സന്താനഗോപാലം പാന)

പണ്ടേ, ഇനിയും ഇനിയും

നടേതിലും-അ. മുന്നിലേക്കാൾ.

നടേനടേ-അ. മുമ്പേമുമ്പേ.

നടേശൻ-നടരാജൻ.

നട്ടപ്പാതിരാ-അർദ്ധരാത്രി.

നട്ടം-പ. നാശം (നഷ്ടം എന്നതിന്റെ തത്ഭവം). വ. തലകുത്തിയുള്ള നില

നട്ടംകുത്തുന്നു-തലകുത്തിനില്ക്കുന്നു.

നട്ടംതിരിച്ചിൽ-പ. ബുദ്ധിമുട്ട്, കഷ്ടപ്പാട്. (ശൈലി). വ. ചുററൽ.

നട്ടംതിരിയുന്നു-പ. ബുദ്ധിമുട്ടുന്നു. വ. അലഞ്ഞുനടക്കുന്നു, ഉഴലുന്നു.

നട്ടാണി-തലയുടെ നടുവ്.

നട്ടാമുട്ടി-ഊഹിച്ചു ലക്ഷണം പറക.

നട്ടുച്ച-പകലിന്റെ മദ്ധ്യം, ഉച്ചനേരം.

നട്ടുവൻ-തേവിടിശ്ശി ആട്ടത്തിന്റെ ആശാൻ.

നട്ടെരിയാന ഉച്ച-മദ്ധ്യാഹ്നം. (പ.മ)

നഡപ്രായ-വി. വേഴൽ എന്ന ഒരുവക വലിയ പുല്ലുകൊണ്ടു നിറഞ്ഞ.

നഡം-വേഴൽപ്പുല്ല്.

നഡമീനം-ചെമ്മീൻ.

നന്ദഥ-വി. പ. സൌന്ദര്യമുള്ള, സ്നേഹമുള്ള.

നഡിനി-താമരപ്പൊയ്ക.

നഡ്യ-വേഴൽ എന്ന ഒരുമാതിരി പുല്ലിന്റെ കൂട്ടം.

നഡ്വൽ-വി. വേഴൽ എന്ന ഒരുമാതിരി പുല്ലുകൊണ്ടു നിറഞ്ഞ

നഡ്വലം-വേഴൽ എന്ന ഒരുമാതിരി പുല്ലുള്ള സ്ഥലം.

നണിച്ച്-അ. പ. ഇപ്പോൾ. വ. മുമ്പേ.

നണ്ണുന്നു-പ. വിചാരിക്കുന്നു, ധ്യാനിക്കുന്നു. വ. വിശ്വസിക്കുന്നു.

ഈ ശബ്ദം ആധുനികമലയാളത്തിൽ നടപ്പില്ല.

നണ്ട്-ഞണ്ട്.

നത-വി. നമസ്കരിച്ച, വളഞ്ഞ, കുനിഞ്ഞ.

നതനാസിക-വി. പതിമൂക്കുള്ള.

നതനാസികൻ-പതിമൂക്കൻ.

നതനാസികം-പതിമൂക്ക്.

നതം-പ. വളഞ്ഞതു്, നമിച്ചതു്. വ. തകരം (ഒരങ്ങാടിമരുന്ന്)

നതാംഗി-പ. സുന്ദരി. വ. കൎക്കടശൃംഗി.

നതി-വണക്കം, കുമ്പിടൽ, കുനിച്ചിൽ, വളച്ചിൽ.

നതോന്നത-വി. താണും ഉയർന്നുമുള്ള.

നതോന്നതാ-ഒരു വൃത്തത്തിന്റെ പേർ (വഞ്ചിപ്പാട്ടുവൃത്തം).

നത്തു്-പ. ഒരുവക പക്ഷി. പര്യായങ്ങൾ-ദാത്യൂഹം, കാളകണ്ഠം.

തമിഴിൽ-നച്ചുക്കരുവി. ഇം-Gallinule ഗാലിനൽ

൨. ചിലജാതിസ്ത്രീകൾ മൂക്കിലിടുന്ന ഒരാഭരണം.

ഈ ആഭരണം വള്ളിക്കാട്ടുക്കാർ പോലെയിരിക്കും. അല്പക്കത്തുപോലെയും തോന്നും.

നത്ത-ജലത്തിൽ ജീവിക്കുന്ന ഒരു ജന്തു.

നത്തക്കക്കാ-വെള്ളത്തിൽ ജീവിക്കുന്ന ഒരു ജന്തുവായ നത്തയുടെ പുറത്തെ കട്ടിത്തോട്ട്.

നത്തുക-ഇഴയുക.

നദൻ-ഋഷി.

നദനു-൧ സിംഹം. ൨. യുദ്ധം. ൩. മേഘം.

നദപതി-കടൽ.

നദം-൧. വലിയ ആറ് (സിന്ധുവും മററുംപോലെ).

പശ്ചിമാഭിമുഖമായി ഒഴുകുന്നതിനു നദമെന്നും പൂർവ്വാഭിമുഖമായി ഒഴുകുന്നതിനു നദി എന്നും പേർ.

൨. ഒഴുക്ക, പ്രവാഹം. ൩. കടൽ. ൪. കതിര (വേദത്തിൽ പ്രയോഗം). ൫. മേഘം. ൬. ആണാറ്.

നദരാജൻ-കടൽ.

നദി-ആറ്, പുഴ. അവ്യക്തമായി ശബ്ദിക്കുന്നതു എന്നർത്ഥം. മററു പര്യായങ്ങൾ സരിത്ത്, തരംഗിണി, ശൈവലിനി, തടിനി, ഹ്രദിനി, ധുനി, സ്രോതസ്വിനീ, ദീപവതീ, സ്രവന്തീ, നിമ്നഗാ, ആപഗാ.

നദിക്കുന്നു-ശബ്ദിക്കുന്നു.

നദിജാ-ആററുമര.

നദീകാന്തൻ-കടൽ.

നദീകാന്താ-൧ നീക്കടയ്യ്. ൨. നൊച്ചി

നദീകാന്താ-ആററുഞാവൽ.

നദീജൻ-ഭീഷ്മൻ.

നദീജം-൧. നീക്കടയ്യ്. ൨. നീർമരുത്. ൩. സ്രോതോഞ്ജനം. ൪. ആററുമര,

നദീതീരം-ആററിൻകര, ആററുവക്ക്.

നദീതീർത്ഥം-ആററുവെള്ളം.

നദീതോയം-ആററുവെള്ളം.

നദീനം-കടൽ.

നദീപതി-കടൽ.

നദീപുഷ്ടി-നദിയുടെ പ്രവാഹം, പ്രളയം.

നദീഭവം-ഇന്തുപ്പ്.

നദീമാതൃക-വി. ആററുവെള്ളംകൊണ്ടു നിറയുന്ന.

ഓരോ ദേശത്തു രണ്ടുവിധം കൃഷിസ്ഥലങ്ങൾ കാണപ്പെടുന്നു. കൈത്തോടു വഴിയായും മററും പുഴവെള്ളം തിരിച്ചുവിട്ടു കൃഷി നടത്തുന്നേടം 'നദീമാതൃകം'. മഴവെള്ളം തന്നെ കൃഷിക്കു ആശ്രയമായി വരുന്നേടം-'ദേവമാതൃകം'.

നദീമുഖസ്ഥലം—നദി ചെന്നുവീഴുന്ന സ്ഥലം. Delta.

നദീശ്വരൻ-കടൽ.

നദീസർജ്ജം-നീർമരുത്, പുഴയെ ആശ്രയിച്ചു നിൽക്കുന്ന മരുത്.

നദ്യംബു-ആററുവെള്ളം.

നദ്ധ-വി. കെട്ടപ്പെട്ട.

നദ്ധ്രി-തോൽവാർ. ഇതുകൊണ്ടു ബന്ധിക്കപ്പെടുന്നതിനാൽ ഈ പേരുണ്ടായി. മററു പര്യായങ്ങൾ-വധ്രി, വരത്രാ. കയറ് എന്നും കാണുന്നുണ്ട്.

നൻ-(പദങ്ങളുടെ മുമ്പിൽ വരുമ്പോൾ) നല്ല. ഉ-ം, നൽപാത്രം; നന്മുഖം, നന്മധുരം ഇത്യാദി. (ൽ+മ=ന്മ.)

നൻ-നാല്.

നന-നനക്ക, വെള്ളംപിരട്ടുക, ജലംപിരട്ടുക.

നനച്ചിൽ-ജലം പിരട്ടൽ, നനക്ക, നനക.

നനഞ്ഞത്തു് എന്നതിന പൎയ്യായങ്ങൾ —ആൎദ്രം, സാദ്രം, ക്ലിന്നം, തിമിതം, സ്തിമിതം, സമുന്നം, ഉന്നം.

**നനന്ദാ**-നാത്തൂൻ, ഭൎത്താവിന്റെ സഹോദരി. സന്തോഷമില്ലാത്തവൾ, ഉടപ്പിറന്നവന്റെ ഭാൎയ്യയെ സന്തോഷിപ്പിക്കാത്തവൾ എന്നൎത്ഥം. 'നനാന്ദാ' എന്നുമാവാം.

നനാന്ദാതുസ്വസാപത്യു
ൎന്നനന്ദാനന്ദിനീചസാ'
(രമസേൻ)

**നനപ്പുമുണ്ടു്, നനമുണ്ടു്**—കുളിക്കുമ്പോൾ തേച്ചുന്നമുണ്ടു്.

**നനയ്ക്കു**-ജലംപിരട്ടുക.

**നനയാശ്ശീല**-നനപ്പാൻ ആവശ്യമില്ലാത്ത വസ്ത്രം; ചായം കേറിയ പട്ടുമുതലായതു്.

**നനയുന്നു**-പ്ര. മഴവെള്ളം മേൽവീഴുന്നു. ൨. ഈറനാകുന്നു. ൩. കുളിക്കുന്നു. (സക്രി. നനക്കുന്നു.)

**നനവു്**-നനച്ചിൽ.

**നനാന്ദാ**-ഭൎത്താവിന്റെ പെങ്ങൾ, നാത്തൂൻ. ('നനന്ദാ' എന്നതു നോക്കുക.)

**നനു**-നറുക്കു്, കൊച്ചു്, ചെറുതു്.

**നനു**-അ. വിരോധത്തിലും ചോദ്യത്തിലും എങ്ങിനെ, എന്തു് എന്നുള്ള അൎത്ഥങ്ങൾ വരും.

നനു-പ്രശ്നം മുതലായ അൎത്ഥങ്ങളിൽ വൎത്തിക്കുന്നു. അതായതു് ആക്ഷേപം. പരിപ്രശ്നം, പ്രത്യുക്തി, അവധാരണം ഇവയിൽ.

**നനുനനേ**-അ. കൊച്ചുകൊച്ചായി, നേൎമ്മയായി.

'കനകനെച്ചിനുംകറുനിരതാന്തൽ
നനുനനെപ്പൊടിഞ്ഞൊരുപൊടിപററി'
(ഭാരതം)

**നന്തുണി**-ഒരുമാതിരി വീണ.

'സാരംഗം,നന്തുണി,നിറമെഴുന്നുണ്ണി
വീണാപിനാകം'
(ഉണ്ണുനീലീസന്ദേശം)

**നന്ത്യാൎവട്ടം**-ഒരുമാതിരി പൂച്ചെടി.

**നന്ദ**-പ്രഥമ, ഷഷ്ഠി, ഏകാദശി.

**നന്ദകം**-പ്ര. വിഷ്ണുവിന്റെ വാൾ. ബന്ധുക്കളെ സന്തോഷിപ്പിക്കുന്നതു് എന്നൎത്ഥം. ദേവന്മാരെ സന്തോഷിപ്പിക്കുന്നതു് എന്നുമാവാം. ൨. തവള.

**നന്ദകി**-തിപ്പലി.

**നന്ദഗോപർ** - ശ്രീകൃഷ്ണന്റെ വളൎത്തച്ഛൻ.

**നന്ദഗോപിതാ**-അരത്ത.

**നന്ദൻ**-പ്ര. ശ്രീകൃഷ്ണന്റെ വളൎത്തച്ഛനായ നന്ദഗോപർ എന്ന രാജാവു്. ൨. മഗധരാജാവു്. (ചന്ദ്രഗുപ്തനാൽ തോല്പിക്കപ്പെട്ടു.) ൩. വിഷ്ണു.

**നന്ദനജം**—ഹരിചന്ദനം.

**നന്ദനൻ**-പ്ര. പുത്രൻ. ൨. വിഷ്ണു. ൩. ശിവൻ.

**നന്ദനം**-പ്ര. ഇന്ദ്രന്റെ പൂന്തോട്ടം, സന്തോഷിപ്പിക്കുന്നതെന്നൎത്ഥം. ൨. തവള. ൩. ചന്ദനം.

**നന്ദനവനം**-ഇന്ദ്രന്റെ പൂന്തോട്ടം.

**നന്ദനാ**-പ്ര. മകൾ. ൨. അറുപതിൽ ഒരു വൎഷം.

**നന്ദനീ**-ഞാഴൽ.

**നന്ദനോദ്യാനം**-ഇന്ദ്രന്റെ ഉദ്യാനം.

**നന്ദി**-പ്ര ഉപകാരസ്മരണ ൨. സന്തോഷം. ൩. ശിവന്റെ കാള. ൪. ഭൂതങ്ങളുടെ പ്രധാനി.

വായുപുരാണപ്രകാരം സുരഭിയിൽ കശ്യപന്റെ പുത്രൻ. നന്ദിദേവൻ എന്നും താണ്ഡവതാലികൻ എന്നും കൂടി പേരുണ്ടു്.

൫. കാള. ൬. മംഗലപാഠകൻ. ൭. പ്രിയം. ൮. വിഷ്ണു. ൯. ശിവൻ.

നന്ദികൻ-ശിവന്റെ ഒരു പാൎഷദൻ.

നന്ദികം-പ്ര പട്ടകരണ. ഉ. ഒരു ചെറിയ ജലപാത്രം. ന. സന്തോഷം.

നന്ദികെട്ടവൻ-ഉപകാരം ചെയ്തതിനെ കുറിച്ചു സന്തോഷമില്ലാത്തവൻ.

നന്ദികേട്-ഉപകാരസ്മരണ ഇല്ലായ്ക.

നന്ദികേശ്വരൻ-പ്ര. ശിവന്റെ പാൎഷദന്മാരിൽ ഒരു പ്രധാനി. ഉ. കാളശ്രേഷ്ഠൻ.

നന്ദിഗ്രാമം-രാമചന്ദ്രന്റെ വനവാസകാലത്തു ഭരതൻ താമസിച്ച ഗ്രാമം.

നന്ദിഘോഷം-അൎജ്ജുനന്റെ രഥം.

നന്ദിത-വി. ബഹുമാനിക്കപ്പെട്ട, കൈക്കൊള്ളപ്പെട്ട.

നന്ദിതരു-ഞെമ.

നന്ദിനി-പ്ര. പുത്രി. ഉ. കാമധേനുവിന്റെ പുത്രിയായ ഒരു പശു, ചോദിക്കുന്നതെല്ലാം കൊടുക്കുന്ന വസിഷ്ഠന്റെ പശു. ന. കടുക. ര. അരേണുകം. ഇ. ഗംഗാനദി.

നന്ദി(ന്ദീ)പാദപം-പട്ടകരണ.

നന്ദിപാരലകം-ഒരു മത്സ്യം (സമുദ്രമത്സ്യമാണ).

നന്ദിപുരാണം-അഷ്ടാദശോപപുരാണങ്ങളിൽ ഒന്നു.

നന്ദി(ന്ദീ)മുഖം-പാത്ത.

നന്ദിക്കുന്നു-സന്തോഷിക്കുന്നു. (സ ക്രി നന്ദിപ്പിക്കുന്നു)

നന്ദിവൎദ്ധനൻ-ശിവൻ.

നന്ദി-പ്ര പട്ടകരണ. ഉ. കല്ലാൽ. ന. പേരാൽ. ര. ഉഴുന്ന്.

നന്ദീകം-കോഴി.

നന്ദീകാരൻ-മംഗലപാഠകൻ.

നന്ദീമാഷകം-കളിച്ചിരിച്ചേഷ്ട.

നന്ദീവൃക്ഷം-പ്ര. പട്ടകരണ. (ഇകണ). ആനകൾക്കു സുഭിക്ഷത്തെ ചെയ്യുന്ന വൃക്ഷം എന്നൎത്ഥം നന്ദിവൃക്ഷം എന്നുമാവാം. 'പൂവരശു' എന്നും കാണുന്നു. ഉ. ചിററരയാൽ. ന. ആട്ടുകൊട്ടപ്പാല.

നന്ദീശൻ,നന്ദീശ്വരൻ-ശിവൻ.

പാൎവതിയും പരമേശ്വരനുംകൂടി കൈലാസത്തിൽ ഇരിക്കുന്ന കാലത്തു ഒരിക്കൽ രാവണൻ ശരവണത്തിലേക്ക് യാത്രതുടങ്ങി. അപ്പോൾ വാനരരൂപം ധരിച്ചു അവിടെ കാവൽ നിന്നിരുന്ന ശിവൻ (നന്ദീശ്വരൻ) രാവണനെത്തടുത്തു ഭഗവാനും ദേവിയും എഴുന്നെള്ളിയിരിക്കുന്നതുകൊണ്ടു അങ്ങോട്ടു പോകാൻ പാടില്ലെന്നു പറഞ്ഞു. എന്നിട്ടു രാവണൻ അതു വകവെക്കാതെ അതിലെ തന്നെ പോകാൻ ഉറച്ചു നന്ദീശനെ പരിഹസിച്ചു. ഉടൻ നിന്നെ കൊല്ലുന്നതിനു എന്നെപ്പോലെയുള്ള വാനരന്മാർ തന്നെ ഉണ്ടാകുമെന്നു നന്ദീശ്വരൻ പറഞ്ഞു, അപ്പോൾ രാവണൻ കോപാന്ധനായി ശിവൻ എന്നവൻ ആരു എന്നു പറഞ്ഞുംകൊണ്ടു പൎവ്വതത്തെ പറിച്ചെറിഞ്ഞുകളയുന്നതിനായി എടുത്തുയൎത്തി. പെട്ടെന്ന് പാൎവതി ഭയപ്പെട്ട് ഭൎത്താവിനെച്ചെന്നു ആലിംഗനംചെയ്തു. ഉടൻ മഹാദേവൻ പെരുവിരൽകൊണ്ടു പൎവ്വതത്തെ ചവിട്ടിത്താഴ്ത്തി രാവണന്റെ കരത്തിൽവെച്ചമൎത്തി. വേദന സഹിക്കാഞ്ഞു ദശവക്ത്രൻ കരഞ്ഞുകൊണ്ടു ആയിരം വൎഷം ശിവസ്തോത്രം ചെയ്തുവാണു അനന്തരം ശിവൻ കാലെടുത്തു. രാക്ഷസാധിപതി കരയുകകൊണ്ട് രാവണൻ എന്നു പേരുണ്ടായി.

നന്ദ്യ-വി. ബഹുമാനിക്കപ്പെടുവാൻ തക്ക.

നന്ദ്യാവൎത്തം-പ്ര ഒരുമാതിരി ഭവനപ്പണി. ഉ. ക്രീഡാഭൂമി. ന. ഒരുവക വലിയ കടൽമീൻ. ര. നന്ത്യാൎവട്ടം.

൫. ദേവാലയവക ഭേദങ്ങളുടെ പ്രത്യേകപ്പേർ, വട്ടശ്രീകോവിൽ (വട്ടത്തിലുള്ള ശ്രീകോവിൽ). കണ്ടാൽ സന്തോഷത്തെ ജനിപ്പിക്കുന്ന വട്ടത്തോടുകൂടിയതെന്നർത്ഥം.

**നൻപ്, നന്പ്**-൧. തുഴ. ൨. വീണു കിളുക്കുന്ന നെല്ല്. ൩. മുള, പൊടിപ്പ്. ൪. ക്രുയ്യ്.

**നന്മ**-൧. ഗുണഭാവം. ൨. വിശേഷം.

**നന്മകൾ**-൧. പരിഷ്കാരങ്ങൾ. ൨. നല്ല മകൾ.

**നന്ന്**-വി. നല്ല, കൊള്ളാവുന്ന.

**നന്നം**-നാറ്റം, ഗന്ധം. ഉ-ം, നന്നം 'അറിയുന്നനായ്'

**നന്നാ**-അ. അധികം, വളരെ.

**നന്നാകുന്നു**-നല്ലതാകുന്നു, കുറ്റംതീരുന്നു. (കാ. ക്രി. നന്നാക്കുന്നു).

**നന്നാറി**-നറുനീണ്ടി.

**നന്നി**-നന്മ.

**നന്നി**-ചെറുവൻ

**നന്നിമികാ**-നന്മ അധികമുള്ള (പഴയ മലയാളം).

'ഭഗോപ്പൊഴുതു നിരുത്തീരുമലൻ
നന്നിമികം ഭീഷ്മദ്രോണാദികൾ'
(ഭഗവൽഗീത-മാധവപ്പണിക്കർ)

**നന്നിലം**-നല്ലനിലം.

**നന്നേ**-അ. വളരെ.

**നപുംസകം**-ആണും പെണ്ണും അല്ലാത്തത്, വിശേഷബുദ്ധിയില്ലാത്ത സ്ഥാവരങ്ങളെ കുറിക്കുന്നത്. ശബ്ദങ്ങളിൽ സ്ത്രീലിംഗവും പുല്ലിംഗവും അല്ലാത്തത്. മററ പര്യായങ്ങൾ തൃതീയപ്രകൃതി, ഷണ്ഡൻ, ക്ലീബൻ, പണ്ഡൻ

[നപുംസകം രണ്ടുവിധം. ൧. പുന്നപുംസകം=പുരുഷലക്ഷണങ്ങൾ അധികവും സ്ത്രീലക്ഷണങ്ങൾ കുറച്ചുമുള്ളതു. ൨. സ്ത്രീനപുംസകം=സ്ത്രീലക്ഷണങ്ങൾ അധികവും പുരുഷലക്ഷണങ്ങൾ കുറച്ചുമുള്ളതു]

**നപ്പ്**-൧. ഗന്ധം, നാറ്റം. ൨. കള്ളന്റെ ചുവട്ടിനോക്കി പിൻതുടരുക.

**നപ്താവ്**-പൌത്രൻ, മകന്റേയും മകളുടേയും മകൻ. ഇവനുണ്ടായാൽ പിന്നെ പിതൃക്കൾ നരകത്തിൽ വീഴുന്നില്ലായ്കയാൽ ഈ പേരുണ്ടായി.

**നപ്ത്രി**-പൌത്രി, മകന്റേയും മകളുടേയും മകൾ.

മകളുടെ മകളെമാത്രം പറകയാണെങ്കിൽ 'ദൌഹിത്രി'.

**നഭഃക്രാന്തി**-സിംഹം.

**നഭം**-ആകാശം.

**നഭശ്ചര**-വി. ആകാശത്തുകൂടി സഞ്ചരിക്കുന്ന.

**നഭശ്ചരൻ**-൧. ദേവത. ൨. പക്ഷിമുതലായവ. ൩. മേഘം. ൪. കാറ്റ്.

**നഭസം**-ആകാശം (നഭസ്സ് എന്നതിന്റെ പാഠം)

**നഭസം**-൧. ആകാശം. ൨. കടൽ.

**നഭസംഗമം**-പക്ഷി. ആകാശത്തെ ഗമിക്കശീലമായിട്ടുള്ളതു എന്നർത്ഥം.

**നഭസ്ഥലം**-ആകാശപ്രദേശം.

**നഭസ്യം**-പ്രോഷ്ഠപദമാസം (കന്നിമാസം). വർഷകാലമാകയാൽ മേഘങ്ങളോടുകൂടിയതു എന്നർത്ഥം.

**നഭസ്വാൻ**-വായു. ആകാശം ആശ്രയമായിട്ടുള്ളവൻ എന്നർത്ഥം.

**നഭസ്സ്**-൧ ആകാശം മേഘങ്ങളെക്കൊണ്ടു പ്രകാശിക്കാതിരിക്കുന്നതു എന്നർത്ഥം. മേഘങ്ങളാൽ മറയ്ക്കപ്പെട്ടതു. ൨. ശ്രാവണമാസം, ചിങ്ങമാസം. വിരഹികളെ ഹിംസിക്കുന്നതെന്നർത്ഥം. ൩. മേഘം. ൪. ജലം. ൫. വയസ്സ്. ൬. മഴ.

**നഭാ**-തുപ്പപ്പടിക്കം, തുപ്പുന്നതിനുള്ള പാത്രം.

**നഭാകൻ**-രാഹു.

നഭാകം-ഇരുട്ട്.
നഭാവു-നവാബ്. (Nawab)
നഭോചക്ഷുസ്സ്-സൂര്യൻ.
നഭോചമസൻ-ചന്ദ്രൻ.
നഭോദീപം-ചന്ദ്രൻ.
നഭോപാന്ഥൻ-സൂര്യൻ.
നഭോമണി-പ്ര. ആദിത്യൻ. വ. എരിക്ക്
നഭോംബുപം-വേഴാമ്പൽപക്ഷി.
നഭോരജസ്സ്-ഇരുട്ട്.
നഭോരേണു-മഞ്ഞുകട്ടി.
നഭോലയം-പുക.
നഭോവാക്ക്-അശരീരിവാക്ക്.
നഭോശ്വാസം-കാററ്.
നമത-വി. വളഞ്ഞ.
നമതൻ-പ്ര. നടൻ. വ. യജമാനൻ.
നമഞ്ഞി-ഞമഞ്ഞി.
നമനം-പ്ര. നമസ്കാരം, കമ്പിടുക. വ. മുങ്ങൽ
നമൻ-യമൻ (പ. മ.)
നമസ്സ്-നമസ്കാരം.

നമശ്ശബ്ദയോഗത്തിൽ ചതുർത്ഥിവരും. ഉ-ം, നമോനമഃകംസനിഷൂദനായ.

നമസിത-വി. പൂജിക്കപ്പെട്ട, നമസ്കരിക്കപ്പെട്ട.
നമസ്കരിക്കുന്നു-വന്ദിക്കുന്നു.
നമസ്കാരം-വന്ദനം.
നമസ്കാരി-പ്ര. മുക്കുററി, തൊട്ടാവാടി. താണനിൽക്കുന്നതു എന്നർത്ഥം. വ. പടർച്ചുണ്ട.

(കറിച്ചുണ്ട, വാളച്ചുണ്ട എന്ന പേരുകളും കാണുന്നുണ്ട്)

നമസ്കൃതി, നമസ്കരണം-നമസ്കാരം.
നമസ്തേന്ദ്-അ. ആദ്യമായി (ശൈലി).
നമസ്യ-നമസ്കാരം, പൂജ.
നമസ്യ-വി. പ്ര. ബഹുമാനമുള്ള. വ. വിനയമുള്ള.
നമിക്കുന്നു-നമസ്കരിക്കുന്നു, കുനിയുന്നു.
നമിത-വി. നമസ്കരിക്കപ്പെട്ട, നമസ്കരിച്ച. വ. കുനിപ്പിക്കപ്പെട്ട, വളയ്ക്കപ്പെട്ട.
നമുചി-ഒരു അസുരൻ.

ഇന്ദ്രൻ അസുരന്മാരെ ജയിച്ചപ്പോൾ നമുചി ധൈര്യത്തോടെ എതിർത്തു ഇന്ദ്രനെ പിടിച്ചുവെച്ചു. തന്നെ നനഞ്ഞതുകൊണ്ടോ ഉണങ്ങിയതുകൊണ്ടോ രാത്രിയോ പകലോ കൊല്ലുകയില്ലെന്നു വാഗ്ദാനംചെയ്താൽ വിട്ടയക്കാമെന്നു നമുചി ഇന്ദ്രനോടു പറഞ്ഞു ഇന്ദ്രൻ അതു സമ്മതിച്ചു വാഗ്ദാനം ചെയ്തു ഉടൻ ഇന്ദ്രനെ വിട്ടയച്ചു. എന്നാൽ ഇന്ദ്രൻ സന്ധ്യാസമയത്തു ജലത്തിന്റെ പതകൊണ്ടു-ഉണങ്ങിയതും നനഞ്ഞതുമല്ലല്ലോ-നമുചിയുടെ തല ഖണ്ഡിച്ചു. നമുചിയുടെ തല 'ഇഷ്ടന്റെ ദുഷ്ടനായ ഘാതകാ!' എന്നു വിളിച്ചുകൊണ്ടു ഇന്ദ്രനെ പിന്തുടർന്നു എന്നുകൂടി മഹാഭാരതത്തിൽ കാണുന്നുണ്ട്.

നമുചിസൂദനൻ - ദേവേന്ദ്രൻ. നമുചി എന്ന അസുരനെ കൊന്നവൻ എന്നർത്ഥം.
നമേരു-പ്ര. സുരപുന്നം. വ. ചരളം.
നംകുലം-നമ്മുടെ കുലം.
നമ്പർ-പ്ര. എണ്ണം. വ. കോടതിയിലെ കേസ്.
നമ്പഷ്ടാതിരി-ക്ഷത്രിയരിൽ ഒരു ജാതിക്കാരുടെ സ്ത്രീ.
നമ്പി-പ്ര. വിശ്വസിക്കപ്പെട്ടവൻ. വ. വിശ്വസിക്കപ്പെടുവാൻ യോഗ്യൻ. ന. ഈശ്വരനിൽ വിശ്വസിക്കുന്നവൻ ര. ബ്രാഹ്മണരിൽ താണ ഒരു ജാതി, അമ്പലവാസി, ഇളയതു്. ൫ വൈഷ്ണവാചാര്യൻ (തമിഴ്, തെലുങ്ക്, കർണ്ണാടകം ഈ ഭാഷകളിൽ). ൬. നടൻ. സ്ത്രീ-നമ്പിച്ചി
നമ്പിടി-അമ്പലവാസികളിൽ ഒരു ജാതി
നമ്പിയശ്ശൻ, നമ്പ്യശ്ശൻ-നമ്പിയുടെ ബഹുമാനപ്പേർ.

നമ്പിയാർ-൧. നമ്പ്യാർ. ൨. ഏറനാട്ടിലെ രാജാക്കന്മാർക്കുള്ള ബഹുമാനപ്പേർ ൩. ക്ഷേത്രത്തിലെ ഒരു വിചാരിപ്പുകാരൻ. രാജാക്കന്മാർ കല്പിച്ചുകൊടുക്കുന്ന ഒരു സ്ഥാനപ്പേർ. ഒരു ജാതിയിൽപെട്ട പുരുഷൻ.

നമ്പുക-വിശ്വസിക്കുക.

നമ്പുന്നു-ആശ്രയിക്കുന്നു, വിശ്വസിക്കുന്നു

നമ്പുവേട്ടുവർ-വടക്കേ കർണ്ണാടകത്തിലെ ഒരു കള്ളർക്കൂട്ടം.

നമ്പൂതിരി, നമ്പിതിരി-മലയാളബ്രാഹ്മണരിൽ ഒരു ജാതി.

നമ്പി, തിരി എന്ന ഈ രണ്ടുവാക്കുകൾ കൂടിയതാകുന്നു നംപൂതിരി. നാം-പൂ-തിരി ഇങ്ങിനെ മൂന്നുവാക്കുകൾ കൂടിയതാണെന്നു മറ്റൊരഭിപ്രായവും കാണുന്നു. 'തിരി' എന്നതു ബഹുമാനസൂചകമാണ്. സംസ്കൃതത്തിൽ പൂ=പുരം, നഗരം = നാംപുരം പൂ = രക്ഷാധികാരി എന്നു താല്പര്യം = 'നാം കുടിയേറിപ്പാർക്കുന്ന പ്രദേശത്തിന്റെ ആധിപത്യം നമുക്കു കിട്ടണം' എന്ന ആശയത്തോടുകൂടി കേരളത്തിലേക്കു വന്നവർ നംപൂതിരിമാർ. സ്ത്രീലിംഗം-അന്തർജ്ജനം, ആത്തേമ്മാര്].

നംപൂതിരിപ്പാട്-നംപൂതിരിയിൽ പ്രധാനി, നംപൂതിരി.

നമ്പൂരി-നമ്പൂതിരി.

നമ്പ്യാതിരി-നമ്പൂരിയിൽ ഒരു വിശേഷപ്പേർ.

നമ്പ്യാൻ-ഒരു ജാതിക്കാരൻ, നമ്പ്യാർ. സ്ത്രീലിംഗം-നങ്ങ്യാർ.

നമ്പ്യാരു-൧ നാട്യത്തൊഴിലിൽ ഏർപ്പെട്ടുവന്ന ഒരു ജാതിക്കാർ. ൨. പുഷ്പകജാതിക്കാരുടെ സ്ഥാനപ്പേർ. നമ്പ്യാർ > <നങ്ങ്യാർ.

നമ്മൾ-ഞാനും നീയും അല്ലെങ്കിൽ നിങ്ങളും.

നമ്യ-വി. ൧. നമസ്കരിപ്പാൻ തക്ക. ൨. വളയ്ക്കുവാൻതക്ക.

നമ്ര-വി. ൧. വളഞ്ഞ. ൨. വണക്കമുള്ള. ൩. നമസ്കരിക്കുന്ന.

നമ്രത, നമ്രതാ-വണക്കം.

നമ്ര(ക)ം-വഞ്ചി, ഒരു വന്യവൃക്ഷം.

നയ-വി. ചേർച്ചയുള്ള.

നയ-മുതലയേയും മറവും പിടിക്കുന്നതിനുള്ള ഒരുമാതിരി ചൂണ്ടലോടുകൂടിയ ഇര.

നയകൻ-ഒരു സമർത്ഥനായ കാര്യസ്ഥൻ.

നയകോവിദ-വി. നീതിയിൽ സാമർത്ഥ്യമുള്ള.

നയക്കാരൻ-ഒരു കാര്യത്തെ പരിഷ്കരിക്കുന്നവൻ.

നയജ്ഞ-വി. നീതി അറിഞ്ഞ.

നയനം-കണ്ണ്. പദാർത്ഥങ്ങളെ അറിവിൽപെടുത്തുന്നതു എന്നർത്ഥം.

നയനഗോചര-വി. കാണ്മാൻതക്കവണ്ണമുള്ള.

നയനാ(നയനീ)-കണ്ണിന്റെ കൃഷ്ണമണി

നയനാനന്ദം-കണ്ണിന്റെ സന്തോഷം.

നയനാമൃത-വി. കണ്ണിനു സന്തോഷമുണ്ടാക്കുന്ന.

നയനൌഷധം-പുഷ്പകാസീസം.

നയഭയം-മാർദ്ദവവും കർക്കശവുമായ വഴി (കഴിവ്) ഉ-ം നയഭയമായിട്ടു പറഞ്ഞു ബോധിപ്പിച്ചു.

നയ്യം-വി ൧. വിലകുറഞ്ഞ. ൨. പ്രയോജനമുള്ള. ൩. സാവധാനമുള്ള.

നയം-൧. നടത്തൽ. ൨. യോഗ്യം. ൩. നീതി, ന്യായം ൪. ലയ. ൫. ഉപായം ൬. കർത്തവ്യം.

നയവ്-൧. കൊള്ളാകുന്നതു. ൨. പ്രയോജനം. ലാഭം. ൩. ദ്രവിക്ക. ൪. നയം.

നയവാക്ക്-നല്ലവാക്ക്, മൃദുവായ വാക്ക്

നയവിദൻ-നയജ്ഞൻ.

നയശീല-വി. ൧ സാവധാനശീലമുള്ള. ൨. നീതിയുള്ള.

നയശീലം-കഠിനമില്ലാത്ത സ്വഭാവം.

നയാണ്ടം-മുഖം ചുളുക്കുക, മുഖക്കോട്ടം.

നയാണ്ടിക്ക-പരിഹസിക്ക.

നയിക്കുന്നു-൧. കഴിച്ചുകൂട്ടുന്നു. ൨. പ്രാപിപ്പിക്കുന്നു. ൩. കൊണ്ടുനടത്തുന്നു. (കാ. ക്രി. നയിപ്പിക്കുന്നു.)

നയുക്കി-ഞെക്കി, ഞെരുക്കി. (പ-മ.)

നയോപായം-൧. നീതി, ന്യായം ൨. ഒരു കഷായയോഗം.

നയ്യാണ്ടി-നിസ്സാരമായ ഉപദ്രവം (പ-മ)

നര-രോമം വെളുക്കുക, നരയ്ക്കുക. വാൎദ്ധക്യം നിമിത്തം തലമുടി മീശരോമം ഇവയിലുണ്ടാകുന്ന വെളുപ്പ് (പലിതം)

നരകക്കുഴി-൧. പാപികളെ ഇടുന്ന സ്ഥലം. ൨. വൃത്തികെട്ട സ്ഥലം.

നരകദേവത-നിരൃതി എന്നുള്ള ഒരു ദേവത.

നരകൻ-നരകാസുരൻ, നരകൻ എന്ന അസുരൻ.

മഹാഭാരതവും വിഷ്ണുപുരാണവും അനുസരിച്ചു നരകൻ പ്രാഗ്ജ്യോതിഷത്തിലെ രാജാവായിരുന്നു. അദിതിയുടെ കൎണ്ണാഭരണങ്ങളെയും മററും മോഷ്ടിച്ചുകൊണ്ടു നരകൻ പ്രാഗ്ജ്യോതിഷം എന്ന കോട്ടയിൽ ചെന്നിരുന്നപ്പോൾ ദേവന്മാരുടെ പ്രാൎത്ഥനഹേതുവായിട്ടു കൃഷ്ണൻ അവനെജ്ജയിച്ചു ആഭരണങ്ങളെ തിരികെ കൊണ്ടുവന്നു (മറെറാരുപ്രകാരം നരകൻ ഒരു ആനയുടെ വേഷത്തിൽ വിശ്വകൎമ്മാവിന്റെ പുത്രിയെ അപഹരിച്ചു മാനഭംഗംചെയ്തു. ഇതുകൂടാതെ ഗന്ധൎവർ, ദേവകൾ, മനുഷ്യർ മുതലായവരുടെ സ്ത്രീകളായി ൧൬൦൦൦ പേരെ പിടിച്ചുകൊണ്ടുപോയി കോട്ടയിൽ പാൎപ്പിച്ചു. വളരെ വിലപിടിച്ച ആഭരണങ്ങളും മററും കൂടി പലരിൽ നിന്നും കൈക്കലാക്കി. അതിക്രൂരനായ ഇവനെ ശ്രീകൃഷ്ണൻ വധിച്ചു. സ്ത്രീകളെ നരകന്റെ അന്തഃപുരത്തിൽനിന്നു താൻ ഭാൎയ്യമാരായി സ്വീകരിച്ചു ദ്വാരകയിലേക്കു കൊണ്ടുപോയി. നരകാസുരന്റെ ഒരു ഇഷ്ടനത്രെ മുരൻ.

നരകം-പാപികളെ ഇടുന്ന ഒരു ലോകം. പാപികളെ സ്വസമീപത്തേക്കു വരുത്തുന്നതു എന്നൎത്ഥം. പാപംചെയ്ത മനുഷ്യർ ദുഃഖത്തോടെ ശിക്ഷിക്കപ്പെടുന്നേടം എന്നുമാവാം. പൎയ്യായങ്ങൾ നാരകം, നരകം, നിരയം, ദുൎഗ്ഗതി.

നരകഭേദങ്ങൾ=തപനം, അവീചി, മഹാരൌരവം, രൌരവം, സംഘാതം, കാലസൂത്രം മുതലായവ. നരകത്തിലേ നദി-വൈതരണി. നരകദേവത=നിരൃതി. നരകങ്ങൾ ൨൧ എന്നും ഓരോന്നിൽ ഓരോമാതിരി ശിക്ഷയുണ്ടെന്നും പറയപ്പെട്ടിരിക്കുന്നു.

നരകഭേദം.

'ത്രൈലോക്യത്തിനു തെക്കേയ് ഭൂമി-
ക്കുതാഴെ സരോജാലയാണ്ഡാംഭോനിധി
തന്മീതേനരകങ്ങൾ* ഇരുപത്തൊന്നാകു
ന്നിതെന്നു ചൊല്ലുന്നചിലർ ഇരുപത്തെ
ട്ടുണ്ടെന്നു ചൊല്ലുന്നചിലരെല്ലാം*താമി
സ്രമെന്നു ചൊല്ലും മുമ്പിലേതുടനന്ധതാ
മിസ്രം രണ്ടാമതും രൌരവം മൂന്നാമതും*
നാലാമതല്ലോ മഹാരൌരവം കുംഭീപാ
കം കാലസൂത്രവുമസിപത്രാരണ്യവും
പിന്നെ*സൂകരമുഖമന്ധകൂപവും പത്താ
മതും ആകലതരം കൃമിഭോജനം സന്ദം
ശവും*ദുൎജ്ജനമനസ്താപവൃതിരം സപ്ത
സൂൎമ്മിവജ്രകണ്ടകമായ ശാല്മലി വൈത
രണി*പൂയോദം സപ്താലാഹം മാലേയം
പ്രതോദവും മായമെന്നിയെ വിശസന
വും ലാലഭക്ഷം*സാരമേയാദനവുമിത

പറഞ്ഞാന്നാമെത്ത മാരഴൽ തേടമവീചി
രയഃ പാനമെന്നും കഷാരകർദ്ദമം രക്ഷോ
ഗണഭോജനം മഹാക്രൂരമാം ശൂലപ്രോ
തം ദന്ദശൂകവുംപിന്നെ അവിടെ നി
രോധനം പര്യാവർത്തവും കേളവധിസൂ
ചീമുഖമെഴാമതറിഞ്ഞാലും ഇരുപത്തെ
ട്ടാകുന്നിതിങ്ങിനെ പാപികൾക്കു നരക
ജാലമനുഭവിപ്പാനനേകം'.

(ഭാഗവതം)

നരകമഥനൻ-വിഷ്ണു.

നരകഫതൻ-പാപി.

നരകാന്തകൻ-വിഷ്ണു. നരകാസുരനെ കൊന്നവനെന്നർത്ഥം.

നരകാരി-വിഷ്ണു. നരകാസുരന്റെ ശത്രു എന്നർത്ഥം.

നരകാസുരൻ-നരകൻ എന്ന അസുരൻ. (നരകൻ എന്നതു നോക്കുക.)

നരകി-വി. നരകത്തിനു യോഗ്യതയുള്ള.

'നരകികളായുള്ളോരിവരെല്ലാം
ചത്തുവീഴുംനരകത്തിൽ'

(കേരളവർമ്മ രാമായണം)

നരകിക്കുന്നു-അതിവേദന അനുഭവിക്കുന്നു.

നരകു-നരകം. (നരകത്തിന്റെ തത്ഭവമാണ് നരകു പഴയമലയാളം)

'പോയെക്കുമഹാനരകെയ്തുവർ'

(ഭഗവൽഗീത-മാധവപ്പണിക്കർ)

നരച്ച-വി. നരയുള്ള.

നരജന്മം-മനുഷ്യജന്മം

നരദേവൻ രാജാവ്.

നരധി-ഭൂലോകം.

നരന്ത-ഒരുമാതിരി മരുന്നുവള്ളി.

നരൻ-പ്ര. മനുഷ്യൻ. മറെറല്ലാററിനേയും തന്റെ വശത്താക്കുന്നവൻ എന്നർത്ഥം. വ. നരമഹർഷി. ന. അർജ്ജുനൻ. ര. ദൈവം, നിത്യൻ. ഉ. കതിര.

'നര' എന്ന ശബ്ദത്തോടു പതി, അധിപൻ, നാഥൻ, ഇന്ദ്രൻ മുതലായവ ചേർത്താൽ 'രാജാവ്' എന്നർത്ഥമുണ്ടാകും.

നരനാരായണന്മാർ-വിഷ്ണുവിന്റെ അവതാരമൂർത്തികളായ രണ്ടു മഹർഷിമാർ.

ആദ്യം ഒരാളായിരുന്നു. പുരാണങ്ങളിൽ അർജ്ജുനകൃഷ്ണന്മാരുടെ പേരായി ഗണിച്ചുവന്നു. ഇവർ രണ്ടുപേരും (നരനാരായണന്മാർ) ഒരിക്കൽ ഹിമാലയത്തിൽ അതികഠിനമായ തപസ്സു ചെയ്യുമ്പോൾ ഇന്ദ്രൻ പേടിച്ചു തപോവിഘ്നത്തിനു അനേകം ദേവസ്ത്രീകളെ പറഞ്ഞയച്ചു. എന്നാൽ നാരായണൻ അതിസൌന്ദര്യവതിയായ ഉർവശിയെ സൃഷ്ടിച്ച് മററസ്ത്രീകളെ ലജ്ജിപ്പിച്ച് മടക്കിഅയച്ചു. നാരായണന്റെ തുടയിൽ ഇരുന്നിരുന്ന ഒരു പുഷ്പത്തിൽനിന്നാണ് ഉർവശിയുണ്ടായതെന്നും കാണുന്നുണ്ട്.

'പേരായിരമുള്ളരവിന്ദാക്ഷൻ
നാരായണനും നരനുമതായി
രണ്ടായവനിയിലവതാരം പൂണ്ടു
രണ്ടായവനെവധിപ്പാനപ്പോൾ'

(കൃഷ്ണാർജ്ജുനവിജയം തുള്ളൽകഥ)

നരപതി-രാജാവ്.

നരപശു-മനുഷ്യനെപ്പോലെയുള്ള ഒരു മൃഗം.

നരപാലൻ-രാജാവ്.

നരപ്രിയം-കരിമരം

നരപുംഗവൻ-നരശ്രേഷ്ഠൻ.

നരബലി-മനുഷ്യനെ വെട്ടിക്കൊന്നുള്ള ഒരു ബലിക്രിയ.

നരം-പ്ര. പച്ചക്കർപ്പൂരം. വ. കതിര.

നരമൃഗം-നരസിംഹം.

നരമേധം-നരബലി.

നരയൻ-നരച്ചവൻ.

**നരയന്ത്രതാച്ചി**-സ്ത്രീകളുടെ മുറിയിൽ വേലചെയ്യുന്നവൾ

**നരയ്ക്കുന്നു**-തലയിലുംമററും രോമംവെളുക്കുന്നു.

**നരൽ,നർര**-ക്കൂട്ടം.

**നരവാൻ**-രാജാവു്.

**നരവാഹന**-വി. മനുഷ്യരാൽ എടുക്കപ്പെടുന്ന.

**നരവാഹനൻ**-വൈശ്രവണൻ. മനുഷ്യൻവാഹനമായിട്ടുള്ളവൻ എന്നൎത്ഥം.

**നരവാഹ്യം**-വി. മനുഷ്യരാൽ വഹിപ്പാൻതക്ക.

**നരവീരൻ**-രാജാവു്.

**നരസഖൻ**-നാരായണൻ.

**നരസിംഹപുരാണം**-അഷ്ടാദശോപപുരാണങ്ങളിൽ ഒന്നു്.

**നരസിംഹം**-ഫ. വിഷ്ണുവിന്റെ ഒരു അവതാരം. (അവതാരം എന്ന ശബ്ദത്തിൽ ദശാവതാരം (൪) നോക്കുക). വ. മനുഷ്യശ്രേഷ്ഠൻ.

**നരസ്തുതി**-മനുഷ്യനെ സ്തോത്രംചെയ്ക.

**നരഹരി**-നരസിംഹമൂൎത്തി.

**നരഹരി**-ഒരു സംസ്കൃതകവി ശൃംഗാരശതകമുണ്ടാക്കി. എല്ലാ പദ്യങ്ങളിലും സ്വനാമമുദ്രയുണ്ടു്. ബാണാദികൾക്കശേഷം ജീവിച്ചിരുന്നിരിക്കണം.

**നരാധമൻ**-മനുഷ്യരിൽ നിന്ദ്യൻ, ചീത്തമനുഷ്യൻ.

**നരാധാര**-ഭൂമി.

**നരാധിപൻ**-രാജാവു്.

**നരാധീശൻ**-രാജാവു്.

**നരായണൻ**-വിഷ്ണു നരന്മാൎക്കു് സായുജ്യാവസ്ഥയിൽ പ്രാപ്തിസ്ഥാനം എന്നൎത്ഥം.

'അഥനാരായണോവിഷ്ണു
ശ്ശുക്ലകൎമ്മാനരായണഃ'

(ശബ്ദാൎണ്ണവം)

**നരാവതാരം**-മനുഷ്യനായി ജനിക്കുക.

**നരാശൻ**-രാക്ഷസൻ

**നരി**-ഫ. കുറുക്കൻ. കൎണ്ണാടകം തമിഴു് തുളു ഈ ഭാഷകളിൽ 'നരങ്ങ്'-എന്നുവിളിക്കപ്പെടുക. വ. കടുവാ. ന. സ്ത്രീ.

**നരിക്കെന്നു**-അ. വേഗത്തിൽ, പെട്ടെന്നു്

**നരിച്ചീറു്(ൎ)** - ഒരുമാതിരി പക്ഷി, ചെറിയ വാവൽ. പൎയ്യായങ്ങൾ—പാരോഷ്ണി, തൈലപായികാ.

നരിച്ചീറിന്റെ മാംസം-വാതം, ക്ഷയം, നേത്രരോഗം, ഗുഹ്യരോഗം ഇവയ്ക്കു നന്നു്. തമിഴിൽ-കരപ്പ. നരിച്ചീർ. വാവലിന്റെ ജാതിയിൽ ഒരുവക ഭേദമാണു്. നരിച്ചീറിനും വാവലിനുമായി അഹോവൃത്തിയുടെ ഭേദമേയുള്ളു. ഈ ജാതിയിലുള്ള ചില പ്രാണികൾ കായ്കനികൾ തിന്നു കാലക്ഷേപം ചെയ്യുന്നു. ചിലതു മാംസം തിന്നു ഉപജീവനം കഴിക്കുന്നു. നാം കാണുന്ന വാവൽ ആദ്യം പറഞ്ഞതരത്തിലും നരിച്ചീർ രണ്ടാമതു പറഞ്ഞതരത്തിലുമാകുന്നു. വാവൽവൎഗ്ഗത്തിലുള്ള എല്ലാപ്രാണികളും രാത്രിയിൽ സഞ്ചരിച്ചു ഇരതേടുന്നു. സൂൎയ്യരശ്മിയുള്ളപ്പോൾ അവയുടെ കണ്ണുകൾക്കു കാഴ്ചയില്ലാ. അതിനാൽ പകൽസമയം അവ ഇരുട്ടുള്ള ഗുഹകളിലും തട്ടിൻപുറത്തും മററും തൂങ്ങിക്കിടക്കുന്നു.

**നരിത്തല, നരിത്തലവാതം**- കാലിന്റെ മുട്ടിൽവരുന്ന ഒരു നീരു്.

**നരിപ്പുച്ച**-ഒരുമാതിരി തൈ (കഞ്ചാവുപോലെ ഉപയോഗിക്കുന്നു.)

**നരിമീൻ**-ഒരുവക മത്സ്യം. കോര എന്നു ചിലർ പറയുന്നു.

നരിമീനും കോരയും രണ്ടിനംതന്നെയാണു്.

**നരിമൂളി**-ശബ്ദംകൊണ്ടു ഭയപ്പെടുത്തി മൃഗങ്ങളെ ഓടിക്കുന്നതിനുള്ള ഒരു സൂത്രം.

**നരിയടിയൻ**-വെള്ളൻകുമ്പളങ്ങ, പൂരിക്കുമ്പളങ്ങ.

**നരിയാണി**-കാലിന്റെ കണ്ണ്.

**നരിവെങ്കായം**-കാട്ടുവെങ്കായം.

**നരേന്ദ്രൻ**-൧. രാജാവ്. ൨. വിഷവൈദ്യൻ.

**നരേന്ദ്രമാതാ**-പുളിയാരൽ.

**നരേശൻ**-രാജാവ്.

**നരോത്തമൻ**-മനുഷ്യരിൽ നല്ലവൻ.

**നരോൽക്കരം**-മനുഷ്യരുടെ കൂട്ടം.

**നൎത്തകൻ**-൧. നൃത്തംചെയ്യുന്നവൻ, ആട്ടക്കാരൻ, ചാക്യാർ. ൨. രാജാവ്. ൩. ശിവൻ. ൪. സ്തുതിപാഠകൻ.

**നൎത്തകം**-൧. വേഴൽപ്പുല്ല്. ൨. ആന. ൩. മയിൽ.

**നൎത്തകി**-൧. ആട്ടക്കാരി. നൃത്തംചെയ്യുന്നവൾ എന്നൎത്ഥം. ൨. പവിഴക്കൊടി. ൩. പിടിയാന. ൪. പെൺമയിൽ.

**നൎത്തനപ്രിയൻ**-ശിവൻ.

**നൎത്തനം**-ആട്ടം, കൂത്ത്. ചാടിക്കളിക്കുക എന്നൎത്ഥം.

**നൎദ്ദനം**-അലൎച്ച.

**നൎമ്മഠൻ**-൧ നേരമ്പോക്കുകാരൻ, കളിവാക്കുപറയുന്നവൻ. ൨. താന്തോന്നി. ൩. സ്ത്രീലോലൻ.

**നൎമ്മഠം**-൧. താടി. ൨. മുലക്കണ്ണ്. ൩. ക്രീഡ, സംഗം, സംയോഗം.

**നൎമ്മദ**-വി. ൧. നൎമ്മത്തെ കൊടുക്കുന്ന. ൨. ഉല്ലസിപ്പിക്കുന്ന, സുഖത്തെ കൊടുക്കുന്ന.

**നൎമ്മദാ**-൧. രേവാനദി. പൎയ്യായങ്ങൾ—രേവാ, നൎമ്മദാ, സോമോത്ഭവാ, മേഖലകന്യകാ. കേളിയെ ഉണ്ടാക്കുന്നതെന്നൎത്ഥം.

നൎമ്മദാനദി മേഖലപൎവ്വതത്തിൽനിന്നു പുറപ്പെട്ടു കലിംഗദേശത്തിൽ അമരകണ്ടകം എന്ന പൎവ്വതത്തിന്റെ സമീപത്തുകൂടിയൊഴുകി പടിഞ്ഞാറേ സമുദ്രത്തിൽ വീഴുന്നു. ജലം എല്ലാ രോഗങ്ങൾക്കും നന്ന്.

'കലിംഗദേശപശ്ചാൎദ്ധേ
പൎവ്വതേമരകണ്ടകേ
പുണ്യാ ച ത്രിഷുലോകേഷു
രമണീയാമനോരമാ
നൎമ്മദാസരിതാംശ്രേഷ്ഠാ
സൎവ്വപാപപ്രണാശനീ
താരയേൽസൎവ്വഭൂതാനി
സ്ഥാവരാണിചരാണി ച'
(മത്സ്യപുരാണം)

൨. ചോനകപ്പുല്ല്.

**നൎമ്മം**-൧. നേരമ്പോക്ക്, വിനോദം, കളിവചനം, ക്രീഡ. ൨. സ്ത്രീപുരുഷന്മാർ പരസ്പരം പ്രേമാതിശയം ഹേതുവായിട്ടു ചെയ്യുന്ന പരിഹാസം. ൩. സുഖം.

**നൎമ്മസചിവൻ**- രാജാവിനോടു നേരമ്പോക്കു പറയുന്ന ഒരു സേവകൻ.

**നൎമ്മസുഹൃത്ത്**-വളരെ അടുപ്പമുള്ള ഇഷ്ടൻ.

**നലകം**-മേലങ്കടല.

**നല**-നല്ല.

**നലനല**-നല്ലനല്ല. (പഴയ മലയാളം.)

'ല്ല' എന്ന വൎണ്ണത്തിന്റെ ദ്വിത്വം പലപ്പോഴും നിരണകവികൾ തമിഴ് സമ്പ്രദായത്തെ അനുസരിച്ചു ലോപിപ്പിക്കാറുണ്ട്.

'സംസ്കൃതപദ്യങ്ങളിനാൽനലനല
ഞാനാൎത്ഥങ്ങളുരത്തു'
(ഭഗവൽഗീത-മാധവപ്പണിക്കർ)

**നലം**-അ. വേഗം.

**നലം**-൧. വേഴൽ. ൨. മംഗളാശംസ, നന്മ, ഗുണം, നല്ലത്.

**നലമീനം**-ചെമ്മീൻ.

**നല്കു, നൽക**-കൊടുക്കുക. (നൽ=നല്ലത്.) നല്ലതായിരിക്ക അല്ലെങ്കിൽ നല്ലതു കൊടുക്കുക എന്നൎത്ഥം. ഇപ്പോൾ 'കൊടുക്കുക' എന്ന അൎത്ഥം മാത്രമേയുള്ളു.

നല്കുന്നു-കൊടുക്കുന്നു.

നൽകേൻ-തരികയില്ല, നൽകയില്ല.

നല്ലരിമ്പ്-കരിമ്പിൻഭേദം.

കരിമ്പിന്റെ ഗുണംതന്നെ ഇതിനുമുള്ളത്. മൃദുത്വമാണ് ഒരു വിശേഷത. പിത്തത്തിനും ചുട്ടുനീറലിനും നന്ന്. രുചികരമാകുന്നു.

നല്പ്-നന്ന്. (നല്പ് > < തില്പ്.)

നല്ല്-നന്ന്. (നല്ല് > < കല്ലാ)

നല്ല-വി. നന്മയുള്ള.

നല്ലജാതി-നല്ലവക.

നല്ലൻ-നല്ലവൻ, ഗുണവാൻ, സമർത്ഥൻ.

നല്ലപ്പോൾ-അ. ഏ. നല്ല സമയത്ത്. വ. ഒന്നാമത്, മുമ്പേ.

നല്ലാ-നലം, നല്ലതായ.

'നല്ലമുടയകലം'

(വൈരാഗ്യചന്ദ്രോദയം)

നല്ലമുളക്-കൊടിമുളക്.

നല്ലവണ്ണം-അ. ശുഭമായിട്ട്, ഉപേക്ഷകൂടാതെ

നല്ലവൻ-സ്വഭാവഗുണമുള്ളവൻ.

നല്ലവഴി-ഗുണമായി വരുവാനുള്ള ഒരു ആരംഭം, നല്ലനടപ്പ്.

നല്ലാർ-സ്ത്രീകൾ, നല്ലസ്ത്രീകൾ.

നല്ലി-നെയ്ത്തുകാരി.

നല്ലിരിക്ക-ഔഷധം സേവിച്ചു കഴിഞ്ഞാൽ പിന്നീടു പഥ്യമായിരിക്ക.

നല്ലവാതിൽ-കല്യാണംകഴിച്ചു വന്നാൽ ഭാര്യാഭർത്താക്കന്മാർ ഭാര്യയുടെ ശേഷക്കാർ പാർക്കുന്ന വീട്ടിൽ മുമ്പെ ചെല്ലുന്നത്.

നല്ലെണ്ണ-എള്ളാട്ടി എടുക്കുന്ന തൈലം, എള്ളെണ്ണ.

നല്ലെണ്ണ കുടിച്ചാൽ വാതം, കഫം, ചിരങ്ങ്, ചൊറി, വ്രണം, കൃമി ഇവക്കു നന്ന്. ത്വഗ്ദോഷത്തെ ചെയ്യും. കണ്ണിനു ഹിതമല്ല. രക്തദോഷത്തെ ഉണ്ടാക്കും. മലമൂത്രങ്ങളെ തടുക്കും. ഏററവും ചെറിയ നാഡികളിൽ പ്രവേശിച്ചു ദോഷങ്ങളെ ശമിപ്പിക്കും. മെലിഞ്ഞവരെ തടിപ്പിക്കും. തടിച്ചവരെ മെലിയിക്കും. ബലത്തെ വർദ്ധിപ്പിക്കും. ഗർഭാശയശുദ്ധിയെ ചെയ്യും. തേച്ചാൽ-കണ്ണുരോഗം, ശിരോരോഗം, പ്രമേഹം, യോനിരോഗം ഇവക്കു നന്ന്. വ്രണത്തെ വററും. അഗ്നിയെ വർദ്ധിപ്പിക്കും. ഓർമ്മയെ നൽകും. തൊലിനു മിനുസം വരുത്തും. കണ്ണിനു നന്ന്. മുടിയെ നന്നാക്കും. വേറെയും പല ഗുണങ്ങൾ ഉണ്ട്. എണ്ണ സേവിച്ചുണ്ടാകുന്ന അജീർണ്ണത്തിൽ പിണ്ണാക്കു ഭക്ഷിക്കുക. തമിഴിൽ-എള്ളിൻനെയ്. ഇംഗ്ലീഷിൽ Sesamum-oil സിസമം ഓയിൽ

നല്ലോർ-നല്ല ആളുകൾ.

നൽവിന-ധർമ്മം, സുകൃതം. (നൽവിന തീവിന = ധർമ്മാധർമ്മരൂപമായ കർമ്മബന്ധം. തീവിന = അധർമ്മം, പാപം.)

നല്വം-നാനൂറുമുഴം.

'കേരത്തോട്ടംപനസവനവും
പൂക്ക നാലഞ്ചുനല്വം'

(മയൂരസന്ദേശം)

നല്വം-നൂറുമുഴം കൂടിയതാണ് എന്നും അഭിപ്രായം കാണുന്നുണ്ട്.

'നല്വംഹസ്തശത' എന്നു (കാത്യൻ)

നവ-വി. പുതിയ.

നവ-വി. ഒൻപത്.

നവകം-വി ഒൻപതുസംഖ്യയുടെ ഒരു കൂട്ടം.

നവകർമ്മങ്ങൾ-ശമം, ദമം, ക്ഷമ, അവക്രത, തപം, ശൌചം, ആസ്തിക്യം, ജ്ഞാനം, വിജ്ഞാനം.

നവകർമ്മസാക്ഷികൾ-സൂര്യൻ, ചന്ദ്രൻ, ആകാശം, വായു, യമൻ, കാലം, ജലം, ഭൂമി, അഗ്നി-ഈ ൯-ം.

നവകാരികാ, നവകാലികാ, നവഫലികാ-പുതുതായി വിവാഹംകഴിച്ച സ്ത്രീ, തീണ്ടാരി ആരംഭിച്ചവൾ.

നവകീൎത്താ-ഒരു മൎമ്മം.

നവഖണ്ഡപത്തികൾ-പൂൎവ്വചിത്തി എന്ന അപ്സരസ്ത്രീയുടെ പുത്രന്മാർ.

നവഖണ്ഡം- ഒൻപതുഖണ്ഡം, ജംബൂദ്വീപിലുള്ള ഭൂഖണ്ഡം ഒൻപതും. (ദ്വീപുകൾ എന്നതു നോക്കുക )

നവഗ്രഹങ്ങൾ-സൂൎയ്യൻ മുതലായ ഗ്രഹങ്ങൾ ഒൻപതും. ആദിത്യൻ, ചന്ദ്രൻ, ചൊവ്വാ, ബുധൻ, വ്യാഴം, ശുക്രൻ, ശനി, രാഹു, കേതു-ഇങ്ങിനെ ൯. (ഗ്രഹചാരം എന്നതു നോക്കുക.)

'സൂൎയ്യശ്ചന്ദ്രോമംഗലശ്ച
ബുധശ്ചാപി ബൃഹസ്പതിഃ
ശുക്രഃശനൈശ്ചരോരാഹുഃ
കേതുശ്ചേതി ഗ്രഹാനവ'

നവചത്വാരിംശ-നാല്പത്തിഒൻപതു്.

നവചത്വാരിംശത്തു്-നാല്പത്തിഒമ്പതു്

നവചന്ദ്രൻ-കറുത്തവാവു കഴിഞ്ഞു് അടുത്തദിവസങ്ങളിൽ കാണപ്പെടുന്ന ചന്ദ്രൻ, ചന്ദ്രകല

നവജ്വരം-പനി തുടങ്ങിയാൽ പത്തുദിവസത്തോളം പറയുന്ന ഒരു പേർ.

നവഞ്ഞു-കശക്കി, വിരകി. (പ-മ.)

നവടി-കശക്കി, മൎദ്ദിച്ചു (പ-മ.)

നവത-ഒമ്പതു സംഖ്യയോടുകൂടിയ ഒരു കൂട്ടം.

നവതാരുണ്യ-ഒരു വൃക്ഷത്തിന്റെപേർ.

നവതി-തൊണ്ണൂറു്.

നവത്രിംശ-വി. മുപ്പത്തിഒമ്പതു.

നവത്രിംശത്തു്-മുപ്പത്തിഒമ്പതു്.

നവദളം-താമരപ്പൂവിന്റെ അകത്തേ ഇതൾ, താമരപ്പൂ മുതലായതിന്റെ പുതിയ ഇതൾ.

നവദുൎഗ്ഗാ-ഒമ്പതുരൂപത്തിലുമുള്ള ദുൎഗ്ഗ.

നവദോഷം-ഗുളികൻ, വിഷ്ടി, ഗണ്ഡാന്തം, വിഷം, ഉഷ്ണം, ഏകാൎഗ്ഗളം, സൎപ്പശിരസ്സു, ലാടം, വൈധൃതം.

നവദ്രവ്യങ്ങൾ-ഭൂമി, ജലം, തേജസ്സ്, വായു, വ്യോമം, കാലം, ദിക്കു്, ആത്മാവു്, മനസ്സ് ഇവ-൯-ം.

നവദ്വാര-വി. ഒൻപതു ദ്വാരങ്ങളുള്ള.

നവദ്വാരം-ചെവി മുതലായ ശരീരച്ഛിദ്രങ്ങൾ ഒൻപതും.

ശ്രോത്രങ്ങൾ (ചെവികൾ), ലോചനങ്ങൾ (കണ്ണുകൾ), ഘ്രാണങ്ങൾ (മൂക്കിൻദ്വാരങ്ങൾ), വായ്, ഗുദം, ഗുഹ്യം ഇങ്ങിനെ ൯.

നവധാ-അ. ഒൻപതുവിധം.

നവധാതുക്കൾ- ഒമ്പതുധാതുക്കൾ (ധാതു എന്നതു നോക്കുക.)

'ഹേമതാരാരനാഗാശ്ച
താമ്രരംഗചതീക്ഷ്ണകം
കാംസ്യകംകാന്തലോഹശ്ച
ധാതവോനവകീൎത്തിതാഃ'

നവധാന്യം-യവം മുതലായ ഒൻപതുവിത്തുകൾ (ധാന്യങ്ങൾ).

യവം, ഗോതമ്പു്, കടല, എള്ളു്, തുവരൻപരിപ്പു്, പയർ, ഉഴുന്നു്, കാണം (മുതിര) മൊച്ചക്കൊട്ട ഇവ ൯-ം.

നവനദികൾ - സരസ്വതി, വൈതരണി, മധുസ്രവ, ആമ്ലനദി, ആപഗം, മന്ദാകിനി, കൌശികി, ഹിരണ്വതി, ദൃഷദ്വതി.

നവനിധി-മഹാപത്മം മുതലായ വൈശ്രവണന്റെ നിക്ഷേപം ഒൻപതും.

നവനിധികൾ= മഹാപത്മം, പത്മം, ശംഖം, മകരം, കച്ഛപം, മുകുന്ദം, കുന്ദം, നീലം, ഖൎവ്വം ഇവ ൯-ം.

൧. മഹാപത്മം-മഹത്തായ പത്മം.

൨. പത്മം- എല്ലാവരാലും സേവിക്കപ്പെടുന്നതു്.

൩. ശംഖം-വ്യസനത്തെ കളയുന്നത്.
൪. മകരം- മുതലയെപ്പോലെ പിടിക്കാൻ പ്രയാസമുള്ളത്.
൫. കച്ഛപം-ആമയെപ്പോലെയിരിക്കുന്നത്.
൬. മുകുന്ദം-മനോഹരമായിരിക്കുന്നത്
൭. കുന്ദം- ടി
൮. നീലം-ഏററവും സ്തുതിക്കപ്പെടുന്നതു
൯. ചൎച്ചം-സ്മരിക്കപ്പെടുന്നത്.

**നവനീ**-വെണ്ണ.

**നവനീതം**-ന. പുതിയ വെണ്ണ, വെണ്ണനെയ്യ്, പുതുതായി കടഞ്ഞെടുത്തതും ഉരുക്കാത്തതുമായ നെയ്യ്. പുതുതായി എടുക്കപ്പെടുന്നതെന്നൎത്ഥം.

**നവപാഠകൻ**-പുതിയ അദ്ധ്യാപകൻ.

**നവഫലിക**-കല്യാണപ്പെണ്ണ്.

**നവം**-ന. നൂതനം, പുതിയത്. ൨. ചെമന്നതഴുതാമ.

**നവംനവം**-അ. പുത്തൻപുത്തനായി.

**നവമ**-വി. ഒൻപതാമത്തെ.

**നവമല്ലിക, നവമാലിക**-ന. ചെറപിച്ചകം. സ്തുതിക്കപ്പെടുവാൻ തക്ക മാലയുണ്ടാകുന്നതെന്നൎത്ഥം. ഇതു കുശിമുല്ലയാണെന്നും അഭിപ്രായം കാണുന്നു. ൨. കാമദേവന്റെ ബാണങ്ങളിലൊന്ന്.

**നവമാലിക**- ന. ഒരു വൃത്തത്തിന്റെ പേർ. ൨. നവമല്ലിക.

**നവമാലിനീ**-കുശിമുല്ല.

**നവമി**-ഒൻപതാംതിഥി.

**നവയോഗികൾ**-ഒരുതരം താപസന്മാർ.

നവയോഗികൾ-കവി, ഹരി, അന്തരിക്ഷൻ, പ്രബുദ്ധൻ, പിപ്പലായനൻ, ആവിർഹോത്രൻ, ദ്രമിഡൻ, ചമസൻ, കരഭാജനൻ ഇവരാണെന്നും, ഇവർ മിഥിലാരാജ്യാധിപനായ നിമിരാജാവിനു ഭാഗവതധൎമ്മങ്ങളെ പററി ഉപദേശിച്ചിട്ടുണ്ടെന്നും ഭാഗവതം ഏകാദശസ്കന്ധത്തിൽ കാണുന്നു

**നവയൌവ്വനം** — യൌവ്വനകാലത്തിന്റെ ആദി.

**നവയൌവ്വനാ**- യൌവ്വനം തുടങ്ങിയ സ്ത്രീ.

**നവര**-ഒരുമാതിരി നെല്ല്.

നവര മുതലായ നെല്ല് = ആശു, വ്രീഹി, പാടലം.

**നവരക്കിഴി**-വാതചികിത്സയ്ക്കു വേണ്ടുന്ന ഒരുമാതിരി ചോററുകിഴി.

**നവരംഗം**-അനേകം. ൨-ാം, നവരംഗസഭാം.

**നവരത്നങ്ങൾ**-ന. പവിഴം മുതലായ ഒൻപതുതരം കല്ലുകൾ.

'മുക്താമാണിക്യവൈഡൂൎയ്യ
ഗോമേദംവജ്രവിദ്രുമമ്
പത്മരാഗോമരതകം
നീലശ്ചേതിയഥാക്രമം'

മുത്ത്, മാണിക്യം, വൈഡൂൎയ്യം, ഗോമേദകം, വജ്രം, പവിഴം, പത്മരാഗം, മരതകം, നീലം.

൨. വിക്രമാദിത്യസദസ്സിലെ നവരത്നങ്ങൾ.

'ധന്വന്തരിക്ഷപണകാമരസിംഹശങ്കു
വേതാളഭട്ടഘടകൎപ്പരകാളിദാസാഃ [ഖ്യാ
ഖ്യാതോവരാഹമിഹിരോനൃപതേസ്സഭായാം
രത്നാനിവൈവരരുചിൎന്നവവിക്രമസ്യ'

ധന്വന്തരി ക്ഷപണകൻ, അമരസിംഹൻ, ശങ്കു, വേതാളഭട്ടൻ, ഘടകൎപ്പരൻ, കാളിദാസൻ, വരാഹമിഹിരൻ, വരരുചി ഇവർ വിക്രമാദിത്യസഭയിലെ ഒൻപതു ഗ്രന്ഥകൎത്താക്കന്മാരാകുന്നു.

നവരത്നങ്ങളും, സ്ഫടികം, പല്ലവരാഗം, ചന്ദ്രകാന്തം ഇവയും കൂടിയതാത്രേ ചതുൎദ്ദശരത്നങ്ങൾ

**നവരനെല്ല്**-ഒരുവക നെല്ല്.

വാതം, പിത്തം, ജ്വരം, കഫം ഇവയ്ക്കു നന്ന്. രുചിയെ ഉണ്ടാക്കും. മലം പിടിക്കും. ചെന്നെല്ലിൻെറ ഗുണങ്ങൾ കൂടെയുണ്ടെന്നും അഭിപ്രായമുണ്ട്. ഈ പറഞ്ഞതു വെളുത്തതിൻെറ ഗുണമാണ്. കറുത്തനിറത്തിലുമുണ്ട്. അതിന്റെ ഗുണം അതുതന്നെ. പക്ഷേ കാച്ചു കുറയും. സം-ഷഷ്ടികം.

**നവരസം**-൧. ശൃംഗാരാദിരസങ്ങൾ ഒൻപതും.

ശൃംഗാരം, ഹാസ്യം, കരുണം, രൌദ്രം, വീരം, ഭയാനകം, ബീഭത്സം, അത്ഭുതം, ശാന്തം ഇവ ഒൻപതും.

('വാത്സല്യം' എന്നു ഒന്നുകൂടിയുണ്ടെന്നു പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു.)

നവരസങ്ങളുടെ സ്ഥായീഭാവങ്ങളും യോജിക്കുന്ന രാഗങ്ങളും.

| രസങ്ങൾ. | സ്ഥായീഭാവങ്ങൾ. | ചേർന്ന രാഗങ്ങൾ. |
|---|---|---|
| ൧. ശൃംഗാരം | രതി | തോടി, കാംമോദരി[൨] മുതലായവ |
| ൨. കരുണം | ശോകം | ആനന്ദഭൈരവിയും മററും |
| ൩. ഹാസ്യം | ഹാസം | പന്തുവരാളിയും മററും |
| ൪. ഭയാനകം | ഭയം | നാഥനാമക്രിയയും മററും. |
| ൫. ബീഭത്സം | ജുഗുപ്സാ (അറപ്പ്) | അഠാണയും മററും |
| ൬. രൌദ്രം | ക്രോധം | ആഹരിയും മററും |
| ൭. വീരം | ഉത്സാഹം | ഭൈരവിയും മററും |
| ൮. അത്ഭുതം | വിസ്മയം | നവരസവും മററും |
| ൯. ശാന്തം | ശമം (നിരഹങ്കാരത്വം) | മോഹനവും മററും |

൨ ഒരു രാഗം.

**നവരാത്രം, നവരാത്രി**- ആശ്വയുജ (കന്നി) മാസത്തിൽ ശുക്ലപ്രതിപദം മുതൽ ഒൻപതുദിവസം.

**നവരി**-മന്ത്രി. (പ-മ.)

**നവലക്ഷ്മി**-പുതിയ ഐശ്വര്യം, സമ്പത്ത്.

**നവവല്ലഭം**-എണ്ണയകിൽ.

**നവവ്യാകരണജ്ഞന്മാർ** - ഒൻപതു വ്യാകരണം പഠിച്ചിട്ടുള്ളവർ. ആദിത്യൻ, ഹനുമാൻ, വ്യാസൻ ഈ മൂന്നുപേരും.

**നവവ്യൂഹൻ**-വിഷ്ണു.

**നവശായകർ**-ഒൻപതു അധമജാതികൾ.

'ഗോപോമാലീതഥാതൈലീ
തന്ത്രീമോദകവാരുജീ
കലാലഃ കർമ്മകാരശ്ച
നാപിതോനവശായകാഃ'

**നവസാരം**- വാർപ്പുപണിക്കാർക്കും മററും വേണ്ടുന്ന ഒരുവക ക്ഷാരം, നവക്ഷാരം

**നവസൂതികാ**-൧. കടിഞ്ഞൂൽ പ്രസവിച്ചവൾ. ൨. പ്രസവിച്ചിട്ട് ഏറെനാൾ കഴിയാത്ത പശു. പുതുതായി പെററവൾ എന്നർത്ഥം.

**നവാന്നം**-൧. പുത്തരി. ൨. പുതിയ ഭക്ഷണവസ്തു. ൩. ചോറൂണടിയന്തരം.

**നവാബ്** - മഹമ്മദീയരാജാക്കന്മാരുടെ സ്ഥാനപ്പേർ. ഉ-ം, ആർക്കാട്ടിലെ നവാബ്.

**നവാംഗി**-സ്ത്രീ.

**നവാംബരം**- കോടിവസ്ത്രം. നെയ്ത്തുതറിയിൽ നിന്നു അടുത്തകാലത്തെടുത്തതും മുറിക്കാത്തതും അലക്കാത്തതുമായ വസ്ത്രം. പുതിയ വസ്ത്രം എന്നർത്ഥം.

**നവാംശകം**-(ജ്യോതിഷത്തിൽ) ഒരു രാശിയെ ഒൻപതായി ഭാഗിച്ചതു്.

**നവാലി**-൧. ക്ഷൌരക്കത്തി. (നാവാലി എന്നും കാണുന്നു) ൨. മടക്കുകത്തി.

നവാശീതി-എൺപത്തിഒൻപതു്.

നവിപുലാ-ഒരു വൃത്തത്തിൻെറ പേർ.

നവീകരണം പുതുതാക്കുക.

നവീന-വി. പുതിയ.

നവോഢ-വിവാഹം കഴിഞ്ഞിട്ടു ഏറെ നാൾ കഴിയാത്തവൾ.

നവോദ്ധൃതം-വെണ്ണനെയ്, വെണ്ണ. (നവനീതം എന്നതു നോക്കുക.)

നവ്യ-വി. ൧. പുതിയ. ൨. ഇളയ.

നവ്യം-൧. സ്തുതി. ൨. പുതിയതു്, നൂതനം. ൩. ചെമന്ന തഴുതാമ.

നശിക്കുന്നു-ക്ഷയിക്കുന്നു. (സ. ക്രി. നശിപ്പിക്കുന്നു.)

നശിപ്പു്-നാശം, ക്ഷയം.

നശീകരണം-നാശകരം, നശിപ്പിക്കുന്നതു്.

നശീകരം-നശിപ്പാൻ കാരണമായതു്, നശീകരണം.

നശീകരിക്കുന്നു-നാശം വരുത്തുന്നു.

നശീകൃതം-നശിപ്പിക്കപ്പെട്ടതു്.

നശുവല്-ചപ്പു്, ചവറു്. (പ-മ.)

നശ്യ-വി. നശിപ്പാൻതക്ക.

നശ്യൽ-വി. ക്രമേണ നശിക്കുന്ന.

നശ്വര-വി. നാശമുള്ള.

നശ്വരം-നശിച്ചുപോകുന്നതു്.

നഷ്ട-വി. ൧. മറഞ്ഞ. ൨. നശിച്ച.

നഷ്ടക്കാരൻ-൧. അഴിമതിക്കാരൻ, ധാരാളക്കാരൻ. ൨. ഭാഗ്യക്കുറിപറയുന്നവൻ, വരുംഫലം പറയുന്നവൻ.

നഷ്ടചതുഷ്ടയം-

'അസന്തുഷ്ടോദ്വിജോനഷ്ട
സ്സന്തുഷ്ടഃക്ഷത്രിയസ്തഥാ,
സലജ്ജാഗണികാനഷ്ടാ
നിർല്ലജ്ജാശ്ചകുലാംഗനാ'

അസന്തുഷ്ടനായ ദ്വിജനും സന്തുഷ്ടനായ ക്ഷത്രിയനും, ലജ്ജയുള്ള ഗണികയും ലജ്ജയില്ലാത്ത കുലാംഗനയും കീഴ്പോട്ടു പതിക്കും.

നഷ്ടചേഷ്ട-വി. ചേഷ്ടയില്ലാത്ത, മോഹാലസ്യമുള്ള.

നഷ്ടചേഷ്ടിത-മോഹാലസ്യം. ചേഷ്ടയില്ലാത്തവൻെറ ഭാവം എന്നൎത്ഥം. മൂൎഛകൊണ്ടു ഇളക്കമില്ലാതെയുള്ള കിടപ്പു്.

ഹൎഷശോകാദിഭേദങ്ങൾ അധികപ്പെടുക കൊണ്ടു ഹൃദയം പരവശമാകുമ്പോൾ ഉണ്ടാകുന്ന അവസ്ഥ.

നഷ്ടജാതകം-മതിയായ പഠിപ്പുള്ള ജ്യോത്സ്യനോടു ഒരാളുടെ ജാതകം എഴുതികിട്ടണമെന്നുമാത്രം പറഞ്ഞാൽ ജനനത്തിൻെറ തീയതിമുതലായ വിവരം ഒന്നും കൊടുത്തില്ലെങ്കിലും അയാളുടെ പഠിപ്പിൻെറ ഗുണംകൊണ്ടു ജനിച്ച ആണ്ടു മാസം തീയതി ആഴ്ച, പക്ഷം രാശി മുതലായതും ജനനം മുതൽ മരണം വരെയുള്ള അനുഭവസ്ഥിതികളും വിവരിച്ചെഴുതിയുണ്ടാക്കിയതു്.

നഷ്ടത-നാശം.

നഷ്ടദാരിദ്ര്യം-അധികമായ ദാരിദ്ര്യം.

നഷ്ടദൃഷ്ടി-പൊട്ടക്കണ്ണു്.

നഷ്ടൻ-൧. ഒളിച്ചവൻ. കാണാതെയായവൻ എന്നൎത്ഥം. ൨. നശിച്ചവൻ. ൩. ലക്ഷണംപറയുന്നവൻ, ജ്യോതിശ്ശാസ്ത്രക്കാരൻ.

നഷ്ടപ്രശ്നം-മറഞ്ഞിരിക്കുന്നതിനെ ലക്ഷണംനോക്കിപ്പറക.

നഷ്ടപ്രായ-വി. നശിച്ചതിനു തുല്യമായി.

നഷ്ടമാകുന്നു-നശിക്കുന്നു. (സ. ക്രി. നശിപ്പിക്കുന്നു).

നഷ്ടം-൧. ചേതം. ൨. നശിച്ചതു്, ചെലവായതു്.

നഷ്ടംതിരിച്ചിൽ, നട്ടംതിരിച്ചിൽ- നിവൃത്തിയില്ലാതെയുള്ള വലച്ചിൽ.

നഷ്ടശത്രു-ശത്രു നശിച്ചവൻ.

നഷ്ടസംഗ-വി. ലോകസംബന്ധമായുള്ള തൊക്കെയും ഉപേക്ഷിച്ച.

നഷ്ടാഗ്നി-ഏതൊരഗ്നിഹോത്രിയുടെ അഗ്നിയാണൊ പ്രമാദം ഹേതുവായിട്ടു നശിച്ചുപോയതു ആയാൾ. അഗ്നികർമ്മം ഉപേക്ഷിച്ച ബ്രാഹ്മണൻ എന്നും കാണുന്നു.

അഗ്നിഹോത്രിക്കും പത്നിക്കും കൂടെ ഒരു അവസരത്തിൽ ഔപാസനാഗ്നിയുള്ള ദേശംവിട്ടു പോകുന്നതിനു പാടില്ലെന്നുള്ള നിയമം ഇഴവിധം അഗ്നി നശിച്ചുപോയെങ്കിലോ എന്നുള്ള പേടികൊണ്ടായിരിക്കണം.

നഷ്ടാപ്തിസൂതം-കവച്ച്.

നഷ്ടാമുട്ടി, നട്ടാമുട്ടി-ഉഴഹിച്ചു ലക്ഷണം പറയുക.

നഷ്ടി-ഗ്ര. നഷ്ടം, നാശം. വ. ചേതം.

നസാ-മൂക്ക്, നാസാ എന്നതിന്റെ പാഠം

നസ്യം-ഗ്ര. മൂക്ക്. വ. മൂക്കിപ്പൊടി, തുമ്മുന്ന ഒരു മരുന്ന്.

നസ്തിതൻ-മൂക്കു തുളച്ചു കയറിട്ട കാള, നസ്യം (കടിഞ്ഞാൺ) ഇവനു ചെയ്യപ്പെട്ടതുകൊണ്ടു ഈ പേർ വന്നു.

നസ്യം-കണ്ണിലോ മൂക്കിലോ ചെയ്യുന്ന ഒരു ചികിത്സ.

നസ്യാ-മൂക്ക് നാസാ എന്നതിന്റെ പാഠം

നസ്യോതൻ-മൂക്കു തുളച്ചു കയറിട്ടകാള നാസ്യോതൻ എന്നുമാവാം കയറുകൊണ്ടു കോർക്കപ്പെട്ട മൂക്കുള്ളവൻ എന്നർത്ഥം. നസ്യം=നാസാഗ്രജ്ജു

നസ്രാണി-മലയാളത്തിലുള്ള സുറിയാനിക്കാരുടെ ഒരു പേർ.

നഹി-അ. ഇല്ല, അല്ല.

നഹുഷൻ-ആയുവിന്റെ (ആയുസ്സിന്റെ എന്നും പറയുന്നുണ്ട്) പുത്രനും യയാതിയുടെ പിതാവുമാകുന്നു.

ആയു പുരൂരവസ്സിന്റെ പുത്രനാണ്. ബ്രഹ്മഹത്യാഭയത്താൽ ഇന്ദ്രൻ അദൃശ്യനായപ്പോൾ നഹുഷനു ഇന്ദ്രപദം ലഭിച്ചു. ഇന്ദ്രാണീകാമുകനായിട്ടു ഇദ്ദേഹം അഗസ്ത്യാദി വാഹ്യമായ വാഹനത്തിൽ കയറിപ്പോയപ്പോൾ മന്ദഗാമിയായ അഗസ്ത്യനോടു 'സർപ്പസർപ്പ' എന്നു പറഞ്ഞു. അഗസ്ത്യൻ ശപിക്കയാൽ നഹുഷൻ സർപ്പമായിത്തീർന്നു. ഒടുവിൽ യുധിഷ്ഠിരനാണു നഹുഷനെ ശാപത്തിൽ നിന്നു മോചനം ചെയ്തതു്. ഭക്തി, ഔദാര്യം, വീര്യം മുതലായ ഗുണങ്ങളെക്കൊണ്ടു ത്രിലോകാധിപനായിരുന്നു.

നഹുഷം-ഗ്ര. തകരം. വ. പാമ്പ്.

നളകം-മുഴങ്കാലെല്ല്.

നളകൂബരൻ-വൈശ്രവണന്റെ മകൻ, നളന്റെ കൂബരംപോലെ കൂബരത്തോടു (രഥാവയവത്തോടു) കൂടിയവൻ എന്നർത്ഥം. ലക്ഷ്മിയാൽ ഇച്ഛിക്കപ്പെടുന്നവൻ എന്നുമാവാം. നളം (തൃണവിശേഷം) കൂബരം (നുകംകെട്ടുവാനായി തേരിന്മേൽ കെട്ടുന്നതു്) ആയിട്ടുള്ളവൻ, നളകൂ=ലക്ഷ്മി=സമ്പത്തു്. സമ്പത്തിനാൽ വരിക്കപ്പെടുന്നവൻ, ധനവാൻ ഇങ്ങിനെയും അർത്ഥം കാണുന്നു.

വൈശ്രവണനു 'നളൻ' എന്നും 'കൂബരൻ' എന്നും രണ്ടു പുത്രന്മാരുണ്ടെന്നു കാണുന്നു. 'പുത്രൌ തു നളകൂബരൌ' എന്നു ത്രികാണ്ഡശേഷം. വൈശ്രവണനു 'നളകൂബരൻ' എന്നും 'മണിഗ്രീവൻ' എന്നും രണ്ടു പുത്രന്മാരുണ്ടെന്നു ഭാഗവതത്തിലും കാണുന്നു—

'നളകൂബരമണിഗ്രീവാവിതിഖ്യാതൌ
ശ്രിയാന്വിതൌ'

**നളചരിതം**-നിഷധരാജാവായിരുന്ന നളന്റെ കഥ.

ഇതു ഭാരതത്തിൽ വനപർവ്വത്തിൽ നിന്നെടുത്തതാണു ഈ കഥ ചൂതിൽ തോററ കാട്ടിൽ താമസിക്കുന്ന പാണ്ഡവന്മാരെ ഓരോരോ കഥ പറഞ്ഞു പല മഹർഷിമാരും ആശ്വസിപ്പിപ്പാൻ ഉദ്യമിച്ചകൂട്ടത്തിൽ 'ബൃഹദശ്വൻ' എന്ന മുനി അവരെ കേൾപ്പിച്ചതാകുന്നു. അതായതു്-. 'പണ്ടു നിഷധരാജ്യത്തു വീരസേനന്റെ പുത്രനായിട്ടു നളൻ എന്നൊരു രാജാവുണ്ടായി. അക്കാലത്തു വിദർഭരാജാവായ ഭീമന്റെ മകളായ ദമയന്തി രൂപലാവണ്യംകൊണ്ടു ലോകപ്രസിദ്ധി നേടി. ദമയന്തീനളന്മാൎക്കു പരസ്പരഗുണശ്രവണം നിമിത്തം ബാല്യത്തിൽ തന്നെ പരോക്ഷമായ അനുരാഗം ഭവിച്ചു. അക്കാലത്തു ഒരിക്കൽ ഉദ്യാനത്തിൽ വെച്ചു നളൻ ഒരു ഹംസത്തെ പിടിക്കൂടി. അതിനെ അദ്ദേഹം കൊല്ലാതെ വിട്ടകയാൽ അന്നം ഒരു പ്രത്യുപകാരം ചെയ്യാമെന്നു രാജാവിനോടു പറഞ്ഞു. അതു ദമയന്തിയോടു ദൂതു പറയാമെന്നു കയ്യേററതായിരുന്നു അതിൻവണ്ണം അരയന്നം കുണ്ഡിനപുരിയിൽചെന്നു നളനെ പുകഴ്ത്തി. അവൾ മനസ്സുകൊണ്ടു നളനെ വരിച്ചിരിക്കുന്നു എന്ന വിവരം നളനോടു വന്നുപറഞ്ഞു. പിന്നീടു ഭീമരാജാവു് ദമയന്തിക്കു സ്വയംവരം നിശ്ചയിച്ചു രാജാക്കന്മാരെ ക്ഷണിപ്പാൻ ദൂതന്മാരെ അയച്ചു. ഈ അവസരത്തിൽ ഇന്ദ്രൻ, അഗ്നി, യമൻ, വരുണൻ ഇവരും സ്വയംവരത്തിന്നായി പുറപ്പെട്ടു. വഴിയിൽ വെച്ചു നളനെ കണ്ടെത്തി നളനെത്തന്നെ അവർ ദൂതനായി ദമയന്തിയുടെ സമീപത്തയച്ചു. അദ്ദേഹം ദമയന്തിയെ വിവരംധരിപ്പിച്ചു തന്റെ വരനായ നളൻ അന്യന്റെ ദൂതനായി വരികയാൽ ദമയന്തി വ്യസനിക്കയുണ്ടായി എന്നാൽ നളൻ സമാധാനപ്പെടുത്തി. ഒടുവിൽ ദമയന്തി 'എന്നാൽ ഇന്ദ്രാദികളും സ്വയംവരസമയത്തിൽ വരട്ടെ; അവരുടെ സമക്ഷം തന്നെ ഞാൻ അങ്ങയെ വരിച്ചുകൊള്ളാം' എന്നു തീൎച്ച പറഞ്ഞു. ഈ വിവരം നളൻ തിരിയെ വന്നു് ഇന്ദ്രാദികളെ ധരിപ്പിച്ചു. അനന്തരം സ്വയംവരമണ്ഡപത്തിൽ ദമയന്തി നളാകൃതിയിൽ അഞ്ചുപേരെ കണ്ടു വിഷമിച്ചു ദേവന്മാരെ മനസ്സിൽ ധ്യാനിച്ചു. അവരുടെ കൃപകൊണ്ടു നളനെ തിരിച്ചറിഞ്ഞു മാലയിട്ടു. ദേവന്മാർ പ്രസാദിച്ചു നളനു് ഓരോരുത്തരും ഈരണ്ടു വരംവീതം നൽകി മറഞ്ഞു. നളൻ ദമയന്തിയൊന്നിച്ചു സ്വരാജ്യത്തു പോയി സുഖമായി പാൎത്തു. അക്കാലത്തു് അവൎക്കു് ഇന്ദ്രസേനൻ എന്നൊരു പുത്രനും ഇന്ദ്രസേന എന്നൊരു പുത്രിയും ഉണ്ടായി.

ഇന്ദ്രാദികൾ സ്വയംവരംകഴിഞ്ഞു സ്വൎഗ്ഗത്തേക്കു മടങ്ങുമ്പോൾ വഴിക്കു ദ്വാപരനേയും കലിയേയും കണ്ടു വിവരം പറഞ്ഞു. അവർ വിവാഹത്തിനായി വരികയായിരുന്നു. അവൎക്കു ഇച്ഛാഭംഗമാണു് അപ്പോളുണ്ടായതു്. ധാൎമ്മികനായ നളനെ ദ്രോഹിക്കുന്നവൎക്കു അധഃപതനം ഉണ്ടാകുമെന്നും ദേവന്മാർ പറഞ്ഞു കലിയെ വിലക്കി. അതും അവർ വകവെച്ചില്ല. നളനെ ദമയന്തിയിൽ നിന്നു പിരിക്കണമെന്നു തീൎച്ചയാക്കി കലി കൂട്ടുകാരനൊന്നിച്ചു നിഷധപുരിക്കു പുറപ്പെട്ടു. 12 വൎഷം കാത്തിരുന്നു കലി നളനെ ബാധിച്ചു അനന്തരം അനുജനായ പുഷ്കരനുമായി നളൻ ചൂതുകളിച്ചു സൎവ്വവും പണയം കൊടുത്തു് ഒടുവിൽ ഭാൎയ്യയൊന്നിച്ചു വനാന്തരം പ്രാ

പിച്ചു. കുഞ്ഞുങ്ങളെ കുണ്ഡിനപുരത്തിലേക്കയയ്ക്കയുമുണ്ടായി. ഏകവസ്ത്രനായിട്ടാണ നളൻ രാജധാനിക്ക പുറത്തിറങ്ങിയതു. വനത്തിൽ ഒരേടെ തളൎച്ചനിമിത്തം ഉറങ്ങിയ അവസരത്തിൽ നളൻ ഉപേക്ഷിച്ചു കടന്നു ദമയന്തി ഉണൎന്നപ്പോൾ ഭൎത്താവിനെ കണ്ടില്ല വളരെ വ്യസനിച്ചു. ഒരു പെരുമ്പാമ്പു കാലിൽ പിടികൂടി. ഉടൻ നളനെ വിളിച്ചു കരഞ്ഞു. അതുകേട്ടു ഒരു കാട്ടാളൻ വന്നു പാമ്പിനെ കൊന്നു ദമയന്തിയെ രക്ഷിച്ചു. അവന്റെ ന്യായരഹിതമായ ആഗ്രഹം ഹേതുവായിട്ടു ദമയന്തി ശപിച്ചു ഭസ്മമാക്കി. പിന്നീടു ചില കച്ചവടക്കാരൊന്നിച്ചു ചേദിരാജ്യം പ്രാപിച്ചു രാജധാനിയിൽപാൎത്തു. അക്കാലത്തു കാട്ടിൽ വെച്ചു നളൻ ഒരു കാൎക്കോടകനെ അഗ്നിയിൽ നിന്നു രക്ഷിച്ചു. നളന്റെ ഗുണത്തിനായി കാൎക്കോടകൻ കടിച്ചു. ഉടൻ നളൻ വിരൂപനായി. കടിച്ചതു കലിബാധയൊഴിയുന്നതിനാണെന്നും രൂപം മാററിയതു തല്ക്കാലം ആരും അറിയാതെയിരിപ്പാനാണെന്നും നളനോടു കാൎക്കോടകൻ പറഞ്ഞു. കൊടുത്ത വസ്ത്രയുഗ്മത്തിൽ, തന്നെ സ്മരിച്ചുംകൊണ്ടു ഒന്നുടുത്താൽ സ്വന്തരൂപം വീണ്ടും പ്രാപിക്കുമെന്നുകൂടി നളനോടു പറകയുണ്ടായി. ബാഹുകനാമവാനായ സൂതൻ എന്നു പറഞ്ഞു ഋതുപൎണ്ണനെ സേവിച്ചാൽ അക്ഷഹൃദയ വിദ്യയറിയുന്നതിനും തന്നിമിത്തം ഭൂതാവേശം നീങ്ങി ദമയന്തീസംഗമം ലഭിപ്പാനും ഇടയാകുമെന്നുള്ള കാൎക്കോടകന്റെ ഉപദേശപ്രകാരം നളൻ ഋതുപൎണ്ണനെ പ്രാപിച്ചു അവിടെ താമസിച്ചു. പിന്നീടു രാജകല്പന നിമിത്തം സുദേവൻ എന്ന ബ്രാഹ്മണൻ വന്നു ദമയന്തിയെ ചേദിപുരിയിൽ നിന്നും സ്വരാജ്യത്തിലേക്കു കൂട്ടിക്കൊണ്ടുപോയി. നളനെതിരയുന്നതിനു ഉടനെ ബ്രാഹ്മണരെ കല്പിച്ചയച്ചു. പൎണ്ണാദൻ എന്ന ബ്രാഹ്മണൻ ഋതുപൎണ്ണനെ പ്രാപിച്ചു. ദമയന്തിയുടെ സ്വയംവരഭ്രമംകൊണ്ടു ഋതുപൎണ്ണൻ രഥം കയറി. തേർ തെളിച്ചതു ബാഹുകനായിരുന്നു. കുണ്ഡിനത്തിൽ ചെല്ലുന്നതു നളനും വളരെ സന്തോഷമായിരുന്നു. വഴിമദ്ധ്യേ അക്ഷഹൃദയവും ഋതുപൎണ്ണൻ നളനുപദേശിച്ചു. അസ്തമനത്തിനു മുമ്പു രഥം കുണ്ഡിനപുരിയിൽ എത്തി. രാജാവു ഋതുപൎണ്ണനെ സല്ക്കരിച്ചു. വിവാഹവട്ടങ്ങൾ ഒന്നും അവിടെ കാണാഞ്ഞു സൌഹാൎദ്ദംകൊണ്ടു സന്ദൎശിപ്പാൻ വന്നു എന്നു ഋതുപൎണ്ണൻ പറഞ്ഞു. അനന്തരം നളനെ ആളയച്ചു വരുത്തി ദമയന്തി വേണ്ട പരിശോധന ചെയ്തു. ബാഹുകൻ ആ വസ്ത്രം ഉടുത്തപ്പോൾ നളനായിരുന്നു. എല്ലാവൎക്കും ആളാം മനസ്സിലായി. ഋതുപൎണ്ണൻ നളനോടു മാപ്പുചോദിച്ചു. നളൻ ഋതുപൎണ്ണന്നു അശ്വഹൃദയം ഉപദേശിച്ചു അദ്ദേഹത്തിന്റെ പുരത്തിലേക്കയച്ചു. നളൻ പുഷ്കരനെ ചൂതിൽ തോല്പിച്ചു മാപ്പുകൊടുത്തു. അദ്ദേഹം സ്വപുരത്തെ പ്രാപിച്ചു ഭാൎയ്യയോടും കുഞ്ഞുങ്ങളോടും കൂടി പൂൎവ്വാധികപ്രൌഢിയോടെ സുഖമായി പാൎത്തു.

നളദവങ്കിലം രാമച്ചം, അരച്ചുതേച്ചിട്ടുള്ളതു്.

'കൊങ്കയിൽ നളദവങ്കിലം'

(അഭിജ്ഞാനശാകുന്തളം)

നളദ —ഫ രാമച്ചവേർ. ഗന്ധത്തെ ദാനം ചെയ്യുന്നതു എന്നൎത്ഥം. വ. ഒരു പൂന്തേൻ. ന. മാഞ്ചി. ർ ലാമജ്ജകം

നളൻ—ഫ ഒരു കീൎത്തിപ്പെട്ട രാജാവു്, നിഷധാധിപതി (നളചരിതം എന്നതു നോക്കുക). വ. വിശ്വകൎമ്മാവിന്റെ പുത്രനായ ഒരു വാനരൻ.

ളൂ നളൻ എന്ന വാനരനാണ നളസേതു-ലങ്കയിലേക്കുള്ള പാലം-പണിയിച്ചതു്. കല്ലുകളെ ജലത്തിൽ പൊങ്ങിക്കിടത്തുന്നതിനുള്ള ശക്തിയുണ്ടായിരുന്നു

നളപാകം-കറിവകകളും മററും പാകം ചെയ്തതു വളരെ നന്നായിരുന്നാൽ 'നളപാകമായി' എന്നും പറയും.

അന്യസംദേശ്യമില്ലാത്ത ചേച്ചയോടു കൂടിയതു് എന്നും അത്ഥം കാണുന്നു.

നളം-മ. വേഴൽപ്പുല്ലു്. വ. ആമ്പൽ. ന. മുഴങ്കാലെല്ലു്. ര. പത്മം.

നളമീനം-ചെമ്മീൻ. വേഴൽപ്പുല്ലിൽ കളിക്കുന്ന മത്സ്യം എന്നത്ഥം. വേഴൽപ്പുല്ലിനോടു തുല്യമായ മത്സ്യം എന്നുമാവാം.

നളി-അഹമ്മതി.

നളികഗുളിക-വലിയ തോക്കിലേ ഉണ്ട.

നളികം-വലിയതോക്കു്, തോക്കു്.

നളികരന്ധ്രങ്ങൾ-വലിയ തോക്ക വയ്ക്കുന്നതിനു കോട്ടയിൽ ഉണ്ടാക്കീട്ടുള്ള ദ്വാരങ്ങൾ.

നളികാ-മ. വെലിപ്പരുത്തി. വ. വേഴയ്പുല്ലു്.

നളിനബന്ധു-ആദിത്യൻ.

നളിനം-മ. താമരപ്പൂവ്. സുഗന്ധമുള്ളതു എന്നത്ഥം. വ. അമരി. ന. ജലം, ര. വണ്ടാരംകോഴി ഉ. പെരുംക്ലാവ്.

നളിനശരൻ-കാമദേവൻ.

നളിനാക്ഷ-വി. താമരപ്പൂപോലെ കണ്ണുള്ള.

നളിനാക്ഷൻ-വിഷ്ണു.

നളിനാക്ഷി-സുന്ദരി.

നളിനായുധൻ-കാമദേവൻ.

നളിനാസനൻ-ബ്രഹ്മാവു്.

നളിനീ-മ. താമരക്കൂട്ടം. വ. താമരപ്പൊയ്ക നാളങ്ങൾ (പത്മങ്ങൾ) ഉള്ളതു എന്നത്ഥം, നളിനങ്ങൾ ഉള്ളതു എന്നുമാവാം. ന. പവിഴക്കൊടി. ര. തെങ്ങു്.

നളിനീരുഹം-താമരവളയം.

നളിനോത്ഭവൻ-ബ്രഹ്മാവു്.

നളിർ-ജ്വരംകൊണ്ടുള്ള മയക്കം.

നളീ-മനയോല.

നളീ-മ. പവിഴക്കൊടി. ഗന്ധമുള്ളതു എന്നത്ഥം. വ. എട്ടുകാലി. ന. മനയോല.

നളോത്തമം-വലിയവേഴൽ.

നളോദയം-നളനു വീണ്ടും രാജ്യം ലഭിച്ചതിനെക്കുറിച്ചുള്ള ഒരു കാവ്യം.

നളോദയത്തിന്റെ കത്താവു കാളിദാസൻ എന്നു കാണുന്നു. ശാകുന്തളം മുതലായവ നിമ്മിച്ച വിശ്വവിശ്രുതനായ കാളിദാസൻ അല്ല.

നളോപാഖ്യാനം-നളന്റെ കഥ ഭാരതത്തിൽ ഒരുഭാഗം.

നറണ്ടു-മുറണ്ടു, വളച്ചയില്ലാതെയായി.

നറു-വി മ. സൌരഭ്യമുള്ള (പദാരംഭത്തിൽ ചേൻ വരുമ്പോൾ) വ. മായമില്ലാത്ത ഉ-ം, 'നറുനെയ്യ്'. ന. മാധുയ്യമുള്ള. ര ഭംഗിയുള്ള ഉ. പുതിയ.

നറുക്കു്-മ. വല്ലതും വെട്ടി എടുത്തതിന്റെ നറുക്ക് വ. എഴുതീട്ടുള്ള ചെറിയ ഓലയും മററും ന. കുമരത്തോലത്തുണ്ടു്. ര. ചീട്ടിട്ടുള്ള ചീട്ടു.

നറുങ്ങാണിത്തം-തണ്ടുതപ്പിത്തം, അഹമ്മതി.

നറുക്കില ചെറുതായി മുറിച്ച ഇല.

നറുങ്ങാണി-മ. തെറിപറക. വ. പുഴക്കടി.

നറുക്കുന്നു ചെറുതാക്കി നുറുക്കുന്നു, കത്തികൊണ്ടും മററും കണ്ടിക്കുന്നു.

നറുഞ്ചോര-കൂട്ടുകലരാത്ത ചോര, പുതുച്ചോര.

നറുഞ്ചൊണ്ണ-ഒരുമാതിരി ക്രുവ.

നറുഞ്ചെന്നെല്ല്-ഒരുവക നെല്ല്.

നറുഞ്ചെന്നെല്ലിനും സാമാന്യം ശാലിയുടെ ഗുണങ്ങൾ ഉണ്ട്. സംസ്കൃതത്തിൽ-സുഗന്ധികം.

നറുന്തൈലം-ചടാമാഞ്ചിയെണ്ണ.

നറുനീണ്ടി-ഒരു പച്ചമരുന്ന്, നന്നാറി. പര്യായങ്ങൾ-ഗോപീ, ശ്യാമം, ശാരിബാ, അനന്തം, ഉല്പലശാരിബാ.

(ആദ്യത്തെ മൂ-ം, വെളുത്തതിന്റെയും പിന്നത്തെ രണ്ടും കറുത്തതിന്റെയും പേരാണെന്നും കാണുന്നുണ്ട്.)

നറുനീണ്ടി കറുത്തതും വെളുത്തതും ഉണ്ട് കറുത്തതിന സൌരഭ്യം കൂടുതൽ കാണും. ചന്ദനത്തിന്റെ ഗന്ധം ഉണ്ട്. കറുത്തത് എന്നാൽ കറുത്ത പൂവുള്ളത് എന്ന താല്പര്യം. സം-ഉൽപലശാരിബാ. തമി-ഉത്തമാകാളി. ഇംഗ്ലീ-Indian Sarsaparilla ഇൻഡ്യൻ സാർസപാരിലം. വെളുത്ത നറുനീണ്ടി എന്നത് വെളുത്ത പൂവുള്ളതാകുന്നു. ഈ ദേശങ്ങളിലുള്ളത് മഞ്ഞപ്പൂവുള്ളതാണ്. സം-സാരിബാ. ത-നന്നാരി.

നറുനെല്ല്-ഒരുവക നെല്ല്.

ഇതിന നവരയോടടുത്ത ഗുണമുണ്ട്. സം-ഭദ്രം.

നറുനെയ്-പശുവിന്റെ തൈർ കലക്കി എടുക്കുന്ന നെയ്

നറുന്തെളി-അമൃതം, പീയൂഷം.

'നറുന്തെളിയൊത്തചൊല്ലാൾ'

(രാമചരിതം)

നറുന്തേൻ നല്ല ചെറുതേൻ.

നറുപീലി-ഭംഗിയുള്ള മയിൽത്തൂവൽ.

നറുമ്പശ-ഒരങ്ങാടിമരുന്ന്, പഞ്ചാമ്പഴുക്ക, മീറ. പര്യായങ്ങൾ-ബോലം, ഗന്ധരസം, പ്രാണം, പിണ്ഡം, ഗോപം, രസം.

നറുവരി എന്ന വൃക്ഷത്തിന്റെ കായിൽ നിന്നെടുക്കുന്നതായിരിക്കണം ഈ പശ. കഫം, പിത്തം, രക്തദോഷം, കുഷ്ഠം മുതലായവക്ക നന്ന്. മീറതന്നെ കുറുക്കിയെടുക്കുന്നതിന 'പഞ്ചാമ്പഴുക്ക' എന്ന പേർ. സം-പോളം. ത-രത്തപോളം.

നറുമ്പാണൽ-ഒരു കാട്ടുതൈ.

നറും-നല്ല.

നറുംപാണ്ടിനെല്ല്-ഒരുവക നെല്ല്.

ഇതിന നവരയോടടുത്ത ഗുണമുണ്ട്.

നറുമ്പാൽ-പശുവിന്റെ പാൽ.

നറുഞ്ചോര-കൂട്ടുകലരാത്ത ചോര.

നറുമ്പിച്ചകം-ചെറുപിച്ചകം.

നറുമഞ്ഞൾ-നല്ലകൂവ.

ഇതിന ചെറുകച്ചോലത്തിന്റെ ഗുണമുണ്ട്. വാതം, പിത്തം, ചുമ, ഛർദ്ദി മുതലായവക്ക നന്ന്. സം-ഗന്ധപത്രം.

നറുമലർ-വാസനയുള്ള പൂവ്.

നറുമാഞ്ചി-മാഞ്ചിയുടെ വകഭേദം.

കഫം, പിത്തം, രക്തദോഷം മുതലായവക്ക നന്ന്. മാഞ്ചിയെക്കാൾ ചെറുതാണ്. ഗന്ധം ഏറും. സംസ്കൃ-ഗന്ധമാംസീ. തമി-ചടാമാഞ്ചിൽ.

നറുമിണ്ണി-പൊട്ടി, നറുക്ക്. (പ-മ)

നറുവയമ്പ്-നല്ല ഗന്ധമുള്ള വയമ്പ്, കോലിഞ്ചി.

സ്വരത്തെ നന്നാക്കും. വാതം, കഫം, ചുമ, മുഖരോഗം ഇവയ്ക്കു നന്ന്.

നറുവരി-ഒരുമാതിരി ചെടി പര്യായങ്ങൾ-ശേലു, ശ്ലേഷ്മാതകം, ശീതം, ഉദ്ദാലം, ബഹുവാരകം.

ഈ വൃക്ഷത്തിന്റെ കായിൽനിന്നെടുക്കുന്നതായിരിക്കണം നറുമ്പശ. നറുവരിയുടെ തൊലി മുതലായവ കഫം, പിത്തം, രക്തദോഷം മുതലായവക്ക

നന്ന്. ഇതിന്റെ തൊലികൊണ്ടു മൈസൂർമുതലായ ദേശങ്ങളിൽ കയറുണ്ടാക്കുന്നു. തമി-നരപ്പുളി.

നരവിട്ടാണം-പൊടിയായ (ചെറുതായ) വസ്തു. (പ-മ.)

നറുണ-നൽത്തുണ. (പ-മ.)

---

## നാ

നാ-നരൻ, മനുഷ്യൻ.

നാ, നായ്-ഫ. പട്ടി. ഉ. കഴുനാ, കടൽനാ.

നാകദന്തി-ഫ. ഒരു പച്ചമരുന്ന്. ഉ. സ്വർഗ്ഗത്തിലുള്ള ആന. (ഐരാവതം.)

നാകനാഥൻ-ഇന്ദ്രൻ.

നാകനായകൻ-ഇന്ദ്രൻ.

നാകപ്പൂവ്-ഒരങ്ങാടിമരുന്ന് (നാകമരത്തിന്റെ പൂവ്).

നാകമരത്തിന്റെ പര്യായങ്ങൾ-ചാമ്പേയം, കേസരം, നാഗകേസരം, കാഞ്ചനാഹ്വയം. നാഗപ്പൂവ് പുന്നാഗവൃക്ഷത്തിന്റെ പുഷ്പമെന്നും നാഗചെമ്പകത്തിന്റെ പുഷ്പമെന്നും കരുവായുടെ പുഷ്പമെന്നും പല അഭിപ്രായങ്ങൾ കാണുന്നു. ഇതു കിട്ടാതെവന്നാൽ പകരം താമരയല്ലി ചേർക്കാം. ഇ ശ്ലി-Mesua Roxburghii മെസുവാറോക്സ്ബർഘീ

നാകം-ഫ. സ്വർഗ്ഗം. (ന=ഇല്ല: അകം=ദുഃഖം.)=ഉഷ്ണം, ശീതം, വിശപ്പ്, ക്ഷീണം ഈ ദുഃഖങ്ങൾ ഇല്ലാത്ത സ്ഥലം. കം=സുഖം. അകം=ദുഃഖം. ദുഃഖമില്ലാത്തേടം. കഃ ബ്രഹ്മാ. ബ്രഹ്മാവിനോടു ചേർപ്പെടാത്തതു്. ഉ. ആകാശം. നാകസ്ത്രിദിവംഖാരേ. ന. ഒരു ലോഹം.

നാകം എന്ന ലോഹം കഫം പിത്തം പ്രമേഹം വായുമുതൽ പാണ്ഡു ഇവയും നന്ന്. കണ്ണിനു അത്യുത്തമം. തകിട്ടു നാകമെന്നും കട്ടിനാകമെന്നും രണ്ടുവിധമുണ്ട്. മലയിൽ ഉണ്ടാകുന്നു. ശുദ്ധിയും മാരണവും ശരിയാകാതെ ഇരിക്കുന്ന നാകം അറിയാതെ ഭക്ഷിച്ചാലുണ്ടാകുന്ന വികാരത്തിങ്കൽ ഏഴുദിവസം പ്രഭാതത്തിൽ ത്രിഫലാചൂർണ്ണം സേവിക്ക.

നാകമണ്ണപ്പറവ-ഒരുവക പക്ഷി.

നാകലോകം-സ്വർഗ്ഗലോകം.

നാകവനിത-ദേവസ്ത്രീ, അപ്സരസ്ത്രീ.

നാകവാസി-വി. ഫ. നാകത്തിൽ വസിക്കുന്ന, സ്വർഗ്ഗത്തിൽ പാർക്കുന്ന. ഉ. ആകാശത്തു പാർക്കുന്ന.

നാകവാഹിനി-ഗംഗ.

നാകാപഗാ-ദേവഗംഗ.

നാകികൾ-ദേവകൾ.

'നാകികളോടുപൊരുതാനന്തരം'
(ഭാഗവതം)

നാകു-പുറ്റ്, പാമ്പിന്റെ ഇരിപ്പിടം. നേരെ വളരുന്നതെന്നർത്ഥം

'നിർമ്മിച്ചീടിനേനാശുനാകുകരാൽ'
(രാമായണം)

നാകുണം-ഒരു മരുന്ന്. പര്യായങ്ങൾ-ഹനു, ഹട്ടവിലാസിനി, ശുക്തി, ശംഖം, ഖുരം, കോലദളം, നഖം.

നാകുലി-ഫ. അരത്ത. കീരികൾക്കു പ്രിയം, ആകുലമായതിനെ കളയുന്നത് ഇങ്ങിനെ അർത്ഥം. ഉ. ചുവന്ന അമല്പൊരി. ന. കീരിവള്ളി.

നാക്രദരം-പുറ്റിന്റെ അന്തർഭാഗം.

നാകേശൻ, നാകേശ്വരൻ-ദേവേന്ദ്രൻ.

നാകൗകസ്സ്-ദേവൻ.

നാക്ക്-ഫ. നാവ്. ഉ. ത്രാസിന്റെ മേലത്തെ സൂചിയും മണിനാക്കും മററം.

നാക്കട്ടപ്പം-കരിനാക്ക്.

**നാക്കില**-തൂശനില. നാക്കില> <മുറി വില.

**നാക്കുപൊന്ത്**-ഞാഞ്ഞൂൽ.

**നാക്കുമീൻ**-ഒരുവക മത്സ്യം, കരിമീൻ.

**നാക്ഷത്ര**- വി. നക്ഷത്രങ്ങളെ സംബന്ധിച്ച.

**നാക്ഷത്രം**-ഇരുപത്തേഴു ദിവസമായിട്ടു പറഞ്ഞുവരുന്ന ഒരു മാസം.

**നാഗകന്ദം**-മാറാമ്പ്.

**നാഗകിഞ്ജല്കം**-നാഗപ്പൂവ്.

**നാഗകുമാരികാ**-സ്ത്രീ. നാഗകന്യ. 2. മഞ്ചട്ടി. 3. ചിററമൃത്.

**നാഗകേസരം**-നാഗപ്പൂമരം. സർപ്പത്തിന്റെ പര്യായങ്ങളെക്കൊണ്ടു പറയപ്പെടുന്ന കേസരം ഉള്ളതെന്നർത്ഥം. നാഗങ്ങൾക്ക (ഗജങ്ങൾക്ക്, സർപ്പങ്ങൾക്ക്) ഇഷ്ടമായ കേസരമുള്ളത് എന്നുമാവാം.

സർപ്പത്തിന്റെ പര്യായങ്ങളെല്ലാം നാഗപ്പൂവിന്റെയും പര്യായമാകുന്നു.

**നാഗഗന്ധാ**-ചിററരത്ത.

**നാഗഗർഭം**-സിന്ദൂരം.

**നാഗങ്ങൾ**-ഒരുവക സർപ്പപ്രധാനികൾ. മറെറാരു പര്യായം-കാദ്രവേയന്മാർ.

വാസുകി, തക്ഷകൻ, കാർക്കോടകൻ, ശംഖൻ, ഗുളികൻ, പത്മൻ, മഹാപത്മൻ, അനന്തൻ-ഇവരത്രെ അഷ്ടനാഗങ്ങൾ.

ഈ സർപ്പശ്രേഷ്ഠന്മാർ വാലും ഫണവുമുള്ളവരും ബാക്കി മനുഷ്യാകൃതികളും ദേവയോനികളും നിഗ്രഹാനുഗ്രഹശക്തിയുള്ളവരുമാകുന്നു. നഗത്തിങ്കൽ (ചന്ദനവൃക്ഷത്തിങ്കൽ-പർവതത്തിങ്കൽ) ഭവിച്ചവർ എന്നർത്ഥം. നാഗസ്ത്രീകൾ സുന്ദരികളായിരുന്നതിനാൽ മനുഷ്യർ അവരെ പരിഗ്രഹിക്ക പതിവുണ്ടായിരുന്നു. അർജ്ജുനന്റെ ഭാര്യയായ ഉലൂപി ഒരു നാഗസ്ത്രീയായിരുന്നു. നാഗങ്ങൾ പാതാളത്തിൽ വസിക്കുന്നതിനായി കദ്രുവിന കശ്യപനിലുണ്ടായവരാകുന്നു.

**നാഗചൂഡൻ**-ശിവൻ.

**നാഗച്ചെമ്പ്**-പൊന്നും ചെമ്പും കൂട്ടിയുരുക്കിയത്, തമ്പാക്ക്.

**നാഗജം**-ന. സിന്ദൂരം. 2. വെള്ളത്തീയം.

**നാഗജിഹ്വാ**-മനയോല.

**നാഗജിഹ്വികാ**-മനയോല. നാഗങ്ങളുടെ ജിഹ്വയെപ്പോലെയുള്ളതെന്നർത്ഥം.

**നാഗജീവനം**-വെള്ളത്തീയം.

**നാഗതാളി**-വിഷത്തിനുള്ള ഒരു മരുന്ന്.

നാഗതാളി-വിഷത്തെ നശിപ്പിക്കും. ചുരുങ്ങിയ മുലയെ തടിപ്പിക്കും. സം-സർപ്പിണി.

**നാഗത്താൻ**-സർപ്പത്താൻ, സർപ്പം.

'നാഗത്താന്മാർവലിയവടമൂലത്തിൽ'

(മയൂരസന്ദേശം)

**നാഗദന്തം, നാഗദന്തകം**-ന. (ആന) ദന്തം. 2. തടങ്ങുപലക, വല്ലതും തൂക്കുന്നവകയ്ക്കു ചുവരിൽ നിന്നു തള്ളിനില്ക്കുന്ന മരയാണി അല്ലെങ്കിൽ കുററി.

**നാഗദന്തി**-സ്ത്രീ. ഒരു മരുന്ന്, നാകദന്തി. പര്യായങ്ങൾ-മക്കുലകം, നികുംഭം, ദന്തികാ, പ്രത്യക്ശ്രേണി, ഉദുംബരപർണ്ണി

ഇതു കഫവാതരോഗങ്ങൾ, മൂലക്കുരു, മഹോദരം, വ്രണങ്ങൾ, വിഷം, ശൂലം, ഛർദ്ദി, ഗുല്മം, കൃമി, അശ്മരി, വയററിൽ വേദന, ആമദോഷം, ത്വക്‌ദോഷം, അഗ്നിമാന്ദ്യം ഇവക്കു നന്ന്. ശല്യവിശോധനത്തെ ചെയ്യും. അത്യധികം വിരേചനകർമ്മാണ്. പൂവ് വെളുത്തിരിക്കും. നാഗദന്തിതന്നെ ദന്തി (ചെറിയത്) എന്നും ദ്രവന്തി (വലിയത്) എന്നും രണ്ടുതരം ഉള്ളതിനാൽ ഭാഷയിൽ തിരിച്ചു പറയുന്നതു വളരെ നന്ന്. ദ്രവന്തി എന്നതു 'നീർവാളം' ആണെന്നും അഭിപ്രായമുണ്ട്.

൨. വലിയ കാട്ടുവെള്ളരി. ൩. വെലിപ്പരത്തി.

**നാഗദമനി**—൧. കാട്ടുപാവൽ. ൨. സർപ്പപ്പോള.

നാഗദമനി (സർപ്പപ്പോള)- ത്രിദോഷം, മൂത്രകൃച്ഛ്രം, വ്രണം മുതലായവക്കു നന്ന്. സർപ്പവിഷത്തിനു വിശേഷം. മൂത്രവിരേചനീയദ്രവ്യമാണ്. കിഴങ്ങുള്ള ചെറിയ ചോളയാകുന്നു. ഇല വളരെ കറുത്തിരിക്കും. വെളുത്ത പുള്ളി കാണും. പൂവ് ചെമന്നു വൃത്തമായിരിക്കും.

**നാഗദ്രു**—ചതുരക്കള്ളി.

**നാഗൻ**—പ്രാണവായുക്കളുടെ അവാന്തരഭേദങ്ങളിൽ ഒന്ന്. ഇതു വായു പുറപ്പെടുന്നേടത്തു സ്ഥിതിചെയ്യുന്നു.

**നാഗന്മാർ**—സർപ്പാരാധനം മുഖ്യമെന്നു വിചാരിച്ചുവന്ന ഒരുകൂട്ടം മലവാസികൾ.

പരശുരാമൻ ബ്രാഹ്മണരെ കേരളത്തിൽ കൊണ്ടുവന്നപ്പോൾ നാഗന്മാരെ പേടിച്ച് ഓടിപ്പോകുന്നതിനു ശ്രമിച്ചു. അനന്തരം പരശുരാമൻ രഞ്ജിപ്പിച്ചു നാഗന്മാർക്ക് ഏതാനും ഭൂമി കൊടുത്തു നാഗന്മാരുടെ പിൻഗാമികൾ 'കിരിയത്തുനായന്മാർ' 'ഇല്ലക്കാർ' ഇവരാകുന്നു

**നാഗനാമകം**—കാരീയം.

**നാഗനാമാ**—തുളസി.

**നാഗപടം**—൧. പാമ്പിന്റെ പത്തി. ൨. ഒരുമാതിരി ആഭരണം.

**നാഗപട്ടണം**—കിഴക്കേ സമുദ്രതീരത്തുള്ള ഒരു പട്ടണം.

**നാഗപത്നി**—തിരുതാളി.

**നാഗപതി**—ശേഷൻ.

**നാഗപാശം**—൧. വരുണന്റെ ഒരു ആയുധം. ൨. നാഗാസ്ത്രം.

**നാഗപുരം**—ഒരു നഗരം, ഹസ്തിനാപുരം.

**നാഗപുഷ്പം**—൧. ചായമിടുന്നതിനുള്ള ഒരു വൃക്ഷം. ൨. നാഗപ്പൂവ്. ൩. പുന്ന. ൪. ചമ്പകം.

**നാഗപ്പച്ച** – വിലയേറിയ ഒരുമാതിരി രത്നം.

**നാഗപ്പുററ്**—പാമ്പിരിക്കുന്ന പുററ്.

**നാഗപ്പൂവ്**—ഒരു അങ്ങാടിമരുന്ന്, നാഗമരത്തിന്റെ പൂവ്.

**നാഗപ്രതിഷ്ഠ**—സർപ്പത്തിന്റെ രൂപമുണ്ടാക്കിയിരുത്തുക.

**നാഗബന്ധം**—ശബ്ദാലങ്കാരങ്ങളിൽ ഒന്ന്

**നാഗബന്ധു**—അരയാൽ.

**നാഗബല**—ആനക്കുറുന്തോട്ടി. ആനക്കു ബലത്തെ കൊടുക്കുന്നതു് എന്നർത്ഥം.

**നാഗബലൻ**—ഭീമൻ.

**നാഗഭസ്മം**—നാഗം പുടംവച്ചുള്ള ഭസ്മം.

**നാഗഭൂഷണൻ**—ശിവൻ.

**നാഗം**—൧. പാമ്പ്. (നാഗം, നാഗത്താൻ, നാഗത്തി) ൨. ആന. ന+അഗ= പർവ്വതമല്ലാത്തതു്; അത്രയും വലിപ്പമുള്ളതു് എന്നർത്ഥം. നഗത്തിൽ (പർവ്വതത്തിൽ) ഉണ്ടായതു് എന്നുമാവാം. ൩. നാഗവൃക്ഷം. ൪. ഒരു ലോഹം, കാരീയം. ൫. വെള്ളത്തീയം. ൬. മുത്തങ്ങ. ൭. പുന്ന. ൮. സിന്ദൂരം. പർവ്വതത്തിൽ ഉണ്ടായതു് എന്നർത്ഥം. ൯. നാകപ്പൂവ്. ൧൦. വെററിലക്കൊടി. ൧൧. കറിയാട്ട്. ൧൨. വത്സനാഭം. ൧൩. ഏഴ് എന്ന അക്കം.

നാഗഃ എന്ന ശബ്ദം ഉത്തരപദത്തിൽ സ്ഥിതിചെയ്യുമ്പോൾ ശ്രേഷ്ഠാർത്ഥം വരും. ഉ-ം, മനുഷ്യനാഗഃ

**നാഗമാതാ**—൧. കദ്രു. ൨. മനയോല.

**നാഗമുത്തങ്ങ**—ഒരുവക മുത്തങ്ങ. പര്യായങ്ങൾ—ഭദ്രമുസ്തകം, ഗുന്ദ്രം.

**നാഗര**—വി. മിടുക്കുള്ള.

**നാഗരക്തം**—സിന്ദൂരം.

**നാഗരത്നം**-വിലയേറിയ ഒരു കല്ല്.

**നാഗരൻ**-പു. നഗരത്തിലുള്ളവൻ, പരിഷ്കൃതൻ. വ. ഭർത്താവിന്റെ അനുജൻ. ന. പ്രാസംഗികൻ.

**നാഗരം**-ന. ചുക്ക്. നഗരത്തിൽ ഭവിച്ചതു് എന്നർത്ഥം. വ. നാഗരമെഴുത്ത്. ന. പൊതമുത്തങ്ങ. ക. ഇഞ്ചി. ര. നാരകം, നാരങ്ങ. സ. ക്ഷീണം.

**നാഗരംഗം**-നാരകം. ആനക്കിഷ്ടമായിട്ടുള്ളതു്. നാഗം (സിന്ദൂരം) പോലെ രക്തവർണ്ണം. നാരംഗം എന്നും പറയും. 'നാഗരംഗേതുനാരംഗഃ' (വാചസ്പതി). മറെറാരുപൎയ്യായം-'ഐരാവതം'. ആനവണക്കി, ആനവളർ ഇങ്ങനെയും അർത്ഥം കാണുന്നു.

**നാഗരാജൻ**-ശേഷൻ. വ. ഒരു വലിയ ആന.

**നാഗരാഹ്വം**-ചുക്ക്.

**നാഗരിക**-വി. പു. നഗരത്തെ സംബന്ധിച്ച. വ. നഗരത്തിൽ പാൎക്കുന്ന.

'താനൊന്നാഗരികാംഗനാരസികനാ-
മെന്നുഭ്രമിപ്പിക്കുവാൻ'
(അഭിജ്ഞാനശാകുന്തളം)

**നാഗരി**-ചതുരക്കള്ളി.

**നാഗരികൻ**-പു. നഗരപ്രമാണി. വ. നഗരത്തിൽ പാൎക്കുന്നവൻ.

**നാഗരികം** - പു. ഒരു വൃത്തത്തിന്റെ പേർ. വ. മോടി. ന. വിവേകം. (ഗു-ന. നാഗരികത്വം, നാഗരീകത്വം)

**നാഗരമാർ**-പു. നഗരത്തിലുള്ള സ്ത്രീകൾ. വ. പരിഷ്കൃതകൾ.

**നാഗരു്**-പു. സൎപ്പാകൃതിയിൽ കല്ലുകൊണ്ടുണ്ടാക്കി വയ്ക്കുന്ന ബിംബം. വ. ചില ജാതി സ്ത്രീകൾ തലയിൽ ചൂടുന്ന ഒരു ആഭരണം. (പാമ്പുപോലെയിരിക്കും.)

**നാഗരുകം**-നാരകം.

**നാഗരേണു**-സിന്ദൂരം.

**നാഗലതാ**-വെററിലക്കൊടി.

**നാഗലോകം**- പാതാളം, സൎപ്പങ്ങളുടെ ലോകം എന്നർത്ഥം.

ഇവിടെ പാതാളം എന്നു പറഞ്ഞതു് ഭൂമിയുടെ ചുവട്ടിലുള്ള അതലം മുതലായ ഏഴു ലോകങ്ങളുടേയും ഉപലക്ഷണമാണെന്നറിക.

**നാഗവല്ലി**-വെററിലക്കൊടി. നാഗലോകത്തിൽ നിന്നു കൊണ്ടുവന്ന വള്ളി എന്നർത്ഥം.

ഐരാവതത്തിന്റെ ബന്ധനസ്തംഭത്തിലുണ്ടായിരുന്ന വള്ളിയാകയാലാണു് ഈ പേരുണ്ടായതെന്നു സ്കാന്ദപുരാണത്തിൽ പറഞ്ഞിരിക്കുന്നു.

**നാഗവാരികഃ**-പു. മയിൽ. വ. ഗരുഡൻ.

**നാഗവായി**-ഒരുവക മുള്ളു.

**നാഗശായി**-വിഷ്ണു.

**നാഗസംഭവം**- സിന്ദൂരം (ചിന്തൂരം). ഈയത്തിൽ നിന്നുണ്ടായതു് എന്നർത്ഥം.

**നാഗസംഭൂതം**-സിന്ദൂരം.

**നാഗസിന്ദൂരം**-നാഗപുടംചെയ്തുള്ള ഒരു ഭസ്മം.

**നാഗസുഗന്ധാ**-ചിററരത്ത.

**നാഗസ്വരം**-ഒരുമാതിരി ഊതുന്ന വാദ്യം

'നാഗസ്വരവിസ്മരാകാകളീകേകിരാജ!'
(മയൂരസന്ദേശം)

**നാഗാഖ്യം**-നാകപ്പൂവ്.

**നാഗാധിപൻ**-ശേഷൻ.

**നാഗാന്തകൻ**-ഗരുഡൻ. സൎപ്പങ്ങളുടെ ശത്രു എന്നർത്ഥം.

**നാഗാന്തകം**-പു. മയിൽ. വ. സിംഹം.

**നാഗാനന്ദം**-ശ്രീഹർഷദേവന്റെ നാടകത്രയത്തിൽ ഒന്നു്.

കരുണരസം പ്രധാനം. കഥാവസ്തു നിസൎഗ്ഗമധുരമാണ്. കഥാവസ്തുസംക്ഷേപം-ജീമൂതകേതു എന്ന വിദ്യാധരരാജാവ് രാജ്യഭാരം തന്റെ പുത്രനായ ജീമൂതവാഹനനെ ഏല്പിച്ചിട്ട് തപസ്സ ചെയ്വാൻ മലയപൎവ്വതത്തെ പ്രാപിച്ചു. പുത്രൻ ആ ഭാരം മന്ത്രിപുംഗവന്മാരെ ഏല്പിച്ച് അച്ഛന്റെ പിറകെ തിരിച്ചു. ഇതിന്നു കാരണം പിതൃശുശ്രൂഷാതൽപരതയാകുന്നു. പിതൃശുശ്രൂഷ ചെയ്തു വനത്തിൽ പാൎക്കുന്ന കാലത്തു യദൃച്ഛയാ ഒരിക്കൽ മലയവതിയെ കണ്ടു. അവളുടെ സൌന്ദൎയ്യം ഹേതുവായിട്ടു മോഹപരവശനായിത്തീൎന്ന ജീമൂതവാഹനൻ അവളെ വിവാഹം കഴിച്ചു. തന്റെ പത്നിയുടെ സഹോദരനായ മിത്രാവസു ഒന്നിച്ചു ഒരിക്കൽ അദ്ദേഹം മലയപൎവ്വതത്തിൽ നടക്കാനായി ഗമിച്ചു. അനന്തരം അവിടെ ഒരു വലുതായ അസ്ഥിക്കൂട്ടം കാണുകയും ആയതു ഗരുഡന്റെ ക്രൂരകൎമ്മഫലമാണെന്നു ഗ്രഹിക്കയും ചെയ്തു. ഇതു അദ്ദേഹത്തിന്നു വളരെ വ്യസനത്തെയും കരുണയെയും ജനിപ്പിച്ചു. അവിടെ തനിച്ചു നടക്കവെ ഒരു സൎപ്പത്തെ കാണ്മാനിടയായി. ഇതു ഗരുഡനു ശരീരത്തെ ഭക്ഷണാൎത്ഥം കൊടുപ്പാൻ വന്നതായിരുന്നു. തന്നത്താൻ ഗരുഡന്നു ആഹാരമായിത്തീരാൻ അദ്ദേഹം ഗരുഡന്റെ വരവിനെ കാത്തു ഇരിപ്പായി. പതിവനുസരിച്ചു ഗരുഡൻ വന്നു തിന്നുതുടങ്ങി. അല്പം കഴിഞ്ഞപ്പോൾ ഗരുഡൻ വസ്തുവം മനസ്സിലാക്കി പശ്ചാത്തപിച്ചു. പിന്നെ ദേവലോകത്തുചെന്നു അമൃതു കൊണ്ടുവന്നു ജീമൂതവാഹനനെയും മററു സൎപ്പങ്ങളെയും ജീവിപ്പിച്ചു. അനന്തരം ഇനിമേൽ സൎപ്പഹിംസ ചെയ്കയില്ലെന്നു ഗരുഡൻ സത്യംചെയ്തു. ഇതുനിമിത്തം കീൎത്തിമാനായ ചക്രവൎത്തി രാജ്യത്തുചെന്നു സുഖമായി വളരെക്കാലം താമസിച്ചു. നാഗങ്ങൾക്കു ആനന്ദം നല്കുകയാൽ നാഗാനന്ദം എന്ന പേരുണ്ടായി.

നാഗാംഗം-ഹസ്തിനാപുരം.

നാഗാഭരണൻ-ശിവൻ.

നാഗാരാതി-൧. മയിൽ. ൨. സിംഹം. ൩. കാട്ടുപാവൽ. ൪. ഗരുഡൻ.

നാഗാരി-൧. ഗരുഡൻ. ൨. കീരിയും മയിലും മററും. ൩. കാട്ടുപാവൽ.

നാഗാശനൻ-ഗരുഡൻ.

നാഗേന്ദ്രൻ-൧. ഐരാവതം, ൨. ശേഷൻ.

നാഗേശൻ-൧. ശേഷൻ. ൨. പരിഭാഷേന്ദുശേഖരം മുതലായ പുസ്തകങ്ങളുടെ കൎത്താവ്. ൩. പതഞ്ജലി.

നാഗിനി-കാമശാസ്ത്രത്തിൽ പറയുന്ന ലക്ഷണത്തിൽ ഒരു ലക്ഷണമുള്ള സ്ത്രീ.

നാഗ്ഗന്നം-ഒരു ഗന്ധദ്രവ്യം.

വാതം, കഫം, രക്തദോഷം മുതലായതിന്നു നന്ന്. പുകയ്ക്കുന്നതിന്നും അരച്ചു പൂശുന്നതിന്നും കൊള്ളാം. ആകൃതി ചന്തയിലപോലെയിരിക്കും. ഇതു ഉള്ളിൽ കൊടുക്കരുതു്. ഇതു കിട്ടാഞ്ഞാൽ പകരം കരയാമ്പൂവു ചേൎക്കാം. തമി-ശംഖനഖമെൻകിറ ഗന്ധദ്രവ്യം.

നാങ്കു്-വി. നാലു്.

നാങ്കു-ഒരു മരം.

നാജർ-പരിശോധകൻ, കോടതിയിലെ ഒരു ഉദ്യോഗസ്ഥൻ.

നാഞ്ചരപ്പച്ച, നാഞ്ചരമൂച്ചം- ഒരു വിഷമുള്ള മരുന്നു്.

നാഞ്ചി-നാഞ്ചിക്കുറവൻ.

നാഞ്ചിനാട്-നാഞ്ഞനാട്ടുദേശം. തോവാള, അഗസ്തീശ്വരം ഈ രണ്ടു താലൂക്കുകൾക്കും കൂടിയുള്ള പേർ.

**നാഞ്ചിൽ**-ഒരുവക മത്സ്യം.

**നാഞ്ഞൂൽ**-൧. ഞാഞ്ഞൂൽ. ൨. നായുണ്ണി.

**നാട്ട്**-രാജ്യം, ദിക്ക്.

**നാട**-കച്ച, ആട്ടക്കാരുടെ തലയിൽ കെട്ടുന്ന ഒരു സാധനം.

**നാടക**-വി. നടിക്കുന്ന, നൃത്തംചെയ്യുന്ന.

**നാടകത്രയം** - അഭിജ്ഞാനശാകുന്തളം, വിക്രമോർവശീയം, മാളവികാഗ്നിമിത്രം. (ഇവ ൩-ം-കാളിദാസകൃതികളാണ്.)

**നാടകമാടുന്നു**-നൃത്തംചെയ്യുന്നു.

**നാടകൻ**-ആട്ടക്കാരൻ.

**നാടകം**-ശാകുന്തളം മുതലായ കവിതകൾ, രൂപകങ്ങൾ പത്തുള്ളതിൽ ഒന്ന്. (ദശരൂപകങ്ങൾ കൂടി നോക്കുക.)

നാടകം-ദൃശ്യകാവ്യങ്ങളിൽ നാട്യം, നൃത്യം, നൃത്തം ഇങ്ങനെ മൂന്നുവിധമുണ്ട്. അവയിൽ ആദ്യത്തേതിൽ ഉൾപ്പെട്ടതാണ് നാടകം. ഇതു പത്തുവിധം രൂപകങ്ങളിൽ ചേർന്നതാകുന്നു. നാടകത്തിൽ ൫ മുതൽ ൰ വരെ അങ്കങ്ങൾ ഉണ്ടാകാം. അങ്കങ്ങൾ പരസ്പരം കൂട്ടിച്ചേർക്കുന്നതിനു വിഷ്കംഭം, പ്രവേശകം, ചൂളിക, അങ്കാസ്യം, അങ്കാവതാരം എന്നിപ്രകാരം അഞ്ചു അർത്ഥോപക്ഷേപകങ്ങളും കല്പിക്കപ്പെട്ടിട്ടുണ്ട്. കഴിഞ്ഞതും വരാൻപോകുന്നതുമായ കഥാംശങ്ങളെ വിവരിച്ചു പൂർവാങ്കത്തോടു ഉത്തരാങ്കത്തെ സംയോജിപ്പിക്കുന്നവയത്രേ അർത്ഥോപക്ഷേപകങ്ങൾ. കഥ പ്രസിദ്ധിയുള്ളതായിരിക്കണം. മുഖം, പ്രതിമുഖം മുതലായ പഞ്ചസന്ധികളും വിലാസം മുതലായ നായകഗുണങ്ങളും അന്വസ്യൂതങ്ങളായിരിക്കണം. നിർവഹണസന്ധിയിൽ അത്ഭുതരസം കൂടിയേ കഴിയൂ. കുലീനനും പ്രതാപിയും ധീരോദാത്തനുമായ രാജർഷിയോ മററു നായകനായിരിക്കണം. നായകൻ ശ്രീകൃഷ്ണനെപ്പോലെ ദിവ്യനോ ദുഷ്ഷന്തനെപ്പോലെ അദിവ്യനോ ശ്രീരാമനെപ്പോലെ ദിവ്യാദിവ്യനോ ആയ മൂന്നിനങ്ങളിൽ ഒന്നിൽ പെട്ടിരിക്കണം. രസങ്ങളിൽ ശൃംഗാരമോ വീരമോ പ്രധാനമായിരിക്കണം. ഉദാഹരണം-ശാകുന്തളം. നാടകങ്ങൾക്കു പൊതുവെ 'രൂപകങ്ങൾ' എന്ന പേർ പറയാവുന്നതാണ്. നാടകം പ്രൌഢന്മാർക്കു ആലോചിച്ചു രസിക്കത്തക്കതായ ഒരു മിശ്രകൃതിയാകുന്നു. പദ്യങ്ങൾ ചുരുങ്ങിയിരിക്കണം. ദൂരാഹ്വാനം, വധം, യുദ്ധം, വിപ്ലവം, വിവാഹം, ഭോജനം, ശാപം, മൃത്യു, സുരതം മുതലായ ലജ്ജാവഹകൃത്യങ്ങളൊന്നും രംഗത്തു പാടില്ല.

### നാടകലക്ഷണം.

'ശൃംഗാരവീരയോരേക
പ്രധാനം യത്ര വർണ്യതേ,
പ്രഖ്യാതനായകോപേതം
നാടകം തദുദാഹൃതം'

### നാടകപൂർവാംഗങ്ങൾ ൫ വിധം.

൧. വിഷ്കംഭം. ൨. പ്രവേശകം. ൩. ചൂളിക. ൪ അങ്കാസ്യം (അങ്കത്തിലെ അവസാനപാത്രങ്ങളെക്കൊണ്ടു തന്നെ വരുന്ന അങ്കത്തിലെ കഥ സൂചിപ്പിക്കുന്നത്). ൫. അങ്കാവതാരം. (അർത്ഥവിവരണം ചെയ്തിട്ടില്ലാത്ത പദത്തിനു ആയതു നോക്കിക്കൊള്ളുക.)

### നാട്യോക്തികൾ ൫ വിധം.

ആത്മഗതം, പ്രകാശം, ജനാന്തികം (സ്വകാര്യം പറയുക), അപവാര്യ (പ്രത്യേകിച്ച് അഭിപ്രായം പറയുക), ആകാശഭാഷിതം.

### നാടകത്തിലെ അഞ്ചു സന്ധികൾ.

മുഖം, പ്രതിമുഖം, ഗർഭം, വിമർശം, നിർവഹണം.

'നാനാൎത്ഥരസമാൎന്നുള്ള
ബീജോല്പത്തിയതാംമുഖം
കാണിച്ചുംകാട്ടിടാതെയും
ബീജത്തെവെളിവാക്കുകിൽ
രണ്ടാമതായ് പ്രതിമുഖ
മെന്നോതുംസന്ധിയായിടും
ബീജത്തിന്റെസമുദ്ഭേദം
ലാഭവുംപിന്നെനഷ്ടവും
പിന്നീടുമന്വേഷണവും
ചൊല്ലുംഗൎഭാഖ്യസന്ധിയിൽ
ബീജാദിയിൽകോപദുഃഖ
പ്രലോഭനമിവററിനാൽ
ഗൎഭനിൎഭിന്നമാംസന്ധി
നാലാമതുവിമൎശമാം
ബീജത്തോടൊത്തങ്ങുമിങ്ങും
ചൊന്നതാംനാലുസന്ധിയും
പൂൎണ്ണമായഫലംചേരും
സന്ധിനിൎവ്വഹണാഖ്യമാം'

### സന്ധിയുടെ അഞ്ചു് അവസ്ഥകൾ.

൧ ആരംഭം (മഹത്തായ ഫലപ്രാപ്തിക്കുള്ള ആശമാത്രം). ൨. യത്നം (തൽപ്രയത്നം). ൩ പ്രത്യാശ (പ്രയത്നിച്ചുകൊണ്ടിരിക്കവേ ഫലം വരുമോ എന്നുള്ള സന്ദേഹം) ൪ നിയതാപ്തി (വിഘ്നങ്ങൾ തീൎന്ന സന്ദേഹനിവൃത്തിയുണ്ടാകുന്നതു്) ൫ ഫലാഗമം (ഒടുക്കത്തെ ഉദ്ദിഷ്ടകാൎയ്യസിദ്ധി).

### അഞ്ചുവിധം അൎത്ഥപ്രകൃതികൾ.

ബീജം, ബിന്ദു, പതാക, പ്രകരി, കാൎയ്യം.

'ആദ്യത്തിലല്പമായാലും
പിന്നെനന്നായ്പരന്നിടും
കാവ്യപ്രധാനഹേതുവേ
മുദാഹിപ്പതുബീജമാം
കഥാഗതിക്കുമദ്ധ്യത്തിൽ
തടസ്സംനേരിടുംവിധം
അതുകൂട്ടിയിണക്കുന്ന
ബന്ധചാതുരിബിന്ദുവാം
പ്രസംഗാൽവന്നതായാലും
നീണ്ടുനിന്നൊടുവോളവും
പ്രകൃതത്തിന്നുതകീടും
കഥാഭാഗംപതാകയാം.
പ്രസ്തുതത്തിൽകാൎയ്യവശാ-
ലൊരിടത്തന്യവാൎത്തകൾ
പെട്ടെന്നുരയ്ക്കുണ്ടിവരും
ഭാഗംപ്രകരിയാംസ്മൃതം.
നായകോല്ക്കൎഷമാതുന്നം
ഉപസംഹൃതിസന്ധിയിൽ
ചൊല്ലുമുദ്ദിഷ്ടകാൎയ്യത്തിൽ
സിദ്ധിതാൻകാൎയ്യമായതു'.

### അങ്കലക്ഷണം.

ഇതിൽ കഥാനായകന്റെ ഒരു ദിവസത്തെ ചരിത്രത്തെ പ്രതിപാദിക്കണം. പ്രായേണ ജനത്തെ ആശ്രയിച്ചു വിദൂഷകൻ മുതലായി മൂന്നു നാലു പാത്രങ്ങൾ ഉണ്ടായിരിക്കണം. അങ്കത്തിൽ പ്രവേശിച്ചിട്ടുള്ള പാത്രങ്ങളുടെ നിഷ്ക്രമണത്തെ പറയണം.

(പ്രസ്താവന, നാന്ദി, സൂത്രധാരൻ, വിദൂഷകൻ മുതലായ നാടകസംബന്ധമായ പദങ്ങൾക്കുള്ള അൎത്ഥവിവരണത്തിനു അതാതു ശബ്ദങ്ങളെ നോക്കിക്കൊള്ളുക.)

നാടകശാല നാട്യപ്രയോഗസ്ഥലം.

നാടകശാലക്കാരി- ഒരുമാതിരി തേവിടിശ്ശി.

നാടകീയ-വി നാടകത്തെ സംബന്ധിച്ച

നാടൻ-നാട്ടുനടപ്പായിട്ടുള്ള, അതാതു നാട്ടിലുണ്ടായ.

നാടൻപുഴ-ചെറുവിൻപുഴ.

നാടൻമട്ട്-പഴയ സമ്പ്രദായത്തിലുള്ളത്

നാടം-പു. ആട്ടം, നടിക്കുക, അഭിനയിക്കുക. വ. കർണ്ണാടകദേശം.

നാടാൻ ചാന്നാന്മാരിലുള്ള ഒരു സ്ഥാനപ്പേർ.

നാടാല-ശ്രോതാക്കളുടെ മുറി (പുര).

നാടി-പു. ഒരുവക കാട്ടാളൻ, നായാടി. വ. നാഡി.

നാടിക-ഉപരൂപകങ്ങളിൽ ഒന്ന്.

നാടിക്കരണം-കഴിക്കാണത്തിലെ മൂലധനം.

നാടിപ്പറയുന്നു-കൈകാണിച്ചുപറയുന്നു, സംശയിച്ചുപറയുന്നു.

നാടിഘോമം-നാഭിക്കടുത്തുള്ള ഒരു മർമ്മം.

നാടുക-തേടുക, തുടരുക, വിചാരിക്കുക.

നാടുകാണി-മലയുടെ മുകളിലുള്ളതും സഞ്ചരിക്കാവുന്നതും താഴ്ന്നദേശം കാണാവുന്നതുമായ സ്ഥലം.

നാടുകിൽ-വിചാരിക്കുമ്പോൾ.

'ജ്ഞാനാത്മകാചവുമഴിയാവടിവായ്
നാടുകിലരിയചരാചരങ്ങൾ'
(ഭഗവൽഗീത-മാധവപ്പണിക്കർ)

നാടുനീങ്ങുന്നു-മരിക്കുന്നു. (രാജാക്കന്മാരുടേയും മററും കാര്യത്തിൽ ഉപയോഗിക്കേണ്ട ഒരു ആചാരവാക്ക്.)

നാടുവാഴി-പു. രാജാവ്. വ. ഇടപ്രഭു.

നാടുവാഴുന്നു-രാജ്യം ഭരിക്കുന്നു.

നാടുവാഴ്ച-രാജ്യഭാരണം.

നാടേയൻ, നാടേരൻ-നടിപുത്രൻ, ദേവദാസിയുടെ പുത്രൻ.

നാടോടി-വി. നാട്ടിൽ നടപ്പായുള്ള.

നാടോടിഭാഷ-അതാതു ദിക്കിലെ സംസാരം

നാടോടെ-അ. ദിക്കോടെ, രാജ്യത്തോടെ.

നാട്ട-പു. ഒരു രാഗം. വ. കുററി, കാൽ, തൂണ്.

നാട്ടകത്തിനില്ക്കുന്നു-കുഴിച്ചിട്ടുനില്ക്കുന്നു.

നാട്ടക്കല്ല്-ഓർമ്മയ്ക്കു നാട്ടീട്ടുള്ള കല്ല്.

നാട്ടക്കുറിഞ്ഞി-ഒരു രാഗം.

നാട്ടക്കോൽ-സസ്യങ്ങൾക്കു സഹായമായിട്ടു നാട്ടുന്ന തൂണ്, ഊന്ന്.

നാട്ടം-പു. അന്വേഷണം, വിചാരണ, പരിശോധന. വ. ആഗ്രഹം.

'നാട്ടമററന്തസ്ഫടികംപോലെ'
(കൈവല്യനവനീതം)

നാട്ടൽ-വല്ലതും കുഴിച്ചു നാട്ടിനിറുത്തുക.

നാട്ടാചാരം-നാട്ടിലെ നടപ്പ്, നാട്ടിലെ മര്യാദ.

നാട്ടാണ്മ-പ്രഭുത്വം.

നാട്ടാണ്മക്കാരൻ-പ്രഭു.

നാട്ടാന-പിടിച്ചിണക്കിയ ആന.

നാട്ടാനടുതല-ഭക്ഷണസാധനകൃഷി.

നാട്ടാർ-ലോകർ, ദിഗ്വാസികൾ, നാട്ടുകാർ

നാട്ടി-പു. നാട്ട. വ. വിത, നാട്ടിപ്പണി.

നാട്ടുകാരൻ-നാട്ടിലുള്ളവൻ.

നാട്ടുക്കൂട്ടം-ജനങ്ങളുടെ കൂട്ടം.

നാട്ടുനടപ്പ്-രാജ്യത്തെ മര്യാദ, ദേശമര്യാദ.

നാട്ടുന്നു-കുഴിച്ചു നിറുത്തുന്നു.

നാട്ടുപടവലം-ഒരു കൈപ്പുള്ള ഔഷധവള്ളി.

നാട്ടുപട്ടര്-അമ്പലവാസികളിൽ ഒരു ജാതി.

നാട്ടുപന്നി-പോക്ക്.

നാട്ടുപുറം, നാട്ടിന്പുറം-പു. നാട്ടിനുള്ളിലെ ദേശം. വ. ദേശത്തിനപ്പുറം, അന്യദിക്ക്.

നാട്ടുപോത്ത്-നാട്ടിലുള്ള കന്ന്.

നാട്ടുഭാഷ-അതാതു ദേശത്തെ ഭാഷ.

നാട്ടുമാവ്-സാമാന്യം മാവ്.

നാട്ടുമട്ടം-ഒരുമാതിരി കുതിര.

നാട്ടുവഴി-നിരത്തി ഉറപ്പിച്ച വഴി.

നാട്ടുവാലായ്മ, നാട്ടുബാലായ്മ–രാജാവുമരിച്ചാൽ പ്രജകളുടെ ഒരു ആചാരദുഃഖം.

നാട്ടുവെളിച്ചം–സൂൎയ്യപ്രകാശം ഇല്ലാത്തപ്പോൾ ഉള്ള മങ്ങിയ വെളിച്ചം (നക്ഷത്രത്തിന്റെ വെളിച്ചം).

നാട്യകൃതി–രൂപകങ്ങളുടെ അവാന്തരവിഭാഗങ്ങളിൽ ഒന്ന്.

രസംസ്വപ്രധാനവും അതാതു ഭാവരസത്തിനനുസരണങ്ങളുമായ അഭിനയം ഇടയ്ക്കിടയ്ക്കായും ഉള്ള നാടകം മുതലായ കൃതികൾ.

നാട്യക്കാരൻ–ചാക്യാരും ആട്ടക്കാരും മററും.

നാട്യപ്രിയ–വി. നാട്യത്തിൽ താല്പൎയ്യമുള്ള.

നാട്യം–നൃത്തം. നടന്റെ കൎമ്മം എന്നൎത്ഥം.

നാട്യം–ആട്ടം പാട്ട് കൊട്ട് ഇവമൂന്നുംകൂടി കൂടിയതു്. (കഥകളി, നാടകം മുതലായവയിൽ ചേരുവാനുള്ളതെല്ലാം ചേൎന്നുകളിക്കുന്ന കളി).

നാഡി–പ്ര. ഞരമ്പ്. ചിലപ്പോൾ നിലയിൽ നിന്നു തെററിപ്പോകുന്നതു് എന്നൎത്ഥം. നാഡികൾ ൭൨൦൦൦. വ. കഴൽ. ൨. നാഴിക. (ആരക്ഷണം കൂടിയ കാലം.) ഗമിക്കുന്നതു് എന്നൎത്ഥം. ദ. നാഡിവ്രണം. ൩. മീൻകണ്ണിക്കുരു. ൪. തണ്ട്, തൃണാദികളുടെ കാമ്പ്. ഗന്ധമുള്ളതു് എന്നൎത്ഥം. മററ പൎയ്യായങ്ങൾ–നാളം, കാണ്ഡം.

നാഡിക–നാഴിക.

വ്യാകരണപ്രകാരം 'ഡ' 'ശ' ഈ അക്ഷരങ്ങൾക്കു ക്രമമായി ഴ, ച, ഈ അക്ഷരങ്ങൾ ആദേശം വരും. ഉ–ം–നാഡികാ–നാഴിക. ഈശ്വരൻ–ഈച്ചരൻ.

നാഡികേരം–നാളികേരം.

നാഡിത്രയം–ഇഡ, പിംഗല, സുഷുമ്നാ.

നാഡിന്ധമൻ–തട്ടാൻ. മുളങ്കുഴലുകൊണ്ടു ഊതുന്നവൻ എന്നൎത്ഥം.

നാഡീപരീക്ഷ–രോഗികളുടെ നാഡി പിടിച്ചു നോക്കുക.

നാഡീശാകം–തണ്ടൻചീര.

നാഡീവ്രണം–പ്ര. എപ്പോഴും ചലം ഒലിച്ചുകൊണ്ടിരിക്കുന്ന ഒരു രോഗം. വ. ഭഗന്ദരം കറഞ്ഞുണ്ടാകുന്ന പുണ്ണു്.

നാഡിവ്രണം വാതംകൊണ്ടും പിത്തംകൊണ്ടും കഫംകൊണ്ടും സന്നിപാതംകൊണ്ടും ശല്യംകൊണ്ടും ഉണ്ടാകുന്നതാകയാൽ അഞ്ചുവിധം എന്നു പറയപ്പെടുന്നു.

നാഡീസൂത്രം–പ്ര. നാഴിക അറിവാനുള്ള യന്ത്രം. വ. ഞരമ്പ്.

നാണകം–നാണയം.

നാണക്കേട്–ലജ്ജയില്ലായ്മ.

നാണപ്പെടുത്തുക–പ്ര. കിക്കിളിയാക്കുക. വ. ലജ്ജിപ്പിക്ക.

നാണം–ലജ്ജ.

നാണംകുണുങ്ങി–സഭാകമ്പമുള്ളവൻ, ലജ്ജാശീലൻ.

നാണയം, നാണിയം–പ്ര. രൂപാ, പണം മുതലായതു്. വ. നടപ്പ്, സമ്മതം. ൩. ബഹുമാനം. ൪ പ്രസിദ്ധം. ൫. നേര്.

നാണിക്കുന്നു–ശങ്കിക്കുന്നു, ലജ്ജിക്കുന്നു. (സ ക്രി. നാണിപ്പിക്കുന്നു)

നാണിയക്കാരൻ–പരമാൎത്ഥി, വിശ്വസിക്കപ്പെടുവാൻ തക്കവൻ.

നാണിയക്കേട്–മൎയ്യാദയല്ലാത്ത പ്രവൃത്തി.

നാണിയമാകുന്നു–നടപ്പാകുന്നു, പ്രസിദ്ധമാകുന്നു. (സ. ക്രി. നാണയമാക്കുന്നു)

നാണീയസ്സ്-വി. വലുത്, ഒട്ടും ചെറുതല്ലാത്തത്.

ന + അണീയസ്സ് = അല്പമല്ലാത്ത, അണു = ചെറുത്. അണീയസ്സ് = വളരെ ചെറുത്. അണിഷ്ഠം = ഏററവും ചെറുത്. രണ്ടു വസ്തുക്കളെ ഒത്തുനോക്കുമ്പോൾ ഒന്നിനു മേന്മ പറയുന്നതിനായി പദത്തോടു 'ഈയസ്സ്' 'തര' ഈ പ്രത്യയങ്ങൾ ചേക്കും. അനേകവസ്തുക്കളെ ഒത്തുനോക്കി അവയിൽ ഒന്നിനു മേന്മകല്പിക്കുന്നതിനു 'ഇഷ്ഠം, തമ' എന്നീ പ്രത്യയങ്ങളെ ചേക്കും.

നാണു-ഒരു പേർ.

നാരായണൻ എന്നതു ചുരുങ്ങി 'നാണു' എന്നും നാരായണി എന്നതു് ചുരുങ്ങി 'നാണി' എന്നുമായി.

നാണുന്നു-ലജ്ജിക്കുന്നു, നാണിക്കുന്നു.

'നാണി അകത്തു പുക്കാൾ'
(രാമചരിതം)

നാണുവം-ഒരു പക്ഷി, നാരാണപ്പക്ഷി.

നാണ്യം-നാണയം, കള്ളനാണ്യം.

നാതിചിര-വി. അധികം നീളത്തിൽ അല്ലാത്ത.

നാതിദൂര-വി. അധികം ദൂരെ അല്ലാത്ത.

നാത്തൂൻ-ഭർത്താവിന്റെ ഉടപ്പിറന്നവൾ.

നാത്രൻ-പു. ശിവൻ. ൨. മുനി.

നാത്രാ-പു സ്തുതി. ൨. ആശ്ചര്യം.

നാഥ-സ്ത്രീ. രക്ഷിക്കുന്നവൾ ൨. ഭാര്യ.

നാഥൻ-പു. രക്ഷിക്കുന്നവൻ. ൨. ഭർത്താവ്. ൩. രാജാവ്.

നാഥരാമക്രി-ഒരു രാഗം.

നാഥവൽ-വി. നാഥനുള്ള, ആശ്രയിച്ചു പാക്കുന്ന (പു-നാഥവാൻ. സ്ത്രീ-നാഥവതി).

നാഥവാൻ-അന്യന്റെ ചൊല്പടിക്കു നടക്കുന്നവൻ. നാഥനുള്ളവൻ എന്നർത്ഥം.

നാദം-ശബ്ദം.

നാദേയ-വി. നദിയിലുണ്ടായ.

നാദേയം-ന. ഉപ്പ്. ൨. അഞ്ജനം. ൩. ആററുവഞ്ചി. ൪. വഞ്ചി. ൫. കരുവിക്കരിമ്പു. ൬ പുഴമുഞ്ഞ.

നാദേയീ-സ്ത്രീ. നീർവഞ്ചി. നദിയിലുണ്ടായതു് എന്നർത്ഥം. ൨. നിലഞാവൽ. ൩. മധുരനാരകം. ൪. പുഴമുഞ്ഞ, ഞഴുതാവൽ. ൫. ആററുഞാവൽ. ൬. (കൈപ്പുകറഞ്ഞ) പടവലം. ൭. ചെമ്പരുത്തി.

നാദലക്ഷ്യം-നാദം കൊണ്ടു ലക്ഷിക്കപ്പെടുന്നതു്. (ശബ്ദഗുണകമാകാശം എന്നു പ്രസിദ്ധം).

നാദവിദ്യാത്മകൻ-നാദബ്രഹ്മമെന്നും ശബ്ദബ്രഹ്മമെന്നും ഉള്ള രൂപത്തോടു കൂടിയവൻ.

നാനലം-നായിന്റെ നലം (നന്മ, ഗുണം).

നാനാ-അ. ൧. അനേകം. ൨. വേറെ. ൩. കൂടാതെ. ൪. ഇരട്ട.

നാനാധ്വനി-പലമാതിരി ശബ്ദം.

നാനാനം-അ. വെവ്വേറെ.

നാനാപ്രകാരം-വി. പലവിധത്തിലുള്ള.

നാനാരൂപ-വി. പല സ്വരൂപമുള്ള. ബഹുവിധമായ.

നാനാർത്ഥം-വി. ൧. പല അർത്ഥമുള്ള. ൨. അനേകം പ്രയോജനമുള്ള. ൩. അസംഖ്യം സമ്പത്തുള്ള. ൪ പല വസ്തുവുള്ള.

നാനാവർണ്ണ-വി. പല നിറമുള്ള.

നാനാവിധ-വി. ൧. പലവിധമുള്ള. ൨. ൨. ദുസ്സാമർത്ഥ്യമുള്ള ൩. വെടിപ്പില്ലാത്ത

നാനാവിധക്കാരൻ-പു. പലമാതിരിക്കാരൻ. ൨. ദുശ്ശീലക്കാരൻ.

നാനാഴി-ഒരിടങ്ങഴി.

നാനുഷ്ഠേയ-വി. ചെയ്യരുതാത്ത, മര്യാദയല്ലാത്ത.

**നാന്തല**-ദ്ര. നാക്കിന്റെ തുമ്പ് (മുന). ഉ. തയ്യാറുള്ള നാവ്.

**നാന്ദുക**-നനയുക.

'നാന്ദുകപ്പൊഴുതാറം'

(രാമചരിതം)

**നാന്ദകം**-വിഷ്ണുവിന്റെ വാൾ.

**നാന്ദി**-നാടകത്തിന്റെ ആരംഭത്തിലുള്ള പദ്യം, ആരംഭം. (നന്ദിപ്പിക്കുന്നതുനിമിത്തം ഈ പേർ വന്നു).

നാടകം ആരംഭിക്കുന്നതിനു രംഗവിഘ്നശമനത്തിന്നായി നടന്മാർ അണിയറയിൽവെച്ചു ചിലതൊക്കെ നടത്തുക പതിവുണ്ട്. നാടകത്തിനു പൂർവമായി പ്രയോഗിക്കാറുള്ള രംഗമാകയാൽ നാട്യശാസ്ത്രകാരകന്മാർ അതിനു 'പൂർവരംഗം' എന്നു അഭിധാനംചെയ്തിരിക്കുന്നു. ഈ പൂർവരംഗത്തിനു പ്രാത്യകംരംഭം മുതലായ പല അംശങ്ങളും നാട്യശാസ്ത്രത്തിൽ വിധിച്ചിട്ടുണ്ട്. നാന്ദി അതിൽ പ്രധാനവും അപരിത്യാജ്യവുമാണത്രെ. ഒരിക്കൽ നന്ദി എന്ന കാള ആകാശത്തിൽ പരമേശ്വരന്റെ നടനരംഗമായി തീർന്നു. ആ രംഗത്തെ ഉദ്ദേശിച്ചു ചെയ്യുന്ന പൂജയത്രെ നാന്ദി എന്നും കാണുന്നു.

'ആശീർനമസ്ക്രിയാരൂപഃ
ശ്ലോകഃ കാവ്യാർത്ഥസൂചകഃ'

നാന്ദീതി കഥ്യതേ-എന്നുള്ള പ്രമാണവാക്യമനുസരിച്ചു ആശീസ്സുരൂപമായും നമസ്ക്രിയാരൂപമായും ഉള്ളതും കാവ്യാർത്ഥത്തെ സൂചിപ്പിക്കുന്നതുമായ ശ്ലോകമാണു നാന്ദി എന്നും പറയുന്നുണ്ട്. നാന്ദി ശ്ലോകത്തിൽ മംഗളസൂചകങ്ങളും താഴെ പ്രസ്താവിക്കുന്നവയുമായ ഏതെങ്കിലും ഒരുപദം കൂടിയേകഴിയൂ-'ശംഖം, ചന്ദ്രൻ, അബ്ജം, കോകം, കൈരവം'.

**നാന്ദീകരൻ, നാന്ദീവാദി**-നാടകത്തിന്റെയും മററും ആദിയിൽ കഥയുടെ ആരംഭമിടുന്നവൻ, നാന്ദിയെ ചെയ്യുന്നവൻ.

**നാന്നാങ്ക്**-പതിനാറ്.

**നാപ്പുൺ, നാപ്പുക്കൽ**-നാവിലുണ്ടാകുന്ന ഒരു രോഗം (പരു).

**നാമ്മ**-അഞ്ചിൽനാല്.

**നാമ്മടങ്ങ്**-നാലിരട്ടി.

**നാന്മറ**-നാലുവേദം. (ഋക്, യജുസ്സ്, സാമം, അഥർവ്വണം)

**നാന്മുകപ്പുല്ല്**-സംഭാരപ്പുല്ല്, ചെങ്കണ, കൊതിപ്പുല്ല്, കരവട്ടംപുല്ല്. പര്യായങ്ങൾ-കത്തൃണം, പൌരം, സൌഗന്ധികം, ധ്യാമം, ദേവജഗ്ധകം, രൌഹിഷം. കഫം, പിത്തം, രക്തദോഷം മുതലായവക്കു നന്ന്. വലുതും ചെറുതും രണ്ടുതരമുണ്ട്. രണ്ടിൽ നിന്നും തൈലം എടുക്കുന്നു. തമി-മാന്തപ്പുൽ. ഇം-Lemon-grass ലെമൺഗ്രാസ്സ്.

**നാന്മുഖൻ**-ബ്രഹ്മാവ്.

**നാമ്മൂന്നു**-പന്ത്രണ്ട്. (4×3=12).

**നാപിതൻ**-ക്ഷൌരക്കാരൻ, അസ്പൃശ്യനാകയാൽ അടുത്തുവരാത്തവൻ എന്നർത്ഥം.

**നാപിതശാല**-ക്ഷൌരപ്പുര.

**നാപിതായനി**-ക്ഷൌരകന്റെ പുത്രൻ.

**നാപിയത്തി**-ക്ഷൌരക്കാരി.

**നാഭകൻ**-വൈവസ്വതമനുവിന്റെ ഒരു പുത്രൻ

**നാഭാഗൻ**-ഒരു സൂര്യവംശരാജാവ്, ഇദ്ദേഹത്തിന്റെ പുത്രനത്രെ അംബരീഷൻ.

**നാഭി**-ദ്ര. പൊക്കിൾ. ഉ. കസ്തൂരി. ഹിംസിച്ചെടുക്കുന്നതു എന്നർത്ഥം. ന. തേർവണ്ടിയുടെ നടുഭാഗം, ചക്രകൂടം, (ചക്രത്തിന്റെ മദ്ധ്യത്തിൽ അല്ലികളെല്ലാം

ച്ചതു ചേരുന്നതായ ഉരുണ്ട ഒരു സാധനം). ന. ഒരു രാജാവു്. ഉ. ക്ഷത്രിയൻ. ഹിംസിക്കുന്നവൻ എന്നത്ഥം.

നാഭികമലം-പൊക്കിൾ.

നാഭിജൻ, നാഭിജന്മാ, നാഭിഭൂ-ബ്രഹ്മാവു്.

നാഭിനാളം, നാഭിസൂത്രം-പൊക്കിൾകൊടി.

നാഭിസ്ഥാനം-നാഭിപ്രദേശം.

നാം-ഞങ്ങൾ എന്നതിന്റെ പൎയ്യായം.

നാമ-അ. നിശ്ചയത്തിലും കോപത്തിലും, നിന്ദ, പ്രതിജ്ഞ, ഓൎമ്മ, ആശ്ചൎയ്യം, പ്രകാശ്യം, സംഭാവ്യം, ഉപഗമം ഇത്യാദികളിലും സംബന്ധിച്ചു വരും.

നാമകരണം-പേരിടുക.

ഇതിനു ജന്മനാൾ വജ്ജിക്കണം.

നാമകീൎത്തനം-നാമം ചൊല്ലുക.

നാമജപം-ഈശ്വരനാമങ്ങളെ പറഞ്ഞുകൊണ്ടിരിക്കുക.

നാമധാതുക്കൾ-(വ്യാകരണത്തിൽ) സ്വതേയുള്ള ധാതുക്കൾ കൂടാതെ മററു ശബ്ദങ്ങളിൽ നിന്നും ധാതുക്കളെ സൃഷ്ടിക്കമാറുണ്ടു്. ഈ വക ധാതുക്കളിൽ മിക്കവയും നാമങ്ങളാകയാൽ ഇവക്കു നാമധാതുവെന്നു പേർ.

നാമധാരണം-വിഷ്ണുവിന്റെ ചില അടയാളങ്ങളെ ധരിക്ക.

നാമധാരി-വിഷ്ണുവിന്റെ ചില അടയാളങ്ങളെ ധരിക്കുന്നവൻ

നാമധേയം-പേർ.

നാമനിൎമ്മായി-(വ്യാകരണത്തിൽ) തദ്ധിതത്തിലെ ഒരു പിരിവു്.

നാമഭാഷ-പേരുകൊണ്ടുണ്ടാക്കിട്ടുള്ള ഒരു ഭാഷ.

നാമം-ക്ലീ. പേർ. പൎയ്യായങ്ങൾ-ആഹ്വയം, ആഖ്യാ, ആഹ്വാ, അഭിധാനം, നാമധേയം. ഉ. വിഷ്ണുവന്ദനക്കാരുടെ അടയാളം. ന. (വ്യാകരണത്തിൽ) ദ്രവ്യത്തിന്റെയോ ഗുണത്തിന്റെയോ ക്രിയയുടേയോ പേരിനെ കുറിക്കുന്ന ശബ്ദം.

നാമമാല-അക്ഷരമാലപ്പുസ്തകം, നിഘണ്ടു.

നാമവാക്യം-(വ്യാകരണത്തിൽ) നാമത്തിനു തുല്യമായ വാക്യം.

നാമവാൻ-പേരെടുത്തിട്ടുള്ളവൻ.

നാമശേഷ-വി. മരിച്ച.

നാമാങ്കിത-വി. പേരുകൊണ്ടു അടയാളമിട്ടിട്ടുള്ള.

നാമാന്തരകരണം-വേറെ പേരിടുക.

നാമാംശജം-(വ്യാകരണത്തിൽ) നാമാംശം എന്നു പറയുന്ന പേരെച്ചംതന്നെ ഭേദകമായിത്തീന്നതു്.

നാമാവു് - ഇതു് ഓരോ നാമങ്ങൾക്കു പിൻ ചേക്കുമ്പോൾ അതാതു പേരുള്ള എന്നു അത്ഥം വരും.

നാമാവശേഷം-പേരുമാത്രം ശേഷിച്ചിട്ടുള്ളതു്, വംസ്തുവത്തിൽ നശിച്ചതു്.

നാമ്പു്-പു. തളിർ, കൂമ്പു്. ഉ. തീജ്വാലയും മററും. ന. അഗ്രം.

നാമ്പില-തളിരിനോടടുത്തുള്ള ഇല.

നായ്-പട്ടി.

ഇതിന്റെ മാംസത്തിനു ചെന്നായുടെ മാംസത്തോടടുത്ത ഗുണമുണ്ടു്. പട്ടി കടിച്ചു മുറിപ്പെട്ടാൽ കോഴിക്കാഷ്ഠം ശക്കരയും എണ്ണയും എരിക്കിൻപാലും കൂട്ടി മത്ഥിച്ചു ലേപനംചെയ്യുക. പേപ്പട്ടി കടിച്ചുണ്ടാകുന്ന വികാരത്തിങ്കൽ കറവവാഴനീരിൽ ഇന്തുപ്പു ചേത്തു് മന്ദോഷ്ണമാക്കി മൂന്നുദിവസം കുടിക്ക. അല്ലെങ്കിൽ ചെറിയ കമ്പളത്തിൻവേരും മുളകും കൂട്ടി ചൂടുവെള്ളത്തിൽ അരച്ചു കലക്കി സേവിക്ക. കടിപെട്ടാൽ അപ്പോൾ

തന്നെ കോലംവായ് ലോഹശലാകകൊണ്ടു മഹിപ്പിക്കുക അധികം നന്നു്.

നായകക്കല്ലു്-മാലയ്ക്കും മററും ചേരുന്ന പ്രധാനക്കല്ലു്.

നായകചതുഷ്ടയം-൧. ധീരോദാത്തൻ, ധീരോദ്ധതൻ, ധീരലളിതൻ, ധീരശാന്തൻ ഇവർ സവ്വരസസാധാരണന്മാരായ നാടകനായകന്മാരാകുന്നു.

ധീരോദാത്തൻ-ആത്മപ്രശംസ ചെയ്യാതെയും, സുഖദുഃഖങ്ങളെക്കൊണ്ടു ഇളക്കമില്ലാതെയും ക്ഷമ, ഗാംഭീയ്യം, സ്ഥിരത ഇവകളോടുകൂടിയും തന്റെ അഭിമാനത്തെ പുറത്തുകാട്ടാതെയും ദൃഢവ്രതനായും ഇരിക്കുന്ന നായകനാകുന്നു.

ധീരോദ്ധതൻ - ചതി, ചാപല്യം, കോപം, അഹംഭാവം, ആത്മപ്രശംസ മുതലായതുകളോടു കൂടിയവനാകുന്നു.

ധീരലളിതൻ-നിശ്ചിന്തനും മൃദുശീലനും കലാവിദ്യകളിൽ തൽപരനുമായ നായകനാകുന്നു.

ധീരപ്രശാന്തൻ-നായകന്റെ സാമാന്യ ഗുണങ്ങളോടുകൂടിയ ബ്രാഹ്മണനാകുന്നു.

൨. ദക്ഷിണൻ, ധൃഷ്ടൻ, അനുകൂലൻ, ശഠൻ.

ദക്ഷിണനായകൻ-സ്ത്രീകളിൽ ഒരുപോലെ ആസക്തിയോടു പെരുമാറുന്ന രസികൻ.

ധൃഷ്ടൻ-വകതിരിവു്, മാനം, നാണം ഇവ തീരെയില്ലാത്തവൻ.

അനുകൂലൻ-ഒരെ നായികയിൽ ആഗ്രഹത്തോടു കൂടിയവൻ.

ശഠൻ-ഒരു സ്ത്രീയെ ഉള്ളുകൊണ്ടു സ്നേഹിച്ചിട്ടു മറെറാരുവളിൽ പുറമെ സ്നേഹംഭാവിച്ചു് അവളെ ദ്രോഹിക്കുന്നവൻ.

പൂവ്വരാഗാവസ്ഥയിൽ അഭിലാഷം സിദ്ധിച്ചിട്ടില്ലാത്ത നായികാനായകന്മാക്കുണ്ടാകാവുന്ന പത്തു അവസ്ഥകൾ.

൧. അഭിലാഷം-അഭീഷ്ടം സാധിപ്പാനുള്ള ആഗ്രഹം.

൨. ചിന്തനം-പ്രാപ്ത്യുപായം മുതലായ മനോരാജ്യം.

൩. സ്മൃതി-മനസ്സിനെ മന്മഥവിഷയത്തിൽ മാത്രം ഏകാന്തമാക്കി ചിന്തയോടു ദീഘനിശ്വാസം ചെയ്ക.

൪. ഗുണകഥനം-സൌന്ദയ്യാദി ഗുണപ്രശംസ.

൫. ഉദ്വേഗം-തനിക്കു വേണ്ടവരെ കൂടി വെറുത്തിരിക്ക.

൬. (സം) പ്രലാപം-മനം വട്ടംചുററുകകൊണ്ടു ആളെക്കാണാതെ മുറുമുറുക്കുക.

൭. ഉന്മാദം- ചേതനാചേതനവിവേചനരാഹിത്യം നിമിത്തവും മററും ഭ്രാന്തു കാണിക്കുക.

൮. വ്യാധി- നെടുവീപ്പു്, വിളച്ചു്, ദേഹകാശ്യം മുതലായതു്.

൯. ജഡത-ജളത.

൧൦. മരണം-(രസവിച്ഛേദംകൊണ്ടു നാടകങ്ങളിലും മററും നല്ലവണ്ണം വിവരിച്ചു കാണുന്നില്ല)

'അഭിലാഷശ്ചിന്താസ്മൃതി
ഗുണകഥനോദ്വേഗസംപ്രലാപാശ്ച
ഉന്മാദോഥവ്യാധി
ർജ്ജഡതാമൃതിരിതി ദശാത്രകാമദശാഃ'

നായകസാഹായികചതുഷ്ടയം-പീഠമദ്ദനൻ (പ്രധാനനായകന്റെ ഭക്തനും അനുചരനും സമത്ഥനുമായിരിക്കും. പ്രധാനനായകന്റെ ഗുണങ്ങൾ തികച്ചുകാണുകയില്ല) വിടൻ, ചേടൻ, വിദൂഷകൻ.

നായകൻ-൧. പ്രഭുത്വമുള്ളവൻ. നയിക്കുന്നവൻ, കൊണ്ടുനടക്കുന്നവനെന്നൎത്ഥം. ൨. ഭൎത്താവ്. ൩. സൈന്യാധിപൻ. ൪. നാടകങ്ങളിലെയും കാവ്യങ്ങളിലെയും പ്രധാന പുരുഷൻ. (സ്ത്രീ-നായിക.)

നായകന്മാർ മൂന്നുവിധം-പ്രധാനനായകൻ, പതാകാനായകൻ, പ്രതിനായകൻ.

നായകം-മാലയുടെയും മററും നടുവിൽ വയ്ക്കുന്ന കല്ല്.

നായകമണി-൧. നടുനായകം. (സം-തരളം.) ൨. മുത്തുമാലയുടെ നടുവിലുള്ളതും മററു മണികളെക്കാൾ വലിപ്പമുള്ളതുമായ രത്നം.

നായൻ-നായകൻ. (ബഹുവചനം-നായർ )

നായനാർ-൧. യജമാനൻ, നാഥൻ. ൨. ക്ഷേത്രത്തിലെ പ്രധാന ഉടമസ്ഥൻ.

നായം-൧. വഴികാണിക്കുക. ൨. നീതി.

നായർ-ദ്രാവിഡവൎഗ്ഗക്കാരിൽപ്പെട്ട ഒരു പ്രത്യേക ജാതിക്കാർ.

നായർവെണ്ണ-ഒരു മരുന്നുചെടി, ആട്ടുനാറിവേള. പൎയ്യായങ്ങൾ-ബൎബ്ബരാ, കബരീ, തുംഗീ, ഖരപുഷ്പാ, അജഗന്ധിക.

വാതരോഗം, കഫം, കൃമി, ഗുല്മം, അഷ്ഠീല, ശൂലം, ആനാഹം, അഗ്നിമാന്ദ്യം, ചെവികുത്ത്, ജ്വരം, വ്രണം ഇവക്കു നന്ന്. മഞ്ഞപ്പൂവുള്ളത് നേത്രരോഗത്തിനുംകൂടി കൊള്ളാം. അഗ്നിയെ വൎദ്ധിപ്പിക്കും. മലത്തെ തടുക്കും. കറികളിൽ ചേൎത്താൽ നല്ല ഗന്ധംകാണും. രുചികരമാണ്. ഫലവും ബീജവും കടുകിൻെറ എണ്ണപോലെയിരിക്കും. തമിഴിൽ-നായർവേളൈ.

നായർവേള-നായർവെണ്ണ, ആട്ടുനാറിവേള.

നായാടി-൧. ഒരുവക കാട്ടാളജാതി. ൨. നായാട്ടുകാരൻ.

നായാടുന്നു-വേട്ടചെയ്യുന്നു, കാട്ടുമൃഗങ്ങളെ കൊല്ലുന്നു.

നായാട്ട്-വേട്ട, കാട്ടുമൃഗങ്ങളെ കൊല്ലുക. പൎയ്യായങ്ങൾ-ആച്ഛോദനം, മൃഗവ്യം, ആഖേടം, മൃഗയാ.

നായാട്ടുനായ് =വിശ്വകദ്രു. നായാട്ടു നാലുപ്രകാരമെന്നും ആറുപ്രകാരമെന്നും രണ്ടുപക്ഷമുണ്ട്. ൧. അയ്യൻപടികാച്ചനായാട്ട്. ൨. അൎജ്ജുനൻപടിവിളിച്ചനായാട്ട്. ൩. വേടൻവഴി ക്രൂരൻനോക്കുക. ൪. കാട്ടാളൻവഴി കൂട്ടിൽ പന്നികൊല്ലുക. ഇങ്ങിനെ നാലെന്നും; ൧. കറിനായാട്ട്. ൨. വിളിനായാട്ട്. ൩. പള്ളിവേട്ടനായാട്ട്. ൪. കൂട്ടിയത്തും വെറമ്പുറം. ൫. കണ്ടത്തും ഓൎമ്മിക്ക. ൬. എഴുകിയത്തും. ഇങ്ങിനെ ആറെന്നും രണ്ടുവിധം പറയുന്നു.

നായാട്ടുനാ(യ്)-നായാട്ടിന്നു സഹായിപ്പാൻ സാമൎത്ഥ്യമുള്ള പട്ടി.

നായാട്ടുപട്ടി-വേട്ടപ്പട്ടി.

നായാട്ടുവല-വേട്ടയിൽ മൃഗങ്ങളെ ചാടിപ്പാനുള്ള വല.

നായാട്ടുവിളി-നായാട്ടുകാരുടെ വിളിച്ചുകൂകൽ.

നായാണ്ടിക്ക-പരിഹസിക്ക.

നായിക-൧. ഭാൎയ്യ. ൨. രക്ഷിക്കുന്നവൾ, പ്രമാണമായുള്ളവൾ.

നായികാഭേദങ്ങൾ

൧. സ്വാധീനഭൎത്തൃക-ഭൎത്താവു രതിഗുണാകൃഷ്ടനായിട്ടു യാതൊരുവളെ വേർപിരിയുന്നില്ലയോ വിചിത്രവിഭ്രമാസക്തയായ അവളത്രെ സ്വാധീനഭൎത്തൃക.

൨. ഖണ്ഡിത-ഭൎത്താവ് അന്യസംയോഗചിഹ്നിതനായി യാതൊരുത്തി

യുടെ പാർശ്വത്തിലേക്കു വരുന്നുവോ ഈർഷ്യാകഷായിതയായ അവൾ ഖണ്ഡിത.

൩. അഭിസാരിക-മന്മഥ വശംവദയായി യാതൊരുത്തിയാണ് കാന്തനെ അഭിസരണസ്ഥാനത്തേക്കു വരുത്തുകയോ താൻ നേരിട്ട് ആ സ്ഥാനത്തേക്കു ചെല്ലുകയോ ചെയ്യുന്നതു അവൾ അഭിസാരിക.

൪. കലഹാന്തരിത-ചാടുകാരൻ (നല്ലവാക്കു പറയുന്നവൻ) ആണെങ്കിലും യാതൊരുത്തി രോഷംകൊണ്ട് അപ്രകാരമുള്ള ഭർത്താവിനെ ധിക്കരിച്ചു പറഞ്ഞതിൽ പിന്നീടു പശ്ചാത്താപത്തെ പ്രാപിക്കുന്നുവോ അവൾ കലഹാന്തരിത

൫. വിപ്രലബ്ധ-കുറിസ്ഥലം മുൻകൂട്ടി ഉറപ്പിച്ചതിന്റെ ശേഷം ആ നിശ്ചയപ്രകാരം പ്രിയതമൻ അവിടെ എത്തിച്ചേരാതെ യാതൊരുത്തിയെ ചതിച്ചുവോ അത്യന്തം അവമാനിതയായ അവൾ വിപ്രലബ്ധ.

൬. പ്രോഷിതഭർത്തൃക-കാന്തൻ ദൂരദേശത്തേക്കു പോയ സമയം യാതൊരുത്തി വിവർണ്ണയും മലിനയും കൃശയുമായിട്ടു ഭർത്താവിന്റെ വരവിനെത്തന്നെ ഓർത്തുകൊണ്ടിരിക്കുന്നുവോ അവൾ പ്രോഷിതഭർത്തൃക.

൭. വാസകസജ്ജ-ഉറക്കറയിൽ തല്പം തട്ടിക്കുടഞ്ഞുവിരിച്ചു സുന്ദരമാക്കി പിന്നെയും ഭർത്താവു വന്നാൽ ചെയ്യാനുള്ള വിധികളെ ശരിയാക്കീട്ടു പ്രിയസമാഗമത്തെത്തന്നെ കാത്തുകൊണ്ടിരിക്കുന്നവൾ വാസകസജ്ജ (വാത്സ്യായനമഹർഷിയുടെ അഭിപ്രായം.)

൮. വിരഹോൽകണ്ഠിത-വരാമെന്നു തന്നെ കൃതനിശ്ചയനാണെങ്കിലും കാര്യാന്തരവ്യഗ്രത ഹേതുവായിട്ടു ഭർത്താവിനു വരുന്നതിനു സൌകര്യം ലഭിക്കാതിരിക്കുന്നസമയം അയാൾ വരായ്കകൊണ്ടുള്ള ദുഃഖംകൊണ്ടു പരവശയായിരിക്കുന്നവൾ വിരഹോൽകണ്ഠിത.

(നായികാസഹായിനികൾ ൯ വിധം-ദൂതി, ദാസി, സഖി, ചേടി, ധാത്രേയി, പ്രാതിവേശിനി, ലിംഗിനി, ശില്പിനി, സ്വസ്ത്രി.)

നായികാജാതിചതുഷ്ടയം-(സ്ത്രീ എന്നതു നോക്കുക.)

നായികാനായകന്മാർ-നായികയും നായകനും.

സംസ്കൃതമനുസരിച്ചു സാധുവല്ല. ഏകശേഷം എന്ന സമ്പ്രദായം ഭാഷയിലില്ലാത്തതുകൊണ്ടു ഭാഷയിൽ ഈ പ്രയോഗം സാധുവാണത്രെ.

നായിക്കൊരുണ-നായ്ക്കുരണ.

നായികുന്ന-നായ്ക്കുരിമ്പ്.

നായിച്ചീര-ഒരു പത്രശാകം.

ചൊറിക്കും വ്രണത്തിനും നന്ന്. സംസ്കൃതം-ശുനകചില്ലീ.

നായിട്ടുക-നായാട്ടുക.

നായിനാർ-൧. യജമാനൻ, നാഥൻ. ൨. ക്ഷേത്രത്തിലെ പ്രധാനഉടമസ്ഥൻ.

നായിബ്(ബ്ബ്)-പകരക്കാരൻ. (അറബിഭാഷ)

നായ്ക്കൻ-൧. കാരാഗൃഹത്തിലെ പ്രമാണി. ൨. ഒരു ജാതിക്കാരൻ. ൩. പട്ടാളത്തിൽ പത്തുപേർക്കു യജമാനൻ.

നായ്ക്കുട്ടൻ നായുടെ വേലക്കാരൻ. (ഒരു ശകാരവാക്ക്)

നായ്ക്കുരിമ്പ്-നായ്ക്കണ

നായ്ക്കല്ല്-കള.

നായ്ക്കാഷ്ഠം, നായ്ക്കാട്ടം-പട്ടിയുടെ തീട്ടം

നായ്ക്കുരണ-ഒരു ഔഷധവള്ളി. പര്യായങ്ങൾ-ആത്മഗുപ്താ, ജഡാ, അവ്യണ്ഡാ

കസ്തൂരാ, പ്രാവൃഷായണീ, ഋഷ്യപ്രോക്താ, ശൂകശിംബി, കപികച്ഛു, മർക്കടി.

ഇതു വൃക്ഷമാണ്. വാതം, ചുമ, പിത്തം, കഫം, വായുമുട്ടൽ, രക്തപിത്തം, ദുഷ്ടവ്രണം, ക്ഷയരോഗം ഇവയ്ക്കു നന്ന്. ദേഹത്തെ തടിപ്പിക്കും. ഇതിന്റെ ചൊറിയുന്ന പൊടി ശർക്കരയിൽ പൊതിഞ്ഞു സേവിച്ചാൽ കൃമിഹരമാകുന്നു തമിഴിൽ -പൂനെക്കാലി.

നായ്ക്കുട്ടി-കൊച്ചു പട്ടി.

നായ്ക്കണ-നായ്ക്കുരിപ്പ്.

നായ്ക്കട-പട്ടികളുടെ ശണ്ഠ.

നായ്ക്കിള്ള-൧. പട്ടിക്കുട്ടി. ൨. ഒരുമാതിരി മെരുക്.

നായ്മ-യജമാനത്വം, നാഥത്വം.

നായ്വെണ്ണ-നായർവെണ്ണ.

നായ്വെള്ള-കന്നുകാലികൾക്കുള്ള ഒരുമാതിരി നിറം. (വെളുത്ത മുടിയും തൊലിയും കാണും.)

നാര്-പനയുടെയോ വാഴയുടെയോ നാര്.

നാർ-വി. മനുഷ്യരെ സംബന്ധിച്ച.

നാരക-വി. നരകത്തെ സംബന്ധിച്ച.

നാരകൻ മഹാപാപി.

നാരകഃ-നരകം പാപികളെ സ്വസമീപത്തിലേക്കു വരുത്തുന്നതെന്നർത്ഥം.

നാരകം-നാരങ്ങയുണ്ടാകുന്ന ചെറിയ വൃക്ഷം. ൧. ജോനകനാരകം. ൨. മാതളനാരകം. ൩. വള്ളിനാരകം. ൪. നിലനാരകം ൫. വടുകപ്പുളിനാരകം ൬. മധുരനാരകം. ൭. കൈപ്പൻനാരകം. ൮. പമ്പിളിനാരകം. ൯. ചെറുനാരകം. ൧൦. ഇരട്ടിനാരകം.

വടുകപ്പുളിനാരങ്ങ-വാതം, ആമദോഷം, കൃമി, ശൂലം, തളർച്ച, അരോചകം ഇവയെ കളയും. വിഷദവും ദുർജ്ജരവുമാകുന്നു. പര്യായങ്ങൾ - ഐരാവതം, നാഗരംഗം (നാരംഗം)

നാരകീയ-വി. നരകത്തെ സംബന്ധിച്ച, നരകത്തിലുള്ള, ദുരിതകരമായ.

നാരങ്ങമുറി-ഉരുളി, കുട്ടകം, കിടാരം.

ഇതിന്റെ ആകൃതി ഒരു നാരങ്ങയുടെ പാതിപോലെയിരിക്കും. ഇതിൽ നാ ഇടങ്ങഴി അരിയോളം വേവിക്കാം.

നാരങ്ങാ-നാരകത്തിന്റെ കായ്. (നാരകം എന്നതു നോക്കുക.)

നാരഞ്ഞപ്പുല്ല്-ഒരുമാതിരി പുല്ല്.

ഇതു മലബാറിലും കൊച്ചിയിലും ബർമ്മയിലും കണ്ടുവരുന്നു. ഇതിൽനിന്നു തൈലമെടുത്തു ലണ്ടനിൽ വിറ്റുവരുന്നു. ഇം-Lemon grass.

നാരദൻ-ഏഷണിക്കാരൻ. (ശൈലി.)

നാരദൻ- ഒരു മഹർഷി, ദേവമുനി. കലഹപ്രിയനാകയാൽ മനുഷ്യക്കൂട്ടത്തെ ഭേദിക്കുന്നവൻ, മനുഷ്യധർമ്മത്തെ ഉപദേശിക്കുന്നവൻ, പിതൃക്കൾക്കു ജലം ദാനംചെയ്യുന്നവൻ ഇങ്ങിനെ അർത്ഥം.

സംഗീതവിദ്വാനും സ്മൃതികാരനുമാണ്. നാരദന്റെ വീണ=മഹതി. നാരദൻ കശ്യപന്റെ പുത്രനെന്നും കണ്വകുലത്തിൽ ജനിച്ചവനെന്നും മറ്റും പലവിധം പറയുന്നുണ്ട്. ലോകത്തിൽ ജനങ്ങളെ സൃഷ്ടിക്കുവാൻ ദക്ഷൻ ചെയ്ത ശ്രമത്തിനു ഹാനിവരുത്തി, അതിനാൽ രണ്ടാമതും നാരദൻ സ്ത്രീയിൽനിന്നു ജനിക്കണമെന്നു ദക്ഷൻ ശപിച്ചു. ബ്രഹ്മാവു മധ്യസ്ഥതയേറ്റു ദക്ഷന്റെ ഒരു പുത്രിയിൽ ബ്രഹ്മപുത്രനായി ജനിച്ചു. ഇതിനാലത്രേ ബ്രാഹ്മൻ, ദേവബ്രഹ്മാവ് എന്ന പേരുകൾ ലഭിച്ചത്. നാരദൻ സ്ത്രീജിതനായി വിഷയാസക്തനായി ഭവിക്കുമെന്നു ബ്രഹ്മാവ് ഒരിക്കൽ നാര

ദനെ ശപിച്ചിട്ടുണ്ട്. ഇതിന്നു കാരണം ഒരിക്കൽ ബ്രഹ്മാവ് നാരദനോടു അയാൾ വിവാഹം ചെയ്യണമെന്നു പറഞ്ഞപ്പോൾ ഭാഗ്യത്തിനുള്ള മാർഗ്ഗം കൃഷ്ണന്റെ സേവയാകയാൽ ബ്രഹ്മാവ് ഒരു കള്ളഗ്ഗുരുവാണെന്നു പറഞ്ഞു നിന്ദിച്ചതാകുന്നു. ബ്രഹ്മാവ് സ്വപുത്രിയിൽ ആശവച്ചു പൂജക്കു അനർഹനായിത്തീരുമെന്നു നാരദൻ ബ്രഹ്മാവിനേയും ശപിച്ചിട്ടുണ്ട്. (നാരദപഞ്ചരാത്രം നോക്കുക). അന്യോന്യം ഭേദപ്പെടുത്തുന്നതിന്നു അതിസമർത്ഥനാകയാൽ കലികാരകൻ എന്ന പേരുണ്ടായി. കപിവക്ത്രൻ, പിശുനൻ ഇങ്ങനെയും വിളിക്കും. നാരദൻ നിർമ്മിച്ചതത്രെ നാരദീയപുരാണം. നാരദൻ കൃഷ്ണന്റെ അവതാരത്തെക്കുറിച്ചു കംസനു മുന്നറിവു കൊടുത്തിട്ടുണ്ട്. ബ്രഹ്മാവിന്റെ പത്തു മാനസികപുത്രന്മാരിൽ ഒരാളാണ്. ബ്രഹ്മാവിന്റെ തുടയിൽ (നെററിയിൽ) നിന്നു പുറപ്പെട്ടു എന്നു കാണുന്നു. ഇദ്ദേഹം ദേവന്മാരുടേയും മററും ഇടയിൽ ദൂതവൃത്തിയെ കൈക്കൊണ്ടിരുന്നു. ഇദ്ദേഹം വീണയെ കണ്ടുപിടിച്ചു ഗന്ധർവ്വന്മാരുടെ ഗുരുവായി. ഗന്ധർവ്വന്മാർ സ്വർഗ്ഗത്തിലെ സംഗീതക്കാരാണ്. ഒരിക്കൽ പാതാളത്തിൽ ചെന്നു എല്ലാം കണ്ടു സന്തോഷത്തിൽ മുഴുകി.

'ഞാനന്നൊരു ശൂദ്രൻ പണ്ടു ഭൂദേവകുലങ്ങളെയും മാനസഭക്ത്യാ സന്യാസികളെ പൂജിക്കയാൽ* കാരുണ്യാ വളർന്നനുഗ്രഹിച്ചാരവരതു കാരണമാത്മജ്ഞാനതല്പരനായോരെന്റെ* മാതാവു മരിച്ചതു ദൈവാനുഗ്രഹമെന്നോർത്തുമേ ദേനസ്താപമതിങ്കലുണ്ടാകാതെ* കേവലം ശേഷക്രിയ ചെയ്തുടൻ പുറപ്പെട്ടു ഭാവനവശാൽ സർവ്വം ജയിച്ചു ജിതേന്ദ്രിയ* ഭഗവദ്ധ്യാനത്തോടുകൂടി വനം പുക്കു ദേവദൂപാസനാരതനായ് വാഴുംകാലം* ധ്യാനവിസ്ഫുരിതനാമീശ്വരഗുണരൂപം കാണാഞ്ഞു പരിഭ്രമിച്ചീടിനോരെനിക്കൊരു* വാണി ചെഞ്ചമ്മേ കേൾക്കായ്വന്നിതു നിനക്കെന്നെ കാണണമെങ്കിലവകാശമില്ലിജ്ജന്മത്തിൽ* താനേ വരുന്നതും മേലിലെന്നതു കേട്ടനേരം ആനന്ദസമുദ്രത്തിൽ വീണുടൻ മുഴുകി ഞാൻ* മാനസഭക്ത്യാഭഗവദ്യശസ്സുകളേയും ഗാനം ചെയ്തങ്ങും നടന്നായുസ്സു ക്ഷതമാലുള്ള* കാലങ്ങൾ കഴിച്ചേഴം ബ്രഹ്മനന്ദനനിപ്പോൾ കാലാത്മാകാലം കൊണ്ടു സർവ്വം സാധിപ്പിക്കും'.

(ഭാഗവതം)

നാരദപുരാണം-വിഷ്ണുവിൽഭക്തിയുണ്ടാവുന്നതിന്നു പുത്രനായുണ്ടാക്കിയ ഒരു പുസ്തകം.

(ഇതു സാക്ഷാൽ പുരാണമല്ല. നാമമാത്രം).

നാരദീയം- പതിനെട്ടു പുരാണങ്ങളിൽ ഒന്ന്.

നാരൻ-വി. നാരുള്ള.

നാരൻപട്ടു-ഒരുമാതിരി പട്ടുവസ്ത്രം.

നാരദം-മേഘം.

നാരം-പു. ജനക്കൂട്ടം. ന. വെള്ളം ന. കാളക്കുട്ടി.

നാരംഗാ-പു. നാരങ്ങ, നാരകം. ന. മഞ്ഞമുള്ളങ്കി.

നാരസിംഹൻ-വിഷ്ണു.

നാരസിംഹം-പു. നരസിംഹത്തെ സംബന്ധിച്ചതു്. ന. ഒരു രസായനം. ന. പുരാണങ്ങളിൽ ഒന്ന്. ര. ഉപനിഷത്തുകളിൽ ഒന്ന്.

നാരാചം-പു. കോൽക്കൂടെ ഇരിമ്പായുള്ള അസ്ത്രം. (നാരം=നരസമൂഹം). നരസമൂഹത്തെ നശിപ്പിക്കുന്നതു എന്നർത്ഥം. ന. നീരാന.

**നാരാചികാ**-ഒരു വൃത്തത്തിന്റെ പേർ.

**നാരാചീ**-൧. പൊന്നു തൂക്കുന്ന ത്രാസ്. ൨. നാരാചാകാൽ. ൩. ത്രാസിന്റെ നാരായം. ചെറിയ നാരായം (ബാണതുല്യമായ തൂശി) ഉള്ളതെന്നർത്ഥം. മറെറാരുപര്യായം-ഏഷണികാ.

**നാരായക്കൊമ്പ്**-പ്രധാനമായകൊമ്പ്

**നാരായക്കോൽ**-ത്രാസുകോൽ.

**നാരായണകവചം**-ഒരു മന്ത്രം.

ഇന്ദ്രനു പുരോഹിതനായ വിശ്വരൂപൻ കൊടുത്തതാണ്. ഇന്ദ്രനേയും ഐരാവതത്തേയും വൃത്രാസുരൻ വിഴുങ്ങിയപ്പോൾ ഇതുകൊണ്ടാണു രക്ഷപ്പെട്ടത്.

**നാരായണപണ്ഡിതാചാര്യൻ**-ഒരു സംസ്കൃതകവി. ലികചസൂരിയുടെ പുത്രൻ. ശിവസ്തുതിയുടെ കർത്താവ്.

**നാരായണൻ(ഭട്ട)** — വേണീസംഹാരത്തിന്റെ കർത്താവ്.

ക്രിസ്ത്വാബ്ദം ൯-ാംനൂററാണ്ടിനു മുമ്പായി ജീവിച്ചിരുന്നു.

**നാരായണൻ**-൧. വിഷ്ണു. ശബ്ദഗമ്യൻ, അവതാരങ്ങളിൽ മനുഷ്യശരീരത്തെ കൈക്കൊള്ളുന്നവൻ; നാരം=ജനസമൂഹം. മനുഷ്യക്കൂട്ടത്തിനു ഇരിപ്പിടമായവൻ; നാരത്തിൽ (വെള്ളത്തിൽ) ശയിക്കുന്നവൻ; ജീവാത്മസ്വരൂപേണ നരസമൂഹത്തിൽ പ്രവേശിക്കുന്നവൻ; ആത്മജാതങ്ങളായ ആകാശാദികളിൽ പ്രവേശിക്കുന്നവൻ; രാഃ=ശബ്ദാ അയന്തേ=നിർഗ്ഗച്ഛന്തേ യസ്മാൽ സ രായണഃ. രായണനല്ലാത്തവൻ അരായണൻ അരായണോ ന ഭവതീതി നാരായണഃ ആദിശബ്ദമായ വേദത്തിനുല്പത്തിസ്ഥാനമെന്നർത്ഥം. നരകൃതമായ ശുഭാശുഭത്തെ അറിയുന്നവൻ എന്നുമാവാം. നരായണൻ എന്നും പാഠമുണ്ട്. നരന്മാർക്ക് സായൂജ്യാവസ്ഥയിൽ പ്രാപ്തിസ്ഥാനം എന്നർത്ഥം.

'അഥനാരായണോ വിഷ്ണു
ശ്ചക്രകർമ്മാനരായണഃ'
(ശബ്ദാർണ്ണവം)

൨. പ്രസിദ്ധനായ ഒരു ഋഷി.

ഉർവ്വശിയുടെ ജനനം നാരായണമഹർഷിയുടെ തുടയിൽ നിന്നാണ്.

**നാരാ(യ)ണപ്പക്ഷി**— മീവൽപക്ഷി, നീലനിറമുള്ള ഞാറപ്പക്ഷി.

**നാരായണപ്രിയം**-പീതചന്ദനം.

**നാരായണമംഗലത്തടി**-നാറാണമങ്ങലത്തു ഭ്രാന്തൻ, നാറാണത്തുഭ്രാന്തൻ.

**നാരായണി**-൧. ദുർഗ്ഗാഭഗവതി. ൨. ശതാവരി. നാരായണനിൽ നിന്നുണ്ടായതു എന്നർത്ഥം. ൩. ലക്ഷ്മി. ൪. മഞ്ഞച്ചന്ദനം.

**നാരായണീയം**-൧. നാരായണനെ സംബന്ധിച്ചത്. ൨. ഒരു ഗ്രന്ഥം.

**നാരായപ്പടി**-നാരായത്തിനു മൂർച്ച വരുത്തുവാനുള്ള മുളവാരി മുറി.

**നാരായം**-൧. എഴുത്താണി. ൨. ഒരുവക അളവു സാധനം. ൩. തലനാരുപോലെയുള്ള സൂചി. ൪. തേനീച്ചയുടെ കൊമ്പ്. (കുത്തുന്ന സാധനം).

**നാരായവേർ**-൧. അങ്ങേ അററത്തുള്ള ഉറച്ച വേർ. ൨. തലമുടിയോളമുള്ള വേർ, പ്രധാന വേർ, തായ്‌വേർ.

**നാരി**-൧. സ്ത്രീ. ഗൃഹകാര്യങ്ങളെ കൊണ്ടു നടത്തുന്നവൾ എന്നർത്ഥം. ൨. ഒരു വൃത്തത്തിന്റെ പേർ.

**നാരിക**-വി. ജലത്തെ സംബന്ധിച്ച.

**നാരികേരം**-നാളികേരം, തെങ്ങ്.

**നാരികേളം**-നാളികേരം, തെങ്ങ്.

**നാരികേളി**-നാളികേരം, തെങ്ങ്.

**നാരിത്വം**-സ്ത്രീത്വം.

നാരിയാൾ-സ്ത്രീ

നാരീകേളം-നാളികേരം, തെങ്ങ്.

നാരീകേളി-നാളികേരം, തെങ്ങ്.

നാരീക്ഷീരം-മുലപ്പാൽ.

നാരീതരംഗകൻ-പു. ജാരൻ. വ. സ്ത്രീലോലൻ.

നാരീമണി-സൌന്ദൎയ്യമുള്ള സ്ത്രീ.

നാരീഷ്ടാ-വള്ളിമുല്ല.

നാൎയ്യംഗം-നാരകം.

നാലംഗപ്പട-ചതുരംഗപ്പട. ആന, കുതിര, തേർ, കാലാൾ ഇവ ൪-ം കൂടിയ സൈന്യം.

നാലമ്പലം-ശ്രീകോവിലിനു ചുററുമുള്ള അമ്പലം

നാലർ, നാലാർ-നാലുപേർ

നാലവംശം-വേഴൽ.

നാലാങ്കുളി-പു കല്യാണം കഴിഞ്ഞ ദിവസം മുതൽ നാലാം ദിവസമുള്ള കുളി. വ. തീണ്ടാരി നാലിന്റെ അന്നത്തെ കുളി, നാലുകുളിക്ക

നാലാംനാൾ-വരുവാനുള്ളതെങ്കിലും കഴിഞ്ഞതെങ്കിലുമായ നാലാമത്തെ ദിവസം.

നാലാംനീർ-നാലുകുളി, നാലാങ്കുളി.

നാലാംപനി-നാലാമ്മുറപ്പനി, നന്നാലു ദിവസം കഴിയുമ്പോൾ വരുന്ന പനി.

നാലാമ്പാട്-നാലാമിടം.

നാലാമത്-അ. മൂന്നുകഴിഞ്ഞതിന്റെ ശേഷം.

നാലാമത്തെ-വി. മൂന്നിന്റെ ശേഷമുണ്ടായ.

നാലാമൻ-നാലാമത്തെ ആൾ

നാലാമിടം-പു ഉദയരാശിയുടെ നാലാമത്തെ രാശി വ. ഭവനം ന. ഭരദേവത, ഭവനദേവത.

നാലാശ്രമം-ബ്രഹ്മചാരി, ഗൃഹസ്ഥൻ, വാനപ്രസ്ഥൻ, സന്യാസി ഇവരുടെ ആശ്രമം ൪-ം.

നാലാശ്രമി-ബ്രാഹ്മണൻ.

നാലിലക്കടങ്ങൽ-ഒരു ചെടി.

നാലുകറി-എരിശേരി, പുളിശേരി, മധുരക്കറി, ഉപ്പേരി ഇവ ൪-ം.

നാലുകുളി-നാലാങ്കുളി.

നാലുകെട്ട്-നാലുപുര കൂട്ടിക്കെട്ടി നടുവിൽ മുററമുള്ള ഒരു ഭവനം.

നാലുജാതി-ബ്രാഹ്മണൻ, ക്ഷത്രിയൻ, വൈശ്യൻ, ശൂദ്രൻ ഈ നാലും.

നാലുദിക്ക്-കിഴക്ക്, തെക്ക്, പടിഞ്ഞാറ്, വടക്ക് ഇവ ൪-ം.

നാലുപന്തി-ശൂദ്രസ്ത്രീകളും മററും കഴുത്തിൽ കെട്ടുന്ന ഒരാഭരണം.

നാലുപാട്ടം-അ. നാലുവശവും.

നാലുപാദം-പു. ദീപപ്രദക്ഷിണം. വ. നാലു കാല്.

നാലുപായം-സാമം, ദാനം, ഭേദം, ദണ്ഡം ഇവ നാലും.

നാലുപുര-നാലുപുര കൂടിയത്, നാലുകെട്ട്. പൎയ്യായങ്ങൾ-സഞ്ജവനം, ചതുശ്ശാലം.

നാലുവൎണ്ണം-നാലു ജാതി.

നാലുവേദം-ഋക്ക്, യജുസ്സ്, സാമം, അഥൎവ്വണം ഇവ നാലും.

നാലുഗുണം-നാലുവിധമുള്ള ഗുണം.

'നാലുഗുണത്തോടുകൂടി മാനവൻ ജനിക്കുന്നു നാലും വീട്ടിയേ ഗതി വന്നീടുവോന്നാം* ആസ്തിക്യത്തോടു യജ്ഞം കൊണ്ടു ദേവകൾ കടം സ്വാദ്ധ്യായതപസ്സുകൊണ്ടൃഷികൾക്കുള്ളകടം* ശ്രാദ്ധാദിപുത്രോല്പത്ത്യാ പിതൃക്കൾക്കുള്ളകടം മാനുഷൎക്കുള്ളകടമാനൃശംസേനവീട്ടി*വേണം മാനുഷന്മാൎക്ക സൽഗതി വന്നീടുവാൻ'. (ഭാരതം)

നാല്ക്കവലവഴി-നാലു വഴികൾ ഒരുമിച്ചുകൂടുന്ന സ്ഥലം.

നാല്ക്കാലി-പശുക്കൾ മുതലായ മൃഗജാതി.

നാല്ക്കൂട്ടപ്പെരുവഴി-നാലു വഴികൾ കൂടിയ സ്ഥലം. പര്യായങ്ങൾ-ശൃംഗാടകം, ചതുഷ്പഥം.

നാല്ക്കൊമ്പനാന-നാലു കൊമ്പുള്ള ആന, ഐരാവതം.

നാല്ക്കൊല്ലക്കൊന്ന-കരുത്ത കൊന്ന, ഒരങ്ങാടിമരുന്ന്. പര്യായങ്ങൾ-ശ്യാമാ, പാലിന്ദീ, സുഷേണികാ, കാളാ, മസൂരവിദളാ, അർദ്ധചന്ദ്രാ, കാളമേഷികാ.

ഇതു കൃമി, കഫരോഗം, മഹോദരം, ജ്വരം, കുഷ്ഠം, ചൊറി, വ്രണം, പാണ്ഡുരോഗം ഇവയ്ക്കു നന്ന്. വിരേചനത്തിന ഉത്തമം. ത്രികോല്പക്കൊന്നയിൽ കണ്ട ഗുണമൊന്നും ഇതിനില്ല. ഗ്രഹണിയെ ശമിപ്പിക്കും. സം-കൃഷ്ണത്രിവൃതാ. തമി-കരിഞ്ചിവദൈ.

നാല്ക്കൊലപ്പെരുവഴി-നാല്ക്കവല വഴി

നാല്ക്കോണ്-നാലുകോൺ.

നാല്പാ(ൽ)മരം-അരയാൽ, പേരാൽ, അത്തി, ഇത്തി ഇവ ൪-ം.

നാല്പാടി-കുവംഴ്യക്കാരൻ, ഒറമം അധികാരി. (പാടു=വശം)

നാല്പുര-നാലുകെട്ട്, നാലാമ്പാട്ട്.

നാവടക്കം-മ. ഒരു ക്ഷുദ്രം വ. മൌനം.

നാവന-നസ്യം.

നാവൽഗുണചതുഷ്ടയം-കഥാബന്ധം, പാത്രപ്രകടനം, രസപുഷ്ടി, ഗദ്യരീതി.

നാവാലി-ക്ഷൌരക്കത്തി, മടക്കുകത്തി.

നാവി-അണ്ണാക്ക്, തൊണ്ട. (പ-മ).

നാവിക-വി. വള്ളത്തെ സംബന്ധിച്ച.

നാവികക്കയ്യർ-ദുഷ്ടരായ വള്ളക്കാർ.

'വഞ്ചിത്തഭ്രാന്തുഴമരയരാം
നാവികക്കയ്യരെന്നീ'
(മയൂരസന്ദേശം)

നാവികൻ-തോണിയിൽ കടത്തുന്നവൻ, ഊന്നുകാരൻ, അമരക്കാരൻ, ചുക്കാൻ പിടിക്കുന്നവൻ. തോണികൊണ്ടു നടത്തുന്നവൻ എന്നർത്ഥം.

നാവികബലം, നാവികസൈന്യം-കപ്പൽപട.

നാവിൻദോഷം-നാക്കിന്റെ ദോഷം, വാക്കുനിമിത്തമുണ്ടാകുന്ന ദീനമോ കുറ്റമോ.

നാവിൻപാറ-കണ്ണാമ്പാറ.

നാവ്-നാക്ക്. പര്യായങ്ങൾ-രസജ്ഞാ, രസനാ, ജിഹ്വാ.

നാവുക-അരിയിലെ കല്ലുകളഞ്ഞു നന്നാക്കുക.

നാവുക്കാരം, നവുക്ഷാരം-കഠിനഭാഷ.

നാവുക്കിടാവ്-മുലകുടിക്കുന്ന ശിശു.

നാവേറ്-കൊതി, നാവിൻദോഷം.

നാവ്യ-വി. വള്ളത്തെസംബന്ധിച്ച.

നാവ്യം-മ. പുതുമ. വ. തോണികൊണ്ടു കടപ്പാൻ യോഗ്യമായ പ്രദേശം.

നാശക-വി. നാശം വരുത്തുന്ന,

നാശകര-വി. നശിപ്പിക്കുന്ന.

നാശകാരണചതുഷ്ടയം-യൌവ്വനം, ധനസമ്പത്തി, പ്രഭുത്വം, അവിവേകത ഇവ ൪-ം.

'പ്രഭുത്വമറിവില്ലായ്മ
യൌവ്വനം ധനമെന്നിതിൽ
ഒന്നുപോരുമനർത്ഥത്തി-
നൊന്നിച്ചാൽ പറയേണമോ'

നാശചതുഷ്ടയം-മടികൊണ്ടു കാര്യങ്ങൾക്ക്, ധനക്ഷയംകൊണ്ടു ബുദ്ധിയ്ക്കു, യാചനകൊണ്ടു അഭിമാനത്തിന്, അത്യാർത്തികൊണ്ട് കുലത്തിന് ഇവ നാശം

**നാശന**-വി നശിപ്പിക്കുന്ന

**നാശമാർഗ്ഗചതുഷ്ടയം**-ന. അനുചിതകർമ്മം, സംഘവിരോധം, ബലവാനോടെതിർക്ക, സ്ത്രീകളെ വിശ്വസിക്ക ഇവ നാലും.

൨. പ്രഭുത്വം, അറിവില്ലായ്മ, യൌവ്വനം, ധനം ഇവ നാലും.

'യൌവ്വനം ധനസമ്പത്തിഃ
പ്രഭുത്വമവിവേകിതാ
ഏകൈകമപ്യനർത്ഥായ
കിമു യത്ര ചതുഷ്ടയം'

**നാശം**-ന. നശിപ്പ്, ക്ഷയം, ഇല്ലാതെയാക. ൨. മരണം. കാണാതാവുക എന്നർത്ഥം.

**നാശരഹിത**-വി. ക്ഷയമില്ലാത്ത, മരിക്കാത്ത.

**നാസത്യന്മാർ**-അശ്വിനീദേവന്മാർ, ദേവവൈദ്യന്മാർ അസത്യമില്ലാത്തവർ, കപടമില്ലാത്തവർ എന്നർത്ഥം.

**നാസാ**-ന മൂക്ക്. ശബ്ദിക്കുന്നതു എന്നർത്ഥം. ൨. പുരയുടെ ഒരു മേൽപടി, കട്ടിളയുടെ മുകളിലുള്ള കുറുമ്പടിയുടെ, വാതിലിന്റെ മുകളിലെ ആറങ്ങാൽ തിരിയുന്നതിനു തുളച്ചുണ്ടാക്കി കുറുമ്പടിയോടു ചേർത്തു ഉടമതിയന്റെ, മുകളിലെ ഭിത്തിയെ താങ്ങുന്ന കവുത്തിയുടെ പേർ. ശബ്ദിക്കുന്നതു എന്നർത്ഥം

**നാസാദാരു**-കതകിന്റെ കട്ടളയുടെ മുകളിലെ പലക.

**നാസാദ്വാരം**-മൂക്കിന്റെ ഓട്ട.

**നാസാപത്രി**-ഫലവർഗ്ഗത്തിൽപ്പെട്ട ഒരു ദ്രവ്യം

നാസാപതി മൂന്നുദോഷങ്ങളെയും ശമിപ്പിക്കും. ഈ പേർ കാബൂൾ മുതലായ ദേശങ്ങളിൽ നടപ്പുള്ളതാണ്. ക്രുവളക്കായുടെയും ചെറിയ ചുരക്കയുടെയും ആകൃതികളിൽ രണ്ടുതരമുണ്ട്.

**നാസാപരിശോഷം**-ഒരു രോഗം.

ഈ രോഗത്തിൽ മേല്പെട്ടും കീഴ്പെട്ടും പ്രയാസപ്പെട്ട് ശ്വാസംവിടേണ്ടതായിവരും.

**നാസാപാകം**-ഒരു രോഗം.

പിത്തം മൂക്കിൽനിന്നിട്ടു അവിടെ വ്രണവും പഴുപ്പുമുണ്ടാക്കും. ആ പഴുപ്പ് ദുർഗ്ഗന്ധത്തോടു ഒലിക്കും.

**നാസാപുടം**-മൂക്കിന്റെ ദ്വാരം.

**നാസാമണി**-മൂക്കുത്തി.

**നാസാമലം**-കണ്ണമലം, ചെയിപ്പീ.

**നാസാരന്ധ്രം**-മൂക്കിന്റെ ദ്വാരം.

**നാസാസംവേദനം**-ചങ്ങലംപരണ്ട.

**നാസാസ്രാവം**-ഒരു രോഗം.

കഫം മൂക്കിൽനിന്നു കട്ടയായിട്ടോ മഞ്ഞളിച്ചിട്ടോ വെളുത്തിട്ടോ നേർത്തിട്ടോ സ്രവിക്കും.

**നാസി, നാസിക**-ന. മൂക്ക്. ൨. തുമ്പിക്കൈ ൩. അശ്വിനീദേവി. ൪. പുറത്തോട്ടുള്ള തള്ളൽ.

**നാസികാചൂർണ്ണം** - മൂക്കിൽ ഇടാനുള്ള പൊടി.

**നാസികാദ്വാരം**-മൂക്കിന്റെ തുള.

**നാസികാമലം**-മൂക്കീര, മൂക്കിട്ട.

**നാസിക്യം**-നാസിക് എന്ന സ്ഥലം.

**നാസീരം**-സേനയുടെമുൻഭാഗം, മുന്നണി.

**നാസ്തി**-അ. ഇല്ല.

**നാസ്തികത**-കാണപ്പെടാത്തതൊന്നും ഇല്ലെന്നുള്ള ഭാവം, നാസ്തികന്റെ ഭാവം, പരലോകാദികളില്ലെന്നുള്ള ബുദ്ധി. മറെറാരു പര്യായം-മിത്ഥ്യാദൃഷ്ടി.

**നാസ്തികൻ**-കാണപ്പെടാത്തതിൽ വിശ്വസിക്കാത്ത ഒരു മതക്കാരൻ, വാസ്തവത്തിൽ ഉള്ളതായ പരലോകം, ഈശ്വരൻ മുതലായവയൊന്നും ഇല്ലെന്നു വാദിക്കുന്നവൻ.

നാസ്തിക്യം-നാസ്തികമതം, കാണപ്പെടാത്തതൊന്നും ഇല്ലെന്നുള്ള ഭാവം.

നാസ്തിചതുഷ്ടയം-ഉ. ശ്രേംഗസമംശത്രു, വിദ്യാഭ്യാസസമം മിത്രം. പുത്രനില്ലട്ടപോലെ അൻപു, ദൈവത്തിനേക്കാൾ ബലം. വ. സമർത്ഥന ഭാരം, വണിക്കിന ദൂരം, വിദ്വാന വിദേശം, പ്രിയവാദിക്ക ശത്രു. ന. ക്ഷമയ്ക്കു തുല്യം തപസ്സ്, സന്തോഷത്തിന തുല്യം സുഖം, തൃഷ്ണയ്ക്കു തുല്യം രോഗം, ദയയ്ക്കു തുല്യം ധർമ്മം. ര. വിദ്യയ്ക്കു തുല്യം നേത്രം, സത്യത്തിനതുല്യം തപസ്സ്, രാഗത്തിന തുല്യം ദുഃഖം, ത്യാഗത്തിന തുല്യം സുഖം.

നാസ്തിദം-മാവ് (വൃക്ഷം).

നാഥം-ഉ. കണി, കുടുക്ക്. വ. മലബന്ധം.

നാഹുഷൻ, നാഹുഷി-യയാതി. നഹുഷന്റെ പുത്രൻ എന്നർത്ഥം

നാള-നാമ്പ്.

നാളകം-തെങ്ങ്.

നാളകിനി-താമരപ്പൊയ്ക.

നാളത്-അ. മുമ്പിൽ പറഞ്ഞ ദിവസം, അന്ന്, അദ്ദിവസം.

നാളതാർ-നാളത്തോട് (തണ്ടോടു) കൂടിയ പൂവ്, താമര.

നാളം-ഉ. തണ്ട്. 'പങ്കജനാളസൂത്രം' വ. തണ്ടൻചീര. ന. വേഴൽ. ര. താമരവളയം

നാളവതി-തെങ്ങ്.

നാളാഗമം-ഓരോരോ കാലത്തിലെ ചരിത്രം, ഗ്രന്ഥവരി.

നാളായണി-പാഞ്ചാലിയുടെ പൂർവജന്മത്തിലെ പേർ. ഇന്ദ്രസേനാ എന്നും ഉണ്ട്

നാളി-ഉ. തണ്ട്. വ. തണ്ടൻചീര

നാളികം-ഉ. പോത്ത്. വ. താമര.

നാളികാ-ഉ. അകത്തു ദ്വാരമുള്ള തണ്ട്. വ. ആനക്കന്തം. ന. തണ്ടൻചീര.

നാളികേരപാകം-"അകാമകമായി സാരാംശങ്ങളെ ഗ്രഹിപ്പാൻ ക്ലേശമുളവാക്കുന്ന പദകാഠിന്യത്തോടുകൂടിയ ഭാഷയെ പ്രയോഗിക്കുന്നത്."

നാളികേരം-തെങ്ങ്, തേങ്ങാ. ഗന്ധമുള്ളതും വായുവിനാൽ പ്രേരിപ്പിക്കപ്പെട്ടതും എന്നർത്ഥം.

നാളികേരവെള്ളം-ലഘുവാണ്. ബലത്തെ ഉണ്ടാക്കും, ശീതളവും മധുരവും ഗുരുവുമാകുന്നു. പിത്തം, പീനസം, തൃഷ്ണ, ശുക്ലം, ബസ്തിർദാഹം, ഭ്രമം, ചുട്ടുനീറൽ, ഭ്രാന്തി, ശോഷം ഇവയ്ക്കു നന്ന്. സുഖത്തെ ദാനംചെയ്യും.

നാളീ-ഉ. താമര. വ. മീൻകണ്ണിക്കരക.

നാളീകനേത്രൻ-വിഷ്ണു.

നാളീകബാണൻ-കാമൻ.

നാളീകബാന്ധവൻ-സൂര്യൻ.

നാളീകം-ഉ. താമരപ്പൂവ്. വ. അമ്പ്. ന. കന്തം

നാളീകളായം-കരിഞ്ചണ്ണ.

നാളീകാസനൻ-ബ്രഹ്മാവ്.

നാളീവ്രണം-വട്ടം കുറഞ്ഞു കുഴിയേറിയ പുണ്ണ്.

നാളേ, നാളേയ്ക്കു-അ. ഉ. അടുത്ത ദിവസം. വ. പിന്നെ.

നാളേയ്ക്കുനാളെ-അ. മേറ്റന്നാൾ.

നാളോക്കം-നാളും പക്കവും അറിവാനുള്ള കവിടിക്രിയ.

നാൾ-ഉ. അശ്വതി മുതലായവ. വ. ദിവസം.

നാൾകൂട-ഉ. ഒടുവിലത്തെ ദിവസം. വ. ദിവസത്തിന്റെ ഒടുവിലത്തെ ഭാഗം

നാൾക്കുനാൾ-വി. ദിവസംതോറും.

നാൾതോറും-അ. ദിവസംപ്രതി.

നാൾനിക്കം-അശ്വതി മുതലായ ദിവസങ്ങളുടെ ഏറ്റക്കുറച്ചിൽ.

നാൾവഴി-വരവിനും ചെലവിനും മറ്റും ദിവസംപ്രതി എഴുതുന്ന കണക്ക്.

നാഴി-ഇടങ്ങഴിയിൽ നാലിലൊന്നു്. പര്യായം-കുഡുബം (കുഡവം).

നാഴിക-അറുപതു വിനാഴിക കൂടിയതു്.

നാഴി(ക)ക്കുടം-നാഴികക്കുടം.

'നാഴികക്കുടങ്ങളുംകാണായി'

(കുമാരാഹരണം കഥ)

നാഴികച്ചിരട്ട-നാഴികവട്ട(ക).

നാഴികമണി-നേരം അറിവാനുള്ള ഒരു സൂത്രം.

നാഴികവട്ട(ക)-നടുവിലുള്ള ചെറിയ ദ്വാരത്തിൽ കൂടെ വെള്ളം കേറി ഒരു നാഴികകൊണ്ടു് മുങ്ങുന്ന ഒരു പാത്രം (സമയം അറിയാനുള്ളതു്.)

നാറാണക്കല്ലുവയ്ക്കുക—നശിക്കുക. (ശൈലി.)

നാറാവുള്ളി-പ്ര. മണമില്ലാത്ത ഒരുമാതിരി ഉള്ളി. വ. വെള്ളുള്ളി.

നാറുന്നു-നാററം വരുന്നു. ദുർഗ്ഗന്ധം ഉണ്ടാകുന്നു. (സ. ക്രി. നാററുന്നു. കാ. ക്രി. നാററിക്കുന്നു.)

നാററം-പ്ര. ദുർഗ്ഗന്ധം വ. ഗന്ധം, മണം.

---

## നി

നിഃ-അ. ഇതു പദങ്ങളിൽ ചേരുമ്പോൾ നിശ്ചയമായിട്ടു് എങ്കിലും നിഷേധമായിട്ടെങ്കിലുമുള്ള അർത്ഥത്തോടുകൂടിവരും.

നികക്കുന്നു, നികരുന്നു-പ്ര. വെള്ളത്തിനു മീതെ വന്നുപൊങ്ങുന്നു. വ. നിറയുന്നു, നിറഞ്ഞുതീരുന്നു, നിവിരുന്നു, നീന്തിസ്സഞ്ചരിക്കുന്നു. (സ. ക്രി. നികത്തുന്നു.)

നികട-വി. സമീപത്തുള്ള.

നികടം-സമീപം.

നികട്ടുന്നു, നകട്ടുന്നു-വമ്പുപറയുന്നു.

നികപ്പു്-നിറവു്, നിരപ്പായിത്തീരുക.

നികർ, നികരു-തുല്യത, പോലെ. ഉ-ം 'ഇടിനികർ'.

നികർ-തുല്യൻ.

'അവനുനികർമന്നിലിനിയാരേ'

(ഭഗവൽഗീത-മാധവപ്പണിക്കർ)

നികഷ്ണം-പ്ര. നഗരത്തോടടുത്തു കളിക്കുന്നതിനുള്ള വെളിമ്പ്രദേശം (കളിത്തട്ടകം). വ. ഗൃഹത്തിനു നല്ല സ്ഥലം. ന. പട്ടണാദികളിൽ ഗൃഹനിർമ്മാണത്തിനു വേറെ വളച്ചുകെട്ടുന്ന വളപ്പു്. കൃഷിക്കുപയോഗപ്പെടുത്താത്ത സ്ഥലം എന്നർത്ഥം. ര. ഉഴവു്.

നികരം-പ്ര. കൂട്ടം, നാലുഭാഗത്തും വ്യാപിച്ചതു് എന്നർത്ഥം. വ. സാരം, ന. തുല്യത.

നികഷം-പ്ര. ഉരകല്ലു്, സ്വർണ്ണം മാററു നോക്കുന്നതിനുള്ള ഉരകല്ലു്. വ. കത്തി കടയുന്ന ചാണ. ഉരയ്ക്കുന്നതു എന്നർത്ഥം.

നികഷാ-ഒരു രാക്ഷസസ്ത്രീ, രാക്ഷസരിൽ ഒരുകൂട്ടക്കാരുടെ അമ്മ, രാവണന്റെ അമ്മ എന്നും കാണുന്നു.

നികഷാ-അ. പ്ര. സമീപത്തു്. വ. മദ്ധ്യത്തു്.

നികഷാത്മജൻ-നികഷയുടെ പുത്രൻ. രാക്ഷസൻ.

നികഷിക്കുന്നു-ഉരയ്ക്കുന്നു.

നികഷോപലം-സ്വർണ്ണം മാററുനോക്കാനുള്ള ഉരകല്ലു്.

നികളിക്കുന്നു-അഹങ്കരിക്കുന്നു. ആത്മപ്രശംസയാൽ ഉയരുന്നു.

നികളം-അഹംഭാവം, ഞെളിയുക.

നികളുക-ഞെളിയുക.

നികാമം-അ. പ്ര. ഏററവും. വ. മനസ്സോടെ.

നികാമം എന്നതു 'യഥേഷ്ടം' എന്ന അർത്ഥത്തിൽ ക്രിയാവിശേഷണമായി പ്രയോഗിക്കപ്പെടുന്നു.

നികായം-പു. സമൂഹം

"ചോളംപോലെചിതറിവിതറീ
താരകാണാംനികായം"
(ഉണ്ണുനീലിസന്ദേശം)

നികായം എന്നതു സമാനമായ ധർമ്മത്തോടുകൂടിയവരുടെ സമൂഹത്തിന്റെ പേരെന്നും അർത്ഥം കാണുന്നു.

യോഗം, സമാനധർമ്മികളായ പ്രാണികളുടെ സമൂഹം. നല്ലവണ്ണം പൂഷ്ടിപ്പെട്ടതു് എന്നർത്ഥം. വ. വേദം. ന. ലാക്ക്, ലക്ഷ്യം.

നികായ്യം-ഭവനം. നെല്ലും വിത്തും മററു സാധനങ്ങളും ധാരാളമായി വർദ്ധിച്ചുകൊണ്ടിരിക്കുന്നേടം എന്നർത്ഥം.

നികാരം-പു. പൊലി, പതിരുപിടിക്ക. വ. അപകാരം നികൃഷ്ടമായ് ചെയ്യുക എന്നർത്ഥം. ന. ചതിവ്. ര. ഉപദ്രവം, വിരോധം, ദോഷം. ഠ. കൊല. ന്യ. ശകാരം, ശണ്ഠ ൧. അപമാനം. വ്യ. എതിർക്കുക. ൻ. നെല്ലുകാററത്തിട്ടുക (ചെറുക). ഉൽക്ഷേപിക്കുക എന്നർത്ഥം. പം. പലി.

നികാരണം-കൊല, വധം.

നികാശ-വി. തുല്യമായുള്ള

നികാശ(സ)ം-പു. കാഴ്ച. പ്രകാശം. വ. സന്നിധാനം, സമീപത ന. തുല്യത.

നികിതി-നികുതി.

നികുതിവിത്തു-ഒരു വയലിലെക്കാവശ്യമുള്ള വിത്തിന്റെ വരി.

നികുചം-അയനി.

നികുഞ്ച(ക)ം-പു. ഉഴക്ക്. വളരെ ചെറിയതു എന്നർത്ഥം. (നികുഞ്ചനം എന്നുമാവാം) നാഴിയുടെ നാലിൽ ഒന്നു്. ഒരു ഫലത്തോടു തുല്യം.

വ. ആററവഞ്ചി.

നികുഞ്ജം-പു. ലതാഗൃഹം, വള്ളിക്കുടിൽ. ഭൂമിയിൽ ജനിക്കുന്നതു എന്നർത്ഥം. മററൊരു പര്യായം-കുഞ്ജം.

നികുഞ്ജം എന്നതു ഉള്ളിലുള്ള സ്ഥലത്തിനു പുറമെ വള്ളിചുററിപ്പിണഞ്ഞു മറച്ചുകൊണ്ടിരിക്കുന്ന വള്ളിക്കുടിൽ ആകുന്നു.

വ. മലയിലെ ഗുഹ. ന. കല്ലറ, നിലവറ.

നികുഞ്ജികാ-ഇഞ്ച.

നികുംഭൻ-പു. കുംഭകർണ്ണന്റെ പുത്രൻ, ഒരു രാക്ഷസൻ. വ. ശിവന്റെ ഒരു ഭൃത്യൻ. ന. സുന്ദോപസുന്ദന്മാരുടെ പിതാവായ ഒരു അസുരൻ.

കുംഭകർണ്ണന്റെ പുത്രനായ നികുംഭൻ ശ്രീരാമനോടു യുദ്ധംചെയ്തു മരിച്ചു.

കുംഭൻ എന്ന അസുരൻ വിഷ്ണുവല്ലാതെ തന്നെ ആരും കൊല്ലരുതെന്നു ബ്രഹ്മാവിൽ നിന്നു വരംവാങ്ങി. ഇയാൾ ഒരേസമയം തന്നെ പല രൂപങ്ങൾ ധരിച്ചുവന്നു. ഇതു മന്ത്രശക്തികൊണ്ടായിരുന്നു. ബ്രഹ്മദത്തന്റെ പുത്രിമാരെ മോഷ്ടിച്ചു. ഇതു ഓരോ രൂപത്തിലായിരുന്നു. അപ്പോഴൊക്കെയും കൊല്ലപ്പെട്ടു. അവസാനത്തിൽ കൃഷ്ണൻ ആകപ്പാടെ വധിച്ചു.

നികുംഭം-നാഗദന്തി. ഭൂമിയെ ഏററവും ഭേദിക്കുന്നതു എന്നർത്ഥം. ചെറിയ ദന്തി എന്നും കാണുന്നു.

വജ്രന്തിയുടെ പേരെന്നും അഭിപ്രായം ഉണ്ടു്.

നികുംഭില-പു. രാവണന്റെ പുത്രനായ ഇന്ദ്രജിത്തു് എന്ന രാക്ഷസൻ ഹോമം കഴിച്ച ഗുഹാസ്ഥലം

'ശംഭുപ്രസാദം വരുത്തുവാനായ്ച്ചെന്നു
ഝംഭാരിമിത്രം നികംഭില പുക്കിതു'
(അദ്ധ്യാത്മരാമായണം)

൨. ലംകയുടെ പടിഞ്ഞാറുവശമുള്ള ഒരു ഭദ്രകാളിരൂപം.

നികരുംബം,നികുരാംബം-കൂട്ടം, സമൂഹം. ഏറാവും ശബ്ദിക്കുന്നതു എന്നൎത്ഥം,
'സൂപ്രസൂനനികരുംബവും'
(അന്യാപദേശശതകം)

നികലീനികാ- ജാതിക്കു ഉചിതമായ വിദ്യ, അല്ലെങ്കിൽ തൊഴിൽ.

നികൃത-വി. ൧. ശഠതയുള്ള. ൨. നീക്കപ്പെട്ട. ൩. വഞ്ചിക്കപ്പെട്ട. ൪. നിന്ദ്യമായ. ൫. വിരോധം ചെയ്യപ്പെട്ട.

നികൃതൻ-പു. ഉപദ്രവിക്കപ്പെട്ടവൻ. നികാരണംചെയ്യപ്പെട്ടവൻ എന്നൎത്ഥം. മറെറാരു പൎയ്യായം-വിപ്രകൃതൻ. ൨. മനസ്സിനു കുടിലതയുള്ളവൻ. നികൃതനംചെയ്യുന്നവൻ, അന്യനെ കെടുക്കുന്നവൻ എന്നൎത്ഥം. മററു പൎയ്യായങ്ങൾ-അനൃജു, ശഠൻ.

നികൃതി-സ്ത്രീ. ശാഠ്യം. ൨. നീക്കം. ൩. നിന്ദ. ൪. ചതിവു്.

നികൃത്ത- വി. ഛേദിക്കപ്പെട്ട, മുറിക്കപ്പെട്ട.

നികൃന്തനം-ന. ഛേദനം.
'ദന്തിവരാസുരകൃന്തനംചെയ്തതും'
(ഭക്ഷയാഗം കഥകളി)
൨. മുറിയ്ക്കുന്നതിനുള്ള ഒരായുധം.

നികൃഷ്ട-വി. ഹീനമായ, ജാത്യാചാരകൎമ്മാദികളെക്കൊണ്ടു നിന്ദിക്കപ്പെട്ട. നികൎഷിക്കപ്പെട്ട (നീക്കംചെയ്യപ്പെട്ട) എന്നൎത്ഥം.

നികൃഷ്ടകൎമ്മം-ദുഷ്പ്രവൃത്തി.

നികൃഷ്ടത-ഹീനത.

നികൃഷ്ടം- ന. ജാത്യാചാരകൎമ്മാദികളെക്കൊണ്ടു നിന്ദിക്കപ്പെട്ടതു്. നികൃഷ്ടം > < ഉൽകൃഷ്ടം. ൨. അടുപ്പം, സന്നിധാനം.

നികഷായം-ഒരുവരെ ക്രൂരമായി ക്രൂടുക.

നികേതനം-ഭവനം. വിശേഷമായ പാൎപ്പിടം എന്നൎത്ഥം.

നികേത(ക)ം-ന. ഭവനം. ൨. കടലാസിന്റെ അടിയിൽക്കൂടെ കൈയെഴുതീട്ടു ഉറപ്പുവരുത്തുക.

നികോചകം-ന. അങ്കോലമരം. അത്യുച്ചമായി ശബ്ദിക്കുന്നതു് അല്ലെങ്കിൽ തൊടുന്നവരെ മുള്ളുകുത്തി നിലവിളിപ്പിക്കുന്നതു് എന്നൎത്ഥം. ൨. വാൎമാവിൻ കായ്.

നികോചനം-ന. ചുരുങ്ങൽ, കോച്ചൽ, ചുളുക്കം. ൨. അമുക്കൽ, ഞെരുക്കൽ, മുറുക്കം.

നികോഠകം-അഴിഞ്ഞിൽ.

നിക്കണ്ടം - നിഘണ്ടു, സിദ്ധാന്തം. (പ-മ.)

നിക്വണം, നിക്വാണം-ന. വീണാദി സകല വാദ്യധ്വനികളുടെയും പേർ. ഏറാവും ശബ്ദിക്കുന്നതു എന്നൎത്ഥം. ൨. ശബ്ദം.
ഭൂഷണധ്വനിയുടെ പേരെന്നും അഭിപ്രായം കാണുന്നു.

നിക്ഷണം-ചുംബനം.

നിക്ഷിപ്ത-വി. ൧. വയ്ക്കപ്പെട്ട. ൨. ഇടപ്പെട്ട. ൩. ത്യജിക്കപ്പെട്ട ൪. പണയംവെക്കപ്പെട്ട ൫. നിക്ഷേപിക്കപ്പെട്ടിട്ടുള്ള, സൂക്ഷിച്ചുവെക്കപ്പെട്ടിട്ടുള്ള.

നിക്ഷുഭ-സ്ത്രീ. സൂൎയ്യന്റെ പത്നി. ൨. ബ്രാഹ്മണി.

നിക്ഷേപണം-ന. വയ്ക്കുക, വെപ്പു്. ൨. എറിയുക.

നിക്ഷേപം-൧. ധനം, ഭൂമിയിൽ കുഴിച്ചുവെച്ചതു്. ൨. സൂക്ഷിച്ചുവെപ്പു്. ൩. പണയം. ൪ ത്യാഗം.

നിക്ഷേപിക്കുന്നു-൧. ധനം സൂക്ഷിച്ചുവയ്ക്കുന്നു. ൨. ഇടുന്നു.

നിഖനനം-൧. കുഴിക്കുക ൨. നാട്ടുക, തറയ്ക്കുക.

നിഖർവ്വ വി. നീളംകുറഞ്ഞ.

നിഖർവ്വം-ഖർവ്വം പത്തുകൂടിയതു്, പന്ത്രണ്ടാംസ്ഥാനം.

നിഖാതം-വി. ൧. കുഴിക്കപ്പെട്ട. ൨. നാട്ടിയ. ൩. കുഴിച്ചിടപ്പെട്ട.

നിഖില-വി. മുഴുവനായ, എല്ലാം, സകലം.

നിഗഡ(ള)ം-൧. ആനത്തുടൽ, മദജലത്താൽ നനക്കപ്പെടുന്നതു് എന്നർത്ഥം. ൨. ചങ്ങല, വിലങ്ങ്.

നിഗഡനം- വിലങ്ങിടുക, ചങ്ങലയിടുക.

നിഗഡിത-വി. വിലങ്ങിട്ട, ചങ്ങലയിട്ട

നിഗണം-യാഗധൂമം.

നിഗദം-൧. വാക്കു്, പറക. ൨. ഏററവും വ്യക്തമായി പറയുക. മറെറാരു പര്യായം-നിഗാദം. ൩. ഉറക്കെ ഉച്ചരിച്ച പ്രാർത്ഥന. ൪. പ്രസംഗം. ൫ അർത്ഥം ഗ്രഹിക്കാതെ പഠിക്കുക.

നിഗദിക്കുന്നു-പറയുന്നു.

നിഗമൻ-കച്ചവടക്കാരൻ. (നൈഗമൻ എന്നതിന്റെ പാഠം.)

നിഗമനം-യാത്ര.

നിഗമം-൧. വേദം. ൨ ചന്ത. ൩. നഗരം, രാജധാനി ൪. കച്ചവടം. ൫. പെരുവഴി. ൬ നിശ്ചയം. ൭. തർക്കശാസ്ത്രം. ൮. യാത്രപോകുന്ന വ്യാപാരികളുടെ കൂട്ടം. ൯. മൂലനഗരം. രാജധാനിയുള്ള നഗരം, തലസ്ഥാനം. ജനങ്ങൾ ഇവിടെ വേണ്ടുവോളം ഗമിക്കുന്നു എന്നർത്ഥം.

നിഗമീ-വി. വേദത്തെ അറിയുന്ന.

നിഗരണം-൧. വിഴുങ്ങൽ ൨. തൊണ്ട.

നിഗരണംചെയ്ക-വിഴുങ്ങുക.

നിഗരം-വിഴുങ്ങൽ.

നിഗള(ഡ)ം-൧. അഹംഭാവം. ൨. വിലങ്ങ്, ചങ്ങല. ൩. ആനച്ചങ്ങല. അയയുന്നതു് അല്ലെങ്കിൽ അയയാത്തതു് എന്നർത്ഥം.

നിഗളിക്കുന്നു-അഹങ്കരിക്കുന്നു.

നിഗാദം-പറയുക, സംസാരം.

നിഗാരം-വിഴുങ്ങൽ. നിഗരണം ചെയ്യുക എന്നർത്ഥം.

നിഗാര(ല)ക-വി. വിഴുങ്ങുന്ന, തിന്നുന്ന

നിഗാളം-൧. കുതിരയുടെ കഴുത്തിന്റെയും ജത്രുവിന്റെയും സന്ധിഭാഗത്തിന്റെയും പേർ. ഇതിന്റെ ഉള്ളിലൂടെ ഭക്ഷിക്കുന്നതിനാൽ ഈ പേരുണ്ടായി ൨. വിഴുങ്ങൽ.

നിഗീർണ്ണം-വി. ൧. വിഴുങ്ങിയ. ൨. മറയ്ക്കപ്പെട്ട.

നിഗൂഢ-വി. ൧. മറയ്ക്കപ്പെട്ട. ൨. ഒളിക്കപ്പെട്ട

നിഗൂഢം-മറഞ്ഞിരിക്കുന്നതു്.

'ശമധനരായമാമുനിജനേഷു
നിഗൂഢമഹോ'
(അഭിജ്ഞാനശാകുന്തളം)

നിഗൂഢഃ-അ. രഹസ്യമായിട്ടു്.

നിഗൂഹനം-ഒളിപ്പു്.

നിഗൃഹീത-വി. ൧. പിടിക്കപ്പെട്ട. ൨. തടുക്കപ്പെട്ട ൩. വാദത്തിൽ തോൽപ്പിക്കപ്പെട്ട ൪. എതിർക്കപ്പെട്ട.

നിഗ്രന്ഥനം-കൊല.

നിഗ്രഹണം-൧ കീഴടക്കുക, അമർത്തുക. ൨. ശിക്ഷ. ൩. തോൽവി.

**നിഗ്രഹം**-൧. കൊല ൨. ശിക്ഷ. ൩. അനിഷ്ടം. ൪. നിരോധം. ൫ തടവിലാക്കൽ, കാരാഗൃഹത്തിലാക്കുക. ൬ നാശം ൭ ലീനം, വശിയാക്കൽ. ൮ അതിർത്തി.

**നിഗ്രഹിക്കുന്നു**-൧. കൊല്ലുന്നു. ൨. ശിക്ഷിക്കുന്നു.

**നിഗ്രാഹം**-൧ ശിക്ഷ. ൨. ശപഥം.

**നിഘ**-വി. വീതിക്കു തക്കപൊക്കമുള്ള.

**നിഘണ്ടു**-അഭിധാനഗ്രന്ഥം.

**നിഘം**-൧. ഉണ്ട. ൨. വട്ടം. ൩. സമചതുരമായും കുഴുന്നതിനുള്ളതുമായ ഒരായുധം. ഇതുകൊണ്ടു നിയതമായി ഹനിക്കുന്നതിനാൽ ഈ പേർ വന്നു. ൪. പാപം.

**നിഘർഷണം**-൧. ഉരച്ചിൽ. ൨. തിരുമ്മൽ.

**നിഘസം** - ഭക്ഷണം, ഭക്ഷണസാധനങ്ങൾ, ഭക്ഷിക്കുക, ആഹാരം.

**നിഘാതം**-ഇടി, അടി.

**നിഘാതി**-ഇരിമ്പുഗദ.

**നിഘുഷ്ടം**-ശബ്ദം.

**നിഘൃഷ്ട**-വി. ൧. കീഴടക്കപ്പെട്ട. ൨. ഉരക്കപ്പെട്ട. ൩. തിരുമ്മപ്പെട്ട.

**നിഘ്ന**-വി. അധീനമായുള്ള.

**നിങ്ങൾ**-൧. ആദരവോടു പറയുന്നവരോ അയാൾ. ൨ ഒരാൾ തനിച്ചേ ഉള്ളു എന്നിരിക്കിൽ അയാളെ ബഹുമാനപൂർവം നിർദ്ദേശിക്കുന്ന സർവനാമം. ൩ പറയുന്നതു പലരോടുമാണെങ്കിൽ അവരെല്ലാം.

**നിചയം**-൧. കൂട്ടം. ൨ ശേഖരിപ്പുസ്ഥലം. ൩ നിശ്ചയം.

**നിചായം**-കൂട്ടം.

**നിചികി**-ഒരു നല്ല ഇനത്തിലുള്ള പശു.

**നിചിത**-വി. ൧ പൂരിക്കപ്പെട്ട ൨. മൂടപ്പെട്ട

**നിചുംപുനം**-കടൽ.

**നിചുളകം** മാർക്കവചം, ഉരസ്ത്രാണം.

**നിചുളൻ**-കാളിദാസന്റെ സമകാലീനനും ബന്ധുവുമായ ഒരു കവി.

**നിചുളം**-൧ നീർക്കടമ്പു്, നീർപ്പുതതി. ജലത്തിൽനിന്നു പൊങ്ങിനില്ക്കുന്നതു് എന്നർത്ഥം. ൨. മൂടുവസ്ത്രം. ൩. വഞ്ചി, ആററുവഞ്ചി.

**നിചോളകം**- മൂടുവസ്ത്രം, മുഴുക്കുപ്പായം. ഏററവും പൊങ്ങിനില്ക്കുന്നതു് എന്നർത്ഥം. നീചോളി എന്നും കാണുന്നു. മറെറാരു പര്യായം-പ്രച്ഛദപടം.

മെത്തവിരിപ്പിനും വീണമുതലായതിന്റെ ഉറയ്ക്കും ഈ പേർ പറയാറുണ്ടെന്നു കാണുന്നു.

**നിചോളം**-൧. മൂടുപടം, മൂടുവസ്ത്രം.

'ധ്വാന്തംനീലനിചോളചാരു'
(ഗീതാഗോവിന്ദം)

'നീലനിചോളേനസന്നദ്ധമെങ്കിലും'
(രാവണവിജയം കഥകളി)

൨. മെത്തവിരിപ്പു് (ഉറ). ൩. പല്ലക്ക മൂടുന്ന വസ്ത്രം (ദോളികാവരണം).

**നിച്ചം**-അ. നിത്യം, ദിവസംപ്രതി.

**നിച്ചലും**-നിത്യവും (പഴയപ്രയോഗം.)

'നിച്ചലത്തെപ്പോലെനന്നായ്
കെച്ചലുത്തിനാൻ'
(കൃഷ്ണലീല തുള്ളൽ)

**നിച്ചാത്തം**-ദിവസംപ്രതിയുള്ള ശ്രാദ്ധം.

**നിച്ഛിവി**-ക്ഷത്രിയരിൽനിന്നു കീഴ്പതിച്ച ഒരു ജാതി.

**നിജ**-വി. ൧ തന്നെസംബന്ധിച്ച. ൨. നിശ്ചയമായുള്ള. ൩. നിത്യമായുള്ള. നിയതമായി ജനിക്കുന്ന എന്നർത്ഥം. ൪. വിശേഷമായ. ൫. തുടച്ചയായ.

**നിജം**-മ. തന്നെ സംബന്ധിച്ചതു്. വ. വെള്ളോട്ട്.

**നിജാധീന**-വി സ്വാധീനമായുള്ള.

**നിജാവന്തി**-ഒരു രാഗം.

**നിടലക്കഴി**-തൊണ്ടക്കുഴി.

**നിടലം**-നെററി.

**നിടലാക്ഷൻ**-ശിവൻ.

**നിടിയ**-വി. വലിയ.

**നിടിയോൻ**-ഒരു വള്ളി (നരന്ത)

**നിടിലതടം**-നെററി.

**നിടിലം**-നെററി.

**നിടിലാക്ഷൻ**-ശിവൻ.

**നിടു**-വി. നീളമുള്ള.

**നിടുങ്കൺ**-വലിയ കണ്ണ്.

**നിഡീനം**-പക്ഷികളുടെ കീഴ്പെട്ടുള്ള പറപ്പ്.

**നിണപ്പുഴ**-രക്തപ്പുഴ.

**നിണം**-മ. ചോര. വ. മഞ്ഞളും അരിയും കൂടി അരച്ചുകലക്കി ചുണ്ണാമ്പും കൂട്ടിക്കലക്കി ചോരപോലെ ഉണ്ടാക്കിയതു്. കുരുതി. ന. ചോരക്കട്ട.

**നിണമണിയുക**-നിണം കൊണ്ടലങ്കരിക്കുക.

**നിണ്യ**-വി. ഒളിച്ച, രഹസ്യമായുള്ള

**നിണ്യം**-രഹസ്യം.

**നിതംബം**-മ. കടിപ്രദേശം. വ. സ്ത്രീകളുടെ അരക്കെട്ടിന്റെ പിൻഭാഗം സുരതസമ്മർദ്ദം കൊണ്ടു ക്ഷീണിക്കുന്നതു് പുരുഷന്മാരാൽ അത്യന്തം അനുഗ്രഹിക്കപ്പെടുന്നതു് ഇങ്ങിനെ അർത്ഥം.

'സോല്ലാസംശനകൈർന്നിതംബഗുരുതാ'
(അഭിജ്ഞാനശാകുന്തളം)

ന. മലഞ്ചരിവിന്റെ നടുപ്രദേശം, പർവ്വതത്തിന്റെ മദ്ധ്യപ്രദേശത്തിന്റെ പേർ.

**നിതംബവതി**-സ്ത്രീ.

**നിതംബിനി**-മ സുന്ദരി. നല്ല നിതംബത്തോടു കൂടിയവൾ എന്നർത്ഥം. വ. സ്ത്രീ.

**നിതരാം**-അ. ഏററവും, നിശ്ചയമായിട്ട്, മുഴുവനും, തുടച്ചയായി.

**നിതലം**-കീഴ്ലോകങ്ങളിൽ ഒന്ന്.

**നിതാന്തം**-വി. പെരുകിയ, ഏററവും.

**നിത്തം**-നില. (തമിഴ്-നിററൽ)

'എനിക്കു നിന്നേടത്തു നിത്തവും, ഇരുന്നേടത്തു ഇരുത്തവും, കിടന്നേടത്തു കിടത്തവും കൊള്ളുന്നില്ല'

**നിത്യ**-വി മ എപ്പോഴുമുള്ള, നിത്യമായുള്ള വ. സ്ഥിരതയുള്ള.

**നിത്യകർമ്മം**-ദിവസംപ്രതി ചെയ്യേണ്ടുന്ന കർമ്മം.

**നിത്യകല്യാണൻ**-ദൈവം.

**നിത്യകൃത്യം**-നിത്യകർമ്മം.

**നിത്യച്ഛാത്രം**-ദിവസംപ്രതിയുള്ള ശ്രാദ്ധം.

**നിത്യച്ചെലവ്**-ദിവസംപ്രതിയുള്ളചെലവ്.

**നിത്യത, നിത്യത്വം**-മ. കാലക്ഷേപം. വ. ആവശ്യം. ന. ദൈവത്വം, ശാശ്വതത്വം.

**നിത്യദാ**-അ. എന്നും

**നിത്യദാനം**-ദിവസവും ചെയ്യുന്ന ദാനം.

**നിത്യൻ**-മ എപ്പോഴുമുള്ളവൻ, ഈശ്വരൻ വ. സമുദ്രം.

**നിത്യനിദാനം**-നിത്യവൃത്തി.

**നിത്യപൂജ്യചതുഷ്ടയം**-ഭൃത്യർ, സന്യാസികൾ, ദേവകൾ, അതിഥികൾ.

**നിത്യപ്രളയം**-നിദ്ര.

**നിത്യം**-അ. മ. എന്നും. വ. ദിവസംപ്രതം. ന. എപ്പൊഴും. ര കടൽ.

നിത്യമുക്ത-വി. എന്നും മുക്തിയുള്ള.

നിത്യയോഗം-ജ്യോതിശ്ശാസ്ത്രത്തിൽ പറയുന്ന വിഷ്കംഭാദിയോഗങ്ങൾ.

നിത്യയൌവ്വനാ-ദ്രൌ.

നിത്യരക്ഷ്യചതുഷ്ടയം-മാതാവ്, പിതാവ്, ആചാര്യൻ, അഗ്നി. (സ്വഗൃഹത്തിൽവച്ചു എന്നും രക്ഷിക്കണം.)

നിത്യവഴുതിന-എന്നും കായ്ക്കുന്ന ഒരു മാതിരി വഴുതിന, ചുണ്ടവഴുതിന.

നിത്യവും-അ. ദിവസംപ്രതി.

നിത്യവൃത്തി-ദിവസവൃത്തി, കഴിച്ചിൽ.

നിത്യശ്രാദ്ധം-നിച്ചാത്തം.

നിത്യസാന്നിദ്ധ്യം-൧. എപ്പോഴുമുള്ള അടുപ്പം. ൨. ദൈവശക്തിയുടെ ഇരിപ്പ്.

നിത്യസ്വരൂപ, നിത്യസ്വരൂപി-വി. സ്ഥിരരൂപമുള്ള.

നിത്യാ-ദുർഗ്ഗാ.

നിത്യാനന്ദ-വി എന്നും സന്തോഷമുള്ള.

നിത്യാനന്ദം-നിത്യസന്തോഷം.

നിത്യാനിത്യം-നിത്യവും അനിത്യവും.

നിത്യാനിത്യവിവേകം - നിത്യത്തിന്റെയും അനിത്യത്തിന്റെയും തിരിച്ചറിവ്.

നിദം-വിഷം.

നിദർശക-വി. കാണിച്ചുകൊടുക്കുന്ന.

നിദർശന-സാഹിത്യശാസ്ത്രത്തിൽ ഒരു അലങ്കാരത്തിന്റെ പേർ.

'വാക്യാർത്ഥയോസ്സദൃശയോരൈക്യാ
രോപോ നിദർശനാ'

(കുവലയാനന്ദം)

ഏതാൻ ധർമ്മങ്ങളുള്ള ഒരു പ്രകൃതമായ ധർമ്മിക്കും ആ ധർമ്മങ്ങൾക്കു പ്രതിബിംബഭൂതങ്ങളായ മററു ധർമ്മങ്ങളുള്ള ഒരു അപ്രകൃതധർമ്മിക്കും അഭേദം കല്പിച്ചു ഒന്നിനെ മററതാക്കുന്നത്.

'വിശിഷ്ടധർമ്മികൾക്കൈക്യ-
മാരോപിച്ചാൽനിദർശനാ
ദാനശീലന്റെ സൌമ്യത്വം
തങ്കത്തിന്റെ സുഗന്ധമാം'

(ഭാഷാഭൂഷണം)

നിദർശനം-൧. കാണിച്ചുകൊടുക്കുക എന്നുള്ളത്. ൨. കാഴ്ച. ൩. തെളിവ്. ൪. ഉദാഹരണം. ൫. വിവരണം. ൬. രീതി, ക്രമം.

നിദാഘകരൻ-സൂര്യൻ.

നിദാഘൻ-പുലസ്ത്യന്റെ പുത്രനായ ഒരു ബ്രാഹ്മണൻ, ഋഭുവിന്റെ ശിഷ്യൻ.

നിദാഘം-൧. ഉഷ്ണം. ൨. വിയർപ്പ്. ൩. വേനൽ, ഗ്രീഷ്മകാലം. ഏററവും തപിപ്പിക്കുന്ന കാലം എന്നർത്ഥം.

നിദാനം-൧ ആദ്യമുള്ള കാരണം, മുഖ്യകാരണം. ൨. വൈദ്യശാസ്ത്രത്തിൽ ഒരു ഭാഗം. ൩. കയറ്. ൪. അവസാനം. ൫. ശുദ്ധത.

നിദാനമാകുന്നു-൧. കാരണമാകുന്നു. ൨. തീർച്ചവരുത്തുന്നു.

നിദാനവൃത്തി-നിത്യവൃത്തി, ദിവസംപ്രതിയുള്ള കഴിച്ചിൽ.

നിദാനിക്കുന്നു-തീർച്ചയാക്കുന്നു.

നിദിഗ്ദ്ധ-വി. ൧. പൂശപ്പെട്ട, തേയ്ക്കപ്പെട്ട. ൨. ഒന്നിച്ചുകൂട്ടിയ. ൩. ഉരുട്ടപ്പെട്ട.

നിദിഗ്ദ്ധം-പുഷ്ടിയെ പ്രാപിച്ചത്. പുഷ്ടിയെ പ്രാപിച്ചതു എന്ന അർത്ഥത്തിലും പ്രയോഗം കാണുന്നുണ്ട്.

(പുഷ്ടിയെ പ്രാപിച്ചത് എന്നതിനു ഉദാഹരണം.)

'ഉപചിതമിവ ഭാഗധേയമക്ഷ്ണാം-
ഉരസിജഭാരമുദാരമുദ്വഹന്തീ'

(മഴമംഗലം)

നിദിഗ്ദ്ധാ-൧. ചിററേലം. ൨. കണ്ടകാരിച്ചുണ്ട.

നിദിഗ്ദ്ധിക-ചെറുവഴുതിന, കണ്ടകാരി

ച്ചുണ്ട, പൂത്തിരിച്ചുണ്ട കൊംബും ചുള്ളി യുമായി പടൻപിടിച്ചു വളരുന്നതു് എന്നർത്ഥം.

നിദിധ്യാസനം-ഉരന്നു വിചാരം.

നിദേശം-പ്ര കല്പന, ശാസന, ആജ്ഞ വ. വൃത്താന്തം, വർത്തമാനം ന. അയൽ, സമീപസ്ഥലം ര. പാത്രം.

നിദേശിക്കുന്നു-കല്പിക്കുന്നു, ആജ്ഞാപിക്കുന്നു.

നിദേശിനി-പ്ര. ദിക്കു്, രാജ്യം, നാട്ടു്. വ. ചൂണ്ടിക്കാണിക്കുന്നതു്.

നിദ്ര-ഉറക്കം. ഇന്ദ്രിയങ്ങൾ ഇതിൽ കുത്സിതമായി ഗമിക്കുന്നതിനാൽ ഈ പേരുണ്ടായി.

നിദ്ര ബ്രഹ്മാവിൻെറ സ്ത്രീരൂപമെന്നു ചിലരും, പാലാഴിമഥനത്തിൽ ഉണ്ടായതെന്നു വേറെ ചിലരും പറയുന്നു.

നിദ്ര വരാത്തവർ ൭ വിധം-പ്ര. ബലവാൻ എതിർത്ത ബലഹീനൻ, വ. വൃത്തിസാധനവിഹീനൻ, ന. ഏതദ്രവ്യൻ, ര. അതികാമി, ൭. തസ്കരൻ. (ഉറക്കത്തിൽ ൭ പേരെ ഉണർത്തണം-വിദ്യാർത്ഥി, ക്ഷുധാർത്തൻ, പാന്ഥൻ, ഭീതൻ, ഭണ്ഡാരക്കാരൻ, രാജസേവകൻ, കാവൽക്കാരൻ ഇങ്ങിനെ ൭.)

നിദ്രാഗൃഹം-ഉറങ്ങുവാനുള്ള പുര, കിടക്കപ്പുര.

നിദ്രാണ-വി. ഉറങ്ങുന്ന, ഉറങ്ങിയ.

നിദ്രാമയക്കം-ഉറക്കം.

നിദ്രാമാന്ദ്യം-നിദ്രാമയക്കം.

നിദ്രാരി-ഉത്തരകിരിയാത്തു്.

നിദ്രാവതാ-ഉറക്കം.

നിദ്രാവൃക്ഷം-ഇരുട്ടു്.

നിദ്രാശീലൻ-നിദ്രചെയ്യു ശീലമായിട്ടുള്ളവൻ. പര്യായങ്ങൾ-സ്വപ്നക്, ശയാലു, നിദ്രാലു.

നിദ്രാലു-വി. അധികം ഉറക്കമുള്ള.

നിദ്രാ(ലു)ള-പ്ര. നിദ്രാശീലൻ. വ. വിഷ്ണു. ന. തക്കാരിവഴുതിന. ര. കാട്ടുചെറുതുളസി.

നിദ്രിക്ക-ഉറങ്ങുക

നിദ്രിത-വി. ഉറങ്ങിയ.

നിധനത-ദാരിദ്ര്യം.

നിധനൻ-ബ്രഹ്മാവു്.

'നാഭിജന്മാണ്ഡജഃ പൂർവ്വോ-
നിധനഃ കമലോത്ഭവഃ'
(മഹേശ്വരടീക)

നിധനം-പ്ര. നാശം. വ. മരണം. ധനസംബന്ധത്തെ ഉപേക്ഷിക്കുന്നതു് എന്നർത്ഥം. ന. വംശം. ര. ജാതി.

നിധാ-പ്ര. വല. വ. കണ്ണി, കുടുക്കു്. (വേദത്തിൽ പ്രയോഗം).

നിധാനം-പ്ര. നിക്ഷേപം. വ. വെപ്പു്. ന. ആശ്രയം.

നിധി-പ്ര. നിക്ഷേപം. ഏററവും രക്ഷിക്കപ്പെടുന്നതെന്നർത്ഥം. മറെറാരു പര്യായം-ശേവധി. വ. ഇരിപ്പിടം. ന. വസ്തുക്കളെ സൂക്ഷിച്ചുവയ്ക്കുന്ന സ്ഥലം. ര. ഭജനാവു്. ൭. നവനിധി. ൬. സമുദ്രം. ൭. വിഷ്ണു. ൮. സുശീലൻ. (നവനിധി എന്നതു നോക്കുക).

നിധിനാഥൻ-കുബേരൻ.

നിധിപതി-പ്ര. നിക്ഷേപം രക്ഷിക്കുന്നവൻ, ധനവാൻ. വ. കുബേരൻ.

നിധിവച്ചു പിച്ചയിരക്കുക-വല്ലതും ധാരാളമുള്ളവൻ അതു ചെലവാക്കാതെ സൂക്ഷിച്ചുവച്ചു പരാപേക്ഷയിൽ കാലം കഴിക്കുന്നതിനു ശ്രമിക്കുക. (ശൈലി).

നിധീശൻ-വൈശ്രവണൻ.

നിധുവനം-പ്ര. സ്ത്രീസംഗം. ഹസ്തം പാദം മുതലായ അവയവങ്ങളെ ഏററവും

ഇളക്കിത്തീക്കുന്നതെന്നത്ഥം. വ. ഇളക്കം. ന. സന്തോഷം. ദ. ഉല്ലാസം. ഉ. വിനോദം. ന്വ. ക്രീഡ.

നിധ്യാത-വി. നിധ്യാനംചെയ്യപ്പെട്ട, വിചാരിച്ച.

നിധ്യാനം-കാഴ്ച, ദശനം. ആലോചിച്ചു നോക്കുക എന്നത്ഥം

നിധ്വാനം-ഒച്ച, ശബ്ദം.

നിൻ—മദ്ധ്യമപുരുഷനിലുള്ള. സവ്നാമശബ്ദം, (പദാരംഭത്തിൽ) നിന്റെ എന്നത്ഥം. ഉ-ം, നിന്നടി, നിന്നങ്കം, നിൻകൈ ഇത്യാദി.

നിനച്ചിരിയാതെ-അ. നിരൂപിച്ചിരിക്കാതെ

നിനദം-പ്ര. ശബ്ദം. അക്ഷരവ്യക്തിയില്ലാത്തതു എന്നത്ഥം. വ. വണ്ടിയുടെയൊ രഥത്തിന്റെയൊ ഒച്ചപോലെയുള്ള ഒച്ച. ന. ഇരച്ചകളുടെ ശബ്ദംപോലെയുള്ള ശബ്ദം. നിനാദം എന്നുമാവാം.

നിനദിക്കുന്നു-ശബ്ദിക്കുന്നു.

നിനംക്ഷു-വി. പ്ര. മരിപ്പാനാഗ്രഹിക്കുന്ന. വ. തപ്പിപ്പിഴപ്പാൻആഗ്രഹിക്കുന്ന.

നിനയ്ക്കാതെ-അ. വിചാരിക്കാതെ, ഓക്കാതെ.

നിനയ്ക്കുന്നു-വിചാരിക്കുന്നു, ഓക്കുന്നു.

നിനയനം-പ്ര. അനുഷ്ഠാനം, നടത്തൽ. വ. ഒഴിക്കുക.

നിനയ്കക-വിചാരിക്കുക.

നിനവു്-ഓമ്മ, വിചാരം, അഭിപ്രായം, ഓമ്മയ്ക്കുള്ള ഒരെഴുത്തു്.

നിനവുകേടു്- ഓമ്മക്കുറവു്, വിചാരക്കേടു്, മറവി.

നിനവുകൊടുക്കുന്നു- പ്ര. ഓമ്മിപ്പിക്കുന്നു. വ. ഓമ്മയ്ക്കായിട്ടു ഒരെഴുത്തുകൊടുക്കുന്നു.

നിനാദം-ശബ്ദം. (നിനദം എന്നതു നോക്കുക.)

നിനുത-വി. ആവത്തിച്ച.

നിനുതി-ആവത്തനം.

നിന്ദ, നിന്ദനം-പ്ര. അപമാനിക്ക. വ. നിന്ദിച്ചുപറക. പര്യായങ്ങൾ-അവണ്ണം, ആക്ഷേപം, നിവ്വാദം, പരിവാദം, അപവാദം, ഉപക്രോശം, ജുഗുപ്സാ, കുത്സാ, നിന്ദാ, ഗഹണം.

നാട്യവഗ്ഗപ്രകാരം പര്യായങ്ങൾ-അനാദരം, പരിഭവം, പരീഭവം, തിരസ്ക്രിയം, രീഢാ, അവമാനനാ, അവജ്ഞാ, അവഹേളനം, അസൂക്ഷണം.

നിന്ദനം- നിന്ദിക്കുക, ആക്ഷേപിക്കുക. വന്ദനം > <നിന്ദനം.

നിന്ദാവചനം-ധിക്കാരവാക്കു്.

നിന്ദാവാക്കു്-നിന്ദിച്ചുള്ള വചനം.

നിന്ദാശീല-വി. ധിക്കാരസ്വഭാവമുള്ള.

നിന്ദാസ്തുതി-നിന്ദയിൽ പര്യവസാനിക്കുന്ന സ്തുതി, കൊള്ളിവാക്കു്.

കേൾക്കുമ്പോൾ നിന്ദിച്ചും, വിചാരിച്ചാൽ ബഹുമാനിച്ചും പറഞ്ഞതായിട്ടുള്ള അത്ഥം തോന്നുന്ന വാക്കു്.

നിന്ദിക്കപ്പെട്ടതു്-അവമാനിക്കപ്പെട്ടതു്

ജാത്യാചാരകലാദികളെക്കൊണ്ടു നിന്ദിക്കപ്പെട്ടതു് എന്നതിന്റെ പര്യായങ്ങൾ-നികൃഷ്ടം, പ്രതികൃഷ്ടം, രേഫം, യാപ്യം, അവമം, അധമം, കുപൂയം, കുത്സിതം, അവദ്യം, ഖേടം, ഗഹ്യം, അണകം.

നിന്ദിക്കുന്നു-അവമാനിക്കുന്നു. (കാ. ക്രി. നിന്ദിപ്പിക്കുന്നു.)

നിന്ദിത-വി. ധിക്കരിക്കപ്പെട്ട.

നിന്ദു-ചത്തകുട്ടിയെ വഹിക്കുന്ന സ്ത്രീ.

**നിന്ദ്യ**-വി. നിന്ദിക്കപ്പെടേണ്ടുന്ന.

**നിന്നിമികം**-നന്മയധികമുള്ള. (പ-മ.)

**നിന്നീടിയ**-നിന്ന.

ഇക്കാലത്തു 'നിന്നീടിന' എന്നല്ലാതെ കവികൾ 'നിന്നീടിയ' എന്നു എഴുതാറില്ല.

'സച്ചിൽസുഖമായ് നിന്നീടിയ
പരമാത്മാനം തൊഴുന്നേൻ'
(ഭഗവൽഗീത-മാധവപ്പണിക്കർ)

**നിപഠം**-പഠം, വായന, പഠനം.

**നിപതനം**-൧. വീഴ്ച, ൨. ഇറക്കം.

**നിപതിക്കുന്നു**-൧. വീഴുന്നു. ൨. ഇറങ്ങുന്നു.

**നിപതിപ്പിക്കുന്നു**-താഴ്ത്തുന്നു.

**നിപത്യാ**-൧. വഴുക്കുന്നനിലം (തറ) ൨. രണാങ്കണം.

**നിപം**-൧. കടം. ഏററവും ജലം കുടിക്കുന്നതു് എന്നർത്ഥം. ൨. കടമ്പുവൃക്ഷം.

**നിപാകം**-പാകംവരിക, പഴുക്കുക.

**നിപാഠം**-വായന, പാഠം.

**നിപാതകം**-൧. പാപം. ൨. ദുർവൃത്തി.

**നിപാതജം**-(വ്യാകരണത്തിൽ) അവ്യയാധികാരത്തിലെ ഒരു പിരിവ്. ഉ-ം, പെട്ടെന്നു, പിന്നെ, വേറെ ഇത്യാദി.

**നിപാതനം**-൧. വീഴിപ്പിക്കുക. ൨. വീഴ്ച. ൩. താഴ്ത്തുക. കീഴ്പ്പെട്ടു കൊണ്ടുവരിക എന്നർത്ഥം. നിയാതനം എന്നും പാഠം കാണുന്നു. ൪. അടി. ൫. നാശം വരുത്തുക, കൊല്ലുക.

**നിപാതം**-൧. വീഴ്ച, ൨. മരണം. ൩. യാദൃച്ഛികസംഭവം. ൪. (വ്യാകരണത്തിൽ) സ്വയം ഒരർത്ഥത്തേയും കുറിക്കാതെ ഓരോരോ അർത്ഥത്തിന്റെ തോന്നൽ ഉണ്ടാക്കുന്ന ശബ്ദം. 'കല്യാണിയും പാർവതിയും വിദ്യാർത്ഥിനികളാകുന്നു'. ഇതിൽ 'ഉം' നിപാതമാണ്.

**നിപാനം**-൧. കിണററിൻകരയിലുള്ള കൽത്തൊട്ടി. നിയതമായി ഇതിൽ ജലം പാനംചെയ്യപ്പെടുന്നതിനാൽ ഈ പേരുണ്ടായി.

പശുക്കൾക്കു കുടിപ്പാനായി കിണറുകളും മുതലായതിനരികെ കല്ലുതൊട്ടി വയ്ക്കുക പതിവാണല്ലോ.

൨. കുടിക്കുക. ൩. കിണറു്. ൪. പാൽ കറക്കുന്ന പാത്രം.

**നിപീഡനം**-൧. ഞെക്കുക, പിഴിയുക. ൨. ഉപദ്രവിക്കുക.

**നിപീഡിത**-വി. ൧. ഞെക്കപ്പെട്ട. ൨. പിഴിയപ്പെട്ട. ൩. ഉപദ്രവിക്കപ്പെട്ട. ൪. ആലിംഗനം ചെയ്യപ്പെട്ട.

**നിപീത**-വി. നിപാനം ചെയ്യപ്പെട്ട, കുടിച്ച.

**നിപീതി**-കുടിക്കുക

**നിപുണ**-വി. സാമർത്ഥ്യമുള്ള.

**നിപുണത, നിപുണത്വം**-സാമർത്ഥ്യം, സമർത്ഥത.

**നിപുണൻ**-സമർത്ഥൻ. ശുഭകർമ്മത്തിൽ പ്രവർത്തിക്കുന്നവൻ എന്നർത്ഥം.

**നിബദ്ധ**-വി. ൧. കെട്ടിമുറുക്കിയ. ൨. കെട്ടപ്പെട്ട, കവിതകെട്ടപ്പെട്ട.

**നിബന്ധനം**-൧. കെട്ടു്. ൨. കവിത. ൩. ചേർത്തുണ്ടാക്കുക. ൪. പണിയുക. ൫. നിരോധം. ൬. ഊന്നു്, താങ്ങു്. ൭. സംബന്ധം, ചേർച്ച. ൮. ആദിമൂലം, കാരണം. ൯. യാദൃച്ഛികം. ൧൦. ഇരിപ്പിടം. ൧൧. ചട്ടം. ൧൨. ഗ്രന്ഥരചനയിൽ [illegible]ളുടെ പ്രയോഗരീതി. ൧൩. വീണയുടെ ആപ്പു്. വീണയുടെ കമ്പി കെട്ടിമുറുക്കുവാനുള്ള പ്രദേശം എന്നർത്ഥം. ൧൪. ഭാഷ്യം. ൧൫. വിലങ്ങു്, ചങ്ങല. ൧൬. വസ്തുദാനം.

**നിബന്ധനി**-൧. ചട്ടം. ൨. കെട്ടു്, വിലങ്ങു്.

**നിബന്ധം**-൧. കെട്ട്, ഉറപ്പിപ്പ്. ൨. മഹോത്സാഹം. ൩. കവിതകെട്ടുക, ഗ്രന്ഥമെഴുതുക. ൪. നിരോധം. ൫. മൂത്രം അടയ്പ്പ്. ൬. വിലങ്ങ്, ചങ്ങല. ൭. ആദിമൂലം, കാരണം. ൮. പാട്ട്, പാട്ടുക. ൯. സംക്ഷേപം, സംഗ്രഹം. ൧൦. വസ്തുദാനം. ൧൧. മലമൂത്രനിരോധം. ൧൨. മേൽവയർ വീപ്പ്.

**നിബന്ധിക്കുന്നു**-൧. കെട്ടുന്നു. ൨. കവിതയുണ്ടാക്കുന്നു.

**നിബർഹണം**-കൊല, വധം, നാശം.

**നിബിഡ, നിബിഡീശ, നിബിഡീസ**-വി. ൧. ഇടതിങ്ങിയ. ൨. കട്ടപ്പമുള്ള. ൩. പ്രയാസമുള്ള.

**നിബിഡിത**-വി. ഇടതിങ്ങപ്പെട്ട.

**നിബിരം**-പടകുടി.

**നിബിരീസാ**-തിങ്ങിയത്.

**നിഭ**-വി. തുല്യമായ.

**നിഭം**-൧. വ്യാജം. ൨. തുല്യം. ൩. പ്രകാശം, പ്രത്യക്ഷത. ൪. നടിപ്പ്. ൫. ചതിവ്.

നിഭശബ്ദം ഉത്തരപദത്തിൽ സ്ഥിതിചെയ്ത തുല്യവാചകമാകും. സമാസത്തിന്റെ ശേഷമേ പ്രയോഗിക്കാവൂ. ഒററയായി പ്രയോഗം കാണുന്നില്ല. 'ജനകനിഭഃ തനയഃ' (പിതൃതുല്യൻ). മാതൃനിഭം സുതം, ദേവനിഭമപത്യം-ഇപ്രകാരം മൂന്നു ലിംഗങ്ങളിലും വരും.

**നിഭാലനം**-൧. ആത്മജ്ഞാനം. ൨. മനോഭാവം. ൩. ഉണർവ്. ൪. കാഴ്ച.

**നിഭ്രത**-വി. ൧. അത്യന്താ ഭയപ്പെട്ട. ൨. കഴിഞ്ഞ.

**നിഭൃത**-വി. ൧. ശബ്ദമില്ലാത്ത, അടക്കമുള്ള ൨. വിനയം (താഴ്മ) ഉള്ള ൩. ഇട്ട, വെച്ച. ൪. മന്ദമായ. ൫. പണയംവെച്ച. ൬. ഒളിച്ച, കാണാതായ. ൭. ശാന്തതയുള്ള. ൮. ഉറപ്പുള്ള. ൯. നന്ദിയുള്ള. ൧൦. സത്യമുള്ള ൧൧. (വാതിൽപോലെ) അടയ്ക്കപ്പെട്ട.

**നിഭൃതഗതി**-൧. മന്ദഗതി. ൨. ഒളിച്ച സ്ഥിതി.

**നിഭൃതൻ**- വിനയം (താഴ്മ) ഉള്ളവൻ. നിശ്ചയമായും ഭരിക്കപ്പെടുന്നവൻ എന്നർത്ഥം. മറുപര്യായങ്ങൾ-വിനീതൻ, പ്രശ്രിതൻ

**നിഭൃതം**-അ. ൧. രഹസ്യമായിട്ട്. ൨. സാവധാനത്തിൽ.

**നിഭൃതം**-വിനയം.

**നിമഗ്ന**-വി. മുങ്ങിയ

**നിമജ്ജനം**-൧. മുങ്ങൽ. ൨. കുളി.

**നിമഥനം**-൧. കൊല്ലുക. ൨. കലക്കുക.

**നിമന്ത്രണം**-൧. ക്ഷണിക്കൽ. ൨. ആജ്ഞാപിച്ചു വരുത്തുക.

**നിമം**-ആണി, കുററി.

**നിമയം**-ഒന്നു കൊടുത്തു മറെറാന്നു വാങ്ങുക, മാററം. 'വിമയം' എന്നുമാവാം

**നിമാനം**-൧. വില. ൨. അളവ്.

**നിമി**-ഇക്ഷ്വാകുരാജാവിന്റെ ഒരു പുത്രൻ.

ഇദ്ദേഹം മിഥില അല്ലെങ്കിൽ വിദേഹവംശസ്ഥാപകനാണ്. ൧൦൦൦ വർഷം വേണ്ടിവരുന്ന ഒരു യാഗം ചെയ്യാൻ നിമി നിശ്ചയിച്ച് വസിഷ്ഠനെ ഹോതാവായി വരിച്ചു. ൫൦൦ വർഷം വേണ്ടിവരുന്ന ഒരു യാഗത്തിലേക്കു ഇന്ദ്രൻ തന്നെ മുമ്പേതന്നെ വരിച്ചുപോയി. അതുകഴിഞ്ഞുവന്ന് ആവാം എന്നു വസിഷ്ഠൻ പറഞ്ഞുംവെച്ചു പോയി. നിമി അതിനാൽ ഗൌതമമഹർഷിയെക്കൊണ്ടു യാഗം തുടങ്ങി നടത്തിവരവേ വസിഷ്ഠൻ ചെന്നുചേർന്നു. യാഗം ഗൌതമനെക്കൊണ്ടു നടത്തിക്കുന്നതു കണ്ട് വസിഷ്ഠൻ

വിദേഹനായിപ്പോകെന്നു ശപിച്ചു. യാഗാവസാനത്തിൽ ദേവന്മാർ വന്നു ദേഹം കൊടുക്കാമെന്നു പറഞ്ഞു. ദേഹം വേണ്ടാ എന്നു നിമി ശഠിച്ചു. ഒടുവിൽ ജീവജാലങ്ങളുടെ നേത്രങ്ങളിൽ കുടികൊള്ളുവാൻ അനുഗ്രഹിക്കണമെന്നു നിമി അപേക്ഷിച്ചു. ദേവന്മാർ നിമിയുടെ അപേക്ഷപ്രകാരം നേത്രങ്ങളിൽ ഇരുന്നുകൊള്ളുവാൻ അനുഗ്രഹിച്ചു. നിമി ഇരിക്കുന്നതിനാലാണ് ജീവജാലങ്ങൾ ഇന്നും ഇമകൾ അടയ്ക്കയും തുറക്കയും ചെയ്യുന്നതു്.

**നിമിത്തകാരണം, നിമിത്തഹേതു**-കാര്യങ്ങൾക്കു മൂന്നു കാരണങ്ങൾ ഉള്ളതിൽ ഒന്നു്.

**നിമിത്തകൃത്തു്**-കാക്ക.

**നിമിത്തജ്ഞ**-വി. കാരണത്തെ അറിയുന്ന.

**നിമിത്തജ്ഞാനം**-കാരണത്തെ അറിയുക.

**നിമിത്തം**-൧. കാരണം. ൨. ലക്ഷ്യം, അടയാളം. കൂടിച്ചേർന്നിരിക്കുന്നതു് എന്നർത്ഥം. ൩. ലാക്കു്. ൪. ലക്ഷണം, ശകുനം.

**നിമിത്തമായിട്ടു്**-വി. കാരണമായിട്ടു്.

**നിമിഷൻ**-വിഷ്ണു.

**നിമിഷം**-൧. കണ്ണിമപ്പു്. ൨. മാത്ര, കണ്ണുചിമ്മി മിഴിപ്പാൻ സാധിക്കുന്ന സമയം. ൩. പുഷ്പങ്ങൾ കൂമ്പുക.

**നിമീല, നിമീലിക**-൧. കണ്ണിമയ്ക്കുക. ൨. കണ്ണടയ്പ്പു്. ൩. ചതിവു്.

**നിമീലനം**-൧. മരണം. ൨. കണ്ണിമയ്പ്പു്, കണ്ണടയ്പ്പു്. ൩. മരണസമയം ഉള്ള കണ്ണടയ്പ്പു്. ൪. ഗ്രഹണകാലം.

**നിമീലിക**-൧. കണ്ണിമ. ൨. വ്യാജം.

**നിമീലിത**-വി. ൧. നിമീലനംചെയ്ത, അടച്ച. ൨. ഇരുട്ടിയ. ൩. കാണാതായ. ൪. അസ്തമിച്ച.

**നിമീലിതാക്ഷ**-വി. അടഞ്ഞകണ്ണുള്ള.

**നിമൂലം**-അ. വേരോളം.

**നിമേയം**-കൈമാററം, ഒന്നുകൊടുത്തു മറെറാന്നു വാങ്ങിക്കൽ.

**നിമേഷകൃത്തു്**-മിന്നൽ.

**നിമേഷം**-൧. കണ്ണിമയ്ക്കുക. ൨. കണ്ണിമയ്ക്കുന്നേടത്തോളം സമയം, മാത്ര, ക്ഷണനേരം.

അ, ഇ, ഉ എന്നിങ്ങനെയുള്ള ലഘ്വക്ഷരം ഉച്ചരിപ്പാൻ വേണ്ടി വരുന്ന സമയത്തിനു 'മാത്ര' എന്നു പേർ. ഇതേ സമയംകൊണ്ടു കണ്ണു ചിമ്മിമിഴിപ്പാൻ സാധിക്കുന്നതിനാൽ 'നിമേഷം' എന്നു പേരുണ്ടായി.

൩. കണ്ണടച്ചാൽ തുറക്കാൻ കഴിയാതെ വരുന്ന ഒരു നേത്രരോഗം.

**നിമ്ന**-വി. ആഴമുള്ള, താഴ്ചയുള്ള. നിമ്നം > < ഉന്നതം.

**നിമ്നഗ**-വി. ആഴത്തിലേക്കു പോകുന്ന.

**നിമ്നഗ**-നദി, ആറു്. ചാലെടുത്തൊഴുകുന്നതു് എന്നർത്ഥം.

**നിമ്നത**-ആഴം, താഴ്ച.

**നിമ്നം**-താഴ്ചയുള്ള പ്രദേശം. മററു പര്യായങ്ങൾ-ഗഭീരം, ഗംഭീരം. താഴ്ചയെ അഭ്യസിക്കുന്നതു് എന്നു ശബ്ദാർത്ഥം.

**നിമ്നാ**-താണനിലം.

**നിമ്നോന്നത**-വി. ഉയർന്നും താണുമുള്ള.

**നിമ്ലോചനി**-വരുണന്റെ രാജധാനി.

**നിംബതരു**-മുരിക്കു്. നനയ്ക്കപ്പെടുന്നതു് എന്നർത്ഥം. (മുൾമുരിക്കു്.)

പവിഴമല്ലി എന്നും കാണുന്നുണ്ടു്. എന്റെ പരിശോധനയിൽ ഞാൻ അതോടു യോജിക്കുന്നില്ല.

**നിംബപഞ്ചാംഗം**-പഞ്ചനിംബം, വേപ്പിന്റെ സമൂഹം.

'നിംബസ്യപത്രത്വക്പുഷ്പ
ഫലമൂലൈശ്ചവിമിശ്രിതൈഃ
പഞ്ചനിംബമിതിഖ്യാതം
സർവകുഷ്ഠഹരംപരം'
(അചി ച)

'നിംബവൃക്ഷസ്യപഞ്ചാംഗം
രക്തദോഷഹരംപരം
പിത്തംകണ്ഡുംവ്രണംകുഷ്ഠം
ദാഹശ്ചൈവവിനാശയേൽ'

**നിംബബീജം**-വേപ്പിൻകുരു.

**നിംബം**-വേപ്പുവൃക്ഷം. രോഗികൾക്കു സ്വാസ്ഥതയെ നൽകുന്നതു എന്നർത്ഥം.

**നിം(ബൂ)ബൂകം**-ജോനകനാരകം, വടകപ്പുളിനാരകം.

**നിമ്മളം**-സംശയം. (പ-മ)

**നിമ്മിൽ**-നിങ്ങൾ (രണ്ടുപേരും) തമ്മിൽ.

**നിയത**-വി. ൧. കീഴടക്കപ്പെട്ട. ൨. നിശ്ചയിക്കപ്പെട്ട. ൩. ഒരിക്കപ്പെട്ട ൪. ശ്രദ്ധയുള്ള. ൫. സ്ഥിരപ്പെടുത്തിയ.

**നിയതം**-ക്ഷണപ്പോം.

**നിയതം**-അ. ൧. ഇടവിടാതെ, സദാ, എല്ലായ്പ്പോഴും. ൨. നിശ്ചയമായിട്ടു.

**നിയതി**-൧. ദൈവം, ഈശ്വരൻ.

'മുട്ടാതെല്ലാം നിയതി മുറപോൽ'
(മയൂരസന്ദേശം)

൨. ഭാഗ്യം. ൩. പൂർവജന്മങ്ങളിൽ ചെയ്ത ശുഭാശുഭകർമ്മം. ൪. ശുഭകർമ്മം. അവരവർക്കു അതാതു ഫലങ്ങളെ കൃത്യപ്പെടുത്തുന്നതു് എന്നർത്ഥം. അതിനാലെ നിയമിക്കപ്പെടുന്നു എന്നുമാവാം. ൫. പൂർവജന്മകൃതമായ പുണ്യം. ൬. ദൈവശക്തിയുള്ള പ്രവൃത്തി. ൭. തലയിലെഴുത്തു്. ൮. നിയമം.

**നിയതീച്ഛ**-ദൈവമതം.

**നിയന്തൃ**-വി. നടത്തുന്ന.

**നിയന്താവു്**-൧. നടത്തുന്നവൻ, ൨. രക്ഷിതാവു്, നാഥൻ. ൩. തേർ തെളിക്കുന്ന സൂതൻ. രഥത്തെ വേണ്ടപ്പോൾ നിറുത്തുന്നവൻ എന്നർത്ഥം. ൪. ദൈവം. ൫. ശിക്ഷിക്കുന്നവൻ.

**നിയന്ത്രണം**-൧. നിയമംകൊണ്ടു തടുക്കപ്പെട്ടിരിക്കുന്നതു. ൨. ബന്ധനം. ൩. പഥ്യമിരിപ്പു്.

**നിയന്ത്രിക്ക**-അടക്കുക.

**നിയന്ത്രിത**-വി. അടക്കപ്പെട്ട, ഒരിക്കപ്പെട്ട, കെട്ടപ്പെട്ട, നിയമിക്കപ്പെട്ട.

**നിയമം**-൧. അംഗീകാരം. ഇന്നപ്രകാരം എന്നു തീർച്ചപ്പെടുത്തൽ എന്നർത്ഥം, ൨. വ്രതം. ശാസ്ത്രത്താൽ ഇന്നയിന്ന വിധമെന്നു നിയമിക്കപ്പെട്ടതെന്നർത്ഥം. ൩. പതിവായിട്ടുള്ളതു്. ൪. അനിത്യമായി ആഗന്തുകങ്ങളായ വസ്തുക്കളെക്കൊണ്ടു സാധിക്കേണ്ടതായിട്ടുള്ള കർമ്മം. പുരുഷനെ നിയമിക്കുന്നതെന്നർത്ഥം. ൫. സന്തോഷം, ശൗചം, തപസ്സ്, നിത്യകർമ്മം, ഈശ്വരസേവ ഇവ അഞ്ചും. ൬. കീഴടക്കുക. ൭. തടസ്സം ൮. ചട്ടം. ൯ ക്രമം ൰. നിശ്ചയം. ൰൧. ഏറ്റുപാട്, വാഗ്ദാനം. ൰൨. ആവശ്യം. ൰൩. കർത്തവ്യകർമ്മം. ൰൪. മനസ്സടക്കം. ൰൫. അഷ്ടാംഗയോഗത്തിലെ രണ്ടാമത്തേതു്. ൰൬. പ്രതിജ്ഞ.

'ശൗചമിജ്യാതപോദാനം
സ്വാധ്യായോപസ്ഥനിഗ്രഹഃ
വ്രതമൌനോപവാസംച
സ്നാനംചേതിയമാദശ'.

(മോക്ഷകാരണത്തിൽ നിയമിക്കുന്നതു (ഏർപ്പെടുത്തുന്നതു) നിയമം).

**നിയമങ്ങൾ**-ദിവസേന ചെയ്യേണ്ടുന്ന സന്ധ്യാവന്ദനാദികൾ.

(ശൌചം, ജപം, തീർത്ഥാദിസ്നാനം, തപം, ഹോമം, ആതിഥ്യം, ശ്രദ്ധ, പരോപകാരകാംക്ഷ, സന്തോഷം, ഹരിപൂജ, ഗുരുസേവ, ദാനം ഇങ്ങിനെ നിയമങ്ങൾ ൧൦ വിധം).

**നിയമനം**-൧. ഏർപ്പെടുത്തൽ, ഏർപ്പാട്, ക്രമമാക്കൽ. ൨. വെപ്പ്. ൩. കീഴടക്കം, വണക്കം ൪. മരണം. ൫. ക്രമം, ൬. കെട്ടുക.

**നിയമനിഷ്ഠ**-നിയമങ്ങളിലെ ഉറപ്പ്.

**നിയമപഞ്ചകം**-ശൌചം, സന്തോഷം, തപസ്സ്, സ്വാദ്ധ്യായം, ഈശ്വരപ്രണിധാനം.

**നിയമവതി**-തീണ്ടായിരിക്കുന്ന സ്ത്രീ, രജസ്വല.

**നിയമവിധി**-നിയമങ്ങളുടെ മുറ.

**നിയമവെടി**-പതിവായിട്ടുള്ള വെടി.

**നിയമപത്രം**-എഴുതിയ ഉടമ്പടി.

**നിയമി**-യോഗി, തപസ്വി.

**നിയമിയ്ക്കാകിൽ**-തടുക്കാഞ്ഞാൽ.

'സപദിനിയമിയ്ക്കായ്കിലെന്നാപ്തവാക്യം'
(മയൂരസന്ദേശം).

**നിയമിക്കുന്നു**-൧. ഏർപ്പെടുത്തുന്നു, ആക്കുന്നു. ൨. നടത്തുന്നു. ൩. ഭരിക്കുന്നു.

**നിയമിത**-വി. നിയമിക്കപ്പെട്ട, ക്രമമാക്കപ്പെട്ട, അടയ്ക്കപ്പെട്ട, ഭരിക്കപ്പെട്ട, കെട്ടപ്പെട്ട.

**നിയാതനം**-താഴ്ത്തുക (നിപാതനം എന്നതു നോക്കുക.)

**നിയാമക**-വി. ൧. നടത്തുന്ന, ഭരിക്കുന്ന, കീഴടക്കുന്ന. ൨. വഴികാണിക്കുന്ന.

**നിയാമകൻ**-൧. നടത്തുന്നവൻ. ൨. തോണിയും കപ്പലും മററും നടത്തുന്നവൻ, ഭരണകർത്താവ്. പോതത്തെക്കൊണ്ടു നടക്കുന്നവനെന്നർത്ഥം. ൩. തേർ തെളിക്കുന്നവൻ.

(ജലയാനത്തിന്റെ നടുവിലുള്ള പാമരത്തിലും മററു ഉയർന്ന ഇടങ്ങളിലും സ്ഥിതിചെയ്തു എതിരാളികളുടേയും ദുഷ്ടജന്തുക്കളുടേയും വരവിനെ നോക്കിയറിയുന്നവൻ എന്നും അർത്ഥം കാണുന്നു)

**നിയാമൻ**-വള്ളക്കാരൻ.

**നിയാമം**-൧. അടക്കം. ൨. വ്രതം.

**നിയുക്ത**-വി. നിയോഗിക്കപ്പെട്ട, പറഞ്ഞയക്കപ്പെട്ട.

**നിയുതം**-൧. നൂറായിരം, ലക്ഷം.

'ശതംസഹസ്രമയുതം
നിയുതം പ്രയുതം മതം'
സ്ത്രീ കോടിരർബുദമിതി-
ക്രമാൽദശഗുണോത്തരം.
(രത്നാകരം)

൨. പത്തുലക്ഷം. ൩. പതിനായിരം കോടി.

**നിയുദ്ധം**-ബാഹുയുദ്ധം, കൈകൊണ്ടുള്ള യുദ്ധം. തമ്മിൽ പിടികൂടിയയുദ്ധം എന്നർത്ഥം.

**നിയോഗം**-൧. കല്പന. ൨. ഭ്രാതാവിന്റെ കളത്രത്തിൽ ഭ്രാതാവിന്റെ മരണശേഷം സന്തതിയുണ്ടാക്കാമെന്നു മനു മുതലായ സ്മൃതികാരന്മാർ തന്നെ പ്രമാണമാണ്. ആ ക്രിയയ്ക്കു 'നിയോഗം' എന്നും ഇപ്രകാരം ജനിക്കുന്ന കുട്ടിക്കു 'ക്ഷേത്രജ'നെന്നും പേർ.

'ദേവരാദ്വാസപിണ്ഡാദ്വാസ്ത്രിയാ
സമ്യങ്നിയുക്തയാ പ്രജേപ്സിതാധി
ഗന്തവ്യാസന്താനസ്യപരിക്ഷയേ' (മനു)

**നിയോഗിക്കുന്നു**-കല്പിക്കുന്നു, കല്പിച്ചയക്കുന്നു

**നിയോജകം**-(വ്യാകരണത്തിൽ) 'പ്രകാരം' എന്നതിലെ ഒരുവിധം

നിയോജനം-കല്പന.

നിയോജ്യ-വി. പറഞ്ഞയക്കപ്പെടേണ്ടുന്ന.

നിയോജ്യൻ-പു. ദാസൻ. പ്രവൃത്തികളിൽ നിയോഗിക്കപ്പെടുന്നവൻ എന്നൎത്ഥം. ഭൃത്യൻ. ൨. ശിഷ്യൻ.

നിയോദ്ധാ-കോഴി.

നിയോധകൻ-പോരാളി.

നിർ,നിഃ-അ. ൧. നിശ്ചയം. ൨. നിഷേധം.

നിര-൧. പന്തി, വരി. ൨. പുരയ്ക്കു പലക കൊണ്ടുള്ള ഭിത്തി, സൈന്യങ്ങളുടെ അണി. ൩. കൂട്ടം.

നിരക്ക്-ചില ചരക്കുകൾക്ക നടപ്പായിട്ടുള്ള വില.

നിരക്കണ്ണ്-കണ്ണിൻകൂട്ടം.

നിരക്കം-ഇരിക്കുന്ന സ്ഥിതിയിൽ മാറുക, ചന്തി കുത്തിയിരുന്ന നീങ്ങുക, നിരങ്ങുക.

നിരക്കവേ-അ. ൧. അണിയായി, വരയായി. ൨. നേരെ.

നിരക്കുന്നു-൧. നിരന്നു നില്ക്കയും മറവാ ചെയ്യുന്നു. ൨. സമ്മതമാകുന്നു, ഇണങ്ങുന്നു, സന്ധിക്കുന്നു. ൩. സമമാകുന്നു. (സ. ക്രി. നിരത്തുന്നു).

നിരക്കുവരിയോല-ചരക്കുകളുടെ അന്നന്നു വില്ക്കുന്ന വിലയ്ക്കു വിവരം എഴുതിയ കണക്ക്.

നിരക്കെ-അ. പരക്കെ.

നിരക്ഷദേശം-സൂൎയ്യരശ്മി സദാ തുല്യമായും രാവും പകലും മിക്കവാറും തുല്യദീൎഘങ്ങളായുമിരിക്കുന്നതായി ഭൂമദ്ധ്യരേഖക്കടുത്ത ഭൂഭാഗം

നിരക്ഷരകുക്ഷി-ഒട്ടും വിദ്യാഭ്യാസമില്ലാത്തവൻ, എഴുത്തു പഠിച്ചിട്ടില്ലാത്തവൻ.

നിരങ്കുശ-വി. തടവില്ലാത്ത, സ്വാതന്ത്ര്യമുള്ള, സ്വയമേവ.

നിരങ്കുശത്വം-തടവില്ലായ്ക.

നിരഘ-വി. ൧. പാപമില്ലാത്ത. ൨. കുറ്റമില്ലാത്ത.

നിരങ്ങൽ-ചന്തികുത്തിയിരുന്ന നീങ്ങുക.

നിരങ്ങുന്നു-ഇരിക്കുന്ന സ്ഥിതിയിൽ മാറുന്നു, ഇരുന്ന നിരങ്ങുന്നു, (സ. ക്രി-നിരക്കുന്നു.)

നിരച്ചിൽ-പുരയുടെ നിര തൊടുക്കുക, നിരയ്ക്കൽ.

നിരജിന-വി. തോലിയില്ലാത്ത.

നിരഞ്ജന-വി. നിൎമ്മലതയുള്ള, തെളിവുള്ള.

നിരഞ്ജനൻ-ശൈവം.

നിഃ + അഞ്ജനൻ, അഞ്ജനം=(താൽപൎയ്യംകൊണ്ട്. മഷി=കളങ്കം) നിൎമ്മലൻ എന്നു സാരം.

രഞ്ജനയില്ലാത്തവൻ എന്നു വ്യാഖ്യാനിക്കുമ്പോൾ 'നിർ' എന്നതു ഉപസൎഗ്ഗയോഗത്തിൽ നിരഞ്ജനൻ എന്നു വന്നേക്കാം. നിക്ക അഭാവാൎത്ഥം താൽപൎയ്യം കൊണ്ടു കല്പിച്ചു ക്ലേശിക്കുന്നതായാൽ ആ അൎത്ഥവും ഗ്രാഹ്യംതന്നെ.

നിരഞ്ജനാ-൧. പൌൎണ്ണമി. ൨. ദുൎഗ്ഗ.

നിരട്ട്-൧. കെട്ട്. ൨. വസ്ത്രത്തിന്റെ ഞൊട്ട് ചേൎച്ചു കെട്ടുകൾ വളരെയുള്ള തുണി.

നിരത-വി. താൽപൎയ്യമുള്ള.

നിരതി-അധികമായ താൽപൎയ്യം, ആസ്ഥ.

നിരതിശയ-വി. എതിരില്ലാത്ത.

നിരത്തൽ-൧. സമമാക്കുക. ൨. ഇണക്കുക.

നിരത്ത്-രാജവീഥി, നടക്കാവ്.

നിരദ്ധ്വ-വി. വഴി തെറ്റിയ.

നിരനിരപ്പ്-തുല്യത.

നിരന്ത, നിരന്തക-വി. അന്തകനില്ലാത്ത, നാശമില്ലാത്ത.

നിരന്തണൻ-രാക്ഷസൻ.

നിരന്തര-വി. ൧. നിറഞ്ഞിരിക്കുന്ന, ഇടകൂടാതെ തിങ്ങിയ, ഇടതൂർന്ന ൨. ഇടവിടാതെ, എപ്പോഴുമുള്ള. ൩. മറവില്ലാത്ത. ൪. ഭേദമില്ലാത്ത.

നിരന്തരം-ഇടതൂർന്നു.

നിരന്തരാളം-ഇടതൂർന്നു.

നിരപത്രപ-വി. ൧. ലജ്ജയില്ലാത്ത. ൨. ധൈര്യമുള്ള.

നിരപരാധൻ-കുററം ചെയ്യാത്തവൻ.

'നിരപരാധനായരാമൻ'

(കേരളവർമ്മരാമായണം)

നിരപരാധം-കുററമില്ലായ്ക.

നിരപലക-പുരയ്ക്കുംമററും നിരപണിയുന്നതിനായിട്ടും പണിതതായിട്ടുമുള്ള മരപ്പലക.

നിരപ്പ്-സമം, ഒപ്പം, ചേർച്ച.

നിരപ്പൻ-ചീപ്പ്.

നിരപ്പാകുന്നു-൧. സമമാകുന്നു. ൨. തമ്മിൽ ചേർച്ചയാകുന്നു. ൩. മിനുസമാകുന്നു. (സ. ക്രി. നിരപ്പാക്കുന്നു.)

നിരപ്പുകേട്- നീരസം, യോജിപ്പില്ലായ്ക, തമ്മിൽ സമ്മതമില്ലായ്ക.

നിരപ്പെ-അ. നടപ്പായിട്ട്, എല്ലാടവും.

നിരംബര-വി. നഗ്നമായ.

നിരയം- നരകം, ശുഭാവഹവിധിയില്ലാത്തത്.

നിരയുന്നു-നിരതൊടുക്കുന്നു. (കാ. ക്രി. നിരയ്ക്കുന്നു, നിരപ്പിക്കുന്നു.)

നിരർഗ്ഗള-വി. ൧. തടവില്ലാത്ത. അർഗ്ഗള (പ്രതിബന്ധം) ഇല്ലാത്തത് എന്നർത്ഥം. മറെറാരു പര്യായം=അബാധം. ൨. സാക്ഷയില്ലാത്ത.

നിരർത്ഥ(ക)-വി. അർത്ഥമില്ലാത്ത, പ്രയോജനമില്ലാത്ത.

നിരർത്ഥകൻ-വിഡ്ഢി.

നിരവ്-നേർവര.

നിരവഗ്രഹ-വി. ൧. തന്നിഷ്ടമായുള്ള. ൨. സുഭിക്ഷമായുള്ള. ൩. പ്രതിബന്ധമില്ലാത്ത.

നിരവഗ്രഹൻ-സ്വതന്ത്രൻ. പ്രതിബന്ധമില്ലാത്തവൻ എന്നർത്ഥം.

നിരവദ്യ-വി. നിർദ്ദോഷമായ.

നിരവധി-വി. അവധിയില്ലാത്ത.

നിരവധികം-അസംഖ്യം.

നിരവയവം-൧. രൂപകം എന്ന അലങ്കാരത്തിൽ ഒരു വിധം. ൨. അവയവമില്ലാത്തത്.

നിരവശേഷം-വി. ശേഷിപ്പില്ലാതെ, ഒട്ടുക്ക്, മുഴുവനും, പൂർണ്ണമായ.

നിരവഹാനി(ലി)കാ-വേലി, വെളിയിലെ ചുവര്.

നിരവ്യയ-വി. നിത്യമായ പദം.

നിരഷ്ട-വി. ൧. ചിതറിപ്പോയ. ൨. ആട്ടിക്കളഞ്ഞ.

നിരഷ്ടം- വി. ഇരുപത്തുനാലുവയസ്സായ കുതിര.

നിരസന-വി. നിരസിക്കുന്ന, തള്ളിക്കളയുന്ന, ഇടിച്ചുപറയുന്ന.

നിരസനം-നിഷേധം, തള്ളൽ, നിന്ദ, ഇടിച്ചുപറക. നിരസിക്കുക എന്നർത്ഥം.

നിരസം-രസമില്ലായ്ക.

നിരസിക്കുന്നു-നിഷേധിക്കുന്നു, നിന്ദിക്കുന്നു, തള്ളുന്നു.

നിരസ്ത-വി. ൧. നിരസിക്കപ്പെട്ട, നിഷേധിക്കപ്പെട്ട. ൨. എറിയപ്പെട്ട. ൩. എയ്യപ്പെട്ട. ൪. ഉഴറിപ്പാടപ്പെട്ട.

നിരസ്തം-പ്ര. ഝടുപ്പെട്ടു പറയുന്നവാക്ക്. മറെറാരു പൎയ്യായം- 'ത്വരിതോദിതം'. നിരസ്തം എന്നാൽ ഝടപ്പാടുകൊണ്ടു ഉപേക്ഷിക്കപ്പെട്ട അക്ഷരപദങ്ങളോടു കൂടിയതു് എന്നൎത്ഥം. വ. തൊടുത്തുവിട്ട അമ്പു്. അയയ്ക്കപ്പെട്ടതു് എന്നൎത്ഥം.

നിരഹംകാരം-അഹംകാരമില്ലായ്ക.

നിരാകരണം-ധിക്കാരം, ഉപേക്ഷ.

നിരാകരിക്കുന്നു-ഉപേക്ഷിക്കുന്നു, നിരസിക്കുന്നു.

നിരാകരിഷ്ണു-വി. നിരാകരിക്കുന്ന.

നിരാകരിഷ്ണു-ഉപേക്ഷിക്ക ശീലമായിട്ടുള്ളവൻ. മറെറാരു പൎയ്യായം-ക്ഷിപ്നു (ക്ഷിപ്ണു).

നിരാകാര-വി. ആകൃതിയില്ലാത്ത.

നിരാകാരൻ-ദൈവം.

നിരാകാരം-തള്ളൽ, ആക്ഷേപം.

നിരാകാശ-പ്ര. സ്ഥലം നിറഞ്ഞ. വ. മതിയായ സ്ഥലം (ഇടം) ഇല്ലാത്ത.

നിരാകുല-വി. ആകുലംകൂടാത്ത.

നിരാകൃത-വി. പ്ര. നിരാകരിക്കപ്പെട്ട, തള്ളപ്പെട്ട. വ. നിന്ദിക്കപ്പെട്ട. ത്ര. കളയപ്പെട്ട.

നിരാകൃതി-വി. പ്ര. ആകൃതിയില്ലാത്ത, രൂപമില്ലാത്ത. വ. വേദം നല്ലവണ്ണം പഠിച്ചിട്ടില്ലാത്ത, വേദാദ്ധ്യയനമില്ലാത്ത.

നിരാകൃതി-പ്ര. ഉപേക്ഷ. വ. നിന്ദ.

നിരാക്രന്ദ-വി. കരയാത്ത.

നിരാഗ-വി. രാഗമില്ലാത്ത, വികാരശൂന്യമായ.

നിരാഘാട-വി. അതിൎത്തിയില്ലാത്ത.

നിരാചാര-വി. ആചാരമില്ലാത്ത.

നിരാതങ്ക-വി. പ്ര. ഭയമില്ലാത്ത. വ. രോഗമില്ലാത്ത.

നിരാതപ-വി. പ്ര. ചൂടില്ലാത്ത. വ. വെയിലില്ലാത്ത.

നിരാദര-വി. ആദരവില്ലാത്ത.

നിരാദിക-വി. ആദിയില്ലാത്ത, ഈശ്വരത്വമുള്ള.

നിരാദേശം-കടം മുഴുവൻ വീട്ടുക.

നിരാധാര-വി. ആധാരമില്ലാത്ത, അടിയിൽ താങ്ങില്ലാത്ത.

നിരാനന്ദ-വി. ആനന്ദം (സന്തോഷം) ഇല്ലാത്ത.

നിരാമം-പ്ര. ഒരു നേത്രരോഗം.

ചൊറിച്ചിൽ, കണ്ണുകടക്ക മന്ദമായ വേദന മുതലായതുണ്ടായിരിക്കും.

വ. ഒരുവക ജ്വരം.

ജ്വരം തുടങ്ങി ഏഴു കഴിഞ്ഞാൽ അതിനു നിരാമജ്വരമെന്നു പേർ.

നിരാമയ-വി. പ്ര. ദുഃഖമില്ലാത്ത, പരിശുദ്ധമായ. വ. രോഗം മാറി സുഖപ്പെട്ട.

നിരാമാല്യ-വ്ളാർമരം.

നിരാലംബ-വി. ആശ്രയമില്ലാത്ത.

നിരാലംബാ-ആകാശമാഞ്ചി.

നിരാശ-വി. ആശയില്ലാത്ത, ആഗ്രഹമില്ലാത്ത.

നിരാശ്രയ-വി. സഹായമില്ലാത്ത.

നിരാസം-നിരസനം, നിഷ്കാസനം.

നിരാഹാര-വി. ഭക്ഷിക്കാത്ത.

നിരിംഗിണീ (നീ)-മൂടുപടം.

നിരീക്ഷണം-നല്ലവണ്ണമുള്ള നോട്ടം.

നിരീക്ഷിക്കുന്നു-നല്ലവണ്ണം നോക്കുന്നു.

നിരീക്ഷിത-വി. നോക്കപ്പെട്ട, കാണപ്പെട്ട.

നിരീശം, നിരീഷം-കൊഴു. (കരിയാ യുടെ പേരെന്നും അഭിപ്രായമുണ്ട്.)

നിരീശ്വര-വി. ഈശ്വരൻ ഇല്ലെന്നുള്ള, നാസ്തികമായ.

നിരീഹ-വി. ഒന്നിലും ഇച്ഛയില്ലാത്ത, ആഗ്രഹമില്ലാത്ത.

നിരീഹത, നിരീഹത്വം-ആഗ്രഹമില്ലായ്ക.

നിരുക്ത-വി. പറയപ്പെട്ട, വിസ്തരിച്ചു പറയപ്പെട്ട.

നിരുക്തം-ഃ. ആറുശാസ്ത്രങ്ങളിൽ ഒന്ന്. ഉ. വിവരണം.

നിരുക്തം എന്ന വേദാംഗം വേദത്തിലെ കഠിനപദങ്ങളുടെ വ്യാഖ്യാനം കൊടുക്കുന്ന ഒരു നിഘണ്ടു ആകുന്നു.

നിരുക്തി-വേദാംഗം.

നിരുച്ഛ്വാസ-വി. ശ്വാസമില്ലാത്ത.

നിരുത്സവ-വി. ഉത്സവമില്ലാത്ത.

നിരുൽസാഹ-വി. ഉൽസാഹമില്ലാത്ത.

നിരുൽസുക-വി. പ്രതിപത്തിയില്ലാത്ത.

നിരുതി-നിരൃതി.

നിരുത്തര-വി. ഉത്തരമില്ലാത്ത.

നിരുദക-വി. ജലമില്ലാത്ത.

നിരുദ്ധ-വി. ഃ. തടുക്കപ്പെട്ട. ഉ. പാറാവിലാക്കപ്പെട്ട.

നിരുദ്ധഗുദം-ഒരു ക്ഷുദ്രരോഗം.

ഈ രോഗത്തിൽ മലം വളരെ പണിപ്പെട്ടു പോകും.

നിരുദ്ധപ്രകാശം-ഒരു ക്ഷുദ്രരോഗം.

ഈ രോഗത്തിൽ മൂത്രം വേദനയോടുകൂടി തുള്ളിതുള്ളിയായി വീഴും.

നിരുദ്ധി-നിരോധം.

നിരുദ്വേഗ-വി. കാരണമില്ലാത്ത.

നിരുപദ്രവ-വി. ഉപദ്രവമില്ലാത്ത

നിരുപധി-വി. ചതിവില്ലാത്ത, കപടമില്ലാത്ത, നേരുമാർഗ്ഗമുള്ള.

നിരുപപ്ലവ-വി. നാശമില്ലാത്ത.

നിരുപമ-വി. തുല്യമില്ലാത്ത.

നിരുപേക്ഷ-ഉപേക്ഷയില്ലായ്ക.

നിരൂഢ-വി. സ്വായത്തമായുള്ള, അന്തർഭവിച്ചു നിൽക്കുന്ന.

നിരൂപണം-ഃ. വിചാരം. ഉ. നിശ്ചയം. ന. കാഴ്ച.

നിരൂപിക്കുന്നു-വിചാരിക്കുന്നു.

നിരൂപിത-വി. വിചാരിക്കപ്പെട്ട.

നിരൂഹണം-ഃ. നിർണ്ണയം. ഉ. എണ്ണകൂടാത്ത വസ്തിപ്രയോഗം.

നിരൃണാ-അവകാശപ്പെടാത്തതു്.

നിരൃതി-ഃ. ലോകത്തിന്റെ തെക്കുപടിഞ്ഞാറെ കോണിലുള്ള ദിക്പാലകൻ. രാക്ഷസന്മാരുടെ പതി. ഉ. ജീർണ്ണത, നാശം. ന. ആപത്തു്, ശാപം. ർ. നരകദേവത, ജ്യേഷ്ഠാഭഗവതി, അലക്ഷ്മി. കൃപയില്ലാത്തതു്, ശുഭമില്ലാത്തതു്, സന്മാർഗ്ഗത്തിൽ നിന്നു ഒഴിഞ്ഞതു് ഇങ്ങനെ ശബ്ദാർത്ഥം.

നിരൃതി എന്നതിനു മരണം എന്നർത്ഥം കാണുന്നു. അധർമ്മത്തിന്റെ ഭാര്യയാണെന്നും പുത്രിയാണെന്നും കൂടി പറയപ്പെടുന്നുണ്ടു്.

നിരൃതിക്കോണു് - തെക്കുപടിഞ്ഞാറെ ദിക്കു്.

നിരോധാ, നിരോധനം-ഃ. തടവു്. ഉ. വിരോധം. ന. അടച്ചു. ർ. ഉപദ്രവം. ഒ. വിനാശം ന്റ അപ്രിയം. ഐ. ഇച്ഛാഭംഗം.

നിരോധിക്കുന്നു-തടുക്കുന്നു, നഗരത്തിനു മാറും ചുറ്റും സൈന്യങ്ങളെ വളയുന്നു.

നിർഗ്ഗത-വി. പുറപ്പെട്ട.

നിർഗ്ഗതി-വി. ഗതിയില്ലാത്ത.

നിർഗ്ഗതി-ദാരിദ്ര്യം, ഗതികേടു്.

നിൎഗ്ഗന്ധ-വി. മണമില്ലാത്ത.
നിൎഗ്ഗന്ധനം-കൊല, ഹിംസ.
നിൎഗ്ഗന്ധപുഷ്പി-ഇലവു്.
നിൎഗ്ഗന്ധം-വെൺചന്ദനം.
നിൎഗ്ഗമ(ന)ം-പുറപ്പാടു്.
നിൎഗ്ഗമിക്കുന്നു-പുറപ്പെടുന്നു, പോകുന്നു.
നിൎഗ്ഗൎവ്വ-വി. ഗൎവ്വമില്ലാത്ത.
നിൎഗ്ഗവാക്ഷ-വി. ജനലില്ലാത്ത.
നിൎഗ്ഗുണ്ഡി(ണ്ഡീ)- ൧. കരിനൊച്ചി. ൨. നൊച്ചി.
നിൎഗ്ഗുണ-വി. ഗുണമില്ലാത്ത
നിൎഗ്ഗുണത്വം-ഗുണമില്ലായ്ക.
നിൎഗ്ഗുണൻ-ദൈവം. മായാസംബന്ധമായ ഗുണമില്ലാത്തവൻ എന്നൎത്ഥം.
നിൎഗ്ഗുണി-൧. കരിനൊച്ചി. ൨. ചേമന്തി
നിൎഗ്ഗുണ്ഡി-൧. വെളുത്ത നൊച്ചി. ൨. താമരക്കിഴങ്ങു്. ൩. ചേമന്തി.
നിൎഗ്ഗൌരവ-വി. ഗൌരവമില്ലാത്ത.
നിൎഗ്രഥൻ-ബുദ്ധിശൂന്യൻ.
നിൎഗ്രന്ഥ-വി. കെട്ടഴിഞ്ഞ.
നിൎഗ്രന്ഥകൻ-സമൎത്ഥൻ.
നിൎഗ്രന്ഥനം-കൊല, ഹിംസ.
നിൎഘടം-൧. കുട്ടം. ൨. സൂചീപത്രം. ൩. ജനക്കൂട്ടമുള്ള ചന്ത.
നിൎഘാതം-ഇടിമുഴക്കം.
നിൎഘൃണ-വി. ൧. ദയയില്ലാത്ത. ൨. സ്മരണയില്ലാത്ത, നന്ദികെട്ട.
നിൎഘൃണത-൧. ദയയില്ലായ്ക. ൨. സ്മരണയില്ലായ്ക, നന്ദികേടു്.
നിൎഘോഷം-൧. ഒച്ച. ൨. ഒച്ചയില്ലായ്ക. ൩. ശാന്തമായ.
നിൎജ്ജനദേശം-മനുഷ്യരില്ലാത്ത ദിക്കു്.
നിൎജ്ജനം-വി. ജനമില്ലാത്ത.
നിൎജ്ജയം-തോൽവി.
നിൎജ്ജര-വി. ൧. ജരയില്ലാത്ത. ൨. മരണമില്ലാത്ത, നാശമില്ലാത്ത.
നിൎജ്ജരദീൎഘികാ-ആകാശഗംഗ.
നിൎജ്ജരൻ-ദേവൻ. വാൎദ്ധക്യമില്ലാത്തവ നെന്നൎത്ഥം.
നിൎജ്ജരാ-൧. ചിററമൃതു്. ൨. നിലപ്പന.
നിൎജ്ജരാരി-അസുരൻ
നിൎജ്ജരേന്ദ്രൻ-ദേവേന്ദ്രൻ.
നിൎജ്ജരൌഘം-ദേവക്കൂട്ടം.
നിൎജ്ജലം-വി. വെള്ളമില്ലാത്ത.
നിൎജ്ജാതം-വി. കാണപ്പെട്ട, വന്ന.
നിൎജ്ജിത-വി. ജയിക്കപ്പെട്ട.
നിൎജ്ജിതേന്ദ്രിയ-വി. ഇന്ദ്രിയങ്ങളെ ജയിച്ച.
നിൎജ്ജിഹ്വം-തവള.
നിൎജ്ജീവ-വി. ചത്ത, മോഹാലസ്യമോ ഭയമോ നിമിത്തം ചത്തപോലെ കിടക്കുന്ന.
നിൎജ്ജ്വര-വി. പനിയില്ലാത്ത.
നിൎഝരം-൧. അരിവിഴാറു്, ചൊരുക്കു, ഉറവു്. ൨. ഉററുകുഴി. ക്രമത്തിൽ കറഞ്ഞു കറഞ്ഞു വരുന്നതെന്നൎത്ഥം.
നിൎഝരി, നിൎഝരിണി-അരുവിയാറു്, നദി.
നിൎണ്ണയപാദം-തീൎപ്പു്, വിധി.
നിൎണ്ണയ(ന)ം-നിശ്ചയം, നിശ്ചയജ്ഞാനം (നിർ+നയം) ബുദ്ധിയുടെ മറുകരയെ നല്ലവണ്ണം നയിക്കുന്നതു് എന്നൎത്ഥം.

നിശ്ചയമുണ്ടാകണമെങ്കിൽ ബുദ്ധിയുടെ പരമകാഷ്ഠയിൽ പ്രവേശം സിദ്ധിക്കണമല്ലൊ.

നിൎണ്ണയിക്കുന്നു-നിശ്ചയിക്കുന്നു.

നിർണ്ണായനം-നിശ്ചയം.

നിർണ്ണിക്തം-വി. തെളിയിക്കപ്പെട്ട, ചളികളഞ്ഞു ശുദ്ധിവരുത്തിയ.

നിർണ്ണീത-വി. നിശ്ചയിക്കപ്പെട്ട.

നിർണ്ണേകം-പു. കഴുകുക, ശുദ്ധിയാക്കുക. ൨. സ്നാനം.

നിർണ്ണേജകൻ- അലക്കുകാരൻ. വസ്ത്രങ്ങളെ ശുദ്ധിവരുത്തുന്നവൻ എന്നർത്ഥം. മറ്റൊരു പര്യായം-രജകൻ.

നിർണ്ണേജനം-പു. അലക്ക്, കഴുകൽ ൨. പാപനിവൃത്തി, പ്രായശ്ചിത്തം.

നിർദ്ദഗ്ദ്ധ-വി. ൧. എരിച്ച. ൨. എരിക്കപ്പെട്ട. ൩. ദഹിച്ച, ദഹിപ്പിക്കപ്പെട്ട.

നിർദ്ദട(ഡ)-വി. ൧. ദയയില്ലാത്ത. ൨. അസൂയയുള്ള ൩. തലക്കു ലഹരിയുള്ള ൪. പ്രയോജനമില്ലാത്ത.

നിർദ്ദയ-വി. കരുണയില്ലാത്ത.

നിർദ്ദര-വി. ൧. കടുപ്പമുള്ള. ൨. ലജ്ജയില്ലാത്ത. ൩. കനിവില്ലാത്ത

നിർദ്ദരി-പു. ഗുഹ. ൨. വെള്ളച്ചാട്ടം.

നിർദ്ദലനം-പു. പിളർക്കുക, ഉടയ്ക്കുക. ൨. നശിപ്പിക്കുക.

നിർദ്ദശ-വി. പത്തുനാളു ചെന്ന.

നിർദ്ദാരിത-വി. ൧. കീറിയ. ൨. പിളർന്ന. ൩. ചീന്തപ്പെട്ട. ൪. പിളർക്കപ്പെട്ട.

നിർദ്ദിഗ്ദ്ധ-വി. ൧. പുഷ്ടിയുള്ള. ൨. പൂശിയ, പുരട്ടിയ.

നിർദ്ദിഷ്ട-വി. ൧. കല്പിച്ചയക്കപ്പെട്ട, അയക്കപ്പെട്ട. ൨. ചൂണ്ടിക്കാണിക്കപ്പെട്ട. ൩. വിശേഷാൽ ചൊല്ലപ്പെട്ട, വകതിരിക്കപ്പെട്ട. ൪. വിവരിക്കപ്പെട്ട. ൫. സ്ഥാപിക്കപ്പെട്ട.

നിർദ്ദേവത്വം-ദേവന്മാർ ഇല്ലാത്തുള്ള സ്ഥിതി.

നിർദ്ദേശകം-(വ്യാകരണത്തിൽ) 'പ്രകാരം' എന്നതിൽ ഒരുവിധം.

നിർദ്ദേശം-പു. ആജ്ഞ, കല്പന ഇന്നിന്ന പ്രകാരമെന്നു ഉപദേശിക്കപ്പെടുന്നതെന്നർത്ഥം. ൨. ചൂണ്ടിക്കാണിക്ക. ൩. ഉപദേശം. ൪. വ്യവസ്ഥിതി. ൫. അന്തികം, സമീപസ്ഥലം. ൬. വകതിരിവ്. ൭. വിവരണം. ൮. സ്ഥാപനം.

നിർദ്ദേശികവിഭക്തി-പ്രഥമവിഭക്തി.

നിർദ്ദേശിക്കുന്നു-കല്പിക്കുന്നു, പ്രത്യേകമായിട്ടു ചൂണ്ടിക്കാണിക്കയോ പറകയോ ചെയ്യുന്നു.

നിർദ്ദേഷ്ടാവ്-കാണിക്കുന്നവൻ, നിർദ്ദേശിക്കുന്നവൻ.

നിർദ്ദോഷ-വി. ദോഷമില്ലാത്ത, കുറ്റമില്ലാത്ത.

നിർദ്ദോഷി-ദോഷമില്ലാത്തവൻ.

നിർദ്ദോഷിണി-ദോഷമില്ലാത്തവൾ.

നിർദ്ധന-വി ധനമില്ലാത്ത.

നിർദ്ധാര(ണ)ം-പു നിശ്ചയം. ൨. വകതിരിപ്പ്(വ്).

നിർദ്ധാരിത-വി. തിരിച്ചറിയപ്പെട്ട.

നിർദ്ധാര്യ-വി. ൧. ധീരതയുള്ള. ൨. ഉത്സാഹമുള്ള.

നിർദ്ധാര്യൻ-ദുഃഖാദികളിൽ യാതൊരു ഭാവഭേദവുമുണ്ടാകാത്ത ധൈര്യത്തോടെ കർത്തവ്യകർമ്മങ്ങളെ യഥാവസരം ചെയ്യുന്നവൻ. നിർവ്വാര്യൻ എന്നതിന്റെ പാഠം.

നിർദ്ധാല്യ-വി. ൧. ധീരതയുള്ള ൨. ഉത്സാഹമുള്ള.

നിർദ്ധൂത-വി. ൧. ത്യജിക്കപ്പെട്ട. ൨. കടയപ്പെട്ട, ഇളക്കപ്പെട്ട ൩. ഉടയ്ക്കപ്പെട്ട. ൪. എറിയപ്പെട്ട.

നിർദ്ധൂതൻ-മിത്രങ്ങളും ബന്ധുക്കളും ഉപേക്ഷിച്ച ഒരുവൻ.

**നിൎദ്ധൂമം**-വി. പുകയില്ലാത്ത.

**നിൎദ്ധൂളി**-തീരെ (നന്നായി) പൊടിയായ്.

**നിൎദ്ധൌതത**-വി. ൧. നന്നായി വെളുപ്പിക്കപ്പെട്ട. ൨. കഴുകപ്പെട്ട.

**നിൎദ്വന്ദ്വൻ**-ഈശ്വരൻ, രണ്ടെന്നില്ലാത്തവൻ (പരമാത്മാവെന്നല്ലാതെ ലോകത്തിൽ രണ്ടാമതായി ഒന്നുംതന്നെ ഇല്ലെന്നുള്ളവൻ).

**നിൎന്നിമേഷം**-മീൻ. കണ്ണടയ്ക്കാത്തതു എന്നു വ്യുൽപ്പത്തി.

**നിൎബന്ധം**-൧. കൂടിയേ കഴിയൂ എന്നു ഞെരുങ്ങിപ്പറക. ൨. വഴക്ക്. ൩. ശാഠ്യം. ൪. അലട്ട്, മുട്ടിപ്പ്.

**നിൎബന്ധിക്കുന്നു** - ഞെരുങ്ങിപ്പറയുന്നു, സിദ്ധാന്തിക്കുന്നു.

**നിൎബന്ധിതം**-നിൎബന്ധിക്കപ്പെട്ടതു്.

**നിൎബാധ**-വി. ഉപദ്രവം കൂടാത്ത.

**നിൎഭഗ്ന**-വി. ഒടിച്ച, തകൎത്ത.

**നിൎഭട**-വി. ഉറപ്പുള്ള.

**നിൎഭത്സനം(നാ)**-൧. ചീത്തവാക്ക്, അപകാരശബ്ദങ്ങളെക്കൊണ്ടു ഭയമുത്ഭവിപ്പിക്കുക, നിന്ദിച്ചു പറക, നിന്ദ. ൨. കറുത്ത അരക്ക്.

**നിൎഭത്സിക്കുന്നു**-ശകാരിക്കുന്നു, നിന്ദിക്കുന്നു

**നിൎഭത്സിത**-വി. നിന്ദിക്കപ്പെട്ട.

**നിൎഭയ**-വി. ഭയമില്ലാത്ത.

**നിൎഭര**-വി. അധികമായ, പെരുകിയ.

**നിൎഭരം**-അ. ഏറ്റവും.

**നിൎഭാഗ്യ**-വി. ഭാഗ്യമില്ലാത്ത.

**നിൎഭാസൻ**-ശോഭിക്കുന്നവൻ.

**നിൎഭിന്ന**-വി. ഒടിക്കപ്പെട്ട, നാശമാക്കപ്പെട്ട, ഉലയ്ക്കപ്പെട്ട.

**നിൎഭുഗ്ന**-വി. ൧. വളയ്ക്കപ്പെട്ട. ൨. വിരൂപമാക്കപ്പെട്ട ൩. നേരെയുള്ള

**നിൎഭേദം**-വി. ഭേദമില്ലാതെ, നിഷ്പക്ഷപാതമായി.

**നിൎമ്മഗ്നൻ**-നിശ്ശേഷം മുങ്ങിയവൻ.

'നിൎമ്മഗ്നനായ്ക്കണ്ടു വിസ്മയം തേടിനാൻ'. (രാമായണം)

**നിൎമ്മത്സരത**-തമ്മിൽ മത്സരമില്ലായ്ക.

**നിൎമ്മത്സരൻ**-മത്സരമില്ലാത്തവൻ.

**നിൎമ്മത്സരം**-തമ്മിൽ മത്സരമില്ലാതെ.

**നിൎമ്മദ**-വി. അഹംകാരമില്ലാത്ത.

**നിൎമ്മദൻ**-൧. മദമില്ലാത്തവൻ. ൨. മദം അടങ്ങിയ ആന.

**നിൎമ്മഥ്യാ**-പവിഴക്കൊടി.

**നിൎമ്മന്ഥദാരു**-അരണി.

**നിൎമ്മമ**-വി. ൧. ഒന്നിലും ആഗ്രഹമില്ലാത്ത. ൨. സ്നേഹമില്ലാത്ത.

**നിൎമ്മൎയ്യാദ, നിൎമ്മൎയ്യാദം**-വി. അപമൎയ്യാദ, ക്രമക്കേട്.

**നിൎമ്മല**-വി. ൧. ദോഷമില്ലാത്ത. ൨. അഴുക്കില്ലാത്ത, ചെളിയില്ലാത്ത. ൩. പാപമില്ലാത്ത. ൪. തെളിഞ്ഞ.

**നിൎമ്മലത**-൧. ദോഷമില്ലായ്ക. ൨. പാപമില്ലായ്ക. ൩. തെളിവ്, അഴുക്കില്ലായ്ക.

**നിൎമ്മലൻ**-൧. പരിശുദ്ധൻ. ൨. അലക്കുന്നവൻ.

**നിൎമ്മലം**-൧. പരിശുദ്ധം. ൨. നിൎമ്മാല്യം.

**നിൎമ്മലോപലം**-സ്ഫടികം.

**നിൎമ്മാണം**-൧. സൃഷ്ടി, ഉണ്ടാക്കുക. ൨. നഗ്നഭാവം (നിൎമ്മാനം) ൩. മൎയ്യാദകെട്ട പ്രവൃത്തി.

**നിൎമ്മാനി**-വി. ദരിദ്രതയുള്ള.

**നിൎമ്മാതാ(വ്)**-ഉണ്ടാക്കുന്നവൻ, സൃഷ്ടിക്കുന്നവൻ.

**നിൎമ്മാൎജ്ജനം** തൂത്തും തുടച്ചും വൃത്തിയാക്കുക

**നിൎമ്മായ**-വി. വ്യാജമില്ലാത്ത.

നിൎമ്മാല്യം-തലേദിവസം പൂജിച്ച പൂവും മററും.

നിൎമ്മാല്യാ-മൊന്തകപ്പുല്ലു്.

നിൎമ്മിക്കുന്നു-ഉണ്ടാക്കുന്നു.

നിൎമ്മിത-വി. ഉണ്ടാക്കപ്പെട്ട, നിൎമ്മിക്കപ്പെട്ട.

നിൎമ്മിതി-ഉണ്ടാക്കുക, സൃഷ്ടി.

നിൎമ്മുക്ത-വി. ൧. വിട്ടുവിക്കപ്പെട്ട ൨. ഉപേക്ഷിക്കപ്പെട്ട.

നിൎമ്മുക്തൻ-൧. വിട്ടുവിക്കപ്പെട്ടവൻ. ൨. ഉപേക്ഷിക്കപ്പെട്ടവൻ. ൩. പടം കഴിച്ച പാമ്പു്, വളയഴിച്ച പാമ്പു്. നിശ്ശേഷമായും മോചിക്കപ്പെട്ട (കഞ്ചുകത്തോടു കൂടിയ)വൻ എന്നൎത്ഥം.

നിൎമ്മുക്തം-൧. വിട്ടുവിക്കപ്പെട്ടതു്. ൨. ഉപേക്ഷിക്കപ്പെട്ടതു്. ൩. വളയഴിച്ച പാമ്പു്.

നിൎമ്മുക്തി-൧. സ്വാതന്ത്ര്യം. ൨. മോചനം.

നിൎമ്മൂല-വി. ചുവടില്ലാത്ത, കാരണമില്ലാത്ത.

നിൎമ്മൂലനം-വേരോടെ പറിച്ചുകളക, നശിപ്പിക്കുക.

നിൎമ്മൂലനാശം-വംശഛേദം, ചുവടെ നശിക്കുക.

നിൎമ്മൂഖം-അ. അശേഷം, ഒന്നൊഴിയാതെ.

നിൎമ്മോകം-പാമ്പിൻപടം, പാമ്പിൻവള (ചട്ട). നിശ്ശേഷമായും മോചിക്കപ്പെട്ടതു് (വിടപ്പെടുന്നതു്) എന്നൎത്ഥം.

നിൎയ്യാണം-൧. മരണം. ൨. മോക്ഷം. ൩. ആനയുടെ കണ്ണിനടുത്ത ഒരു മൎമ്മം (കടക്കൺ പ്രദേശം) ൪. ഗമനം.

നിൎയ്യാതനം-൧. പകവീട്ടുക, വൈരശുദ്ധി (ഇങ്ങോട്ടു ചെയ്ത ഉപദ്രവത്തിനു തക്കവിധം അങ്ങോട്ടു പകരം വീട്ടുക). ൨. ദാനം. ൩. കൊല്ലുക. ൪. നിക്ഷേപം കൊടുക്കുക. ൫. കടം വീട്ടുക ൬. സൂക്ഷിപ്പാൻ തന്ന സാധനം ഉടമസ്ഥനു മടക്കിക്കൊടുക്കുക. പകരം വീട്ടുക എന്നു ശബ്ദാൎത്ഥം. ൭. കന്നുകാലികളെ കെട്ടുന്ന കയറു്. വ്യ. ഇരിമ്പു്.

നിൎയ്യാതം-നിൎഗ്ഗതം, പോയതു്.

‘വളകളിടവിടാതന്നുനിൎയ്യാതമായി’
(അമരുകശതകം)

നിൎയ്യാതി-നിൎഗ്ഗമനം, ഒരു സ്ഥലത്തുനിന്നുള്ള പുറപ്പാടു്.

നിൎയ്യാപണം-പുറത്താക്കുക, ആട്ടിക്കളക.

നിൎയ്യാമൻ-തോണിക്കാരൻ.

നിൎയ്യാസം-൧. കഷായം. ൨. വല്ല വൃക്ഷത്തിന്റെയും പശ. ൩. കറ. ൪. നീരു് (ചാറു്). ഒരു ഔഷധത്തിനും ഈ പേർ പറയുന്നു.

നിൎയ്യൂഹം-൧. മുടി, കിരീടം, ശിരോഭൂഷണം. ൨. കഷായം. ൩. ഉമ്മറവാതിൽ. ൪. (വല്ലതും തൂക്കിയിടുന്നതിനു) ചുമരിന്മേൽ തറയ്ക്കുന്ന ആണി. ഇതിലൂടെ ഗമിക്കുന്നതിനാൽ ഈ പേർ വന്നു. ൪. മത്തവാരണങ്ങൾ (ചാരിയിരിപ്പാനായി തറയ്ക്കുന്ന പലകകൾക്ക് ആധാരങ്ങളായ ചരിഞ്ഞ കാലുകൾ)

നിൎല്ലക്ഷണ-വി. ലക്ഷണമില്ലാത്ത.

നിൎല്ലജ്ജ-വി. ലജ്ജയില്ലാത്ത.

നിൎല്ലീന-വി. ഒന്നായിച്ചേൎന്ന.

നിൎല്ലീനത-ചേൎച്ച.

നിൎല്ലൂന-വി. മുറിക്കപ്പെട്ട.

നിൎല്ലേപ-വി. ൧. പൂശിയ ൨. രാഗാദിദോഷമില്ലാത്ത.

നിൎല്ലാഹം-നവംപശ.

നിൎവ്വചനം-൧. പഴഞ്ചൊല്ലു്. ൨. സൂചീപത്രം. ൩. ഉച്ചാരണം ൪. ഏററക്കുറവില്ലാത്ത വിവരണം.

നിൎച്ചിക്ക-നന്നായി വിചാൎച്ച് പറക.

നിൎച്ചിക്കുന്നു-പറയുന്നു,ഏറ്റക്കുറവില്ലാതെ വിവരിക്കുന്നു.

നിൎവ്വപണം, നിൎവ്വാപണം, നിൎവ്വാപം- ദാനം. സുകൃതത്തിന്റെ വിത്തു വിതയ്ക്കുക എന്നൎത്ഥം.

നിൎവ്വൎണ്ണനം-ദൎശനം, കാഴ്ച. സൂക്ഷിച്ചു നോക്കുക എന്നൎത്ഥം.

നിൎവ്വഹണം-പ്ര. സമാപ്തി. വ. വഹിക്കുക.

നാടകത്തിനു 'മുഖം പ്രതിമുഖം ഗൎഭം വിമൎശ ഉപസംഹൃതിഃ' എന്നു അഞ്ചു സന്ധികൾ ഉള്ളതിൽ അഞ്ചാമത്തേതായ ഉപസംഹൃതിയത്രേ നിൎവ്വഹണം.

നിൎവ്വഹിക്കുന്നു-സാധിക്കുന്നു, നിവൎത്തിക്കുന്നു.

നിൎവ്വാണ-വി. പ്ര. മരിച്ച. വ. കെട്ട. ന. പോയ. ര. അസ്തമിച്ച.

നിൎവ്വാണൻ-ശാന്തനായ മുനി.

നിൎവ്വാണം-പ്ര. മോക്ഷം. സകല ദുഃഖങ്ങളും ശോഷിക്കുന്ന സ്ഥിതി എന്നൎത്ഥം. ആചാൎയ്യം ഇതിൽനിന്നു നിൎഗ്ഗമിക്കുന്നതിനാൽ ഈ പേർ സിദ്ധിച്ചു എന്നുമാവാം. വ. ആനയുടെ കുളി. ന. കാണാതാവുക. ര. മരണം. ഇ. ഒരുമ, യോജിപ്പ്. ന്യ. ശാന്തമായ അഗ്നി.

നിൎവ്വാത-വി. കാററില്ലാത്ത.

നിൎവ്വാതം-പ്ര. ശാന്തത. വ. കാററില്ലാത്തേടം.

നിൎവ്വാദൻ-മൂകൻ, സംസാരിക്കാത്തവൻ.

നിൎവ്വാദം-പ്ര. നിന്ദ. ചീത്തയായ വചനം എന്നൎത്ഥം. വ. അപവാദം, ഇല്ലാത്ത ദോഷാരോ പറക. ന. തൎക്കമില്ലായ്മ.

നിൎവ്വാനംചെയ്ക-ശമിക്കുക.

നിൎവ്വാപണം-പ്ര. കെടുത്തുക, ശമിപ്പിക്കൽ.

'നിൎവ്വാപണേ ന ഖലു യസ്യ പരം സമൎത്ഥാഃ' (കിൎമ്മീരവധം)

വ. കൊല, ഹിംസ. ന. വിതരണം, ചിതറക.

നിൎവ്വാപം-പ്ര. പിതൃപൂജ. വ. കെടുത്തുക, കെടുക്കുക (തീയെപ്പോലെ). ന. ഭിക്ഷ, ധൎമ്മം, ദാനം.

നിൎവ്വാൎയ്യ-വി. തടുത്തുകൂടാത്ത.

നിൎവ്വാൎയ്യൻ-ദുഃഖാദികളിൽ യാതൊരു ഭാവഭേദവും സംഭവിക്കാത്ത ഹൃദയത്തോടു കൂടിയവനായി കൎത്തവ്യകൎമ്മങ്ങളെ യഥാവസരം നടത്തുന്നവൻ.

നിൎവ്വാസം-അന്യദേശവാസം.

നിൎവ്വാസനം-കൊല, വധം.

നിൎവ്വാഹം-ഒഴിച്ചിൽ,സാധിപ്പാനുള്ളവഴി

നിൎവ്വികല്പ-വി. ഒരിക്കലും ഭേദം വന്നുപോകാത്ത, സംശയമററ.

നിൎവ്വികല്പൻ-ഭേദമില്ലാത്തവൻ.

നിൎവ്വികാര-വി. മാററമില്ലാത്ത, സന്താപമായുള്ള.

നിൎവ്വിഘ്നം-വി. തടസ്സമില്ലാത്ത; തടസ്സമില്ലാതെ.

നിൎവ്വിചാരം-വി. വിചാരമില്ലാത്ത; വിചാരമില്ലാതെ.

നിൎവ്വിണ്ണ-വി. ബുദ്ധിമടിച്ച, ബുദ്ധി ക്ഷയിച്ച, വിരക്തിയുള്ള.

നിൎവ്വിണ്ണൻ-പ്ര ബുദ്ധി മടിച്ചവൻ.

'കാന്തൻ നിൎവ്വിണ്ണനായ് സന്തപന സരണിയുപേക്ഷിച്ചുദാസീനനാകം'
(അമരുകശതകം)

വ. മുഷിഞ്ഞവൻ, വൈരാഗ്യബുദ്ധിയോടുകൂടിയവൻ.

നിൎവ്വിവാദം-വി. തൎക്കമില്ലാത്ത.

നിൎവ്വിശങ്കം-(ക്രി-വി.) വിശങ്ക (സംശയം) കൂടാതെ.

നിൎവ്വിശേഷം-അ. വിശേഷതയില്ലാതെ, ഒരുപോലെ. ഉ-ം, പുത്രനിൎവ്വിശേഷം (പുത്രനെപ്പോലെ തന്നെ).

നിൎവ്വിഷ-മഞ്ഞള്ളവ, കസ്തൂരിമഞ്ഞൾ.

നിർവിഷാ എന്നതിന്നു നിർവേശിയെന്നു ഭാഷ കാണുന്നു. നിർവേശി-വാതം കഫം, വ്രണം, രക്തദോഷം, നാനാപ്രകാരമുള്ള വിഷം ഇവയ്ക്കു നന്ന്. ഇല മുത്തങ്ങയുടേതുപോലെയും കിഴങ്ങ് അതിവിടയംപോലെയുമിരിക്കും. വെളുത്ത കിഴങ്ങുള്ളതിന്നു പാൽനിർവേശിയെന്നും കറുത്ത കിഴങ്ങുള്ളതിന്നു നീലനിർവേശി എന്നും പറയുന്നു.

നിർവിഷ്ട-വി. ൧. അനുഭവിച്ച, പ്രാപിച്ച, പരിചയിച്ച. ൨. കൂലിയായിട്ടു ലഭിച്ച. ൩. വിവാഹം ചെയ്യപ്പെട്ട.

നിർവീര്യ-വി. വീര്യമില്ലാത്ത.

നിർവൃത-വി. സുഖമുള്ള, തൃപ്തിപ്പെട്ട.

നിർവൃതൻ-൧. ആനന്ദമയൻ. ൨. തൃപ്തൻ.

'പരമാനന്ദസുനിർവൃതോ നളോയം'
(നളചരിതം കഥകളി)

നിർവൃതി-൧ ആനന്ദം, സുഖം. ൨. മരണം. ൩. പുറപ്പാട്.

നിർവൃത്ത-വി. ൧. അവസാനിച്ച, സാധിക്കപ്പെട്ട, ചമയ്ക്കപ്പെട്ട. ൨. സംസാരകാര്യത്തിൽ നിന്ന് ഒഴിഞ്ഞ.

നിർവൃത്തം-നിവർത്തിക്കപ്പെട്ടതു്, സാധിക്കപ്പെട്ടതു്, അവസാനിക്കപ്പെട്ടതു്.

നിർവൃത്തി-൧. സിദ്ധി, പൂർത്തീകരണം. ൨. അവസാനം.

നിർവേദം-൧. വിനയം. ൨. ആലസ്യം ൩. വെറുപ്പ്, സുഖക്കേട്.

നിർവേശം-൧. അനുഭവം. ൨. അലങ്കാരം ൩. ശമ്പളം. ഇതുനിമിത്തം ഭൃത്യന്മാർ ഉറച്ചു നില്ക്കുന്നതിനാൽ ഈ പേർ വന്നു. ൪. മോഹാലസ്യം.

നിർവേശി-ഒരു ഔഷധി. നിർവിഷ എന്നതു നോക്കുക.

നിർവ്യഗ്ര-വി ദുഃഖമൊഴിഞ്ഞ.

നിർവ്യഥനം-൧. ഭാരം, സുഷിരം, വല്ലരെദുഃഖിപ്പിക്കുന്നസ്ഥലം, ഭയം ഭവിക്കുന്നതു് ഇങ്ങിനെ അർത്ഥം. ൨. വേദനയില്ലായ്ക. ൩. വലിയദുഃഖം.

നിർവ്യസനം-വി. ദുഃഖംകൂടാത്ത.

നിർവ്യളീക-അവ്യാജ, ചതിവില്ലാത്ത.

നിർവ്യാജ-വി. വ്യാജം കൂടാത്ത.

നിർവ്യാജം-പരമാർത്ഥം.

നിർവ്യൂഢ-വി. ൧. ഉപേക്ഷിക്കപ്പെട്ട ൨. നിർവഹിക്കപ്പെട്ട. ൩. വർദ്ധിപ്പിക്കപ്പെട്ട. ൪. പൂർത്തിയാക്കപ്പെട്ട.

നിർഹരിക്കുന്നു-൧. പുറത്തുകളയുന്നു. ൨. മലമൂത്രാദികളെ കളയുന്നു.

നിർഹാദം-ഒഴിവാക്കുക, വയറിളക്കുക.

നിർഹാരം-൧. മലമൂത്രാദികളെ കളയുക, പുറത്താക്കുക. ൨. അസ്ത്രം മുതലായവ തറച്ചാൽ അവയെ ഉപായത്തിൽ പുറത്തെടുക്കുക, പുറത്തേക്കെടുക്കുക.

നിർഹാരി-വി. ൧. നിർഹരിക്കുന്ന ൨. പലവകമണമുള്ള.

നിർഹാരി-ദൂരവ്യാപിയായ ഗന്ധത്തോടുകൂടിയവസ്തു. ഹൃദയത്തെ തുലോം ഹരിക്കുന്നതു് എന്നർത്ഥം.

നിർഹ്രാദം-ശബ്ദം.

നില-(ധാതു) വ്യവസ്ഥിതമാകുക, അവസാനിക്കുക.

നില-൧. നില്പ്, നില്ക്കുക. ൨. അടക്കം. ൩. സ്ഥിരത. ൪. മട്ടം ൫. മാളികയുടെ തട്ട്, മാളിക ൬ ആറ്റിലോ കുളത്തിലോ മറ്റോ ഒരാൾ ഇറങ്ങിനിന്നാൽ അയാളെ മൂടുന്നതിനു മാത്രം ജലമില്ലാതിരിക്കുന്ന സ്ഥിതി. ൭. ആയുധാഭ്യാസികളുടെ നില്പിന്റെ ഭാവം. ൮ വഴിയിൽ എളപ്പിന്റെ സ്ഥലം ൯. കാര്യസ്ഥത. ൧൦ പ്രമാണം ൧൧ തമ്മിൽ ഏക മനസ്സ്. ൧൨. നില്ക്കുന്ന സ്ഥലം.

൧൩. പാൎക്കുന്ന സ്ഥലം. ൧൪ കട്ടിളക്കാൽ. ൧൫ ഒരാളും കൈയും കൂടിയ പൊക്കം. 'നിലതെറ്റുക = ഭ്രംശം'. ൧൬. മറ. ൧൭. വേണ്ടതു്.

നിലകട-നിലനില്പ്.

നിലകെട്ടവൻ-അസ്ഥിരൻ, ഓടിനടക്കുന്നവൻ, ധൈൎയ്യമില്ലാത്തവൻ, നിലയില്ലാത്തവൻ.

നിലക്കേട്-അസ്ഥിരക്കേട്, ക്ഷമയില്ലായ്ക, ചാപല്യം, പരിഭ്രമം.

നിലക്കടമ്പു്-ചെറുകടമ്പ്.

കടമ്പിനുള്ള ഗുണമുണ്ട്. വിശേഷിച്ചു പ്രമേഹത്തിനു നന്ന്. ചെറിയ വൃക്ഷമാണ്. ചെറിയ പൂവും കാണും. സം-ഭൂമികദംബം.

നിലക്കടല-ഒരുമാതിരി എണ്ണക്കുരു. ഇതിൻെറ എണ്ണയെ പാണ്ടിയിൽ നല്ലെണ്ണപോലെ ഉപയോഗിക്കുന്നു. വറുത്താൽ പരിപ്പു് തിന്മാൻ വളരെ സ്വാദുള്ളതാണ്.

നിലക്കരി ഒരുതരം കസ്തൂരി.

നിലക്കുഴി-൧. നിലത്തുള്ള കുഴി, കണ്ടത്തിലെ കുഴി, ഉരലും മറ്റും ഇട്ടുകുനിമിത്തം ഉണ്ടാകുന്ന കുഴി.

നിലക്കൂറു്-൧. നില്ക്കുന്ന സ്ഥലം. ൨. നിലത്തിൻെറ സ്വഭാവം.

നിലച്ചീര-ഒരുമാതിരി ഇലക്കറിസാധനം

നിലച്ചുര-ഒരു ഫലശാകം.

ഇതു വയലിലും മറ്റുമുണ്ടാകുന്നു. സന്നിപാതം, ഉന്മാദം മുതലായവക്കു നന്ന്. ചുരക്കപോലെ ചെറുതായിരിക്കും. സം-ഭൂതുംബി.

നിലഞാവൽ-ഒരു പച്ചമരുന്ന്. നിലത്തോടു പറ്റിക്കിടക്കുന്ന ഞാവൽ. പൎയ്യായങ്ങൾ-നാദേയീ, ഭൂമിജംബുകം.

നിലത്താമര-കാൎത്തലത്താമര.

നിലത്തെഴുത്തു്-എഴുത്തു പഠിപ്പാനായിട്ടു മണലിൽ എഴുതുക.

നിലനാരകം-ഒരു പച്ചമരുന്ന്.

നിലനിരപ്പു്-നിലത്തോടു സമം, സമഭൂമി, തറയുടെ നിരപ്പ്.

നിലനില്ക്കുന്നു-൧. ഉറപ്പായി നില്ക്കുന്നു, ഇളകാതെ നില്ക്കുന്നു. ൨. ഏറെക്കാലം നില്ക്കുന്നു, സ്ഥിരമായി നില്ക്കുന്നു.

നിലനില്പു് സ്ഥിരമായി നില്ക്കുക, ഉറച്ചു നില്ക്കുക.

നിലനിറുത്തുന്നു, നിലനിൎത്തുന്നു-അടക്കം വരുത്തുന്നു.

നിലനോക്കുന്നു-൧. നദിയിലും മറ്റും ഇറങ്ങിക്കയറുന്നതിനു ജലം എത്രയുണ്ടെന്നു നോക്കുന്നു. ൨. വല്ലതിൻേറയും ഭാവവും മറ്റും നോക്കുന്നു.

നിലന്തല്ലി-പുരത്തറയും മറ്റും അടിച്ചുറപ്പിക്കുന്നതിനായിട്ടു മരംകൊണ്ടുണ്ടാക്കുന്ന സാധനം.

നിലപാട്ടു്-൧. നില്ക്കുന്ന സ്ഥലം.

'അൎജ്ജുനൻെറ നിലപാടും കാണായി'

(കുമാരാഹരണം പാന)

൨. നടപടി. ൩. നില്പ്.

നിലപാടുനില്ക്കുക-മാമങ്കത്തിൽ പെരുമാക്കന്മാർ സ്ഥാനാരോഹണംചെയ്തു നില്ക്കുന്നതിനു പറയുന്ന പേർ.

ആ സ്ഥലത്തിനു 'നിലപാട്ടുതറ' എന്നു പേർ.

നിലപ്പുല്ലു്-ഒരുമാതിരി തൈ.

നിലപ്പന-ഒരു പച്ചമരുന്ന്. പൎയ്യായങ്ങൾ-മുസലീ, താലമൂലികം.

ഇതു് മധുരവും ശീതവും ശുക്ലവൃദ്ധികരവുമാണ്. പുഷ്ടിയേയും ബലത്തെയും ഉണ്ടാക്കും. കഫകരവുമാകുന്നു. വാതം, പിത്തരോഗങ്ങൾ, ചുട്ടുനീറൽ, തളൎച്ച മുതലായവയ്ക്കു നന്ന്. വെളുപ്പ് ചെമപ്പ് ഇത്യാദി പലമാതിരിയിലുണ്ട്. അതുകളെ പൂവിൻെറ നിറഭേദംകൊണ്ടു

റിയാം. വെളുത്തും കറുത്തും രണ്ടുതരമെ
യുള്ളു എന്നു മറ്റൊരഭിപ്രായം.

**നിലപ്പുഴ**-ഭവനത്തിന്റെ തറയിൽ ഉണ്ടാകുന്ന ഒരുവക ചെറിയ പ്രാണി.

**നിലമ**-സ്വഭാവം, സ്ഥിതി.

**നിലമരം**-നില്ക്കുന്ന മരം.

**നിലമരി**-വയറിളക്കുന്ന ഒരു മരുന്നു്.

**നിലമാങ്ങ**-ആണ്ടിലൊരിക്കൽ ഉണ്ടാകുന്ന ഒരുവക സസ്യം (ഔഷധം).

**നിലമാടം**-കൃഷിസ്ഥലങ്ങളിൽ കാവൽ കാക്കുന്നതിനായി ഉണ്ടാക്കുന്ന ചെറിയ കുടിൽ.

**നിലമാളി**-ഒരു ജാതിക്കാർക്കുള്ള ഭഗവതി, ദേവി.

**നിലമാറാൻ**-ഒരുവക ചൊറിയുന്ന കിഴങ്ങുള്ള തൈ.

**നിലം**-പ്ര. ഭവനത്തിന്റെ അകത്തും മറ്റും തല്ലി നിരപ്പാക്കി നന്നാക്കീട്ടുള്ള സ്ഥലം. ൨. കണ്ടം. ൩. ഭൂമി.

**നിലംകൃഷി**-കണ്ടത്തിൽ ഉഴുതു വിത്തു വിതയ്ക്കുകയും മററും ചെയ്യുന്നതു്.

**നിലംപണ**-നെല്ലുകുത്തുന്നതിനും ഉരലിടുന്നതിനുമായിട്ടു് ഉറപ്പിച്ചുണ്ടാക്കീട്ടുള്ള സ്ഥലം.

**നിലംപരിചു്**-വി. ഭൂമിയോടു ചേർന്ന, നിലനിരപ്പുള്ള.

**നിലംപരണ്ട**-പ്ര. നിലത്തു പററിയുണ്ടാകുന്ന ഒരു പച്ചമരുന്നു് ൨. നിലമ്പാല. ൩. മക്കിപ്പൂ.

**നിലംപാതിരി**-ഒരു തൈ.

ഇതിന്റെ പൂവു ചെമന്നിരിക്കും.
സം-ഭൂപാടലി.

**നിലമ്പാല**-പ്ര. മക്കിപ്പൂ ൨. ഒരു തൈ.

**നിലംപൂച്ച**-മണ്ണിന്റെ അടിവഴി തുരന്നു സഞ്ചരിക്കുന്ന ഒരു ചെറിയ പ്രാണി.

**നിലംപൊത്തുന്നു**-താണ ജാതിക്കാർ ഉയർന്ന ജാതിക്കാരോടു 'കിടക്കുന്നു' എന്നും 'ഇരിക്കുന്നു' എന്നും പറയുന്ന ഒരുപചാരവാക്കു്.

**നിലയകം**-അകത്തെ മുറി, വാസസ്ഥാനം.

**നിലയങ്കി**-കാലിന്റെ അടിവരെയും എത്തുന്ന മുഴുക്കുപ്പായം.

**നിലയ(ന)ം**-ഭവനം. സ്വകാര്യമായി ഇരിപ്പാനുള്ള സ്ഥലം എന്നർത്ഥം.

'നിശിപോയ് നിലയേവാഴ്കവോൻ'
(നളചരിതം കഥകളി)

**നിലയം**-പ്ര. ഭവനം. ൨. പ്രളയം, നാശം. ൩. അസ്തമനം. ൪. ഒളിക്കുന്ന സ്ഥലം. ൫. ഒളിപ്പു്.

**നിലയഴിവു്**-തോല്വി.

**നിലയറ**-നിലവറ. തട്ടുപുരയ്ക്കു കീഴിലുള്ള അറ (മുറി).

**നിലയാകുന്നു**-പ്ര. വരവുനില്ക്കുന്നു. ൨. അവസാനിക്കുന്നു.

**നിലയാവര**-ചെറിയ അവര.

കൃമി, ജ്വരം, കഷ്ഠം, ഛർദ്ദി, വിഷം
മുതലായവയ്ക്കു നന്നു്. മലത്തെ ഇളക്കും.

**നിലയ്ക്കുന്നു**-പ്ര. ഇല്ലാതെയാകുന്നു. ൨. അവസാനിക്കുന്നു, നില്ക്കുമാറാകുന്നു.

**നിലയ്പു്**-നില, അവസാനം.

**നിലവരം**-പ്ര. വ്യവസ്ഥ. ൨. ഉറപ്പു്. ൩. തീർച്ച.

**നിലവരുത്തുക**-തീർച്ച ഉണ്ടാക്കുക.

**നിലവറ**-പുരമുറിയിൽ താഴെ തട്ടുള്ളതിന്റെ അടിയിലുള്ളസ്ഥലം (സം-ഗുപ്തി)

**നിലവാക**-പ്ര. ഒരുമാതിരി താളി. ൨. ഒരു പച്ചമരുന്നു്.

**നിലവാട്ടു്**-പ്ര. തറവാട്ടു്. ൨. നിലപാട്ടു്

**നിലവാട്ടുതറ**-ക്ഷേത്രങ്ങളിൽ ബിംബം ആനപ്പുറത്തെഴുന്നള്ളിച്ചു നിറുത്തുവാനുള്ള സ്ഥലം.

നിലവിടുന്നു-അവനവൻ നില്ക്കേണ്ട നിലയിൽ നിന്നും മാറുന്നു, വിവേകശക്തിയില്ലാതെ തെററിപ്പോകുന്നു.

നിലവിതാനം-നിരപ്പു്, താനിരപ്പു്.

നിലവിളക്കു്-തറയിൽ വയ്ക്കുന്നതിനുള്ള ഓട്ടുവിളക്കു്.

നിലവിളി-വലിയ വേദനയോ ഭയമോ ഉണ്ടാകുമ്പോൾ ഉറച്ചു പുറപ്പെടുവിക്കുന്ന ശബ്ദം.

നിലവിളിക്കുന്നു-ക്രി. ഉറക്കെ കരയുന്നു. ൨. കരയുന്നു. ൩. ആൎപ്പായിടുന്നു (സം ക്രി.) നിലവിളിപ്പിക്കുന്നു.

നിലവു്-ബാക്കി, കുടിശ്ശിക, ചെലവു മിച്ചം.

നിലവെപ്പു്-ചട്ടം നിശ്ചയിക്ക.

നിലവേപ്പു്-ക്രി. ഒരു പച്ചമരുന്നു്. ൨. പൂത്തരിച്ചുണ്ട. കിരിയാത്തു് എന്നും പറയുന്നു.

കഫം, പിത്തം രക്തദോഷം മുതലായവക്കു നന്നു്. സം-ഭൂനിംബം. തമി-നിലവേമ്പു്. ഇം-Chirata 'ചിരെട'

നിലാത്തിരി-തീകൊളുത്തുമ്പോൾ നിലാവുപോലെ പ്രകാശിക്കുന്ന വെടിമരുന്നുകൊണ്ടുള്ള ഒരുമാതിരി തിരി.

നിലാമതി-ചന്ദ്രൻ.

നിലാമുററം-വെങ്കളിമാടം.

നിലാവു്-ചന്ദ്രന്റെ പ്രഭ. പൎയ്യായങ്ങൾ-ചന്ദ്രികാ, കൌമുദി, ജ്യോൽസ്നാ.

[നിലാവുമാളിക=ചന്ദ്രശാല, ശിരോഗൃഹം. നിലാവോടുകൂടിയ രാത്രി=ജ്യോൽസ്നി. പദ്യങ്ങളിൽ നിലാവു് എന്നുപയോഗിക്കാറുണ്ടു്.]

'നിലാവെൻ കണ്ണിന്നുനീതാൻ'

(ഉത്തരരാമചരിതം)

നിലാവെളിച്ചം-ചന്ദ്രപ്രഭകൊണ്ടുള്ള ദിക്കു തെളിവു്, നിലാവിന്റെവെളിച്ചം,

നിലിമ്പർ-ദേവകൾ.

നിലിമ്പാ,നിലിമ്പിക-പശു.

നിലീന-വി. ക്രി. ലയിച്ചിരിക്കുന്ന, അടങ്ങിയിരിക്കുന്ന, ചേൎന്നുപററിയ. ൨. മറഞ്ഞ. ൩. ഒളിച്ച.

നിലോടി, നിലവടി-നെയ്ത്തുകാർ തിരിക്കുന്ന യന്ത്രത്തിന്റെ അടി.

നില്ക്കവേ,നില്ക്കെ-അ. നില്ക്കുന്ന സമയത്തു്.

നില്ക്കുന്ന-വി. ക്രി. എഴുന്നേററ. ൨. ഇളകാത്ത. ൩. പാൎക്കുന്ന, സ്ഥിതിചെയ്യുന്ന. ൪ ഉള്ള. ൫. അവസാനിക്കുന്ന.

നില്ക്കുന്നു-ക്രി. പാൎക്കുന്നു, സ്ഥിതിചെയ്യുന്നു. ൨. ഇളകാതെയാകുന്നു. ൩. നടക്കാതെ താമസിക്കുന്നു. ൪. അവസാനിക്കുന്നു. ൫. താമസിക്കുന്നു.

നില്പു്-നില, അവസാനം, പാൎപ്പു്, താമസം.

നില്പിക്കുന്നു-നിറുത്തുന്നു. (പ്രയോഗമില്ല)

നില്ലാ-വി. നില്ക്കയില്ലാത്ത, മററുമുള്ള.

നില്ലാ-നില്ക്കുന്നതല്ല, സഹിക്കുന്നില്ല.

'കേവലം പ്രിയനെവേർപിരിഞ്ഞൊരാധിനില്ലാ'

(നളചരിതം കഥകളി)

നില്ലാത-വി. നില്ക്കാത്ത, അവസാനിക്കാത്ത, വലിച്ച.

'നല്ലാരിൽ മൌലിയുഷനില്ലാതരംഗമൊടു്'

(സംഗീതസദാരാമാനാടകം)

നിവപനം-ക്രി. ചിതറൽ, എറിയുക. ൨. വിതയ്ക്കുക. ൩. പിതൃതൎപ്പണം. ൪. ഉദകക്രിയ.

നിവൎത്തനം-ക്രി. തിരിയെപ്പോരിക, പിന്തിരിച്ചിൽ. ൨. നിവൃത്തി.

നിവൎത്തിക്കുന്നു-ക്രി. തിരിയെപ്പോരുന്നു, മടങ്ങിപ്പോരുന്നു. ൨. നിവൃത്തിവരുത്തു

നു, തീൎച്ചവരുത്തുന്നു. ൩. അവസാനിപ്പിക്കുന്നു. ൪. സാധിക്കുന്നു.

നിവന്ന-വി. നേരെയായ, വളവുതീൎന്ന.

നിവൎഹണം-കൊല, നാശം.

നിവസതി-ഭവനം.

നിവസഥം-പു. ഗ്രാമം. ൨. ഭവനം.

നിവസനം-പു. ഭവനം. ൨. വസ്ത്രം.
'നീരാംഭമേ! നിവസനമിദം ചാൎത്തു'

നിവസിക്കുന്നു-പാൎക്കുന്നു.

നിവഹൻ-പു ഏഴു വായുക്കളിൽ ഒന്നു്. ൨. അഗ്നിയുടെ ഏഴു നാവുകളിൽ ഒന്നു്.

നിവഹം-കൂട്ടം. സ്വസംബന്ധികളെ ഒന്നിച്ചു ചേൎക്കുന്നതെന്നൎത്ഥം.

നിവറു്-തിങ്ങൽ, ഞെരുക്കം.

നിവാകം-ധനധാന്യാദികൾക്കു ക്ഷാമം വരുമെന്നു തോന്നുന്ന സമയം അവയിൽ ജനങ്ങൾക്കുണ്ടാകുന്ന ആദരാതിശയം. (നീവാകം എന്നതിന്റെ പാഠം).

നിവാക്കു-വി. സംസാരിക്കാത്ത, നിശ്ശബ്ദമായ.

നിവാത-വി. പു. കാററകറാത്ത. ൨. ഉപദ്രവം തട്ടാത്ത.

നിവാതകവചർ-സമുദ്രത്തിൽ ജീവിക്കുന്ന ഒരുകൂട്ടം ദൈത്യർ. ൩൦,൦൦൦,൦൦൦ പേർ ഉണ്ടായിരുന്നു. അൎജ്ജുനനാൽ നശിപ്പിക്കപ്പെട്ടു.

നിവാതം-പു. വാതം (കാററ) കടക്കാത്ത അല്ലെങ്കിൽ ഇല്ലാത്ത സ്ഥലം. ൨. വാസസ്ഥാനം. ൩. ആയുധം ഏല്ക്കാത്ത ചട്ട.

നിവാപകൻ-പു. വിതയ്ക്കുന്നവൻ. ൨. ചിതറുന്നവൻ.

നിവാപം-പു. പിതൃപൂജ, പിതൃക്കളെ ഉദ്ദേശിച്ചു ചെയ്യപ്പെടുന്ന ദാനം, സപിണ്ഡിക്കു ശേഷം പിതൃക്കളെ ഉദ്ദേശിച്ചു ചെയ്യുന്ന ദാനം. തിലോദകം മുതലായതു്.
'ഇക്ഷ്വാകുക്കളുടെ പിതൃക്കൾ നിവാപമേററാൽ'
(മലയാള ശാകുന്തളം)
൨. ജലംകൊണ്ടുള്ള കൎമ്മം. ൩. വിത്തു്, ധാന്യം.

നിവാരണം-തടുക്കുക, തടവു്.

നിവാരം-പു. വരിനെല്ലു്. ൨. തടുക്കുക, തടവു്.

നിവാരിത-വി. തടുക്കപ്പെട്ട.
'വിനയനിവാരിത പ്രസരനായെ-
രെനിക്കധുനാ'
(അഭിജ്ഞാനശാകുന്തളം)

നിവാസം-പു. ഭവനം. ൨. പാൎപ്പു്. ൩. രാത്രി കഴിച്ചുകൂട്ടുക. ൪. ഉടുപ്പു്. ൫. കലവാ.

നിവി(ബി)രീശം, നിവിരീസം-വി. ഇടതിങ്ങിയതു്, നിബിഡം.

നിവിഢം മുറിവുണ്ടാക്കപ്പെട്ടതു്.

നിവിര-കൈകൾ പൊക്കി (പ-മ.)

നിവിരുന്നു-പു. നേരെ ആകുന്നു. ൨. മേൽപെട്ടു നില്ക്കുന്നു. നിവിൎത്തുന്നു, നിവിൎക്കുന്നു.
'നിവിൎന്നനങ്ങാതഥതോൾകുനിച്ചും'
(ഭാഷാകുമാരസംഭവം)

നിവിരേ-അ. നേരെ.

നിവിൎച്ചു-നിവിരുക.

നിവിഷ്ട-വി. പു. വെക്കപ്പെട്ട, വെച്ച. ൨. നിവേശിപ്പിക്കപ്പെട്ട, ചേൎക്കപ്പെട്ട. ൩. ഇരുന്ന.

നിവീതം-പു രണ്ടു കക്ഷത്തിലും തട്ടാതെ കഴുത്തിൽനിന്നു നേരെ കീഴ്പെട്ടു തൂക്കിയിട്ട പൂണുനൂൽ. കീഴ്പോട്ടിടുന്നതെന്നൎത്ഥം.

ശവം എടുക്കുമ്പോഴും മറവും പൂണു നൂൽ ധരിക്കുന്നത് ഇപ്രകാരമാണ്. 'നിവീതിപ്രേതമുഖപഹേൽ' (ലഘുധർമ്മ പ്രകാശിക.)

ഉ. ഉടുത്ത വസ്ത്രം. മറയ്ക്കുന്നതെന്നർത്ഥം മറ്റൊരുപര്യായം—പ്രാവൃതം.

നിവൃത-വി. ചുററപ്പെട്ട.

നിവൃതം-ഫ. മൂടുപുടവ, മറശ്ശീല. ഉ. കട മുതലായതിനാൽ മറയ്ക്കപ്പെട്ടതു്, മതിൽ കിടങ്ങു മുതലായതിനാൽ ചുററപ്പെട്ടതു്. മറെറാരുപര്യായം-പരിക്ഷിപ്തം

നിവൃത്ത-വി. നിവർത്തിച്ച. ഉ. തിരിച്ചു പോന്ന. ന. മതിയാക്കിയ, നിർത്തിയ. ര. ഒന്നിലും സംഗം ഇല്ലാത്ത. നിവൃത്തൻ> <പ്രവൃത്തൻ.

നിവൃത്തി-ഫ. തീർച്ച. ഉ. അവസാനം ന. സാധിപ്പു്. ര. പിന്തിരിവു്.

നിവേദനൻ-ശിവൻ.

നിവേദനം-ഫ. അറിയിപ്പു്. ഉ. ഏല്പിപ്പു്. ന. ഭക്ഷണവസ്തുക്കളെ ദൈവത്തിൻെറ മുമ്പിൽ വച്ചു കൈകൊണ്ടു കാട്ടുക

നിവേദിക്കുന്നു-ഫ. അറിയിക്കുന്നു ഉ. ഏല്പിക്കുന്നു. ന. ഭക്ഷണവസ്തുക്കൾ ദൈവത്തിൻെറ മുമ്പിൽവച്ചു കൈകാട്ടുന്നു.

നിവേദിത-വി. ഫ. അറിയിക്കപ്പെട്ട, പറയപ്പെട്ട. ഉ. ഏല്പിക്കപ്പെട്ട. ന. ഈശ്വരന്നു് അർപ്പിക്കപ്പെട്ട.

നിവേദ്യം-ദൈവത്തിനായിട്ടുള്ള ഭക്ഷണവസ്തു നിവേദിക്കത്തക്കതു്, പൂജയ്ക്കുള്ള സാധനം.

നിവേശനം-ഫ. ഭവനം. സുഖമായിക്കിടന്നുറങ്ങുവാനുള്ള സ്ഥലം എന്നർത്ഥം. ഉ. വെപ്പു്, ചെലുത്തുക. ന. വിവാഹം. ര. പടകുടി, പാളയം. ... വശനം.

നിവേശം-ഫ. പടകുടി, സൈന്യങ്ങളുടെ വാസസ്ഥലം. ഉ. ഭവനം. ന. പ്രവേശനം. ര. വെക്കുക, ചെല്ലുക.

യുദ്ധത്തിനായി പോകുമ്പോഴും മററും സൈന്യങ്ങൾക്കു താമസിക്കുന്നതിനുണ്ടാക്കുന്ന പടകുടി മുതലായ പാർപ്പിടമാണു് നിവേശം.

നിവേശിക്കുന്നു-ഫ. വയ്ക്കുന്നു. ഉ. പ്രവേശിക്കുന്നു, കേറുന്നു.

നിവേശിത-വി. ഫ. വയ്ക്കപ്പെട്ട. ഉ. പ്രവേശിക്കപ്പെട്ട.

നിവേശിനീ-ഭൂമി.

നിവേഷ്ടം-മൂടി, ഉറ, എഴുത്തടക്കംചെയ്യുന്ന കൂടു് (കവർ). [Envelope]

നിവേഷ്ടിത-വി. ചുററപ്പെട്ട.

നിശ-ഫ. രാത്രി. സകല വ്യാപാരങ്ങളേയും ചുരുക്കുന്നതു് എന്നർത്ഥം. ഉ. മഞ്ഞൾ. ന. മരമഞ്ഞൾ. ര. സ്വപ്നം.

നിശഠ-വി. യോഗ്യതയുള്ള, കപടമില്ലാത്ത.

നിശമനം-കേൾക്കുക.

നിശമ്യ-അ. കേട്ടിട്ടു്.

നിശരണം-കൊല. (നിശാരണമെന്നതിൻെറ പാഠം).

നിശാകരൻ-ഫ. ചന്ദ്രൻ. ഉ. പൂവൻകോഴി, കോഴി.

നിശാകരം-കർപ്പൂരം.

നിശാഖ്യ-ഫ. മഞ്ഞൾ. ഉ. മരമഞ്ഞൾ.

നിശാചര-വി. രാത്രിയിൽ സഞ്ചരിക്കുന്ന

നിശാചരൻ-ഫ. രാക്ഷസൻ ഉ. മൂങ്ങ. ന. കള്ളൻ, ര. കുറുക്കൻ. ൪. അടവിക്കോഴി. ൫. പാമ്പു്.

നിശാചരം-മൂങ്ങ.

നിശാചരി-ഫ. രാക്ഷസി. ഉ. മേലാപ്പുള്ള്. ന. ടിട്ടിഭപ്പക്ഷി, കുളക്കോഴി. ര. മാഞ്ചി.

നിശാജലം-മഞ്ഞുവെള്ളം.
നിശാടകം-ഗുഗ്ഗുലു.
നിശാടനൻ-പു. രാക്ഷസൻ. വ. മൂങ്ങ.
നിശാത-വി. പ. മൂച്ചുകൂട്ടപ്പെട്ട. വ. മിനുക്കപ്പെട്ട.
നിശാദർശി-ഊമൻ, കൂമൻ, മൂങ്ങ.
നിശാധീശൻ-ചന്ദ്രൻ.
നിശാനം-മൂച്ചുകൂട്ടുക.
നിശാനാഥൻ-ചന്ദ്രൻ.
നിശാനി-കോഴി.
നിശാന്ത-വി. ശാന്തമായ.
നിശാന്തനാരി-കുടുംബിനി.
നിശാന്തം-പു. രാത്രിയുടെ അവസാനസമയം. വ. ഭവനം. രാത്രിയിൽ ഗമിക്കുന്നേടം എന്നർത്ഥം. പകൽ പല കാര്യങ്ങൾക്കുമായിട്ടു പുറത്തു പോയിരുന്നാലും രാത്രി ഭവനത്തിൽ വരിക നിശ്ചയമാണല്ലോ; അതിനാൽ ഈ പേരുണ്ടായി എന്നു താൽപര്യം.
നിശാന്ധ-വി. രാത്രി കണ്ണുകാണാത്ത.
നിശാന്ധ-കരിങ്കച്ചോലം.
നിശാപതി-പു. ചന്ദ്രൻ. വ. കർപ്പൂരം.
നിശാപുഷ്പം-ആമ്പൽ.
നിശാബലം-(ജ്യോതിഷത്തിൽ) ഇടവം, മേടം, ധനു, കർക്കടകം, മിഥുനം, മകരം. ഈ ആറു രാശികളുടെ പേർ. (മിഥുനത്തെ ഒഴിച്ചു ശിഷ്ടങ്ങൾ പൃഷ്ഠോദയങ്ങൾ).
നിശാമണി-പു. ചന്ദ്രൻ. വ. കർപ്പൂരം
നിശാമനം-ന. കാഴ്ച. വ. കേൾപ്പിക്കുക. ന. നിഴൽ.

'ശ്രുതിർദൃഷ്ട്യോർന്നിശാമനം' എന്നുള്ളതുകൊണ്ടു 'കാണുക' എന്നതിനും 'കേൾപ്പിക്കുക'എന്നതിനും 'നിശാമനം' എന്ന വാക്കുപയോഗിക്കാം. 'നിശമനം' എന്നാൽ 'കേൾക്കുക'എന്നേ അർത്ഥമുള്ളൂ.

നിശാമം-കാഴ്ച.
നിശാമുഖം-രാത്രിയുടെ ആരംഭം.
നിശാമൃഗം-ഊമൻ, കുറുക്കൻ.
നിശാരണൻ-കൊലപാതകൻ
നിശാരണം-പു. കൊല. വ. രാത്രിയിലെ യുദ്ധം.
നിശാരത്നം-പു. ചന്ദ്രൻ. വ. കർപ്പൂരം.
നിശാരാശികൾ-(ജ്യോതിഷത്തിൽ) മേടം, ഇടവം, മിഥുനം, കർക്കടകം, ധനു, മകരം.
നിശാവനം-ചണ, ചണനാര്, വക്കനാര്.
നിശാവിഹാരൻ-രാക്ഷസൻ
നിശാവേദീ-പൂവൻകോഴി, കോഴി.
നിശാഹാസം-പു. വെളുത്ത ചെങ്ങഴിനീർപ്പൂവ്. (രാത്രി വിടരുന്നു.) വ. ആമ്പൽ.
നിശാഹ്വാ-മഞ്ഞൾ രാത്രിയുടെ പേരോടു കൂടിയതു് എന്നർത്ഥം.
നിശിചര-വി. രാത്രിയിൽ സഞ്ചരിക്കുന്ന.
നിശിചരൻ-രാക്ഷസൻ.
നിശിചരീ-രാക്ഷസി.
നിശിത-വി. മൂച്ചുകൂട്ടപ്പെട്ട
നിശിതം-പു. ഇരിമ്പ്, ഉരുക്ക്. വ. ചാണയ്ക്കുവച്ചും മററും മൂച്ചുകൂട്ടപ്പെട്ടതു്. ന. മൂച്ചുകൂടിയ ശസ്ത്രം മുതലായതു്. മുനകനം കുറച്ചതു് എന്നർത്ഥം ൪ സൂക്ഷ്മം.
നിശിതാ-രാത്രി.
നിശീഥം-പു. അർദ്ധരാത്രി ഇതിങ്കൽ നിയതമായി ശയിക്കുന്നതിനാൽ ഈ പേർ വന്നു. നിശ്ചയമായും ശയിക്കുന്ന സമയം എന്നുമാവാം. വ. ഉറക്കത്തിനുള്ള സമയം.
നിശീഥിനി-പു. രാത്രി, നിശീഥം (അർദ്ധരാത്രം) ഉള്ളതു് എന്നർത്ഥം വ. മഞ്ഞൾ.

നിശുംഭൻ-ഒരസുരൻ (ദുർഗ്ഗയാൽ വധിക്കപ്പെട്ടു).

നിശുംഭനം-കൊല.

നിശുംഭമർദ്ദിനീ, നിശുംഭമഥനീ—ദുർഗ്ഗ.

നിശേശൻ-ചന്ദ്രൻ.

നിശോത്സർഗ്ഗം-രാത്രിയുടെ അവസാനം, പ്രഭാതം.

നിശ്ചഞ്ചല-വി. ഇളക്കമില്ലാത്ത.

നിശ്ചഞ്ചലത-ഇളക്കമില്ലായ്മ.

നിശ്ചയം-ഉറപ്പു്, നിശ്ചയജ്ഞാനം. ബുദ്ധിയെ തുറന്നു വിടാതെ ഏകാഗ്രമായി ചേർത്തുകൊണ്ടിരിക്കുന്നതു് എന്നർത്ഥം. മറെറാരു പര്യായം-നിർണ്ണയം.

നിശ്ചയിക്കുന്നു-വിചാരിച്ചുറപ്പിക്കുന്നു.

നിശ്ചല-വി. ഇളക്കമില്ലാത്ത.

നിശ്ചലത, നിശ്ചലത്വം — ഇളക്കമില്ലായ്മ.

നിശ്ചലതത്വം-ആത്മജ്ഞാനം.

നിശ്ചലാ-സ്ത്രീ. ഭൂമി. ൨. മൂവില.

നിശ്ചലാംഗം-കൊക്കു്. ദേഹം ചലിപ്പിക്കാത്തതു് എന്നർത്ഥം.

നിശ്ചാരകം-ന. കാററു്, വായു. ൨. ദുശ്ശഠത, മുരട്ടുശീലം, വാശി.

നിശ്ചിത-വി. നിശ്ചയിക്കപ്പെട്ട.

നിശ്ചിതം- നിശ്ചയം, നിശ്ചയിക്കപ്പെട്ടതു്.

നിശ്ചിതി-നിശ്ചയം, തീർച്ചയാക്കൽ.

നിശ്ചിന്ത-വി. വിചാരമില്ലാത്ത.

നിശ്ചേഷ്ട-വി. പ്രവൃത്തിയില്ലാത്ത, ബോധക്കേടുള്ള.

നിശ്രയണി-കോണി.

നിശ്രീകൻ-പു. ഭാഗ്യഹീനൻ. ൨. സൌന്ദര്യമില്ലാത്തവൻ.

നിശ്രേണി-സ്ത്രീ. കോവണി, കോണി. നിയതമായ ശ്രേണിയോടു കൂടിയതു് ശ്രേണി=പംക്തി. കോണിയുടെ ഓരോ കവിയും (പടിയും) പന്തിയകലം സമമാകയാൽ ഈ പേർ വന്നു. മറെറാരു പര്യായം-അധിരോഹണി. ൨. ഈത്ത.

നിഃശ്രേണി എന്നും ന്ശ്രേണി എന്നും നിശ്രേണീ എന്നും നിശ്രയണി എന്നും കാണാറുണ്ടു്.

നിഃശ്രേയസം-മോക്ഷം, സൌഖ്യം. ഇ ഉൽക്കമില്ലാത്ത ശ്രേയസ്സു് എന്നർത്ഥം.

നിശ്വസനം – ശ്വാസംവിടുക, നെടുവീപ്പു്.

നിശ്വസിക്കുന്നു-ശ്വാസം വിടുന്നു.

നിശ്വസിത-വി. ശ്വാസംവിട്ട, നെടുവീപ്പിട്ട.

നിശ്വാസം-ദീർഘശ്വാസം, നെടുവീപ്പു്. ശ്രമപ്പെട്ടു ജോലിചെയ്താലുണ്ടാകുന്ന ശ്വാസോച്ഛ്വാസം.

നിഃശങ്കം-അ. സംശയംകൂടാതെ.

നിഃശലാകം-വിജനപ്രദേശം. ശാരികകൾ കൂടിയില്ലാത്ത സ്ഥലം. അത്രപോലും വിജനമെന്നർത്ഥം.

നിഃശേഷം-അ. അശേഷം, മുഴുവനും, സർവ്വം, ഒട്ടൊഴിയാതെ.

നിഃശോധ്യ-വി. ശോധനചെയ്യപ്പെടേണ്ടാത്ത.

നിഃശോധ്യം-ചളികളഞ്ഞു ശുദ്ധിവരുത്തിയതു്.

നിഷണ്ണ-വി. ഇരുന്ന. ൨. സങ്കടപ്പെട്ട.

നിഷണ്ണകം-ഇരിപ്പു്.

നിഷദിക്കുന്നു-ക്രി. ഉരുണ്ടു കളിക്കുന്നു. ൨. ഉറച്ചിരിക്കുന്നു, ഇരിക്കുന്നു.

നിഷദ്യ-സ്ത്രീ. ചന്ത, പീടിക, തെരുവു്. കച്ചവടക്കാർ വില്പാനുള്ള സാമാനങ്ങളെ നിരത്തി ഇരിക്കുന്നിടം എന്നർത്ഥം. മറെറാരു പര്യായം-ആപണം ൨. മെത്ത

നിഷദ്വരൻ-കാമദേവൻ.

**നിഷദ്വരം**-ചളി. സൂകരം മുതലായ ജന്തുക്കൾ ഇതിൽ ഉരുണ്ടു കളിക്കുന്നതിനാൽ ഈ പേർ വന്നു.

**നിഷദ്വരീ**-ഫ. രാത്രി. പ. മഞ്ഞൾ.

**നിഷധൻ**-ഒരു രാജാവ്.

**നിഷധം**-ഫ. ഹിമാലയത്തിനു വടക്കുള്ള ഒരു പർവതം. ദേവന്മാർ ഇതിൽ നിഷദിക്കുന്നതിനാൽ ഈ പേർ വന്നു. പ. ഇപ്പോഴത്തെ ഗ്വാളിയറിൽ ഉൾപ്പെട്ടുന്ന ഒരു പുരാതനദേശം, നളന്റെ രാജ്യം, ഗുജറാറ്റിനു വടക്കുഭാഗത്തുള്ള ഭിൽജാതിക്കാരുടെ ദേശം. ന. നിഷാദസ്വരം.

**നിഷംഗം**-ഫ. ആവനാഴി. ശരങ്ങൾ ഇതിൽ ഏററവും സജ്ജിക്കുന്നതിനാൽ ഈ പേർ വന്നു. പ. ചേച്ച്. ന. വാൾ.

**നിഷംഗി**-ഫ. വില്ലാളി, ആവനാഴിയെ ധരിച്ചവൻ. പ. ഖഡ്ഗപാണി.

**നിഷാണം**-ഒരു വാദ്യം, ഢക്ക.

**നിഷാദൻ**-ഫ. ചണ്ഡാലൻ. ഇവങ്കൽ പാപം സ്ഥിതിചെയ്യുന്നതുകൊണ്ട് ഈ പേർ വന്നു. പ. മുക്കോൻ.

നിഷാദൻ-വേനന്റെ തുടയിൽ നിന്നുൽഭവിച്ച ഒരു ഹീനജാതി. ബ്രാഹ്മണരാൽ ശൂദ്രസ്ത്രീകളുടെ മക്കൾ എന്നും അർത്ഥം കാണുന്നു.

ന. കാട്ടാളൻ.

**നിഷാദം**-സപ്തസ്വരങ്ങളിൽ ഒന്ന്. രാഗങ്ങൾ (സ്വരങ്ങൾ) അടങ്ങിയിരിക്കുന്നത് എന്നർത്ഥം. മനസ്സ് ഇതിൽ ഗമിക്കുന്നു എന്നുമാവാം. അന്ത്യസ്വരമായതുകൊണ്ട് മററു സ്വരങ്ങളെല്ലാം ഇതിൽ വന്നു ലയിക്കുന്നു എന്നുള്ള അർത്ഥവുമുണ്ട്.

ഗജം നിഷാദസ്വരത്തെ അനുസരിച്ചു ശബ്ദിക്കുന്നു.

'നിഷാദം രൗതി കുഞ്ജരഃ' എന്നു പ്രമാണം.

**നിഷാദിത**-വി. ഇരുത്തപ്പെട്ട.

**നിഷാദീ**-ആനക്കാരൻ. ആനപ്പുറത്തിരിക്കുന്നവൻ എന്നർത്ഥം.

**നിഷിക്ത**-വി. നനക്കപ്പെട്ട.

**നിഷിദ്ധ**-വി. വിരോധിക്കപ്പെട്ട, വിലക്കപ്പെട്ട.

**നിഷൂദന**-വി. കൊന്ന, കൊല്ലുന്ന.

**നിഷൂദനം**-കൊല, വധം.

**നിഷേകം**-ഒഴിക്കുക. പ. തളിക്കുക. ന. ഇററിറ്റുവീഴുക. ര. ഗർഭധാരണം സംബന്ധിച്ച ഒരടിയന്ത്രം, വിവാഹത്തിന്റെ പൂർത്തിവരുത്തുന്ന ഒരു കർമ്മം. ൪. നനയ്ക്കുക. ന്യ. അഴുക്കുവെള്ളം, ചീത്തജലം.

**നിഷേചനം**-നനയ്ക്കൽ.

**നിഷേധനാമാംഗം**-മറുപേരെച്ചം.

നിഷേധനാമാംഗം അല്ലെങ്കിൽ മറുപേരെച്ചം എന്നു വ്യാകരണത്തിൽ പറയുന്ന 'വരാത്ത' 'പോകാത്ത' ഇത്യാദി രൂപങ്ങളെ എഴുതുമ്പോൾ 'ത'കാരത്തിനു ദ്വിത്വം കൂടാതെ 'വരാത' 'പോകാത' എന്നു പ്രയോഗിച്ചുകാണുന്നു.

**നിഷേധം**-വിരോധം, ധിക്കാരം. പ. (വ്യാകരണത്തിൽ) ഉണ്ടായിരിക്കലിനു വിപരീതമായി ഇല്ലായ്മയെ പറയുന്നതിനു 'നിഷേധം' എന്നു പേർ. ഇതു വാക്യങ്ങൾ രണ്ടുവിധമുള്ളതിൽ ഒന്നാകുന്നു.

**നിഷേധി**-ധിക്കാരി.

**നിഷേധിക്കപ്പെട്ടവൻ**-ധിക്കരിക്കപ്പെട്ടവൻ, വിരോധിക്കപ്പെട്ടവൻ. പര്യായങ്ങൾ-പ്രത്യാദിഷ്ടൻ, നിരസ്തൻ, പ്രത്യാഖ്യാതൻ, നിരാകൃതൻ.

**നിഷേധിക്കുന്നു**-ധിക്കരിക്കുന്നു, വിലക്കുന്നു

**നിഷേവണം**-സേവ

**നിഷേവിത**-വി. സേവിക്കപ്പെട്ട.

**നിഷേവ്യ**-വി. സേവിക്കപ്പെടത്തക്ക.

നിഷ്കണ്ടക-വി. ൧. ശത്രുവില്ലാത്ത. ൨. മുള്ളില്ലാത്ത. ൩. രോമാഞ്ചമുണ്ടാകാത്ത. ൪. ഭയമില്ലാത്ത.

നിഷ്കണ്ടകൻ-അതിക്രൂരൻ. തന്റെ പ്രവൃത്തിഫലത്തെ ആലോചിച്ചു രോമാഞ്ചംപോലും ഉണ്ടാകാത്തവൻ എന്നു വ്യുൽപ്പത്തി.

നിഷ്കണ്ഠം-തീർമാതളം.

നിഷ്കപട-വി. കാപട്യമില്ലാത്ത.

നിഷ്കം-പു. കഴുത്തിൽ കെട്ടുന്ന (മാറിൽ ധരിക്കുന്ന) ആഭരണം, മാല ൨. പതക്കം, കഴഞ്ച് മുതലായ തൂക്കങ്ങൾക്കു പറയുന്ന പേർ ൩. ഒരു പൊൻതൂക്കം. (൧൦ പണമിട ഒരു പൊൻതൂക്കം എന്നു പക്ഷം). ൩. സ്വർണ്ണം ൪. ദീനാരം എന്ന നാണ്യം. ഏററവും സ്തുതിക്കപ്പെടുന്നതു എന്നർത്ഥം ൫. സ്വർണ്ണപാത്രം.

നിഷ്കരിക്ക-നശിപ്പിക്ക.

നിഷ്കർഷ-ശുദ്ധം, ജാഗ്രത.

നിഷ്കർഷം-നിശ്ചയം, നിർബന്ധം.

നിഷ്കർഷിക്കുന്നു-ശുദ്ധിക്കുന്നു, കഴിയുന്നിടത്തോളം ഓർമ്മയോടും താൽപര്യത്തോടും പ്രവൎത്തിക്കുന്നു. ൨. നിർബന്ധിക്കുന്നു.

നിഷ്കല്മഷ-വി പാപരഹിതമായ, കറയില്ലാത്ത.

നിഷ്കള-വി. ൧. വിഭജിക്കാൻ പാടില്ലാത്ത. ൨. കുറഞ്ഞ. ൩. വീൎയ്യമില്ലാത്ത

നിഷ്കളങ്ക-വി ൧. കളങ്കമില്ലാത്ത ൨. കറയില്ലാത്ത. ൩. അപവാദമില്ലാത്ത ൪. ചതിവില്ലാത്ത.

നിഷ്കളങ്കാ-നിർദ്ദോഷം.

നിഷ്കളൻ-ദൈവം. കലകൾ (അംശങ്ങൾ) ഇല്ലാത്തവൻ, പരിപൂർണ്ണൻ.

നിഷ്കളാ-ആൎത്തവം മാറിയ സ്ത്രീ, തീണ്ടാരി മാറിയവൾ. മറെറാരു പര്യായം 'വിഗതാൎത്തവാ'

(കളശബ്ദത്തിനു ശുക്ലം എന്നർത്ഥം. ഇവിടെ ലക്ഷണയാ രജസ്സ് എന്നർത്ഥം. രജസ്സില്ലാത്തവൾ എന്നു താൽപര്യം).

നിഷ്കാതൻ-സമൎത്ഥൻ.

നിഷ്കാമ-വി. കാമമില്ലാത്ത, ഫലേച്ഛയില്ലാത്ത.

നിഷ്കാമം-അ. ഇച്ഛകേടായി.

നിഷ്കാമ്യം-ആഗ്രഹിക്കത്തക്കതല്ലാത്തതു

നിഷ്കാരണ-വി. കാരണമില്ലാത്ത,

നിഷ്കാരുണ്യം-നിൎദ്ദയം.

നിഷ്കാലനം-൧ കൊല. ൨. കന്നുകാലികളെ അടിച്ചോടിക്ക.

നിഷ്കാസനം-ഓട്ടം.

നിഷ്കാസിക്കുന്നു-ഓടിക്കുന്നു, പിടിച്ചു തള്ളിപ്പുറത്താക്കുക.

'നിഷ്കാസിച്ചാലകലെയാഴിയെ
ദുഷ്പ്രനാശങ്ങളേവം'
(മയൂരസന്ദേശം)

നിഷ്കാസിത - വി. ആട്ടിക്കളയപ്പെട്ട, നിന്ദിക്കപ്പെട്ട. പിടിച്ചു തള്ളി പുറത്താക്കപ്പെട്ട. നിൎമ്മിപ്പിക്കപ്പെട്ട എന്നു ശബ്ദാൎത്ഥം.

നിഷ്കിഞ്ചന-വി. ഒന്നുമില്ലാത്ത.

നിഷ്കിഞ്ചനത്വം-ദാരിദ്ര്യം.

നിഷ്കിഞ്ചനം-ദാരിദ്ര്യം.

നിഷ്കുടം-൧ ഗൃഹാരാമം, ഭവനത്തോടു ചേൎന്നുള്ള പൂന്തോട്ടം, ഉമ്മറപ്പൂങ്കാവ്, അടുക്കളപ്പൂങ്കാവ്, കുടത്തിൽ (ഗൃഹത്തിൽ) നിന്നു നിഷ്ക്രാന്തം (പുറത്തുള്ളതു്) എന്നർത്ഥം. ൨. വയൽ ൩. വാതിൽ ൪. അന്തഃപുരം. ൫. വൃക്ഷത്തിന്റെ പൊള്ള

നിഷ്കുടി- ൧ പേരേലം, കുടിയിൽ നിന്നു (കോശത്തിൽ, ഉറയിൽ നിന്നു) നിഷ്ക്രമിച്ചതു് എന്നർത്ഥം. ൨. ചിററേലം.

നിഷ്കുംഭം-ചെറിയ ദന്തി.

നിഷ്കുഷിത-വി. ൧. പുറത്താക്കപ്പെട്ട, വലിച്ചെടുക്കപ്പെട്ട. ൨. കീറിക്കളഞ്ഞ, ചീന്തിയ.

നിഷ്കുഹം-മരപ്പൊത്ത്. നിശ്ചയേന അത്ഭുതപ്പെടുന്നത് എന്നർത്ഥം.

നിഷ്കൃത-വി. ൧. ഉദാസീനതയുള്ള, കൂട്ടാക്കാത്ത. ൨. ക്ഷമിക്കപ്പെട്ട.

നിഷ്കൃതി-൧. പ്രത്യുപകാരം, പകരം ചെയ്ക.

'ദത്തുംനിഷ്കൃതിമുന്നതോപിതനയഃ'

൨. പ്രായശ്ചിത്തം. ൩. ക്ഷമ. ൪. ദുസ്സ്വഭാവം. ൫. വ്യാജഫലം. ൬. ശാഠ്യം.

നിഷ്കൃഷ്ടം-വി. ൧. വലിച്ചെടുക്കപ്പെട്ട. ൨. ആകത്തുകയാക്കപ്പെട്ട.

നിഷ്കൈതവം-കളവില്ലാതെ, വാസ്തവമായി.

നിഷ്ക്രമണം-പുറത്തുപോക.

നിഷ്ക്രമിക്കുന്നു-പുറപ്പെടുന്നു, പുറത്തുപോവുന്നു, വെളിയിൽ വരുന്നു.

'നിഷ്ക്രമിച്ചീടെന്നു
ചൊന്നതുകേട്ടുഞാൻ
നിഷ്ക്രമിച്ചീടിനേ-
നാശ്രമാന്തരാൽ'
(അദ്ധ്യാത്മരാമായണം)

നിഷ്ക്രമം-൧. ബുദ്ധിസാമർത്ഥ്യം. പുതുതായി ഓരോന്നിൽ പ്രവേശിച്ചുകൊണ്ടിരിക്കുന്നത് എന്നർത്ഥം. ൨. പുറപ്പാട്.

ഇവിടെ സാമർത്ഥ്യം എന്നതു ബുദ്ധിയുടെ പരിപൂർണ്ണാവസ്ഥയാകുന്നു.

നിഷ്ക്രയം-കൂലി, ശമ്പളം.

നിഷ്ക്രാന്ത-വി. പുറപ്പെട്ട, പോയ, പുറത്തായ.

നിഷ്ക്രാമണം-പുറത്തു കൊണ്ടുപോക.

നിഷ്ക്രിയ-വി. ൧. ക്രിയയില്ലാത്ത. ൨. വേലയില്ലാത്ത.

നിഷ്ക്രിയൻ-ബ്രഹ്മം. പ്രവൃത്തിയില്ലാത്തവൻ എന്നർത്ഥം.

നിഷ്ഠ-വി. സ്ഥിതിചെയ്യുന്ന.

നിഷ്ഠ-൧. വ്രതങ്ങളുടെ ഉറപ്പ്. ൨. നിശ്ചയം. ൩. നാടകങ്ങളുടെ അവസാനം, നാടകത്തിൽ അഞ്ചു സന്ധികൾ ഉള്ളതിൽ അഞ്ചാമത്തേതായ 'നിർവ്വഹണം.' നിയതമായ സ്ഥാനം എന്നർത്ഥം. ൪. അവസാനം. ൫. തൊഴിൽ. ൬. ഉത്സവം. ൭. കാണാതാവുക.

നിഷ്ഠാചതുഷ്ടയം-യജ്ഞം, ദാനം, അദ്ധ്യയനം, തപസ്സ്.

നിഷ്ഠാദ്വയം-സാദ്ധ്യം (ജ്ഞാനം), സാധനം (കർമ്മം).

നിഷ്ഠാനക-അലച്ച്. ൨. മുറുമുറുക്കുക.

നിഷ്ഠാനം-കറി, രസം, തൈര് മുതലായി ചോറ്റിൽ കൂട്ടുന്ന ഉപദംശപദാർത്ഥങ്ങൾ. രസങ്ങൾ ഇതിൽ ഇരിക്കുന്നതിനാൽ ഈ പേരുണ്ടായി.

നിഷ്ഠീവനം-തുപ്പുക.

നിഷ്ഠീവം-തുപ്പൽ.

നിഷ്ഠുര-വി ക്രൂരമായ, പരുഷമായ.

നിഷ്ഠുരത-കഠിനത. ൨. വാക്കിന്റെ കടുപ്പം.

നിഷ്ഠേവനം-തുപ്പുക.

നിഷ്ഠേവം-തുപ്പൽ

നിഷ്ഠ്യൂത-വി. ൧. ഇടപെട്ട, അയക്കപ്പെട്ട, പ്രേരിപ്പിക്കപ്പെട്ട. ൨. തുപ്പിയ.

നിഷ്ഠ്യൂതി-തുപ്പുക

നിഷ്ണാത-വി. സാമർത്ഥ്യമുള്ള, പഠിത്തമുള്ള.

നിഷ്ണാതൻ-സമർത്ഥൻ. കാര്യസാധനോപായങ്ങളിൽ സ്നാനം ചെയ്തവൻ, അതിന്റെ മർമ്മങ്ങളെ നല്ലവണ്ണം ഗ്രഹിച്ചവൻ എന്നർത്ഥം.

നിഷ്പക്വ-വി. ൧. പാകംവന്ന ൨. വെന്ത, തിളച്ചു കുറുകിയ.

നിഷ്കപം-ശരിയായ വേവുചെന്ന കഷായം മുതലായതു്. നിഷ്ക്വയേനപകം (വെന്തതു) എന്നർത്ഥം

നിഷ്കപാതിതം-രണ്ടു കക്ഷികാരോടും ഒരുപോലെയുള്ള പെരുമാററം, സമഭാവന.

നിഷ്പതിസുതാ-ഭർത്താവും പുത്രനമില്ലാത്ത സ്ത്രീ.

നിഷ്പത്തി-ഫ. അവസാനം. വ. ഉത്ഭവം, ജനനം.

നിഷ്പദീ-കടപ്പായൽ.

നിഷ്പന്ദ, നിസ്പന്ദ-വി ഇളക്കമില്ലാത്ത, നിശ്ചലമായ.

'നിഷ്പന്ദമായ് പ്രാണനടക്കിവച്ചും'
(ഭാഷാകുമാരസംഭവം)

നിഷ്പന്ന-വി. ഫ. സാധിക്കപ്പെട്ട. വ. സ്വതഃ സാധിച്ച. ന. തീൎന്ന. ർ. ഉണ്ടായ, ജനിച്ച ® തയാറായ.

നിഷ്പവനം-നെല്ലു മുതലായതു ചേറുക, കൊഴിക്കുക.

നിഷ്പാദ-വി. അനക്കമില്ലാത്ത, ഇളക്കമില്ലാത്ത.

നിഷ്പാദനം-സാധിക്കുക, സഫലമാക്കുക.

നിഷ്പാദിക്കുന്നു-സാധിക്കുന്നു.

നിഷ്പാദിതം-സമ്പാദിതം.

നിഷ്പാവ-വി നിശ്ചയമുള്ള.

നിഷ്പാവം-ഫ. നെല്ലു മുതലായതു ചേറുക. ഏററവും ശുദ്ധിവരുത്തുക എന്നർത്ഥം. പര്യായങ്ങൾ-പവനം, പാവം, പതിർ പിടിത്തം എന്നും അർത്ഥം കാണുന്നു. വ. ധാന്യപ്പട്ടിൽ. ന. ചെറിയ അമര. ർ വലിയ ഉഴുന്നു്.

നിഷ്പിഷ്ട-വി ഫ. അരയ്ക്കപ്പെട്ട. വ. ഞെക്കപ്പെട്ട. ന. പൊടിക്കപ്പെട്ട.

നിഷ്പീഡിത-വി. ഫ. പിഴിയപ്പെട്ട, ഞെക്കപ്പെട്ട. വ. പീഡിപ്പിക്കപ്പെട്ട.

നിഷ്പൃഥാ-മേത്തോന്നി.

നിഷ്പേഷണം-ഫ. അരയ്ക്കു്. വ. ഞെക്കൽ. ന. പൊടിപ്പു്, (പൊടിക്കുക).

നിഷ്പ്രകാരതം-ഉള്ളിലുള്ളവയെ തിരിച്ചറിവാൻ വയ്യാത്ത സ്ഥിതി, നിർവ്വികല്പസ്ഥിതി.

നിഷ്പ്രകാശം-അ. പ്രകാശമില്ലാതെ.

നിഷ്പ്രഭ-വി. ശോഭയില്ലാത്ത, പ്രഭയില്ലാത്ത.

നിഷ്പ്രയത്നം-അ. പ്രയാസംകൂടാതെ.

നിഷ്പ്രയോജന-വി. പ്രയോജനമില്ലാത്ത.

നിഷ്പ്രവാണി-അലക്കാത്ത വസ്ത്രം, കോടിവസ്ത്രം, പുതിയവസ്ത്രം, നവാംബരം. പ്രവാണിയിൽ (നെയ്യുന്നകോലിൽ) നിന്നു നിർഗ്ഗതം എന്നർത്ഥം.

നിഷ്പ്രവാണി എന്നതു നെയ്ത്തുതറിയിൽനിന്നുഅടുത്തകാലത്തെടുത്തതും മുറിക്കാത്തതും അലക്കാത്തതുമായ വസ്ത്രമാകുന്നു.

നിഷ്ഫല-വി. ഫ. കായില്ലാത്ത. വ. പ്രയോജനമില്ലാത്ത.

നിഷ്യന്ദി-ഒലിക്കുന്നതു്, ഒഴുകുന്നതു്.

നിഷ്യന്ദം-ഒലിപ്പു്, ഒഴുക്കു.

നിഷ്ഷമ-വി. നിന്ദ്യമായ.

നിഷ്ഷമം-അ. നിന്ദ്യം എന്ന അർത്ഥത്തിൽ പ്രയോഗം. മറെറാരു പര്യായം-ദുഷ്ഷമം.

നിസൎഗ്ഗ-വി. സ്വഭാവേനയുള്ള.

നിസൎഗ്ഗം-സ്വഭാവം. പിറവിയിലുള്ളതു് എന്നർത്ഥം.

നിസൎജ്ജിക്കുന്നു-വെക്കുന്നു.

നിസിന്ധു-കരിനൊച്ചി.

നിസുംഭനം-കൊല.

നിസൂദനം-കൊല.

നിസൃതാ-ത്രികോല്പക്കൊന്ന.

നിസൃതി-ഒഴുക്കു്.

നിസ്സൃഷ്ട-വി. വയ്ക്കപ്പെട്ട, നിസർജ്ജിക്കപ്പെട്ട.

നിസ്തന്ദ്ര-വി മടിയില്ലാത്ത, പ്രസരിപ്പോടുകൂടിയ.

നിസ്തന്ദ്രത മടിയില്ലായ്മ, ഉത്സാഹം.

നിസ്തരണം-ന. പുറപ്പാട്. ൨. വിട്ടുവിപ്പ്, മോചനം ൩. ഉപായം, കഴിവ്.

നിസ്തർക്കം-തർക്കം അററ്, നിസ്സംശയമായി.

നിസ്തർഹണം-കൊല്ലുക, കൊല.

നിസ്തല-വി. ഉരുണ്ട, വട്ടത്തിലുള്ള. തലം ഇല്ലാത്ത എന്നർത്ഥം.

'നിസ്തലം വർത്തുളേ ചലേ'

എന്നു വിശ്വം.

നിസ്തലീ-ഗുളിക.

നിസ്താരണം-ന. ജയം. ൨. മോചനം. ൩. കടക്കുക.

നിസ്തുല-വി. തുല്യമില്ലാത്ത.

നിസ്തുല്യ-വി. തുല്യമില്ലാത്ത.

നിസ്തുഷക്ഷീരം-ഗോതമ്പ്.

നിസ്തുഷരത്നം-സ്ഫടികം.

നിസ്തേജൻ-തേജം ഇല്ലാത്തവൻ. തേജം=ശോഭ മൂച്ച് എന്നും അർത്ഥമുണ്ട്. 'നിസ്തേജൻ' എന്നതിനെ 'നിസ്തേജസ്സ്' എന്നു ഭ്രമിക്കരുത്. തേജശബ്ദവും തേജസ്ശബ്ദവും 'തിജ്' എന്ന ധാതുവിൽനിന്നു രണ്ടു പ്രത്യയങ്ങളുടെ പ്രവൃത്തികൊണ്ടുണ്ടായിട്ടുള്ളതാണ്.

നിസ്തേജസ്സ്-വി. തേജസ്സില്ലാത്ത.

നിസ്തോദം-കുത്തുക, വേദനപ്പെടുത്തൽ.

നിസ്ത്രപൻ-ലജ്ജയില്ലാത്തവൻ. (ത്രപ=ലജ്ജ).

നിസ്ത്രിംശപത്രികാ-ചതുരക്കള്ളി.

നിസ്ത്രിംശൻ-ഹിംസിക്കുന്നവൻ.

നിസ്ത്രിംശം-ന. മുപ്പതിലധികമുള്ള. ൨. ഖഡ്ഗം.

നിസ്ത്രിംശം-വാൾ. മുപ്പതംഗുലത്തിലധികം നീളമുള്ളത് എന്നർത്ഥം.

നിസ്ത്രൈണപുഷ്പകാ-ചേരമുള്ള്.

നിസ്സ്രാവ്-വിററുപോകയുമുള്ള സാമാനങ്ങൾ.

നിസ്നേഹഫലാ-വെളുത്ത കണ്ടകാരിച്ചുണ്ട.

നിസ്പന്ദം-വിറയൽ.

നിസ്പൃശ-ഒരു വ്രതം. വിഷ്ണുപ്രീതികരമാണ്. ഏകാദശിയും, ദ്വാദശിയും, ബാക്കിരാത്രിയിൽ ത്രയോദശിയും കൂടിയതു്.

നിസ്പൃഹ-വി. ഒന്നിലും അതിമോഹമില്ലാത്ത, ഇച്ഛയില്ലാത്ത.

നിസ്പൃഹാ-മരതോന്നി.

നിസ്യന്ദം, നിഷ്യന്ദം-വി. ന. ഒലിപ്പ്. ൨. ഒഴുക്ക്, ഊറുക. ൩. ഇററിററുള്ള വീഴൽ. ൪. ഫലം, സിദ്ധി.

നിസ്രാവം, നിസ്രവം-ന. വാർത്തുകഞ്ഞി. (വിസ്രാവം എന്ന പാഠവും കാണുന്നു) ൨. ഒലിപ്പ്, വേഗത്തിലുള്ള ഒഴുക്ക്.

നിസ്വൻ- ദരിദ്രൻ. ധനമില്ലാത്തവൻ എന്നർത്ഥം.

നിസ്വനം, നിസ്വാനം, നിസ്വനിതം-ന. ശബ്ദം, ഒച്ച ൨. അമ്പിന്റെ ശബ്ദം. ഏററവും ശബ്ദിക്ക എന്നർത്ഥം.

അമ്പിന്റെ ശബ്ദം എന്ന അർത്ഥത്തിൽ 'നിസ്വാനം' എന്ന ശബ്ദമാണ് അധികം കാണുക.

നിസ്സംഗ-വി. ഒന്നിനോടും സംബന്ധമില്ലാത്ത, ഒന്നിനോടും ചേരാത്ത.

നിസ്സംജ്ഞൻ-ബോധരഹിതൻ (ഓർമ്മപൊയ്പ്പോയവൻ).

നിസ്സംശയം-അ. സംശയംകൂടാതെ.

നിസ്സരണം-൧. പൂമുഖം. ഇതിലൂടെ ഗൃഹത്തിലുള്ളവർ പുറത്തേക്കു പോകുന്നതിനാൽ ഈ പേരുണ്ടായി. പുരയുടെ മുഖപ്പ്. ൨. ഗൃഹത്തിലേക്കു വരുവാനും പോകുവാനുമുള്ള മാൎഗ്ഗം (വാതൽ). ൩. പുറപ്പാട്. ൪. വെളിയിലോട്ടുള്ള ഒഴുക്ക്

നിസ്സരിക്കുന്നു-വെളിയിലോട്ടു ഒഴുകുന്നു.

നിസ്സഹകരണം-ഒത്തു പ്രവൎത്തിക്കയോ പിന്തുടരുകയോ ചെയ്യാതിരിക്കുന്നതു്.

നിസ്സഹകരിക്കുന്നു - ഒത്തു പ്രവൎത്തിക്കയോ പിന്തുടരുകയോ ചെയ്യാതിരിക്കുന്നു.

നിസ്സഹകാരി-സഹകരിക്കാത്തവൻ.

നിസ്സഹകൃതി-(നിസ്സഹകരണംതന്നെ).

നിസ്സഹം-വി. ൧. സഹിപ്പാൻവയ്യാത്ത, വഹിപ്പാൻവയ്യാത്ത. ൨. തടുപ്പാൻവയ്യാത്ത.

നിസ്സഹായ-സഹായമില്ലാത്ത.

നിസ്സഹായകം-സഹായിക്കുന്നതല്ലാത്ത

നിസ്സഹായത, നിസ്സഹായത്വം-സഹായമില്ലാത്ത സ്ഥിതി.

നിസ്സഹായൻ- സഹായമില്ലാത്തവൻ.

നിസ്സഹായി-സഹായികൾ ആരുമില്ലാത്തവൻ.

നിസ്സാര-വാഴ.

നിസ്സാര-വി. ൧. സാരമില്ലാത്ത, ഉറപ്പില്ലാത്ത. ൨. കാതലില്ലാത്ത. ൩. ഉപകാരമില്ലാത്ത ൪. ബഹുമാനമില്ലാത്ത ൫. ബലമില്ലാത്ത. ൬. പ്രധാനമല്ലാത്ത

നിസ്സാരം-൧. സാരമില്ലാത്തതു്, പ്രാധാന്യമില്ലാത്തതു്. ൨. [illegible] ൩. വലിയ പലകപ്പയ്യാനി.

നിസ്സീമ-വി. അതിരില്ലാത്ത, [illegible] അധികമായ.

നിസ്സൃത-വി. ഒഴുകിയ, പോയ.

നിസ്സൃതം-൧. കരിമ്പ്. ൨. ഒഴുകിയതു്

നിസ്സൃതി-൧. ഒഴുക്ക്. ൨. യാത്ര.

നിസ്സ്യന്ദനം-പനച്ചി.

നിഹത-വി. ൧. നിഹനിക്കപ്പെട്ട, അടിക്കപ്പെട്ട. ൨. കൊല്ലപ്പെട്ട.

നിഹനനം-അടി. ൨. കൊല, വധം.

നിഹനിക്കുന്നു-൧. അടിക്കുന്നു. ൨. കൊല്ലുന്നു. ൩. ഇല്ലാതെയാക്കുന്നു.

നിഹന്താവ്-കൊല്ലുന്നവൻ.

നിഹന്തൃ-വി. ൧. കൊല്ലുന്ന. ൨. ഇല്ലാതെയാക്കുന്ന.

നിഹവം-വിളി.

നിഹാക-ഉടുമ്പ്. കരയെ ഉപേക്ഷിക്കുന്നതു്. മിക്കസമയത്തും വെള്ളത്തിൽ തന്നെ കിടക്കുന്നതു് എന്നൎത്ഥം.

നിഹാരം-മഞ്ഞു്, മഞ്ഞുകട്ടി.

നിഹിത-വി. വയ്ക്കപ്പെട്ട. ൨. ഏല്പിക്കപ്പെട്ട. ൩. നൽകപ്പെട്ട ൪. (മണ്ണിൽ) പതിപ്പിക്കപ്പെട്ട, ൫. രക്ഷക്കായി ഇടപ്പെട്ട, കരുതൽ ചെയ്യപ്പെട്ട.

നിഹിംസനം കൊല, വധം.

നിഹീന-വി. നീചമായ, നികൃഷ്ടമായ.

നിഹീനൻ- നീചൻ. നിശ്ചയേനഹീനൻ എന്നൎത്ഥം.

നിഹ്നവം-൧. ഉള്ളതിനെ മറച്ചുപറക, മറയ്ക്കുക. [ശ്രുതി'

'ലോലാക്ഷീനിഹ്നവാൻകിംപ്രഹരസി

(അമരുകശതകം)

൨. ന്യായം. ൩. [illegible]. കാണ്മാനാതെ മറച്ചുകളയുന്നതു് എന്നൎത്ഥം. ൪. വിശ്വാസം ഇല്ലായ്മ. ൫. ശാഠ്യം. ൬. രഹസ്യം ൭. സന്ദേഹം ൮. മൌഢ്യം.

നിഗ്നതി-ക. മറച്ചുവയ്ക്കുക, വ്യാജം ഖ. ചതിവ്. ന. രഹസ്യം.

നിഗ്നതം മാച്ചുപ്പെട്ടത്.

'നീലനിചോളമന നിഗ്നതമതെങ്കിലും
ലാലാവകാണുന്നു ചാരുതരമംഗം'
(രാവണവിജയം കഥകളി)

നിഗ്രാദം-ശബ്ദം.

നിഴക്കുന്നു-തണക്കുന്നു, കരക്കുന്നു.

നിഴലാടുന്നു-ഛായ വല്ലേടത്തും പതിയുന്നു.

നിഴലാട്ടം-ഛായകാണുക, നിഴലിപ്പ്, മങ്ങിയകാഴ്ച.

നിഴലിക്കുന്നു-പ്രതിബിംബിക്കുന്നു, പ്രത്യക്ഷത്തിൽ കാണത്തക്കവണ്ണം ലക്ഷ്യം തരുന്നു.

നിഴലിടുന്നു-ശരീരത്തിന്റെ ഛായ മറെറാന്നിൽ തട്ടിക്കുന്നു. അടുക്കുന്നു, തീണ്ടുന്നു.

നിഴലുണക്ക്-തണലത്തുള്ള സ്ഥലത്തുവച്ച് ഉണക്കുക.

നിഴലുണക്കുന്നു-തണലത്തുവച്ചുണക്കുന്നു

നിഴൽ-ഛായ, പ്രതിരൂപം, തണൽ.

നിഴൽക്കൂട്ടുക-ക്ഷേത്രങ്ങളിലും ഗ്രാമങ്ങളിലും ഉള്ള സമൂഹക്കാരുടെ സമാജം.

നിഴൽക്കുത്തിപ്പാട്ട്-വേലന്മാർ പാടുന്നതിനുപയോഗിക്കുന്നപാട്ട്.

കൊല്ലവർഷം ൯00 മുതൽ ദക്ഷിണകേരളത്തിൽ ഇതു നടപ്പായി. ആദ്യം പാടിത്തുടങ്ങിയതു വേലന്മാരാണ് ഇതിനെ ചിലർ തോററംപാട്ടെന്നും പറയുന്നു. പാണ്ഡവരെ കൊല്ലുന്നതിനു ദുര്യോധനൻ ഒരു വേലനെക്കൊണ്ടു ആഭിചാരം ചെയ്യിച്ച് പാണ്ഡവരുടെ നിഴലുണ്ടാക്കി അതു് എയ്യിച്ചു കൊന്നു എന്നും, വേലത്തി വിവരം അറിഞ്ഞുവന്ന് അവരെ ജീവിപ്പിച്ചു എന്നും മററും പറയുന്നുണ്ട്. കരുണരസപ്രധാനമാണ് ഇതിലെ പാട്ടും.

ഭൂഷണങ്ങളെ എന്തുചെയ്തതി
തെന്നുടൻ ദുര്യോധനൻ
ദൂരെനിന്നൊരു ശകുനിയോടു
വിളിച്ചുമെല്ലെ പറഞ്ഞുടൻ
നാടുപാതിയടക്കി പാണ്ഡവർ
വാണിടുന്നതു കാരണം
നാവുമിന്നതിനെന്തു വേണ-
തെന്നു ചൊല്ലു നീ എന്നോട്"
ഇത്യാദി.

നിഴൽക്കൊട്ടിൽ-(രാജാവിന്റെ) കൊട്ടാരം.

നിറ-ക. കൊയ്ത്തിനു മുമ്പ് നല്ലസമയത്തു് നെൽക്കതിർ കൊണ്ടുവന്നു പൂജിച്ച് വീട്ടിൽ കെട്ടിത്തൂക്കുകയോ അറയിൽ വെക്കുകയോ ചെയ്യുക. ഖ. തോക്കിൽ മരുന്നു മുതലായതു് ഇടുക. ന. വല്ലതും പാത്രങ്ങളിലും മററും ഇട്ടു മുഴപ്പിക്കുക, സ്ഥലമുള്ളേടത്തോളം കൊള്ളിക്കുക. ർ. അമ്പുതൊടുക്ക. ൫ ഒരു തുലാം.

നിറകുടം-ക. ജലംനിറച്ച കുടം. ഖ. രാജാവിനെ ബഹുമാനിച്ചു കാഴ്ചയായിട്ടു കൊണ്ടുപോകുന്ന കുടം. ന. നൃത്തക്കാരുടെ തലയിൽ വയ്ക്കുന്ന കുടം.

നിറകൊൾക-ക. നിറയുക. ഖ. ശോഭിക്ക.

നിറകോൽ-ത്രാസ്സ്.

നിറകോൽച്ചരട്-ത്രാസിന്റെ കയറ്.

നിറക്കുന്നു-ക. പ്രകാശിക്കുന്നു. ഖ. മുഴപ്പിക്കുന്നു.

നിറക്കേട്-ക നിറപ്പിഴ. ഖ. അഴകാവുക, ദുഷിച്ചിൽ. ന. അപമാനം. ർ. പ്രകാശക്കുറവ്.

ഉ-ം 'ഹേമത്തിനുണ്ടോ നിറക്കേട്'.

നിറച്ചളവ്-വടിക്കാതെ അളക്കുക.

നിറച്ച്-അ. ക. സംപൂർണ്ണമായി. ഖ. വിശപ്പ മാറുവോളം.

നിറഞ്ഞ-വി. അതാതിൽ കൊള്ളുന്നിടത്തോളം കൊണ്ട.

നിറതിങ്കൾ-പൂർണ്ണചന്ദ്രൻ.

നിറത്തുക-പ്രകാശിപ്പിക്കുക. ഉ-ം, തിരി നിറത്തുക. 'വിളക്കു നിറത്തിക്കത്തിച്ചു'. (തച്ചോളിപ്പാട്ടു്)

നിറനാഴി-നിറഞ്ഞനാഴി.

നിറന്ത-നിറഞ്ഞ (പ. മ)

നിറന്ന-വി. ൧. പ്രകാശിച്ച.
'വക്ഷസിനിറന്നശ്രീവത്സം'
(വൈരാഗ്യചന്ദ്രോദയം)
൨. പാകംവന്ന, തികവായ. ൩. പ്രകാശമുള്ളതായ.

നിറപടലങ്ങൾ-ഇല്ലം നിറയ്ക്കുള്ള പുതിയ നെൽക്കതിർ മുതലായവ.

നിറപടി-തികവു്.

നിറപറ-൧. നെല്ലോ അരിയോ പറയിൽ നിറച്ചിട്ടു് കല്യാണത്തിനും മററും വയ്ക്കുന്നതു്. ൨. ആണ്ടുതോറും മുതലുമുന്ന പാട്ടക്കാരൻ കൊടുക്കുന്ന ഒരവകാശം.

നിറപ്പാത്രം-നിറഞ്ഞ പാത്രം, നിറകുടം.

നിറപ്പു്-നിറയ്ക്കുക.

നിറപ്പൊലിമ-ധാരാളത്വംകൊണ്ടുള്ള ഉല്ലാസം

നിറപ്പിഴ-൧. നിറം (വർണ്ണം) മാറുക. ൨. അഴുക്കാവുക. ൩. അപമാനം. ൪. സംഗീതത്തിലെ ശബ്ദവ്യത്യാസം.

നിറപ്പെടുക-തൃപ്തിപ്പെടുക.

നിറമാല-വലിയ മാലകെട്ടി ക്ഷേത്രത്തിൽ അലങ്കരിക്കുന്നതു്.

നിറം-൧. വർണ്ണം. ൨. ശോഭ. ൩. ചായം. ൪. ബഹുമാനം. ൫. തെളിവു്. ൬. പാട്ടിന്റെ ഓരോ സ്വരഭേദം ൭. നന്മ.

നിറംപൊരുക്കായ്ക-കണ്ടുകൂടായ്ക.

നിറയിടുന്നു-ദേവാലയത്തിൽ മരുന്നുംമററും ഇടുന്നു, തോക്കു നിറയ്ക്കുന്നു

നിറയുന്നു-പൂർണ്ണമാകുന്നു, മതിയാകുന്നു, തിങ്ങുന്നു.

നിറയെ-അ വേണ്ടുവോളം; പൂർണ്ണമാകത്തക്കവണ്ണം.

നിറയ്ക്കുന്നു-നിറയെ ഇടുന്നു (കൊടുക്കുന്നു).

നിറവയറു്-വയറു നിറഞ്ഞിരിക്കുന്ന സ്ഥിതി. ൨. പൂർണ്ണഗർഭിണി.

നിറവില്ലു്-വളച്ച വില്ലു്, കുഴിയെക്കുലച്ച വില്ലു്.

നിറവു്-൧. പൂർണ്ണമാകൽ. ൨. തൃപ്തി.

നിറവെയ്ക്കു-നിറനാഴിവയ്ക്കു.

നിറുത്തുന്നു-൧. അവസാനിപ്പിക്കുന്നു. ൨. നില്ക്കുമാറാക്കുന്നു. ൩. വാക്യങ്ങളുടെ ഇടയ്ക്കുള്ള വിരാമം ഇടുന്നു ൪. കുറെ വേലയ്ക്കു താമസിപ്പിക്കുന്നു ൫. എന്തെങ്കിലും നിലയ്ക്കു നാട്ടുന്നു. (നാമം-നിറുത്തൽ, നിറുത്തു്, നിർത്തൽ, നിർത്തു്).

മലയാളഭാഷയിൽ നിർത്തൽ, നിർത്തുന്നു എന്നെല്ലാം എഴുതുന്നതിനെക്കാൾ നിറുത്തൽ, നിറുത്തുന്നു എന്നുംമററും എഴുതുന്നതാണു് ഭംഗി. 'ർത്ത' എന്നതു സംസ്കൃതവും 'റുത്ത' എന്നതു മലയാളവും ആണല്ലോ. ഇതുകൊണ്ടു് കർത്തവ്യം എന്നതിനെ കറുത്തവ്യം എന്നാക്കാൻ പാടില്ല. 'കർത്തവ്യം' എന്നതു സംസ്കൃതവും, 'നിറുത്തുക' എന്നതു മലയാളവുമാണത്രെ.

—೦:—

## നീ

നീ-താൻ, അങ്ങു്. (ഇതു് കേട്ടുനില്ക്കുന്ന ആളിനെ കുറിക്കുന്നു)

നീകസാത്മജൻ-രാക്ഷസൻ.

നീകാശ-വി. തുല്യമായ.

നീകാശം-൧. സദൃശം. ൨. ഛായ.

നിഭം, സങ്കാശം, നീകാശം, പ്രതീകാശം, ഉപമാ ഇവ ശബ്ദങ്ങൾ അധികമായി സമാസത്തിനു ശേഷമേ പ്രയോഗിക്കപ്പെടുന്നുള്ളു.

നീക്കത്തൂക്കം-മാററം. വ്യത്യാസം.

നീക്കം-൧. മാററം. ൨. തള്ളുക. ൩. വ്യത്യാസം, ഭേദം.

നീക്കൽ-൧. മാററുക. ൨. വ്യത്യാസം വരുത്തുക ൩. ഭ്രഷ്ടനാക്കുക.

നീക്കാനിര-വാതലിന്റെ പകരം മാററുവാൻ തക്കതായ ഒരുമാതിരി പലകപ്പണി.

നീക്കുന്നു-മാററുന്നു, തള്ളുന്നു.

നീക്കുപോക്ക്-ഒഴികഴിവ്, ഉപശാന്തി.

നീക്ഷണം-പാകപരീക്ഷാസാധനം, അരിവെന്തോ എന്നു ഇളക്കി നോക്കുന്നതിനുള്ള ഒരു വടി.

നീങ്ങൽ-൧. മാററം. ൨. ഒഴിവ്.

നീങ്ങുന്നു-൧. മാറുന്നു. ൨. ഒഴിയുന്നു. ൩. പോകുന്നു. (സ. ക്രി. നീക്കുന്നു.

നീച-വി. ൧. താണ. ൨. കറിയ. ൩. ചെറിയ, ൪. സാരമില്ലാത്ത. ൫. പ്രയോജനമില്ലാത്ത ൬. നീളമില്ലാത്ത.

നീചക-വി. ൧. താണ ൨. കറിയ. ൩. നിന്ദ്യമായ.

നീചകദംബം-മഹാശ്രാവണി.

ഇതു നിലത്തു പടരുന്നതാണ്. പൂവും കായും കടമ്പിന്റെ എന്നപോലെ ചെറുതായിരിക്കും.

നീചകർമ്മം-൧. ദുഷ്പ്രവൃത്തി. ൨. താണ വേല.

നീചകാ,നീചികാ-ഉത്തമമായ പശു.

നീചകീ-൧. വല്ലതിന്റെയും അഗ്രഭാഗം ൨. കാളകളുടെ തല. ൩. നല്ല പശുവിന്റെ ഉടമസ്ഥൻ.

നീചകൈഃ-അ. ൧. ഹീനമായി. ൨. അല്പമായി. ൩. പതുക്കെ.

നീചഗം-ജലം. താണ സ്ഥലത്തേക്കു ഗമിക്കുന്നതു് എന്നു വ്യുൽപ്പത്തി.

നീചഗാ-നദി.

നീചഗ്രഹം-ചീത്ത ഗ്രഹങ്ങൾ (ശോഭങ്ങൾ), അവ. ൧. ശനി. ൨. ചൊവ്വാ. ൩. രാഹു. ൪. കേതു.

നീചജാതി-ഹീനജാതി, ദുഷ്ടജാതി.

നീചത്വം-ഹീനത, ദുഷ്ടത.

നീചധർമ്മം-ഹീനമര്യാദ. ചീത്ത നടപടി, നീചന്മാരുടെ നടപടി.

നീചൻ-ഹീനൻ, താണവൻ. അശ്രീകരക്കാരൻ എന്നർത്ഥം. മററു പര്യായങ്ങൾ- വിവർണ്ണൻ, പാമരൻ, പ്രാകൃതൻ, പൃഥഗ്ജനൻ, നിഹീനൻ, അപസദൻ, ജാല്മൻ, ക്ഷുല്ലകൻ, ഇതരൻ.

നീചപ്രവൃത്തി - നീചന്റെ പ്രവൃത്തി. ചീത്ത പ്രവൃത്തി.

നീചബുദ്ധി-അല്പബുദ്ധി, ദുർബുദ്ധി.

നീചഭോജ്യം-വലിയ വെളുത്തുള്ളി.

നീചം-൧. കറിയതു്. നീചത്വം (താഴ്ച( ഉള്ളതു് എന്നർത്ഥം, മററു പര്യായങ്ങൾ- ഖർവ്വം, ഹ്രസ്വം. ൨. ഗ്രഹത്തിന്റെ തുലോം താണ ഭാഗം. ൩. അടവിക്കച്ചോലം.

നീചവജ്രാ-വൈക്രാന്തം, (പൊടിവൈരം).

നീചവൃത്തി-൧. നിന്ദ്യമായ സ്ഥിതി. ൨. നിന്ദ്യമായ കഴിച്ചിൽ. ൩. ദുഷ്ടത.

നീചരാശി-ഉച്ചരാശിയുടെ ഏഴാംരാശി.

നീചാശ്രയം-ഹീനജാതിയേയോ ദുഷ്ടനെയോ സേവിക്കുക. ൨. താഴ്ചയുള്ള സ്ഥലത്തേക്കു ചെല്ലുക.

നീചികാ, നീചികി പശുക്കളിൽ വച്ചു ഉത്തമമായ പശു.

നീചൈഃ-അ. ൧. ഹീനമായി. ൨. അല്പമായി. ൩. പതുക്കെ.

നീച്യന്മാർ-൧ നീചജാതിയിൽ ജനിച്ചിട്ടുള്ളവർ. ൨. ഹിന്ദുക്കൾ ആദിനിവാസികളെ വിളിച്ചു വന്നിരുന്ന പേർ.

നീടാന്ന്-അ. നീളമായി.

നീടാന്ന്-വി. നീളമുള്ള, മഹിമയുള്ള.
നീടിയ-ഭൂ.ച്ച, വളൎന്ന.
'നീടിയഗുണമിവയൊക്കയകന്നതി'
(ഭഗവൽഗീത-മാധവപ്പണിക്കർ)
നീട്ട്-വി. ദീൎഘമായ.
നീട്ട്-പ്ര. നീളം. വ. ശാശ്വതമായ പ്രഭ.
നീട്ടുക-നീളുക.
നീട്ടററ-വലിയ, മഹിമയേറിയ, നീള മുള്ള. 'നീട്ടററകൈ' (ഭാരതം)
'പാടിത്തുടങ്ങുമ്പോൾ നീട്ടററ താളത്തിൽ'
(കൃഷ്ണഗാഥ)
നീടെഴുന്ന, നീടെഴും-വിസ്താരമുള്ള.
നീട്ട്-പ്ര. തിരുവിതാംകൂർ മഹാരാജാവു തിരുമനസ്സിലെ തിരുവെഴുത്ത്, തീട്ട്, ചീട്ട്, തിരുവെഴുത്ത്. വ. നീളമാക്കുക ന. കൈ ചുരുട്ടിയുള്ള ഒരു കുത്ത്. ര. കോണി, ഏണി. ഖ. അടി, കുത്ത്.
നീട്ടൽ-നീട്ടുക.
നീട്ടം-പ്ര. കൊടുപ്പാനായിട്ടും മററൊ കൈനിവിൎക്കുക. വ. താമസം. ന. നീളത്തിൽ ആക്കുക. ര. നീളം.
നീട്ടിക്ക-നീളത്തിലാക്കുക, കൈയോ മ ററൊ നിട്ടുവാനിടയാക്കുക.
നീട്ടിക്കെട്ട് - കൂടുതൽ സ്ഥലത്തിനായി വീട്ടിൽനിന്നും ഏതു വശത്തെക്കെങ്കിലും ഉണ്ടാക്കീട്ടുള്ള കെട്ടിടം.
നീട്ടിക്കെട്ടുക - നീളം കിട്ടത്തക്കവണ്ണം കെട്ടുക.
നീട്ടുന്നു-പ്ര. അടിച്ചോ വലിച്ചോ നീളം വരുത്തുന്നു. വ. കൊടുപ്പാനായിട്ടു വല്ലതും എടുത്തു നേരെ കാണിക്കുന്നു. ന. വളരെ സാവധാനത്തിൽ വായിക്കയോ, പറകയോ ചെയ്യുന്നു. ര. കൈകാലുകളുടെ മടക്കുകൾ നിവിൎക്കുന്നു. ഖ. കാലതാമസം വരുത്തുന്നു. ന്ന. വാങ്ങിപ്പാൻ കൈനിവിൎത്തി നേരെകാട്ടുന്നു. ൧. ഒരിയും മററും പുറത്തോട്ടു നീക്കുന്നു.
(നാമം-നീട്ടൽ)
നീഡകം-പ്ര. പക്ഷി. വ. പക്ഷിക്കൂട്.
നീഡജം-പക്ഷി. കൂട്ടിൽ പിറന്നുണ്ടായതു് എന്നൎത്ഥം.
നീഡം-പ്ര പക്ഷിക്കൂട്. പക്ഷികളാൽ ഏററവും സ്തുതിക്കപ്പെടുന്നതു് എന്നൎത്ഥം. സുഖമായി ഉറങ്ങുന്നേടം എന്നുമാവാം. മറെറാരു പൎയ്യായം-കലായം. വ. ഇടം, സ്ഥലം. ന. ഇരിക്കക്കട്ടിൽ. ര. ഗൃഹം, ഖ. വണ്ടിയുടെ അകം.
നീഡോത്ഭവം-പക്ഷി. കൂട്ടിൽ പിറന്നുണ്ടായതു് എന്നൎത്ഥം.
നീൺ, നീൾ-നീളമുള്ള ഉ-ം, നീണയനൻ. (രാമചരിതം).
നീനയന-നീണ്ടകണ്ണുള്ളവൾ. (നീൾ+നയന)=സുന്ദരി.
നീണാൾ- വളരെ നാൾ, ദീൎഘകാലം, അധികം കാലം, എല്ലാക്കാലവും.
'പൂമാലക്കുഴലുണ്ണുനീലിതിരുനാൾ-
നീണാൾ വിളങ്ങീടുക'
(ഉണ്ണുനീലീസന്ദേശം)
നീണ്ടൂട്ടി-നേർവാളം.
നീണ്ട-വി. നിളമുള്ള.
നീണ്ടി- പ്ര. നീളത്തിൽ വളരുന്ന കാച്ചിൽ വ. നനനീണ്ടിക്കിഴങ്ങ്.
നീണ്ടിക്ക-സമാധാനമാക്കുക, ശാന്തമാക്കുക. (പ-മ.)
നീത-വി. പ്ര. നയിക്കപ്പെട്ട, കൊണ്ടുപോകപ്പെട്ട. വ. പ്രാപിപ്പിക്കപ്പെട്ട.
നീതം-പ്ര സമ്പത്ത്. വ. ധാന്യം. ന. കൊണ്ടുപോകപ്പെട്ടതു്.
നീതി-പ്ര. മൎയ്യാദ. വ. നേര് ന. നല്ല നടപ്പ്. ര. എല്ലാവൎക്കും സമ്മതംവരുത്തി സ്വന്തകാൎയ്യം ഇഷ്ടത്തിനു തക്കവണ്ണം സാധിക്കുന്നതിനുള്ളൊരു കൌശലം.

൫. നീതിശാസ്ത്രം.

നീതി-ഇതു ആറുവിധം. സന്ധി, വിഗ്രഹം, യാനം, ആസനം, ദ്വൈധീഭാവം, സമാശ്രയം. ഈ ആറുവിധം നീതി വിവേകപൂർവ്വം വേണ്ടപോലെ ശങ്കകൂടാതെ പ്രയോഗിച്ചാൽ ഐശ്വര്യം ലഭിക്കും.

നീതിന്യായം-ഇതു എപ്പോഴും സത്യത്തെ സമ്മതിച്ചുകൊണ്ടിരിക്കും. പര്യായങ്ങൾ-അഭ്രേഷം, ന്യായം, കല്പം, ദേശരൂപം, സമഞ്ജസം.

നീതികഥ-പക്ഷിമൃഗാദിതിര്യക്കുജന്തുക്കളിൽ മനുഷ്യധർമ്മമാരോപിച്ച് അവയെ പാത്രങ്ങളാക്കി കെട്ടിച്ചമയ്ക്കുന്ന കഥ. ഉ-ം, ചാണക്യസൂത്രം മുതലായവ.

നീതികേട്-൧. മര്യാദയില്ലായ്ക. ൨. അക്രമം. ൩. നേരില്ലായ്ക. ൪ ദുർന്നടത്ത

നീതിജ്ഞ-വി. നീതിയെ അറിഞ്ഞ.

നീതിതന്ത്രം-നയം, നീതി, ധർമ്മം, മുറ.

നീതിന്യായം-നീതിയും ന്യായവും ചേർന്നതു്.

നീതിപര-വി നീതികളിൽ താൽപര്യമുള്ള

നീതിപ്പുറം സർക്കാരിലേക്കു കൊടുക്കേണ്ടുന്ന പാട്ടം.

നീതിമൽ-വി നീതിയുള്ള. (പു-നീതിമാൻ. സ്ത്രീ-നീതിമതി.)

നീതിമാർഗ്ഗം-നീതിയുടെ വഴി.

നീതിശാസ്ത്രം-നല്ല നടപടിയെപ്പററി വിവരിക്കുന്ന ഗ്രന്ഥം.

നീതിസാരം-൧. നീതികളുടെ മുഖ്യമായ അർത്ഥം. ൨. നീതിശാസ്ത്രങ്ങളിൽ ഒരു ഗ്രന്ഥം.

നീതിഹീന-വി. നീതിയില്ലാത്ത, അപമര്യാദയുള്ള.

നീതീകരണം-മര്യാദപ്രകാരമാക്കുക.

നീതീകരിക്കുന്നു-മര്യാദപ്രകാരമാക്കുന്നു, നല്ലവണ്ണം നടത്തുന്നു.

നീധ്രൻ-ചന്ദ്രൻ.

നീധ്രം, നീവ്രം-൧. വാമടയുടെ താഴെ തറയ്ക്കുന്ന തുവ്വാൽപലക. ഏററവും ധരിക്കപ്പെടുന്നതു് എന്നർത്ഥം. ൨. മേല്പുരയുടെ വക്ക്, എറയ്, വാരി. ൩. വണ്ടിച്ചക്രത്തിന്റെ വലയം. ൪ രേവതി നക്ഷത്രം.

നീന്തൽ-൧. ജലത്തിന്മീതെ കൈകാലുകൾ കൊണ്ടുതുഴഞ്ഞു സഞ്ചരിക്കുക. ൨. കുഞ്ഞുങ്ങൾ നടപ്പാറാകുന്നതിനുമുമ്പ് ഇഴഞ്ഞുസഞ്ചരിക്കുക. ൩. ജലമുള്ള പ്രദേശത്തുകൂടി നടക്കുക.

നീന്തം-നീന്തൽ.

നീന്തുന്നു-ജലത്തിന്മീതെ കൈകാലുകൾ കൊണ്ടു തുഴഞ്ഞു സഞ്ചരിക്കുന്നു. (സ. ക്രി. നീന്തിക്കുന്നു.)

നീപ-വി. കീഴോട്ടുചെന്ന, ആഴമുള്ള.

നീപം-൧. നീർക്കടമ്പ്. ൨. കടമ്പുമരം. പ്രാണികൾക്കു സുഖത്തെചെയ്യുന്നതു് എന്നർത്ഥം. ൩. പർവ്വതത്തിന്റെ അടി. ൪. കടമ്പിൻവൃക്ഷം. ൫. പൊടിക്കടമ്പ്. ൬. ഉച്ചമലരി. ൭. നീലപ്പൂവുള്ള അശോകം. പൂവരശ് എന്നു ചിലർ പറയുന്നു.

നീയമാനം-നയിക്കപ്പെടേണ്ടുന്നതു്, കൊണ്ടുപോകപ്പെടേണ്ടുന്നതു്.

'വാതസ്യാവശംപ്രതിനീയമാനം'

(അഭിജ്ഞാനശാകുന്തളം)

നീരക്ഷീരന്യായം-പാലും വെള്ളവും ചേർന്നപോലെ ഉള്ള സ്ഥിതി.

നീരജ-വി. ജലത്തിലുണ്ടാകുന്ന.

നീരജം-൧. താമര. ൨. കഴുനീര്. ൩. രാമച്ചം. ൪. മുത്ത്. ൫. കൊട്ടം. ൬.

നീർപ്പുച്ചു. ൨. ചെറിയ കരുവിക്കരിമ്പ്.

നീരജസംഭവൻ-ബ്രഹ്മാവ്.

നീരജാതം-താമര.

നീരജാസ്ത്രൻ-കാമദേവൻ.

നീരജിനി-താമരപ്പൊയ്ക.

നീരജോത്ഭവൻ-ബ്രഹ്മാവ്.

നീരടപ്പ്-ഒരു ദീനം, മൂത്രമടയ്പ്പ്.

നീരട്ട-വെള്ളത്തിലെ അട്ട. ഇതിനെക്കൊണ്ടു കടിപ്പിച്ച് ദുർന്നീരുകളെ എടുപ്പിക്കുന്നു.

നീരട്ടി-നേർവാളം.

നീരട്ടിപ്പേർ-ഒരുമാതിരി വിലയാധാരം, നിലം പുരയിടങ്ങൾ ജന്മമായിട്ട് എഴുതിക്കൊടുക്കുന്ന ഒരു മുറ.

നീരട്ടിവിത്ത്-നേർവാളം.

നീരണ്ണാൻ-ഒരു ജന്തു. (അണ്ണാനെപ്പോലെയിരിക്കും)

നീരത്തി-ചെറിയ അത്തി.

ഇതിന് അത്തിയിൽ കുറഞ്ഞ ഗുണമാണുള്ളത്. മിക്കവാറും ജലസമീപത്തിലുണ്ടാകുന്നു.

നീരദ-വി. പല്ലില്ലാത്ത.

നീരദം-൧ മേഘം. ൨. മുത്തങ്ങ.

നീരധരം-മേഘം.

നീരധി, നീരനിധി-സമുദ്രം.

നീരന്ധ്ര-വി. ഇടയില്ലാത്ത, ഓട്ടയില്ലാത്ത, ഇടതിങ്ങിയ.

'നീരന്ധ്രാംഭോധരനിര'

(മയൂരസന്ദേശം)

നീരപ്രിയം-ആററുവഞ്ചി.

നീരം-൧. ജലം. നയിക്കപ്പെടുന്നത് എന്നർത്ഥം അഗ്നിയിൽനിന്നുണ്ടായത് എന്നുമാവാം. ൨. പിഴിഞ്ഞും മററും എടുക്കുന്ന ചാറ്.

നീരരുഹം-താമര.

നീരസ-വി. ൧ വെള്ളമില്ലാത്ത. ൨. രുചിയില്ലാത്ത. ൩. ഉണങ്ങിയ.

നീരസഭാവം-ഇഷ്ടമില്ലാത്ത നോട്ടം, ദുർമ്മുഖം.

നീരസം-൧. മുഷിച്ചിൽ, വിരോധം, തമ്മിൽ സ്നേഹവിരോധം. ൨. മാതളനാരകം, തമ്പിമാതളം.

നീരസികൻ-മടയൻ, ദുർമ്മുഖൻ, രസമില്ലാത്തവൻ, നീരസംതോന്നിക്കുന്നവൻ.

നീരളം-നേർവാളം.

നീരഴിവ്-നീരൊഴിവ് (ഒരു രോഗം).

നീരാക-നീരാവുക.

നീരാജനാവിധി-ഉഴിച്ചിലിൻെറ മുറ.

നീരാജനം-൧. ദേവന്മാർ മുതലായവർക്കു ചെയ്യുന്ന ഒരുമാതിരി ഉഴിച്ചിൽ. ൨. വിഗ്രഹങ്ങളുടെ മുമ്പിൽ ആരാധനയായിട്ടു ദീപംകൊണ്ടു വീശുക. ൩. യുദ്ധത്തിനു പുറപ്പെടുന്നതിനുമുമ്പ് ആശ്വിനമാസത്തിൽ ചെയ്യപ്പെടുന്ന പൂജ.

നീരാജം-൧. നീർപ്പുച്ചു. ൨. കൊട്ടം.

നീരാട്ടുന്നു-കുളിക്കുന്നു. (സ. ക്രി. നീരാടിക്കുന്നു.)

നീരാട്ട്, നീരാട്ടം-അഭിഷേകം, കുളി.

നീരാട്ടുകുളി-രാജാക്കന്മാരുടേയും മററു മാനമുള്ളവരുടേയും കുളി.

നീരാട്ടുപള്ളി-രാജാക്കന്മാരുടെ കുളി.

നീരാട്ടുവള്ളി-ഒരു ചെടി.

നീരാൻ-നീരാളി, നീർപിശാച്.

നീരാന-മത്സ്യവർഗ്ഗത്തിൽപ്പെട്ട ഒരു ജന്തു.

ഇതിൻെറ മാംസത്തിനു മിക്കവാറും സാധാരണമത്സ്യത്തിൻെറ ഗുണംതന്നെ.

നീരാപ്പൊററ-വെള്ളത്തിലുള്ള ഒരുമാതിരി മെത.

നീരാമ്പൽ-൧. വെള്ളത്തിലുള്ള ഒരുമാതിരിപ്പൂവ്. ൨. ഒരു ദീനം.

നീരായം-നീരാഴം, ജലത്തിലെ താഴ്ച.

'നീരായമുള്ളൊരു ക്ഷീരാബ്ധി'

(സന്താനഗോപാലം)

**നീരാരൽ**-വെള്ളത്തിലുണ്ടാകുന്ന ഒരു പച്ചമരുന്ന്. പുളിയാരൽ എന്നു ചിലർ.

ത്രിദോഷം, ജ്വരം, പ്രമേഹം മുതലായവയ്ക്കു നന്ന്. രുചികരമാണ്. മലം പിടിക്കും. സം-സുനിഷണ്ണകം. തമി-ആരൈക്കീരൈ.

**നീരാവി**-വായുരൂപത്തിലുള്ള വെള്ളത്തിന്റെ സ്ഥിതി.

**നീരാളം**-പ്ര. പൊൻകമ്പികൊണ്ടും വെള്ളിക്കമ്പികൊണ്ടും ഉണ്ടാക്കുന്ന വസ്ത്രം. വ. പൊൻപൂചിയത് (പൂശിയത്).

**നീരാളി**-പ്രം. നീർമനുഷ്യൻ. (സംസ്കൃതത്തിൽ-സാമുദ്രികൻ). വ. നീർപിശാച്. ന. കട്ടിച്ചാത്തൻ. ർ. ലതാകാരമായി ചുററിക്കൊണ്ട് പ്രാണിഹിംസചെയ്യുന്ന മത്സ്യവിശേഷം. ഉ. ചീങ്കണ്ണി.

**നീരാളിക്കുന്നു**-പൊന്നു പൂശുന്നു. വ. പൊൻതകിടുകൊണ്ടു പൊതിയുന്നു.

**നീരാളിപ്പ്** - പ്രം. പൊൻപൂച്ച്. വ. പൊൻപൊതിച്ചിൽ.

**നീരാഴം**-അധികം താഴ്ചയുള്ള വെള്ളം, കയം.

**നീരാഴാന്ത**-നീർക്കോലി, പൂവൻ.

**നീരാഴി**-പ്ര. രാജാക്കന്മാരുടേയും മററും ഭവനത്തിനകത്തുള്ള കുളം. വ. കുളം. ന. സമുദ്രം.

'ഇഹ സംസാരനീരാഴി ദേഹികൾ
ക്കതിവിസ്മയം'
(ഭാഷാഭൂഷണം)

**നീരാഴിക്കെട്ട്**-നീരാഴിയുള്ള ഭവനം.

**നീരിത്താർ**-താമര.

**നീരിരിപ്പ**-വെള്ളത്തിലുള്ള ഇരിപ്പ, ആററിരിപ്പ. പര്യായം-മധൂലകം.

ഇരിപ്പയുടെ ഗുണം തന്നെ ഇതിനും. വിശേഷിച്ചും ഛർദ്ദിക്കു നന്ന്.

**നീരിളക്കം**-പ്രം. ജലദോഷം എന്ന രോഗം. മൂക്കിൽകൂടി സദാ വെള്ളം വരുകയും തുമ്മുകയും മററുമാണ് ലക്ഷണം. ഇതിനെ ചിലർ പീനി എന്നും പറയുന്നു. വ. ദേഹത്ത് ചൊറിച്ചിലുണ്ടാകയും, ചൊറിയുമ്പോൾ ദേഹം ചെമന്നു തടിക്കയും, കരുകരെ ചൊറികൾ ഉണ്ടാകയും ചെയ്യുന്നതിനും നീരിളക്കമെന്നു പറയുന്നു.

**നീരിറക്കം**-പ്ര. വെള്ളംതാഴ്ച. വ. തലയിലെ നീർ അവയവങ്ങളിൽ ഇറങ്ങുക. ന. വേലിയിറക്കം.

**നീരിറങ്ങുന്നു**-പ്ര. നീർവീക്കം ഉണ്ടാകുന്നു. വ. വെള്ളംതാഴുന്നു.

**നീര്**-പ്ര. വെള്ളം. വ. അവയവങ്ങളിലുണ്ടാകുന്ന വീക്കം. ന. ചാറ്.

**നീരുജൻ**-പ്രം. രോഗമില്ലാത്തവൻ. വ. രോഗം മാറിയവൻ.

**നീരുജസ്ഥലം**- യാതൊരുപദ്രവവുമില്ലാത്ത സ്ഥലം. [ന്നേ'

'നീരുജസ്ഥലവിനോദിപ്പിച്ചുദേവിത
(അദ്ധ്യാത്മരാമായണം)

**നീരുട്ടാമ്പ്**-പ്ര. ഒരുവക ചെറിയ ജല പ്രാണി. പര്യായങ്ങൾ-നീഹാകം, ശോധികം. വ. വലിയ മുതല.

**നീരുള്ളി**-ഈരുള്ളി (ചെമന്നുള്ളി).

**നീരുറയ്ക്കുന്നു**-വെള്ളം ഇളകാതെ ആകുന്നു. വെള്ളം തുള്ളിത്തുള്ളിയായിട്ടു കഴിക്കുന്നു. വീക്കം കട്ടിയായിത്തീരുന്നു.

**നീരുറവ്**-കുളം മുതലായതിലേക്കു ദ്വാരങ്ങളിൽകൂടി പുറപ്പെടുന്ന വെള്ളം, ഊററ്.

**നീരൂരി** - വീക്കം ശമിപ്പിക്കുന്നതിനുള്ള പച്ചമരുന്ന്.

**നീരെട്ടി**-നേർവാളം.

**നീരേററം**-വെള്ളപ്പൊക്കം.

**നീരൊട്ടിക്കൊടുക്കുന്നു** - ഒരുത്തന്റെ വസ്തു മറെറാരുത്തനു വിലതീർത്തു കൊടുക്കുന്നു.

**നീരൊഴിവ്**-പ്രമേഹം എന്ന ദീനം.

**നീരൊഴുക്ക്, നീരോട്ടം**-നാ. വെള്ളത്തിന്റെ ഒഴുക്ക്. വ. ഉറവ്.

**നീരോക്ക്**-വെള്ളംഒഴുകുന്നതിനുള്ളചാരം.

**നീരോട്ടി**-ഒരുമാതിരി വൃക്ഷം.

**നീരോമ**-വി. രോമമില്ലാത്ത.

**നീരോമോരു**-രോമമില്ലാത്തതുടയുള്ളവൾ.

**നീരോശ**-പാഞ്ഞുവരുന്ന വെള്ളത്തിന്റെ ശബ്ദം.

**നീർ**-നാ. ജലം. വ. ചാർ. ന. ശരീരത്തിലെ വീക്കം. (ശരീരത്തിലേ വീക്കം എന്ന അർത്ഥത്തിൽ) പര്യായങ്ങൾ-ശോഫം, ശ്വയഥു, ശോഥം.

**നീർക്കടമ്പ്**-ഒരു വൃക്ഷം. പര്യായങ്ങൾ-നിചുളം, ഹിജ്ജലം, അംബുജം.

ഇത് ആററുവഞ്ചിയുടെ ഒരുഭേദമാണെന്നും അഭിപ്രായം കാണുന്നു. കടൂഷ്ണവും വാതരോഗഹരവുമാണ്. ഇതു് മൂത്രബാധാനിവർത്തകമാകുന്നു. ഇതുള്ള സ്ഥലത്തു് ദുർഗ്രഹങ്ങളുടെ തേരോട്ടം തന്നെ ഉണ്ടാകുന്നതല്ല. ഇം-Hijjal ഹിജ്ജൽ.

**നീർക്കട്ട**-മഞ്ഞുകട്ട.

**നീർക്കണം**-വെള്ളത്തുള്ളി.

**നീർക്കണ്ടിശർക്കര**- കട്ടശ്ശർക്കര, വെല്ലം. പര്യായങ്ങൾ- തിലകം, മത്സ്യണ്ഡി, ഫാണിതം.

(ചിലർ കല്ക്കണ്ടം എന്നു പറയുന്നു)

**നീർക്കരപ്പൻ**-നാ. വസൂരി പതിനെട്ടിൽ ഒന്ന് വ. ഒരുവക കരപ്പൻ

ഈ കരപ്പന്റെ ലക്ഷണം- ചെവിയടപ്പും, സർവ്വാംഗം തണുക്കും, കൈകാൽ തളരും, ആരാനെക്കും, വട്ടുകാണുന്നിട്ടും, കനിഞ്ഞു താഴും, വിശേഷിച്ചു നീർ ദാഹിക്കും, തലയും ചെവിയും കണ്ണും, നാഭി വീങ്ങും, കണ്ണിനും ചോളക്കും സർവ്വാംഗത്തിലും വിളച്ചുയുണ്ടാകും. ൧൮-ാം ദിവസം കുളിപ്പിക്കാം.

**നീർക്കരയാമ്പു**-ഒരു മരുന്ന്.

**നീർക്കാക്ക**-വെള്ളത്തിൽ സഞ്ചരിക്കുന്ന ഒരു പക്ഷി. (പര്യായം-മദ്ഗു).

നീർക്കാക്കയുടെ മാംസം പിത്തത്തിനും വാതത്തിനും രക്തദോഷത്തിനും നന്ന്. സം-ജലകാകം. ഇം-Diver-bird ഡൈവർ ബേർഡ്.

**നീർക്കാങ്കുഴി**-വെള്ളത്തിൻ ചുവട്ടിൽക്കൂടി സഞ്ചരിക്കുക.

**നീർക്കാപ്പ്**-രാജാക്കന്മാരും മററും കുളിപ്പാനുള്ള വെള്ളം.

**നീർക്കാപ്പുപുര**-രാജാക്കന്മാർക്കും മററും കുളിക്കുന്നതിനുള്ള പുര.

**നീർക്കിഴങ്ങ്**-വെള്ളത്തിലുണ്ടാകുന്ന ഒരു ചെടിയുടെ കിഴങ്ങ്.

**നീർക്കുന്നു**-നാ. അലിയുന്നു വ. നെടുവീർപ്പിടുന്നു.

**നീർക്കുമള**-വെള്ളത്തിലുണ്ടാകുന്ന കുമള.

**നീർക്കുരുവി**-ജലത്തിൽ സഞ്ചരിക്കുന്ന ഒരുവക ചെറിയ പക്ഷി.

മാംസഗുണം നീർക്കാക്കയുടേതുപോലെ തന്നെ. ഇതിന്റെ പുറം കറുപ്പാണ്. വയറു വെളുത്തിരിക്കും. സം-കോനാലകം.

**നീർക്കുഴി**-നാ. ജലനിരപ്പിൽ നിന്നു താണ് അടിയിൽ കൂടി പോയി മററാരു ഭാഗത്തു പൊങ്ങുന്നത്. വ. വെള്ളം കെട്ടി നിൽക്കുന്ന കുഴി.

**നീർക്കെട്ട്**-ദേഹത്തിൽ നീരുകൊണ്ടുണ്ടാകുന്ന ഒരു സുഖക്കേട്.

**നീർക്കൊന്നതാൾപാൽ**-ഒരുവക വൃക്ഷം.

**നീർക്കോമ്പൻ**-നടപ്പുദീനം, പെടച്ചിതട്ടൻ.

**നീർക്കൊള്ളുന്നു**-നാ. വസൂരിക്കും മററും

അകത്തു വെള്ളംവയ്ക്കുന്നു. ഉ. നീർകൊണ്ടു വീക്കുന്നു. ന. ആനയ്ക്കു മദം പൊട്ടാറാകുന്നു.

നീക്കൊള്ളുവാൻ-പിത്ത മസൂരി, പൊങ്ങൻ പനി.

നീക്കോലി-വെള്ളത്തിലെ പാമ്പ്. പര്യായങ്ങൾ-അലഗർദം, ജലവ്യാളം.

നീക്കോളി-ഉതളി, മൂത്രാശയം.

നീർക്കോള്-ഉ. ശരീരത്തിലുണ്ടാകുന്ന വീക്കം. ഉ. ഒഴുക്കിന്റെ പോക്ക്. ന. സമുദ്രത്തിലെ പൊങ്ങൽ.

നീക്കോഴി-ജലത്തിലെ ഒരു പക്ഷി. സം-കോയഷ്ടി(കം) ജലത്തിലെ കോഴി

മാംസത്തിന് കൊക്കിന്റെ മാംസഗുണംതന്നെ. ദേഹം തടിപ്പിക്കും. സം-ജലകുക്കുടം.

നീർച്ചാല്-വെള്ളം പോകുവാനുള്ള വഴി, ചാൽ.

നീർച്ചിലന്തി-വസൂരി പതിനെട്ടിൽ ഒന്ന് ൭വ്വ, ൧൧, ൧വ്വ ഇങ്ങിനെ മൂന്നവധി. നല്ലവണ്ണം രക്ഷിക്കണം. അസാദ്ധ്യമെന്നു ശാസ്ത്രം.

നീർച്ചീര-ഒരുമാതിരി ചീര. പര്യായങ്ങൾ വാരപർണ്ണി, കാംഭികാ.

നീർച്ചീരയെ 'കുടചണ്ടി' എന്നും പറയുന്നുണ്ട് ഇതു് മനോഹരം, അഗ്നി മുതലായവയ്ക്കു നന്ന് രുചികരമാണു പൂവ് മഞ്ഞനിറമായിരിക്കും. സം-ചഞ്ചു-ഇം-Water cress വാട്ടർ ക്രെസ്സ്.

നീർച്ചുള്ളി-മുള്ളുള്ള ഒരുമാതിരി തൈ.

ചില ദിക്കുകളിൽ വയൽച്ചുള്ളി എന്നു പറയുന്നു.

നീർച്ചുഴി-വെള്ളത്തിലെ ഒഴുക്കിലുണ്ടാകുന്ന ചുററൽ.

നീർച്ചേരുവീര-ഒരുവക കന്ദശാകം.

വാതം, പിത്തം, രക്തദോഷം ഇവകൾക്കു നന്ന്. മലം പിടിക്കും. സം-കഞ്ചടം.

നീർച്ചേമ്പ്—നനച്ചേമ്പ്, കുളത്തിൽ ചേമ്പ്.

മൂന്നു ദോഷങ്ങൾക്കും നന്ന്. സം-പാനീയാലു.

നീർച്ചോറ്-തലേനാൾ വെള്ളത്തിലിട്ടു വച്ചിരിക്കുന്ന ചോറ്, പഴഞ്ചോറ്.

നീർത്തിരിയുക-കാതിരാത്ത കിണറുകളിലെ ഉറവിന്റെ പിൻമാററം.

നീർത്തിപ്പലി-ഒരങ്ങാടിമരുന്ന്.

കഫം, പിത്തം, രക്തദോഷം മുതലായവകൾക്കു നന്ന്. മലം പിടിക്കും. കണ്ണിനു നന്നു. രുചികരമാണ്. രസം സേവിച്ചുണ്ടാകുന്ന വികാരത്തിനു കൊള്ളും. സം-ജലപിപ്പലി.

നീർത്തിരിപ്പ് - നടപ്പുദീനംപോലെയുള്ള ഒരു ദീനം.

നീർത്തുള്ളി-വെള്ളത്തുള്ളി.

നീർദ്ദോഷം-ജലദോഷം എന്ന സുഖക്കേട്.

നീർനാ(യ്)-വെള്ളത്തിലെ പട്ടി, കഴുനാ. പര്യായം-ഉദ്രം.

നീർനെല്ലി-ഒരു വൃക്ഷം.

മൂന്നു ദോഷങ്ങൾക്കും ജ്വരത്തിനും നന്ന്. മുള്ളുള്ള വൃക്ഷമാണ്. ജലാശയത്തിന്നരികെ ഉണ്ടാകുന്നു. ഇല നീണ്ടിരിക്കും.

നീർനൊച്ചി-വെള്ളം സമീപിച്ചുണ്ടാകുന്ന ഒരുവക വൃക്ഷം.

നീർപ്പഞ്ഞി-ഒരുമാതിരി മാർദ്ദവമുള്ള വസ്തു, നീരൊപ്പി.

നീർപ്പന്നി-ഒരു ജലജന്തു പര്യായം-ശംക

നീർപ്പള്ളി-ഉ. രാജാവിന്റെ മറപ്പുര. ഉ. രാജാക്കന്മാരുടെ മൂത്രവിസർജ്ജനം.

നീപ്പാട്ട്-നീക്കോമ്പൻ.

നീൎപ്പുക-ആവി.

നീൎപ്പുല്ലു്-വെള്ളത്തിലെ പുല്ലു്.

നീൎപ്പുള്ളടി-ഒരു തൈ.

നീൎപ്പൂച്ച-ഒരുവക ജലജന്തു, നീൎനായു്, കഴനായു്. പൎയ്യായം-ഉദ്രം.

ഇതിന്റെ മാംസത്തിന്നു് സാമാന്യം മത്സ്യത്തിനുള്ള ഗുണംതന്നെ. [തമി-നീൎപ്പൂനെ. ഇം- Otter ഒട്ടർ].

നീൎപ്പൊങ്ങല്യം-വെള്ളത്തിനു സമീപിച്ചുള്ള ഒരുവക വൃക്ഷം.

നീൎപ്പൊന്മ-ഒരു ജന്തു. (കുരരമെന്നും പറയാം.)

മാംസത്തിനു കൊക്കിന്റെ മാംസഗുണമാണുള്ളതു്. സം-ഉതു് ക്രോശം ഇം- Osprey ആസ്പ്രെ.

നീൎപ്പോള-വെള്ളത്തിലെ കുമള.

നീൎമനുഷ്യൻ-കടൽമനുഷ്യൻ, നീരാളി. പൎയ്യായം-സാമുദ്രികൻ.

'സ്ഥലേ കരിനരാശ്വാദ്യാ
യാവന്തസ്സന്തി ജന്തവഃ;
തേ ജലേപി തദാഖ്യാഃ
സ്യുൎജ്ജലപൎയ്യായപൂൎവ്വകാഃ'

ആന, മനുഷ്യൻ, കുതിരതുടങ്ങി എന്തെല്ലാം ജന്തുക്കൾ കരയിലുണ്ടോ അവയെല്ലാം ജലത്തിലുമുണ്ടു്. അതുകൾക്കുള്ള പേരുകളിൽ ഒരു ജലപൎയ്യായം കൂടി ചേൎത്താൽ അങ്ങിനെയുള്ള ജലജന്തുക്കളുടെ പേരാകും. നീൎകുതിര, നീൎനായു് ഇത്യാദി കാണുക.

നീൎമണ്ഡലി-മുഴവൻവളൎന്ന നീൎക്കോലി

നീൎമരുതു്-ഒരു വൃക്ഷം. പൎയ്യായങ്ങൾ-നദീസൎജ്ജം, വീരതരു, ഇന്ദ്രദ്രു, കകുഭം, അൎജ്ജുനം.

അൎജ്ജുനന്റെ എല്ലാ നാമങ്ങളും കകുഭവൃക്ഷത്തിന്റെ പൎയ്യായങ്ങളാകുന്നു.

നീൎമ്മാതളം-വെള്ളം സമീപിച്ചുണ്ടാകുന്ന ഒരുവക മരം.

നീൎമ്മാമ്പഴം-ഉപ്പുവെള്ളത്തിലിട്ട മാമ്പഴം

നീൎമുതൽ-അട്ടിപ്പേർ.

നീൎമുള്ളി-വെള്ളത്തിലുണ്ടാകുന്ന മുള്ളുള്ള ഒരു പച്ചമരുന്നു്.

നീൎമ്മോരു്-സംഭാരം, മോരുവെള്ളം.

നീൎവഞ്ചി,നീൎവ്വഞ്ഞി- ആററുവഞ്ചി മരം.

നീൎവ്വട്ടി-നേർവാളം.

നീൎവ്വല്യ-ജലത്തിലെ ഒഴുക്കു്.

നീൎവ്വാൎച്ച-൧. വെള്ളം വാലുക. ൨. മൂത്രം ഒഴിവു്.

നീൎവ്വാൽ-നീൎമാതളം.

നീൎവ്വാളം-നഞ്ചുവൃക്ഷം. (നാഗദന്തി എന്നതു നോക്കുക )

നീൎവ്വീഴ്ച-ജലദോഷവും മററും.

നീല-വി. നീലവൎണ്ണമുള്ള

നീലകം-൧. പഞ്ചലോഹം. ൨. വേങ്ങ. ൩. നീലക്കയ്യോന്നി. ൪. കരിമാൻ.

നീല(ക)ാ-കാരപ്പു്.

നീലകണാ-കരിഞ്ചീരകം.

നീലകണ്ഠൻ-൧. ശിവൻ. ൨. മയിൽ. ൩. ഊൎക്കരികിൽ ൪. നഞ്ചു്.

നീലകണ്ഠം-൧. മയിൽ. കാളകണ്ഠം എന്നും പാഠമുണ്ടു്. ൨. ഊൎക്കരികിൽ. ൩. നഞ്ചു്. ൪. മുള്ളങ്കി. ൫. വണ്ണാരംകോഴി. ൬. തത്ത. ൭ കരിങ്കുറികിൽ. ൮. വേങ്ങ. ൯. കാട്ടുകാക്ക

നീലകണ്ഠശിഖാ-മൈലംശിക.

നീലകണ്ഠാക്ഷം-൧. രുദ്രാക്ഷം. ൨. ഭദ്രാക്ഷം.

നീലകേശി-ഒരു ദുൎല്ലത.

നീലകടമ്പു്-ഒരു കാട്ടുമരം.

നീലക്കണ്ണാൾ—കറുത്ത കണ്ണുള്ളവൾ, സുന്ദരി.

നീലക്കാഞ്ഞൊന്നി-കഞ്ഞൊന്നിയിൽ ഒരു വക ഭേദം. ഗുണം കഞ്ഞൊന്നിയുടേതു പോലെതന്നെ.

നീലക്കരിമ്പ്-വർണ്ണം കറുത്ത ഒരുമാതിരി കരിമ്പ്.

നീലക്കല്ല്-നീലരത്നം, ഇന്ദ്രനീലം.

നീലക്കുറുഞ്ഞി-കരിംകുറുഞ്ഞി.

നീലക്കൊട്ടവേലി-കൊട്ടവേലിപ്പച്ച മരുന്ന് മൂന്നുതരമുള്ളതിൽ കറുത്തവക.

നീലക്രാന്താ-വിഷ്ണുക്രാന്തി.

നീലഗിരി-പ്രസിദ്ധമായ ഒരു മല.

നീലച്ഛായം-കറുപ്പുനിറം.

നീലച്ചുണ്ട-കറുത്ത ചുണ്ട.

നീലച്ചേന ഒരുമാതിരി കിഴങ്ങ്.

നീലച്ചേമ്പ്-൧. വെട്ടുചേമ്പ്. ൨. കറുത്തകണ്ണൻ.

നീലച്ചൂഡൻ-ഗരുഡൻ.

നീലജം-പഞ്ചലോഹം.

നീലതാലം-൧. പച്ചിലമരം. ൨. ഈന്തപ്പന.

നീലൻ-൧. സുഗ്രീവന്റെ വാനര സൈന്യത്തിലെ ഒരു പ്രധാനി. രാമന്റെ സൈന്യത്തിലുണ്ടായിരുന്ന വാനര യോദ്ധാവ്. ൨. കരിംകുരങ്ങ്. ൩. ഒരു രാക്ഷസൻ. ൪. അഹംകാരമുള്ളവൻ.

നീലനിര്യാസം-ദേവങ്ങ.

നീലനിറം-കറുത്തവർണ്ണം, കറുപ്പുനിറം.

നീലപത്രം-൧. കറുത്ത ആമ്പൽ. ൨. മുളംപുല്ല്. ൩. കരിവേങ്ങ. ൪. താളിതാളം.

നീലപുഷ്പം-൧. കായാവ്. ൨. കറുത്ത പൂവ്. ൩. കരിഞ്ചണ്ണ. ൪. നീലക്കഞ്ഞൊന്നി. ൫. കരിങ്കുറുഞ്ഞി.

നീലപുഷ്പാ-൧ അമരി. ൨. വിഷ്ണുക്രാന്തി. ൩. കരിംകുറുഞ്ഞി.

നീലപുഷ്പി-൧. വിഷ്ണുക്രാന്തി. ൨. അമരി. ൩. കറുത്ത മലയമുക്കി. ൪. വട്ടപ്പൂത്താളി.

നീലപ്പുടവ-കാങ്കി, ഒരുവക നീലവസ്ത്രം

നീലഫലാ-൧. ഞാവൽ. ൨. തക്കാരി വഴുതിന.

നീലം-൧. നവനിധികളിൽ ഒന്ന്. ഏററവും സ്തുതിക്കപ്പെടുന്നത് എന്നർത്ഥം. ൨. കറുപ്പ്. അന്യ വസ്തുവിനെ കളപ്പിക്കുന്നത് എന്നർത്ഥം ൩. താലീസപത്രം. ൪. കാട്ടുകാക്ക. ൫. സൗവീരാഞ്ജനം. ൬. കരിമരം. ൭. തുത്ഥാഞ്ജനം. ൮. പേരാല്. ൯. ഇന്ദ്രനീലക്കല്ല്. ൰. മരതകം ൰൧. നീലപർവ്വതം. ൰൨. ഒരു പക്ഷി (മൈന). ൰൩. അയോളം. ൰൪. കാരുപ്പ്. ൰൫. നീലതുത്ഥം. ൰൬ ഇരുട്ട്. ൰൭. വിഷം ൰൮. നീലനിറം. ൰൯. ഒരു കറുത്ത ചായം.

നീലാംഗു-൧. ഒരു പ്രാണി, കണിയട്ട. ൨. കറക്കൻ.

നീലംഗു, നീലാംഗു-൧ പുഴജാതി. ൨. മരത്തിന്മേലിരിക്കുന്ന കറുപ്പപ്പുഴ. ഗമനസാമർത്ഥ്യമുള്ളതു എന്നർത്ഥം.

നീലാംബാ-കൈപ്പച്ചൂര.

നീലമക്ഷിക-മണിയനീച്ച.

നീലമണി-നീലരത്നം, ഇന്ദ്രനീലരത്നം.

നീലമഞ്ജരി-കരിനൊച്ചി.

നീലമല്ലികാ-ക്രവളം. ൨. വിളാമരം.

നീലമഹാമല, നീലമാമല-നീലഗിരി, അഞ്ജനപർവ്വതം.

നീലമാഷം-വലിയ ഉഴുന്ന്.

നീലമേഘം-കാർമ്മേഘം, മഴക്കാർ.

നീലയുമ്മത്ത്-കറുത്ത ഉമ്മം.

നീലരത്നം-ഇന്ദ്രനീലക്കല്ല്.

നീലവർ-കറുത്ത രാക്ഷസന്മാർ.

നീലവാർ-വി. വളരെ കറുപ്പായ.

നീലവാർകുഴലി, നീലവാർകേശി- കറുത്ത നീണ്ട തലമുടിയുള്ളവൾ.

നീലലോഹം-പ്ര. ഉരുക്ക്. വ. പഞ്ചലോഹം.

നീലലോഹിതൻ-ശിവൻ. കഴുത്തിൽ നീലവും തലമുടിയിൽ രക്തവും വർണ്ണമുള്ളവൻ. (ബ്രഹ്മാവു ഹോമം ചെയ്യുമ്പോൾ അദ്ദേഹത്തിന്റെ നെററിയിൽ നിന്നു അഗ്നിയിൽ പതിച്ച വിയർപ്പുതുള്ളികളിൽ നിന്നുത്ഭവിച്ച തേജസ്സ് ആദ്യം നീലവർണ്ണമായി പിന്നീടു രക്തവർണ്ണമായി അതിൽനിന്നുണ്ടാകയാൽ ഈ പേർ പറയപ്പെടുന്നു.

ഹോമം ചെയ്തുകൊണ്ടിരിക്കുന്ന ബ്രഹ്മാവിന്റെ ഫാലത്തിൽ നിന്നു നീലനിറമായ സ്വേദകണം അഗ്നിയിൽ പതിച്ച് രക്തവർണ്ണമായി ഭവിച്ചു എന്നും അതാണു പിന്നെ രുദ്രനായി തീർന്നതു് എന്നും അതിനാൽ നീലലോഹിതൻ എന്ന പേർ സിദ്ധിച്ചു എന്നും മററൊരഭിപ്രായം.

'നീലലോഹിതാം നിജഭർത്താരം'
(അധ്യാത്മരാമായണം)

നീലലോഹിതം-അകിൽ.

നീലലോഹിതാ-നിലഞാവൽ.

നീലവർണ്ണ-വി. നീലനിറമുള്ള.

നീലവർണ്ണം-കറുത്ത നിറം, നീലനിറം.

നീലവല്ക്കലം-കവുങ്ങ്.

നീലവസ്ത്ര-വി. നീലവസ്ത്രമുള്ള.

നീലവസ്ത്രൻ-പ്ര. ബലഭദ്രൻ വ. ശനി.

നീലവസ്ത്രം-കറുത്ത വസ്ത്രം.

നീലവഴുതിന - നീലനിറത്തിൽ കായുണ്ടാകുന്ന വഴുതിന.

നീലവൃക്ഷ -പ്ര കരിവേങ്ങ. വ. കരിമരം.

നീലശ്മശ്രു-പ്ര കറുത്ത തലമുടി. വ. കറുത്ത തലമുടിയുള്ളവൾ, സുന്ദരി.

നീലസാര(ക)ം-പനച്ചി.

നീലാ-പ്ര. നീലവർണ്ണമായ വസ്ത്രം. വ. ഇരുട്ട്. കറുത്തതു് എന്നർത്ഥം. ന. നീലക്കുറുഞ്ഞി, കരിംകുറുഞ്ഞി. ദ. കരിഞ്ചീരകം. ഇ. അമരി. ന്ത. അരക്ക്.

നീലാക്ഷ-പിടപ്പാത്ത.

നീലാഭം-വി. നീലനിറമായ.

നീലാംഗം-പ്ര. വണ്ടാരം കോഴി. വ. കരിന്തവൽപക്ഷി. ന. കാട്ടുകാക്ക.

നീലാഞ്ജനം-തുരിശ്ശ്, സൌവീരാഞ്ജനം

നീലാഞ്ജനാ, നീലാഞ്ജസാ-മിന്നൽ.

നീലാമ്പാല - പാലമരം പലതരമുള്ളതിൽ ഒരുവക കറുത്ത പാല.

നീലാംബര-വി. നീലവസ്ത്രം ധരിച്ച.

നീലാംബരൻ-പ്ര. ബലഭദ്രൻ. നീലവസ്ത്രം ഉടുത്തവൻ എന്നർത്ഥം. വ. ശനി. ന. ഒരു അസുരൻ.

നീലാംബരം-താലീസപത്രം.

നീലാംബരി-ഒരു രാഗം.

നീലാംബുജന്മാ-കരിംകുവളം, കരിങ്കുവലയപ്പൂവ്, കറുത്ത ആമ്പൽ.

നീലാംബുജം-കരിങ്കുവളം.

നീലാരവിന്ദം-കരിങ്കുവളം.

നീലാരുണം-ചാഷം എന്ന പക്ഷിയുടെ ചിറകിന്റെ നിറംപോലെയിരിക്കുന്ന നിറം.

നീലാശ്മം-ഇന്ദ്രനീലക്കല്ല്.

നീലാളി-കറുത്ത വണ്ട്.

നീലാളിവർണ്ണൻ-കരിവണ്ടിൻ നിറമുള്ളവൻ, വിഷ്ണു, ശ്രീകൃഷ്ണൻ.

നീലി-പ്ര. നീലനിറമുള്ളവൾ. വ. അമരി ന. പാർവ്വതി. ദ. ഒരു പിശാച്, യക്ഷി.

ഇതിൽ നിന്നു് നീലു, നീലി എന്ന സ്ത്രീകളുടെ പേരുണ്ടായി. കഞ്ഞു+നീലി=കഞ്ഞുനീലി, കുഞ്ഞീലി.

**നീലിക**-൧. അമരി. ൨. കറുത്തചെമന്തി ൩. കരിനൊച്ചി. ൪. പഞ്ചലോഹം. ൫. ഒരു ക്ഷുദ്രരോഗം. (കറുത്തിരിക്കുന്ന മസൂരികമാകുന്നു. നീലികശരീരത്തിലെല്ലാതെ മുഖത്തു വരികയില്ല)

**നീലിനി**-൧. അമരി. നീലവർണ്ണമുള്ളതു് എന്നർത്ഥം. ൨. വട്ടപ്പൂന്താളി, കാക്കത്താളി. ൩. ശരീരത്തിലെ ദുഷിച്ച രക്തത്തെ ശേഖരിച്ചു ഹൃദയത്തിലേക്കു കൊണ്ടുപോകുന്ന കുഴലുകൾ.

**നീലിമ**-കറുപ്പുനിറം.

**നീലീ**-൧. കറുത്ത ഈച്ച, ഈച്ച (നീലം എന്നതിന്റെ പാഠം) ൨. നീലക്കുറുഞ്ഞി, കരിങ്കുറുഞ്ഞി. ൩. അമരി. ൪. കരിമ്പായൽ.

**നീലേശ്വരം**-കോലത്തു നാട്ടിന്റെ വടക്കേഭാഗമായ ഒരു ദേശം.

മംഗലപുരം ജില്ലയുടെ തെക്കേ ഭാഗമാണ് നീലേശ്വരം. ഇവിടെ നീലേശ്വരം എന്ന ഒരു ശിവക്ഷേത്രമുണ്ട്.

**നീലോപലം** - നീലരത്നം, ഇന്ദ്രനീലക്കല്ല്.

**നീലോല്പലം**-൧. കരിങ്കുവളപ്പൂവ്. ൨. കാമദേവന്റെ ഒരു അസ്ത്രം. ൩. കറുത്ത ആമ്പൽ. ൪. നീലത്താമര.

**നീവരൻ**-൧. കച്ചവടക്കാരൻ. ൨. തപസ്വീ.

**നീവരം**-൧. കച്ചവടം ൨. വാസസ്ഥാനം ൩. ജലം. ൪. ചളി.

**നീവാകം**-൧. കച്ചവടത്തിൽ ഏറ്റക്കുറച്ചിലില്ലാത്ത നില; കച്ചവടത്തിലുള്ള ആദരാതിശയം എന്നുമാവാം; ധനധാന്യാദികൾക്കു ക്ഷാമം വന്നേക്കുമെന്നു തോന്നുന്ന സമയം അവ പിന്നെയും പിന്നെയും ശേഖരിച്ചു വെക്കണമെന്നുള്ള ത്വരാവിശേഷം എന്നും പറയുന്നു. നിവാകം എന്നും പാഠം. നിവാകം എന്നാൽ നിവചിക്കുക എന്നർത്ഥം. ൨. ക്ഷാമം, ദുർഭിക്ഷം.

**നീവാരങ്ങൾ**-തൃണധാന്യങ്ങൾ. 'നീവാരാസ്തൃണധാന്യാനി'.

(നീവാരങ്ങൾ—ശ്യാമാകാദികൾ)

**നീവാരം**-വരിനെല്ല്. കൃഷിചെയ്യാതെയുണ്ടാകുന്ന നെല്ല്.

**നീവി**-൧. വസ്ത്രത്തിന്റെ കണക്കെട്ട്, സ്ത്രീകൾ ഉടുക്കുന്ന വസ്ത്രം അഴിയാതിരിപ്പാനായി അകത്തോട്ടു തിരുകുമ്പോൾ ആ തിരുകൽകൊണ്ടുണ്ടാകുന്ന മുഴ.

'ഭ്രൂക്ഷേപം ചെയ്തഥ നീവിയേറ്റവും'
(അമരുകശതകം)

൨. മൂലധനം. വളരെ സന്തോഷിപ്പിക്കുന്നതു് എന്നർത്ഥം. ൩. പണയം വെക്കുന്ന സാധനം, പന്തയം.

**നീവീബന്ധം**-വസ്ത്രത്തിന്റെ കെട്ട്.

'നീലവേണിയെന്നോടെ നീവിതന്നുടെ
ബന്ധചാലനം തുടർന്നപ്പോൾ'
(ബാണയുദ്ധം കഥകളി)

**നീവൃൽ**-രാജ്യം. ഇടവിടാതെ ജനങ്ങൾ പാർത്തുവരുന്ന സ്ഥലം എന്നർത്ഥം. മറ്റൊരു പര്യായം—ജനപദം.

'നാകോപമ നിഷധ നീവൃതി നീതി
ശാലി' (നളചരിതം കഥകളി)

**നീവ്രം**-൧. പുരയുടെ ഇറമ്പ്. ൨. വാമടയുടെ താഴെ തറയ്ക്കുന്ന ഉച്ചാൽ പലക. (നീധ്രം എന്നതു നോക്കുക).

**നീശാരം**-൧. മഞ്ഞും കാറ്റും തടുപ്പാനുള്ള വസ്ത്രം (പുതപ്പ്), ഒരു മാതിരി കമ്പിളി. കാറ്റ് മഞ്ഞ് ഇവയെ വേണ്ടുംവണ്ണം തടുക്കുന്നതു് എന്നർത്ഥം. ൨. കൊതുകുവല. ൩. വെളിയിലെ മറ (തിര). ൪. കുപ്പായം.

**നീഹാരപർവ്വതം**-ഹിമവാൻ. മഞ്ഞുള്ള മല എന്നർത്ഥം.

**നീഹാരം**-പ്ര. മഞ്ഞു്. മൂടിനെ കളയുന്നതു് എന്നത്ഥം. ഹിമം, ഉറച്ച മഞ്ഞു്. ദ്വി. വിസൎജ്ജനം, ഒഴിച്ചിൽ, മലം.

**നീളത്തിൽ**-അ. ദീൎഘമായി.

**നീളം**-ദീൎഘം. പൎയ്യായങ്ങൾ-ദൈൎഘ്യം ആയാമം, ആനാഹം

**നീളൽ**-നീളുക.

**നീളവേ**-അ. പരക്കെ, എല്ലാ ദിക്കിലും.

**നീളാ**-നീളുകയില്ലാ

**നീളാ**-ഭൂമി.

**നീളുന്നു**-നീളത്തിലാകുന്നു. (സ. ക്രി. നീട്ടുന്നു).

**നീളേ,നീളവേ**-അ. നീളത്തിൽ, എല്ലാടവും പ്രസിദ്ധമായി.

**നീൾ,നീഴ്**-നീട്ടു്, നീളം. ഉ-ം, നീൾക്കണ്ണാർ.

**നീൾ**-നീട്ടമുള്ള.

**നീറൽ,നീററൽ**-പ്ര. വേദന, കാന്തൽ. ദ്വി. എരിവു്, ചൂടു്. തൃ. ദുഃഖം. ച. വേവു്. ഠ. നീറുക.

**നീറാലി**-അരിവെപ്പിനും മററുമുള്ള കൂട്ടൽ പുര.

**നീറു്**-പ്ര. ഒരുവക വലിയ ഉറുമ്പു്, മീറു്. ദ്വി. ചാമ്പൽ (വെണ്ണീറു്, തിരുനീറു്.) തൃ. നീർ.

**നീറുന്നു**-പ്ര. കാന്തുന്നു, വ്രണങ്ങളിലും മററും ഒരുമാതിരി വേദനയുണ്ടാകുന്നു. ദ്വി. എരിവു തോന്നുന്നു. തൃ. മനസ്സിൽ വലിയ ദുഃഖമുണ്ടാകുന്നു. ച. കക്കായും മററും വെന്തു ചാരമാകുന്നു. (സ. ക്രി. നീററുന്നു)

**നീറുറുമ്പു്**-മീറു്.

**നീററാളി**-നീറാളി.

**നീററിരിപ്പു്**-ഒരുമാതിരി നടപ്പുദീനം.

**നീററുക**-ചാമ്പലാക്കുക.

**നീററുശരക്കോൽ**-ഒരു തൈ.

ഇതു ചെറിയ ചോളംപോലെയിരിക്കും. പിത്തത്തിനും തണ്ണീർ ദാഹത്തിനും നന്നു്. ഇല തിന്നാൽ പല്ലുകളുടെ ബലം കുറയും. തണ്ടിന്റെ പുറം എഴുത്തുകോലിനു കൊള്ളാം.

**നീറെറട്ടപ്പു്**-ഒരുവക ദീനം (നീററിരിപ്പു്).

**നീറെറലി**-ജലത്തിലെ എലി.

**നീറെറാലി**-വെള്ളപ്പാച്ചിൽ, ഒഴുക്കു്.

—:o:—

## ന

**ന**-അ. പ്ര. ചോദ്യം. ദ്വി. വികല്പം.

**നം**-പ്ര. സ്തുതി. ദ്വി. ആയുധം. തൃ. സമയം.

**നകക്കഴി**-നകത്തിൽ കെട്ടുന്ന ജന്തുക്കളുടെ കഴുത്തിൽ നിന്നും അതു മാറാതിരിക്കുന്നതിനു് നകം തുളച്ചു് ഇട്ടിരിക്കുന്ന കയ്യ് (ആണി). നകത്തടിമേൽ കൊള്ളിച്ചു പിടിക്കുന്ന പിടി എന്നു കൊളിൻസ്.

**നകത്തടി**-നകം.

**നകത്തുള**-നകക്കഴി ഇടുന്നതിനു് നകത്തിലുണ്ടാകുന്ന തുള.

**നകപ്പാട്**-നകത്തിന്റെ നീളം.

**നകം**-ഉഴവാനായിട്ടു രണ്ടു കാളയുടെ കഴുത്തിൽ കൂടെ വെച്ചു കെട്ടുന്നതു്. (സം- യുഗം)

നകം കെട്ടുവാനുള്ള തണ്ടു് =കൂബരം, യുഗന്ധരം. നകക്കയറു്-ആബന്ധം, യോത്രം, യോക്ത്രം. നകത്തിന്മേൽ നകം പ്രാസംഗം

**നകരുന്നു**-പ്ര. തിന്നുന്നു. ദ്വി. കടിക്കുന്നു. തൃ. സന്തോഷത്തോടെ അനുഭവിക്കുന്നു, ആസ്വദിക്കുന്നു.

**നകച്ചു്**-നകരുന്ന പ്രവൃത്തി.

**നച്ചു്**-നരുക്കിയതു്.

**നച്ചുപുഴ**-ധാന്യങ്ങളിലും തുണികളിലുമുള്ള ചെറിയ പുഴു.

**നണ**-ക്രി. ഏഷണി, കമ്മം, വ. കരമ, ഇഷ്ടത്തിന്നായിട്ടു വ്യാജം പറക. ന. നണയ്ക്കുന്നതിനു കൊടുക്കുന്ന സാധനം.

ഉ-ം, നക്ഷം നണയും കൊടുത്തു വശത്താക്കി.

**നണച്ചൽ**-പല്ലുകൂടാതെ ചുണ്ടും നാവും കൊണ്ടു ഭക്ഷിക്ക.

**നണച്ചി**-വ്യാജം പറയുന്നവൾ.

**നണത്ത(ര)ം**-വ്യാജംപറയുന്ന സ്വഭാവം, ഏഷണി.

**നണയൻ**-വ്യാജം പറയുന്നവൻ.

**നണയുന്നു**-നണഞ്ഞു തിന്നുന്നു, അത്യാശയോടു തിന്നുന്നു.

**നണയ്ക്കുന്നു**-ക്രി. പല്ലുകൂടാതെ ചുണ്ടും നാവുംകൊണ്ടു ഭക്ഷിക്കുന്നു. വ. നണപറയുന്നു.

**നണിൽ**-ചെറിയമത്തിരി ചിരങ്ങ്, ചൊറി, ഞൊണനൽ.

**നണ്ണിറച്ചി**-ഉണ്ണല്ല.

**നൺ**-സൂക്ഷ്മം, കൃശത.

'മെയ്‌നണ്മണലായ് വീഴ്ത്തി' (രാമചരിതം)

**നത**-വി. സ്തുതിക്കപ്പെട്ട.

**നതൽ**-നെററി.

'തിരുനതൽ മേൽ' (രാമചരിതം)

'പിറനതലാൾ' = ബാലചന്ദ്രനെപ്പോലെയുള്ള നെററിയോടുകൂടിയവൾ, സുന്ദരി.

**നതലി**-നതലോടു (നെററിയോടു) കൂടിയവൾ

**നതി**-സ്തുതി.

**നതിക്ക**-സ്തുതിക്ക.

'മെച്ചമെഴമിച്ചുനയൊടച്ചുതനെ
നതിച്ചുടൻ'
(ലങ്കാമർദ്ദനം തുള്ളൽ)

**നത്ത**-ചിടവ്, ദ്വാരം, ഇടുക്കുവഴി.

**നത്ത**-വി. ക്രി. അയക്കപ്പെട്ട, വ. നീക്കപ്പെട്ട, തള്ളപ്പെട്ട. ന. പ്രേരിപ്പിക്കപ്പെട്ട

**നന്ന**-വി. ക്രി. അയക്കപ്പെട്ട. വ. നീക്കപ്പെട്ട. ന. പ്രേരിപ്പിക്കപ്പെട്ട.

**നര**-വെള്ളത്തിലെ പത, ചെറിയ കുമളകൾ. വായിൽ നിന്നു വരുന്ന പത.

**നരച്ചൽ**-പതയുടെ വരവ്.

**നരയുന്നു, നറയ്ക്കുന്നു**-പതയുന്നു, നര വരുന്നു.

**നരി**-ചെറിയ വെള്ളക്കുമള. വ. ഒന്നിലധികം നെന്മണികളെ ഉഴവുചാലിൽ ഒരേ അകലത്തിൽ നീളെ നുള്ളിയിടുന്ന കൃഷി സമ്പ്രദായം.

**നരിക്കുന്നു**-ചെറിയ കുമള വരുന്നു, പത വരുന്നു. (നല്ല പ്രയോഗമല്ല)
(നരിയിടൽ നോക്കുക.)

**നരിയിടൽ, നരിയിടുക**-ചെറിയ കുമള വരുക, പത വരുക.

**നരമ്പ്**-ക്രി. പ്രാണികൾ മരം തുളച്ചു മററും ഉണ്ടായ പൊടി. വ. ഇരുമ്പിന്റെ തുരുമ്പ്.

**നരമ്പൽ**-ക്രി. പഴകീട്ടുള്ള പൊടിവ്. വ. തുരുമ്പുപിടിത്തം.

**നരമ്പിക്കുന്നു**-പഴകിപ്പൊടിയുന്നു.

**നരമ്പുന്നു**-പഴകിപ്പൊടിയുന്നു, കശിമ്പിക്കുന്നു.

**നലച്ചൽ**-അഴിച്ചൽ, പശിമവരുത്തൽ.

**നലയ്ക്കുന്നു**-ദുർഗ്ഗന്ധമുള്ളതായിത്തീരുന്നു.(സം. ക്രി. നലയ്ക്കുന്നു)

**നള്ള്, നള്ളൽ**-ക്രി. രണ്ടു വിരൽകൊണ്ടു പിടിച്ച് നഖംകൊണ്ട് വേദനപ്പെടുത്തുക. വ. രണ്ടു വിരലുകൾകൊണ്ടു എടുത്ത വസ്തു.

**നള്ളുന്നു**-ക്രി. നഖംകൊണ്ടു നോവിക്കുന്നു, വ. നഖംകൊണ്ടു വെററിലയും മററും

പറിച്ചെടുക്കുന്നു. ന. രണ്ടോ മൂന്നോ വിരൽ കൂട്ടി കുറച്ചെടുക്കുന്നു. (കാ. ക്രി. നുള്ളിക്കുന്നു.)

**നുഴയുന്നു**-അറിയാതെ അകത്തു കേറുന്നു.

**നുഴവാതിൽ**-ചെറിയ വാതിൽ

**നുറുക്ക്**-ഗ. കഷണം. ര. കഷണം ആക്കുക.

**നുറുക്കലരി**-താവലരി.

**നുറുങ്ങ്**-ശകലം, നുറുക്ക്, അല്പം. (പഴയ മലയാളം) ഇപ്പോൾ നുറുക്ക് എന്നു പറഞ്ഞുവരുന്നു.

'ചിന്തയിൽ മറന്നൊരു നുറുങ്ങുമറ
ങ്ങാനം'
(ഭഗവൽഗീത-മാധവപ്പണിക്കർ.)

[ഇതു പ്രാചീനമലയാളത്തിലുള്ള ഒരു നല്ല പദമാണ്]

'എന്തിനി നല്ലതെന്നിങ്ങിനെ തന്നിലേ
ചിന്തിച്ചുനിന്നു നുറുങ്ങുനേരം'
(കൃഷ്ണഗാഥ)

**നുറുങ്ങരി**-പൊടിയരി.

**നുറുങ്ങൽ**-പൊട്ടിത്തകരുക.

**നുറുങ്ങുന്നു**-കഷണങ്ങളായിത്തീരുന്നു (സ. ക്രി. നുറുക്കുന്നു.)

---

## നൂ

**നൂഞ്ഞി**-ഉറവുള്ള നിലം.

**നൂട്ട**-വിടവ്, ദ്വാരം, ഇടുക്കുവഴി.

**നൂണാമരം**-കടപ്പിലാവ്.

**നൂതന**-വി. ഗ. പുതിയ ര. ഇളയ.

**നൂതനൻ**-പുതിയവൻ. ര. ഇളയവൻ.

**നൂതനം**-പുതിയത്. മററു പര്യായങ്ങൾ-പ്രത്യഗ്രം, അഭിനവം, നവ്യം, നവീനം, നവം, നൂത്നം.

**നൂത്രു**-ഇടുക്കുവഴി.

**നൂത്ന**-വി. പുതിയ.

**നൂദ്രാ**-കാട്ടരയാൽ. പാപത്തെ കളയുന്നതെന്നർത്ഥം. (ചെറുകവുങ്ങ എന്നും അർത്ഥം കാണുന്നു).

**നൂനം**-അ. ഊഹിക്കുക, ഉൽപ്രേക്ഷിക്കുക, നിശ്ചയിക്കുക (തീർച്ചയാക്കുക) ഇങ്ങിനെയുള്ള അർത്ഥങ്ങൾ വരും. മറെറാരു പര്യായം-അവശ്യം.

**നൂപുരം**-കാൽച്ചിലമ്പ്. സ്തുതിക്കപ്പെടത്തക്കവയിൽവെച്ചു ശ്രേഷ്ഠം.

**നൂലാചാരം**-ഭാര്യാഭർത്താക്കന്മാർ തമ്മിലുള്ള സംബന്ധം ഒഴിപ്പിൽ ഭാര്യയ്ക്കു നൽകുന്ന ഉപേക്ഷച്ചീട്ട്.

**നൂലാമാല**-ഗ. എട്ടുകാലിവല. ര. കുടുക്കുനൂൽ. ന. ഉപായം. ർ. കുഴപ്പം.

**നൂലിത്താളി**-ഒരു വൃക്ഷം. (പട്ടു കയറിനു നന്ന്)

**നൂൽ**-ഗ. പഞ്ഞി നൂററി നീളത്തിൽ ഉണ്ടാകുന്ന വസ്തു. പര്യായങ്ങൾ-സൂത്രം, തന്തു. ര. ചട്ടം (നന്നൂൽ). നൂൾ=ചുരുട്ടുക.

**നൂൽക്കതിരു**-നൂൽ ചുററുന്ന കതിര്. പര്യായങ്ങൾ-ത്രസരം, സൂത്രവേഷ്ടനം.

**നൂൽക്കൽ, നൂററൽ**-നൂലുണ്ടാക്കുക. (പ്രയോഗം ചുരുക്കം)

**നൂൽക്കുന്നു**-നൂലുണ്ടാക്കുന്നു.

**നൂൽക്കൊടി**-കഴുത്തിലെ ഒരു ആഭരണം

**നൂൽത്താര**-അറുക്കുന്നതിനും മററും ചെവ്വറിയുന്നതിനായിട്ട് ഇടുന്ന അടയാളം, വര.

**നൂൽത്താങ്ങ്**-രാട്ടിൽ ചുററിയ നൂൽ.

**നൂൽത്തുണി**-പഞ്ഞിനൂൽകൊണ്ടുണ്ടാക്കിയ വസ്ത്രം.

**നൂൽപ്പരുത്തി**-നൂൽപഞ്ഞിയുണ്ടാകുന്ന മരം.

**നൂൽപ്പശ**-നൂലിനു കട്ടിവരുത്തുവാനുള്ള കഞ്ഞിയും മററും.

**നുള്ളെട്ടി**-ചാഴിയൻ.

**നൂൽവള്ളി**-നൂൽ എടുക്കുന്നതിനുള്ള ഒരു മാതിരി പടർ.

**നൂഴൽ**-വള്ളിയിലേറെയും അടിയിൽ കൂടെ കുനിഞ്ഞുപോക.

**നൂഴുന്നു-നുഴയുന്നു**-ക്രി. അടിയിൽക്കൂടി കുനിഞ്ഞു പോകുന്നു, സഞ്ചരിക്കുന്നു, ഇഴയുന്നു. (സ. ക്രി. നൂഴിക്കുന്നു, നുഴയിക്കുന്നു).

'കേസരിവീരൻ തന്നാനനംതന്നിലേ
കേവലം നൂഴുന്നോരേണംപോലെ'
(കൃഷ്ണഗാഥ)

**നൂഴ്വഴി**-സമ്പ്രദായത്തിൽ കടന്നു പോകുന്നതിനുള്ള മാർഗ്ഗം.

**നൂറ്**-ന. പത്തു പത്തു കൂടിയ ഒരു തുക. തൊണ്ണൂററിയൊൻപതു കഴിഞ്ഞാൽ ഉടനുള്ള തുക. ര. ചുണ്ണാമ്പ്. ന. കൂവയുടേയും മററും സാരാംശം. (മാവ്).

**നൂറൻകിഴങ്ങ്**-ശാകവർഗ്ഗത്തിൽ ചേർന്ന മഹാകന്ദം, ഒരുമാതിരി കാട്ടുകാച്ചിൽ.

പിത്തം, വിഷം, വ്രണം, വായുമുട്ടൽ, ചുമ ഇവയ്ക്കു നന്ന്. വള്ളിയിൽ മുള്ളു കാണും.

**നൂറാം**-വി. നൂറാമത്തെ.

**നൂറാമത്**-അ. തൊണ്ണൂററൊൻപതു കഴിഞ്ഞുള്ളത്.

**നൂറാമത്തെ**-വി. തൊണ്ണൂററൊൻപതു കഴിഞ്ഞാൽ വരുന്ന.

**നൂറായിരം**-ലക്ഷം.

**നൂറിട്ട്**-നൂറുവീതം.

**നൂറുക**-നീറുക. (പ്രയോഗം ചുരുക്കം.)

**നൂറോൻ**-ഒരുമാതിരി കാട്ടുകാച്ചിൽവള്ളി, നൂറൻകിഴങ്ങ്.

**നൂററ**-നൂറാൻ.

**നൂററാൽ**-നൂൽക്കുക.

**നൂറവർ, നൂററവർ, നൂററുപേർ**-ദുര്യോധനാദികൾ.

**നൂററാണ്ട്**-വളരെക്കാലം, നൂറുവർഷം.

**നൂററിക്കൊല്ലി**-ഒരായുധം, വാൾ, ശതഘ്നി.

**നൂററുകുടം**-ചുണ്ണാമ്പ് സൂക്ഷിക്കുന്നതിനുള്ള ഒരുതരം പാത്രം.

**നൂററുപേർ**-ദുര്യോധനൻ മുതലായവർ, കൌരവർ.

'നൂററുപേർ നിങ്ങടെ നാട്ടും നഗരവും
കൂററുകാരേയുമടക്കിവെച്ചീലയോ?'
(കല്യാണസൌഗന്ധികം തുള്ളൽ)

'ഓരോരോ ദിനംതോറുമോരോരോ കാലം
ഏറെച്ചാരോരോതനയന്മാർ ഗാന്ധാരി-
ക്കുണ്ടായ്വന്നു* ദുര്യോധനൻ ജ്യേഷ്ഠനന-
ജൻ ദുശ്ശാസനൻ ദുസ്സഹൻ ദുർമ്മുഖനും ജല
സന്ധനും സഹൻ* സമാബന്ധനും വിന്ദ
നും വിന്ദനും ദുഷ്പ്രസഹൻ ചൊല്ക്കൊള്ളും
സുബാഹുവും ദുഷ്പ്രധർഷണനും* ദു
ർമ്മദൻ ചിത്രയോധി ദുഷ്കർണ്ണൻ കർണ്ണൻ
പിന്നെ കൂട്ടുകൊണ്ടോരും വിവിംശതിയും
വികർണ്ണനും* ജലസന്ധനും സുലോചന
നും ചിത്രവ്യനും വിചിത്രൻ ചിത്രാ
ക്ഷനും പിന്നവനായീടുന്ന* ചാരുചിത്ര
ശരാസനന്താനും ദുർമ്മർഷണൻ ദുഷ്പ്രധ
ർഷാഖ്യന്താനും വിവിത്സു വികടനും* ശമ
നൂർണ്ണനാഭൻ പിന്നവൻ സുനാഭനും
നന്ദനാമാവുമുപനന്ദനും സേനാപതി*
കേട്ടാലും സുഷേണനും പിന്നെ കുണ്ഡോ
ദരനും ചൊല്ലുവെൻ മഹോദരൻ പിന്നെ
വൻ ചിത്രബാണൻ* ചിത്രമാഖ്യൻ ചി
ത്രബാഹുവുമേ ചിത്രാംഗൻ ചിത്രബാഹുവും
ചിത്രവർമ്മാവും സുവർമ്മാവും* ദുർവ്വിമോച
നൻ ചിത്രസേനനും സുചിത്രനും ചിത്ര
ധന്വാവും പരാജിതനും പണ്ഡിതകൻ*
പിന്നെവൻ വിശാലാക്ഷനപരൻ ദുരാ
വരൻ അജിതൻ ജയന്തനും ജയത്സേന
നും പിന്നെ* ദുർജ്ജയൻ ദൃഢഹസ്തൻ സുഹ

സ്തൻ വാതവേഗൻ സുവർച്ചസ്സാദിത്യകേതു
വും ബഹ്വാശിതാനും*നാഗദത്തനുമഗ്ര-
യായിയും കവചിയും നിഷംഗീപാശിമ-
ണ്ഡധാരനും ധനുർഗ്രഹൻ*ചൊല്ലീടാമു-
ഗ്രൻ ഭീമരഥനും ഭീമാഖ്യനും വീരബാഹു
വുമലോലുപനും ഭീമകർമ്മാ*പിന്നെവൻ
സുബാഹുവും ഭീമവിക്രമന്താനമഭയൻ
ദൃഢകർമ്മാവെന്നപരനാമം* മൂവരെ
ച്ചൊല്ലും ദൃഢരഥന്മാരെന്നുതന്നെ പിന്നെ
യനാധൃഷ്യനപരൻ കുണ്ഡഭേദീ*ചൊ
ല്ലേഴുംവിരാവിയും ദീർഘലോചനന്താനും
പിന്നെവൻ ദീർഘഭുജൻ പിന്നെവൻ
ദീർഘരോമൻ* പിന്നെയനദീർഘനും ദീർഘ
നും ദീർഘബാഹു പിന്നെവൻ മഹാബാ
ഹു വ്യൂഢോരസ്കനും പിന്നെ*കനകധ്വ
ജൻ മഹാകുണ്ഡനും കുണ്ഡന്താനും
കുണ്ഡജൻ ചിത്രജനും മനസ്പാഞ്ചിത്ര
കനും*നൂറെറാന്നാമതുപിന്നെ ദുശ്ശളയെ
ന്ന പേരായൊററലൊരുമകളും താനുമു
ണ്ടായിവന്നു'* (ഭാരതം)

| | |
|---|---|
| "ദുര്യോധനൻ. | സത്വൻ. |
| ദുശ്ശാസനൻ. | സുലോചനൻ. |
| ദുസ്സഹൻ. | ചിത്രൻ. |
| ദുശ്ശളൻ. | ഉപചിത്രൻ. |
| ജലഗന്ധൻ. | ചിത്രാക്ഷൻ. |
| സമൻ. | ചാരുചിത്രൻ. |
| സഹൻ. | ശരാസനൻ. |
| വിന്ദൻ. | ദുർമ്മദൻ. |
| അനുവിന്ദൻ. | ദുർവ്വിഗാഹൻ. |
| ദുർദ്ധർഷൻ. | വിവിത്സു. |
| സുബാഹു. | വികടാനനൻ. |
| ദുഷ്പ്രധർഷണൻ. | ഊർണ്ണനാഭൻ. |
| ദുർമ്മർഷണൻ. | സുനാഭൻ. |
| ദുർമ്മുഖൻ. | നന്ദൻ. |
| ദുഷ്കർണ്ണൻ. | ഉപനന്ദൻ. |
| കർണ്ണൻ. | ചിത്രബാണൻ. |
| വികർണ്ണൻ. | ചിത്രവർമ്മൻ. |
| ശലൻ. | സുവർമ്മൻ. |
| ദുർവ്വിമോചനൻ. | ദുരാധരൻ. |
| അയോബാഹു. | ദൃഢഹസ്തൻ. |
| മഹാബാഹു. | സുഹസ്തൻ. |
| ചിത്രാംഗദൻ. | വാതവേഗൻ. |
| ചിത്രകുണ്ഡലൻ. | സുവർച്ചൻ. |
| ഭീമവേഗൻ. | ആദിത്യകേതു. |
| ഭീമബലൻ. | ബഹ്വാശി. |
| വലാകി. | നാഗദത്തൻ. |
| ബലവർദ്ധനൻ. | ഉഗ്രശായി. |
| ഉഗ്രായുധൻ. | കവചീക്രഥനൻ. |
| സുഷേണൻ. | കുണ്ഡി. |
| കുണ്ഡോദരൻ. | കുണ്ഡധാരൻ. |
| മഹോദരൻ. | ധനുർദ്ധരൻ. |
| ചിത്രായുധൻ. | വീരബാഹു. |
| നിഷംഗി. | അലോലുപൻ. |
| പാശി. | അഭയൻ. |
| വൃന്ദാരകൻ. | ദൃഢകർമ്മാവ്. |
| ദൃഢവർമ്മൻ. | ദൃഢരഥാശ്രയൻ. |
| ദൃഢക്ഷത്രൻ. | അനാധൃഷ്യൻ. |
| സോമകീർത്തി. | കുണ്ഡഭേദി. |
| അനൂദരൻ. | വിരാവി. |
| ദൃഢസന്ധൻ. | ചിത്രകുണ്ഡലൻ. |
| ജരാസന്ധൻ. | പ്രമഥൻ. |
| സത്യസന്ധൻ. | അപ്രമാഥി. |
| സദസ്സുവാക്. | ദീർഘരോമൻ. |
| ഉഗ്രശ്രവസ്സ്. | വീർയ്യവാൻ. |
| ഉഗ്രസേനൻ. | ദീർഘബാഹു. |
| സേനാനി. | മഹാബാഹു. |
| ദുഷ്പരാജയൻ. | വ്യൂഢോരസ്സ്. |
| അപരാജിതൻ. | കാഞ്ചനധ്വജൻ. |
| കുണ്ഡശായി. | കുണ്ഡാശി. |
| വിശാലാക്ഷൻ. | വിരജസ്സ്— |

ഇവരാണ് ജ്യേഷ്ഠാനുജക്രമത്തിൽ ധൃതരാഷ്ട്രനു ഗാന്ധാരിയിലുണ്ടായ നൂറു പുത്രന്മാർ.

### ഏകപുത്രി-ദുശ്ശള.

തന്നെ ശുശ്രൂഷിച്ച വൈശ്യസ്ത്രീയിൽ ധൃതരാഷ്ട്രന് ഒരു പുത്രനുണ്ടായി-പേർ യുയുത്സു".

(മഹാഭാരതം മൂലം)

**നൂറുതൊണ്ട്**-കള്ളെടുക്കുന്നവരുടെ ചുണ്ണാമ്പുപാത്രം, ചുണ്ണാമ്പുചിരട്ട.

—:o:—

## നൃ

**നൃ**-മനുഷ്യൻ. ഇത് സമാസത്തിലേ വരൂ.

**നൃഗൻ**-സൂര്യവംശസ്ഥാപകനായ ഇക്ഷ്വാകുരാജാവിന്റെ അനുജൻ.

മൂന്നു ലോകത്തും മഹാദാനശീലരിൽ മുമ്പൻ. ഭൂമിയെ നന്നായി പാലിച്ചുവന്നവൻ. അദ്ദേഹത്തെപ്പോലെ പശുക്കളെ ദാനംചെയ്തവർ ആരുംതന്നെയില്ല. ഒരു ബ്രാഹ്മണനു ദാനംചെയ്ത ഒരു പശുവിനെത്തന്നെ അത് ദാനംചെയ്ത പശുവാണെന്നറിയാതെ വീണ്ടും മറ്റൊരു ബ്രാഹ്മണനു ദാനംചെയ്തു. അതിൽവെച്ചുണ്ടായ ബ്രാഹ്മണശാപംനിമിത്തം കൃകലാസമായി(ഓന്തായി)ത്തീർന്നു. ഒടുവിൽ ശ്രീകൃഷ്ണസ്പർശം കൊണ്ട് പൂർവ്വരൂപം നൃഗനു ലഭിച്ചു. (ഭാഗവതം ദശമസ്കന്ധം നോക്കുക.)

**നൃജന്മാവ്**-മനുഷ്യജന്മമുള്ളവൻ.

**നൃജലം**-മൂത്രം.

**നൃതി**-നൃത്തം.

**നൃത്തകൃതികൾ**-രൂപകങ്ങളുടെ അവാന്തരവിഭാഗങ്ങളിൽ ഒന്ന്.

താളലയം സർവ്വപ്രധാനമായും, ഇതിനനുസരണമായ ഗാനനൃത്താഭിനയങ്ങളിൽ പ്രയോഗചാതുര്യം വേണ്ടതായും ഇരിക്കുന്ന കൃതികൾ.

**നൃത്തപ്രിയം**-മയിൽ.

**നൃത്തം**-കൂത്ത്, ആട്ടം, തുള്ളൽ മുതലായവ. മറുപര്യായങ്ങൾ-താണ്ഡവം, നടനം, നാട്യം, ലാസ്യം, നർത്തനം. ചാടിക്കളിക്കുക എന്നർത്ഥം.

**നൃത്യകൃതികൾ**-രൂപകങ്ങളുടെ അവാന്തര വിഭാഗങ്ങളിൽ ഒന്ന്.

ഭാവചേഷ്ടകൾ സർവ്വപ്രധാനവും, നടൻ ഉച്ചരിക്കുന്ന ഓരോ വാക്കിനനുസരണമായുള്ള അഭിനയം അത്യാവശ്യവും ആയ ഭാണം മുതലായ കൃതികൾ.

**നൃത്യൽ**-തുള്ളുന്നത്.

**നൃത്യപ്രിയം**-മയിൽ.

**നൃത്യം**-നൃത്തം.

**നൃപകന്ദം**-വലിയ ചെമന്നുള്ളി.

**നൃപകുലം**-പു. രാജവംശം. വ. രാജാക്കന്മാരുടെക്കൂട്ടം.

**നൃപചിഹ്നം**-രാജാവിനുള്ള അടയാളം.

**നൃപതി**-രാജാവ്. മനുഷ്യരെ ഭരിക്കുന്നവൻ എന്നർത്ഥം.

**നൃപതിലലാമം**-പു. ഒരു വൃത്തത്തിന്റെ പേർ. വ. രാജശ്രേഷ്ഠൻ.

**നൃപദ്രുമം**-പു. വൻകൊന്ന. വ. പഴമുൺപാല

**നൃപൻ**-പു. രാജാവ്. മനുഷ്യരെ രക്ഷിക്കുന്നവനെന്നർത്ഥം. വ. ചന്ദ്രവംശത്തിലെ ദേവാതിഥിനൃപനു മര്യാദയിലുണ്ടായ പുത്രൻ.

**നൃപനാപിതപുത്രന്യായം**-"എത്രലക്ഷണംകെട്ടതായിരുന്നാലും അവനവന്റെ കുഞ്ഞുങ്ങൾ അവനവനു നയനാനന്ദകരമായി കാണപ്പെടുന്നു എന്നുള്ള ലോകപ്രകൃതി".

**നൃപപ്രിയ**-പു. മാവ്. വ. പൂക്കൈത. ന. കാട്ടുപെരീന്ത.

**നൃപം**-പു. തകരം. വ. പഴമുൺപാല

**നൃപലക്ഷണം**-രാജാവിനുള്ള അടയാളം

**നൃപലക്ഷ്മാവ്**-രാജാവിനുള്ള ചിഹ്നം.

**നൃപലക്ഷ്മം**- രാജാവിനുള്ള വെൺകൊറ്റക്കുട.

**നൃപസദനം**-കൊട്ടാരം.

**നൃപസഭ**-രാജസഭ, ആസ്ഥാനമണ്ഡപം.

നൃപസഭം-൧. രാജാക്കന്മാരുടെ ഗൃഹം. ൨. രാജാക്കന്മാരുടെ സമൂഹം.

നൃപസുത-൧. രാജപുത്രി. ൨. നരച്ചെലി.

നൃപസ്ത്രീ-രാജസ്ത്രീ.

നൃപാത്മജ-൧. രാജപുത്രി. ൨. പേച്ചുര

നൃപാത്മജം- വലിയ ഞെട്ടികഴിയൻ മാവ്.

നൃപാച്ഛനം-രാജസേവ.

നൃപാലൻ-രാജാവ്. മനുഷ്യരെ രക്ഷിക്കുന്നവൻ എന്നർത്ഥം.

നൃപാലയം-കൊട്ടാരം.

നൃപാസനം-രത്നങ്ങൾ പതിച്ചു വിശേഷമായി പണി ചെയ്തിട്ടുള്ളതും രാജാവിരിക്കുന്നതുമായ ആസനം. രാജാർഹമായ ആസനം എന്നർത്ഥം. മററുപര്യായം-ഭദ്രാസനം.

നൃപോചിത-വി. രാജാവിനു ചേരുന്ന.

നൃപോചിതം-൧. രാജാവിനു ചേരുന്നതു്. ൨. വലിയ ഉഴുന്ന്.

നൃമാനം-ഒരാളും കൈയുയരപ്പവും ഉള്ളതു്.

നൃമേധം-നരമേധം എന്ന യാഗം.

നൃവരൻ-രാജാവ്.

നൃവാഹനൻ-വൈശ്രവണൻ.

നൃശംസ-വി. മനുഷ്യരെ കൊല്ലുന്ന സ്വഭാവമുള്ള, ക്രൂരതയുള്ള.

നൃശംസൻ-പരദ്രോഹം ചെയ്യുന്നവൻ. മനുഷ്യരെ കൊല്ലുന്നവൻ എന്നർത്ഥം.

'അരേ! ദുരാചാര! നൃശംസ! കംസ!'
(ശ്രീകൃഷ്ണചരിതം)

നൃശംസത്വം-ക്രൂരത.

നൃശംസ്യ-വി. ക്രൂരസ്വഭാവമുള്ള.

നൃസേനം-പട്ടണം (നൃസേനാ എന്നുമാവാം).

'ഷഷ്ഠ്യന്തപ്രാക്പദാഃ സേനാച്ഛായാ ശാലാസുരാനിശാഃ' (അമരം). ഷഷ്ഠ്യന്തമായ ഒരുപദം മുമ്പിലുണ്ടായിരിക്കുക, സേനാ, ഛായാ, ശാലാ, സുരാ, നിശാ ഇവയിൽ ഏതെങ്കിലും ഒരു പദം അന്ത്യത്തിലുണ്ടായിരിക്കുക ഇവ്വിധമുള്ള തൽപുരുഷസമാസത്തിലേ സമസ്തപദം സ്ത്രീലിംഗവും നപുംസകലിംഗവുമായി ഭവിക്കും.

---

# നെ

നെച്ചി-നൊച്ചി. പര്യായങ്ങൾ-സിന്ദുകം, സിന്ദുവാരം, ഇന്ദ്രസുരസം, നിർഗ്ഗുണ്ഡീ, ഇന്ദ്രാണികം.

നെഞ്ചു്, നെഞ്ഞു്-൧. മാറിടം. ൨. ഹൃദയം.

നെഞ്ചകം-ഹൃദയം.

നെഞ്ചടക്കം-൧. മനസ്സടക്കം. ൨. നെഞ്ചുമുഴുവൻ അടങ്ങിയിരിക്കുന്നതുപോലെ.

നെഞ്ചടയ്ക്കുന്നു-ശ്വാസംമുട്ടുന്നു.

നെഞ്ചടയ്പ്-ശ്വാസംമുട്ടൽ.

നെഞ്ചൻ-ധൈര്യവാൻ.

നെഞ്ചം-ഹൃദയം, മാറിടം.

നെഞ്ചലിവ്-കാരുണ്യം.

നെഞ്ചിടുക-മുറവിളിക്കുക. ൨. എതിർക്കുക.

നെഞ്ചുകലിക്കുക- ദേഷ്യംകൊണ്ടു എരിയുക.

നെഞ്ചുകഴയ്പ്-അഹങ്കാരം.

നെഞ്ചുകുഴി-മാറിന്റെനടുവിലുള്ളതാഴ്ച.

നെഞ്ചുപുകച്ചൽ-നെഞ്ചിനകത്തെ എരിച്ചൽ.

നെഞ്ചുന്തി-നെഞ്ചിലെഎല്ലു തള്ളിയവൻ

നെഞ്ചുവേവ്-നെഞ്ചെരിച്ചൽ.

നെഞ്ചുറപ്പ്- ധൈര്യം, നെഞ്ചിന്റെ കട്ടി.

നെഞ്ചൂററം-൧. ശക്തി. ൨. നെഞ്ചിന്റെ പരപ്പ്. ൩. അഹങ്കാരം.

നെഞ്ചെരിച്ചൽ-നെഞ്ചു പുകച്ചൽ.

നെഞ്ഞരംകൊള്ളുക-നെഞ്ചുകലിക്കുക.

നെടിയ-വി. നീളമുള്ള, വലിയ, പൊക്കമുള്ള.

നെടിയകട-വലിയ കട, കാൽ നീളമുള്ള കട.

നെടിയരി-മുഴുത്തയരി, കൊട്ടുന്നത്തരി നെടിയരി > < പൊടിയരി.

നെടിയവൻ-നീളമധികമുള്ളവൻ, ദീർഘൻ.

നെടിയിരിപ്പുസ്വരൂപം—

"കൊല്ലവർഷാരംഭത്തിൽ സാമൂതിരി മഹാരാജാവ് അറബികളുടെ സഹായത്തോടുകൂടി പൊന്നാനിക്കും വടക്കൻ കൊല്ലത്തിനും ഇടയ്ക്കുള്ള പ്രഭുക്കന്മാരെ അത്രയും ജയിച്ചു കപ്പം വാങ്ങി നെടിയിരിപ്പുസ്വരൂപം എന്ന പേരും ധരിച്ച് വളരെ പ്രബലനായ ഒരു മഹാരാജാവായിത്തീർന്നു" (മ. രാ. ച.) (നെടുവിരിപ്പു സ്വരൂപം നോക്കുക.)

നെടിയില-നീളമുള്ള ഇല.

നെട്-വി. ഫ. നീളമുള്ള. വ. പൊക്കമുള്ള. (ഇതു സമാസത്തിലേ വരൂ).

നെടുകെ-അ. നീളത്തിൽ, നീണ്ട്.

നെടുക്കം-നീളം, പൊക്കം.

നെടുകണ്ണി-സുന്ദരി. നീണ്ട കണ്ണുള്ളവൾ എന്നർത്ഥം.

'സന്താപാന്ത്യവിനെക്കുറഞ്ഞു നെടുവീർപ്പോടു നെടുകണ്ണിയാൾ'

(അമരുകശതകം)

നെടുകൻ-നീളമുള്ളവൻ, നെടിയവൻ.

നെടുകയം-അധികം നീളത്തിൽ താഴ്ചയുള്ള ജലഭാഗം.

നെടുകാലം-ഏറിയ വത്സരം, വളരെ സമയം.

നെടുകുട-വണ്ണിച്ചു നീണ്ടകാലുള്ള വലിയ കുട. ഇതു പ്രഭുക്കന്മാരുടെ പദവിയെ സ്ഥാനചിഹ്നമായിരുന്നു

നെടുങ്കാണി-വലുതായുള്ള ജലഭാഗം, വലിയചിറ. പര്യായങ്ങൾ-വാപി, ദീർഘികാ.

നെടുങ്കോട്ടിൽ-നെടുമ്പുര, വിശേഷമുള്ള ആവശ്യത്തിന്നായിട്ടു വലുതായി കെട്ടിയുണ്ടാക്കുന്ന പുര.

നെടുങ്കോണി-നീളം അധികമായ കോവണി.

നെടുങ്ങാടി-സാമന്തന്മാർക്ക് ഒരു ദേശത്തു പറയുന്ന പേർ. [നെടുങ്ങനാട് (നെടുങ്ങനനാട്) അത്രേ സ്വദേശം].

നെടുഞ്ചട്ടം-കട്ടിലിന്റെയും മറ്റും നീണ്ടവശത്തെ തടി.

നെടുഞ്ചോൺ-ചെറുവിരലും പെരുവിരലും കൂടിയ അളവ്.

നെടുഞ്ചുഴിക-ചുവരിന്മേൽ ചേർത്തു പണിയുന്ന ഒരു പലക.

നെടുഞ്ചെത്ത്-ഫ. ഒരു തൈ. വ. നീളത്തിൽ ചെത്തുക.

നെടുത്-നീളമുള്ളത്, പൊക്കമുള്ളത്.

നെടുതാകുന്നു-നീളുന്നു. (സ. ക്രി. നെടുതാക്കുന്നു.)

നെടുദൂരം-അധികം അകലം.

നെടുനാർ-ഒരു വൃക്ഷം.

നെടുനാൾ-അ. വളരെ ദിവസം.

നെടുനീളം-നീളത്തോടു നീളം, വളവു കൂടാതെ, ഇടവിടാതെ, അധികനീളം.

നെടുന്തരിശു-കൃഷികൂടാതെ കാടും പുല്ലും പിടിച്ച് ഏറിയ കാലമായിട്ടു കിടക്കുന്ന കണ്ടം.

നെടുന്തുടി-ഒരു വാദ്യം.

നെടുന്നനേ-അ. ചൊവ്വേ, നീളത്തിൽ.

നെടുപ്പ്, നെടുപ്പം-ഫ. നീളം. വ. ഉയരം.

നെടുമ, നെടുമാനം-പൊക്കം.

നെടുമൻ-പൊക്കമുള്ളവൻ.

നെടുമംഗല്യം - ഭർത്താവിനോടുകൂടി ഏറിയ കാലം ജീവിച്ചിരിക്കുന്ന സ്ത്രീയുടെ അവസ്ഥ.

നെടുമുളം-നടുവിരൽ കൂട്ടി അളക്കുന്ന മുഴം.

നെടു-നീണ്ട. (സമാസത്തിൽ വരും.)

നെടുമ്പ്-ഡംഭം.

നെടുമ്പക-പണ്ടുപണ്ടേയുള്ള വിരോധം.

നെടുമ്പാച്ചൽ-നെട്ടോട്ടം.

നെടുമ്പുര-വിശേഷമുള്ള ആവശ്യത്തിനായിട്ടു വലുതായി കെട്ടിയുണ്ടാക്കുന്ന പുര.

നെടുവട്ടം-ദീർഘവൃത്തം, മൊട്ടയുടെ ആകൃതി.

നെടുവരിയൻ-ഒരു കാട്ടുമൃഗം, കടുവാ. തെങ്ങോലവരിയൻ എന്നും പറയും. ഉ. നിളത്തിൽ വരിയുള്ളത്.

നെടുവാലി-നീണ്ട വാലുള്ള ഒരു ജന്തു

നെടുവാലിപ്പുവാലി- നെടുവാലിച്ചുന്നെല്ല്. (സംസ്കൃ-ദീർഘശൂകം).

നെടുവി-നീണ്ടു.

നെടുവിരിപ്പുസ്വരൂപം-കോഴിക്കോട്ടു രാജാവിൻെറ വംശത്തിനു പറഞ്ഞുവരുന്ന ഒരു സ്ഥാനപ്പേർ. (നെടിയിരിപ്പു സ്വരൂപം നോക്കുക)

ഒടുവിലത്തെ പെരുമാളായ ഭാസ്കരരവിവർമ്മനെന്ന ചേരമാൻപെരുമാൾ നമ്മ കൊല്ലത്തോളം രാജ്യം ഭരിച്ചതിൻെറ ശേഷം കേരളത്തെ പല അംശങ്ങളായി ഭാഗിച്ചു മരുമക്കാൾക്കും മക്കൾക്കും മറ്റ വേണ്ടപ്പെട്ട ആളുകൾക്കുമായി കൊടുത്ത കൂട്ടത്തിൽ പ്രധാനപ്പെട്ടവയായിരുന്ന പെരുമ്പടപ്പ്, തൃപ്പാപ്പൂര്, നെടുവിരിപ്പ് എന്നീ മൂന്നു സ്വരൂപങ്ങൾക്കു ചേർന്ന രാജ്യങ്ങൾ.

നെടുവിരിപ്പ്-ഉ. നീളമുള്ള വിരിപ്പ്. ഉ. ഒരു സ്വരൂപം. ന. വളരെ നീളത്തിൽ ശേഖരമായിക്കിടക്കുന്ന വിരിപ്പുനിലങ്ങൾ.

നെടുവിളിയാൻ-ഒരുവക പക്ഷി. (നെടുമൻ എന്നും പറയും.)

നെടുവീർപ്പ്-ദീർഘശ്വാസം.

നെട്ട-(വി) നീളമുള്ള, പൊക്കമുള്ള.

നെട്ടത്തെങ്ങ്-നീണ്ടുവളർന്ന് അന്നവും കുറഞ്ഞ തെങ്ങ്.

നെട്ടൻ-നീളമുള്ളവൻ.

നെട്ടനരി-നെടിയരി.

നെട്ടനെ-നിവിന്ന്.

നെട്ടാണി-നെരുക, ഉച്ചി, നട്ടാണി.

നെട്ടാന്തോട്ടി-വി. നീണ്ടു കനംകുറഞ്ഞ.

നെട്ടായം-ഉ. ആരുകളിലുംമറവു വരുവില്ലാത്ത ഭാഗം. ഉ. കെട്ടിടങ്ങൾ കെട്ടുമ്പോൾ ആ വേലക്കാർ കല്ല് നീളത്തിൽ വച്ചു കെട്ടുക.

നെട്ടിത്തൊട്ടാവാടി— വെള്ളത്തിലുള്ള ഒരു ചെടി.

നെട്ടൂർപ്പെട്ടി-മുരുക്കിൻ പലകകൊണ്ടുണ്ടാക്കി ചായം പിടിപ്പിച്ച ഒരുമാതിരി പ്പെട്ടി. ഇതു നെട്ടൂർ എന്ന സ്ഥലത്തുനിന്നുണ്ടാക്കി വന്നതുകൊണ്ടു ഈ പേരുണ്ടായി.

നെട്ടോട്ടം - നെടുംപാച്ചൽ, നോട്ടോട്ടം > < കുറിയോട്ടം.

നെൻറുപ്പ്-നിനവ്. (കർണ്ണാടകഭാഷ.)

നെല്ലുക-നല്ലുക.

നെല്ലുക-നനുക, ഇഴയുക.

നെന്മണി-ഉ അരിയുള്ള നെല്ല്. ഉ. നെല്ലിട.

നെന്മാണിക്യം - നെല്ലിൽ വിളയുന്ന ഒരുമാതിരി രത്നം.

നെന്മേനിവാക-ഒരുവക വൃക്ഷം. പര്യായങ്ങൾ-ശിരീഷം, കപീതനം, ഭണ്ഡിലം.

ഇതു് ചൊറി, കുഷ്ഠം, ചിരങ്ങ് മുതലായ എല്ലാ ത്വഗ്ദോഷങ്ങളേയും നീക്കും വർണ്ണപ്രസാദനമാണ്. വിഷത്തെ ശമിപ്പിക്കും. ശിരീഷപഞ്ചാംഗം കൊണ്ടു് വിഷവൈദ്യത്തിൽ പല പ്രയോഗങ്ങളുമുണ്ടു്. നെല്ലിപോലെ ചെറിയ ഇലയുള്ളതാണ്. ഗ്രീഷ്മകാലത്തിൽ പൂക്കുന്ന പൂവ് അല്പം മഞ്ഞനിറവും പച്ചനിറവുമുള്ള കേസരങ്ങളോടു കൂടിയതും മനോഹരമായിട്ടുള്ളതുമാകുന്നു. [ത-വാകൈ ഇം-Acacia Sirissa അക്കേകിയാ സിറിസ്സം.]

നെയ്യ്-പ്ര. പാൽകാച്ചി ഉറച്ച തൈരു കലക്കി എടുത്ത വെണ്ണ ഉരുക്കിയതു്. ദ്വി. വെണ്ണനെയ്, പന്നിനെയ്യ്, മീൻനെയ്, തേങ്ങാനെയ് മുതലായവ. ന. ചില ഔഷധങ്ങൾ ഇട്ടു കാച്ചുന്ന നെയ്.

[നെയ്യ് = ഘൃതം, ആജ്യം, ഹവിസ്സ്, സർപ്പിസ്സ്. ഓട്ടുപാത്രത്തിൽ പത്തു ദിവസമിരുന്നിട്ടുള്ള നെയ്യ് വിഷത്തോടു തുല്യമാകയാൽ ഭക്ഷിക്കരുതു്.]

നെയ്ക്കുലം-നെയ്യൊഴിച്ചു വല്ലതും വറുക്കുന്നതിനുള്ള പാത്രം.

നെയ്ക്കുറ്റി-നെയ് ഒഴിച്ചു വയ്ക്കുന്നതിനുള്ള ഒരുവക പാത്രം.

നെയ്തൽ-പ്ര. നെയ്യാമ്പൽ. ദ്വി. ഉപ്പുരസമുള്ള നിലം. ന. കടലും കടൽവാരവും.

നെയ്ത്തട്ട്-നെയ്പ്പാത്രം.

നെയ്ത്ത്-വസ്ത്രവുംമറ്റുംനെയ്തുണ്ടാക്കുക [നെയ്ത്തു് = ഊതം.]

നെയ്ത്തുകോൽ — നെയ്യുന്നതിനുള്ള കോൽ.

നെയ്ത്തുതറി-നെയ്യുന്നതിനുള്ള യന്ത്രം.

നെയ്‌വ്-മണൽ പ്രദേശങ്ങളിൽ ധാന്യമിട്ടു ചവിട്ടുന്നതിനുപയോഗിക്കുന്ന വലിയ പായ്.

നെയ്യാട-കാച്ചിയ പാലിന്റെ മുകളിൽ ഉണ്ടാകുന്ന പാട.

നെയ്മീൻ-ഒരുവക മത്സ്യം.

നെയ്‌വല-ജന്തുക്കളുടെ ഉള്ളിൽ പാടപോലെയിരിക്കുന്ന കൊഴുപ്പ്.

നെയ്യപ്പം-നെയ്യിൽ വറുത്തെടുക്കുന്ന ഒരുതരം പലഹാരം.

നെയ്യമൃതം-ക്ഷേത്രങ്ങളിലെ നെയ്‌വഴിവാട്.

നെയ്യൽ-നെയ്ത്ത്.

നെയ്യാട്ടം-പശുവിൻനെയ്കൊണ്ടു അഭിഷേകം ചെയ്ക.

നെയ്യാമ്പൽ-വെള്ളത്തിലുണ്ടാകുന്ന ഒരു മാതിരി തൈ

നെയ്യുണ്ണി-ഒരുമാതിരി വള്ളി.

നെയ്യുന്നു-വസ്ത്രവുംമറ്റും ഉണ്ടാക്കുന്നു.

നെയ്യുറുമ്പ്-ഒരുവക ചെറിയ ഉറുമ്പ്.

നെയ്യൂക്ക്-തടിപ്പ്.

നെരിക്കുന്നു-ഞെക്കുന്നു.

നെരിപ്പ്-ഞെക്കൽ.

നെരിയുക-ഞെരിയുക, ഞെങ്ങുക.

നെരുക്കുന്നു-പ്ര. തള്ളിമാറ്റുന്നു. ദ്വി. അടുപ്പിക്കുന്നു.

നെരുങ്ങുന്നു-തിങ്ങുന്നു.

നെരുപ്പ്-തീയ് (ഇതാണ് ശരി. അതു കൊണ്ടു്-'നെരിപ്പോട്' എന്നല്ല 'നെരുപ്പോട്' എന്നാണ്.

നെരുപ്പോട്-തീച്ചട്ടി, തീക്കലം. പര്യായങ്ങൾ അംഗാരധാനിക, അംഗാരശകടി, ഹസന്തി, ഹസനീ.

നെൽ-നെല്ല്.

നെല്ക്കച്ചി-നെല്ലിന്റെ ചീലി, വയ്ക്കോൽ.

നെല്ക്കതിർ-നെല്ലിന്റെ കുല. പര്യായങ്ങൾ-കണിശം, സസ്യമഞ്ജരീ.

നെല്കൃഷി-നെല്ല് കൃഷിചെയ്യുന്നതു്.

നെല്ലൂറിയൻ-പു. ലുബ്ധൻ. വ. നെല്ലു പതുക്കെ പതുക്കെ തിന്നുന്നവൻ.

നെല്ത്തണ്ടു്-നെല്ലിന്റെ തണ്ടു്.

നെല്പട്ടു്-നെല്ലു ചുമക്കുന്നതിനായിട്ടു് ഒരു മാതിരി നാരുകൊണ്ടുണ്ടാക്കുന്ന ഒരു പാത്രം.

നെല്പതിർ-പു. നെല്ലിന്റെ പതിർ. വ. താണ ജാതിക്കാർ നെല്ലിനു പറയുന്ന പേർ.

നെല്പം-ഒരുവക നെല്ലു് (ചോരൻ)

നെല്പലിശ-കടംവാങ്ങിച്ച നെല്ലിനു കൂട്ടിക്കൊടുക്കുന്ന നെല്ലു്.

നെല്പുര-നെല്ലു സൂക്ഷിക്കുന്നതിനുള്ള കെട്ടിടം.

നെല്ലു്-പ്രധാനമായ ഒരു ധാന്യവും അതിന്റെ ചെടിയും.

നെല്ലരി-നെല്ലിനകത്തെ കുരു, അരി.

നെല്ലറ-നെല്ലിടുന്ന പ്രധാനപ്പുരമുറി.

നെല്ലി-ഒരുവക വൃക്ഷം. പര്യായങ്ങൾ-തിഷ്യഫലം, ആമലകി, അമൃതാ, വയസ്ഥാ.

നെല്ലിക്ക പുളിരസമാകയാൽ വാതത്തെ കളയും. മധുരവും ശീതവുമായതുകൊണ്ടു് പിത്തത്തിനു നന്നു്. രൂക്ഷവും കഷായരസവുമാകയാൽ കഫത്തെ ശമിപ്പിക്കും. ഇതുകൊണ്ടു നെല്ലിക്ക ത്രിദോഷശമനമാണെന്നു തെളിയുന്നു. ഇതു രസായനശ്രേഷ്ഠമത്രെ.

നെല്ലിക്കാ-നെല്ലിമരത്തിന്റെ കാ(യ്)

നെല്ലിക്കായെക്കുറിച്ചു മദനപാലൻ ഇങ്ങനെ പറയുന്നു:—

"കടുമധുരകഷായം കിഞ്ചിദമ്ലം കഫഘ്നം രുചികരമതിശീതം ഹന്തി പിത്താസ്രതാപം, ശ്രമവമനവിബന്ധാധ്മാനവിഷ്ടംഭദോഷപ്രശമനമമൃതാഭം ചാമലക്യാഃ ഫലം സ്യാത്". പര്യായങ്ങൾ-ആമലകീ വയസ്ഥാ ച ശ്രീഫലാ ധാത്രികാ തഥാ, അമൃതാ ച ശിവാ ശാന്താ ശീതാമൃതഫലാ തഥാ; ജാതീഫലാ ച ധാത്രേയീ ജ്ഞേയാ ധാത്രീഫലം തഥാ; വൃഷ്യാ വൃത്തഫലാ ചൈവ രോചനീ ച ചതുർദ്ദശ".

നെല്ലിയുടെ കായ് പാലിനോടൊരുമിച്ചു ഭക്ഷിക്കരുതു്. തമി-നെല്ലി. ഇം-Emblicmyrobalan നെല്ലിക്ക അരച്ചു പുറത്തു തേച്ചാൽ ജര നര, ഉഷ്ണം, മേദോരോഗം, വിഷം, ത്രിദോഷകോപം ഇവയൊന്നും ബാധിക്കുകയില്ല. ജീവനത്തെ നീട്ടും. കാന്തിയെ വർദ്ധിപ്പിക്കും.

നെല്ലിക്കാഗന്ധകം- ഗന്ധകക്കല്ലുകൾ പലമാതിരിയുള്ളതിൽ ഒന്നു്.

നെല്ലിക്കോഴി-വയലിലെ ഒരു പക്ഷി.

നെല്ലിട-പു ഒരു നെല്ലിന്റെ കനം. വ. ഒരു നെല്ലു വെപ്പാൻ മാത്രമുള്ള സ്ഥലം.

നെല്ലിത്താളി-ഒരു വൃക്ഷം.

നെല്ലിപ്പടി-നെല്ലിപ്പലക.

നെല്ലിപ്പലക-കിണററിലെ ജലം സ്വാദു നന്നായിരിപ്പാൻ വേണ്ടി നെല്ലിമരത്തിന്റെ പലക ജലത്തിന്റെ ചുവട്ടിൽ ഇടുന്നതു്.

നെല്ലിപ്പുളി-ഒരുമാതിരി ചെറിയവൃക്ഷം. ഇതിന്റെ തടികൊണ്ടു കപ്പികളുടേയും മറ്റും അടപ്പു് ഉണ്ടാക്കുന്നു.

നെല്ലിപ്പൂ-നെല്ലിമരത്തിന്റെ പൂവു്.

നെല്ലിമുള്ളുപൊള്ള - ശാകവർഗ്ഗത്തിൽ ചേർന്ന മൂത്രവിരേചനീയദ്രവ്യം

നെല്ലുകുത്തു്-ഉലക്കകൊണ്ടു് ഇടിച്ചു തൊലിച്ചു നെല്ലിലെ അരിയെടുക്കുക.

നെല്ലുമി - നെല്ലിന്റെ അരി എടുക്കുമ്പോൾ വേർതിരിയുന്ന തൊലി, ഉമി.

നെല്ലുളി - ചിത്രക്കൊത്തുപണിക്ക് ഉപ യോഗിക്കുന്ന ഒരുമാതിരി ഉളി.

നെല്ലോക്ക് - നെന്മണിയുടെ അററത്തു കനംകുറഞ്ഞു നീണ്ടു സൂചിപോലെ നി ല്ക്കുന്ന അരമുള്ള വസ്തു.

നെല്ലോല - നെൽച്ചെടിയുടെ ഓല (ഇല)

നെവി, നിവി, നിവ്യൻ - ഒരു ദീർഘ ദർശി. (അറബിഭാഷ).

നെസ്വത്ത് - ബന്ധം, ശിക്ഷ (അറബി ഭാഷ.)

നെറി - ൧. മു. ൨. സമ്പ്രദായം. ൩. നീ തി. ൪. നേര്. ൫. മാനം, മാനം ഹേ തുവായിട്ടുണ്ടാകുന്ന ലജ്ജ.

'ഒട്ടുപണിപെട്ടു നെറികെട്ടധ ധരിത്രീ,
(ഭാഗവതം ൧൪ വൃത്തം)

൬. നേർവഴി, സന്മാർഗ്ഗം. ൭. ഭംഗി. ൮. നന്മ.

നെറികെട്ട് - ബുദ്ധിമുട്ടി.

നെറികെട്ടവൻ - മാനവും നാണവും ഇ ല്ലാത്തവൻ, ബുദ്ധികെട്ടവൻ.

നെറികേട് - മാനക്കേട്, സ്ഥിരതയി ല്ലായ്മ.

നെറിമികെഴും - അധികം നന്മയുള്ള.

നെറിയെ - അ. നേരെ.

'നെറിയേ ചെയ്തീടുന്നവർ കർമ്മം'
(ഭഗവൽഗീത-മാധവപ്പണിക്കർ)

നെറിവ് - മാനം, മാനം കാരണമായുണ്ടാ കുന്ന ലജ്ജ

നെറുക, നെറുകന്തല - തലയുടെനടുവ്

നെററി - കണ്ണുകളുടെ മുകൾഭാഗം. പര്യാ യങ്ങൾ - ലലാടം, അളികം, ഗോധി.

നെററിക്കുറുനിര - നെററിയുടെ മുകളിൽ നിരന്നു നിരന്നു ഭംഗിയിൽ നില്ക്കുന്ന ചെറിയ തലമുടി.

[നെററിക്കുറുനിര = അളകം, ചൂർണ്ണകു ന്തളം].

നെററിചുളിക്കുന്നു - മനോഭേദംകൊണ്ടു നെററിയിൽ ചുളിവുണ്ടാകുന്നു

നെററിചുളിച്ചൽ - കോപത്തിങ്കലും മ ററും ഭാവഭേദത്തെ തോന്നിപ്പാൻ നെ ററിയിലുണ്ടാക്കുന്ന ചുളിവ്.

നെററിച്ചുളുക്ക് - നെററിമേൽ ഉണ്ടാകു ന്ന ഞൊറിവ്.

നെററിത്തടം - നെററി.

നെററിപ്പട്ടം - നെററിമേൽ കെട്ടുന്ന ഒരു ആഭരണം. പര്യായങ്ങൾ - പത്രപാശ്യം, ലലാടിക.

നെററിപ്പുറം - മേൽപ്പുരയുടെ കുറിയ വശം.

---

## നേ

നേജകൻ - വെളുത്തേടൻ.

നേജനം - കഴുകൽ, വൃത്തിയാക്കൽ.

നേഞ്ഞിൽ - കലപ്പപ്പിടി.

നേടുന്നു - സമ്പാദിക്കുന്നു, ഉണ്ടാക്കിസൂക്ഷി ക്കുന്നു

നേടി - കണ്ടെത്തി. (പ-മ)

നേട്ടം - സമ്പാദിച്ച മുതൽ.

നേതാ - ൧. വെപ്പ്. ൨. നെച്ചി.

നേതാവ് - ൧. നായകൻ, ഉടയക്കാരൻ. ൨. പതിനാറ് ഋത്വിക്കുകളിൽ ഒരാൾ, (ഋത്വിക്കുകളത്രേ യാഗക്രിയ ചെയ്യുന്ന വർ) ൩. പ്രഭുത്വമുള്ളവൻ.

നേതൃ - വി. നയിക്കുന്ന. നടത്തുന്ന, കൊ ണ്ടുപോകുന്ന,

നേതൃത്വം - നയിക്കുന്ന പ്രവൃത്തി. പ്രധാ നത്വം.

നേത്രകനീനിക - കൃഷ്ണമണി, കണ്മണി.

നേത്രഗോചര - വി. കാണ്മാൻ തക്കവ ണ്ണം നില്ക്കുന്ന.

നേത്രചികിത്സകൻ - കണ്ണുവൈദ്യൻ.

നേത്രച്ഛദം - കണ്ണിൻെറ പോള, കൺ പീലി.

നേത്രജം-കണ്ണുനീർ.

നേത്രജലം-കണ്ണുനീർ.

നേത്രദോഷം-൧. കണ്ണിന്റെ കുറ്റം. ൨. കണ്ണിലെ ദീനം.

നേത്രനിമീലനം-കണ്ണടയ്പ്പ്.

നേത്രപഥം-നോട്ടം എത്തുന്ന വഴി, കണ്ണിനു നേക്കുള്ള ദിക്ക്.

നേത്രപിണ്ഡം-പൂച്ച.

നേത്രപുഷ്കരാ-രുദ്രച്ചടം.

നേത്രമലം-കണ്ണിലെ മലം, പീള.

നേത്രമീലാ-കീരിവള്ളി.

നേത്രം-൧ കണ്ണ്. ൨. പട്ടുശീല, വസ്ത്രം. ൩. വൃക്ഷത്തിന്റെ (വീട്ട) വേർ. ൪ രഥം, വണ്ടി ൫. രണ്ട് എന്ന സംഖ്യ. നേത്രം = നയിക്കുന്നത് എന്നർത്ഥം.

നേത്രയോനി-൧. ദേവേന്ദ്രൻ ൨. ചന്ദ്രൻ.

ഇന്ദ്രന് നേത്രയോനി എന്ന പേരുണ്ടാവാൻ കാരണം ഗൌതമന്റെ ശാപമാണ്.

നേത്രരഞ്ജനം-അഞ്ജനം, മഷി.

നേത്രരോഗി-കണ്ണിനു രോഗം പിടിപെട്ടവൻ.

നേത്രരോഗം-കണ്ണിലുണ്ടാകുന്ന രോഗം.

നേത്രവസ്ത്രം-കൺപോള.

നേത്രവാരി-കണ്ണുനീർ.

നേത്രസംജ്ഞ-പറയുന്നതിനു പകരം കണ്ണുകൊണ്ടു കാണിക്കുക.

നേത്രസാഫല്യം-കണ്ണിനുള്ള സംതൃപ്തി

നേത്രാന്തം-കണ്ണിന്റെ അറ്റം, കടക്കണ്ണ്.

നേത്രാന്തസംജ്ഞ-പറയുന്നതിനു പകരം കണ്ണുകൊണ്ടു കാണിക്കുക.

നേത്രാഭിഷ്യന്ദം-ഒരുവക നേത്രരോഗം

നേത്രാംബു-കണ്ണുനീർ. (നേത്രം=കണ്ണ്. അംബു=ജലം)

നേത്രാംബുജം-കണ്ണ്, കണ്ണാകുന്ന താമരപ്പൂവ്, താമരപ്പൂപോലെയുള്ള കണ്ണ്

നേത്രാംഭസ്സ്-കണ്ണുനീർ

നേത്രാരി-ചതുരക്കള്ളി

നേത്രി-൧. നായിക. ൨. ലക്ഷ്മി. ൩. നദി. ൪. മർമ്മം, ജീവസ്ഥാനം.

നേത്രികം-൧. തവി. ൨. ഊത്തുകുഴൽ.

നേത്രേന്ദ്രിയം-കണ്ണ്. കണ്ണിനു കാഴ്ച നല്കുന്ന ഇന്ദ്രിയം. ഇന്ദ്രിയങ്ങൾ അദൃശ്യങ്ങളാണ്. അവ സ്ഥിതിചെയ്യുന്ന അവയവങ്ങളെയാണ് നാം കാണുന്നത്.

നേത്രോന്മീലനം-കണ്ണുമിഴിക്കുക.

നേത്രോല്പലം- കരിങ്കുവളപ്പൂപോലെയുള്ള കണ്ണ്, ഭംഗിയുള്ള കണ്ണ്.

നേത്ര്യം-തേററാമ്പരൻ.

നേദിഷ്ഠ-വി. ഏററവും അടുത്ത, അടുത്തു കൊണ്ടു വരപ്പെട്ട

നേദിഷ്ഠം-ഏററവും അടുത്തത്. അത്യന്തം അന്തികം എന്നർത്ഥം. അത്യന്തസമീപം. അടുത്തുകൊണ്ടു വരപ്പെട്ടത്

നേന്ത്രക്കാ-ഒരുമാതിരി വാഴയുടെ കായ്, ഏത്തക്കാ.

ബലത്തെ ഉണ്ടാക്കും. ഗുരുവാണ്. ദോഷഹരവും സരവുമാകുന്നു.

നേന്ത്രവാഴ—ഏത്തവാഴ. (സം-മഹാമോചാ).

നേപഥ്യം-൧. ആഭരണം. ൨. വസ്ത്രമാല്യാദികളെക്കൊണ്ടുള്ള അലങ്കാരം. ൩. അലങ്കാരജനിതമായ ശോഭ. നേത്രങ്ങൾക്കു പഥ്യം (കാണ്മാൻ ഭംഗിയുള്ളതു്) എന്നർത്ഥം. നൈപഥ്യം എന്ന പാഠവും കാണുന്നു. ൪. വേഷംകെട്ടുന്ന സ്ഥലം, അണിയറ.

നേപഥ്യവിധാനം - അണിയറയിലെ ഒരുക്കങ്ങൾ.

**നേപൻ**-കലശത.

**നേപം**-ജലം.

**നേപാലജാ, നേപാലജാതാ**-മനയോല. നേപാളരാജ്യത്ത് ഉണ്ടായത് എന്നു വ്യുൽപ്പത്തി.

**നേപാലി**-൧. മനയോല. ൨. തുശിമുല്ല.

**നേപാളം**-൧. ഹിമവാന്റെ തെക്കുവശത്തുള്ള ഒരു രാജ്യം. ൨. ചെമ്പ്.

**നേപാളകം**-ചെമ്പ്.

**നേപാളമൂലകം**-മുള്ളങ്കിക്കിഴങ്ങ്.

**നേമം**-൧. സമയം, കാലം. ൨. നിയമം, നടപടി, പതിവ്. ൩. അതിര്. ൪. തിരുവിതാംകൂറിൽ നെയ്യാററിൻകര താലൂക്കിലെ ഒരു പകുതി. ൫. ഭിത്തിയുടെ അസ്ഥിവാരം. ൬. വേലി, ചുററിയടപ്പ്. ൭. വഞ്ചന, ചതി. ൮. വൈകുന്നേരം. ൯. കിടങ്ങ്, ദ്വാരം. ൧൦. വേർ. ൧൧. നൃത്തം. ൧൨. മുകൾഭാഗം.

**നേമവെടി**-സമയത്തിനുള്ള വെടി, നിയമവെടി.

**നേമി, നേമീ**-൧. തേരുരുൾ, വണ്ടിച്ചക്രം, രഥചക്രം.

'മാതലേ! ജലശീകരാർദ്രിത-
നേമിയാംഭവതോരഥഃ'

(ശാകുന്തളം)

൨. തേർവണ്ടിയുടെ വിളുമ്പ്. ൩. നെല്ലിപ്പലക. ൪. തുടി, കിണററിൽനിന്നും വെള്ളം കോരുന്നതിനുള്ള യന്ത്രം. മററു പര്യായം-ത്രികാ. ൫. തൊട്ടുകംര. ൬. വാക്ക്. ൭. ഭൂമി. ൮. ചുററളവ്. ൯. തിരിക്കുന്ന യന്ത്രം. ൧൦. ഇടിവാൾ.

**നേമിക്കുന്നു**-നിയമിക്കുന്നു, നിശ്ചയിക്കുന്നു.

**നേമ്പുക**-നാവുക, ചേറുക (നെല്ലു പാറുക.)

**നേയാത്ഥം**-കാവ്യത്തിൽ പദദോഷങ്ങളിൽ ഒന്ന്. അത്ഥം ശ്രവണമാത്രത്താൽ സ്പഷ്ടമാകാതെ ലക്ഷണംകൊണ്ടും മററും ഊഹിച്ചെടുക്കേണ്ടതായി വരുന്നത്. 'കരണക്കററി തകർത്തിടാതെനാരുങ്ങുക=ജയിക്ക'.

**നേരത്ത്**-അ. ൧. സമയത്ത്. ൨. ഉച്ചയ്ക്കു മുമ്പിൽ. ൩. സൂര്യൻ ഉദിച്ച സമയത്ത്, പ്രഭാതകാലത്ത്.

**നേരത്തെ**-അ. ൧. ക്ലപ്തസമയത്തിനു അല്പം മുമ്പേ. ൨. ഉച്ചയ്ക്കു മുമ്പേ. ൩. കാലത്തെ വെളിച്ചമായ ഉടനെ.

**നേരം**-സമയം.

**നേരങ്കം**-നേർക്കുനേരെ നിന്നുള്ള യുദ്ധം (ശബ്ദ).

**നേരമ്പോക്ക്**-൧. സന്തോഷമായിട്ടു സമയം പോക്കുന്നതിനുള്ള പാട്ടോ കളിയോ മററും. ൨. കളിക്കളിവചനം. ൩. കേൾക്കയോ കാണുകയോ ചെയ്യുമ്പോൾ ചിരി വന്നുപോകുന്ന കാര്യം.

**നേരലർ**-ശത്രുക്കൾ.

**നേരസ്ഥൻ**-നേരുള്ളവൻ.

**നേരാകുന്നു**-൧. പരമാത്ഥം തെളിയുന്നു. ൨. നേരെയാകുന്നു. (സ. ക്രി.) നേരാക്കുന്നു.

**നേരാംവണ്ണം**-അ. നല്ലപോലെ, വേണ്ടുംപ്രകാരം, മര്യാദപ്രകാരം.

**നേരായവർ**-തുല്യതയുള്ളവർ.

**നേരിടയാൾ**-നേത്ത (ഒതുങ്ങിയ) ഇട (അര) ഉള്ളവൾ, സുന്ദരി.

**നേരിടുന്നു**-നേരെ ചെല്ലുന്നു, എതിർക്കുന്നു, തടുക്കുന്നു.

നേരിട്ടെതിർക്കുന്നവൻ=അഭ്യമിത്രൻ, അഭ്യമിത്രീയൻ, അഭ്യമിത്രീണൻ.

**നേരിയ**-വി. കനംകുറഞ്ഞ, നേർമ്മയുള്ള, കട്ടിയില്ലാത്ത.

**നേരിയത്ത്**-൧. കട്ടികുറഞ്ഞൊരുമാതിരി മുണ്ട്. ൨. തോളിൽ ഇടുന്ന നേത്ത

വസ്ത്രം. ന. നേത്തു്. (നേയ്ത്തു എന്നു പറയുന്നതും എഴുതുന്നതും തെററാണു്).

നേരു്-ഛ. സത്യം വ. വളവില്ലായ്ക, ചൊവ്വ്. ന. പരമാത്ഥം.

നേരുകാരൻ-സത്യമുള്ളവൻ, നേരസ്ഥൻ.

നേരുകേടു്-നേരില്ലായ്ക, അസത്യം.

നേരുന്നു-ഛ പ്രാത്ഥിക്കുന്നു. വ ക്ഷേത്രങ്ങളിലു മററും വല്ലതും വഴിപാടായി കൊടുക്കാമെന്നു തീച്ചയായിട്ടു പറയുന്നു

നേരൊത്തുക-തുല്യമാവുക.

നേരേ-അ ഛ വഴിപോലെ വ. പ്രത്യക്ഷമായിട്ടു്. ന. സംശയംകൂടാതെ ര ചാഞ്ഞുപോകാതെ, വളവില്ലാതെ, ചതിവുകൂടാതെ, കോട്ടം വരാതെ. ഉ. നേരിട്ടു്. ന്യ. മദ്ധ്യമായിട്ടു്

നേരജ്യേഷ്ഠൻ-ഒരമ്മയിൽ നിന്നുണ്ടായ മൂത്ത സഹോദരൻ.

നേരേമറിച്ചു-അ. പറഞ്ഞതിനോ കല്പിച്ചതിനോ വിപരീതമായിട്ടു്.

നേരനുജൻ-അടുത്ത ഇളയ സഹോദരൻ.

നേരേവിരോധം—പ്രത്യക്ഷമായ വിരോധം.

നേരൊത്ത-വി. ഛ. നേരായ വ. തുല്യമായ.

നേർ-'പോലെ' എന്നുള്ള അത്ഥത്തിൽ പദങ്ങളിൽ ചേത്തു പ്രയോഗിക്കുന്നു. ഉ-ം മധുനേർവാണി (മധുവിനോടുപോലെയുള്ള വാക്ക).

നേർ-ഛ. ഒപ്പം, തുല്യം. വ. സത്യം ന ചൊവ്വ്.

നേർകാന-വീടു പണിയുന്നതിൽ കഴുക്കോൽ ചായാതെ ഇറക്കുന്ന മരത്തിരിപണി.

നേർക്കാററു്-നേരെ വരുന്ന കാററു്, എതിരുള്ള കാററു്.

നേർക്കുനേരെ-അ. ഒന്നിനു നേരെ നോക്കി മറെറാന്നു.

നേർക്കുന്നു-ഛ. എതിക്കുന്നു നേരെ വരുന്നു. വ. നേരിട്ടു തടുക്കുന്നു. ന. കനം കുറയുന്നു. ര. കുറഞ്ഞൊന്നു അടക്കം വരുന്നു. ഉ. കൊഴുപ്പുപാറയുന്നു. ന്യ. പൊടിഞ്ഞും മററും തരിക്കൂടാതെയാകുന്നു. (സ ക്രി.) നേപ്പിക്കുന്നു.

നേച്ച-വഴിപാടു്, ക്ഷേത്രത്തിലും മററും കൊടുപ്പാൻ നിശ്ചയിച്ചിരിക്കുന്നതു്.

നേച്ചക്കാരൻ — നേച്ചകഴിക്കുന്നവൻ, നേന്നവൻ

നേത്ത-വി. ഛ. കനം കുറഞ്ഞ, വ. നേമയുള്ള. ന. എതിത്ത ര. തരിയില്ലാതെ പൊടിഞ്ഞ.

നേർപടം-കനം കുറവുള്ള വസ്ത്രം, നേമയുള്ള വസ്ത്രം.

നേർപലിശ-ക്രമപ്രകാരമുള്ള പലിശ.

നേർപാട്ടച്ചീട്ടു്-നിലം പുരയിടം മുതലായതു് കുടിയാനവന്മാരെ പാട്ടത്തിനേല്പിക്കുന്ന സമയം എഴുതിക്കൊടുക്കുന്ന ആധാരം

നേർപാട്ടം-പുരയിടത്തിൻെറയും മററും ക്രമമായ കരം, കണ്ടപാട്ടം

നേർപാട്ടയോല-നേർപാട്ടച്ചീട്ടു്.

നേർപാതി-ഒരുപോലെ രണ്ടായി പകുത്തതു്.

നേർപ്പെടുന്നു-ഛ. നേരിടുന്നു. വ. ജന്മിയോടു നേരെ ആധാരം എഴുതിപ്പിടിക്കുന്നു.

നേപ്പു്-ഛ. നേക്കുക വ. നേമ, മിനുസം ന വെള്ളമാകം.

നേമ്മ-ഛ. കട്ടിയില്ലായ്ക വ. മാർദ്ദവം.

നേമ്മിക്കുന്നു-മാർദ്ദവം വരുത്തുന്നു. നന്നായി പൊടിക്കുന്നു.

(നേപ്പിക്കുന്നു എന്നതിലും നന്നു ഈ രൂപമാണു്)

നേവ്വട്ടം-ഒന്നിനു പത്തുവീതമുള്ള വിളവു്

**നേർവ്വഴി**-നാ. നേരെയുള്ള വഴി. ല. നന്നായി നടപ്പാനുള്ള ഒരു ക്രമം. ന. വ്യാജമില്ലാത്ത ഒരു ഉപദേശം.

**നേർവ്വാട്ട്**-പൊളിച്ചെഴുത്ത്.

**നേർവ്വാതൽ**-മുൻവശത്തെ വാതൽ. നേർവാതിൽ > < കിളിവാതിൽ.

**നേർവ്വാദം**-നേരിട്ടുള്ള സംഭാഷണം (തർക്കം)

**നേർവ്വാളം**-നാ. ഒരു ചെടി, നഞ്ച്. നഞ്ചൻ കുരു.

കഫം, പിത്തം മഹോദരം, കൃമി ഇവയ്ക്കു നന്ന്. വിരേചനത്തെയും ഛർദ്ദിയെയും ഉണ്ടാക്കും. ഒരു വിരേചനീയദ്രവ്യമാകുന്നു. ഇതു ഭക്ഷിച്ചാലുണ്ടാകുന്ന വികാരത്തിൽ കൊത്തമ്പാലരി പൊടിച്ചു മോരിൽ കലക്കി പഞ്ചസാരയും ചേർത്തു സേവിക്കുക. സം-ജയപാലം ത-നേർവാളക്കൊട്ടൈ ഇം-Croten plant ക്രോടൻപ്ലാൻറ്.

**നേർവ്വാഴം**-വളവില്ലാത്തതായ വാഴം

**നേർവ്വീ**-ഒരുവൻ മറെറാരുവൻെറ പറമ്പിൽ വൃക്ഷം വെയ്ക്കുകയും മറവും ചെയ്താൽ ഭേദിച്ചുവന്നു കൊടുക്കുന്ന അനുഭവം.

**നേർവ്വിടുക**-നാ. ഉടമ്പടി വേർപിരിക്കുക ല. നേരെചെല്ലുക.

**നേർവ്വില**-നേരെ കാണുന്ന വില.

**നേശൻ**-സ്നേഹിതൻ.

**നേഷ്ടാവ്**-പതിനാറു ഋത്വിക്കുകളിൽ ഒരാൾ.

**നേററി**-നാ. തഴക്കം, പതിവ്. ല. ഭാവ

---

## നൈ

**നൈകടീക**-വി. സമീപമുള്ള

**നൈകടികൻ**-ഭിക്ഷു

**നൈകധാ**-അ. നാനാപ്രകാരം.

**നൈകൻ**-വിഷ്ണു.

**നൈകഭേദ** വി. പലവിധമായുള്ള.

**നൈകഭേദം**-അനേകപ്രകാരം. ഏകഭേദമല്ലാത്തതു് (അനേകഭേദങ്ങളുള്ളതു്) എന്നർത്ഥം മറെറാരു പര്യായം ഉച്ചാവചം.

**നൈകഷേയർ**-രാവണൻെറ മാതാവായ നികഷയിൽ നിന്നുത്ഭവിച്ച മാംസഭോജികളായ പിശാചുക്കൾ, രാക്ഷസർ.

**നൈകൃതിക**-വി. നാ. കളവുള്ള, നേരുകേടുള്ള. ല. ദുഷ്ടതയുള്ള.

**നൈഗമൻ**-നാ. കച്ചവടക്കാരൻ. ല. നഗരവാസി, പട്ടണത്തിൽ പാർക്കുന്നവൻ. നിഗമത്തിൽ ഭവിച്ചവൻ. കച്ചവടശാസ്ത്രപ്രകാരം കച്ചവടം കൊണ്ടു നടക്കുന്നവൻ എന്നർത്ഥം.

നഗരത്തിൽ പാർക്കുന്നതു് ഒരു ബ്രാഹ്മണനാണെങ്കിൽ ആദരസൂചകമായി 'നൈഗമൻ' എന്നു പ്രയോഗിച്ചുകൂടാ. അതുകൊണ്ടു് ബ്രാഹ്മണേതരനായ നഗരവാസി എന്നേ ഇതിന്നർത്ഥം പറയാവു എന്നു് അഭിപ്രായം കാണുന്നു.

**നൈഗമം**-നാ. നടത്തുക. ല. വഴി.

**നൈച**-നീചനെ സംബന്ധിച്ചതു്.

**നൈചികം**-കാളത്തല.

**നൈചികി**-ലക്ഷണമുള്ള പശു, നല്ല പശു. പതുക്കെ സഞ്ചരിക്കുന്നവൾ എന്നർത്ഥം. പ്രശസ്തമായ കണ്ണു ശിരോഭാഗത്തോടു കൂടിയവൾ എന്നുമാവാം.

**നൈച്യം**-നീചത്വം.

**നൈജ**-വി. ഒരുവൻെറ സ്വന്തമായ, തന്നെ സംബന്ധിച്ച.

**നൈതൽപുഷ്പം**-നൈതൽ പൂവ്, നെയ്തൽ, പര്യായങ്ങൾ ഉൽപലം, കുവലയം.

ഇവ രണ്ടും ചെങ്ങഴിനീർപ്പൂവെന്നു ചിലർ പറയുന്നു. താമര, ആമ്പൽ, മുതലായതിന്റെ സാമാന്യമായ പേരാണെന്നു മറ്റൊരഭിപ്രായം. ഇന്ദീവരമെന്നും അഭിപ്രായം ഇല്ലെന്നില്ല.

‘നൈതൽപ്പൂവിൻദള മൃദുതരൈര-
ങ്കുരിക്കും നവാഗ്രൈഃ’
(ഉണ്ണുനീലിസന്ദേശം)

**നൈത്തിയാർ**-കൊച്ചിയിൽ രാജാവിന്റെ ഭാര്യക്കു പറയുന്ന ഒരു പേർ.

**നൈത്രികാമ്ലം**-പാക്യജനകവും അമ്ലജനകവും കൊണ്ടുണ്ടാകുന്ന ഒരു ദ്രാവകം (Nitric Acid.)

**നൈദാഘം**-ഗ്രീഷ്മകാലം. നിദാഘത്തെ (വേനലിനെ) സംബന്ധിച്ചത് എന്നർത്ഥം.

**നൈപാലി**-തൂശിമുല്ല.

**നൈപാല(ള)ം**-വെണ്ണീററക്കരിമ്പ്.

**നൈപാലം**-പു. ചെമ്പ്. വ. ഉത്തരകിരിയാത്ത്.

**നൈപാള, നേപാള**-നേപാളരാജ്യത്തുണ്ടായ.

**നൈപാളി**-പു. പിച്ചകം. വ. ചെമന്തി. ന. അമരി. ര. മനയോല. നേപാളരാജ്യത്തിലുണ്ടാകുന്നത് എന്നർത്ഥം. ഇ. അരത്ത. ന്യ തൂശിമുല്ല.

**നൈപുണ്യം, നൈപുണം**-പു. സാമർത്ഥ്യം, നിപുണത, മിടുക്ക്. വ. സംപൂർത്തി, തികവ്. ന. തിട്ടം.

**നൈപ്പാവൽ**-ഒരു ഫലശാകം. അഗ്നിയെ വർദ്ധിപ്പിക്കും. അത്യന്തം രുചികരമാണ്. രക്തദോഷത്തെയും വാതകോപത്തെയും ഉണ്ടാക്കും.

**നൈമന്ത്രണകം**-വിരുന്ന്, സദ്യ.

**നൈമയൻ**-കച്ചവടക്കാരൻ.

**നൈമാലി**-കസ്തൂരി.

**നൈമിത്തിക**-വി. കാരണംകൊണ്ടുണ്ടാകുന്ന.

**നൈമിത്തികൻ**-ജ്യോതിഷക്കാരൻ.

**നൈമിത്തികപ്രളയം**-ബ്രഹ്മാവിന്റെ ഒരു പകൽ കഴിയുമ്പോൾ അതുവരെ സൃഷ്ടിച്ചിട്ടുള്ളതെല്ലാം നശിക്കുന്നതിനു പറയുന്ന പേർ.

**നൈമിത്തികം**-കാരണത്താൽ ഉണ്ടാകുന്നത്, കാരണം സംബന്ധിച്ചത്.

**നൈമിശം, നൈമിഷം**-ഒരു വനം.

ഈ വനത്തിൽവച്ചാണ് ഉഗ്രശ്രവസ്സ് എന്ന സൂതൻ ഋഷികൾക്കു മഹാഭാരതം ഉപദേശിച്ചത്. ഇതു ഗോമതീതീരത്തിലാകുന്നു.

**നൈമിശാരണ്യം**-നൈമിശവനം.

[ശൌനകാദിമഹർഷിമാരുടെ വാസസ്ഥലം]

**നൈമേയം**-ഒന്നുകൊടുത്തു മറ്റൊന്നു വാങ്ങുക. (വൈമേയം എന്നും പാഠം കാണുന്നു).

**നൈയഗ്രോധം**-പേരാൽക്കുരു.

**നൈയായികൻ**-ന്യായശാസ്ത്രത്തെ അറിയുന്നവൻ. മറ്റൊരുപര്യായം-അക്ഷപാദൻ.

**നൈരന്തര്യം**-അന്തരമില്ലായ്ക, ഇടതിങ്ങൽ, ഇടവിടാതെ ഉണ്ടായിക്കൊണ്ടിരിക്കുന്ന സ്ഥിതി.

**നൈരം**-പു. വെള്ളം. വ. കരിമ്പായൽ.

**നൈരയികൻ**-നരകത്തിൽ കിടക്കുന്നവൻ.

**നൈരാശ്യക്കാരൻ**-ആശയില്ലാത്ത സ്വഭാവക്കാരൻ.

**നൈരാശ്യം**-ആശയില്ലായ്ക, ആഗ്രഹമില്ലായ്കയാൽ ഒരു നിശ്ചയമായുള്ള ഭാവം.

'ആധിവ്യാധികളെല്ലാം ശമനമതുഭവി-
ക്കാഞ്ഞു നൈരാശ്യമോടെ'
(ഭക്ഷാകമാരസംഭവം)

**നൈരുജ്യം** - സൌഖ്യം. രുജ (ദുഃഖം, രോഗം) ഇല്ലാത്ത സ്ഥിതി എന്നർത്ഥം.

**നൈരൃത**-വി. നിരൃതിയെ സംബന്ധിച്ച

**നൈരൃതൻ**-(നിരൃതിവംശജനായ) രാക്ഷസൻ.

**നൈരൃതി**-ഫ. തെക്കുപടിഞ്ഞാറേക്കോണ്. ൨. നരകദേവത, ജ്യേഷ്ഠാഭഗവതി, അഭാഗ്യം.

**നൈർഗ്ഗുണ്യം**-നിർഗ്ഗുണത, ഗുണമില്ലായ്മ

**നൈർഘൃണ്യം**-ദയയില്ലായ്മ, ക്രൂരത.

**നൈർദ്ദേശികൻ**-ഭൃത്യൻ.

**നൈർദ്ധന്യം**-നിർദ്ധനത, ധനമില്ലാത്ത സ്ഥിതി.

**നൈർമ്മല്യം**-ഫ. നിർമ്മലത, മലമില്ലായ്മ, സ്വച്ഛത, തെളിവ്. ൨. ദോഷമില്ലായ്മ, പാപമില്ലായ്മ.

**നൈവമേയഗ്രഹം**-ഒരു രോഗം.

ഛർദ്ദി, വിറയൽ, തൊണ്ടയും വായും ഉണങ്ങുക, പല്ലുകടി, കീഴ്ഘം മേലുമുള്ള നോട്ടം, ദുർഗ്ഗന്ധം ഇത്യാദിയത്രെ ലക്ഷണം.

**നൈവര** - കെട്ടിടം പുത്തനായുണ്ടാക്കുമ്പോൾ ദൃഷ്ടിദോഷം ഉണ്ടാകാതെയിരിപ്പാൻ കരങ്ങിന്റെയും ശത്രുക്കളുടെയും രൂപമുണ്ടാക്കി വെക്കുക (നൈവാരം)

**നൈവല**-ചില നാല്ക്കാലിമൃഗങ്ങളുടേയും മററും ഉള്ളിൽ നെയ് ഇരിക്കുന്നതായി പാടപോലെയിരിക്കുന്ന വസ്തു, ചവ്വ്.

**നൈവിലാമ്പൽ**-ഒരുവക ചെറിയ ആമ്പൽ.

**നൈവേദ്യം**-ദേവന്മാൎക്ക നിവേദിക്കുന്ന തിന്നുള്ള ചോറും പഴവും മററും.

**നൈശ**-വി. നിശയെ (രാത്രിയെ) സംബന്ധിച്ച, രാത്രിയോടു ചേൎന്ന.

**നൈഷധ**-വി. നിഷധനെ സംബന്ധിച്ച. നിഷധം എന്ന രാജ്യത്തെ സംബന്ധിച്ച.

**നൈഷധകം**-യവക്കച്ചുനെല്ല്.

**നൈഷധൻ**-നിഷധരാജ്യത്തെ രാജാവ്, നളൻ.

**നൈഷധം**-ഒരു കാവ്യം. ശ്രീഹർഷൻ ഉണ്ടാക്കിയതു് (നളചരിതം).

**നൈഷാദൻ** - നിഷാദജാതിയിൽ പെട്ടവൻ, ചണ്ഡാലൻ, കാട്ടാളൻ.

**നൈഷ്ഠിക**-വി. വിലയ്ക്കു വാങ്ങപ്പെട്ട.

**നൈഷ്കികൻ** - കമ്മട്ടവിചാരക്കാരൻ, വെള്ളിമുതലായതിരിക്കുന്ന ഭണ്ഡാരത്തിലെ അധികൃതൻ. നിഷ്കത്തിൽ (സ്വൎണ്ണത്തിൽ) അധികൃതൻ എന്നർത്ഥം.

**നൈഷ്ഠിക**-വി. ഫ. നിഷ്ഠയെ സംബന്ധിച്ച. ൨. വ്രതങ്ങളിലും മററും സ്ഥിരതയുള്ള. ൩. നിശ്ചയമുള്ള. ൪. അവസാനത്തിലുള്ള.

**നൈഷ്ഠികൻ**-ഗുരുഭൂതനോടുകൂടി നടന്നു വേദം പഠിക്കുന്ന ഒരു ബ്രാഹ്മണൻ.

**നൈഷ്ഠുര്യം**-നിഷ്ഠുരത, കഠിനത.

**നൈസൎഗ്ഗിക**-വി. സ്വാഭാവികമായതു്, സാധാരണമായി ഉള്ളതു്.

**നൈസാം** - മഹമ്മദീയ രാജാക്കന്മാരുടെ സ്ഥാനപ്പേർ. ഉ-ം ഹൈദരാബാദിലെ നൈസാം മുകിലചക്രവൎത്തിമാരുടെ കാലത്തു് അവരുടെ രാജപ്രതിനിധി എന്നർത്ഥമുള്ള ഈ പേരിനെ ഹൈദരാബാദിലെ മഹമ്മദീയ രാജാവിനു് അവർ നല്കിയതാണ്.

**നൈസ്ത്രിംശികൻ**-വാൾ എടുത്തവൻ, ഖഡ്ഗം ആയുധമായിട്ടുള്ളവൻ. (നിസ്ത്രിംശം = വാൾ)

## നൊ

**നൊക്കുന്നു**-ഞെരുങ്ങി മറുപുറം കടക്കുന്നു.

**നൊങ്ക്, ഞൊങ്ക്**-കിളിച്ച തേങ്ങയുടെ ഉള്ളിൽ നിറഞ്ഞുകാണുന്ന മാർദ്ദവമുള്ള വസ്തു (കുരുപ്പ്).

**നൊങ്ങണംപുല്ല്**-ഒരുവക പുല്ല്.

**നൊച്ചൻ**-ഒരുവക എലി.

**നൊച്ചി**-ഒരു മരുന്നു ചെടി.

നൊച്ചി കഫം, ശൂലം, വീക്കം, ജ്വരം, വ്രണം, ക്ഷയം മുതലായവയ്ക്കു നന്ന്. കണ്ണിനു നന്നാണ്. ഒരു ജ്വരഘ്ന ദ്രവ്യമാണ്. ത-നൊച്ചിലു. കരിനൊച്ചി, വെള്ളനൊച്ചി ഇങ്ങിനെ രണ്ടു തരമുണ്ട്.

**നൊച്ചെലി**-ഒരുവക എലി. പര്യായങ്ങൾ-ചുചുന്ദരീ, ഗന്ധമൂഷീ.

**നൊടി, ഞൊടി**-കൈയുടെ പെരുവിരലും നടുവിരലും കൂട്ടിയുണ്ടാകുന്ന ശബ്ദം.

**നൊടിക്കുന്നു, ഞൊടിക്കുന്നു**-കൈയുടെ പെരുവിരലും നടുവിരലും കൂട്ടി ശബ്ദിപ്പിക്കുന്നു.

**നൊടിഞ്ഞാനിയം** — ചാടുവചനം. (പ. മ. )

**നൊടിപ്പ്, ഞൊടിപ്പ്**-നൊടി.

**നൊടിയളവ്**-ഒരു നൊടിയുടെ സമയം.

**നൊടിയിട**-ഒരു നൊടിയുടെ സമയം.

**നൊട്ട്, ഞൊട്ട്**-കൈകാലുകളുടെ സന്ധിയിൽനിന്നുള്ള ശബ്ദം.

**നൊട്ടങ്ങാ**-ഒരുവക ചെടി.

**നൊട്ടൽ**-പ്രവൃത്തി.

**നൊട്ടാനൊടിയൻ**-ഒരു ചെറു ചെടി

**നൊട്ടുന്നു, ഞൊട്ടുന്നു** ചെയ്യുന്നു.

**നൊണ്ടൽ**-മുടന്തൽ.

**നൊണ്ടി**-മുടന്തി നടക്കുന്നവൻ.

**നൊണ്ടിനാടകം**-പാണ്ടികളുടെ ഒരു കഥപ്പാട്ട്.

**നൊണ്ടുന്നു**-മുടന്തി നടക്കുന്നു, ഭംഗികൂടാതെ നടക്കുന്നു.

**നൊണ്ണ്**-പ്ര. കുട്ടികളുടെ പല്ലു മുളയ്ക്കേണ്ടും ഇടം, തൊണ്ണ്. വ. വയസ്സന്മാരുടെ പല്ലുപോയ ഇടം.

**നൊണ്ണൻ, നൊണ്ണി**-പല്ലില്ലാത്തവൻ. (സ്ത്രീ-നൊണ്ണിച്ചി).

**നൊത്തുന്നു**-തുളയിൽക്കൂടെയോ തുളഞ്ഞോ മറുപുറത്തു കടക്കുന്നു.

**നൊമ്പരം, നൊമ്പലം**-പ്ര, വേദന. വ. ദുഃഖം.

**നൊമ്മരം**-നേരം, നമ്മരം.

**നൊയ്യൻ**-ബലഹീനൻ.

**നൊയ്യവർ**-നിസ്സാരന്മാർ.

**നൊള്ളാപ്പ്**-ഉപദ്രവം, ശല്യം. (പ. മ )

## നോ

**നോ**-അര. ഇല്ല, അല്ല.

**നോക്ക്**-കാഴ്ച. വ. കണ്ണ്. ന. നോട്ടം.

**നോക്കം**-പ്ര. നോക്കുക, സൂക്ഷിക്കുക. വ. ഭംഗി. ന. കണ്ണ്.

**നോക്കൽ**-നോട്ടം, നോക്ക്.

**നോക്കുന്നു**-പ്ര. എന്തെങ്കിലും കാണ്മാൻ നേരെ കണ്ണുറക്കുന്നു. വ. അന്വേഷിക്കുന്നു, സൂക്ഷിക്കുന്നു.

**നോക്കുമരം**-പ്ര. അടയാളം എഴുതി തൂക്കിയിരിക്കുന്ന തൂണ്. വ. കയറി കഴൽ കണ്ണാടി വച്ചു നോക്കുന്നതിനു നാട്ടിയ മരം.

**നോക്കുവിദ്യ**-ഒരുമാതിരി ചെപ്പടിവിദ്യ.

**നോങ്ങൽ**-ഒരുവക മത്സ്യം.

**നോചേൽ**-അ, അല്ലെങ്കിൽ.

നോട്ടുന്നു-കൈവിരൽ മടക്കി തലയിൽ തട്ടി വേദനപ്പെടുത്തുന്നു.

നോട്ടക്കഴിപ്പ്-നോക്കിത്തള്ളപ്പെട്ടത്.

നോട്ടക്കാരൻ-ഥ. പണം നോക്കുന്നതിനും മററും വശമുള്ളവൻ. വ. നോക്കുന്നവൻ.

നോട്ടക്കുറവ്-ഥ. വിചാരക്കുറവ്. വ. നോക്കിയതിന്റെ തെററ്.

നോട്ടം-ഥ കാഴ്ച. വ. നോക്ക്. ന. പണം നോക്കുകയും മററും.

നോട്ടമുള്ളവൻ-ഥ. പണംനോട്ടം, മഷിനോട്ടം മുതലായവയിൽ ശീലമുള്ളവൻ വ. ബുദ്ധി വിസ്താരമുള്ളവൻ.

നോട്ടീസ്-തെരിയപ്പെടുത്തൽ. (ഇംഗ്ലീഷ്ഭാഷ).

നോണ്ടൽ, ഞോണ്ടൽ-നോടുക, കിഴിക്കുക, പിച്ചുക.

നോണ്ടുന്നു, ഞോണ്ടുന്നു- കിഴുക്കുന്നു, നുള്ളുന്നു, നോടുന്നു.

നോനാമരം-ഒരു വൃക്ഷം.

നോദനം-ഥ തുരത്തൽ. വ, പിളപ്പ്. ന. ധ്വംസനം ദ. ഛേദനം. ഉ. പ്രേരണം.

നോദം-പ്രേരണം.

നോമ്പ്-ഏകാദശിവ്രതം മുതലായ ഉപവാസം.

നോമ്പുകാരൻ-നോമ്പുള്ളവൻ.

നോം-ഥ. ഞാൻ. (ബെല്ലു- [illegible]). വ. നാം, നമ്മൾ.

നോല്ക്കുന്നു-വ്രതം [illegible], കാത്തിരിക്കുന്നു, ഉപവസിച്ചിരിക്കുന്നു. (കാ. ക്രി. നോല്പിക്കുന്നു).

'തിങ്കളിൽ രണ്ടു പ്രദോഷംവരുമതു
നിങ്ങടെ മക്കളെ നോല്പിക്കേണം'
(പ്രദോഷമാഹാത്മ്യം തുള്ളൽ)

നോയ് ദുഃഖം. (പഴയ മലയാളമാണ്).

'നോയകലവേ തെളിഞ്ഞു'
(ഭഗവൽഗീത-മാധവപ്പണിക്കർ)

നോവൽ-ആഖ്യായിക.

നോവൽ-കഥാഗുംഫനത്തിലും പാത്രസൃഷ്ടിയിലും സംഭാവ്യതാഗുണവും അനുഭവരസവും വരുത്തീട്ടുള്ള സംഭാഷണങ്ങളാലും സന്ദർഭങ്ങളാലും വർണ്ണനകളാലും ലോകതത്വങ്ങളുടെ യഥാർത്ഥസ്ഥിതിയെ സരസമാംവണ്ണം ഹൃദയംഗമമാക്കികൊടുക്കുകയാണ പ്രധാനം. യഥാർത്ഥത്തിൽ സംഭവിച്ചിട്ടില്ലാത്തതാണെങ്കിലും വാസ്തവത്തിൽ സംഭവിക്കാവുന്നതും, 'പ്ലാട്ട്' അല്ലെങ്കിൽ വിചിത്രമായ കഥാവസ്തുക്കളോടുകൂടിയതുമായ ഒരു കഥയെ നോവൽ എന്നു പറയാം. പ്ലാട്ട് ഒന്നുമില്ലാത്ത വെറും കഥകളെ സാധാരണ സംഭവിക്കാവുന്നതായിത്തന്നെയിരുന്നാൽത്തന്നെയും ആരും നോവൽ എന്ന ശേഖരത്തിൽ ഉൾപ്പെടുത്താറില്ല. നോവലിൽ ഒരു നായകനും നായികയും കൂടിയേ കഴിയൂ. നോവലിന്റെ മുഖ്യധർമ്മം ജ്ഞാനപ്രദാനമാണ്. രാജ്യകാര്യങ്ങൾ, സമുദായ കാര്യങ്ങൾ, സദാചാരതത്വങ്ങൾ എന്നിവ പൊതുവായ ജ്ഞാനത്തിന്റെ വകഭേദങ്ങളാകുന്നു. മലയാളത്തിൽ ഇദംപ്രഥമമായി ഉണ്ടായ നോവൽ കുന്ദലതയാണ്. ഇതു രാജ്യകാര്യസംബന്ധമായതിൽ ഒന്നാകുന്നു. ഒരു യഥാർത്ഥ നോവലിന്റെ ഉദ്ദേശം ഒരു സമുദായത്തിന്റെ ആചാര നടപടികളും, ചില വ്യക്തികളുടെ സ്വഭാവവിശേഷങ്ങളും, എല്ലാ തരക്കാരിലുമുള്ള വായനക്കാരെയും അസാമാന്യമായി രസിപ്പിക്കണം. അവരെക്കൊണ്ടു ആവശ്യംപോലെ ചിരിപ്പിക്കുകയും കരയിക്കുകയും, ഇടക്കിടക്കു ഗൌരവമായ ആലോചന ചെയ്യിക്കയും, അവരുടെ ഹൃദയത്തിൽ നാനാപ്ര

കാരണ സ്തോഭങ്ങൾ ഉണ്ടാക്കുകയും ആ കപ്പാട്ടെ അത്യന്തം തൃപ്തികരമായ ഒരു അനുഭവം ജനിപ്പിക്കയും ചെയ്യുണം. ഇവയെല്ലാം അടങ്ങിയെങ്കിലത്രേ ഒരു യഥാർത്ഥനോവൽ ആകയുള്ളൂ. ഉം- ഇന്ദുലേഖ.

നോവാളി-ഭീനക്കാരൻ.

നോവ്-പ്ര. വേദന, വ്യഥ. വ. പ്രസവവേദന മുതലായത്.

'പാരമകംനൊന്തു സംരസ്യവാണിയിൽ'
(ഭാഗവതം)

നോവുന്നു-വേദനയുണ്ടാകുന്നു. (കാ. ക്രി. നോവിക്കുന്നു.)

നോള-പ്ര. ഫലങ്ങൾ, മത്സ്യങ്ങൾ മുതലായവയിലുള്ള ഒരുമാതിരി ഒട്ടുന്ന ദ്രാവകം (ജലം പോലെയുള്ള വസ്തു). വ. കുതിരയുടെ വായിലുള്ള പത (ചാളുവ). ന. വായിൽനിന്ന് ഒലിക്കുന്ന ഉമിനീർ (ഞൊള).

—:0:—

## നൌ

നൌ(വ്വ്)-തോണി, വള്ളം. പ്രേരിപ്പിക്കപ്പെടുന്നതെന്നർത്ഥം.

നൌക-തോണി, വള്ളം.

നൌകാദണ്ഡം - തോണിക്കഴക്കോൽ, ഋഴ. തോണിയെ പ്രേരിപ്പിക്കുന്ന കോൽ എന്നർത്ഥം.

നൌതാൎത്ഥം-പുഴക്കടവ്, വള്ളക്കടവ്, കടത്തുകടവ്.

## ന്യ

ന്യക്-വി. പ്ര. കറിയ. നിഗ്ഗമിക്ക എന്നർത്ഥം. വ. നിന്ദ്യമായ.

ന്യക്കാരം-നിന്ദ.

ന്യക്ഷ-വി. പ്ര. ആസകലം, എല്ലാം. വ. നികൃഷ്ടമായ.

ന്യക്ഷൻ-അധമൻ.

ന്യക്ഷം-പ്ര. എരുമപ്പുല്ല്. വ. പോത്ത്. ന. മുഴുവൻ. ൪. നികൃഷ്ടമായ വസ്തു. ഇതിങ്കൽ ഇന്ദ്രിയങ്ങൾ നിയതങ്ങൾ (നികൃതങ്ങൾ) ആകുന്നു.

ന്യഗ്രോധം-പ്ര. പേരാൽ. വഴിയെ തടസ്ഥപ്പെടുത്തുന്നതെന്നർത്ഥം. വ. ഒരു മാറളവ്. ന. വന്നി.

ന്യഗ്രോധി-പ്ര. എലിച്ചെവി. വിലങ്ങത്തിൽ പടരുന്നതെന്നർത്ഥം. വ. വലിയ മന്തി.

ന്യഗ്രോധികാ-എലിച്ചെവിയൻ.

ന്യങ്കു-കരിമാൻ, കടമാൻ. തലവളച്ചുകൊണ്ടോടുന്നത് എന്നർത്ഥം.

ന്യങ്കുഭ്രരുഹം-പച്ചകപ്പൂമ്പാനി.

ന്യച്ഛം-ഒരു ക്ഷുദ്രരോഗം.

കരുവാളിച്ചിട്ടും മറവും ദേഹത്തിൽ കാണുന്ന മണ്ഡലമാകുന്നു ന്യച്ഛം.

ന്യസനം-പ്ര. വെക്കുക. വ. ഉപേക്ഷിക്കുക. ന. പണയം.

ന്യസിക്കുന്നു-പ്ര. വയ്ക്കുന്നു. വ. തൊടുന്നു. ന. അംഗങ്ങളിലോരോന്നിന്റെയും രക്ഷക്കായി ഓരോ ദേവതമാരെ മന്ത്രപൂർവകമായി കല്പിക്കുന്നു.

ന്യസ്തം-വയ്ക്കപ്പെട്ടത്. ന്യസിക്കപ്പെട്ടത് എന്നർത്ഥം. മറ്റൊരുപര്യായം-നിസൃഷ്ടം

ന്യാദം-ഭക്ഷണം.

ന്യായക്കേട്-മുറകേട്, മര്യാദകേട്, ക്രമത്തെറ്റ്.

ന്യായദർശനം-ന്യായശാസ്ത്രം. കർത്താവ് ഗൌതമമഹർഷി.

ന്യായപ്രമാണം-പ്ര. നേരിന്റെയും നല്ലനടപ്പിന്റെയും മറവും ഒരു സാക്ഷി

പുസ്തകം. ८. നീതിയെക്കുറിച്ചുള്ള ഒരു പരിച്ഛേദം. ൯. ചട്ടത്തെ സംബന്ധിച്ചുള്ള ഒരു ദൃഷ്ടാന്തം.

**ന്യായം**-വി. നേരായുള്ള, യോഗ്യമായുള്ള

**ന്യായം**-പു. സത്യം ൨. യുക്തം. ൩. മയ്യാദ, നല്ലനടപ്പു്, ചട്ടംവെപ്പു്, ക്രമം. ൪. നീതി. ൫. ശാസ്ത്രങ്ങളിൽ പറയുന്ന ഓരോ മുറ, സംസ്കൃതഭാഷയിലുള്ള പഴമൊഴി. നിയമേന നടത്തപ്പെടുന്നതു് എന്നത്ഥം.

ചില ന്യായങ്ങൾ-അന്ധഗോലാംഗൂലന്യായം, അന്ധചടകന്യായം, അന്ധപംഗുന്യായം, അന്ധപരമ്പരാന്യായം, അന്ധഹസ്തിന്യായം, അശോകവനികാന്യായം, ഉഷ്ട്രകണ്ടകഭോജനന്യായം, കദംബഗോളകന്യായം ,കരകങ്കണന്യായം, കാകദന്തഗവേഷണന്യായം, കാകാക്ഷിന്യായം, കൂപയന്ത്രഘടികാന്യായം, ക്രമ്മാംഗന്യായം, കൈമുതികന്യായം, ഖലേകപോതകന്യായം, ഗുഡജിഹ്വികാന്യായം, ഘട്ടകുടീപ്രഭാതന്യായം, ദശപുത്രന്യായം, ദണ്ഡചക്രാദിന്യായം, ദണ്ഡാപൂപന്യായം, ദേഹളീദീപന്യായം, നൃപനാപിതപുത്രന്യായം, പങ്കപ്രക്ഷാളനന്യായം, പിഷ്ടപേഷണന്യായം, ബീജാങ്കുരന്യായം, ലൂതാതന്തുന്യായം, ലോഹചുംബകന്യായം, വഹ്നിധൂമന്യായം, വിഷകൃമിന്യായം, വിഷവൃക്ഷന്യായം, ശംഖവേലാന്യായം, ശാലിനീന്യായം, സിംഹാവലോകനന്യായം, സൂചീകടാഹന്യായം, സ്ഥവിരലഗുഡന്യായം, സ്ഥാലീപുലാകന്യായം.

**ന്യായമാൎഗ്ഗം**-ന്യായമായ വഴി.

**ന്യായവിധി**-ന്യായത്തെ വിചാരിച്ചു നിശ്ചയിക്കുന്ന കല്പന, തീപ്പു്.

**ന്യായവിരോധം** - മയ്യാദയുടെയുംമറവും തെററു്.

**ന്യായവിസ്താരം**-ന്യായസ്ഥലത്തേ ചോദ്യോത്തരം മുതലായതു്, നേരോ മയ്യാദയോ മുറയോ അറിയുന്നതിനു വേണ്ടി ചെയ്യുന്ന വ്യവഹാരം.

**ന്യായശാസ്ത്രം**-ന്യായം അറിയുന്നതിനുള്ള തൎക്കശാസ്ത്രം. തൎക്കശാസ്ത്രം, നീതിശാസ്ത്രം മുതലായതു്.

'ഹിന്ദുക്കളുടെ തൎക്കശാസ്ത്രം ഉണ്ടാക്കിയതു് ഗൌതമമഹഷിയാകുന്നു. അദ്ദേഹം ജീവിച്ചിരുന്നതു് കപിലാചായ്യൻ ജീവിച്ചിരുന്നതിനു ഒന്നോ രണ്ടോ ശതാബ്ദങ്ങൾ കഴിഞ്ഞിട്ടാകുന്നു അദ്ദേഹം ഉണ്ടാക്കിയ ന്യായസൂത്രം എന്ന തൎക്കശാസ്ത്രം അഞ്ചു ഭാഗങ്ങളായിട്ടാണ് വിഭാഗിക്കപ്പെട്ടിട്ടുള്ളതു്. ന്യായശാസ്ത്രത്തിൽ ഒന്നാമതായി പറയുന്നതു് പ്രസ്താവവിഷയങ്ങളെപ്പററിയാകുന്നു. ആ വിഷയങ്ങളിൽ പ്രധാനമായിട്ടുള്ളവ പ്രമാണവും പ്രമേയവുമാകുന്നു.'-(പ്രാചീനാൎയ്യാവത്തം).

**ന്യായശാസ്ത്രി**-പു. ന്യായശാസ്ത്രം അറിഞ്ഞവൻ. ൨. ന്യായസ്ഥലത്തേ ശാസ്ത്രി, കോടതിയിലേ ശാസ്ത്രി.

**ന്യായസ്ഥലം**-കോടതി, കച്ചേരി മുതലായ സ്ഥലം.

**ന്യായാധിപതി**-ന്യായസ്ഥലത്തേ പ്രമാണി. ജഡ്ജി മുതലായ ഉദ്യോഗസ്ഥന്മാരിൽ ഒരാൾ. പയ്യായങ്ങൾ പ്രാഡ്വിവാകൻ, അക്ഷദൎശകൻ.

**ന്യായാസനം**-ന്യായാധിപതിയുടെ ഇരിപ്പിനുള്ള സ്ഥാനം.

**ന്യായ്യം**-ന്യായമായി കിട്ടുന്നതിന്റെ പേർ ന്യായത്തിൽ നിന്നു വേർപെടാത്തതെന്നത്ഥം.

**ന്യാസം**-പു. വെക്കുക.

'അതിമുദ പദന്യാസൈസ്സഞ്ചന്തീം'
(രാവണവിജയം ആട്ടക്കഥ)

൨. മുപേക്ഷിക്കുക. ൩. പണയം. ൪. സൂക്ഷിപ്പാൻ കൊടുത്തതു്. ന്യസിക്കപ്പെട്ടതെന്നർത്ഥം.

ന്യുബ്ജ-വി. കൂനുള്ള, വളവുള്ള. ചൊവ്വില്ലാത്ത എന്നർത്ഥം.

വാതം മുതലായ രോഗങ്ങൾകൊണ്ടു മുതുക വളഞ്ഞു തലകീഴ്പെട്ടായിട്ടുള്ള കൂനന് 'ന്യുബ്ജൻ' എന്നു പേർ.

ന്യുബ്ജം — ആരൻപുളിങ്ങ, ഇലിമ്പ, മെവുരംപുളിങ്ങ.

ന്യൂംഖ-വി. ഇഷ്ടമുള്ള.

ന്യൂംഖം-സാമവേദം, മന്ത്രവിശേഷം.

ന്യൂന-വി. കുറവുള്ള, നിന്ദ്യമായ.

ന്യൂനചിഹ്നം-കുറയ്ക്കാനുള്ള രണ്ടു സംഖ്യകളുടെ മദ്ധ്യേ വിലങ്ങത്തിൽ ഇടുന്ന വര (൫ — ൨). ഇതിനെ അഞ്ചു് ന്യൂനം രണ്ടു് എന്നു വായിക്കുന്നു.

ന്യൂനത-കുറവു്.

ന്യൂനൻ-൧. അല്പൻ. ൨. നിന്ദ്യൻ.

ന്യൂനപദം-കാവ്യദോഷങ്ങളിൽ ഒന്നു്, ആവശ്യപ്പെടുന്ന പദങ്ങളെ പ്രയോഗിക്കാതെയിരിക്ക.

ന്യൂനം-കുറവു്, കുറയ്ക്കണമെന്നു കാണിക്കുന്ന അടയാളം.

നൃസ്ഥിമാലി-ശിവൻ.

---

# പ

പ-൧ ഹല്ലുകളിൽ ൨൧-ാം അക്ഷരം.

ഒരു വ്യഞ്ജനം, ഖരങ്ങളിൽ ഒന്നു്.

'പ' എന്നതു് പദാന്തത്തിൽ വരുമ്പോൾ കുടിക്കുക; രക്ഷിക്കുക എന്നീ അർത്ഥങ്ങൾ വരും.

൨. സപ്തസ്വരങ്ങളിൽ ഒന്നു്, പഞ്ചമസ്വരം.

പം-൧. കാററു്. ൨. ഇല. ൩. മുട്ട. ൪. സ്വർണ്ണം.

പക-(ധാതു)-൧. സംഭ്രമിക്കുക. ൨. വിരോധപ്പെടുക.

പക-വൈരം, വിരോധം. ൨. ഭിന്നത.

പകച്ച-വി. ൧. വിരോധപ്പെട്ട. ൨. വേറെ വേറെയായ. ൩. നടുങ്ങിയ.

പകട്ട്-൧. ചെറുതുണ്ടു്. ൨. ഉപയോഗമില്ലാത്തതു്.

പകപ്പു്-൧. വിരോധം. ൨. ഭിന്നത. ൩. ശത്രുത. ൪. അകലം. ൫. വ്യത്യാസം. ൬. അത്ഭുതം.

പകയൻ(ർ)-ശത്രു(ക്കൾ).

പകയുക-ഭാഗിക്കുക.

പകയ്ക്കുന്നു-൧. വെറുക്കുന്നു. ൨. നടുങ്ങുന്നു. ൩. വേറെവേറെയാകുന്നു.

പകരം- ഒന്നിനു മറെറാന്നു്.

പകരി-൧. ഒരു മത്സ്യം. ൨. ചുററൽ.

പകരികൊണ്ടിരിക്ക— ചുററിക്കൊണ്ടിരിക്ക.

പകരുന്നു-൧. വെച്ചുമാറുന്നു, ഒഴിക്കുന്നു, ഒന്നിൽ നിന്നു മറെറാന്നിലേക്കു് ആക്കുന്നു. ൨. ഭാവഭേദംവരുന്നു. ൩. ചില രോഗങ്ങൾ ഒരുവനിൽ നിന്നു മറെറാരുവനിലാകുന്നു. ൪. മാറുന്നു.

പകർച്ച-൧. പകരുക, പകന്നതു്. ൨. മററം. ൩. ഒരാളിനു് പ്രത്യേകമായി കൊടുത്തയക്കുന്ന സദ്യാവിഭവങ്ങൾ.

പകർച്ചക്കാരൻ-൧. ചോറുംമററും പകർന്നു കൊടുക്കുന്നവനും മേടിക്കുന്നവനും. ൨. വിളമ്പുകാരൻ.

പകർച്ചവ്യാധി-പകരുന്ന രോഗം. മസൂരി, വിഷൂചികാ മുതലായവ.

പകർത്തൽ-പകർത്തി എഴുതുക, ഒന്നിനെ കണ്ടു അതുപോലെ എഴുതുക.

പകൎത്തിയെഴുത്ത്-വിദ്യാൎത്ഥികൾ പുസ്തകത്തിലെ പാഠം നോക്കി എഴുതിക്കൊണ്ടു വരുന്നത്.

പകൎത്തുന്നു-പകൎത്തി എഴുതുന്നു, ഒന്നിനെക്കണ്ടു അതുപോലെ എഴുതുന്നു. (കാ. ക്രി. പകൎത്തിക്കുന്നു).

പകൎപ്പിക്ക-പകൎത്തിയെഴുതിക്ക (പ്രയോഗം ചുരുക്കം.)

പകൎപ്പ് - ഒന്നിനെക്കണ്ട് അതുപോലെ എഴുതിയതു്, ചേൎപ്പ്.

പകൎപ്പെഴുത്ത്-കച്ചേരികളിൽ ആവശ്യപ്പെടുന്ന രേഖകളുടെ പകൎപ്പ് എഴുതിക്കൊടുക്കുന്ന വകുപ്പ്. അങ്ങനെ എഴുതിക്കൊടുക്കുന്ന ജോലിക്കും ഈ പേർ പറയും.

പകൎപ്പെഴുത്തുദ്യമസ്ഥൻ - പകൎപ്പെഴുതാൻ നിയമിക്കപ്പെട്ട ഉദ്യോഗസ്ഥൻ. (Copyst.)

പകലവൻ-പു. സൂൎയ്യൻ. വ. എരിക്ക്.

പകലാമ്മാറ്-അ. പകലെ.

പകലേ-അ പകൽസമയത്തു്.

പകലോൻ-ആദിത്യൻ. വ. എരിക്ക്.

പകൽ-സൂൎയ്യന്റെ ഉദയംമുതൽ അസ്തമനംവരെയുള്ള സമയം. പൎയ്യായങ്ങൾ-ഘസ്രം, ദിനം, അഹസ്സ്, ദിവസം, വാസരം (മുഴുവൻ ദിവസത്തിന്റെ വാചകമായിട്ടും ധാരാളം പ്രയോഗങ്ങൾ കാണുന്നുണ്ട്).

പകൽമണി, പകൽമണിയൻ-പു. ഒരു മൈന, നട്ടല. വ. സൂൎയ്യൻ.

പകൽവിളക്ക്-സൂൎയ്യൻ.

പകവീട്ടുക-വിരോധം തീൎക്കുക. പൎയ്യായങ്ങൾ-വൈരശുദ്ധി, പ്രതീകാരം, വൈരനിൎയ്യാതനം.

പകവീഴ്ച-മുമ്പിലെയുള്ള വൈരം തീൎക്കൽ.

പകഴി-ഒരു മത്സ്യം.

പകഴി-അമ്പ്, ബാണം.

പകഴി-വി. നല്ലതായ.

പകാരം-'പ' എന്ന അക്ഷരം.

പകിട-പു ചൂതുകളിയിൽ ഉരുട്ടിക്കളിക്കുന്നതിനുള്ളവസ്തു. വ. വൃഷഭനം, അന്ദാം.

പകിടകളി-പകിടകൊണ്ടുള്ള കളി.

പകിടി-പു. ഉപായം വ. പകിട്ട്. ന. വഞ്ചന. ൪. വലിയ തലപ്പാവ്. ൫. നേരമ്പോക്ക്.

> 'പകിടിവാക്കു പറഞ്ഞുകൊണ്ടു രസിക്കയും'
>
> (പഞ്ചേന്ദ്രോപാഖ്യാനം തുള്ളൽ)
>
> 'നിന്നുടെ പകിടികളെന്നോടുകൂട്ടും'
>
> (ലങ്കാമൎദ്ദനം തുള്ളൽ)

പകിട്ട്-പു. ഉപായം. വ. വഞ്ചന. ന. മിരട്ട്, ഭ്രമിപ്പിക്കുന്ന വാക്ക്. ൪. വസ്ത്രം, ആഭരണം മുതലായവയുടെ ശോഭ. ൫. മോടി, ആഡംബരം.

പകിട്ടുന്നു-പു. വഞ്ചിക്കുന്നു. വ. ഇണങ്ങിയും പിണങ്ങിയും സ്വാധീനപ്പെടുത്തുന്നു. ന. മിരട്ടുന്നു. ൪ മോടികാട്ടി നടക്കുന്നു.

പകിരി-ഒരു മത്സ്യം (പകരി അല്ലെങ്കിൽ പകഴി എന്നുമാവാം.)

പകിഴം-പവിഴം.

പകുക്കുന്നു-പങ്കിടുന്നു. (കാ. ക്രി. പകപ്പിക്കുന്നു).

പകുന്ന- മലശോധനക്കുള്ള ഒരുമരുന്നിന്റെപേർ ത്രികോല്പക്കൊന്ന.

പകുതി-പു പങ്ക്, ഓഹരി. വ. രണ്ടു സമഭാഗങ്ങളിൽ ഒന്ന്. ന. തുക്കടി. ൪. ഒരു താലൂക്കിന്റെ ഒരു ഭാഗം.

പകുപ്പ്-പങ്കിടുക.

പക്കക്കാരൻ-പു. ഭൃത്യൻ, പക്കത്ത് ഉണ്ണ കഴിക്കുന്നവൻ. വ. അരിവെപ്പുകാരൻ. ന. വശത്തുള്ളവൻ.

പക്കക്കാളൻ-രാജാവിന്റെ ഭൃത്യന്മാർക്കുണ്ടാക്കുന്ന കറി, പക്കത്തിലെ കറി

പക്കച്ചൊല്ല്-യദൃച്ഛയാ കേൾക്കാനിടയാകുന്ന വാക്ക്.

പക്കച്ചോറ്-രാജാവിന്റെ ഭൃത്യന്മാർക്കുള്ള ചോറ്, പക്കത്തിലെ ചോറ്.

പക്കണം-കാട്ടാളപ്പുര, കാട്ടാളക്കുടി. പചിക്കുകയും കലഹിക്കുകയും മാത്രമായിട്ടുള്ള സ്ഥലം എന്നർത്ഥം. മറ്റൊരു പര്യായം-ശബരാലയം.

'കാട്ടാളൻ തന്നുടെ പക്കണത്തിൽ
ചെന്നു' (കൃഷ്ണഗാഥ)

പക്കത്തുഭക്ഷണം—പക്കത്തിലുള്ള ഭക്ഷണം.

പക്കത്തൂണ്-൧. (പക്കത്ത്+ഊണ്) പക്കത്ത് ഉണ്ണുന്നതു്. ൨. (പക്ക+തൂണ്) പുരയുടെ വശങ്ങളിലുള്ള തൂണ്.

പക്കം-൧. തിഥി, പ്രതിപദംമുതൽ വാവുവരെയുള്ള ദിവസങ്ങൾ. ൨. രാജാവിന്റെ സേവകന്മാർക്ക ഭക്ഷണം കൊടുക്കുന്ന സ്ഥലം. ൩. പക്ഷം, വശം, ഭാഗം.

പക്കൽ-അ. അടുക്കൽ, വശത്ത്, കൈക്കൽ.

പക്കവാതം-പക്ഷവാതം.

പക്കശൻ-ചണ്ഡാലൻ.

പക്കാളി-൧. വെള്ളം സൂക്ഷിപ്പാനുള്ള തോൽസഞ്ചി ൨. വെള്ളംകൊടുക്കാൻ ഏർപ്പെടുത്തപ്പെട്ടവൻ

പക്കി-നാനാച്ഛവിയായ ചിറകുകളുള്ള ചെറിയ ജന്തു (പക്ഷി എന്നതാണു പക്കിയായതു്).

പക്കീരി, പക്കീർ-മഹമ്മദീയരിൽ ഭിക്ഷയെടുത്തു നടക്കുന്നവൻ, സന്ന്യാസി.

പക്കു്-൧. വശം, പുറം. ൨. വണ്ണം.

പക്തി-പാകംചെയ്യുക, വേവിക്കുക, പാകം (ഫലം).

പക്വ-വി. പാകംവന്ന, പഴുത്ത.

പക്വകൃത്ത്-വെപ്പ്.

പക്വത-പാകത്തിന്റെ വരവ്.

പക്വം-൧. പാകംവന്നതു്. ൨. നശിപ്പാൻ അടുത്തതു്. ൩. കാലവശത്താൽ പരിപാകത്തെ പ്രാപിച്ച ബുദ്ധിമുതലായതു്.

പക്വമാകുന്നു-൧. പഴുക്കുന്നു. ൨. വേവുന്നു, പാകംവരുന്നു. (സ. ക്രി. പക്വമാക്കുന്നു).

പക്വരസം-മദ്യം.

പക്വവാരി-കാടി.

പക്വാശയം-അടിവയറു്.

മഹാനേന്ദ്രിയങ്ങളിൽ ഒന്നു്. കടവയറായ പൊക്കിളിന്റെ താഴത്തെ പ്രദേശം.

പക്ഷകം-൧. സാധാരണ രണ്ടു കീറവാതിലുള്ള ദ്വാരം. ൨. ഇതരാംശങ്ങളിലുമുള്ള വാതിൽ. ൩. പിൻ പുറത്തെ വാതിൽ.

പക്ഷഗമം-പറപ്പ്, പറക്കുക.

പക്ഷഗ്രഹണം-ഒരു പക്ഷക്കാരെ തിരഞ്ഞെടുക്കുക.

പക്ഷചതുഷ്ടയം-ആരംഭം, വൃദ്ധി, പരിണാമം, വിവർത്തം.

പക്ഷചരൻ-൧. ചന്ദ്രൻ. ൨. പരിചാരകൻ.

പക്ഷചരം-ആന, കൂട്ടത്തിൽനിന്നു തെറ്റിയ ആന.

പക്ഷച്ഛിത്ത്-ഇന്ദ്രൻ.

പക്ഷജൻ-ചന്ദ്രൻ.

പക്ഷതാ-സ്നേഹം, ഒരുഭാഗം ചേർന്നിരിക്കുക.

പക്ഷതി-൧. രണ്ടു പക്ഷത്തിലെയും പ്രതിപദം. പക്ഷത്തിന്റെ ചുവട്. (ശുക്ലകൃഷ്ണ പക്ഷങ്ങളുടെ പ്രാരംഭം). ൨. ചിറകിന്റെ മൂലം, രണ്ടുചിറകിന്റെയും കൂട.

**പക്ഷദ്വയം**-൧. കൃഷ്ണപക്ഷം (മുന്നിരുട്ടുള്ളതു്), ശുക്ലപക്ഷം (മുൻ നിലാവുള്ളതു). കൃഷ്ണപക്ഷം പിതൃക്കൾക്കു പകലും, ശുക്ലപക്ഷം രാത്രിയുമാണ്. ൨. രണ്ടുചിറകുകൾ.

**പക്ഷദ്വാരം**-൧. സാധാരണ രണ്ടു കീറ വാതിലുള്ള ദ്വാരം ൨. ഇരുഭാഗങ്ങളിലുമുള്ള വാതിൽ. ചിറകുപോലെയുള്ള (ഇരട്ടയായ) ദ്വാരം (വാതിൽ) എന്നർത്ഥം. ൩. പിൻപുറത്തെ വാതിൽ.

**പക്ഷധരൻ**-ചന്ദ്രൻ.

**പക്ഷധരം**-പക്ഷി.

**പക്ഷപാതം**-൧. ഒരുഭാഗം. ൨. ഒരാളോടു ചേരുക ൩. അനുഗ്രഹം. ൪. സ്നേഹം. ൫. ഇഷ്ടം.

**പക്ഷപാതി**-ഒരുഭാഗക്കാരൻ.

**പക്ഷപാലി**-രഹസ്യവാതിൽ.

**പക്ഷപുടം**-ചിറകുമൂടി, ചിറക്.

**പക്ഷഭാഗം**-൧. രണ്ടുവശവും. ൨. ആനയുടെ പാർശ്വഭാഗം. പുറത്തുകയറുന്നവരെ ഇതുകൊണ്ടു സ്വീകരിക്കുന്നതിനാൽ ഈ പേരുണ്ടായി.

**പക്ഷഭുക്തി**-സൂര്യൻ ഒരുപക്ഷം (൧൫ ദിവസം) കൊണ്ടു സഞ്ചരിച്ച മാർഗ്ഗം

**പക്ഷഭേദം**- വ്യത്യാസം; ഒരുഭാഗം,

**പക്ഷം**-൧. പ്രതിപദം തുടങ്ങി വാവുവരെയുള്ള ൧൫ ദിവസം.

[ദേവന്മാരാൽ അല്ലെങ്കിൽ പിതൃക്കളാൽ പരിഗ്രഹിക്കപ്പെടുന്നതു്. ഒരുമാസം ഗമിക്കണമെങ്കിൽ അതിനു രണ്ടുപക്ഷമുണ്ടായിരിക്കും. അതുകൊണ്ടു പക്ഷം (ചിറക) പോലെയുള്ളതു് എന്നു താൽപര്യം. 'പഞ്ചദശാഹോരാത്രഃ'=൧൫ അഹോരാത്രങ്ങൾ കൂടിയ കാലം 'പക്ഷം' 'പക്ഷൌ പൂർവ്വാപരൌ ശുക്ലകൃഷ്ണൌ; പക്ഷങ്ങൾ "പൂർവ്വാപരങ്ങൾ=പൂർവ്വവും അപരവും' പൂർവ്വം=ആദ്യത്തേതു്. അപരം=ഒടുക്കത്തേതു്. ശുക്ലകൃഷ്ണങ്ങൾ-ശുക്ലവും കൃഷ്ണവും. ശുക്ലം=വെളുത്തതു്. കൃഷ്ണം=കറുത്തതു്. പക്ഷങ്ങൾ രണ്ടുകൂടിയ കാലം-മാസം.]

൨. അമ്പിന്റെ തൂവൽ, അമ്പിനു വേഗമുണ്ടാവാനായി അതിന്റെ കടയ്ക്കൽ ചേർത്തുകെട്ടുന്ന തൂവൽ. ൩. ചിറക്, എപ്പോഴും വിടാതെ സ്വീകരിക്കപ്പെട്ടതു എന്നർത്ഥം ൪. ചേർച്ച്. ൫. ഭാഗം, വശം. ൬. ഇഷ്ടം. ൭. കൂട്ട്. ൮. ദയ. ൯. സ്നേഹം. ൰. കൂറ്, കൂട്ടിച്ചേർക്കപ്പെട്ടതു്, കൂട്ടം. ൰൧. ഭൂമം, രോധം. ൰൨. സേനയുടെ പാർശ്വഭാഗം. ൰൩. എന്തിന്റെ എങ്കിലും പാതി. ൰൪. പക്ഷി. ൰൫. സ്ഥിതി, മാതിരി. ൰൬. ശരീരം, ൰൭ ശരീരത്തിലെ അവയവം, ൰൮. രാജാവിന്റെ ആന. ൰൯. സൈന്യം. ൨൰. രണ്ടു് എന്ന അക്കം ൨൧ ചുവര്. ൨൨. പ്രതിബന്ധം. ൨൩. വിരോധം, എതിര്. ൨൪. പ്രത്യുത്തരം. ൨൫. അതിർത്തി. ൨൬. അയൽ. ൨൭. ഭവനം. ൨൮. അഭിപ്രായം.

**പക്ഷമൂലം**-രണ്ടു ചിറകിന്റെയും കട, പക്ഷത്തിന്റെ (ചിറകിന്റെ) മൂലം എന്നർത്ഥം.

**പക്ഷവാതം**-ശരീരത്തിന്റെ ഒരുവശം മുഴുവൻ തളർന്നുപോകുന്ന ഒരുമാതിരി വാതരോഗം.

**പക്ഷവാദം**-ഒരുഭാഗംപറക, ഒരു ഭാഗത്തേക്കു വേണ്ടി പറയുന്നതു്.

**പക്ഷവാദി** - പക്ഷംപിടിച്ചു പറയുന്നവൻ.

**പക്ഷവാഹനൻ**-പക്ഷി.

**പക്ഷസ്സ്**-൧. ചിറക്. ൨. വണ്ടിയുടെ പാർശ്വഭാഗം. (പക്ഷം എന്നതിന്റെ ഒരു പാഠമാണ്).

'പക്ഷസീചസ്മൃതൌ പക്ഷൌ'.

(ശുഭാങ്കൻ)

പക്ഷസുന്ദരം-പാച്ചോററി.

പക്ഷാഘാതം — പക്ഷവാതം എന്ന രോഗം.

പക്ഷാന്തം-വാവു്. ശുക്ലകൃഷ്ണപക്ഷങ്ങളുടെ അവസാനം എന്നൎത്ഥം.

പക്ഷാന്തരം-മറെറാരു പ്രകാരം, മറെറാരു പക്ഷം, മറെറാരു് അഭിപ്രായം, എതിരഭിപ്രായം.

പക്ഷാഭാസം-ഗ. വഞ്ചനയുള്ള തൎക്കം. ഉ. കള്ള ന്യായം.

പക്ഷാലു-പക്ഷി.

പക്ഷി-ഗ. പക്ഷമുള്ളതു്, പറന്നു സഞ്ചരിക്കുന്ന ജന്തു. പൎയ്യായങ്ങൾ-ഖഗം, വിഹംഗം, വിഹഗം, വിഹംഗമം, വിഹായസ്സ്, ശകുന്തി, പക്ഷി, ശകുനി, ശകുന്തം, ശകുനം, ദ്വിജം, പതത്രി, പത്രി, പതഗം, പതത്തു്, പത്രരഥം, അണ്ഡജം, നഗൗകസ്സ്, വാജി, വികിരം, വിഃ, വിഷ്കിരം, പതത്രി, നീഡോത്ഭവം, ഗരുത്മത്തു്, പിത്സത്തു്, നഭസംഗമം-ഇവ ൨൭-ം പക്ഷിയുടെ സാമാന്യമായ പേർ. ഉ. ശരം, അയ്യു്. ന. ശിവൻ.

പക്ഷികളെ കൊല്ലുന്നവന്റെ പേർ-ജീവാന്തകൻ, ശാകുനികൻ.

പക്ഷിക്കൂട്ടു്- പക്ഷിയെ ഇടുന്ന കൂട്ട.

പക്ഷിണി-ഗ. പെടപ്പക്ഷി, പെൺപക്ഷി. ഉ. ഒരു രാവും രണ്ടു പകലും കൂടിയതു്. വരാൻപോകുന്നതായും നടക്കുന്നതായുമുള്ള പകലുകൾ ചിറകുകളെപ്പോലെ ഇതിന്നിരിക്കുന്നതിനാൽ ഈ പേർ വന്നു. (ഉദിച്ചാൽ പിറേറന്നാൾ അസ്തമിക്കുന്നതുവരെയുള്ള കാലമത്രെ പക്ഷിണി)

പക്ഷിണി എന്നാൽ രണ്ടു പകലും ഒരു രാത്രിയും കൂടിയ ഒന്നരദിവസം

൯൦-നാഴിക എന്നൎത്ഥം. പക്ഷിണി എന്നതു 'രണ്ടുദിവസം' ആണെന്നും അഭിപ്രായം കാണുന്നു.

ന. അയ്യു്.

പക്ഷിദോഷം-പക്ഷിക്കാറ്റ്, കുട്ടികൾ കണ്ടാകുന്ന ഒരു സുഖക്കേടു്.

പക്ഷിപതി-സമ്പാതി. ഉ. ഗരുഡൻ.

പക്ഷിപുംഗവൻ-ജടായു. ഉ. ഗരുഡൻ.

പക്ഷിപ്രവരൻ-ഗ. ഗരുഡൻ. ഉ. പക്ഷിശ്രേഷ്ഠൻ.

പക്ഷിബാധ-കൊച്ചു പൈതങ്ങൾക്കുണ്ടാകുന്ന ഒരു ദീനം.

പക്ഷിമല്ലാ-പിതാരിപ്പുള്ള്.

പക്ഷിമുനി-ഷൺമുഖനോരാളു്.

പക്ഷിരാജൻ, പക്ഷിരാജാവു്-ഗരുഡൻ.

പക്ഷിലൻ-വാത്സ്യായനൻ.

പക്ഷിവേട്ട-പക്ഷികളെ പിടിക്കൽ.

പക്ഷിശാല-പക്ഷികളെ ഇട്ടു സൂക്ഷിക്കുന്ന കെട്ടിടം.

പക്ഷിസിംഹൻ-ഗരുഡൻ.

പക്ഷിസ്വാമി-ഗരുഡൻ.

പക്ഷീന്ദ്രൻ-ഗരുഡൻ.

പക്ഷീയ-(പദാന്ത്യത്തിൽ) വശത്തുള്ള, കക്ഷിയിൽപ്പെട്ട.

പക്ഷേ-അ സംശയത്തെ സൂചിപ്പിക്കുന്ന ഒരു വാക്കു്, അല്ലെങ്കിൽ

പക്ഷ്മകോപം, പക്ഷ്മപ്രകോപം-ഗ. കൺപോളച്ചിറയിലെ രോമം അകത്തേക്കു തിരിഞ്ഞുവരുന്ന ഉണ്ടാകുന്ന ഉപദ്രവം, ഒരു നേത്രരോഗം.

അക്ഷിരോമങ്ങൾ വായുപ്രചലിതങ്ങളായി കണ്ണിന്റെ ഉള്ളിൽ വീണിട്ടു് പിന്നെയും പിന്നെയും കണ്ണിടുന്ന ഉരക്കം

അതുമൂലം ശുക്ലമണ്ഡലത്തിങ്കലും കൃഷ്ണമണ്ഡലത്തിങ്കലും നീരുണ്ടാകും.
൨. രോമം വളഞ്ഞു കണ്ണിൽ കുത്തുക.
൩. പോള അന്തർമ്മുഖമായിട്ടു വളയുക.

**പക്ഷ്മശാതം**–ഒരു നേത്രരോഗം.
അക്ഷിരോമങ്ങളുടെ അധോഭാഗത്തിലിരിക്കുന്ന രോമങ്ങളെ പൊഴിക്കും. ചൊറിവും ചൂടും ഉണ്ടാകും.

**പക്ഷ്മള**–വി. ഉറപ്പും നീളവും (ഭംഗിയും) കൂടിയ കൺപീലികൾ ഉള്ള.

**പക്ഷ്മം**–പ്ര. കണ്ണിന്റെ പോളകളിന്മേലുള്ള രോമം. ൨. പൂവിന്റെ അല്ലി. ൩. നൂലിന്റെ തുമ്പ്, ഏററവും ചെറുതായ നൂൽ മുതലായതിന്റെ അംശം.
'പക്ഷ്മസൂത്രാദിസൂക്ഷ്മാംശേ
കിഞ്ജല്ക്കേ നേത്രലോമനി'
(വിശ്വം)
൪. താമരയല്ലി. ൫. ചിറക്.

**പക്ഷ്യൻ**–പ്ര. പക്ഷക്കാരൻ. പക്ഷം ചേർന്നവൻ. ൨. പിന്തുടരുന്നവൻ. ൩. സ്നേഹിതൻ ൪. ഇഷ്ടൻ.

**പക്ഷ്യമാണ**–വി. വശംചേർന്ന, കക്ഷിപിടിച്ച.

**പങ്കക്രീഡ**–പന്നി.

**പങ്കച്ഛിത്ത്**–തേററാമ്പരൽ വൃക്ഷം.
ഇതിന്റെ കായ് ജലം തെളിയുന്നതിനു നന്ന്.

**പങ്കജനാഭൻ**–വിഷ്ണു. പങ്കജം (താമരപ്പൂവ്) നാഭിയിൽ (പൊക്കിളിൽ) ഉള്ളവൻ എന്നർത്ഥം.

**പങ്കജന്മാ**–വണ്ടോരം കോഴി.

**പങ്കജബന്ധു, പങ്കജബാന്ധവൻ**–സൂര്യൻ. താമരയ്ക്കു ബന്ധുവായിരിക്കുന്നവൻ എന്നർത്ഥം. പകലാണ് താമര വിടരുന്നതു്; അതുകൊണ്ടു ഈ പേരുണ്ടായി.

**പങ്കജബാണൻ**–കാമദേവൻ.

**പങ്കജമകരം**–ലക്ഷ്മീദേവി.

**പങ്ക(ജ)മുഷ്ടികാ**–ചോനകപ്പുല്ല്.

**പങ്കജയോനി**–ബ്രഹ്മാവ്. താമര ഉത്ഭവസ്ഥാനമായവൻ എന്നർത്ഥം.

**പങ്കജശരൻ**–കാമദേവൻ.

**പങ്കജസഖി**–സൂര്യൻ.

**പങ്കജസംഭവൻ**–ബ്രഹ്മാവ്.

**പങ്കജാക്ഷ**– വി. താമരപ്പൂപോലെ കണ്ണുള്ള.

**പങ്കജാക്ഷൻ**–. വിഷ്ണു. ൨. താമരപ്പൂപോലെ കണ്ണുള്ളവൻ. (സ്ത്രീ. പങ്കജാക്ഷി.)

**പങ്കജിനി**–പ്ര. താമരപ്പൊയ്ക. ൨. താമരക്കൂട്ടം.

**പങ്കജോത്ഭവൻ**–ബ്രഹ്മാവ്.

**പങ്കജം**–താമര. പങ്കത്തിൽ (ചളിയിൽ) ഉണ്ടാകുന്നതു് എന്നർത്ഥം.

**പങ്കണം**–പക്കണം, കാട്ടാളപ്പുര.

**പങ്കപ്പാട്**–മഹാദുഃഖം, ഉപദ്രവം. ൨. അപമാനം.

**പങ്കപ്രക്ഷാളനന്യായം** — ഒരുവക ന്യായം.
'പ്രക്ഷാളനാദ്ധിപങ്കസ്യ ദൂരാദസ്പർശനം വരം'
'ചളി യാക്കീട്ടു കഴുകിക്കളവാൻ പുറപ്പെടുന്നതിനെക്കാൾ നല്ലതു് ആദ്യംതന്നെ ചളിയാക്കാതിരിക്കുന്നതാണ്. സന്ദർഭം സ്പഷ്ടം'.

**പങ്കാ**–പ്ര. ചളി. വിസ്താരത്തെ പ്രാപിക്കുന്നതു് എന്നർത്ഥം. ൨. പാപം. ദുഃഖത്തെ വെളിവാക്കുന്നതു് (വലിപ്പിക്കുന്നതു) എന്നർത്ഥം. സംസർഗ്ഗംകൊണ്ടു വിസ്താരത്തെ പ്രാപിക്കുന്നതു് എന്നുമാവാം.
'പങ്കംപൊങ്ങുന്ന കാളിന്ദിയിൽ മുഴുകിമൂഢാ'
(ദക്ഷയാഗം കഥകളി).

ന. അപമാനം, കുറച്ചൽ. ര. ചെളിക്കുഴി, ഈറൻനിലം. ഇ. തൈലം, കുഴമ്പ്. നു. അഴുക്ക്.

**പങ്കമണ്ഡൂകം**-തെമഞ്ഞ്.

**പങ്കരുഹം**-താമര.

**പങ്കവാസം**-ഞണ്ട്.

**പങ്കശ്ശുക്തി**-കക്കാ.

**പങ്കശ്രു(സൂ)രണം**-താമരക്കിഴങ്ങ്.

**പങ്കാ**-മുകളിൽ കെട്ടിത്തൂക്കുന്നതും വീശി കാറ്റുവരുത്തുവാൻ ഉപകരിക്കുന്നതുമായ യന്ത്രം. (ഹിന്ദുസ്ഥാനിഭാഷ).

**പങ്കാൻ**-തുഴ.

**പങ്കായം**-തുഴ.

**പങ്കാരം**-പു. കരിമ്പായൽ. ഉ. ചിറ, അണ, മട. ന. കോണിപ്പടി.

**പങ്കിടൽ**-ഓഹരിവെക്കാ.

**പങ്കില**-വി. ചളിയുള്ള.

**പങ്കിലീകൃത**-വി. ചെളിയുള്ളതാക്കപ്പെട്ട

**പങ്കിലം**-പു. ചെളിമയമായ പ്രദേശം. ഉ. തോണി. ന. അരച്ചുതേച്ചത്.

'കൊങ്കയിൽ നളദപങ്കിലം'

(അഭിജ്ഞാനശാകുന്തളം)

**പങ്ക്**-ഓഹരി.

**പങ്കുവീതം**-ഓരോ ഓഹരി.

**പങ്കേജം**-താമര.

**പങ്കേരുഹം**-പു. താമര. ചളിയിൽ മുളച്ചു പൊങ്ങുന്നത് എന്നർത്ഥം. ഉ. വണ്ടാരംകോഴി.

**പംക്തി**-പു. വരി, സമൂഹം. ഉ. പത്തക്ഷരം വീതം നാലുവരിയുള്ള ശ്ലോകം ന. കൂട്ടം ര. പത്ത്. ഇ. ഇടതൂർന്ന്മയില്ലാത്ത മരക്കൂട്ടം, വൃക്ഷം മുതലായവയെ വ്യക്തമാക്കിച്ചെയ്യുന്നത് എന്നർത്ഥം. (പംക്തീ എന്നുമാവാം.) നു. ഉക്തമുതൽക്കു പാദമാത്രതയായ ഛന്ദസ്സ്.

**പംക്തികണ്ഠകം**-വലിയ കടലാടി.

**പംക്തികണ്ഠൻ**-രാവണൻ.

**പംക്തികന്ദം**-മാലക്കിഴങ്ങ്.

**പംക്തികാ**-വരി.

**പംക്തിഗ്രീവൻ**-രാവണൻ.

**പംക്തിചരം**-അന്നിൽപക്ഷി.

**പംക്തിബീജകം**-ചെറുകൊന്ന.

**പംക്തിബീ(വീ)ജം**-വെളുവേലം.

**പംക്തിമുഖൻ**-പത്തു മുഖമുള്ളവൻ, രാവണൻ.

**പംക്തിരഥൻ**-ദശരഥൻ. പത്തു ദിക്കിലും രഥത്തിൽ സഞ്ചരിക്കാവുന്നവൻ എന്നർത്ഥം.

**പംക്തിരഥാത്മജൻ**-ശ്രീരാമൻ.

**പംക്തിസ്യന്ദനൻ**-ദശരഥൻ.

**പംഖാ**-പങ്കാ, വീശുന്നതിനായി തൂക്കിക്കെട്ടീട്ടുള്ള തുക്കു വീശറി.

**പംഗു**-വി. രണ്ടു കാലിനും മുടന്തുള്ള.

**പംഗു**-പു. മുടന്തൻ. ഇരുകാൽ മുടവൻ. ഉ. ശനി. മുടന്തുള്ളതുകൊണ്ട് ഈ പേർ വന്നു. ന. മുഴങ്കാലില്ലാത്തവൻ. കഷ്ടമേ എന്ന ജനങ്ങളാൽ പറയപ്പെടുന്നവൻ ആകകൊണ്ട് ഈ പേർ വന്നു.

**പംഗുഗ്രാഹം**-പു. മുതല. ഉ. ചീങ്കണ്ണി. ന. മകരമത്സ്യം.

**പംഗുലം**-വെള്ളിപോലെ വെളുപ്പുള്ള കുതിര.

**പച**-വി. പചിക്കുന്ന, വേവിക്കുന്ന.

**പചകൻ**-പാകംചെയ്യുന്നവൻ, വെയ്പുകാരൻ.

**പചന**-വി. പാകംചെയ്യുന്ന. വേവിക്കുന്ന

**പചനൻ**-പു. അഗ്നി, തീ. ഉ. കൊടുവേലി.

**പചനം**-പാകം.

**പചാപചൻ**-ശിവൻ.

**പചാ**-പാകംചെയ്യു.

പചംപച - ഒരങ്ങാടിമരുന്ന്, മരമ ഞ്ഞ ദോഷങ്ങൾക്കു പാകം വരുത്തുന്നതു് എന്നൎത്ഥം.

പചാ-പാകം ചെയ്യുക (വെക്കുക). പചിക്കുക എന്നൎത്ഥം.

പചി-പു. അഗ്നി. ൨. പാകമാക്കൽ. ൩. അഗ്നജനകം (പ്രാണവായു).

പചിക്കുന്നു-പാകംചെയ്യുന്നു. (കാ-ക്രി. പചിപ്പിക്കുന്നു).

പചു-വി. പു. ഇളയ. ൨. പുതിയ. ൩. പശയുള്ള.

പചേലിമ-വി. പു. തനിയെ പഴുക്കാറായ. ൨. തിരളാറായ.

പചേലിമൻ-പു. സൂൎയ്യൻ. ൨. അഗ്നി.

പചേളുകൻ-വെയ്പുകാരൻ.

പച്ച-വി. പു. പഴുക്കാത്ത. ൨. ഇളയ. ൩. പുതിയ. ൪. വേവിക്കാത്ത'൫. പച്ചനിറമുള്ള.

പച്ച-പു. പച്ചനിറം. പൎയ്യായങ്ങൾ-പലാശം, ഹരിതം, ഹരിത്ത്. ൨. മരതകക്കല്ല്. ൩. ഒരുമാതിരി തുളസി. ൪. ജീവൻ, ചൊടി. ൫ സത്തു്.

പച്ചകുത്തു്-ദേഹത്തു തൊലിക്കുള്ളിൽ പച്ചനിറം കുത്തിവെക്കുന്നതു്, സ്ത്രീകളുടെ സ്തനകപോലാദികളിൽ കസ്തൂരി കുങ്കുമാദികളെക്കൊണ്ടു വിലാസാൎത്ഥം മകരികാദ്യാകാരമായി എഴുതപ്പെടുന്ന പത്തിക്കീററിന്റെ പേർ പൎയ്യായങ്ങൾ-പത്രലേഖാ, പത്രാംഗുലി.

പച്ചക്കൎപ്പൂരം-ഒരങ്ങാടിമരുന്നു്. വിലകൂടിയ ശുദ്ധമായകൎപ്പൂരമാണ്. ഇതിന്റെനിറം തൂവെള്ളയാകുന്നു.

പച്ചക്കലം-ചുടാത്തകലം.

പച്ചക്കല്ല്-മരതകക്കല്ല്.

പച്ചക്കാ (യ്)-പഴുക്കാത്തകായ്.(ശലാടു എന്നു സംസ്കൃതം).

പച്ചച്ഛായം-പച്ചനിറമുള്ള ചായം.

പച്ചച്ചിരിചിരിക്കുന്നു-വിസ്തൃതിയാകുന്നു (ശൈലി.)

പച്ചച്ചെമ്പ്-കറയില്ലാത്ത ചെമ്പു്.

പച്ചടി-ഒരുകറി.

പച്ചനാഭി-വിഷമുള്ള ഒരു വേർ.

പച്ചനിറം-വി. മരതക നിറമുള്ള

പച്ചനിറം-മരതകനിറം.

പച്ചപിടിക്കുന്നു- ക്ഷീണാവസ്ഥവിട്ട് ശരീരം ക്രമേണ നന്നായി വരുന്നു

പച്ചപ്പട്ട്-പച്ചനിറമുള്ളപട്ടു്.

പച്ചപ്പയർ-ചെറുപയർ.

പച്ചപ്പരമാൎത്ഥി-പു. അധികംനേരുകാരൻ. ൨. ഭോഷൻ. ൩. ആരുപറയുന്നതും വിശ്വസിക്കത്തക്കവണ്ണം സാധുശീലൻ, ചതിഅറിയാത്തവൻ.

പച്ചപ്പല്ലൻ-വെററിലമുറുക്കി പല്ലു ചെമപ്പിക്കാത്തവൻ.

പച്ചപ്പാൽ-കാച്ചാത്തപാൽ.

പച്ചപ്പുളു-കൈക്കുഞ്ഞു്.

പച്ചപ്പുല്ല്-ഉണങ്ങാത്തപുല്ല്, ഇളമ്പുല്ല്.

പച്ചപ്പുഴ-മെരുകിൻപുഴു.

[വാതം, കഫം, കുഷ്ഠം, ചൊറി, ജ്വരം, വിഷം, വ്രണം, ശിരോരോഗം മുതലായവയ്ക്കുനന്നു്. മുടിയെ നന്നാക്കും. കണ്ണിനു ഹിതം. ഛൎദ്ദിയെ ഉണ്ടാക്കും. (സം-ജവാദി. ഇം-Civet സിവെററു്)

പച്ചപ്പെട്ടമാറു്-അ. പച്ചയാകുന്നതുപോലെ വണ്ണം, കൃത്രിമമായിട്ടു്.

'മച്ചകംതന്നിലേ പച്ചപ്പെട്ടമാറു'

(കൃഷ്ണഗാഥ)

പച്ചപ്പൊട്ടു് - നെററിയിൽ പച്ചനിറത്തിൽ തൊടുന്ന തിലകം.

പച്ചപ്രാവു്-ഒരുവക പക്ഷി.

പച്ചമണ്ണ്-പുതുമണ്ണു്. നനവുള്ള മണ്ണു്.

**പച്ചമത്സ്യം, പച്ചമീൻ**-ഉണങ്ങാത്ത മീൻ.

**പച്ചമാങ്ങ**-പഴുക്കാത്ത മാങ്ങ.

**പച്ചമാംസം**-വേവിക്കാത്ത ഇറച്ചി.

**പച്ച(രാമതുളസി)**-തിരുനീറ്റുപ്പച്ച.

ഭൂതരോഗം, ഗ്രഹപീഡ, വ്രണം, വിഷം മുതലായവയെ നന്ന്.

**പച്ചരി**-൧. ഉണക്കലരി. ൨. വേവിക്കാത്ത അരി.

**പച്ചളിക്ക**-പച്ചയായിത്തീരുക

**പച്ചവടം, പച്ചോടം, പച്ചപ്പടം**-൧. ഒരുമാതിരി കമ്പിളി. ൨. പുറങ്കുപ്പായം. ൩. ഇണപ്പുടവ.

**പച്ചവെള്ളം**-ചൂടുപിടിപ്പിക്കാത്ത ജലം.

**പച്ചവെള്ളം ചവച്ചുകുടിക്കുന്നു**-നിഷ്കളങ്കഹൃദയനായിരിക്കുന്നു

**പച്ചശരീരം**-സ്ത്രീ പ്രസവിച്ചാൽ ഇരുപത്തെട്ടു ദിവസത്തിനു മുമ്പുള്ള ശരീരം.

**പച്ചളിപ്പാമ്പ്**-പച്ചിലപ്പാമ്പ്, ചിത്രസർപ്പം, പര്യായങ്ങൾ-മാല്യധാനം, മത്തുലാഹി.

**പച്ചിരിമ്പ്**-പണിയാത്ത ഇരിമ്പ്.

**പച്ചില**-സമുദ്രപ്പച്ച

പച്ചില കഫവാതരോഗങ്ങൾ, വിഷം, വസ്തിപ്രദേശത്തുള്ള ചൊറി, മുഖരോഗം, നെഞ്ഞുകലിപ്പ്, അരോചകം അർശസ്സ് മുതലായവക്കു നന്ന്.

ഒരു ഗന്ധദ്രവ്യം; ഒരു ഔഷധമാണ്. പണ്യവർഗ്ഗത്തിൽ ചേർന്നത്. വസ്ത്രപര്യായങ്ങളെല്ലാം ഇതിനു പേരാകുന്നു.

[സം-പത്രം. ത-പച്ചിലൈ. ഇം- Folia Malabathy (ഫോലിയം മലബാഥി).]

**പച്ചിലമരം**-തമാലവൃക്ഷം.

ഈ വൃക്ഷം ഏറയും അരുണാ, താപീ ഈ നദീതീരങ്ങളിൽ ഉണ്ടാകുന്നു. മൂലം മുതൽ നീലനിറമാകുന്നു. പൂ ചെമന്നിരിക്കും. ഇല ഈട്ടിയുടെ ഇലക്കൊപ്പമാണ്. കഫം, പിത്തം, ചുട്ടുനീറൽ, ചുഴൽച്ച, തണ്ണീർദാഹം, വീക്കം, വിസ്ഫോടം ഇവയ്ക്കു നന്ന്.

പര്യായങ്ങൾ-താപിഞ്ഛം, കാലസ്കന്ധം, തമാലം.

**പച്ചിലനിറമുള്ളി**-ഒരുമാതിരി ഉള്ളി.

**പച്ചിലപ്പാമ്പ്, പച്ചോലപ്പാമ്പ്, പച്ചിളപ്പാമ്പ്**-പച്ചനിറമുള്ള ഒരുമാതിരി പാമ്പ്. (പച്ചളിപ്പാമ്പ് എന്നതു നോക്കുക).

**പച്ചിലപ്പെരുമാൾ**-ഒരു പച്ചമരുന്ന്.

**പച്ചോടം**-൧. പുതപ്പ്. ൨. കുപ്പായം.

**പച്ചോന്ത്**-പച്ചനിറമുള്ള ഒരുമാതിരി ജന്തു.

**പഞ്ച**-വി. അഞ്ച്.

**പഞ്ച**-കണ്ടം.

**പഞ്ചക**-വി. ൧. അഞ്ച്. ൨. അഞ്ചിനെ സംബന്ധിച്ച, അഞ്ചുകൊണ്ടുണ്ടാക്കിയ. ൩. നൂററിനു അഞ്ചുവീതം എടുക്കുന്ന.

**പഞ്ചകന്യകകൾ**-അഹല്യാ, ദ്രൌപദി, സീത, താര, മണ്ഡോദരി ഇവർ അഞ്ചും.

'അഹല്യാ ദ്രൌപദീ സീതാ
താരാ മണ്ഡോദരീ തഥാ
പഞ്ചകന്യാഃ സ്മരന്നിത്യം
മഹാപാതകനാശിനീഃ'

**പഞ്ചകം**-൧. യുദ്ധഭൂമി. ൨. അഞ്ചു സംഖ്യയായുള്ള ഒരുകൂട്ടം. ൩. യാത്ര അറിയേണ്ടും ക്രമം.

'താരവാരതിഥിലഗ്നസംയുതം
ധേനുകേ ... മഥ പുത്രപുത്രാജ

മൃത്യുവഹ്നിനൃപതസ്കരാമയൈഃ
പീഡിതോത്ര ഗമനേ ഭവേന്നരഃ'

യാത്രാസമയത്തെ നക്ഷത്രം, വാരം, തിഥി, ലഗ്നം ഇവയുടെ സംഖ്യകളെ കൂട്ടി ഒമ്പതിൽ ഹരിച്ചുവരുന്ന ശിഷ്ടം ൧=മൃത്യുപഞ്ചകം; ൨=അഗ്നിപഞ്ചകം; ൪=രാജപഞ്ചകം; ൬=ചോരപഞ്ചകം; ൮=രോഗപഞ്ചകം. ശിഷ്ടം ൩-൫-൭-൯-ഇവ നിഷ്പഞ്ചകം. ഇതു യാത്രയ്ക്കു ഉത്തമം.

൨. തന്ത്രശാസ്ത്രപ്രകാരം ഒരു ഘടികാലം. ൩. ഇരുപത്തിനാലു കടലാസു കൂട്ടിയ ഒരടുക്ക്. ഇതിന് പഞ്ചം എന്നും പറയും.

**പഞ്ചകരണീ**-പഞ്ചേന്ദ്രിയം. കണ്ണ്, മൂക്ക്, ചെവി, നാക്ക്, ത്വക്ക (തൊലി) ഇവ ൫-ം.

**പഞ്ചകർമ്മങ്ങൾ**- അഞ്ചുവിധം ചികിത്സകൾ. വമനം, രേചനം, നസ്യം, അനുവാസനം, നിരൂഹം ഇവ അഞ്ചും.

**പഞ്ചകർമ്മേന്ദ്രിയങ്ങൾ**-വാക്ക്, പാദം, പാണി, പായു, ഉപസ്ഥം-ഇവ ൫-ം.

**പഞ്ചകർമ്മേന്ദ്രിയവിഷയങ്ങൾ**—വചനം, ഗമനം, ദാനം, വിസർഗ്ഗം, ആനന്ദം.

**പഞ്ചകല്യാണം**-സ്വർണ്ണം.

**പഞ്ചകീർത്ത്യുപചാരങ്ങൾ**—നീരാജനം, പുഷ്പാഞ്ജലി, സർവ്വാർപ്പണം, ക്ഷമാർപ്പണം, ഉദ്വാസനം ഇവ ൫-ം.

**പഞ്ചകൃഷ്ടികൾ**-കൃഷിപ്പണി ചെയ്യുന്ന അഞ്ചു ജാതിക്കാർ.

**പഞ്ചകോണം**-അഞ്ചു കോണായി വരച്ച ചക്രം, അഞ്ചു പട്ടം. അഞ്ചു വശങ്ങളുള്ള ഒരു രൂപം. (ചിത്രമെഴുത്തു).

**പഞ്ചകോലം, പഞ്ചകോലകം**-തിപ്പലി, തിപ്പലിമൂലം, ചെവിയം, കൊടുവേലി, ചുക്ക് ഇവ ൫-ം.

'പിപ്പലീ പിപ്പലീമൂലം
ചവ്യ ചിത്രക നാഗരം
ഏകത്ര മിശ്രിതൈരേഭിഃ
പഞ്ചകോലക മുച്യതേ'

**പഞ്ചകോശങ്ങൾ**- ആത്മാവിനെ ചുററീട്ടുള്ള, അന്നമയകോശം, (സ്ഥൂല ശരീരം), പ്രാണമയകോശം, മനോമയകോശം, വിജ്ഞാനമയകോശം, ആനന്ദമയകോശം ഇവ അഞ്ചും.

**പഞ്ചഗണദേശങ്ങൾ**- മേഷപുരം, വാമദേവം, സുദാമനം, സുസങ്കലം, ഉത്തരഉലൂകം ഇവ ൫-ം.

**പഞ്ചഗവ്യം** — പശുവിൻെറ പാലും, തൈരും, നെയ്യും, മൂത്രവും, ചാണകവും കൂടിയതു്.

'ക്ഷീരം ദധിതഥാചാജ്യം
മൂത്രംഗോമയമേവച'

**പഞ്ചഗീതാംഗങ്ങൾ**-കൊട്ടു, പാട്ട്, നൃത്തം, വിദൂഷകഭാഷണം, പുരാണവായന ഇവ ൫-ം.

**പഞ്ചഗുണങ്ങൾ**.- രൂപം, രസം, ഗന്ധം, സ്പർശം, ശബ്ദം. (ഇവയത്രെ പഞ്ചതന്മാത്രം)

**പഞ്ചഗുണീ**-ഭൂമി.

**പഞ്ചഗുപ്തം**-ഒരു ജലജന്തു, ആമ. നാലു കാലും തലയും ഒളിച്ചുവെച്ച് രക്ഷപ്പെടാൻ കഴിയുന്നതുകൊണ്ട് ഈ പേരുണ്ടായി.

**പഞ്ചഗുപ്തിരസാ**-ചോനകപ്പുല്ല്.

**പഞ്ചഗോചരങ്ങൾ**-ശബ്ദം, സ്പർശം, രൂപം, രസം, ഗന്ധം ഇവ ൫-ം.

**പഞ്ചചാമരം**-൧. രാമായണം ൨൪-വൃത്തത്തിലെ ൭-ാം വൃത്തം. ൨. ഒരു വൃത്തം.

'ലഘുഗ്ഗുരുന്നിരന്തരം യദാസ പഞ്ചചാമരഃ'

(വൃത്തരത്നാകരം)

**പഞ്ചചൂഡാ**-രംഭ.

**പഞ്ചജനങ്ങൾ**-ദേവകൾ, മനുഷ്യർ, ഗന്ധൎവ്വർ, നാഗങ്ങൾ, പിതൃക്കൾ ഇവ ൫-ം. വ. ബ്രാഹ്മണർ, ക്ഷത്രിയർ, വൈശ്യർ, ശൂദ്രർ, നിഷാദർ ഇവ അഞ്ചും.

പഞ്ചജനാഃ-പഞ്ചഭൂതങ്ങളിൽ നിന്നു ജനിക്കുന്നവർ, പിതാവിൻെറ സ്ഥാനത്തു അഞ്ചു ജനങ്ങൾ ഉള്ളവർ ഇങ്ങിനെ അൎത്ഥം. ജനിപ്പിച്ചവനും, ഉപനയിച്ചവനും, വിദ്യ പഠിപ്പിച്ചവനും, ചോറു തന്നു വളൎത്തിയവനും, അപായത്തിൽ നിന്നു രക്ഷിച്ചവനും (ഇവർ അഞ്ചും) പിതാക്കന്മാർ ആകുന്നു.

"ജനിതാ ചോപനേതാച
യശ്ചവിദ്യാം പ്രയച്ഛതി,
അന്നദാതാ ഭയത്രാതാ
പഞ്ചൈതേ പിതരഃ സ്മൃതാഃ"

മാതാവായിട്ടു ഒരുവനു അഞ്ചുപേരുണ്ടു്. ഗുരുവിൻെറ ഭാൎയ്യ, രാജാവിൻെറ ഭാൎയ്യ, ജ്യേഷ്ഠഭ്രാതാവിൻെറ ഭാൎയ്യ, തൻെറ ഭാൎയ്യയുടെ അമ്മ, തൻെറ പെററമ്മ ഇവരാകുന്നു. ആദ്യത്തെ അഞ്ചുപേരെയും അച്ഛനെപ്പോലെയും പിന്നത്തെ അഞ്ചു പേരെയും അമ്മയെപ്പോലെയും വിചാരിക്കേണ്ടതാണു്.

**പഞ്ചജനൻ**-പു. മനുഷ്യജാതിയിലുള്ള പുരുഷൻ. വ. മനുഷ്യൻ. ന. ആത്മാവു്. ൪. ഒരു ശംഖിൻെറ രൂപത്തിൽ സമുദ്രത്തിൽ വസിച്ചിരുന്ന ഒരു അസുരൻ.

കൃഷ്ണൻെറ ഗുരുവായ സാന്ദീപിനി മഹൎഷിയുടെ മകനെ പിടിക്കയാൽ കൃഷ്ണൻ കൊന്ന ഈ അസുരൻെറ അസ്ഥി കൊണ്ടാണു് പാഞ്ചജന്യം എന്ന ശംഖം ഉണ്ടായിട്ടുള്ളതു്.

**പഞ്ചജനി**-ഋഷഭപുത്രനായ ഭരതൻെറ പത്നി.

**പഞ്ചജനീനൻ**-പു. നടൻ. വ. വിദൂഷകൻ.

**പഞ്ചജ്ഞാനേന്ദ്രിയങ്ങൾ**-കണ്ണു്, മൂക്കു്, ചെവി, നാവു്, തൊലി (ഇവയത്രേ ജ്ഞാനേന്ദ്രിയങ്ങൾ.).

**പഞ്ചജ്ഞാനേന്ദ്രിയവിഷയങ്ങൾ**-ശബ്ദം, സ്പൎശം, രൂപം, രസം, ഗന്ധം.

**പഞ്ചത, പഞ്ചത്വം**-പു. മരണം. വ. അഞ്ചിൻെറ ഭാവം.

'പഞ്ചതയോടു ചേൎന്നു ക്രമത്താലെ'
(ഭാഗവതം ൨൪ വൃത്തം)

'പഞ്ചത്വം തനുരേതുഭൂതനിവഹൈഃ'
(കഥാനപഞ്ചകം)

പഞ്ചഭൂതങ്ങൾ അഞ്ചും ചേൎന്നു ശരീരം ഉണ്ടാകുന്നു. ശരീരം നശിക്കുമ്പോൾ അതിലുള്ള അഞ്ചു ഭൂതങ്ങളും വേറിട്ടു അതാതു മഹാഭൂതങ്ങളിൽതന്നെ ലയിക്കുന്നു.

**പഞ്ചതത്വങ്ങൾ**-പു. പൃഥിവി, അപ്പു്, തേജസ്സു്, വായു, ആകാശം ഇവ ൫-ം വ. പഞ്ചമകാരങ്ങൾ. ന. താന്ത്രികത്തിൽ തത്വന്യാസത്തിൽ ഒന്നു്.

**പഞ്ചതന്ത്രം** – വിഷ്ണുശൎമ്മാവുണ്ടാക്കിയ ഒരു കഥാപുസ്തകം.

(മിക്ക ഭാഷകളിലും തൎജ്ജമ ചെയ്തിട്ടുണ്ടു്)

**പഞ്ചതന്മാത്രം**-ശബ്ദം, രൂപം, സ്പൎശം, രസം, ഗന്ധം-ഇവ ൫-ം.

**പഞ്ചതപസ്സ്**-പു. ഗ്രീഷ്മകാലത്തു പഞ്ചാഗ്നിമദ്ധ്യേ തപസ്സുചെയ്യുന്ന ഒരു ഋഷി. വ. വേനലിൽ പഞ്ചാഗ്നിമദ്ധ്യത്തിൽ തപസ്സുചെയ്യുന്നവൻ.

**പഞ്ചതീൎത്ഥങ്ങൾ**-അഗസ്ത്യതീൎത്ഥം, സൌഭദ്രം, പൌലോമം, കാരന്ധമം, ഭാരദ്വാജം ഇവ ൫-ം.

'അഗസ്ത്യതീർത്ഥം സൌഭദ്രം
പൌലോമഞ്ചസുപാവനം
കാരന്ധമം പ്രസന്നഞ്ച-
ഹയമേധഫലഞ്ചതൽ
ഭാരദ്വാജസ്യതീർത്ഥന്തു
പാപപ്രശമനം മഹൽ
ഏതാനി പഞ്ചതീർത്ഥാനി
മൽപുത്രഷോത്തമാഃ'

(ഭാരതം മൂലം)

പഞ്ചഗ്രം-൧. കാക്ക. ൨. കയിൽ.

പഞ്ചദശ-വി. പതിനഞ്ച്.

പഞ്ചദശി-൧. വെളുത്തവാവ്. ൨. കറുത്തവാവ്.

ചതുർദ്ദശി, അഷ്ടമി, അമാവാസ്യ, പൂർണ്ണിമ, രവിസംക്രമി ഇങ്ങിനെയും കാണുന്നു.

പഞ്ചദിവസസന്ധികൾ-പ്രാതഃകാലം, സംഗവം, മദ്ധ്യാഹ്നം. അപരാഹ്നം, സായാഹ്നം. (പകലിന്റെ ൫ ഘട്ടങ്ങളാകുന്നു.)

പഞ്ചദേവതകൾ-പഞ്ചദൈവതങ്ങൾ.

പഞ്ചദൈവതങ്ങൾ-ആദിത്യൻ, ഗണനാഥൻ, ദേവി, രുദ്രൻ, കേശവൻ, ഇവ ൫-ം.

'ആദിത്യംഗണനാഥംച
ദേവീം രുദ്രാച കേശവം
പഞ്ചദൈവതമിത്യുക്തം
സർവകർമ്മസുപൂജയേൽ'

പഞ്ചദ്രാവിഡം-തമിഴ്, തെലുങ്ക്, കർണ്ണാടകം, തുളു, മലയാളം, ഇവ ൫-ം.

പഞ്ചദ്വയാസ്യൻ-രാവണൻ.

പഞ്ചധാ-അ. അഞ്ചുപ്രകാരം.

പഞ്ചനഖം-൧. കടുവാ. ൨. ആന. ൩. ആമ. ൪. ഉടുമ്പ്. ൫. മുയൽ. ൬. സിംഹം. ൭. അഞ്ചുനഖമുള്ള ഏതു ജന്തുവും.

'പഞ്ചപഞ്ചനഖാഭക്ഷ്യാഃ'

പഞ്ചനഖീ-ഉടുമ്പ്.

പഞ്ചനദം-ഇപ്പോഴത്തെ 'പഞ്ചാബ്' ദേശം.

പഞ്ചനിംബം-വേപ്പിന്റെ സമൂലം.

പഞ്ചനീരാജനം-വിളക്ക്, താമര, വസ്ത്രം; മാങ്ങ, വെററില ഇവ ൫-ം.

ദേവന്മാർക്കുമററും ഉഴിച്ചിലിനുപയോഗം.

പഞ്ചപകാരം-(മദ്യപാനം സംബന്ധിച്ചവ) പകലത്ത്, പലരത്ത്, പറയത്ത്, പാലത്ത്, പഴമത്ത് ഇവ ൫-ം.

പഞ്ചപക്ഷി-അഞ്ചു പക്ഷികൾ: ഭരിയൂരം, ചെമ്പോത്ത്, കാക്ക, പൂങ്കോഴി, മയിൽ ഇവ അഞ്ചും.

പഞ്ചപക്ഷിപ്രയോഗം-ശകുനനോട്ടം, ലക്ഷണനോട്ടം.

പഞ്ചപത്രം-പറയൻ കിഴങ്ങ്.

പഞ്ചപർവ്വങ്ങൾ-അഞ്ചു പർവ്വങ്ങൾ.

'ചതുർദ്ദശ്യഷ്ടമീചൈവ
അമാവാസ്യാചപൂർണ്ണിമാ
പർവ്വാണ്യേതാനിരാജേന്ദ്ര
രവിസംക്രാന്തിരേവച'

പഞ്ചപാണ്ഡവന്മാർ-പാണ്ഡുവിന്റെ പുത്രന്മാരായ ധർമ്മപുത്രൻ, ഭീമൻ, അർജ്ജുനൻ, നകുലൻ, സഹദേവൻ ഇവർ അഞ്ചുപേരും.

പഞ്ചപാതകം-കൊല, മോഷണം, മദ്യപാനം, വ്യഭിചാരം, ദ്രോഹം (അസഭ്യവാക്യങ്ങൾ പറക) ഇവ അഞ്ചും.

പഞ്ചപാത്രം-൧. ശ്രാദ്ധത്തിനു പ്രത്യേകം വേണ്ടുന്ന പാത്രങ്ങൾ അഞ്ചും. ൨. ഒരു കൊച്ചു ലോഹപാത്രം.

പഞ്ചപാപങ്ങൾ-(പഞ്ചമഹാപാതകങ്ങൾ നോക്കുക)

**പഞ്ചപാപി**-മഹാദുഷ്ടൻ.

**പഞ്ചപിതാക്കൾ**-പിതാവ്, പത്നിയുടെ പിതാവ്, വിദ്യപഠിപ്പിക്കുന്ന പുരുഷൻ, അന്നദാതാവ്, ഭയത്രാതാവ് ഇങ്ങിനെ ൫. അഞ്ചു പിതാക്കന്മാർ (ജനിപ്പിച്ചവൻ, ഉപനയിച്ചവൻ, വിദ്യ പഠിപ്പിച്ചവൻ, ചോറുതന്നു വളൎത്തിയവൻ, അത്യാപത്തിൽ നിന്നു രക്ഷിച്ചവൻ.)

'ജനിതാചോപനേതാച-
യശ്ച വിദ്യാംപ്രയച്ഛതി
അന്നദാതാഭയത്രാതാ
പഞ്ചൈതേ പിതരഃ സ്മൃതാഃ'

(മനു).

**പഞ്ചപുച്ഛം**-ശരീരത്തിന്റെ അഞ്ചു ഭാഗം.

[ പ. രണ്ടു കൈ, വായു, മൂക്ക്, ഗുഹ്യം ഇവ അടക്കി നില്ക്കുക. വ. മുൻവശത്തു വ-ം, പിറകിൽ പ-ം, ഇടത്തും വലത്തും വ-ം ഉൾപ്പെടെ അഞ്ചു സ്ഥാനങ്ങളിലായി സോമന്റെ ഉഷ്ണകൾ കത്തിയുടുക്കുക ]

**പഞ്ചപുച്ഛമടക്കുക**-വായുംമററും പൊത്തിപ്പിടിച്ചു ബഹുമാനിച്ചൊതുങ്ങി നില്ക്കുക.

'ഭൂരവേ പഞ്ചപുച്ഛമടക്കിക്കൊണ്ടുചെന്നിട്ടു' (ത്രിപുരദഹനം തുള്ളൽ)

**പഞ്ചപ്പാട്ടു**-പഞ്ഞപ്പാട്ടു.

**പഞ്ചപ്രാണങ്ങൾ**-ശരീരത്തിലെ വായുക്കൾ അഞ്ചും. (പ്രാണൻ, അപാനൻ, സമാനൻ, ഉദാനൻ, വ്യാനൻ).

**പഞ്ചപ്രാസാദം**-നാലുവശത്തും ഗോപുരവുമുള്ള ഒരു വിശേഷപ്പെട്ട ക്ഷേത്രം.

**പഞ്ചബന്ധു**-ശിവൻ.

**പഞ്ചബാണങ്ങൾ**- അരവിന്ദം, അശോകം, ചൂതം, നവമാലിക, നീലോല്പലം ഇവ ൫-ം, (ഉന്മാദനം, താപനം, ശോഷണം, സ്തംഭനം, സമ്മോഹനം)

'അരവിന്ദമശോകഞ്ച
ചൂതഞ്ചനവമാലികാ
നീലോല്പലഞ്ചപഞ്ചൈതേ
പഞ്ചബാണസ്യസായകാഃ'
'സമ്മോഹനോന്മാദനൌച
ശോഷണസ്താപനസ്തഥാ
സ്തംഭനശ്ചേതികാമസ്യ
പഞ്ചബാണാഃ പ്രകീൎത്തിതാഃ'

**പഞ്ചബാണൻ**-കാമദേവൻ.

**പഞ്ചബാഹു**-ശിവൻ.

**പഞ്ചഭദ്ര**-വി. പ. ദുശ്ശീലമുള്ള. വ. അഞ്ചു നല്ല ലക്ഷണമുള്ള.

**പഞ്ചഭദ്രൻ**-നെഞ്ചു, മുതുക്, മുഖം, പാൎശ്വഭാഗം ഇവയിൽ അഞ്ചുലക്ഷണമുള്ള കുതിര.

**പഞ്ചഭിൎല്ലവണം**-വിളയുപ്പ്, മരക്കല ഉപ്പ്, കാരുപ്പ്, വെടിയുപ്പ്, ചീരുപ്പ് ഇവ അഞ്ചും.

**പഞ്ചഭുജം**-അഞ്ചുപട്ടം. (ക്ഷേത്രഗണിതത്തിൽ) അഞ്ചു വശമുള്ള ഒരു രൂപം.

**പഞ്ചഭൂതങ്ങൾ**-പൃഥിവി (ഭൂമി), അപ്പ് (ജലം), തേജസ്സ് (അഗ്നി), വായു, ആകാശം ഇവ അഞ്ചും.

തമോഗുണം വിക്ഷേപം എന്നും ആവരണം എന്നു രണ്ടു ശക്തികളായി പിരിഞ്ഞു. വിക്ഷേപത്തിൽ നിന്നു ആകാശം, അതിൽനിന്നു വായു, അതിൽ നിന്നു അഗ്നി, അതിൽനിന്നു അപ്പ്, അതിൽനിന്നു ഭൂമി ഇവയുണ്ടായി.

| | പഞ്ചഭൂതങ്ങൾ | ഗുണങ്ങൾ | ശരീരാംശാദികൾ |
|---|---|---|---|
| ൧. | പൃഥിവി (മണ്ണ്) | ശബ്ദം, സ്പർശം, രൂപം, രസം, ഗന്ധം. | അസ്ഥി, മാംസം, ഞരമ്പു, തൊലി, രോമം. |
| ൨. | അപ്പ് (ജലം) | ശബ്ദം, സ്പർശം, രൂപം, രസം. | ശുക്ലം, രക്തം, മൂത്രം, ഉമിനീർ, വിയർപ്പ്. |
| ൩. | തേജസ്സ് (അഗ്നി) | ശബ്ദം, സ്പർശം, രൂപം. | വിശപ്പ്, ദാഹം, ക്ഷീണം, ഉഷ്ണം, കാന്തി. |
| ൪. | വായു | ശബ്ദം, സ്പർശം. | എഴീക്കുക, ഇരിക്കുക, ഓടുക, നടക്കുക, ചുരുങ്ങുക. |
| ൫. | ആകാശം | ശബ്ദം. | കാമം, ക്രോധം, ഭയം, ശോകം, മോഹം. |

**പഞ്ചഭൂതാത്മകം**-ശരീരം. പഞ്ചഭൂതങ്ങളെക്കൊണ്ടുണ്ടാക്കപ്പെട്ടതു് എന്നർത്ഥം.

ൟ-ം പഞ്ചഭൂതാത്മകമായ ദേഹവും ദേഹിയുമില്ല. (ത്രിപുരദഹനം തുള്ളൽ)

**പഞ്ചഭൂതി**-ഒരു മന്ത്രം.

**പഞ്ചം**-പു. പഞ്ഞം. വ. ഇരുപത്തിനാലു കടലാസുകൂടിയ ഒരടുക്കു്.

**പഞ്ചമ**-വി. പു. അഞ്ചാമത്തെ. വ. സാമർത്ഥ്യമുള്ള. ന. അഴകുള്ള.

**പഞ്ചമകാരം**-മദ്യം, മാംസം, മത്സ്യം, മുദ്രാ, മൈഥുനം ഇവ ൫-ം.

താന്ത്രികന്മാർക്കു അവരുടെ പൂജയ്ക്കു് ആവശ്യമുള്ളവയും മകാരത്തിൽ തുടങ്ങുന്നവയുമായ അഞ്ചു വസ്തുക്കളാണു്.

**പഞ്ചമൻ**-പു. പറയൻ. അഞ്ചാമത്തെ വർഗ്ഗക്കാരൻ. വ. അഞ്ചാമത്തവൻ.

**പഞ്ചമം**-പു. ഏഴു സ്വരങ്ങളിൽ ഒന്നു്, പഞ്ചമസ്വരം. നാഭി, ഉരസ്സ്, ഹൃദയം, കണ്ഠം, മൂർദ്ധാവു് ഈ അഞ്ചുസ്ഥാനങ്ങളിൽ തട്ടി പുറപ്പെടുന്നതു് എന്നർത്ഥം.

വസന്തസമയങ്ങളിൽ കുയിൽ പഞ്ചമസ്വരത്തിൽ പാടുന്നു.

വ. കുയിൽ. ന. മൈഥുനം. മ. (മണിദീപികപ്രകാരം) അനുനാസികത്തിനുള്ള മറ്റൊരു പേർ.

**പഞ്ചമമ്പഴുക്ക**-കരങ്ങോട്ടിമരുന്നു്.

**പഞ്ചമരാഗം**-അഞ്ചാമത്തെ സ്വരം.

**പഞ്ചമഹാകവികൾ** - കാളിദാസൻ, ശ്രീഹർഷൻ, ഭാരവി, ഭട്ടി, മാഘൻ.

**പഞ്ചമഹാകാവ്യങ്ങൾ**-മാഘം, നൈഷധം, രഘുവംശം, കുമാരസംഭവം, കിരാതാർജ്ജുനീയം.

**പഞ്ചമഹാപാതകൻ**-മഹാദുഷ്ടൻ.

**പഞ്ചമഹാപാതകം**-ബ്രഹ്മഹത്യ, സുരാപാനം, മോഷണം, ഗുരുജനങ്ങളുടെ കളത്രപ്രാപ്തി, തൽസംസർഗ്ഗം.

'ബ്രഹ്മഹത്യാസുരാപാനം
സ്തേയം ഗുർവംഗനാഗമഃ
മഹാന്തിപാതകാന്യാഹു-
സ്തൽസംസർഗ്ഗശ്ചപഞ്ചമഃ'

**പഞ്ചമഹാപാതകി**-പഞ്ചമഹാപാതകങ്ങൾ ചെയ്യുവൻ.

**പഞ്ചമഹാപാപി**-മഹാദുഷ്ടൻ.

**പഞ്ചമഹായജ്ഞങ്ങൾ**-പു. പാഠം, ഹോമം, അതിഥിസൽക്കാരം, തർപ്പണം, ബലി ഇവ ൫-ം.

'പാഠോഹോമശ്ചാതിഥീനാം
സപര്യാതർപ്പണംബലിഃ
ഏതേപഞ്ചമഹായജ്ഞാ
ബ്രഹ്മയജ്ഞാദി നാമകാഃ'

(അമരം).

൧. പാഠം—വേദാധ്യയനവും വേദാധ്യാപനവും. ഇതത്രെ ബ്രഹ്മയജ്ഞം.

൨. ഹോമം-ദേവന്മാരെ ഉദ്ദേശിച്ചു ചെയ്യുന്ന ഔപാസനവൈശ്വദേവാദി ഹോമം. ഇതു ദേവയജ്ഞം.

൩. അതിഥിസപൎയ്യ-അതിഥിസല്ക്കാരം. ഇതു മനുഷ്യയജ്ഞം.

൪. തൎപ്പണം-ബോധായനീയസ്നാനം മുതലായതു്. ഇതു പിതൃയജ്ഞം.

൫. ബലി—പശുക്കൾക്കു പുല്ലുകൊടുക്കുക മുതലായതു്. പൂച്ചക്കു ചോറു കൊടുക്കുക, പ്രാവിനു അരികൊടുക്കുക, തത്തക്കു പാൽകൊടുക്കുക മുതലായതും ഇതിൽ ചേരും. ഇതു ഭൂതയജ്ഞം.

ഗൃഹസ്ഥനായവൻ ഇവയെ നിത്യവും അനുഷ്ഠിച്ചുകൊണ്ടിരുന്നാൽ എല്ലാം പാപങ്ങളിൽനിന്നും നിവൃത്തിച്ചു സൽഗതിയെ പ്രാപിക്കും. സകല യജ്ഞങ്ങളെക്കാളും ഇതിനു പ്രാധാന്യം കൂടുകനിമിത്തം മഹായജ്ഞം എന്ന പേർ സിദ്ധിച്ചു. ഉരൽ ഉലക്ക മുതലായതു് അമ്മി കുഴവി മുതലായതു്, അടുപ്പു്, ജലം കോരിവെക്കുന്ന പാത്രം, ചൂറം ചൂല്‍ മുതലായതു് ഇവ ൫-ം ഹിംസാസ്ഥാനങ്ങളുണ്ടു്. ഇവ ഗൃഹസ്ഥനെ സദാ പീഡിപ്പിച്ചുകൊണ്ടു ബാധിക്കുക പതിവാണു്. ഈ പാപങ്ങൾ നശിച്ചു് പരിശുദ്ധി വരുന്നതിനു വേണ്ടിയാകുന്നു പഞ്ചമഹായജ്ഞങ്ങൾ വിധിക്കപ്പെട്ടതു്. അതിഥിലക്ഷണം മുതലായവ അറിയുന്നതിനു സ്മൃതിഗ്രന്ഥങ്ങൾ നോക്കുക

'അധ്യാപനം ബ്രഹ്മയജ്ഞഃ
പിതൃയജ്ഞസ്തുതൎപ്പണം
ഹോമോദൈവോബലിൎഭൌതോ
നൃയജ്ഞോതിഥിപൂജനം'

൨. പിതൃശുശ്രൂഷ, ഭൎത്തൃപരിചരണം, വിഷ്ണുഭക്തി, മിത്രസ്നേഹം, സമഭാവന.

പഞ്ചമാതാക്കൾ- ഗുരുവിന്റെ ഭാൎയ്യ, രാജാവിന്റെ ഭാൎയ്യ, ജ്യേഷ്ഠഭ്രാതാവിന്റെ ഭാൎയ്യ, ഭാൎയ്യയുടെ അമ്മ, തന്റെ പെറ്റമ്മ.

'ഗുരുപത്നീരാജപത്നീ
ജ്യേഷ്ഠപത്നീ തഥൈവ ച
പത്നീമാതാസ്വമാതാ ച
പഞ്ചൈതേമാതരഃസ്മൃതാഃ'

പഞ്ചമാസ്യം-കുയിൽ.

പഞ്ചമീ-൧. അഞ്ചാമത്തെ പക്കം. ൨. അഞ്ചാംവിഭക്തി ൩. പാഞ്ചാലി.

പഞ്ചമുഖൻ-൧. സിംഹം ൨. ശിവൻ.

പഞ്ചമുഖം-സിംഹം.

പഞ്ചമുഖി-ആടലോടകം.

പഞ്ചമൂലം— അഞ്ചുവേരുമരുന്നുകൂടിയ ഒരു യോഗം.

കുമിഴ്, കൂവളം, പൂപ്പാതിരി, പലകപ്പയ്യാനി, മുഞ്ഞ ഇവ ൫-ം. മഹൽപഞ്ചമൂലം, ഹ്രസ്വപഞ്ചമൂലം, മധ്യമപഞ്ചമൂലം, ജീവനപഞ്ചമൂലം, തൃണപഞ്ചമൂലം ഇങ്ങിനെ പഞ്ചമൂലം അഞ്ചുവിധം

(കുറുന്തോട്ടിവേർ, തഴുതാമവേർ, ആവണക്കിൻവേർ, കാട്ടുഴുന്നിൻവേർ, കാട്ടുപയററിൻവേർ ഇവയത്രെ മധ്യമപഞ്ചമൂലം.)

പഞ്ചമൂൎത്തികൾ-പഞ്ചദൈവതങ്ങൾ

പഞ്ചയാമം-ദിവസം.

പഞ്ചരത്നങ്ങൾ-നീലം, വജ്രം, പത്മരാഗം, മുത്തു്, പവിഴം ഇവ ൫-ം.

[൧. 'നീലകം വജ്രകംചേതി
പത്മരാഗശ്ചമൌക്തികം
പ്രവാളം ചേതിവിജ്ഞേയം
പഞ്ചരത്നം മനീഷിഭിഃ.'

൨. 'സുവൎണ്ണം രജതം മുക്താ-
രാജാവൎത്തം പ്രവാളകം
രത്നപഞ്ചകമാഖ്യാതം
ഋഷിഭിഃ പൂൎവ്വദൎശിഭിഃ.'

൩. 'കനകം ഹീരകം നീലം
പത്മരാഗശ്ച മൗക്തികം
പഞ്ചരത്നമിദം പ്രോക്തം
ഋഷിഭിഃ പൂൎവ്വദൎശിഭിഃ'

'വിദ്രുമം ഹീരകം നീലം
മൗക്തികം പത്മരാഗവും
ഇവയെല്ലാമൊന്നായ പേരത്രേ
പഞ്ചരത്നം ഗ്രഹിക്കണം'

എന്നുമുണ്ട് ]

൨. മഹാഭാരതത്തിലെ അഞ്ചു പ്രധാന കഥകൾ.

൩. ലക്ഷ്മണരാജസഭയിലെ പഞ്ചരത്നങ്ങൾ-ഗോവൎദ്ധനൻ, ശരണൻ, ജയദേവൻ, ഉമാപതി, കവിരാജൻ.

**പഞ്ചരപ്പ്**-പാത്രം, ജലപാത്രം.

**പഞ്ചരസാ**-നെല്ലി.

**പഞ്ചരാജീഫലം**-കൈപ്പൻപടവലം.

**പഞ്ചലക്ഷണം**-൧. പുരാണം. ൨. സൎഗ്ഗം, പ്രതിസൎഗ്ഗം, വംശം, മന്വന്തരം, വംശാനുചരിതം ഇവ ൫-ം.

'സൎഗ്ഗശ്ച പ്രതിസൎഗ്ഗശ്ച
വംശോ മന്വന്തരാണി ച
വംശാനുചരിതഞ്ചൈവ
പുരാണം പഞ്ചലക്ഷണം'

൧. സൎഗ്ഗം-സാത്വികി, രാജസി, താമസി എന്ന മൂന്നു ശക്തികൾ മഹാലക്ഷ്മി, മഹാസരസ്വതി, മഹാകാളി എന്നു മൂന്നു സ്ത്രീകളായി ഭവിച്ചു. ജഗൽസൃഷ്ട്യൎത്ഥം മേൽപ്പറയപ്പെട്ട മൂന്നു ശക്തികളുടെ ദേഹധാരണരൂപമായ ലക്ഷണത്തെ പണ്ഡിതന്മാർ 'സൎഗ്ഗം' എന്നു പറയുന്നു.

൨. പ്രതിസൎഗ്ഗം-പരിപാലനം, സൃഷ്ടി, സംഹാരം ഈ ക്രിയകൾക്കായിക്കൊണ്ടു വിഷ്ണുബ്രഹ്മരുദ്രന്മാരുടെ ഉൽപ്പത്തി ഭവിക്കുന്നതാകുന്നു.

൩. വംശം-ദേവാദികളുടെ വംശക്രമം.

൪. മന്വന്തരം-സ്വായംഭുവൻ തുടങ്ങിയുള്ള ൧൪ മനുക്കളുടെ വൎണ്ണനത്തിനും അവരുടെ കാലനിൎണ്ണയത്തിനും ഉള്ള പേർ.

൫. വംശാനുചരിതം-സ്വായംഭുവമനുക്കളുടെ വംശപാരമ്പൎയ്യത്തെ പറയുന്നത്.

**പഞ്ചലവണം**-൧. അഞ്ചുമാതിരി ഉപ്പ്. കാചകം, സൈന്ധവം, സാമുദ്രം, ബിഡം, സൗവൎച്ചലം. ൨. വിളയുപ്പ്, മരക്കലയുപ്പ്, കാരുപ്പ്, വെടിയുപ്പ്, ഇന്തുപ്പ്.

**പഞ്ചലാംഗലകം**-മഹാദാനം (അഞ്ചു കലപ്പകൊണ്ടു ചെയ്യത്തക്കവണ്ണമുള്ള ഭൂമിയെ ദാനം ചെയ്യുക).

**പഞ്ചലോഹങ്ങൾ**-൧ പൊന്ന്, വെള്ളി, ചെമ്പ്, ഇരിമ്പ്, ഈയം ഇവ അഞ്ചും.

ചെമ്പ് പിച്ചള തകരം ഈയം ഇരിമ്പ് എന്നും പൊന്നു, വെള്ളി, ചെമ്പ്, വെള്ളീയം, നാഗം എന്നും കാണുന്നു

(പഞ്ചലോഹം=ചെമ്പും പിച്ചളയും തകരവും ഈയവും ഇരിമ്പും ചേൎത്തുണ്ടാക്കുന്നത്.)

൨. വെള്ളോട്ട്.

**പഞ്ചവക്ത്രൻ**-ശിവൻ. ൨. സിംഹം.

**പഞ്ചവടം** - യജ്ഞോപവീതം (പൂണുനൂൽ).

**പഞ്ചവടീ**- ൧. ദണ്ഡകവനത്തിന്റെ ഒരുഭാഗം.

ഗോദാവരിനദി ഇവിടെനിന്നുത്ഭവി ക്കുന്നു. ശ്രീരാമൻ സീതയോടും ലക്ഷ്മ ണനോടും ഇവിടെ വളരെ നാൾ വസി ച്ചിട്ടുണ്ട്. നാസിക്ക് എന്ന സ്ഥലത്തു നി ന്നു ൨ നാഴിക ദൂരംവരും. ഇപ്പോഴത്തെ ബോംബെ നഗരത്തിൽനിന്നു ഏകദേശം ൧൦൦ മയിത്സ് അകലെയാണ്.]

൨. അശ്വത്ഥം, വില്വം, വടം, ധാത്രി, അശോകം ഇവ ൫-ം.

പഞ്ചവൻകാട്ട് – കള്ളിയങ്കാട്ട്. തെ ക്കൻ തിരുവിതാംകൂറിൽ നാഗർകോവി ലിൽ ഒരു സ്ഥലം. (നീലികഥ ഇവിടെ നടന്നപ്രകാരം കാണുന്നു).

പഞ്ചവർണ്ണക്കിളി–അഞ്ചുനിറമുള്ളകിളി ഇതിന്റെ മാംസത്തിനു തത്തയുടെ മാംസഗുണം തന്നെ. സം-ശാരിക.

പഞ്ചവർണ്ണം–കറുപ്പ്, വെളുപ്പ്, ചെമ പ്പ്, പച്ച, മഞ്ഞ, ഇവ അഞ്ചും.

പഞ്ചവല്ക(ല)ം–൧. ന്യഗ്രോധം, ഉദും ബരം, അശ്വത്ഥം, പ്ലക്ഷം, വേതസം ഇവ ൫-ന്റെയും പട്ട (തൊലി). ൨. നാ ല്പാമരത്തൊലിയും കല്ലാലിൻതൊലിയും.

പഞ്ചവാദ്യം–അഞ്ചുതരം വാദ്യം.

'തതഞ്ചവിതതഞ്ചൈവ
ഘനം സുഷിരമേവച
ഗാനഞ്ചൈവതുപഞ്ചൈതേ
പഞ്ചവാദ്യപ്രകീർത്തിതാഃ'

തതം, വിതതം, ഘനം, സുഷിരം, ഗാനം. (വാദ്യം എന്നതു നോക്കുക).

പഞ്ചവാനരന്മാർ – സുഗ്രീവൻ, ഹനു മാൻ, ജാംബവാൻ, ജ്യോതിർമ്മുഖൻ, വേ ഗദർശി.

പഞ്ചവായുക്കൾ – പ്രാണൻ, അപാ നൻ, സമാനൻ, ഉദാനൻ, വ്യാനൻ ഇവ ൫-ം.

'ഹൃദിപ്രാണോഗുദേപാനഃ
സമാനോനാഭിസംസ്ഥിതഃ
ഉദാനഃകണ്ഠദേശസ്ഥോ-
വ്യാനസ്സർവ്വശരീരഗഃ'

൧. പ്രാണവായു–ഹൃദയത്തിങ്കലിരു ന്നു ഉള്ളിൽ ആഹാരാദികളെ പ്രവേശി പ്പിക്കുന്നു.

൨. അപാനവായു–ഗുദസ്ഥാനത്തിലി രുന്നു മലമൂത്രാദികളെ അധോമുഖങ്ങളാ ക്കിച്ചെയ്യുന്നു.

൩. സമാനവായു–നാഭിയിലിരുന്നു അന്നാദികളെ ദഹിപ്പിക്കുന്നു.

൪. ഉദാനവായു–കണ്ഠസ്ഥാനത്തിലിരു ന്നു വാക്ക മുതലായവയെ ഉണ്ടാക്കുന്നു.

൫. വ്യാനവായു–ശരീരം മുഴുവനും വ്യാപിച്ചു വിയർപ്പ് രക്തം നിമേഷം ഇവയെ ഉണ്ടാക്കുന്നു.

മേൽപ്പറയപ്പെട്ട പഞ്ചവായുക്കൾ ശരീരത്തിങ്കൽ സ്ഥിതിചെയ്യുന്നവയാ കുന്നു.

## പ്രാണാദിപഞ്ചവായുക്കളുടെ അവാന്തരഭേദങ്ങളും പ്രവൃ ത്തിഭേദങ്ങളും.

'നാഗഃകൂർമ്മശ്ചകൃകരോ(ലോ)
ദേവദത്തോധനഞ്ജയഃ
വാശ്വാദേനാഗ ആഖ്യാതഃ
കൂർമ്മഉന്മീലനേസ്മൃതഃ
കൃകരാച്ചക്ഷുതംജ്ഞേയം
ദേവദത്താദിജൃംഭണം
നജഹാതിമൃതം വാപി
സർവ്വവ്യാപീധനഞ്ജയഃ'

(ഗുരുബാലപ്രബോധിക)

൧. നാഗൻ–വാക്ക പുറപ്പെടുന്നേട ത്തു സ്ഥിതിചെയ്യുന്നു. ൨. കൂർമ്മൻ–ഇമ ച്ചുമിഴിക്കുന്നേടത്തു സ്ഥിതിചെയ്യുന്നു. ൩. കൃകരൻ–തുമ്മുന്നേടത്തു സ്ഥിതിചെയ്യുന്നു. ൪. ദേവദത്തൻ–കോട്ടുവായിടുന്നേടത്തു

സ്ഥിതി ചെയ്യുന്നു. ധനഞ്ജയൻ-സർവ്വവ്യാപി.

ജീവികൾ മരിച്ചാൽപോലും ധനഞ്ജയൻ അവരുടെ ദേഹത്തെ വിട്ടുപോകയില്ല. അതു നശിക്കുന്നമെങ്കിൽ ശരീരം തീയിൽ ദഹിച്ചോ മണ്ണോടു ചേർന്നോ മറ്റോ നശിക്കണം.

**പഞ്ചവിധാനങ്ങൾ**-(പഞ്ചാബ്ദമയദേദങ്ങൾ നോക്കുക)

**പഞ്ചവിംശതി**-വി. ഇരുപത്തഞ്ച്.

**പഞ്ചവിഷയം**-ശബ്ദം, സ്പർശം, രൂപം, രസം, ഗന്ധം ഇവ ൫-ം.

**പഞ്ചവൃക്ഷങ്ങൾ**-(സ്വർഗ്ഗത്തിലെ) മന്ദാരം, പാരിജാതകം, സന്താനം, കല്പവൃക്ഷം, ഹരിചന്ദനം.

**പഞ്ചശരൻ**-കാമദേവൻ. അഞ്ച് അമ്പുള്ളവനെന്നർത്ഥം (അരവിന്ദം, അശോകം, ചൂതം, നവമാലിക, നീലോല്പലം ഇവ ൫-ം).

'ഉന്മാദനസ്താപനശ്ച
ശോഷണഃ സ്തംഭനസ്തഥാ
സംമോഹനശ്ചകാമസ്യ
പഞ്ചബാണാഃ പ്രകീർത്തിതാഃ'

എന്നിപ്രകാരം അഞ്ചു ബാണങ്ങൾക്കും പ്രത്യേകം പ്രത്യേകം യോഗരൂഢിയായ പേർ കാണുന്നു.

**പഞ്ചശാഖം**-ന. കൈയ്പടം അല്ലെങ്കിൽ ഉള്ളംകൈയ്.

'പഞ്ചശാഖശ്ശയഃപാണി' എന്ന അമരം ശാഖാതുല്യങ്ങളായ ൫ വിരലുള്ളതെന്നർത്ഥം. ൨. ആന.

**പഞ്ചശിഖൻ**-പു. സിംഹം ൨. ഒരുമുനി.

**പഞ്ചശിഖം**-സിംഹം.

**പഞ്ചശൂന്യം**-അഞ്ചുവക ശൂന്യം.

വെട്ടുക, അരയ്ക്കുക, പൊടിക്കുക, വേവിക്കുക, ചവയ്ക്കുക ഇവ അഞ്ചും.

**പഞ്ചസാക്ഷികം**-അഞ്ചു ഇന്ദ്രിയങ്ങളും കൂന്ന സാക്ഷികളോടു കൂടിയതു്.

**പഞ്ചസാര**-കരിമ്പിൻനീരുകുറുക്കിയുണ്ടാക്കുന്ന മധുരദ്രവ്യം, പഞ്ചാര. പര്യായങ്ങൾ-സിത, ശർക്കര.

പഞ്ചസാര പൂർവ്വകാലത്തിൽ അധികവും കരിമ്പിൽനിന്നുതന്നെ എടുത്തുവന്നു. ഇപ്പോൾ പലദേശങ്ങളിൽ നിന്നും പല വസ്തുക്കളിൽ നിന്നും പലവിധം എടുക്കുന്നുണ്ട്. ഔഷധത്തിനു കരിമ്പിൽനിന്നെടുക്കുന്നതു നന്ന്. ഇതു കിട്ടാതായാൽ കല്ക്കണ്ടം ചേർക്കാം. ഇതു കൂടുതലായി ഭക്ഷിച്ചുണ്ടാകുന്ന വികാരത്തിൽ തേൻതന്നെയോ പഞ്ചസാര ചേർത്തോ സേവിക്കണം. വാതം, പിത്തം, ഛർദ്ദി, മൂർഛ, ശ്രമം, ജ്വരം, ഭ്രമം, തൃഷ്ണീർദാഹം, ചുമ, ശൂല, രക്തദോഷം, സർവ്വാംഗസന്താപം, വിഷം, മൂത്രദോഷം, ക്ഷതം, ക്ഷയം, ഇവയ്ക്കുനന്ന്. ബലത്തെ വർദ്ധിപ്പിക്കും. ഏറ്റവും രുചികരമാകുന്നു.

**പഞ്ചസാരം**-ഒരുവക പാനകം.

മുന്തിരിങ്ങാപ്പഴം, ഇരിപ്പക്കാതൽ, ഇരട്ടിമധുരം, ചന്ദനക്കുരു, താളിമാതളത്തിൻകായ് ഇവ സമം കൂട്ടിയരച്ചു വെള്ളത്തിൽ കലക്കി ഒരുരാത്രി മുഴുവൻ വെച്ചു അനന്തരം അരിച്ചു കുറുക്കിയാൽ അതിനു പേർ പഞ്ചസാരം.

**പഞ്ചസിദ്ധാന്തങ്ങൾ**-പൈതാമഹം, സൌരം, വാസിഷ്ഠം, രോമകം, പൌലിശം (ജ്യോതിഷ വിഷയങ്ങളാണ്.)

**പഞ്ചസുഗന്ധം**-കരയാമ്പൂ, ജാതിക്കാ, പത്രി, കർപ്പൂരം, ഏലം ഇവ അഞ്ചു സുഗന്ധവസ്തുക്കൾ കൂടിയതു്.

**പഞ്ചസ്കന്ധം**-ബൌദ്ധശാസ്ത്രോക്തമായ രൂപ, വേദനാ, വിജ്ഞാന, സംജ്ഞാ, സംസ്കാരങ്ങൾ.

**പഞ്ചസ്നേഹം**-നല്ലെണ്ണ, ആവണക്കെണ്ണ, വേപ്പെണ്ണ, പശുവിൻനെയ്, പന്നിനെയ് ഇവ അഞ്ചും.

**പഞ്ചാക്ഷരം**-പു. ന, മ, ശി, വാ, യ ഇവ ൫-ം. വ. അഞ്ചു് അക്ഷരങ്ങൾ അടങ്ങീട്ടുള്ള ഒരു ഉത്തമമന്ത്രം. ന. വ കതിരിവു്.

**പഞ്ചാഗ്നി**-നാലുപുറത്തും തീയും മുകളിൽ ആദിത്യനും കൂടിയതു്.

ത്രിപുരന്മാരുടെ തപസ്സ് പഞ്ചാഗ്നി മദ്ധ്യത്തിലായിരുന്നു.

**പഞ്ചാഗ്നികൾ**-ദക്ഷിണാഗ്നി, ഗാർഹപത്യാഗ്നി, ആഹവനീയാഗ്നി, സഭ്യം, ആവസത്ഥ്യം ഇവ ൫-ം.

**പഞ്ചാങ്കുരം**-വെട്ടിത്തളിർ, തൊറത്തളിർ, പാച്ചോററിത്തളിർ, ചെത്തിമൊട്ടു്, കറുകനാമ്പു് ഇവ ൫-ം.

**പഞ്ചാംഗ**-വി. അഞ്ചു് അവയവങ്ങളോടു കൂടിയ.

**പഞ്ചാംഗഗുപ്തൻ**-ആമ.

**പഞ്ചാംഗജ്യൌതിഷങ്ങൾ**-നക്ഷത്രം തിഥി, വാരം, യോഗം, കരണം ഇവ ൫-ം

**പഞ്ചാംഗൻ**-പു. ആമ. വ. കുതിര.

**പഞ്ചാംഗം**-പു. നാൾ അറിയുന്നതിനുള്ള ഒരു കണക്കു്. അഞ്ചംഗങ്ങളോടുകൂടിയതെന്നർത്ഥം.

'തിഥിവാരഞ്ച നക്ഷത്രം
യോഗഃകരണമേവച
ഏതാനിയത്ര വർണ്ണ്യന്തെ
തൽപഞ്ചാംഗമിതീര്യതെ'

തിഥി, വാരം, നക്ഷത്രം, യോഗം, കരണം ഇവ അഞ്ചും പഞ്ചാംഗത്തിന്റെ അംഗങ്ങൾ.

പഞ്ചാംഗത്തിനു് ഇംഗ്ലീഷിലുള്ള 'അല്മനാക്ക്' എന്ന പേർ അറബിഭാഷയിൽ നിന്നു കിട്ടിയതാകുന്നു. 'അല്മനാഹ്' എന്ന അറബിവാക്കിന്റെ അർത്ഥം എണ്ണുക, ഗണിക്കുക എന്നാണു്.

(ഒരു പഴയ മാസിക)

വ. ആമ. ന. അസ്ഥിവാരം.

**പഞ്ചാംഗുല**-വി. അഞ്ചുവിരൽ അളവുള്ള.

**പഞ്ചാംഗുലം**-ഒരു പച്ചമരുന്നു്, ആവണക്കു്. അഞ്ചു വിരലുള്ളതെന്നർത്ഥം. (ഇവിടെ ഇലയെ കൈപ്പടമായും ദളങ്ങളെ വിരലായും കല്പിക്കണം). വെളുത്ത ആവണക്കു്.

**പഞ്ചാംഗോപാസനകൾ** — ജപം, ഹോമം, തർപ്പണം, അഭിഷേകം, വിപ്രഭോജനം ഇവ ൫-ം.

**പഞ്ചാതി**-വേദം പഠിക്കുന്നതിനു സൗകര്യത്തിനുവേണ്ടി കല്പിച്ചിട്ടുള്ള ഒരു ഭാഗം. (൫൦ പദങ്ങൾ തിരിച്ചു പറയുന്നതു്) ഇതു് യജുസ്സിലാണു പ്രസിദ്ധം.

**പഞ്ചാത്മകം**-ശരീരം.

**പഞ്ചാനനൻ**-പു. സിംഹം. വ. ശിവൻ.

**പഞ്ചാനനം**-പു. അഞ്ചു മുഖമുള്ള രുദ്രാക്ഷം. വ. സിംഹം.

**പഞ്ചാനംകൊണ്ടിരിക്ക** — ക്ഷീണിച്ചിരിക്ക. (പ. മ).

**പഞ്ചാപ്സരസ്സ്**-മന്ദകർണ്ണിമുനി സൃഷ്ടിച്ച ഒരു തടാകം.

**പഞ്ചാഭ്യുദയഹേതുക്കൾ**-ധൃതി, ദാക്ഷ്യം, പരാക്രമം, ദേശാനുകൂല്യം, കാലാനുകൂല്യം ഇവ ൫-ം.

**പഞ്ചാമൃതം**—പാൽ, തൈർ, നെയ്, തേൻ, പഞ്ചസാര ഇവ അഞ്ചും.

'ദുഗ്ദ്ധം ച ശർക്കരാചൈവ
ഘൃതം ദധി തഥാമധു'.

**പഞ്ചായക്കാരൻ**-മദ്ധ്യസ്ഥനായിട്ടു കാൎയ്യം വിസ്തരിക്കുന്നവൻ.

**പഞ്ചായതനങ്ങൾ**-ശാന്തി, അതീതശാന്തി, പരാപരയായ വിദ്യ, പ്രതിഷ്ഠ, നിവൃത്തി.

**പഞ്ചായത്തു്, പഞ്ചായം**-പഞ്ചായക്കാരുടെ (അഞ്ചുപേരുടെ) കൂട്ടം, പഞ്ചായത്തുകോടതികൾ.

**പഞ്ചായവിധി**-മദ്ധ്യസ്ഥന്മാർ നിശ്ചയിച്ച തീൎപ്പ്.

**പഞ്ചായവിസ്താരം**-പഞ്ചായക്കാർ തമ്മിലുള്ള വ്യവഹാരം.

**പഞ്ചായുധൻ**-കാമദേവൻ.

**പഞ്ചാരാധിതപത്രം**-കടം കൊടുക്കുന്നവനും, വാങ്ങുന്നവനും, രണ്ടു സാക്ഷികളും, എഴുത്തുകാരനും ഇങ്ങിനെ അഞ്ചുപേരാൽ സമ്മതിക്കപ്പെട്ടെഴുതിയ എഴുത്തു്, ആധാരം.

**പഞ്ചാരി**-ഒരു താളം.

[ചമ്പ, ചെമ്പട, അടന്ത, മുറിയടന്ത, പഞ്ചാരി മുതലായവ കഥകളിയിൽ കാണുക സാധാരണമാണല്ലോ]

**പഞ്ചാലർ**-ഒരുവക യോദ്ധാക്കൾ.

**പഞ്ചാലാ**-ഒരു രാജ്യം.

**പഞ്ചാലികാ**-വസ്ത്രം, ആനക്കൊമ്പു് മുതലായതുകൊണ്ടുണ്ടാക്കിയ പാവ.

['പാഞ്ചാലികാ' എന്ന ശബ്ദത്തിനാണു് പ്രാധാന്യം കൂടുതൽ.]

**പഞ്ചാലീ**-ന. പാവ. വ. ഒരുമാതിരി പാട്ടു്.

**പഞ്ചാവടാ**-പൂണുനൂൽ.

**പഞ്ചാവയവങ്ങൾ**-തൎക്കത്തിൽ പ്രതിജ്ഞ, ഹേതു, ഉദാഹരണം, ഉപനയം, നിഗമനം ഇവ അഞ്ചും.

**പഞ്ചാശത്തു്**-വി. അൻപതു്.

**പഞ്ചാസ്യൻ**-ന. ശിവൻ.

ശിവന്റെ ഓരോ മുഖത്തിൽ നിന്നു ഓരോ ആമ്നായം പുറപ്പെട്ടു.

വ. സിംഹം. സിംഹത്തിനു നാലു കാലും മുഖവുംകൂടി അഞ്ചെണ്ണം മുഖംപോലെ യുദ്ധോപയുക്തമായിട്ടുള്ളതാകയാൽ ഈ പേർ വന്നു.

'സിംഹോ മൃഗേന്ദ്രഃ പഞ്ചാസ്യഃ'

(അമരം.)

**പഞ്ചാസ്യം**-സിംഹം. വിസ്തൃതമായ മുഖത്തോടുകൂടിയതെന്നൎത്ഥം.

**പഞ്ചിക**-ന. ഒരു വ്യാഖ്യാനഗ്രന്ഥം. വ. ഐതരേയബ്രാഹ്മണത്തിലെ ഓരോ പുസ്തകവും. ന. അഞ്ചു പകിടകൊണ്ടുള്ള ഒരു കളി. ൪. യമൻ മനുഷ്യരുടെ പ്രവൃത്തികളെ കുറിച്ചുവെക്കുന്ന ഒരു ബുക്കു്. ൫. വൎത്തമാനപ്പത്രം.

**പഞ്ചീകരണം**-അഞ്ചാക്കിച്ചെയ്ക.

**പഞ്ചേന്ദ്രിയങ്ങൾ** — നേത്രേന്ദ്രിയം, ശ്രോത്രേന്ദ്രിയം, ഘ്രാണേന്ദ്രിയം, രസനേന്ദ്രിയം, ത്വഗിന്ദ്രിയം ഇവയാണു്. ഇവയെ പ്രതിഷ്ഠിച്ചിരിക്കുന്ന അവയവങ്ങളാണു-കണ്ണു്, ചെവി, മൂക്കു്, നാക്കു്, തൊലി എന്നുള്ളവ. ഇന്ദ്രിയങ്ങൾ അദൃശ്യങ്ങളും അവയെ സ്ഥാപിച്ചിരിക്കുന്ന അവയവങ്ങൾ ദൃശ്യങ്ങളുമാണു്.

**പഞ്ചേന്ദ്രിയവിഷയങ്ങൾ**-(പഞ്ചവിഷയങ്ങൾ നോക്കുക).

**പഞ്ചേഷു**-കാമൻ.

**പഞ്ചേളാദി**-പഞ്ചഭൂതം. (ഇള = ഭൂമി.)

**പഞ്ചോപചാരം**-ഗന്ധം, പുഷ്പം, ധൂപം, ദീപം, നിവേദ്യം ഇവ അഞ്ചും.

**പഞ്ചോഷ്മാ**-പഞ്ചപാവകം.

**പഞ്ജരകം**-കൂടു്.

**പഞ്ജരം**-ന. പക്ഷിക്കൂടു്. വ. അസ്ഥിക്കൂടു്. ന. വാരിയെല്ലു്. ൪. ശരീരം. ൫. കലിയുഗം. ൬. സ്വപ്നം. 'പിഞ്ജരം' എന്നും കാണുന്നുണ്ടു്. ൭. പശുക്കളെ സംബന്ധിച്ച ഒരടിയന്ത്രം.

പഞ്ജരാഖേടം—മീൻ പിടിപ്പാനുള്ള ഒരു വക അല്ലെങ്കിൽ കൂട.

പഞ്ജലം—വലിയ കാട്ടുള്ളിപോലെയുള്ള ഒരുവക കന്ദം.

പഞ്ജി—൧. നൂൽനെയ്യുന്ന പഞ്ഞി. ൨. പഞ്ചാംഗം, ൩. പട്ടോല, വരിച്ചാർത്ത്

പഞ്ജി(ഞ്ജീ)കാര(ക)ൻ—൧. ഗ്രമസ്ഥൻ. ൨. പഞ്ചാംഗം ഉണ്ടാക്കുന്നവൻ.

പഞ്ജിക—൧. സംസ്കൃതപുസ്തകങ്ങൾക്കുള്ള ഒരു വ്യാഖ്യാനം, സകല പദവ്യാഖ്യയുടെ പേർ. ൨. വരവുചെലവു കണക്ക്. 'പഞ്ചികാ' എന്നുമാവാം. ൩. മനുഷ്യരുടെ പ്രവൃത്തികളെ കുറിപ്പാൻ യമൻ വച്ചിട്ടുള്ള ഒരു കണക്കുപുസ്തകം.

പഞ്ജികാകാരകൻ—കണക്കപ്പിള്ള.

പഞ്ഞക്കാരൻ—യാചകൻ.

പഞ്ഞപ്പാട്ട്—ഇരപ്പാളിപ്പാട്ട്, ദരിദ്രന്മാരുടെ ഒരുമാതിരിപാട്ട്, സാരമില്ലാത്ത പാട്ട്. ഒരു വകയുമില്ലെന്നു സദാ പുലമ്പുന്നത്.

പഞ്ഞപ്പുല്ല്—ക്രൂരം എന്ന ഒരുവക ധാന്യം, കൂരവ്, കുവരക്, കേഴവരക്, കേപ്പ. സം—രാഗിണി. (മുത്താറി എന്നും കാണുന്നു).

പിത്തത്തിനും രക്തദോഷത്തിനും നന്ന്. ബലത്തെ വർദ്ധിപ്പിക്കും. ഇത് ഭോജ്യവർഗ്ഗത്തിൽപെട്ട തൃണധാന്യമാകുന്നു.

പഞ്ഞം—ക്ഷാമം, ദാരിദ്ര്യം.

പഞ്ഞാറ—വൃത്തികെട്ടത്, വകയ്ക്കു കൊള്ളാത്തത്, ചേപ്പറ.

പഞ്ഞി—൧. കിടക്കപ്പഞ്ഞി. ൨. നൂൽപ്പഞ്ഞി. പര്യായങ്ങൾ—പിചു, തൂലം.

പഞ്ഞിക്കാ—൧. പഞ്ഞിമരത്തിന്റെ കായ്, പരുത്തിക്കാ. ൨. ഇലവിൻകാ.

പഞ്ഞിക്കുരു—പഞ്ഞിക്കായുടെ കുരു.

പഞ്ഞിനൂൽ—പഞ്ഞി നൂററി ഉണ്ടാക്കിയ നൂൽ.

പഞ്ഞിപ്പാളി—മെത്തയിൽ പഞ്ഞിയിട്ടുവാൻ തിരിച്ചു കുത്തിയ അറ.

പഞ്ഞിമരം—പഞ്ഞിക്കായുണ്ടാകുന്ന വൃക്ഷം. പരുത്തി, ഇലവ്.

പട-(ധാതു) ൧. പാത്രം മാറിപ്പകരുക. ൨. വററിച്ച ചോറ് കോരികയിലിട്ടു പടയ്ക്കുക.

പട—൧. യുദ്ധം, ൨. സൈന്യം. ൩. വഴക്ക്. ൪. കൽത്തളം. ൫. ചോര പടച്ചത്.

[പടപുറപ്പാട് = ആസാരം, പ്രസരണം]

പടകം—൧. പാളയം. ൨. പഞ്ഞിത്തുണി.

പടകമ്മ—നെയ്ത്ത്.

പടകാരൻ—൧. വസ്ത്രം നെയ്ത്തുകാരൻ. ൨. ചായം ഇടുന്നവൻ.

പടകുടി—൧. തുണികൊണ്ടുണ്ടാക്കിയ വീട്, കൂടാരം. ൨. സൈന്യങ്ങൾ പാർക്കുന്ന സ്ഥലം, പടവീട്. പര്യായങ്ങൾ—ശിബിരം. നിവേശം.

യുദ്ധാർത്ഥം പോകുമ്പോഴുംമററും സൈന്യങ്ങൾക്കു താമസിപ്പാനായിഉണ്ടാക്കുന്ന പാർപ്പിടമാത്രു പടകുടി.

പടക്കൂടുന്നു—യുദ്ധത്തിൽ ചേരുക, യുദ്ധം ചെയ്യുന്നു.

പടക്കൂട്ടി—ഒരുമാതിരി പാമ്പ്.

പടക്കൂട്ടുന്നു—യുദ്ധം ചെയ്യിക്കുന്നു, സൈന്യത്തെ നടത്തുന്നു, സൈന്യം ശേഖരിക്കുന്നു.

പടക്കേറുക—സൈന്യങ്ങൾ ആക്രമിക്കുക.

പടക്കേററം—പടകേറുന്നതു, ആക്രമണം.

പടക്കപ്പൽ—യുദ്ധത്തിനായുള്ള കപ്പൽ.

പടക്കം-ഠ വെടി പൊട്ടിക്കുന്നതിനുള്ള ഒരു ചെറിയ വസ്തു. ഉ. തോല്പടക്കം.

പടക്കളം-യുദ്ധഭൂമി.

പടക്കുതിര-യുദ്ധത്തിനുള്ള കുതിര.

പടക്കന്താ-യുദ്ധത്തിനുള്ള കന്തം.

പടക്കോറി-യുദ്ധത്തിനു നെററിമേലിടുന്ന പൊട്ട്.

പടക്കൂട്ടം-സൈന്യക്കൂട്ടം.

പടക്കൊടി-യുദ്ധത്തിലേ കൊടിക്കൂറ.

പടക്കോട്ട-യുദ്ധത്തിനുള്ള കോട്ട.

പടക്കോപ്പ് - യുദ്ധത്തിനുള്ള ഉപകരണം.

പടങ്ങ്, പടങ്ങുതടി-കൈക്കോൽ, തറി തള്ളുന്നതിന് അതിന്റെ അടിയിലിടുന്ന തടി.

പടങ്ങ്-ഠ. കൈക്കോൽ. ഉ. കൂടാരം, ഓലകളും കാററത്തു ഇളകിപ്പോകാതിരിക്കുന്നതിന് മേച്ചിൽപ്പുറത്ത് മുളകീറ കൊണ്ടുണ്ടാക്കുന്ന വരിച്ചിൽപ്പണി. ഇതിന 'പടങ്ങിടുക' എന്നു പറയുന്നു.

പടച്ചട്ട-യുദ്ധത്തിൽ ധരിക്കുന്ന ചട്ട.

പടച്ചമപ്പ്-യുദ്ധസന്നാഹം.

പടച്ചയം-യുദ്ധക്കോപ്പുകൾ, ആയുധം മുതലായത്.

പടച്ചുരൻ-കള്ളൻ. (പാടച്ചരൻ എന്നതിനാണ് അധികം പ്രാധാന്യം)

പടച്ചുരം-പഴയവസ്ത്രം. മറെറാരു പാഠം-കീറ്റുവസ്ത്രം. [illegible] എന്നർത്ഥം.

പടച്ചെലവ് -യുദ്ധത്തിനുള്ള ചെലവ്.

പടജ്ജനം-സൈന്യം.

'അവശേഷയപടജ്ജനങ്ങളുമായോരം'

(ശ്രീകൃഷ്ണചരിതം)

പടത്കറി-കള്ളൻ.

പടത, പടതി-ശിരസ്സില.

പടത്തക്കം-യുദ്ധത്തിനുള്ള തരം.

പടത്തണ്ഡം-യുദ്ധത്തിൽ സൈന്യങ്ങളുടെ നില.

പടത്തലവൻ-സേനാപതി.

പടത്തായം-തന്ത്രം, കൃത്രിമം, ചതിവ്.

പടത്തൊപ്പി-യുദ്ധത്തിൽ ധരിക്കുന്ന തൊപ്പി.

പടന-ഉപ്പുവിളയുന്ന സ്ഥലം.

പടനയുപ്പ്-പടനയിൽവിളയുന്ന ഉപ്പ്.

പടനായകൻ-സേനാപതി.

പടനായർ-ഠ. സേനാപതി. ഉ. ഭടൻ, പടയാളി.

പടനിരക്കൽ-സൈന്യം നിരക്കുക.

പടനിരക്കുന്നു-സൈന്യം നിരക്കുന്നു. (സ ക്രി. പടനിരത്തുന്നു).

പടനിലം-യുദ്ധഭൂമി.

പടനിറുത്തൽ, പടനിർത്തൽ-ഠ. യുദ്ധത്തിനു സൈന്യത്തെ നിറുത്തുക. ഉ. യുദ്ധം അവസാനിപ്പിക്കുക,

പടനിറുത്തുന്നു, പടനിർത്തുന്നു-ഠ. യുദ്ധത്തിനു സൈന്യത്തെ നിറുത്തുന്നു. ഉ. യുദ്ധത്തെ അവസാനിപ്പിക്കുന്നു.

പടന്ന-ഠ. ഓർനിലം പര്യായങ്ങൾ-ഊഷവാൻ, ഊഷരം. ഉ. ഉപ്പുവിളയുന്ന സ്ഥലം. ന. വലിയ മൺവെട്ടി, (തുമ്പാ).

പടപട-കടുന്തറയിൽ എന്തെങ്കിലും മറിഞ്ഞുവീഴുന്ന ശബ്ദം, വെടിയുടെ ശബ്ദം.

പടപറയുന്നു-വെറുതെ വളരെ പറയുന്നു.

പടപ്പരിച-യുദ്ധത്തിനുള്ള പരിച.

പടപ്പ്-ഠ. കാടുപിടിച്ച സ്ഥലം, ഉപ്പുകാട്, കരകാട്. ഉ. സൃഷ്ടി. ന. പായ്. ര. പടപ്പു തടി.

പടപ്പുതടി-വസ്ത്രംനെയ്യിത്തുകാർക്ക് ഉപകരിക്കുന്ന ഒരു തടി.

**പടഭണ്ഡാരം**-പ്ര. പടക്കോപ്പുവയ്ക്കുന്ന സ്ഥലം. ൧. പടക്കോപ്പ്.

**പടഭംഗം**-വസ്ത്രം മുറിക്കുക.

'പടഭംഗംപോലും ഖേദമതിനില്ല'.
(നളചരിതം കഥകളി)

**പടം**-പ്ര. വസ്ത്രം, വിശേഷപ്പെട്ട വസ്ത്രം. വിസ്താരമുള്ളതു് എന്നർത്ഥം. ൧. അച്ചടിശ്ശീല. ൨. മറമരം, ൩. ഉടുപ്പ്. ൪. മൂടുപടം ൫. എഴുതുന്നതിനോ ചായമിടുന്നതിനോ ഉള്ള തുണി. ൬. വാരി, മേൽക്കട്ട്, മേല്പുര. ൭. മേനിവരുത്തിയ എന്തെങ്കിലും വസ്തു ൮. പറപ്പിക്കുന്ന കടലാസ്. ൯. പാമ്പിന്റെ തൊലി. ൧൦. കാലിന്റേയോ കൈയുടേയോ അകം. ൧൧. ചിത്രം ൧൨. ചൂതുകളിപ്പലക

**പടംകാട്ടുക, പടം കാണിക്കുക**-(നൂതനശൈലി.) പറഞ്ഞുചതിക്കുക, കാര്യം സാധിക്കാമെന്നു പറഞ്ഞു സന്തോഷിപ്പിച്ചിട്ടു് സാധിപ്പിച്ചു കൊടുക്കാതിരിക്കുക.

ഇതു് സിനിമായിലെ ചിത്രപ്രദർശനത്തിൽ നിന്നു വന്നതാണ്. ഓരോ പടവും ദൃശ്യമാകയും, അടുത്ത നിമിഷത്തിൽ മറയുകയും ഒടുവിൽ പടുതാ മാത്രം പഴയപോലെ ശേഷിക്കയും ചെയ്യുന്ന കാഴ്ചയിൽ നിന്നാണ് ഈ പ്രയോഗം നടപ്പായതു്.

**പടമണ്ഡപം**-കൂടാരം.

**പടമയ**-വി. വസ്ത്രം കൊണ്ടുണ്ടാക്കിയ.

**പടമയം**-കൂടാരം.

**പടമലനായർ**-ചേരമാൻ പെരുമാളുടെ കാര്യസ്ഥൻ

**പടമുഖം**-മുൻപട.

**പടമെടുക്കുന്നു**- ഛായാഗ്രാഹിണിയന്ത്രം മുഖേന മനുഷ്യരുടെയും മററും രൂപം (പ്രതിച്ഛായ) എടുക്കുന്നു.

**പടമെടുപ്പുകാരൻ**-പ്രതിച്ഛായ എടുക്കുന്ന ആൾ.

**പടമെഴുത്തുകാരൻ** - ചിത്രമെഴുത്തുകാരൻ.

**പടയ്ക്കുന്നു**- കോരികകൊണ്ടു ചോറളന്നു പങ്കിടുന്നു.

**പടയ്പ്**-കോരികകൊണ്ടു ചോറളന്നു പങ്കിടുക.

**പടയണി**-സൈന്യത്തിന്റെ നിര(പ്പ്).

**പടയാളി**-പട്ടാളക്കാരൻ, യോദ്ധാവ്.

**പടയോട്ടം**-പ്ര. യുദ്ധത്തിൽ തോററോടുക. ൧. യുദ്ധത്തെ കേട്ടു ഭയപ്പെട്ടു ഓടുക. ൨. സൈന്യങ്ങളുടെ ആക്രമണം.

**പടരുന്നു**-പ്ര. പരക്കുന്നു. ൧. വൃക്ഷങ്ങൾക്ക് നാലുപുറവും നീണ്ട കൊമ്പുകളുണ്ടാകുന്നു. ൨. പുഴക്കടി മുതലായതു ദേഹത്തിൽ വ്യാപിക്കുന്നു. ൩. വള്ളികൾ വൃക്ഷത്തിലും മററും ചുററി വളരുന്നു.

**പടർ**-ദുഃഖം.

'ചൊല്ലീടിയ പടരില്ലാഞ്ഞൊന്നും'
(ഗീത; മാധവപ്പണിക്കർ)

**പടർകായ്**-പടററവാഴയുടെ കായ്.

**പടർച്ച**-പടരുക.

**പടർത്തുന്നു**-പരന്നു വരുവാൻ തക്കവണ്ണം ആക്കുന്നു.

**പടപ്പ്**-പ്ര. പടർച്ച. ൧. കുറുങ്കാട്.

**പടൽ**-പ്ര. പടപ്പ്, കുറുങ്കാട്.

'പടലിൽകണ്ടു പന്നിയതെന്നോർത്ത്'
(കിരാതം തുള്ളൽ)

൧. പടങ്ങ്. ൨. സസ്യങ്ങൾക്കു പടരാനുള്ള പന്തൽ.

**പടൽ**-നിരപ്പില്ലാത്ത പല്ലിത്തടി.

**പടല**-പ്ര. പത്തും പന്ത്രണ്ടും കായായിട്ടു വാഴക്കുലയിൽ നില്ക്കുന്ന ഓരോ കൂട്ടം. ൧. നിരപ്പില്ലാത്ത പല്ലിത്തടി.

പടലപ്രാന്തം-പു. പുരയുടെ ഇറമ്പ്. വ. വാമടയുടെ താഴെ തറയ്ക്കുന്ന ഇറവാൽപ്പലക. പടലത്തിൻെറ അഗ്രഭാഗം എന്നർത്ഥം.

പടലം-കണ്ണിലുണ്ടാകുന്ന ഒരു ദീനം. വ. പുരമേയുവാനുള്ള ഓല, ഓട്, ചെമ്പുപലക, പുല്ല്, വയ്ക്കോൽ മുതലായത്. വസ്ത്രത്തിൻെറ പ്രയോജനത്തെ (മറയ്ക്കുക എന്നതിനെ) ചെയ്യുന്നത് എന്നർത്ഥം. മഴവെള്ളത്തെ തടുക്കുന്നത് എന്നുമാവാം. ന. ചില പുസ്തകങ്ങളിലെ അദ്ധ്യായം, കാണ്ഡം. ര. സമൂഹം.

'പൊടിപടലത്തിലൊളിച്ചു ഭാനുബിംബം'
(ശ്രീകൃഷ്ണചരിതം)

ൠ. അങ്കം. നൃ. മേൽക്കൂട്, മേൽപ്പുര. ൡ. മൂടി. വൃ. മൂടുപടം. ൻ. കട. പ്രാ. വൃക്ഷം. പ്പ്രാ. ദേഹത്തിൽ നെററിയിലൊമററും ഉള്ള ഒരു അടയാളം.

പടലവിരിയുന്നു-വാഴച്ചുണ്ടിൻെറ പോള പൊളിഞ്ഞു കായ് പുറത്തു വരുന്നു.

പടലി-പു. കൂട്ടം. വ. പൂപ്പാതിരി.

പടലിടുന്നു-മേച്ചിലിന്നു പടങ്ങ് ഉണ്ടാക്കുന്നു. വ. വള്ളിയായ സസ്യങ്ങൾക്ക് പടരാൻ പന്തലിടുന്നു.

പടല്ക്കാട്-ഇറസ്സായ കാട്, പടപ്പു നിറഞ്ഞ കാട്.

പടവർദ്ധനം-എലി.

പടവലങ്ങാ-പടവലം എന്ന സസ്യത്തിൻെറ കായ് (കറിസ്സാമാനമാണ്).

പടവലം-ഒരു മരുന്നുവള്ളി, പടവലങ്ങാ ഉണ്ടാകുന്ന വള്ളി.

പടവാക്ക്-പടപറക

പടവാദ്യം-പടയിൽ കൊട്ടുന്ന വാദ്യം, തമ്പേറും മററും.

പടവാപം-കൂടാരം.

പടവായൻ-പ്രയോജനമില്ലാത്ത വിധം ക്രമംവിട്ടു സംസാരിക്കുന്നവൻ.

പടവാ(യ്)പറക-വൃഥാ അധികം സംസാരിക്ക.

പടവാസകം-വസ്ത്രത്തിന്നു സുഗന്ധമുണ്ടാക്കുന്നതിനായി ഉപയോഗപ്പെടുത്തുന്ന ഒരുതരം ചൂർണ്ണം (പൊടി). വസ്ത്രത്തെ ആശ്രയിച്ചതെന്നർത്ഥം. മററൊരു പര്യായം- പിഷ്ടാതം.

പടവാസം-പു. അർദ്ധചല്ലടം, സ്ത്രീകളുടെ അകത്തെ ഉടുപ്പ്. വ. കൂടാരം. ന. സുഗന്ധപ്പൊടി.

പടവില്ല്-യുദ്ധത്തിന്നുള്ള വില്ല്.

പടവിളി-പു. സൈന്യത്തെ വിളിച്ചുകൂട്ടുന്നത്. വ. നിലവിളി.

പടവീട്-സൈന്യങ്ങൾ പാർക്കുന്ന സ്ഥലം., കൂടാരം.

പടവീരൻ-യുദ്ധസാമർത്ഥ്യമുള്ളവൻ.

പടവു്-പു. ചെറിയ കപ്പൽ. വ. തളിരമിടുക. ന. തളിരം. ര. കല്പടകെട്ടുക.

പടവെട്ട്-യുദ്ധം.

പടവേശ്മം-കൂടാരം.

പടസേന-യുദ്ധത്തിന്നുള്ള സൈന്യം.

പടഹധ്വനി-പെരുമ്പറകൊട്ടുന്ന ശബ്ദം

പടഹം-പു. പെരുമ്പറ, തപ്പട്ട. മററൊരു പര്യായം-ആനകം. പടംകൊണ്ട് ഹനിക്കപ്പെടുന്നത്. 'പട' എന്ന ശബ്ദത്തെ വിടുന്നത്. ഇങ്ങിനെ അർത്ഥം.

[യുദ്ധാരംഭത്തിൽ പെരുമ്പറ കൊട്ടുന്നതിൻെറ പേർ പടഹം. യുദ്ധം നിറുത്തുമ്പോൾ കൊട്ടുന്നതിൻെറ പേർ എന്നുമാവാം. പടത്തെ ഹനിക്കുന്നത്. പടതുല്യമായ വാദ്യമുഖം എന്നർത്ഥം.]

വ. കൊല. ന. കലഹം.

പടററി-ഒരുമാതിരി വാഴ.

പടററിക്കായ്, പടററുകായ്. പടററിവാഴയുടെ കായ്.

പടാ-൧. പടുകയില്ലാ, നശിക്കയില്ലാ. ൨. കെട്ടുകയില്ലാ.

പടാകം-പക്ഷി.

പടാച്ചി-മുഖസ്തുതി. ൨. ഭിക്ഷാന്നിവാസക്.

പടാച്ചിക്കാരൻ—മുഖസ്തുതി ചെയ്യുന്നവൻ

പടാതിരിക്കുക-വൃക്ഷങ്ങളുടെ വളച്ച് നശിക്കാതിരിക്കുക.

പടാതെ-അ. പട്ടുപോകാതെ,

പടാലുകാ-അട്ട.

പടാവു്-വലിയ എണ്ണത്തുരുത്തി.

പടി- ൧. ഒരളവ്. ൨. കോവണി, ൩. പൊന്നുമുതലായതു തൂക്കുന്നതിന്ന ഇടയിടുന്ന കട്ടി. ൪. കട്ടിളയുടെ പൂഴിപ്പടി. ൫. പടിവാതൽ. ൬. വഴിച്ചെലവു് ൭. നിരപ്പടി. ൮. വങ്കം മറവം. ൯. വള്ളപ്പടി. ൧൦. ഏട്ടുപടി. ൧൧. നാരായപ്പടി. ൧൨. ആഭരണത്തിന്റെ പടി. ൧൩. റാന്തപ്പടി. പടി(ടീ) സം- ൧൪. വസ്ത്രം. ൧൫. ജലത്തിലുണ്ടാകുന്ന ഒരു ഞരമ്പ. ൧൬. ചെറുകമിഴ്. ൧൭. മലംപുഴു. ൧൮. തിരശ്ശീല. ൧൯. രട്ടശീല, കട്ടിത്തുണി. ൨൦. കയറ്. ൨൧. ചവിട്ടുപടി. ൨൨. സ്ഥാനം.

പടി-(അ) പോലെ, വണ്ണം. (അപ്പടി =അവ്വണ്ണം). പ്രകാരത്തിൽ. ഉ.ം, ഒരുപടി=ഒരുപ്രകാരത്തിൽ.

പടിക-൧. മെസ്സ തുണി. ൨. നദിയിലെ ഒരുമത്സ്യം.

പടികക്കാരം-വെങ്കാരം.

ഇതു രസായനസംബന്ധവസ്തുത്തിൽ ചേർന്ന ഒരു ഉപരസദ്രവ്യമാണ്. ഇതു അങ്ങാടിമരുന്ന് ചായത്തിന ഉപായോഗിക്കുന്നതാണെന്നും കാണുന്നു. ഇതു വാതം, വ്രണം, വിസപ്പം, കഫം, പിത്തം, ഛർദ്ദി മുതലായതിന നന്ന്. സം -സ്ഫടികാരി.

പടിക്കം-ചെറിയ കോളാമ്പി, തുപ്പുന്നതിനുള്ള പാത്രം.

പടിക്കൽ-(അ) ഭവനത്തിന പുറമെയുള്ള വേലിയുടേയും മറവം വാതൽക്കൽ, പടിവാതല്ക്കൽ.

പടിക്കൽ-പടിക്കല്ല്, വാതലിന മുമ്പിലിട്ടിരിക്കുന്ന കല്ല്. താണജാതിക്കാർ മറവുള്ളവരുടെ വീട്ടിന്ന് 'പടിക്കൽ' എന്ന പറയുന്നു.

പടിക്കാരം-ഒരങ്ങാടിമരുന്ന്, വെങ്കാരം, ചീനക്കാരം.

പടിക്കാൽ-പടിവാതല്ക്കലുംമറവും നിറുത്തുന്ന കാൽ.

പടിക്കപ്പാതി-൧. തുകയിൽ അർദ്ധം (പാതി). ൨. നേർപാതി.

പടിക്കോണി-കയറുന്നതിനുള്ള ഏണി.

പടി(ടീ)ക്ഷേപം-തിരശ്ശീല ഇടുക.

പടിഞ്ഞാറു്-ആദിത്യൻ അസ്തമിക്കുന്ന ദിക്ക്. സം-പ്രതീചി. പടി+ഞായർ =പടിഞായർ എന്നതു മാറിയതു് പടിഞ്ഞാറ് ആയതു്. ഞായർ (സൂര്യൻ) പടിയു (അസ്തമിക്ക)ന്നദിക്ക് എന്നത്ഥം.

പടിഞ്ഞാറൻകാററു്- പടിഞ്ഞാറുനിന്നു വരുന്ന കാററ്.

പടിഞ്ഞാറേ, പടിഞ്ഞാറേറ - പടിഞ്ഞാറുള്ള.

പടിഞ്ഞാറോട്ട്, പടിഞ്ഞാട്ടു-അ. പടിഞ്ഞാറേ ദിക്കിലേക്ക്.

പടിത്തരം-പതിവ്, ചട്ടം, നടപ്പ്.

പടിപ്പുര-പടിക്കലെ പുര, പടിവാതൽ.

പടിമാ-വി. സാമർത്ഥ്യമുള്ള.

പടിമാവു്-സാമർത്ഥ്യം.

പടിയരഞ്ഞാൺ,പടിയരഞ്ഞാൾം- സ്ത്രീകൾ അരയിൽ കെട്ടുന്ന വീതിയുള്ള ഒരുമാതിരി അരഞ്ഞാണം.

പടിയളക്കുന്നു-ദിവസംപ്രതിയുള്ള ചെലവിനു നെല്ലു് അളന്നുകൊടുക്കുന്നു.

പടിയളവു്-ദിവസംപ്രതിയുള്ള ചെലവിനു നെല്ലു് അളന്നുകൊടുക്കുക.

പടിയിക്കുന്നു-കിടത്തുന്നു.

പടിയുന്നു-൧. ശീഘ്രം വരുന്നു. ൨. ക്രമേണ കൊണ്ടുവരുന്നു. ൩. ആനയെപ്പോലെ കിടക്കുന്നു. ൪. ആന ചരിയുന്നു. ൫. പടിഞ്ഞിരിക്കുന്നു, താണിരിക്കുന്നു.

പടിയേററം-തിരുവിതാംകൂർ ഇളമുറരാജാവു് തിരുമുല്പാടാകുന്ന കൎമ്മം. ൨. സ്ഥാനാരോഹണം.

പടിയോല-ചട്ടം നിശ്ചയിച്ചെഴുതിവച്ച ഓല.

പടിവു്-൧. കീഴടക്കം, കീഴ്പ്പെടുത്തൽ ൨. പതിവു്, വഴക്കം.

പടിവട്ടം-വീട്ടിന്റെ മുൻവശം.

പടിവാതൽ-പടിക്കലുള്ള വാതൽ, വെളിയിലെ വാതൽ.

പടീ-പരുക്കൻവസ്ത്രം.

പടീയസ്സ്-വി. ഏററവും സാമൎത്ഥ്യമുള്ള.

പടീര-വി. ൧. ഭംഗിയുള്ള. ൨. സ്നേഹമുള്ള.

പടീരജന്മാ-ചന്ദനവൃക്ഷം.

പടീരൻ-കാമദേവൻ.

പടീരം-൧. ചന്ദനം. ൨. മുള്ളങ്കി ൩. കരിങ്ങാലി. ൪ ക്രുവന്തുവ്. ൫ വയൽ ൬. മേഘം. ൭. വാതം എന്ന ദീനം. ൮. അരിപ്പ്, മുറം. ൯. വയറ്. ൧൦. ജലദോഷം. ൧൧. ഉന്നതസ്ഥിതി.

പടു-വി. ൧. സാമൎത്ഥ്യമുള്ള, മടികൂടാതെ കാൎയ്യങ്ങളിൽ പ്രവൎത്തിക്കുന്ന, അല്പനല്ലാത്ത. ൨. ഉഗ്രതയുള്ള ൩. ചൊടിയുള്ള ൪. സുഖമുള്ള. ൫. ദയയില്ലാത്ത. ൬. കുശാഗ്രബുദ്ധിയുള്ള. ൭. ഗംഭീരമായ. ൮. കൌശലമുള്ള ൯. വാക്ധാടിയുള്ള. ൧൦. മുരടായ. ൧൧ ഏകം. ൧൨. ഭയങ്കരമായ.

പടു-൧. വീണതു്. ൨. അഴുകിയതു്. (മലയാളം). ൩. ഉപ്പു്, പൊടിയുപ്പു്, ഇന്തുപ്പു്. ൪. പടവലം. രോഗങ്ങളെ പാടനംചെയ്യുന്നതു് എന്നൎത്ഥം. ൫. ക്രൂൺ. ൬ ചീനക്കൎപ്പൂരം ൭. ലതാങ്കുശം. ൮ അടവിക്കാച്ചിലും, ചെങ്ങലംപരണ്ട. ൯. ഉപ്പുരസം.

പടുക-വൃക്ഷങ്ങളുടെ വളൎച്ച അവസാനിക്കുക, നശിക്കുക ൨. മരിക്കുക.

പടു(കം)-കൈപ്പൻപടവലം.

പടുകരണ-ഒരു വൃക്ഷം.

[ഇതു് ഏകദേശം ആലിന്റെ ആകൃതിപോലെയിരിക്കും. ആനകൾക്കു ആഹാരമായിട്ടുള്ളതാണ്. ഈ വൃക്ഷത്തിനു വളരെ വണ്ണവും നീളവുമുണ്ട്. മിക്കവാറും വനങ്ങളിലും മരുഭൂമിയിലും ഉണ്ടാകുന്നു. ഇതു് വേപ്പിലപോലെ കുറെ വലുതാണ്. പൂവിന്റെ നിറം വെളുപ്പാകുന്നു. വളരെ ചെറുതായിരിക്കും. ഇതു് കഫം, പിത്തം, വിഷം, വ്രണം, ശിരോരോഗം മുതലായവയ്ക്കു നന്ന്. സം-തുണീ. ത-പടുകരണൈ.

പടുകാൽ, പടുകാലം- സുഖമില്ലായ്ക. ൨. ദോഷകാലം.

[ഇതു് ഉപചാരവാക്കാകുന്നു.]

പടുകിണർ-പൊട്ടക്കിണർ.

പടുകിഴവൻ-തീരെ വയസ്സൻ.

പടുകുത്തൻ-ജലദോഷം.

പടുകുഴി-൧. ആനക്കുഴി. ൨. വലിയ കുഴി.

പടുക്ക-൧. കിടക്കുന്ന സ്ഥലം. ൨. അതിനുള്ള വിരിപ്പ്. ൩. മെത്ത.

പടുക്കുന്നു-൧. കല്ലുകൊണ്ടു് കൈയാല മുതലായതു വെയ്ക്കുന്നു. ൨. വീഴുന്നു.

൩. കിടക്കുന്നു. വീട്ടിന്റെ തറയി (തള ത്തി)ൽ തറയോടോ മററൊ പാകുന്നു.

പടുജലം-മപ്പുവെള്ളം.

പടുഞായം-സാധാരണ പറയുന്ന സ്ഥിതി

പടുത, പടുതാ-൧. സാമൎത്ഥ്യം, മിടുക്ക്. ൨. കൎമ്മസാമൎത്ഥ്യം.

പടുതാ-തിരശ്ശീല, കട്ടൻ (Curtain)

പടുതാമര-ഒരുമാതിരി പുഴക്കടി.

പടുതി-സ്വഭാവം, അവസ്ഥ, നടപ്പ്.

പടുതിരി-൧. പടുത്തുന്നൽ, സാധാരണ തയ്യൽ. ൨. കെടാറായ തിരി.

പടുതീ-കാട്ടുതീ, എഴുന്തീ. യാദൃച്ഛികമാ യി പിടിപെടുന്ന തീയെന്നും കാണുന്നു.

പടുതോര-൧. കുറയവം. ൨. പകുതി വെന്ത യവം മുതലായത്. ൩. ഓവി ല്ലാത്ത യവം. പൎയ്യായങ്ങൾ-യവകം, ക ന്മാഷം. ത-കാരാമണി. യവത്തിൽ കു റഞ്ഞ ഗുണമെ ഇതിനുള്ളു.

പടുത്തിരിക്ക-കട്ടികൾക്കിരിപ്പാനുള്ള ത ടുക്ക് (ചെറിയ പായ്.)

പടുത്തു്-വിചാരിച്ചു. (പ-മ)

പടുന്നു-൧. നശിക്കുന്നു. ൨. വൃക്ഷം മുത ലായവ നശിക്കുന്നു. ൩. മരിക്കുന്നു. ൪. ഒടുങ്ങുന്നു. ൫. സംഭവിക്കുന്നു. ൬. കുരു ക്കിൽ ആകുന്നു. ൭. ആകുന്നു. ൮. ലഭി ക്കുന്നു.

പടുപാണ്ണി-ഒരു മരുന്ന്, എരുമക്കള്ളി, എരുമത്താളി, മലഎരുമ. നല്ല ഇലക ൾ ഉള്ളതു് എന്നൎത്ഥം.

പടുപാഴൻ-കൌശലക്കള്ളൻ, ഒന്നിനും കൊള്ളരുതാത്തവൻ.

പടുപ്പ്-മെത്ത.

പടുഭാഷ-നീചഭാഷ.

പടുഭൂമി-ഫലംതരാത്ത ഭൂമി.

പടുമതി-സാമൎത്ഥ്യമുള്ള ബുദ്ധിയോടുകൂ ടിയവൻ, ബുദ്ധിമാൻ.

പടുമൻ-ഭോഷൻ.

പടുമപ്പണി-ഭോഷന്റെ വേല.

പടുമരം-കാട്ടുമരം.

പടുമുള-താനെയുണ്ടാകുന്ന മുള (നാമ്പ്)

പടുമുളക്കാരൻ-൧. കള്ളൻ. ൨. കുലടാ പുത്രൻ.

പടുമൂട്-൧. തന്നത്താൻ വളരുന്ന തൈ ൨. ക്രൂക്ക് മുതലായ ചില നടുതലകൾ പറിച്ചാൽ അതിന്റെ ചുവട്ടിൽനിന്നും മററും പിന്നത്തെയാണ്ടിൽ കിളുൎത്തതു്.

പടുവങ്കൻ-ഒന്നിനും കൊള്ളരുതെങ്കിലും വലിയവനെന്നു ഭാവിക്കുന്നവൻ.

പടുവൻ-ഒരു ദീനം.

പടുവൻ(നീര്)-ഒരുമാതിരി നീര്.

പടുവല്ലായ്ത്തം-സുഖമില്ലായ്ക. (രാജാ ക്കന്മാരോടുംമററും ഉപചാരമായി പറ യുന്നതു്).

പടുവാക്ക്-സാരമില്ലാത്ത വാക്ക്.

പടുവാൾ-നിസ്സാരൻ, മുറടൻ.

പടുവാഴ-സാധാരണവാഴ.

പടുവിത്ത്-താനേ വീണു കിളുൎത്ത വിത്ത്.

പടുത്തമം-ഇരുപ്പ്.

പടേണി-ഒരുമാതിരി കളി. ഇതു് പണ്ട ത്തെ യുദ്ധരീതിയായ പടയണിയെ അനുകരിച്ചു ഒരുകളിയാണ്.

പടോടജം-൧. കൂൺ. ൨. കൂടാരം.

പടോദയം-കമ്പിപ്പാല.

പടോലകം-ഞെമഞ്ഞി.

പടോലം-൧. ഒരു പച്ചമരുന്ന്, കയ്പൻ പടവലം. പൎയ്യായങ്ങൾ-ജ്യോൽസ്നി, പടോലികാ, ജാനീ.

ഇതു് വാതരോഗം, രക്തപിത്തം, കഫരോഗം, ചൊറി, കുഷ്ഠം, രക്തദോ ഷം, ജ്വരം, ചുട്ടുനീററൽ മുതലായതിനു

ന്നു്- കൈപ്പൻപടോലത്തെക്കുറിച്ചാണു് ഈ പറഞ്ഞതെല്ലാം. ഇനി ഒരുതരമുണ്ടു്. അതിനു 'സ്വാദു പടോലീ' എന്നു പേർ. പടോലത്തിന്റെ പര്യായങ്ങളുടെ ആദിയിൽ സ്വാദുശബ്ദം ചേർത്താൽ ഇതിന്റെ പര്യായമാകും. ഇതു് അരോചകം, ജ്വരം, അഗ്നിമാന്ദ്യം മുതലായവയ്ക്കു നന്നു്. ബലപ്രദവും, പുഷ്ടികരവും, പഥ്യവുമാകുന്നു. ഇതാണു് നാം കറിക്കു് ഉപയോഗിച്ചുവരുന്ന പടവലം. പര്യായങ്ങൾ-കുലകം, പടോലം, തിക്തകം, പടു.

൨. അച്ചുടിച്ചീല.

പടോലിക, പടോലി-൧. പടോലം, ചെറുകുമ്മട്ടി. ൨. പിച്ചി. പടോലിക എന്നാൽ പടം പിടിക്കുന്നതെന്നർത്ഥം.

പട്ടു്-വീരവാളി മുതലായ വിശേഷവസ്ത്രം. പട്ടുപ്പുഴുവിന്റെ കൂടു പാകപ്പെടുത്തിയെടുക്കുന്ന നൂലുകൊണ്ടുണ്ടാക്കിയ വസ്ത്രം.

പട്ട-൧. മരത്തിന്റെ തൊലി. ൨. ശിപായിമാരുടെ വില്ലു. ൩. വസ്ത്രങ്ങളുടെ ഒരുമാതിരി കര. ൪. തെങ്ങിന്റെയും മറ്റും ഓലമടൽ. ൫. വണ്ടിച്ചക്രത്തിന്റെ ചുറ്റിൽ ഇടുന്ന ഇരിമ്പുചുറ്റു്. ൬. പട്ടു്. ൭. അരയിൽ കെട്ടുന്ന സാധനം, അരപ്പട്ട.

പട്ടക്കാരൻ-൧. പട്ടം ഏറ്റവൻ, ക്രിസ്ത്യാനികളുടെ വൈദികൻ. ൨. വില്ലുള്ള ശിപായി. ൩. കൊട്ടാരത്തിലെ ശിപായി.

പട്ടച്ചാരായം-പലതരം പട്ടകൾ വാറ്റിയുണ്ടാക്കുന്ന ഒരുതരം ചാരായം. കരുവേലത്തിൻപട്ടയും കരിപ്പുകട്ടിയും കൂടി വെള്ളത്തിലിട്ടു പുളിപ്പിച്ചു് ആ വെള്ളം വാറ്റിത്തണുപ്പിച്ചെടുക്കുന്നതാണു് പട്ടച്ചാരായം.

പട്ടച്ചാവൽ-ഒരുമാതിരി പക്ഷി.

പട്ടച്ചോമാതിരി-ബ്രാഹ്മണരിൽ ഒരു ന്യായാധിപതി.

പട്ടട-൧ ശവം ചുടുന്ന സ്ഥലം, ചുടല. ൨. ശവം കഴിച്ചിടുന്ന സ്ഥലം, ചുടുകാടു്. ൩. ചിത. ൪. (പട്ട+അട)-പട്ടുകൊണ്ടുള്ള ആവരണം ഉ-ം, മേലിയട, കണ്ണട മുതലായവ.

പട്ടണക്കാരൻ-നഗരത്തിൽ പാർക്കുന്നവൻ.

പട്ടണം-നഗരം, ശ്രീരംഗപട്ടണവും മറ്റും (സം- പട്ടനം, പത്തനം).

പട്ടണംമിരട്ടു്-പുതിയമാതിരി പിത്തിലാട്ടം.

പട്ടണവാസി-നഗരത്തിൽ പാർക്കുന്നവൻ.

പട്ടത്താന-രാജാവിന്റെ പ്രധാന ആന.

പട്ടത്താനം-൧. മലയാളത്തിൽ ചില രാജാക്കന്മാരാൽ കഴിക്കപ്പെടുന്ന ഒരു പ്രായശ്ചിത്ത കർമ്മം. ൨. നാടുനീങ്ങിയ മഹാരാജാക്കന്മാരുടെ ശ്രാദ്ധം.

പട്ടത്തിരി-നമ്പൂതിരിമാരിൽ ഉയർന്ന തരക്കാർ. (വളരെ പഠിപ്പുള്ളവരായിരിക്കും)

പട്ടദേവി-പട്ടമഹിഷി.

പട്ടൻ-൧. ഭട്ടൻ. ൨. ബ്രാഹ്മണർക്കു പൊതുവായി പറയുന്ന ഒരു പേർ.

പട്ടനം, പട്ടനീ-തലസ്ഥാനം. (പത്തനം എന്നതിന്റെ പാഠം.)

പട്ടപ്പേർ-മാനിച്ചുകൊടുക്കുന്ന ഒരു പേർ.

പട്ടബന്ധവസനം-പട്ടുവസ്ത്രം.

പട്ടബന്ധം-മുടിചൂടൽ.

പട്ടം-൧. രാജാക്കന്മാർക്കും പ്രധാനമന്ത്രികൾക്കും ക്രിസ്ത്യാനി വൈദികന്മാർക്കും ഉള്ള സ്ഥാനം. ൨. വസ്ത്രം. ൩. പട്ടു്. ൪. പട്ടണം. ൫. തലപ്പാവു്. ൬. രാജാക്കന്മാർ ചെമ്പുതകിട്ടിൽ എഴുതിക്കൊടുക്കുന്ന ഉടമ്പടി. ൭. പരിച. വ്യ. ലലാ

ശ്രേഷ്ഠനം. ൯. നാല്ക്കവലവഴി. ൧൦. കല്പലക, എഴുത്തുമേശ. ൧൧. കസേര, പീഠം. ൧൨. തിലകക്കല്ല്. ൧൩. വശം. ൧൪. കാററുള്ള പാറപ്പിക്കാൻ കടലാസ്സു കൊണ്ടുള്ള സാധനം.

**പട്ടംകെട്ടുന്നു**-൧. രാജാവാകുന്നു. ൨. കിരീടംധരിക്കുന്നു.

**പട്ടം തേയ്ക്കുന്നു**-രത്നങ്ങൾ ചാണയിൽ ഉരയ്ക്കുന്നു, രൂപപ്പെടുത്തുന്നു.

**പട്ടമന**-ബ്രാഹ്മണഭവനം.

**പട്ടമഹിഷി**-രാജ്ഞിയെന്ന പട്ടം ലഭിച്ചിട്ടുള്ള രാജവല്ലഭ, പട്ടാഭിഷേകസമയത്തിൽ ഭർത്താവിനോടൊന്നിച്ചു സിംഹാസനത്തിൽ ഇരുന്ന് അഭിഷിക്തയായ രാജപട്ടമഹിഷി (ദേവി).

**പട്ടമിടുക**-രത്നാമുതലായത് ചതുരത്തിൽ കോണായി വെട്ടിമുറിച്ചു നന്നാക്കുന്ന സമ്പ്രദായം, രത്നം മുതലായതു ചാണയിൽ ഉരച്ചു നന്നാക്കുക

**പട്ടയം**-നിലം പുരയിടങ്ങൾക്ക് സർക്കാരിൽ നിന്നു കൊടുക്കുന്ന ഒരാധാരം.

**പട്ടയ്ക്കുന്നു**-അധികവളംകൊണ്ട് നെല്ലിൻെറയും മററും തണ്ട് കനത്തുനീണ്ടു ഫലം കറഞ്ഞതായിത്തീരുന്നു.

**പട്ടരഞ്ജനകം**-പതംഗം.

**പട്ടരംഗം**-പതംഗം.

**പട്ടരാജ്ഞി**-പട്ടമഹിഷി

**പട്ടർ, പട്ടൻ**-൧. തമിഴ്ബ്രാഹ്മണൻ ൨. ചോഴിയൻ ൩. മുക്കാണിയൻ. ൪. ആഢ്യപ്പട്ടര്.

**പട്ടവിചാരിപ്പുകാരൻ**- പട്ടക്കാരന്മാരുടെ മേലധികാരി.

**പട്ടവിചാരിപ്പ്** - പട്ടവിചാരിപ്പുകാരൻെറ ഉദ്യോഗം

**പട്ടസം**-ഒരുമാതിരി കുന്തം.

'ഖഡ്ഗപട്ടസബാണങ്ങൾ'

(ദേവീമാഹാത്മ്യം)

പട്ടസം എന്നതിന 'പട്ടയം' എന്ന പൎയ്യായവും കാണുന്നു.

'പെരിയപട്ടയം പരിശകൾ നല്ല'

(വാല്മീകിരാമായണം)

**പട്ടാങ്ങ്**-സത്യം, പരമാൎത്ഥം.

**പട്ടാണി**-മഹമ്മദീയരിൽ ഒരു ജാതി. (ഹിന്ദുസ്ഥാനിഭാഷ).

**പട്ടാദാരൻ**-പട്ടയം കിട്ടിയവൻ.

**പട്ടാപ്പകൽ**-നട്ടുച്ച.

**പട്ടാഭിഷിക്ത**-വി. പട്ടത്തിനായിട്ട് അഭിഷേകം ചെയ്യപ്പെട്ട.

**പട്ടാഭിഷേകം**-രാജാക്കന്മാൎക്ക മുടിവെയ്ക്കുന്ന നാൾ ചെയ്യുന്ന അഭിഷേകം.

**പട്ടാംഗം**-പട്ടാങ്ങ്.

**പട്ടാംബരം**-പട്ടുവസ്ത്രം.

**പട്ടാസ്സ്**-പടക്കം.

**പട്ടാളക്കാരൻ**-പട്ടാളത്തിലുള്ള ശിപായി, കുഞ്ചുക്കുട്ടക്കാരൻ പൎയ്യായം-സൈനികൻ.

**പട്ടാളം**-യുദ്ധത്തിനുള്ള ശിപായിമാരുടെ കൂട്ടം, ശിപായിക്കൂട്ടം. (ഹിന്ദുസ്ഥാനിഭാഷ).

**പട്ടാളശ്ശിപായി**— പട്ടാളത്തിലെ ശിപായി.

**പട്ടാളിച്ചുപോക** - കായില്ലാതെ ഇലയോടുകൂടി മാത്രം അധികമായി വളരുക

**പട്ടി**-വി. ൧. ബലമില്ലാത്ത ൨. ശൌൎയ്യമില്ലാത്ത. ൩. അരിഷ്ടസ്ഥിതിയിലുള്ള ൪. വകയ്ക്കുകൊള്ളാതെയുള്ള.

**പട്ടി(ട്ടീ), പട്ടികാ, പട്ടികാഖ്യം**-ചെമന്ന പാച്ചോററി.

**പട്ടി**-൧. നായ്-പൎയ്യായങ്ങൾ കൌലേയകം, സാരമേയം, കുക്കുരം, മൃഗദംശകം, ശുനകം, ഭഷകം, ശ്വാ (ശുനി,

ശാസനൻ). പട്ടിയുടെ കുറഞ്ഞ ജീവിത കാലം വർഷം ൧൦-൧൨. കൂടിയതു് ൨൪ വർഷം. ൨. തൊഴുത്തു്. ൩. കൃഷിസ്ഥലം ൪. വേലൻ.

പട്ടിക-൧. ഓടുമുതലായതു മേയുന്നതിനു് കനം കുറച്ചു അറുത്തു് കഴുക്കോലിൽ തറക്കുന്ന മരം. ൨. ഒരാധാരം. ൩. പേരെഴുതിയ കണക്കു്. ൪ (ഉളിട്ടു് (വരച്ചു്) എഴുതിയുണ്ടാക്കുന്നതു്. ൫. മാനനഷ്ടം. ൬ മലങ്കവുങ്ങു്.

പട്ടികയാണി-പട്ടിക തറയ്ക്കുന്ന ആണി

പട്ടികയോടു്-പട്ടികയിൽ മേയുന്നഓടു്

പട്ടിക്കാടു്-തൃശ്ശൂരിനും പാലക്കാട്ടിനും മദ്ധ്യേയുള്ള ഒരു സ്ഥലം.

പട്ടിക്കുതിര-ഒരുവക ചെറിയ കുതിര, ചീനക്കുതിര.

പട്ടിച്ചാൽ-വയലിൽ വളമിട്ടതിന്റെ ശേഷം ചതുരമാക്കുക.

പട്ടിച്ചെവി-ഒരു പച്ചമരുന്നു്.

പട്ടിണി-ഉപവാസം, ഭക്ഷിക്കായ്ക.

പട്ടിപ്പടി-തൊഴുത്തിന്റെ വാതൽ.

പട്ടിപ്പുലി-വള്ളിപ്പുലി, ചെറിയമാതിരി പുലി.

പട്ടിൽ-മുള, മുളക്കൂട്ടം.

പട്ടിലൻ-ക്ഷൌരക്കാരൻ.

പട്ടി(ട്ടീ)ശ(സ)ം - ആയുധവിശേഷം, കൂർത്ത വക്കുള്ള കന്തം, മുനയുള്ള കന്തം (പട്ടസം).

പട്ടിശപ്പടപ്പു്-മുളംകൂട്ടം.

പട്ടി-നെററിക്കുള്ള ഒരാഭരണം.

പട്ടീൽ-ഓടു മുതലായതു മേയുന്നതിനു് കനംകുറച്ചു് അറുത്തു് കഴുക്കോലിൽ തറയ്ക്കുന്ന മരം, വരിച്ചിലിനു ഉപയോഗപ്പെടുന്ന വിധം അറുത്ത മരം.

പട്ടീസ്സു് -കണങ്കാലിൽ ചുററുന്നതിനുള്ള വീതി കുറഞ്ഞ ഒരുതരം രോമവസ്ത്രം.

പട്ടുകച്ച-അരയിൽ കെട്ടുന്ന വീതികുറഞ്ഞ ഒരുമാതിരി വസ്ത്രം.

പട്ടുകുട-പട്ടുകൊണ്ടുള്ള കുട.

പട്ടുകോസടി-കിടക്കുന്നതിനായിട്ടു പട്ടുകൊണ്ടു തയ്പിച്ചു പഞ്ഞി നിറച്ചതു്, പട്ടുമെത്ത.

പട്ടുചരടു്-പട്ടുനൂൽകൊണ്ടു പിരിച്ച ചരടു്.

പട്ടുചേല-പട്ടുവസ്ത്രം, പട്ടു്.

പട്ടുട-൧. പട്ടുവസ്ത്രം. ൨. ഉടുക്കുന്ന വസ്ത്രം. ൩. പട്ടുടുക്കുക.

പട്ടുടയാട-ഉടുക്കുന്നതിനുള്ള പട്ടു്.

പട്ടുതലയണ-പട്ടുകൊണ്ടുള്ള തലയണ.

പട്ടുനൂൽ-൧. പട്ടു നെയ്യുന്നതിനുള്ള നൂൽ. ൨. നേർത്ത നൂൽ.

പട്ടുനൂല്ക്കാരൻ-൧. പട്ടുനൂലുണ്ടാക്കുന്നവൻ. ൨. ഒരുമാതിരി നേർത്ത വസ്ത്രം. ൩. പട്ടുനൂൽകൊണ്ടും മററും വസ്ത്രം നെയ്യുന്ന ഒരു ജാതിക്കാരൻ.

പട്ടുനൂൽച്ചുണ്ണം - പട്ടുനൂലുണ്ടാക്കുന്നതിനുള്ള ഒരുമാതിരി ചുണ്ണം.

പട്ടുനൂൽപ്പാവു്-൧. പട്ടുനൂൽ ചുററിയ റാട്ടു്. ൨. നേർത്ത വസ്ത്രം.

പട്ടുനൂൽപ്പുഴു, പട്ടുപ്പുഴു-പട്ടുനൂലുണ്ടാക്കുന്ന കൂടുനെയ്യുന്ന ഒരു ജാതിപ്പുഴു.

പട്ടുവസ്ത്രം-പട്ടുനൂലുകൊണ്ടുള്ള വസ്ത്രം.

പട്ടുറുമാൽ-പട്ടു കൈലേസ്.

പട്ടേരി-മലയാളബ്രാഹ്മണരിൽ പഠിത്തമുള്ളവൻ, നമ്പൂതിരിമാരിൽ ചില തറവാട്ടുകാർക്കുള്ള ഒരു സ്ഥാനപ്പേർ.

പട്ടേൽ-അധികാരി. (പട്ടേലന്മാർ = അധികാരികൾ)

**പട്ടോപബൎഹങ്ങൾ**-പട്ടുമെത്തകൾ

**പട്ടോല**-പ്ര. പതിവുകണക്ക്. ൨ തിരട്ട്

**പട്ടോലക്കാരൻ**-കണക്കെഴുത്തുകാരൻ.

[തിരുവിതാംകൂറിൽ-പണ്ടാരപ്പിള്ള. കൊച്ചിയിൽ പാലിയത്തുമേനോൻ. കോഴിക്കോട്ടിൽ-മങ്ങാട്ടച്ചൻ. കോലത്തിൽ-പുതുശ്ശേരിമേനവൻ].

**പട്ടോലമേനവൻ**— കണക്കെഴുത്തുകാരൻ.

**പട്ടോലിക**-പട്ടയം.

**പട്വീ**-സാമൎത്ഥ്യമുള്ളവൾ.

**പഠകൻ**-വായനക്കാരൻ.

**പഠനം**-വായിക്കുക, പാഠക, അഭ്യാസം. പൎയ്യായങ്ങൾ-നിപാഠം, നിപഠം, പാഠം.

**പഠാണി**-പട്ടാണി.

**പഠി**-വായന, വായിച്ചുനോക്കുക, പഠിക്കുക.

**പഠിക്കുന്നു**-വായിക്കുന്നു, പറയുന്നു, അഭ്യസിക്കുന്നു. (കാ. ക്രി. പഠിപ്പിക്കുന്നു).

**പഠിത**-വി വായിക്കപ്പെട്ട, പറയപ്പെട്ട, അഭ്യസിക്കപ്പെട്ട, പഠിക്കപ്പെട്ട.

**പഠിപ്പിച്ചേക്കാം**-അനുഭവിപ്പിച്ചേക്കാം (വ്യംഗ്യാൎത്ഥവാചകം).

**പണക്കിഴി**-പ്ര. വിദ്വൽപരീക്ഷയിൽ ജേതാവിനു നല്കുന്നതിനു നിശ്ചയിച്ച സമ്മാനത്തുക ൨. ഒന്നായി കെട്ടിവച്ചിരിക്കുന്ന പണത്തുക.

**പണത, പണത്വം**-വില.

**പണത്തൂക്കം**-ഒരു പൊൻപണത്തിന്റെ ഇട, ഒരു ചക്രത്തിന്റെ ഇട.

**പണത്തോളം**-അ. ഒരു പണത്തിന്റെ വലിപ്പത്തോളമോ, തൂക്കത്തോളമോ.

**പണനം**-പ്ര. വില്ക്കുക. ൨. വാങ്ങുക. ൩. ചരക്കിനു ചരക്കുമാറുക, വിലയ്ക്കു വാങ്ങുക ൪. വ്യാപാരം.

**പണപാരം**-ഉഭയരാശിയുടെ രണ്ടാമത്തേയും അഞ്ചാമത്തേയും എട്ടാമത്തേയും പതിനൊന്നാമത്തേയും രാശികൾ.

**പണപ്പലക**-പണവും മറ്റും എണ്ണുന്ന കുഴിപ്പലക.

**പണപ്പെട്ടി** — മുതൽ സൂക്ഷിക്കാനുള്ള പെട്ടി.

**പണപ്രിയം**-പണത്തിലുള്ള ആഗ്രഹം.

**പണം**-പ്ര. മൂന്നുകഴഞ്ചു ചെമ്പുകൊണ്ടുണ്ടാക്കിയ ഒരു നാണയം. ൨. (കലിയൻ പണം) തിരുവിതാംകൂറിൽ ൪ ചക്രം കൂടിയ ഒരു നാണയം. ഉപയുക്തസാധനങ്ങളെ ക്രയവിക്രയം ചെയ്യുന്നതിനുള്ള സൌകൎയ്യത്തിനുവേണ്ടി സാങ്കേതികമായ വിലയോടുകൂടെ അതതു ഗവൎമ്മെൻറിൽ നിന്നു നിൎമ്മിച്ച ഒരു ഉപകരണമാകുന്ന പദാൎത്ഥം. ൩. വെള്ളികൊണ്ടുള്ള നാണയം. പൊന്നുകൊണ്ടുള്ള നാണയം. ൪. ധനം (നാണ്യവിശേഷം), പൊൻപണം, വെള്ളിപ്പണം. ൫. ശമ്പളം, ഇത്ര എന്നു ക്ലിപ്തപ്പെടുത്തിയതെന്നൎത്ഥം. ൬ സമ്പത്ത്. ൭ വില. ൮. ദ്രവ്യം. ൯. പന്തയം ൧൦. കളി. ൧൧. പകിടകളി, ചൂത്. ൧൨. ചൂതുകളിയിൽ വാതുപറഞ്ഞു പണയം കെട്ടുക. ഇതുകൊണ്ടു വ്യവഹരിക്കുന്നു എന്നൎത്ഥം.

[മുഖ്യ നടപ്പുണ്ടായിരുന്ന ഏതാനും പണങ്ങൾ-രാശിപ്പണം (പരശുരാമസൃഷ്ടം). വീരരായൻ പണം (പുതിയ പണം ൪ അണ ൧ പൈസ) പഴയ പണം (൪ അണ) വെള്ളിപ്പണം-(൩ അണ ൪ പൈ). [൨൦ കവിടി കൂടിയതു് ഒരു കാകിണി. ൪ കാകിണികൂടിയതു് ഒരു പണം എന്നു ഭാസ്കരാചാൎയ്യർ].

**പണമാത്രം**-അ. പണത്തോളം.

**പണമാല**-പൊൻപണത്തിൽ കുഴവെച്ചു മാലയാക്കിയതു്.

**പണമിട**-പണത്തൂക്കം.

പണയക്കാരൻ— പണയം കൊടുത്തവൻ ൨. പണയം വാങ്ങിച്ചവൻ.

പണയച്ചീട്ട്-വസ്തു പണയമായി എഴുതിക്കൊടുത്ത പ്രമാണം.

പണയപ്പാട്ട്-പണയമായി വെച്ച വസ്തു, വസ്തു പണയപ്പെടുത്തിയിരിക്കുന്ന സ്ഥിതി.

പണയപ്പെടുത്തുക-വസ്തുവിനെ പണത്തിനു ഉറപ്പായി കൊടുക്കുക.

പണയം-വാങ്ങിക്കുന്ന മുതലിന്റെ ഉറപ്പിനായിട്ടു മുതലുടയക്കാരനു കൊടുക്കുന്ന വസ്തു.

പണയമെടുക്കുക-പണയത്തെ തിരിച്ചെടുക്കുക.

പണയംവെയ്ക്കുക-ആഭരണമോ മറ്റൊ പണത്തിനു ഉറപ്പിനായി കൊടുക്കുക.

പണരുക-പൊടികളുയുക, പതിർപിടിക്കുക, ചേരുക.

പണവക-വി. പണത്തെ സംബന്ധിച്ച.

പണവക-ഭണ്ഡാരം.

പണവകക്കണക്ക് - വരവുചെലവു കണക്ക്, ൨. വരവുചെലവു എഴുതുന്ന ഉദ്യോഗം (ഉദ്യോഗസ്ഥൻ)

പണവം-പ്ര ഒരു വാദ്യം, മിഴാവ്, നടമിഴാവ്. ൨. മൃദംഗം. സ്തുതിക്കപ്പെടുന്നത്, വ്യവഹാരത്തെ ഗമിക്കുന്നത് ഇങ്ങിനെ അർത്ഥം.

[മുരജ എന്നും കാണുന്നു.]

പണവീ-ശിവൻ.

പണശം-പൃഥാവ്.

പണസം-പൃഥാവ്. (പനസത്തിന്റെ പാഠം).

പണസ്സഞ്ചി-പണം സൂക്ഷിക്കുന്നതിനുള്ള സഞ്ചി.

പണായ-പ്ര. തനതു ജോലിക്കാർയ്യങ്ങളും മററും. ൨. ചന്തസ്ഥലം. ൩. കച്ചവടലാഭം ൪. കീർത്തി, യശസ്സ്, സ്തുതി.

പണായിത,പനായിത-വി. പ്ര. സ്തുതിക്കപ്പെട്ട. ൨. നിർവ്വഹിക്കപ്പെട്ട.

പണാപ്പണം-ഉടമ്പടി.

പണാസ്ഥികം-കവടി.

പണി-പ്ര. വേല. ൨. പ്രവൃത്തി. ൩. ഉദ്യോഗം. ൪. കൌശലം. ൫. കാർയ്യം. ൬. ഉപായം. ൭. പ്രയാസം. ൮. ജീവനം. ൯. ദുഃഖം. ൧൦. പ്രയോജനം. ൧൧. അവസ്ഥ. ൧൨. നടപ്പ്.

പണി-പ്ര. മുമ്പൻ. ൨. മുമ്പാങ്ക്കാരൻ.

പണികയറുന്നു - വേലകഴിഞ്ഞു പോരുന്നു.

പണിക്കത്തി-കമ്മാളസ്ത്രീ.

പണിക്കൻ-കമ്മാളൻ. ൨. ചോകോന്മാർക്കു കൊടുക്കുന്ന ഒരു സ്ഥാനപ്പേർ.

പണിക്കർ-ഗുരുക്കൾക്കുള്ള ഒരു സ്ഥാനപ്പേർ. ൨. ജ്യോതിഷക്കാരൻ. ൩. ക്ഷുരക്കാരൻ

പണിക്കാരൻ-പ്ര. വേലക്കാരൻ. ൨. ഭൃത്യൻ, ൩. സൂത്രപ്പണിക്കാരൻ. ൪. ഉപായി, സമ്പ്രദായക്കാരൻ.

പണിക്കുറ-വേല മുഴുവനാകായ്ക. ൨. വേലയുടെ ബാക്കി.

പണിക്കുററം-വേലയുടെ തെററ്.

പണിക്കുററംപിഴയ്ക്കുക-ചൊവ്വുക. (രാജാക്കന്മാരോടുംമററും പറയുന്ന ഉപചാരവാക്ക്).

പണിക്കൂലി-വേലക്കൂലി.

പണിക്കൊട്ടിൽ(ല്)- വേലചെയ്യുന്നതിനായി കെട്ടിയുണ്ടാക്കീട്ടുള്ള സ്ഥലം.

പണിക്കോൽ-നെയ്ത്തുകാരുടെ ഒരു സാമാനം, നെയ്ത്തിനെ പരത്തുന്നതിനുള്ള ഒന്നിപ്പിച്ച പടികം.

പണിക്കോപ്പ്-അതാതു വേലയ്ക്കു വേണ്ടുന്ന ഉപകരണം.

പണിത, പണിത—വി. സ്തുതിക്കപ്പെട്ട.

പണിതവ്യ-വി. വില്പാനുള്ള, വില്പാൻ കൊള്ളാവുന്ന.

പണിത്തരം-പണിതുണ്ടാക്കിയ വസ്തു. ൧. നല്ലവേല. ൨. വേലയുടെ ഉപായം. ൩. വഞ്ചന. ൪. വേലയുടെ മന്ത്രി.

പണിത്തല-വേലചെയ്യുവരുന്ന സ്ഥലം.

പണിപ്പാട്-ക്രി. പണിതുണ്ടാക്കിയ വസ്തു. ൧. വേല.

പണിപ്പുര-വേലചെയ്യുവാനുണ്ടാക്കിയപുര [ആശാരി, കരുവാൻ, തട്ടാൻ, മൂശാരി, കമ്മാളൻ മുതലായ കൈവേലക്കാരുടെ പണിപ്പുരക്കു (ആല ക്കു) പേർ= ആവേശനം, ശില്പിശാലം]

പണിപ്പെടുന്നു-ക്രി. പ്രയാസപ്പെടുന്നു. ൧. മുഷിക്കുന്നു.

പണിപ്പെൺ-വീട്ടുവേലക്കാരി

പണിപ്പൊന്ന്-ആഭരണങ്ങൾ തീക്കുന്നതിനുള്ള പൊന്ന്.

പണിമാൻ-നാലു കളിക്കാർ, കരിയാട്ടിലെ വീട്ട്, ഒരു ജാതിക്കാർ. (പണ്ട് ഈഴവരുടേയും കമ്മാളരുടേയും ക്ഷൌരകൻ).

പണിയൻ - മലംപ്രദേശങ്ങളിലെ ഒരു ജാതി കൃഷിക്കാരൻ.

പണിയുന്നു-ക്രി. വേലചെയ്യുന്നു. ൧ വണങ്ങുന്നു. ൨. പ്രയോഗിക്കുന്നു (കം. കി പണിയിക്കുന്നു.)

പണിവിചാരിപ്പ്— വേലക്കാരിലുള്ള അധികാരം

പണിസ്ഥലം-വേലസ്ഥലം.

പണ്ടകം-ഒരു വാദ്യം.

പണ്ടകശാല, പണ്ടികശാല-സക്കാർ വകക്കും മററും ചരക്കുകൾ ശേഖരിച്ചുവയ്ക്കുന്ന സ്ഥലം.

പണ്ടത്തെ-അ. പണ്ടേയുള്ള, മുമ്പിനാലെയുള്ള.

പണ്ടത്തേത്-ക്രി. പണ്ടു കഴിഞ്ഞസ്ഥിതി. ൧. പഴയത്.

പണ്ടപ്പരപ്പ്— വിസ്താരമായിട്ടുണ്ടാക്കിയത്.

പണ്ടം-ക്രി. ഭക്ഷണവസ്തു. ൧. വസ്തു, സാധനം ൨. ആഭരണം. ൩. ചരക്ക്. ൪. പാത്രങ്ങളും മററും. ൫. വയറ്. ൬. കാര്യസാരം.

പണ്ടാരക്കരം-കുടിയാനവന്മാർ സക്കാരിനു ഒടുക്കേണ്ട കരം.

പണ്ടാരക്കാര്യം-സക്കാർകാര്യം.

പണ്ടാരക്കററി-പള്ളിവകയ്ക്കു കാണിക്കയിടുവാനായി സ്ഥാപിച്ചിട്ടുള്ള കുററി.

പണ്ടാരത്തി-പണ്ടാരത്തിന്റെ സ്ത്രീ.

പണ്ടാരം-ഭണ്ഡാഗാരം, ഭണ്ഡാരം.

പണ്ടാരം-വി. രാജാവിനെ സംബന്ധിച്ച 'പണ്ടാരമായുള്ള സിംഹാസനങ്ങളിൽ' (ധ്രുവചരിതം തുള്ളൽ)

പണ്ടാരം-ഭിക്ഷയാചിച്ചു നടക്കുന്ന ജാതി. (പണ്ടാരമായി=തെണ്ടിയായി). ൧. ഭണ്ഡാരം. ൨. വസൂരിവന്നു ചത്ത ശവം. ൩. വസൂരികൊണ്ടുള്ള മരണം.

പണ്ടാരക്കാ(ക്കോ)ഴി-ജലത്തോടു സംബന്ധപ്പെട്ടു നില്ക്കുന്ന ഒരു പക്ഷി. നീക്കാക്ക എന്നു ചിലർ പറയുന്നു. പര്യായങ്ങൾ-പുഷ്കരാഹ്വയം, സാരസം.

പണ്ടാരമാക്കുക-പുറമ്പോക്കായി കിടക്കുക

പണ്ടാരവക-സക്കാർവക.

പണ്ടാരി-ക്രി. ശൂദ്രരിൽ ഒരു താണജാതിക്കാരൻ. ഇവർ പാലും തൈരും വിററു ഉപജീവിക്കുന്നു. ൧. ഖജനാസൂക്ഷിക്കുന്ന ആൾ, ശ്രാപ്പ്.

പണ്ടാല - സാമന്തന്മാർക്കുള്ളതിൽ ഒരു പേർ.

പണ്ടി-ക്രി. വയറ്, കീഴ്വയറ്. ൧. കടവയറ്.

**പണ്ടിക**-പ്ര. ഉത്സവം. ദ. സഖ്യം. ന. വിരുന്ന്.

**പണ്ടിവയറൻ**-കുടവയറുള്ളവൻ.

**പണ്ട്**-അ. തുലോംമുമ്പ്, കഴിഞ്ഞകാലത്ത്.

[പണ്ടുള്ളതിന്റെ പേർ-പുരാണം, പ്രതനം, പ്രത്നം, പുരാതനം, ചിരന്തനം]

**പണ്ടുപണ്ടേ**-അ. മുമ്പിനാലെ.

**പണ്ടുള്ളവർ**-തുലോം മുൻപെയുള്ളവർ, പൂർവ്വന്മാർ.

**പണ്ടേ**-അ. മുമ്പേ, മുമ്പിനാലേ.

**പണ്ടേയുള്ള, പണ്ടത്തെ**-വി. മുൻപേയുള്ള, മുമ്പിനാലേയുള്ള.

**പണ്ടേപ്പോലെ**-അ. മുമ്പേ കഴിഞ്ഞ കാലത്തെപ്പോലെ.

**പണ്ഡാ**-പ്ര. ജ്ഞാനം. ദ. വിദ്യ, അറിവ്, പഠിപ്പ്.

**പണ്ഡൻ**-ആണും പെണ്ണുമല്ലാത്തവൻ(നപുംസകൻ). ലജ്ജാനിമിത്തം നാട്ടുവിട്ടു പോകുന്നവൻ എന്നർത്ഥം.

**പണ്ഡാവൽ**-വി. ബുദ്ധിയുള്ള.

**പണ്ഡിതകൻ**-വിദ്വാൻ.

**പണ്ഡിതൻ**-വിദ്വാൻ, വിശേഷബുദ്ധിയുള്ളവൻ.

**പണ്ഡിതമ്മന്യൻ, പണ്ഡിതമാനി**-വി. വിദ്വാൻ എന്നു നടിക്കുന്നവൻ.

**പണ്ഡിതം**-പ്ര. സമർത്ഥം. ദ. അറബിക്കസ്തൂരകം.

**പണ്ണുക**-ചെയ്യുക, പ്രവർത്തിക്കുക, ഉണ്ടാക്കുക. ഇതു് തമിഴിൽനിന്നു വന്നതാണ് (ഇതിനു മലയാളത്തിൽ സംഭോഗം ചെയ്ക എന്നും ഒരർത്ഥമുണ്ട്).

**പണ്യ**-വി. വില്ക്കപ്പെടേണ്ടുന്ന.

**പണ്യന്ധാ**-ഒരുതരം പുല്ല്.

ആയുധംകൊണ്ടുള്ള സദ്യോവ്രണം ഉടൻ വരട്ടും. മലത്തെ ഇളക്കും.

**പണ്യം**-വില്ക്കേണ്ടതായ സാധനം.

**പണ്യവിലാസിനി**-നഖം.

**പണ്യവീഥി, പണ്യവീഥിക**-പീടിക, അങ്ങാടിത്തെരുവ്, വരിവരിയായ കച്ചവടസ്ഥാനം എന്നർത്ഥം.

**പണ്യശാല**-പ്ര. കച്ചവടസ്ഥലം, തെരുവു. ദ. പീടിക.

**പണ്യാ**-ചെറുപ്പുന്ന, വാലുഴവം. കച്ചവടം ചെയ്യപ്പെടുന്നതെന്നർത്ഥം. (വാലുഴവ് എന്നു തമിഴു വ്യാഖ്യാനം).

**പണ്യാംഗന**-തേവിടിച്ചി.

**പണ്യാജീവൻ**-കച്ചവടക്കാരൻ. പണ്യം (കച്ചവടം) ഉപജീവനമാർഗ്ഗമായിട്ടുള്ളവൻ എന്നർത്ഥം.

**പണ്യാജീവം**-തെരുവ്.

**പണ്യാന്ധാ**-ഒരുതരം പുല്ല്. (പണ്യന്ധ എന്നതു നോക്കുക).

**പത**-വി. പാലിക്കപ്പെട്ട, രക്ഷിക്കപ്പെട്ട

**പത**-നര.

**പതക**-വി. പതിക്കുന്ന, വീഴുന്ന.

**പതകം**-പ്ര. നിന്ദ. ദ. വിവാദം. ന. (സം). ഗണിതശാസ്ത്രത്തിലെ ഒരുമാതിരി കണക്ക്.

**പതകരി**-ഒരുവക കുഷ്ഠരോഗം. (പദകരി) പതസരി-എന്നും കാണുന്നു.

**പതകിക്കുന്നു**-പ്ര. നിന്ദിക്കുന്നു. ദ. വിവദിക്കുന്നു.

**പതക്കം**-കല്ലുവെച്ച ഒരുമാതിരി ആഭരണം. (പദകം എന്നതിന്റെ തത്ഭവം)

**പതക്ക്**-അരക്കൂട്ട്, ഏളി.

**പതഗം**-പക്ഷി. പതം (പക്ഷം-ചിറക്) കൊണ്ടു ഗമിക്കുന്നതു് എന്നർത്ഥം.

**പതച്ചിൽ**-നരവരിക.

**പതഞ്ജലി**-ഒരു മഹർഷി, യോഗസിദ്ധാന്ത കർത്താവ്.

സ്വൎഗ്ഗത്തിൽനിന്നു പാണിനിയുടെ ഉള്ളംകൈയിൽ ഒരു ചെറിയ സൎപ്പമായി വീഴുകയാൽ ഈ പേരുണ്ടായി. രണ്ടായിരത്തി അറുപതുകൊല്ലം മുമ്പു ജീവിച്ചിരുന്നു. ഇദ്ദേഹം യോഗം സ്ഥാപിച്ചു. വ്യാകരണമഹാഭാഷ്യത്തിന്റെ കൎത്താവാണു്.

പതൽ(ത്തു്)- പക്ഷി. ഗമിക്കുന്നതെന്നൎത്ഥം.

പതൽഗ്രഹം-പു. കോളാമ്പി. വീഴുന്നതിനെ ഗ്രഹിക്കുന്നതെന്നൎത്ഥം. മററൊരു പൎയ്യായം-പ്രതിഗ്രഹം.

'ഭ്രമമീ പതൽഗ്രഹഃ' (കാമസൂത്രം)

൨. സൈന്യങ്ങളെ ശേഖരിക്കുക.

പതൽപ്രകൎഷം-കാവ്യത്തിൽ വാക്യദോഷങ്ങളിൽ ഒന്നു്.

എടുപ്പിലുള്ള ഔജ്ജ്വല്യം ക്രമേണ ക്ഷയിക്കുന്നതാണു് ഇതിന്റെ ലക്ഷണം.

പതൽഭീരു-പുള്ളു്, രാജാളി.

പതത്രം-പു. ചിറകു്. പറക്കുന്നവനെ രക്ഷിക്കുന്നതു് എന്നൎത്ഥം.

'വിനാപതത്രം വിനതാതനൂജൈഃ' (ശ്രീഹൎഷൻ)

൨. വാഹനം.

പതത്രി-പക്ഷി. പതിക്കുന്നതെന്നൎത്ഥം. പറക്കുന്നതെന്നുമാവാം.

പതത്രീ-പു. പക്ഷി. ചിറകുള്ളതു് എന്നൎത്ഥം. ൨. ശരം ൩. കുതിര.

പതത്രികേതനൻ-വിഷ്ണു.

പതത്രിരാജൻ-ഗരുഡൻ.

പതദ്ഗ്രഹം-പു കോളാമ്പി. ൨. സൈന്യത്തിന്റെ പിൻപു്.

പതന-വി. പതിക്കുന്ന, വീഴുന്ന.

പതനം-പു. വീഴ്ച.

[പതനശീലന്റെ പേർ-പതയാലു, പാതുകൻ].

൨. അധോഗതി. ൩. നടക്കല്ലു്. ൪. പറക്കുക. ൫. കീഴ്പെട്ടു വരിക, ഇറങ്ങുക. ൬. ഉദിക്കുക. ൭. നരകത്തിൽ വീഴുക. ൮. താഴ്ന്നനിലയിലാവുക. ൯. നശിക്കുക. ൧൦. മരണം. ൧൧. ഗൎഭസ്രാവം. ൧൨. വ്യവകലനം (കുറയ്ക്കുക) ൧൩. നദി ചെന്നുചേരുന്നതു്.

പതനവേഗം-വീഴുന്നതിന്റെ വേഗം (ശക്തി).

പതനസ്ഥലം—നദിചെന്നു ചേരുന്ന സ്ഥലം.

പതനി-അക്കാനിയുടെ രൂപാന്തരം.

തെങ്ങു്, പന മുതലായ വൃക്ഷങ്ങളിൽ നിന്നു് എടുക്കുന്ന മധുവിനു് അക്കാനി എന്നു പേർ. കുമ്പുകൾ തല്ലി അഗ്രം മുറിച്ചു ചുണ്ണാമ്പുതേച്ചു് അതിൽ നിന്നു് അക്കാനി എടുക്കുന്നു. ഇതിനെ കുറുക്കി കരിപ്പട്ടിയാക്കുന്നു. ഇതിന്റെ രൂപാന്തരമായി പതനിയും അതിന്റെ രൂപാന്തരമായി പനംകൽക്കണ്ടും ഉണ്ടാക്കുന്നു. മേൽപറഞ്ഞതിന്മണ്ണം തന്നെ കുമ്പുകളെ തല്ലിചെത്തി താളിതേച്ചു് എടുക്കുന്ന മധുവത്രെ കള്ളു്. ഇതിനെ പുളിപ്പിച്ചു വാററുന്നതാണു് ചാരായം.

പതനീയ-വി. പതിക്കത്തക്ക, വീഴത്തക്ക.

പതപത-അ. പു. പതുക്കെ. ൨. നരവരിക.

പതപാകം-നല്ലനില.

പതപ്പു്-ഉച്ചി. പത (ചലി)ക്കുന്നതു് എന്നൎത്ഥം. കൈക്കുഞ്ഞുങ്ങളുടെ ഉച്ചി പരിശോധിച്ചാൽ ചലിക്കുന്നതു കാണാം.

പതം-പു. മയം. ൨. കൊയ്ത്തുകാൎക്കു കൊടുക്കുന്ന അവകാശം. ൩. സാവധാനം. ൪. സമയം. ൫ താഴ്മ. ൬. അവ

സ്ഥ. ൭. ക്രമം. ൮. ക്ഷീണം. ൯. നിർവ്വാഹം. ൰. ഒപ്പം. ൰൧. (സം) വീട്. ൰൨. പാപ്പ്. ൰൩. പോകുക. ൰൪. വീഴുക. ൰൫. ഇറങ്ങുക. ൰൬. നേരം. ൰൭. ചിറക്.

പതാ-പദം (പ-മ)

പതംകഴിക്കുന്ന-മുക്കുവന്മാർ ഒരു ചെറിയ കടൽ മുഴുവൻ സൂക്ഷ്മമായി തുഴഞ്ഞു പോവുന്നു.

പതംഗൻ-൧. ആദിത്യൻ. ൨. കൃഷ്ണൻ.

പതംഗമം-പക്ഷി.

പതംഗം-൧. പക്ഷി. പൊട്ടിപ്പറപ്പെടുന്ന തെന്നർത്ഥം. ൨. പാററ. ൩. രസം. ൪. ഒരുമാതിരി ചന്ദനം. ൫. പന്ത്. ൬. കിളികൊള്ളിച്ചെന്നെല്ല്. ൭. തീപ്പൊരി (വേദത്തിൽ പ്രയോഗം). ൮. പത്തങ്ങം. ൯. ഏരിക്ക്. ൰. നീരിരിപ്പ്. ൰൧. പൂച്ച.

പതാഗിക-ഒരുവക തേനീച്ച. പറക്കുന്ന തെന്നർത്ഥം. മററൊരു പര്യായം-പുത്തികം.

ചിററീച്ച എന്നും കാണുന്നു. ഇതു സരഘയെക്കാൾ ചെറുതായിരിക്കും. ചെറുതേനീച്ച എന്ന് ഇതിനെ പറയുന്നതു നന്നായിരിക്കും. ഇതിന്റെ തേൻ ഏററവും ശ്രേഷ്ഠമാകുന്നു.

പതംഗി-പക്ഷി. ൨. മറിയുന്നി

പതംചിക-ഞാൺ

പതാപ്-കൊയ്ത്തുകാർക്ക് കൊടുക്കുന്ന പതം കററമെതിച്ച് നെന്മണി ഉതിർത്തു കൊടുക്കുന്നതിന്റെ കൂലി.

പതമൻ-ചന്ദ്രൻ. ൨. പക്ഷി. ൩. ശലഭം.

പതയൽ-നുരവരിക.

പതയാലു-വി. വീഴുന്ന. പതനശീലമുള്ള

പതയുന്നു-നുരവരുന്നു, പതയുള്ളതായിത്തീരുന്നു.

പതയ്ക്കുന്നു-നുരവരുത്തുന്നു ൨. നീറുന്നു.

പതയ്പ്പ്-നുരയുണ്ടാക്കുക.

പതർ-൧. പതിർ, നെല്ലിലും അരിയിലും കൊള്ളരുതാതെ (ചീത്തയായി)കിടക്കുന്നത്, പറന്നുകൊണ്ടിരിക്കുന്നത്. ൨. ബദ്ധപ്പാട്.

പതച്ച്-൧. ബദ്ധപ്പാട്. ൨. ചിന്തിപ്പ്. ൩. ചേച്ചുകേട്. ൪. എന്തു ചെയ്യണമെന്നറിയാതെ വിഷമിക്കുന്നത്. ൫. പറപ്പിക്കൽ.

പതമ്പ-൧. ബദ്ധപ്പാട്. ൨. പതിരിന്റെ സ്ഥിതി.

പതവാരം-ഭൂമി സംബന്ധിച്ച രാജാവിനു ചെല്ലേണ്ടതായ നികുതി.

'പതവാരം' എന്ന നികുതി തിരുവിതാംകൂറിൽ നടപ്പുണ്ടായിരുന്നു.

പതസൻ-ചന്ദ്രൻ. ൨. പക്ഷി. ൩. ശലഭം.

പതസരി-ആനയുടെ പ്രത്യേകമായ ഒരു പ്രായത്തെ കാണിക്കുന്ന (നെററിയിലുള്ള വെളുത്ത പുള്ളികൾ) ചിഹ്നം. സം. പത്മകം.

പതറൽ-൧. ബദ്ധപ്പാട്. ൨. ചിന്തിപ്പ്. ൩. ചേച്ചുകേട്. ൪. പറപ്പിക്കൽ. ൫. ചിതറൽ.

പതറിക്ക-൧. ദൂരത്താക്കുക. ചിന്തിക്ക. ൨. പറിപ്പിക്ക. ൩. കഴപ്പത്തിലാക്കുക. ൪. ബദ്ധപ്പെടുത്തുക ൫. ചിതറിക്കുക. ൬. പറത്തുക.

പതറിക്കലഞ്ഞു-ഭയപ്പെട്ടു വിറച്ചും

പതറുന്ന-൧. ബദ്ധപ്പെടുന്നു, ഭയപ്പെടുന്നു. ൨. ചിന്നുന്നു.

പതാക-൧. കൊടിക്കൂറ. പറന്നുകൊണ്ടിരിക്കുന്നതെന്നർത്ഥം. ൨. വലിയ ഉപകഥ. ൩. അടയാളം. ൪. സൌഭാഗ്യം. ൫. കൊടിമരം. ൬. നാടകാംഗം.

പതാകാംശുകം-കൊടിക്കൂറ.
'കേതോഃ പതാകാംശുകമെന്നപോലെ'
(അഭിജ്ഞാനശാകുന്തളം)

പതാകാവ്യൂഹം-വ്യൂഹഭേദം (വ്യൂഹം എന്നാൽ സൈന്യത്തെ നിശ്ചിതസ്ഥലങ്ങളിൽ നിറുത്തുക എന്നാകുന്നു).

പതാകാസ്ഥാനകം-നാടകത്തിലെ ഒരു വേഷവിശേഷം.

'യത്രാർത്ഥേ ചിന്തിതേന്യസ്മിം
സ്തല്ലിംഗോന്യഃ പ്രയുജ്യതേ,
ആഗന്തുകേന ഭാവേന
പതാകാസ്ഥാനകം തു തത്'
(സാഹിത്യദർപ്പണം)

പതാകി-കൊടിക്കൂറക്കാരൻ. പതാകയുള്ളവനെന്നർത്ഥം.

പതാകിക-വി. പതാകയുള്ള.

പതാകിനീ-സൈന്യം.

പതാപത-വി. ൧. പോകുന്ന. ൨. വീഴാനായി ചരിയുന്ന.

പതി-൧. ഭർത്താവ്. രക്ഷിക്കുന്നവൻ എന്നർത്ഥം. മററ പര്യായങ്ങൾ-ധവൻ, പ്രിയൻ, ഭർത്താവ്. ൨. പ്രഭു. ൩. ഉടയക്കാരൻ. ൪. അധികൃതൻ. ൫. ഒളിപ്പ്. ൬. നഗരം. ൭. മലകളിൽ പാർപ്പുള്ള സ്ഥലം. ൮. കുടിയിരിപ്പ്. ൯. അനക്കം, പോക്ക്. ൰. വാറപ്പ്. ൰൧. ഉടയക്കാരി. ൰൨. യജമാനസ്ത്രീ. പതി-പാലനം ചെയ്യുന്നവൻ. പാലനം ചെയ്യുക-രക്ഷിക്കുക. രൂഢിയായിട്ടു-പതി=ഭർത്താവ്. ൰൩. സ്വാമി.

പതി-ഗൃഹം(ശ്രുതി എന്നർത്ഥം-ഭർത്താവിന്റെ)
'പതിപരമാപൊരുളിവരെന്നകമേ'
(ഗീത)

പതി-പത്ത്. ഉദാ-പതിനൊന്ന്, പതിനഞ്ച് മുതലായവ.

പതിക്കുന്നു-൧. വീഴുന്നു. ൨. കണക്കിൽ എഴുതുന്നു. ൩. അച്ചിൽ ഒട്ടിക്കുന്നു. ൪. ഉറപ്പിക്കുന്നു. ൫. ഒട്ടിക്കുന്നു. ൬. വസ്തുവിനെ ഒരാളിന്റെ പേർക്കു കൊടുക്കുന്നു. (കാ. ക്രി. പതിപ്പിക്കുന്നു)

പതിഘ്നി-ഭർത്താവിനെ കൊല്ലുന്നവൾ.

പതിച്ചൽ-൧. പതിയുക, പതിപ്പ്. ഒട്ടിച്ചേരുകയും മററും. ൨. അച്ചിൽ ഒട്ടിക്ക. ൩. കണക്കിൽ എഴുതുക. ൪. വീഴുക (വീഴ്ച).

പതിഞ്ഞ-വി. ൧. സാവധാനമുള്ള. ൨. താഴ്മയുള്ള. ൩. ഒട്ടിച്ചേർന്ന.

പതിഞ്ഞനില-സാവധാനം ൨. താഴ്മ.

പതിഞ്ഞപാകം-സാവധാനം.

പതിത-വി. ൧. പതിക്കപ്പെട്ട, വീഴ്ത്തപ്പെട്ട. ൨. തോല്പിക്കപ്പെട്ട. ൩. ഭ്രഷ്ടായ.

പതിതത്വം-൧. വീഴ്ച, ൨. ഭ്രഷ്ട്.

പതിതൻ-ഭ്രഷ്ടൻ, കീഴ് പതിച്ചവൻ, പിഴകിയവൻ.

പതിതസാവിത്രികൻ-ഉപനയനകർമ്മം നടത്താത്തവനോ, വിധിക്കു വിപരീതമായി നടത്തിയവനോ ആയ ബ്രാഹ്മണനോ, ക്ഷത്രിയനോ, വൈശ്യനോ.

പതിതോല്പന്ന-വി. ഭ്രഷ്ടനിന്നു.

പതിത്വം-൧. അധികാരം. ൨. ഭർത്തൃത്വം. ൩. (മലയാളം) ഭ്രഷ്ട്.

പതിദേവതാ, പതിദേവാ-ഭർത്താവിനെ ദൈവത്തെപ്പോലെ വിചാരിക്കുന്നവൾ, പതിവ്രത.

പതിനഞ്ച്-പത്തും അഞ്ചും കൂടിയ തുക

പതിനായിരം-പത്തുതവണ ആയിരം കൂടിയ തുക.

പതിനാലുലോകങ്ങൾ-കീഴിൽ ൭, മുകളിൽ ൭ ഇങ്ങിനെ ലോകങ്ങൾ ൧൪.

മേൽലോകങ്ങൾ.

൧. ഭൂലോകം } ആകാശഗ്രഹങ്ങളുടെ ഇരിപ്പിടം.
൨. ഭുവർല്ലോകം }

൩. സ്വർല്ലോകം-ദേവേന്ദ്രന്റെ ഇരിപ്പിടം.

൪. മഹർല്ലോകം-വിഷ്ണുവിന്റെ ഇരിപ്പിടം.

൫. ജനലോകം-മനുഷ്യരുടെ ഇരിപ്പിടം

൬. തപോലോകം-ഋഷികളുടെ ഇരിപ്പിടം.

൭. സത്യലോകം-ബ്രഹ്മാവിന്റെ ഇരിപ്പിടം.

കീഴ്ലോകങ്ങൾ.

൧. അതലം-യമപുത്രന്റെ (വലന്റെ) ഇരിപ്പിടം.

൨. വിതലം-പരമേശ്വരന്റെ ഇരിപ്പിടം.

൩. സുതലം-മഹാബലിയുടെ ഇരിപ്പിടം

൪. രസാതലം-രാക്ഷസന്മാരുടെ ഇരിപ്പിടം.

൫. തലാതലം-മായാമയിയുടെ ഇരിപ്പിടം.

൬. മഹാതലം-സർപ്പത്തിന്റെ ഇരിപ്പിടം.

൭. പാതാളം-നാഗങ്ങളുടെ ഇരിപ്പിടം.

[മേല്പറയപ്പെട്ട ലോകങ്ങൾ വിരാൾപുരുഷന്റെ ഓരോ അംഗങ്ങളായി കല്പിക്കപ്പെട്ടിരിക്കുന്നു.]

പതിനാഴി-൧. പത്തു നാഴികൂടിയ അളവ്. ൨. അഗ്രശാലപ്പറ, വലിയ ഇടങ്ങഴിക്കു പതിടങ്ങഴി കൊള്ളുന്ന പറ.

പതിനാഴിപ്പറ-അഗ്രശാലപ്പറ.

പതിനാറ്-പത്തും ആറും കൂടിയ തുക.

പതിനെട്ടടവുകൾ-ഓതിരം, കടകം, ചടുലം, മണ്ഡലം, വൃത്തചക്രം, സൂകങ്കാളം, വിജയം, വിശ്വമോഹനം, തിര്യങ്മണ്ഡലം, ഗദയാഖേടഗഹ്വരം, ശത്രുഞ്ജയം, മസൗഭദ്രം, പടലം, പുരഞ്ജയം, കായവൃദ്ധി, ശിലാഖണ്ഡം, ഗദാശാസ്ത്രം, അനന്തമം ഇവ ൧൮-ം.

പതിനെട്ട്-പത്തും എട്ടും കൂടിയ തുക.

പതിനെണ്ണായിരം-പതിനെട്ട് ആയിരം കൂടിയ തുക.

പതിനേഴ്-പത്തും ഏഴും കൂടിയ തുക.

പതിനൊന്ന്-പത്തും ഒന്നും കൂടിയതുക.

പതിന്നാങ്ക്-പതിനാലാമത്തെ പക്കം.

പതിന്നാല്-പത്തും നാലും കൂടിയ തുക.

പതിമ്പറ-പത്തുപറ.

പതിമ്മടങ്ങ്-വി. പതിരട്ടിച്ച്.

പതിപത്നിമാർ-ഭർത്താവും ഭാര്യയും.

പതിപത്നീ—ഭർത്താവുള്ളവൾ, സുമംഗലീ. മറ്റൊരപര്യായം-സഭർത്തൃക.

[ഭർത്താവൊന്നിച്ചിരിക്കണമെന്നില്ല; ഭർത്താവ് ഉണ്ടായാൽ മതി]

പതിഘാതിനി-ഭർത്താവിനെ കൊല്ലുന്നവൾ.

പതിപ്പായിനില്ക്കു-ഉറച്ചു നില്ക്കുക.

പതിപ്പിക്കുന്നു-പതിക്കാൻ ഇടയാക്കുന്നു, വീഴ്ത്തുന്നു.

പതിപ്പ്-൧. പതിക്കുക, പതിച്ചൽ. ൨. വീഴ്ച.

പതിപ്രാണാ-പതിവ്രതാ.

പതിമരം-൧. വാതിലിന്റെ മുകളിലത്തെ കട്ടിളപ്പടി. ൨. പല്ലിത്തടി.

പതിമുകം-ഒരു വലിയ വൃക്ഷം.

കായുണ്ടാകുന്ന വൃക്ഷമല്ല. ഇതു് അധികവും ഞാവൽപാർശ്വത്തിലും കേദാരത്തിലും ഉണ്ടാകുന്നു ഈ വൃക്ഷത്തിന്റെ തടി പാടലവർണ്ണവും പത്മഗന്ധവുമുള്ളതാണു്, കഫം, പിത്തം, വിസർപ്പം, വിസ്ഫോടം, വ്രണം, വിഷം, രക്തദോഷം, ചുട്ടുനീറൽ മുതലായവയ്ക്കു നന്നു്. സം-പത്മകം.

പതിമുക്കഴഞ്ചു്-പതിമൂന്നു കഴഞ്ചു്.

പതിമുഖം-൧. കതിർക്കൂട്ടി മറച്ചുവെച്ചിരുന്ന അപകടം. ൨. ഭർത്താവിന്റെ മുഖം

പതിമൂക്കൻ-പതിഞ്ഞ മൂക്കുള്ളവൻ.

പതിമൂക്കി-പതിഞ്ഞ മൂക്കുള്ളവൾ.

പതിമൂക്കു്-പതിഞ്ഞമൂക്കു്.

പതിമൂന്നു്-പത്തും മൂന്നും കൂടിയ തുക.

പതിംവരാ-൧. സ്വേച്ഛയാ ഒരു ഭർത്താവിനെ വരിപ്പാൻ തുടങ്ങുന്നവൾ, തനിക്കൊത്ത ഭർത്താവിനെ താൻ തന്നെ വരിക്കുന്നവൾ. പതിയെ വരിക്കുന്നവൾ എന്നർത്ഥം. മററു പര്യായങ്ങൾ സ്വയംവരാ, വർയ്യാ. ൨. കരിഞ്ജീരകം.

പതിയൻ-൧. സാവധാനക്കാരൻ. ൨. ഒരുമാതിരി ശർക്കര.

പതിയൻശർക്കര-ഒരുമാതിരി ശർക്കര, പതിയുന്ന ശർക്കര.

പതിയാൻ-൧. പരവൻ. ൨. എണ്ണ ആട്ടിപ്പിഴിയുന്ന ഒരുവക ജാതിക്കാരൻ.

പതിയിരിക്കുന്നു-ഒളിച്ചിരിക്കുന്നു, പാത്തിരിക്കുന്നു, (സ. ക്രി-പതിയിരുത്തുന്നു)

പതിയിരിപ്പു്-ഒളിച്ചിരിപ്പു്, പാത്തിരിപ്പു്.

പതിയുന്നു-൧. ചേർന്നു പററുന്നു. ൨. കണക്കിലുൾപ്പെടുന്നു. ൩. ഉറപ്പാകുന്നു (സ. ക്രി-പതിക്കുന്നു.)

പതിർ-(വി) കൊള്ളരുതാത്ത.

പതിർ-അരിവെക്കാത്തനെല്ലു്, ചാഴി, ചണ്ടു്, പര്യായങ്ങൾ-കഡംകരം, ബുസം

പതിർപിടിത്തം-നെല്ലിലെ പതിർ കളക.

പതിർമ്മ-പതുമ, പതിരിന്റെ സ്ഥിതി.

പതിവു്-൧. നിലം പുരയിടങ്ങൾക്കു സർക്കാരിൽ നിന്നും കൊടുക്കുന്ന ഒരാധാരം ൨. ചട്ടം. ൩. സാധാരണ സ്ഥിതി. ൪ ഏർപ്പാടു്.

പതിവായിട്ടു്-അ. ദിവസം പ്രതി.

പതിവുകാരൻ-ദിവസന്തോറും വേല ചെയ്യുന്നവനും മററും. ൨. എന്നും ഉള്ളവൻ. ൩. വസ്തുക്കൾ പേരിൽ പതിഞ്ഞു കിട്ടിയവൻ.

പതിവേദൻ-ശിവൻ.

പതിവ്രത-ഭർത്തൃശുശ്രൂഷയാകുന്ന വ്രതത്തോടു കൂടിയവൾ. മററുപര്യായങ്ങൾ-സുചരിത്രാ, സതീ, സാധ്വീ.

[ഇവിടെ പതിശബ്ദത്തിനു ലക്ഷണയാ പതിശുശ്രൂഷ എന്നു താൽപ്പര്യം]

പതിററടി-പത്തു് അടിനീളം, പത്തു ചുവടു്.

പതിററിപ്പത്തു്-കേരളത്തിൽ നിർമ്മിച്ച പുരാതനമായ ഒരു തമിഴ് ഗ്രന്ഥം.

പതീയന്തീ-ഭർത്താവിനു യുക്തയായവൾ

പതു-പത്തു്.

പതുക്കം-൧. അമച്ച്. ൨. ഒളിപ്പു്. ൩. മറയ്ക്കൽ. ൪. ഞെരിപ്പു്. ൫. പിതുങ്ങൽ. ൬. മാർദ്ദവം.

പതുക്കവേ, പതുക്കെ-അ. സാവധാനമായി.

പതുക്കുന്നു-ഒളിച്ചുവയ്ക്കുന്നു, മറയ്ക്കുന്നു.

പതുങ്ങൽ-൧. അമപ്പു്. ൨. ഒളിപ്പു്, ഒളിച്ചിരിപ്പു്. ൩. മറയ്ക്കൽ. ൪. പിതുങ്ങൽ. ൫. ഞെരിപ്പു്.

പതുങ്ങുന്നു-൧. ഒളിക്കുന്നു. ൨. ഞെരിയുന്നു. ൩. പിതുങ്ങുന്നു. ൪. അമരുന്നു.

൩. മറയുന്നു. (സ-ക്രി. പതുക്കുന്നു).

പതുത്ത-വി. മൃദുവായ.

പതുത്തു-മന്ദിച്ചു.

പതുപതുപ്പ്-മാർദ്ദവം.

പതുപതേ-അ. മാർദ്ദവമായി.

പതുപ്പത്ത്-പത്തുവീതമായ.

പതുപ്പിക്കുന്നു-മാർദ്ദവം വരുത്തുന്നു.

പതുപ്പ്-൧. മാർദ്ദവം. ൨. വിനയം, ഗർവ്വില്ലായ്മ.

'പതുപ്പോടു ക്ഷാന്തിയുമുടയവരായേ'
(ശീത-മാധവപ്പണിക്കർ)

പതുമ-മാർദ്ദവം.

പതുമുകം-ഒരങ്ങാടിമരുന്ന്.

പതേർ-ധാ. ൧. പറക്കുന്നു. ൨. വീഴുന്നു. ൩. പോകുന്നു, നീങ്ങുന്നു.

പതേരം-൧. പക്ഷി. ൨. കഴി. ൩. ഒരളവ്.

പതേരി-പതസരി (ഇതു് പതസരിയുടെ തത്ഭവമാണ്)

പത്തങ്ങം-ചപ്പങ്ങം.

ഇതു് ഒരു ചന്ദനഭേദമാണ്. കഫം, പിത്തം, രക്തദോഷം, മുതലായവയ്ക്കു നന്ന്. ഇതിന്റെ കാതൽ ചെമപ്പുനിറമാണ്. വസ്ത്രരാഗത്തിന് ഉപയോഗപ്പെടുന്നു. സം-പത്താംഗം. തമിഴിൽ-ചപ്പങ്കി.

പത്തഞ്ഞൂറ്-വളരെ.

പത്തനപ്പടി-വീട്ടുവാതിൽ.

പത്തമ്പത്-കുറെ.

പത്തനം-൧ ഭവനം. ൨ പട്ടണം, രാജധാനിയുള്ള നഗരം, തലസ്ഥാനം. അങ്ങുമിങ്ങും നിന്നു ജനങ്ങൾ ഇവിടെ പതന്തി (വന്നുചേരുന്നു). അതിനാൽ ഈ പേരുണ്ടായി.

പത്തനാടി-ഗൃഹിണി, ഭാര്യ. വീട്ടിൽ സഞ്ചരിക്കുന്നവൾ എന്നർത്ഥം.

പത്തംഗം-പത്തങ്ങം.

പത്തൽ-വേലി കെട്ടുവാൻ കുഴിച്ചു നാട്ടുന്ന കോൽ.

പത്താക്ക്-ഒരുവക നാണയം.

[പൊൻപത്താക്ക്, വെള്ളിപ്പത്താക്ക്, തടിപ്പത്താക്ക്, തലപ്പത്താക്ക് മുതലായവ].

ഇതു് റോമാരാജ്യത്തുള്ള ഒരു നാണയമാകുന്നു. കേരളത്തിൽ വന്നതു് അവിടെനിന്നാണ്.

പത്താമത്-അ. പത്താമതായ.

പത്താം, പത്താമത്തെ-വി. ഒമ്പതാമത്തേതു കഴിഞ്ഞാൽ വരുന്ന.

പത്തായക്കാരൻ-നെല്ലു വേണ്ടുവോളം നേടി വച്ചിട്ടുള്ളവൻ.

പത്തായക്കെട്ട്-പല പത്തായങ്ങൾ ഒരുമിച്ചു ചേർത്തു പണിതത്.

പത്തായപ്പുര-പല പത്തായങ്ങൾ ഉള്ള പുര, നെല്പുര.

പത്തായം, പത്താഴം-ധാന്യങ്ങളും മറ്റും ശേഖരിക്കുന്നതിനുള്ള മരക്കൂട്.

പത്തായിരം-വി. അനവധി, എണ്ണമില്ലാത്ത.

പത്തി-൧. പാമ്പിന്റെ ഫണം. ൨. കൈത്തലം. ൩. സൈന്യവിഭാഗം. സവിശേഷം ഗമിക്കുന്നത് എന്നർത്ഥം. (അക്ഷൗഹിണി എന്നതു നോക്കുക)

'ഏകേഭൈകരഥാ ത്ര്യശ്വാ
പത്തിഃ പഞ്ചപദാതികാ'
(അമരം).

ഒരു ആനയും, ഒരു തേരും, മൂന്നു കുതിരയും, അഞ്ചു കാലാൾപടയും കൂടിയതു് ഒരു പത്തി.

'ഏകോരഥോ ഗജശ്ചൈകോ
നരാഃ പഞ്ച പദാതയഃ
ത്രയശ്ച തുരഗാസ്തജ്ജ്ഞൈഃ
പത്തിരിത്യഭിധീയതേ'

൪. കാലാള്. ൫. നടപ്പ്, ഗമനം. ൬. ഇല. (പത്രി എന്നതിന്റെ തത്ഭവം) ൭. മുറിമരുന്ന്. ൮. വീരൻ. ൯. ശൂരൻ ൰. വരി, നിര.

**പത്തിക**-വി. കാൽകൊണ്ടു നടക്കുന്ന

**പത്തിക്കാൽ**-നിരക്കാൽ.

**പത്തിക്കീററ്**-സുഗന്ധവസ്തുക്കളെക്കൊണ്ടുള്ള അലങ്കാരം, സ്ത്രീകളുടെ സ്തനകപോലാദികളിൽ കസ്തൂരികുങ്കുമാദികളെക്കൊണ്ടു വിലാസാർത്ഥം മകരികാദ്യാകാരമായി എഴുതപ്പെടുന്നതു്. പര്യായങ്ങൾ-പത്രലേഖാ, പത്രാംഗുലി.

**പത്തിരട്ടി**-പതിന്മടങ്ങ്.

**പത്തിരി**-൧. ഒരുമാതിരി അപ്പം, പുളിപ്പിക്കുന്ന സാധനം ചേർക്കാത്ത ഒരുവക അപ്പം, മാമ്പഴം, മാവുകൊണ്ടുള്ള അപ്പം. ൨. ജാതിക്കയുടെ പുറത്തിരിക്കുന്ന സാധനം.

**പത്തിരുപത്ത്**-കുറേ.

**പത്തിൽ**-ഒരുമാതിരി അപ്പം.

**പത്തിവാൾ**-ഒരായുധം, ചെറിയ വാൾ.

**പത്തിസംഹതി**-൧. കാലാൾ (പത്തിപ്പട)ക്കൂട്ടം. ൨. സൈന്യവിഭാഗക്കൂട്ടം.

**പത്തിറ്**-മാവുകൊണ്ടുള്ള ഒരുമാതിരി അപ്പം (പത്തിരി).

**പത്ത്**-൧. രണ്ടു അഞ്ചുകൂടിയ തുക. ൨. കാല് (ചരണം). നടക്കുന്നതു് എന്നർത്ഥം 'പദം' എന്നുമാവാം.

'പദാനിലാക്ഷാരസപാടലാനി'

**പത്ത്**-ചെലവ്.

**പത്തുദിക്കുകൾ**-നാലുദിക്കുകളും അവയുടെ മൂലകളും ആകാശവും ഭൂമിയും.

**പത്തുവ**-മഹമ്മദുജഡ്ജിമാരുടെ വിധി. (അറബിഭാഷ).

**പത്തൂരം**-മീനാങ്ങാണി.

**പത്തേമാരി**-കടലിൽകൂടി അടുത്ത പ്രദേശങ്ങളിൽ സാമാനം കയററിക്കൊണ്ടു പോകുവാനുള്ള വലിയ തോണി.

**പത്ഥ്യം**-൧. ഇഷ്ടം, പ്രിയം. ൨. ഔഷധത്തിനും ശരീരത്തിനും ഹിതമല്ലാത്തവ ഉപയോഗിക്കാതിരിക്കുന്ന സ്ഥിതി.

**പത്ഥ്യാവക്ത്രം**-ഒരു വൃത്തം.

'ഓജങ്ങളിൽ തരംപോലെ
വിപുലാലക്ഷണങ്ങളും
ചേർത്തു പത്ഥ്യാവക്ത്രവൃത്തം
പ്രയോഗിക്കുന്നു സൂരികൾ'
(വൃത്തമഞ്ജരി)

**പത്നീ**-൧. ഭാര്യ. ൨. അഗ്നിസാക്ഷികമായി വിവാഹംചെയ്ത ഭാര്യ. യാഗാദികർമ്മങ്ങളിൽ ഭർത്താവോടുകൂടി തുടന്നിരിക്കുന്നവളെന്നർത്ഥം. മററു പര്യായങ്ങൾ-പാണിഗൃഹീതീ, ദ്വിതീയാ, സഹധർമ്മിണി, ഭാര്യ, ജായ, ദാരങ്ങൾ.

**പത്നീകൻ**-ഭാര്യയുള്ളവൻ.

**പത്നീപ്രണയം**-൧. ഭാര്യയുടെ സ്നേഹം. ൨. ഭാര്യയോടുള്ള സ്നേഹം.

**പത്നീസഹായൻ**-ഭർത്താവ്.

**പത്മകം**-൧. ആനയുടെ പതകരി, ആനയുടെ മുഖാദികളിൽ കാണുന്ന പുള്ളിക്കുത്ത്. ൨. ഒരങ്ങാടിമരുന്ന്, പത്മുകം. ൩. താമരയുടെ രീതിയിൽ നിരത്തുന്ന സൈന്യം ൪. കോട്ടം

**പത്മകരൻ**-വിഷ്ണു. കൈയിൽ താമരപ്പൂവുള്ളവൻ.

**പത്മകരാ**-ലക്ഷ്മി.

**പത്മകല്പം**-ബ്രഹ്മാവിന്റെ ഒടുവിൽ കഴിഞ്ഞ കല്പവർഷം.

**പത്മകീ**-ആന.

**പത്മകേസരം**-താമരയല്ലി.

**പത്മഗന്ധി**-പതുമുകം.

**പത്മഗർഭൻ**-൧. ബ്രഹ്മാവു്. ൨. വിഷ്ണു. ൩. ശിവൻ. ൪. സൂര്യൻ.

**പത്മഗർഭാ**-പുണ്യലാഭത്തിനായ് രാജാക്കന്മാർ കഴിക്കുന്ന ഒരു അട്ട[illegible]ന്തിരം, താമരയിൽ കൂടിയുള്ള [illegible]ത്ത ജനനം.

**പത്മഗുണാ**-ലക്ഷ്മി.

**പത്മഗൃഹാ**-ലക്ഷ്മി.

**പത്മചാരിണി**-കരത്താമര, ഓരിലത്താമര, ഒരിതൾത്താമര, നിലത്താമര. പത്മംപോലെ ചരിക്കുന്നതെന്നർത്ഥം.

**പത്മജൻ**-ബ്രഹ്മാവു്.

**പത്മജാതൻ**-ബ്രഹ്മാവു്.

**പത്മതന്തു**-താമരവളയം, താമരനൂൽ.

**പത്മദർശനം**-ചെഞ്ചല്യം.

**പത്മൻ**-൧. അഷ്ടനാഗങ്ങളിൽ ഒന്നു്. ൨. ചക്രവർത്തികളിൽ ഒന്നു്. ൩. രാമൻ. ൪. ഒരു അസുരൻ.

**പത്മനാഭൻ, പത്മനാഭി**-വിഷ്ണു. നാഭിയിൽ പത്മമുള്ളവൻ എന്നർത്ഥം.

**പത്മനാഭാഗ്രജൻ**-പരമേശ്വരൻ.

**പത്മനാളം**-താമരത്തണ്ടു്.

**പത്മപത്രം**-താമരയില.

**പത്മപത്രം, പത്മപർണ്ണം**-൧. ഒരു മരുന്നുചെടി, പുഷ്കരമൂലം. താമര പോലെയുള്ള ഇലകൾ ഉള്ളതു് എന്നർത്ഥം. ൨. മേട്ടുത്താമര (സ്ഥലപത്മം)

**പത്മപാണി**-൧. ബ്രഹ്മാവു്. ൨. വിഷ്ണു ൩. സൂര്യൻ.

**പത്മപാദർ**-ശ്രീശങ്കരാചാര്യസ്വാമിയുടെ പ്രധാന ശിഷ്യൻ.

**പത്മപുരാണം**-പുരാണങ്ങളിൽ ഒന്നു്. ഇതിൽ വിഷ്ണുവിൻെറ ഗുണങ്ങളെ ശിവൻ പാർവ്വതിയോടു വർണ്ണിച്ചു പറയുന്നു.

**പത്മബന്ധം**-ചിത്രം എന്നതിൽപ്പെട്ട ഒരു അലങ്കാരം.

**പത്മബന്ധു**-൧. സൂര്യൻ. ൨. ഏരിക്കു്. ൩. തേനീച്ച.

**പത്മഭവൻ**-ബ്രഹ്മാവു്.

**പത്മഭാസൻ**-ശിവൻ.

**പത്മഭൂവു്**-ബ്രഹ്മാവു്.

**പത്മം**-൧. താമര. ൨. വൈശ്രവണൻെറ നവനിധികളിൽ ഒന്നു്. ശ്രീക്കിരിപ്പിടം എന്നർത്ഥം. ൩. പത്മകം, ആനയുടെ പതകരി, പുള്ളി. ൪. ഒരു മരുന്നു്. ൫. കാരീയം. ൬. പുഷ്കരമൂലം ൭. പതുമുകം. ൮. ചായ്യു്. ൯. താമരയുടെ മാതിരിയിലുള്ള ഒരു ആഭരണം. ൧൦. താമരയുടെ ആകൃതിയിൽ നിറുത്തിയ സൈന്യം. ൧൧. ഒരു വലിയ സംഖ്യ (One thousand billions) ൧൨. മനുഷ്യശരീരത്തിലുള്ള ഒരു അടയാളം. ൧൩. ഒരുമാതിരി ക്ഷേത്രം. ൧൪. ആന. ൧൫. ഒരുമാതിരി സംയോഗം.

**പത്മയോനി**-ബ്രഹ്മാവു്.

**പത്മരജസ്സ്**-താമരയല്ലി, താമരപ്പൂമ്പൊടി.

**പത്മരാഗം**-ചെമന്ന രത്നം. പത്മതുല്യമായ രാഗത്തോടുകൂടിയതു് എന്നർത്ഥം. പത്മരാഗമണി.

**പത്മരൂപാ**-ലക്ഷ്മി, സമ്പൽസ്വരൂപിണി.

**പത്മലാഞ്ഛനാ**-൧. ലക്ഷ്മി. ൨. സരസ്വതി. ൩. താരാ

**പത്മലാഞ്ഛനൻ**-൧. കുബേരൻ. ൨. ബ്രഹ്മാവു്. ൩. സൂര്യൻ. ൪. രാജാവു്.

**പത്മലോചനൻ**-താമരപ്പൂപോലെ മനോഹരമായ കണ്ണുള്ളവൻ. (സ്ത്രീ-പത്മലോചനാ.)

**പത്മവാസാ**-ലക്ഷ്മി.

പത്മവ്യൂഹം-സൈന്യത്തെ താമരയുടെ ആകൃതിയിൽ അണിനിരത്തുന്നത്.
പത്മസംഭവൻ-ബ്രഹ്മാവ്.
പത്മസമാസനൻ-ബ്രഹ്മാവ്.
പത്മസ്നുഷാ-ഹ. ഗംഗ. വ. ലക്ഷ്മി. ന. ദുർഗ്ഗ.
പത്മഹസ്തൻ-വിഷ്ണു.
പത്മഹാസൻ-വിഷ്ണു.
പത്മാ-ഹ. ലക്ഷ്മി. താമരപ്പൂവിനെ ധരിച്ചവൾ എന്നർത്ഥം. വ. ചെമ്പരത്തി. പത്മസദൃശമായ പൂവുള്ളതെന്നർത്ഥം. ന. ഓരിലത്താമര. ര. തിരുതാളി. ഇ. മഞ്ചട്ടി. ഞ. ഇലവങ്ങപ്പൂവ്.
പത്മാകരം-താമരപ്പൊയ്ക. താമരക്കിടപ്പിടം എന്നർത്ഥം.
പത്മാക്ഷൻ-ഹ. വിഷ്ണു. വ. സൂര്യൻ. പത്മംകൊണ്ടു കളിക്കുന്നവൻ എന്നർത്ഥം. ന. സുന്ദരൻ.
പത്മാക്ഷം-താമരക്കുരു.
പത്മാക്ഷി-താമരപ്പൂവുപോലെ മനോഹരമായ കണ്ണുള്ളവൾ, സുന്ദരി.
പത്മാടം-തകര. പത്മത്തെപ്പോലെ ഗമിക്കുന്നത് എന്നർത്ഥം.
പത്മാനന്ദകവി-ഒരു സംസ്കൃതകവിയാണ്. ജൈനൻ. വൈരാഗ്യശതകത്തിന്റെ കർത്താവ്.
പത്മാലയൻ-ബ്രഹ്മാവ്.
പത്മാലയാ-ലക്ഷ്മി. താമരപ്പൂവിലിരിക്കുന്നവൾ എന്നർത്ഥം.
പത്മാവതി-ഹ. ലക്ഷ്മി. വ. വിന്ധ്യപർവ്വതത്തിലുള്ള ഒരു നഗരം. ന. ഓരിലത്താമര.
പത്മാസനൻ-ഹ. ബ്രഹ്മാവ്. വ. ശിവൻ.
പത്മാസനം - യോഗികൾ ധ്യാനിക്കുമ്പോഴും മററും ഇരിക്കുന്ന ഒരുമാതിരി ഇരിപ്പ്.

വീരാസനത്തിൽ ഇരുന്ന് പിൻഭാഗത്തുകൂടി വലത്തുകൈകൊണ്ടു ഇടത്തു തുടമേലിരിക്കുന്ന വലത്തു കാൽ പെരുവിരലിനേയും ഈപ്രകാരം ഇടത്തു കൈകൊണ്ടു വലത്തു തുടമേലിരിക്കുന്ന ഇടത്തു കാൽ പെരുവിരലിനേയും പിടിച്ചു താടിയെ തൊണ്ടക്കുഴിക്കു താഴെ വെച്ച് നാസാഗ്രത്തെ നോക്കിയുള്ള ഇരിപ്പ്. ഈ ആസനം യോഗികളുടെ വ്യാധിയെ ശമിപ്പിക്കും.

പത്മാസനാ-സരസ്വതി.
പത്മി- ആന. ശരീരത്തിന്മേൽ പത്മങ്ങൾ (പുള്ളികൾ) ഉള്ളത് എന്നർത്ഥം.
പത്മിനി-ഹ. താമരപ്പൊയ്ക, താമരപ്പൂവുള്ളത് എന്നർത്ഥം. വ. സ്ത്രീകൾ നാലുതരമുള്ളതിൽ ഒന്നാമത്തേവൾ.

'ഭവതികമലനേത്രാ നാസികാക്ഷുദ്രരന്ധ്രാ
അവിരളകുചയുഗ്മാ ചാരുകേശീകൃശാംഗീ
മൃദുവചന സുശീലാ ഗീത വാദ്യാനുരക്താ
സകലതനുസുവേശാപത്മിനീപത്മഗന്ധാ'
(രതിമഞ്ജരി)

ന. പിടിയാന. ര. താമരവളയം. ഇ. താമരപ്പൂക്കൂട്ടം. ഞ. പതിവ്രതയും ധീരയുമായ രജപുത്രരാജ്ഞി. തന്റെ ഭർത്താവും റാണായും ആയ ഭീമസിംഹനെ ഈ സ്ത്രീരത്നം അല്ലാവുദ്ദീന്റെ കൂടാരത്തിൽനിന്നു രക്ഷപ്പെടുത്തി.
പത്മിനീപതി-ഹ. സൂര്യൻ. പത്മിനിയുടെ ഭർത്താവ് എന്നർത്ഥം.

സൂര്യോദയത്തിൽ താമരപ്പൂ വിടരുന്നതുകൊണ്ട് ഈ പേർ സിദ്ധിച്ചു.

വ. എരിക്ക്.
പത്മിനീപുടം- താമരയിലകൊണ്ടുണ്ടാക്കപ്പെട്ട വിശറി.
പത്മിനീവല്ലഭൻ-ആദിത്യൻ.
പത്മിനീഷ(ഖ)ണ്ഡം-ഹ. താമര നിറഞ്ഞ സ്ഥലം. വ. താമരക്കൂട്ടം.

ചില ദേശങ്ങളിൽ ഷകാരത്തിനു പകരം ഖകാരം ഉച്ചരിച്ചു വരുന്നു. ഉദാഹരണം-പാഷണ്ഡൻ, പാഖണ്ഡൻ.

**പത്മശൻ**-വിഷ്ണു.

**പത്മോത്തരം**-കയിംപ്പ.

**പത്ത്യംഗം**-സേനയുടെ പങ്ക് (ഭാഗം).

**പത്രകം**-ഫ. ഇല. വ. ലവങ്കമരത്തിന്റെ ഇല. ന. പത്തിക്കീററ്. ര പച്ചില. ത. കറവായില.

**പത്രതരു**-പീനാറി.

**പത്രദാരകം**-അറപ്പുവാൾ.

**പത്രപരശു**-ഒരുമാതിരി ചെറിയ അരം, കത്തിരി, പൊടിവെട്ടിക്കത്രിക, സ്വർണ്ണം മുതലായവ മുറിപ്പാനുള്ള ആയുധം. പത്രതുല്യമായ (ഇലയോളം കനമുള്ള) പരശു എന്നർത്ഥം. മററൊരു പര്യായം-വ്രശ്ചനം.

**പത്രപാലം**-കത്തി.

**പത്രപാലി**-കത്രിക.

**പത്രപാശ്യാ**- നെററിപ്പട്ടം, ഒരു ഇലപോലെ പരന്ന ബന്ധനസാധനം എന്നർത്ഥം. മററൊരു പര്യായം-ലലാടിക

**പത്രപിശാചിക**-ഇലകൊണ്ടുള്ളതൊപ്പി

**പത്രപുഷ്പാ**-തുളസി.

**പത്രപ്രവർത്തനം**- പത്രം നടത്തുന്ന പ്രവൃത്തി

**പത്രബന്ധം**-പുഷ്പംകൊണ്ടു അലങ്കരിക്ക

**പത്രബാലം**-തുഴ, അടനയ്ക്ക്.

**പത്രബീജം**-ഇലമുളച്ചൽ, വിശേഷതരമായ ഒരു തൈ.

**പത്രഭംഗം, പത്രഭംഗി**- പത്തിക്കീററ്

'ഗണ്ഡസ്ഥലങ്ങളിൽ പത്രഭംഗം'

(ശിവപുരാണം)

**പത്രം**-ഫ. ഇല. വൃക്ഷത്തിൽനിന്നു വീണുപോകുന്നത് എന്നർത്ഥം. വ. ചിറക്. പറക്കുവാനുള്ള കരണം എന്നർത്ഥം. ന. അമ്പിൻതൂവൽ. ര. വർത്തമാനക്കടലാസ്. ത. എഴുത്ത്. ന്ത. വാഹനം. ഇതുകൊണ്ട് ഗമിക്കുന്നതിനാൽ ഈ പേരുണ്ടായി. ൧. ഇലവങ്ഗവൃക്ഷത്തിന്റെ ഇല. വ്യ. തൊട്ടകറി. ൻ. കത്തി. ഫ്ര പച്ചില. ഫ്ഫ. ആധാരം മുതലായവ എഴുതുന്നതിന് സർക്കാരിൽനിന്ന് ഏർപ്പെടുത്തിട്ടുള്ള മുദ്രപ്പത്രം.

**പത്രംപചാ**-മരമഞ്ഞൾ.

**പത്രമാനം**-ഫ. ഒപ്പനിരപ്പ്. വ. അടിസ്ഥാനം.

**പത്രരചന**-പത്തിക്കീററ്, പത്തിക്കീറെഴുതുന്നത്.

**പത്രരഥം**-ഫ. പക്ഷി. ചിറകുകളാകുന്ന രഥമുള്ളത് എന്നർത്ഥം. വ. ചക്രവാകപ്പക്ഷി.

**പത്രരേഖാ**-ഫ. പത്തിക്കീററ്. വ. പത്രത്തിലെ ലക്ഷ്യം.

**പത്രലതാ**-ഒരു വൃത്തം.

**പത്രലേഖ**-പത്തിക്കീററ്. സ്ത്രീകളുടെ സ്തനകപോലാദികളിൽ കസ്തൂരി, കുങ്കുമം മുതലായവകൊണ്ട് വിലാസാർത്ഥം മകരികാദ്യാകാരമായി എഴുതപ്പെടുന്നത്, പച്ചകുത്ത്. മററൊരു പര്യായം-പത്രാംഗുലി.

**പത്രലേഖകൻ**- വർത്തമാനക്കടലാസ്സിലേക്ക് എന്തെങ്കിലും എഴുതുന്നവൻ.

**പത്രലേഖനം**-ഫ. ഓലയിലും മററും എഴുതുക. വ. പത്തിക്കീറെഴുതുന്നത്. ന. വർത്തമാനപ്പത്രങ്ങളിൽ എഴുതുന്നത്. ര. പത്രത്തിലുള്ള ലേഖനം.

**പത്രവല്ലീ**-ഫ. പത്തിക്കീററ്.

'ഉന്മീലൽപത്രവല്ലീംപൃഥുലകുചഭരാം'

(ഉത്തരാസ്വയംവരം കഥകളി)

വ. പലാശി. ന. തൂച്ചടം.

**പത്രവില**-ഫ. പത്രത്തിന്റെ വില വ. വർത്തമാനക്കടലാസ്സിന്റെ മാന്യത.

**പത്രശ്രേഷ്ഠം**-കൂവളം.

പത്രാഖ്യം-൧. പച്ചില. ൨. താലീസപത്രം.

പത്രാധിപത്യം-പത്രാധിപന്റെ ജോലി (സ്ഥാനം).

പത്രാധിപൻ - പത്രം നടത്തുന്ന പ്രധാനി.

പത്രാംഗം-൧. ചെമന്ന ചന്ദനം, രക്തചന്ദനം. പത്തിക്കീറവ മുതലായതിൽ ഉപയോഗപ്പെടുന്നതു് എന്നർത്ഥം. ൨. പതംഗം (പതിമുകം). ഇതിന്റെ അംഗത്തിൽ പത്രങ്ങൾ ഉള്ളതിനാൽ ഈ പേർ വന്നു.

പത്രാംഗുലി-പത്തിക്കീറവു്. മറെറാരു പര്യായം-പത്രലേഖം. (പത്രലേഖ എന്ന ശബ്ദം നോക്കുക.)

പത്രാഞ്ജനം-മഷി.

പത്രാഢ്യം-തിപ്പലിമൂലം.

പത്രാലയം-പത്രത്തെ സംബന്ധിച്ച കാര്യങ്ങൾ നടത്തുന്ന സ്ഥലം.

പത്രാവലി-൧. കാവിമണ്ണു്. ൨. ഇലകളുടെ കൂട്ടം. ൩. പത്തിക്കീറവ്.

പത്രാസ്സ്-പകിട്ടു്, ആഡംബരം, ശൃംഗാരം. (അറബിഭാഷ.)

പത്രാസ്സുകാരൻ-ശൃംഗാരക്കാരൻ.

പത്രി-വി. ൧. ചിറകുള്ള. ൨. തൂവലുള്ള.

പത്രി-൧. പക്ഷി. ൨. ജാതിപത്രി.

പത്രിക-൧. എഴുത്തു്. ൨. ഇല. ൩. ജാതിപത്രി. ൪. പ്രതിഭാഗത്തുനിന്നു കോർട്ടിൽ ബോധിപ്പിക്കുന്ന വാദം.

പത്രികാവാദം-എഴുത്തുമുഖാന്തരമായ വ്യവഹാരം.

പത്രികാവാഹകൻ-എഴുത്തുകൊണ്ടു നടക്കുന്നവൻ.

പത്രിണീ-൧. മുള, അങ്കുരം, കിളുന്നു്. ൨. പെൺപക്ഷി.

പത്രീ-൧. പരുന്തു്. പ്രശസ്തങ്ങളായ ചിറകുകൾ ഉള്ളതു് എന്നർത്ഥം. ൨. പക്ഷി. ൩. ശരം.

പത്രീ-൧. എഴുതുക ൨. മക്കിപ്പൂവു്. ൩. പച്ച. ൪. കരിമ്പന.

പത്രീന്ദ്രൻ-ഗരുഡൻ.

പത്രോർണ്ണം-൧. പലകപ്പയ്യാനി. ഇലകളിൽ വരയുള്ളതു് എന്നർത്ഥം. ൨. നെയ്യെടുത്ത പട്ടു്.

പത്സലം-വഴി, പന്ഥാവു്.

പഥം-വഴി.

പഥി-വഴി.

പഥി-വഴിയിൽ.

പഥികം-വി. ൧. വഴിനടക്കുന്ന. ൨. വഴിയറിയുന്ന.

പഥികൻ-വഴിപോക്കൻ. നിത്യം വഴിനടക്കുന്നവൻ എന്നർത്ഥം.

പഥികാ-ചെമന്ന പഴമുള്ള ഒരുമാതിരി മുന്തിരി, വലിയ മുന്തിരി.

പഥിദ്രുമം-കരിങ്ങാലി.

പഥിലൻ-വഴിപോക്കൻ.

പഥ്യ-൧ കടുക്ക. ൨. കാട്ടുപാവൽ. ൩. വെളുത്ത ചെറിയ വെള്ളരി. ൪. ഒരു മാത്രാവൃത്തം.

പഥ്യ-വി. ൧. യോഗ്യമായ. ൨. ഇഷ്ടമായ.

പഥ്യക്കാരൻ-വിരോധമായിട്ടുള്ള പ്രവൃത്തികൾ ഒന്നും കൂടാതെയിരിക്കുന്നവൻ.

പഥ്യക്കേടു്-അപഥ്യം.

പഥ്യപ്പിഴ-പാകപ്പിഴ.

പഥ്യം-൧. ഇഷ്ടം. ൨. യോഗ്യത. ൩. വിരോധമായിട്ടുള്ള പ്രവൃത്തികൾ ഒന്നും കൂടാതെയുള്ള ഇരിപ്പു്, മരുന്നു സേവിച്ചാലുള്ള പഥ്യം. ൪. ഇന്തുപ്പു്. ൫. കടുക്കമരം. ൬. മുതിര.

പഥ്യാവക്ത്രം-ഒരു വൃത്തത്തിന്റെ പേർ.

പദകം-൧. പതക്കം (ആഭരണം). ൨. സ്ഥാനം, സ്ഥലം.

**പദകമലം**-താമരപ്പൂപോലെ ഭംഗിയുള്ള കാൽ ചുവട്, കാൽച്ചുവടിനെ മാനിച്ചു പറയുന്ന ഒരു പേർ.

**പദകരി**-ദേഹത്തിൽ ഒരുതരം വെളുപ്പു വരുത്തുന്ന കുഷ്ഠരോഗത്തിന്റെ വക ഭേദം.

**പദക്രമം**-൧. കാൽച്ചുവടു വയ്ക്കുക, നടപ്പ്, കാൽവെപ്പ്. ൨. വാക്കുകളുടെ ക്രമം.

**പദഗ**-വി. കാൽനടയായി സഞ്ചരിക്കുന്ന

**പദഗൻ**-നടക്കുന്ന യോദ്ധാവ്, കാലാൾ

**പദഗം**-കാലാൾപ്പട. പദംകൊണ്ടു ഗമിക്കുന്നതിനാൽ ഈ പേർ വന്നു.

**പദചാരകൻ**-കാൽനടയായി പോകുന്നവൻ.

**പദച്ഛേദം**-ശ്ലോകത്തിലെ പദം മുറിക്ക (പിരിച്ചു പറയുക).

**പദതളിർ**-തളിരുപോലെ മൃദുത്വമുള്ള കാൽച്ചുവട്, കാൽച്ചുവടിനു ബഹുമാനത്തിൽ പറയുന്ന ഒരു പേർ

**പദതാർ**-പുഷ്പംപോലെ ഭംഗിയുള്ള കാൽച്ചുവട്.

**പദത്രാണം**-ചെരിപ്പ്

**പദഭഞ്ജിക**-പഞ്ചാംഗം.

**പദം**-൧. കാൽച്ചുവട്. ൨. കാലുവെച്ച അടയാളം, കാലടി പതിഞ്ഞതു്, പാട്. 'നിജകരജപദം' (അമരുകശതകം) ൩. കാൽ ൪. വാക്ക്. ൫. മൊഴി. ൬. രക്ഷ. ൭. അടയാളം ൮. രശ്മി. ൯. വ്യാജം. ൧൦. സ്ഥാനം. ൧൧. ഉത്സാഹം. ൧൨. വസ്തു ഉറച്ചുനില്ക്കുന്നതെന്നർത്ഥം. ൧൩. ഗാനം, പാട്ട്.

**പദമഞ്ജരി**-കാശിക എന്ന വ്യാകരണ ഗ്രന്ഥത്തിന്റെ വ്യാഖ്യാനം.

**പദവി**-൧. വഴി. ഇതിൽ കൂടെ ഗമിക്കുന്നതിനാൽ ഈ പേർ വന്നു. ൨. സ്ഥാനം, ഉയർന്നസ്ഥാനം. ൩. കാലടി പതിഞ്ഞുകാണുന്നേടം. പദവീ എന്നുമാവാം.

**പദവിധി**-ശബ്ദരചന.
'ദേവസ്ത്രീമണികളണിഞ്ഞവസ്ത്രശേഷൈ-
ർത്തുംവരഭിഃ പദവിധിയൊത്തുഗാനയോഗ്യം' (ശാകുന്തളം)

**പദവിന്യാസം**-കാൽച്ചുവടു വെയ്ക്കു, നടപ്പ്.

**പദാജി** കാലാൾപ്പട.

**പദാതി**-കാലാൾപ്പട. കാൽകൊണ്ടു നടക്കുന്നവൻ എന്നർത്ഥം.

**പദാതികൻ**-കാലാൾ.

**പദാതീയൻ**-കാലാൾ.

**പദാംബുജം**-കാലടി, പദതാർ.

**പദാരം**-കാലിലെ പൊടി.

**പദാർത്ഥത്രയം**-(വേദാന്തപ്രകാരം) സത്ത്, അസത്ത്, മിഥ്യ.

**പദാർത്ഥദീപിക**-ചില കാവ്യങ്ങളുടെ വ്യാഖ്യാനത്തിനു പറയുന്ന ഒരു പേർ.

**പദാർത്ഥം**-൧. പദത്തിന്റെ അർത്ഥം. ൨. വസ്തു

**പദിക**-വി. കാൽനടയായി നടക്കുന്ന.

**പദികൻ**-കാലാൾ.

**പദികം**-൧. കാലാൾപ്പട. ൨. കാലിന്റെ അഗ്രം.

**പദികി**-കാൽ നടയായി നടക്കുന്നവൾ.

**പദ്ഗൻ**-കാലാൾ

**പദ്ഗം**-കാലാൾപട.

**പദ്ധതി**-൧. വഴി. പാദത്താൽ ഹനിക്കപ്പെടുന്നതു് എന്നർത്ഥം. ൨. വരി. ൩. കർമ്മക്രമം
'പദ്ധതിമദ്ധ്യേപരമോദ്ധതബുദ്ധിയോടം' (അദ്ധ്യാത്മരാമായണം)

**പദ്യ**-വി. ൧. പാദത്തെ മുട്ടുകയോ, ഉപദ്രവിക്കയോ ചെയ്യുന്ന. ൨. പദത്തെ സംബന്ധിച്ച. ൩. കാലടി സംബന്ധിച്ച. ൪. വാക്കിനെ സംബന്ധിച്ച.

പദ്യകാരൻ-പദ്യമെഴുതുന്നവൻ, കവി.

പദ്യകാവ്യം-പദ്യത്തിൽ എഴുതപ്പെട്ട ഉത്തമ ഗ്രന്ഥം

പദ്യകൃൽ(ത്ത്)-കവി.

പദ്യകൃതി-പദ്യഗ്രന്ഥം.

പദ്യക്കാരൻ-ശ്ലോകം ഉണ്ടാക്കുന്നവൻ.

പദ്യഗ്രന്ഥം-പദ്യ (ശ്ലോക) മായി എഴുതീട്ടുള്ള പുസ്തകം.

പദ്യൻ-ശൂദ്രൻ.

പദ്യം-ന. കവികളുടെ കൃതി. പാദങ്ങൾ ഉള്ളതു് എന്നർത്ഥം. പാദ ശബ്ദത്തിനു പദാദേശം. നാലു പാദങ്ങൾ ഉള്ളതു് ശ്ലോകം.

അക്ഷരം മാത്ര ഇവയുടെ ക്രമത്തോടു കൂടിയ പാദങ്ങൾ ഉള്ളതു് പദ്യം. വ. കീൎത്തി. ന. ദുഷ്കൃത.

പദ്യരചനം-ശ്ലോകം ഉണ്ടാക്കൽ.

പദ്യസാഹിത്യം-പദ്യത്തിലുള്ള സാഹിത്യം.

പദ്യാ-ന. വഴി, പാദത്തിനു ഹിതം എന്നർത്ഥം. വ. കീൎത്തി, ന. പഞ്ചസാര.

പദ്രഥൻ-കാലാൾ.

പദ്രം-ഗ്രാമം, കുടിക്കൂട്ടം.

പദ്വം-ന. ഭൂലോകം. വ. വണ്ടി. ന. വഴി.

പന-ഒരു വൃക്ഷം.

ഒററത്തടിയായി വളരുന്നു. കരിമ്പന, ചൂണ്ടപ്പന, കുടപ്പന മുതലായവ.

പനങ്കാടൻ-പനന്തത്ത, ഒരുവക കിളി. ഈ ധാന്യങ്ങളെ നശിപ്പിക്കുന്നതാണ്.

പനങ്കല്ക്കണ്ടം-കരിമ്പനക്കള്ളു കുറുക്കിയുണ്ടാക്കിയ കല്ക്കണ്ടം.

പനങ്കള്ള്-പനങ്കുല ചെത്തിയെടുത്ത കള്ള്.

പനങ്കരിക്ക്-പനയുടെ കരിക്ക്.

പനങ്കാ-പനയുടെ കായ്.

പനങ്കാല-പനകൾ ധാരാളമുള്ള വലിയ പുരയിടം.

പനങ്കുരണ്ടി-പനമ്പഴം.

പനങ്കുരു-പനങ്കായ്, പനങ്ങ.

പനങ്കുല-പനയുടെ കുല.

പനങ്കുമ്പ്-പനയുടെ നാമ്പ്.

പനങ്ങ-പനയുടെ കായ്.

പനച്ചകം-ഒരു വൃക്ഷം.

പനച്ചി, പനഞ്ചി, പനിച്ചി-ഒരു വൃക്ഷം. പൎയ്യായങ്ങൾ-തിന്ദുകം, സ്ഫൂൎജ്ജകം, കാലസ്കന്ധം, ശിതിസാരകം.

പച്ചപ്പനച്ചിക്കായ് മലബന്ധത്തെയുണ്ടാക്കും. വാതകോപത്തെച്ചെയ്യും. പഴം മധുരവും, കഫം, പിത്തം, രക്തദോഷം, പ്രമേഹം ഇവയെ ശമിപ്പിക്കുന്നതുമാണ്. വയറടപ്പുണ്ടാക്കും. തൊലി മുതലായവ വാതത്തിനും വ്രണത്തിനും നന്നു്. കാതൽ പിത്തത്തിനു നന്നു്. ഇംഗ്ലീ-(Ebony) എബനി.

പനഞ്ചക്കര-പനങ്കള്ളു കുറുക്കിയുണ്ടാക്കിയ ചക്കര.

പനഞ്ഞിൽ-മത്സ്യത്തിൻെറ അകത്തിരിക്കുന്ന മൊട്ടയുടെ കൂട്ടം.

പനട്ടൽ-കോഴി മൊട്ടയിടാറാകുമ്പോൾ പുറപ്പെടുവിക്കുന്ന ഒരുമാതിരി ശബ്ദം

പനട്ടുന്നു-പിടക്കോഴി മുട്ടയിടുന്നതിനുള്ള സമയം അടുക്കുമ്പോൾ ഒരുമാതിരി ശബ്ദിക്കുന്നു. ക്രി-പനററുന്നു.

പനനാർ-പനയുടെ നാരു്.

പനന്തൂർ-പനയുടെ അകത്തെപൊടി (മാവ്).

പനന്തേങ്ങ-കരിമ്പനയുടെ ഫലം.

പനമ്പഴം-പനയുടെ പഴം.

പനമ്പാത്തി-പനയുടെ തടി നടുവെ പിളൎന്നു ചെത്തിയുണ്ടാക്കിയതു്.

പനമ്പുവള്ളി-ഒരുമാതിരി വള്ളി.

**പനംപൂ**-പനയുടെ പൂവ്.

**പനയൻ**-ഒരുമാതിരി വലിയ പാമ്പ്.

**പനയിത്തിറം**-പനവാഴ. കരിമ്പനയുടെ ഇത്തിറം.

**പനയേറി**-ഫ. ഒരുവക മസൂരി വ. വൃക്ഷത്തിന്മേൽകയറുന്ന ഒരുതരം മത്സ്യം. ന. പനയിൽ കയറുന്നവൻ, ചാന്നാൻ.

**പനയോല**-പനയുടെ ഇല.

**പനയ്ക്കു**-ഉരുകുക, ചോരുക, ദ്രവിക്കു, ഒലിക്കു.

**പനയ്ക്കുന്നു**-കാലുന്നു.

**പനവാഴയ്ക്കാ(യ്)**-പനയുടെ കായ്.

പനവാഴ-കരിമ്പനയുടെ ഇത്തിറംഎന്നു കാണുന്നു.

**പനവിരൽ**-പനവാഴയ്ക്കാ.

**പനവെറി**-ഫ. ഒരുവക വസൂരി. വ. ഞെരി.

**പനസൻ**-രാമായണത്തിൽ പറയുന്ന ഒരു കുരങ്ങ്.

**പനസം**-ഫ. പൂലാവ്. സ്തുതിക്കപ്പെടുന്നത് എന്നർത്ഥം. വ. ചക്ക ന. മുള്ള്.

**പനസി, പനസാ**-ഫ. പെൺകുരങ്ങ്. വ. ഒരു രാക്ഷസി.

**പനസികാ**-ഫ. കാതിലും കഴുത്തിലുമുണ്ടാകുന്ന ഒരുവക കുരു. വ. ഒരു ക്ഷുദ്രരോഗം.

ഇത് ചെവിയുടെ അകത്തുണ്ടായി വളരെ വേദനയോടും ഉള്ളിൽ പഴുപ്പോടും കൂടി സ്ഥിരമായിരിക്കുന്ന കുരുവാകുന്നു. ചിലർ ചെവിയുടെ പുറത്തുമുണ്ടാകുമെന്നു പറഞ്ഞുകാണുന്നു.

**പനററി**-പല്ലിത്തടി, ഞവരി.

**പനറവുന്നു**-മുട്ടയിടാറാകുന്ന സമയത്തു ശബ്ദിക്കുന്നു.

**പനായിത, പനിത**-വി. സ്തുതിക്കപ്പെട്ട.

**പനി**-ഫ. ജ്വരം.

ദേഹത്തിനു ൯൮ ഡിഗ്രിയിലധികം ചൂടുണ്ടായിക്കണ്ടാൽ എന്തെങ്കിലും സുഖക്കേടുണ്ടെന്നും, ൧൦൨ മുതൽ ൧൦൫ വരെയായാൽ നല്ല പനിയാണെന്നും, ൧൦൫ മുതൽ ൧൦൮ വരെ കാണുന്ന പക്ഷം അപകടമുള്ളതാണെന്നും, ൧൦൮ മുതൽ ൧൧൦ വരെ കണ്ടാൽ മരണം അടുത്തു എന്നും മനസ്സിലാക്കേണ്ടതാണ്. പക്ഷേ കുറച്ചുനേരം മാത്രമേ കവിഞ്ഞ ഡിഗ്രിയിൽ ചൂടുണ്ടായുള്ളു എങ്കിൽ പനി അപൽക്കരമാണെന്നു വിചാരിപ്പാൻ പാടില്ലതാനും. മലമ്പനി മുതലായി വിട്ടുപനിക്കുന്ന തരങ്ങളിൽ കുറച്ചുനേരം കലശലായ ചൂടുണ്ടായിരുന്നാലും അതു രോഗത്തിന്റെ കാഠിന്യമാണെന്നു കരുതുകയുമരുത്. "ധന്വന്തരി."

പനിയ്ക്കും അജീർണ്ണത്തിനും ആരംഭത്തിൽ ഉപവാസം വളരെ നല്ലതാണ്. വ. മഞ്ഞ്.

**പനിക്കട്ടി**-മഞ്ഞുകട്ടി.

**പനിക്കുന്നു**-ജ്വരിക്കുന്നു, പനിയുണ്ടാകുന്നു.

**പനിക്കുരുക്ക**-ഒരു പച്ചമരുന്ന്. നവര എന്നും കാണുന്നു.

**പനിച്ചി, പനച്ചി**-ഒരു വൃക്ഷം.

**പനിഞ്ചി**-ഒരു വൃക്ഷം.

**പനിനീർ**-ഫ. ഒരുമാതിരി സുഗന്ധവെള്ളം. വ. അരിച്ച ജലം.

**പനിനീർച്ചെമ്പകം**-പനിനീരിന്റെ മണമുള്ള ഒരുമാതിരി വെളുത്ത പൂവുണ്ടാകുന്ന ഒരു വൃക്ഷം.

**പനിനീർപ്പൂ(വ്)**-ഒരുമാതിരി സുഗന്ധമുള്ള പൂവ്.

**പനിമതി**-ഫ. ചന്ദ്രൻ. വ. കർപ്പൂരം.

**പനിമല**-ഹിമവാൻ പർവ്വതം.

**പനിയൻ**-പനി മൂർത്തീകരിച്ചവൻ.
'മുക്കണ്ണൻതന്നുടെ വൻപനിയൻ'
(കൃഷ്ണഗാഥ)

**പനുവൽ**-ശാസ്ത്രം, വിദ്യ. [ബൃഹം'
'ചൊല്ലിയഞ്ഞാനപ്പനുവൽ മുകുന്ദപാദം
(ഭഗവൽഗീത-മാധവപ്പണിക്കർ)

**പന്തക്കാൽ**-പന്തലിന്റെ തൂണ്.

**പന്തക്കുഴാ**-പന്തം ഇട്ടു ഉറപ്പിക്കുന്നതിനായിട്ട് ഓടുകൊണ്ട് വാർത്തുണ്ടാക്കിയ ഒരുമാതിരി കുഴൽ.

**പന്തക്കുററി**-പന്തക്കുഴായിൽ എണ്ണയൊഴിക്കുന്ന പാത്രം.

**പന്താ**-ഫ. കോലിൽ തുണിചുററി തീ കൊളുത്തിയതു്. വ. ഒരു കാവിൽനിന്നു മറെറാരു കാവിലേക്ക് ചൊവ്വാ വെള്ളി ഈ ആഴ്ചകളിൽ പായുന്നതായിക്കണ്ടു വരുന്ന തേജഃപുഞ്ജം. ന. കീൽ.

**പന്തമുട്ടി**-കെട്ടുകല്യാണത്തിനും മററും ഉപയോഗിക്കുന്ന ഒരുതരം വിളക്ക്.
ഇതു് ആനയുടെ ആകൃതിയിലിരിക്കും

**പന്തയം**-പണയം, വാതു്.

**പന്തലിക്കുന്നു**-ഫ. വൃക്ഷത്തിന്റെ കൊമ്പുകൾ പടർന്നു നില്ക്കുന്നു. വ. ചായ്പോ മറേറാ കെട്ടുമ്പോൾ ക്രമമായരീതിയിൽ ചരിവുവരാതെ കുറെ പരന്നു നിവർന്നു പോകുന്നു.

**പന്തൽ**-വെയിൽ കൊള്ളാതെയിരിപ്പാനായിട്ടു കെട്ടിയുണ്ടാക്കുന്നതു്.

**പന്ത(ൽ)ക്കാവൽ**-അടിമകൾ ധാന്യങ്ങളെ കാക്കുന്നതിനു കൊടുക്കാറുള്ള കൂലിപ്പണം.

**പന്താട്ടം**-പന്തുകളി.

**പന്തി**-ഫ. ഭക്ഷിപ്പാനുള്ളവരുടെ നിരന്നിരിപ്പ്. വ. ക്രമം. ന. ചേർച്ച, ഭംഗി. ർ. വരി. ഉ. വെടിപ്പ്. ന്ന. വഴി. ം. ആശ്രയം. വൃ. കുതിരയുടെ അണി. ൻ. കൂട്ടം.

**പന്തികേട്**-ഫ. ക്രമമില്ലായ്മ. വ. ഭംഗിയില്ലായ്മ. ന. വളവ്.

**പന്തിക്കാർ**-ഒരു പന്തിയിലിരുന്നു ഊണു കഴിക്കുന്നവർ.

**പന്തിക്കൊട്ടിൽ**-ലായം.
ആനകളെ കെട്ടുന്നതിനുള്ളതെന്നു മുഖ്യമായി വിചാരിച്ചുവരുന്നു.

**പന്തിപിടിക്കുന്നു**-ഓരോരോ വരിയായിട്ടു ഭക്ഷിപ്പാനിരിക്കുന്നു.

**പന്തിപ്പലക**-ഭക്ഷിക്കുന്നവർക്ക് ഇരിപ്പാൻ പന്തിയിൽ നീളത്തിലിട്ടിരിക്കുന്ന പലക.

**പന്തിപ്പായ്**-പന്തിയിൽ ഇരിക്കാനുള്ള നീളമുള്ള പായ്.

**പന്തിഭോജനം**-ഒരുമിച്ചുള്ള ഭക്ഷണം, കൂടിബ് ഭക്ഷണം.

**പന്തിയാക്കുന്നു**-വൃത്തിയാക്കുന്നു, ക്രമമാക്കുന്നു.

**പന്തിരണ്ടു്, പന്ത്രണ്ടു്**-പത്തും രണ്ടും കൂടിയതു്.

**പന്തിരണ്ടുടയമണ്ഡലം**-പണ്ടു് ഇൻഡ്യയെ പന്ത്രണ്ടായി ഭാഗിച്ചു ഭരണം നടത്തിയിരുന്നതിനാൽ ഈ പേർ വന്നു. (കേരളവർമ്മ രാമായണം).

**പന്തീരടി**-ഫ. അഞ്ചുനാഴികപ്പകലാല വിടിരുന്ന ഒരുമാതിരി പൂവ്. വ. ക്ഷേത്രങ്ങളിൽ ഉച്ചപ്പൂജയ്ക്കു മുമ്പുള്ള ഒരു പൂജ.

**പന്തീരാണ്ടു്**-പന്ത്രണ്ടു വത്സരം.

**പന്തു്**-ഫ. കളിപ്പാനുള്ള ഒരു ഉരുണ്ട വസ്തു. പര്യായങ്ങൾ-കന്ദുകം (ഗേന്ദുകം), കന്ദുകം. വ. ന്യൂലുണ്ട. ന. വഞ്ചന.

**പന്തുകളി**-പന്തുകൊണ്ടുള്ള കളി.

**പന്തുവരാടി**-ഒരു രാഗം.

**പന്ഥാനക്കെട്ട്, പന്ഥാനക്കോപ്പ്, പന്ഥാനങ്ങൾ**-ഭാര്യയും പുത്രന്മാരും ഭവനവും മററും, കുടുംബം.

**പന്ഥാവ്**-വഴി.

**പന്ന**-വി വീണുപോയ, പ്രാപിച്ച, തറയിൽ ഇഴയുന്ന.

**പന്ന**-ഒരുമാതിരി വള്ളി, തീപ്പന്ന.

**പന്നകം**-പ്ര. വള്ളത്തിന്റെ മൂടി. വ. പല്ലക്കിന്റെ മൂടി.

**പന്നക്കിഴങ്ങ്**-ഒരുമാതിരി തൈ.

**പന്നഗകേസരം**-നാഗപ്പൂവ്.

**പന്നഗഭൂഷണൻ**-ശിവൻ.

**പന്നഗം**-പ്ര. പാമ്പ്. പാദങ്ങൾകൊണ്ടു ഗമിക്കുന്നത്, ഇഴഞ്ഞു നടക്കുന്നത്. വ. കാരീയം. ന. പത്മകം. ദ്. പന്നകം.

**പന്നഗമാതാവ്**-സപ്പങ്ങളുടെ അമ്മ, കദ്രു.

**പന്നഗരാജൻ**-പ്ര അനന്തൻ. വ. വാസുകി.

**പന്നഗലോകം**-പാതാളം.

**പന്നഗവൈരി**-ഗരുഡൻ.

**പന്നഗശായി**-പ്ര. വിഷ്ണു. വ. വള്ളക്കാരൻ. പന്നഗത്തിൽ കിടക്കുന്നവൻ എന്നർത്ഥം.

**പന്നഗാഭരണൻ**-ശിവൻ.

**പന്നഗാരി**-ഗരുഡൻ.

**പന്നഗാശനൻ** ഗരുഡൻ. സപ്പങ്ങളെ ഭക്ഷിക്കുന്നവൻ, സപ്പങ്ങൾ ഭക്ഷണമായിട്ടുള്ളവൻ എന്നർത്ഥം.

**പന്നഗി**-നാഗതാളി.

**പന്നഗേശ്വരൻ**-അനന്തൻ.

**പന്നശാല**-പപ്പരതല.

**പന്നശ്രീ**-ചെരിപ്പ്.

**പന്നം**-വീണത്, പതിതം.

**പന്നൽ**-ഒരുമാതിരി ചെടി.

ഇതിനെ 'പന്ന' എന്നും പറയും. ഇത് അലങ്കാരത്തിനുപയോഗിക്കുന്നു.

**പന്നവള്ളി**-പന്ന, തീപ്പന്ന.

**പന്നറ**-പ്രയോജനമില്ലാത്തത്. (പ-മ)

**പന്നറ(റ്)**-ഉപയോഗമില്ലാത്ത. (പ-മ.)

**പന്നറപ്പീററ**-തീരെക്കീറിയത്. (പ-മ.)

**പന്നാട**-പ്ര. ഒരുമാതിരി ചുക്കിലി. വ. അടിച്ചിപ്പാര.

**പന്നാടൻ**-പഴകി ഉപയോഗമില്ലാതായത്. (പ-മ.)

**പന്നി**-ഒരു കാട്ടുമൃഗം. പര്യായങ്ങൾ-വരാഹം, സൂകരം, ഘൃഷ്ടി, കോലം, പോത്രീ, കിരി, കിടി, ദംഷ്ട്രീ, ഘോണീ, സ്തബ്ധരോമാ, ക്രോഡം, ഭൂദാരം.

**പന്നിക്കരണം**-(ജ്യോതിഷത്തിൽ) ഓരോ പക്ഷങ്ങളിലെയും ദിവസപ്പകുതി.

പന്നികളുടെ പ്രാർത്ഥനയോടുകൂടി വല്ലതും വിതക്കുക.

**പന്നിക്കല്ല്**-പ്ര. ചുവരിന്മേലുള്ള ചിത്രാകാരക്കല്ലുകൾ. വ. കിണററിന്റെ മുകളിൽ അല്പം താഴെയായിട്ടുള്ള കല്ലുകൾ.

**പന്നിക്കാച്ചിൽ**-ഒരുമാതിരി കിഴങ്ങ്.

**പന്നിക്കിഴങ്ങ്**-മലയിലുണ്ടാകുന്ന ഒരു തരം കിഴങ്ങ്.

വാതം, കഫം, പ്രമേഹം, കുഷ്ഠം, അർശസ്സ്, വിഷം, ശൂലം, മൂത്രകൃച്ഛ്രം ഇവയ്ക്കു നന്ന്. സ്വരത്തെ നന്നാക്കും. ഇത് ഏകദേശം കാച്ചിലിന്റേതുപോലെയിരിക്കും. കിഴങ്ങിന്റെ പുറത്ത് പന്നിയുടെ രോമങ്ങൾ പോലെ ഉറപ്പുള്ള വേരുകൾകാണും. തമിഴിൽ-മരുൾക്കിഴങ്ങ്.

**പന്നിക്കഞ്ചം**-പന്നിയുടെ രോമം.

**പന്നിക്കുട്ടൻനെല്ല്**-ഒരുവക വ്രീഹി.

ഇതിനു നവരയുടെ ഗുണമുണ്ട്.

**പന്നിക്കുട്ടി**-പന്നിയുടെ കുഞ്ഞ്.

**പന്നിക്കുഴി**-പന്നിയെ പിടിക്കുന്നതിനുള്ള കുഴി.

പന്നിത്തേററ-പന്നിയുടെ ദംഷ്ട്രം.

പന്നിപ്പുല്ല്-ഒരുമാതിരി പുല്ല്.

പന്നിമീൻ-ഒരു മത്സ്യം, കടപ്പന്നി.

പന്നിയിറച്ചി-പന്നിയുടെ മാംസം.

പന്നിയെലി-പെരിച്ചാഴി.

പന്നിവാൽ-ചീനന്മാർ പിൻകുടുമ സ്ഥാനത്തു വയ്ക്കുന്ന മുടി.

പപി-ചന്ദ്രൻ.

പപീ-പു. സൂര്യൻ. വ. ചന്ദ്രൻ

പപീഹം-വേഴാമ്പൽപ്പക്ഷി.

പപു-വളത്തമ്മ.

പപു-വി. വളത്തുന്ന.

പപ്പടച്ചെട്ടി-അപ്പം ഉണ്ടാക്കുന്ന ഒരുവക ജാതിക്കാർ (ജിനന്മാരിൽ പെട്ടവർ). തളിപ്പറമ്പിൽ ഉണ്ടെന്നറിയുന്നു.

പപ്പടം-പപ്പടം.

‘വാത്തുഴവെന്നിനുതകയുഴുന്ന
പച്ചയുടച്ചതോടും
പോക്കിയിടിച്ചുന്തുറത്തുപോൽ
വരുംസമയത്തെടുത്ത്
ചേർത്തുകുഴച്ചുകാരവുമപ്പും
ചേരുവതിനുപിന്നും
തിറമൊടിടിച്ചുകമ്പിവലി-
ച്ചുവത്തതുശേഖരിച്ചു
നേത്തുസുവൃത്തമാംസ്ഥൂരുവാൻ
നിരത്തിയുരുപ്പെട്ടത്തി
നേരമടുത്തയുണിനുകര
തൈലമതിൽപ്പൊരിച്ചു
പാത്തിരിയാതെവട്ടിയിലാക്കി
പന്തലകത്തുവന്നു
പന്തൊടിയേവിളമ്പുകയി
പ്പരിപ്പിനുയോഗ്യമാമേ’
(ഒരുപഴയകവി)

പപ്പാതി, പപ്പാതിച്ച-പാതിപ്പാതിയായുള്ള.

പപ്പ്-തൂവൽ.

പഫണം-ഒരു വൃക്ഷം, പാവട്ട.

പമ്പകടക്കുന്നു-വേഗത്തിൽ ദൂരദേശം പ്രാപിക്കുന്നു. (വ്യംഗ്യാർത്ഥപ്രയോഗം). (ശൈലി).

പമ്പരം - ചുററിച്ചുകളിപ്പാൻ മരംകൊണ്ടോ മററോ ഉണ്ടാക്കുന്ന കളിസ്സാമാനം. (ഏററപമ്പരം വട്ടപ്പമ്പരം മുതലായവ).

പമ്പരം ചുററിക്കുന്നു-പരിഭ്രമിപ്പിച്ചു കഷ്ടപ്പെടുത്തുന്നു. (വ്യംഗ്യാർത്ഥവാചകം). (ശൈലി).

പമ്പാ-പു. ഒരു നദി. വ. ദണ്ഡകവനത്തിലെ ഒരു തടാകം. ന. ഒരു നഗരം. ര്. ഇൻഡ്യയുടെ തെക്കുള്ള ഒരു നദി.

(രാമലക്ഷ്മണന്മാർ സീതയെ അന്വേഷിച്ചു നടന്നു് പമ്പാതീരത്തിൽ എത്തിയപ്പോൾ ആ സരസ്സിന്റെ ഭംഗി കാണിച്ചുകൊടുത്തു് രാമൻ ലക്ഷ്മണനോടു പറയുന്ന ഭാഗം നോക്കുക )

പമ്പിരി-പു. ലഹരി, കിറുക്കം, ചൊരുക്ക്. വ. വളരെ അധികം.

പമ്പിരികൊള്ളുന്നു-നന്നായി ലഹരി പിടിക്കുന്നു.

പമ്പിളിവയറൻ-വി. കുടവയറൻ.

പമ്പു്-സത്യക്കറി, തിളച്ചുകിടക്കുന്ന നെയ്യിൽ കൈ മുക്കി സത്യംചെയ്യുവാൻ സമ്മതമുള്ളവക്കു രാജാവിങ്കൽ നിന്നു കൊടുക്കുന്ന എഴുത്തു്.

പമ്മാട്ട്-വഞ്ചന.

പമ്മുന്നു-പതുങ്ങുന്നു. (ഭൂതകാലം=പമ്മി) (പ-മ.)

പയനു്-ഒരു വൃക്ഷം.

പയൻ-പശു, കറ.

പയനംകറ-കന്നുതക്കം.

പയൽ-പുലയൻ, പറയൻ മുതലായ ഹീനജാതിക്കാരെ വിളിക്കുന്നതിനുപയോഗിക്കുന്ന ഒരു വാക്ക്.

പയസ്-വി. ബലമുള്ള (അറബിഭാഷ).

പയൽമാൻ, പഹയൽമാൻ-൧. ഗുസ്തി പിടിത്തം അഭ്യസിച്ചിട്ടുള്ളവൻ. ൨. ബലവാൻ.

പയസ്യ-വി. പാലിൽനിന്നുണ്ടായ.

പയസ്യം-൧. പയസ്സിന്റെ വികാരം. നെയ്യ്, തൈര്, മോര്, വെണ്ണ മുതലായതിന്റെ സാമാന്യമായ പേർ. ൨. പൂച്ച.

പയസ്യാ-൧. ഒരു പച്ചമരുന്ന്, അടകൊതിയൻ. ൨. ക്ഷീരകാകോളി. ൩. മഞ്ഞപ്പാലുള്ള മലഎരുമ. ൪. കിണികിണിപ്പാല. ൫. ഒരു ചെടി. (കടുംബിനി എന്നതു നോക്കുക.)

പയസ്വല-വി. വളരെ പാലുള്ള.

പയസ്വിനീ-൧. കറക്കുന്ന പശു. ൨. രാത്രി. ൩. ഒരാറ്. ൪. പെണ്ണാട്. ൫. അടപതിയൻ. ൬. പാൽമുതക്ക്. ൭. ക്ഷീരകാകോളി. ൮. മുതക്ക്. ൯. പാൽച്ചുര. ൰. പശു.

പയസ്സ്-൧. പാൽ. ൨. വെള്ളം. ഗമിക്കുന്നത്, പാനം ചെയ്യപ്പെടുന്നത് എന്നർത്ഥം. ൩. രാത്രി. (വേദത്തിൽ പ്രയോഗം). ൪. ആഹാരം. ൫. ശക്തി.

പയർ-ഒരുവക ധാന്യം.

കൊച്ചിയിൽ വിളയുന്ന ചെറുപയർ, ചെറുമ്പയർ മുതലായവ.

പയറ്റങ്ങ-പയറുചെടിയുടെ ഇളംകായ്.

പയറ്റപ്പം-പയറുകൊണ്ടുണ്ടാക്കിയ പലഹാരം.

പയറ്റിക്കുന്നു-൧. ആയുധവിദ്യ പഠിപ്പിക്കുന്നു. ൨. വഞ്ചിക്കുന്നു.

പയറ്റ്-൧. ആയുധാഭ്യാസം. ൨. വഞ്ചന.

പയറ്റുന്നു-ആയുധവിദ്യ പഠിക്കുന്നു, യുദ്ധം അഭ്യസിക്കുന്നു, വശമാക്കുന്നു.

പയറ്റുപാട്-ഇടങ്ങഴിപ്പയറു വിതക്കുന്ന സ്ഥലം.

പയറ്റുപാട്ടം-പയറുവിതയ്ക്കുള്ള കരം.

പയറ്റോല-വരിയോല.

പയിക്കം-വി. ൧. വിശപ്പുള്ള. ൨. ഹീനമായ.

പയിങ്ങ-പാകമാകാത്ത പാക്ക്. (ത പചുങ്കായി )

പയിണ്ണച്ചൂള-ഒരു തൈ.

പയിൻ-ഒരു വൃക്ഷം.

ഇതു മലത്തെ പിടിക്കും. തീപ്പൊള്ളിവ്രണത്തിനു നന്ന്. മറ്റു വ്രണങ്ങളെയും വരട്ടും. ഇതിന്റെ കറയാണ് കുന്തുരുക്കം.

പയിപ്പിക്കുന്നു-ദഹിപ്പിക്കുന്നു.

പയിമ്പ-൧. ഭാണ്ഡം, സഞ്ചി. ൨. ശഭ്പാത്രം.

പയിർ-പച്ചധാന്യം.

പയിലുന്നു-൧. പഠിക്കുന്നു.

'നാനാവിധമാനവിദ്യകൾ പയിന്നവൻ'
(രാമചരിതം)

൨. സംസാരിക്കുന്നു.

'മന്നിൽനിന്നുപയിലെപാരു മുതലി'
(രാമചരിതം)

പയോഗലം-ആലിപ്പഴം.

പയോഘനം-ആലിപ്പഴം.

പയോജന്മാ-മുത്തങ്ങ.

പയോജം-താമരപ്പൂ.

പയോദം-൧. മേഘം ൨. മുത്തങ്ങ.

പയോധരം-൧. മേഘം. ൨. നാളികേരം. ൩. മുല. ൪. മുത്തങ്ങ. ൫. കടൽ. ൬. നീർമുത്തങ്ങ.

പയോധി-സമുദ്രം.

പയോധികജം-കടൽനുര.

പയോനിധി-സമുദ്രം.

പയോമുക്-മേഘം.

പയോരാശി-സമുദ്രം.

പയോവാഹം-മേഘം.

പയോഷ്ണിജാതാ-സരസ്വതീനദി.

പയോഷ്ണി-സരസ്വതീനദി.

പായോഷ്ണീ നദി വിന്ധ്യനിൽ നിന്നു പുറപ്പെടുന്നു ജലം പരിശുദ്ധമാണു്, സർവരോഗഹരമാകുന്നു.

പയ്യ്-പശു. ഇതിന്റെ നായാട്ടുദേവർ കൊംയുകുളമ്പൻ.

പയ്യ-സാവധാനം.

പയ്യത്തി-ഒരുവക മീൻ.

പയ്യൻ-ആൺകുട്ടി, പൈതൽ.

പയ്യന്നൂർ-കേരളത്തിന്റെ ഒരു കഴകം.

കലിവർഷം ൨൩൦൦-നിപ്പുറം ആര്യബ്രാഹ്മണർ കേരളത്തെ കഴകങ്ങളായി വിഭാഗിച്ചതിൽ ഒന്നു്-കഴകം നോക്കുക.

പയ്യവൻ-പ്ര. ബ്രഹ്മാവു്. ദ. വിശന്നവൻ.

പയ്യവേ-അ. പ്ര. പതുക്കെ. ദ. സ്വകാര്യത്തിൽ.

പയ്യാനി-ഒരു വൃക്ഷം.

പയ്യാനിപ്പുളവൻ-ഒരു പാമ്പ്.

പയ്യാനിമൂക്കൻ-ഒരു പാമ്പ്.

പയ്യെ-അ. പ്ര. പതുക്കെ. ദ. സ്വകാര്യത്തിൽ.

പര-(ധാതു.) ചുററും വ്യാപിക്ക.

പരകായപ്രവേശം-ഒരുത്തന്റെ ആത്മാവു് മറെറാരുത്തന്റെ ശരീരത്തിൽ പ്രവേശിക്ക.

പരകാര്യം-പരന്റെ കാര്യം, അന്യന്മാരുടെ കാര്യം.

പരകീയ-വി. മറെറാരുത്തന്റെ, മറെറാരുത്തനെ സംബന്ധിച്ച.

പരകീയപദങ്ങൾ-മോടിക്കും അന്തസ്സിനും പ്രൌഢിക്കും ഗാംഭീര്യത്തിനും വേണ്ടി ചിലർ പ്രസിദ്ധിയുള്ള മലയാളപദങ്ങളെ ഉപേക്ഷിച്ചു് അതുകളുടെ സ്ഥാനത്തു് ഉപയോഗിക്കുന്ന സംസ്കൃതപദങ്ങൾ.

പരകീയ പദങ്ങളെ ഉപയോഗിക്കുന്നതു് വളരെ കരുതിവേണം-സാഹിത്യസാഹ്യം.

പരക്കം-പരുങ്ങൽ.

പരക്കവേ, പരക്കെ-അ. എല്ലാവരും അറികെ, വിസ്താരമായി, നടപ്പായി, എല്ലായിടത്തും.

പരക്കഴി-വി. കൂട്ടത്തിൽ നിന്നു തള്ളപ്പെട്ട.

പരക്കുന്നു-പ്ര. വിസ്താരമാകുന്നു, നിരക്കുന്നു. ദ. പ്രസിദ്ധമാകുന്നു. ന. ചിന്നുന്നു (സ. ക്രി. പരത്തുന്നു)

പരക്കുക എന്നതിന്റെ പേർ-പ്രസരം, വിസർപ്പണം.

പരഗതി-പ്ര. മോക്ഷപ്രാപ്തി. ദ. സ്വർഗ്ഗപ്രാപ്തി.

പരചക്രം-പരന്റെ ചക്രം, അന്യരാജാവും മററും, ശത്രുസൈന്യം.

പരചിൽപദം-പരബ്രഹ്മം.

പരച്ഛന്ദ-വി. മറെറാരുത്തന്നധീനമായ.

പരജനം-പ്ര. മററുള്ളവർ. ദ. ശത്രുക്കൾ.

പരജന്മം-മറെറാരു ജന്മം.

പരജാത-വി. മറെറാരുത്തനു ജനിച്ച.

പരജാതൻ-മനസ്സില്ലാമനസ്സോടെ അന്യനാൽ വളർത്തപ്പെട്ടവൻ.

പരജാതി-മറെറാരു ജാതിക്കാരൻ, പുറജാതിക്കാരൻ.

പരജ്ഞൻ-അന്യനെ(ആത്മാന്തരം) അറിയുന്നവൻ.

പരഞ്ജനൻ-വരുണൻ.

പരഞ്ജയൻ-വരുണൻ.

പരഞ്ജം-ഇന്ദ്രന്റെ വാൾ.

പരണി-ഒരുവക മൺപാത്രം.

പരണിക്കിണ്ണം-പിഞ്ഞാണം.

പരണ്-പ്ര. തട്ടിന്നു മീതെ കെട്ടിയുണ്ടാക്കുന്ന ചേരു്. ദ. മേത്തട്ട്.

പരണ്ട-വി. ചെറിയ, താണതായ.

**പരണ്ടൽ**-പ്ര. മാന്തൽ. ൧. കരാച്ചൽ.

**പരണ്ടുന്നു**-പ്ര. മാന്തുന്നു. ൧. കരളുന്നു.

**പരതന്ത്ര**-വി. മറെറാരുത്തന്നധീനമായ, അന്യന്റെ ചൊല്പടിക്കു നടക്കുന്ന.

പരതന്ത്രൻ എന്നതിനു അന്യൻ പ്രധാനമായിട്ടുള്ളവൻ എന്നു ശബ്ദാർത്ഥം.

**പരതര**-വി. ഏററവും അധികമായ.

**പരതരുണി**-പ്ര. അന്യസ്ത്രീ. ൧. ശത്രുവിന്റെ ഭാര്യ.

**പരതീരം**-അക്കര, ആററിന്റെയും മററും മറുകര.

**പരതുന്നു**-പ്ര. തപ്പുന്നു.

'ചരതമില്ലാത്തവൻ പരതിനടക്കും'
(പഴമൊഴി)

൧. മീതെകിടക്കുന്നവയെ കൈകൊണ്ടു തടഞ്ഞെടുക്കുന്നു. ൨. കണ്ണിൽ വളരുന്ന മാംസത്തെ ഉരച്ചുകളയുന്നു.

**പരതുഷ്ടി**-മററുള്ളവരുടെ സന്തോഷം.

**പരത്തൽ**-വിസ്താരമാക്കുക, നിവിക്കുക, നിരത്തൽ.

**പരത്തി**-പരവന്റെ സ്ത്രീ.

**പരത്തുന്നു**-നിരത്തുന്നു, നിവിക്കുന്നു.

**പരത്ര**-മറുലോകത്തു്, സ്വർഗ്ഗത്തു്.

**പരത്രാണം**-അന്യരെ രക്ഷിക്കയെന്നുള്ളതു്.

**പരത്വം**-പ്ര. വേറൊന്നു്, വ്യത്യാസം. ൧. ഉൽക്കർഷം.

**പരദണ്ഡം**-ശത്രുശിക്ഷ.

**പരദാരങ്ങൾ**-മറെറാരുത്തന്റെ ഭാര്യ.

**പരദുഃഖം**-മറെറാരാളുടെ ദുഃഖം.

**പരദൂഷണം**-മറെറാരാളുടെ ദൂഷണം, ഏഷണി, അപവാദം, കുററം.

**പരദേവത**-കുടുംബദൈവം.

**പരദേശം**-അന്യദിക്കു്.

**പരദേശി**-അന്യദേശത്തുള്ളവൻ.

**പരദൈവം**-കുടുംബദൈവം.

**പരദോഷം**-മറെറാരാളുടെ കുററം.

**പരദ്രവ്യം**-മറെറാരാളുടെ ധനം.

**പരദ്രവ്യാനിച്ഛ**-അന്യന്റെ മുതലിൽ ആഗ്രഹമില്ലായ്മ.

**പരദ്രവ്യേച്ഛ**-അന്യന്റെ മുതലിലുള്ള ആഗ്രഹം.

**പരദ്രോഹം**-പരോപദ്രവം.

പരദ്രോഹിയുടെ പേർ-നൃശംസൻ, ഘാതുകൻ, ക്രൂരൻ, പാപൻ.

**പരദ്വേഷി**-മററുള്ളവരെ പകയ്ക്കുന്നവൻ

**പരധനം**-മറെറാരാളുടെ ദ്രവ്യം.

**പരനാരി**-മറെറാരുവന്റെ സ്ത്രീ.

**പരൻ**-പ്ര. മറെറാരുവൻ, അന്യൻ. ൧. ശത്രു. രോഷത്തെ പൂരിപ്പിക്കുന്നവനെന്നർത്ഥം. ൨. ശ്രേഷ്ഠൻ. ൩. ദൂരത്തുള്ളവൻ. ൪. ഈശ്വരൻ. ൫. പരമാത്മാവായുള്ളവൻ. (മായാസൃഷ്ടമായപ്രപഞ്ചത്തിൽ നിന്നു അന്യനായവൻ). ൬. സർവോൽകൃഷ്ടൻ.

**പരന്തപ**-വി. ശത്രുക്കളെ ദുഃഖിപ്പിക്കുന്ന.

**പരന്തപൻ**-ജയശാലി, ശത്രുക്കളെ തപിപ്പിക്കുന്നവൻ.

'അനന്തഗുണനിധിപരന്തപൻ-ഇവനവന്തിജനപദപുരന്ദരൻ'
(നളചരിതം കഥകളി)

**പരന്തിരിയസ്സ്**-ഫ്രഞ്ചുഭാഷ.

**പരന്തു**-അ. പിന്നയോ?.

**പരമ്പുമാൻ**-ദൈവം.

**പരൻപുരാൻ**-ദൈവം.

**പരൻപുരുഷൻ**-ദൈവം, സർവോൽകൃഷ്ടനായ പുരുഷൻ.

**പരന്നനേ**-അ. പരക്കെ.

**പരപിണ്ഡം**-മറെറാരാൾ കൊടുക്കുന്ന അന്നം.

**പരപിണ്ഡാദ**-വി. മറെറാരാളിന്റെ അന്നം വാങ്ങിച്ചു ഭക്ഷിച്ചുപജീവിക്കുന്ന.

**പരപീഡ**-മറെറാരാളിന്റെ ദുഃഖം.

**പരപുരുഷൻ**-പു. മറെറാരുവൻ. വ. വിഷ്ണു.

**പരപുഷ്ട**-വി. അന്യനാൽ പോഷിപ്പിക്കപ്പെട്ട.

**പരപുഷ്ടം**-കുയിൽ എന്ന പക്ഷി. പരനാൽ (അന്യനാൽ, കാകനാൽ) പോഷിപ്പിക്കപ്പെടുന്നതുകൊണ്ടു ഈ പേർ വന്നു.

**പരപൂവ്വ**-രണ്ടാമതു ഒരു ഭത്താവിനെ സ്വീകരിച്ചവൾ.

**പരപ്പൻ**-വി. പരന്ന.

**പരപ്പൻ**-അവില്.

**പരപ്പിൽ**-അ. വിസ്താരമായി.

**പരപ്പു**-പു. വിസ്താരം. വ. വീതി.

പരന്നതിൻെറ പേർ-വിസൃതം, വിസ്തൃതം, തതം.

**പരപ്പുവർ**-പു. പള്ളിച്ചാന്മാർ. വ. പരസ്യമാക്കൽ.

**പരപ്രത്യയനേയബുദ്ധി**-അന്യനിലുള്ള വിശ്വാസംകൊണ്ടു വശപ്പെടുത്തപ്പെടാവുന്നവൻ, മൂഢൻ.

**പരപ്രത്യയം** - മറെറാരുത്തനെക്കുറിച്ചുള്ള ബഹുമാനം.

**പരപ്രേരണ**-അന്യൻെറ പ്രേരണ (ഉത്സാഹിപ്പിക്കൽ).

**പരബലം**-പു. അന്യശക്തി. വ. ശത്രുബലം.

**പരബാധ**-പരപീഡ.

**പരബോധം**-മററുള്ളവരുടെ സമ്മതം.

**പരബ്രഹ്മമൂത്തി, പരബ്രഹ്മം**-ദൈവം, എങ്ങും നിറഞ്ഞു ചലനമോ വികാരമോ ഒന്നുമില്ലാത്ത ആനന്ദമായ വസ്തു. സവ്വജീവികൾക്കും ജീവനായി, വാങ്മനസാതിവിദൂരനായി, സവ്വേന്ദ്രിയങ്ങൾക്കും നാഥനായി സ്വയം പ്രകാശിക്കുന്ന ജ്യോതിസ്സ്.

**പരഭാഗം**-പു. മറെറാന്നിൻെറ പങ്കു. വ. കൂടുതലായ യോഗ്യത. ന. ഒന്നിൻെറ കുറവു മറെറാന്നിൽ തീക്കുക, ഒന്നിനു വിപരീതഗുണമായ മറെറാന്നിനോടുള്ള സമ്പക്കത്തിൽ ഉണ്ടാകുന്ന ഗുണോൽകഷം. ര. വെളുപ്പിൽ കറുപ്പു ചേൎന്ന നിറം.

**പരഭായ്യ**-പു. അന്യൻെറ ഭായ്യ. വ. ശത്രുഭായ്യ.

**പരഭൃത**-വി. അന്യനാൽ രക്ഷിക്കപ്പെട്ട.

**പരഭൃതം**-കുയിൽ. അന്യനാൽ ഭരിക്കപ്പെടുന്നതു എന്നത്ഥം. കുയിൽ കാക്കക്കൂട്ടിൽ കൊണ്ടുവെക്കുന്ന കുട്ടികളെ കാക്ക തൻെറ കുട്ടിയെന്നു കരുതി വളൎത്തും. പറക്കാറാകുമ്പോൾ പറന്നു തങ്ങളുടെ കൂട്ടിൽ ചെന്നുചേരും.

‘സ്ത്രീണാമശിക്ഷിതപടുത്വമമാനുഷീഷു
സംലക്ഷ്യതേകിമുതയാഃപ്രതിബോധവത്യഃ
പ്രാഗന്തരിക്ഷഗമനാൽസ്വമപത്യജാത-
മന്യൈൎദ്വിജൈഃപരഭൃതാഃഖലുപോഷയ
ന്തി’ (ശാകുന്തളം)

**പരഭൃതിക**-പെൺകുയിൽ.

**പരഭൃത്തു**-കാക്ക. അന്യനെ ഭരിക്കുന്നതു. കുയിലിൻെറ കുഞ്ഞിനെ വളൎത്തുകയാൽ ഈ പേരുണ്ടായി.

**പരംപരിതം**-രൂപകം എന്ന അലങ്കാരത്തിൻെറ ഒരു പിരിവു.

**പരമ**-വി. പു. ശ്രേഷ്ഠമായ. വ. പ്രധാനമായ. ന. വളരെ നല്ലതായ. ര. വലിച്ച.

**പരമകാഷ്ഠ**-പു. അങ്ങെ അററത്തെ അവസ്ഥ, ശ്രേഷ്ഠത. വ. ആധിക്യം. ന. അതിശക്തി.

**പരമഗതി**-മോക്ഷം.

**പരമഗുരു**-പ്രധാനഗുരു.

**പരമണ്ഡലം**-പു. അന്യപ്രദേശം, അന്യരാജ്യം. വ. ശത്രുരാജ്യം.

**പരമമലക്ഷണം**-ഒരു രോഗം.

ഇതിന് മൂക്കിൽകൂടി കഫത്തിന്റെ സ്രാവം, വായിൽ രസമില്ലായ്ക, മലമൂത്രങ്ങൾക്കു തടവ് മുതലായ ലക്ഷണങ്ങൾ കാണും.

**പരമദുഷ്ട**-വി. ഏററവും ദോഷമുള്ള.

**പരമൻ**-സർവോൽകൃഷ്ടൻ.

**പരമം**-ത. അനവാദത്തിൽ പറയുന്ന ഒരു വാക്ക്.

**പരമരഹസ്യം**-ഏററവും ഗൂഢമായുള്ളത്

**പരമഹംസൻ**-അത്യുത്തമസന്യാസി.

**പരമാണു**-ത്രസരേണുവിൽ മുപ്പതിൽ ഒരു പങ്ക്.

**പരമാണുജീവി**- പരമാണുപ്രായത്തിൽ ജീവിക്കുന്ന ജന്തു.

**പരമാത്മാവ്**- ദൈവം, പ്രധാനമായ ആത്മാവ്, ശ്രേഷ്ഠമായ ചൈതന്യശക്തി, സർവ്വചരാചരങ്ങൾക്കും ജീവനായിരിക്കുന്ന ചൈതന്യം.

**പരമാനന്ദം**-പു. മഹാസന്തോഷം, മോക്ഷം. ൨. ദൈവം.

**പരമാനന്ദമൂർത്തി** - ആനന്ദസ്വരൂപം, ദൈവം.

**പരമാനന്ദിക്കുന്നു**- അധികം സന്തോഷിക്കുന്നു.

**പരമാന്നം**-പായസം, ക്ഷീരാന്നം.

**പരമാർത്ഥജ്ഞാനം, പരമാർത്ഥബോധം**-നേരിനെ അറിക.

**പരമാർത്ഥം**-സത്യം, നേര്.

**പരമാർത്ഥവസ്തു**-സത്യമായ വസ്തു, ദൈവം.

**പരമാർത്ഥി**-സത്യമുള്ളവൻ, നേരുള്ളവൻ

**പരമാസ്ത്രം**-പാശുപതാസ്ത്രം.

'കട്ടക്കെന്നരുളിഞ്ചെയ്തു പുരാന്തകൻ
പരമാസ്ത്രമെടുത്തിങ്ങു തന്നതും'
(സന്താനഗോപാലം പാന)

**പരമേശ്വരൻ**-പു. ശിവൻ. ൨. ദൈവം ൩ വിഷ്ണു. ൪. ഇന്ദ്രൻ. ൫. പരബ്രഹ്മം.

**പരമേശ്വരി**-സ്ത്രീ. പാർവ്വതി. ൨. ദേവി.

**പരമേഷ്ഠി**-പു. ബ്രഹ്മാവ്. ഏററവും ശ്രേഷ്ഠമായ സ്ഥാനത്തിൽ (ലോകത്തിൽ) ഇരിക്കുന്നവൻ, പരമത്തിങ്കൽ (ചിദാകാശത്തിങ്കൽ-ബ്രഹ്മപദത്തിങ്കൽ) സ്ഥിതി ചെയ്യുന്നവൻ, എല്ലാ ലോകങ്ങളിലും ശ്രേഷ്ഠമായ സത്യലോകത്തിൽ ഇരിക്കുന്നവൻ ഇങ്ങിനെ ശബ്ദാർത്ഥം. ൨. വിഷ്ണു. ൩. ശിവൻ. ൪. ഗരുഡൻ. ൫. അഗ്നി.

**പരമോപദേശം**-സാരമായ ഉപദേശം.

**പരമ്പ്**-പു. നെല്ലു ചിക്കുവാനായിട്ട് ഓട്ടലു കീറി നെയ്തുണ്ടാക്കിയ വസ്തു, പായ്, പയ്യായങ്ങൾ-കടം, കിളിഞ്ഞിൽ. ൨. കിടക്കുന്നതിന് കൈതയോല, പനയോല മുതലായതുകൊണ്ടുണ്ടാക്കിയ വസ്തു.

**പരമ്പദം**-എല്ലാററിലും മീതെയുള്ള സ്ഥാനം, വൈകുണ്ഠം.

**പരമ്പര**-വി. തുടർന്നുതുടർന്നുള്ള, തലമുറതലമുറയായുള്ള.

**പരമ്പര**-സ്ത്രീ. പാരമ്പര്യം. ൨. സന്തതി. ൩. ക്രമം. ൪. തലമുറ. ൫. നിര. ഉ-ം. ശൃംഗപരമ്പര.

**പരമ്പരൻ**-പു. വംശത്തിലുള്ളവൻ. ൨. ഒരുവക മാൻ.

**പരമ്പരാകം**-യാഗത്തിനായിട്ടു പശുവിനെ കൊല്ലുക. പ്രാണപരമ്പരയിൽ ചെയ്യുന്ന കഠിന പ്രവൃത്തി എന്നർത്ഥം.

മൂക്കും വായും മററും കൂട്ടിപ്പിടിച്ചു ശ്വാസം മുട്ടിച്ചും ശ്വാസം മുഴുവനും പോയ സ്ഥലങ്ങളിൽ അടിച്ചു അഴത്തിയും മററും ചെയ്തു ഹിംസിക്കുകയാണ് ഈ കഠിന പ്രവൃത്തി.

പരമ്പരാവാഹനം-പരമ്പരയാ വഹി ക്കപ്പെടുന്ന വാഹനം. പര്യായം-വൈനീതകം.

തേർ, വണ്ടി മുതലായവയെ വഹിക്കുന്ന കുതിര, കാള മുതലായവയ്ക്കും; ശിബിക മുതലായതിനെ വഹിക്കുന്ന പുരുഷന്മാർക്കോ ഒരു നിശ്ചിതസ്ഥലത്ത് എത്തുന്ന സമയം മാററമുണ്ടാവുകയും, അതത്തിലുള്ള മററ ചില വാഹകന്മാർ ആ വാഹനത്തെ വഹിക്കുകയും ചെയ്യുന്നു എങ്കിൽ അതിന്നു വൈനീതകം എന്നു പേർ.

പരമ്പരോപദേശം- പാരമ്പര്യോപദേശം

പരയുവതി മററാരുവന്റെ ഭാര്യ.

പരരാജ്യം-അന്യരാജ്യം.

പരലോകപ്രാപ്തി-മററാരു ലോകത്തു ചെല്ലുക, മരണം.

പരലോകം-അന്യലോകം, സ്വർഗ്ഗം മുതലായവ.

പരലോകവാസം-അന്യ ലോകത്തിൽ പാർക്കുക.

പരൽ-മ. കവടി. വ. ഒരുവക മത്സ്യം. ഈ മത്സ്യം നാമധേയമാണ്. സം-കലാടം.

ന. ചരൽ.

പരല്പേര്, പരപ്പേറ്- അക്ഷരങ്ങൾ കൊണ്ടു സംഖ്യ അറിയുന്നതിനുള്ള ഒരു കണക്ക്. (അക്ഷരസംഖ്യ നോക്കുക).

പരവ-മ. ഒരുവക മത്സ്യം. വ. കടൽ, സമുദ്രം. പരപ്പുനിമിത്തം ഈ പേർ വന്നു. ന. പടരുന്ന ഒരു ചെടി.

പരവക്ത്രാ— അർദ്ധസമവൃത്തങ്ങളിൽ ഒന്ന്.

പരവൽ-വി. മററാരുത്തനധീനമായ, നാഥനുള്ള.

പരവതരം-സമുദ്രത്തിനു തുല്യമായി.

പരവതാനി-ഒരുവക രത്നക്കമ്പിളി.

പരവതി - മററാരുത്തനധീനയായവൾ, നാഥനുള്ളവൾ.

പരവധു-മ. അന്യന്റെ ഭാര്യ. വ. ശത്രുഭാര്യ. ന. അന്യസ്ത്രീ.

പരവൻ-മ, ഒരു താണജാതിക്കാരൻ. (ഇവന്റെ സ്ത്രീ-പരത്തി.) വ. ചില സമുദ്രതീരങ്ങളിൽ പാർക്കുന്ന ഒരു ജാതിക്കാർ. ന. ഒരുവക മുക്കുവർ. ർ. ഒരു മാതിരി കല്ലാശാരി. ഠ. അരയൻ. ഞ. നുളയൻ. ൧, നെയ്ത്തു നിലവാസി.

പരവശ-വി. മ. മററാരുത്തന്നധീനമായ, ആശ്രയിച്ചു ജീവിക്കുന്ന. വ. ക്ഷീണിച്ച. ന. പ്രയാസപ്പെടുന്ന ർ. ദാരിദ്ര്യമുള്ള. ഠ. ദീനം പിടിച്ച

പരവശത-മ. പാരവശ്യം. വ. ക്ഷീണത. ന. ദീനം. ർ. ദാരിദ്ര്യം. ഠ. പ്രയാസം.

പരവശൻ-സ്വയമേ ഒന്നും ചെയ്യാൻ വയ്യാത്തവൻ.

പരവശപ്പെടുന്നു-മ. ഞെരുങ്ങുന്നു. വ. ക്ഷീണിക്കുന്നു.

പരവാണി-കാർത്തികേയന്റെ മയിൽ.

പരവാൻ-അന്യന്റെ ചൊല്പടിക്കു നടക്കുന്നവൻ. അന്യനായ സ്വാമിയുള്ളവനെന്നർത്ഥം.

പരവുന്നു-പരത്തുന്നു.

പരശാസ്ത്രം-അന്യശാസ്ത്രം

പരശു-വെണ്മഴു. ശത്രുവിനെ ഹിംസിക്കുന്നതു എന്നർത്ഥം.

പരശുധരൻ-ഒരു മഹർഷി, പരശുരാമൻ.

പരശുപാണി-മ. പരശുരാമൻ. വ. ഗണേശൻ. ന. ശിവൻ. ർ. ശിവന്റെ ദ്വാരസ്ഥന്മാരിൽ ഒരുത്തൻ.

**പരശുരാമൻ**-ജമദഗ്നിമഹർഷിയുടെ പുത്രൻ, പരശുധരൻ.

ഇദ്ദേഹം വിഷ്ണുവിൻെറ ആറാമത്തെ അവതാരപുരുഷനാകുന്നു കാർത്തവീര്യൻ മുതലായ ക്ഷത്രിയരാജാക്കന്മാരെ നിഗ്രഹിച്ചു ധർമ്മസംരക്ഷണം ചെയ്യുന്നതിനാണ് ഇദ്ദേഹം അവതരിച്ചത്. അച്ഛൻ ജമദഗ്നിമഹർഷി. അമ്മ രേണുക. ത്രേതായുഗത്തിൻെറ ആരംഭത്തിലാണ് അവതരണം. ബാല്യത്തിൽ ആയുധശാസ്ത്രം പഠിപ്പിച്ചതു ശിവനാണ്. അദ്ദേഹത്തിൽനിന്നും ഒരു പരശു സമ്മാനം കിട്ടീട്ടുണ്ട്. ഇതുകൊണ്ടത്രേ പരശുരാമൻ എന്നു വിളിക്കപ്പെടുന്നതു്. പിതൃനിയോഗപ്രകാരം ഒരിക്കൽ ഇദ്ദേഹം മാതാവിനെ കൊന്നു. പിന്നീട് പിതാവിനെക്കൊണ്ടുതന്നെ ആ മാതാവിനെ ജീവിപ്പിച്ചു. ക്രൌഞ്ചപർവ്വതത്തെ ഒരിക്കൽ ഇദ്ദേഹം പിളർന്നു. ഇതിനു കാരണം സുബ്രഹ്മണ്യനോടുള്ള മത്സരമായിരുന്നു. ഇദ്ദേഹം ഇരുപത്തൊന്നുതവണ ക്ഷത്രിയരാജാക്കന്മാരെ വധിച്ചു. ഇതിൻെറ ഹേതു ഇദ്ദേഹം കാർത്തവീര്യനെ വധിച്ചതിനു കാർത്തവീര്യൻെറ പുത്രന്മാർ ജമദഗ്നിയെ കൊലപ്പെടുത്തിയതായിരുന്നു. ക്ഷത്രിയരാജാക്കന്മാരുടെ ചോരകൊണ്ട് പരശുരാമൻ 'സമന്തപഞ്ചകം' എന്ന തടാകങ്ങളെ നിറച്ചു എന്നാണ് പറയപ്പെട്ടിട്ടുള്ളതു്. സീതാവിവാഹം കഴിഞ്ഞു് ശ്രീരാമൻ ദാരങ്ങളും മുതലായവരൊന്നിച്ചു വരുംവഴിക്ക് ഇദ്ദേഹം തടുത്തു പക്ഷെ രാമചന്ദ്രൻതന്നെ ജയിച്ചു. പരശുരാമന് 'ന്യക്ഷൻ' 'ഖണ്ഡപരശു' ഇങ്ങിനെ രണ്ടു പേരുകൂടി കാണുന്നുണ്ട്. ഇദ്ദേഹം ഇപ്പോഴും മഹേന്ദ്രഗിരിയിൽ തപസ്സുചെയ്തുകൊണ്ടിരിക്കയാണെന്നു് ഊഹിക്കപ്പെട്ടിരിക്കുന്നു. പരശുരാമൻ ത്രേതായുഗത്തിൽ മാതൃപ്രീതിക്കായി ൨൧ പരിവൃത്തി ക്ഷത്രിയരാജാക്കന്മാരെ കൊല്ലുകയാൽ സംഭവിച്ച വീരഹത്യാപാപനിവൃത്തിക്ക് ഭൂമി ആസകലം ബ്രാഹ്മണർക്കു ദാനംചെയ്യപ്പെട്ടുകകൊണ്ട് തൻെറ വാസത്തിനായി ൧൦൦ യോജന നീളവും ൧൦ യോജന വീതിയുമുള്ളതും, ഗോകർണ്ണം മുതൽ കന്യാകുമാരിവരെ സഹ്യപർവ്വതത്തിനു പടിഞ്ഞാറുഭാഗം കിടക്കുന്നതുമായ കേരളത്തെ സ്വീകരിച്ചു.

**പരശുരാമപ്പച്ചി**-വേഴാമ്പൽ.

**പരശ്രീ**-അന്യസമ്പത്ത്.

**പരശ്വധം**-വെണ്മഴു, കോടാലി. ശത്രുവിൻെറ അഭിവൃദ്ധിയെ കളയുന്നതെന്നർത്ഥം.

**പരശ്വഃ**-അ. മറ്റെന്നാൾ.

**പരശ്ശതം**-വി. നൂററിൽ അധികമുള്ള.

**പരസുഖം**-൧. അന്യന്മാരുടെ സുഖം. ൨. പരമാനന്ദം.

'പൂരിതപരസുഖനാരദമുനിവര'
(നളചരിതം കഥകളി)

രണ്ടർത്ഥവും ഇതിലുണ്ട്.

**പരസ്ത്രീ**-അന്യൻെറ സ്ത്രീ.

**പരസ്ത്രീസംഗം**-മറെറാരുവൻെറ സ്ത്രീയെ പ്രാപിക്ക

**പരസ്പരം**-വി. അന്യോന്യമായുള്ള.

**പരസ്മൈപദം**-വേറൊരുവൻെറ വിഷയത്തിൽ പ്രയോഗിക്കേണ്ടുംപദം.

**പരസ്യപ്പെടുത്തുന്നു**-പ്രസിദ്ധപ്പെടുത്തുന്നു.

**പരസ്യം**-൧ വിളംബരം. ൨. പ്രസിദ്ധം.

**പരസ്വധം**-വെണ്മഴു. (പരശ്വധം എന്നതിൻെറ പാഠം).

**പരസ്വം**-മറെറാരുവൻെറ മുതൽ.

'പരസ്വമത്രേകുലകന്യകാജനം'

(അഭിജ്ഞാനശാകുന്തളം നാടകം)

**പരസ്സഹസ്രാ**-വി. ആയിരത്തിലധികമുള്ള.

**പരഹിത**-വി. മററുള്ളവക്കു ഹിതമായ

**പരഹിതം**-ഒരുമാതിരി ഗണിതം.

**പരള**-വരളി, ഉണക്കിയ ചാണകം.

**പരാ**-അ. ഇതു ചില സംസ്കൃതപദങ്ങളുടെ ആദിയിൽ വരുമ്പോൾ പ്രാധാന്യം, അതിക്രമം, മടക്കം ഇങ്ങിനെ പല അൎത്ഥങ്ങൾ വരും.

**പരാ**-നാലുവിധം ശബ്ദങ്ങളിൽ ഒന്നാമത്തേതു്.

ഒന്നാമത്തേതായ ഈ ശബ്ദം മൂലാധാരത്തിൽ ബ്രഹ്മസ്വരൂപേണ ഇരിക്കുന്നു. മററു മൂന്നു ശബ്ദങ്ങൾ-പശ്യന്തി, മദ്ധ്യമ, വൈഖരി.

**പരാകം**-യാഗകൎമ്മം.

**പരാക്രമം**-പു. ശക്തി. പരന്മാരെ ആക്രമിക്കുന്നതു് എന്നൎത്ഥം. മററു പൎയ്യായങ്ങൾ- ദ്രവിണം, തരസ്സ്, സഹസ്സ്, ബലം, ശൌൎയ്യം, സ്ഥാമാവു്, ശുഷ്മം, ശക്തി, പ്രാണം. ൨. ഉത്സാഹം. ൩. വീൎയ്യം.

**പരാക്രമി**-ശക്തിയുള്ളവൻ

**പരാഗം**-പു. പൂമ്പൊടി, പൂവിലെപ്പൊടി. കാററിനെ അനുസരിച്ചു് പാറിപ്പോകുന്നതു് എന്നൎത്ഥം. മറെറാരു പൎയ്യായം സുമനോരജസ്സ്. ൨. പൊടി. ൩. കുളികഴിഞ്ഞാൽ ശരീരത്തിൽ പിരട്ടുന്ന ഒരു സുഗന്ധപ്പൊടി, കളിപ്പാനുള്ള ഗന്ധദ്രവ്യം മുതലായതു്.

**പരാങ്മുഖ**-വി. പിൻതിരിഞ്ഞ, മുഖം തിരിച്ച.

**പരാചിത**-വി. അന്യനാൽ രക്ഷിക്കപ്പെട്ട.

**പരാചിതൻ**-മനസ്സില്ലാമനസ്സോടെ അന്യനാൽ വളൎത്തപ്പെട്ടവൻ. [പരനാൽ (അന്യനാൽ,) ആചിതൻ (വളൎത്തപ്പെട്ടവൻ)]. പരാജിതൻ എന്നും പാഠമുണ്ടു്

**പരാചീന**-വി. പിൻതിരിഞ്ഞ.

**പരാജയം**-തോല്വി, മടക്കം.

**പരാജിത**-വി. ൧. ജയിക്കപ്പെട്ട. ൨. തോല്പിക്കപ്പെട്ട. (അന്യന്മാരാൽ ജയിക്കപ്പെടുന്നവൻ=പരാജിതൻ)

**പരാജിതൻ**-തോററവൻ. ശത്രുക്കളാൽ അഭിഭവിക്കപ്പെട്ടവൻ എന്നൎത്ഥം.

**പരാൽ**-അ. വളരു്.

**പരാതി**-പു. അപവാദം, ദൂഷണം. ൨. (മലയാളം) സങ്കടം.

**പരാതിക്കാരൻ** — സങ്കടമറിയിക്കുന്നവൻ.

**പരാതീതൻ**-സൎവ്വത്തേയും അതിക്രമിച്ചവൻ, പരമാത്മാവു്. സൎവ്വോൽകൃഷ്ടൻ എന്നൎത്ഥം.

**പരാധീന**-പു. മറെറാരുവനെ സേവിക്കുന്ന, അന്യൻെറ ചൊല്പടിക്കു നടക്കുന്ന. ൨. പ്രയാസപ്പെടുന്ന.

**പരാധീനചാത്തന്മാർ**-അന്യൻെറ അധീനതയെ പാലിക്കുന്ന ദുഃഖികൾ.

**പരാധീനപ്പെടുന്നു**-പ്രയാസപ്പെടുന്നു.

**പരാധീനം**-പു. ആശ്രയം. ൨. പ്രയാസം.

**പരാനന്ദം**-അധികമായ സന്തോഷം.

**പരാനുകൂലം**- മറെറാരുത്തൻെറ അനുകൂലം.

**പരാനെ**-വേഗത്തിൽ. (പ-മ)

**പരാന്നഭോജി, പരാന്നൻ**-മറെറാരുവൻെറ അന്നം കൊണ്ടുപജീവിക്കുന്നവൻ. മറെറാരു പൎയ്യായം-പരപിണ്ഡാദൻ.

**പരാന്നം** – മറെറാരുവൻ കൊടുക്കുന്ന ചേറു്.

പരാപര-വി. നല്ലതും ചീത്തയുമായ, ആദിയും അന്തവുമായ.

പരാപരവസ്തു - അത്യന്തമായ വസ്തു, ദൈവം.

പരാപഹാസം-പരനിന്ദ.

പരാപേക്ഷ - മറെറാരുവനെ ആശ്രയിക്ക.

പരാഭവം-പു. മടക്കം, തോൽവി. വ. അവമാനം. ന. നാശം. ര. പ്രഭവാദി അറുപതു വഷങ്ങളിൽ ൪൦-ാമത്തെ വത്സരം.

പരാഭൂത-വി പു. തോല്പിക്കപ്പെട്ട, തോററ. വ. അവമാനിക്കപ്പെട്ട. ന. തിരസ്കരിക്കപ്പെട്ട.

പരാഭൂതി-പു. അവമാനം. വ. ഉൽകൃഷ്ടമായ ഐശ്വര്യം. ന. നല്ല ഭസ്മം.

പരാമശ(ൎ)ം - പു. വിചാരം. വ. സൂക്ഷ്മം.

പരാമശിക്കുന്നു-പു. പ്രധാന സംഗതികളെപ്പററി പ്രസ്താവിച്ചു മൊത്തത്തിൽ ചിന്തിക്കുന്നു. വ. സംബന്ധിച്ചുപറയുന്നു.

പരാമഷം-അധികം കോപം.

പരാമൃഷ്ട-വി. സ്പശിക്കപ്പെട്ട.

പരായണ-വി. ആസക്തിയുള്ള, താൽപയ്യമുള്ള.

പരായണം-മതസംബന്ധമായുള്ള ക്രമം, പരമ്പരാചാരം. വ. മോക്ഷം. ന. ആസക്തിസ്ഥാനം.

പരായുതം-പതിനായിരത്തിലധികമുള്ള.

പരാരി-അ. രണ്ടാമാണ്ട്.

പരാദ്ധം-പു. ഒരു വലിയ തുക.

൧൦൦,൦൦൦,൦൦൦,൦൦൦,൦൦൦,൦൦൦.

'ലക്ഷകോട്യഞ്ചുഭൂമീപരാദ്ധവും'

(കല്യാണസൌഗന്ധികം തുള്ളൽ)

വ. പതിനെട്ടാമത്തെ സ്ഥാനം. ന. മറേറപ്പകുതി.

പരാദ്ധ്യ-വി. ശ്രേഷ്ഠതയുള്ള.

പരാദ്ധ്യം-ശ്രേഷ്ഠം. പരമായ (ശ്രേഷ്ഠമായ) അദ്ധത്തിൽ ഭവിച്ചതെന്നത്ഥം.

പരാവത്തനം-പു. അതേ സംഗതിയെ തന്നെ വേറൊരുവിധത്തിൽ പ്രസ്താവിക്കുകയെന്നതു്. വ. പദ്യത്തിന്റെ അത്ഥം ഏററക്കുറവുകൾ കൂടാതെ ഗദ്യത്തിലാക്കുന്ന സമ്പ്രദായം.

പരാവൃത്ത-വി പു. ഓട്ടിപ്പോയ. വ. തിരിച്ചുവന്ന.

പരാശരൻ-ഒരു മഹഷി.

പിതാവു് 'ശക്തി'. മാതാവു് 'അദൃശ്യന്തി'. പിതാവായ ശക്തി കന്മാഷപാദരാജാവിനെ ശപിച്ചു രാക്ഷസനാക്കി. ഇതിനു കാരണം വഴിയിൽനിന്നു മാറിനില്ക്കാത്ത കോപമായിരുന്നു. ശക്തിയെ രാജാവു തല്ലുകകൂടി ചെയ്തു. രാക്ഷസനായ മാന്ത്രിയിൽതന്നെ ശക്തിയെ ഭക്ഷിച്ചു. അനന്തരം ശക്തിയുടെ ഭാര്യയായ അദൃശ്യന്തി പരാശരനെ പ്രസവിച്ചു. താതോദന്തം കേട്ട പരാശരൻ രാക്ഷസവംശോന്മൂലനാശത്തിനായി ഒരു യാഗം ആരംഭിച്ചു. വസിഷ്ഠൻ മുതലായവർ തടയുകയാൽ അതു നടന്നില്ല.

പരാശ്രയ-വി. അന്യനെആശ്രയിക്കുന്ന.

പരാശ്രയം - മറെറാരുവനെ ആശ്രയിക്കുക.

പരാശ്രയാ-ഒരു തൈ.

പരാസനം-കൊല, വധം. ക്ഷേപിക്കുക എന്നത്ഥം.

പരാസു-മരിച്ചവൻ. പ്രാണൻ പോയവനെന്നത്ഥം.

'സ്മരാൽപരാസോരനിമേഷലോചനാൽ

(നൈഷധം)

പരാസുത, പരാസുതചം-മരണം.

പരാസ്കന്ദി-പു. കള്ളൻ. അന്യന്മാരെ

കഴക്കുന്നവനെന്നൎത്ഥം. ൨. അന്ന്യനെ വ്യാപിക്കുന്നവൻ.

പരാഹത-വി. ൧. ആക്രമിക്കപ്പെട്ട്‌ ൨. അടിക്കപ്പെട്ട.

പരാഹ്നം-ഉച്ചയ്ക്കു പിന്നീടുള്ള ദിവസം, ഉച്ചതിരിഞ്ഞിട്ടുള്ള പകൽഭാഗം.

പരി-വി. അഴകുള്ള. [കാം'

'പഴിയില്ലാദിത്യനെയാദിത്യൻപരിരശ്മി

(ഭഗവൽഗീത-മാധവപ്പണിക്കർ)

പരി-അ. ഇതു ചില മൊഴികളോടു ചേരുമ്പോൾ ചുററം, വിട്ടൊഴിവു്, പങ്കു്, അവസാനം, വിഭാഗം, ദിനം, ബലം, ക്ഷമചോദിക്ക, സൽക്കാരം, ആലിംഗനം, ആദരണം, തള്ളിക്കളക, വിസ്താരം, തടവു്, അടയാളം, ദുഃഖം, സത്യം ഇങ്ങിനെ പല അൎത്ഥങ്ങൾ വരും.

പരി-കുതിര.

'പരികരിതേർകാലാളോടുനാമും'

(ഭഗവൽഗീത-മാധവപ്പണിക്കർ)

പരികഥ-കള്ളക്കഥ.

പരികമ്പം-൧. ഭയം. ൨. വിറയൽ.

പരികമ്പിത-വി. ഇളക്കപ്പെട്ട.

പരികര-വി. സഹായിക്കുന്ന.

പരികരം-൧. കട്ടിൽ. ൨. മെത്ത. ൩. കാല്പ്പു്ർ. ആരംഭം. ൪. ആശ്രിതന്മാരുടെ കൂട്ടം, പരിചാരകജനം. ൫. പുരുഷാരം. ൬. സാഹിത്യശാസ്ത്രത്തിൽ ഒരലങ്കാരത്തിന്റെ പേർ.

അഭിപ്രായഗൎഭങ്ങളായ വിശേഷണങ്ങളെ ചെയ്യുന്നതു പരികരാലങ്കാരം ഉ-ം, 'അമ്പിളിക്കലചൂടുന്നതമ്പുരാൻതാപനാശനൻ'.

വ്യ. അരയും തലയും മുറുക്കി കെട്ടുക എന്ന സമ്പ്രദായം.

പരികൎത്തനം-൧. മുറിക്ക, കണ്ടിക്ക. ൨. വൃത്തത്തിൽ കണ്ടിക്ക. ൩. സൂചികൊണ്ടു കുത്തുന്നതുപോലെയുള്ള വേദന.

പരികൎമ്മം-൧. ശുശ്രൂഷ. ൨. ആഭരണങ്ങൾകൊണ്ടും മററും ദേഹത്തിൽ അലങ്കരിക്കുക.

പരികൎമ്മാവു്-ഭൃത്യൻ.

പരികൎമ്മി-അടിമക്കാരൻ, വേലക്കാരൻ

പരികൎമ്മി-വി. അലങ്കരിക്കുന്ന. (സ്ത്രീ-പരികൎമ്മിണി.)

പരികല്ക്കനം-ചതി.

പരികല്പിതം-വി. ൧. നിശ്ചയിക്കപ്പെട്ട. ൨. ഉണ്ടാക്കപ്പെട്ട.

പരികല്പിക്കുന്നു-സ്ഥിരപ്പെടുത്തുന്നു.

പരികാംക്ഷിതൻ-സന്ന്യാസി.

പരികീൎണ്ണം-വി. ൧. പരന്ന, ചിതറപ്പെട്ട. ൨. ചുററമുള്ള, തിങ്ങിയ, നിറഞ്ഞ.

പരികീൎത്തിതം-വി. ൧. പ്രസിദ്ധപ്പെടുത്തിയ. ൨. വമ്പുപറഞ്ഞ. ൩. പറയപ്പെട്ട, അറിയിക്കപ്പെട്ട.

പരിക്കൂടം-കോട്ട, കിടങ്ങു്.

പരികേട്ട് - കറച്ചിൽ, നാണക്കേട്. (പ-മ.)

പരിക്ക-൧. ഇന്നപ്പോൾ പണം കൊടുത്തുകൊള്ളാമെന്നു ഒരു സൎക്കാരുദ്യോഗസ്ഥന്റെ മുമ്പാകെ ഒരു ഉടമ്പടി ചെയ്ക. ൨. ശപഥം, പ്രതിജ്ഞ.

പരിക്കു്, പരുക്കു്-൧. മുറിവു്. ൨. ഒരു വൃക്ഷം. ൩. തഴമ്പു്.

പരിക്രമ(ണ)ം-൧. ചുററം നടക്ക. ൨. നടക്കുക, പാദസഞ്ചാരം.

'സുരാംഗനാനാമവനൌപരിക്രമഃ'

പരിക്രമത്തിനു പാദസഞ്ചാരം എന്നും ക്രീഡാസഞ്ചാരം എന്നും പറയാം.

പരിക്രമസഹം-ആട്.

പരിക്രമിക്കുന്നു-ചുററം നടക്കുന്നു.

പരിക്രയ(ണ)ം-വിലയ്ക്കു വാങ്ങിക്ക.

പരിക്രാന്ത-വി. ചുററം നടക്കപ്പെട്ട.

പരിക്രിയ-ം. പരിജനങ്ങൾ മുതലായവർ വന്നു ചുററം നില്ക്കുക. പരികരണം എന്നത്ഥം. ൨. വീണ്ടെടുപ്പ്.

പരിക്ഷതം-മുറിവുപെട്ടതു്.

പരിക്ഷാ-ചളി, തൊലി.

പരിക്ഷിപ്ത-വി. ചുററപ്പെട്ട, മതിൽ കിടങ്ങു മുതലായതിനാൽ ചുററപ്പെട്ട.

പരിക്ഷീ(വ)ബ-വി. നല്ലവണ്ണം ലഹരി പിടിച്ച.

പരിക്ഷേപം-ചുററൽ, ചുററ്.

പരിഖ-കിടങ്ങ്, കഴി, കോട്ടയുടെ ചുററം കാണപ്പെടുന്ന കിടങ്ങ്. നാലുപുറവും കഴിച്ചുണ്ടാക്കപ്പെട്ടതു് എന്നത്ഥം.

പരിഖാത-വി. കഴിക്കപ്പെട്ട.

പരിഖിന്ന-വി. ദുഃഖിക്കപ്പെട്ട.

പരിഖേദം-ദുഃഖം.

പരിഖ്യാതി-കീത്തി.

പരിഗണനം-പൂണ്ണമായിതിട്ടപ്പെടുത്തുക.

പരിഗണനീയം— വിചാരിക്കപ്പെടേണ്ടതു്.

പരിഗണിക്കുക-എണ്ണുക, വിചാരിക്കുക, ചേക്കുക, ബഹുമാനിക്കുക.

പരിഗണിത-വി. എണ്ണപ്പെട്ട, വിചാരിക്കപ്പെട്ട, ചേക്കപ്പെട്ട, ബഹുമാനിക്കപ്പെട്ട

പരിഗണ്യ-വി. വിചാരിക്കത്തക്ക.

പരിഗത-വി. വ്യാപിച്ചിരിക്കുന്ന, ചുററിയിരിക്കുന്ന.

പരിഗമം-ം. ചുററംനടക്ക. ൨. അന്വേഷിച്ചുനടക്കുക. ൩. അറിക, നിശ്ചയപ്പെടുത്തുക.

പരിഗജ്ജനം-മുഴക്കം, ചുററം ശബ്ദംകൊണ്ടുള്ള നിറപ്പ്.

പരിഗജ്ജിക്കുന്നു-മുഴക്കുന്നു, ചുററം ശബ്ദംകൊണ്ടു നിറയ്ക്കുന്നു.

പരിഗ്രഹ്യ-വി. കൈകൊള്ളപ്പെടുവാൻ തക്ക.

പരിഗ്രഹ്യ-വിവാഹം ചെയ്യപ്പെട്ടസ്ത്രീ.

പരിഗ്രഹണം-സ്വീകാരം.

പരിഗ്രഹം-ം. കൈക്കൊള്ളുക. ൨. കുടുംബം. ൩. ശാപം, ആണ. ർ. പത്നി. ൫. പരിചാരകജനം. ൬. വേർ.

പരിഗ്രഹിക്കുന്നു – കൈക്കൊള്ളുന്നു, സ്വീകരിക്കുന്നു.

പരിഗ്രഹീതാവ്-ഭത്താവ്.

പരിഘം-ം. ഇരുമ്പുലക്ക, ചുററം ഹനിക്കുന്നതു് എന്നത്ഥം. ൨. കൊല. ൩. സാക്ഷി.

പരിഘാതനം-ം. ഇരുമ്പുലക്ക. ൨. വധം (കൊല).

പരിഘാതം-വധം, കൊല.

പരിച,പരിശ-വെട്ടും മററം തടുപ്പാൻ തോലുകൊണ്ടുണ്ടാക്കുന്ന ഒരു വസ്തു.

പരിചപ്പിടി = സംഗ്രഹം.

'വെട്ടുംകുത്തുംപരിശയ്ക്കത്രെ
കിട്ടും വിരുതുപണിക്കക്കെന്നും'

(സ്യമന്തകം തുള്ളൽ)

പരിചനം-പരിചയം. (പ-മ.)

പരിചയം-ശീലം, അറിവ്, അഭ്യാസം, അടയാളം. മറെറാരു പര്യായം- സംസ്തവം.

പരിചയം എന്നതു് ഒരു വസ്തുവിനോടുകൂടെ വളരെക്കാലം കൂടിയിരിക്ക ആകുന്നു.

പരിചയരസം-സഹവാസസൌഖ്യം.

പരിചയിക്കുന്നു-ശീലിക്കുന്നു, അഭ്യസിക്കുന്നു.

പരിചരണം-ശുശ്രൂഷ.

**പരിചരൻ**-ഥ. അകമ്പടിക്കാരൻ. ര. ശുശ്രൂഷക്കാരൻ. ന. സേനയുടെ പു റവും നടന്നു സൈന്യങ്ങളുടെ അററകു റവുകൾ നോക്കിക്കണ്ടറിയുന്നവൻ. ൪. യുദ്ധസമയത്തിൽ സാമന്തന്മാരെ കൊ ണ്ടു നടക്കുന്നവൻ.

**പരിചരിക്കുന്നു**-ശുശ്രൂഷിക്കുന്നു.

**പരിചര്യ**-ശുശ്രൂഷ, പരിചരിക്കുക. എ പ്പോഴും സമീപത്തിൽ തന്നെ ഉണ്ടായി രിക്കുക എന്നർത്ഥം.

**പരിചാരകഗുണചതുഷ്ടയം**- രോഗി യോടും വൈദ്യനോടും ദൃഢസ്നേഹം, സ ദാചാരം, ക്രിയാസാമർത്ഥ്യം, ബുദ്ധിമ ത്വം ഇവ ൪ം.

**പരിചാരകൻ**-ശുശ്രൂഷക്കാരൻ, ഭൃത്യൻ. സ്വാമിയെ പരിചരിക്കുന്നവനെന്നർത്ഥം

**പരിചാരിക**-ശുശ്രൂഷക്കാരി.

**പരിചാര്യ**-വി. ശുശ്രൂഷിപ്പാൻ തക്ക, വന്ദിപ്പാൻ തക്ക.

**പരിചിൽ**-ഥ. ഭംഗിയായി. ര. ഏററവും

**പരിചിത**-വി. പരിചയിക്കപ്പെട്ട, അറി യപ്പെട്ട.

**പരിചിതി** - ജ്ഞാനം, അറിവു്, അ ഭ്യാസം.

**പരിചു്**-അ. ഥ. യുക്തമായി. ര. തുല്യ മായി.

**പരിചു്**-ഥ. പ്രകാരം. ര. തുല്യത. ന. യോഗ്യത. ൪. വിധം.

പരിചൊട്ടു്-എന്നതിലെ പരിചു് എ ന്നതിനു നല്ലമാതിരി, ഭംഗി, പ്രകാരം എന്നീ അർത്ഥങ്ങൾ ഉണ്ടു്. പരിചുകെട്ടു ക=മടയനാക്കുക, തോല്പിക്ക.

**പരിചൊട്ടു്**-അ. വേണ്ടപോലെ, ഭംഗി യിൽ.

**പരിച്ഛദം**-ഥ. അകമ്പടിക്കാരും മററും, പരിജനം ര. കുടുംബം.

**പരിച്ഛന്നം**-വി. ഥ. മൂടപ്പെട്ട, വസ്ത്രം ധരിക്കപ്പെട്ട. ര. പടന്ന. ന. പരിവാ രത്താൽ ചുററപ്പെട്ട. ൪. ഒളിക്കപ്പെട്ട

**പരിച്ഛിന്ന**-വി. ഥ. നിശ്ചയിക്കപ്പെട്ട. ര. മുറിക്കപ്പെട്ട.

**പരിച്ഛേത്താവു്**- ഥ. മുറിക്കുന്നവൻ. ര. നിശ്ചയിക്കുന്നവൻ.

**പരിച്ഛേദൻ** - നിശ്ചയത്തോടു കൂടിയ വൻ.

**പരിച്ഛേദം**-ഥ. ചില പുസ്തകങ്ങളിലെ വകുപ്പു്. ര. മുറിക്ക. ന. നിശ്ചയം.

**പരിച്ഛേദിക്കുന്നു**- ഥ. വിഭാഗിക്കുന്നു. ര. മുറിക്കുന്നു. ന. നിശ്ചയിക്കുന്നു. ൪. ക്ലിപ്തപ്പെടുന്നു.

**പരിച്ഛേദ്യ**-വി. ഥ. മുറിക്കപ്പെടുവാൻ തക്ക. ര. നിശ്ചയിക്കപ്പെടുവാൻ തക്ക.

**പരിജനം**-ഭൃത്യകൂട്ടം.

**പരിജ്ഞാത**-വി. അറിയപ്പെട്ട.

**പരിജ്ഞാനം**-പരിചയം, അറിവു്.

**പരിണത**-വി. ഥ. പഴുത്ത, പാകംവന്ന, പരിപക്വമായ. ര. പഴയ. ന. വള ഞ്ഞ. ൪. പൂർണ്ണമായ.

'പരിണതശരച്ചന്ദ്രബിംബം'

(ഭാരതം)

**പരിണതൻ**-ഥ. പരിപൂർണ്ണൻ. ര. പഴ യവൻ. ന. താഴാൻ പോകുന്നവൻ.

**പരിണതം**-ഥ. കുത്തുവാനായിട്ടു കുനിയു ന്ന ആന. ര. മൂലധനം. ന. പാകംവ ന്നതു്. ൪. കാലവശത്താൽ പരിപാക ത്തെ പ്രാപിച്ച ബുദ്ധി മുതലായതിന്റെ പേർ. പരിണമിച്ചതു (അവസ്ഥാന്തര ത്തെ) പ്രാപിച്ചതു് എന്നു ശബ്ദാർത്ഥം.

**പരിണതരവി**-സന്ധ്യാസമയത്തെ സൂ ര്യൻ.

**പരിണതി**-രൂപാന്തരം, പരിണാമം, അവസാനം. [ണതി'

'സംബന്ധങ്ങൾ; അതുചുരുക്കക പറകപ

(നളചരിതം കഥകളി)

**പരിണമത്ത്**-വി. അസ്തോന്മുഖമായ.

**പരിണമനം**-അവസാനം.

**പരിണമിക്കുന്നു**-അവസാനിക്കുന്നു. (കാ ക്രി. പരിണമിപ്പിക്കുന്നു.) [നാമം-പരിണമനം, പരിണാമം.]

**പരിണയനം**-വിവാഹം. കൂട്ടിക്കൊണ്ടു വരുക എന്നർത്ഥം.

**പരിണയിക്കുന്നു**-വിവാഹം കഴിക്കുന്നു.

**പരിണാമദൃഷ്ടി**-ന. അവസാനംവരെ സൂക്ഷിക്കുക. ഉ. (സാഹിത്യസാഹ്യത്തിൽ) അവസാനം വരെ ജിജ്ഞാസ ശമിപ്പിക്കാതെ സൂക്ഷിക്കുന്ന കഥാഗുണം

**പരിണാമം**-ന. അവസ്ഥാഭേദം. ഒരു സ്വഭാവമുള്ളതു മറെറാന്നായിത്തീരുക. (പാൽ അവസ്ഥാഭേദംകൊണ്ട് മറെറാന്നായിത്തീരുന്നതു നോക്കുക). പരിണതിയെ (രൂപാന്തരത്തെ) പ്രാപിക്കുക എന്നർത്ഥം.

ഉ. പാകത. ൩. അവസാനം. ർ. ഒരലങ്കാരം.

**പരിണാമി**-അവസാനത്തോടുകൂടിയത്.

**പരിണായം**-ന. ചൂതുപോർ, എണ്ണം നോക്കി ചൂതുവെക്കുക. പരിതഃ=ഇടത്തും വലത്തും ഉള്ള നയനാ നയിപ്പിക്കുക. ഉ. ചുററിനടത്തിക്കുക.

**പരിണാഹം**-വിശി. എല്ലാടവും ബന്ധിക്കപ്പെടുന്നത് എന്നർത്ഥം. മറെറാരു പര്യായം-വിസ്താരം, വിശാലത.

'പരിണാഹം മൂന്നുമൊരുപോലെതന്നെ'

(ഭാരതം കണ്ണപവം)

**പരിണിനീഷിതാ**-വിവാഹം ചെയ്യുന്നായി ഇച്ഛിക്കപ്പെട്ടവൾ.

**പരിണീതം**-വിവാഹം ചെയ്യപ്പെട്ട.

**പരിണീതാ**-വിവാഹംചെയ്യപ്പെട്ട സ്ത്രീ.

**പരിണേതാവ്**-ഭർത്താവ്.

**പരിതപിക്കുന്നു**-ദുഃഖിക്കുന്നു.

**പരിതപ്ത**-വി. ന. ദുഃഖിച്ച. ഉ. ചൂടുപിടിപ്പിക്കപ്പെട്ട.

**പരിതസ്സ്**-അ. ചുററും, എല്ലാടവും.

**പരിതാപം**-ന. ദുഃഖം, സങ്കടം. ഉ. ചൂട്.

**പരിതാപഹം**-ദുഃഖത്തെ കളയുന്നത്.

**പരിതുഷ്ട**-വി. സന്തോഷിച്ച.

**പരിതുഷ്ടി**-സന്തോഷം.

**പരിതോഷം**-സന്തോഷം.

**പരിത്തി**-ന. നൂൽപഞ്ഞിമരം. ഉ. നൂൽപ്പഞ്ഞി.

**പരിത്തിക്കുരു**-നൂൽപ്പഞ്ഞിക്കുരു.

**പരിത്തിനൂൽ**-പഞ്ഞിനൂൽ.

**പരിത്യക്ത**-വി. ഉപേക്ഷിക്കപ്പെട്ട.

**പരിത്യജിക്കുന്നു**-ഉപേക്ഷിക്കുന്നു.

**പരിത്യാഗം**-ഉപേക്ഷിക്കുക.

**പരിത്യാഗിനി**-ഉപേക്ഷിക്കുന്നവൾ.

**പരിത്യാഗീ**-ഉപേക്ഷിക്കുന്നവൻ.

**പരിത്യാജ്യ**-വി. ഉപേക്ഷിക്കപ്പെട്ടുവാൻ തക്ക.

**പരിത്രസ്ത**-വി. ഭയപ്പെട്ട

**പരിത്രാണം**-ന. രക്ഷ. ഉ. കൊല്ലുവാനൊരുങ്ങിവരുന്നവനെ തടുക്കുക.

**പരിത്രാതാവ്**-രക്ഷിക്കുന്നവൻ.

**പരിത്രാത്രി**-രക്ഷിക്കുന്നവൾ.

**പരിത്രാതൃ** വി. രക്ഷിക്കുന്ന.

**പരിദരം**-ഒരു ദന്തരോഗം.

ലക്ഷണം-പല്ലുകളുടെ മാംസം ചീഞ്ഞുപോവുക, രക്തം തുപ്പുക.

പരിദാനം—കൈകമാററം, ഒന്നു കൊടുത്തു മറെറാന്നു വാങ്ങുക.

പരിദൂയമാന-വി. സന്തപിച്ചുകൊണ്ടിരിക്കുന്ന.

പരിദേവിക്കുന്നു-കരയുന്നു.

പരിദേവിതം-വിലാപം, കരച്ചിൽ.

പരിദേവനം-കരച്ചിൽ, വിലാപം, ദുഃഖസമയത്തിൽ വിചാരിച്ചു വിചാരിച്ചു കരഞ്ഞുപറയുക. ഓൎത്തോൎത്തു വിലപിക്കുക എന്നൎത്ഥം.

പരിധാനം-ഉടുക്കുന്ന വസ്ത്രം. ധരിക്കപ്പെടുന്നതു് എന്നൎത്ഥം.

പരിധാവി-പ്രഭവാദി സംവത്സരങ്ങളിൽ ൪൬-ാമത്തെ സംവത്സരം.

പരിധി-പ്ര. സൂൎയ്യചന്ദ്രന്മാരുടെ ചുററും ചിലപ്പോൾ കാണാവുന്ന പരിവേഷം നാലുഭാഗവും ചുററിയിരിക്കുന്നതു് എന്നൎത്ഥം. ഗോളത്തിനു ചുററുമുള്ള വൃത്തം. ഉ. പരിധിവെക്കുന്ന ചമത, പ്ലാശു അത്തി മുതലായ മരങ്ങളുടെ കോൽ (ചെറിയകൊമ്പു്) മുറിച്ചു ഹോമാഗ്നിയുടെ ചുററും വെക്കുവാനുണ്ടാക്കുന്ന ചമത. ന. ചുററളവു്, ഒരു വൃത്തത്തിന്റെ അതിരായ വട്ടം.

പരിധിച്ചമത-പരിധിവെയ്ക്കുന്നചമത.

പരിധിസ്ഥൻ-പ്ര. അകമ്പടിക്കാരൻ. ഉ. സേനയുടെ ചുററും നടന്നു സൈന്യങ്ങളുടെ അററകുററം നോക്കിക്കണ്ടറിയുന്നവൻ. ന. യുദ്ധസമയത്തിൽ സാമന്തന്മാരെക്കൊണ്ടു നടക്കുന്നവൻ. സേനയുടെ അവസാനത്തിൽ നില്ക്കുന്നവൻ എന്നൎത്ഥം.

പരിധൂസരം-മലിനം.

പരിധൃത-വി. ധരിക്കപ്പെട്ട, സഹിച്ച.

പരിന്തു്, പരുന്തു്-ഒരു പക്ഷി.

പരിപക്വ-വി. പ്ര. നല്ലവണ്ണം പാകം വന്ന. ഉ. നല്ലവണ്ണം വെന്ത; ദഹിച്ച, പഴുത്ത.

പരിപക്വത-പ്ര. പാകം. ഉ. വേവു്.

പരിപണം-മൂലധനം. മുതൽ വൎദ്ധിപ്പാൻ വേണ്ടി ഉപയോഗപ്പെടുത്തുന്നതു് എന്നൎത്ഥം.

പരിപതനം-വീഴ്ച.

പരിപന്ഥി-ശത്രു. ദോഷം പറഞ്ഞുനടക്കുന്നവൻ എന്നൎത്ഥം.

പരിപാകം-പ്ര പക്വത, പാകം ഉ. അടക്കം. ന. പൂൎണ്ണത.

പരിപാകത-മനസ്സിന്റെ നൈരാശ്യം അല്ലെങ്കിൽ വിഷണ്ണതയ്ക്കും അഹങ്കാരത്തിനും ഒരുപോലെ വിപരീതമായുള്ളതും രണ്ടിനും മദ്ധ്യേ മിതമായ നിലയിൽ നില്ക്കുന്നതുമായ സമചിത്താവസ്ഥ.

പരിപാകിനി-ത്രികോല്പക്കൊന്ന.

പരിപാടി(ടീ)-ക്രമം, അനുക്രമം, കൃത്യമായ ക്രമം. ഉ. സ്വാദ്ധ്യായക്രമം.

പരിപാണ്ഡു-വി. നല്ലപോലെ വെളുത്ത.

പരിപാതം-വീഴ്ച.

പരിപാലക-വി. പ്ര. രക്ഷിക്കുന്ന. ഉ. ഭരിക്കുന്ന ന. സൂക്ഷിക്കുന്ന.

പരിപാലനം-പ്ര. രക്ഷ ഉ. ഭരണം

പരിപാലിക്കുന്നു-പ്ര. രക്ഷിക്കുന്നു. ഉ. ഭരിക്കുന്നു. ന. കാക്കുന്നു.

പരിപാലിത-വി. പ്ര രക്ഷിക്കപ്പെട്ട. ഉ. ഭരിക്കപ്പെട്ട. ന. കാത്തു സൂക്ഷിക്കപ്പെട്ട.

പരിപിഷ്ടകം-കാരീയം.

പരിപീഡനം-ഉപദ്രവിക്കുക.

പരിപീഡിത-വി. ഉപദ്രവിക്കപ്പെട്ട.

പരിപീത-വി. ൧. കുടിക്കപ്പെട്ട. ൨. മഞ്ഞനിറമായ.

പരിപീതകം-കുങ്കുമം.

പരിപൂതം-വി. ൧. ശുദ്ധിയാക്കപ്പെട്ട. ൨. പതിരശേഷം കളഞ്ഞ.

പരിപൂൎണ്ണ-വി. നിറഞ്ഞ, തികഞ്ഞ.

പരിപൂൎണ്ണത-നിറവ്, തികവ്, സമ്പൂൎണ്ണത. മറെറാരു പൎയ്യായം-ആഭോഗം.

പരിപൂൎത്തി-നിറവ്, തൃപ്തി.

പരിപൂരിത-വി. നിറഞ്ഞ, തികഞ്ഞ.

പരിപേല(വ)ം-ഒരു മരുന്ന്, കഴിമുത്തങ്ങ. എങ്ങും മാൎദ്ദവമുള്ളതെന്നൎത്ഥം.

പരിപോടകം-ഒരു കൎണ്ണരോഗം.

ലക്ഷണങ്ങൾ-കൎണ്ണപാളിയിൽ വേദനയോടും പൊള്ളലുകളോടും കൂടിയ നീരുണ്ടാകും. ചെറുപ്പത്തിൽ കാതു വളൎത്താതെ പിന്നീടു പെട്ടെന്നു വളൎത്തുന്നതാണ് ഈ രോഗത്തിനു കാരണം.

പരിപ്പ്-൧. തൊലികളഞ്ഞ പയറ്. ൨. തൊലികളഞ്ഞ പയറുകൊണ്ടുണ്ടാക്കിയ ഒരു കറി.

പരിപ്പുകാരൻ-ഊട്ടുപുരയിൽ വിചാരക്കാരൻ.

പരിപ്പുതേങ്ങ-ഒരു പലഹാരം.

ചെറുപരിപ്പിലും കടലപ്പരിപ്പിലും ഉണ്ടാക്കാം.

പരിപ്ലവ-വി. ൧. ഇളക്കമുള്ള. ൨. സ്ഥിരമില്ലാത്ത.

പരിപ്ലവം-൧. കളി. ൨. ഞെരുക്കം, ക്രൂരത.

പരിപ്ലവിക്ക-ഇളകുക.

പരിപ്ലുത-വി. ൧ ഇളക്കപ്പെട്ട. ൨. നനവുതട്ടിയ.

പരിപ്ലുത-മദ്യം.

പരിപ്ലുഷ്ട-വി. ചുടപ്പെട്ട.

പരിബൎഹം-൧. പരിവാരം. ൨. രാജചിഹ്നം, രാജാൎഹമായ വെൺകൊറ്റക്കുട, ചാമരം മുതലായവ. പ്രാധാന്യമുള്ളതെന്നൎത്ഥം.

പരിഭഗ്നം-മുറിക്കപ്പെട്ടത്.

പരിഭവം-൧. നിന്ദ. ൨. ഇളിവ്. ൩. അവമാനം. ൪. സങ്കടം. ൫. തോൽവി.

പരിഭവിക്കുന്നു-൧. നിന്ദിക്കുന്നു. ൨. തോല്പിക്കുന്നു.

പരിഭാവം-അവമാനം, നിന്ദ.

പരിഭാഷ-പൊരുൾ തിരിപ്പ്.

പരിഭാഷണം-൧. സംസാരം, സംഭാഷണം. ൨. ധിക്കാരം. ൩. നിയമം, ഉടമ്പടി. ൪. ചട്ടം. ൫. നിന്ദയോടുകൂടിയ ഉപാലംഭം. തൊട്ടതിലൊക്കെ ദോഷാരോപണംചെയ്തു പറക എന്നൎത്ഥം.

ഗുണാവിഷ്കരണപൂൎവ്വകം എന്നും നിന്ദാപൂൎവ്വകം എന്നും ഉപാലംഭം രണ്ടുവിധം. 'നീ വിദ്വാനായ ഒരാളിന്റെ മകനല്ലേ. നിനക്ക് ഇതു നന്നോ' =ഗുണാവിഷ്കരണപൂൎവ്വകം. 'വിദ്യാവിഹീനനായ നിനക്ക് ഇതു് അടുത്തതുതന്നെ' = നിന്ദാപൂൎവ്വകം. 'പരിഭാഷ' എന്നും പാഠം കാണുന്നു.

പരിഭാഷിക്കുന്നു-൧. സംസാരിക്കുന്നു. ൨. ധിക്കരിക്കുന്നു.

പരിഭാഷിത-വി. ൧ പറയപ്പെട്ട, സംസാരിക്കപ്പെട്ട. ൨. ധിക്കരിക്കപ്പെട്ട. ൩. പൊരുൾ തിരിക്കപ്പെട്ട.

പരിഭുക്ത-വി ൧. പഴയ. ൨. പെരുമാറിയ.

പരിഭുഗ്ന-വി. വളക്കപ്പെട്ട.

പരിഭൂത-വി. നിന്ദിക്കപ്പെട്ട, അവമാനിക്കപ്പെട്ട.

പരിഭൂഷണം-ഒരു രാജ്യത്തെ നികുതി മുഴുവൻ കൊടുത്തിട്ടു കിട്ടുന്ന സമാധാനം.

പരിഭൂഷിത-വി. അലങ്കരിക്കപ്പെട്ട.

പരിഭോക്തൃ-വി. ഭക്ഷിക്കുന്ന, അനുഭവിക്കുന്ന.

പരിഭോഗം-മ. അനുഭവം. വ. സംഭോഗം.

പരിഭ്രംശം-വീഴ്ച.

പരിഭ്രമം-മ. ഹൎഷം മുതലായതുനിമിത്തം കൎത്തവ്യകൎമ്മങ്ങളിലുള്ള താരാവിശേഷം, ആകുലം, ഉഴൽച്ച, കുഴപ്പം. വ. തിട്ടുക്കം. ന. ഭയം. (സം) ര. ചുററിസ്സഞ്ചരിക്കുക പൎയ്യായങ്ങൾ-സംവേഗം, സംഭ്രമം.

പരിഭ്രമിക്കുന്നു-മ. ആകുലപ്പെടുന്നു, ഉഴലുന്നു, അന്ധാളിക്കുന്നു. വ. തിട്ടുക്കപ്പെടുന്നു. ന. ഭയപ്പെടുന്നു. (സം) ര. ചുററിസ്സഞ്ചരിക്കുന്നു.

പരിഭ്രഷ്ട-വി. മ. വീണുപോയ. വ. ജാതിയിൽ നിന്നു പോയ.

പരിഭ്രാജൽ-വി. വല്ലവണ്ണംശോഭിക്കുന്ന.

പരിഭ്രാന്തി-മ. അറിവില്ലായ്മ. വ. ചുററുംനടക്ക. ന. ഒന്നിനെ മറെറാന്നായിട്ടു വിചാരിക്ക.

പരിമഗ്ന-വി. മുങ്ങിയ.

പരിമണ്ഡലം-വൃത്തം, ഉരുണ്ട വസ്തു.

പരിമൎദ്ദനം-മ. തിരുമ്മൽ, പൊടിക്ക. വ. ആലിംഗനം ചെയ്ക. ന. ഞെരുക്കുക.

പരിമൎദ്ദിക്കുന്നു-മ. അരയ്ക്കുന്നു. വ. തിരുമ്മുകയും മററും ചെയ്യുന്നു.

പരിമളക്കുഴമ്പു്-സുഗന്ധമുള്ള കുഴമ്പ്.

പരിമളത്തൈലം- പരിമളമുള്ള തൈലം, നല്ല മണമുള്ള എണ്ണ.

പരിമളം-മ. സുരതാദിവിമൎദ്ദം കൊണ്ടുണ്ടായ മാല്യാദികളുടേയും, ചന്ദനാദിജന്യമായ ചന്ദനാദിയുടേയും, ജനങ്ങളുടെ മനസ്സിനെ ആകൎഷിക്കത്തക്കതായ ഗന്ധം ധരിക്കപ്പെടുന്നതു്, സ്വദേശരത്യത്തെ നിലനിറുത്തിക്കൊണ്ടു പോകുന്നതു്, ജനമനസ്സുകളെ ധരിക്കുന്നതു്. ഇങ്ങനെ ശബ്ദാൎത്ഥം. വ. സുഗന്ധം. ന. കുങ്കുമാദികളായ സൌരഭ്യ വസ്തുക്കളെ മൎദ്ദിക്കുക. ഗന്ധം പരത്തുക എന്നൎത്ഥം. ര. വിലാസം. ല. ഒരു വൃത്തം.

'വിമൎദ്ദോത്ഥപരിമളേ
ഗന്ധേജനമനോഹരേ'

(അമരം)

വിമൎദ്ദോത്ഥേ (വിമൎദ്ദത്താൽ ഉണ്ടായതായും) ജനമനോഹരേ (ജനങ്ങളുടെ മനസ്സിനെ അപഹരിക്കുന്നതായും ഉള്ള) ഗന്ധേ (ഗന്ധത്തിങ്കൽ) പരിമളശബ്ദം വൎത്തതേ (പരിമളശബ്ദം വൎത്തിക്കുന്നു) വിമൎദ്ദോത്ഥേ എന്നു പറഞ്ഞതിനാൽ ജനമനോഹരമാണെങ്കിലും മുല്ലപ്പൂ, മല്ലികപ്പൂ മുതലായതിന്റെ സ്വാഭാവികമായ ഗന്ധത്തിനു ഈ പേർ പറയുമാറില്ലെന്നു തെളിയുന്നു. വിമൎദ്ദോത്ഥമല്ലെങ്കിലും ജനമനോഹരമാണെങ്കിൽ ആ ഗന്ധത്തിനും പരിമളം എന്നു പറയാറുമുണ്ടു കാണുന്നു.

പരിമളിക്കുന്നു-സൌരഭ്യമുണ്ടാകുന്നു.

പരിമാണം-അളവ്, വലിപ്പം.

പരിമാൎജ്ജനം-ശുദ്ധിയാക്കുക, വെടിപ്പാക്കുക.

പരിമാറുന്നു-പ്രയോഗിക്കുന്നു.

പരിമാററം-പ്രയോഗം.

പരിമി-ഒരുമാതിരി വലിയ കൊട്ട. (പരുമൻ എന്നും പറയാറുണ്ട്.)

പരിമിത-വി. മ. അളക്കപ്പെട്ട. വ. ചേൎക്കപ്പെട്ട. ന. ഇത്രയുണ്ടെന്നു തീൎച്ചയാക്കപ്പെട്ട.

പരിമിതി-പരിച്ഛേദം, പരിമാണം.

പരിമിളിത-വി. നല്ലവണ്ണം ചേൎന്ന, തമ്മിൽ കൂടിയ.

പരിമൃജ്യ-വി. പ്ര. വെടിപ്പാക്കപ്പെടേണ്ടുന്ന. വ. തൊടുവാൻ തക്ക.

പരിമ്ലാനം-വി. വാടിയ.

പരിമ്ലായി-ഒരു നേത്രരോഗം.

ഇതു തിമിരത്തിൽ ഒരിനമാണു്. ലക്ഷണം-ഇതു വന്നാൽ ദിക്കുകൾ മഞ്ഞളിച്ചിട്ടു കാണപ്പെടും.

പരിയപ്പാട്ടു്-ബ്രാഹ്മണന്റെ അടിമവേലക്കാരനായ ശൂദ്രന്റെ അവസ്ഥ.

പരിയപ്പെടുന്നു-അടിമപ്പെടുന്നു.

പരിയപ്പെട്ടവൻ-അടിമപ്പെട്ടവൻ.

പരിയം-വീട്ടിന്റെ പുറത്തെ സ്ഥലം.

പരിരക്ഷണം-രക്ഷ.

പരിരംഭ(ണ)ം-ആലിംഗനം. വേഗത്തിൽ മുറുകെ ചെയ്യുന്നതു എന്നൎത്ഥം.

പരിരംഭിക്കുന്നു-ആലിംഗനം ചെയ്യുന്നു.

പരിലസിക്കുന്നു-ശോഭിക്കുന്നു.

പരിലസിത-വി. പ്ര. ശോഭിച്ച. വ. ചുററപ്പെട്ട.

പരിലാളനം-വാത്സല്യത്തോടെ വളൎത്തുക.

പരിലാളിക്കുന്നു-വാത്സല്യത്തോടെ വളൎത്തുന്നു.

പരിലേഖം-പ്ര. വര. വ. ചതുരംഗക്കളിക്കു കരു നിരത്തുന്ന വര.

പരിലേഹി-ഒരു കൎണ്ണരോഗം.

ലക്ഷണം-ചെവിയുടെ അകത്തെത്തട്ടും കൎണ്ണപാളിയും നിൎമ്മാംസമാവും. കഫരക്തങ്ങളിൽ നിന്നുണ്ടാകുന്ന കൃമികൾ അവിടവിടെ വ്യാപിച്ചിട്ടാണു് ഇങ്ങനെ ചെയ്യുന്നതു്.

പരിവട്ടം-പ്ര. ചില രാജാക്കന്മാർ ഉടുക്കുന്ന വസ്ത്രത്തിനു പറയുന്ന ബഹുമാനപ്പേർ. വ. തലപ്പാവു്. ന. നൂൽചുററുന്ന റാട്ടു്.

പരിവൎജ്ജനം-പ്ര. വധം, കൊല. ഉത്തമന്മാരാൽ വൎജ്ജിക്കപ്പെടുന്നതു എന്നൎത്ഥം. വ. ഉപേക്ഷിക്ക.

പരിവൎജ്ജിത-വി. ഉപേക്ഷിക്കപ്പെട്ട.

പരിവൎജ്ജ്യചതുഷ്ടയം-കളിച്ചുവരുന്ന കുതിര, മദിച്ചുവരുന്ന ആന, കാമിച്ചു നടക്കുന്ന കാള, ദുഷ്ടനായ വിദ്വാൻ ഇവരോടു അടുക്കരുതു്.

പരിവൎത്തനം-പ്ര. തമ്മിൽ മാററം. വ. ചുററിത്തിരിക, ചുററിനടപ്പു്. ന. പിൻതിരിക.

പരിവൎത്തം-പ്ര. തമ്മിൽമാററം. വ. തോററോടുക. ന. ലോകനാശം. ദ. ചുററിത്തിരിക.

പരിവൎത്തികാ-ഒരു ക്ഷുദ്രരോഗം.

ലക്ഷണം-ലിംഗത്തിലെ തൊലി പിറകോട്ടു മാറി മണിയുടെ താഴെ മുഴപോലെ തൂങ്ങുകയും വേദന കാണുകയും ചെയ്യും.

പരിവൎത്തിക്കുന്നു-പ്ര. തമ്മിൽ മാറുന്നു വ. തോററോടുന്നു. ന. ചുററിനടക്കുന്നു.

പരിവഹൻ-ഒരു വായു.

ആകാശഗംഗയേയും സപ്തൎഷിഗോളങ്ങളെ വേർതിരിച്ചു കാണിച്ചും പ്രവൎത്തിപ്പിക്കുന്ന ആറാം വായുമണ്ഡലത്തിലെ വായു.

പരിവാദകൻ-പ്ര. ആവലാതിക്കാരൻ. വ. അപവാദം പറയുന്നവൻ.

പരിവാദം-പ്ര. നിന്ദ. വ. അപവാദം. ന. വീണയുടെ കമ്പി.

പരിവാദിനി-ഏഴുകമ്പിയുള്ള വീണ. സപ്തസ്വരങ്ങളെ സ്പഷ്ടമായി പുറപ്പെടുവിക്കുന്നതു എന്നൎത്ഥം.

പരിവാപനം-ക്ഷൌരം

**പരിവാപം**-൧. ക്ഷൌരം. ൨. കുളം. ൩. പരിജനം.

**പരിവാപിത**-വി. ക്ഷൌരം ചെയ്യപ്പെട്ട.

**പരിവാപിതം**-രോമം കളഞ്ഞ (ക്ഷൌരം ചെയ്യിച്ച) ശിരസ്സുമുതലായതു. പരിവപനം ചെയ്യപ്പെട്ടതെന്നൎത്ഥം.

**പരിവാരം**-൧. ദാസൻ, അകമ്പടിക്കാരൻ, സേവകൻ മുതലായ ജനം. ൨. വാളുറ. ൩. ഉപകരണം.

**പരിവാഹം**-൧. ഒഴുക്കു്. വെള്ളംകവിച്ചൽ. ൨. വെള്ളം കൊണ്ടു പോകുന്നതിനുള്ള കൈവഴി.

**പരിവാഹി**-നിഷ്പ്രയോജനമായി പല സംഖ്യ വൎദ്ധിപ്പിക്കുന്ന വാക്യം. (സാഹിത്യസാഹ്യം).

**പരിവീത**-വി ചുറ്റും വളയപ്പെട്ട.

**പരിവിത്തി**-അനുജൻ വേട്ടിട്ടും താൻ വേൾക്കാത്ത ജ്യേഷ്ഠൻ. ശ്രാദ്ധാദികളിൽ വൎജ്ജിക്കപ്പെടുന്നവൻ എന്നൎത്ഥം.

**പരിവൃഢൻ**-പ്രഭുത്വമുള്ളവൻ, അധിപൻ. എങ്ങും വൎദ്ധിച്ചുകൊണ്ടിരിക്കുന്നവൻ എന്നൎത്ഥം.

**പരിവൃത**-വി. ൧. ചുറ്റും വളയപ്പെട്ട. ൨. മുഴുവനും ലഭിച്ച.

**പരിവൃത്തം**-വാസ്തവോക്ത്യലങ്കാരത്തിൽ പെട്ട ഒരു അലങ്കാരം.

**പരിവൃത്തി**-൧. ഒന്നു കൊടുത്തു മറ്റൊന്നു വാങ്ങിക്ക. ൨. ചുറ്റിലും വളയുക ൩. അവസാനം. ൪. അനുജൻ വേട്ടിട്ടും താൻ വേൾക്കാത്ത ജ്യേഷ്ഠൻ. ൫. ഒരലങ്കാരം.

സമത്തെ കൊടുത്തു സമത്തേയും ന്യൂനത്തെ കൊടുത്തു അധികത്തേയും അധികത്തെ കൊടുത്തു ന്യൂനത്തേയും വാങ്ങുന്നതു്-പരിവൃത്തി എന്ന അലങ്കാരം.

**പരിവേകം**-പരിഭവം (പ-മ)

**പരിവേത്താവു്** - ജ്യേഷ്ഠനേക്കാൾ മുമ്പിൽ വേട്ട അനുജൻ. ജ്യേഷ്ഠനെവിട്ടു ഭാൎയ്യയെ സ്വീകരിച്ചവൻ എന്നൎത്ഥം.

**പരിവേദനം**-൧. അതിവേദന. ൨. വിവാഹം ൩. വിവാദം.

**പരിവേദം**-പൂൎണ്ണമായ ജ്ഞാനം.

**പരിവേദി**-വി. ൧ നൊമ്പരം സഹിക്കുന്ന. ൨. അറിയുന്ന. (സ്ത്രീ-പരിവേദിനി).

**പരിവേഷകൻ**-വിളമ്പുകാരൻ.

**പരിവേഷം**-൧. സൂൎയ്യചന്ദ്രന്മാരുടെ ചുറ്റും ചില സമയം കണ്ടുവരുന്ന വളയം പരിവേശം എന്നും പറയാം. പരിധി, ഉപസൂൎയ്യകം, മണ്ഡലം.

ഇതു് ഒരു ഉൽപാതസൂചകമാണെന്നു കാണുന്നു.

൨. വൃത്തത്തെ ചുറ്റുക. ൩. ചോറു കറി മുതലായവ വിളമ്പുക.

**പരിവേഷ്ടനം**-ചുറ്റുക.

**പരിവേഷ്ടിക്കുന്നു**-ചുറ്റുന്നു.

**പരിവേഷ്ടിത**-വി. ചുറ്റപ്പെട്ട.

**പരിവ്യാധം**-൧. കൊങ്ങുവൃക്ഷം. ചെറുകൊന്ന. വായുവിനാൽ ഇളക്കപ്പെടുന്നതു് എന്നൎത്ഥം. ൨. ആറ്റുവഞ്ചിവൃക്ഷം. ജലത്തിനാൽ താഡിക്കപ്പെടുന്നതെന്നൎത്ഥം.

**പരിവ്യാപ്ത**-വി. വ്യാപിക്കപ്പെട്ട, പരക്കപ്പെട്ട.

**പരിവ്രജ്യ**-സന്ന്യാസിയുടെ അവസ്ഥ.

**പരിവ്രാജകൻ**-സന്ന്യാസി, നാലാമത്തെ ആശ്രമത്തിൽ പ്രവേശിച്ച ഒരു ബ്രാഹ്മണൻ.

**പരിവ്രാജിക**-സന്ന്യാസിനി.

**പരിവ്രാട്ടു്**-സന്ന്യാസി. സൎവ്വവും ഉപേക്ഷിച്ചു പോകുന്നവൻ എന്നൎത്ഥം.

പരിശ-വെട്ടുമറവും തടപ്പാൻ തോലുകൊണ്ടുണ്ടാക്കിയ ഒരു വസ്തു. (പരിച എന്നതുനോക്കുക).

പരിശിഷ്ട-വി. ശേഷിക്കപ്പെട്ട.

പരിശിഷ്ടം-ഒടുക്കം കൂടിയതു്.

പരിശീലനം-ശീലിക്കുക.

പരിശുദ്ധ-വി. ൧. ശുദ്ധമുള്ള. ൨. കറയില്ലാത്ത.

പരിശുദ്ധാത്മാവു്-പുണ്യാത്മാവു്.

പരിശുദ്ധി-൧. പുണ്യം. ൨. കറയില്ലായ്മ.

പരിശുഷ്ക-വി. നല്ലവണ്ണം ഉണങ്ങിയ.

പരിശുഷ്കം-നെയ്യിൽ വറുത്ത മാംസം.

പരിശേഷം-ശിഷ്ടം കൂടിയതു്, പരിശിഷ്ടം.

പരിശോധനം-ശോധനചെയ്ക.

പരിശോധിക്കുന്നു-൧. ശോധനചെയ്യുന്നു. ൨. നന്നാക്കുന്നു.

പരിശോഷം-ഉണങ്ങുക.

പരിശോഷിത-വി. ഉണക്കപ്പെട്ട.

പരിശ്രമം-൧. അദ്ധ്വാനം. ൨. ക്ഷീണം

പരിശ്രമിക്കുന്നു-൧ അദ്ധ്വാനിക്കുന്നു. ൨. ക്ഷീണിക്കുന്നു.

പരിശ്രയം-൧. ആശ്രയം, സ്ഥലം. ൨. കൂട്ടം

പരിശ്രാന്ത-വി. തളൎന്ന, വാടിയ.

പരിശ്രാന്തി-അദ്ധ്വാനം. ൨. തളൎച്ച.

പരിശ്രാവ്യ-വി. കേൾക്കപ്പെടുവാൻ തക്ക.

പരിശ്രുത-കേൾക്കപ്പെട്ട.

പരിശ്ലിഷ്ട-വി. ആലിംഗനംചെയ്യപ്പെട്ട

പരിഷ-ജനസമൂഹം, കൂട്ടം.

പരിഷത്തു്-൧. സഭ. നാലുപുറത്തുനിന്നും ആളുകൾ വരുന്ന സ്ഥലം എന്നൎത്ഥം. ൨. കൂട്ടം.

പരിഷദൻ, പരിഷദ്യൻ, പരിഷദ്ബലൻ-സഭാവാസി.

പരിഷധൻ-കൂട്ടത്തിൽ ഒരുത്തൻ.

പരിഷ്കന്ദൻ-മനസ്സില്ലാമനസ്സോടെ അന്യനാൽ വളൎത്തപ്പെട്ടവൻ.

പരിഷ്കരിക്കുന്നു- ൧. അലങ്കരിക്കുന്നു. ൨. മിനുസമാക്കുന്നു. ൩. വെടിപ്പാക്കുന്നു.

പരിഷ്കാരം-൧. അലങ്കാരം, ആഭരണം. ൨. മിനുക്കുക, തെളിവാക്കുക. ൩. ശുദ്ധിയാക്കുക. ൪. മുമ്പിലത്തെ സ്ഥിതിയിൽനിന്നും കുറെക്കൂടി നല്ലസ്ഥിതിയിൽ കൊണ്ടുവരിക

പരിഷ്കൃത-വി അലങ്കരിക്കപ്പെട്ട.

പരിഷ്കൃതി-അലങ്കാരം.

പരിഷ്യന്ദം- വസ്ത്രാഭരണാദികളെക്കൊണ്ടു ചമയുക. (പരിസ്പന്ദത്തിന്റെ പാഠം.)

പരിഷ്വജിക്കുന്നു - ആലിംഗനം ചെയ്യുന്നു.

പരിഷ്വംഗം-ആലിംഗനം.

പരിസംഖ്യ-൧. കണക്കുകൂട്ടുക. ൨. ഒരലങ്കാരം. (വാസ്തവവാക്യാലങ്കാരത്തിൽപെട്ടതു്.)

അനേക വസ്തുക്കളിൽ ചേരാവുന്ന ധൎമ്മത്തെ അതിലല്ല ഇതിലാണെന്നു ഒന്നിൽത്തന്നെ നിയമനം ചെയ്യുന്നതു്-പരിസംഖ്യ.

പരിസരം-൧. ആറുകൾക്കും മലകൾക്കും അടുത്ത സ്ഥലം. നാലുപാടും സഞ്ചരിക്കാവുന്നേടം എന്നൎത്ഥം. ൨. മരണം. ൩. തൊട്ടടുത്തു്, വക്ക്. ൪. ഭാഗം. ഉ-ം, ക്ഷോണീപരിസരം.

പരിസൎപ്പം-൧. ചുററിനടക്കുക. ൨. ഗമനം. ൩. ഒഴുകുക, പിന്നാലെ പോകുക. ൪. പരിജനങ്ങൾ മുതലായവരു

വന്നു ചുറ്റും നില്ക്കുക. ചുററുമുള്ള സൎപ്പ ണം എന്നൎത്ഥം.

പരിസൎയ്യ-പ്ര. എല്ലായിടത്തും നടക്കുക. വ. അടുത്ത വരവ്.

പരിസ്കന്ദൻ-മനസ്സില്ലാമനസ്സോടെ അ ന്യനാൽ വളൎത്തപ്പെട്ടവൻ. ഉഴന്നവൻ എന്നൎത്ഥം. പരിഷ്കന്ദൻ എന്നുമാവാം.

പരിസ്കന്ദം-ചുററിനടക്കുക.

പരിസ്കാരം-ആഭരണം. പരിഷ്കാരം എ ന്നതിന്റെ പാഠം.

പരിസ്കൃത-വി. അലങ്കരിക്കപ്പെട്ട (പ രിഷ്കൃതത്തിന്റെ പാഠം)

പരിസ്തോമം-പ്ര. ആനപ്പുറത്തു വിരിക്കു ന്ന കമ്പിളി, ചെമ്പാലിപ്പടം. വ. രത്ന കമ്പിളി. സ്തുതിക്കപ്പെടുന്നതു് എന്ന ൎത്ഥം. ന. മേൽവിരിപ്പ്.

പരിസ്പന്ദം-വസ്ത്രാഭരണാദികളെക്കൊണ്ടു ചമയുക. ഗുണാധാനത്തിന്നായിക്കൊണ്ടു പിന്നെയും പിന്നെയുമുള്ള ചലനം എ ന്നൎത്ഥം. വ. കളി. ന. പൂചൂടുക.

പരിസ്പന്ദിക്കുന്നു-പ്ര. കളിക്കുന്നു. വ. പൂ ചൂടുന്നു.

പരിസ്യന്ദം-വസ്ത്രാഭരണാദികളെക്കൊ ണ്ടു ചമയുക. (പരിസ്പന്ദത്തിന്റെ പാഠം)

പരിസ്രുത-വി. ഇററിററുവീഴുന്ന, ഒഴു കുന്ന.

പരിസ്രുത-വാററിയെടുത്ത മദ്യം, മദ്യം.

പരിസ്രുത്ത്-പ്ര. മദ്യം. ചുററും ഒലിക്കു ന്നതു് എന്നൎത്ഥം. വ. തുള്ളിയായിട്ടു വീ ഴുക.

പരിഹരണം-പ്ര. പ്രതിക്രിയ. വ. നീ ക്കിക്കളക.

പരിഹരിക്കുന്നു-പ്ര. നിക്കികളയുന്നു. വ. സൌഖ്യമാക്കുന്നു.

പരിഹസിക്കുന്നു-പ്ര. നിന്ദിക്കുന്നു. വ. ചിരിക്കുന്നു.

പരിഹസിത-വി. പ്ര. നിന്ദിക്കപ്പെട്ട. വ. ചിരിക്കപ്പെട്ട.

പരിഹസ്തം-കൈമോതിരം.

പരിഹാരം-പ്ര. പ്രായശ്ചിത്തം വ. നീ ക്കംപോക്ക്. ന. തള്ളിക്കളക.

പരിഹാൎയ്യ-പരിഹരിക്കപ്പെട്ടവാൻതക്ക

പരിഹാൎയ്യം-പ്ര. പൊൻവള. വ. ഉപേ ക്ഷിക്കാവുന്നതു്.

പരിഹാസം-പ്ര. നിന്ദ. വ. ചിരി. ന. സന്തോഷം, ഉല്ലാസം, നേരംപോക്ക്, ക്രീഡ.

പരിഹാസവചനം= സോല്ലുണ്ഠനം, സോൽപ്രാസം.

'പാരംപരിഹസിച്ചീടുന്നവർകൾക്കു
ഘോരനരകമെന്നുവേദോക്തികൾ'
(ഭാരതം-സദാചാരവാക്യം)

പരിഹൃത-വി. പ്ര. ഉപേക്ഷിക്കപ്പെട്ട. വ. പരിഹസിക്കപ്പെട്ട.

പരീക്ഷ-പഠിത്തവും മററും ശോധനചെ യ്യുക.

പരീക്ഷക-വി. പരീക്ഷിക്കുന്ന, ഗുണ ദോഷം അറിയുന്ന.

പരീക്ഷകൻ-പ്ര പരീക്ഷിക്കുന്നവൻ. ചുററും നോക്കിക്കാണുന്നവൻ എന്നൎത്ഥം. മറെറാരു പൎയ്യായം-കാരണികൻ. വ. പ്രമാണങ്ങളെക്കൊണ്ടു് പദാൎത്ഥത്തെ നി ശ്ചയിക്കുന്നവൻ.

പരീക്ഷകാ-ശോധനചെയ്യുന്നവൾ.

പരീക്ഷണം-ശോധന.

പരീക്ഷിക്കുന്നു-ശോധനചെയ്യുന്നു.

പരീക്ഷിക്കുന്നവൻ = പരീക്ഷകൻ, കാരണികൻ.

പരീക്ഷിത-വി. ശോധനചെയ്യപ്പെട്ട.

പരീക്ഷിതൻ-പ്ര. ശോധന ചെയ്യപ്പെ ട്ടവൻ. വ. അൎജ്ജുനന്റെ പുത്രന്റെ പു ത്രൻ. (പരീക്ഷിത്തു് എന്നും പറയും).

**പരീക്ഷിത്തു്**-ഒരു രാജാവു്, അൎജ്ജുനന്റെ പൌത്രൻ.

ഇദ്ദേഹം യുധിഷ്ഠിരനു ശേഷം ഹസ്തിനാപുരത്തിൽ സിംഹാസനാരൂഢനായി. ഋഷിശാപത്താൽ ഒരു പാമ്പു കടിച്ചു മരിച്ചു. ഇദ്ദേഹത്തിന്റെ രാജ്യഭാരാരംഭത്തോടു കൂടി കലിവൎഷം തുടങ്ങി. പരീക്ഷിത്തു് അൎജ്ജുന പുത്രനായ അഭിമന്യുവിന്റെയും വിരാട പുത്രിയായ ഉത്തരയുടേയും പുത്രനാകുന്നു. ഉത്തരയുടെ ഗൎഭത്തിൽ കിടന്നിരുന്നപ്പോൾ പരീക്ഷിത്തിനെ അശ്വത്ഥാമാവു ബ്രഹ്മാസ്ത്രം പ്രയോഗിച്ചു കൊന്നു. കുലം അററുപോകാതെയിരിപ്പാൻ ശ്രീകൃഷ്ണൻ ഉജ്ജീവിപ്പിച്ചു. അതിനാലാണു് 'വിഷ്ണുരാതൻ' (വിഷ്ണുവിനാൽ കൊടുക്കപ്പെട്ടവൻ) എന്ന പേരുണ്ടായതു്. പരികിഷിത്തു എന്നും കാണുന്നുണ്ടു്. പരീക്ഷിത്തിന്റെ ജനനം ശാപം മുതലായതിനു ഭാഗവതം പ്രഥമസ്കന്ധം നോക്കുക.

**പരീക്ഷ്യ** - വി. പരിശോധിക്കുന്നതിനു യോഗ്യമുള്ള, പരിശോധിച്ചു ഗ്രഹിക്കേണ്ടതായ.

**പരീണാഹൻ**-ശിവൻ.

**പരീണാഹം**-പരിണാഹം, വിശാലത.

**പരീത**-വി. ചുററപ്പെട്ട, വ്യാപിക്കപ്പെട്ട.

**പരീതത്തു്**-കടൽമാല.

**പരീതം**-ചുററപ്പെട്ടതു്.

**പരീഭാവം**-നിന്ദ

**പരീരണം**-പു ആമ. വ. ഉടുപ്പു്. ന. വടി.

**പരീരംഭം**-ആലിംഗനം

'പരീരംഭകേളീപരാണാംനരാണാം'

**പരീവൎത്തം**-തമ്മിൽ മാററം, ഒന്നു കൊടുത്തു മറെറാന്നു വാങ്ങുക.

**പരീവാദം**-പു. നിന്ദ, ആക്ഷേപം. വ. അപവാദം പറക.

**പരീവാപം**-പു. കൂടാരം മുതലായ ഉപകരണം. വ. വിത്തു വിതയ്ക്കുക. ന. ജലം നില്ക്കുക.

**പരീവാരം**-പു. വാളുറ. വ. പരിജനം. ന. ഉപകരണം. ഇതിനാൽ ചുററപ്പെടുന്നതുകൊണ്ടു് ഈ പേർ വന്നു.

**പരീവാഹം**-പു ജലം ഒലിക്കുന്ന ചാൽ. വ. വെള്ളം കവിഞ്ഞു് ഒഴുകുക. ന. ഒഴുക്കു്, പരിവാഹം.

**പരീഷ്ടി**-പു. അന്വേഷണം. വ. ശ്രാദ്ധാദിക്രിയകൾക്കു യോഗ്യന്മാരായിട്ടുള്ളവരെ അന്വേഷിക്കുക. ന. ബഹുമാനം, പൂജിക്കുക.

**പരീസാരം**-പു ചുററിനടപ്പു്, എല്ലാടവും സഞ്ചരിക്കുക. ചുററമുള്ള ഗമനം എന്നൎത്ഥം. വ. അടുത്ത വരവു്.

**പരീഹാസം**-ഉല്ലാസം, സന്തോഷം, കളിക്കുക, ക്രീഡ. ചിരി പ്രധാനമായിട്ടുള്ളതെന്നൎത്ഥം.

**പരു**-ശരീരത്തിൽ ഉരുണ്ടു കൂടി പൊട്ടുന്ന ഒരു ദീനം. (സം) പു. കരിമ്പു്, ചൂരൽ മുതലായവയുടെ മുട്ടു്. വ. മുളയുടെ കമ്പു്. ന സമുദ്രം. ര. പൎവ്വതം.

**പരു**-വി. പു. ആസകലം. വ വലുതായ.

**പരുകുന്നു**-പു. ആസ്വദിക്കുന്നു. വ. അടവുന്നു.

**പരുക്കു്, പാറിക്കു്**-പു. മുറിവു്. വ. ഒരു വൃക്ഷം. ന. തഴമ്പു്.

**പരുക്കുക**-തടിക്കുക, വണ്ണംവെക്കുക.

**പരുങ്ങൽ**-പു. ഇന്നതു ചെയ്യണമെന്നറിയാതെ വ്യസനിക്കുക, ഭയം, പരിഭ്രമം. വ. പുല്ലു പറിക്ക.

**പരുങ്ങുന്നു**-പു. ഇന്നതു ചെയ്യണമെന്നറിയാതെ വ്യസനിക്കുന്നു വ. പുല്ലു പറിക്കുന്നു.

**പരുത്തു്**-അ. കഴിഞ്ഞ സംവത്സരം എന്ന അൎത്ഥത്തിൽ പ്രയോഗം.

പരുത്ത-വി. ൧. വലിയ. ൨. മൃദുത്വമില്ലാത്ത.

പരുത്തി-പഞ്ഞി. പൎയ്യായങ്ങൾ-തുണ്ഡികേരി, സമുദ്രാന്താ, കാൎപ്പാസീ, ബദരം.

പരുത്തി-ഇതു നാട്ടുവിളവുകളിൽ പ്രധാനമാകുന്നു. ഇതിൽനിന്നു തുണിയും എണ്ണയും ഉണ്ടാക്കുന്നു, കാലികൾക്കു തീററിക്കു കൊള്ളാം.

പരുദാരം-കുതിര.

പരുന്തു്-ഒരു പക്ഷി, പരുന്നു്. പൎയ്യായങ്ങൾ-ശശാദനം, പത്രീ, ശ്യേനം.

ഇതിന്റെ മാംസം പഴകിയ അൎശസ്സിനും മററും നന്നു്. സം-ശ്യേനം. ത-പറന്തു്.

പരുന്നു്-ഒരു പക്ഷി, പരുന്തു്.

പരുപരുക്കുന്നു-മിനുസമില്ലാതാകുന്നു.

പരുപരുപ്പു്-മിനുസമില്ലായ്മ.

പരുപരെ-അ. മിനുസമില്ലാതെ.

പരുമാററം-പ്രയോഗം.

പരുമ്പുടവ-മിനുസമില്ലാത്ത (പരുപരുപ്പുള്ള) പുടവ.

പരുൽ-അ. കീഴാണ്ടു്.

പരുലം-കുതിര.

പരുവ-൧. ഒരുവക വള്ളി. ൨. ഒരുവക വൃക്ഷം. ൩. ഇല്ലിക്കൂട്ടം.

പരുവക്കിഴങ്ങു്-പരുവ വള്ളിയുടെ കിഴങ്ങു്.

പരുവം-൧. പാകം. ൨. അവസരം. ൩. പഴപ്പു്. ൪. യൌവ്വനം. ൫. വയസ്സു്.

പരുഷ-വി. ൧. കഠിനമായ. ൨. പലനിറമുള്ള.

പരുഷങ്ങൾ-കൎണ്ണകഠോരമായ വാക്കുകൾ.

പരുഷൻ-നിഷ്ഠുരകൻ.

പരുഷം-കഠിനവാക്കു്. മറെറാരു പൎയ്യായം-നിഷ്ഠുരം. മതി എന്നു തോന്നിക്കുന്നതു് എന്നൎത്ഥം. ൨. ഒരു വൃക്ഷം. ൩. സാഹിത്യസാമ്യപ്രകാരം രീതികളിൽ ഒന്നു് ൪. മാൎദ്ദവമില്ലാത്തതു്.

പരുഷവചനം-കഠിനവാക്കു്.

പരുസ്സ്-അ. കഴിഞ്ഞവൎഷം.

പരുസ്സ്-൧. കരിമ്പു മുതലായവയുടെ മുട്ടു്. ൨. മുളയുടെ കമ്പു്. നിറയ്ക്കുന്നതു്, രക്ഷിക്കുന്നതു് ഇങ്ങിനെ ശബ്ദാൎത്ഥം. ൩. മുടിച്ചു, ചേൎപ്പു്.

പരൂഷ(ക)ം-ചിററീന്തൽവൃക്ഷം.

ഇതിനു ചിററീന്തൽ എന്നുള്ള പേര ചേരുന്നതല്ലെന്നു അഭിപ്രായം കാണുന്നു. ഈത്തയുടെ ജാതിയിൽ പെട്ടതല്ലെന്നാണു് അവരുടെ പക്ഷം. ഇതിന്റെ ഇല കൂവളയിലയുടെ നടുവിലുള്ള ഇലയിലും കുറച്ചുകൂടി വലുതാണു്. കായ്കൾ ചെറുനാരങ്ങയുടെ മുഴപ്പിരിക്കും. ഇതിന്റെ പഴം ഭുജിച്ചുണ്ടാകുന്ന അജീൎണ്ണത്തിനു ചുക്കുവെള്ളം ഇന്തുപ്പു ചേൎത്തു കുടിക്കുക വിശേഷം.

പരേംഗിതജ്ഞൻ-അന്യാഭിപ്രായം അറിയുന്നവൻ.

പരേത-വി. മരിച്ച.

പരേതൻ-മരിച്ചവൻ. പരമായ ലോകത്തെ പ്രാപിച്ചവൻ എന്നൎത്ഥം.

പരേതം-മരിച്ചവന്റെ ആത്മാവു്.

പരേതരാട്ടു്-അന്തകൻ, യമൻ. പരേതന്റെ (പ്രേതത്തിന്റെ) രാട്ടു് (രാജാവു്). മരിച്ചുപോയവരുടെ അപരാധങ്ങളെക്കുറിച്ചു വിസ്തരിച്ചു ശിക്ഷ കല്പിക്കുന്നവൻ എന്നൎത്ഥം.

പരേദ്യവി-അ. പിറേറന്നാൾ, പരമായിരിക്കുന്ന ദിവസത്തിൽ.

പരേഷ്ടുക-പലരെ പ്രസവിച്ച പശു. അന്യന്മാരാൽ ഇച്ഛിക്കപ്പെടുന്നവൾ എന്നൎത്ഥം

പരൈധിത-വി. അന്യനാൽ വളൎത്തപ്പെട്ട

പരൈധിതാ-ഒരു പക്ഷി. കുയിൽ.

പരോക്ഷ-വി. അപ്രത്യക്ഷമായ.

പരോക്ഷ-കാണ്മാൻ വഹിയായ്ക. മറവു്

പരോക്ഷജ്ഞാനം- അപ്രത്യക്ഷജ്ഞാനം.

പരോക്ഷൻ-സന്യാസി

പരോപകാരം-അന്യന്മാൎക്ക ചെയ്തുകൊടുക്കുന്ന ഉപകാരം.

പരോപകാരി-വി. പരോപകാരം ചെയ്യുന്ന.

പരോപകാരിണി-പരോപകാരം ചെയ്യുന്നവൾ.

പരോപകാരീ- പരോപകാരം ചെയ്യുന്നവൻ.

പരോപദ്രവം-പരന്മാരെ ഉപദ്രവിക്ക

പരോഷ്ണീ-പു. നരിച്ചീർ. വ. വാവൽ. തണുപ്പ് അസഹ്യമാകയാൽ ഉഷ്ണം പ്രധാനമായിട്ടുള്ളതു്, ശത്രുഭയം നിമിത്തം സദാ ഒളിച്ചിരിക്കുന്നതു് എന്നൎത്ഥം. ന. പാററ.

പൎക്കടം-പു. ഞാറപ്പക്ഷി. വ. ആകുലം, വ്യാകുലം.

പൎക്കടി-പു. ഇത്തിയാൽ. വ. ചിററാൽ. പരസ്പരം ചേൎന്നു നില്ക്കുന്നതു് എന്നൎത്ഥം.

പൎജ്ജനി-ഒരങ്ങാടിമരുന്നു്, മരമഞ്ഞൾ. കുഷ്ഠം മുതലായ രോഗങ്ങളിൽ നിന്നു രക്ഷിക്കുന്നതു് എന്നൎത്ഥം. പരന്മാൎക്ക സ്വസ്ഥതയെ ജനിപ്പിക്കുന്നതു് എന്നുമാവാം.

പൎജ്ജന്യാ-മരമഞ്ഞൾ

പൎജ്ജന്യൻ-പു ഇന്ദ്രൻ. (മലയുടെ മകൻ) വ. വിഷ്ണു.

പൎജ്ജന്യം-പു. ഇടിവെട്ടുന്ന മേഘം. വ. മേഘശബ്ദം. ന. മേഘം. ൪. മുത്തങ്ങ.

പൎണ്ണചീരപടൻ-ശിവൻ.

പൎണ്ണഭോജനം-ആടു്.

പൎണ്ണം-പു. ഇല. വൃക്ഷത്തെ രക്ഷിക്കുന്നതു് എന്നൎത്ഥം. വ. ചിറകു്. ന. അസ്ത്രത്തിന്നു കെട്ടുന്ന തൂവൽ. ൪. പ്ലാശുവൃക്ഷം. പ്രതസ്ഥന്മാരെ സന്തോഷിപ്പിക്കുന്നതു് എന്നൎത്ഥം. ൫ പച്ചില. ൬. വെററില.

പൎണ്ണമണി-മരതകം.

പൎണ്ണലതാ-വെററിലക്കൊടി.

പൎണ്ണശാല-ഇലക്കുടിഞ്ഞിൽ, മഹൎഷിമാരുടെ പുര. തൃണപൎണ്ണാദിനിൎമ്മിതമായ ശാല എന്നൎത്ഥം. മറെറാരു പൎയ്യായം-ഉടജം.

പൎണ്ണാദൻ-ദമയന്തിയുടെ ദൂതനായിരുന്ന ഒരു ബ്രാഹ്മണൻ

പൎണ്ണാസം-തുളസി, ചെറുതുളസി. ഇലകളെക്കൊണ്ടു ശോഭിക്കുന്നതു് എന്നൎത്ഥം.

പൎപ്പടകക്ഷാരം-പൎപ്പടകത്തിന്നു ചേൎക്കുന്ന കാരം.

പൎപ്പടകപ്പുല്ലു്-ഒരു പച്ചമരുന്നു്. മലം പിടിക്കും. വാതവൎദ്ധനകരമാണു്. തൃഷ്ണാദാഹം, ചുഴൽച്ച, അരുചി മുതലായവക്ക നന്നു്.

പൎപ്പടകം-പു. പപ്പടം. വ (സം) പൎപ്പടകപ്പുല്ലു്.

പൎപ്പടപ്പുട്ടു്-ഉഴുന്നു പൊടിച്ചു കുഴച്ചു് ഇടിച്ചുണ്ടാക്കുന്ന വസ്തു.

പൎപ്പടികം-പു. ഉഴുന്നു പൊടിച്ചു കാരവും ഉപ്പും കൂട്ടിയുണ്ടാക്കുന്ന ഒരു ഭക്ഷണവസ്തു (പപ്പടം എന്ന ശബ്ദം നോക്കുക) വ. ഒരുമാതിരി സുഗന്ധം.

'പൎപ്പടം' എന്നു പറയുന്നതിനേക്കാൾ ഭാഷയിൽ 'പപ്പടം' എന്നു പറയുന്നതാണ് നന്നെന്നു അഭിപ്രായക്കാരുണ്ട്. 'പട പട' പൊടിയുന്നതിനാലായിരിക്കണം 'പപ്പടം' എന്നു പേരുണ്ടാകാൻ കാരണം. 'പറപറ' പൊടിയുക എന്നതു യുക്തിക്കു ചേരുന്നതുമല്ല. 'പറപറ' കീറുക എന്നു വന്നേക്കാം. ഇവിടെ ഇങ്ങിനെയാണ് ആപേക്ഷകന്മാരുടെ പിടിത്തം. പരിപ്പ് + അട = എന്നും വരാമല്ലോ. പപ്പടകം, ഏതേതു വസ്തുകൊണ്ടുണ്ടാക്കുന്നുവോ അതിന്റെ ഗുണം കാണിക്കും. പച്ചനിറമുള്ള ചെറുപയറുകൊണ്ടുണ്ടാക്കുന്നതു പഥ്യമായിരിക്കും. ത- അപ്പളം.

പൎപ്പടവൃക്ഷം-ഒരു വൃക്ഷം, പൊരിയൽ. വാതം, ജ്വരം, വിഷം, രക്താതിസാരം, കൃമി മുതലായതിനു നന്ന്. സം—കാംഭീ.

പൎപ്പടീ-൧. കരിങ്കച്ചോലം. ൨. പപ്പടം.

പൎപ്പം-൧. ഇളംപുല്ല്. ൨. വീട്.

പൎപ്പരീകൻ-൧. സൂൎയ്യൻ. ൨. അഗ്നി.

പൎപ്പരീകം-൧. കുളം, തൊട്ടി. ൨. എരിക്ക്.

പൎയ്യങ്കം-൧. കട്ടിൽ(ഠം). ഉപാദാനാദികൊണ്ടു അടയാളപ്പെട്ടു(ത്തു)ന്നതു് എന്നൎത്ഥം. ൨. പല്ലക്ക്.

പൎയ്യടനം-സഞ്ചാരം, ഭിക്ഷാൎത്ഥമായും മററും അവിടവിടെ സഞ്ചരിക്കുക.

പൎയ്യന്തപൎവ്വതങ്ങൾ-വലിയ പൎവ്വതങ്ങളുടെ പുറം കാണപ്പെടുന്ന ചെറുതരം കുന്നുകൾ.

പൎയ്യന്തഭൂ-ആറുകൾക്കും മലകൾക്കും അടുത്തുള്ള സ്ഥലം. നാലുപുറവുമുള്ള ഭൂമി എന്നൎത്ഥം.

പൎയ്യന്തം-൧. അതിൎത്തി. ൨. അവസാനം. ൩. ഓരം.

പൎയ്യപ്തി-വിസ്തൃതി.

പൎയ്യയണം-൧. ചുററിനടപ്പ്. ൨. കുതിരജീനി.

പൎയ്യയം-൧. ചുററൽ, പരിവൃത്തം. ൨. മാററം. ൩. കഴപ്പം. ൪. ജോലിയില്ലുള്ള ഉപേക്ഷ. ൫. വണ്ടിച്ചക്രം.

പൎയ്യവരോധം-തടവ്, വിരോധം, മുടക്കം.

പൎയ്യവസാനം-ഒടുക്കത്തെ അവസാനം.

പൎയ്യവസ്ഥ- വിരോധം, വിരോധനം. എല്ലാകാൎയ്യത്തിലും സ്ഥിതിചെയ്യുക, ശത്രുവിന്റെ സകല കാൎയ്യങ്ങളിലും തകരാറുചെയ്യുക എന്നു ഫലിതാൎത്ഥം.

പൎയ്യസ്ത-വി. ൧. ചുററപ്പെട്ട. ൨. ചിതറിയ. ൩. നശിച്ച.

പൎയ്യസ്താപഹ്നുതി-ഒരു അലങ്കാരം. (പരിസംഖ്യാലങ്കാരത്തിന്റെ വകഭേദം)

പൎയ്യസ്ഥിക-കിടക്ക.

പൎയ്യാകുല-വി. ൧. കലങ്ങിയ. ൨. ഭയപ്പെട്ട ൩. നിറഞ്ഞ.

പൎയ്യാകുലം-ദുഃഖം.

പൎയ്യാണം-ജീനി.

പൎയ്യാപ്ത-വി. ൧. പ്രാപിച്ച. ൨. ത്രാണിയുള്ള, ശക്തിയുള്ള. ൩. തികഞ്ഞ, മതിയാകുന്ന.

പൎയ്യാപ്തം-അ. ൧. വേഗത്തിൽ. ൨. തൃപ്തിയായി ൩. ശക്തിയായി. ൪. മതിയായി.

യഥേഷ്ടം എന്ന അൎത്ഥത്തിൽ ക്രിയാവിശേഷണമായി പ്രയോഗിക്കപ്പെടുന്നു. തികഞ്ഞതു് എന്നു ശബ്ദാൎത്ഥം.

പൎയ്യാപ്തി-൧. അവസാനം. ൨. കൊല്ലുവാനൊരുങ്ങിവരുന്നവനെ തടുക്കുക, രക്ഷിക്കുക.

പൎയ്യായം-൧. ക്രമം, ശരിയായ ക്രമം. ൨. വിധം. ൩. ഒരു വാക്കിനു പകരമാ

യുള്ള വാക്ക്. ൪. ഒരേ അൎത്ഥത്തെ പറയുന്നത്. ൫. അവസരം. ൬. ഉണ്ടാക്കുക. ൭. ഗുണം. ൮. ഒരലങ്കാരം (വാസ്തവോക്ത്യലങ്കാരത്തിൽ പെട്ടത്).

ഒരു വസ്തു ഒന്നിനെ വിട്ട മറെറാന്നിനെ എന്ന മുറക്ക പല വസ്തുക്കളെ പ്രാപിക്കുന്നതായും അല്ലെങ്കിൽ പല വസ്തുക്കൾ ഓരോന്നായി ഒന്നിനെ പ്രാപിക്കുന്നതായും പറയുന്നത് പൎയ്യായാലങ്കാരം-ഭാഷാഭൂഷണം.

൯. അതിക്രമം (ക്രമംവിട്ട പ്രവൃത്തി).

പൎയ്യായശയനം-തവണവെച്ചു മാറിമാറി ഉറങ്ങുക.

പൎയ്യായോക്തം-ഒരലങ്കാരം. (വാസ്തവോക്ത്യലങ്കാരത്തിൽപെട്ടത്).

പൎയ്യായോക്തം എന്നാൽ ചമൽക്കാരത്തിനു വേണ്ടി ചെയ്യുന്ന വളച്ചുകെട്ട്. അതായതു ചമൽക്കാരത്തിനായിട്ടു വളച്ചുകെട്ടി പറയുക എന്നൎത്ഥം.

പൎയ്യാസം-൧. അവസാനം. ൨. ചുററൽ

പൎയ്യാഹാരം-൧. കാവടി. ൨. ചുമട്.

പൎയ്യുത്സുക-വി. ൧. ദുഃഖമുള്ള. ൨. ഏററവും ആഗ്രഹമുള്ള. ൩. മനസ്സിളകിയ.

പൎയ്യുദഞ്ചനം-കടം. കാലാന്തരത്തിൽ മടങ്ങിവരുന്നതെന്നൎത്ഥം.

പൎയ്യുപാസനം-ഒരുമിച്ചിരിക്ക.

പൎയ്യുപ്ത-വി ൧. വിത്തു വിതക്കപ്പെട്ട. ൨. രത്നം പതിക്കപ്പെട്ട.

പൎയ്യേഷണം-൧. അന്വേഷണം. ൨. ശ്രാദ്ധാദി ക്രിയകൾക്കു യോഗ്യന്മാരായിട്ടുള്ളവരെ അന്വേഷിക്കുക. ചുഴലവും ചുററിനടക്കുക എന്നൎത്ഥം.

പൎവ്വകം-൧. ചെറുതേക്ക്. ൨. കാൽമുട്ടിന്റെ സന്ധി.

പൎവ്വകാലം-അഷ്ടമി, ചതുൎദ്ദശി, കറുത്ത വാവ്, വെളുത്ത വാവ് ഈ നാളുകൾ.

പൎവ്വതകന്യക-പാൎവ്വതി.

പൎവ്വതകാകൻ - മലങ്കാക്ക, കാവതിക്കാക്ക.

പൎവ്വതജ-൧. പാൎവ്വതി. ൨. നദി.

പൎവ്വതൻ-നാരദന്റെ സ്നേഹിതനായ ഒരു ഋഷി.

പൎവ്വതപക്ഷച്ഛിത്ത്-ഇന്ദ്രൻ.

പൎവ്വതപുത്രി-പാൎവ്വതി.

പൎവ്വതം-൧. മല. സന്ധിയുള്ളത്, ഭൂമിയെ നിറയ്ക്കുന്നതെന്നൎത്ഥം. മററു പൎയ്യായങ്ങൾ-മഹീധ്രം, ശിഖരി, ക്ഷ്മാഭൃത്ത്, അഹാൎയ്യം, ധരം, അദ്രി, ഗോത്രം, ഗ്രാവം (ന-പു), അചലം, ശൈലം, ശിലോച്ചയം. ൨. ഒരു വക ചീര. ൩. ഒരു വക മീൻ. ൪. പാറ, കുന്ന്. ൫. ഏഴ് എന്ന അക്കം. ൬. വൃക്ഷം.

പൎവ്വതവാസിനി-ദുൎഗ്ഗ.

പൎവ്വതാത്മജ-പാൎവ്വതി.

പൎവ്വതാരി-ഇന്ദ്രൻ.

പൎവ്വതാശയം-മേഘം.

പൎവ്വതാശ്രയം-ശരഭം, എട്ടടിമാൻ.

പൎവ്വം-൧. മുട്ട്. ൨. വാവ്. ൩. അദ്ധ്യായം, ഭാരതത്തിലെ ഓരോ പങ്കുകൾ. ൪. ഭാരതം കിളിപ്പാട്ട്. ൫. വിഷുവം മററും. ൬. ഉത്സവം. ൭. അയനസംക്രമം, സംക്രമം. ൮. അവസരം ൯. ക്ഷണം. ൧൦. കറുത്തതും വെളുത്തതുമായ വാവ്. പൂരിപ്പിക്കുന്നതെന്നൎത്ഥം.

പൎവ്വസന്ധി-വാവും പ്രതിപദവും കൂടുന്ന സന്ധി.

പൎശു, പൎശ്വധം-൧. വെണ്മഴു. (പരശു, പരശ്വധം ഇവയുടെ പാഠം). ൨. ആയുധം.

പൎശുകാ-വാരിയെല്ല്. ശയനാദികളാൽ സ്പൎശിക്കപ്പെടുന്നതെന്നൎത്ഥം,

**പർശുപാണി** - പു. പരശുരാമൻ. ഉ. ഗണേശൻ.

**പല** - വി. വളരെ, അനേകം.

**പലക** - പു. കനംകുറച്ചു വീതിയിൽ അറുത്ത മരം. ഉ. ഇരിക്കുന്നതിനുള്ള ചെറിയ പലക. കരണ്ടി. ന. പരിച. (ഫലകം എന്നതാണ 'പലക' ആയതു്).

**പലകനാക്ക്** - ചുക്കാൻ.

**പലകപ്പയ്യാനി** - ഒരു വൃക്ഷം. പര്യായങ്ങൾ - മധുകപർണ്ണം, പത്രോർണ്ണം, നടം, കട്വംഗം, ടുണ്ടുകം, സ്യോനാകം, ശുകനാസം, ഋക്ഷം, ദീർഘവൃന്തം, കുടന്നടം, ശോണകം, അരലു, (പയ്യാഴാന്ത, പയ്യാനി ഇങ്ങിനെയും പറയും)

വാതം, പിത്തം, കഫം, ഛർദ്ദി, ചുമ, കൃമി മുതലായവയ്ക്കു നന്നു്. ഒരു കഫഘ്നദ്രവ്യമാണ്. ത-പെരുവാകെ.

**പലകമീൻ** - ഒരുവക സമുദ്രമത്സ്യം.

**പലകാരം** - അപ്പം. (ഫലഹാരമാണ് പലകാരമായതു്).

**പലങ്കഷ** - പു. ഒരു മരുന്നു്, ഞെരിഞ്ഞിൽ. മുള്ളുകൊണ്ടു മാംസത്തെ കഷണംചെയ്യുന്നതെന്നർത്ഥം. ഉ. ഒരു വൃക്ഷം, കമ്പിലം. ന. പ്ലാശു്. ര. അരത്ത. ല. അരക്ക്. ന്യ. ഗുഗ്ഗുലു. ൬ ചെറിയ അമര.

**പലങ്കഷം** - പു. ഗുഗ്ഗുലു. ഉ. സിംഹം.

**പലഗന്ധൻ** - കല്ലാശാരി, നിലം ചുമരു മുതലായതു ചെത്തിത്തേയ്ക്കുന്നവൻ. പലം = മാംസം. ഗന്ധം = കവിളത്തടം. മാംസസദൃശമായ മണ്ണു് കുമ്മായം മുതലായതുകൊണ്ടു് കവിളത്തടമെന്നവണ്ണം മിനുമിനുത്ത ശില്പങ്ങളെ ചെയ്യുന്നവനെന്നു ലാക്ഷണികമായ അർത്ഥം. മറ്റൊരു പര്യായം - ലേപകൻ.

**പലണ്ഡു** - ചുകന്നുള്ളി, ചീരുള്ളി. (പലാണ്ഡു എന്നതിന്റെ പാഠം).

**പലത്** - വി. അനേകം.

**പലപല** - വി. അനേകം.

**പലപ്പോഴും** - അ. കൂടക്കൂടെ.

**പലപ്രിയം** - കാക്ക.

**പലം** - പു. ഇരുപത്തൊന്നു കഴഞ്ചു കൂടിയതു്. (നാലു കർഷത്തിന്റെ-നൂറ് ആദ്യമാഷകത്തിന്റെ-പേർ എന്നുമുണ്ടു്.)

പലം = രണ്ടു് ഔൺസ്. ഇതിനു മലയാളത്തിൽ മാനം, തവി, തൂടം എന്നൊക്കെ പറയും.

ഉ. മാംസം. അറിയപ്പെടുന്നതെന്നർത്ഥം.

**പലർ, പലരും** - വി. അനേകംപേർ.

**പലലം** - പു. മാംസം. ദേഹത്തിൽ വ്യാപിച്ചുകൊണ്ടിരിക്കുന്നതെന്നർത്ഥം.

'പലലമതുപരിചിനൊടുണക്കുവാൻ'
(അദ്ധ്യാത്മരാമായണം)

ഉ. എള്ളുണ്ട. ന. ചളി, പങ്കം.

**പലലാശയം** - ഒരു ദീനം, തൊണ്ടവീക്കം.

**പലലാശി** - രാക്ഷസൻ. മാംസം ഭക്ഷിക്കുന്നവനെന്നർത്ഥം.

**പലവക** - വി. പലമാതിരി.

**പലവിധം** - വി. പലപ്രകാരമുള്ള.

**പലവും** - അ. പലതും.

**പലവുരു** - അ. പല പ്രാവശ്യം.

**പലവട്ട്** - അ. പല പ്രാവശ്യം.

**പലവൃക്ഷാധിപൻ** - പല ദേശത്തിന്നധികാരി.

**പലവുഴം** - വി. പല പ്രാവശ്യവും.

**പലവെഞ്ഞനക്കടമ** - തിരുവിതാംകൂറിൽ നടപ്പുണ്ടായിരുന്ന ഒരു നികുതി.

**പലവ്യഞ്ജനം** - കടുകു് ജീരകം മുളകു മുതലായതു്.

**പലഹാരം** - അപ്പം, അട, റൊട്ടി മുതലായ ഭക്ഷണവസ്തു.

പലഹാരക്കച്ചവടക്കാരൻ=ഭക്ഷകാരൻ, ഭക്ഷ്യകാരൻ.

പലാഗ്നി-പിത്തം.

പലാംഗം-ചീങ്കണ്ണി.

പലാണ്ഡു-ഒരു അങ്ങാടിമരുന്ന്, ചുകന്നുള്ളി, ചീരുള്ളി. (പലണ്ഡു എന്നുമാവാം). ഭക്ഷിക്കുന്നതു് എന്നർത്ഥം. ൨ വലിയ വെള്ളുള്ളി.

പലാത്തെല്ല്-എട്ടപ്പ്.

പലായനം-ഓടിപ്പോക്ക്, ഓട്ടം.

'പാറാകളാപോലെപലായനംചെയ്കയും
(കല്യാണസൗഗന്ധികം തുള്ളൽ)

പല്ലായമാനാ-ഓടുന്നതു്.

പലാലദോഹദം-മാവ്.

പലാലം-വയ്ക്കോൽ. പറക്കുന്നതു്, കനമില്ലാത്തതു് എന്നർത്ഥം.

പലാശ-വി. ൧. പച്ചനിറമായ. ൨. ക്രൂരതയുള്ള. (സ്ത്രീലിംഗം-പലാശീ).

പലാശ(ക)ം-൧. പ്ലാശ്ശ. ൨. ചെറുകച്ചോലം.

പലാശകാ-മുരുക്ക്.

പലാശൻ-രാക്ഷസൻ.

പലാശം-൧. ഇല. പരന്മാരാൽ (ശീർണ്ണപർണ്ണാശന വ്രതപരന്മാരായ യോഗികളാൽ) ഭക്ഷിക്കപ്പെടുന്നതു് എന്നർത്ഥം. പലം (മാംസം) ഇലകളിൽ വച്ചു ഭക്ഷിക്കുന്നതുകൊണ്ടു പലാശം എന്നുമാവാം. ൨ പ്ലാശുവൃക്ഷം. പുഷ്പങ്ങളുമായ ഇലകൾ ഉള്ളതു് എന്നർത്ഥം. പൂക്കളോടു കൂടിയതാകയാൽ മാംസാ ഭുജിക്കുന്നതുപോലെയിരിക്കുന്നതു എന്നുമാവാം. ൩. ചെറുകച്ചോലം. മാംസത്തിൽ ആശയുള്ളതു എന്നർത്ഥം. ൪. പച്ചനിറം. ൫. പച്ചില.

പലാശാന്താ-നറുമഞ്ഞൾ.

പലാശി-൧. വൃക്ഷം. ഇലകൾ ഉള്ളതു് എന്നർത്ഥം. ൨. രാക്ഷസൻ. ൩. ചെറുകച്ചോലം. ൪. അരക്ക്.

പലിക്നീ-നരച്ചവൾ. പലിതം (നര) ഉള്ളവൾ എന്നർത്ഥം. മറ്റൊരു പര്യായം-വൃദ്ധ.

പലിത-വി. നരച്ച.

പലിതം-൧. നര. ഇതുകൊണ്ടു ദേഹസൗന്ദര്യം ഇല്ലാതാകുന്നതിനാൽ ഈ പേർ വന്നു.

പലിതം എന്നതു ഒരു ക്ഷുദ്രരോഗമാണ്. ഇതു കോപം, ദുഃഖം, ശ്രമം ഇവയിൽ ഏതെങ്കിലും കൊണ്ടുണ്ടായ ദേഹച്ചൂടു തലയിൽ കയറി തലമുടിയെ പഴുപ്പിക്കുന്നതാകുന്നു.

൨. അലങ്കരിച്ച തലമുടി. ൩. ചേലേയം.

പലിശ-നെല്ലോ പണമോ വായ്പകൊടുത്താൽ കൂട്ടികിട്ടുന്നതു്

പലിശ കൊണ്ടുപജീവിക്കുന്നതിന്റെ പേർ=അർത്ഥപ്രയോഗം, കസീദം, വൃദ്ധിജീവികം അർത്ഥപ്രയോഗം എന്നതു ധനം കടം കൊടുത്തു വാങ്ങുന്നതിന്റെയും, കസീദം എന്നതു് പലിശയുടേയും, വൃദ്ധിജീവികം എന്നതു് ആ പലിശകൊണ്ടു് ഉപജീവിക്കുന്നതിന്റെയും പേരെന്നും അഭിപ്രായം കാണുന്നു പലിശകൊണ്ടുപജീവിക്കുന്നവനു 'കുസീദികൻ' എന്നു പേർ.

പലേടത്തു്, പലേടവും-അ. പലസ്ഥലത്തു.

പല്ല്-൧. വായിൽ രണ്ടു വരിയായിട്ടു നില്ക്കുന്ന കട്ടുന്ന സാധനം. പല്ലിന്റെ പേർ=രദനം, ദശനം, ദന്തം, രദം. (അടിയോൽ മേണ ഇവ നോക്കുക). ൨. ചിരവയുടേയും അറപ്പവാളിന്റെയും മറവും കൂർത്തഭാഗങ്ങൾ. ൩. താക്കോൽ പല്ലു.

രാജാക്കന്മാർ പല്ലുതേക്കുന്നതിനു 'തിരുമുഖം വിളക്കുക' എന്നു പറയും. പല്ലു

തേക്കുന്നതു രാവിലേയും ഭക്ഷണം കഴിഞ്ഞതിന്റെ ശേഷവും വേണ്ടതാണ്. ആമരോഗം, ഛർദ്ദി, ശ്വാസം, കാസം, പനി, അർദ്ദിതം എന്ന വാതവ്യാധി, തൃഷ്ണ, ആസ്യപാകം, ഹൃദ്രോഗം, നേത്രരോഗം, ശിരോരോഗം, കർണ്ണരോഗം ഇവയിൽ ഏതെങ്കിലുമുള്ളവൻ പല്ലുതേക്കരുതു്.

**പല്ലക്ക്**-മാനമുള്ള ചില ആളുകൾ കേറി സഞ്ചരിക്കുന്നതിനുള്ള ഒരുമാതിരി വാഹനം.

പല്ലാക്ക്, പല്ലക്കി എന്നും കാണുന്നുണ്ട്. പല്ലക്ക് എന്നതു പര്യങ്കം എന്നതിന്റെ തത്ഭവമായിരിക്കാം.

**പല്ലക്കുകാരൻ**-പല്ലക്കു ചുമക്കുന്നവൻ, ബോയൻ.

**പല്ലൻ**-വലിയ നീണ്ടപല്ലുള്ളവൻ

**പല്ലരന്ന**-പല്ലു സംബന്ധിച്ചുണ്ടാകുന്ന ദീനം.

**പല്ലവാകൻ**-വിടൻ.

**പല്ലവദ്രു**-അശോകം.

**പല്ലവം**-തളിർ. കാററുകൊണ്ടിളകുന്നതും കാമികൾ കർണ്ണാലങ്കാരത്തിന്നായിട്ടും മററും ഛേദിക്കുന്നതും എന്നർത്ഥം.

**പല്ലവിത**-വി. ന. തളിർത്തുള്ള. വ. തളിർക്കപ്പെട്ട.

**പല്ലവിതം**-കോലരക്ക്.

**പല്ലവിനി**-ഒരു വൃത്തം.

രാമായണം ഒർ വൃത്തത്തിലെ ന...ാംവൃത്തം നോക്കുക.

**പല്ലാങ്കുഴി**-ചുററുമായി പതിനാലു ചെറിയ കുഴിയും നടുവിൽ രണ്ടു വലിയ കുഴിയുമുള്ള ഒരുമാതിരി കളിപ്പലക

**പല്ലി**-ന. ഗൌളി. വ. നഗരം. ന. ഇറച്ചി കത്തിയെടുക്കുന്ന മുള്ള്. ര. വണ്ട്. ഒ. ഗൃഹം.

**പല്ലിടക്കുത്തി**-പല്ലുകോൽ.

**പല്ലിത്തടി**-മരംകൊണ്ടോ ഇരിമ്പുകൊണ്ടോ പല്ലുപോലെ നിരത്തിത്തറച്ചുണ്ടാക്കിയ മരമോ ഇരിമ്പോ, പലക. നിലം നിരപ്പാക്കുന്നതിനുള്ള ഒരു യന്ത്രം (തടി).

പല്ലിത്തടി എന്നതു മരംകൊണ്ടുള്ള ചട്ടയിൽ പല്ലുപോലെ ആണിതറച്ച ഒരു യന്ത്രമാണ്. ഇതു ഉഴുത മണ്ണു നിരത്തും. കട്ട ഉടക്കും. മണ്ണിൽ മറിഞ്ഞ കളകളെ മുകളിൽ കൊണ്ടുവരും.

**പല്ലിളി**-പല്ലുകാട്ടുക.

**പല്ലിളിക്കുന്നു**-പല്ലുകാട്ടുന്നു.

**പല്ലിറുമ്മൽ**-പല്ലുകൾ തമ്മിൽ കൂട്ടിക്കടിക്ക.

**പല്ലിറുമ്മുന്നു**-ചിലർ കോപിക്കുമ്പോഴോ ഉറങ്ങുമ്പോഴോ പല്ലുകൾകൂട്ടിക്കടിക്കുന്നു.

**പല്ലീ**-പഞ്ചസാര

**പല്ലുകടി**-പല്ലുകൂട്ടിക്കടിക്ക, പല്ലിറുമ്മൽ.

**പല്ലുകുത്തു്**-പല്ലിന്റെ ചുവട്ടിലുണ്ടാകുന്ന ഒരു വേദന.

**പല്ലുതടി**-പല്ലിത്തടി.

**പല്ലുളി**-പല്ലുകത്തി.

**പല്ലേരി**-മോണ, ഊന്.

**പല്യങ്കം**-കട്ടിൽ(സം). ഉപദേശാദികൊണ്ടു അടക്കപ്പെട്ട(ത്തു)ന്നതു് എന്നർത്ഥം.

'പല്യങ്കത്തിൽപരിചൊടുപരവ-
ശിച്ചുപോകുമഹാക്ഷീം'

**പല്പലം**-ന. കാല്ക്കുമാത്രം വെള്ളമുള്ള പൊയ്ക, അല്പസരസ്സ്. വ. ചിറക്കുഴി. ന. പർവതങ്ങളിൽ കാണപ്പെടുന്ന ചെന, ചോല മുതലായ സ്വല്പജലാശയം. സൂകരം മുതലായതു് ഇതിൽ ശമിക്കുന്നതിനാൽ ഈ പേർ വന്നു.

**പല്പലാവാസം**-ആമ.

**പവൻ**-പതിനഞ്ചു ബ്രിട്ടീഷ് രൂപം വിലയുള്ള ഒരു സ്വർണ്ണനാണയം.

ഈ നാണയത്തിന്റെ വില ചിലപ്പോൾ കൂടുകയും ചിലപ്പോൾ കുറയുകയും ചെയ്യാറുണ്ട്.

**പവന**-വി. സ്വച്ഛതയുള്ള, വെടിപ്പുള്ള.

**പവനതനയൻ**-പു. ഹനുമാൻ. ൨. ഭീമൻ. ൩. അഗ്നി.

**പവനൻ**-പു. വായു, കാററ്. ശുദ്ധമാക്കിച്ചെയ്യുന്നവനെന്നർത്ഥം. ൨. വിഷ്ണു.

**പവനഭുക്ക്**-സർപ്പം.

**പവനം**-ന. പതിർപിടിത്തം, നെല്ലു മുതലായതു ചേറുക. ഏററവും ശുദ്ധിവരുത്തുക എന്നർത്ഥം. ൨. ശുദ്ധിയാക്കുക. ൩. കുശവന്റെ ആല. ൪. ജലം. ൫. മജ്ഞരം എന്ന ഒരുവക പുല്ല്. ൬. പവിത്രം.

**പവനവാഹനൻ**-അഗ്നി.

**പവനവ്യാധി**-പു. ഉദ്ധവൻ.

ഉദ്ധവർ കൃഷ്ണന്റെ ഇഷ്ടനും മന്ത്രിയുമാണ്.

൨. വാതരോഗം.

**പവനസഖൻ**-അഗ്നി.

**പവനാശനൻ**-പാമ്പ്. പവനം (കാററിനെ) അശിക്കുന്നതു് (ഭക്ഷിക്കുന്നതു്). വായു ഭക്ഷണമായുള്ളവൻ എന്നു താൽപ്പര്യം.

ഒരു ഭക്ഷണവസ്തുവും ഏറെക്കാലം വരെ കിട്ടിയില്ലെങ്കിലും പാമ്പിനു കാററിനെ തിന്നു ജീവിച്ചിരിക്കാം. സുഖവായു വീശുമ്പോൾ സർപ്പങ്ങൾ അതിനെ ആസ്വദിച്ചു രസിക്കാറുണ്ട്.

**പവനാശനം**-പാമ്പ്.

**പവനാശനാശൻ**-പു. മയിൽ. ൨. ഗരുഡൻ.

**പവനാളം**-ചോളം.

**പവനീ**-ചൂൽ, തുറപ്പ.

**പവം**-പു. പതിർപിടിത്തം, നെല്ലു മുതലായതു ചേറുക. ഏററവും ശുദ്ധി വരുത്തുകയെന്നർത്ഥം. ൨. ശുദ്ധി.

**പവമാനൻ**-വായു. ശുദ്ധമാക്കിച്ചെയ്യുന്നവൻ എന്നർത്ഥം.

**പവാകാ**-ചുഴലിക്കാററ്.

**പവി**-പു. വജ്രം, ഇന്ദ്രന്റെ ആയുധം. വൈരത്തെ ശുദ്ധിയാക്കുന്നതെന്നർത്ഥം. പകവീട്ടുന്നതെന്നു താൽപ്പര്യം. ൨. കരിയ്യ്.

**പവിതം**-മുളക്.

**പവിത്ര**-വി. ശുദ്ധിയുള്ള.

**പവിത്രകം**-ന. കയററുവല. പവിത്രം (ഉപവീതം) പോലെ ഉള്ളതെന്നർത്ഥം. മറെറാരു പര്യായം-ശണസൂത്രം. ൨. മീൻകൂട്ട്. ൩. മക്കിപ്പൂവ്. ൪. പച്ചതിററുള്ള ദർഭ. ൫. അരയാല്. ൬. അത്തിയാല്.

**പവിത്രധാന്യം**-യവം.

**പവിത്രൻ**-ശുദ്ധിവന്നവൻ.

**പവിത്രം**-ന. കുശ, ദർഭ. ശുദ്ധിയെ ചെയ്യുന്നതെന്നർത്ഥം. ൨. വെള്ളം. ൩. അർഘ്യപാത്രം. ൪. ചെമ്പ്. ൫. പൂണുനൂൽ. ൬. ശുദ്ധിയുള്ളതു്. ൭. നെയ്യ്. ൮. തൈര്. ൯. തേൻ. ൧൦. എള്ള്. ൧൧. പുത്തിലഞ്ഞി. ൧൨. ചാണകം. ൧൩. അസ്ത്രം ൧൪. മഴ.

**പവിത്രമോതിരം**-കർമ്മശുദ്ധിക്കായിട്ടു കൈയിലിടുന്ന മോതിരം.

**പവിത്രവിരൽ**-അണിവിരൽ.

**പവിത്രസ്ഥലം**-ശുദ്ധസ്ഥലം.

**പവിത്രാ**-പു. തുളസി. ൨. ചിററരയാൽ. ൩. വെളുത്ത മാക്കീരക്കല്ല്. ൪. മഞ്ഞൾ. ൫. വന്നി.

**പവിഴക്കൊടി**-ഒരു പച്ചമരുന്നു്. പര്യായങ്ങൾ-സുഷിരാ, വിദ്രുമലതാ, കപോതാംഘ്രി, നടി, നളീ, ധമനീ, അഞ്ജനകേശീ.

മഹോദരം, അൎശസ്സ്, രക്തദോഷം മുതലായവകൾ നന്നു്.

**പവിഴക്കൊമ്പു്**-നീളത്തിലുള്ളപവിഴം

**പവിഴപ്പുററു്**-ഒരുഞാടിമരുന്നു്, ഒരുമാതിരി പുററു്.

**പവിഴം**-ഒരുവക രത്നം. പര്യായങ്ങൾ-വിദ്രുമം, പ്രവാളം.

പവിഴം-കഫം, പിത്തം, വിഷം, ചുമ, ക്ഷയം, രക്തദോഷം ഇവയ്ക്കു നന്നു്. കണ്ണിനു ഹിതം നല്ല പവിഴത്തിന്റെ ലക്ഷണം-നല്ല ചെമപ്പു നിറമിരിക്കും. ഘനവും വൃത്തവും മിനുപ്പും കാണും. സിരകൾ കാണുകയില്ല നിൎമ്മലതയും ഉറപ്പും ഇരിക്കും. ശോധനമാരണങ്ങൾ വൈരത്തിനൊപ്പം തന്നെ. അത്ര ശരിയാകാതയിരിക്കുന്ന പവിഴം അറിയാതെ ഉള്ളിലാക്കി വികാരമുണ്ടായാൽ പശുവിൻപാലിൽ തേനും പഞ്ചസാരയും ചേൎത്തു സേവിക്കുക. ത-പവിളം.

**പവിഴമണി**-പവിഴം എന്നു പേരുള്ള രത്നം, പവിഴം ശോധനചെയ്തുകട്ടിയതു്.

**പവിഴമല, പവിഴാദ്രി** - കിഴക്കൻ പർവതനിര.

**പവിഴമാല**-പവിഴംകൊണ്ടുള്ള മാല.

**പവുളി**-ഉത്സാഹം. (ഗ്രാ മ.)

**പശക്കൊട്ടമരം**-ഉറഞ്ഞിമരം.

**പശ**-ഗ്ര. ഒട്ടുന്ന വസ്തു. വ. ലാഭ.

**പശകൻ**-ചെറക്കൻ, പയ്യൻ.

**പശമണ്ണു്**-ചെളി.

**പശി**-വിശപ്പു്.

**പശിമ**-മാൎദ്ദവം.

**പശിമമണ്ണു്**-കളിമണ്ണു്.

**പശു**-ഗ്ര. ഗോക്കളിൽ സ്ത്രീ. വ. ജീവൻ. ന. യാഗത്തിനു കൊല്ലുന്ന ആട്ടുമററം. ർ. അധമൻ, ദോഷൻ. ഉ കഞ്ഞു്, കട്ടി. പര്യായങ്ങൾ-മാഹേയീ, സൌരഭേയീ, ഗൌഃ, ഉസ്രാ, മാതാ (ഋ-സ്ത്രീ), ശൃംഗിണീ, അൎജ്ജുനി, അഘ്ന്യാ, രോഹിണീ. ന്യ സാധാരണ ജന്തു.

പശു എന്ന ശബ്ദം ഭീരുതചത്തെ ദ്യോതിപ്പിക്കാറുണ്ടു്. പശുവിന്റെ കുറഞ്ഞ ജീവിതകാലം വൎഷം ൧൭-൨൦ കൂടിയ ജീവിതകാലം വൎഷം ൫൦.

**പശുക**-ഏതെങ്കിലും ചെറിയ ജന്തു.

**പശുക്കയറു്**- പശുവിനെ കെട്ടുന്ന കയറു്.

**പശുക്കൂട്ടു്**-പശുത്തൊഴുത്തു്.

**പശുക്കൂട്ടം**-പശുക്കളുടെ കൂട്ടം.

**പശുഗായത്രി**-ബലികഴിക്കാൻ പോകുന്ന മൃഗത്തിന്റെ ചെവിയിൽ ചൊല്ലിക്കൊടുക്കുന്ന ഒരു മന്ത്രം.

**പശുചൎയ്യാ**-ക്രീഡാ, സംയോഗം.

**പശുജാതികൾ**-മൃഗജാതികൾ. ഗന്ധൎവ്വം, ശരഭം, രാമം, സൃമരം, ഗവയം, ശശം ഇവയും, സിംഹംമുതൽ ചമരിമൃഗംവരെയുള്ളവയും, പശു, ആന, കുതിര മുതലായവയും പശുജാതികളാകുന്നു.

**പശുതാ**-മൃഗസ്വഭാവം

**പശുതീനി**-പറച്ചെറുമൻ.

**പശുദാനം**-പശുവിനെ ദാനംചെയ്യുക.

**പശുനായകൻ**-ശിവൻ.

**പശുപതി**-ശിവൻ. ഗണങ്ങളുടെ രക്ഷിതാവെന്നൎത്ഥം ജീവജാലങ്ങളെ സംസാരഭയത്തിൽ നിന്നും രക്ഷിക്കുന്നവൻ എന്നുമാവാം.

പശുപാലൻ-ഇടയൻ.

പശുപാശം-൧. പശുവിൻെറ പാശം. ൨. ജന്തുയാതനം. ൩. സംസാരബന്ധം.

'ഗതനാശം അതിക്രമം
പശുപാശം ജഗദീശം'
(നളചരിതം കഥകളി)

പശുപാശി-ഒരുവക മരുന്ന്.

പശുപ്പുല്ല്-പശുക്കൾക്കു തിന്നാൻ യോഗ്യമായ പുല്ല്. പര്യായങ്ങൾ-ഘാസം, യവസം.

പശുപ്രായ-വി. മൃഗസ്വഭാവമുള്ള, പശുവിനോടു തുല്യമായ.

പശുപ്രേരണം-പശുവിനെ തെളിക്കുക.

പശുബന്ധം-പശുവിനെ കെട്ടുക.

പശുയോനി-മൃഗാദികളുടെ യോനി.

പശുരജ്ജു-പശുക്കയർ, പശുവിനെ കെട്ടുന്ന കയർ.

പശുരാജൻ-സിംഹം.

പശുവത്സൻ-പശുക്കിടാവ്.

പശുഹരീതകീ-അമ്പഴങ്ങ.

പശ്ചാൽ-അ. ൧. പിൻപുറം. ൨. ശേഷം. ൩. പിന്നെ. ൪. പടിഞ്ഞാറ്.

പശ്ചാത്താപം-താൻ ചെയ്ത ദോഷത്തെ വിചാരിച്ച് പിന്നീടുണ്ടാകുന്ന ദുഃഖം. മറ്റു പര്യായങ്ങൾ-അനുതാപം, വിപ്രതീസാരം.

പശ്ചാർദ്ധം-൧. പടിഞ്ഞാറെ വശം. ൨. മറഞ്ഞ ഭാഗം. ൩. പിണ്ടത്തെ പകുതി ഭാഗം.

പശ്ചിമ-വി. ൧. പടിഞ്ഞാറെയുള്ള. ൨. പുറകെയുള്ള.

പശ്ചിമദിക്ക്-പടിഞ്ഞാറേ ദിക്ക്.

പശ്ചിമഭാഗം-പടിഞ്ഞാറെഭാഗം.

പശ്ചിമം-൧. പടിഞ്ഞാറ്. ൨. പിൻപ്. ൩. ഒടുവിലുള്ളത്, ഒടുവിലുണ്ടായത്. പിന്നെ ഉണ്ടായത് എന്ന ശബ്ദം ...

പശ്ചിമോത്തരാ-പടിഞ്ഞാറെ വടക്ക്.

പശ്യൽ-വി. ൧. നോക്കുന്ന. ൨. കാണുന്ന. (സ്ത്രീ-പശ്യന്തി. പു-പശ്യൻ)

പഷ്ഠൗഹി-൧. കടിഞ്ഞൂൽ ചെനയുള്ള പശു. ൨. ചെറുപ്പത്തിലേ ചെനച്ച പശു. (പ്രഷ്ഠൗഹീ എന്നതിൻെറ പാഠമാണ.)

പഷ്ണി-പട്ടിണി. [ഈ പ്രയോഗത്തിനു ശുദ്ധിയില്ല]

പസ്ത്യൻ-മനുഷ്യൻ വേദത്തിൽ പ്രയോഗം.

പസ്ത്യം-൧. ഭവനം. ജനങ്ങൾ ഒന്നിച്ചു കൂടുക.

'നിശാന്തം സദനം പസ്ത്യ-
മഗാരം മന്ദിരം പുരം'
(വാചസ്പതി)

൨. കുടുംബം.

പസ്ത്യാ-ഗൃഹകാര്യം സംബന്ധിച്ച മേലധികാരമുള്ള ദേവി.

പഹ്ളവർ, പഹ്ളികർ-മഹാഭാരതപ്രകാരം വസിഷ്ഠൻെറ പശുവിൻെറ വാലിൽ നിന്നും, രാമായണപ്രകാരം അവളുടെ ശ്വാസത്തിൽ നിന്നും ഉണ്ടായ ഒരു ജാതി.

പളക്-വെള്ളം.

പളുങ്ക്-സ്ഫടികവും മററും.

പള്ള്-൧. അടയാളം, ലക്ഷ്യം. ൨. അവസരം, സമയം.

പള്ളുന്നു-൧. കനിയുന്നു, താഴുന്നു. ൨. ചുളുങ്ങുന്നു. ൩. പ്രകാശിക്കുന്നു. ൪. ചതവുപററുന്നു. (ആഭരണം മുതലായവയിൽ)

പള്ള-൧. വയറ്, ൨. വാരിപ്പുറം. ൩. വലിയ പോത്ത്. ൪. വലിയ കാട്ട്. ൫. ആഴമുള്ള കുഴി.

പള്ള-വി. വലിയ.

**പള്ളത്തി**-ഒരുവക മത്സ്യം (വട്ടത്തിലിരിക്കും.)

**പള്ളം**-പ്ര. നഷ്ടം. വ. കുഴി.

**പള്ളയം**-പ്ര. കുഴികിണ്ണം. വ. കൈയും മുഖവും കഴുകുന്നതിനുള്ള പാത്രം.

**പള്ളവില്ലി**-മലയന്മാരിൽ ഒരു വക ക്കാർ.

**പള്ളാട്ട്, പള്ളയാട്ട്**-ഒരുതരം ആട്.

**പള്ളി**-പ്ര. ക്രിസ്ത്യാനികൾ മുതലായവരുടെ ദേവാലയത്തിനു പറയുന്ന പേർ. വ. എഴുത്തുകളരി. ന. രാജാക്കന്മാരേയും ബ്രാഹ്മണരേയും ദൈവത്തേയും സംബന്ധിച്ചു പറയുന്ന വാക്കുകളുടെ മുമ്പെ ബഹുമാനത്തിന്നായിട്ടു ചേർത്തു പറയുന്ന ഒരു വാക്ക്.

'പള്ളിക്രീഡാതൽപരനാകിന'
(കിരാതം തുള്ളൽ)

**പള്ളിക്കട്ടിൽ**-രാജാവിന്റെ കട്ടിൽ.

**പള്ളിക്കട**-രാജാവിന്റെ കട.

**പള്ളിക്കുറിപ്പ്**-രാജാക്കന്മാരുടെ (ദൈവത്തിന്റെ) ഉറക്കം.

'പള്ളിക്കുറിപ്പുണർന്നാശു മുകുന്ദനും'
(ഭാരതം)

**പള്ളിക്കൂടം**-പാഠശാല.

**പള്ളിക്കെട്ട്**-രാജസ്ത്രീകളുടെ വിവാഹം. (പള്ളി എന്നുള്ള ശബ്ദം നോക്കുക)

**പള്ളിച്ചാൻ**-പോണ്ടൻ, കേരളത്തിൽ ഒരു ജാതിക്കാരുടെ പേർ.

**പള്ളിച്ചിത്രകൂടം** - കോലത്തിരിയുടെ കൊട്ടാരം.

**പള്ളിച്ചിയാൻ**-പോണ്ടൻ.

**പള്ളിഞായൽ**-പ്ര. പാക്കനിലം, ഞാററടി, കന്നിക്കണ്ടം.

**പള്ളിതിരിയുന്നു**-ഋതുവാകുന്നു.

**പള്ളിത്തണ്ട്**-രാജാക്കന്മാരുടെ പല്ലക്ക്.

**പള്ളിത്തേവാരം**-രാജാക്കന്മാരുടെ നിത്യ കർമ്മം.

**പള്ളിപ്പലക**-രാജാക്കന്മാർ ഇരിക്കുന്ന പലക.

**പള്ളിപ്പേപ്പ്**-ക്ഷുദ്രപ്രയോഗം മാററുന്നതിനു ക്ഷേത്രങ്ങളിൽ ചെയ്യുന്ന ഒരു കർമ്മം.

**പള്ളിബാണപ്പെരുമാൾ**- കേരളത്തിൽ ഒരു പരദേശമതം സ്ഥാപിച്ച ഭരണാധികൃതൻ.

**പള്ളിബ്ഭോട്ട്, പള്ളിയോടം**-രാജാക്കന്മാർ കയറിപ്പോകുന്ന ഓടം.

**പള്ളിമാടമ്പ്**-രാജാക്കന്മാർക്കു പൂണുനൂലിടുന്ന കർമ്മം.

**പള്ളിമാളിക**-പള്ളിയുടെ മുകൾത്തട്ട്.

**പള്ളിമാറാട്ടം**-രാജാക്കന്മാരെ അടക്കുന്ന സ്ഥലം.

**പള്ളിമെത്ത**-രാജാക്കന്മാരുടെ മെത്ത.

**പള്ളിയടക്കം**-രാജാക്കന്മാരുടെ ശവസംസ്കാരം.

**പള്ളിയമ്പു**-പ്ര. രാജാവിന്റെ അസ്ത്രം. വ. കൈത.

**പള്ളിയവണ**-അവണപ്പലക.

**പള്ളിയറ**-രാജാക്കന്മാർ കിടക്കുന്ന മുറി.

**പള്ളിയറക്കാരൻ**-പള്ളിയറയിലെ വേലക്കാരൻ.

**പള്ളിയാൽ**-ജലത്തിന്റെ സഹായം കൂടാതെ എളുപ്പമുണ്ടാകുന്ന നെല്ല്.

**പള്ളിയാൽ ഉണ്ടാക്കുക** - കൃഷിക്കുപയോഗമായും ഇക്കായും കാണുന്ന കുന്നിൻചെരുവുകളെ കൃഷിക്കു സൌകര്യപ്പെടുത്തുവാൻ ഓരോ നിലകളാക്കി താഴ്ത്തി നിരപ്പാക്കിച്ചെയ്യുക.

**പള്ളിയുറക്കം**-രാജാക്കന്മാരുടെ ഉറക്കം

**പള്ളിവായന**-രാജാക്കന്മാരുടെ വിദ്യാഭ്യാസം.

**പള്ളിവിളക്ക്** - രാജാക്കന്മാരുടെ വിളക്ക്.

**പള്ളിവേട്ട**-൧. രാജാക്കന്മാരുടെ നായാട്ട്. ൨. ക്ഷേത്രങ്ങളിൽ ഉത്സവം തുടങ്ങിയാൽ ആറാട്ടിൻെറ തലേദിവസമുള്ള ഒരടിയന്തരം.

**പഴകൽ**-പഴകുക.

**പഴകുന്നു**-൧ കുറെക്കാലം കഴിയുന്നു. ൨. പഴയതായിത്തീരുന്നു. ൩. പരിചയിക്കുന്നു.

**പഴക്കാ**-പഴത്തിനുള്ള വാഴയ്ക്ക.

**പഴക്കം**-വി. ൧. വളരെക്കാലം മുമ്പേയുള്ള, പഴയതായ. ൨. പരിചയിച്ച.

**പഴനിലം**-കൃഷിചെയ്യാത്ത നിലം, കൃഷി നടപ്പുള്ള നിലം ചില കാലം കൃഷി ചെയ്യാതെ ഇരുന്നാൽ അതിനു പറയുന്ന പേർ.

**പഴനെല്ല്**-പഴകിയ നെല്ല്.

**പഴന്തള്ള** - രാജാക്കന്മാരോടു ജനങ്ങൾ അമ്മ എന്നതിനു പകരം പറയുന്ന ഉപചാരവാക്ക്.

**പഴന്തുളുവർ** - സർപ്പഭീതിയാൽ കേരളത്തിൽ നിന്നു പരദേശത്തേക്ക് ഓടിപ്പോയി തിരിയെ വന്നുപാർത്ത കേരളബ്രാഹ്മണർക്കു പഴന്തുളുവർ എന്നും തുളുനമ്പികൾ എന്നും പേർ വന്നു.

**പഴപ്രഥമൻ**-നേന്ത്രപ്പഴം കൊണ്ടുണ്ടാക്കിയ ഒരു മധുരക്കറി.

**പഴമ**-൧. പഴക്കം. ൨. വൃദ്ധത. ൩. പണ്ടത്തെ അറിവ്.

**പഴമക്കാരൻ**-൧ വയസ്സുചെന്നവൻ, വൃദ്ധൻ. ൨. പണ്ടത്തെ പല കാര്യങ്ങൾ അറിഞ്ഞിട്ടുള്ളവൻ.

**പഴമുണ്ണാല**-ഒരു വൃക്ഷം. പര്യായങ്ങൾ- രാജാദനം, ഫലാദ്ധ്യക്ഷം, ക്ഷീരികാ.

ഇതു രസത്തിൽ മധുരവും പാകത്തിൽ അമ്ലരസവുമാകുന്നു. വാതപിത്തരോഗങ്ങൾക്കും പ്രമേഹത്തിനും നന്ന്. രുചിയെ ചെയ്യും. ഹൃദ്യവും ശുക്ലവൃദ്ധികരവുമാണ്. ഈ വൃക്ഷം വലുതും ഉയർച്ചയുള്ളതുമാകുന്നു. ഇല തുളസിമുല്ലയുടേതു പോലെയിരിക്കും. ത-പഴമുണ്ണിപ്പാല, തീമ്പാല.

**പഴമൂട്ട്**-പറിക്കാതെ കിടന്നു പിന്നത്തെ ആണ്ടിൽ കിളുത്ത ചേമ്പ് കിഴങ്ങു മുതലായവ.

**പഴം**-വാഴയുടെ കായും മററും പഴുത്തത്.

**പഴംപക**-പൂർവ്വവിരോധം.

**പഴയത്, പഴകിയത്**-൧. പഴഞ്ചോറ്. ൨. പഴയോല. ൩. പണ്ടുള്ളത്.

പഴയതു, പഴകിയതു (പണ്ടുള്ളതു) എന്നതിനു പര്യായങ്ങൾ-പുരാണം, പ്രതനം, പ്രത്നം, പുരാതനം, ചിരന്തനം.

**പഴങ്കഞ്ഞി**-തലേദിവസത്തെ കഞ്ഞി.

**പഴമ്പാച്ചി**-പെററു പെററു വയർ ഒട്ടിയവൾ.

'അഞ്ചെട്ടുപെററുപഴമ്പാച്ചിയായപ്പോൾ
വള്ളുവനാടരന്നെത്തള്ളട്ടു'

**പഴയ, പഴേ**-വി. ൧. പഴകിയ. ൨. പണ്ടേയുള്ള.

**പഴയപാട്ടുകൾ**-൧. തീയാട്ടും കളമെഴുത്തും പാട്ട്. ൨. ബ്രാഹ്മണിപ്പാട്ട്. ൩. കോലംകെട്ടി കൂത്താട്ടുപാട്ട്. ൪. യാത്രക്കളിപ്പാട്ട്. ൫ ഭദ്രകാളിപ്പാട്ട്. ൬. തോററംപാട്ട്. ൭. ദേവേന്ദ്രപ്പള്ള്. ൮. സർപ്പപ്പാട്ട്. ൯. ശാസ്താൻപാട്ട്. ൧൦ നിഴൽകുത്തുപാട്ട്. ൧൧. കൃഷിപ്പാട്ട്. ൧൨. അമ്മാനപ്പാട്ട്. ൧൩. കോലടിപ്പാട്ട്. ൧൪. രാമകഥപ്പാട്ട്. ൧൫. തമ്പുരാൻപാട്ട്. ൧൬. ഉലകുടയപെരുമാൾപാട്ട്. ൧൭. നന്തുണിപ്പാട്ട്. ൧൮. കല്യാണക്കളിപ്പാട്ട്. ൧൯. തച്ചോളിപ്പാട്ട്.

൧൦. മാണപ്പാട്ട്. ൧൧. എലിപ്പാട്ട് ൧൨. കിരാതപ്പാട്ട്. ൧൩. കടിയാററപ്പാട്ട്. ൧൪. വള്ളപ്പാട്ട്. ൧൫. കൈകൊട്ടിപ്പാട്ട്.

**പഴയരി**-പഴനെല്ലിന്റെ അരി പുഴക്കലരി രണ്ടുതരമായി പറഞ്ഞുവരുന്നതിൽ ചെറിയ മാതിരി അരി.

**പഴയിട**-പഴങ്കഥ.

**പഴവർ**-ഹീനജാതികൾ കാരണവരെ പറയുന്ന പേർ, രാജാക്കന്മാരോടു മററുള്ള ഏതാനം ജാതിക്കാർ കാരണവരെ പറയുന്ന പേർ.

**പഴി**-൧. കുററം. ൨. അപവാദം, ൩. നിന്ദ. ൪. ദൂഷ്യം.

**പഴിക്കുന്നു**-നിന്ദിച്ചു പറയുന്നു, നിന്ദിക്കുന്നു, കുററപ്പെടുത്തുന്നു.

**പഴിത്തു്**-നിഷേധിച്ചു്.

**പഴിദോഷം**- ൧. നുണ, കരള. ൨. കുററം.

**പഴിപ്പു്**-പഴിച്ചുപറക. ശകാരം.

**പഴിവാക്കു്**-അസത്യവാക്കു്, നിന്ദാവാക്കു്; ഇല്ലാത്ത ദോഷത്തെ പറക.

**പഴുക്കാ**-പഴുത്ത അടയ്ക്കാ.

**പഴുക്കാപ്പുലി**-ഒരുവക കാട്ടുമൃഗം പുലി പല തരമുള്ളതിൽ ചെമപ്പു നിറമുള്ളതു്.

**പഴുക്കുന്നു**-൧. പഴമായിത്തീരുന്നു. ൨. ചുവക്കുന്നു. (സ. ക്രി. പഴുപ്പിക്കുന്നു)

**പഴുതു്**-൧ ദ്വാരം. ൨ സമയം, തക്കം. ൩. ഒഴികഴിവു. ൪. വ്യർത്ഥം.

**പഴുതാകുന്നു**-ഫലമില്ലാതാകുന്നു (സ. ക്രി. പഴുതാക്കുന്നു.)

**പഴുതാര**-വളരെക്കാലും വിഷവുമുള്ള ഒരു ചെറിയ ഇഴജന്തു.

൧. പഴുതാര കടിച്ചാൽ മഞ്ഞളും കരകനായും കൂടി അരച്ചു കടിച്ചേടത്തു പുരട്ടുക.

൨. അരിതാരം മാതളനാരങ്ങാനീരിൽ അരച്ചു തേക്കുക. വിഷം തീരും. വേദനയും മാറും.

൩. കടുക്കാത്തോടു്, മഞ്ഞൾ, വയമ്പു്, കരകനായു് ഇവ സമം പനിനീരിൽ അരച്ചു പിരട്ടുക. നീരുവരുന്നെങ്കിൽ ചുക്കു കൂടി ചേർത്തു കാടിവെള്ളത്തിൽ അരച്ചിടുക.

൪. ഇന്തുപ്പു പൊടിച്ചു് കിഴികെട്ടി നെയ്യ് മൂപ്പിച്ചു ഒററലിടുക.

൫. വയമ്പു്, വേപ്പില, കടമഞ്ഞ, വെള്ളുള്ളി ഇവ മഷിപോലെ അരച്ചു പിരട്ടുക.

**പഴുതിൽ, പഴുതേ**-അ. വെറുതെ.

**പഴുപ്പു്**-പാകം, പഴുക്കുക.

**പറ**-൧. പത്തിടങ്ങഴി കൊള്ളുന്ന ഒരളവു പാത്രം. ൨. ഒരു വാദ്യം. (ഡിണ്ഡിമം)

ഡിണ്ഡിമം എന്നു് ചെണ്ടക്കു പറയാം

**പറ**-(ധാതു). ൧. സംസാരിക്കുക: ൨. ആകാശത്തിൽ സഞ്ചരിക്കു.

**പറക്കൽ**-പറന്നു പോക.

**പറക്കള്ളി**-പറയന്റെ സ്ത്രീ.

**പറക്കൊക്ക**-കാവതികാക്ക, കടക്കാക്ക.

**പറക്കോടി**-പറമാടം.

**പറക്കുന്നു**- പക്ഷി പഞ്ഞി മുതലായവ ആകാശത്തുകൂടി സഞ്ചരിക്കുന്നു, പറന്നു പോകുന്നു. (പറത്തുന്നു. പറപ്പിക്കുന്നു. സ. ക്രി.)

**പറക്കാക്കൂത്തു്**-ഒരു നാടകത്തിലുള്ളതിൽ ഒരു കഥ, വേഷം കെട്ടിപ്പറക്കുന്ന ഒരു കൂത്തു്.

**പറക്കൊട്ട**-ഒരു പറകൊള്ളുന്ന കൊട്ട (കുട്ട).

**പറങ്കി**-പോർത്തുഗൽ ദേശക്കാരൻ.

പറങ്കിച്ചുക്ക-ഒരുതരച്ചുക്ക.

പറങ്കിത്താഴ്-ഒരുമാതിരി ഉരുണ്ട താഴ്.

പറങ്കിപ്പാഷാണം-പാഷാണം പലമാതിരി ഉള്ളതിൽ ഒന്ന്.

പറങ്കിപ്പുണ്ണ്-ഒരു ദീനം.

പറങ്കിപ്പൂട്ട്-പറങ്കിത്താഴ്.

പറങ്കിമാവ്-പറങ്കികൾ അവരുടെ ദേശത്തുനിന്ന് കൊണ്ടുവന്നു നട്ടുണ്ടാക്കിയ ഒരുവക മാവ്, കപ്പൽമാവ്.

പറങ്കിമുളക്-പറങ്കികൾ കപ്പലിൽ കൊണ്ടുവന്നുണ്ടാക്കിയ ഒരുമാതിരി മുളക്, കപ്പൽമുളക്.

പറങ്കിയണ്ടി-പ്ര. പറങ്കിമാങ്ങയുടെ അണ്ടി. ഉ. കപ്പലണ്ടി.

പറങ്കിവാക്ക്-പറങ്കിഭാഷ.

പറങ്കിവേർ-ചീനപ്പാവ്.

പറങ്കിസ്സാമ്പ്രാണി- കുന്തുരുക്കം, സാമ്പ്രാണി.

പറച്ചി-പറക്കള്ളി

പറച്ചിപെററമഹാന്മാർ-(പാക്കനാർ നോക്കുക).

പറച്ചുണ്ട-ഒരു ചെടി.

പറച്ചേരി-പറക്കുടി.

പറജാതി-പക്ഷി.

പറട്ട-വി. മ്ലേച്ഛതയുള്ള.

പറട്ടുപറക-തെറിപറക.

പറണ്ട-ഇരണ്ടപ്പക്ഷി.

പറന്തല-പ്ര. ചുട്ടകാട്. ഉ. പറത്തിയിട്ടുന്ന തലമുടി.

പറമ്പ്-പുരവെക്കുന്നതിനും മററും വേണ്ടി വെട്ടിത്തിരിച്ച സ്ഥലം.

പറമ്പത്തെ ചരക്ക് = വൃക്ഷങ്ങളിലെ ഫലങ്ങൾ.

പറമ്പത്തീസ്സൻ, പറമ്പടത്തയ്യൻ-പുള്ള്, ആറുകാട്ടി.

പറമ്പുപാട്ടം- പറമ്പിനു കൊടുക്കുന്ന പാട്ടം, കരം.

പറപ്പ്-പറക്കുക.

പറപ്പുനായർ-പള്ളിച്ചാൻ.

പറമാടം-പറക്കുടി.

പറയൻ-പ്ര. ഒരു മഹാ നീചജാതി, ചണ്ഡാലൻ. ഉ. തുള്ളപ്പാട്ടിൽ ഒരു ഇനം.

ഇതു് ഓട്ടൻ, ശീതങ്കൻ എന്നിവയിലും പതിഞ്ഞ മട്ടാണ്.

പറയൻകിഴങ്ങ്-ഉള്ളാടൻ കാച്ചിൽ.

പറയി-പറക്കള്ളി, പറയൻെറ സ്ത്രീ.

പറയുന്നു-വാക്കുകൊണ്ടറിയിക്കുന്നു.

പറയോന്ത്-പ്ര. പറക്കുന്ന ഓന്ത്. ഉ. പറക്കുന്ന ഒരുമാതിരി പാമ്പ്.

പറവ-പക്ഷി.

പറവജാതി-പറക്കുന്ന ജന്തു.

പറവാശി- ഒത്തപറയകണ്ടു അളന്നാൽ വരുന്ന ഏററക്കുറച്ചിൽ.

പറി-(ധാതു) ബന്ധംവിടുക.

പറി-പ്ര. കീറൽ. ഉ. ബലപ്രയോഗം. മ. വൃഷണം.

പറിപ്പ്-പറിക്ക

പറിയുന്നു-പ്ര. ഫലങ്ങളും മററും വൃക്ഷങ്ങൾ മുതലായവയിൽ നിന്നു വേർപെടുന്നു ഉ. പിഴുന്നു. മ. കയറോ മറേറാ പൊട്ടുന്നു, വേർപെടുന്നു. (പറിക്കുന്നു. സ. ക്രി., പറിപ്പിക്കുന്നു കാ. ക്രി.)

പറിവ്-ഒഴുക്ക്, പ്രവാഹം.

പറു-വി. കഠിനമായ. (പഴ).

പറുക്കൻ-ചതിയൻ, കൃത്രിമമുള്ളവൻ.

പറുക്ക്-ചതി, കൃത്രിമം.

പറുക്കുന്നു-(കണക്കുകളിൽ) ചതിക്കുന്നു.

പറുതല-പറന്തല, പറത്തിയിട്ട തല, ക്രമക്കേടായിട്ട് ഇട്ടിട്ടുള്ള തലമുടി.

പറുപറുക്കുന്നു - ക്ഷുദ്രമായ് പോകുന്നു. ഉ-ം, മൂത്രം പറുപറുത്തുപോകുന്നു.

പറുപററെ-അ. തുണി വലിച്ചുകീറുമ്പോഴത്തെ ശബ്ദം പോലെ, മയമില്ലാതെ.

പററ്-൧. സ്നേഹം. ൨. ആഗ്രഹം. ൩. ചേർന്നിരിപ്പ്. ൪. കൊള്ളുക. ൫. ചേർച്ച. ൬. കാര്യം. ൭. വാങ്ങിക്ക. ൮. മൂച്ച്. ൯. വരവ്. ൧൦. പററുപടി. ൧൧. പുരാച്ച. ൧൨. മുഖപരിചയം. ൧൩. ലഹരിപിടിത്തം. ൧൪. വശ്യത. ൧൫. താൽപര്യം. ൧൬. ചേററ്. ൧൭. കുററം.

പററപ്പുററെ-അ. കഷ്ടിച്ച്.

പററലർ-ശത്രുക്കൾ. പററ് (സ്നേഹം) ഇല്ലാത്തവർ.

പററുന്നു-മുഴുവനമാവുന്നു.

'ഇന്നിതുപററുന്നു പററിതു'

(രാമചരിതം)

പറററെ-തീർച്ചയായി, ഖണ്ഡിതമായി (പ-മ.)

പററാണി-രണ്ടററത്തും മൂർച്ചയുള്ള ആണി

പററാന-താപ്പാന.

പററി-അ കുറിച്ച്, സംബന്ധിച്ച്.

പററിക്കുന്നു-൧. കൂട്ടിച്ചേർക്കുന്നു. ൨. ഒട്ടിക്കുന്നു. ൩. തീ കത്തിക്കുന്നു.

പററിച്ചുവിടുന്നു-ചതിച്ചയക്കുന്നു.

പററിരിമ്പ്-കൊടിൽ, പററുകൊടിൽ.

പററിൽ-അ. പക്കൽ.

പററുകടുക്കൻ-പുരുഷന്മാരുടെ കാതിലിടുന്ന ഒരാഭരണം.

പററുകാരൻ-ശേവുകക്കാരൻ.

പററുകൊടിൽ-പൊൻപണിക്ക് ഉപകരിക്കുന്ന ഒരു മാതിരി കൊടിൽ.

പററുചീട്ട്-കരം മുതലായതു ഒടുക്കിച്ചു കൊണ്ടു കൊടുക്കുന്ന ഒരെഴുത്ത്, ശമ്പളപ്പണം വാങ്ങുന്നതിനു കൊടുക്കുന്ന രസീത്.

പററുതല-വായ്ത്തല.

പററുതാഴ്-ആമത്താഴ്.

പററുന്നു-൧. ചേരുന്നു. ൨. ഒട്ടുന്നു. ൩. വാങ്ങിക്കുന്നു. ൪. ലഭിക്കുന്നു. ൫. കൊള്ളുന്നു. ൬. കാര്യം സാധിക്കുന്നു. ൭. വശിക്കുന്നു. ൮. ലഹരി പിടിക്കുന്നു. ൯. താൽപര്യപ്പെടുന്നു. ൧൦. തീപിടിക്കുന്നു. ൧൧. തികയുന്നു. ൧൨. മൂച്ചുകൂട്ടുന്നു. ൧൩. ചെന്നെത്തുന്നു. ൧൪. അറിയുന്നു. ൧൫. പിണയുന്നു. ഉ-ം അബദ്ധം പററിപ്പോവുക. (നാമം-പററൽ, പററ്.)

പററുപടി-വാങ്ങിച്ചതിനുള്ള കണക്ക്.

പററുമാനം-൧. പററുപടി. ൨. സ്നേഹം.

പററുമുറി-പററുപടി.

പററുശീട്ടി(ട്ട്)-രസീതു, പുററുപടി.

പററുളൻ-ബന്ധു.

പറെറ-മുഴുവൻ.

---

## പാ

പാ(യ്)-കിടക്കുന്നതിനും മററും തഴപ്പുല്ലു മുതലായതു കൊണ്ടു നെയ്തുണ്ടാക്കുന്ന വസ്തു.

പാക-വി ൧. ചെറിയ. ൨. വിലപിടിച്ച. ൩. യോഗ്യതയുള്ള.

പാകക്കുറ്റം-പെരുങ്കുറവ്.

പാകക്കേട്-൧. പാകമില്ലായ്ക ൨. പാകമല്ലായ്ക.

പാകജം-കാരുപ്പ്.

പാകത-പാകമുള്ള അവസ്ഥ.

പാകത എന്നു പ്രയോഗിക്കുന്നതു കൊള്ളരുതെന്നു ചിലർക്കു അഭിപ്രായമുണ്ട്. പാകശബ്ദം ധർമ്മിപരമായിട്ടു വൈദിക

സംസ്കൃതത്തിൽ കാണുന്നതിനാൽ പാക ത്തെ ഒരു ദോഷവുമില്ല.

**പാകത്രയം**-ക്ഷീരനീരപാകം, ദ്രാക്ഷാ പാകം, നാളികേരപാകം. (പാലും വെ ള്ളവും എന്നപോലെ ലളിതമലയാള പദങ്ങളും സംസ്കൃതപദങ്ങളും യോജി പ്പിക്കുന്നതു ക്ഷീരനീരപാകം-ശേഷം രണ്ടും നോക്കുക.)

**പാകൻ**-പു. ഒരസുരൻ.

പാകാസുരൻ ഇന്ദ്രനാൽ വധിക്ക പ്പെട്ടു.

2. കുട്ടി. കുലത്തെ രക്ഷിക്കുന്നതു എ ന്നർത്ഥം. മുലകുടിക്കുന്നതെന്നുമാവാം. (കുട്ടി എന്ന അർത്ഥത്തിൽ പാകാ എന്നു ആകാരാന്തമായും കാണുന്നു).

**പാകപ്പിഴ**-പാകക്കേടു്.

**പാകഭാജനം**-പാകംചെയ്യുന്ന പാത്രം.

**പാകം**-പു. ക്രമം. 2. അടക്കം. 3. തു ല്യം. 4. ശീലം. 5. പത്ഥ്യം. 6. ഇ ഷ്ടം. 7. വേവു്. 8. ഫലാവസ്ഥ. 9. ധാന്യം. 10. വൃദ്ധതനിമിത്തം നരച്ച മുടി. 11. മൂങ്ങ. 12. കഞ്ഞു എന്ന പാത്രം.

**പാകംചെയ്യുന്നു**-പചിക്കുന്നു. വേവിക്കു ന്നു. പര്യായങ്ങൾ-പചാ, പാകം.

**പാകയജ്ഞം**-ഗൃഹയജ്ഞം.

**പാകരസത്രയം**-കടു, അമ്ലം, മധുരം.

**പാകൽ**-പാവുക.

**പാകല**-വി. പാകംവരുത്തുന്ന.

**പാകല(ള)ം**-പു. ആനക്കുള്ള പനി. 2. കൊട്ടം. പാകത്തിലെടുക്കപ്പെടുന്നതു് എന്നർത്ഥം. 3. കതിര. 4. അഗ്നി. 5. വായു.

**പാകശാല**-അടുക്കളപ്പുര.

**പാകശാസനൻ**-ഇന്ദ്രൻ. പാകാസുര നെ കൊന്നവൻ എന്നർത്ഥം. ദിതിയുടെ ഗർഭത്തെ (മരുത്തുക്കളെ) ശിക്ഷിച്ചവൻ എന്നുമാവാം.

ഈ പാകൻ വൃത്രാസുരന്റെ അനുജ (ഗ)നാണു്.

**പാകശാസനി**-പു. ഇന്ദ്രന്റെ പുത്രൻ, ജയന്തൻ 2. ബാലി. 3. അർജ്ജുനൻ.

**പാകശീലൻ**-പു. അടുക്കളക്കാരൻ 2. സാവധാനശീലമുള്ളവൻ.

**പാകസ്ഥാനം**-അടുക്കള. വെയ്പിന്റെ സ്ഥാനം എന്നർത്ഥം.

**പാകസ്ഥാനാദ്ധ്യക്ഷൻ**-വെപ്പുകാരൻ

**പാകാരി**-ഇന്ദ്രൻ.

**പാകി**-ഉറച്ചു്.

'തുകിലുടങ്ങീതങ്ങാകാശംതന്നിലേ
പാകിനിന്നീടിന മേഘമെല്ലാം'

(കൃഷ്ണഗാഥ)

**പാകിനില്ക്കുന്നു**-ഉറച്ചുനില്ക്കുന്നു.

**പാകുന്നു**-പു വിതയ്ക്കുന്നു. 2. പറിച്ചുനട്ടു ന്നതിനായിട്ടു വിത്തു അടുപ്പിച്ചു വിതയ്ക്കു ന്നു. 2. വസ്ത്രം നെയ്യുന്നതിനു നീള ത്തിൽ നൂലിടുന്നു, നൂലു പാകുന്നു 3. നിരക്കുന്നു

**പാക്കു്**-പു. അടയ്ക്ക. 2. പാകിക്കിളു ത്ത നെല്ലു്. 3. കളിയടയ്ക്ക.

**പാക്കനാർ**-കേൾവിപ്പെട്ടൊരുപറയൻ, പന്തിരുകുലത്തിലൊരുവൻ 'വായില്ലാക്കുന്നില പ്പൻ.'

'പാക്കനാരുടെ വംശമാകിന
പാല്ക്കൂടൽ കുപിറന്നഞാൻ.'

(നാളായണീചരിതം തുള്ളൽ)

### പറച്ചിപെറ്റ മഹാന്മാർ.

(പറച്ചിപെറ്റ പന്തിരുകുലം)

വരരുചിയ്ക്കു പറച്ചിയിൽ ഉണ്ടായവർ.

1. അഗ്നിഹോത്രി-(ബ്രാഹ്മണൻ വളർത്തിയ ബാലൻ)
2. രജകൻ.
3. ചെമ്മാൻതിരുമേനി-(ചെമ്മാൻ വളർത്തിയതു്)

൪. ഉളിയന്നൂർ പെരുന്തച്ചൻ-(കമ്മാളൻ വളർത്തിയതു്)

൫. തിരുവരങ്കത്തു പാണനാർ-(വള്ളുവൻ വളർത്തിയതു്)

൬. ഉപ്പുകുറ്റൻ.

൭. നാരായണത്തു ഭ്രാന്തൻ-(ബ്രാഹ്മണൻ വളർത്തിയ വിദ്വാൻ)

൮. വടുതലനായർ.

൯. കാരയ്ക്കൽ അമ്മ.

൰. അകവൂർ ചാത്തൻ.

൰൧. പാക്കനാർ.

൰൨. വായില്ലാക്കുന്നിലപ്പൻ.

'മേളത്തോടഗ്നിഹോത്രീരജകനുളിയന്നൂർ
തച്ചനും പിന്നെവള്ളോൻ,
വായില്ലാക്കുന്നിലപ്പൻ വടുതലമരുവും
നായർ കാരയ്ക്കലമ്മ;
ചേമ്മോടുപ്പുകുറ്റൻ പെരിയതിരുവരങ്കത്തെഴും പാണനാരും
നേരേ നാരായണഭ്രാന്തനുമുടനകവൂർ
ചാത്തനും പാക്കനാരും"

[പാക്കനാർ മുറം ഉണ്ടാക്കി വിററു കഴിയുന്നു കാലക്ഷേപം എന്നു നാട്യം. പൂർണ്ണജ്ഞാനവും മാഹാത്മ്യവും നിമിത്തം എവിടെയും ചെല്ലുമായിരുന്നു. പാക്കനാരോടു ആലോചിക്കാതെ ആരും ഒരു കാര്യവും നടത്തിവന്നില്ല. ഇദ്ദേഹത്തിന്റെ പാട്ടു് ഇപ്പോഴും പ്രസിദ്ധമാണു്.]

പാക്കാൽ - കഞ്ഞിപ്പശയിൽ മുക്കിയ നൂൽ.

പാക്കത്താറു്-പാകിക്കിളുപ്പിച്ച ധാന്യങ്ങളുടെ മുള.

പാക്കനിലം-വിത്തുപാകുന്ന നിലം.

പാക്കവെട്ടി-അടയ്ക്കാക്കത്തി.

പാക്കഴ-പാല്പാത്രം.

പാക്യ-വി. പാകംചെയ്യപ്പെടുവാൻതക്ക

പാക്യജനകം-ഒരു വാതകം (Nitrogen).

പാക്യം-൧ ചമച്ച ഉപ്പു്. ൨. കഷായം. പാകംചെയ്തുണ്ടാക്കുന്നതു എന്നു ശബ്ദാർത്ഥം.

പാക്യം എന്നതു വിളയുപ്പാണു് വേറെ ചില ഉപ്പുകൾ പാകംചെയ്തുണ്ടാക്കുന്നതാണു് ഈ ഉപ്പു്. ക്ഷാരമൃത്തികയെ പചിച്ചുണ്ടാക്കുന്ന ഉപ്പെന്നു ചിലരുടെ അഭിപ്രായം.

൩. തുവര്‍ച്ചിലയുപ്പു്. ൪. പൊടിയുപ്പു്. ൫. ചവക്കാരം.

പാങ്കിണർ-പ്രയോജനമില്ലാത്ത കിണർ, പൊട്ടക്കിണർ.

പാങ്കു്-൧. നില. ൨. സ്ഥിതി. ൩. സമ്പ്രതി.

പാങ്കു്-വി. പ്രയോജനമില്ലാത്ത, പാഴായ

പാങ്കുഴി-പ്രയോജനമില്ലാത്ത കുഴി, ഒഴിഞ്ഞ കുഴി, പാമ്പുകിടക്കുന്ന കുഴി.

പാങ്ങു്-൧. നിർവ്വാഹം. ൨. വഴി. ൩. അവസരം. ൪. സഹായം. ൫. സ്വാധീനം. ൬. ഒഴികഴിവു്. ൭. പക്ഷം.

പാങ്ങൻ-സ്നേഹിതൻ. (സ്ത്രീ-പാങ്ങി)

പാങ്ങാകുന്നു-൧. തരത്തിലാകുന്നു, ചേലാകുന്നു. ൨. അവസരമാകുന്നു.

പാങ്ങുകേടു്-൧. നിർവ്വാഹക്കേടു്. ൨. അവസരക്കേടു്.

പാചക-വി. പാകംവരുത്തുന്ന, പചിക്കുന്ന.

പാചകൻ-൧. അടുക്കളക്കാരൻ, വെപ്പുകാരൻ. (പാചകസ്ത്രീ=പാചകി). ൨. അഗ്നി.

പാചകം-പിത്തം.

പാചന-വി. പചിക്കുന്ന.

പാചന(ക)ം-ചെമന്ന ആവണക്കു്.

പാചനകം-പൊൻകാരം.

പാചനൻ-അഗ്നി.

പാചനം-ന. കഷായം, വ. ദഹനം. ന. പുളിരസം

പാചനീ-കടുക്ക.

പാച്ച-മടിശ്ശീല, പണം ഇടുന്നതിനുള്ള സഞ്ചി.

പാച്ചൻ-പുരുഷന്റെ ഒരു ചെല്ലപ്പേർ, പാച്ചു എന്നും (വിളിക്കും)

പാച്ചം-കുഞ്ഞുങ്ങൾ പാലിന് പറയുന്ന പേർ.

പാച്ചമടഞ്ഞു - ഉപയോഗമില്ലാതായി. (പ. മ.)

പാച്ചൽ-ന. അതിവേഗമായുള്ള ഓട്ടം. വ. കയ്യേററം.

പാച്ചല്ക്കാരൻ-ദൂതൻ.

പാച്ചി-ന സ്ത്രീയുടെ ഒരുചെല്ലപ്പേർ. വ. കുട്ടികൾ പാലിന് പറയുന്ന വാക്ക്, പാച്ചം എന്നും പറയും.

പാച്ചിക-പകിട, ചുക്കിണി. പാശകം എന്നതിന്റെ തത്ഭവം.

പാച്ചിക്കൊൾക-ചെത്തുക.

പാച്ചു-പുരുഷന്റെ ഒരു ചെല്ലപ്പേർ, പാച്ചൻ എന്നുമുണ്ട്.

പാച്ചുക-ന പായുക. വ. തള്ളിക്കേററുക, തിക്കുക.

പാച്ചോററി-ഒരു മരുന്നുമരം. പര്യായങ്ങൾ ഗാലവം, ശാബരം, ലോധ്രം, തിരീടം, തിലകം, മാർജ്ജനം.

കഫം, പിത്തം, രക്തപിത്തം, വിഷം, നേത്രരോഗം, ദാഹം മുതലായവ ശമിക്കും. കണ്ണിന് ഹിതം. മലം പിടിപ്പിക്കും ഇം-Symplocosracemosa സിംപ്ലാക്കോസ് റാസ്മോസാ. ത-വെള്ളലോത്തി.

പാഞ്ചജന്യം-ന. വിഷ്ണുവി(കൃഷ്ണ)ന്റെ ശംഖ്.

പഞ്ചജനൻ എന്ന പേരായും ശംഖരൂപിയായും ഒരു അസുരൻ ഉണ്ടായിരുന്നു. അവനെ വധിച്ചു അവന്റെ അസ്ഥി ഭഗവാൻ തൃക്കൈയിൽ ധരിച്ചു

ഈ കഥ സുപ്രസിദ്ധമാണ്. പഞ്ചജന ശബ്ദത്തിന 'പാതാളം' എന്നർത്ഥമുണ്ടെന്നും പാതാളത്തിലുണ്ടായതാകയാൽ ഈ പേരുണ്ടായി എന്നുമാണ ക്ഷീരസ്വാമിയുടെ അഭിപ്രായം.

വ. വേഴൽ ന. ശംഖ് ൪. അഗ്നി.

പാഞ്ചനദന്മാർ-പഞ്ചാബിലുള്ളവർ.

പാഞ്ചാലൻ-ന. ഒരു രാജാവ്, ധൌമ്യമഹർഷിയുടെ ശിഷ്യനാണ്. വ, കാമശാസ്ത്രപ്രകാരം ഹസ്തിനീപ്രിയൻ.

പാഞ്ചാലം-ന ഒരു രാജ്യം.

പാഞ്ചാലം എന്നു പറയുന്നതു ഇപ്പോൾ 'റോഹിൽക്കണ്ട്' മുതലായ രാജ്യങ്ങളാണ്.

വ സൂത്രപ്പണിക്കാരുടെ കൂട്ടം.

പാഞ്ചാലി-ന. പാണ്ഡവന്മാരുടെ ഭാര്യ (ദ്രൌപദി എന്ന ശബ്ദം നോക്കുക)

പാഞ്ചാലി കീചകന്റെ ചവിട്ടും ഇടിയും കുത്തുംകൊണ്ടു സങ്കടപ്പെട്ടു വിരാടസഭയിൽ ചെന്നു ആവലാതി പറകയുണ്ടായിട്ടുണ്ട്.

വ. പാവ

പാഞ്ചാലിക-പാവ. അഞ്ചുനിറംകൊണ്ടു (പഞ്ചവർണ്ണച്ഛായംകൊണ്ടു) അലങ്കരിക്കപ്പെട്ടതു എന്നർത്ഥം.

പാഞ്ചി-ന അഞ്ചുരൂപാ വിലയുള്ള ഒരു നാണയം. വ. ഒരു മൈത.

പാട-ആദരവു കാണിക്കുന്നതിനായി ചേർക്കുന്ന ഒരു സ്ഥാനപ്പേർ. ഉ-ം നമ്പൂരിപ്പാട്, കാരണവപ്പാട്. ൪ (ജ്യോതിഷത്തിൽ) രാശിദോഷം.

പാട്-ഇന്നഇന്നഗ്രഹങ്ങൾക്ക ഇന്നഇന്ന രാശികൾ ഉച്ചസ്ഥാനമെന്നു ജ്യോതിശ്ശാസ്ത്രത്തിൽനിയമിച്ചിട്ടുണ്ട്. 'പാട്' എന്നതു മററുള്ള ഗ്രഹങ്ങൾക്ക സൂര്യനോടടുക്കുമ്പോൾ ഉണ്ടാകുന്ന ഒരു ന്യൂനതയുടെ പേരാകുന്നു. എല്ലാ ഗ്രഹങ്ങൾക്കും ഉച്ചസ്ഥാനത്തു വരുമ്പോൾ ബലം കൂടും. പാടുണ്ടായാൽ ബലം കുറയും. പാടില്ലാതെ ഏതെങ്കിലും ൭ ഗ്രഹ

ങ്ങൾ ഉച്ചസ്ഥാനത്തിൽ നില്ക്കുമ്പോൾ ജനിക്കുന്നവർ മഹാഭാഗ്യവാന്മാരായിരിക്കും.

**പാടു**-൧. കഷ്ടത, കഷ്ടാനുഭവം, ഞെരുക്കം, ആപത്ത്. ൨. തഴമ്പ്. ൩. വടുക്. ൪. നിർവ്വാഹം. ൫. പക്ഷം. ൬. വശം. ൭. മറിപ്പ്. ൮. അതിര്. ൯. അവസരം. ൧൦ നീക്കുപോക്ക്. ൧൧. പ്രാപ്തി. ൧൨. ക്രമം. ൧൩. വേല. ൧൪. മയ്യമ. ൧൫. സ്വാധീനം.

**പാട**-൧. നര. ൨. ഒരു മരുന്നുവള്ളി.

പാട—കഫം, പിത്തം, ജ്വരം, ചൊറി, വിഷം, കൃമി, ഗുല്മം മുതലായവക്കു നന്ന്. രുചിയെ ഉണ്ടാക്കും. പഞ്ച്യവർഗ്ഗത്തിൽ പെട്ട സംഗ്രാഹിദ്രവ്യമാണ് പത്രശാഖവർഗ്ഗത്തിൽ ചേർന്നതെന്നും അഭിപ്രായമുണ്ട്. വലുതും ചെറുതുമായി രണ്ടുതരം കാണുന്നു ചെറുതു വിഷത്തിനു അധികം നന്ന്. ത. പാടൈ. ഇം- Parera root പാരേരാറൂട്ട്.

൩. ചക്രക്കുരുവിന്റെയും മറവം പുറത്തെതാഴി ൪ ക്രമം, തരാതരമായമുറ.

**പാടകൻ**-പങ്കിടുന്നവൻ.

**പാടകം**-൧. ഒരു വാദ്യവിശേഷം. ൨. പെൺകുട്ടികൾ കാലിൽ ഇടുന്ന ഒരാഭരണം, പാദകടകം, കാൽച്ചിലമ്പ്. ൩. കര, തീരം. ൪. മുതൽനാശം ൫. ഗ്രാമത്തിൽ പകുതി.

**പാടക്കിഴങ്ങു**-ഒരു പച്ചമരുന്ന്.

**പാടച്ചരൻ**-൧. കള്ളൻ. ൨. തട്ടിയെടുക്കുന്നവൻ.

'മൂഢമതേരണനാടകമാടുക പാടച്ചരകീട'
(കീചകവധം കഥകളി)

**പാടനം**-പിളപ്പ്.

**പാടം**-൧. കണ്ടം. ൨. കോടിവസ്ത്രം, അടിച്ചു മിനുസം വരുത്തുക. ൩. (സം) വീതി, വിസ്താരം.

**പാടല**-വി. വെള്ളച്ചെമപ്പുനിറമായ.

**പാടല**-൧. പാതിരിമരം, പൂപ്പാതിരി. പാടലവർണ്ണമുള്ള പൂവോടുകൂടിയതെന്നർത്ഥം. ൨. ഒരാഭരണം.

ഈ ആഭരണം പൊൻ തകിടുകൊണ്ടു കാപ്പുമാതിരി ഉണ്ടാക്കുന്നതാണ്. മുകളിൽ മുഖപ്പിൽ ഒരു തട്ടു കാണും.

൩. ചെമന്ന പാച്ചോററി. ൪. പച്ചു. ൫. ദൃഗ്.

**പാടലം**-൧. വെള്ളച്ചെമപ്പു നിറം, ശ്വേതരക്തം, ഈഷദ്രക്തമായതു്.

'ശ്വേതരക്തസ്തു പാടലഃ'

പാടലം എന്നതു വെളുപ്പും ചെമപ്പും കൂടി കലർന്നതും പാതിരിപ്പൂവിന്റെ നിറത്തോടു തുല്യവുമായ നിറമാകുന്നു.

൨. പൂപ്പാതിരി. ൩. പാതിരിപ്പൂവർണ്ണൻ നെല്ലു്, നവരമുതലായ നെല്ല്, വ്രീഹി.

**പാടലവർണ്ണ**-വി. വെള്ളച്ചെമപ്പുനിറമുള്ള.

**പാടലവർണ്ണം**-വെള്ളച്ചെമപ്പുനിറം, പാടലം.

**പാടലാധരി**-സുന്ദരി, ഈഷദ്രക്തമായ അധരമുള്ളവൾ.

**പാടലി**-വെൺപാതിരിവൃക്ഷം.

**പാടലിക**-വി. അന്യന്റെ രഹസ്യങ്ങളെ അറിയുന്ന

**പാടലിപുത്രം**-മഗധയുടെ പ്രധാന നഗരം. (ഇപ്പോൾ പാറ്റ്നാ)

മഗധരാജ്യത്തിന്റെ മുഖ്യ പട്ടണം. പാടലിപുത്രനഗരത്തിനു ഒമ്പതുനാഴിക നീളവും എട്ടുനാഴിക വീതിയും ഉണ്ടായിരുന്നു. നന്ദരാജാക്കന്മാരുടെയും മൌര്യരുടെയും പ്രധാനനഗരം. പുഷ്പപുരം എന്നും കുസുമപുരം എന്നും പേരുകൾ ഉണ്ട്

**പാടവ**-വി. സാമർത്ഥ്യമുള്ള.

**പാടവം**-൧ സാമർത്ഥ്യം. ൨. വാക്സാമർത്ഥ്യം. ൩. ആരോഗ്യം.

പാടവള്ളി-പാടത്താളി, പിള്ളത്താളി.

പാടവിക-വി. സാമൎത്ഥ്യമുള്ള.

പാടി-൧. ഒരു രാഗം ൨. നഗരത്തിന്റെ ഒരു ഭാഗം.

പാടിക്കുന്നു-൧. പാട്ടുചൊല്ലിക്കുന്നു, ൨. പിളക്കുന്നു.

പാടിച്ച-വി. നിരപ്പുവരുത്തിയ.

പാടിത-വി. പിളക്കപ്പെട്ട.

പാടിരിക്കുന്നു-കടം ഈടാക്കാനായി കടക്കാരന്റെ വീട്ടിൽ പട്ടിണികിടക്കുന്നു.

പാടീ-൧. ഒരു മത്സ്യം. ൨. കുറന്തോട്ടി.

പാടീരം-൧. ചന്ദനം, ചന്ദനക്കുട്ടം. ൨. കണ്ടം, നിലം. ൩. ചല്ലട. ൪. ഔളത്തിയം. ൫. മുള്ളങ്കി. ൬. ക്രുവന്തറ്. ൭. വിളവുനിലം. ൮. മേഘം.

പാടുകൂടുന്നു-പാടിരിക്കുന്നു.

പാടുകൂട്ടുന്നു-ബദ്ധപ്പാടുണ്ടാക്കുന്നു.

പാടുകേട്-൧. മുറകേട്. ൨. അയോഗ്യത. ൩. തടസ്സം. ൪. അബദ്ധാനം.

പാടുന്നു-പാട്ടുചൊല്ലുന്നു.

പാടുപെടുന്നു-അബദ്ധാനപ്പെടുന്നു, ബുദ്ധിമുട്ടുന്നു. (സ. ക്രി. പാടുപെടുത്തുന്നു).

പാടേ-അ. ൧. മുഴുവനേ. ൨. ചൊവ്വേ.

പാട്ട്-൧. പാടുന്നതിനായിട്ടുണ്ടാക്കിയ കവിത. ൨. സംഗീതം. പര്യായങ്ങൾ-ഗീതം, ഗാനം. ൩. പാടുക.

പാട്ട-പശു ഒരുതവണ ഇടുന്ന ചാണകത്തിനു ചേൎത്തു പറയുന്ന പേർ.

പാട്ടകണ്ടം-ദ്രവ്യം കൊടുക്കാതെ എഴുതിവാങ്ങിച്ച നിലം.

പാട്ടക്കാണം-കൊഴുവൻ മുതലാളിനു കൊടുക്കുന്ന കരം.

പാട്ടക്കാരൻ-മറ്റൊരുവന്റെ കണ്ടമോ പറമ്പോ പാട്ടത്തിനായി എഴുതി വാങ്ങിച്ചവൻ.

പാട്ടക്കുടിശ്ശിക-ആണ്ടുതോറും കൊടുപ്പാനുള്ള പാട്ടം മുഴുവനും കൊടുക്കാതെ കിടക്കുന്ന മുതൽ.

പാട്ടക്കുറി-പാട്ടച്ചീട്ട്.

പാട്ടച്ചീട്ട്-പാട്ടം നിശ്ചയിച്ച എഴുതിക്കൊടുക്കുന്ന എഴുത്ത്.

പാട്ടൻ-൧. മുത്തശ്ശൻ. ൨. ബന്ധുവായ വയസ്സൻ.

പാട്ടനിലം-പാട്ടക്കണ്ടം.

പാട്ടനെല്ല്-പാട്ടക്കാരൻ മുതലാളിനു കൊടുക്കുന്ന നെല്ല്.

പാട്ടപ്പറ-പതിമൂന്നിടങ്ങഴി കൊള്ളുന്ന പറ.

പാട്ടപ്പറമ്പ്-പാട്ടം കൊടുത്തുകൊള്ളത്തക്കവണ്ണം സമ്മതിച്ചെഴുതി വാങ്ങിച്ചിട്ടുള്ള പറമ്പ്.

പാട്ടപ്രവൃത്തി-ക്ഷേത്രത്തിലെ കരം പിരിക്കുന്ന ഒരു അധികാരം.

പാട്ടം-൧. കുടിയാൻ സൎക്കാരിലേക്കും മറ്റും കൊടുക്കേണ്ടുന്ന കരം. ൨. കൂലി ൩. ഉടമ്പടി.

പാട്ടമാളി-പാട്ടാളി.

പാട്ടയോല, പാട്ടയോലക്കരണം-പാട്ടച്ചീട്ട്.

പാട്ടാളി-ചില ക്ഷേത്രത്തിലെ ഒരധികാരി.

പാട്ടി-തയ്യക്കാരന്റെ സ്ത്രീ. ൨. ബന്ധുവായ വൃദ്ധസ്ത്രീ. ൩. പ്രസവമെടുക്കുന്നവൾ.

പാട്ടിൽ-അ. കീഴിൽ, സ്വാധീനത്തിൽ

'പാട്ടിൽ പാൎപ്പിച്ചിടുവതിനവ-
ക്കാകില്ലുത്സാഹകാലം'
(മയൂരസന്ദേശം)

പാട്ടുകാരൻ-൧. പാട്ടു പഠിച്ചവൻ ൨. പാടുന്നവൻ.

പാഠകക്കാരൻ, പാടവക്കാരൻ-നല്ല വസ്ത്രം ഉടുത്തു തലയിൽ കെട്ടി ജനമദ്ധ്യേ നിന്നു ശ്ലോകംചൊല്ലി കഥ പറയുന്നവൻ.

പാഠകക്കൈ-കഥപറയുമ്പോൾ കാട്ടുന്ന കൈ.

പാഠകൻ-കഥ പറയുന്നവൻ.

പാഠകം-കഥ.

പാഠകശാല-എഴുത്തുപള്ളി, അക്ഷരവിദ്യ അഭ്യസിപ്പിപ്പാനുള്ള സ്ഥലം.

പാഠമാക്കുന്നു-ചൊല്ലിപ്പഠിക്കുന്നു.

പാഠവട്ടപ്പുറച്ചൽ-ക്ഷേത്രങ്ങളിൽ പാഠം പറയുക.

പാഠം-പ്ര. പഠിക്കുകയും പഠിപ്പിക്കുകയും. ര. ബ്രഹ്മയജ്ഞം. ന. വേദാധ്യയനവും വേദാധ്യാപനവും. (പഞ്ചമഹായജ്ഞങ്ങൾ എന്നതു നോക്കുക). ർ. ക്രിസ്ത്യാനികളുടെ ദിവ്യാരാധനയിൽ വായിക്കുന്ന വിശുദ്ധ വേദഭാഗം

പാഠമഞ്ജരി-പഞ്ചവർണ്ണക്കിളി.

പാഠശാല-പള്ളിക്കൂടം.

പാഠശാലിനീ-പഞ്ചവർണ്ണക്കിളി.

പാഠാ-പാടക്കിഴങ്ങു്, ഒരു പച്ചമരുന്നു് പല രോഗങ്ങളിലും വ്യക്തമായി പാറയപ്പെടുന്നതു് എന്നർത്ഥം.

പാഠി-കൊടുവേലി അഗ്നിയുടെ പര്യായങ്ങളിൽ പഠിക്കുന്നതെന്നർത്ഥം

പാഠീനം-പ്ര. ഏട്ടമീൻ, ആയിരംപല്ലി മത്സ്യം. പാഠീ=പൃഷ്ഠം പൃഷ്ഠത്തെ വളയ്ക്കുന്നവൻ എന്നർത്ഥം.

പാഠീ=ചിത്രൻ. ബ്രാഹ്മണരാൽ അപേക്ഷിക്കപ്പെടുന്നതു്. ഈ മത്സ്യം ഹവ്യകവ്യങ്ങളിൽ പ്രശസ്തമാണു്. ആര്യന്മാർ പണ്ടു ഹവ്യകവ്യങ്ങളിൽ മാംസം ഉപയോഗിച്ചിരുന്നതായി കേരളവിദ്യമണപ്ലേം സാധാരണയിൽ അധികം പല്ലുള്ള 'വാള' മുതലായ മത്സ്യങ്ങൾ ഇതിൽ ഉൾപ്പെടുന്നു.

ര. ഗുഗ്ഗുലു. ന. കൊടുവേലി. ർ. മീൻ.

പാഢിനീ-മൺപാത്രം.

പാണത്തി-പാണന്റെ സ്ത്രീ.

പാണനാർ— താണജാതിയിലെ ഒരു ജാതി.

പാണൻ - തയ്യൽക്കാരൻ, തയ്യൽവേല ചെയ്യുന്ന ഒരു ജാതിക്കാരൻ

പാണം-പ്ര കച്ചവടം, ര. സ്തുതി. ന. കൈ

പാണൽ-ഒരു പച്ചമരുന്നു്, പഞ്ചി.

പാണൽപ്പഴം കാട്ടുക നല്ല രുചിയുള്ളതാണു്.

പാണി-പ്ര. കൈ. ര. കൈപ്പടം, ഉള്ളകൈ. കൊടുക്കുവാങ്ങൽ ചെയ്യുന്നതെന്നർത്ഥം. ന. ചന്ത

പാണിക-പ്ര. തവി. ര. തുഴ.

പാണികൻ-കച്ചവടക്കാരൻ.

പാണിഗൃഹീതാ-നേരംപോക്കിനായിട്ടു പാണിഗ്രഹണം ചെയ്യപ്പെട്ടവൾ.

പാണിഗൃഹീതി-ഭാര്യ. പാണിഗ്രഹണം ചെയ്യപ്പെട്ടവൾ എന്നർത്ഥം.

മന്ത്രം—'മിത്രോസി ഗൃഹ്ണാമി തേ സൌഭഗത്വായഹസ്തം മയാ പത്യാ ജരദഷ്ടിര്യഥാസഃ; ഭഗോഽര്യമാസവിതാ പുരന്ധിർമഹ്യം ത്വാദുർഗ്ഗാർഹപത്യായ ദേവാഃ' യാതൊരുത്തിയുടെ പാണിയെ ഒരു വരൻ ഈ മന്ത്രത്തോടുകൂടി ഗ്രഹിച്ചുവോ അവളത്രേ പാണിഗൃഹീതി.

പാണിഗ്രഹണം-വിവാഹം.

പാണിഘൻ-കൈത്താളക്കാരൻ. പാണിയെ ഹനിക്കുന്നവൻ എന്നർത്ഥം.

പാണിജം-കൈനഖം.

പാണിതലം-ഉള്ളകൈ.

പാണിന്ധമ-വി. പ്ര. കൈകൊണ്ടു വീശുന്ന. ര. കൈകൊട്ടുന്ന.

പാണിനി-ഒരു വലിയ വിദ്വാൻ, ഒരു മഹർഷി. സംസ്കൃതഭാഷയുടെ പ്രധാന വ്യാകരണമായ പാണിനീയത്തിന്റെ കർത്താവു്. വ്യാകരണം ശിവനോടാണത്രേ പഠിച്ചതു്.

പാണിനീയ-വി. പാണിനിയെ സംബന്ധിച്ച.

പാണിനീയസൂത്രം - പാണിനിയുണ്ടാക്കിയ വ്യാകരണം, ഇപ്പോൾ നടപ്പായിരിക്കുന്ന സംസ്കൃതവ്യാകരണ പുസ്തകങ്ങൾക്കെല്ലാം മൂലമായിരിക്കുന്ന ചെറിയ പുസ്തകം. (അഷ്ടാധ്യായി).

പാണിപത്രകം-വെളുത്തആവണക്ക്.

പാണിപാദം-കൈയും കാലും.

പാണിപിടിക്കുന്നു-വിവാഹം ചെയ്യുന്നു, കൈപിടിക്കുന്നു.

പാണിപീഡനം-വിവാഹം, പാണിഗ്രഹണം.

പാണിപ്രണയിനീ-ഭാര്യ.

പാണിഭുക്ക്-അത്തിയാല്.

പാണിമന്ഥം-പെരുംക്ലാവ്.

പാണിരുഹം-കൈവിരൽ.

പാണിലാഘവം-കൈകരിട്ടുക്ക്.

പാണിവാദൻ — കൈകൊട്ടുകാരൻ. കൈകൊണ്ടു കൊട്ടുന്നവനെന്നർത്ഥം. നാടകം ആടുന്നതിനു കൊട്ടുന്ന ഒരു ജാതിക്കാരൻ, നമ്പ്യാര്.

പാണം-കലയുടെ പുറത്തുള്ള പാള.

പാൺ-പാഴ്.

പാൺകുഴി-പൊട്ടക്കുഴി.

പാണ്ട്-ഒരുവക ദീനം, ദേഹത്തിലുണ്ടാകുന്ന ഒരുമാതിരി വെളുപ്പു പുള്ളി. പര്യായങ്ങൾ-കുഷ്ഠം, ശ്വിത്രം.

പാണ്ടൻ-പാണ്ടുള്ളവൻ.

പാണ്ടം-തേങ്ങാനാര്, ചകിരി.

പാണ്ടി-ം പാണ്ടിരാജ്യം. ൨. പാണ്ടുള്ളവൻ. ൩. പല നിറമുള്ള പശു. ൪ ചങ്ങാടം, ചെങ്ങാടം. ൫. ഒരുവക കളി.

പാണ്ടികളുക വാഴപ്പോള വട്ടത്തിലെ ചതുരത്തിലൊ മററം ചമച്ച അതിന്മേൽ കോൽത്തിരി ഉന്നി ഉഴിച്ചിഴിന്നു ഉണക്കലരിയും മററം ഇട്ടു കത്തിച്ചു ചെകൊണ്ടുണ്ടാക്കി പോളുമേൽ കത്തിയാൽപാണ്ടി.

പാണ്ടികശാല-പണ്ടികശാല, ശേഖരിപ്പുസ്ഥലം, നെല്പുര.

പാണ്ടിക്കുഴി-ം. പഴയശവക്കുഴി. ൨. പാണ്ടുരം ഉന്നുന്ന കുഴി.

പാണ്ടിപ്പടവലം-നീളത്തിൽ കായുണ്ടാകുന്ന ഒരുവക കറിസ്സാധനവള്ളി.

പാണ്ടിപ്രാവൽ-ഒരുമാതിരി പാവൽ.

പാണ്ടിപ്പെരുമാൾ-പാണ്ഡ്യരാജാവ്.

പാണ്ടിയൻ, പാണ്ടിയാൻ-ം. പാണ്ടിരാജാവ്. ൨. പാണ്ടിക്കാരൻ.

പാണ്ടിയാലൻ-ഒരു പക്ഷി.

പാണ്ടിയാവണക്ക്-ഒരുമാതിരി ആവണക്ക്.

പാണ്ടിവാദ്യം- നാഗസ്വരം, അതിന്റെ ശ്രുതി, തകിൽ, കിട്ടുപിടി, കൈമണി ഇവ അഞ്ചിനും കൂടി പറയുന്ന പേർ.

പാണ്ഡ്യൻ-പാണ്ടിരാജാവ്.

പാണ്ഡരം-വി. ം. വെളുത്ത നിറമുള്ള. ൨. വിളച്ചയുള്ള.

പാണ്ഡരഫലി-ഒരു മരുന്ന്. (ക്ഷുദ്രക്ഷുപവർഗ്ഗത്തിൽ ചേർന്നത്).

പിത്തം, മൂത്രകൃച്ഛ്രം, രക്തദോഷം, മൂത്രത്തടവ് ഇവക്കു നന്ന്. ബലവർദ്ധനകരമാണ്.

പാണ്ഡരം-ം. വെളുപ്പ്, വെളുത്തത്, വെളുപ്പുനിറം. മനസ്സ ഇതിൽ ശമിക്കുന്നതിനാൽ ഈ പേർ വന്നു. ൨. കാവിമണ്ണ്. ൩. കരുക്കത്തിമുല്ലപ്പൂവ്. ൪. കർപ്പൂരതുളസി. ൫. വിളച്ച.

**പാണ്ഡവൻ**-പാണ്ഡു എന്ന രാജാവി ന്റെ പുത്രൻ.

പാണ്ഡവന്മാർ- ൧. ധർമ്മപുത്രൻ, ൨. ഭീമൻ, ൩. അർജ്ജുനൻ, ൪. നകുലൻ, ൫. സഹദേവൻ ഇവർ ൫-ം. ആദ്യത്തെ മൂന്നുപേരുടേയും അമ്മ-കുന്തി. മറ്റെ രണ്ടുപേരുടേയും മാതാവ്-മാദ്രി. അച്ഛൻ-പാണ്ഡു. എന്നാൽ ഇവർ പാണ്ഡുവിന്നു ജനിച്ചവരല്ല.

| നമ്പർ | പാണ്ഡവന്മാർ | പാണ്ഡവരുടെ അമ്മമാർ | അച്ഛൻ | ജനകന്മാർ | ശംഖം | ഭാര്യ | പുത്രന്മാർ |
|---|---|---|---|---|---|---|---|
| ൧ | ധർമ്മപുത്രൻ | കുന്തി | പാണ്ഡു | ധർമ്മൻ | അനന്തവിജയം | പാഞ്ചാലി | പ്രതിവിന്ധ്യൻ |
| ൨ | ഭീമൻ | | | വായു | പൌണ്ഡ്രം | | ശ്രുതസേനൻ |
| ൩ | അർജ്ജുനൻ | | | ഇന്ദ്രൻ | ദേവദത്തം | | ശ്രുതകീർത്തി |
| ൪ | നകുലൻ | മാദ്രി | | അശ്വിനീദേവന്മാർ | സുഘോഷം | | ശതാനീകൻ |
| ൫ | സഹദേവൻ | | | | മണിപുഷ്പകം | | ശ്രുതകർമ്മാ |

'മഹാഭാരതം' എന്നതിലെ പട്ടിക നോക്കുക.

**പാണ്ഡവൻപാറ**- തിരുവിതാംകൂറിൽ ചെങ്ങന്നൂർ താലൂക്കിലുള്ള ഒരു പാറ.

ഒരു ഐതിഹ്യം-പാണ്ഡവന്മാർ വേഷപ്രച്ഛന്നരായി സഞ്ചരിച്ച കാലത്തു ണ്ടായതാണ് ഈ പാറ. അവരുടെ താമസത്തിന്നു പണികഴിപ്പിച്ചതാകുന്നു. കൌരവരും പാണ്ഡവരും ഇവിടെവെച്ചു ചൂതുകളിയും നടത്തീട്ടുണ്ട്. ഇതിന്നു സമീപം 'കൗരവൻപാറ' എന്ന പേരുള്ളതായി നൂറുപേരുടെ പാറയും കാണുന്നുണ്ട്. രണ്ടു കൂട്ടരും പോയതിൽ പിന്നീട്ട ഇവരുടെ വാസസ്ഥലങ്ങൾക്കു ഈ പേർ സിദ്ധിച്ചതായിരിക്കണം.

**പാണ്ഡവവർഷം, പാണ്ഡവാബ്ദം**- പാണ്ഡവന്മാരുണ്ടായ സംവത്സരം. (മലയാളവർഷം ൧൦൮൪-ാം ൫൨൦-൫൨൧).

**പാണ്ഡവായനൻ**-കൃഷ്ണൻ.

**പാണ്ഡവീയ**-വി. പാണ്ഡവരെ സംബന്ധിച്ച

**പാണ്ഡിത്യദർപ്പം**-പഠിച്ചവനാണെന്നുള്ള അഹങ്കാരം.

**പാണ്ഡിത്യം**-വിദ്യ, പഠിപ്പിന്റെ തികവ്.

**പാണ്ഡു**-വി. ൧. വെള്ളനിറമായ. ൨. വിളർച്ചയുള്ള.

**പാണ്ഡു**-൧. വെളുപ്പുനിറം. ൨. വിളർച്ച. ൩. ഒരു ദീനം. ൪. പണ്ടുണ്ടായിരുന്ന ഒരു രാജാവ്.

പാണ്ഡു വ്യാസന്നു വിചിത്രവീര്യന്റെ ഒരു ഭാര്യയായ അംബാലികയിലുണ്ടായ പുത്രനാണ്. ജനിച്ചപ്പോഴെ പാണ്ഡുനിറമുണ്ടായിരുന്നു; അതിനാലാണ് ഈ പേർ സിദ്ധിച്ചത്. മക്കളുണ്ടാവാൻ പാടില്ലാത്ത വിധത്തിൽ പാണ്ഡുവിന്നു ഒരു ശാപം കിട്ടീട്ടുണ്ട്. ഈ ശാപത്തെ വിചാരിക്കാതെ ഒരുദിവസം അ

ശേഷം മന്ത്രിയെ ആലിംഗനം ചെയ്കയാൽ ഉടൻ വീണു മരിച്ചു.
൪. മഞ്ഞയും വെളുപ്പും സമം കൂടിക്കലൎന്ന നിറം. ൫. കാട്ടുഴുന്നു്. ൬. വെളുത്ത ആന

**പാണ്ഡുകൻ**-പാണ്ഡു

**പാണ്ഡുകംബളം**-വെള്ളക്കമ്പിളി.

**പാണ്ഡുകംബളീ** — വെള്ളക്കരിമ്പടം കൊണ്ടു മറയ്ക്കപ്പെട്ട തേർ.

**പാണ്ഡുനാഗം**-പുന്ന.

**പാണ്ഡുപക്ഷതി**-ചെമ്പോത്തു്.

**പാണ്ഡുഫലം**-പടവലം.

**പാണ്ഡുമൃത്തു്**-വെള്ളമണ്ണു്.

**പാണ്ഡുമൃത്തിക**-ഒരു രത്നം.

**പാണ്ഡുരം**-൧. മഞ്ഞയും വെളുപ്പും ചേൎന്നനിറം. ൨. വെളുപ്പു്. ൩. ഞമ. ൪. കൎപ്പൂരതുളസി.

**പാണ്ഡുരാ**-കാട്ടുഴുന്നു്.

**പാണ്ഡുര**-വി. ൧ മഞ്ഞയും വെളുപ്പും സമം കൂടിക്കലൎന്ന നിറമുള്ള. ൨. വെളുപ്പുനിറമുള്ള.

**പാണ്ഡ്യന്മാർ** - ചിത്രകൂടം എന്ന ചെറിയ രാജ്യത്തിൽ താമസിക്കുന്ന ആളുകളുടെ പേർ.

**പാണ്ഡ്യരാജ്യം**-പാണ്ടിരാജ്യം.

**പാണ്യ**-വി. സ്തുത്യൎഹമായ.

**പാത**-വി. പാലിക്കപ്പെട്ട.

**പാത**-വഴി.

**പാതകാ**-വി. നശിപ്പിക്കുന്ന.

**പാതകൻ**-൧. പാപി. ൨. നാശകൻ.

**പാതകം**-പാപം. പതിപ്പിക്കുന്നതെന്നൎത്ഥം.

**പാതകിനി**-പാപമുള്ളവൾ.

**പാതകീ**-പാപമുള്ളവൻ.

**പാതഗ്രഹങ്ങൾ**-രാഹുവും കേതുവും. (ഇവ സമ്പാതരൂപങ്ങളാകയാൽ ഈ പേർ വന്നു).

**പാതനൻ**-വീഴിച്ചവൻ.

**പാതം**-൧. വീഴ്ച. ൨. രാഹു ൩. നാശം. ൪ അടി. ൫. സംഭവം ൬. തോൽവി. ൭ ഏറു്, ഏറിയുക.

**പാതംഗി**-൧. ശനി. ൨. കൎണ്ണൻ. ൩. യമൻ. ൪. സുഗ്രീവൻ.

**പാതാൎം**-പാലത്തിനും മറവും കീഴുള്ള തൂണു്.

**പാതാളഗരുഡക്കൊടി**-പാതാളമൂലി.

വാതം, പിത്തം, ചുട്ടുനീറൽ, വിഷം, രക്തദോഷം ഇവക്കു നന്നു്. സ്വല്പം കഫവൎദ്ധനകരമാണു്. രുചിയെ ഉണ്ടാക്കും. ധാതുപുഷ്ടിയെ ചെയ്യും. ഇതിന്റെ വള്ളിക്കു വളരെ ഉറപ്പും നീളവുമുണ്ടു്. സം-പാതാളഗരുഡീ.

**പാതാളഗ്രഹണം**- ഭൂമിയിൽ കാണപ്പെടാത്ത ഗ്രഹണം, മൂന്നാമത്തെ ഗ്രഹണം, ചക്രവാളത്തിനു കീഴുള്ള ഒരു ഗ്രഹണം.

**പാതാളം**-൧. കീഴ്ലോകം. പാപികൾ പാപശക്തിയാൽ ഇതിൽ പതിക്കുന്നതിനാൽ ഈ പേർ വന്നു. പൎയ്യായങ്ങൾ-അധോഭുവനം, ബലിസദ്മം, രസാതലം, നാഗലോകം. ൨. ബഡവാഗ്നി. സമുദ്രജലം ഇതിൽ ഗമിക്കുന്നതിനാൽ ഈ പേരുണ്ടായി.

നാഗങ്ങൾ, ദൈത്യർ, യക്ഷർ മുതലായവരുടെ പാൎപ്പിടമാണു്. വിഷ്ണുപുരാണമനുസരിച്ചു ഭൂമിക്കു താഴെ ഏഴു ലോകങ്ങൾ ഉണ്ടെന്നു കാണുന്നു. അവ അതലം, വിതലം, നിതലം, ഗഭസ്തിമതി, മഹാതലം, സുതലം, പാതാളം ഇവയാണത്രേ. പുരാണങ്ങൾ പലതിലും പലവിധം പേരുകൾ കാണുന്നുണ്ടു്.

അതലം, വിതലം, സുതലം, രസാതലം, തലാതലം, മഹാതലം, പാതാളം എന്ന ലോകങ്ങളും കാണുന്നു. പാതാളത്തെ നാരദൻ ഇന്ദ്രസ്വൎഗ്ഗത്തേക്കാൾ വിശേഷമാണെന്നു പറയുന്നു. അദ്ദേഹം പശ്ചാത്തലം കണ്ടിട്ടുണ്ട്.

**പാതാളമൂലി**-ഒരു വേർ, പാതാളഗരുഡക്കൊടി.

**പാതാളലോകം**-കീഴ്ലോകം.

**പാതാളവാസി**-പാതാളത്തിൽപാൎക്കുന്ന

**പാതാളവിദ്യ**-ഇന്ദ്രജാലം.

**പാതി**-ഒന്നിനെ തുല്യമായി രണ്ടാക്കുമ്പോൾ ഉണ്ടാകുന്ന ഒരു പങ്ക് (ഭാഗം) ഉ. നാഥൻ, ഭൎത്താവ്. ന. പക്ഷി

**പാതികം**-ചീങ്കണ്ണി

**പാതിക്കാരൻ**, **പാതിക്കുറുകാരൻ**-ഒരു വസ്തുവിന്റെ പാതിക്ക് അവകാശമുള്ളവൻ.

**പാതിച്ചുവണ്ണം**-പകുതിയാകത്തക്കവണ്ണം.

**പാതിത**-വി. താഴ്ത്തപ്പെട്ട, തോല്പിക്കപ്പെട്ട.

**പാതിത്യം**-ഌ. വീഴ്ച. ഉ. ഭ്രഷ്ട്.

**പാതിപ്പങ്ക്**-രണ്ടായി പകുത്തതിന്റെ ഒരു ഭാഗം.

**പാതിപ്പാട്ട്**-മറുപാതി.

**പാതിരാ**, **പാതിരാത്രി**-അൎദ്ധരാത്രി.

**പാതിരി**-ഌ. ഒരു വൃക്ഷം (പാതിരിമരങ്ങൾ ഗ്രീഷ്മകാലത്തു പൂക്കുന്നവയാകുന്നു)

ത്രിദോഷം, അരുചി, വായുമുതൽ, വയറുവീപ്പ്, വിക്കം, തണ്ണീർദാഹം, രക്തദോഷം, ഛൎദ്ദി, ഇക്കിൾ, മൂത്ര ഇവകൾ നന്ന്. ഇതു ഉത്തമസവൎഗ്ഗത്തിൽപെട്ട കഷായദ്രവ്യമാണ്. ഈ വൃക്ഷം മദ്ധ്യമാകാരമായിരിക്കും. ഇല കൂവളത്തിന്റേതുപോലെയാകുന്നു. പൂവിനു മങ്ങിയ ചെമപ്പുനിറമാണുള്ളത്. സൌരഭ്യവുമുണ്ട്. തമി-പാതിരി. സംസ്കൃതം-പാടലം. ഇം-ം Trumpet Flowertree, Bignonia Suaveolens.

ഉ. ക്രിസ്ത്യൻ പുരോഹിതൻ.

**പാതിലീ**-ഌ. വല. ഉ. ചെറിയ മൺപാത്രം.

**പാതിവാരച്ചീട്ടു**-കാണുന്ന വിളവിൽ പാതി കൊടുക്കുന്നതിനു വിവരം കാണിച്ചെഴുതിയ ചീട്ട്.

**പാതിവാരം**-കാണുന്ന വിളവിൽ പാതി കൊടുക്ക.

**പാതിവ്രത്യം**-ഭൎത്താവിനെ ഒഴിഞ്ഞു മറ്റൊരുവനെ കാംക്ഷിക്കയില്ലെന്നുള്ള ദൃഢനിഷ്ഠ.

**പാതുക**-മലയുടെ ചരിവ്.

**പാതുകൻ**-പതനശീലൻ.

**പാതുക**-വി. വീഴുന്ന.

**പാതുകം**-ഌ. അധോമുഖമായസ്ഥലം. ഉ. തീരാന.

**പാത്ത**-ഒരു പക്ഷി.

പാത്തയുടെ മാംസം രക്താദോഷത്തിനും വാതത്തിനും നന്ന്. കഫം, ബലം, പിത്തം ഇവയെ വൎദ്ധിപ്പിക്കും. പിത്തശമനമെന്നും കാണുന്നു. മലമൂത്രങ്ങളെ പുറത്തു കളയും. ഇതു അപ്ചരവൎഗ്ഗത്തിൽപെട്ട അനൂപമാംസമാണ്. സംനന്ദീമുഖം, നന്ദീമുഖി. ഇം-ഗ്ലൂസ് Goose

**പാത്തി**-ഌ. ഓക്, വെള്ളച്ചാല്. ഉ. ധാരത്തോണി. ന. തോക്കിന്റെ പിടി.

൪. ഓളങ്ങളുടെ മദ്ധ്യേയുള്ള കുഴി (പ്രാരം) ൫. മരത്തൊട്ടി.

പാത്തി-വി. പൊള്ളയുള്ള.

പാത്തിക്കോരിക-കരുമാന്തിരി വലിയ മരത്തവി.

പാത്തിമരവി-ഒരു മരപ്പാത്രം.

പാത്തുന്നു-നാ. കവച്ചു നടക്കുന്നു, കവയ്ക്കുന്നു, വീഴ്ത്തുന്നു. ഉ-ം; നിന്നു മൂത്രം പാത്തുന്നു. (മഹമ്മദുഭാഷ).

പാത്തുമ്മ-മഹമ്മദീയസ്ത്രീ.

പാത്മം-പതിനെട്ടുപുരാണങ്ങളിൽ ഒന്നു്.

പാത്രടീരം-നാ. കാക്ക. ൨. കങ്കപ്പക്ഷി.

പാത്രതാ, പാത്രത്വം-യോഗ്യത.

പാത്രപ്രവേശനം- നാടകമാടുമ്പോൾ വേഷക്കാരുടെ വരവു്.

പാത്രം-വി. യോഗ്യമായ, യോഗ്യനായ യോഗ്യയായ.

പാത്രം-നാ. ഭാജനം പര്യായങ്ങൾ-ആവപനം, ഭാണ്ഡം, അമത്രം, ഭാജനം. ൨. സ്രുവാദികൾക്കു പൊതുവിലുള്ള പേർ. ൩. യോഗ്യം. ൪. രണ്ടു കരയുടെയും നടുവു്. ഇവിടെ ജലം പാനം ചെയ്യുന്നതിനാൽ ഈ പേരുണ്ടായി. ൫. ശരീരം. ൬. മന്ത്രി. ൭. നാടകങ്ങളിലെ ഏതെങ്കിലും വേഷം. ൮. കാരണഭൂതം.

പാത്രശുദ്ധി-നാ. പാത്രങ്ങളുടെ ശുദ്ധി. ൨. അമ്മയുടെ ചാരിത്രശുദ്ധി.

പാത്രാപാത്രവിശേഷം-യോഗ്യമായതിന്റേയും അയോഗ്യമായുള്ളതിന്റേയും തമ്മിലുള്ള ഭേദം.

പാത്രി-നാ. നെരിപ്പോടു്. ൨. പാത്രം. ൩. ഉഖ.

പാത്രീവം-യജ്ഞപാത്രവിശേഷം. (ഭാഷ-പാത്രിക).

പാത്രേസമിതൻ-നല്ല ഊണുകാരൻ.

പാഥം-ജലം, വെള്ളം.

പാഥസ്സ്-ജലം, വെള്ളം. രക്ഷാശീലം എന്നർത്ഥം.

പാഥി-കടൽ.

പാഥേയം-വഴിച്ചോറ്, വഴിയിൽ ചെലവിനും മററും ഉപകരിക്കുന്ന വസ്തു.

പാഥേയവത്ത്-വി. പാഥേയമുള്ള.

പാഥോജം-നാ. താമര. ൨. ശംഖു്.

പാഥോദം-മുത്തങ്ങാ.

പാഥോധി-സമുദ്രം.

പാഥോനാഥൻ-സമുദ്രം.

പാഥോനിധി-സമുദ്രം.

പാഥോരുഹം-താമര.

പാദകടകം-കാൽച്ചിലമ്പു്, തള. കാലിന്റെ വള എന്നർത്ഥം.

പാദകം-അടിസ്ഥാനം.

പാദകരട്ട്-മരച്ചെരിപ്പു്.

പാദകൂടം-തൂണിന്റെ ചുവട്ട്.

പാദ(പ്ര)ക്ഷാളനം-കാൽ കഴുകുക.

പാദഗ്രഹണം-നാ. കാൽ പിടിക്ക. ൨. പാദത്തിങ്കൽ വന്ദിക്ക, അഭിവാദ്യം.

പാദങ്ങൾ-വലിയ പർവ്വതങ്ങളുടെ ചുററും കാണപ്പെടുന്ന ചെറുതരം കുന്നുകൾ.

പാദചതുരം-നാ. ആടു്. ൨. അരയാലു്.

പാദചത്വരം-നാ. അരയാൽ. ൨. മണൽത്തിട്ട. ൩. ആടു്. ൪. ആലിപ്പഴം.

പാദചാരം-കാൽനട.

പാദചാരി-കാലാൾ.

പാദജൻ-ശൂദ്രൻ.

പാദതീർത്ഥം - മഹർഷിമാർ സന്ന്യാസികൾ മുതലായ മഹത്തുകൾ കാൽ കഴുകിയാൽ ഒഴുകുന്ന വെള്ളം.

പാദത്രം,പാദത്ര,പാദത്രാണം-ചെരിപ്പു്.

പാദനതൻ-കാൽക്കൽ വീണവൻ.

പാദനിപീഡനം-കാൽ പിടിക്ക,കാൽ തിരുമ്മുക.

പാദന്യാസം-പാദം വെയ്പ്പ്.

പാദപതിതൻ-കാല്ക്കൽ വീണിരിക്കുന്നവൻ.

പാദപത്മം-താമരപ്പൂപോലെ ഭംഗിയുള്ള കാൽച്ചുവട്.

പാദപം-വൃക്ഷം. വേരുകൊണ്ടു ജലാദിയായ പോഷണപദാൎത്ഥത്തെ പാനം ചെയ്യുന്നതു എന്നൎത്ഥം. തന്റെ വേരുകളെക്കൊണ്ടു തന്നത്താൻ രക്ഷിക്കുന്നതു.

പാദനോദനാ — കാൽകൊണ്ടുള്ള പ്രേരണ.

പാദപാംസു-കാലിലെ പൊടി.

പാദപരുഹാ-ഇത്തിക്കണ്ണി.

പാദപാശം-നാല്ക്കാലികളുടെ കാലിൽ കെട്ടുന്ന കയറ്.

പാദപീഠം-ഇരിക്കുമ്പോൾ ചവിട്ടുന്നതിനുള്ള ചെറിയ പീഠം.

പാദപൂജനം-കാലിന്റെ ചുവട്ടിൽ പൂജിക്കയും മററും.

പാദപൂരണം — ശ്ലോകത്തിനും മററും പോരാത്ത അക്ഷരമോ പദമോ തികയ്ക്കുക.

പാദപ്രപാതം-൧. കാലുകൊണ്ടുള്ളതൊഴി. ൨. തൊഴികൊണ്ടുണ്ടാകുന്ന വീഴ്ച. ൩. ചുവട്ടിൽ ചെന്നുള്ള വീഴ്ച.

പാദപ്രഹ(ാ)രം-കാൽകൊണ്ടു പ്രഹരിക്കുക (തൊഴിക്കുക).

പാദബന്ധനം-പശു, എരുമ, ആട് മുതലായതു്. പാദത്തിൽ ബന്ധനമുള്ളതു് എന്നൎത്ഥം.

പാദമൎദ്ദനം-൧. കാൽകൊണ്ടു മൎദ്ദിക്കുക. ൨. കാൽ തിരുമ്മുക.

പാദമൂലം-കാൽചുവട്, കാലടി.

പാദം-൧. കാൽ. നടക്കുന്നതു് എന്നൎത്ഥം. ൨. ശ്ലോകത്തിന്റെ നാലു വരികളിൽ ഓരോന്നും. ൩. നാലിൽ ഒന്ന്. ൪. വൃക്ഷത്തിന്റെ ചുവട്. ൫. രശ്മി. ൬. പൎവ്വതത്തിന്റെ അടിവാരം. ൭. തൂണിന്റെ ചുവട്. ൮. പൎയ്യന്തപൎവ്വതം.

പാദങ്ങൾ-വലിയപൎവ്വതങ്ങളുടെ ചുറ്റും കാണപ്പെടുന്ന ചെറുതരം കുന്നുകൾ.

പാദയുഗ്മം-രണ്ടുകാൽ.

പാദരക്ഷ-ചെരിപ്പ്.

പാദരഥം-ചെരിപ്പ്.

പാദരോഹം-പേരാൽ.

പാദർ-ബഹുമാനസൂചകമായി ഉപയോഗിക്കുന്ന ഒരു വാക്ക്. ഉ-ം, താതപാദർ (അച്ഛൻ), മാതുലപാദർ (അമ്മാവൻ).

പാദലഗ്നൻ-കാലിൽ പിടിച്ചവൻ.

പാദവല്മീകം-മന്തുകാൽ എന്ന ദീനം, പെരുങ്കാൽ.

പാദവികൻ-വഴിപോക്കൻ.

പാദവൃക്ഷം-അരയാൽ.

പാദവ്യഥ-കാൽവേദന.

പാദശബ്ദം-കാലൊച്ച.

പാദശാഖ-കാൽവിരൽ.

പാദശുശ്രൂഷ-പരിചാരകപ്രവൃത്തി.

പാദസരം-കാലിൽ അണിയുന്ന ഒരു കിലുക്കാഭരണം.

പാദസരി-കാലിന്റെ അടിക്കുള്ള ഒരു ദീനം.

പാദസേവ-൧. പാദത്തെ സേവിക്കുക. ൨. കാലിൽ അണിയുന്ന ഒരു കിലുക്കാഭരണം.

പാദസ്ഫോടം-കാൽവിള്ളൽ എന്ന ദീനം. ഉള്ളങ്കാലിനെ വിടിൎത്തുന്നതു് എന്നൎത്ഥം.

പാദാഗ്രം-കാലിന്റെ പുറവടി.

പാദാംഗദം-കാൽച്ചിലമ്പ്. പാദത്തിനു അംഗദം പോലെയുള്ളതു് എന്നൎത്ഥം. പാദമാകുന്ന അംഗത്തെ രക്ഷിക്കുന്നതു് എന്നുമാവാം.

പാദാംഗുലി-കാൽവിരൽ.

പാദാംഗുഷ്ഠം-കാലിന്റെ പെരുവിരൽ.

പാദാതൻ-കാലാൾ.

പാദാതം-കാലാൾ കൂട്ടം.

പാദാതികം-കാലാൾപട.

പാദാദികേശം-അ. അടി മുതൽ മുടി വരെ.

പാദാന്തികം-സാമീപ്യം, ചുവടിന്നടുത്തുള്ള സ്ഥലം.

പാദാവികം-കാലാൾപട. (പാദാതികം എന്നതിന്റെ പാഠം).

പാദുക-ചെരിപ്പ്. ഇതുകൊണ്ടു ഗമിക്കുന്നതിനാൽ ഈ പേർ വന്നു. പാദകരട്, പാദരക്ഷ, മെതിയടി.

'പാദുകാം ദേഹിരാജേന്ദ്രരാജ്യായതേ'
(രാമായണം)

പാദുകം-വി. കാൽനടയായി പോകുന്ന.

പാദുകാകാരൻ-ചെരുപ്പുകുത്തി.

പാദുകാകൃത്ത്-ചെരിപ്പുകുത്തി, തോൽക്കൊല്ലൻ. പാദുവിനെ (ചെരിപ്പിനെ) ഉണ്ടാക്കുന്നവൻ എന്നർത്ഥം.

പാദുകക്കല്ല്-ഒരു ഗൃഹത്തിന്റെ അടിവാനത്തിന്മീതെ കാണുന്ന ഭാഗം. ചെരുപ്പുകല്ല് എന്നും പറയും.

പാദൂ-ചെരിപ്പ്, മെതിയടി.

പാദോദകം-കാൽകഴുകിയ വെള്ളം.

പാദോദരം-സർപ്പം.

പാദ്യ-വി. കാലിനെ സംബന്ധിച്ച.

പാദ്യം-കാൽകഴുകാനുള്ള വെള്ളം.

പാന-ന. ഒരുമാതിരി മൺപാത്രം. ൨. ഒരുമാതിരി പാട്ട്. ൩. ഒരുവക തുള്ളൽ. ൪. ഒരു രാഗം.

പാനകം-കുടിപ്പാനായിട്ടു ശർക്കരയും മററും ഇട്ടു കലക്കിയ വെള്ളം.

പാനക്കാരൻ-പാനതുള്ളുന്നവൻ.

പാനക്കൊമ്പ് - പാനക്കാരൻ കൈയിൽ പിടിക്കുന്ന കൊമ്പ്.

പാനഗോഷ്ഠി, പാനഗോഷ്ഠിക-മദ്യപാനം ചെയ്യുന്ന സ്ഥലം.

പാനപാത്രം-ന. വല്ലതും ഒഴിച്ചു കുടിപ്പാനുള്ള പാത്രം. ൨. മദ്യപാനത്തിനുള്ള ഒരു പാത്രം.

പാനപ്പറ-പാനയ്ക്കു കൊട്ടുന്ന വാദ്യം.

പാനഭാജനം-പാനപാത്രം, പാൽ മുതലായതു കുടിക്കാനുള്ള പാത്രം, വട്ടക (കിണ്ണം എന്നും കാണുന്നുണ്ട്).

പാനഭൂവ്-കുടിക്കാനുള്ള മുറി.

പാനമത്ത-വി. മദ്യപാനംചെയ്തു മദിച്ച

പാനം-ന. കുടിക്കുക. ൨. മദ്യംകുടിക്കുക. ൩. മദ്യഗൃഹം, കള്ളുഷാപ്പ്. ഇവിടെവച്ചു മദ്യം പാനംചെയ്യുന്നതിനാൽ ഈ പേരുണ്ടായി. ൪. കുടിക്കുന്നപാത്രം. ൫. മൂർച്ചകൂട്ടൽ. ൬. പരിരക്ഷണം. ൭. തോട്, ചാൽ.

പാനമണ്ഡലം-കുടിക്കുന്നവരുടെ കൂട്ടം.

പാനസക്ത-വി. കുടിപ്പാൻ അത്യാഗ്രഹമുള്ള.

പാനസപത്രം-പിലാവില.

പാനി-ന. കുടിയൻ. ൨. കലം. ൩. കള്ളുകുറുക്കിയുണ്ടാക്കിയ വസ്തു. ൪. നീർശർക്കര, പതിയൻശർക്കര.

പാനി (നീർശർക്കര)-വാതം, പിത്തം, മൂത്രത്തടവ്, ശ്രമം ഇവകൾക്കു നന്ന്. ദേഹത്തെ തടിപ്പിക്കും. ഇതു രസവർഗ്ഗത്തിൽപ്പെട്ടതാണ്. സം- ഫാണിതം. ഇംഗ്ലീഷ്-Thickened Juice of Sugar-Cane; Sirup.

പാനികൻ-ചാരായം വില്ക്കുന്നവൻ.

പാനിലം-പാനപാത്രം.

പാനീയ-വി. ന. കുടിപ്പാൻതക്ക. ൨. കുടിക്കേണ്ടുന്ന.

പാനീയകാകികം-നീർക്കാക്ക.

പാനീയചൂൎണ്ണിക-മണൽ.

പാനീയനകുലം-നീൎപ്പൂച്ച.

പാനീയവൎണ്ണിക-മണൽ.

പാനീയാല്പ-നീൎച്ചേമ്പ്.

പാനീയം-വെള്ളം. പാനം ചെയ്യപ്പെടുവാൻ യോഗ്യമായതു്.

പാനീയശാലിക, പാനീയശാല-തണ്ണീർപന്തൽ.

പാന്ഥം-കാലയുടെ നാരു്.

പാന്തൽ-ചളിയുള്ളസ്ഥലം.

പാന്തൽക്കളവു്-ഈറനിലം, ചളിക്കുഴി.

പാന്തസ്സ്-റാന്തൽ, കൈവിളക്കു്. (അറബിഭാഷ).

പാന്ഥൻ-പു. വഴിപോക്കൻ. നിത്യം വഴിനടക്കുന്നവൻ എന്നൎത്ഥം. (സ്ത്രീലിംഗം-പാന്ഥാ.)

'പ്രിയാംശപാന്ഥാംകചയോൎന്നിവൃത്യ
നിവൃത്യലോലാംനളഭുക് ഭ്രമന്തീ'
(നൈഷധം)

൨. സൂൎയ്യൻ.

പാപ-വി. ദുഷ്ടതയുള്ള, ദോഷംചെയ്യുന്ന.

പാപകൎമ്മം-ദുഷ്പ്രവൃത്തി.

പാപകാരി - വി. പാപം ചെയ്യുന്ന. (സ്ത്രീ-പാപകാരിണി.)

പാപകൃത്തു്-പാപം ചെയ്യുന്നവൻ.

പാപഗ്രഹങ്ങൾ-ക്ഷീണിച്ച ചന്ദ്രൻ, സൂൎയ്യൻ, ചൊവ്വാ, ശനി, പാപസംബന്ധിയായ ബുധൻ, രാഹു, കേതു. (ഇവർ).

'ക്ഷീണേന്ദ്വൎക്കമഹീസുതാൎക്കതനയാ
പാപാ ബുധസ്തൈൎയ്യുതഃ'-എന്നതനുസരിച്ചു ക്ഷീണചന്ദ്രൻ, സൂൎയ്യൻ, ചൊവ്വാ, ശനി ഇവരും ഇവരോടു ചേരുന്ന പക്ഷം ബുധനും പാപഗ്രഹങ്ങളാകുന്നു.

പാപഘ്നം-എള്ളു്.

പാപചേലി-പാടം. പാപത്തെ കളയുന്നതു് എന്നൎത്ഥം. വായുവിനെ പ്രേരിപ്പിക്കുന്നതു് എന്നുമാവാം.

പാപജാലം-പാപത്തിന്റെ കൂട്ടം.

പാപനാശനൻ-പു. പാപത്തെ നശിപ്പിക്കുന്നവൻ. ൧. ശിവൻ. ൨. വിഷ്ണു.

പാപനാശനം-മുളംപ്പുല്ലു.

പാപനാശനം-പാപഹരം.

പാപനാശി-വി. പാപത്തെ നശിപ്പിക്കുന്ന (സ്ത്രീ-പാപനാശിനി.)

പാപനിവാരണം - പാപത്തെ തടുക്കുക.

പാപനിവൃത്തി-പാപത്തെ മാറുക.

പാപൻ-പാപമുള്ളവൻ, പരദ്രോഹം ചെയ്യുന്നവൻ, ദുഷ്ടൻ, ദുൎബ്ബുദ്ധി.

പാപപതി-വിടൻ.

പാപപരിഹാരം-പാപനിവൃത്തി.

പാപപുരുഷൻ-എല്ലാത്തരം പാപങ്ങളുടെയും ഒരു മൂൎത്തി.

തല ബ്രഹ്മഹത്യ, ഭുജങ്ങൾ ഗോഹത്യ, മൂക്കു സ്ത്രീഹത്യ മുതലായ അവയവങ്ങളുണ്ടു്.

പാപഫലം-പാപം ചെയ്യുകകൊണ്ടുണ്ടാകുന്ന അനുഭവം.

പാപബന്ധം-പാപത്തിന്റെ സംബന്ധം.

പാപഭയം-പാപത്തിങ്കലുള്ള പേടി (ഭീതി).

പാപഭീരു-വി. പാപത്തെക്കുറിച്ചു ഭയമുള്ള.

പാപം-പു. ദോഷം, ദൈവവിരോധമായ പ്രവൃത്തി, ഹിംസ മുതലായവ. ഇതിൽ നിന്നു ആത്മാവിനെ രക്ഷിക്കുന്നതിനാൽ ഈ പേർ വന്നു. കൎത്താവിനെ ഭക്ഷിക്കുന്നതു എന്നുമാവാം. പൎയ്യായങ്ങൾ-പങ്കം, പാപ്മം, കില്ബിഷം, കന്മഷം, കലുഷം, വൃജിനം, എനസ്സു്,

അഘം, അംഹസ്സ്, ദുരിതം, ദുഷ്കൃതം. ൨. കുററം.

പാപമോചനം-പാപത്തിൽ നിന്നൊഴിക, പാപം പോക.

പാപരോഗം-വസൂരി, അർശസ്സ്, കുഷ്ഠം.

പാപർദ്ധി-നായാട്ട്.

പാപലം-ഒരുവക അളവ്.

പാപശമനി-വന്നി.

പാപശാന്തി-പാപശമനം.

പാപശീല-വി. പാപമുള്ള.

പാപശേഷം-൧. വ്യാധി. ൨. ദാരിദ്ര്യം.

പാപഹര-വി. പാപത്തെ കളയുന്ന.

പാപാത്മാവ്-൧. ദുഷ്ടൻ. ൨. കാട്ടാളൻ.

പാപി-വി. പാപമുള്ള. ൨. കുററമുള്ള.

പാപിഷ്ഠ-വി. പാപത്തിൽ ഇരിക്കുന്ന.

പാപീയസി-മഹാപാപി.

പാപോദയം-൧. പാപഗ്രഹങ്ങൾ ഉദിക്കുക. ൨. പാപത്തിന്റെ ഉദയം.

പാപ്പാ-റോമൻകത്തോലിക്കാ ക്രിസ്ത്യാനികളുടെ ശ്രേഷ്ഠമേലദ്ധ്യക്ഷൻ.

പാപ്പാൻ-൧. ബ്രാഹ്മണരെ ചിലർ പറയുന്ന ഒരു പേർ. ൨. ബ്രാഹ്മണവേഷമായിട്ടു യാചിച്ചു നടക്കുന്നവൻ. (സ്ത്രീ-പാപ്പാത്തി).

പാപ്പാസ്സ്-ചെരിപ്പ്.

പാപ്പിനി-ഒരുവക താണതരം ബ്രാഹ്മണവർഗ്ഗം.

പാപ്പുക്കോയിൽ-പാപ്പൂർ സ്വരൂപം.

പാപ്പൂർ-ഒരു കഴകം. (കഴകം എന്നതു നോക്കുക)

പാപ്മാവ്-പാപം. ലോകത്തെ വ്യാപിക്കുന്നതെന്നർത്ഥം. നരകത്തിൽ വീഴുന്നത് എന്നുമാവാം.

പാഫസ്സ്-ഇരുവേലി.

പാമഗ്നി-കടുരോഹിണി.

പാമഘ്നം-ഗന്ധകം.

പാമന-വി. ചിരങ്ങുള്ള.

പാമം-ചിരങ്ങ്.

പാമര-വി ൧. ഹീനമായ. ൨. മൂഢതയുള്ള. ൩. സഹായമില്ലാത്ത.

പാമരൻ-൧. നീചൻ. ധർമ്മത്തെ നശിപ്പിക്കുന്നവൻ എന്നർത്ഥം. ചൊറിയുള്ളവൻ എന്നുമാവാം. ൨. മൂഢൻ. ൩. സഹായമില്ലാത്തവൻ.

പാമരം-കപ്പലിന്റെ കൊടിമരം, വള്ളത്തിന്റെ പാമരം. പര്യായങ്ങൾ-കൂപകം, ഗുണവൃക്ഷകം.

'കൂലത്തെവിട്ടൊരു തരണിതൻ
പാമരത്തിൽ കരേറി'
(മയൂരസന്ദേശം)

പാമാ-ചിരങ്ങ്. ശരീരത്തെ ശോഷിപ്പിക്കുന്നതെന്നർത്ഥം.

പാമാരി-ഗന്ധകം.

പാംശവം-പൊടിയുപ്പ്.

പാംശു-പാംസു.

പാംശു(സു)-൧. പൊടിയുപ്പ്. ൨. ഭീമസേന കർപ്പൂരം. ൩. പപ്പടകല്ലുപ്പ്.

പാംസന-വി. ദോഷമുള്ള, പാപമുള്ള

പാംസവം-പൊടിയുപ്പ്.

പാംസു-൧. പൊടി. ൨. വളം ൩. പൊടിച്ചാലിനെല്ല്. ൪. പാപം ൫. ഒരുവക കർപ്പൂരം. ൬. കരയിൽ ഇറക്കിയ വസ്തു.

പാംസുകാ-തീണ്ടാരിയുള്ള സ്ത്രീ.

പാംസുകാസീസം - ധാതുകാസീസം. Sulphate of iron.

പാംസുകൂല-പെരുവഴി, രാജമാർഗ്ഗം.

പാംസുചന്ദനൻ-ശിവൻ.

പാംസുജാലികൻ-വിഷ്ണു.

പാംസുല-വി. പൊടിയണിഞ്ഞ, മലിനമായ.

**പാംസുല**—ഗ. പാതിവ്രത്യമില്ലാതെ ഇഷ്ടം പോലെ നടക്കുന്നവൾ, വ്യഭിചാരിണി. പാംസമുള്ളവൾ എന്നർത്ഥം. ചീത്ത നടപടിയുള്ളവൾ എന്നുമാവാം. വ. ഋതുവായ സ്ത്രീ. ന. ഭൂമി. ര. പൂക്കൈത.

**പാംസുലൻ**—ഗ. ശിവൻ. വ. സ്ത്രീലോലൻ.

**പാംസൂലം** — ശിവന്റെ ആയുധങ്ങളിൽ ഒന്ന്.

**പാംസൂഗ്രം**—പൊടിയുപ്പ്.

**പാമ്പ്**—സർപ്പം. പര്യായങ്ങൾ—സർപ്പം, പൃദാകു, ഭുജഗം, ഭുജംഗം, അഹി, ഭുജംഗമം, ആശീവിഷം, വിഷധരം, ചക്രീ, വ്യാളം, സരീസൃപം, കുണ്ഡലീ, ഗൂഢപാത്ത്, ചക്ഷുശ്രവസ്സ്, കാകോദരം, ഫണി, ദർവീകരം, ദീർഘപൃഷ്ഠം, ദന്ദശൂകം, വിലേശയം, ഉരഗം, പന്നഗം, ഭോഗീ, ജിഹ്മഗം, പവനാശനം, ലേലിഹാനം, ദ്വിരസനം, ഗോകർണ്ണം, കഞ്ചുകീ കുംഭീനസം, ഫണധരം, ഹരി, ഭോഗധരം.

(പാമ്പിന്റെ നായാട്ടുപേർ—ഉത്തിന്റെ വായ്പിടിയൻ)

പാമ്പ് വിലേശയവർഗ്ഗത്തിൽ പെട്ട ഇഴജന്തുവാണ്. ഇതിന്റെ മാംസം വാതം, ക്രിമി, അർശസ്സ്, വായുമുട്ടൽ, ചുമ, നേത്രരോഗം, ദൂഷിവിഷം ഇവക്കു നന്ന്. ഇതിന്റെ വിഷംകൊണ്ടുണ്ടാകുന്ന മൂർച്ഛയികൾ കാട്ടുപാവലിന്റെ കിഴങ്ങു നുറുക്കി ആട്ടിൻമൂത്രത്തിൽ പല പ്രാവശ്യവും മുക്കി ഉണക്കിയോ അരച്ചു ഗുളികയാക്കിയോ കാടിയിൽ അരച്ചു നസ്യംചെയ്ക. ത്രിഫല, ചന്ദനം, കൊട്ടം, ഇഞ്ചി ഇവ നെയ്യിലരച്ചു സേവിക്കയും കോലാവായിൽ തേക്കുകയും ചെയ്യുന്നതും ഗുണമാണ്. കൊഴുപ്പ, കാട്ടുവെള്ളരി നുറൻകിഴങ്ങ് ഇവ ഓരോന്നിന്റെയും സ്വരസം കൊടുക്കുന്നതും ഹിതമാകുന്നു. തുരിശു, മലങ്കാരയ്ക്ക, വയമ്പ് ഇവ പാലിൽ അരച്ചുകലക്കി കുടിപ്പിക്കുന്നതും നന്നാണ്. മുളകുപൊടി നെയ്യ് ചേർത്ത് സേവിക്കുന്നതും കൊള്ളാം. സം-സർപ്പം. ത-പാമ്പ്. ഇം-Snake സ്നേക്. പാമ്പുകളെക്കുറിച്ചു വിഷവൈദ്യഗ്രന്ഥങ്ങളിൽ ഇപ്രകാരം പറയുന്നുണ്ട്. ഇപ്പോൾ കാണപ്പെടുന്ന സർപ്പങ്ങൾ നാലുവക ജാതിയിൽ ഉൾപ്പെട്ടവയാകുന്നു.

ഗ. മൂർഖൻ—ഇവയ്ക്കേ ഫണമുള്ളൂ. ൨൬ അവാന്തരജാതിയുണ്ട്. കടിച്ചാൽ വാതം കോപിക്കും.

വ. മണ്ഡലീ—ഫണമില്ലാത്തവയാണ്. ൧൬ അവാന്തരജാതിയുണ്ട്. കടിച്ചാൽ പിത്തം കോപിക്കും.

ന. രാജിലം—ഫണമില്ലാത്തവയാണ് ൧൩ അവാന്തരജാതികളുണ്ട്. കടിച്ചാൽ കഫം കോപിക്കും.

ര. വേന്തിരൻ—മൂർഖജാതിയിലെ പുരുഷസർപ്പത്തിനു മണ്ഡലിയിലോ രാജിലത്തിലോ ഉള്ള സ്ത്രീജാതിയിലുൽപ്പാദിച്ചുണ്ടാകുന്ന സന്താനമാണത്രേ. കടിച്ചാൽ ത്രിദോഷം കോപിക്കും.

ഒന്നുമുതൽ മൂന്നുവരെയുള്ളവക്കു ഗർഭധാനകാലം പ്രായേണ കർക്കടകം മുതൽ തുലാംവരെയാകുന്നു. വേന്തിരജാതിക്കു മാത്രം ഈ ക്ലിപ്തമില്ല. പാമ്പുകൾ ഏഴോ ഒൻപതോ മുട്ടകൾ ഇടും. മഞ്ഞനിറമുള്ള മുട്ടകളിൽ പുരുഷനും, ചെമന്നതിൽ സ്ത്രീയും, മിശ്രവർണ്ണത്തിൽ നപുംസകവുമായിരിക്കും. മുട്ടകളിൽ മൂന്നെണ്ണം ഒഴിച്ചു ശേഷം തള്ളതന്നെ തിന്നും. മുട്ട പിരിഞ്ഞു കുട്ടിയാകുന്നതിനു ൧൨ ദിവസം വേണം. ആക്കാലത്തു തള്ളപ്പാമ്പിനെ ഈററ (പെററ) പാമ്പെ

ന്നു വിരിയുന്നു. മുട്ട പൊട്ടിയാലുടൻ അഞ്ചാംഗുലം നീളമിരിക്കും. അപ്പോൾ തല കറുത്തിരിക്കും. ശരീരമാസകലം ചെമന്നുകാണും. ഏഴിനു കണ്ണു തുറക്കും. അഞ്ചു ദിവസംകൂടി കഴിയുമ്പോൾ ബോധം വരുന്നു. ഇരുപതു ദിവസം കഴിയുമ്പോൾ മുപ്പത്തിരണ്ടു പല്ലുകൾ ഉണ്ടാകുന്നു. അവയിൽ ഇടത്തും വലത്തും കാണുന്ന ഈരണ്ടെണ്ണം വിഷവീര്യമുള്ളവയാകുന്നു. ഇടത്തെ രണ്ടിനും കരാളി, മകരി എന്നും വലത്തെ രണ്ടിനും കാളരാത്രി, യമദൂതി എന്നും പേരുകൾ കാണുന്നു. ഇവക്കു ക്രമേണ വിഷവീര്യം ഏറിയിരിക്കും. ഒരുമാസം തള്ളയൊന്നിച്ചു സഞ്ചരിക്കും. പിന്നീടു പിരിയുന്നു. ആറുമാസം ചെന്നാൽ തോലി പൊളിഞ്ഞു ചട്ട കഴററിക്കളയും. ഇവക്കു അതിസൂക്ഷ്മങ്ങളായ ൨൪ കാലുകളുണ്ടെന്നു പറയപ്പെടുന്നു. കാണുന്നതിനും കേൾക്കുന്നതിനും ഒരംഗമേയുള്ളു. ഇവക്കു കേൾക്കുമ്പോൾ കാണുന്നതിനും കാണുമ്പോൾ കേൾക്കുന്നതിനും സാധിക്കുന്നില്ല. ഇതുകൊണ്ടത്രെ ചക്ഷുശ്രവണൻ എന്ന പേരിതിനുണ്ടായതു്. നാക്കു രണ്ടായി കീറി നീണ്ടിരിക്കും. സദാ ക്രോധമുള്ളവയാകുന്നു. കീരി, മയിൽ, പൂച്ച, പന്നി, ചെന്നായ്, ചകോരം, പരുന്തു് എന്നീ ശത്രുക്കൾ ഇവയെ കൊല്ലാതിരുന്നാൽ ഇവക്കു ൧൨൦-വർഷം ജീവിച്ചിരിപ്പാൻ സാധിക്കും.

പാമ്പുവിഷം - വെളുത്ത കന്നിയില അരച്ചു പുണ്യാഹച്ചുണ്ടങ്ങാ പ്രമാണം ൪൧ ദിവസം ഉദയത്തിൽ തിന്നുന്നതായാൽ പാമ്പു കടിക്കയോ കടിച്ചാലും വിഷം കയറുകയോ ചെയ്യുന്നതല്ല. ശേഷിച്ചു ദേഹം തടിയ്ക്കും. കുളിച്ചിട്ടേ തിന്നാൻ പാടുള്ളൂ.

പാമ്പൻ-൧. കടൽ സംബന്ധിച്ച ഒരു വക പുഴു. ൨. രാമേശ്വരത്തിനും ഇന്ത്യക്കും മദ്ധ്യേയുള്ള ജലസന്ധി.

പാമ്പടം-ഒരു ആഭരണം.

ഇതു സ്ത്രീകൾ കാതിലിടുന്ന ആഭരണമാണു്. കടുക്കൻ, മോതിരം ഇവയെപ്പോലെ വൃത്താകാരമായിരിക്കും. ഇതു് ഒന്നും ഒന്നിലധികവും കാതിലിടുക പതിവാണു്.

പാമ്പാട-ഒരു മത്സ്യം.

പാമ്പാടുന്നു-പാമ്പു കളിക്കുന്നു. (സ. ക്രി. പാമ്പാടിക്കുന്നു.)

പാമ്പാട്ടം-പാമ്പിന്റെ കളി.

പാമ്പാട്ടി-പാമ്പിനെ കളിപ്പിക്കുന്നവൻ, പാമ്പിനെ പിടിക്കുന്നവൻ. പര്യായങ്ങൾ-വ്യാളഗ്രാഹി, ആഹിതുണ്ഡികൻ.

പാമ്പിൻകാവു്-സർപ്പക്കാവു്.

പാമ്പുവിരൽ-നടുവിരൽ, കഴവിരൽ.

പാമ്പൂട്ടുക-പ്രേതം ശമിപ്പിപ്പാനുള്ള ഒരുടിയന്ത്രം.

പാമ്പൂരി, പാമ്പുവരി-൧. കിണററിന്റെ അരഞ്ഞാണം ൨. ഒരു ചുവരിന്റെ മുന്നോട്ടു തള്ളിയ താഴ്ന്നഭാഗം. ൩. ഗൃഹത്തിനു ചുററും മണ്ണുകൊണ്ടുണ്ടാക്കിയ താണതായ അതിരു്.

പായക-വി. കുടിക്കുന്ന

പായണ്ടി-൧ ജാമ്യം. ൨. പകിടശാല കാക്കുന്നവൻ, ചൂതുകളിസ്ഥലം കാക്കുന്നവൻ.

പായനം-വി. ൧. കുടിപ്പിക്കൽ. ൨. മൂർച്ചകൂട്ടുക.

പായം-ജലം.

പായൽ-വെള്ളത്തിലെ ചണ്ടി.

പായസം-൧. ക്ഷീരാന്നം. പാലിൽ ഉണ്ടാക്കിയതെന്നർത്ഥം. സദ്യയ്ക്കുള്ള ഒരു

മധുരക്കറി. ശർക്കരപ്പായസം, പാൽപ്പായസം, റവപ്പായസം, പഞ്ചാരപ്പായസം, ചവ്വരിപ്പായസം മുതലായവ. വ. ഒരുമാതിരി എണ്ണ. ന. തിരുവട്ടപ്പശ, സരളദേവദാരത്തിന്റെ കറ. ര. പാൽ.

പായികൻ-കാലാൾ.

പായു-മലദ്വാരം. മലശോധനയുണ്ടാക്കി ശരീരത്തെ രക്ഷിക്കുന്നതു് എന്നർത്ഥം.

പായുന്നു-ക്രി. ഓടുന്നു (സ. ക്രി. പായിക്കുന്നു.) വ. ഒലിക്കുന്നു. ന. ചാടുന്നു.

പായ്മരം-പാമരം.

പായ്യ-വി. താണ, ഹീനമായ.

പായ്യം-പു. അളവുകോൽ, മാനം. ഇതുകൊണ്ടു മാനംചെയ്യുന്നതിനാൽ ഈ പേരുണ്ടായി.

മാനം എന്നാൽ ത്രാസ്സ്, മുഴക്കോൽ, പറ മുതലായവകൾ പൊതുവെ പറയുന്ന പേരാകുന്നു. തുലാസ്സ് മുതലായതു് = പൌ(യൌ)തവം. നാഴി മുതലായതു = ദ്രുവയം. കോൽ മുതലായതു = പായ്യം. എന്നു മറെറാരു പക്ഷം.

വ. വെള്ളം. ന. തൊഴിൽ, പണി.

പാരു്-പു. ലോകം. പരന്നുകിടക്കുന്നതു് എന്നർത്ഥം. വ. ഒരുതരം അരി.

പാര-പു. ഇരുമ്പുകൊണ്ടുംമററും അററം കൂർപ്പിച്ചു വലുതായിട്ടുണ്ടാക്കുന്ന സാധനം, ഇരുമ്പുപാര, കട്ടപ്പാര ഇത്യാദി. വ. ഒരാൾ. ന. ഒരുവക മത്സ്യം ര. അടിച്ചിപാര

പാരക്-സ്വർണ്ണം.

പാരക്കൂലം-മറുകര.

പാരക്യ-വി. പു. മററൊന്നിനെ സംബന്ധിച്ച. വ. പരലോകത്തിനഹിതമായ.

പാരക്യൻ-ശത്രു.

പാരക്യം-വരാനുള്ള സുഖത്തിനായി വല്ലതും ചെയ്യുക.

പാരഗ, പാരംഗത-വി. മറുകര കടക്കുന്ന.

പാരജായികൻ-പരസ്ത്രീസംഗക്കാരൻ.

പാരടീട(ന)ം-പാറ, കല്ലു്.

പാരണം-പു. ഉപവാസാനന്തരം ചെയ്യുന്ന പ്രഥമഭോജനം.

'പാരണംചെയ്തീടേണമിന്നതിനെ-
നിക്കിപ്പോൾ'
(അദ്ധ്യാത്മരാമായണം)

'ചാരുതരം മമ പാരണവിധിനം'
(കിമ്മീരവധം കഥകളി)

പാരണാ എന്നും കാണുന്നുണ്ടു്.

'സത്യം ദശരഥേഃ ശരസ്യ ന ഭവേ-
ദാത്മോചിതാ പാരണാ'
(ഭോജചമ്പു)

വ. മേഘം. ന. തൃപ്തി. ര. വായന വായിച്ചുനോക്കുക. ല. ഒരു പുസ്തകത്തിന്റെ മൂലം

പാരതന്ത്ര്യം-മററൊരുവന്റെ ഇഷ്ടപ്രകാരമിരിക്കുന്ന അവസ്ഥ, അസ്വാധീനത

പാരതം-മഹാരസങ്ങളിൽ ഒന്നു്.

പാരത്രികം-വി. ഇനിയത്തെ ലോകത്തെ സംബന്ധിച്ച.

ഇതു 'പരത്ര' എന്ന അവ്യയത്തിൽ നിന്നുണ്ടായതാണു്.

പാരത്ര്യം-പരലോകത്തിൽ ലഭിക്കുന്ന ഭാഗ്യം

പാരദാ-രസം. പാരത്തെ ദാനംചെയ്യുന്നതു്, രോഗത്തിൽ കിടന്നുഴലുന്നവരുടെ രോഗം മാററുന്നതു് എന്നർത്ഥം.

പാരദാരികത-പരഭാര്യയെ ഗമിക്കുന്നവനാവു എന്നുള്ള അവസ്ഥ.

പാരദാരികൻ-വ്യഭിചാരംചെയ്യുന്നവൻ

പാരദാര്യ -വ്യഭിചാരം, അന്യന്റെ ഭാര്യയെ പ്രാപിക്ക.

പാരദൃക്(ക്ക)-മറുകര കണ്ടവൻ.

പാരദൃശ്വാ-അക്കര കണ്ടവൻ.

പാരന്തി-ചെത്തി.

പാരപക്ഷ്യം- പക്ഷപാത സ്വഭാവം, ഒരു കക്ഷിപിടിച്ചുള്ള നില.

പാരമർശം-വിചാരം.

പാരമാൎത്ഥികഗുണം - (എട്ടു വിധം.) സംഖ്യാദിപഞ്ചകം, ബുദ്ധി, ഇച്ശ, പ്രയത്നം.

പാരമാൎത്ഥിക-വി. നേരുള്ള.

പാരമാൎത്ഥികൻ-തത്വജ്ഞാനി.

പാരമിക-വി. മുഖ്യമായ, പ്രധാനമായ.

പാരമിത-വി. അക്കര കടന്ന.

പാരമേഷ്ഠ്യം - ബ്രഹ്മത്വം, ഈശ്വരത്വം.

പാരം-വളരെ, ഏററവും.

പാരഃ-പു മറുകര, അക്കര, തോണി തുഴയുന്ന പ്രവൃത്തി മതിയാക്കുന്നേടം എന്നൎത്ഥം.

പാരംഗതൻ-അക്കര കടന്നവൻ, സമൎത്ഥൻ.

പാരമ്പൎയ്യന്യായം—കീഴ്മൎയ്യാദപ്രകാരമുള്ള നടപ്പ്.

പാരമ്പൎയ്യം-പണ്ടുപണ്ടേയുള്ള പിതാക്കന്മാരിൽ നിന്നും ഗുരുക്കന്മാരിൽ നിന്നും ഗ്രഹിച്ചു ക്രമേണ നടന്നുവരുന്ന ഒരു മുറ.

പാരമ്പൎയ്യോപദേശം-കീഴ് മൎയ്യാദകളെ പഠിപ്പിക്കുക, പാരമ്പൎയ്യത്തെ പഠിപ്പിക്കുക, ഐതിഹ്യം.

പാരലൌകിക-വി പരലോകസംബന്ധമുള്ള.

പാരവതം-മാടപ്രാവ്.

പാരവശ്യം-പു. പരവശത ൧. ക്ഷീണത ൨. പ്രയാസം. ൩. ദീനം. ൪. ദാരിദ്ര്യം. ൫. അന്യന്റെ അധീനതയിൽ ആവുക.

പാരശവ-വി. പരശുവിൽ നിന്നുണ്ടായ.

പാരശവൻ-പു. ബ്രാഹ്മണന് ശൂദ്രസ്ത്രീയിൽ ഉണ്ടാകുന്ന പുത്രൻ.

"യംബ്രാഹ്മണസ്തുശൂദ്രായാം
കാമാദുല്പാദയേൽസുതം,
സപാരയന്നേവശവ
സ്തസ്മാൽ പാരശവഃസ്മൃതഃ"

൧. വാസ്തര്. ൨. പരശു എന്ന ആയുധവിശേഷത്തിന്റെ പേർ. പരന്മാരെ ഹിംസിക്കുന്നതു എന്നു ശാസ്ത്രപക്ഷത്തിൽ, പരസ്ത്രീയുടെ അപത്യം എന്നുമാവാം. ൩. കുലടാപുത്രൻ.

പാരശവം-പു. വെണ്മഴു. ൧. ഉരുക്ക്. ൨. മുത്ത്.

പാരശീ(സീ)കം- പാരസീകദേശത്തിൽ (പെൎഷ്യയിൽ) ജനിച്ച കുതിര.

പാരശ്വധം-വെണ്മഴു.

പാരശ്വധികൻ-വെണ്മഴു ധരിച്ചവൻ.

പാരസികം-പു പെൎഷ്യം. (Persia) ൧. പെൎഷ്യയിലെ കുതിര.

പാരസികൻ-പാരസികരാജ്യത്തുള്ളവൻ പെൎഷ്യാക്കാരൻ.

പാരസീ-പെൎഷ്യൻ ഭാഷ.

പാരസ്കരൻ-ഗൃഹ്യസൂത്രങ്ങളുടെകൎത്താവ്

പാരസ്ത്രൈണേയൻ-പരസ്ത്രീ പുത്രൻ ഒരുവന്റെ ഭാൎയ്യയിൽ മറെറാരുത്തനുണ്ടാകുന്ന പുത്രൻ എന്നു വിവവകം.

പാരസ്പൎയ്യം-തമ്മിൽ തമ്മിലുള്ള ഭാവം.

പാരസ്യകുലീന-വി. അന്യ കുലത്തിൽ ജനിച്ച.

പാരാട്ടുന്നു-പു. പുകഴ്ത്തുന്നു, സ്തുതിക്കുന്നു. ൧. ലാളിക്കുന്നു.

പാരാതീതം-അതിരില്ലാത്തത്.

പാരാതെ-അ. വേഗം. ൧. സ്വൈരം.

പാരാപതം-ഥ. ചെറുനാരകം. വ. പ്രാവണ്ണൻ നെല്ലു്.

പാരാപാരം-സമുദ്രം. അപാരമായ പാരമുള്ളതു എന്നൎത്ഥം.

പാരായ്-കണ്ടാല്യം. (പ-മ).

പാരായണം-ഥ. പാഠം. വ. മുഴുവൻ. ന. വേദാഭ്യാസം.

പാരായണംചെയ്ക-പഠിക്ക.

പാരായണികൻ-ഥ. ശിഷ്യൻ. വ. പ്രാസംഗികൻ.

പാരാവതകം-പുറാപുറത്തി നെല്ലു.

പാരാവതഘ്നീ-സരസ്വതീ നദി.

പാരാവതം-ഥ. പ്രാവു് എന്ന പക്ഷി, മാടപ്രാവു്.

[പാരം=ജീവൻ. ജീവാത്മാവിനെ സംസാരത്തിൽനിന്നു രക്ഷിക്കുന്നവൻ= ദത്താത്രേയൻ. ദത്താത്രേയന്റെ ഗുരു എന്നിവിടെ അൎത്ഥം. ഭഗവാൻ കപോതസ്വരൂപിയായിട്ടു ദത്താത്രേയനു ജ്ഞാനോപദേശം ചെയ്തതു പ്രസിദ്ധമാണല്ലൊ. പാരാപതം എന്ന ശബ്ദവും കാണുന്നുണ്ടു്]

വ. ദ്വീപാന്തരത്തിലുള്ള ഈന്തപ്പഴം. ന. ഒരു പൎവ്വതം. ര. പൎവ്വതം.

പാരാവതാംഘ്രി-പാല്മുഴവം എന്ന മരുന്നു്

പാരാവാരം-ഥ സമുദ്രം. പാരത്തെ ആവരണം ചെയ്യുന്നതു്, രണ്ടു കരകളും ഉള്ളതു്. വ. പുഴ മുതലായതിന്റെ ഇരുകരയുടേയും പേർ. (പാരം=അക്കര. അവാരം=ഇക്കര).

പാരാശരൻ-വ്യാസൻ.

പാരാശരി-സന്യാസി. പാരാശൎയ്യപ്രോക്തമായ ഭിക്ഷുസൂത്രത്തെ അദ്ധ്യയനം ചെയ്യുന്നവൻ എന്നൎത്ഥം.

പാരാശൎയ്യൻ-വേദവ്യാസൻ. പരാശരൻ എന്ന മഹൎഷിയുടെ പുത്രൻ എന്നൎത്ഥം.

പാരി-ഥ. പാല്ക്കുഴ. വ. ജലം. ന. പാൽപ്പാത്രം. (തമിഴിൽ നല്ല തുണി എന്നൎത്ഥം).

പാരികാംക്ഷി-ബ്രഹ്മചൎയ്യാദി വിഹിതതപസ്സുള്ളവൻ. പാരി=പാരമുള്ളതു്. ബ്രഹ്മജ്ഞാനത്തിനെ കാംക്ഷിക്കുന്നവൻ എന്നൎത്ഥം.

പാരിക്ഷിതൻ-ജനമേജയൻ.

പാരിക്കുന്നു-വൎദ്ധിക്കുന്നു, വളരുന്നു, ഭാരിക്കുന്നു.

പാരിഗ്രാമിക-വി. ഗ്രാമത്തിനു പുറവമുള്ള.

പാരിച്ചുചാടി-എടുത്തുചാടി.

പാരിജാത(ക)ം-ഥ. ഒരു ദേവവൃക്ഷം, പാരി=സമുദ്രം, തസ്മാൽ ജാതം=പാരിജാതം. സമുദ്രത്തിൽ നിന്നുണ്ടായതു് എന്നൎത്ഥം. വ. പവിഴമല്ലിക.

പാരിജാതം പാലാഴിമഥനത്തിൽ കിട്ടിയ വൃക്ഷമാണു്. സത്യഭാമ ആഗ്രഹിക്കയാൽ കൃഷ്ണൻ ഇതിനെ ഭൂമിയിലേക്കു കൊണ്ടുവന്നു. പാരിജാതം നിമിത്തം കൃഷ്ണനും ഇന്ദ്രനും തമ്മിൽ യുദ്ധം നടന്നു. ഇന്ദ്രൻ തോററു. കൃഷ്ണൻ പാരിജാതത്തെ സത്യഭാമയുടെ തോട്ടത്തിൽ നട്ടു. കൃഷ്ണൻ ഉത്തരായണം പ്രാപിച്ചതിന്റെ ശേഷം ഇതു മടങ്ങി സ്വൎഗ്ഗത്തേക്കുതന്നെ പോയി. മന്ദാരം, പാരിജാത(ക)ം, സന്താനം, കല്പവൃക്ഷം, ഹരിചന്ദനം ഇവ ഓരോന്നും ദേവവൃക്ഷങ്ങളുടെ പേർ, ഒന്നു മറെറാന്നിന്റെ പൎയ്യായമല്ല.

ന. മുരിക്കു്. നദി, തടാകം മുതലായവയുടെ വക്കത്തുണ്ടാകുന്നതു എന്നൎത്ഥം. ര. സുഗന്ധം.

പാരിടം-ഭൂമി.

പാരിതത്ഥ്യ-നെററിമേൽ കെട്ടുന്ന ഒരാഭരണം, സീമന്തരേഖയിൽ കൂടെ കെട്ടുന്ന സ്വർണ്ണപട്ടം. (രോമ = മയിർപട്ടം). തലമുടിയിൽ ചുററും അതേമാതിരി ശോഭിക്കുന്നതു എന്നർത്ഥം.

പാരിതോഷികം - അഭിനന്ദിച്ചുകൊടുക്കുന്ന സമ്മാനം.

പാരീന്ദ്രം-സിംഹം.

പാരിപന്ഥികൻ-പു. ശത്രു. ൨. കള്ളൻ.

പാരിപാത്രം, പാരിയാത്രം-വിന്ധ്യപർവ്വതത്തിൽ ഇന്ദ്രനും കൃഷ്ണനും തമ്മിൽ യുദ്ധമുണ്ടായ സ്ഥലം.

പാരിപാർശ്വികൻ-കൂടെ നടക്കുന്നവൻ

പാരിപ്പിക്കുന്നു-മുഴപ്പിക്കുന്നു.

പാരിപ്ലവ-വി. ഇളക്കമുള്ള

പാരിപ്ലവം, പരിപ്ലാവം-പു. ഇളകുന്നത്. പരിപ്ലവിക്കുന്നതെന്നർത്ഥം. ൨. വള്ളം. ൩. സുഖഹീനത.

പാരിപ്ലാവ്യം-പു. പിടപ്പാന്ത. ൨. വിഷാദം, അമളി.

പാരിഭദ്ര(ക)ം - പു ദേവതാരവൃക്ഷം. ൨. മുരിക്ക്. എല്ലാടവും മംഗളമായിട്ടുള്ളതെന്നർത്ഥം. ൩. വേപ്പ്.

പാരിഭദ്രകം-പു. കൊട്ടം. ൨. ചരളം.

പാരിഭാവ്യം-പു. ഒരു മരുന്ന്, കൊട്ടം. ജലത്തിനു സമീപമുണ്ടാകുന്നതെന്നർത്ഥം. ൨. ജാമ്യം.

പാരിഭാഷികം-പരിഭാഷപ്പെടുത്തിയതു, വ്യാഖ്യാനരൂപത്തിലുള്ളത്.

പാരിമാണികം - പു. പരിമാണത്തെ (അളവിനെ) കുറിക്കുന്നത്. ൨. (വ്യാകരണത്തിൽ) പരിമാണത്തെ കുറിക്കുന്ന ഒരു ഭേദകം. ഉ-ം, അത്ര, ഇത്ര ഇത്യാദി.

പാരിമാണ്ഡ്യം-ചുററളവ്.

പാരിമിത്യം-അതിർത്തി, അവധി.

പാരിമുഖിക-വി. സമക്ഷത്തുള്ള, മുൻവശമുള്ള.

പാരിമുഖ്യം-സന്നിധി, സമക്ഷം

പാരിയാത്രകം-ഒരു പർവ്വതം. എവിടെ നടന്നാലും കാണുന്നത്, നാലു ഭാഗത്തേക്കും നീണ്ടു കിടക്കുന്നതു ഇങ്ങിനെ അർത്ഥം.

ഈ പാരിയാത്ര പർവ്വതം ഭാരതവർഷത്തിലെ ഒരു കുലപർവ്വതമാകുന്നു. 'പാരിയാത്രികം' എന്നു ചിലർ പഠിക്കുന്നു. പാരിപാത്രം എന്നും അപൂർവ്വം കാണുന്നുണ്ട്.

പാരിയാനികം-യാത്രക്കുള്ള വണ്ടി.

പാരിരകൻ-സന്ന്യാസി.

പാരിരക്ഷികൻ-മഹർഷി.

പാരിശം-കല്ലാല്.

പാരിഷദ-വി. സമൂഹത്തോടു ചേർന്ന.

പാരിഷദൻ-പരിജനം.

പാരിഷദന്മാർ-ശിവാനുചരന്മാർ. പരിഷത്തിങ്കൽ (സഭയിൽ) സാധുക്കൾ (യോഗ്യന്മാർ) എന്നർത്ഥം.

ഇവർ ചണ്ഡീശ്വരനന്ദിമഹാകാളഭൃംഗ്യാദികളാകുന്നു. പാരിഷദ്യന്മാർ, പാർഷദ്യന്മാർ, പാർഷദന്മാർ ഇങ്ങിനെയും പാഠം കാണുന്നു.

പാരിഹാരിക-വി. പരിഹരിക്കുന്ന, പിടിക്കുന്ന.

പാരിഹാരികൻ-പു പൂമാല കെട്ടുന്നവൻ. ൨. വളയുണ്ടാക്കുന്നവൻ.

പാരിഹാരികീ-ഒരു വക കടംകഥ.

പാരിഹാസ്യം-൧. വക. വഴിയാത്രയിൽ ചോരഭയംകൊണ്ടു പരിഹരിക്കപ്പെടുന്നതു്. ൨. പിടിച്ചുപറിപ്പു്.

പാരി-൧. പാൽ കറക്കുന്ന പാത്രം. ൨. ആനയുടെ കാൽ കെട്ടുന്ന കയർ (ചങ്ങല) ൩. തൈർ കടയുന്ന ളുതപ്പാത്രം.

പാരിചാരം-ഒരു ജലജന്തു.

പാരീണ-വി. നിറവേററുന്ന, മുഴുവനാക്കുന്ന, സാധിക്കുന്ന.

പാരീന്ദ്രൻ-൧. സിംഹം. ൨. പെരുമ്പാമ്പു്.

പാരീരണം-൧. ആമ. ൨. വടി. ൩. ഉപ്പു്.

പാരു-൧. ഏറിക്കു്. ൨. സൂൎയ്യൻ. ൩. അഗ്നി.

പാരുഷ്യം-൧. അപ്രിയവചനം (മുഷിഞ്ഞു പറയുന്ന വാക്കു്) പരുഷത്തിന്റെ ഭാവം=പാരുഷ്യം. മറെറാരു പൎയ്യായം-അതിവാദം. ൨. വാക്പാരുഷ്യം. ൩. ദണ്ഡപാരുഷ്യം. ൪. ക്രൌൎയ്യം ൫. മാൎദ്ദവമില്ലായ്ക.

പാരോക്ഷ-വി. എളുപ്പത്തിൽ അറിയാവുന്നതല്ലാത്ത, തെളിവില്ലാത്ത.

പാരോക്ഷ്യം-രഹസ്യം.

പാരോവൎയ്യം-പാരമ്പൎയ്യം.

പാൎക്കുന്നു-൧. വസിക്കുന്നു. ൨. താമസിക്കുന്നു. ൩. കാണുന്നു. ൪. വിചാരിക്കുന്നു. ൫. സഹിക്കുന്നു. ൬. ശ്രദ്ധിക്കുന്നു.

പാൎജ്ജന്യം - പൎജ്ജന്യനെ (ഇന്ദ്രനെ) സംബന്ധിച്ചതു്.

പാൎണ്ണ-വി. പൎണ്ണത്തെ (ഇലയെ) സംബന്ധിച്ച.

പാൎത്തലം-ഭൂമി.

പാൎത്ഥക്യം-വേർപാടു്.

പാൎത്ഥൻ - പൃഥയുടെ (കുന്തിയുടെ) പുത്രൻ, ധൎമ്മപുത്രൻ, ഭീമൻ, അൎജ്ജുനൻ.

സഹദേവനും നകുലനും കുന്തിയുടെ പുത്രന്മാരല്ലെങ്കിലും അവരേയും പാൎത്ഥന്മാരെന്നു പറയാറുണ്ടു്. പാൎത്ഥൻ എന്നു അധികമായി വിളിച്ചുവരുന്നതു് അൎജ്ജുനനെയാണു്.

൨. രാജാവു്. ൩. നീൎമരുതു്.

പാൎത്ഥവം-വലിപ്പം.

പാൎത്ഥസാരഥി-കൃഷ്ണൻ.

പാൎത്ഥിവ-വി. ൧. ഭൂമിയെ സംബന്ധിച്ച. ൨. ഭൂമിയെ ഭരിക്കുന്ന.

പാൎത്ഥിവൻ-൧. രാജാവു്. ൨. ഭൂമിയിൽ നിവസിക്കുന്ന ഒരുവൻ.

പാൎത്ഥിവം-ഒരു മൺപാത്രം.

പാൎത്ഥിവീ(വി)-൧. സീത. ൨. ലക്ഷ്മി.

പാൎത്ഥോനം-കന്നിരാശി.

പാൎപ്പു്-൧. വാസം. ൨. താമസം. ൩. വിചാരം ൪. ശ്രദ്ധ. ൫. ഒരുവക മീൻകൂട്ടം, മത്സ്യക്കുട്ടി.

പാൎപ്പരൻ-യമൻ.

പാൎപ്പരം-൧. ഒരു കൈയിൽ കൊള്ളുന്ന അരി. ൨. ക്ഷയരോഗം. ൩. ചാമ്പൽ.

പാൎപ്പിക്കുന്നു-൧. താമസിപ്പിക്കുന്നു. ൨. വസിപ്പിക്കുന്നു. ൩. ഒളിപ്പിക്കുന്നു. ൪. തടവിലാക്കുന്നു.

പാർമാതു്-ഭൂദേവി.

പാൎയ്യന്തിക-വി. ഒടുക്കമുള്ള, തീൎച്ചയുള്ള.

പാൎവ്വണം-പൎവ്വത്തെ സംബന്ധിച്ച.

പാൎവ്വണേന്ദു-പൂൎണ്ണചന്ദ്രൻ.

പാൎവ്വത-വി. പൎവ്വതത്തിൽ നിന്നുണ്ടായ.

പാൎവ്വതം-൧. വാലുഴവം. ൨. വാലുള്ള ഉലുവ.

പാർവ്വതീ(തി)-നാ. ശിവന്റെ ഭാര്യ. പർവ്വതത്തിൽ നിന്നുണ്ടായവൾ എന്നർത്ഥം. ൨. ഇടച്ചി, പശു മേയ്ക്കുന്നവൾ. ൩. ദ്രൌപദി.

പാർവ്വതീനന്ദനൻ-നാ. സുബ്രഹ്മണ്യൻ. ൨. ഗണേശൻ.

പാർവ്വതീശൻ-ശിവൻ.

പാർവ്വതീശുക്ലം-അഭ്രം.

പാർവ്വതേയ-വി. പർവ്വതത്തെ സംബന്ധിച്ച.

പാർവ്വതേയം-അഞ്ജനക്കല്ല്.

പാർവ്വത്യകാരൻ-പ്രവൃത്തിയിൽ കാര്യം വിചാരിക്കുന്നവൻ, ഒരു സർക്കാരുദ്യോഗസ്ഥൻ.

പാർവ്വത്യം-പാർവ്വത്യകാരന്റെ അധികാരം.

പാശ്ശാവ്-മുഗൾചക്രവർത്തി.

പാശ്ശി-പെർഷ്യൻഭാഷ.

പാർശ്വകൻ-വഞ്ചകൻ, കള്ളൻ.

പാർശ്വകം-വാരിയെല്ല്.

പാർശ്വഗ-വി. കൂടെ നടക്കുന്ന.

പാർശ്വതഃ-അ. സമീപത്ത്.

പാർശ്വപരിവർത്തനം- വിഷ്ണു തന്റെ ഉറക്കത്തിൽ ഒരു ഭാഗം തിരിഞ്ഞുകിടക്കുന്നതിനെ കൊണ്ടാടുന്ന ഒരു ഉത്സവം.

പാർശ്വഭാഗം - മനുഷ്യരുടേയും മറ്റും കൈകൾക്കു താഴെയുള്ള ശരീരഭാഗം; ആറാംവാരി, വിലാപ്പുറം.

പാർശ്വം-നാ. വിലാപ്പുറം. ൨. പക്ഷം. ൩. ഭാഗം. ൪. വഞ്ചന ൫. സമീപം.

പാർശ്വവർത്തി-വി സമീപത്തിരിക്കുന്ന, അടുക്കൽ നില്ക്കുന്ന. (ഈ ശബ്ദം നകാരാന്തമാണ്; സ്ത്രീലിംഗം- പാർശ്വവർത്തിനി.)

പാർശ്വസ്ഥ-വി. സമീപത്തു നില്ക്കുകയോ ഇരിക്കയോ ചെയ്യുന്ന.

പാർശ്വസ്ഥലം-നാ. പാർശ്വഭാഗം. ൨. സമീപത്തുള്ള സ്ഥലം.

പാർശ്വാസ്ഥി-വാരിയെല്ല്.

പാർശ്വിക-വി. പാർശ്വത്തോടു സംബന്ധിച്ച.

പാർശ്വികൻ-നാ. കൌശലക്കാരൻ. ൨. കൂട്ടുകാരൻ.

പാർഷതൻ-നാ. പാഞ്ചാലരാജാവ്, ദ്രുപദൻ. ൨. ധൃഷ്ടദ്യുമ്നൻ.

പാർഷതീ(തി)- നാ. പാഞ്ചാലപുത്രി, പാഞ്ചാലി. ൨. ദുർഗ്ഗ.

പാർഷദൻ-നാ. സഭയിൽ ഒരുവൻ ൨. ശിവന്റെ ഭൂതങ്ങളിൽ ഒരുവൻ.

പാർഷ്ണി-നാ. കുതികാൽ ൨. പിൻപട. ൩. പുറം.

പാർഷ്ണിഗ്രാഹൻ-നാ പിൻപടയെ ഭരിക്കുന്നവൻ. ൨. പിൻപടയിൽ ശത്രു.

ശത്രുവിനോടു യുദ്ധത്തിനായി ഒരു രാജാവു് ഒരുമ്പെടുമ്പോൾ ആ അവസരം നോക്കി പിറകേ കൂടി കടന്നു ഉപദ്രവിപ്പാൻ ആഗ്രഹിക്കുന്ന രാജാവിന്റെ രാജ്യം അടക്കുവാൻ നോക്കുന്ന രാജാവിന്റെ പേരത്രേ പാർഷ്ണിഗ്രാഹൻ. നേരിട്ടു യുദ്ധത്തിനു ഉയരുക ധൈര്യമില്ല. തക്കംനോക്കി ചതിക്കുന്നവനാകുന്നു. ഒരു രാജാവ് യുദ്ധത്തിനു പോകുമ്പോൾ പിറകേനിന്നു സഹായിക്കുന്ന രാജാവ് എന്നും അഭിപ്രായം കാണുന്നു പിൻഭാഗത്തെ ഗ്രഹിക്കുന്നവൻ എന്നർത്ഥം.

പാർസി-പെർഷ്യൻഭാഷ.

പാല-വി. രക്ഷിക്കുന്ന.

പാല-നാ. ഒരു വൃക്ഷം. ൨. ബോട്ട്.

പാലക-വി. പാലിക്കുന്ന, രക്ഷിക്കുന്ന.

പാലകൻ-നാ. രക്ഷിക്കുന്നവൻ. ൨. കുതിരക്കാരൻ.

പാലകാ-കൊട്ടവേലി.

പാലകാപ്യൻ-പ്ര. ഒരു മഹർഷി. വ. ധന്വന്തരമൂർത്തി.

കാരേണുവിന്റെ പുത്രനായ ഒരു ഋഷിയാണ്. പാലകാപ്യൻ ഒരു വൈദ്യപുസ്തകം (ഗജശാസ്ത്രം) ഉണ്ടാക്കീട്ടുണ്ട്. ധന്വന്തരിയുടെ ഒരു അവതാരമാണെ പോലും.

പാലകാപ്യം-ഗജശാസ്ത്രം.

പാലകീ-കന്ദുരുക്കം.

പാലക്കാട്-ഒരു ദേശം. മലബാറിലുള്ള ഒരു താലൂക്ക്.

പാലക്കാട്ടുശേരി-ഒരു നഗരം.

പാലക്കാമോതിരം-പെൺകുട്ടികളുടെ കഴുത്തിൽ കെട്ടുന്ന ഒരാഭരണം.

പാലക്യം-ചെഞ്ചീര.

പാലക്യാ-പ്ര. കന്ദുരുക്കം. വ. ചെഞ്ചീര.

പാലങ്കാ-പ്ര ഇന്തിൽ. വ. ചെഞ്ചീര. ന. പരുന്ത്.

പാലങ്കീ-പ്ര. കന്ദുരുക്കം. വ. ചെഞ്ചീര.

പാലങ്ക്യാ-പ്ര. കന്ദുരുക്കം. വ. ചെഞ്ചീര.

പാലഘ്ന-കൂണ്.

പാലഘ്നം-കടപ്പുല്ല്.

ഇത് ജലത്തിലുണ്ടാകുന്നു. വയമ്പിന്റെ ഇലപോലെയുള്ള ഇല കാണും.

പാലട-പ്ര. ഒരു ഭക്ഷണസാധനം. വ. പാലൊ തൈരൊ [illegible]കുമ്പോൾ അടയ്ക്കുന്ന ഒരു പലക.

പാലൻ-പ്ര. രക്ഷിക്കുന്നവൻ. വ. രാജാവ്.

പാലനം-രക്ഷ.

പാലനികാ-പ്ര. ബ്രഹ്മി. വ. കൽക്കത്തൽ.

പാലം-പ്ര. ആറ്, തോട് മുതലായവയിൽ കരകടക്കുന്നതിനു കല്ല്, മരം മുതലായവകൊണ്ടു പണിതുണ്ടാക്കിയത്. വ. മൂക്കിന്റെ പാലം. ന. കിണററിന്റെ വക്കോടുചേർത്തിടുന്ന തടി അല്ലെങ്കിൽ കല്ല്.

പാലംഭോരാശി-പാല്ക്കടൽ.

പാലറ-പാൽപ്പുര.

പാലാശ-വി. പ്ര. പച്ചനിറമുള്ള. വ. പ്ലാശുവൃക്ഷത്തെ സംബന്ധിച്ച.

പാലാശം-പച്ചില.

പാലാശം-പ്ര. പച്ചനിറം. പലാശത്തിന്റെ (പച്ചിലയുടെ) നിറംപോലെയുള്ള നിറം എന്നർത്ഥം. വ. പ്ലാശുവൃക്ഷത്തെ സംബന്ധിച്ചത്.

പാലാഴി-പാൽക്കടൽ.

പാലാഴിമഥനം-പാൽക്കടൽ മഥനം. (അമൃതമഥനം എന്നതു നോക്കുക.)

പാലാഴിമാത്-ലക്ഷ്മീദേവി.

പാലി-സംസ്കൃതത്തിന്റെ ഒരു തത്ഭവഭാഷ, ബുദ്ധമതക്കാരുടെ ഒരു വൈദികഭാഷ.

ദാർശനിക കാലത്തിൽ ഉത്തരഹിന്ദുസ്ഥാനിൽ ആര്യന്മാർക്കും അനാര്യന്മാർക്കും പൊതുവിലുണ്ടായിരുന്ന ഒരു വ്യവഹാരഭാഷ. പിന്നെ പാലിയിൽ നിന്നു മഹാരാഷ്ട്രി, സൌരസേനി, പൈശാചി, മാഗധി മുതലായ പ്രാകൃതഭാഷകൾ ഉണ്ടാകയും ഒടുവിൽ ആ പ്രാകൃതഭാഷകൾ അനേകങ്ങളായി പിരിഞ്ഞു പഞ്ചാബി, ഹിന്ദി, ബംഗാളി, മഹാരാഷ്ട്രം, ഗുജറാത്തി, ഉർദു, ഉറിയ മുതലായ ഉപഭാഷകളായി തീരുകയും ചെയ്തു.

പാലി, പാലീ-പ്ര. വ[illegible]. വ. മൂച്ചയുള്ളവശം. ന. അതിർത്തി. ര. ചുറ്റളവ്.

പാലിക-പ്ര. ആയുധത്തിന്റെ വായ്ത്തല. വ. ഒരുമാതിരി തവി. ന. ഒരു മാതിരി ചെറിയ പാത്രം.

പാലിക്കുന്നു-രക്ഷിക്കുന്നു.

**പാലിത**-വി. രക്ഷിക്കപ്പെട്ട.

**പാലിത**-ഒരു വൃക്ഷം.

**പാലിത്യം**-വാൎദ്ധക്യം കൊണ്ടുള്ള നര.

**പാലിന്ദം**-കുന്തുരുക്കം.

**പാലിന്ദീ**-൧. നാല്ക്കൊപ്പക്കൊന്ന. ൨. കരിന്തുവര. ൩. തുമ്പ.

**പാലിനി**-൧. നാല്ക്കൊപ്പക്കൊന്ന. ൨. കരിന്തുവര.

**പാലീയം** - തകരം എന്ന അങ്ങാടിമരുന്ന്.

**പാലുണ്ണി**-ദേഹത്തിലുണ്ടാകുന്ന ഒരുവക കുരു.

**പാലുള്ളി**-ഒരുവക വലിയ വെള്ളുള്ളി.

പാലുള്ളി പിത്തത്തിന്നും രക്തദോഷത്തിന്നും നന്ന്. രുചികരമാണ്. ഇതു മററു വെള്ളുള്ളിയേക്കാൾ വളരെ വെളുത്തതും കാഴ്ചക്കു ഭംഗിയുള്ളതുമാകുന്നു. സം-ക്ഷീരപലാണ്ഡു.

**പാലുഴവം**-ഒരു മരുന്ന്.

**പാലൂരി**-ഒരുവക വസൂരിദീനം.

൧൮-ൽ ഒന്നാണ്. പതിനെട്ടാം ദിവസം കുളിപ്പിക്കാം.

**പാലേറി**-൧. ഒരുവക കാട്ടുവാസിജനം. ൨. കടത്തുരാജാവിൻെറ കൊട്ടാരം.

**പാലൈനിലം**-ജലവും തണലും ഇല്ലാത്ത ഉഷ്ണമേറിയ നിലം.

**പാൽ**-൧. മുലയിൽ നിന്നു പിഴിഞ്ഞെടുക്കുന്ന വിശേഷമായ വെളുത്ത സാധനം. ൨. തേങ്ങ ചുരകി പിഴിഞ്ഞെടുക്കുന്ന സാധനം. ൩. വൃക്ഷങ്ങളുടെ കറ. ൪. മഞ്ഞൾ ചതച്ചു പിഴിഞ്ഞ വെള്ളം. ൫. പശുവിൻപാലും മററും.

പശുവിൻപാൽ- വാതം, പിത്തം, പുരാണജ്വരം, ഉന്മാദം തുടങ്ങിയുള്ള മാനസരോഗങ്ങളെയും മൂൎച്ഛ, ചുഴൽച്ച, ചുട്ടുനീറൽ, ഗ്രഹണി, തണ്ണീർദാഹം, ശൂലം, അതിസാരം, ക്ഷയം, അൎശസ്സ്, യോനിരോഗം, ഗുല്മം, മഹോദരം, ഗൎഭസ്രാവം മുതലായവയേയും ശമിപ്പിക്കും. ആയുസ്സ്, ബുദ്ധി, ധാതുക്കൾ, കഫം, ബലം ഇവയെ വൎദ്ധിപ്പിക്കും ദേഹത്തെ തടിപ്പിക്കും. മലത്തിന്നു അയവു വരുത്തും. യൌവനത്തെ നിലനിറുത്തും. മുറിവിനെ കൂട്ടിപ്പിടിപ്പിക്കും. എല്ലാ ശരീരങ്ങൾക്കും ചേരുന്നതും ജീവനമായിട്ടുള്ളതുമാകുന്നു. കുട്ടികൾക്കും വൃദ്ധന്മാൎക്കും അടി വെട്ട് മുതലായവകൊണ്ടു ക്ഷീണം ഭവിച്ചവൎക്കും വിശപ്പുകൊണ്ടും മൈഥുനം കൊണ്ടും തളൎന്നവൎക്കും വളരെ നല്ലതു്. നര, പലിതം മുതലായവയെ നശിപ്പിക്കും. വിരേചിപ്പിക്ക, ഛൎദ്ദിപ്പിക്ക, വസ്തിപിടിക്ക ഈ കാൎയ്യങ്ങളിൽ ഒരുപോലെ ഉപയോഗിക്കാം ജീവനീയങ്ങളിൽ വെച്ചു ശ്രേഷ്ഠമാണ്. പാൽ കറന്നു കാച്ചാതെയിരുന്നാൽ ആറുനാഴികക്കുമേൽ ഗുണം ഇല്ലാതാകും, പാൽ പുളിയുള്ള എല്ലാ പദാൎത്ഥങ്ങളോടൊന്നിച്ചും ഉപ്പിനോടൊരുമിച്ചും ഉപയോഗിക്കരുതു്. വിരുദ്ധമാണ്. പാലുകുടിച്ചതിൻെറ ശേഷം പുളിയുള്ള പഴം തിന്നുന്നതും നന്നല്ല. കുമ്പളങ്ങ ചുരക്ക മുതലായ വല്ലീഫലങ്ങൾ കൂണു മുളകൂമ്പ് അമ്പഴങ്ങ മുതലായ പുളിയധികമുള്ള ഫലങ്ങൾ എള്ളിൻപിണ്ണാക്ക് ഒതെതു് എണ്ണ മുതിര അരിപ്പൊടി വററലുകൾ മദ്യം മത്സ്യം പന്നിമാംസം ഇവയോരോന്നിനോടൊരുമിച്ചും കുടിക്കുന്നതും വിരുദ്ധമാണ്. പാൽ സേവിച്ചുണ്ടാകുന്ന അജീൎണ്ണത്തിങ്കൽ പഞ്ചസാരയോ ചുക്കുവെള്ളമോ രണ്ടും കൂടിയോ സേവിക്ക.

പശുവിൻപാലിന്നു പൎയ്യായങ്ങൾ - ദുഗ്ദ്ധം, ക്ഷീരം, പയസ്സ്.

## പാലിലെ വെള്ളം.

### ഒരു പരീക്ഷണം.

പാലിൽ വെള്ളം കൂട്ടീട്ടുണ്ടോ എന്നറിയാൻ ദുഗ്ദ്ധശോധിനി ഉപയോഗിക്കയാണല്ലോ പതിവ്. എന്നാൽ അതിലും എളുപ്പത്തിൽ വേറെ ഒരു സൂത്രമുണ്ട്. സാധാരണ തുന്നുന്ന തരത്തിലുള്ള ഒരു സൂചിയെടുത്തു പാലിൽ മുക്കി നേരെ (കുത്തനേ) പൊന്തിയ്ക്കുക. തനിച്ച പാലാണെങ്കിൽ സൂചിയുടെ അഗ്രത്തിൽ പാൽ അല്പം തങ്ങിനില്ക്കുന്നതു കാണാം. കൂട്ടുണ്ടെങ്കിൽ ഒരു ലേശവും അതിൽ നില്ക്കയില്ല. "ധന്വന്തരി."

പാല്ക്കഞ്ഞി - പാൽ ചേർത്തുണ്ടാക്കിയ കഞ്ഞി.

പാല്ക്കടൽ-പാൽ സമുദ്രം.

പാല്ക്കലം, പാക്കലം-പാലു കാച്ചുന്ന പാത്രം.

പാൽക്കളി-ചന്ദ്രിക.

പാല്ക്കാരൻ-പു. പാൽ കറക്കുന്നവൻ. വ. പാൽ വില്ക്കുന്നവൻ.

പാൽക്കാരി-പാൽ കറക്കയും മററും ചെയ്യുന്നവൾ.

പാല്ക്കുരു, പാക്കുരു-പ്ര. പാലുണ്ണി. വ. കുട്ടികളുടെ ദേഹത്തിലുണ്ടാകുന്ന ഒരു മാതിരി കുരു.

പാല്ക്കുരുമ്പ-ഒരുവക മരുന്നുവള്ളി. പര്യായങ്ങൾ-മോരടം, കീർണ്ണപുഷ്പം, പീലുപത്രം, മധുസ്രവം, ഘനമൂലം, ദീർഘമൂലം, പുരുഷം, ക്ഷീരമോരടം.

പാല്ക്കുരുമ്പ-കഫം, പിത്തം ചുട്ടുനീറൽ, അരുചി, ജ്വരം, തണ്ണീർദാഹം ഇവക്കു നന്ന്. ബലത്തെ വർദ്ധിപ്പിക്കും. പെരുംകുരുമ്പയെക്കാൾ അധികം പാലുണ്ട്. മന്ത്രവാദം സംബന്ധിച്ചു ആഭിചരണ വിധി, വശ്യവിധി, വേഷംമാററം തുടങ്ങിയുള്ള ഏതാനും ക്ഷുദ്രപ്രയോഗങ്ങളിൽ പാൽക്കുരുമ്പയെ പുരുഷനായിട്ടും പെരുംകുരുമ്പയെ സ്ത്രീയായിട്ടും സങ്കല്പിച്ചു അനേകം കർമ്മങ്ങൾ വിധിക്കപ്പെട്ടിട്ടുണ്ടു. രണ്ടിന്റേയും വിത്തുകൾ മുളപ്പിച്ചുണ്ടാക്കി അതിലേ ചില ദേവതകൾ കൊണ്ടു ദേവതാബാധനിവൃത്തി മുതലായി അനേകം കാര്യങ്ങൾ സാധിക്കാം. ഏതായാലും ഇതു ഒരു ദിവ്യൌഷധമെന്നതിനു സംശയമില്ല.

പാല്ക്കുററി-പാൽ കറക്കുന്ന പാത്രം.

പാല്ക്കുഴ, പാക്കുഴ-പാൽകറക്കുന്ന പാത്രം.

പാല്ക്കുഴമ്പ്-പാൽ കുറുക്കി കുഴമ്പാക്കിയതു്.

പാല്ഗന്ധകം-ഒരുവക ഗന്ധകം.

പാല്ഗരുഡപ്പച്ച- വിഷചികിത്സക്കുള്ള ഒരു കല്ല്.

പാല്ച്ചിറാക്, പാച്ചിറാക് - ഒരു മത്സ്യം.

പാല്ച്ചുണങ്ങ്, പാച്ചുണങ്ങ്-വെളുത്ത ചുണങ്ങ്.

പാല്ച്ചുയത്തി-ഒരു മരുന്നുചെടി.

പാല്ച്ചുണ്ട, പാച്ചുണ്ട - വെളുത്ത ചുണ്ട.

പാല്ച്ചുര, പാച്ചുര-ഒരുവക വള്ളി.

പിത്തകഫങ്ങളെ ശമിപ്പിക്കും. വാതത്തേയും ബലത്തേയും അധികമാക്കും. ധാതുപുഷ്ടിയെ ചെയ്യും. രുചികരമാണ്, മലത്തെ ഇളക്കും. ഇതിന്റെ കായ് പാലുപോലെ വെളുത്തിരിക്കുന്നതിനാൽ പാൽച്ചുര എന്നു പേരുണ്ടായി. സം— അലാബു. ത—ചുരൈ. ഇംഗ്ലീഷിൽ White gourd വൈററ് ഗോർഡ്.

പാല്ച്ചോറ്, പാച്ചോറ്-പാൽ ചേർത്തുവെച്ചുണ്ടാക്കിയ ഒരു ചോറ്.

പാല്ച്ചോററി, പാച്ചോററി - ഒരു വൃക്ഷം.

പാല്തുത്ഥം-ഒരുവക മരുന്ന്.

പാല്ത്തുത-പാൽക്കുടം.

പാല്പശു-കറക്കുന്ന പശു.

പാല്പാട-പാലിന്റെ പാട.

വാതം പിത്തം രക്തദോഷം ഇവക്കു നന്ന്. ദേഹത്തെ തടിപ്പിക്കും. കഫത്തെയും ബലത്തേയും ധാതുക്കളേയും വർദ്ധിപ്പിക്കും. ഈവക ഗുണങ്ങൾ അധികവും പശുവിൻപാലിന്റെ പാടക്കാണ്. സം-സന്താനികാ. ഇ-Cream, Skin of milk സ്ക്രീം, സ്കിൻഓഫ് മിൽക്.

പാല്പായസം-പാലിൽ അരിയിട്ടു വേവിച്ചുണ്ടാക്കിയ പായസം. പര്യായങ്ങൾ-ക്ഷീരാന്നം, പരമാന്നം.

പാല്പുര-പാലു സൂക്ഷിക്കുന്ന മുറി.

പാല്പൊടി-പാലു കുറുക്കി പൊടിയാക്കിയത്.

പാല്മരം-പാലുള്ള മരം.

പാല്മുതക്ക്-വെൺമുതക്ക എന്ന പച്ചമരുന്ന്. പര്യായങ്ങൾ-ക്ഷീരവിദാരീ, മഹാശ്വേതാ, ഋക്ഷഗന്ധിക.

വാതം പിത്തം രക്തദോഷം പ്രമേയം ഭ്രമം മുതലായവക്കു നന്ന്. മുതക്കും പാൽമുതക്കും പാലുള്ളവ തന്നെ. പക്ഷെ മുതക്കിനു കുറച്ചു പാലേ കാണു. ത-വെളുത്തയിറുളി.

പാല്വള്ളി-ഒരു പച്ചമരുന്ന്.

പാല്വെള്ളി-കറയില്ലാത്ത വെള്ളി.

പാല്വാ-പുള്ളിക്കയ്യുകൾകൊണ്ടുള്ള ഒരു മാതിരി കളി.

പാവ്-പ്ര. ഒരങ്ങാടിമരുന്ന്. വ. നേർത്ത വസ്ത്രം. ന. നൂൽ ചുററുന്ന റാട്ട്. ര. ആനയെ ഇണക്കുന്ന ഒരുപായം, കാൽകൊണ്ടു ആനക്കാരൻ നൽകുന്ന ആജ്ഞ. ഉ. ശർക്കര ഉരുക്കിയതു്. നു. മാർ (ഒരുമാറ് = രണ്ടുകൈകയും നേരെ നീട്ടിയാലുള്ള നീളം).

പാവ-കല്ലു് മരം ലോഹം മുതലായവകൊണ്ടുണ്ടാക്കിയ രൂപം.

വസ്ത്രം, ആനക്കൊമ്പു് മുതലായതുകൊണ്ടുണ്ടാക്കിയ പാവയ്ക്കു 'പാഞ്ചാലികാ,' 'പുത്രികാ' എന്നു പറയപ്പെടുന്നു.

പാവക-വി. ശുദ്ധിവരുത്തുന്ന.

പാവക-പരിശുദ്ധം.

പാവകൻ-പ്ര. അഗ്നി. ശുദ്ധമാക്കുന്നവൻ എന്നർത്ഥം. വ. കൊടുവേലി. ന. ചേരുവൃക്ഷം. ര. വിഴാൽവൃക്ഷം. ഉ. സന്ന്യാസി. നു. വരുണൻ.

പാവകം-പ്ര കരഞ്ഞ്. വ. കയ്പഞ്ച്. ന. വിഴാൽ. ര. ചേരുമരം. ഉ. മുഞ്ഞ. നു. കൊടുവേലി ൫. മൂന്നു് എന്ന അക്കം.

പാവകളി - പാവയെക്കൊണ്ടു കളിപ്പിക്കുക.

പാവകാത്മജൻ-കാർത്തികേയൻ.

പാവകി-പ്ര. അഗ്നിയുടെ ഭാര്യ. വ. സരസ്വതി.

പാവട്ട-പ്ര. ഒരു വൃക്ഷം. വ. ഒരു ചെടി.

പാവട്ടച്ചെടിയുടെ കായ്കൊണ്ടു കുട്ടികൾ വെടിവെയ്ക്കാറുണ്ട്. അച്ചുകയ്യും കഴലുമാണ് ഇതിനുപയോഗം.

പാവട്ടി - തഴകൊണ്ടു നെയ്തുണ്ടാക്കിയ പാത്രം.

പാവന-വി. ശുദ്ധമുള്ള.

പാവനധ്വനി-ശംഖ്.

പാവനൻ-പ്ര. പരിശുദ്ധൻ. വ. വേദവ്യാസൻ. ന. അഗ്നി. ര. വിഷ്ണു.

പാവനം-പ്ര. ശുദ്ധീകരണം, പരിശുദ്ധം. വ. ജലം. ന. പ്രായശ്ചിത്തം. ര. ചാണകം. ഉ. രുദ്രാക്ഷം. നു. കൊട്ടം. ൫.

കൊട്ടരവലി, വ്യ. മഞ്ഞക്കരയ്യോന്നി. ൻ. അറമ്പിക്കപ്പെടുക.

പാവനീ(നി)-ഫ. പച്ചു. വ. ഉളസി. ന. ഗംഗാനദി. ർ. കടുക്ക.

പാവം-മൃദുസ്വഭാവമുള്ളവൻ(ൾ)

പാവലപ്പൂല-ഒരുവക മുള്ള്.

പാവൽ-ഫ. ഒരുവക കൈപ്പുള്ള കറിസാധനവള്ളി. പര്യായങ്ങൾ-കാരവേല്ലം, കഠില്ലകം, സുഷവി.

പാവൽ വല്യത്-കഫം പിത്തം പ്രമേഹം പാണ്ഡു അരുചി രക്തദോഷം കഷ്ഠം കാമല കൃമി ഇവക്കുനന്നു. അഗ്നിയെ വർദ്ധിപ്പിക്കും. മലത്തെ ഇളക്കും. ത-കൊമ്പുപ്പാകൽ. ഇം-Hairy mordica. ഹെറീമോർഡിക. ചെറുപാവക്ക എന്നും പെരുമ്പാവക്ക എന്നും രണ്ടു തരമുണ്ട്. അതു കൂടാതെ കായ്കാത്തതായ ഒരുവക പാവൽ കൂടിയുണ്ടെന്നും കാണുന്നു.

പാവാട-ഫ. പെൺകുട്ടികൾ അരമുതൽ കാൽവരെ ധരിക്കുന്ന ഉടുപ്പ്. വ. രാജാക്കന്മാരും മററും വരുമ്പോൾ ബഹുമാനസൂചകമായി വഴിയിൽ വിരിക്കുന്ന വസ്ത്രം. ന. വിരിക്ക ഉപയോഗിക്കുന്ന ഒരുവക തുണി.

പാവാണി-പട്ടികയാണി.

പാവാൻ-ആനക്കാരൻ.

പാവാററി-നെയിത്തുകാർ പാവിടുന്ന നൂൽ നിരത്തുന്ന ഒരു വസ്തു, നിരപ്പൻ.

പാവാററുന്നു-നെയിത്തുകാർ പാവിടുന്ന നൂൽ നിരത്തുന്നു.

പാവിടുന്നു-മുണ്ടു നെയ്യുവാൻ വഴിയാകുംവണ്ണം നൂലിടുന്നു.

പാവിത-വി. ശുദ്ധമാക്കപ്പെട്ട.

'മാനസംതെളിഞ്ഞതി
പാവിതനായുള്ളവൻ'
(ഭാഗവതം)

പാവുപലക-നൂൽ നൂല്ക്കുന്നവർ ഉപയോഗിക്കുന്ന ഒരു പലക.

പാവുമുണ്ടു്-ഒരുമാതിരി നേർത്ത വസ്ത്രം.

പാവേട-ഒരു വൈദ്യഗ്രന്ഥം.

പാവേടാവൈദ്യക്കാരൻ-നല്ല വൈദ്യൻ.

പാവോട്ടുന്നു-മുണ്ടു നെയ്യുന്നതിനു നല്ലവണ്ണം നൂലിടുന്നു.

പാശ- അ. പദങ്ങളുടെ അവസാനത്തിൽ ചേരുമ്പോൾ മുൻ പദാർത്ഥത്തിൻെറ ഗുണത്തെ ഇല്ലാതാക്കുന്ന അർത്ഥം ഉണ്ടാക്കുന്നു. ഉ-ം ഭിഷക്പാശൻ=നശിച്ചു നടക്കുന്ന വൈദ്യൻ.

പാശകൻ-ചെറക്കൻ.

പാശകം-പകിട, ചൂക്കിണി. ബന്ധിക്കുന്നതു എന്നർത്ഥം.

പാശധരൻ-വരുണൻ.

പാശനാ-കയറ്.

പാശപാണി-വരുണൻ.

പാശബന്ധം-കയറുകൊണ്ടുള്ള കെട്ട്, ഉരാംചുളുക്ക്, കണി, വല മുതലായതു്.

പാശഭൃത്ത്-വരുണൻ.

പാശം-ഫ. കയറ്. വ. കണി. ന. ബന്ധം. ർ. സമൂഹം. ഉ-ം കേശപാശം. കേശാനാംസമൂഹഃ=കേശപാശഃ

'കേശപാശധൃതപിഞ്ഛികാവിതതി
സഞ്ചലന്മകരകുണ്ഡലം'
(നാരായണീയം)

ര. അളവ്, സംഖ്യ

പാശഹസ്തൻ-വരുണൻ.

പാശായുധൻ-വരുണൻ.

പാശാർ-പാശി, പായൽക്കൂട്ടം.

പാശി-ഫ. പൈതങ്ങളുടെ കഴുത്തിൽ കെട്ടുന്ന ഒരു മാതിരി പളുങ്ക്. വ. പായൽ.

പാശികൻ-പക്ഷികളെ പിടിക്കുന്നവൻ

പാശിത-വി. കെട്ടപ്പെട്ട.

പാശീ-പു. വരുണൻ, പാശം ആയുധമായുള്ളവൻ. ൨. വേട്ടക്കാരൻ, പക്ഷി പിടിക്കുന്നവൻ. ൩. യമൻ.

പാശുപതൻ-ശിവഭക്തൻ.

പാശുപതം-പു. ശിവന്റെ ഒരസ്ത്രം. പശുപതി കൊടുത്ത അസ്ത്രമാകയാൽ ഈ പേർവന്നു. ൨. വെള്ളെരിക്ക്. ൩. താർതാവൽ. ൪. കൊക്കമന്താരം. പശുപതിക്കു ഇഷ്ടമായിട്ടുള്ളതു് എന്നർത്ഥം.

പാശുപതാസ്ത്രം-ശിവന്റെ ഒരമ്പ്, ശിവൻ അർജ്ജുനനു കൊടുത്ത അസ്ത്രം.

പാശുപതി-പു. ശിവന്റെ ഒരു ഭൃത്യൻ. ൨. വെള്ളെരിക്ക്.

പാശുപാല്യം-പശുരക്ഷ.

പാശുബന്ധകം-ഒരു യാഗം.

പാശ്ചാത്യ-വി. പു. പടിഞ്ഞാറുള്ള. ൨. പിൻപുള്ള. ൩. ഒടുക്കത്തെ ൪. ഒടുവിലുള്ള. ൫. ഒടുവിലുണ്ടായ.

പാശ്ചാത്യം എന്നതിനു 'പിന്നെ ഉണ്ടായതു്' എന്നു ശബ്ദാർത്ഥം.

പാശ്ചാത്യന്മാർ-പടിഞ്ഞാറെ ദിക്കിലുള്ളവർ, യൂറോപ്യന്മാർ.

പാശ്യാ-കയർക്കൂട്ടം, പാശസമൂഹം.

പാഷണ്ഡകൻ, പാഷണ്ഡീ, പാഖണ്ഡികൻ-മതവിരോധി. (പാഷണ്ഡന്മാർ എന്നതു നോക്കുക).

പാഷണ്ഡന്മാർ-വൈദിക ധർമ്മത്തിനു വിരുദ്ധമായ ആചാരാദികളോടുകൂടിയ ബൌദ്ധക്ഷപണകാദികൾ. പാപത്തെ ദാനം ചെയ്യുന്നവർ എന്നു ശബ്ദാർത്ഥം.

പാഷണ്ഡാ-മതവിശ്വാസമില്ലാത്തമട്ട്, മതവിരുദ്ധമായ അഭിപ്രായഗതി.

പാഷണ്ഡി-പാഷണ്ഡ(ക)ൻ.

പാഷണ്ഡിമതം-ബ്രാഹ്മണരുടെ വേദത്തിനു വിപരീതമായ മതം.

പാഷാണകേതകീ-കററവാഴ.

പാഷാണദാരണം-കല്ലുളി, മഴു, കല്ലു പൊളിക്കുന്ന പാര. കല്ലു പിളർക്കുന്നതു് എന്നർത്ഥം.

പാഷാണഭേദീ-ആലിലക്കല്ലൂർവഞ്ചി.

പാഷാണഹൃദയ-വി. കല്ലിനു തുല്യമായ കഠിന ഹൃദയമുള്ള.

പാഷാണം-പു. കല്ല്, പാറ. പൊടിക്കപ്പെടുന്നതു് എന്നർത്ഥം.

പാഷം=അന്യനെ ഉപദ്രവിക്കുന്നതു്. അണം=ശബ്ദിക്കുന്നതു്. ഉപദ്രവിക്കുന്നതും ശബ്ദിക്കുന്നതും എന്നർത്ഥം. കവണയിൽ കല്ലിട്ടെറിയുന്നതു് ഈ അർത്ഥത്തെ ശരിപ്പെടുത്തും. മററു വസ്തുക്കളെ പൊടിക്കുന്നതു എന്നുള്ള അർത്ഥത്തിനാണ് പ്രാധാന്യം.

൨. ഒരുവക വിഷമുള്ള മരുന്ന്, എലിപ്പാഷാണം മുതലായതു്.

പാഷാണീ-പു. തൂക്കുന്നതിനുപയോഗിക്കുന്ന കൽത്തുണ്ട്. ൨. കന്തം, വേൽ, ഉടക്കളി.

പാള-കവുങ്ങിന്റെ പോള.

പാളത്താറ്- തററുടുപ്പു്, സോമൻകെട്ടുക.

പാളം-ഇരിമ്പുതല്ലി നീട്ടിയതു്.

പാളയക്കാർ-പട്ടാളശ്ശിപായിമാർ.

പാളയം-പു. പട്ടാളക്കാരുടെ കൂട്ടം, സൈന്യം. ൨. നഗരം. ൩. കൂടാരം. ൪. പടവീട്. ൫. പട്ടാളം കിടക്കുന്നസ്ഥലം.

പാളൽ-തെന്നൽ, തെറിപ്പു്.

പാളാൻ (പളുങ്ങി)-ഒരു പക്ഷി. (പള്ളാൻപളുങ്ങി).

പാളി-പു. വസ്ത്രം മുതലായതിന്റെ ഒരു പങ്ക്. ൨. കൂട്ടം. ൩. വരി. ൪. മൂച്ച്. ൫. മുന. വാളിന്റേയും മററും മുന. ഉടമസ്ഥനെ പാലിക്കുന്നതു് എന്നർത്ഥം.

ത്മ. അതിന്. ൧. അടയാളം. വ്യ. പേൻ. ൻ. കോണ്. ൧൦. മീശയുള്ള സ്ത്രീ. ൧൧. മേൽക്കാത്. ൧൨. ചിറ.

പാളിക-കതകിന്റെ മടക്ക്.

പാളിന്ദീ-നാല്ലുംപ്പുരക്കുന്നു. രക്ഷിക്കുന്നത് എന്നർത്ഥം. (പാഠഭേദങ്ങൾ-പാളിന്ധീ, പാലിന്ദീ.)

പാളിപ്പ്-തെന്നിപ്പ്, തെറിപ്പ്, പ്രകാശം, ജ്വലനം.

പാളുന്നു-തെന്നുന്നു, തെറിക്കുന്നു, പ്രകാശിക്കുന്നു, ജ്വലിക്കുന്നു. (സ. ക്രി. പാളിക്കുന്നു)

പാഴമ-പാഴായ്മ, കസൃതി

'പാഴമയേറുന്ന പൈതൽക്കെന്നാൽ'
(കൃഷ്ണഗാഥ)

പാഴ്-വി ൧. വെറുതെ. ൨. തരിശായുള്ള. ൩. ഉപകാരമില്ലാത്ത.

പാഴ്-പഴുത്, ഇട.

പാഴൻ-വി. പ്രയോജനമില്ലാത്ത. ഉ-ം, പാഴൻപറമ്പ്.

പാഴൻ-൧. ദുഷ്ടൻ, ദുർബുദ്ധി.

'പാഴനറിയാതെ ചെയ്തുപോയിട്ടതു്'
(ഭാഗവതം)

'പാരാതെ പാഞ്ഞു തുടങ്ങിനാൻ പിന്നാലെ
പാരമപ്പാഴനാം പാരിലെങ്ങും'
(കൃഷ്ണഗാഥ)

൨. ഉപകാരമില്ലാത്തവൻ, വകയ്ക്കുകൊള്ളാത്തവൻ. (സ്ത്രീ-പാഴി.)

പാഴാകുന്നു-വെറുതെയാകുന്നു. (സ. ക്രി. പാഴാക്കുന്നു)

പാഴാപാട്-കൊള്ളരുതാത്ത സ്ഥിതി. പ്രയോജനമില്ലാത്തമട്ട്.

പാഴാപാടിച്ചി-ദുഃഖത്താൽ പെട്ടവളും ആരും സഹായമില്ലാത്തവളുമായവൾ.

പാഴായ്മ-പാഴായുള്ള സ്ഥിതി.

'പാരിച്ചുനിന്നുള്ളപാഴായ്മ ചെയ്കയാൽ
പാശത്തെക്കൊണ്ടുപിടിച്ചുകെട്ടി'
(കൃഷ്ണഗാഥ)

പാഴിയാരം-ഏറപ്പാളിയുടെ പാട്ട്.

പാഴി-വകയ്ക്കുകൊള്ളാത്തവൾ.

'ധൃഷ്ടയായ്നിന്നുള്ളപാഴി'
(കൃഷ്ണഗാഥ)

പാഴിൽ-അ. വെറുതെ.

പാഴിടി-൧. ഒരു ദോഷവും വരുത്താത്ത ഉച്ചത്തിലുള്ള ഇടി.

'പാഴിടിപൂണ്ടമക്കാർമുകിൽ'
(കൃഷ്ണഗാഥ)

൨. കാര്യഗുണം ഇല്ലാത്ത വെറുംശബ്ദം.

പാഴെ-അ. വെറുതെ.

പാഴ്ച്ചെലവ്-വെറുതെയുള്ളചെലവ്

പാഴ്നിലം-കൃഷിചെയ്യപ്പെടാത്ത ഭൂമി, തരിശുനിലം.

പാഴ്പണി-വെറുതെയുള്ള വേല.

പാഴ്പനി-ശീതപ്പനി, വെറുംപനി.

പാഴ്പറമ്പ്-തരിശുള്ള കണ്ട്.

'പാഴ്പറമ്പേറിനടക്കുംപോലെ'
(കൃഷ്ണഗാഥ)

പാഴ്പെടുക-വെറുതെയാവുക, ഒഴിയുക.

പാഴ്മ-കസൃതി.

പാഴ്മരം-൧. കേടുപിടിച്ച വൃക്ഷം. ൨. കാട്ടുമരം. വേങ്ങ, കമ്പകം മുതലായ ചില മരങ്ങൾക്കു പറയുന്ന പേർ.

പാഴ്മഴ-കഠിനമായ മഴ, വലിയ മഴ.

പാഴ്വാക്ക്-ഉപകാരമില്ലാത്ത വാക്ക്.

പാഴ്വിചാരം-ഉപകാരമില്ലാത്ത വിചാരം.

പാഴ്വെടി-ഉണ്ടയിടാത്ത വെടി.

പാഴ്വേല-പ്രയോജനമില്ലാത്ത വേല.

പാറ്-൧. സമുദ്രത്തിലേ ഒരുമാതിരി തോണി, ചെറിയവള്ളം. ൨. പാപ്പ്.

പാറ-നാ. ഉറപ്പുള്ള കല്ല്, വലിയകല്ല്. കഠിനശില. ൧. വെള്ളാരൻകല്ല് ൨. ചീങ്കണ്ണിപ്പാറ. ൩. ഉറപ്പ്.

പാറകം-തേരകം എന്ന വൃക്ഷം.

പാറക്കല്ല്-കടുപ്പമുള്ള കല്ല്, പാറ.

പാറങ്കി-മൂത്, വാസനയുള്ള ഒരുപശ.

പാറനമ്പി-സാമൂതിരിയുടെ നാലാംകാര്യസ്ഥൻ, പരമ്പരമായുള്ള പള്ളിയറക്കാരൻ.

പാറപ്പുന്ന-പാറയിൽ ഉണ്ടാകുന്ന ഒരു മരം.

പാറയാ(ത്ത)ൻ-നാ. ചിറകില്ലാതെ പറക്കുന്നതുപോലെ ചാടുന്ന ഒരു ജന്തു. ൧. നരിച്ചീറ്.

പാറൽ-നാ. പറപ്പ്. ൧. ചാററൽ, തുററൽ.

പാറൽ-നാ. പാറ്. ൧. പറക്കുക. ൨. ചാററമഴ.

പാറാക്കാരൻ-പാറാശ്ശിപായി, കാവൽനില്ക്കുന്ന ശിപായി, കാവല്ക്കാരൻ.

പാറാടൻ-നാ. ചിറകില്ലാതെ പറക്കുന്നതുപോലെ ചാടുന്ന ഒരു ജന്തു. ൧. നരിച്ചീറ്.

പാറാപ്പുര-കാരാഗൃഹം, പാറാവ്.

പാറാപ്പുള്ളി-തടവിൽ കിടക്കുന്നവൻ, പാറാവിൽ കിടക്കുന്നവൻ.

പാറാവളയം-അഭ്യാസികൾക്കു അകത്തുകൂടെ ചാടുന്നതിനു ചൂരൽ കൊണ്ടു വട്ടത്തിൽ കെട്ടിയുണ്ടാക്കുന്ന ഒരു വളയം.

പാറു-പാച്ചിൽ.

പാറുന്നു-നാ. നീന്തുന്നു. ൧. പറക്കുന്നു.

'പക്ഷികൾപാറുമ്പോൾ
ഛായപിടിപ്പാനായ്'
(കൃഷ്ണഗാഥ)

൨. മഴപോലെ ചാറുന്നു. ൩. വിടരുന്നു. ൪. ചിതറുന്നു ഉദാ., തീപ്പൊരി പാറുന്നു.

പാററ-നാ. പറക്കുന്ന ഒരുവക ചെറിയ പ്രാണി ൧. ഈയ്യൽ പര്യായങ്ങൾ- പതംഗം, ശലഭം. ൨. കൊന്നത്തെങ്ങ്. ൩. കൊന്നപ്പന ൪. കൊന്നക്കമുക്.

പാററൽ-നാ. മഴചൊരിക, ചാററൽ. ൧. പോററുക.

പാററാട്ട്-പാററാടൻ.

പാററുന്നു-നാ. അരിയും മററും മുറത്തിലിട്ടു കടയുന്നു, പോററുന്നു. ൧. മഴചൊരിയുന്നു

'കാററുംകളിതംപറിയുംകനമൊട്ടു
പാററുംമഴപൂത്തുമാരികളെല്ലാം'
(പ്രദോഷമാഹാത്മ്യം തുള്ളൽ)

## പി

പികബന്ധു-മാവ്.

പികം-കുയിൽ എന്ന പക്ഷി. മറഞ്ഞിരുന്നു ശബ്ദിക്കുന്നത് എന്നർത്ഥം.

പികയുന്നു-വട്ടം തിരിയുന്നു.

പികരാഗം-മാവ്.

പികവല്ലഭം-മാവ്.

പികീ-കുയിൽപ്പേട.

പിംഗ-വി. ഗോരോചന നിറമുള്ള

പിംഗ-നാ. ഗോരോചന. ൧. കായം ൨. നാഡി. ൩ മഞ്ഞൾ ൪ ദുർഗ്ഗ ൫. ക്രൂവന്തര്. ൬. സോമനാഡികായം.

പിംഗകപിശാ-നരിച്ചീറ്.

പിംഗചക്ഷു-ഞണ്ട്.

പിംഗം-നാ. മഞ്ഞയും ചെമപ്പും കൂടിയ നിറം, മങ്ങിയ ചെമപ്പ്, ഗോരോചനത്തിന്റെ നിറത്തോടൊത്ത നിറം. നിറപ്പറവുള്ളത് എന്നർത്ഥം. ൧. ഇരുവേലി. ൨. പോത്ത്. ൩. എലി. ൪. പെരുങ്കായം. ൫. അരിതാരം.

**പിംഗല**-വി. ഗോരോചന നിറമുള്ള.

**പിംഗലൻ**-പു. ആദിത്യൻ.

മാഠരൻ, പിംഗലൻ, ദണ്ഡൻ ഇവർ മൂന്നുപേരും എപ്പോഴും സൂര്യന്റെ പുറമേ നില്ക്കുന്നവരാണ്. 'ദണ്ഡൻ' എന്നശബ്ദം നോക്കുക.

൨. ശിവൻ. ൩. അഗ്നി. ൪. കരങ്ങ്. ൫. ഒരു നാഗരാജാവ്. ൬. ഛന്ദശ്ശാസ്ത്രകൎത്താവ്.

**പിംഗലാ**-സ്ത്രീ. ലോകത്തിൽ തെക്കേദിക്കിന്റെ ആനയുടെ പിടി. ൨. ഒരു നാഡി. (സുഷുമ്നയുടെ വലത്തുവശം പിംഗലം, ഇടത്തുവശം ഇഡ). ൩. പൊൻനിറമുള്ളവൾ. ൪. നല്ലപിച്ചള ൫. ചെമ്പുന്ന ൬. ഗോരോചന. ൭. മഞ്ഞൾ. ൮. ഇരുവൂൾമരം.

**പിംഗലം**-ന. വൈശ്രവണന്റെ നിധികളിൽ ഒന്ന്. ൨. പിച്ചള. ൩. നഞ്ഞ്. ൪. മനയോല. ൫. ഇരുവേലി. ൬. കരങ്ങ്. ൭. കീരി. ൮. ചെറിയ മൂങ്ങ.

**പിംഗലവൎണ്ണം**-പൊൻ നിറം.

**പിംഗലികാ**-കൊക്ക്.

**പിംഗളം** - ഗോരോചനത്തിന്റെ നിറത്തോടൊത്ത നിറം. നിറപ്പറമുള്ളത് എന്നൎത്ഥം.

**പിംഗാക്ഷ**-വി. പിംഗനിറമായകണ്ണുള്ള

**പിംഗാക്ഷൻ**-പു. ശനി. ൨. ശിവൻ. ൩. കരങ്ങ്, ചെമന്ന മഞ്ഞയായ കണ്ണുള്ളവൻ. ൪. പൂച്ച.

**പിംഗാക്ഷീ**-പൂച്ച.

**പിംഗാശാ**-സ്വൎണ്ണം.

**പിംഗേശൻ**-അഗ്നി.

**പിംഗേക്ഷണൻ**-ശിവൻ.

**പിചണ്ഡം**-ന. വയറ്. അന്നത്തെ ഭക്ഷിക്കുന്നത് എന്നൎത്ഥം. ൨. പശുവിന്റെ അവയവം.

**പിചണ്ഡില**-വി. കുടവയറുള്ള.

**പിചണ്ഡിലം**-പെരുവയറ്.

**പിചിണ്ഡം**-വയറ്.

**പിചിണ്ഡില**-വി. കുടവയറുള്ള.

**പിചിണ്ഡിലം**-പെരുവയറ്.

**പിചു**-പു. പരുത്തി. മൎദ്ദിക്കപ്പെടുന്നത് എന്നൎത്ഥം. ൨. പഞ്ഞി. ൩. തൂണി. ൪. മൂന്നു കഴഞ്ചുകൂടിയതു്. ൫. ഒരു കുഷ്ഠം. ൬. ഭൈരവന്റെ എട്ടു മുഖങ്ങളിൽ ഒരു മുഖത്തിന്റെ പേർ. ൭. കുരുപ്പരുത്തി.

**പിചുതൂലം**-പരുത്തി.

**പിചുമന്ദം**-വേപ്പുവൃക്ഷം, പിചു എന്ന കുഷ്ഠരോഗത്തെ ഇല്ലാതാക്കുന്നതു് എന്നൎത്ഥം.

**പിചുമൎദ്ദം**-വേപ്പുവൃക്ഷം. (പിചുമന്ദം എന്നതിന്റെ പാഠം).

**പിചുളം**-പു. കാഞ്ചിമരം. (മയിലെള്ളിന്റെ വകഭേദം.) ൨. പഞ്ഞി. ൩. ഒരു വക കടൽക്കാക്ക, നീർകാക്ക. ൪. നീർക്കടമ്പു്, കാഞ്ചിമരം.

**പിച്ച്**-പു. അല്പമായ ഭക്ഷ്യം. ൨. നുള്ളൽ.

**പിച്ച**-പു. കാലുറയ്ക്കാത്ത കുഞ്ഞുങ്ങളുടെ കാൽവെയ്പ്. ൨. ഇരക്കുന്നവനു കൊടുക്കുന്ന വസ്തു. ൩. ആശ്ചൎയ്യം.

**പിച്ചകം**-പു. സുഗന്ധപുഷ്പം ഉണ്ടാകുന്ന ഒരു വള്ളി, പിച്ചിച്ചെടി. പൎയ്യായങ്ങൾ-സുമനസ്സ്, മാലതീ, ജാതി. ൨. മരുന്നിനു കൊള്ളിക്കുന്ന ഒരുമാതിരി പിച്ചകം.

പിച്ചകം-ത്രിദോഷം, ശിരോരോഗം, കുഷ്ഠം, കൃമി മുതലായവക്കു നന്ന്. ഇതിന്റെ ഇല കഫപിത്തങ്ങളെ ശമിപ്പിക്കും. ഇതു പുഷ്പവൎഗ്ഗത്തിൽ ശ്രേഷ്ഠമാകുന്നു. തമിഴ്-പിച്ചി. ഇംഗ്ലീഷ്-Jas-

minum grandiflorum ജാസ്മിനം ഗ്രാൻഡിഫ്ളോറം.

എല്ലാപുഷ്പവും ധരിച്ചാൽ—

'പുഷ്പസ്യധാരണം കാന്തി
വൎദ്ധനം കാമകാരകം
ഓജശ്രീവൎദ്ധകരഞ്ചൈവ
പാപഗ്രഹവിനാശനം'

പിച്ചക്കാരൻ-ഇരക്കുന്നവൻ.

പിച്ചച്ചട്ടി-ഇരക്കുന്നവന്റെ പാത്രം.

പിച്ചച്ചിരട്ട-ഇരക്കുന്നവന്റെ ചിരട്ട.

പിച്ചച്ചോറ് - ഇരന്നു വാങ്ങിക്കുന്ന ചോറ്.

പിച്ചടം-ന. വെള്ളീയം. മുറിപ്പാൻ എളുപ്പമുള്ളത് എന്നൎത്ഥം. ൨. കാരീയം.

പിച്ചൻ-ഭ്രാന്തൻ, തുമ്പില്ലാത്തവൻ.

പിച്ചപ്പിഴപ്പ്-ഇരന്നു കാലംകഴിക്കുക.

പിച്ചയാൽ-ആശ്ചൎയ്യമായി. (പ-മ.)

പിച്ചൽ-തള്ളൽ.

പിച്ചള-ചെമ്പും നാകവും കൂട്ടിയുണ്ടാക്കിയ ഒരുമാതിരി ലോഹം, പൎയ്യായങ്ങൾ-രീതി, ആരകൂടം.

പിച്ചള-കഫം, പിത്തം, രക്തദോഷം, പ്ലീഹ മുതലായവക്കു നന്ന്. അരച്ചുതേച്ചാൽ കണ്ണിന്നു തെളിവുണ്ടാകും. സം-പിത്തലം. ത-പിത്തളൈ. ഇം-Brass ബ്രാസ്സ്.

പിച്ചാങ്കത്തി - ഒരുമാതിരി ചെറിയ കത്തി.

'മശറാരുപരിഷകൾപിച്ചാങ്കത്തിയു-
മരയിൽത്തിരുകി'
(ഉത്തരരാമായണം ചമ്പു)

പിച്ചി-പിച്ചകം.

പിച്ചിലി-ഒരു പക്ഷി.

പിച്ചുന്നു-തള്ളുന്നു.

പിച്ഛ-ന. ഇലവിൻപശ. വിരലിന്മേൽ കെട്ടുന്നത് എന്നൎത്ഥം. ൨. പാമ്പിന്റെ വിഷജലം. ൩. കഞ്ഞി. ൪. വാഴപ്പഴം, വാഴ. ൫. വരി. ൬. ഇരുവുൾമരം (കറുത്തത്) ൭. കയിൽപ്പട.

പിച്ഛം-ന. മയിൽപീലി. ൨. വല്ലതിന്റെയും അററം, പുച്ഛം, ചൂഡ.

പിച്ഛടം-ന. വെള്ളീയം. ൨. കാരീയം.

പിച്ഛില-വി. ന. പശയുള്ള. ൨. പാലുള്ള.

പിച്ഛില-ന. ഇലവുവൃക്ഷം. പശയുള്ളത് എന്നൎത്ഥം. ൨. ഒരവ്. ൩. കറുത്ത ഇരുമുള്ളമരം.

ഇലവു(വി)മരത്തിന്നു 'പൂള' എന്നും പേരുണ്ട്.

൪. വയിൽച്ചുള്ളി. ൫. അഗശി. ൬. വലിയ വശളച്ചീര. ൭. എരുമപ്പുല്ല്.

പിച്ഛിലാ-അയഞ്ഞചോറ് (കഞ്ഞി), കറി മുതലായത്.

പിഞ്ച്-വി. മൂക്കാത്ത.

പിഞ്ച്-മൂക്കാത്ത ഫലം.

പിഞ്ച, പിഞ്ഞ-വി. ചീഞ്ഞ, ചീത്തയായ.

പിഞ്ചുപോകുന്നു-കീറിപ്പോകുന്നു.

പിഞ്ഛം-മയിൽപീലി. പ്രകാശിക്കുന്നത് എന്നൎത്ഥം. മറെറാരുപാഠം 'പിച്ഛം'.

പിഞ്ഛാ-മയിൽപീലി.

പിഞ്ഛചൂഡൻ-കൃഷ്ണൻ.

പിഞ്ഛികാ-പീലി. (പിഞ്ഛികാസഞ്ചയം=പീലിക്കെട്ട്).

'പാരംപിന്നിൽഘനമിയലുമി-
പ്പിഞ്ഛികാസഞ്ചയത്തിൻ'
(മയൂരസന്ദേശം)

പിഞ്ജ-വി. മനോവ്യസനമുള്ള.

പിഞ്ജ-ന. ഉപദ്രവം. ൨. മഞ്ഞൾ. ൩. പഞ്ഞി, ൪. ചടി, ൫. കോൽ.

പിഞ്ജം–പു. കൊല. ൨. ശക്തി. ൩. കൂട്ടം. (പുഞ്ജം എന്നതിൻെറ പാഠം). ൪. ഭീമസേനകപ്പൂരം.

പിഞ്ജര–വി. ഗോരോചനനിറമുള്ള.

പിഞ്ജരം–പു. അരിതാരം. നിറപ്പറമുള്ളതു് എന്നൎത്ഥം. ൨. പൊന്നു്. ൩. ഗോരോചനനിറം. ൪. പക്ഷിക്കൂടു്. ൫. നാഗകപ്പവു്. ൬. സ്വൎണ്ണം.

പിഞ്ജല–വി. ഭയപ്പെട്ട.

പിഞ്ജലം–പു. ഭയപ്പെട്ട സേന. ൨. കുശ, ഒരുവക പുല്ലു്.

പിഞ്ജലം–പു. അത്യന്തം ആകുലമായ സൈന്യാദികൾ. ൨. അരിതാരം.

പിഞ്ജാലം–സ്വൎണ്ണം.

പിഞ്ജികാ–നൂൽനൂല്ക്കുന്നതിന്നു ഉണ്ടയായി വച്ചിരിക്കുന്ന പഞ്ഞി.

പിഞ്ജൂഷാ–കൎണ്ണമലം. (ചെവിക്കായം)-

പിഞ്ഞ, പിഞ്ഞെ–വി. ചീഞ്ഞ, ചീന്തലായ, കീറിയ.

പിഞ്ഞാണം(ണി) – മണ്ണുമുതലായതുകൊണ്ടുണ്ടാക്കിയ ഒരുമാതിരി പാത്രം, ഒരുതരം ചെറിയ കപ്പിപ്പാത്രം. (പെൎഷ്യൻ ഭാഷ)

പിഞ്ഞുപോകുന്നു–കീറിപ്പോകുന്നു.

പിട–പു. പക്ഷികളിൽ സ്ത്രീ. ൨. മാനിൻെറ സ്ത്രീ. ൩. കോൽകൊണ്ടുള്ള അടി.

പിടകം–പു. കുരുവു്. ഉരുണ്ടുകൂടുന്നതു് എന്നൎത്ഥം. (പിടകാ എന്നുമാകാം) മുഖക്കുരുവു്.

പിട(ക)ം–പു. മൂട, കൊട്ട, (കുട്ട). ൨. കൂട, വല്ലം. ൩. പരുവു്, കുരുവു്. (പിണ്ഡം എന്നു പാഠവുമുണ്ടു്) പിടം എന്നതിന്നു ഒച്ചപ്പെടുത്തുന്നതു എന്നു ശബ്ദാൎത്ഥം.

പിടച്ചൽ, പിടപ്പു്–മരണവേദനകൊണ്ടുള്ള ഉരുൾച്ച.

പിടത്തൽ–വേരോടു് തള്ളി വീഴിക്ക.

പിടമാൻ–പെൺമാൻ, മാനിൻെറ സ്ത്രീ.

പിടയുന്നു – മരണവേദനകൊണ്ടു് ഉരുളുന്നു.

പിടയ്ക്കുന്നു–വേദനകൊണ്ടും മററും ഉരുളുന്നു.

പിടരി–പിടലി.

പിടരുന്നു–വേരോടെ വീഴുന്നു, (സ. ക്രി. പിടത്തുന്നു.)

പിടത്തുന്നു–പു. വേരോടെ പിടുങ്ങുന്നു് ൨. പരുവു്, (കുരു) പൊട്ടിക്കുന്നു.

പിടലി–കഴുത്തിൻെറ പിൻവശം പിടരി എന്നും കാണുന്നുണ്ടു്.

പിടലിഞരമ്പു്–കഴുത്തിൻെറ പിൻവശത്തിലെ ഞരമ്പു്.

പിടാക–പു. ഒരു ദേശത്തിലെ കര. ൨. ഒരു ദേശം. ൩. സ്ഥലം.

പിടാരൻ–പു. പാമ്പു പിടിക്കുന്നവൻ. ൨. തോല്പ്പൊല്ലൻ. ൩. ശാക്തേയൻ.

പിടി–പു. മുഷ്ടി. ൨. കൈയിലടങ്ങിയ വസ്തു. ൩. ആയുധങ്ങളിൽ പിടിപ്പാനുള്ള സ്ഥലം. ൪. പിടിത്തം. ൫. പെണ്ണാന. ൬. ശൌൎയ്യം. ൭. കൈകൊണ്ടുള്ള പിടി.

പിടികാ–കുരുവു്.

പിടിക്കിഴങ്ങു് ഒരുമാതിരി കിഴങ്ങു്.

പിടിക്കുന്നു–പു. കൈകൊണ്ടു ഗ്രഹിക്കുന്നു. ൨. സ്വീകരിക്കുന്നു, കൈക്കലാക്കുന്നു. ൩. പററുന്നു. ഉ–ം തീപിടിക്കുന്നു. ൪, ഉണ്ടാകുന്നു. ഉ–ം ദീനം പിടിക്കുന്നു. ൫. ആകുന്നു. ഉ–ം കട്ടപിടിക്കുന്നു. ൬. കൊടുക്കാതെയിരിക്കുന്നു. ഉ–ം

ശമ്പളം പിടിക്കുന്നു. ൬. തേയ്ക്കുന്നു. ഉ-ം ചായം പിടിക്കുന്നു. ൭. കടിക്കുന്നു. ഉ-ം പൂച്ചപിടിക്കുന്നു. ൮. ഏല്ക്കുന്നു. ഉ-ം കണ്ണം പിടിക്കുന്നു, പാതിവാരം പിടിക്കുന്നു. ൯. ഉറയ്ക്കുന്നു. ഉ-ം മലംപിടിക്കുന്നു. ൧൦. ചെന്നു ചേരുന്നു. ഉ-ം കര പിടിക്കുന്നു. (കാ. ക്രി. പിടിപ്പിക്കുന്നു.

പിടിക്കോൽ(ൾ) - വെള്ളം കോരുന്ന ഒരു യന്ത്രം.

പിടിച്ചുരാക്ക്-പിടിച്ചുരാവി.

പിടിത്തം-പിടിക്ക.

പിടിത്താൾ-ഇരുമണി പെറുക്കിയ കററ

പിടി(പാ)വാട്ട് - സക്കാരിൽ നിന്നും ഉദ്യോഗത്തിനു നിയമിക്കുമ്പോൾ കൊടുക്കുന്ന ഒരെഴുത്ത്,

പിടിപാട്ടുനിനവ്-സർക്കാരിൽ നിന്നു ചോവന്മാർക്കു കൊടുക്കുന്ന ഒരെഴുത്ത്.

പിടിപെടുന്നു-പിടിത്തത്തിൽ അകപ്പെടുന്നു, പിടിക്കപ്പെടുന്നു.

പിടിപ്പ്-൧. പ്രാപ്തി. ൨. തികവ്. ൩. സാമത്ഥ്യം.

പിടിപ്പത്-അ. മതിയാകെ.

പിടിപ്പതാ-കൊയ്ത്തുകാർക്കു കൊടുക്കുന്ന ഒരവകാശം.

പിടിപ്പന്നി-പെൺപന്നി.

പിടിപ്പിക്കുന്നു-൧. പിടിക്കുമാറാക്കുന്നു ൨. ചായം തേക്കയും മററും ചെയ്യുന്നു.

പിടിപ്പുകേട്-പോരായ്മ, ശേഷിക്കുറവ്, പ്രാപ്തികേട്, ദോഷതപം.

പിടിപ്പുള്ളവൻ-സമത്ഥൻ.

പിടിമണ്ണ് - കൈക്കകത്തു കൊള്ളുന്ന മണ്ണ്.

പിടിമാനം-൧. അധികാരം, ശക്തി. ൨. രക്ഷണം.

പിടിമുളം-കൈചുരുട്ടിപ്പിടിച്ചു അളന്ന ഒരളവ്.

പിടിമുറുക്കം-പിടിത്തത്തിന്റെ മുറുക്കം.

പിടിമൊന്ത-ഒരുമാതിരി ജലപാത്രം.

പിടിയരി-പതിവു ചെലവിൽ നിന്നു കുറച്ചു കുറച്ചെടുത്തു ചിലർ സൂക്ഷിക്കുന്ന അരി.

പിടിയാത്തവൻ-കൊള്ളരുതാത്തവൻ, ഭോഷൻ.

പിടിയാന-പെണ്ണാന.

പിടിയാന-ഇതിന്റെ മാംസഗുണം കൊണ്ടു ആനമാംസത്തിനു തുല്യമാണ്. മഹാമൃഗവർഗ്ഗത്തിൽ ചേർന്ന അനൂപമാംസമാകുന്നു. സം-കരിണീ. ത-യാനൈപ്പെൺ. ഇം-Female Elephant ഫ്മെയിൽ എലിഫെൻറ്.

പിടിവള്ളി-പിടിച്ചുതൂങ്ങുന്നതിനു കെട്ടിയ വള്ളി.

പിടുങ്ങൽ-൧. വലിച്ചു പറിക്ക. ൨. വേരോടെ പറിക്ക, ൩. ബലാൽ കൈക്കലാക്കുക.

പിടുങ്ങുന്നു-൧. വലിച്ചു പറിക്കുന്നു. ൨. വേരോടെ പറിക്കുന്നു. ൩. ബലാൽ കൈക്കലാക്കുന്നു.

'വലരിപുസുതനുടെ വില്ലു പിടുങ്ങി'
(കിരാതം തുള്ളൽ)

പിടുപിടുക്കുന്നു-പിടുപിടെ ശബ്ദിക്കുന്നു. (സ ക്രി. പിടുപിടുപ്പിക്കുന്നു)

പിടുപിടെ-അ ൧. ഒരുമാതിരി ശബ്ദത്തോടുകൂടെ. ൨. അധികം കൊഴുത്ത്.

പിട്ട്-൧. ഒരുവക പലഹാരം. ൨. അരിമാവും മററും കുഴച്ചത്. ൩. കള്ളം പറഞ്ഞു ഭയപ്പെടുത്തുകയും മററും. ൪. അഹംഭാവത്തോടുകൂടിയുള്ള സംസാരം.

പിട്ട-എലിക്കാഷ്ഠം.

**പിട്ടൽ, പുട്ടിൽ**-ധാന്യങ്ങളുടെ പുറന്തോട്, ഉമി.

**പിട്ടം**-കുറിയ ഉത്തരം, കുറുക്കെവെയ്ക്കുന്ന ഉത്തരം.

**പിട്ടില**-ഒരുമാതിരി കറി.

**പിഠം**-വെഴൽ.

**പിഠരം**-പ്ര. കലം. മീതെ മറെറാരു പാത്രംകൊണ്ടു അടയ്ക്കുന്നതിനാൽ ഈ പേർ വന്നു. വ. മുത്തങ്ങ. രോഗങ്ങളെ ഹിംസിക്കുന്നതു എന്നർത്ഥം.

**പിഠരി**-കലം.

**പിണ**-(ധാതു) ഇടകലരുക.

**പിണ**-പ്ര. നുകത്തിൽ ചേർത്തു കെട്ടിയ കാള. വ. രണ്ടു വസ്തുക്കളെ ചേർത്തു വെയ്ക്കുന്നതു. ന. തെററ്. ര. കൃഷിക്കുള്ള കരുതരങ്ങൾ, ചേർത്തുവെക്കുക. ഉ. ചേർച്ച. ന്യ. ഇച്ഛാഭംഗം. ൈ. ജാമ്യം. വ്യ. ഏല്പാട്. ൻ. കെട്ട്.

**പിണക്കം**-പ്ര. വിരോധം, കലഹം, ഇണക്കമില്ലായ്മ, യോജിപ്പില്ലായ്മ. വ. മത്സരം. ന. തർക്കം. ര. തെററ്. ഉ. എഴുത്തിലോ മറേറാ വരുന്ന പിഴ.

**പിണയ്ക്കുന്നു**-പാറിക്കുന്നു, ആപത്തുണ്ടാക്കുന്നു.

**പിണങ്ങുന്നു**-പ്ര. വിരോധമാകുന്നു, കലഹിക്കുന്നു, യോജിപ്പില്ലാതാകുന്നു. വ. മത്സരിക്കുന്നു. ന. തർക്കിക്കുന്നു. ര. തെററുന്നു. ഉ. എഴുത്തിലൊ മറേറാ പിഴ വരുന്നു. (സ. ക്രി. പിണക്കുന്നു).

**പിണച്ചൽ**-പ്ര. നുകത്തിൽ കാളയെ ചേർത്തു കെട്ടുക വ. ഇണ ചേരുക. ന. കുരുക്ക്.

**പിണം**-ശവം.

**പിണമ്പുളി**-പിണർവൃക്ഷത്തിലുള്ള പുളി

**പിണയുന്നു**-പ്ര. ഇണചേരുന്നു. വ. കുരുക്കിലാകുന്നു. ന. ഏർപ്പെടുന്നു. ര. കൂടിച്ചേരുന്നു.

**പിണയ്ക്കുന്നു**-പ്ര. ഇണചേർക്കുന്നു. വ. കുരുക്കിലാക്കുന്നു.

**പിണർ**-പ്ര. മിന്നൽ. വ. കൂട്ടിക്കെട്ട്. ന. കട്ടയാക. ര. മുഴപ്പ്. ഉ. ഞാററുപിടി. ന്യ. ഒരു വൃക്ഷം.

**പിണരിടുന്നു**-നുകത്തിൽ ചേർത്തു കെട്ടുന്നു

**പിണർക്കുന്നു**-കട്ടയാകുന്നു.

**പിണർപ്പ്**-കൊഴുപ്പ്.

**പിണർപുളി, പിണമ്പുളി**-ഒരുവക പുളി, കൊടമ്പുളി.

**പിണാത്തി**-ദാസി.

**പിണാപ്പെൺ**-ദാസി.

**പിണാവ്**-അടിമവേല.

**പിണി**-പ്ര. പിശാചു ബാധകൊണ്ടുണ്ടാകുന്ന ഒരു ദീനം. വ. ഒരു പിശാച്. ന. ആപത്തു. ര. പീഡ.

**പിണിയാൾ**-പിശാചു ബാധിച്ചവനെ തുള്ളിക്കുന്നതിനും മററും അവനു പകരമായി നില്ക്കുന്നവൻ, ആൾപ്പേർ.

**പിണപിണക്കുന്നു**-കൊഴുത്തു കട്ടയാകുന്നു.

**പിണപിണെ**-അ. കൊഴുത്തുകൊഴുത്തു.

**പിണ്ടം**-പ്ര. പിണ്ഡം, ഉരുള. വ. മോഷം.

'കണ്ടതെയാണവൻ പിണ്ടത്തിനും'

(ചെറുശ്ശേരി)

**പിണ്ടാട്ടി**-പ്ര. ദാസി. വ. ഭാര്യ.

**പിണ്ടാളൻചേമ്പ്**-ശാകവർഗ്ഗത്തിലുള്ള ഒരു കന്ദശാകം.

മൂത്രകൃച്ഛ്റം, പ്രമേഹം, ചുട്ടുനീറൽ ഇവക്കു നന്നു. സം-പിണ്ഡാലു.

**പിണ്ടി**-പ്ര. വാഴയുടെ അകത്തെ തടി.

(തട). ൨. ചാരെട്ടത്ത വസ്തു. ൩. ആനയുടെ മലം,

**പിണ്ടിക്കാ(യ്)**-കാട്ടു ജാതിക്ക.

**പിണ്ഡകം**-൧. കന്നുരുക്കം. കട്ടപിടിച്ചിരിക്കുന്നതു എന്നർത്ഥം. ൨. പിശാചു.

**പിണ്ഡക്കാരൻ**-തടിച്ചവൻ.

**പിണ്ഡഗോസം**-നറുമ്പശ.

**പിണ്ഡതഗരം**-വലിയ തകരം.

ഗുണങ്ങളാം കൊണ്ടു തകരത്തോടു തുല്യമാകുന്നു. ഉത്തംസവർഗ്ഗത്തിലുള്ള വാസനദ്രവ്യമാണു്. ത-കിരന്തിതകരം.

**പിണ്ഡദാനം**-പിതൃക്രിയയിൽ ചെയ്യുന്ന ഒരു ദാനം.

**പിണ്ഡനം**-ഗോളാകൃതിയാക്കുക.

**പിണ്ഡപാദം**-ആന.

**പിണ്ഡപുഷ്പം**-൧. ചെമ്പരത്തിപ്പൂവു്. ൨. താമരപ്പൂവു്. ൩. അശോകത്തിൻ പൂവു്. ൪. അശോകം.

**പിണ്ഡം**-൧. പിതൃക്രിയയ്ക്കു ഉരുട്ടിവെയ്ക്കുന്ന ചോറു്. ൨. ഉണ്ട. ൩. ഉരുള. ൪. കൂട്ടം, കട്ട. ൫. ആനത്തലയിലെ മുഴ. ൬. ശരീരം. ൭. മാംസം. ൮. ഭക്ഷണം. ൯. ഉപജീവനം. ൧൦. ശമ്പളം. ൧൧. ഇരിമ്പു്, കട്ടപിടിച്ചതു എന്നർത്ഥം. ൧൨. ഉരുക്കു്. ൧൩. സാമ്പ്രാണി. ൧൪. നറുമ്പശ. ൧൫. വെണ്ണ. ൧൬. ഗന്ധപിണ്ഡം. ൧൭. കന്നുരുക്കം, പിണ്ഡകം എന്നതിന്റെ പാഠം. ൧൮. മുടക്കൊട്ടു, വല്ലം മുതലായതിന്റെ പേർ. (പിടം എന്നതിന്റെ പാഠം). ൧൯. മലങ്കാര, ൨൦. എള്ളിൻപിണ്ണാക്കു്.

**പിണ്ഡാ**-കറിക്കായം.

**പിണ്ഡാകാര**-വി. ഉരുണ്ട.

**പിണ്ഡികാ**-൧. വണ്ടിയുടെ നടുചക്രക്കൂടം (ഇതു ചക്രത്തിന്റെ മദ്ധ്യത്തിൽ അല്ലികളെല്ലാം ചെന്നുചേരുന്നതായ ഉണ്ട ഒരു സാധനം.) ൨. ഉള്ളങ്കാൽ. ൩. മാംസ ഉണ്ട. ൪. കാൽവെണ്ണ.

**പിണ്ഡിത**-വി. ൧. കൂട്ടപ്പെട്ട. ൨. ഉരുട്ടപ്പെട്ട. ൩. കയറിമുഴക്കിക്കൊണ്ടിരിക്കുന്ന.

**പിണ്ഡിലൻ**-ജ്യോതിശ്ശാസ്ത്രക്കാരൻ.

**പിണ്ഡീകൃത**-വി. ഉണ്ടാക്കപ്പെട്ട.

**പിണ്ഡീതകം**-൧. മലങ്കാര. പിണ്ഡാകാരമായ ഫലമുള്ളതു എന്നർത്ഥം. ൨. കാട്ടുചീര. ൩. കർപ്പൂരതുളസി.

**പിണ്ഡീതരു**-൧. ഒരു വന്യവൃക്ഷം.

ത്രിദോഷം ത്വക്ദോഷം വിശേഷാൽ രക്തദോഷം ഇവയ്ക്കു നന്നു്.

**പിണ്ഡീരം**-൧. താളിമാതളം. ൨. കടൽനുര.

**പിണ്ണാക്കു്**-എള്ളു, തേങ്ങ മുതലായവ ചക്കിലിട്ടാട്ടി എണ്ണ എടുത്ത പിശിട്ട.

**പിണ്യാകം**-൧. പിണ്ണാക്കു്. ൨. കായം. ൩. കന്നുരുക്കം. ൪. കുങ്കുമം. ൫. തിരുവട്ടപ്പശ. പിണ്ഡാകാരത്തെ പ്രാപിക്കുന്നതു് എന്നർത്ഥം.

**പിതറുക**-പിടരുക, പൊട്ടുക.

**പിതററുക**-പിതുക്കുക.

**പിതാക്കന്മാർ**-അമ്മയും അച്ഛനും.

**പിതാമഹൻ**-൧. അച്ഛന്റെ അച്ഛൻ, ഇല്ലത്തു മൂത്തച്ഛൻ. ൨. ബ്രഹ്മാവു്. ലോകജനകന്മാരായ മരീചി മുതലായവരുടേയും അസ്മാദി പിതൃക്കളുടേയും പിതാവു് എന്നർത്ഥം.

**പിതാമഹി**-അച്ഛന്റെ അമ്മ,മുത്തശ്ശി.

**പിതാരിപ്പുള്ള്**-ഒരു പക്ഷി.

പിതാരിപ്പുള്ളിന്റെ മാംസം കഫം ഏറിയും വാതം കുറഞ്ഞും പിത്തം മധ്യമായുമിരിക്കുന്ന സന്നിപാതത്തിനും രക്താക്ഷേത്തിനും നന്നു്. ഇതു തിന്നി

രിയിൽ തന്നെ മഞ്ഞനിറമുള്ളതെന്നു അഭിപ്രായം കാണുന്നു. ഇതു ആവണക്കിൻ വിറകുകൊണ്ടു തീയെരിച്ചു വേവിച്ചും ആവണക്കെണ്ണയിൽ വറുത്തും ഭക്ഷിക്കരുതു്. സം-കപിഞ്ജലം.

പിതാവ്-അച്ഛൻ. രക്ഷിക്കുന്നവൻ എന്നർത്ഥം.

പിതിട്ടു-പ്ര. പിശിട്ട്. ഉ. ചൂർണ്ണം.

പിതിർ-ചാററൽ, ചാറുക.

പിതുങ്ങൽ-അമുങ്ങൽ, അമരുക, ഞെങ്ങൽ.

പിതുങ്ങുന്നു-അമുങ്ങുന്നു, അമരുന്നു, ഞെങ്ങുന്നു. (സ. ക്രി. പിതുക്കുന്നു).

പിതൃകർമ്മം-പ്ര. പിതൃക്കളെ സംബന്ധിച്ചു ചെയ്യുന്ന കർമ്മം. ഉ. ചാത്തവും മററും.

പിതൃകുല്യ-മലയപർവ്വതത്തിൽ നിന്നു പുറപ്പെടുന്ന ഒരു നദി.

പിതൃക്കൾ-പ്ര. മനുഷ്യരുടെ മരിച്ചുപോയ പൂർവ്വികന്മാർ. ഉ. അർയ്യമാവു മുതലായ പിതൃക്കൾ. ന. പ്രജാപതികൾ. ർ. ദേവന്മാരുടെ മക്കൾ.

പിതൃക്രിയ-പ്ര. പിതൃക്കളെ സംബന്ധിച്ചു ചെയ്യുന്ന കർമ്മം. ചാത്തവും മററും.

പിതൃഗണാ-ഋഗ്.

പിതൃതർപ്പണം-പ്ര. ചാത്തം. ഉ. പിതൃക്കൾക്കായിട്ടു ജലംകൊണ്ടു ചെയ്യുന്ന ഒരു കർമ്മം. ന. എള്ളു്.

പിതൃതിഥി-കറുത്തവാവു്, പിതൃക്കൾക്കായിട്ടു കർമ്മം ചെയ്യേണ്ടുന്ന ദിവസം, അമാവാസ്യ.

പിതൃദാനം-പിതൃക്കൾക്കുവേണ്ടി ചെയ്യുന്ന കർമ്മം.

പിതൃകർമ്മങ്ങളെ ലോപിച്ചാൽ പ്രായേണ സന്തതിനാശമാണു ഫലം.

'പ്രായഃ പൈതൃകകർമ്മലോപവശതഃ
സന്തത്യഭാവോനൃണാം'

പിതൃക്കളെ ഉദ്ദേശിച്ചു ചെയ്യപ്പെടുന്ന ദാനം, സപിണ്ഡിക്കു ശേഷം പിതൃക്കളെ ഉദ്ദേശിച്ചു ചെയ്യുന്ന ദാനം പ്രേതത്വത്തെ വിട്ടു പിതൃത്വത്തെ പ്രാപിച്ചിരിക്കുന്നവരെക്കുറിച്ചു ചെയ്യപ്പെടുന്ന ജലാഞ്ജല്യാദിദാനം ഇങ്ങിനെ പലവിധം കാണുന്നു.

പിതൃധനം-അച്ഛന്റെ മുതൽ.

പിതൃധർമ്മചതുഷ്ടയം-ബ്രഹ്മചര്യം, അനഭിമാനം, യോഗാഭ്യാസതാൽപര്യം; എല്ലായിടങ്ങളിലും ഇഷ്ടംപോലെ സഞ്ചരിക്കുക.

പിതൃപതി-യമൻ. ഹവ്യവാഹനാദി പിതൃക്കളുടെ നാഥൻ എന്നർത്ഥം.

പിതൃപിതാവ്-അച്ഛന്റെ അച്ഛൻ; ഇല്ലത്തു മുത്തച്ഛൻ. മറെറാരു പര്യായം-പിതാമഹൻ.

പിതൃപ്രസൂ-പ്ര. അച്ഛന്റെ അമ്മ. ഉ. സന്ധ്യ. പിതൃക്കളെ പ്രസവിച്ചതു്, പിതൃക്കളെ സൃഷ്ടിക്കുന്നതു്, സന്ധ്യക്കു ബ്രഹ്മശരീരത്വമുണ്ടാകയാലും, പിതൃക്കൾക്കു അപ്പോൾ ഒരു പ്രത്യേക തേജോബലം സിദ്ധിക്കുന്നതുകൊണ്ടും ഈ പേർ സിദ്ധിച്ചു.

സൂര്യാസ്തമനത്തിനു പിമ്പു മൂന്നുനാഴികയും സൂര്യോദയത്തിനു മുമ്പു അഞ്ചു നാഴികയും ഉള്ള സമയത്തിനു 'സന്ധ്യ' എന്നു പറയപ്പെടുന്നു

പിതൃപ്രിയം-പ്ര. കയ്യോന്നി. ഉ. കരിവേപ്പ് ന. അകത്തി.

പിതൃബന്ധുക്കൾ-പിതൃക്കളുടെ ബന്ധുക്കൾ.

'പിതുഃപിതുഃ സ്വസുഃ പുത്രാഃ
പിതുർമ്മാതുഃ സ്വസുഃ സുതാഃ

പിതുർമാതുലപുത്രാശ്ച
വിജ്ഞേയാഃ പിതൃബാന്ധവാഃ

പിതൃഭോജനം-ഉഴുന്നു.

പിതൃഭ്രാതാവ്-അച്ഛന്റെ ജ്യേഷ്ഠനും അനുജനും.

പിതൃയജ്ഞം - പിതൃപൂജ, തൎപ്പണം, ബൌധായനീയ സ്നാനം മുതലായതു്.

പിതൃരൂപൻ-ശിവൻ.

പിതൃവനം-ചുടലക്കാട്, ശവം ചുടുന്ന കാട്, പിതൃക്കളുടെ വനം എന്നൎത്ഥം.

പിതൃവഴി-മക്കത്തായം.

പിതൃവ്യൻ-അച്ഛന്റെ അനുജൻ, അപ്ഫൻ, അച്ഛന്റെ ജ്യേഷ്ഠാനുജന്മാരുടെ അൎത്ഥാൽ വലിയച്ഛന്റെയും അച്ഛന്റെയും പേർ. പിതാവിന്റെ സഹജൻ എന്നൎത്ഥം.

പിതൃശാപം-പു. അച്ഛന്റെയും മററും ശാപം. വ. പിതൃക്കളുടെ ശാപം.

പിതൃഷ്വസാവ്-അച്ഛന്റെ പെങ്ങൾ.

പിതൃസന്നിഭ-വി. അച്ഛനെപ്പോലെയുള്ള.

പിതൃഹത്യ - അച്ഛനെ കൊന്നാലുള്ള പാപം.

പിത്തകാമല-ഒരു ദീനം.

പിത്തകാസം- പിത്തംകൊണ്ടുണ്ടാകുന്ന ചുമ.

പിത്തകോപം-പിത്തവൎദ്ധന.

പിത്തക്ഷോഭം-പിത്തത്തിന്റെ ഇളക്കം

പിത്തഗുല്മം-ഒരു ദീനം.

പിത്തഗ്രഹണി-ഒരു ദീനം.

പിത്തജ്വരം പിത്തംകൊണ്ടുണ്ടായ പനി

പിത്തനാഡി-പിത്തഞെരമ്പ്.

പിത്തപാണ്ഡു-ഒരു ദീനം.

പിത്തപ്പുണ്ണ്-ഗുഹ്യരോഗം.

പിത്തം-ത്രിദോഷങ്ങളിൽ ഒന്നു്. കോപിച്ചാൽ ശരീരത്തെ നശിപ്പിക്കുന്നതു എന്നൎത്ഥം. മറെറാരുപൎയ്യായം-മായു

പിത്തരക്തം-ഒരു ദീനം.

പിത്തരോഗം-പിത്തം കൊണ്ടുണ്ടാകുന്ന ദീനം.

പിത്തലാട്ടം-സമ്പ്രദായം, ഉരുട്ട്.

പിത്തലം-പിച്ചള.

പിത്തശോണിതം-പിത്തരക്തം.

പിത്തശോഫം-പിത്തനീര്.

പിത്തള-വി. പിത്തത്തെവൎദ്ധിപ്പിക്കുന്ന

പിത്തള-പിച്ചള.

പിത്തളം-പിച്ചള.

പിത്താരി-പു. പൎപ്പടകപ്പുല്ല്. വ. അരക്ക്. ന. വെൺചന്ദനം.

പിത്താസ്രം-പിത്തരക്തം.

പിത്രാൎത്ഥം-പിതൃക്കൾക്കുവേണ്ടി.

പിത്ര്യം-വി. പു. അച്ഛനെസംബന്ധിച്ച. വ. പിതൃക്കളെ സംബന്ധിച്ച.

പിത്ര്യം-പു. പെരുവിരലിന്റെയും ചൂണ്ടാണിവിരലിന്റെയും മദ്ധ്യമായ പിതൃതീൎത്ഥത്തിന്റെ പേർ. പിതൃക്കളെ സംബന്ധിച്ചതു് എന്നൎത്ഥം. പാഠഭേദം-പൈത്ര്യം, പൈത്രം. വ. തേൻ. ന. ഉഴുന്നു്.

പിത്ര്യൻ-അച്ഛന്റെ ജ്യേഷ്ഠൻ.

പിത്സലം-വഴി, പന്ഥാവ്.

പിത്സത്ത്-പക്ഷി. എപ്പോഴും പറക്കവാനാഗ്രഹിച്ചു കൊണ്ടിരിക്കുന്നതു് എന്നൎത്ഥം.

പിധാനം-പു. മറ. മറയ്ക്കു എന്ന ക്രിയയുടെ പേർ. വ. മൂടി. ന. ഉറ. ൪ പുതപ്പ്.

പിനദ്ധ-വി. കവചമിട്ട

പിനദ്ധം-കെട്ടപ്പെട്ട ചട്ട കുപ്പായം മുതലായതു്.

**പിനയുന്നു**-തമ്മിൽ ചുററുന്നു, മുടയുന്നു, ഒന്നോടൊന്നായി വെയ്ക്കുന്നു. ഉ-ം, കൈ യാലയ്യു കയ്യുപിണയുന്നു. (കാ. ക്രി. പിനയ്ക്കുന്നു. നാമം-പിനച്ചൽ.)

**പിനാകം**-പ്ര. ശിവന്റെ വില്ല്. രക്ഷാം ശീലം, ത്രിപുര ദഹന കാലത്തിൽ ശര സമൂഹങ്ങളെക്കൊണ്ടു ആകാശത്തെ മറ ച്ചതു്, ത്രിപുരദഹന സമയം ശരജാല ധാരകളെക്കൊണ്ടു സ്വർഗ്ഗം മറച്ചതു് ഇങ്ങിനെ ശബ്ദാർത്ഥം. മറെറാരു പര്യാ യം-'അജഗവം'. വ. ശൂലം. സ്തുതി ക്കപ്പെടുന്നതു് എന്നർത്ഥം. ന. സാധാര ണവില്ല്. ര. വടി.

**പിനാകപാണി**-ശിവൻ. പിനാകം എ ന്ന പേരുള്ള വില്ല്. പാണിയിങ്കൽ (കൈയിൽ) ഉള്ളവൻ എന്നർത്ഥം.

**പിനാകി**-ശിവൻ. പിനാകം എന്ന വി ല്ലുള്ളവൻ എന്നർത്ഥം.

**പിനാകിനി**-(ഇപ്പോഴ്) പെന്നാർ. തെക്കൻ ഇൻഡ്യയിലുള്ള ഒരു നദി.

**പിനാറുന്നു**-പിറുപിറുക്കുന്നു, കുശുകുശു ക്കുന്നു. (പ-മ.)

**പിൻ**-അ. പുറക്, പിൻപു്.

**പിങ്കാൽ**-പ്ര. കാലിന്റെ പിൻഭാഗം, കതികാൽ. വ. മൃഗങ്ങളുടെ പുറകിലെ കാൽ.

**പിങ്കുടുമ**-പുറകിലെ കുടുമ.

**പിങ്കുഴി**-കള്ളന്മാരുടെ ഗുഹ.

**പിങ്കെട്ടു്**-പ്ര. പുറകിലെ കെട്ടു്. വ. ക പ്പലിന്റെ പിമ്പു്.

**പിൻഗാമി**-പിന്നാലെ പോകുന്നവൻ, പിൻവാഴ്ച്ചക്കാരൻ.

**പിഞ്ചെരടു്**-പുറകിൽ കെട്ടുന്ന ചരടു്.

**പിഞ്ചൊട്ടു്**-വണ്ടിയുടെ പിൻഭാഗം.

**പിഞ്ചെല്ലൽ**-പുറകെ ചെല്ലുക, അനു യാത്ര.

**പിന്തല**-പ്ര. തലയുടെ പിൻഭാഗം. വ. കപ്പലിന്റെയും മററും അമരം.

**പിന്താങ്ങുന്നു**-അഭിപ്രായത്തിൽ യോജി ക്കുന്നു

**പിന്താരം**-പടം.

**പിന്താരിക്കുന്നു**-ചായമിടുന്നു.

**പിന്തിരിച്ചൽ**-പുറകോട്ടു തിരിക, തി രിയെപ്പോക.

**പിന്തിരിയുന്നു**- പുറകോട്ടു തിരിയുന്നു, തിരിയെ പോകുന്നു. (സ. ക്രി. പിന്തി രിക്കുന്നു.)

**പിന്തിരിവു്**-പിന്തിരിച്ചിൽ.

**പിന്തുട**-തുടയുടെ പിൻഭാഗം.

**പിന്തുടച്ചു്**-കൂടെ തുടങ്ങുക.

**പിന്തുടരുന്നു**-കൂടെ തുടങ്ങുന്നു.

**പിന്തുണ**-പിൻതാങ്ങൽ, സഹായം.

**പിന്തുണയ്ക്കുന്നു**-സഹായിക്കുന്നു.

**പിന്തേരുന്നു**-കൂടെ തുടങ്ങുന്നു.

**പിന്തേച്ചു്**-കൂടെ തുടങ്ങുക.

**പിന്ത്രാണം** - പിൻപട, പിന്നിലുള്ള രക്ഷ.

**പിന്നു്**-അ. പുറക്. പിന്നു് ▷ ◁ മുന്നു്.

**പിന്നടി**-ഉപ്പൂററി.

**പിന്നത്തെ** - വി. ഇനിയത്തെ, അതി ന്റെ ശേഷമുണ്ടായ.

**പിന്നത്തേതിൽ**— അ. അതിന്റെ ശേഷം.

**പിന്നൽ**-മുടച്ചൽ.

**പിന്നപ്പിന്നെ**-അ. കുറെകഴിഞ്ഞിട്ടു്, ക്രമത്തിന്നു്.

**പിന്നാക്കം**-പിൻവശം, പുറക്.

**പിന്നാലെ**-അ. പുറകെ.

**പിന്നിടുന്നു**-പുറകിലാക്കുന്നു.

**പിന്നാങ്കുഴി**-പ്ര. കിണറു്. വ. കിടങ്ങു്.

**പിന്നിൽ**-അ. പുറകിൽ.

**പിന്നീട്ട്** - അ. പിന്നെ, അതിൻെറ ശേഷം.

**പിന്നുന്നു**-൧. മടയുന്നു. ൨. പിരിയ്ക്കുന്നു. ൩. പിണയുന്നു. ൪. സംഗിക്കുന്നു.

**പിന്നെ**-അ. അതിൻെറ ശേഷം, ഇനി, അമാന്തിച്ച്.

**പിന്നെയും**-അ. വീണ്ടും, പിന്നീടും.

**പിന്നെയൊ**-അ. ൧. എന്നിട്ടും, അതിൻെറ ശേഷമോ. ൨. ഉണ്ടെന്നും വേണമെന്നും മററുമുള്ള വാക്കുകളെ സമർത്ഥിക്കുന്നതായ ഒരു വാക്ക്. ൩. സംശയിച്ചു ചോദിക്കുന്ന കാര്യത്തെ നിശ്ചയമായിട്ട് അനുസരിക്ക.

**പിന്നേററുതടി**-യുദ്ധത്തിൽ സേനകൾ പുറകോട്ടു പോകാതെയിരിപ്പാൻ പുറകിൽ വയ്ക്കുന്ന തടി.

**പിന്നോക്കം**-അ. ൧. പുറകോട്ട്. ൨. പതിയായിട്ട്.

**പിന്നോട്ട്**-അ. പുറകോട്ട്.

**പിൻപ്**-അ. പുറക്.

**പിൻപട**-സൈന്യത്തിൻെറ പിൻഭാഗം.

**പിൻപണയം** - വീണ്ടും പണയപ്പെടുത്തുക.

**പിൻപണി**-പിന്നെച്ചെയ്യുന്ന വേല.

**പിൻപിൽ**-അ. പുറകിൽ.

**പിൻപുമറിയുന്നു**-പുറകോട്ടു മറിയുന്നു.

**പിൻപുറം**-പിൻഭാഗം.

**പിൻപെ**-അ. പുറകെ, പിന്നാലെ.

**പിൻപെടുന്നു**-൧. പുറകിലാകുന്നു. ൨. താമസിക്കുന്നു.

**പിൻബുദ്ധി**-പിന്നീടുള്ള ആലോചന.

**പിൻഭാഗം**-പിൻപുറം.

**പിന്മാറുന്നു**-൧. പുറകോട്ടു മാറുന്നു. ൨. തിരിയെ പോകുന്നു. ൩. മടങ്ങുന്നു.

**പിന്മാററം**-൧. പുറകോട്ടു പോവുക. ൨. തിരിയെ പോവുക. ൩. മടക്കം.

**പിന്മുറം**-കടച്ചിക്കൊല്ലൻെറ ഒരു ആയുധം.

**പിൻവാങ്ങുന്നു**-പിൻമാറുന്നു.

**പിപഠിഷാ**-പഠിക്കാനുള്ള ആഗ്രഹം.

**പിപതിഷത്ത്**-പക്ഷി.

**പിപാ**-ഒരുതരം അസ്ത്രം.

**പിപാസാ**-വെള്ളം കുടിപ്പാനുള്ള ആഗ്രഹം, ദാഹം. പാനം ചെയ്യാനുള്ള ഇച്ഛാ എന്നർത്ഥം.

**പിപാസിത**-വി. വെള്ളം കുടിപ്പാനാഗ്രഹമുള്ള.

**പിപാസു**-വി. വെള്ളം കുടിപ്പാനാഗ്രഹമുള്ള.

**പിപീലകം**-ഒരുതരം വലിയ കറുത്ത ഉറുമ്പ്.

**പിപീലിക**-ഉറുമ്പ്.

**പിപ്പരി**-ഇത്തിയാല്.

**പിപ്പലം**-൧. അരയാൽ എന്ന വൃക്ഷം. വെള്ളമുള്ളത് എന്നർത്ഥം. മുരട്ടുവെള്ളം നിറുത്തുന്നതിനാൽ ഈ അർത്ഥം വന്നു. ൨. ജലം. ൩. ഇത്തിയാൽ.

**പിപ്പലി**-ഒരങ്ങാടിമരുന്ന്, തിപ്പലി. രക്ഷിക്കുന്നത് എന്നർത്ഥം.

പിപ്പേലി എന്ന ശബ്ദവും കാണുന്നുണ്ട്.

**പിപ്പലീമൂലം**-തിപ്പലിവേർ.

**പിയതീ**-൧. പ്രകാശം, കാന്തി. ൨. ധൈര്യം, ഉയരുന്നതിനുള്ള ധൈര്യം.

**പിയർ**-പേര്.

**പിയാല(ള്ള)ം**-മുരൾമരം.

**പിരകുന്നു**-൧. കൂട്ടിച്ചേർക്കുന്നു. ൨. തിരിക്കുന്നു. ൩. ആനയെ വേലചെയ്യിക്കുന്നു.

**പിരടി**-പിടരി(ലി). പിരമ്പ്, പുരമ്പ്, പൂരൽ.

പിരട്ട്-൧. ചതി. ൨. കള്ളം. ൩. ദുർമ്മദം.

പിരട്ടൻ-൧. ചതിയൻ. ൨. കള്ളൻ. ൩. ദുർമ്മദമുള്ളവൻ.

പിരട്ടുന്നു-൧. ചതിക്കുന്നു. ൨. ഉരുട്ടുന്നു ൩. എണ്ണയും മററും തേയ്ക്കുന്നു. ൪. മനം മറിയുന്നു.

പിരണ്ട്- ഒരു വള്ളി, ചങ്ങലംപിരണ്ട, നിലംപിരണ്ട.

പിരന്പു്-ചൂരൽവടി.

പിരളി-കുഴപ്പം.

പിരളുന്നു-൧. പരവുന്നു. ൨. ഉരുളുന്നു.

പിരാച്ചു-൧. പരാക, പരാതി. ൨. ഉരാച്ചു.

പിരാകുന്നു-ശപിക്കുന്നു, നശിച്ചു പോകാൻ ശകാരിക്കുന്നു. (പ-മ)

പിരാക്ക്-ശപഥം. നശിച്ചുപോകാനുള്ള ശകാരം.

പിരാൻ-൧. അരചൻ. ൨. പ്രഭു, പുരാൻ, പെരിയോൻ.

പിരി-(ധാതു): വേർപെടുക.

പിരി-കയറും മററും പിരിക്കു, ചുററിച്ചു മുറുക്കം വരുത്തുക.

പിരിച്ചൽ-൧. വേർതിരിവ്. ൨. കയറു മുതലായതിന്റെ പിരിവ്. ൩. പാൽക്കട്ടയും ജലവുമായി തിരുക.

പിരിപ്പ്-൧. ഒരു മരം. ൨. ശേഖരിപ്പ്.

പിരിപ്പിക്ക-൧ വേർപെടുത്തിക്ക. ൨. ശേഖരിപ്പിക്ക

പിരിക്കുന്നു-൧. വേറാക്കുന്നു, ൨. കയറും മററും ഉണ്ടാക്കുന്നു. ൩ ഭാഗിക്കുന്നു. ൪. തീർകെട്ടുക്കുന്നു. ൫. പറിക്കുന്നു. ൬. ശേഖരിക്കുന്നു.

പിരിമുറുക്കുക - സംവാധാനത്തിൽ നടന്നുവരുന്ന സംഗതി എളുപ്പത്തിൽ അവസാനിക്കുന്നതിനു പറയുന്ന പേർ.

പിരിയൻ-വി. ൧ പിരിവുള്ള. ൨. വികടമുള്ള

പിരിയാണി-മുറക്കാണി(സ്ക്രൂആണി)

പിരിയുന്നു-൧. വേർപെടുന്നു. ൨ കൂടിപ്പിരിയുന്നു ൩. പാൽക്കട്ടയും ജലവുമായിത്തീരുന്നു. ൪. വിറവതീരുന്നു.

പിരിവ്-൧. പിരിച്ചിൽ ൨. വളവ്. ൩. ശേഖരിപ്പ്. ൪. വേർതിരിവ്.

പിരിവള-പിരിഞ്ഞവള.

പിരുപിരുക്കുന്നു - ക്രിമികളെപ്പോലെ അനങ്ങുന്നു, ഇളകുന്നു.

പിരുപിരുപ്പ്-ചെറിയ അനക്കം, ഇളക്കം.

പിരുപിരെ-അ. ൧. പിരിട്ടും വെള്ളവുമായി ൨.. കൊച്ചുകൊച്ചായിട്ടു വളരെ

പിലയൻ-ഒരു താണജാതിക്കാരൻ.

പിലാച്ചാണം-ദുർഗ്ഗന്ധമുള്ള ഒരു വൃക്ഷം.

പിലാവ്-ചക്കയുണ്ടാകുന്ന വൃക്ഷം.

പിലാവില-പിലാവിന്റെ ഇല.

പിലാവുള്ളി - ബോംബായുള്ളി, ഒരുമാതിരി വലിയ വെള്ളത്തുള്ളി.

പിലാശ്ശു്-ഒരു വൃക്ഷം.

പിലു-ഉകമരം.

പിലുനീ-പെരുങ്കരമ്പ.

പില്ലുണയം-വീണ്ടും പണയപ്പെടുത്തുക എന്നതു്.

പില്ലാട്ട്-അ. പിന്നെ.

പില്ലെട്ടുന്നു-പിൻപെടുന്നു.

പില്ല്-മറ(ക്), അടയാളം. കറുത്ത പുള്ളി, ശരീരത്തിന്മേലുള്ള കറുത്തമറു. വ്യാപിക്കുന്നതു എന്നർത്ഥം.

പില്ല-വി. പീഡകണ്ണുള്ള.

പില്ലകാ-പിടിയാന.

**പില്ലൻ**-ചാകണ്ണൻ. ചീത്തകണ്ണോടു കൂടിയവൻ.

**പില്ലം**-ചീമ്പകണ്ണു്.

**പിശകുന**-പ്ര. അധികം വേണമെന്നു നിർബന്ധിക്കുന്നു. വ. തെറവുന്നു. ന. പിണങ്ങുന്നു ര. തൎക്കിക്കുന്നു.

**പിശക്കു്**-പ്ര. തൎക്കം, വഴക്കു്. വ. കുറെക്കൂടെ വേണമെന്നു നിർബന്ധിക്ക. ന. പിണക്കം, ശണ്ഠ

**പിശക്കൻ**-പ്ര. ലുബ്ധൻ. വ. വഴക്കൻ

**പിശംഗ**-വി. ഗോരോചനനിറമുള്ള.

'പിശംഗമൌഞ്ജീയുജമൎജ്ജുനച്ഛവിം' (മാഘം)

**പിശംഗകൻ**-വിഷ്ണു.

**പിശംഗം**-ഗോരോചനിറം. ചിന്നിച്ചിതന്നതു എന്നൎത്ഥം.

**പിശംഗിലാ**-നല്ല പിച്ചള.

**പിശയുന്നു**-തൎക്കിക്കുന്നു.

**പിശവ്യം**-കരപ്പൂരത്തി.

**പിശാങ്കത്തി**-ഒരുതരം കത്തി.

'പിശാങ്കത്തി' എന്നാൽ പിടി ചാൺ ഉള്ള കത്തി എന്നൎത്ഥം; അതായതു് 'ചാൺ പിടിയുള്ള കത്തി'

**പിശാചു**-ദുൎദ്ദേവത.

പിശാചുക്കൾ രാക്ഷസരിലും അധമരായ ദുരാത്മാക്കളാണു്. പുരാണങ്ങൾ പ്രകാരം ക്രോധവശയിൽ കശ്യപന്റെ മക്കൾ.

അവിവേകം, അജ്ഞാനം, അസത്യം, അശൌചം, മാംസപ്രിയം ഇവ അഞ്ചുമത്രെ പിശാചധൎമ്മപഞ്ചകം.)

**പിശാചൻ** - ദേവയോനികളിൽ ഒരു ജാതി

**പിശാചന്മാർ**-മാംസഭക്ഷകർ.

**പിശാചം**-പൂച്ച.

**പിശാചി**-പ്ര. പിശാചസ്ത്രീ. വ. നരമഞ്ചി.

**പിശിട്ടു്**-തോൽ, തോട്ടു്, കൊത്തു്, പിഴിഞ്ഞതിന്റെ കൊത്തു്.

**പിശിതം**-പ്ര. മാംസം. ഭക്ഷണാൎത്ഥം ഖണ്ഡം ഖണ്ഡമാക്കി നുറുക്കപ്പെട്ടതു് എന്നൎത്ഥം. വ. ചെറിയ കഷണം.

**പിശിതാശന**-വി. മാംസംതിന്നുന്ന.

**പിശിതാശനൻ**-മാംസം ഭക്ഷിക്കുന്നവൻ, രാക്ഷസൻ. (നികഷയുടെ മനുഷ്യമാംസഭോജികളായ മക്കളത്രെ പിശിതാശനർ.)

**പിശിതാശിനി**-മാംസം ഭക്ഷിക്കുന്നവൾ

**പിശിതാശീ(ശി)** - (നകാരാന്തം)- മാംസം ഭക്ഷിക്കുന്നവൻ.

**പിശുക്കു്, പിശുക്കൻ**-ലുബ്ധു്, ചെലവിടുന്നതിനുള്ള മടി.

**പിശുക്കൻ**-ലുബ്ധൻ. (പിശക്കൻ എന്നും അപൂർവം കാണുന്നുണ്ടു്).

**പിശുന**-വി. പ്ര. ക്രൂരതയുള്ള. വ. നിന്ദ്യമായ. ന. സൂചിപ്പിക്കുന്ന. ഉ-ം പിശുനശകുനം.

**പിശുനത**-ക്രൂരത.

**പിശുനൻ**-പ്ര. ഏഷണിക്കാരൻ. കാൎയ്യങ്ങളെ തകരാറാക്കുന്നവൻ എന്നൎത്ഥം. നുണയൻ. വ. ഒറ്റുകാരൻ. ന. ക്രൂരൻ, ദുഷ്ടൻ, ദുർജ്ജനം. ര. നാരദൻ. ങ. കാക്ക. ന്യ. പിശുക്കൻ.

**പിശുനം**-പ്ര. കുങ്കുമം. ചെറുകഷണങ്ങളായിട്ടുള്ളതു എന്നൎത്ഥം. വ. പഞ്ഞി ന. തകരം. ര. കാക്ക.

**പിശുനാ**-ചോനകപ്പുല്ലു്. പരിമളത്തെ അറിയിക്കുന്നതു് എന്നൎത്ഥം.

**പിഷാരകൻ**-ഒരമ്പലവാസി.

**പിഷാരം**-പിഷാരകന്റെ ഭവനം.

പിഷാരവടി, പിഷാരടി, പിഷാരോടി-പിഷാരകൻ, അമ്പലവാസികളിൽ ഒന്നു്. സ്ത്രീ-പിഷാരസ്യാർ.

"പിഷാരോടിമാരുടെ ഉത്ഭവത്തെക്കുറിച്ചു ഗോവിന്ദൻ നമ്പ്യാർവർകൾ ഇപ്രകാരം എഴുതിയിരിക്കുന്നു. സന്യാസത്തിനൊരുങ്ങി ക്ഷൌരം കഴിഞ്ഞു വെള്ളത്തിൽ മുങ്ങിപ്പറിക്കേണ്ട നേരമങ്ങാം പിടിച്ചുമുങ്ങിയ ഒരു നമ്പൂതിരി ഐഹിക താല്പര്യം ഹേതുവായി ഉയർന്നിട്ടു അക്കരെ പോയി ഓടിക്കളഞ്ഞു. 'ക്ഷൌരം കഴിഞ്ഞാൽ സന്യാസക്രിയ കഴിയുന്നതുവരെ ഇവരെ പിഷാരകർ എന്നു പറയുന്നു'. പിഷാരകർ ഓടിയതുകൊണ്ടു പതിത്വം വന്നു. 'പിഷാരോടി'മാരുടെ ഹേതുഭൂതനായിത്തീർന്നു". (വിദ്യാവിനോദിനി 1068 മിഥുനം)

പിഷ്ട-വി. പേഷണം ചെയ്യപ്പെട്ട, അരയ്ക്കപ്പെട്ട, പൊടിക്കപ്പെട്ട.

പിഷ്ടകം-പ്ര. അപ്പം. പിഷ്ടത്തിന്റെ (അരിമാവിന്റെ) വികാരം എന്നർത്ഥം. ൨. എള്ളുണ്ട. ൩. ഒരുമാതിരി കണ്ണിലെ ദീനം, പൂപ്പ്.

പിഷ്ടപചനം-അരിയും മറ്റും അരച്ചതുകൊണ്ടുള്ള പലഹാരം ഉണ്ടാക്കുന്ന പാത്രം. പിഷ്ടത്തെ പചിക്കുന്നതു എന്നർത്ഥം.

പിഷ്ടപം-ലോകം (വിഷ്ടപം എന്നതിന്റെ പാഠം).

പിഷ്ടപേഷണം-പ്ര. പൊടിച്ചതിനെ വീണ്ടും പൊടിക്കുക, അരച്ചതിനെ വീണ്ടും അരക്കുക. ൨. വെറുതെ പ്രവർത്തിക്കുക, ഉപയോഗമില്ലാതെ വല്ലതും ചെയ്യുക.

പിഷ്ടം-പ്ര. അരിമാവു. ൨. അരച്ചുണ്ടാക്കിയ അരിയും മറ്റും, അരച്ചുണ്ടാക്കിയ ഉഴുന്നുമുതലായതു്. ൩. കാരീയം. ൪. ചൂർണ്ണം.

പിഷ്ടാതം-വസ്ത്രത്തിൽ മണംപിടിപ്പിക്കുന്ന പൊടി. ചൂർണ്ണസ്വഭാവത്തെ പ്രാപിച്ചുകൊണ്ടിരിക്കുന്നതു എന്നർത്ഥം.

പിഷ്ടാപം-സുഗന്ധപ്പൊടി.

പിഷ്ടികം-മാവപ്പം.

പിസ്താരി-പീച്ചാങ്കുഴൽ, വസ്തിക്കുഴൽ.

പിഹിത-വി. മറയ്ക്കപ്പെട്ട.

പിളക്കുന്നു-കീറുന്നു, ചീന്തുന്നു, പൊട്ടുന്നു.

പിളച്ച്-കീറൽ, ചീന്തൽ, വള്ളൽ.

പിളപ്പ്-പൊട്ടൽ, കീറൽ.

പിളരുന്നു-കീറുന്നു, താനേകീറുന്നു.

പിളർക്കുന്നു-പ്ര. മലർത്തുന്നു, പിളർക്കുന്നു, തുറക്കുന്നു.

'കോമളച്ചുണ്ടു പിളർന്നു നിന്നീടുന്ന
ഓമനപ്പൈതൽ ...'

(കൃഷ്ണഗാഥ)

൨. പിളർക്കുന്നു.

പിളർത്തുന്നു-തുറക്കുന്നു, പിളർക്കുന്നു, മലർത്തുന്നു.

'....കൊണ്ടൽവർണ്ണൻ നിജ കോമള-
ച്ചുണ്ടുകളും പിളർത്തിക്കരഞ്ഞു....'

(ശ്രീകൃഷ്ണചരിതം)

പിള്ള-പ്ര. ചെറിയ പൈതൽ. ൨. കണക്കെഴുത്തുകാരൻ. ൩. ശൂദ്രരിൽ ചിലർക്കുള്ള സ്ഥാനപ്പേർ. ൪. മൃഗങ്ങളുടെയും മറ്റും കുട്ടി. ൫. അമ്മിക്കുട്ടി.

പിള്ളക്കട്ടിൽ-പൈതങ്ങളെ കിടത്തുന്ന കട്ടിൽ, തൊട്ടി(ൽ)ക്കട്ടിൽ.

പിള്ളക്കര-വസ്ത്രത്തിന്റെ കൊച്ചുകര.

പിള്ളക്കാൽ-കുളിമുറിയുടെ ചുവട്ടിൽ വെക്കുന്ന ഒരു മരയാണി.

പിള്ളക്കിണർ-കിണററിനകത്തുള്ള പാമുക്കുഴി.

പിള്ളക്കോൽ-നെയ്ത്തുകാരുടെ പാവിൽ നിന്നു [illegible] ചെറിയ [illegible].

പിള്ളത്തണ്ടി-പിള്ളമുണ്ട്.

പിള്ളത്തൊട്ടി-പൈതങ്ങളെ കിടത്തുന്ന കട്ടിൽ.

പിള്ളപ്പെട്ടി - പെട്ടിയുടെ അകത്തുള്ള കൊച്ചുമുറി.

പിള്ളമുണ്ട്-പൈതങ്ങളുടെ മുണ്ട്.

പിള്ളമുറി-പിള്ളപ്പെട്ടി.

പിള്ളയരഞ്ഞാൺ-പൈതങ്ങളുടെ അരയിൽ കെട്ടുന്ന ആഭരണം.

പിള്ളയാർ-ഗണപതി.

പിള്ളയൂണ്-പൈതങ്ങൾക്ക് ആദ്യം ചോറുകൊടുക്കൽ, ചോറൂണ്.

പിള്ളവള-പൈതങ്ങളുടെ കൈയിൽ ഇടുന്ന വള.

പിള്ളവാതിൽ-കിളിവാതിൽ, ചില കതകിന്റെ അകത്തു ചേർത്തു പണിയുന്ന ഒരുമാതിരി കൊച്ചു കതക്.

പിഴ-(ധാതു) തെററിപ്പോവുക.

പിഴ-ക്രി തെററ് വ. കുററം, അപരാധം. ന. പ്രായശ്ചിത്തം. ര. വ്യഭിചാരം.

പിഴപ്പ്-നിത്യച്ചെലവു കഴിക്കുന്നതിനുള്ള വേലയും മററും കഴിച്ചിൽ, ഉപജീവനം.

പിഴപ്പിക്കുന്നു-ക്രി. തെററിക്കുന്നു, പിഴയുണ്ടാക്കിത്തീർക്കുന്നു. വ. കുററക്കാരനാക്കുന്നു. ന. പതിവ്രതയ്ക്കു മാതിരവു വരുത്തുന്നു.

പിഴയ്ക്കുന്നു-ക്രി. തെററിപ്പോകുന്നു, എഴുത്തിലും മററും തെററുന്നു. വ. ഉപജീവനം കഴിക്കുന്നു. ന. കുററക്കാരനാകുന്നു. ര. വ്യഭിചാരം ചെയ്തു ജാതിയിൽനിന്നു തള്ളപ്പെടുന്നു.

പിഴയാളി-കുററക്കാരൻ.

പിഴവഴി-തെററുവഴി.

പിഴി-(ധാതു.) ഞെക്കുക

പിഴിച്ചൽ-മുക്കിയ വസ്ത്രവും മററുകളും മററും പിരിച്ചും ഞെക്കിയും ജലം പുറപ്പെടുവിക്കൽ.

പിഴിയുന്നു-ക്രി. മുക്കിയ വസ്ത്രവും മററും വല്ലവിധത്തിലും ഞെക്കി വെള്ളം വേർതിരിക്കുന്നു. വ. ഞെരുക്കുന്നു, ഞെക്കുന്നു. ന. ചീന്തുന്നു. ഉ-ം, മൂക്കുചീന്തുന്നു. ര. കഷ്ടപ്പെടുത്തുന്നു.

പിഴുകൽ-ക്രി. തെററൽ. വ. മുടക്കം. ന. മടക്കം.

പിഴുകുന്നു-കൈവിട്ടുപോകുന്നു.

പിഴുക്ക്-ക്രി. എലിക്കാഷ്ഠം. വ. ദുഷ്കീർത്തി ന. അഴുക്ക്.

പിഴുക്ക-നിസ്സാരമായവൻ

പിഴുക്കം താളു.

പിഴുക്കൽ-പിഴുകിക്കുക

പിഴുക്കാരം, പീഴ്ക്കാരം-അരിവെക്കുമ്പോഴുള്ള പൊങ്ങൽ

പിഴുകുന്നു-ക്രി. സ്ഥാനത്തുനിന്നും ഒഴിയുന്നു വ. മുടങ്ങുന്നു. ന. മടങ്ങുന്നു. ര. വഞ്ചിക്കുന്നു ഉ. തുലയുന്നു. ൠ. നിസ്സാരമാകുന്നു (സ.ക്രി പിഴുക്കുന്നു, പിഴുക്കിക്കുന്നു.)

പിഴുന്നു-വേരോടെ പറിക്കുന്നു.

പിറ-ബാലചന്ദ്രൻ.

പിറക്കുന്നു-ജനിക്കുന്നു, പുറപ്പെടുന്നു.

പിറത്തുന്നു-ഉണ്ടാക്കുന്നു.

പിറന്തലാം-പിറയെ (ബാലചന്ദ്ര നെ) പ്പോലെ (നരൽ) നെററിയോടു കൂടിയവൾ, സുന്ദരി.

പിറന്നാൾ-പിറന്നദിവസം.

പിറപ്പ്-ജനനം.

പിറവി-ജനനം, സംസാരം.

പിറക്ക്-പ്ര. കൊഞ്ചുക്. വ. തവള. ന. കീഴ്ഭാഗസം ശബ്ദത്തോടെപുറപ്പെടുക

പിറക്കൻ-ചുരുക്കൻ. (സ്ത്രീ) പിറക്കാച്ചി.

പിറുപിറുക്കുന്നു-പതുക്കെ പറയുന്നു.

പിറുപിറുപ്പ്-പതുക്കെ പറക.

പിറെറ-അ. പിന്നത്തെ.

പിറേറന്നാൾ-പിന്നത്തെ ദിവസം.

പിറേറദ്ദിവസം-പിന്നത്തെ ദിവസം. അടുത്ത ദിവസം.

---

## പീ

പീ-പ്ര. മലം. വ. ചാണകം.

പീച്ച-വി. ചെറിയ, കറിയ.

പീച്ചകാ-പിച്ചിവള്ളി.

പീച്ചക്കാലി, പീച്ചലി-ഒരുമാതിരി ആറവണ്ടു.

ഇതിന്റെ കാലുകൾ ചെറുതായിരിക്കും.

പീച്ചൻ-വി. മുക്കടുത്ത, പിഞ്ചു.

പീച്ചക്കെ-ഇടച്ചുകെ.

പീച്ചൽ-പീച്ചുക, കഴലിൽ വെള്ളവും മററും കേററി അച്ചുകൊൾകൊണ്ടു ഞെക്കി പുറപ്പെടുവിക്ക.

പീച്ചാങ്കത്തി-ചെറിയ കത്തി.

പീച്ചാങ്കുഴൽ-വസ്തിപിടിക്കുന്ന കുഴൽ, പീച്ചുന്നതിനുള്ള കുഴൽ.

പീച്ചി-പീച്ചിങ്ങാവള്ളി, ഒരു കറിസസ്യ ധനവള്ളി.

പീച്ചിക്കാ-പ്ര. പീച്ചിവള്ളിയുടെ കാ, പീച്ചിങ്ങ. വ. മുക്കാത്തകായ്).

പീച്ചിൽ-പീരു, പീച്ചിവള്ളി.

ഇതിന്റെ പൂവു വെളുത്തിരിക്കും. മഞ്ഞപ്പൂവായിട്ടും ഒരുതരമുണ്ടു.

പീച്ചുന്നു - വസ്തിപിടിക്കുന്നു, കുഴലിൽ വെള്ളവും മററും കേററി ഞെക്കിപ്പുറപ്പെടുവിക്കുന്നു.

പീഞ്ഞാണം,പീഞ്ഞാണി-ചിഞ്ഞാണം, ഒരു പാത്രം, ഒരു കപ്പിപ്പാത്രം.

പീഞ്ഞാവള്ളി-ഒരുമാതിരി വള്ളി.

പീട്-പ്ര. പിശിട്. വ. പിണ്ണാക്ക്.

പീടിക-കച്ചവടപ്പുര.

പീടികച്ചരക്ക്-പീടികയിൽ കച്ചവടത്തിനുള്ള വസ്തുക്കൾ.

പീടികാവാണിയം-പീടികയിലെ കച്ചവടം.

പീടിക്കല്ല്-പീഠം.

പീഠഗ-വി. മുടന്തുള്ള.

പീഠചക്രം-വണ്ടി.

പീഠം-ഇരിപ്പാനുള്ള ഏതെങ്കിലും സാധനം, സിംഹാസനവും മററും (ഇരിപ്പാനുള്ള കസാല, പായ്, തോൽ മുതലായവയുടെ പേർ) നാലുകാലുള്ള ഒരു ഇരിപ്പുസാധനം, ദേവന്മാരെ പ്രതിഷ്ഠിച്ച പീഠം. ഇതിൽ ഉറച്ചിരുന്നു അഭ്യസനാദി കൃത്യങ്ങളെ ചെയ്യുന്നതിനാലേ ഈ പേർ വന്നു. മററൊരു പര്യായം-ആസനം.

പീഠമർദ്ദൻ-പ്രാസംഗികേതിവൃത്തം ബഹുദൂരാനുവർത്തിയാകുമ്പോൾ ഉണ്ടാകുന്ന പതാകാനായകൻ. കാവ്യവിശേഷത്തിൽ

അധികൃതനായിരിക്കുന്നതിനാൽ പീഠത്തെ മർദ്ദിക്കുന്നവൻ പീഠമർദ്ദൻ എന്നിങ്ങനെ അർത്ഥഭേദമുണ്ടു.

**പീഠാഗ്രതഃ**-അ. പീഠത്തിൽ നിന്നും.

**പീഠിക**-നാ. കഥകളുടേയും മററും ആദിയിൽ പറഞ്ഞുതുടങ്ങുന്ന കാര്യം, മുഖവുര. ൨. ഇരിപ്പിടം.

**പീഡ**-നാ. ദുഃഖം. ഇന്ദ്രിയങ്ങളെ ദുഷ്ടങ്ങളാക്കിച്ചെയ്യുന്നതു. ദുഃഖിപ്പിക്കുന്നതു എന്നർത്ഥം. ൨. ഉപദ്രവം. ൩. ചരളം.

**പീഡകൻ**-ബുദ്ധിമുട്ടിക്കുന്നവൻ.

**പീഡനം**-നാ. ഉപദ്രവം. ൨. നൊമ്പരം, ൩. നാശം. ൪. ദേശഗ്രാമാദികൾക്കു ഉപദ്രവം ഏല്പിക്കുക. സ്വതേയുള്ള നിലയിൽ നിന്നു മുക്കിത്താഴ്ത്തുക എന്നർത്ഥം. ൫. ശിരോലങ്കാരം. ൬. ഗ്രഹണം. ൭. കൊട്ട, കൂട.

**പീഡാകര**-വി. ഉപദ്രവത്തെ ഉണ്ടാക്കുന്ന

**പീഡിക്കുന്നു**-ക്രി. ദുഃഖിക്കുന്നു. (സ. ക്രി. പീഡിപ്പിക്കുന്നു). ൨. ഉപദ്രവിക്കുന്നു.

**പീഡിത**-വി. ദുഃഖിക്കപ്പെട്ട, ദുഃഖിപ്പിക്കപ്പെട്ട.

**പീഡ്യമാന**-വി. ദുഃഖിപ്പിക്കപ്പെട്ട.

**പീത**-വി. ൧. കുടിക്കപ്പെട്ട. ൨. മഞ്ഞൾനിറമായ.

**പീതകദളി**-സ്വർണ്ണവാഴ.

**പീതകം**-നാ. അശോകവൃക്ഷം. ൨. പിച്ചള. ൩. തേൻ. ൪. ചന്ദനം ൫. മഞ്ഞൾമുള്ളങ്കി. ൬. മാക്കീരക്കല്ലു. (പൊൻനിറമുള്ളതു.) ൭. വേങ്ങ. ൮. വലിയ പലകപ്പയ്യാനി. ൯. മഞ്ഞക്കുറുഞ്ഞി ൧൦. പടുകരണ. ൧൧. മഞ്ഞക്കടമ്പു. ൧൨. കാഷ്ഠാഗരു ൧൩. സ്വർണ്ണം.

**പീത(ക)ം**-നാ. അരിതാരം. ൨. കുങ്കുമം. ൩. പീതചന്ദനം. ൪. പതുമുകം.

**പീതകാവേരം**-നാ. കുങ്കുമം. ൨. പിച്ചള.

**പീതചന്ദനം**-ഒരുതരം ചന്ദനം.

പീതചന്ദനം, കഫം, പിത്തം രക്തദോഷം, ചൊറി മുതലായവയ്ക്കു നന്നു. ഇതു 'ഹേമാസ്വം' എന്ന ദേശത്തിൽ ഉണ്ടാകുന്ന കറുത്തചന്ദനമെന്നു ഭാഷ വേണമെന്നു ചിലരുടെ അഭിപ്രായം. ത-പച്ചനിറമാന ചന്ദനം, കറപ്പുച്ചന്ദനം.

**പീതതുണ്ഡം**-കാരണ്ഡവം എന്ന പക്ഷി.

**പീതദാരു**-നാ. ദേവദാരം. ൨. ചരളം. ൩. മരമഞ്ഞൾ, ൪. മഞ്ഞക്കടമ്പു.

**പീതദ്രു**-നാ. മരമഞ്ഞൾ ൨. ചരളം എന്നവൃക്ഷം.

**പീതനം**-നാ. അമ്പഴം. സ്വരസംകൊണ്ടു വസ്ത്രം മുതലായവയെ മഞ്ഞനിറമാക്കിച്ചെയ്യുന്നതു എന്നർത്ഥം. ൨. കുങ്കുമം. പീതവർണ്ണത്തെ ചെയ്യുന്നതു എന്നർത്ഥം. ൩. അരിതാരം. ൪. മരമഞ്ഞൾ ൫. കല്ലാല്. ൬. ഇത്തിയാല്.

**പീതനി**-മൂവില.

**പീതപാദം**-ടിട്ടിഭപ്പക്ഷി (കുളക്കോഴി).

**പീതപാദാ**-മൈന എന്നപക്ഷി.

**പീതബീജാ**-ഉലുവാ.

**പീതം**-നാ. മഞ്ഞനിറം. ൨. കുങ്കുമം. ൩. പുഷ്പരാഗം ൪. കുടിക്കുക. ൫. താമരയല്ലി. ൬. അഴിഞ്ഞിൽ.

**പീതമണി**-പുഷ്പരാഗം.

**പീതർമണി**-ഒരങ്ങാടിമരുന്നു.

കിഴങ്ങു കണ്ണ്ദീനത്തിനു നന്നു.

**പീതരാഗം**-നാ. മെഴുക്. ൨. താമരയല്ലി.

**പീതരോഹിണി**-ഒരങ്ങാടിമരുന്നു.

**പീതവർണ്ണ**-വി. മഞ്ഞനിറമുള്ള.

**പീതവൎണ്ണം**-പ. മഞ്ഞനിറം. ൨. പീതചന്ദനം. ൩. മഞ്ഞക്കടംപു.

**പീതവസ്ത്രം**-മഞ്ഞൾനിറമായ വസ്ത്രം.

**പീതവാസസ്സ്**-കൃഷ്ണൻ.

**പീതസാരം**-പ. പുഷ്പരാഗം. ൨. ഹരിചന്ദനം. ൩. അഴിഞ്ഞിൽ. ൪. ഗോമേദകം.

**പീതസാല(ര)കം**-പ. വേങ്ങവൃക്ഷം. പീതവൎണ്ണമായ സാരം (കാതൽ) ഉള്ളതു് എന്നൎത്ഥം. ൨. ഒരു രത്നം. ൩. മഞ്ഞച്ചന്ദനം.

**പീതസ്കന്ധം**-പന്നി.

**പീതസ്ഥാനങ്ങൾ**-ശിവൻ സതിയുടെ ശരീരം കഷണങ്ങളാക്കി അങ്ങുമിങ്ങും കൊണ്ടുനടന്നപ്പോൾ കഷണങ്ങൾ വീണസ്ഥലങ്ങൾ. (അമ്പത്തൊന്നുണ്ടു്.)

**പീതസ്ഫടികം**-പുഷ്പരാഗം.

**പീതാ**-പ. മഞ്ഞൾനിറം. മനസ്സിനെ അല്ലെങ്കിൽ മററു നിറങ്ങളെ പാനം ചെയ്യുന്നതു് എന്നൎത്ഥം. മനോഹരമായുള്ളതു് എന്നു താല്പൎയ്യം. ൨. മഞ്ഞൾ. ൩. വലിയ വാലുഴവം. ൪. സ്വൎണ്ണവാഴ. ൫. മഞ്ഞപ്പൂവുള്ള പിച്ചകം. ൬. മരമഞ്ഞൾ. ൭. ഗോരോചനം. ൮. ചെങ്കുറുമുഴി.

**പീതാബ്ധി**-അഗസ്ത്യൻ.

**പീതാംബര**-വി. മഞ്ഞവസ്ത്രം ധരിച്ച.

**പീതാംബരൻ**-പ. വിഷ്ണു. മഞ്ഞപ്പട്ടുടുത്തവൻ എന്നൎത്ഥം. ൨. കൃഷ്ണൻ.

**പീതാംബരം**-പ. മഞ്ഞപ്പട്ടു്. ൨. സന്ധ്യാനിമിത്തം പീതമായ ആകാശം.

**പീതി**-പ. കുതിര. പാനം ചെയ്യുന്നതു് എന്നൎത്ഥം. (വീതി എന്നു പാഠവും കാണുന്നു.) ൨. പാനം. ൩. പാനസ്ഥലം. ൪. ആനയുടെ തുമ്പിക്കൈ.

**പീതിക**-പ. മഞ്ഞൾ. ൨. ചെങ്കുറുമുഴി.

**പീതിനി** മൂവില.

**പീതു**-പ. സൂൎയ്യൻ. ൨. അഗ്നി. ൩. കൂട്ടത്തിലെ പ്രധാന ആന.

**പീതത** വി. പ. പീതം. ൨. കീറിയ.

**പീത്തു്**-ആത്മപ്രശംസ, (പ-മ)

**പീനസ്കന്ധം**-പോത്തു്.

**പീന**-വി. തടിച്ച, മുഴുപ്പുള്ള.

**പീനം**-തടിച്ചതു. വൎദ്ധിച്ചതു് എന്നൎത്ഥം.

**പീനസം**-മൂക്കൊലിക്കുന്ന ഒരു ദീനം. തടിച്ചവനെ കൂടി കൊല്ലുന്നതു് എന്നൎത്ഥം. മറെറാരു പൎയ്യായം-പ്രതിശ്യായം.

**പീനാഹം** - കിണററിന്റെ വാല്ക്കല്ലു്. (വീനാഹം എന്നതിന്റെ പാഠം).

**പീനാറിമരം, പീനാററമരം**-ഒരു വൃക്ഷം. പൎയ്യായങ്ങൾ-അരിമേദം, വിൾഖദിരം.

പൂതിയുണന്തി, പൂതവൃക്ഷം, ചെറുകരിങ്ങാലി, പൂതിമണത്തി ഈ പേരുകളുമുണ്ടു്. സാമാന്യം കരിങ്ങാലിയുടെ ഗുണങ്ങൾ തന്നെ. മുള്ളുള്ള മരമാകുന്നു. ദുൎഗ്ഗന്ധമുണ്ടു്. സം-വിട്ഖദിരം. ത-വേലിവേലം ചെടി, പൂതമരം.

**പീനോദ്ധ്നി**-അകിടുകനത്തപശു. പീനമായ (തടിച്ച) ഊധസ്സോടു (അകിടോടു) കൂടിയവൾ എന്നൎത്ഥം.

**പീപ്പി** - ഊതുന്നതിനുള്ള ഒരു കുഴൽ. Whistle.

**പീപ്പ, പീപ്പക്കുററി** - മരംകൊണ്ടുണ്ടാക്കിയ ഒരു വലിയ പാത്രം.

**പീചറി**-ഈത്തിയാൽ.

**പീപ്പന്നി**-നാട്ടുപന്നി.

**പീയൂ**-പ. കാക്ക. ൨. മൂമൻ. ൩. സമയം ൪. സ്വൎണ്ണം. ൫. സൂൎയ്യൻ. ൬. അഗ്നി.

പീയൂഷം-പ്ര. അമൃത്, അമൃതം. ദേവകളുടെ ഒരു ഭക്ഷണവസ്തു. പാനം ചെയ്യപ്പെട്ടത് എന്നർത്ഥം. ദ്വി. പുതിയ പാൽ, കറക്കാൻ തുടങ്ങിയതു മുതൽ ഏഴു ദിവസംവരെയുള്ള പാൽ. തൃ. പാൽ.

പീയൂഷമഹസ്സ്, പീയൂഷരുചി-പ്ര. ചന്ദ്രൻ. ദ്വി. കർപ്പൂരം.

പീയൂഷവർഷം-പ്ര. അമൃതം പൊഴിക്കുക. ദ്വി. ചന്ദ്രൻ. തൃ. കർപ്പൂരം.

പീര-പ്ര. തേങ്ങ പിഴിഞ്ഞ പിശിട്. ദ്വി. വല്ലതും പിഴിഞ്ഞെടുത്ത ചണ്ടി. തൃ. പീച്ചിൽ.

പീരകം-ഒരു വള്ളി.

പീരക്കാ-പീരകത്തിന്റെ കായ്.

പീരങ്കി-വലിയ തോക്ക്.

പീരപ്പെട്ടി-ഒരു വള്ളി.

പീരപ്പിണ്ണാക്ക്-തേങ്ങാപ്പിണ്ണാക്ക്.

പീലകം-വലിയ കറുത്ത ഉറുമ്പ്.

പീലി-പ്ര. മയിൽ പീലി. ദ്വി. സ്ത്രീകൾ കാലിൽ ഇടുന്ന മോതിരം. തൃ. കണ്ണിന്റെ രോമം ച. വസ്ത്രാഞ്ചൽ.

പീലിക്കണ്ണ്-മയിൽ പീലിയുടെ കണ്ണ്. പര്യായങ്ങൾ-പിഞ്ഛം (പിച്ഛം), ബർഹം.

പീലിക്കട- മയിൽപീലികൊണ്ടുണ്ടാക്കിയ കട.

പീലിക്കന്തം – ഒരുമാതിരി വലിയ ആയുധം.

പീലിക്കന്ന-മയിൽപീലിയുടെ ചുവട്.

പീലിയാൻ-മയിൽ.

പീലിവാഹ-ഒരു വൃക്ഷം. (ചാറ്റുതാടിക്കനന്ത്).

പീലു-പ്ര. ഉകവൃക്ഷം. പാനം ചെയ്യപ്പെടുന്നത് എന്നർത്ഥം. ദ്വി. ആന. തൃ. പൂവ്. ച. അമ്പ്. പ. അണു. ഷ. ഒരുവക കൃമി.

പീലുകം-ഉറുമ്പ്.

പീലുജം-ഉകമരത്തിന്റെ കായ്.

പീലുനീ-പെരുങ്കുരുമ്പ.

പീലുപർണ്ണി-പ്ര പെരുങ്കുരുമ്പ. ദ്വി. കോവൽ.

പീലുമൂലാ-പ്ര. ശതാവരി. ദ്വി. അമുക്കിരം. തൃ. മൂവില.

പീവട്ടി-ഒരുമാതിരി പൂവ്.

പീവര-വി. തടിച്ച.

പീവരം-പ്ര. തടിച്ചതു. ദ്വി. വെങ്ങ. തൃ. ആമ.

പീവരസ്തനി-പ്ര. തടിച്ച മുലകളുള്ളവൾ. ദ്വി. അകിടുകനത്ത പശു.

പീവരാ-അമുക്കിരം.

പീവരി-പ്ര. മൂവില. ദ്വി. ശതാവരി. തൃ. തടിച്ചതു.

പീവാ-പ്ര. വെള്ളം ദ്വി. തടിച്ചത്.

പീള-കണ്ണിലെ മലം (സംദൂഷിക).

പീളക്കുഴി-കൺകുഴി.

പീറ-ചീത്ത.

പീററ-പിമച്ച്, കീറിയതു (പ-മ)

---

## പു

പുക-(ധാതു). ധൂമം പുറപ്പെടുന്നതാകുക.

പുക-ധൂമം, തീകത്തുന്നതിനു മുമ്പിൽ പുറപ്പെടുന്ന ആവി.

പുകക്കാട്-കഠിനമായ പുക.

പുകക്കൂട് - പുകപോകുന്നതിനായിട്ടുണ്ടാക്കുന്ന വഴി.

പുകച്ചപ്പ്-പുകയില.

പുകച്ചിൽ-പ്ര. പുകയുക, നീറൽ. ദ്വി. തെളിവില്ലായ്ക. തൃ. നിറപ്പിഴ. ച. ആവി. പ. ഉഷ്ണം.

പുകച്ചുററു്-പുകയിൽ അകപ്പെട്ടു ഒിക്ക റിയാതെ വീപ്പുമുട്ടുകയും മററും.

പുകനിറം-പുകയുടെ നിറം.

പുകയറ-ഇല്ലറക്കരി.

പുകയില-ലഹരിയുള്ള ഒരുവക ഇല.

പുകയില-കഫം, വാതം, ശ്വാസം, ദന്തരോഗം, കൃമി, കാസം നേത്രരോഗം, തേൾ മുതലായവയുടെ വിഷം, മൂട്ട, പേൻ മുതലായവ കടിച്ചുണ്ടാകുന്ന രോഗം, വീക്കം, ശിരോരോഗം ഇവകളെ നശിപ്പിക്കുന്നു. രുചികരമാണ്. പിത്തത്തെ കോപിപ്പിക്കും. മലത്തെ ഇളക്കും. ദൃഷ്ടിയെയും ബുദ്ധിയെയും ക്ഷയിപ്പിക്കും. ഇതിന്റെ പുക പല്ലിനുറപ്പും വെടിപ്പും വരുത്തും. ഇതു സേവിച്ചുണ്ടാകുന്ന വികാരത്തിൽ അകത്തിയില നീർ, തേങ്ങാപ്പാൽ, കരിക്കിൻവെള്ളം ഇവ ഏതെങ്കിലും കുടിക്ക. സം-കലഞ്ജം. ത-പുകൈയിലൈ. ഇം Tobacco ടൊബാക്കൊ.

പുകയിലയുടെ അമിതമായ ഉപയോഗം പലവിധത്തിൽ ആപൽക്കരമാണെങ്കിലും വിഷൂചിക ബാധിക്കാതിരിക്കാൻ മാത്രം നല്ലതാണെന്നു പറയപ്പെടുന്നു.

പുകയിലക്കുഴൽ-പുകയില സൂക്ഷിക്കുന്നതിനുള്ള കുഴൽ.

പുകയിലച്ചുരുൾ-പുകയില തെറുത്തതു്

പുകയിലപ്പൊടി-പുകയില ഉണക്കി പ്പൊടിച്ച പൊടി.

പുകയുന്നു-ക്രി. പുകയുണ്ടാകുന്നു. ഉ. നീറുന്നു, അധികമായി ഉഷ്ണിക്കുന്നു. (സ. ക്രി. പുകയ്ക്കുന്നു).

പുകരു്-ആനയുടെ പുള്ളികരി.

പുകലുന്നു-സംസാരിക്കുന്നു.

'എന്തുഞാൻ നിന്നോടു പുകലുന്നതു്'

(രാമചരിതം)

പുകവണ്ടി-ആവിയുടെ ശക്തികൊണ്ടു് ഓടുന്ന വണ്ടി.

പുകൾ, പുകഴ്-സ്തുതി, കീർത്തി.

പുകഴുന്നു-സ്തുതിക്കുന്നു.

പുകണ്ണുതുടങ്ങുന്നു-സ്തുതിച്ചുതുടങ്ങുന്നു.

'പുകണ്ണുതുടങ്ങിനാൻ'

(ഭാരതം)

പുകൾ+ന്ന=പുകൾന്ന (ഖരങ്ങൾക്കു അനുനാസികാദേശത്തിൽ അനുനാസികം) പുകൺ+ണ=പുകണ്ണു. (തവർഗ്ഗത്തിൽ ടവർഗ്ഗാദേശത്തിൽ ടവർഗ്ഗം)

പുകഴ്ച-സ്തുതി.

പുകഴ്ത്തുന്നു-സ്തുതിക്കുന്നു.

പുകഴിൽ-ക്രി. ഘോഷം. ഉ. ആർപ്പ്. ന. കലഹം.

പുകിൽ-ഒരു വൃക്ഷം.

പുക്ക-വി. പ്രവേശിച്ച.

പുക്കശി (സി)-അമരി.

പുക്കവാറു്,(മുറി)-രസീതു്.

പുക്കസൻ-ചണ്ഡാലൻ. പുണ്യമില്ലാത്തവൻ എന്നർത്ഥം. (പാഠങ്ങൾ-പുക്കസൻ, പുല്ക്കസൻ )

പുക്കാരു കോപം (പ. മ).

പുക്കാറു്-ശണ്ഠ (പ മ).

പുക്കചീട്ടു്-കടം വീട്ടിയവൻ മററവനോടു എഴുതിവാങ്ങിക്കുന്ന ചീട്ടു്.

പുക്കപൊച്ചിൽ-ക്രി. വ്യത്യാസം. ഉ. ഏററക്കുറച്ചിലുള്ള തൂക്കം. ന. ഇടപാടു്.

പുക്കമുറി-കടം വീട്ടിയവൻ മററവനോടു എഴുതിവാങ്ങിക്കുന്ന ചീട്ടു്.

പുങ്കൻ-ശ്രേഷ്ഠൻ.

പുംഖം-അമ്പിന്റെ കട, തൂവൽ.

'ഇതികൃതവചനം സുവർണ്ണ-
പുംഖദ്യുതിഖചിതം'

(കിർമ്മീരവധം കഥകളി)

'സപക്ഷപുംഖങ്ങളാം ചില ബാണങ്ങൾ'
(സന്താനഗോപാലം പാന)

പുംഗം-കൂട്ടം.

പുംഗവൻ-പു. ശ്രേഷ്ഠൻ. വ. കാള.

ഈ ശബ്ദം ഉത്തരപദത്തിൽ സ്ഥിതി ചെയ്യുമ്പോൾ ശ്രേഷ്ഠാർത്ഥം വരും. കുഞ്ജരൻ എന്ന പദം നോക്കുക.

പുംഗവാം-പു. ഇടവകം. വ. കാള.

പുങ്ങ്-ഒരു വൃക്ഷം.

പുങ്ങാം-പുംസവനം.

പുച്ഛഭാഗം-വാൽഭാഗം.

പുച്ഛം-പു. നിന്ദ. വ. വാൽ. പ്രകർഷേണ മദിക്കുന്നതു എന്നർത്ഥം. മററു പര്യായങ്ങൾ-ലൂമം, ലാംഗൂലം. ന. നിസ്സാരം. ര. വല്ലതിൻേറയും അഗ്രം. ഉ. മയിലിൻെറ വാല്.

പുച്ഛിക്കുന്നു-നിന്ദിക്കുന്നു.

പുച്ഛി-പു. എരിക്ക്. വ. കോഴി.

പുഞ്ച-മേടമാസത്തിൽ കൊയ്യുന്ന നെല്ല്.
(പുൻ+ചെയ്യ്=ചെറിയ കൃഷി)

പുഞ്ചക്കൃഷി-മേടമാസത്തിലേ കൃഷി.

പുഞ്ചനിലം, പുഞ്ചപ്പാടം-പുഞ്ചനെല്ലു വിതയ്ക്കുന്ന നിലം. ജലം കെട്ടിനില്ക്കുന്ന നിലത്തിൽ ധാന്യം കൃഷി ചെയ്യുന്ന സ്ഥലം.

പുഞ്ചയടക്ക-ആദ്യത്തെ അടക്ക.

പുഞ്ചിരി-ചെറുചിരി, മന്ദഹാസം, ഒച്ച കേൾക്കാത്ത നല്ല ചിരി (പുൻ+ചിരി =പുഞ്ചിരി. പുൻ=ചെറിയ,കുറഞ്ഞ). സം-സ്മിതം.

പുഞ്ജം-പു. കൂട്ടം. വ. കൂമ്പാരം. ന. ധാന്യാദിസമൂഹത്തിൻെറ പേർ. (പിഞ്ജം എന്നു പാഠം കാണുന്നു).

പുഞ്ജീകരണം-കൂമ്പാരം കൂട്ടുക.

പുഞ്ജീകരിക്കുന്നു-കൂമ്പാരം കൂട്ടുന്നു.

പുഞ്ജീകൃത-വി. കൂട്ടപ്പെട്ട.

പുട-ദിക്ക്. ഉ-ം 'പുടപുഴങ്ങുമഹ്' (ദിക്കുകൾ പ്രതിദ്ധ്വനിക്കുമാറ്).

പുടകന്ദം-വലിയ കാട്ടുള്ളിപോലെയുള്ള ഒരു തരം കന്ദം.

കൃമി, ഛർദ്ദി, വിഷം, ഉദാവർത്തം ഇവകളെ നന്നു.

പുട(ക)ം-ജാതിക്ക

പുടകം-പു. താമര. വ. കുത്തില. ഇല കൊണ്ടുള്ള പാത്രം. ന. ജാതിക്ക.

പുടകിനി-താമരപ്പൊയ്ക.

പുടപാകം - ലോഹാദികൾ പുടത്തിൽ വെച്ചു പാകംചെയ്ക.

പുടപുഴക്കം-മാറെറാലി, പ്രതിധ്വനി.

പുടഭേദനം-പു. ഭവനം. വ. നഗരം. ന. മൂലനഗരം, തലസ്ഥാനം. ജനസമ്മർദ്ദം ഹേതുവായിട്ടു ഘടാദിപാത്രം ഉടഞ്ഞുപോകുന്നേടം എന്നർത്ഥം.

പുടഭേദം-ചക്രാകാരേണ ജലം കീഴ്പെട്ടു താണുപോവുക.

പുടമുറി-വിവാഹം, സംബന്ധം.

പുടം-പു. ലോഹാദികൾ ഭസ്മമാകുന്നതിനും മററുമുള്ള ഒരു പ്രവൃത്തി, കുക്കുടപുടവും മററും. വ. മൂടി. ഉ-ം പക്ഷപുടം. ന. ഒരുമാതിരി മൂടി, കുത്തില. ര. കിണ്ണം. ഉ-ം പുഷ്പപുടം. ഉ. കഴിമുത്തങ്ങ.

പുടവ-സ്ത്രീകൾ ഉടുക്കുന്ന വസ്ത്രം.

പുടവക്കഞ്ഞി-വസ്ത്രം മുക്കിപ്പിഴിയുന്നതിനുള്ള കഞ്ഞി.

പുടാ-പേരേലം.

പുടിക-പു. ഏലത്തരി എന്ന അങ്ങാടി മരുന്ന്, പേരേലം. വ. കക്കാ.

പുടിത-വി. പു. പുടം ചെയ്യപ്പെട്ട. വ. കൂട്ടപ്പെട്ട. ന. കൂമ്പിയ. ര. മുട്ടിയ. ഉ. അരക്കപ്പെട്ട.

**പുടിതം**-രണ്ടു കൈയും മലർത്തി കുഴിച്ചു കൂട്ടുക.

**പുടീ**-൧. ആച്ഛാദനം. ൨. കടല. ൩. രഹസ്യസ്ഥലം മറയ്ക്കുന്ന ചെറിയ തുണിക്കഷണം.

**പുടോദകം**-തേങ്ങ്.

**പുട്ട**-കുലകൻ.

**പുട്ടൽചീരം**-ഒരു വള്ളി.

**പുട്ടിൽ**-൧ ധാന്യങ്ങളുടെ പുറമെയുള്ള തൊലിയും തോടും. ൨. മഴയത്തു ചൂടുന്നതിനു തഴകൊണ്ടു നെയ്തുണ്ടാക്കുന്ന ഒരു വസ്തു.

**പുണരി**-കടൽ.

**പുണരുന്നു**-കെട്ടിപ്പിടിക്കുന്നു, ആലിംഗനം ചെയ്യുന്നു.

**പുണർ**-പുണർതം, ഏഴാമത്തെ നക്ഷത്രം.

**പുണർച്ച**-ആലിംഗനം, കെട്ടിപ്പിടിക്കുക.

**പുണർതം**-ഏഴാമത്തെ നക്ഷത്രം.

**പുണൽ**-൧. നദി. ൨. ജലം.

'നൽപ്പുണൽക്കരതിട്ടമേൽ'
(കേരളവർമ്മ രാമായണം)

**പുണ്ഡരീ**-വീരപുണ്ഡരി, വരംതാമര.

**പുണ്ഡരീകാ**-൧ വെൺതാമരപ്പൂവ്. വെള്ളത്തെ അലംകരിക്കുന്നതു എന്നർത്ഥം. ൨. അഗ്നിക്കോണിലെ ആന. ൩. ഒരുവക കരിമ്പ്.

പുണ്ഡരീകക്കരിമ്പ് സാമാന്യം കരിമ്പിന്റെ ഗുണങ്ങളുള്ളതാണ്. കരിമ്പുകളിൽവെച്ചു ശ്രേഷ്ഠമാകുന്നു. ഇതു വെളുത്തും ചെമന്നും വരയുള്ള കരിമ്പാണ്. സം- പുണ്ഡ്രകം.

൪. താമര. ൫, വെൺ കററക്കട. ൬. പുലി. ഭംഗിയുള്ളതു എന്നർത്ഥം. ൭. പട്ടുനൽപുഴു. ൮. കഴുകൻ. ൯. ഒരു പച്ചമരുന്നു. ൧൦. വണ്ട്. ൧൧. സിംഹം. ൧൨. കടുവാ. ൧൩. മക്കിപ്പൂവ്. ൧൪. മാവു. ൧൫. വെള്ളം. ൧൬. വെളുത്ത നിറം. ൧൭. ഒരുവക സർപ്പം. ൧൮. ഒരുവക അരി. ൧൯. ഒരുവക കുഷ്ഠം. ൨൦. ആനക്കുള്ള ഒരുമാതിരി പനി. ൨൧. ഒരുവക മാവു വൃക്ഷം. ൨൨. ജലപാത്രം. ൨൩. അഗ്നി. ൨൪. നെററിയിലെ ഒരു അടയാളം.

**പുണ്ഡരീകൻ**-൧. കിഴക്കേ ദിക്പാലകന്റെ ആന. വെൺതാമരയോടടുത്ത കാന്തിയുള്ളതു എന്നർത്ഥം. ൨. സിംഹം. ൩. അഗ്നി.

**പുണ്ഡരീകാക്ഷം**-വീരപുണ്ഡരി, വരംതാമര.

**പുണ്ഡരീകാക്ഷൻ**-വിഷ്ണു. വെൺതാമരപോലെയുള്ള കണ്ണോടുകൂടിയവൻ, മാനസസരോജത്തെ വ്യാപിച്ചിരിക്കുന്നവൻ, ഹൃദയപുണ്ഡരീകത്തിൽ പ്രത്യക്ഷീഭവിക്കുന്നവൻ ഇങ്ങനെ ശബ്ദാർത്ഥങ്ങൾ.

**പുണ്ഡരീകോത്ഭവൻ**-ബ്രഹ്മാവ്.

**പുണ്ഡരീയകം**-വീരപുണ്ഡരി, വരംതാമര.

**പുണ്ഡര്യം**-വീരപുണ്ഡരി, വരംതാമര.

**പുണ്ഡ്രകം**-൧. കുരുക്കുത്തിമുല്ല. ഖണ്ഡിക്കപ്പെടുന്നതു എന്നർത്ഥം.

ഇതു കുരുക്കുത്തിമുല്ലയുടെ ജാതിയിൽ ചേർന്നതും കസ്തൂരിഗന്ധത്തിനു തുല്യമായ ഗന്ധമുള്ളതും ആണെന്നു മറെറാരഭിപ്രായവും കാണുന്നു.

൨. ഒരുവക കരിമ്പ്.

**പുണ്ഡ്ര(ക)ം**-മയിലെള്ള്.

**പുണ്ഡ്രകേളി**-ആന.

**പുണ്ഡ്രം**-൧. കരി. ൨. വെൺതാമര. ൩. നീലക്കരിമ്പ്. ൪. പുണ്ഡരീകക്കരിമ്പ്. ഖണ്ഡിക്കപ്പെടുന്നത് എന്നർത്ഥം.

൭. ഇന്ത്യയാൽ. ൯ കൊടുവേലി ൧. മാധവി.

**പുണ്ണ്**-വ്രണം.

**പുണ്ണൻ**-വ്രണമുള്ളവൻ.

**പുണ്യകർമ്മ**-വി. നല്ലകർമ്മമുള്ള, സൽക്കർമ്മമുള്ള.

**പുണ്യകം**-കൃച്ഛ്രചാന്ദ്രായണ പ്രാജാപത്യ നക്തൈകഭക്തനാദിയായ വ്രതം.

ഇവക വ്രതങ്ങളിൽ ഉപവാസം പ്രധാനമാണ്.

**പുണ്യകാലം**-ശുഭമുള്ള സമയം, പുണ്യസമയം.

**പുണ്യകൃത്ത്**-സുകൃതം ചെയ്യുന്നവൻ.

**പുണ്യക്ഷേത്രം**-൧. ആര്യാവർത്തം. ൨. ഗോകർണ്ണം മുതലായ ക്ഷേത്രങ്ങൾ.

**പുണ്യഗന്ധം**-ചംപകം.

**പുണ്യജനം**-൧. സുകൃതജനം, സുകൃതി. ൨. രാക്ഷസൻ. ക്രമപ്രാപ്തമായ വിധത്തിൽ നിരൃതി വംശജന്മാരായ രാക്ഷസന്മാർ, വിപരീതലക്ഷണയാ ദുഷ്ടൻ എന്നു താൽപര്യം.

'പുണ്യജനാധിപതേ കുശലം ചിരി
പൂർണ്ണഭാഗ്യജലധേ നിയതം'.
(രാവണവിജയം കഥകളി)

(രണ്ടർത്ഥവും ഉണ്ട്)

൩. യക്ഷൻ.

**പുണ്യജനേശ്വരൻ** - വൈശ്രവണൻ. പുണ്യജനങ്ങളുടെ (രാക്ഷസന്മാരുടെ) നാഥൻ എന്നർത്ഥം.

ആദികാലത്തിൽ വൈശ്രവണൻ രാക്ഷസാധിപതിയായിട്ടു ലങ്കയിൽ അധിവസിച്ചിരുന്നു.

**പുണ്യതീർത്ഥം**-മോക്ഷയാത്രക്കുള്ള സ്ഥലം, കാശിയിലെ ഗംഗയും മററും.

**പുണ്യദർശനം**-കാട്ടുകാക്ക.

**പുണ്യദിനം**-ശുഭദിവസം.

**പുണ്യനഗരികൾ**-(ഏഴ്). അയോധ്യാ, മധുരാ, മായാ, കാശി, കാഞ്ചി, അവന്തി, ദ്വാരാവതി.

"അയോധ്യാ മധുരാമായാ
കാശീ കാഞ്ചിരവന്തികാ,
പുരീദ്വാരവതീ ചൈവ
സപ്തൈതാ മോക്ഷദായികാഃ"

**പുണ്യനദികൾ**-ഗംഗ മുതലായ ആറുകൾ.

**പുണ്യപുരുഷൻ**-സുകൃതമുള്ള പുരുഷൻ.

**പുണ്യഫലം**-൧. സൽകർമ്മത്തിന്റെ ഫലം. ൨. പൂങ്കാവനം.

**പുണ്യഭൂ, പുണ്യഭൂമി**-ഹിമവാന്റെയും വിന്ധ്യപർവ്വതത്തിന്റെയും നടുവിലുള്ള ഭൂമി, ആര്യാവർത്തം.

'ആര്യാവർത്തഃ പുണ്യഭൂമി' (അമരം)

**പുണ്യം**-൧. സുകൃതം. ൨. ശുദ്ധം, ശുദ്ധമതു ചെയ്യുന്നതു എന്നർത്ഥം. നല്ല കർമ്മം എന്നുമാവാം. ൩. മനോഹരമായ വസ്തു. പുണ്യം > < പാപം.

**പുണ്യമാസങ്ങൾ**-മാഘമാസം, വൈശാഖമാസം, കാർത്തികമാസം ഇവ മൂന്നും.

**പുണ്യലോകം**-സ്വർഗ്ഗം.

**പുണ്യവൽ**-വി. സുകൃതമുള്ള, ഭാഗ്യമുള്ള.

**പുണ്യവാ**-മറിവു, കോൾവാ.

**പുണ്യവാൻ**-പുണ്യമുള്ളവൻ. (സ്ത്രീ-പുണ്യവതി).

**പുണ്യശാലീ(ലി)** - വി. സുകൃതമുള്ള. (നകാരാന്തം) സ്ത്രീ-പുണ്യശാലിനി.

**പുണ്യശ്ലോകൻ**-൧. സൽകീർത്തിയുള്ളവൻ. ൨. കൃഷ്ണൻ. ൩. യുധിഷ്ഠിരൻ. ൪. നളൻ.

**പുണ്യശ്ലോകാ**-൧. സീത. ൨. ദ്രൗപദി.

**പുണ്യസ്ഥലം, പുണ്യസ്ഥാനം**-പുണ്യദിക്ക്.

പുണ്യാ-൧. തുളസി. ൨. പാല്പഴവം ൩. ഗംഗാനദി.

പുണ്യശ്രവണൻ-വിഷ്ണു.

പുണ്യാത്മാവ്-വി. ശുദ്ധാത്മാവുള്ള.

പുണ്യാഹം-ശുദ്ധമാക്കപ്പെട്ട വെള്ളം. (സം)ശുദ്ധദിവസം, പുണ്യദിവസം.

പുത്-പുത്രരില്ലാത്തവർ പോകുന്ന നരകം.

പുത്-അ. കുത്സിതം.

പുത-൧. വസ്ത്രംകൊണ്ടു ദേഹം മൂടുക. ൨. മെതികളുടെ ചുവട്ടിൽ ഇടുന്ന ചവറ്.

പുതപ്പ്-പുതയ്ക്കുന്ന വസ്ത്രം. (സം-നീശാരം)

പുതയൻ-ഈറന്നിലം.

പുതയുന്നു-പുതയ്ക്കപ്പെട്ടതായിത്തീരുന്നു.

പുതയ്ക്കുന്നു-പുതപ്പുകൊണ്ടു ശരീരം മൂടുന്നു.

പുതിയ-വി. പുത്തനായ.

പുതിയപണം, പുതുപ്പണം ഒരുവക പൊൻ നാണയം.

പുതു-(ധാതു) മറയ്ക്കുക.

പുതു-വി. പുത്തനായുള്ള.

പുതുക്കം-വി. ൧. ആശ്ചര്യമായ. ൨. പുതിയതായ.

പുതുക്കല-പുത്തൻ കലം.

പുതുക്കടി-മുതൽക്കടി.

പുതുക്കുന്നു-പുത്തനാക്കുന്നു.

പുതുത-വി. പുത്തനായുള്ള.

പുതുപ്പ്-വിനയം, ഗർവില്ലായ്മ. (പ മ)

പുതുമ-൧. പുതുക്കം. ൨. കൌതുകം. ൩. നേരംപോക്ക്.

പുതുമഴ-ആദ്യം പെയ്യുന്ന മഴ.

പുതുമാരി-പുതുമഴ.

പുതുവൽ-പുത്തനായിട്ടു കൃഷിചെയ്യുന്ന സ്ഥലം.

പുതുവാൾ-ഒരു ജാതിക്കാരൻ.

'പുതുവാളെന്നൊരു വിധമൊന്നുണ്ട്
പുതുതായുള്ള വിധങ്ങളെടുപ്പാൻ
പുതുവാന്മാരുടെ ആളായതിനാൽ
പുതുവാളെന്നൊരു പേരവനുളവായ്"
(നളചരിതം തുള്ളൽ)

പുതുവൽപ്പാട്ടം-പുതുവൽ നിലത്തിന്റെ കരം.

പുതുവെണ്ണ-പുത്തൻവെണ്ണ.

പുതുവെള്ളം — പുതുമഴപെയ്തുണ്ടാകുന്ന വെള്ളം.

പുത്തൻ-വി. പുതിയതായുള്ള.

പുത്തൻ-കൊച്ചിയിൽ നടപ്പുള്ള ഒരു നാണയം.

പുത്തരി-൧. പുന്നെല്ലിന്റെ അരി. ൨. പുത്തരിയൂണ്.

പുത്തരിച്ചുണ്ട-ഒരു പച്ചമരുന്ന്. പര്യായങ്ങൾ-നിദിഗ്ധികം, സ്പൃശീ, വ്യാഘ്രീ, ബൃഹതീ, കണ്ടകാരികാ, പ്രചോദനീ, കുലീ, ക്ഷുദ്രാ, ദുസ്പർശാ, രാഷ്ട്രികാ.

പുത്തരിയുണ്ണുന്നു — പുന്നെല്ലിന്റെ അരി വെച്ചുണ്ണുക.

പുത്തലി പുത്തലിക-൧. വിഗ്രഹം. ൨. പാവ.

പുത്തിക-൧. ഒരുമാതിരി തേനീച്ച. ൨. ചിറ്റീച്ച. കുത്സിതമായ ശബ്ദത്തെ ചെയ്യുന്നതു എന്നർത്ഥം.

പുത്തിലഞ്ഞി-ഒരു വൃക്ഷം.

പുത്തിലഞ്ഞി-പിത്തം, മൂത്രനീറൽ, തണ്ണീർദാഹം, നേത്രരോഗം ഇവ കളയുന്നത്. ഈ വൃക്ഷം, ഇലകായ് മുതലായവ എല്ലാംകൊണ്ടും ഇലഞ്ഞിമരത്തിനൊക്കും. ബീജം ദ്രാക്ഷംപോലെയിരിക്കും. പരിശുദ്ധമാകയാൽ പ്രതികരം ദ്രാക്ഷംപോലെ ഈ മലർ ധരിക്കാറുണ്ട്.

കോലാപുരത്തിൽ പ്രസിദ്ധം. ബീമത്തിനു 'കമൽ' എന്നു ചില ദേശക്കാർ പറയുന്നു. ഇതു ചെടിയായിട്ടും വള്ളിയായിട്ടും ഓരോതരം കാണുന്നു. സം-പുത്രജീവം.

**പുത്തില്ലം**-പുതുവീട്.

**പുത്തോട്**-പുതിയ ഓട്.

**പുത്തോല**-പുതിയ ഓല.

**പുത്രകൻ**-ചെറിയ പുത്രൻ.

**പുത്രകം**-എട്ടടിമാൻ.

**പുത്രകാമേഷ്ടി** - പുത്രനുണ്ടാകുന്നതിനു ചെയ്യുന്ന ഒരു യാഗം.

**പുത്രകൃതകൻ**-ദത്തുപുത്രൻ, വളർത്തു പുത്രൻ.

**പുത്രഘ്നി**-മക്കളെ ഭക്ഷിക്കുന്ന അമ്മ.

**പുത്രജീവം**-പുത്തിലഞ്ഞിവൃക്ഷം.

**പുത്രഞ്ചാരി**-ഒരു മരുന്നുവള്ളി (പുത്രദാ)

**പുത്രദാ**-മ. പുത്രഞ്ചാരി, ഒരു മരുന്നുവള്ളി. വ. തിരുതാളി. ന. അമുക്കിരം.

**പുത്രദായി**-ഒരു വൃക്ഷം.

പുത്രദായി വീരഭദ്രത്തിൽ പെട്ടതാണ്. വാതകഫങ്ങൾക്കു നന്ന്. മച്ചി എന്നുള്ള ദോഷത്തെ നീക്കും. ഇല വൃത്തമായിരിക്കും. പൂ വെളുത്തതാണ്. ഗന്ധം അധികം കാണും. സം-പുത്രദാത്രീ

പുത്രദ എന്നതാണു പുത്രഞ്ചാരി എന്നു കാണുന്നു. പുത്രഞ്ചാരി പിത്തം, ചുട്ടുനീറൽ, ശ്രമം, ആർത്തവദോഷം ഇവയെ ശമിപ്പിക്കും. സേവിച്ചാൽ ഗർഭാശയദോഷം നീക്കി ഗർഭസന്ധാനത്തെ ചെയ്യും. ഓടമരത്തിന്റെ ലക്ഷണത്തോടു കൂടിയതാണ്. പുത്രദ എന്നതിന്റെ ഭാഷയായിരിക്കണം പുത്രഞ്ചാരി.

**പുത്രൻ**-മകൻ. കുലത്തെ ശുദ്ധിചെയ്യുന്നവൻ എന്നർത്ഥം. മററു പര്യായങ്ങൾ-ആത്മജൻ, തനയൻ, സൂനു, സുതൻ.

'പുന്നാമമാം നരകത്തിൽനിന്നടൻ
തന്നുടെതാതനെ ത്രാണനംചെയ്കയാൽ
പുത്രനെന്നുള്ള ശബ്ദം വിധിച്ചു ശതം
പത്രസമുത്ഭവനെന്നുമറികനീ'

(രാമായണം)

ഗൌതമൻ ൧൨ വിധം പുത്രന്മാരെക്കുറിച്ചു പറയുന്നു.

ഔരസൻ-ഒരുവനു തന്റെ ധർമ്മപത്നിയിലുണ്ടായ പുത്രൻ.

പുത്രികാസുതൻ-സ്വസ്വദാന സമ്പ്രദായത്തിൽ വിവാഹം കഴിച്ച പുത്രിയുടെ മകൻ.

ക്ഷേത്രജൻ-രോഗത്താലോ മൃതിയാലോ പുത്രനെ ഉണ്ടാക്കുവാൻ നിവൃത്തിയില്ലാതെ വന്ന പുരുഷന്റെയോ തന്റെ സപിണ്ഡന്മാരുടെയോ നിയോഗപ്രകാരം തന്റെ ഭാര്യയിൽ ഒരു സഗോത്രനോ അന്യനോ പ്രസവിച്ചുണ്ടായ പുത്രൻ.

ഗൂഢജൻ ഭർത്താവു ദൂരസ്ഥനായോ മറേറാ ആയിരിക്കുമ്പോൾ ഭാര്യ ജാര സംസർഗ്ഗത്താൽ സമ്പാദിച്ച പുത്രൻ.

കാനീനൻ-കന്യകയായ മകൾക്കു ജാരസംസർഗ്ഗത്താലുണ്ടായ പുത്രൻ.

പൌനർഭവൻ-വിവാഹം കഴിഞ്ഞു ഋതുവാകും മുമ്പെയോ ഋതുവായതിൽ പിന്നെയോ പുനർവിവാഹം കഴിഞ്ഞ സ്ത്രീയിലുണ്ടായ പുത്രൻ.

ദത്തകൻ-മാതാവോ പിതാവോ ദാനം ചെയ്ത പുത്രൻ.

ക്രീതകൻ-മാതാപിതാക്കന്മാരുടെ അടുക്കൽ നിന്നു വിലക്കുവാങ്ങിയ കുട്ടി.

കൃത്രിമൻ-ഒരുവൻ മരിക്കാറാവുമ്പോൾ തന്റെ ശേഷക്രിയാദികൾ ചെയ്യുവാൻവേണ്ടി തന്റെ സകല മുതലിനും അവകാശിയാക്കി സ്വീകരിക്കുന്ന പ്രായം തികഞ്ഞ ഒരു അന്യൻ.

സ്വയംദത്തൻ-തന്നെത്താൻ മറെറാരു വനു വിററവൻ.

സഹോഢജൻ-വിവാഹകാലത്തു ത ന്നെ സ്ത്രീയുടെ ഗർഭത്തിലുണ്ടായിരുന്ന പുത്രൻ.

അപവിദ്ധൻ - മാതാപിതാക്കന്മാ രാൽ ഉപേക്ഷിക്കപ്പെട്ടതിനാൽ അന്യ നെടുത്തു വളൎത്തുകുട്ടി.

(പ്രാചീനാൎയ്യാവൎത്തം)

പുത്രഭാൎയ്യ-മകന്റെ ഭാൎയ്യ. പൎയ്യായ ങ്ങൾ-സ്നുഷ, ജനി, വധൂ.

പുത്രസമ്പത്തു്-സന്തതി.

പുത്രസ്വീകാരം-ന. പുത്രനെ എടുക്ക. ര. മറെറാരുവനെ പുത്രനായി എടുക്ക, ദത്തെടുക്ക.

പുത്രഹീന-വി. പുത്രനില്ലാത്ത.

പുത്രാദനി-ന. മക്കളെ തിന്നുന്ന മാതാ വു്. ര. പെൺപുലി.

പുത്രാന്നാദൻ - പുത്രന്റെ ചെലവി ന്മേൽ ജീവിക്കുന്നവൻ.

പുത്രാൎത്ഥി-പുത്രൻ ഉണ്ടാകണമെന്നു് ആ ഗ്രഹിക്കുന്നവൻ.

പുത്രി-ന. മകൾ. മററു പൎയ്യായങ്ങൾ-സൂനു, സുതാ, ദുഹിതാ(വു്), ആത്മജാ, തനയാ. ര. ദുഷ്. ന. പുത്രനുള്ളവൻ.

പുത്രിക-ന. പാവ. വസ്ത്രം ആനക്കൊ മ്പു് മുതലായവകൊണ്ടുണ്ടാക്കിയ പാവ. പുത്രിയെപ്പോലെയുള്ളതു എന്നൎത്ഥം. ര. മകൾ. ന. ദുഷ്.

പുത്രികാസുതൻ-പന്ത്രണ്ടുവിധം പുത്ര ന്മാരിൽ ഒന്നു്. (പുത്രൻ എന്നതു നോ ക്കുക).

പുത്രിയ, പുത്രീയ, പുത്ര്യ-വി. പു ത്രനെ സംബന്ധിച്ച.

പുത്രീകരിക്കുന്നു-ദത്തെടുക്കുന്നു.

പുത്രീയാ-പുത്രനുണ്ടാവണമെന്നുള്ള ആ ഗ്രഹം.

പുത്രേഷണാ-പുത്രസ്നേഹം.

പുത്രോല്പത്തി, പുത്രോല്പാദനം-പു ത്രജനനം.

പുദലം-അഞ്ചുകരം ചേൎന്നുള്ള പിണ്ഡം.

പുദ്ഗലി-വി. ഭംഗിയുള്ള.

പുദ്ഗലൻ-ശിവൻ.

പുൻ-വി. ചെറിയ, കുറഞ്ഞ. (പുൻ+ചി രി=പുഞ്ചിരി).

പുൻഗളം-ന. ജൈനമതസിദ്ധാന്തപ്ര കാരമുള്ള ജീവാത്മാവു്. ര. ശരീരം. കുത്സിതമായി നശിച്ചുപോകുന്നതു എന്ന ൎത്ഥം.

പുനഞ്ഞ-അലംകരിച്ച. (പ-മ).

പുനം-ന. പോതു. ര. വനം.

പുനയിക്കുക-ന. വൎദ്ധിപ്പിക്കുക. ര. അ ലംകരിക്കുക. (പ-മ)

പുനയുക-ന. അണിയുക. ര. വിജയം നേടുക (പ-മ).

പുനൎന്യായം-ഒരിക്കൽ വിധിക്കപ്പെട്ട ഒരു കേ സിനെപ്പററി വീണ്ടും വിചാരണചെയ്യു ണമെന്നു കാണിച്ചു കക്ഷികൾ കൊടു ക്കുന്ന അപേക്ഷ, പുനർവിചാരണ.

പുനരപി-അ. വീണ്ടും. (പുനഃ+അപി)

പുനരാഗമനം-തിരിച്ചുവരവു്.

പുനരാവൎത്തി-വി. ന. തിരിച്ചുവരുന്ന. ര. വീണ്ടും ജനിക്കുന്ന. (പു-പുനരാവ ൎത്തി, സ്ത്രീ-പുനരാവൎത്തിനി).

പുനരുക്തം-കാവ്യദോഷങ്ങളിൽ ഒന്നു്.

പുനരുക്തവദാഭാസം - ശബ്ദാലങ്കാര ങ്ങളിൽ ഒന്നു്.

പുനരുക്തി-പിന്നെയും പറക.

പുനരൂഢ - പുനർവിവാഹം ചെയ്യപ്പെട്ട സ്ത്രീ.

പുനർ(ഃ)-അ. ന. പിന്നെ ര. നിശ്ച യം. ന. എന്നാൽ. ൪. ഒരിക്കൽ പറ ഞ്ഞു രണ്ടാമത്തേതു്. (അപ്രധാനം).

പുനൎജ്ജന്മ-വി പിന്നെയും ജനിക്കുന്ന.

പുനൎജ്ജന്മം-പിന്നത്തെ ജന്മം.

പുനൎഗ്ഗമനം-പിന്നീടു കാണുക.

ഇരു ബന്ധുക്കൾ പിരിയുമ്പോൾ തങ്ങളിൽ പറയുന്ന ഉപചാരവാക്കാകുന്നു.

'സത്യം മയാകഥിതം ലോകനീയം
ഏകിൽ അസ്തുപുനൎഗ്ഗമനം ദിവ്യകൎമ്മ'.
(നളചരിതം കഥകളി)

പുനൎന്നവ-തമിഴാമ എന്ന പച്ചമരുന്നു വേനൽകാലങ്ങളിൽ ഉണങ്ങിപ്പോയാലും പിന്നെയും പൊടിച്ചുണ്ടാകുന്നതു എന്നൎത്ഥം.

പുനൎന്നവം-നഖം.

പുനൎഭവ-വി. വീണ്ടും ജനിക്കുന്ന.

പുനൎഭവം-നാ. വീണ്ടുമുള്ള ജനനം. ൧. നഖം. ൨. ചെമന്ന തമിഴാമ.

പുനൎഭൂ-വി. വീണ്ടും ജനിച്ച.

പുനൎഭൂ(വ്)-നാ. രണ്ടാംപ്രാവശ്യം വേൾക്കപ്പെട്ടവൾ. പുനൎവിവാഹം ചെയ്യപ്പെട്ടവൾ. ൧. വെളുത്ത തമിഴാമ.

പുനൎവ്വസു-പുണർതം നക്ഷത്രം.

പുനൎവ്വിചാരം-വീണ്ടും വിചാരം.

പുനൽ-നാ. നദി. ൧. വെള്ളം. ൨. ഇരുവേലി.

പുനശ്ച-അ. വീണ്ടും. (പുനഃ + ച)

പുനസ്സംസ്കാരം-ശവത്തിനുപകരം പിലാശില കൊണ്ടു കെട്ടിയുണ്ടാക്കി ചുടുക.

പുനസ്സൃഷ്ടി-നാ. വീണ്ടും സൃഷ്ടിക്കുക ൧. അസത്യം, കള്ളം.

പുനഃപുനഃ-അ. പിന്നെയുംപിന്നെയും.

പൂനാ-മഹാരാഷ്ട്രദേശത്തുള്ള ഒരു നഗരം.

പുനിതം-ശുദ്ധി (പ്രാചീനമലയാളം).

പുനീർ-(കൃഷിശാസ്ത്രപ്രകാരം) ശുദ്ധിചെയ്ത മണ്ണ്.

പുനുവൽ-നാ. ശാസ്ത്രം. ൧. വിദ്യ.

പുന്ന-ഒരു വൃക്ഷം.

പുന്ന-കഫം, പിത്തം, രക്തദോഷം, നേത്രരോഗം, ശിരോരോഗം, വിഷം, വ്രണം, അരോചകം, പക്വാതിസാര ഇവകളെ നന്നു്. ഇതു പ്രസിദ്ധമായ വെരുംപുന്നയാണു്. സം-പുന്നാഗം. ത-പുന്നൈ.

പര്യായങ്ങൾ-പുരുഷം, തുംഗം, കേസരം, ദേവവല്ലഭം, പുന്നാഗം.

പുന്നകേതകം-കൈത

പുന്നപ്പാമരം-ഒരു തടി.

പുന്നരകം-പുത് എന്ന പേരായ നരകം, അതിലെ ദുഃഖാനുഭവം.

പുന്നാഗം-നാ, ഒരു വൃക്ഷം, പുന്നമരം. പുരുഷശ്രേഷ്ഠനെപ്പോലെ പൂജിക്കപ്പെടുന്നതു എന്നൎത്ഥം. ൧. ജാതിക്ക. ൨. വെളുത്ത ആമ്പൽ.

പുന്നാഗവരാളി-ഒരു രാഗം.

പുന്നാമനരകം-പുത് എന്നു പേരായ നരകം.

പുന്നാരക്കാരൻ-സ്തുതിക്കുന്നവൻ.

പുന്നാരം-കൊഞ്ചൽ.

പുന്നാരിക്കുന്നു-കൊഞ്ചുന്നു, ഓമനിക്കുന്നു

പുപ്ഫുസം-ശ്വസിക്കുന്ന വായു ശരീരത്തിനുള്ളിൽ ചെന്നു പറ്റുന്ന കുഴൽ.

പുമപത്യം-ആൺകുട്ടി.

പുമൎത്ഥം-പുരുഷാൎത്ഥം, മനുഷ്യന്റെ ജീവിതോദ്ദേശം.

പുമാൻ-നാ. പുരുഷൻ. ആൺ. ൧. പുന്ന

പുംധ്വജം-എലി.

പുംഭാവം-ആണത്തം.

പുംശ്ചലി-വ്യഭിചാരിണി. ഇഷ്ടംപോലെ പുരുഷന്മാരെ അംഗീകരിക്കുന്നവൾ, സ്വൈരിണി, ഭൎത്താവിന്റെ സമീപത്തിൽനിന്നു അന്യപുരുഷന്റെ അടുക്കലേക്കു പോകുന്നവൾ എന്നൎത്ഥം.

പുംസവനം-നാ. ബ്രാഹ്മണസ്ത്രീക്കു ഗൎഭമുണ്ടായാൽ ചെയ്യുന്ന ഒരു കൎമ്മം, പുളികുടി.

ഗർഭസംസ്കാരങ്ങളിൽ ഇതു രണ്ടാമത്തേതാണ്. പുരുഷപ്രജയെ ഉദ്ദേശിച്ചു ഗർഭം ധരിച്ചു മൂന്നാമത്തേയോ നാലാമത്തേയൊ മാസത്തിൽ ഈ സംസ്കാരം ചെയ്യപ്പെടുന്നു. ഒരു യവമണിയും രണ്ടു ഉഴുന്നും ഗർഭിണിയായ സ്ത്രീയുടെ വലത്തു കൈയിൽ വെയ്ക്കുന്നു. പിന്നീടു കുറെ തൈരും ചേർത്തു അവൾ അതിനെ ഭക്ഷിക്കുന്നു. അപ്പോൾ പരിശുദ്ധമന്ത്രങ്ങൾ ചൊല്ലുന്നു.

൨. പാൽ.

പുംസ്ത്വം-പുരുഷഭാവം.

പുര-വീട്, കെട്ടിടം.

പുരക്കൂട്ട്-ഒരു പുരവെയ്ക്കുവാൻ മരംകൊണ്ടുണ്ടാക്കിയ ഉത്തരം മുതലായവ.

പുരച്ഛദം-മുലക്കണ്ണ്.

പുരജ്യോതിസ്സ്-അഗ്നി.

പുരഞ്ജനി-ബുദ്ധി, അറിവ്.

പുരഞ്ജയൻ-സൂര്യകുലത്തിലെ ഒരു രാജാവ്.

വികുക്ഷിയുടെ മകനാണ്. ത്രേതായുഗത്തിൽ അസുരന്മാർ തോല്പിക്കപ്പെടുക നിമിത്തം ദേവന്മാർ വിഷ്ണുവിനെ അഭയം പ്രാപിച്ചു. വിഷ്ണു അവരെ പുരഞ്ജയന്റെ സഹായം ചോദിക്കുന്നതിനു പറഞ്ഞയച്ചു. ഇന്ദ്രൻ ഒരു കാളയുടെ രൂപത്തെ അവലംബിച്ചു തന്റെ അംസകൂടത്തിന്മേൽ തന്നെ കൊണ്ടുപോകയാണെന്നു വരുകിൽ സഹായത്തിനു ചെല്ലാമെന്നു പുരഞ്ജയനും സമ്മതിച്ചു. ഇന്ദ്രൻ തദനുസരണം പ്രവർത്തിച്ചു. പുരഞ്ജയൻ പൂഞ്ഞു കററിയിൽ കയറിച്ചെന്നു-ദേവന്മാരുടെ ശത്രുക്കളെ ഒക്കെ പരാജിതരാക്കി. ഇതുകൊണ്ടാണു പുരഞ്ജയനു കകുൽസ്ഥൻ എന്ന പേരുണ്ടായതു്.

പുരടം-സ്വർണ്ണം.

പുരണം-കടൽ.

പുരതഃ-അ. മുമ്പെ, മുമ്പിൽ.

പുരത്തറ-ഭവനം വെയ്ക്കുന്നതിനുണ്ടാക്കുന്ന തറ.

പുരത്രയം-മൂന്നു പുരങ്ങൾ.

പുരദ്വാരം-രാജധാനിയുടേയും മററും ചുററുമുള്ള മതിലകത്തേക്കു കടക്കുന്നതിനുള്ള വാതിൽ, ഗോപുരത്തിന്റെ (കോട്ട വാതലിന്റെ) പേർ.

പുരദ്വിട്ട്-ശിവൻ.

പുരന്ദരൻ-പു. ഇന്ദ്രൻ. ശത്രുക്കളുടെ പുരങ്ങളെ ഭേദിക്കുന്നവൻ എന്നർത്ഥം. ൨. ശിവൻ. ൩. അഗ്നി. ൪. വിഷ്ണു.

പുരന്ദരാ-ചെവിയം.

പുരന്ദരസേനാപതി-സുബ്രഹ്മണ്യൻ.

പുരന്ദരാ-ഗംഗാനദി.

പുരന്ധ്രീ(ന്ധ്രി)-പു. പാതിവ്രത്യമുള്ള സ്ത്രീ. ൨. ഭർത്തൃപുത്രഭൃത്യാദികളോടുകൂടിയവളും അവരുടെ സംരക്ഷണത്തിൽ തന്നെ സദാ വ്യാപൃതയുമായ സ്ത്രീ. പുരത്തെ (ഗൃഹത്തെ) ധരിക്കുന്നവൾ എന്നർത്ഥം. തറവാടുകൊണ്ടു നടക്കുന്നവൾ എന്നു താൽപര്യം.

പുരപാലകൻ-ഭവനം രക്ഷിക്കുന്നതിന്നായിട്ടു വാതുക്കൽ കാത്തുനിൽക്കുന്നവൻ, ഗോപുരത്തിങ്കലെ കാവല്ക്കാരൻ.

പുരപ്പുറം-പുരമേച്ചിലിന്റെ പുറം, വീട്ടിന്റെ മുകളിലത്തെ വെളിവശം.

പുരപ്രീതി-മനസ്വാധീനം.

പുരഭിത്ത്-ശിവൻ.

പുരമഥനൻ-ശിവൻ.

പുരമുറി-അറ, ഭവനത്തിനകത്തുള്ള ഓരോ വിഭാഗങ്ങൾ, അകം.

**പുരം**-൧. ഭവനം. ൨. നഗരം. ൩. ശരീരം. ൪. ഗുഗ്ഗുലുമരം. ധൂപമാത്രയിൽ വച്ചു മുമ്പിട്ടു നില്ക്കുന്നതു എന്നർത്ഥം. ൫. കോട്ട. ൬. സ്ത്രീകളുടെ പുരമുറി. ൭. പാടലിപുത്രം എന്ന പട്ടണം. ൮. തൊലി. ൯. കലവറ. ൧൦. നാഗരമുസ്തം. ൧൧. എണ്ണ അകിൽ ൧൨. പെരുമുത്തങ്ങ.

'ഗൃഹേപരിഗൃഹേ ദേഹേ
നഗരേചപുരം പുരീ'
(നാനാർത്ഥമാല)

**പുരമ്പ്, പുനമ്പ്**-ചൂരൽ, ചൂരൽവടി.

**പുരംജനം**-ആത്മാവ്.

**പുരംജരം**-കക്ഷം.

**പുരമ്പൻ, പുനമ്പൻ**-ചോവന്മാരുടെ പ്രമാണി.

**പുരയിടം**-൧. പറമ്പ്, തോട്ടം. ൨. പുര വെക്കുന്നതിനായിട്ടു അതിരു തിരിച്ചെടുത്ത സ്ഥലം.

**പുരരിപു**-ശിവൻ.

**പുരലാ**-ദുർഗ്ഗ.

**പുരവാസി**-വി. പുരത്തിൽ പാൎക്കുന്ന, നഗരത്തിൽ പാൎക്കുന്ന. (നകാരാന്തം, സ്ത്രീ-പുരവാസിനീ.

**പുരജിത്ത്**-ശിവൻ.

**പുരശാസനൻ**-ശിവൻ.

**പുരസ്സ്**-അ. ൧ മുമ്പിൽ ൨. കിഴക്കുവശമായിട്ട്. ൩. കിഴക്കുനിന്ന്.

**പുരസ്കരിക്കുന്നു** ൧. മുൻപിലാക്കിച്ചെയ്യുന്നു. ൨. വന്ദിക്കുന്നു. ൩. തളിക്കുന്നു, അഭിഷേകം ചെയ്യുന്നു.

**പുരസ്കാരം**-൧. മുമ്പിലാക്കിച്ചെയ്ക ൨. വന്ദനം ൩. അഭിഷേകം.

**പുരസ്കൃത**-വി. ൧. മുൻപിലാക്കപ്പെട്ട. ൨. വന്ദിക്കപ്പെട്ട, പൂജിക്കപ്പെട്ട. ൩. ശത്രുക്കളാൽ ആക്രമിക്കപ്പെട്ട.

**പുരസ്ക്രിയ**-൧. ബഹുമാനം, ആദരവ്. ൨. സല്ക്കാരത്തോടു കൈക്കൊള്ളുക.

**പുരസ്താൽ**-അ. ൧. ആദ്യംതന്നെ, മുമ്പ്, മുമ്പിൽ. ൨. കിഴക്ക്. ൩. പണ്ട്.

**പുരസ്ഥ, പുരസ്ഥിത**-വി. ൧. മുമ്പിൽ നില്ക്കുന്ന. ൨. ഭവനത്തിലിരിക്കുന്ന. ൩. കിഴക്കുനില്ക്കുന്ന.

**പുരസ്സര**-വി. ൧. മുമ്പിൽ നടക്കുന്ന. ൨. ശ്രേഷ്ഠതയുള്ള.

**പുരസ്സരം**-അ. ഓടുകൂടി.

**പുരഹരൻ**-ശിവൻ.

**പുരളാ**-ദുർഗ്ഗ.

**പുരളി**-൧. ഒരു കോട്ടയുടെ പേർ. ൨. ഒരു കൊട്ടാരം. ൩. ഒരു മല. (പുരളിമല). ൪. കളരി.

'നടനമാടുന്ന പുരളിയിൽ നിന്നു
ഗദാഭ്യാസങ്ങൾ'
(വാത്മീകിരാമായണം)

'പുരളീജനപാലകപുരളീ ഭൂവികളി-
ച്ചരുളും ശിവൻ'
(വാത്മീകിരാമായണം)

**പുരളീശൻ**-൧. ഒരു രാജാവ്. The Rajah of Kotayattu. ൨. വഞ്ചിഭൂപൻ.

**പുരളുക**-൧. പരക്കുക ൨ ഉരുളുക.

**പുരളുന്നു**-൧. പരക്കുന്നു. ൨. ഉരുളുന്നു.

**പുരാ**-മുരാമാഞ്ചി.

**പുരാ**-അ. ൧. പണ്ടു, കഴിഞ്ഞകാലത്തിൽ

പുരാ എന്നതു ഒരു നിപാതമാണ്. ഈ നിപാതം 'സ്മ' എന്നപോലെ വൎത്തമാനത്തെ ഭൂതമാക്കുന്നതിനായി പ്രയോഗിക്കപ്പെടും.

'സപുരാഞ്ജിരന്തേ വിചാസ്തുതപം'
(നളചരിതം കഥകളി)

൨. പുരാണം.

**പുരാഞ്ജിരം**-സ്ഥ.

'സ്മരശരാരണമന്ദിരേ.
പുരാഞ്ജിരേ വിരേജിരേ'
(നളചരിതം കഥകളി)

**പുരാണ**-വി. പഴയ.

**പുരാണകർത്താവു്**- പുരാണമുണ്ടാക്കിയവൻ, വ്യാസൻ.

**പുരാണകിട്ടം**-പഴയ ഇരിമ്പുകീടം.

**പുരാണൻ**-പണ്ടേയുള്ളവൻ, വൃദ്ധൻ.

**പുരാണപുരുഷൻ**-വിഷ്ണു,

**പുരാണം**-പുരാതന ചരിത്രം, പൂർവ്വവൃത്തം, സർഗ്ഗാദിപഞ്ചലക്ഷണങ്ങളുള്ള ഗ്രന്ഥം. (അഷ്ടാദശ പുരാണങ്ങൾ, അഷ്ടാദശോപപുരാണങ്ങൾ ഇവ നോക്കുക.)

ഇതിഹാസംപോലെ ഇതും പൂർവ്വന്മാരുടെ ചരിത്രം അടങ്ങിയതാണ് എന്നാൽ

'സർഗ്ഗശ്ച പ്രതിസർഗ്ഗശ്ച
വംശോമന്വന്തരാണിച
വംശാനുചരിതം ചൈവ
പുരാണം പഞ്ചലക്ഷണം'

എന്നതനുസരിച്ചു സർഗ്ഗം, പ്രതിസർഗ്ഗം, വംശം, മന്വന്തരങ്ങൾ, വംശാനുചരിതം ഇങ്ങിനെ അഞ്ചു സംഗതികൾ കൂടി ഇതിഹാസത്തിൽ നിന്നും കൂടുതലായി പുരാണത്തിൽ അടങ്ങുന്നു. ഭാഗവതം പുരാണമാകുന്നു.

൧. സർഗ്ഗം-സാത്വികി, രാജസി, താമസി എന്നു മൂന്നു ശക്തികൾ, മഹാലക്ഷ്മി, മഹാസരസ്വതി, മഹാകാളി എന്നു മൂന്നു സ്ത്രീകളായി ഭവിച്ചു. ജഗത്സൃഷ്ട്യർത്ഥം മേല്പറയപ്പെട്ട മൂന്നു ശക്തികളുടെ ദേഹധാരണോദ്യുക്തമായ ലക്ഷണത്തെ പണ്ഡിതന്മാർ സർഗ്ഗം എന്നു പറയുന്നു.

൨. പ്രതിസർഗ്ഗം-പരിപാലനം, സൃഷ്ടി, സംഹാരം ഈ ക്രിയകൾക്കായിക്കൊണ്ടു വിഷ്ണുബ്രഹ്മരുദ്രന്മാരുടെ ഉല്പത്തി ഭവിക്കുന്നതാകുന്നു.

൩. വംശം-ദേവാദികളുടെ വംശക്രമം.

൪. മന്വന്തരം-സ്വായംഭുവൻ തുടങ്ങിയുള്ള ൧൪ മനുക്കളുടെ വർണ്ണനത്തിനും അവരുടെ കാല നിർണ്ണയത്തിനും ഉള്ള പേർ.

൫. വംശാനുചരിതം-സ്വായംഭുവ മനുക്കളുടെ വംശപാരമ്പര്യത്തെ പറയുന്നതു്.

പുരാണം ൧൮. അഷ്ടാദശപുരാണം എന്ന ശബ്ദം നോക്കുക. ഇതിഹാസവും പുരാണവും തമ്മിലുള്ള വ്യത്യാസം അറിഞ്ഞിരിക്കേണ്ടതാകുന്നു. ഇതിഹാസം എന്ന ശബ്ദം നോക്കുക.

പുരാണങ്ങൾ = വേദവ്യാസകൃതികൾ 'അഷ്ടാദശപുരാണാനാം കർത്താ സത്യവതീസുതഃ'

സാത്വികപുരാണങ്ങൾ (സത്വഗുണം പ്രധാനമായിട്ടുള്ളവ) = വിഷ്ണുനാരദീയ ഭാഗവതഗരുഡ പത്മവാരാഹപുരാണങ്ങൾ. താമസപുരാണങ്ങൾ (തമോഗുണം പ്രധാനമായിട്ടുള്ളവ) = മത്സ്യകൂർമ്മലിംഗശിവസ്കന്ദഅഗ്നിപുരാണങ്ങൾ. രാജസപുരാണങ്ങൾ (രജോഗുണം പ്രധാനമായിട്ടുള്ളവ) = ബ്രഹ്മബ്രഹ്മാണ്ഡ ബ്രഹ്മവൈവർത്ത മാർക്കണ്ഡേയ ഭവിഷ്യ വാമനപുരാണങ്ങൾ ഇങ്ങനെ മൂന്നുതരമാണ്. ഒന്നാമത്തേതു് വിഷ്ണുവിനേയും രണ്ടാമത്തേതു ശിവനേയും മൂന്നാമത്തേതു ബ്രഹ്മാവിനേയും പുകഴ്ത്തുന്നു. ഈ പുരാണങ്ങൾക്ക ൧൮ ഉപ

പുരാണങ്ങളും ഉണ്ട്-പുരാണങ്ങൾ എന്നു വിളിക്കപ്പെട്ടുവരുന്ന ചില ആധുനികകൃതികളും കാണുന്നുണ്ട്. പഞ്ചലക്ഷണങ്ങൾ മുഴുവനും ഇല്ലാത്തവയും ഇല്ലെന്നില്ല.

**പുരാണാന്തപ്രയോഗം** — (വ്യാകരണത്തിൽ) ഖിലങ്ങളെ പൂരിപ്പിക്കുന്നത്.

**പുരാതന**-വി. പഴയ, പണ്ടുള്ള. (പുരാതനൻ. സ്ത്രീ-പുരാതനി) പുരാതനം > < അധുനാതനം

**പുരാൻ**-വിള, സ്വാമി, നാഥൻ.

**പുരാന്തകൻ**-ശിവൻ.

**പുരാരാതി**-ശിവൻ.

**പുരാരാത്രി**-തലേന്നു രാത്രി.

**പുരാരി**-ശിവൻ.

**പുരാവരം, പുരാപാരം**-പഴങ്കഥകൾ.

**പുരാവൃത്തം**-പണ്ടുകഴിഞ്ഞ കഥകളെ പ്രതിപാദിക്കുന്ന മഹാഭാരതാദിഗ്രന്ഥം, മുമ്പിൽ കഴിഞ്ഞ വൃത്തം, ഇതിഹാസം.

**പുരി**-സ്ത്രീ. രാജധാനി, ഭവനം ഉ. നഗരം, പട്ടണം, രാജധാനി. ന. ഒരാൾ. ർ. രാജാവ്.

**പുരികക്കൂട്ട്**-മൂക്കിന്റെ മേലാത്ത ഭാഗം, പുരികം രണ്ടിന്റെയും മദ്ധ്യപ്രദേശം.

**പുരികക്കൊടി**-പുരികം.

**പുരികം**-കൺപോളകൾക്കു മുകളിൽ നെററിയുടെ താഴെ പന്തിയായിട്ടു വളഞ്ഞു നിൽക്കുന്ന രോമക്കൂട്ടം.

**പുരികുഴൽ**-സ്ത്രീ. തലമുടി; ചുരുണ്ട തലമുടി. ഉ. ഇരുവേണി.

**പുരികുഴലാൾ**-സുന്ദരി, ചുരുണ്ട തലമുടിയുള്ളവൾ.

**പുരികുന്തൽ**-തലമുടി.

**പുരിശംഖ്**-ചെറിയ ഒരുമാതിരി ശംഖ്

**പുരീ**-സ്ത്രീ. തലസ്ഥാനം, നഗരം. ഉ. കോട്ട. ന. ശരീരം.

**പുരീതൽ(ത്)**-കടൽ മാല. ശരീരത്തെ നിലനിറുത്തുന്നതു എന്നർത്ഥം.

**പുരീമോഹം**-ഉമ്മത്ത്.

**പുരീഷണം** — മലശോധനയുണ്ടാക്കുക, മലം കളയുക

**പുരീഷം**-സ്ത്രീ. വയററിൽനിന്നൊഴിയുന്ന മലം. ശരീരത്തെ രക്ഷിക്കുന്നതു എന്നർത്ഥം. ഉ. അഴുക്ക്.

**പുരു**-വി. സ്ത്രീ. വളരെയുള്ള. ഉ. പഴയ. ഉ-ം പുരുവൃത്തം.

**പുരു**-ബഹുലം, വളരെ പെരുകിയത്. പൂരിപ്പിക്കുന്നത് എന്നർത്ഥം.

**പുരു**-സ്ത്രീ സോമവംശത്തിലെ ആറാമത്തെ രാജാവ്. ശർമ്മിഷ്ഠക്ക യയാതിയിലുണ്ടായവൻ.

ശർമ്മിഷ്ഠയിൽ യയാതിക്കു ജനിച്ച മകൻ. ഇദ്ദേഹം തന്റെ യൗവ്വനത്തെ പിതാവിനു നൽകീട്ട് അദ്ദേഹത്തിന്റെ വാർദ്ധക്യത്തെ സ്വീകരിച്ചു. സഹസ്രവത്സരാനന്തരം യൌവ്വനം തിരിച്ചു വാങ്ങി സിംഹാസനാരൂഢനായി. പാണ്ഡവരുടെയും കൗരവരുടെയും പൂർവ്വികനാണ്.

ഉ. ഭൂമിയിൽ നിന്നു വേറെ ഒരു ലോകം. ന. ഒരാറ്. ർ സ്വർഗ്ഗം. ൩ ഇന്ദ്രൻ കൊന്ന രാക്ഷസൻ.

**പുരുകുത്സൻ**-സൂര്യവംശത്തിലുള്ള ഒരു രാജാവ്. മാന്ധാത്രിയുടെ പുത്രൻ, മൌനേയരെ ഇല്ലാതാക്കി.

**പുരുദം**-സ്വർണ്ണം.

**പുരുദംശകം**-അരയന്നം.

**പുരുഭൂതി**-അധികമായ ഐശ്വര്യം.

**പുരുവം**-പുരികം, (പുരികത്തിന്റെ പൂർവ്വരൂപം).

**പുരുവൃത്തം**-പഴയ ചരിത്രം.

**പുരുഷകുഞ്ജരൻ**-ശ്രേഷ്ഠതയുള്ളവൻ.

**പുരുഷകേസരി**-പു. നരസിംഹാവതാരത്തിൽ വിഷ്ണു. ൧. പുരുഷശ്രേഷ്ഠൻ.

**പുരുഷത, പുരുഷത്വം**-പുരുഷൻെറ അവസ്ഥ.

**പുരുഷദ്വയസ്സ്**-വി. ഒരാൾ പൊക്കമുള്ള. (അ) പുരുഷപ്രമാണം.

**പുരുഷദ്വേഷം**-പ്രത്യേക ആളിനോടുള്ള വൈരം.

**പുരുഷൻ**-പു. ആൺ. സകലപ്രാണികളിലും വച്ചു മുൻപൻ എന്നർത്ഥം. ൧ മനുഷ്യൻ. ൨. വിഷ്ണു. ൩. ബ്രഹ്മാവ്. ൪ ദൈവം ൫. പരമാത്മാവ്, ആത്മാവ്. ശരീരത്തിലിരിക്കുന്നതെന്നർത്ഥം ൬. സ്നേഹിതൻ. ൭. സാംഖ്യമതക്കാരൻ. ൮. ഭർത്താവ്. ൯. മൂലപ്രകൃതികൊണ്ടു ജഗദ്വ്യാപാരം നടത്തിക്കുന്ന പുരുഷൻ. ൰. ഒരു രാജാവ്.

പുരുഷൻ രണ്ടായിരം കൊല്ലത്തിനു മുമ്പു പഞ്ചാബുദേശത്തിലെ ഒരു ഭാഗം ഭരിച്ചിരുന്ന ഒരു രാജാവാണ് അലക്സാണ്ഡരോടു് ഏററു തോററപ്പോൾ ഇദ്ദേഹത്തിൻെറ ധീരതയേയും മററും കണ്ടു സന്തോഷിച്ചു അലക്സാണ്ഡർ പുരുഷൻേറ ദേശത്തെയും താൻ ജയിച്ച വേറെ ചില ദേശങ്ങളേയും പുരുഷനു കൊടുത്തു.

൰൧. മായാസംബന്ധത്താൽ പ്രവൃത്തനായവൻ.

**പുരുഷപുംഗവൻ**-ശ്രേഷ്ഠതയുള്ളവൻ.

**പുരുഷപ്രമാണം**-ഒരാൾ അളവ്.

**പുരുഷം**-പു. മേരുപർവ്വതം. ൧. പുന്നാഗമരം. പുരുഷതുല്യം എന്നർത്ഥം. ൨. പാൽകരുമ്പ.

**പുരുഷരത്നം**-പുരുഷശ്രേഷ്ഠൻ.

**പുരുഷർഷഭൻ**-ശ്രേഷ്ഠതയുള്ളവൻ.

**പുരുഷലക്ഷണം**-പു. ആണിൻെറ അടയാളം. ൧. മനുഷ്യൻെറ അടയാളം.

**പുരുഷവാഹൻ**-പു. ഗരുഡൻ. ൧. കുബേരൻ.

**പുരുഷവ്യാഘ്രൻ**-പു. ശ്രേഷ്ഠതയുള്ളവൻ. ൧. കഴുകൻ

**പുരുഷശാർദ്ദൂലൻ**-ശ്രേഷ്ഠതയുള്ളവൻ

**പുരുഷസൂക്തം**-ഋഗ്വേദത്തിൽ ലോകോല്പത്തിയെപ്പററി വിവരിക്കുന്ന ഒരു ഭാഗം.

പുരുഷസൂക്തം—ഋഗ്വേദം പത്താംമണ്ഡലത്തിലുള്ളതും "സഹസ്രശീർഷ പുരുഷഃ സഹസ്രാക്ഷസ്സഹസ്രപാൽ" ഇങ്ങനെ തുടങ്ങുന്നതുമായ ഒരു മന്ത്രം പുരുഷസൂക്തത്തിലാണു നാലു ജാതികളുടെ പേരുകൾ ആദ്യം പറഞ്ഞിട്ടുള്ളതു്. വേദത്തിലെ മററു ഗീതങ്ങളെക്കാൾ ഇതു ആധുനമെന്നു അഭിപ്രായമുണ്ടു്

**പുരുഷാകാരം**-പു ആൺരൂപം മനുഷ്യരൂപം.

**പുരുഷാകൃതി**-പു. ആണിൻെറ ആകൃതി ൧. മനുഷ്യൻെറ ആകൃതി

**പുരുഷാഗ്രസരൻ**-പുരുഷശ്രേഷ്ഠൻ.

**പുരുഷാദൻ**-മനുഷ്യമാംസം ഭക്ഷിക്കുന്നവൻ.

**പുരുഷാദ്യൻ**-വിഷ്ണു.

**പുരുഷാന്തരം**-തലമുറ വർഷകാലം, ഒരു മനുഷ്യൻ ജീവിച്ചിരിക്കുന്ന കാലം.

**പുരുഷായുസ്സ്**-ഒരു മനുഷ്യൻെറ ജീവിതകാലം, നൂററിരുപതു വയസ്സ്.

**പുരുഷാരം**-ജനക്കൂട്ടം.

"മുററിലെങ്ങും ചോരകിട്ടം
പുരുഷാരത്തിൻെറ മൂലം"

(പാഞ്ചാലീസ്വയംവരം തുള്ളൽ).

**പുരുഷാർത്ഥം**- ധർമ്മം, അർത്ഥം, കാമം, മോക്ഷം ഇവ നാലിനും കൂടെ പറയുന്ന പേർ (ചതുർവർഗ്ഗം).

'ധർമ്മവുമർത്ഥം കാമം
മോക്ഷമെന്നും നാലിതാചതുർവ്വർഗ്ഗം'

കാമം=ആഗ്രഹം. മോക്ഷം=സ്വർഗ്ഗം. ധർമ്മം=സുകൃതം, അർത്ഥം=സമ്പത്ത്.

**പുരുഷോത്തമൻ**-വിഷ്ണു

**പുരുഹ**-വി വളരെയുള്ള. പുരുക്കളെ (അനേകരെ) ഹനിക്കുന്നവൻ എന്നർത്ഥം.

**പുരുഹൂതൻ**-ഇന്ദ്രൻ. പുരു=ഏറ്റവും. ഹൂതൻ=വിളിക്കപ്പെട്ടവൻ യാഗത്തിൽ ഏറ്റവും വിളിക്കപ്പെട്ടവൻ എന്നർത്ഥം. പുരു എന്ന അസുരനെ കൊന്നവൻ എന്നുമാം. വളരെ നാമമുള്ളവൻ എന്നും കാണുന്നു.

**പുരുഹൂതം**-കടകപ്പാലരി.

**പുരൂരവസ്സ്**-ചന്ദ്രവംശരാജാക്കന്മാരിൽ ഒന്നാമൻ ചന്ദ്രപുത്രനായ ബുധനു ഇളയിൽ ഉണ്ടായവൻ.

ഇദ്ദേഹം മഹാ സുന്ദരനും പരാക്രമിയും സത്യസന്ധനും ഭക്തനും ഉദാരശീലനുമായിരുന്നു. ഉർവ്വശിയിൽ ഇദ്ദേഹത്തിനു ആറു പുത്രന്മാരുണ്ടായി. അവരിൽ ജ്യേഷ്ഠൻ ആയുസ്സായിരുന്നു ആയു എന്നും പറയുന്നുണ്ട്.

**പുരൂരവാവ്**-പുരൂരവസ്സ് (സകാരാന്തശബ്ദങ്ങളെ ഇങ്ങിനെ ആവാന്തങ്ങളാക്കാറുണ്ട് ദുർവ്വാസാവ്, സുവർച്ചാവ് ഇത്യാദി)

**പുരോഗ**-വി. മുൻപിൽ നടക്കുന്ന, ശ്രേഷ്ഠതയുള്ള, പ്രധാനമായ.

**പുരോഗത**-വി. മുമ്പ പോയ.

**പുരോഗമ**-വി. മുമ്പേ സഞ്ചരിക്കുന്ന, മുമ്പിൽ ഗമിക്കുന്ന.

**പുരോഗാമി**-,, മുമ്പേ സഞ്ചരിക്കുന്ന. (നകാരാന്തമാണ്. സ്ത്രീ-പുരോഗാമിനി).

**പുരോഗാമീ**-നായ്.

**പുരോഢി**-പു. നരിയിലെ ഒഴുക്ക്. ഉ. ഇലകളുടെ കിരുകിര ശബ്ദം.

**പുരോചനൻ**-ദുര്യോധനന്റെ ഭൃത്യൻ.

വാരണാവത നഗരത്തിൽ പാണ്ഡവരെ നശിപ്പിപ്പാനായിത്തീർത്തിരുന്ന കെട്ടിടത്തിനകത്തു ഈ പുരോചനനും, കിടന്നിരുന്നു. ഇതു (അരക്കില്ലം) ഒരു ആഗ്നേയ ഗൃഹമായിരുന്നു. ഇതിൽ തീ കൊളുത്തുന്നതിനായിട്ടാണ് ഇവൻ കിടന്നിരുന്നതു. വിവരം മനസ്സിലാക്കിയ ഭീമൻ ആദ്യം ഇവൻ കിടന്ന സ്ഥലത്തിനു തീകൊളുത്തി അവനെ ദഹിപ്പിച്ചു. പിന്നീടു തുരങ്കവഴി താനും സഹോദരന്മാരും മാതാവും രക്ഷയെ പ്രാപിച്ചു.

**പുരോഡാശം**-പു ഹോമദ്രവ്യം, ഹവിർവിശേഷം. അഗ്നിയിൽ ദാനം ചെയ്യപ്പെടുന്നതു് എന്നർത്ഥം.

'തിലതണ്ഡുലമാഷഞ്ച
സിതാമധുസമന്വിതഃ
ഘൃതേനസഹസംയുക്തഃ
പുരോഡാശഹവിർവിധിഃ'

എള്ള്, അരി, ഉഴുന്നു, പഞ്ചസാര, മധു ഇവയും നെയ്യും കൂടി കലർത്തിയതാണ് ഹവിസ്സ് അല്ലെങ്കിൽ പുരോഡാശം.

'പുരോഡാശോഹവിർഭേദേ
ചമസ്യാം പിഷ്ടകസ്യച,
രസേഃസോമലതായാഞ്ച
ഹുതശേഷേച കീർത്തിതഃ'

എന്നും കാണുന്നു.

ഉ. ഹോമശേഷം. ന. ജൂളം.

**പുരോധസ്സ്**-പുരോഹിതൻ, കർമ്മങ്ങളെ ചെയ്യിപ്പിക്കുന്ന ആചാര്യൻ. മുമ്പിൽ നടന്നു പ്രവർത്തിക്കുന്നവൻ എന്നർത്ഥം.

**പുരോധാനം**-ക്രി. മുമ്പിൽ വെക്കുക. ൨. ആചാര്യനാൽ ശുശ്രൂഷിക്കപ്പെടുക.

**പുരോഭാഗം**-അ. മുമ്പിലെഭാഗം.

**പുരോഭാഗി**-വി. ദുർമ്മനസ്സുള്ള, ദോഷത്തെ മാത്രം കാണുന്ന. അസൂയ്യം സേവിക്കുന്നവൻ എന്നു ശബ്ദാർത്ഥം. (നകാരാന്തം-സ്ത്രീ-പുരോഭാഗിനി).

'ശോച്ചിസാ വിരളാന്നയത്ര്യല്പടതേ
സതാം പുരോഭാഗിനാം'
(ഘോഷയാത്ര ഓട്ടൻതുള്ളൽ)

ഒരുവനുള്ള ദോഷഗുണങ്ങളിൽ ദോഷത്തെ മാത്രം ദർശിക്കുന്നവനാത്രെ പുരോഭാഗീ.

**പുരോമാരുതൻ**-കിഴക്കൻ കാററ്.

**പുരോഹിതൻ**-യാഗാദി കർമ്മങ്ങളെ പറഞ്ഞു ചെയ്യിക്കുന്നവൻ, ധർമ്മകാര്യാധ്യക്ഷൻ. മുമ്പിൽ നടന്നു പ്രവർത്തിക്കുന്നവൻ എന്നർത്ഥം. മറെറാരു പര്യായം-പുരോധസ്സ്.

**പുല**-വി. വിസ്തൃതമുള്ള, പരന്ന, വലിയ.

**പുല**-ക്രി. സംബന്ധത്തിൽ ഒരുത്തൻ മരിച്ചാൽ കുറച്ചു ദിവസത്തേക്കുള്ള അശുദ്ധി. ൨. (സം). കതിരയുടെ ഒരുമാതിരി നടപ്പ്.

**പുലകം**-ക്രി. കങ്കട്ടം. ൨. അരിതാരം. ൩. ഇന്ദ്രനീലക്കല്ല്. ൪ വൈരം.

**പുലകാ**-മുട്ടയ്.

**പുലകി**-വലിയ കടമ്പ്.

**പുലകളി**-പുല കഴിഞ്ഞാലുള്ള കളി.

**പുലക്കള്ളി**-പുലയസ്ത്രീ, ചണ്ഡാലി.

**പുലക്കഴിയൻ**-പുലക്കിടാത്തൻ.

**പുലക്കൊട്ടിൽ**-പുലമാടം, പുലയന്റെ പുര.

**പുലച്ചണ്ഡാളൻ**-പുലയരുടെ ദൈവം.

**പുലച്ചാള**-പുലമാടം, പുലക്കൊട്ടിൽ.

**പുലച്ചി**-പുലക്കള്ളി.

**പുലൻ**-ഇന്ദ്രിയം.

**പുലപ്പതി**-പുലയരുടെ ശവം അടക്കുന്ന സ്ഥലം.

**പുലപ്പു**-കൂട്ടമായി കാണുന്ന മീൻ.

**പുലബന്ധം**-മരിച്ചാൽ പുലകൊള്ളത്തക്കവണ്ണമുള്ള പരസ്പരസംബന്ധം

**പുലം**-ക്രി. ദേഹത്തിലെ രോമം വളരുക. ൨. (മ). കന്നുകാലികളെ തീററുന്ന സ്ഥലം. ൩. ഇന്ദ്രിയം. ൪. ഇന്ദ്രിയജ്ഞാനം, ഉണർവ്, ബുദ്ധിശക്തി

**പുലമാടം**-പുലയരുടെ പുര

**പുലമാരൻ**-പുലയരുടെ പാവ്, പുലയർ സേവിക്കുന്ന ഒരു ദുർമ്മൂർത്തി.

**പുലമ്പൽ**-ക്രി. പറഞ്ഞുകൊണ്ടു കരകയും മറവും ൨. ഒപ്പാരു (ഒപ്പാരി).

**പുലമ്പുന്നു**-ക്രി. വിഷാദത്തോടെ കരകയും പറകയും ചെയ്യുന്നു, വിലപിക്കുന്നു. ൨. ശബ്ദിക്കുന്നു. ൩. വേഗത്തിൽ സംസാരിക്കുന്നു. ൪. ഉണ്ടാവുന്നു. ൫. പാറുന്നു. ൬. വിളങ്ങുന്നു.

**പുലയടിയാൻ**-പുലയൻ.

**പുലയർ**-ഒരു താണ ജാതിക്കാർ, കേരളത്തിലെ ആദിമ നിവാസികളിൽ ഒരു വർഗ്ഗം.

ഈ ജാതിക്കാർക്കു പണ്ടു വളരെ തിണ്ടൽ ഉണ്ടായിരുന്നു.

**പുലയാടി**-വ്യഭിചാരം ചെയ്യുന്ന സ്ത്രീ, സ്ത്രീകളെ ശകാരിക്കുന്ന ഒരു വാക്ക്.

**പുലയാട്ടുന്നു**-വ്യഭിചരിക്കുന്നു, (പുലയാട്ടിക്ക-വ്യഭിചരിപ്പിക്ക).

'കൊല്ലമെല്ലയാശ്ശിൽ പുലയാടിയ്ക്കു-
മില്ലാത്ത നല്ലതൊന്ന ജാതിയും ഹരേ
(അദ്ധ്യാ-രാമ)

പുലയാടീടുന്നാക്കിരിയു പാവലമ
ച്ചുലവെച്ചുതു പുഴപ്പിച്ചുഴുതുഴകിയ്ക്കും'
(ഭാഗവതം)

**പുലയാട്ട്**-വ്യഭിചാരം.

**പുലയാൾ**-പുലയൻ.

**പുലയി**-പുലക്കള്ളി, പുലയന്റെ സ്ത്രീ.

**പുലരി**-പ്രഭാതം

**പുലരിവനിത** പ്രഭാതദേവി.

**പുലരുന്നു**-൧ നേരംവെളുക്കുന്നു. ൨. ഉപജീവിക്കുന്നു

**പുലരേ**-അ. കാലത്തെ, പകൽ തുടങ്ങിയ ഉടനെ.

**പുലർ**-൧ ഉഷസ്സ്, സൂര്യോദയസമയം. ൨. ഉപജീവനം. ൩. അഭിവൃദ്ധി.

**പുലർകാലേ**-അ. അധികം കാലത്തെ, ആദിത്യനുദിച്ച ഉടനെ.

**പുലർച്ച**-൧ നേരംവെളുക്കൽ, പ്രഭാതം ൨. ഉപജീവനം, നിത്യവൃത്തി കഴിക്കുക ൩. അഭിവൃദ്ധി

'ശിഷ്ടന്മാർക്കു പുലർച്ചയില്ലാത്തതുകൊണ്ടും'
(കുചേലവൃത്തം വഞ്ചിപ്പാട്ട്)

൪. രക്ഷ.

**പുലർത്തുക**-ക്ഷേിപ്പാനും മററും കൊടുത്തു രക്ഷിക്കുക.

**പുലർത്തുന്നു**-൧. രക്ഷിക്കുന്നു, പോററുന്നു.

**പുലസ്ത്യൻ, പുലസ്തി**-ഒരു മഹർഷി, പ്രജാപതി, കുബേരന്റെയും രാവണന്റെയും പിതാവായ വിശ്രവസ്സിന്റെ അച്ഛൻ. രാക്ഷസരെല്ലാം ഇദ്ദേഹത്തിന്റെ സന്തതികളാണ്.

**പുലഹൻ**-൧. ഒരു മഹർഷി, ഒരു പ്രജാപതി. ൨. ഒരു ഗന്ധർവൻ.

**പുലാ**-അണ്ണാക്ക്, ചെറുനാക്ക്.

**പുലാകം**-൧. പതിർ. ൨. കട്ടച്ചോറു, ചോററിൻമണി, വററ് ൩. കഞ്ഞിത്തെളി. ൪. ചുരുക്കുക, ചുരുക്കം, വിസ്തരമില്ലായ്ക.

**പുലായിതം**-കുതിരച്ചാട്ടം.

**പുലാലയൻ**-കുബേരൻ.

**പുലാവ്**-ഒരു വൃക്ഷം. പര്യായങ്ങൾ-പനസം, കണ്ടകിഫലം.

**പുലി**-ഒരു കാട്ടുമൃഗം.

പുലിയുടെ മാംസം സിംഹമാംസത്തോടു തുല്യമാണ്. സം-ചിത്രവ്യാഘ്രം ഇം-Leopard.

**പുലികം**-പാമ്പ്.

**പുലിച്ചുവടി**-ഒരു പച്ചമരുന്ന്.

പുലിച്ചുവട് എന്നു ചിലർ പറയുന്നു. പുലിച്ചുവടിക്കു നാഗണത്തിന്റെ ഗുണമുണ്ട്. വിശേഷാൽ ഗന്ധം കൂടുതലാണത്രെ നാഗണം വല്ലതും പുലിച്ചുവടി ചെറുതുമാണ്. സം-നഖരീ, നഖീ. ത-പുലിയുകിർ. പര്യായങ്ങൾ-വ്യാഘ്രായുധം, വ്യാഘ്രനഖം, കരജം, ചക്രകാരകം.

**പുലിത്തോൽ**-പുലിയുടെ തോൽ,

**പുലിനഖം**-പുലിയുടെ നഖം.

**പുലിപ്പല്ല്**-പുലിയുടെ പല്ല്.

**പുലിമുഖം, പുലിമുട്ട്**-ആററുവക്ക് ഇടിഞ്ഞുപോകാതിരിപ്പാൻ കെട്ടുന്ന മുട്ട്.

**പുലിയാമുകിൾ**-ഒരു നിലയുള്ള തുറന്ന മാളിക (പുലിമുഖമുകിൾ)

**പുലിയങ്കം**-വലിയ അഭ്യാസികൾ പുലിയുമായിട്ടു ചെയ്യുന്ന യുദ്ധം.

പുലിസ്സുകിർ-പുഴിച്ചുവടി.

പുലിരികാ-സപ്പം.

പുലിവാൽ-പുലിയുടെ വാൽ.

പുലിവാൽപിടിക്കുന്നു തന്നത്താൻ അനൎത്ഥത്തിൽ ചെന്നു ചാടുന്നു(ശൈലി)

പുലിവാഠം-ഒരുമാതിരി വാഠം.

പുലോമ-ഒരു ദൈത്യസ്ത്രീ. (ഇവളിൽ നിന്നുണ്ടായവർ പൌലോമന്മാർ)

പുലോമജ-ഇന്ദ്രാണി, ഇന്ദ്രന്റെ ഭാൎയ്യയായ ശചി, പുലോമമുനിയുടെ പുത്രി.

പുലോമൻ-ഒരു മുനി.

പുലോമാ-ഭൃഗുമുനിയുടെ ഭാൎയ്യ, ച്യവനന്റെ അമ്മ.

പുലോമാവ്-ഒരു രാക്ഷസൻ ഇന്ദ്രന്റെ ഭാൎയ്യയായ ശചിയുടെ പിതാവ്.

മകളെ അപഹരിച്ചു കൊണ്ടുപോകകൊണ്ടു ഇന്ദ്രനെ ശപിച്ചു ഇന്ദ്രൻ അവനെ വധിച്ചു.

പുൽ, പുല്ല്-ക്രി. ദ൪, കറുക മുതലായ ചില പച്ചകൾക്കു പറയുന്ന പേർ. വി. സാരമില്ലാത്തതു്. ന. കഴിവിന്റെയും മറവും ഉയൎത്തുന്ന ആറ്റത്തു വെക്കുന്ന ഒരു വസ്തു. ര. പഞ്ഞപ്പുല്ല്.

പുൽകുന്നു-കെട്ടിപ്പിടിക്കുന്നു, ആലിംഗനം ചെയ്യുന്നു

പുല്ക്കെട്ട്-കട്ടയായിട്ടു വെട്ടിയെടുത്ത പുല്ല്.

പുല്ക്കസൻ-പറയൻ, ചണ്ഡാലൻ.

പുല്ക്കുങ്കുമം-ഒരു വൃക്ഷം.

പുൽക്കുങ്കുമം കഫം, വാതം, ചൊറിചിരങ്ങ് മുതലായവകളെ നശിപ്പിക്കുന്നു. കാശ്മീരദേശത്തിലുണ്ടാകുന്നു. സം-തൃണകുങ്കുമം

പുൽക്കൂട്ടം-പുല്ലിന്റെ കൂട്ടം.

പുല്ക്കെട്ട്-കെട്ടിയ പുല്ല്,

പുല്ക്കൊടി-പുല്ല്.

പുല്ഗലം-പിണ്ഡം.

'മുത്രമാംസാമേദ്ധ്യാന്ത്രപുല്ഗല
പിണ്ഡമാകും'

(രാമായണം)

പുല്പ്-ആററിലെ തുരുത്ത്, മണൽത്തിട്ട.

പുല്പണ്ടാ-പശുക്കളുടെ ആമാശയം.

പുല്പാ, പുല്പായ്-ഒരു മാതിരി പുല്ലുകൊണ്ടു നെയ്തുണ്ടാക്കിയ പായ്.

പുൽപിഞ്ഞാ-കറവക്കാരെ നാട്ടുകടത്തുന്ന സ്ഥലം.

പുല്പുറം-ക്രി. പുൽതകിടി. വി. മേച്ചിൽ സ്ഥലം.

പുല്പോന്ത്-ക്രി. ഒരുവക പക്ഷി. ക്രി. ചാടുന്ന ഒരു ചെറിയ പ്രാണി, വിട്ടിൽ.

പുൽവിഷം-തുളുപോലെയുള്ള ഒരുവക പുല്ല്.

ഇതു കന്നുകാലികൾക്കു അപകടകരമായതാണ്; തൊട്ടാൽ വ്രണം ഉണ്ടാകും.

പുല്ല്-കന്നുകാലികൾക്കുള്ള ഒരുമാതിരി മഞ്ഞ നിറം.

പുല്ലട-പഞ്ഞപ്പുല്ലുകൊണ്ടുണ്ടാക്കിയ ഒരു പലഹാരം.

പുല്ലട്ടം-മേല്പുരകൾ താഴെയുള്ള ഉണക്കപ്പുൽ ശേഖരിപ്പു സ്ഥലം.

പുല്ലൻ-ക്രി. കൊള്ളരുതാത്തവൻ. വി. ഒരു മത്സ്യം. ന. ഒരുമാതിരി പാമ്പ്. ര പുല്ലങ്കടി

പുല്ലങ്കടി-ഒരുവക കണ്ണിക്ഷീനം.

പുല്ലയരി, പുല്ലെരി-വായ്ക്കൂൽ തുമ.

പുല്ലരി-ക്രി. പഞ്ഞപ്പുല്ലിന്റെ അരി. വി. ചാമ.

പുല്ലാക്ക്-ഒരാഭരണം.

മൂക്കിൽ രണ്ടു ദ്വാരത്തിനും മദ്ധ്യേ ഇടുന്ന ഒരു ആഭരണം. സ്വൎണ്ണത്തിൽ കല്ലുവെച്ചിരിക്കും.

പുല്ലാങ്കുഴൽ - വേഴക്കോലുകൊണ്ടുണ്ടാക്കുന്ന കുഴൽ.

പുല്ലാഞ്ഞി - ഒരുവക വിഷമധികമുള്ള സൎപ്പം.

പുല്ലായനിമൂൎക്കൻ-ഒരു പാമ്പ്.

പുല്ലായനി-ഒരു കാട്ടുചെടി.

പുല്ലായിനി-പാവൽ.

പുല്ലിംഗം-പ്ര. പുരുഷന്റെ അടയാളം. ൨. (വ്യാകരണപ്രകാരം) ലിംഗങ്ങൾ മൂന്നുള്ളതിൽ ഒന്ന്. വിശേഷബുദ്ധിയുള്ളവരിൽ പുരുഷജാതിയെ കുറിക്കുന്നതു്

പ്ര. പുല്ലിംഗം-പുരുഷനെ കുറിക്കുന്നതു്. ഉ-ം (കള്ളൻ).

൨. സ്ത്രീലിംഗം-സ്ത്രീയെ കുറിക്കുന്നതു. ഉ-ം (കള്ളി)

൩. നപുംസകലിംഗം-ആണും പെണ്ണുമല്ലാത്തതിനെ കുറിക്കുന്നതു്. (കള്ളം)

പുല്ലുവട്ടി-പ്ര. പുല്ലുകൊണ്ടു നെയ്തുണ്ടാക്കിയ ഒരു പാത്രം. ൨. പശുവിനു തിന്മാൻ പുല്ലിട്ടുകൊടുക്കുന്ന ഒരു വട്ടി.

പുല്ലുന്നി-പന്നിയുടെ മുതുകിലെ മുടി.

പുല്ലൂരി-പ്ര. കാലിന്റെ മുട്ടിനു താഴെ നീളത്തിലുള്ള മുൻഭാഗം. കണങ്കാൽ. ൨. പുല്ലൂരിപ്പാമ്പു.

പുല്ലൂരിക്കുഴ-കഴുത്തിലെ ഒരാഭരണം.

പുല്ലൂർവണ്ണൻ-പുലിവണ്ണൻ.(A deity of Tiyars) തീയരുടെ ഒരു ദൈവം.

പുല്ലേററകുട്ടൻ-നല്ലവണ്ണം തിന്നുമദിച്ച കാള.

പുവനി-ഭൂമി. (പ-മ).

പുവ്വൽ-പിഞ്ച്.

പുവ്വത്ത്-ഒരങ്ങാടിമരുന്നു.

പുവ്വെണ്ണ-പൂവരശിൽ നിന്നെടുക്കുന്ന എണ്ണ.

പുവ്വം-ഒരു വൃക്ഷം.

പുവ്വത്തി-ഒരു മരം, കുരഞ്ഞിമരം. പച്ചയങ്ങാം അരിഷ്ട, പേനിലം.

പുവ്വങ്കുറുന്തൽ-ഒരു പച്ചമരുന്നു്.

പുഷിത-വി. വളൎക്കപ്പെട്ട. പുഷ്ടിയെ പ്രാപിപ്പിക്കപ്പെട്ട.

പുഷ്കം-പോഷിപ്പിക്കുന്നതു്.

പുഷ്കരകാന്തൻ-സൂൎയ്യൻ.

പുഷ്കരകാന്തൻ അസ്തമിച്ചീടുന്നാൻ'
(കൃഷ്ണഗാഥ)

പുഷ്കരചൂഡൻ-ലോകാലോക പൎവ്വതത്തിൽ നാലു ദിക്കിലുമുള്ള നാലു ദിഗ്ഗജങ്ങളിൽ ഒന്ന്.

പുഷ്കരൻ-പ്ര. ഒരു രാജാവു് ൨. വരുണന്റെ പുത്രൻ. ൩. കൃഷ്ണൻ ൪. ശിവൻ. ൫. ഭരതന്റെ പുത്രനായ ഗാന്ധാരരാജാവു ൬. നളന്റെ ഒരു സഹോദരൻ. ൭. ഒരു ബ്രാഹ്മണൻ.

പുഷ്കരപുത്രി-ലക്ഷ്മീദേവി.

'പുഷ്കരപുത്രീരമണൻ പുരാതനൻ'
(രാമായണം)

പുഷ്കരം-പ്ര. താമര. ൨. വെള്ളം. പുഷ്ടിയെ ചെയ്യുന്നതു എന്നൎത്ഥം. ൩. ആകാശം. പുഷ്ടിയെ പ്രാപിക്കുന്നതു്; അവകാശത്തെ പോഷിപ്പിക്കുന്നതു്, വെള്ളത്തെ കൊടുക്കുന്നതു് ഇങ്ങിനെ ശബ്ദം ഭേദം. ൪. സപ്തദ്വീപുകളിൽ ഒന്ന്.

'സാഗരം ചിഷോഡശലക്ഷം വിസ്താരത്തോടും നീളയുഗ്മത്തിൽപ്പുറം പുഷ്കരദ്വീപമതു*കേളവപത്തുനാലുലക്ഷം യോജനതന്നെ വിസ്താരമവിടെപ്പൊന്നുമയമായിരിപ്പൊന്നു*പത്തുമുണ്ടല്ലോ പതിനായിരമിതളോടും ബ്രഹ്മാവിന്നിരിപ്പതിന്നടവിലാകുന്നിതു*തൻമൂലം പുഷ്കരദ്വീപെന്നു പേരുണ്ടായ്വന്നു'

൯. പുഷ്കരമൂലം എന്ന മരുന്ന്. ൧൦ ആനത്തുമ്പിക്കൈയുടെ പൃഷ്ഠം. ൧൧ ഒരു സ്ഥലത്തിന്റെ പേർ. ൧൨. വാദ്യത്തിൽ കൊട്ടുന്ന ഭാഗം. ൧൩. വാളിന്റെ പരന്ന ഭാഗം. ൧൪. അമ്പ് ൧൫. കൂട്. ൧൬. പണ്ടാരക്കോഴി. ൧൭. ഒരു തീർത്ഥം. ൧൮. പൊയ്ക. ൧൯. കൊട്ടം. ൨൦ പാമ്പ്.

**പുഷ്കരമൂലം**-ഒരു പച്ചമരുന്ന്.

പുഷ്കരമൂലം കൊട്ടത്തിൽ ഒരുവകയെന്ന അഭിപ്രായം കാണുന്നു. വാതം, കഫം, ജ്വരം, അരുചി, ഇക്കിൾ മുതലായവക്കു നന്ന്. ഇതു കിട്ടാതെ വന്നാൽ പകരം കൊട്ടം ചേർക്കാം, എന്ന് വൈദ്യന്മാരെരക്കിടങ്ങ്.

**പുഷ്കരശായികാ**-താമരക്കിളി.

**പുഷ്കരാഹ്വാ**-പണ്ടാരക്കോഴി. താമരപ്പൂവിന്റെ പേരുള്ളതു എന്നർത്ഥം. (താമരപ്പൂവിന്റെ പര്യായങ്ങളെല്ലാം ഇതിന്റെയും പര്യായമാകുന്നു).

ഇതു ജലത്തോടു സംബന്ധമുള്ള ഒരു പക്ഷിയാണ്. 'നീർക്കാക്ക' എന്നു ചിലരുടെ പക്ഷം.

**പുഷ്കരാക്ഷ**-വി. താമരപ്പൂപോലെ കണ്ണുള്ള, സൌന്ദര്യമുള്ള.

**പുഷ്കരാക്ഷൻ**-വിഷ്ണു.

**പുഷ്കരിണി**-൧. ഒരുമാതിരി കുളം. പുഷ്കരം (ജലം) ഉള്ളതു എന്നർത്ഥം. കൊക്കരണി, താമരക്കുളം, താമരപ്പൊയ്ക, പൊയ്ക. ൨. പിടിയാന. ൩. ഓതില താമര.

**പുഷ്കരീ**-ആന.

**പുഷ്കല**-വി. ൧. പ്രധാനമായ ൨. വളരെയുള്ള. ൩. പൂർണ്ണമായ. ൪. അതിശയേന ശോഭായമാനമായിട്ടുള്ള. ൫. സമീപമുള്ള. ൬ ഐശ്വര്യമുള്ള. ൭. പ്രതിധ്വനിപ്പിക്കുന്ന. ൮. ഉത്തമമായ

'പുഷ്കലമായൊരുപുഷ്കരം'

(കൃഷ്ണഗാഥ)

൯. മനോഹരമായ. ൧൦. തടിച്ച.

**പുഷ്കലകൻ**-ബുദ്ധസന്യാസി.

**പുഷ്കലകം**-൧. ആപ്പ്. ൨. ആണി. ൩. കസ്തൂരിമൃഗം.

**പുഷ്കലൻ**-൧. ശിവൻ. ൨. മേരുപർവ്വതം. ൩. ഭരതന്റെ ഒരു പുത്രൻ.

**പുഷ്കലം**-൧. പ്രളയ കാലത്തിലെ മേഘങ്ങളിൽ ഒന്ന്.

പുഷ്കലം, ആവർത്തം മുതലായ മഹാംബുദങ്ങൾ വർഷിച്ചാണ് പ്രളയ സമുദ്രമുണ്ടാകുന്നതു.

൨. ഒരു വാദ്യം. ൩. മേരുപർവ്വതം. ൪. ഒരളവ് (നാല് കൈനിറയ).

**പുഷ്കസൻ**-ചണ്ഡാലൻ.

**പുഷ്ട**-വി. വളർക്കപ്പെട്ട.

**പുഷ്ടം**-പുഷ്ടിയെ പ്രാപിപ്പിക്കപ്പെട്ടതു" പോഷിപ്പിക്കപ്പെട്ടതു എന്നർത്ഥം.

**പുഷ്ടമോദം**-അ. അധികം സന്തോഷത്തോടെ.

**പുഷ്ടി**-൧. കരേറ്റം. ൨. ശക്തി. ൩. വണ്ണം. ൪. സമ്പത്ത്. ൫. അഭിവൃദ്ധി. ൬. വൃദ്ധി.

**പുഷ്ടികാ**-കക്കാ.

**പുഷ്ടിവർദ്ധനം**-കോഴി.

**പുഷ്ടീകരിക്കുന്നു**-പുഷ്ടിപ്പെടുത്തുന്നു, ബലപ്പെടുത്തുന്നു.

**പുഷ്പകൻ**-ഒരു അമ്പലവാസി.

ഇവർ ക്ഷേത്രങ്ങളിൽ പൂവും മാലയും കൊണ്ടുവരുന്ന ജോലിയാണ്.

**പുഷ്പകം**-പ്ര. വൈശ്രവണന്റെ വിമാനം

പുഷ്പകവിമാനം കുബേരനു ബ്രഹ്മാവു ദാനം ചെയ്തതാണ്. ഈ വിമാനത്തെ രാവണൻ അപഹരിച്ചു. രാവണവധം കഴിഞ്ഞശേഷം ശ്രീരാമനും സീതയ്ക്കു ലക്ഷ്മണനും മററും ഇതിൽ കയറിയാണു അയോധ്യയ്ക്കു പോയതു്. വിമാനം തിരികെ വൈശ്രവണനെത്തന്നെ പ്രാപിച്ചു.

പുഷ്പംപോലെ ഭംഗിയുള്ളതു എന്നർത്ഥം. ഉ. രത്നവലയം. ന. പിച്ചള, ക്ലാവ്. ര്. കണ്ണിലുണ്ടാകുന്ന ഒരു ദീനം. ഇ. കുസുമാഞ്ജനം. ൻ. ഇരിമ്പ്. ൦. പുഷ്പകാസീസം. വ്വ. വെള്ളോട്ട്. ൽ. രസാഞ്ജനം. ൺ. കാരീയം.

**പുഷ്പകാസീസം**-രസായനമണ്ഡന വർഗ്ഗത്തിൽ പെട്ട ഒരു ഉപരസദ്രവ്യം.

അരച്ചു തേച്ചാൽ ത്വഗ്ദോഷങ്ങളും നീങ്ങും. ഇം-Green or black sulphate of iron.

**പുഷ്പകീടം**-വണ്ട്.

**പുഷ്പകേതു**-പ്ര. കാമദേവൻ. ഉ. കുസുമാഞ്ജനം. പുഷ്പത്തെ നശിപ്പിക്കുന്നതു എന്നർത്ഥം.

പിച്ചള ഉലയിൽ വച്ചു് ഊതുമ്പോൾ അതിൽ നിന്നുണ്ടാകുന്ന കിട്ടമാണ 'പുഷ്പകേതു' എന്നു കാണുന്നു. പുഷ്പാഞ്ജനം എന്നും പറയും.

**പുഷ്പഗന്ധം**-പൂവിന്റെ മണം.

**പുഷ്പഘാതകം**-മുള.

**പുഷ്പജം**-പനിനീർ.

**പുഷ്പമഞ്ജരികാ**-നീലത്താമര. വിടർന്നു നില്ക്കുന്നതു എന്നർത്ഥം.

**പുഷ്പതല്പം**-പൂമെത്ത, പൂക്കൾകൊണ്ടു മെത്തപോലെ വിരിച്ചതു്.

**പുഷ്പദാമം**-വാഴയുടെ കുമ്പിന്റെ മേൽഭാഗം (തടി). കാളാമുണ്ടം.

**പുഷ്പദന്തൻ**-പ്ര. വായുക്കോണിലെ ആന, ഒരു ദിഗ്ഗജം. പുഷ്പംപോലെ ഭംഗിയുള്ള പല്ലുകളും ഉള്ളതു എന്നർത്ഥം. ഉ. ശിവന്റെ ഒരു അനുചരൻ ന. മഹിമസ്തോത്രം എന്ന പുസ്തകത്തിന്റെ ഗ്രന്ഥകർത്താവ്. ര്. ചന്ദ്രനും സൂര്യനും. ഇ. ശിവന്റെ ഒരു മുഖ്യപരിചാരകൻ.

ശിവന്റെ ഈ പരിചാരകൻ ശിവൻ പാർവ്വതിയോടു സ്വകാര്യം പറഞ്ഞതു ഒളിച്ചുനിന്നു കേട്ടു് അതിനെ പ്രസിദ്ധമാക്കുകകൊണ്ടു ശപിക്കപ്പെടുകയും ജൈമിനിയാകരണനായ കാത്യായനനായി ജനിക്കയും ചെയ്തു.

**പുഷ്പദ്രവം**-പനിനീരു.

**പുഷ്പധ്വജൻ**-കാമദേവൻ.

**പുഷ്പധനുസ്സ്**-കാമദേവൻ.

**പുഷ്പധന്വാവ്**-കാമദേവൻ.

**പുഷ്പധാരണൻ**-വിഷ്ണു.

**പുഷ്പനിര്യാസം**-തേനീച്ച.

**പുഷ്പപത്രി**-കാമദേവൻ.

**പുഷ്പപുരം**-ഒരു രാജധാനി, പാടലിപുത്രം.

**പുഷ്പഫലം**-പ്ര. കൂവളവൃക്ഷം, ഉ. വലിയ കുമ്പളങ്ങ.

**പുഷ്പബാണൻ**-കാമദേവൻ.

**പുഷ്പം**-പ്ര. പൂവ്. മററ പര്യായങ്ങൾ-സുമനസ്സ്, പ്രസൂനം, കുസുമം, സുമം.

പുഷ്പസ്യധാരണം കാന്തി
വർദ്ധനം കാമകാരകം
ഓജഃശ്രീവർദ്ധകഞ്ചൈവ
പാപഗ്രഹവിനാശനം'

ഉ. സ്ത്രീകളുടെ ആർത്തവം, രജസ്സ്. ഗർഭാശയത്തെ വിടർത്തുന്നതെന്നർത്ഥം.

ന. വിരിച്ചു. ര്. മുണിയാങ്കം. ഇ. കണ്ണിലുണ്ടാകുന്ന ഒരു ദീനം. ന്യ. ഒരു വലിയ സംഖ്യ (100,000 Millions).

പുഷ്പമകരാലയം-സമുദ്രം.

പുഷ്പമിത്രൻ-ഒരു സേനാധിപതി.

പുഷ്പമിത്രൻ പാടലിപുത്രം എന്ന പുരത്തിൽ വാണിരുന്ന മൌൎയ്യകുല രാജാക്കന്മാരിൽ പത്താമത്തെ രാജാവായിരുന്ന ബൃഹദ്രഥന്റെ സേനാപതിയായിരുന്നു. മൌൎയ്യക്കു ശേഷം വന്ന ശൃംഗരാജാക്കന്മാരിൽ ഒന്നാമത്തെവൻ. പാടലീപുത്രത്തിൽ വാണു. ഈ രാജാവിന്റെ കാലത്താണ് പതഞ്ജലി ജീവിച്ചിരുന്നതു്.

പുഷ്പരഥം-ഒരുമാതിരിതേര്, പുഷ്യരഥം.

പുഷ്പരജസ്സ്-കുങ്കുമം.

പുഷ്പരസം-പ്ര. പൂന്തേൻ. വ. പനിനീർ.

പുഷ്പരാഗം-പുഷ്യരാഗം, ഒരുമഹാരത്നം.

വാതം, നേത്രരോഗം, വിഷം ഇവയെ ശമിപ്പിക്കും. മഞ്ഞനിറം, കാന്തി, തൂക്കത്തിൽ കുറവ്, മിനുപ്പ്, നിൎമ്മലത, വൃത്താകൃതി, തൊട്ടാൽ തണുപ്പ്, സുരംഗത ഇവ നല്ല പുഷ്പരാഗത്തിന്റെ ലക്ഷണമാകുന്നു. ത-പുട്പരാകം, ഇം-Topaz ടോപാസ്.

പുഷ്പരേണു-പൂമ്പൊടി.

പുഷ്പരോചനം-നാഗപ്പൂവ്.

പുഷ്പലാപൻ-പൂ പറിക്കയും മാല കെട്ടുകയും ചെയ്യുന്നവൻ.

പുഷ്പലിട്ട്, പുഷ്പലിക്ഷം-വണ്ട്. പുഷ്പരസത്തെ ലേഹനംചെയ്യുന്നതെന്നൎത്ഥം.

പുഷ്പവത്-വി. വിടരുന്ന.

പുഷ്പവൻ-വി. പുഷ്പമുള്ള.

പുഷ്പവതി(തി)-തീണ്ടായിരിക്കുന്നവൾ രജസ്സുള്ളവൾ എന്നൎത്ഥം.

പുഷ്പവന്തൗ-ആദിത്യനും ചന്ദ്രനും കൂടെ പറയുന്ന ഒരു പേർ.

പുഷ്പവനം-പൂങ്കാവ്.

പുഷ്പവാടി(കാ)-പ്ര. പൂത്തോ. വ. പൂന്തോട്ടം.

പുഷ്പവാന്മാർ - ആദിത്യനും ചന്ദ്രനും. ശോഭയുള്ളവർ എന്നൎത്ഥം.

ഈ ശബ്ദം ഏകവചനമായി പ്രയോഗിച്ചാൽ സൂൎയ്യൻ എന്നോ ചന്ദ്രൻ എന്നോ അതിനെ ചേൎച്ചക്കു തക്കവണ്ണം അൎത്ഥത്തെ കല്പിക്കാമെന്നു വിചാരിച്ചുപോകരുതു്.

പുഷ്പവൃഷ്ടി-പൂമഴ, പൂ കൊണ്ടു മഴപോലെ ചൊരിയുക.

പുഷ്പവേണി-പുഷ്പമാല.

പുഷ്പശയ്യ-പൂമെത്ത, പൂ കൊണ്ടു മെത്തപോലെയുണ്ടാക്കിയതു്.

പുഷ്പശരൻ-പൂവമ്പൻ, കാമദേവൻ.

പുഷ്പശരാസനൻ-കാമദേവൻ.

പുഷ്പശൂന്യം-അത്തിയാൽ.

പുഷ്പസമയം-വസന്തകാലം. വിശേഷപുഷ്പങ്ങൾ ഉള്ള സമയം എന്നൎത്ഥം.

പുഷ്പസായകൻ-കാമദേവൻ.

പുഷ്പസാരം-പ്ര. പൂന്തേൻ. വ. പനിനീർ. ന. തുളസി.

പുഷ്പസ്വേദം-പനിനീർ.

പുഷ്പഹാസൻ-വിഷ്ണു.

പുഷ്പഹാസം-പൂക്കൾ വിടരുക.

പുഷ്പഹാസാ - തീണ്ടാരിയായിരിക്കുന്ന സ്ത്രീ.

പുഷ്പഹീന-പേരൊഴിഞ്ഞവൾ.

പുഷ്പ[illegible]-ചമ്പ എന്ന പട്ടണം, ഇപ്പോഴത്തെ ബംഗാൾപൂരു്.

പുഷ്പ[illegible]ർ-മാലകെട്ടുന്നവൻ.

പുഷ്പാ[illegible] - [illegible] പലവകയുള്ളതിൽ ഒന്ന്, കുസുമാഞ്ജനം, പിച്ചളയു

ണ്ടാകുന്നതിനായി ചെമ്പും നാകവും കൂട്ടി ഉരുക്കുമ്പോൾ ഉണ്ടാകുന്ന വെളുത്ത നിറമുള്ള കിട്ടം.

പുഷ്പാഞ്ജനം-കഫം, പിത്തം, ഇക്കിൾ, ദാഹം, ചുമ, വിഷം മുതലായവയ്ക്കു നന്ന്. ത-കുസുമാഞ്ജനം. ഇം-Zinc oxide സിങ്ക് ഓക്സൈഡ്.

പുഷ്പാഞ്ജലി-പൂകൊണ്ടാരാധിക്ക.

പുഷ്പാംബു-പനിനീർ.

പുഷ്പാസവം-തേൻ.

പുഷ്പിക്കുന്നു-പൂക്കുന്നു.

പുഷ്പിണി-ഗ. പുഷ്പകൻെറ സ്ത്രീ. വ. പുഷ്പവതി.

പുഷ്പിത-വി. പൂക്കപ്പെട്ട.

പുഷ്പിതാഗ്രം-ഒരു വൃത്തം.

പുഷ്പോൽക്കടാ—മഹാഭാരതപ്രകാരം. വിശ്രവസ്സിൻെറ ഭാര്യയും രാവണൻെറയും കുംഭകർണ്ണൻെറയും അമ്മയുമായ ഒരു രാക്ഷസി.

പുഷ്യം-ഗ. പൂയം. കാര്യങ്ങളെ പോഷിപ്പിക്കുന്നതെന്നർത്ഥം. വ. കലിയുഗം. ന. പൌഷമാസം.

പുഷ്യരഥം-ഒരുമാതിരി തേര്, ക്രീഡാരഥം, ഉത്സവാദിസമയങ്ങളിൽ ഉപയോഗിക്കുന്ന രഥം. പൂയംനക്ഷത്രംപോലെ സുഖകരമായ രഥം എന്നർത്ഥം. പുഷ്പരഥമെന്നും പറയാം. ഇതിനു പുഷ്പംപോലെ സുകുമാരമായ രഥം എന്നർത്ഥം.

പുഷ്യരാഗം-ചെമപ്പുരത്നം.

പുഷ്യലകം-കസ്തൂരിമൃഗം.

പുസ്ത-വി. ഗ. നിറയ്ക്കപ്പെട്ട. വ. മൂടപ്പെട്ട.

പുസ്തകം, പുസ്തി-ഗ്രന്ഥം എഴുത്തുകുപ്പി മുതലായത്.

പുസ്തം-ഗ. തേയ്ക്കുക, പൂശുക, പുരട്ടുക. വ. ലോഹമോ മണ്ണോ മരമോകൊണ്ടുണ്ടാക്കിയ വസ്തു, മണ്ണുകൊണ്ടും മററും പാവ മുതലായതുണ്ടാക്കി ചായവും മററും തേയ്ക്കുക. മനസ്സിരുത്തി ചെയ്യുന്നതെന്നർത്ഥം. ന. പുസ്തകം. ര. എഴുത്തുകുപ്പി.

പുസ്തി-പുസ്തകം.

പുള-(ധാതു). അങ്ങോട്ടും ഇങ്ങോട്ടും വളയുക.

പുളകം-ഗ. രോമാഞ്ചം. വ. കമ്പിളിപ്പുഴു. ന. രത്നത്തിൻെറ വെട്ട്. ര. പൊന്നരിതാരം.

പുളകാംഗം-വരുണൻെറ പാശം.

പുളകാലയൻ-കുബേരൻ.

പുളകിത-വി. കോൾമയിർ കൊള്ളപ്പെട്ട.

'ഇല്ലാതാക്കാം മുദ്ഭുതം ഏദി പുളകിതമാകുന്നിതെന്നാലുമംഗം'
(അമരുകശതകം)

പുളകുന്നു-പുളയുന്നു.

'കളകളപുളകിതസുരജാലം'
(ചതുർദ്ദശവൃത്തം)

പുളച്ചൽ-വളഞ്ഞുതിരിയുക.

പുളയ്ക്കുന്നു-ഗ. അഹങ്കരിക്കുന്നു, മദിക്കുന്നു. വ. വളഞ്ഞുതിരിയുന്നു. ന. കഴയുന്നു. ര. കൊഴുക്കുന്നു.

പുളപ്പ്-അഹങ്കാരം.

പുളയുന്നു-ഗ. വളഞ്ഞുതിരിയുന്നു. വ. പേക്കൂത്താടുന്നു. ന. വമ്പുപറയുന്നു, മിടുക്കു പറയുന്നു.

പുളക്കുന്നു-പിളക്കുന്നു.

'പെണ്ണുങ്ങൾ നെഞ്ചകത്തെ പുളക്കുന്ന പുഞ്ചിരി' (കൃഷ്ണഗാഥ)

പുളവൻ, പൊളവൻ-ഗ. ഒരുമാതിരി പാമ്പ്. വ. വലിയ നീർക്കോലി.

പുളി-ഗ. മധുരം മുതലായ ആറു രസങ്ങളിൽ ഒന്ന്, പുളിരസം. പുളി വഴിക്കേണ്ടവയിൽ ഒന്നാണ്. പുളി അധി

കമുള്ള തയിർ കൊണ്ടുണ്ടാക്കുന്ന കറികളും നല്ലതല്ല എന്നു ഒരു പക്ഷമുണ്ട്. പുളിച്ച തയിർ ഉപയോഗിക്കുന്നതു ദേഹത്തിനു നന്നല്ല. തയിരിനു പുളി അധികം ഉണ്ടാകണമെങ്കിൽ രണ്ടുമൂന്നു ദിവസം അതിനെ പഴക്കണം. ഇതിനിടയ്ക്കു തയിർ ദുഷിച്ചുതുടങ്ങും. ജീർണ്ണം സംഭവിച്ച പദാർത്ഥത്തെ ഭുജിച്ചാൽ അതു ദഹനത്തെ ഇല്ലായ്മചെയ്യും. ഉ. വാളൻപുളി. ന. കുടമ്പുളിയും മററും.

**പുളികടി**-ന. സ്ത്രീകൾക്കു ഗർഭമുണ്ടായാൽ ഒൻപതാംമാസത്തിൽ ചെയ്യുന്ന ഒരു കർമ്മം. ഉ. പുളികടിക്കുക.

**പുളിക്കുന്നു**-പുളിരസമുണ്ടാകുന്നു. (സ. ക്രി. പുളിപ്പിക്കുന്നു).

**പുളിങ്കറി**-പുളി കൂട്ടിവെക്കുന്ന കറി.

**പുളിങ്കുരു**-പുളിയുടെ കുരു.

**പുളിങ്ങ**-ന. അച്ചിങ്ങാപ്പുളി, പുളിയങ്ങ. പര്യായങ്ങൾ-തിന്തിഡീകം, ചുക്രം, വൃക്ഷാമ്ലം. ഉ. ഇടചുരുക്ക്. ന. ശൂദ്രസ്ത്രീകൾ കഴുത്തിൽ കെട്ടുന്ന ഒരാഭരണം.

**പുളിച്ചമാവ്**-പുളിപ്പിച്ച അരിമാവ്.

**പുളിച്ചുതികട്ടൽ**-ദഹനക്കേടുകൊണ്ടു വയററിൽനിന്നു മേല്പോട്ടു പുളിരസത്തോടുകൂടെ വരുന്ന ഒരു ശ്വാസം.

**പുളിച്ചുനാറുന്നു**-പുളിച്ചു ദുർഗ്ഗന്ധം ഉണ്ടാകുന്നു.

**പുളിഞരമ്പ്**-പുളിയുടെ ഞരമ്പ്, വാളൻ പുളിമരത്തിൻെറ ഇലയിലും കായിലും ഉള്ള ഞരമ്പ്.

**പുളിഞ്ചാണ**-പുളി കുരുവുകളഞ്ഞു ഇടിച്ചു കൂട്ടിയതു്.

**പുളിഞ്ചാറ്**-പുളി കലക്കി ഉപ്പും മുളകും കായവും ചേർത്തു തിളപ്പിച്ചുണ്ടാക്കിയതു്.

**പുളിഞ്ചി**-ഒരു വൃക്ഷം.

വാതം, കഫം, വീക്കം ഇവക്കു നന്ന്. മുള്ളുള്ളവല്ലിയാണ്: സം-ശ്രീവല്ലീ. പുളിഞ്ചിയുടെ കായ് രുചിയെ ഉണ്ടാക്കും. അരച്ചുതേച്ചാൽ മെഴുക്കിനെ കളയും. ഇല ഇഞ്ചയെപ്പോലെ ഇരിക്കും.

**പുളിഞ്ചിക്ക** — പുളിഞ്ചി മരത്തിൻെറ കായ്.

**പുളിനം**-ന. മണൽത്തിട്ട. വെള്ളം കയറുമ്പോൾ ഇല്ലാതാകുന്നതും താഴുമ്പോൾ പ്രത്യക്ഷപ്പെടുന്നതും വിസ്താരമുള്ളതും എന്നർത്ഥം. ഉ. ആറു മുതലായതിൽ ജലത്തിൽ ചിലേടത്തു പൊങ്ങിക്കാണുന്ന മണൽക്കൂട്ടം. ന. നദിയുടെകരയ്ക്കും മണലുള്ള തീരപ്രദേശം.

**പുളിനവതി**-നദി.

**പുളിന്ദൻ**-കാട്ടാളൻ. ക്രൂരൻ ശരീരമുള്ളവൻ എന്നർത്ഥം.

**പുളിന്ദി(ന്ദീ)**-കാട്ടാളസ്ത്രീ.

**പുളിപ്പ്**-പുളിരസം.

**പുളിപ്പൻകോരപ്പുല്ല്**-ഒരുവക പുല്ല്.

പശുക്കൾക്കു പാലിനെ കുറയ്ക്കും, കുതിരകൾക്കു പുഷ്ടിയെ ചെയ്യും. സം-ലവണതൃണം.

**പുളിമണം** — പുളിച്ചാലുണ്ടാകുന്ന ഒരു മണം.

**പുളിമാങ്ങ**-പുളിയുള്ള മാങ്ങ.

**പുളിമാവ്**-പുളിയന്മാവ്.

**പുളിമ്പശ** - പുളിങ്കുരുവുകൊണ്ടുണ്ടാക്കിയ പശ.

**പുളിയഞ്ചീര**-പുളിപ്പുക്കീര.

വാതം, ഗുല്മം, ശൂലം, ഛർദ്ദി ഇവക്കു നന്ന്. ഇല വെളുത്തതും പുളിയുള്ളതുമാണ് സം-ചുക്രം. ത-പുളിപ്പുക്കീരൈ.

ഇം-Bladdered Dock. ബ്ലാഡേർഡ് ഡാക്.

**പുളിയൻ**-വി. പുളിയുള്ള.

**പുളിയൻ**-പുലയൻ, പുല്ലൻ.

**പുളിയാരൽ**-ഒരു പച്ചമരുന്ന്. (തമിഴിൽ-ചടച്ചി), ദംഹമടക്കി. പര്യായങ്ങൾ-ചാംഗേരി, ചുക്രികാ, ദന്തശഠം, അംബഷ്ഠം, അമ്ലലോണികാ.

പുളിയാരൽ പുളിയിഞ്ചിരയിൽ ചെറിയ തരമാകയാൽ ചെറുതെന്നും വലുതെന്നുമല്ലാതെ ഭാഷകൾക്കു ഭേദമില്ലെന്നു ചിലർ പറയുന്നു. കഫം, വാതം, ഗ്രഹണി, അർശസ്സ്, കുഷ്ഠം ഇവക്കു നന്ന്. രുചികരമാണ്. സം-ചാംഗേരീ. ഇം-Wood Sorrel വുഡ്സോരൽ.

**പുളിയാരലിൻകിഴങ്ങ്**-ഒരു മരുന്ന്, പുളിയാരലിന്റെ കിഴങ്ങ്.

**പുളിയിഞ്ചി**-ഒരു കറി.

**പുളിരസം**-പുളിപ്പ്, പുളി.

പുളിരസം ഭക്ഷിച്ചുണ്ടാകുന്ന അജീർണ്ണത്തിങ്കൽ ഏലത്തരി, ചുക്ക് ഇവ കഷായംവെച്ച് പഞ്ചസാര ചേർത്തു സേവിക്കുക. സം-അമ്ലം. ത-പുളിപ്പ്. ഇം-Sourness സൌവർനെസ്സ്.

**പുളിവണ്ണൻ(കണ്ണൻ)**-തീയരുടെ ഒരു ദൈവം.

**പുളിശ്ശേരി**-മോരു കൂട്ടിയുണ്ടാക്കുന്ന ഒരു കറി.

**പുളിശ്ശേരിവെയ്ക്കുക**-നശിപ്പിക്ക, അനാവശ്യമായി ധാരാളം ചെലവഴിക്ക. (ശൈലി).

**പുൾ**-പു. ഏതെങ്കിലും ചെറിയ പക്ഷി. ൧. കന്നുകാലികൾക്കുള്ള ഒരു ദീനം.

**പുള്ള്**-ഒരു പക്ഷി.

**പുള്ളടി**-പു. ഒരു തൈ, ചെറുപ്പുള്ളടി. ൧. വെള്ളിക്കോലിൽ അഞ്ചു പത്തു മുതലായ സംഖ്യകളെ അറിയുന്നതിനുണ്ടാക്കുന്ന അടയാളം. ൨. ഗ്രന്ഥങ്ങളിൽ ഇടുന്ന അടയാളം.

**പുള്ളൻ**-കടൽമീൻ.

**പുള്ളി**-പു. തടവുകാരൻ. ൧. അടയാളം. ൨. വസ്ത്രങ്ങളിൽ ഇടുന്ന നമ്പർ ൩. കുത്ത്. ൪. വിലമതിപ്പ്. ൫. കേമപ്പെട്ടവൻ. ൬. ആൾ. ൭ സൈന്യങ്ങളുടെ ഒരു കൂട്ടം. ൮. ദേശം.

**പുള്ളിക്കുന്നു**-പുള്ളിയുണ്ടാകുന്നു, പുള്ളിപ്പുള്ളിയാകുന്നു.

**പുള്ളിക്കേഴമാൻ**-ഒരുവക മാൻ. (സം-സ്സൂതം-രോഹിതം).

**പുള്ളിത്താപ്പ്**-വസ്ത്രത്തിന്റെ ഗൂഢമായ വില.

**പുള്ളിനം**-പക്ഷിക്കൂട്ടം.

**പുള്ളിപ്പുലി**-പുള്ളിയുള്ള പുലി.

**പുള്ളിമാൻ**-ഒരുവക മൃഗം, പുള്ളിയുള്ള മാൻ. പര്യായം-പൃഷതം

ഇതിന്റെ മാംസം തൈരിനോടു ഭക്ഷിക്കരുത്. ത-കലൈമാൻ. ഇം-Spotted Antelope സ്പോട്ടെഡ് ആൻറിലോപ്പ്.

**പുള്ളിയാരൻ**-മലയരുടെ ഒരു ദൈവം.

**പുള്ളിവിളക്കം** - കുടിയാനവന്മാരുടെ പററുചീട്ടും സർക്കാർവക കണക്കും കൂടെ ഒത്തുനോക്കുക. ക്രിയ-പുള്ളിവിളങ്ങുന്നു.

**പുള്ളുബാധ**-പുള്ളിൽനിന്നുണ്ടാകുന്ന ഉപദ്രവം, വളരെ ചെറിയ കുഞ്ഞുങ്ങൾക്കു വരുന്ന ഒരു ദീനം.

**പുള്ളുവൻ** - ഒരു താണജാതിക്കാരൻ. (സ്ത്രീ-പുള്ളുവത്തി.)

പുള്ളുവരാണ് കാവുകളിൽ പുള്ളുവപ്പാട്ടു പാടുന്നത്.

**പുള്ളേറു**-പുള്ളുബാധ.

പുള്ളുറാമരം-ഒരു വൃക്ഷം.

ഇതിന്റെ കായ് കുഞ്ഞുങ്ങളുടെ അരയിൽ കെട്ടിയിടുക പതിവാണ്

പുഴ-നാ. ആറ്. പര്യായങ്ങൾ-നദി, സരിത്ത്, ശൈവലിനി, തടിനി, ഹ്രദിനി, ധുനി, സ്രോതസ്വിനി, ദ്വീപവതി, സ്രവന്തി, നിമ്നഗ, ആപഗ. വ. ഇടിഞ്ഞ കൈയാല. ന. പൊളിഞ്ഞവേലി.

പുഴക്കടവ്-ആറ്റുകടവ്.

പുഴക്കം-മുഴക്കം, മാറ്റൊലി.

പുഴക്കുന്നു-മൂടോടെ ഇളക്കുന്നു, അടി തുരന്നു വീഴിക്കുന്നു.

'തീരത്തിലെത്തരുപുഴക്കുവതെന്ന പോലെ'

(മലയാളശാകുന്തളം)

പുഴക്കൂലി-വള്ളക്കൂലി.

പുഴക്കൈയ്-നദിയുടെ ശാഖ, കൈത്തോട്.

പുഴങ്ങുന്നു-നാ. മുഴങ്ങുന്നു.

'പുടപുഴങ്ങവേസഹജന്മാരുമായ്''

(ഭാരതം)

മാറ്റൊലി കൊള്ളുന്നു. വ. പൊങ്ങുന്നു.

പുഴമുഞ്ഞ പുഷ്പവർഗ്ഗത്തിൽ ചേർന്ന കഫല്ലഭേദം.

ഇതു മിക്കവാറും ജലത്തിനടുത്തുണ്ടാകുന്നു. ഇലകൾ ചെറുതായിരിക്കും. കഫം, പിത്തം, വിഷം മുതലായവക്കു നന്ന്. സം-ജയന്തി. ത-തഴുതാമ.

പുഴവായ്-നദിയുടെ മുഖം.

പുഴു-ക്രിമി. പര്യായങ്ങൾ-നീലംഗു, കൃമി.

കമ്പിളിപ്പുഴു, അരിപ്പുഴു, ഓലപ്പുഴു, കടപ്പുഴു, തെങ്ങിൻപുഴു, തൊപ്പിപ്പുഴു ഇങ്ങിനെ പലമാതിരിയുണ്ട്.

പുഴുക്-മെരുക എന്ന മൃഗത്തിൽ നിന്നുണ്ടാകുന്ന ഒരു സുഗന്ധവസ്തു.

പുഴുകൽ-മുങ്ങൽ.

പുഴുകുന്നു-മുങ്ങിക്കുന്നു.

പുഴുക്ക-(ആട്ടിന്റെ) കാഷ്ഠം. (പ-മ.)

പുഴുക്ക്-ഒരു കറി.

പുഴുക്കടി-ശരീരത്തിൽ തൊലിമേലുണ്ടാകുന്ന ഒരു ദീനം.

പുഴുക്കണ്ണിനെല്ല്-ഒരുവക നെല്ല്.

ഇതിനു മിക്കവാറും നവരയുടെ ഗുണമുണ്ട്. കുറഞ്ഞൊന്നു കഫവർദ്ധനകരമാണ്. സം-ഇത്തുമുഖം.

പുഴുക്കരണം-ഓരോപക്ഷത്തിലുമുള്ള വിതയ്ക്കു വിരോധമായ സമയം.

പുഴുക്കലരി-നെല്ലു പുഴുങ്ങി ഉണങ്ങി കുത്തിയെടുത്ത അരി.

പുഴുക്കൽ-നാ. പുഴുങ്ങിയ നെല്ല്. വ. പുഴുങ്ങിയ നെല്ലിന്റെ അരി.

പുഴുക്കുത്ത്-പുഴുതിന്നോ തുളച്ചോ ഉണ്ടാക്കിയ കേട്, പുഴു തുളച്ച ദ്വാരം.

പുഴുക്കുന്നു-മാംസങ്ങളും മറ്റും പുഴുവോടു കൂടിയതായിതീരുന്നു, ക്രിമിക്കുന്നു.

പുഴുക്കൂട്-പുഴുവിന്റെ കൂട്.

പുഴുക്കേട്-പുഴുവിനു കേടുവന്നത്.

പുഴുക്കൊല്ലി-ഒരു മരുന്ന്, ആടുതിന്നാപ്പാല.

പുഴുങ്ങലരി-പുഴുക്കലരി.

പുഴുങ്ങൽ-നാ. പുഴുങ്ങുക. വ. പുഴുക്കലരി.

പുഴുങ്ങുന്നു-വെള്ളവും മറ്റും കൂട്ടി വേവിക്കുന്നു.

പുഴുനൂൽ-ഒരുമാതിരി പുഴുവിൽനിന്നെടുക്കുന്ന നൂൽ, പട്ടുനൂൽ.

പുഴുപ്പല്ല്-പുഴുക്കേടുള്ള പല്ല്.

പുറക്-പിൻവ്, പിൻപുറം, പിൻഭാഗം.

പുറകിൽ-അ. പിൻപിൽ, പിന്നിൽ.

പുറകിൽ കുഴിതോണ്ടുക-ചതിക്കുക. (ശൈലി)

പുറകെ-അ. പിൻപെ, പിന്നാലെ.

പുറകോട്ട്-അ. പിൻപോട്ട്, പുറകിലെ ഭാഗത്തോട്ട്.

പുറക്കടൽ-കരയിൽനിന്നു അധികം അകലെയുള്ള സമുദ്രം.

പുറക്കൽ-അ. പിൻപിൽ, പിന്നിൽ.

പുറക്കാട്ട്-ഒരു ദിക്ക്.

പുറങ്കാൽ-കാലിന്റെ പുറം.

പുറച്ചിറ-തോട്ടിനോടടുത്തുള്ള കണ്ടത്തിന്റെ വലിയ വരമ്പ്.

പുറച്ചെലവ്- പുറമേയുള്ള ചെലവ്, വേലക്കാർക്കും മററും കൊടുത്തു ചെലവായത്.

പുറത്ത്-അ. ക്രി. വെളിയിൽ. ഉ. ശരീരത്തിന്റെ പിൻഭാഗത്തിൽ.

പുറത്തലമണ്ണ്-ഒരുതരം മണ്ണ്.

കൃഷിശാസ്ത്രപ്രകാരം-ഇതു പാറകൾ പൊട്ടി ദൂരെ ചിതറിക്കിടക്കുന്ന മണ്ണാകുന്നു. കടപ്പുറമണൽ മുതൽ പുഴമ്പുളിയിലുള്ള ഫലവത്തായ വണ്ടൽമണ്ണുവരെ ഇതിലുൾപ്പെടും ജലത്തിന്റെയും കാററിന്റെയും ശക്തിയാണ് മണ്ണിനെ ദൂരത്തിൽ കൊണ്ടുപോകുന്നത്. വണ്ടൽ എന്നു ജലം കൊണ്ടുവരുന്ന മണലാകുന്നു. ഇതിൽ പാറമണ്ണു ചേരുന്നതുനിമിത്തം ധാരാളം ഫലമുണ്ടാകുന്നു. വലിയ പുഴകളുടെ കരകളിൽ കാണുന്ന മണൽ കാററടിച്ചു കൊണ്ടുവന്നതാകുന്നു. കാററിനാൽ ഉണ്ടായ മണ്ണ് സാധാരണ മണലായിരിക്കും.

പുറത്താകുന്നു - ക്രി. വേനത്തിന്റെയും മററും വെളിയിലാകുന്നു. ഉ. സ്ത്രീകൾ തീണ്ടായിരിക്കുന്നു.

പുറത്താക്കുന്നു-തള്ളിക്കളയുന്നു, വെളിയിലാക്കുന്നു.

പുറത്തുകാൽരാജാവ് -പോർട്ടുഗീസ് രാജാവ്.

പുറത്തൂട്ട്-അ. പുറത്തു്.

പുറത്തോട്ട്-അ. പുറത്തേയ്ക്കു്.

പുറനീര-ഒരു രാഗം.

പുറപ്പാട്-പുറപ്പെടുക, യാത്രയും മററും. പര്യായങ്ങൾ-യാത്ര, വ്രജ്യാ, അഭിനിര്യാണം, പ്രസ്ഥാനം, ഗമനം, ഗമം.

പുറപ്പെടുന്നു-ക്രി. യാത്രയാകുന്നു ഉ. പുറത്താകുന്നു ന. ഭ്രമിക്കുന്നു ര്. ഉണ്ടാകുന്നു. ൫ കിളുക്കുന്നു

പുറമതിൽ-പുറമേയുള്ള മതിൽ

പുറമേ-അ. ക്രി. പുറത്തുകൂടെ. ഉ. കൂട്ടത്തിലായിട്ട്. ന. വേറെ. ര്. വ്യാജമായിട്ട്. ൫ പിന്നാലെ.

പുറമേനി-ക്രി. പുറമേ കാണിക്കുന്ന അലങ്കാരവും മററും. ഉ. ജനങ്ങളെ ബോധ്യപ്പെടുത്തുന്നതിനായി പുറമേ ഭാവിക്കുന്ന ലൌകികസൽക്കാരവും മററും.

പുറമൊഴി-പുറമേ.

പുറം- ക്രി. ദേഹത്തിന്റെ പിൻഭാഗം, അകത്തിന്റെ മറുവശം. ഉ. മുൻവശത്തിന്റെ മറുവശം. ന. പൃഷ്ഠം

പുറപ്പൂച്ച് -ക്രി. പാത്രങ്ങളുടേയും മററും പുറമേയുള്ള പൂച്ചൽ. ഉ. കപടനാട്യം. (ശൈലി).

പുറപ്രാണൻ ആപ്തമിത്രം.

പുറന്തട-പുറച്ചിറ.

പുറന്തുണ്ണ- ഇറയകം. പര്യായങ്ങൾ-അളിന്ദം, പ്രഘാണം, പ്രഘണം.

പുറമ്പട-പുറമേ പിടുന്ന മരുന്ന്.

പുറമ്പാട്ടം-പണപ്പലിശയ്ക്കു പകരമുള്ള പാട്ടം.

പുറമ്പൊളി-അടിച്ചിപ്പാര.

പുറമ്പോക്ക്-ക്രി. വെളിയിൽ പോക, പുറപ്പെടുക. ഉ. സർക്കാർവകയായി പേരിൽ പതിയാതെ കിടപ്പുള്ള സ്ഥലം. ന. പ്രസിദ്ധമാക്കുക. ര്. വിശേഷച്ചെലവ്.

പുറമ്പോള-പുറമേയുള്ള ചെപ്പ്.

പുറയില്ലി- മിഞ്ചമ്പരം, മിഞ്ചമ്പുറം, കിളിവാതിൽ.

പുറലക്ഷ്യം-പുറമെയുള്ള ലക്ഷ്യം.

പുറവക-പ്ര. പുറച്ചെലവ്. ര. പുറമെ വന്ന ലാഭം.

പുറവട-വരവും ചെലവും വിവരമായിട്ടു എഴുതിയ കണക്ക്.

പുറവടി- കാലിന്റെ പുറം. പര്യായങ്ങൾ-പാദാഗ്രം, പ്രപദം.

പുറവട്ടം=പുറവെട്ട്.

പുറവരമ്പ് - കണ്ടത്തിന്ന പുറമെയുള്ള ചിറ.

പുറവരവ്-വിശേഷാലുള്ള വരവ്.

പുറവള്ള-കന്നുകളുടെ ഒരു വ്യാധി.

പുറവാതിൽ-പുറത്തെ വാതിൽ.

പുറവാസ്സ-ആധാരത്തിൽ ഉൾപ്പെടാതെ വേറെ വാങ്ങിച്ച ദ്രവ്യം.

പുറവാരം-അറയ്ക്കു പുറമുള്ള പുരമുറി.

പുറവാശി-വിശേഷാലുള്ള ചേതമോ ലാഭമോ.

പുറവെട്ട്-ഉരുളത്തടിയുടെ നാലുഭാഗവും അറുത്തെടുത്തത്, തടിയുടെ പ്രയോജനമില്ലാത്ത (അറുത്തിട്ട) ഭാഗം.

പുറവേലി-പ്ര. പുറംചിറ. ര. പുറമെ കെട്ടിയ വേലി.

പുററ്-പ്ര. ഒരുമാതിരി ചിതൽമണ്ണ്. പര്യായങ്ങൾ-വാമലൂരം, നാകു, വന്മീകം. ര. ഉണങ്ങിയ ചലം.

പുററൻ-തടിയൻ

പുററുമണ്ണ്-ചിതൽമണ്ണ്, പുററ്.

## പൂ

പൂ, പൂവ്-പ്ര. പുഷ്പം, പിച്ചി മുല്ല മുതലായവയിൽ സുഗന്ധത്തോടുകൂടിയുണ്ടാകുന്ന വസ്തു. ര. വിടിച്ചു. ന. കണ്ണില്ലുണ്ടാകുന്ന ഒരു ദീനം. ർ. ഒരു വലിയ തുക. 100,000 Millions.

പൂ-പദാരംഭത്തിൽ ചേർത്തു പ്രയോഗിക്കുമ്പോൾ 'നല്ല' എന്നർത്ഥവും സിദ്ധിക്കുന്നു. ഉ-ം, പൂനിലാവ് = നല്ലനിലാവ്. പൂങ്കുഴലാൾ = നല്ലതലമുടിയുള്ളവൾ.

പൂകൽ-പോവുക, ചെല്ലുക.

പൂകുന്നു-പ്രവേശിക്കുന്നു, പ്രാപിക്കുന്നു.

പൂക്കണ്ണൻ-കണ്ണിൽ പൂവുള്ളവൻ.

പൂക്കണ്ണി-പ്ര. കണ്ണിൽ പൂവുള്ളവൾ. ര. പൂക്കുന്ന തണ്ട്.

പൂക്കണ്ടൻ-ഒരു മരം.

പൂക്കൽ-പ്ര. പൂവുണ്ടാവുക. ര. പൂപ്പുണ്ടാവുക.

പൂക്കുന്നു-പ്ര. പൂവുണ്ടാകുന്നു. ര. സ്ത്രീകൾ തീണ്ടായിരിക്കുന്നു, പെൺകുട്ടികൾ ഋതുവാകുന്നു. ന. വിടരുന്നു. ർ. പൂപ്പു പിടിക്കുന്നു.

പൂക്കുരൽ-പൂക്കുന്ന തണ്ട്.

പൂക്കുല-പൂവിന്റെ കുല. പര്യായങ്ങൾ-വല്ലരി, മഞ്ജരി.

പൂക്കുററി-ഒരുതരം കരിമരുന്നുപ്രയോഗം.

പൂക്കൈത-താഴ.

പൂക്കൈത-കഫം, വിഷം, സന്താപം ഇവയെ കളയും. ഇതു പലതരമുണ്ട്. സം-കേതകീ. ത-താഴൈ. ഇം-പയിൻഅപ്പിൾപ്ലാൻറ Pine-apple plant.

പൂഗപാത്രം-വെററിലച്ചെല്ലം.

പൂഗപീഠം-കോളാമ്പി.

പൂഗം-പ്ര. കമുകുമരം. ര. കാട്ടരയാൽ. ന. അടയ്ക്ക. ശുദ്ധിയെ ചെയ്യുന്നത് എന്നർത്ഥം. ർ. കൂട്ടം. ൫. യോജിപ്പ്. ൬. സ്വഭാവം, ഗുണം.

പൂഗവൈരം-അനേകം പേരോടുള്ള വിരോധം.

പൂഗീഫലം-അടയ്ക്ക.

**പൂങ്കനി**-വി. ഓമനയായ ഉ-ം, പൂങ്കനിപ്പൈതൽ.

**പൂങ്കനിപ്പൈതൽ**-ചെറിയ കുട്ടി.

**പൂങ്കയിൻ**-ഒരുവക വിശേഷമുള്ള ഈച്ച

**പൂങ്കാവ്**-പൂന്തോട്ടം.

**പൂങ്കാവനം**-പൂന്തോട്ടം.

**പൂങ്കാവി**-പൊൻകാവി, നല്ല കാവിമണ്ണ്.

**പൂങ്കുരൽ**-൧. പൂക്കുല. ൨. പൂക്കുന്നതണ്ട്.

**പൂങ്കുല**-പൂക്കുല.

**പൂങ്കുഴലാൾ**-നല്ല തലമുടിയുള്ള സ്ത്രീ.

**പൂങ്കുഴൽ**-നല്ല തലമുടി.

**പൂങ്കോഴി**-പൂവൻകോഴി.

**പൂചൽ**-൧. തേപ്പ്. ൨. കമ്മായം, ചന്ദനം മുതലായവ കൊണ്ടു മുഴുവനും തേയ്ക്കുക. ൩. ചായമിടുക. ൪. അഭിഷേകം ചെയ്യുക.

**പൂചുന്നു**-൧. തേയ്ക്കുന്നു, പൂശുന്നു. ൨. കമ്മായമിടുന്നു. ൩. അഭിഷേകം ചെയ്യുന്നു. ൪. ചായമിടുന്നു, പൊന്നുകൊണ്ടും മററും കനം കുറച്ചു പുറമെ തേച്ചു നിറം മാററം വരുത്തുന്നു. ൫. അണിയുന്നു.

**പൂച്ച്**-൧. തേപ്പ്. ൨. പൊന്നും മററും പൂചിയ വസ്തു. ൩. ചതി.

പൂച്ചു തെളിയുക-സൂത്രത്തിൽ മറച്ചുവെച്ചിരുന്ന ദോഷത്തെ വെളിപ്പെടുത്തുക.

**പൂച്ച**-ഒരു ജന്തു.

പൂച്ചയുടെ മാംസം വിശേഷാൽ കഫം, ചുമ, വായുമുട്ടൽ ഇവയ്ക്കു നന്ന്. അഗ്നിയെ വർദ്ധിപ്പിക്കും. ഈ ഗുണങ്ങൾ അധികവും കാട്ടുപൂച്ചയ്ക്കാണ്. സം-വിഡാലം. ത-പൂനൈ. ഇം-Cat ക്യാററ്.

പര്യായങ്ങൾ-ഓതു, വിഡാലം, മാർജ്ജാരം, വൃഷദംശകം, ആഖുഭുക്ക്.

പൂച്ചയുടെ കുറഞ്ഞ ജീവിതകാലം വർഷം ൯-൧൦. കൂടിയ ജീവിതകാലം വർഷം ൨൦.

**പൂച്ചക്കരണം**-കുട്ടികളുടെ ഒരുമാതിരി മറിച്ചിൽ.

'പൂച്ചക്കരണം മറിഞ്ഞുകളിക്കയും' (കൃഷ്ണഗാഥ)

**പൂച്ചക്കുരു**-ഒരു ചെടിയുടെ കായ്.

**പൂച്ചട്ടി**-പൂച്ചെടികളും മററും നട്ടുണ്ടാക്കുന്ന ഒരു പാത്രം.

**പൂച്ച പാൽകുടിക്കുംവണ്ണം** - ആരും അറിയുന്നില്ലെന്നുള്ള ഭാവത്തോടുകൂടി രഹസ്യമായി പ്രവൃത്തിക്ക, ആരും അറിഞ്ഞില്ലെന്നു നടിക്ക. (ശൈലി).

**പൂച്ചപ്പയർ**-ഒരുമാതിരി പയർ.

**പൂച്ചപ്പൽ(ല്ല്)**- എൺപതു വയസ്സിനു മേൽ മുളക്കുന്ന പല്ല്.

**പൂച്ചമയക്കി**-ഒരു മരുന്ന്.

**പൂച്ചി**-ഈച്ചപോലെ ചെറിയ ജീവി.

**പൂച്ചി**-പുഴു. (പ-മ.)

**പൂച്ചിറാണ്ടം**-൧. കോപം. ൨. രീതി, സമ്പ്രദായം. ൩. ഭയപ്പെടുത്തൽ. (പ-മ.)

**പൂച്ചുട്ടി**-ഒരുവക ചെറിയ മത്സ്യം.

**പൂച്ചെട്ടുക്ക**-പറിച്ചെടുക്ക (പ-മ.)

**പൂജ**-൧. പൂക്കൾ മുതലായവകൊണ്ടു ദേവന്മാരേയും മററും ആരാധിക്ക. ൨. വന്ദിക്ക, വന്ദനം, മററു പര്യായങ്ങൾ-നമസ്യാ, അപചിതി, സപര്യാ, അർച്ച, അർഹണം. ൩. ബഹുമാനം. ൪. (മ) അടിയ്ക്കുക, തല്ലുക.

പൂജ അഞ്ചു വിധമുണ്ട്-അഭിഗമനം (ക്ഷേത്രം അടിച്ചുവാരുക, നിർമ്മാല്യങ്ങൾ നീക്കുക, തളിക്കുക). ഉപാദാനം

(ഗന്ധപുഷ്പാദികൾ ശേഖരിക്കുക). ഇജ്യാ (ഇഷ്ടദേവതയെ ശരിയായി പൂജിക്കുക). സ്വാധ്യായം (മന്ത്രത്തെ അൎത്ഥം ഗ്രഹിച്ചു ജപിക്കയും സ്തോത്രം കീൎത്തിക്കയും ചെയ്യുന്നതു്). യോഗം (ദേവതാധ്യാനം).

സൂൎയ്യൻ, അഗ്നി, വിപ്രൻ, ഗോക്കൾ, വൈഷ്ണവൻ, ആകാശം, വായു, ജലം, ഭൂമി, ആത്മാവു്, സൎവ്വഭൂതങ്ങൾ ഇവയത്രേ ൧൧ പൂജാസ്ഥാനങ്ങൾ.

**പൂജക**-വി. പൂജിക്കുന്ന.

**പൂജകബഹുവചനം**— (വ്യാകരണത്തിൽ) യഥാൎത്ഥമായ് ബഹുത്വമില്ലാത്തേടത്തിലും ബഹുമാനത്തിനായ് ബഹുവചനം പ്രയോഗിക്കുന്നതു്.

**പൂജക്കാണിക്ക**-തിരുവിതാംകൂറിൽ നടപ്പുണ്ടായിരുന്ന ഒരു നികുതി.

**പൂജനം**-പൂജ.

**പൂജനീയ**-വി. പൂജിക്കത്തക്ക.

**പൂജയെടുപ്പു**-ആശ്വയുജമാസത്തിൽ ശുക്ലപക്ഷത്തിൽ ദശമി ദിവസം ചെയ്യുന്ന കൎമ്മം, പൂജിപ്പാനായിട്ടു വെച്ചിട്ടുള്ള പുസ്തകങ്ങളെ എടുക്കുക, നവരാത്രിയുടെ അവസാനകൎമ്മം, വിജയദശമി.

**പൂജവെപ്പു്** - പൂജിപ്പാനായിട്ടു ഗ്രന്ഥങ്ങൾ വെയ്ക്കുക, നവരാത്രി ആരംഭദിവസം.

**പൂജാകാരി** താഴ്ന്ന ജാതിക്കാരുടെ ഇടയിലുള്ള പൂരോഹിതൻ.

**പൂജാപാത്രം**-പൂജക്കുള്ള പാത്രം.

**പൂജാരി**-പൂജാകാരി.

**പൂജാൎഹ**-വി. പൂജിക്കപ്പെടാൻതക്ക.

**പൂജാസാധനം**-പൂജക്കുള്ള വസ്തു.

**പൂജിക്കുന്നു**-൧. ആരാധിക്കുന്നു. ൨. ബഹുമാനിക്കുന്നു. ൩. വന്ദിക്കുന്നു. ൪. (മ) അടിക്കുന്നു.

**പൂജിത**-വി. പൂജിക്കപ്പെട്ട.

**പൂജ്യ**-വി. പൂജിക്കപ്പെടത്തക്ക.

**പൂജ്യത**-പൂജ്യന്റെ അവസ്ഥ.

**പൂജ്യൻ**- ൧. പൂജക്കു യോഗ്യൻ. ൨. വ്യാഴൻ.

**പൂജ്യം**-൧. ഗണിക്കുമ്പോഴും മററും സംഖ്യകൾ വരാത്ത സ്ഥാനത്തു ശൂന്യം എന്നു കാണിക്കുന്ന ഒരടയാളം. ൨. ശൂന്യം. ൩. കാൎയ്യസാദ്ധ്യത്തിനായിട്ടും മററും വൃഥാപറയുന്ന ബഹുമാനവാക്കു്.

**പൂഞ്ചായൽ**-നല്ല തലമുടി.

'പൂഞ്ചായലഴിഞ്ഞുപൂനിരകൾ<br>ചോരച്ചോരെ'

(ഭാഗവതം)

**പൂഞ്ചിറകു്**-ചെറിയ പക്ഷികളുടെ മാൎദ്ദവമുള്ള ചിറകു്.

**പൂഞ്ചേല**-നല്ല വസ്ത്രം.

**പൂഞ്ചോൽ**-ഊഞ്ഞാൽ.

**പൂഞ്ചോല**-പൂങ്കാവു്.

**പൂഞ്ഞു്**-ഉപ്പൂപ്പുമല്ലു്.

**പൂഞ്ഞുകററി**-കാളയുടെ കഴുത്തിന്നടുത്തുള്ള മുഴ, ഉപ്പൂപ്പുമല്ലു്.

**പൂഞ്ഞി**-വയററിലുള്ള ഒരു സഞ്ചി.

**പൂട**-൧ പക്ഷികളുടെരോമം. ൨. രോമം.

**പൂട്ടു്**-൧. താഴു്. ൨. ഉഴവു്. ൩ പലഹാരം. ൪. പൂട്ടുക. ൫. ആമ ൬. ആലിംഗനം.

**പൂട്ടുന്നു**-൧. താക്കോൽ കൂടാതെ തുറക്കുവാൻ പാടില്ലാത്ത വിധത്തിലാക്കുന്നു, താഴുകൊണ്ടു പൂട്ടുന്നു. ൨. കാളകളെ നുകംവെച്ചു നിലം ഉഴുന്നു. ൩. ഉഴവുചെയ്യുന്നു. ൪. ആലിംഗനംചെയ്യുന്നു.

പൂട്ടുന്നതിനു കൊള്ളാവുന്ന നാളു

കം-രോഹിണി, പൂയം, അത്തം, പുണർതം, മൂലം, രേവതി, ഉത്രം, ഉത്രാടം, ഉത്രട്ടാതി, കലപ്പുള്ളുഷം വജ്ജിക്കണം.

**പൂണ**-ഒരുവക പ്രാവ്. (പൊകിണ എന്നതു നോക്കുക).

**പൂണ്**-ഉലക്കയുടെ അററത്തിടുന്ന ഇരിമ്പുചുററ്.

**പൂണാൻ**-വഴക്കമില്ലാത്ത കാള.

**പൂണാഞ്ചി**-ഫ. ഏത്താപ്പിടുന്ന വസ്ത്രം വ. പൂണുനൂൽ.

**പൂണാടൻ**-ഒരുവക നെല്ല്.

**പൂണാരം** - (മുത്തു) മാല, ആഭരണം. (പൂൺ+ഹാരം). (പ-മ.)

**പൂണാർ**-ലഭിക്കാത്തവർ (പ-മ.)

**പൂണി**-ഫ. ഉഴവുകൂലി. വ. അമ്പറ.

പൂണി എന്നതു ആവനാഴി എന്ന അർത്ഥത്തിൽ 'തൂണി' എന്നതിന്റെ തൽഭവമെന്നു ചിലർ.

**പൂണുനൂൽ, പൂണൂൽ** - ബ്രാഹ്മണരും മററും കഴുത്തിലിടുന്ന നൂൽ.

**പൂണുനൂൽകല്യാണം** - പാണ്ടിബ്രാഹ്മണരുടെ ഉപനയനം.

**പൂണുനൂൽ പരിച്**-അ. പൂണുനൂലിടുന്ന ഭാഷയിൽ.

**പൂണുന്നു**-ഫ. പുൽകുന്നു, ആലിംഗനം ചെയ്യുന്നു. വ. (രത്നങ്ങളെ) ധരിക്കുന്നു. ഉ-ം,

'പൂണുന്നഹാരം' (ഉണ്ണുനീലിസന്ദേശം)

ന. ആഭരണമിടുന്നു. ർ. അനുഭവിക്കുന്നു. ഇ. കൈക്കൊള്ളുന്നു. ന്യ. നിനയ്ക്കുന്നു. ൈ. ധരിക്കുന്നു. വ്യ പ്രാപിക്കുന്നു.

**പൂണെല്ല്**-കഴുത്തിലെ എല്ല്.

**പൂൺകോഴി**-പൂവൻകോഴി.

**പൂൺപ്**-ഫ. ചുററ്, കെട്ട്. വ. ആഭരണം. ന. കാഞ്ചി, ർ. നൂൽ.

'മെയ്യിൽ മാൺപുററപൂൺപുമുണ്ടേ'
'പാമ്പുകളെ പൂൺപായി ചേക്കുംതൻ മെയ്യിൽ'
(കൃഷ്ണഗാഥ)

**പൂണ്മ**-പൂണ്മക (പൂണ്മക എന്നതിന്റെ നാമരൂപം).

**പൂത**-വി. ശുദ്ധമുള്ള, ശുദ്ധിയുള്ള.

**പൂത**-ഒരുമാതിരി ചെറിയ ജന്തു.

**പൂത്കാരി**-ഫ. സരസ്വതി. വ. നാഗങ്ങളുടെ പ്രധാനസ്ഥലം.

**പൂതക്രതായി**-ശചി, ഇന്ദ്രന്റെ ഭാര്യ.

**പൂതാ**-ഫ. വെളുത്ത ദർഭ. വ. വയ്യങ്കതക്. ന. ശംഖ്. ർ. സത്യം.

**പൂതച്ചുടയൻ**-ഒരു തൈ.

ഇതിന്റെ നീരു നസ്യം ചെയ്താൽ നേത്രരോഗം, ശിരോരോഗം, കണ്ണുരോഗം ഇവക്കു നന്ന്. സം-ഭൈമീ.

**പൂതനകം, പൂതണക്കപ്പുല്ല്**-ഫ. ഒരു പുല്ല്, പടപ്പുപുല്ല്, കരക്കൻപുല്ല്.

വാതം, കഫം, കുഷ്ഠം മുതലായവക്കു നന്ന്. കറികളിൽ ചേർക്കാം. പരിമളമുള്ളതാണ്. ജംബുകപ്രിയമായതുകൊണ്ടാണ് കരക്കൻപുല്ല് എന്നു ഇതിന്നു പേർ വന്നതു. സം-ഭൂതൃണം. ത-പടപ്പുല്ല്. ഇം Andro pogancitratus ഏൻഡ്രോപോഗൻസൈട്രാടസ്. [ലാറിൻഭാഷ]

വ. ഒരു വൃക്ഷം.

**പൂതതൃണം**-വെളുത്ത കശപ്പുല്ല്.

**പൂതദ്രു**-ഒരുവക മരം, പ്ലാശ്, പലാശം.

**പൂതധാന്യം**-എള്ള്.

**പൂതഫല**-പിലാവ്.

**പൂതന**-ഫ. ഒരു പിശാചി.

ഈ രാക്ഷസി ബലിയുടെ പുത്രിയാണ്. കൃഷ്ണൻ ശിശുവായിരുന്നപ്പോൾ കംസന്റെ ആജ്ഞയെ അനുസരിച്ചു മുല

യിൽ വിഷം തേച്ച് കൃഷ്ണനു പാലുകൊടുത്തു. കൃഷ്ണൻ പാലു കുടിച്ച് ഇവളെ വധിച്ചു.

'അംഭോജമൊട്ടിനെ ഞെട്ടിക്കുമക്കുച
കുംഭം പതുക്കവേ ഡിംഭന്നു നൽകിനാൾ
അംഭോജലോചനനപ്പോളവളുടെ
ഗാംഭീര്യമായുള്ള ഭാവം കളഞ്ഞവൻ
ജംഭാരിമന്ദിരം തന്നിലുളവായ
രംഭാദികളൊട്ടു കൂടിച്ചമഞ്ഞുള്ള
സംഭോഗമൊക്കെയനുഭവിക്കേണമെ
ന്നമ്പോടിതൊക്കെ മനസ്സിലുറയ്ക്കയാൽ
തൻപാലുമെല്ലാം കുടിച്ചുതുടങ്ങിനാൻ
തൻപ്രാണനേയും വലിച്ചുതുടങ്ങിനാൻ
അയ്യോ കുമാരക പൃഥുകം മോചിക്ക
അയ്യോ കുമാരക, പൃഥുകം മോചിക്ക
ഭീതിയാലിത്തരം വാവിട്ടലറുന്ന
പൂതനതന്നുടെ ജീവിതമൊക്കെയും
ഏതും മടിക്കാതെ ഗോപാലബാലകൻ
വീതശങ്കം കുടിച്ചീടിനാനന്തരം'
(ശ്രീകൃഷ്ണലീല തുള്ളൽ)

൨. ഒരു മീനം. ൩. കടുക്കാമരം. ൪ കടുക്ക. ശുദ്ധമാക്കിച്ചെയ്യുന്നത് എന്നർത്ഥം. ൫. നവമാഞ്ചി. ൬. രാക്ഷസി.

പൂതനഹൻ-കൃഷ്ണൻ.

പൂതനം-ചുടലയിലെ ശവം.

പൂതനാചെകരി-കഞ്ഞിപ്പശയിടുന്നതിന നെയ്ത്തുകാർക്കുള്ള ബ്രൂശ. (പൊടി തുടപ്പാൻ രോമം പറിച്ചുണ്ടാക്കിയ സാധനം.)

പൂതനാരി-കൃഷ്ണൻ.

പൂതനാസൂദനൻ-കൃഷ്ണൻ.

പൂതൽ-ചില വസ്തുക്കൾ ഇരുന്നു പഴകിയാലുണ്ടാകുന്ന മണമൊ, നിറഭേദമൊ. (വി) അകം ദ്രവിച്ച, പൊത്തായ.

'പൂതലായ്പ്പോയൊരു തരുവെപ്പോലെ
ഞാൻ' (കൃഷ്ണഗാഥ)

പൂതലിക്കുന്നു-വീക്കുന്നു.

പൂതലിപ്പ്-൧. വീക്കുക, വീപ്പ്. ൨. ശാഹാമരം.

പൂതവൃക്ഷം-പീനാറി.

പൂതാ-ദൂർവ്വ.

പൂതി-൧ ശുദ്ധി. ൨. ദുർഗ്ഗന്ധം. ൩. നാന്മുകപ്പുല്ല്.

പൂതികഷാ-പച്ചപ്പുഴ.

പൂതികരജ(ഞ്ജ)ം-ആവിമരം. ഉങ്ങിൽ ഒരു അവാന്തരഭേദമെന്നു കാണുന്നു.

പൂതികാഷ്ഠം-൧. ഒരങ്ങാടിമരുന്ന്, ചരളം. ൨. ദേവതാരം. ഉഗ്രഗന്ധമുള്ള മരം എന്നർത്ഥം. ൩. കാഷ്ഠദാരു.

പൂതികം-൧. ആവിമരം, ഞെട്ടാവൽ (ആവൽ), ദുർഗ്ഗന്ധമുള്ളത് എന്നർത്ഥം. ൨. വെരുക.

പൂതിഗന്ധ-വി. ദുർഗ്ഗന്ധമുള്ള.

പൂതിഗന്ധം-൧. ദുർഗ്ഗന്ധം. ൨. ഗന്ധകം. ൩. കരുത്ത കാട്ടുതുളസി.

പൂതിഗന്ധി-ദുർഗ്ഗന്ധമുള്ള വസ്തു.

പൂതിഖലാസ-വെരുക.

പൂതിദാരു-ദേവതാരം.

പൂതിധാന്യം-എള്ള്.

പൂതിഫലി-കാർകോകിൽ വൃക്ഷം.

പൂതിമണ്ണത്തി-പീനാറി.

പൂതിമാരുതം-ക്രുവകം.

പൂതിയൂണത്തി-പീനാറി.

പൂതിശാരിജാ-വെരുക.

പൂതീകം-൧ ഉങ്ങ്. ൨. ആവിമരം

പൂത്തട്ടം-പൂ വെക്കുന്ന പാത്രം.

പൂത്തൽ-മണ്ണിൽ ഒളിക്ക.

പൂത്താട-൧. ഒരുവക ധാന്യം (മോടൽ). ൨ ഒരുവക മത്സ്യം.

പൂത്താടി-മലയരുടെ ഒരു ദൈവം.

പൂത്താനം-ഖാദനം. (പ-മ.)

പൂത്താലി-ചില സ്ത്രീകൾ കഴുത്തിൽ കെട്ടുന്ന ഒരാഭരണം.

പൂത്തുന്നു-മണ്ണിൽ ഒളിക്കുന്നു.

പൂത്തുമ്പ-ഒരു ചെടി.

പൂത്ത്യാന്ധം-കസ്തൂരിമൃഗം.

പൂന-വി. നശിപ്പിച്ച, നാശംവരുത്തിയ.

പൂനക്കാലി-പുലിച്ചുവടി.

പൂനമ്പി-പുഷ്പകൻ.

പൂനീർ-പനിനീർ.

പൂന്തൽ-മണ്ണുകൊണ്ടു മൂടുക.

പൂന്തുകിൽ-നല്ല വസ്ത്രം.

പൂന്തുന്നു-മണ്ണുകൊണ്ടു മൂടുന്നു.

പൂന്തെങ്ങാ-തെമ്പലിന്റെ കായ്.

പൂന്തേൻ-പൂക്കളുടെ തേൻ, ചെറുതേൻ, പര്യായങ്ങൾ-മകരന്ദം, പുഷ്പരസം.

പൂന്തോട്ടം-പൂങ്കാവ്.

പൂന്തൊത്ത്-പൂക്കുല.

പൂപം-അപ്പം. ശുദ്ധിയെ രക്ഷിക്കുന്നതു് എന്നർത്ഥം.

പൂപല-ഒരുവക മധുരമുള്ള അപ്പം.

പൂപ്പ്, പൂപ്പൽ, പൂതൽ-ചില വസ്തുക്കൾ ഇരുന്നു പഴകിയാലുണ്ടാകുന്ന മണമോ നിറഭേദമോ.

പൂപ്പട-പൂക്കൾകൊണ്ടുള്ള [illegible].

'അഭിഷേകോത്സവമാഘോഷിച്ചുള-
വവനിയെനീളെച്ചെത്തിയടിച്ചു
കിളച്ചുനിറത്തൊടുമെഴുകിപ്പൂപ്പടയിട്ടു
പ്പട്ടുവിതാനപ്പണിയുംതീർത്തു'

(ഉത്തരരാമായണം ചമ്പു)

പൂപ്പന്തൽ-പൂക്കളെക്കൊണ്ടു അലങ്കരിച്ച പന്തൽ.

പൂപ്പരുത്തി-പ്ര. ചെമ്പരുത്തി. ഉ. പൂവരശു.

പൂപ്പാതിരി-ഒരു വൃക്ഷം. പര്യായങ്ങൾ-പാടലം, പാടലി, അമോഘം, കാലസ്ഥാലി, കമ്പ, സ്ഥാലി, ഫലേരുഹം.

പൂപ്പാലിക-പൂത്തട്ടം.

പൂപ്പാൻവള്ളി-ഒരു ചെടി.

പൂപ്പു്-കൊയ്ത്തു സമയം.

പൂപ്പൊടി-പൂവിന്റെ പൊടി. പര്യായങ്ങൾ-പരാഗം, സുമനോരജസ്സ്.

പൂമകൾ-ലക്ഷ്മി.

പൂമഠം-പൂനമ്പിയുടെ മഠം.

പൂമണം-പൂക്കളുടെ സൌരഭ്യം.

പൂമരം-പൂവുണ്ടാകുന്ന വൃക്ഷം.

പൂമലർ-വിടിർന്ന പൂ (വ്).

പൂമഴ-പൂകൊണ്ടു മഴപോലെ വർഷിക്കുക.

പൂമാതു്-ലക്ഷ്മി.

പൂമാരി-പൂമഴ.

പൂമാല-പൂക്കൾ കൊണ്ടുള്ള മാല.

പൂമീൻ-ഒരു മത്സ്യം.

പൂമുഖം-വീട്ടിന്റെ മുന്നരങ്ങിൽ ഭംഗിക്കും സുഖവാസത്തിനുമായി കെട്ടിയുണ്ടാക്കീട്ടുള്ള ഭാഗം. (സം) നിസ്സരണം.

പൂമുണ്ടു്-ഒന്നാംതരം രാജയോഗ്യമായ വസ്ത്രം.

പൂമെയ്യ്, പൂമെ-നല്ല ദേഹം.

പൂമേനി-മാർദ്ദവമുള്ള ശരീരം.

പൂമൊട്ടു്-പൂവുണ്ടാകുന്നതിനുള്ള മൊട്ടു്.

പുതിയമൊട്ടു്-ക്ഷാരകം, ജാലകം,
വിരിയാറായമൊട്ടു്-കലികാ, കോരകം.

ഇവ നാലും മൊട്ടിന്റെ പേർതന്നെ എന്നും അഭിപ്രായം കാണുന്നു.

ഏതാനും വിടിർന്നതും ഏതാനും വിടിരാത്തതുമായ പൂക്കുല-ഗുച്ഛകം, സ്തബകം.

വിടിർന്നുതുടങ്ങിയ മൊട്ടു്-കുശളം, മുകുളം.

പൂമ്പരാഗം-പൂമ്പൊടി.

പൂമ്പൊടി-പൂവിൽ ഇരിക്കുന്ന പൊടി, (പൂപ്പൊടി എന്നതു നോക്കുക.)

പൂമ്പൊഴിൽ- പൂമ്പൊയ്ക. (പൊഴിൽ എന്നതു നോക്കുക.)

പൂയനാശകം-വെപ്പ്.

പൂയം-എട്ടാംനക്ഷത്രം (സം) ചലം.

പൂയൽ-൧ യുദ്ധം. ൨. പൂശ (അടി).

പൂഃ-൧. ദേഹം. ൨. നഗരം ൩. രാജ്യം.

പൂയാരി-വെപ്പ്.

പൂര-വേട്ടയിലെ ഒരു ഉപകരണം, ചൊല്ല്.

പൂരക-വി. നിറയ്ക്കുന്ന.

പൂരകം-മുഴുവൻ പ്രാണായാമത്തെയും രണ്ടുഭാഗങ്ങളായി വിഭജിച്ചതിൽ ഒന്ന്. വലത്തെ മൂക്ക അടച്ചുംകൊണ്ട് ഇടത്തേതിൽകൂടെ ശ്വാസം കയറേറുക, പ്രാണവായുവിനെ അപാനനിൽ ഹോമിക്കുക. ൨. മാതുലനാരകം.

പൂരണ-വി. നിറയ്ക്കുന്ന.

പൂരണം-൧. നിറയ്ക്കുക. ൨. പാലം. ൩. സമുദ്രം. ൪. ഒരു സുഗന്ധതൈലം. ൫. കഴിമുത്തങ്ങ. ൬. ശാല്മലിവൃക്ഷം. ൭. വിഷ്ണുതൈലം.

പൂരണി-൧. ഇലവ്. പഞ്ഞികൊണ്ടു കായ് നിറയുന്നതു് എന്നർത്ഥം. ഇലവിമരം എന്നും പൂള എന്നും കൂടി പറയുന്നു. ൨. മൂട്ടനല്ല്. ൩. ദുർഗ്ഗ.

പൂരം-൧. പതിനൊന്നാം നക്ഷത്രം. ൨. ഒരുത്സവം. ൩. കയം. ൪. പുണ്ണിന്റെ ഉണക്കം. ൫. ഒരു പലഹാരം. ൬. കൂട്ടം. ൭. ഒഴുക്ക്, ഉ-ം, രുധിരപൂരം.

പൂരാച്ചി-പൂരിപ്പിക്കുവാനുള്ള വെറും വാക്ക്, കഥയില്ലാത്ത പറച്ചൽ.

പൂരാടം-ഇരുപതാം നക്ഷത്രം.

പൂരാണി-തുണിനെയ്യുന്നതിന് ഉപയോഗിക്കുന്ന അഴിപ്പലക

പൂരാമ്ലം-മരപ്പുളി.

പൂരായം-താൽപര്യം, ശോധന.

പൂരാവ്-അടങ്കൽ, മുഴുവനും. ഉ-ം, പൂരാവള്ളം.

പൂരാവള്ളം-മുഴുവനും ഒന്നായി കുഴിക്ക പിടിച്ചിട്ടുള്ള വള്ളം.

പൂരികം-൧. ഒരു പലഹാരം. ൨. ഒരു വക മൂത്തുകായ്.

പൂരിക്കുന്നു-൧. നിറയ്ക്കുന്നു, തികയുന്നു. (സ. ക്രി. പൂരിപ്പിക്കുന്നു.) ൨. നിറയുന്നു.

പൂരിത-വി. നിറയ്ക്കപ്പെട്ട.

പൂരേണു-പൂമ്പൊടി.

പൂരു- ചന്ദ്രവംശ രാജാവായ യയാതിയുടെ പുത്രൻ. അമ്മ ശർമ്മിഷ്ഠ.

പൂരുവിന്റെ മാതാവു ശർമ്മിഷ്ഠ. യയാതി ശുക്രശാപത്താൽ ജരാപീഡിതനായി എന്നാൽ പുത്രന്മാരിൽ വിനിമയം ചെയ്യാമെന്നുണ്ടായിരുന്നു. യദു, തുർവ്വസു, ദ്രുഹ്യു, അനുദ്രുഹ്യു മുതലായ പുത്രന്മാർ യൌവനം കൈമാറി ജരാന്തരകൈക്കൊള്ളുവാൻ സമ്മതിച്ചില്ല. പൂരു എന്ന കനിഷ്ഠപുത്രൻ സമ്മതിച്ചു. ഒടുവിൽ പൂരുവിനെത്തന്നെ മഹാരാജാവായി യയാതി അഭിഷേകം ചെയ്യിച്ചു. ഈ രാജാവു മഹാശൂരനും വളരെ യാഗങ്ങൾ ചെയ്തിട്ടുള്ളവനുമായിരുന്നു.

പൂരുരുട്ടാതി-ഇരുപത്തഞ്ചാം നക്ഷത്രം.

പൂരുവംശം-ചന്ദ്രവംശത്തിൽ യയാതിയുടെ പുത്രനായ പൂരുവിന്റെ വംശം.

പൂരുഷൻ-൧. ആൺ. ൨. മനുഷ്യൻ. ൩. ആത്മാവ്.

പൂർണ്ണ-വി. ൧. നിറഞ്ഞ, നിറയ്ക്കപ്പെട്ട. ഒട്ടൊഴിയാത്ത. ൨. മുഴുവനായ. ൩. ബലമുള്ള.

പൂർണ്ണ-൧. പഞ്ചമി ദശമി വാവ് ഇവ മൂന്നും. ൨. വെളുത്തവാവ്.

**പൂൎണ്ണകലശം**-നിറകുടം.

**പൂൎണ്ണകുംഭം**- നിറകുടം, രാജ്യഭാരാദികളിൽ മംഗളാൎത്ഥകമായി വെക്കുന്ന പൂൎണ്ണകലശം.

**പൂൎണ്ണകം**-൧. കാട്ടുകാക്ക. ൨. ഒരുവൃക്ഷം.

**പൂൎണ്ണഗൎഭം**-തികഞ്ഞഗൎഭം.

**പൂൎണ്ണചന്ദ്രൻ**-മുഴുച്ചന്ദ്രൻ.

**പൂൎണ്ണത**-തികവു്.

**പൂൎണ്ണപാത്രം**-നിറഞ്ഞപാത്രം.

**പൂൎണ്ണമാകുന്നു** - നിറയുന്നു, തികയുന്നു. (സ. ക്രി. പൂൎണ്ണമാക്കുന്നു.)

**പൂൎണ്ണമാസം**-വെളുത്തവാവുതോറും കഴിക്കുന്ന ഒരു ബലി.

**പൂൎണ്ണമാസി**-വെളുത്തവാവു്, പൂൎണ്ണിമ.

**പൂൎണ്ണസന്തോഷം**-അ. സന്തോഷത്തോടുകൂടെ.

**പൂൎണ്ണാനന്ദം**—അ. സന്തോഷത്തോടുകൂടെ.

**പൂൎണ്ണായുസ്സ്**-തികഞ്ഞ ആയുസ്സ്.

**പൂൎണ്ണിമാ**-വെളുത്തവാവു്. പൂൎണ്ണനായ ചന്ദ്രനാൽ നിൎവൃത്തം എന്നൎത്ഥം. പൂൎണ്ണചന്ദ്രൻ ഇതിങ്കലുള്ളതിനാൽ ഈ പേർ വന്നു എന്നു് താല്പൎയ്യം.

**പൂൎത്ത**-വി. ൧. നിറയപ്പെട്ട. ൨. മൂടപ്പെട്ട

**പൂൎത്തം**-൧. കിണറു്, കുളം, നടക്കാവു്, ദേവാലയം മുതലായവയെ ഉണ്ടാക്കുന്നതായ സൽകൎമ്മം. പൂരിക്കുക, ന്യൂനമായിരുന്നതിനെ സമ്പൂൎണ്ണമാക്കി ചെയ്യുക എന്നൎത്ഥം.

'ക്രതുകൎമ്മപൂൎത്തേഷ്ട്യാദികം'
(രാമായണം)

'പൂൎത്തംത്രിഷുപൂരിതസ്സ്യാൽ
ക്ലീബംഖാതാദികൎമ്മണി' (മേദിനി)

(സ്മൃത്യന്തരത്തിലെ വിവരണം)

'പുഷ്കരിണ്യസ്സഭാവാപീ
ദേവതായതനാനിച
ആരാമശ്ചവിശേഷേണ
പൂൎത്തംകൎമ്മവിനിൎദ്ദിശേൽ'

(പാക്കനാർ പൂൎത്തത്തെക്കുറിച്ചു് ഇങ്ങിനെ പറയുന്നു.)

'നാട്ടുൽക്കൂട്ടു കൂട്ടുൽതൊണ്ടു തൊണ്ടുൽ
തുക്കു്' (പഴഞ്ചൊല്ലു്)

പുതിയ ദേവാലയം ഉണ്ടാക്കുന്നതിനെക്കാൾ പഴയതിനെ നന്നാക്കുന്നതാണു് ശ്രേഷ്ഠം. പുത്തൻകുളം മുതലായതു കഴിപ്പിക്കുന്നതിനേക്കാൾ തൂൎന്നുകിടക്കുന്നതിനെ തോണ്ടിക്കുന്നതു് ഉത്തമം. അതിലും മേലാകുന്നു അന്നദാനം-ഇങ്ങനെയിരിക്കണം ഈ പഴഞ്ചൊല്ലിന്റെ താല്പൎയ്യം.

൨. പോററുക.

**പൂൎത്തി**-നിറവു്, തികവു്, പൂൎണ്ണത.

**പൂൎവ്വ**-വി. ൧. ആദ്യമുള്ള. ൨. പണ്ടുള്ള. ൩. കിഴക്കുള്ള ൪. മുമ്പിലുള്ള.

**പൂൎവ്വം**-൧. പണ്ടത്തെ പാരമ്പൎയ്യം. (പദാന്തത്തിൽ ചേൎന്നുവരുമ്പോൾ) മുൻ പദാൎത്ഥത്തോടുകൂടിയതു് എന്നൎത്ഥം വരുന്നു. ഉ ം, സ്നേഹപൂൎവ്വം (സ്നേഹത്തോടുകൂടി). ൨. ഒട്ടൊഴിയാതതു്, സൎവ്വം. ൩. ആദിയിൽ ഭവിച്ചതു്. പൂരിക്കുന്നതു് എന്നൎത്ഥം. ൪. കിഴക്കുദിക്കിൽ ഭവിച്ചതു്. ൫. മുമ്പേഭവിച്ചതു്.

**പൂൎവ്വക**-വി. മുമ്പുള്ള.

**പൂൎവ്വകൎമ്മം**-മുമ്പുചെയ്ത കൎമ്മം.

**പൂൎവ്വകാലം**-മുമ്പിലത്തെ കാലം.

**പൂൎവ്വഖണ്ഡം**-മലബാറിന്റെ കിഴക്കേ മലംപ്രദേശം.

**പൂൎവ്വഗംഗാ**-നൎമ്മദാനദി.

**പൂൎവ്വജ**-വി. മുമ്പിൽ ജനിച്ച.

**പൂൎവ്വജന്മസ്സ്**-മുജ്ജന്മം.

**പൂർവ്വജൻ, പൂർവ്വജന്മാവ്**- ജ്യേഷ്ഠൻ, ജ്യേഷ്ഠഭ്രാതാവ്. മുൻകാലത്തു ജനിച്ചവൻ എന്നർത്ഥം.

**പൂർവ്വജന്മം**- മുമ്പിലത്തെ ജന്മം.

**പൂർവ്വജ്ഞാനം**-മുന്നറിവ്.

**പൂർവ്വതന**-വി. മുമ്പുള്ള.

**പൂർവ്വദിക്ക്**-കിഴക്കേദിക്ക്.

**പൂർവ്വദേവൻ**-അസുരൻ. പ്രാണനെ ഗ്രഹിക്കുന്നവൻ; അമൃതം ഇല്ലാത്തവൻ, യാഗഭാഗത്തിങ്കൽനിന്നു തള്ളപ്പെട്ടവൻ, പൂർവ്വം ദേവപദത്തിൽ ഇരുന്നവൻ.

അസുരന്മാർ അന്യായകർമ്മങ്ങൾ ചെയ്ക നിമിത്തം ദേവകളുടെ കൂട്ടത്തിൽനിന്നു തള്ളപ്പെട്ടുപോയി എന്നതു സുപ്രസിദ്ധമാണല്ലോ.

**പൂർവ്വധനം**-ന. മുമ്പിനാലെയുള്ള സ്വത്ത്. ഉ. മൂലധനം.

**പൂർവ്വനിയമം**-പണ്ടത്തെ പതിവ്.

**പൂർവ്വന്മാർ**-ന. പണ്ടുള്ളവർ. ഉ. കാരണവന്മാർ.

**പൂർവ്വപക്ഷം** - വെളുത്തപക്ഷം. പൂർവ്വപക്ഷം > < അപരപക്ഷം.

**പൂർവ്വപദം**-ന. പണ്ടത്തെ സ്ഥലം. ഉ. പല സംസ്കൃതവചനങ്ങൾ കൂട്ടിച്ചേർത്തുള്ളവാക്കുകളിൽ മുമ്പേ ഇരിക്കുന്ന പദം.

**പൂർവ്വപർവ്വതം**-ഉദയപർവ്വതം, കിഴക്കുള്ള ഒരു പർവ്വതം.

**പൂർവ്വപുണ്യം**-മുമ്പിൽ ചെയ്ത പുണ്യം.

**പൂർവ്വഭാഗം**-മുൻഭാഗവും മററും.

**പൂർവ്വമീമാംസ**-(ജൈമിനിയുടെ) ദർശനങ്ങളിൽ ഒന്ന്.

ജൈമിനിയുടെ പൂർവ്വമീമാംസയിൽ അറുപതു അദ്ധ്യായങ്ങൾ ഉണ്ട്. ഇതുകൾ പന്ത്രണ്ടു പ്രസംഗങ്ങളായിട്ടു വിഭാഗിക്കപ്പെട്ടിരിക്കുന്നു. ആദ്യത്തെ ആറു പ്രസംഗങ്ങളിൽ ധർമ്മത്തിന്റെ മാഹാത്മ്യത്തെക്കുറിച്ചും മററും പറയുന്നു. പിന്നെയുള്ള അദ്ധ്യായങ്ങളിൽ പലവിധവിഷയങ്ങളെക്കുറിച്ചു പറഞ്ഞിട്ടുണ്ട്. ഇതുകൂടാതെ അനേകം വിശേഷസംഗതികളെപ്പററിയും അവിടവിടെയായിട്ടു പറഞ്ഞിട്ടുണ്ട്. ആദ്യത്തെ പ്രസംഗത്തിൽ വേദങ്ങൾക്കു ആദ്യന്തമില്ലെന്നും അവ സ്വയംഭൂക്കളാണെന്നും കാണുന്നു. നിത്യവും ദിവ്യവുമായ ഈ കൃതി മന്ത്രമെന്നും ബ്രാഹ്മണമെന്നും രണ്ടായി ഭാഗിച്ചിരിക്കുന്നു. മന്ത്രങ്ങളിൽ ഋക് യജുസ്സ് സാമം എന്നു മൂന്നുഭാഗങ്ങളും ബ്രാഹ്മണങ്ങളിൽ ഉപനിഷത്തുകളും അടങ്ങിയിരിക്കുന്നു-പ്രാചീനാര്യാവർത്തം.

**പൂർവ്വരംഗം**-തോടയം, നാടകം, ആടുന്നതിന്നും മററുമുള്ള ആരംഭം.

നാടകത്തിൽ പൂർവ്വരംഗം എന്നാൽ ഭൂതവും ഭാവിയുമായ കഥകളെ തമ്മിൽ യോജിപ്പിക്കാൻ അങ്കത്തിന്റെ ആരംഭത്തിൽ പ്രയോഗിക്കുന്ന ചുരുക്കത്തിലുള്ള രംഗമാകുന്നു.

**പൂർവ്വവൽ**-അ. മുമ്പിലത്തെപ്പോലെ.

**പൂർവ്വവാസന**-മുമ്പിലത്തെ വാസന.

**പൂർവ്വവൃത്താന്തം** - പണ്ടുണ്ടായ വർത്തമാനം.

**പൂർവ്വവൈരം**-പണ്ടേയുള്ള ശത്രുത.

**പൂർവ്വശിഖ**-മുൻകുടിമ.

**പൂർവ്വസക്ഥം**-തുടയുടെ മേൽഭാഗം.

**പൂർവ്വസന്ധ്യ**-ആദിത്യനുദിക്കുന്നസമയം.

**പൂർവ്വസ്നേഹം**-ന. പണ്ടേയുള്ള മമത. ഉ. പൂർവ്വന്മാരോടുള്ള സ്നേഹം.

**പൂർവ്വസ്മരണം**-കഴിഞ്ഞ കാര്യങ്ങളുടെയും മററും ഓർമ്മ.

**പൂർവ്വാ**-കിഴക്ക്.

**പൂർവ്വാംഗം**-മുഖം, മുൻഭാഗം.

**പൂർവ്വാചാരം**-പണ്ടുള്ള മര്യാദ.

**പൂർവ്വാചാര്യന്മാർ**-പണ്ടുണ്ടായിരുന്ന ആചാര്യന്മാർ.

**പൂർവ്വാർജ്ജിതം**-പൂർവികന്മാരാൽ സമ്പാദിക്കപ്പെട്ടത്.

**പൂർവ്വാധികം**-മുമ്പിലത്തേതിലും അധികം

**പൂർവ്വാപര**-വി. മുമ്പും പിമ്പുമുള്ള, ആദിയിലും ഒടുക്കവുമുള്ള.

**പൂർവ്വാപരം**—സാക്ഷിയും സാക്ഷിബോധം വരുത്തുവാനുള്ള കാര്യവും.

**പൂർവ്വാപരവിരോധം**- മുമ്പിലത്തേതും പിന്നത്തേതും തമ്മിലുള്ള വിരോധം.

**പൂർവ്വാർദ്ധം**-ന. മുമ്പിലത്തെപകുതി. ഉ. കിഴക്കേപ്പാതി. ന. ഒരു പദ്യത്തിന്റെ (ശ്ലോകത്തിന്റെ) ആദ്യത്തെ രണ്ടു പാദവും ചേർന്നതു.

**പൂർവ്വാഷാഢം**-പൂരാടം.

**പൂർവ്വാഹ്നം**-ന. ഉദിച്ചു പത്തുനാഴിക പുലർന്നതുവരെയുള്ള സമയം. ഉ. പകലിന്റെ മൂന്നിലൊരു ഭാഗം.

**പൂർവ്വികൻ** – പണ്ടുള്ളവൻ. (പൂർവ്വികൻ ▷ ◁ആധുനികൻ.)

**പൂർവ്വേദ്യുഃ**—അ. മുമ്പിലത്തെ ദിവസം, ഇന്നലെ. തലേദിവസത്തിൽ എന്നർത്ഥം.

**പൂർവ്വോത്തരം**—ന. മുമ്പിലത്തേതും പിന്നത്തേതും. ഉ. കിഴക്കും വടിഞ്ഞാറും.

**പൂലാൻ**-കള്ളംപറയുന്നവൻ. (പ-മ.)

**പൂലി**- ഒരുവക നാണയം, പൂലിവരാഹൻ.

**പൂലുവൻ**-ന. പുള്ളുവൻ. ഉ. ഈഴവരെക്കാറം താണതരത്തിലുള്ള ഒരു ജാതിക്കാരൻ.

**പൂലുവപ്പാട്ടി**-ഒരു ശകാരവാക്ക്.

**പൂല്യം**-പതിർ.

**പൂവൺ**-ഒരു വൃക്ഷം.

**പൂവത്തു്**-ഒരങ്ങാടിമരുന്ന്.

**പൂവത്തെണ്ണ**-പൂവക്കാവിന്റെ എണ്ണ.

**പൂവൻ**-ന. പക്ഷികളിൽ ആൺ. ഉ. ഒരുമാതിരി വാഴ. ന. ഒരുവക കമ്പിളി വ്. ർ പൂവ്, പൂപ്പ്. ഇ. ധാന്യം, വിളവ്.

**പൂവന്തി**-പൂമിഞ്ചി, പൂവിരിഞ്ഞി.

**പൂവമ്പൻ**-കാമദേവൻ. പൂക്കളാകുന്ന അമ്പുകളം (അസ്ത്രങ്ങളും) ഉള്ളവൻ എന്നർത്ഥം.

**പൂവം**-ഒരു വൃക്ഷം.

**പൂവരശു**-ഒരു വൃക്ഷം, ചീലാന്തി.

**പൂവലംഗം**-മാർദ്ദവമുള്ള ശരീരം (പൂവൽ + അംഗം).

**പൂവൽ**-വി. ന. മാർദ്ദവമുള്ള.

'ആരോമൽപൈതൽതൻപൂവൽമേനി'
(കൃഷ്ണഗാഥ)

ഉ. പൂവോടുകൂടിയിരിക്കുന്ന കായ്, പിഞ്ചു്. ന. ഈറം. ർ. ചില ധാന്യങ്ങളുടെ പതിർ.

**പൂവള്ളി**-പൂവുള്ള വള്ളി.

**പൂവാച്ചെത്തി, പൂവാത്തെച്ചി**-ഒരു പൂച്ചെടി.

**പൂവാങ്കുറുന്തൽ, പൂവാൻകുരുന്തൽ**-ഒരു പച്ചമരുന്ന്, തിരുദേവി, ശ്രീദേവി.

**പൂവാഞ്ചൂട്**-കാട്ടുതുമ്പ.

**പൂവാട**-പൂഞ്ചേല.

**പൂവാൻ**-പൂകവാൻ.

**പൂവാർപൊഴിൽ**-പുഷ്പോദ്യാനം.

**പൂവാളി**-പൂവമ്പൻ.

**പൂവിരഞ്ഞി**-ഇരഞ്ഞി, പൂവരശു.

**പൂവില്ലവൻ**-കാമൻ.

**പൂവെണ്ണ**-മണമുള്ള ഒരുമാതിരി എണ്ണ. (പൂ + എണ്ണ).

**പൂവേണി**-ന. നല്ലതലമുടി. ഉ. നല്ല തലമുടിയുള്ളവൾ.

**പൂശകൻ**-പൂച്ച.

'പൂശകനെക്കണ്ടെലികൾകണക്കെ'

(രുക്മിണീസ്വയംവരം തുള്ളൽ)

**പൂശാരി**-പൂജാരി, താഴ്ന്നജാതിക്കാരുടെ ഇടയിലുള്ള പുരോഹിതൻ.

**പൂഷാവ്**-പ. ആദിത്യൻ. പോഷിപ്പിക്കുന്നവൻ എന്നർത്ഥം. വ. എരിക്ക്.

'പൂഷാവോദയെക്കളിച്ചു'

(സ്കാന്ദപുരാണം)

**പൂഷ(ക)ം**-പൂഗം, കാട്ടരയാൽ.

**പൂഷൻ**-പ. നാല്ക്കാലികളുടെ ദേവൻ. വ. മന്ത്രവാദികളുടെ ദേവൻ. ന. ഇന്ദ്രന്റെ സഹോദരൻ. ര. ആദിത്യന്മാരിൽ ഒരുവൻ.

പൂഷനെപ്പററി ഇപ്രകാരം പലവിധം അഭിപ്രായങ്ങൾ ഉണ്ട്. ദക്ഷയാഗത്തിൽ തനിക്കുള്ള പല്ലുകൾ നശിപ്പാനിടയാകയാൽ ബലികൊടുക്കുന്നതു പൊടിച്ചു കഞ്ഞിപോലെ പാകം ചെയ്താണെന്നു കാണുന്നു. പൂഷനു പല്ലുപോയതു യാഗത്തിനു ക്ഷണമില്ലാതിരുന്നതിനാൽ ശിവൻ ഹവിസ്സിനു നേരെ ഒരസ്ത്രം തൊടുത്തു എന്നും അതിന്റെ ഒരംശം പൂഷൻ ഭക്ഷിച്ചപ്പോൾ പല്ല് പറിഞ്ഞുപോയി എന്നും തൈത്തിരീയ സംഹിത വെളിവാക്കുന്നു. വിവാഹക്രിയയിൽ മണവാട്ടിയെ അനുഗ്രഹിക്കുന്നതിനായി പൂഷനോടു ഒരു പ്രാർത്ഥനയുള്ളപ്രകാരം കാണുന്നു. ആഘ്രിണി, ദസ്രൻ, ദസ്മൻ, ദസ്മവർച്ചസ്സ്, കപർദിനി എന്ന പേരുകളും ഉണ്ട്.

**പൂള്, പൂൾ**-കഷണം, തേങ്ങായോ മാങ്ങായോ മററോ പൂളിയതു്, മരത്തിന്റെ കഷണവും മറവും, ആപ്പ്.

**പൂള**-വി. പുളിച്ച.

**പൂള**-പ. ഇലവുവൃക്ഷം. വ. ഗുഹ്യപ്രദേശം

**പൂളപ്പഞ്ഞി**-ഇലവിൻപഞ്ഞി.

**പൂളം**-പൊളി, കളവ്.

**പൂളുന്നു**-കഷണമാക്കുന്നു, തേങ്ങയും മറ്റും നീളത്തിൽ കീറിയെടുക്കുന്നു, ചെത്തുന്നു.

'മുണ്ടോടുകൂടവെമാമ്പഴംമോഷ്ടിച്ചു

കൊണ്ടുവന്നൊക്കവെപൂളിബ്ഭുജിച്ചുടൻ'

(നൃഗമോക്ഷം തുള്ളൽ)

**പൂഴാൻ**-ഒരു മത്സ്യം.

**പൂഴി**-പ. മണ്ണ്.

'കണ്ണൻചിരട്ടയിൽപൂഴിനിറച്ചിട്ട്'

(കൃഷ്ണലീല തുള്ളൽ)

വ. തുരുമ്പ്. ന. പൂമ്പൊടി.

**പൂഴിക്കടകംമറിക** – ഓതിരംമറിഞ്ഞു എതിരാളിയുടെ കാലിൽ വെട്ടുക.

**പൂഴിക്കല്ല്**-ഉപ്പ്.

**പൂഴിക്കല്ലൂരി**-വസൂരി ഫവ·ൽ ഫ. (ഇതു പ്രയത്നസാദ്ധ്യം. ഫവ കഴിഞ്ഞു കുളിപ്പിക്കണം.)

**പൂഴിക്കാപ്പൂത്തു്**-കണ്ണിലുള്ള ഒരുമാതിരി പുഴുവ്.

**പൂഴിക്കൊല്ലൻ**-കല്ലാശാരി.

**പൂഴിച്ചോറാടിക്കളിക്ക**-നനഞ്ഞ മണ്ണിനോടു കളിക്ക.

**പൂഴിച്ചോറു്**-കുഞ്ഞുങ്ങൾ കളിക്കായി മണ്ണുകൊണ്ടുണ്ടാക്കുന്ന ചോറു്.

**പൂഴിത്തറ**-മൺതറ.

**പൂഴിത്തച്ചൻ**-പൂഴിയാശാരി, ഖനകൻ, പെരുതേരി.

**പൂഴിനാഗം**-ഭൂനാഗം, ഇര, നിലത്തിര.

**പൂഴിനാട്**-കേരളം എന്നു പറഞ്ഞുവരുന്ന ചേരരാജ്യത്തിന് ഉണ്ടായിരുന്ന ഏഴു വിഭാഗങ്ങളിൽ ഒന്ന്.

**പൂഴിപരിതലത്തുറാവ്** - വിശേഷമുള്ള ഒരുവക കടൽ മീൻ; കടൽക്കൂരി.

**പൂഴിപ്പടി** - ആളുകളുടെ ചുവട്ടിലെ പടി, കട്ടിളയുടെ കീഴത്തെ കുറുമ്പടി.

**പൂഴിക്കിടയൻ** - ഒരു മാതിരി വിഷമധികമുള്ള പാമ്പ്.

**പൂഴിമാതു്** - ഭൂദേവി.

**പൂഴിയാശാരി** — കല്ലാശാരി, പൂഴിത്തച്ചൻ.

**പൂഴുന്നു** - അടിയിലാകുന്നു; മുഴുകുന്നു.

**പൂറ്** - പ്ര. പൃഷ്ഠം, കണ്ടി. ദ്വി. കൃതി.

—ooOoo—

## പൃ

**പൃക്ക** - ഒരു മരുന്ന്, ജോനകപ്പുല്ല്.

**പൃക്ത** - വി. പ്ര. തൊടപ്പെട്ട. ദ്വി. സംബന്ധിക്കപ്പെട്ട.

**പൃക്തം** - സമ്പത്ത്.

**പൃക്തി** - തൊടുക, സ്പർശം.

**പൃച്ഛ** - ചോദ്യം.

'പൃച്ഛയെന്താണെനിക്കിപ്പോൾ
വേതാളി'

(ദുര്യോധനവധം കഥകളി)

**പൃച്ഛകൻ** - അന്വേഷണക്കാരൻ, വിചാരണക്കാരൻ.

**പൃച്ഛിക്കുന്നു** - ചോദിക്കുന്നു.

**പൃതന** - പ്ര. സേന. ദ്വി. സേനയിൽ ഒരു ഭാഗം. (അക്ഷൌഹിണി എന്നതു നോക്കുക)

൨൪൩ ആനകളും ൨൪൩ രഥങ്ങളും ൭൨൯ കുതിരകളും ൧൨൧൫ കാലാളുകളും കൂടിയ സൈന്യം ഒരു പൃതന ആകുന്നു.

തൃ. യുദ്ധം.

**പൃതന്യ** - സേന.

**പൃഥക്** - അ. ഒഴികെ, വേറെവേറെ, കൂടാതെ.

ഇതു ഒരു ഭേദകാവ്യയമാണ്.

**പൃഥക്പർണ്ണി** - പ്ര. മൂവില. ഒന്നോടൊന്നു വേറിട്ടു നില്ക്കുന്ന ഇലകൾ ഉള്ളത് എന്നർത്ഥം. (ഓരില എന്നും അഭിപ്രായക്കാരുണ്ട്). ദ്വി. പെരുങ്കുരുമ്പ.

**പൃഥഗാത്മ** - വി. വെവ്വേറെ ആത്മാവുള്ള.

**പൃഥഗാത്മത** - പ്രത്യേകമുള്ള ആത്മാവിന്റെ അവസ്ഥ, ഭേദാഭിവ്യക്തി, വേറിട്ടു വേറിട്ടു കാണപ്പെടുന്നതിന്റെ ഭാവം എന്നർത്ഥം. (ചിത്തും ജഡവും തിരിച്ചറിയുന്നതിന്റെ പേർ.)

**പൃഥഗാത്മികാ** - പ്രത്യേകമുള്ള അവസ്ഥ.

**പൃഥഗ്ജനൻ** - പ്ര. അധമൻ. ദ്വി. മൂർഖൻ. തൃ. മൂഢൻ. ച. അജ്ഞാനി. പ. നീചൻ. സജ്ജനങ്ങളിൽ നിന്നു വേർതിരിഞ്ഞവൻ എന്നർത്ഥം.

**പൃഥഗ്വിധ** - വി. പല രൂപമുള്ള, പല പ്രകാരമുള്ള.

**പൃഥാ** - പാണ്ഡവന്മാരുടെ അമ്മ, കുന്തിദേവി.

ഈ പദത്തിൽ പുത്രൻ എന്നർത്ഥം വരുന്ന പര്യായങ്ങൾ ചേർത്താൽ പാണ്ഡവൻ എന്നർത്ഥം വരും.

**പൃഥാജൻ** - പാണ്ഡവൻ. (പ്രത്യേകം അർജ്ജുനൻ).

**പൃഥിവി, പൃഥവി, പൃത്ഥ്വീ** - ഭൂമി. പൃഥുചക്രവർത്തിയാൽ സൽക്കരിക്കപ്പെട്ടതു എന്നർത്ഥം. പൃഥുവിൽ നിന്നു ജീവൻ പ്രാപിച്ചതിനാൽ ഈ പേരുണ്ടായി എന്നുമാവാം. വിസ്താരമുള്ളതു എന്നും അർത്ഥമുണ്ട്. പൃഥു ചക്രവർത്തിയുടെ പുത്രി എന്നതും സ്വീകാര്യം തന്നെ.

**പൃഥിവീധരം** - പർവ്വതം.

**പൃഥിവീപതി**-൧. രാജാവ്. ൨. യമൻ.

**പൃഥിവീപാലൻ**-രാജാവ്.

**പൃഥിവീശൻ**-രാജാവ്.

**പൃഥു**-വി. ൧. വലിയ. ൨. തടിച്ച. ൩. മിടുക്കുള്ള.

**പൃഥു**-൧. പണ്ടുള്ള സൂര്യവംശത്തിലെ ഒരു രാജാവ്.

യാതൊരു രാജർഷിയെയാണു രാജസൂയത്തിൽ സാമ്രാട്ടായി അഭിഷേകം ചെയ്വാൻ മഹർഷിമാർക്കു മഹാ ഭാഗ്യം ലഭിച്ചതു അദ്ദേഹമാണു വേനന്റെ പുത്രനായ പൃഥുചക്രവർത്തി. ത്രേതായുഗത്തിൽ ജീവിച്ചിരുന്നു. നാട്ടുകാർ അദ്ദേഹത്തോടിണങ്ങുകനിമിത്തം പ്രജാരഞ്ജകനായി രാജ്യം ഭരിച്ചിരുന്നു. ഈതിബാധകളാൽ മൂടിയിരുന്ന വേനന്റെ രാജ്യം പൃഥു കിരീടാവകാശിയായതോടുകൂടി സകല വിഭവ സംപൂർണ്ണമായി പരിലസിച്ചു. ആബാലവൃദ്ധം ജനങ്ങൾ മഹാരാജാവിനെ കൊണ്ടാടി ആ മഹാരഥന്റെ മൈത്രയാത്രയിൽ വാനവന്മാർ വാഴ്ത്തുകയും ആശീർവദിക്കയും ചെയ്തു. ഒരിക്കൽ അദ്ദേഹം തന്റെ അജഗവില്ലു കുലച്ചു ഭൂമിയോടു നാട്ടുകാർക്കു എന്താവശ്യമുണ്ടോ അതു കൊടുത്തുകൊൾവാൻ കല്പിച്ചു. അതനുസരിച്ചു ഭൂദേവി കറന്നു കൊൾവാൻ പിതാവായ പൃഥുവിനു സമ്മതം നൽകി. മരങ്ങൾ തുടങ്ങി മനുഷ്യർവരെയുള്ള സകല ചരാചരങ്ങളും പശുരൂപിണിയായ ഊഴിയിൽ നിന്നും അതാതിനിഷ്ടമുള്ള ഓരോ പദാർത്ഥങ്ങളും കറന്നെടുത്തു തുടങ്ങി. വിശേഷിച്ചും സപ്തർഷികൾ അതിൽനിന്നു വേദങ്ങളെ കൈക്കൊണ്ടു പ്രതാപവാനായ പൃഥുചക്രവർത്തി അനവധി അശ്വമേധയജ്ഞങ്ങൾ നടത്തി അനേകായിരം ബ്രാഹ്മണർക്കു ദ്രവ്യദാനം ചെയ്തു ഒടുവിൽ സ്വർഗ്ഗം പ്രാപിച്ചു.

൨. കരപ്പ്. ൩. കരിഞ്ജീരകം. ൪. പെരുങ്കായം, കറിക്കായം, പെരുങ്കായമരത്തിന്റെ ഇല. ൫. അഗ്നി. ൬. വിഷ്ണു. ൭. ആട്.

**പൃഥുകൻ**-ശിശു. വംശാഭിവൃദ്ധിയിൽ പ്രസിദ്ധപ്പെട്ടതു എന്നർത്ഥം.

**പൃഥുകം**-അവിൽ. പ്രസിദ്ധപ്പെട്ടതെന്നർത്ഥം.

**പൃഥുരോമാവ്**-മത്സ്യം.

**പൃഥുരോമാശി**-മീൻതിന്നി.

**പൃഥു(ല)**-വി. തടിച്ച.

'ഉന്മിഷൽപത്രവല്ലീം പൃഥുലകചഭരം'
(ഉത്തരാസ്വയംവരം കഥകളി)

**പൃഥുല**-പെരുങ്കായം, കറിക്കായം.

**പൃഥുസ്കന്ധഃ**-പന്നി.

**പൃഥുലാ**-വിശാലം, വിസ്താരം.

**പൃഥുശേഖരം**-പർവ്വതം.

**പൃഥ്വീ**-൧. ഭൂമി. വിസ്താരമുള്ളതു എന്നർത്ഥം. ൨. കരിഞ്ജീരകം പ്രസിദ്ധിയുള്ളതു എന്നർത്ഥം. ൩. പെരുങ്കായം, കായം ഉണ്ടാകുന്ന മരം അല്ലെങ്കിൽ ആ മരത്തിന്റെ ഇല. ൪. പോരലം. ൫. വെളുത്ത തഴുതാമ.

**പൃഥ്വീക**-൧. ഏലം. ൨. ചിററേലം. ൩. കറിക്കായം. ൪. പെരുഞ്ജീരകം. ൫. പേരേലം.

**പൃഥ്വീപതി**-രാജാവ്.

**പൃഥ്വീവലയം**-ഭൂചക്രം.

**പൃഥ്വീശൻ**-രാജാവ്.

**പൃദാകു**-൧. പാമ്പ്. കുത്സിതമായി ശബ്ദിക്കുന്നതു എന്നർത്ഥം. ൨. തേൾ. ൩. കടുവാ. ൪. ചെറുപുലി. ൫. ആന. ൬. ഒരു വൃക്ഷം.

**പൃശ്നി**-വി. ശരീരം ചെറുതായ.

**പൃശ്നിപർണ്ണി**-മൂവില. (ഓരില എന്നും കാണുന്നു).

പൃശ്നി-പു. രശ്മി. ൨. മുണ്ടൻ, അത്യല്പശരീരൻ. ൩. ഒരുവക ഋഷികൾ. ൪. കടപ്പായൽ. ൫. ഓരില. ൬. ഭൂമി. ൭. പശു. ൮. ദേവകി.

പൃശ്നിഗർഭൻ-കൃഷ്ണൻ.

പൃശ്നിശൃംഗൻ-പു. കൃഷ്ണൻ. ൨. ഗണപതി.

പൃഷതൻ-പു. ദ്രുപദന്റെ പിതാവ്. ൨ വായുവിന്റെ വാഹനമായ കൃഷ്ണമൃഗം.

പൃഷതം-പു. ഒരു തുള്ളി, വെള്ളത്തുള്ളി. ൨. ഉഴമാൻ, കൃഷ്ണമൃഗം, പുള്ളിമാൻ. ൩. മാൻ.

പൃഷൽ-വി. തളിക്കുന്ന.

പൃഷൽബലൻ-വായുവിന്റെ അശ്വം.

പൃഷല്കം-അമ്പ്, ശരം. ചോരപുരണ്ടു ഹിംസിക്കുന്നതു എന്നർത്ഥം.

പൃഷത്ത്-പു. ഒരു തുള്ളി. ൨. പുള്ളി.

പൃഷന്തി-ഒരു തുള്ളി.

പൃഷദശ്വൻ-വായു. മൃഗം വാഹനമായിട്ടുള്ളവൻ, വെള്ളത്തുള്ളികളെ കൊണ്ടു വരുന്നവൻ ഇങ്ങനെ ശബ്ദാർത്ഥം.

പൃഷദംശകം-ഉടുമ്പിൻകുട്ടി. എലിയെ കടിക്കുന്നതു എന്നർത്ഥം.

പൃഷദാജ്യം-തൈരും നെയ്യും കൂട്ടിച്ചേർത്തതു്.

പൃഷധ്രൻ-വൈവസ്വതന്റെ പുത്രൻ. ഗുരുവിന്റെ പശുവിനെ കൊന്നതുകൊണ്ടു ശൂദ്രനായി ഭവിച്ചു.

പൃഷാതകം-തൈരും നെയ്യും കൂട്ടിച്ചേർത്തതു്.

പൃഷിതം-ഒരുതുള്ളി വെള്ളം.

പൃഷ്ട-വി. ചോദിക്കപ്പെട്ട.

പൃഷ്ടഹായനം-ആന.

പൃഷ്ടി-ചോദ്യം.

പൃഷ്ഠഗ്രന്ഥി-വി. മുതുകത്തു കൂനുള്ള.

പൃഷ്ഠചക്ഷുസ്സ്-കരടി.

പൃഷ്ഠതഃ-അ. പുറകെ.

പൃഷ്ഠദൃഷ്ടി-കരടി.

പൃഷ്ഠഭാഗം-പിൻഭാഗം.

പൃഷ്ഠം-പു. പുറം. ൨. പിൻവശം, ശരീരത്തിന്റെ പിൻഭാഗം. തലമുടിയിൽ നിന്നൊലിക്കുന്ന ജലത്താൽ നനയ്ക്കപ്പെടുന്നതു് എന്നർത്ഥം. ൩. മലമുകൾ.

പൃഷ്ഠവംശം-തണ്ടെല്ല്.

പൃഷ്ഠവംശാധരം-തണ്ടെല്ലിന്റെ താഴെയും ആസനത്തിന്റെ മേലെയുമായി ഉടയെല്ലുകളും തണ്ടെല്ലും കൂടിച്ചേരുന്ന സ്ഥലം.

പൃഷ്ഠവാട്, പൃഷ്ഠവാഹ്യൻ-പോതിക്കാള.

പൃഷ്ഠശൃംഗി-ഭീമൻ.

പൃഷ്ഠശൃംഗി-പോത്ത്.

പൃഷ്ഠാസ്ഥ്നി(സ്ഥി)-തണ്ടെല്ല്, തണ്ടെല്ല്.

പൃഷ്ഠോദയരാശികൾ-ഇടവം, മേടം, ധനു, കർക്കടകം, മകരം ഇവ അഞ്ചും. (അശുഭങ്ങളാണ്).

പൃഷ്ഠ്യൻ-ചുമട്ടുകുതിര.

പൃഷ്ഠ്യം-പു. പുണെല്ലിൻകൂട്ടം. ൨. ചുമട്ടുകുതിര, ഭാരം വഹിപ്പാൻ ശക്തിയുള്ള കുതിര. ൩. പൃഷ്ഠങ്ങളുടെ സമൂഹം.

പൃഷ്ണി-പു. കാലിന്റെ പുറവടി. ൨. രശ്മി. ൩. അത്യല്പശരീരൻ.

---

## പെ

പെങ്ങൾ-ഉടപ്പിറന്നവൾ, സഹോദരി. പെങ്ങൾ >< ആങ്ങള.

പെടുക്കുന്നു-പു. മൂത്രം വീഴ്ത്തുന്നു. ൨. പ്രവേശിക്കുന്നു. ൩. തോല്പിക്കുന്നു.

പെട്ടന്നു-ക്രി. ചേരുന്നു. വ. ഉൾപ്പെടുന്നു. ന. ചാകുന്നു. ൪. കർമ്മത്തിൽ ക്രിയകളാകുന്ന സംസ്കൃതപദങ്ങളെ മലയാളമാക്കി പറയുമ്പോൾ ചേൎക്കുന്ന ഒരു വാക്കു. ൫. ചില വാക്കുകളോടു ചേൎക്കുമ്പോൾ 'ആകുന്നു' 'ഉണ്ടാകുന്നു' എന്നുംമററും അൎത്ഥം വരും.

പെട്ട-പിട, പെട.

പെട്ട-വി. രണ്ടുകൂടിയ, ഇരട്ട. വ. കഷണ്ടിയായ.

പെട്ട-ഇണ, ഇരട്ട.

പെട്ടകം-പെട്ടി, അടച്ചു പൂട്ടത്തക്കവണ്ണം മരം മുതലായതുകൊണ്ടുണ്ടാക്കുന്ന സാധനം, മുണ്ടുപെട്ടി പൂരൽപ്പെട്ടി മുതലായവ.

പെട്ടക്കതിര-പെൺകതിര.

പെട്ടത്തലയൻ-കഷണ്ടിക്കാരൻ

പെട്ടി-ദ്രവ്യവുംമററും വെച്ചു പൂട്ടുന്ന പാത്രം. പൎയ്യായങ്ങൾ-പിടകം, പേടകം, പേടം, മഞ്ജൂഷം.

പെട്ടികട്ടെ-വെയിലത്തുണങ്ങിയഇഷ്ടിക.

പെട്ടിപ്രമാണങ്ങൾ-നിലം പുരയിടങ്ങളെ സംബന്ധിച്ചെഴുതീട്ടുള്ള ആധാരം മുതലായ വസ്തുക്കൾ.

പെട്ടെന്നു-അ. വേഗത്തിൽ, ഉടൻ.

പെണർവള്ളി-ഒരുമാതിരി വള്ളി.

പെൺ, പെണ്ണു-ക്രി. സ്ത്രീ. വ. കന്യക. ന. ഭാൎയ്യ.

പെൺകിടാവു-കന്യക

പെൺകുഞ്ഞു-പെൺപൈതൽ.

പെൺകുട്ടി-ചെറിയപെണ്ണു.

പെൺകെട്ടു-ക്രി. വിവാഹം, കെട്ടുകല്യാണം. വ. ഒരുമാതിരി കെട്ടു.

പെൺകൊട-വിവാഹത്തിനു പെണ്ണിനെ കൊടുക്കുക.

പെൺകൊടി-യൌവനംതുടങ്ങിയസ്ത്രീ

പെൺകൊല-സ്ത്രീഹത്യ, സ്ത്രീയെ കൊല്ലുക.

പെൺജാതി-ക്രി. സ്ത്രീ. വ. ഭാൎയ്യ.

†പെൺനാൾ-നാളുകളിൽ ചിലതിനു പറയുന്ന പേർ.

പെൺപട്ടി-പട്ടിയിൽ പെണ്ണു (പട്ടിച്ചി).

പെൺപന-തേങ്ങയുണ്ടാകുന്ന കരിമ്പന

പെൺപന്നി-പന്നിയിൽ പെണ്ണു.

പെൺപിള്ള-ക്രി. പെൺപൈതൽ. വ. സ്ത്രീ.

പെൺപിറന്നവൾ-സ്ത്രീ.

പെൺപൂ-കാഞ്ഞൂലപ്പൂ.

പെൺപെരുക്കി-ക്രി. കാമാതുരൻ. വ. വിടൻ.

പെൺപൈതൽ-പെൺകുഞ്ഞു.

പെണ്മണി-സ്ത്രീരത്നം.

പെൺമുറി-തേങ്ങയുടച്ചാൽ കണ്ണുള്ളമുറി.

പെൺമൂപ്പു-ക്രി. രാജസ്ത്രീകളിൽ അധികം വയസ്സുള്ളവരുടെ അവസ്ഥ. വ. രാജാവില്ലെങ്കിൽ രാജസ്ത്രീ രാജ്യം ഭരിക്ക. ന. ഒരു ഗൃഹത്തിൽ ശേഷിയുള്ള കാരണവനും മററു പുരുഷന്മാരും ഇരിക്കെ അവരെ ഗണിക്കാതെ സ്ത്രീകൾ അധികാരം ചെലുത്തുക.

പെൺമൂലം-ക്രി. വസ്തു സ്ത്രീകളുടെ പേൎക്കാക്കുക. വ. സ്ത്രീകളുടെ പൊതുവായിട്ടു.

പെൺവഴി-സ്ത്രീകളിൽകൂടി മാത്രമുള്ള അവകാശക്രമം.

പെൺവാഴ്ച-സ്ത്രീകളുടെ ഭരണം.

പെണ്ടാട്ടി-ഭാൎയ്യ.

പെണ്ടി-സ്ത്രീ, പെൺകുട്ടി.

പെണ്ണൻ-പെൺശീലമുള്ളവൻ.

പെണ്ണപ്പൻ-ഭൎത്താവിന്റെ അച്ഛൻ.

പെണ്ണമ്മ-ഭാൎയ്യയുടെ അമ്മ.

**പെണ്ണാളി**-സ്ത്രീസ്വഭാവമുള്ള പുരുഷൻ.

**പെണ്ണാൾ**-പു. പുലക്കള്ളി. വ. വേലക്കാരി.

**പെണ്ണുമ്പിള്ള**-പു സ്ത്രീ. വ. ഭാര്യ.

**പെണ്ണുന്നു**-പു. പേണുന്നു, സൂക്ഷിക്കുന്നു. വ. ഉപയോഗിക്കുന്നു. ന. അനുഭവിക്കുന്നു. ദ. ചെയ്യുന്നു.

**പെനത്തുന്നു**-പനട്ടുന്നു, പിടക്കോഴി മുട്ടയിടുന്നതിനുള്ള സമയം വരുമ്പോൾ ഒരു വിധമായിട്ടു ശബ്ദിക്കുന്നു.

**പെയ്ത്ത്**-മഴ, ആകാശത്തുനിന്നു ജലം വീഴുക.

**പെയ്യുന്നു**-മേഘങ്ങളിൽ നിന്നു വെള്ളം വീഴുന്നു, വർഷിക്കുന്നു. (സ. ക്രി. പെയ്യിക്കുന്നു.)

**പെരമ്പ്, പിരമ്പ്, പുരമ്പ്**-ചെറിയ വടി, ചൂരൽവടി.

**പെരികെ**-അ. വളരെ, ഏറ്റവും.

**പെരിപ്പം**-പു. വലിപ്പം, വലിയ അവസ്ഥ. വ. വളർന. ന. കനം. ദ. ശ്രേഷ്ഠത.

**പെരിമ**-പെരിപ്പം.

**പെരിയ**-വി. വളരെ.

**പെരു(ം)**-വി. വലിയ.

**പെരുക്**-പു. പെരുകലം. വ. ഒരു വേരൻ.

**പെരുകുന്നു**-വളരുന്നു, വളർച്ചയുണ്ടാകുന്നു, അധികമാകുന്നു, കൂടുന്നു. (സ. ക്രി. പെരുപ്പിക്കുന്നു.)

**പെരുക്കം**-വളർന.

**പെരുക്കാൽ**-പെരുങ്കാൽ, മന്തുകാൽ, കാലിൽ നീരുണ്ടാകുന്ന ഒരു ദീനം. പര്യായങ്ങൾ-ശ്ലീപദം, പാദവല്മീകം.

**പെരുക്കുന്നു**-പു. അധികമാകുന്നു. വ. നെയ്യും മററും ഉറച്ചു കട്ടയാകുന്നു. ന. തണുപ്പുകൊണ്ടോ മററോ ദേഹം കൈകാൽ എന്നിവ മരവിക്കുന്നു. ദ. ഒരു സംഖ്യയെ മറെറാരു സംഖ്യകൊണ്ടു വർദ്ധിപ്പിക്കുന്നു.

**പെരുങ്കടൽ**-വലിയ സമുദ്രം.

**പെരുങ്കള്ളയം**-ഒരു ദീനം.

**പെരുങ്കാക്കവള്ളി**-ഒരുമാതിരി വലിയ വള്ളി.

**പെരുങ്കാട്ട്**-വലിയ കാട്ട്.

**പെരുങ്കാണം**-ഒരുമാതിരി പയറ്.

**പെരുങ്കായം**-ഒരുവക കായം. ഒരു അങ്ങാടിമരുന്ന്. പര്യായങ്ങൾ-സഹസ്രവേധി, ജതുകം, ബാൽഹീകം, ഹിംഗു, രാമഠം.

പെരുങ്കായം-വാതം, കഫം, ശൂലം, അർശസ്സ് മുതലായവയ്ക്കു നന്ന്. ആമത്തെ പചിപ്പിക്കും. മലമൂത്രങ്ങളുടെ തടവു തീർക്കും. കണ്ണിനു ഹിതം. രുചികരമാണ്. ഇതു ലൈക്സാൻ, പഞ്ചാബ് മുതലായ ദേശങ്ങളിലുണ്ടാകുന്ന ഒരുവക വൃക്ഷത്തിന്റെ പശയാകുന്നു. ഇതിന്റെ ഇല ഏകദേശം കരിന്തൊച്ചിയുടേതുപോലെയിരിക്കും. സം-ഹിംഗു. ത-പെരുങ്കായം.

**പെരുങ്കായ്മരം** - പെരുങ്കായമുണ്ടാകുന്ന വൃക്ഷം.

**പെരുങ്കാര** ഒരുമാതിരി മുള്ളുള്ള വൃക്ഷം.

**പെരുങ്കാൽ**-പെരുക്കാൽ, ഒരു ദീനം.

**പെരുങ്കാററ്**-വലിയ കാററ്, അധികം ശക്തിയുള്ള കാററ്.

**പെരുങ്കിഴങ്ങ്**-പു. വലിയ കിഴങ്ങ്. വ. ഈശ്വരമൂലി.

**പെരുങ്കുമിൾ**-ഒരു വൃക്ഷം.

**പെരുങ്കുരികിൽ**-പു. ഒരുവക പരുന്ത്. വ. ഒരു കാട്ടുചെടി.

**പെരുങ്കുരുമ്പ**-ഒരു മരുന്നുവള്ളി.

പെരുങ്കുരുമ്പ-വാതം, കഫം, രക്തദോഷം മുതലായവയ്ക്കു നന്ന്. ബലവും

പുഷ്ടിയും ഉണ്ടാക്കും. മലത്തിനു അയവു വരുത്തും. മിക്കവാറും വനങ്ങളിൽ ഉണ്ടാകുന്നു. വളരെ മധുരമുള്ള ഫലങ്ങൾ കാണും. വള്ളി ഞാണിനു നന്നു്. സം-മൂർവ്വാ. ത-പെരുങ്കുരുമ്പൈ. ഇം-Sanseviera Roxburgiana സാൻസെവിരാ റോക്സ് ബർഗിയാനാ.

പര്യായങ്ങൾ-മൂർവ്വാ, ദേവീ, മധുരസാ, മോരടാ, തേജനീ, സ്രുവാ, മധൂലികാ, മധുശ്രേണീ, ഗോകർണ്ണീ, പീലുപർണ്ണീ.

പെരുങ്കുറാവിൽ-ഒരു വൃക്ഷം.

പെരുങ്കുറുക്കൻ-നരിവരട്ടി.

പെരുങ്കുറ്റൻ-വലിയ കാള.

പെരുങ്കൊല്ലൻ— കൊല്ലന്മാരിൽ പ്രമാണി.

പെരുങ്കോര-ഒരുമാതിരി പുല്ലു്.

പെരുംക്ലാവു് - ഒരു വൃക്ഷം. പര്യായങ്ങൾ-ആവിഗ്നം, സൂക്ഷ്മാംഗം, കരമർദ്ദകം, കൃഷ്ണപാകഫലം.

ഞെട്ടാഞെട്ടങ്ങ എന്നു ചിലർ പറയുന്നു. തമിഴിൽ-പെരുങ്കളച്ചെടി. പഴുത്ത കായ് വിഷത്തിനു നന്നു്.

പെരുച്ചാഴി—എലിയെക്കാളും വലുതായ ഒരു ജന്തു, പന്നിയെലി, തുരപ്പൻ.

മാംസഗുണം എലിയുടേതിനോടൊപ്പംതന്നെ. സം-മഹാമൂഷികൻ. ത-പെരുച്ചാളി.

പെരുഞ്ചെവിമാൻ-ഒരുവക മാൻ.

പെരുഞ്ചക്ക്-വലിയ ചക്ക്.

പെരുഞ്ചെറുപയറു് -ശാകവർഗ്ഗത്തിൽ പെട്ട ഫലശാകം.

കഫ പിത്തങ്ങളെ ശമിപ്പിക്കും. രുചി വരുത്തും. വ്രണത്തെ വരട്ടും. സം-ഖണ്ഡശിംബി.

പെരുഞ്ചമരിമാൻ-ചമരിമാൻ.

ഇതിന്റെ മാംസം വാതപിത്തങ്ങൾക്കു നന്നു്. മൂത്രത്തെ പെരുപ്പിക്കും. സം-സൃമരം. ത-പെരിയചവരിമാൻ.

പെരുഞ്ചെല്ലൂർ-ഒരു കഴകം.

കലിവർഷം ൨൩൦൦ നിപ്പുറം ആഢ്യബ്രാഹ്മണർ കേരളത്തെ കഴകങ്ങളായി വിഭാഗിച്ചതിൽ ഒന്നു് (കഴകം എന്നതു നോക്കുക.)

പെരുഞ്ചീനി-ഒരു വൃക്ഷം.

പെരുഞ്ചീര-ഒരുമാതിരി ചീര.

പെരുഞ്ചീരകം-ഒരങ്ങാടിമരുന്നു്.

വാതം, കഫം, ഗുല്മം, മുതലായവയ്ക്കു നന്നു. അഗ്നിയെ വർദ്ധിപ്പിക്കും, നിറം കറുപ്പാണു്. ഇതിനു പകരം ഇവിടെ പീതജീരകമാണു കിട്ടുന്നതു്. സം-സ്ഥൂലജീരകം. ത-പിളപ്പുച്ചീരകം, പീമെച്ചീരകം. ഇം-Sweet fennel സ്വീറ്റ് ഫെനൽ. ഇതിന്റെ എണ്ണയ്ക്കു സംസ്കൃതത്തിൽ പൃഥ്വീകാതൈലം എന്നു പേർ. വാതം, കഫം, കൃമി, കുഷ്ഠം, പ്രമേഹം, ശിരോരോഗം ഇവയ്ക്കു നന്നു്.

പെരുഞ്ചെന്നെല്ലു്-പെരുഞ്ചാലി.

ചെന്നെല്ലിൽ കുറഞ്ഞ ഗുണമാണു് ഇതിനുള്ളതു്. ബലത്തെ വർദ്ധിപ്പിക്കും. അഗ്നിയെ ദീപിപ്പിക്കും. രുചിയെ ഉണ്ടാക്കും. കുട്ടികൾക്കും യുവാക്കന്മാർക്കും വൃദ്ധന്മാർക്കും എല്ലാക്കാലത്തും ഒരുപോലെ പത്ഥ്യമാണു്. സം-മഹാശാലി.

പെരുഞ്ചെവിമാൻ-ഒരുവക മാൻ.

ഇതിന്റെ ചെവി പശുവിന്റെ ചെവിപോലെയിരിക്കുന്നതിനാൽ ഈ പേരുണ്ടായി. സം-ഗോകർണ്ണം. ത-സുകുമാരമൃഗം.

പെരുഞ്ചോറുടയൻ-ഒരുബിരുദുപേർ.

"ഭാരതയുദ്ധം നടന്നതു ദ്വാപരയുഗത്തിന്റെ അവസാനത്തിലാണു് അന്നു

'മുടിയൻ' (മുതിയൻ) എന്ന രാജാവാണ് കേരളം രക്ഷിച്ചിരുന്നത്. ഈ ചേരരാജാവ് പാണ്ഡവപക്ഷക്കാരനായിരുന്നതിനാൽ അവരെ സഹായിപ്പാൻ കുരുക്ഷേത്രത്തിലേക്ക് പോകയുണ്ടായി എന്നും അന്നദാനത്തിൽ മുഖ്യ തന്നെ അതിപ്രസിദ്ധി നേടിയിരുന്ന ഇദ്ദേഹത്തെ ഇരുഭാഗക്കാർക്കും ആഹാരം കൊടുക്കുന്നതിന് ധർമ്മപുത്രർ നിയോഗിച്ചു എന്നും അതിനെ അതിന്മണ്ണം അദ്ദേഹം അനുഷ്ഠിച്ചു എന്നും കാണുന്നുണ്ട്. ഈ ഐതിഹ്യത്തെ മുരഞ്ചിയൂർ മുടിനാഗരാജൻ എന്ന ദ്രാവിഡകവി 'പുറനാനൂറ' എന്ന ഗ്രന്ഥത്തിൽ വിവരിച്ചിരിക്കുന്നു"

**പെരുഞരമ്പ്**-വലിയ ഞരമ്പ്. പര്യായങ്ങൾ-വസ്നസം, സ്നസം.

**പെരുഞാവൽ**-ശ്രേഷ്ഠമായ ഒരുവക ഞാവൽ. സം-മഹാജംബു.

**പെരുതളം**-മയിൽ. ഉ-ം, അറുമുഖപ്പെരുതളം.

**പെരുത്, പെരുത്ത്**-വി. വളരെ, വലിയ.

**പെരുത്തലമീൻ**-ഒരു മത്സ്യം. (സം-ശൃംഗി.)

**പെരുന്തച്ചൻ**-ആശാരികളിൽ പ്രമാണി.

**പെരുന്തത്ത**-ഒരുവക തത്ത.

പെരുന്തത്തയുടെ മാംസത്തിനു തത്തയുടെ മാംസഗുണം തന്നെയാണുള്ളത്. സം-രാജശുകം.

**പെരുന്താളി**-ഒരു വള്ളി.

**പെരുന്തീ**-വലിയ തീ.

**പെരുന്തീൻ**-വലിയ ഭക്ഷണം.

**പെരുന്തുടലി**-ഒരുവക മുൾച്ചെടി.

**പെരുന്തുത്തി**-ഒരു ചെടി.

**പെരുന്തുളസി**-ഒരുമാതിരി പൂച്ചെടി.

**പെരുന്തുമ്പ**-ഒരുവക തുമ്പ.

പെരുന്തുമ്പക്കു തുമ്പയുടെ ഗുണമുണ്ട്. വിശേഷാൽ കഫം, അഗ്നിമാന്ദ്യം മുതലായവക്കു നന്ന്. ബുദ്ധിയെ നന്നാക്കും. സം-മഹാദ്രോണം.

**പെരുന്തേൻ**-വൻതേൻ.

**പെരുന്തേരകം**-ഒരു വൃക്ഷം.

**പെരുന്തേരട്ട**-വളരെ കാലുള്ള ഒരുവക വലിയ അട്ട.

**പെരുന്തൊലി**-കമ്പിളിവൃക്ഷം.

**പെരുന്നാൾ**-സുറിയാനിക്കാർ മുതലായവരുടെ ഒരു വിശേഷ ദിവസത്തിനു പറയുന്ന പേർ.

**പെരുനാഴി**-൧. വലിയ നാഴി. ൨. ഇടങ്ങാഴി.

**പെരുനീർ**-മലം.

**പെരുനെല്ല്**-ഒരുവക നെല്ല്.

ഇതിനു നവരയിൽ കുറഞ്ഞ ഗുണമാണുള്ളത്. സം-മഹാവ്രീഹി.

**പെരുനീറുരി**-ഒരു പച്ചമരുന്ന്.

**പെരുപ്പം**-൧. വലിപ്പം. ൨. കനം. ൩. ശ്രേഷ്ഠത. ൪. മേന്മ.

**പെരുംപാടൻ**-ഒരു ചെടി.

**പെരുമ്പട**-൧. വലിയ യുദ്ധം. ൨. വലിയ സൈന്യം.

**പെരുമ്പടപ്പ്**-കൊച്ചീരാജ്യം.

"ഒടുവിലത്തെ പെരുമാളായ ഭാസ്കര രവിവർമ്മൻ എന്ന ചേരമാൻ പെരുമാൾ ൩൭ കൊല്ലം രാജ്യം ഭരിച്ചതിന്റെ ശേഷം കേരളരാജ്യം ൧൮ അംശങ്ങളാക്കി ഭാഗിച്ചു മരുമക്കൾക്കും മക്കൾക്കും മററു വേണ്ടപ്പെട്ട ആളുകൾക്കുമായി കൊടുത്ത കൂട്ടത്തിൽ പ്രധാനപ്പെട്ടവയായിരുന്നു പെരുമ്പടപ്പ്, തൃപ്പാപ്പിസ്ഥത്, നെടുവിരുപ്പ് എന്നീ മൂന്നു സ്വരൂപങ്ങളാ ചേന്ന രാജ്യങ്ങൾ".

പെരുമ്പടപ്പുസ്വരൂപം-കൊച്ചീ സ്വരൂപം, പെരുമ്പടപ്പ രാജാക്കന്മാരുടെ വംശത്തെക്കുറിച്ചു പറയുന്ന ഒരു പേർ.

പെരുമ്പടി-പരപരപ്പുള്ള, കട്ടിയുള്ള.

പെരുമ്പനി-ഒരുവക വലിയ പനി.

പെരുമ്പയറു്-ഒരുവക വലിയ പയറു്.

പെരുമ്പയറു് കഫപിത്തങ്ങളെ ശമിപ്പിക്കും. മുലപ്പാലിനെ വർദ്ധിപ്പിക്കും. ശ്രമത്തെ തീർക്കും. രുചിയെ ഉണ്ടാക്കും. വയറടപ്പിനെ ചെയ്യും. മലത്തെ പിടിപ്പിക്കും. മൂത്രത്തെ കറക്കും. ചില ദിക്കിൽ 'പതിനെട്ടമണിയൻപയറു്' എന്നും പറയുന്നു. വർണ്ണംകൊണ്ടു പലതരമുണ്ടു്. സം-ക്ഷവകം.

പെരുമ്പരുന്ത (ന്തു)-ഒരുവക വലിയ പരുന്തു്.

പെരുമ്പറ-ഒരു വാദ്യം.

പെരുമ്പാ(യ്)-വലിയ പായ്.

പെരുമ്പാച്ചോററി-ഒരു വൃക്ഷം.

പെരുമ്പാട്ട്-പ്ര. വലിയ പ്രയാസം. ര. ക്രമത്തിലധികമായ രക്തച്ചൊരിച്ചൽ.

പെരുമ്പാമ്പു്-ഒരുവക വലിയ പാമ്പു്. പര്യായങ്ങൾ-അജഗരം, ശയു, വാഹസം.

പെരുമ്പാവൽ-പാണ്ടിപ്പാവൽ.

പെരുമ്പിടി-പ്ര. പിടിച്ചുപറി. ര. കഠിനച്ചട്ടം.

പെരുമ്പുടവ-കട്ടിയുള്ളൊരുമാതിരിപ്പുടവ

പെരുമ്പുള്ള്-ഒരു പക്ഷി.

പെരുമ്പൊടി-തരിയുള്ള പൊടി.

പെരുമ്പൊതി-വയറു്.

പെരും-വി. വലിയ.

പെരുമ-പ്ര. ശ്രേഷ്ഠത. ര. ബഹുത്വം. മ. വമ്പു്.

പെരുമകൻ-വലിയ ആൾ.

പെരുമണ്ണാൻ-പരവൻ.

പെരുമനം-൬൪ ഗ്രാമങ്ങളിൽ ഒന്നു്. (പെരുവനം എന്നതിന്റെ തത്ഭവം).

പരശുരാമൻ കേരളത്തെ സൃഷ്ടിച്ചു ൬൪ ഗ്രാമങ്ങളാക്കി കല്പിച്ചതിൽ മൂന്നു ഗ്രാമങ്ങൾ അതി പ്രസിദ്ധങ്ങളാണു്. അവയിൽ ഒന്നു്.

പെരുമന്താര-ഒരു വൃക്ഷം.

പെരുമരം-ഒരു വൃക്ഷം.

പെരുമരുതു്, പെണ്മരുതു്-ഒരുവൃക്ഷം

കഫം, പിത്തം, രക്തദോഷം മുതലായവയ്ക്കു നന്നു്. മുലപ്പാലിനെ പെരുപ്പിക്കും. ഇതിന്റെ നിർയ്യാസത്തെ ചെഞ്ചല്യമെന്നു പറയുന്നു. സം-അശ്വകർണ്ണം. ത-ആച്ചാമരുതു്.

പെരുമരുന്നു്-പ്ര. കടലിവേഗം ര. അണലിവേഗം.

പെരുമഴ-വലിയ മഴ. പര്യായങ്ങൾ-ധാരാസമ്പാതം, ആസാരം.

പെരുമാൻ-പ്ര. വലിയ മാൻ, കാററിനെ എതിർത്തു സഞ്ചരിക്കുന്നതും ശീഘ്രഗതിയുള്ളതുമായ ഒരുവക മാൻ.

മാംസം വാതപിത്തങ്ങൾക്കു നന്നു്. സം-വാതപ്രമീ. ഇം-A Swift Antelope എ സ്വിഫ്ററ് ആൻറിലോപ്പ് ര. കൊല്ലൻ. മ. ദൈവം ൪. അധികൃതൻ, നാഥൻ.

'തമ്പുരാനെന്നിന്തിരുവടികല്പിച്ചാൽ
എൻപെരുമാനേയിളക്കമില്ലൊന്നിനും'
(ഭാരതം)

പെരുമാററം-പരിമാററം, വസ്തുക്കൾ കൊണ്ടു മറേറാവിധത്തിൽ [illegible] ചെയ്ക, പെരുമാറുക, പ്രയോഗം.

പെരുമാൾ-നാ. തിരുവിതാംകൂർ രാജാക്കന്മാർക്കുള്ള ഒരു സ്ഥാനപ്പേർ. ൨. വിഷ്ണു. ൩. ഒരു പേർ. ൪. പ്രധാനി, നാഥൻ, പ്രഭു. ൫. അരചൻ. ൬. ദൈവങ്ങളുടെ സ്ഥാനപ്പേർ. ഉ-ം, വീരഭദ്രപ്പെരുമാൾ. (പെരുമാൾപ്പട്ടം എന്നതിനു ചക്രവൎത്തിപ്പട്ടം എന്നും അൎത്ഥമുണ്ടു്.)

പെരുമീൻ-നാ. വെളുപ്പാൻകാലത്തു ഉദിക്കുന്ന ഒരു നക്ഷത്രം. ൨. ഒരു മത്സ്യം.

പെരുമുഖം-ആനയുടെ നെററി.

പെരുമുഞ്ഞ-ഒരു വൃക്ഷം.

പെരുമുട്ട-കാലിന്റെ മുട്ടിൽ ഉണ്ടാകുന്ന ഒരു ദീനം.

പെരുമുത്തങ്ങ-ഒരുവക മുത്തങ്ങ.

പെരുമുത്തങ്ങക്കു മുത്തങ്ങയുടെ ഗുണമാണുള്ളതു്. വിശേഷിച്ചു ശ്രമത്തെ കളയും. മുത്തങ്ങയെക്കാൾ വലുതായിരിക്കും. സൌരഭ്യം കൂടും. മുത്തങ്ങാ ശുദ്ധി ചെയ്തുപയോഗിക്കണമെന്നു അഭിപ്രായം കാണുന്നുണ്ടു്. സാ-നാഗരമുസ്തം. ത-പെരുമുത്തക്കാ.

പെരുവയറു്-വലിയ വയറു്.

പെരുവയറൻ-നാ. വലിയ വയറുള്ളവൻ. ൨. വളരെ തിന്നുന്നവൻ എന്നൎത്ഥം. പൎയ്യായങ്ങൾ-തുന്ദിലൻ, തുന്ദിഭൻ, തുന്ദി, ബൃഹൽകുക്ഷി, പിചണ്ഡിലൻ.

പെരുവള്ളികിഴങ്ങു്-ഒരുമാതിരി കിഴങ്ങു്.

പെരുവഴി-നാട്ടുവഴി, വലിയവഴി.

പെരുവഴിക്കാരൻ-വഴിപോക്കൻ.

പെരുവാലൻ-കീരി. (നായാട്ടുപേർ).

പെരുവാഴ-ഒരുമാതിരി നെല്ലു്.

പെരുവിരൽ-കൈയുടേയും കാലിന്റേയും വണ്ണമധികമുള്ള വിരൽ, തള്ളവിരൽ.

പെരുവിലയൻ-വി. അധികം വിലയുള്ള.

പെരുവെള്ളം-വെള്ളപ്പൊക്കം.

പെസഹ-നാ. മിസ്രയിലുള്ള ആദ്യജാതന്മാരെ കൊന്നപ്പോൾ യിസ്രായേല്യൎക്കു വിട്ടുതൽ കൊടുത്തതിന്റെ ഓൎമ്മയായി യെഹൂദന്മാർ ആണ്ടുതോറും ആചരിക്കുന്ന പെരുനാൾ. ൨. ക്രിസ്തുവിന്റെ മരണത്തിന്റെ തലേദിവസത്തിനു ചില ക്രിസ്ത്യാനികൾ കൊടുത്തിരിക്കുന്ന പേർ. ൩. ക്രിസ്തുവിന്റെ പുനരുത്ഥാനദിവസം.

പെളിയുക-പൊളിയുക, അടരുക, പൊട്ടുക. (പ-മ)

പെറാ(രാ)ച്ചി-ഒരുവക ചെറിയ ആററുമീൻ.

പെറുക്കുന്നു-ഓരോന്നായിട്ടു നുള്ളിയെടുക്കുന്നു.

'മുണ്ടിൽപെറുക്കി സ്വരൂപിച്ചു മാമ്പഴം'
(നൃഗമോക്ഷം തുള്ളൽ)

പെറുന്നു-ക്രി. പ്രസവിക്കുന്നു. ൨. ലഭിക്കുന്നു. ൩. പ്രസിദ്ധമാകുന്നു.

പെറുവാൾ-ഒരു കണക്കിനു ചില ദിക്കുകളിൽ പറയുന്ന ഒരു പേർ.

പെററക്കന്നു-കാട്ടുകന്നു്.

പെററൻ-വി. ശക്തിയുള്ള.

പെററം-കാട്ടു്.

പെററവൾ-പ്രസവിച്ചവൾ.

## പേ

പേ-വി. ൧. ഭീതയായ. ൨. ഭയങ്കരമായ. ൩. വലുതായ.

**പേ**-പ്ര. പിശാച്. വ. ഭ്രാന്ത്. ന. ചീത്തത്തം.

**പേക്കൻ**-തവള. (ഭേകം എന്നതിന്റെ തത്ഭവം.)

**പേക്കഞ്ഞൂണ്ണി**-ഒരു മരുന്ന്.

**പേക്കത്തവള**-വലിയ തവള.

**പേക്കരിമ്പ്**-അംഭോട്ടൽ, അമ. പര്യായങ്ങൾ-ഗുന്ദ്രം, തേജനകം, ശരം.

**പേക്കാൽ**-തട്ടുന്ന മുട്ട്.

**പേക്കാളം**-ഒരുമാതിരി വലിയ ഉരുണ്ട കുഴൽ.

**പേക്കാററ്**-കിഴക്കൻകാററ്.

**പേക്കുതിര**-ചീത്തക്കുതിര.

**പേക്കുമ്മട്ടി**-ഒരുമാതിരി കുമ്മട്ടിവള്ളി.

**പേക്കുല**-തെങ്ങിന്റെയോ മറ്റോ കായ്ക്കാത്ത കുല.

**പേക്കുറുക്കൻ**-വിഷനരി.

**പേക്കൂൺ**-ഒരുമാതിരി കൂൺ.

**പേക്കൂത്ത്**-പ്ര. ക്രമക്കേട്. വ. നാനാവിധം. ന. ചീത്തക്കളി.

**പേക്രാന്തൻ**-ഭ്രാന്തൻ.

**പേക്രാന്തം**-പ്ര. ഭ്രാന്ത്. വ. ക്രമക്കേട്. ന. ഭംഗിയില്ലായ്ക.

**പേക്കോലം**-പ്ര. പിശാചിന്റെ വേഷം വ. ചീത്തക്കാഴ്ച. ന. മുറത്തിലും മററും എഴുതിവെക്കുന്ന രൂപം.

**പേക്ക്**-അ. വേണ്ടി, പകരം.

**പേക്കുന്നു**-പകർത്തുന്നു, മറെറാന്നിൽ നിന്നു നോക്കി എഴുതുന്നു. (കം-ക്രി-പേപ്പിക്കുന്നു.)

**പേചകം**-മൂങ്ങ പകൽ സമയം കാക്കകളിൽ നിന്നുള്ള ഭയം ഹേതുവായിട്ടു ദുഃഖിക്കുന്നവൻ എന്നർത്ഥം. രാത്രികാലത്തു കാക്കകളെ ദുഃഖിപ്പിക്കുന്നവൻ എന്നുമാവാം. വ. ആനയുടെ വാലിന്റെ ചുവട്. ന. ആനവാലിന്റെ അററം, ആനയുടെ വാൽക്കാററിക്കൽ ഗുദത്തെ മറയ്ക്കുന്ന ചർമ്മ വിശേഷം. ര. മേഘം. ഒ. ഇരിക്കക്കട്ടിൽ Couch. ഞ. പേൻ.

**പേചകൻ**-മൂങ്ങ, ഊമൻ.

**പേചകാരൻ**-വേട്ടാവളിയൻ.

**പേചകി**-ആന.

**പേചിലാ**-ആന.

**പേച്ച്**-ഭാഷ, വാക്ക്, സംസാരം

**പേച്ചുക്കാൽ, പേക്കാൽ** - വളഞ്ഞ കാൽ.

**പേച്ചി**-പ്ര. പിശാചി. വ. ബുദ്ധിയില്ലാത്ത സ്ത്രീ.

**പേച്ചുര**-കയ്പൻചുര.

പേച്ചുര കഫം, പിത്തം, ജ്വരം, ചുമ മുതലായവക്കു നന്ന്. മലത്തെ ഇളക്കും. ഛർദ്ദിയെ വരുത്തും. മിക്കവാറും കാട്ടിൽ ഉണ്ടാകുന്നു. കായ് ചെറുതായിരിക്കും, വളരെ കയ്പുകാണും. സം-കടുതുംബീ. ത-പേയ്ച്ചുരൈ. ഇം-Bottle-gourd,bittergourd ബോട്ടിൽഗോഡ്, ബിററർ ഗോഡ്.

പര്യായങ്ങൾ-ഇക്ഷ്വാകു, കടുതുംബീ.

**പേച്ചുററ്**-കഷ്ടകാലം, കഴപ്പം.

**പേച്ചോട്ട** - തെങ്ങിന്റെ കായ്ക്കാത്ത കുല.

**പേട്**-വി. ചീത്തയായ, സാരമില്ലാത്ത.

**പേടകം**-പ്ര. പെട്ടകം. വ. സമൂഹം.

**പേടം**-പ്ര. കൊട്ട. വ. ഭണ്ഡാരം. ന. പെട്ടി. ര. കൂട്ടം.

**പേടമാൻ**-പെൺമാൻ, മാൻപേട.

**പേടാ**-പ്ര. കൊട്ട. വ. പെട്ടകം. അനേക സാധനങ്ങൾ ഒരുക്കൂട്ടി വയ്ക്കാനുള്ളതു എന്നർത്ഥം. ന. മൃഗങ്ങളിൽ പെണ്ണ്, പിട.

പേടി-ന. ഭയം, രാജാവിനേയും മററും കാണുമ്പോൾ കുററക്കാരന്റെ ഉള്ളിലുണ്ടാകുന്ന അവസ്ഥ, ദുഷ്ടന്മാരേയും പിശാചുക്കളേയും മററും വിചാരിക്കുമ്പോൾ തോന്നുന്ന ഒരു വ്യസനം, വല്ലതും ചേതം വരുമെന്നും മററുമുള്ള ശങ്ക. വ. പേട്ടി.

പേടിച്ചോടിയവൻ=കാന്ദിശീകൻ, ഭയദ്രുതൻ. പേടിയുള്ളവൾ=ഭയശീല.

പേടിക്കുന്നു-ഭയപ്പെടുന്നു (സ. ക്രി പേടിപ്പിക്കുന്നു.)

പേടിപ്പൊണ്ണൻ-വളരെ പേടിയുള്ളവൻ.

പേടീ-ന. പെട്ടി. വ. പേടകം

പേട്ട-ചില അങ്ങാടിക്കു പറയുന്ന പേർ.

പേഡാ-വലിയ സഞ്ചി.

പേണ്-ആപ്പ്.

പേണം-സൂക്ഷ്മം, കരുതൽ.

പേണാഴി, പേണാത്തുള-തടിവലിപ്പാൻ കയറു കോർക്കുന്നതിനു തടിയിൽ ഉണ്ടാക്കുന്ന തുള, വള്ളിത്തുള.

പേണി-കുനുകാലികളുടെ കുളമ്പിനു മേലെ ഒരു രോഗം.

പേണി-അ. ബലമായി.

പേണിക്കുന്നു-വൃക്ഷത്തിൽ കൊതയുണ്ടാക്കുന്നു (കയറുന്നതിന്)

പേണുന്നു-പോററുന്നു, സൂക്ഷിക്കുന്നു.

പേണുപടി, പേമ്പിടി-രണ്ടു വിരൽ കൊണ്ടു എടുക്കത്തക്കതു.

പേത്തക്കോളി-ഒരു മരം.

പേത്തക്കൊട്ടി-ഒരു മരം.

പേത്തല-മത്ത കുമ്പളം മുതലായ വള്ളികളുടെ മുണ്ടേതല.

പേത്താൻ-അ. വീണ്ടും, ആവർത്തിച്ച്.

പേത്തുണി-നിസ്സാരമായ തുണി, അഴുക്ക പിടിച്ചു കീറിയ തുണി, ചീന്തത്തുണി.

'അവിൽ പേത്തുണി തന്നിൽചേർത്തു'
(കൃഷ്ണഗാഥ)

പേതൃക-ന. നെയ്യ്. വ. പീയൂഷം.

പേന-എഴുതുന്നതിനുള്ള തൂവൽ.

പെൻ Pen എന്ന ഇംഗ്ലീഷ് വാക്കാണ് പേന എന്നായതു എന്നു അഭിപ്രായം കാണുന്നു.

പേനരി-വിഷമുള്ള ഒരുമാതിരി കുറുക്കൻ, ഭ്രാന്തുള്ള നരി.

പേനായ്-പേപ്പട്ടി, ഭ്രാന്തുപിടിച്ചപട്ടി.

പേൻ-മനുഷ്യരുടെ തലമുടിയിലും മററും ഉണ്ടാകുന്ന ഒരുമാതിരി ചെറിയ ജന്തു.

പേപ്പടോലം-ഒരു വള്ളി.

പേപ്പട്ടി-പേനായ്, ഭ്രാന്തുപിടിച്ച പട്ടി. (സം. അളർക്കം)

പേപ്പട്ടിയുടെ കടി ഏററവനു ൯ കഴഞ്ചു ഉമ്മത്തിൻ ഇലയും ൩ കഴഞ്ചു കുരുമുളകും കൂടി വെവ്വേറെ അരച്ചു നല്ലവണ്ണം യോജിപ്പിച്ചു ശുദ്ധജലത്തിൽ കൊടുക്കണം. പച്ചവെള്ളത്തിലാണ് അരക്കേണ്ടതു. മരുന്ന് കൊടുക്കുന്നതിനു തലേനാൾ അത്താഴപ്പട്ടിണി കിടക്കണം. രണ്ടുനാഴിക പുലർന്ന സമയത്താണ് മരുന്നു കൊടുക്കേണ്ടതു. മരുന്നു കൊടുത്തു ൨൨ നാഴിക കഴിഞ്ഞാൽ നല്ലവണ്ണം തണുക്കുന്നതുവരെ ജലധാര ചെയ്യണം. ജലധാരക്കു ഉപയോഗിക്കുന്ന വെള്ളം കിണററിലേതായിരിക്കണം. പിന്നീടു നാലുദിവസത്തെ ഭക്ഷണം പഥ്യത്തോടുകൂടിയുമായിരിക്കണം. ഭ്രാന്ത് ഇളകുന്നതായി കാണപ്പെട്ടാൽ അവിടെ ചികിത്സ ആവശ്യമില്ല. അസാദ്ധ്യ

മാണെന്നു തീൎച്ചപ്പെട്ടതാണ്. (കേരള സഞ്ചാരി ൻ൭ കംമം ൧൩)

പേപ്പിടി-ഭയപ്പെടുത്തുവാനായി പറയുന്ന കള്ളവാക്ക്.

പേപ്പെടുന്നു-ഭ്രാന്തിനെ പ്രാപിക്കുന്നു.

പേപ്പെടുത്തുന്നു-വഷളാക്കുന്നു, ഭയപ്പെടുത്തുന്നു, ഭ്രാന്തുപിടിപ്പിക്കുന്നു.

പേപ്പെരുമാൾ-ഭ്രാന്തൻരാജാവ്.

പേമ്പിണി-വലിയ പീഡ.

പേമഴ-വലിയ മഴ.

പേമുല-വിഷംതേച്ച മുല.

പേമൊഴി-൧. ശകാരം. ൨. കാമഭ്രാന്തന്റെ വാക്ക്. ൩. പേവാക്ക്. നിന്ദാവാക്ക്.

പേയ-കഞ്ഞി.

പേയ-വി. കുടിപ്പാൻ തക്ക.

പേയത്തി-കാട്ടത്തി.

പേയം-൧. വെള്ളം. ൨. പാൽ. ൩. കുടിക്കത്തക്കത്.

പേയമരി-ഒരുവക അമരി.

പേയമരി ചെമന്ന ചായത്തിനു കൊള്ളാം. വ്രണം വരട്ടും. മിക്കവാറും ആററിനരികെ ഉണ്ടാകുന്നു. സം-കനീലി.

പേയമുത്ത്-കാട്ടമുത്ത്.

പേയാക്കുന്നു-൧. വഷളാക്കുന്നു. ൨. നശിപ്പിക്കുന്നു. ൩. സമ്മിശ്രമാക്കുന്നു.

പേയി-പിശാച്.

പേയിഞ്ചി-മേൽ തേച്ചാൽ എണ്ണകളയുന്നതിനു കൊള്ളരുതാത്ത ഇഞ്ചി

പേയു-൧. കടൽ. ൨. അഗ്നി. ൩. സൂൎയ്യൻ.

പേയുന്നു-൧. വഷളാക്കുന്നു. ൨. അലട്ടുന്നു, നിൎബ്ബന്ധിക്കുന്നു

പേയൂഷം-൧. പീയൂഷം, അമൃതം. ൨. പുതുതായി പ്രസവിച്ച പശുവിന്റെ പാൽ ൩. അപ്പോൾ കറന്ന പാൽ.

പേര, പേരകം-ഒരു വൃക്ഷം.

പേരക്കാ(യ്)-പേരവൃക്ഷത്തിന്റെ കായ്.

പേരക്കിടാവ്-മകന്റെ മകൻ.

പേരജം-പച്ചക്കല്ല്.

പേരൻ-പൌത്രൻ

പേരപ്പൻ-൧. അപ്പന്റെ ജ്യേഷ്ഠൻ. ൨. അപ്പന്റെയും അമ്മയുടേയും അപ്പൻ. ൩. അമ്മയുടെ ജ്യേഷ്ഠത്തിയുടെ ഭൎത്താവ്.

പേരമുത്ത്-ഒരുവക അമുത്ത്.

പേരമുത്ത് മിക്കവാറും ചിററമുതിന്റെ ഗുണങ്ങളോടുകൂടിയതാണ്. വിശേഷാൽ സന്നിപാതം, വിഷം മുതലായവകൾക്കു നന്ന്. സം-കന്ദഗുളൂചി.

പേരമ്മ-൧. അമ്മയുടെ ജ്യേഷ്ഠത്തി. ൨. അമ്മയുടെയും അപ്പന്റെയും അമ്മ. ൩. അപ്പന്റെ ജ്യേഷ്ഠന്റെ ഭാൎയ്യ.

പേരരത്ത-ഒരുവക അരത്ത.

പേരരത്തക്കു ചിററരത്തയുടെ ഗുണമാണുള്ളത്. വിശേഷിച്ചു വിഷത്തിനു നന്ന്. സം-ഗന്ധനാകുലീ. ത-പേർ അരകെത്ത.

പേരാ-൧. ഒരുവക വാദ്യം. ൨. ഒരു വൃക്ഷം.

പേരാക-ന. പേരിനു മാത്രം.

പേരാമ്പററ്-ഒരു ദേവനു ആണ്ടുതോറും കഴിക്കുന്ന ഒരു ബലി.

പേരാൽ-ഒരു വൃക്ഷം, ആലുവൃക്ഷം. പൎയ്യായങ്ങൾ-ന്യഗ്രോധം, ബഹുപാത്ത്, വടം. ഇതിന്റെ മുകളിലാണ യക്ഷഗന്ധൎവ്വാദി പിശാചുകൾ ഇരിക്കുന്നത്. വൈശ്രവണോപദേശിയായ സാക്ഷാൽ

ദക്ഷിണാമൂർത്തി പേരാലിൻെറ മൂട്ടിലും ലോകനിയന്താവായ വിഷ്ണു അതിൻെറ ഇലയിലും ഇരിക്കുന്നു.

പേരാൽ കഫം, പിത്തം, ചുട്ടുനീറൽ, മുതലായവയ്ക്കു് നന്ന്. ത-ആലമരം. ഇം-Banyan tree, Indian fig-tree ബാനിയൻ ടി, ഇൻഡ്യൻ ഫ്ഗ് ടി.

**പേരാറ്**-പൊന്നാനി ആറ്. (സം-ബൃഹന്നദി).

**പേരി**-ഭേരി. ഉ-ം പേരിച്ചൊല്ലാൾ.

പേരി-ഇതു ഭേരിയുടെ വികാരം. ഉ-ം പേരികളമൊഴി-ഭാഗവതം.

**പേരിച്ചൊല്ലാൾ**-മധുരമായി സംസാരിക്കുന്നവൾ.

**പേരിടി**-തിരമാലയുടെതുപോലുള്ള വലിയ ശബ്ദം.

**പേരിടീൽ**-പൈതലിനു പേർ വിളിക്കുന്ന ഒരു കർമ്മം.

**പേരിടുന്നു**-പൈതലിനു മറ്റോ ഒരു പേരു വിളിക്കുന്നു.

**പേരില്ലാൻദൈവം**-ഒരു പരദേവത-A Paradevata of Kusavas in Arickilattu (Kadatt).

**പേരീത്ത, പേരീന്തൽ**-ഒരു വൃക്ഷം.

പേരീത്ത അഗ്നിമാന്ദ്യത്തെ ഉണ്ടാക്കും. വിഷത്തെ കളയും. സം-പിണ്ഡഖർജ്ജൂരി. ത-പേരീച്ചൻ.

**പേരു**-൧. സൂര്യൻ. ൨. അഗ്നി. ൩. കടൽ. ൪. മഹാമേരു

**പേരുകെട്ടുന്നു**-പേരുവിളിക്കുന്നു.

**പേരുന്നു**-൧. വേരോടെ പറിക്കുന്നു. ൨. പിടിച്ചുപറിക്കുന്നു. ൩. ഉഴവുകാളയെ തിരിക്കുന്നു. ൪. പിരിക്കുന്നു, ഈടാക്കുന്നു.

**പേരുമ്മത്തു്**-ഉമ്മത്തിൽ ഒരിനം.

**പേരുമാറാട്ടം**-അറിഞ്ഞും അറിയാതെയും ഒരുത്തൻെറ പേരിനു പകരം മററാരുത്തൻെറ പേർവെച്ചു എഴുതുകയും മററും.

**പേരുവഴി, പേർവഴി**-ഓരോരുത്തൻെറ പേർ വച്ചു പ്രത്യേകമായി എഴുതിയ കണക്കു.

**പേരൂത്തല**-നെടുമങ്ങാട്. വേണാട്ടു പ്രദേശം പണ്ടു അഞ്ചു രാജ്യങ്ങളായി വിഭജിച്ചിരുന്നതിൽ ഒന്നു.

**പേരൂർ**-തൃശ്ശിവപേരൂർ. Trichoor. സ്ത്രീകൾക്ക കീർത്തിപ്പെട്ട സ്ഥലം എന്നർത്ഥം "പെൺചേരും പേരൂർ നഗരി"

**പേരെച്ചം**-(വ്യാകരണത്തിൽ) നാമാംഗം. പിന്തുടരുന്ന നാമത്താൽ അർത്ഥം പൂർണ്ണമായി വരുന്ന അപൂർണ്ണക്രിയ.

പേരെച്ചം-പേരിൻെറ (നാമത്തിൻെറ) എച്ചം (അംഗം).

ക്രിയാനാമത്തിൻെറ അംഗമായതു-നാമാംഗം.

**പേരേലം**-ഏലത്തരി രണ്ടുതരമുള്ളതിൽ വലിയതു, വലിയ ഏലം, കാട്ടേലം.

കഫം, പിത്തം, രക്തദോഷം ഇത്യാദികൾക്കു നന്ന്. രുചിയെ ഉണ്ടാക്കും. അഗ്നിവർദ്ധനകരമാണ്. സം-സ്ഥൂലൈലം. ത-പെരിയ ഏലം.

**പേരൊലി**-വിളിക്കുന്ന ശബ്ദം.

**പേർ, പേരു്**-൧. നാമം. പര്യായങ്ങൾ-ആഹ്വയം, ആഖ്യ, അഭിധാനം, നാമധേയം. ൨. ആൾ. ൩. കീർത്തി.

**പേച്ചു**-൧. ഒഴികഴിവ്. ൨. പിരിവു, ഈടാക്കൽ.

**പേത്തു്, പെത്തും**-അ. പിന്നെയും, (പേറ്) വാദ്യോടുകൂടി, അധികമായി·

പേഷ്പ്-ചകത്തി എഴുതി എടുത്ത എഴു
ത്തു്.
പേർമഴ-പെമഴ.
പേർവിളി-പേരിടുക.
പേലവ-വി. ന. മാർദ്ദവമുള്ള, നേർമ്മ
യുള്ള. വ. മെലിഞ്ഞ ന. കോമള
മായ.
പേലി-കുതിര.
പേവഴി-ചീത്തവഴി.
'ഇവവിധം നിരൂപിച്ചാലി
ന്നിവൻ സമയികൾ
പേവഴികാട്ടിവസിക്ക
ന്നതും യോഗ്യമെന്നോ'
(ഭക്ഷയാഗം കിളിപ്പാട്ടു)
പേവാക്കു്-ചീത്തവാക്കു്.
പേശം-രൂപം.
പേശല-വി. ന മിടുക്കുള്ള. വ. സൌ
ന്ദര്യമുള്ള. ന. മൃദുവായുള്ള.
പേശലൻ-ന. വിഷ്ണു. വ. മടികൂടാ
തെ കാര്യങ്ങളിൽ പ്രവൃത്തിക്കുന്നവൻ.
ആലോചനയുള്ളവൻ എന്നർത്ഥം.
പേശലാംഗി-സൌന്ദര്യമുള്ളവൾ.
പേശസ്സ്-ന. രൂപം വ. പൊന്നു്
ന. പ്രകാശം. ര. ആഭരണം.
പേശി-ന. മൊട്ട. ഇതിവച്ചു അവയവ
വ്യക്തിയുണ്ടാകുന്നതിനാൽ ഈ പേർ
വന്നു.
വ. മേഘനാദാ, ഇടി ന. മാംസപി
ണ്ഡം, ഉണ്ട (മാംസപേശി=മാംസ
ഉണ്ട). ര. ഓടക്കുഴൽ. ൫. മാഞ്ചി.
ന്ന. ഇന്ദ്രന്റെ വജ്രായുധം. ൬. ഒരുവക
വാദ്യം. വ. ചെരിപ്പു് ൽ. ആയുധ
ങ്ങളുടെ ഉറ.
പേശീകോശ(ഷ)ം-മൊട്ട (മുട്ട).
പേശുന്നു-സംസാരിക്കുന്നു, പറയുന്നു.
'വ ല്ലാംളിവീരനോടു സല്ലാപം പേ
ശിക്കൊണ്ടു' (കിരാതം തുള്ളൽ)

പേഷക-വി. പൊടിക്കുന്ന, അരയ്ക്കുന്ന.
പേഷണം-ന. അരയ്ക്കുക. വ. അരയ്ക്കു
ന്ന കല്ലു്, അമ്മിപ്പിള്ള.
പേഷണി-അരകല്ലു്.
പേഷ്കാർ-ന റവന്യൂ കാര്യങ്ങളുടെ അ
ദ്ധ്യക്ഷൻ. വ. നായകൻ.
പേഷി-ന. വൈരം. വ. ഇടിവാൾ.
പേഷിക്കുന്നു-അരയ്ക്കുന്നു.
പേഴ-ഒരുമാതിരി കൊട്ട.
പേഴ്-ഒരു വൃക്ഷം.
പേറു്-ന. പ്രസവം. വ. ഭാഗ്യം. ന.
ഫലം. ര. ചുമടു്. ഉ-ം പേറെടുക്കുന്ന
ഏരുതു്.
പേറുന്നു-എടുക്കുന്നു, ചുമക്കുന്നു.
പേറുമാടു്-പൊതിമാടു്.
പേററി-വയററാട്ടി.
പേററുതിങ്ങൾ-പെററമാസം.
പേററുനോവു്-പ്രസവവേദന.
പേററുപുര- ഈററപ്പുര, പ്രസവിക്കുന്ന
തിനുള്ള പുര, ഈററില്ലം.
പേററുമരുന്നു്- പ്രസവിച്ചാൽ പിന്നെ
സേവിക്കുന്ന മരുന്നു.

## പൈ

പൈ-വി. പച്ച.
പൈ- ന. വിശപ്പു്. വ. പശു. ന.
സഞ്ചി. ര. ഒരു ബ്രിട്ടീഷ് നാണയം
(ഒരണകാലഅരയ്ക്കാൽ കാശു്).
പൈക്കം-ന ക്ഷാമം, പഞ്ഞം. വ.
ഹീനത. ന. ധർമ്മം.
പൈക്കിടാവു്-പശുക്കുട്ടി.
പൈക്കുന്നു-വിശക്കുന്നു.
പൈക്കൂട്ട്-പശുക്കൂട്ടു്.
പൈക്കുറ-ഒരുമാതിരി സഞ്ചി.

പൈങ്കണ്ണി-ഒരു വൃക്ഷം.

പൈങ്കിളി-ഒരു പക്ഷി, തത്ത, പച്ചക്കിളി.

പൈങ്ങ, പയിങ്ങ-കുമ്പാടയ്ക്ക.

പൈഠര-വി. കലത്തിൽ പാകംചെയ്യുന്ന

പൈഠരം-ചെമ്പ്, ഉരുളി (ഉരുളി), കൽച്ചട്ടി മുതലായതിൽ പാകംചെയ്ത അന്നം കറി മുതലായതിന്റെ പേർ. പിഠരത്തിൽ സംസ്കൃതം. പാത്രത്തിൽ വേവിച്ചത് എന്നർത്ഥം.

പൈതൽ-കുഞ്ഞ്.

പൈതലാൻ-ആൺകുട്ടി.

പൈതലാൾ-പെൺകുട്ടി, കുഞ്ഞ്.

പൈതാമഹ-വി. മുത്തച്ഛനെ സംബന്ധിച്ചുള്ള.

പൈതാമഹന്മാർ-പൂർവികന്മാർ.

പൈതൃക-വി. അച്ഛനെ സംബന്ധിച്ചുള്ള.

പൈതൃഷ്വസാവ്-അച്ഛന്റെ പെങ്ങൾ.

പൈതൃഷ്വസേയൻ-അച്ഛന്റെ മരുമകൻ, അച്ഛന്റെ പെങ്ങളുടെ മകൻ.

പൈതൃഷ്വസേയി-അച്ഛന്റെ മരുമകൾ.

പൈതൃഷ്വസ്രീയൻ-അച്ഛന്റെ മരുമകൻ, അച്ഛന്റെ പെങ്ങളുടെ മകൻ

പൈത്ര-വി. പിതൃക്കൾക്കുള്ള.

പൈത്ര്യം-പിതാവിങ്കൽനിന്നു കിട്ടിയത്.

'രാജ്യംതവപൈത്ര്യംയഥോചിതം'
(രാമായണം)

പൈത്ത-വി. പിത്തമുള്ള.

പൈത്തുമ്പൽ-വി. ഗോരോചന.

പൈത്തൊഴുത്ത്-പശുക്കൂട്.

പൈത്ത്യം-ഗു. ഭ്രാന്ത്. ഉ. ഭ്രാന്തതാ. ന. പിത്തം

പൈദ്രം-കതിര.

പൈദാഘം-വിശപ്പും ദാഹവും.

പൈൻപൊൻ-നല്ല സ്വർണ്ണം.

പൈന്തന-സുന്ദരി.

പൈന്തർ-ഓമനയായവൻ, നല്ല മനുഷ്യൻ

പൈന്തേൻ-നല്ല തേൻ, പുതിയതേൻ.

പൈന്തേറൻ-പീയൂഷം, അമൃതം.

പൈപ്പരുവ-ഒരു വൃക്ഷം.

പൈപ്പുല്ല്-ഒരുവക പുല്ല്.

പൈമ്പാൽ-ഗു. പുതിയ പാൽ. ഉ. പശുവിന്റെ പാൽ.

പൈമ്പുനൽ-ശുദ്ധജലം, പച്ചവെള്ളം.

പൈമ്പുല്ല്-പച്ചപ്പുല്ല്, ഇളംപുല്ല്.

'ചെണ്ണററപൈമ്പുല്ലുപറിച്ചു'
(കൃഷ്ണഗാഥ)

പൈമാശി(ഷി)-സർവ്വേ അളവ്.

പൈയാവിശാഖം-കേരളത്തിലെ ഒരു ശുഭദിനം (ഉച്ച ദിവസം ഘോഷിക്കുന്നു).

പൈശാച-വി. പിശാചിനെ സംബന്ധിച്ച.

പൈശാചം-ഒരുമാതിരി വിവാഹം. (അഷ്ടവിവാഹം എന്നതു നോക്കുക).

പൈശുന്യം, പൈശൂന്യം-അസൂയ പറക

പൈഷ്ട-വി. പിഷ്ടത്തെ സംബന്ധിച്ച, പലഹാരമാക്കിയ.

പൈഷ്ടി-ഒരു മദ്യം.

പൈഷ്ടികാ-കാടി.

പൈസക്കാരൻ-ധനികൻ.

പൈസാ-കാശ്, പണം, ഒരു നാണയം (രണ്ടുകാലേഅരക്കാൽ കാശ്).

## പൊ

**പൊകിട്ട്**-പൊക്കിള്.

**പൊകിണ, പോകണ, പോണ, പൂണ**-പച്ചനിറത്തിലുള്ള ഒരുവക ശ്രേഷ്ഠമായ പ്രാവ്.

ഇത് എപ്പോഴും വളരെ പൊക്കമുള്ള വൃക്ഷങ്ങളുടെ മുകളിൽ ഇരിക്കുന്നു.

**പൊകുട**-പൂട, രോമം.

**പൊക്കട്ടെ**-വി. ചീത്ത.

**പൊക്കണം**-ഭാണ്ഡം, സഞ്ചി.

**പൊക്കണംതൂക്കി**-ഭാണ്ഡക്കാരൻ.

**പൊക്കപ്പല്ല്**-പൊങ്ങിയപല്ല്.

**പൊക്കപ്പല്ലൻ**-പൊങ്ങിയപല്ലുള്ളവൻ.

**പൊക്കം**-വി. പൊങ്ങിയ.

**പൊക്കം**-ഉയരം.

**പൊക്കം**-അ. ഇല്ല, നഷ്ടം, ചേതം.

**പൊക്കർ**-ഒരു ജാതിക്കാർ.

**പൊക്കാരം**-ക്രി. വൎദ്ധന. ൨. ഉയരം.

**പൊക്കാളി**-ഒരുവക നെല്ല്.

**പൊക്കിണൻ**-തീയൻ.

**പൊക്കിൾ**-നാഭിക്കുമേൽ വയററത്തു വട്ടത്തിൽ ഉള്ള ഒരു അടയാളം.

**പൊക്കിൾകൊടി**-മാതൃവള്ളി, മറുപിള്ള.

**പൊക്കുന്നു**-ക്രി. പൊങ്ങിക്കുന്നു, കിളൎത്തുന്നു, ഉയരത്തിലാക്കുന്നു. ൨. തള്ളിക്കയറുന്നു.

**പൊക്കിളിക്കുന്നു**-കൊപ്പളിക്കുന്നു.

**പൊങ്കാരം**-പൊൻകാരം.

**പൊങ്കാല**-അരിവച്ചു ദൈവത്തെ പൂജിക്കുക. (പൊങ്ങൽ എന്നതു നോക്കുക.)

**പൊങ്കാലം**-ഒരു വൃക്ഷം.

**പൊങ്ങ്**-തേങ്ങായുടെ അകത്തുള്ള മുള. ൨. പൊങ്ങുതടി. ൩. ഒരുമാതിരി പഞ്ഞിമരം. ൪. ഒരുവക വൃക്ഷം.

**പൊങ്ങ**-ആററരികെയുള്ള ഒരുമാതിരി വൃക്ഷം.

**പൊങ്ങച്ചം**-തന്നത്താൻ സ്തുതിക്കുക.

**പൊങ്ങച്ചക്കാരൻ**-തന്നത്താൻ പുകഴ്ത്തുന്നവൻ.

**പൊങ്ങത്ത്**-ഒരു വൃക്ഷം.

**പൊങ്ങൻ**-കരിമ്പിൻനീരു കറുക്കുമ്പോൾ തിളച്ചു പൊങ്ങുന്നത്.

**പൊങ്ങം**-പുങ്ങ്.

**പൊങ്ങമ്പനി**-അഞ്ചാംപനി.

**പൊങ്ങൽ**-ക്രി. അരിയും കറിയും വെയ്ക്കു (തമിഴിൽ പൊങ്കൽ).

പൊങ്കാല തമിഴിൽ പൊങ്കലും മലയാളത്തിൽ പൊങ്ങലും തന്നെ. പൊങ്കാല വലിയ വിശേഷമായ ഒരു പൎവ്വമാകുന്നു. പൊങ്കാല ഒരിക്കലിനെ ഓൎമ്മപ്പെടുത്തുന്നു.

൨. മുളയ്ക്കു. ൩. ജലത്തിൽ താഴാതെ കിടക്കുക, പൊങ്ങുക. ൪. തിളയ്ക്കു.

**പൊങ്ങൽ**-മഞ്ഞച്ചോറ്. (ഒരു പലഹാരം.)

**പൊങ്ങൽപ്പുര**-അടുക്കളപ്പുര.

**പൊങ്ങല്യം**-ഒരു വൃക്ഷം, പെരുമരം.

**പൊങ്ങിച്ചു**-എടുത്തുചാടി.

**പൊങ്ങുതടി**-ക്രി. സമുദ്രത്തിൽ സഞ്ചരിക്കുന്നതിനുള്ള തടി. പൎയ്യായങ്ങൾ-ഉഡുപം, പ്ലവം, കോലം. ൨. വെള്ളത്തിൽ പൊങ്ങിക്കിടക്കുന്ന തടി.

**പൊങ്ങുന്നു**-ക്രി. ഉയരുന്നു. ൨. അഹങ്കരിക്കുന്നു. ൩. സ്ഥാനത്തു നിന്നു നീങ്ങുന്നു. ൪. പ്രസിദ്ധപ്പെടുന്നു. (സം. ക്രി. പൊങ്ങുന്നു.)

**പൊങ്ങുപുഴുങ്ങ്**-വിഡ്ഢി.

**പൊച്ചം**-ഒരുമാതിരി ചകിരിക്കയറ്.

**പൊടന്ന**-രണ്ടു കൈപ്പടവും കൂട്ടിയാൽ അകത്തുകൊള്ളുന്ന. ഉ-ം ഒരു പൊടന്ന അരി.

**പൊടരിക്കുന്നു**-ഉപദ്രവിക്കുന്നു.

**പൊടവക്കിഴങ്ങ്**-ഒരുമാതിരി കിഴങ്ങ്

**പൊടി**-(ധാതു), പൊടിയാവുക.

**പൊടി**-ഫ. പൊടിയായ വസ്തു. പര്യായങ്ങൾ-രേണു, ധൂളി, പാംസു, രജസ്സ്. ഉ. പൊടിച്ച മരുന്നു. ന. രത്നം. ര. മൂക്കിലിടുന്ന പൊടി.

പൊടിയിട്ടു വിളക്കുക - (ശൈലി) യോജിപ്പിക്കുക.

**പൊടിക്കടമ്പ്**-ഒരുവക കടമ്പ്.

പൊടിക്കടമ്പു ഗുണംകൊണ്ടു വലിയ കടമ്പിനു തുല്യമാണ്. വസന്തകാലത്തിൽ പൂക്കുന്നു. പൂവിനു പൊൻ നിറമാണുള്ളത്. പൂവിനു പൊടി അധികമുള്ളതുകൊണ്ടു പൊടിക്കടമ്പു എന്ന പേരുണ്ടായി. സം-ധൂളീകദംബം.

**പൊടിക്കണ്ണൻ**-പൊട്ടക്കണ്ണൻ.

**പൊടിക്കല്ല്**-പൊട്ടിത്തകർന്ന കല്ല്.

**പൊടിക്കിഴങ്ങ്**-ചെറുകിഴങ്ങ്, പിടിക്കിഴങ്ങ്.

**പൊടിക്കുന്നു**-ഫ. പൊടിയാക്കുന്നു. ഉ. തുമ്പില്ലാതെ കളയുന്നു. ന. മുളക്കുന്നു. ര. വെള്ളം നനയ്ക്കുന്നു.

**പൊടിക്കൈയ്**-ഫ. കൌശലം. ഉ. വിരൽകൊണ്ടു മേളം കൊട്ടുക.

**പൊടിച്ചൽ**-ഫ പൊടിയുക. ഉ പനച്ചുവരിക ന. മുളയ്ക്കൽ.

**പൊടിച്ചെന്നെല്ല്** ഒരുവക ചെന്നെല്ല്

പൊടിച്ചെന്നെല്ലിനു യവച്ചെന്നെല്ലിനൊത്ത ഗുണമാണുള്ളത്. സം-പാംസുശാലി.

**പൊടിച്ചെയ്തു**-സംഹരിച്ചു. (പ-മ.)

**പൊടിത്തൂവൽ**-ഒരു കറി.

പൊടിത്തൂവൽ-ഇതു ഒരുവിധം മെഴുക്കുപിരട്ടിയാണ്. പ്രധാന കഷണങ്ങൾ വാഴക്കാ, കത്തിരിക്കാ, ഉരുളക്കിഴങ്ങ് മുതലായവയാകുന്നു. ചേമ്പുകളും കൊള്ളാം.

**പൊടിപൂരം**-വലിയ ഘോഷം. (ഗ്രാമ്യമാണ്) കോലാഹലം.

**പൊടിപെടുന്നു**-പൊടിയുന്നു.

**പൊടിപ്പ്**-ഫ. ആഭരണത്തിന്റെ ചരടിന്റെ അററത്തും മററും നൂലുകൊണ്ടു കെട്ടിയുണ്ടാക്കുന്ന സാധനം.

പൊടിപ്പും തൊങ്ങലും വെക്കുക-(ശൈലി) മിനുസപ്പെടുത്തുക, അഴകു വരുത്തുക.

**പൊടിമഴ**-ചാററമഴ.

**പൊടിമാനം**-ഫ. പൊടിക്കൽ. ഉ. ഉറച്ചുള്ള ശബ്ദം. ന. കളിക്ക.

**പൊടിമുട്ടിപ്പോകുന്നു**-ഉറക്കെ അടിക്കയോ ഇടിക്കയോ ചെയ്തുകൊണ്ടു പൊടിയാകുന്നു.

**പൊടിയുന്നു** - തകരുന്നു, നശിക്കുന്നു, പൊടിയാകുന്നു.

**പൊടിയുപ്പ്**-വയലുപ്പ്, പടനുപ്പ്, ആട്ടുപ്പ്. പര്യായങ്ങൾ-രോമകം, വസുകം.

വാതം, പ്ലീഹ, മൂത്രത്തടവ് ഇവക്കു നന്ന്. രുചിയെ ഉണ്ടാക്കും. ആമത്തെ പചിപ്പിക്കും. സം-ഔദ്ഭിദം. ത-ചവുട്ടുപ്പ്.

**പൊടിവിത**-നിലം ഉഴുതു പൊടിയാക്കി വിതയ്ക്കൽ.

**പൊടിവെട്ടി**-പൊൻപണിക്കാരുടെ ഒരുമാതിരി കത്രിക.

പൊട്ട-പൊട്ടുക. (പൊടി, പൊട്ട്-ധാതു)

പൊട്ടക്കനെ, പൊട്ടന്നനെ-പെട്ടെന്ന്, വേഗത്തിൽ.

പൊട്ടപൊട്ടെ-അ. പൊട്ടിപ്പൊട്ടി.

പൊട്ട-വി. വിരിഞ്ഞ. ൨. പൊട്ടിയ. ൩. ഭോഷത്വമുള്ള, സാരമില്ലാത്ത.

പൊട്ട-പൊട്ടിയ വസ്തു, ഒരു തൈ.

പൊട്ട്-൧. നെററിമേൽ തൊടുന്ന ഒരു കുറി. ൨. മൂക്കാത്ത കായ്. ൩. വിരിച്ചിൽ. ൪. പുള്ളി, അടയാളം.

പൊട്ടക്കണ്ണ്, പൊടികണ്ണ്-പൊടിഞ്ഞ കണ്ണ്, രോഗം കൊണ്ടും മററും കാഴ്ചയില്ലാതായ കണ്ണ്.

പൊട്ടക്കണ്ണൻ, പൊടികണ്ണൻ-പൊടിഞ്ഞ കണ്ണുള്ളവൻ.

പൊട്ടക്കണ്ണി, പൊടികണ്ണി-പൊടിഞ്ഞകണ്ണുള്ളവൾ.

പൊട്ടക്കലം-പൊടിഞ്ഞകലം.

പൊട്ടക്കളി-ചീത്തക്കളി.

പൊട്ടക്കാവളം-ഒരു വൃക്ഷം.

പൊട്ടക്കാളം-വിറകിനുള്ള ഒരു വൃക്ഷം.

പൊട്ടക്കിണറ്-വെള്ളമില്ലാത്ത കിണറ്, കല്ലിടിഞ്ഞു വീണു കാടു പിടിച്ചും ജലം കോരാതെയും കിടക്കുന്ന കിണറ്

പൊട്ടക്കുളം-൧. വെള്ളമില്ലാത്ത കുളം. ൨. ചീത്തവെള്ളമുള്ള കുളം.

പൊട്ടച്ചെവിയൻ-ചെവി കേൾക്കാത്തവൻ.

പൊട്ടത്ത(ര)ം-ഭോഷത്വം, മൂഢത്വം, വിഡ്ഢിത്തം.

പൊട്ടൻ-൧. ഭോഷൻ. ൨. ചെകിടൻ. ൩. എറമ്പിൽ ഒരു വകഭേദം.

പൊട്ടപറയുന്നു-അസംബന്ധം പറയുന്നു.

പൊട്ടപ്പുറമ്പ്-വെറുമ്പറമ്പ്.

പൊട്ടപ്പുല്ല്-ഒരുമാതിരി പുല്ല്.

പൊട്ടബ്ഭാഗ്യം-വിചാരിച്ചിരിക്കാതെ വന്നുകൂടിയ ചെറിയ ഭാഗ്യം.

പൊട്ടയിടുന്നു-അധരങ്ങൾകൊണ്ടു ഒരു മാതിരി ശബ്ദമുണ്ടാക്കുന്നു.

പൊട്ടൽ-പൊട്ടുക.

പൊട്ടംതട്ടിപ്പ്-കൺകെട്ടിക്കളി.

പൊട്ടി-൧. ചെവികേൾക്കാത്തവൾ. ൨. ഭോഷത്വമുള്ളവൾ.

പൊട്ടിക്കാ-പീച്ചിങ്ങ.

പൊട്ടിക്കരയുന്നു-ഒത്തൊത്തുറക്കെ കരയുന്നു.

പൊട്ടിച്ചിരി-ഉറക്കെയുള്ള ചിരി സം-ആച്ഛുരിതകം.

പൊട്ടിച്ചിരിക്കുന്നു-ഉറക്കെചിരിക്കുന്നു

പൊട്ടിത്തെറിച്ചവൻ-ദുർമ്മാർഗ്ഗക്കാരൻ.

പൊട്ടുകാ(യ്)-പിഞ്ചുകാ(യ്), മൂക്കാത്ത വാഴക്കായും മററും.

പൊട്ടുകുല-പിഞ്ചുകുല, മൂക്കാത്ത വാഴക്കുലയും മററും.

പൊട്ടുന്നു-൧. ഉടയുന്നു, പിളരുന്നു, തകരുന്നു. ൨. മുളയ്ക്കുന്നു. ൩. ചിനയ്ക്കുന്നു. (സ. ക്രി. പൊട്ടിക്കുന്നു.) നാമം=പൊട്ടൽ, പൊട്ട്.

പൊട്ടുബുദ്ധി-ഭോഷത്തരം.

പൊട്ടുമുണ്ടി-ജലത്തിന്നടുക്കൽ സഞ്ചരിക്കുന്ന ഒരു പക്ഷി.

പൊട്ടുവിദ്യ-ഭോഷവിദ്യ.

പൊട്ടോട്ടുന്നു-വാടിപ്പോകുന്നു, പൊട്ടായിരിക്കുന്നു.

പൊണ്ണ-വി. വലിയ.

പൊണ്ണത്വം-൧. വലിപ്പം. ൨. ഭോഷത്വം.

പൊണ്ണത്തരം-ഭോഷന്റെ സ്വഭാവം.

പൊണ്ണൻ-ഥ. വലിയവൻ. ൨. ഭോഷൻ. ൩. കടവയറൻ.

പൊണ്ണി-ഥ. വലിയവൾ. ൨. ഭോഷി.

പൊൺചിലന്തി-വസൂരി ഭേദങ്ങളിൽ ഒന്ന്. (പതിനാലിനോ പതിനെട്ടിനോ കളിപ്പിക്കാം.)

പൊത-(ധാതു) പൊടിയിൽ താഴുക.

പൊതി-ഥ. പൊതിഞ്ഞുകെട്ടിയ വസ്തു. ൨. കാളപ്പുറത്തു കേററിക്കൊണ്ടുപോകുന്ന ചുമടു. ൩. ചില വസ്തുക്കൾക്കു പറയുന്ന ഒരു കണക്കു്. ൪. ഒരളവു് (൨൦ ഇടങ്ങഴി).

പൊതിക്കാള-ചുമട്ടുകാള.

പൊതിക്കുന്നു-ഥ. തേങ്ങയുടെ തൊണ്ടു അടക്കുന്നു. ൨. കൈചുരുട്ടി കുത്തുന്നു.

പൊതിക്കെട്ട്-പൊതിഞ്ഞു കെട്ടപ്പെട്ടതു, പൊതി.

പൊതിച്ചൽ-പൊതിയുക.

പൊതിച്ചോറ്-പൊതിഞ്ഞു കെട്ടിയ ചോറ്.

പൊതിനാ-ഒരു ചെടി.

കൊത്തങ്ങലിന്റെ ഇലപോലെയിരിക്കും. ചമ്മന്തിക്കു നന്നു്. വിഷൂചിക, അതിസാരം, ഗ്രഹണി, അഗ്നിമാന്ദ്യം, ഛർദ്ദി ഇവയ്ക്കു ഹിതം. മലമൂത്രങ്ങളെ തടയും.

പൊതിപിടിക്കുന്നു-കാളപ്പുറത്തു ചുമട്ടുകെട്ടിക്കൊണ്ടുപോകുന്നു.

പൊതിപ്പാട്ട്-നിലത്തിന്റെ ഒരു അളവ്.

പൊതിയമ്പഴം-അടി, തല്ല്. (പ-മ)

പൊതിയുന്നു-മൂടുന്നു.

പൊതിയോല-പാനിക്കൊട്ട, കള്ളെടുക്കുന്ന വൃക്ഷങ്ങളുടെ കള്ളുചട്ടി മൂടുന്ന തിരളുള്ളതു്.

പൊതിര്-കേട്, ചീച്ചൽ.

പൊതിരുന്നു-ഥ. അധികമാകുന്നു. ൨. മൃദുവാകുന്നു.

പൊതിരെ-അ. അധികമായി.

പൊതിർ-ചീച്ചൽ, നലച്ചൽ, അഴുകൽ.

പൊതിക്കുന്നു-നനക്കുന്നു, ഊറക്കിടുന്നു.

പൊതു-വി. പൊതുവിലുള്ള, സാമാന്യമായുള്ള.

പൊതുക്കുന്നു-ചിറയും മറവും കെട്ടിയുറപ്പിക്കുന്നു

പൊതുപ്പൊതെ-അ. ഒരുമാതിരി ശബ്ദം കേൾക്കുമ്പോൾ പറയുന്ന വാക്ക്.

പൊതുവൻ-പുലരുളിക്കുന്നവൻ.

പൊതുവാൻ-പരവന്മാരുടെയും കമ്മാളന്മാരുടെയും ക്ഷൌരക്കാരൻ. ഇവന്റെ ഭാര്യ പൊതുവാടിച്ചി.

പൊതുവാൾ-ഥ. മൂത്തതു്. ൨. മാരാൻ. അമ്പലവാസികളിൽ ഒന്ന്.

൧. അകപ്പൊതുവാൾ-ഇവർക്കു പൂണൂലുണ്ട്.

൨. പുറപ്പൊതുവാൾ-ഇവർക്കു പൂണൂലില്ല.

പൊതുവിൽ-അ. സാമാന്യമായി.

പൊതുവെ-അ. മുഴുവനെ.

പൊത്ത്-വി. ഒരു കൈയിൽകൊള്ളുന്ന.

ഇതു എണ്ണയ്ക്കും മററുമാണ് അധികമായിച്ചേരുന്നതു്. ഉ-ം, ഒരു പൊത്തെണ്ണ.

പൊത്ത്-ഥ. മരത്തിന്റെ പോരം. ൨. നിലത്തുള്ള പോരം. ൩. തെങ്ങിൽ കള്ളന്മാർ കയറാതെയിരിപ്പാനായി വെച്ചുകെട്ടുന്ന മുള്ളും മററും. ൪. നിലവാഴി. ൫. കൈകൊണ്ടുള്ള നിർബ്ബന്ധസൂചകം.

പൊത്തനെ-അ. പൊത്തെപൊതെ.

പൊത്തിക്കെട്ടുന്നു-പൊത്തുകെട്ടുന്നു.

പൊത്തിപ്പിടിക്കുന്നു-ഥ. കൈകൊണ്ടു അടച്ചു പിടിക്കുന്നു. ൨. അമർത്തിപ്പിടിക്കുന്നു.

പൊത്തിപ്പിടിത്തം-ക്രി. അമൎത്തിപ്പിടിക്കം. ഉ. കൈകൊണ്ടു അടച്ചു പിടിയ്ക്കു.

പൊത്തുന്നു-ക്രി കൈകൊണ്ടു അടയ്ക്കുന്നു. ഉ. കൈകൊണ്ടു ഒരു നിര കാട്ടുന്നു.

പൊത്തുവരുത്തം-അ. നല്ലവണ്ണം മതിയാവാൻ മാത്രമില്ലാതെ.

പൊത്തൊടിയമുള-കാററുകൊണ്ടു ഒതെരിയുന്ന മുള, പൊള്ളുമുള.

പൊൻ-വി. ഭംഗിയുള്ള.

പൊൻ, പൊന്നു്-സ്വൎണ്ണം.

പൊൻകട്ടി-സ്വൎണ്ണക്കട്ട.

പൊൻകമ്പി-പൊന്നുകൊണ്ടുണ്ടാക്കിയ നൂൽ.

പൊൻകലം-പൊന്നുകൊണ്ടുള്ള കലം.

പൊൻകലശം-പൊൻകുടം.

പൊൻകസവു്-പൊന്നുകൊണ്ടുള്ള കസവു്.

പൊൻകാരം-ഒരങ്ങാടിമരുന്നു്, പൊരികാരം.

പൊൻകാരം കഫം, വ്രണം, ചുമ മുതലായവക്കു നന്നു്. സ്വൎണ്ണം മുതലായ ധാതുക്കളെ ദ്രവിപ്പിക്കും. മലത്തെ ഇളക്കും. തടഞ്ഞിരിക്കുന്ന ആൎത്തവത്തേയും മൂഢഗൎഭത്തേയും പുറത്തു കളയും. ജോനക നാരങ്ങാനീരിൽ സ്വേദനയന്ത്രത്തിൽ പചിച്ച ചൂടു ജലത്തിൽ കഴുകിയാൽ ശുദ്ധിവരും. സം-ടംകണക്ഷാരം.

പൊൻകാവി-നല്ല കാവിമണ്ണു്. പൂങ്കാവി.

പൊൻകാവി വിശേഷിച്ചു ഛൎദ്ദിയെ ശമിപ്പിക്കും സം-സുവൎണ്ണഗൈരികം. തമിഴ്-പൂങ്കാവി. ഇം-Red lumber stone, A kind of red chalk.

പൊൻകിണ്ടി - പൊന്നുകൊണ്ടുള്ള കിണ്ടി.

പൊൻകരണ്ടി-ഒരു പച്ചമരുന്നു്.

പൊൻകൈത-ഒരുതരം കൈത.

പൊൻകൈതക്കു പൂകൈതയുടെ ഗുണമുണ്ടു്. കണ്ണിനു ഹിതം. പൂ ചെറുതാണു്. വാസന കുറ്റം. പൊൻ നിറമാകുന്നു. സം-സുവൎണ്ണകേതകീ.

പൊന്ത-പുല്ലുപിടിച്ച സ്ഥലം.

പൊൻതകിട്ടു്-അടിച്ചു പരത്തിയ തകിട്ടു്.

പൊൻതാവടം-കഴുത്തിൽകെട്ടുന്ന ഒരാഭരണം.

പൊൻതുടർ-പൊന്നരഞ്ഞാണം.

പൊന്തൻ-ക്രി. ഉപകാരമില്ലാത്ത ഒരു വക വാഴ. ഉ. പൊണ്ണത്തടിയനും ഒന്നിനും കൊള്ളരുതാത്തവനുമായവൻ.

പൊന്തം-വി. തഴച്ച, കനത്ത.

പൊന്തൽ-പൊങ്ങൽ.

പൊന്തി-കുറുവടി, ഗദ.

പൊന്തിന-വി. പൊന്തിനില്ക്കുന്ന.

പൊന്തിപ്പയററു്-പൊന്തിയെടുത്തുള്ള അഭ്യാസം.

പൊന്തിയടവു-പൊന്തികൊണ്ടുള്ള പ്രയോഗം.

പൊന്തിവാൾ-ക്രി. മരവാൾ. ഉ. ഒരു മാതിരി കത്തി.

പൊന്തുന്നു-പൊങ്ങുന്നു, ഉയരുന്നു. (സ. ക്രി. പൊന്തിക്കുന്നു.)

പൊന്നം-ഒരുതരം അരി.

പൊന്നമ്മ-ക്രി ഒരു ചെല്ലപ്പേർ. ഉ. രാജാവിന്റെ പുത്രി.

പൊന്നരഞ്ഞാണം-പൊന്നുകൊണ്ടുള്ള അരഞ്ഞാണം.

പൊന്നരിതാരം-ഒരങ്ങാടിമരുന്നു്.

പൊന്നരിപ്പു്-മണ്ണിൽനിന്നു പൊന്നെടുക്കുന്ന ഒരു വേല.

പൊന്നാങ്ങാണി-ഒരു പച്ചമരുന്നു്, ഒരു വക കൊഴുപ്പ. (തമിഴിൽ കൊടുപ്പ).

പൊന്നാണിക്കൂട്ടം-പൊന്നു മാററുനോക്കുന്നതിന്നായിട്ടു പലതരത്തിൽ പൊന്നുകൊണ്ടുള്ള ആണിക്കൂട്ടം.

പൊന്നാണിഭം-പൊൻപണവും മററും (പൊൻ + നാണിഭം)

പൊന്നാനി-പാട്ടുകാരിൽ പ്രമാണി.

പൊന്നാനിവാ-ഒരു ദിക്ക്.

പൊന്നാന്തകര-ഒരു പച്ചമരുന്ന്, പൊന്നാവീരം.

പൊന്നാന്തുമ്പി-ഒരു പ്രാണി.

പൊന്നാഭരണം-പൊന്നുകൊണ്ടുള്ള ആഭരണം.

പൊന്നാമ്പു-ഒരു തൈ.

പൊന്നാമര-ഒരു പച്ചമരുന്ന, പൊന്നാവീരം.

പൊന്നാരപ്പൈതൽ-ഓമനക്കുട്ടി. വിലമതിക്കാൻ പാടില്ലാത്ത കുഞ്ഞു. അസാധാരണകുഞ്ഞ്, അധികം സൌന്ദര്യമുള്ള കുട്ടി.

'പൊന്നാരപ്പൈതലെപ്പൂണ്ടേനല്ലോ'
(കൃഷ്ണഗാഥ)

പൊന്നാരം-ദ. മുഖസ്തുതി. വ. പൊന്നാംല. ന. സൌന്ദര്യം.

പൊന്നാരം-വി. ഓമനയായ, ഓമനിക്കത്തക്ക, അഴകുള്ള.

പൊന്നാരിയൻ-ഒരു നെല്ല്.

പൊന്നാരിവീരൻ-ഒരു പച്ചമരുന്ന്. പൊന്നാരവീരം.

പൊന്നാവീരം-ഒരു പച്ചമരുന്ന്, രാജപൊന്നാവീരം.

പൊന്നാവീരം കഫം, വാതം, അഗ്നിജ്ജം, ചുമ മുതലായവകളെ നന്ന് മലത്തെ പുറത്തു കളയും. രുചികരമാണ്. സം-കാസമർദ്ദം. ഇം-Roundpodded cassia റൌണ്ഡ് പൊഡെഡ് കേശ്യാം.

പൊന്നാശ-ദുർവ്യാമോഹം.

പൊന്നിടാരൻ-പുലയന്മാർ തട്ടാന്മാരെ വിളിക്കുന്ന പേർ.

പൊന്നിട്ടുകാരാസ്ത്ര-കാരാസ്ത്ര, നേടിയ വസ്തു.

പൊന്നിറം-പൊന്നിന്റെ നിറം.

പൊന്നിറംകുറിഞ്ഞി-ഒരു പൂച്ചെടി.

പൊന്നീരാളം-പൊൻ കസവുകൊണ്ടുള്ള വസ്ത്രം.

പൊന്നുടമ-പൊമ്പണ്ടം.

പൊന്നുട്ടമ്പ്-ഒരു ജന്തു, ഒരുവക ഉടുമ്പ്

പൊന്നുമ്മത്ത്-പൊൻനിറമായി പൂവുണ്ടാകുന്ന ഉമ്മത്ത്.

പൊന്നുമ്പൂ-പൊന്നുകൊണ്ടുണ്ടാക്കിയ പൂ.

പൊന്നുരുപ്പിക-തങ്കരൂപം.

പൊന്നുരുഷം-ഒരു തൈ.

പൊന്നോല-സ്ത്രീകൾ കാതിലിടുന്ന ഒരാഭരണം.

പൊൻപണം-ഒരു പൊൻ നാണയം,

പൊൻപണി-പൊന്നുകൊണ്ടുള്ള വേല.

പൊൻപണിക്കാരൻ-തട്ടാൻ.

പൊൻപണ്ടം-പൊന്നുകൊണ്ടുണ്ടാക്കിയ വസ്തു, പൊന്നാഭരണം.

പൊൻപത്താക്ക്-ഒരുവക പൊൻ നാണയം.

പൊൻപാത്രം-പൊന്നുകൊണ്ടുള്ള പാത്രം.

പൊൻപൂച്ച്-പൊന്നുപൂശുക.

പൊന്മ, പൊന്മാൻ-ഒരുപക്ഷി.



പൊന്മണി-പൊന്നുകൊണ്ടുള്ള മണി, (ആഭരണത്തിൽ ചേർക്കേണ്ടതു്).

പൊന്മല-മഹാമേരു പർവ്വതം.

പൊന്മീൻ-ഒരു മത്സ്യം.

പൊന്മുടി-൧. പൊന്നിൻകിരീടം. ൨. തിരുവിതാംകൂറിൽ ഒരു ദിക്കിന്റെ പേരു്.

പൊന്മെഴുക്-മെഴുകിൽ ഒരുവക, പൊന്നരച്ചതു് ഒട്ടിച്ചെടുക്കുന്ന മെഴുക്.

പൊൻവണ്ടു്-ഒരുമാതിരി വണ്ടു്.

പൊൻവള-പൊന്നുകൊണ്ടുള്ള കൈവള

പൊൻവളയം-൧. പൊൻവള. ൨. പൊന്നുകൊണ്ടുള്ള വളയം.

പൊൻവാണിഭക്കാരൻ-പൊന്നു കച്ചവടക്കാരൻ.

പൊൻവാണിഭം-പൊൻ കച്ചവടം.

പൊൻവാളം-അടിച്ചുനീട്ടിയ പൊന്നു്, പൊൻശലാക.

പൊൻശലാക-പൊൻകമ്പി.

പൊയി(യ്)-വ്യാജം, അസത്യം. പൊയ് > <മെയ്.

പൊയിൽ-താണഭൂമി.

പൊയ്യുങ്കി-ചുണകെട്ടവൻ, വകയ്ക്കു കൊള്ളാത്തവൻ. (പ-മ.)

പൊയ്യുങ്ങി-സാരമില്ലാതെ പോയി (പ-മ)

പൊയ്ക്ക-ഒരുമാതിരി വലിയ കളം.

പൊയ്ക്കാൽ-തെങ്ങിൽ കേറുവാനായിട്ടു വെട്ടുന്ന കൊത.

പൊയ്ക്കാരൻ-കരളക്കാരൻ,

പൊയ്ക്കാൽ-ചില കളിക്കാർ മുളകൊണ്ടുണ്ടാക്കുന്ന ഒരുമാതിരി കാൽ.

പൊയ്ത്ത-കുറുക്കുവഴി.

പൊയ്ത്തല-പട്ടവൃക്ഷത്തിന്റെ തല.

പൊയ്ത്തവഴി-കുറുക്കുവഴി.

പൊയ്ത്തു്-വി. ചുരുക്കമുള്ള, കുറുതായ

പൊയ്ത്തു്-യുദ്ധം.

പൊയ്യ-ചുഴി.

പൊയ്യുക-പോരാടുക, തടുക്കുക, നേരിടുക, പൊരുക, യുദ്ധംചെയ്യുക.

'പൊയ്യുന്നിന്നീടുവാൻ പോകവേണം'
(കൃഷ്ണഗാഥ)

പൊരി-൧. തീപ്പൊരി. ൨. നെല്ലുവറുത്തു പൊരിച്ചതു്, ഒരുമാതിരി അവിൽ. ൩. വറ. ൪. ശരീരത്തിലുണ്ടാകുന്ന മുറി.

പൊരികാരം-ഒരു അങ്ങാടിമരുന്നു്.

പൊരികുന്നു-വറക്കുന്നു.

പൊരിച്ചൽ-൧. വറവ്. ൨. അത്യുഷ്ണം. ൩. ദ്വ്യാഗ്രഹം. ൪. ദാഹം.

പൊരിച്ചുണങ്ങ് - ഒരുമാതിരി ചുണങ്ങ്, മറിച്ചുണങ്ങ്.

പൊരിപ്പു്-പൊരിക്കുക.

പൊരിപ്പൻ-വറകലം.

പൊരിയൻ-മുറിയുള്ളവൻ.

പൊരിയൽ-പൊരിപ്പു്.

പൊരിയവിൽ-ഒരുമാതിരി അവിൽ.

പൊരിയുന്നു-൧. വറളുന്നു, ൨. ഉണങ്ങുന്നു. ൩. പൊട്ടുന്നു. (സ. ക്രി. പൊരിക്കുന്നു.) നാമം-പൊരി, പൊരിപ്പു്, പൊരിയൽ.

പൊരുട്ടു്-പൊരുൾ.

പൊരുതുന്നു, പൊയ്യുന്നു, പൊയ്തുന്നു-൧. യുദ്ധം ചെയ്യുന്നു.

'പൊരുതുപാർത്ഥനേകൊലചെയ്തു'
(ഭാരതം)

'പൊരുതുവാൻ' എന്നതു 'പൊരുതു' എന്നുള്ള നവീന ധാതുവിന്റെ പിൻവിനയെച്ചം. 'മന്മഥൻ നിർമ്മലം നമ്മെ പൊരുന്നതു്' എന്നു കൃഷ്ണഗാഥയിലും, 'ഒന്നു പൊരേണം നമുക്കിന്നു' എന്നു നളചരിതത്തിലും കാണുന്നതുപോലെ ധാതു 'പോരു' എന്നാണെങ്കിലും

നവീനന്മാർ 'പൊരുതുകയെ' ക്രട്ടി സ്വീകരിച്ചിട്ടുണ്ട്. 'രാമനും രാവണനും പൊരുതുംവണ്ണം' എന്നു ഭാരതത്തിൽ എഴുത്തച്ഛൻ. 'പൊരുകവാൻ' എന്നു തന്നെ വായിച്ചാലും വിരോധമില്ല.

൨. ചൂതാട്ടം. (നാമം-പൊരുത്, പൊരുതീൽ, പൊയ്ത്തു). ൩. മത്സരിക്കുന്നു, സ്പർദ്ധിക്കുന്നു.

പൊരുത്ത്-൧. കഴുത്തിന്റെ പിൻപുറം. ൨. കുട്ടിച്ചെപ്പ്.

പൊരുത്തം-ചേർച്ച.

പൊരുത്തുകാരൻ-മല്ല്യസ്ഥൻ.

പൊരുത്തുന്നു-൧. മല്ല്യസ്ഥത പാഞ്ഞു നടത്തുന്നു. ൨. യുദ്ധം ചെയ്യുന്നു.

പൊരുന്തും-തുല്യമായ. (പ-മ.)

പൊരുന്നൽ-൧ പൊരുന്ന ഇരിപ്പ്. ൨. സമ്മതം. ൩. ചേർച്ച. ൪. സന്തോഷം. ൫. ഒരുമിച്ചിരിപ്പ്.

പൊരുന്നവെക്കുന്നു- കോഴി വിരിക്കാനായിട്ട കോഴിയെ പിടിച്ചു മൊട്ട മേൽ വെക്കുന്നു.

പൊരുന്നു-യുദ്ധംചെയ്യുന്നു

പൊരുന്നുക-യോജിക്കുക, ചേരുക.

പൊരുന്നുന്നു- ൧. മൊട്ടമേൽ ഇരുന്നു കൊത്തിവിരിക്കുന്നു. ൨. ചേക്കുന്നു.

പൊരുപൊരുക്കുന്നു - പൊരുപൊരെ പൊരിയുന്നു.

പൊരുപൊരെ-പൊരിയുന്ന ശബ്ദം.

പൊരുവിളങ്ങാ-ഒരു പലഹാരം.

ശർക്കര പാവുകാച്ചി വറുത്തമാവു ചേർത്ത് തേങ്ങ ചെറുതായി കീറിയിട്ടു ഉണ്ട പിടിച്ചത്.

പൊരുൾ-൧. അർത്ഥം, ഭാവം. ൨. സത്യം. ൩. ധനം, ദ്രവ്യം. ൪. കാര്യം. ൫. ഐശ്വര്യം ൬. സൂചനം ൭. വസ്തു.

പൊരുൾകൊള്ളുന്നു-കാര്യമായി വിചാരിക്കുന്നു.

പൊരുൾച്ചെലവു്-ചെലവിട്ട ദ്രവ്യത്തിന്റെ വിവരം.

പൊരുൾതിരിപ്പ്-ഒരു ഭാഷയിലുള്ള വാചകങ്ങളും മററും മറെറാരു ഭാഷയിലാക്കുക.

പൊരുളിക്കുന്നു - വിചാരിക്കുന്നു, കരുതുന്നു.

പൊർളാതിരി, പൊറളാതിരി, പൊർളാ - കടത്തുവനാട്ടു രാജാവിന്റെ സ്ഥാനപ്പേർ.

പൊലി-(ധാതു) ൧. വളരുക. ൨. മൂടുക ൩. നശിക്കുക.

പൊലി-മെതിച്ചുകൂട്ടിയ നെല്ല്.

പൊലികടം-൧. പലിശക്കിട്ടിരിക്കുന്ന മുതൽ. ൨. കൊടുക്കൽവാങ്ങൽ.

പൊലിക്കററ-നിലമുടമസ്ഥനു ചെല്ലേണ്ട കൊഴുവന്റെ കററ.

പൊലിക്കാണം-സ്ത്രീധനം.

പൊലിക്കുന്നു-൧. ആട്ടം, കല്യാണം മുതലായവയിൽ പലരുംകൂടെ അവരവരുടെ മനസ്സുപോലെ പണവും മുണ്ടും മററും സമ്മാനിക്കുന്നു. ൨. തീകെടുക്കുന്നു, കെടുത്തുന്നു.

'തന്നകത്തുകൊളുത്തിവെച്ച
വിളക്കചെന്നുപൊലിക്കാവ'

(ഭാഗവതം ദർ വൃത്തം)

൩. വർദ്ധിപ്പിക്കുന്നു. ൪. പെരുകുന്നു. (കാ. ക്രി. പൊലിപ്പിക്കുന്നു)

പൊലിച്ചൽ, പൊലിപ്പ്-൧. നാശം, പൊലിക്കുക. ൨. വർദ്ധന.

പൊലിച്ചെലവു, പൊരുൾചെലവു്-ചെലവിട്ട ദ്രവ്യത്തിന്റെ വിവരം

പൊലിപ്പം-പൂൎണ്ണത. (പ. മ.)

പൊലിമ-നാ. വൎദ്ധന.

'ഉലകരുടെപൊലിമവരുത്തിരമിയ്ക്കും'.

(രുക്മിണീസ്വയംവരം തുള്ളൽ)

ഉ. ഭംഗി. ന. നാശം, ര. നേരമ്പോക്കു്.

പൊലിയാവിളക്കു് - വാടാവിളക്കു്, നിശ്ചയിച്ചിരിക്കുന്ന സമയംവരെ കെടുക്കാതെ കൊളുത്തിവെച്ചിരിക്കുന്ന വിളക്കു്.

പൊലിയുന്നു-നാ. കെടുന്നു, നശിക്കുന്നു.

'നിറഞ്ഞദീപവുംപൊലിഞ്ഞേററമങ്ങി'

(ഭാരതം)

ഉ. വൎദ്ധിക്കുന്നു, ക്രമ്പാരമായി കൂടുന്നു.

പൊലിവു്-നാ. കെടൽ, നാശം. ഉ. ആട്ടത്തിനുംമററും പൊലിക്ക. ന. വൎദ്ധന. ര. ശേഖരിക്ക.

പൊലിശ - പലിശ, കടംകൊടുത്താൽ കൊടുത്ത മുതൽ കൂടാതെ അധികം കിട്ടുന്ന ദ്രവ്യം.

പൊൽ-പൊൻ.

പൊൽ-അ. ഇതു മററു ചില മൊഴികളോടു ചേരുമ്പോൾ 'പൊന്നുകൊണ്ടുള്ള' എന്നൎത്ഥം.

പൊൽത്താമര-പൊൻതാമര.

പൊൽത്താർ-പൊന്നുംപൂവു്, പൊൻതാമര.

പൊൽത്താർമാനിനി-ലക്ഷ്മി.

പൊൽപ്പൂമാനിനി-ലക്ഷ്മി.

പൊല്ലാ-വി. ചീത്തയായ, കൊള്ളരുതാത്ത.

പൊല്ലാപ്പു്, പൊല്ലാപ്പ്-നാ. ദോഷം, തിന്മ. ഉ. പരിഭവം, ചില്ലറ വിരോധം, സാരമില്ലാത്ത പിണക്കം.

പൊല്ലുന്നു-കീറിയ പായുംമററും തുന്നുന്നു. (സ. ക്രി. പൊല്ലിക്കുന്നു.)

പൊവുത്തു, പൊത്തു-ഭാരമിട്ടു. (പ. മ).

പൊവുത്തു്, പൊത്തു്-ഭാരം. (പ. മ)

പൊളവ-ഒരു വ്യാധി. അഷ്ടാംഗഹൃദയത്തിലെ 'പിടക' എന്ന പ്രമേഹക്കുരു.

പൊളവൻ, പുളവൻ-നാ. വെള്ളത്തിലുള്ള ഒരുമാതിരി പാമ്പു്. ഉ. വലിയ നീർക്കോലി.

പൊളി-(ധാതു), കെട്ടുവിടുക.

പൊളി-നാ. വ്യാജം, അസത്യവാക്കു്.

'കളിയിൽ പ്രാണരക്ഷയ്ക്കും
ഗോബ്രാഹ്മണഹിതത്തിനും
വേളിക്കും വൃത്തിരക്ഷയ്ക്കും
പൊളി നിന്ദിതമല്ലെടോ'

ഇങ്ങിനെ ഒരു പദ്യം കാണുന്നുണ്ടു്. ഞാൻ ഇതിൽ അനുകൂലിക്കുന്നില്ല. പൊളി ഒരിക്കലും പാടില്ലെന്നാണു് എന്റെ അഭിപ്രായം.

ഉ. കീററു്, തുണ്ടു്.

പൊളിക്കുന്നു-നാ. വീട്ടിന്റേയും മററും മേൽ ഇളക്കുന്നു, കെട്ടിടത്തിലെ ഓല പിരിച്ചിറക്കുന്നു. ഉ. തോടു് ഇളക്കുന്നു. ന. കീറുന്നു (കാ. ക്രി. പൊളിപ്പിക്കുന്നു).

പൊളിച്ചൽ-നാ. പൊളിക്കുക. ഉ. കീറുക. ന. ഒരുമാതിരി വേദന

പൊളിച്ചെഴുത്തു - ജന്മികളുടെ വക വസ്തുക്കളുടെ ആധാരം മാറി എഴുതുക.

പൊളിപ്പു്-പിളപ്പു്, കീററു

പൊളിയാണ-കള്ളസ്സത്യം.

പൊളിയുന്നു-നാ. പിളരുന്നു, പൊട്ടുന്നു. ഉ. പൊട്ടി വേറാകുന്നു. ന. വേദനപ്പെടുന്നു. (സ. ക്രി-പൊളി...ന്നു)

പൊളകം-൧. തീപ്പൊള്ളൽ. ൨. ഒരു മാതിരി ചെറിയ പരുവ്.

പൊളകുന്നു-൧. പൊള്ളുന്നു. ൨. രണ്ടാമുഴുന്നു.

പൊള്ള്-൧. വ്യാജവാക്ക്. ൨. പ്രശംസ

'കള്ളുകുടിച്ചുമുടിക്കുന്നവരും
പൊള്ളുപറഞ്ഞു ഫലിപ്പിപ്പവരും'
'ഭള്ളുനടിച്ചു നടക്കുന്നു ചിലർ
പൊള്ളുപറഞ്ഞു ചിരിക്കുന്നു ചിലർ'
(സ്യമന്തകം തുള്ളൽ)

പൊള്ള-വി. ൧. ഓട്ടയായ. അകത്തു ദ്വാരം അധികമുള്ള. ൨. ഉണങ്ങിയ.

പൊള്ള-൧ തൊണ്ട. ൨. ഒരു വള്ളി. ൩. ദ്വാരം.

പൊള്ളക്കരു, പൊള്ളക്കാ(യ്)-ഒരു മാതിരി വിഷമുള്ള കാ(യ്).

പൊള്ളച്ചീര-ഒരുമാതിരി ചീര.

പൊള്ളമുള-അകത്തു ദ്വാരം അധികമുള്ള മുള.

പൊള്ളം-൧. പൊള്ളൽ, ൨. നീർകമല.

പൊള്ളയ്ക്കുന്നു-൧. കമളയ്ക്കുന്നു. ൨. വീക്കുന്നു.

പൊള്ളൽ-൧. പൊള്ളുക. ൨. നീർകമല.

പൊള്ളുന്നു-൧. തീയുടേയും മരുന്നിൻ്റെയും സംബന്ധംകൊണ്ടു കമളപോലെ ഉണ്ടാകുന്നു. ൨. കമളയ്ക്കുന്നു, (സ. ക്രി-പൊള്ളിക്കുന്നു).

പൊഴി-(ധാതു). തനിയെ വീഴുക.

പൊഴി-൧. സമുദ്രത്തിനും കായലിനും മദ്ധ്യേയുള്ള മണൽത്തിട്ട.

മിക്ക കായലുകളും സമുദ്രത്തോടു നേരിട്ടോ തോടു മുഖേനയോ സംബന്ധപ്പെട്ടിരിക്കും. ചില കായലുകൾ വർഷകാലത്തു മാത്രമേ സമുദ്രത്തോടു സംബന്ധിക്കയുള്ളു. അല്ലാത്തപ്പോൾ ഇടയ്ക്കു മണൽത്തിട്ട കാണും. ഇതിൻ്റെ പേരത്രേ പൊഴി.

൨. വെട്ടുമട. ൩. ദ്വാരം. ൪. ചെറിയ ആറുവം. ൫. ചൊരിച്ചൽ, പൊഴിയുക.

പൊഴിക്കുന്നു-൧. വർഷിക്കുന്നു. ൨. ചൊരിയുന്നു. ൩. പൊഴിയിടുന്നു. ൪. ദ്വാരം ഉണ്ടാക്കുന്നു.

പൊഴിച്ചൽ-൧. വർഷിക്ക. ൨. ചൊരിച്ചൽ. ൩. കൊഴിയുക, വീഴുക. ൪. പൊഴിയിടുക.

പൊഴിപ്പ്-൧. പൊഴിക്കുക. ൨. പൊഴിയിടുക. ൩. വെട്ടുമട.

പൊഴിയുന്നു-൧. ചൊരിയുന്നു. ൨. വീഴുന്നു. ൩. പെയ്യുന്നു. ൪. കാലുന്നു. ൫. ഒഴുകുന്നു.

പൊഴിൽ-പൊയ്ക ൨-൦, താരാർ പൊഴിൽ.

പൊഴിവ്-൧. വർഷിക്ക. ൨. പൊഴിയിടുക. ൩. മാങ്ങാ മുതലായവ മുകളിൽനിന്നു വളരെ വീഴുക. ൪. കാലുക.

പൊഴുതിൻ-സൂര്യൻ്റെ (പ-മ)

പൊഴുത്-൧. കാലം, സമയം. ൨. ദിവസം. ൩. നല്ലനേരം.

പൊഴുതുമുടി-പിറപ്പുമുടി.

പൊറ-മല.

പൊറാട്ട്-നേരംപോക്ക്, ഭാവംനടിപ്പ്, ഒരുമാതിരി കളി.

പൊറായ്മ-൧. സഹിക്കരുതായ്ക, സഹിച്ചുകൂടായ്ക. ൨. അസൂയ. ൩. ശീലത്തിൻ്റെ കട്ടപ്പം.

പൊറി-൧. കടുക്ക്, സൂത്രം' സമ്പ്രദായം

൨. അറിവു, ജ്ഞാനം ൩. അടയാളം.

**പൊറുക്കുന്നു**-൧. ശമിക്കുന്നു. ൨. താമസിക്കുന്നു. ൩. കുടിയിരിക്കുന്നു. ൪. ക്ഷമിക്കുന്നു, സഹിക്കുന്നു.

**പൊറുതി**-൧. ക്ഷമ. ൨. സഹനം. ൩. പാപ്പു്. ൪. ജീവനത്തിനുള്ള വഴി ൫. ദീനവും മററും ശമിക്കുക. ൬. ചെലവു്, നിത്യവൃത്തി.

**പൊറുതികേടു്**-൧. കുടുംബനാശം. ൨. ജനങ്ങൾക്കു അധികാരികളാലുണ്ടാകുന്ന ഉപദ്രവം. ൩. അസഹ്യം. ൪. ഉപജീവനനാശം.

**പൊറുതിമുട്ടു്**-൧. ഉപജീവനനാശം. ൨. കുടിയുപദ്രവം. ൩. പാപ്പാൻ പ്രയാസപ്പെടുക.

**പൊറുപ്പു്, പൊറുപ്പം**-രോഗശമനം. ൨. ക്ഷമ. ൩. രക്ഷ ൪. ആശ്വാസം.

**പൊറുപ്പിക്കുന്നു**-൧. രോഗത്തിനു ശമനം വരുത്തുന്നു. ൨. രക്ഷിക്കുന്നു ൩. പാപ്പിക്കുന്നു.

**പൊറുമ**-ക്ഷമ.

**പൊററ, പൊററൻ**-൧. വ്രണങ്ങളിൽ ചലവും ചോരയും ഉണങ്ങിയുണ്ടാകുന്നതു്. ൨. കരക്കണ്ടം ൩. ജടവേർ.

**പൊററ**-വി. ൧. പ്രയോജനമില്ലാത്ത. ൨. ആകാത്ത ൩. കല്ലുകളുള്ള.

**പൊററകൃഷി**-കരകൃഷി.

---

## പോ

**പോകായ്മ**-൧. പോകാതിരിക്കുക. ൨. വഹിയായ്ക.

**പോകുമ്പോൽ**-൧. ഒഴികഴിവു്. ൨. വഴി

**പോകുടി**-വീടിനെ ഉപേക്ഷിച്ചു പോയവർ.

**പോകുന്നു**-൧. ഒരു സ്ഥലത്തുനിന്നു മററൊരു സ്ഥലത്തെയ്ക്കു ചെല്ലുന്നു. (അടിതോൽ എന്നതു നോക്കുക). ൨. ഇല്ലാതാകുന്നു. ഇതു മററു ചില വാക്കിനോടു ചേരുമ്പോൾ തുടങ്ങുന്നു, കഴിയുന്നു, തീരുന്നു, ആകുന്നു എന്നും മററും അൎത്ഥം വരും.

**പോകെ**-ഒഴികെ, കഴിച്ചു്, നീക്കി.

**പോക്കു്**-൧. പോവുക, ഗതി. ൨. നടപ്പു് ൩. നിൎവ്വാഹം, ഒഴികഴിവു്. ൪. വിചാരം. ൫. ജീവനത്തിനുള്ള വഴി. ൬. ദ്രവ്യം. ൭. നാശം. ൮. അതിസാരം. ൯. അവസാനം. ൰. മരണം. ൧൧. വയററിളക്കം.

**പോക്കണം**-൧. മാനം. ൨. ലജ്ജ.

**പോക്കണംകെട്ടവൻ**-൧. ദോഷൻ. ൨. ലജ്ജയില്ലാത്തവൻ. ൩. നിന്ദ്യൻ.

**പോക്കണംകേടു്**-൧. ദോഷതാം, ൨. അപമാനം. ൩. നാണക്കേടു്.

**പോക്കൻ**-ചുററിനടക്കുന്നവൻ, പോകുന്നവൻ, വഴിപോക്കൻ.

**പോക്കൽ**-൧. പോവുക, കളക, ഉപേക്ഷിക്ക. ൨. കറയ്ക്ക. ൩. നേരംപോക്കുക.

**പോക്കൽനിന്നു്**-അപക്കൽനിന്നു്.

ഇതു സംസ്കൃതവാക്കിൽ പഞ്ചമിയുടെ അൎത്ഥം മലയാളത്തിൽ പറയുമ്പോൾ ചേൎക്കുന്ന ഒരു വാക്കു്.

**പോക്കാച്ചിത്തവള** - കട്ടത്തിത്തവള, വിഷത്തവള.

**പോക്കാത്താളി**-പോക്കിരി.

**പോക്കാൻ**-കാട്ടുപൂച്ച.

**പോക്കാളി**-പോക്കൻ.

**പോക്കിടം**-പോകുവാനുള്ള മാൎഗ്ഗം, ഗതി, നിവൃത്തി.

**പോക്കിരി**-൧. തെമ്മാടി, സാരമില്ലാത്ത മുട്ടാളൻ. ൨. കാലക്ഷേപത്തിനു ഒരു വഴിയുമില്ലാത്തവൻ.

**പോക്കുകെട്ടവൻ**-പോക്കില്ലാത്തവൻ, ഇരപ്പാളി.

പോക്കുന്നു-കളയുന്നു, ഇല്ലാതാക്കുന്നു, ഉപേക്ഷിക്കുന്നു.

ഇതു മററുചിലതിനോടു ചേരുമ്പോൾ 'വീട്ടുന്നു' 'തീക്കുന്നു' ഇങ്ങനെ ഓരോ അൎത്ഥം വരും.

പോക്കുമുട്ടുന്നു-ക്രി. വഴിയടയുന്നു. വ. നീക്കുപോക്കില്ലാതാകുന്നു.

പോക്കുവരവു്-നാ. പോകയും വരികയും. വ. ചെലവും വരവും. ന. ഒരു വസ്തുവിനെ സൎക്കാരിൽനിന്നും മററൊരുവൻെറ പേരിലാക്കുക, പേരിൽ പതിച്ചുകൊടുക്കുക.

പോക്കുവരുത്തു്-പോകയും വരികയും.

പോക്കുവാൻ-ധനവാൻ.

പോഗണ്ഡ-വി. അംഗഹീനതയുള്ള.

പോഗണ്ഡൻ-നാ. അഞ്ചുവയസ്സുമുതൽ പതിനാറുവയസ്സുവരെയുള്ള ബാലകൻ. വ. ജനനാൽതന്നെ അംഗവൈകല്യമുള്ളവൻ.

പോങ്ങ-ഒരു കൈ നിറച്ചു്.

പോച്ചു-നാ. അൎത്ഥമില്ലാത്ത വാക്കു്. വ. നേരംപോക്കിലുള്ള സംഭാഷണം.

പോഞ്ചി-നാ. ഒരുവക പാനകം. വ. പാളത്തൊപ്പി.

പോടു്-നാ. ദ്വാരം.

'പോടിൽ പാൎത്ത ശുകം പൊഴിച്ചു'
(മലയാളശാകുന്തളം)

വ. അടി, തല്ലുക. ന. നിസ്സാരത.

പോട-നാ. സ്ത്രീയുടെയും പുരുഷൻെറയും ചിഹ്നങ്ങളോടു കൂടിയവൾ (മുഖരോമാദിപുരുഷചിഹ്നങ്ങളോടു കൂടിയ സ്ത്രീ).

സ്ത്രീയുടെ ചിഹ്നമായ സ്തനാദിയോടും പുരുഷചിഹ്നമായ മീശ മുതലായവയോടും കൂടിയ നപുംസകത്തിൻെറ പേരത്രേ 'പോട'. പുന്നപുംസകം എന്നും സ്ത്രീനപുംസകം എന്നും രണ്ടുവിധമുണ്ടു്. അതു പ്രധാനചിഹ്നത്തെ അടിസ്ഥാനമാക്കി ഗണിച്ചുകൊള്ളണം.

വ. ദാസി. (മ) ന. കൊക്കു് എന്ന പക്ഷി.

പോടകൻ-ഭൃത്യൻ.

പോടഗളം-നാ. വേഴൽപ്പുല്ലു്. കൂടിച്ചേൎന്നിരിക്കുന്നതും വിട്ടുപിരിഞ്ഞു പോകുന്നതും എന്നൎത്ഥം. വ. നായിങ്കണ. ന. ആററുദൎഭ്, കരുവിക്കരുമ്പു്. ദ്. ഒരുവക മത്സ്യം.

പോടം-നാ. ഭവനത്തിൻെറ അടിസ്ഥാനവും മററും. വ. കൂട്ടിയോജിപ്പിക്കുക, കലൎത്തുക.

പോടാ-പോ എടാ.

പോടി-ഒരുമാതിരി വലിയ മുതല.

പോടികം-പത്ര.

പോടി-പോ എടി.

പോട്ടുന്നു-ക്രി. അടിക്കുന്നു, തല്ലുന്നു. വ. ഇടുന്നു.

'നിരുപമമായ ചെരുപ്പുകൾ പോട്ടാൽ'
(പ്രദോഷമാഹാത്മ്യം തുള്ളൽ).

ന. കളയുന്നു.

പോട്ട-ഒരുമാതിരി പുല്ലു്.

പോട്ടരശ്ശു്-ചതുരംഗക്കളിയിലെ ഒരു പേർ.

ധൎമ്മയുദ്ധമാകയാൽ ദേവനെ വെട്ടാൻ ഭാവിക്കുന്നു എന്നുള്ള വിവരം ഈ കളിയിൽ വിളിച്ചുപറക പതിവാണു്. ഇതിനു് 'അരശ്ശുപറക' എന്നു പേർ. ഓരോ കരുചെയ്യുന്ന അരശിനും പ്രത്യേകിച്ചു പേരുണ്ടു്. തേരുകൊണ്ടുള്ളതു 'വെച്ചരശ്ശു്'. കുതിരയെക്കൊണ്ടുള്ളതു 'ഇഷ്ടരശ്ശു്' ആനയെക്കൊണ്ടുള്ളതു 'പോട്ടരശ്ശു്' ഇത്യാദി.

പോണ-പച്ചനിറമുള്ള പ്രാവു്.

**പോണി, പൂണി**-വെള്ളമൊഴിച്ചു് ഉപയോഗിക്കുവാനുള്ള പാത്രം.

**പോണ്ട**-പൊണ്ടി.

**പോണ്ടൻ**-പ്ര. പല്ലക്കു ചുമക്കുന്നവൻ, ൨. ആമപ്പലക. ൩. തീട്ടം.

**പോണ്ടി**-പ്ര. വാഴപ്പോള. ൨. കഞ്ഞി കുടിക്കുന്ന തട. ൩. ചക്കക്കുരുവിന്റെ പുറമേയുള്ള ഒരു തൊലി.

**പോണ്ടിക്കുക** - മലശോധനയ്ക്കു പോകുക.

**പോത്തു്**-പ്ര. മണ്ണിലോ മരത്തിലോ എലിയോ മറ്റോ ഉണ്ടാക്കുന്ന തുള, പൊത്തു്. ൨. പ്ലാന്തടിയിലും മറ്റും താനേയുണ്ടാകുന്ന ഒരു കേടു്.

**പോതു്**-അ. പൊഴുതു്, നേരം.

**പോതന**-വി. പരിശുദ്ധമായ.

**പോതം**-പ്ര. മൃഗക്കുട്ടി, കുട്ടി. കുലത്തെ ശുദ്ധമാക്കിച്ചെയ്യുന്നതെന്നർത്ഥം. ൨. കപ്പൽ, മരക്കലം. കാലക്രമേണ നശിച്ചുപോകുന്നതു് എന്നർത്ഥം. ൩. തോണി. ൪. പത്തുവയസ്സു പ്രായമുള്ള ആന. ൫. മട്ടപ്പു്, വസ്ത്രം.

**പോതരവു്**-പൂർണ്ണത, പൊലിപ്പം, തികവു്.

**പോതവണിക്കു്**- കപ്പൽക്കച്ചവടക്കാരൻ. കാററനിമിത്തം ഗമിക്കുന്നതു് പോതം (തോണി പത്തേമാരി മുതലായ ജലവാഹനങ്ങൾ). പോതത്തോടു ഉപലക്ഷിതനായ കച്ചവടക്കാരൻ എന്നർത്ഥം.

തോണി, പത്തേമാരി മുതലായവയിൽ യാത്രചെയ്തു കച്ചവടം ചെയ്യുന്നവർക്കും പറയാം.

**പോതവാഹൻ**- പ്ര. തോണിക്കാരൻ. ൨. കപ്പൽക്കാരൻ, തുഴയുന്നവർ തണ്ടുവലിക്കുന്നവർ മുതലായി തോണിയും മററും കൊണ്ടുനടക്കുന്നവരുടെ പേർ. ൩. ജലയാനത്തിന്റെ മദ്ധ്യത്തിലുള്ള പാമരത്തിന്മേലും മററും കയറിയിരുന്നു് എതിരാളികളുടേയും ദുഷ്ടജന്തുക്കളുടേയും വരവിനെ നോക്കിക്കണ്ടറിയുന്നവൻ.

**പോതാച്ഛാദനം**-കൂടാരം.

**പോതാധാനം**-മത്സ്യക്കുട്ടികളുടെ കൂട്ടം, പോതങ്ങൾ (കുട്ടിമത്സ്യങ്ങൾ) ഇതിൽ ആധാനംചെയ്യപ്പെടുന്നു. തുഴകൊണ്ടു തുഴഞ്ഞു നീക്കപ്പെടുന്നതു്.

മുട്ടയിൽ നിന്നു വിരിഞ്ഞ ഉടനെ കുട്ടിമത്സ്യങ്ങൾ കൂട്ടംകൂട്ടമായി സഞ്ചരിക്കുന്നതു സാധാരണമാണു്.

**പോതാവു്**-പ്ര. ഋത്വിക്കുകളിൽ ഒരുവൻ.

**പോതിക**-പ്ര. ഒരു ചീര. (മ) ൨. തൂണിന്റെ മുകളിൽ മരംകൊണ്ടു പണിതുവെയ്ക്കുന്ന ഒരു പണി.

**പോത്തു്**-പ്ര. ആൺകന്നു. എരുമക്കിടാവു്. ൨. ഒരു പക്ഷി, ചെമ്പോത്തു്, ഉപ്പൻ.

എരുമക്കിടാവിന്റെ മാംസം വാതത്തെ ശമിപ്പിക്കും. ഇതു ആവണക്കെണ്ണ ചേർത്തു പചിച്ചു ഭക്ഷിക്കരുതു്. വിഷതുല്യമാണു്. സം. മഹിഷം. ത-പോത്തു, എരുമക്കടാ. ഇം-Buffalo ബഫലൊ

**പോത്തിൻകൊമ്പു്**-കന്നിൻ കൊമ്പു്.

**പോററുന്ന**-ധരിക്കുന്ന.

**പോത്രം**-പ്ര. പന്നിയുടെ മോന്ത, തേററ. ഇതുകൊണ്ടു ശുദ്ധിവരുത്തുന്നതിനാൽ ഈ പേർ വന്നു. ൨. കൊഴുമുന. (കരിയിന്മേൽ കൊഴു വയ്ക്കുന്നേടത്തിന്റെ അഗ്രഭാഗം). ൩. തോണി.

**പോത്രായുധം**-പന്നി.

**പോത്രി**-പന്നി. (നകാരാന്തം). തേററകൾ ഉള്ളതു് എന്നർത്ഥം.

**പോന്നവൻ**-പു. പ്രസിദ്ധിയുള്ളവൻ, മതിയായവൻ. വ. യോഗ്യൻ.

'തനിക്കുതാൻപോന്നവരൊന്നുചെയ്യുകിൽ'
(ശ്രീകൃഷ്ണചരിതം)

**പോന്നുവരുക**-വന്നുചേരുക.

'പോന്നുവന്നാൻ മുരരിപു
ഗരുഡാരൂഢനായ്'

**പോന്ത**-ഒരുമാതിരി വലിയ ഈച്ച.

**പോം**-അ. ഇതു മററുചില വാക്കുകളോടു ചേരുമ്പോൾ മതിയാകും, പ്രാപ്തിയാകും, അറിയും ഇങ്ങിനെ അർത്ഥങ്ങൾ വരും.

**പോംവഴി**-ഒഴികഴിവു, നിർവ്വാഹം.

**പോരു, പോർ**-പു. യുദ്ധം, കലഹം. വ. ചതുരംഗങ്ങളിലെ സാമർത്ഥ്യം.

**പോരാടുന്നു** - യുദ്ധംചെയ്യുന്നു, ശണ്ഠയിടുന്നു.

**പോരാട്ടം, പോരാടിപ്പു്** - യുദ്ധം, ശണ്ഠ.

**പോരാത്ത**-പു. തികയാത്ത, കുറവുള്ള. വ. അനുചിതമായുള്ള. ന. കൊള്ളരുതാത്ത.

**പോരായ്മ, പോരായ്ക**-പു. തികയായ്മ. വ. പ്രാപ്തികേടു്. ന. അപമാനം.

**പോരാളി**-യുദ്ധസാമർത്ഥ്യമുള്ളവൻ.

**പോരിക**-യോഗ്യത.

**പോരിടുന്നു** - യുദ്ധംചെയ്യുന്നു, കലഹിക്കുന്നു.

**പോരിമ**-ശക്തി, ബലം.

**പോരുകാരൻ**-പു. യുദ്ധംചെയ്യുന്നവൻ. വ. മിടുക്കൻ. ന. സാമർത്ഥ്യമുള്ള ചൂതാളി.

**പോരുന്നു**-പു. കൂടെവരുന്നു, വരുന്നു. വ. കഴിയുന്നു.

**പോരും**-വി. പോരുന്ന, മതിയാകുന്ന.

**പോരും**-അ. മതി.

**പോർകുത്തുന്നു**-കലഹിപ്പിക്കുന്നു.

**പോർക്കു്**-വളർത്തുന്ന പന്നി.

**പോർക്കതകു്**-രണ്ടു പാളിയായുള്ള കതകു്.

**പോർക്കളം**-പടനിലം, യുദ്ധഭൂമി.

**പോർക്കാൽ**-മുട്ടു തുടങ്ങി നരിയാണിവരെയുള്ള കാൽ

**പോർക്കുന്നു**-പൊതിയുന്നു.

**പോർക്കുവിളി**-യുദ്ധത്തിനു വിളിക്കുക.

**പോർമന്നു്**-പടനിലം.

**പോർമുല**-യൌവനമുള്ളവളുടെ നല്ലമുല.

രണ്ടുമുലയും തമ്മിൽ 'ഞാൻവലുതു് ഞാൻവലുതു്' എന്നു മത്സരിച്ചു പോരാടുന്ന മുല. മാറിൽ തിങ്ങിനിറഞ്ഞു ശോഭിക്കുന്ന മുല എന്നു താൽപര്യം.

**പോർവാതിൽ**-പോർകതകു്.

**പോലിന്ദം**-പാമരം.

**പോല്യം**-അ. ഉ തന്നെയും. വ. വർത്തമാനം പറയുന്നവൻ എനിക്കു നല്ല നിശ്ചയം വന്നിട്ടില്ല എന്നു തോന്നിക്കുന്ന വാക്കു്.

**പോലെ**-അ. ഇതു മററുചില വാക്കുകളോടു ചേരുമ്പോൾ പു. തുല്യം, സമം, വ. പ്രകാരം, വണ്ണം ഇങ്ങിനെ അർത്ഥം.

ഇതു 'പോല്ക' എന്നതിൽ നിന്നുണ്ടായതാണു്. പോല്ക=ഒക്കുക, തുല്യമായിരിക്കുക. ഇതുപോലെ കൂടുക എന്നതിൽ നിന്നു കൂടെ, വളരുക-വളരെ, ഏറുക-ഏറെ, കുറയുക-കുറെ, താഴുക-താഴെ, ഒഴിയുക ഒഴിയെ, തിരിയുക-തിരിയെ.

**പോൽ**-അ. പറഞ്ഞു കേട്ടിട്ടുള്ളതല്ലാതെ അക്കാര്യം എനിക്കു നിശ്ചയമില്ല എന്നു തോന്നിക്കുന്ന വാക്കു്. വി. പോലെ.

**പോഷകം**-പോഷിപ്പിക്കുന്നതു്, പോഷണംചെയ്യുന്നതു്, വർദ്ധിപ്പിക്കുന്നതു്, ഒന്നിനെ വളർത്തുന്ന മറെറാന്നു.

**പോഷണം**—൧. രക്ഷണം. ൨. വർദ്ധനം. ൩. വളർത്തൽ.

**പോഷയിത്ന**—കയിൽ.

**പോഷിക്കുന്നു**—൧. രക്ഷിക്കുന്നു. ൨. വളർത്തുന്നു. (ക. ക്രി. പോഷിപ്പിക്കുന്നു.) ൩. വർദ്ധിക്കുന്നു, പുഷ്ടിപ്പെടുത്തുന്നു.

**പോഷിത**—വി. വളർത്തപ്പെട്ട.

**പോഷ്ടു**—വി. രക്ഷിക്കുന്ന, വളർത്തുന്ന.

**പോഷ്ടാവു്**—രക്ഷിക്കുന്നവൻ.

**പോഷ്യ**—വി. പോഷിപ്പിക്കപ്പെടുവാൻ തക്ക.

**പോൾ, പൊഴുതു**—ക്രിയാപദങ്ങളുടെ അന്ത്യത്തിൽ, ചേർന്നു വരുമ്പോൾ സമയത്തെക്കുറിക്കുന്നതു്. ഉ-ം, ചെയ്യുമ്പോൾ=ചെയ്യുംസമയത്തിൽ,-പൊഴുതു.

**പോള**—൧. കണ്ണിനെ മൂടുന്ന തൊലി ൨. വാഴയുടെ തൊലി. ൩. ഇരിമ്പുകൊണ്ടും മററും അടിച്ചുണ്ടാക്കിയ ഒരുമാതിരി തകിടു്. ൪. ചില ചെറിയ തൈകൾ.

**പോളത്താളി**—ഒരുമാതിരി തൈ.

**പോളം**—൧. തീപ്പൊള്ളൽ. ൨. ഒരുവക ചെറിയ പരു. ൩. ഒരങ്ങാടിമരുന്നു്.

**പോളി**—൧. ഒരു പലഹാരം. 'ബോളി' എന്ന ശബ്ദത്തിനാണ് അധികം പ്രചാരം കാണുന്നതു്. ൨. കൊക്കു് എന്ന പക്ഷി.

**പോളിക്കുന്നു**—എളുപ്പം വർദ്ധിക്കുന്നു.

**പോററ**—൧. ഭോഷൻ. ൨. അധികം ഭക്ഷിക്കുന്നവൻ, ഭോജനപ്രിയൻ

'ഏററകൊടുപ്പാൻതോന്നുമെനിക്ക-
പ്പോററകളുടെ ധിക്കാരംകണ്ടാൽ'
(ഘോഷയാത്ര തുള്ളൽ)

**പോററ**—കൊതി.

**പോറൽ**—നഖം കത്തി മുതലായവ കൊണ്ടു് ശരീരത്തിലുംമററുമുണ്ടാകുന്ന വര. (ക്രി. പോറുന്നു).

**പോററൽ**—വളർത്തൽ, രക്ഷണം.

**പോററി**—൧. പോററുന്നവൻ. ൨. ബ്രാഹ്മണരിൽ ഒരു ജാതിക്കാരൻ. ൩. രക്ഷിതാവു്.

**പോററുന്നു**—വളർത്തുന്നു, രക്ഷിക്കുന്നു.

## പൌ

**പൌഗണ്ഡൻ**—(പോഗണ്ഡൻ എന്നതു നോക്കുക).

**പൌണ്ഡര്യം**—ഒരു വള്ളി, ഒരങ്ങാടി മരുന്നു്.

**പൌണ്ഡരീകം**—ഒരുമാതിരി കുഷ്ഠം.

**പൌണ്ഡ്രം**—൧. ഒരു രാജ്യം. ൨. പുണ്ഡരീകക്കരിമ്പു്. ൩. ഭീമന്റെ ശംഖം.

**പൌണ്ഡ്രകൻ**—ഒരു കാരൂശരാജാവു്. ഒരു വസുദേവന്റെ പുത്രനാകയാൽ കൃഷ്ണന്റെ പേരും സ്ഥാനവും എടുത്തു കൃഷ്ണനാണെന്നു ഭാവിച്ചതുനിമിത്തം കൃഷ്ണനാൽ വധിക്കപ്പെട്ടു. ഇവനെ കാശിരാജാവു സഹായിക്കയാൽ കാശിയേയും ഭസ്മമാക്കി.

**പൌണ്ഡ്രകം**—ഭീമന്റെ ശംഖു്.

**പൌതവം**—നാഴി ഇടങ്ങഴി മുതലായവ കൊണ്ടുള്ള അളവു്.

**പൌതികം**—മതൻ.

**പൌത്രൻ**—മകന്റെ മകൻ.

**പൌത്രി**—൧. മകന്റെ മകൾ. ൨. മകളുടെ മകൾ. മററ പര്യായങ്ങൾ—നപ്ത്രീ, സുതാത്മജാ. ൩. ദുർഗ്ഗ.

**പൌനർഭവ**—വി. പുനർഭവനെ സംബന്ധിച്ച, പിന്നെയും ചെയ്ത.

**പൌനർഭവൻ**—ദ്വിതീയഭർത്താവിനാൽ ഒരു സ്ത്രീയിൽ ജനിച്ച പുത്രൻ. പന്ത്രണ്ടുവിധം പുത്രന്മാരിൽ ഒന്നു്. (പുത്രൻ എന്നതു നോക്കുക).

**പൌനരുക്ത്യം**-പിന്നെയും പിന്നെയും പറക, ചവ്വിതചവ്വണംപോലെ പറഞ്ഞതു്.

**പൌര**-വി. പുരത്തെസംബന്ധിച്ചുള്ള, പുരത്തിലുണ്ടായ, രാജധാനിയിലുള്ള.

**പൌരൻ**-പു. പുരവാസി. ൨. പട്ടണവാസി.

**പൌരം**-സുഗന്ധമുള്ള ഒരു പുല്ലു്, പുണ്ണപ്പുല്ലു്, നാറുകപ്പുല്ലു്, കാവട്ടപ്പുല്ലു്. നാട്ടിലുണ്ടാകുന്നതു് എന്നൎത്ഥം.

**പൌരവൻ**-പുരുവിന്റെ വംശത്തിലുള്ളവൻ, പുരുവിന്റെ സന്തതി.

**പൌരസ്ത്യ**-വി. പു. മുമ്പിലത്തെ, പൂവ്വം ഭവിച്ചതു്, ആദിയിൽ ഭവിച്ചതു്. ൨. കിഴക്കേദിക്കിലുണ്ടായ. പൌരസ്ത്യം ▷ ◁ പാശ്ചാത്യം.

**പൌരാണിക**-വി. പുരാണത്തോടു സംബന്ധിച്ച.

**പൌരാണികകാലം**-൩൭൫-൪൧൩ൽ ഇക്കാലത്തു വിക്രമാദിത്യ മഹാരാജാവു ഇൻഡ്യയെ അന്യരാജ്യക്കാരുടെ പല ആക്രമണങ്ങളിൽനിന്നും രക്ഷിച്ചു. ഹിന്ദുമതത്തിന്റെയും സംസ്കൃതഭാഷയുടേയും നീതിയുടേയും അഭ്യുദയകാലം ഇദ്ദേഹത്തിന്റെ കാലമാകുന്നു-'പ്രാചീനാഷ്യുരവൃത്തം'.

**പൌരാണികൻ**-പു. പുരാണത്തിൽ നല്ലവണ്ണം പഠിത്തമുള്ളവൻ. ൨. പുരാണത്തെ വിശ്വസിക്കുന്നവൻ. ൩. പണ്ടുള്ളവൻ.

**പൌരാഷ്ട്രം**-ഇപ്പോഴം കത്യവാർ (സുറാററ്.)

**പൌരുഷകേസരം**-ആണല്ലി.

**പൌരുഷം**-പു. പുരുഷന്റെ അവസ്ഥ. ൨. പുരുഷധമ്മം. ൩. ആണത്തം. ൪. പുരുഷന്റെ പ്രവൃത്തി. ൫. ഒരാളും കൈയൊപ്പവുമുള്ള അളവു്. ൬. ധീരത.

**പൌരുഷീ**-സ്ത്രീ.

**പൌരുഷേയ**-വി. പുരുഷനിൽ നിന്നുണ്ടായ.

**പൌരുഷേയം**-ആൾക്കൂട്ടം.

**പൌരോഗവൻ**-അടുക്കളക്കാരിൽ പ്രമാണി. അടുക്കളയിലെ അധികാരി, വെപ്പിന്റെ മേൽവിചാരിപ്പുകാരൻ. പുരഃ പൂജിതാ ഗൌഃ ഭൂമിഃ. പൂജിതയായ ഭൂമി=അടുക്കള.

**പൌരോഭാഗ്യം**-അസൂയ.

**പൌരോഹിത്യം** - പുരോഹിതന്റെ കമ്മം.

**പൌൎണ്ണമാസം** - വെളുത്തവാവുന്നാൾ ചെയ്യുന്ന ഒരു കമ്മം, വെളുത്തവാവിനു വിഹിതയായ ഇഷ്ടി.

**പൌൎണ്ണമാസി**-വെളുത്തവാവു്. പൂൎണ്ണമായ മാസത്തോടു കൂടിയതു് എന്നൎത്ഥം. ചന്ദ്രൻ പൂൎണ്ണനായിരിക്കുന്ന മാസം എന്നുമാവാം.

**പൌൎണ്ണിമാവു്**-വെളുത്തവാവുദിവസം.

**പൌലസ്തീ**- ശൂൎപ്പണഖ, രാവണന്റെ പെങ്ങൾ.

**പൌലസ്ത്യൻ**- പു. വൈശ്രവണൻ. ൨. രാവണൻ. ൩. വിഭീഷണൻ. പുലസ്ത്യന്റെ വംശത്തിൽ പിറന്നവൻ എന്നൎത്ഥം. ൪. ചന്ദ്രൻ.

**പൌലി**-അരിമാവു് ഗോതമ്പുമാവു് മുതലായതുകൊണ്ടുണ്ടാക്കുന്ന ഓട്ടട പോളി മുതലായതു്. പൊള്ളിയ്ക്കുന്നതെന്നൎത്ഥം.

**പൌലോമൻ**-പു. ഇന്ദ്രൻ. ൨. പുലോമയിൽ കശ്യപന്റെ സന്തതിയായ ദാനവൻ. (അൎജ്ജുനൻ വധിച്ചു).

**പൌലോമം**-ഭാരതത്തിലെ ഒരു പവ്വം.

**പൌലോമീ**-ഇന്ദ്രാണി, ശചി.

**പൌവേലം**-ഒരു മരം, അരിമേദം.

**പൌഷം**-പുഷ്യമാസം.

പൌഷ്ഠി- പുഷ്യമാസത്തിലെ വെളുത്ത വാവു്.

പൌഷ്കര-വി. പുഷ്കരത്തെ സംബന്ധിച്ച, വെള്ളത്തെയും താമരയേയും മററും സംബന്ധിച്ച.

പൌഷ്കരം—പുഷ്കരമൂലം.

പൌഷ്കരിണി-കൊക്കരിണി.

പൌഷ്ടികം-വി. പ്ര. പുഷ്ടിവരുത്തുന്ന. ഉ. ബലമുണ്ടാക്കുന്ന.

പൌഷ്ണം-രേവതിനക്ഷത്രം.

പൌഷ്പ-വി. പൂക്കളെ സംബന്ധിച്ച, പുഷ്പംകൊണ്ടുണ്ടാക്കിയ.

പൌഷ്പകം - കുസുമാഞ്ജനം, പുഷ്പാഞ്ജനം.

പൌഷ്യൻ-ഒരു നൃപൻ.

ഉതങ്കൻ എന്ന മുനി തൻെറ ഗുരുവോടു പഠിച്ചുതീൎന്നപ്പോൾ ദക്ഷിണ എന്താണു വേണ്ടതെന്നു ചോദിച്ചു. ഉടൻ ഗുരുവായ വൈദൻ തൻെറ ഭാൎയ്യയുടെ ഇഷ്ടംപോലെ ചെയ്ക എന്നു പറഞ്ഞു. അവൾ ഈ പൌഷ്യനൃപൻെറ ഭാൎയ്യ അണിയുന്ന കുണ്ഡലം ദക്ഷിണയായി കിട്ടണമെന്നു ചോദിച്ചു വാങ്ങി. ഉതങ്കൻ ഈ കുണ്ഡലത്തെ ഗുരുവിനു (വൈദനു) ദക്ഷിണയായി സമൎപ്പിച്ചു.

പൌളി-പോളി.

പ്ലോ-ശിവൻെറ ജട, ജട.

പ്യാൾ (ട്)-അ. ഹേ, അല്ലയോ, സംബോധനാവാചകം.

---

## പ്ര

പ്ര-അ. ഉപസൎഗ്ഗം. ഇതു് ഓരോ സംസ്കൃതവാക്കുകളുടെ ആദിയിൽ വരുമ്പോൾ ഏററം, നല്ലവണ്ണം മുതലായ പല അൎത്ഥങ്ങൾ വരും.

പ്രകട-വി. പ്രകാശിച്ച, വെളിപ്പെട്ട, സ്പഷ്ടമായ.

'സ്വാന്തേതിങ്ങുംവികാരംപ്രകടമധി .'
(അമരുകശതകം)

പ്രകടത-പ്രകാശത്വം.

പ്രകടനം-പ്രകടിപ്പിക്കയെന്നുള്ളതു്.

പ്രകടിക്കുന്നു-പ്രസിദ്ധമാകുന്നു.

പ്രകടിത-വി. പ്രകാശിപ്പിക്കപ്പെട്ട, വിദിക്കപ്പെട്ട.

പ്രകടിപ്പിക്കുന്നു-പ്രകാശിപ്പിക്കുന്നു.

പ്രകടീകരിക്കുന്നു - സ്പഷ്ടമാക്കിച്ചെയ്യുന്നു.

പ്രകടോദിതം - സ്പഷ്ടമായി പറയുന്നതു്.

പ്രകമ്പ-വി. ഇളകുന്ന.

പ്രകമ്പനൻ-പ്ര. വായു, കാററു്. ഉ. ഒരു നരകം.

പ്രകമ്പ(ന)ം-പ്ര. വലിയ ഇളക്കം. ഉ. കൊടുങ്കാററു്.

പ്രകര-വി. അധികം ചെയ്യുന്ന.

പ്രകരണം-പ്ര. അദ്ധ്യായം. ഉ. ഓരോ സംഗതിയെക്കുറിച്ചു വൎണ്ണിച്ചെഴുതുന്ന പുസ്തകം. ന്യ. കവിതകെട്ടു. ശ. പറയുന്നവൻെറയും കേൾക്കുന്നവൻെറയും ബുദ്ധിയോടുള്ള സംബന്ധം. ര. പത്തു രൂപകങ്ങളിൽ ഒന്നു (രൂപകം എന്നതു നോക്കുക)

പ്രകരം -പ്ര. കൂട്ടം. ഉ. സഹാ[illegible] [illegible]ങ്കിൽ

പ്രകൎഷം -പ്ര. ആധിക്യം. ഉ. ശ്രേഷ്ഠത

പ്രകല്പിത-വി. പ്ര. ഉണ്ടാക്കപ്പെട്ട. ഉ. ചെയ്യപ്പെട്ട

പ്രകാണ്ഡം -പ്ര. വൃക്ഷത്തിൻെറ തടി. ഉ. വൃക്ഷത്തിൻെറ മുരട്ടുമുതൽ കൊമ്പു [illegible]

യുള്ളതു്, തന്മരം പ്രകാഷേണ രമിക്ക പ്പെടുന്നതെന്നൎത്ഥം. ഫലരക്ഷണാദി നിമിത്തം കാമിക്കപ്പെടുന്നതു് എന്നുമാവാം. ഉ. പ്രശസ്തം. ന. ഭൂമത്തിന്റെ മുകൾവശം.

പ്രശസ്തം എന്ന അൎത്ഥം ഒരു ശബ്ദത്തോടു കൂട്ടിച്ചേൎത്തു പ്രയോഗിച്ചല്ലാതെ വരികയില്ല. ഉ-ം, ഗോപ്രകാണ്ഡം= പ്രശസ്തയായ പശു.

പ്രകാണ്ഡരം-വൃക്ഷം.

പ്രകാമതഃ-അ. സന്തോഷത്തോടെ.

പ്രകാമം-അ. ഫ. മനസ്സോടെ, തൃപ്തിയോടെ. ഉ. ഏററവും. (യഥേഷ്ടം എന്ന അൎത്ഥത്തിൽ ക്രിയാവിശേഷണമായിട്ടാണു് അധികവും പ്രയോഗിക്കപ്പെടുന്നതു്.)

പ്രകാര-ഫ. വ്യത്യാസം. ഉ. സാദൃശ്യം. ന. വിശേഷം. ര. (വ്യാകരണത്തിൽ) നിഷേധം വിധി മുതലായ അധികാൎത്ഥത്തെ ആഖ്യാതത്തിൽ ചേൎക്കുന്നതു്. ഇതു നാലുവിധം. ഉ. അകിൽ.

പ്രകാരം-അ. ശരിയായി, മുറ, ക്രമം.

പ്രകാരി(കാ) - കഥയെ വലുതാക്കുന്ന വണ്ണന.

പ്രകാശ-വി. ഫ. തുല്യമായ. ഉ. തെളിവുള്ള. ന. കീൎത്തിയുള്ള. ര. പ്രസിദ്ധിയുള്ള.

പ്രകാശക-വി. പ്രകാശിപ്പിക്കുന്ന, ശോഭിപ്പിക്കുന്ന, തെളിയിക്കുന്ന.

പ്രകാശകജ്ഞാതാ-കോഴി.

പ്രകാശകൻ-തെളിച്ചു പറയുന്നവൻ, വിസ്തരിച്ചു പറയുന്നവൻ, പ്രസിദ്ധം ചെയ്യുന്നവൻ.

പ്രകാശ(ക)ം-വെളുപ്പു്.

പ്രകാശകർ-വിഷ്ണുവിന്റെ ദൂതന്മാർ.

പ്രകാശത തെളിവു്.

പ്രകാശം-ഫ. വെയിൽ. ഉ. തെളിവു, ശോഭ. ന. ചിരിക്കുക. ര. ഒരുമാതിരി ലോഹം. ഉ. അത്യന്തം പ്രസിദ്ധമായിട്ടുള്ളതു്. ന. കീൎത്തി. ൭. അദ്ധ്യായം (പുസ്തകത്തിലെ). വ്യ സാഷ്ണ്ണങ്ങളോടി.

പ്രകാശം-അ. പരസ്യമായി.

പ്രകാശനം-പ്രകാശിപ്പിക്കുക.

പ്രകാശമാന-വി. പ്രകാശിച്ചുകൊണ്ടിരിക്കുന്ന.

പ്രകാശസമയം-ആദിത്യൻ ഉദിക്കാറായ സമയം.

പ്രകാശിക്കുന്നു-ശോഭിക്കുന്നു, (സ-ക്രി പ്രകാശിപ്പിക്കുന്നു).

പ്രകാശിത-വി. ശോഭിപ്പിക്കപ്പെട്ട. ഉ. പ്രസിദ്ധപ്പെടുത്തിയ.

പ്രകാശിതം-(കൃഷിശാസ്ത്രപ്രകാരം) നിറമില്ലാത്തതും ജലത്തിൽ കലങ്ങാത്തതും തീകത്തുന്നതുമായ ഒരു വസ്തു.

ഇതു അസ്ഥിയുടെ ചാമ്പലിൽ നിന്നു എടുക്കുന്നു. പാറകളിലും മരച്ചാമ്പലുകളിലും ഉള്ളതുകൂടാതെ വൃക്ഷങ്ങളുടെ എല്ലാം ഭാഗങ്ങളിലും മുഖ്യമായിട്ടു വിത്തുകളിലും ഇരിക്കുന്നു. ഇതു ദഹനകരത്തോടു ചേൎന്നാൽ അതിൽ നിന്നും പ്രകാശിതാമ്ലം ഉണ്ടാകുന്നു.

പ്രകീൎണ്ണ-വി. ഫ. പരത്തപ്പെട്ട, ചിതറിയ. ഉ. പ്രസിദ്ധമാക്കപ്പെട്ട. ന. വിടിത്തപ്പെട്ട.

പ്രകീൎണ്ണ(ക)ം-ഫ. കവടി. ഉ. ചമരിവാൽ, വെഞ്ചാമരം. രാജസമീപത്തിൽ വീശുന്നതു എന്നൎത്ഥം. ന. ഒരു പുസ്തകത്തിലെ വിഭാഗം.

പ്രകീൎണ്ണകം-ഫ. (വ്യാകരണത്തിൽ) തദ്ധിത പ്രത്യയങ്ങളുടെ പരിവുകളിൽ ഒന്നു് ഉ കതിമ.

പ്രകീർത്തി-യശസ്സ്, നല്ലകീർത്തി.

പ്രകീർത്തിത - വി. വിസ്തരിച്ചു പറയപ്പെട്ട.

'ശ്രീവാല്മീകിപ്രകീർത്തിതം'

(ശ്രീരാമോദന്തം)

പ്രകീർത്ത്യ-വി. പ്രസിദ്ധമാക്കപ്പെടുവാൻ തക്ക, പരത്തപ്പെടുവാൻ തക്ക.

പ്രകീര്യം-ന. ആവൽവൃക്ഷം, ഞെട്ടാവൽ (ഉങ്ങിൽ ഒരുവക ഭേദം). കലഹത്തെ പരത്തുന്നതു് എന്നർത്ഥം. ൨. ഉറഞ്ചി.

പ്രകുഞ്ചം-ഒരുപലം, ഉഴക്കു്, നാഴിയുടെ നാലിൽ ഒന്നു്.

പ്രകൃത-വി. ൧. ഉണ്ടാക്കപ്പെട്ട, ചെയ്യപ്പെട്ട, നിവർത്തിക്കപ്പെട്ട. ൨. ആരംഭിക്കപ്പെട്ട ൩. ആഗ്രഹിക്കപ്പെട്ട. ൪. സാരമായ.

പ്രകൃതി-ന. സ്വഭാവം. ൨. ദൈവശക്തി. ൩. മായാമൂലപ്രകൃതി. (സത്വാദിഗുണങ്ങളുടെ സാമ്യാവസ്ഥ, പ്രകൃഷ്ടമായ (കൃതി) കാര്യത്തോടുകൂടിയതു്, പ്രകർഷേണ ചെയ്യുന്നതു എന്നർത്ഥം.

സാംഖ്യമതപ്രകാരം പ്രകൃതിയും പുരുഷനുമല്ലാതെ ലോകത്തിൽ വേറൊന്നുമില്ല

൪. (വ്യാകരണപക്ഷത്തിൽ) പ്രത്യയം വെയ്ക്കുന്നതിനു മുമ്പിലുള്ള പ്രാതിപദികശബ്ദം ൫. കാരണം. ൬. പഞ്ചഭൂതം ൭. രാജ്യാംഗങ്ങൾ എട്ടും. ൮. സ്ത്രീപുരുഷന്മാരുടെ ഗുഹ്യസ്ഥലം, യോനി, ലിംഗം. ൯. ഛന്ദസ്സുകളിൽ ഒന്നു്. ൧൦. ആകൃതി. ൧൧. പ്രജകൾ. ൧൨. ഉൽപത്തിസ്ഥാനം. ൧൩. പ്രപഞ്ചശക്തി

പ്രകൃതികം-പുരവാസിജനങ്ങളുടെ സമൂഹം.

പ്രകൃതിവിരുദ്ധം-സ്വാഭാവികമായതിനു വിരോധം.

പ്രകൃതിശാസ്ത്രം-പ്രകൃതിയുടെ തത്വങ്ങളെ അതായതു വെളിച്ചം ശബ്ദം മുതലായ പ്രകൃതിശക്തികളെ വിവരിക്കുന്ന ശാസ്ത്രം.

പ്രകൃത്യവസ്ഥകം-(എട്ടുവിധം)ഭൂമി, ജലം, അഗ്നി, വായു, ആകാശം, മനസ്സ്, ബുദ്ധി, അഹംകാരം.

"ഭൂമിരാപോനല ോവായുഃ
ഖം മനോബുദ്ധി രേവച
അഹംകാര ഇതീയം മേ,
ഭിന്നാലം പ്രകൃതിരഷ്ടധാ".

പ്രകൃഷ്ട-വി. ൧. പ്രധാനമായുള്ള ൨. ദൂരമുള്ള, ദൂരത്തുള്ള.

പ്രകൃഷ്ടത, പ്രകൃഷ്ടത്വം-ശ്രേഷ്ഠത.

പ്രകോഷ്ഠം-ന. കൈത്തണ്ടു്, കൈയുടെ പത്തിക്കുമേൽ മുട്ടിനു താഴെയുള്ള ഭാഗം, കൈമുട്ടിന്റെ താഴത്തെഭാഗം ൨. കട്ടിളയുടെ ഒരു ഭാഗം.

പ്രക്രമം-ന. ആരംഭം, പ്രഥമാരംഭം. പ്രക്രമിക്കുക എന്നർത്ഥം.

'പ്രക്രമത്താലമർത്താൻ'

(അമരുകശതകം (

൨. അവസരം, ൩. സഞ്ചാരം.

പ്രക്രമിക്കുന്നു-ന. ആരംഭിക്കുന്നു. ൨. പോകുന്നു.

പ്രക്രിയ-ന. രാജാവിൽ നിന്നുകിട്ടിയ മുദ്രധരിക്ക, അധികാരം. ൨. വ്യാകരണത്തിൽ ഒരു ഭാഗം. ൩. സ്വഭാവം, ക്രമം. ൪. ഉന്നതി ൫. ആചാരം

പ്രക്രിയാസർവസ്വം-ഒരു സംസ്കൃത വ്യാകരണഗ്രന്ഥം

(ഗ്രന്ഥകർത്താ-മേല്പത്തൂർ നാരായണഭട്ടതിരി)

പ്രക്വണം, പ്രക്വാണം-വീണയുടെ ശബ്ദം.

പ്രക്ഷരണം-ഊറുക, ഒഴുകുക.

പ്രക്ഷരം-൧ വെട്ടുക്കുതിര. ൨. നായ്.

പ്രക്ഷാണം-മെലിഞ്ഞതു്.

പ്രക്ഷാളനം-കഴുകൽ.

പ്രക്ഷാളിത-വി. കഴുകപ്പെട്ട.

പ്രക്ഷിപ്ത-വി. ൧. പ്രക്ഷേപണം ചെയ്യപ്പെട്ട എറിയപ്പെട്ട. ൨. ഇടയ്ക്കു കൂട്ടിച്ചേർത്ത.

പ്രക്ഷീവിത വി. കുടിച്ച, തലയ്ക്കു പിടിച്ച.

പ്രക്ഷുണ്ണ-വി. ഞെരുക്കിയ, ഞെക്കിയ.

പ്രക്ഷേപണം-൧. ഏറു ൨ നിശ്ചയം.

പ്രക്ഷേപിക്കുന്നു-൧. എറിയുന്നു. ൨. നിശ്ചയിക്കുന്നു.

പ്രക്ഷോഭം-ഇളക്കം.

പ്രക്ഷ്വേള(ഡ)നം-മുഴുവൻ ഇരിമ്പുകൊണ്ടുണ്ടാക്കിയ ശരം. പ്രകർഷേണ അവ്യക്തമായി ശബ്ദിക്കുന്നതു് എന്നർത്ഥം.

പ്രഖ(ഖ)രം-൧. വെട്ടുക്കുതിര. ൨. നായ്.

പ്രഖ്യാത-വി. പ്രസിദ്ധപ്പെട്ട, കീർത്തിപ്പെട്ട.

പ്രഖ്യാതം-൧. പ്രസിദ്ധപ്പെട്ടതു്. ൨. രൂപകത്തിലെ വസ്തുവെ (കഥാശരീരത്തെ) മൂന്നായി ഭാഗിച്ചതിൽ ഒന്നു്. (ഇതിഹാസനിബന്ധനമായുള്ളതു പ്രഖ്യാതം.)

പ്രഖ്യാതി-൧. കീർത്തി ൨. സ്തുതി.

പ്രഖ്യാപനംചെയ്യുന്നു-പ്രസിദ്ധപ്പെടുത്തുന്നു.

പ്രഗണ്ഡം-മുഴങ്കൈയ്ക്കു മേലേടം, കൈമുട്ടിന്റെ മേലേഭാഗം, കവിളത്തോടടുത്തതു്.

പ്രഗണ്ഡി-കോട്ട മതിൽ.

പ്രഗത വി. വേർപിരിഞ്ഞ, പോയ

പ്രഗഞ്ജനകം-വി. വാതരോഗം മുതലായതുകൊണ്ടു മുട്ടിന്നുകഴച്ച പറയ.

പ്രഗല്ഭ-വി. ബുദ്ധിക്കുറപ്പും തെളിവുമുള്ള, കാലോചിതമായ ബുദ്ധിയുള്ള.

പ്രഗല്ഭത-മനസ്സിന്റെ ശക്തി. ൨. ബുദ്ധിശക്തി. ൩. സാമർത്ഥ്യം.

പ്രഗല്ഭൻ-പ്രതിഭ എന്ന ബുദ്ധിവിശേഷത്തോടുകൂടിയവൻ.

പ്രഗല്ഭം-ഒരു കുട്ടി ജനിക്കുമ്പോൾ കഴിക്കുന്ന ഹോമത്തിനുള്ള തീ.

പ്രഗാഢ-വി. ൧. പ്രയാസമുള്ള ൨. വിഷമമായുള്ള, കട്ടപ്പമുള്ള. ൩. അധികമുള്ള, പെരുകിയ

പ്രഗാഢം-അ. അധികമായി.

പ്രഗുണ-വി. ൧. നേരെയുള്ള ൨. പരമാർത്ഥമുള്ള.

പ്രഗുണ്യ-വി. ൧. അധികമുള്ള. ൨. വിശേഷമുള്ള.

പ്രഗൃഹ്യം-൧. സന്ധിപ്രമാണത്തെ അനുസരിക്കാതെ വേർവിട്ടു നിൽക്കുന്ന അച്ച്. ൨. ഓർമ്മ.

പ്രഗേ-അ. പ്രഭാതകാലം.

പ്രഗോപനം-രക്ഷ, സൂക്ഷിപ്പ്.

പ്രഗ്രഹൻ-൧. വിഷ്ണു. ൨. പ്രധാനി, നായകൻ. ൩. തടവുകാരൻ.

പ്രഗ്രഹം-൧. പിടികൂടുക. ൨. പാറാവിലിടുക. ൩. ത്രാസിന്റെ ചരടു്, ത്രാസുസൂത്രം.

ത്രാസുസൂത്രം എന്നതു കിണററിൽനിന്നു വെള്ളംകോരുവാനുള്ള യന്ത്രമാകുന്നു

൪. കനിവു് ൫. രശ്മി ൬. വാശ്ശൂരവ്. ൭. വന്ദിശാല. ൮. ചാരങ്ങളെ ആകർഷിക്കുക. ൯. ഗ്രഹണാരംഭം.

പ്രഗ്രാഹം-ത്രാസിന്റെ ചരടു്, ത്രാസുസൂത്രം.

പ്രഗ്രീവം-൧. കിളിവാതിൽ. ൨. ചൈക്കം. ൩. കുതിരാലയം. ൪. മരിച്ച അനം. ൫. വൃക്ഷത്തിന്റെ അഗ്രം, വൃക്ഷത്തിന്റെ ശിഖരം. ൬. പൂമുഖം.

**പ്രഘണം, പ്രഘാണം**-ന. പുറന്തിണ്ണ, ഉമ്മറവാതിലിന്റെ അടുത്തുപുറത്തുള്ള പുറന്തിണ്ണ. ഹനിക്കപ്പെടുന്നതെന്നർത്ഥം. (അകത്തേക്കു കടപ്പാൻ വരുന്ന ജനങ്ങൾ ഇവിടെ തിക്കിത്തിരക്കുന്നതിനാൽ ഈ പേർ വന്നു) ഉ. ചെയ്യപാത്രം.

**പ്രഘസ**-വി. അധികം തിന്നുന്ന.

**പ്രഘസൻ**-രാക്ഷസൻ.

**പ്രഘുണൻ**-വിരുന്നുകാരൻ.

**പ്രഘൂർണ്ണ**-വി. അലഞ്ഞുനടക്കുന്ന.

**പ്രചക്രം**-പുറപ്പെട്ട സൈന്യം, സൈന്യത്തിന്റെ ഇളക്കം.

**പ്രചണ്ഡ**-(വി) ന. കോപമുള്ള. ഉ. അതിശക്തിയുള്ള, ഏററവും ബലമുള്ള. ന. അധികാ ചൂടുള്ള. ര. ക്ഷോഭിച്ചിരിക്കുന്ന.

**പ്രചണ്ഡപാണ്ഡവം**-ഒരു നാടകം. രാജശേഖരന്റെ കൃതിയാണ്. കൌരവർ പാഞ്ചാലിയോടു കാണിച്ച അവിവേകമത്രേ കഥാവിഷയം.

**പ്രചണ്ഡം**-ന. വെളുത്ത പൂവുള്ള ഒരു ചെടി. ഉ. കണവീരം.

**പ്രചയം**-കുമ്പാരം, കൂട്ടം.

**പ്രചരണം**-ന നടക്കുക. ഉ. കൈയേല്പ്പു്, ചുമതലവഹിപ്പു്.

**പ്രചര**-ന. വഴി, മാർഗ്ഗം, പന്ഥാവ്. ഉ. നടപ്പ്. പ്രയോജനം.

**പ്രചലാകം**-ന. ധനുർവിദ്യ. ഉ. പാമ്പ്.

**പ്രചലായിത**-വി. ന. ഉരുളുന്ന. ഉ. ഉറക്കം തൂങ്ങുന്ന.

**പ്രചലായിതൻ**-ന. ഉറക്കം തൂങ്ങുന്നവൻ, പ്രചലായ (തൂക്കം) ഉള്ളവൻ എന്നർത്ഥം. ഉ. ഉണർച്ചയില്ലാത്തവൻ.

**പ്രചാരം**-ന. നടപ്പായുള്ളത്. ഉ. സഞ്ചാരം.

**പ്രചാരകൻ**-പ്രചരിക്കുന്നവൻ, പരത്തുന്നവൻ.

**പ്രചാരണം**-ഫലേച്ഛയോടുകൂടി ചെയ്യുന്ന ദാനം (പ്രവാരണം എന്നതിന്റെ പാഠം)

**പ്രചുര**-വി വളരെയുള്ള, പെരുകിയ.

**പ്രചുരത, പ്രചുരത്വം**- ധാരാളമായസ്ഥിതി.

**പ്രചുരൻ**-കള്ളൻ.

**പ്രചുരിമ**-ധാരാളത്വം, ആധിക്യം.

**പ്രചുലാകി**-മയിൽ.

**പ്രചേതസ്സ്**-ന. വരുണൻ. നല്ല മനസ്സായിട്ടുള്ളവൻ എന്നർത്ഥം. ഉ. ഒരു പ്രജാപതി.

**പ്രചേലകം**-കുതിര.

**പ്രചേലം**-പീതചന്ദനം.

**പ്രചോദനം**-ന. പ്രേരിപ്പിക്കൽ. ഉ. പറഞ്ഞയയ്ക്കുക.

**പ്രചോദിതൻ**- ഉത്സാഹിപ്പിക്കപ്പെട്ടവൻ.

**പ്രചോദിനി**-ഒരുമാതിരി ചുണ്ട, കണ്ടകാരി, പുത്തരിച്ചുണ്ട. മുള്ളുകളെ പ്രേരിപ്പിക്കുന്നതു് എന്നർത്ഥം.

**പ്രചോദിപ്പിക്ക**-വി. ഉത്സാഹിപ്പിക്ക.

**പ്രച്ഛദം**-പുതപ്പ്

**പ്രച്ഛദപടം**-ന മൂടുപുടവ, മൂടുന്ന വസ്ത്രം എന്നർത്ഥം. ഉ. മറയ്ക്കുന്നതിനുള്ള ഒരുമാതിരി വസ്ത്രം.

**പ്രച്ഛനം, പ്രച്ഛനാ** - ചോദ്യം, അന്വേഷണം.

**പ്രച്ഛന്ന**-വി. മറഞ്ഞ.

**പ്രച്ഛന്നം**-ന. രഹസ്യമായ വാതിൽ, ഒളിവാതിൽ. മറയ്ക്കപ്പെട്ടതു് എന്നർത്ഥം. ഉ. കിളിവാതിൽ.

**പ്രച്ഛർദ്ദിക**-ഛർദ്ദി. അകത്തുള്ളതിനെ പുറത്താക്കുന്നതു് എന്നർത്ഥം.

**പ്രച്ഛാദനം**-൧. മാവു്. ൨. ഉത്തരീയം.

**പ്രച്ഛായം**-നല്ല തണൽ.

**പ്രച്ഛില**-വി. ഉണങ്ങിയ, ജലമില്ലാത്ത.

**പ്രജ**-൧. സന്തതി. ൨. ജനം.

**പ്രജൻ**-ഭർത്താവു്.

**പ്രജനം**-൧ ജനനം. ൨. ജന്തുക്കളുടെ ഉല്പാദന കാലം ഗർഭഗ്രഹണം

**പ്രജനികാ**-അമ്മ.

**പ്രജവൻ**-വേഗമുള്ളവൻ.

**പ്രജവം**-൧. അതിവേഗം ൨. അതിവേഗത്തിൽ ഓടുന്ന കുതിര.

**പ്രജവി**-വി. അതിവേഗമുള്ള.

**പ്രജവി**-ഓട്ടക്കാരൻ, വേഗമുള്ളവൻ.

**പ്രജാഗരൻ**-൧. കൃഷ്ണൻ. ൨. രക്ഷാകർത്താവു്.

**പ്രജാഗരം**-ഉണർന്നിരിക്കുക.

**പ്രജാതാ**-അമ്മ, പ്രസവിച്ചവൾ, അപ്പോൾ പ്രസവിച്ചവൾ. (പെററെഴുന്നേൽക്കാത്തവൾ).

**പ്രജാന്തകൻ**-യമൻ.

**പ്രജാപതി**-൧ ബ്രഹ്മാവ്. ൨. വിഷ്ണു. ൩. സ്വായംഭുവമനു. ൪. ഇന്ദ്രൻ. ൫. സൂര്യൻ. ൬. സോമൻ. ൭ മരീചി മുതലായ ബ്രഹ്മാവിന്റെ പുത്രന്മാർ. ൮. രാജാവ്. ൯. വിശ്വകർമ്മാവു ൧൦ മകളുടെ ഭർത്താവു്.

പ്രജാപതിമാർ സൃഷ്ടിവിഷയത്തിൽ ബ്രഹ്മാവിനെ സഹായിക്കുന്നവരാകുന്നു. ബ്രഹ്മാവിന്റെ പുത്രന്മാരാണ്.

മരീചി, അത്രി, അംഗിരസ്സ്, പുലസ്ത്യൻ, പുലഹൻ, ക്രതു, വസിഷ്ഠൻ, പ്രാചേതസ്സ് (ദക്ഷൻ), ഭൃഗു, നാരദൻ ഈ പത്തു ഋഷികളേയുമാണ് സാധാരണ പ്രജാപതികളെന്നു പറയാറുള്ളതു്. മഹാഭാരതപ്രകാരം ൨൧ പ്രജാപതികളെ കാണുന്നു.

(ഭൃഗു, മരീചി, അത്രി, ദക്ഷൻ, കർദ്ദമൻ, പുലഹൻ, പുലസ്ത്യൻ, അംഗിരസ്സ്, ക്രതു-ഇവരെ നവപ്രജാപതികൾ എന്നു പറയുന്നു).

**പ്രജാവതി**-൧. ജ്യേഷ്ഠന്റെ അല്ലെങ്കിൽ അനുജന്റെ ഭാര്യ. കുട്ടിയുള്ളവൾ എന്നർത്ഥം (ഭ്രാതാക്കന്മാർക്കുണ്ടാകുന്ന പുത്രന്മാർ തന്റെ പുത്രന്മാരോടു തുല്യന്മാരാകയാൽ തന്റെ പുത്രനു തുല്യനായ പുത്രനുള്ളവൾ എന്നു ഫലിതാർത്ഥം.) ൨. അമ്മ. ൩. ജ്യേഷ്ഠന്റെ ഭാര്യ.

**പ്രജിനം**-കാററു്.

**പ്രജ്ഞ**-വി. ൧. ബുദ്ധിയുള്ള. ൨. പരിചയമുള്ള. ൩. കാലിന്റെ മുട്ടുകനുള്ള.

**പ്രജ്ഞൻ**-വിദ്വാൻ

**പ്രജ്ഞാ**-൧. ബുദ്ധി. അറിവിന്റെ ശ്രേഷ്ഠമായ കരണം എന്നർത്ഥം. ൨. ബുദ്ധിയുള്ള സ്ത്രീ, ലൌകിക വ്യവഹാരങ്ങളിൽ നല്ല അറിവുള്ളവൾ. ൩. മൂന്നു കാലത്തെ കാര്യവും അറിയുന്ന ബുദ്ധി. 'പ്രജ്ഞാത്രൈകാലികീമതാ.' വിശേഷബുദ്ധി.

**പ്രജ്ഞാന**-വി. ൧. ബുദ്ധിയുള്ള ൨. പരിചയമുള്ള.

**പ്രജ്ഞാനം**-൧. അറിവ്, ബുദ്ധി. ൨. അടയാളം. ൩. ബ്രഹ്മം.

പ്രജ്ഞാനം = ബ്രഹ്മം. ഇതു വേദത്തിലുള്ള ഉപനിഷത്തിലാണ്. യാതൊന്നു കൊണ്ടു കാണുകയും, കേൾക്കുകയും, മണപ്പിക്കയും, തൊടുകയും, രസത്തെ അറിയുകയും ചെയ്യുന്നുവോ അതുതന്നെ പ്രജ്ഞാനം എന്നു പറയപ്പെടുന്നതു്. ബ്രഹ്മാവുമുതൽ കീടപര്യന്തമുള്ള പ്രാണി

കളിൽ യാതൊരു ചൈതന്യം കാണപ്പെടുന്നുവോ അതുതന്നെ ബ്രഹ്മം. ഈവിധമുള്ള പ്രജ്ഞാനംതന്നെ ബ്രഹ്മം എന്നർത്ഥം

'യേനേക്ഷതേ ശൃണോതീദം
ജിഘ്രതി വ്യാകരോതി ച
സ്വാദ്വസ്വാദു വിജാനാതി
തൽപ്രജ്ഞാനമുദീരിതം.
ചതുർമ്മുഖേന്ദ്രദേവേഷു
മനുഷ്യാശ്വഗവാദിഷു
ചൈതന്യമേകം ബ്രഹ്മാതഃ
പ്രജ്ഞാനം ബ്രഹ്മമയ്യപി'

**പ്രജ്ഞാവാൻ**-അറിവുള്ളവൻ, വിദ്വാൻ

**പ്രജ്ഞു**-വാതരോഗം മുതലായതുകൊണ്ടു മുട്ടിന്നകൽച്ച പററിയവൻ

**പ്രജ്വലിത**-വി. ജ്വലിച്ച.

**പ്രഡീനം**-പറപ്പു്, പറക്കുക, പക്ഷികളുടെ സഞ്ചാരം. (ഗതിവിശേഷം) ഒന്നാമതായി പറക്കുക.

**പ്രണ**-വി. പഴയ.

**പ്രണത**-വി. ൧. നമസ്കരിക്കപ്പെട്ട ൨. സാമർത്ഥ്യമുള്ള

**പ്രണതി**-നമസ്കാരം, വന്ദനം.

**പ്രണദനം**-ശബ്ദം.

**പ്രണധി**-ഗൂഢസഞ്ചാരി.

**പ്രണമിക്കുന്നു**-നമസ്കരിക്കുന്നു, കുമ്പിടുന്നു

**പ്രണയകലഹം**-സ്നേഹത്തോടുകൂടിയ ശണ്ഠ.

**പ്രണയനം**-സ്നേഹം.

**പ്രണയം**-പു. സ്നേഹം, വാത്സല്യം.

'അങ്കേ ചേർത്തിട്ടു പത്ന്യാം
പ്രണയപരവശൻ'

(ദക്ഷയാഗം കഥകളി)

൨. വിശ്വാസം. ൩. പരിചയം. ൪. യാചന. ൫. ഇഷ്ടം.

**പ്രണയി**-വി. പ്രണയമുള്ള.

**പ്രണയി**-ഭർത്താവു്.

**പ്രണയിത**-സ്നേഹം.

**പ്രണയിനി**-ഭാര്യ.

**പ്രണവം**-പു. ഓങ്കാരം, എല്ലാമന്ത്രങ്ങളുടെയും ആദിയിൽ ഉച്ചരിക്കുന്ന 'ഓം' എന്ന ശബ്ദം, സ്തുതിക്കപ്പെടുന്നതു എന്നർത്ഥം. ൨. ഒരു വാദ്യം. ൩. ബ്രഹ്മം.

[പ്രണവം=ഓങ്കാരം. ഈ ഓങ്കാരത്തെ വേദമന്ത്രങ്ങൾ ഉച്ചരിക്കുന്നതിനു മുമ്പായിട്ടു ഉച്ചരിക്കുന്നതുകൊണ്ടു പ്രണവം എന്നപേർ വന്നിട്ടുള്ളതാകുന്നു' പ്ര=മുമ്പു്. നു=ഉച്ചരിക്കുക, സ്തുതിക്കുക.]

**പ്രണവാത്മകൻ**-പ്രണവസ്വരൂപമായുള്ളവൻ.

**പ്രണാദം**-പു. ഉച്ചശബ്ദം. ൨. ചെവിയിലുണ്ടാകുന്ന ഒരു രോഗം, കർണ്ണനാദം ൩. സ്നേഹം അധികമാകയാൽ ഒരു സ്വരഭേദത്തോടെ തടഞ്ഞു സംവാദനത്തിൽ പറയുന്ന വാക്കു്, അനുരാഗം കൊണ്ടുണ്ടായ മുഖകണ്ഠാദി ജനിതമായ സീൽക്കാരാദിശബ്ദം, ൪. സ്നേഹം ഭക്തി മുതലായ മററു മനോവ്യാപാരങ്ങൾ കൊണ്ടുണ്ടാകുന്ന (പുത്രലാളനാദികളാലുണ്ടാകുന്ന) ശബ്ദം.

**പ്രണാമം**-നമസ്കാരം. എട്ടുവിധം, ജാനുക്കൾ, പാദങ്ങൾ, പാണികൾ, ഉരസ്സ്, ബുദ്ധി, ശിരസ്സ്, വചസ്സ്, ദൃഷ്ടി ഈ അംഗങ്ങൾ കൊണ്ടു നമസ്കരിക്ക. അഷ്ടാംഗപാതം നോക്കുക.

**പ്രണാളം, പ്രണാളി, പ്രണാളിക**-പു. വെള്ളം ഒഴുകുന്നവഴി. ഓവു് കല്ലു മുതലായതുകൊണ്ടു കെട്ടപ്പെട്ടതു് എന്നർത്ഥം. ൨. കുഴൽ. ഉ-ം, ജലപ്രണാളികൾ.

**പ്രണിധാനം**-൧. അതിപ്രയത്നം. ൨. പ്രവേശനം. ൩. ശക്തിയോടുകൂടിയ ഒരു ധ്യാനം. ൪. സമാധാനം. ൫. സമൎപ്പണം

**പ്രണിധി**-൧. ഒററുകാരൻ, ചാരൻ, ചാരപുരുഷൻ. അറിയപ്പെടേണ്ടതായ കാൎയ്യം ഇവനാൽ പ്രകൎഷേണനിധാനം ചെയ്യപ്പെടുന്നതിനാൽ ഈ പേരുണ്ടായി ൨. പ്രതിജ്ഞ. ൩. യാചന, പ്രാൎത്ഥന.

**പ്രണിപതിക്കുന്നു**-നമസ്കരിക്കുന്നു.

**പ്രണിപാതം**-നമസ്കാരം.

**പ്രണിവേശിക്കുന്നു**-വിവാഹം കഴിക്കുന്നു.

'ഭൂമിപാലേന്ദ്ര! പ്രഥമം
ഭവാൻ പ്രണിവേശ്യ'
(ഭാരതം)

**പ്രണിഹിത**-വി. ൧ ഏല്പിക്കപ്പെട്ട. ൨. വെക്കപ്പെട്ട ൩. ചെയ്യപ്പെട്ട. ൪. ലഭിക്കപ്പെട്ട.

**പ്രണീത**-വി. ൧. പ്രവേശിപ്പിക്കപ്പെട്ട. ൨. പാകം ചെയ്യപ്പെട്ട. ൩. ചെയ്യപ്പെട്ട. ൪. എറിഞ്ഞുകളയപ്പെട്ട ൫. എഴുതിയുണ്ടാക്കപ്പെട്ട (ഗ്രന്ഥം, പുസ്തകം). ൬ പഠിപ്പിക്കപ്പെട്ട ൭ സന്തോഷിപ്പിക്കപ്പെട്ട.

**പ്രണീത**-ചെറിയ കഴികിണ്ണം.

**പ്രണീതൻ**-ശുദ്ധിചെയ്യപ്പെട്ട അഗ്നി.

**പ്രണീതം**-൧. മന്ത്രത്താൽ സംസ്കരിക്കപ്പെട്ട അഗ്നി. ൨. പാകം ചെയ്തു നന്നാക്കിയ കറി മുതലായതു്. ൩. പാകം കൊണ്ടും രസം കൊണ്ടും സമഗ്രമായ ശാകാദി.

**പ്രണുത**-വി. സ്തുതിക്കപ്പെട്ട.

**പ്രണോജനം**-൧. തുടക്കുക, കഴുകുക, കഴുകാനുള്ള ജലം. ൨. കളി.

**പ്രണേയ**-വി കീഴ്‌വഴക്കമുള്ള.

**പ്രണേയൻ**- സ്വാധീനനായിട്ടുള്ളവൻ, അധീനൻ.

**പ്രണോദം**-നടത്തുക, നടത്തൽ.

**പ്രതതി**-൧. വള്ളി. വളരെ പരന്നു കിടക്കുന്നതു എന്നൎത്ഥം. ൨. പരപ്പ്.

**പ്രതന**-വി. പണ്ടുള്ള, പഴയ.

**പ്രതനു**-വി. ൧. വളരെ നേരിയ, മെലിഞ്ഞ, ഏററവും ചെറിയ, ൨. വണ്ണംകുറഞ്ഞ, ക്ഷീണിച്ച. ൩. സാരമില്ലാത്ത.

**പ്രതപ്ത**-വി. ൧. ഏററവും ചൂടുപിടിച്ച. ൨. തീയിലിട്ടു പഴുപ്പിക്കപ്പെട്ട. ൩. ദുഃഖിച്ച.

**പ്രതമകൻ**-കാസശ്വാസം.

തമകൻ എന്ന ശ്വാസത്തിനുള്ള ലക്ഷണങ്ങളും പനിയും മൂൎച്ഛയും കൂടി ഉണ്ടാകുമ്പോറം ഉള്ള പേർ.

**പ്രതൎക്കം**-സംശയം.

**പ്രതൎക്കനം**-൧. തൎക്കം, ഊഹം. ൨. തൎക്കശാസ്ത്രം.

**പ്രതൎക്കിത**-വി. തൎക്കിക്കപ്പെട്ട, സന്ദേഹിച്ച.

**പ്രതൎദ്ദനൻ**-ഒരു കാശിരാജാവു്, കാശിനൃപനായ ദിവോദാസന്റെ പുത്രൻ.

വീതഹവ്യൻ എന്ന രാജാവു ദിവോദാസന്റെ കുടുംബത്തെ ഉന്മൂലനാശം ചെയ്തു. പിന്നീടു ഭൃഗുവിനെക്കൊണ്ടു് ഒരു യാഗം നടത്തിച്ചു പ്രതൎദ്ദനൻ എന്ന ഒരു പുത്രനെ സമ്പാദിച്ചു. ഇദ്ദേഹം ഒരു വലിയ യോദ്ധാവായിത്തീൎന്നതിന്റെ ശേഷം വീതഹവ്യനോടു പകവീട്ടി. വീതഹവ്യൻ ഭൃഗുവിനെ ശരണംപ്രാപിച്ചു. ഭൃഗു അദ്ദേഹത്തെ ഒരു മഹൎഷിയാക്കി.

**പ്രതലം**-൧. പരത്തിപ്പിടിച്ച ഒരു കൈ.

വിരലെല്ലാം നിവൎത്തി പരത്തിയ കൈപ്പടം. വിസ്തൃതമായ പ്രദേശമുള്ളതെന്നൎത്ഥം. ഉ. ഇടത്തെക്കൈയും വലത്തെക്കൈയും കൂട്ടിച്ചേൎത്തു പരത്തിപ്പിടിച്ചതു്. തമ്മിൽ കൂട്ടിച്ചേൎത്ത കരതലം.

പ്രതാനം-പ്ര. ഇളയകമ്പു്. ഉ. വള്ളി.

പ്രതാനി-പ്രതാനമുള്ള, പരപ്പുള്ള.

പ്രതാനിനി-പ്ര. വള്ളി. ഉ. പരപ്പു്.

പ്രതാപം-പ്ര. സമ്പത്തുകൊണ്ടും ശക്തികൊണ്ടും മററുമുള്ള ഒരു മഹത്വം. ഉ. ചൂടു്. സ. ഓജസ്സ്. ശ. പ്രഭുശക്തികൊണ്ടും മന്ത്രശക്തികൊണ്ടും ഉണ്ടാകുന്ന അധൃഷ്യത. ശത്രുക്കളെ പ്രകൎഷേണ തപിപ്പിക്കുന്നതെന്നൎത്ഥം. ശ. എരിക്കു്.

പ്രതാപരുദ്രീയം-ഒരു സംസ്കൃത സാഹിത്യശാസ്ത്രഗ്രന്ഥം.
(വിദ്യാനാഥപണ്ഡിതർ ഉണ്ടാക്കിയതു).

പ്രതാപരുദ്രവൎഷം - മലയാളവൎഷം ൫൦൪-ക്ക തുൎഥ-തുൎവ.

പ്രതാപവൽ-വി. പ്രതാപമുള്ള.

പ്രതാപസം-ഒരു പൂച്ചെടി, വെള്ളെരുക്കു്. കണ്ണിന്റെ തേജസ്സിനെ കളയുന്നതെന്നൎത്ഥം. താപസന്മാൎക്കു പ്രകൎഷേണ കേടു വരുത്തുന്നതെന്നുമാവാം.

പ്രതാപി-വി. പ്രതാപമുള്ള.

പ്രതാരണം-വഞ്ചന, ചതിവു്.

പ്രതാരിത-വി. വഞ്ചിക്കപ്പെട്ട.

പ്രതി-അ. പ്ര. പകരം ഉ. മാററം. സ. തോറു്. ശ. പല ഉ. സാദൃശ്യം. ന. അല്പവൃത്തി. ൧ സംബന്ധം. വ്യ. നിയമം. ൻ. കുറിച്ചു്.

പ്രതി-പ്ര. പേപ്പു്, പകൎപ്പു്. ഉ. ഒരുത്തൻ സങ്കടംവെച്ചാൽ അതിന്നുത്തരം പറയേണ്ടുന്നവൻ, പ്രതിവാദി, പ്രതിക്കാരൻ. സ. ഒന്നിൽ നോക്കി പകൎത്തിയ എഴുത്തു്.

പ്രതികടം-ചോദ്യത്തിന്നു ശരിയല്ലാതെ തെററായിട്ടു പറയുന്ന ഉത്തരം.

പ്രതികൎമ്മം-പ്ര. വസ്ത്രമാല്യാദികളെക്കൊണ്ടുള്ള അലങ്കാരം. ഉ. ആ അലങ്കാരംനിമിത്തമുണ്ടായ ശോഭ. സ. മാലിന്യത്തെ കളഞ്ഞു ശരീരം വെടിപ്പുവരുത്തുക.

പ്രതി(തീ)കാരം-പ്ര. പ്രതിക്രിയ. ഉ. ഉപശാന്തി.

പ്രതികാശം-പ്ര. പ്രതിബിംബം. ഉ. ആകൃതി.

പ്രതികൂല-വി. വിരോധമുള്ള.

പ്രതികൂലം-വിപരീതം.

പ്രതികൂലത-വിരോധം.

പ്രതികൃതി-പ്ര. ഒന്നിന്നു പകരമായുണ്ടാക്കിയ ശരീരം, പ്രതിമ. ഉ. പൂജാൎത്ഥം ശിലാലോഹാദികളെക്കൊണ്ടുണ്ടാക്കുന്നതായ വിഷ്ണുഗണേശാദിപ്രതിമ.

പ്രതികൃഷ്ടം - ജാത്യാചാരകുലാദികളെക്കൊണ്ടു നിന്ദിക്കപ്പെട്ടതു്.

പ്രതിക്രമം-വി. ക്രമത്തിന്നു വിപരീതമായ.

പ്രതിക്രിയ-പ്രതിഫലം, പകരത്തിന്നു പകരം ചെയ്ക.

പ്രതിക്കാരൻ-പ്രതിവാദി, ശത്രു.

പ്രതിക്ഷണം-ക്ഷണംപ്രതി, ഉടനെ ഉടനെ.

പ്രതിക്ഷയൻ-കാവൽക്കാരൻ.

പ്രതിക്ഷിപ്ത-വി പ്ര. പ്രതിക്ഷേപിക്കപ്പെട്ട, അയയ്ക്കപ്പെട്ട. ഉ. കളയപ്പെട്ട. ന. വിരോധിക്കപ്പെട്ട. ശ. അപവാദപ്പെട്ട, ആക്ഷേപിക്കപ്പെട്ട.

പ്രതിക്ഷേപ(ണ)ം-പു. നിരസിക്ക, നിന്ദ. 2. ഉപദ്രവം.

പ്രതിക്ഷേപിക്കുന്നു-ക്രി. നിരസിക്കുന്നു, നിന്ദിക്കുന്നു. 2. ഉപദ്രവിക്കുന്നു.

പ്രതിഖ്യാതി-പ്രസിദ്ധി.

പ്രതിഗതം-ന. മുമ്പോട്ടും പിമ്പോട്ടും പറന്നുകൊണ്ടിരിക്കുന്ന. 2. ചുററിസഞ്ചരിക്കുന്ന.

പ്രതിഗമനം- തിരിച്ചുവരിക, മടങ്ങിവരിക.

പ്രതിഗ്രഹം-പു. സ്വീകാരം. 2. ദാനം വാങ്ങുക. 3. പിൻപട. 4. കോളാമ്പി. 5. സൈന്യത്തിന്റെ പിൻഭാഗം. പ്രതിഗ്രഹിക്കപ്പെടുന്നതു് എന്നർത്ഥം.

പ്രതിഗ്രഹണം-കൈക്കൊള്ളൽ.

പ്രതിഗ്രാഹം-പു. കോളാമ്പി. ഭക്ഷിക്കപ്പെട്ട താംബൂലത്തെയും മററും സ്വീകരിക്കുന്നതു് എന്നർത്ഥം. 2. സമ്മാനം വാങ്ങിക്ക.

പ്രതിഗ്രാഹിക-(വ്യാകരണത്തിൽ) ദ്വിതീയവിഭക്തി.

പ്രതിഗ്രാഹ്യം-വി. ന. സ്വീകരിക്കാൻ യോഗ്യമായ. 2. സമ്മതിക്കാകുന്ന.

പ്രതിഘ-വി. വിപരീതമുള്ള.

പ്രതിഘം-പു. കോപം. സൌശീല്യത്തെ കളയുന്നതു് എന്നർത്ഥം. 2. യുദ്ധം. 3. മൂച്ഛ. 4. ശത്രു.

പ്രതിഘാത(ന)ം-പു. വധം, കൊല. 2. തടവു്.

പ്രതിചിന്തനം-ധ്യാനം.

പ്രതിച്ഛദം-ചിത്രപടം.

പ്രതിച്ഛന്ദം-പ്രതിബിംബം.

പ്രതിച്ഛായ-സ്ത്രീ. പ്രതിരൂപം. 2. പൂജാർത്ഥം ശിലാലോഹാദികളെക്കൊണ്ടുണ്ടാക്കുന്നതായ വിഷ്ണുഗണേശാദി പ്രതിമയുടെ പേർ. 3. നിഴൽ.

പ്രതിച്ഛേദം-തടസ്സം.

പ്രതിജല്പം-മറുപടി, ഉത്തരം.

പ്രതിജവാബ്-മറുപടി.

പ്രതിജാഗരം - ദൃഷ്ടിയുറപ്പിച്ചുകൊണ്ടുള്ള നോട്ടം, ഉണർന്നിരുന്ന (അമാന്തമില്ലാത്ത) നോട്ടം എന്നർത്ഥം.

പ്രതിജിഹ്വാ-അണ്ണാക്ക്.

പ്രതിജീവനം-രണ്ടാമതു ജീവിക്ക, മരിച്ചശേഷം ജീവിക്ക.

പ്രതിജ്ഞ-സ്ത്രീ. ശപഥം, ഞാൻ ഇന്നപ്രകാരം ചെയ്യുമെന്നു സത്യമായി പറക, തീച്ചപ്പെടുത്തൽ. 2. ആജ്ഞ. 3. നിശ്ചയം.

പ്രതിജ്ഞാത-വി. പ്രതിജ്ഞചെയ്യപ്പെട്ട, അംഗീകരിക്കപ്പെട്ട.

പ്രതിജ്ഞാനം-വാഗ്ദത്തം, ഉടമ്പടി, ഇന്നപ്രകാരംചെയ്യുമെന്നു തീച്ചപ്പെടുത്തൽ.

പ്രതിജ്ഞാപത്ര(ക)ം- ഉടമ്പടിച്ചീട്ട്.

പ്രതിജ്ഞേയ-വി. പ്രതിജ്ഞചെയ്യപ്പെടുവാനുള്ള.

പ്രതിജ്ഞേയൻ-മംഗലസ്തുതി പാടുന്നവൻ.

പ്രതിതരൻ-പു. തണ്ടുവലിക്കുന്നവൻ. 2. കപ്പൽക്കാരൻ.

പ്രതിദത്തം-വി. തിരിയെ കൊടുത്ത.

പ്രതിദാ-സ്ത്രീ. മാററിവാങ്ങിക്ക. 2. തിരിയെ കൊടുക്കുക. 3. സമ്മാനമായി കൊടുക്ക.

പ്രതിദാനം - വാങ്ങിച്ചതിനെ തിരിച്ചു കൊടുക്ക.

പ്രതിദാരണം-യുദ്ധം.

പ്രതിദിനം-ദിവസംപ്രതി.

പ്രതിദേയ-വി. തിരിയെ കൊടുപ്പാൻ തക്ക.

പ്രതിദേയം-പണയം.

പ്രതിദ്രവ്യം-പകരം കിട്ടിയ മുതൽ.

പ്രതിദ്വന്ദി-പ്രതികൂലി, ശത്രു.

പ്രതിധ്വനി-മാറൊലി.

പ്രതിധ്വാനം-മാറൊലി,പ്രതിധ്വനി

പ്രതിനന്ദിക്ക-൧. നന്ദിപറക. ൨. സ്വാഗതം പറക, മറ്റൊരുവന്റെ അഭിവൃദ്ധിയെക്കുറിച്ചു സന്തോഷം പറക. ൩. പിന്നെയും പിന്നെയും സന്തോഷിക്ക.

പ്രതിനവ-വി. പുതുതായ, പുത്തനായ.

പ്രതിനായകൻ-കാവ്യങ്ങളിൽ നായകന്റെ എതിരാളി.

രാമായണത്തിൽ-രാവണൻ.
മാഘത്തിൽ-ശിശുപാലൻ.

പ്രതിനാഥം-കൊടി.

പ്രതിനിധി-൧. പകരം നിൽക്കുന്നവൻ. ൨. പ്രതിബിംബം. ൩. പണയം.

പ്രതിനിവർത്തിക്കുന്നു-തിരിച്ചുവരുന്നു, വീണ്ടും പ്രവർത്തിക്കുന്നു.

പ്രതിനിവൃത്തൻ-മടങ്ങിപ്പോരുന്നവൻ.

പ്രതിന്യാസം-പകരത്തിനു പകരം പരസ്പരം സൂക്ഷിച്ചുവെച്ചിട്ടുള്ള പണയം.

പ്രതിപക്ഷം-ശത്രുപക്ഷം.

പ്രതിപക്ഷി-ശത്രുവിന്റെ പക്ഷത്തിൽ നില്ക്കുന്നവൻ, ശത്രു.

പ്രതിപക്ഷി-ശത്രു. (പക്ഷം=ഭാഗം. പക്ഷി=പക്ഷം പിടിച്ചവൻ).

പ്രതിപൽ-൧. രണ്ടുപക്ഷത്തിലെയും പ്രതിപദം, മാസാദികൾ തുടങ്ങുന്ന ദിവസമെന്നർത്ഥം. ൨. ബുദ്ധി. (പദാർത്ഥങ്ങളുടെ തിരിച്ചറിവിനുള്ള കരണം).

പ്രതിപച്ചന്ദ്രൻ-കറുത്തവാവുകഴിഞ്ഞു അടുത്തരാത്രി ഉദിക്കുന്ന ചന്ദ്രൻ.

പ്രതിപത്തി-൧. സ്നേഹബഹുമാനങ്ങൾ. ൨. വിശ്വാസം. ൩. ശ്രദ്ധ, താല്പര്യം. ൪. സമ്മതം. ൫. കീർത്തി. ൬. സമ്പാദ്യം. ൭. ധീരത. ൮. അറിവ്. ൯. പ്രതികർമ്മം. ൧൦. ഉയർച്ച.

പ്രതിപദം-ഒന്നാമത്തെ പക്കം. ൧. വെളുത്തപ്രതിപദം. ൨. കറുത്ത പ്രതിപദം.

പ്രതിപദം-അ. പദന്തോറും, ഓരോരോ അടിയായി.

'പ്രതിപദമപിതോന്നുമാറു'
(നളചരിതം കഥകളി)

൨. കൂടക്കൂടെ.

പ്രതിപന്ന-വി. ൧. അറിയപ്പെട്ട. ൨. പ്രതിജ്ഞചെയ്യപ്പെട്ട. ൩. ജയിക്കപ്പെട്ട.

പ്രതിപാദകം-പ്രതിപാദിക്കുന്നതു്, വിവരിക്കുന്നതു്.

പ്രതിപാദനം-൧. ദാനം. പുണ്യത്തെ സമ്പാദിക്കുന്നതു് എന്നർത്ഥം. ൨. അറിയിക്ക. ൩. പ്രവൃത്തി. ൪. ഉപദേശം. ൫. വിവരണം, വിവരിക്കുക.

പ്രതിപാദിക്കുന്നു-൧. നിശ്ചയിക്കുന്നു. ൨. കൈക്കൊള്ളുന്നു. ൩. വിവരിച്ചു പറയുന്നു. ൪. പറയുന്നു.

പ്രതിപാദ്യ-വി. പ്രതിപാദിക്കത്തക്ക.

പ്രതിപാലനം-സൂക്ഷിപ്പു്.

പ്രതിപ്പെടുക-പ്രതിവാദംചെയ്ക.

പ്രതിപ്രദാനംചെയ്യുന്നു-പകരം കൊടുക്കുന്നു.

പ്രതിപ്രസ്ഥാതാവു്-൧൬ ഋത്വിക്കുകളിൽ ഒരാൾ.

പ്രതിപ്രസ്ഥാനം-മറുപക്ഷത്തുചേരുക, ശത്രുപക്ഷത്തുചേരുക.

പ്രതിപ്രാപ്യം-തിരിച്ചുകിട്ടാൻ ശക്യമായിട്ടുള്ളതു്.

പ്രതിഫലം-൧. പകരമായ അനുഭവം. ൨. പ്രതിബിംബം, ഛായ. ൩. ദക്ഷിണ, ശമ്പളം, കൂലി.

പ്രതിഫലിക്കുന്നു-പ്രതിബിംബിക്കുന്നു.

പ്രതിഫലിത-വി. പ്രതിബിംബിക്കപ്പെട്ട.

പ്രതിബദ്ധ-വി. ൧. വിരോധിക്കപ്പെട്ട ൨. തന്റെ അഭിലാഷത്തിന്നു് അന്യകൽനിന്നു ഭംഗംപ്രാപിച്ച ൩. കെട്ടപ്പെട്ട ൪. സംബന്ധിക്കപ്പെട്ട.

പ്രതിബന്ധം-൧. തടസ്സം, തടവു്. ൨. നിർബ്ബന്ധം.

പ്രതിബാധക-വി. വിരോധിക്കുന്ന, തടുക്കുന്ന.

പ്രതിബന്ധകം-൧. തടവു്. ൨. മരത്തിന്റെ കൊമ്പു്.

പ്രതിബല-വി. ൧. തുല്യബലമുള്ള. ൨. ശക്തിയുള്ള.

പ്രതിബിംബം-൧. ഛായ, നിഴൽ. ൨. പ്രതിമ.

പ്രതിബിംബിക്കുന്നു-നിഴലിക്കുന്നു.

പ്രതിബിംബിത-വി. നിഴലിക്കപ്പെട്ട.

പ്രതിബോധം-൧. ഉണർച്ച. ൨. തിരിച്ചറിവു്, അറിവു്. ൩. ബുദ്ധി. ൪. ഓർമ്മ.

പ്രതിഭ-൧. ബുദ്ധി, പുത്തൻപുത്തനായി തോന്നിപ്പിക്കുന്ന ബുദ്ധിശക്തി. ൨. ശോഭ. ൩. ധീരത. ൪. പഞ്ചാരംശി.

പ്രതിഭടൻ-ശത്രു.

പ്രതിഭയ-വി. ഭയത്തെ ഉണ്ടാക്കുന്ന.

പ്രതിഭയം-ഭയം, ഭയാനകരസം. വീണ്ടും വീണ്ടും ഭയത്തെ ഉണ്ടാക്കുന്നതു് എന്നർത്ഥം.

പ്രതിഭാഗം-൧. പ്രതിയുടെ ഭാഗം. ൨. വിഭാഗം, പകുത്തുകൊടുക്കൽ.

പ്രതിഭാനം-൧. വെളിച്ചം, പ്രകാശം. ൨. ബുദ്ധിശക്തി. ൩. വിശ്വാസം.

പ്രതിഭാനംചെയ്ക-തോന്നുക.

പ്രതിഭാന്വിത-വി. പ്രതിഭയുള്ള. പ്രതിഭ എന്ന ബുദ്ധിവിശേഷത്തോടുകൂടിയ

പ്രതിഭാമുഖ-വി. ബുദ്ധിക്കു തെളിവുള്ള, ഊക്കുള്ള.

പ്രതിഭാസം-൧. പെട്ടെന്നുള്ളിൽ തോന്നുന്നതു്, തോന്നൽ. ൨. ബാഹ്യാകൃതി. ൩. സംഭവം. ൪. കാഴ്ച.

പ്രതിഭൂ-മദ്ധ്യസ്ഥൻ, സഹായി, ജാമ്യക്കാരൻ. പ്രതിനിധിയായി ഭവിക്കുന്നവൻ എന്നർത്ഥം.

പ്രതിഭോഗം-സുഖാനുഭവം.

പ്രതിമ-വി. തുല്യതയുള്ള.

പ്രതിമ-൧. പ്രതിശരീരം, പ്രതിബിംബം. ഇതുകൊണ്ടു പ്രതിമാനം ചെയ്യുന്നതിനാൽ ഈ പേർ വന്നു. ൨. ഒരു അളവു്. ൩. ആനയുടെ തലയിൽ കൊമ്പുകളുടെ മദ്ധ്യേയുള്ള ഭാഗം.

പ്രതിമകൾ എട്ടുവിധം—ശിലാമയി, ധാതുമയി, ലോഹമയി, ലേപ്യമയി, ലേഖ്യമയി, മൃന്മയി, മണിമയി, മനോമയി.

പ്രതിമത-തുല്യത.

പ്രതിമാനം-൧. പ്രതിമ, സാദൃശ്യം. ൨. ആനയുടെ പെരുമുഖം, കൊമ്പുകളുടെ മദ്ധ്യപ്രദേശം. ഹിംസിക്കുന്നേടം എന്നർത്ഥം. ൩. പകരമുണ്ടാക്കിയ സാദൃശ്യം.

പ്രതിമുക്ത-വി. കവചമിട്ട.

പ്രതിമുക്തം-കെട്ടപ്പെട്ട ചട്ടകപ്പായം മുതലായതു്.

**പ്രതിമൂഷികാ**-നച്ചെലി.

**പ്രതിയത്ന**-വി. ചൊടിപ്പുള്ള, ധൈര്യമുള്ള.

**പ്രതിയത്നം**-൧. ആഗ്രഹം, അഭിലാഷം. ൨. അടിമപ്പെടുത്തുക. ൩. അറിവ്. ൪. പ്രതികാരം. ൫. പൂർത്തിയാക്കുക. ൬. തമ്മിൽ കൂട്ടിച്ചേർക്കുക (ആനുകൂല്യത്തെ ഉണ്ടാക്കുക). ൭. ഗുണാധാനം.

**പ്രതിയാതന**-പ്രതിശരീരം, പ്രതിമ. ഇതുകൊണ്ട് പ്രതിയത്നം ചെയ്യുന്നതിനാൽ ഈ പേർ വന്നു.

**പ്രതിയാതനം**-പകരം വീട്ടുക.

**പ്രതിയാനം**-മടക്കം, മടങ്ങിപ്പോക്ക്.

**പ്രതിയോഗം**-വൈരം.

**പ്രതിയോഗി**-വി. വിരോധിക്കുന്ന, എതിർക്കുന്ന

**പ്രതിയോഗി**-വിരോധി, ശത്രു, എതിരാളി.

'മൽപ്രതിയോഗി പക്ഷത്തിയിൽ
പുക്കൊളിച്ചപ്പോഴും'
(ഭാഗവതം)

**പ്രതിയോഗി**-പ്രതിവാദി.

**പ്രതിയോഗിത**-വിരോധം, ശത്രുത.

**പ്രതിഭടൻ**- എതിർത്തു യുദ്ധംചെയ്വാൻ വരുന്നവൻ.

**പ്രതിരുദ്ധ**-വി. വിരോധിക്കപ്പെട്ട, തടുക്കപ്പെട്ട.

**പ്രതിരൂപം**-പ്രതിബിംബം.

**പ്രതിരോധം**-തടവ്, വിരോധം.

**പ്രതിരോധി**-വി. പ്രതിരോധിക്കുന്ന, വിരോധിക്കുന്ന.

**പ്രതിരോധി**-കള്ളൻ. തടുപ്പാൻ ശീലമുള്ളവൻ എന്നർത്ഥം.

**പ്രതിരോധിക്കുന്നു**-തടയുന്നു, എതിരായി തടുക്കുന്നു.

**പ്രതിലോമ**-വി. ൧. ഇടത്ത്. ൨. വിപരീതമായ. ൩. ഹീനമായ.

**പ്രതിലോമ്യം**-വിപരീതഭാവം.

**പ്രതിവചനം**-ഉത്തരം.

**പ്രതിവദിക്കുന്നു**-ഉത്തരം പറയുന്നു.

**പ്രതിവർത്തനം**-തിരിച്ചൽ, തിരിച്ചു വരവ്.

**പ്രതിവസഥം**-ഗ്രാമം, കര.

**പ്രതിവസ്തൂപമ**-ഒരു അലങ്കാരം.

'ഒരേ സാധാരണധർമ്മത്തെ വാചകപദം കൂടാതെ ഉപമേയവാക്യത്തിലും ഉപമാനവാക്യത്തിലും പര്യായപദങ്ങളെക്കൊണ്ടു നിർദ്ദേശിക്കുന്നതു്'.

**പ്രതിവാക്യ** - വി. ഉത്തരം പറയേണ്ടുന്ന.

**പ്രതിവാക്യം**-ഉത്തരം. ചോദ്യത്തിനു പകരം പറയുന്നവാക്ക് എന്നർത്ഥം.

**പ്രതിവാണി**-ഉത്തരം.

**പ്രതിവാദം**-൧. ഉത്തരംപറക. ൨. വിവാദം. ൩. എതിർവാദം.

**പ്രതിവാദനം**-ഉത്തരം പറക.

**പ്രതിവാദി**-ഉത്തരം പറയുന്നവൻ.

**പ്രതിവാദിക്കുന്നു**-൧. ഉത്തരംപറയുന്നു. ൨. തർക്കിക്കുന്നു.

**പ്രതിവാരം**-അ. ആഴ്ചതോറും.

**പ്രതിവാരണം**-തടുക്കുക.

**പ്രതിവാസരം**- ദിവസന്തോറും.

**പ്രതിവാസി**-വി. അടുത്ത ഭവനത്തിൽ പാർക്കുന്ന.

**പ്രതിവിധാനം**-൧. വിരോധം. ൨. പരിഹാര പ്രവൃത്തി.

**പ്രതിവിധി**-പ്രായശ്ചിത്തം, എന്തിനെങ്കിലും പകരമായി പിന്നീടു ചെയ്യുന്ന കർമ്മം.

**പ്രതിവിന്ധ്യൻ**-ധൎമ്മപുത്രരുടെ മകൻ.

**പ്രതിവിംബം**-പ്രതിബിംബം.

**പ്രതിവിഷ**-ഒരങ്ങാടി മരുന്നു്, അതിവിടയം. അമൃതതുല്യം എന്നൎത്ഥം.

**പ്രതിവേശം**-അയൽപക്കം.

**പ്രതിവേശി**-വി. അയൽപക്കത്തുള്ള.

**പ്രതിശബ്ദം**-മാറെറാലി.

**പ്രതിശാന്തി**-പു. പ്രായശ്ചിത്തം. ൨. ഒഴികഴിവു. ൩. ഉപശാന്തി.

**പ്രതിശാസനം**-നിയോഗം, ഭൃത്യാദികളെ വിളിച്ചു കാൎയ്യാൎത്ഥം പറഞ്ഞയയ്ക്കുക.

**പ്രതിശിഷ്ട**-വി. ൧. കീൎത്തിപ്പെട്ട. ൨. അയക്കപ്പെട്ട.

**പ്രതിശ്യായം, പ്രതിശ്യാ**-വി. മൂക്കവലിച്ചു, പീനസം. പ്രതിക്ഷണം വൃദ്ധിയെ പ്രാപിക്കുന്നതു് എന്നൎത്ഥം.

**പ്രതിശ്രയം**-പു. സഭ. ഇതിൽ ആശ്രയിക്കുന്നതിനാൽ ഈ പേർവന്നു. ൨. യാഗശാല. അതാതു കൎമ്മാംക്ക വേറെ വേറെ ഇരിപ്പാൻ ഇടങ്ങൾ ഉള്ളതു എന്നൎത്ഥം. ൩. ആശ്രയസ്ഥാനം. ൪. ഭവനം.

**പ്രതിശ്രവം**-പ്രതിജ്ഞ (ഏൽക്കുക), അംഗീകാരം.

**പ്രതിശ്രവിക്കുന്നു**-പു. പ്രതിജ്ഞചെയ്യുന്നു. ൨. അനുവദിക്കുന്നു.

**പ്രതിശ്രുത**-വി. പ്രതിജ്ഞചെയ്യപ്പെട്ട.

**പ്രതിശ്രുത്**-മാറെറാലി. പ്രഥമശബ്ദത്തെ ലക്ഷ്യമാക്കി തിരിച്ചു കേൾക്കുന്നതു് എന്നൎത്ഥം.

**പ്രതിഷിദ്ധ**-വി. വിലക്കപ്പെട്ട, നിഷേധിക്കപ്പെട്ട.

**പ്രതിഷേധം**-പു. വിലക്കു്. ൨. വിരോധം.

**പ്രതിഷ്ടംഭം**-പു. തടവു്. ൨. വിരോധം, പ്രതികൂലമായ തടസ്സം. ൩. മരവിപ്പു്. (പ്രതി+സ്തംഭം=പ്രതിഷ്ടംഭം.)

**പ്രതിഷ്ഠ**-വി. കീൎത്തിയുള്ള.

**പ്രതിഷ്ഠ**-പു. കീൎത്തി. ൨. ബിംബവും മറ്റും ശുദ്ധിചെയ്തിരുത്തുക. ൩. ഇരിപ്പു്. ൪. താമസിക്ക. ൫. സ്ഥലം. ൬. ഭൂമി. ൭. നിവൃത്തി. ൮. ഛന്ദസ്സുകളിൽ ഒന്നു്. ൯. ഉറപ്പു്. ൧൦. ബലമായ സ്ഥാനം.

**പ്രതിഷ്ഠാപകൻ**-പ്രതിഷ്ഠിക്കുന്നവൻ.

**പ്രതിഷ്ഠാപനം**-ഉറപ്പിപ്പു്, ബിംബവും മറ്റും ശുദ്ധിചെയ്തിരുത്തുക. (പ്രതി+സ്ഥാപനം=പ്രതിഷ്ഠാപനം).

**പ്രതിഷ്ഠാപിതം**-ഉറപ്പിക്കപ്പെട്ടതു്.

**പ്രതിഷ്ഠിക്കുന്നു**-ബിംബവും മറ്റും ശുദ്ധിചെയ്തിരുത്തുന്നു.

**പ്രതിഷ്ഠിത**-വി. ൧. പ്രതിഷ്ഠിക്കപ്പെട്ട. ൨. കീൎത്തിക്കപ്പെട്ട.

**പ്രതിസര**-വി. ആശ്രയിച്ച.

**പ്രതിസരം**-പു. സൈന്യത്തിൽ ഒരു ഭാഗം, പിൻപട. ൨. കൈവള. ൩. കല്യാണത്തിനു മന്ത്രപൂരസ്സരമായി കൈയിൽകെട്ടുന്ന ഒരു ചരടു് (രക്ഷാസൂത്രം).

'കാന്താകരാന്തഘനനം രചയേതി നന്ദനമാമുക്തവാൻ പ്രതിസരം ഭഗവാൻ
വസിഷ്ഠഃ' (ഭോജചമ്പു)

**പ്രതിസരസൂത്രം**-പു. വിവാഹത്തിനു കൈയിൽ കെട്ടുന്ന ചരടു്, കാപ്പു്.

**പ്രതിസൎഗ്ഗം**-പു. ലോകത്തിന്റെ സൃഷ്ടിനാശങ്ങളെ കുറിച്ചു പറയുന്ന പുരാണത്തിന്റെ ഒരുഭാഗം. ൨. നാശം, മരണം.

**പ്രതിസവ്യ**-വി. പു. ഇടത്തൂട്. ൨. വിപരീതമായ.

പ്രതിസീര-൧. തിരശ്ശീല. ൨. മറ. മറയ്ക്കുണ്ട ഭിത്തോരം കെട്ടപ്പെടുന്നതു് എന്നർത്ഥം.

പ്രതിസൂര്യകം-ഗൌളി.

പ്രതിസ്പർദ്ധ-അസൂയ.

പ്രതിസ്വനം-പ്രതിദ്ധ്വനി.

പ്രതിഹത-വി. പ്രതിഹനിക്കപ്പെട്ട. ൧. കൊല്ലപ്പെട്ട. ൨. തടവുവന്ന. ൩. കളയപ്പെട്ട. ൪. തന്റെ അഭിലാഷത്തിനു അന്യങ്കൽ നിന്നു ഭംഗംവന്ന. ൫. വീണുപോയ. ൬. നേരിട്ട.

പ്രതിഹർത്താവു്-൧൬ ഋത്വിക്കുകളിൽ ഒരാൾ.

പ്രതിഹാരകൻ-മന്ത്രവാദി.

പ്രതിഹാരികൻ-ഇന്ദ്രജാലക്കാരൻ. വ്യാജം പ്രയോജനമായിട്ടുള്ളവൻ എന്നർത്ഥം.

പ്രതിഹാരം-വാതിൽ, ദ്വാരം, അകത്തേക്കു കടപ്പാനുള്ള വഴി.

പ്രതിഹാരി-കാവൽക്കാരൻ, ദ്വാരപാലൻ.

പ്രതിഹാസം-ഒരു മരുന്നു്. കണവീരം. അലരി എന്നു് തമിഴ് വ്യാഖ്യാനം. പൂവുകൾ നിമിത്തം ചിരിക്കുന്നതുപോലെ നില്ക്കുന്നതു് എന്നർത്ഥം.

പ്രതീക-വി. ൧. വിരോധമായുള്ള ൨. വേർതിരിയപ്പെട്ട.

പ്രതീകം-൧ ശരീരം, അവയവം. കരചരണാദ്യവയവങ്ങളുടെ പേർ തിരിച്ചറിയപ്പെടുന്നതു് എന്നർത്ഥം. ൨. ഓഹരി, ൩. പ്രതിരൂപം.

പ്രതീകാരം-൧. പകവീട്ടുക, വൈരശുദ്ധി. പകരം ചെയ്യുക എന്നർത്ഥം, ൨. പ്രതിശാന്തി.

പ്രതീകാശ-വി. തുല്യമായ.

പ്രതീകാശം-സദൃശം.

പ്രതീകാശം എന്ന ശബ്ദം സമാസത്തിനുശേഷമേ പ്രയോഗിക്കപ്പെടുന്നുള്ളൂ—ഒററയായിട്ടു കേൾക്കയില്ല.

പ്രതീക്ഷ-കാത്തിരിക്കയെന്നുള്ളതു്, സംഭവിക്കുന്നതിലുള്ള ആശ.

പ്രതീക്ഷിതം-വി. ൧. കാത്തിരുന്ന. ൨. വിചാരിക്കപ്പെട്ട. ൩. ബഹുമാനിക്കപ്പെട്ട.

പ്രതീക്ഷിക്കുന്നു-കാത്തിരിക്കുന്നു.

പ്രതീക്ഷ്യ-വി. പൂജ്യനിലയിലുള്ള.

പ്രതീക്ഷ്യൻ-പൂജാർഹൻ. സർവ്വരാലും പ്രതിക്ഷേപിക്കപ്പെടുന്നവൻ എന്നർത്ഥം.

പ്രതീചി-പടിഞ്ഞാറു്. പകലിന്റെ അവസാനത്തിങ്കൽ സൂര്യനെ ഗമിക്കുന്നതു എന്നർത്ഥം.

പ്രതീചീന-വി. ൧. പടിഞ്ഞാറുള്ള, ൨. പുതിയ.

പ്രതീച്യ-വി. പടിഞ്ഞാറൻ.

പ്രതീച്ഛകൻ-ചതിയൻ.

പ്രതീത-വി. ൧. പ്രസിദ്ധമായ, പ്രസിദ്ധിയുള്ള. ൨. അറിയപ്പെട്ട. ൩. സന്തോഷിക്കപ്പെട്ട. ൪. വണക്കമുള്ള. ൫. പോയ.

പ്രതീതൻ-പ്രസിദ്ധിയുള്ളവൻ. പ്രത്യേകം ഗമിക്കുന്നവൻ ഓരോ കാര്യത്തിലും പ്രത്യേകം പ്രസിദ്ധപ്പെട്ടവൻ എന്നർത്ഥം സന്തോഷമുള്ളവൻ.

പ്രതീതി-൧. തോന്നൽ. ൨. അറിവു്. ൩. കീർത്തി. ൪. സന്തോഷം. ൫. ബഹുമാനം.

പ്രതീന്ധകം-വിദേഹം എന്ന രാജ്യം.

പ്രതീനാഹം-കൊടി.

പ്രതീപ-വി. ൧. പിൻതിരിഞ്ഞ. ൨. പ്രതികൂലതയുള്ള.

പ്രതീപദർശിനീ-ന. സ്ത്രീ. ചെരിഞ്ഞു നോട്ടമുള്ളവൾ. കടക്കണ്ണുകൊണ്ടു നോക്കുന്ന പതിവുള്ളതിനാൽ ഈ അൎത്ഥം ഉണ്ടായി. പ. സുന്ദരി.

പ്രതീപൻ-ഒരു രാജാവു്, ശന്തനുവിന്റെ അച്ഛൻ, ഭീഷ്മന്റെ പിതാമഹൻ.

പ്രതീപം-ന. പ്രതീപം എന്ന അലങ്കാരം.

പ്രസിദ്ധമായ ഉപമാനത്തെ ഉപമേയമാക്കി കല്പിക്കുന്നതു്—പ്രതീപാലങ്കാരം.

പ. വിപരീതം.

പ്രതീരം-സമുദ്രത്തിന്റേയും മററും കടപ്രദേശം

തീരശബ്ദത്തോടു ഉപസൎഗ്ഗം ചേൎക്കുന്നപക്ഷം 'പ്ര' എന്നുമാത്രമേ ചേൎക്കാവൂ.

പ്രതീവേശം-ന. സമീപം. പ. അയൽപക്കം.

പ്രതീഹാരൻ-ദ്വാരപാലൻ

പ്രതീഹാരം-വാതിൽ, ദ്വാരം, അകത്തേയ്ക്കു കടപ്പാനുള്ള വഴി.

പ്രതീഹാരി-അകത്തു കാവൽക്കാരത്തി, അകത്തു കാവൽക്കാരൻ. വരുന്നവരെ എതിരേററു കൈക്കൊള്ളുകകൊണ്ടു ഈ പേർ വന്നു.

സാധാരണ സ്ത്രീകളായിരിക്കും അകത്തു കാവൽ. അതു ഒരു പാക്ഷ പുരുഷനായിരുന്നാലും ഈ ശബ്ദം സ്ത്രീലിംഗമായിത്തന്നെയിരിക്കും.

പ്രതോദം-താഡനക്കോൽ.

പ്രതോദിക്കുന്നു-കൊത്തുന്നു.

പ്രതോളി-തെരുവു്, പെരുവഴി, ഗ്രാമമദ്ധ്യത്തിലുള്ള പ്രധാനവീഥി ധനവാന്മാരുടെ ധനസമൂഹത്തെ കണക്കാക്കുന്നിടം എന്നൎത്ഥം.

ഉദ്യാനങ്ങളുടെ മദ്ധ്യത്തിലുള്ള വീതികുറഞ്ഞ വഴിയ്ക്കും ഗോപുരവും വീതിയുണ്ടെങ്കിലും രണ്ടുവശവും അവഹാരങ്ങൾ ഇല്ലാത്ത മാൎഗ്ഗത്തിന്നും പ്രതോളി എന്നു പറഞ്ഞുകൂടാ.

'കാളീഭഗവതിതൻകേളീഭവനത്തിൽപ്രതോളീപ്രദേശത്തുപ്രവേശംതുടങ്ങിമെല്ലെ
(രുക്മിണീസ്വയംവരം തുള്ളൽ)

പ്രത്നം-വി. പണ്ടെയുള്ള, പഴതായ, പഴയ.

പ്രത്യക്-അ. ന. പിന്നത്തെ. പ. പടിഞ്ഞാറെ. ദ്വ. പടിഞ്ഞാറേദിക്കു്. ദ്വി. പടിഞ്ഞാറുള്ള ദേശം. ത്ര. പശ്ചിമകാലം.

പ്രത്യക്-വി. ന. പിന്നാലെയുള്ള പ. പടിഞ്ഞാറുള്ള. ദ്വ. ക്രൂരിക്കപരത്ത.

പ്രത്യക്പൎണ്ണി-ന. വലിയ കുഴലാടി, ചെറിയ കടലാടി. വിപരീതത്തിലുള്ള ഇലകളോടു കൂടിയതു് എന്നൎത്ഥം. പ. വലിയ ദന്തി.

പ്രത്യക്ശ്രേണി-ന. നാകദന്തി. ദ്വ. എലിച്ചെവിയൻ. വിമുഖമായ പത്രസമൂഹമുള്ളതു് എന്നൎത്ഥം.

പ്രത്യക്ഷ-വി. കാണാകുന്ന.

പ്രത്യക്ഷം-കാണാനാനും കേൾപ്പാനോ മററോ കഴിയുന്നതു്. പര്യായം സമക്ഷം. ഇന്ദ്രിയത്തെ പ്രതിഗമിച്ചതു് എന്നൎത്ഥം പ്രത്യക്ഷം > < പരോക്ഷം.

പ്രത്യക്ഷത-കാഴ്ച.

പ്രത്യക്ഷക്ഷണം-മുമ്പിൽ നില്ക്കുന്ന കാലം (വൎത്തമാനകാലം).

പ്രത്യക്ഷീകരണം-വെളിപ്പെടുത്തൽ.

പ്രത്യക്ഷീകരിക്കുന്നു-വെളിപ്പെടുത്തുന്നു

പ്രത്യഗ്ര-വി. പുതിയ.

പ്രത്യഗ്രം-നൂതനം, പുതിയതു്. പുതിയ അഗ്രത്തോടുകൂടിയതു് എന്നൎത്ഥം.

പ്രത്യംഗം-൧ ജ്ഞാനേന്ദ്രിയങ്ങളിൽ ഒന്ന്. ൨. താടി, മൂക്ക്, ചെവി മുതലായ ചെറിയ അംശങ്ങൾക്ക പറയുന്ന ഒരു പേർ.

പ്രത്യങ്മുഖ-വി. പിന്തിരിഞ്ഞ മുഖത്തോടുകൂടിയ.

പ്രത്യനീകം-ഒരലങ്കാരം.

പ്രത്യന്ത-വി. തൊട്ടിരിക്കുന്ന.

പ്രത്യന്തം-മ്ലേച്ഛരാജ്യം.

പ്രത്യന്തപർവ്വതങ്ങൾ-വലിയ പർവ്വതങ്ങളുടെ പുറമേ കാണപ്പെടുന്ന ചെറുതരം കുന്നുകൾ.

പ്രത്യപഹാരം-തിരിയെ പോക, പിന്തിരിയുക.

പ്രത്യഭിജ്ഞാനം-തിരിച്ചറിവ്.

പ്രത്യഭിയോഗം-വാദിയുടെ പേരിൽ പ്രതിവാദി ബോധിപ്പിക്കുന്ന സങ്കടം.

പ്രത്യയം-൧. (വ്യാകരണത്തിൽ) അർത്ഥത്തിൽ അല്പമായിട്ടു വേറെവേറെ ഭേദങ്ങളെ വരുത്തിയതിനെ കാണിക്കുന്നതിനായിട്ടു ഒരു പദത്തിന്റെ അന്തത്തിൽ ചേർക്കുന്ന അക്ഷരങ്ങൾ. ൨. അധീനം, സ്വാധീനമായിട്ടുള്ളത്. ൩. ശ്രുതി. ൪. കാരണം. ൫. ആചാരം. ൬. വിശ്വാസം. ൭. യന്ത്രം. ൮. ജ്ഞാനം ൯. ശപഥം. ൧൦. നിശ്ചയം. ൧൧. പഴുത്. ൧൨. ശബ്ദവിശേഷം പ്രതിഗമിക്കുക എന്നർത്ഥം.

പ്രത്യയിത-വി. വിശ്വസിക്കപ്പെട്ട.

പ്രത്യയിതൻ-വിശ്വസ്തൻ. മറെറാരു പര്യായം-'ആപ്തൻ'.

പ്രത്യയിപ്പിക്കുന്നു-തോന്നിക്കുന്നു, ഓർമ്മിപ്പിക്കുന്നു.

'സത്യംതാനേപ്രത്യയിപ്പിച്ചിടുന്നേൻ'
(അഭിജ്ഞാനശാകുന്തളം)

പ്രത്യരം-ഓരോരുത്തൻ ജനിച്ച നാളിന്റെ അഞ്ചാമത്തെ നാൾ.

പ്രത്യർത്ഥം-പ്രത്യുത്തരം.

പ്രത്യർത്ഥി-വി. ശത്രുവായുള്ള. (സ്ത്രീലിംഗം-പ്രത്യർത്ഥിനീ).

പ്രത്യർത്ഥി-൧. ശത്രു.

'പാർത്ഥാഃപ്രത്യർത്ഥിവർഗ്ഗപ്രശമനപടവോ-
പ്യർദ്ധരാജ്യംസ്വകീയം'
(കിമ്മീരവധം കഥകളി)

൨. പ്രതിവാദി. ൩. എതിരാളി. (നകാരാന്തമാണ്).

പ്രത്യർപ്പണം-തിരിച്ചുകൊടുക്ക

പ്രത്യർപ്പിക്കുന്നു-തിരിച്ചു കൊടുക്കുന്നു

പ്രത്യർപ്പിത-വി. തിരിച്ചുകൊടുക്കപ്പെട്ട

പ്രത്യവസിത-വി. ഭക്ഷിക്കപ്പെട്ട, തിന്നതീർത്ത.

പ്രത്യവസിതം-ഭക്ഷിക്കപ്പെട്ട അന്നാദികൾ.

പ്രത്യവായം-൧. വേർപാട്. ൨. കുറവ്, പാപം. ൩. ഉല്ലംഘനം.

പ്രത്യസ്ത്രം - പകരം പ്രയോഗിക്കുന്ന അമ്പ്.

പ്രത്യഹം-അ. ദിവസന്തോറും.

പ്രത്യാഖ്യാത-വി. ൧. നീക്കപ്പെട്ട, നിഷേധിക്കപ്പെട്ട. ൨. അറിയിക്കപ്പെട്ട ൩. ശ്രുതിപ്പെട്ട. ൪, വിരോധിക്കപ്പെട്ട.

പ്രത്യാഖ്യാനം-നിഷേധം, തള്ളുക, തള്ളൽ. മടക്കിപ്പറയുക എന്നർത്ഥം.

പ്രത്യാഖ്യാനിക്കുന്നു-നിഷേധിക്കുന്നു.

പ്രത്യാഗതൻ-തിരിച്ചുവന്നവൻ.

പ്രത്യാഗമം-തിരിച്ചുവരവു.

**പ്രത്യാദിഷ്ട**-വി. പ്രത്യാദേശിക്കപ്പെട്ട, നിഷേധിക്കപ്പെട്ട.

'പ്രത്യാദിഷ്ടാം കാമമക്ഷണാപ്യത്രീം'
(അഭിജ്ഞാനശാകുന്തളം)

**പ്രത്യാദേശം**-പു. നിഷേധം. ൨. നിരാകരിക്ക. ൩. കല്പന.

**പ്രത്യാനയിക്കുന്നു**-വീണ്ടും സ്വസ്ഥാനത്തെ പ്രാപിപ്പിക്കുന്നു. പിന്നെയും എടുത്തിടുന്നു.

**പ്രത്യാലീഢ**-വി. ഭക്ഷിക്കപ്പെട്ട.

**പ്രത്യാലീഢം**-എയ്വുകാരന്റെ ഒരു നില. ഇടത്തെ മുഴങ്കാൽ നീട്ടി വലത്തെ മുഴങ്കാൽ കുറക്കിയുള്ള നില്പ്.

(ഇതിനു വിപരീതം-ആലീഢം).

**പ്രത്യാശ**-വിശ്വാസം.

**പ്രത്യാസത്തി**-സമീപം.

**പ്രത്യാസന്ന**-വി. സമീപമായുള്ള.

**പ്രത്യാസാരം**-പു. പിൻപട. വ്യൂഹത്തിന്റെ പിൻഭാഗം. തോററവരെ (മുറിവേററവരെ) പിൻഭാഗത്തേക്ക് ആക്കുന്നതു് എന്നർത്ഥം. ൨. അണിഭേദം.

**പ്രത്യാഹതം**-പിന്നോക്കം പോക.

**പ്രത്യാഹരണം**-വീഴ്ച.

**പ്രത്യാഹാരം**-പു. ചുരുക്കുക. ൨. സ്വസ്വവിഷയങ്ങളിൽ നിന്നും ഇന്ദ്രിയങ്ങളെ പിൻമടക്കുക.

പ്രത്യാഹാരം ബുദ്ധിപൂർവ്വകമായിരിക്കണം. ഒരു പദാർത്ഥത്തെ കാണേണ്ട എന്ന നാട്യത്തിൽ കണ്ണുചിമ്മുകയും മനസ്സിൽ ആ വസ്തുവെ തന്നെ വിചാരിക്കയും ചെയ്യുന്നതു പ്രത്യാഹാരമല്ല. കണ്ണുതുറന്നു മിഴിച്ചിരുന്നാലും ദൃശ്യമായ വിഷയത്തെ അതു ഗ്രഹിക്കാതെ ഇരിക്കുന്നതത്രേ ശരിയായ പ്രത്യാഹാരം.

൩. വ്യാകരണത്തിൽ ചുരുക്കിപ്പറഞ്ഞതിന്റെ ചില അക്ഷരങ്ങൾ കൂട്ടിത്തികയ്ക്കുക.

**പ്രത്യുക്തി**-ഉത്തരം, മറുപടി.

**പ്രത്യുക്തികുശലൻ**-മറുപടി പറയുന്നതിൽ സമർത്ഥൻ.

**പ്രത്യുച്ചാരണം**-ആവർത്തിച്ചുപറക.

**പ്രത്യുജ്ജീവനം**-വീണ്ടും ജീവിക്ക.

**പ്രത്യുത**-അ. നേരെമറിച്ച്.

**പ്രത്യുത്ഥാനം**-ഒരാൾ വരുമ്പോൾ ബഹുമാനിച്ച് എഴുന്നേററ് എതിരേൽക്കുക.

'പ്രത്യുത്ഥാനവുമഭിവാദ്യവുമിരിക്കട്ടെ'
(ഭക്ഷയാംഗം കിളിപ്പാട്ട്)

**പ്രത്യുൽക്രമം**-പു. പ്രേരണം. ൨. ഒരു കർമ്മം ആരംഭിക്കുമ്പോൾ ഒന്നാമതായി ചെയ്യുന്ന പ്രവൃത്തി. ൩. യുദ്ധത്തിന്നായിക്കൊണ്ടുള്ള അത്യുത്സാഹം.

**പ്രത്യുൽക്രമിക്കുന്നു**-തുടങ്ങുന്നു.

**പ്രത്യുൽഗമനം** - പു. ഒരാൾ വരുമ്പോൾ ബഹുമാനിച്ചു ഇരുന്നേടത്തുനിന്നു എഴുന്നേല്ക്കുക. ൨. ബഹുമാനിച്ചു ചെന്നു എതിരേല്ക്കുക.

**പ്രത്യുൽഗമനീയ**-വി. എഴുന്നേററു ബഹുമാനിക്കപ്പെടുവാൻതക്ക.

**പ്രത്യുൽഗമനീയം**-ഉത്തരീയം, രണ്ടാം വസ്ത്രം.

**പ്രത്യുത്തരം**-പ്രതിവാക്യം, ഉത്തരത്തിന്നുത്തരം.

**പ്രത്യുൽപന്ന**-വി. പു. ഒരുങ്ങിയിരിക്കുന്ന. ൨. മറുജന്മം ജനിച്ച.

**പ്രത്യുൽപന്നം**-ഒരു തുകയെ മറെറാരു തുകകൊണ്ടു പെരുക്കുക.

**പ്രത്യുൽപന്നമതി**-വി. പു. ധൈര്യ

ഉള്ള. ര. ബുദ്ധിശക്തിയുള്ള. ന. സമയോചിതബുദ്ധിയുള്ള.

പ്രത്യുൽപന്നമതി - അവസരംപോലെ ഉടനടൻ ആലോചിച്ചു പ്രവൃത്തിപ്പാനുള്ള ബുദ്ധി.

പ്രത്യുദാഹരണം-ഒരു ഉദാഹരണത്തിനു വിപരീതമായ ഉദാഹരണം.

പ്രത്യുപകാരം-പകരം ചെയ്യുന്ന ഉപകാരം.

'പ്രത്യുപകാരംമറക്കുന്നപൂരുഷൻ
ചത്തതിനൊക്കുമേജീവിച്ചിരിക്കിലും'
(രാമായണം)

പ്രത്യുപകാരം > < പ്രത്യപകാരം.

പ്രത്യുപകാരി-വി. പകരം ഉപകാരം ചെയ്യുന്ന.

പ്രത്യുപാഖ്യാനം-ഛ. ഉപന്യാസം. ര. മറുവടിയായി പറയുന്ന വാക്ക്.

പ്രത്യുപ്തം-വി. പതിക്കപ്പെട്ട.

പ്രത്യുലൂകം-കാക്ക.

പ്രത്യുഷസ്സ്, പ്രത്യുഷം - പ്രഭാതകാലം. ഇരുട്ടിനെ നിർമ്മൂലനം ചെയ്യുന്നത് എന്നർത്ഥം.

പ്രത്യൂഷം-പ്രഭാതം.

പ്രത്യൂഹം-തടവ്, വിഘ്നം. വിപരീതമായ ഊഹം; വിതർക്കം എന്നർത്ഥം.

പ്രത്യേകം-അ. വെവ്വേറെ.

പ്രത്യേകിച്ചു-വി. വിശേഷിച്ചു.

പ്രത്യൈനസം- ദോഷംതീർക്കുന്നതായ മരുന്ന്.

പ്രഥ-കീർത്തി, പ്രസിദ്ധി

പ്രഥനം-യുദ്ധം.

പ്രഥമ-വി. ഛ. മുമ്പുള്ള ര. ആദ്യമുള്ള, ആദിയിൽ ഭവിച്ച.

പ്രഥമം-ഛ. ആദി. ര. പ്രധാനം.

പ്രഥമകല്പം-മുഖ്യവിധി. (ഇന്നപ്രകാരം ചെയ്യണമെന്നുള്ള ശാസ്ത്രോക്തവിധിയിൽ പെട്ടതാണ്).

പ്രഥമതഃ-ആദ്യമായി.

പ്രഥമൻ-ഒരു മധുരക്കറി (അടപ്രഥമൻ നോക്കുക).

'പ്രഥമന്മാരിലടപ്രഥമൻപോൽ
പ്രഥമനിതെന്നൊരുധൂളിപറഞ്ഞു'
(സ്യമന്തകം തുള്ളൽ)

പ്രഥമപുരുഷൻ - (വ്യാകരണത്തിൽ) സംസാരിക്കുന്ന ആൾ ഉത്തമപുരുഷൻ, സംസാരത്തെ ബോധിക്കുന്നവൻ മധ്യമപുരുഷൻ, രണ്ടും ഒഴികെയുള്ളവൻ പ്രഥമപുരുഷൻ.

പ്രഥമാന-വി. വലിയ.

പ്രഥിത-വി. ഛ. കീർത്തിയുള്ള. ര. അറിയപ്പെട്ട.

പ്രഥിതൻ-പ്രസിദ്ധൻ.

പ്രഥിമ-മഹത്വം.

പ്രഥിവി-ഭൂമി.

പ്രദ- പദാന്ത്യത്തിൽ ചേർന്നുവരുമ്പോൾ 'കൊടുക്കുന്ന' എന്നർത്ഥം വരുത്തുന്ന ഒരു വിശേഷണം. ഉ-ം, ആനന്ദപ്രദം=ആനന്ദത്തെ കൊടുക്കുന്നത്.

പ്രദക്ഷിണ-വി. വലത്തുട്ടുള്ള.

പ്രദക്ഷിണം-വലത്തോട്ടു ചുററി സഞ്ചരിക്ക.

പ്രദത്ത-വി. കൊടുക്കപ്പെട്ട.

പ്രദരം-ഛ പിളപ്പ്. ര. ഉടവ്. ന. സ്ത്രീകൾക്ക് ഉണ്ടാകുന്ന ഒരു ദീനം (അസൃഗ്ദരം) ർ. ശരം.

പ്രദർശനം-ഛ. കാഴ്ച. ര. പഠിപ്പിക്ക, വ്യക്തമാക്കുക. ന. ഉദാഹരണം. ർ. വിശിഷ്ട പദാർത്ഥങ്ങളെ ഒരു സ്ഥലത്തു ശേഖരിച്ചു അവയെ പ്രദർശിപ്പിക്കുന്ന കാഴ്ച.

**പ്രദർശിക്കുന്നു** - നല്ലവണ്ണം കാണുന്നു. (കാ. ക്രി. പ്രദർശിപ്പിക്കുന്നു.)

**പ്രദലം**-അസ്ത്രം.

**പ്രദവം**-പ്രകാശം, കത്തിജ്ജ്വലിക്കുക

**പ്രദാ**-ദാനം.

**പ്രദാകു**-പാമ്പ്.

**പ്രദാതൃ**-വി. കൊടുക്കുന്ന.

**പ്രദാനം**-കൊടുക്കൽ.

**പ്രദായി**-കൊടുക്കുന്നവൻ. സാധാരണ പദത്തിൽ ചേർന്നുവരുന്ന വിശേഷണം.

**പ്രദായിനീ**-കൊടുക്കുന്നവൾ.

**പ്രദീപം**-പു. വിളക്ക്. പ്രകാശിക്കുന്നതു് എന്നർത്ഥം.

'പ്ര' എന്ന ഉപസർഗമേ ഇതിനോടു ചേർക്കാവൂ.

൨. ഒരലങ്കാരം.

**പ്രദീപന**-വി. ജ്വലിപ്പിക്കുന്ന, ദഹിപ്പിക്കുന്ന.

**പ്രദീപനം**-പു. ജ്വലിപ്പിക്കൽ. ൨. ഒരു മാതിരി ഉപവിഷം. ജ്വരത്തെ കത്തിക്കുന്നതു് എന്നർത്ഥം.

ഇതു് അഞ്ജനാചലത്തിൽ നിന്നുൽഭവിക്കുന്നതും ചെമപ്പുനിറമുള്ളതുമാണു്.

**പ്രദീപിക**-വി. തെളിച്ചുകാട്ടുന്ന.

**പ്രദീപിക്കുന്നു**-തെളിക്കുന്നു, ജ്വലിക്കുന്നു

**പ്രദീപ്ത**-വി. ശോഭിക്കപ്പെട്ട, ജ്വലിച്ച.

**പ്രദേയം**-ദാനം.

**പ്രദേശം**-പു. ദിക്ക്. ൨. നടുവിരലും പെരുവിരലും കൂട്ടിവെച്ച ചാൺ. (പ്രാദേശം എന്നതിന്റെ പാഠം.)

**പ്രദേശനം**-പു. സമ്മാനം, കാഴ്ച. ൨. വഴിപാട്. പ്രകർഷേണ കൊടുക്കപ്പെടുന്നതു് എന്നർത്ഥം.

**പ്രദേശിനി** } ചൂണ്ടാണിവിരൽ. ചൂണ്ടുന്നതു് എന്നർത്ഥം.
**പ്രദേശനി** }

**പ്രദോഷം**-പു. അസ്തമനസന്ധ്യ. ൨. ഒരു പുണ്യദിവസം. ദോഷ(രാത്രി)യുടെ പ്രാരംഭകാലം എന്നർത്ഥം.

പ്രദോഷവ്രതദിവസം സൂര്യാസ്തമനാൽ പൂർവം മൂന്നര നാഴികമുതൽക്കു തുടങ്ങി അസ്തമനാനന്തരം മൂന്നര നാഴികവരെയുള്ള ഏഴര നാഴിക (ഒരു യാമം) കാലത്തിനു 'പ്രദോഷസന്ധ്യ' എന്നു പേർ.

**പ്രദ്യുമ്നൻ**-കാമദേവൻ, ശ്രീകൃഷ്ണന്റെ പുത്രൻ. (പ്ര=വിശേഷേണ. ദ്യുമ്നൻ=ശക്തിയുള്ളവൻ) = വിശേഷശക്തിയുള്ളവൻ, വളരെ ബലമുള്ളവൻ.

അമ്മ രുക്മിണി—പ്രദ്യുമ്നന് ആറു ദിവസം (വയസ്സ്) പ്രായമായപ്പോൾ ശംബരാസുരൻ മോഷ്ടിച്ചു കടലിൽ എറിഞ്ഞുകളഞ്ഞു. തന്നെ കൊലചെയ്യുമെന്നറികയാലാണു് ശംബരൻ ഇങ്ങിനെ ചെയ്തതു്. കടലിലുള്ള ഒരു മത്സ്യം പ്രദ്യുമ്നനെ എടുത്തുവിഴുങ്ങി. ശംബരന്റെ ഭാര്യയ്ക്കു (മായാവതിക്കു) ആ മത്സ്യത്തെ കിട്ടുകയും അവൾ അതിനെ കീറിയപ്പോൾ അതിസുന്ദരനായ ഈ കുഞ്ഞിനെ കാണുകയും ചെയ്തു. അവൾ എടുത്തു വളർത്തി. പ്രായംതികഞ്ഞപ്പോൾ മായാവതിയിൽനിന്നും സംഗതികൾ മനസ്സിലാക്കി. തന്നെ ഭാര്യയാക്കിക്കൊള്ളണമെന്നു മായാവതി അപേക്ഷിച്ചു. പ്രദ്യുമ്നൻ യുദ്ധംചെയ്തു ശംബരനെ വധിച്ചിട്ടു മായാവതിയൊന്നിച്ചു ആകാശമാർഗ്ഗേണ പിതാവിന്റെ കൊട്ടാരത്തിൽ ചെന്നു. നാരദൻ മുഖാന്തരം ഇവരെ മനസ്സിലാക്കി രുക്മിണി സ്വീകരിച്ചു. പ്രദ്യുമ്നൻ ശിവന്റെ നേത്രാഗ്നിയിൽ ദഹിച്ചുപോയ കാമദേവന്റെ ഒരു ജന്മമാണു്. മായാവതി രതിയാണത്രേ.

പ്രദ്യുമ്നന 'പ്രഭാവതി' എന്നൊരു ഭാൎയ്യ കൂടിയുണ്ടായിരുന്നു. അവരും വജ്രനാഭന്റെ പുത്രിയാണ്. അവൾക്കു കൊണ്ടുപോയ ഒരു പൂമാലയിൽ പ്രദ്യുമ്നൻ ഒരു തേനീച്ചയുടെ രൂപത്തെ അവലംബിച്ചു സ്ഥിതിചെയ്താണ് ആദ്യം അവളെ കാണാൻ പോയതു്.

ശ്രീകൃഷ്ണപുത്രനായി അവതരിച്ചപ്പോഴാണ് ഈ പേരിനു പ്രസിദ്ധിയുള്ളതു്. ഈ പ്രദ്യുമ്നനും ശിവന്റെ നേത്രവഹ്നിയിൽ ഭസ്മമായിത്തീൎന്ന കാമദേവനും ഒന്നാണെന്നുള്ളതിന് ഉദാഹരണം—

'യഥോഹ്യമാനഃ ഖലു ഭോഗഭോജിനാ
പ്രസഹ്യ വൈരോചനിജസ്യ പട്ടണം
വിദൎഭജായാമദനസ്തഥാമനോ-
നളാവരുദ്ധം വയസൈവ വേശിതഃ'

പ്രദ്യുമ്നവിജയം-ഒരു നാടകം.

പ്രദ്യുമ്നൻ വജ്രനാഭൻ എന്ന ദൈത്യനെ ജയിച്ചതിനെക്കുറിച്ചുള്ളതാണ്. ഇതിന്റെ കൎത്താവു ശങ്കരദീക്ഷിതരാകുന്നു. കവിതാഗുണം കുറയും.

പ്രദ്യോതനം-പ്രകാശിപ്പിക്കുക.

പ്രദ്യോതനൻ-ആദിത്യൻ പ്രകൎഷേണ ശോഭിക്കുന്നവൻ എന്നൎത്ഥം.

പ്രദ്രാവം-ഓട്ടം.

പ്രധനം- യുദ്ധം. മരിപ്പിക്കുന്നതു് എന്നൎത്ഥം.

പ്രധാന-വി. പ്രധാനമായുള്ള, മുഖ്യതയുള്ള.

പ്രധാനം-പു. ശ്രേഷ്ഠം. പ്രകൎഷേണ ധരിക്കുന്നതു് എന്നൎത്ഥം. ഉ. പ്രകൃതി. സൎവ്വം ഇതിനാൽ വ്യക്തമാക്കപ്പെടുന്നതു കൊണ്ടു് ഈ പേർ വന്നു. പ്രകൎഷേണ ചെയ്യുന്നതു്, എല്ലാററിനേയും വ്യാപിക്കുന്നതു്, ഇങ്ങിനെയുമാവാം. ന. പരമാത്മാവു്, ദൈവം. ര. ജ്ഞാനം, ബുദ്ധി. ഇ. നപുംസകൻ.

പ്രധാനത-പ്രാധാന്യം, മുഖ്യത.

പ്രധാനൻ, പ്രധാനി-പു. മന്ത്രി. ഉ. നായകൻ, രാജസഹായജനങ്ങളിൽ പ്രാധാന്യമുള്ളവരുടെ പേർ.

പ്രധാരണം - ഹാലപൂൎയ്യയോടുകൂടിച്ചെയ്യുന്ന ദാനം, തുലാപുരുഷാദിദാനം.

പ്രധി-തേർവണ്ടിയുടെ വിളുമ്പു്, ചക്രം ഉരുളുമ്പോൾ ഭൂമിയിൽ തട്ടുന്നതായ അതിന്റെ അവസാനഭാഗം. ഭൂമിയിൽ നിധാനം ചെയ്യപ്പെടുന്നതു് എന്നൎത്ഥം.

പ്രധ്വംസം-നാശം, നഷ്ടം.

പ്രനാളം-പു. തോടു്. ഉ. ചാലു്.

പ്രപ-തണ്ണീർപന്തൽ, പാനീയശാല. പ്രകൎഷേണ ജലം പാനംചെയ്യുന്നുള്ള സ്ഥലം എന്നൎത്ഥം.

പ്രപഞ്ചനിവൃത്തൻ പ്രപഞ്ചത്തിൽനിന്നു പിന്തിരിഞ്ഞവൻ.

പ്രപഞ്ചം-പു. ലോകം.

ഇതു മുഴുവനും പരമാണുക്കളെക്കൊണ്ടും അവയിൽ അന്തൎഭൂതമായിട്ടുള്ള ശക്തിയെക്കൊണ്ടും നിൎമ്മിക്കപ്പെട്ടിരിക്കുന്നു. പരമാണുക്കൾക്കാകട്ടെ ശക്തിക്കാകട്ടെ ഒരുകാലത്തും വൎദ്ധനയും ലയവും ഇല്ല.

ഉ. പരപ്പു്, വിസ്താരം. ന. ഉപായം, വഞ്ചന. ര. ക്രമ്പാരം. ഇ. വിപരീതഭാവം. ന്യ. സംസാരം.

പ്രപഞ്ചിക്കുന്നു-വിസ്തരിച്ചു പറയുന്നു. ഉ. പരത്തുന്നു.

പ്രപഞ്ചിത-വി. പ്രസിദ്ധമായ.

പ്രപദം-കാലിന്റെ അററം, കാൽച്ചുവടിന്റെ പുറം, പുറവടി. പ്രകൃഷ്ടമായ പദം എന്നൎത്ഥം. പദത്തിന്റെ പ്രാരംഭം എന്നുമാവാം.

പ്രപദിക്കുന്നു-പ്രാപിക്കുന്നു.

പ്രപന്ന-വി. പ്രാപിച്ച.

പ്രപന്നപാലൻ-കൃഷ്ണൻ.

പ്രപരുഷൻ-അതിനിഷ്ഠുരൻ.

പ്രപരുഷപൻ — പ്രപരുഷന്മാരുടെ (പൻ) അധിപൻ.

പ്രപാടനം—പിളൎപ്പ്, കീറൽ.

പ്രപാതം-൧. മലയുടെ ചരിവു്. വീഴുന്നേടം എന്നൎത്ഥം.

ദേഹത്തെ ഉപേക്ഷിപ്പാനായി ചില തപസ്വികൾ പൎവ്വതത്തിന്റെ തടത്തിൽ കയറി മനഃപൂൎവ്വം താഴെ വീഴാറുണ്ടു്. അതുകൊണ്ടോ, താനേ വീണുപോകാൻ എളുപ്പമുള്ള ഇടം ആയതുകൊണ്ടോ പ്രപാതം എന്ന പേർ വന്നിരിക്കണം.

൨. തീരം. ൩. അരുവിയാറു്.

പ്രപാഥം-വഴി.

പ്രപാദികം-മയിൽ.

പ്രപിതാമഹൻ-൧. മുത്തച്ഛന്റെ അച്ഛൻ ഇല്ലത്തു മുതുമുത്തച്ഛൻ. ൨. കൃഷ്ണൻ. ൩ ബ്രഹ്മാവു്. ൪. പരമാത്മാവു്. ൫. അപ്പൂപ്പന്റെ അച്ഛൻ. ൬. അച്ഛന്റെ അപ്പൂപ്പൻ.

പ്രപിതാമഹി-മുത്തശ്ശിയുടെ അമ്മ.

പ്രപുന്നാടം—ഒരു ചെടി, തകര. പുരുഷത്വത്തിനു ഭംഗം വരുത്തുന്നതു് എന്നൎത്ഥം. (പാഠങ്ങൾ—പ്രപുന്നാളം, പ്രപുനാളം, പ്രപുനാഡം, പ്രപുന്നാഡം.)

പ്രപൌണ്ഡരീകം ഒരു പച്ചമരുന്നു്, പെരുമ്പുണ്ഡരീകം, വീരപ്പുണ്ഡരി. തമിഴിൽ-വാലംതാമര.

പ്രപൌത്രൻ-പൌത്രന്റെ പുത്രൻ.

പ്രഫുല്ലം ൧. വിരിഞ്ഞതു്. ൨. വിടൎന്നു പൂത്തുനില്ക്കുന്ന മരം.

പ്രഫുല്ല-വി. ൧. വികസിച്ച, വിടൎന്ന. ൨. ശോഭിച്ച.

പ്രഫുല്ത്തം - പ്രഫുല്ലം എന്നതിന്റെ പാഠം.

പ്രബദ്ധ-വി. ൧. വഴിയാംവണ്ണം ബന്ധിക്കപ്പെട്ട. ൨. നിറുത്തിയ. ൩. തടുത്ത.

പ്രബന്ധം-ഉണ്ടാക്കപ്പെട്ട കഥ, ഗദ്യങ്ങളും പദ്യങ്ങളും ഇടകലൎന്നുണ്ടാക്കിയ കഥ.

പ്രബന്ധകല്പന-കവിതയായി ഉണ്ടാക്കുന്ന ഒരുമാതിരി കഥ, കുറെ സത്യമായും കുറെ ഭംഗിയായി കൂട്ടിച്ചേൎത്തും ചെയ്യുന്ന വാക്യരചനാവിശേഷം. വാക്യവിസ്തരത്തിന്റെ രചന എന്നൎത്ഥം. മറ്റൊരു പൎയ്യായം-കഥ.

കാദംബരി, നാടകരാമായണം മുതലായവ കഥയാകുന്നു. കഥ പലവിധമുണ്ടു്.

ഉപരികഥ—പരസ്പരം ജയിപ്പാൻ ഇച്ഛയുള്ളവരും മത്സരികളുമായ പല നായകന്മാരെ വൎണ്ണിക്കുന്നതു്.

ഖണ്ഡകഥ-മററു വല്ല ഗ്രന്ഥങ്ങളിലും പ്രസിദ്ധമായ ഒരു ഇതിവൃത്തത്തെ വേറിട്ടെടുത്തു വൎണ്ണിക്കുന്നതു്.

ഉപകഥ-അതിപ്രസിദ്ധമായ കഥാന്തരത്തെ അവലംബിച്ചും മററും ചില പൊടിപ്പും തൊങ്ങലും ചേൎത്തുണ്ടാക്കുന്നതു്.

ബൃഹൽകഥ-വിഷയവിഭാഗം ചെയ്തു അത്ഭുതങ്ങളായ അനേകം അൎത്ഥങ്ങളെ വിവരിക്കുന്നതും വലിയ വിഷയമുള്ളതുമായിട്ടുള്ളതു്.

പ്രബൎഹൻ-ഇന്ദ്രൻ.

പ്രബൎഹ-വി. ശ്രേഷ്ഠതയുള്ള. പ്രബൎഹം എന്നാൽ വലിക്കുന്നതു് എന്നു ശബ്ദാൎത്ഥം.

പ്രബല-വി. ൧. ശക്തിയുള്ള. ൨. കീൎത്തിയുള്ള.

പ്രബലം—കുരുന്നു്, മുള.

**പ്രബലത**-൧. ശക്തി, ബലം. ൨. കീൎത്തി.

**പ്രബലപ്പെടുന്നു**-൧. ശക്തിപ്പെടുന്നു. ൨. കീൎത്തിപ്പെടുന്നു. (സ. ക്രി. പ്രബലപ്പെടുത്തുന്നു.)

**പ്രബലിക്കുന്നു**-൧. ശക്തിപ്പെടുന്നു. ൨. കീൎത്തിയും മററുമുള്ളതായിത്തീരുന്നു.

**പ്രബാലം**-പവിഴം.

**പ്രബുദ്ധ**-വി. ഉണൎന്ന.

**പ്രബോധം**-൧. ഉണൎച്ച. ൨. ഉണൎന്നിരിപ്പു്. ൩. വാടകെട്ടുക, സുഗന്ധിപ്പിക്കുക.

**പ്രബോധകൻ**-പാട്ടുപാടി രാജാക്കന്മാരെ ഉണൎത്തുന്നവൻ.

**പ്രബോധചന്ദ്രോദയം**-ഒരു നാടകം. പന്ത്രണ്ടാം ശതാബ്ദത്തിൽ ജീവിച്ചിരുന്നതായി വിചാരിക്കപ്പെട്ടിരിക്കുന്ന കൃഷ്ണമിശ്രൻ ഉണ്ടാക്കിയതാണു്. പ്രമേയം വേദാന്തസംബന്ധമാകുന്നു. വിശ്വാസം, സ്നേഹം, ധ്യാനം, സങ്കല്പം, ഭക്തി, കപടഭക്തി, അഹംകാരം, കാമം, ക്രോധം, മോഹം ഇത്യാദികളാണു പാത്രങ്ങൾ.

**പ്രബോധനം**-൧. ഉണൎച്ച. ൨. അറിവു്. ൩. ബുദ്ധി. ൪. സ്വാഭാവികഗന്ധമുള്ളതായ കസ്തൂരി, കുങ്കുമം മുതലായ സുഗന്ധദ്രവ്യങ്ങളുടെ സുഗന്ധം മങ്ങിപ്പോയാൽ മദ്യം പനിനീരു് ഇത്യാദി ദ്രവ്യങ്ങളെക്കൊണ്ടു് ആ ഗന്ധത്തെ വീണ്ടും ഉണ്ടാക്കിത്തീൎക്കുന്നതു്.

**പ്രബോധിനി**-വിഷ്ണു തന്റെ നാലുമാസത്തെ ഉറക്കത്തിൽനിന്നു ഉണരുന്ന ദിവസം (കാൎത്തികമാസത്തിൽ).

**പ്രഭ**-൧. ശോഭ ൨. ഛായാദേവി. ൩. ദുൎഗ്ഗാ. ൪. കുബേരന്റെ നഗരം. ൫. ഒരു അപ്സരസ്ത്രീ.

**പ്രഭഞ്ജന**-വി. ഒടിക്കുന്ന, നശിപ്പിക്കുന്ന.

**പ്രഭഞ്ജനൻ**-വായു. വൃക്ഷങ്ങളുടെ കൊമ്പുകളേയും മററും ഒടിക്കുന്നവൻ എന്നൎത്ഥം.

**പ്രഭവ**-വി. ൧. ജനിച്ച. ൨. മേലധികാരമുള്ള.

**പ്രഭവ**-അറുപതിൽ ഒന്നാമത്തെ വൎഷം.

**പ്രഭവം**-൧. ഉത്ഭവം. ൨. ജന്മകാരണം. ൩. ശക്തി. ൪. ജനനം. ൫. ഉത്ഭവസ്ഥലം. ൬. പ്രഥമജ്ഞാനത്തിന്നായിക്കൊണ്ടുള്ള സ്ഥാനം.

**പ്രഭവൻ**-വിഷ്ണു.

**പ്രഭവിഷ്ണു**-വി. ൧. പ്രഭുവായി ഭവിക്കുന്ന. ൨. ഉത്ഭവിക്കുന്ന.

**പ്രഭാകരൻ**-൧. ആദിത്യൻ. ൨. അഗ്നി. ൩. ചന്ദ്രൻ. ൪. സമുദ്രം. ൫. ശിവഭക്തനായ ഒരു മുനി

**പ്രഭാകീടം**-മിന്നാമിനുങ്ങു്.

**പ്രഭാതകാലം**-സൂൎയ്യൻ ഉദിക്കാറായ സമയം.

**പ്രഭാതം**-പ്രഭാതകാലം, പ്രകാശിപ്പാൻ തുടങ്ങിയ സമയം.

**പ്രഭാതജ്ഞം**-കോഴി.

**പ്രഭാമണ്ഡലം**-ആദിത്യന്റെ ചുററും വൃത്താകാരമായി കാണുന്നതു്. പരിവേഷം.

**പ്രഭാവം**-൧. സമ്പത്തിന്റെ ആധിക്യം കൊണ്ടും മററും മഹാരാജാക്കന്മാർ മുതലായവൎക്കുണ്ടാകുന്ന ഒരു മഹത്വം ൨. മഹിമ. ൩. ശോഭ. ഉ-ം, 'മുത്തിൻപ്രഭാവം', ൪. ശക്തി.

**പ്രഭാവതി**-പ്രദ്യുമ്നന്റെ ഭാൎയ്യ.

**പ്രഭാസം**-ഒരു പുണ്യതീൎത്ഥം. (ദ്വാരകക്കു സമീപം).

**പ്രഭിന്ന**-വി. ൧. നല്ലവണ്ണം മുറിക്കപ്പെട്ട. ൨. വേൎതിരിക്കപ്പെട്ട.

**പ്രഭിന്നം**-മദംപൊട്ടിയ ആന.

**പ്രഭു**-വി. മേലധികാരമുള്ള

**പ്രഭ**-രസം.

**പ്രഭു**-പു. സാർവ്വോൽകൃഷ്ടൻ, സർവൈശ്വര്യ സമ്പൂർണ്ണൻ, അധിപൻ. പ്രഭവിക്കുന്നവൻ എന്നർത്ഥം. പ്രഭു > <ഭൃത്യൻ. ൨. വിഷ്ണു. ൩. ശിവൻ. ൪. ബ്രഹ്മാവ്. ൫. ഇന്ദ്രൻ. ൬. രാജാവ്.

**പ്രഭുത, പ്രഭുത്വം**-പു. പ്രഭുവിന്റെ അവസ്ഥ, മേലധികാരം, ആധിപത്യം. ൨. സാമർത്ഥ്യം.

**പ്രഭുശക്തി**-ശക്തി മൂന്നുള്ളതിൽ ഒന്ന്. (മററവ-ഉത്സാഹശക്തി, മന്ത്രശക്തി)

കോശദണ്ഡാദിപരിപുഷ്ടികൊണ്ടുണ്ടാകുന്നതത്രേ പ്രഭുശക്തി.

**പ്രഭൂത**-വി. പു. വളരെയുള്ള. ൨. വർദ്ധിച്ച. ൩. ഉത്ഭവിച്ച.

**പ്രഭൂതം**-ബഹുലം, വളരെ, പെരുകിയതു.

**പ്രഭൃതി**-പു. വിധം. ൨. മുതലായ.

**പ്രഭേദം**-വിധം, വ്യത്യാസം.

**പ്രഭ്രഷ്ട**-വി. നശിച്ച, നിഷ്ഫലമായ.

**പ്രഭ്രഷ്ടകം**-കുടുമയിൽ കെട്ടി പിന്നോക്കം തൂക്കിയിട്ട മാല. താഴെ വീഴുവാൻ തുടങ്ങുന്നതു് എന്നർത്ഥം.

**പ്രഭ്രഷ്ടലക്ഷ്യം**-വി. ലാക്കു തെററിയ.

**പ്രമതി**-ച്യവനമുനിയുടെ മകൻ.

**പ്രമത്ത**-വി. മദിച്ച.

**പ്രമഥ**-പു. ഒരു മരുന്ന്, കടുക്ക. ൨. വ്യസനം.

**പ്രമഥം**-കുതിര.

**പ്രമഥൻ**-പു. ശിവന്റെ പാരിഷദൻ. ൨. കുതിര.

ശിവന്റെ പരിചാരകന്മാരായ ഒരു കൂട്ടം ഭൂതങ്ങളെ പ്രമഥർ എന്നു പറയുന്നു

**പ്രമഥനം**-വധം.

**പ്രമഥന്മാർ**-പു. ചണ്ഡീശ്വരനന്ദിമഹാകാളഭൃംഗ്യാദികളായ ശിവാനുചരന്മാർ. ൨. ശിവപാരിഷദന്മാർ. ദുഷ്ടന്മാരെ മഥനം ചെയ്യുന്നവരെന്നർത്ഥം.

**പ്രമഥനാഥൻ**-ശിവൻ.

**പ്രമഥപതി**-ശിവൻ.

**പ്രമഥാധിപൻ**-ശിവൻ.

**പ്രമദ**-വി. പു. മദമുള്ള. ൨. ഭ്രാന്തുള്ള.

**പ്രമദം**-സന്തോഷം (സുഖം). പ്രകൃഷ്ടമായ സന്തോഷം എന്നു ശബ്ദാർത്ഥം.

**പ്രമദവനം**-പൂങ്കാവ്, സ്ത്രീകൾക്കു ചെന്നു ഉദ്യാനം.

'ആവിഷ്ടാ പ്രമദവനാന്തരാളമാരാൽ'

(നളചരിതം കഥകളി)

പുരുഷന്മാരുടെ സഞ്ചാരം കൂടാതെ സ്ത്രീകൾ സ്വാതന്ത്ര്യമായി കളിച്ചുകൊണ്ടിരിക്കുന്ന വനം. പ്രമദാവനം എന്നുമാവാം.

'ചാരകർമ്മണി നിഷ്ണാതഃ

പ്രവിഷ്ടഃ പ്രമദാ വനം'

**പ്രമദാ**-സ്ത്രീ. പ്രബലമായ കാമവേഗത്തോടു കൂടിയവൾ എന്നർത്ഥം.

**പ്രമദ്വരാ**- വിശ്വാവസുവിന്റെ ബീജംകൊണ്ടു മേനകയിലുണ്ടായവൾ.

മേനക കുട്ടിയെ ആശ്രമത്തിൽ തള്ളിയുംവെച്ചു പോയി. മുനി വളർത്തി. ഇവളെ രുരുമുനിക്കു വിവാഹം ചെയ്തു കൊടുപ്പാൻ നിശ്ചയിച്ചു. മുഹൂർത്തദിവസം പാമ്പുകടിച്ചു മരിച്ചു. രുരു എന്ന മുനിയാണ് ഇവളെ മോഹിച്ചു വേളിക്കു നിശ്ചയിച്ചിരുന്നതു്. അദ്ദേഹം വ്യസനിച്ചു കാട്ടിൽ പോയി. താൻചെയ്ത തപംകൊണ്ടു ഇവൾ ജീവിക്കട്ടെ എന്നു പറഞ്ഞു. ദേവദൂതന്മാർ വന്നു് 'ഇവൾക്കു നിന്റെ പാതി ആയുസ്സ് കൊടുക്കുമെങ്കിൽ ഇവൾ ജീവിക്കും' എന്നു് അരുളിച്ചെയ്തു. ഇതു് ധർമ്മരാജാവിന്റെ കല്പനപ്രകാരമായിരുന്നു. അതിന്മണ്ണം അവൾ ജീവിച്ചു. അവളെ കല്യാണം കഴിച്ചു സുഖമായിരുന്നു.

**പ്രമനസ്സ്**-വി. സന്തോഷമുള്ള.

**പ്രമനസ്സ്**-സന്തുഷ്ടചിത്തൻ.

**പ്രമയം**-വധം.

**പ്രമർദ്ദനൻ**-വിഷ്ണു.

**പ്രമാ**-൧. പരമാർത്ഥജ്ഞാനം. യഥാർത്ഥമായി അളക്കുക, കൃത്യപ്പെടുത്തുക എന്നർത്ഥം. ൨. നേരായുള്ള അറിവ്. പരമാർത്ഥമായിട്ടുള്ള അറിവ്.

'ഭ്രമംജഗത്തിലിത്തരംപ്രമാമറിച്ചുമാദൃശാം
(അഭിജ്ഞാനശാകുന്തളം)

**പ്രമാണം**-൧. ആധാരം, കറി മുതലായതു്. ൨. വിശ്വാസം. ൩. വേദം. ൪. ഹേതു. (അഗ്നി മുതലായതിന്റെ ജ്ഞാനത്തിനു ഹേതുഭൂതമായ ധൂമം മുതലായതു്). ൫. ദൃഷ്ടാന്തം. ൬. നിശ്ചയം. ൭. സത്യം. ൮. നിത്യം. ൯. സാക്ഷി. ൧൦. മര്യാദ (അതിർത്തി), ബഹുമാനം. ൧൧. അളവ്. അളവു, തൂക്കം മുതലായതുകൊണ്ടു് ഇന്നതു ഇത്ര എന്നു ക്ലിപ്തപ്പെടുത്തുന്നതു്. ൧൨. അങ്ങിനെ കൃത്യപ്പെടുത്തുക എന്ന ക്രിയ ചെയ്യുന്നവൻ. ൧൩. ആ മാനത്തെ അറിയുന്നവൻ. ൧൪. ആചാരം. ൧൫. ശാസ്ത്രം.

'ശ്രേഷ്ഠനെന്നാചരിക്കുമ്പോൾ
ശിഷ്ടമുള്ളജനങ്ങളും
ശ്രേഷ്ഠമെന്നോർത്താചരിക്കും
ചെട്ടന്നപ്പോൾപ്രമാണമാം'

പ്രമാണത്രയം-പ്രത്യക്ഷം, അനുമാനം, ആഗമം.

**പ്രമാണചതുഷ്ടയം**-പ്രത്യക്ഷം, അനുമാനം, ഉപമാനം, ശബ്ദം. (ന്യായശാസ്ത്രപ്രകാരം).

**പ്രമാണി**-൧. തലവൻ, കാര്യസ്ഥൻ. ൨. പ്രധാനി.

**പ്രമാണികാ**-ഒരു വൃത്തത്തിന്റെ പേർ

**പ്രമാണിക്കുന്നു**-൧. വിചാരിക്കുന്നു. ൨. വിലമതിക്കുന്നു. ൩. അളവു കുറിക്കുന്നു. ൪. മാനിക്കുന്നു. ൫. വിശ്വസിക്കുന്നു.

**പ്രമാണീകരിക്കുന്നു**-പ്രമാണമാക്കിച്ചെയ്യുന്നു, പ്രധാനമാക്കുന്നു.

**പ്രമാതാമഹൻ**-അമ്മയുടെ മുത്തച്ഛൻ.

**പ്രമാതാമഹി**-അമ്മാത്തു മുത്തശ്ശിയുടെ അമ്മ, അമ്മയുടെ അമ്മയുടെ അമ്മ.

**പ്രമാതാവ്**-അറിയുന്നവൻ.

**പ്രമാദം**-൧. ഓർമ്മക്കേട്, മനസ്സിരുത്തായ്ക. ൨. മൂഢത. ൩. തെററായ അഭിപ്രായം. ൪. ശ്രദ്ധയില്ലായ്ക. പ്രകൃഷ്ടമായ മദം എന്നർത്ഥം.

**പ്രമാദി**-വി. പ്രമാദമുള്ള.

**പ്രമാദി**- അറുപതിൽ പതിമൂന്നാമത്തെ വർഷം.

**പ്രമാദീച**-അറുപതിൽ നാല്പത്തേഴാമത്തെ വർഷം.

**പ്രമാപണം**-വധം.

**പ്രമിതി**-൧. യഥാർത്ഥജ്ഞാനം. ൨. പ്രമാണം കൊണ്ടുള്ള സത്യജ്ഞാനം. പ്രകൃഷ്ടമായ മിതി എന്നർത്ഥം.

**പ്രമീഢ**-വി. തടിച്ച, തിങ്ങിയ.

**പ്രമീത**-വി. ൧. മരിച്ച. ൨. ഹിംസിക്കപ്പെട്ട.

**പ്രമീതാ**-യാഗാർത്ഥം കൊല്ലപ്പെട്ട പശു.

**പ്രമീള**-൧. മടി, ഇന്ദ്രിയങ്ങൾ ഒന്നും പ്രവർത്തിക്കാതിരിക്കുന്ന സമയം എന്നർത്ഥം.

'ഉള്ളിൽശ്രദ്ധാഭരമൊട്ടുകഴി-
ച്ചുററഭക്ത്യാപ്രമീളാം'
(മയൂരസന്ദേശം)

൨. ആലസ്യം. ൩. സ്ത്രീകൾമാത്രമുള്ള ഒരു രാജ്യത്തിലെ രാജ്ഞി.

പാണ്ഡവന്മാരുടെ അശ്വമേധയാഗത്തിനുള്ള കുതിര ഈ രാജ്യത്തിൽ ചെല്ലുകയാൽ യുദ്ധമുണ്ടായി അർജ്ജുനൻ അവളെ തോല്പിച്ചു ഭാര്യയാക്കി.

**പ്രമീലനം**-മരണം.

**പ്രമുഖ**-വി. ഉ. പ്രധാനമായ. വ. ഒന്നാമത്തെ.

**പ്രമുഖൻ**-ഉ. ശ്രേഷ്ഠതയുള്ളവൻ. വ. പ്രധാനൻ.

**പ്രമുദിത**-വി. സന്തോഷമുള്ള, പ്രമോദിച്ച.

**പ്രമൃഗ്യ**-വി. അന്വേഷിക്കത്തക്ക.

**പ്രമൃത**-വി. മറയ്ക്കപ്പെട്ട.

**പ്രമൃതം**-കൃഷി.

**പ്രമൃഷ്ടം**-തുടയ്ക്കപ്പെട്ടത്.

'പത്തിക്കീറകവിളത്തടത്തിലമതം
കൈയാൽ പ്രമൃഷ്ടം സ്വയം'
(അമരുകശതകം)

**പ്രമേയ**-വി. ഉ. പ്രമാണിപ്പാൻ തക്ക. വ. അളക്കത്തക്ക, എണ്ണത്തക്ക.

**പ്രമേയം**-പ്രമാണിപ്പാനുള്ള കാര്യം, വിഷയം.

**പ്രമേഹം**-വളരെ മൂത്രം ഒഴിയുന്ന ഒരു വക ദീനം.

**പ്രമോദം**-സന്തോഷം, സുഖം.

**പ്രമോദിക്കുന്നു**-സന്തോഷിക്കുന്നു.

**പ്രമോദിതൻ**-ഉ. കുബേരൻ. വ. സന്തുഷ്ടൻ.

**പ്രമോദിനീ**-ഉ. വള്ളിമുല്ല. വ. കാരിലവ്.

**പ്രംലോചാ, പ്രമ്ലോചാ**- ഒരു അപ്സരസ്ത്രീ.

കണ്വമഹർഷിയുടെ തപസ്സിനു വിഘ്നം ചെയ്വാൻ ഇന്ദ്രൻ ഇവളെ അയച്ചത്. നൂറുവർഷം ഋഷി ഇവളൊന്നിച്ചു രമിച്ചു. അനന്തരം താൻ അകപ്പെട്ട അപകടത്തിനെ അറിഞ്ഞിട്ടു തന്റെ മുമ്പിൽ നിന്ന് അവളെ ഓടിച്ചുകളഞ്ഞു. ഓടുമ്പോൾ ഗർഭത്തിലുണ്ടായിരുന്ന ശിശു വിയർപ്പുതുള്ളികളായി വൃക്ഷങ്ങളുടെ ഇലകളിൽ പതിച്ചു. അവ തണുത്തു കട്ടപിടിച്ചപ്പോൾ സർവാവയവ സൌന്ദര്യവതിയായ 'മാരിഷ' ആയി ഭവിച്ചു

**പ്രയത**-വി. ഉ. ശുദ്ധിയുള്ള. വ. വിനയമുള്ള. ന. പ്രയത്നമുള്ള, പ്രയത്നിക്കുന്ന

**പ്രയതൻ**-ശുദ്ധിവന്നവൻ. ഇന്ദ്രിയങ്ങളിൽ നിന്ന് ഉപരമിക്കുന്നവൻ എന്നർത്ഥം.

**പ്രയത്നം**-ഉ. അദ്ധ്വാനം, വേല. വ. പ്രവൃത്തി. ന. പ്രയാസം.

**പ്രയസ്ത**-വി. നല്ലവണ്ണം ചമക്കപ്പെട്ട.

**പ്രയസ്തം**-ഉപ്പ്, മുളക മുതലായ ദ്രവ്യങ്ങൾ ചേർത്തു പരിഷ്കരിക്കപ്പെട്ട കറി മുതലായത്. വളരെ പണിയെടുത്തത് എന്നർത്ഥം.

**പ്രയാഗം**-ഉ. ഗംഗയും യമുനയും ചേരുന്ന ഒരു പുണ്യസ്ഥലം, അലഹബാദ്. വ. കുതിര.

**പ്രയാഗൻ**-ഇന്ദ്രൻ.

**പ്രയാഗഭയൻ**-ഇന്ദ്രൻ.

**പ്രയാണം**-യാത്ര.

**പ്രയാതം**-പൊയ്പ്പോയത്.

**പ്രയാമം**-ഉ. ദുർഭിക്ഷം, പഞ്ഞം, ധനധാന്യാദികൾക്കു ക്ഷാമം നേരിടുമെന്നു കാണുമ്പോൾ അവയിൽ ജനങ്ങൾക്കുള്ള ആദരാതിശയത്തിന്റെ—അവ വീണ്ടും വീണ്ടും സമ്പാദിച്ചു ശേഖരിപ്പാനുള്ള ത്വരാവിശേഷത്തിന്റെ—പേർ. വ. കച്ചവടത്തിൽ ഏററക്കുറച്ചിലില്ലാത്ത നിലയുടെ പേർ. വാക്കിനെ അടക്കുക.—തനിക്കു തനിക്കു മുമ്പേ മുമ്പേ കിട്ടണമെന്നുള്ള വിചാരത്താൽ താൻ സമ്പാദിക്കുന്നതിനെ മററുള്ളവരോടു പറയാതിരിക്കുക എന്നു ശബ്ദാർത്ഥം.

**പ്രയാസം**-ഉ. ഞെരുക്കം, അദ്ധ്വാനം. വ. തിടുക്കം. ന. കഴിയായ്ക.

പ്രയാസപ്പെടുന്നു-അദ്ധ്വാനം ചെയ്യുന്നു, കഷ്ടപ്പെടുന്നു,

പ്രയുക്ത-വി. പ്രയോഗിക്കപ്പെട്ട.

പ്രയുക്തി-പ്രയോഗം.

പ്രയുത-വി. ചേൎന്ന, ഒന്നിച്ച.

പ്രയുതം-പത്തുലക്ഷം.

പ്രയുത്സു-൧. യോദ്ധാവ്. ൨. കാററ്. ൩. സന്യാസി. ൪. ഇന്ദ്രൻ.

പ്രയോക്തൃ-വി. കടംകൊടുക്കുന്ന, പ്രയോഗിക്കുന്ന.

പ്രയോഗം-൧. പ്രയത്നം. ൨. പ്രവൃത്തി. ൩. ക്ഷുദ്രംചെയ്യുക. ൪. ഫലം. ൫. ദൃഷ്ടാന്തം. ൬. വചനപ്രമാണം. ൭. ചികിത്സ. ൮. അമ്പെയ്ത്ത്. ൯. കടംകൊടുക്ക. ൧൦. ഉപായം. ൧൧. (വ്യാകരണത്തിൽ) ഒരു ധാതുവിനെ ഉപയോഗിക്കുമ്പോൾ ഏതു കാരകത്തിനു പ്രാധാന്യം വിവക്ഷിക്കുന്നുവോ ആ കാരകത്തിൽ ആ ധാതുവിനു പ്രയോഗം എന്നു പേർ. ൧൨. ഒരു കൎമ്മം ആരംഭിക്കുമ്പോൾ ഒന്നാമതായി ചെയ്യുന്ന പ്രവൃത്തി. ൧൩. യുദ്ധത്തിന്നായിക്കൊണ്ടുള്ള അത്യുത്സാഹം. പ്രകൃഷ്ടമായി യോജിക്കുക എന്നൎത്ഥം.

പ്രയോഗാൎത്ഥം-സാദ്ധ്യത്തെ സംബന്ധിച്ചുള്ള പ്രവൃത്തി.

പ്രയോഗിക്കുന്നു- ൧. ഉപകരിക്കുന്നു. ൨. ചെയ്യുന്നു.

പ്രയോഗ്യം-കുതിര.

പ്രയോജക-വി. പ്രയോഗിക്കുന്ന.

പ്രയോജകൻ-ഏതുകൎമ്മത്തിന്റെയും ആദ്യകാരണൻ.

പ്രയോജകപ്രകൃതി — (വ്യാകരണത്തിൽ) കൃതികളെ പ്രകൃതിയെ പ്രമാണിച്ചു വിഭാഗിച്ചതിൽ ഒന്ന്

പ്രയോജനം-൧. ഉപകാരം. ൨. ഹേതു. ൩. പ്രവൃത്തി. ൪. കാരണം.

പ്രയോജിക-(വ്യാകരണത്തിൽ) പഞ്ചമിവിഭക്തി.

പ്രയോജ്യ-വി. പ്രയോഗിക്കപ്പെടത്തക്ക

പ്രയോജ്യം-മുതൽ, മൂലദ്രവ്യം.

പ്രയോജ്യൻ-വേലക്കാരൻ, ശിഷ്യൻ.

പ്രരോഹം-മുള, തളിർ.

പ്രരോഹിക്കുന്നു-മുളയ്ക്കുന്നു.

പ്രലപനം-അൎത്ഥമില്ലാത്ത വാക്ക്.

പ്രലംബ-വി. ൧ തൂങ്ങിക്കിടക്കുന്ന. ൨. തൂങ്ങിയ.

പ്രലംബം-൧. തൂങ്ങുക. ൨. സ്ത്രീകളുടെ മുല ൩. പൂമാല. ൪. വെള്ളത്തിയം.

പ്രലംബൻ-ഒരസുരൻ.

ഈ അസുരൻ കംസന്റെ ആശ്രിതനാണ്. രാമകൃഷ്ണന്മാരെ കൊല്ലുന്നതിനായി അവരുടെ കളിയിൽ കൂടിച്ചേൎന്നു. കളിയിൽ തോല്ക്കുന്നവൻ ജയിച്ചവനെ തോളിൽ എടുത്തുകൊണ്ടുപോകണമെന്നാണ് ഒരു വ്യവസ്ഥയുണ്ടായിരുന്നത്. ബലരാമൻ പ്രലംബനെ തോല്പിച്ചു. ഉടൻ ബലരാമനെ പ്രലംബൻ തോളിൽ എടുത്തുകൊണ്ടുപോയി. വഴിക്ക് അവൻ സ്വന്തരൂപം ധരിച്ചു. ബലരാമൻ അവന്റെ കഴുത്തിനു ഞെക്കിയും തലക്കിട്ടടിച്ചും കൊന്നു.

പ്രലംബഘ്നൻ-ബലഭദ്രൻ. പ്രലംബൻ എന്ന അസുരനെ കൊന്നവൻ എന്നൎത്ഥം.

പ്രലാപം-൧. നിരൎത്ഥവാക്ക്. ൨. ശൃംഗാരരസം സംബന്ധിച്ച പൂൎവ്വരാഗാവസ്ഥയിലുണ്ടാകുന്ന കാമാവസ്ഥകളിൽ ഒന്ന്. (മനസ്സുകിടന്നു വട്ടംതിരിയുന്നതു നിമിത്തം ആളെക്കാണാതെ സംസാരിക്കുക).

പ്രലാപസന്നി-ഒരു ദീനം. സന്നിപാതജ്വരം പലവിധത്തിലുള്ളതിൽ ഒന്ന്.

പ്രലാപിക്കുന്നു-അർത്ഥമില്ലാത്ത വാക്കു പറയുന്നു.

പ്രലോഭ(ന)ം-പു. അത്യാഗ്രഹം. ൨. വശീകരണം. ൩. മുഭ്രമിപ്പിക്കൽ. ൪. മോഹനം.

പ്രലോഭയിതാവ്-ഏററവും ആഗ്രഹത്തെ ഉണ്ടാക്കുന്നവൻ.

പ്രലോഭ്യം-പു. ആഗ്രഹിക്കത്തക്ക. ൨. ആഗ്രഹം ജനിപ്പിക്കുന്ന.

പ്രവക്താവ്-പ്രവചിക്കുന്ന ആൾ.

പ്രവചനം-പു. നല്ലവാക്ക്. ൨. വേദം.

പ്രവചിക്കുന്നു-നല്ലവണ്ണം പറയുന്നു.

പ്രവണ-വി. പു. ചരിവുള്ള. ൨. കനിഞ്ഞ. ൩. വളഞ്ഞ. (പ്രവണത, പ്രാവണ്യം).

പ്രവണം-പു. ക്രമേണ താഴ്ച്ചയോടുകൂടിയ ഭൂമി. ൨. നാല്ക്കവല വഴി.

പ്രവണത-പു. ചരിവ്. ൨. കനിവ്. ൩. വളവ്. ൪. മനസ്സിന്റെ ചായ്വ്.

പ്രവണൻ-വണക്കമുള്ളവൻ.

പ്രവയസ്സ്-വൃദ്ധൻ. പ്രഗതമായ വയസ്സോടുകൂടിയവൻ എന്നർത്ഥം. ഇവിടെ വയസ്സിനു 'യൌവനം' എന്നർത്ഥം.

പ്രവര-വി. ശ്രേഷ്ഠതയുള്ള.

പ്രവരം-പു. സന്തതി. ൨. വംശം. ൩. കാരകിൽ, അകിൽ. ൪. കറുത്ത ചെറുപയറ്.

പ്രവർഗ്ഗൻ-വിഷ്ണു.

പ്രവർത്തക-വി. പ്രവർത്തിക്കുന്ന.

പ്രവർത്തകം-നാട്യങ്ങളിൽ കഥയെ സംബന്ധിച്ചു വരുന്ന ഒന്നാമത്തെ വേഷം.

പ്രവർത്തകൻ-പു. പ്രവർത്തിക്കുന്നവൻ. ൨. സ്ഥാപിക്കുന്നവൻ, കാരണഭൂതൻ.

പ്രവർത്തന-കല്പന, അനുവാദം.

പ്രവർത്തനം-പ്രവർത്തിക്ക.

പ്രവർദ്ധന-വി. വർദ്ധിപ്പിക്കുന്ന.

പ്രവർദ്ധനം-വർദ്ധന.

പ്രവർദ്ധിത-വി. പു. വർദ്ധിപ്പിക്കപ്പെട്ട. ൨. വളർത്തപ്പെട്ട.

പ്രവർഹ-വി. ശ്രേഷ്ഠമായ, പ്രധാനമായ.

പ്രവഹണം-പു. സ്ത്രീകൾ കയറുന്ന മറമാതിരി തേര്. ൨. മനുഷ്യരുടെ ചുമലുകൊണ്ടു എടുക്കുന്നതായ മഞ്ചൽ മുതലായ വാഹനങ്ങളുടെ പേർ. പ്രകർഷേണ വഹിക്കപ്പെടുന്നതു് എന്നർത്ഥം.

പ്രവഹൻ-ഗ്രഹനക്ഷത്രാദികളെ തിരിക്കുന്ന ഒരു കാററ്.

പ്രവഹിക്കുന്നു-ഒഴുകുന്നു. (സ. ക്രി. പ്രവഹിപ്പിക്കുന്നു.)

പ്രവൽഹിക-കളിയായിട്ടുണ്ടാക്കുന്ന ഒരു മാതിരി കഥ, സ്വരൂപാർത്ഥത്തെ മറച്ചുവച്ചു പറയുക, അർത്ഥം മനസ്സിലാക്കുവാൻ പ്രയാസമുള്ള ചോദ്യം. പ്രകർഷേണ മറയ്ക്കുന്നതു് എന്നർത്ഥം. (പാഠഭേദം-പ്രബൽഹികം, പ്രബ(വ)ൽഹീ).

പ്രവാക്-വി. വാഗ്വൈഭവമുള്ള.

പ്രവാകൻ-പരസ്യംചെയ്യുന്നവൻ.

പ്രവാചക-വി. പു. വിസ്തരിച്ചു പറയുന്ന. ൨. വാചാലതയുള്ള.

പ്രവാചകം-ദിവ്യദൃഷ്ടിയിൽ കണ്ടു പറയുന്ന കാര്യം.

പ്രവാണി-നെയിത്തുകാരൻ.

പ്രവാദം-നടപ്പായി പറയുന്ന വർത്തമാനം, കേട്ടുകേൾവി.

പ്രവാരം-മറ.

പ്രവാരണം-പു. ഇഷ്ടമുള്ള ദാനം, ഫലേച്ഛയോടുകൂടിച്ചെയ്യുന്ന ദാനം, തുലാപുരുഷാദി ദാനം. പ്രകർഷേണ വരിക്കപ്പെട്ടുന്നതു് എന്നർത്ഥം. ൨. വിരോധം.

**പ്രവാസം**-വീടുവിട്ടുള്ള പാർപ്പ്, വീടുവിട്ടുപോവുക, വിരഹം.

'പ്രവാസവ്യസനകഥയിരിക്കട്ടെ'
(അമരുകശതകം)

**പ്രവാസനം**-൧ വധം. ൨. അന്യസ്ഥലത്തുള്ള പാർപ്പ്.

**പ്രവാസി**-വി. അന്യദിക്കിൽ ചെന്നു പാർക്കുന്ന.

**പ്രവാഹം**-൧. വെള്ളം മുതലായതിന്റെ ഇടവിടാതെയുള്ള ഒഴുക്ക്, ജലാദികളുടെ നിരന്തരമായ ഗതി. ൨. വ്യാപാരം. ൩. വേഗമുള്ള കുതിര.

**പ്രവാഹക**-വി. നല്ലവണ്ണം വഹിക്കുന്ന.

**പ്രവാഹികൻ**-രാക്ഷസൻ.

**പ്രവാഹികാ**-൧. ഒരുമാതിരി വയററിൽദീനം, ഗ്രഹണി. ൨. മുക്കൽ.

**പ്രവാഹിക്കുന്നു**-ഒഴുകുന്നു.

**പ്രവാഹോത്ഥാ**-മണൽ.

**പ്രവാളം**-൧. പവിഴം. ലതാരൂപമാകയാൽ ഇളകുന്നത് എന്നർത്ഥം. മറെറാരു പര്യായം-വിദ്രുമം.

'പുരഃ പ്രവാളൈരിവപൂരിതാർദ്ധയാ'
(മാഘം)

൨. വീണയുടെ തണ്ട്. സ്വരങ്ങൾ ഇതിൽ കൂടിയിരിക്കുന്നതിനാൽ ഈ പേർ വന്നു ൩. തളിർ. ൪. ഒരു മൃഗം.

**പ്രവാളഫലം**-രക്തചന്ദനം.

**പ്രവിഖ്യാതി**-കീർത്തി.

**പ്രവിചലിതം**-ഇളക്കപ്പെട്ടത്.

**പ്രവിദാരണം**-൧. പിളപ്പ്. ൨. യുദ്ധം, കലഹം.

**പ്രവിശ്ലേഷം**-വേർപാട്, അത്യന്തമായ വിരഹം.

**പ്രവിഷ്ട**-വി. ൧. പ്രവേശിച്ച. ൨. പ്രവേശിപ്പിക്കപ്പെട്ട.

**പ്രവീണ**-വി. സാമർത്ഥ്യമുള്ള.

**പ്രവീണൻ**-സമർത്ഥൻ. പ്രകൃഷ്ടയായ വീണയോടുകൂടിയവൻ. ഇവിടെ വീണ എന്നാൽ യശോഗാനം എന്നർത്ഥം. ഇവരുടെ യശസ്സിനെ ജനങ്ങൾ ഗാനം ചെയ്യുന്നു എന്നു താൽപര്യം.

**പ്രവീണത**-സാമർത്ഥ്യം.

**പ്രവീര**-വി. വിശേഷമുള്ള, ശ്രേഷ്ഠതയുള്ള.

**പ്രവീരൻ**-ശൂരൻ, പരാക്രമമുള്ളവൻ.

**പ്രവൃത്ത**-വി. ൧. പ്രവർത്തിച്ച. ൨. തുടങ്ങിയ ൩. സ്ഥാപിക്കപ്പെട്ട.

**പ്രവൃത്തി**-൧. വേല. ൨. വർത്തമാനം. വൃത്താന്തം. വ്യാപിക്കുന്നത് എന്നർത്ഥം. ൩. (൨) ഒരു പാർവ്വത്യകാരുടെ അധികാരത്തിൽ ഉൾപ്പെട്ട സ്ഥലം, പകുതി. ൪. നടപ്പ്. ൫. ക്ഷുദ്രപ്രയോഗം. ൬. ജലം മുതലായതിന്റെ ഇടവിടാതെയുള്ള ഒഴുക്ക്. പ്രവൃത്തി > < നിവൃത്തി.

**പ്രവൃത്തികാരൻ**-ഒരു സർക്കാരുദ്യോഗസ്ഥൻ, അധികാരി.

**പ്രവൃത്തിപ്പിള്ള**-പാർവ്വത്യകാരന്റെ ഗുമസ്തൻ.

**പ്രവൃത്തിമാർഗ്ഗം**-ഇഹലോകകാര്യങ്ങളെ വർദ്ധിപ്പിക്കുന്നതിനുള്ള മാർഗ്ഗം.

**പ്രവൃത്തിവിഭജനം**-വാസനയും, പരിചയവും, പാരമ്പര്യവും അനുസരിച്ചു പ്രവൃത്തികളെ വീതിക്കുക.

**പ്രവൃദ്ധ**-വി. ൧. ഏററവും വർദ്ധിച്ച. ൨. വളർന്ന. ൩. മുതിർന്ന.

**പ്രവേക**-വി. പ്രധാനമായ, ശ്രേഷ്ഠമായ, ഉത്തമമായ.

**പ്രവേകം**-ശ്രേഷ്ഠം പ്രകാരേണ തിരിച്ചറിയപ്പെടുന്നത് എന്നർത്ഥം.

**പ്രവേണി**-൧. മടഞ്ഞുകെട്ടിയ തലമുടി, നന്നാക്കിപ്പിരിച്ച തലമുടി. ൨.

ആനപ്പുറത്തു വിരിക്കുന്ന വസ്ത്രം (കമ്പിളി). പ്രകഃഷ്ണ വിവരിക്കപ്പെടുന്നതു് എന്നർത്ഥം.

പ്രവേശം-അകംപൂക.

പ്രവേശക-വി. പ്രവേശിപ്പിക്കുന്ന.

പ്രവേശകം-(രൂപകത്തിൽ) ഒരുമാതിരി വിഷ്കംഭം.

ഇതിലെ പാത്രങ്ങൾ എല്ലാം നീചങ്ങളാണു്. പ്രവേശകം രണ്ടു അങ്കങ്ങളുടെ മദ്ധ്യേ മാത്രമേ വരികയുള്ളു. പ്രഥമാങ്കത്തിൽ വരികയില്ല.

പ്രവേശകൻ-പ്രധാനവേഷം വരുന്നതിന മുമ്പിൽ അതിനു കാരണമായിട്ടു വരുന്ന ചെറിയ വേഷം.

പ്രവേശനം-ന. അകത്തു പോവുക, ചെല്ലുക. ൨. ഉമ്മരം.

പ്രവേശിക്കുന്നു-അകത്തുപോകുന്നു. (കാ. ക്രി. പ്രവേശിപ്പിക്കുന്നു.)

പ്രവേഷ്ടം-കൈ. ഇതുകൊണ്ടു ആലിംഗനംചെയ്യുന്നതിനാൽ ഈ പേർ വന്നു.

പ്രവ്യക്ത-വി. സ്പഷ്ടമായുള്ള.

പ്രവ്രാജകൻ-സന്യാസിയായ ഭിക്ഷക്കാരൻ.

പ്രശംസ-സ്തുതി, പുകഴ്ച.

പ്രശംസനം-സ്തുതി, പുകഴ്ച.

പ്രശംസിക്കുന്നു-സ്തുതിക്കുന്നു, പുകഴ്ത്തുന്നു.

പ്രശമം-ന. ശമിക്കുക. ൨. വധം. ൩. നാശം, നാശംവരുത്തുക. ൪. അടക്കുക.

പ്രശമിത-വി. ന. ശമിപ്പിക്കപ്പെട്ട. ൨. നശിപ്പിക്കപ്പെട്ട.

പ്രശരം-വലിയ അമ്പു്.

പ്രശസ്ത-വി. ന. ശ്രേഷ്ഠമായുള്ള. ൨. നല്ല

പ്രശസ്തം-ന. ശ്രേഷ്ഠം. പ്രശസ്തം> <നിന്ദിതം. ൨. ജീരകം മുതലായതു വറത്തിട്ട കറി.

പ്രശസ്തി-ന. സ്തുതി. ൨. ശ്രേഷ്ഠത.

പ്രശസ്യ-വി. സ്തുതിക്കത്തക്ക.

പ്രശാന്ത-വി. അടക്കമുള്ള, ശമിച്ച. പ്രശാന്തം> <പ്രക്ഷുബ്ധം.

പ്രശാസനം-രക്ഷണം.

പ്രശാസ്താവു്-ന. ഋത്വിക്കുകളിൽ ഒരാൾ.

പ്രശ്നം-ന. ചോദ്യം. അറിവാനാഗ്രഹപ്പെട്ടു ചോദിക്കുന്നതു് എന്നർത്ഥം. ൨. ശകുനം.

പ്രശ്നക്കാരൻ-പ്രശ്നം പറയുന്നവൻ.

പ്രശ്നദൂതി-കടങ്കഥ.

പ്രശ്രയം-വിനയം, നല്ലശീലം. ൨. സ്നേഹം. ൩. മര്യാദ, ഉപചാരം.

പ്രശ്രവണം-ന. ഉറവു്. ൨. ഒഴുക്കു്. ൩. പടിഞ്ഞാറേ പർവ്വതനിരയിൽ ഒരു ഭാഗം.

പ്രശ്രിത-വി. അടക്കമുള്ള, വിനയമുള്ള.

പ്രശ്രിതൻ-വിനയം (താഴ്മ) ഉള്ളവൻ. ഗുണങ്ങളാൽ ആദ്യമേ സേവിക്കപ്പെട്ടവൻ.

പ്രശ്രുത, പ്രസൃത-വി. ഒഴുകിയ.

പ്രശ്ലേഷം-(വ്യാകരണത്തിൽ) ചിഹ്നങ്ങളിൽ ഒന്നു്.

ഇതു സംസ്കൃതത്തിലേ ചിഹ്നം. 'ഏ' 'ഒ' ഇത്യാദികളെ അധികം നീട്ടണമെന്നു കാണിക്കുന്നു — ഉദാ-ം. രാമേऽസ്തി — രാമേ അസ്തി.

പ്രഷ്ടാവു്-ചോദിക്കുന്ന ആൾ.

പ്രഷ്ഠൻ-ന. മുമ്പനടക്കുന്നവൻ. പ്രസ്ഥാനം ചെയ്യുന്നവൻ എന്നർത്ഥം. ൨. നായകൻ, ശ്രേഷ്ഠൻ.

പ്രഷ്ഠവാഹം(ട്)-മുഴിനുകംവച്ച കാള, നുകംവച്ചുകരികെട്ടിയ കാള. അഗ്രഗാമിയെ (മുമ്പോട്ടുനടക്കുന്ന കരിയെ) വഹിക്കുന്നവൻ എന്നർത്ഥം. (വാഹം=വച്ചുവാട്).

**പ്രഷ്ഠൗഹി**-കടിഞ്ഞൂൽ ചനയുള്ള പശു. പ്രഥമഗർഭത്തെ വഹിച്ചവൾ എന്നർത്ഥം.

**പ്രസക്ത**-വി. ൧. അധികതാൽപര്യമുള്ള. ൨. കൂടിച്ചേർന്ന. ൩. നിത്യമായുള്ള ൪. വിടിന്ന. ൫. ലഭിച്ച.

**പ്രസക്തി**-൧. താൽപര്യം. ൨. സ്നേഹം. ൩. ചേർച്ച. ൪. സംബന്ധം. ൫. കാര്യം.

**പ്രസംഗം**-ഒരു സംഗതിയെ കുറിച്ചു പറയുമ്പോൾ അതിനെ സംബന്ധിച്ചു മററു ചില കഥകളോ വർത്തമാനങ്ങളോ ഉണ്ടായിത്തീരുക, അതിനെപ്പററി ചേർത്തുപറയുന്ന വാക്കുകളും യുക്തികളും.

**പ്രസംഗതഃ**-ഒരു കാര്യം പറയുന്നതിനിടയ്ക്കു്.

**പ്രസംഗവശാൽ**- കാര്യവശാൽ, പറഞ്ഞുവന്നപ്പോൾ.

**പ്രസംഗാനുപ്രസംഗം**-ഒരു പ്രസംഗത്തിനെ തുടർന്നുള്ള മറെറാരു പ്രസംഗം.

**പ്രസംഗി**-പ്രസംഗിക്കുന്നവൻ.

**പ്രസംഗിക്കുന്നു**-ഒരു പ്രധാനസംഗതിയെക്കുറിച്ചു മററു പല കഥകളോ യുക്തികളോ പറയുന്നു, വിസ്തരിച്ചു പറയുന്നു.

**പ്രസന്ന**-വി. ൧. പ്രസാദമുള്ള. ൨. തെളിവുള്ള. ൩. ദയയുള്ള.

**പ്രസന്ന**-൧. ഒരുമാതിരി മദ്യം. ൨. തെളിഞ്ഞ മദ്യം.

**പ്രസന്നം**-൧. തെളിവുള്ളതു്. പ്രകൃഷ്ടമാകുംവണ്ണം മനസ്സിനെ പ്രാപിക്കുന്നതു് എന്നർത്ഥം. ൨. സാഹിത്യസാഹ്യപ്രകാരം രീതികളിൽ ഒന്നു്. ൩. സന്തോഷം.

**പ്രസന്നത**-൧. പ്രസാദം. ൨. തെളിവു്. ൩. ദയ.

**പ്രസന്നരാഘവം**- ജയദേവൻ ഉണ്ടാക്കിയ ഒരു നാടകം.

**പ്രസഭം**-൧. ബലാൽക്കാരം.

'പ്രസഭമിയന്നിഹകംസസാരഭ്രമം'
(ശ്രീകൃഷ്ണചരിതം മണിപ്രവാളം)
൨. അത്യർത്ഥം.

**പ്രസര**-വി. പ്രസരിക്കുന്ന, പോകുന്ന.

**പ്രസരം**-൧. പരക്കുക. ൨. വേഗം, ദ്രുതഗതി, ഒഴുക്കു്. ൩. യുദ്ധം. ൪. കൂട്ടം. ൫. ഇരിമ്പുകൊണ്ടുള്ള അമ്പു്. ൬. സമയം ൭. സാമർത്ഥ്യം ൮. വരിനെല്ലു്. ൯. പ്രീതിനിമിത്തം ഒന്നിനെക്കുറിച്ചു അപേക്ഷിക്കുക. ൧൦. പ്രേമം. ൧൧. ഏലാവാലുകം.

**പ്രസരണം**-൧ ശത്രുവിനെ വളയുക. ൨. പോകുക. ൩. പരക്കുക, പരന്നുഗമിക്കുക, വ്യാപിക്കുക ൪. എല്ലാടവും വ്യാപിച്ചുകൊണ്ടുള്ള പട പുറപ്പാടു്.

**പ്രസരണി**-ശത്രുവിനെ വളയുക.

**പ്രസരിക്കുന്നു**-൧. പരക്കുന്നു. ൨. ഉത്സാഹിക്കുന്നു. ൩. പ്രവേശിക്കുന്നു.

**പ്രസരിപ്പു്**-൧. പരപ്പു്, പരക്കുക. ൨. ഉത്സാഹം.

**പ്രസർപ്പണം**-ചുററി സഞ്ചരിക്കുക.

**പ്രസവം**-൧. പേറു്. ൨. പൂവു്. ൩. ഫലം, കായു്. ൪. ഉൽപാദനം. ൫. സന്തതി.

**പ്രസവബന്ധനം**-പൂവു്, കായു് മുതലായതിന്റെ ഞെട്ടു് (ഞെട്ടി). പുഷ്പഫലാദിയെ ബന്ധിച്ചു നില്ക്കുന്നതു് എന്നർത്ഥം.

**പ്രസവവേദന**- പ്രസവസമയത്തുണ്ടാകുന്ന നോവു്.

**പ്രസവിക്കുന്നു**-പെറുന്നു, ഉണ്ടാകുന്നു.

**പ്രസവ്യ**-വി. വിപരീതമായുള്ള, പ്രതികൂലമായുള്ള. ഇടത്തുഭാഗത്തുനിന്നു വിട്ട എന്നർത്ഥം.

**പ്രസഹിക്കുന്നു**-൧. പ്രകർഷേണ സഹിക്കുന്നു. ൨. അനുഭവിക്കുന്നു. ൩. ക്ഷമിക്കുന്നു. ൪. വഹിക്കുന്നു.

**പ്രസഹ്യ**-അ. ബലാൽകാരേണ, പ്രകർഷേണ സഹിച്ചിട്ട് എന്നൎത്ഥം.

**പ്രസാദം**-൧. തെളിവ്. ൨. സന്തോഷം. ൩. ദേവോച്ഛിഷ്ടം. ൪. ദയ. ൫. കാവ്യഗുണങ്ങളിൽ ഒന്ന്. ൬. അനുസരണം.

**പ്രസാദനം**-൧. ചോറ്. ൨. തെളിക്കുക. ൩. ദൃഷ്ടിക്കു തെളിവിനെ ഉണ്ടാക്കുന്നതു്.

**പ്രസാദിക്കുന്നു**-൧. സന്തോഷിക്കുന്നു. ൨. തെളിയുന്നു. (സ. ക്രി. പ്രസാദിപ്പിക്കുന്നു.)

**പ്രസാധക**-വി. ൧. നിവൎത്തിക്കുന്ന, സാധിക്കുന്ന. ൨. വെടിപ്പാക്കുന്ന, ശോധന ചെയ്യുന്ന ൩. അലങ്കരിക്കുന്ന. ൪. തികക്കുന്ന.

**പ്രസാധനം**-൧. അലങ്കാരം, വസ്ത്രം മുതലായവകൊണ്ടുണ്ടാക്കുന്ന അലങ്കാരം; ൨. ചീപ്പ്.

**പ്രസാധനി**-ചീപ്പ് (തലമുടി ചീന്തുന്ന സാധനം). കങ്കതികാ. സ്വച്ഛതയെ സാധിപ്പിക്കുന്നതു് എന്നൎത്ഥം. (പാഠാ-പ്രസാധനം).

**പ്രസാധിക**-൧. പ്രസാധകസ്ഥാനം വഹിക്കുന്നവൾ. ൨. വരിനെല്ല്.

**പ്രസാധിത**-വി. ൧. അലങ്കരിക്കപ്പെട്ട. ൨. തികയ്ക്കപ്പെട്ട.

**പ്രസാര(ണ)ം**-൧. സഞ്ചാരം. ൨. വ്യാപനം.

**പ്രസാരണി, പ്രസാരിണി**-തലനീലി. വാതംനിമിത്തം കോച്ചിയിരിക്കുന്ന അംഗങ്ങൾ ഈ ഔഷധത്തിൽ നീട്ടുവാൻ കഴിയുന്നതിനാൽ ഈ പേർവന്നു.

പ്രസാരിണി (തലനീലി) — വാതം, കഫം, വീക്കം മുതലായവയ്ക്കു നന്ന്. സം — പ്രസാരണി. ത-മുതിയാകന്തൽ.

**പ്രസാരി**-വി. പ്രസരിക്കുന്ന, നീളുന്ന, പരക്കുന്ന. (സ്ത്രീ-പ്രസാരിണി)

**പ്രസാരിത**-വി. ൧. നീട്ടപ്പെട്ട. ൨. പരത്തപ്പെട്ട.

**പ്രസാരീ**-വ്യാപിക്കുക ശീലമായിട്ടുള്ളവൻ. (പാഠം-വിസാരീ).

**പ്രസിത**-വി. ൧. താല്പൎയ്യമുള്ള. ൨. കെട്ടപ്പെട്ട.

**പ്രസിതാ**-ചലം, പൂയം.

**പ്രസിതി**-ബന്ധനം, കെട്ടുവാനുള്ള കയറു മുതലായതു്.

**പ്രസിദ്ധ**-വി. ൧. കേൾവിപ്പെട്ട. ൨. അലങ്കരിച്ച.

**പ്രസിദ്ധപ്പെടുന്നു** - കേൾവിപ്പെടുന്നു, (സ. ക്രി. പ്രസിദ്ധപ്പെടുത്തുന്നു.)

**പ്രസിദ്ധി**-കേൾവി.

**പ്രസിദ്ധിഹതം** - കാവ്യദോഷങ്ങളിൽ ഒന്ന്.

**പ്രസുപ്ത**-വി. ഉറങ്ങുന്ന.

**പ്രസൂ**-൧. അമ്മ. പ്രസവിക്കുന്നവൾ എന്നൎത്ഥം. ൨. പെൺകുതിര. ൩. വാഴ.

**പ്രസൂകാ**-പെൺകുതിര.

**പ്രസൂജനയിതാക്കൾ** - അച്ഛന്റേയും അമ്മയുടേയും കൂടിയുള്ള പേർ.

**പ്രസൂത**-വി. ജനിച്ച, പ്രസവിക്കപ്പെട്ട.

**പ്രസൂതാ**-൧. പ്രസവിച്ചവൾ ൨. അപ്പോൾ പ്രസവിച്ചവൾ (പെറ്റെഴുന്നേല്ക്കാത്തവൾ.)

**പ്രസൂതം**-പൂവ്.

**പ്രസൂതി**-൧. പ്രസവം. ൨. സന്തതി. ൩. മനുവിന്റെ ഒരു പുത്രി, ദക്ഷന്റെ ഭാൎയ്യ.

**പ്രസൂതികാ**-പ്രസവിച്ചവൾ. (പ്രസൂതാ എന്നതു നോക്കുക.)

**പ്രസൂതിജം**-അതിവേദന, ദുഃഖം. പ്രസൂതിയിലുണ്ടാകുന്നതു് എന്നൎത്ഥം.

**പ്രസൂന**-വി. ജനിച്ച.

**പ്രസൂനം**-പു. പുഷ്പം. ഉത്ഭവിച്ചതു് എന്നർത്ഥം. വ. കായ്.

**പ്രസൃത**-വി. മുഴങ്കാൽ, കണങ്കാൽ. വളർന്നതു് എന്നർത്ഥം.

**പ്രസൃതം**-രണ്ടു പലം.

**പ്രസൃതാ, പ്രസൃതി**-വെള്ളം കോരുന്നതിനു വണ്ണം പിടിച്ച കൈ. കുറഞ്ഞൊന്നു മടക്കിയ വിരലുകളോടുകൂടിയ ഒററക്കൈപ്പടം, ഒരു പോങ്ങ.

**പ്രസൃമരം**-ഏററവും.

**പ്രസേനൻ**-സത്രാജിത്തിൻെറ സഹോദരൻ, നിഘ്നൻെറ പുത്രൻ.

സ്യമന്തകം മൂലം ഒരു സിംഹത്താൽ വധിക്കപ്പെട്ടു.

**പ്രസേവം**-പു. ചാക്ക്. വ. കൊട്ട, വട്ടി മുതലായതു്. പ്രകർഷേണ സീവനം ചെയ്യപ്പെടുന്നതു (നെയ്യപ്പെടുന്നതു്) എന്നർത്ഥം.

**പ്രസേവകം** - വീണയുടെ ചുര(ങ്ങ). സേവിക്കപ്പെടുന്നതു എന്നർത്ഥം.

വീണയുടെ ചുവട്ടിൽ ചേർത്തു ബന്ധിക്കപ്പെടുന്നതാണ്. ശബ്ദഗാംഭീര്യത്തിനാണത്രെ ഇതു ചേർക്കുന്നതു്. ഇതു മരം കൊണ്ടുണ്ടാക്കി തോൽ പൊതിഞ്ഞിട്ടുമാവാം.

**പ്രസ്തരം**-പു കല്ല്, പാറ പ്രകർഷേണ മറയ്ക്കുന്നതു് എന്നർത്ഥം വ. രത്നം. ന. പൂമെത്ത.

**പ്രസ്താരം**-പു. ചവറ്, കാട്. വ. പുൽത്തല്പം.

**പ്രസ്താവം**-പറച്ചിൽ.

**പ്രസ്താവന**-പു. ആരംഭം. വ. നാന്ദ്യാരംഭം. ന. പറച്ചിൽ

പ്രസ്താവനയുടെ ലക്ഷണം.

'നടീവിദൂഷകോവാപി
പാരിപാർശ്വികയേവവാ
സൂത്രധാരേണസഹിതാ
സല്ലാപംയത്രകുർവതേ
ചിത്രൈർവാക്യൈഃസ്വകാര്യോത്ഥൈഃ
പ്രസ്തുതാക്ഷേപിഭിർമ്മിഥഃ
ആമുഖംതത്തുവിജ്ഞേയം
നാമ്നാപ്രസ്താവനാ....'

(നാടകപ്രവേശിക)

സൂത്രധാരനൊന്നിച്ചു നടിയെ വിദൂഷകനൊ പാരിപാർശ്വികനൊ രംഗത്തിൽവെച്ചു ചിത്രം,സ്വന്തകാര്യം, പ്രകൃതവിഷയം എന്നിവയെക്കുറിച്ചു ചെയ്യുന്ന സംഭാഷണഭാഗമാണ്. പ്രസ്താവനയിൽ ആദ്യം സൂത്രധാരൻ സഭയെ വന്ദിക്കണം. പിന്നീടു നാടകത്തിൻെറ പേർ അതുണ്ടാക്കിയ കവിയുടെ പേർ മുതലായതും പ്രസ്താവിക്കണം. ഏതെങ്കിലും ഒരു ഋതുവിനെ വർണ്ണിച്ചേ കഴിയൂ. ഇതാണു പ്രസ്താവന.

**പ്രസ്താവിക്കുന്നു**-പറയുന്നു.

**പ്രസ്തുത**-വി. പു. അറിയിക്കപ്പെട്ട. വ. സ്തുതിക്കപ്പെട്ട.

**പ്രസ്തുതം**-പു പ്രകൃതം. വ. ആലോചിക്കപ്പെടുന്ന കാര്യം. ന. പ്രസ്താവിക്കപ്പെട്ടതു്.

**പ്രസ്ഥ**-വി. പു പരക്കുന്ന. വ. ഉറപ്പായിട്ടിരിക്കുന്ന.

**പ്രസ്ഥം**-പു. ഒരളവ്, ഇടങ്ങഴി. ഇതു കൊണ്ടു് അളവു നടത്തുന്നതിനാൽ ഈ പേർ വന്നു. വ. മലയുടെ മദ്ധ്യേയുള്ള ഒരു പരപ്പ്. ന. തടം, തടപ്രദേശം, മലച്ചെരിവ്. ര. പർവതത്തിൻെറ താഴ്വര.

**പ്രസ്ഥദേശം**-തടം.

**പ്രസ്ഥപുഷ്പം**-ചെറുതുളസി, കർപ്പൂരതുളസി. മണിക്കഞ്ചകം, ചിലേടങ്ങളിൽ സമുദ്രപ്പച്ച.

**പ്രസ്ഥമാനം**-നാഴി ഇടങ്ങഴി മുതലായതുകൊണ്ടു് അളന്നു കൃത്യപ്പെടുത്തുന്നതു്.

**പ്രസ്ഥാനം**-൧ യാത്ര, പുറപ്പാട്. ൨. രീതി.

**പ്രസ്ഥാനരാസകം** - ൧൨-ാംശതവർഷത്തിൽ ഉത്തരഇൻഡ്യയിൽ നടപ്പിലിരുന്ന ഒരുതരം നൃത്യകൃതി.

**പ്രസ്ഥാനവിഘ്നം**-യാത്രമുടങ്ങുക.

**പ്രസ്ഥാപനം**-൧. അറിയിക്കുക ൨. സംഭാഷണം. ൩. നീക്കൽ, മാററുക. ൪. തെളിവാക്കുക. ൫. പ്രയോഗം. ൬. വെയ്പ്.

**പ്രസ്ഥാപിക്കുന്നു**- ൧. അറിയിക്കുന്നു. ൨. നല്ലപോലെ വെക്കുന്നു.

**പ്രസ്ഥാപിത**-വി. ൧. അറിയിക്കപ്പെട്ട ൨. അയക്കപ്പെട്ട. ൩. പ്രകർഷേണ വെക്കപ്പെട്ട.

**പ്രസ്ഥിത**-വി. പുറപ്പെട്ട.

**പ്രസ്നവം**-ചുരന്നപാൽ.

**പ്രസ്ഫുട**-വി. വിടിരപ്പെട്ട.

**പ്രസ്ഫുരണം**-വിറയൽ, വലുതാകുക.

**പ്രസ്ഫുരമാണ**-വി. വിറച്ചുംകൊണ്ടിരിക്കുന്ന, വലുതാകുന്ന.

**പ്രസ്ഫുരിക്കുന്നു**-വിറയ്ക്കുന്നു, വലുതാകുന്നു.

**പ്രസ്ഫുരിത**-വി. ൧. ഇളക്കപ്പെട്ട. ൨. വിറയ്ക്കുന്ന.

**പ്രസ്ഫോടനം**-൧. അരിപ്പുകൊട്ട, മുറം. ഇതുകൊണ്ടു ധാന്യാദികളിലെ ഉമി മുതലായതു വേർപെടുത്തുന്നതിനാൽ ഈ പേർ വന്നു. ൨. അടിക്കുക. ൩. വിടിക്കുക.

**പ്രസ്മൃതി**-മറവി.

**പ്രസ്രവം**-൧. ഒഴുക്ക്. ൨. മൂത്രം. ൩. തികഞ്ഞുതൂകുന്ന കഞ്ഞിപ്പത.

**പ്രസ്രവണം**-൧. മൂത്രമൊഴിക്കുക. ൨. കാലുക. ൩. മാല്യവാൻപർവതം. ൪. വെള്ളച്ചാട്ടം. ൫. പാൽ. ൬. ഉറവകുഴി. പർവതത്തിൽ ജലം (ഉറവു) പുറപ്പെടുന്ന സ്ഥലം.

**പ്രസ്രാവം**-മൂത്രം. പ്രസ്രവിക്കുന്നതു് എന്നർത്ഥം.

**പ്രസ്വാപം**-൧. ഉറക്കം. ൨. സ്വപ്നം.

**പ്രഹത**-വി. ൧. അടിക്കപ്പെട്ട. ൨. കൊല്ലപ്പെട്ട ൩. വിടർത്തപ്പെട്ട ൪. കെട്ടപ്പെട്ട.

**പ്രഹരം**-൧. അടി. ൨. യാമം (ഏഴര നാഴിക) ഢക്കാദി വാദ്യങ്ങളടിക്കപ്പെടുന്ന സമയം. ൩. അസ്ത്രപ്രയോഗം.

**പ്രഹരണം**-൧ ആയുധം. ൨. അടി, ൩. യുദ്ധം.

**പ്രഹരിക്കുന്നു**-൧. അടിക്കുന്നു, ഇടിക്കുന്നു. ൨, ആയുധങ്ങൾ എടുത്തു മററൊരുവന്റെ മേൽ പ്രയോഗിക്കുന്നു.

**പ്രഹർഷം**-൧. സന്തോഷം. ൨. രോമാഞ്ചം.

**പ്രഹർഷണം**-'സമാധി' എന്ന അലങ്കാരത്തിന്റെ വകഭേദം.

**പ്രഹർഷിണി**-൧. മഞ്ഞൾ. ൨. നായിക്കൊരുണ. ൩. ഒരു വൃത്തം.

**പ്രഹസനം**-൧. ഉറക്കെയുള്ള ചിരി, ൨. പരിഹാസം. ൩. ദശരൂപകങ്ങളിൽ ഒന്ന്.

"ഭാണത്തിലെന്നപോലെ പ്രഹസനത്തിൽ മുഖനിർവ്വഹണസന്ധികളും ദശലാസ്യാംഗങ്ങളും ഒരങ്കവുമുണ്ടായിരിക്കണം. ഇതിവൃത്തം കല്പിതവും നിന്ദ്യാശ്രയവുമാകേണ്ടതാണ്. ആരഭടീവൃത്തിയും വിഷ്കംഭപ്രവേശകങ്ങളും ഉണ്ടാകരുതു്. അംഗിയായി ഹാസ്യരസത്തെ നിവേശിപ്പിക്കണം. താപസസന്ന്യാസിബ്രാഹ്മണാദികളിൽ ആരെങ്കിലുമാണ് നായകനായിരിക്കേണ്ടതു്. നായകൻ ധൃഷ്ടനായിരുന്നാൽ ശുദ്ധപ്രഹസനമാകും. ശുദ്ധപ്രഹസനത്തിനു 'കന്ദർപ്പകേളി' എന്നതിനെ ഉദാഹരിക്കാം. നായകൻ ധൃഷ്ടനല്ലെങ്കിൽ സങ്കീർണ്ണപ്രഹസനമാകും.

ധൃഷ്ടചരിതം നോക്കുക. ധൃഷ്ടനായകന്മാരുടെ ചരിത്രത്തെ പ്രസ്താവിക്കുന്നതും രണ്ടങ്കങ്ങളുടങ്ങിയതും (അഥവാ ഒരങ്കം ഉണ്ടായാലും മതി) ആയ പ്രഹസനത്തിന സങ്കീൎണ്ണപ്രഹസനം എന്ന പേർ പറയാമെന്ന ചിലർ അഭിപ്രായപ്പെടുന്നുണ്ട്. അങ്ങിനെയാണെങ്കിൽ 'ലടകമേളക'ത്തെ സങ്കീൎണ്ണപ്രഹസനമെന്ന പറയാവുന്നതാണ്."

**പ്രഹസന്തീ**-ഫ. കരമുഴി. വ. വെളുത്ത വലിയ പിച്ചകം.

**പ്രഹസിക്ക**-പൊട്ടിച്ചിരിക്ക.

**പ്രഹസ്തം**-ഒരു കൈപരത്തുക, വിരലെല്ലാം നിവൎത്തി പരത്തിയ കൈപ്പടം.

**പ്രഹസ്തൻ**-രാവണന്റെ ഒരു സേനാനായകൻ.

**പ്രഹാണം**-ത്യാഗം.

**പ്രഹാരം**-ഫ. അടി. വ. വധം.

**പ്രഹാരണം**-ഫലേഛയോടുകൂടി ചെയ്യുന്ന ദാനം. (പ്രവാരം എന്നതിന്റെ ഒരു പാഠം.)

**പ്രഹാസം**-ഫ. ഉറക്കെയുള്ള ചിരി. വ. ഗോഷ്ഠി.

**പ്രഹാസി**-വി, ഗോഷ്ഠികാട്ടുന്ന.

**പ്രഹി**-കിണറ്. ഇതിൽനിന്നും ജലം പ്രകൃഷ്ടമാകുംവണ്ണം ഹരിക്കപ്പെടുന്നതുകൊണ്ടു ഈ പേർ വന്നു.

**പ്രഹിത**-വി. ഫ. ഹിതമായ. വ. നിക്ഷേപിക്കപ്പെട്ട. ന. അയക്കപ്പെട്ട. ര. വെക്കപ്പെട്ട.

**പ്രഹിതം**-ചാറ്.

**പ്രഹൃതൻ**-പ്രഹരിക്കപ്പെട്ടവൻ, ദണ്ഡനം ഏററവൻ.

**പ്രഹൃഷ്ടം**-വി. സന്തോഷിച്ച, അതിസന്തോഷമുള്ള.

**പ്രഹേണകം**-സദ്യ.

**പ്രഹേളിക**-ഫ. കടങ്കഥ, സാഭിപ്രായത്തെ മറച്ചുവച്ചു പറയുക. വ. അൎത്ഥം മനസ്സിലാകുവാൻ പ്രയാസമുള്ള വാക്യം. പ്രഹേളി എന്നുമാവാം.

**പ്രഹ്ലന്ന**-വി. സന്തോഷമുള്ള, സന്തോഷിച്ച.

**പ്രഹ്ലന്നി**-സന്തോഷം.

**പ്രഹ്ലാദൻ**-ഒരസുരൻ, ഹിരണ്യകശിപുവിന്റെ പുത്രൻ.

ഹിരണ്യകശിപു പരമദുഷ്ടനായിരുന്നു. അയാൾ ബ്രഹ്മാവിനെ ഉദ്ദേശിച്ചു തപസ്സുചെയ്തു വരംവാങ്ങി സാധുജനങ്ങളെ ദ്രോഹിപ്പാൻ തുടങ്ങി. താനൊഴിഞ്ഞു മറെറാരു നാഥൻ ഇല്ലെന്നു തീൎച്ചയാക്കി നടവടികൾ ആരംഭിച്ചു തന്റെ നാമമേ ജപിക്കാവൂ എന്ന് എല്ലായിടങ്ങളിലും ഏൎപ്പാടുചെയ്തു. മൂത്തമകൻ പ്രഹ്ലാദൻ ആയിരുന്നു. ഇദ്ദേഹം ദിവ്യനും വിഷ്ണുഭക്തനുമാകയാൽ പിതാവിന്റെ കല്പനയെ നിരസിച്ചു. പലപ്രകാരത്തിലും മകന്റെ മനസ്സിനെ വിഷ്ണുഭക്തിയിൽനിന്നും വേർപെടുത്താൻ ശ്രമിച്ചതിൽ നടന്നില്ല. പിന്നീടു പുത്രനെ കൊന്നുകളവാൻ കല്പിച്ചു. പിന്നെ ബാലൻ പിതാവിനോടിങ്ങനെ ഉണൎത്തിച്ചു.

'ഭാഗവത പ്രിയനായിരുന്നനഘം
ആഗമകാണ്ഡലാമാദിനാഥപദം * ഭ
ക്ത്യാ ഭജിപ്പതത്യുത്തമം' എന്നുതൻ പു
ത്രൻപറഞ്ഞതുകേട്ടസുരേശ്വരൻ * പെ
ട്ടെന്നു വാളുമെടുത്തെഴുന്നേററലറിക്കൊണ്ടൊ
ഴിയാതെനിറഞ്ഞവൻതൂണിതിൽ * നി
ല്പവൻവന്നുരക്ഷിക്കണമിത്തരം ദുർഭാഷ
ണംചെയ്യുന്നില്ലുന്നിന്നെഞാൻ * വെ
ട്ടിക്കളവെനെന്നോടിയടുത്തു തൻ മുഷ്ടി
കൊണ്ടെടുന്നുകുത്തീടിനാൻതൂണിന്മേൽ'

ഉടൻ തൂണു പിളൎന്നു നരസിംഹമൂൎത്തി പുറപ്പെട്ടു ഹിരണ്യകശിപുവിനെ വധിച്ചു. അനന്തരം ദൈത്യരുടെ ആയുധങ്ങൾകൊണ്ടും സൎപ്പങ്ങൾകൊണ്ടും സ്വൎഗ്ഗീയ ശസ്ത്രങ്ങൾകൊണ്ടും അഗ്നികൊണ്ടും പ്രഹ്ലാദനെ വധിപ്പാൻ കഴിഞ്ഞില്ല. പ്രഹ്ലാദൻ ദൈത്യരാജാവായി. ഇദ്ദേഹം മരണാനന്തരം ഇന്ദ്രസ്ഥാനം വഹിച്ചിരുന്നപ്രകാരം പത്മപുരാണത്തിൽ പറയുന്നു. മുജ്ജന്മത്തിൽ പ്രഹ്ലാദൻ സോമശൎമ്മാവ് എന്ന ഒരു ബ്രാഹ്മണനായിരുന്നു എന്നും വിഷ്ണുവിനോടു ലയിപ്പാൻ തപസ്സനുഷ്ഠിച്ചു എന്നും തപസ്സു ചെയ്യുമ്പോൾ ദൈത്യരുടെ ഭയധ്വനി ഹേതുവായിട്ടു അതിനു തടസ്സമുണ്ടായി എന്നും അതുകൊണ്ട് ഒരു ദൈത്യനായി പിറന്നു എന്നും അന്നു ദേവകളുമായുള്ള യുദ്ധത്തിൽ ദൈത്യരുടെ വശത്തു ചേരുകയാൽ വിഷ്ണു ചക്രംകൊണ്ടു വധിച്ചു എന്നും അതിൽപിന്നീടാണ് ഹിരണ്യകശിപുവിന്റെ മകനായി ജനിച്ചതെന്നുംകൂടി ആ പുരാണത്തിൽനിന്നും വെളിവാകുന്നു.

പ്രഹ്ലാദം- ൧. സന്തോഷം. ൨. അട്ടഹാസം.

പ്രഹ്വ-വി. ൧. കുനിഞ്ഞ. ൨. താൽപൎയ്യമുള്ള.

പ്രളയം-൧. ജലപ്രളയം. ഓരോ കല്പാവസാനത്തിലുള്ള ലോകനാശം, ജഗത്തിന്റെ പ്രകൃഷ്ടമായ ലയകാലം. മററു പൎയ്യായങ്ങൾ-സംവൎത്തം, കല്പം, ക്ഷയം, കല്പാന്തം.

ഈ ലോകത്തിൽ സൎവ്വ ചരാചരങ്ങളും നശിച്ച് ത്രൈലോക്യമെല്ലാം ജലാവൃതമാകുമ്പോൾ ഭഗവാൻ മഹാവിഷ്ണു മാത്രം കുഞ്ഞിന്റെ വേഷത്തിൽ ഒരു ആലിലയിൽ പ്രളയസമുദ്രത്തിൽ പൊങ്ങിക്കിടക്കും. ഇതാത്രേ മഹാപ്രളയം.

൨. മോഹാലസ്യം. ൩. മരണം.

പ്രളയങ്ങൾ മൂന്നുവിധം-നൈമിത്തികപ്രളയം (അനാവൃഷ്ടിമൂലം ഉണ്ടാകുന്നു), പ്രാകൃതപ്രളയം (ഘോരസംവൎത്താഗ്നിമൂലം ഉണ്ടാകുന്നു), ആത്യന്തികപ്രളയം (അതിവൃഷ്ടിമൂലം ഉണ്ടാകുന്നു).

പ്രളയാന്തം - പ്രളയത്തിന്റെ അവസാനം.

---

## പ്രാ

പ്രാക്-൧. കിഴക്കേദിക്ക്. ൨. കിഴക്കുള്ള ദേശം ൩. കഴിഞ്ഞകാലം.

പ്രാക്-വി. ൧. കിഴക്കുള്ള. ൨. മുമ്പേയുള്ള. ൩. മുകളിലുള്ള.

പ്രാക്-അ. ൧. മുൻപ് ൨. കിഴക്ക്. ൩. കഴിഞ്ഞ.

പ്രാക്പ്രയോഗം- (വ്യാകരണത്തിൽ) ഏതു ധാതുവിനെ സഹായിപ്പാനായി അനുപ്രയോഗം ചെയ്യുന്നുവോ ആ ധാതു.

പ്രാക്ഫലം-പ്ലാവ്.

പ്രാകാമ്യം- ൧. അഷ്ടൈശ്വൎയ്യങ്ങളിൽ ഒന്ന്. ൨. തന്റെ ഇഷ്ടംപോലെ പ്രവൎത്തിക്കുന്ന അവസ്ഥ, ശിവന്റെ ഒരു സിദ്ധി.

പ്രാകാരം-മതിൽ. ഉറപ്പിൽ കെട്ടിയുണ്ടാക്കപ്പെടുന്നതു് എന്നൎത്ഥം.

പ്രാകാരഗൃഹം-കോട്ടയിലുള്ള വീട്.

പ്രാകാശം-൧. ഒരുവക ആഭരണം. ൨. ഒരുമാതിരി കണ്ണാടി.

**പ്രാകാശ്യം**- അഷ്ടൈശ്വൎയ്യങ്ങളിൽ ഒന്നു്. എപ്പോൾ എവിടെ പ്രകാശിക്കേണമെന്നു താൻ വിചാരിക്കുന്നുവോ അപ്പോൾ അവിടെ പ്രത്യക്ഷനാവുക എന്നതു്.

**പ്രാകുന്നു**-ശപിക്കുന്നു.

**പ്രാകൃത**-വി. ൧. പ്രകൃതത്തെ സംബന്ധിച്ച, സ്വഭാവത്തെ സംബന്ധിച്ച. ൨. നീചത്വമുള്ള. ൩. പരിഷ്കാരമില്ലാത്ത.

പ്രാകൃതഭാഷ-പാലിഭാഷയാണു് പ്രാകൃതഭാഷകളായി പിരിഞ്ഞതു്. പ്രാകൃതഭാഷകളുടെ സ്വരൂപത്തിന്റെ ജ്ഞാനം കാളിദാസൻ തുടങ്ങിയുള്ള കവികളാൽ ഉണ്ടാക്കപ്പെട്ടിട്ടുള്ള നാടകങ്ങളിൽ നിന്നു നമുക്കു ലഭിക്കുന്നുണ്ടു്. ഒടുവിൽ ക്രിസ്ത്വാബ്ദം ൧൨-ാം ശതവൎഷത്തിൽ പുരാതനങ്ങളായ രാജകുടുംബങ്ങൾ ക്ഷയിച്ചു രാജപുത്രന്മാരെന്ന ജാതിക്കാർ എല്ലായിടത്തും പ്രബലന്മാരായി തീൎന്നതിനോടുകൂടി പ്രാകൃതഭാഷകൾ ഹിന്ദി മുതലായ ഭാഷകളായി പരിണമിച്ചു. ഉത്തരഹിന്ദുസ്ഥാനിൽ അഞ്ചു ഗൌഡഭാഷകൾ ഉണ്ടെന്നു ചിലർ പറഞ്ഞിട്ടുണ്ടു്.

**പ്രാകൃതം**-൧. പ്രാകൃതശാസ്ത്രം. ൨. പ്രാകൃതഭാഷ. ൩. ക്ഷീണം.

സംസ്കൃതം ദുഷിച്ചുണ്ടായ ഒരു ഭാഷയാണു് പ്രാകൃതം. സംസ്കൃതനാടകങ്ങളിൽ സ്ത്രീകളും സാധാരണപാത്രങ്ങളും ഈ ഭാഷയാണു സംസാരിക്കുന്നതു്.

**പ്രാകൃതൻ**-നീചൻ (നിസ്സാരൻ, അപരിഷ്കൃതൻ). അകാൎയ്യങ്ങൾ അധികം ചെയ്യുന്നവൻ എന്നൎത്ഥം.

'പ്രാകൃതശ്ച പൃഥഗ്ജനം'

(അമരം)

**പ്രാക്കു്, പ്രാക്കൽ, പിരാക്കു്**-നീചമായ ശാപം.

**പ്രാക്കൂടു്**-പ്രാവിന്റെ കൂടു്.

**പ്രാക്തന**-വി. ഏററവും പണ്ടേയുള്ള, മുജ്ജന്മത്തിലുള്ള.

'പ്രാക്തനദേഹസ്ഥകൎമ്മണാം'

(രാമായണം)

**പ്രാഖൎയ്യം**-൧. എരിവു്. ൨. മൂൎച്ച ൩. ധൃഷ്ടത. ൪. ഉത്സാഹം.

**പ്രാഗത്ഭ്യം**-൧. ധൈൎയ്യം, ൨. അഹമ്മതി.

**പ്രാഗഭാവം**-തൎക്കശാസ്ത്രത്തിൽ പറയുന്ന ഒരു ലക്ഷണം.

**പ്രാഗ്ജന്മം**-പൂൎവ്വജന്മം.

'പ്രാഗ്ജന്മപുണ്യക്ഷയലബ്ധയാകം'

**പ്രാഗ്ജ്യോതിഷം**-ഒരു രാജ്യം.

പണ്ടത്തെ 'കാമരൂപം' എന്ന രാജ്യത്തിന്റെ രാജധാനി. 'കാമരൂപ'ത്തെ ഇപ്പോൾ 'ആസാം' എന്നു പറഞ്ഞുവരുന്നു. ഭാരതയുദ്ധകാലത്തു ഇവിടത്തെ രാജാവു് ഭഗദത്തനായിരുന്നു.

**പ്രാഗ്ദക്ഷിണം**-തെക്കുകിഴക്കു്.

**പ്രാഗ്ഫല്ഗുനി**-പൂരം നക്ഷത്രം.

**പ്രാഗ്ഭവ**-൧. കിഴക്കുണ്ടായ. ൨. മുമ്പിലുണ്ടായ.

**പ്രാഗ്ഭാഗം**-൧. മുൻപിലത്തെ ഭാഗം. ൨. കിഴക്കേഭാഗം.

**പ്രാഗാരം**-ഭവനം.

**പ്രാഗുദീചി**-വടക്കുകിഴക്കു്.

**പ്രാഗ്ര**-വി. ശ്രേഷ്ഠമായ, പ്രധാനമായ.

**പ്രാഗ്രഹര**-വി. പ്രധാനമായ

**പ്രാഗ്ര്യ**-വി. പ്രധാനമായ.

**പ്രാഗ്വംശം**-൧. യാഗശാലയിൽ ഹവിസ്സു ചാതിപ്പാനായി ഉണ്ടാക്കിയ സ്ഥലത്തിന്റെ കിഴക്കുഭാഗത്തായി യജമാനനും സദസ്യന്മാൎക്കും ഇരിക്കേണ്ടതിനു

നിൎമ്മിക്കപ്പെട്ട സ്ഥലം. പ്രകൎഷേണ പൂൎവ്വമായ വംശാത്തോടു (മുളയോടു) കൂടിയതു് എന്നൎത്ഥം. ൨. യാഗശാലയുടെ കിഴക്കും പടിഞ്ഞാറുമുള്ള സ്തംഭങ്ങളിൽ വയ്ക്കപ്പെട്ട നീണ്ട മരം.

**പ്രാഘാതം**-യുദ്ധം.

**പ്രാഗ്ഭാരം**-നെയ്യു മുതലായ ദ്രവസാധനങ്ങൾ ഇറ്റുവീഴുക, ഊറുക, കാലുക.

**പ്രാഘുണകൻ, പ്രാഘുൎണ്ണികൻ**-അഭ്യാഗതൻ.

അതിഥിക്കു പറഞ്ഞ ലക്ഷണങ്ങൾ ഇല്ലാത്തവരെല്ലാം അഭ്യാഗതന്മാരാണ്. ബന്ധുക്കൾ, കാൎയ്യാൎത്ഥമായി വരുന്നവർ, ഏകഗ്രാമീണന്മാർ മുതലായവർ ഈ ഇനത്തിൽ ഉൾപ്പെടുന്നു.

**പ്രാംഗം**-പണവം എന്ന വാദ്യം.

**പ്രാംഗണ(ന)ം**-൧. ന്യായസ്ഥലം. ൨. മിററം, അങ്കണം. ൩. ഒരുവക വാദ്യം.

**പ്രാചിക**-൧. ഒരുവക ഈച്ച, കാട്ടീച്ച. ൨. പെൺപരുന്തു്.

**പ്രാചീ**-കിഴക്കു്. പ്രഥമം സൂൎയ്യനോ ഗമിക്കുന്നതു് എന്നൎത്ഥം.

**പ്രാചീന**-വി. ൧. കിഴക്കുള്ള. ൨. പണ്ടുള്ള. പ്രാചീനം > < അൎവ്വാചീനം.

**പ്രാചീന**-൧. പാടവള്ളി. ൨. വേലി.

**പ്രാചീനം**-വേലി, പുറമതിൽ.

**പ്രാചീനപനസം**-കൂവളം.

**പ്രാചീനബൎഹിസ്സ്**-ദേവേന്ദ്രൻ.

**പ്രാചീനാവീതം** - ഇടത്തൂടിട്ട പൂണുനൂൽ. പ്രദക്ഷിണമായി ഇട്ടതു് എന്നൎത്ഥം.

**പ്രാചീനപാൻ**-ജനമേജയനു അനന്തരത്തിൽ ഉണ്ടായവൻ.

**പ്രാചീരം**-വേലി.

**പ്രാചുൎയ്യം**-൧. സമൃദ്ധി. ൨. കൂട്ടം, സംഘം.

**പ്രാചേതസൻ**-വാല്മീകിമഹൎഷി, ആദികവി.

**പ്രാചേതസ്സ്**-൧. മനു. ൨. ദക്ഷൻ. ൩. വാല്മീകി.

**പ്രാച്യ**-വി. കിഴക്കുള്ള.

**പ്രാച്യം**-ശരാവതീനദിയുടെ തെക്കുകിഴക്കുള്ള ദേശം. പ്രാചിയിൽ ഭവിച്ചതു് എന്നൎത്ഥം.

ശരാവത്യാഃ അവധേഃ പ്രാഗ്ദക്ഷിണഃ യഃ ദേശഃ സഃ പ്രാച്യഃ ഇത്യുച്യതേ = ശരാവതീനദിയാകുന്ന അവധിയുടെ കിഴക്കുതെക്കു യാതൊരു ദേശം അതു പ്രാച്യം എന്നു പറയപ്പെടുന്നു. ശരാവതി ഭാരതവൎഷത്തിന്റെ കിഴക്കുവടക്കൽ ഭവിച്ചു തെക്കുപടിഞ്ഞാട്ടൊഴുകി സമുദ്രത്തിൽ ചേരുന്നു. അതിനെ ഒരവധിയാക്കി കല്പിച്ചു ഭാരതവൎഷത്തെ രണ്ടായി തിരിക്കുന്നു.

**പ്രാജകൻ**-മെയ്ക്കുന്നവൻ, തേരുതെളിക്കുന്നവൻ.

**പ്രാജനം**-കന്നുകാലികളെ അടിക്കുന്ന ഒരു വടി, കാള മുതലായതിനെ തെളിക്കുന്ന മുടിക്കോൽ. ഇതുകൊണ്ടു തെളിക്കുന്നതിനാൽ ഈ പേർ വന്നു (പാഠം-പ്രാജനം).

**പ്രാജാപത്യ**-വി. പ്രജാപതിയെ സംബന്ധിച്ച.

**പ്രാജാപത്യം**-൧. വിവാഹം എട്ടുപ്രകാരമുള്ളതിൽ ഒന്നു്. (അഷ്ടവിവാഹങ്ങൾ നോക്കുക). ൨. പാപനിവൃത്തിക്കുള്ള ഒരു വ്രതം. ൩. ഒരുത്തിയെ ദത്തെടുക്കുമ്പോൾ കഴിക്കുന്ന ഒരു കൎമ്മം. ൪. പിതൃലോകം. ൫. സന്ന്യസിക്കുന്നതിനു മുമ്പിൽ തനിക്കുള്ളതൊക്കെയും ഉപേക്ഷിക്കുക.

പ്രാജാപത്യൻ-വിഷ്ണു.

പ്രാജികം-പരുന്തു്.

പ്രാജിതാവു്-തേർ തെളിക്കുന്ന സൂതൻ. ഗമിപ്പിക്കുന്നവൻ എന്നൎത്ഥം.

പ്രാജ്യ-വി. വളരെയുള്ള, പെരുകിയ, വലിയ.

പ്രാജ്യം-അധികം.

പ്രാജ്ഞ-വി. ൧. ബുദ്ധിയുള്ള ൨. വിദ്യയുള്ള, അടക്കമുള്ള.

പ്രാജ്ഞം-പെരുന്തത.

പ്രാജ്ഞൻ-വിദ്വാൻ, ബുദ്ധിമാൻ. പ്രജ്ഞയുള്ളവൻ എന്നൎത്ഥം.

പ്രാജ്ഞാ-ബുദ്ധിയുള്ളവൾ, അലൌകികങ്ങളായ വസ്തുക്കളിൽ കൂടി അറിവുള്ളവൾ. (പാഠം-പ്രാജ്ഞി)

പ്രാഞ്ചുന്നു-ക്ഷീണംകൊണ്ടു തളൎന്ന പതുക്കെ നടക്കുന്നു, പ്രാഞ്ചിനടക്കുന്നു.

പ്രാഞ്ജല-വി. കപടമില്ലാത്ത, നേരുമാൎഗ്ഗമുള്ള.

പ്രാഞ്ജലി-കൂപ്പുകൈയ്, തൊഴുവാനായി കൈകൂട്ടി നമിച്ചു കൂപ്പുക.

പ്രാഞ്ജലി-വി. കൈകൂപ്പിയ.

പ്രാഡ്വിവാകൻ-ജഡ്ജി, ന്യായാധിപതി. രണ്ടു കക്ഷികളുടേയും വാദം കേട്ടു് അതിനെപ്പററി സത്യാസത്യവിവേചനം ചെയ്യുന്നവൻ എന്നൎത്ഥം. മറെറാരു പൎയ്യായം—അക്ഷദൎശകൻ.

'പ്രാഡ്വിവാകന്മാരെപ്പോലെ
നിന്നിതോരോപാട്ടിൽ'
(ഐരാവതപൂജ തുള്ളൽ)

പ്രാണ-നിറഞ്ഞ.

പ്രാണം-നറുമ്പശ.

പ്രാണഗ്രഹഃ-മൂക്കു്.

പ്രാണദ-വി. പ്രാണനെ ദാനംചെയ്യുന്ന.

പ്രാണദം-൧. ജലം. ൨. ചോര.

പ്രാണദൻ-൧. വിഷ്ണു. ൨. വായു.

പ്രാണധാരണം-ജീവരക്ഷണം.

പ്രാണൻ-൧. ജീവൻ. ൨. ശരീരവായുക്കൾ അഞ്ചുള്ളതിൽ ഒന്നു്. ൩. ശ്വാസം. ൪. ശക്തി. ൫. വായു. ൬. പരാക്രമം.

പ്രാണനം-൧. ശ്വാസം വലിക്ക. ൨. ജീവൻ. ൩. തൊണ്ട. ൪. ജലം. ൫. ശ്വാസം വിടുക.

പ്രാണനാഡി-ജീവവായു സഞ്ചരിക്കുന്ന ഞരമ്പു്.

പ്രാണനാഥ-ഭാൎയ്യ.

പ്രാണനാഥൻ-ഭൎത്താവു്.

പ്രാണനായകൻ-ഭൎത്താവു്.

പ്രാണനായിക-ഭാൎയ്യ.

പ്രാണനാശം-മരണം.

പ്രാണന്തൻ-വായു.

പ്രാണന്തീ-൧. വിശപ്പു്. ൨. ഇക്കിൾ, എക്കിട്ട.

പ്രാണപ്രതിഷ്ഠ-വിഗ്രഹങ്ങളിൽ ഈശ്വരചൈതന്യമുണ്ടാക്കുന്ന ഒരു കൎമ്മം.

പ്രാണപ്രയാണം-ജീവാവസാനം, പ്രാണൻ പോകുക.

പ്രാണബന്ധു-പ്രാണനെപ്പോലെ സ്നേഹിക്കുന്ന മിത്രം.

പ്രാണഭയം-പ്രാണൻ പോയെങ്കിലോ എന്നുള്ള പേടി.

പ്രാണമയ-വി. പ്രാണനെക്കൊണ്ടു വ്യാപിക്കപ്പെട്ട.

പ്രാണമയകോശം - രജോഗുണത്തിൻെറ കാൎയ്യങ്ങളായും ലിംഗശരീരത്തിൽ വൎത്തിക്കുന്നവയായും ഇരിക്കുന്ന പ്രാണൻ മുതലായ അഞ്ചു വായുക്കളും വാക്കു തുടങ്ങിയ അഞ്ചു കൎമ്മേന്ദ്രിയങ്ങളും കൂടിയതു്.

പ്രാണത്യാഗം-ജീവനെ കളക, തന്നത്താൻ കൊല്ലുക.

പ്രാണയോനി-പ്ര. ബ്രഹ്മം. ദ. വായു

പ്രാണരന്ധ്രം-പ്ര. വായ്. ദ. മൂക്ക്.

പ്രാണവായു-ജീവവായു.

പ്രാണവേദന, പ്രാണസങ്കടം-മരണവേദന. പ്രാണനുണ്ടാകുന്ന സങ്കടം

പ്രാണസഞ്ചാരം-പ്രാണനുണ്ടാകുന്ന അതിവേദന.

പ്രാണസ്നേഹം- പ്രാണനെപ്പോലെയുള്ള സ്നേഹം, അധികസ്നേഹം.

പ്രാണസ്നേഹിതൻ-ഉററ ചങ്ങാതി.

പ്രാണഹാനി-ജീവനാശം.

പ്രാണാധീശ്വരി-ഭാര്യ.

പ്രാണാന്തം-മരണം.

പ്രാണാന്തിക-വി. ജീവനെ നശിപ്പിക്കുന്ന.

പ്രാണായാമം-പ്രാണൻെറ നിയമനം, പ്രാണനെ അറികയും നിയമനം ചെയ്കയും ചെയ്യു, യോഗികൾ ധ്യാനത്തിങ്കലും മററും ശ്വാസം അടക്കുകയും മൂക്കിൽക്കൂടെ കളകയും ചെയ്യുന്ന ഒരു മുറ, അഷ്ടാംഗയോഗങ്ങളിൽ ഒന്ന്. പ്രാണായാമം മൂന്നുവിധം, പ്ര. സാധാരണ, ദ. മദ്ധ്യമം, ത. ഉത്തമം.

പ്രാണാവസാനം-ജീവനാശം.

പ്രാണി-വി. ജീവനുള്ളത്, ജീവി. (ണീ, ണിനീ, ണി).

പ്രാണി-ജന്തു, മനുഷ്യൻ മുതലായ പ്രാണികളുടെ പേർ.

പ്രാണികൾ അന്നരസത്തിൽ നിന്നും, അന്നം മഴയിൽ നിന്നും, മഴ ദേവപ്രീതിയിൽ നിന്നും, ദേവപ്രീതി സുകർമ്മത്തിൽ നിന്നും, സുകർമ്മം വേദത്തിൽ നിന്നും, വേദം ബ്രഹ്മത്തിൽ നിന്നും ഉണ്ടാകുന്നു.

പ്രാണിപ്രകൃതികൾ മൂന്നുവിധം-ദൈവി, ആസുരി, രാക്ഷസി. ആസുരിയും രാക്ഷസിയും പ്രാണികളെ സംസാരത്തിൽ ബന്ധിപ്പിക്കുന്നു.

പ്രാണിദ്യൂതം-കോഴികളെക്കൊണ്ടും മററും തമ്മിൽ വിവാദ്ദ പറഞ്ഞു പൊരുതിക്ക, വിളിച്ചുവരുത്തിക്കളിക്കുന്ന ചൂതുകളി, മേഷകുക്കുടാദികളുടെ യുദ്ധം.

പ്രാണിപ്രപഞ്ചം - ജീവജന്തുക്കളുടെ കൂട്ടം.

പ്രാണിഹിംസാ-ജീവികളെ കൊല്ലുകയോ പീഡിപ്പിക്കയോ എന്നുള്ളത്.

പ്രാണീത്യം-കടം.

പ്രാണേശ-ഭാര്യ.

പ്രാണേശൻ-ഭർത്താവ്.

പ്രാണേശ്വരി-പ്രാണനാഥ.

'പ്രാണേശ്വരി! പ്രണയമസൃണേ!'
(മയൂരസന്ദേശം)

പ്രാണോപകാരി-ക്ഷൌരകൻ.

പ്രാണോപഹാരം-ആഹാരം.

പ്രാതരാശം-പ്രാതൽ, പകലിൽ ഒന്നാമത്തെ ഭക്ഷണം.

പ്രാതർ-അ. പ്രഭാതകാലം.

പ്രാതണ്ണാദി-കോഴി.

പ്രാതർഭോക്താവ്-കാക്ക.

പ്രാതർഭോജനം-പ്രാതൽ ഉണ്ണുക.

പ്രാതൽ-പകലിൽ ഒന്നാമത്തെ ഭക്ഷണം

പ്രാതസ്ത്രീവക്ത്രാ-ഗംഗാനദി.

പ്രാതസ്തരാം-അ. അതികാലത്തെ.

പ്രാതഃകാലം-ആദിത്യൻ ഉദിക്കുന്ന സമയം (ഉഷസ്സിങ്കൽ).

പ്രാതികാ-ചെമ്പരത്തി.

പ്രാതിദൈവസിക-വി. ദിനവും സംഭവിക്കുന്ന.

പ്രാതിപദികം-നാമത്തിൻെറ പ്രകൃതി.

പ്രാതിഭാവ്യം-ജാമ്യം.

**പ്രാതിലോമ്യം**- വിപരീതം, പ്രതികൂലത.

**പ്രാതിവേശിനി**-അയൽവീട്ടുകാരി.

**പ്രാതിശാഖ്യകൾ**-വേദത്തിലെ ശ്ലോകങ്ങളുടെയും പദങ്ങളുടെയും ഉച്ചാരണത്തെപ്പററിയുള്ള പുസ്തകങ്ങൾ.

ഋഗ്വേദത്തിനു ശൌനകൻ ഉണ്ടാക്കിയ ശാകലപ്രാതിശാഖ്യവും, യജുർവേദത്തിനു തൈത്തിരീയ പ്രാതിശാഖ്യവും, വാജസനേയീപ്രാതിശാഖ്യവും, അഥർവവേദത്തിനു ശൌനകീയചതുരധ്യായികയും ഉണ്ടു്. സാമവേദത്തിന് ഒരു പ്രാതിശാഖ്യയുള്ള പ്രകാരം വെളിവാകുന്നില്ല.

**പ്രാതിഹാര(ക)ൻ, പ്രാതിഹാരികൻ**-ഇന്ദ്രജാലക്കാരൻ. പ്രതിഹാരം (വ്യാജം) പ്രയോജനമായിട്ടുള്ളവൻ എന്നർത്ഥം.

**പ്രാതീതിക**-വി. ഹൃദയത്തെ സംബന്ധിച്ച, ജ്ഞാനമുള്ള.

**പ്രാതിപിക**-വി. നേരെ മറിഞ്ഞുള്ള, വിപരീതമായ.

**പ്രാത്യയിക**-വി. ൧. വിശ്വാസമുള്ള. ൨. ജാമ്യം നില്ക്കുന്ന.

**പ്രാഥമകല്പികൻ**-അദ്ധ്യയനം തുടങ്ങിയ ശിഷ്യൻ.

**പ്രാഥമിക**-൧. ആദ്യമായ. ൨. മുമ്പുള്ള. ൩. ആദ്യമായി സംഭവിക്കുന്ന.

**പ്രാഥമ്യം**-ഒന്നാമത്തേതെന്നുള്ള നില, അഗ്രഗണ്യത.

**പ്രാദക്ഷിണ്യം**-പ്രദക്ഷിണം.

**പ്രാദുർ,പ്രാദുസ്സ്**-അ. ൧. മുമ്പിൽ ൨. പ്രകാശമായം.

**പ്രാദുർഭവിക്കുന്നു**-പ്രത്യക്ഷമാകുന്നു.

'മേദിനിയിലിതുപോലെ മേദുരഗുണം
സ്ഥലം * പ്രാദുർഭവിച്ചിടാവാമെതിനി
ല്ലഹോ'

(ദുര്യോധനവധം കഥകളി)

**പ്രാദുർഭാവം**-പ്രത്യക്ഷത.

**പ്രാദുർഭൂത**-വി. പ്രത്യക്ഷമായി ഭവിച്ച.

**പ്രാദുഷ്കരണം**-പ്രത്യക്ഷമാക്കുക.

**പ്രാദുഷ്യം**-പ്രത്യക്ഷത.

**പ്രാദേശം**-൧. ചൊട്ടച്ചാൺ, ചൂണ്ടാണിവിരലും പെരുവിരലും കൂടി നിവർത്തിവച്ചാലുണ്ടാകുന്ന ചാൺ, കണക്കാക്കുന്നതു് എന്നർത്ഥം. (പാദം-പ്രദേശം). ൨. സ്ഥലം.

**പ്രാദേശനം** - ദാനം. കൊടുക്കുക എന്നർത്ഥം.

**പ്രാദേശിക**-വി. സ്ഥലത്തുള്ള.

**പ്രാധ്വ**-വി. ൧. ദൂരമുള്ള. ൨. കുനിഞ്ഞ. ൩. കെട്ടപ്പെട്ട.

**പ്രാധ്വ**-അ. ൧. അനുകൂലമായി, തുല്യമായി. ൨. വളവായി.

**പ്രാധ്വഃ**-വണ്ടി.

**പ്രാധനികം**-൧. നാശകരമായ ഒരു ആയുധം. ഒരു യുദ്ധോപകരണം.

**പ്രാധാനിക**-വി. പ്രധാനമായ, മുഖ്യമായ.

**പ്രാധാന്യം**-ശ്രേഷ്ഠത.

പ്രാധാന്യത എന്നു ചിലർ പ്രയോഗിക്കാറുണ്ടു്. ഇതു് ഇരട്ടിപ്പാണു്. പ്രാധാന്യം എന്നു മതി. പ്രാധാന്യതയെ സ്വീകരിക്കുന്ന പക്ഷം ആ കൂട്ടത്തിൽ ദൌർബല്യത, വേഗത മുതലായ ഇരട്ടിപ്പുകളെയും സ്വീകരിക്കേണ്ടിവരും. പ്രാധാന്യം, ദൌർബല്യം, വേഗം ഇത്യാദി ശരിയായ രൂപങ്ങളെ സ്വീകരിക്കയാണു വേണ്ടതു്.

പ്രാന്തം-൧. വക്ക്, വിളുമ്പ്. ൨. അററം. ൩. സമീപം. ൪. മുക്ക്, മൂല. ൫. അതിൎത്തി.

പ്രാന്തദുൎഗ്ഗം-അതിരിങ്കലുള്ള കോട്ട. ൨. ഉപഗ്രാമം, പേട്ട.

പ്രാന്തരം-൧. കുടികളില്ലാതെ ദൂരമായുള്ള വഴി. ൨. കാട്ടുപ്രദേശം. ൩. വൃക്ഷത്തിന്റെ പോത്. ൪. തണൽ ഇല്ലാത്ത റോട്ട്. ൫. പിൻവശം.

പ്രാപകം-പ്രാപിപ്പിക്കുന്നത്, ലഭിക്കുവാനുള്ള വഴി.

പ്രാപണം-൧. ചെല്ലുക. ൨. പ്രവേശിക്കുക. ൩. ലഭിക്കുക. ൪. സമീപിക്കുക. ൫. അനുഭവിക്കുക.

പ്രാപഞ്ചികൻ-പ്രപഞ്ചവിഷയങ്ങളിൽ ബന്ധമുള്ളവൻ.

പ്രാപണികൻ-കച്ചവടക്കാരൻ.

പ്രാപിക്കുന്നു-൧. ചെല്ലുന്നു. ൨. പ്രവേശിക്കുന്നു. ൩. ലഭിക്കുന്നു. ൪. സമീപിക്കുന്നു. ൫. അനുഭവിക്കുന്നു. (കാ. ക്രി- പ്രാപിപ്പിക്കുന്നു) (നാമം-പ്രാപണം).

പ്രാപ്ത-വി. ൧. പ്രാപിക്കപ്പെട്ട, പ്രാപിച്ച, ലഭിച്ച. ൨. ചെന്ന. ൩. ലഭിക്കപ്പെട്ട.

പ്രാപ്തൻ-പ്രാപ്തിയുള്ളവൻ, സാമൎത്ഥ്യമുള്ളവൻ.

പ്രാപ്തപഞ്ചത്വൻ-മരിച്ചവൻ.

പ്രാപ്തരൂപൻ-൧. വിദ്വാൻ. ൨. സുന്ദരൻ. ൩. മോഹിപ്പിക്കുന്നവൻ.

പ്രാപ്തി-൧. സാമൎത്ഥ്യം. ൨. ലാഭം. ൩. പ്രവേശം. ൪. അഷ്ടൈശ്വൎയ്യങ്ങളിൽ ഒന്ന്, സാധാരണന്മാർ മനസ്സുകൊണ്ടു പോലും ദുൎഗ്രാഹ്യങ്ങളായ ചന്ദ്രാദികളെ ഒരു പ്രയാസവും കൂടാതെ കൈകൊണ്ടു പിടിപ്പാൻ കഴിയുക. ൫. ഉൽപത്തി. ൬. പങ്ക്. ൭. ഭാഗ്യം. ൮. ചേൎച്ച.

പ്രാപ്പുറത്തിനെല്ല്-ഒരു തരം നെല്ല്. മിക്കവാറും നവരയുടെ ഗുണങ്ങളുണ്ട്. സം-പാരാവതകം.

പ്രാപ്യ-വി. ൧. പ്രാപിക്കത്തക്ക. ൨. ലഭിപ്പാൻതക്ക.

പ്രാബല്യം-പ്രബലന്റെ അവസ്ഥ, ശക്തിയും മററും.

പ്രാബാ(വാ)ലികൻ-പവിഴവ്യാപാരി

പ്രാഭഞ്ജനി-൧. ഹനുമാൻ. ൨. ഭീമൻ.

പ്രാഭവം-പ്രഭുവിന്റെ അവസ്ഥ, സമ്പത്തും ശക്തിയും മററും, പ്രഭുത്വം, പ്രാബല്യം, ശ്രേഷ്ഠത.

പ്രാഭവത്യം-അധികാരം, ശക്തി.

പ്രാഭാതിക-വി. പ്രഭാതത്തെ സംബന്ധിച്ച.

പ്രാഭൃതം-൧. കാഴ്ചദ്രവ്യം, ബന്ധുക്കൾ മുതലായവൎക്കു കൊടുക്കുന്ന സമ്മാനവും മററും. ൨. ദേവതാദൎശനാൎത്ഥം ചെല്ലുമ്പോൾ കൊണ്ടുചെല്ലുന്ന വഴിപാട്.

'പ്രാഭൃതമായിട്ടു വെച്ചുകൊടുക്കിലെൻ' (കൃഷ്ണഗാഥ)

പ്രാമാണിക-വി. പ്രമാണത്തെ സംബന്ധിച്ച.

പ്രാമാണികൻ-൧. തലവൻ. ൨. വിദ്വാൻ.

പ്രാമാണ്യം-പ്രമാണം.

പ്രാമാദ്യം-൧. തെററ, തലക്കിറുക്കം. ൨. ആടമ്പോടകം.

പ്രാമിത്യം-൧. കടം. ൨. മരണം.

പ്രാംണി, പ്രാമ്മണി-കേരളത്തിൽ നായർവൎഗ്ഗക്കാരുടെ കല്യാണത്തിനും മററും ഒരുതരം പാട്ടു പാടുന്ന പുഷ്പക സ്ത്രീവൎഗ്ഗം, ബ്രാഹ്മച്ചി, ബ്രാഹ്മണി.

പ്രാംശു-വി. ദീൎഘമുള്ള, നെടിയ, നീണ്ട,

'പ്രാംശുലഭ്യേ ഫലേ ലോഭാത്'
(രഘുവംശം)

**പ്രായ**-വി. തുല്യമായ, അധികമുള്ള.

**പ്രായചതുഷ്ടയം**-ശൈശവം, കൌമാരം, യൌവ്വനം, വാൎദ്ധക്യം ഇവ ൪-ം.

**പ്രായഃ, പ്രായശഃ**-അ. മിക്കവാറും, മിക്കതും, വളരെ, പ്രായേണ, മിക്കപ്പോഴും.

**പ്രായണം**-൧. പ്രവേശം, ആരംഭം. ൨. തന്നെത്താനുള്ള മരണം.

**പ്രായം**-൧. വലിപ്പം. പ്രകൎഷേണ ഗമിക്കുക എന്നൎത്ഥം. ൨. ജീവാവസ്ഥ. ൩. മരണം ൪. വൎദ്ധന. ൫. മരിപ്പാനായിട്ടുള്ള ഉപവാസം, എല്ലാം ഉപേക്ഷിച്ചു സന്ന്യസിച്ചതിന്റെ ശേഷം ഇനി ജലപാനംപോലും ചെയ്കയില്ലെന്നുള്ള ദൃഢനിശ്ചയം—അനശനദീക്ഷ.

**പ്രായം**-വി. തുല്യമായ.

**പ്രായശ്ചിത്തം, പ്രായശ്ചിത്തി**-തന്റെ പേരിലുള്ള കുററമോ പാപമോ തീൎക്കുന്നതിനായിട്ടു ചെയ്യുന്ന പ്രവൃത്തി, പ്രതിവിധി.

**പ്രായത്യം**-പരിശുദ്ധം.

**പ്രായശഃ**-(പ്രായഃ എന്നതു നോക്കുക)

**പ്രായാധിക്യം**-പ്രായത്തിന്റെ കൂടുതൽ, വാൎദ്ധക്യം.

**പ്രായിക**-വി. സാധാരണമായി.

**പ്രായേണ**-അ. മിക്കവാറും.

**പ്രായോപവേശനം**-ആഹാരം ഉപേക്ഷിച്ചു മരിപ്പാൻ തയാറായിരിക്കുക.

പ്രായോപവേശത്തിനു ശ്രീപരീക്ഷിത്തുമുതലായവരുടെകഥ ദൃഷ്ടാന്തമാകുന്നു.

**പ്രാരബ്ധ**-വി. പ്രാരംഭിക്കപ്പെട്ട, തുടങ്ങപ്പെട്ട

**പ്രാരബ്ധകൎമ്മം**-തുടങ്ങപ്പെട്ട പ്രവൃത്തി.

**പ്രാരംഭം**—ആരംഭം, തുടസ്സം.

**പ്രാരംഭിക്കുന്നു**-തുടങ്ങുന്നു.

**പ്രാരോഹം**-മുള, കൂമ്പ്, കണ്ണ്.

**പ്രാൎണ്ണം**-പ്രധാന കടം.

**പ്രാൎത്ഥന(ം)**-൧. അപേക്ഷ. ൨. യാചനം. ൩. വ്യവഹാരം ൪. ഹൎജി.

**പ്രാൎത്ഥനീയം**-൧. ദ്വാപരയുഗം. ൨. പ്രാൎത്ഥിക്കാൻതക്ക.

**പ്രാൎത്ഥിക്കുന്നു**-൧. അപേക്ഷിക്കുന്നു, ആഗ്രഹിച്ചു ചോദിക്കുന്നു. ൨. യാചിക്കുന്നു.

**പ്രാൎത്ഥിത**-വി. ൧. അപേക്ഷിക്കപ്പെട്ട. ൨. യാചിക്കപ്പെട്ട.

**പ്രാലംബം**-കഴുത്തിൽഇടുന്ന ഒരുമാതിരി മാല, കഴുത്തിൽനിന്നു നേരെ കീഴ്പെട്ടു തൂങ്ങിനില്ക്കുന്ന മാല. പ്രകൎഷേണ തൂങ്ങിനില്ക്കുന്നതു് എന്നൎത്ഥം.

**പ്രാലംബിക**-ഒരു മാതിരി സ്വൎണ്ണമാല, സ്വൎണ്ണംകൊണ്ടുണ്ടാക്കിയ ലലന്തിക. തൂങ്ങിനില്ക്കുന്നതു് എന്നൎത്ഥം.

**പ്രാലേയകരം**-കൎപ്പൂരം

**പ്രാലേയം**-മഞ്ഞു്. (പ്രളയം=അവസാനം). ശരൽക്കാലാവസാനത്തിൽ ഭവിച്ചതു്. പ്രളയത്തിൽ (ഹിമാദ്രിയിൽ) നിന്നു വന്നതു് എന്നുമാവാം.

**പ്രാലേയരശ്മി**-൧. ചന്ദ്രൻ. ൨. കൎപ്പൂരം.

**പ്രാലേയശൈലം**-ഹിമവാൻ പൎവ്വതം.

**പ്രാലേയാദ്രി**-ഹിമവാൻ പൎവ്വതം.

**പ്രാലേയാംശു**-കൎപ്പൂരം.

**പ്രാവണ്യം**-പ്രവണത, മനസ്സിനുണ്ടാകുന്ന ചായ്‌വ്, ഭാവാനുബന്ധം, ചരിവ്.

**പ്രാവ്**-ഒരുമാതിരി പക്ഷി. (മാടപ്രാവ്, ചൂളപ്രാവ്).

പ്രാവിന്റെ മാംസം രക്തദോഷത്തെ തീൎക്കും. മലത്തെ പിടിപ്പിക്കും. സാമാന്യമായി പ്രാവ് എന്നു പറയപ്പെടുന്നതു

കാട്ടിലും നാട്ടിലും സ്വൈരമായി സഞ്ചരിക്കുന്നതായിരിക്കണം. മാംസം കടുകെണ്ണയിൽ വറുത്തു തേനിനോടും പാലിനോടും ഭക്ഷിക്കരുത്. സം-കപോതം. ത-പുറാവ്. ഇം.—Dove, Pigeon.

പ്രാവടം-യവം.

പ്രാവണം-കിളത്തൂമ്പം.

പ്രാവരം-വേലി.

പ്രാവരണം-പുതപ്പ്.

പ്രാവശ്യം-തവണ.

പ്രാവാരം-ഉത്തരീയവസ്ത്രം, രണ്ടാംമുണ്ട് ഇവയുടെ പേർ. നല്ലവണ്ണം മറയ്ക്കുന്നത് എന്നർത്ഥം.

പ്രാവാരകീടം-ക്കുറപ്പേൻ.

പ്രാവീണ്യം-ബുദ്ധിസാമർത്ഥ്യം.

പ്രാവൃട്ട്-വർഷകാലം. (സപ്തമി-പ്രാവൃഷി). പ്രകൃഷ്ടയായ വൃട്ടോടുകൂടിയ കാലം. (വൃട്=വർഷണം)

പ്രാവൃത-വി. മൂടപ്പെട്ട, ചുററപ്പെട്ട.

പ്രാവൃതം-ഉടുത്തവസ്ത്രം. മറയ്ക്കുന്നത് എന്നർത്ഥം.

പ്രാവൃതി-ചുററുമുള്ള വേലി.

പ്രാവൃഷം, പ്രാവൃഷാ-വർഷർത്തു.

പ്രാവൃഷായണി-പു. ഒരു പച്ചമരുന്ന്, നായിക്കൊരുണ. വർഷകാലത്തുണ്ടാകുന്നത് എന്നർത്ഥം. വ. വെളുത്ത തഴുതാമ.

പ്രാവൃഷികം-മയിൽ.

പ്രാവൃഷിജ-വി. മഴക്കാലത്തുണ്ടായ.

പ്രാവൃഷിജം-കൊടുങ്കാററ്.

പ്രാവൃഷേണ്യ-വി. വർഷകാലത്തുണ്ടായ

പ്രാവൃഷേണ്യം-പു. കടമ്പ്. വ. കടകപ്പാല.

പ്രാവൃഷ്യം-പു. വൈഡൂര്യം. വ. കടകപ്പാല. ന. വലിയകടമ്പ്.

പ്രാവേശനം-പണിപ്പുര.

പ്രാശകൻ-തിന്നുന്നവൻ.

പ്രാശനം-ഭക്ഷണം.

പ്രാശനീയ-വി. ഭക്ഷിക്കത്തക്ക.

പ്രാശിത-വി. ഭക്ഷിക്കപ്പെട്ട.

പ്രാശിതം-ചാത്തം.

പ്രാശ്നികൻ-ചോദിക്കുന്നവൻ, സഭയിങ്കൽ സഹായിക്കുന്ന ഒരുവൻ, പ്രശ്നം പറയുന്നവൻ.

പ്രാസം-പു. കവിതയുടെ ഒരുമാതിരി അക്ഷരച്ചേർച്ച. വ. കുന്തം. പ്രകർഷേണ ക്ഷേപിക്കപ്പെടുന്നത് എന്നർത്ഥം.

പ്രാസകം-പു. കുന്തം. വ. പകിട.

പ്രാസംഗം-നുകം.

പ്രാസംഗിക-വി. ഇടയിൽ സംഭവിക്കുന്ന.

പ്രാസംഗികം-രൂപകത്തിലെ വസ്തു (കഥാശരീരം) രണ്ടായി വിഭജിച്ചതിൽ ഒന്ന്. മറെറാന്ന് 'ആധികാരികം'.

പ്രാസംഗ്യം-നുകം ചുമക്കുന്ന കാള.

പ്രാസാദം-പു. മാളിക. വ. ദേവാലയം, ന. രാജഗൃഹം. പ്രാസാദം=ഉന്നതഭവനം. എവിടെയിരുന്നു പ്രസാദിക്കുന്നുവോ അതിനു പ്രാസാദം എന്നു വ്യുൽപത്തി. (രാജാക്കന്മാരുടെ മാളികയ്ക്കു 'പ്രാസാദം' എന്നും, ധനികന്മാരുടെ മാളികയ്ക്കു 'ഹർമ്മ്യം' എന്നും പറയുന്നു.)

പ്രാസാദകുക്കുടം-മാടപ്രാവ്.

പ്രാസികൻ-കുന്തക്കാരൻ. പ്രാസം (കുന്തം) ആയുധമായിട്ടുള്ളവൻ എന്നർത്ഥം. മറെറാരു പര്യായം-കൌന്തികൻ.

പ്രാസ്ത-വി. എറിഞ്ഞ.

പ്രാസ്ഥിക-വി. പ്രസ്ഥാത്തെ (ഇടങ്ങഴിയെ) സംബന്ധിച്ച.

പ്രാസ്ഥികം-ഇടങ്ങഴി വിത്തു വിതയ്ക്കുന്ന സ്ഥലം.

പ്രാഹ്ണകാലം, പ്രാഹ്ണം-പകലിന്റെ ആദിയിലെ പത്തുനാഴിക. ആദ്യത്തെ അഹസ്സ് എന്നൎത്ഥം.

പ്രാഹ്ണേതരാം-അതികാലത്തെ.

പ്രാളേയം-മഞ്ഞ്.

---

## പ്രി

പ്രിയ-വി. ഇഷ്ടമുള്ള.

പ്രിയകം-ന. ചെമപ്പും കറുപ്പും നിറമായ രോമത്തോടുകൂടിയ മാൻ. ൨. തേനീച്ച. ൩. വേങ്ങവൃക്ഷം. ൪ ഞാഴൽ. ൫. നീൎക്കടമ്പ്. ൬. കുങ്കുമം.

പ്രിയകൃത്ത്-വിഷ്ണു.

പ്രിയജാനി-ഭാൎയ്യയെ ഹാൎദ്ദമായി സ്നേഹിക്കുന്ന ഭൎത്താവ്.

പ്രിയത-ന. ആദരം.

'സല്ലോകകൎണ്ണസ്ഥലിലമധികം
നല്ലതാണെന്നുതോന്നീ-
ട്ടല്ലോപാരം പ്രിയതയതിലി
ന്നോൎക്കിലുണ്ടായിട്ടുണ്ടു'
(മയൂരസന്ദേശം)

൨. സ്നേഹം.

പ്രിയതമ-വി. ഏററവും ഇഷ്ടമുള്ള.

പ്രിയതമ-ഭാൎയ്യ.

പ്രിയതമൻ-ഭൎത്താവ്.

പ്രിയതമം-ഒരു വൃക്ഷം.

പ്രിയതരം-വി. ഏററവും സ്നേഹമുള്ള.

പ്രിയദൎശന-വി. കാഴ്ചക്കു ഭംഗിയുള്ള.

പ്രിയദൎശനം-ന തത്ത. ൨. പഴമുൺപാല.

പ്രിയദൎശനൻ-ഒരു ഗന്ധൎവ്വരാജാവ്.

പ്രിയധന്വാൻ-ശിവൻ.

പ്രിയൻ-ന. സന്തോഷിപ്പിക്കുന്നവൻ. ൨ ഭൎത്താവ്.

പ്രിയപ്പെടുന്നു-ഇഷ്ടപ്പെടുന്നു, സ്നേഹിക്കുന്നു.

പ്രിയഭാഷണം-ഇഷ്ടവാക്ക്.

പ്രിയമധു-ബലരാമൻ.

പ്രിയം-ന. ഇഷ്ടമായത്. തൃപ്തിയെചെയ്യുന്നത് എന്നൎത്ഥം. ൨. മുള്ളുചെമന്തി.

പ്രിയംകര-വി. ഇഷ്ടത്തെചെയ്യുന്ന.

പ്രിയംഗു-ന. തിന. ൨. ഞാഴൽ. ൩. ചെങ്കടുക്. ൪ കുങ്കുമം. ൫ തിപ്പലി. ൬. കടുരോഹിണി

പ്രിയംവദ-വി. നല്ലവാക്കു പറയുന്ന പ്രിയത്തെ വദിക്കുന്ന, ഭംഗി പറയുന്ന,

പ്രിയംവദ-ന. ശകുന്തളയുടെ ഒരു സഖി. ൨. പിച്ചകം.

പ്രിയംവദൻ-ന നല്ലവാക്കു പറയുന്നവൻ. ൨. ഗന്ധൎവ്വരാജാവിന്റെ പുത്രനായ ഒരു വിദ്യാധരൻ.

പ്രിയവാദി-വി. നല്ലവാക്കുപറയുന്ന.

പ്രിയവാദിനീ-ന. പഞ്ചവൎണ്ണക്കിളി. ൨. നല്ലവാക്കു പറയുന്നവൻ.

പ്രിയവ്രതൻ-ബ്രഹ്മാവിന്റെ ഒരു പുത്രൻ.

സ്വായംഭുവ മനുവിന്റെ മകനെന്നു കാണുന്നുണ്ട്. ഭൂമിയുടെ ഒരു ഭാഗം മാത്രമെ ഒരു സമയം സൂൎയ്യരശ്മികൊണ്ടു പ്രകാശിക്കുന്നുള്ളു എന്നും അതുപോരാ എന്നും കരുതി പ്രിയവ്രതൻ സൂൎയ്യനു തുല്യവേഗമുള്ള തന്റെ അഗ്നിരഥത്തിൽ ആരോഹണംചെയ്ത് ഏഴുതവണ - ബ്രഹ്മാവു തടസ്സംചെയ്യുന്നതുവരെ— ഭൂമിയുടെ ചുററും സൂൎയ്യനെ അനുധാവനംചെയ്തു ഭൂമിയുടെ ചുററുമുള്ള ഏഴു സമുദ്രങ്ങളും

രഥത്തിന്റെ ചക്രംകൊണ്ടുണ്ടായ കുഴി കളാകുന്നു.

പ്രിയശ്രവസ്സ്-കൃഷ്ണൻ.

പ്രിയാ-പ്ര. പ്രിയമുള്ളവൾ. ൨. ഭാൎയ്യ. ൩. സ്ത്രീ. ൪. ചിററേലം. ൫. വള്ളിമുല്ല. ൬. തോഴൽ. ൭. മദ്യം. ൮. മഴമുല്ല.

പ്രിയാംബു-മാവുവൃക്ഷം.

പ്രിയാൎഹൻ-വിഷ്ണു.

പ്രിയാളം-ഒരു വൃക്ഷം, മുരൾ. സന്തോഷിപ്പിക്കുന്നതു് എന്നൎത്ഥം. ഇഷ്ടപ്പെട്ടുന്നതു് എന്നുമാവാം. (പാളം-പിയാളം, പിയാളകം, പ്രിയാളകം).

—:०:—

## പ്രീ

പ്രീണ-വി. പ്ര. സന്തോഷമുള്ള. ൨. മുഖ്യമുള്ള.

പ്രീണനം-സന്തോഷം, തൃപ്തി. തൃപ്തിവരുത്തുക എന്ന ക്രിയ.

'പ്രാണികൾക്ക മനക്കാമ്പിൽ
പ്രീണനങ്ങൾവരുത്തുന്ന'
(ത്രിപുരദഹനം തുള്ളൽ)

പ്രീണസം-വാൾമാൻ.

പ്രീണിക്കുന്നു- സന്തോഷിക്കുന്നു. (സ. ക്രി. പ്രീണിപ്പിക്കുന്നു.)

പ്രീത-വി. സന്തോഷമുള്ള.

പ്രീതൻ-സന്തോഷിച്ചവൻ. പ്രീണിച്ചവൻ എന്നൎത്ഥം.

പ്രീതി-പ്ര. സന്തോഷം, സ്നേഹം. ൨. [illegible] വന്റെ ഭാൎയ്യമാരിൽ ഒരുവൾ [illegible]. ൩. [illegible]

പ്രീതികര-വി. സന്തോഷത്തെ ഉണ്ടാക്കുന്ന.

പ്രീതിജുഷാ-അനിരുദ്ധന്റെ ഭാൎയ്യ.

പ്രീതിമത്(ത്)-വി. സന്തോഷമുള്ള. (മാൻ, മതി, മൽ).

പ്രീതിവൎദ്ധനൻ-വിഷ്ണു.

## പ്രു

പ്രുഷ്വം-പ്ര. രണ്ടുമാസം കൂടിയ കാലം, ഋതു. ൨. ആദിത്യൻ.

പ്രുഷ്വാ-നീൎത്തുള്ളി.

പ്രുഷ്ട-വി. ചുടപ്പെട്ട, ദഹിപ്പിക്കപ്പെട്ട.

## പ്രേ

പ്രേക്ഷ-പ്ര. ബുദ്ധി. പ്രകൃഷ്ടമായ ഈക്ഷണത്തോടു (ജ്ഞാനത്തോടു) കൂടിയതു് എന്നൎത്ഥം. ൨. ആട്ടം, കൂത്തു്. ൩. കാഴ്ച. ൪. നൃത്തംകാണുക. ൫. വൃക്ഷത്തിന്റെ കൊമ്പു്.

പ്രേക്ഷകൻ-നോട്ടക്കാരൻ, ദീൎഘദൎശി.

പ്രേക്ഷാവത്തുക്കൾ-ബുദ്ധിമാന്മാർ.

പ്രേക്ഷിതന്മാർ-കാഴ്ചക്കാർ.

പ്രേംഖണം-പ്ര. നായകനും സൂത്രധാരനും മററുമില്ലാത്ത ഒരങ്കത്തിലുള്ള ഒരു നാടകം. ഉ-ം, ബാലിവധം. ൨. ഊഴിഞ്ഞാൽ. ൩. ഊഴിഞ്ഞാൽ ആടുക.

പ്രേംഖാ-പ്ര. ഊഴിഞ്ഞാൽ. അങ്ങോട്ടും ഇങ്ങോട്ടും പോകുന്നതു് എന്നൎത്ഥം. ൨. ഒററത്തു പൎയ്യായം-ദോള. ൩. സഞ്ചാരം. ൪. നാട്യം. ൫. അലഞ്ഞുനടക്കുക. ൬. ഒരുമാതിരി കെട്ടിടം ൭. കുതിരയുടെ ഒരുമാതിരി നട.

പ്രേംഖിത-വി. പ്ര. ഇളക്കപ്പെട്ട. ൨. [illegible]ക്കപ്പെട്ട.

പ്രേത-വി. മരിച്ച.

പ്രേതം-പ്ര. മരിച്ചവരുടെ ജീവൻ, ദേവത. ൨. ജീവൻപോയ ദേഹം.

**പ്രേതഗൃഹം**-ചുടലക്കാട്.

**പ്രേതജാലം**-തപനാദി നരകങ്ങളിൽ കിടക്കുന്ന പ്രാണികൾ. പ്രകർഷേണ നരകത്തെ പ്രാപിച്ചവർ എന്നർത്ഥം.

**പ്രേതൻ**-മരിച്ചവൻ. നല്ലവണ്ണം പോയവൻ എന്നർത്ഥം.

'പ്രേതരായംബതിമൂഢരായുള്ളവർ'
(രാമായണം)

**പ്രേതനാഥൻ(പതി)**-അന്തകൻ.

**പ്രേതപ്പെട്ടി**-ശവം വെക്കുന്ന പെട്ടി.

**പ്രേതബാധ**-ദേവതാപീഡ.

**പ്രേതമഞ്ചം**-ശവക്കട്ടിൽ.

**പ്രേതരാക്ഷസി**-തുളസി.

**പ്രേതരാജാവ്**-അന്തകൻ.

**പ്രേതവനം**-ചുടലക്കാട്.

**പ്രേതസംസ്കാരം**-ശവംചുടുക.

**പ്രേതാധിപൻ**-അന്തകൻ.

**പ്രേതാലങ്കാരം** - ശവത്തെ അലങ്കരിക്കുക.

**പ്രേതാലയം** - പ്രേതങ്ങളെ മറയ്ക്കുന്ന സ്ഥലം.

**പ്രേതേശ്വരൻ**-അന്തകൻ.

**പ്രേത്യ**-അ. ൧. ജന്മാന്തരത്തിങ്കൽ. ൨. പരലോകത്തിൽ.

**പ്രേമം**-സ്നേഹം.

'പ്രേമത്താലല്ലോനാശ
മെല്ലാക്കുംവന്നുകൂടി'
(ഭാരതം)

**പ്രേമകലഹം**-സ്നേഹംകൊണ്ടുള്ളശണ്ഠ.

**പ്രേമാവ്**-൧. അനുരാഗം. ൨. സ്നേഹം. സ്ത്രീയ്ക്കു പുരുഷസംബന്ധമായും പുരുഷനു സ്ത്രീസംബന്ധമായും ഉണ്ടാകുന്ന അനുരാഗത്തെയാണ് സാധാരണ പ്രേമാവ് എന്നു പറയാറുള്ളത്.

**പ്രേയസ്**-വി. ഏറ്റവും പ്രിയമുള്ള.

**പ്രേയസി**-ഭാര്യ.

**പ്രേയാൻ**-ഏറ്റവും പ്രിയൻ.

'പ്രേയംനാമെൻചിരവിരഹമാം'
(മയൂരസന്ദേശം)

**പ്രേരണ**-ഉത്സാഹിപ്പിക്കൽ.

**പ്രേരണം**-൧. പറഞ്ഞയക്ക. ൨. വിടുക. ൩. ഇന്ദ്രിയങ്ങളുടെ ഒരു പ്രവൃത്തി.

**പ്രേരിത**-വി. അയക്കപ്പെട്ട.

**പ്രേരിപ്പിക്കുന്നു**-ഉത്സാഹിപ്പിക്കുന്നു, പ്രവർത്തിക്കുവാൻ പറഞ്ഞുവിടുന്നു, ഉദ്യോഗിപ്പിക്കുന്നു.

**പ്രേഷം**-൧. പ്രേരിപ്പിക്കുക. ൨. മർദ്ദിക്കുക.

**പ്രേഷകൻ**-ദൂതൻ, പറഞ്ഞയച്ചവൻ.

'പ്രേഷകനായതുകമലജനോതവ'
(നളചരിതം കഥകളി)

**പ്രേഷകപ്രേഷകൻ**-ദൂതന്റെ ദൂതൻ.

**പ്രേഷണം**-പറഞ്ഞയക്കുക.

**പ്രേഷിത**-വി. അയക്കപ്പെട്ട.

**പ്രേഷ്ഠ**-വി. ഏറ്റവും പ്രിയമായ.

**പ്രേഷ്ഠാ**-൧. ഭാര്യ. ൨. കാല്.

**പ്രേഷ്യ**-ദാസി.

**പ്രേഷ്യത്വം**-ദാസന്റെ സ്ഥിതി.

**പ്രേഷ്യൻ**-ദാസൻ, ഭൃത്യൻ.

## പ്രൈ

**പ്രൈഷം**-൧. പ്രേരിപ്പിക്കുക. ൨. മർദ്ദിക്കുക.

**പ്രൈഷ്യൻ**-ദാസൻ, ഭൃത്യൻ. പറഞ്ഞയക്കപ്പെട്ടവൻ എന്നർത്ഥം.

## പ്രോ

**പ്രോക്ത**-വി. പറയപ്പെട്ട.

**പ്രോക്ഷണം**-൧. യാഗത്തിന്നായിക്കൊണ്ടു ചെയ്യുന്ന പശുഹിംസ. പ്രകൃഷ്ടമായ

സേചനത്തോടുകൂടിയത് എന്നർത്ഥം. ൨. തളിക്കുക ൩. വധം.

പ്രോക്ഷിക്കുന്നു-നനയ്ക്കുന്നു, തളിക്കയും മറ്റും ചെയ്യുന്നു.

പ്രോക്ഷിത-വി. ൧. പ്രോക്ഷിക്കപ്പെട്ട, തളിക്കപ്പെട്ട. ൨. കൊല്ലപ്പെട്ട.

പ്രോക്ഷിതം-യാഗാർത്ഥം കൊല്ലപ്പെട്ട പശു.

പ്രോച്യമാനൻ-പറയപ്പെടുന്നവൻ.

പ്രോച്ഛ്റിതൻ-ഉയർന്നസ്ഥിതിയിലിരിക്കുന്നവൻ.

പ്രോജ്ജ്വലൽ-വി. കത്തിക്കാളുന്ന.

പ്രോത്സാഹനം-ഒരു കാര്യത്തിലേക്കു സഹായംചെയ്തു ഉത്സാഹിപ്പിക്കുന്ന സ്ഥിതി.

പ്രോത-വി. ഉറപ്പിച്ച, കെട്ടിയ.

പ്രോഥ-വി. ൧. കീർത്തിപ്പെട്ട. ൨. ഉറപ്പിച്ച.

പ്രോഥം-൧. കടിപ്രദേശം. ൨. അശ്വഭ്രമണം (വട്ടംതിരിച്ചൽ). ൩. കുതിരയുടെ മുഖം. ൪. ഭയം.

പ്രോഥീ-കുതിര.

പ്രോദ്വാഹം-വിവാഹം.

പ്രോഷ്ഠം-൧. കരുമത്സ്യം. ൨. മീൻ.

പ്രോഷ്ഠപദങ്ങൾ-പൂരുരുട്ടാതിയുടേയും ഉത്രട്ടാതിയുടേയും പേർ.

പ്രോഷ്ഠീ-൧. കരുമത്സ്യം. ൨. പള്ളു

## പ്രൗ

പ്രൗഢ-വി. ൧. വളർന്ന. ൨. ധൈര്യമുള്ള, അഹമ്മതിയുള്ള. ൩. വിവാഹം കഴിക്കപ്പെട്ട. ൪. കനത്ത. ൫. കഠിനമായ ൬. ശ്രേഷ്ഠമായ.

പ്രൗഢ-മുപ്പതു വയസ്സിനുമേൽ അമ്പതു വയസ്സിനു താഴെയുള്ള സ്ത്രീ (എന്നഭിപ്രായം), മദ്ധ്യവയസ്സോടുകൂടിയവൾ.

പ്രൗഢത-൧. ധീരത, സാമർത്ഥ്യം. ൨. അഹമ്മതി.

പ്രൗഢവയസ്സ്-യൗവനം തികഞ്ഞ കാലം (൨൦-നു മേൽ ൪൦ വരെയുള്ള വയസ്സ്).

പ്രൗഢി-൧. മോടി. ൨. ധീരത. ൩. സാമർത്ഥ്യം. ൪. അഹമ്മതി. ൫. തർക്കം. ൬. ഗാംഭീര്യം. ൭. ഉയർന്ന അവസ്ഥ. ൮. തികവ്.

പ്രൗണ-വി. ൧. പഠിപ്പുള്ള. ൨. ബുദ്ധിയുള്ള.

പ്രൗഷ്ഠം-൧. കാള. ൨. കരുമത്സ്യം.

പ്രൗഷ്ഠീ-൧. കരുമത്സ്യം. ൨. പള്ളു.

## പ്ല

പ്ലക്ഷം-൧. ഇത്തിവൃക്ഷം. ഇളകിക്കൊണ്ടിരിക്കുന്നത് എന്നർത്ഥം. ൨. ഏഴു ദ്വീപുകളിൽ ഒന്ന്. ൩. കല്ലാൽ. ൪. അരയാൽ. ൫. പേരാൽ.

പ്ലക്ഷജാതാ-സരസ്വതീനദി.

പ്ലവ-വി. ചാടുന്ന.

പ്ലവ-അറുപതിൽ മുപ്പത്തഞ്ചാം വർഷം.

പ്ലവം-൧. ചാട്ടം. ൨. ഇളക്കം. ൩. കരങ്ങ്. ൪. പൊങ്ങുതടി. ഗമനശീലം എന്നർത്ഥം. ൫. തവള. ചാടിനടക്കുന്നത് എന്നർത്ഥം. ൬. കാക്കപ്പനച്ചി. ൭. കഴിമുത്തങ്ങ. പൊങ്ങിക്കിടക്കുന്നത് എന്നർത്ഥം. ൮. ഒരു പുല്ല്. ൯. ഇത്തിമരം. ൧൦ ശത്രു. ൧൧. മരക്കലനാവ് എന്ന പക്ഷി. ഗമിക്കുന്നത് എന്നർത്ഥം. ൧൨. ഇത്തിയാൽ ൧൩. കാരന്നം. ൧൪. കരങ്ങ്. ൧൫ കറിയാട്ട്, ആട്ട്. ൧൬. മീൻ. ൧൭. നീക്കുക ൧൮ കൈപ്പൻ പടവലം. ൧൯. കുളക്കോഴി, നീർക്കോഴി.

**പ്ലവാഗ**-അറുപതിൽ നാല്പതാം വൎഷം.

**പ്ലവംഗം**-പു. കരഞ്ഞ്. വ. മാൻ. ന. കല്ലാൽ. ര്. തവള.

**പ്ലവംഗമം**-പു. കരഞ്ഞ്. വ. തവള.

**പ്ലവകൻ**-പു. തോണിന്മേൽ കളിക്കാരൻ. വ. ഭ്രഷ്ടൻ.

**പ്ലവകം**-പു. തവള. വ. കരഞ്ഞ്.

**പ്ലവഗം**-പു. കരഞ്ഞ്. ചാടിയോടുന്നതു് എന്നൎത്ഥം. വ. തവള. ന. സൂൎയ്യന്റെ സാരഥി ര്. ഒരു പക്ഷി. ഇ. നെന്മേനിവാക

**പ്ലവനം**-പു. ചാട്ടം. വ. ജലത്തിനു മീതേ നീന്തുക. ന. വെള്ളപ്പൊക്കം. ര്. പറക്കുക. ഇ. കളിക്കുക. ഈ. കുതിരയുടെ ഒരുവക ഗമനം. ൧. കഴിമുത്തങ്ങ.

**പ്ലവനകരന്മാർ**-ജലത്തിൽ മുക്കുന്നവർ, നനക്കുന്നവർ.

**പ്ലവൻ**-പു. ചണ്ഡാലൻ. അങ്ങും ഇങ്ങും നടക്കുന്നവൻ എന്നൎത്ഥം. വ. ചാടുന്നവൻ.

**പ്ലവാക**-തോണി, പൊങ്ങുതടി.

**പ്ലവിക്കുന്നു**-പു. ചാടുന്നു. വ. നീന്തുന്നു. ന. ഇളകുന്നു.

## പ്ലാ

**പ്ലാക്കാ**-ചക്ക.

**പ്ലാക്ഷം**-പു. ഇത്തിക്കണ്ണി. വ. അത്തിക്കായ്.

**പ്ലാത്തി**-കാട്ടുചാമ്പ.

**പ്ലാവനം**-പു. മജ്ജനം. വ. പ്രവാഹം. ഉ-ം, അമൃതപ്ലാവനം.

'പവനനെജ്ജയിച്ചമൃതപ്ലാവനം'
(ഭാരതം)

**പ്ലാവു്**-ചക്കയുണ്ടാകുന്ന മരം.

ഇതിന്റെ പച്ചക്കായ് വിഷ്ടംഭം, സന്താപം ഇവയെ ഉണ്ടാക്കും. മലത്തെ പിടിപ്പിക്കും. പഴുത്തകായ് വാതം, പിത്തം, രക്തദോഷം, ക്ഷയം, ക്ഷതം, ചുട്ടുനീറൽ ഇവയ്ക്കു നന്നു്. ദാഹം തടിപ്പിക്കും. കൃമിയെ അധികമാക്കും. കുരു മലത്തെ പിടിപ്പിക്കും. മൂത്രത്തെ വൎദ്ധിപ്പിക്കും. വരിക്ക, കൂഴ ഇങ്ങനെ പലതരമുണ്ടു്. അഗ്നിമാന്ദ്യം, ഗുല്മം, ശൂലം ഈ രോഗങ്ങൾ ഉള്ളവർ ചക്കയെ വിശേഷിച്ചും വെടിയണം. പഴുത്ത ഇലയുടെ ഞെട്ടി ശ്വാസവികാരത്തിങ്കൽ വിശേഷം. പഴുത്ത ഇലയിട്ടു വെന്തവെള്ളം ശീലിക്കുന്നതു ത്വഗ്ദോഷത്തിനു നന്നു്. ഇതിന്റെ കായ് പാലിനോടൊരുമിച്ചു ഭക്ഷിക്കരുതു്. ചക്കപ്പഴം തിന്നുണ്ടാകുന്ന അജീൎണ്ണത്തിങ്കൽ ചുക്കുവെള്ളം കുടിക്കുക. ചൂടുവെള്ളത്തിൽ ഇന്തുപ്പോ ചവക്കാരമോ ചേൎത്തു സേവിക്കുകയുമാം. സം-പനസം. ത-പിലാറം. ഇം-Bread-fruit tree, Jack tree.

**പ്ലാവനകരൻ**-ജലത്തിൽ മുക്കുന്നവൻ, നനക്കുന്നവൻ.

**പ്ലാശിന്ദണ്ഡു്**-ചമതക്കോൽ.

**പ്ലാശു്**-ഒരുവക വൃക്ഷം, ചമത.

കഫം, വാതം, അൎശസ്സു്, കൃമി മുതലായവയ്ക്കു നന്നു്. മുറിവിനെ കൂട്ടിപ്പിടിപ്പിക്കും. സം-പലാശം. ത-പലാച്ചു മരം, പുരച മരം. ഇം—Downy branch butea.

## പ്ലീ

**പ്ലീഹ**-പു. വയററിന്നകത്തുള്ള ഒരു ഭാഗം ഉദരത്തിന്റെ അകത്തു് ഇടത്തു ഭാഗത്തിങ്കൽ ഇരിക്കുന്ന ഒരു മാംസപിണ്ഡം. വ. ആ ഭാഗത്തു നിന്നുണ്ടാകുന്ന ഒരു ദീനം.

പ്ലീഹശത്രു-ചെമ്മരം.

പ്ലീഹോദരം-ഒരു ദീനം.

## പ്ലു

പ്ലുക്ഷി-൧. തീ. ൨. ഗൃഹത്തിൽ തീപിടിക്കുക. ൩. എണ്ണ.

പ്ലുത-വി. ൧. ചാടിയ. ൨. ഏറിയപ്പെട്ട.

പ്ലുതഗതി-ചാടിച്ചാടിയുള്ള (കുതിരയുടെ) ഓട്ടം.

പ്ലുതം-൧. കുതിരയുടെ ഒരു ഗതിഭേദം. ൨. മൂന്നുമാത്ര, ഹ്രസ്വം മൂന്നുകൂടിയത്.

പ്ലുതി-൧. ചാട്ടം. ൨. ജലപ്രവാഹം.

പ്ലുഷം-ചുടുക, ദഹിപ്പിക്കുക.

പ്ലുഷ്ട-വി. ചുടപ്പെട്ട.

—:o:—

## പ്ലോ

പ്ലോതം-നാട.

പ്ലോഷം-ചുടുക, ദഹിപ്പിക്കുക, പൊള്ളുക.

---

## പ്ഷ

പ്ഷാരം-അമ്പലവാസിയുടെ ഭവനം

പ്ഷാരോടി-അമ്പലവാസി.

—:o:—

## പ്സ

പ്സാത-വി. ഭക്ഷിക്കപ്പെട്ട.

പ്സാതം-ഭക്ഷിക്കപ്പെട്ട അന്നാദികളുടെ പേർ.

പ്സാനം-ഭക്ഷണം.

പ്സുര-വി. ൧. ഭംഗിയുള്ള. ൨. സ്നേഹമുള്ള.

—:o:—

# ഫ

ഫ-ഹല്ലുകളിൽ ഇരുപത്തിരണ്ടാം അക്ഷരം.

ഫക്കൻ-മുടന്തൻ, മുടവൻ

ഫക്കികാ-൧ കൌശലം. ൨. വഞ്ചന.

ഫഞ്ജികാ-൧. ചെറുതേക്ക്. രോഗങ്ങളെ ഹനിക്കുന്നത് എന്നർത്ഥം. ൨. വലിയമന്തി. ൩. ദേവതാളി ൪. ചെങ്കൊടിത്തൂവ.

ഫടൻ-വഞ്ചകൻ, ശഠൻ.

ഫടാ, ഫടം-ഫണം, പടം, പത്തി. (സ്ഫടയുടെ പാഠം.)

ഫണ, ഫണം-പാമ്പിന്റെ പത്തി. ഇതിനെ വിടർത്തിക്കൊണ്ടാണ് സർപ്പം ഇഴഞ്ഞുപോകുന്നത്; അതിനാൽ ഈ പേർ വന്നു.

ഫണക(ധ)രൻ-പാമ്പ്.

ഫണഭൃത്ത്-൧. പാമ്പ്. ൨ ഒൻപത് എന്ന സംഖ്യ.

ഫണവാൻ-ആദിശേഷൻ.

'അറിവാനും പറവാനും
ഫണവാനും കഴിവുണ്ടോ?'
(നളചരിതം കഥകളി)

ഫണാടോപം-വിടർത്തിയ പത്തി.

ഫണാധരൻ-പാമ്പ്.

ഫണി-൧. സർപ്പം, പാമ്പ്. ൨. കർപ്പൂരതുളസി. ൩. നാഗതാളി. ൪. രാഹു. ൫ പതഞ്ജലി.

ഫണികേസരം-നാഗകേസരം.

ഫണിഖേലം-കാടപ്പക്ഷി.

ഫണിതല്പഗൻ-വിഷ്ണു

ഫണിധരൻ-ശിവൻ.

ഫണിപതി-൧. ശേഷൻ. ൨. വാസുകി. ൩. പതഞ്ജലി.

ഫണിപ്രമാണി-ആദിശേഷൻ.

ഫണിപ്രിയൻ-വായു.

ഫണിഫേനം-കറുപ്പ്.

ഫണിഭുക്ക്-മയിൽ

ഫണിമുഖം- തുരങ്കക്കാരൻ ഉപയോഗിക്കുന്ന ഒരായുധം.

ഫണിജ്ഝകം-ഒരുമാതിരി തുളസി, മണികഞ്ചകം, കർപ്പൂരതുളസി, സമുദ്രപ്പച്ച. പാഠഭേദം-ഫണിജ്ഝകം, ഫണിജ്ഝകം.

ഫണിലതാ, ഫണിവല്ലി- വാൽമുളക്.

ഫണിസ്ഥ-വി. പത്തിയിൽ ഇരിക്കുന്ന.

ഫണീന്ദ്രൻ-പു. സർപ്പങ്ങളുടെ രാജാവ്, അനന്തൻ. ൨. പതഞ്ജലി.

ഫണ്ഡം-വയറ്.

ഫയലാകുന്നു-നമ്പരുപതിയുന്നു. (ഫയലാക്കുന്നു-സ ക്രി. കോടതിയിൽ ഹാജരാക്കുന്നു.)

ഫയൽ-രജിസ്റ്റർ.

ഫരം-പരിച.

ഫരുബകം-വെററിലപ്പെട്ടി.

ഫർഫരീകാ-ചെരിപ്പ്.

ഫലകണ്ടകം-പ്ലാവ്.

ഫലകപാണി-പരിചക്കാരൻ, വാളും പരിചയും ധരിച്ചവൻ. ശത്രുവിന്റെ ആയുധത്തെ തടുക്കുന്നതാകയാൽ ചിലപ്പോൾ അതുകൊണ്ടു പൊട്ടിച്ചിതറുന്നത് എന്നർത്ഥം.

ഫലകർപ്പൂരം-തക്കോലപ്പുട്ടിൽ.

ഫലകം-പു. പരിച. ൨. എഴുതുന്ന ഓല അല്ലെങ്കിൽ കടലാസ്. ൩. ഉള്ളംകൈയ്. ൪. പലക. ഫലകത്തിന്റെ തല്ഭവമായിരിക്കണം പലക. ൫. നെററിയുടെ അസ്ഥി. ൬. അരയുടെ പിൻഭാഗം, ചന്തി. ൭. നാകപ്പൂവ്.

ഫലകയന്ത്രം-ഭാസ്കരാചാര്യർ കണ്ടുപിടിച്ച ജ്യോതിശ്ശാസ്ത്രസംബന്ധമായ ഒരു യന്ത്രം.

ഫലകി-ചന്ദനമരം.

ഫലക്ലിന്നം-നീർനെല്ലി.

ഫലകേസരം-നാളികേരവൃക്ഷം.

ഫലത്രയം, ഫലത്രികം-കടുക്ക, നെല്ലിക്ക, താന്നിക്ക ഇവ മൂന്നും (ത്രിഫല).

ഫലദം-വി. ഫലം നൽകുന്ന.

ഫലദം-വൃക്ഷം.

ഫലദ്രുമം-പ്ലാവ്.

ഫലപരിണതി, ഫലപാകം-പു. കായ് മുതലായതു പഴുക്കുക. ൨. ഫലത്തിന്റെ പൂർത്തി.

ഫലപാകാന്തം-കായ് മൂക്കുമ്പോൾ നശിക്കുന്നവ, നെല്ല്, ചാമ മുതലായവ, ഓഷധി.

ഫലപൂരം-വള്ളിനാരകം, മാതളനാരകം

ഫലപ്രദം-വി. ഫലം നൽകുന്ന.

ഫലപ്രാപ്തി-ഫലത്തിനെ ലഭിക്കുക, കാര്യലാഭം.

ഫലപ്രിയാ-ഞാഴൽ.

ഫലഭാക്ക്-ഫലത്തെ അനുഭവിക്കുന്നവൻ.

ഫലഭാഗം-ആദായത്തിലുള്ള ഓഹരി.

ഫലഭൂമി-താൻ ചെയ്ത കർമ്മങ്ങളുടെ ഫലം അനുഭവിപ്പാനുള്ള സ്ഥലം (സ്വർഗ്ഗം അല്ലെങ്കിൽ നരകം).

ഫലഭോഗം-ഫലം അനുഭവിക്കൽ.

ഫലമൂലങ്ങൾ-കായ്കളും കിഴങ്ങുകളും.

ഫലമൂലാശി-വി. കായ്കളും കിഴങ്ങുകളും ഭക്ഷിക്കുന്ന.

ഫലം-പു. കായ്. ൨. സാദൃശ്യം. ൩. പുണ്യം. ൪. ലാഭം ഫലിക്കുന്നതെന്നർത്ഥം. ൫. പരിച. ശത്രുവിന്റെ ആയുധത്തെ

തട്ടുകുന്നതാകയാൽ ചിലപ്പോൾ അതു കൊണ്ടു പൊട്ടിച്ചിതറുന്നതിനാൽ ഈ പേർ വന്നു. ൩. വാളിന്റെ മൂർച്ച. ൪. ഒരു മരുന്ന്. ൫. ജാതിക്കാ. ൬. ത്രിഫല. ൭. കൊഴുവ്. ഉഴുതുന്നത് എന്നർത്ഥം. ൮. തക്കോലം. ൯. കടകപ്പാല. ൧൦. മലങ്കാര.

ഫലയോഗം-കാര്യസിദ്ധി.

ഫലവത്ത്, ഫലവൽ-വി. ഫലമുള്ള, കായുള്ള.

ഫലവാൻ-കായ്ചുനില്ക്കുന്ന മരം.

ഫലവിക്രയി-കായ്കൾ വില്ക്കുന്നവൻ.

ഫലശാഡവം-മാതളനാരകം.

ഫലശാലി-വി. കായുള്ള.

ഫലശൈശിരം-ഇലന്തമരം.

ഫലശ്രുതി-ഈശ്വരകഥകളും മററും പറഞ്ഞാൽ അതിന്റെ മഹത്വത്തെക്കുറിച്ചു പിന്നീടും പറയുന്ന ശ്ലോകം.

ഫലശ്രേഷ്ഠം-മാവ്.

ഫലസമ്പത്ത്-൧. ഫലങ്ങളുടെ ആധിക്യം. ൨. വിജയം.

ഫലസം(ശം)-പ്ലാവ്.

ഫലസിദ്ധി-ഫലപ്രാപ്തി.

ഫലഹാരം-പലകാരം. (ഫലഹാരമാണ് പലകാരമായത്.)

ഫലഹാരി-കാളി, ദുർഗ്ഗാ.

ഫലഹി-പൂള, ഇലവം.

ഫലഹീന-വി. ഫലമില്ലാത്ത, നിഷ്ഫലമായ.

ഫലാഢ്യ-വി. ധാരാളം കായുള്ള.

ഫലാഢ്യാ-ഒരുതരം വാഴ.

ഫലാദനം-കിളി.

ഫലാദ്ധ്യക്ഷം-ഒരു വൃക്ഷം, പഴമുൺപാല.

ഫലാനുമേയ-വി. ഫലംകൊണ്ടു ഊഹിക്കപ്പെടുവാൻ തക്ക.

ഫലാന്തം-മുള, ഇല്ലി.

ഫലാപേക്ഷ-ഫലത്തെ കാത്തിരിക്കുക.

ഫലാപേത-വി. നിഷ്ഫലമായ.

ഫലാഫലം-ജയവും തോൽവിയും.

ഫലാമ്ലം-പുളിമരം.

ഫലാശനം-കിളി.

ഫലാശി-വി. ഫലത്തെമാത്രം ഭക്ഷിക്കുന്ന.

ഫലാസ്ഥി-തെങ്ങ്.

ഫലാഹാര-കായ്കളെ ഭക്ഷിക്കുക.

ഫലി-(നകാരാന്തം) വി. കായുള്ള.

ഫലി-ഒരുമാതിരി മത്സ്യം, പലകമീൻ. ൨. ഞാഴൽ, ൩. കായ്ചുനില്ക്കുന്ന മരം.

ഫലിക്കുന്നു-൧. കായ്ക്കുന്നു. ൨. കാര്യം സാധിക്കുന്നു. ൩. സാദ്ധ്യമാകുന്നു.

ഫലിത-വി. ഫലമുള്ള, കായ്ച്ച.

ഫലിതക്കാരൻ-ചിരിക്കത്തക്ക വാക്കു പറയുന്നവൻ.

ഫലിതാ-തീണ്ടാരിയായ സ്ത്രീ.

ഫലിതാർത്ഥം-ഫലത്തോടുകൂടിയ അർത്ഥം.

ഫലിതം-൧. കളിവാക്ക്, നേരമ്പോക്ക്. ൨. ഒരു വൃക്ഷം. ൩. ഫലമുള്ളത്.

ഫലിനം-൧. പ്ലാവ്. ൨. കായ്ചുനില്ക്കുന്ന മരം. ൩. ഫലമുള്ളവസ്തു.

ഫലിനീ-൧. ഞാഴൽ. ൨. കപ്പമഞ്ഞൾ.

ഫലീകരണം-ചേററൽ, തൂററൽ.

ഫലേഗ്രഹി-വി. കായ്ക്കുന്ന.

ഫലേഗ്രഹി-യഥാകാലം കായ്ക്കുന്ന വൃക്ഷലതാദികളുടെ പേർ.

ഫലേരുഹാ-പൂപ്പാതിരിവൃക്ഷം. മൂലകാലോടുകൂടിയ കായുള്ള എന്നർത്ഥം.

ഫലോദയം-൧. ലാഭം. ൨. സ്വർഗ്ഗം. ൩. ആനന്ദം.

ഫലോൽപ്രേക്ഷ- ഉൽപ്രേക്ഷാലങ്കാരത്തിന്റെ ഒരു ഇനം.

ഫല്യം-പുഷ്പം.

ഫല്ഗു-വി. ൧. നിസ്സാരമായുള്ള. ൨. മനോഹരമായ.

ഫല്ഗു-൧. കാട്ടത്തി. നിസ്സാരമായ ഫലമുള്ളതു് എന്നർത്ഥം. ൨. പേയത്തി. ൩. അസത്യവാക്ക്. ൪. വസന്തം. ൫. ഗയയിലെ ഒരു നദിയുടെ പേർ.

ഫല്ഗുന-വി. ചെമന്ന, പാടലമായ.

ഫല്ഗുനൻ-പു. അൎജ്ജുനൻ. ഫല്ഗുനമാസത്തിൽ ഫല്ഗുനി (ഉത്രം) നക്ഷത്രത്തിൽ ജനിച്ചവൻ എന്നർത്ഥം. ൨. ഇന്ദ്രൻ.

ഫല്ഗുനി-ഉത്രം നക്ഷത്രം.

ഫല്ഗുനീഭവൻ - വ്യാഴം, ബൃഹസ്പതി.

ഫല്ഗുമൂലം-ചുഴലിവേർ.

ഫല്ഗുവാടികാ-കാടത്തി.

ഫസലി-പു. അറബിക് വൎഷം. ൨. കൊയ്ത്തുസമയം.

## ഫാ

ഫാട്-അ. സംബോധനാൎത്ഥകം.

ഫാടകി-ചീനക്കാരം.

ഫാണി-ചക്കരപ്പാവു്, പാനി.

ഫാണിതം-മുറിയൻ ശൎക്കര, നീൎക്കണ്ടിശൎക്കര. അയഞ്ഞതു് എന്നർത്ഥം. (കൽക്കണ്ടം എന്നും പറയുന്നു).

ഫാണ്ട-വി. ഒതുങ്ങിയ.

ഫാണ്ടം-അന്നവെച്ചകഷായം. എളുപ്പത്തിൽ ഉണ്ടാക്കപ്പെട്ട കഷായം. ദ്രവത്വമാകയാൽ ഒലിച്ചുപോകുന്നതു് എന്നർത്ഥം.

ഫാണ്ഡം-വയറു്.

ഫാല-വി. ഫലത്തിൽ നിന്നുണ്ടായ, പഞ്ഞികൊണ്ടുണ്ടാക്കിയ.

ഫാലകൃഷ്ട-വി. ഉഴുത, കിളച്ച.

ഫാലകൃഷ്ടാ-ഉഴുതവയൽ.

ഫാലഖേലാ-കാടപ്പക്ഷി.

ഫാലൻ-പു. ബലരാമൻ. ൨. ശിവൻ.

ഫാലം-പു. നെററി. ൨. കൊഴു്. ൩. ഉഴുതവയൽ. ൪ മാതളനാരകം.

ഫാലഗുപ്തൻ ബലരാമൻ.

ഫാലലോചനൻ-ശിവൻ.

ഫാലാഹത-വി. ഉഴുത, കിളച്ച.

ഫാല്ഗുനം, ഫാൽഗുനികാ-മീനമാസം. സുഖത്തെ ചെയ്യുന്നതു് എന്നർത്ഥം.

ഫാല്ഗുനാനുജം-പു. ചൈത്രമാസം. ൨. വസന്തകാലം.

ഫാല്ഗുനാനുജൻ-പു. നകുലൻ. ൨. സഹദേവൻ.

ഫാല്ഗുനി-പു. ഫാല്ഗുനിമാസത്തിൽ വെളുത്തവാവു്. ൨. മീനമാസം.

## ഫി

ഫിരാംഗം-യൂറോപ്പ്.

ഫിരംഗി-യൂരോപ്യൻ.

## ഫു

ഫു-അ. ഒരു ശകാരം, നിന്ദാവാക്ക്.

ഫുകം-പക്ഷി.

ഫുടം-വിരിഞ്ഞപത്തി.

ഫുപ്ഫുസം-ശ്വാസകോശം. (വളരെ ചെറിയ അനേകം കോടി അറകൾകൊണ്ടു ഉണ്ടാക്കപ്പെട്ടതാണ്. നെഞ്ചിലുള്ള

അസ്ഥിക്കൂട്ടിനകത്തു രക്താശയത്തിന്റെ ഇടത്തും വലത്തും ഇരിക്കുന്ന രണ്ടു് സഞ്ചികളാകുന്നു. ദുഷിച്ച രക്തം ശുദ്ധി ചെയ്യുന്നതു് ഇവിടെവച്ചാണ്.)

**ഫുല്ല**-വി. വികസിച്ച, വിടിൎന്ന.

**ഫുല്ലനയനം**-ഒരുതരം മാൻ.

**ഫുല്ലം**-ന. വിടിൎന്നു പൂത്തുനില്ക്കുന്ന മരം. വ. വിരിഞ്ഞതു്. വിസ്താരത്തെ പ്രാപിച്ചതു് എന്നൎത്ഥം.

**ഫുല്ലരീകം**-ന. സൎപ്പം. വ. പ്രദേശം.

## ഫൂ

**ഫൂൽകരം**-അഗ്നി.

**ഫൂൽകാരം**-ഊത്തു്, ചീററൽ. ഫൂ എന്ന ശബ്ദം.

## ഫേ

**ഫേണാശനി**-ഇന്ദ്രൻ.

**ഫേനഗിരി**-സിന്ധുനദിക്കടുത്തുള്ള ഒരു പൎവ്വതം.

**ഫേനം**-നുര, പത, കടൽനാക്ക്. വമിക്കുന്നതു് എന്നൎത്ഥം.

**ഫേനല**-വി. നുരയുള്ള.

**ഫേനവാഹി**-അരിക്കുവാനുള്ള വസ്ത്രം.

**ഫേനാഗ്രം**-നീൎക്കുമിള.

**ഫേനില**-വി. പതയുള്ള.

**ഫേനിലം**-ന. പൂച്ചി, ഉറുഞ്ചിമരം. നുരയുള്ളതു്, അരച്ചാൽ പതയുന്നതു്. വ. ഇലന്തക്കുരുവ്. നുരയുള്ളതു് എന്നൎത്ഥം.

ഇതു 'ശീഘ്രഫേന'മെന്നു മലയാളികളും 'പുവ്വത്തി' എന്നു തമിഴരും പറയപ്പെടുന്ന മരമാണ്.

**ഫേരം, ഫേരണ്ഡം**-കുറുക്കൻ.

**ഫേരവ**-വി. ഉപായമുള്ള.

**ഫേരവം**-ന. കുറുക്കൻ.

'കീരവാണിഭൈരവാണി-സാരവ
ഫേരവാണിഘോരകാനനാന്തി'
(നളചരിതം കഥകളി)

വ. കള്ളൻ.

**ഫേരു**-കുറുക്കൻ.

**ഫേല, ഫേലി**-ഉച്ഛിഷ്ടം, ഉണ്ടുശേഷിച്ചതു്. ഉപേക്ഷിക്കപ്പെട്ടതു് എന്നൎത്ഥം. മറെറാരുപൎയ്യായം-ഭുക്തസമുജ്ഝിതം.

**ഫേലകം**-ഉച്ഛിഷ്ടം, എച്ചിൽ.

## ഫൌ

**ഫൌസ്ദാരി, ഫൌജദാരി**-ഉദ്യോഗസ്ഥന്മാരുടെ കുററത്തെ സംബന്ധിച്ച മേൽനോട്ടക്കാരൻ. (വി). കുററസംബന്ധമായുള്ള.

# ബ

**ബ**-ഹല്ലുകളിൽ ഇരുപത്തുമൂന്നാം അക്ഷരം.

**ബം**-ന. കടൽ. വ. ജലം.

**ബകൻ**-ന. ഒരു രാക്ഷസൻ.

ഇവനെ ഏകചക്രയിൽ വച്ചു ഭീമൻ വധിച്ചു.

ജടാവല്ക്കലധാരികളായി പാണ്ഡവർ ഏകചക്ര എന്നു പേരായ ഗ്രാമത്തിൽ ചെന്നു. പുത്രനും ഭാൎയ്യയും പുത്രഭാൎയ്യയും കൂടി ദുഃഖിച്ചുകൊണ്ടിരിക്കുന്ന ഒരു വിപ്രന്റെ ഗൃഹത്തെ കണ്ടു പ്രവേശിച്ചു് ദുഃഖകാരണം ചോദിച്ചു. ബകൻ എന്ന പ്രസിദ്ധനായ ഒരു രാക്ഷസൻ

ഉണ്ടെന്നും അവന് ആഹാരം കൊണ്ടു പോയി കൊടുപ്പാനുള്ളതു് ഇന്നു തന്റെ ഗൃഹത്തിലെ മുറയാണെന്നും താൻ പോയാലും പുത്രൻ പോയാലും വലുതായ സങ്കടത്തിനു് ഇടയുണ്ടെന്നും എന്താണു വേണ്ടതെന്നു് വിചാരിച്ചു വേദിക്കയാണെന്നും ബ്രാഹ്മണൻ പറഞ്ഞു. ഇതു കേട്ടു് തനിക്കു് അഞ്ചു പുത്രന്മാരുള്ളവരിൽ ഒരാളെ അയച്ചുകൊള്ളാമെന്നു കുന്തി സമ്മതിച്ചു് ഭീമനെ ക്രമപ്രകാരം അയച്ചു. ഭീമൻ ചെന്നു് ബകനെ നിഗ്രഹിച്ചു.—(ഭാരതം സംഭവപർവ്വം നോക്കുക).

൨. കൃഷ്ണൻ കൊന്ന ഒരസുരൻ. (ഭാഗവതം ദശമസ്കന്ധം നോക്കുക). ൩. കുബേരൻ. ൪. കള്ളത്തരക്കാരൻ.

ബകനിഷൂദനൻ-പു. ഭീമൻ. ൨. കൃഷ്ണൻ.

ബകപഞ്ചകം- കാർത്തികമാസത്തിലേ ശുക്ലപക്ഷത്തിലേ ഒടുവിലത്തെ അഞ്ചു ദിവസം.

ബകം-പു. ഒരു പക്ഷി, കൊക്കു്. കള്ളത്തരക്കാരൻ എന്നർത്ഥം. മറെറാരു പര്യായം-കഹ്വം. ൨. കൊക്കുമന്താരം

ബകരുകാ-പു. കൊക്കിൻകുഞ്ഞു്. ൨. കാററുകൊണ്ടു ചാഞ്ഞ മരക്കൊമ്പു്.

ബകവൈരി-പു. ഭീമൻ. ൨. കൃഷ്ണൻ.

ബകവ്രതം-കപടഭക്തി, കപടനാട്യം.

ബകവ്രതചാരൻ-കപടനാട്യക്കാരൻ.

'അധോദൃഷ്ടിർന്നൈകൃതികഃ
സ്വാർത്ഥസാധനതൽപരഃ
ശഠോമിഥ്യാവിനീതശ്ച
ബകവ്രതചരോദ്വിജഃ'
(മനുസ്മൃതി)

ബകാരം-'ബ' എന്ന അക്ഷരം.

ബഷ്കയ(യി)ണി-വളരെ പെററപശു

ബകുര-വി. ഭയങ്കരമായ.

ബകുരം-ഇടിവാൾ, മേഘമൂർത്തി.

ബകുളം, ബകുലം-ഇലഞ്ഞിവൃക്ഷം.

ബകുളാവലിക-മാളവികയുടെ സഖി.

ബക്രുളം-ഇലഞ്ഞിമരം.

ബകോടം-കൊക്കു്.

ബങ്കളാവു്-യൂറോപ്യൻ ഭവനം, യൂറോപ്യന്റെ ഭവനംപോലെയുള്ള ഭവനം. (Bangalow).

ബങ്കളൂർ, വെങ്കളൂർ - ഒരു ദേശം. (Bangalore).

ബജാർ-അങ്ങാടിത്തെരുവു്, വലിയ കച്ചവടസ്ഥലം. (പെൎഷ്യൻഭാഷ). (ബജാരി, ജൊർ.)

ബട്ടുകരണം-ഉപനയനം, യജ്ഞോപവീതധാരണം.

ബടോദാ-ഒരു രാജ്യം (ബറോഡാ).

ബഡവാ-സ്ത്രീ. പെൺകുതിര. സാമർത്ഥ്യമുള്ളതു് എന്നർത്ഥം. ൨. അശ്വിനി. ൩. ബ്രാഹ്മണസ്ത്രീ.

ബഡവം-കുതിര.

ബഡവാഗ്നി, ബഡവാനലൻ-സമുദ്രാഗ്നി, ഭൂഗോളത്തിന്റെ തെക്കേ മുനയിൽ സമുദ്രത്തിൽ ചുററിയിരിക്കുന്ന ഒരഗ്നി. ബഡവാഗ്നിയിങ്കലുള്ള അനലൻ (അഗ്നി) എന്നർത്ഥം. ബഡവാഗ്നി സമുദ്രത്തിലുള്ള ഒരു പെൺകുതിരയുടെ മുഖത്താകുന്നു സ്ഥിതിചെയ്യുന്നതു്.

ബഡവാഗ്നി എന്നു് ഒരഗ്നി സമുദ്രത്തിന്റെ അടിയിൽ ഉണ്ടെന്നും അതു വററിച്ചുകളയുന്നതുകൊണ്ടാണു് നദികൾ വഴിയായും മററും വളരെ ജലം സമുദ്രത്തിൽ സർവ്വദാ വീഴുന്നുണ്ടെങ്കിലും അതിനു ഏററം വരാത്തതെന്നുമാണു് ഐതിഹ്യം.

ബഡവാമുഖാഗ്നി-സമുദ്രാഗ്നി.

ബഡായി-ആത്മപ്രശംസ, അതിശയോക്തി, ഇല്ലാത്ത കാര്യം കെട്ടിച്ചമച്ചു പറയുക.

ബഡിശം-ചൂണ്ടൽ. ബലികളെ (വലിയ മത്സ്യങ്ങളെ) പിടിക്കുന്നതു് എന്നർത്ഥം. [പാഠങ്ങൾ — ബളിശം, ബഡിശം, ബഡിശി, ബളിശം, ബളിശി]

ബണിഗ്രാഹം-ഒട്ടകം.

ബണ്ടർ-തുളുദേശത്തെ നായർ.

ബത-അ. ഇതിനെ ആമന്ത്രണത്തിലും, ഖേദത്തിലും, സന്തോഷത്തിലും, അനുക്രോശത്തിലും, വിസ്മയത്തിലും പ്രയോഗിക്കാം.

ബദരപാചനം-ഒരു പുണ്യതീർത്ഥത്തിന്റെ പേർ.

ബദരം-൧. ഇലന്ത. ൨. ഇലന്തക്കുരുവ്. ൩. പഞ്ഞിക്കുരുവ്.

ബദരാ-൧. പരുത്തി. ഉറപ്പുള്ളതു് എന്നർത്ഥം. ൨. നിലപ്പന, പന്നിക്കിഴങ്ങ്. ൩. അരത്ത. ൪. മുതക്ക്. ൫. വിഷ്ണുക്രാന്തി.

ബദരി-൧. ഇലന്ത. ഉറപ്പുള്ളതു് എന്നർത്ഥം. ൨. പഞ്ഞി. ൩. ബ്രഹ്മി.

ബദരികാ-ഇലന്ത. ൨. ഇലന്തക്കുരുവ്.

ബദരികാശ്രമം-ഹിമാലയത്തിൽ ഗംഗയുടെ ഉത്ഭവത്തിനു സമീപമുള്ള ഒരു വിഷ്ണുക്ഷേത്രം. നരനാരായണന്മാരുടെ ആശ്രമം. (ബദരീനാഥം നോക്കുക.)

ബദരീനാഥം, ബദര്യാശ്രമം-ഒരു പുണ്യക്ഷേത്രം.

"ഇതു ഹിമവാന്റെ ഒരു കൊടുമുടിയാണു്. 23210 അടി ഉയരമുണ്ട്. റെയിൽവഴി പോകുന്നതായാൽ ഉത്തരദേശികൾക്കു ഹരിദ്വാരമാണു് അടുത്ത സ്റ്റേഷൻ. ദാക്ഷിണാത്യന്മാർക്ക 'കാത്തഗോഡ്' സ്റ്റേഷനമാണു്. അവിടെനിന്നു മുകളിലേയ്ക്കു് ഒന്നുകിലോ എടുത്തുകൊണ്ടു പോകണം, അല്ലെങ്കിൽ നടന്നുപോകണം. ബദരീനാഥക്ഷേത്രത്തിൽ വിഷ്ണുവാണു മൂർത്തി. ബിംബം നദിയുടെ അടിയിൽ നിന്നും എടുത്തുകൊണ്ടുവന്നു സാക്ഷാൽ പരമശിവൻ തന്നെ പ്രതിഷ്ഠിച്ചിട്ടുള്ളതാണു്. ക്ഷേത്രത്തിന്റെ അടുത്തു താഴത്തു ഒരു കുളമുണ്ടു്. അതിലേയ്ക്കു എല്ലാ കാലത്തും ഒരു വ്യാഘ്രമുഖത്തിൽനിന്നു ചുട്ടവെള്ളം ഒലിച്ചുകൊണ്ടിരിക്കും. ഇവിടത്തെ ശാന്തിക്കാരനു 'റാവൻ' എന്നാണു പറയുക. ഇവിടെ സത്രങ്ങൾ അനേകമുണ്ട്. ശങ്കരാചാര്യർ ഇവിടെ ഇരുന്നതായി ഐതിഹ്യം കാണുന്നു."

ബദരീവാസാ-ദുർഗ്ഗ.

ബദൽ-പകരംചെയ്യുന്നതു്, മറുപടി. (അറബിഭാഷ. ബതൽ എന്നുമുണ്ട്).

ബദാം-ഒരുവക വൃക്ഷം.

ബദ്ധ-വി. ൧. കെട്ടപ്പെട്ട. ൨. അമർത്തപ്പെട്ട. ൩. പദാരംഭത്തിൽ ചേർന്നു വരുമ്പോൾ "പിൻപദാർത്ഥത്തോടു കൂടിയ" എന്നർത്ഥം വരുത്തുന്നു. ഉ-ം. ബദ്ധകൌതുകം (കൌതുകത്തോടുകൂടി).

ബദ്ധകക്ഷൻ-കച്ചകെട്ടിയവൻ, ഒരുങ്ങിയവൻ.

ബദ്ധജിഹ്വ-വി. മൌനം കൈക്കൊണ്ട

ബദ്ധദൃഷ്ടി-വി. ദൃഷ്ടിയുറപ്പിച്ച.

ബദ്ധപ്പാടു്-വേഗം, ധൃതി, ജോലി, അടിയന്തരം.

ബദ്ധപ്പെടുന്നു-തിടുക്കപ്പെടുന്നു. (സ. ക്രി.—ബദ്ധപ്പെടുത്തുന്നു).

ബദ്ധപ്രതിജ്ഞൻ-പ്രതിജ്ഞചെയ്തവൻ

ബദ്ധഭാവൻ-മനസ്സു ചാഞ്ഞവൻ.

ബദ്ധമതി-തീർച്ചപ്പെടുത്തിയവൻ.

ബദ്ധമുഷ്ടി-൧. കൈചുരുട്ടിപ്പിടിച്ചവൻ. ൨. പിശുക്കൻ.

ബദ്ധമൂല-വി. അടിയുറച്ച.

ബദ്ധരസാലം-തേന്മാവ്.

**ബദ്ധരാഗ**-വി. അനുരാഗമുള്ള.

**ബദ്ധവൈരം**-വലിയ നീരസം.

**ബദ്ധശിഖ**-വി. ശിഖയോടുകൂടിയ.

**ബദ്ധസന്ദേഹം** - സംശയത്തോടുകൂടും വണ്ണം.

**ബദ്ധാഞ്ജലി**-വി. കൈകൂപ്പിയ.

**ബദ്ധാദരം**-ആദരവോടുകൂടുംവണ്ണം.

**ബദ്ധാമോദ** - സന്തോഷത്തോടുകൂടും വണ്ണം.

**ബദ്ധാവലേപ** വി. അഹങ്കാരത്തോടുകൂടിയ.

**ബദ്ധോദരം**, **ബദ്ധഗുദം**-ഒരു ഉദരരോഗം.

കല്ലോ മററൊ വയററിനകത്തു ചെന്നാലുണ്ടാകും. മലം പണിപ്പെട്ടുപോകും.

**ബദ്ധോദ്യമ** - വി. ഉത്സാഹത്തോടുകൂടിയ.

**ബധിര**-വി. ചെവികേൾക്കാത്ത.

**ബധിരം** പൂതണക്കപ്പുല്ല്.

**ബധിരൻ**-ചെവികേൾപ്പാൻ കഴിയാത്തവൻ; ചെകിടൻ. ശ്രവണശക്തി ബന്ധിച്ചവൻ എന്നർത്ഥം.

**ബധിരിമാവ്**-ബധിരന്റെ അവസ്ഥ; ചെവി കേൾക്കായ്ക.

**ബൻ**-വരുണൻ.

**ബന്തർ**-തുറമുഖം.

**ബന്തോവസ്ത്**, **ബന്തോവസ്തു** -സൂക്ഷിപ്പ്. (പെർഷ്യൻ ഭാഷ).

**ബന്ദി**-൧ അടിമ. ൨ തടവുപുള്ളി, തടവുകാരൻ.

**ബന്ദീകരിക്ക**-ബന്ധിക്ക.

**ബന്ധം**-൧. കെട്ട്, കെട്ടുപാട്, ചേർച്ച. ൨. കാരണം. ൩. വേനത്തിന്റെ മേൽപുരയിൽ ഉള്ള ഒരു പണി. ൪. തടവ്. ൫. ദേഹദേഹികളുടെ ചേർച്ച, സംസാരബന്ധം. ൬. ശരീരം.

**ബന്ധകം**-൧. ഒരുകമററം. ൨. കെട്ട്. ൩. തടവ്. ൪. ഏല്പാട്. ൫. അടിമ. ൬. പണയപ്പാട്. ൭. കെട്ടുകാരി. ൮. വ്യസനം.

**ബന്ധകീ**-൧. വേശ്യാസ്ത്രീ, അസതി, കുലട, വ്യഭിചാരിണി. മനസ്സിനെ അന്യനിൽ ചേർക്കുന്നവൾ എന്നർത്ഥം.

'ജല്പന്തി സാൎദ്ധമന്യേന
പശ്യന്ത്യന്യം സ വിഭ്രമാഃ
ഹൃദയേ ചിന്തയന്ത്യന്യം
ന സ്ത്രീണാമേകതോ രതിഃ'

ഭാഷ. —

'ഒരുത്തനോടായുരചെയ്തിട്ടും മ-
ററൊരുത്തനേ വിഭ്രമമാൎന്നുനോക്കും
തരത്തിൽമററന്യനെയോൎത്തിടുംസ്ത്രീ-
ജനത്തിനിഷ്ടൻപുനരേവനോൎത്താൽ'.

൨. പിടിയാന.

**ബന്ധതന്ത്രം**-ചതുരംഗബലം.

**ബന്ധത്രയം**-യോഗികൾക്ക സിദ്ധാസനത്തിൽനിന്നവശമാകുന്നതും ആക്കേണ്ടതുമായ മൂന്നു ബന്ധങ്ങൾ-ഉഡ്യാനബന്ധം, ജാലന്ധരബന്ധം, മൂലബന്ധം.

**ബന്ധനകുടീരം**-കാരാഗൃഹം.

**ബന്ധനഗൃഹം**-ജെയിൽ.

**ബന്ധനം**-൧. കെട്ട്. ൨. പച്ചക്കയറ്. ൩. വധം. ൪. കെട്ടുന്നതിനുള്ള വസ്തു, ചങ്ങലയും മററും. ൫. തടവിലിടുക.

**ബന്ധനഗ്രന്ഥി**-കന്നുകാലികളെ കെട്ടാനുള്ള കയറ്.

**ബന്ധനപാലകൻ** -ജയിൽ കാവൽക്കാരൻ.

**ബന്ധനസ്ഥൻ** - തടവുകാരൻ, ജയിൽപുള്ളി.

**ബന്ധനസ്ഥാനം**-തൊഴുത്ത്.

**ബന്ധനാലയം**-കാരാഗൃഹം.

ബന്ധപാരുഷ്യം - വാക്യരചനയിലെ കാഠിന്യം.

ബന്ധമോക്ഷങ്ങൾ - ബന്ധവും, മോക്ഷവും (സംസാരബന്ധവും അതിൽനിന്നുള്ള വേർപാടും.)

ബന്ധമോചനം-കെട്ടിൽനിന്ന വിടുക, അഴിച്ചു വിടുക.

ബന്ധസ്തംഭം-ആനയെ കെട്ടുന്ന കുററി.

ബന്ധിക്കുന്നു-൧. കെട്ടുന്നു. ൨. തടവിലാക്കുന്നു. (ബന്ധിപ്പിക്കുന്നു—കാ. ക്രി.)

ബന്ധിത-വി. കെട്ടപ്പെട്ട.

ബന്ധിത്രൻ-കാമദേവൻ.

ബന്ധ്രത്രം-തോലുകൊണ്ടുള്ള വിശറി.

ബന്ധു-൧. ചാർച്ചക്കാരൻ. ൨. സ്നേഹിതൻ. ൩. സ്വജാതിക്കാരൻ. ൪. ചങ്ങാതിയുമ്മാറം. ൫. ശത്രുരാജ്യത്തിന്റെ അപ്പുറമുള്ള രാജാവ്.

പൎയ്യായങ്ങൾ-സഗോത്രൻ, ബാന്ധവൻ, ജ്ഞാതി, സ്വജനം.

ബന്ധുകൃത്യം-സംബന്ധമുറ.

ബന്ധുക്കാരൻ-ചാർച്ചക്കാരൻ.

ബന്ധുക്കെട്ട് - ബന്ധുത്വം കൊണ്ടുള്ള ബന്ധം.

ബന്ധുചതുഷ്ടയം - സഞ്ചാരത്തിൽ വിദ്യ, ഗൃഹത്തിൽ ഭാൎയ്യ, രോഗാവസ്ഥയിൽ ഔഷധം, മരിച്ചവന്ന സുകൃതം ഇവ ൪-ം.

ബന്ധുജീവകം-ഉച്ചമലരി. ജലമാകുന്ന ബന്ധുവിനോടുകൂടിയതു് എന്നൎത്ഥം.

ബന്ധുത, ബന്ധുത്വം-ബന്ധുവിന്റെ അവസ്ഥ.

ബന്ധുതാ-ബന്ധുക്കളുടെ കൂട്ടം.

ബന്ധുദത്ത-വി. ബന്ധുക്കളാൽ കൊടുക്കപ്പെട്ട.

ബന്ധുദത്തം-സ്ത്രീധനം.

ബന്ധുദാ-കുലടാസ്ത്രീ.

ബന്ധുഭാവം-ബന്ധുത്വം.

ബന്ധുമൽ-വി. ബന്ധുക്കളോടുകൂടിയിരിക്കുന്ന.

ബന്ധുര-വി. ൧. ചന്തമുള്ള, മനോഹരമായ. ൨. താണും ഉയൎന്നുമുള്ള. ൩. വളഞ്ഞ, കുനിഞ്ഞ, കുറഞ്ഞൊന്നു താണ. ൪. ചെവികേൾക്കാത്ത. ൫. ഉപദ്രവമുള്ള. ൬. ഉയൎന്ന. (നാമം=ബന്ധുരത, ബന്ധുരത്വം).

ബന്ധുര എന്ന പദം ഇപ്പോഴത്തെ അൎത്ഥത്തിൽ തന്നെ വേദത്തിലും പ്രയോഗിച്ചു കാണുന്നു എന്നും ബന്ധ+ഉരച്=ബന്ധുര, നന്നായി കെട്ടപ്പെട്ടതു് (പണിതിട്ടുള്ളതു്) എന്നും നന്നായി പണിതു സുന്ദരമായിരിക്കുമെന്നും പറഞ്ഞു കാണുന്നു.

ബന്ധുരം-൧. മനോഹരം. ൨. ഒരു പൂവ്. ൩. ഒരു കിരീടം. ൪. പാത്ത. ൫. വളഞ്ഞതു്. ഉയൎന്നു കുറഞ്ഞൊന്നു താണതു്, കിഴക്കാംതൂക്കിലുള്ളതു്.

ബന്ധുരാ-കുലട.

ബന്ധുലൻ-വ്യഭിചാരിണിയുടെ പുത്രൻ. (ബന്ധൂലൻ എന്നും കാണുന്നു). തന്നെ നിന്ദിക്കാതെയിരിപ്പാനായിട്ടു് എല്ലാവരേയും ബന്ധുക്കളാക്കി സ്വീകരിക്കുന്നവൻ എന്നൎത്ഥം. ൨. വിഴാൽ. ൩. എള്ളിൻ പിണ്ണാക്കു്. ൪. അരയന്നം. ൫. കൊക്കു്. ൬. ഇടവകം.

ബന്ധുലം-വി. ൧. വളഞ്ഞ. ൨. മോഹനമായ.

ബന്ധുവത്സല-വി. ബന്ധുക്കളിൽ സ്നേഹമുള്ള.

ബന്ധുശത്രു -ബന്ധുവെന്നുള്ള നാട്യത്തിലിരുന്നുകൊണ്ടു വിരോധം പ്രവൎത്തിക്കുന്നവൻ. ബന്ധുശത്രുക്കൾ =ബന്ധുക്കളും ശത്രുക്കളും (എന്ന അൎത്ഥവും വരും)

**ബന്ധൂകം**-൧. ഉച്ചമലരിപ്പൂവ്. മനസ്സിനെ ബന്ധിക്കുന്നതു് എന്നർത്ഥം. ൨. വേങ്ങ.

**ബന്ധുര**-വി. ൧. സമമല്ലാത്ത. ൨. വളഞ്ഞ. ൩. ചന്തമുള്ള.

**ബന്ധുരം**-ഭാരം.

**ബന്ധുലൻ**-വ്യഭിചാരിണിയുടെ പുത്രൻ

**ബന്ധുലി**-ഉച്ചമലരി.

**ബന്ധ്യ**-വി. ൧ കായ്ക്കാത്ത. ൨. തടുക്കപ്പെട്ട.

**ബന്ധ്യ**-൧. പ്രസവിക്കാത്തവൾ. ൨. മച്ചിപ്പശു. ൩. കാട്ടുപാവൽ.

**ബഭ്രവി**-ദുർഗ്ഗ.

**ബഭ്രു**-വി. ൧. വലിയ. ൨. കരാൽ നിറമുള്ള.

**ബഭ്രു**-൧. വിഷ്ണു. ൨. ശിവൻ. ൩. ഒരു യാദവൻ. ൪. അഗ്നി. ൫. തടിച്ച കീരി. ൬. പിംഗലം. ൭. നല്ല കുലത്തിൽ ജനിച്ചവൻ. ൮. കരാൽ നിറം. ൯. വെഴമ്പൽ. ൰. ഒരു രാജ്യം.

**ബഭ്രുവാഹനൻ**-അർജ്ജുനപുത്രനായ പാണ്ഡ്യരാജാവ്.

ബഭ്രുവാഹനൻ ചിത്രാംഗദയിൽ അർജ്ജുനനു ജനിച്ചവനാണ്. മണിപൂരത്തിൽ വാണു. മണിപൂരം മാതാവിന്റെ ദേശമാണ്. ധർമ്മപുത്രർ അശ്വമേധത്തിനു നിശ്ചയിച്ചിരുന്ന കുതിര അവിടെ ചെന്നപ്പോൾ അവിടത്തെ ഉദ്യോഗസ്ഥന്മാർ അതിനെ പിടിച്ചു കെട്ടി ബഭ്രുവാഹനന്റെ അടുക്കൽ കൊണ്ടുചെന്നു. കുതിരയുടെ നെററിമേലുണ്ടായിരുന്ന എഴുത്തു കണ്ടിട്ടു് അതു പാണ്ഡവന്മാരുടെ വകയാണെന്നു ബഭ്രുവാഹനൻ മനസ്സിലാക്കി, ഉടനെതന്നെ അർജ്ജുനനെ കാണുകയുണ്ടായി. ബഭ്രുവാഹനൻ അർജ്ജുനനെ സമസ്കരിച്ചിട്ടു് തന്റെ രാജ്യധനാദി സർവ്വവും കുതിരയോടുകൂടി അദ്ദേഹത്തിനു നൽകിയേക്കാമെന്നു പറഞ്ഞു. തന്റെ പുത്രനാകാൻ ഭീരുവായ ഇവൻ അനർഹനെന്നു പറഞ്ഞു ബഭ്രുവാഹനനെ ശകാരിക്കയും അടിക്കയും ചെയ്തു. അനന്തരം അന്യോന്യമുണ്ടായ യുദ്ധത്തിൽ അർജ്ജുനനെ ബഭ്രുവാഹനൻ വധിച്ചു. പിന്നീടു് പശ്ചാത്തപിച്ച് ആത്മഹത്യക്കായി ഒരുമ്പെടുന്ന ബഭ്രുവാഹനനെക്കണ്ടിട്ടു് നാഗരാജപുത്രിയായ ഉലൂപി അദ്ദേഹത്തിനു ഒരു രത്നം ദാനം ചെയ്തു. ഇതുകൊണ്ടു് അർജ്ജുനൻ വീണ്ടും ജീവനെ ധരിച്ചു.

**ബംഗാളം**-ഒരു രാജ്യം (ബംഗാൾ)

**ബംഭരം**-വണ്ടു്. 'ബം' എന്ന ശബ്ദത്തെ ഭരിക്കുന്നതു് എന്നർത്ഥം.

'അംഭോജത്തിനകത്തടച്ച തടവിൽ
പാർപ്പിച്ചിടും ബംഭരേ'
(അഭിജ്ഞാനശാകുന്തളം)

**ബംഹിഷ്ഠം**-വി. വളരെയുള്ള.

**ബരം**-൧. ഇഞ്ചി. ൨. കുങ്കുമം. ൩. ഇലവംഗം, ൪. ഇരുവേലി.

**ബരടം**-ഒരുവക ധാന്യം. (രാജമാഷം).

**ബരലാ**-അന്നപ്പേട.

**ബരാ**-൧. ബ്രഹ്മി. ൨. പാട. ൩. ചിററമൃതു്. ൪. മേദാ. ൫. മഞ്ഞൾ. ൬. വിഴാൽ.

**ബരീവർദ്ദം**-കാള.

**ബർക്കരം**-൧. നാല്ക്കാലിക്കുഞ്ഞു്. ൨. കുഞ്ഞാടു്. ൩. നേരംപോക്കു്.

**ബർബ്ബടം**-വലിയ ഉഴുന്നു്.

**ബർബ്ബണാ**-കറുത്ത ഈച്ച. (വർവ്വണാ എന്നതിന്റെ പാഠം.)

**ബർബ്ബരദേശം**-ഒരു ദേശം.

**ബർബ്ബരൻ**-നീചൻ, ഭ്രഷ്ടൻ.

**ബർബ്ബരം**-൧. ചെറുതേക്കു്. ൨. നായർവെണ്ണ. ൩. ഒരുവക തുളസി, ൪. പീതചന്ദനം. ൫. ചായില്യം, ൬. നാരംപശ.

ബർബ്ബരാ-ആട്ടനാറിവേള, നായർവേള, നായർവെണ്ണ. (പാഠഭേദങ്ങൾ വർവരം, ബർവരം, വർബ്ബരം, ബർബ്ബരീ, വർവരീ, വർബ്ബരീ, ബർവരീ.)

ബർക്കം-ചെറുതേക്ക്.

ബർഹണം-ഇല.

ബർഹപുഷ്പം, ബർഹിപുഷ്പം-തുണിയംകം.

ബർഹം-ന. മയിൽപ്പീലി. വളരുന്നത് എന്നർത്ഥം. വ. തുണിയംകം. പ്രശസ്തമായ ഇലകൾ ഉള്ളത് എന്നർത്ഥം. ന. ഇല, ഇതൾ. ദ. ചിറക്.

ബർഹി-പു. മയിൽ. വ. കുശ.

ബർഹിണം-പു. മയിൽ. പീലിയുള്ളത് എന്നർത്ഥം. വ. കോതമ്പ്.

ബർഹിർമ്മുഖൻ-ദേവൻ. അഗ്നിയാകുന്ന മുഖത്തോടുകൂടിയവൻ. അഗ്നിയിൽ ഹോമിക്കപ്പെട്ട ഹവിസ്സ്, ആജ്യം മുതലായവയാൽ തൃപ്തിപ്പെട്ടവൻ എന്നു സാരം. ദേവന്മാർക്കായിക്കൊണ്ടുള്ള ഹവിസ്സ് അഗ്നിയിൽ ഹോമിക്കപ്പെടുന്നതുകൊണ്ട് ദേവന്മാരെ അഗ്നിമുഖന്മാർ എന്നു പറയുന്നു. (ഇവിടെ ബർഹിശ്ശബ്ദം അഗ്നിവാചകമാണ്.)

ബർഹിശ്ശുഷ്മാവ്-അഗ്നി. ദർഭപ്പുല്ലുകളാകുന്ന ബലത്തോടുകൂടിയവൻ എന്നർത്ഥം.

ബർഹിഷ്ഠം-ഇരുവേലി. കുശകാശാദികളുടെ കൂട്ടത്തിൽ നില്ക്കുന്നതു് എന്നർത്ഥം.

ബർഹിഷ്മതി-വിശ്വകർമ്മാവിന്റെ മകൾ, പ്രിയവ്രതൻ എന്ന രാജാവിന്റെ ഭാര്യ.

ബർഹിഷ്മാൻ-യാഗം ചെയ്യുന്നവൻ.

ബർഹിസ്സ്-പു. അഗ്നി. വർദ്ധിക്കുന്നവൻ, നെയ്യ് മുതലായ ഹോമദ്രവ്യംകൊണ്ടും ഇന്ധനാദികളെക്കൊണ്ടും ക്രമേണ വർദ്ധിച്ചുവർദ്ധിച്ചു വരുന്നവൻ. ഇങ്ങിനെ ശബ്ദാർത്ഥം. വ. ദർഭ.

ബറാബർ, ബരാവർ-ശരിക്കുള്ളതു്, നല്ലസ്ഥിതി.

ബല-വി. ബലമുള്ള, ശക്തിയുള്ള.

ബലൻ-പു. ബലഭദ്രൻ. വ. കാക്ക. ന. ഇന്ദ്രൻ വധിച്ച ഒരു രാക്ഷസൻ.

ബലകര-വി. ബലത്തെയുണ്ടാക്കുന്ന.

ബലക്കുറവ്-പു. ഉറപ്പില്ലായ്ക. വ. ശക്തിയില്ലായ്ക. ന. വണ്ണമില്ലായ്ക. ദ. സാമർത്ഥ്യമില്ലായ്ക.

ബലക്കേട്-ബലക്കുറവ്.

ബലക്ഷയം-ശക്തിയുടെയും മറ്റും കുറവ്.

ബലചതുഷ്ടയം-ദുർബ്ബലനു രാജാവ്, കുഞ്ഞുങ്ങൾക്കു കരച്ചൽ, മൂഢനു മൂകത്വം, മോഷ്ടാവിനു അസത്യം.

പക്ഷികൾക്ക് ആകാശം, മത്സ്യത്തിനു ജലം, ദുർബ്ബലനു രാജാവ്, ബാലനു കരച്ചൽ ഇവ ദ-ഇങ്ങിനെയുമാവാം.

ബലജ-സുന്ദരി.

ബലജം-പു. നഗരവാതിൽ. വ. കൃഷിനിലം.

ബലദേവൻ-ബലഭദ്രൻ. ബലംകൊണ്ടു ശോഭിക്കുന്നവൻ എന്നർത്ഥം.

ബലൻ-ഇന്ദ്രൻ കൊന്ന ഒരസുരൻ.

ബലന്ധര-കാശിരാജാവിന്റെ ഒരു പുത്രി. ഭീമന്റെ ഒരു ഭാര്യ. ഇവരുടെ മകൻ സർവ്വഗൻ.

ബലപതി-പു. സേനാനായകൻ. വ. ഇന്ദ്രൻ.

ബലപ്പെടുന്നു-പു. ശക്തിയുണ്ടാകുന്നു. വ. സ്ഥിരമാകുന്നു.

ബലബന്ധം-പു. ശക്തി, വ. നിർബ്ബന്ധം.

**ബലഭദ്രം**-പ. പാച്ചോററി. വ. ആയ്യമാൻ.

**ബലഭദ്രൻ**-പ. ബലദേവൻ. ബലംകൊണ്ട് ശ്രേഷ്ഠൻ എന്നൎത്ഥം. (പൎയ്യായങ്ങൾ-ബലഭദ്രൻ, പ്രലംബഘ്നൻ, ബലദേവൻ, അച്യുതാഗ്രജൻ, രേവതീരമണൻ, രാമൻ, കാമപാലൻ, ഹലായുധൻ, നീലാംബരൻ, രൌഹിണേയൻ, താലാങ്കൻ, മുസലി, ഹലി, സങ്കൎഷണൻ, സീരപാണി, കാളിന്ദീഭേദനൻ, ബലൻ). വ. അനന്തൻ.

**ബലഭദ്രാ**-കന്യകാ.

**ബലഭദ്രിക, ബലഭദ്രാ**-പ. ബ്രഹ്മി. വ. കറവാഴ.

**ബലം**-പ. തടിപ്പ്, പുഷ്ടി. വ. ശക്തി, പരാക്രമം. ന. സൈന്യം. ര് ശുക്ലം. ഒ. ശരീരം. ന്ന. ഉറപ്പ്. ൧. സാമൎത്ഥ്യം. വ്വ. കാക്ക. ൻ. രക്തം. പ൦. മുള, തളിര്. പപ. നറുംപശ. പവ. നീർമാതളം. പന. ചേരുമരം.

**ബലരാമൻ**-ബലഭദ്രൻ, കൃഷ്ണന്റെ ജ്യേഷ്ഠൻ.

ബലരാമൻ വിഷ്ണുവിന്റെ എട്ടാമത്തെ അവതാരമാണ്. ഇദ്ദേഹം ശേഷാംശജനാകുന്നു. ദേവകിക്ക് ഏഴാമത്തു ഗൎഭമുണ്ടായപ്പോൾ കൃഷ്ണന്റെ കല്പനപ്രകാരം മായ ഗൎഭത്തെ ആകൎഷിച്ച് വസുദേവരുടെ പത്നിയായ രോഹിണിയിൽ ആക്കി. ഇതുകൊണ്ട് രോഹിണിയുടെ പുത്രനാണെ ബലഭദ്രൻ എന്നു വെളിവാകുന്നു. കഴുതയുടെ രൂപം ധരിച്ചു തന്നെ വധിപ്പാൻ വന്ന ധേനുകാസുരനെ ഇദ്ദേഹം കൊന്നു. പിന്നീട്ട പ്രലംബൻ എന്ന അസുരനെ വധിച്ചു. ഒരിക്കൽ താൻ മദ്യപാനംചെയ്തിരിക്കെ കുളിപ്പാനായിട്ടു യമുനാനദിയെ സമീപസ്ഥയാവാൻ ആവശ്യപ്പെട്ടു. നിഷേധിക്കയാൽ ഹലായുധംകൊണ്ട് ജലത്തെ പിന്നാലെ അങ്ങുമിങ്ങും വലിച്ചുകൊണ്ടു നടന്നു. യമുനാ ഭയപ്പെട്ടു സ്ത്രീരൂപമായി വന്ന് മാപ്പുചോദിച്ചു. ഒരിക്കൽ ദുൎയ്യോധനൻ സാംബനെ തടവുകാരനാക്കി ഹസ്തിനാപുരിയിൽ പാൎപ്പിച്ചപ്പോൾ വിട്ടയപ്പാൻ ബലരാമൻ ആജ്ഞാപിച്ചു. കൌരവർ അനുസരിച്ചില്ല. ഉടൻ അദ്ദേഹം കോപാന്ധനായി ആയുധംകൊണ്ട് നഗരത്തോടുകൂടി അവരെ തന്റെ സമീപത്തേക്ക വലിച്ചിട്ടു. ഉടൻ അവർ പേടിച്ചു സാംബനെ വിട്ടയച്ചു. തന്റെ ആയുധം മോഷ്ടിച്ച ദ്വിവിദൻ എന്ന വാനരനെ അദ്ദേഹം കൊന്നു. ദുൎയ്യോധനനെയും ഭീമനെയും ഗദാപ്രയോഗം അഭ്യസിപ്പിച്ചു. ഭാരതയുദ്ധത്തിൽ ബലരാമൻ ഇരുകക്ഷികളെയും സഹായിച്ചില്ല. കാരണം ദുൎയ്യോധനനിൽ അദ്ദേഹത്തിനുണ്ടായിരുന്ന വാത്സല്യമായിരുന്നു. ഭീമൻ ദുൎയ്യോധനനെ അരയ്ക്കുതാഴെ അടിച്ചു ബലഹീനനാക്കിയപ്പോൾ അദ്ദേഹം ക്രമത്തിലധികം കോപിച്ചു. അന്നു കൃഷ്ണൻ സമാധാനപ്പെടുത്തിയിരുന്നില്ലെങ്കിൽ പാണ്ഡവരെ അദ്ദേഹം നശിപ്പിച്ചുകളയുമായിരുന്നു. കൃഷ്ണന്റെ അവസാനത്തിനു മുമ്പ് ബലരാമൻ ദ്വാരകയ്ക്കു പുറത്ത് ഒരാലിന്റെ ചുവട്ടിൽ വച്ചു പരേതനായി. അദ്ദേഹത്തിനു രേവതി എന്ന ഒരു ഭാൎയ്യയേ ഉണ്ടായിരുന്നുള്ളു. ഈ മഹതി രൈവതരാജാവിന്റെ പുത്രിയാണത്രെ. ഈ സ്ത്രീയിലുണ്ടായ പുത്രന്മാരാണ് നിശഠനും ഉന്മുകനും. ബലരാമന്റെ ആയുധങ്ങൾ ഖേടകം (സൌനന്ദം), ഹലം, മുസലം ഇവയാകുന്നു. ഇദ്ദേഹം മദ്യപ്രിയനും കോപശീ

ഖനമായിരുന്നു. മററു പേരുകൾ-യമുനാഭിത്ത്, കാളിന്ദീകർഷണൻ, (കാരണം മേൽ വായിച്ചുനോക്കുക), താലധ്വജൻ, സംവർത്തകൻ, ഗുപ്തചരൻ, ലാംഗലി, ഹലഭൃത്ത്, ഹാലൻ.

ബലലൻ-ഇന്ദ്രൻ.

ബലവൽ-വി. ബലമുള്ള.

ബലവതീ-ചിററരത്ത.

ബലവാൻ-പു. നല്ല ബലമുള്ളവൻ. മററു പര്യായങ്ങൾ- മാംസളൻ, അംസളൻ. വ. ചണം.

ബലവ്യാക്കുന്നു-പു. ശക്തികാട്ടുന്നു. വ. തടവുചെയ്യുന്നു

ബലവിന്യാസം- യുദ്ധശാസ്ത്രപ്രകാരം സൈന്യത്തെ വേണ്ടവിധം അതാതു നിശ്ചിതസ്ഥലങ്ങളിൽ നിറുത്തുക. സൈന്യത്തെ വേണ്ടംവണ്ണം നിറുത്തുക എന്നു ശബ്ദാർത്ഥം. അണിനിരത്തുക എന്നു താൽപര്യം.

ബലവൃദ്ധി-ബലങ്ങളുടെ വർദ്ധനം.

ബലവ്യസനം-സൈന്യങ്ങളുടെ തോൽവി.

ബലശാലി - വി. ബലമുള്ള. (നകാരാന്തം).

ബലസ്ഥൻ-ഭടൻ.

ബലസ്ഥിതി-പാളയം, സേനാനിവേശസ്ഥലം.

ബലഹരി-ഒരു രാഗം.

ബലഹാ-(നകാരാന്തം). പു. ഇന്ദ്രൻ. വ. ബലദേവൻ. ന. കഫം.

ബലഹാനി-ശക്തിക്ഷയം.

ബലഹീന-വി. ശക്തിയില്ലാത്ത. ബലഹീനന്റെ പര്യായങ്ങൾ-അമാംസൻ, ദുർബ്ബലൻ, ഛാതൻ.

ബലഹീനത-ബലക്കുറവ്.

ബലാ-പു. കുറുന്തോട്ടി. വാതരോഗത്തെ തടുക്കുന്നതു് എന്നർത്ഥം. ബലത്തെ ഉണ്ടാക്കുന്നതു് എന്നുമാവാം. മറെറാരു പര്യായം-വാട്യാലകം. വ. പുഴമുഞ്ഞ. ന. വിഴാല്. ര. കരിംകുറിഞ്ഞി.

ബലാകാ-വെള്ളിപ്പക്ഷി. ബലംകൊണ്ടു മേഘസമൂഹത്തെ പ്രാപിക്കുന്നതു് എന്നർത്ഥം. (വലാകാ—എന്ന പാഠവുമുണ്ട്.)

ബലാചതുഷ്ടയം-കുറുന്തോട്ടി, പെരുംകുറുന്തോട്ടി, ഊരകം, വലിയ ഊരകം ഇവ നാലും.

ബലാഢ്യം-പു. ഉഴുന്നു്. വ. ചെറുപയറ്.

ബലാബലം-ശക്തിയും ശക്തിക്കുറവും ഉ-ം, ബലാബലം പരീക്ഷിക്കുക.

ബലാൽ-അ. പു. ബലത്തോടെ, ശക്തിയോടെ. വ. പെട്ടെന്നു്. ന. വൈവശ്യം.

ബലാൽക്കാരം-അടിക്കയും പിടിച്ചുപറിക്കയും മററും, ശക്തിയുള്ളതിനാൽ ആരോടെങ്കിലും മുറകേടായി ചെയ്യുന്ന പ്രവൃത്തി. മററു പര്യായങ്ങൾ-പ്രസഭം, ഹഠം.

ബലാൽസംഗം-പു. ബലാൽ ചെയ്യുന്ന സംഗം. വ. ശിക്ഷാനിയമപ്രകാരമുള്ള ഒരു കുററം. (ശി. നി. വകുപ്പ്-ന്റെ.)

ബലാസകം-രോഗംമൂലം കണ്ണിന്റെ വെള്ളയിൽ കാണപ്പെടുന്ന ഒരുതരം മഞ്ഞപ്പുള്ളി.

ബലാസി-ക്ഷയരോഗി.

ബലാഹകൻ - വിഷ്ണുവിന്റെ ഒരു കുതിര.

ബലാഹകം, വലാഹകം - പു. മേഘം. വ. മുത്തങ്ങ. ന. വിഷ്ണുവിന്റെ നാലു കുതിരകളിൽ ഒന്നു്. ര. കല്പാന്തമേഘങ്ങളിൽ ഒന്നു്. ഉ. മല. ഊ. കൊക്കു്.

ബലാഹം-ജലം.

ബലി-ഛ. മഹാബലി എന്ന അസുരരാജാവ്.

ദാനശീലനായ ബലിയുടെ കഥ വളരെ പ്രസിദ്ധം. വിഷ്ണു വാമനാവതാരം ചെയ്ത് അപേക്ഷിച്ചതുപോലെ മൂന്നടി ബലികൊടുത്ത കഥ അറിയാത്തവർ ചുരുക്കം. പ്രഹ്ലാദന്റെ പുത്രനായ വിരോചനന്റെ പുത്രനാണ ബലി. ഭാര്യയുടെ പേർ 'വിന്ധ്യാവലി'

൧. കരം, കപ്പം. ദാനംചെയ്യപ്പെടുന്നത് എന്നർത്ഥം. ൨. പഞ്ചമഹായജ്ഞങ്ങളിൽ ഒന്ന്, പശുക്കൾക്ക പുല്ലുകൊടുക്കുക മുതലായത്, പൂജ. (പഞ്ചമഹായജ്ഞങ്ങൾ എന്ന ശബ്ദം നോക്കുക.) ൩. ചാമരത്തിന്റെ പിടി. ൪. അന്നദാനം, ൫. ബലിക്കുള്ള ദ്രവ്യം. ൬. ചാത്തം. ൭. മൃഗങ്ങളെക്കൊണ്ട് ഭദ്രകാളിക്കും മററും കഴിക്കുന്ന ഒരു കർമ്മം. ൮. ഒരു നൃപൻ (ഈ നൃപന്റെ പത്നിയുടെ പേർ സുദേഷ്ണാ.) ൯. ഗന്ധകം.

ബലി-വി. ബലമുള്ള.

ബലികർമ്മം-ബലികഴിക്കുക.

ബലികുസുമം-ബലിയടിയന്തിരത്തിന്നു വേണ്ട പുഷ്പം.

ബലിക്കല്ല്-ബലിതൂകുന്ന കല്ല്.

ബലിക്കളം-ബലികഴിക്കുന്ന സ്ഥലം.

ബലിക്കറുക-ബലിക്കുള്ള കറുകപ്പുല്ല്.

ബലിക്കററി-ബലിപൂജയ്ക്കായി സൌകര്യപ്പെടുത്തിയിട്ടുള്ള ഉയൎന്ന തറ.

ബലിക്കൊട-ബലികൊടുക്കുക.

ബലിചന്ദനം-രക്തചന്ദനം.

ബലിദമൻ-വിഷ്ണു.

ബലിധ്വംസി-വിഷ്ണു. മഹാബലിയെ അമൎച്ച വരുത്തിയവൻ, ബലികൊണ്ടു സന്തോഷിച്ചു ഭക്തജനങ്ങളുടെ അവിദ്യയെ നശിപ്പിക്കുന്നവൻ, ഇങ്ങിനെ ശബ്ദാർത്ഥം.

ബലിനൻ-വാൎദ്ധക്യംനിമിത്തവും മററും ശരീരത്തിൽ ചുളിവുള്ളവൻ. (വലിനൻ)

ബലിപീഠം-ബലികഴിക്കുന്ന പീഠം.

ബലിപുഷ്ടം-ഛ. കാക്ക, ശ്രാദ്ധത്തിൽ ബലിയിട്ട പിണ്ഡം മുതലായതു കൊത്തിത്തിന്നു ജീവിക്കുന്നത് എന്നർത്ഥം. ൧. കൊക്ക്.

ബലിപ്രിയം-ലോധ്രവൃക്ഷം.

ബലിബന്ധനൻ-വിഷ്ണു.

ബലിഭൻ-വാൎദ്ധക്യംനിമിത്തവും മററും ശരീരത്തിൽ ചുളിവുള്ളവൻ. (വലിഭൻ)

ബലിഭുക്ക്-കാക്ക.

ബലിഭൂവ്-ഛ. ബലവാന്മാരുടെ രാജ്യം. ൧. മഹാബലിയുടെ രാജ്യം. ൨. ബലിയുടെ പുത്രനായ ബാണൻ.

ബലിഭോക്താവ്-കാക്ക.

ബലിർദമൻ-വിഷ്ണു.

ബലിശില-ബലിക്കല്ല്, (ബലിതൂകുന്നതിനുള്ള കല്ല്.)

ബലിശിഷ്ടം-ബലികഴിഞ്ഞു ശേഷിച്ച ചോറും മററും.

ബലിഷ്ഠ-വി. അതിശക്തിയുള്ള.

ബലിഷ്ഠം-ഒട്ടകം.

ബലിസത്മം-പാതാളം. മഹാബലിയിരിക്കുന്ന സ്ഥലം.

വാമനമൂൎത്തി അനുഗ്രഹിച്ചതുനിമിത്തം മഹാബലി ഇപ്പോഴും പാതാളത്തിൽ സ്ഥിതിചെയ്യുന്നു എന്നു പുരാണം.

ബലീ-ഛ. പാമ്പ്. ൧. കാള. ൨. കറിയാട്ട്. ൩. ഒട്ടകം. ൪. പോത്ത്. ൫.

പന്നി. 6. സിംഹം. വ്യു. ഉഴുന്ന്. ൻ. കന്നുതക്കം.

ബലീനം-തേൾ.

ബലീമുഖം-കുരങ്ങ്.

ബലീയസ്സ്-വി. അതിശക്തിയുള്ള.

ബലീവർദ്ദം-കാള. കണ്ണതിൽ വലിക ളുള്ളത് എന്നർത്ഥം. ബലം അധികമുള്ള വനം ഉടയക്കാരന് ഐശ്വര്യത്തെയും പശുക്കൾക്ക് ഇഷ്ടത്തെയും ദാനംചെയ്യു ന്നവനം എന്നുമാവാം.

ബലൂല-വി. ബലമുള്ള.

ബല്ബജം, ബല്ബജാ, ബലജം, ബലജാ-മേഖലപ്പുല്ല്, ആറ ളഭ.

ബല്യ-വി. ദേഹത്തിനു ബലമുണ്ടാക്കുന്ന.

ബല്യം-കോതമ്പ്.

ബല്ലവൻ (വല്ലവൻ)-പു. അജ്ഞാത വാസത്തിൽ ഭീമന്റെ പേർ. ൨. ഇട യൻ.

ബഷ്കയ(യി)ണി – കടി വറാറായ പശു.

ബഷ്കയം-ഒരു വയസ്സായ പശുക്കുട്ടി.

ബസ്തം-പു. വെള്ളാട്.

'തൽ സ്മരണവും വരാ
ബസ്തശീർഷോസ്തു ദ്രുതം'

(ദക്ഷയാഗം കഥകളി)

കോലാട്. കൃഷ്യാദിയെ പീഡിപ്പിക്കുന്ന ത് എന്നർത്ഥം. ൨. ആട്. ൩. ദവനം.

ബസ്തകം-പടനുളപ്പ്, പൊടിയുപ്പ്.

ബസ്സാദ്ദ, പസാദ്ദ – ഏഷണി, വെറും വാക്ക്.

ബഹലം-ഒരുതരം കരിമ്പ്.

ബഹലഗന്ധം-ഒരുതരം ചന്ദനം.

ബഹലത്വചം-വെളുത്ത പൂവുള്ള ലോ ധ്രവൃക്ഷം.

ബഹള-വി. പെരുകിയ.

ബഹളം-പു. ബഹുത്വം. ൨. അരിക്കാടി. ൩. ലഹള, വലിയ ശബ്ദം.

ബഹാദർ, ബഹദൂർ-നായകൻ, പ്രഭു.

ബംഹിഷ്ഠം-ഏററവുംബലമായിട്ടുള്ളത്.

ബഹിർഗ്ഗമനം-പുറത്തുപോക,പുറപ്പാട്.

ബഹിർദ്വാരം-പുറത്തെ വാതൽ.

ബഹിഃപ്രാണൻ -ദേഹത്തിനു വെളി യിൽ സഞ്ചരിക്കുന്നതായ പ്രാണവായു, അത്രമാത്രം സ്നേഹമുള്ളവൻ എന്നു സാരം.

ബഹിർഭാഗം-പുറത്തുഭാഗം.

ബഹിശ്ചരം-ഞണ്ട്.

ബഹിഷ്കരണം-പുറത്താക്കുക.

ബഹിഷ്കരിക്കുന്നു-പുറത്താക്കുന്നു.

ബഹിഷ്കാരം-പുറത്താക്കൽ.

ബഹിഷ്കൃത-വി. പുറത്താക്കപ്പെട്ട.

ബഹിസ്സ്-അ. പുറത്ത്.

ബഹു-വി. പു. വളരെ. ൨. വലിയ, പെ രുകിയ.

ബഹുക-വി. വലിയ വിലയ്ക്കുവാങ്ങിച്ച.

ബഹുകം-പു. ഞണ്ട്. ൨. നീർക്കാക്ക. ൩. എരിക്ക്.

ബഹുകര-വി. പു. അടിച്ചുവാരുന്ന. ൨. വളരെ പ്രവൃത്തിക്കുന്ന.

ബഹുകരൻ-ഒട്ടകം.

ബഹുകരം-പു. ചൂല്, തുറപ്പ. ൨. ഒ ട്ടകം.

ബഹുകരീ-ചൂല്.

ബഹുകാലം-വളരെക്കാലം.

ബഹുഗന്ധാ-പു. കുരുമുളക്. ൨. കരിഞ്ചീ രകം. ൩. ചമ്പകമൊട്ട്. ൪. അമു ക്കിരം.

ബഹുഗന്ധദാ-കസ്തൂരി.

ബഹുഗർഹ്യവാക്ക്-അതിനിന്ദ്യവാക്ക്.

ബഹുഗർഹ്യവാക് – ബഹുനിന്ദ്യമായി വളരെ പറയുന്നവൻ.

ബഹുതമ-വി. ഏററവും വളരെയുള്ള.

ബഹുതര-വി. ഏററവും വളരെയുള്ള, പലമാതിരി.

ബഹുതിഥ-വി. വളരെയുള്ള, പെരുകിയ.

ബഹുത്വം-പെരുപ്പം.

ബഹുദുഗ്ധം-കോതമ്പു.

ബഹുധാ-അ. വളരെ പ്രകാരത്തിൽ.

ബഹുധാരം-വൈരം.

ബഹുനാദം-ശംഖം.

ബഹുനായക-വി. പല പ്രമാണികൾകൂടി ഭരിക്കുന്ന.

ബഹുനായകത്വം-പല പ്രമാണികൾകൂടെ നടത്തുന്ന അധികാരം.

ബഹുപത്ര-വി. വളരെ ഇലയുള്ള.

ബഹുപത്രാ-നാ. വലിയ ശതാവരി. ഉ. ചെറുവിഷ്ണുക്രാന്തി. ന. തുളസി. ൪. കരിങ്ങോട്ടം. ൫. ചെറുവഴുതിന. ൬. കിഴുകാനെല്ലി ൭ കിണികിണിപ്പാല. ൮. കറവാഴ. ൯. കരുഞ്ഞി.

ബഹുപത്രം-നാ. ഉള്ളി. ഉ. അഭ്രകം. ന. ചേര മരം.

ബഹുപത്രി-ഒരങ്ങാടി മരുന്നു്.

ബഹുപാത്തു്, ബഹുപാദം-പേരാൽ. വളരെ പാദങ്ങൾ (വേടുകൾ) ഉള്ളതു് എന്നൎത്ഥം.

ബഹുപുത്ര-വി. വളരെ മക്കളുള്ള.

ബഹുപുത്രം-ഒരു വൃക്ഷം.

ബഹുപുത്രി-ശതാവരി.

ബഹുപുത്രിക-തുമ്പിമത്ത.

ബഹുപുത്രീ-ശതാവരി.

ബഹുപ്രജം-നാ. പന്നി. ഉ. എലി.

ബഹുപ്രദ-വി. വളരെകൊടുക്കുന്ന, ദാനശീലമുള്ള.

ബഹുഫലം-കദംബവൃക്ഷം.

ബഹുബലൻ-സിംഹം.

ബഹുബലം-സിംഹം.

ബഹുഭക്ഷക-വി. വളരെ ഭക്ഷിക്കുന്ന.

ബഹുഭക്ഷണം-വളരെ ഭക്ഷിക്ക.

ബഹുമതി-ബഹുമാനം.

ബഹുമലം-ഈയം.

ബഹുമാനം-രാജാക്കന്മാർ വിദ്വാന്മാർ മുതലായവരെക്കണ്ടാൽ ചെയ്യുന്ന ഉപചാര ആചാരങ്ങളും മററും, മാനിക്കുക.

ബഹുമാനിക്കുന്നു-മഹത്വമോ ശ്രേഷ്ഠമോ ഉള്ളവരെക്കണ്ടാൽ ആദരവോടെ അവരെ സന്തോഷിപ്പിക്കുന്നു.

ബഹുമാന്യ, ബഹുമന്തവ്യ-വി. ബഹുമാനിക്കത്തക്ക, യോഗ്യമായ.

ബഹുമാൎഗ്ഗാ-ശംഗനേരി.

ബഹുമുഖ-വി. ധാരാളമായ, പെരുകിയ.

ബഹുമൂല്യ-വി. വിലയേറിയ.

ബഹുമൂല്യം-നാ. വളരെ വിലപിടിച്ച വസ്തു. ഉ. വളരെ വിലപിടിച്ച ദ്രവ്യം.

ബഹുരൂപ-വി. പലരൂപമുള്ള.

ബഹുരൂപൻ-നാ. ബ്രഹ്മാവു്. ഉ. വിഷ്ണു. ന. ശിവൻ. ൪. ജിനന്മാരിൽ ഒരുത്തൻ. ൫. കാമൻ.

ബഹുരൂപം-നാ. ചെഞ്ചല്യം. അനേകരൂപമുള്ളതു് എന്നൎത്ഥം. (വാസ്തവത്തിൽ ഇതു ഗന്ധത്തിനാണു്. അതു രൂപത്തിൽ ആരോപിതമായി). ഉ. ഒന്തു്. ന. തലമുടി.

ബഹുരേഖ-നാ. ചുളിപ്പു്. ഉ. ഉഴവുചാൽ.

ബഹുരേതസ്സ്-ബ്രഹ്മാവു്.

ബഹുല-വി. നാ. വളരെയുള്ള. ഉ. കറുത്ത.

ബഹുല-നാ. കാൎത്തികനക്ഷത്രം, കൃത്തിക. ഉ. ഏലം ന. പശു. ൪. നീലം. ൫. അമരി.

ബഹുലഗന്ധാ-ഏലം.
ബഹുലഗ്രീവം-മയിൽ.
ബഹുലത്വം-പരിപൂർണ്ണത.
ബഹുലൻ-അഗ്നി.
ബഹുലം-ഗു. കറുത്തപക്ഷം. വ. ആ കാശം.
ബഹുലാശ്വൻ-ഒരു രാജശ്രേഷ്ഠൻ.
ബഹുലീകൃത-വി. പതിർ കളഞ്ഞ.
ബഹുലീകൃതം- ചേറിപതിരുപോക്കിയ ധാന്യം.
ബഹുവചനം-സംസ്കൃതപദത്തിൽ മൂന്നാമത്തെ വചനം. (മലയാളത്തിൽ) ഒന്നിലധികത്തെ കുറിക്കുന്നതു്.
ബഹുവാക്ക്-വളരെപ്പറക.
ബഹുവാരകം-നറുവരി. പല വ്യാധികാളേയും തടുക്കുന്നതു് എന്നർത്ഥം.
ബഹുവിധ-വി. പലവിധമായുള്ള.
ബഹുവിഷാണം-കടമാൻ.
ബഹുവേതസം-വഞ്ചിവൃക്ഷം വളരേയുള്ള സ്ഥലം.
ബഹുവ്യാപാരി-വളരെ വ്യാപാരമുള്ള.
ബഹുവ്രീഹി-സംസ്കൃതത്തിന്റെ സമാസങ്ങളിൽ ഒന്നു്. അതുള്ള (വൻ, വൾ, തു) എന്ന അന്യപദാർത്ഥം പ്രധാനമായിട്ടു ഒരു വിശേഷണപദം വിശേഷ്യപദത്തോടു ചേർന്നുണ്ടാകുന്ന സമാസത്തിനു ബഹുവ്രീഹി എന്നു പേർ.
ഉദാ— നാന്മുഖൻ (നാലു മുഖമുള്ളവൻ). മുക്കണ്ണൻ (മൂന്നു കണ്ണുള്ളവൻ).
ബഹുശത്രു-കുരികിൽ.
ബഹുശസ്സ്-അ. വളരെ.
ബഹുശ്രുതൻ-ഗു. ധാരാളം പഠിപ്പുള്ളവൻ, വിദ്വാൻ. വ. വേദങ്ങളിൽ നല്ല അറിവുള്ളവൻ.
ബഹുശൃംഗൻ-വിഷ്ണു.
ബഹുസന്തതി-വി. വളരെ മക്കളുള്ള.
ബഹുസാക്ഷി-വി. വളരെ സാക്ഷിയുള്ള (നകാരാന്തം).
ബഹുസാരം-കരിങ്ങാലിമരം.
ബഹുസുത-ശതാവരി. അനേകം മൊട്ടുകൾ ഉള്ളതു് എന്നർത്ഥം.
ബഹുസൂ-പെൺപന്നി.
ബഹുസൂതി-വളരെ പ്രസവിച്ച പശു. വളരെ പെറാവൾ എന്നർത്ഥം.
ബഹുസ്വനം-മൂങ്ങ.
ബഹുളം-വി. പെരുകിയ.
ബഹുളി-ഗു. ഭംഗി. വ. സാഹസം. ന. തിട്ടക്കം.
ബഹൂദകൻ-സന്യാസിയിൽ രണ്ടാമത്തവൻ, നടന്നെങ്ങും ഉഴലുന്നവൻ.
ബഹ്വപത്യം-ഗു. പന്നി. വ. എലി.
ബഹ്വൃചന്മാർ-വളരെ ഋക്കുകൾ പരിചയമുള്ളവർ.
'ഋക്പൂരബ്ധൂഃപഥാമാനക്ഷേ' ഈ പാണിനിസൂത്രത്താൽ മേലെഴുതിയ രൂപം സിദ്ധം. ഋക്, പൂർ, അപ്, ധൂര്, പഥാവ് ഈ ശബ്ദങ്ങൾക്കു സമാസാന്തത്തിൽ അക്ഷമൊഴികെയുള്ള ശബ്ദങ്ങളോടു സമാസമുണ്ടാകുമ്പോൾ 'അ' എന്ന പ്രത്യയം കൂടി വേണ്ടതാകുന്നു എന്നു താൽപര്യം.
ബഹ്വാശി-വി. അധികം ഭക്ഷിക്കുന്ന.
ബളിശം-ചൂണ്ടൽ. (പാഠങ്ങൾ-ബഡിശം, ബളിശാ, ബളിശി.)

## ബാ

ബാക-വി. ബകത്തെസ്സംബന്ധിച്ച, കൊക്കിനെ സംബന്ധിച്ച.
ബാകം-ബകങ്ങളുടെ കൂട്ടം.
ബാകല-ബകുലക്കായ്, ഇലഞ്ഞിക്കായ്.
ബാക്കി-ശേഷിപ്പുള്ളതു്. അറബിഭാഷ).

**ബാങ്ക്**-പണം കൊടുക്കൽവാങ്ങൽ ചെയ്യുന്ന സ്ഥലം.

**ബാഡവൻ**-പു. ബ്രാഹ്മണൻ. ബഡവാഗ്നിപോലെ തപിപ്പിക്കത്തക്ക തപശ്ശക്തിയുള്ളവൻ എന്നർത്ഥം. ബഡവയിൽനിന്നുണ്ടായവൻ. (ബഡവാശബ്ദം ബ്രാഹ്മണസ്ത്രീവിശേഷത്തെപറയുന്നതാണ്) വ. ബഡവാഗ്നി.

ബഡവാഗ്നി എന്നതു നോക്കുക.

പെൺകുതിരയുടെ മുഖത്തുനിന്നു ജനിച്ചവൻ. (ബഡവയുടെ പുത്രൻ).

**ബാഡവപാവകൻ**-ബഡവാഗ്നി.

**ബാഡവം**-പു. സമുദ്രാഗ്നി. വ. ബഡവകളുടെ (കുതിരകളുടെ) കൂട്ടം.

**ബാഡവാഗ്നി**-ബഡവാഗ്നി.

**ബാഡവേയൻ**-കുതിര.

**ബാഡവ്യം**-ബ്രാഹ്മണരുടെ കൂട്ടം.

**ബാഡിരൻ**-പു. ഭൃത്യൻ. വ. കൂലിക്കാരൻ.

**ബാഢ**-വി. പു. അധികതയുള്ള, പെരുകിയ. വ. കഠിനമായുള്ള.

**ബാഢം**-വി. പെരികെ, ഏററവും.

**ബാഢം**-പു. പെരികിയതു. വ. അംഗീകാരം വഹിക്കപ്പെടുന്നതു് എന്നർത്ഥം.

**ബാണ**-(ന) പു. നീലക്കുറിഞ്ഞി. വ. അസ്ത്രത്തിന്റെ ചുവടു്, പുംഖം.

**ബാണക്കൂടം**-ബാണം പ്രയോഗിച്ചു മേൽഭാഗത്തുകൂടി ആക്കും അകത്തു കടക്കാൻ പാടില്ലാത്ത വിധത്തിൽ ശരം കൊണ്ടുണ്ടാക്കിയ കൂടാരം.

‘കുന്തീസുതൻചെന്നഥ ബാണക്കൂടം’
(ശ്രീകൃഷ്ണചരിതം)

**ബാണഗംഗ**-രാവണന്റെ അസ്ത്രംകൊണ്ടുണ്ടായ ഒരു നദി.

**ബാണജിത്തു്**-കൃഷ്ണൻ, വിഷ്ണു.

**ബാണതൂണീരം**-ആവനാഴി.

**ബാണൻ**-പു. ബലിപുത്രൻ.

ബാണാസുരനു ‘ഉഷ’ എന്നൊരു മകൾ ഉണ്ടായിരുന്നു. അവൾ സ്വപ്നത്തിൽ അനിരുദ്ധനെക്കണ്ടു മനംമാലേററു. ആളിനെ അറിഞ്ഞുകൂടാഞ്ഞ് അവൾ ഉണർന്നു കുഴങ്ങുമ്പോൾ അവളുടെ സഖിയായ ചിത്രലേഖ അനേകംപേരുടെ പടം എഴുതിക്കാണിച്ചു. അനിരുദ്ധന്റെ പടത്തെ അവൾ സമ്മതിച്ചു. ഉഷയുടെ മോഹത്തെ പൂരിപ്പിക്കുന്നതിനായി അനിരുദ്ധനെ നിദ്രയിൽ ചിത്രലേഖ എടുത്തു് ഉഷയുടെ സമീപത്താക്കി. വിവരം അറിഞ്ഞു് ബാണാസുരൻ അനിരുദ്ധനെ പിടിച്ചു തടവിലാക്കി. അനിരുദ്ധൻ കൃഷ്ണന്റെ പൌത്രനാണ്. അനിരുദ്ധൻ ബാണനാൽ ബദ്ധനായ വിവരം ശ്രീകൃഷ്ണൻ അറിഞ്ഞു് ഉടൻ പുറപ്പെട്ടുചെന്നു് ബാണന്റെ കൈകൾ ഖണ്ഡിച്ചു് അവന്റെ മദം അടക്കി. ഈ അവസരത്തിൽ ബാണന്റെ വാതിൽ കാത്തുനിന്നതു് പരമേശ്വരനായിരുന്നു. കൃഷ്ണനും പരമേശ്വരനും തമ്മിൽ ഈ വാതിലിൽ വച്ചു വലിയ യുദ്ധം നടന്നിട്ടുണ്ട്. ബാണാസുരൻ കൃഷ്ണനു കീഴടങ്ങിയതിന്റെ ശേഷം മകളായ ഉഷയെ അനിരുദ്ധനായിക്കൊണ്ടു വിവാഹം ചെയ്തുകൊടുത്തു —ഭാഗവതം ദശമസ്കന്ധം-ബാണയുദ്ധം-നോക്കുക.

ദിതി ഹിരണ്യകശിപുവിനെ പ്രസവിച്ചു. തൽപുത്രൻ പ്രഹ്ലാദൻ, തൽപുത്രൻ വിരോചനൻ, തൽപുത്രൻ മഹാബലി, തൽപുത്രൻ ബാണൻ.

വ. കാര്യത്തിന്റെ സാരമറിയാതെ ഓടുന്ന മൂഢനെപ്പറയുന്ന ഒരു പരിഹാസപ്പേർ. ന. പ്രസിദ്ധനായ ഒരു ഗ്രന്ഥകർത്താവു്. (ബാണഭട്ടൻ എന്നതു നോക്കുക.)

ബാണധി-ആവനാഴി.

ബാണപുംഖം-അമ്പിന്റെ കട

ബാണപ്പെരുമാൾ-പള്ളിബാണൻ, കേരളത്തിലുണ്ടായിരുന്ന ഒരു ഭരണകർത്താവ്.

ബാണഭട്ടൻ-ഒരു മഹാകവി.

ഇദ്ദേഹം ക്രി. പി. ഏഴാം ശതാബ്ദത്തിനും എട്ടാം ശതാബ്ദത്തിനും മദ്ധ്യത്തിൽ ജീവിച്ചിരുന്നിരിക്കണം. കാന്യകുബ്ജരാജാവിന്റെ വിദ്വത്സദസ്സിനെ അലങ്കരിച്ചും ആ രാജാവിനെ ആശ്രയിച്ചും ജീവിതം കഴിച്ചു. രത്നാവലിയുടെ കവിയായ ശിലാദിത്യന്റെ സേവകനാണ്. വാത്സ്യായനം എന്ന ഒരു മഹിമയേറിയ ബ്രാഹ്മണകുലത്തിലാണ് ജനനം. പിതാവു നിഖിലകലാവല്ലഭനായ ചിത്രഭാനുവും, അമ്മ രാജ്യദേവിയും ആകുന്നു. ൧൪-ാമത്തെ വയസ്സിൽ അച്ഛൻ മരിച്ചു. ഭദ്രനാരായണൻ, ഈശാനൻ, മയൂരൻ ഇവർ ബാണന്റെ സേവന്മാരായിരുന്നു. ബാണഭട്ടന്റെ പ്രധാന കൃതികൾ—കാദംബരി, പാർവ്വതീപരിണയം, ഹർഷചരിതം. കാദംബരിയും ഹർഷചരിതവും രണ്ടു പ്രൗഢ ഗദ്യകാവ്യങ്ങളാകുന്നു.

ബാണം-നം. ൧. അമ്പ്, ശരം. ശബ്ദിക്കുന്നത് എന്നർത്ഥം. ൨. നീലക്കുറിഞ്ഞി, കരിങ്കുറിഞ്ഞി. ൩. കൊഴിഞ്ഞിൽ. ൪. മുഞ്ഞപ്പുല്ല്. ൫. അമ്പൊട്ടൽ. ൬. ശരം എയ്യുന്നതിനുള്ള കുറിനോക്കൽ (ലാക്ക്). ൭. അഞ്ച് എന്ന അക്കം. ൮. ശബ്ദം. ൯. അഗ്നി. ൧൦. മിന്നൽ.

ബാണവാരം-ചട്ട.

ബാണവൃഷ്ടി-അമ്പുകൾ തുരുതുരെ എയ്യുക.

ബാണസന്ധാനം-അമ്പു തൊടുക്കുക.

ബാണസിദ്ധി-അമ്പെയ്ത് ലക്ഷ്യത്തിൽ കൊള്ളിക്കൽ.

ബാണസുത-ഉഷ.

ബാണഹന്താവ്-കൃഷ്ണൻ.

ബാണാശ്രയം-ആവനാഴി

ബാണാസനം-വില്ല്.

ബാണാ-൧. നീലക്കുറിഞ്ഞി. ൨. കരിങ്കുറിഞ്ഞി.

ബാണി, വാണി-൧. വാക്ക്. ൨. സരസ്വതി.

ബാണിജൻ-കച്ചവടക്കാരൻ.

ബാണിജ്യം-കച്ചവടം.

ബാണിനീ-൧. കളിക്കാരി. ൨. ദൂതി. അവശ്യമായി ശബ്ദിക്കുന്നവൾ എന്നർത്ഥം.

ബാത്തു്, പാത്ത-ഒരുതരം കോഴി.

ബാദര-വി. പഞ്ഞികൊണ്ടുണ്ടാക്കപ്പെട്ട.

ബാദരം-൧. കരപ്പരുത്തി. ൨. പട്ട്. ൩. ജലം. ൪. ഇടത്തുനിന്നു വലത്തോട്ടു പിരിയുള്ള ശംഖ്.

ബാദരായണൻ-വ്യാസൻ.

'ഏതൊരു ദേശത്തുനി
ന്നെന്തൊരു നിമിത്തമായ്
ബാദരായണൻമുനി
ചമച്ചു ഭാഗവതം'

ബാദരായണി-വ്യാസന്റെ പുത്രനായ ശുകൻ.

ബാദഷാ(ക്കൾ)-മഹമ്മദീയ ചക്രവർത്തി (കൾ).

ബാദാംകൊട്ട, ബദാം-വളരെ പോഷണഗുണമുള്ള ഒരു തരം കായ്.

ബാധ-൧. രോഗം, ദുഃഖം. കലക്കുന്നത് എന്നർത്ഥം. ൨. തടവ്, വിരോധം. ൩. ഉപദ്രവം. ൪. ചില ദുർദ്ദേവതകൾക്കു പറയുന്ന പേർ. ൫. ആപത്ത്.

ബാധം-വിരോധിക്കുന്നത്.

**ബാധക**-വി. ൧. ബാധിക്കുന്ന ൨. പീഡിപ്പിക്കുന്ന. ൩. വിരോധിക്കുന്ന. ൪. ഭയപ്പെടുത്തുന്ന.

**ബാധകം**-സ്ത്രീകൾക്കുള്ള ഒരു പ്രത്യേക രോഗം. ഋതുകാലത്തിൽ പ്രജാജനന ശക്തിയെ തടുക്കുന്നതു എന്നൎത്ഥം.

**ബാധകാധിപൻ, ബാധനാഥൻ, ബാധേശൻ** -ഉപദ്രവ കാരണമായ പ്രധാന മൂൎത്തി.

**ബാധന**-വി. ൧. ബുദ്ധിമുട്ടിക്കുന്ന ൨. പിഡിപ്പിക്കുന്ന.

**ബാധപിടിത്തം**-ദേവതകളെ മാററുക.

**ബാധിക്കുന്നു**-൧. ഉപദ്രവിക്കുന്നു. ൨. വിരോധിക്കുന്നു.

**ബാധിത**-വി. ബാധിക്കപ്പെട്ട, ഉപദ്രവിക്കപ്പെട്ട.

**ബാധിൎയ്യം** - ബധിരത, ചെവികേൾക്കായ്ക.

വാതം തനിച്ചോ വാതവും കഫവും ചേൎന്നോ ഏതു സന്ദൎഭത്തിൽ ശബ്ദത്തെ വഹിക്കുന്ന സിരയെ തടുത്തിട്ടു നില്ക്കുന്നു അപ്പോൾ ബാധിൎയ്യം എന്ന കൎണ്ണരോഗം ഉൽഭവിക്കുന്നു.

**ബാധ്യത**-കടമ.

**ബാധ്യസ്ഥത**-ബാധ്യത.

**ബാന്ധകിനേയൻ** - അസതിപുത്രൻ, കുലടാപുത്രൻ. ബന്ധകിയുടെ (കുലടയുടെ) പുത്രൻ എന്നൎത്ഥം.

**ബാന്ധവൻ, ബാന്ധവക്കാരൻ**-സംബന്ധക്കാരൻ, ബന്ധു, സ്നേഹിതൻ.

ബാന്ധവൻ എന്നാൽ ഗോത്രം ഒന്നായിട്ടുള്ളവൻ എന്നും ഗോത്രം ഒന്നായിട്ടുള്ളവരെല്ലാം പണ്ടു സപിണ്ഡന്മാരായിരിക്കണമെന്നും അനന്തരം പുലമുറിച്ചു വേറിട്ടതാണെന്നു ഊഹിക്കപ്പെടുന്നു എന്നും കാണുന്നു.

**ബാന്ധവം**-വസ്ത്രംകൊടുത്തു ഭാൎയ്യയാക്കുക, ബന്ധുത്വം.

**ബാന്ധവിക്കുന്നു**-ഭാൎയ്യയാക്കുന്നു.

**ബാന്ധവ്യം**-ബന്ധുത്വം.

**ബാപ്പ, വാപ്പ**-അച്ഛൻ, പിതാവ്.

**ബാഭ്രക**-വി. തവിട്ടുനിറമായുള്ള.

**ബാഭ്രവീ**-ദുൎഗ്ഗം.

**ബായി**-ഉത്തമസ്ത്രീ.

ഇതു മഹാരാഷ്ട്രഭാഷയിലുള്ള പദമാണ്. 'ഉത്തമസ്ത്രീ' എന്ന അൎത്ഥത്തിൽ ഒരു സ്ത്രീയുടെ പേരിന്റെ ഒടുവിൽ ചേൎക്കപ്പെടുന്നു. 'ഭായി' എന്നതു തെററാകുന്നു. ഭായി പുരുഷനെ കുറിക്കുന്നു.

**ബാവ്ടീരൻ**-കുലടാപുത്രൻ.

**ബാൎഹതം**-ബൃഹതിയുടെ കായ്, വഴുതിനെങ്ങാ.

**ബാൎഹദ്രഥൻ(ഥി)**-ജരാസന്ധരാജാവ്.

**ബാൎഹസ്പതവത്സരം** - സംവത്സരങ്ങളിൽ ഒന്ന്.

വ്യാഴം ജ്യോതിശ്ചക്രത്തിൽ ഒരുവട്ടം സഞ്ചരിച്ചെത്തുവാൻ ൩൬൧ ദിവസം വേണ്ടിവരും. ഇതിനു ബാൎഹസ്പത്യവത്സരം എന്നു പേർ.

**ബാല**-വി. ൧. അറിവില്ലാത്ത. ൨. ചെറുപ്പമായ.

**ബാല**-൧. ചിററേലം. ൨. സ്ത്രീ, ൧൬ വയസ്സിനു താഴെ പ്രായമുള്ള പെൺകുട്ടി. ൩. ചെന്നിനായകം. ൪. തെങ്ങ്. ൫. മഞ്ഞൾ. ൬. ഒരു മുല്ല, കുറുമൊഴി. ൭. ഒരു പൂവ്. ൮. കററവാഴ. ൯. കുറിഞ്ഞി.

**ബാലം**-൧. ഇരുവേലി. ൨. തലമുടി, രോമം. ഉൾക്കണ്ടാക്കുന്നതു എന്നൎത്ഥം ൩. വാല്, വാലിന്റെ അഗ്രത്തിലുള്ള രോമസമൂഹം. ൪. ഒരു മത്സ്യം, വാള

മീൻ. ൫. ആനവാൽ, കുതിരവാൽ മുതലായതു്. ൬ തെങ്ങു്.

ബാല(ക)ം-ഇരുവേലി.

ബാലകം-൧. മോതിരം. ൨. വള. ൩. കുതിരയുടെ വാൽ. ൪. ആനയുടെ വാൽ. ൫ തലമുടി. ൬. വെളുത്ത മുളക്.

ബാലകൻ-൧. ബാലൻ, ആൺപൈതൽ. ൨. ഭോഷൻ. ൩. വിഡ്ഢി.

ബാലകപ്രിയ-വാഴ.

ബാലകാണ്ഡം-രാമായണത്തിലെ ആദ്യഭാഗം.

ബാലകീയ- വി. കുഞ്ഞിനെ സംബന്ധിച്ച.

ബാലകൃമി-പേൻ.

ബാലകൃഷ്ണൻ, ബാലഗോപാലൻ-കൃഷ്ണൻ.

ബാലകേതു-വാൽനക്ഷത്രങ്ങളിൽ ഒന്നു്.

ബാലക്രീഡ-പൈതങ്ങളുടെ കളി.

ബാലക്രീഡനകം-കുട്ടികളുടെ കളിസ്സാധനം (പാവയും മററും).

ബാലഖില്യൻ-ഒരു മാതിരി യോഗിസംഘത്തിലുള്ളവൻ.

'യതീന്ദ്രരാം ബാലഖില്യ-
രതിലുണ്ടു മുനീന്ദ്രരും'

(മഹാഭാരതം തർജ്ജമ)

ബാലഗർഭിണി-൧. കടിഞ്ഞൂൽ ഗർഭമുള്ള പശു. ൨. ബാല്യത്തിങ്കൽ ചെനച്ച പശു.

ബാലഗ്രഹം-കുട്ടികളെ ഉപദ്രവിക്കുന്ന ദുർദ്ദേവത.

ബാലവല്ലം-കടപ്പുല്ലു്.

ബാലചന്ദ്രൻ-പ്രതിപദം മുതൽ പഞ്ചമിവരെ ഉദിക്കുന്ന ചന്ദ്രൻ.

ബാലചര്യൻ-കാർത്തികേയൻ.

ബാലചാപല്യം- പൈതലിന്റെ അസ്ഥിരത.

ബാലതനയം-കരിങ്ങാലി. നന്നെ ചെറിയ ഇലകളുള്ളതു് എന്നർത്ഥം.

ബാലതന്ത്രം-പ്രസവിക്കുന്ന സമയത്തു് ആ സ്ത്രീയെ ശുശ്രൂഷിക്കൽ.

ബാലതൃണം-ഇളമ്പുല്ലു്.

ബാലധി-൧. വാലിന്റെ അഗ്രത്തിലുള്ള രോമസമൂഹം. ബാലങ്ങൾ (രോമങ്ങൾ) ഇതിൽ നിധാനം ചെയ്യപ്പെടുന്നതിനാൽ ഈ പേർ വന്നു. (വാലധി എന്നുമുണ്ടു്)

'അനലമിഹ വസനമിതി നനല മിനിവാലധിക്കാശു കൊളുത്തുവിൻ വൈകരുതേതുമേ'

(രാമായണം)

൨. വളർന്ന രോമമുള്ളവൻ.

ബാലധിപ്രിയം-ചമരിമാൻ.

ബാലൻ-൧. ആൺപൈതൽ (൧൬ വയസ്സുവരെ). ഇളകുന്നവൻ എന്നർത്ഥം. മററൊരു പര്യായം- മാണവകൻ. ൨. അഞ്ചുവയസ്സുള്ള ആന. ൩. മൂർഖൻ. ൪. പതിനാറു വയസ്സിനു താഴെയുള്ളവൻ.

ബാലപത്രം-൧. കരിങ്ങാലി. ൨. വെക്കൊടിത്തുവ.

ബാലപാശം-കേശസമൂഹം.

ബാലപാശ്യ-മയിർപ്പട്ടം. കേശസമൂഹത്തിലേക്കു യോജിപ്പുള്ളതു് എന്നർത്ഥം. (ബാലപാശം=കേശസമൂഹം.) മററൊരു പര്യായം-പാരിതഥ്യാ.

മയിർപട്ടം എന്നതു സീമന്തരേഖയിൽ കൂടെ കെട്ടുന്ന സ്വർണ്ണപട്ടം ആകുന്നു.

ബാലപീഡ - പൈതങ്ങൾക്കുണ്ടാകുന്ന പലവക ദീനം.

ബാലബുദ്ധി-അറിയായ്മ, ബാലന്മാരുടെ ബുദ്ധി.

ബാലഭാരതം-അമരചന്ദ്രകവിയുടെ ഒരു കൃതി.

ബാലഭാവം-ശിശുത്വം.

ബാലമക്ഷിക-ഈച്ചക്കുട്ടി.

ബാലമൂഷികാ-പ്ര. ചുണ്ടെലി. വ. ചെറിയ എലി.

ബാലരാജം-വൈഡൂൎയ്യം.

ബാലരാമായണം-രാജശേഖരന്റെ ഒരു നാടകം.

ബാലവത്സാ-പ്രാവു്.

ബാലവാതം-പ്ര. ഇളങ്കാറ്റു്. വ. കുഞ്ഞുങ്ങൾക്കുണ്ടാകുന്ന പുന്നവാതമീനത്തിന്റെ വകഭേദം.

ബാലവിധവാ-ചെറുപ്പത്തിൽ ഭൎത്താവു മരിച്ച സ്ത്രീ.

ബാലവ്യജനം - ചമരി മൃഗത്തിന്റെ വാൽ.

ബാലസാത്മ്യം-പാൽ.

ബാലസൂൎയ്യ(കം)-വൈഡൂൎയ്യം.

ബാലസ്വഭാവം-ശിശുത്വം.

ബാലഹത്യ - പൈതലിനെ കൊന്ന പാപം.

ബാലഹസ്തം-പ്ര. വാലിന്റെ അഗ്രത്തിലുള്ള രോമസമൂഹം. കൈപോലെയുള്ള വാൽ എന്നൎത്ഥം. (കൈകൊണ്ടെന്നെല്ലാം ഈച്ച മുതലായവയെ ആട്ടിക്കളക) വ. രോമമുള്ള വാൽ.

ബാലാചലം-ചെറുകുന്നു്.

ബാലാതപം-ഇളംവെയിൽ, ആദിത്യനുദിച്ചാലുടനെയുള്ള ചൂടു്, കറഞ്ഞ വെയിൽ.

ബാലാൻ, ബാലത്താൻ-കുളത്തിലെ ഒരുവക മത്സ്യം.

ബാലാരിഷ്ടത -ബാലപീഡ, ചെറിയ പൈതങ്ങൾക്കുണ്ടാകുന്ന പലമാതിരി രോഗങ്ങൾ.

ബാലാൎക്കൻ-ഉദിച്ചു ഉടനെ കാണുന്ന ആദിത്യൻ.

ബാലാശനം-കുഞ്ഞുങ്ങളുടെ ചോറൂണു്.

ബാലി-പ്ര. ഇന്ദ്രന്റെ പുത്രനായ ഒരു വാനരരാജാവു്. വ. നീണ്ട കരവഴി.

ബാലി വാനരരാജാവാണു്. അരുണൻ സ്വൎഗ്ഗലോകത്തു് ഇന്ദ്രന്റെ രാജധാനിയിൽ സ്ത്രീവേഷം ധരിച്ചു നൃത്തം കാണാൻ പോയ സമയം ഇന്ദ്രനുണ്ടായ വനാണത്രെ. അരുണൻ സൂൎയ്യന്റെ സാരഥിയാകുന്നു. നൃത്തം കണ്ടു തിരിയെ വന്നപ്പോൾ അവിടെ ഉണ്ടായ സംഗതികൾ അറിഞ്ഞു് ആ സ്ത്രീവേഷം തനിക്കും കാണണമെന്നു സൂൎയ്യൻ അരുണനോടു പറകയാൽ വീണ്ടും അരുണൻ സ്ത്രീവേഷം ചമയുകയും സൂൎയ്യനു സുഗ്രീവൻ ഉണ്ടാകയും ചെയ്തു. ഈ ജ്യേഷ്ഠാനുജന്മാർ ഋക്ഷമൂലം കിഷ്കിന്ധയിലെ രാജവംശത്തിൽ ചേൎന്നു. ബാലിയെ ശ്രീരാമൻ വധിച്ചു രാജ്യാധിപത്യം സുഗ്രീവനായിക്കൊണ്ടു നല്കി. ബാലിയുടെ ഭാൎയ്യയുടെ പേർ താര. ബാലിക്കു് അംഗദൻ, താരൻ എന്നു രണ്ടു പുത്രന്മാരും ഉണ്ടായിരുന്നു.

ബാലിക-പ്ര. ചെറിയ പെണ്ണു്. വ. ചിറ്റേലം. ന. മണൽ. ൪. ഇലകളുടെ കിരുകിരുപ്പു ശബ്ദം.

ബാലിശ-വി. പ്ര. ചെറുപ്പമായ. വ. അറിവില്ലാത്ത. ന. ശ്രദ്ധയില്ലാത്ത.

ബാലിശൻ-പ്ര. കുട്ടി. തീന്തിക്കളിക്കുന്നവൻ എന്നൎത്ഥം. വ. അറിവില്ലാത്തവൻ. ന. മൂൎക്ക്വൻ. ബഡിശം (മത്സ്യവേധനം) പോലെ അപൂൎവ്വനും അസ്പൃശ്യനും എന്നു ശബ്ദാൎത്ഥം.

ബാലിശം-തലയണ.

ബാലിഹന്താവു്-ശ്രീരാമൻ.

ബാലീശം-മൂത്രത്തിന്റെ തടവു്.

**ബാലുക**-൧. മണൽ. ൨. ചരൽ. ൩. വയൽവെള്ളരി. ർ. കർപ്പൂരം.

**ബാലുകം**-൧. നീർനെല്ലി. ൨. ഏലാവാലുകം.

ബാലുകായന്ത്രം-ഔഷധങ്ങൾ പുടംവെക്കുന്ന ഒരു സമ്പ്രദായം.

ബാല്ഹലയ-വി. ൧. മാർദ്ദവമുള്ള. ൨. മൂഢയായ. ൩. പൈതലിനെ ചേരുന്ന.

ബാല്ഹലയൻ-ഒരു വൈദ്യൻ.

ബാല്ഹലയം-൧. കഴുത. ൨. ചെറുതേക്ക്. ൩. വലിയ മുള്ളങ്കി.

ബാല്ഹലയശാകം -ചെറുതേക്ക്. കഴുത തിന്നുന്ന ഇലകൾ ഉള്ളതു് എന്നർത്ഥം.

ബാല്ഹലഷ്ടം-ചന്ദനമരം.

**ബാല്യം**-വയസ്സു കുറഞ്ഞിരിക്കുമ്പോഴത്തെ അവസ്ഥ, ശൈശവം, ബാലന്റെ ഭാവം.

ബാല്യകാലം-ചെറുപ്പകാലം.

ബാല്യക്കാരൻ, വാല്യക്കാരൻ-ചെറുപ്പക്കാരൻ. ൨. ഭൃത്യൻ.

ബാല്യദുഃഖം - ചെറുപ്പകാലത്തുണ്ടായ ദുഃഖം.

ബാല്യാവസ്ഥ - ബാല്യമെന്നുള്ള അവസ്ഥ.

ബാല്ഹകം-കങ്കുമം.

ബാല്ഹികൻ-ശന്തനുവിന്റെസഹോദരൻ, സോമദത്തന്റെ അച്ഛൻ.

ബാല്ഹികൻ, ബാല്ഹീകൻ-ധൈര്യമുള്ളവൻ.

ബാല്ഹികം, ബാല്ഹീകം-൧. കുങ്കുമം. ൨. കായം. ൩. കാശ്മീരദേശം. ർ. അവിടത്തെ കുതിര.

ബാല്ഹീഷ്ഠ്-പ്രാചീന ബഹ്ലിസ്സ്.

**ബാഷ്പം**-൧. കണ്ണുനീർ. ശോഷിപ്പിക്കുന്നതു എന്നർത്ഥം. ൨. വെള്ളത്തിൽ കാണുന്ന പുക, നീരാവി, ആവി. ൩. ഇരിമ്പു്.

**ബാഷ്പദ്രവ്യം**-കാറമുതലായവ.

ബാഷ്പിക-൧. പെരുങ്കായമരം. ൨. പെരുങ്കായമരത്തിന്റെ ഇല. ബാഷ്പത്തെ (കറയെ) മോചിക്കുന്നതു് എന്നർത്ഥം.

ബാഷ്പീകരണം-കണ്ണുനീർ വരുത്തുകയെന്നതു്, ആവിയാക്കുക.

ബാഷ്പോദകം, ബാഷ്പോദം-കണ്ണിലെ വെള്ളം, കണ്ണീർ, കണ്ണുനീർ.

ബാസ്പം-ഇരിമ്പു്.

ബാഹം-കൈയ്. (ബാഹുവിന്റെ പാഠം)

ബാഹാ-കൈയ്, ഭുജം.

ബാഹിക-വി. പുറത്തുള്ള.

ബാഹികൻ - പഞ്ചാബുകാരൻ, പഞ്ചാബി.

ബാഹീകം-കാള.

ബാഹു-൧. കൈ. ശത്രുക്കളോടു എതിർക്കുന്നതു് എന്നർത്ഥം. ൨. ഭുജം. ൩. മുൻകൈ. ർ. കതകിന്റെ കട്ടിളക്കാൽ.

ബാഹുക-൧. കൈകൾകൊണ്ടു വെള്ളത്തിൽ നീന്തുന്ന. ൨. ആശ്രയിച്ച, ഒരസ്യമായ.

ബാഹുകൻ-൧. കുരങ്ങ്. ൨. കാർക്കോടകനാൽ വാമനരൂപനാക്കപ്പെട്ടപ്പോൾ നളൻ സ്വീകരിച്ചപേർ. നളനു കാർക്കോടകൻ നൽകിയ പേർ. ൩. സൂര്യകുലത്തിലെ ഒരു രാജാവ്. (ഹൈഹയരാൽ സ്ഥാനഭ്രഷ്ടനാക്കപ്പെട്ടു. ബാഹു എന്നും പറയും)

ബാഹുകം-കുരങ്ങ്.

ബാഹുകുന്ഥാ-പക്ഷികളുടെ ചിറക്.

ബാഹുജൻ-ക്ഷത്രിയൻ. വിരാൾ പുരുഷന്റെ കൈയിൽനിന്നുണ്ടായവൻ എന്നർത്ഥം.

ബാഹുജം-തത്ത.

ബാഹുജഭാവം-ക്ഷത്രിയത്വം.

ബാഹുത്രം, ബാഹുത്രാണം - ഭുജകവചം.

ബാഹുദണ്ഡം-വലിയ കൈ.

ബാഹുദൻ-കാർത്തവീര്യാർജ്ജുനൻ. ദാനശീലൻ എന്നർത്ഥം.

ബാഹുദാ-നർമ്മദാനദി.

ഇവിടെ കാശിരാജാവിന്റെ പുത്രികളിൽ ഒരുവളായ അംബ ദുഃഖിച്ചു. സുബ്രഹ്മണ്യൻ ഇവൾക്ക ഒരു മാല കൊടുത്തു ഈ മാല ഏതു ക്ഷത്രിയൻ ധരിക്കുന്നുവോ അയാൾ ഭീഷ്മരെ കൊല്ലും എന്നു പറഞ്ഞു് അദ്ദേഹം മറഞ്ഞു ഭീഷ്മരെ ഭയപ്പെട്ടു് അപ്പോൾ ആ മാല ആരും വാങ്ങിച്ചില്ല.

ലിഖിത മഹർഷിയുടെ മുറിഞ്ഞുപോയ കൈയെ രണ്ടാമതുണ്ടാക്കിക്കൊടുത്തതു് എന്നർത്ഥം. ബാഹുദനെ (കാർത്തവീര്യാർജ്ജുനനെ) സംബന്ധിച്ചതു് എന്നുമാവാം.

ബാഹുപ്രഹരണം-ഗുസ്തി.

ബാഹുപ്രഹരണൻ-ഗുസ്തിക്കാരൻ.

ബാഹുബലം-കൈകളുടെ ശക്തി.

ബാഹുഭൂഷ-കൈവള.

ബാഹുഭേദി-വിഷ്ണു.

ബാഹുമൂലം-കക്ഷം.

ബാഹുയുദ്ധം-ആയുധം കൂടാതെ കൈകൊണ്ടുള്ള യുദ്ധം. മറെറാരുപര്യായം-നിയുദ്ധം.

ബാഹുയോധൻ, ബാഹുയോധി-മൽപ്പിടുത്തക്കാരൻ, ഗുസ്തിക്കാരൻ.

ബാഹുലഗ്രീവം-മയിൽ.

ബാഹുലം-൧ കാർത്തികമാസം. ബഹുല (കൃത്തികാ) നക്ഷത്രപൌർണ്ണമിയുള്ളതു് എന്നർത്ഥം. ൨. കരത്രാണം.

ബാഹുലി-കാർത്തികമാസത്തിലെ വെളുത്ത വാവു്.

ബാഹുലേയൻ-൧. സുബ്രഹ്മണ്യൻ. ബഹുലകളാൽ (അനേകംപേരാൽ) പോററപ്പെട്ടതുകൊണ്ടു ഈ പേർ വന്നു. വളരെ പേരുള്ളവൻ എന്നുമാവാം. ൨. കാള.

ബാഹുലേയം-കാള.

ബാഹുല്യം-സമൃദ്ധി, ബഹുത്വം.

ബാഹുവിക്ഷേപം-നീന്തൽ.

ബാഹുവീര്യം, ബാഹുശക്തി-ബാഹുബലം.

ബാഹുശാലി-൧. ശിവൻ. ൨. ഭീമൻ.

ബാഹുശിഖരം-തോൾ.

ബാഹുശ്രുത്യം-വിജ്ഞാനം, വലുതായ പഠിപ്പു്.

ബാഹുസംഭവൻ-ക്ഷത്രിയൻ.

ബാഹ്യ-വി. ൧. വഹിക്കപ്പെടുവാൻ തക്ക ൨. പുറമെയുള്ള.

ബാഹ്യം-൧. ഒരുമാതിരി വാഹനം, വണ്ടി ൨. ചുമട്ടുകാളയും മററും. ൩. (വ്യാകരണത്തിൽ) ശബ്ദങ്ങളുടെ പിരിവു്.

ബാഹ്യാങ്കണം-പുറമുററം.

ബാഹ്യാഘാതം-ഉൾക്കേടു വരാതെ പുറമെ മാത്രം ഉണ്ടായിട്ടുള്ള മുറിവു്.

ബാഹ്യേന്ദ്രിയം, ബഹിരിന്ദ്രിയം-പുറമെയുള്ള ഇന്ദ്രിയങ്ങൾ. ൧. കർമ്മേന്ദ്രിയം. ൨. ജ്ഞാനേന്ദ്രിയം.

ബാഹ്യേന്ദ്രിയനിരോധം-ബാഹ്യങ്ങളായിരിക്കുന്ന ഇന്ദ്രിയങ്ങളുടെ നിരോധം; കണ്ണു്, ചെവി മുതലായവയെ അനാവശ്യങ്ങളിൽ പ്രവർത്തിക്കാതെ തടുത്തുനിറുത്തുക.

ബാറ്-കോടതിയിൽ വക്കീലന്മാരുടെ ഇരിപ്പു സ്ഥലം. (ബെഞ്ചു്.)

## ബി

ബിഠം-ആകാശം.

ബിഡ്ഡം-ഒരുവക ഉപ്പ്.

ബിഡകം-പത.

ബിഡാലം-പു. പൂച്ച. നിലവിളിക്കുന്നവൻ എന്നർത്ഥം. 2. കണ്ണിന്റെ കൃഷ്ണമണി.

ബിഡാലി-പെൺപൂച്ച.

ബിഡൌജസ്സ്-ഇന്ദ്രൻ. ശത്രുക്കളെ ഭേദിപ്പിക്കുന്ന ബലമുള്ളവൻ എന്നർത്ഥം.

വിഡൌജസ്സ് എന്ന പാഠവും കാണുന്നു. അതിനു 'തന്റെ ഓജസ്സിനെ മനുഷ്യരിൽ കാട്ടുന്നവൻ' എന്നർത്ഥം. വിഡൌജസ്സ്, ബിഡോജസ്സ്. ഇങ്ങിനെയും പാഠങ്ങൾ കാണുന്നുണ്ട്.

ബിന്ദു-വി. അറിവുള്ള.

ബിന്ദു-പു. നീർത്തുള്ളി.

ചൂണ്ടാണി വിരലിന്റെ രണ്ടു സന്ധിവരെ വെള്ളത്തിൽ മുക്കിയെടുത്താൽ അതിൽ നിന്നു ആദ്യം ഇററു വീഴുന്ന തുള്ളിയുടെ പേർ. (ഇംഗ്ലീഷിൽ 'മിനി' എന്നു പറയും).

വെള്ളത്തിന്റെ അവയവങ്ങൾ എന്നർത്ഥം. മററു പര്യായങ്ങൾ—പൃഷത്ത്, പൃഷതം, വിപ്രുഷം. 2. എഴുത്തുകളിലിടുന്ന ഒരടയാളം.

(.) നിശ്ശേഷമായി നിറുത്തേണ്ടുന്ന ദിക്കിലാണ് ഇതുപയോഗിക്കേണ്ടതു്. എല്ലാ പ്രധാനവാക്യങ്ങളുടേയും അവസാനത്തിൽ ഈ അടയാളം ഇടണം'.

൩. പല്ലുകൊണ്ടു പാട്ട്. ൪. പുരികങ്ങൾ രണ്ടിന്റെയും നടുവിലുള്ള സ്ഥലം. ൫. ആനയുടെ പരുസരി.

ബിന്ദുകം-ഓടമരം.

ബിന്ദുചിത്രകം-പുള്ളിമാൻ.

ബിന്ദുജാലകം- ആനയുടെ മുഖാദികളിൽ കാണുന്നപുള്ളിക്കൂത്തു്.

ബിന്ദുതന്ത്രം-പകിട, ചൂക്കിണി.

ബിന്ദുദേവൻ-ശിവൻ.

ബിന്ദുഫലം-മുത്തു്.

ബിന്ദുബിലം - ജയദേവരുടെ കവനം.

ബിന്ദുരേഖകം-പു. അനുസ്വാരം. 2. ഒരുമാതിരി പക്ഷി.

ബിന്ദുവാസരം-ഗർഭോൽപാദനദിനം.

ബിന്ദുസാരൻ-ചന്ദ്രഗുപ്തന്റെ പുത്രനും പിൻവാഴിയും. അശോകമഹാരാജാവിന്റെ അച്ഛൻ.

ബിബ്ബോകം, ബിവ്വോകം, വിവ്വോകം, ബിംബോകം- പ്രണയത്തെ ആസ്പദമാക്കിയ കലഹം മുതലായ ചേഷ്ടകൾക്കുള്ള പേര്; സ്ത്രീകളുടെ ശൃംഗാരചേഷ്ടാവിശേഷം (പുരികം ഇളക്കി പുഞ്ചിരിയിടുകയും മററും).

ബിഭീഷണൻ-വിഭീഷണൻ.

ബിംബം-പു. ചന്ദ്രാദിത്യന്മാരുടേയും മററും മണ്ഡലം, പ്രകാശിക്കുന്നതു്, വിസ്താരത്തെ പ്രാപിക്കുന്നതു്. 2. പ്രതിശരീരഛായ. ൩. കോവൽപ്പഴം (തൊണ്ടിപ്പഴം).

ബിംബാ-കോവൽ.

ബിംബാധരം - തൊണ്ടിപ്പഴംപോലുള്ള ചുണ്ടു്.

ബിംബി-കോവൽ.

ബിംബിക-കോവൽവള്ളി. ഒരുത്തിന്റെ ആകൃതിയിലുള്ള ഫലങ്ങൾ ഉള്ളതു് എന്നർത്ഥം.

**ബിംബിക്കുന്നു** - ഒന്നിന്റെ രൂപം മറ്റൊന്നിൽ കാണാറാകുന്നു, നിഴലിക്കുന്നു, പ്രതിഫലിക്കുന്നു.

**ബിംബിത**-വി. നിഴലിക്കപ്പെട്ട, പ്രകാശിച്ച.

**ബിംബിസാരൻ** - ശിശുനാഗവംശീയനായ ഒരു രാജാവ്. ബി. സി. 530 മുതൽ 493 വരെ മഗധരാജ്യം ഭരിച്ചിരുന്നതായി പറയപ്പെടുന്നു.

**ബിംബോകം**-(ബിബ്ബോകം നോക്കുക). പ്രിയകീർത്തനത്തിൽ ആദരവില്ലായ്ക. (വിലാസങ്ങൾ നോക്കുക).

**ബിരുദ്**-വിരുത്. പരസമ്മതം ലഭിച്ചിട്ടുള്ള സ്ഥാനം, ബഹുമതി.

**ബിലകാരി**-എലി.

**ബിലം**-പ്ര. പൊത്ത് (വിലം). ഉ. വഞ്ചി. ന. വിള്ളൽ, വിടവ്. ർ പുറത്തേക്കുള്ള വഴി.

**ബിലഃഗമം**-സർപ്പം.

**ബിലിമ്പി**-ഒരുവക വൃക്ഷം.

**ബിലേശയം**-പ്ര. പാമ്പ്. ഉ. തവള.

**ബില്ലം**-പ്ര കുഴി. ഉ. ജലം നിറുത്തുന്നതിനു വൃക്ഷച്ചുവട്ടിലുള്ള തടം.

**ബില്വം**-ക്രൂവളം. സേവകന്മാരുടെ പാപത്തെ നശിപ്പിക്കുന്നതു് എന്നർത്ഥം. (വില്വം).

**ബിൽഹണൻ**-ഒരു ഗ്രന്ഥകർത്താവ്.

൧൧-ാം നൂറ്റാണ്ടിന്റെ ഒടുവിൽ ജീവിച്ചിരുന്നു, പ്രധാനകൃതികൾ-മഹാകാവ്യവിക്രമാങ്കദേവചരിതം, ചൌരപഞ്ചാശിക.

**ബിസം**-താമരവളയം. ഭക്ഷണസമയത്തിൽ ഇതിനുള്ള നൂൽ എടുത്തു കളയപ്പെടുന്നതിനാൽ ഈ പേർ വന്നു (പാഠങ്ങൾ-ബിശം, വിസം).

ഇതു ഭക്ഷണസാധനമായി ഉപയോഗിക്കാറുണ്ട്.

'ബിസമുട്ടവാമുടൽകൊണ്ടുകോമളാംഗി'
(കുമാരസംഭവം)

**ബിസകണ്ഠികാ**-വെള്ളിപ്പക്ഷി. താമരവളയംപോലെ നീണ്ട കഴുത്തുള്ളതു് എന്നർത്ഥം.

**ബിസപ്രസൂനം**-താമരപ്പൂവ്. താമരത്തണ്ടിന്മേലുള്ള പുഷ്പം എന്നർത്ഥം.

**ബിസിനി**-താമരപ്പൊയ്ക. താമരവളയങ്ങൾ ഉള്ളതു് എന്നർത്ഥം.

**ബിസ്തം**-ഒരു കർഷം, മൂന്നു കഴഞ്ച്, നൂറു പണത്തൂക്കം പൊന്നിന്റെ പേർ. ഉത്സൃജിക്കപ്പെടുന്നതു് എന്നർത്ഥം. (വിസ്തം-എന്നു പാഠം.)

ഇതിനു ഒരു പൊൻതൂക്കം എന്നു ഭാഷ കാണുന്നു.

## ബീ

**ബീജം**-പ്ര. കാരണം. മുളപ്പിക്കപ്പെടുന്നതു് എന്നർത്ഥം. കാര്യരൂപവിശേഷേണ ജനിക്കുന്നതു്, കാര്യത്തെ ഗമിക്കുന്നതു്, ഇങ്ങിനെയുമാവാം. (വീജം എന്ന പാഠവും ഉണ്ട്. ബവങ്ങൾക്കു അഭേദം കല്പിതമാണല്ലോ). ഉ. വിത്ത്. ന. ശുക്ലം. സതാപ്രരൂപേണ ഗർഭാശയത്തെ പ്രവേശിക്കുന്നതു് എന്നർത്ഥം. ർ. സത്യം. ൫. മന്ത്രത്തിൽ ചില പ്രധാന അക്ഷരങ്ങൾ. ൬. കാരണം.

**ബീജകം**-വിത്ത്.

**ബീജകോശ(ഷ)ം**-താമരപ്പൂവു മുതലായതിന്റെ അകത്തു വിത്തിന്നു ആസ്പദമായ അവയവവിശേഷം(കായ്), കർണ്ണികം. താമരപ്പൂവിന്നിരിപ്പാനുള്ള പാത്രമെന്നർത്ഥം.

**ബീജഗണിതം**-ഒരു വക കണക്കുശാസ്ത്രം. (Algebra).

**ബീജചതുഷ്ടയം**-ഉലുവം, ആശാളി, പെരുഞ്ജീരകം, കറാശാണി ഇവ ൪-ം

**ബീജപൂരം**-വള്ളിനാരകം (മാതുള നാരകം). നിറച്ചു വിത്തുള്ള കായോടുകൂടിയതു് എന്നർത്ഥം.

**ബീജവാപനം**-൧. വയൽ. ൨. വിത.

**ബീജവാപം**-വിത, വിത്തു്.

**ബീജവാഹനൻ**-ശിവൻ.

**ബീജസത്വം**-൧. വർദ്ധിപ്പിക്കുന്ന ജീവി. ൨. വർദ്ധനയ്ക്കു് ഹേതുവായ ജന്തു.

**ബീജസൂ**-ഭൂമി.

**ബീജസ്നേഹം**-പ്ലാശു്.

**ബീജാകൃത**-വി. വിതച്ചുഴിച്ച.

**ബീജാകൃതം**-വിത്തു വിതച്ചു വീണ്ടും ഉഴുത (വിത്തുമാറിയ) നിലം. വിത്തോടുകൂടെ ഉഴുതതു് എന്നർത്ഥം.

**ബീജാക്ഷരം**-മന്ത്രത്തിലെ ചില അക്ഷരം.

**ബീജാങ്കുരന്യായം**-ഒരു വക ന്യായം.

"അണ്ഡിയോ മൂത്തതു്? മാവോ മൂത്തതു്? എന്നു തീർച്ചപ്പെടുത്തുവാൻ സാധിക്കാഞ്ഞതിനാൽ അതിനു പ്രവാഹരൂപമായി അനാദിത്വം കല്പിച്ചിരിക്കുന്നു. അപ്രകാരം പരസ്പരസാപേക്ഷങ്ങളിൽ ഈ ന്യായം പ്രവർത്തിക്കുന്നു."

**ബീജാധികം**-ഒട്ടകം.

**ബീജ്യ**-വി. ൧. ഏതെങ്കിലും ഒരു വംശത്തിൽ ജനിച്ച. ബീജത്തിൽ ഭവിച്ച എന്നർത്ഥം. ൨. വിത്തിൽനിന്നു മുളച്ച.

**ബീഭത്സ**-വി ൧. അറപ്പുള്ള. ൨. ക്രൂരതയുള്ള. ൩. വെറുപ്പുള്ള. ൪. ഈർഷ്യയുള്ള. ൫. പാപമുള്ള. ൬. ദുഷ്ടതയുള്ള.

**ബീഭത്സൻ**-൧. ഹിംസാശീലൻ ൨. പാർത്ഥൻ, അർജ്ജുനൻ.

**ബീഭത്സം**-൧. നവരസങ്ങളിൽ ഒന്നു്. ൨. അറപ്പു തോന്നുന്ന സ്ഥിതി.

**ബീഭത്സിക്കുന്നു**-അറയ്ക്കുന്നു.

**ബീഭത്സ്യ**-വി. വെറുപ്പുണ്ടാക്കപ്പെട്ട.

**ബീഭത്സു**-പാണ്ഡവന്മാരിൽ അർജ്ജുനന്റെ പേർ.

**ബീരങ്കി**-വലിയ തോക്കു്.

**ബീരിടം**-(വേദത്തിൽ) ൧. വായു. ൨. കൂട്ടം.

## ബു

**ബുകം** - കൊക്കുമന്ദാരം, അഗ്നിമന്ദാരം, ഭൂമിയെ മറയ്ക്കുന്നതു് എന്നർത്ഥം.

**ബുക്കം**-൧. ആടു്. ൨. ഹൃദയം. ൩. നെഞ്ചു്.

**ബുക്കാ, ബുക്കാം**-ഹൃദയാന്തർഗതമായ മാംസവിശേഷം, മുഖ്യമാംസം എന്നും കാണുന്നു. അധികം സ്വാദുള്ളതാണെന്നു പറയപ്പെട്ടതു് എന്നർത്ഥം.

ഇതു നെല്ലിക്കയോളം വലിപ്പമുള്ളതും കുറച്ചു നീണ്ടതുമായ ഒരു മാംസമാണെന്നും, ശ്രോത്രാദികളിൽ വൃക്കം എന്നു പറയപ്പെടുന്ന ഒരു മാംസവിശേഷമാണെന്നും തമിഴ് വ്യാഖ്യാനത്തിൽ കാണുന്നു. വൃക്കാ എന്നടത്തു പാഠാന്തരങ്ങൾ— വൃക്യം, വൃക്കാ, വൃക്ക്യം, ബുക്കാ.

'അഗ്രമാംസേ ദ്വയോർവൃക്യഃ'
(അമരശേഷം)

'ബുക്കോ നരാഗ്രമാംസേ സ്യാൽ'
(ബോപാലിതൻ)

'ശോണിതാഗ്രസ്ത്രിയാം വൃക്കാവൃക്കയോ'
(രഭസൻ)

**ബുദ്ധ**-വി. അറിയപ്പെട്ട.

**ബുദ്ധഗയ**-ഒരു തീർത്ഥസ്ഥലം.

**ബുദ്ധമതകാലം**-കലിവർഷം ൨൬൫൦-നു മുമ്പു്.

മൌര്യവംശജനായ അശോകമഹാരാജാവു ഇക്കാലത്തായിരുന്നു ഉത്തര ഇൻഡ്യയിൽ ഏകച്ഛത്രാധിപതിയായി വാണിരുന്നതു്.

**ബുദ്ധമതപ്രസ്ഥാനചതുഷ്ടയം** - മാധ്യമിക, സൌത്രാന്തിക, യോഗാചാര, വൈമാ(ഭാ)ഷിക, ഇവ ൪-ം.

**ബുദ്ധൻ**-പു. ബുദ്ധമതക്കാരുടെ ഒരു പ്രധാന ഗുരു. സർവം ക്ഷണികമെന്നറിയുന്നവൻഎന്നർത്ഥം. പ്രശസ്തയായ ബുദ്ധിയുള്ളവൻ എന്നുമാവാം.

ബുദ്ധമഹർഷി മരിച്ചിട്ടു് ൨൦൦ വർഷം കഴിഞ്ഞ ഉടനെ പാടലിപുത്രത്തിലെ മഹാരാജാവു ബുദ്ധമതത്തെ ഇൻഡ്യയിലെ മതമായിട്ടു നിശ്ചയിച്ചു.

ബുദ്ധമുനിയുടെ അച്ഛൻ ശുദ്ധോദനനാകുന്നു. അമ്മ മായാദേവി. ജനനസ്ഥലം കപിലവസ്തു. കാശിക്കു ൧൦൦ നാഴിക വടക്കു്. ക്ഷത്രിയകുലത്തിൽ ജനിച്ചു ബുദ്ധമതം പ്രസംഗിച്ചു് എല്ലാവരേയും ധരിപ്പിച്ചു. ൮൦-ാംവയസ്സിൽ മരിച്ചു. ഇപ്പോൾ ഭൂമിയിലെ മൂന്നിലൊന്നു ഭാഗം പേർ ഈ മതം അനുസരിക്കുന്നു.

ബുദ്ധദേവന്റെ പര്യായങ്ങൾ :—സർവ്വജ്ഞൻ, സുഗതൻ, ബുദ്ധൻ, ധർമ്മരാജൻ, തഥാഗതൻ, സമന്തഭദ്രൻ, ഭഗവാൻ, മാരജിത്തു്, ലോകജിത്തു്, ജിനൻ, ഷഡഭിജ്ഞൻ, ദശബലൻ, അദ്വയവാദി, വിനായകൻ, മുനീന്ദ്രൻ, ശ്രീഘനൻ, ശാസ്താവു്, മുനി.

'ആർഹതഃ ക്ഷപണോ നഗ്നഃ
ശ്രമണോ ജീവകോ മലീ'

എന്നുള്ള ശ്ലോകാർദ്ധം കൊണ്ടു് ഈ പേരുകളും പര്യായങ്ങളുമാണെന്നു് അഭിപ്രായം കാണുന്നു.

**ബുദ്ധമതം**-ബുദ്ധമുനിയുടെ മാർഗ്ഗം.

**ബുദ്ധാവതാരം**—(ഇതിനു കാരണം-ഹിംസയെ നിരോധിച്ചു അഹിംസാതത്വസ്ഥാപനംചെയ്യാനത്രെ)

**ബുദ്ധി**—അകത്തുള്ള ഇന്ദ്രിയങ്ങൾ നാലുള്ളതിൽ ഒന്നു്, തിരിച്ചറിയുന്നതിനുള്ളതു് എന്നർത്ഥം. മററു പര്യായങ്ങൾ മനീഷാ, ധിഷണാ, ധീ, പ്രജ്ഞാ, ശേമുഷീ, മതി, പ്രേക്ഷാ, ഉപലബ്ധി, ചിത്തു്, സംവിത്തു്, പ്രതിപത്തു്, ജ്ഞപ്തി, ചേതനാ.

ബുദ്ധി, സുഖം, ദുഃഖം, ഇച്ഛാ, ദ്വേഷം, യത്നം ഇവ ആറുമാത്ര "ബുദ്ധ്യാദിഷൾകം."

**ബുദ്ധികൂർമ്മത**-ബുദ്ധിയുടെ ഒരുശക്തി, ബുദ്ധിയുടെ കൂർപ്പു്.

**ബുദ്ധിഗുണങ്ങൾ**-ബുദ്ധിക്കുള്ള ഗുണങ്ങൾ.

'ശുശ്രൂഷാ ശ്രവണഞ്ചൈവ
ഗ്രഹണം ധാരണം തഥാ,
ഊഹാപോഹൌ ച വിജ്ഞാനം
തത്വജ്ഞാനഞ്ച ധീഗുണാഃ'

൧. ശുശ്രൂഷ. ൨. ശ്രവണം, ൩. ഗ്രഹണം. ൪. ധാരണം. ൫. ഊഹാപോഹം. ൬. അർത്ഥവിജ്ഞാനം. ൭. തത്വവിജ്ഞാനം.

**ബുദ്ധിഗുണാഷ്ടകം**—(ബുദ്ധിഗുണങ്ങൾ നോക്കുക).

**ബുദ്ധിദാ**-വയമ്പു്

**ബുദ്ധിപാകം**-വിദ്യാഭ്യാസം നിമിത്തം ബുദ്ധിക്കുണ്ടാകാവുന്ന ഫലാവസ്ഥ.

പച്ചക്കായെക്കാൾ പഴുത്ത (പാകം വന്ന) കായ് അധികം ഉപയോഗം, എന്നതുപോലെ ബുദ്ധിക്കും പാകം [illegible] ങ്കിലത്രേ ഗുണമുള്ളൂ.

**ബുദ്ധിപൂർവം**-അ. ബുദ്ധിയോടുകൂടി, കരുതലോടുകൂടി.

**ബുദ്ധിമൽ**-വി. ബുദ്ധിയുള്ള.

**ബുദ്ധിമഹത്വം**-ബുദ്ധിയുടെ വലിപ്പം.

**ബുദ്ധിമാന്ദ്യം**-ബുദ്ധിയുടെ സാവധാനം. ൨. ബുദ്ധിയുടെ അല്പത്വം.

**ബുദ്ധിമുട്ട്**-നാ. വിചാരിച്ചാൽ ഒരുപായം തോന്നായ്ക. ൨. ദാരിദ്ര്യം, ഞെരുക്കം. ൩. പ്രയാസം.

**ബുദ്ധിമുട്ടുന്നു**-നാ. ദാരിദ്ര്യം അനുഭവിക്കയും മററും ചെയ്യുന്നു, പ്രയാസപ്പെടുന്നു. (സ. ക്രി.-ബുദ്ധിമുട്ടിക്കുന്നു).

**ബുദ്ധിമോശം**-മടത്തരം, ബുദ്ധിക്ഷയം.

**ബുദ്ധിശാലി**-വി. ബുദ്ധിയുള്ള.

**ബുദ്ധിശാലിനി**-ബുദ്ധിയുള്ളവൾ.

**ബുദ്ധിസചിവൻ, ബുദ്ധിസഹായൻ**-ആലോചനയ്ക്കുള്ള മന്ത്രി.

**ബുദ്ധിസംസ്കാരം**-അറിവിനെ സംബന്ധിച്ച ബുദ്ധിയെ നല്ലനിലയിൽ കൊണ്ടുവരിക.

**ബുദ്ധിഹീന**-വി. ബുദ്ധിയില്ലാത്ത.

**ബുദ്ധിഹീനത, ബുദ്ധിഹീനത്വം**-ബുദ്ധിയില്ലായ്ക.

**ബുധ്നം**-നാ. വൃക്ഷത്തിന്റെ ചുവട്, മുരട്. വേരിന്റെ ചുവടെന്നും കാണുന്നുണ്ട്. മരത്തിനു ഉറപ്പായി നില്ക്കുന്നത് എന്നർത്ഥം.

**ബുദ്ബുദം**-നീർക്കുമിള, വെള്ളത്തിലുള്ള പൊള്ള (നര). ബുദ് എന്ന അവ്യക്ത ശബ്ദത്തെ ചെയ്യുന്നത് എന്നർത്ഥം.

**ബുധൻ**-നാ. അറിവുള്ളവൻ, വിദ്വാൻ ൨. ഒരു ഗ്രഹം, ചന്ദ്രന്റെ മകൻ. ബൃഹസ്പതിയുടെ ഭാര്യയായ താരയിൽ ചന്ദ്രനുണ്ടായവൻ. ചന്ദ്രൻ താരയെ വശീകരിച്ചുകൊണ്ടുപോയി. ഇതുനിമിത്തം ചന്ദ്രനും ബൃഹസ്പതിയും തമ്മിൽ യുദ്ധം (താരകാമയം എന്നു പേർ) ഉണ്ടായി. രണ്ടു കക്ഷികളുമായി പിരിഞ്ഞാണു യുദ്ധം ആരംഭിച്ചത്. ഉശനസ്സ്, രുദ്രൻ, ദൈത്യർ, ദാനവർ ഇവർ ചന്ദ്രന്റെ ഭാഗം. ഇന്ദ്രനും ദേവകളും ബൃഹസ്പതിയുടെ ഭാഗം. ബ്രഹ്മാവിന്റെ നിർബന്ധംകൊണ്ടു താരയെ സോമൻ വിട്ടുകൊടുക്കേണ്ടിവന്നു. ഗർഭിണിയായി ഭർത്താവിനെ പ്രാപിച്ച താര പ്രസവിച്ചപ്പോൾ ശിശു അതിസുന്ദരനും മഹാ യോഗ്യനുമായിരുന്നു പുത്രൻ താൻറേതാണ താൻറേതാണ എന്നു അനന്തരം സോമനും ബൃഹസ്പതിയും പരസ്പരം തർക്കംതുടങ്ങി. തർക്കനിവൃത്തി വരുത്തേണ്ടതു താരയുടെ ചുമതലയാകയാൽ പുത്രൻ അമ്മയെ ശപിപ്പാൻ ആരംഭിച്ചു വാസ്തവം പറയണമെന്നു ബ്രഹ്മാവും അവളോടു നിർബന്ധിച്ചു. അനന്തരം സോമന്റെ പുത്രനാണെന്നു സമ്മതിച്ചു. ചന്ദ്രൻ മകനു "ബുധൻ" എന്നു നാമകരണം ചെയ്തു. ബുധനെ രൌഹിണേയൻ എന്നും സൌമ്യൻ എന്നും വിളിക്കാറുണ്ട്. ബുധനു ഇളയിൽ ജനിച്ചവൻ "പുരൂരവസ്സ്".

**ബുധനാഴ്ച**-നാലാമത്തെ ആഴ്ച.

**ബുധഭാരതി**-നാ. വിദ്വാന്മാരുടെ വാക്ക്. ൨. സംസ്കൃതഭാഷ.

**ബുധാ**-നായ്.

**ബുധരത്നം**-മരതകം.

**ബുധവാരം**-ബുധനാഴ്ച.

**ബുധാ**-മാഞ്ചി.

**ബുധിത**-വി. അറിയപ്പെട്ട.

**ബുബ്ബുരം**-ജലം.

**ബുഭുക്ഷ**-നാ. വിശപ്പ്. ഭുജിപ്പാനുള്ള ഇച്ഛ എന്നർത്ഥം ൨. ഏതെങ്കിലും അനുഭവിപ്പാനുള്ള ആഗ്രഹം.

ബുഭുക്ഷിത-വി. വിശപ്പുള്ള.
ബുഭുക്ഷു-വി. ഭക്ഷണാഗ്രഹമുള്ള.
ബുഭുത്സാ-അറിവാനുള്ള ആഗ്രഹം.
ബുലി-ഭയം.
ബുൽകസൻ-പറയൻ.
ബുസം-ന. പതിര്, ഉമി, ചണ്ടു്. ഉപേക്ഷിക്കപ്പെടുന്നതു് എന്നർത്ഥം. ൧. തെർക്കട്ട ൨. ധനം. ൩. ജലം. (വേദത്തിൽ പ്രയോഗം).
ബുസ്തം-ന വറുത്ത മാംസഖണ്ഡം. ൧. ചകിണി, ചക്കമുതലായ ഫലങ്ങളുടെ കതമുള്ള, പനസാദിഫലത്തിന്റെ കതു ഒഴിച്ചു മററുള്ളവ. (പാഠാന്തരം—പുസ്തം, പുസ്തകം.)

## ബൂ

ബൂട്സ്-മുതിരച്ചെരുപ്പു് (ഇംഗ്ലീഷ് ഭാഷ) സംസ്കൃതത്തിൽ—അനുപദീനാ.

## ബൃ

ബൃത്താനിക-ബ്രിട്ടൻ.
ബൃംഹണ-വി. തടിപ്പിക്കുന്ന.
ബൃംഹണം-പഞ്ചസാര, പാൽ മുതലായവ കൂട്ടി നെയ്യിൽ ഉണ്ടാക്കിയ ഒരു പലഹാരം.
ബൃംഹിത-വി. തടിപ്പിക്കപ്പെട്ട.
ബൃംഹിതം-ആന അലറുന്ന ശബ്ദം.

'ഗജ്ജൽഗജനിവഹ
ബൃംഹിതവിവർദ്ധിതം'
(അംബരീഷചരിതം കഥകളി)

ബൃഹതാംപതി-ബൃഹസ്പതി.
ബൃഹതി-ന. ചെറുവഴുതിന. ൧. കണ്ടകാരിച്ചുണ്ട, പുത്തരിച്ചുണ്ട. വർദ്ധിക്കുന്നതു് എന്നർത്ഥം.
ബൃഹതിക-ന. മേൽപ്പുടവ, ഉത്തരീയവസ്ത്രം. വസ്ത്രത്തിൽ ഒരുവക ഭേദം എന്നർത്ഥം. മറയ്ക്കുന്ന ഒരു വസ്ത്രവിശേഷം എന്നുമാവാം. ൧. ചെറുവഴുതിന. ൨. വലിയവീണ. ൩. ഛന്ദസ്സുകളിൽ ഒന്നു്.

ഓരോ പാദത്തിൽ ഒമ്പതു് അക്ഷരം വീതം കാണും.

൪. മേൽപ്പുടവ ൫. ചിറകുളം. ൬. തടിച്ചവൾ. ൭. വിശ്വാവസുവിന്റെ വീണ. ൮. നാരദന്റെ വീണ. ൯. മഹത്വമുള്ളവൾ. ൧൦. ൩൬ എന്ന സംഖ്യ. ൧൧. പുറങ്കുപ്പായം.

ബൃഹത്ത്-വിശാലം. വർദ്ധിക്കുന്നതു് എന്നർത്ഥം. വലുതു്.
ബൃഹത്തു്, ബൃഹൽ-വി. വലുതായ.
ബൃഹൽകഥ-ഏകദേശം ഭാരതത്തിനു തുല്യമാവാൻ തക്കവണ്ണം വിചാരിച്ചു് ബാണകവിയാൽ ഉണ്ടാക്കപ്പെട്ടിരിക്കുന്ന ഒരു വലിയ നല്ല കഥ. ഗുണാഢ്യന്റെ ഒരു കഥാസംഗ്രഹം. കഥാസരിൽസാഗരത്തിന്റെ മൂലം.
ബൃഹൽകുക്ഷി-വി. വലിയ വയറുള്ള, കുടവയറുള്ള, പെരുവയറുള്ള.
ബൃഹദ്ബലൻ-ഒരു ഗാന്ധാരരാജപുത്രൻ.
ബൃഹൽഭട്ടാരിക-ദുർഗ്ഗ.
ബൃഹൽഭാനു-അഗ്നി. വലിയ (രശ്മി) ജ്വാലയുള്ളവൻ എന്നർത്ഥം.
ബൃഹൽസംഹിത-ജ്യോതിശ്ശാസ്ത്രസംബന്ധമായി വരാഹമിഹിരന്റെ കൃതിപ്പെട്ട ഒരു പുസ്തകം. ൬-ാം ശതവർഷത്തിന്റെ മദ്ധ്യകാലത്തുണ്ടായി എന്നു് ഊഹിക്കാം.
ബൃഹദംഗം-ആന.
ബൃഹദാരണ്യകം-ഒരു ഉപനിഷത്തു്.

ശതപഥബ്രാഹ്മണത്തിന്റെ ഒടുവില
ത്തെ ഭാഗം.

**ബൃഹദ്ദേവതാ**-ഋഗ്വേദത്തിൽ പറഞ്ഞി
ട്ടുള്ള ദേവതകളെ കുറിച്ചു ശൌനകന്റെ
ഒരു പുസ്തകം.

**ബൃഹദ്രഥൻ**-പു. ഇന്ദ്രൻ. ൨. പാടലി
പുത്രം എന്ന പുരത്തിൽ വാണിരുന്ന
മൌര്യകുല രാജാക്കന്മാരിൽ പത്താമ
ത്തെ രാജാവു്.

**ബൃഹദ്രഥി**-കരാറു്.

**ബൃഹന്നള, ബൃഹന്നടൻ (നളൻ)**-
അജ്ഞാതവാസത്തിൽ അർജ്ജുനന്റെ
പേർ.

**ബൃഹന്തൻ**-ഉലൂകാധിപതി.

**ബൃഹസ്പതി**-വ്യാഴം.
ദേവകളുടെ പുരോഹിതനാണു്. ബൃ
ഹസ്പതിക്കു ഉതത്ഥ്യന്റെ ഭാര്യയായ
മമതയിൽ ഭരദ്വാജൻ ഉണ്ടായിട്ടുണ്ടു്.
(ബുധൻ നോക്കുക). ദേവന്മാരുടെ ഗുരു
അല്ലെങ്കിൽ വേദങ്ങളുടെ ഉപദേഷ്ടാവു്
എന്നർത്ഥം.

## ബൈ

**ബൈജികം**-മുരിങ്ങഎണ്ണ.

**ബൈബിൾ**-ക്രിസ്ത്യാനികളുടെ വേദപു
സ്തകം. (Bible).

## ബോ

**ബോട്ടു്**-വള്ളം. (ഇംഗ്ലീഷുഭാഷ).
'ബോട്ടിൽകേറിബ്ഭ്രഹ്മസരസമായ്'
(മയൂരസന്ദേശം)

**ബോധകൻ**-പു. ബോധിപ്പിക്കുന്നവൻ.
൨. അഭ്യസിപ്പിക്കുന്നവൻ ൩. ഗൂഢമാ
യി ചെയ്യുന്ന വർത്തമാനം അറിയുന്ന
വൻ.

**ബോധകര**-വി. പു. ബോധിപ്പിക്കുന്ന.
൨. പഠിപ്പിക്കുന്ന. ൩. ഉണർത്തുന്ന.

**ബോധകരൻ**-പാട്ടുണർത്തുന്നവൻ. രാ
ജാക്കന്മാർ ഉണരുവാനായിക്കൊണ്ടു പു
ലച്ചയ്ക്കു പാട്ടുപാടുന്നവൻ. ഉണർച്ചയെ
ചെയ്യുന്നവൻ എന്നർത്ഥം.

**ബോധക്കേടു്**-പു. മോഹാലസ്യം. ൨.
അറിവില്ലായ്ക.

**ബോധനൻ**-പു. ബുധൻ എന്ന ഗ്രഹം.
൨. ബുദ്ധിമാൻ.

**ബോധനം**-പു. അറിവു്. ൨. പഠിപ്പി
ക്കുക. ൩. ഉണർത്തുക.

**ബോധനി**-തിപ്പലി.

**ബോധനീയ**-വി. അറിയിക്കേണ്ടുന്ന.

**ബോധം**-പു. ജ്ഞാനം, അറിവു്. ൨.
വിചാരം. ൩. ഉണർച്ച.

**ബോധവാസരം**-വിഷ്ണു നാലുമാസത്തെ
ഉറക്കം കഴിഞ്ഞു് ഉണരുന്ന ദിവസം.

**ബോധസ്വരൂപി**-വി. ബോധംതന്നെ
സ്വരൂപമായിട്ടുള്ള.

**ബോധഹീന**-വി. അറിവില്ലാത്ത.

**ബോധാത്മക**-വി. ബോധമാകുന്ന ആ
ത്മാവോടുകൂടിയ.

**ബോധായനൻ**-ഒരു മഹർഷി.

**ബോധി**-പു. അരയാൽ. ൨. കോഴി.

**ബോധിക്കുന്നു**-പു. അറിയുന്നു. ൨. സ
മ്മതിക്കുന്നു. ൩. ഉണരുന്നു. (സ. ക്രി.
ബോധിപ്പിക്കുന്നു.)

**ബോധിത**-വി. അറിയിച്ച.

**ബോധിദ്രുമം**- അരയാൽ. അറിവുള്ള
മരം എന്നർത്ഥം. ബോധിസത്വന്മാർ
അരയാൽത്തറമേലിരുന്നു തപസ്സുചെയ്തു
മറ്റുള്ളതിനാൽ ബോധികൾക്കാശ്രയമാ
യ ദ്രുമം എന്നുമാവാം.

ഇതു വൃക്ഷജാതിയിൽ ബ്രാഹ്മണനാണെന്നും ജ്ഞാനിയാണെന്നും പറയുന്നു. ജൈനമതത്തിലുള്ള സന്യാസികളെ 'ബോധിസത്വന്മാർ' എന്നു വിളിക്കുന്നു.

**ബോധ്യ**-വി. അറിയത്തക്ക.

**ബോമ്മ** - കോതയുമറാട്ടിയുണ്ടാകുന്ന സ്ഥലം.

**ബോലം**-പു. നറുമ്പശ. വ. താക്കോലം. ന. തേൻ. ൪. നെയ്യ്.

**ബോളം**-നറുമ്പശ.

**ബോളി**-ഒരു പലഹാരം.

**ബോളി**-വിധവ. (പോളി എന്നതാണ് പലഹാരം.)

**ബോഠം**-ഒരുമാതിരി അപ്പം.

## ബൌ

**ബൌദ്ധൻ**-ബുദ്ധമതക്കാരൻ

## ബ്ര

**ബ്രധ്നൻ**-പു. ആദിത്യൻ. ഇരുട്ടിനെ തടുക്കുന്നവൻ എന്നർത്ഥം. വ. എരിക്ക്.

**ബ്രധ്നം**-മുരട്, വേര്. (ബുധ്നം എന്നതിന്റെ പാഠം.) വ. കുതിര. ന. ദിവസം.

**ബ്രഹ്മകല്പം**-ബ്രഹ്മാവിന്റെ ഒരു രാപ്പകൽ.

**ബ്രഹ്മകല്പിതം**-ദൈവവിധി.

**ബ്രഹ്മകൈവർത്തം**- ൧൮ പുരാണങ്ങളിൽ ഒന്ന്

**ബ്രഹ്മഗുപ്തൻ**-ഒരു ജ്യോതിശ്ശാസ്ത്രി.

ബ്രഹ്മഗുപ്തസിദ്ധാന്തത്തിന്റെ കർത്താവ്. ക്രിസ്തുവർഷം ൫൯൮-ൽ ജനനം.

**ബ്രഹ്മഘ്നൻ**-ബ്രാഹ്മണനെ കൊന്നവൻ.

**ബ്രഹ്മചര്യം**-പു. വിവാഹംചെയ്യാത്ത അവസ്ഥ. ബ്രഹ്മചാരിയുടെ അവസ്ഥ, ആശ്രമങ്ങളിൽ ഒന്ന്. ഉപനയനം (പൂണുനൂൽധാരണം) കഴിഞ്ഞു ഗൃഹസ്ഥാശ്രമം സ്വീകരിക്കുന്നതുവരെ (വിവാഹം കഴിക്കുന്നതുവരെ) ഉള്ള കാലം.

വിദ്യാഭ്യാസം ബ്രഹ്മചര്യാശ്രമത്തിലാണ് നടത്തേണ്ടത്.

വ. വിചാരത്തിലും വാക്കിലും പ്രവൃത്തിയിലും എല്ലായ്പോഴും ഏതവസ്ഥയിലുമുള്ള ചാരിത്രശുദ്ധി; വിഷയങ്ങളിൽ മനസ്സുവെയ്ക്കാതെ ഈശ്വരനിൽ തന്നെ (പരബ്രഹ്മത്തിൽ തന്നെ) മനസ്സിനെ നിലനിറുത്തുന്ന അവസ്ഥ.

**ബ്രഹ്മചാരി**-പു. പൂണുനൂൽ ഇട്ടു വേദം അഭ്യസിക്കുന്ന ബ്രാഹ്മണകുമാരൻ. ബ്രഹ്മത്തെ (വേദത്തെ) ചരിക്കുന്നവൻ എന്നർത്ഥം. ബ്രഹ്മത്തെ (ജ്ഞാനത്തെ, തപസ്സിനെ) സമ്പാദിക്കുന്നവൻ എന്നുമാവാം.

ബ്രഹ്മചാരി നാലുതരം-ഗായത്രീബ്രഹ്മചാരി, പ്രാജാപത്യബ്രഹ്മചാരി, വൈദികബ്രഹ്മചാരി, നൈഷ്ഠികബ്രഹ്മചാരി.

**ബ്രഹ്മചാരിണി**-പു. പാതിവ്രത്യമുള്ള ഒരു സ്ത്രീ. വ. ബ്രഹ്മി.

**ബ്രഹ്മചിന്ത**- ബ്രഹ്മാവിനേയും വേദത്തേയും മററും വിചാരിക്കുക.

**ബ്രഹ്മജ്ഞൻ** - ബ്രഹ്മത്തെ അറിയുന്നവൻ, യോഗി.

**ബ്രഹ്മജ്ഞാനം**-ബ്രഹ്മത്തെപ്പററിയ അറിവ്.

**ബ്രഹ്മണ്യ**-വി. പു ബ്രാഹ്മണനെ സംബന്ധിച്ച. വ. ബ്രഹ്മാവിനെ സംബന്ധിച്ച.

**ബ്രഹ്മണ്യം**-പു. കാട്ടരയാൽ. വൈദികകർമ്മങ്ങളിൽ ആവശ്യപ്പെടുന്നത് എന്നർത്ഥം. വ. മുഞ്ഞപ്പുല്ല്.

ചെറുകവുങ്ങിന്റെ പേരെന്നും ചിലർ വ്യാഖ്യാനിച്ചു കാണുന്നുണ്ട്.

**ബ്രഹ്മത്വം**-സായൂജ്യാവസ്ഥ. ബ്രഹ്മഭാവം എന്നർത്ഥം.

മായാബദ്ധനായ ജീവാത്മാവ് ജ്ഞാനാഗ്നി നിമിത്തം അവിദ്യാനാശം സിദ്ധിക്കുന്ന സമയം ബ്രഹ്മത്തോടു ചേർന്നു ലയിക്കും. ഇതാത്ര സായൂജ്യമുക്തി.

**ബ്രഹ്മദണ്ഡം**-൧. ഒരുമാതിരി ചെടി. ൨. ശാപം.

**ബ്രഹ്മദർഭ**-അയമോദകം. ബ്രഹ്മസംബന്ധിയായ ദർഭത്തോടു തുല്യം എന്നർത്ഥം. ബ്രഹ്മാവിനാൽ കെട്ടപ്പെട്ടതു് എന്നുമാവാം.

**ബ്രഹ്മദാരു**-കാട്ടരയാൽ. (ചെറുകവുങ്ങ് എന്നും കാണുന്നു.)

**ബ്രഹ്മദ്രുമം**-പ്ലാശ്.

**ബ്രഹ്മനാഡി**-ദേഹത്തിലുള്ളതിൽ ഒരു പ്രധാന ഞരമ്പ്.

**ബ്രഹ്മനാഭൻ**-വിഷ്ണു.

**ബ്രഹ്മപുത്ര**-ഒരു നദി.

**ബ്രഹ്മപുത്രചതുഷ്ടയം**-സനകൻ, സനന്ദൻ, സനാതനൻ, സനൽകുമാരൻ. (ബ്രഹ്മാവിന്റെ മാനസിക പുത്രന്മാരാണ്).

**ബ്രഹ്മപുത്രം**-ഉപവിഷങ്ങളിൽ ഒന്ന്, ബ്രഹ്മാവിങ്കൽനിന്നുണ്ടായതു് എന്നർത്ഥം.

ഇതു കപിലനിറമുള്ളതാണ്. മലയപർവ്വതത്തിലുണ്ടാകുന്നു.

**ബ്രഹ്മപുത്രി**-൧. സരസ്വതീദേവി. ൨. സരസ്വതി എന്ന ആറ്. ൩. പന്നിക്കിഴങ്ങ്. ൪. ചെറുതേക്ക്.

**ബ്രഹ്മപുരാണം**-ഒന്നാമത്തെ പുരാണം.

ബ്രഹ്മാവു മരീചിക്ക് ഉപദേശിച്ചതു്. സൌരപുരാണം എന്നും പറയും. ഇതിനു കാരണം ഒരു ഭാഗം സൂര്യസ്തുതിയാകുന്നു.

**ബ്രഹ്മപ്രളയം**-ഒരു ബ്രഹ്മാവിന്റെ കാലം കഴിയുമ്പോളുണ്ടാകുന്ന പ്രളയം.

**ബ്രഹ്മബന്ധു**-൧. പേരിനുമാത്രം ബ്രാഹ്മണനായുള്ളവൻ, കുലാചാരത്തിൽ നിഷ്ഠയില്ലാത്ത ബ്രാഹ്മണജാതിക്കാരൻ, കർമ്മഹീനനായ ബ്രാഹ്മണൻ. ൨. ബ്രാഹ്മണനെക്കുറിച്ചു അധിക്ഷേപമായി പറയുന്നവൻ. ബ്രാഹ്മണജാതി ബന്ധുവായിട്ടുള്ളവൻ എന്നർത്ഥം.

**ബ്രഹ്മബിന്ദു**-ഓത്തുചൊല്ലുന്നസമയം യദൃച്ഛയാ വായിൽ നിന്നു പുറപ്പെടുന്ന ഉമിനീർ തുള്ളി. വേദപാഠത്തിലുണ്ടാകുന്ന വെള്ളത്തുള്ളി എന്നർത്ഥം.

**ബ്രഹ്മഭൂയം**-സായൂജ്യാവസ്ഥ, ബ്രഹ്മത്തിന്റെ അവസ്ഥ, ബ്രഹ്മത്വം, ബ്രഹ്മഭാവം എന്നർത്ഥം.

**ബ്രഹ്മം**-൧. ബ്രഹ്മാവ്. ൨. ബ്രാഹ്മണൻ. ൩. സകലത്തിനും കാരണമായ വസ്തു. എങ്ങും നിറഞ്ഞു ചലനമോ വികാരമോ ഒന്നുമില്ലാത്ത ആനന്ദമായ വസ്തു, പരമാർത്ഥവസ്തു. (ചൈതന്യം) ൪. തപസ്സ്. ൫. വേദം. ൬. പരമാർത്ഥജ്ഞാനം. ൭. ജ്യോതിശ്ശാസ്ത്രത്തിൽ പറയുന്ന ഒരു യോഗം.

**ബ്രഹ്മമയ**-വി. ബ്രഹ്മസ്വരൂപമായ.

**ബ്രഹ്മയജ്ഞം**-പാഠം, ഹോമം, അതിഥിസല്ക്കാരം, തർപ്പണം, ബലി ഇവ ൫-ം. (പഞ്ചമഹായജ്ഞങ്ങൾ എന്നതു നോക്കുക).

**ബ്രഹ്മയുഗം**-കൃതയുഗം.

**ബ്രഹ്മരന്ധ്രം** - മൂർദ്ധാവിനുള്ളിൽ ഒരു ഭാഗം.

**ബ്രഹ്മലക്ഷണത്രയം**-ശുദ്ധം, ശിവം, ശാന്തം ഇവ മൂന്നും.

**ബ്രഹ്മവർച്ചസം**-വേദം പഠിച്ച് അതിനെ പ്രമാണിക്കുന്നതിനാലുണ്ടാകുന്ന ശുദ്ധത. ആചാരംകൊണ്ടും വേദാഭ്യാസം

കൊണ്ടുമുള്ള തേജസ്സ്, സദാചാരവേദാധ്യയനങ്ങളുടെ പരിപൂർത്തി, വേദത്തിന്റെ അല്ലെങ്കിൽ തപസ്സിന്റെ വർച്ചസ്സ് (തേജസ്സ്) എന്നർത്ഥം. വേദാധ്യയനം ഹേതുവായിട്ടോ തപസ്സ് നിമിത്തമോ ഉള്ള തേജസ്സ് എന്നു താൽപര്യം.

ബ്രഹ്മവാദം-വേദം ചൊല്ലുകയും മററും.

ബ്രഹ്മവാദി-പു. വേദാന്തി, വേദാന്തശാസ്ത്രത്തെ അറിയുന്നവൻ. ൨. ബ്രഹ്മചാരി.

ബ്രഹ്മവിൽ, ബ്രഹ്മവിത്ത് -ബ്രഹ്മത്തെ അറിഞ്ഞവൻ, ഒരു യോഗി.

ബ്രഹ്മവിത്തമൻ - അത്യന്തം ബ്രഹ്മജ്ഞാനി.

ബ്രഹ്മവിന്ദു-വേദം ചൊല്ലുമ്പോൾ തെറിക്കുന്ന ദ്രപ്സം.

ബ്രഹ്മവൃക്ഷം-പ്ലാശ്.

ബ്രഹ്മവേദി-വി. ബ്രഹ്മത്തെ അറിയുന്ന.

ബ്രഹ്മവേദം- പു. ബ്രഹ്മത്തെ അറിക. ൨. വേദത്തെ അറിക. ന. അഥർവ്വണവേദം.

ബ്രഹ്മവൈവർത്തപുരാണം - അഷ്ടാദശ പുരാണങ്ങളിൽ ഒന്നാണ്. കൃഷ്ണന്റെ മഹിമയെക്കുറിച്ചു സാവർണ്ണി നാരദനുപദേശിച്ചതു്. ബ്രഹ്മാവിനെ വാഴ്ത്തുന്നു. അവയവം വിഷ്ണുവിന്റെ ഇടത്തെ മാറു. രാജസഗുണപ്രധാനം. ഗ്രന്ഥം 18,000.

ബ്രഹ്മശാസനം - ബ്രാഹ്മണനുള്ള ഒരു കല്പന.

ബ്രഹ്മസായൂജ്യം - ബ്രഹ്മത്വം, ബ്രഹ്മത്തോടുകൂടി ചേരുക.

ബ്രഹ്മസാവർണ്ണി-പത്താമത്തെ മനു.

ബ്രഹ്മസൂ(വ്)-കാമദേവൻ. തപസ്സിനെ അല്ലെങ്കിൽ ബ്രഹ്മാവിനെ ഇളക്കിത്തീർക്കുന്നവൻ.

കാമൻ വിശ്വാമിത്രൻ മുതലായവരുടെ തപസ്സിളക്കിയ കഥ പുരാണപ്രസിദ്ധമാണല്ലോ. ബ്രഹ്മാവിന്റെ മനസ്സും ഇളക്കീട്ടുണ്ട്.

ബ്രഹ്മസൂത്രം-പു. വേദാന്തശാസ്ത്രത്തിൽ ഒരു പുസ്തകം, വേദാന്തത്തെക്കുറിച്ചു വ്യാസന്റെ പുസ്തകം. ൨. പൂണൂൽ.

ബ്രഹ്മസ്വം-ബ്രാഹ്മണന്റെ മുതൽ.

'ബ്രഹ്മസ്വവുമമരസ്വവുംസ്വസ്വവും'
(ഭാഗവതം)

ബ്രഹ്മഹത്യ-ബ്രാഹ്മണനെ കൊല്ലുക.

ബ്രഹ്മഹാവ്, ബ്രഹ്മഹന്താവ്-ബ്രാഹ്മണനെ കൊന്നവൻ.

ബ്രഹ്മാ-പു. ത്രിമൂർത്തികളിൽ ഒന്ന്, ലോകങ്ങളെ സൃഷ്ടിക്കുന്നതിനായിട്ടു വിഷ്ണുവിങ്കൽനിന്നുണ്ടായ ദേവൻ, സ്രഷ്ടാവ്. വളർച്ചവൻ, വളരെ വലിയവൻ എന്നർത്ഥം. ആയുധം-വില്ല്.

വിഷ്ണുവിന്റെ നാഭികമലത്തിൽനിന്നുണ്ടായി. സകല ലോകോൽകൃഷ്ടമായ സത്യലോകത്തിൽ സ്ഥിതിചെയ്യുന്നു. ലോകജനകന്മാരായ മരീച്യാദികളുടേയും അസ്മാദി പിതൃക്കളുടേയും പിതാവാകുന്നു. ഇദ്ദേഹത്തിനു നാലുമുഖമുണ്ട്. സൃഷ്ടിയാണ് ഇദ്ദേഹത്തിന്റെ പ്രവൃത്തി. ത്രിമൂർത്തികളിൽ ഒരുവനായ ഇദ്ദേഹം രജോഗുണമൂർത്തിയാണ്. ബ്രഹ്മാവ് ആദ്യം ജലത്തെ സൃഷ്ടിച്ചതായും അതിൽ ഒരു ബീജം ഇട്ടു അതു ഒരു സ്വർണ്ണമുട്ടയായി തീർന്നതായും അതിൽനിന്നു ബ്രഹ്മാവു തന്നെ ജനിച്ചതായും മുട്ടത്തോടിനെ രണ്ടാക്കി ആകാശവും ഭൂമിയും നിർമ്മിച്ചതായും പിന്നീട് പത്തു പ്രജാപ

തികളെ സൃഷ്ടിച്ചതായും ഒരു കഥയിൽ കാണുന്നു. ബ്രഹ്മാവ് മുട്ടയിൽ നിന്നും പിരിഞ്ഞതിന്റെ ശേഷം സ്ത്രീപുരുഷന്മാരായി വേർവിട്ട് അവരിൽ നിന്നു വിരാജനും അദ്ദേഹത്തിൽ നിന്നു മനുവും ജനിച്ചു, എന്നു വേറൊരുകഥ. ബ്രഹ്മാവു ആകാശത്തിൽ നിന്നു ജനിച്ചു എന്നും മരീചി ബ്രഹ്മാവിന്റെ പുത്രനും കശ്യപൻ മരീചിയുടെ പുത്രനും ആയിരുന്നു എന്നും രാമായണം വെളിവാക്കുന്നു. വിഷ്ണുവിന്റെ നാഭിയിൽ നിന്നു ജനിച്ച തന്റെ പുത്രിയായ സരസ്വതിയോട് ന്യായരഹിതമായ സംഗം ചെയ്തു സർവ്വത്തെയും സൃഷ്ടിച്ചതായി ഭാരതത്തിൽ കാണുന്നു. ബ്രഹ്മാവിന്റെ ഒരു ദിവസം മനുഷ്യരുടെ ൪,൩൨,൦൦൦,൦൦൦ വർഷങ്ങളാകുന്നു ഓരോ ദിവസത്തിന്റെയും അവസാനത്തിൽ ദേവകളും ഋഷികളും പഞ്ചഭൂതങ്ങളും ഒഴികെ മറ്റുള്ളവയെല്ലാം നശിച്ചുപോകുന്നു. ബ്രഹ്മാവിന്റെ ആയുഷ്കാലമായ ൧൦൦ വർഷങ്ങളുടെ ഒടുവിൽ സർവ്വവും നശിച്ചു പിന്നീടും ബ്രഹ്മാവു പരബ്രഹ്മത്തിന്റെ അണ്ഡത്തിൽനിന്നുണ്ടായി പണ്ടത്തെപ്പോലെ എല്ലാം സൃഷ്ടിക്കുന്നു. ബ്രഹ്മാവു മനുഷ്യരുടെ പൂജയ്ക്കു അയോഗ്യനായിത്തീർന്നതിനു കാരണം നാരദന്റെയും ഭൃഗുവിന്റെയും ശാപമാണ്. ബ്രഹ്മാവിനു അഞ്ചു തലയുണ്ടായിരുന്നു. അവയിൽ ഒന്ന് ശിവന്റെ തിക്കണ്ണിൽ ഭസ്മമായി. കാരണം ശിവനെ നിന്ദിച്ചതാണ്. വില്ല്-പരിവീതം. വാഹനം-ഹംസം. വാസസ്ഥലം-ബ്രഹ്മവൃന്ദം.

ഹകാരത്തിനു പരങ്ങളായ അനുനാസികങ്ങളെ ഹകാരത്തിനു മുമ്പ് ഉച്ചരിക്കണം. ഉ-ം. വഹ്നി (വന്ഹി), ബ്രഹ്മം (ബ്രമ്ഹം).

പര്യായങ്ങൾ-ബ്രഹ്മാവ്, ആത്മഭൂവ്, സുരജ്യേഷ്ഠൻ, പരമേഷ്ഠി, പിതാമഹൻ, ഹിരണ്യഗർഭൻ, ലോകേശൻ, സ്വയംഭൂവ്, ചതുരാനനൻ, ധാതാവ്, അബ്ജയോനി, ദ്രുഹിണൻ, വിരിഞ്ചൻ, കമലാസനൻ, സ്രഷ്ടാവ്, പ്രജാപതി, വേധാവ്, വിധാതാവ്, വിശ്വസൃട്ട്, വിധി, നാഭിജന്മാവ്, അണ്ഡജൻ, പൂർവ്വൻ, നിധനൻ, കമലോത്ഭവൻ, സദാനന്ദൻ, രജോമൂർത്തി, സത്യകൻ, ഹംസവാഹനൻ. ൨. ബ്രാഹ്മണൻ.

**ബ്രഹ്മാഞ്ജലി** - അടക്കം പിടിക്കുക, വേദത്തിന്നായിക്കൊണ്ടുള്ള കൂപ്പുകൈയ്.

**ബ്രഹ്മാണി**-൧. സരസ്വതി. ൨. അരേണുകം.

**ബ്രഹ്മാണ്ഡകടാഹം** - എല്ലാലോകങ്ങളും കൂടെ ഒരു കടത്തിന്റെ ഭാഷയാക്കി കല്പിച്ചു പറയുന്ന ഒരു പേർ.

**ബ്രഹ്മാണ്ഡകോശം**-ലോകം മുഴുവനും കൂടെ പറയുന്ന പേർ.

**ബ്രഹ്മാണ്ഡം**-വി. വളരെ വലുതായ.

**ബ്രഹ്മാണ്ഡം**-൧. ഒരു സൂര്യന്റെ വെളിച്ചത്തിൽ ഉൾപ്പെട്ടിരിക്കുന്ന ലോകങ്ങൾ എല്ലാംകൂടിയ ഒരു ഗോളം. ൨. ൧൮ പുരാണങ്ങളിൽ ഒന്ന്. ബ്രഹ്മാണ്ഡമാഹാത്മ്യവും ഭാവികല്പങ്ങളും ബ്രഹ്മാവിനാൽ വിവരിക്കപ്പെട്ടത്. വിഷ്ണുവിന്റെ അവയവം അസ്ഥി. രാജസഗുണപ്രധാനം. ഗ്രന്ഥം 12,200. ൩. ഈശ്വരസൃഷ്ടങ്ങളായി ദൃശ്യാദൃശ്യങ്ങളായുള്ള സമസ്തപദാർത്ഥങ്ങളുടെയും സമൂഹം. ൪. ൧൬ ഋത്വിക്കുകളിൽ ഒരാൾ.

**ബ്രഹ്മാത്മകൻ**-ബ്രഹ്മസ്വരൂപൻ.

സകല ദേവന്മാരും പ്രത്യേകമായി ഏകാന്ത ശക്തിയാൽ ബ്രഹ്മാത്മകന്മാരാണെന്നു പറയാറുണ്ട്.

**ബ്രഹ്മാനന്ദം**—പരബ്രഹ്മത്തെ ധ്യാനിച്ചുണ്ടാകുന്ന ഒരു വലുതായ ആനന്ദം.

**ബ്രഹ്മപുരം**—മേരുപർവ്വതത്തിന്റെ മുകളിൽ ബ്രഹ്മാവിന്റെ സ്വർഗ്ഗം. (ചുററും ഗംഗാനദി ഒഴുകുന്നു).

**ബ്രഹ്മാലയം** — ൧. ബ്രഹ്മാവിരിക്കുന്ന ലോകം. ൨. ബ്രാഹ്മണഭവനം.

**ബ്രഹ്മാവർത്തം** — ദിവ്യനദികളായ സരസ്വതിയുടെയും ദൃഷദ്വതിയുടെയും മദ്ധ്യേയുള്ള സ്ഥലം.

**ബ്രഹ്മാസനം**—സ്വസ്തികാസനം, പത്മാസനം മുതലായ ആസനവിശേഷം. ധ്യാനയോഗങ്ങൾ സാധിപ്പാനുള്ള ഇരിപ്പ്.

**ബ്രഹ്മാസ്ത്രം**—ദിവ്യാസ്ത്രങ്ങളിൽ ഒന്ന്, ബ്രഹ്മാവിനെ ധ്യാനിച്ചുകൊണ്ട് പ്രയോഗിക്കപ്പെടുന്ന ഒരസ്ത്രം.

**ബ്രഹ്മി**—ഒരു പച്ച മരുന്ന്, മീനങ്ങാണി. (പൊന്നങ്ങാണി എന്നും കാണുന്നു.)

**ബ്രഹ്മൈക്യം**—മോക്ഷം.

**ബ്രഹ്മോപദേശം**—പരബ്രഹ്മത്തെപ്പററിയുള്ള ഉപദേശം.

## ബ്രാ

**ബ്രാഹ്മകല്പം**— ബ്രഹ്മാവിന്റെ ഒരു ദിവസം.

**ബ്രാഹ്മച്ചി** — പുഷ്പകവർഗ്ഗത്തിലുള്ള ബ്രാഹ്മണിപ്പാട്ടുകാരുടെ സ്ത്രീവർഗ്ഗം.

**ബ്രാഹ്മണം**—൧. ബ്രാഹ്മണരുടെ സംഘം. ൨. വേദത്തിൽ യാഗസൂക്തങ്ങളെ സംബന്ധിച്ചുള്ള പ്രമാണങ്ങളെ പറയുന്ന ഭാഗം.

മഹാകാവ്യകാലത്തെ ഒരു സംഹിത്യാംശം. കുരുക്കൾ, പാഞ്ചാലന്മാർ, കോസലരാജ്യക്കാർ, വിദേഹന്മാരാദിയായിട്ടുള്ളവർ ഗംഗാതടത്തിൽ താമസിച്ചിരുന്ന കാലത്തെക്കുറിച്ച് ഇതിൽ പറയുന്നു.

**ബ്രാഹ്മണകർമ്മങ്ങൾ**—അദ്ധ്യയനം, അദ്ധ്യാപനം, യജനം, യാജനം, ദാനം, പ്രതിഗ്രഹം ഇങ്ങിനെ ൬.

**ബ്രാഹ്മണങ്ങൾ** — വേദത്തിന്റെ ഒരു ഭാഗം.

ഇതിൽ മന്ത്രങ്ങളെ ഉപയോഗിക്കേണ്ടുന്ന ക്രമത്തെ വിവരിക്കുന്നു.

**ബ്രാഹ്മണജീവികാ**—ബ്രാഹ്മണർക്കു ഉപജീവനത്തിനു ന്യായമായ തൊഴിലുകൾ.

'അദ്ധ്യാപനഞ്ചാദ്ധ്യയനം
യജനം യാജനം തഥാ.
ദാനം പ്രതിഗ്രഹശ്ചൈവ
ഷട്കർമ്മാണ്യഗ്രജന്മനഃ
ഷണ്ണാം തു കർമ്മണാമസ്യ
ത്രീണി കർമ്മാണി ജീവികാ
യാജനാദ്ധ്യാപനേ ചൈവ
വിശുദ്ധാച്ച പ്രതിഗ്രഹഃ'

**ബ്രാഹ്മണൻ**—ബ്രഹ്മാവിന്റെ സൃഷ്ടികളിൽ മനുഷ്യരെ നാലു ജാതികളായി സൃഷ്ടിച്ചതിൽ ഒന്നാമത്തെ ജാതിക്കാരൻ. ബ്രഹ്മത്തെ അറിയുന്നവൻ എന്നർത്ഥം.

ബ്രഹ്മാവിന്റെ മുഖത്തു നിന്നു ബ്രാഹ്മണൻ ജനിച്ചു എന്നു പുരാണത്തിൽ പറയുന്നതിന്റെ അർത്ഥം 'ജ്ഞാനം മുഖവിലത്തിൽ കൂടി പുറത്തു വിടുന്നവർ ബ്രാഹ്മണർ' എന്നാണത്രേ.

'നിർമ്മമോ നിരഹങ്കാരോ
നിസ്സംഗോ നിഷ്പരിഗ്രഹഃ,
രാഗദ്വേഷവിനിർമ്മുക്തഃ
ബ്രാഹ്മണോ വേദസമ്മതഃ'

മറുപര്യായങ്ങൾ—ദ്വിജാതി, അഗ്രജന്മാവ്, ഭൂദേവൻ, ബാഡവൻ, വിപ്രൻ.

**ബ്രാഹ്മണബ്രുവൻ**-പാപ്പാൻ, ബ്രാഹ്മണനായി ജനിച്ചിട്ടു ബ്രാഹ്മണകൎമ്മം ചെയ്യാത്തവൻ, ബ്രാഹ്മണനു വേണ്ടുന്ന മുറകളൊന്നും അറിയാതെയും ചെയ്യാതെയും ബ്രാഹ്മണൻ എന്നു പേരു മാത്രം പറഞ്ഞു ഉപജീവനം കഴിച്ചുകൂട്ടുന്നവൻ.

**ബ്രാഹ്മ**-വി. ബ്രഹ്മാവിനേയും വേദത്തേയും ബ്രഹ്മത്തേയും സംബന്ധിച്ച.

**ബ്രാഹ്മണയഷ്ടിക**-ചെറുതേക്ക്. ബ്രാഹ്മണരുടെ വടിയ്ക്കു ഉപയോഗിക്കത്തക്ക ചെറുകൊമ്പുകൾ ഉള്ളതു് എന്നൎത്ഥം.

**ബ്രാഹ്മണർ**-ജാതികളിൽവെച്ച് ഒന്നാമത്തേവർ. (മനുവിന്റെ നിയമപ്രകാരം ഒരു ബ്രാഹ്മണന്റെ ജീവിതകാലം നാലായി പകുത്തിരിക്കുന്നു. ആശ്രമം എന്നതു നോക്കുക).

**ബ്രാഹ്മണാച്ഛംസി**-൧൬ ഋത്വിക്കുകളിൽ ഒരാൾ.

**ബ്രാഹ്മണി**-സ്ത്രീ. ബ്രാഹ്മണജാതി സ്ത്രീ. ൨. വെട്ടാവെളിയൻ. ൩. ഒരുമാതിരി ഉറുമ്പ്. ൪. ചെറുതേക്ക്. (൫.) പ്രാമ്മണി. ൬. ചോനകപ്പുല്ല്. ൭. നല്ല പിച്ചകം. ൮. ബ്രഹ്മി.

**ബ്രാഹ്മണ്യം**-ന. ബ്രാഹ്മണരുടെ കൂട്ടം, ബ്രാഹ്മണവൎഗ്ഗം. ൨. ബ്രാഹ്മണന്റെ അവസ്ഥ. ൩. ശനി.

**ബ്രാഹ്മണ്യദേവൻ**-ബ്രാഹ്മണ്യത്തിനു നാഥനായുള്ളവൻ.

**ബ്രാഹ്മതീൎത്ഥം**-പെരുവിരലിന്റെ മുരട്.

**ബ്രാഹ്മദേയാ**-ബ്രാഹ്മവിവാഹപ്രകാരം വിവാഹം ചെയ്യപ്പെടേണ്ടവൾ.

**ബ്രാഹ്മം**-ന. ബ്രാഹ്മതൎപ്പണം. ൨. രസം. ൩. ഒരുമാതിരി വിവാഹം. (അഷ്ടവിവാഹങ്ങൾ നോക്കുക). ൪. അഷ്ടാദശപുരാണങ്ങളിൽ ഒന്ന്.

ബ്രഹ്മാവ് മരീചിക്കു പറഞ്ഞുകൊടുത്തതു്. ബ്രഹ്മാവിനെ വൎണ്ണിക്കുന്നു. വിഷ്ണുവിന്റെ അവയവം മൂൎദ്ധാവ്. രജസ്സഗുണപ്രധാനം. ഗ്രന്ഥം 13,000.

**ബ്രാഹ്മമുഹൂൎത്തം**-വെളുപ്പാൻകാലത്തുള്ള ഒരു ശുഭസമയം.

**ബ്രാഹ്മിണിപ്പാട്ട്** - ഒരുവക പഴയ പാട്ട്.

പരശുരാമൻ ഒരു ബ്രാഹ്മണസ്ത്രീ രജസ്വലയായിരിക്കും സന്ദൎഭത്തിൽ ഉണ്ടായ കുട്ടിയെ വേർപിരിച്ചു പാൎപ്പിച്ച് അവൎക്ക് പുഷ്പവൃത്തി കല്പിച്ചു. അതിലുള്ള സ്ത്രീകളെ ബ്രാഹ്മിണി എന്നു വിളിച്ചുവന്നു. അവർ നായന്മാരുടെ കല്യാണങ്ങൾക്കു കൃഷ്ണലീല, ലക്ഷ്മീസ്വയംവരം മുതലായവ പാടുവാൻ വൃത്തി കല്പിച്ചു. ഇവരുടെ പാട്ടിനു ബ്രാഹ്മിണിപ്പാട്ട് എന്നു പറയുന്നു. ആദ്യം പാടിത്തുടങ്ങിയതു തമിഴിലായിരുന്നു.

**ബ്രാഹ്മി**-സ്ത്രീ. വാക്കിന്റെ അധിഷ്ഠാനദേവതയായ സരസ്വതി. ബ്രഹ്മാവിനെ സംബന്ധിച്ചവൾ എന്നൎത്ഥം. അക്ഷരാത്മകമായിട്ടു ബ്രഹ്മാവിൽനിന്നും ഉണ്ടായവൾ എന്നുമാവാം. വേദരൂപേണ ബ്രഹ്മാവിങ്കൽനിന്നുണ്ടാകകൊണ്ടും ഈ പേർ വരാം. ൨. ചെറുതേക്ക്. ൩. നല്ല പിച്ചകം. ൪. പന്നിക്കിഴങ്ങ്. ൫. മീനാങ്ങാണി (പൊന്നാങ്ങാണി). ൬. വലിയ വാലുഴവം. ൭. ആട്ടുനാറിവേള. ൮. ബ്രഹ്മി. ൯. സപ്തമാതൃക്കളിൽ ഒന്ന്. ൧൦. ശക്തി. ൧൧. ബ്രാഹ്മണന്റെ ഭാൎയ്യ. ൧൨. ദുൎഗ്ഗ. ൧൩. വാക്ക്. ൧൪. ഒരുവക ചീര.

ബ്രഹ്മാവിന്റെ ജീവനിൽ നിന്നു സ്പൎശങ്ങൾ കകാരം മുതൽ മകാരം വരെയുള്ള 25 അക്ഷരങ്ങളും, മേഘ

ത്തിൽ നിന്ന അകാരം മുതൽക്കുള്ള സ്വരാക്ഷരങ്ങളും, ഇന്ദ്രിയങ്ങളിൽ നിന്ന ശഷസഹങ്ങളും, ബലത്തിൽ നിന്ന യരലവങ്ങളും ഉണ്ടായി.

ബ്രാഹ്മ്യ-പു. ബ്രഹ്മാവിനെ സംബന്ധിച്ച. വ. ബ്രഹ്മത്തെ സംബന്ധിച്ച. ന. ബ്രാഹ്മണരെ സംബന്ധിച്ച.

ബ്രാഹ്മ്യം-പു. ആശ്ചര്യം. വ. ബ്രാഹ്മണപൂജ.

# ഭ

ഭ-ഹല്ലുകളിൽ ഇരുപത്തുനാലാം അക്ഷരം, ഒരു വ്യഞ്ജനാക്ഷരം.

ഭക്ത-വി. പു. ഭക്തിയുള്ള. വ. ഭാഗിക്കപ്പെട്ട.

ഭക്തചതുഷ്ടയം-ആൎത്തൻ, ജിജ്ഞാസു, അൎത്ഥാൎത്ഥി, ജ്ഞാനി-ഈ ൪-ം.

ഭക്തൻ-ഭജിക്കുന്നവൻ, സേവിക്കുന്നവൻ.

ഭക്തനിരോധം-ചോറുവേണ്ടായ്ക, ഒരു രോഗം.

ഭക്തപരായണ-വി. ഭക്തന്മാരിൽ താല്പൎയ്യമുള്ള.

ഭക്തപ്രിയ-വി. പു. ഭക്തന്മാരെക്കുറിച്ചിഷ്ടമുള്ള. വ. ഭക്തത്തിൽ താല്പൎയ്യമുള്ള.

ഭക്തം-പു. അന്നം, ചോറ്. ഭുജിക്കപ്പെടുന്നത് എന്നൎത്ഥം. വ. പങ്ക്.

ഭക്തരോധം ചോറുചെല്ലുന്നതിന തടവുണ്ടാകുന്ന ഒരു രോഗം

ഭക്തവത്സല-വി. ഭക്തന്മാരിൽ വാത്സല്യമുള്ള.

ഭക്തവാത്സല്യം — ഭക്തന്മാരിലുള്ള സ്നേഹം.

ഭക്തി-പു. ദൈവം, ഗുരു, രാജാവ് ഇങ്ങനെയുള്ളവരിൽ ബഹുമാനത്തോടുകൂടെ തോന്നുന്ന സ്നേഹം, സ്നേഹത്തോടുകൂടിയ വണക്കം. വ. ഭജിക്ക, സേവിക്ക. ന. ഭാഗിക്ക, പങ്കിടുക. ൪. ശ്രദ്ധ.

സ്വയമായി ഈശ്വരങ്കൽ ഉണ്ടാകുന്ന ഒരു അനുരാഗമാണ് ഭക്തി അനു=വഴിയെ, ഈശ്വരഗുണങ്ങളെ അറിഞ്ഞതിനുശേഷം. രാഗം=സ്നേഹം.

ഭക്തിചതുഷ്ടയം - താമസി, രാജസി, സാത്വികി, ഗുണാതീത-ഈ ൪-ം.

ഭക്തിത്രയം-സാത്വികം, രാജസം, താമസം. (ഓരോന്നും നോക്കുക).

ഭക്തി ഒമ്പതുവിധമെന്നു കാണുന്നു- "ശ്രവണം കീൎത്തനം വിഷ്ണോഃ സേവനം സ്മരണം തഥാ, അൎച്ചനം, വന്ദനം, ദാസ്യം സഖ്യ മാത്മനിവേദനം."

ഭക്തിമൽ-വി. ഭക്തിയുള്ള.

ഭക്തിയുക്ത-വി. ഭക്തിയോടുകൂടിയ.

ഭക്തിയോഗം- ഭക്തിവഴിയായി മോക്ഷം കിട്ടുവാനുള്ള മാൎഗ്ഗത്തെ പ്രതിപാദിക്കുന്ന മതസിദ്ധാന്തം.

ഭക്തിവൈരാഗ്യം-ദൈവത്തോടുള്ള ഭക്തിനിമിത്തം ലോകകാൎയ്യത്തിങ്കലേ സ്നേഹമില്ലായ്ക.

ഭക്തിശാലി-വി. ഭക്തിയുള്ള. (സ്ത്രീ-ഭക്തിശാലിനീ).

ഭക്തിസാധന-വി. ഭക്തിയെ സാധിപ്പിക്കുന്ന, ഭക്തിയെ ഉണ്ടാക്കുന്ന.

ഭക്തിസാധനങ്ങൾ-ഭക്തിക്കുള്ള സാധനങ്ങൾ (ഒമ്പതുവിധം).

'ഭക്തനനന്നായ് പ്രകാശിക്കുമാത്മാവു ന്നനം ഭക്തിക്കുകാരണവുമെന്തെന്നു കേട്ടാലും നീ * മൽഭക്തന്മാരോടുള്ള നിത്യസംഗമമതും മൽഭക്തന്മാരെക്കനിവോടു സേവിക്കെന്നതും * ഏകാദശ്യാദിവ്രതാനുഷ്ഠാനങ്ങളും പുനരാകുലമെന്നിയെ സാധിച്ചുകൊൾകയുമഥ *

'പൂജനം വന്ദനവും ഭാവനം ദാസ്യം നല്ല
ഭോജനമഗ്നിവിപ്രാണാം കൊടുക്കയുമഥ
* മൽക്കഥാപാഠശ്രവണങ്ങൾചെയ്കയും
മുദാ മൽഗുണനാമങ്ങളെ കീൎത്തിച്ചുകൊ
ള്ളുകയും'

(അദ്ധ്യാത്മരാമായണം)

ഭക്ഷക-വി. അധികം ഭക്ഷിക്കുന്ന.

ഭക്ഷകാരൻ-പു. പാചകൻ. ൨. പലഹാരക്കച്ചവടക്കാരൻ.

ഭക്ഷടകം-ചെറിയ ഞെരിഞ്ഞിൽ.

ഭക്ഷണം-തീൻ, ഭക്ഷിക്കുക. പൎയ്യായങ്ങൾ-ജഗ്ധി, ഭോജനം, ജേമനം, ലേഹം, ആഹാരം, നിഘസം, ന്യാദം.

ഭക്ഷണചതുഷ്ടയം-ഖാദ്യം, ചൂഷ്യം, ലേഹ്യം, പേയം ഇവ ൪-ം. ഭോജ്യം ഉൾപ്പെടുത്തി ൫ വിധമെന്നും കാണുന്നു. ഭക്ഷ്യം എന്നതുകൂടി ചേൎത്തു ൬ വിധം എന്നുള്ള പ്രമാണവും ഇല്ലെന്നില്ല.

ഭക്ഷണമുറി-പു. ഊട്ടുപുര. ൨. ഭക്ഷണത്തിനുള്ള മുറി.

ഭക്ഷണശാല-ഊട്ടുപുര.

ഭക്ഷപാത്രാ-വെററിലക്കൊടി.

ഭക്ഷം-പലഹാരം.

ഭക്ഷിക്കുന്നു-തിന്നുന്നു, ഉണ്ണുന്നു.

ഭക്ഷിത-വി. ഭക്ഷിക്കപ്പെട്ട.

ഭക്ഷിതം-ഭക്ഷിക്കപ്പെട്ട അന്നാദികളുടെ പേർ.

ഭക്ഷ്യ-വി. ഭക്ഷിപ്പാൻ തക്ക.

ഭക്ഷ്യകാരൻ-പാചകൻ.

ഭക്ഷ്യബീജം-മുരൾമരം.

ഭക്ഷ്യം-ഭക്ഷണവസ്തു, ഭക്ഷിക്കത്തക്കതു്.

ഭഗം-പു. സ്ത്രീയുടെ ഗുഹ്യം, യോനി. പുരുഷന്മാരാൽ ആശ്രയിക്കപ്പെടുന്നതു് എന്നൎത്ഥം. ൨. ഭാഗ്യം. ൩. ശോഭ. ൪. കാമം. ൫. ശ്രേഷ്ഠത, ൬. പ്രയത്നം. ൭. ശക്തി. ൮. കീൎത്തി. ൯. ജ്ഞാനം. ൧൦. അടക്കം. ൧൧. സൎവ്വശക്തി. ൧൨. ഐശ്വൎയ്യം, സമ്പത്തു്. ൧൩. വീൎയ്യം. ൧൪. ഇച്ഛ. ൧൫. മാഹാത്മ്യം. ൧൬. ശിവന്റെ സിദ്ധി.

സംപൂൎണ്ണമായ മാഹാത്മ്യം, ധൈൎയ്യം, കീൎത്തി, സമ്പത്തു്, ജ്ഞാനം, വൈരാഗ്യം ഇവ ആറിനും ഭഗം എന്നു പേരുണ്ടു്.

ഭഗണം-നക്ഷത്രക്കൂട്ടം. (ഗണം എന്നതു നോക്കുക.)

ഭഗഘ്നൻ-നേത്രഘ്നൻ, ശിവൻ.

ദക്ഷയാഗത്തിൽ ഭഗന്റെ കണ്ണു ഇടിച്ചുതെറിപ്പിച്ചു കളഞ്ഞതിനാൽ ഈ പേരുണ്ടായി.

ഭഗദത്തൻ-നൂററുപേരുടെ ഒരു സ്നേഹിതൻ, നരകാസുരന്റെ പുത്രൻ, പ്രാഗ്ജ്യോതിഷത്തിലെ രാജാവു്, പാണ്ഡവരുടെ പിതൃസഖാവു്. ജരാസന്ധന്റെ രക്ഷയിൽപെട്ടവൻ. അശ്വമേധയാഗത്തിൽ അൎജ്ജുനനു കീഴടങ്ങി. ധൎമ്മപുത്രൎക്കു കപ്പംകൊടുത്തു.

'കൊമ്പുതന്മേൽവന്നുവീഴുവാനായിട്ടു
കൊമ്പുമുയൎത്തിനിന്നാനതുകണ്ടിട്ടു * സം
ഭ്രമത്തോടൊരു ബാണം പ്രയോഗിച്ചാനു
മ്പർകോൻ തന്നുടെ നന്ദനനൎജ്ജുനൻ *
വാരണവീരൻതലയററുവില്ലററു വീരൻ
ഭഗദത്തൻ തന്റെശിരസ്സററു * നാലു
മതാനതൻവാലുമറിഞ്ഞിട്ടു കോലാഹല
ത്തോടു പോയിതുബാണവും'

(ഭാരതം-ദ്രോണം)

ഭഗദത്തനു നാലുകൊമ്പുള്ള ഒരു ആനയുണ്ടു്. ഇതിനു പതിനായിരം ആനയുടെ ബലമുള്ളപ്രകാരം അറിയുന്നു.

ഭഗനൻ-ജ്യോത്സ്യൻ.

ഭഗൻ-പു. ആദിത്യൻ. ൨. ഉത്രം നക്ഷത്രം. ൩. എരിക്കു്. ൪. വേദത്തിലെ ഒരു ദേവത. ൫. ചന്ദ്രൻ.

ഈ വേദത്തിലെ ദേവത ധനം ദാനം ചെയ്കയും വിവാഹങ്ങളെ ക്രമപ്പെടുത്തുകയും ചെയ്യുന്നു.

ഭഗന്ദരം-ഒരു രോഗം. ഇവിടെ ഭഗം എന്നതിനു ലക്ഷണയാ ഗുദസമീപമെന്നർത്ഥം. അതിനെ പിളർക്കുന്നത് എന്നു ശബ്ദാർത്ഥം.

മലദ്വാരത്തിന്റെ രണ്ടംഗുലം മേൽ ഒരു കുരു വരും. വളരെ വേദന കാണും. അതു പൊട്ടുമ്പോൾ ഭഗന്ദരം എന്നു പറയുന്നു. പൊട്ടുന്നതിനു മുമ്പ് ഭഗന്ദരമെന്നു പറയാറില്ല. ഒരു കുരു എന്നേ പറയാറുള്ളു.

ഭഗനീയ-വി. പ്ര. മനോഹരമായ. ദ്വി. ഭാഗ്യമുള്ള. ത്രി. കീർത്തിക്കത്തക്ക.

ഭഗവൽ-വി. ഭഗമുള്ള. (പു-ഭഗവാൻ. സ്ത്രീ-ഭഗവതി).

ഭഗവൽഗീത-മഹാഭാരതത്തിന്റെ ഏററവും ശ്രുതിപ്പെട്ട ഭാഗം.

കൃഷ്ണനും അർജ്ജുനനും തമ്മിൽ ആത്മികവിഷയങ്ങളെപ്പററിയുണ്ടായ സംഭാഷണമാണ് ഇതിൽ അടങ്ങിയിരിക്കുന്നത്.

ഭഗവതി-പ്ര. ദേവി. ദ്വി. ലക്ഷ്മി. ത്രി. ദുർഗ്ഗ.

ഭഗവാൻ-പ്ര. വിഷ്ണു, ഷഡ്ഗുണങ്ങളോടു കൂടിയവൻ. (ഷഡ്ഗുണങ്ങൾ-ഐശ്വര്യം, വീര്യം, യശസ്സ്, ശ്രീ, വൈരാഗ്യം, വിജ്ഞാനം).

'ഐശ്വര്യംശങ്കരാദീശ്വരവിനിയമനം
വിശ്വതേജോഹരാണാം
തേജസ്സംഹാരിവീര്യംവിമലമപിയശോ
നിസ്പൃഹൈശ്ചോപഗീതം,
അംഗാസംഗാസദാശ്രീരഖിലവിദസിന
ക്വാപിതേസംഗവാർത്താ
തദ്വാതാഗാരവാസിൻമുരഹരഭഗവ-
ച്ഛബ്ദമുഖ്യാശ്രയോസി'.

ദ്വി. ജിനമഹർഷിയുടെ ഒരു പേർ. ത്രി. ശിവൻ.

മഹർഷിമാരെ ഭഗവൻ എന്നു സംബോധന ചെയ്യേണ്ടതാണെന്നു ദേതാമികളുടെ മതം.

ഭഗാലം-തലയോട്.

ഭഗിനി-പ്ര. സഹോദരി. കീർത്തിയുള്ളവൾ എന്നർത്ഥം. ദ്വി. സ്ത്രീ.

ഭഗിനികാ-സഹോദരി.

ഭഗിനീപതി-ഉടപ്പിറന്നവളുടെ ഭർത്താവ്, അളിയൻ.

ഭഗീരഥപ്രയത്നം-അസാമാന്യപ്രയത്നം. (ഗംഗാ, ജാഹ്നവി ഈ ശബ്ദങ്ങൾ നോക്കുക).

ദിലീപൻ എന്ന രാജാവിന്റെ പുത്രനായി ഭഗീരഥൻ എന്നൊരു നൃപനുണ്ടായിരുന്നു. അദ്ദേഹത്തിന്റെ പിതൃക്കൾ മുമ്പു കപിലമഹർഷിയുടെ ശാപംകൊണ്ടു ഭസ്മീഭൂതന്മാരായിരുന്നു. ആ പിതൃക്കളുടെ ഉദ്ധാരണത്തിനായി ഭഗീരഥൻ ആയിരം വർഷം കഠിനതപസ്സനുഷ്ഠിച്ച് ആകാശഗംഗയെ ഭൂമിയിൽ കൊണ്ടുവന്നു. അതുപോലെയുള്ള കഠിനപ്രയത്നം എന്നർത്ഥം.

ഭഗീരഥൻ-സൂര്യവംശത്തിലെ ഒരു രാജാവ്. (ഗംഗ, ജാഹ്നവി ഈ ശബ്ദങ്ങൾ നോക്കുക.)

ഭഗീരഥൻ സൂര്യവംശരാജാവായ (സഗരന്റെ പൌത്രനായ) അംശുമാന്റെ പുത്രനായ ദിലീപന്റെ പുത്രൻ. ഇദ്ദേഹം തീവ്രതപസ്സുചെയ്തു ഗംഗയെ ആകാശത്തിൽനിന്നും ഭൂമിയിലേയ്ക്കും പാതാളത്തിലേയ്ക്കും അവതരിപ്പിച്ചു. സഗരന്റെ പുത്രന്മാരായ അറുപതിനായിരം പേരും മുമ്പു കപിലമുനിശാപാൽ ദഹിച്ചുപോയി. അവരുടെ സൽഗതിക്കായി

ട്ടാണ് ഗംഗയെ ഭഗീരഥൻ ഭൂലോകത്തിലേയ്ക്കു കൊണ്ടുവന്നതു്. കനകാഭരണവിഭൂഷിതകളായ ആയിരം കന്യകകളേയും മററും അദ്ദേഹം ബ്രാഹ്മണർക്കു ദാനംചെയ്തു. ദക്ഷിണചെയ്തു കൈകഴച്ച ഭഗീരഥന്റെ ദാനജലത്തിൽ ഊഴിമുഴുകന്നതു കണ്ടു തുടങ്ങി ഗംഗാദേവി അദ്ദേഹത്തെ അച്ഛനായി വരിച്ചു. അത്ഭുതപൂർവ്വമായ ഈ സംഭവം കണ്ടു കൌതുകീതരായ ഗന്ധർവ്വാദികൾ, പിതൃദേവമനുഷ്യഗണങ്ങൾ കേൾക്കത്തക്ക വിധത്തിൽ "ഇക്ഷ്വാകുവംശജനും വദാന്യനുമായ ഭഗീരഥന്റെ മഖഫലംകൊണ്ടു ഗംഗാദേവി പുത്രിയായിത്തീരുകയും ഇന്ദ്രാദിദേവന്മാർ പ്രത്യക്ഷരായി യജ്ഞാംശത്തെ സ്വീകരിക്കയും ചെയ്തിരിക്കയാൽ സർവ്വശ്രേയസ്സും ഈ ഭഗീരഥനു ലഭ്യമായിരിക്കുന്നു" എന്നൊരു ഗാഥ ചൊല്ലി. ബ്രാഹ്മണകാരുണ്യംകൊണ്ടു അദ്ദേഹം ഒടുവിൽ ബ്രഹ്മസായുജ്യപദവിയെ പ്രാപിച്ചു.

ഭഗോളം-നക്ഷത്രങ്ങളായിരിക്കുന്ന ഉരുള, നക്ഷത്രഗോളം.

ഭഗ്ന-വി. ൧. ഒടിക്കപ്പെട്ട, മുറിക്കപ്പെട്ട. ൨. തോററ, മടങ്ങിയ.

ഭഗ്നം-൧. നഷ്ടം. ൨. ഒരു രോഗം. (സവ്രണമെന്നും അവ്രണമെന്നും രണ്ടു വിധമുണ്ടു്.)

ഭഗ്നപ്രക്രമം-കാവ്യദോഷങ്ങളിൽ ഒന്നു്.

ഭഗ്നോത്സാഹിനി-നശിച്ച ഉത്സാഹത്തോടുകൂടിയവൾ.

ഭഗ്നാശൻ-ഇച്ഛാഭംഗമുള്ളവൻ.

ഭഗ്നാശയ-വി. നിരാശയുള്ള.

ഭഗ്നോത്സാഹൻ-ഉത്സാഹം നശിച്ചവൻ.

ഭഗ്നോത്സാഹി-നശിച്ച ഉത്സാഹത്തോടുകൂടിയവൻ.

ഭംഗ-൧. ചണം, ചണ. ആമർദ്ദിക്കപ്പെടുന്നതു് എന്നർത്ഥം. ൨. കഞ്ചാവു്. ൩. ത്രിദകാല്പകെമാന്ന.

ഭംഗം-൧. തിര. ചിന്നിച്ചിതറിപ്പോകുന്നതു് എന്നർത്ഥം.

'ഭംഗ്യപാരാവാരഭംഗപാരമ്പര്യം'
(കാചലവൃത്തം വഞ്ചിപ്പാട്ടു്.)

൨. വിള്ളൽ. ൩. തടവു്. ൪. മടക്കം, ഒടിവു്. ൫. നാശം. ൬. ഭയം. ൭. ചതിവു്. ൮. കേടു്. ൯. തോൽക്ക. ൧൦. പെട്ടിക്ക. ൧൧. വെള്ളത്തിലെ ഓളം. ൧൨. ഓളം. ൧൩. യുദ്ധത്തിൽ തോല്ക്കുക. ൧൪. പരമ്പര. ൧൫. മുറിക്കൽ.

ഭംഗപ്പാടു്-ഉപദ്രവം.

ഭംഗവാസാ-മഞ്ഞൾ.

ഭംഗസാർത്ഥ-വി. കൌശലമുള്ള.

ഭംഗി-൧. അഴകു്. ൨. ചേച്ച്, ക്രമം. ൩. മുഖസ്തുതി. ൪. വിഭാഗം. ൫. ചതി, വേഷമ്മാററം. ൬. കോൺവാപറക ൭. തിരമാല. ൮. കൌടില്യം ൯. പരമ്പര. ഉ-ം; വാണിഭംഗി.

ഭംഗുര-വി. ൧. നാശമുള്ള ൨. വളഞ്ഞ.

ഭംഗുര-൧. ആറിന്റെ തിരിവു്. ൨. ചണവിത്തു്. ൩. അതിവിടയം.

ഭംഗുരം-നാശം.

ഭചക്രം-രാശിചക്രം, സൂര്യചന്ദ്രാദികളായ ഗ്രഹങ്ങൾ സഞ്ചരിക്കുന്ന ആകാശമാർഗ്ഗം.

ഭജനപ്പുര-൧. തിരുവിതാംകൂർ ഇളയരാജാവിരിക്കുന്ന രാജധാനി, ക്ഷേത്രത്തിൽ പാർക്കുന്നതിനുള്ള ഒരു സ്ഥലം.

ഭജനം-സേവ

ഭജനീയ-വി. ഭജിക്കത്തക്ക, സേവിക്കത്തക്ക.

ഭജൻ-വി. ഭജിക്കുന്ന, സേവിക്കുന്ന.

ഭജമാന-വി. ൧. സേവിക്കുന്ന. ൨. വിഭാഗിക്കുന്ന.

ഭജമാന ൧. ന്യായമായി കിട്ടുന്നതു്. ൨. യുക്തം. ൩. ന്യായത്തോടുകൂടിയതു്, ഫലത്തെക്കൂട്ടിച്ചേക്കുന്നതു് എന്നർത്ഥം.

ഭജാർ-ബെജാർ, കട.

ഭജിക്കുന്നു-സേവിക്കുന്നു.

ഭഞ്ജൻ-വി. ൧. ഭഞ്ജിക്കുന്ന, ഒടിച്ചുകളയുന്ന. ൨. നശിപ്പിക്കുന്ന.

ഭഞ്ജനം-നാശം.

ഭഞ്ജിക-ചെറുതേക്കു്.

ഭഞ്ജിക്കുന്നു-൧. നശിപ്പിക്കുന്നു. ൨. ഒടിക്കുന്നു. ൩. മുറിക്കുന്നു.

ഭടജനം-ഭടന്മാരുടെ കൂട്ടം.

ഭടത്വം-൧. ഭടന്റെ അവസ്ഥ. ൨. അക്ഷരാഭ്യാസമില്ലാത്തവന്റെ വാക്കു്.

ഭടൻ-൧. യുദ്ധംചെയ്യുന്നവൻ, യുദ്ധവീരൻ, ആവശ്യംകൂടാതെ സംസാരിക്കുന്നവൻ എന്നർത്ഥം. കാലാൾപടയിലുള്ളവൻ. ൨. അക്ഷരവിദ്യ പഠിക്കാത്ത മനുഷ്യൻ.

ഭടാചാരം-ഭടന്മാരുടെ മര്യാദ, ചീത്ത പ്രവൃത്തി.

ഭടിത്ര-ഇരിമ്പുകോലിന്മേൽ കോർത്തു ചുട്ട മാംസം. പുഷ്ടിയെ ചെയ്യുന്നതു എന്നർത്ഥം.

ഭട്ടതിരി-൧. മലയാളബ്രാഹ്മണരിൽ ചിലർക്കുള്ള ഒരു പേർ. ൨. വിദ്യയുള്ള ബ്രാഹ്മണൻ.

ഭട്ടൻ-൧. ഭട്ടതിരി എന്നുള്ളതിനു പകരം ചില ദിക്കിൽ ബ്രാഹ്മണർക്കു പറയുന്ന ഒരു ബഹുമാനപ്പേർ. (തത്ഭവം-പട്ടർ) ൨. ശത്രുക്കളെ നിന്ദാപൂർവ്വമായി ഉപാലംഭനംചെയ്യുന്നവൻ

ഭട്ടം-സ്വാമിത്വം.

ഭട്ടവൃത്തി-ഭട്ടതിരിയുടേയും ഭട്ടന്റേയും മുറ.

ഭട്ടസ്ഥാത്തൻ-ബ്രാഹ്മണരിലെ ഒരു ന്യായാധിപതി.

ഭട്ടാരക-വി. ബഹുമാനമുള്ള, ശ്രേഷ്ഠതയുള്ള.

ഭട്ടാരകൻ-൧. നാട്യത്തിൽരാജാവിന്റെ പേർ. ആധിപത്യത്തെ ഇച്ഛിക്കുന്നവൻ എന്നർത്ഥം. ൨. മുനി. ൩. ദേവൻ. ൪. രാജാവു്.

ഭട്ടി-വിക്രമാദിത്യൻ എന്ന രാജാവിന്റെ സഹോദരനും മന്ത്രിയും.

ഭട്ടികാവ്യം-രാമചരിതം വിഷയമാക്കി ഭട്ടി കവിയുണ്ടാക്കിയ ഒരു കാവ്യം.

അലങ്കാരശാസ്ത്രവും വ്യാകരണസൂത്രങ്ങളും ഉദാഹരിക്കണമെന്നുള്ളതാണ് ഇതിന്റെ പ്രധാനോദ്ദേശ്യം. ഈ കാവ്യം ഭർത്തൃഹരി ഉണ്ടാക്കിയതാണെന്നും അഭിപ്രായം കാണുന്നു. ഭട്ടികവി ക്രിസ്ത്വബ്ദം ആറാം നൂററാണ്ടിൽ ജീവിച്ചിരുന്നു.

ഭട്ടിനി-൧. രാജസ്ത്രീ, രാജ്ഞി.

പ്രധാന രാജമഹിഷിയെ 'ദേവി' എന്നും മററുള്ള സ്ത്രീകളെ 'ഭട്ടിനി' എന്നും പറയും).

൨. ബ്രാഹ്മണസ്ത്രീ. ൩. വെപ്പാട്ടി. (ഭട്ടൻ=ഭടാധിപൻ, രാജാവു്. രാജാവു് ഭർത്താവായിട്ടുള്ളവൾ എന്നർത്ഥം).

ഭണിത-വി. പറയപ്പെട്ട.

ഭണിതം-പറയപ്പെട്ടതു്.

'ഗണിതക്കാരൻബ്രാഹ്മണനവരുടെ,
ഭണിതംനലമൊടുഫലിതമിദാനീം
(പ്രദോഷമാഹാത്മ്യം തുള്ളൽ)

ഭണിതി-വാക്കു്.

ഭണ്ടാകി-ചെറുവഴുതിന. ഭരിക്കുന്നതെന്നർത്ഥം.

ഭണ്ഡകം-വാലാട്ടിപ്പക്ഷി.

ഭണ്ഡനം-൧. കവചം. ൨. യുദ്ധം. ൩. ദോഷം.

ഭണ്ഡൻ-ചോറാട്ടുകാരൻ, ഫലിതക്കാരൻ.

ഭണ്ഡഹാസിനി-വ്യഭിചാരിണി.

**ഭണ്ഡാകി**-ചെറുവഴുതിന.

**ഭണ്ഡാരപ്പിള്ളർ**-കൊച്ചീ മഹാരാജാവിന്റെ താണതരം ഭൃത്യന്മാർ.

**ഭണ്ഡാരപ്പുര** - രാജധാനിയിലും മറ്റും സ്വർണ്ണം, രത്നം മുതലായവ വച്ചുസൂക്ഷിക്കുന്നതിനുള്ള പുരമുറി.

**ഭണ്ഡാരമഞ്ചി**-൧. പണ്ടാരവക ഖജനാവ്. ൨. ക്ഷേത്രംവക ഖജനാവ്.

**ഭണ്ഡാരം**-൧. രാജാക്കന്മാരുടെയൊ ക്ഷേത്രങ്ങളിലെയൊ സ്വർണ്ണാഭരണങ്ങളും മറ്റും. ൨. ഭണ്ഡാരപ്പുര.

**ഭണ്ഡാരി**-പണ്ടാരി.

**ഭണ്ഡി**-൧. മഞ്ചട്ടി. നിറപ്പാറുള്ളവയിൽ പറയപ്പെടുന്നത് എന്നർത്ഥം. (പാഠങ്ങൾ-ഭണ്ഡീരീ, ഭണ്ഡീരിക) ൨. നെന്മേനിവാക.

**ഭണ്ഡില**-വി. ൧. ദൂതുപറയുന്ന. ൨. ഭാഗ്യമുള്ള.

**ഭണ്ഡിലം**-നെന്മേനിവാക. മംഗളകരം എന്നർത്ഥം. ഭണ്ഡിരം എന്നുമാവാം.

**ഭണ്ഡീരി**-മഞ്ചട്ടി.

**ഭത്തി**-ശമ്പളത്തിനു പുറമേ കിട്ടുന്ന പടി മുതലായ വരുമാനം. Allowance.

**ഭദ്ര**-വി. ൧. ഭാഗ്യമുള്ള ൨. ശ്രേഷ്ഠമായ, നന്മയുള്ള. ൩. ശുഭമുള്ള.

**ഭദ്ര**-൧. ദ്വിതീയ, സപ്തമി, ദ്വാദശി ഈ മൂന്നു തിഥികൾക്കും കൂടെയുള്ള പേർ. ൨. ഭദ്രകാളി. ൩. കീരിക്കിഴങ്ങ്, ൪. അമരി. ൫. മംഗലസ്വരൂപിണി, കല്യാണവതി. ൬. നറുനീണ്ടി. ൭. വന്നി. ൮. ചെറിയ ദന്തി ൯. അടവതിയൻ ൧൦. ഗംഗാനദി. ൧൧. തുളസി. ൧൨. കാട്ടുപരുത്തി. ൧൩. അരത്ത. ൧൪. ൧൪. തിപ്പലി. ൧൫. പച്ചു. ൧൬. മലയമുക്കി. ൧൭. ചെറുവന്നി. ൧൮. വെങ്കുറ. ൧൯. മഞ്ഞൾ.

**ഭദ്രക**-വി. സൌന്ദര്യമുള്ള.

**ഭദ്ര(ക)ം**-൧ ദേവതാരം.

**ഭദ്രകം**-൧. പെരുമുത്തങ്ങ. ൨. ദേവതാരം. ൩. ഒരു വൃത്തത്തിന്റെ പേർ, പാദത്തിൽ ൨൨ അക്ഷരംവീതം കാണും.

'ഒന്നാട്ടനാലതൂദശമാക്ഷരം
സുതനു! പത്തിനപ്പുറമതാ-
കന്നൊരരണ്ടുമാറുമിവയുംഗുരുക്കൾ
പുനരെട്ടുമന്തിമമതും
ഇന്ദിരതോററിട്ടംവരതനോ! ധരി-
ച്ചിട്ടകപത്തിലുംയതിശ്ശുഭേ!
സുന്ദരിപന്തിരണ്ടതിലുമാം സുഭദ്രരം-
ഗാത്രി! 'ഭദ്രക'മതിൽ'.

(കാന്തവൃത്തം)

**ഭദ്രകർമ്മം**-നല്ലകൃത്യം, സൽകർമ്മം.

**ഭദ്രചതുഷ്ടയം**-പുരുഷാർത്ഥചതുഷ്ടയം.

**ഭദ്രൻ**-൧. ശിവൻ. ൨. കാള. ൩. മംഗലൻ. ൪. കാമശാസ്ത്രപ്രകാരം ചിത്രിണീവല്ലഭൻ.

**ഭദ്രം**-൧. സുഖം. കല്യാണസ്വരൂപം എന്നർത്ഥം. ൨. ഭാഗ്യം. ൩. ഒരു സുഗന്ധപ്പുല്ല്. ൪. പൊൻ. ൫. ഇരിമ്പ്, ഉരുക്ക്. ൬. സമുദ്രത്തിലെ ഒരു ചെറിയ കക്ക. ൭. കരുതൽ. ൮. നല്ലത്. ൯. വിസ്താരം. ൧൦. ഉറപ്പ്. ൧൧. മംഗലം. ൧൨. മേരുപർവ്വതം. ൧൩. സൂക്ഷ്മമായത്. തടുക്കപ്പെടുന്നത് എന്നർത്ഥം. ൧൪. മുത്തങ്ങ. ൧൫. കരുത്ത ആമ്പൽ. ൧൬. കാള. ൧൭. ആന. ൧൮. കടമ്പു. ൧൯. കരിങ്കുരികിൽ. ൨൦. ചതുരക്കള്ളി.

**ഭദ്രകാളി**-കാളി, ദുർഗ്ഗ.

**ഭദ്രകുംഭം**-ശുഭമുള്ള വെള്ളംകൊണ്ടു നിറച്ച കുടം രാജദ്വാരാദികളിൽ മംഗലാർത്ഥമായി വെക്കുന്ന പൂർണ്ണകലശം.

**ഭദ്രചാരു**-കൃഷ്ണന്റെയും രുക്മിണിയുടെയും പുത്രൻ.

ഭദ്രദാരു-പ്ര. ദേവതാരം. വ. കാഷ്ഠദാരു.

ഭദ്രദീപപ്രതിഷ്ഠ-ഒരു മഹാവ്രതം.

ഭദ്രദീപം-മകരമാസം ഒന്നാംതീയതിയിലും കർക്കടകമാസം ഒന്നാംതീയതിയിലും തിരുവനന്തപുരത്തു പത്മനാഭസ്വാമി ക്ഷേത്രത്തിൽ കഴിക്കുന്ന ഒരു പ്രധാനപ്പെട്ട മംഗളകർമ്മം.

ഭദ്രദീപപ്രതിഷ്ഠ ചെയ്തിട്ടുള്ളതു ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിനു തെക്കേഭാഗത്തുള്ള ക്ഷേത്രത്തിലാകുന്നു. നിത്യപൂജ മുതലായതു് ഇവിടെ നടന്നുവരുന്നുണ്ടു്. ശ്രീ വീരമാർത്താണ്ഡവർമ്മ മഹാരാജാവു രാജ്യം പിടിച്ചടക്കിയതുനിമിത്തമുണ്ടായ പാപശാന്തിക്കായിട്ടാണു ഈ കർമ്മം ആരംഭിച്ചതു്. ആണ്ടിൽ രണ്ടു തവണ നടത്തുന്നുണ്ടു്. ധനു, മിഥുനം ഈ മാസങ്ങളിലാണ്. ആറു വത്സരത്തിലൊരിക്കൽ-ഉദ. ഭദ്രദീപാനന്തരം-മുറജപവും ലക്ഷദീപവും കഴിക്കുന്നു. ഭദ്രദീപംതുടങ്ങിയതു ൯൨൫ മാണ്ടാണ്. വടക്കേ നടയിലത്രേ ശ്രീരാമസ്വാമി ക്ഷേത്രം.

ഭദ്രനാമ-മരംകൊത്തിപ്പക്ഷി.

ഭദ്രൻ-കാള.

'ഭദ്രനെക്കാണായി ഭദ്രനെക്കാണായി'

(കൃഷ്ണഗാഥ)

ഭദ്രപദങ്ങൾ-പൂരുരുട്ടാതി, ഉത്തൃട്ടാതി ഈ രണ്ടിന്റെയും പേർ. മംഗളമായ സ്ഥിതിയോടുകൂടിയവ എന്നർത്ഥം.

ഭദ്രപർണ്ണി-പ്ര. കുമിഴ്. വ. പ്രസാരണി.

ഭദ്രപീഠം-സിംഹാസനം.

ഭദ്രപുഷ്പം-ചെമ്പരുത്തി.

ഭദ്രബല-പ്ര. പ്രസാരണി. വ. കുറുന്തോട്ടി. ന. മാധവി.

ഭദ്രബലനൻ, ഭദ്രാംഗൻ-ബലരാമൻ.

ഭദ്രമുസ്തകം-പെരുങ്കോരപ്പുല്ല്, നാഗമുത്തങ്ങ.

ഭദ്രയവം-കുടകപ്പാലയരി.

ഭദ്രരേണു-ഇന്ദ്രന്റെ ആന.

ഭദ്രവിരാൾ-ഒരു വൃത്തത്തിന്റെ പേർ. (അർദ്ധസമവൃത്തത്തിൽപെട്ടതാണ്).

ഭദ്രശാഖൻ-കാർത്തികേയൻ.

ഭദ്രശ്രവാവ്-ഒരു വിഷ്ണുഭക്തൻ.

'ഭദ്രാശ്വവർഷത്തിങ്കൽ
ധർമ്മദേവന്റെപുത്രൻ
നിത്യവുംഭദ്രശ്രവാവാകിയ
വിഷ്ണുഭക്തൻ'

(ഭാഗവതം)

ഭദ്രശ്രീ-ചന്ദനം.

ഭദ്രശ്രേണ്യൻ-ഒരു ഹേഹയരാജാവ്.

ഹരിണികാരണം ഇദ്ദേഹവും കാശിരാജാവായ ദിവോദാസനും തമ്മിൽ യുദ്ധം ചെയ്തിട്ടുണ്ടു്. -ബ്രഹ്മാണ്ഡപുരാണം നോക്കുക.

ഭദ്രസോമാ-ഗംഗാ.

ഭദ്രാ-പ്ര. കൃഷ്ണന്റെ സഹോദരിയായ സുഭദ്രാ. വ. ഉതഥ്യന്റെ ഭാര്യ.

ഭദ്രാകരണം-ക്ഷൌരം.

ഭദ്രാക്ഷം-രുദ്രാക്ഷത്തിന്റെ ആകൃതിയിലുള്ളതും അതിൽ ചെറിയ മുഴപ്പോടുകൂടിയതും ആയ ഒരു തരം കായ്.

ഭദ്രാംഗൻ-ബലരാമൻ.

ഭദ്രാചലം-ഒരു പുണ്യക്ഷേത്രം.

ശ്രീരാമഭഗവാൻ ഗോദാവരി കടന്നതു് ഇവിടെയാണ്. മദിരാശി സംസ്ഥാനത്തു ഗോദാവരി ഡിസ്ത്രിക്ടിലാണ് ഇതു്. രാജമഹേന്ദ്രത്തു നിന്നു 104 മയിലുണ്ടു്. ഇവിടെ രാമചന്ദ്രക്ഷേത്രത്തിൽ ഋഷിപ്രതിഷ്ഠയാണ്. ശ്രീരാമനവമിമഹോത്സവം കെങ്കേമവുമാകുന്നു.

ഭദ്രശ്രയം-ചന്ദനം.

ഭദ്രാശ്വം-പു. ഭൂമിയുടെ ഒൻപതു ഖണ്ഡങ്ങളിൽ ഒന്നിന്റെ പേർ (ജംബൂദ്വീപം എന്നതു നോക്കുക). വ. ഒരു ദ്വീപം. ന. ഒരു ശ്രേഷ്ഠപ്പെട്ട കുതിര, ഉച്ചൈശ്രവസ്സിന്റെ പുത്രൻ.

ഭദ്രാസനം-പു. സിംഹാസനം, രാജസിംഹാസനം. വ. യോഗാസനത്തിൽ ഒന്ന്.

രത്നങ്ങൾ പതിച്ചു വിശേഷമായി പണി ചെയ്തതും രാജാവിരിക്കുന്നതുമായ ആസനമാകുന്നു ഭദ്രാസനം. (ഭദ്രമായ ആസനം).

ഭദ്രാവഹൻ-വിഷ്ണു.

ഭദ്രികാ-ഒരു വൃത്തത്തിന്റെ പേർ.

ഭൻ-ശുക്രൻ.

ഭപൻ-രാശ്യാധിപൻ.

ഭം-പു. നക്ഷത്രം. ശോഭിക്കുന്നത് എന്നർത്ഥം. വ. തേനീച്ച. ന. തെറവ്. ർ. ഇരുപത്തേഴ് എന്ന സംഖ്യ.

ഭംഭ-പു. പുക. വ. ഈച്ച.

ഭയകൃത്ത്-പു. വിഷ്ണു. വ. ഭയത്തെ ചെയ്യുന്നവൻ.

ഭയങ്കരം-വി. ഭയത്തെ ഉണ്ടാക്കുന്ന.

ഭയദ്രുത-വി. പേടിച്ചോടിയ.

ഭയനാശനൻ-പു. വിഷ്ണു. വ. ഭയത്തെ നശിപ്പിക്കുന്നവൻ.

ഭയപ്പെടു-പേടിക്കുക.

ഭയപ്പെടുന്നു-പേടിക്കുന്നു. (സ. ക്രി-ഭയപ്പെടുന്നു).

ഭയം-പു. പേട്. വ. ആപത്ത്. ന. സുഖമില്ലായ്ക, ദീനം.

ഭയാനക-ഭയങ്കര.

ഭയാനകൻ-പു. രാഹു. വ. കടുവാ.

ഭയാനകം-പു. ഭയം. വ. ഭയപ്പെട്ടവന്റെ ഭാവം, പേടിക്കുക. ന. നവരസങ്ങളിൽ ഒന്ന്. ഭയപ്പെടുത്തുന്നത് എന്നർത്ഥം.

ഇതിൽ ഭയം സ്ഥായിയായി നില്ക്കും. ഇതിന്റെ അധിദേവത കാലനാണ്. നിറം കറുപ്പ്. ഭയങ്കരങ്ങളായ ചേഷ്ടകളാണ് ഇതിനുള്ളത്.

ർ. കടുവാ.

ഭയാപഹം-ഭയത്തെ ഇല്ലാതെയാക്കുന്നതു.

ഭയാർത്ത-വി. ഭയംകൊണ്ടു സങ്കടപ്പെട്ട.

ഭയാവഹം-ഭയം ഉണ്ടാക്കുന്നത്.

ഭരടൻ-കുശവൻ.

ഭരണം-പു. ഭരിക്കുക. വ. ശമ്പളം, കൂലി. ന. ചുമക്കുക.

ഭരണി-പു. രണ്ടാമത്തെ നാൾ. വ. (മ) ഒരുവക വലിയ മൂടുള്ള മൺപാത്രം. ന. കാട്ടുപിച്ചിൽ.

ഭരണ്ഡൻ-പു. യജമാനൻ, നാഥൻ. വ. ഭരിക്കുന്നവൻ, രാജാവ്. ന. കാള.

ഭരണ്യ-വി. ഭരിക്കപ്പെട്ടവൻകൂടെ.

ഭരണ്യഭുക്-കൂലിവേലക്കാരൻ, ശമ്പളം വാങ്ങി വേലചെയ്യുന്നവൻ. ഭരണ്യത്തെ (ശമ്പളത്തെ) ഭുജിക്കുന്നവൻ എന്നർത്ഥം.

ഭരണ്യം-കൂലി, ശമ്പളം. ഭരണത്തിൽ സാധു എന്നർത്ഥം.

ഭരതൻ-പു. ശ്രീരാമന്റെ അനുജൻ. വ. ദുഷ്ഷന്തന്റെ പുത്രൻ.

ചന്ദ്രവംശരാജകുലത്തിൽ ജനിച്ച യനായ ദുഷ്ഷന്തമഹാരാജാവിനു ശകുന്തളയിൽ ജനിച്ച പുത്രൻ. ബാലനായിരുന്ന കാലത്തു സിംഹം, കടുവാ, പുലി മുതലായ ദുഷ്ടമൃഗങ്ങളെ കളിപ്പാവയാക്കി അദ്ദേഹം മനുഷ്യരാൽ അസാദ്ധ്യങ്ങളായ പല കൃത്യങ്ങളും ചെയ്തിരുന്നു. അമാനുഷികങ്ങളായ അദ്ദേഹത്തിന്റെ കൃത്യങ്ങളെക്കണ്ടു സർവ്വദമനൻ എന്നു അദ്ദേ

ഹത്തെ വിളിച്ചുവന്നു. അദ്ദേഹം ഇൻഡ്യാരാജ്യം മുഴുവനും ജയിച്ചടക്കി ഏകച്ഛത്രാധിപതിയായി രാജ്യം വാണു. അനേകം രാജസൂയയാഗങ്ങളും അശ്വമേധയാഗങ്ങളും നടത്തിച്ചു ബ്രാഹ്മണൎക്കു ധാരാളം ദ്രവ്യം ദാനംചെയ്തു പ്രസിദ്ധനായ ഈ ചക്രവൎത്തിയുടെ പേരിനെ ഇന്നും ജനങ്ങൾ കൊണ്ടാടുന്നു. ഇൻഡ്യാരാജ്യത്തെ ഇന്നും ഭാരതഖണ്ഡം എന്നു തന്നെയല്ലേ പറഞ്ഞുവരുന്നതു് അദ്ദേഹത്തിൻെറ വംശത്തിൽ ജനിച്ചവർ ഭരതന്മാർ. കൈകേയിയിൽ ദശരഥനു ജനിച്ച ഒരു ഭരതൻ ഉണ്ടായിരുന്നതുകൂടാതെ ഋഷഭൻെറ പുത്രനായി ഒരു ഭരതനും പണ്ടു ജീവിച്ചിരുന്നു. അദ്ദേഹവും ഒരു ദിവ്യനായിരുന്നു.

൩. നാട്യക്കാരൻ, നടൻ. ൪. ഒരു തപസ്വി, ഋഷഭൻെറ പുത്രൻ.

ഋഷഭൻ മേരുദേവിയിൽ നാഭിക്കു ജനിച്ച മഹാനാണ്. ഋഷഭൻ ശ്രീനാരായണാവതാരമാകുന്നു. (ഭാഗവതം പഞ്ചമസ്കന്ധം നോക്കുക)

ഭരതവാക്യം—എല്ലാ നാടകത്തിൻേറയും ഒടുവിലത്തെ ആശീൎവാദവാക്കുകളായ ശ്ലോകം. നാടകത്തെ ആദ്യമായി കണ്ടുപിടിച്ച ഭരതൻെറ യശസ്സിനെ ഉദ്ദേശിച്ചു ബഹുമാനപൂൎവം ചെയ്യുന്നതാണത്രെ.

ഭരതശാസ്ത്രം—നാട്യശാസ്ത്രം.

ഭരഥൻ—പു. രാജാവ്. ൨. അഗ്നി.

ഭരദ്വാജ(ക)ം — ഒരു പക്ഷി, ചെംപോത്തു്.

ഭരദ്വാജൻ—ഒരു മഹൎഷി, ബൃഹസ്പതിയുടെ പുത്രൻ, പാണ്ഡവരുടെ ഗുരുവായ ദ്രോണരുടെ പിതാവ്.

ഉതത്ഥ്യൻെറ പത്നി തൻെറ ഭൎത്താവിനാലും ബൃഹസ്പതിയാലും ഗൎഭിണിയായിരുന്നു. ഭൎത്താവ് ഉല്പാദിപ്പിച്ച ദീൎഘതമസ്സ് അവധിക്കുമുമ്പു ബൃഹസ്പതിയുടെ മകനെ ചവുട്ടി ഗൎഭപാത്രത്തിനു പുറത്താക്കി. അനന്തരം കുട്ടിയുടെ മാതാവോടു ബൃഹസ്പതി 'ഭരദ്വാജം' എന്നു പറഞ്ഞു. ഇതുകൊണ്ടാണ് ഭരദ്വാജൻ എന്ന പേരുണ്ടായതു്.

ഭരദ്വാജം—ചെമ്പോത്തു് എന്ന പക്ഷി. ഭരദ്വാജമുനിയാൽ സൃഷ്ടിക്കപ്പെട്ടതു് എന്നൎത്ഥം.

ഭര—വി. ഭരിക്കുന്ന, രക്ഷിക്കുന്ന, താങ്ങുന്ന.

ഭരം—അ. വളരെ.

ഭരം—പു. ൨൦ തുലാം, ഒരു പാരം, രണ്ടായിരം പലംകൂടിയതു്, ഭാരം. ഒരു പുരുഷനാൽ ഭരിക്കുവാൻ (ചുമക്കുവാൻ) കഴിയുന്നതു് എന്നൎത്ഥം. ൨. ചുമതല. ൩. അതിശയം.

ഭരിക്കുന്നു—പു. രക്ഷിക്കുന്നു. ൨. ചുമക്കുന്നു.

ഭരിത—വി. പു. രക്ഷിക്കപ്പെട്ട. ൨. നിറഞ്ഞ. ൩. പച്ചനിറമായ.

ഭരിപ്പു്—പു. ഉട്ടുപുരയിലെ അധികാരം. ൨. ഭരിക്കുക.

ഭരിപ്പുകാരൻ—പരിപ്പുകാരൻ.

ഭരു—പു. ശിവൻ. ൨. വിഷ്ണു. ൩. സ്വൎണ്ണം. ൪. ഭൎത്താവ്. ൫. യജമാനൻ. ൬. കടൽ.

ഭരുജൻ—കുറുക്കൻ.

ഭൎഗ്ഗം—പു. ഉപായം, വഞ്ചന. ൨. (സം) ശോഭ. ൩. വറക്കുക.

ഭൎഗ്ഗിക്കുന്നു—വഞ്ചിക്കുന്നു.

ഭൎഗ്ഗൻ—പു. ശിവൻ, കാമൻ, കാലൻ മുതലായവരെ ഹിംസിച്ചവൻ എന്നൎത്ഥം. ൨. ബ്രഹ്മാവ്. ൩. (മ) ഉപായി. ൪. ശോഭയുള്ളവൻ.

ഭജ്ജനം-൧. വറക്കുക. ൨. വറക്കുന്ന (പൊരിക്കുന്ന) പാത്രം.

ഭർത്തവ്യ-൧. രക്ഷിക്കത്തക്ക. ൨. വഹിക്കാവുന്ന, വഹിക്കേണ്ടുന്ന, ഭരിക്കപ്പെടത്തക്ക.

ഭർത്തവ്യാ-ഭാര്യ.

ഭർത്താവ്-൧. സ്ത്രീയെ വിവാഹംചെയ്തവൻ. ഭരിക്കുന്നവൻ എന്നർത്ഥം. മററു പര്യായങ്ങൾ-ധവൻ, പ്രിയൻ, പതി. ൨. യജമാനൻ. ൩. രക്ഷിക്കുന്നവൻ. ൪. ഭരണകർത്താവ്.

ഭർത്തൃ-വി. ഭരിക്കുന്ന. ൧. രക്ഷിക്കുന്ന. ൨. ചുമക്കുന്ന. (ഗ്ര. ന-ഭർത്തൃത, ഭർത്തൃത്വം).

ഭർത്തൃതാ-ം-ഭർത്താവ് (പതി) എന്ന അവസ്ഥ.

ഭർത്തൃദാരകൻ-നാടകത്തിലും മററും രാജകുമാരനെ സംബോധനചെയ്യുന്നതിനു ഉപയോഗിക്കുന്ന വാക്ക്. രാജാവിന്റെ പുത്രൻ എന്നർത്ഥം. (മേൽപ്രകാരം രാജകുമാരിയുടെ വിഷയത്തിൽ ഉപയോഗിക്കുന്ന വാക്ക്—ഭർത്തൃദാരിക).

ഭർത്തൃദാരിക-രാജപുത്രി.

ഭർത്തൃദുഃഖം-ഭർത്താവു മരിച്ചിട്ടുള്ള ദുഃഖം.

ഭർത്തൃഹരി- വിക്രമാദിത്യരാജാവിന്റെ അനുജനും യോഗാഭ്യാസിയുമായിരുന്ന ഒരു കവി.

പ്രധാനകവിതകൾ- ൧. ഭർത്തൃഹരി (ശൃംഗാരശതകം, നീതിശതകം, വൈരാഗ്യശതകം ഈ മൂന്നും കൂടിയതു്). ൨. വാക്യപദീയം (വ്യാകരണം). ഭർത്തൃഹരി ക്രിസ്ത്വാബ്ദം ൭-ാം നൂററാണ്ടിന്റെ അവസാനത്തിൽ ജീവിച്ചിരുന്നതായി കേൾക്കുന്നു. ഭട്ടികാവ്യം ഇദ്ദേഹത്തിന്റെ കൃതിയാണെന്നു അഭിപ്രായക്കാരുണ്ട്.

ഭർത്തൃഹീന-ഭർത്താവില്ലാത്തവൾ.

ഭത്സനം-൧. ഭീഷണിവാക്ക്. ൨. നിന്ദാവാക്ക്, ശകാരം, അപകാരാർത്ഥകമായ വാക്ക്. ഉ-ം, 'നീ ചതിയനാണ്', നിന്നെ ഞാൻ വെളിയിലിറക്കും'.

ഭത്സിക്കുന്നു-൧. നിന്ദിക്കുന്നു. ൨. ശാസിക്കുന്നു. ൩. ഭയപ്പെടുത്തുന്നു.

ഭത്സിത-വി. നിന്ദിക്കപ്പെട്ട.

ഭർമ്മം-൧. ശമ്പളം. ൨. പൊൻ, ഭരിക്കുന്നതെന്നർത്ഥം. ൩. പൊക്കിൾ. ൪. ഒരു നാണയം.

ഭല്ലൻ-ശിവൻ.

ഭല്ലം-൧. കരടി, കരടിക്കുഞ്ഞ്, ആൺകരടി. ൨. ഒരുമാതിരി അമ്പ്, മഴുവമ്പ്.
'ഭല്ലങ്ങളുംമുഴുംപ്രയോഗിച്ചു'
(വാത്മീകിരാമായണം)

ഭല്ലഹം-നായ്.

ഭല്ലാതകം-൧. ചേക്കുരുവ്. ൨. ചേർവൃക്ഷം.

ഭല്ലാതകി-ചേർമരം. അഗ്നിയെപ്പോലെ ശീഘ്രകാരി എന്നർത്ഥം.

ഭല്ലുകം-൧. കരടി, ൨. പലകപ്പുല്ലാങ്കി.

ഭല്ലൂകം-൧. കരടി. ഹിംസിക്കുന്നതു് എന്നർത്ഥം. ൨. വലിയ പലകപ്പുല്ലാങ്കി. ൩. നായ്.

ഭവതരണം-ഒരു വൃത്തത്തിന്റെ പേർ.

ഭവതി-സ്ത്രീകളെ നീയെന്നു പറയുന്നതിനുപകരം മാനിച്ചു പറയുന്ന ഒരു വാക്ക്. (പു=ഭവാൻ)

ഭവദീയ-വി. നിന്നെ സംബന്ധിച്ച.

ഭവനം-൧. വീട്. ഇരിക്കുന്നിടം എന്നർത്ഥം. ൨. പാർക്കുന്ന സ്ഥലം. ൩. ജനനം. ൪. കെട്ടിടം. ൫. വയൽ. ൬. സ്വഭാവം, പ്രകൃതി.

ഭവനീയം-വി. വരുവാനുള്ള.

ഭവൻ-ശിവൻ. സകലത്തിന്റെയും ഉത്ഭവസ്ഥാനമായവൻ എന്നർത്ഥം. എല്ലാം വ്യാപിക്കുന്നവൻ, ജീവാത്മസ്വരൂപേണ സംസാരത്തെ അനുഭവിക്കുന്നവൻ, മംഗളസ്വരൂപി ഇങ്ങിനെയുമാവാം.

'ഭവഃ ക്ഷേമേശസംസാരേ
സത്തായാംപ്രാപ്തിജന്മനോഃ'
(മേദിനി)

ഭവൽ-വി. പദങ്ങളുടെ മുമ്പിൽ ചേരുമ്പോൾ 'അങ്ങയെ സംബന്ധിച്ച' എന്നർത്ഥം വരുത്തുന്നു. ഉ-ം, ഭവദ്വചനം = അങ്ങേ സംബന്ധിച്ച വാക്ക്.

ഭവൽ-വി. (വൻ, വതി, വൽ). വി. ന.- ഉള്ള.

ഭവന്തി-വിഷംതേച്ച അമ്പ്.

ഭവഭൂതി-ഒരു പ്രസിദ്ധനായ ഗ്രന്ഥകർത്താവ്.

ഏഴാം നൂറ്റാണ്ടിന്റെ ഒടുവിൽ കന്യാകുബ്ജരാജ്യം വാണിരുന്ന യശോവർമ്മരാജാവിന്റെ സദസ്യനാണ് ഭവഭൂതി. ഉത്തരരാമചരിതം, മാലതീമാധവം, മഹാവീരചരിതം ഈ മൂന്നു നാടകങ്ങളും ഇദ്ദേഹത്തിന്റെ കൃതികളാകുന്നു.

ഭവം-൧. സംസാരം, ജനനവും മരണവും. ൨. ഉൽപാദനം, ജനനം. ൩. നേട്ടം. ൪. ലോകം. ൫. ശ്രേഷ്ഠത ൬. സ്ഥലം. ൭. ഉല്പത്തികാരണം. ൮. അവസ്ഥ. ൯. ഉള്ളത്. ൧൦. ഫലം. ൧൧. പതിനൊന്നാം രാശി. ൧൨. ഭൂലോകം. ൧൩. ഐശ്വര്യം. ൧൪. ദൈവം.

ഭവസാരം-ഒരു വൃത്തത്തിന്റെ പേർ.

ഭവാനി-പാർവ്വതി. ഭവന്റെ (ശിവന്റെ) പത്നി എന്നർത്ഥം.

ഭവാനീഗുരു-ഹിമാലയ പർവ്വതം.

ഭവാനീപതി-ശിവൻ.

ഭവാൻ-നീ എന്നതിനു പകരം ബഹുമാനപൂർവ്വം പറയുന്ന ഒരു വാക്ക്, അങ്ങ് എന്നുമാവാം (സ്ത്രീ-ഭവതി)

ഭവാബ്ധി-സംസാരസമുദ്രം.

ഭവായനി, ഭവായൻ-ഗംഗാനദി.

ഭവിക-വി. ക്ഷേമമായുള്ള, ഭാഗ്യമുള്ള.

ഭവികം-നന്മ, ഭാഗ്യം, മംഗളം, ക്ഷേമം, ഭദ്രം. പ്രാപ്തിയോടുകൂടിയതു് എന്നർത്ഥം.

ഭവിക്കുന്നു-ഉണ്ടാകുന്നു.

ഭവിത-വി. ഉണ്ടായ.

ഭവിതവ്യ-വി. ഉണ്ടാകുവാനുള്ള.

ഭവിതവ്യത- ഉണ്ടാകുവാനുള്ളതിന്റെ അവസ്ഥ, ഭവിക്കുന്നതു് എന്നുള്ള അവസ്ഥ, ദൈവഗതി.

ഭവിതാവ്-ഭവിക്കുക ശീലമായിട്ടുള്ളവൻ എന്നർത്ഥം.

ഭവിതൃ-വി. ഭവിക്കുന്ന.

ഭവിപുലാ-ഒരു വൃത്തത്തിന്റെ പേർ.

ഭവിനൻ-കവി.

ഭവില-വി. ഉള്ള.

ഭവിലൻ-൧ ജാരൻ. ൨. വിഷയാസക്തൻ.

ഭവിഷ്ണു-വി. ഭവിക്കുന്ന, ഉണ്ടാകുന്ന.

ഭവിഷ്ണു-ഭവിക്കശീലമായിട്ടുള്ളവൻ.

ഭവിഷ്യ-വി. ഭവിപ്പാനിരിക്കുന്ന, മേലിൽ കാലത്തിൽ ഉണ്ടാകുവാനുള്ള.

ഭവിഷ്യത്ത്-൧൮ പുരാണങ്ങളിൽ ഒന്ന്.

അഘോരകല്പത്തിൽ ആദിത്യമാഹാത്മ്യമധികരിച്ചു ലോകസ്ഥിതിയും സൃഷ്ടിക്കപ്പെട്ട സ്വഭാവവും മനുവിനോടു പറഞ്ഞത്. ബ്രഹ്മാവിനെ പുകഴ്ത്തുന്നു. വിഷ്ണുവിന്റെ അവയവം വലതുമുട്ട്. രജസ്സഗുണപ്രധാനം. ഗ്രന്ഥം 14,500.

ഭവിഷ്യൽ-വി. മേലാൽ ഭവിപ്പാനുള്ള.

ഭവിഷ്യപുരാണം-ഒരു ശൈവപുരാണം

ചില കർമ്മങ്ങളും ആചാരങ്ങളും മറ്റും വിവരിക്കുന്നുണ്ട്. പഞ്ചലക്ഷണങ്ങൾ തികഞ്ഞിട്ടില്ല.

ഭവിഷ്യാവസ്ഥ-മേലാലുണ്ടാകുന്ന അവസ്ഥ.

ഭവ്യ-വി. ൧. ഭാഗ്യമുള്ള, ശുഭമായ. ൨. നല്ല, ശരിയായ. ൩. സത്യമുള്ള. ൪. ഭവിപ്പാൻ തക്ക. ൫. പൂജ്യതയുള്ള. ൬. ശ്രേഷ്ഠമായ.

ഭവ്യ-൧. പാർവ്വതി. ൨. തിപ്പലി. ൩. അഗശി.

ഭവ്യം-൧ ഒരുതരം വലിയ വൃക്ഷം.

ഈ വൃക്ഷം കൽക്കത്താ, ജഗന്നാഥം മുതലായ ദേശങ്ങളിൽ വളരെ ഉണ്ടാകുന്നു. ഇതിന്റെ കായ് പാലിനോടു ചേർത്തു ഭക്ഷിക്കരുത്.

൨. അസ്ഥി. ൩. സാഫല്യം, ഫലം. ൪. ശുഭം ഉണ്ടാക്കുവാൻ യോഗ്യം എന്നർത്ഥം. ൫. വൈരപ്പുളി.

ഭവ്യരാശി-ഭാഗ്യനിധി.

ഭഷക(ൻ)ം-നായ്. കള്ളന്മാരും മററും വരുമ്പോൾ വീട്ടുകാരനെ മനസ്സിലാക്കി കൊടുക്കുന്നവൻ എന്നർത്ഥം.

ഭഷണം-നായ്.

ഭഷം-നായ്.

ഭസത് (ദ്)-മാംസം. ൨. കുളക്കോഴി.

ഭസനം-തേനീച്ച.

ഭസിതം-ചാരം, ഭസ്മം.

ഭസ്ത്ര-ഉലയിൽ ഊതുന്നതിനുള്ള തുകൽ, ഉല. ഇതുകൊണ്ടു തീ കത്തിക്കുന്നതിനാൽ ഈ പേർ വന്നു. മറെറാരു പര്യായം-ചർമ്മപ്രസേവക.

ഭസ്ത്രികൻ-ഉലയിൽ തോൽകൊണ്ടു ഊതുന്നവൻ.

ഭസ്മകം-൧. സ്വർണ്ണം. ൨. വിഴാൽ. ൩. വെള്ളി. ൪. ഒരുമാതിരി കണ്ണിളീനം.

ഭസ്മകാരൻ-അലക്കുകാരൻ.

ഭസ്മകഞ്ഞി-ഭസ്മം കലക്കിത്തെളിച്ചെടുത്ത വെള്ളത്തിൽ അരിയിട്ടു വെന്ത കഞ്ഞി, ഒരു മരുന്നുകഞ്ഞി.

ഭസ്മക്കുറി-ഭസ്മംകൊണ്ടു നെററിയിലും മററും വരപോലെ തേയ്ക്കുക.

ഭസ്മഗന്ധാ, ഭസ്മഗന്ധിക, ഭസ്മഗന്ധിനി-അരേണുകം. (തക്കോലം എന്നുള്ള അഭിപ്രായവുമുണ്ട്).

ഭസ്മഗർഭം-തൊടുകാര.

ഭസ്മഗർഭാ-൧. അല്പം മഞ്ഞനിറമുള്ള ഇരുവുൾമരം. ൨. അരേണുകം.

ഭസ്മഗർഭം-ഉള്ളിൽ ഭസ്മനിറമുള്ളത്. കാതൽ വെളുത്തതായിരിക്കുമെന്നു താൽപര്യം. ഇരുമുള്ളുമരം തന്നെ കപിലനിറത്തിലുള്ള പുഷ്പത്തോടുകൂടിയതാണെങ്കിൽ അതാത്രേ ഭസ്മഗർഭം.

ഭസ്മപ്രിയൻ-ശിവൻ

ഭസ്മഭൃത-വി. മരിച്ച.

ഭസ്മം-൧. ചാണകം ചുട്ട ചാരം. ൨. വെന്തു ചാരമായത്, ചാരം. ൩. പിശാചസംശോഷണ പീഡാപരിഹാരത്തിനായി ജപിച്ചു കൊടുക്കുന്നത്. ൪. നാശം.

ഭസ്മലേപനം-ഭസ്മം തേയ്ക്കു.

ഭസ്മശായി-ശിവൻ.

ഭസ്മീകരണം-ഭസ്മമാക്കുക.

ഭസ്മീകരിക്കുന്നു-ഭസ്മമാക്കുന്നു, ചാമ്പലാക്കുന്നു.

ഭസ്മീകൃത-വി. ഭസ്മമാക്കപ്പെട്ട, നശിപ്പിക്കപ്പെട്ട.

ഭളഭള-൧. ഒരുമാതിരി ശബ്ദം. ൨. ശോഭ.

ഭളഭളായമാന-വി. മിനുസവും ശോഭയും ഉള്ള.

ഭള്ളു-പു. അഹംഭാവം. പല്ലു, വഴു, പാഴ് അല്ലെങ്കിൽ വല്ലതും, വള്ള ഇവയിൽ നിന്നുണ്ടായി. വ. ദുഷ്പ്രാഭവം. ന. അതിസ്തുതി, കുട്ടിപ്പറക.

## ഭാ

ഭാ-പു. ശോഭ. വ. സൌന്ദര്യം. ന. ഛായ, നിഴൽ.

ഭാക്-വി. അനുഭവിക്കുന്ന, പങ്കുകൂട്ടുന്ന.

ഭാക്തൻ-വി. പു. ചോററുവേലക്കാരൻ, പിന്നാലെ നടക്കുന്നവൻ, ആശ്രിതൻ.

ഭാക്തം-തീൻവസ്തു

ഭാക്തിക-ഭക്ഷണത്തിനായിട്ടു സേവിക്കുന്ന ഭൃത്യൻ, ആശ്രിതൻ, ഭാക്തൻ.

ഭാക്ഷ-വി. ഭോജനപ്രിയമുള്ള,

ഭാഗകൻ-പങ്കിടുന്നവൻ.

ഭാഗധേയൻ-അവകാശി.

ഭാഗധേയം-പു. ഭാഗ്യം. വ. കരം.

ഭാഗനം-കാലക്രമം.

ഭാഗഭാക്ക്-പങ്കുകൊള്ളുന്നവൻ.

ഭാഗം-പു. പങ്കു, ഓഹരി. ഒന്നിനെ ആശ്രയിച്ചു നില്ക്കുന്നതു് എന്നർത്ഥം.

ഭാഗം എന്നാൽ ഒന്നിലധികമായി ഭാഗിച്ചതിൽ ഏതെങ്കിലും ഒരു ഭാഗത്തിന്റെ പേർ. ഈ ഭാഗങ്ങൾ സമാംശങ്ങളായിരിക്കണമെന്നില്ല.

വ. വശം, പുറം. ന. ഒരു കണക്ക്. ർ. സ്ഥലം. ഇ. ഒരളവു്. ന്റ. ഭാഗ്യം.

ഭാഗവത-വി. പു. പരിശുദ്ധമായ. വ. വിഷ്ണുവിനെസംബന്ധിച്ച.

ഭാഗവതം-പുരാണങ്ങൾ പതിനെട്ടുള്ളതിൽ ഒന്നു്.

പുരാണങ്ങളിൽ പ്രധാനമായുള്ളതാണ്. ഇതിലെ പത്താമദ്ധ്യായത്തിലടങ്ങിയ കൃഷ്ണചരിതം അതി മുഖ്യമായി കരുതിപ്പോരുന്നു. വേദഗിരിരാജാവായ ഹേമാദ്രിയുടെ സഭയിലുണ്ടായിരുന്നവൈയാകരണനായ വോപദേവന്റെ കൃതിയാണ്.

ഗായത്രി വിഷയകമായി ധർമ്മം പ്രതിപാദിക്കുന്നതും, വൃത്രാസുരവധം അടങ്ങിയതും സാരസ്വത കല്പത്തിലെ രാജാക്കന്മാരുടെ ചരിത്രം ചേർന്നതുമാണ്.

വിഷ്ണുവിനെ പുകഴ്ത്തുന്നു. അവയവം വിഷ്ണുവിന്റെ തുട. സാത്വികപ്രധാനം. ഗ്രന്ഥം 18,000.

ഭാഗവതർ-പു. സംഗീതകലയിൽ സമർത്ഥൻ. വ. എല്ലായ്പോഴും ഈശ്വരഭജനം ചെയ്യുന്നവൻ.

ഭാഗവതി-ഭഗവൽ സംബന്ധിനി.

ഭാഗി-പങ്കുള്ളവൻ.

ഭാഗിക്കുന്നു-പങ്കിടുന്നു.

ഭാഗിനി-പങ്കുള്ളവൾ.

ഭാഗിനേയൻ-പെങ്ങളുടെ മകൻ, മരുമകൻ.

ഭാഗീരഥി-പു. ഒരാറു്, ഗംഗാ. ഭഗീരഥമഹാരാജാവിനെ സംബന്ധിച്ചവൾ എന്നർത്ഥം. ഗംഗാ എന്ന ശബ്ദം നോക്കുക. വ. ഗംഗയുടെ ഒരു പിരിവു്.

ഭാംഗീനം, ഭാംഗ്യം-ചെറുകയു നെല്ലു് വിളയുവാൻ യോഗ്യമായ ക്ഷേത്രം. (ഭംഗാ എന്നതിനു ചണ എന്നും അർത്ഥം കാണുന്നു).

ഭാഗ്യ-വി. പു. ഭാഗം ചെയ്യപ്പെടുവാനുള്ള. വ. നന്മയുള്ള.

ഭാഗ്യക്കുറി-ഭാഗ്യം പരീക്ഷിക്കുന്നതിന് ചീട്ടു് ഇടുന്ന ക്രമം.

ഭാഗ്യപരീക്ഷ-ഭാഗ്യം ഉണ്ടോ ഇല്ലയോ എന്നു ശോധനചെയ്തു നോക്കുക.

ഭാഗ്യം—ദൈവത്തിങ്കൽനിന്നു ലഭിക്കുന്ന നന്മ, പൂർവ്വജന്മകൃതമായ പുണ്യം. സേവിക്കപ്പെടുന്നതു് എന്നർത്ഥം

ശുഭമായും അശുഭമായുമുള്ള കർമ്മത്തിന്റെ (ജന്മാന്തരകൃതമായ പുണ്യപാപങ്ങളുടെ) പേർ എന്നും കാണുന്നുണ്ടു്.

ഭാഗ്യവൽ-വി. ഭാഗ്യമുള്ള.

ഭാഗ്യവശാൽ-ഭാഗ്യംനിമിത്തം.

ഭാഗ്യവാൻ-ധന്യൻ.

ഭാഗ്യശാലി-വി. ഭാഗ്യമുള്ള. (സ്ത്രീ-ഭാഗ്യശാലിനി).

ഭാഗ്യഹീന-വി. ഭാഗ്യമില്ലാത്ത.

ഭാഗ്യഹീനത-ഭാഗ്യമില്ലായ്ക.

ഭാഗ്യായത്തം-ഭാഗ്യംകൊണ്ടു സിദ്ധിച്ചതു്.

ഭാജകം-ഹാരകം.

ഭാജനം-പാത്രം. ആധേയവസ്തുവിനാൽ സേവിക്കപ്പെടുന്നതു് എന്നർത്ഥം.

ഭാജിത-വി. ഭാഗിക്കപ്പെട്ട, പങ്കിടപ്പെട്ട.

ഭാജ്യം-ഹരിക്കപ്പെടുന്ന തുക.

ഭാട(ക)ം-൧. കൂലി. ൨. വില. ൩. വാടക.

ഭാടി-൧. വാടക. ൨. കുലടകളുടെ സമ്പാദ്യം.

ഭാണം-വിടന്റെ ഒരു ദിവസത്തെ കഥ, ദശരൂപകങ്ങളിൽ ഒന്നു്. (ദശരൂപകം എന്ന ശബ്ദം നോക്കുക).

ഭാണകൻ-പരസ്പരം ചെയ്യുന്നവൻ.

ഭാണ്ഡക്കെട്ടു്-മാറാപ്പു്.

ഭാണ്ഡപതി-കച്ചവടക്കാരൻ.

ഭാണ്ഡപുടൻ-ക്ഷൌരക്കാരൻ.

ഭാണ്ഡം-൧. പാത്രം. സൂക്ഷത്തെച്ചെയ്യുന്നതു് എന്നർത്ഥം. ൨. മൂലധനം. ൩. വാദ്യം. ൪. കുതിരക്കോപ്പു്. ൫. വൃക്ഷം. ൬. (൭) മാറാപ്പു്. ൮. പെട്ടി. ൯. വ്യാപാര സാമാനങ്ങൾ. ൧൦. ആഭരണം.

ഭാണ്ഡാഗാരം-ഭാണ്ഡങ്ങൾ സൂക്ഷിക്കുന്ന പുര.

ഭാണ്ഡാഗാരികൻ-ശ്രാപ്പു്, മുതൽപിടിക്കാരൻ.

ഭാണ്ഡിക(ല)ൻ-ക്ഷൌരക്കാരൻ.

ഭാണ്ഡികം-പണിക്കോപ്പു്.

ഭാണ്ഡീ, ഭാണ്ഡീരി-മഞ്ചട്ടി. തിരപ്പററുള്ളവയിൽ പറയപ്പെടുന്നതു്. (പാഠങ്ങൾ-ഭണ്ഡീരി, ഭണ്ഡീരിക).

ഭാത്തു—ആദിത്യൻ.

ഭാദ്രം, ഭാദ്രപദം-പ്രോഷ്ഠപദ (കന്നി) മാസം.

ഭാദ്രമാതുരൻ-പാതിവ്രത്യവും സൂതവുമുള്ള ഭാര്യയുടെ പുത്രൻ.

ഭാദ്രമാസം-കന്നിയും തുലാവും.

ഭാനം — ൧. പ്രകാശം. ൨. കാഴ്ച (തോററം).

ഭാനു-൧. ആദിത്യൻ. ശോഭാധീശൻ എന്നർത്ഥം. (ഭാത്തു എന്നുമാവാം.) ൨. പ്രകാശം. ൩. രശ്മി. ശോഭിക്കുന്നതു് എന്നർത്ഥം. ൪. സൌന്ദര്യമുള്ള സ്ത്രീ. ൫. ദിവസം. ൬. എരിക്കു്. ൭. രാജാവു്. ൮. ശിവൻ.

ഭാനുജൻ-൧. സുഗ്രീവൻ. ൨. ശനി. ൩. കാലൻ.

ഭാനുഫല-വാഴ.

ഭാനുമണ്ഡലം-ആദിത്യന്റെ മണ്ഡലം, ആദിത്യബിംബം.

ഭാനുമൽ-വി. ൧. പ്രകാശമുള്ള. ൨. സൌന്ദര്യമുള്ള.

ഭാനുമതി-൧. ദുര്യോധനന്റെ ഭാര്യ. ൨. അഹംപതിയുടെ ഭാര്യ.

ഭാനുമാൻ-൧. ആദിത്യൻ. ൨. എരിക്കു്.

ഭാനുവാരം-ഞായറാഴ്ച.

ഭാമതി-ബ്രഹ്മസൂത്രങ്ങൾക്ക വാചസ്പതിമിശ്രന്റെ ഒരു വ്യാഖ്യാനം.

ഭാമൻ-നാ. ആദിത്യൻ. ൨. സഹോദരിയുടെ ഭർത്താവ്.

ഭാമം-നാ. കോപം. ൨. ശോഭ. ൩. എരിക്ക്.

ഭാമാ-നാ. കൃഷ്ണന്റെ ഭാര്യമാരിൽ ഒരുത്തി, സത്യഭാമ. ൨. കോപമുള്ളവൾ, ഭാമിനി.

ഭാമി-വി. ഭാമമുള്ള, കോപമുള്ള. (സ്ത്രീ-ഭാമിനി).

ഭാമിനി-സ്ത്രീവിശേഷം. സുന്ദരിയായ ഒരു യുവതി. തീവ്രയായും കോപിക്കുന്നവൾ എന്നർത്ഥം.

ഭാമിനീവിലാസം-ഒരു കാവ്യം. (ഗ്രന്ഥകർത്താവ്-ജഗന്നാഥപണ്ഡിതർ).

ഭായി-(ബായി എന്നതു നോക്കുക).

ഭാരക്കട്ടി-നാ. ഇരുപതു തുലാം തൂക്കുന്ന കട്ടി. ൨. ഏററവും കനം.

ഭാരക്കല്ല്-തുലായന്ത്രത്തിന്റെ പിഞ്ഞാണിക്കല്ല്.

ഭാരംഗീ-രക്ഷാകത്ത്റി.

ഭാരതക്കൂപം-ഒരു തീർത്ഥം. (ചിത്രകൂടത്തിലാണ്).

ഭാരതഖണ്ഡം-ഭൂമിയുടെ നവഖണ്ഡങ്ങളിൽ ഒന്ന്, ഹിമവാന്റെ തെക്ക് സേതുവിന്റെ വടക്കുള്ള ഭൂമി.

ഭാരതൻ-നാ. ആട്ടക്കാരൻ. ൨. ഭരതന്റെ സന്തതി. ൩. അർജ്ജുനൻ. ൪. അഗ്നി. ൫. ഭാരതവർഷത്തിൽ പാർക്കുന്നവൻ.

ഭാരതം-നാ. ഇതിഹാസങ്ങളിൽ ഒന്ന്.

‘ഭരതമഹീപതിതന്നുടെ ഗുണങ്ങളാൽ
പറഞ്ഞീടുന്നു ലോകർ ഭാരതമെന്നുതന്നെ’

‘ഭാരതഃ പഞ്ചമോ വേദഃ’ എന്നതനുസരിച്ച് ഭാരതം അഞ്ചാമത്തെ വേദമാകുന്നു. ഭാരതം എന്ന പദം ഭ, ര, ത എന്ന മൂന്നു വർണ്ണങ്ങൾ ചേർന്നുണ്ടായിട്ടുള്ളതാണ്. ഓരോ വർണ്ണത്തിനും ഓരോ അർത്ഥമുണ്ട്. ഭ=എല്ലാം വേദങ്ങളിലും (ഭാതി) ശോഭിക്കുന്നത്. ര=എല്ലാം ജീവികളിലും (രതി) താൽപര്യം ഉള്ളത്. ത= എല്ലാം തീർത്ഥങ്ങളേയും തരിക്കുന്നത്.

‘ഭാതിസർവ്വേഷു വേദേഷു
രതിസ്സർവ്വേഷു ജന്തുഷു
തരണം സർവ്വതീർത്ഥാനാം
തേന ഭാരതമുച്യതേ’

ഭാരതം വൈശമ്പായനൻ ജനമേജയനെ കേൾപ്പിച്ചതാണ്.
൨. നാടകശാസ്ത്രം.

ഭാരതവർഷം-ഭാരതഖണ്ഡം, ഇൻഡ്യാമഹാരാജ്യം.

പണ്ടു ഭരതൻ ഭരിച്ചതുകൊണ്ട് ഈ പേർ സിദ്ധിച്ചു.

നാം അധിവസിച്ചുവരുന്ന രാജ്യം ഭാരതവർഷമാകുന്നു. ജംബൂദ്വീപത്തിന്റെ ഒമ്പതിൽ ഒരുഭാഗമാകുന്നു ഈ വർഷം. ‘മഹർഷിവ്യാസരചിതേ ജംബൂദ്വീപേ ച ഭാരതം’ എന്നു രഭസൻ.

സ്വായംഭുവമനുവിന്റെ പുത്രനായ പ്രിയവ്രതന്റെ പൌത്രൻ (ഋഷഭപുത്രൻ) ഭരതൻ ഭരിച്ചതുകൊണ്ടാണ് ഇൻഡ്യയ്ക്കു ഭാരതം എന്ന പേരുണ്ടായത്. ജംബൂദ്വീപത്തെ ഒമ്പതു വർഷ (രാജ്യ) ങ്ങളായി ഭാഗിച്ചിരിക്കുന്നു. (വർഷം എന്ന പദം നോക്കുക.)

ഭാരതി-നാ. വാക്ക്. ൨. വാക്കിന്റെ അധിഷ്ഠാനദേവതയായ സരസ്വതി. ൩. ഒരു വൃത്തം. ‘ഭാരതിതൻഗുരുചേരു

കിലാഭിയിൽ'. (പാദത്തിൽ മൂന്നക്ഷരം വീതം). ൪. ബ്രഹ്മി. ൫. സരസ്വതീ നദി.

ഭാരത്തുലാം-പുരയുടെ കട്ടിയുള്ള തുലാം.

ഭാരദ്വാജൻ-പു. ഭരദ്വാജന്റെ പുത്രൻ, ദ്രോണർ. ൨. അഗസ്ത്യൻ. ൩. ഒരു വൈയാകരണൻ.

ഭാരദ്വാജം-ചെമ്പോത്ത്.

ഭാരദ്വാജി-പു. കാട്ടുപരുത്തി. ഇതിനെ സൃഷ്ടിച്ചതു ഭരദ്വാജമുനിയാകയാൽ ഈ പേർ വന്നു. ൨. ഊരകം.

ഭാരം-പു. കനം. ൨. ചുമട്. ൩. ഇരുപതു തുലാം-2000 പലം-ഒരു ഭാരം. ഒരു പുരുഷനാൽ ഭരിക്കുവാൻ കഴിയുന്നതു് എന്നർത്ഥം. (൨) പു. ഉള്ളിലുള്ള വ്യസനം. ൨. കാര്യത്തിന്റെ ചുമതല.

ഭാരയം-വാനമ്പാടിപ്പക്ഷി.

ഭാരയഷ്ടി-ചുമടെടുക്കുന്നതിനു തോളത്തു വയ്ക്കുന്നതിനുള്ള ഒരു വടി, കാവുതണ്ട്, രണ്ടുഭാഗത്തും ഉറി തൂക്കുന്ന വടി, ഭാരം വഹിക്കുന്ന വടി എന്നർത്ഥം.

ഭാരവാഹൻ-ചുമട്ടുകാരൻ.

ഭാരവി-ഒരു സുപ്രസിദ്ധനായ കവി. കിരാതാർജ്ജുനീയത്തിന്റെ കർത്താവ്. കാളിദാസന്റെ കാലത്തു് ജീവിച്ചിരുന്നിരിക്കണം.

ഭാരശൃംഗം-കടമാൻ.

ഭാരി-വി. പു. വലിയ, നീളമുള്ള. ൨. തടിച്ച. ൩. ഭാരമുള്ള.

ഭാരി-പു. സിംഹം. ൨. ചുമട്ടുകാരൻ.

ഭാരികൻ-ചുമട്ടുകാരൻ.

ഭാരുണ്ഡസാമം - സാമവേദത്തിന്റെ ഉൾപ്പിരിവ്.

ഭാർഗ്ഗവകം-വൈരം.

ഭാർഗ്ഗവക്ഷേത്രം-കേരളം.

ദക്ഷിണഇൻഡ്യയുടെ പടിഞ്ഞാറേവശത്തു് തെക്കുവടക്കായി നീണ്ടുകിടക്കുന്ന പശ്ചിമപർവ്വതനിരകൾ എന്ന 'സഹ്യാദ്രി' 'മലയാദ്രി' ഇവയുടേയും പശ്ചിമസമുദ്രമാകുന്ന അറബിക്കടലിന്റെയും നടുക്കായിട്ടു നീളംകൂടിയും വീതികുറഞ്ഞും ഉള്ള ഒരു ഭൂമി കിടക്കുന്നുണ്ട്. ആ ഭൂമിയുടെ തെക്കേകോടിയായ കന്യാകുമാരി മുതൽ വടക്കു ഗോകർണ്ണം വരെ 160 കാതം ഭൂമിക്ക് മലയാളം എന്നും ഭാർഗ്ഗവക്ഷേത്രം എന്നും കർമ്മഭൂമി എന്നും കേരളം എന്നും പേരുകൾ പറയപ്പെട്ടിരിക്കുന്നു.

ഭാർഗ്ഗവൻ-പു. (ഭൃഗുവിന്റെ സന്തതി) പരശുരാമൻ. ൨. ശുക്രൻ. ൩. വില്ലാളി. ൪. ശിവൻ. ൫. മാർക്കണ്ഡേയൻ. ൬. ജമദഗ്നി. ൭. ആന.

ഭാർഗ്ഗവി-പു. ലക്ഷ്മി. തേജസ്വിനി എന്നർത്ഥം. ഭൃഗുവിന്റെ മകൾ. ൨. പാർവ്വതി. ൩. കറുക. ൪. ദേവയാനി.

ഭാർഗ്ഗി-ചെറുതേക്ക്.

ഭാർങ്ഗി-ഒരു പച്ചമരുന്ന്, ചെറുതേക്ക്. കഫാദികളെ പചിക്കുന്നതു് എന്ന് ശബ്ദാർത്ഥം.

ഭാര്യ-തന്നാൽ വിവാഹംചെയ്യപ്പെട്ട സ്ത്രീ. ഭർത്താവിനാൽ ഭരിക്കപ്പെടുന്നവൾ എന്നർത്ഥം. (അടിതോൽ എന്നതു നോക്കുക).

ഭാര്യമാർ രണ്ടുവിധം-പു. ഏകചാരിണി-തന്നെമാത്രം വിവാഹംകഴിച്ചു തന്നിൽതന്നെ രമിക്കുന്ന ഒരു പുരുഷന്റെ ഭാര്യ. ൨. സപത്നി-അനേകം സ്ത്രീകളെ വച്ചുകൊണ്ടിരിക്കുന്ന പുരുഷന്റെ ഭാര്യ.

ഭാര്യാഗൃഹം-ഭാര്യയുടെ വീട്. (അടിതോൽ എന്നതു നോക്കുക.)

ഭാൎയ്യാടികം-മാൻ.

ഭാൎയ്യാപതികൾ-ഭാൎയ്യയും ഭൎത്താവും.

ഭാൎയ്യാരു-മാൻ.

ഭാൎയ്യാവു്-ഭാൎയ്യ.

കണ്ണുപ്പുണികൾതടെകാലാത്ത ഒരു പ്രയോഗവിശേഷം. ഇതുപോലെ കന്ന്യാവു എന്നും കാണുന്നുണ്ടു്.

ഭാൎയ്യാവാൻ-ഭാൎയ്യയുള്ളവൻ.

ഭാലം-പു. നെററി.

'ഭാലനേത്രനപാദശേഖരായകൻ'

(അന്ന്യാപദേശശതകം)

ല. ശോഭ.

ഭാലാംകം-പു. ആമ. ല. ചെങ്കവരി മീൻ. ന. അറപ്പുവാൾ.

ഭാലാംകൻ-ശിവൻ.

ഭാല്യ-സൂൎയ്യൻ.

ഭാല്ലൂകം, ഭാല്ലുകാ-കരടി.

ഭാവ-അറുപതു വൎഷത്തിൽ എട്ടാമത്തെ വൎഷം.

ഭാവൽക്കം-ഭവാനെ (അങ്ങയെ) സംബന്ധിച്ച, അവിട്ടത്തെ.

ഭാവഗാംഭീൎയ്യം - ഭാവത്തിന്റെ ഗാംഭീൎയ്യം.

ഭാവദൎശി-വി. ഭാവത്തെ നോക്കുന്ന. (സ്ത്രീ-ഭാവദൎശിനി)

ഭാവന, ഭാവനം-പു. ഓൎമ്മ. മുമ്പനുഭവിച്ചതിനെ മറക്കാതിരിക്കുന്നതു്. ല. ധ്യാനം. ന. ബഹുമാനം, ഭാവിക്ക, സങ്കല്പം.

ഭാവനാത്രയം-അസംഭാവന, സംശയഭാവന, വിപരീതഭാവന.

ഭാവനാപുരുഷോത്തമം-ഒരു നാടകമാണു്. കൎത്താവു് ശ്രീനിവാസൽതാവധാനി.

ഭാവനാസാഫല്യം-ഒന്നുതുടങ്ങി അതിനെ സംബന്ധിച്ചുവരുന്ന ഓരോ സംഗതികൾ മനസ്സിൽ ഉദിക്കുന്നതു്.

ഭാവൻ-പു. നാട്യത്തിൽ വിദ്വാൻ എന്നതിനു പകരം പറയുന്ന ഒരു വാക്കു്. എല്ലാററിനേയും അറിയുന്നവൻ എന്നൎത്ഥം. ല. മാന്യൻ.

ഭാവബന്ധനം-പരസ്പരം സ്നേഹം ഉല്പാദിക്കുക എന്നതു്.

ഭാവബോധകം-മനോഗതത്തെ അറിയിക്ക, അനുഭാവം.

ഭാവഭേദം-ഭാവത്തിന്റെ വ്യത്യാസം.

ഭാവം-പു. അവസ്ഥ ല. മനസ്സ്. അന്തൎഗ്ഗതം, ആത്മാവു്. ന. താല്പൎയ്യം. ര. സ്വഭാവം. ഠ. നാട്യസംബന്ധമായുള്ള സ്ഥായീഭാവം എട്ടും, വ്യഭിചാരീഭാവം മുപ്പത്തിമൂന്നും. ന്ത. നാട്യം. ൧. ശരീരത്തിന്റെ പ്രവൃത്തികൊണ്ടറിയിക്ക. വ്യ. ഉദയംമുതൽ പന്ത്രണ്ടു രാശിക്കും പറയുന്ന ഒരു പേരു്. ൻ. സാരം. ൧൦. ഉത്ഭവം. ൧൧. ഉണ്ടെന്നുള്ള അവസ്ഥ. ൧൨. രത്യാദിയായ മനോവികാരം. രസങ്ങളെ ഭാവനം ചെയ്യുന്നതു് എന്നൎത്ഥം.

നായികാശ്രിതങ്ങളായ 28 അലങ്കാരങ്ങളിൽ ഒന്നിനു് ഭാവം എന്നു പറഞ്ഞുവരുന്നു. ജനിച്ചതു മുതൽ ഇതുവരെ യാതൊരു ഭാവഭേദങ്ങളും ഉണ്ടായിക്കണ്ടിട്ടില്ലാത്ത മനസ്സിൽ പ്രഥമമായി കാണുന്ന വികാരമത്രേ ഭാവം.

ഭാവവികാരം-ഭാവഭേദം.

ഭാവശുദ്ധി-സ്വഭാവമഹിമ.

ഭാവാനുകൂലം-അ. ഭാവത്തിനു സഹായമായിട്ടു്.

ഭാവാനുബന്ധം-ഏതെങ്കിലും ഒന്നിനോടുള്ള പ്രതിപത്തി, പ്രാവണ്യം.

ഭാവാന്തരം-ഒന്നിൽ നിന്നും മറെറാന്നിലേയ്ക്കുള്ള മാററം.

ഭാവാവസ്ഥ-ഉദയം, ശാന്തി, സന്ധി,

ശബ്ദമാത്രം. (സാഹിത്യപ്രകാരമുള്ളവയാണ്.)

ഭാവി-വി. ഭവിപ്പാനുള്ള, വരാൻ പോകുന്ന.

ഭാവിക-വി. ൧. വരുവാനുള്ള. ൨. സ്വഭാവേനയുള്ള.

ഭാവികം-അലങ്കാരശാസ്ത്രത്തിലെ ഒരലങ്കാരം.

ഭൂതമായും ഭാവിയായും ഉള്ള സംഗതിയെ പ്രത്യക്ഷമായി മുന്നിൽ കാണിക്കുന്നത്.

ഭാവികാലം-(വ്യാകരണത്തിൽ) വരാനുള്ളതിനു ഭാവികാലം എന്നു പേർ.

ഭാവിക്കുന്നു-൧. നിശ്ചയിക്കുന്നു. ൨. നിരൂപിക്കുന്നു. ൩. തുടങ്ങുന്നു. ൪. നടിക്കുന്നു. ൫. ധ്യാനിക്കുന്നു.

ഭാവിത-വി. ൧. വിചാരിക്കപ്പെട്ട. ൨. പ്രാപിക്കപ്പെട്ട. ൩. നിശ്ചയിക്കപ്പെട്ട. ൪. വീര്യഭേദം വരുത്തുവാനായിട്ടു മരുന്നു വെള്ളത്തിലും മറ്റും ഇടപ്പെട്ട.

ഭാവിതം-൧. സുഗന്ധദ്രവ്യങ്ങളാൽ ഭാവനം ചെയ്യപ്പെട്ടത്, മുമ്പറഞ്ഞ മാതിരി സൌരഭ്യയുക്തമാക്കി ചെയ്യപ്പെട്ട വസ്തുവിന്റെ-വസ്ത്രാദികളുടെ പേർ. ൨. കൊത്തമല്ലി, കായം മുതലായതുകൊണ്ടു സുഗന്ധമാക്കപ്പെട്ട രസവും മറ്റും. ൩. മുല്ലപ്പൂ മുതലായതുകൊണ്ടു സുഗന്ധം വരുത്തിയ തൈലം മുതലായവ. ഭാവനം ചെയ്യപ്പെട്ടതു് എന്നർത്ഥം. ൪. പ്രാപിക്കപ്പെട്ടതു്.

ഭാവിനി-ഉന്മാർഗ്ഗമായി നടക്കുന്നവൾ, ഒരുമാതിരി വേശ്യ.

ഭാവുക-വി. ഭാഗ്യമുള്ള, സുഖമുള്ള. ഇതു ചില നാമത്തോടു ചേരുമ്പോൾ 'ആയിത്തീരുന്ന' എന്നർത്ഥം വരും.

ഭാവുകൻ-മച്ചുനൻ എന്ന അർത്ഥത്തിൽ നാടകങ്ങളിൽ സാധാരണ ഉപയോഗിച്ചുകാണുന്ന പദം.

ഭാവുകം-൧. ശുഭം, മംഗളം. ഭാഗ്യവാന്മാരിൽ പ്രത്യക്ഷപ്പെടുന്നതു് എന്നർത്ഥം. ൨. ശ്രേയസ്സ്.

ഭാഷ-൧. വാക്ക്. ൨. വാക്കിന്റെ അധിഷ്ഠാനദേവതയായ സരസ്വതീദേവി. വ്യക്തമായി വചിക്കുന്നവൾ എന്നർത്ഥം. (വീണാവാദനാദികളെക്കൊണ്ടു സ്വരങ്ങളെ വ്യക്തമാക്കിച്ചെയ്യുന്നവൾ). വ്യക്തമായി ഉച്ചരിക്കപ്പെടുന്നതു് എന്നുമാവാം. ൩. രൂപം. ൪. മാതിരി, സ്വഭാവം. ൫. നിവൃത്തി. ൬. സമ്പ്രദായം.

ഒരുവന്റെ മനസ്സിലുള്ള വിചാരത്തെ മറ്റൊരാളെ ധരിപ്പിക്കുന്നതിനുള്ള ഉത്തമമായ ഒരു മാർഗ്ഗമത്രേ ഭാഷ.

ഭാഷാന്തരത്തിൽ പ്രധാനമായി വേണ്ടതു്—൧. ഭാവം തെറ്റാതെ അർത്ഥം കൊണ്ടുവരണം. ൨. ഓരോ ദിക്കിലും ചേർച്ചയുള്ള പദം ചേർക്കണം. ൩. പാദപൂരണത്തിനോ പ്രാസത്തിനോ വേണ്ടി ഇടയ്ക്കു് ആപ്പ് എന്നപോലെ നിരർത്ഥപദങ്ങളെ കുത്തിച്ചെലുത്തരുതു്.

ഭാഷക്കാരൻ-ഒരു ഭാഷയിൽ പറയുന്ന വാക്കിനെ മറ്റൊരു ഭാഷയിൽ പെരുമാറ്റിച്ചു പറഞ്ഞു കേൾപ്പിക്കുന്നവൻ.

ഭാഷകേട്-വിരൂപം, ചേർച്ചക്കേട്.

ഭാഷണം-വാക്ക്.

ഭാഷൻ-സൂര്യൻ.

ഭാഷപ്പെടുത്തുന്നു-സംസ്കൃതശ്ലോകങ്ങളും മറ്റും മലയാളഭാഷയിലോ മറ്റോ പൊരുൾ തിരിച്ചെഴുതുന്നു.

ഭാഷാജനകൻ-ബ്രഹ്മാവ്.

ഭാഷാന്തരം-ഒരു ഭാഷയിൽ പറഞ്ഞിരിക്കുന്ന അഭിപ്രായത്തെ മറെറാരു ഭാഷയിൽ പറയുക, തൎജ്ജിമ. (ഭാഷ എന്നതു നോക്കുക.)

ഭാഷാഭേദം-൧. മാതിരിയുടെ വ്യത്യാസം. ൨. ഓരോരോ ജാതിക്കാരുടെ വാക്കുകളിലുള്ള ഭേദം.

ഭാഷാവ്യാഖ്യാനം-സംസ്കൃതഭാഷയിലുള്ള വ്യാഖ്യാനത്തിൽ നിന്നെടുത്തു മലയാള ഭാഷയിലെഴുതിയ വ്യാഖ്യാനം.

ഭാഷി (ഭാഷിണി)-(സാധാരണമായി പദാന്ത്യത്തിൽ ചേൎന്നുവരുന്നതു്). പറയുന്നവൻ (പറയുന്നവൾ).

ഭാഷിക്കുന്നു-൧. പറയുന്നു. ൨. പരിഹസിക്കുന്നു.

ഭാഷിത-വി. പറയപ്പെട്ട.

ഭാഷിതം-വാക്കു്.

ഭാഷ്യ-വി. ഭാഷിക്കപ്പെടുവാൻതക്ക, പറയേണ്ടുന്ന.

ഭാഷ്യം-൧. പാണിനീയസൂത്രത്തിൻെറയും മററും വ്യാഖ്യാനം. സൂത്രാൎത്ഥം ഇതിനാൽ വ്യക്തമായി പറയപ്പെടുന്നു എന്നൎത്ഥം. ൨. ഖണ്ഡനവും മണ്ഡനവും ചെയ്തു സ്വാതന്ത്ര്യം പ്രകാശിപ്പിക്കുന്ന വ്യാഖ്യാനം. ൩. ഒരുമാതിരി പണി.

ഗ്രന്ഥത്തെ ആക്ഷേപിച്ചു പ്രതികൂലമായി ചെയ്യുന്നതു ഖണ്ഡനം. ഗ്രന്ഥകാരനെ പിൻതാങ്ങി അനുകൂലമായി ചെയ്യുന്ന വിമൎശം മണ്ഡനം.

ഭാഷ്യകാരൻ-ഭാഷ്യം ഉണ്ടാക്കിയ ആൾ, പതഞ്ജലി.

ഭാസൻ-൧. കഴുകൻ ൨. നായ്. ൩. കഴുത.

ഭാസൻ-ഒരു സുപ്രസിദ്ധനായ കവി.

(ക്രിസ്ത്വബ്ദം ഏഴാംനൂററാണ്ടിനുമുമ്പു ജീവിച്ചിരുന്നു).

ഭാസം-൧. ശോഭ. ൨. രശ്മി. ൩. പൂവൻകോഴി. ൪. കഴുത.

ഭാസമാന-വി. ശോഭിക്കുന്ന.

ഭാസാ-ചന്ദ്രവംശത്തിലെ അയുതൻ എന്ന നൃപൻെറ ഭാൎയ്യ.

ഭാസുര-വി. ശോഭയുള്ള.

ഭാസുരൻ-പരാക്രമമുള്ളവൻ.

ഭാസുരം-൧. സ്ഫടികം. ൨. കുഷ്ഠം.

ഭാസ്കര-വി. ശോഭിക്കുന്ന.

ഭാസ്കരൻ-൧. ആദിത്യൻ. കാന്തിയെ ഉണ്ടാക്കുന്നവൻ എന്നൎത്ഥം. ൨. അഗ്നി. ൩. ഭാസുരൻ. ൪. ശിവൻ.

ഭാസ്കരപ്രിയം-൧. രക്തചന്ദനം. ൨. മാണിക്യം.

ഭാസ്കരം-സ്വൎണ്ണം.

ഭാസ്കരാചാൎയ്യമിശ്രൻ-ഒരു ജ്യോതിശ്ശാസ്ത്രപാരംഗതൻ. 'സിദ്ധാന്തശിരോമണി' എന്ന ഗ്രന്ഥത്തിൻെറ കൎത്താവു്.

ബീജഗണിതം, ലീലാവതി ഇവയും നിൎമ്മിച്ചിട്ടുണ്ടു്. പതിനൊന്നാം നൂററാണ്ടോടു സമീപിച്ചു ജീവിച്ചിരുന്നു.

ഭാസ്പരസം-ഫാസ്ഫറസ്.

ഭാസ്വര-വി. ശോഭിക്കുന്ന.

ഭാസ്വരൻ-൧. ആദിത്യൻ. ൨. എരിക്കു്.

ഭാസ്വൽ-വി. ശോഭിക്കുന്ന.

ഭാസ്വതി-ശോഭിക്കുന്നവൾ.

ഭാസ്വാൻ-൧. ആദിത്യൻ. ൨. ശോഭിക്കുന്നവൻ. ൩. എരിക്കു്.

ഭാസ്സു്-൧. ശോഭ. ൨. രശ്മി. ൩. ദീപ്തി.

'ആരാമുത്സവവാസര ലസിതഭാ-
സ്സേവനൊരിന്ദ്രാലയേ'
(ഉത്സവപ്രബന്ധം)

## ഭി.

ഭിക്ഷ-൧. യാചന. ൨. യാചിക്കുന്നവനു കൊടുക്കുന്നതു്, ഇരന്നിട്ടു കിട്ടിയ വസ്തു. ൩. സന്ന്യാസിയുടെ ഭക്ഷണം.

ഭിക്ഷക്കാരൻ-യാചകൻ, പിച്ചക്കാരൻ.

ഭിക്ഷക്കാരി-വി. ഇരക്കുന്നവൾ.

ഭിക്ഷാകദംബകം-ഭിക്ഷയെടുത്തു കിട്ടിയതു്. ഭിക്ഷാസമൂഹം എന്നൎത്ഥം.

ഭിക്ഷാകൻ(കി)-പു. യാചിക്കുന്നവൻ. ഉ. സന്ന്യാസി.

ഭിക്ഷാടനം-ഇരപ്പാനുള്ള നടപ്പു്.

ഭിക്ഷാടനൻ-സന്ന്യാസി.

ഭിക്ഷാന്നം-ഇരന്നു വാങ്ങിച്ച ചോറു്.

ഭിക്ഷാൎത്ഥി-വി. ഭിക്ഷ ചോദിക്കുന്ന.

ഭിക്ഷാശനം-ഭിക്ഷ വാങ്ങിച്ചിട്ടുള്ള ഭക്ഷണം.

ഭിക്ഷാശി-വി. ഇരന്നുണ്ണുന്ന.

ഭിക്ഷാശിത്വം-ഇരന്നുണ്ണ്.

ഭിക്ഷിത-വി. യാചിക്കപ്പെട്ട.

ഭിക്ഷു-പു. സന്ന്യാസി, നാലാമത്തെ ആശ്രമത്തിൽ പ്രവേശിച്ച ഒരു ബ്രാഹ്മണൻ. (സ്ത്രീ-ഭിക്ഷുണി).

വയിന്നേരത്തേയ്ക്കും, നാളേയ്ക്കും ഉള്ള ഭക്ഷണപദാൎത്ഥത്തെ സമ്പാദിക്കരുതു്. അപ്പപ്പോൾ ക്ഷുന്നിവൃത്തിക്കായ് ഭിക്ഷയെടുത്തു ഭക്ഷിച്ചുകൊള്ളണമെന്നാണു വിധി.

സന്ന്യാസാശ്രമത്തിലിരിക്കുന്നവൻ, യാചിക്ക ശീലമായവൻ-സൎവ്വപരിത്യാഗം ചെയ്തു ഭിക്ഷാന്നംകൊണ്ടുപജീവിക്കുന്നവൻ എന്നൎത്ഥം. ഉ. ശ്രാവണി ന. വയൽച്ചുള്ളി.

ഭിക്ഷുകൻ-ഭിക്ഷവാങ്ങിച്ചു ജീവിക്കുന്നവൻ, സന്ന്യാസി.

ഭിക്ഷുകി - സന്ന്യാസവൃത്തിയിലിരിക്കുന്ന സ്ത്രീ.

ഭിണ്ഡ(കം)ം, ഭിണ്ഡാ, ഭിണ്ഡീ, ഭിണ്ഡീതകം-വെണ്ട.

ഭിണ്ഡാ-വെണ്ട.

ഭിണ്ഡിപാലം-ഒരുതരം അമ്പു്, ഒരു മാതിരി ഈട്ടി.

ഭിണ്ണ-വി. തടിച്ച.

'അമ്പങ്ങൾഭിണ്ണനാം കോമണ്ടാമനേരം'

(രാമായണസങ്കീൎത്തനം)

ഭിത്തം-അംശം, ശകലം. ഭേദിക്കപ്പെട്ടതു് എന്നൎത്ഥം.

ഭിത്തി, ഭിത്തിക,-ചുവരു്, ചുമർ. ചോരന്മാരാൽ ഭേദിക്കപ്പെടുന്നതു് എന്നൎത്ഥം.

ഭിത്തിക-പു. ചിഹ്നങ്ങളിൽ ഒന്നു്.

[ (:) ഇതു് ഒരു ഇടഭിത്തിപോലെ സമനിലയിലുള്ള രണ്ടു ഭാഗങ്ങളെ വേർപെടുത്തുന്നു].

ഉ. ശതാവരി.

ഭിത്തിപാതനം-പെരുച്ചാഴി.

ഭിദ-പിളൎപ്പ്. ഭേദിക്കുന്നതു് എന്നൎത്ഥം.

ഭിദകം-പു. ഇന്ദ്രന്റെ വജ്രായുധം. ഉ. വൈരം.

ഭിദി-വൈരം.

ഭിദു-പു. വജ്രായുധം. ഉ വൈരം.

ഭിദുര-വി. ഭേദിക്കുന്ന, പിളൎക്കുന്ന.

ഭിദുരം-പു. വജ്രായുധം. പിളൎക്കുന്നതു്, ഭേദിക്ക ശീലമുള്ളതു്. ശത്രുസൈന്യത്തെ പിളൎക്കുന്നതു് എന്നൎത്ഥം, ഉ. വൈരം. ന. ഇത്തിയാലു്.

ഭിന്ദിപാലം-കവണ. ഭിന്ദി എന്നാൽ പന്ത്രണ്ടു താളത്തിന്റെ കാലം, പന്ത്രണ്ടു താളകാലം കാക്കുന്നതു്-അത്ര വേഗത്തിൽ സ്വ പ്രവൃത്തിയെ ചെയ്യുന്നതു് എന്നൎത്ഥം. ഉ. ചാണ്ടുന്നതിനുള്ള ഒരു ആയുധം. ന. വെടിയുണ്ട. ൪. ഒരു മുഴം നീളമുള്ള തിരുകത്തടി.

ഭിന്ദി-പന്ത്രണ്ടു താളത്തിന്റെ കാലം.

ഭിന്ദു-പു. തുള്ളി. ഉ. ചാപിള്ളയെ പ്രസവിക്കുന്ന സ്ത്രീ.

ഭിന്ന-വി. പു. വേർപെട്ട. ഉ. ഭേദിക്കപ്പെട്ട, പിളൎക്കപ്പെട്ട. (ന—ഭിന്നത, ഭിന്നത്വം).

ഭിന്നഭിന്നങ്ങൾ-ഭേദിച്ചു ഭേദിച്ചിരിക്കുന്നവ.

ഭിന്നം-ന. രത്നങ്ങളിലൊ മററൊ ഉള്ള കേട്. ഉ. ശകലം, ഭാഗം. നാ. ഭേദിച്ചതു് (വ്യത്യാസപ്പെട്ടതു്). ര. സദ്യോവ്രണനിദാനത്തിലുൾപ്പെട്ട ഒരു രോഗം.

ഭിന്നമെന്ന രോഗം വേൽ, കുന്തം മുതലായവയുടെ മുനകൾ ഏററിട്ടോ എല്ലും മററൊ ഏററിട്ടോ വസ്തി മുതലായവ മുറിഞ്ഞു് അല്പമായ രക്തം ഒലിക്കുന്നതാണ്.

ഒ. പിളൎക്കപ്പെട്ടതു്,

ഭിന്നമതി-ഭിന്നാഭിപ്രായം ഉള്ള ആൾ.

ഭിന്നിക്കുന്നു-ക്രി. പിളരുന്നു ഉ. വേർപെടുന്നു. നാ. പൊട്ടുന്നു. ര. ശകലമായിത്തീരുന്നു. (സ-ക്രി-ഭിന്നിപ്പിക്കുന്നു).

ഭിന്നിപ്പ്-ന പിളൎപ്പ്, വേർപാട്. തമ്മിലുള്ള അകലിച്ച.

ഭിന്നോദരൻ-ചിററമ്മയിലോ, പേരമ്മയിലോ ജനിച്ച ഭ്രാതാവ്.

ഭിയാ-ഭയം.

'ഭയേഭിയം' എന്നു ശബ്ദാൎണ്ണവം.

ഭിദ്രം-വൈരം.

ഭിഷക്ക്-ന. വൈദ്യൻ. രോഗങ്ങളെ ജയിക്കുന്നവൻ എന്നൎത്ഥം. ഉ. വിഷ്ണു. നാ. മരുന്ന്.

ഭിഷഗ്വരാ-കടുക്ക.

ഭിസ്സ-ചോറ്. ശോഭിക്കുന്നതു് എന്നൎത്ഥം.

ഭിസ്സട-കരിഞ്ഞ ചോറ്. കുത്സിതാവസ്ഥയെ ഗമിച്ച അന്നം എന്നൎത്ഥം.

## ഭീ

ഭീ-ഭയം.

ഭീകരം-വി. ഭയങ്കരം.

ഭീത-വി. ഭയപ്പെട്ട.

ഭീതി-ഭയം.

ഭീതിപ്പെടുന്നു-ഭയപ്പെടുന്നു.

ഭീമ-വി ഭയത്തെ തോന്നിക്കുന്ന, ഭയങ്കരം

ഭീമം-ന ഭയം, ഭയാനകരസം. ഉ. ഞെരിഞ്ഞാമ്പുളി.

ഭീമൻ-പു. ഭീമസേനൻ. ഉ. ശിവൻ. നാ. ഭയങ്കരൻ. ര. പരമാത്മാവ്. ഒ. നളന്റെ ഭാൎയ്യയായ ദമയന്തിയുടെ പിതാവ്.

ഭീമരം-യുദ്ധം.

ഭീമരഥി-ന. ഒരുവന്റെ ൭൭-ാം വയസ്സിൽ ൭-ാം മാസം ൭-ാം ദിവസം രാത്രി.

(ഈ സമയം ആയാൾക്കു് ആപൽകരമാകുന്നു).

'സപ്തസപ്തതിമേ വൎഷേ സപ്തമേ
മാസി സപ്തമീ രാത്രിൎഭീമരഥീനാമ
നരാണാമതിദുസ്തരാ'

ഉ. ഭീമരഥീനദി (മലയപൎവ്വതത്തിൽ നിന്നു പുറപ്പെടുന്നു).

ഭീമവിക്രാന്തൻ-സിംഹം.

ഭീമസേനൻ-പു. പാണ്ഡവന്മാരിൽ രണ്ടാമൻ.

കുന്തിയിൽ വായുവിനുണ്ടായ ഭീമസേനൻ പാണ്ഡവരിൽ രണ്ടാമത്തെവനാണ്. ഭീമന്റെ ആയുധം ഗദയാകുന്നു. ശക്തിയും ധൈൎയ്യവും അസാധാരണമായിരുന്നു. ഭക്ഷണപ്രിയനാകയാൽ വൃകോദരൻ എന്നു വിളിക്കുന്നു. ആളും വലുപ്പംകൊണ്ടു സാമാന്യനല്ല. തന്റെ അമ്മയും സഹോദരന്മാരും കൂടി ഭക്ഷിക്കുന്നിടത്തോളമുള്ള ഭക്ഷണം ഭീമനു തന്നെ വേണ്ടിവന്നു. ഗദായുദ്ധം പഠിപ്പിച്ചതു് ദ്രോണരും ബലരാമനും കൂടിയായിരുന്നു. ഭീമന്റെ ഗദാപ്രയോഗ

വൈമനസ്യമാണ് ദുൎയ്യോധനന്ന് മുഖ്യമായി അസൂയയെ ജനിപ്പിച്ചത്. ദുൎയ്യോധനൻ ഭീമന്ന് ഒരിക്കൽ വിഷംകൊടുത്തു് ദേഹത്തെ ഗംഗയിൽ എറിഞ്ഞുകളഞ്ഞു. അരക്കില്ലത്തിലാക്കി തീവച്ചിച്ചു. ഹിഡിംബൻ, ബകൻ, കിൎമ്മീരൻ, ജരാസന്ധൻ, ജീമൂതൻ, (ഒരു മല്ലൻ), കീചകൻ, ദുശ്ശാസനൻ, ദുൎയ്യോധനൻ ഇവരെ ഭീമൻ വധിച്ചു. ഹിഡിംബൻ എന്ന നിശാചരനെ കൊന്നതിന്റെ ശേഷം അവന്റെ സോദരിയായ ഹിഡിംബിയെ ഭീമൻ തന്റെ പത്നിയാക്കി. ദ്രൗപതിയെ കട്ടുകൊണ്ടു പോകുന്നതിനു ശ്രമിച്ച ജയദ്രഥനെ ഭീമൻ വലിച്ചിട്ടു ചവുട്ടി അവമാനിച്ചയച്ചു. ത്രിഗൎത്തരാജാവായ സുശൎമ്മാവിനെ തോല്പിച്ചു. ദുൎയ്യോധനനുമായുള്ള യുദ്ധത്തിൽ ഭീമൻ ക്രമക്കേടു കാണിക്കയാൽ ബലരാമൻ ഭീമനു ജിഹ്മയോധി എന്ന പേർ കൊടുത്തു. യുദ്ധാനന്തരം ധൃതരാഷ്ട്രർ ഭീമനെ കാണണമെന്നു പറഞ്ഞു. കൃഷ്ണനു കാരണം മനസ്സിലായതുകൊണ്ടു് ഒരു ഇരിമ്പുബിംബം ഹാജരാക്കി. ധൃതരാഷ്ട്രർ അതിനെ പിടിച്ചു ഞെക്കിപ്പൊടിച്ചുകളഞ്ഞു. ഭീമനു ദ്രൗപദിയിൽ ശ്രുതസേനനും, ഹിഡിംബിയിൽ ഘടോൽകചനും, കാശിരാജാവിന്റെ പുത്രിയായ ബലന്ധരയിൽ സൎവഗനും ജനിച്ചിട്ടുണ്ടു്. ബാഹുശാലി, ജരാസന്ധജിത്തു് ഇവയും ഭീമന്റെ പേരുകൾ തന്നെ.

[അജ്ഞാതവാസത്തിൽ ഭീമന്റെ ഒരു പേർ 'ജയന്തൻ' എന്നു കാണുന്നു. 'വലലൻ' എന്നതു പ്രസിദ്ധം.]

൨. ജനമേജയനൃപന്റെ ഒരു സോദരൻ.

ഭീമസേനം-ഭീമസേനകൎപ്പൂരം.

കൎപ്പൂരവൃക്ഷം ചൈന, ജപ്പാൻ മുതലായ ദേശങ്ങളിലുണ്ടാകുന്നു. ആകൃതി കുരുവാപോലെ ഇരിക്കും. ഇതിന്റെ തൊലി മുറിച്ചാൽ പുറപ്പെടുന്ന പശ ഉണങ്ങുമ്പോൾ അതത്രേ കൎപ്പൂരം.

ഭീമാ-നാ. ദുൎഗ്ഗയുടെ ഒരു പേർ. ൨. ഗോരോചന ൩, ഒരു നദി.

ഭീമാക്ഷൻ-ഒരു രാക്ഷസാധിപതി.

ഇവനെ കോസലാധിപനായ വസുമനസ്സു കൊന്നു. ഭീമാക്ഷന്റെ പിതാവു ക്ഷേമകൻ. ഇവനെ ദിവോദാസൻ വധിച്ചു.

ഭീരങ്കി-വലിയതോക്ക്. (പീരങ്കി, ബീരങ്കി ഇങ്ങിനേയും കാണുന്നുണ്ടു്).

ഭീരു-വി. ഭയമുള്ള, പേടിച്ച.

ഭീരു-നാ. പേടി സ്വഭാവമുള്ള സ്ത്രീ, ഭയത്തിനുള്ള ഹേതുക്കൾ പൂൎണ്ണങ്ങളല്ലാതിരിക്കുമ്പോഴും ഭയപ്പെടുന്നവൾ. ൨. വെള്ളി. ൩. ആട്ടിൻപെട. ൪. ശതാവരി. ൫. കണ്ടകാരിച്ചുണ്ട. ൬. കുറുക്കൻ. ൭. കടുവാ.

ഭീരുക-വി. ഭയമുള്ള.

ഭീരു(ക)ം-നാ. കടുവാ. ൨. നീലക്കരിമ്പ്.

ഭീരുകം-നാ. മരക്കൂട്ടം, കാട്. ൨. മൂങ്ങാ. ൩. കരടി.

ഭീരു(കൻ)-കുറുക്കൻ.

ഭീരുകൻ-പേടിയുള്ളവൻ.

ഭീരുത, ഭീരുത്വം-ഭയം.

ഭീരുഹൃദയം-മാൻ.

ഭീലുക-വി. പേടിയുള്ള.

ഭീലു(ലൂ)കം-കരടി.

ഭീഷണ-വി. ഭയങ്കരത്വമുള്ള.

ഭീഷണം-നാ. ഭയം. ൨. ഈന്തപ്പന. ൩. കുന്തുരുക്കം. ൪. ഈന്തിൽ. ൫. പ്രാവ്.

ഭീഷണൻ-നാ. ഭയങ്കരൻ. ൨. ശിവൻ.

ഭീഷണി-വ്യാജം പറഞ്ഞും മറ്റും ഭയപ്പെടുത്തുക.

ഭീഷണിക്കാരൻ-ശക്തിയില്ലാതെ വൃഥാ ജംഭംകാണിച്ചും മററും ഭയപ്പെടുത്തുന്നവൻ.

ഭീഷിത-വി. പേടിപ്പിക്കപ്പെട്ട.

ഭീഷ്മ-വി. ഭയത്തെ ഉണ്ടാക്കുന്ന, ഭയങ്കര.

ഭീഷ്മജനനി-ഗംഗാനദി.

ഭീഷ്മം-ന. ഭയം. വ. ഭാരതത്തിലെ ഒരു പർവ്വം.

ഭീഷ്മൻ-പു. ശിവൻ. വ. ശന്തനു എന്ന രാജാവിനു ഗംഗയിൽ ജനിച്ച പുത്രൻ. ഭയങ്കരൻ എന്നർത്ഥം.

ഭീഷ്മർ— മഹാഭിഷക് എന്ന സൂര്യവംശരാജാവു ബ്രഹ്മസദസ്സിൽ വെച്ച് ഗംഗാദേവിയെ പ്രേമത്തോടെ നോക്കിയതിനാൽ ബ്രഹ്മാവ് ശപിച്ചു. അതു നിമിത്തം ഗംഗയും, ഇതിനടുത്ത കാലത്തു വസിഷ്ഠന്റെ ശാപം ഹേതുവായിട്ട് അഷ്ടവസുക്കളും ഭൂമിയിൽ ജനിക്കേണ്ടതായി വന്നു. ഈ രണ്ടു കാര്യങ്ങളും ഒന്നിച്ചു നിറവേററുന്നതിന് അഷ്ടവസുക്കളുടെ അപേക്ഷപ്രകാരം ഗംഗാദേവി ശന്തനുവിന്റെ ഭാര്യയായി ഭവിച്ചു അനന്തരം അഷ്ടവസുക്കളുടെ അംശങ്ങൾ ഒന്നായി വഹിച്ചുള്ള ഭീഷ്മർ എന്ന മകനെ ഗംഗ പ്രസവിച്ചു. തന്റെയും പുത്രന്റെയും വാസ്തവങ്ങളെല്ലാം രാജാവിനെ ധരിപ്പിച്ചു മറഞ്ഞ ദേവിയുടെ വാക്കനുസരിച്ച് ഭീഷ്മരുടെ വിദ്യാഭ്യാസം പൂർത്തിയാക്കിയതിൽപിന്നീട് ഭീഷ്മരെ ദേവിതന്നെ രാജസന്നിധിയിലാക്കി. പിന്നീടു മൂന്നുരാജാക്കന്മാരുടെ തലമുറയോളം കാലം നിത്യബ്രഹ്മചാരിയായ ഭീഷ്മർ കുരുവംശരാജാക്കന്മാരുടെ ഒരു രക്ഷകന്റെ സ്ഥാനത്തിൽ വാണു. അംബ, അംബിക, അംബാലിക ഈ മൂന്നു പേരും കാശിരാജാവിന്റെ പുത്രികളാണ്. അംബികയും അംബാലികയും വിചിത്രവീര്യന്റെ ഭാര്യമാരാകുന്നു. ഇവരുടെ ജ്യേഷ്ഠസഹോദരിയായ അംബ സാല്വനെ ഭർത്താവായി കിട്ടാത്ത ഇച്ഛാഭംഗം നിമിത്തം ഭീഷ്മരോട് ഭർത്താവാകണമെന്നു പ്രാർത്ഥിച്ചു. അദ്ദേഹം അതിനെ സ്വീകരിച്ചില്ല. അതുകൊണ്ടുള്ള വിരോധം നിമിത്തം അംബ സുബ്രഹ്മണ്യനെ തപസ്സുചെയ്ത് ഭീഷ്മരെ കൊല്ലുന്നതിന് ഒരു മാല വാങ്ങി. ഇതിനെ അവൾ പാഞ്ചാലരാജ്യത്തിൽ കൊണ്ടിട്ടു. അതു യാജ്ഞസേനി എന്ന രാജപുത്രിക്കു കിട്ടി. ഭീഷ്മരെ ഭയപ്പെട്ട് അവൾ പുറത്താക്കപ്പെട്ടു. അവൾ ഗന്ധർവ്വബലം കൊണ്ട് ശിഖണ്ഡി എന്ന രൂപാന്തരത്തെ അംഗീകരിച്ചു. ഭീഷ്മർക്കു തർപ്പണേച്ഛു, താലകേതു, ശാന്തനവൻ, ഗാംഗേയൻ, നദീജൻ എന്ന നാമധേയങ്ങളുമുണ്ട്. യുദ്ധത്തിൽ ഭീഷ്മർ കൌരവരുടെ ഭാഗം നിന്നു. ദുര്യോധനന്റെ ഉത്സാഹവും പരിഹാസവും നിമിത്തം ഇദ്ദേഹത്തിന് അർജ്ജുനനോടു എതിർക്കേണ്ടിവന്നു. ഭീഷ്മർ നീതിമാനും സുകൃതിയും ഭക്തനും വിശ്വസ്തനുമായിരുന്നു.

ഭീഷ്മകൻ-പു. ശിവൻ. വ. ഗംഗയിൽ ശന്തനുരാജാവിന്റെ ഒരു പുത്രൻ. ന. രുക്മിണിയുടെ പിതാവായ വിദർഭരാജാവ്.

ഭീഷ്മപഞ്ചകം ഒരു മഹാവ്രതം വാസുദേവൻ ധർമ്മപുത്രർക്കും ഭീഷ്മർക്കും ഉപദേശിച്ചതാണ്. കാർത്തികമാസത്തിലെ ശുക്ലൈകാദശി തുടങ്ങി അഞ്ചു ദിവസംകൊണ്ടു അവസാനിക്കും. ഇതിനെ വിഷ്ണുപഞ്ചകം എന്നും പറയും

ഭീഷ്മസൂ-ഗംഗ. ഭീഷ്മരെ പ്രസവിച്ചവൾ എന്നർത്ഥം.

## ഭു

ഭുക്ത-വി. പ്ര. ഭക്ഷിക്കപ്പെട്ട. ഉ. അനു ഭവിക്കപ്പെട്ട.

ഭുക്തം-ചോറ്, ഭുജിക്കപ്പെട്ടതു്.

ഭുക്തശേഷം-ഉച്ഛിഷ്ടം.

ഭുക്തസമുജ്ഝിതം-ഭക്ഷിച്ചു ശേഷിച്ചതു്, എച്ചിൽ. ആദ്യം ഉണ്ടതും പിന്നെ ഉപേക്ഷിച്ചതും എന്നർത്ഥം.

ഭുക്തി-പ്ര. ഭക്ഷിക്ക. ഉ. അനുഭവം.

ഭുക്തിപ്രദം-ചെറുപയറു്.

ഭുഗ്ന-വി. ക്രമമല്ല, വളഞ്ഞ, കുനിഞ്ഞ.

ഭുജഗഭുക്ക്-പ്ര. മയിൽ. ഉ. ഗരുഡൻ.

ഭുജഗഭോജി-മയിൽ.

ഭുജഗം-പാമ്പു്. വളഞ്ഞ ഗമനമുള്ളവൻ, ഉപായത്തിൽ സഞ്ചരിക്കുന്നവൻ ഇങ്ങിനെ അർത്ഥം.

ഭുജംഗത-വേശ്യാഭർത്തൃത്വം.

ഭുജംഗൻ-വിടവൃത്തിയോടുകൂടിയവൻ.

ഭുജംഗപ്രയാതം- ഒരു വൃത്തത്തിന്റെ പേർ.

പാദത്തിൽ പന്ത്രണ്ടു അക്ഷരം വീതം കാണും.

'ക്രമാലൊന്നുനാലേഴുപത്തെന്നിവററിൽ
പ്രമോദപ്രദേ! ലംഘുവാംവന്നുവെന്നാൽ,
പ്രമാണജ്ഞരെല്ലാം ഭുജംഗപ്രയാതാ-
ഖ്യമാം വൃത്തമാണായതെന്നോതിടുന്നു'
(കാന്തവൃത്തം)

ഭുജംഗമാ-പ്ര. പാമ്പു്. ഉ. കാരിയം.

ഭുജംഗം-പ്ര. പാമ്പു്. സർപ്പപര്യായങ്ങളെല്ലാം ആയില്യം നക്ഷത്രത്തിന്റെ പര്യായങ്ങളാകുന്നു. ഉ. ആയില്യം നക്ഷത്രം. ന. എട്ടു് എന്ന അക്കം.

ഭുജംഗവിജൃംഭിതം-ഒരു വൃത്തത്തിന്റെ പേർ.

ഭുജംഗാക്ഷി-ഒരു പച്ചമരുന്നു്, ചിററരത്ത. സർപ്പത്തിന്റെ കണ്ണുപോലെയുള്ള പൂവുള്ളതു് എന്നർത്ഥം.

ഭുജഗാന്തകൻ-കഴുവൻ.

ഭുജംഗേശ്വരൻ-പ്ര. വാസുകി. ഉ. പതഞ്ജലി. ന. ശേഷൻ. ര. പിംഗലമഹർഷി.

ഭുജപത്രം-കടലാസുപോലെ തൊലിയുള്ള ഒരു വൃക്ഷം, പൂതണക്കുവൃക്ഷം.

ഭുജബലം-കൈയൂക്കു്.

ഭുജഭവൻ-ക്ഷത്രിയൻ.

ഭുജം-പ്ര. കൈയു്. പാലിക്കുന്നതു്, ഭക്ഷിക്കുന്നതു് ഇങ്ങിനെ അർത്ഥം. ഉ. ഭുജമരം.

ഭുജവീര്യം-കൈയുടെ ശക്തി.

ഭുജശിരസ്സ്-തോൾ, ചുമല്.

ഭുജാ-പ്ര ഭുജം. ഉ. കൈ.

ഭുജാടോപം-കൈക്കരുത്തു്.

ഭുജാന്തരം-മാറിടം.

ഭുജാന്തരാളം-മാറിടം.

ഭുജി-അഗ്നി.

ഭുജിക്കുന്നു-പ്ര. ഭക്ഷിക്കുന്നു. ഉ. അനുഭവിക്കുന്നു. (കാ. ക്രി. ഭുജിപ്പിക്കുന്നു.)

ഭുജിഷ്യ-ദാസി.

ഭുജിഷ്യൻ-ദാസൻ. സ്വാമിയുടെ ഉച്ഛിഷ്ടത്തെ ഭുജിക്കുന്നവൻ എന്നർത്ഥം.

ഭുഞ്ജാന-വി. പ്ര. ഭക്ഷിക്കുന്ന. ഉ. അനുഭവിക്കുന്ന.

ഭുവനത-രാജ്യം.

ഭുവനപതി-ലോകത്തിന്റെ നാഥൻ.

ഭുവനം-പ്ര. ലോകം. എല്ലാം ഇതിൽ ഉണ്ടാകുന്നതിനാൽ ഈ പേർ വന്നു. ഉ. വെള്ളം. ന്ന. വിക്കപ്പെടുന്നതു് എന്നർത്ഥം. ന. കൊട്ടാരക്കര. ര. സ്വർഗ്ഗം. ഖ പതിനാലു് എന്ന അക്കം. ഝ വാസസ്ഥാനം.

ഭുവനേശ്വരൻ-ലോകങ്ങളുടെ നാഥൻ.

ഭുവനേശ്വരം-നശിച്ചു കിടക്കുന്ന അനേകം ശിവക്ഷേത്രങ്ങളുള്ള ഒറിസയിലെ ഒരു നഗരം.

'ഏകാമ്രകാനനം' എന്നു പേരുണ്ടായിരുന്നു.

ഭുവല്ലോകം-ഭൂമിയ്ക്കുമീതെയുള്ള ഒരു ലോകം, ഭൂമിക്കും സൂൎയ്യനും മദ്ധ്യേയുള്ള സ്ഥലം.

ഭുവിസ്സ്-സമുദ്രം.

ഭുശുണ്ഡി-ഒരായുധം, ചാണ്ടുന്ന ഒരായുധം.

——

## ഭൂ

ഭൂ-ഭൂമി, സ്ഥലം. ഭവിക്കുന്നതു് എന്നൎത്ഥം.

ഭൂകം-൧. ഗുഹ, ൨. ദ്വാരം. ൩. ഇരുട്ടു്.

ഭൂകണ്ണം-ഭൂമിയുടെ നടുവര.

ഭൂകമ്പം-ഭൂമികുലുക്കം.

"ഭൂമിയുടെ ഉൾഭാഗത്തു നിന്നു് എല്ലായ്പ്പോഴും ഉഷ്ണം പോയിക്കൊണ്ടിരിക്കുമ്പോൾ ചില ഭാഗങ്ങൾ ക്രമേണ തണുത്തുവരികയും അങ്ങിനെ തണുക്കുമ്പോൾ ഒരു ദിവസം ആ ഭാഗങ്ങളിൽ പെട്ടെന്നു സങ്കോചം ഉണ്ടാവുകയും ചെയ്യുന്നതാണു്. ഉൾഭാഗത്തിൽ ഒരിടത്തിൽ സങ്കോചമുണ്ടാകുമ്പോൾ അതിനു നേരെ മേലേയുള്ള ഭാഗങ്ങൾക്കു ഒരു ചലനം ഉണ്ടാകുന്നതാണല്ലൊ. ആ ചലനം ആകുന്നു ഭൂകമ്പം." സങ്കോചത്തിൻെറ അവസ്ഥാഭേദംപോലെയിരിക്കും ഭൂകമ്പത്തിൻെറ ഗൌരവം.

ഭൂകശ്യപൻ-വസുദേവർ.

ഭൂകാകം-൧. ചെറിയ കാക്ക. ൨. കരിഞാറൽപക്ഷി.

ഭൂക്ഷിത്തു്-രാജാവു്.

ഭൂഖണ്ഡം-ഭൂഭാഗം (ഏഷ്യാ, യൂറോപ്പു്, ആഫ്രിക്ക, അമേരിക്ക, ഓഷ്യാനിയ ഇങ്ങിനെ ൫).

ഭൂഗർഭൻ-൧. വിഷ്ണു. ൨. ഭവഭൂതി.

ഭൂഗർഭം-ഭൂമിയുടെ ഉൾഭാഗം. (ഭൂഗർഭം ഇന്നും അത്യുഷ്ണമായിരിക്കുന്നു. ഭൂമി കുഴിച്ചു കീഴ്പോട്ടു പോകുമ്പോൾ ചൂടു കൂടിവരുന്നു. തണുപ്പു ഭൂഗർഭത്തിൽ ചെല്ലുന്നില്ല. ഭൂഗർഭം ഘനരൂപത്തിൽ ഇരിക്കാത്തതിൻെറ കാരണം അതാണു്. ഉപരിതലത്തു മാത്രമെ തണുപ്പു സ്പർശിക്കുന്നുള്ളു.)

ഭൂഗർഭശാസ്ത്രം- ഭൂമിക്കുള്ളിലുള്ളവയെപ്പററി പ്രതിപാദിക്കുന്ന ശാസ്ത്രം, ഭൂമിയുടെ ഉള്ളിലുള്ള പലതരം വസ്തുക്കളും കണ്ടുപിടിക്കാനുള്ള ശാസ്ത്രം.

ഭൂഗോളം-ഭൂമി എന്നുള്ള ഉരുണ്ട വസ്തു.

ഭൂഗോളശാസ്ത്രം- ഭൂഗോളത്തെക്കുറിച്ചു പറയുന്ന പുസ്തകം.

ഭൂചക്രം-ഭൂഗോളം.

ഭൂചര-വി. ഭൂമിയിൽ സഞ്ചരിക്കുന്ന.

ഭൂഛത്രം-കൂൺ.

ഭൂഛായ-൧. ഭൂമിയുടെ നിഴൽ. ൨. രാഹു.

ഭൂജ-വി. ഭൂമിയിൽ നിന്നു ജനിച്ച.

ഭൂജം-വൃക്ഷം.

ഭൂജംബു-നിലഞാവൽ.

ഭൂജാത-വി. ഭൂമിയിൽ ജനിച്ച.

ഭൂജാനീശ്വരൻ-൧. ഭൂമിയാകുന്ന ഭാൎയ്യയ്ക്കു നാഥനായുള്ളവൻ, രാജാവു്. ൨. രാജാക്കന്മാരിൽവച്ചു ശ്രേഷ്ഠൻ, രാജാധിരാജൻ.

ഭൂത-വി. ൧. ഉണ്ടായ. ൨. കഴിഞ്ഞ. ൩. ലഭിച്ച. ൪. സത്യമായ.

ഭൂതകാലം-൧. കഴിഞ്ഞ സമയം. ൨. (വ്യാകരണത്തിൽ) കഴിഞ്ഞതിനു ഭൂതകാലം എന്നു പേർ.

ഭൂതകേശം-൧. വയമ്പു്. ൨. ജടാമാഞ്ചി. ഭൂതങ്ങളുടെ കേശത്തോടു തുല്യമായതു് എന്നൎത്ഥം.

ഭൂതക്കണ്ണാടി-എത്രയും ചെറിയ ലോക സാധനങ്ങളെപ്പോലും വലിയ ആകൃതിയിൽ കാണിക്കുന്ന ഒരുതരം കണ്ണാടി. (Mycroscope).

ഭൂതക്കാൽ-വീങ്ങിയ കാൽ.

ഭൂതഘ്നം-൧. ഒട്ടകം. ൨. ഭൂർജ്ജമരം. ൩. വെള്ളുള്ളി.

ഭൂതങ്ങൾ-ദേവയോനികളിൽ ഒരു കൂട്ടർ, ബാലഗ്രഹാദികൾ എന്നർത്ഥം. പിശാചുകൾ, ശാസ്താവിന്റെ ഭൃത്യവർഗ്ഗങ്ങൾ

ഭൂതചാരി-ശിവൻ.

ഭൂതത്താൻ-ഒരുമാതിരി പിശാച്.

ഭൂതദയ-എല്ലാ ജീവികളോടും തോന്നുന്ന അനുകമ്പ, എല്ലാററിനോടുമുള്ള സ്നേഹം.

ഭൂതധാത്രി-ഭൂമി.

ഭൂതനാഥൻ-൧. ശിവൻ. ൨. ശാസ്താവ്

ഭൂതനാശനം-൧. രുദ്രാക്ഷം. ൨. പെരുങ്കായം. ൩. ചേരുമരം. ൪. കടുക്.

ഭൂതപിണ്ഡം- പഞ്ചഭൂതങ്ങളെക്കൊണ്ടുണ്ടാക്കീട്ടുള്ള ശരീരം.

ഭൂതപൂർവ്വം-മുൻപിനാലെ.

ഭൂതപ്രയോഗം-മന്ത്രവാദം, ആഭിചാരം

ഭൂതബാധ -ഭൂതത്തിനെകൊണ്ടുള്ള ഉപദ്രവം.

ഭൂതം-൧. പിശാച്. ൨. ദേവത ൩. ബാധ. ൪. ജനം. ൫. ജന്തു. ൬. ഭവിച്ചത്, കഴിഞ്ഞത്. ൭. വ്യാകരണപ്രകാരം കാലങ്ങളിൽ ഒന്ന്. (കഴിഞ്ഞ കാലം). ൮. യുക്തമായിട്ടുള്ളത്. ൯. പൃഥിവ്യാദി പഞ്ചഭൂതങ്ങൾ. ൰. സത്യം. ൧൧. പ്രാണിമാത്രം.

ഭൂതയജ്ഞം-ചില ഭൂതങ്ങൾക്കായിട്ട് കഴിക്കുന്ന ഒരു ബലി.

പശുക്കൾക്കു പുല്ലുകൊടുക്കുക മുതലായത്. തത്തക്കു പാൽ കൊടുക്കുക, പ്രാവിന്നരികൊടുക്കുക, പൂച്ചക്കു ചോറു കൊടുക്കുക മുതലായതും ഇതിൽ ഉൾപ്പെടും.

ഭൂതലപോടക-ഒരുവക മരുന്ന്.

ഭൂതലം-ഭൂമി.

ഭൂതവാക്ക് — ഭൂതങ്ങളിൽ നിന്നുണ്ടായ ശബ്ദം.

ഭൂതവാസം-താന്നിവൃക്ഷം.

ഭൂതവിദ്യ- പിശാചുക്കളെ പററിയുള്ള ശാസ്ത്രം.

ഭൂതവേശി-൧ വെളുത്ത നൊച്ചി, ഭൂതങ്ങൾ പ്രവേശിക്കുന്നതെന്നർത്ഥം, ൨ വെള്ളച്ചെമന്തി.

ഭൂതസഞ്ചാരം-ഭൂതം ബാധിക്കുക.

ഭൂതസ്ഥാനം-കാവ്.

ഭൂതാങ്കുശം-തുമ്മി, ചെരുപ്പടി. പത്രശാകങ്ങളിൽ ഒന്ന്.

ഇതിന്റെ ഇല തിരുമ്പി മണപ്പിച്ചാൽ തുമ്മും. അതിനാൽ തുമ്മി എന്നു പറയുന്നു. നിലത്തു ചേർന്നു പടരുന്നതിനാൽ ചെരുപ്പടി എന്നു വിളിക്കുന്നു. ഇതു വൃക്ഷമായിട്ടും ലതയായിട്ടും രണ്ടു തരമുണ്ട്.

ഭൂതാത്മാവ്-൧. ബ്രഹ്മാവ്. ൨. ശരീരം. ഭൂതങ്ങളുടെ ആത്മാവ്, ഭൂതങ്ങൾ (പൃഥിവ്യാദികൾ) ആത്മാവായിട്ടുള്ളതു എന്നർത്ഥം.

ഭൂതാവേശം-ഭൂതസഞ്ചാരം.

ഭൂതാവാസം-താന്നി. ഭൂതങ്ങളുടെ വാസസ്ഥാനം എന്നർത്ഥം.

ഭൂതി-൧. ഐശ്വര്യം. വിശേഷേണ ഉണ്ടാകുന്നതു എന്നർത്ഥം. ൨. ഭസ്മം. ൩. സൌഭാഗ്യം. ൪. സമ്പത്ത്. ൫. നാന്മുകപ്പുല്ല്. ൬. വൃദ്ധി. ൭. പൂതണക്കപ്പുല്ല്. ൮. പിച്ചകം.

ഭൂതികം-൧. നിലവേപ്പ്. ൨. കവടപ്പുല്ല്. ൩. പൂതണക്കപ്പുല്ല്. ൪. കിരിയാത്ത ൫ ചെറുകമിഴ്. തന്നത്താൻ മുളച്ചുണ്ടാകുന്നത് എന്നർത്ഥം. ൬. കർപ്പൂരം.

ഭൂതി(തീ)കം-൧ നാന്മുകപ്പുല്ല്. ൨. പൂതണക്കപ്പുല്ല്. ൩. നിലവേപ്പ്. ൪. ചന്ദനം. ൫ കറംശംണി.

ഭൂതേശ്വരൻ, ഭൂതേശ്വരൻ-൧ ശിവൻ ഭൂതങ്ങളുടെ ഈശ്വരൻ എന്നർത്ഥം. ൨. വിഷ്ണു. ൩. ബ്രഹ്മാവ്. സർവ്വ സൃഷ്ടികളുടേയും ഈശ്വരൻ എന്നർത്ഥം.

ഭൂതോദയം-കാരണംകൂടാതെ ഉണ്ടാകുന്ന ഒരു നിശ്ചയം.

ഭൂത്തമം-സ്വർണ്ണം.

ഭൂദാനം-൧ സന്യാസിയുടെ ശവം കുഴിച്ചിടുന്നതിന്ന പറയുന്ന പേർ. ൨. ഭൂമിദാനം.

ഭൂദാരം-പന്നി. ഭൂമിയെ പിളക്കുന്നതു, വിഷ്ണു വരാഹരൂപേണ അവതരിച്ചപ്പോൾ ഭൂമി മാന്തിയായിട്ടുള്ളതു് ഇങ്ങിനെ ശബ്ദാർത്ഥം.

ഭൂദേവൻ-ബ്രാഹ്മണൻ. ഭൂമിയിലെ ദേവൻ എന്നർത്ഥം.

'ഭൂപന്മായങ്ങളോട ദേവപന്മായങ്ങൾ ചേർത്താൽ ബ്രാഹ്മണപന്മായമാകും

ഭൂധരം-പർവ്വതം.

ഭൂധരൻ-൧. രാജാവ്. ൨. ശിവൻ. ൩. കൃഷ്ണൻ.

ഭൂധ്രം-പർവ്വതം

ഭൂനാഗം-ഞാഞ്ഞൂൽ.

ഭൂനിംബം-കിരിയാത്ത. നിലത്തുള്ള വേപ്പ്=കൈപ്പുരസംകൊണ്ടു വേപ്പിനോട തുല്യമായതു ഇങ്ങിനെ ശബ്ദാർത്ഥം. ഭൂനിംബം എന്നതു പുത്തരിച്ചുണ്ടയാണെന്ന് അഭിപ്രായക്കാരുണ്ട്. എന്റെ അന്വേഷണത്തിൽ ഞാൻ അഭിപ്രായത്തോട യോജിക്കുന്നില്ല.

ഭൂപടം-ഭൂമിയുടേയും, ഒരു ദേശത്തിന്റേയും, പല ദേശങ്ങളുടേയും സ്വരൂപം കാണിക്കേണ്ടതിന്ന എഴുതുന്ന ചിത്രം.

ഭൂപതി-൧. രാജാവ്. ൨. ശിവൻ. ൩. ഇന്ദ്രൻ.

ഭൂപദി-൧. വള്ളിമുല്ല. കമ്പിൽ വേരുന്നതു് എന്നർത്ഥം ൨. മല്ലിക.

ഭൂപൻ, ഭൂമിപൻ-രാജാവ്. ഭൂമിയെ പാലിക്കുന്നവൻ എന്നർത്ഥം.

ഭൂപാലൻ-രാജാവ്.

ഭൂപാളം-ഒരു രാഗം.

ഭൂപുത്രൻ, ഭൂസുതൻ-൧. ചൊവ്വാ എന്ന ഗ്രഹം. ൨. നരകാസുരൻ.

ഭൂപുത്രി-സീത.

ഭൂപൃഷ്ഠം-ഭൂതലം, ഭൂമിയുടെ ഉപരിതലം.

ഭൂപ്രദക്ഷിണം-ഭൂമിയുടെ അധികപ്രദേശം തന്റെ വലത്തുവശത്തായിട്ടിരിപ്പാൻ തക്കവണ്ണം ഭൂമിയെ ചുററിനടക്കുക.

ഭൂഭർത്താവ്-൧ രാജാവ്. ൨. ശിവൻ.

ഭൂഭാരം-ഭൂമിയുടെ കനം, ദുഷ്ടന്മാർ വർദ്ധിച്ചാൽ ഭൂമിക്കുണ്ടാകുന്ന കനം.

ഭൂഭുക്-രാജാവ്.

ഭൂഭൃത്ത്-൧. രാജാവ്. ൨. പർവ്വതം. ഭൂമിയെ ഭരിക്കുകകൊണ്ടു ഈ പേർ വന്നു.

ഭൂഭൃന്നിലം-പർവ്വതപ്രദേശം.

ഭൂമണ്ഡലം ഭൂമിക്കു മുഴുവനും കൂടെ പറയുന്ന ഒരു പേർ, ഭൂഗോളം.

ഭൂമാവ്-൧. ബാഹുല്യം. ൨. നേരമ്പോക്ക് ൩. പ്രാഭവം, വലിപ്പം, മഹിമ, ൪. ശക്തി.

ഭൂമ-വി. വളരെയുള്ള, വലിയ.

ഭൂമന്യു-ശകുന്തളയുടെ പുത്രനായ ഭരതനു സുനന്ദയിൽ ഉണ്ടായവൻ.

ഭൂമൻ-ലോകനായകൻ, ശ്രേഷ്ഠൻ.

ഭൂമഹേശ്വരൻ-ശിവൻ.

ഭൂമി-പഞ്ചഭൂതങ്ങളിൽ ഒന്ന്, മനുഷ്യർക്ക് പ്രത്യേകമായുള്ള ഈ ലോകസ്ഥലം.

ഭൂഗോളത്തിന്റെ മുക്കാൽ ഭാഗവും മൂടിക്കിടക്കുന്ന ജലാശയങ്ങൾ നീക്കി അഞ്ചുകോടി ഇരുപതുലക്ഷം ചതുരശ്ര നാഴിക ഭൂമിയുണ്ട്.

൨. ധ്രുവന്റെ ഒരു ഭാര്യയുടെ പേർ.

ഭൂമിക-നാട്യാലങ്കാരം, വേഷം. ആകൃതി, ആടിക്കഴിഞ്ഞവൻതന്നെ രണ്ടാമതും ധരിക്കുന്ന വേഷം.

ഭൂമികല്ക്കി-പു. ഒരുതരം വലിയ തോക്ക്, പീരങ്കി. ൨. ഒരു പക്ഷി.

ഭൂമിജ-വി. ഭൂമിയിൽ നിന്നുണ്ടായ.

ഭൂമിജൻ-ചൊവ്വാ എന്ന ഗ്രഹം.

ഭൂമിജംബുക-നിലഞാവൽ വൃക്ഷം,

ഭൂമിതാലം-ഒരു മരുന്ന്, നിലപ്പന.

ഭൂമിതൈലം-മൺതൈലം

ഭൂമിദേവൻ-ബ്രാഹ്മണൻ.

ഭൂമിദേവി-ഭൂമി, ഭൂമിയുടെ ദേവി.

ഭൂമിനാഥകവി-ഒരു സംസ്കൃതകവിയാണ്. രാമഭദ്രദീക്ഷിതരുടെ ശിഷ്യനും വംശക്കാരനുമാണ്. ശഹജിരാജാവിനെ കുറിച്ചു 'ധർമ്മവിജയം' എന്നൊരു ചമ്പൂകാവ്യമുണ്ടാക്കീട്ടുണ്ട്.

ഭൂമിപടം-ഭൂപടം.

ഭൂമിപാലകൻ-രാജാവ്.

ഭൂമിപാലനം-ഭൂമിയെ രക്ഷിക്ക.

ഭൂമിഭർത്താവ്-രാജാവ്.

ഭൂമിലേപനം-ചാണകം.

ഭൂമിസ്പൃക്-പു. വൈശ്യൻ. ൨. മനുഷ്യൻ.

ഭൂമുഖം-ഭൂമിയുടെ ബാഹ്യഭാഗം. (ഭൂപൃഷ്ഠം); ഭൂമിയുടെ മുകൾവശം.

ഭൂമീന്ദ്രൻ-രാജാവ്.

ഭൂയസ്സ-വി. വളരെയുള്ള, പെരുകിയ.

ഭൂയസ്സ്-അ. കൂടക്കൂടെ, പിന്നെയും പിന്നെയും.

ഭൂയാന്മാർ-ബഹുതരന്മാർ (ഏറ്റവും ബഹുക്കൾ).

ഭൂയിഷ്ഠ-വി. വളരെയുള്ള, അത്യധികമായ, ഏറ്റവും ബഹുവായിരിക്കുന്ന.

ഭൂയോദർശനം-വീണ്ടുമുള്ള കാഴ്ച.

ഭൂരഥൻ-പരമേശ്വരൻ.

'രത്നസാനു വിശിഖാസനൻ ഭൂരഥൻ' (ഭാഗവതം)

ഭൂരി-വി. വളരെയുള്ള, പെരുകിയ.

ഭൂരി-പു. ബ്രഹ്മാവ്. ൨. വിഷ്ണു. ൩. ശിവൻ. ൪. പൊൻ. ൫. സോമദത്തന്റെ പുത്രൻ. ൬. ഇന്ദ്രൻ. ൭. ബ്രാഹ്മണൻ.

ഭൂരി-അ. അധികമായി.

ഭൂരിഗം-കഴുത.

ഭൂരിഗമം-കഴുത.

ഭൂരിതരം-വളരെ അധികമായുള്ള.

ഭൂരിതമം-വളരെവളരെ അധികമായുള്ള.

ഭൂരിപക്ഷം--അധികമാളുകളുടെ അഭിപ്രായം.

ഭൂരിഫേന-ഒരു ചെടി, ചമ്മലന്ത. വളരെ നുരയുള്ളതു എന്നർത്ഥം.

ഭൂരിരസം-കരിമ്പ്.

ഭൂരിപ്രയോഗ-സാധാരണയായ പ്രയോഗം.

ഭൂരിപ്രേമം-ചക്രവാകപ്പക്ഷി.

ഭൂരിമായു(വ്)-കുറുക്കൻ. വികൃതമായ ശബ്ദത്തെ പുറപ്പെടുവിക്കുന്നതു് എന്നർത്ഥം.

**ഭൂരിശ്രവസ്സ്**-സോമദത്തന്റെ ഒരു പുത്രൻ. കൌരവന്മാരുടെ സ്നേഹിതൻ. (സാത്യകി വധിച്ചു )

സോമദത്തന്റെ അച്ഛൻ ബൽഹി (ഹീ)ക രാജ്യത്തെ രാജാവും ശന്തനുവിന്റെ സഹോദരനുമായ ബൽഹി (ഹീ)കൻ എന്നു കാണുന്നു.

**ഭൂരുണ്ഡി**-ഒരു പച്ചമരുന്ന്, വേനപ്പച്ച, വേലിപ്പരുത്തി, നിലത്തു പടൎന്നു കിടക്കുന്നതു് എന്നൎത്ഥം.

**ഭൂരുഹം**-വൃക്ഷം.

**ഭൂരേണു**-പൂഴി, ഭൂമിയിലെ പൊടി.

**ഭൂൎജ്ജം**-പൂതണക്ക വൃക്ഷം. ഭൂമിയാകുന്ന ബലമുള്ളതു്, ഭൂമിയിൽ ജനിച്ചതു് എന്നൎത്ഥം.

ഭൂൎജ്ജവൃക്ഷത്തിന്റെ തൊലിയെ സ്വൎഗ്ഗസ്ത്രീകൾ കാമലേഖനത്തിന്നായി ഉപയോഗിക്കുന്നു.

അധികമായും ഹിമാലയം മുതലായ പൎവ്വതങ്ങളിൽ ഉണ്ടാകുന്നു. ഇതിന്റെ തൊലി ചുരുച്ചു യതികൾ വസ്ത്രമാക്കി ധരിക്കുന്നു.

**ഭൂൎജ്ജപത്രം**-പൂതണക്കവൃക്ഷം.

**ഭൂൎണ്ണി**-പു. ഭൂമി. വ. മണൽക്കാടു്.

**ഭൂലത**-ഞാഞ്ഞൂൽ.

**ഭൂലോകം**-ഭൂമി.

**ഭൂവലയം**-ഭൂമിയുടെ ചുററ്.

**ഭൂവാസികൾ**-മനുഷ്യർ.

**ഭൂവാഹനൻ**-ശിവൻ.

**ഭൂഷ, ഭൂഷണം**-ആഭരണം, അലങ്കാരം, മോതിരവും മററും. ഭേക്ഷണം > < ഭൂഷണം.

**ഭൂഷണചതുഷ്ടയം**- അലങ്കാരചതുഷ്ടയം തന്നെ.

**ഭൂഷണത്രയം**-ദാനം (കൈയ്യിന്നു), സത്യം (കണ്ഠത്തിന്നു), ശാസ്ത്രം (കൎണ്ണത്തിന്നു).

**ഭൂഷണൻ**-വിഷ്ണു.

**ഭൂഷിത**-വി. അലങ്കരിയ്ക്കപ്പെട്ട.

**ഭൂഷിതം**-പു. അലങ്കരിക്കപ്പെട്ടതു്. വ. വ. അഴിഞ്ഞിൽ.

**ഭൂഷ്ണു**-വി. ഭവിക്കുന്ന, ഉണ്ടാകുന്ന.

**ഭൂഷ്യം**-അലങ്കരിക്കപ്പെടേണ്ടതു് (അലങ്കാൎയ്യം)

**ഭൂസുത**-സീത.

**ഭൂസുതൻ**-പു. ചൊവ്വ, ഭൂമിയുടെ പുത്രൻ. വ. നരകാസുരൻ.

**ഭൂസുരൻ**-ബ്രാഹ്മണൻ.

**ഭൂസ്തൃണം**--പൂതണക്കപ്പുല്ലു്.

**ഭൂസ്വൎഗ്ഗം**-മഹാമേരു.

## ഭൃ

**ഭൃകുടി**-കോപം അസൂയ മുതലായതു നിമിത്തം പുരികം വളയ്ക്കുക. (ഭ്രുകടി, ഭ്രൂകടി.)

**ഭൃകുംസൻ**-സ്ത്രീവേഷം കെട്ടിയ ആട്ടക്കാരൻ.

സ്ത്രീവേഷം കെട്ടിയ സ്ത്രീക്കു് ഈ പദം യോജിക്കുന്നതല്ല.

(ഭ്രുകുംസൻ, ഭ്രൂകുംസൻ.)

**ഭൃഗു**-പു. ഒരു മഹൎഷി. വേധാവിന്റെ മകൻ. (ഭൃഗുവിന്റെ മകൻ ച്യവനൻ).

ഭൃഗു ബ്രഹ്മാവിന്റെ ഹൃദയത്തിൽ നിന്നാണു് ജനിച്ചതു്.

ഭൃഗു ഒരു പ്രജാപതിയും മഹൎഷിയുമാണു്. ജമദഗ്നിയുടെയും പരശുരാമന്റെയും ഭാൎഗ്ഗവകുലം സ്ഥാപിച്ചു. ദക്ഷയാഗത്തിൽ പുരോഹിതനായിരുന്നു. അന്നു വേണ്ടുവോളം കഷ്ടത അനുഭവിച്ചു. ഭൃഗു നഹുഷനെ ശപിച്ചു സൎപ്പമാക്കി.

നഹുഷൻ തന്റെ രഥം വഹിച്ചുകൊണ്ടുപോയ അഗസ്ത്യമഹർഷിയെ ചവുട്ടിയപ്പോൾ ആ മഹർഷിയുടെ ജടയിൽ ഒളിച്ചിരുന്നാണ് ഇങ്ങിനെ ചെയ്തതു്. പത്മപുരാണത്തിൽ താഴെ പറയുന്നപ്രകാരം കാണുന്നുണ്ട്. ഒരു യാഗത്തിൽ കൂടിവന്നിരുന്ന ഋഷിമാർ ത്രിമൂർത്തികളിൽ ആരാണ് പൂജ്യയോഗ്യനെന്നു തമ്മിൽ വാദംതുടങ്ങി. ഇതിനെ പരീക്ഷിച്ചു തീർച്ചയാക്കിവരുവാൻ ഭൃഗുവിനെ നിയമിച്ചു. ആദ്യം അദ്ദേഹം ശിവനെ പ്രാപിച്ചു. ശിവൻ പത്നീസമേതം ഇരിക്കുന്നതിനാൽ കാണാൻ തരംകൊടുത്തില്ല. അതിനാൽ ഭൃഗു ശിവനെ ലിംഗരൂപനാകട്ടെ എന്നും സജ്ജനങ്ങളാൽ നിന്ദിതനാകട്ടെ എന്നും ശപിച്ചു. പിന്നീടു ഭൃഗു ബ്രഹ്മാവിന്റെ അടുക്കൽ ചെന്നു. അദ്ദേഹം അനേകം ഋഷികളുടെ മദ്ധ്യേ വലിയ പ്രതാപത്തോടുകൂടി തന്നെ ഗണിക്കാതെ ഇരിക്കുന്നതു കണ്ടിട്ട് ബ്രാഹ്മണരുടെ പൂജക്കു അനർഹനെന്നു ശപിച്ചു. തദനന്തരം ഭൃഗു വിഷ്ണുവിന്റെ സന്നിധിയിൽ ചെന്നു. അപ്പോൾ അദ്ദേഹം പള്ളിനിദ്രയിലായിരുന്നു, മടിയനെന്നു കണ്ടു ഭൃഗു കോപിച്ചു ഇടത്തെ കാൽകൊണ്ടു് വിഷ്ണുവിന്റെ നെഞ്ഞിൽ ചവുട്ടി. ഉടൻ വിഷ്ണു ഉണർന്ന് സന്തോഷത്തോടെ ഭൃഗുവിന്റെ കാൽ തടവീട്ടു വേദനയുണ്ടായോ എന്നു ചോദിച്ചു. ഇതിൽ ഭൃഗു സന്തുഷ്ടചിത്തനായി സൽഗുണമൂർത്തിയായ വിഷ്ണുതന്നെ സാക്ഷാൽ ദൈവമെന്നും പൂജാർഹനെന്നും തീർച്ചപ്പെടുത്തി ഋഷികളെ ധരിപ്പിച്ചു. അവരും ഈ അഭിപ്രായത്തെ പൂർണ്ണമായി സമ്മതിച്ചു.

൨. ശിവൻ. ൩. ശുക്രൻ. ൪. പരശുരാമന്റെ അച്ഛൻ, ജമദഗ്നി; ൫. മലയുടെ ചെരിവ്. സൂര്യകിരണം കാട്ടുതീയ്യ് ഇവയാൽ തപിപ്പിക്കപ്പെടുന്നതു് എന്നർത്ഥം. ൬. മലമുകൾ ൭ കൃഷ്ണൻ. വ്യ. വെള്ളിയാഴ്ച.

ഭൃഗുനന്ദനൻ-പരശുരാമൻ.

ഭൃഗുപതി-പരശുരാമൻ.

ഭൃഗുവാസരം-വെള്ളിയാഴ്ച.

ഭൃഗുശാർദ്ദൂലൻ-പരശുരാമൻ.

ഭൃഗുശ്രേഷ്ഠൻ-പരശുരാമൻ.

ഭൃഗുസത്തമൻ-പരശുരാമൻ.

ഭൃഗുസുതൻ-പരശുരാമൻ.

ഭൃംഗം-൧. വണ്ട്. കറുപ്പുനിറത്തെ ഭരിക്കുന്നതു് എന്നർത്ഥം. ൨. ഇലവങ്ങം, രോഗികളെ ഭരിക്കുന്നതു് എന്നർത്ഥം. ൩. ഒരു പക്ഷി, ചെറുകരികിൽ. ൪. കയ്യോന്നി. ൫. വേട്ടാവളിയൻ. ൬. പൊൻകിണ്ടി. ൭. കട്ടമച്ചാത്തൻ. വണ്ടിനെപ്പോലെ കറുത്തതു് എന്നർത്ഥം; കലത്തെ ഭരിക്കുന്നതു് എന്നുമാവാം. വ്യ. അളകം.

ഭൃംഗ(ക)ം-കട്ടമച്ചാത്തൻ.

ഭൃംഗരജസ്സ്-കയ്യോന്നി, കഞ്ഞുണ്ണി, കയ്യുണ്ണം.

ഭൃംഗരാജം-൧. കയ്യന്യം, വണ്ടിനെപ്പോലെ ശോഭിക്കുന്നതു് എന്നർത്ഥം. ൨. ഒരു പക്ഷി. ൩. വണ്ട്. ൪. ഒരു പ്രധാന ബലി.

ഭൃംഗാനന്ദാ-കറുമുഴി.

ഭൃംഗാര(ക)ം—പൊൻപിടിമൊന്ത, പൊൻകിണ്ടി, ക്രമ. ജലത്തെ ഭരിക്കുന്നതു് എന്നർത്ഥം. (പാഠം-ഭൃംഗാരു).

ഭൃംഗാരം-൧. സ്വർണ്ണം. ൨. ഇലവങ്ങപ്പൂവ്. ൩. കയ്യോന്നി.

ഭൃംഗാരാമം-വണ്ടുകൾക്കുള്ള പൂന്തോട്ടം.

ഭൃംഗാരി-ചീവീട്, ചിവിട്, ചിലവൂട് എന്നു തമിഴ്. വണ്ടിന്റെ സാദൃശ്യത്തെ ഗമിക്കുന്നതു് എന്നർത്ഥം.

ഭൃംഗാവലി-വണ്ടിനം.

ഭൃംഗി-൧. പെരാല്. ൨. അതിവിടയം.

ഭൃംഗി, ഭൃംഗിരിടി-ശിവപാരിഷദന്മാരിൽ ഒരുത്തൻ.

ഭൃഗുതുംഗം-ഒരു പുണ്യസ്ഥലം.

ഭൃത-വി. ൧. കൂലിയ്ക്കു വാങ്ങിക്കപ്പെട്ട. ൨. താങ്ങപ്പെട്ട. ൩. നിറയ്ക്കപ്പെട്ട.

ഭൃതക-വി. കൂലിക്കുവാങ്ങിയ.

ഭൃത(ക)ൻ-൧. ഭൃത്യൻ. ൨. കൂലിവേലക്കാരൻ.

ഭൃതകൻ-ശമ്പളംവാങ്ങി പണിയെടുത്ത് ഉപജീവിക്കുന്ന വേലക്കാരൻ. ഭരിക്കപ്പെടുന്നവൻ എന്നർത്ഥം.

ഭൃതി-൧. കൂലി, ശമ്പളം. ൨. രക്ഷണം ൩. മുതൽ, ദ്രവ്യം. ൪. ആഹാരം. ൫. വാടക.

ഭൃതിഭുക്-വേലക്കാരൻ.

ഭൃത്യ-വി. ഭരിക്കപ്പെടുവാൻ തക്ക.

ഭൃത്യ-കൂലി, ശമ്പളം. വേലക്കാരന്മാർ ഇതുകൊണ്ടു ഭരിക്കപ്പെടുന്നതിനാൽ ഈ പേർ വന്നു.

ഭൃത്യത്വം, ഭൃത്യത-ദാസവേല.

ഭൃത്യൻ-ആശ്രിതൻ, ദാസൻ. (ഭൃത്യത്വം, ഭൃത്യത-നാമം). മററു പര്യായങ്ങൾ-ദാസേയൻ, ദാസേരൻ, ദാസൻ, ഗോപ്യകൻ, ചേടകൻ, നിയോജ്യൻ, കിങ്കരൻ, പ്രൈഷ്യൻ, ഭുജിഷ്യൻ, പരിചാരകൻ.

ഭൃത്യഭൃത്ത്-യജമാനൻ, ഗൃഹസ്ഥൻ.

ഭൃത്യവൃത്തി-ഭൃത്യന്റെ വേലയോ അവസ്ഥയോ.

ഭൃശ-വി. അധികമായ, ഏറിയ.

ഭൃശം-അ. ഏററവും.

'ഭൃശം ഗതോസിനൂനമാംപദം'
(നളചരിതം കഥകളി)

ഭൃഷ്ട-വി. വറുക്കപ്പെട്ട.

ഭൃഷ്ടയവം-൧. യവം വറുത്തുപൊടിച്ചതു്. ൨. അരി മുതലായതു വറുത്തു പൊടിച്ചതു്.

## ഭേ

ഭേകം-൧. തവള. ഭയപ്പെടുന്നതു്, ഭയപ്പെടുത്തുന്നതു് ഇങ്ങിനെ ശബ്ദാർത്ഥങ്ങൾ ൨. കറിയാട്ട്. ൩. മുത്തങ്ങ.

ഭേകഭുക്ക്-പാമ്പ്.

ഭേകവര്‍ണ്ണി-കടങ്ങൽ.

ഭേകി-൧. പെൺതവള. ൨. തവളക്കുഞ്ഞു്. ൩. ചെറിയ ബ്രഹ്മി.

ഭേഡം-കറിയാട്ട്.

ഭേത്താവ്-കലഹമുണ്ടാക്കുന്നവൻ, ഭേദിപ്പിക്കുന്നവൻ.

ഭേത്തൃ-വി. ഭേദിപ്പിക്കുന്ന, വിരോധിക്കുന്ന.

ഭേദകം-(വ്യാകരണത്തിൽ) ഒരു ശബ്ദത്തിന്റെ അർത്ഥത്തെ ഭേദിപ്പിക്കുന്ന (വിശേഷിപ്പിക്കുന്ന) സംജ്ഞ. (ഭേദകം = വിശേഷണം).

ഭേദകാതിശയോക്തി-ഒരലങ്കാരം.

ഭേദകാനുപ്രയോഗം—(വ്യാകരണത്തിൽ) ധാതുവിന്റെ സ്വാർത്ഥത്തിൽ ചില വിശേഷാംശങ്ങളെ ചേർക്കുന്നതു്.

ഭേദഗതി-തുല്യമല്ലാതെയുള്ള അവസ്ഥ, വ്യത്യാസം.

ഭേദത്രയം-സജാതീയം, വിജാതീയം, സ്വഗതം.

ഭേദനം-നാ. ഭേദിപ്പിക്കുക, കലഹമുണ്ടാക്കുക. ൨. പെരുങ്കായം. ൩. ഞെരിഞ്ഞാമ്പുളി. ൪. പന്നി.

ഭേദം-നാ. വ്യത്യാസം. ൨. ചീന്തൽ, പിളർക്കുക. ൩. പങ്കുവെക്കുക. ൪. ഭിന്നിപ്പ്. ൫. സ്ഥിതി. ൬. നാലുപായങ്ങളിൽ ഒന്ന്.

പരസ്പരം സ്നേഹിച്ചുകൊണ്ടു തന്നെ ദ്രോഹിക്കുന്ന രണ്ടു ശത്രുക്കളെ തങ്ങളിൽ ഭിന്നിപ്പിക്കയും തരമുണ്ടെങ്കിൽ അവരിൽ ഒരുവനെ തനിക്കധീനനാക്കിത്തീർക്കയും ചെയ്യുന്നതു ഭേദോപായം. ഭേദോപായത്തിന്റെ മറ്റൊരു പര്യായം-ഉപജാപം.

ഭേദാഭേദഃ-വ്യത്യാസവും വ്യത്യാസമില്ലായ്കയും, ഉള്ളിലുള്ള സംഗതികളെ തരംതിരിച്ചറിയിക്കത്തക്ക സ്ഥിതി.

ഭേദി-നാ. ഇളക്കുന്നത്, കലക്കുന്നത്. ൨. മലശോധന, ൩. ഞെരിഞ്ഞാമ്പുളി.

ഭേദിക്കുന്നു-നാ. വേർപിരിയുന്നു. ൨. പിളരുന്നു. ൩. വ്യത്യാസം വരുന്നു. ൪. അകലുന്നു.

ഭേദിത-വി. ഭേദിപ്പിക്കപ്പെട്ട, പിളർക്കപ്പെട്ട.

ഭേദിനി-കരിഞ്ചീരകം.

ഭേദ്യ-വി. ഭേദിപ്പിക്കപ്പെടുവാൻ തക്ക.

ഭേരി-ഒരു വലിയ വാദ്യം, പെരുമ്പറ. ശത്രുക്കൾക്ക് ഭയത്തെ കൊടുക്കുന്നത് എന്നർത്ഥം.

ഭേരുണ്ഡ-വി. ഭയങ്കരത്വമുള്ള.

ഭേരുണ്ഡൻ- ശിവന്റെ ആകൃതിഭേദം കൊണ്ടുണ്ടായ ഒരു പേർ.

ഭേരുണ്ഡം-ഉല്പാദനം.

ഭേരുണ്ഡാ-ദുർഗ്ഗയുടെ ദാസികളിൽ ഒന്ന്.

ഭേഷജപ്പെടുത്തുക-ഭയപ്പെടുത്തുക.

ഭേഷജം-ഔഷധം, മരുന്ന്. ഭേഷത്തെ (രോഗത്തെ) ജയിക്കുന്നത് എന്നർത്ഥം.

ഭേഷജാംഗം-മരുന്നു കലക്കി സേവിക്കുന്നതിനുള്ള തേൻ പാൽ മുതലായവ.

ഭേഷം-നാ. ഭയപ്പെടുത്തുന്നത്. ൨. രോഗം.

---

## ഭൈ

ഭൈക്ഷം-നാ. ഭിക്ഷാവസ്തു, ഇരന്നു കിട്ടിയ സാധനം. ൨. ഭിക്ഷയുടെ സമൂഹം.

ഭൈമസേനി(ന്യൻ)-ഭീമസേനന്റെ പുത്രൻ.

ഭൈമി- ദമയന്തി, ഭീമരാജാവിന്റെ മകൾ.

ഭൈരവ-വി. ഭയത്തെ ഉണ്ടാക്കുന്ന, ഭയങ്കര.

ഭൈരവം-ഭയം. ഭീരുവിനെ ബാധിക്കുന്നത് എന്നർത്ഥം.

ഭൈരവൻ-നാ. ശിവൻ. ൨. ഭയങ്കരൻ. ൩. ചുടലദേവതയായ ശൈവമൂർത്തി. (ഭൈരവദേവന്റെ ദൂതന്മാർ പട്ടികളാകുന്നു.)

ഭൈരവമാതൃകകൾ-ശിവന്റെ രൂപാന്തരങ്ങളായ എട്ടു ഭൈരവന്മാരും ഏഴു ബ്രാഹ്മ്യാദി മാതാക്കളും.

ഭൈരവി-നാ. കാളിയുടെ ഒരു പേർ. ൨. ഒരു രാഗം. ൩. ഭയങ്കരി. ൪. ചാമുണ്ഡാദേവി.

ഭൈഷജം- നാ. ഔഷധം. ൨. കാടപ്പക്ഷി.

ഭൈഷജ്യം-നാ. ഔഷധം ൨. ചികിത്സ.

---

## ഭോ

ഭോ-അ. ഇതു, 'എടൊ', 'ഹെ', അല്ല യോ എന്നുള്ളവയ്ക്കുപകരം ചേൎക്കുന്നതു്.

ഭോക്തവ്യ-വി. പ്ര. അനുഭവിപ്പാനുള്ള ദ്വ. ഭക്ഷിക്കപ്പെടുവാനുള്ള.

ഭോക്താവു്-പ്ര. ഭൎത്താവു്. ദ്വ. രാജാവു്. തൃ. അനുഭവിക്കുന്നവൻ. ച. വിഷ്ണു.

ഭോക്തുകാമ-വി. പ്ര. ഭക്ഷിപ്പാനാഗ്രഹമുള്ള ദ്വ. ഭുജിപ്പാനാഗ്രഹമുള്ള. തൃ. അനുഭവിപ്പാനാഗ്രഹമുള്ള.

ഭോക്തൃ-വി. പ്ര. ഭക്ഷിക്കുന്ന. ദ്വ. അനുഭവിക്കുന്ന.

ഭോക്തൃത്വം-അനുഭവം.

ഭോജ്യം-ഭുജിക്കപ്പെടേണ്ടതു്.

ഭോഗം-പ്ര. സന്തോഷം, സുഖാനുഭവം. ദ്വ. സമ്പത്തു്. തൃ. ക്രിയ. ച. പാമ്പിന്റെ പത്തി. പ. പാമ്പിന്റെ ഉടൽ. ഷ. അണിയായി നില്ക്കുന്ന സൈന്യം. സ. വേശ്യമാർ മുതലായവൎക്കു കൊടുക്കുന്ന ധനം മുതലായവ. അ. സ്ത്രീകൾ ഹസ്ത്യശ്വാദികൾ ഇവരെ ഭരിക്കുന്നതു്. ഭുജിക്കപ്പെടുന്നതു്, ഭുജിക്കുന്നതു് ഇങ്ങിനെ ശബ്ദാൎത്ഥം.

ഭോഗധരം-സൎപ്പം.

ഭോഗപതി-ഒരു ഡിസ്ത്രിക്ടിലെ ഭരണാധികാരി, ഗവൎണ്ണർ.

ഭോഗപാലൻ-ഭയൌവ്വനമുള്ളവൻ, മണവാളൻ.

ഭോഗഭൂമി-സ്വൎഗ്ഗം.

ഭോഗലാഭം-പലിശ.

ഭോഗലോല-വി. ഭോഗത്തിങ്കൽ താല്പൎയ്യമുള്ള.

ഭോഗലോലുപ-വി. സുഖത്തിങ്കൽ ആഗ്രഹമുള്ള.

ഭോഗവതി-പ്ര. നാഗങ്ങളുടെ നഗരം. നാഗലോകത്തിലെ പ്രധാന സ്ഥലം. (പുൽകാരി എന്നും പേരുണ്ടു്).

ഭോഗവതി എന്നതു പാതാളത്തിൽ സൎപ്പങ്ങളുടെ നഗരമാണു്. ഇതിന്റെ മുകളിലായിരുന്നു ദ്വാരകയുടെ സ്ഥിതി. ദ്വ. പാതാളനദി, പാതാളഗംഗാ. സുഖമുള്ളതു് എന്നു ശബ്ദാൎത്ഥം. തൃ. പുഴ മുഞ്ഞ.

ഭോഗവ്യൂഹം-യുദ്ധത്തിങ്കൽ വ്യൂഹത്തിനു ദണ്ഡാദികളായ ഭേദങ്ങൾ ഉള്ളവയിൽ ഒന്നു്.

ഭോഗശീല-വി. ഭോഗത്തിങ്കൽ ശീലമുള്ള, സുഖത്തിങ്കൽ ആഗ്രഹമുള്ള.

ഭോഗി-വി. ഭോഗമുള്ള, അനുഭവിക്കുന്ന.

ഭോഗി-പ്ര. സൎപ്പം. ഫണമുള്ളവൻ എന്നൎത്ഥം. വളഞ്ഞു നടക്കുന്നവൻ എന്നുമാവാം. ദ്വ. രാജാവു്. തൃ. നാവിതാളി. ച. ക്ഷൌരക്കാരൻ. പ. ഗ്രാമത്തിൽ പ്രധാനി. ഷ. (മ) പോണൻ.

ഭോഗികൻ-കുതിരക്കാരൻ.

ഭോഗിക്കുന്നു-സുഖം അനുഭവിക്കുന്നു.

ഭോഗിനി-പ്ര. രാജാവിന്റെ വെപ്പാട്ടി. ദ്വ. വെപ്പാട്ടി. മഹിഷിയൊഴിച്ചു ബാക്കിയുള്ള രാജസ്ത്രീ. വളരെ സുഖാനുഭവം ഉള്ളവൾ എന്നൎത്ഥം.

'വിഹായമഹിഷീമന്യ-
രാജയോഷിതി ഭോഗിനി'

(മേദിനി)

തൃ. നാഗങ്ങളുടെ തലസ്ഥാനം.

ഭോഗിഭുക്കു്-മയിൽ.

ഭോഗീശൻ-സൎപ്പരാജൻ, അനന്തൻ.

ഭോഗേച്ഛ-സുഖതല്പരത.

ഭോഗ്യ-വി. ഭോഗിപ്പാൻ തക്ക, അനുഭവിപ്പാൻ തക്ക.

ഭോഗ്യ-വ്യഭിചാരിണി.

ഭോഗ്യം-ന. സമ്പത്തു്. ൨. ധാന്യം.

ഭോജകൻ-ഭുജിക്കുന്നവൻ.

ഭോജൻ-പു. മഹാവിദ്വാനായിട്ടു ഉജ്ജയിനിയിൽ പണ്ടുണ്ടായിരുന്ന ഒരു രാജാവു്, ഭോജരാജൻ.

ഈ മഹാൻ വിദ്വൽകല്പവൃക്ഷമാണു്. പത്താം ശതാബ്ദത്തിന്റെ ഒടുവിൽ ജീവിച്ചിരുന്നു. ഭോജപ്രബന്ധം നോക്കുക.

൨. വിദൎഭരാജാവു്.

ഭോജന്മാർ-യദുവിന്റെ പരമ്പര.

ഭോജനൻ-പു. ശിവൻ. ൨. വിഷ്ണു.

ഭോജപ്രബന്ധം – ഭോജരാജാവിന്റെ ചരിത്രം അടങ്ങിയ ഒരു ഗ്രന്ഥം. (കവി-ബല്ലാളൻ.)

ഭോജനപ്രിയ-വി. ഭക്ഷണത്തിൽ അധികം ഇഷ്ടമുള്ള.

ഭോജനം-ന. ഭക്ഷണം. ൨. വസ്തു, ധനം. ൩. അനുഭവം.

ഭോജനത്തിന്റെ രുചി പ്രധാനമായി ആശ്രയിച്ചു നില്ക്കുന്നതു് പദാൎത്ഥങ്ങളെ അല്ല, പാകഭേദത്തെയാണു്.

ഭോജനസാധനം-ഭക്ഷണവസ്തു.

ഭോജം-ഭാരതഖണ്ഡത്തിൽ അൻപത്താറു മഹാരാജ്യങ്ങളും ഉള്ളതിൽ ഒന്നു്.

ഭോജവൎഷം— പഠൻര-കക പുരുഷൻ-പുത്രം.

ഭോജാധിപൻ-പു. കംസൻ. ൨. കൎണ്ണൻ.

ഭോജി-വി. ഭുജിക്കുന്ന.

ഭോജിനി-ഭുജിക്കുന്നവൾ.

ഭോജ്യ-വി. ഭുജിക്കപ്പെടുവാൻ തക്ക.

ഭോജ്യം-ഭക്ഷിപ്പാനുള്ള സാധനം.

ഭോജ്യസംഭവം-ഭക്ഷിച്ച വസ്തുവിന്റെ സാരം.

ഭോലി-ഒട്ടകം.

ഭോഷത്തം-ഭോഷന്റെ സ്ഥിതി.

ഭോഷത്തരം-ഭോഷന്റെ അവസ്ഥ, ഭോഷത്തം, ബുദ്ധിക്കുറവു് മറവും.

ഭോഷത്വം-ഭോഷന്റെ സ്വഭാവം.

ഭോഷൻ-ബുദ്ധിയില്ലാത്തവൻ. (ഇതാണു് പോഴൻ എന്നായതു്).

ഭോഷ്ക്കു്-അസത്യം, വ്യാജം, നുണ.

ഭോഷ്കാരം-കീറംശബ്ദം.

ഭോസ്സ്-അ. സംസ്കൃതത്തിൽ 'ഹെ' 'എടാ' 'അല്ലയോ' എന്നും മറവും പറയേണ്ടുന്നതിനു പകരം കൂട്ടിപറയുന്നതു്.

ഭൌ

ഭൌതിക-വി. ഭൂതസംബന്ധമുള്ള, പിശാചാദികളെ സംബന്ധിച്ചുണ്ടായ.

ഭൌതികൻ-ശിവൻ.

ഭൌതികപിണ്ഡം-പഞ്ചഭൂതനിൎമ്മിതമായ ശരീരം.

ഭൌതികം-ചേരുമരം.

ഭൌത്യൻ-പതിന്നാലാമത്തെ മനു.

ഭൌമ-വി. ഭൂമിയെ സംബന്ധിച്ച.

ഭൌമൻ-പു. ചൊവ്വാ, ഭൂമിയുടെ പുത്രൻ എന്നൎത്ഥം. ൨. നരകാസുരൻ. ൩. അത്രി.

ഭൌമരത്നം-പവിഴം.

ഭൌമാ-മൂവില.

ഭൌമം-ഉവരുപ്പു്.

ഭൌമി-സീത.

ഭൌമികം-ഭൂമിയെ സംബന്ധിച്ചതു്.

ഭൌരികൻ-സ്വൎണ്ണഭണ്ഡാരത്തിൽ അധികാരമുള്ളവൻ, മുതൽപിടിക്കാരൻ. വലരെ സ്വൎണ്ണത്തിൽ നിയോഗിക്കപ്പെട്ടവൻ എന്നൎത്ഥം.

## ഭ്ര

ഭ്രുകുടി, ഭ്രൂകുടി, ഭ്രൂകുടി-കോട്ടുനെരമ്പ്. കോപം അസൂയ മുതലായതു ഹേതുവായിട്ടു പുരികം വളയ്ക്കുക. ഭ്രുവിന്റെ (പുരികത്തിന്റെ) കുടി (കൌടില്യം) എന്നത്ഥം.

ഭ്രുകുടിഘടന-പുരികം ചുളിക്കുക.

'ഉൾപ്പൂവിൽ കോപമപ്പോൾ
ഭ്രുകുടിഘടനതാൻ'
(അമരുകശതകം)

ഭ്രുംസൻ-സ്ത്രീവേഷം കെട്ടിയ ആട്ടക്കാരൻ.

ഒരു സ്ത്രീ തന്നെ സ്ത്രീവേഷം ധരിച്ചാൽ അവിടെ ഈ അത്ഥം വരികയില്ല.

ഭ്രജ്ജനം-വറപ്പ്, വറുക്കുക.

ഭ്രമണം-മ ചുററൽ, ചുഴൽച്ച. വട്ടത്തിൽ തിരിയുക വ. അനക്കം ന ഒരുവക കളി.

ഭ്രമം-മ. ചുഴലിച്ച, തലതിരിച്ചൽ, ഒരു ദിക്കിൽ സ്ഥിരമായിരിപ്പാൻ വയ്യായ്ക. വ. ഭ്രാന്തി, അറിവില്ലായ്കകൊണ്ടു തെററായി വിചാരിയ്ക്ക, തെററിദ്ധരിക്കൽ ന. നീച്ചുഴിവു, ഉറവു. ര. കുശവന്റെ ചക്രവും മററം.

ഭ്രമം എന്നതു് ഭ്രാന്തി തന്നെ. ഭ്രാന്തി എന്നാൽ അതല്ലാത്തതിൽ അതാണെന്നുള്ള ജ്ഞാനമാകുന്നു.

ഭ്രമ-വി ഭ്രമിക്കുന്ന, ചുററുന്ന.

ഭ്രമരകം-മ നെററിക്കുറുനിര, നെററിയിന്മേൽ തൂങ്ങിക്കിടക്കുന്ന കുറുനിര. വ. വണ്ട്. ന. പമ്പരം. ര. നീച്ചുഴിവ്. ഇ. ജലം ന്യ. കാവിമണ്ണ്.

ഭ്രമരകീടം-ഒരു ചെറിയ പറക്കുന്ന പ്രാണി, വേട്ടാവെളിയൻ.

ഭ്രമരച്ഛല്ലീ-ഒരു വൃക്ഷം.

ഇതു് വളരെ വലുതാണ്. അധികമായും മരുഭൂമിയിലുണ്ടാകുന്നു.

ഭ്രമരൻ-മ. സ്ത്രീലോലൻ. വ. യുവാവ്.

ഭ്രമരം-മ. വണ്ട്. ഒരേടത്തും സ്ഥിരമായി നില്ക്കാത്തവൻ എന്നത്ഥം. വ. ഒരു ദീനം, തലതിരിച്ചൽ. ന. ഒരുവക തേൻ.

ഈ തേൻ വെളുത്തിരിക്കും.

ഭ്രമരമാരി-ഒരു വൃക്ഷം. ഇതിന്റെ പൂക്കൾ വണ്ടുകൾക്കു വിരോധമാണ്.

ഭ്രമരവിലസിതം-ഒരു വൃത്തത്തിന്റെ പേർ.

ഭ്രമരാവലി-ഒരു വൃത്തത്തിന്റെ പേർ.

ഭ്രമരാസക്തൻ-കടച്ചിക്കൊല്ലൻ.

ഭ്രമി-വി. ഭ്രമമുള്ള, ചുററിത്തിരിയുന്ന.

ഭ്രമി-മ. തലതിരിച്ചൽ, ചുഴൽച്ച, ചക്രം തിരിച്ചൽ. വ തെററ്.

ഭ്രമിക്കുന്നു-മ. തെററുന്നു, മനസ്സിളകുന്നു. വ. ഭ്രാന്തുപിടിക്കുന്നു. ന. വിസ്മയിക്കുന്നു ര. മോഹിക്കുന്നു. (സ ക്രി. ഭ്രമിപ്പിക്കുന്നു).

ഭ്രമിണീ- ഭ്രമമുള്ളവൾ, ചുററിത്തിരിയുന്നവൾ.

ഭ്രംശഥ-ഒരു നാസാരോഗം.

തലയിൽ മുമ്പെ വർദ്ധിച്ചിരിക്കുന്ന കഫം വെയിൽ കൊള്ളുമ്പോൾ ലവണരസത്തോടുകൂടിയതായി പാകപ്പെടാതെയും കൊഴുത്തിട്ടും മൂക്കിൽകൂടിയൊഴുകും.

ഭ്രംശം- അതാതിന്റെ സ്ഥാനത്തുനിന്നു് വീഴുകയോ മാറുകയോ ചെയ്ക, വീഴ്ച.

ഭ്രംശിക്കുന്നു-തന്റെ സ്ഥാനത്തുനിന്നു മാററം വരുന്നു, വീഴുന്നു.

ഭ്രഷ്ട-വി. ഭ്രംശിച്ച, വീണുപോയ, നശിച്ചുപോയ. (ന-ഭ്രഷ്ടത).

## ഭ്രാ

ഭ്രാജിഷ്ണു-വി. ഭ്രാജിക്കുന്ന, ശോഭിക്കുന്ന. അലംകാരാദികളെക്കൊണ്ടു അതിശയമ ന ശോഭിക്ക ശീലമായിട്ടുള്ള.

ഭ്രാജിഷ്ണു-പു. ശിവൻ. ൨. വിഷ്ണു.

ഭ്രാതാവു്-സഹോദരൻ, ജ്യേഷ്ഠൻ, അനുജൻ. ശോഭിക്കുന്നവൻ എന്നൎത്ഥം.

ഭ്രാതൃക-വി സഹോദരസംബന്ധമുള്ള.

ഭ്രാതൃജൻ-സഹോദരപുത്രൻ. ജ്യേഷ്ഠഭ്രാതാവിൻെറയും കനിഷ്ഠഭ്രാതാവിൻെറയും പുത്രൻ. ഭ്രാതാവിങ്കൽനിന്നു ജനിച്ചവൻ എന്നൎത്ഥം.

ഭ്രാതൃജായാ-സഹോദരൻെറ ഭാൎയ്യ. ജ്യേഷ്ഠൻെറ അല്ലെങ്കിൽ അനുജൻെറ ഭാൎയ്യ.

ഭ്രാതൃദ്വിതീയാ-ഒരു വിശേഷദിവസം വൈഷ്ണവന്മാരുടെ പുണ്യയാത്രസ്ഥലമാണു് ചിത്രകൂടം. വൈഷ്ണവന്മാർ കൂട്ടംകൂട്ടമായി അവിടേയ്ക്കു യാത്രപുറപ്പെടും. ശ്രീരാമനവമി, ഭ്രാതൃദ്വിതീയം എന്നീ രണ്ടു ദിവസങ്ങളിൽ അസംഖ്യം യാത്രക്കാർ അവിടെ ചെന്നുകൂടുന്നു.

ഭ്രാതൃപത്നി-സഹോദരഭാൎയ്യ.

ഭ്രാതൃഭഗിനികൾ-സഹോദരനും, സഹോദരിയും.

ഭ്രാതൃവ്യൻ-പു. സഹോദരപുത്രൻ, കൂടെ പിറന്നവൻെറ പുത്രൻ. ജ്യേഷ്ഠഭ്രാതാവിൻെറയും കനിഷ്ഠഭ്രാതാവിൻെറയും പുത്രൻ. ൨. ശത്രു.

ഭ്രാതൃസ്നേഹം—സഹോദരനോടുള്ള സ്നേഹം.

ഭ്രാത്രീയ- വി. സഹോദരനെ സംബന്ധിച്ച.

ഭ്രാത്രീയൻ-സഹോദരപുത്രൻ, ജ്യേഷ്ഠഭ്രാതാവിൻെറയും കനിഷ്ഠഭ്രാതാവിൻെറയും പുത്രൻ. (ഭ്രാതൃവ്യൻ എന്നുമാവാം).

ഭ്രാന്തു്-ബുദ്ധിഭ്രമം.

ഭ്രാന്ത-വി. ചുററിത്തിരിഞ്ഞ, ഭ്രമിക്കുന്ന, ഭ്രമമുള്ള.

ഭ്രാന്തൻ-പു. ബുദ്ധിഭ്രമമുള്ളവൻ ൨. ഭോഷൻ.

ഭ്രാന്താപഹ്നുതി-ഒരു അലങ്കാരം.

ഭ്രാന്തി- പു. ഒന്നിനൊന്നായിട്ടുധരിക്കുക, തെററിദ്ധാരണ. ബുദ്ധിയെ ഇളക്കിത്തീൎക്കുന്നതു് എന്നൎത്ഥം. ൨. ബുദ്ധിഭ്രമം, ഭ്രാന്തു്. ൩. ഭ്രമിക്കുക.

ഭ്രാന്തിമൽ-വി. ഭ്രാന്തിയുള്ള.

ഭ്രാന്തിമാൻ-ഒരു അലങ്കാരം. (ഒന്നിനെ മറെറാന്നെന്നു ഭ്രമിക്കുന്നതു്).

ഭ്രാന്തിഹരൻ-ആലോചനക്കാരൻ.

ഭ്രാമകം-പു കുറുക്കൻ. ൨. അയസ്കാന്തം.

ഭ്രാമകം-ഭ്രമത്തെ ഉണ്ടാക്കുന്ന. ൨. ചതിക്കുന്ന.

ഭ്രാമണം-ചുററൽ.

ഭ്രാമരം-പു. ഒരുവക തേൻ. ൨. ഒരുമാതിരി കളി. ൩. അയസ്കാന്തം. ൪ ചുററൽ.

ഭ്രാമരി-വി. പു. ഭ്രമിക്കുന്ന, ചുററുന്ന ൨. ഭ്രമരത്തിൽ നിന്നുണ്ടായ.

ഭ്രാഷ്ട്ര-വി. കരണ്ടിയിൽ വറുത്ത

ഭ്രാഷ്ട്രം-വറുക്കുന്ന കരണ്ടിയും മററും. ഇതിൽ വറുക്കുന്നതിനാൽ ഈ പേർ വന്നു.

## ഭ്രൂ

ഭ്രുകുടി-കോട്ടുഞരമ്പു്, കോപം അസൂയ ഇവ വരുമ്പോൾ നെററിമേലുണ്ടാകുന്ന കരടയാളം.

ഭ്രൂകുംസൻ-സ്ത്രീയുടെ വേഷംധരിച്ചു നൃത്തംചെയ്യുന്നവൻ, പിരികക്കോടികൊണ്ടു ഭാഷണം ചെയ്യുന്നവൻ. ശോഭിക്കുന്നവൻ എന്നൎത്ഥം.

## ഭ്രൂ

ഭ്രൂ- പുരികം. ഇളകിക്കൊണ്ടിരിക്കുന്നതു് എന്നർത്ഥം.

ഭ്രൂകുടി-കോട്ടുഞരമ്പു്, ചുളുക്കിയ പുരികം (ഭ്രുകുടി എന്നതു നോക്കുക)

ഭ്രൂകുംസൻ-സ്ത്രീയുടെ വേഷം ധരിച്ചു് നൃത്തംചെയ്യുന്നവൻ. (ഭ്രുകുംസൻ എന്നതു നോക്കുക).

ഭ്രൂചലനം-പുരികത്തിന്റെ ഇളക്കം.

ഭ്രൂണം-ശിശു, ഗർഭം, കുക്ഷിയിലിരിക്കുന്ന ഗർഭം. പുറത്തുകടപോയാൽ കൊള്ളാമെന്നാഗ്രഹിക്കുന്നതു് എന്നർത്ഥം. ഭൂമിയിൽ ചെന്നാൽ ഇനിയും പാപകർമ്മങ്ങൾ ചെയ്യുമൊ എന്നു ശങ്കിക്കുന്നതു് എന്നുമാവാം.

ഭ്രൂണഹത്യ-ഗർഭത്തിലിരിക്കുന്ന ശിശുവിന്റെ വധം.

ഭ്രൂണഹാ-ഗർഭം അലസിപ്പിക്കുന്നവൻ.

ഭ്രൂഭംഗം-പുരികത്തിന്റെ ഇളക്കം,

ഭ്രൂഭേദം-പുരികച്ചുളുക്കൽ.

ഭ്രൂമദ്ധ്യം-പുരികത്തിന്റെ നടുവു്.

ഭ്രൂലത-പുരികക്കൊടി.

ഭ്രൂവല്ലി-പുരികക്കൊടി.

ഭ്രൂവിക്ഷേപം-പുരികം ഇളക്കുക.

പുരികംചുളുക്കൽ ഏഴുവിധമുണ്ടു്.
'ഉൽക്ഷേപഃ പാതനഞ്ചൈവ
ഭ്രുകുടീചതുരംഭ്രുവാഃ
കുഞ്ചിതംരേചിതംചൈവ
സഹജംചൈവസപ്തധാ'

ഭ്രൂവിഭംഗം-പുരികം ചുളുക്കുക.

ഭ്രൂസംജ്ഞ-പുരികംകൊണ്ടറിയിക്ക.

## ഭ്രേ

ഭ്രേഷം-പ്ര. സ്വസ്ഥാനത്തു നിന്നു വീഴുക. ഇളകുക എന്നു ശബ്ദാർത്ഥം. ദ്വി. നടക്ക. തൃ. ചേതം. ച. ഒരുമ എന്ന ഒരു കണക്കു്.

## മ

മ-ഹല്ലുകളിൽ ഇരുപത്തഞ്ചാം അക്ഷരം.

മഃ-പ്ര. ബ്രഹ്മാവു്. ദ്വി. ശിവൻ. തൃ. വിഷ്ണു. ച. യമൻ. പ. ചന്ദ്രൻ.

മകണി, മോണി-വാഴക്കുലയിൽ ഒട്ടു വിളയാത്ത പടലയിലുള്ള മുണ്ടുകായു്. (തമിഴിൽ മോണ്=പഴവററൽ).

മകൻ- പുത്രൻ. (അടിതോൽ എന്നതു നോക്കുക).

രാജാക്കന്മാരോടും മററും കിടാത്തൻ എന്നു പറയണം.

മം-പ്ര. സുഖം, സന്തോഷം. ദ്വി. ജലം.

മകം-പ്ര. പത്താമത്തെ നക്ഷത്രം, ഇരുപത്തേഴു നാൾ ഉള്ളതിൽ പത്താമത്തേതു്. (മഘം എന്നതാണു് മകമായതു്). ദ്വി. ഓണം കഴിഞ്ഞതിന്റെ ശേഷമുള്ള ഒരു വിശേഷനാൾ.

മകയിരം-അഞ്ചാമത്തെ നക്ഷത്രം, അഞ്ചാമത്തെ നാൾ (സം-മൃഗശീർഷം).

മകരകുണ്ഡലം-വിഷ്ണുവിന്റെ ഒരാഭരണം. (മകരാകൃതിയിലുള്ളതു്. കാതിലിടുന്നതാണു്).

'മകരകുണ്ഡലം പ്രതിബിംബിക്കുന്ന
കവിൾത്തടങ്ങളും മുഖസരോജവും'

(ഭാരതം)

മകരക്കഴ-ഒരുമാതിരി കണ്ണാഭരണം. മത്സ്യാകൃതിയിലുള്ളതാണ്.

മകരകേതനൻ-കാമദേവൻ. മകരമാകുന്ന കൊടിയടയാളമുള്ളവൻ എന്നർത്ഥം.

മകരകേതു-കാമദേവൻ.

മകരച്ചിറാക്-ഒരുമാതിരി ത്രാവു മത്സ്യം.

മകരതോരണം-കോലിന്റെ അററത്തു പൂവും മററും കെട്ടിത്തൂക്കി അടയാളമായിട്ടു മുമ്പിൽ കൊണ്ടുനടക്കുക.

മകരത്രാവ്-കടലിലെ ഒരുവക മത്സ്യം, ചിറാക്.

മകരധ്വജൻ-കാമദേവൻ. മകരമത്സ്യമാകുന്ന കൊടിയടയാളമുള്ളവൻ എന്നർത്ഥം.

മകരന്ദം-പ. പൂന്തേൻ. കാമദേവന്റെ വാഹനമായ മകരത്തെപ്പോലും കാമപരവശമാക്കിത്തീർത്തു വലയ്ക്കുന്നതു് എന്നർത്ഥം. (മരന്ദം എന്നുമാവാം). ൨. താമരയല്ലി. ൩. കുരുക്കത്തിമുല്ല. ൪. വിശേഷമായ ഒരുമാതിരി മാവു് (വൃക്ഷം). ൫. തേനീച്ച. ൬. കുയിൽ.

മകരപ്പൂപ്പ്-മകരമാസത്തിൽ കൊയ്യുന്നതായ നെല്ലുകൃഷി.

മകരമത്സ്യ-മത്സ്യത്തിൽ ഒരു വലിയ ജാതി.

മകരം-പ. ഒരുവക മത്സ്യം, മകരമത്സ്യം. മനുഷ്യരെ ഹിംസിക്കുന്നതു്, ജലത്തെ അലങ്കരിക്കുന്നതു്, രംഗിയുള്ളതു്, പ്രാണികളെ തിന്മാൻ വേണ്ടി മുഖം വിടർത്തുന്നതു്, ഒളിച്ചു കൊല്ലുന്നതു് ഇങ്ങിനെ ശബ്ദാർത്ഥം. തമിഴിൽ-ചുറമീൻ. ൨. മേടം മുതൽ പത്താംരാശി. ൩. പത്താം മാസം. ൪. വൈശ്രവണന്റെ നവനിധികളിൽ ഒന്നു്. മുതലയെപ്പോലെ പിടിപ്പാനശക്യമെന്നർത്ഥം. ൫. വരുണന്റെ വാഹനം. ൬. കാമദേവന്റെ ധ്വജം. മകരാകൃതിയിലുള്ള ഒരു സ്വർണ്ണാഭരണം.

മകരരാശി-പത്താമത്തെ രാശി.

മകരമാനിനി-പ. പെണ്മകരമത്സ്യം. ൨. മത്സ്യവല്ലഭന്റെ അമ്മ.

മകരവ്യൂഹം-മകരമത്സ്യത്തിന്റെ ആകൃതിയിൽ സേനയെ നിറുത്തുക.

അശ്വത്തികൾ തേരുകളും അവരുടെ പിറകിൽ കുതിരകളും അവരുടെ പിറകിൽ കാലാളുകളും ഇരുഭാഗങ്ങളിൽ ആനകളുമായി വരും വിധത്തിൽ സൈന്യങ്ങളെ നിറുത്തിയാൽ അതിനു വ്യൂഹമെന്നു പേർ. ഭാരതയുദ്ധത്തിൽ കൌരവന്മാർ സേനയെ നിറുത്തിയതു മകരവ്യൂഹത്തിലാണു്.

മത്സ്യത്തിന്റെ മുഖത്തു്-കർണ്ണൻ.
,, കണ്ണുകളുടെ സ്ഥാനത്തു്-ശകുനി, ഉലൂകൻ.
,, ശിരസ്സിൽ-അശ്വത്ഥാമാവ്.
,, കഴുത്തിൽ- സഹോദരന്മാരെല്ലാം.
,, മദ്ധ്യപ്രദേശത്തു്- സൈന്യസമേതനായി ദുര്യോധനൻ.
,, ഇടത്തു പാദത്തിങ്കൽ-ഭക്തരായ ഭടന്മാരോടുകൂടി ഗൌതമനും ത്രിഗർത്തനും.

[പാണ്ഡവന്മാർ സേനയെ നിറുത്തിയതു് അർദ്ധചന്ദ്രവ്യൂഹത്തിലായിരുന്നു.]

ഇടത്തു വശത്തു്-ഭീമൻ.
വലത്തുവശത്തു്-ധൃഷ്ടദ്യുമ്നൻ.
വ്യൂഹമദ്ധ്യം-ധർമ്മജനും അർജ്ജുനനും.
ധർമ്മപുത്രരുടെ പിറകിൽ-നകുലനും സഹദേവനും.

**മകരസ്സംക്രാന്തി**-ധനുവിൽ നിന്നു സൂൎയ്യൻ മകരത്തിലേയ്ക്കു കടക്കുന്ന സമയമോ ദിവസമോ.

**മകരാകരം**-കടൽ.

**മകരാക്ഷൻ**-പു. ഒരു രാക്ഷസൻ. വ. കറുത്ത കണ്ണുള്ളവൻ. ന. വലിയ കണ്ണുള്ളവൻ.

**മകരാങ്കൻ**-പു. കാമദേവൻ. വ. സമുദ്രം.

**മകരാലയം**-പു. സമുദ്രം. വ. നാല് എന്ന അക്കം.

**മകരാവാസം**-സമുദ്രം.

**മകരാശ്രയൻ**-വരുണൻ.

**മകരി**-പു. സമുദ്രം. വ. ഒരു രാക്ഷസി.

ധന്യമാലി എന്ന അപ്സരസ്ത്രീ ദുൎവ്വാസസ്സ് മഹൎഷിയെ ഉപദ്രവിക്കയാൽ ശാപം ഹേതുവായിട്ട് രാക്ഷസിയായി ഭവിച്ചു. അവളത്രെ മകരി.

**മകരീപത്രം**-ലക്ഷ്മിയുടെ മുഖത്തുള്ള ഒരടയാളം. (മകരീലേഖാ എന്നുമുണ്ട്).

**മകരേശ്വരൻ**-വരുണൻ.

**മകൾ**-പുത്രി. (അടിതോൽ എന്നതു നോക്കുക).

**മകളർ**-പുത്രിമാർ. (മകൾ എന്നതിന്റെ ബഹുവചനം).

'മകളരിൽ മികവേറും പക്ഷപാതാതിരേ[കം'
(ഭാഷാനൈഷധചമ്പു)

'അക്കാലമവൾ പെററിട്ടോൻപതു
മകളരും' (ഭാഗവതം)

**മകാരങ്ങൾ**-തന്ത്രിയുടെ ശക്തിപൂജയ്ക്കു ആവശ്യമുള്ള മദ്യം, മാംസം, മത്സ്യം, മുദ്ര, മൈഥുനം.

**മകിഴുക**-സന്തോഷിക്കുക.

'കാമാനുസരണത്തിനിന്നുൾക്കാൺപു
മകിഴുമാറാം'
(കൈവല്യനവനീതം)

**മകുടം**-പു. കിരീടം, ഇതുകൊണ്ട് ശിരസ്സു അലങ്കരിക്കുന്നതിനാൽ ഈ പേർ വന്നു. മകുടവും കിരീടവും പൎയ്യായങ്ങളാണെങ്കിലും തമ്മിൽ അല്പം വ്യത്യാസമുണ്ട്, ശിരസ്സിനെ അലങ്കരിക്കുന്നതു "മകുടം" നെററിമേൽ വയ്ക്കപ്പെടുന്നതു "കിരീടം". (മ) വ. തൂണിന്റെയും മററും മുകളിലുള്ള ഒരു പണി. ന. മുകൾപ്പരപ്പ്.

**മകുടമണി**-പു. ശിരോലങ്കാരത്തിലെ രത്നം. വ. ഏററവും ശ്രേഷ്ഠമായുള്ളതു്.

**മകുരം**-പു. മുഖക്കണ്ണാടി. (മുകുരമെന്നും പാഠമുണ്ടെന്നു കാണുന്നു). വ. വിടിരാത്ത പുഷ്പം. ന. കുശവന്റെ ചക്രത്തിന്റെ കോൽ. ര. താന്നി. ല. ഇലഞ്ഞി. ന്ന. ഒരുമാതിരി മുല്ല.

**മകുര(ല)ം**-ഇലഞ്ഞി.

**മകുഷ്ഠകം**-കാട്ടുപയറ്, മുതിരപ്പയറ്. അലങ്കരിച്ചുകൊണ്ടിരിക്കുന്നതു് എന്നൎത്ഥം. മകുഷ്ഠം എന്നുമാവാം.

(മകുഷ്ഠകം എന്നു 'ട'കാരമായും ആവാമെന്നു അഭിപ്രായം കാണുന്നു).

**മക്രൂലകം**-പു. ചെറിയ നാഗദന്തി. (വജ്രദന്തി എന്നും കാണുന്നു.) (ഭൂമിയെ അലങ്കരിക്കുന്നതു് എന്നൎത്ഥം. വ. മൊട്ട്.

**മക്കൾ**-പുത്രവൎഗ്ഗം.

**മക്ക(ൾ)ത്തായം**-മക്കൾവഴി, മക്കൾ മുതലവകാശമുള്ള ജാതിക്കാരുടെ മുറ. (ദായം എന്നതിന്റെ തത്ഭവം).

**മക്കിപ്പൂ**-ഒരു മരുന്ന്, മരുക്കൊഴുന്ത്.

വിഷം, കുഷ്ഠം, വിദ്രധി, ഗ്രഹണി, ചൊറി മുതലായവയ്ക്കു നന്ന് ഇതു ചെറിയ ചെടിയാണ്. സം-ദമനകം. ഇം-Worm-wood വാംവുഡ്.

**മക്കണം, മകാരണം**-മൂട്ട.

മക്ലാടൻ-ഒരു അളവു്.
=1 കാപ്പാടൻ അല്ലെങ്കിൽ ഒരു ഇടങ്ങഴി അല്ലെങ്കിൽ ഒന്നേകാൽ ഇളയതു്. (1 ഇളയതു=൨ കോഴിക്കോട്ടുശേർ)

മക്ഷാ-പു. ക്രുദ്ധം ൨. ക്രോധം.

മക്ഷണം-വെണ്ണ.

മംക്ഷണം-കാലിന്മേൽകെട്ടുന്ന കവചം,

മക്ഷിക-ഈച്ച. ജനങ്ങൾ ഇതിനോടു കോപിക്കുന്നതിനാൽ ഈ പേരുണ്ടായി

മക്ഷികാമലം-മെഴുക്.

മഖം-യാഗം. ദേവന്മാർ ഇതിലെക്കാഗമിക്കുന്നതിനാൽ ഈ പേർ വന്നു.

മഖശാല-യാഗശാല.

മഗധൻ-പു. സ്തുതിപാടുന്ന കവിതക്കാരൻ, വംശപരമ്പരയെ പാടി സ്തുതിക്കുന്നവൻ. ൨. മഗധദേശത്തുള്ളവൻ.

മഗധം-പുരാതനമായ ഒരു രാജ്യം (തെക്കൻ ബീഹാർ) ഗംഗാനദിയുടെ തെക്കേഭാഗത്തുണ്ടായിരുന്നു. ഗിരിവ്രജം, പാടലീപുത്രം (പാട്നാ), ഗയാ, ഉരുബില്വം (ബുദ്ധഗയ) ഇവയത്രേ മഗധദേശത്തിലേ അക്കാലത്തെ പ്രധാന നഗരങ്ങൾ.

മഗധാ-തിപ്പലി.

മഗ്ന-വി. മുങ്ങിയ.

മഗ്നമാകുന്നു-മുങ്ങുന്നു, താഴുന്നു.

മഘ-പത്താമത്തേ നക്ഷത്രം, പത്താമത്തേ നാൾ.

മഘം-പു. ലോകത്തിന്റെ വിഭാഗങ്ങളിൽ ഒന്നു്, ഒരു ദ്വീപ്. ൨. ഒരുജാതിമരുന്നു്, ൩. ഭാഗ്യം, സുഖം, ൪. ഒരു പുഷ്പം.

മഘവാ-ഇന്ദ്രൻ.

മഘവാൻ - ഇന്ദ്രൻ. പൂജിക്കപ്പെടുന്നവൻ എന്നർത്ഥം.

മങ്കാ-പു. സ്ത്രീ. ൨. കളിക്കാരി.

മങ്ക്-പതിർ.

മങ്കലം, മൺകലം - മണ്ണുകൊണ്ടുള്ള കലം.

മങ്കമക്കാപ്പൻ-ഒരുവക നെല്ല്.

മങ്കിലാ-കാട്ടുതീ.

മങ്കുടം, മൺകുടം-മണ്ണുകൊണ്ടുള്ള കുടം.

മങ്കുട്ടപ്പയറു്-കാട്ടുപയറു്.

മങ്കുഴിമാൻ-(നായാട്ടുപേർ) മുട്ടയ്.
രക്തദോഷം, ഛർദ്ദി, ജ്വരം മുതലായവയ്ക്കു നന്നു. കൃമിപ്പെരുക്കം. മലത്തെ പിടിപ്പിക്കും, ഇതു പാലിനോടൊന്നിച്ചു ഭക്ഷിക്കരുതു്. സം-മകുഷ്ഠം. ത-കാട്ടുപ്പയറു്.

മങ്കുരം-കണ്ണാടി.

മംക്ഷു-അ. പു. വേഗം, ൨. വളരെ. ൩. സത്യമായിട്ട്.

മംഗം-ബോട്ടിന്റെ തല.

മംഗല-വി. ശുഭമായ, നല്ല.

മംഗലക്കാർ-കല്യാണത്തിനു ക്ഷണിച്ചു വന്നവർ.

മംഗലത്രയം - വസ്തുനിർദ്ദേശരൂപം, നമസ്കാരരൂപം, ആശീർവാദരൂപം ഇവ ൩-ം.

മംഗലദേവത -ലക്ഷ്മീദേവി. ശുഭസ്വരൂപിണിയായ ദേവി എന്നർത്ഥം.

മംഗലൻ-ചൊവ്വാ.

മംഗലപാഠകൻ-സ്തുതിപാടുന്ന കവിതക്കാരൻ.

മംഗലപ്പായ്-പന്തിപ്പായ്.

മംഗലപ്പാല-ഏഴിലമ്പാല

മംഗലപ്രദം-ശംഖു്.

മംഗലം-പു. ഭാഗ്യം, ശുഭം. ഭാഗ്യവാനെ പ്രാപിക്കുന്നതു് എന്നർത്ഥം. ൨. കാർത്തിക നക്ഷത്രം.

മംഗലവാദ്യം-നല്ലവാദ്യം, ചെറിയ ശബ്ദമുള്ള ചില വാദ്യം.

മംഗലസ്തുതി-നന്മയുള്ള സ്തോത്രം.

മംഗലസ്ത്രീ-വിവാഹംകഴിക്കപ്പെട്ടവൾ.

മംഗലഹേതു-മംഗല്യം.

മംഗല, മംഗല്യ-പാർവ്വതി ദുർഗ്ഗ.

മംഗലാംഗ-വി. നല്ല ശരീരമുള്ള, സൌന്ദര്യമുള്ള.

മംഗലാചരണം-കവിത ഉണ്ടാക്കുന്നതിനോ വേറെ വല്ല സൽക്കർമ്മങ്ങളും ചെയ്യുന്നതിനോ തുടങ്ങുമ്പോൾ ചെയ്യുന്ന സ്തുതി.

മംഗലി-൧. വലിയ മൺകലം. ൨. ഒരു വക വാദ്യം.

മംഗല്യ-വി. ൧. വിശേഷമുള്ള. ൨. മംഗിയുള്ള. ൩. സൌന്ദര്യമുള്ള.

മംഗല്യകം-൧. വെള്ളത്തുവര, വെൺകടല, ൨. കറുത്ത ചണംപയറ്.

മംഗല്യധാരണം-മംഗല്യത്തെ ധരിക്കുക, വിവാഹം.

മംഗല്യം-൧. ചെറുപയറ്. ൨. ഒരുമാതിരി അകിൽ. ൩. വിവാഹത്തെ സൂചിപ്പിക്കുന്ന താലി. (മംഗല്യം ആഡംബരത്തിനുള്ളതല്ല. കൂടിയേ കഴിയൂ എന്നതിൽ ഒന്നാണ്.) ൪. ചന്ദനം. ൫. സിന്ദൂരം. ൬. തൈര്. ൭. കൂവളം. ൮. തെങ്ങ്. ൯. അരയാല്. ൧൦. വിളർമരം. ൧൧. ഉറുഞ്ചി. ൧൨. നീരിരിപ്പ. ൧൩. ജീവകം. ൧൪. പൊന്ന്. ൧൫. വെള്ളത്തുവര.

മംഗല്യവതി-ഭാഗ്യമുള്ളവൾ.

മംഗല്യവാൻ-ഭാഗ്യമുള്ളവൻ.

മംഗല്യസൂത്രം - വിവാഹ കർമ്മത്തിൽ സ്ത്രീകളുടെ കഴുത്തിൽ കെട്ടുന്ന ചരട്.

മംഗല്യസ്ത്രീ-മംഗല്യമുള്ള സ്ത്രീ.

മംഗല്യാ-൧. ഞാഴൽ. ൨. ഗോരോചനം. ൩. വന്നി. ൪. ഓരിലത്താമര. ൫. കൊഴുപ്പ ൬. കരിങ്കുറുക. ൭. കറുത്ത ചണംപയറ്. ൮. മുല്ലപ്പൂനാറി അകിൽ. മല്ലികാപുഷ്പത്തിന്റെ ഗന്ധത്തോടു തുല്യമായ ഗന്ധമുള്ള അകിൽ. ൯. വൃദ്ധി. ൧൦. ഋദ്ധി ൧൧ ശംഖപുഷ്പി. ൧൨. ശതകുപ്പ. ൧൩. ത്രായമാണ. ൧൪. വയമ്പ. ൧൫. മഞ്ഞൾ. ൧൬. കാട്ടുഴുന്ന്. ൧൭. അടവതിയൻ.

മംഗളം-ക്ഷേമം. മററു പര്യായങ്ങൾ-ശ്വശ്രേയസം, ശിവം, ഭദ്രം, കല്യാണം, മംഗലം, ശുഭം; ഭാവുകം, ഭവികം, ഭവ്യം, കുശലം, ക്ഷേമം, ശസ്തം.

മംഗിലി-൧. ബോട്ട്, വെള്ളം. ൨. കപ്പൽ.

മങ്ക്-ചേറുകണ്ടത്തിൽ ഉണ്ടാകുന്ന കള.

മങ്ങലി-ഒരു വലിയ മൺപാത്രം. (മംഗലി എന്നതു നോക്കുക).

മങ്ങൽ-൧. ഇരുൾ. ൨. വാട്ടൽ.

മങ്ങാതെ-തളരാതെ, കുറയാതെ.

മങ്ങിതം, മങ്കിതം-൧. ചലം. ൨. മങ്ങൽ.

'മരിയാറ്റിൽ മങ്കിതവും
ചോരയും നീരും വരും'

(മർമ്മാണി)

മങ്ങുന്നു-൧. ഇരുളുന്നു. ൨. വാട്ടുന്നു. ൩. മയങ്ങുന്നു. ൪. പ്രകാശം കുറയുന്നു.

തമിഴിലെയും മലയാളത്തിലെയും, മഴ, മാഴ് എന്നതിൽ നിന്നുണ്ടായതു.

മചക്-൧. പ്രകാശംകുറയുക. ൨. വണ്ടിമക്കി, കറുപ്പ്. ൩. കറവ്.

മച്ഛിക-ശ്രേഷ്ഠതയുള്ളതു എന്നു അർത്ഥം

വരുത്തുവാനായി പദാന്ത്യത്തിൽ ചേൎക്കുന്ന പദം. ഉ-ം. ശോഭമച്ചിക=(നല്ല കാഴ്ചയോ പശ്ചാവോ എന്നൎത്ഥം). മം-ശിവനെ പൂജിക്കുന്നതു് എന്നൎത്ഥം.

**മച്ചകം**-തട്ടിട്ടമുറി, മേൽത്തട്ടുള്ള മുറി.

**മച്ചം**-പ്ര. മാതിരി, വിധം. വ. മാററ നോക്കുന്നതിനുള്ള പൊന്നു്.

**മച്ചമ്പി**-അളിയൻ എന്നതിനു് പകരം ചില ജാതിക്കാർ പറയുന്ന വാക്കു്. (മൈ+തമ്പി = മച്ചമ്പി എന്നായിരിക്കാം).

**മച്ചി**-പ്രസവിക്കാത്ത സ്ത്രീ

**മച്ചിങ്ങാ**-വാടിവീണ ഫലം.

**മച്ചിനൻ, മച്ചുനൻ**-പെങ്ങളെ കെട്ടിയവൻ, അളിയൻ.

**മച്ചു്**-പ്ര. തട്ടുപലക. വ. അറ. ന. ഒരു മാതിരി വള്ളി.

**മച്ചുപലക**-പുരയ്ക്കകത്തു മുകളിലിടുന്ന പലക, തട്ടുപലക.

**മച്ചുമ്പുറം**-തട്ടുമ്പുറം.

**മച്ചുനിച്ചി**-പ്ര. അമ്മയുടെ സഹോദരന്റെ മകൾ. വ. അച്ഛന്റെ സഹോദരിയുടെ മകൾ.

**മച്ഛം**-മീൻ.

**മജ്ജനം**-പ്ര. കുളി. വ. മുങ്ങുക.

**മജ്ജനശാല**-കുളിപ്പുര.

**മജ്ജാ**-പ്ര. കാതൽ. പരിശുദ്ധമെന്നു ശബ്ദാൎത്ഥം. വ. ആറാമത്തെ ധാതു.

**മജ്ജിക്കുന്നു**-കുളിക്കുന്നു, മുങ്ങുന്നു.

**മഞ്ച**-പ്ര. വലിയ എണ്ണത്തൊട്ടി. വ. പഴകിയ വൃക്ഷങ്ങളിലുള്ള ദ്വാരം. ന. കടുക്ക്, കണി.

**മഞ്ചകം**-കട്ടിൽ.

**മഞ്ചകാശ്രയം**-ഒരു മാതിരി മൂട്ട.

**മഞ്ചട്ടി**-ഒരു മരുന്നു്, പൂവത്തു്.

പൎയ്യായങ്ങൾ-മഞ്ജിഷ്ഠം, വികസം, ജിംഗി, സമംഗ്, കാളമേഷികം, മണ്ഡൂകപൎണ്ണി, ഭണ്ഡീരീ, ഭണ്ഡീ, യോജനവല്ലീ.

(ജ്വരം, കഫം, കണ്ണുരോഗം രക്താതിസാരം മുതലായവയ്ക്കു് നന്നു്. ഇതു നാലു തരമുണ്ടു്. ത-ചെവ്വള്ളിക്കൊടി. ഇം-Indian madder ഇൻഡ്യൻ മേഡർ.

**മഞ്ചം**-പ്ര. കട്ടിൽ(ൾ). വ. മേട. ന. മാടം. ൪. തട്ടു്. ഇതിനാൽ മനുഷ്യൻ ധരിക്കപ്പെടുമെന്നൎത്ഥം.

**മഞ്ചൽ, മഞ്ചലു്**-ആളുകളെ വഹിച്ചുകൊണ്ടു പോവാനുള്ള ഒരുതരം സുഖവാഹനം.

**മഞ്ചാടി**-പ്ര. ഒരു വൃക്ഷം. വ. (അതിൻ) കുരുവു്.

**മഞ്ചാടിയിട**-ത്രാസിൽ തൂക്കിയാൽ ഒരു മഞ്ചാടിക്കുരുവോടു സമം കനമുള്ള

**മഞ്ചിക**-പ്ര. വലിയ കൊട്ട. വ. കസേര. ന. മരത്തൊട്ടി.

**മഞ്ചുന്നു**-അതിപ്രകാശം നിമിത്തം കണ്ണു കുസുന്നു.

**മഞ്ജരം**-പ്ര. മുത്തു്. വ. മയിലെള്ളു.

**മഞ്ജരി**-പ്ര. പൂന്തൊത്തു്, പൂങ്കുല. തളിൎക്കുല. ഭംഗിയുള്ളതു് എന്നൎത്ഥം. വ. തളിർ. ന. രാമായണം 24 വൃത്തത്തിലെ 10-ം, 12-ം വൃത്തങ്ങൾ. ൪. മുത്തു്. ൫. മയിലെള്ളു്. ൬. തുളസി.

**മഞ്ജാ**-ആട്ടിൻപെട.

**മഞ്ജിമം**-പ്ര. ഭംഗി. വ. സ്നേഹം.

**മഞ്ജിഷ്ഠ**-ഒരങ്ങാടിമരുന്നു്. മഞ്ചട്ടി. നിറപ്പററുള്ളതു് എന്നൎത്ഥം.

**മഞ്ജീരം**-കാൽച്ചിലമ്പു്. ശബ്ദിക്കുന്നതു് എന്നൎത്ഥം.

'പൂത്തൻ മഞ്ജീര നാദം ചെവിയി ലമൃത്'
(ഉത്തരരാമായണം ചംപു)

മഞ്ജീരിക - ഒരുമാതിരി തുളസിയരി.

മഞ്ജു-വി. ഭംഗിയുള്ള, നല്ല. മഞ്ജു =മനോഹരം ദൂരത്തിൽ വ്യാപിക്കുന്ന തു് എന്നർത്ഥം.

മഞ്ജുഗർത്തം നേപാളരാജ്യം. Nepal

മഞ്ജുഘോഷം-മാടപ്രാവു്.

മഞ്ജുത്വം-മനോഹരത്വം, ഭംഗി.

മഞ്ജുനാശി-ഌ ദുർഗ്ഗ വ. ശചി.

മഞ്ജുപാഠകൻ-തത്ത.

മഞ്ജുപ്രാണൻ-ബ്രഹ്മാവു്.

മഞ്ജുഭാഷിണി-ഌ. മധുരമായി സം സാരിക്കുന്നവൾ വ. സമവൃത്തത്തിൽ ചേൎന്ന ഒരു വൃത്തം അക്ഷരം 13 'സജ സം കഴിഞ്ഞു ജഗമഞ്ജുഭാഷിണി'.

മഞ്ജുവാണി-വി. നല്ലവാക്കുള്ള.

മഞ്ജുള-വി. മനോഹരമായുള്ള, ഭംഗി യുള്ള.

മഞ്ജുള-ഌ കരിമ്പായൽ. വ. നീർ ക്കാക്ക

മഞ്ജുളാംഗ-വി നല്ല ശരീരമുള്ള, സൌന്ദൎയ്യമുള്ള.

മഞ്ജുളാംഗി-സുന്ദരി.

മഞ്ജൂഷ-ഌ. വലിയകൊട്ട. (കുട്ട). വ. വസ്ത്രങ്ങൾ ആഭരണങ്ങൾ മുതലായവ വച്ചു സൂക്ഷിക്കുന്ന പെട്ടി. പെട്ടിപ്പുള്ള തു് എന്നർത്ഥം. ന കല്ലു് ൪ മഞ്ചട്ടി.

മഞ്ഞു്-പുകപോലെ കാണുന്നതായ ഒരു മാതിരി വെള്ളത്തുള്ളിക്കൂട്ടം, പനിവെ ള്ളം പൎയ്യായങ്ങൾ-പ്രാലേയം, മിഹി കം, അവശ്യായം, നീഹാരം, തുഷാരം, തുഹിനം, ഹിമം

[മഞ്ഞിൻകൂട്ടം=ഹിമാനീ, ഹിമ സം ഹതി]

മഞ്ഞ-ഌ. മഞ്ഞൾ നിറം വ. മഞ്ഞൾ.

മഞ്ഞ-വി. മഞ്ഞളിന്റെ നിറമുള്ള.

മഞ്ഞക്കടമ്പു്-ഒരു വൃക്ഷം.

ഛർദ്ദിക്കും മറവും നന്നു. ഇതു മിക്ക വാറും മലകളിലുണ്ടാകുന്നു. സം-ഹാരി ദ്രകം

മഞ്ഞക്കയ്യോന്നി-ആനക്കയ്യോന്നി.

ഗുണങ്ങൾകൊണ്ടു കയ്യോന്നിക്കു സമ മാണു്. പൂമഞ്ഞനിറമാണു്. സം-സ്വ ൎണ്ണ ഭൃംഗാരം. ത-പൊററലൈ കയ്യാന്ത കരൈ.

മഞ്ഞക്കരു-മുട്ടയുടെ അകത്തു് ചെമന്നു ള്ള വസ്തു.

മഞ്ഞക്കാമില-ഒരുമാതിരി ദീനം.

മഞ്ഞക്കുറിഞ്ഞി-ഒരുവക പച്ചമരുന്നു്. സം-ഹേമ പുഷ്പികം.

ഹേമ പുഷ്പിക എന്നതു് മഞ്ഞക്കുറ മുഴി മുല്ലയാണെന്നും അഭിപ്രായം കാ ണുന്നു.

മഞ്ഞക്കുരി-ഒരുവക മത്സ്യം.

മഞ്ഞക്കുവ-മഞ്ഞനിറമുള്ള കൂവ.

മഞ്ഞക്കുവ-ഒരു വൃക്ഷം, കസ്തൂരിമഞ്ഞൾ

മഞ്ഞക്കോര-ഒരുമാതിരി പുല്ലു്.

മഞ്ഞച്ചെമന്തി-ഒരുമാതിരി പൂച്ചെടി.

മഞ്ഞച്ചേര-ഒരുമാതിരി വിഷമില്ലാത്ത പാമ്പു്.

മഞ്ഞനിറം-മഞ്ഞളിന്റെ നിറം.

മഞ്ഞപ്പിത്തം-കണ്ണുംമറവും മഞ്ഞളിക്കു ന്ന ഒരുവക പിത്തദീനം.

മഞ്ഞപ്പീരം-ഒരുമാതിരിവള്ളി. (മഹം ഝാലി)

(പീരയ്ക്കു പീച്ചിൽ എന്നു ഭാഷ കാ ണുന്നു.)

മഞ്ഞപ്പുഴുകിൽ-മഞ്ഞപ്പുവാട, മനോഹരമായ ഒരുതരം മഞ്ഞവസ്ത്രം.

മഞ്ഞപ്പൂമരം-മഞ്ഞമന്ദാരവും മററും.

മഞ്ഞയാടയ്ക്കാമരിയൻ-ഒരുമാതിരി മരം.

മഞ്ഞളിക്കുന്നു-മഞ്ഞനിറമാകുന്നു.

മഞ്ഞളിപ്പു-മഞ്ഞനിറമുള്ളതായി തീരുക

മഞ്ഞൾ-ഏകദേശം പൊൻനിറംപോലെ നിറമുള്ള ഒരുമാതിരി കിഴങ്ങ്, ആ കിഴങ്ങുണ്ടാകുന്ന ചെടി. പര്യായങ്ങൾ-നിശ, കാഞ്ചനീ, പീതാ, ഹരിദ്രാ, വരവർണ്ണിനി. (രാത്രിയുടെ പര്യായങ്ങളെല്ലാം മഞ്ഞളിന്റെ പേരാകുന്നു).

മഞ്ഞൾ കഫം, പിത്തം, അരുചി, പാണ്ഡു, ചൊറി മുതലായവയ്ക്കു നന്ന്. മലയാള ഇളക്കം. ത-മഞ്ചൾ. ഇം-Turmeric ടർമെറിക്.

മട-പ്ര. ഓക്. വ. ഒരുമാതിരി വെള്ളച്ചാൽ. ന. ചിറമുറി. ര. ദ്വാരം ഉ-ം, എലിമട. ഒ ഒരുവക അളവിന്റെ പേർ

മടക്കൂട്ടുക-കന്നുകാലികളെ വയലിൽ കൊണ്ടുവരുക.

മടക്ക്-പ്ര. മടക്കുക. വ. മടക്കിയിട്ടുണ്ടായ അടയാളം. ന. മടക്കി വെച്ചിരിക്കുന്നതിന്റെ ഓരോ ഭാഗം. ര. കൈയുടെയും മററും മടക്കുന്നതിനുള്ള ഭാഗം.

മടക്കം-പ്ര മടങ്ങുക വ. തോല്വി, തിര്യെ പോരുക.

മടക്കകത്തി-ഒരുമാതിരി പിച്ചാങ്കത്തി, മടക്ക പിച്ചാങ്കത്തി.

മടക്കുന്നു-പ്ര. വസ്ത്രം, കടലാസു മുതലായവയെ മുറിക്കാതെയും ചുരുട്ടാതെയും ഭംഗിയിൽ ചെറുതാക്കുന്നു. മടക്കവരുത്തി വെക്കുന്നു. വ. നിവിർന്നിരിക്കുന്ന കൈകാലുകളുടെയും മററും സന്ധിയിൽ വെച്ച് ചുരുക്കുന്നു. ന. തോല്പിക്കുന്നു.

മടക്കമണ്ട-അരിമാവും ശർക്കരയും കൊണ്ടുള്ള ഒരുവക പലഹാരം.

മടക്കവാതിൽ-രണ്ടുപാളി കൂട്ടിച്ചേർത്ത ഒരുമാതിരി വാതിൽ

മടക്കോല-ദൂതന്റെ പക്കൽ കൊടുത്തയക്കുന്നതിന്നായിട്ടു എഴുതി മടക്കിക്കെട്ടിയ ഓലയും മററും.

മടക്കോലക്കാരൻ-വർത്തമാനം അറിയിക്കുന്നതിനു എഴുതിക്കൊടുത്തയക്കുന്ന എഴുത്തുകൊണ്ടു പോകുന്നവൻ, ദൂതൻ, ഭൃത്യൻ.

മടങ്ങ്-പ്ര. മടക്ക്. വ. സമയം. ന. ഉഴവ്.

മടങ്ങുന്നു-പ്ര. തോല്ക്കുന്നു, തോററു പിൻമാറുന്നു. വ. നിവിർന്നിരിക്കുന്ന കൈയും മററും സന്ധിയിൽവെച്ചു ഒരു വശത്തേക്കു വളയുന്നു. ന. വസ്ത്രവും മററും മടക്കപ്പെട്ടതായി തീരുന്നു. ര. വാളിന്റെയും മററും മൂർച്ചയുള്ള ഭാഗം അല്പം പരക്കുന്നു. ഒ. ഇരട്ടിയാകുന്നു. ന്യ. തിരിയെ വരുന്നു.

മടച്ചിൽ-പ്ര. മടയുക. വ. ഒരുമാതിരി നെയ്ത്ത്, പിന്നൽ.

മടന്ത-പ്ര. ഒരുവക കാട്ടുചേമ്പ്. വ. പത്തൊൻപതു വയസ്സായ യുവതി.

മടമ്പു-പ്ര. കതികാൽ.

'മടമ്പൂന്നിപ്പണിപ്പെട്ടു നടപ്പുണ്ട്' വ. മാട്ട്.

'ഞാണില്ലാതൊരു വില്ലും
മടമ്പില്ലാതൊരടിയും'

(ഭാഗവതം)

മടപ്പള്ളി-രാജാക്കന്മാർക്കുവേണ്ടി ഭക്ഷണം തയാറാക്കുന്ന സ്ഥലം.

മടപ്പള്ളിക്കാരൻ – അടുക്കളക്കാരൻ. ബ്രാഹ്മണന്മാൎക്കുവേണ്ടി ഭക്ഷണം തയ്യാറാക്കുന്നവൻ.

മടപ്പാട്ട്–രാജാവിന്റെ നെല്ലുര.

മടപ്പുര–ഒരുവക ക്ഷേത്രമുള്ള ഭവനം.

മടയൻ–ഭോഷൻ,

മടയവർ–യുവതികൾ, സ്ത്രീകൾ.

മടയുന്നു–തെങ്ങോല പുരകെട്ടുവാൻ തക്ക വണ്ണം പിണച്ചു ചേൎക്കുന്നു, ഒരുമാതിരിയിൽ പിണച്ചു നെയ്യുന്നു.

മടൽ–നാ. പനയുടെയും മററും തണ്ട്. വ. തേങ്ങാ പൊതിച്ചാലുള്ള തോട്, തൊണ്ട്, ചകിരി, മടൽ.

മടൽത്തേങ്ങാ – മടലോടുകൂടിയുള്ള തേങ്ങ, പൊതിക്കാത്ത തേങ്ങ.

മടൽപ്രായം–വി. മടലിനോടു തുല്യമായ, ഉറപ്പില്ലാത്ത, സാരമില്ലാത്ത.

മടവ–ഒരു വയസ്സുള്ള സ്ത്രീ.

മടവാർ–സ്ത്രീകൾ, യുവതികൾ, മടയവർ

'മടിയാതുടനേതന്നെ
മടവാർമുടിമാലികേ'
(പൂരപ്രബന്ധം)

മടവാൾ–മടൽകൊണ്ടു വാൾപോലെയുണ്ടാക്കിയത്, ചെറുതായ മഴു.

മടവി–ദാസി.

മടി, മടിവ്–നാ. വേലചെയ്യാൻ കഴികയില്ലെന്നുള്ള ഭാവം. വ. മനസ്സുകേട്. പൎയ്യായങ്ങൾ–തന്ദ്രി, പ്രമീളം. ന. തുട രണ്ടിന്റെയും മുൻഭാഗം. ര. സംശയം. ല. ലജ്ജ. ന്യ. വസ്ത്രം ഉടുത്താലുണ്ടാകുന്ന അററം. ൧. മടങ്ങ്.

മടിക്കുത്ത്–സ്ത്രീകൾ വസ്ത്രമുടുക്കുമ്പോൾ മുൻവശത്തുറപ്പിച്ചിരിക്കുന്നത്, കണക്കുത്ത്.

മടിക്കുന്നു–നാ. സംശയിക്കുന്നു. വ. മനസ്സില്ലാതെയാകുന്നു. ന. ലജ്ജിക്കുന്നു. ര. ഭയപ്പെടുന്നു.

മടിച്ചിൽ–മടിയുക.

മടിത്തോക്ക്–കൈത്തോക്ക്, ഒരുമാതിരി ചെറിയതോക്ക്.

മടിപ്പ്–നാ. പിന്നൽ, പിണച്ചുനെയ്യുക, പിണച്ചുകെട്ടുക. വ. മടക്ക്. ന. നീരസം.

മടിയൻ–മടിയുള്ളവൻ. പൎയ്യായങ്ങൾ– മന്ദൻ, തുന്ദപരിമൃജൻ, ആലസ്യൻ, ശീതകൻ, അലസൻ, അനുഷ്ണൻ.

മടിയില്ലാത്തവൻ = ദക്ഷൻ, ചതുരൻ, പേശലൻ, പടു, സൂത്ഥാനൻ, ഉഷ്ണൻ.

മടിയുന്നു–നാ. ക്രമക്കേടായിട്ടു വളയുന്നു. വ. ചുളുങ്ങിച്ചുരിയുന്നു. ന. വെറുപ്പു കാണിക്കുന്നു, മടികാണിക്കുന്നു, മനസ്സുകേടു കാണിക്കുന്നു.

മടിവാതം – അന്യായക്കാരി, സങ്കടക്കാരി.

മടിശ്ശീല–നാ. ഒരുമാതിരി ചെറിയ സഞ്ചി. വ. മൂലദ്രവ്യം, ഇരിപ്പുദ്രവ്യം. ഉ-ം, കുളകമടിശ്ശീലസവ്വാധികാൎയ്യക്കാർ.

മടിശ്ശീലക്കാരൻ–നാ. ഭണ്ഡാരവിചാരിപ്പുകാരൻ, സ്രാപ്പ്. വ. സമ്പന്നൻ.

മട്ട, മട്ടവ്–നാ. തേൻ. വ. നീർമട. ന. ആഴമുള്ളസ്ഥലം.

മട്ടക്ക–ഒരുമാതിരി മരം,

മട്ടക്കുന്നു–തോല്ക്കുന്നു. (മട്ടപ്പിക്കുന്നു, കാ, ക്രി).

മട്ടത്താർ–മട്ടോടുകൂടിയ (തേനോടുകൂടിയ–അതിനാൽ പുതിയ) താർ (പുഷ്പം).

മട്ടുത്തുകംമൊഴി – തേനൊഴിക്കുന്നതു പോലെ മധുരമുള്ള വാക്ക് (ഓടു കൂടിയവൾ).

മട്ടപ്പ്-൧ തോലി. ൨ വിലത്താഴ്ച. ൩ വെറുപ്പ്. ൪ അധൈര്യം.

മട്ടമലർ-തേനുള്ള പൂവ്.

മട്ടമൊഴി-തേന്മൊഴി, മനോഹരയായ സ്ത്രീ.

മടെക്കുന്നു-അദ്ധ്വാനപ്പെടുന്നു, അധികം വേലചെയ്യുന്നു.

മടെപ്പ്-മടയ്ക്കുക.

മട്ട്-൧. ഊറൽ. ൨. തേൻ. ൩. പ്രകൃതി, നടപ്പ്. ൪. അതിര്. ൫. ക്രമം, രീതി. ൬. അടിയിൽ ഊറിയിരിക്കുന്നത്.

'കള്ളിന്റെമട്ടുംകമ്മിളിന്റെപിട്ടും' (പഴമൊഴി)

മട്ട-വി. ൧. വളഞ്ഞ. ൨. ചെവികേൾക്കാത്ത.

മട്ട-൧. വളവില്ലാത്ത ശാഖ (വൃക്ഷത്തിന്റെ കൊമ്പ്). ൨. ഒരുവക അളവ്, നീളം. ൩. ബുദ്ധിയില്ലായ്മ.

മട്ടക്കണ്ണ-ഓലമടൽ കൊണ്ടുള്ള വടി.

മട്ടക്കുതിര-നല്ല നടപ്പുള്ള ഒരുമാതിരി കൊച്ചു കുതിര.

മട്ടക്കൊമ്പ്-പശുവിന്റെയും മററും വളഞ്ഞ കൊമ്പ്

മട്ടച്ചാരം-മുക്കുവർ ഉപയോഗിച്ചുവരുന്ന ഒരുവക ചാരം.

മട്ടച്ചെകിടൻ-ഒട്ടും ചെവി കേൾക്കാത്തവൻ.

മട്ടച്ചേരുവ-മട്ടംചേർത്തുള്ള പൊന്ന്.

മട്ടത്തരം-ദുസ്സാമർത്ഥ്യം.

മട്ടപ്പണം-ചേരുവയുള്ള ഒരുവക നാണയം, പൊൻപണം.

മട്ടപ്പാവ്-കെട്ടിടത്തിന്റെ മുൻവശത്തു പണിഞ്ഞു ചേർത്തിട്ടുള്ള വിലാസസ്ഥലം.

മട്ടം-൧. ആശാരിമാർ വച്ചു വരയ്ക്കുന്ന ഒരു പലക. ൨. സ്വർണ്ണത്തിൽ ചേർക്കുന്ന ഒരു ചേരുവ. ൩. മട്ടക്കുതിര.

മട്ടുക്കുന്നു-ലജ്ജിക്കുന്നു.

മട്ടലർ-തേനുള്ള പുഷ്പം.

മട്ടലർബാണൻ-കാമദേവൻ.

മട്ടി-വി. ൧ വശക്കേടായുള്ള. ൨. കട്ടിയുള്ള.

മട്ടി-അടിയിൽ ഉറഞ്ഞത്, കട്ടിയായത്.

മട്ടിച്ചുകളയുക-വട്ടത്തിലാക്കുക, തകിടികാണിക്കുക, വഞ്ചിക്കുക.

മട്ടിപ്പ്-തട്ടിപ്പ്, ഇന്ദ്രജാലം.

മട്ടിപ്പണി-മുറട്ടുവേല.

മട്ടിപ്പാൽ-ഒരുമാതിരി സുഗന്ധവസ്തു, ഒരുവക സാമ്പ്രാണി, മരത്തിന്റെ കറ.

മട്ടിയം-മുഖസ്തുതി, പ്രശംസ, ഉരുട്ട്.

മട്ടിയക്കാരൻ-സ്തുതിക്കുന്നവൻ, തകിടിക്കാരൻ, ഉരുട്ടൻ.

മട്ടോൽമൊഴി, മട്ടോലുംമൊഴി, മട്ടേൽമൊഴി, മട്ടോലുംവാണി-സുന്ദരി, തേൻവാണി.

മഠപതി-മഠത്തിൽ പാർക്കുന്ന സന്യാസി.

മഠപ്പാട്ട്-മഠം.

മഠപ്പുറം-മലയാളത്തിൽ സന്യാസിമാരുടെ ഭവനത്തിനു പറയുന്ന ഒരു ബഹുമാനപ്പേർ.

മഠം-൧. ബ്രാഹ്മണർ വേദംപഠിക്കുന്ന സ്ഥലം. ൨. ശിഷ്യന്മാർക്കും ചില ബ്രാഹ്മണർക്കും മററും പാർക്കുന്നതിനായിട്ടുള്ള ഭവനം. മറെറാരു പര്യായം-ഛാത്രാലിനിലയം. ൩. ബ്രാഹ്മണരുടെ വാസസ്ഥലം. ഉല്ലാസമായി പാർക്കുന്നിടം എന്നർത്ഥം. (മഠീ എന്നുമാവാം).

ഓത്തന്മാരുടെ മഠം, സന്മഠം, സ്വാമിയാരന്മാരുടെ മഠം, കന്യാസ്ത്രീമഠം മുതലായവ.

൪. ക്ഷേത്രം. ൫. കാള വലിക്കുന്ന വണ്ടി. ൬. അറ, മുറി.

മഠീ-അറ, മുറി.

മഡ്ഡു-തെട്ടുദുടി, ഒരു വാദ്യം. 'മഡ്' എന്നു ശബ്ദിക്കുന്നത് എന്നർത്ഥം.

മണക്കളം–മാപ്പിളക്കും പെണ്ണിനും (കെട്ടിയവനും കെട്ടിയവൾക്കും) ഉള്ള ഇരിപ്പിടം.

മണക്കാട്ടുചുണ്ടയ്ക്ക– പറങ്കിമാങ്ങപ്പച്ചയണ്ടി.

മണക്കുന്നു–൧. മണമുള്ള വസ്തുക്കളെ മൂക്കിനോടടുപ്പിക്കുന്നു, ഘ്രാണിക്കുന്നു. ൨. മണം പുറപ്പെടുന്നു. (കാ. ക്രി. മണപ്പിക്കുന്നു.) ൩. ചുംബിക്കുന്നു.

മണക്കോലക്കട്ടിൽ–നായരുടെ മഞ്ചം. (ബഹുമാനസൂചകം).

മണങ്ങ്–൧. ഒരുവക ചീത്ത മത്സ്യം. ൨. മീൻചൂണ്ടയിൽ കൊരുത്ത ഇര.

മണറത്തക്കാളി–ഒരുമാതിരി തൈ.

മണത്തണ, മണത്തണ്ണ–ഒരു പ്രധാന ക്ഷേത്രം. (of Kotayam, sacred to കൊട്ടിയൂർ പെരുമാൾ whose feast lasts 22 days from ചോതി of മേടം till ഇടവച്ചോതി).

മണത്തരി–പൊടിമണൽ.

മണന്താ–ഭോഷത്വം.

മണപ്പുര–മണവാട്ടിക്കും മണവാളനുമുള്ള പുര.

മണം–പഞ്ചഭൂതങ്ങളിൽ ഭൂമിക്കു പ്രത്യേകമായുള്ള ഒരു ഗുണം, ഗന്ധം. ൧. സുഗന്ധം. ൨. ദുർഗ്ഗന്ധം.

മണലമീൻ–കണമ്പ്.

മണലാര്യൻ–ഒരുവക നെല്ല്.

മണലി–൧. ഒരുവക ചീര. ൨. മരുക്കൊഴുന്ത്.

മണലൂർ, മണലൂരപുരി–പാണ്ടിയിലെ പഴയ പ്രധാന നഗരം.

മണൽ–ആറ്റിലും കടപ്പുറത്തും മററുമുള്ള ഒരുമാതിരി പൊടിമണ്ണ്. മണലുള്ള ദേശം–സൈകതം, സികതാവാൻ. മണൽ അധികമായ ദേശം–സികതാ, സികതിലം.

മണൽക്കമ്മായം – മണൽക്കൂട്ടിയ കുമ്മായം.

മണൽക്കൂറ–വി. മണലുള്ള. (ഇതു ഭൂമിയോടു ചേരും).

മണ(ൽ)ത്തിട്ട–മണപ്പുറം, ആററിന്റെ നടുവിലും മററും മണൽ കൂട്ടമായി പൊങ്ങിക്കാണുന്നത്. പര്യായങ്ങൾ– പുളിനം, സൈകതം.

മണ(ൽ)പ്പാടൻ–മണപ്പാട്ടുവസ്ത്രം.

മണൽവാരി–അഞ്ചാംപനി, പൊങ്ങൻപനി.

മണൽവീഥി–വി മണലുള്ള. (ഇതു ചില പ്രദേശത്തിനു ചേരും).

മണവറ–മണവാളപ്പുര.

മണവാട്ടി, മണാട്ടി–കല്യാണം കഴിക്കപ്പെട്ട പെണ്ണ്.

മണവാളൻ, മണാളൻ–൧. ഭർത്താവ്.

'മധുരിപോ! മലർമകൾമണവാള'

(ഭാരതം)

൨. കല്യാണം കഴിച്ചാൽ അടുത്ത ദിവസങ്ങളിൽ ആ ഭർത്താവിനു പറയുന്ന ഒരു പേർ.

മണാട്ടി–മണത്തവള, ഒരുവക തവള.

മണി–൧. രത്നം. ൨. മുത്ത്. ൩. കൈയുടെ കുഴ. ൪. ആട്ടിന്റെ കഴുത്തിൽ തൂങ്ങിക്കിടക്കുന്ന വസ്തു. ൫. കിലുക്കുന്ന മണി. ൬. വിത്ത്, കുരു. ൭. കണ്ണിലെ ഉണ്ണി. ൮. വലമണി. ൯. വൃഷണം. ൰. അരമണി. ൧൧ കാത്തുമണി, സമയം അറിയിക്കുന്ന ശബ്ദം. ൧൨. നല്ലത്. ൧൩. ആഭരണത്തിന്റെ സാമാന്യമായ പേർ. ൧൪. അയസ്കാന്തം.

'മണീ' എന്ന് ഈകാരാന്തമായിട്ടുമാവാം. പ്രസിദ്ധപ്പെട്ടത് എന്ന ശബ്ദാർത്ഥം. ശിലാജാതികളായ പത്മരാഗ-മരതക-സ്ഫടികാദികളുടെയും മുത്ത്, മണി, പവിഴം മുതലായതിന്റെയും പേർ. രത്നങ്ങൾ സ്ഥലജങ്ങളും ജലജങ്ങളും എന്ന രണ്ടുവകയുണ്ട്. രത്നം എന്നും മണി എന്നും പറയുന്നത് എല്ലാവിധം രത്നങ്ങളുടെയും സാമാന്യമായ പേരാകുന്നു.

മണികണ്ഠം-ഒരുമാതിരി പക്ഷി.

മണികണ്ഠകം-കോഴി.

മണികം-കുടം, മങ്ങ(ക)ലി, മിടാവു മുതലായ വലിയ പാത്രം. ഗംഭീരമായി ശബ്ദിക്കുന്നത് എന്നർത്ഥം. ൨. രത്നം ൩. സ്ഫടികക്കൊട്ടാരം.

മണികർണ്ണിക-൧. കാശിയിലെ ഒരു പുണ്യമുള്ള കുളം. ൨. രത്നമയമായ കർണ്ണാഭരണം.

മണികലശം-൧. നല്ല കുടം. ൨. രത്നപാത്രം.

മണികാഞ്ചി-ഒരു കിളിപ്പാട്ടുവൃത്തം.

മണികാരൻ -ഒരു റവന്യൂ ഉദ്യോഗസ്ഥൻ.

മണിക്കഞ്ജകം-ഒരുമാതിരി ചെറിയ ഇലയുള്ള തുളസി. (സം-പ്രസ്ഥപുഷ്പം).

മണിക്കട്ടിൽ-൧. രത്നാവലചെയ്ത കട്ടിൽ. ൨. രാജാവിന്റെ മഞ്ചം.

മണിക്ക(കൊ)ണ്ടനീച്ച-ഒരുമാതിരി വലിയ ഈച്ച.

മണിക്കണ്ടം -മണിക്കെട്ട്, കൈയുടെ കുഴ.

മണിക്കരിങ്ങാലി- ഒരുമാതിരി മുളയുടെ വേര്.

മണിക്കാതില-രത്നംപതിച്ച കാതില. (ഒരു കർണ്ണാഭരണം).

മണിക്കാ(കാ)രൻ-൧. രത്നങ്ങളെ പണിയുന്നവൻ. ൨. മണിയടിക്കുന്നവൻ. ൩. ഒരു റവന്യൂഉദ്യോഗസ്ഥൻ; പാർവ്വത്യകാരനും മററും.

മണിക്കാൽ-൧. കപ്പലിന്റെയും വള്ളത്തിന്റെയും മററും അകത്തുള്ള ഒരുമാതിരി പണി, ൨. വല താഴുന്നതിനു ഈയത്തുണ്ടുകൾ കെട്ടിയ കയറ്.

മണിക്കിണർ-നല്ല വെള്ളമുള്ള കിണർ, ആഴമുള്ള കിണർ.

മണിക്കിരീടം-രത്നങ്ങളെ പതിച്ച കിരീടം.

മണിക്കുന്നു-൧. താരാട്ടുന്നു. (ഉ-ം, കുഞ്ഞിനെ മണിച്ചുറക്കി). ൨. മണിയടിക്കുന്നു. ൩. സന്തോഷിക്കുന്നു, സന്തോഷമുള്ള ശബ്ദമുണ്ടാക്കുന്നു. ൪. ശബ്ദം ഉണ്ടാക്കി പരിശോധിക്കുന്നു. (ഉ-ം, റപ്പിക മണിച്ചു നോക്കി).

മണിക്കുന്തുരുക്കം-ശുദ്ധിചെയ്ത കുന്തുരുക്കം. (കറുത്ത കുന്തുരുക്കമെന്നും പറയും)

മണിക്കൂറു - രണ്ടരനാഴിക കൂടിയ സമയം.

മണിക്കൂററ്-മണിനാദം.

മണിക്കെട്ട്-കൈയുടെ കുഴ.

മണിഗ്രീവം-കാട്ടുകാക്ക.

മണിഗ്രീവൻ - വൈശ്രവണന്റെ ഒരു പുത്രൻ.

വൈശ്രവണനു രണ്ടു പുത്രന്മാരുണ്ട്. ൧. നളകൂബരൻ ൨. മണിഗ്രീവൻ.

'നളകൂബരമണിഗ്രീവാവിതിഖ്യാതൌ ശ്രീയാന്വിതൌ'—(ഭാഗവതം).

മണിഗന്ധകം-ശുദ്ധിചെയ്ത ഗന്ധകം.

മണിഘട്ടനം-മണിയടിക്കുക.

മണിച്ചോററി-നല്ല വിശറി.

**മണിതം**-രതികാലത്തിലെ വാക്ക്, രതികാലത്തിൽ അനുരാഗാധിക്യം നിമിത്തം കണ്ഠത്തിൽ നിന്നു പുറപ്പെടുന്നതും കപോതകൂജിതസദൃശവുമായ ഒരു ശബ്ദവിശേഷം.

**മണിത്തക്കാളി**-മുളകുതക്കാളി, മണത്തക്കാളി.

അർശസ്സ്, വിഷം, കുഷ്ഠം, ജ്വരം മുതലായവക്കു നന്ന്. മലത്തെ ഇളക്കും, രുചിയെ ഉണ്ടാക്കും. ഇതു തിപ്പലി, ശർക്കര, തേൻ, മുളക് ഇവ ഓരോന്നിനോടൊരുമിച്ചു ഭക്ഷിക്കരുത്. മത്സ്യം വേവിച്ച പാത്രത്തിലോ ചുക്കു വെന്തിട്ടുള്ള പാത്രത്തിലോ പാകംചെയ്തു ഭക്ഷിക്കുന്നതും വിരുദ്ധമാണ്. സം-കാകമാചി. ത-കറുത്തക്കാളി. ഇം-Night-shade നൈററ് ഷേഡ്.

**മണിത്തിരട്ട്**-ചെറുതായിട്ടുരുട്ടുക.

**മണിത്തിരട്ടുന്നു**-മണിപ്പിടിക്കുന്നു.

**മണിദ്വീപം**-പ്ര. അമൃതക്കടലിലെ ഒരു ദ്വീപം. വ. അനന്തന്റെ പത്നി.

**മണിധനുസ്സ്**-മേഘവില്ല്.

**മണിനാക്ക്**-മണിയടിക്കുന്നതിന് അതിന്റെ ഉള്ളിൽ തൂക്കുന്ന വസ്തു.

**മണിനാഗം**-ഒരുമാതിരി സർപ്പം.

**മണിനാദം**-മണിയുടെ ശബ്ദം.

**മണിപുഷ്പകം**-സഹദേവന്റെ ശംഖം.

**മണിപൂരകം**-നാഭി, പൊക്കിൾ.

**മണിപൂരം**-പ്ര. ബഭ്രുവാഹനന്റെ നഗരം. ഷഡാധാരങ്ങളിൽ ഒന്ന്. (സ്വാധിഷ്ഠാനത്തിന് അര അംഗുലം മേൽ) (അതിന് എട്ടംഗുലംമേൽ അനാഹതം)

**മണിപ്പാറ**-കരിങ്കല്ല്. ഒരുമാതിരി ഉരുണ്ട ചെറിയ കല്ല്.

**മണിപ്പിടിത്തം**-ചെറിയ ഉരുളയാക്കുക.

**മണിപ്പൂൺവ്**-നടുക്കെട്ടു ചീല. ഉ-ം, "അക്കാനനയത്തിൽ മണിപ്പൂൺച്ചു"(രാമായണസങ്കീർത്തനം).

**മണിപ്പൊച്ചം**-മേനിയുള്ള ഒരു തരം ചെറിയ കയർ.

**മണിപ്രവാളം**-പ്ര. രത്നത്തോടു ചേർത്തുള്ള തളിര. വ. മലയാളവും സംസ്കൃതവും കൂടിയുണ്ടാക്കിയ ഒരുമാതിരി കവിത. മണിയാകുന്ന മലയാള പദങ്ങളും, പ്രവാളമാകുന്ന സംസ്കൃതപദങ്ങളും ചേർന്ന ഒരു വിശേഷ പ്രസ്ഥാനം.

ഇടയ്ക്കിടയ്ക്കു രത്നങ്ങൾ കൂടി കലർന്നുണ്ടാക്കിയിട്ടുള്ള പവിഴമാലപോലെ സരസമായും സാലങ്കാരമായും സംസ്കൃതപദങ്ങൾ കൂടി ചേർത്തുണ്ടാക്കിയിട്ടുള്ള മലയാളകാവ്യമത്രേ മണിപ്രവാളം. മണിപ്രവാളത്തിനു വളരെ ശുദ്ധിവരുത്തി ആദ്യമായി ഭംഗിയിൽ പ്രയോഗിച്ചുകാണുന്നതു് എഴുത്തച്ഛന്റെ ഭാരതത്തിലാണ്. കുഞ്ചൻനമ്പ്യാർ തുള്ളൽ ഉണ്ടാക്കിയിരിക്കുന്നതു് അതിനെ അനുസരിച്ചാകുന്നു.

**മണിപ്രാവ്**-ഒരു മാതിരി പ്രാവ്.

**മണിഭിത്തി**-ശേഷസർപ്പത്തിന്റെ വാസസ്ഥലം. (മണിമണ്ഡപം എന്നും കാണുന്നു).

**മണിബന്ധം**-പ്ര. മണിക്കെട്ട്. കൈയുടെ മണിക്കഴ. വ. ഇന്തുപ്പ്.

**മണിമഞ്ചം**-രത്നക്കട്ടിൽ.

**മണിമദ്ധ്യം**-ഒരു വൃത്തത്തിന്റെ പേർ. 'ഭകാരം മണിമദ്ധ്യം ഭം മസവും—അക്ഷരം 9.

**മണിമന്ഥം**-പ്ര. ഒരു പർവ്വതം. (ഇതിൽ നിന്നെടുക്കുന്നതത്രേ മാണിമന്ഥം=ഇന്തുപ്പ്). വ. ഇന്തുപ്പ്.

**മണിമയ**-വി. രത്നംകൊണ്ടുള്ള.

**മണിമരുത്**-ഒരു വൃക്ഷം.

**മണിമാൻ**-വൈശ്രവണന്റെ സഖാവായ ഒരു രാക്ഷസൻ.

(ഇവനെ ഭീമൻ വധിച്ചു.

**മണിമാല, മണിമാലിക**-രത്നമാല.

**മണിമാല**-സമവൃത്തത്തിൽപ്പെട്ട ഒരു വൃത്തം. അക്ഷരം 12. 'ത്യാംറിഹ തം യം തം യം മണിമാലം'.

**മണിമാലിക**-൧. നാഴികമണിയുംമററും വയ്ക്കുന്നതിന് പൊക്കത്തിൽ പണിത ഒരു മാളിക. ൨. രത്നങ്ങളെ കൊണ്ടുണ്ടാക്കിയ മാളിക.

**മണിമുടി**-രത്നം പതിച്ച കിരീടം, രത്നം കൊണ്ടുള്ള കിരീടം.

**മണിമേട**-രത്നങ്ങൾകൊണ്ടലങ്കരിച്ച മാളിക.

**മണിമൈ**-നല്ല ശരീരം.

**മണിയൻ**-൧. ഒരു വക വലിയ കറുത്ത ഈച്ച. ൨. ഒരു വക നെല്ല്. ൩. ഒരു മന്തിരി മസൂരി. ൪. ഒരു വക ചെറിയ ഈച്ച, മണിയീച്ച.

**മണിയം**-അധികാരം, പാർവ്വത്യകാരന്റെ അധികാരവും മററും.

**മണിയറ**-അലങ്കരിച്ച മുറി.

**മണിയാക്കുന്നു**-മെതിക്കുന്നു.

**മണിയാണി**-൧. നായരിൽ ഒരിനം, കോവിലിൽ പാൽകൊട്ടുക്കുന്ന ഒരു വകക്കാർ. ൨. ഊരാളി അല്ലെങ്കിൽ കോലയാൻ എന്നപോലെയുള്ള ഒരു ജാതിക്കാരൻ.

**മണിയ്ക്കു**-ശബ്ദമുണ്ടാക്കുക.

**മണിവരം**-വൈരം.

**മണിവണ്ണൻ**-൧. ഇന്ദ്രനീലക്കല്ലിന്റെ നിറത്തോടു കൂടിയവൻ. ൨. കൃഷ്ണൻ.

**മണിവല**-എറിയുന്ന വല, ഈയത്തുണ്ടുകൾ കെട്ടിയിട്ടുള്ള വല.

**മണിവാ**-ചുണ്ട്.

**മണിവിളക്ക്**-ഒരു മന്തിരി വിളക്ക്.

**മണിവേധകസൂചി**-രത്നങ്ങൾ തുളക്കുവാനുള്ള കതിർ.

**മണിസരം**-മാല, കണ്ഠാഭരണം.

**മണീചകം**-൧. ചന്ദ്രകാന്തം. ൨. നീർകാക്ക. ൩. പുഷ്പം.

**മണീബന്ധനം**-കൈയുടെ മണിക്കഴ.

'ഞാണടികിണങ്ങുമേ
മണീബന്ധനാൽ'

(അഭിജ്ഞാനശാകുന്തളം)

**മണ്മണത്തവൻ**-ദുർബ്ബുദ്ധി.

**മണ്മണപ്പ്**-പുളിപ്പ്, ഉപ്പിപ്പ്, ഉവരുള്ളത്.

**മണ്മണപ്പൊട്ടൻ**-ദുർബ്ബുദ്ധി.

**മണേഗാരൻ**-അധികാരി. (മണിയഗാരൻ, മണിയകാരൻ,)

**മൺ, മണ്ണ്**-പഞ്ചഭൂതങ്ങളിൽ ഒന്ന്, ഭൂമി.

**മൺകട്ട, മണ്ണാങ്കട്ട**-മണ്ണിൻകട്ട. പര്യായങ്ങൾ-ലോഷ്ടം, ലേഷ്ടുവം.

**മൺകുഴിയൻ**-ഉടുമ്പിന്റെ(വേട്ടക്കാരുള്ള) പേർ.

**മൺകുമ്മായം**-കല്ലൊടിയും മണലും കൂട്ടി കുഴച്ച കുമ്മായം.

**മൺകൂറ്**-കല്ലും മണലും ഇല്ലാത്ത മാലിയും മററും.

**മൺകൊട്ട**-മണ്ണു ചുമക്കുന്നതിനുള്ള കൊട്ട, കയ്യാലക്കൊട്ട.

**മൺചായില്യം**-മൺകുമ്മായം.

**മണ്ട്**-മൂർച്ചയില്ലാത്ത ഭാഗം.

**മണ്ട**-൧. തലയോട്ട്, തല. ൨. മൺപാത്രം. ൩. തെങ്ങ്, കവുങ്ങു മുതലായ ചില വൃക്ഷത്തിന്റെ തലയ്ക്കു പറയുന്ന പേർ. ൪. ഉടച്ച ധാന്യം. ൫. കഴച്ച മാവ്.

മണ്ടൻ-ബുദ്ധികുറഞ്ഞവൻ.

മണ്ടൽ-മണ്ടുക, ഓടുക, ഓട്ടം.

മണ്ടലം-മണ്ഡലം, ദിഗാലയം (മൺ + തലം).

മണ്ടപം-മണ്ഡപം (ജനാശ്രയം)

മണ്ടപത്തുംവാതി - മണ്ഡപത്തിൻ വാതിൽ.

മണ്ടിയിട്ടിരിക്ക - കുതികാലിൽ ഇരുത്തുക.

മണ്ടുന്നു-ഓടുന്നു. (സ. ക്രി.) മണ്ടിക്കുന്നു.

മണ്ഡന-വി. അലങ്കരിക്കു ശീലമുള്ള

മണ്ഡനം-പ്ര. ആഭരണം, അലങ്കാരം ൨. സാഹിത്യസാഹ്യപ്രകാരം വിമർശത്തിന്റെ ഉൾപ്പിരിവുകളിൽ ഒന്ന്.

ഗ്രന്ഥകാരനെ പിൻതാങ്ങി അനുകൂലമായി ചെയ്യുന്ന വിമർശം.

മണ്ഡനൻ-അലങ്കരിക്കു ശീലമായിട്ടുള്ളവൻ.

മണ്ഡപത്തിൻവാതിൽ, മണ്ഡപത്തുംവാതുക്കൽ (വാതിൽ)-പ്ര. തിരുവിതാംകൂർ രാജ്യത്തിന്റെ ഓരോ അംശങ്ങൾക്ക് പറഞ്ഞുവരുന്നതിൽ ഒരു പേർ. ൨. അവിടത്തെ അധികാരികൾ ഇരിക്കുന്ന ഒരു കച്ചേരി, തഹശീൽദാരുടെ കച്ചേരിസ്ഥലം.

മണ്ഡപം-പ്ര. ഇരിപ്പാനുള്ള സ്ഥലം. ൨. ക്ഷേത്രത്തിൽ ഒരു സ്ഥലം. മറ്റൊരു പര്യായം—ജനാശ്രയം.

ഭഗവൽഭജനത്തിനായിട്ടു ഭക്തന്മാരും, രാജ്യകാര്യാലോചനാർത്ഥം മന്ത്രിപ്രഭൃതികളും ഒന്നാചരിരിപ്പാനായിട്ടു അമ്പലങ്ങളിലും രാജധാനികളിലും പ്രത്യേകമായി പണിചെയ്തിട്ടുള്ളതത്രേ മണ്ഡപം.

മണ്ഡം-പ്ര. എല്ലാവിധ രസങ്ങളുടേയും തെളിയുടേയും പേർ ഭംഗിയുള്ളത് എന്നർത്ഥം. ൨. അലങ്കരിക്കുന്നത്. മഡി എന്ന ധാതുവിങ്കൽ നിന്നു 'മണ്ഡ' എന്ന ശബ്ദമുണ്ടായി. ൩. തൈർവെള്ളം. ൪. വെളുത്തആവണക്ക്. ൫. തവള.

മണ്ഡലകൻ-പട്ടി.

മണ്ഡലകം-പ്ര. ഒരുമാതിരി കുഷ്ഠരോഗം. വട്ടപ്പുണ്ണ്. മണ്ഡലാകാരമായിട്ടുള്ളത് എന്നർത്ഥം ൨. ഒരുമാതിരി മുഖക്കണ്ണാടി. ൩. അണിഭേദം.

മണ്ഡലത്രയം-അഗ്നിമണ്ഡലം, സൂര്യമണ്ഡലം, ചന്ദ്രമണ്ഡലം ഇവ മൂന്നും.

മണ്ഡലം-പ്ര. പരിവേഷം. സൂര്യാദികളുടെ ബിംബം. ൨. ദിഗാലയം. ദിക്കുകളുടെ പര്യന്തം അലങ്കരിക്കുന്നതു എന്നർത്ഥം ൩. വണ്ടി. ൪. നാല്പതുയോജന സമചതുരമുള്ള ദിക്ക്. ൫. ചക്രവർത്തിരാജാവിന്റെ രാജ്യം. കൂട്ടം. ൬. പലഹാരം. ൭. നാല്പതുദിവസം. ൮. വില്ലാളികളുടെ നിലഭേദം. ൯. അണിഭേദം. ൧൦. വൃത്തം (ഉണ്ട). ൧൧. തവള. ൧൨. നായ്.

മണ്ഡലവ്യൂഹം-ഒരുതരം വ്യൂഹം.

വ്യൂഹം എന്നതു യുദ്ധശാസ്ത്രപ്രകാരം സൈന്യത്തെ അതാതു നിശ്ചിതസ്ഥലങ്ങളിൽ വേണ്ടുംവണ്ണം നിരത്തുന്നതാകുന്നു.

മണ്ഡലാകാര-വി. മണ്ഡലത്തിന്റെ ആകൃതിയുള്ള, വട്ടത്തിലുള്ള.

മണ്ഡലാഗ്രം-വളവുള്ള ഒരുതരം വാൾ, വാൾ. മണ്ഡലാകാരമായ (വളഞ്ഞ) അഗ്രത്തോടു കൂടിയതു് എന്നർത്ഥം.

മണ്ഡലാധിപൻ-മഹാരാജാവ്.

മണ്ഡലായിതം-ഉരുള.

മണ്ഡലി-വി. മണ്ഡലമുള്ള. (സ്ത്രീ-മണ്ഡലിനീ).

മണ്ഡലി-പ്ര. ഒരുവക പാമ്പ്. ൨. പൂച്ച. ൩. കൂട്ടം. ൪. നായ്. ൫. ചിറ്റരത്ത്. ൬. പേരാൽ.

**മണ്ഡലേശ്വരൻ**-മഹാരാജാവ്, ചക്രവൎത്തിയുടെ കീഴിൽ ഏതാനും രാജ്യത്തിനുമാത്രം അധിപനായുള്ളവൻ.

**മണ്ഡഹാരകൻ**-മദ്യം ചെത്തിയുണ്ടാക്കുകയും കാച്ചുകയും വില്ക്കുകയും ചെയ്യുന്നവൻ. മദ്യം വാററിയെടുക്കുന്നവൻ എന്നു ശബ്ദാൎത്ഥം. (ചോവൻ).

**മണ്ഡാ**-നാ. നെല്ലി. ൨. മദ്യം.

**മണ്ഡിത**-വി. അലങ്കരിക്കപ്പെട്ട.

**മണ്ഡിതൻ**-നാ. ജിനന്മാരിൽ ഒരു പ്രധാനി. ൨. അലങ്കരിക്കപ്പെട്ടവൻ.

**മണ്ഡൂക**-പെൺ തവള.

**മണ്ഡൂകപൎണ്ണം**-പലകപ്പയ്യാനി. തവളയെപ്പോലെയുള്ള ഇലകൾ ഉള്ളതു് എന്നൎത്ഥം.

**മണ്ഡൂകപൎണ്ണി**-നാ. മഞ്ചട്ടി. തവളയെപ്പോലെയുള്ള ഇലകൾ ഉള്ളതു് എന്നൎത്ഥം. ൨. കടകൻ.

**മണ്ഡൂകം**-നാ. തവള. ജലാശയത്തെ അലങ്കരിക്കുന്നതു്, ജലാശയങ്ങളിൽ പ്രവേശിക്കുന്നതു് ഇങ്ങിനെ ശബ്ദാൎത്ഥം. ൨. പലകപ്പയ്യാനി.

**മണ്ഡൂകി**-നാ പെൺതവള. ൨. ബ്രഹ്മി. ൩. മഞ്ചട്ടി. ൪. തൊഴുകണ്ണി. ൫. മുന്തിരി.

**മണ്ഡൂരം**-ഇരിമ്പിൻകിട്ടം (പഴകിയതു്). അലങ്കരിക്കുന്നതു് എന്നൎത്ഥം.

**മണ്ഡോദരി**-രാവണന്റെ ഭാൎയ്യ. (ഇന്ദ്രജിത്തിന്റെ അമ്മ).

മയന്റെ മകളാണു്. അഹല്യയെപ്പോലെ നല്ല പതിവ്രതയാകുന്നു. സീതയെ വിട്ടയപ്പാൻ ഇവൾ രാവണനോടു വളരെ ഗുണദോഷിച്ചു. ഫലിച്ചില്ല.

**മണ്ണ്**-നാ. നിലം. ൨. ചളി. ൩. തുരുമ്പ് ൪. ചുവര്. ൫ കയ്യാല.

മണ്ണിന്റെ പൎയ്യായങ്ങൾ-മൃത്തു്, മൃത്തിക.

**മണ്ണട്ട**-ഒരുമാതിരി പ്രാണി, പുഴു, ചെറുപുഴു. പൎയ്യായങ്ങൾ-ദുന്ദമം, ദീൎഘകോശിക.

അഭിപ്രായഭേദം കാണുന്നുണ്ടു്.

**മണ്ണണിപ്പാമ്പ്**— വാലിൽ മണ്ണുള്ള പാമ്പു്.

**മണ്ണത്താൻ**-ഒരു അലക്കുകാരൻ.

**മണ്ണൻ**-നാ. ദുൎബ്ബുദ്ധി. ൨. ചെറിയ മുതല. ൩ ഒരുവക താണതരം വാഴ, പട്ടവാഴ.

**മണ്ണാച്ചൻ**-വണ്ണാൻ.

**മണ്ണാത്തി**-നാ. അലക്കുകാരന്റെ സ്ത്രീ. ൨. മണ്ണാത്തിപ്പക്ഷി.

**മണ്ണാത്തിപ്പിച്ചി**-ഒരുവക പക്ഷി.

**മണ്ണാൻ**-നാ. അലക്കുകാരിൽ ഒരു ജാതിക്കാരൻ. ൨. ചിലന്തി, ഒരു ചെറിയ പ്രാണി.

**മണ്ണാന്തുറ**-മണ്ണാൻ അലക്കുന്ന കടവു്.

**മണ്ണാശ**-നിലത്തിലുള്ള (ഭൂമിയിലുള്ള) ആഗ്രഹം.

**മണ്ണിൻകട്ട**-നാ. കട്ടമണ്ണു്. ൨. ഉപകാരമില്ലാത്ത വസ്തു.

**മണ്ണീരൽ**-ശ്വാസനാഡി.

**മണ്ണോടയോൻ**-ജന്മി.

**മണ്ണെണ്ണ**-മൺതൈലം.

ഇതു് ഇപ്പോൾ വിളക്കുവെയ്പിനായി ധാരാളം ഉപയോഗിച്ചുവരുന്നു.

**മൺതാലം**-മൺതളിക.

**മൺതൈലം**—മണ്ണിൽ നിന്നെടുക്കുന്ന എണ്ണ.

**മൺപു്**-നാ. മയങ്ങൽ. ൨. സൌന്ദൎയ്യം.

**മൺപണി**-മണ്ണുകൊണ്ടുള്ള വേല.

**മൺപലക**-കട്ടളയുടെ മേല്പടിക്കും ചുവരിന്നും മദ്ധ്യേ വെയ്ക്കുന്ന പലക.

**മൺപവിഴം**-ഒരുമാതിരി പളുങ്കു്.

മൺപാത്രം—മണ്ണുകൊണ്ടുണ്ടാക്കിയ പാത്രം.

മൺപുര-മണ്ണുകൊണ്ടുണ്ടാക്കിയ വീട്.

മൺമകൾ-സീത. (ഭൂപുത്രി).

മൺവാശി-മണ്ണിന്റെ നല്ലതോ ചീത്തയോ ആയ സ്ഥിതി.

മൺവെട്ടി-തൂമ്പ, കൃഷിക്കുപയോഗമുള്ള ഒരു പണിയായുധം.

മണ്മറഞ്ഞവർ-മരിച്ചുപോയവർ.

മത-വി. ൧. അറിയപ്പെട്ട. ൨. സ്വീകരിക്കപ്പെട്ട. ൩. ബഹുമാനിക്കപ്പെട്ട.

മതികരവേമ്പ്-ഒരു വൃക്ഷം, ദേവതാരം.

മതക്കാരൻ—ഏതെങ്കിലും ഒരു മതത്തെ അനുസരിച്ചു നടക്കുന്നവൻ.

മതങ്കം-ആന.

'മദംകിളർ മതങ്കനടയാൾ'

(രാമചരിതം)

മതംഗം-൧. ആന. ൨. മേഘം.

മതംഗജം-ആന. മതംഗമഹർഷിയിൽ നിന്നുണ്ടായത് എന്നർത്ഥം.

മതംഗൻ-ഒരു ഋഷി.

മതംഗൻ ബ്രാഹ്മണനായി വളർത്തപ്പെട്ട ചണ്ഡാലനാണ്. ഒരിക്കൽ ഒരു കഴുതക്കുട്ടിയെ മതംഗൻ അതികഠിനമായി ഉപദ്രവിച്ചു അനന്തരം അതിന്റെ തള്ള മതംഗൻ ചണ്ഡാലനാകയാൽ അവന്റെ പ്രവൃത്തിയെക്കുറിച്ചു അത്ഭുതപ്പെട്ടവാനില്ലെന്നു പറഞ്ഞു. ഇതിന്റെ കാരണം ഗ്രഹിക്കണമെന്ന് മതംഗൻ ഉടൻ ആവശ്യപ്പെട്ടു. മതംഗന്റെ അമ്മ മദ്യപിച്ചിരിക്കവെ ഒരു ക്ഷുരകനുമായുണ്ടായ ചേർച്ചയിൽ ജനിച്ചവനാണ് മതംഗൻ എന്നു കഴുത പറഞ്ഞു ഉടനെതന്നെ മതംഗൻ ഒരു ബ്രാഹ്മണനാവാനായി കഠിനതപസ്സ് അനുഷ്ഠിച്ചു ദേവകൾക്കു ഭീതി പിടിച്ചു. എങ്കിലും അവനെ ഇന്ദ്രൻ ബ്രാഹ്മണനായി കൈക്കൊണ്ടില്ല തദനന്തരം മതംഗൻ തള്ളവിരലിന്മേൽ മാത്രം നിന്നു ൧൦൦൦ വർഷം തപസ്സുചെയ്തു. ക്ഷയിച്ചു വീഴാറായപ്പോൾ ഇന്ദ്രൻ ചെന്നു താങ്ങിക്കൊണ്ടു ബ്രാഹ്മണനാകുന്ന കാര്യം അസാദ്ധ്യമാകയാൽ ആ അഭീഷ്ടത്തെ തള്ളിക്കളയുന്നതിന് ഉപദേശിക്കയും പക്ഷികളെപ്പോലെ യഥേഷ്ടം സഞ്ചരിക്കുന്നതിനും രൂപം മാറുന്നതിനുമുള്ള ശക്തി നൽകയും ചെയ്തു. മതംഗന്റെ ആശ്രമം ഋശ്യമൂകപർവതത്തിലാണ്. രാമനും സീതയും ഒരിക്കൽ ഇവിടെ ചെന്നിട്ടുണ്ട്.

മതത്യാഗം—താൻ മുൻപിനാലെ അനുസരിച്ചുവന്ന മതത്തെ ഉപേക്ഷിക്ക.

മതത്യാഗി-തന്റെ മതത്തെ ഉപേക്ഷിച്ചവൻ.

മതൻ-മനനം ചെയ്യപ്പെട്ടവൻ. മനനം ചെയ്യുക=നിശ്ചയിക്കുക.

മതഭേദം—൧. മതത്തിന്റെ വ്യത്യാസം. ൨. പക്ഷഭേദം.

മതം—൧. അഭിപ്രായം, അറിവ്. ൨. ആഗ്രഹം.

മതയുദ്ധം—മതക്കാർ തമ്മിൽ മതസംബന്ധമായ കാര്യങ്ങളെക്കുറിച്ച് തർക്കിക്കയും പിണങ്ങുകയും ചെയ്യുന്നത്.

മതല്ലിക-വി. (പദാന്ത്യത്തിൽ) ശ്രേഷ്ഠതയുള്ള.

മതല്ലിക-ശ്രേഷ്ഠത മററുള്ളവരുടെ ബുദ്ധിയെ അലങ്കരിക്കുന്നത് എന്നർത്ഥം.

മതവിപരീത-വി. മതത്തിനു വിരോധമുള്ള.

മതസ്ഥാപന—മതത്തെ സ്ഥാപിക്ക.

മതാചാരം—അതാതു മതക്കാരുടെ മര്യാദ.

മതി—൧. ബുദ്ധി. അറിയുന്നത് എന്നർത്ഥം. ൨. ഇച്ഛ. ൩. ഭാവം. ൪. മനനം, ൫. വിലമതിപ്പ്.

**മതി**—അ. ൧. വേണ്ടു ൨. തികഞ്ഞു. ൩. ശക്തനായിത്തീരു, സാധിക്കും.

**മതികല**-ചന്ദ്രകല.

**മതികെട്ടവൻ**-ബുദ്ധിയില്ലാത്തവൻ.

**മതികേട്**-ബുദ്ധിയുടെ കുറവ്.

**മതിക്കിരിയം**-അഹങ്കാരാധിക്യം, ബുദ്ധിഭ്രമം. (പ-മ.)

**മതിക്കുന്നു**-൧. വില നിശ്ചയിക്കുന്നു. ൨. വിചാരിക്കുന്നു. ൩. മാനിക്കുന്നു.

**മതിഗുണം**-ബുദ്ധിവൈഭവം.

**മതിത്തെല്ല്**-ചന്ദ്രകല.

**മതിനയനൻ**-ബുദ്ധിയാകുന്ന കണ്ണുമാത്രമുള്ളവൻ.

'മതിനയനനായ് മരുവുംമന്നവ'
(കണ്ണപവം)

**മതിനേർ**-വി. ചന്ദ്രനെപ്പോലെയുള്ള.

**മതിപോരാതെ**-മതിയാകാതെ.

**മതിപോരുക**-തൃപ്തിയാവുക.

**മതിപ്പ്**- വില നിശ്ചയിപ്പ്, ഉദ്ദേശത്തിൽ തീരുമാനപ്പെടുത്തുക.

**മതിഭ്രമം**-ബുദ്ധിയുടെ ഭ്രമം, ഭ്രാന്തി, ഭ്രാന്ത്.

**മതിഭ്രാന്തി**-ബുദ്ധിഭ്രമം, ഭ്രാന്ത്.

**മതിമൽ**-വി. ബുദ്ധിയുള്ള.

**മതിമറക്കുന്നു**-തന്റെ നില അറിയാതെ ബുദ്ധിക്കു ഇളക്കം തട്ടുന്നു.

**മതിമാൻ**-ബുദ്ധിമാൻ.

**മതിയം**-൧. നടുവ്. ൨. ചുഴിക്കുറ്റി. ൩. കതകിന്റെ കട്ടള.

**മതിയാകുന്നു**-൧. മതിവരുന്നു, തൃപ്തിയാകുന്നു. ൨. തികയുന്നു (സം. ക്രി.-മതിയാക്കുന്നു).

**മതിയായ്മ**-പ്രാപ്തി, ശക്തി, ത്രാണി, തൃപ്തി.

**മതിർക്ക**-മധുരിക്ക.

**മതിലകം**-മതിലിന്നകത്തുള്ള പ്രദേശം.

**മതിലടി**-൧. മതിലിന്റെ അടിസ്ഥാനം, ൨. ഏതുകെട്ടിടത്തിന്റെയും അടിവാരം

**മതിലടിയൂർചാത്തൻ**-പന്ത്രണ്ടു താണതരം ജ്ഞാനികളിൽ ഒരുവൻ.

**മതിൽ**-ക്ഷേത്രത്തിന്റെയും മററും ചുററിലുള്ള കല്ലുകൊണ്ടുപണിയപ്പെട്ട ചുവര്. പര്യായങ്ങൾ— പ്രാകാരം, വരണം, സാലം.

**മതിവരുക**-മതിയാവുക. തൃപ്തിയാവുക.

**മൽ**-വി. (പദങ്ങളുടെ മുമ്പിൽ ചേർവരുമ്പോൾ) എന്റെ. ഉ-ം. മദ്വംശം-എന്റെ വംശം.

**മത്കുണം**-തെങ്ങ്.

**മത്തുത്ത**-ധരിച്ചു.

**മത്ത്**-കടകോൽ, കടകോലിന്റെ ചുവട്ടിലെ ഭാഗം. മത്തം എന്നതിന്റെ തത്ഭവമാണ്. മഥി എന്നതിന്റേതു് എന്നും കാണുന്നു. ൨. കമ്മായം കൂട്ടുന്നതിന് ഇടിക്കുന്ന തടി. ൩. ആനയെ പിടിക്കുന്നതിനുള്ള ഒരു യന്ത്രം. ൪. പിച്ച്.

**മത്ത**-൧. ഒരുമാതിരി കറിസ്സാധനവള്ളി. ൨. സമവൃത്തത്തിൽപെട്ട ഒരു വൃത്തം. അക്ഷരം-൧൦ 'മത്താവൃത്തം മഭസഗ ചേർന്നാൽ'. ൩. ലഹരിയുള്ള ഒരു വക മദ്യം.

**മത്ത**-വി. ൧. മദമുള്ള. ൨. സന്തോഷമുള്ള.

**മത്തകാശിനീ**-ഉത്തമസ്ത്രീ, ഭംഗിയും വശീകരണശക്തിയുമുള്ളവൾ. മദ്യപാനം ചെയ്യാതെതന്നെ മത്തയെപ്പോലെ ശോഭിക്കുന്നവൾ എന്നർത്ഥം.

'മത്തകാസിനി' എന്നുംകാണുന്നുണ്ട്. അതിനു മത്തമയൂരംപ്പോലെ ഗമിക്കുന്ന വൾ എന്നു ശബ്ദാർത്ഥം).

മത്തകീശം-ആന.

മത്തഗജം-മദമുള്ള ആന.

മത്തഗാമിനി-ലക്ഷണമൊത്ത നടയോടു കൂടിയവൾ.

മത്തങ്ങാ - മത്തവള്ളിയിൽ ഉണ്ടാകുന്ന കായ്.

മത്തത-പ്ര. മദം. ദ്വി. സന്തോഷം. തൃ. മയക്കം, ലഹരി.

മത്തൻ-പ്ര. ഉന്മത്ത്. ദ്വി. പേരത്ത്. തൃ. കയിൽ.

മത്തമതി - മദിച്ച ബുദ്ധിയോടുകൂടിയ വൻ.

മത്തൻ-പ്ര. മദിച്ച ആന, മദംപൊട്ടിയ ആന. ദ്വി. മദിച്ചവൻ. തൃ. മത്തങ്ങാ. ച. പേരത്ത്.

മദ്യം മുതലായവ കൊണ്ടു മത്തനായി ട്ടുള്ളവന്റെ പേർ-മത്തൻ, ശൌണ്ഡൻ, ഉൽക്കടൻ, ക്ഷീബൻ.

ഉ. ഭ്രാന്തൻ.

മത്തമയൂരം-സമവൃത്തങ്ങളിൽ ഒന്ന്. അ ക്ഷരം 13. 'നാലാൽഛിന്നം മത്ത്യസഗം മത്തമയൂരം'

മത്തവാരണം-പ്ര. മദയാന. ദ്വി. വരാ ന്ത, തിണ്ണ. തൃ. വലിയകെട്ടിടത്തിന്റെ ചുററുമുള്ള മതിൽ. ച. വലിയ കെട്ടിട ത്തിന്റെ മുകളിലുള്ള ചെറിയ മുറി, മേൽമാളിക. ഉ. കൂടാരം, മന്ദിരം. ന്ന പാക്കിന്റെ പൊടി.

മത്തവാരണം എന്നതു 'മെത്താണം' എന്നു സാധാരണ പറഞ്ഞുവരുന്നതാ ണെന്നു അഭിപ്രായം കാണുന്നുണ്ട്. മെ ത്താണം എന്നതു കിടക്കുന്നതിനും മററും ഉയർത്തി തയ്യാറാക്കിയ സ്ഥലമാണ്. പണ്ടു-കസകര മുതലായവ പ്രചരിക്കു ന്നതിനു മുമ്പ്-എഴുത്തുപള്ളികളിൽ ആ ശാന്മാക്കിരിപ്പാൻ തറയിൽ നിന്നും അ ല്പം ഉയർത്തി മണ്ണുകൊണ്ടു ഒരാളിനു ഇ രിപ്പാനും കിടപ്പാനും തക്ക വിശാലമായ സ്ഥിതിയിൽ ഉണ്ടാക്കാറുണ്ട്. അതു ഞാ നും ധാരാളം കണ്ടിട്ടുണ്ട്. അതിനു 'മെ ത്താണം' എന്നാണു പേർ. ഇതു ഇപ്പോ ഴും ഇല്ലെന്നില്ല.

മത്തവിലാസം-ഒരു കൂത്ത്.

മത്താ-പ്ര. ഒരു മത്സ്യം. ദ്വി. കയിൽപേട്.

മത്താപ്പ്-നിലത്തിരി.

മത്താമ്പു, മത്താമ്പുല്ല്-ഒരു മാതിരി പുല്ല്.

മത്താലംഭം-ഒരു തരം വേലിയോ, നട ക്കാവോ.

മത്തി-ഒരു വക ചെറിയ മത്സ്യം.

മത്തിക്കുന്നു-ഇഷ്ടമാകുന്നു, മധുരിക്കുന്നു.

മത്തിപ്പ്-മധുരം.

മത്തുകള്ള്-കുടിക്കുന്നവർക്കു ഭ്രാന്തുപിടി ക്കാൻ തക്കതായ ചില വസ്തുക്കൾ കല ക്കിയ കള്ള്.

മത്തേഭം-മദിച്ചയാന, മത്തഗജം.

മത്സരക്കാരൻ-പ്ര. ജയിപ്പാൻ ഇച്ഛയു ള്ളവൻ. ദ്വി. അസൂയയുള്ളവൻ.

മത്സരം, മത്സരത -പ്ര. ജയിപ്പാനുള്ള ഇച്ഛ. ദ്വി. അസൂയ. തൃ. ദ്രോഹം. ച. സ്വാച്ഛന്ദ്യം. ഉ. അത്യാഗ്രഹം. ന്ന. സ്വാതന്ത്ര്യ ൭. ഔദ്ധത്യം. ൮. കലഹം

മത്സരി- മത്സരമുള്ളവൻ. (സ്ത്രീ-മത്സ രിണി).

മത്സരിക്കുന്നു - തോല്പിക്കുന്നതിനായിട്ടു വല്ലതും പ്രവൃത്തിക്കുന്നു, അസൂയ വിചാ രിക്കുന്നു, തർക്കിക്കുന്നു, എതിർക്കുന്നു.

മത്സ്യഗന്ധാ-ഗ്ര. മത്സ്യത്തിന്റെ ഗന്ധം പോലെ ഗന്ധമുള്ള ഒരു ചെടി. വ. നീർതിപ്പലി. ന. മീനാങ്ങാണി. ര്. ചെറിയ അടക്കാമണിയൻ. ൫ മീൻകണ്ണിക്കറക. ന്ന. സത്യവതി.

മത്സ്യഘ്നാ-സത്യവതി.

മത്സ്യഘാതകൻ-മുക്കുവൻ.

മത്സ്യണ്ഡി-ഗ്ര. മീൻകണ്ടിപ്പക്കര, നീർക്കണ്ടിപ്പക്കര. വ. ശുദ്ധിചെയ്യാത്ത ശക്കര. ന. പഞ്ചസാര. ര് കല്ലുണ്ട്. സന്തോഷത്തെ ഉണ്ടാക്കുന്നതു് എന്നർത്ഥം.

മത്സ്യധാനി-ഗ്ര. മീനിനെ പിടിക്കുന്ന കൊട്ട. വ. മീൻകൂട്, ഒററൽ, കരുത്തി ന. മത്സ്യത്തെ പിടിച്ചിടുന്ന പാത്രം. (മീൻകണ്ടി). മത്സ്യങ്ങൾ ഇതിൽ ആധാനംചെയ്യപ്പെടുന്നതിനാൽ ഈ പേർ വന്നു.

മത്സ്യധ്വജൻ-കാമദേവൻ.

മത്സ്യനാരി-സത്യവതി.

ആകൃതി പകുതി മത്സ്യത്തിന്റേയും പകുതി മനുഷ്യസ്ത്രീയുടേയുമാണ്.

മത്സ്യനാശകൻ, മത്സ്യനാശനൻ-ഒരു പക്ഷി.

മത്സ്യദ്വാദശി-മാർഗ്ഗശീഷമാസത്തിലെ പന്ത്രണ്ടാംദിവസം.

മത്സ്യപിത്ത-കടുകരോഹിണി.

മത്സ്യപുരാണം -18 പുരാണങ്ങളിൽ ഒന്നു്. (മത്സ്യാവതാരത്തിൽ വിഷ്ണു മനുവിനുപദേശിച്ചതു്. പുരാണങ്ങൾ, അഷ്ടാദശപുരാണങ്ങൾ എന്നീ ശബ്ദങ്ങൾ നോക്കുക).

മത്സ്യം-ഗ്ര. മീൻ. മററു പര്യായങ്ങൾ-ഝഷം, മീനം, വൈസാരിണം, അണ്ഡജം, വിസാരം, ശകലീ, പൃഥുരോമാ (വ്). മാംസഭക്ഷണംകൊണ്ടു ഹർഷിക്കുന്നതു്, പുച്ഛത്തിൽ തന്നത്താനേറിയാൽ മരിക്കുന്നതു് ഇങ്ങിനെ ശബ്ദാർത്ഥം. വ. വിഷ്ണുവിന്റെ ഒന്നാമത്തെ അവതാരം. ന. ഒരു രാജ്യത്തിന്റെ പേരു്. ര്. മീനം രാശിയും മീനമാസവും. ൫ ഒരു പുരാണം.

മത്സ്യം വളത്തിനു കൊള്ളാം, മലയാളത്തിലും വേറെ കടൽതീരപ്രദേശങ്ങളിലും ഇതു വളമായി ഉപയോഗിച്ചു വരുന്നു. ഇതിൽ നിന്നും പ്രകാശിതവും മററും കിട്ടും.

മത്സ്യരംഗ(ക)ം-നീർകാക്ക.

മത്സ്യരാജൻ-ചെങ്കവരി മീൻ.

മത്സ്യരേഖ-മത്സ്യത്തിന്റെ ഭാഷയിൽ ഭാഗ്യമുള്ളവരുടെ കൈയിലോ കാലിലോ ഉണ്ടാകുന്ന ഒരടയാളം.

മത്സ്യവേധനം, മത്സ്യവേധിനീ-ഗ്ര. ചൂണ്ടൽ, മത്സ്യങ്ങളെ വേധിക്കുന്നതു് എന്നർത്ഥം. വ. നീർകാക്ക.

മത്സ്യസംഘാതം-പാപ്പുമത്സ്യം. മത്സ്യക്കൂട്ടം.

മത്സ്യാശനം-നീർകാക്ക.

മത്സ്യാക്ഷി-ഗ്ര. മീനാങ്ങാണി. മത്സ്യത്തിന്റെ കണ്ണുപോലെയുള്ള പൂവോടു കൂടിയതു് എന്നർത്ഥം. വ. ബ്രഹ്മി ന. മണിത്തക്കാളി. ര്. മീൻകണ്ണി ൫. നീർതിപ്പലി. ന്ന. സോമവല്ലി.

മത്സ്യാവതാരം-വിഷ്ണുവിന്റെ മീനരൂപമുള്ള അവതരണം, (അവതാരം എന്നതു നോക്കുക)

മത്സ്യോദരീ-സത്യവതി.

മഥനം-ഗ്ര കലക്കുക. വ. കൊല്ലുക. ന. അരയ്ക്കുക ര്. പഞ്ഞി ൫. മുഞ്ഞ

മഥനാചലം, മഥനപർവ്വതം-സമുദ്രമഥനത്തിനു് ഉപയോഗിച്ച 'മന്ദരം' എന്ന പർവ്വതം.

മഥിത-വി. ഗ്ര. കലക്കപ്പെട്ട. വ. മർദ്ദിക്കപ്പെട്ട. ന. ഉപദ്രവിക്കപ്പെട്ട. ര്. കൊല്ല

ക്കപ്പെട്ട. ൫. പൊടിക്കപ്പെട്ട, അരയ്ക്കപ്പെട്ട.

മഥിതം-നീർക്കൂടാതെ കലക്കിയ മോര്, ഒട്ടും വെള്ളംചേൎക്കാത്ത മോര്. മഥനം ചെയ്യപ്പെട്ടത് എന്നൎത്ഥം.

മഥുര-അഗ്രായിൽ കൃഷ്ണൻ ജനിച്ചതായ നഗരം.

മഥുര യമുനാനദിയുടെ വലത്തെ തീരത്തിലുണ്ടായിരുന്ന ഒരു നഗരമാണ്. പുണ്യസ്ഥലങ്ങളായ സപ്ത നഗരങ്ങളിൽ ഒന്നാകുന്നു. ശത്രുഘ്നൻ സ്ഥാപിച്ചതാണ്

മഥുരേശൻ-കൃഷ്ണൻ.

മഥ്യമാന-വി. ൧. കലക്കപ്പെടുന്ന. ൨. മൎദ്ദിക്കപ്പെടുന്ന.

മദകടൻ-നപുംസകൻ, വൃഷണം ഉടച്ചവൻ.

മദകര-വി. മദത്തെയുണ്ടാക്കുന്ന.

മദകരി-മദയാന.

മദകരിവേമ്പ്-ഒരു വൃക്ഷം, ദേവതാരം.

മദകള-വി. മദമുള്ള

മദകളം-മദയാന. മദം ഹേതുവായിട്ടു ശബ്ദിക്കുന്നവൻ എന്നൎത്ഥം.

മദഗജം-മദിച്ച ആന.

മദഗന്ധാ-൧. മദ്യം. ൨. അഗശി.

മദജലം-ആനയുടെ കവിൾ പൊട്ടി ഒഴുകുന്ന വെള്ളം. പൎയ്യായങ്ങൾ- മദം, ദാനം.

മദന(ക)ം-മെഴുക്.

മദനകാകുരവം-മാടപ്രാവ്.

മദനഗോപാലൻ-കൃഷ്ണൻ.

മദനദമനൻ-ശിവൻ.

മദനദഹനൻ-ശിവൻ.

മദനൻ-കാമദേവൻ. മദിപ്പിക്കുന്നവൻ എന്നൎത്ഥം.

മദനനാശനൻ-ശിവൻ.

മദനപക്ഷി-കരിംകുരികിൽ.

മദനപാഠകം-കുയിൽ.

മദനപ്പൂ-ഒരു പൂ, ഒരങ്ങാടിമരുന്ന്.

മദനം-൧. ഉന്മത്തം, ഉമ്മത്ത്. മദത്തെ ഉണ്ടാക്കുന്നത് എന്നൎത്ഥം. ൨. തേനീച്ച. ൩. ഇലഞ്ഞിവൃക്ഷം. ൪. മെഴുക്. ൫. മലങ്കാര. ൬. ചരളം. ൭. അഴിഞ്ഞിൽ. ൮. മുഴന്ന്. ൯. മക്കിപ്പൂവ്. ൰. കരിഞ്ഞാലി. ൰൧. കരുട്ടുമാവ്. ൰൨. കാക്ക.

മദനമണ്ഡലി-ഒരുമാതിരി സൎപ്പം.

മദനമോഹനൻ-കൃഷ്ണൻ.

മദനമോഹനവാഗ്വിലാസീ— മാടപ്രാവ്.

മദനരിപു-ശിവൻ. മദനന്റെ (കാമന്റെ) രിപു (ശത്രു) എന്നൎത്ഥം.

മദനശലാകാ-പഞ്ചവൎണ്ണക്കിളി.

മദനസാരികാ-പഞ്ചവൎണ്ണക്കിളി.

മദനാ-മദ്യം.

മദനാൎത്താ- ൧. കാമാൎത്തിയോടുകൂടിയവൾ. ൨. രാമായണം ൨൪ വൃത്തത്തിലെ ൨൩-ാം വൃത്തം.

മദനാഗ്രകം-വരക്.

മദനാന്തകൻ-ശിവൻ.

മദനാരി-ശിവൻ. കാമന്റെ ശത്രു എന്നൎത്ഥം.

മദനാലയം-താമരപ്പൂവ്.

മദനി-൧. മദ്യം. ൨. കസ്തൂരി. ൩. അതിമുക്തം. ൪. താതിരി. ൫. ആരേവതകം.

മദനച്ഛാദഫലം-തേന്മാവ്.

മദം-൧. സന്തോഷം ൨. മദജലം ൩. ലഹരിയുള്ള മദ്യം. ൪. മത്തത. ൫. ഡംഭം. പൎയ്യായങ്ങൾ- ദൎപ്പം, അവലേപം, അവഷ്ടംഭം, ചിത്തോദ്രേകം, സ്മയം, മദം. ൬. ലഹരി. ൭. ഭ്രാന്ത്.

൮. കോപം. ൯. കസ്തൂരി. ൧൦. നായികാശ്രിതങ്ങളായ ൨൮ അലങ്കാരങ്ങളിൽ ഒന്ന്. ൧൧. എനിക്കു സമ്പത്തുണ്ട്; ഞാൻ വിചാരിച്ചാൽ എന്തും സാധിക്കും എന്നുള്ള ബുദ്ധി.

യൌവനം, പ്രിയന്റെ അനുരാഗം മുതലായതു കൊണ്ടുള്ള ഗർവ്വം ഹേതുവായിട്ടുണ്ടായ വികാരമത്രേ മദം.

മദംപാട്, മദപ്പാട്-മദംപിടിച്ച ആനയുടെ അവസ്ഥ.

മദംപെടുന്നു-മദമുണ്ടാകുന്നു.

മദംപൊട്ടുന്നു-ആനയുടെ ചെന്നിയിൽ നീരുവന്നു പൊട്ടുന്നു.

മദമത്തൻ-മദം (അഹങ്കാരം) കൊണ്ടു മദിച്ചവൻ.

മദമത്സരം-൧. മദംകൊണ്ടുള്ള മത്സരം. ൨. കോപം. ൩. ഡംഭം.

മദയന്തി-൧. കന്മാഷപാദരാജാവിന്റെ പത്നി.

ഭർത്താവിന്റെ സമ്മതപ്രകാരം വസിഷ്ഠനോടു സംസർഗ്ഗം ചെയ്തു ഒരു പുത്രനെ സമ്പാദിച്ചു.

൨. വള്ളിമുല്ല.

മദയാന-മദമുള്ളയാന, മദിച്ചയാന.

മദലേഖാ-ഒരു വൃത്തത്തിന്റെ പേർ. (സമവൃത്തത്തിൽ പെട്ടതു്). അക്ഷരം ൭. 'മംസംഗംമദലേഖാ'.

മദവാരണം-മദയാന.

മദശൌണ്ഡകം-ജാതിക്ക.

മദസ്ഥലം, മദസ്ഥാനം-മദ്യം വില്ക്കുന്ന സ്ഥലം, കള്ളുഷാപ്പ്.

മദാഢ്യം-൧. കരിമ്പന. ൨. കടമ്പ്. ൩. മാവ്.

മദാത്യയം-ഒരു രോഗം.

മദാധിക-വി. അധികം മദമുള്ള.

മദാംബു-മദജലം.

മദായന്തി-വള്ളിമുല്ല.

മദാരം-൧. പന്നി. ൨. ആന, മദയാന.

മദാലാപി-കുയിൽ.

മദാഹ്വം-കസ്തൂരി.

മദിക്കുന്നു-൧. അഹങ്കരിക്കുന്നു. ൨. മദമുണ്ടാകുന്നു. ൩. ലഹരിപിടിക്കുന്നു. ൪. ഡംഭം ഉണ്ടാകുന്നു. ൫. സന്തോഷിക്കുന്നു.

മദിപ്പിക്ക-ഏററവും ആനന്ദിപ്പിക്ക.

മദിര-൧. മദ്യം. ഇതുകൊണ്ടു മദിക്കുന്നതിനാൽ ഈ പേർ വന്നു. ൨. ലഹരിയുള്ള മദ്യം. ൩. ദുർഗ്ഗ.

മദിരാക്ഷി-മനോഹരമായ കണ്ണുള്ളവൾ, മദിര (മദ്യം) പോലെ മയക്കുന്നതായ കണ്ണുള്ളവൾ, സുന്ദരി.

'തൊണ്ടിപ്പഴത്തിനെതിരാം
മദിരാക്ഷിതന്റെ
ചുണ്ടിൽപ്പരക്കുമൊരു
പുഞ്ചിരിയോടെതിർക്കും'
(കുമാരസംഭവം)

മദിരാഗൃഹം-മദ്യംവില്ക്കുന്ന വീട്, കള്ളുഷാപ്പ്.

മദിരാപാനം-മദ്യപാനം.

മദിരാസഖൻ-മാവ്.

മദിരേക്ഷണ-മനോഹരങ്ങളായ കണ്ണുള്ളവൾ, സുന്ദരി.

മദിഷ്ഠാ-മദ്യം.

മദീയം-വി. എന്റെ, എനിക്കുള്ള.

മദോൽക്കട-വി. മദം വർദ്ധിച്ച.

മദോൽക്കടം-൧. മദയാന. ൨. മാടപ്രാവ്.

മദോല്ക്കടാ-മദ്യം.

മദോദ്ധത-വി. മദം വർദ്ധിച്ച.

മദോല്ലാപീ-കുയിൽ.

മദ്ഗു-പ. നീർകാക്ക. വ. പെരുങ്കയൽ മീൻ, പെരുന്തലമീൻ. ജലത്തിൽ മുങ്ങിക്കിടക്കുന്നതു് എന്നർത്ഥം. ന. ഒരുവക സർപ്പം. ര. ഒരുവക കാട്ടുജന്തു

മദ്ഗുരം-പെരുന്തലമീൻ, പെരുങ്കയൽ മീൻ. ജലത്തിൽ മുങ്ങിക്കിടക്കുന്നതു് എന്നർത്ഥം.

മദ്ഗുരീ-പെരുങ്കയൽ മീനിന്റെ സ്ത്രീ.

മദ്ദളം-ഒരുവക വാദ്യം.

മർദ്ദളം എന്നു പാഠഭേദശിക പുസ്തകത്തിൽ പാഠം കാണുന്നു. മർദ്ദ(ന)ത്തെ സ്വീകരിക്കുന്നതു് എന്നർത്ഥം.

മദ്യകാര(ക)ൻ-മദ്യം വാററി എടുക്കുന്നവൻ, കള്ളുവില്ക്കുന്നവൻ.

മദ്യം ചെത്തിയുണ്ടാക്കുകയും കാച്ചുകയും വില്ക്കുകയും ചെയ്യുന്നവന്റെ പേരാണത്രെ ഇതു്.

മദ്യകുംഭം-പ. ചാരായക്കുടം. വ. സദാ മദ്യം സേവിക്കുന്നവനെപ്പറയുന്ന പരിഹാസവാക്കു്.

മദ്യപ-വി. മദ്യത്തെ കുടിക്കുന്ന.

മദ്യപങ്കം-പല വസ്തുക്കളുടെ കലപ്പു്.

മദ്യപാത്രം—മദ്യം കുടിക്കുന്നതിനുള്ള പാത്രം.

മദ്യപാനം-കള്ളുകുടി

മദ്യപാനി, മദ്യപായി-കള്ളുകുടിക്കുന്നവൻ.

മദ്യപിക്കുന്നു-കള്ളുകുടിക്കുന്നു.

മദ്യപുഷ്പാ-താതിരി.

മദ്യപുഷ്പി-ഒരു ചെടി, മദ്യവാസിനി.

മദ്യഭാജനം-ചാരായപ്പാത്രം.

മദ്യഭാണ്ഡം-ചാരായപ്പാത്രം.

മദ്യം-പ. തെങ്ങു്, കരിമ്പന, ചൂണ്ടപ്പന ഇവയുടെ കലയിൽനിന്നു് എടുക്കുന്ന ഒരു വെള്ളം. വ. മുന്തിരിങ്ങ മുതലായ വസ്തുക്കളിൽനിന്നു് വാററി എടുക്കുന്ന വെള്ളം, ചാരായം, മദിര. മദിപ്പിക്കുന്നതു് എന്നർത്ഥം. (മദ്യസാരം Alcohol)

മദ്യബീജം-ചുത്തപ്പുളി.

മദ്യമണ്ഡം-മദ്യത്തിന്റെ നുര.

മദ്യവാസിനി-ഒരുമാതിരി ചെടി, താതിരി.

മദ്യസന്ധാനം-ചാരായം വാററുക.

മദ്യഹാരകൻ-ചാരായം വാററുന്നവൻ.

മദ്യാമോദം-ഇലഞ്ഞി.

മദ്രകാര—വി. സന്തോഷത്തെക്കൊടുക്കുന്ന.

മദ്രഭർത്താവു്-മദ്രാസു ഗവർണർ.

മദ്രം-പ. സന്തോഷം. വ. ഒരു രാജ്യം.

മദ്രസുതാ-മാദ്രി.

മദ്രാശി-മദ്രാസ്. Madras എന്ന സംസ്ഥാനം.

മദ്രേശൻ-മദ്രരാജ്യത്തെ രാജാവു്.

മദ്ധ്യ-വി. ഇടത്തരമായ, നടുവിലുള്ള.

മദ്ധ്യകക്ഷ്യം-നടുവിലെ കക്ഷ്യം, ഇടക്കെട്ടു്.

'മദ്ധ്യകക്ഷ്യപതിനാലുചേർന്നിൽക്കണം'
(രാമായണം)

മദ്ധ്യകാലം-നടുവിലത്തെ കാലം.

മദ്ധ്യക്ഷാമാ- സമവൃത്തങ്ങളിൽ ഒന്നു്. അക്ഷരം ൧൪.

മദ്ധ്യഗ-വി. നടുവിലുള്ള

മദ്ധ്യദേശം-പ. നടുപ്രദേശം. വ. ഇൻഡ്യയിലെ ഒരു ഭാഗം, ആര്യാവർത്തം. ഹിമവാന്റെയും വിന്ധ്യപർവ്വതത്തിന്റെയും മദ്ധ്യയുള്ള സ്ഥലം.

മദ്ധ്യദേശം-ഹിമവാങ്കൽനിന്നു തെക്കോട്ടു വിന്ധ്യപർവ്വതംവരയും കുരുക്ഷേത്രത്തിങ്കൽനിന്നു കിഴക്കോട്ടു പ്രയാഗ

വരയ്ക്കുമുള്ള പ്രദേശത്തെ മദ്ധ്യദേശം എന്നു പറയുന്നു.

'ഹിമവദ്വിന്ധ്യയോർമ്മദ്ധ്യം
യൽ പ്രാഗ്വിനശനാദപി
പ്രത്യഗേവ പ്രയാഗാച്ച
മദ്ധ്യദേശഃ പ്രകീർത്തിതഃ'

എന്നുള്ള വചനം മേൽപറഞ്ഞതിന്റെ മൂലമാകുന്നു. മേൽപറഞ്ഞ വചനത്തിൽ വിനശനശബ്ദത്തിനു കുരുക്ഷേത്രം എന്നർത്ഥം.

**മദ്ധ്യപഞ്ചമൂലം**-കുറുന്തോട്ടിവേർ, തഴുതാമവേർ, ആവണക്കിൻവേർ, കാട്ടുഴുന്നിൻവേർ, കാട്ടുപയററിൻവേർ ഇവ അഞ്ചും.

**മദ്ധ്യപ്രദേശം**-നടുവ്.

**മദ്ധ്യം**-൧. നടുവ്. ൨. അര, ശരീരമദ്ധ്യപ്രദേശം, അരക്കെട്ട്. ശോഭയെ ധരിക്കുന്നതു് എന്നർത്ഥം. ൩. ഇടത്തരം. ൪. താളത്തിന്റെ മാത്രാനിയമങ്ങളിൽ ഒന്ന്. ൫. ഒരു വലിയ തുക. ൬. കുതിരയുടെ പാർശ്വഭാഗം.

**മദ്ധ്യമ**-വി. ൧. നടുവിലുള്ള. ൨. ഇടത്തരമായ.

**മദ്ധ്യമപുരുഷൻ** – (വ്യാകരണത്തിൽ. സംസാരത്തെ ബോധിക്കുന്നവൻ) ഉ-ം. നീ.

**മദ്ധ്യമൻ**-സാമാന്യമനുഷ്യൻ, നടുവിലുള്ളവൻ, ഉദാസീനൻ.

**മദ്ധ്യമങ്ങൾ**-(വ്യാകരണത്തിൽ)യരലവ ഇവ നാലും.

**മദ്ധ്യമം**-൧. സപ്തസ്വരങ്ങളിൽ ഒന്നു്. ൨. ഇൻഡ്യയിലെ പ്രധാന ഭാഗം, പുണ്യഭൂമി, മദ്ധ്യദേശം. ൩. നടുവിലെ (മദ്ധ്യത്തെ)സ്ഥിതി. (ഉത്തമം, മദ്ധ്യമം, അധമം ഇങ്ങിനെ മൂന്നുവിധം). ൪. ശരീരമദ്ധ്യപ്രദേശം.

വായു നാഭിയിൽനിന്നു പുറപ്പെട്ടു് ഉരഃകണ്ഠങ്ങളിൽ തട്ടിമുട്ടി മഹാനാദമായിട്ടു മദ്ധ്യമസ്വരത്തെ ഉണ്ടാക്കുന്നു.

**മദ്ധ്യമലോകം**-ഭൂമി.

**മദ്ധ്യമാ**-തിരണ്ടവൾ. ബാല്യയൌവനാവസ്ഥകളുടെ മദ്ധ്യത്തിലിരിക്കുന്നവൾ; അരക്കെട്ടിൽ ശോഭയുള്ളവൾ, ഇങ്ങിനെ ശബ്ദാർത്ഥം. ൨. നടുവിരൽ. മദ്ധ്യത്തിൽ ഭവിച്ചതു് എന്നർത്ഥം.

**മദ്ധ്യമാവതി, മദ്ധ്യമാദി, മദ്ധ്യമാ**-ഒരു രാഗം.

**മദ്ധ്യരാത്രം**-അർദ്ധരാത്രി.

**മദ്ധ്യരാത്രി**-അർദ്ധരാത്രി, പാതിരാത്രിയായ സമയം.

**മദ്ധ്യവയസ്കൻ**- മദ്ധ്യവയസ്സു പ്രായമുള്ളവൻ.

**മദ്ധ്യവൃത്തം**-പൊക്കിൾ.

**മദ്ധ്യസ്ഥ**-വി. ൧. നടുവിലിരിക്കുന്ന. ൨. ബന്ധുവും ശത്രുവുമല്ലാത്ത.

**മദ്ധ്യസ്ഥത**-മദ്ധ്യസ്ഥന്റെ ഭാവം.

**മദ്ധ്യസ്ഥൻ**-മൂന്നാമൻ.

**മദ്ധ്യാഹ്നം**-ഉച്ച, പതിനാഴിക പുലർന്ന സമയംമുതൽ പതിനാഴിക പകലുള്ള സമയംവരെയുള്ള പതിനാഴികയുടെ പേർ. പകലിന്റെ മദ്ധ്യഭാഗം എന്നർത്ഥം.

ദിനരാത്രി പ്രമാണത്തിന്റെ ഏററക്കുറവിനെ അനുസരിച്ചു മേൽപറഞ്ഞ ൧൦-എന്നുള്ള സംഖ്യക്കും ഏററക്കുറവു വരും.

**മദ്ധ്യാഹ്നസ്ഥാനം**-ഉച്ചയുടെ ഒരു സ്ഥലം.

**മദ്ധ്യേ**-അ. നടുവെ.

**മദ്ധ്യേമാർഗ്ഗം**-അ. വഴിയുടെ നടുവിൽ.

**മദ്ധ്യേസമുദ്രം**-അ. സമുദ്രത്തിന്റെ നടുവിൽ.

മധു-വി. മധുരമുള്ള.

മധു-പ്ര. മദ്യം. ദ്വി. തേൻ ത്രി. പൂന്തേൻ. ച. വെള്ളം. പ. പാൽ ഷ. ശർക്കര. സ. ചൈത്രമാസം. അറിയപ്പെടുന്നതു് എന്നർത്ഥം. അ. വസന്തം എന്ന ഋതു. ന. ഒരസുരൻ.

മധു എന്ന അസുരനെ വിഷ്ണുവാണ് വധിച്ചതു്. അതിനാൽ മധുസൂദനൻ, മധുമഥനൻ എന്നും മററും പേരുണ്ടായി. ഈ അസുരനെയോ ഈ പേരുള്ള വേറെ ഒരു അസുരനെയോ ശത്രുഘ്നനും വധിച്ചിട്ടുണ്ടു്.

മധുക-വി. മധുരമുള്ള.

മധു(ധൂ)കം-എരട്ടിമധുരം.

മധുകൻ - മുൻപിൽ നടന്നു വാഴ്ത്തുന്നവൻ.

മധുകം-പ്ര. ഇരട്ടിമധുരം. ദ്വി. ഒരു പക്ഷി. ത്രി. തകരം. ച. വെളുത്തീയം.

മധുകണ്ഠം-കയിൽ.

മധുകരപ്രിയം-മാവു്.

മധുകരം-പ്ര. തേനീച്ച. ദ്വി. വണ്ടു്. ത്രി. കയ്യോന്നി. ച. തിരുനാമപ്പാല. പ. ജീവകം,

മധുകരിക-പെൺവണ്ടു്.

മധുകശാ-ആദിത്യരുടെ അമ്മ. വസുക്കളുടെ പുത്രി. സർവജന്തുക്കളുടെയും ജീവൻ

മധുകാ-ചിററമൃതു്.

മധുകാനനം(വനം)-മധുവിൻെറ വാസസ്ഥലം.

മധുവിനെ കൊന്നശേഷം ശത്രുഘ്നൻ അവിടെ മഥുരാപുരി സ്ഥാപിച്ചു.

മധുകോഷം-തേൻകൂടു്.

മധുക്രമം-പ്ര. മദ്യപാനം. ദ്വി. തേൻകൂടു്. ത്രി. മദ്യപാനം ചെയ്യേണ്ട അവസരം, മദ്യപാനക്രമം.

മധുഗായനം-കയിൽ.

മധുഘോഷം-കയിൽ.

മധുജം-മെഴുകു്.

മധുജംഭം-മധുര നാരകം.

മധുജിത്തു്-വിഷ്ണു. ('മധു' നോക്കുക).

മധുതൃണം-കരിമ്പു്.

മധുത്രയം-നെയ്യു്, പഞ്ചസാര, തേൻ ഇവ മൂന്നും.

മധുദൂതകം-കയിൽ.

മധുദ്രുമം-ഇരിപ്പവൃക്ഷം. ('മധു' വൃക്ഷം).

മധുദൈത്യാരി-വിഷ്ണു. ('മധു' നോക്കുക).

മധുദ്വേഷി-വിഷ്ണു.

മധുധൂളി-കൽക്കണ്ടു്.

മധുനാശനൻ-വിഷ്ണു.

മധുനിഷൂദനൻ-വിഷ്ണു. ('മധു' നോക്കുക )

മധുപൻ-പ്ര. തേനീച്ച. ദ്വി. വണ്ടു്.

മധുപർക്കം-അതിഥികളെ സൽക്കരിപ്പാൻ ഉപയോഗിക്കുന്ന ഒരു മധുര പദാർത്ഥം.

"തൈരും നെയ്യും സലിലവും ക്ഷൌദ്രവും പഞ്ചസാരയും ചേർത്തുണ്ടാക്കുന്ന പാനീയം ധരിക്ക മധുപർക്കമാം".

മധുപർണ്ണി-പ്ര. ചിററമൃതു്. ദ്വി. മധുര മാമ്പഴനാരകം. ത്രി. കുമിഴു് ച. അമരി. പ. പന്നിക്കിഴങ്ങു്. ഷ. കിണികിണിപ്പാല. സ. വള്ളി എരട്ടിമധുരം.

മധുപർണ്ണിക-പ്ര. അമരി. ദ്വി. ചിററമൃതു്. ത്രി. കുമിഴു്.

മധുപം-വണ്ടു്. തേനിനെ പാനം ചെയ്യുന്നതു എന്നർത്ഥം.

മധുപാനം-പ്ര. തേൻകുടിയ്ക്കൽ. ദ്വി. മദ്യപാനം.

മധുപാളി-പ്ര. തേനീച്ചക്കൂട്ടം. ദ്വി. വണ്ടിൻകൂട്ടം.

മധുഫലം-മാവു്,

മധുമക്ഷിക-തേനീച്ച. തേനുണ്ടാക്കുന്ന ഈച്ച.

മധുമതി-ഒരു വൃത്തത്തിന്റെ പേർ. സമവൃത്തത്തിൽ പെട്ടത്. 'മധുമതീ, നഭഗം' അക്ഷരം ൭.

മധുമതീനദി-കാശ്മീരദേശത്തിലുള്ള ഒരു നദി.

മധുമഥനൻ-വിഷ്ണു.

മധുമല്ലി-പിച്ചകം.

മധുമാളരി-ഒരു തൈ.

മധുമാസം-വസന്തം.

മധുമൂലം-൧. ഇരട്ടിമധുരം. ൨. ഒരുമാതിരി കിഴങ്ങ്, വാകച്ചേമ്പ്.

മധുമേഹം-ഒരു രോഗം.

മധുമേഹത്തിങ്കൽ മൂത്രം തേൻപോലെ ഇരിക്കും. ചികിത്സിക്കാതെയിരുന്നാൽ എല്ലാം പ്രമേഹവും കാലക്രമേണ മധുമേഹമായിത്തീരും.

മധുമൊഴി, മധുരമൊഴി-നല്ലവാക്കോടുകൂടിയവൾ, മനോഹരയായ സ്ത്രീ.

മധുയഷ്ടി-൧. കരിമ്പ്. ൨. ഇരട്ടിമധുരം.

മധുയഷ്ടിക-ഇരട്ടിമധുരം. മധുവിനോടു തുല്യമധുരമായ കോൽ എന്നർത്ഥം.

മധുര-വി. ൧. സ്വാദുള്ള, മധുരമുള്ള. ൨. മനോഹരമായ.

മധുര-൧. ഒരുമാതിരി ചതകുപ്പ. ൨. ഒരു ദേശം. ൩. കണ്ടിവെണ്ണ. ൪. തകരം.

മധുരകം-തിരുനാമപ്പാല.

മധുരക്കള്ളു-അക്കാനി.

മധുരക്കറി-ശർക്കരയും തേങ്ങാപ്പാലും കൂട്ടിയുണ്ടാക്കുന്ന ചില ഭക്ഷണസാധനം, പ്രഥമൻ, പായസം.

മധുരക്കിഴങ്ങ്-മധുരമുള്ള ഒരുമാതിരി കിഴങ്ങ്.

മധുരത-ഇനിപ്പ്.

മധുരമാതുളനാരകം-ഗണപതിനാരകം.

പഴുത്ത കായ് രക്തദോഷം, ഛർദി, ക്ഷയം മുതലായവയ്ക്കു നന്ന്. ഇതിന്റെ കായ് മാതുളനാരങ്ങയെക്കാൾ വലുതാണ്. മധുരം കൂടും. സം-മധുരബീജപൂരം. ഇം-A Kind of citron.

മധുരനാരകം-ഒരുമാതിരി നാരകം.

പഴുത്ത കായ് തണ്ണീർദാഹം, അരുചി, കൂട്ടുവിഷം മുതലായവയ്ക്കു നന്ന്. മലത്തെ പിടിപ്പിക്കും. സം-മധുജംബീരം. ഇം-Sweet lime tree സ്വീറ്റ് ലൈം ട്രീ.

മധുരനാരങ്ങാ-മധുരമുള്ള നാരങ്ങാ.

മധുരം-൧. ഇനിപ്പ്. ൨. സാഹിത്യസംഹൃല്പ്രകാരം രീതികളിൽ ഒന്ന്. ൩. മനോഹരം. ൪. വെള്ളത്തീയം. ൫. കാരീയം. ൬. നീരിരിപ്പ. ൭. തണ്ടൻചീര. ൮. മധുരനാരകം. ൯. തുടരി. ൧൦. ശർക്കര. ൧൧. കരിമ്പ് (ചെമന്നത്). ൧൨. വലിയ ലന്ത. ൧൩. ചെറിയ അമര. ൧൪. പെരുംപയറ്. ൧൫. പിലാവ്. ൧൬. ജീവകം. ൧൭. ചെമ്മരിങ്ങ. ൧൮. ഞെട്ടികഴിയൻ മാവ്.

മധുരസ-൧. മുന്തിരിങ്ങാപ്പഴം. ൨. കമിഴ്. ൩. കിണികിണിപ്പാല. ൪. പെരുങ്കുരുമ്പ.

മധുരസം-൧. കരിമ്പന. ൨. ഇരിപ്പ. ൩. കരിമ്പ്.

മധുരാനിരുദ്ധം-ഒരു നാടകം.

ഗ്രന്ഥകർത്താവ് ശയനി ചന്ദ്രശേഖരനാണ്. ഉഷയുടെയും അനിരുദ്ധന്റെയും അനുരാഗമാത്രേ വിഷയം.

മധുരാമ്ലകം-൧. അമ്പഴം. ൨. നാരകം.

മധുരാലാപാ-൧. കുയിൽപ്പേട. ൨. പഞ്ചവർണ്ണക്കിളി.

മധുരിക-കാട്ടുചതകുപ്പ.

മധുരിക്കുന്നു- മധുരമുണ്ടാകുന്നു, ഇഷ്ടമാകുന്നു.

മധുരിപു-വിഷ്ണു. മധു എന്ന പേരായ അസുരനെ നിഗ്രഹിച്ചവൻ എന്നൎത്ഥം.

മധുരിമ-മധുരരസം, മധുരിക്കുക.

മധുലിഹം(ട്)-പു. തേനീച്ച. ൨. വണ്ട്. തേനിനെ ആസ്വാദിക്കുന്നതു് എന്നൎത്ഥം.

മധുവനം-പു. ഒരു വിജനപ്രദേശത്തിന്റെ പേർ. ൨. സുഗ്രീവപാലിതമായ ഒരു വനം. (രാമായണം സുന്ദരകാണ്ഡം നോക്കുക). ൩. ധ്രുവൻ തപസ്സു ചെയ്യാൻപോയ വനം.

മധുവാണി-തേന്മൊഴി.

മധുവാരം-കൂടക്കൂടെ പദ്യപാനം ചെയ്യു, മദ്യപാനം ചെയ്യാനുള്ള അവസരം, മദ്യപാനക്രമം. മധുവിന്റെ വാരം (സമയം) എന്നൎത്ഥം.

മധുവ്രതം-പു. തേനീച്ച. ൨. വണ്ട്. മുട്ടാതെ തേനുണ്ണുന്നതു് എന്നൎത്ഥം.

മധുശിഗ്രു-ചെമ്മുരിങ്ങ, പൂനമ്മുരിങ്ങ.

മധുശ്രേണി(ണീ)-പെരുംകുരുമ്പ.

മധുഷ്ഠീലം-ഇരിപ്പവൃക്ഷം. മധുവിനെ വമിക്കുന്നതു് എന്നൎത്ഥം.

മധുസൂദനൻ-വിഷ്ണു.

മധുസൂദനകവി-ഒരു സംസ്കൃതകവിയാണ്. മിഥിലാ രാജ്യക്കാരൻ. അച്ഛൻ പത്മനാഭൻ. അമ്മയ്ക്കു ശുഭ എന്നു പേർ. ദുഃമതി (ഉചതി) എന്ന വംശനാമം. അന്യാപദേശശതകത്തിന്റെ കൎത്താവു്.

മധുസ്രവ-ഒരു പച്ചമരുന്ന്, അടകൊതിയൻ, അടപതിയൻ. തേൻപോലെ മധുരമായ രസത്തെ സ്രവിക്കുന്നതു് എന്നൎത്ഥം.

മധൂസാരം-കയിൽ.

മധൂകം-പു. ഇരിപ്പവൃക്ഷം. തേൻ ഇരിക്കുന്നേടം എന്നൎത്ഥം. മധുകം എന്നുമാവാം. ൨. ഇരട്ടിമധുരം.

മധൂച്ഛിഷ്ടം-മെഴുക്.

മധൂലക-വി. മധുരമുള്ള.

മധൂലകം-മലയിരിപ്പ. തേൻ ഒലിച്ചുകൊണ്ടിരിക്കുന്നതു് എന്നൎത്ഥം.

മധൂലിക—പെരുംകുരുമ്പ. തേനുള്ളതെന്നൎത്ഥം.

മധൂളി-തേൻ.

മധ്യാ- വൃത്തശാസ്ത്രപ്രകാരം ഛന്ദസ്സുകളിൽ ഒന്ന്.

മധ്വാചാൎയ്യൻ-ഒരു പ്രസിദ്ധനായ ആചാൎയ്യൻ. വൈഷ്ണവമതം കണ്ടുപിടിച്ച മഹാൻ. വേദാന്ത ശാസ്ത്രത്തിലെ ഭാഷ്യകൎത്താവു്.

മധ്വാസവം-ഇരിപ്പപ്പൂകൊണ്ടുണ്ടാക്കിയ മദ്യം, തേൻ ചേൎത്തുണ്ടാക്കിയ മദ്യം.

മന-ചില ബ്രാഹ്മണഭവനത്തിന്റെ ഒരു പേർ.

മനക്കരുത്തു്-ധൈൎയ്യം, ഉള്ളുറപ്പ്.

മനക്കൽ-പു. മാം. ൨. വലിയ വീട്.

മനക്കലക്കം-മനസ്സിന്റെ ഇളക്കം.

മനക്കാമ്പു്-മനസ്സ്.

മനക്കട-ബ്രാഹ്മണസ്ത്രീയുടെ കുട.

മനക്കരുന്നു്-(അകക്കരുന്നു് എന്നതുനോക്കുക).

മനക്കേട്-മനസ്സുകേട്, വെറുപ്പ്.

മനക്കോട്ടം-വക്രമായ മനസ്സിളക്കം.

മനച്ചാൽ-ചില മൺചാത്രം ഉണ്ടാക്കുന്നതിനു പറയുന്ന പേർ.

മനഞ്ഞിൽ-ഒരുവക മത്സ്യം.

മനനം-വിചാരം, ഓൎമ്മ.

മനനം എന്നതു യുക്തിയോടുകൂടിയുള്ള പദാൎത്ഥചിന്തനമാകുന്നു. ഭഗവൽ

കാരണത്തെ ശ്രുതിയിൽ ശ്രുതമായിരിക്കുന്ന അപ്രത്യക്ഷമായ വസ്തു ഉണ്ടോ ഇല്ലയോ എന്ന് ഒരു ശങ്ക വരുമ്പോൾ ഘടാദിപദാൎത്ഥം സകൎത്തൃകമായി കാണുന്നതിനാൽ കാൎയ്യഭൂതമായ ജഗത്തിനു കൎത്താവായി ഒരുത്തൻ സംഭവിക്കണം എന്നുള്ള ഊഹം (മനനം) കൊണ്ടു അസംഭവശങ്ക നിവൎത്തിക്കുന്നു. ഇതിനായിട്ടാണ് മനനം.

**മനനാട്ട്**-കേരളം.

**മനപ്പകച്ച്**-മനസ്സിന്റെ ഭാവഭേദം.

**മനപ്പൊരുത്തം**-മനസ്സിന്റെ ചേച്ച്.

**മനം**-ഫ. മനസ്സ്. വ. ഹിതം, അഭിപ്രായം. ന. ആത്മാശയം.

**മനംചൊല്ല്**-ഊഹം.

**മനംപിരട്ടൽ**-ഛൎദ്ദിലക്ഷണം.

ക്ലാവുപറ്റിയ സാധനം (തൈരോ മോരുമുതലായതോ) ഭക്ഷിച്ചുണ്ടാകുന്ന മനംപിരട്ടലിൽ സഹിക്കാവുന്ന ചൂടോടുകൂടി ചുക്കുവെള്ളമോ കാഞ്ഞവെള്ളമോ കുടിച്ചാൽ ഉടൻ ശമിക്കും.

**മനംമടിച്ചൽ**-മടിതോന്നുക.

**മനംമറിച്ചൽ**-ഓക്കാനം, ഛൎദ്ദിക്കുന്നതിനുള്ള ഭാവം.

**മനമാട്ടുക**-ഭയപ്പെടുക.

**മനയൻ**-കശവൻ, ഒരുജാതി കൈത്തൊഴില്കാരൻ.

**മനയമ്മ**-മൂസ്സതിന്റെ സ്ത്രീ (ഭാൎയ്യ).

**മനയാട്ടി, മനയാൾ**-മനയവൎഗ്ഗത്തിൽപ്പെട്ട സ്ത്രീ, മനയിലുള്ള ഭാൎയ്യ, ഗൃഹനായിക.

**മനയാളി**-ഫ. ഒരു ജാതിക്കാരൻ, ഊരാളി. വ. മലയാളി.

**മനയുന്നവൻ**-കശവൻ.

**മനയുന്നു**-നിൎമ്മിക്കുന്നു, കലവും മറ്റും ഉണ്ടാക്കുന്നു. (കാ. ക്രി. മനയിക്കുന്നു.)

**മനയോല**-മഞ്ഞനിറമായ ഒരു ധാതു, മനശ്ശില. പൎയ്യായങ്ങൾ-മനശ്ശിലാ, മനോഗുപ്താ, മനോഹ്വാ, നാഗജിഹ്വികാ, നൈപാളി, കുനടി, ഗോളാ.

രക്തദോഷം, വിഷം, ചുമ, ചൊറി മുതലായവയ്ക്കു നന്ന്. ഇതു അരിതാരത്തിന്റെ ഭേദമാണ്. ഇതു ശുദ്ധിചെയ്യാതെ ഉപയോഗിക്കരുത്. ത-മനോചിലൈ. ഇം-Bisulphite of arsenic, Red arsenic.

**മനശ്ചലനം**-മനസ്സിന്റെ ഇളക്കം.

**മനശ്ശില**-മനയോല, മനോല. മനശ്ശബ്ദം കൊണ്ടു പറയപ്പെടുന്ന ശില എന്നൎത്ഥം.

**മനശ്ശുദ്ധി**-മനസ്സിന്റെ ശുദ്ധി.

**മനസാ, മനസാദേവി**-ശേഷസൎപ്പത്തിന്റെ സഹോദരി, ജരൽകാരുവിന്റെ ഭാൎയ്യ. കശ്യപന്റെ പുത്രി. ജഗൽഗൌരി, നിത്യാ, പത്മാവതി, വിഷഹരാ എന്നും പേരുകളുണ്ട്.

വിഷം ഇറക്കുന്നതിനുള്ള ശക്തിയിരിക്കകൊണ്ടാണ് 'വിഷഹരാ' എന്നു പേർ സിദ്ധിച്ചതു്.

**മനസിജ**-വി. മനസ്സിൽ ഉണ്ടാകുന്ന.

**മനസിജൻ**-കാമദേവൻ (ശൃംഗാരരൂപേണ) മനസ്സിൽ ജനിക്കുന്നവൻ എന്നൎത്ഥം. (മനസിശയൻ എന്നുമുണ്ട്.)

**മനസ്കൻ**-മനസ്സോടുകൂടിയവൻ. (സാധാരണമായി പദാന്തത്തിൽ ചേൎത്തുവരുന്നു. ഉ-ം, ശുദ്ധമനസ്കൻ=ശുദ്ധമനസ്സോടുകൂടിയവൻ.)

**മനസ്കരിക്കുന്നു**-അറിഞ്ഞതിനെ മനസ്സിൽ ഉറപ്പിക്കുന്നു.

**മനസ്കാരം**-ഫ. അറിഞ്ഞതിനെ മനസ്സിൽ ഉറപ്പിക്കൽ. വ. മനസ്സിനു സുഖാദികളിലുള്ള താല്പൎയ്യം. മനസ്സിന്റെ

കാരം—വ്യാപാരവിശേഷം; വരാൻ പോകുന്ന ചിന്തയെപ്പററിയുള്ള നിശ്ചയം. ഇങ്ങിനെ ശബ്ദാൎത്ഥം.

മനസ്താപം-മനസ്സിൻെറ ചൂട്, ദുഃഖം.

മനസ്താലൻ- ദേവിയുടെ വാഹനമായ സിംഹം.

മനസ്വീ-വി. ൧. ബുദ്ധിമാൻ. ൨. ഏട്ടിമാൻ,

മനസ്വി-൧. മനസ്സുറപ്പുള്ള. ൨. ബുദ്ധിശക്തിയുള്ള.

മനസ്വിനീ-൧. കാൎയ്യസാദ്ധ്യങ്ങൾക്കായിക്കൊണ്ടു കൌശലം മുതലായവയെ ചിന്തയായവിധം ചെയ്യാതെയിരിക്കുന്ന അവസ്ഥയോടുകൂടിയവൾ. (പു—മനസ്വീ). ൨. ദുൎഗ്ഗ. ൩. ചന്ദ്രൻെറ അമ്മ. ൪. കരുട്ടുപാവൽ.

മനസ്സ്-൧. അകത്തുള്ള ഇന്ദ്രിയങ്ങളിൽ ഒന്ന്, ഏററവും വേഗമുള്ള ഇന്ദ്രിയം, മാനസം. മനനം ചെയ്യപ്പെടുന്നതു് എന്നൎത്ഥം. ൨. ആഗ്രഹം. ൩. അറിവ്. ൪. ഇഷ്ടം. ൫. അഭിപ്രായം.

മനസ്സന്നിധാനം—ആപത്തിലും ആലോചിച്ചു പ്രവൎത്തിപ്പാനുള്ള മനസ്സുറപ്പ്.

മനസ്സമുത്ഭവൻ-മനസ്സിൽനിന്നും ഉണ്ടായവൻ. (വിചാരമാത്രത്താൽ മനസ്സുകൊണ്ടു ബ്രഹ്മാവു സൃഷ്ടിച്ചവൻ എന്നൎത്ഥം).

മനസ്സുകേട്-ഇഷ്ടക്കേട്.

മനസ്സുതിരിവ്-അറിവ്, മനസ്സിൻെറ മാററം.

മനസ്സലിയുന്നു-ദയയുണ്ടാകുന്നു.

മനസ്സലിവ്-മനസ്സിൻെറ കടുപ്പമില്ലായ്മ, ദയ, ആൎദ്രത.

മനസ്സാക്ഷി-മനസ്സുമാത്രം സാക്ഷിയായിരിക്കുക.

“ ‘മനോസാക്ഷി’ ‘മനോസുഖം’ എന്നിവയെ സമ്മതിക്കാൻ മനസ്സാക്ഷി സമ്മതിക്കുന്നില്ല. മനസ്സുഖവും കാണും. സംസ്കൃതപ്രകാരം ‘അസാക്ഷി’ എന്നും ‘അസുഖം’ എന്നും അൎത്ഥം വിപരീതമായി വരുന്നതിനാൽ ഇതു രണ്ടും ഗ്രാഹ്യങ്ങളല്ല”. (മനഃസാക്ഷി=മനസ്സാക്ഷി. മനഃസുഖം=മനസ്സുഖം.)

മനസ്സുമുട്ട്-ഞെരുക്കം, ഇല്ലാഞ്ഞിട്ടും മററുമുള്ള ദുഃഖം.

മനസ്സുമുട്ടുന്നു-ചെലവിനില്ലാഞ്ഞിട്ടും മററും വിഷാദിക്കുന്നു, ഞെരുങ്ങുന്നു.

മനസ്സുരുക്കം-൧. ദുഃഖത്താലുണ്ടാകുന്ന ചൂടുകൊണ്ടു മനസ്സുരുകുക. ൨. മനസ്സലിവ്.

മനാകാ-പിടിയാന.

മനാക്-അ. അല്പം, കുറഞ്ഞൊന്നു്.

‘മനാഗനന്താസനനായ ദേവൻ’

(ശ്രീകൃഷ്ണചരിതം മണിപ്രവാളം)

മനിഞ്ഞിൻ-ഒരുവക മത്സ്യം.

മനിച്ചം-വേലക്കാരൻ, അടിമക്കാരൻ.

മനിതം-വി. അറിയപ്പെട്ട.

മനിയുക-മനയുക.

മനിഷ്ഷം, മനുഷ്യം-ഒരു വേലക്കാരൻ, ഒരുത്തനു പകരമായുള്ള മറെറാരുത്തൻ.

മനീഷ-ബുദ്ധി. അറിയുന്നതു്. മനസ്സിനെ ഈഷ (ചാംഗലദണ്ഡം-ഉഴുന്ന കരിയുടെ കോൽ)പോലെ സംബന്ധിച്ചിരിക്കുന്നതു എന്നൎത്ഥം.

മനീഷി-വി. ബുദ്ധിയുള്ള.

മനീഷീ-വിദ്വാൻ. ബുദ്ധിയുള്ളവൻ എന്നൎത്ഥം. (നകാരാന്തമാണ്.)

മനു-൧. സ്വായംഭുവൻ മനു തുടങ്ങിയുള്ള മനുക്കൾ പതിന്നാലുപേൎക്കും കൂടെ പ്രത്യേകം പറയുന്ന ഒരു പേർ. (ചതുൎദ്ദശ

മനുക്കൾ നോക്കുക. ബ്രഹ്മം, ധർമ്മൻ, രുദ്രൻ എന്നവയ്ക്കു പകരം മേരുസാവർണ്ണി, ഋഭു, വിഷ്വക്സേനൻ ഇങ്ങിനെയും കാണുന്നു).

കേവലം മാനവന്മാരിൽ മുഖ്യുള്ളവ
നാവിർഭവിച്ചാൻ മനുപ്രവരോത്തമൻ,
(ഭാഗവതം)

മന്വന്തരങ്ങൾ ഭാഗവതം അഷ്ടമസ്കന്ധത്തിൽ വിവരിക്കുന്നുണ്ട്. ഇപ്പോഴത്തെ മനു സൂര്യന്റെ പുത്രനും സൂര്യകുലസ്ഥാപകനുമായ വൈവസ്വതൻ (സത്യവ്രതൻ) ആകുന്നു. ജലപ്രളയവും മത്സ്യാവതാരവും ഈ മനുവിന്റെ കാലത്തു ഭവിച്ചു—മന്വന്തരങ്ങൾ എന്ന പദം കൂടി നോക്കുക.

വ. മനുപതി. ന. മന്ത്രം.

മനുക്ക-തട്ടുക, തലോടുക, താലോലിക്കുക.

മനുജൻ-മനുഷ്യൻ. മനുവിങ്കൽനിന്നു ജനിച്ചവൻ എന്നർത്ഥം.

മനുജാധിപൻ-രാജാവ്.

മനുജേശ്വരൻ-രാജാവ്.

മനുജേന്ദ്രൻ-രാജാവ്.

മനുനീതി-മനുവിനാൽ നിശ്ചയിക്കപ്പെട്ട നീതിശാസ്ത്രം.

മനുപ്രളയം-മനുവിന്റെ ജീവനകാലം.

മനുയുക്സംഖ്യ-ഉ.വ്യ. (ജ്യോതിഷം).

മനുഷ്യധർമ്മാവ്-വൈശ്രവണൻ, മനുഷ്യരുടെ ധർമ്മം (ആചാരം)പോലെയുള്ള ധർമ്മത്തോടുകൂടിയവൻ എന്നർത്ഥം.

മനുഷ്യൻ-മാനുഷൻ, പുരുഷൻ, മററ പര്യായങ്ങൾ—മാനുഷൻ, മർത്ത്യൻ, മനുജൻ, മാനവൻ, നരൻ. (മനു = അറിയുക. അറിവുള്ളവൻ എന്നർത്ഥം.

മാനുഷ്യശബ്ദത്തിനു സ്ത്രീത്വം വിവക്ഷിക്കുമ്പോൾ 'മനുഷി' എന്നു രൂപം. 'മാനുഷി' എന്നതു മാനുഷശബ്ദത്തിൽനിന്നു സ്ത്രീപ്രത്യയം ചെയ്തുണ്ടായതാണു.

മനുഷ്യന്റെ ഒടുക്കങ്ങൾ - മരണം, ഒടുവിലത്തെ വിധി, നരകം, ആകാശമോക്ഷം. ക്രി-മതപ്രകാരം.

മനുഷ്യപ്പററ്-ജനരഞ്ജന, മാനുഷഭാവം.

മനുഷ്യയജ്ഞം-വഴിപോക്കരെ സൽക്കരിയ്ക്കു.

(പഞ്ചമഹായജ്ഞങ്ങൾ നോക്കുക.)

മനുഷ്യാകൃതി-മനുഷ്യന്റെ ആകൃതി.

മനുഷ്യാവതാരം-മനുഷ്യനായിതീരുക.

മനുഷ്യേശ്വരൻ-രാജാവ്.

മനുസംഹിതാ-മനുസ്മൃതി.

മനുസ്മൃതി-സ്മൃതി.

ഇതു മനു എന്ന മഹാരാജാവുണ്ടാക്കിയ ഒരു പുസ്തകമാണ്. ഇതിൽ രാജാവും പ്രജകളും അന്യോന്യം ചെയ്യേണ്ട ധർമ്മങ്ങൾ, രാജ്യഭരണമുറ, വ്യവഹാരന്യായങ്ങൾ നടത്തൽ, പ്രജകൾക്ക് ആചാരങ്ങൾ ഇവയെ വിവരിക്കുന്നു, സ്മൃതികളിൽ വെച്ച് ഇതു ഒന്നാമത്തേതാണ്. സ്വായംഭുവമനു ഉണ്ടാക്കിയതെന്നു വിചാരിച്ചുവരുന്നുണ്ട്. ഹിന്ദുന്യായശാസ്ത്രങ്ങളുടെ മൂലഗ്രന്ഥം ഇതാണത്രെ.

മനോഗുണം-മനസ്സിന്റെ നന്മ (മനോഗുണങ്ങൾ എട്ടുവിധം-പരത്വം, അപരത്വം, സാഖ്യ, പരിമാണം, പൃഥക്ത്വം, സംയോഗം, വിഭാഗം, വേഗം).

മനോഗുപ്ത-വി. രഹസ്യമായി വിചാരിയ്ക്കപ്പെട്ട.

മനോഗുപ്ത-മനയോല, മനോല. മനസ്സുകൊണ്ടു രക്ഷിക്കപ്പെടുന്നതു് എന്നർത്ഥം.

മനോജ-വി. മനസ്സിൽനിന്നുണ്ടായ.

മനോജൻ-കാമദേവൻ. (മനസിജൻ എന്നതു നോക്കുക).

മനോജവ-വി. പിതൃസംബന്ധമായുള്ള. വ. മനോവേഗമുള്ള.

മനോജവം-മനോവേഗം.

മനോജവസ-വി. പിതൃസംബന്ധമായുള്ള, പിതാവിനോടു തുല്യനായ.

മനോജവസൻ, മനോജവസ്സ്-അച്ഛനോടു തുല്യനായിട്ടുള്ളവൻ.

മനോജവാ-ഒരു തൈ, അഗ്നിജിഹ്വാ.

മനോജ്ഞ-വി. ഫ. സൌന്ദര്യമുള്ള. വ. മനസ്സിൽ എല്ലാവരെക്കുറിച്ചും ദയയുള്ള

മനോജ്ഞാ-ഫ. മനയോല. വ. രാജപുത്രി. ന. സുന്ദരി. ർ. വെളുത്ത ജീരകം. ഉ. മദ്യം. ൯ പിച്ചകം.

മനോജ്ഞകം-ആഴക്.

മനോജ്ഞം-ഫ. കരുക്കത്തിമുല്ല. വ. മനോഹരം. മനസ്സുകൊണ്ടു അറിയപ്പെടുന്നതു് എന്നർത്ഥം.

മനോദുഃഖം-മനസ്സിലെ ദുഃഖം.

മനോധർമ്മം-ആലോചനാശക്തി, കാര്യങ്ങളുടെ കിടപ്പു് കണ്ടുപിടിക്കാനുള്ള വിശേഷശക്തി.

മനോധൈര്യം-മനസ്സുറപ്പു്.

മനോനിരോധം-മനസ്സിനെ തടുക്കുക.

മനോബലം-മനസ്സിൻെറ ബലം ധൈര്യം.

മനോഭയം-മനസ്സിലെ ഭയം.

മനോഭവൻ-കാമദേവൻ.

മനോഭാവ-മനസ്സിൻെറ ഭാവം.

മനോമയകോശം-പ്രത്യേകം പഞ്ചഭൂതങ്ങളുടെ സത്വഗുണംകൊണ്ടുണ്ടായിട്ടുള്ള ശ്രോത്രാദി ജ്ഞാനേന്ദ്രിയങ്ങളോടു കൂടിയതും പഞ്ചഭൂതങ്ങളുടെ സത്വഗുണംകൊണ്ടുണ്ടായതും സന്ദേഹാത്മകവുമായ മനസ്സ്.

മനോമയം-പഞ്ചകോശങ്ങളിൽ ഒന്നു്.

മനോരഞ്ജന-മനസ്സു തമ്മിലുള്ള ചേർച്ച.

മനോരഥൻ-വിക്രമാദിത്യസദസ്സിൽ ബിന്ദുക്കളോടു വാദത്തിൽ തോററ ഒരുവൻ.

മനോരഥം-ഇച്ഛ. മനസ്സാകുന്ന രഥത്തോടു ചേർന്നതു്, മനസ്സിനു രഥംപോലെയുള്ളതു്. ഇങ്ങിനെ ശബ്ദാർത്ഥം.

മനോരമ-വി. ഭംഗിയുള്ള.

മനോരമം-മനോഹരം. മനസ്സിനെ രമിപ്പിക്കുന്നതു് എന്നർത്ഥം.

മനോരമാ-ഒരു ദേവി. വ. ഒരു വ്യാകരണഗ്രന്ഥം. ന. ഒരു വൃത്തം. ർ. ഗോരോചന.

മനോരാജ്യം-ഫ. വിചാരം. വ. ഇച്ഛ.

മനോല മനയോല.

മനോവഞ്ചന-മനസ്സിലുള്ള ചതിവു്.

മനോവൃത്തി-മനസ്സിൻെറ അവസ്ഥ.

മനോവേഗ-വി. ഏററവും വേഗമുള്ള.

മനോവേഗം-മനസ്സിൻെറ വേഗം.

മനോവ്യാപാരം-മനസ്സിൻെറ പ്രവൃത്തി

മനോഹത-വി. ഇച്ഛാഭംഗമുള്ള, അഭിലാഷത്തിനു അന്യങ്കൽ നിന്നു ഭംഗം പ്രാപിച്ച

മനോഹര-വി. ഫ. സൌന്ദര്യമുള്ള. വ. ഇഷ്ടമുള്ള, മനസ്സിനെ ഹരിക്കുന്ന, ഇച്ഛ തോന്നിക്കുന്ന.

മനോഹരം-ഫ. സ്വർണ്ണം. വ. കരുക്കത്തിമുല്ല. ന. സൌന്ദര്യം.

മനോഹരൻ-സുന്ദരൻ.

ഇതിൻെറ സ്ത്രീലിംഗം 'മനോഹര' എന്നാണ്. മനോഹരി എന്നു വരുന്നതല്ല.

മനോഹരാ-പിച്ചകം.

മനോഹാരി-സ്പഷ്ടമായി പറയുന്നതിൻെറ പേർ.

മനോഹ്വാ-മനയോല. മനസ്സുകൊണ്ടു ഹ്വാനം ചെയ്യപ്പെടുന്നതു്-പറയപ്പെടുന്നതു് എന്നർത്ഥം.

**മനഃകലക്കം**-മനസ്സിന്റെ ഇളക്കം.

**മനഃകല്പിത**-വി. മനസ്സുകൊണ്ടുണ്ടാക്കപ്പെട്ട, നിശ്ചയിക്കപ്പെട്ട

**മനഃകാഠിന്യം**-മനസ്സിന്റെ ഉറപ്പ്.

**മനഃപാഠം**-എളിസ്ഥമാക്കിപ്പഠിക്കയെന്നുള്ളത്, കാണാതെ ചൊല്ലത്തക്കവണ്ണം പഠിച്ച ഭാഗം.

**മനഃപിരിച്ചൽ**-ചില ബ്രാഹ്മണരുടെ വിവാഹത്തിന് ചിലർ പറയുന്ന ഒരു പേർ.

**മനഃപീഡ**-മനസ്സിലുണ്ടാകുന്ന ദുഃഖം.

**മനഃപൂർണ്ണം, മനഃപൂർവ്വം**-അ. മനസ്സിൽ വിചാരിച്ചുംകൊണ്ട്.

**മന്ത്**-പ്ര. പെരുക്കാൽ. ഉ. തൈർ കലക്കുന്ന മത്ത്. ന. ഇട്ടുതടി.

**മന്തൻ**-വി. പ്ര. പെരുക്കാലൻ, ഉ. മടിയൻ.

**മന്താ**-പ്ര. മന്ദം. ഉ. ഓർമ്മകേട്.

**മന്താറിച്ചൽ**-മറവി.

**മന്തൽമീൻ**-ഒരുവക മത്സ്യം.

**മന്താരം**-പ്ര. ചെമന്നപൂവുള്ള വലിയ എരിക്ക്.

ചൊറി, കുഷ്ഠം മുതലായവയ്ക്കു നന്ന്.

സം-രാജാർക്കം.

ഉ. മന്ദാരം. ന. മറെറാരു വൃക്ഷം.

**മന്തി**-കരിങ്കുരങ്ങ്.

**മന്തിരം**-കതിരുള്ളട്ടം.

**മന്തിരി, മന്തിരിയ**-പുല്ലായ്.

**മന്ത്, മത്ത്**-കടകോൽ.

**മന്തു**-കുററം, അപരാധം. കുഷ്ടമെന്നു വിചാരിക്കപ്പെടുന്നത് എന്നർത്ഥം.

**മന്തുകാൽ**-ഒരുമാതിരി നീരുള്ള കാൽ, പെരുക്കാൽ

**മന്ത്രകാരൻ**-പ്ര. ആലോചനക്കാരൻ. ഉ. മന്ത്രവാദി.

**മന്ത്രകൃത്(ത്)**-മന്ത്രി.

**മന്ത്രക്കോടി**-കെട്ടുകല്യാണത്തിന് ഉപയോഗിക്കുന്ന മഞ്ഞമുണ്ട്.

**മന്ത്രജ**-വി. മന്ത്രത്തിൽ നിന്നു ജനിച്ച.

**മന്ത്രജപം**-മന്ത്രം ചൊല്ലുക.

**മന്ത്രജ്ഞൻ**-പ്ര. ഗൂഢപുരുഷൻ ഉ. മന്ത്രി. ന. പുരോഹിതൻ.

**മന്ത്രതന്ത്രങ്ങൾ**-മന്ത്രവും തന്ത്രവും.

**മന്ത്രം**-പ്ര. വേദങ്ങളിലുള്ള ഓരോ ഭാഗം, മന്ത്ര ബ്രാഹ്മണാദി വേദവിശേഷം. ഉ. സ്വകാര്യം, കാര്യാലോചന. ആരും കേൾക്കാതെ പറയുന്നത് എന്നർത്ഥം. ന. വശീകരണം.

**മന്ത്രമൂർത്തി**-ശിവൻ.

**മന്ത്രവാദം**-മന്ത്രംകൊണ്ട് പിശാചിനെയും മററും മാററിക്കളയുന്ന ഒരു കർമ്മം.

മന്ത്രവാദം മുതലായ ആഭിചാരങ്ങൾ അഥർവ്വണ വേദത്തിന്റെ ഉപവേദങ്ങളാണ്.

കേരളബ്രാഹ്മണരിൽ ൧൨ ഇല്ലക്കാർക്ക് പരശുരാമൻ ആദ്യമേതന്നെ കേരളീയരുടെ രക്ഷക്കായി മന്ത്രം ഉപദേശിച്ചിരുന്നു. ൬ പേർക്ക് ദുർമ്മന്ത്രവും, ൬ പേർക്ക് സന്മന്ത്രവുമാണ് കൊടുത്തത്.

പുരാതന മന്ത്രവാദ ഗ്രന്ഥങ്ങൾ

മന്ത്രസമുച്ചയം, തന്ത്രസമുച്ചയം, യന്ത്രചൂഡാമണി, പ്രയോഗസാരം, മന്ത്രസാരം, പ്രപഞ്ചസാരം, മന്ത്രകല്പസമുച്ചയം, മന്ത്രകല്പചിന്താമണി, യന്ത്രചിന്താമണി മുതലായവ.

**മന്ത്രവാദി**-മന്ത്രവാദം ചെയ്യുന്നവൻ.

**മന്ത്രവ്യാഖ്യാകൃത്ത്** - വേദാർത്ഥത്തെ ഗ്രഹിപ്പിക്കുന്നവൻ, വേദാർത്ഥബോധകങ്ങളായ കല്പസൂത്രങ്ങൾ പ്രാതിശാഖ്യം മുതലായവയോടു കൂടെ വേദത്തെ അദ്ധ്യയനം ചെയ്യുന്നവൻ.

**മന്ത്രശക്തി**-പ്ര. മന്ത്രങ്ങളുടെ ശക്തി. ദ്വി. ആലോചന, ശക്തിത്രയങ്ങളിൽ ഒന്ന്.

സന്ധിവിഗ്രഹാദികളായ ഗുണങ്ങളേയും സാമർത്ഥ്യപായങ്ങളേയും അതാതവസരങ്ങളിൽ വേണ്ടവിധം ആലോചിച്ചു പ്രവർത്തിക്കുന്നതത്രെ മന്ത്രശക്തി.

**മന്ത്രശാസ്ത്രം**-മന്ത്രങ്ങളെ അറിയുന്നതിനുള്ള ശാസ്ത്രം.

**മന്ത്രസേവ**-ജപയജ്ഞം, മന്ത്രയജ്ഞം.

**മന്ത്രാംഗപഞ്ചകം**-മന്ത്രത്തിനുള്ള അഞ്ചംശങ്ങൾ.

'സാരമാം മന്ത്രത്തിനംശങ്ങളഞ്ചാകുന്ന കാര്യമാരംഭിപ്പാനുള്ളുപായം പ്രഥമാംശം * വിത്തവും പുരുഷാകാരങ്ങളും സമ്പാദിപ്പാൻ ഉത്തമം വിചാരമെന്നുള്ളുരണ്ടാമംശം * ദേശകാലങ്ങൾ വിചാരിപ്പതു മൂന്നാമംശം നാശത്തിൽ പ്രതിക്രിയാചിന്തനം നാലാമംശം * കാര്യസംസിദ്ധിയെക്കുറിച്ചുദ്യോഗമഞ്ചാമംശം'

**മന്ത്രാലോചന**-രഹസ്യക്കൂട്ടുകെട്ട്.

**മന്ത്രി**-പ്ര. ആലോചനക്കാരൻ. ദ്വി. രാജ്യകാര്യസംബന്ധമായി രാജാവിനു ഗുണദോഷം കൊടുക്കുന്ന ആൾ, ദിവാൻ, പ്രധാനമന്ത്രി. സ്വകാര്യം പറയുന്നവൻ എന്നർത്ഥം. തൃ. ചെറുമരുന്ന ഒരു ചൂതിന്റെ പേർ.

മന്ത്രിമാർ എട്ടുവിധം-ജയന്തൻ, ദൃഷ്ടി, വിജയൻ, സിദ്ധാർത്ഥൻ, അർത്ഥസാധകൻ, അശോകൻ, മന്ത്രപാലൻ, സുമന്ത്രൻ.

**മന്ത്രിക്കുന്നു**-പ്ര. മന്ത്രം ചൊല്ലുന്നു. ദ്വി. ആലോചനചെയ്യുന്നു, പതുക്കെ പറയുന്നു, മന്ത്രണം.

**മന്ത്രിഗുണചതുഷ്ടയം**- രാജാവിനോടു നിഷ്കളങ്കമായ സ്നേഹം, രാജാവിനു തുല്യമായ ജ്ഞാനം, മനോനിശ്ചയം, ധനാശയില്ലായ്മ ഇവ നാലും.

**മന്ത്രീന്ദ്രൻ**-പ്രധാനമന്ത്രി.

**മന്ഥദണ്ഡകം**-കടകോൽ. മഥനം ചെയ്യുന്നതിനുള്ള ദണ്ഡം എന്നർത്ഥം.

**മന്ഥൻ**-ആദിത്യൻ.

**മന്ഥനം**-പ്ര. കലക്കുക. ദ്വി. കടകോൽ.

**മന്ഥനി**-തൈക്കലം.

**മന്ഥം**-പ്ര. കടകോൽ. മഥനം ചെയ്യുന്നതു എന്നർത്ഥം. ദ്വി. കൊല, നാശം. തൃ. സൂര്യരശ്മി. ച. ഒരുവക മരൻ.

**മന്ഥര**-വി. പ്ര. മന്ദമായ, മന്ദമായി ചലിക്കുന്ന. ഉ-ം, മന്ഥരവിലോചനം. ദ്വി. തടിച്ച. തൃ. വളഞ്ഞ. ച. മൂഢതയുള്ള. പ. പതുക്കെ നടക്കുന്ന. ഷ. അല്പമായുള്ള.

**മന്ഥരൻ**-പ്ര. പതിഞ്ഞു (പതുക്കെ) നടക്കുന്നവൻ. കാലെടുത്തു വെക്കുന്നതു ഒരു ക്ലേശമായി വിചാരിക്കുന്നവൻ എന്നർത്ഥം. ദ്വി. ഒറ്റുകാരൻ.

**മന്ഥരാ**-ഒരു വിരൂപയായ സ്ത്രീ.

ത്രിവക്രയായ ഇവളാണ് ശ്രീരാമനെ വനത്തിൽ അയച്ചിട്ട് ഭരതനെ അഭിഷേകംചെയ്യിപ്പാൻ കൈകേയിയെ പ്രോത്സാഹിപ്പിച്ചതു—അദ്ധ്യാത്മരാമായണം നോക്കുക.

**മന്ഥരം**-പ്ര. മന്ദരപർവ്വതം. ദ്വി. ശേഖരിപ്പുസ്ഥലം. തൃ. തലമുടി. ച. കോപം. പ. പുതുവെണ്ണ. ഷ. കടകോൽ. സ. വൈശാഖമാസം. അ. കോട്ട. ന. തടവ്, വിഘ്നം.

**മന്ഥാനം**-കടകോൽ. മഥനംചെയ്യു ശീലമായിട്ടുള്ളതു എന്നർത്ഥം.

**മന്ദ**-വി. പ്ര. സാവധാനമുള്ള. ദ്വി. മടിച്ച. തൃ. ഭോഷത്വമുള്ള. ച. കൊഴുത്ത,

൬. ഹീനമായ. ൭ ഭാഗ്യമില്ലാത്ത ൮ ദീനമുള്ള. ൯ മടിയുള്ള. ൧൦. മദ്യപാനം ചെയ്ത. ൧൧ ക്ഷീണിച്ച. ൧൨. കരുത്തുള്ള. ൧൩. മറവിയുള്ള.

**മന്ദകൎണ്ണി**-ദണ്ഡകവനത്തിൽ വസിച്ച ഒരു മുനി.

ആയിരംവൎഷം നിരാഹാരനായി ജലത്തിൽനിന്നു തപസ്സാരംഭിച്ചു. അനന്തരം ഭയപ്പെട്ടു ദേവകൾ വശീകരണാൎത്ഥം അഞ്ചു അപ്സരസ്ത്രീകളെ നിയോഗിച്ചു. കുറെക്കാലം ഇവർ അയാളുടെ പത്നിമാരായി ഒരു തടാകത്തിൽ ഒരു ഗൃഹത്തിൽ നിവസിച്ചു. ആ തടാകത്തിനെ ഇന്നും 'പഞ്ചാപ്സരസ്സ്' എന്നു വിളിച്ചുവരുന്നു.

**മന്ദഗതി**-വി. പതുക്കെ നടക്കുന്ന.

**മന്ദഗതി**-൧ പതിഞ്ഞനടപ്പ്. ൨. മന്ദബുദ്ധി.

**മന്ദഗമന**-വി. സാവധാനത്തിൽ പോകുന്ന.

**മന്ദഗമനം**-പതിഞ്ഞ നടപ്പ്.

**മന്ദഗമനാ**-൧, അന്നപ്പേട ൨. സുന്ദരി,

**മന്ദഗാമി**-വി. പതുക്കെ നടക്കുന്ന, (പുല്ലിംഗം-മന്ദഗാമീ, സ്ത്രീ-മന്ദഗാമിനീ).

**മന്ദഗാമി**-പതുക്കെ നടക്കുന്ന ഒടൻ.

**മന്ദഗാമിനീ**-സുന്ദരി, പതുക്കെ നടക്കുന്നവൾ എന്നൎത്ഥം.

**മന്ദത**-൧. സാവധാനത. ൨. മൂഢത. ൩. അജ്ഞാനം.

**മന്ദൻ**-൧. മടിയൻ. ഉറങ്ങുന്നവൻ എന്നൎത്ഥം. ൨. മൂഢൻ. ൩. അല്പബുദ്ധി. ൪. ശനി. ൫. സാമൎത്ഥ്യമില്ലാത്തവൻ. ൬. ഭാഗ്യമില്ലാത്തവൻ. ൭. യമൻ. ൮. ഒരുവക ആന.

**മന്ദനം**-സ്തുതി.

**മന്ദപാലൻ**—പുത്രനില്ലാത്ത ഒരു സന്ന്യാസി.

വളരെക്കാലം തപസ്സനുഷ്ഠിച്ചതിൽ പിന്നീട യമലോകത്തെ പ്രാപിച്ചു. നരകത്തിൽ നിന്നു തന്നെ രക്ഷിക്കുന്നതിനു പുത്രനില്ലായ്കയാൽ 'ശാൎങ്ഗികം' എന്ന പക്ഷിയുടെ രൂപത്തെ അവലംബിച്ച് അതിന്റെ സ്ത്രീയായ ജരിതയിൽ ൪ സുതന്മാരുടെ ജനകനായി. (ജരിത എന്ന പദം നോക്കുക).

**മന്ദഭാഗ്യ**-വി. ഭാഗ്യം കുറഞ്ഞ.

**മന്ദം**-അ. പതുക്കെ, സാവധാനത്തിൽ.

**മന്ദം**-൧. പാത്രം. ൨. ലോകനാശം. ൩. ഒരുതരം ആനം

**മന്ദമന്ദം**-അ. വളരെ സാവധാനത്തിൽ

**മന്ദമാരുതൻ**-ചെറിയ കാറ്റ്.

**മന്ദയന്തീ**-ദുൎഗ്ഗ.

**മന്ദര**-വി. ൧. വലിപ്പമുള്ള. ൨, സാവധാനമുള്ള.

**മന്ദരം**-൧. മന്ദരപൎവ്വതം.

പാലാഴിമഥനത്തിൽ ഇതായിരുന്നു മത്ത്.

൨. സ്വൎഗ്ഗം. ൩. മന്ദാരവൃക്ഷം. ൪. മുത്തുമാല. ൫. കണ്ണാടി.

**മന്ദരാഗം**- മന്ദമായ (കുറഞ്ഞ) രാഗം (പ്രതിപത്തി), താൽപൎയ്യക്കുറവ്.

മന്ദരമായ അംഗം എന്നും അൎത്ഥമാകാം. മന്ദരം = മന്ദരം. അംഗം = പൎവ്വതം.

**മന്ദവാരം**-ശനിയാഴ്ച.

**മന്ദസഞ്ചാരം**-പതിഞ്ഞ നടപ്പ്.

**മന്ദസാനൻ**-അഗ്നി.

**മന്ദസാനു**-൧. ജീവൻ. ൨. ഉറക്കം. ൩. അഗ്നി.

**മന്ദസ്മിതം**-പല്ലുകാട്ടാതെയുള്ള ചിരി, പുഞ്ചിരി.

**മന്ദഹാസം**, **മന്ദഹാസ്യം**-പുഞ്ചിരി.

**മന്ദാകം**-൧ ഒഴുക്ക്. ൨. സ്തുതി.

**മന്ദാകിനി**-ആകാശഗംഗ. മന്ദമായി അകിക്കുന്ന (ഗമിക്കുന്ന) വരം എന്നു വ്യുൽപത്തി. മന്ദം വരുത്തൊഴിക്കുന്നതു് എന്നുമാവാം.

**മന്ദാക്രാന്താ**-സമവൃത്തങ്ങളിൽ ഒന്ന്. അക്ഷരം ൧൭. 'മന്ദാക്രാന്താ മഭനതതഗംനാലുമാറേഴുമായ്ഗം'.

**മന്ദാക്ഷം**-ലജ്ജ, മന്ദങ്ങളായ വാഗാദീന്ദ്രിയ വ്യാപാരങ്ങളോടുകൂടിയതു് എന്നർത്ഥം.

**മന്ദാഗ്നി**-അല്പമായുള്ള അഗ്നി, ചൂടു കുറഞ്ഞ തീ.

**മന്ദാരക്കാട്ട്**-ഇരുട്ട് അടഞ്ഞ കാട്ട്. മന്ദാരക്കാട്ട് > < പടൽക്കാട്ട്.

**മന്ദാരദാരു**-മന്ദാരവൃക്ഷത്തിൻെറ തടി.

**മന്ദാരം**-൧. (സ്വർഗ്ഗത്തിലെ) കല്പവൃക്ഷങ്ങളിൽ ഒന്ന്. സന്തോഷിപ്പിക്കുന്നതു് എന്നു ശബ്ദാർത്ഥം. കോമളമാകയാൽ മൂർച്ചയുള്ള മുള്ളുകളില്ലാത്തതു് എന്നുമാവാം. ൨. മുരിക്ക്. സൂക്ഷ്മങ്ങളായ മുള്ളുകൾ ഉള്ളതു എന്നർത്ഥം. ൩. എരിക്ക്. മന്ദാഗ്നികളെ ഔഷധയോഗേന പ്രദീപിക്കുന്നതു് എന്നർത്ഥം. ൪. സ്വർഗ്ഗം. ൫. ആന.

**മന്ദിക്കുന്നു**-൧. അമാന്തിക്കുന്നു, ബുദ്ധിമാന്ദ്യം വരുന്നു. ൨. സാവധാനമാകുന്നു. ൩. ശോഷനാകുന്നു ൪. മടിക്കുന്നു. ൫. കുഴയുന്നു. ൬. മങ്ങിക്കുത്തുന്നു. ൭. ഘനക്കുറവുവരുന്നു ൮. ക്ഷീണിക്കുന്നു.

**മന്ദിരപശു**-പൂച്ച.

**മന്ദിരമണി**-ശിവൻ.

**മന്ദിരം**-൧. ഭവനം. ൨. നഗരം. ൩. ദേവാലയം. മദിക്കുന്നേടം, സ്തുതിക്കുന്നേടം, മോദിക്കുന്നേടം, ഗമിക്കുന്നേടം, ശോഭിക്കുന്നേടം, ഉറങ്ങുന്നേടം ഇങ്ങിനെ ശബ്ദാർത്ഥം. ൪. കടൽ.

**മന്ദിരാ**-കുതിരാലയം.

**മന്ദിലി**-തലപ്പാവ്. (അറബിഭാഷ).

**മന്ദുര**-കുതിരപ്പുര, കുതിരപ്പന്തി. സന്തോഷിക്കുന്നേടം എന്നർത്ഥം.

**മന്ദേതരം**-അ. വേഗത്തിൽ.

**മന്ദേഹാസുരന്മാർ**-ഒരുകൂട്ടം ഭയങ്കരരാക്ഷസന്മാർ.

ഇവർ സൂര്യനെ വിഴുങ്ങിക്കളയുന്നതിന് യത്നിച്ചവരാണ്.

**മന്ദോദരി**-(മണ്ഡോദരി എന്നതു നോക്കുക).

**മന്ദോദ്യമ**-വി. ഉത്സാഹക്കുറവുള്ള.

**മന്ദോഷ്ണ**-വി. കുറഞ്ഞ ചൂടുള്ള.

**മന്ദോഷ്ണം**-വി. കുറഞ്ഞ ചൂട്.

**മന്ദ്രം**-മേഘപടഹാദിഗംഭീര (മുഴക്കമുള്ള) ശബ്ദം. ഇതുകൊണ്ട് കാലാദികൾ അറിയപ്പെടുന്നു. സന്തോഷത്തെ ചെയ്യുന്നതെന്നുമാവാം.

**മന്ധരാ**-വി. കൊഴുത്ത.

**മന്ന്**-൧. ഭൂമി. ൨, മുപ്പത്തുറാത്തലുള്ള തൂക്കം. ൩. വിധി പ്രസ്താവിക്കുന്ന സ്ഥലം, സംഘം.

**മന്നതലം**-൧. വഞ്ചന. ൨. ഉപായം. ൩. പരിഹാരം. ൪. ദുശ്ശീലം. ൫. മോഷണം.

**മന്നൻ**-൧. രാജാവ്. ൨. പരിഹാസക്കാരൻ. ൩. സമർത്ഥൻ. ൪. ചതിയൻ. ൫. മടയൻ (മന്ദൻ).

**മന്നാ**-൧. ചാരായക്കട. ൨. വിധി പ്രസ്താവിക്കുന്നതിനോ വിസ്തരിക്കുന്നതിനോ ഉള്ള സ്ഥലം.

**മന്നവൻ**-രാജാവ്.

**മന്നാടി, മന്നാടിയാർ**-നായർ വർഗ്ഗത്തിൽ ഉൾപ്പെട്ട ഒരു ജാതിപ്പേര്.

**മന്നാട്ടുക** - അവലക്ഷിക്കുക, സങ്കടം ബോധിപ്പിക്കുക.

**മന്നാട്ടപ്പൻ**-മൂത്താൻ എന്നു പറയുന്ന ഒരുവകക്കാർക്ക് അവരിൽ താഴ്ന്നവർ കൊടുത്തിട്ടുള്ള ബഹുമാനപ്പേർ. (സ്ത്രീ-മന്നാട്ടമ്മ).

**മന്നിടദേവൻ**-ബ്രാഹ്മണൻ.

**മന്നിടം**-ഭൂമി.

**മന്നിരവു്**-ആഭരണങ്ങൾ വായിപ്പവാങ്ങിക്ക.

**മന്നില**-കൊള്ളുമതെന്നു തള്ളിയ ഒരു വക ധാന്യം.

**മന്നുക**-ഉറച്ചുനില്ക്കുക, നിലനില്ക്കുക.

**മന്മഥൻ**-കാമദേവൻ. മനസ്സിനെ ഇളക്കുന്നവൻ എന്നർത്ഥം. (കാമശാസ്ത്രപ്രകാരം മന്മഥാവസ്ഥ 12 വിധം).

**മന്മഥം**-ൻ. വിളാവു്, വിളാമരം. ഭംഗിയുള്ള ഫലങ്ങളെ കാണുന്നവരുടെ മനസ്സിനെ മഥനം ചെയ്യുന്നതു എന്നർത്ഥം. ൨. കാമം, ആഗ്രഹം.

**മന്മഥാബ്ദം**-അറുപതിൽ ഇരുപത്തൊൻപതാം വർഷം.

**മന്മഥാ**-ദാക്ഷായണി.

**മന്മഥാനന്ദം**-ഒരുവക മാവുവൃക്ഷം.

**മന്യ**-പിങ്കഴുത്തിലെ ഞരമ്പു്. പുറകേ നോക്കിക്കണ്ടറിയാവുന്നതു എന്നർത്ഥം.

ഇതു ഇടത്തും വലത്തും ഓരോന്നുണ്ടു്. മരണകാലത്തിൽ ശ്വാസം വലിച്ചു കിടക്കുമ്പോൾ ഇതു സ്പഷ്ടമായി കാണാറുണ്ടു. പിൻ കഴുത്തിൽ എന്നാൽ കഴുത്തിന്റെ പാർശ്വങ്ങളിൽ എന്നറിഞ്ഞുകൊള്ളണം.

**മന്യാസ്തംഭം**-ഒരു വാതവ്യാധി.

പകല്യുറക്കം, അസമയത്തിലത്തെ ശയനം, കണ്ണുതുറന്നു മേല്പോട്ടുള്ള നോട്ടം ഇവ ഏതെങ്കിലും ഹേതുവായിട്ടു വായു കോപിച്ചു കഫത്തോടുകൂടി ഈ രോഗം ഉണ്ടാകുന്നു.

**മന്യു**-ൻ. ദുഃഖം. അറിവില്ലാത്തതാക്കിത്തീർക്കുന്നതു് എന്നർത്ഥം. ൨. അനർത്ഥം. ൩. ദീനസ്വഭാവം. ൪. യാഗം. ൫. കോപം. അറിയപ്പെടുന്നതു് എന്നർത്ഥം. ൬. അഹംകാരം. ൭. ശിവൻ. ൮. അഗ്നി.

**മന്വന്തരം**-ഒരു മനുവിന്റെ കാലം; നമ്മുടെ ൭൧ ചതുർയ്യുഗം ഒരു മനുവിന്റെ വാഴ്ചകാലം.

ഒരു മനുവിന്റെ ജീവകാലം ൪,൩൨൦,000 വർഷം. ഓരോ മനുവിനു ഇത്രയും കാലം അധികാരമുണ്ടു്. ഇപ്രകാരം ബ്രഹ്മാവിന്റെ ഒരു ദിവസത്തിൽ ൧൪ മന്വന്തരങ്ങളുണ്ടു്. ആദ്യത്തെ മനു സ്വയംഭൂവിൽ നിന്നു തന്റെ മകളായ ശതരൂപയിൽ ജനിച്ച സ്വായംഭുവനാണു്. ഈ മഹാൻ പത്തു പ്രജാപതികളുടെ പിതാവാകുന്നു. ബ്രഹ്മാവു് സ്ത്രീപുരുഷന്മാരായി തന്നെത്തന്നെ ഭാഗം ചെയ്തു എന്നും അവരിൽ നിന്നും സ്വായംഭുവമനു ജനിച്ചു എന്നുമാണു കഥ. ഒരു മനുവിന്റെ വാഴ്ചക്കാലം കഴിഞ്ഞാൽ ആ സ്ഥാനത്തു വേറെ മനു നിയമിക്കപ്പെടും. ഇതു പുരാണപ്രസിദ്ധം.

ഇപ്പോഴത്തേതു വൈവസ്വത മന്വന്തരമാകുന്നു. അത്രി, വസിഷ്ഠൻ, കശ്യപൻ, ഗൌതമൻ ഭരദ്വാജൻ, വിശ്വാമിത്രൻ, ജമദഗ്നി, ഇവരാകുന്നു സപ്തർഷികൾ. 14 മനുക്കളുടെ കാലം കഴിയുമ്പോൾ ബ്രഹ്മാവിനു ഒരു പകൽ കഴിയും. അടുത്തുണ്ടാവാനിരിക്കുന്നതു സൂർയ്യസാവർണ്ണി മന്വന്തരമാണു്.

മനാബ്ദം-പതിനാലുവൎഷം.

'മനാബ്ദപൂൎണ്ണേ പ്രഥമദിനേ ഭവാൻ'
(രാമായണം)

മമത-ഉതത്ഥ്യൻ എന്ന മഹൎഷിയുടെ ഭാൎയ്യ (ഉതത്ഥ്യന്റെ സഹോദരൻ ബൃഹസ്പതി). ബൃഹസ്പതി ഒരിക്കൽ ജ്യേഷ്ഠപത്നിയും ഗൎഭിണിയുമായ മമതയെ കാംക്ഷിച്ചു.

മമതാ, മമത്വം-പ്ര. സ്നേഹം. ദ്വി. ഡാംഭം (എന്റേതു് എന്നുള്ള വിചാരത്തിനു മമത്വം എന്നു പ്രസിദ്ധം).

മമ്മാന്തിരം-കോലാഹലം, അന്ധാളിപ്പു. (പ-മ).

മയക്ക്-പ്ര. സംശയം, നിശ്ചയമില്ലായ്മ. ദ്വി. വ്യത്യാസം, മാററം. തൃ. മൂടൽ.

മയക്കം-പ്ര. വഞ്ചന, ബുദ്ധിഭ്രമം. ദ്വി. ഉറക്കം. തൃ. തളൎച്ച. ച. ലഹരി പിടിത്തം. പ. വശീകരണം. ഷ. സന്ധ്യാസമയം.

മയക്കുന്നു-പ്ര. പഴക്കുന്നു. ദ്വി. മോഹിപ്പിക്കുന്നു. തൃ. ഉടയ്ക്കുന്നു. ച. മൃദുത്വം വരുത്തുന്നു.

മയങ്ങൽ-പ്ര. ബുദ്ധിഭ്രമം. ദ്വി. ഉറക്കം.

മയങ്ങുന്നു-പ്ര. ബുദ്ധിഭ്രമമുണ്ടാകുന്നു. ദ്വി. തളരുന്നു. തൃ. ഉറങ്ങുന്നു. ച. സന്ധ്യയാകുന്നു. പ. വശീകരണത്തിൽ അകപ്പെടുന്നു. ഷ. പഴകുന്നു. (സ. ക്രി-മയക്കുന്നു)

മയന്ന-നിസ്സാരൻ, മോശക്കാരൻ. (പ-മ)

മയൻ-അസുരന്മാരുടെ ആശാരി.

മയൻ മണ്ഡോദരിയുടേയും വജ്രകാമയുടേയും പിതാവാണു്. അസുരശില്പിയാകുന്നു. പാണ്ഡവൎക്കു ഇന്ദ്രപ്രസ്ഥവും ത്രിപുരന്മാൎക്കു ത്രിപുരവും പണി ചെയ്തതു മയനാണു്. നമുചിയുടെ സഹോദരനാണു്. ഖാണ്ഡവം ദഹിക്കുമ്പോൾ തക്ഷകാലയത്തിൽ താമസിച്ചിരുന്ന ഇയ്യാൾ ഒളിച്ചോടാൻ നോക്കി. പാൎത്ഥൻ അഭയം നൽകി.

മയം-വി. മാൎദ്ദവമുള്ള.

മയം-പ്ര. മാൎദ്ദവം. ദ്വി. സമൃദ്ധി. (സം.) പ്ര. ഒട്ടകം. ഹിംസിക്കുന്നതു എന്നൎത്ഥം. ദ്വി. കോവൎകഴുത. തൃ. കുതിര. ച. തിറഞ്ഞതു്.

മയൽ-മയക്കം.

'മയലോടു സംശയമെയ്തുവതല്ലൽ'
(ഗീത-മാധവപ്പണിക്കർ)

മയററ്-വശീകരണം, മോഹിപ്പിക്കൽ.

'പുഞ്ചിരിക്കൊഞ്ചലും കണ്മയററങ്ങളും'
(ശിവപുരാണം).

മയററുന്നു-വശീകരിക്കുന്നു.

മയി-എങ്കൽ (സംസ്കൃതം).

മയി-ചെൺകുതിര.

മയിടൻ-മഹിഷൻ, മഹിഷാസുരൻ (പഴയ മലയാളം).

മയിനാ-ഒരുവക പക്ഷി.

(ഇതു പഞ്ചവൎണ്ണക്കിളിയിൽ ഒരു തരമാണു്. സം-ഉമാ).

മയിപ്പുൽ-ഉദയം, പ്രഭാതം.

മയിമ്പു-പ്ര. മയങ്ങുന്നനേരം, ഇരുൾ മയക്കം. ദ്വി. തുഴ, പങ്കായം.

മയിർ-രോമം.

മയിർപ്പടം-രോമംകൊണ്ടുണ്ടാക്കിയ വസ്ത്രം.

മയിപ്പടി-ഒരു മരുന്നു്.

മയിപ്പട്ടു-തൊററിപ്പട്ടം.

മയിർവാൾ-കത്തി.

'നിശിതമായൊരു മയിർവാളമ്പെട്ടു-
ള്ളുചിതമെന്നു കാണ്മവൎക്കു തോന്നുമാർ'
(ഭാരതം)

മയില-പ്ര. ഒരുവക വൃക്ഷം. വ. വെളുപ്പും കറുപ്പും കൂടിയ നിറം.

മയിലാഞ്ചി-ഒരു വൃക്ഷം, മരുതോന്തി.
'മയിലാഞ്ചി പൂത്തില്ല കൈകരണ്ടും
ചോന്നില്ല'
(ഒരു പഴയ പാട്ട്)

മയിലാടൻ മഞ്ഞൾ - ഒരുതരം മഞ്ഞൾ.

മയിലാടി-ഒരു ദേശം. (In Travancore),

മയിലാപ്പൂർ-ഒരു ദിക്കിന്റെ പേർ.

മയിലാരം-ഒരുതരം ചെറിയ ആഭരണം.

മയിലെള്ള-ഒരുവക വൃക്ഷം.

മയിലോമ്പി-ഒരുവക കാട്ടുചെടി.

മയിൽ-ഒരുവക പക്ഷി, ഒരുവക കോഴി.

പൎയ്യായങ്ങൾ—മയൂരം, ബൎഹിണം, ബൎഹി, നീലകണ്ഠം, ഭുജംഗഭുക്ക്, ശിഖാവളം, ശിഖീ, കേകീ, മേഘനാദാനുലാസീ.

[പീലിക്കണ്ണ് =ചന്ദ്രകം, മേചക. മയിലിന്റെ ഒച്ച=കേകം. മയിൽകുടുമ=ശിഖ, ചൂഡ, ശിഖണ്ഡം. മയിൽപീലി=പിഞ്ഛം (പിച്ഛം), ബൎഹം]

ഇതിന്റെ മാംസം കണ്ണുരോഗം, ശിരോരോഗം മുതലായവയ്ക്കു നന്ന്. ബുദ്ധിയെ നന്നാക്കും. ത-മയിൽ. ഇം-Peacock പീക്കാക്ക്.

മയിൽതുത്തം-തുരിശു.

മയിൽപ്പണം-ഒരുവക നാണയം.

മയിൽപ്പീലി-മയിലിന്റെ വാൽ, മയിലിന്റെ വലിയ പൂട.

മയിൽപ്പേട-മയിലിന്റെ സ്ത്രീ.

മയിർവാളമ്പ്-മയിർവാൾ (കത്തി) പോലുള്ള അമ്പ്.

മയിലെണ്ണ-മയിലിന്റെ ഉള്ളിൽ നിന്നും എടുക്കുന്ന കൊഴുപ്പുരുക്കിയ നെയ്യ്.

മയിലെള്ള്-ഒരു വൃക്ഷം.

പൂവ് എള്ളിൻ പൂപോലെയിരിക്കും. ഇതിന്റെ തൊലി പല്ലിലുള്ള എല്ലാ രോഗങ്ങളേയും ശമിപ്പിക്കും. സം-തിലകം. ത-മഞ്ചാഞ്ചെടി.

മയിലോശിക-ഒരു ചെടി. പൎയ്യായങ്ങൾ-ഖരാശ്വാ, കാരവി, ദീപ്യം, മയൂരം, ലോചമസ്തകം.

അതിസാരം ക്രിമി മുതലായവയ്ക്കു നന്ന്. വശീകരണത്തിനു നല്ലതാണ്. ഇതു ഉറച്ച കാനൽ ഭൂമിയിലുണ്ടാകുന്ന നന്നാച്ചെറിയ ക്ഷുപമാകുന്നു. പൂ മയൂരശിഖാകാരമായിരിക്കും. സം - മയൂരശിഖം.

മയിസൂർ-ഒരു രാജ്യം. (മഹിഷാസുരം).

മയു-പ്ര. ഉപദേവന്മാരിൽ ഒരുവക, കിന്നരൻ. രൂപത്തെ മാറുന്നവൻ എന്നൎത്ഥം. വ. ഒരുവക മാൻ.

മയുരാജൻ-കുബേരൻ.

മയൂഷ്ട്ര(ഷ്ട)കം-കാട്ടുപയറ്. അലങ്കരിച്ചുകൊണ്ടിരിക്കുന്നതു് എന്നൎത്ഥം.

മയൂകം-മയിൽ.

മയൂഖം-പ്ര. സൂൎയ്യരശ്മി, ഇരുട്ടിനെ കളയുന്നതു് എന്നൎത്ഥം. പരിമാണത്തെ ചെയ്യുന്നതു് എന്നുമാവാം. വ. പ്രകാശം. ന. അഗ്നിജ്വാല. ര. ശോഭ.

മയൂരകം-പ്ര. വലിയ കടലാടി. വ. തുരിശ്. ന. മയിൽ. ര. തുത്ഥാഞ്ജനം. മയൂരതുല്യവൎണ്ണം എന്നൎത്ഥം.

മയൂരകേതു-കാൎത്തികേയൻ.

മയൂരഗ്രീവാഞ്ജനം—ഒരുവക അഞ്ജനം, തുരിശ്.

മയൂരചടകം-കോഴി.

മയൂരചൂഡ - മയിലിന്റെ തലയിലെ പൂവ്.

മയൂരൻ-ഒരു പ്രസിദ്ധ കവി.

ബാണഭട്ടൻ എന്ന മഹാകവിയുടെ സ്നേഹിതനും ശ്വശുരനും സഹജീവിയും മയൂരശതകത്തിന്റെ കർത്താവുമാകുന്നു തന്റെ കുഷ്ഠരോഗശമനത്തിനായി 'സൂര്യശതകം' ഉണ്ടാക്കിയെന്നും പറയുന്നു.

മയൂരം-പു. മയിൽ. ഭൂമിയിൽ ശബ്ദിക്കുന്നത് എന്നർത്ഥം. വ. മയിലോശിക. രോഗങ്ങളെ നശിപ്പിക്കുന്നത് എന്നർത്ഥം. ന. സമയം അളക്കുന്ന ഒരു യന്ത്രം. ര. ഒരുവക വൃക്ഷം.

മയൂരരഥൻ-കാർത്തികേയൻ.

മയൂരവർമ്മരാജാവ്-കദംബരാജ വംശത്തിന്റെ പ്രവർത്തകൻ.

മയൂരശിഖ-പു. ഒരുവക പുല്ല്. വ. മയിലിന്റെ തലയിൽ നിൽക്കുന്ന പൂട.

മയൂരസാരണി-ഒരു വൃത്തം.

മയൂരി-പു. മയിൽപ്പേട. വ. ചെഞ്ചീര.

മയ്ത്തൊണ്ടി-മഷി (അഞ്ജനം) എഴുതുന്നതിനുള്ള ശലാക (കമ്പി).

മയ്യ്-മഷി.

മയ്യം, മൈയം-മധ്യം, മദ്ധ്യം, ഒത്ത നടുവ്.

മയ്യത്ത്-മൃതശരീരം (അറബിഭാഷ).

മയ്യലി, മയ്യരി-ആശാരിമാരുടെ ഒരു പണിയായുധം. A bamboo-compasses of carpenters

മയ്യൽ-പു. ദുഃഖം. വ. കറുത്ത നിറം. ന. മഷി. ര. സന്ധ്യാസമയം. ഇ. ഇരുട്ട്. ന്റ. മയക്കം. ൧ ക്ഷീണം. വ. മോഹം. ൻ. വശീകരണം.

മരകതം-മരതകം.

മരക്കയിൽ-മരത്തവി.

മരക്കലുപ്പ്-തോണി ഉപ്പ്.

കറി, ശൂലം മുതലായവക്കു നന്ന്. മലത്തെ ഇളക്കും. ഇത് ഉപ്പുവെള്ളത്തിൽ സഞ്ചരിക്കുന്ന തോണി മുതലായതുകളിൽ ഉണ്ടാകുന്നു. സം-ദ്രോണി ലവണം.

മരക്കലനാവാ-ഒരുമാതിരി പക്ഷി. (സംസ്കൃതത്തിൽ പ്ലവം).

മരക്കലം-പു. കപ്പൽ, ഉരു. പര്യായങ്ങൾ—യാനപാത്രം, പോതം.

'അസ്സുവമാംശുകടപ്പാൻ നല്ലൊരു
കപ്പൽ മരക്കലമെന്നുടെ ബാണം'
(കിരാതം തുള്ളൽ)

വ. തൈർ കലക്കുന്ന മരപ്പാത്രം.

മരക്കരം-മരംകൊണ്ടുള്ള കൈ.

മരക്കറി-പു. സസ്യാദികൾ കൊണ്ടുണ്ടാക്കുന്ന കറി. വ. സസ്യാദികൾ.

മരക്കാതൽ-മരത്തിന്റെ അകത്തെ സാരം

മരക്കാനൽ-വൃക്ഷത്തിന്റെ തണൽ.

മരക്കാൻ, മരക്കയാൻ-ഒരു താണജാതിക്കാരൻ. വ. ചുക്കാൻ പിടിക്കുന്നവൻ.

മരക്കാൽ-പു. വൃക്ഷം. വ. മുടന്തന്റെ വടി. ന. മരത്തൂൺ. ര. ഒരളവ് (തെക്കൻ ദിക്കിൽ പത്തു നാഴി കൂടിയത്).

മരക്കാറ്-കാട്.

മരക്കിഴങ്ങ്-ഒരുമാതിരി കിഴങ്ങ്, മരച്ചീനി, ഏഴിലക്കിഴങ്ങ്.

മരക്കുറുമതി-തടിക്കുക.

മരക്കൂട്-മരംകൊണ്ടു തീർത്ത കൂട്.

മരക്കൂട്ട്-പുരയുടെ ഉത്തരം, കഴുക്കോൽ, മുതലായത്.

മരക്കൂട്ടം-വൃക്ഷങ്ങളുടെ കൂട്ടം, നടക്കാവ്

മരക്കുന്ന്-മരത്തിൽ ഉണ്ടാകുന്ന കൂൺ.

മരക്കൊട്ട-ഒരുമാതിരി മരവി

മരക്കൊത്തൻ-മരംകൊത്തി.

മരക്കൊത്തി-മരംകൊത്തി.

മരക്കൊമ്പ്-വൃക്ഷത്തിന്റെ കൊമ്പ്.

മരംകൊത്തി-ഒരു പക്ഷി, മരക്കൊത്തി പര്യായങ്ങൾ-ശതപത്രകം, ദാർവാഘാടം. ത-മരംകൊത്തി, ഇം-woodpecker ഉഡ്പെക്കർ. ഒന്നാമാ, രത്നിധി, കാഷ്ഠകുട്ടം, ശതപത്രം ഇവയും പര്യായങ്ങളാണ്.

മരച്ചെമ്പ്-ഒരുമാതിരി ചെമ്പ്.

മരച്ചാടി-കരങ്ങ്.

മരണഗോഷ്ഠ-മരിക്കാറാകുമ്പോൾ കാണിക്കുന്ന ചില ചിഹ്നഭാവങ്ങളും മറ്റും.

മരണപത്രിക-മരിച്ചതിനെ കുറിച്ച് എഴുതുന്ന എഴുത്ത്.

മരണം-ക്രി. ജീവനാശം, ചാകുക. പ്രാണനെ ഉപേക്ഷിക്കുന്നത് എന്നർത്ഥം. മററ പര്യായങ്ങൾ-പഞ്ചതാ, കാലധർമ്മം, ദിഷ്ടാന്തം, പ്രളയം, അത്യയം, അന്തം, നാശം, മൃത്യു, നിധനം. (അടിഞ്ഞാൽ എന്നു നോക്കുക). ഉ. ഒരുവക വിഷം.

മരണവായ്യ—മരിപ്പാറാകുമ്പോഴത്തെ ശ്വാസം

മരണാന്തം-അ. മരണംവരേയും.

മരതം-മരണം.

മരതകം, മരതകപ്പച്ച-വിചയേറിയ ഒരുമാതിരി പച്ചക്കല്ല്. മരണത്തെ നിവർത്തിപ്പിക്കുന്നത് എന്നു ശബ്ദാർത്ഥം. ('മരകതം' എന്നാണ് ഉത്തമപാഠം). പര്യായങ്ങൾ—ഗാരുത്മതം, മരകതം, അശ്മഗർഭം, ഹരിന്മണി.

മരത്തച്ചൻ-ആശാരിപ്പണിക്കാരൻ.

മരത്തവള-മരത്തിലെ ഒരുമാതിരി തവള.

മരന്ദം-പുഷ്പങ്ങളിൽ നിന്നും ശേഖരിക്കുവന്ന നീര്, പൂന്തേൻ.

മരനായ്(യ്)-ഒരു ജന്തു, മരത്തിൽ കേറുന്ന ഒരുമാതിരി പട്ടി.

മരനീര്-മദ്യം.

'വഞ്ചിക്കേണം വളരെ മരനീ-
രുള്ളിലുണ്ടാകമൂലം,
(മയൂരസന്ദേശം).

ഇതു നീചന്മാരുടെ ഭാഷയെ അനുകരിക്കുന്നു.

മരപ്പട്ടി-മരക്കരങ്ങ്, മരനായ്(യ്).

സം-വൃക്ഷശായികാ. ത-മരനായ്. ഇം-Polecat പോൾക്കാററ്.

മരപ്പണി-മരംകൊണ്ടുള്ള വേല.

മരപ്പാച്ചി, മരപ്പാവ-മരംകൊണ്ടുള്ള രൂപം.

മരപ്പാത്തി-വെള്ളം ഒഴുകുന്നതിനു മരംകൊണ്ടുണ്ടാക്കുന്ന ഒരു വസ്തു.

മരപ്പാത്രം-മരംകൊണ്ടുള്ള പാത്രം, മരവിയും മററും.

മരപ്പുളി-ഒരു വൃക്ഷം.

ഈ വൃക്ഷം ഗോവ മുതലായ ദേശങ്ങളിൽ ഏറെയുണ്ടാകുന്നു. സം-വൃക്ഷാമ്ലം. ഇം-Kokum Butter tree കോകം ബട്ടർട്രി.

മരപ്പെട്ടി-മരംകൊണ്ടുള്ള പെട്ടി.

മരപ്പൊത്ത്-മരത്തിന്റെ പോടു.

മരഫലം-വൃക്ഷത്തിന്റെ കായ്.

മരം-ക്രി. തടി, വൃക്ഷം. ഉ. ഒരുവകവാദ്യം.

മരംകൊത്തി, മരക്കൊത്തൻ-ഒരുമാതിരി പക്ഷി.

മരമഞ്ഞൾ-ഒരുവക മരുന്ന്.

പ്രമേഹം, വ്രണം, ചൊറി, വിഷം, വീക്കം മുതലായവയ്ക്കു നന്ന്. സം-മം വീ. ത-മരമഞ്ഞൾ.

മരമാൻ-ഒരുതരം മാൻ.

ഇതിന്റെ ശരീരം ചെമ്പുനിറവും പൃഷ്ഠം മാത്രം കറുപ്പും ആകുന്നു. സം-ഋശ്യം.

മരമറി-മരംകൊണ്ടു പണിത പുരമുറി, ഭിത്തിക്കു പകരം മരപ്പലകകൊണ്ടു പണിതുള്ള പുരമുറി, നെല്പുര, ധാന്യപ്പുര.

മരവട്ട-ഒരുവക ചെറിയ പുഴു.

മരവാഴ-ഒരുമാതിരി ചെടി.

ഇതിനു സാമാന്യം വാഴയുടെ ഗുണങ്ങൾ കാണും. സം-കാഷ്ഠകദളി. ഇം-Wild plantain.

മരവി-മരംകൊണ്ടുള്ള ചില പാത്രം. (മണ്ണുകൊണ്ടുള്ളതുമാവാം).

മരവിക്കുന്നു- ശരീരം മരംപോലെയാകുന്നു.

മരവുരി-മരത്തിന്റെ ഉരി (തോല്). വൃക്ഷത്തിന്റെ തൊലികൊണ്ടുണ്ടാക്കിയ ഒരുമാതിരി വസ്ത്രം. മരവിരി എന്ന പ്രയോഗവും കാണുന്നു.

മരവെട്ടി-ഒരുവക വൃക്ഷം.

മരാമത്ത്-പണിവേലകൾ, കെട്ടിടങ്ങൾ പണിയുക, അതിനു വേണ്ടസ്ഥലങ്ങൾ തോണ്ടിശ്ശരിപ്പെടുത്തുക മുതലായ വേലകൾക്കു പൊതുവെയുള്ള പേര്.

മരാമരം-ഒരുവക വലിയ വൃക്ഷം.

മരാരം-പത്തായപ്പുര.

മരാള-വി. മാർദ്ദവമുള്ള.

മരാളൻ-കള്ളൻ.

മരാളം-പു. അരയന്നം. ൨. വിളക്കുമഷി ൩. കുതിര ൪. മേഘം. ൫ കുളക്കോഴി.

മരാളി-അന്നപ്പെട.

മരിക-മരവി.

മരിക്കം, മരുക്കം-ഇണക്കം.

'ചേടിയിപ്പിതിനേതുമേമത്രയുമടുത്തുവ-
ന്നീടുന്നമരുക്കമുണ്ടത്രേയുമെന്നുതാനും'

(അദ്ധ്യാത്മരാമായണം)

മരിക്കുന്നു-ചാകുന്നു.

രാജാക്കന്മാരോടു 'കാടുമറയുന്നു' എന്നാണ് പറയേണ്ടത്.

മരിചം, മരീചം-മുളക്. നാവിനെ ദണ്ഡപ്പെടുത്തുന്നത് എന്നർത്ഥം.

മുളക് എന്നതു കുരുമുളകാണ്. കപ്പൽമുളക് പിന്നീടു പറങ്കികൾ കപ്പൽ മാർഗ്ഗം കൊണ്ടുവരികയാണു ചെയ്തത്. അമരേശവ്യാഖ്യാനങ്ങളിൽ ഇങ്ങിനെയാണു കാണുന്നത്.

മരിഞ്ഞാലായിരിക്ക-പ്ര. നെടുവീർപ്പിടുക. ൨. ചഞ്ചലപ്പെടുക, ആടൽപെടുക.

മരിളുക-ഭയപ്പെടുക ('മരളുന്നു' നോക്കുക)

മരീചി-പു. ഒരു മഹർഷി, കശ്യപന്റെ പിതാവായ ഒരു പ്രജാപതി, ബ്രഹ്മാവിന്റെ പത്തു മാനസിക പുത്രന്മാരിൽ ഒരാൾ, സപ്തർഷികളിൽ ഒന്ന്. ൨. ഒരു ന്യായശാസ്താവ്. ൩. കൃഷ്ണൻ. ൪. രശ്മി. ഇരുട്ടിനെ നശിപ്പിക്കുന്നത് എന്നർത്ഥം.

മരീചിക-മൃഗതൃഷ്ണ, കാനൽജലം. രശ്മി പോലെയുള്ളത് എന്നർത്ഥം.

മരീചിമാലീ-സൂര്യൻ.

മരു-പു. ശൂന്യസ്ഥലം, വിതച്ചാൽ വിളയാത്ത ഭൂമി. ൨. പർവ്വതം. ൩. നിർജ്ജലമായ പ്രദേശം. പ്രാണികൾ പിപാസനിമിത്തം മരിച്ചുപോകുന്ന സ്ഥലം എന്നർത്ഥം. ൪. കർപ്പൂരതുളസി.

മരുകം-പു. മയിൽ. ൨. മാൻ.

മരുക്കുന്നു-ഇണങ്ങുന്നു.

മരുക്കൊഴുന്ത്-സുഗന്ധമുള്ള ഒരു ചെടി.

**മരുങ്ങ്**-പ. ഇണക്കം, സ്നേഹം വ. ഒരു വംശം. ന. പൂർവ്വയരുടെ സ്ത്രീ

**മരുങ്ങുന്നു**-ഇണങ്ങുന്നു. (സ ക്രി. മരുക്കുന്നു).

**മരുത്**-ഒരുവക വൃക്ഷം, പൂമരുത്, കരിമരുത്.

ഇത് അതിസാരം, കഷ്ഠം, പ്രമേഹം, വിഷം മുതലായവയ്ക്കു നന്ന്. മരുത് വളരെ വലിയ വൃക്ഷമാണ്. ഇതിന്റെ നിര്യാസമത്രേ ചെഞ്ചല്യം. സം-സാലം. ത-ആച്ചാമരുത്. മരാമരം. ഇം-Sal tree സാൽ ട്രീ. (വെണ്മരുത് എന്നും ഒന്നു കാണുന്നു).

**മരുതം**-പ. ഒരു വൃക്ഷം. വ. പാടവും പാടത്തിനടുത്തുള്ള നിലവും.

**മരുതൻ**-പ. വായു. വ. ദേവൻ.

**മരുതനിലക്കാരൻ**- മള്ളൻ (വള്ളൻ, ഉഴവൻ).

**മരുത്ത്**-പ. വായു. മരിക്കുന്നവൻ എന്നർത്ഥം വ. ദേവൻ. ന. ചോനകപ്പുല്ല്.

**മരുത്തനയൻ**-പ. ഹനുമാൻ. വ. ഭീമൻ.

**മരുത്തൻ** - സൂര്യവംശത്തിലെ ഒരു രാജാവ്.

രാവണൻ മരുത്തനോട്ട് യുദ്ധത്തിനു ചെന്നത് മരുത്തൻ തപോനിഷ്ഠയിലിരിക്കുമ്പോഴാണ്. തപോമദ്ധ്യത്തിൽ ആയുധം തൊടുക അയുക്തമാകയാൽ രാവണനെ മരുത്തൻ വധിച്ചില്ല. ജയിച്ചു എന്നുള്ള ഭാവത്തിൽ രാവണൻ തിരിച്ചുപോന്നു. ലോകത്തിൽ ആരും കഴിച്ചിട്ടില്ലാത്ത ഒരു വിശിഷ്ടമായ യാഗം ഇദ്ദേഹം നടത്തി. ഇതിലെ പരിചാരകന്മാർ ദേവന്മാരായിരുന്നു. യാഗത്തിന്റെ ഒടുവിൽ മരുത്തനെയും ബന്ധുക്കളേയും പുരോഹിതനായ സംവർത്തൻ സ്വർഗ്ഗത്തിലേക്കു കൊണ്ടുപോയി.

**മരുത്തന്നി**-മയിലാഞ്ചി, ഒരു വൃക്ഷം.

**മരുത്തുക്കൾ**-ഇന്ദ്രന്റെ ഇഷ്ടന്മാർ.

മിന്നലും ഇടിയും ഇവരുടെ ആയുധങ്ങളാണ്. ഇവരുടെ ലോകമായ മാരുതം വൈശ്യരുടെ സ്വർഗ്ഗമാകുന്നു. വാസ്തവത്തിൽ മരുത്തുകൾ അസുരമാതാവായ ദിതിയുടെ പുത്രന്മാരാണ്. എങ്കിലും ശക്രന്തന്നാരാധനം നിമിത്തം ഭേദിച്ചു ഇന്ദ്രൻ ദിതിയെ സമാധാനിപ്പിക്കുവാൻവേണ്ടി മരുത്തുക്കളെ ദേവപക്ഷത്തിലേക്ക ചേർത്തു എന്ന് പുരാണം.

**മരുത്തുവച്ചി**-വയറൊട്ടി.

**മരുൽപതി, മരുത്പാലൻ**-ഇന്ദ്രൻ.

**മരുൽപഥം**-ആകാശം.

**മരുൽപുത്രൻ**—പ. ഹനുമാൻ. വ. ഭീമൻ.

**മരുൽപ്രസരം**-കാററാടി.

**മരുപ്രിയം**-ഒട്ടകം.

**മരുഭൂമം**-കതിര.

**മരുത്വാൻ**-പ. ഇന്ദ്രൻ. മരുത്തുക്കൾ ഉള്ളവൻ എന്നർത്ഥം. മരുത്തുക്കൾ ഇന്ദ്രന്റെ സ്വാധീനത്തിലുണ്ടെന്നു താൽപര്യം. (മരുത്തുകൾ എന്നതു നോക്കുക). വ. ഹനുമാൻ. ന. മേഘം.

**മരുദ്വാഹൻ**-പ. അഗ്നി. വ. ഇന്ദ്രൻ.

**മരുൽപുരം**-സ്വർഗ്ഗം.

**മരുൽസുതൻ**-പ. ഹനുമാൻ. വ. ഭീമൻ.

**മരുത്സൂനു**-പ. ഹനുമാൻ. വ. ഭീമൻ.

**മരുന്ന്**-പ. ഔഷധം. വ. വെടിമരുന്ന്. ന. ചാരായം.

**മരുന്നറ**-മരുന്നുവയ്ക്കുന്ന ശാല.

**മരുമാല**-ചോനകപ്പുല്ല്. വായുവിനാൽ ഇളക്കപ്പെടുന്നത് എന്നർത്ഥം.

**മരുഭൂമി**-നിർജ്ജലഭൂമി, ശൂന്യസ്ഥലം, ഒന്നും വിളയാത്ത സ്ഥലം, മണൽക്കാട്. പര്യായങ്ങൾ-മരു, ധന്വാ.

**മരുഭ്രുവ്**-മണൽക്കാട്.

**മരുമകൻ**-പു. സഹോദരിയുടെ പുത്രൻ. വ. ചില ജാതിക്കാർക്ക് മകളെ കെട്ടിയവൻ.

**മരുമകൾ**-സ്ത്രീ. സഹോദരിയുടെ പുത്രി. വ. മകൻ കെട്ടിയ സ്ത്രീ.

**മരുമക്കത്തായം**-പെൺവഴി.

**മരുലം**-കുളക്കോഴി.

**മരുവകം**-പു. മലങ്കാര. വായുവിനെ വമിക്കുന്നതു് എന്നർത്ഥം. ഇതിന്റെ പൂവ് ഉപവിഷത്തിൽ പെട്ടതായതുകൊണ്ട് മരിപ്പിക്കുന്നതു് എന്നും അർത്ഥമുണ്ട്. വ. മണിക്കഞ്ചകം, കർപ്പൂരതുളസി, സമുദ്രപ്പച്ച. ജലമില്ലാത്തേടത്തും വർത്തിക്കുന്നതു് എന്നർത്ഥം. ര. കടുവാ.

**മരുവലർ**-ശത്രുക്കൾ.

**മരുവുന്നു**-പാർക്കുന്നു, ഇരിക്കുന്നു, വസിക്കുന്നു.

ഈ ശബ്ദത്തിനു കല്യാണം കഴിക്കുന്നു, അടുക്കുന്നു എന്നായിരുന്നു ആദ്യത്തെ അർത്ഥം. ആ അർത്ഥം ഇന്നും മരുമകനിൽ കാണുന്നുണ്ട്. ഇപ്പോൾ വന്നുകൂടിയിരിക്കുന്ന അർത്ഥം 'വസിക്കുന്നു' എന്നാണത്രേ.

**മരുൾ**-പു. മയക്കം വ. ബുദ്ധിഭ്രമം, ഭ്രാന്ത് (മരിൾ, മെരിൾ ഇങ്ങിനെയും കാണുന്നു).

**മരുളുന്നു**-മെരിളുന്നു, മയപ്പെടുന്നു, പരിഭ്രമിക്കുന്നു, മയങ്ങുന്നു.

'മരുളാതെയിതുചെയ്കിൽ'

(മാധവപ്പണിക്കർ-ഗീത)

**മരുകം**-പു. മയിൽ. വ. മാൻ. ന. തവള.

**മരുവാക**-വി. ഭയങ്കരമായ.

**മരുവകൻ**-പു. രാഹു. വ. കടുവാ.

**മരുവൻ**-രാഹു.

**മരോട്ടി, മരവട്ടി, മരവെട്ടി**-ഒരുവക വൃക്ഷം.

**മരോളി(കം)**-മകരമത്സ്യം.

**മർക്കം**-ചിലന്തി.

**മർക്കടകം**-പു. കുരങ്ങ്. വ. ചിലന്തി. ന. ഒരുമാതിരി കായ്. ര. ഒരുവക മത്സ്യം. ല. ഒരുവക ധാന്യം.

**മർക്കടം**-പു. കുരങ്ങ്, കടന്നു പിടിക്കുന്നതു് എന്നർത്ഥം. വ. ചിലന്തി. ന. ഒരു വലിയ പക്ഷി, കൊക്ക്. ര. ഒരു വിഷം.

**മർക്കടമുഷ്ടിപിടിക്ക**—ശാഠ്യംപിടിക്ക. (ശൈലി).

മർക്കടമുഷ്ടി എന്നതു് 'ഞാൻ പിടിച്ച മുയലിനു് കൊമ്പു രണ്ടു്' എന്നിങ്ങനെ മേലും കീഴും നോക്കാതെ വാശിപിടിക്കുന്നവർക്കുള്ള പ്രകൃതിയാകുന്നു — മർക്കടങ്ങൾ സർപ്പങ്ങളെ കണ്ടാൽ അവയുടെ തലയിൽ കടന്നു പിടിക്കുടും. പിടിച്ചു കഴിഞ്ഞാൽ പിന്നെ അങ്ങോട്ടു തിരിഞ്ഞുനോക്കുകപോലും ചെയ്കയില്ല. പിടിച്ച പാമ്പിനെ അവ വിടുകയുമില്ല. ചിലപ്പോൾ നാലും അഞ്ചും ദിവസങ്ങൾ ഒരേ നിലയിൽ ഇരിക്കുമത്രേ. ഈ പിടി വിടണമെങ്കിൽ ആ പാമ്പ് ചത്തു ചീഞ്ഞു് താനേ അതാൻ ഉതിരപ്പെടണം. ഈ സമ്പ്രദായത്തിൽ നിന്നാണു് 'മർക്കടമുഷ്ടി' എന്ന ന്യായം ഉണ്ടായതു്.

**മർക്കടി**-പു. നായ്ക്കുരണ. മർക്കടരോമതുല്യങ്ങളായ രോമങ്ങൾ ഉള്ളതു് എന്നർത്ഥം. വ. കഴഞ്ചി. ന. ഇങ്ങിന്റെ വകഭേദം. മർക്കടനിറമുള്ളതു് എന്നർത്ഥം. ര. പെൺകുരങ്ങ്.

മൎക്കരാ-൧. പാത്രം. ൨. ഗുഹ, പൊള്ള. ൩. മച്ചി.

മൎത്തൻ-മനുഷ്യൻ.

മൎത്താ-ഭൂമി.

മൎത്ത്യൻ-മനുഷ്യൻ. മരിക്കുന്നവൻ എന്നൎത്ഥം.

മൎത്ത്യം-ശരീരം.

മൎത്ത്യഭോജി-വി. മനുഷ്യനെ ഭക്ഷിക്കുന്ന.

മൎത്ത്യമുഖൻ-മനുഷ്യന്റെ മുഖവും മൃഗത്തിന്റെ ശരീരവും ഉള്ള കുബേരന്റെ ദാസനായ ഒരു കിന്നരൻ.

മൎത്ത്യാ-സ്ത്രീ, മനുഷ്യസ്ത്രീ.

മൎദ്ദനം-൧. തിരുമ്മുക. കാൽ കൈ മുതലായ അംഗങ്ങളെ തലോടുക. ൨. ഞെരുക്കുക, അരയ്ക്കു, പൊടിക്ക. ൩. ഇടിക്ക. ൪. കലക്കുക. ൫. ചതയ്ക്കുക.

മൎദ്ദം-൧. കഠിനമായ അടി. ൨. ഞെരുക്കൽ. ൩. പൊടിക്കുക. ൪. അരക്കുക ൫. ഇടിക്കുക. ൬. കലക്കുക. ൭. തിരുമ്മുക. ൮. ചതയ്ക്കുക.

മൎദ്ദളം-ഒരുവക വാദ്യം. (മദ്ദളം നോക്കുക)

മൎദ്ദിക്കുന്നു-൧. തിരുമ്മുന്നു. ൨. ഇടിക്കുന്നു. ൩. കലക്കുന്നു.

മൎദ്ദിത-വി. മൎദ്ദിക്കപ്പെട്ട.

മമ്മടൻ-കാവ്യപ്രകാശം എന്ന ഗ്രന്ഥത്തിന്റെ കൎത്താവ്.

മൎമ്മഭേദി-വി. മൎമ്മത്തെ മുറിക്കുന്ന, അത്യന്തം വേദനിപ്പിക്കുന്ന.

മൎമ്മം-൧. എല്ല്, ശരീരത്തിൽ ആപൽക്കരമായ ചില ഭാഗം.

ശരീരത്തിനു ൧൦൭ മൎമ്മമുണ്ട്. കൈ രണ്ടിലും ൨ × ൧൧, കാൽ രണ്ടിലും ൨ × ൧൧, വയററിന്മേൽ ൩, മാൎ൧൨, പിൻപുറത്തു ൧൪, പൂണെല്ല്, കഴുത്ത്, തല ൩൭.

ഒരു ശരീരത്തിൽ ൧൯ മൎമ്മങ്ങളുണ്ട്. ഏതാനും താഴെ പറയുന്നു.

1. നക്ഷത്രനോക്കി-തൊണ്ണക്കുഴൽ മുഴയ്ക്കുമീതെ.
2. നാക്കകടിപ്പൻ-നക്ഷത്രനോക്കിയുടെ ചൊവ്വിൽ അങ്ങേപ്പുറം പിൻകഴൽക്ക് നടുവെ.
3. ഒട്ടുവലി-മൂക്കുക്രുച്ചിന്നു താഴെ തടയ്ക്കുകൂടെ രണ്ടു കക്ഷത്തിന്നകത്തു കാലിളക്കിന്നരികെ.
4. ഓന്തന്ന-തോളുരത്തിനു താഴെ.
5. ഇറിപ്പൻ-കാലിളക്കിനു താഴെ കാലുമുട്ടിനു മീതെ തുടക്കു നടുവെ
6. ഉരുമണി-ജലപണ്ടം എന്നും മലപണ്ടം എന്നും പേരുള്ള ഒരു മൎമ്മത്തിനു താഴെ വരിക്കകത്ത്.
7. ഓട്ടഞരമ്പ്-കൈയിളക്കത്തിന്നകത്ത്.
8. കഴുത്തുകോച്ചി.
9. കണ്ണുന്നി-മൂക്കടപ്പൻ മൎമ്മത്തിന്നകത്തു കൺപുരികത്തിനു താഴെ മൂക്കിനു നേരെ.
10. കയ്യുതളപ്പൻ-കൈമുട്ടിനു മീതെ കക്ഷക്കുഴിക്കു താഴെ.
11. കക്ഷത്തിപ്പക്കരി-തുലുവലിപ്പന്നകത്ത്.
12. കൈതളപ്പൻ - കൈമുട്ടിന്നകത്തു കണ്ണുക്രുച്ചിന്നു താഴെ.
13. കശാംകുപൃഷ്ഠം-മുലരണ്ടിനും നടുവെ.
14. കിറികോട്ടൻ-ചെവിക്കു നാൽവിരൽ താഴെ.
15. കീരിശൂമ-ചെവിക്കു ഇരുവിരൽ മുന്നിൽ, കണ്ണിന്നിരുവിരൽ പുറകെ.

16. ധമ-തൊണ്ണക്കു താഴെ കഴിനടുവെ.

17. തള്ളക്കുഴി-വരവയററിന്നു നടുവെ.

18. ജലമൎമ്മം—പൊക്കിളിന്നു നാലുവിരൽ മീതെ, തള്ളക്കുഴിക്കു അറുവിരൽ താഴെ.

19. മലമൎമ്മം-പൊക്കിളിന്നു മൂന്നു വിരൽ താഴെ.

20. രക്തതുംബി—മുലക്കു മൂവിരൽ മീതെയും മൂവിരൽ താഴെയും.

21. രോഹിത-പൂണെല്ലിന്നു ഇരുവിരൽ താഴെ.

22. മുരട്ടനാക്കി-ചെവിക്കു ഒരു വിരൽ താഴെ, താടിക്കരികെ.

23. നാക്കതിരിപ്പൻ-താട രണ്ടിന്നും നടുവെ.

24. ഫണ-കക്ഷക്കുഴിക്കു നടുവെ.

25. ശ്വാസം അടപ്പൻ-കക്ഷക്കുഴിക്കു താഴെ, മുലക്കു ചൊവ്വിൽ.

26. തരിപ്പൻ-മുലയ്ക്കു ആറു വിരൽ താഴെ, വാരിവയററിന്നരികെ.

27. തലഎത്തു്-കണ്ണിന്റെ പുരികം രണ്ടിന്നും നടുവെ.

28. കൊണ്ടകൊല്ലി-കക്ഷക്കുഴിക്കു താഴെ തുണിക്കത്തിന്നു പരിവാരിവളവിന്നകത്തു്.

29. നടതിരിപ്പൻ-മുട്ടിന്നു മീതെ, കാലിളക്കിന്നു താഴെ.

30. മൂക്കടപ്പൻ-കൺപുരികം രണ്ടിന്നും താഴെ, മൂക്കരികെ.

31. വാത്തുറപ്പൻ-കവിൾത്തടത്തിന്നു നടുവെ.

32. തുലവലിപ്പൻ-തോൾ രണ്ടിന്നും താഴെ, മുലയ്ക്കുമീതെ.

33. നാഡിപത്തി-മണിക്കെട്ടിന്നു മീതെ, കൈമുട്ടിന്നു താഴെ.

34. വിരലുന്നി-കൈപത്തിക്കുറിന്നു പുറത്തു്, മൂണ്ടാണിയോടടുത്തു് (ആതു രണ്ടു മൎമ്മങ്ങളാകുന്നു).

35. വായുച്ചിന്നി-തലക്കുത്തിന്നു നടുവെ.

വ. സാരമായ കാൎയ്യം. ന. രഹസ്യം.

മൎമ്മയിളക്കം-മൎമ്മത്തിൽ മുറിഞ്ഞിട്ടും മററുമുള്ള ഒരു വേദന.

മൎമ്മരം-ഗ. വസ്ത്രങ്ങളുടേയും ഉണങ്ങിയ ഇലകളുടേയും ശബ്ദം. മൎമ്മര എന്നു അനുകരണശബ്ദം, ചേതനയില്ലാത്ത വസ്തുവിന്റെ ശബ്ദം എന്നൎത്ഥം. വ. പിറുപിറുപ്പു, മുറുമുറുപ്പു്.

മൎമ്മരീ-മഞ്ഞൾ.

മൎമ്മരീകൻ-ഗ. ഇരപ്പാളി. വ. ദുഷ്ടൻ.

മൎമ്മലക്ഷണം-മൎമ്മങ്ങളെ അറിവാനുള്ള ശാസ്ത്രം.

മൎമ്മവികാരം-മൎമ്മത്തിൽ ഉണ്ടാകുന്ന വേദന.

മൎമ്മവേധം-മൎമ്മത്തിന്റെ മുറിവു്.

മൎമ്മസ്പൃക്ക്-വി. ദുഃഖിപ്പിക്കുന്നതായുള്ള, അത്യുപദ്രവകരമായുള്ള.

മൎമ്മക്ഷോഭം-മൎമ്മത്തിന്റെ ഇളക്കം.

മൎമ്മാണി-മൎമ്മലക്ഷണം പറയുന്ന ഒരു ഗ്രന്ഥം.

മൎമ്മാവിത്തു്-മൎമ്മങ്ങളെ മുറിക്കുന്നതു്, അതിദുസ്സഹം.

മൎമ്മി-വി. മൎമ്മമുള്ള, രഹസ്യത്തെ മറയ്ക്കുന്ന.

മൎമ്മിക്കുന്നു-ഭേദിക്കുന്നു, ഉപദ്രവിക്കുന്നു.

മൎമ്മോപഘാതനം-മൎമ്മഭേദനം.

മൎയ്യൻ-ഗ. മനുഷ്യൻ. വ. ചെറുപ്പക്കാരൻ. ന. മോഹിപ്പിക്കുന്നവൻ.

മൎയ്യം-ഗ. ഉടയ്ക്കാത്ത ആൺകുതിര. വ. ഒട്ടകം.

മൎശം-പ്ര. ഗുണദോഷം. വ. നിരൂപണം.

മൎയ്യാ-അ. സീമാൎത്ഥകമായ ഒരു അവ്യയം.

മൎയ്യാ-അതിൎത്തി, അതിര്.

മൎയ്യാദ-പ്ര. നേരുള്ള നടപ്പ്. വ. ന്യായമായ മാൎഗ്ഗത്തിൽ നിന്നും തെറ്റാതിരിക്കുക. പൎയ്യായങ്ങൾ-സംസ്ഥാ, മൎയ്യാദ, ധാരണ, സ്ഥിതി. ന. അതിര്. ർ. തീരം. ഉ. മാനം. നൃ. ചട്ടം. ൧. വഴി. വ്യ. ചന്ദ്രവംശത്തിൽ അരചീനനൃപന്റെ ഭാൎയ്യ. ൻ. ചന്ദ്രവംശത്തിൽ ദേവാതിഥിനൃപന്റെ ഭാൎയ്യ.

മൎയ്യാദാപൎവ്വതം-അസ്താചലം.

മൎയ്യാദി-അയൽപക്കക്കാരൻ. (നകാരാന്തം).

മൎശനം-പ്ര. സ്പൎശനം. വ. പ്രതിപാദനം.

മൎഷ(ണ)ം-ക്ഷമ.

മൎഷിക്കുന്നു-ക്ഷമിക്കുന്നു.

മൎഷിത-വി. ക്ഷമിച്ച.

മല-പൎവ്വതം, കുന്ന്.

മലഎരുമ-എരുമക്കള്ളി. പൎയ്യായങ്ങൾ-പട്ടപള്ളി, ഹൈമവതി, സ്വൎണ്ണക്ഷീരി, ഹിമാവതി. (മലഎരുമയെ എരുമത്തൊലിയെന്നു ചിലേടങ്ങളിൽ പറയുന്നു). കങ്കുട്ടം എന്നും ഉണ്ട്.

കഷ്ടം, വിഷം, ജ്വരം, വീക്കം മുതലായവകളെ നന്ന്. മിക്കവാറും ഹിമവൽപ്രസ്ഥത്തിങ്കലുണ്ടാകുന്നു. ത-കകിയ്. ഇം-Gamboge Thistle ഗേംബോജ് തിസിൽ.

മലക്കം-മലച്ചു.

മലക്കറി-സസ്യാദികൾ.

മലക്ക്-പ്ര. ഒരു രാജാവ്. വ. ദൈവദൂതൻ.

മലങ്കടല-ദോഷ്യവൎഗ്ഗത്തിലെ ശിംബിധാന്യം.

സം-കളായം. ഇം-Field-pea ഫീൽഡ് പി.

മലങ്കര-മലയാളം.

മലങ്കരു-ചെറുപുഴ, തോട്.

മലങ്കറി-മരക്കറി, സസ്യാദികൾ.

മലങ്കാക്ക-ഒരുമാതിരി കാക്ക, കാട്ടുകാക്ക.

മലങ്കാര-ഒരുവക മുള്ളുള്ള ചെടി. പൎയ്യായങ്ങൾ-പിണ്ഡീതകം, മരുവകം, ശ്വസനം, കരഹാടകം, ശല്യം, മദനം.

പീനസം, ചുമ, ജ്വരം മുതലായവകളെ നന്ന്. ത മുരുക്കാരെ. ഇം-Bushy gardenia ബുഷിഗാൎഡിനിയ.

മലങ്കുരികിൽ-ഒരുവക പക്ഷി.

മലംകൃഷി - കരക്കൃഷി, മലകളിലെ കൃഷി.

മലങ്കൊളുമ്പ്-കൃഷിചെയ്ത താഴ്‌വര.

മലഞ്ചെരിവ്-മലയുടെ ചരിവുള്ള വശം. പൎയ്യായങ്ങൾ-പ്രപാതം, അതടം, ഭൃഗു.

മലജ-വി. മലത്തിൽ ജനിച്ച.

മലജം-ചലം.

മലഞരക്ക്-മലയിലുണ്ടാകുന്ന ചില കച്ചവടവസ്തുക്കൾ.

മലഞ്ചുഴി - മലമ്പ്രദേശങ്ങളിലുള്ള നീൎച്ചുഴി.

മലഞ്ചുള്ളി-ഒരു തൈ.

മലഞ്ചേമ്പ്-ഒരുമാതിരി കിഴങ്ങ്.

മലഞ്ചരിയ്ക്കൽ-കൃഷിചെയ്യുന്ന മല.

മലഞ്ചോല-മലയിൽ വെള്ളമുള്ള ഒരു മാതിരി തടാകം.

മലതാങ്ങി-ഒരു പച്ചമരുന്ന്, കന്നുമുക്കി.

മലന്താമര-ഒരുമാതിരി താമര, കൽത്താമര.

മലദം-ഗംഗാനദിയുടെ ദക്ഷിണതീരത്തിൽ ഉണ്ടായിരുന്ന രണ്ടു പട്ടണങ്ങളിൽ ഒന്നു്. മറെറാന്നു 'കരൂഷം'. ഈ പട്ടണങ്ങൾ ഉണ്ടാകുവാൻ പൌരാണികന്മാർ പറയുന്ന കാരണം—"ഒരിക്കൽ ദേവേന്ദ്രൻ ബ്രഹ്മഹത്യാപാതകപീഡിതനായിത്തീർന്നു എന്നും, കാലാന്തരത്തിൽ അദ്ദേഹം ദേവവൃന്ദത്താൽ ചെയ്യപ്പെട്ട മന്ത്രാഭിഷേകം ഹേതുവാൽ പാതകനിർമ്മുക്തനായിത്തീർന്നു എന്നും ഈ അഭിഷേകം നടന്നസ്ഥലത്തു സന്തുഷ്ടനായ ദേവേന്ദ്രൻ രണ്ടു പട്ടണങ്ങൾ നിർമ്മിച്ചു" എന്നുമാണു്. എന്നാൽ അഭിഷേകമേററപ്പോൾ ദേവേന്ദ്രന്റെ ദേഹത്തിൽനിന്നു പിരിഞ്ഞുവീണ ബ്രഹ്മഹത്യാപാതകം കാലക്രമേണ താടക എന്നു പേരായ യക്ഷിയായാവിർഭവിച്ചു. താടകയുടെ പുത്രൻ ആണു 'മാരീചൻ'. ഇവർ രാക്ഷസരാവാൻ കാരണം അഗസ്ത്യന്റെ ശാപമാണു്.

മലദൂഷിത-വി. മുഷിഞ്ഞ, ചെളി പററിയ.

മലദൈവം-മലകളിലുള്ള ചില ദേവത

മലദ്വാരം-മലം ഒഴിയുന്ന ദ്വാരം. പര്യായങ്ങൾ — ഗുദം, അപാനം, പായു.

മലനാചെയ്യുക-കെട്ടുക

മലനാട്ടു-മലംപ്രദേശം

നാട്ടുകാരായ തമിഴർ പാണ്ടിക്കും മധുരയ്ക്കും പടിഞ്ഞാറു കിടക്കുന്ന മലംപ്രദേശത്തിനു പറഞ്ഞുവരുന്ന പേർ.

മലനായർ-മലവേലൻ.

മലന്തകര-ന്ന ഒരുവക വൃക്ഷം. ൨. ഒരു ചെടി.

മലന്തുടലി-മുള്ളുള്ള ഒരുവക കാടു്.

മലന്തുമ്പ-ഒരുവക തൈ.

മലപ്പൂ-കാട്ടത്തിമരം, പേയത്തി. പാപത്തിൽ നിന്നു മുക്തിവരുത്തുന്നതു എന്നു ശബ്ദാർത്ഥം.

മലപ്പുറം-മലയുടെ മുകൾ ഭാഗം.

മലബന്ധം-മലത്തിന്റെ തടവു്.

മലബാധ-മലശോധന.

മലം-ന്ന കണ്ണിൽ പീള, ചെവിപ്പീ, മൂക്കിള, മൂത്രം, മലം മുതലായവ. ൨. പാപം. ൩. അഴുക്കു്. ൪. മട്ടു്. ൫. തുരുമ്പു. ധരിക്കപ്പെടുന്നതു് എന്നു ശബ്ദാർത്ഥം. മറെറാരു പര്യായം—കിട്ടം.

ശരീരസംബന്ധമായ മലങ്ങൾ ന്നു— മേദസ്സ്, ശുക്ലം, രക്തം, മജ്ജ, മൂത്രം, മലം, ചെവിക്കായം, നഖം, കഫം, കണ്ണുനീർ, കണ്ണിലെ പീള, വിയർപ്പു്.

മലമകൾ-പാർവ്വതി.

മലമങ്ക-പാർവ്വതി.

മലമഞ്ഞൾ-മലയിലുണ്ടാകുന്നമഞ്ഞൾ.

മലമന്ദാരം-മലയിലുണ്ടാകുന്ന മന്ദാരം.

മലമാത്ത-വി. കറവുള്ള, മാനക്കേടുള്ള (അറബിഭാഷ).

മലമുരിങ്ങ-ഒരുവക വൃക്ഷം.

മലമുഴ-പർവ്വതഗുഹ.

മലമുഴക്കി-ഒരു വലിയ പക്ഷി.

മലമ്പണി-മലയിലെ വേല.

മലമ്പടിഅവകാശം-മലവാരം.

മലമ്പതി-മലയിൽ പാർക്കുന്നതിനുള്ള ചില സ്ഥലം.

മലമ്പനി-മലയിലെ താമസത്താൽ ഉണ്ടാകുന്ന ഒരുതരം പനി.

മലമ്പള്ളം-ന്ന. മലയുടെ അടിവാരത്തിനടുത്ത സ്ഥലം. ൨. മലയുടെ പാർശ്വം.

മലമ്പാമ്പു്-മലയിലുള്ള ഒരുവക പാമ്പു്.

പര്യായങ്ങൾ—ഗോനസം, തിലിത്സം.

മലമ്പുന്ന-ഒരുവക വൃക്ഷം.

മലമ്പുള്ളു്-ഒരു പക്ഷി. (സം-വല്ഗുലീ).

**മലയകത്തി**-കോങ്ങുമന്താരം, മന്താരം, കോങ്ങ്, കരിമന്താരം. പര്യായങ്ങൾ- കോവിദാരം, ചമരികം, കദ്ദാലം, യുഗപത്രകം.

(തമിഴിൽ- മലൈയകത്തി).

**മലയജം**- ചന്ദനമരം. മലയപർവതത്തിലുണ്ടാകുന്നത് എന്നർത്ഥം.

**മലയടി, മലയടിവാരം**-മലയുടെ ചുവട്.

**മലയണ്ണാൻ**-ഒരുമാതിരി വലിയ അണ്ണാൻ.

**മലയത്തി**-ഒരുമാതിരി വൃക്ഷം, കാട്ടത്തി.

**മലയൻ**-൧. കട്ടുവാ. ൨. മലയിൽ പാർക്കുന്നവൻ.

**മലയം**-൧. മലയപർവതം. ൨. ചന്ദനവൃക്ഷം അധികമുള്ള ഒരു പർവതം. മറെറാരു പര്യായം—ചന്ദനാലയം. ൨. മലയപർവതത്തിൽ വിഷം ലയിച്ചിരിക്കുന്നതുകൊണ്ട് ഈ പേരുണ്ടായി. (ഈ പർവതത്തിൽ സർപ്പങ്ങൾ വളരെയുണ്ടെന്നു വർണ്ണിച്ചുകാണുന്നു).

**മലയമനാട്**-കേരളം എന്നു പറഞ്ഞുവരുന്ന ചേരരാജ്യത്തിലുണ്ടായിരുന്ന ഏഴു വിഭാഗങ്ങളിൽ ഒന്ന്.

**മലയമാരുതൻ**-മലയപർവതത്തിൽ നിന്നു വരുന്ന കാററ്.

**മലയമുക്കി**-വെളുത്ത ശംഖപുഷ്പം.

കറുത്ത മലയമുക്കിയുടെ പൂവിൻെറ സ്വരസംവിശേഷാൽ എഴുതുന്നതിനുള്ള മഷിക്കു ഉപയോഗപ്പെടുന്നു. സം-അപരാജിതാ ത വെള്ളൈക്കാക്കണം.

**മലയരയൻ**-മലയിലെ ഒരു ജാതിക്കാരൻ.

**മലയർ**-കേരളത്തിലെ ആദിമനിവാസികളിൽ ഒരു വർഗ്ഗം.

**മലയവതി**-ജീമൂതവാഹനൻെറ ഭാര്യ. (നല്ല പാട്ടുകാരിയായിരുന്നു).

**മലയവാസിനി**-ദുർഗ്ഗ.

**മലയാട്**-വരയാട്.

**മലയാത്തി**-ഒരുവക വൃക്ഷം.

**മലയായ്മ, മലയാഴ്മ**-മലയാളത്തിലെ ഭാഷ, വാക്ക്, പഴയ മലയാള അക്ഷരം, മലയാളം.

**മലയാവണക്ക്**-ഒരുമാതിരി വൃക്ഷം.

**മലയാളക്കറികൾ**-എരിശ്ശേരി (എരിച്ച കറി), പുളിശ്ശേരി (പുളിച്ച കറി), ഉപ്പേരി (ഉപ്പുകറി, ഓലൻ, ഉപ്പിലിട്ടത്, ഇനിച്ച കറി (പ്രഥമൻ മുതലായവ). പുളിശ്ശേരിയുടെ സ്ഥാനത്തു കാളൻ ചേർക്കാം

**മലയാളം**-൧. കന്യാകുമാരിക്കും ഗോകർണ്ണത്തിനും അകത്തുള്ള ഭൂമി ൨. ദ്രാവിഡഭാഷകളിൽ ഒന്ന്.

ഭാഷാഗ്രന്ഥചരിത്രം മൂന്നു പ്രത്യേക കാലങ്ങളായി പിരിച്ചിരിക്കുന്നു. പഴയ മലയാളകാലം—ഏകദേശം കലിവർഷം 2500-മുതൽ കൊല്ലവർഷാരംഭംവരെ. 2 മദ്ധ്യമലയാളകാലം—കൊല്ലവർഷാരംഭം മുതൽ കൊല്ലം 600 വരെ, 3, നവീന മലയാളകാലം—കൊല്ലവർഷം 600 മുതൽ ആരംഭിക്കുന്നു

മലയാളദേശം—തിരുവിതാംകൂർ, കൊച്ചി, മലബാർ ജില്ല ഇത്രയും കൂടിയ ഭൂഖണ്ഡം—മലയാളം, ത-മലൈനാട്.

**മലയാളി**-൧. മലയാളദേശക്കാരൻ. ൨. മലയിൽ പാർക്കുന്നവൻ.

**മലയിഞ്ചി**-ഒരുവക വലിയ ഇഞ്ചി, കാട്ടിഞ്ചി.

**മലയിടുക്ക്**-രണ്ടു മലയുടെ ഇട.

**മലയിരിപ്പ**-ഒരുവക വൃക്ഷം (മധൂലകം)

**മലയിലഞ്ഞി**-ഒരുവക വൃക്ഷം

**മലയീന്ത**-ഒരുമാതിരി ഈന്ത.

മലയൂക-ഒരുമാതിരി വൃക്ഷത്തിന്റെ എണ്ണയുള്ള കരു, എണ്ണയുള്ള കരുവുണ്ടാകുന്ന ഒരുമാതിരി വൃക്ഷം എന്നും കാണുന്നു. കാപ്പി എന്നു മറ്റൊരു പക്ഷം. പര്യായങ്ങൾ-അക്ഷോഡം, കന്ദരാളം.

ഈ വൃക്ഷം കാബൂൾ, പശ്ചിമ മുതലായ ദേശങ്ങളിൽ വളരെയുണ്ടാകുന്നു. അധികവും മലകളിൽ ഉണ്ടാകുന്നതിനാൽ 'മലയൂക' എന്നു പറയുന്നു. ഇതിന്റെ പഴുത്ത കായ് പാലിനോടൊരുമിച്ച് ഭക്ഷിക്കരുതു്. ത-അക്കരോട്ടു. ഇം- Walnut-വാൽനട്ട്.

മലയുടമ്പൻ-ഒരുവക ധാന്യം.

മലയുടൻ - മലയിലുള്ളവരുടെ പരദേവത.

മലയൂ-ഒരുമാതിരി അത്തിമരം, കാട്ടത്തി.

മലയെരിമ-ഒരു മരുന്ന്. (മല എരുമ നോക്കുക).

മലയ്ക്കുന്നു-പ്രയാസമെന്നു കരുതുന്നു, വിഷമിക്കുന്നു.

'മലയ്ക്കേണ്ട ചൊന്നതിലൊന്നുണ്ടാക്കിയാലും'
(കചേലവൃത്തം വഞ്ചിപ്പാട്ട്)

മലരു്-ക്രി. നെല്ലുപൊരിച്ചുണ്ടാക്കിയ ഭക്ഷണസാധനം.

തണ്ണീർദാഹം, ഛർദ്ദി, അതിസാരം, കഫം, പ്രമേഹം മുതലായവയ്ക്കു നന്നു. ബലം വരുത്തും. മലമൂത്രങ്ങളെ കുറയ്ക്കും. സം-ലാജാ. ഇം-Fried grain ഫ്രൈഡ് ഗ്രേൻ.

വ. ആണി തറക്കുന്നതിനു ഇരിമ്പുകൊണ്ടും മററും ഉണ്ടാക്കുന്ന വസ്തു. ന. പുഷ്പം. മലരുന്ന (വികസിക്കുന്ന) ശീലമുള്ളതുകൊണ്ട് ഈ പേർവന്നു.

മലരമ്പൻ-കാമദേവൻ.

മലരയൻ-മലരിങ്കൽ (താമരപ്പൂവിങ്കൽ) നിന്നു ജനിച്ച അജൻ (ബ്രഹ്മാവു്). ('മലരജൻ' എന്നതാണു ശരിയായ ശബ്ദം). മലരവൻ എന്നുമുണ്ടു്. (പഴയ മലയാളം).

മലരവൻ-ബ്രഹ്മാവു്.

മലരഹിത-വി. ക്രി. പാപമില്ലാത്ത. വ. ചെളിയില്ലാത്ത, ശുദ്ധമുള്ള, കറയില്ലാത്ത.

മലരി-ഉറവവെള്ളം.

'വിഭാഗ്യുദ്ഭ്രമിം നിമ്നായ-
നന്ഥാദ്യാധാരയാസ്രവേൽ
തത്തോയ മൌദ്ഭിദം മ
വദന്തീതിമഹർഷയഃ'
(ഭാവപ്രകാശം)

സം-ഔദ്ഭിദസലിലം. ഇം-Spring water.

മലരുന്നു-ക്രി. മലർന്നുകിടക്കുന്നു. വ. വിടരുന്നു. ന. പൊരിയുന്നു.

മലർ-വി. ക്രി. വിരിഞ്ഞ. വ. വലുതായ.

മലർ-പുഷ്പം (മലർന്നുമലർ).

മലർക്കാവു്-പൂങ്കാവു്.

മലർക്കുന്നു, മലർത്തുന്നു-ക്രി. മലർത്തിവെയ്ക്കുന്നു, മലർത്തിക്കിടത്തുന്നു. വ. വിടർത്തുന്നു. ന. പൊരിക്കുന്നു.

മലർക്കുറ-പൂവാട.

മലർച്ച, മലർപ്പു-ക്രി. പൊരിച്ചിൽ. വ. മലരുക, വിടർച്ച. ന. മലർന്നുകിടക്ക.

മലർതയ്യൽ-ലക്ഷ്മീദേവി, പൂമങ്ക.

മലർപ്പവിത്തു്-പൊരിച്ചു മലരുണ്ടാക്കുന്നതിനുള്ള നെല്ലു്.

മലർപ്പൊടി-മലരു പൊടിച്ചു പൊടി.

മലർമകൾ-ലക്ഷ്മീദേവി.

മലർമങ്ക-ലക്ഷ്മീദേവി.

മലർമാതു്-ലക്ഷ്മി.

മലർമാനിനി-ലക്ഷ്മി.

മലർവില്ലി-മന്മഥൻ.

മലവരവു-മലയിൽ നിന്നുള്ള വരവു്.

മലവാരം-മലവിതച്ചതിന്റെ കരം, മലവരവു്, മലയനുഭവം.

മലവാഴ-ഒരുമാതിരി വലിയ വാഴ.

മലവാഴി-മലയിലെ ദേവത.

മലവിചാരം-മലയിലുള്ള അധികാരം.

മലവിരിപ്പു്-മലയിൽ ചെയ്യുന്ന നെൽകൃഷി.

മലർവില്ലി-മന്മഥൻ.

മലവേപ്പു്-ഒരുമാതിരി വേപ്പുവൃക്ഷം.

മലവേലൻ-മലയിലെ ഒരു ജാതിക്കാരൻ.

മലശുദ്ധി-വയറിളക്കുക.

മലശോധന-൧. വയററിൽനിന്നു മലത്തെക്കളയുക. ൨. മലയിലെ വസ്തുക്കൾ ശോധന ചെയ്യുക.

മലഹരി-ഒരു രാഗം.

മലാകാ-൧. പിടിയാന. ൨. ദൂതി.

മലാക്ക-ഒരു ദിക്കിന്റെ പേർ.

മലാക്കച്ചെമ്പ-ഒരുവക വൃക്ഷം.

മലാക്കപ്പേര-ഒരുമാതിരി വൃക്ഷം.

മലാക്കസാമ്പ്രാണി-ഒരുമാതിരി സുഗന്ധവസ്തു.

മലാമത്തു്-വി. കറവുള്ള, മാനക്കേടുള്ള (അറബി ഭാഷ).

മലായി-മലാക്ക എന്ന ദേശത്തു പാക്കുന്നവൻ.

മലി-അനുഭവം.

മലി-ബുദ്ധൻ, അർഹതൻ.

മലിക-ധാരാളമാവുക.

മലികൻ-രാജാവു്.

മലിന-വി. ൧. മുഷിഞ്ഞ. ൨. കറുത്ത. ൩. ഹീനമായ. ൪. അഴുക്കുള്ള. ൫. പാപമുള്ള.

മലിനകാന്തി-വി. തെളിവില്ലാത്ത.

മലിനത-൧. അഴുക്കു്. ൨. കറുപ്പു്. ൩. ഹീനത. ൪. പാപം.

മലിനപ്പെടുന്നു-അശുദ്ധിയാകുന്നു.

മലിനം-൧. കറ. ൨. മോരു്. ൩. പൊൻകാരം. ൪. കറുപ്പു്. ൫. പാതകം. ൬. മുളകു്. ൭. താമര, ൮. അഴുക്കു്.

മലിനമുഖ-വി. ൧. ക്രൂരതയുള്ള. ൨. ചീത്തയായ.

മലിനമുഖൻ-൧. കരിമന്തി. ൨. അസി. ൩. ദുഷ്ടൻ. ൪. ക്രൂരൻ. ൫. പിശാചു്.

മലിനാംബര-വി. മലിനമായ അംബരത്തോടുകൂടിയ.

മലിനാംബരം-൧. മുഷിഞ്ഞ വസ്ത്രം. ൨. തെളിവില്ലാത്ത ആകാശം.

മലിനാംബു-മഷി.

മലിനീ-തീണ്ടായിരുന്നവൾ, മലമുള്ളവൾ എന്നർത്ഥം.

(ഇവിടെ മലത്തിനു ആർത്തവം എന്നോ ചളി എന്നോ അർത്ഥമാക്കാം).

'മുജാലങ്കാരരഹിതാ' എന്ന വിധിയനുസരിച്ചു രജസ്വലയായിരിക്കുന്നവൾ മേൽതേച്ചുകളി വർജ്ജിക്കണം. ഇതു നോക്കുമ്പോൾ ചളിപിരണ്ടവൾ എന്ന അർത്ഥം യോജിക്കുന്നു.

മലിമചൻ-൧. കള്ളൻ. ൨. കാററു്.

മലിമ്ലുചൻ-൧. കള്ളൻ. ൨. കൊട്ടുവേലി സമ്പാദിച്ചു സൂക്ഷിച്ചുവെച്ചതിനെ കട്ടുകൊണ്ടുപോകുന്നവൻ എന്നർത്ഥം. ൩. രാക്ഷസൻ. ൪. വായു. ൫. അഗ്നി. ൬. പഞ്ചയജ്ഞങ്ങളും ഉപേക്ഷിച്ച ബ്രാഹ്മണൻ.

മലിമ്ലുചം-മഞ്ഞ്. ൨. കൊതുക്.

മലിയുന്നു-വഴിക്കുന്നു.

മലിവ്-ഋദ്ധി.

മലീമസ-വി. ൧. മലിനമായുള്ള. ൨. ഇരുട്ടുള്ള.

മലീമസം-൧. ഇരിമ്പ്. ൨. പുഷ്പകാസീസം. ൩. മലിനമായിട്ടുള്ളത്.

മലെക്കുന്നു-൧. വ്യാകുലപ്പെടുന്നു. ൨. അതിശയിക്കുന്നു. ൩. മലൎന്നുകിടക്കുന്നു.

മലെപ്പു-൧. കലക്കം. ൨. ആശ്ചൎയ്യം. ൩. മലൎന്നുകിടക്കുക. ൪. സംഭ്രമം.

മല്പാൻ-മതസംബന്ധമായ ഒരു ക്രിസ്തീയ സ്ഥാനപ്പേര്.

മല്പിടി-൧. പോരാട്ടം. ൨. ബലം പരീക്ഷിക്കുക.

മല്പിടിക്കുന്നു-൧. മുഷ്ടിയുദ്ധംചെയ്യുന്നു, തമ്മിൽ പിടിച്ചു യുദ്ധംചെയ്യുന്നു.

'ബാലിയുമല്പിടിച്ചീടുവാനായുള്ളസാലങ്ങൾ
(അധ്യാത്മരാമായണം)

മല്പിടിത്താ-തമ്മിൽ പിടിച്ചും അടിച്ചും യുദ്ധം ചെയ്ക.

മല്മൽ-നല്ല വെണ്മയും മിനുസവും ഉള്ള ഒരുതരം തുണി.

മല്ല്-൧ പോരാട്ടം, ൨. ബലം, ശക്തി. ൩. മെന്തായം പിടിക്കുന്ന തടി. ൪. മല്ലിക.

മല്ല-വി. ൧. സൌന്ദൎയ്യമേറിയ ൨. ബലമുള്ള.

മല്ല-മണ്ണുകൊണ്ടുള്ള കുഴികിണ്ണം.

മല്ലകം-൧. എണ്ണക്കുടുക്ക. ൨. ഇടിഞ്ഞിൽ വിളക്ക്. ൩. ഒരു പൂച്ചെടി. ൪. വിളക്കിന്റെ കാൽ. ൫. വിളക്ക്. ൬. ചിരട്ടകൊണ്ടുള്ള പാത്രം. ൭. പല്ല്. ൮. ഒരുവക മുല്ല

മല്ലജം-മുളക്.

മല്ലതൂൎയ്യം-മല്ലന്മാരുടെ ഒരുവക വാദ്യം, പെരുമ്പറ.

മല്ലൻ-൧. ബാഹുയുദ്ധത്തിൽ സാമൎത്ഥ്യമുള്ളവൻ. ൨. തടിച്ചു ബലമുള്ളവൻ.

മല്ലഭൂ(വ്)-മുഷ്ടിയുദ്ധംചെയ്യുന്ന സ്ഥലം.

മല്ലം-൧. മത്സി. ൨. അഞ്ജനം. ൩. മനോഹരം. ൪. ബലമുള്ളത്. ൫. ചിരട്ടകൊണ്ടുള്ള പാത്രം, കപ്പ്. ൬. കവിൾത്തടം.

മല്ലയാത്ര-മുഷ്ടിയുദ്ധത്തിനുള്ള പുറപ്പാട്.

മല്ലയുദ്ധം-മല്ലന്മാരുടെ യുദ്ധം.

മല്ലരംഗം-മല്ലന്മാരുടെ യുദ്ധക്കളം. പണ്ടു രാജസ്ഥാനങ്ങളിലും മററും ഗുസ്തി മുറ, വടിവീശുക, വെട്ടും തടയും മുതലായ അഭ്യാസങ്ങൾ നടത്തിവന്നിരുന്നു. ജയിക്കുന്നവൎക്കു സമ്മാനദാനവും പതിവായിരുന്നത്രെ.

മല്ലലോചന-വി. കറുത്ത കണ്ണോടുകൂടിയ, സൌന്ദൎയ്യമുള്ള.

മല്ലഴി-വേലക്കാൎക്കു കേറിനിന്നു വേലചെയ്യാൻ വെച്ചുകെട്ടിയ ചട്ടം മുതലായതു.

മല്ലാ-൧. സ്ത്രീ. ൨. അറബിമുല്ല.

മല്ലാക്ഷി-സുന്ദരി.

മല്ലാർ-൧. നല്ല. ൨. യുദ്ധക്ഷമമായ.

മല്ലാരി-൧ കൃഷ്ണൻ, വിഷ്ണു. ൨. ശിവൻ.

മല്ലി-൧. പഞ്ഞിയുടെ പശ. ൨. മുല്ല. ൩. കൊത്തമല്ലി.

മല്ലികം-൧. ഒരുമാതിരി അരയന്നം. ൨. മാഘമാസം.

മല്ലികാ-൧. മുല്ല, വള്ളിമുല്ല. ശിരസ്സിൽ ധരിക്കപ്പെടുന്നതു എന്നു ശബ്ദാൎത്ഥം. നല്ല ഗന്ധത്തെ ധരിക്കുന്നതു എന്നുമാവാം. ൨. രാമായണം ൨൪ വൃത്തത്തിലെ ൩ാം വൃത്തം.

മല്ലികാക്ഷം, മല്ലികാഖ്യം-൧. ഒരുമാതിരി അരയന്നം. ശരീരം വെളുത്തും

കൊക്കും കാലും മലിനമായും ഇരിക്കുന്ന ഹംസം. വ. കണ്ണിന്നു ചുററം വെളുപ്പുള്ള കുതിര.

മല്ലികാൎജ്ജുനൻ-ശിവൻ.

മല്ലിഗന്ധി-മല്ലികാപുഷ്പത്തിന്റെ ഗന്ധത്തോടു സദൃശമായ ഗന്ധമുള്ള അകിൽ.

മല്ലിട-ഇടനടവ്.

മല്ലിടുന്നു-യുദ്ധംചെയ്യുന്നു, കലഹിക്കുന്നു.

മല്ലിപത്രം-കൂൺ.

മല്ലീകരൻ-കള്ളൻ.

മല്ലിനാഥൻ-പ്രസിദ്ധനായ ഒരു വ്യാഖ്യാതാവും കവിയും.

(രഘുവംശം മുതലായി പലതിനും വ്യാഖ്യാനം ഉണ്ടാക്കീട്ടുണ്ട്.)

മല്ലീവല്ലി-മുല്ലവള്ളി.

മല്ലു-കരടി.

മല്ലുളി-ഒരു പണിയായുധം. (ചിററുളിയിൽ അല്പം വലുത്).

മല്ലൂരം-ഇരിമ്പിൻ തുരുമ്പ്, ഇരിമ്പിന്റെ കറ.

മവക്കാലു-രോമം. (പ-മ).

മവിപുലാ-ഒരു വൃക്ഷത്തിന്റെ പേർ.

മശകം-കൊതുക്.

'വല്ലാതെ കൃശമശകാദികളതുകണ്ടു'
(ഭാഗവതം)

മശകി-പു. കൊതുക്. വ. ഒരുവക വൃക്ഷം.

മശിർ-മയിർ.

മശീഹാ-ക്രിസ്തുവിന്റെ ഒരു പേർ.

മശൂചി-വസൂരി.

മശൂചിക-വസൂരി.

മഷി-പു. ദീപത്തിൽനിന്നുണ്ടാകുന്ന കറുത്ത പൊടി. വ. എഴുതുന്ന മഷി. ന. അഞ്ജനം. ശ. ഇല്ലറക്കരി, പുകയറ.

മഷിക്കാരൻ-പു. മഷിയുണ്ടാക്കുന്നവൻ. വ. മറഞ്ഞിരിക്കുന്ന വസ്തുക്കളെ കാണിക്കുന്ന ഒരു വിദ്യക്കാരൻ.

മഷിക്കുപ്പി-മഷിവെക്കുന്ന പാത്രം.

മഷിക്കോൽ-പു. എഴുതുന്ന തൂവൽ. വ. ചായമിടുന്നതിനുള്ള ഒരു വസ്തു.

മഷിത്തുത്ഥം-മയിൽതുത്ഥം.

മഷിനോട്ടക്കാരൻ-അപ്രത്യക്ഷ വസ്തുക്കളെ മഷിനോക്കിപ്പറയുന്നവൻ.

മഷിനോട്ടം-മഷിനോക്കിപ്പറയുന്ന ഒരു വിശേഷവിദ്യ.

മഷിയിടുന്നു-മഷിതേക്കുന്നു.

മഷ്ഠു-മട്ടു്, കിട്ടം, ഊറൽ.

മസാരം-മരതകം, ഇന്ദ്രനീലക്കല്ല്.

മസാല, മസ്സാല-പലവ്യഞ്ജനം, അരച്ചുചേൎത്ത കറിക്കൂട്ടു്. (അറബിഭാഷ).

മസാല-കൊല്ലമുളക് (മുളകുവററൽ), നല്ലമുളക്, കൊത്തമ്പാലയരി, കർവാപ്പട്ട, ചുവന്നുള്ളി, തക്കോലപ്പുട്ടൽ, പെരുഞ്ജീരകം, കശകശ. ഇവ എട്ടും ചേൎന്നതു്. മസാല മാംസപാകത്തിനാണു് അധികം നന്നു്.

മസി-പു. മഷി. വ. കണ്ണിലെഴുതുന്ന മഷി. ദീപകിട്ടം.

മസികാ-പാമ്പിന്റെ പൊത്തു്.

മസിക്കൂപി-മഷിക്കുപ്പി.

മസിധാനം-മഷിക്കുപ്പി.

മസിധാനി-മഷിപ്പാത്രം.

മസിധാരം-മഷിക്കുപ്പി.

മസിന-വി പൊടിച്ച, അരച്ച.

മസിപഥൻ-പേന.

മസിപ്രസൂ-പു. പേന. വ. മഷിക്കുപ്പി.

മസിമണി-മഷിക്കുപ്പി.

മസൂനം-പോത്തു്.

മസൂരം-പു. കറുത്ത ചണംപയറ്. വ. വെൺകടല. ന. വെളുത്ത അമര. അന്യഥാ പരിണമിക്കുന്നതു എന്നൎത്ഥം. (മസൂര, മസുര-ഇവ പാഠങ്ങളാം)

മസൂരവിദള-നാൽക്കാപ്പക്കൊന്ന. കറ

ത ചണംപയറിന്റെ ഇലയോടു തുല്യ മായ ഇലയുള്ളതു് എന്നൎത്ഥം.

മസൂരാ-വ്യഭിചാരിണി.

മസൂരി-വസൂരി. വ. നാലല്ലോപ്പക്കൊന്ന.

മസൂരിക-വസൂരി.

മസൃണ-വി. മൃദുത്വമുള്ള.

മസൃണം-ന. മൃദുത്വമുള്ളതു്, മിനുസമുള്ളതു്. വ. സാഹിത്യശാസ്ത്രപ്രകാരം രീതികളിൽ ഒന്നു്. ന. നെയ്യ് മുതലായതു ചേൎത്തു് സ്നിഗ്ദ്ധതവരുത്തിയ അന്നം മുതലായതു്.

മസ്കരം-ന. മുള. വ. നെല്ലിമുള. ആടുന്നതു് എന്നൎത്ഥം.

മസ്കരി-പു. സന്യാസി. മുളദണ്ഡുള്ളവൻ എന്നൎത്ഥം. വ. ചന്ദ്രൻ.

മസ്കീൻ-വി. പാവപ്പെട്ട, താഴ്മയുള്ള.

മസ്തകം-തലമണ്ട. വാല്മീകിത്തിൽ വേഷം മാറുന്നതു് എന്നൎത്ഥം.

മസ്തകഭാഗം-മനുഷ്യരുടേയും മററം മൂൎദ്ധാവു്.

മസ്തകമൂലകം-കഴുത്തു്.

മസ്തം-തല.

മസ്തസ്നേഹം-തലയിലുള്ള എണ്ണ, തലയോടുള്ള സ്നേഹം.

മസ്തി-അളവു്, തൂക്കം.

മസ്തിഷ്കം-തലച്ചോറു്. ജ്ഞാനാത്മനാ പരിണമിക്കുന്നതു് എന്നൎത്ഥം ശിരോദേശത്തെ ശമിച്ചതു് എന്നുമാവാം. (ശിരസ്സിലിരിക്കുന്ന ഘൃതാകാരമായ സ്നേഹവിശേഷം).

മസ്തു-തൈരിൻ വെള്ളം, മോരു. പുളിപ്പുള്ളതായി പരിണമിക്കുന്നതു് എന്നൎത്ഥം.

മസ്തുലുംഗം-തലച്ചോറു്.

മഹകൻ-പു. ശ്രേഷ്ഠ. വ. വിഷ്ണു.

മഹകം-ആമ.

മഹച്ഛത്രകം-ചുക്കു്.

മഹൽ-വി. പു. വലിയ. വ. ഏററവും നല്ല.

മഹൽപഞ്ചമൂലം-കൂവളം, കുമിഴു്, പാതിരി, വയ്യാഴാന്ത, മുഞ്ഞ ഇവ അഞ്ചും.

മഹതീ-സ്ത്രീ. നാരദന്റെ വീണ. പൂജിക്കപ്പെടുന്നതു് എന്നൎത്ഥം. വ. ഒരു തൈ, ചെറുവഴുതിന. ന. ഒരു രോഗം. ('ഇക്കിൾ' നോക്കുക).

ഈ രോഗം ഹിക്കാന്തിമാനത്തിൽ പെട്ടതാണ്. ദേഹം പൂളയുക, കണ്ണു മേല്പോട്ടു പോവുക, ക്ഷീണം, ആഹാരദ്വേഷം, ഉമ്മൽ ഇവ അധികമായുണ്ടാകും ഈ ലക്ഷണമുള്ള ഗംഭീരയേയും മഹതിയേയും വൎജ്ജിക്കണം.

മഹത്ത്വ്-ന. രാജ്യം വ. തത്വങ്ങളിൽ ഒന്നു്. ന. വിശാലം, വിസ്താരമുള്ളതു്. പൂജിക്കപ്പെടുന്നതു് എന്നൎത്ഥം.

മഹത്വക്കേടു്-വലിപ്പക്കുറവു്, അപമാനം, ഇളപ്പം.

മഹത്വപ്പെടുന്ന-വലിപ്പമുണ്ടാകുന്ന.

മഹത്വം-ന. വലിപ്പം. വ. ഉൽകൎഷം.

മഹനീയ-വി. വന്ദിക്കപ്പെടുവാൻ തക്ക.

മഹം-ന. ഉത്സവം. വ. പോത്തു്. ന. കാന്തി, ശോഭ.

മഹമ്മദീയ-വി. മഹമ്മദു് എന്ന ആളിനെ സ്ഥാപിച്ച മതം അനുസരിക്കുന്ന, മഹമ്മദിനെ സംബന്ധിച്ച.

മഹൎല്ലോകം-മേല്പോട്ടുള്ള ലോകങ്ങൾ ഏഴിൽ ഒന്നു്, ഭൂമിയിൽ നിന്നു മേല്പോട്ടു നാലാമത്തെ ലോകം.

മഹൎഷി-വലുതെ തപസ്സു ചെയ്തവൻ, വസിഷ്ഠൻ മുതൽ പേർ.

മഹസ്സ്-ന. തേജസ്സു്, ശോഭ. വ. ഉത്സവം. പൂജിക്കുന്നതു്-തൃപ്തിയെ ചെയ്യുന്നതു് എന്നൎത്ഥം. ന. യാഗം. ര. വ

ലിപ്പം. ൫. സന്തോഷം. ൬. ശക്തി. ൭. ജലം.

**മഹസ്സർ**-യാമാസ്സു.

**മഹള**-സ്ത്രീ. (മഹിള എന്നതിന്റെ പാഠം).

**മഹാ**-വി. വലിയ, വലുതായ.

**മഹാകച്ഛം**-കടൽ.

**മഹാകന്ദം**-൧. വെള്ളുള്ളി. ൨. ഒരു മന്തിരി കിഴങ്ങ്, വെട്ടുചേമ്പ്. ൩. വലിയ മുള്ളങ്കി.

**മഹാകംബു**-ശിവൻ.

**മഹാകല്പം**-ബ്രഹ്മപ്രളയം.

**മഹാകവി**-വലിയ വിദ്വാൻ.

മഹാകവികൾ-കാളിദാസൻ, ഭവഭൂതി, ഭാരവി, ബാണൻ, ദണ്ഡി, സുബന്ധു, ഭർത്തൃഹരി മുതലായവർ.

**മഹാകവിചതുഷ്ടയം** - കാളിദാസൻ, ഭവഭൂതി, ബാണൻ, ഭാരവി ഇവർ നാലു പേരും.

**മഹാകാന്തൻ**-ശിവൻ.

**മഹാകായൻ**-൧. ശിവഭക്തനായ ഒരു മുനി. ൨. ശിവൻ. ൩. ആന.

**മഹാകാലൻ**-൧. സംഹാരരുദ്രൻ. ൨. ശിവന്റെ വാതിൽ കാവൽക്കാരൻ.

**മഹാകാവ്യകാലം** — കലി 1701-2101.

**മഹാകാവ്യലക്ഷണം**-മഹാകാവ്യത്തിനു വേണ്ടതായ ലക്ഷണം.

'സർഗ്ഗബന്ധോമഹാകാവ്യമുച്യതേ തസ്യലക്ഷണം * ആശീർന്നമസ്ക്രിയാവസ്തുനിർദ്ദേശോ വാപിതന്മുഖം * ഇതിഹാസകഥോൽഭൂതമിതരദ്വാസദാശ്രയം ചതുർവർഗ്ഗഫലായത്തം ചതുരോദാത്തനായകം * നഗരാർണ്ണവശൈലർത്തുചന്ദ്രാർക്കോദയവർണ്ണനൈഃ * ഉദ്യാനസലിലക്രീഡാമധുപാനരതോത്സവൈഃ * വിപ്രലംഭൈർവിവാഹൈശ്ച കുമാരോദയവർണ്ണനൈഃ * മന്ത്രദൂതപ്രയാണാജിനായകാഭ്യുദയൈരപി * അലംകൃതമസംക്ഷിപ്തം രസഭാവനിരന്തരം * സർഗ്ഗൈരനതിവിസ്തീർണ്ണൈഃ ശ്രാവ്യവൃത്തൈസ്സുസന്ധിഭിഃ * സർവ്വത്രഭിന്നവൃത്താന്തൈരുപേതം ലോകരഞ്ജനം * കാവ്യം കല്പാന്തരസ്ഥായി ജായതേ സമലംകൃതി * ന്യൂനമപ്യത്രയൈഃ കൈശ്ചിദംഗൈഃ കാവ്യം ന ദുഷ്യതി *

"പൂങ്കാവാഴിവിവാഹമദ്രിനഗരം
ദൌത്യം കുമാരോദയം
ശൃംഗാരം മൃഗയാവിനോദമതുമു
ള്ളൂട്ടം ജലക്രീഡനം,
ചന്ദ്രാർക്കോദയമാഹവം നിശയുഷ-
സ്സാമന്ത്രണം നായകോ-
ല്ക്കർഷം തൊട്ടമനോജ്ഞവസ്തുനിവഹം
വർണ്ണിക്കിൽ വൻ കാവ്യമാം"

മഹാകാവ്യങ്ങൾ—രഘുവംശം, കുമാരസംഭവം, കിരാതാർജ്ജുനീയം, മാഘം, നൈഷധം. ഇവയോടു ചിലർ മേഘദൂതും കൂട്ടാറുണ്ട്. ഭട്ടികാവ്യം, വിക്രമാങ്കദേവചരിതം, ഹരവിജയം മുതലായവയ്ക്കും മഹാകാവ്യയോഗ്യതയുണ്ടെന്നും അപൂർവം അഭിപ്രായം കാണുന്നു.

തമിഴിലെ അഞ്ചു മഹാകാവ്യങ്ങൾ ൧. ചിലപ്പതികാരം. ൨. മണിമേഖല. ൩. ചിന്താമണി. ൪. കുണ്ഡലകേശി. ൫. വളയാപതി.

**മഹാകാളൻ**-ശിവൻ.

**മഹാകാളി**-ഭദ്രകാളി, ദേവി, ദുർഗ്ഗ.

**മഹാകുല**-വി. ശ്രേഷ്ഠവംശത്തിലുള്ള നല്ല വംശത്തിൽ ജനിച്ച.

**മഹാകുലീന, മഹാകുല**-വി. ഉത്തമകുലത്തിൽ ജനിച്ച.

**മഹാകേതു**-ശിവൻ.

**മഹാകോശൻ**-ശിവൻ.

**മഹാകോടി**-ഒരു വലിയ തുക.

മഹാക്രോധൻ-ശിവൻ
മഹാക്ഷൻ-ശിവൻ.
മഹാഖർവ്വം-ഒരു വലിയ തുക. Ten billions).
മഹാഗർത്തൻ-ശിവൻ
മഹാഗർഭൻ-ശിവൻ.
മഹാഗളം-ഒട്ടകം.
മഹാഗീതൻ-ശിവൻ.
മഹാഗുരുക്കൾ-അച്ഛൻ, അമ്മ, ആചാര്യൻ ഇവർ മൂവരും.
മഹാഗ്രഹൻ-രാഹു.
മഹാഗ്രീവം, മഹാഗ്രീവി-ഒട്ടകം.
മഹാഗ്രീവൻ-ശിവൻ,
മഹാംഗ-വി. വലിയ ശരീരമുള്ള.
മഹാംഗം-ന. ഒട്ടകം. ൨. പെരുച്ചാഴി.
മഹാംഗൻ-ശിവൻ.
മഹാചണ്ഡാ-ദേവി.
മഹാചാര്യൻ-ശിവൻ.
മഹാജംഭം-ഒട്ടകം.
മഹാജട-ശിവൻെറ ജട.
മഹാജടൻ-ശിവൻ.
മഹാജത്രു-ശിവൻ.
മഹാജനം-ന. സജ്ജനം. ൨. വലിയ കച്ചവടക്കാരൻ.
മഹാജാലി-വരിപ്പീച്ചിൽ. ൨. ചരച്ചി.
മഹാജിഹ്വൻ-ശിവൻ.
മഹാജ്വാലൻ-ശിവൻ.
മഹാടവി-വലിയ കാട്.
മഹാതിക്ത-വി. ഏററവും കയ്പുള്ള.
മഹാതിക്തകം-ഒരു ഔഷധയോഗം.
മഹാതിക്തം-വേപ്പുവൃക്ഷം.
മഹാതിക്ഷ്ണ-വി. ന. കഠിനമായ, ൨. ക്രൂര
മഹാതിക്ഷ്ണ-ചേക്കുരു.
മഹാത്മാവ്-വി. ന. ഏററവും ബുദ്ധിയുള്ള. ൨. വലിയ ശരീരമുള്ള, ധൈര്യമുള്ള.

മഹാത്മാ ശബ്ദം സംസ്കൃതത്തിൽ നകാരാന്തമാണ്. മലയാളത്തിൽ 'മഹാത്മാ' എന്ന ശബ്ദത്തെ മൂന്നു ലിംഗങ്ങളിലും ഉപയോഗിക്കാം.

മഹാത്യാഗൻ-ശിവൻ.
മഹാദന്തൻ-ശിവൻ.
മഹാദംഷ്ട്രൻ-ശിവൻ.
മഹാദേവൻ-ശിവൻ. സർവ്വോൽകൃഷ്ടനായ ദേവൻ എന്നർത്ഥം. നൃത്താദിരൂപമായിരിക്കുന്ന വലിയ ക്രീഡയുള്ളവൻ എന്നുമാവാം.
മഹാദേവി-പാർവ്വതി.
മഹാദൈവം-വലിയ ദൈവം.
മഹാദ്രുമം-ഒട്ടകം.
മഹാധന-വി. ന. അധിക സമ്പത്തുള്ള ൨. വിലയേറിയ.
മഹാധനം-ന. അധികം വിലയുള്ള വസ്തു. ൨. വളരെ വിലപിടിച്ച വസ്ത്രം. ൩. പൊൻ. ൪. കൃഷി.
മഹാധാതു-ശിവൻ.
മഹാനടൻ-ശിവൻ.
മഹാനന്ദാ-മദ്യം.
മഹാനന്ദം-ന. പരമാനന്ദം. മോക്ഷം. ൨. ഏററവും സന്തോഷം.
മഹാനവമി-കന്നിമാസത്തിൽ സരസ്വതിയെ സേവിക്കുന്ന ഒരു ദിവസം.
മഹാനസം-ന. അടുക്കള, മടപ്പള്ളി. അരി, കറി സാമാനങ്ങൾ ഉള്ളതു് എന്നർത്ഥം.

'അനുകമ്പായദിതവമാനസേ-എനിക്കനുമതിതരികമഹാനസേ'
(നളചരിതം കഥകളി)

൨. വലുതായ വണ്ടി.
മഹാനാടകം-ഹനുമന്നാടകം.
മഹാനാദൻ-ശിവൻ.
മഹാനാദം-ന. ഒട്ടകം ൨. ആന ൩. സിംഹം.

മഹാനാസൻ-ശിവൻ.
മഹാനിംബം-മലവേപ്പ്.
മഹാനിശ-ന. അർദ്ധരാത്രി. വ. രേവി.
മഹാനീലം-ഒരു രത്നം. ഇന്ദ്രനീലക്കല്ല്. നീലക്കയ്യോന്നി.
മഹാനുഭാവ-വി. ശക്തിയും സമ്പത്തും ഐശ്വര്യംമറവും ഉള്ള.
മഹാനുഭാവൻ-ന. മഹാത്മാവ്. വ. ശ്രേഷ്ഠൻ.
മഹാനേത്രൻ-ശിവൻ,
മഹാന്തകൻ-ശിവൻ.
മഹാൻ-ന. വലിയവൻ, പൂജ്യൻ, ശ്രേഷ്ഠൻ. വ. ഒട്ടക്കാത്ത അഞ്ചു വായുക്കളിൽ ഒന്ന്. ന. പെരുഞ്ചെന്നല്ല്.
മഹാപഞ്ചവിഷം-അഞ്ചു വലിയ വിഷയങ്ങൾ.

'ശൃംഗീചകാളകൂടശ്ച
മുസ്തകോവത്സനാഭകഃ
ശംഖകർണ്ണീതിയോഗോയം
മഹാപഞ്ചവിഷാഭിധഃ'

മഹാപഥൻ-ശിവൻ
മഹാപത്മം-ന നവനിധികളിൽ ഒന്ന്. മഹത്വമുള്ളതാകയാൽ അർത്ഥാർത്ഥികളാൽ സേവിക്കപ്പെടുന്നത് എന്നർത്ഥം. വ. ഒരു വലിയതുക.
മഹാപത്മൻ-ന. നാരദൻ. വ. ഒരു ദിഗ്ഗജം. ന. നന്ദൻ. ൪ കുബേരന്റെ ആശ്രിതനായ ഒരു കിന്നരൻ. ൫ അഷ്ടനാഗങ്ങളിൽ ഒന്ന്.
മഹാപാതകം-വലിയ പാപം. ബ്രഹ്മഹത്യ മുതലായ മഹാപാപങ്ങൾ അഞ്ചിനും കൂടെയുള്ള പേർ.
മഹാപാതകി- മഹാപാതകമുള്ളവൻ.
മഹാപാദൻ-ശിവൻ.
മഹാപുരാണങ്ങൾ- വിഷ്ണുപുരാണംവും ഭാഗവതപുരാണവും.

മഹാപൃഷ്ഠം-ഒട്ടകം.
മഹാപ്രഭു-ന. ഒരു ദൈവഭക്തൻ. വ. രാജാവ്. ന. ഇന്ദ്രൻ. ൪ ശിവൻ. ൫ വലിയ പ്രഭു.
മഹാപ്രസ്ഥാനം-ന. വല്യതായ യാത്ര. വ. ഭാരതത്തിലെ ഒരുപർവം.
മഹാപ്രളയം-ബ്രഹ്മാവിന്റെ അവസാനത്തിങ്കലേ പ്രളയം.

ഒരു കല്പാവസാനത്തിൽ ലോകങ്ങൾ മനുഷ്യർ, ദേവകൾ, ബ്രഹ്മാവ് എന്നിവർ നശിച്ചു പോകുന്ന കാലം. മഹാനാക, ക്ഷിതി, സംഹാരം എന്ന പേരുകളും ഉണ്ട്.

മഹാപ്രാണം-(മണിദീപികപ്രകാരം) ഉറപ്പിച്ച് ഉച്ചരിയ്ക്കുന്ന വർണ്ണം.
മഹാഫലാ-വാഴ.
മഹാബലൻ-ന. കാററ്, വ. ബുദ്ധമഹർഷി.
മഹാബലം-ഈയം.
മഹാബലാ-ഒരുമാതിരി കുറുന്തോട്ടി.
മഹാബലി - ഒരസുരരാജാവ്, ചക്രവർത്തി.

പ്രഹ്ളാദപുത്രനായ വിരോചനന്റെ പുത്രനായി ജനിച്ച ഒരു ദൈത്യരാജാവായിരുന്നു മഹാബലി. ഇദ്ദേഹം തപസ്സുചെയ്ത് ഇന്ദ്രനെ തോല്പിച്ച് മൂന്നുലോകത്തിനും രാജാവായി. ദേവകളുടെ സങ്കടം നിമിത്തം വിഷ്ണു ഒരു വാമനൻ (കുട്ടി) ആയി വന്നു മൂന്നടിസ്ഥലം തനിക്കു തരണമെന്നു വഞ്ചനയായി അപേക്ഷിച്ചു. ബലി സമ്മതിച്ചു. അപ്പോൾ വാമനൻ തന്റെ ശരീരം വല്യതാക്കി ഒരടി ഭൂമിയിലും, ഒരടി സ്വർഗ്ഗത്തിലും, മൂന്നാമത്തേ അടി ബലിയുടെ തലമേലും ചവുട്ടി ബലിയേയും കൂട്ടരേയും പാതാളത്തിലേക്ക താഴ്ത്തിക്കളഞ്ഞു. മഹാബലി മഹാഭക്തനും ധർമ്മിഷ്ഠനുമായിരുന്നു.

**മഹാബാഹു**- വി. നീണ്ടകൈകളുള്ള.

**മഹാബിലം**-ആകാശം

**മഹാംബുകൻ**-ശിവൻ.

**മഹാഭാഗ**-വി. ഭാഗ്യവും മഹത്വവും മററുമുള്ള.

**മഹാഭാഗത**-മഹത്വം.

**മഹാഭാഗവതം**-പതിനെട്ടു പുരാണങ്ങളിൽ ഒന്നു്.

**മഹാഭാഗ്യ**-വി. വളരെ ഭാഗ്യമുള്ള.

**മഹാഭാരതം**-ലോകത്തിലെ തുലോം വലിയകാവ്യം.

മഹാഭാരതത്തിലെ മുഖ്യവിഷയം പാണ്ഡവരും കൌരവരും തമ്മിലുണ്ടായ മഹായുദ്ധമാകുന്നു. മഹാഭാരതത്തിന്റെ കർത്താവു് കൃഷ്ണദ്വൈപായനൻ (വ്യാസൻ) ആണെന്നു പറയുന്നു. അദ്ദേഹം മുമ്പുണ്ടായിരുന്ന കഥകളെ കൂട്ടിച്ചേർക്കുക മാത്രമേ ചെയ്തിട്ടുള്ളു എന്നു വിചാരിപ്പാൻ കാരണങ്ങളും കാണുന്നുണ്ടു്. നളചരിതം, രാമചരിതം മുതലായ പല കഥകളും ഭഗവൽഗീത, ഹരിവംശം മുതലായ കാവ്യങ്ങളും മഹാഭാരതത്തിൽ അടങ്ങുന്നുണ്ടു്. മഹാഭാരതത്തെ വ്യാസൻ സ്വശിഷ്യനായ വൈശമ്പായനനെ പഠിപ്പിക്കയും അദ്ദേഹം ഒരു ദിവസം ജനമേജയരാജാവിന്റെ മുമ്പാകെ പറയുകയും ചെയ്തു.

ഭാരതത്തിൽ (എഴുത്തച്ഛന്റെ തർജ്ജമയിൽ) അടങ്ങിയിരിക്കുന്ന പർവ്വങ്ങളുടേയും മററും വിവരം.

1. പൌലോമം — സംഗ്രഹവിവരണം, ഉദങ്കോപാഖ്യാനം, ഭൃഗുകുലവിസ്താരം, ച്യവനോൽഭവവും, വഹ്നിശാപവും, രുരുമുനിയുടെ അർദ്ധായുർദ്ദാനവും വിവാഹവും, സഹസ്രപാദന്റെ ശാപമോചന

2. ആസ്തികം — ആസ്തികോത്ഭവം കഥാസംക്ഷേപം, നാഗഗരുഡാരുണോല്പത്തി, പാലാഴിമഥനകഥാസംക്ഷേപം, അമൃതത്തിന്നായിട്ടു ഗരുഡന്റെ യാത്ര, ഗരുഡനെ തടുക്കേണ്ടതിനായി ദേവകളുടെ സന്നാഹം, ഇന്ദ്രാപരാധം, ഗരുഡന്റെ ദേവലോകപ്രാപ്തിയും, സുധാഗ്രഹണവും, സർപ്പങ്ങളുടെ ഭേദം പ്രകൃതവും മററും, അനന്തന്റെ തപസ്സ്, ശാപഭയം ഒഴിപ്പാൻ ഭോഗികളുടെ അഭിപ്രായഭേദം, ശ്രീപരീക്ഷിത്തിനുണ്ടായ ശാപവൃത്താന്തം മുതലായതു്, ആസ്തികോത്ഭവവും ജരൽക്കാരുവിന്റെ ഗൃഹസ്ഥാശ്രമനിവൃത്തിയും, സർപ്പസത്രം.

(പൌലോമവും ആസ്തികവും പരിഭാഷാരൂപങ്ങൾ മാത്രമാണ്, മൂലത്തിൽ ഇല്ല.)

3. സംഭവം — സോമവംശരാജോല്പത്തി, വേദവ്യാസോല്പത്തി, പരശുരാമൻ ഒടുക്കിക്കളഞ്ഞ ശേഷം ക്ഷത്രിയ രാജാക്കന്മാർ വീണ്ടും വർദ്ധിച്ചതു്, ദേവാദികളുടെ ഉത്ഭവം, അംശാവതരണം, പുരുവംശോല്പത്തി, പൂർവ്വരാജോല്പത്തി, ദേവയാനീചരിതം — കചന്റെ മൃതസഞ്ജീവനി വിദ്യാഭ്യാസം, ശർമ്മിഷ്ഠയുടെ ദാസ്യം, ദേവയാനീപരിണയം, യയാതിയുടെ ശർമ്മിഷ്ഠാപ്രാപ്തി, ജരാനരവിനിമയം, ശാകുന്തളം, ഭരതോല്പത്തി, ശകുന്തളോല്പത്തി, ശകുന്തളോദ്വാഹം — ഗാന്ധർവ്വവിവാഹം, ശകുന്തളയുടെ ഭർത്തൃസമീപത്തിലേക്കുള്ള യാത്ര, ശകുന്തളയുടെ രാജമന്ദിരപ്രാപ്തി, ഭരതന്റെ രാജ്യഭരണം,

ശന്തനുവിന്റെ ഉത്ഭവചരിത്രം, ഗംഗാദേവി മാതാവാകണമെന്ന വസുക്കളുടെ അപേക്ഷ, വസുക്കളുടെ ശാപകാരണവൃത്താന്തം, സത്യവതീപരിണയം, അംബോപാഖ്യാനം, അനപായനാശം കണ്ട സത്യവതിയുടെ ദുഃഖവും ആലോചനയും; ദീർഘതമോദന്തം, ധൃതരാഷ്ട്രൻ മുതലായവരുടെ ഉല്പത്തി, മാണ്ഡവ്യശാപവും വിദുരോല്പത്തിയും, ധാർത്തരാഷ്ട്രോല്പത്തി, പാണ്ഡുപുത്രോല്പത്തി, പാതിവ്രത്യനിഷ്ഠാസ്ഥാപനം, പാണ്ഡുവിന്റെ ചരമഗതി, കൌരവന്മാർക്ക പാണ്ഡവന്മാരോടുള്ള സ്പർദ്ധാരംഭം, വിദ്യാഭ്യാസവും ശാരദ്വതോല്പത്തിയും, ഭാരദ്വാജോല്പത്തി, അഭ്യാസപരീക്ഷ, ഗുരുദക്ഷിണ, ധൃഷ്ടദ്യുമ്നോല്പത്തി, ജതുഗേഹനിർമ്മാണം, കാനനപ്രവേശം, ഹിഡിംബവധവും ഹിഡിംബിസംയോഗവും, ഏകചക്രാവാസവും ബകനിഗ്രഹവും, പാഞ്ചാലീസ്വയംബരാകർണ്ണനം, പാഞ്ചാലീസ്വയംവരയാത്ര, അംഗാരവർണ്ണോപാഖ്യാനം, സംവരണോദന്തം, വാസിഷ്ഠോപാഖ്യാനം, കല്മാഷപാദചരിതം, ഔർവ്വോത്ഭവവും ശാന്തിമഹത്വവും, പാഞ്ചാലീസ്വയംവരം, രാജസഞ്ചയവിജയം, കുന്തീവാക്യം, പാഞ്ചാലിയുടെ പൂർവ്വജന്മവൃത്താന്തം, പാഞ്ചേന്ദ്രോപാഖ്യാനം, പഞ്ചനൈതന്തവചരിതം, ധാർത്തരാഷ്ട്രന്മാരുടെ കണ്ണിതം, കൌരവപാഞ്ചാലയുദ്ധം, അർദ്ധരാജ്യാഭിഷേകം, സുന്ദോപസുന്ദോപാഖ്യാനം, അർജ്ജുനന്റെ തീർത്ഥയാത്ര, സുഭദ്രാഹരണം, സുഭദ്രയ്ക്കു സ്ത്രീധനം കൊടുപ്പാൻ രാമകൃഷ്ണാദികളുടെ ആഗമനം, ഖാണ്ഡവദാഹം, മന്ദപാലോപാഖ്യാനം, ശാർങ്ഗപക്ഷികളുടെ ജാതവേദസ്തുതി, ദേവേന്ദ്രന്റെ ശേവൽസ്തുതി.

(സംഭവപർവ്വത്തിന മൂലത്തിൽ ആദിപർവ്വം എന്നപേർ).

4. സഭാ — രാജസൂയം, ജരാസന്ധവധം, ദിഗ്ജയം, വിശ്വരൂപപ്രദർശനം, ശിശുപാലവധം, ദ്യൂതക്രീഡ, ദ്രൌപദീവസ്ത്രാക്ഷേപം, (ഹസ്തിനപുരത്തിലെ രാജസഭ-വഞ്ചനകൊണ്ട ദുര്യോധനൻ മുതലായവർ രാജ്യം കൈക്കലാക്കി പാണ്ഡവന്മാരെയും പാഞ്ചാലിയെയും വനത്തിൽ അയക്കുക.)

5. ആരണ്യം — പാണ്ഡവന്മാരുടെ കാനനവാസം, നളോപാഖ്യാനം, കല്യാണസൌഗന്ധികം; നഹുഷന്റെ ശാപമോക്ഷം, നാഗരാജന്റെ ഘോഷയാത്ര, രാമായണകഥാനിവേദനം, ഭീമാദികളുടെ മരണവും പുനർജ്ജനനവും (പാണ്ഡവരുടെ വനവാസവും മഹർഷിമാരുമായുള്ള സന്ദർശനവും— 12 വർഷം).

(ആരണ്യത്തിന മൂലത്തിൽ വനപർവ്വം എന്നപേർ).

6. വിരാടം — പാണ്ഡവന്മാരുടെ അജ്ഞാതവാസം, കീചകവധം — (ഒരുവർഷം).

7. ഉദ്യോഗം — (മഹാഭാരതയുദ്ധത്തിനുള്ള ഒരുക്കം) കൌരവപാണ്ഡ

ന്മാരുടെ ഭഗവച്ചരണം, യുദ്ധോദ്യമനിരൂപണം, സഞ്ജയഗമനം, വിദുരവാക്യം, ഭഗവദ്ദൂത്, വിശ്വരൂപദർശനം, യുദ്ധോദ്യോഗം.

8. ഭീഷ്മം—ഭീഷ്മർ കൌരവരുടെ സേനാനായകനായിരുന്നു യുദ്ധം നടത്തിയ കഥ. ഇദ്ദേഹം പത്തു ദിവസം യുദ്ധം ചെയ്തു മടങ്ങി.

9. ദ്രോണം—അഭിമന്യുവിന്റെ യുദ്ധവും മരണവും, സൃഞ്ജയോപാഖ്യാനം, പാർത്ഥപ്രതിജ്ഞയും ജയദ്രഥവധവും, രാത്രിയുദ്ധവും ഘടോൽക്കച മരണവും, ഭീഷ്മക്ക് ശേഷം ദ്രോണരാണ് സേനാധിപത്യം ഏററത്. രണ്ടുദിവസം കഴിഞ്ഞു മരണം.

10. കർണ്ണം—ത്രിപുരദഹനം - ധാത്രു സാരഥ്യം. കർണ്ണൻ സേനാപതിയായി മൂന്നു ദിവസം യുദ്ധം നടത്തി. (കർണ്ണന്റെ സേനാധിപത്യം)

11. ശല്യം—ശല്യന്റെ സേനാനായകത്വം, ദുര്യോധനന്റെ മുറിവേൽപ്പ്, യുദ്ധത്തിന് പ്രാപ്തരായി കൌരവരിൽ മൂന്നുപേർ ശേഷിക്കുന്നു.

12. സൌപ്തികം — കുരുപക്ഷത്തിൽ ശേഷിച്ച മൂന്നു നായകന്മാർ കൂടി രാത്രിയിൽ പാണ്ഡവവാസസ്ഥലങ്ങളെ ആക്രമിക്കുന്നു. അവരുടെ മരണത്തോടുകൂടി യുദ്ധം അവസാനിക്കുന്നു.

13. ഐഷികം—ധൃഷ്ടദ്യുമ്നൻ, പാഞ്ചാലീപുത്രന്മാർ മുതലായവർ മരിച്ചുപോയി എന്ന വൃത്താന്തംകേട്ടു പാഞ്ചാലിയുടെ വിലാപവും മററും.

മൂലത്തിലെ സൌപ്തികപർവ്വത്തെ സൌപ്തികമെന്നും ഐഷികമെന്നും രണ്ടായി തിരിച്ചിരിക്കയാണ്.

14. സ്ത്രീ—ഗാന്ധാരിയും മററു സ്ത്രീകളും യുദ്ധത്തിൽ വീണുപോയവർക്കുവേണ്ടി വിലപിക്കുന്നു.

15. ശാന്തി—യുധിഷ്ഠിരനെ ആശ്വസിപ്പിക്കുന്നതിനായി ഭീഷ്മർ രാജനീതിയെ കുറിച്ചും മററും പ്രസംഗിക്കുന്നു.

16. അനുശാസനികം — ഭീഷ്മരുടെ പ്രസംഗം തുടർച്ച്, അദ്ദേഹത്തിന്റെ മരണം.

17. അശ്വമേധികം — യുധിഷ്ഠിരന്റെ അശ്വമേധയാഗം കഴിപ്പ്.

18. ആശ്രമവാസം — ധൃതരാഷ്ട്രർ, ഗാന്ധാരി, കുന്തി മുതലായവർ വനവാസം ചെയ്യാനുള്ള യാത്ര, കാട്ടുതീയിൽപ്പെട്ടു മരണം.

19. മൌസലം—എന്നാൽ മുസലത്തെ സംബന്ധിച്ചതു് എന്നർത്ഥം. മുസലം=ഉലക്ക ഇരിമ്പുലക്കയുടെ ഉല്പത്തി, ആ ഉലക്ക ഏരകപ്പുല്ലുകളായതു്, ആ ഏരകപ്പുല്ലുകൊണ്ടുണ്ടായ യുദ്ധം, ആ യുദ്ധത്തിൽ യാദവന്മാരിൽ അധികം പേരുടെയും നാശം, മുസലായുധനായ ബലരാമന്റെയും ഇരിമ്പുലക്കയിൽ ശേഷിച്ച കഷണംകൊണ്ടുണ്ടാക്കിയ അസ്ത്രംകൊണ്ടു ശ്രീകൃഷ്ണന്റെയും പരഗതി, ദ്വാരക സമുദ്രാക്രമണത്തിൽ നശിക്കുന്നതു്.

20. പ്രസ്ഥാനം—യുധിഷ്ഠിര ചക്രവർത്തി സിംഹാസനത്യാഗം ചെയ്തിട്ടു് ദ്രൌപതിയോടും സഹോദരന്മാരോടും കൂടെ ഇന്ദ്രസ്വർഗ്ഗത്തിലേക്കുള്ള യാത്ര.

21. സ്വർഗ്ഗാരോഹണം — യുധിഷ്ഠിരനും സഹോദരന്മാരും ദ്രൌപദിയും സ്വർഗ്ഗാരോഹണം ചെയ്യുക.




|| ഈ വര വിവാഹത്തെ സൂചിപ്പിക്കുന്നു.

മഹാഭാരതംമൂലം.

| നമ്പർ | പർവ്വത്തിന്റെ പേർ | അദ്ധ്യായം എണ്ണം | ശ്ലോകത്തിന്റെ എണ്ണം |
|---|---|---|---|
| 1 | ആദിപർവ്വം | 228 | 8948 |
| 2 | സഭാ | 72 | 4511 |
| 3 | വനപർവ്വം | 269 | 10664 |
| 4 | വിരാടം | 67 | 3500 |
| 5 | ഉദ്യോഗം | 126 | 6938 |
| 6 | ഭീഷ്മം | 118 | 7884 |
| 7 | ദ്രോണം | 174 | 10909 |
| 8 | കർണ്ണം | 39 | 4900 |
| 9 | ശല്യം | 59 | 3220 |
| 10 | സൌപ്തികം | 18 | 870 |
| 11 | സ്ത്രീ | 27 | 775 |
| 12 | ശാന്തി | 329 | 14525 |
| 13 | ആനുശാസനികം | 236 | 12000 |
| 14 | ആശ്വമേധികം | 133 | 4420 |
| 15 | ആശ്രമവാസികം | 40 | 1906 |
| 16 | മൌസലം | 8 | 300 |
| 17 | മഹാപ്രസ്ഥാനം | 3 | 32 |
| 18 | സ്വർഗ്ഗാരോഹണം | 5 | 200 |

ഇതിൽ ഒരു 'ഗ്രന്ഥം' എന്നതു് ഒരു അനുഷ്ടുപ് ശ്ലോകമാണ്. എഴുത്തച്ഛന്റെ ഭാരതത്തിൽ 22500 ശീലുകൾ വരികൾ മാത്രമേ ഉള്ളൂ. ഇതു നോക്കുമ്പോൾ മൂലഗ്രന്ഥത്തിന്റെ ഒൻപതിലൊരംശമേയുള്ളൂ എഴുത്തച്ഛന്റെ കൃതി. ഭീഷ്മം, ദ്രോണം, കർണ്ണം, ശല്യം, സൌപ്തികം ഈ പർവ്വങ്ങളിലായി മഹാഭാരതയുദ്ധം വർണ്ണിക്കപ്പെട്ടിരിക്കുന്നു. ലോകമഹാകാവ്യങ്ങളിൽ ഏററവും വലുതാണു മഹാഭാരതംമൂലം. ഇതിൽ ലക്ഷത്തി ഇരുപതിനായിരം ശ്ലോകങ്ങൾ അടങ്ങിയിട്ടുണ്ടു്.

'പർവ്വം മൂവാറതിൽ
ഗ്രന്ഥവും നൂറായിരം
ദിവ്യവുമദ്ധ്യായവുമ
ണ്ടൊരുരണ്ടായിരം'

**മഹാഭാഷ്യം**-പതഞ്ജലിയുടെ പ്രധാന ഗ്രന്ഥം.

കാത്യായനൻ പാണിനിയുടെ വ്യാകരണത്തിൽ ചില സംഗതികളെ ആക്ഷേപിച്ചതിന് ഒരു സമാധാനമായിട്ടാണ് പതഞ്ജലി ഭാഷ്യത്തെ എഴുതിയത്.

മഹാഭിഷക് – ഇക്ഷ്വാകുവംശത്തിലെ ഒരു രാജാവ്.

ഈ രാജാവ് ഗംഗയെ മോഹിക്കയാൽ മർത്ത്യനായി പിറക്കുക എന്നു ബ്രഹ്മാവു ശപിച്ചു. അതിനാൽ ഭൂമിയിൽ ജനിക്കയുണ്ടായി. ഇദ്ദേഹമത്രേ ശന്തനു.

മഹാഭുജ-വി. മഹാബാഹു.

മഹാഭോഗ-ദേവി.

മഹാമഖവേല-മാമാങ്കം.

എല്ലാ 12 വർഷങ്ങൾക്കും 28 ദിവസം കേരളത്തിൽ നടത്തുന്ന ഒരു വിശേഷം.

മഹാമണി-ശിവൻ.

മഹാമതി-വി. ബുദ്ധി അധികമുള്ള.

മഹാമനസ്കത(ത്വം) – ഉദാരബുദ്ധിയോടുകൂടിയ സ്ഥിതി, അല്പബുദ്ധിയില്ലായ്മ, അറിഞ്ഞതിനെ നല്ലവണ്ണം മനസ്സിൽ ഉറപ്പിക്കുന്ന ശീലം, വിശാല മനസ്ഥിതി; ക്ഷമയെക്കാൾ ഉൽകൃഷ്ടതരമായ ആത്മസംയമനസമ്പ്രദായം.

മഹാമനസ്കൻ– ഉദാരബുദ്ധിയോടുകൂടിയവൻ.

പര്യായങ്ങൾ-മഹേച്ഛൻ, മഹാശയൻ മഹാമിലാഷന്റെ പേർ എന്നും പക്ഷമുണ്ട്.

മഹാമനസ്സ്-വി. മഹാമതി.

മഹാമാത്രൻ-പ്ര. പ്രധാനൻ. ദ്വി. ധനവാൻ. തൃ. രാജസഹായജനങ്ങളിൽ പ്രാധാന്യമുള്ളവൻ.

മേലും മുതലായ ചില ഉദ്യോഗസ്ഥന്മാർക്ക് മഹാമാത്രന്മാർ എന്നു പേരുള്ള പ്രകാരം കാണുന്നു.

മഹാമായ-പ്ര. ദുർഗ്ഗ, പാർവ്വതി, ദ്വി. ലക്ഷ്മി. തൃ. ലോകമായ.

മഹാമായൻ-ശിവൻ.

മഹാമാരി-പ്ര. ദുർഗ്ഗ, ദേവി. ദ്വി. നീക്ക്യ എന്ന ദീനം. തൃ. പകരുന്ന വ്യാധി.

മഹാമാലൻ-ശിവൻ.

മഹാമാംസം-നരമാംസം.

മഹാമുനി-മഹർഷി. (പ്ര. വ്യാസൻ. ദ്വി. ബുദ്ധൻ. തൃ. അഗസ്ത്യൻ).

മഹാമൂല്യം-മാണിക്യം.

മഹാമൃഗം-ആന.

മഹാമൃത്യു-ശിവൻ.

മഹാമേദാ-ഒരുവക കിഴങ്ങ്.

മഹാമേധൻ-ശിവൻ.

മഹാമേധാ-ദേവി.

മഹാമേരു-ഒരു വലിയ പർവ്വതം.

'ഇതിന്റെ നടുവിലായ്ച്ചൊല്ലിയും
മഹാമേരു* വതിന്റെയുയരമായോജന നൂറായിരം* മുകളിൽ മുപ്പത്തീരായിരം യോജനവഴി* സുഖമേസമവൃത്തമായിരിപ്പോന്നതാനും* നീളത്തിൽ പതിനാറായിരംയോജനവഴി* മേളത്തിൽ കഴിനാട്ടുണ്ടായിരം മററതെല്ലാം*'

(ഭാഗവതം)

പര്യായങ്ങൾ—മേരു, സുമേരു, ഹേമാദ്രി, രത്നസാനു, സുരാലയം, കർണ്ണികാചലം, അമരാദ്രി, ദേവപർവ്വതം, കനകാചലം.

ലോകത്തിന്റെ മദ്ധ്യത്തിലുള്ള പർവ്വതമാണ്. ഇന്ദ്രസ്വർഗ്ഗം ഇതിന്മേൽ സ്ഥാപിക്കപ്പെട്ടിരിക്കുന്നു.

പൊന്നും രത്നങ്ങളും കൊണ്ടു നിർമ്മിക്കപ്പെട്ടതാകുന്നു.

**മഹാമോഹാ**—ദേവി.

**മഹായജ്ഞം**—വലിയ യാഗം. ഒരു ഗൃഹസ്ഥൻ ദിനംപ്രതി ചെയ്യേണ്ടുന്ന അഞ്ചു ഭക്തിവിഷയപ്രവൃത്തികൾ (പഞ്ചമഹായജ്ഞം എന്നതു നോക്കുക.

'അദ്ധ്യാപനം ബ്രഹ്മയജ്ഞഃ
പിതൃയജ്ഞസ്തു തർപ്പണം,
ഹോമോ ദൈവോ ബലിർഭൗതോ—
നൃയജ്ഞോതിഥിപൂജനം'.

**മഹായശസ്സ്**—ജിനന്മാരിൽ ൮-ാമത്തെ പ്രധാനി.

**മഹായുഗം**—കൃത, ത്രേത, ദ്വാപര, കലി ഈ നാലുയുഗവും കൂടിയതു. (കല്പം എന്ന ശബ്ദം നോക്കുക).

**മഹായുധൻ**—ശിവൻ.

**മഹായോഗി**—൧. യോഗശാസ്ത്രം പഠിച്ചു ശീലിച്ചവൻ. ൨. ശിവഭക്തനായ ഒരു മുനി. ൩. ശിവൻ. ൪. കോഴി.

**മഹാരജതം**—സ്വർണ്ണം.

**മഹാരജനം**—൧. ഒരു വൃക്ഷം, കുസുംഭം, ചപ്പങ്ങം. വസ്ത്രത്തിൽ ചായം പിടിപ്പിക്കുന്നതിനാൽ ഈ പേർ വന്നു. ൨. സ്വർണ്ണം. വെള്ളിയെക്കാൾ ശ്രേഷ്ഠമായുള്ളതു എന്നർത്ഥം.

**മഹാരണ്യം**—കൊടുങ്കാട്.

**മഹാരഥം**—വലിയ തേര്.

**മഹാരഥൻ**—മഹാരാജാക്കന്മാരുടെ ഇടയിൽ ഒരു വലിയ സ്ഥാനമാനം സിദ്ധിച്ച രാജാവു. ൨. വലിയ യോദ്ധാവു. അസ്ത്രശസ്ത്രപ്രവീണനായി പതിനായിരം വില്ലാളികളോടു ഒരുത്തനായി എതിർത്തുനിന്നു പോരുന്നവനും. തന്നേയും സാരഥിയേയും കുതിരകളേയും രക്ഷിച്ചുകൊണ്ടു യുദ്ധംചെയ്യുന്നവൻ 'മഹാരഥൻ' എന്നു പക്ഷാന്തരമുണ്ട്. മഹാരഥനേക്കാൾ പത്തുമടങ്ങു ഗുണമുള്ളവൻ 'അതിരഥൻ'.

"ഏകോദശ സഹസ്രാണി
യോധയേദ്യസ്തു ധന്വിനാം
ശസ്ത്രശാസ്ത്രപ്രവീണശ്ച
മഹാരഥ ഇതിസ്മൃതഃ"

'ആത്മാനം സാരഥിം ചാശ്വാൻ
രക്ഷൻ യുദ്ധ്യേതയോ നരഃ
സമഹാരഥ സംജ്ഞസ്സ്യാ
ദിത്യാഹുർന്നീതികോവിദാഃ'

**മഹാരാജൻ**—രാജരാജൻ.

**മഹാരാജികന്മാർ**—ഗണദേവതമാരിൽ ഒരുകൂട്ടം ഒന്നിച്ചു സഞ്ചരിക്കുന്ന ദേവന്മാർ എന്നർത്ഥം.

(മഹാരാജികന്മാർ-220).

**മഹാരാജ്ഞി**—ദേവി, റാണി.

**മഹാരാഷ്ട്രം, മറാഷ്ട്രകം, മറാട്ടി**—ഒരു രാജ്യം, ആ ദേശത്തെ ഭാഷ.

**മഹാരുദ്രൻ**—ശിവൻ.

മഹാരൂപൻ-ശിവൻ.

മഹാരോഗം-വാതരോഗം മുതലായവ(8)

'ഉന്മാദോരാജയക്ഷ്മാച
ശ്വാസസ്ത്വഗ്ദോഷ ഏവച
മധുമേഹശ്ചാശ്മരീ ച
തഥോദരഭഗന്ദരൌ'

മഹാരൌദ്രി-ദേവി.

മഹാരൌരവം-ഒരു നരകം. രുരുവിന്റെ എന്ന ശബ്ദാർത്ഥം' രുരു പ്രാണി വിശേഷം.

ഈ നരകത്തിൽ വീഴുന്നവർ രുരുക്കൾ അല്ലെങ്കിൽ മഹാരുരുക്കൾ എന്ന പ്രാണികളാൽ കടിക്കപ്പെടുന്നു.

മഹാർഘം-ചീവൽപക്ഷി.

മഹാർണ്ണവൻ-ശിവൻ.

മഹാർണ്ണവം-വലിയ സമുദ്രം.

മഹാർഹ-വി. വളരെ വിലമതിക്കത്തക്ക.

മഹാലിംഗൻ-ശിവൻ.

മഹാലോകർ-മഹാജനങ്ങൾ, മഹത്വമുള്ള ആളുകൾ.

മഹാലോഹം-കാന്തക്കല്ല്.

മഹാവാക്യം-(വ്യാകരണപ്രകാരം) 'സമപ്രധാനങ്ങളായ വാക്യങ്ങളുടെ (ചൂർണ്ണികകളുടേയോ സങ്കീർണ്ണകങ്ങളുടേയോ) യോഗംകൊണ്ടുണ്ടാകുന്നതു മഹാവാക്യം.

മഹാവാതം-കൊടുങ്കാറ്റ്.

മഹാവിഭൂതി-ശിവൻ.

മഹാവീരചരിതം-ഭവഭൂതിയുടെ ഒരു നാടകം (രാമായണം കഥ).

മഹാവീരൻ-൧. വിഷ്ണു. ൨. ഗരുഡൻ. ൩. ഹനുമാൻ. ൪. ഇന്ദ്രന്റെ വജ്രായുധം. ൫. സിംഹം. ൬. ഭൈരവം. ൭. മഹാവിക്രമൻ.

മഹാവീരം-൧. ഭൈരവം. ൨. കയിൽ.

മഹാവീര്യൻ-ശിവഭക്തനായ ഒരു മുനി.

മഹാവ്രതി-ശിവഭക്തനായ ഒരു മുനി.

മഹാശക്തി-ശിവൻ.

മഹാശംഖ്-കുബേരന്റെ നവനിധികളിൽ ഒന്ന്.

മഹാശംഖം-ഒരു വലിയ തുക. ('വെള്ളം' എന്നതു നോക്കുക).

മഹാശയ-വി. വലിയ ആശയമുള്ള.

മഹാശയൻ-൧. അതിബുദ്ധിമാൻ, മഹാമനസ്കൻ, മഹത്തായ അഭിപ്രായത്തോടു കൂടിയവൻ എന്നർത്ഥം. മഹാഭിലാഷൻ എന്ന അർത്ഥവും കാണുന്നു. മറെറാരു പര്യായം-മഹേച്ഛൻ. ൨. കടൽ.

മഹാശയം-കടൽ.

മഹാശല്കം-ചെമ്മീൻ.

മഹാശാഖി-വലിയവൃക്ഷം.

മഹാശുക്തി-മുത്തുച്ചിപ്പി.

മഹാശുഭ്രം-വെള്ളി.

മഹാശൂദ്രി-ഇടച്ചി, ഇടയത്തി.

ഇടയന്റെ ജാതിയിൽ ജനിച്ചവളായാലും ഇടയന്റെ ഭാര്യയായാലും ഈ രൂപംതന്നെ.

മഹാശൃംഗം-കടമാൻ.

മഹാശ്വേത-൧. വെൺമുതക്ക്, പാൽമുതക്ക്, ൨. ദേവി.

മഹാശോഫം-ഒരു വലിയ നീര്.

മഹാശ്രാവണി-നിലത്തു പടരുന്ന ഒരു കഫഘ്ന ദ്രവ്യം.

മഹാശ്ലക്ഷ്ണാ-കടൽ.

മഹാശ്വാപദങ്ങൾ-മനുഷ്യരെ ഭക്ഷിക്കുന്ന സിംഹാദി വലിയ മൃഗങ്ങൾ.

മഹാശ്വാസം-ഒരു രോഗം.

ഹിക്കാനിദാനത്തിലെപ്പെട്ടതാണ്. മദിച്ച കാളയേപ്പോലെ സമാ വലിയ ശബ്ദത്തോടു കൂടി ശ്വാസംവിടും. ജ്ഞാനം നശിക്കും. കണ്ണു ഭ്രമിക്കും. മലമൂത്ര

തടയും. വാക്ക പുറപ്പെടുകയില്ല. ശ്വാസത്തിൻെറ ശബ്ദം ദൂരെ കേൾക്കാം. എളുപ്പം മരിക്കും.

**മഹാസത്യൻ**-യമൻ.

**മഹാസനം** - സിംഹാസനം, വലിയ ആസനം.

**മഹാസഹ**-സ്ത്രീ. കാട്ടുഴുന്ന. മഹാരോഗശക്തിയെക്കൂടി സഹിക്കുന്നതു് എന്നർത്ഥം. ദ. വൻകുറുഞ്ഞി, വാടാക്കുറുഞ്ഞി. ന. വാടാമല്ലിക. ൪. പെരുങ്കാണം. (മഹാസഹ എന്നതു കുറവക കുരണ്ടകങ്ങളുടെ സാമാന്യമായ പേരെന്നും അഭിപ്രായം കാണുന്നു).

**മഹാസാരഥി**-അരുണൻ.

**മഹാസിംഹം**-എട്ടടിമാൻ.

**മഹാസുരി**-ദേവി.

**മഹാസേനൻ**-പു. സുബ്രഹ്മണ്യൻ. ദ. വലിയ സൈന്യത്തിനു് നായകൻ.

**മഹാസൌഷിരം**-ഒരു രോഗം.

പല്ലുകൾ അവയുടെ സ്ഥാനങ്ങളിൽ നിന്നിളകും; അണ്ണാക്കും ഓഷ്ഠങ്ങളും നുറുങ്ങും. ഈ രോഗമുള്ളവൻ ൧൦ രാത്രിക്കകം മരിക്കുമെന്നു ഭോജൻ അഭിപ്രായപ്പെടുന്നു.

**മഹാഹസ്തൻ**-ശിവൻ.

**മഹി**-ഭൂമി, പൂജിക്കപ്പെടുന്നതു് എന്നർത്ഥം. ദ. വലിപ്പം. ന. ബുദ്ധി.

**മഹികാ**-മഞ്ഞ്. രാഗികളാൽ പൂജിക്കപ്പെടുന്നതു് എന്നർത്ഥം. (മിഹികാ എന്നതിൻെറ പാഠമാണു്).

**മഹിത**-വി. പു. യോഗ്യതയുള്ള. ദ. വന്ദിക്കപ്പെട്ട, പൂജിത.

**മഹിതം**-പു. ശിവൻെറ ശൂലം. ദ. പൂജിക്കപ്പെട്ടതു്.

**മഹിന്ധകം**-പു. എലി. ദ. കീരി.

**മഹിമ**-മഹാത്മ്യം, ശ്രേഷ്ഠത.

**മഹിമാവു്**-പു. വലിപ്പം, മഹത്വം. ദ. അഷ്ടൈശ്വര്യങ്ങളിൽ ഒന്നു്. (എത്രയെങ്കിലും വലുതാകാൻ കഴിയുക).

**മഹിരൻ**-പു. സൂര്യൻ. ദ. എരിക്ക്.

**മഹിഷമർദ്ദിനി**-ദുർഗ്ഗ.

**മഹിഷധ്വജൻ**-യമൻ.

**മഹിഷൻ**-ഒരസുരൻ.

മഹിഷാസുരനെ സുബ്രഹ്മണ്യൻ വധിച്ചു. ഈ പേരുള്ള മറെറാരസുരനെ ദുർഗ്ഗാദേവിയും കൊന്നിട്ടുണ്ട്.

**മഹിഷം**-പു. പോത്തു്. യമൻെറ വാഹനം. തടിക്കുന്നതു് എന്നർത്ഥം. (കാട്ടുപോത്തിൻേറയും നാട്ടുപോത്തിൻേറയും പേരാണു്). സ്ത്രീ-മഹിഷി.

എരുമയുടെ പാൽ, തൈർ, വെണ്ണ, ചാണകം, മൂത്രം ഇവക്കു് 'മാഹിഷപഞ്ചകം' എന്നുപറയുന്നു.

**മഹിഷവാഹനൻ**-യമൻ.

**മഹിഷീ**-സ്ത്രീ. എരുമ. ദ. പട്ടംകെട്ടിയ രാജഭാര്യ, പട്ടമഹിഷി-പൂജിക്കപ്പെടുന്നവൾ എന്നർത്ഥം.

പട്ടാഭിഷേകസമയത്തിങ്കൽ ഭർത്താവിനോടു കൂടെ സിംഹാസനത്തിലിരുന്നു അഭിഷേകം ഏററ സ്ത്രീക്കു് പട്ടമഹിഷി എന്നുപേർ.

**മഹിളാ**-സ്ത്രീ. സ്ത്രീ. ആദരിക്കപ്പെടുന്നവൾ എന്നർത്ഥം. ദ. കാമുകി. ന. ഞാഴൽ.

**മഹിളാഹ്വയ**-ഞാഴൽ.

**മഹീ**-സ്ത്രീ. ഭൂമി. ദ. കാമ്പെ എന്ന ഉൾക്കടലിൽ വീഴുന്ന ഒരു നദി. ന. ഒരു രാജ്യം. ൪. ഒരു വലിയ സൈന്യം. ൫. നിലം, മണ്ണു്.

**മഹീക്ഷിത്തു്**-രാജാവു്. ഭൂമിയിൽ ഐശ്വര്യമുള്ളവൻ എന്നർത്ഥം.

മഹീജൻ-പു. നരകാസുരൻ. വ. ചൊവ്വാ എന്ന ഗ്രഹം.
മഹീജം-പു. ഇഞ്ചി. വ. വൃക്ഷം.
മഹീജാ-സീത.
മഹീതലം-ഭൂമി.
മഹീദേവൻ-ബ്രാഹ്മണൻ.
മഹീധരൻ-വിഷ്ണു.
മഹീധരം-പർവ്വതം.
മഹീധ്രൻ-വിഷ്ണു.
മഹീധ്രം-പു. പർവ്വതം. ഭൂമിയെ ധരിക്കുന്നതു് എന്നർത്ഥം. വ. ഏഴ് എന്ന അക്കം.
മഹീപതി-രാജാവു്.
മഹീപൻ-രാജാവു്.
മഹീപാലൻ-രാജാവു്.
മഹീപുത്രൻ-പു. ചൊവ്വാ. വ. നരകാസുരൻ.
മഹീപുത്രീ-സീത.
മഹീപ്രാചീരം-കടൽ.
മഹീഭൃത്തു്-രാജാവു്.
മഹീമണ്ഡലം - മണ്ഡലാകാരമായുള്ള ഭൂമി, ഭൂഗോളം.
മഹീമയ-വി. മണ്ണുകൊണ്ടുള്ള.
മഹീയസ്സ്-വി. ഏററവും മഹത്വമുള്ള, വലിപ്പമുള്ള. (പു-മഹീയാൻ. സ്ത്രീ-മഹീയസീ).
മഹീരുഹം-പു. വൃക്ഷം. വ. തേക്കമരം. ന. മരപ്പുളി. ഭൂമിയിൽ മുളച്ചുണ്ടാകുന്നതു എന്നു ശബ്ദാർത്ഥം.
മഹീലത-ഞാഞ്ഞൂൽ. ഭൂമിയിൽ ഒരു വള്ളിപോലെ നീണ്ടുകിടക്കുന്നതു എന്നർത്ഥം.
മഹീശൻ-രാജാവു്.
മഹീസുതൻ-പു. ചൊവ്വാ. വ. നരകാസുരൻ.
മഹീസുതാ-സീത.
മഹേള-സ്ത്രീ.
മഹേച്ഛ-വി. മഹാത്മാവായ.
മഹേച്ഛൻ-മഹാമനസ്കൻ.
മഹേന്ദ്രകദളി-നേന്ത്രവാഴ.
മഹേന്ദ്രജാലം-ഒരു വലിയ വിദ്യ, ഒരു മാന്ത്രിക കൺകെട്ടുവിദ്യ.
മഹേന്ദ്രൻ-ഇന്ദ്രൻ.
മഹേന്ദ്രനഗരി-അമരാവതി.
മഹേന്ദ്രപർവ്വതം-സഹ്യപർവ്വതത്തിന്റെ തെക്കേതലയ്ക്കൽ തിരുവിതാംകൂർ രാജ്യത്തിന്റെ തെക്കെ അതിരിങ്കൽ ഉള്ള പർവ്വതം.
മഹേന്ദ്രമന്ത്രി-ബൃഹസ്പതി.
മഹേരണാ, മഹേരുണ-മലയിന്ത, ഈന്തു്. ആനകൾക്കു സന്തോഷത്തെ ഉണ്ടാക്കുന്നതു എന്നർത്ഥം.
മഹേശൻ-ശിവൻ.
മഹേശബന്ധു-കൂവളം.
മഹേശാനി-ദേവി.
മഹേശ്വരൻ-ശിവൻ.
മഹേശ്വരീ-പു. പാർവ്വതി. വ. നല്ല പിച്ചള.
മഹേളാ -സ്ത്രീ. ഉത്സവത്തിന്നിരിപ്പിടം എന്നർത്ഥം. മഹിളാ എന്നതിന്റെ പാഠമാണു്.

'മഹിതതരമഹേളമധുരിപോ'

(കൃഷ്ണാട്ടം)

മഹേളികാ-സ്ത്രീ.
മഹോക്ഷം-വലിയ കാള.
മഹോത്സവം-വലിയ ഉത്സവം.
മഹോത്സാഹ-വി. ഏററവും ഉത്സാഹമുള്ള.
മഹോത്സാഹം-വലിയ ഉത്സാഹം.
മഹോദധി-കടൽ.
മഹോദയം-പു. ഒരു നഗരം. വ. ഉയർച്ച. ന. മോക്ഷം.

മഹോദരൻ-ശിവഭക്തനായ ഒരു മുനി.

മഹോദരം-വയറുവീക്കുന്ന ഒരുവക ദീനം

മഹോദ്യമ-വി. വലിയ ഉത്സാഹമുള്ള.

മഹോരസ്കൻ-ശിവൻ.

മഹോല്പലം-താമരപ്പൂ, താമര

മഹൌഷധം-൧. ചുക്കു്. ൨. അതിവിടയം. ൩. വെള്ളുള്ളി. ൪. വത്സനാഭം. ൫. ഇഞ്ചി. ൬. തിപ്പലി. ൭. പന്നിക്കിഴങ്ങു്. ൮. കടുകരോഹിണി.

മഹൌഷധി-൧. ചുക്കു്. ൨. ഉള്ളി.

മഹോഷ്ണൻ-ശിവൻ.

മഴ-ആകാശത്തിൽനിന്നു തുള്ളി തുള്ളിയായി വീഴുന്ന വെള്ളം. പൎയ്യായങ്ങൾ-വൃഷ്ടി, വൎഷം.

മഴക്കൽ-൧. കഴുകുക. ൨. വൃഥാ വാക്കു പറഞ്ഞു താമസിപ്പിക്ക.

മഴക്കാലു് - മഴവെള്ളം പോവാനുള്ള വഴി.

മഴക്കാലം-വൎഷകാലം.

മഴക്കാറു്-മഴപെയ്യുന്നതിനുള്ള കറുത്ത മേഘം.

മഴക്കുന്നു-൧. കഴുകുന്നു. ൨. വൃഥാ വാക്കു പറഞ്ഞു താമസിപ്പിക്കുന്നു.

മഴക്കോൾ-മഴക്കാർ ഉണ്ടാകുക.

മഴങ്കുരു-ചെറുപുഴ, തോടു്. (മലങ്കുരു).

മഴത്താര-ഇടവിടാതെയുള്ള മഴ.

മഴനാഴി-മഴ അളക്കുന്ന ഒരുമാതിരി യന്ത്രം.

മഴമുല്ല-ഒരുവക മുല്ല.

(കണ്ണുരോഗം, നേത്രരോഗം, വിഷം മുതലായവക്കു നന്നു്. നീണ്ടും ഉരുണ്ടും പൂവുള്ളതായി പല ഇനമുണ്ടു്. നല്ല ഗന്ധം കാണും. സം-വാൎഷികി).

മഴൽ-മയൽ, മയങ്ങൽ.

മഴപ്പു്-മഴക്കൽ.

മഴറുന്നു-൧. മയങ്ങുന്നു, മയറുന്നു. ൨. ചുഴറുന്നു. ൩. ഭ്രമിപ്പിക്കുന്നു.



മഴു-൧. ഒരുമാതിരി കോടാലി. പൎയ്യായങ്ങൾ-വൃക്ഷാദനം, വൃക്ഷഭേദി. ൨. കല്ലു വെട്ടുന്ന മഴു. ൩. വെണ്മഴു.

മഴുക്കാർ-കല്ലാശാരിമാർ.

മഴുന്നനേ-മൂൎച്ചയില്ലാതാക്കുക.

മറ-൧. വേദം. ൨. ഓലശീല മുതലായതുകൊണ്ടു മറച്ചതു, മറഞ്ഞിരിക്കുന്നതു്, തിര. ൩. രഹസ്യം. ൪. നിഴൽ.

[മറയെടുക്കുക = തുറന്നു സ്പഷ്ടമായി പ്രവൎത്തിക്ക—ശൈലി.]

മറക്കൽ-ഓൎമ്മകേടു.

മറക്കലം-ബ്രാഹ്മണന്റെ കലം.

മറക്കാതൽ - ൧. വേദാന്തസ്വരൂപി, ഈശ്വരൻ. ൨. വേദസാരം.

മറക്കാർ-രാജാവിന്റെ ശരീരം കാക്കുന്നവർ.

മറക്കുട-ചില ബ്രാഹ്മണസ്ത്രീകളുടെ കുട.

മറക്കുന്നു-ഓൎമ്മയില്ലാതാകുന്നു, ക്ഷമിക്കുന്നു, മനസ്സിൽനിന്നു വിട്ടുകളയുന്നു.

മറക്കുഴി - ചുറ്റും മറച്ചു കെട്ടിയിട്ടുള്ള കുഴി, മറപ്പുര, മലശോധനക്കുള്ള കുഴി.

മറതി-൧. മറവി, ഓൎമ്മകേടു്. ൨. രഹസ്യം.

മറപൊരുൾ-൧. രഹസ്യകാൎയ്യം, തിരിച്ചറിയാൻ പ്രയാസമുള്ള കാൎയ്യം. ൨. വേദാൎത്ഥം. ൩. മറഞ്ഞുകിടക്കുന്ന സംഗതികൾ.

മറപ്പുര-മറക്കുഴി.

മറം-സമ്മതക്കേടു്.

മറയത്തു്-അ. കാണാത്ത സ്ഥലത്തു.

**മറയത്താട്ടുന്നു**-ആട്ടിക്കളയുന്നു.

**മറയവർ**; മറയോർ-ബ്രാഹ്മണർ.

**മറയുന്നു**-ഥ. കാണാതെയാകുന്നു. ൨. ചാകുന്നു. ൩. ഒളിച്ചിരിക്കുന്നു. (സം·ക്രി.-മറയ്ക്കുന്നു.)

**മറയ്ക്കുന്നു**-ഥ. ഒളിക്കുന്നു, മൂടുന്നു. ൨. ശവം മറവു കഴിച്ചിടുന്നു.

**മറലി**-യമൻ.

**മറൽ**-ഥ. മാൻ, മാതി. ൨. മരണം.

**മറവ്**-നിഴൽ, മറ, മറച്ചുവെയ്ക്കു, ഒളിക്കു.

**മറവൻ**-ദക്ഷിണ ഇൻഡ്യയിലെ പൂർവ്വനിവാസികളായിരുന്ന ഒരു ജാതിക്കാരൻ.

**മറവി**-ഓർമ്മക്കേട്, മറതി, മറക്കൽ.

തെക്കൻദിക്കിൽ 'മറവി' എന്നും വടക്കൻ ദിക്കിൽ 'മറക്കൽ' എന്നും പറഞ്ഞുവരുന്നു.

**മറി**-ഥ. കൊച്ചുമാൻ. ൨. കള ൩. വഞ്ചന, മറിവ്. ൪. ചെറിയജന്തു.

**മറികടക്കുന്നു** - മീതെക്കൂടെ കവച്ചുകടക്കുന്നു.

**മറികടൽ**-തിരകളും അലയ്ക്കുന്ന കടൽ.

**മറികണ്ണ്** - ചരിഞ്ഞുനോക്കുന്ന കണ്ണ്, കോങ്കണ്ണ്.

**മറികണ്ണൻ**-ഒരു വശത്തോട്ടു ചരിഞ്ഞുനോക്കുന്നവൻ, കോങ്കണ്ണൻ.

**മറിക്കുന്നി**-ഒരുമാതിരി ചെടി, പൊന്നാങ്കീര. (പൊന്നാങ്കണ്ണിച്ചീര) പര്യായങ്ങൾ-ഇക്ഷുഗന്ധാ, മംഗലാന്ത്രി, ആരവശീ, വൃദ്ധദാരകം, ജുംഗം.

വാതം, വീക്കം, വായുമുട്ടൽ മുതലായതിനു നന്ന്. ത-പൊന്നാങ്കണ്ണീരെ.

**മറിക്കുന്നു**-ഥ. കീഴ്മേലാക്കുന്നു. ൨. തിരിക്കുന്നു. ൩. മാററുന്നു. ൪ മറിപ്പിലാക്കുന്നു, തടയുന്നു.

**മറിച്ചൽ**-ഥ. മാററം. ൨. രഹസ്യം. ൩. കഴക്ക്. ൪. വഞ്ചന. ൫. തെററ. ൬. തിരിയുക. ൭. കീഴ്മേലാകുക. ൮. കരണം മറിക.

**മറിച്ചുഴിവ്**-ഥ. നീർച്ചുഴി. ൨. തലമുടിയുടെ ചുഴി. ൩. വട്ടം ചുററൽ.

**മറിതീക്ക്**-ഒരു കെട്ടിടത്തിന്റെ അളവ്. (പരിമിതി) അടയാളപ്പെടുത്തുക.

**മറിപ്പ്**-ഥ. തടവ്. ൨. പാററാവ്, ഉപദ്രവം.

**മറിപ്പൻ**-പിടലിതട്ടൻ, ഒരു പകരുന്ന ദീനം. (വിഷൂചിക)

**മറിപ്പിലാക്കുന്നു**-പാററവിലാക്കുന്നു, തടവിലാക്കുന്നു.

**മറിമാൻ**-ഥ. കഴുത്തുമറിച്ചു പുറകോട്ടുനോക്കുന്ന മാൻ, തിരിഞ്ഞുനോക്കുന്ന മാൻ, കരുമാൻ. (സം-ശംബരം). ൨. വേഗമുള്ള മാൻ.

**മറിമായം**-വ്യാജം, ചതിവ്.

**മറിയൻ**-വിശ്വാസംകെട്ടവൻ.

**മറിയം**-ക്രിസ്തുദേവന്റെ അമ്മ.

**മറിയുന്നു**-ഥ. ഉരുളുന്നു. ൨. തിരിയുന്നു; മടങ്ങുന്നു ൩. വശംതിരിയുന്നു. ൪. കരണംമറിയുന്നു. ൫. വീഴുന്നു. ൬. മാറുന്നു. ൭. വിപരീതമാകുന്നു. (മറിക്കുന്നു-സം. ക്രി.)

**മറിവ്**-ഥ. മറിച്ചൽ, തിരിച്ചൽ. ൨. വ്യാജം, കപടം. ൩. ചെറുമാൻ

**മറിവാതിൽ** - ഒരുമാതിരി ചെപ്പുവാതിൽ, ഇടുകഴിവാതിൽ.

**മറു**-വി. ഥ. മറെറാരു ൨. അടുത്ത, പിന്നത്തെ.

**മറു**-അ. വീണ്ടും

മറു-൧. ശരീരത്തിലുണ്ടാകുന്ന ഒരുമാതിരി കറുത്ത അടയാളം. ൨. കറ, കളങ്കം. ൩. വ്യാജം. ൪. വഞ്ചന. ൫. കറുപ്പുനിറം.

മറുക്-ശരീരത്തിലുണ്ടാകുന്ന ഒരുമാതിരി കറുത്തോ ചെമന്നോ ഉള്ള അടയാളം.

മറുകടം-ഒരുത്തൻെറ കടം തീർപ്പാൻ മറെറാരുത്തനോടു വാങ്ങിക്കുന്ന കടം.

മറുകടിഞ്ഞൂൽ-രണ്ടാമത്തെ പ്രസവം

മറുകൽ-പരിഭ്രമം.

മറുകര-൧. ആററിൻേറയും മററും എതിർകര. ൨. അടുത്തദേശം.

മറുകാൽ-൧. ഊന്നു. ൨. കൈത്തോട്ട്.

മറുകുന്നു-൧. പീഡയേല്ക്കുന്നു, വേദനപ്പെടുന്നു, വ്യസനിക്കുന്നു.

'മറുകിത്തളന്നുകിടന്നീടുംനമ്മുടെ'
(രാമായണം ൨൪ വൃത്തം)

൨. പരിഭ്രമിക്കുന്നു.

മറുകടരി-മറുതുടരി, ഒരുതരം വേലിപ്പരുത്തി. (സം-ബസ്താന്ത്രി).

മറുകുരുവ്-വസൂരിവന്നു കുളിക്കാറാകുന്നതിനുമുമ്പിൽ കുളിച്ചാൽ പിന്നെയുണ്ടാകുന്ന കുരുവ്.

മറുക്കൂട്ടം-മറെറാരുക്കൂട്ടം.

മറുക്കൂട്ടംപിള്ള-മറെറാരുക്കൂട്ടം എഴുതുന്ന എഴുത്തുകാരൻ.

മറുകൈ-൧. പ്രതിക്രിയ, ഒന്നിനുപകരം ചെയ്യുന്ന പ്രവൃത്തി ൨. പ്രത്യൌഷധം.

മറുകാരക്ക-ഒരുവക കായ്.

മറുക്കുന്നു-൧. വിരോധിക്കുന്നു, തടയുന്നു. ൨ വിരോധത്തെ അതിക്രമിച്ചു ചെയ്യുന്നു. ൩. എതിർക്കുന്നു. ൪. നിഷേധിക്കുന്നു. ൫. വെറുക്കുന്നു.

മറുചട്ടം-൧. മറെറാരുചട്ടം. ൨. മറെറാരു പ്രമാണം.

മറുചാലു-൧. രണ്ടാമത്തു ഉഴുക. ൨. മറെറാരു തോട്ട്.

മറുചെവി- മറെറച്ചെവി, മറെറാരുത്തൻെറ ചെവി.

മറുജന്മം-മറെറാരു ജനനം, പുനർജ്ജന്മം.

മറുജാതി-വേറെ ഒരു ജാതി.

മറുതല-എതിർവശം, ശത്രുപക്ഷം.

മറുതലർ-ശത്രുക്കൾ, മറുപക്ഷക്കാരൻ.

മറുതലിക്ക-എതിർക്ക.

മറുതാക്കോൽ- ൧. കള്ളത്താക്കോൽ. ൨. വേറെയുള്ള താക്കോൽ.

മറുതായി-ഘോരാകൃതിയിലുള്ള ഒരുതരം പിശാച്.

മറുതാശിങ്കി-ഒരു മരുന്ന്.

മറുതുടരി-മറുകടരി, ഒരുതരം വേലിപ്പരുത്തി. (സം-ബസ്താന്ത്രി).

മറുദേശം-അന്യദേശം, മറെറാരു ദിക്ക്.

മറുനായ്-൧. ഒരുവക ചെറിയ മൃഗം. ൨. ഒരുവക പിശാച്.

മറുനാൾ-അടുത്ത ദിവസം.

മറുപക്ഷം-൧. മറെറാരു പക്ഷം. ൨. ശത്രുപക്ഷം.

മറുപടി, മറുവടി-എഴുത്തിൻെറ ഉത്തരമായുള്ള എഴുത്ത്.

മറുപണയം-പണയം തന്നിരിക്കുന്ന വസ്തു പണയംവയ്ക്കൽ.

മറുപത്ഥ്യം-ചില മരുന്നു സേവിച്ചാൽ അതിൻെറ ഫലം വരുന്നതിനു വേണ്ടി കുറെ ദിവസം കാററും വെയിലും കൊള്ളാതെയും വിരോധപദാർത്ഥങ്ങൾ ഭുജിക്കാതെയും സൂക്ഷിച്ചിരിക്കുക.

മറുപനി-വീണ്ടും വന്ന പനി.

മറുപലർ-ശത്രുക്കൾ.

മറുപാട്-മറുവശം, മറെറപ്പുറം.

മറുപാട്ടം-നിലം പുരയിടങ്ങൾ ഒരുത്തന് എഴുതിക്കൊടുത്തു അവൻ അനുഭവിച്ചു വരുമ്പോൾ മറെറാരുവനു എഴുതിക്കൊടുക്കുക.

**മറുപിറി**-ഒരുമാതിരി പിരിയാണി.

**മറുപിള്ള**-മറുകട്ടി, പ്രസവിച്ച വീണ പൈതലിന്റെ പൊക്കിൾക്കൊടിയുടെ അററത്തുള്ള ഒരു മാംസം, മാത്രം, നീളത്തിൽ ഗർഭാശയത്തിനുള്ളിൽ ഒട്ടിച്ചിട്ടുള്ള പൊങ്ങുപോലെയുള്ള ഒരു സാധനം.

മറുപിള്ള പിറക്കുന്നതു നോവിന്റെ മൂന്നാംസന്ധിയിലാകുന്നു ശിശു പിറന്നാൽ വേദനക്കൂടാതെ അല്പം ഇളപ്പു സാധാരണയാണ്. തള്ളക്ക് അധിക സന്തോഷം ഉണ്ടെങ്കിലും തളച്ച് തോന്നുന്നു. അറിവില്ലാത്ത വയററാട്ടികൾ പ്രജ പിറന്നാലുടനെ ഒരു കൈ അകത്തു കടത്തി മറുപിള്ളയെ വലിച്ചെടുക്കാറുണ്ട്. ഗർഭാശയത്തിൽ മറുപിള്ളക്കരികെ വലിയ രക്തസിരകൾ ഉണ്ട്. അതു വേഗത്തിൽ വലിച്ചു ചാടിച്ചാൽ വൈഷമ്യമായ രക്തമൊഴിവു മിക്കപ്പോഴും ഉണ്ടാകുന്നു. ചിലപ്പോൾ ഒട്ടും വെളിയിൽ കാണുന്നില്ല എങ്കിലും ഗർഭപാത്രം നിറഞ്ഞുകിടക്കുന്നു. ഗർഭപാത്രം അകം പുറമാവാനും ഇടയുണ്ട്. മറുപിള്ളയെ ഒരിക്കലും പൊക്കിൾക്കൊടിയാൽ പിടിച്ച് വലിക്കരുത്. വയററാട്ടി നോവ് ആരംഭിക്കുന്നതുവരെ കാൽ മണിക്കൂറോളം ക്ഷമയോടെ പാർത്തിരിക്കണം. ഗർഭപാത്രം ചുരുങ്ങിവരുമ്പോൾ അതു മറുപിള്ളയെ ചാടിക്കുന്നു. ചിലപ്പോൾ അതു മുഴുവനും പുറത്തു ചാടുന്നു. എന്നാൽ മിക്കപ്പോഴും ഇതിനുള്ള വഴിയുടെ മേൽഭാഗം വരയ്ക്കുമേ വരികയുള്ളൂ; അന്നേരം മറുപിള്ളയെ കൈകൊണ്ടെടുക്കാം.—ഗർഭം ഒരു ചർമ്മത്താൽ വേഷ്ടിതമായിട്ടാണ് കുക്ഷിയിൽ സ്ഥിതിചെയ്യുന്നതു്. അതിനെ മറുപിള്ള എന്നു പറയുന്നു. പിള്ള പുറത്തേക്കു വന്നാൽ ഉടൻ ഈ ചർമ്മകോശവും പുറത്തേക്കു പോരുക പതിവാണ്. അതിനാലത്രേ ഇതിന് 'മറുപിള്ള' അല്ലെങ്കിൽ 'മറുകട്ടി' എന്നു പേരുണ്ടായതു്.

(പൊക്കിൾ കൊടി മറുപിള്ളയോടു കുട്ടിയെ സംയോജിക്കുന്നു).

**മറുപുറം**-മറെറവശം.

**മറുപേരെച്ചം**-(വ്യാകരണത്തിൽ) നിഷേധ നാമാംശം. ഉ-ം, വരാത്ത, പോകാത്ത ഇത്യാദി.

**മറുപൊരുൾ**-മറെറാരത്ഥം.

**മറുപോരു്**-ഒരുത്തന്റെ ബുദ്ധികൊണ്ടു കാണുന്നതിനെ അറിഞ്ഞു അതിന്റെ പകരമായിട്ടു കാണുന്ന ഉപായം.

**മറുപ്പ്**-മ. വിരോധം, നേരിടുക അതിക്രമിച്ചുചെയ്ക. വ. നിഷേധം.

**മറുഭാഗം**-മ. മറുവശം. വ. ശത്രുപക്ഷം

**മറുഭാഗി**-ശത്രു, വിരോധി.

**മറുഭാഷ**-മ. അന്യഭാഷ വ. മറെറാരു രൂപം.

**മറുമരുന്നു**-പ്രത്യൌഷധം, ഒരു മരുന്നു കൊണ്ടുണ്ടായ ദോഷം തീരുന്നതിനു പിന്നെ കൊടുക്കുന്ന മരുന്നു്.

**മറുമാസം**-കഴിഞ്ഞതോ വരുവാനുള്ളതോ ആയ മാസം.

**മറുമുടി**-ചില സ്ത്രീകൾ തലമുടി പോരാഞ്ഞാൽ വച്ചുകെട്ടുന്ന ചമരി മൃഗത്തിന്റെ വാൽ. (തിരിപ്പൻ).

**മറുമൂലക്കാരൻ**-ചില്ലറക്കച്ചവടക്കാരൻ. വ. മറെറാരുത്തന്റെ മൂലധനംകൊണ്ടു കച്ചവടം ചെയ്യുന്നവൻ.

**മറുമൊഴി**-ഉത്തരം.

**മറുരാജ്യം**-അന്യരാജ്യം.

**മറുരൂപം**-മറെറാരു രൂപം.

**മറുവടി**-മറുപടി.

**മററു്**-വി. വേറെ.

മററന്നാൾ-അ. നാളെ കഴിഞ്ഞുവരുന്ന ദിവസം.

മററം-മേച്ചിൽസ്ഥലം, ആററരികെയുമ്മററമുള്ള ചില കണ്ടത്തിന്ന പറയുന്ന ഒരു പേർ.

മററവൻ-മററ അവൻ. ഒരു കൂട്ടത്തിൽ പിൻപിൽ പറയപ്പെട്ടതല്ലാതെ പിന്നെയുള്ളവൻ.

മററും-അ. വേറെയും.

മറെറ-അ. വേറെയും.

മറേറത്ത്-അ. ഇതല്ലാത്തത്.

മറെറാരു-വി. വേറൊരു.

―――

## മാ.

മാ-പു. ലക്ഷ്മി. ൨. സമ്പത്ത്.

മാ എന്ന പദത്തിന്ന് ഒരു സ്വരമേയുള്ളു. അതിനാൽ ഹ്രസ്വം ഇല്ല. ശ്രീ, ഭ്രൂ ഇത്യാദി കാണുക. അന്ത്യസ്വരത്തിന്ന് ഹ്രസ്വം വരുന്നതു ഒന്നിലധികം സ്വരമുള്ള ശബ്ദങ്ങളിലാണ്. 'അനേകാക്ഷരങ്ങളിലന്ത്യം കുറുകും.' (കേ. പാ. 355)

ഭക്തന്മാരുടെ ഭക്തിയെ കണക്കാക്കുന്നവൾ എന്നർത്ഥം.

മാ-വി. വലുതായ.

മാ-അ. അരുതു്, വേണ്ട, അത്ഭുതം.

മാകന്ദം-തേന്മാവ്, മാവ്.

മാകന്ദി-ശാകവർഗ്ഗത്തിൽ ചേർന്ന മൂലശാകം.

വെളുത്തും കറുത്തും രണ്ടുതരമുണ്ട്. കാലിക്കൊടിക്കിഴങ്ങ് എന്നു പറയുന്നുണ്ട്.

മാകലി-ഇന്ദ്രസാരഥിയായ മാതലി.

മാക്കല്ല്-കല്ലുലക.

മാക്കാൻ-കാട്ടുപൂച്ച.

മാക്കിറി-ചാടുന്ന ഒരുമാതിരി ചെറിയ ജന്തു, തവള.

മാക്കീരക്കല്ല്-ഒരു ഔഷധം, ഒരുവക കല്ല്.

കുഷ്ഠം, അർശസ്സ്, ചുമ, വ്രണം മുതലായവയ്ക്കു നന്ന്. ഇതു സ്വർണ്ണത്തിന്റെ ഉപധാതുവാണ്. ശുദ്ധിയും മാരണവും ശരിയാകാതെ ഇരിക്കുന്ന മാക്കീരക്കല്ല് അറിയാതെ ഭക്ഷിച്ചുണ്ടാകുന്ന വികാരത്തിൽ മുതിരക്കഷായം സേവിക്കുക.

മാക്ഷി(ക്ഷീ)കം-പു. തേൻ.

[നിറം നല്ലെണ്ണയുടേതാണ്.]

മാക്ഷികം എന്നതിന്ന മക്ഷികകളാൽ കൃതം എന്നർത്ഥം. ൨ മാക്കീരക്കല്ല്.

മാഗധ-വി. മഗധരാജ്യത്തെസംബന്ധിച്ച

മാഗധൻ-പു. രാജാക്കന്മാരുടെ വംശപരമ്പരയെ പാടി സ്തുതിക്കുന്നവൻ. യാചിക്കുന്നവൻ എന്നർത്ഥം. ൨. ക്ഷത്രിയജാതിസ്ത്രീയിൽ വൈശ്യനുണ്ടായ പുത്രൻ.

മാഗധി-പു. കുറുമൊഴിമുല്ല. മഗധദേശത്തുണ്ടായതു എന്നർത്ഥം. ൨. ഒരു ഭാഷ. ൩. മഗധരാജാവിന്റെ പുത്രി. ൪. മഗധദേശത്തെ രാജസ്ത്രീ. ൫. തിപ്പലി. ൬. പന്നിക്കിഴങ്ങ്. ൭. പഞ്ചസാര. ൮. ചിററേലം. ൯. ഒരു നദി.

മാംഗല്യ(ക)ം-ഒരുവക പയർ.

മാഘൻ-ഒരു പ്രസിദ്ധ കവി.

മാഘം (ശിശുപാലവധം) കാവ്യം ഇദ്ദേഹത്തിന്റെ കൃതിയാണ്.

'ഉപമാ കാളിദാസസ്യ
ഭാരവേരർത്ഥഗൌരവം,
ദണ്ഡിനഃ പദലാളിത്യം
മാഘേ സന്തി ത്രയോ ഗുണാഃ'

മാഘപുരാണം-ഒരു പുരാണഗ്രന്ഥം.

മാഘം-പു. മകരമാസത്തിന്നും കുംഭമാസത്തിന്നും കൂടി പറയുന്ന ഒരു പേർ.

പാപം ഇല്ലാത്തതു് എന്നർത്ഥം. ൨. ശിശുപാലവധം എന്ന കാവ്യം. (മാഘൻ എന്നതു നോക്കുക).

മാഘമാ-പെൺ ഞണ്ടു്.

മാഘമാസം-മകരമാസം.

മാഘ്യം-കുരുക്കുത്തിമുല്ല മാഘമാസത്തിൽ പൂക്കുന്നതു്.

മാങ്ങാ-മാവിന്റെ കായ്.

മാങ്ങയുടെ മജ്ജയിൽനിന്നുണ്ടാകുന്നതാണു് മാങ്ങ എന്നു.

മാങ്ങാനാറി-ഒരു പച്ചമരുന്നു്.

വാതം, വായുമുട്ടൽ മുതലായതിനു നന്നു്. കറികളിൽ ചേർത്താൽ വാസനയുണ്ടാകും. സം-നദ്യാമ്രം.

മാചലം-ചീങ്കണ്ണി, മുതല.

മാചലൻ-പു. വഴിയിൽ നിന്നു പിടിച്ചുപറിക്കുന്നവൻ, കൊള്ളക്കാരൻ, ൨. കള്ളൻ.

മാചം-വഴി, റോട്ട്.

മാചികാ-മക്ഷികാ.

മാചിക്ക-ഒരങ്ങാടിമരുന്നു്, മായക്കാ.

മാച്ചു്-പു. അഴുക്കു്, ക്ലാവു്.

അപ്പോൾ പ്രസവിച്ച ചില കുട്ടികളുടെ ദേഹത്തിൽ പററിയിരിക്കുന്ന സാധനത്തിന്നും മാച്ചു് എന്നു പറയാറുണ്ടു്. കഴുകിയാൽ പോകും.

൨. മറുപിള്ള. ൩. പാപം, ൪. കറ. ൫. വഞ്ചന.

മാച്ചൽ-പു. മായുക, തുടച്ചുകളയുക. ൨. മറഞ്ഞിരിപ്പു്. ൩. മറവി.

മാച്ചാക്കുന്നു-അഴുക്കാക്കുന്നു.

മാച്ചാങ്കളി-ഒരുമാതിരി കളി.

മാച്ചുവള്ളി-മറുപിള്ളയെ ഗർഭാശയവുമായി ബന്ധിക്കുന്ന ഞരമ്പുകെട്ടു്.

മാജലം-ഒരുവക പക്ഷി.

മാഞ്ചി-ഒരങ്ങാടിമരുന്നു്, ജടാമാഞ്ചി.

ത്രിദോഷം, വിഷം, കുഷ്ഠം മുതലായവയ്ക്കു നന്നു്. സം-ജടാമാംസി. ത-ചടാമാഞ്ചിൽ.

മാഞ്ചെവി-എരിമക്കള്ളി, ഇലക്കള്ളി.

മാഞ്ഞാലം-കഴഞ്ഞാടിപ്പറയുന്നതു(പ-മ)

മാട്ടു്-പു. കാള, പശു മുതലായതു്. ൨. പിച്ചാങ്കത്തിയുടേയും മററും മൂച്ചയില്ലാത്ത വശം. ൩. പൊങ്ങിയ സ്ഥലം, മല, കുന്നു്. ഉ-ം 'മാടൊത്ത മുലയാൾ' ൪. കൈയാല, ഈടു്.

മാട-കൊമ്പു കീഴ്പ്പോട്ടുള്ള പശു.

മാടനമ്പി-മാടമ്പി.

മാടൻ-പു. ദോഷൻ, ൨. ഒരു ദേവൻ.

മാടപ്രാവു്-ഒരുമാതിരി പ്രാവ്.

മാംസം ചുട്ടുതീററലിന്നും മററും നന്നു്. മാടപ്രാവ് എന്നാൽ വീടുകളിൽ വളർത്തുന്നതാകുന്നു. സാ-പാരാവതം. ത-മാടപ്പുറാവു്. Domestic Pigeon.

മാടഭൂപതി-കൊച്ചീമഹാരാജാവു തിരുമനസ്സിലെ ഒരു പേർ.

മാടഭൂമി-കൊച്ചീരാജ്യം.

മാടം-പു. ചെറിയ വീട്. ൨. കാക്കുന്നപുര. ൩. പുലക്കുടി. ൪. മാളിക, തട്ടു്. ൫. പിച്ചാത്തിയുടേയും മററും മൂച്ചയില്ലാത്ത വശം

മാടമ്പു്-പു. മാടമ്പിയുടെ അതിർത്തിയിൽപെട്ട സ്ഥലം. ൨. രാജ്യഭാഗം. ൩. മേലധികാരം.

മാടമ്പി-ഇടപ്രഭു.

മാടമ്പി-ഈഴവരിൽ താണ ഒരു ജാതിക്കാർ.

മാടണി-വി, കുന്നുപോലെ കട്ടിയും ഉയരവുമുള്ള.

മാട്ട്-മേട്, വ. കന്ന്.

മാടിന-വി. പിൻവാങ്ങിയ.

മാടിട്ടക-പ്ര. അടിച്ചുാക്കുക, അടിച്ചു നിൎത്തുക. വ. കൈ കാട്ടി വിളിക്കുക.

മാട്ടുന്നു-പ്ര. കൈ കമഴ്ത്തി മന്നുന്നു. വ. കയ്യാല കോരുന്നു. ന. കൈകാട്ടി വിളിക്കുന്നു.

'നരവീരനെമാടിവിളിച്ചും'
(കിരാതം തുള്ളൽ)

മാട്ടാട്ട്-പുരമേയുന്നതിന് മണ്ണുകൊണ്ടുണ്ടാക്കിയ ഒരുമാതിരി സാധനം, ഓട്.

മാട്ട്-ക്ഷുദ്രപ്രയോഗം.

മാട്ടം-പ്ര മൺകോട്ട വ. മൺചിറ. ന. കല്ലുകടം. ര. കൈകൊണ്ടടിക്ക. ഇ. ചിറയിടുകയും മററം.

മാട്ടാൻ-കാളയെ തെളിക്കുന്നവൻ.

മാട്ടി-ഒരാഭരണം.

കമ്മലിൽ നിന്നും മുകളിൽ വാളിയിൽ കൊണ്ടു കെട്ടുന്നതാണ്.

മാട്ടുന്നു-പ്ര. ക്ഷുദ്രംചെയ്യുന്നു. വ. ആമത്തിലിടുന്നു ന. കള്ളുകുടപ്പാൻ കുടം തൂക്കുന്നു

മാട്ടുബാധ-ക്ഷുദ്രബാധ

മാറ്റം-റോട്ട്, വഴി.

മാഠരൻ-പ്ര. സൂൎയ്യന്റെ പാൎശ്വവൎത്തികളിൽ ഒരുവൻ.

സൂൎയ്യൻ വലരെ ദയവുള്ളവനാകകൊണ്ടു രാക്ഷസന്മാൎക്ക വരം കൊടുത്തേക്കുമോ എന്നു പേടിച്ചു, യമൻ, അഗ്നി, രുദ്രൻ ഇവർ മാഠരൻ, പിംഗളൻ, ദണ്ഡൻ എന്ന പേരുകളോടു കൂടിയവരായി സൂൎയ്യന്റെ സമീപത്തിൽ വസിക്കുന്നു.

വ. വൈശ്യൻ. ന. ബ്രാഹ്മണൻ.

മാഠാപത്യം-മഠപതിയുടെ അവസ്ഥ.

മാഠീ-ഇരിമ്പുചട്ട.

മാഢി കൊട്ടാരം

മാഢി-പ്ര. അങ്കുരം. വ. ഞെരുക്കം. ന. ഇലമേലുള്ള ഞെരമ്പ്. ര. ദുഃഖം, ഇ. ദാരിദ്ര്യം. ന്ധ. കോപം. ൫. ഇർട്ടപ്പല്ല്

മാണം-വാഴക്കിഴങ്ങ്.

മാണവകൻ-പ്ര. ബാലകൻ മനുവിന്റെ ചെറിയ അപത്യം എന്നൎത്ഥം. വ. മൂഢൻ. ന. വേദം പഠിക്കുന്നവൻ.

മാണവകം-പ്ര. ഇരുപതു ഇഴയുള്ള മുത്തുമാല. ബാലനെപ്പോലെ കെട്ടുകമുള്ളതു എന്നൎത്ഥം. വ. ഒരു വൃത്തത്തിന്റെ പേർ.

മാണവൻ-ബാലകൻ, ബ്രഹ്മചാരി, വിദ്യാൎത്ഥി.

മാണവം-പതിനാറചുറ്റുള്ള മാല.

മാണവീന-വി. മാണവനെസ്സംബന്ധിച്ച.

മാണവ്യം-പ്ര. മാണവന്മാരുടെ സമൂഹം, ബ്രഹ്മചാരിക്കൂട്ടം. വ. ബാലത്വം.

മാണാരി-ശൂദ്രരിൽ ഒരിനക്കാർ.

മാണി-ബ്രാഹ്മണബാലന്മാരിൽ ചിലൎക്ക പറയുന്ന ഒരു പേർ, ബ്രാഹ്മണക്കുട്ടി.

ഇപ്പോഴും ചിലർ മററ കുട്ടികളേയും വിളിച്ചുവരുന്നതായി കാണുന്നു.

മാണിക്യം-രത്നവിശേഷം. ജനങ്ങളും ഇതിനെ 'മണി' എന്നു പറയുന്നതിനാൽ ഈ പേരുണ്ടായി. ചെമപ്പുരത്നം, മാണിക്യക്കല്ല്, മാണിക്യരത്നം.

വാതം, വ്രണം, ക്ഷയം മുതലായവ ശമിപ്പിക്കും. സം-പത്മരാഗം. ത-കെമ്പുകല്ല്, മാണിക്കം. ഇം-Ruby റൂബി

മാണിബന്ധം, മാണിമന്ഥം-ഇന്തുപ്പ്. മണിമന്ഥപൎവ്വതത്തിൽ നിന്നെടുക്കുന്നതിനാൽ ഈ പേരുണ്ടായി.

മാണിയൂർനമ്പിടി-600 നായന്മാരുള്ള ചെരുമ്പഴപ്പിലെ ഒരു ഇടപ്രഭു.

മാണ്ടവൻ-മരിച്ചവൻ.

മാണ്ടു-മരിച്ചു. (പ-മ.)

മാണ്ഡലിക-വി. മണ്ഡലത്തെ സംബന്ധിച്ച.

മാണ്ഡലികൻ-ഒരു സ്ഥലത്തെ ഭരണാധികാരി.

മാണ്ഡവി-കുശദ്ധ്വജന്റെ പുത്രി, ഭരതന്റെ ഭാര്യ.

മാണ്ഡവ്യൻ-ഒരു ഋഷി, വിഖ്യാതനായ ബ്രഹ്മജ്ഞാനശ്രേഷ്ഠൻ. (ആണിമാണ്ഡവ്യൻ നോക്കുക).

മാൺപു്-ദ്ര. മയക്കങ്ങൾ. ഉ. ഭംഗി, സൌന്ദര്യം. [ള്ള'
'മാൺപാർന്നകാന്തിതൻ കാമ്പായിനിന്ന
(കൃഷ്ണഗാഥ)
ന. കീർത്തി.

മാതു്-ദ്ര. പെൺ ഉ-ം, അല്ലിത്താർമാതു്. ഉ. മാതാവു്.

മാതംഗൻ-ദ്ര. ചണ്ഡാലൻ, പറയൻ. മതംഗന്റെ അപത്യം എന്നർത്ഥം. ഉ. കാട്ടാളൻ, കിരാതൻ.

മാതംഗം-ആന. മതംഗമഹർഷിയെ സംബന്ധിച്ചതു് എന്നർത്ഥം.

മാതംഗദിവാകരൻ-സുപ്രസിദ്ധനായ ഒരു കവി.

മാതംഗലീല-ഒരു പുസ്തകം, ആനപ്പുറവു് പഠിക്കുന്നതിനുള്ള ശാസ്ത്രം.

മാതംഗീ-ദ്ര ഒരു ദേവി, പാർവ്വതി. ഉ. പിടിയാന

മാതരപുരുഷൻ-ദ്ര. ഭീരു. ഉ. അമ്മയുടെ അടുക്കൽമാത്രം പുരുഷന്റെ ഭാവം കാണിക്കുന്നവൻ.

മാതരിശ്വാവു്-വായു, കാററു്. ആകാശത്തിൽ വധിക്കുന്നവൻ, അമ്മയുടെ ഗർഭത്തിങ്കൽ വധിക്കുന്നവൻ എന്നുമാവാം. ഇങ്ങിനെ ശബ്ദാർത്ഥം.

മാതരിശ്വാൻ—ഉല്ക്കകൾക്കുവേണ്ടി ആകാശത്തിൽനിന്ന അഗ്നികൊണ്ടുവന്ന ആളു്.

മാതർ-സ്ത്രീകം.

മാതലി-ഇന്ദ്രന്റെ തേരാളി. സൂതകർമ്മങ്ങളിലുള്ള മതങ്ങളെ ഗ്രഹിച്ചവനായ മതലൻ എന്നവന്റെ പുത്രൻ എന്നർത്ഥം. (മതങ്ങൾ=സൂതകർമ്മങ്ങൾ. ലതി=അറിയുന്നവൻ).

മാതളനാരകം, മാതളം-ഒരുമാതിരി നാരകം.

ഇതിലെ കായു്-മാതളനാരങ്ങ-പഴുത്തതു വാതം, ചുമ, കഫം, വീക്കം, അജീർണ്ണം, അരുചി മുതലായവകളെ നന്നു്. സം-ബീജപൂരം. ത-കമ്മട്ടിമാതുളൈ, തുരിഞ്ചു നാരത്തം. ഇം-Citron tree സൈട്രൻ ട്രീ.

മാതളനാരങ്ങാ—മാതളനാരകത്തിലെ കായു്.

മാതാ-ദ്ര. എലിച്ചെവി. ഉ. ചെറിയ കാട്ടുവെള്ളരി. ന. മാഞ്ഞി. ര, കററവാഴ.

മാതാപിതാക്കന്മാർ-അമ്മയും അച്ഛനും കൂടെയുള്ള പേർ.

മാതാമഹൻ-അമ്മയുടെ അച്ഛൻ, അമ്മാത്തു മൂത്തച്ഛൻ.

മാതാമഹി-അമ്മയുടെ അമ്മ.

മാതാ(വു്)-ദ്ര. അമ്മ. പൂജിക്കപ്പെട്ടവൾ എന്നർത്ഥം. ഉ. പാർവ്വതി. ന. രേവതി. ര. ലക്ഷ്മി. ഉ. ഭൂമി. ന്ത. ആകാശം. ൧. പശു. (പുല്ലിംഗം) മാനം ചെയ്യുന്നവൻ. തത്വവിവേചനം ചെയ്യുന്നവൻ.

മാതിരി-വിധം, തരം, വക, മട്ടം.

മാതു വടക്കെമലയാളത്തിൽ ഇതു സ്ത്രീകൾക്കുള്ള പേരാണു്. അമ്മുണ്ണി, ക

ഞെക്കുട്ടി, മാതൃ—എന്നീ മൂന്നു പേരുകളും ചില ദിക്കിൽ പുരുഷന്മാൎക്കും മററ ചില ദിക്കിൽ സ്ത്രീകൾക്കും ധാരാളം ഉപയോഗിച്ചുവരുന്നുണ്ടു്.

**മാതൃധാനൻ**-ഒരുമാതിരി പാമ്പു്, മദനമണ്ഡലി. (മാല്യധാനൻ എന്ന ശബ്ദമാണു് അധികം നടപ്പു്). ചിത്രസൎപ്പം, പച്ചമിപ്പാമ്പു്, കൺകൊത്തിപ്പാമ്പു്.

**മാതുലൻ**-അമ്മാവൻ.

**മാതുലപുത്രകം**-ഉമ്മത്തിൻകായ്. അമ്മാവന്റെ പുത്രനെപ്പോലെയുള്ളതു് എന്നൎത്ഥം. പേപ്പട്ടി വിഷാൎത്തനെ ജാഗ്രതയോടു രക്ഷിക്കുന്നതിനാൽ ഈ അൎത്ഥം സിദ്ധിച്ചു. മാതുലം എന്ന ചെടിയുടെ കായ് എന്നുമാവാം.

**മാതുലം**-പു. ഉമ്മത്തം. സാദൃശ്യമില്ലാത്തതു് എന്നൎത്ഥം. ലക്ഷ്മീദേവിയോടു സദൃശം എന്നുമാവാം. വ. ചെറുകയ്യുനെല്ലു്. ന. മലങ്കാര.

**മാതുലാനി**-സ്ത്രീ അമ്മാവന്റെ ഭാൎയ്യ, മാതുലീ (അമ്മായി). വ. ചെറുകയ്യുനെല്ലു്. ന. കഞ്ചാവു്.

**മാതുലാഹി**-മദനമണ്ഡലി.

**മാതുലി**-അമ്മാവന്റെ ഭാൎയ്യ.

**മാതുലുംഗ(ക)ം**-വള്ളിനാരകം, മാ(ത)തുളുനാരകം. ഹിംസിക്കപ്പെടുന്നതും ശോഭിക്കുന്നതും എന്നൎത്ഥം. (മാതുലിംഗം എന്നും ഉണ്ടു്).

**മാതൃക**-വി. മാതാവിനെസംബന്ധിച്ച.

**മാതൃക**-സ്ത്രീ. അമ്മ വ. വളൎത്തമ്മ. ന. അകാരാദ്യക്ഷരങ്ങൾ. ര. ഒരു ദേവി.

**മാതൃകൻ**-അമ്മാമൻ.

**മാതൃകൾ**-സ്കന്ദന്റെ ഏഴു വളൎത്തമ്മമാർ

'ബ്രാഹ്മീമാഹേശ്വരീചൈവ
കൌമാരീവൈഷ്ണവീതഥാ,
മാഹേന്ദ്രീചൈവവാരാഹീ
ചാമുണ്ഡാസപ്തമാതരഃ'

എട്ടുപേരുണ്ടെന്നു് ചിലരും പതിനാറുപേരുണ്ടെന്നു് വേറെ ചിലരും അഭിപ്രായപ്പെടുന്നു.

൧൬ മാതൃക്കൾ-ഗൌരി, പത്മാ, ശചി, മേധാ, സാവിത്രി, വിജയാ, ജയാ, ദേവസേനാ, സ്വധാ, സ്വാഹാ, ശാന്തി, പുഷ്ടി, ധൃതി, തുഷ്ടി, കുലദേവ, ആത്മദേവതാ.

**മാതൃഗുപ്തൻ**-ഒരു പ്രസിദ്ധകവിയായ കാശ്മീരരാജാവു്.

കാശ്മീരരാജാവായിരുന്ന 'ഹിരണ്യൻ' മരിച്ചപ്പോൾ വിക്രമാദിത്യൻ തന്റെ രാജധാനിയിലുണ്ടായിരുന്ന മാതൃഗുപ്തനെയാണു് അഭിഷേകം ചെയ്തു് കാശ്മീരത്തിലേക്കയച്ചതു് എന്നു രാജതരംഗിണിയിൽ കാണുന്നു. ഇദ്ദേഹം കാളിദാസൻ തന്നെയായിരിക്കണമെന്നു് ചില പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു.

**മാതൃഘാതകൻ**-പു. അമ്മയെ കൊന്നവൻ. വ. ഇന്ദ്രൻ.

**മാതൃബന്ധുക്കൾ**-മാതാവിനെ സംബന്ധിച്ച ബന്ധുക്കൾ.

'മാതുഃപിതുഃസ്വസുഃപുത്രാ
മാതുർമാതുഃസ്വസുസ്സുതാഃ,
മാതുർമാതുലപുത്രാശ്ച
വിജ്ഞേയാമാതൃബന്ധവഃ'

**മാതൃഷ്വസാവു്**-ചിററമ്മ, പേരമ്മ.

**മാതൃഷ്വസേയൻ, മാതൃഷ്വസ്രീയൻ**-അമ്മയുടെ സഹോദരിയായ ചിററമ്മയുടേയോ പേരമ്മയുടേയോ മകൻ

**മാതൃഹത്യ**-അമ്മയെക്കൊന്ന പാപം.

**മാതൃഹൻ**-വി. അമ്മയെക്കൊന്ന.

**മാതൃഹനനം**-അമ്മയെ കൊല്ലുക.

**മാത്ര**-സ്ത്രീ. നിമിഷം.

ഒരു ലഘ്വക്ഷരം ഉച്ചരിപ്പാൻ വേണ്ടി വരുന്ന സമയത്തിനു 'മാത്ര' എന്നു

പേർ. അ, ഇ, ഉ എന്നിങ്ങനെയുള്ള ഹ്രസ്വാക്ഷരങ്ങൾ തന്നെ ലഘ്വക്ഷരങ്ങൾ.

൨. അല്പം. ൩. അളവ്. ൪. കവിതാമാത്ര (ഒരു ലഘുവിനെ ഉച്ചരിപ്പാനുള്ള കാലം). ൫. ഉപകരണം. ൬. ക്രമം. ൭. ഗുളിക. ൮. സമ്പത്ത്. ൯. അലംച്ച്. ൧൦. കണ്ഡലം. ൧൧. സൂക്ഷ്മം.

മാത്രക്കോൽ–ഒരുമാതിരി കളിക്കാക്ക കയറിയിരുന്നു കളിപ്പാനുള്ള ഒരു യന്ത്രം

മാത്രം–അ. ൧. തന്നെ. ൨. തനിച്ച്. ൩. മുഴുവൻ.

മാത്രാവൃത്തം–ഒരു പാദത്തിനു ഇത്രമാത്രയെന്നു നിയമമുള്ള വൃത്തം.

മാത്രാശനം–ഭക്ഷണവസ്തുവിന്റെയും സമയത്തിന്റെയും അവസ്ഥപോലെ ഭക്ഷിക്കുക.

മാത്രാസമകം—മാത്രാവൃത്തങ്ങളിൽ ഒന്ന്.

മാത്സര–വി. മറ്റൊരുവന്റെ സൌഖ്യത്തെക്കുറിച്ചു അസൂയയുള്ള.

മാത്സര്യം – മറ്റൊരുത്തന്റെ സൌഖ്യത്തെക്കുറിച്ചുള്ള അസൂയ, വൈരം, മറ്റൊരുത്തൻ നന്നാകുന്നതു കണ്ടാൽ യാതൊരു സഹിച്ചുകൂടായ്മ.

മാത്സികൻ–മീൻ പിടിക്കുന്നവൻ.

മാത്സ്യം–പതിനെട്ടു പുരാണങ്ങളിൽ ഒന്ന്. കല്പാരംഭത്തിൽ മത്സ്യരൂപിയായ മധുസൂദനൻ വേദങ്ങൾ നടപ്പിലാക്കാൻ നരസിംഹചരിതത്തെ വിഷയീകരിച്ചു ഏഴു കല്പങ്ങളിലെ അവസ്ഥ മനുവിനോടു അരുളിച്ചെയ്തതു. ശിവനെ വർണ്ണിക്കുന്നു. വിഷ്ണുവിന്റെ അവയവം മേദസ്സ്. താമസപ്രധാനം. ഗ്രന്ഥം 14,000.

മാഥം–൧. കൊല. ൨. വഴി, റോട്ട്. ൩. കടയുക, കലക്കുക.

മാദന–വി. ൧. അഹങ്കാരമുള്ള. ൨. ലഹരിയുള്ള.

മാദം, മാദനം, മദം–൧. സന്തോഷിക്കുക. ൨. അഹങ്കാരം. ൩. ലഹരി (കിറുക്കം).

മാദകം–൧. മദം ഉണ്ടാക്കുന്നത്, സന്തോഷിപ്പിക്കുന്നത്. ൨. നഞ്ഞ്.

മാദനൻ–കാമദേവൻ.

മാദിനി–കഞ്ചാവ്.

മാദൃക്ഷകൾ–എന്നെപ്പോലെയുള്ളവർ.

മാദൃശ–വി. എന്നെപ്പോലെയുള്ള.

മാദ്ര–ഒരു രാജ്യം (ഇപ്പോൾ ബൂട്ടാൻ).

മാദ്രി–൧. മദ്ര രാജാവിന്റെ പുത്രി, പാണ്ഡുവിന്റെ രണ്ടാമത്തെ ഭാര്യ, നകുലസഹദേവന്മാരുടെ അമ്മ. ൨. അതിവിടയം.

മാദ്രേയൻ–മാദ്രിയുടെ പുത്രൻ. സഹദേവൻ അല്ലെങ്കിൽ നകുലൻ.

മാദ്രേശൻ– ശല്യർ, മദ്രരാജാവ് എന്നർത്ഥം.

മാധവ–വി. തേൻകൊണ്ടുണ്ടാക്കിയ.

മാധവകം – ഇരിപ്പവൃക്ഷത്തിന്റെ പൂവിൽനിന്നും ചമച്ച മദ്യം, മദ്യം. (മധുകം–ഇരിപ്പ).

മാധവാദ്രം–മാവ്.

മാധവനിദാനം–ഒരു വൈദ്യ ഗ്രന്ഥം.

ഇതു മാധവാചാര്യൻ എഴുതിയതാണ്. ഇദ്ദേഹം ൧൪-ാം നൂറ്റാണ്ടിൽ ജീവിച്ചിരുന്നതായി പറയുന്നു. ഇദ്ദേഹത്തെ കുറിച്ച് ജൈമിനീയുടെ ന്യായമാലാവിസ്താരത്തിൽ താഴെ പറയുംപ്രകാരം കാണുന്നു.

'ശ്രുതസ്മൃതസദാചാര
പാലകോമാധവോബുധഃ
സ്മാർത്താംവ്യാഖ്യായസർവ്വാർത്ഥം
ദ്വിജാർത്ഥഃശ്രൗതമുദ്ധൃതഃ'

**മാധവൻ**-പു. വിഷ്ണു. മായുടെ (ലക്ഷ്മിയുടെ) ധവൻ (ഭർത്താവ്). ൨. കൃഷ്ണൻ. ൩. ഇന്ദ്രൻ. ൪. പരശുരാമൻ. ൫. വസന്തൻ, കാമദേവന്റെ ഇഷ്ടൻ. ൬. ഒരു സുപ്രസിദ്ധകവി.

**മാധവം**-പു. ഇടവമാസം, വൈശാഖമാസം. പുഷ്പരസമുള്ള കാലം എന്നർത്ഥം. ൨. ഒരു ഋതു, വസന്തകാലം. ൩. തേനിനു തുല്യമായ മധുരം. ൪. ഇരിപ്പ ൫. കറുത്ത ചെറുപയറ്.

**മാധവാചാര്യൻ** - ഒരു വൈഷ്ണവ പണ്ഡിതൻ.

മായനാചാര്യന്റെ പുത്രനും സായനാചാര്യന്റെ സഹോദരനുമാണ്. സർവ്വദർശനസംഗ്രഹം, സംക്ഷേപശങ്കരവിജയം മുതലായവ ഇദ്ദേഹത്തിന്റെ കൃതികളാകുന്നു. സായനാചാര്യനൊന്നിച്ചു ഋഗ്വേദവ്യാഖ്യാനം നിർമ്മിച്ചു. പതിനഞ്ചാം നൂറ്റാണ്ടിൽ ജീവിച്ചിരുന്നു.

**മാധവീ**-പു. കുരുക്കുത്തി മുല്ല. സമയത്തിൽ (വസന്തത്തിൽ) പൂക്കുന്നത് എന്നർത്ഥം. ൨. കൃഷ്ണന്റെ സോദരി. ൩. ഒരു മദ്യം. ൪. ഒരുമാതിരി ശർക്കര. ൫. ലക്ഷ്മി ൬. വെളുത്ത വലിയ പിച്ചകം. ൭. ശതകുപ്പ ൮. തേൻ കൊണ്ടുണ്ടാക്കുന്ന പഞ്ചസാര. ൯. മധുരനാരകം.

**മാധവീലതാ**-കുരുക്കുത്തിമുല്ല.

**മാധുകരി**-ചില സന്ന്യാസികൾ അഞ്ചു സ്ഥലങ്ങളിൽനിന്നു വാങ്ങിക്കുന്ന ഭിക്ഷ.

**മാധുരം**-ഒരുമാതിരി മുല്ല.

**മാധുരി**-പു. മദ്യം. ൨. മധുരത.

**മാധുര്യം**-പു. മധുരത, രുചിയുടേയും സ്വഭാവത്തിന്റേയും ഒരു വിശേഷം. ൨. ഏതവസ്ഥാവിശേഷങ്ങളിലും നിലനിൽക്കുന്നതായ രമണീയത്വം. ഉ-ം,

'പുല്പാമ്പുജത്തിനു രമ്യതയ്ക്കുകുറവോ
പായൽപതിഞ്ഞീടിലും
ചൊല്ലാർന്നോരഴകല്ലയോ പനിമതി-
ക്കങ്കം കറുത്തെങ്കിലും,
മല്ലാക്ഷീമണിയാൾക്കു വല്ക്കലമിതും
ഭൂയിഷ്ഠശോഭാവഹം
നല്ലാകാരമതിന്നലങ്കരണമാ-
മെല്ലാം പദാർത്ഥങ്ങളും'
(അഭിജ്ഞാനശാകുന്തളം)

൩. കാവ്യഗുണങ്ങളിൽ ഒന്ന്. ൪. നായകന്റെ സാത്വിക ഗുണങ്ങളിൽ ഒന്ന്, അലങ്കാരങ്ങൾ കൂടാതെയുള്ള രമ്യത്വം. (വിലാസം നോക്കുക.)

**മാധൂക**-വി. മധുരമുള്ള, മധുരമായി സംസാരിക്കുന്ന. (കൻ, കീ, കം). (ഇതു വാക്കിനോടുമാത്രം ചേരും).

**മാധൂകരം**-യാചിതധനം.

**മാധ്യ**-വി. മധ്യത്തെ സംബന്ധിച്ച.

**മാധ്യന്ദിനഭോജനം**-മുത്താഴം.

**മാധ്യന്ദിനം**-പു. ഉച്ചസമയം. ൨. ഉച്ചമലരി.

**മാധ്യസ്ഥം**-പു. പക്ഷഭേദമില്ലായ്മ. ൨. ഉദാസീനത. ൩. മധ്യസ്ഥത.

**മാധ്യാഹ്നിക**-വി. പു. മധ്യാഹ്നകാലത്തുള്ള. ൨. ഉച്ചയ്ക്കു വേണ്ടുന്ന.

**മാധ്വൻ**-വിഷ്ണുമതക്കാരിൽ പ്രധാനി.

**മാധ്വം**-വിഷ്ണുമതം.

**മാധ്വി**-പു. മദ്യം. (തേൻ കൊണ്ടുണ്ടാക്കിയതു്) ൨. തേനീച്ച.

**മാധ്വികൻ**-തേൻ ശേഖരിക്കുന്നവൻ.

**മാധ്വീകം**-ഇരിപ്പപ്പൂവിൽ നിന്നു ചമച്ച മദ്യം.

**മാധ്വീകഫലം**-ഒരുവക തേങ്ങ.

**മാനഗ്രന്ഥി**-തെറ്റ്.

മാനദണ്ഡം-അളവുകോൽ.

മാനധാനികാ-വെള്ളരിക്കായ്.

മാനന-മാനിക്കൽ.

മാനനം-ബഹുമാനിക്കയെന്നുള്ളതു്.

മാനനീയ-വി. മാനിക്കത്തക്ക.

മാനൻ-ആരോപ്പർ.

മാനഭംഗം-മാനനാശം, അപമാനം.

മാനമദം-അഹങ്കാരം, ഡംഭം.

മാനം-പ്ര. കീർത്തി. വ. ബഹുമാനം, ത ന്നെത്താൻ പൂജിക്കുക. ന. ആകാശം. ർ. അളവു്.

സ്വർണ്ണം മുതലായവയെ തൂക്കുകയും, വസ്ത്രാദികളെ അളക്കുകയും (മുഴം വാര മുതലായതു കൊണ്ടുള്ള അളവാണ്) ധാന്യാദികളെ അളക്കുകയും (നാഴി മുതലായതു കൊണ്ടു) ചെയ്യുന്ന ത്രാസ് മുഴക്കോൽ പറ മുതലായതിനു പൊതുവിൽ പറയുന്ന പേരാത്രേ 'മാനം'.

ൽ. അഹങ്കാരം. ന്ത. സ്ത്രീകളുടെ ഒരു മാതിരി കോപം.

ഭർത്താവു് അന്യസ്ത്രീയിങ്കൽ അനുരാഗമുള്ളവനായി കണ്ടാൽ അസൂയ നിമിത്തം സ്ത്രീകൾക്കുണ്ടാകുന്ന കോപമാത്രേ 'മാനം'.

ഈർഷ്യാകോപം. ൧. പത്താംരാശി.

മാനംചാടി-ഒരുവക മത്സ്യം.

മാനംപാടി-ഒരുവക പക്ഷി.

മാനവകല്പസൂത്രം- വൈദികാചാരങ്ങളെ സംബന്ധിച്ചുള്ള ഒരു പുസ്തകം. (മനുവിന്റേതാണ്.)

മാനവതീ-ഈർഷ്യാകോപമുള്ള സ്ത്രീ.

മാനവധർമ്മശാസ്ത്രം-മനു ഉണ്ടാക്കിയ ഒരു ധർമ്മശാസ്ത്രഗ്രന്ഥം.

മാനവൻ-മനുഷ്യൻ. മനുവിങ്കൽ നിന്നു ജനിച്ചവൻ എന്നർത്ഥം.

മാനവർജ്ജിത-വി. മാനമില്ലാത്ത.

മാനവിക്രമൻ-കോഴിക്കോട്ടു രാജാവിന്റെ ഒരു സ്ഥാനപ്പേർ.

മാനവീ-പ്ര. സ്ത്രീ വ. മനുവിന്റെഭാര്യ.

മാനവേദൻ-കോഴിക്കോട്ടു ഇളയരാജാവിന്റെ സ്ഥാനപ്പേർ.

മാനശാലി-വി. മാനമുള്ള, ഗർവമുള്ള.

മാനസ-വി. മനസ്സിനെ സംബന്ധിച്ച.

മാനസൻ-പ്ര. പരമാത്മാവു്. വ. വിഷ്ണു

മാനസപുത്രർ-പ്രജാപതികൾ.

മാനസം-പ്ര. മനസ്സു്. മനനം ചെയ്യുന്നതു് (ആലോചിക്കുന്നതു്) എന്നർത്ഥം. വ. ദേവനദി. ന. വലിയ പന്തൽ. ർ. മാനസസരസ്സ്.

മാനസമന്ദിരം-അരയന്നം.

മാനസസരസ്സ്—ഹിമവാനിലുള്ള തടാകം.

ആകാശത്തിൽ നിന്നു മഹാമേരുപർവ്വതത്തിന്മേൽ വീണ സമുദ്രം നാലു ഭാഗങ്ങളുമായി ഒഴുകി അരുണോദം, സിതോദം, മഹാഭദ്രം, മാനസം എന്നു നാലു തടാകങ്ങളായി ഭവിച്ചു എന്നു വായുപുരാണം പറയുന്നു. പുരാണം അനുസരിച്ചു ഗംഗാനദിയുടെ ഉല്പത്തിസ്ഥാനം മാനസസരസ്സാണ്. യഥാർത്ഥത്തിൽ യാതൊരു നദിയും അതിൽ ഉത്ഭവിക്കുന്നില്ല. ഹംസങ്ങളുടെ ജന്മസ്ഥലം എന്നു കാണുന്നു.

മാനസസരോവരം-മാനസസരസ്സ്.

മാനസാന്തരം-ദൈവത്തോടു പശ്ചാത്തപിച്ചു ക്ഷമായാചനം ചെയ്യുന്ന മനഃസ്ഥിതി.

മാനസിക-വി. മനസ്സിനെ സംബന്ധിച്ചുള്ള.

മാനസീ-പ്ര. ജിനന്മാരുടെ ഒരു പ്രധാന ദേവി. വ. ഒന്നാമത്തെ മനുവിന്റെ പുത്രി.

മാനസീവ്യഥാ-മനഃപീഡ.

മാനസോത്തരം-ഒരു പർവതം. ഇതു പുഷ്കരദ്വീപിന്റെ മദ്ധ്യേയാണ്.

മാനസൌകസ്സ്-അരയന്നം. മാനസം സരസ്സ് ഗൃഹമായിട്ടുള്ളതു് എന്നർത്ഥം.

മാനാത്തി-പരദേശത്തുള്ള അലക്കുകാരി. (സ്ത്രീ മൈനാത്തി. പു-മൈനാത്തൻ).

മാനായി-മനുവിന്റെ ഭാര്യ, മനാവി.

മാനാർത്ഥക-വി. മാനത്തിനു വേണ്ടുന്ന.

മാനി-വി മാനമുള്ള, ഗർവ്വും മദവുമുള്ള.

മാനി-സിംഹം.

മാനികാ-നാ ഒരുവക അളവ്. ൨ ഒരു വക ലഹരിയുള്ള മദ്യം.

മാനിക്കുന്നു-ക്രി. ബഹുമാനിക്കുന്നു. ൨. അഹങ്കരിക്കുന്നു. ൩. ഉൂക്കുന്നു. ൪. അളക്കുന്നു.

മാനിത-വി. ബഹുമാനിക്കപ്പെട്ട.

മാനിതവ്യ-വി. മാനിക്കുവാൻ യോഗ്യതയുള്ള.

മാനിനീ-നാ. സ്ത്രീ. ൧. പ്രണയകോപമുള്ളവളും മാനമുള്ള സ്ത്രീ, ഈർഷ്യയുണ്ടാകയാൽ ഭർത്താവിനോടു കോപിച്ചിരിക്കുന്ന സ്ത്രീ. (മാനം എന്ന പദത്തിന്റെ ൬-ാമത്തെ അർത്ഥത്തിന്റെ വിവരണം നോക്കുക).

മാനരിങ്ങ-ഒരു തടി വൃക്ഷം.

മാനുഷ-വി. മനുഷ്യനെ സംബന്ധിച്ച.

മാനുഷത്വം-നാ. മനുഷ്യസ്വഭാവം. ൨. പുരുഷത്വം.

മാനുഷധർമ്മങ്ങൾ-(നാ. വിധം). സ്വാദ്ധ്യായം, ബ്രഹ്മചര്യം, ദാനം, യജ്ഞം, ആയാസവും പിശുക്കും ഇല്ലായ്മ, ദയ, അഹിംസ, ക്ഷമ, ജിതേന്ദ്രിയത്വം, ശൌചം, ദൈവഭക്തി.

മാനുഷൻ-മനുഷ്യൻ. മനുവിന്റെ അപത്യം എന്നർത്ഥം.

മാനുഷീ-സ്ത്രീ. മാനുഷജാതി സ്ത്രീ. മാനുഷ ഈ=മാനുഷീ.

മാനുഷീദധി-മുലപ്പാലിൽ നിന്നുണ്ടാകുന്ന തൈർ.

മാനുഷ്യകം-മനുഷ്യരുടെ കൂട്ടം.

മാനുഷ്യം-മനുഷ്യത്വം, മനുഷ്യനെ സംബന്ധിച്ചതു്.

മാനോജ്ഞകം-നാ. ഭംഗി. ൨. സ്നേഹം, പ്രേമം.

മാൻ-നാ. ഒരുമാതിരി മൃഗം.

ഇതിന്റെ നായാട്ടുപേര്—വല്ലപ്പോത്തു്.

(മാൻ ഉറക്കമായിരുന്നാലും ഇരുനൂറടി അകലെ നില്ക്കുന്ന മനുഷ്യന്റെ മണം പിടിക്കുന്നു—ശാരദ).

൨. അഞ്ചാമത്തെ നക്ഷത്രം, ൩. മേന്മ.

മാന്തൽ-നാ. നഖംകൊണ്ടു അള്ളുക. ൨. ഒരുവക മീൻ.

മാന്തല-നാ. മാനിന്റെ തല. ൨. മകയിരം.

മാന്തളിർപ്പച്ച-ഒരുമാതിരി പച്ചക്കല്ലു്.

മാന്താമാൻ-ചെറിയ ശരീരവും വലിയ വയറുമുള്ളതും കൊമ്പില്ലാത്തതുമായ ഒരുവക മാൻ.

മാംസം—ചുമയ്ക്കും മദവും നന്ന്. സം—മൃഗമാതൃകം, മുണ്ഡീ.

മാന്തുന്നു-ക്രി. നഖംകൊണ്ടു അള്ളുന്നു. ൨. കിളച്ചു തോണ്ടുന്നു.

മാന്ത്രികൻ-മന്ത്രവാദി.

മാന്ദം-പൈതങ്ങൾക്കുണ്ടാകുന്ന ഒരുദീനം.

മാന്ദസന്നി-പൈതങ്ങൾക്കുണ്ടാകുന്ന ഒരുമാതിരി സന്നി.

മാന്ദി-ഗുളികൻ.

മാന്ദ്യം-മ. ഏററവും സാവധാനശീലം, ജളത്വം, ൨. ഒരുമാതിരി ദീനം.

മാന്ധാതാവ് - സൂര്യവംശരാജാവായ യുവനാശ്വൻെറ പുത്രൻ.

'യുവനാശ്വൻ പുത്രനില്ലാതെ വ്യസനിച്ചിരുന്നു. കൃപാലുക്കളായ ചില മുനിമാർ രാജാവിന്നു പുത്രനുണ്ടാവാനായി ഇഷ്ടി ഒന്നു തുടങ്ങി. അതു നടന്നുവരവെ ഒരു ദിവസം ഇഷ്ടിശാലയിൽവെച്ചു രാത്രിയിൽ രാജാവിന്നു സഹിക്കാൻ പാടില്ലാത്ത ദാഹമുണ്ടായി. വേദിമദ്ധ്യേ ഒരു കലശത്തിൽ ഇരുന്ന വെള്ളം രാജാവ് എടുത്തു കുടിച്ചു. അതു മന്ത്രപൂതമായ ജലമായിരുന്നു. ഉറങ്ങിക്കിടന്നിരുന്ന മുനിമാർ എണീററു കലശം നോക്കിയപ്പോൾ അതിൽ വെള്ളം ഇല്ലെന്നു കണ്ടു. അന്വേഷിച്ചപ്പോൾ അതു രാജാവ് എടുത്തു കുടിച്ചു എന്ന് അവർ അറിഞ്ഞു. ആ ജലം യുവനാശ്വൻെറ പത്നി കുടിച്ചിരുന്നു എങ്കിൽ അവളിൽ മഹാരാജാവിന്നു അതിപരാക്രമിയായ പുത്രൻ ഉണ്ടാകുമായിരുന്നു എന്നു അവർ പറഞ്ഞു. യുവനാശ്വൻ ഗർഭം ധരിച്ചു. വഴിയെ അദ്ദേഹത്തിൻെറ വലത്തുവശം വയറു പിളൎന്നു ഒരു ആൺകുട്ടി ജനിച്ചു. 'കുട്ടിക്കു ആർ പാലൂട്ടും' എന്നു സന്നിഹിതരായിരുന്ന മുനിമാർ ചോദിച്ചു. 'മാം അയം ധാസ്യതി' എന്നു ഇന്ദ്രൻ പറഞ്ഞു കുട്ടിയുടെ വായ്ക്കകത്തു പ്രദേശിനി (ചൂണ്ടാണി) വിരലിനെ വെച്ചുകൊടുത്തു. ആ വിരൽ കുടിച്ചു 12 ദിവസം കൊണ്ടു 12 വൎഷത്തെ വളൎച്ച കുട്ടിക്കുണ്ടായി. 'മാം ധാസ്യതി' എന്നു ഇന്ദ്രൻ പറഞ്ഞതിനാൽ കുട്ടിക്കു 'മാന്ധാതാ' എന്ന പേർ ലഭിച്ചു. ഇദ്ദേഹം വലിയ ചക്രവൎത്തിയായി ഒരു ഒററദിവസംകൊണ്ടു ലോകം മുഴുവനും ജയിച്ചു കീഴടക്കി. ഒരായിരം അശ്വമേധവും ഒരുനൂറു രാജസൂയവും അദ്ദേഹം കഴിച്ചു. വിപ്രരെ കനകാഭിഷേകത്തിൽ മുക്കി.

മാന്ധാതാവിന്നു മൂന്നു പുത്രന്മാരും അമ്പതു പുത്രിമാരും ഉണ്ടായിരുന്നതും ഒരിക്കൽ സൌഭരി എന്നു പേരായ ഒരു വൃദ്ധസന്യാസി രാജാവിൻെറ പുത്രിയെ വിവാഹം കഴിക്കണമെന്നു പറഞ്ഞതിൽ മകൾക്കു മനസ്സുണ്ടെങ്കിൽ ആകാമെന്നു രാജാവ് പറഞ്ഞതായും വൃദ്ധനെ സ്വീകരിക്കുന്നതിൽ സ്ത്രീ വിസമ്മതം കാണിച്ചതിനാൽ സന്യാസി ഒരു നല്ല യുവാവിൻെറ രൂപം ധരിച്ചതായും പുത്രിമാർ എന്നെ എന്നെ എന്നു തൎക്കം തുടങ്ങുകയാൽ അദ്ദേഹം എല്ലാവരേയും വേട്ടതായും കൂടി കാണുന്നു.

മാന്നി-വാഴക്കുലയിൽ ഉണ്ടാകുന്ന അല്ലി.

മാന്നിക്കായ് - വാഴക്കുലയുടെ അററത്തെ കൊച്ചു കായ്.

മാന്യ-വി. മാനിക്കപ്പെടത്തക്ക.

മാന്യമാനിത്വം-മാനിക്കേണ്ടവരെ മാനിക്കുന്ന സ്വഭാവം.

മാപത്യൻ-കാമദേവൻ.

മാപനം-മ. അളവ്. ൨. തുലാസ്.

മാപൻ(തി)-വിഷ്ണു.

മാപാപം-മഹാപാപം.

'മാപാപം പോക്കുന്നാനെന്നുകേൾപ്പു'

(കൃഷ്ണഗാഥ)

മാപ്പ്-മ ക്ഷമ. ൨. ഒഴിവ്. ൩. പിഴപൊറുക്കുക. (അറബിഭാഷ).

മാന്മഥ-വി. മന്മഥനെ (കാമനെ) സംബന്ധിച്ച.

മാപ്പിള-മ മണവാളൻ. ൨. ഭൎത്താവ്. ൩. മരുമകൻ. ൪. സുറിയാനിക്കാർ മുതലായ ചില ജാതിക്കാൎക്ക് പറയുന്ന ഒരു പേർ.

**മാം**-എന്നെ. (സം).

**മാമ്പഴം**-മാവിൻെറ പഴം, മാങ്ങാപ്പഴം.

**മാമക**-വി. എനിക്കുള്ള.

**മാമകൻ**-പ്ര. ലുബ്ധൻ. ൨. അമ്മാവൻ.

**മാമഘം**-കുംഭമാസത്തിൽ വെളുത്തവാവും വ്യാഴവും കൂടുന്ന ദിവസം.

**മാമത്തുക്കാറ**-ഏകദേശം ആനയുടെ ആകൃതിയുള്ളതും ആനയെക്കാറ വലുതുമായ ഒരുതരം ജന്തു. (ഇപ്പോറ ഒരിടത്തും കാണുന്നില്ല).

**മാമൻ, മാവൻ**-അമ്മാവൻ.

**മാമയൻ**-മയാമയൻ.

**മാമരം**-പ്ര. വലിയ മരം ൨. ചൂതവൃക്ഷം.

**മാമല**-വലിയ പർവ്വതം.

**മാമറയോൻ** - പ്ര. ബ്രാഹ്മണൻ. ൨. ചന്ദ്രൻ.

**മാമാങ്കം**-ഒരു മഹോത്സവം

"മലയാളത്തിൽ ടിപ്പുസുൽത്താൻെറ ആക്രമത്തിനു മുമ്പുവരെ തിരുനാവാമണൽപ്പുറത്തു വെച്ചു ചിങ്ങം വ്യാഴകാലങ്ങളിൽ ആഘോഷിച്ചു വന്നിരുന്ന ഒരു മഹോത്സവമാണു 'മാമാങ്കം' അല്ലെങ്കിൽ 'മാമാകം'. മാഘമാസത്തിലെ മകം നക്ഷത്രം ഇതിലെ പ്രധാന ദിവസമാകയാൽ 'മാകമകം' എന്നതു ചുരുങ്ങി 'മാമാകം' എന്ന പേർ സിദ്ധിച്ചു. മാഘമാസത്തിലെ മകം സാധാരണ വെളുത്തവാവു സംബന്ധിച്ചു മാത്രമേ വരികയുള്ളൂ".

'കാണ്മാൻവിധിയില്ലാത്തജനത്തിനു
മാമാങ്കത്തിനുപോയാലുംശരി'

(രുക്മിണീസ്വയംവരം തുള്ളൽ)

**മാമുനി**-മഹർഷി.

**മാമൂൽ**-അടിസ്ഥാനമായ ആചാരം (അറബിഭാഷ).

**മാംസഗ്രന്ഥി**-മാംസത്തിലുണ്ടാകുന്നമുഴ.

**മാംസപിണ്ഡം**-മാംസത്തിൻെറ ഉരുള.

**മാംസപുഷ്ടി**-മാംസത്തിൻെറ വണ്ണം.

**മാംസപേശി**-മാംസ ഉണ്ട. Muscle.

**മാംസഭോജി**-വി. മാംസം ഭക്ഷിക്കുന്ന.

**മാംസഭോജ്യകൃത്തു്**-പരുന്തു്.

**മാംസം**-ഇറച്ചി. ബലകരം എന്നറിയപ്പെടുന്നതു് എന്നർത്ഥം. മററു പര്യായങ്ങറ-പിശിതം, തരസം, പലലം, ക്രവ്യം, ആമിഷം.

**മാംസരോഹിണി**-ഒരു വൃക്ഷം.

ഇല കൊന്നയിലപോലെ ചെറുതായിരിക്കും.

**മാംസള**-വി. പ്ര. നല്ല ബലമുള്ള. ൨. വണ്ണമുള്ള, തടിച്ച, മാംസപുഷ്ടിയുള്ള.

**മാംസാശനം**-മാംസഭക്ഷണം.

**മാംസാശി**-വി. മാംസം ഭക്ഷിക്കുന്ന.

**മാംസി**-മാഞ്ചി. മാംസതുല്യമായ അവയവമുള്ളതു് എന്നർത്ഥം.

**മാംസികൻ**-പ്ര. മാംസം വിററുപജീവിക്കുന്നവൻ. ൨. കണിവെച്ചു പക്ഷികളെ പിടിക്കുന്നവൻ. ൩. ആടുമാടുകളെ അറുക്കുന്നവൻ.

**മാംസേക്ഷണങ്ങറ**- മാംസമയങ്ങളായി പുറമെ കാണുന്ന കണ്ണുകറ.

**മാംസേഷ്ടാ**-മലംപുള്ളു്.

**മാംസോത്തര**-വി. മാംസം അധികമായിട്ടുള്ള.

**മായ**-പ്ര. ചതിവു. ൨. ലക്ഷ്മി. ൩. സൃഷ്ടിപ്പു്. ൪. ഗയ എന്ന നഗരം. ൫ കൺകെട്ടുവിദ്യ. വിശ്വത്തെ അളക്കുന്നതിനാൽ ഈ പേർ വന്നു. ൬. മനുഷ്യബുദ്ധി. ൭. ദോഷം. ൮. ക്ഷുദ്രക്കാരി. ൯. ബുദ്ധൻെറ അമ്മ. മായാദേവി.

മായ—യം മാ സം=യാതൊന്നു ഇല്ലാത്തതോ അതു 'മായ'.

മായയുടെ രണ്ടു ശക്തികൾ—ആവരണം, വിക്ഷേപം.

മായചേർ-വി. മായചേരുന്ന, മായാവിയായ.

മായൻ-പു. ചെപ്പടിക്കാരൻ. ൨. ഒരസുരൻ. ൩. മായവൻ, മായാമനുഷൻ, ശ്രീനാരായണൻ.

മായം, മായത്തരം-പു. വഞ്ചന, ചതിവ്. ൨. കൺകെട്ടുവിദ്യ.

മായവൻ-ശ്രീനാരായണൻ, മായൻ.

മായാകാരൻ-പു. മായയെ പ്രവൎത്തിപ്പിക്കുന്നവൻ, ഈശ്വരൻ. ൨. മായക്കാരൻ, ഇന്ദ്രജാലക്കാരൻ.

മായാക്ക്-ഒരങ്ങാടിമരുന്നു, മായക്കാ.

അൎശസ്സ്, ജ്വരം, അതിസാരം മുതലായവയ്ക്കു നന്നു. സം-മായാഫലം. ത-മാചുക്കായ്. ഇം-Gall-nut.

മായാതീത-വി. മായയെ കടന്നിട്ടുള്ള, ഈശ്വരത്വം ലഭിച്ച.

മായാദേവി-ബുദ്ധന്റെ അമ്മ.

മായാദേവീസുതൻ-ബുദ്ധൻ.

മായാമയ-വി. മായാരൂപമുള്ള. (സ്ത്രീ-മായാമയി).

മായാമയൻ-പു. ഈശ്വരൻ. ൨. മായയിൽ പ്രസിദ്ധനായ മയൻ എന്ന അസുരൻ.

'മയശംബര മാരീച വിരാജജിഹ്വേന്ദ്രജിത്തുകൾ മായാവികൾ എന്നു പ്രസിദ്ധം'.

മായാമോഹം-ദൈവത്തിന്റെ മായകരണത്താൽ ലോകത്തിലുണ്ടാകുന്ന മോഹങ്ങൾ.

മായാവതി, മായാദേവി-ശംബരാസുരന്റെ ഭാൎയ്യ. (കൃഷ്ണപുത്രനായ പ്രദ്യുമ്നൻ കാമദേവന്റെ അവതാരമാണെന്നും മായാവതി രതിയാണെന്നും കാണുന്നുണ്ട്).

മായാവി-പു. കൺകെട്ടുകാരൻ, മായയുള്ളവൻ. ൨. പൂച്ച. ൩. ഒരു അസുരൻ, ദുന്ദുഭിയുടെ ജ്യേഷ്ഠൻ, മയന്റെ പ്രഥമപുത്രൻ.

മായിക-വി. മായയുള്ള.

മായികൻ-പു. മായാവി, മായയോടുകൂടിയവൻ, സൂത്രശാലി (വേഷം മാറുന്നതിനും മററും അറിവുള്ളവൻ). ൨. കള്ളൻ.

മായു-പു. പിത്തം. ദേഹത്തിന്റെ ഊഷ്മാവിനെ പ്രക്ഷേപിക്കുന്നത് എന്നൎത്ഥം. ൨. സൂൎയ്യൻ.

മായുന്നു-ഇല്ലാതാകുന്നു, മറയുന്നു, നശിക്കുന്നു. (സ. ക്രി. മായിക്കുന്നു).

മായൂരം-പു. മയിലിന്റെ കൂട്ടം. ൨. വലിയ കടലാടി. ൩. ഒരു നഗരം.

മായൂരകൻ-മയിലിനെ പിടിക്കുന്നവൻ.

മായൂരി-പു. വലിയ കടലാടി. ൨. അജമോദകം.

മായോൻ-മായയോടുകൂടിയവൻ, വിഷ്ണു.

'പൂഴവേനിറഞ്ഞീടിന മായോനേ'

(സന്താനഗോപാലം[illegible]ന)

മായ്ക്കൽ-ഇല്ലാതാക്കുക, മറയ്ക്കു, നശിപ്പ്.

മായ്ച്ചൽ-മായുക.

മാരകൻ-പു. കൊല്ലുന്നവൻ. ൨. പുള്ള്. ൩. കാമൻ.

മാരകം-പു. പരുന്ത്. ൨. ചായില്യം. ൩. മരണം വരുത്തുന്നത്. ൪. പകരുന്ന വ്യാധി.

മാരചതുഷ്ടയം-ബൌദ്ധശാസ്ത്രം അനുസരിച്ചുള്ള നാലുവിധം കാമദേവന്മാർ-സ്കന്ധമാരൻ, ക്ലേശമാരൻ, മൃത്യുമാരൻ, ദേവപുത്രമാരൻ.

**മാരജിത്തു്**-൧. കാമദേവൻ കാമനെ (കാമക്രോധാദി മനോദോഷങ്ങളെ) ജയിച്ചവൻ എന്നൎത്ഥം. ൨. ബുദ്ധൻ.

**മാരണക്രിയ**- ആഭിചാരത്തിലുള്ള ഒരു കൎമ്മം.

**മാരണദേവത** - ഒരു കടുപ്പപ്പെട്ട പിശാചു്.

**മാരണം**-൧. കൊല്ലുക. ൨. ഒരുവക വിഷം. ൩. ശത്രുവിനെ കൊല്ലുന്നതിനുള്ള ഒരു ആഭിചാരക്രിയ. ൪. നാശനം.

**മാരധനാശി**-ഒരു രാഗം.

**മാരൻ**-കാമദേവൻ. വിരഹികളെ മരിപ്പിക്കുന്നവൻ എന്നൎത്ഥം.

ഒരു ശാസ്ത്രപ്രകാരം മാരന്മാർ-൪. സ്കന്ധമാരൻ, ക്ലേശമാരൻ, മൃത്യുമാരൻ, ദേവപുത്രമാരൻ.

**മാരബാണം**-കാമന്റെ അസ്ത്രം.

**മാരം**-൧. ഉമ്മത്തു്. ൨. കാള. ൩. കൊല. ൪. രാഗം.

**മാരമാൽ**-കാമവികാരം.

**മാരാത്തി**-മാരാന്റെ സ്ത്രീ.

**മാരാൻ**-ക്ഷേത്രങ്ങളിൽ വാദ്യം കൊട്ടുകയും പാടുകയും ചെയ്യുന്ന ഒരു ജാതിക്കാരൻ.

**മാരാ[illegible]ൻ**-മാരാൻ.

**മാരാരി**-ശിവൻ. മാരന്റെ—കാമദേവന്റെ—ശത്രു എന്നൎത്ഥം.

**മാരാൎത്തി**-കാമവികാരം.

**മാരി**-൧. മഴ. ൨. പകരുന്ന വ്യാധി. ൩. ദുൎഗ്ഗ. ൪. ആപത്തു്, നാശം.

**മാരികാ**-പകരുന്ന വ്യാധി.

**മാരിത**-വി. കൊല്ലപ്പെട്ട.

**മാരിഷൻ**-൧. നാട്യത്തിൽ രണ്ടാമത്തെ പ്രധാന നടൻ. ൨. ആൎയ്യൻ, മാന്യൻ. (മാൎഷൻ, മൎഷകൻ ഇങ്ങിനെയുമാവാം)

**മാരിഷാ**-പ്രംലോചാ എന്ന അപ്സരസ്ത്രീയിൽ കണ്ഡുമഹൎഷിയുടെ പുത്രി, ദക്ഷന്റെ അമ്മ. (പ്രംലോചാ എന്നതു നോക്കുക).

**മാരീചൻ**-൧. ഒരു രാക്ഷസൻ.

രാവണന്റെ അമ്മാവൻ. സീതയെ ചതിപ്പാൻ രാവണൻ അയച്ചതനുസരിച്ചു പൊന്മാനായി പോയി രാമനാൽ ഹതനായി. താടകയിൽ സുന്ദാസുരനുണ്ടായവനാണു്.

(മലദം എന്ന ശബ്ദം നോക്കുക).

൨. കശ്യപപ്രജാപതി. ൩. വലിയ ആന.

**മാരീചി**-ശാക്യമുനിയുടെ അമ്മ.

**മാരുണ്ഡം**-൧. സൎപ്പത്തിന്റെ മുട്ട. ൨. ചാണകം. ൩. വഴി, റോട്ടു്.

**മാരുതൻ**-വായു. മരിപ്പിക്കുന്നവൻ എന്നൎത്ഥം. വായു വൎദ്ധിച്ചാലൊ, ഇല്ലാതായാലൊ ജനങ്ങൾ മരിച്ചുപോകുന്നതിനാൽ ഈ പേർ ഉണ്ടായി.

**മാരുതാശനം**-൧. പാമ്പു്. ൨. വായുഭക്ഷണം.

**മാരുതം**-തുമ്പിക്കൈ.

**മാരുതി**-൧. ഹനുമാൻ. ൨. ഭീമൻ.

**മാൎക്കണ്ഡൻ, മാൎക്കണ്ഡേയൻ**-ഒരു മഹൎഷി, മൃകണ്ഡന്റെ പുത്രൻ. മാൎക്കണ്ഡേയ പുരാണത്തിന്റെ കൎത്താവു്. വളരെക്കാലം ജീവിച്ചിരുന്നതിനാൽ 'ദീൎഘായുസ്സ്' എന്നും വിളിക്കുന്നു.

**മാൎക്കണ്ഡികാ**-നിലത്തു പടരുന്ന ഒരു തരം വള്ളി.

**മാൎക്കണ്ഡേയം**-പതിനെട്ടു പുരാണങ്ങളിൽ ഒന്നു്. പക്ഷികളെപ്പറ്റി ജൈമിനി ചോദിച്ചപ്പോൾ ധൎമ്മചാരികളായ മുനിമാരാൽ പ്രതിപാദിക്കപ്പെട്ട ധൎമ്മാധൎമ്മങ്ങൾ മാൎക്കണ്ഡേയൻ പറഞ്ഞതു്.

ബ്രഹ്മാവിനെ പുകഴ്ത്തുന്നു. വിഷ്ണുവിന്റെ അവയവം വൎണ്ണിക്കുന്നു. രാജസഗുണപ്രധാനം. ഗ്രന്ഥം 9,000.

**മാൎക്കവം**-കഞ്ഞുണ്ണി, കയ്യന്യം, കരപ്പുണ്ടാക്കുന്നതിൽ (നര വരാതിരിക്കുന്നതിൽ) പ്രസിദ്ധമായിട്ടുള്ളതു് എന്നൎത്ഥം

**മാൎഗ്ഗകല്യാണം**-മഹമ്മദീയരുടെ ചേലാകൎമ്മം എന്ന ക്ഷൌരനകൃത്യം സംബന്ധിച്ച അടിയന്തിരം.

**മാൎഗ്ഗക്കാരൻ**-മാൎഗ്ഗത്തിൽ അനുസരിച്ചു നടക്കുന്നവൻ.

**മാൎഗ്ഗണ**-വി. ഭിക്ഷ യാചിക്കുന്ന. (സ്ത്രീ-മാൎഗ്ഗണി).

**മാൎഗ്ഗണ(ക)ൻ**-ഇരക്കുന്നവൻ.

**മാൎഗ്ഗണം**-ഃ. അമ്പു്. അന്വേഷിക്കുന്നതു് എന്നൎത്ഥം. ൨. അന്വേഷണം. ൩. സ്നേഹം. ൪. യാചന.

**മാൎഗ്ഗപ്പെടുത്തുന്നു**-ചൊവ്വേ നടത്തുന്നു.

**മാൎഗ്ഗഭ്രംശം**-മാൎഗ്ഗംപോകുക, വഴിയിൽ വീഴുക.

**മാൎഗ്ഗം**-ഃ. വഴി. ജനങ്ങൾ പദാൎത്ഥങ്ങളെ ഇതിൽ അന്വേഷിക്കുന്നതിനാൽ ഈ പേർ വന്നു. ൨. അന്വേഷണം. ൩. ധനുമാസം, മാൎഗ്ഗശീഷമാസം. ൪. മസ്തകം. ൫. മതം.

**മാൎഗ്ഗംകളി**-സുറിയാനിക്കാരുടെ ഇടയിൽ കല്യാണത്തിനും മറ്റും കളിക്കുന്ന ഒരു മാതിരി കളി.

**മാൎഗ്ഗമാക്കുക**-ക്രമപ്പെടുത്തുക.

**മാൎഗ്ഗവിരോധം**-ഃ. മാൎഗ്ഗത്തെ തടയുക, വഴിയടയ്ക്കുക. ൨. മതവിരോധം.

**മാൎഗ്ഗശീഷം**-ഃ. ധനുമാസം, മാൎഗ്ഗശീഷമാസം, മാൎഗ്ഗശീഷം (മകയിരം) നക്ഷത്രത്തോടു കൂടിയ (പൌൎണ്ണമി) വെളുത്ത വാവുള്ള മാസം. ൨. മകയിരം നക്ഷത്രം.

**മാൎഗ്ഗിത, മൃഗിത**-വി. അന്വേഷിക്കപ്പെട്ട, തേടപ്പെട്ട.

**മാൎജ്ജനാ**-ഃ. ചെണ്ടയുടെ ശബ്ദം. ൨. ശുദ്ധിയാക്കൽ.

**മാൎജ്ജനാ, മൃജാ**-മേൽ തേച്ചും മറ്റും ശരീരം ശുദ്ധിവരുത്തുക.

**മാൎജ്ജനം**-ഃ. ശുദ്ധിയാക്കുക, വെടിപ്പാക്കുക. ൨. ഒരു പച്ചമരുന്നു്, ചെമന്ന പാച്ചോറ്റി. ശുദ്ധിയെ ചെയ്യുന്നതു് എന്നൎത്ഥം.

**മാൎജ്ജനി**-ചൂൽ

**മാൎജ്ജാരകണ്ഠം**-മയിൽ

'രടസകൃദ്ധീരമാൎജ്ജാരകണ്ഠ'

(മയൂരസന്ദേശം)

**മാൎജ്ജാരം**-ഃ. പൂച്ച. എലിയെ ഓടിച്ചു വേഗം ശുദ്ധിവരുത്തുന്നവൻ എന്നൎത്ഥം. ൨. ഓടമരം. ൩. മരപ്പട്ടി.

**മാൎജ്ജാരകം**-മയിൽ.

**മാൎജ്ജാര(ല)ം**-ഃ. പൂച്ച. ൨. വെരു. ൩. ചെമന്ന കൊടുവേലി.

**മാൎജ്ജാരി**-ഃ. കസ്തൂരി. ൨. പച്ചപ്പുഴ.

**മാൎജ്ജാരീയ(ല)ം**-പൂച്ച.

**മാൎജ്ജാരീയം**-ഹവിസ്സിന്റെ ഉച്ഛിഷ്ടം മുതലായതു നിക്ഷേപിക്കുന്ന സ്ഥലം.

**മാൎജ്ജിക്കുന്നു**-ഃ. ദേഹത്തെയും മറ്റും വെടിപ്പാക്കുന്നു. ൨. അടിച്ചുവാരുന്നു. ൩. തുടച്ചുകളയുന്നു.

**മാൎജ്ജിത**-വി. ഃ. വെടിപ്പാക്കപ്പെട്ട. ൨. അടിച്ചുവാരപ്പെട്ട, നന്നാക്കപ്പെട്ട.

**മാൎജ്ജിത**-തൈരും തേനും മറ്റും കൂട്ടിയ ഒരു കറി, രസാള.

**മാൎത്താണ്ഡാ**-ചന്തി.

**മാൎത്താണ്ഡൻ**-ഃ. ആദിത്യൻ. മാൎത്താണ്ഡൻ = മൃതാണ്ഡന്റെ പുത്രൻ, മൃതമായ ബ്രഹ്മാണ്ഡത്തെ ജീവിപ്പിക്കുന്നവൻ;

മുതമായിരിക്കുന്ന അണ്ഡത്തിൽ നിന്നു ജനിച്ചവൻ ഇങ്ങിനെ ശബ്ദാൎത്ഥങ്ങൾ. മാൎത്താണ്ഡൻ എന്നുമാവാം.

'അഥമാൎത്താണ്ഡമാൎത്താണ്ഡൌ'

(നാമനിധാനം)

വ. ഏരിക്ക്.

മാൎത്താണ്ഡാത്മജാ-കാളിന്ദി.

മാൎത്താണ്ഡാത്മജൻ-പു. സൂൎയ്യൻ. വ. കൎണ്ണൻ. ന. സുഗ്രീവൻ.

മാൎത്തിക-വി. മണ്ണുകൊണ്ടുള്ള, മണ്ണുസംബന്ധമായുള്ള. (മൃത്ത് = മണ്ണ്.)

മാൎത്തികം-പു. കലത്തിന്റെ ഒരുമാതിരി അടപ്പ്. വ. ഒരുമാതിരി കലം.

മാൎദ്ദംഗൻ-മൃദംഗക്കാരൻ.

മാൎദ്ദംഗം-ഒരു പട്ടണം, നഗരം.

മാൎദ്ദംഗികൻ-മദ്ദളക്കാരൻ, മൃദംഗക്കാരൻ, മിഴാവടിക്കുന്നവൻ. മൃദംഗം കൊട്ടുവാൻ ശീലമുള്ളവൻ എന്നു ശബ്ദാൎത്ഥം.

മാൎദ്ദവം-പു. മൃദുത്വം. വ. സാധുത്വം, സൌമ്യത്വം, ശാന്തത.

മാൎദ്വീകം-പു. ഇരിപ്പപ്പൂവിൽ നിന്നുണ്ടാക്കിയ മദ്യം. വ. മുന്തിരിങ്ങാ മദ്യം.

മാൎപ്പാപ്പാ-റോമാ ക്രിസ്ത്യാനികളുടെ പ്രധാന മേലദ്ധ്യക്ഷൻ.

മാൎഷ(ക)ൻ-ആൎയ്യൻ (മാന്യൻ).

മാൎഷ്ടി-പു. മേൽ തേച്ചും മററും ദേഹത്തെ വെടിപ്പാക്കുക. വ. ശുദ്ധിവരുത്തുക, നന്നാക്കുക.

മാൎവ്വ്-മാറിടം, മാറ്.

മാല-പു. പുഷ്പങ്ങൾ നാരിൽ കോൎത്തുണ്ടാക്കിയതു്, നാരുകൊണ്ടു കെട്ടിയോ പിരിച്ചോ ഉണ്ടാക്കിയതു്. വ. രത്നങ്ങളും മററും കോൎത്തുണ്ടാക്കിയതു്. ധരിക്കപ്പെടുന്നതു് എന്നൎത്ഥം.

പവൻമാല, ഏരിക്കിലത്തുമ്പമാല, പവിഴമാല, കടലയ്ക്കാമാല, ശരപ്പൊളിമാല, അവൽമാല, എക്സ്മാല, എസ്മാല ഇങ്ങിനെ പല വിധം മാലകൾ ഉണ്ടു്. അവൽമാല മുതൽ താഴെയുള്ളവ ഈയിടയുണ്ടായ പുതിയ തരങ്ങളാകുന്നു.

ന. പരസ്പരം സംബന്ധമുള്ള അംശങ്ങളോടു കൂടിയ സമൂഹം. ഉ-ം, പുഷ്പമാല, കാവ്യമാല, ഗദ്യമാല ഇത്യാദി. ര. ഒരു വൃത്തത്തിന്റെ പേർ. ഇ. (മാൽ) ഇരുട്ടു്, രാത്രി.

മാലക-വി. മലയ പൎവ്വതത്തിൽ നിന്നു വരുന്ന.

മാലക-മാല.

മാലകം-വേപ്പുവൃക്ഷം. കാക്കക്കൂട്ടത്തെ ധരിക്കുന്നതു് എന്നൎത്ഥം.

മാലകാ, മാലകം-പൂമാല.

മാലക്കുട-ഒരു രാജ്യം (ഇപ്പോൾ തിരുവിതാംകൂർ).

മാലക്കണ്ണു്-ഒരുമാതിരി കണ്ണിൽദീനം.

മാലക്കാററു്-കിഴക്കൻ കാററു്.

മാലക്കിഴങ്ങ്-ഒരുവക കിഴങ്ങ്.

വള്ളി അധികം പടരും. ഇലയ്ക്കു മൂന്നു ശാഖകൾ ഉണ്ടു്.

മാലതി-പു. പിച്ചകം. ശ്രീയെ ധരിച്ചതു്, സുഗന്ധത്തെ ധരിക്കുന്നതു് ഇങ്ങിനെ ശബ്ദാൎത്ഥങ്ങൾ. ഇതുകൊണ്ടു മാല കെട്ടുന്നതിനാലും ഈ അൎത്ഥം വരാം. വ. ഒരു നദി. ന. മണിത്തക്കാളി. ര. പെൺകുട്ടി. ഇ. രാത്രി. ഉ. ചന്ദ്രിക.

മാലതീമാധവം-ഭവഭൂതിയുടെ ഒരു വിശേഷപ്പെട്ട നാടകം.

മാലൻ-പു. മനുഷ്യൻ. വ. വിഷ്ണു. ന. മലയിലുള്ള ഒരു ജാതിക്കാരൻ.

മാലം-പു. വയൽ. വ. പൎവ്വതം. ന. ബങ്കാളത്തിനു തെക്കുപടിഞ്ഞാറുള്ള ഒരു രാജ്യം. ര. ചതി. ഇ. മാല.

മാലയ-വി. മലയപൎവ്വതത്തിൽ നിന്നുവന്ന.

മാലയം-ചന്ദനം.

മാലവാർകുഴൽ-മാല ചൂടുന്നതും ദീൎഘവുമായ തലമുടി.

മാലവിളക്കു്-ഒരു തുടരിന്മേൽ മാലപോലെയുണ്ടാക്കിയ വിളക്കു്.

മാലാക-മാല.

മാലാകാരൻ-മാലകെട്ടുന്നവൻ, പുഷ്പകനും മറവം, മാലകെട്ടി വിററുപജീവിക്കുന്നവൻ. [പ്രയോഗം

'ആരാമത്തിങ്കൽ ചെന്ന മാലാകാരനെ
(ഭാരതം)

മാലാതൃണ(ക)ം-കണ്ടപ്പുല്ലു്, പൂതണക്കപ്പുല്ലു്. മാലാകാരമായ പുല്ലുകളോടു കൂടിയതു് എന്നൎത്ഥം.

മാലാൻ-മാലാമീൻ.

മാലാമതല്ലി-നല്ലമാല.

മാലാമയക്കു്-സന്ധ്യാമയക്കം.

മാലാമല-പൎവ്വതപങ്ക്തി.

മാലാമീൻ, മാലാവു്— ഒരുമാതിരി മത്സ്യം.

മാലി-൧. മാലാകാരൻ. ൨. ഒരു രാക്ഷസൻ. (രാക്ഷസോല്പത്തി നോക്കുക). ൩. മാല ധരിക്കുന്നവൻ. ൪. ആററിന്നടുത്ത ഭൂമി. ൫. കയററുവല.

മാലിക- വി. മാലയേ സംബന്ധിച്ച. (സ്ത്രീ-മാലികീ)

മാലിക-൧. മാല. ൨. ഒരുവക മുല്ല. ൩. കഴുത്തിൽകെട്ടുന്ന ഒരാഭരണം. ൪. പുഷ്പമാല. ൫. മദ്യം. ൬. എള്ളു്. ൭. പുത്രി. ൮. രാജധാനി. ൯. ഒരാറു്.

മാലികൻ-മാല കെട്ടുന്നവൻ, മാലകെട്ടി] വിററുപജീവിക്കുന്നവൻ.

മാലിനീ-൧. ശ്ലോകത്തിനുള്ള ഒരു വൃത്തം

'മുതലിലഗുരുവായിട്ടാറു
വൎണ്ണങ്ങൾപത്താ-
മതുമതുലഗുണാഢ്യേ!
പത്തിനോടൊത്ത മൂന്നും,
യതിയതുവരുമെട്ടാമഴിനാൽ
ചന്ദ്രബിംബ
പ്രതിമമുഖികൾചൂടുംമാലികെ!
മാലിനിക്കു്'
(കാന്തവൃത്തം)

൨. മാലാകാരന്റെ സ്ത്രീ. ൩. അജ്ഞാതവാസത്തിൽ പാഞ്ചാലിയുടെ പേർ. ൪. ദുൎഗ്ഗ. ൫. ആകാശഗംഗ. ൬. ഒരു നഗരം. ൭ ഒരു നദി. (കണ്വാശ്രമത്തിന്നടുത്തു്). ൮. വിഭീഷണന്റെ അമ്മ. ൯. ആട്ടനാറിവേള. ൧൦. മേത്തോന്നി. ൧൧. ചെങ്കൊടിത്തൂവ. ൧൨. ഗംഗാനദി.

മാലിന്യം-൧. മലിനത, അഴുക്കു്. ൨. പാപം. ൩. കറുപ്പു്. ൪. ഉപദ്രവം.

മാലീസ്സു്, മാലീസു്-കതിരയെ പതിവായി തേക്കുന്നതിനുള്ള പേർ. (പെഷ്യൻ ഭാഷ).

മാല്യ-൧. നീചൻ. ൨. സ്ത്രീ.

മാല്യധാനം - മദനമഞ്ജരി, ചിത്രസപ്പം (പച്ചമിപ്പാമ്പു്), കൺകൊത്തിപ്പാമ്പു്, മാല്യ എന്ന ഓഷധിയിലിരിക്കുന്നവൻ, നീചരാൽ വളൎത്തപ്പെടുന്നവൻ, മാല്യധാനി എന്ന ലതയിലിരിക്കുന്നവൻ ഇങ്ങിനെ ശബ്ദാൎത്ഥങ്ങൾ.

മാല്യമി-കപ്പലിന്റെയും മററും അമരക്കാരൻ.

മാല്യമിശാസ്ത്രം — കപ്പലോട്ടത്തിന്റെ വിദ്യ.

മാല്യൂരം-പു. കൂവളം. ദേവന്മാരാൽ ധരിക്കപ്പെടുന്നതു്, ലക്ഷ്മിയെ നശിപ്പിക്കുന്നതു്. (ഭഗവത്ഭക്തന്മാർ ശ്രീമദാന്ധന്മാരായിത്തീരുമെന്നു ശങ്കിച്ചു അവരുടെ സമ്പൽസമൃദ്ധിയെ കളഞ്ഞു് അവരെ കൈവല്യമാർഗ്ഗത്തിലേക്കു തിരിക്കുന്നതു് എന്നു താൽപര്യം). ഇങ്ങിനെ ശബ്ദാർത്ഥങ്ങൾ. ഉ. വ്ളൂർമരം.

മാലേയപങ്കം-ചന്ദനക്കൂട്ടു്.

'മാലേയപങ്കമണിഞ്ഞതിൽ
പററീടാകുരളവും'
(രാമായണം)

മാലേയ-വി. മലയെ സംബന്ധിച്ച.

മാലേയം-പു. ചന്ദനം. ഉ. ഏലത്തരി.

മാലേയാ-പേരേലം.

മാലോകർ-മഹാജനങ്ങൾ. മഹാലോകർ

മാലോപമ-ഒരലങ്കാരം.

മാൽ-പു. ദുഃഖം. ഉ. വാണിയന്മാർ തേങ്ങപൊതിച്ചിടുന്ന വലപോലെയുള്ള ഒരു വസ്തു. ന. കറുപ്പു്, ഇരുൾ, രാത്രി.

മാല്യ-വി. മാലയ്ക്കു കൊള്ളാവുന്ന.

മാല്യം-മാല, പൂമാല. ധരിക്കപ്പെടുന്നതു് എന്നർത്ഥം.

മാല്യവാൻ-പു. ഒരു പർവ്വതം. ഉ. ഒരു രാക്ഷസൻ.

മാല്യവാൻ പർവ്വതം കിഷ്കിന്ധക്കു സമീപമാണു്. ഇതിനെ 'പ്രസ്രവണം' എന്നും പറയും.

മാല്യവാൻ എന്ന രാക്ഷസൻ സുകേശൻെറ പുത്രനാണു്. തപസ്സുകൊണ്ടു ബ്രഹ്മാവു് സന്തോഷിച്ചു് ലങ്കാനഗരം പണിയിച്ചുകൊടുത്തു. വളരെക്കാലം അവിടെ താമസിച്ചു. കുബേരനാണു പിന്നീടു അവിടെ താമസിച്ചതു്. അനന്തരം രാവണൻ ആ സ്ഥലം കൈക്കലാക്കി. അപ്പോൾ മാല്യവാൻ വന്നു ചേർന്നു രാവണനു വേണ്ട സഹായങ്ങൾ ചെയ്തു. (രാക്ഷസോല്പത്തി നോക്കുക).

മാല്യാ-ഒരുവകപ്പുല്ലു്.

മാവു്-പു. മാങ്ങയുണ്ടാകുന്ന ഒരു വൃക്ഷം.

പച്ചമാങ്ങ-ത്രിദോഷങ്ങളെ വർദ്ധിപ്പിക്കും. പഴുത്തമാങ്ങ-വാതത്തെ ശമിപ്പിക്കും. പഴുത്തമാങ്ങയുടെ പിഴിഞ്ഞെടുത്ത നീരു്-ഗുരുവാണു്. ഈ നീരു തുണിയിലോ പരമ്പിലോ നിരത്തിഒഴിച്ചു നല്ല വെയിലിൽ ഉണക്കിയെടുത്താൽ അതിനു 'ആമ്രാവർത്തം' എന്നു പേർ. മാങ്ങാ പാലിനോടൊന്നിച്ചു ഭക്ഷിക്കരുതു്. ഭക്ഷിച്ചുപോയാൽ ആ വികാരത്തിൽ ചുക്കുവെള്ളമോ ജീരകവെള്ളമോ തുവച്ചിലുപ്പു ചേർത്തു് കുടിക്കുക.

ഉ. അരിപ്പൊടി.

മാവൻ-നായന്മാരുടെ ഒരു ദേവത.

മാവി-കെട്ടിനിൽക്കുന്ന ജലത്തിൻെറ മീതെ പച്ചനിറത്തിൽ കാണുന്ന ഒരുവസ്തു.

മാവിലായി - വേണാട്ടു നായന്മാരുടെ പാരമ്പര്യപ്രമാണി.

മാവിലാവു്-കൂവളം.

മാവി(യി)ലോൻ-വേലൻ.

മാവുത്തൻ-ആനക്കാരൻ.

മാശിക്ക, മാശിക-മായ്ക്കു്.

മാശ്രു-പു. മരപ്പിള്ള. ഉ. പൊക്കിൾ കൊടി.

മാഷപർണ്ണി-പു. പെരുങ്കാണം. ഉ. കാട്ടുഴുന്നു്.

മാഷ(ക)ം-പു. ഉഴുന്നു്. ഉ. ഒരു തൂക്കം. ന. ഒരു ദീനം.

മാഷൻ-മണ്ടൻ, ദുർബുദ്ധി.

മാഷവർദ്ധകൻ-തട്ടാൻ, പൊൻപണിക്കാരൻ.

മാഷാളം–ആമ.

മാഷാശം–കതിര.

മാഷാശി–കതിര.

മാഷീണം, മാഷ്യം–ഉഴുന്നു വിളയുന്ന സ്ഥലം.

മാസക്കളി–തീണ്ടായിരിക്കുളി.

മാസൻ–ചന്ദ്രൻ.

മാസപ്പടി–ക്രി. ശമ്പളം, മാസംതോറുമുള്ള ശമ്പളം. ഉ. ഒരു ഉദ്യോഗം.

മാസപ്പടിക്കാരൻ–ക്രി. മാസശമ്പളക്കാരൻ, ഉ. ഒരു ശിപായി.

മാസം–വർഷത്തിന്റെ പന്ത്രണ്ടിൽ ഒരു ഭാഗം. കണക്കാക്കപ്പെടുന്നതു് എന്നർത്ഥം. ചിങ്ങവും മററും. (പട്ടിക നോക്കുക).

## മാസം മുതലായവ.

| നമ്പർ | മാസങ്ങൾ | | | | ഋതു | അയനം |
|---|---|---|---|---|---|---|
| | മലയാളം | തമിഴ് | ഇംഗ്ലീഷ് | സംസ്കൃതം | | |
| 1 | ചിങ്ങം | ആവണി | ആഗസ്റ്റ് | ശ്രാവണം | വർഷം | ദക്ഷിണായനം |
| 2 | കന്നി | പുരട്ടാശി | സെപ്റ്റംബർ | പ്രോഷ്ഠപദം | | |
| 3 | തുലാം | അല്പശി | ഒക്ടോബർ | ആശ്വിനം | ശരത്ത് | |
| 4 | വൃശ്ചികം | കാർത്തിക | നവംബർ | കാർത്തികം | | |
| 5 | ധനു | മാർകഴി | ഡിസംബർ | മാർഗ്ഗശീർഷം | ഹേമന്തം | |
| 6 | മകരം | തൈ | ജനുവരി | പൌഷം | | |
| 7 | കുംഭം | മാശി | ഫെബ്രുവരി | മാഘം | ശിശിരം | ഉത്തരായനം |
| 8 | മീനം | പങ്കുനി | മാർച്ച് | ഫാൽഗുനം | | |
| 9 | മേടം | ചിത്തിര | ഏപ്രിൽ | ചൈത്രം | വസന്തം | |
| 10 | ഇടവം | വൈകാശി | മെ | വൈശാഖം | | |
| 11 | മിഥുനം | ആനി | ജൂൺ | ജ്യേഷ്ഠം | ഗ്രീഷ്മം | |
| 12 | കർക്കടകം | ആടി | ജൂലൈ | ആഷാഢം | | |

ഇംഗ്ലീഷ് വത്സരം കണക്കാക്കുന്നതു് 365¼ ദിവസംകൊണ്ടാകുന്നു. അതാണ്ടു അവക്ക് നന്നാലു വത്സരം കൂടുമ്പോൾ ഫെബ്രുവരി മാസത്തിൽ 29 തീയതി വരുന്നതു്. അവരുടെ മാസങ്ങൾക്ക് നല്ല അടുക്കുണ്ട്.

'പലഹാരമേ പാലുനല്ലു
പുലന്നാലേ കലക്കിലാം
ഇല്ലംപാലമെന്നു ഗോപാലൻ
തീയതിക്രമമിങ്ങനെ'

പല—ജനവരിമാസത്തിൽ തീയതി 31
ഹാര—ഫെബ്രുവരിയിൽ ,, 28
പാലു—മാർച്ച് ,, 31
നല്ലു—ഏപ്രിൽ തീയതി 30
പുല—മേയ് ,, 31
നാലേ—ജൂൺ ,, 30
കല—ജൂലൈ ,, 31
കിലാം—ആഗസ്റ്റ് ,, 31
ഇല്ലാം—സെപ്റ്റംബർ ,, 30
പാലെ—അക്ടോബർ ,, 31
നഗോ—നവംബർ ,, 30
പാലൻ—ഡിസംബർ ,, 31

ഇതിൽ നന്നാലു കൊല്ലം കൂടുമ്പോൾ ഫെബ്രുവരിമാസം മാത്രം വ്യത്യാസപ്പെടും.

മാത്ര അല്ലെങ്കിൽ നിമേഷം എന്നു ഒരു ലഘ്വക്ഷരം ഉച്ചരിപ്പാൻ വേണ്ടി വരുന്ന സമയമാകുന്നു.

18 നിമേഷം
മാത്ര } 1 കാഷ്ഠ

30 കാഷ്ഠ —1 കല
30 കല—1 ക്ഷണം
12 ക്ഷണം-1 മുഹൂർത്തം (രണ്ടരനാഴിക)
30 മുഹൂർത്തം—1 അഹോരാത്രം
15 അഹോരാത്രം—1 പക്ഷം
2 പക്ഷം—1 മാസം
2 മാസം—1 ഋതു
3 ഋതു—1 അയനം
൧൦ നിമേഷം (മാത്ര)—ഒരു ഗുർവ്വക്ഷരം
൬൦ ഗുർവ്വക്ഷരം—൧ വിനാഴിക
൬൦ വിനാഴിക—൧ നാഴിക.

പക്ഷം രണ്ടു്=ശുക്ലപക്ഷം, കൃഷ്ണപക്ഷം. ഉത്തരായനം—ആദിത്യൻ വടക്കോട്ടു ഗമിക്കുന്നതു്. ദക്ഷിണായനം—ആദിത്യൻ തെക്കോട്ടു ഗമിക്കുന്നതു്. മകരത്തിലെ കറുത്തവാവു കഴിഞ്ഞാൽ വെളുത്ത പ്രതിപദം മുതൽ മാഘമാസമാകുന്നു. കുംഭത്തിലെ വെളുത്ത പ്രതിപദം മുതൽ ഫാൽഗുനമാസം.

൩. മരിച്ചവർക്കുവേണ്ടി മാസന്തോറും കഴിക്കുന്ന ശ്രാദ്ധം. ൪. പന്ത്രണ്ടാം മാസം.

മാസ് (മാച്ച്)-ഒരുവക ഉണക്ക മത്സ്യം.

മാസരം-വാർത്തകഞ്ഞി ദ്രവദ്രവ്യമായി പരിണമിച്ചതു് എന്നർത്ഥം.

മാസലം-വർഷം, വത്സരം.

മാസവിശേഷം- മാസന്തോറുമുള്ള വിശേഷ ദിവസം.

മാസാന്തം-മാസത്തിന്റെ ഒടുക്കം.

മാസാർദ്ധം-മാസത്തിൽ പാതി, 15 നാൾ

മാസിക-വി. മാസത്തെ സംബന്ധിച്ച, മാസാന്തരമുള്ള.

മാസിക-ന. മാസന്തോറും പ്രസിദ്ധപ്പെടുത്തുന്ന ഒരുവക ഗ്രന്ഥം. ൨. ഒരു മാസത്തേക്കുള്ള കൂലിയും മറ്റും.

മാസാന്തമാസിക-മാസന്തോറും.

മാസികം-ന. മാസന്തോറുമുള്ളതു്. ൨. ബന്ധുക്കളിൽ ഒരാൾ മരിച്ചാൽ ആ ദിവസം കഴിഞ്ഞുള്ള അടിയന്തിരം.

മാസീന-വി. ഒരു മാസമായ.

മാസൂൽ-ധാന്യം. (അറബിഭാഷ).

മാസ്മ-അ. നിഷേധത്തിങ്കൽ പ്രയോഗിക്കുന്ന ഒരവ്യയം.

മാസ്മരവിദ്യ-ഒരുവക വിദ്യ.

മനശ്ശക്തി അധികമുള്ളവരെ ഈ വിദ്യകൊണ്ടു ഉറക്കുവാൻ കഴികയില്ല.

മാസ്യ-വി. മാസസംബന്ധമായുള്ള, ഒരു മാസം പ്രായമുള്ള.

മാഹനൻ-ബ്രാഹ്മണൻ.

മാഹാ-പശുക്കളിൽ നല്ലവ, പശു.

മാഹാണി, മാകാണി-ഒന്നിന്റെ പതിനാറിലൊരംശം.

മാഹാത്മ്യം-മഹാത്മാവിന്റെ അവസ്ഥയും ഭാവവും, വലിപ്പം, മഹിമ, ശ്രേഷ്ഠത.

മാഹാരാജിക - വി. മഹാരാജാവിനെ സംബന്ധിച്ച.

മാഹിനം-രാജ്യം.

മാഹിരൻ-ഇന്ദ്രൻ.

മാഹിഷ-വി. മഹിഷത്തെ സംബന്ധിച്ച

മാഹിഷം-രക്തചന്ദനം.

മാഹിഷ്മതി-നർമ്മദാ നദിയുടെ തീരത്തുള്ള മഹേശ്വരം എന്ന പട്ടണം. ഹൈഹയ രാജാക്കന്മാരുടെ പ്രധാന നഗരം.

മാഹിഷ്യൻ, മാഹിഷൻ-വൈശ്യസ്ത്രീയിൽ ക്ഷത്രിയനാൽജനിച്ചവൻ. പൂജിക്കപ്പെടുന്നവൻ എന്നർത്ഥം,

**മാഹേന്ദ്രപ്പൊരുത്തം**-ഒരു പൊരുത്തം

സ്ത്രീയുടെ ജന്മനക്ഷത്രത്തിന്റെയും അനുജന്മനക്ഷത്രങ്ങളുടേയും ൪-൭-൰ ഈ നക്ഷത്രങ്ങളിൽ പുരുഷൻ ജനിച്ചാൽ 'മാഹേന്ദ്രപ്പൊരുത്തം' ഭവിക്കുന്നു. പുരുഷ നക്ഷത്രം സ്ത്രീയുടെ നക്ഷത്രത്തിങ്കൽനിന്നു അതിദൂരെയായാൽ അധികം ശുഭമാകുന്നു.

**മാഹേയ**-വി. ഭൂമിയെ സംബന്ധിച്ച. (സ്ത്രീ-മാഹേയീ).

**മാഹേയം**-൧. പവിഴം, ൨. ഒരു നരകം

**മാഹേയീ**-പശു. മഹയുടെ അപത്യം എന്നർത്ഥം.

**മാഹേശ്വരൻ**-ശിവഭക്തൻ.

**മാഹേശ്വരി**-൧. സപ്തമാതൃക്കളിൽ ഒന്ന്. ൨. കീരിവള്ളി.

**മാളയം**-മരിച്ച ആറിനുള്ള വിരുന്ന്.

**മാളവം**-ഒരു ദേശം. (ഇപ്പോഴത്തെ മാൾവം). Malva.

**മാളവി**-ഒരു രാഗം.

**മാളവികാഗ്നിമിത്രം**-ഒരു നാടകം.

കാളിദാസന്റെ കൃതിയെന്നു പറയുന്നു.

**മാളം**-പാമ്പു മുതലായ ഇഴജന്തുക്കൾ ഇരിക്കുന്ന വിളവുസ്ഥലം, വങ്ക്.

**മാളവിക**-൧. ത്രികോല്പക്കൊന്ന. ൨. നാല്ക്കൊല്പക്കൊന്ന.

**മാളി**-ഗൂഢസ്ഥലം, കള്ളമുറി, മുള്ളൻപന്നിയും മറ്റുമിരിക്കുന്ന ഗുഹ.

**മാളിക**-൧. ഒരുമാതിരി കെട്ടിടം. (ഒരു നിലയിൽ അധികം കാണും). ൨. ഒരു മാതിരി രാജധാനി. ൩. ഭവനത്തിന്റെ മേൽ മുറി.

'മേടംഹർമ്മ്യഞ്ച മാളിക' എന്നു വൈജയന്തി. മാളിക എന്നാൽ ധനികന്മാർ താമസിക്കുന്ന ഗൃഹം എന്നർത്ഥം. ധനികന്മാരുടെ മാളികയ്ക്കു 'ഹർമ്മ്യം' എന്നും, രാജാക്കന്മാരുടെ മാളികയ്ക്കു 'പ്രാസാദം' എന്നും പറയുന്നു.

**മാളുക**-൧. മരിക്കുക. ൨. വാടുക.

**മാഴ്കൽ**-൧. മടി. ൨. ക്ഷീണം.

**മാഴ്**-വി. സൌന്ദര്യമുള്ള.

**മാഴ്കുന്നു**-൧. കരയുന്നു. ൨. ക്ഷീണിക്കുന്നു. ൩. മടിക്കുന്നു. ൪. മങ്ങുന്നു.

**മാഴ**-സൌന്ദര്യമുള്ളത്. (പ-മ).

**മാഴ്ക**-വാടുക.

**മാറ്**-൧. നെഞ്ച്. ൨. കൈ രണ്ടും നിവർത്തിപ്പിടിച്ചുള്ള ഒരളവ്.

രണ്ടു കൈയും വിലങ്ങത്തിൽ നീട്ടിപ്പിടിച്ചുകൊണ്ടാൽ അതിലൊതുങ്ങുന്ന നീളം. സംസ്കൃതത്തിൽ-വ്യാമം.

൩. എതിരു, തുല്യൻ.

**മാറടിക്കുന്നു**-൧. മാറിൽ അടിക്കുന്നു. ൨. വഴക്കടിക്കുന്നു.

**മാറടിപ്പ്**-൧. വഴക്ക്. ൨. നെഞ്ചിൽ അടിക്കുക.

**മാറളവ്**-രണ്ടുകൈയും പരത്തി അളക്കുക.

**മാറാടുന്നു**-൧. ക്രമക്കേടാകുന്നു. ൨. മൃഗങ്ങൾ കൂടി പിണയുന്നു. ൩. ചതിവു ചെയ്യുന്നു.

**മാറാട്ടം**-൧. വഞ്ചന. ൨. ക്രമക്കേട്. ൩. ചില ജന്തുക്കൾ പിണയുക.

**മാറാട്ടി**-മഹാരാഷ്ട്രം.

**മാറാൻ**-ഒരുമാതിരി ചൊറിയുന്ന കിഴങ്ങ്

**മാറാപ്പ്**-വസ്ത്രംകൊണ്ടു കെട്ടിയ ഒരു മാതിരി കെട്ട്, ഭാണ്ഡം.

**മാറാപ്പുകാരൻ**-മാറാപ്പുള്ളവൻ, ഭാണ്ഡക്കാരൻ.

**മാറാംപ്പ്**-ശാകവർഗ്ഗത്തിൽ ചേർന്ന മഹാകന്ദം.

മാറല-ചുക്കിലിവല.

മാറാൽ-ചിലന്തിവല.

മാറിടം-നെഞ്ച് (ഞ്ഞു്).

മാറിട്ടുക-൧. ഇടയുക. ൨. ചുമതല ഏല്പിക്കുക.

മാറുതാലി-ഈഴവർ തെങ്ങിൽ കയറുമ്പോൾ ഉപയോഗിക്കുന്ന മടന്തകിട്ട്.

മാറുന്നു-൧. ഒഴിയുന്നു, അകന്നുപോകുന്നു. ൨. ഒന്നുകൊടുത്തു മറെറാന്നിനെ വാങ്ങിക്കുന്നു. ൩. നീങ്ങുന്നു. ൪. ഇല്ലാതാകുന്നു. ൫. ഒളിച്ചുപോകുന്നു. ൬. മറവുപമാകുന്നു. ൭. മാഞ്ഞുപോകുന്നു. ൮. അകന്നുപോകുന്നു. ൯. പൊറുക്കുന്നു ൰. വേറെ വസ്ത്രം ധരിക്കുന്നു. ൰൧. ഭാഷാഭേദം വരുത്തുന്നു. ൰൨. വേർതിരിക്കുന്നു. ൰൩. നടപ്പിന്നു വ്യത്യാസം വരുത്തുന്നു.

മാറുപാട്-പ്രതികൂലം, കലക്കം, മാററം.

മാററ്-൧. അലക്കിയ വസ്ത്രം.

'കലവില്ലുംചുമലിലെടുത്തുനി-
മ്മലമായുള്ളമാററുമുടുത്തുടൻ'

(സന്താനഗോപാലം പാന)

൨. അലക്കുന്നവനോട് ഇരവലായിട്ടു വാങ്ങിക്കുന്ന വസ്ത്രം. ൩. സ്വർണ്ണത്തിൻേറയും മററും ഗുണം. ൪. പകരം വാങ്ങിക്കുന്ന വസ്തു. ൫. ബ്രാഹ്മണർ മുതലായ ജാതിക്കാരുടെ സ്ത്രീകൾ ഋതുവായാൽ നാലാംദിവസം ശുദ്ധിക്കായിട്ടു വാങ്ങിച്ചുടുക്കുന്ന വസ്ത്രം.

മാററക്കാരൻ-൧. മാററമുള്ളവൻ, സ്ഥിരമില്ലാത്തവൻ. ൨. ചെറിയ കച്ചവടക്കാരൻ. ൩. വഞ്ചകൻ, ചതിയൻ.

മാററം-വ്യത്യാസം.

മാററലർ-ശത്രുക്കൾ.

മാററൽ-ദേവമാററ്, മാററുക, മലയന്മാർ പിശാചുക്കളേയോ ഒരുവക ദീനത്തെയോ മാററുക.

മാററാണി-ഒരുമാതിരി ആപ്പ്.

മാററാൻ-ശത്രു.

'മാററാരിൽ കനിവേററമുള്ളോരു'

(ഘോഷയാത്ര തുള്ളൽ)

മാററി-൧. ചതിയൻ. ൨. ധൈര്യഹീനൻ.

മാററിത്തം-൧. ആപത്ത്, ൨. ചേഷ്ടി.

'മാററിത്തംവന്നതിനാവതുമില്ല'

(ഗജേന്ദ്രമോക്ഷം തുള്ളൽ)

മാററുകന്നു-മാററിക്കെട്ടിയ കന്ന്.

മാററുന്നു-൧. മറുസ്ഥലത്താക്കുന്നു. ൨. ഒഴിപ്പിക്കുന്നു. ൩. വ്യത്യാസം വരുത്തുന്നു. ൪. വേർതിരിക്കുന്നു. ൫. വിടുന്നു. ൬. നുകംവെച്ചു കെട്ടുന്നു. ൭. മാററാണിവെക്കുന്നു, സംക്ഷേപിക്കുന്നു.

മാററുവസ്ത്രം-൧. മാറിയ വസ്ത്രം. ൨. മാററായിട്ടു വാങ്ങിച്ച വസ്ത്രം.

മാറെറാലി-പ്രതിശബ്ദം, പ്രതിധ്വനി, മുഴക്കം.

---

## മി

മിക-പെരിക.

മികക്കുന്നു-൧. പരിപൂർണ്ണമാകുന്നു. ൨. വർദ്ധിക്കുന്നു. ൩. ഒന്നിനെ കവിഞ്ഞു മുമ്പെട്ടുനില്ക്കുന്നു.

മികച്ച-വി. വർദ്ധിച്ച.

'മന്നിൽമികച്ചോരുബുധനല്ലേനീ'

(നളചരിതം തുള്ളപ്പാട്ട്)

'മികച്ച' എന്നതു 'മികക്ക' എന്നതിൽ നിന്നാണ രൂപം. മികക്ക=ഒന്നിനെ കവിഞ്ഞു മുമ്പോട്ടുനില്ക്ക.

മികരുന്നു-വളരുന്നു.

മികവ്-൧. പരിപൂർണ്ണത. ൨. അധികത്വം. ൩. ഒന്നിനെ കവിഞ്ഞു മുമ്പോട്ടുള്ള നില.

'പകലുംരാവുമഹംകാരത്തിനു
മികവുള്ളവരിവരെന്തൊരുകഷ്ടം'
(ഘോഷയാത്ര തുള്ളൽ)

മികന്നു-പെരുകന്നു.

'കൊടുമമികും നിശാചരന്മാർ'

മിക്ക-വി. അധികമായ, പ്രാബല്യമുള്ള.

മിക്കതും-അ. പാതിയിൽ അധികം.

മിക്കവാറും-അ. മിക്കതും, ഏകദേശം.

മിക്കുക-ക്രി. മുക്കുക. വ. വിക്കുക.

മിക്കൊളി-വി. അതികാന്തിയുള്ള.

മിച്ചം-ശേഷിപ്പു, ലാഭം.

മിച്ചവാരം-കുടിയാൻ ദ്രവ്യം കൊടുത്തു എഴുതി വാങ്ങിച്ച നിലത്തിനു ആണ്ടു തോറും ജന്മിക്കു കൊടുപ്പാനുള്ള പാട്ടത്തിൽ കൊടുത്ത ദ്രവ്യത്തിന്റെ പലിശ നീക്കി കൊടുക്കുന്ന പാട്ടം.

മിഞ്ചൽ-വലുതു, അധികത്വം.

മിഞ്ചാമ്പുറം, മിഞ്ചാമ്പരം-പുറയില്ലി. Balcony.

മിഞ്ചി-സ്ത്രീകൾ കാലിന്റെ വിരലിൽ ഇടുന്ന ഒരാഭരണം. (മോതിരംപോലെയിരിക്കും).

മിഞ്ചിപ്പു-ക്രി. മെച്ചിൽ. വ. മിച്ചം.

മിഞ്ചുന്നു-ക്രി. ശേഷിക്കുന്നു. വ. അതിക്രമിക്കുന്നു. ന. വലിക്കുന്നു. (നാമം-മിഞ്ചിപ്പു, മിഞ്ചൽ).

മിഞ്ജികൻ, മിഞ്ജിക-രുദ്രബീജം ഒരു പർവതത്തിന്റെ മുകളിൽ വീണു ജനിച്ചവൻ.

മക്കളുടെ ഗുണം ഹേതുവായിട്ടു ചിലർ ഇവരെ പൂജിക്കുന്നുണ്ടു.

മിട-ക്രി. മുടിച്ചി, കെട്ടു. വ. പക്ഷികളുടെ തീൻപണ്ടം.

മിടഞ്ഞുക-വല്ലതും നീക്കുന്നതിനു ഉറക്കെ അടിക്കുക.

മിടമ-മിടുക്കു, സാമർത്ഥ്യം.

'മിടമയോടുപോരുചെയ്തു'
(സീതാസ്വയംവരം കഥകളി)

മിടമൻ-മിടുക്കൻ, സമർത്ഥൻ.

മിടല-ഓലമറ.

മിടയുക-ക്രി. പൊതിയുക. വ. കെട്ടുക. ന. ചുരുട്ടുക. ര. പിന്നുക. ഇ. മടക്കുക.

മിടറു-ക്രി. തൊണ്ട.

'മിടററിടച്ചുരൽതുടിഞ്ഞു' Voice stifled. (രാമചരിതം)
വ. വിഴുങ്ങുക. ന. തുള്ളി.

മിടാവു-മങ്ങലി.

മിടി-ക്രി. മിടിപ്പു. വ. വളരെ ചെറിയ കായു, അല്പം.

മിടിക്കുന്നു-ക്രി. തട്ടുന്നു. വ. നാഡി ഇളകുന്നു.

മിടിപ്പു-ക്രി. തട്ടുക. വ. നാഡിയിളക്കം.

മിടില-ക്രി. തൊണ്ട. വ. കടിക്ക.

മിടിലക്ഷണം-ചലനശാസ്ത്രം.

മിടിൽ-മിടി.

മിട്ടക്കു-ഒരുമാതിരി പൊൻവള.

'പട്ടും മിട്ടക്കും നൽകി
പെട്ടെന്നു തെളിയിച്ചു'
(പ്രദോഷമാഹാത്മ്യം തുള്ളൽ)

മിട്ടമ-ക്രി. സാമർത്ഥ്യം, ചൊടിപ്പു. വ. പ്രാപ്തി.

മിട്ടമൻ-ക്രി. സമർത്ഥൻ, വ. ചൊടിപ്പുള്ളവൻ.

മിട്ടമെ-ചൊടിചൊടിപ്പു.

മിട്ടക്കി-സാമർത്ഥ്യമുള്ളവൾ.

മിട്ടക്കുക-നിബന്ധിക്കുക.

മിട്ടമൻ-സമർത്ഥൻ.

'മിട്ടമന്മാരവരെത്രയുംപാർക്കുമ്പോൾ'
(പതിന്നാലുവൃത്തം)

മിടുമിതാ, മിടുമതാ-സാമൎത്ഥ്യം, മിടുക്ക്.

മിട്ടാൽ-൧. തീരം. ൨. ചിറ.

മിട്ടിൽ-ഉരുത്തിരിയാത്ത തവളക്കുഞ്ഞ്.

മിഠായി-ഒരു മധുരപദാൎത്ഥം.

മിണമിണക്കുന്നു-കൊതിഭാവിക്കുന്നു.

മിണമിണപ്പ്-കൊതി കാട്ടുക.

മിണ്ടാതെ-പറയാതെ.

മിണ്ടാട്ടം-സംസാരം; പറക.

മിണ്ടുന്നു-സംസാരിക്കുന്നു, പറയുന്നു.

മിണ്ണാണ്ണിമിണ്ണൻ-അയോഗ്യൻ.

മിത-വി. ൧. അളക്കപ്പെട്ട. ൨. അറിയപ്പെട്ട് ൩. മതിയായ.

മിതംഗമം-ആന.

മിതദ്രു-കടൽ.

മിതം-൧. ആവശ്യമുള്ളത്. ൨. (സാഹിത്യസാഹ്യത്തിൽ) നിഷ്പ്രയോജനമായി പദസംഖ്യ വൎദ്ധിപ്പിക്കാത്തക്ക വാക്യം.

മിതമാകുന്നു-അടങ്ങുന്നു, ശമിക്കുന്നു.

മിതംപചം- വി. ലുബ്ധുള്ള. മിതംപചൻ എന്നാൽ മിതമായി പാകം ചെയ്യുന്നവൻ എന്നൎത്ഥം.

മിതാക്ഷരാ-യാജ്ഞവൽക്യസ്മൃതിയുടെ ഒരു ശ്രുതിപ്പെട്ട വ്യാഖ്യാനം.

ഗ്രന്ഥകൎത്താ-വിജ്ഞാനേശ്വരൻ.

മിതാശന-വി. മിതമായി ഭക്ഷിക്കുന്ന.

മിതി-൧. അളവ്. ൨. ജ്ഞാനം. ൩. സാക്ഷി, അറിവ്.

മിത്രത, മിത്രത്വം — ബന്ധുത്വം, സ്നേഹം.

മിത്രൻ-൧. ആദിത്യൻ. സൎവ്വരുടെയും സ്നേഹിതൻ എന്നൎത്ഥം. ൨. എരിക്ക്.

മിത്രപുത്രൻ— ൧. സുഗ്രീവൻ. ൨. കാലൻ.

മിത്രഭേദം-ബന്ധുക്കളെ തമ്മിൽ അകലിപ്പിക്കുന്ന ഉപായം.

മിത്രം-ബന്ധു, സ്നേഹിതൻ, സുഹൃത്ത്, പ്രതിഫലേച്ഛ കൂടാതെ സ്വാഭാവികമായി സ്നേഹിക്കുന്നവൻ.

മിത്രവാൻ-ബന്ധുക്കളും ഉള്ളവൻ. (സ്ത്രീ-മിത്രവതി).

മിത്രാ-മൈത്രേയ മുനിയുടെ മാതാവ്.

മിത്രാപായം-൧. സൂൎയ്യാസ്തമയം. ൨. ബന്ധുനാശം.

മിത്രാവരുണന്മാർ - മിത്രനും വരുണനും.

മിത്രീ-സുമിത്ര.

മിഥില-ഒരു രാജ്യം. (ഇപ്പോഴും റിർഹൂട്ട്-ബിഹാറിൽ).

വിദേഹരാജ്യത്തിൻെറ പ്രധാനസ്ഥലം. ജനകൻെറ രാജ്യം.

മിഥസ്സ്-അ. ൧. അന്യോന്യം. ൨. രഹസ്യമായി. ൩. മുറമുറയായി.

മിഥു-അ. ൧. കളവായിട്ട്. ൨. തെറ്റായിട്ട്.

മിഥുനം-൧. മൂന്നാമത്തെ മാസം. ൨. ഒരു സ്ത്രീയും ഒരു പുരുഷനും കൂടെ പറയുന്ന പേർ. സംഗമിക്കുന്നത് എന്നു ശബ്ദാൎത്ഥം. ൩. മിഥുനരാശി.

മിഥ്യാ-അ. അസത്യം.

മിഥ്യാദൃഷ്ടി-നാസ്തികത്വം. പരലോകാദികളില്ലെന്നുള്ള ബുദ്ധി, ഉള്ളതിനെ മറച്ചുവെച്ച കാഴ്ച, ഇല്ലാത്തതു ഉണ്ടെന്നുള്ള കാഴ്ച. (വാസ്തവത്തിൽ മിഥ്യയായ പ്രപഞ്ചം ഉള്ളതാണെന്നും നിൎവ്വികല്പനായ ഈശ്വരൻ ഇല്ലെന്നും വാദിക്കുന്നവർ കാണുന്ന കാഴ്ച ഇതാണ്).

മിഥ്യാദേവന്മാർ-കള്ളദേവന്മാർ.

മിഥ്യാപ്രവദൻ-ധാരാളക്കാരൻ.

മിഥ്യാഭിയോഗം-ഇല്ലാത്ത സംഗതി ആരോപിച്ചു പറയുന്ന അസത്യവാക്ക്, അസത്യമായ ആക്ഷേപം എന്നു ശബ്ദാർത്ഥം.

മിഥ്യാഭിശംസനം-അപവാദം, ഇല്ലാത്ത ദോഷത്തെ ആരോപിച്ചു പറയുക.

മിഥ്യാഭിശംസി - അപവാദം പറയുന്നവൻ.

മിഥ്യാദ്രുതം-മായാസംബന്ധം.

മിഥ്യാമതി-ഭ്രമം, ഭ്രാന്തി, തെററിദ്ധാരണ, ഒന്നിനെ മറെറാന്നായി തോന്നുക. അസത്യമായ ബുദ്ധി എന്നു ശബ്ദാർത്ഥം.

മിഥ്യാവാദം-അപവാദം.

മിഥ്യാവാദി — അപവാദം പറയുന്നു. (സ്ത്രീ-മിഥ്യാവാദിനി).

മിഥ്യാവികത്ഥനം-വെറുതെ പറയുക.

മിഥ്യാവിശ്വാസം-വെറുതെയുള്ള വിശ്വാസം.

മിദ്ധം-അലംഗത.

മിന-ഫ. വേല. ദ. ദുഷ്പ്രവൃത്തി.

മിനകെട്ടുന്നു-വേലക്കുടാതെയിരിക്കുന്നു.

മിനകെട്ട-വി. ഫ. വെറുതെയുള്ള. ദ. മടിയുള്ള, കാര്യമില്ലാത്ത.

മിനക്കേട്ട്-വേലയില്ലായ്ക.

മിനിഞ്ഞാന്ന്, മിനിയാന്ന് - അ. ഇന്നലേക്കു മുമ്പത്തെ ദിവസം.

മുൻ + ഞാൻറ, മുൻ=മുമ്പിലത്തെ, ഞാൻറ=ദിവസം.

മിനുക്കം-ഫ. മിനുസം. ദ. ശോഭ. ന. മാർദ്ദവം, മൃദുത്വം, പരുപരുപ്പില്ലായ്ക.

മിനുക്കുകരുവ്-മിനുസം വരുത്തുന്ന ഒരായുധം, മിനുക്കുളി.

മിനുക്കുചാണ-രത്നവും മററും മിനുസം വരുത്തുന്ന ഒരുമാതിരി ചാണ.

മിനുങ്ങൽ-ഫ. മിനുസം. ദ. മിന്നൽ.

മിനുങ്ങുന്നു-ഫ. മിനുന്നു. ദ. ശോഭിക്കുന്നു. ന. മിനുസംവരുന്നു. (സം. ക്രി-മിനുക്കുന്നു).

മിനുപ്പ്-മിനുങ്ങിയ വസ്തുവിൻെറ അവസ്ഥ.

മിനുമിനുപ്പ്-ഫ. പ്രകാശം, ശോഭ. ദ. തൊട്ടാൽ നല്ല മിനുസം തോന്നുന്ന വസ്തുവിൻെറ അവസ്ഥ.

മിനുമിനേ-അ. ഫ. പ്രകാശമായി. ദ. മിനുസമായി.

മിനുസം-ഫ. മിനുക്കം. ദ. ശോഭ.

'മിനിതം' എന്നതാണ് 'മിനുസം' ആയത്.

മിനുറ്-സ്ത്രീകൾ വിവാഹത്തിനു കഴുത്തിൽ കെട്ടുന്ന ഒരാഭരണം.

മിന്നൽ-ഫ. ഇടിവാൾ. ദ. പ്രകാശം. ന. ഉളുക്ക്.

മിന്നൽക്കോടി-ഇടിവാൾ.

മിന്നൽപിണര്-ഇടിവാൾ.

മിന്നാമിനുങ്ങ്-പൃഷ്ഠത്തിൽ വെളിച്ചമുള്ള ഒരു ചെറിയ പറക്കുന്ന ജന്തു.

മിന്നാരം-ഫ. ചെറിയ ഗോപുരം. ദ. വിളക്കുമരം.

മിന്നി-ചില പുരുഷന്മാർ കാതിലിടുന്ന ഒരുവക ആഭരണം.

മിന്നിക്കുന്നു-ഫ. പ്രകാശിപ്പിക്കുന്നു. ദ. ആനയെ നടത്തുന്നു.

മിന്നിപ്പരിച-ഒരുമാതിരി തകിടു പതിച്ചിട്ടുള്ള പരിച.

മിന്നിവാൾ-മിനുക്കിയ വാൾ.

മിന്നുന്നു-ഫ. പ്രകാശിക്കുന്നു. ദ. ഉളുക്കുന്നു.

മിമ്മിനൻ-എല്ലാവാക്കുകളേയും അനനാസികങ്ങളോടുകൂടി പറയുന്നവൻ.

മിരട്ടൽ, മിരട്ടുക-ഭയപ്പെടുത്തൽ.

മിരളുക-ഭയപ്പെടുക.

മിലനം-ചേരുക, കൂടുക.

മിലിന്ദം-വണ്ട്.

മിലിന്ദകം-ഒരുവക പാമ്പ്.

മിശ്ര-വി. കൂട്ടിക്കലർന്ന.

മിശ്രജം-വെടിക്കുതിര.

മിശ്രണം-കൂട്ടിക്കലർച്ച.

മിശ്രം-പു. കൂട്ടിക്കലർച്ച, ഇടകലർന്നത്. ൨. സാഹിത്യത്തിന്റെ (കൃതികളുടെ) ഉള്ള മൂന്നു വിഭാഗങ്ങളിൽ ഒന്ന്. ൩. ഒരു കാവ്യദോഷം. ൪. വലിയ മുള്ളങ്കി.

മിശ്രമാക്കുന്നു-കൂട്ടിക്കലക്കുന്നു.

മിശ്രിക്കുന്നു-കൂട്ടിക്കലർത്തുന്നു.

മിശ്രിത-വി. ൧. കൂട്ടിക്കലർത്തപ്പെട്ട. ൨. ബഹുമാനിക്കപ്പെട്ട.

മിശ്രേയ, മിശ്രേയം-കാട്ടുശതകുപ്പ. ഔഷധങ്ങളിൽ കൂട്ടിച്ചേർക്കപ്പെടുന്നത് എന്നർത്ഥം.

മിഷം-വ്യാജം.

മിഷ്ട-വി. ൧. തളിക്കപ്പെട്ട, നനഞ്ഞ. ൨. മധുരമുള്ള.

മിഷ്ടം-പു. മധുരംകൂടിയ ഒരു പലഹാരം. ൨. മധുരരസം.

മിഷ്ടാന്നം-പു. തൃപ്തിയായ ഭോജനം. ൨. പായസം.

മിസി-പു. കാട്ടുശതകുപ്പ. കൈപ്പുരസമുള്ളതായി പരിണമിക്കുന്നത് എന്നർത്ഥം. ൨. ശതകുപ്പ. ൩. അയമോദകം. കാലക്രമത്താൽ രൂപാന്തരത്തെ പ്രാപിക്കുന്നത് എന്നർത്ഥം.

മിഹിക-പു. മഞ്ഞ്. ഭൂമിയെ നനക്കുന്നത് എന്നർത്ഥം. ൨. കർപ്പൂരം.

മിഹിരൻ-പു. ആദിത്യൻ. വിശ്വത്തെ നനയ്ക്കുന്നവൻ. 'ആദിത്യാജ്ജായതേ വൃഷ്ടിഃ' എന്നു പ്രമാണം. ൨. മേഘം. ൩. ചന്ദ്രൻ. ൪. വായു. ൫. വൃദ്ധൻ.

മിഹിരാണൻ-ശിവൻ.

മിളനം-ചേരുക, കലരുക.

മിളിന്ദം-വണ്ട്.

മിളിത-വി. ചേർക്കപ്പെട്ട, കൂട്ടപ്പെട്ട.

മിഴാവ്-പു. ഒരുവക വാദ്യം. ൨. ഒരു മംതിരി വലിയ കുടം.

മിഴാവച്ചൻ-നമ്പ്യാർക്ക് ചില ദിക്കിൽ പറയുന്ന ഒരു പേർ.

മിഴി-പു. കണ്ണ്. ൨. കണ്ണിലെ ഉണ്ണി.

മിഴിക്കുന്നു-പു. കണ്ണുതുറക്കുന്നു. ൨. വ്യാകുലപ്പെടുന്നു.

മിറ-പു. അനക്കം. ൨. ഉത്സാഹിപ്പിക്കൽ.

മിരുക്ക്-കടിക്ക.

മിരുക്കൽ, മിരുക്കുക-ഭാഷ, സംസാരം, താണനിലയിൽ സംസാരിക്കുക.

മിരുമിരുക്കുന്നു-പിറുപിറുക്കുന്നു.

മിരുമിരുപ്പ്-അസൂയകൊണ്ടും മററും പതുക്കെപ്പറക.

മിററി, മുററി-മുത്തു. (പ-മ.)

## മീ

മീച്ച-പു. മിടുക്ക്. ൨. ലാഭം. (പ-മ.)

മീച്ചം-ശേഷി, പ്രാപ്തി.

മീട്ടൽ-വീണയുടെ കമ്പിമേൽ ചെയ്യുന്ന പ്രവൃത്തി.

മീട്ടുന്നു-വീണ മുതലായവ വായിക്കുന്നു.
'വീണകൾ തുംബുരു മീട്ടിത്തുടങ്ങി'
(അജ്ഞാനകുഠാരം)

മീഢ-വി. മൂത്രം മുട്ടിയ.

**മീഢം**-മൂത്രവിസർജ്ജനം ചെയ്തതു്. സേചനം ചെയ്തതു് എന്നർത്ഥം

**മീണ്ടു്**-ക്രി. തിരിയെ വരിച്ചു്. വ. വീണ്ടും.

**മീണ്ട**-തിരിയെ ലഭിച്ച.

**മീതൽ**-മീതെ.

**മീതിൽ**-അ. മീതെ.

'അവർക്കുമീതിലെപോവാൻ
നിഴൽക്കുമർദ്ദനംചെയ്തു'
(ലങ്കാമർദ്ദനം തുള്ളൽ)

**മീതു**-മേൽ

**മീതെ**-അ. മേലെ.

**മീത്തെ**-അ. മീതെ.

**മീനകേതനൻ** - കാമദേവൻ. മീനം (മത്സ്യം) കേതനം (കൊടിയടയാളം). മത്സ്യമാകുന്ന കൊടിയടയാളമുള്ളവൻ എന്നർത്ഥം.

**മീനഘാതി**-കൊക്കു്.

**മീനങ്ങാണി**-ഒരുവക മരുന്നു്.

വ്രണം, കൃമി, ജ്വരം മുതലായവക്കു നന്നു. ഇല ഉഴുന്നിൻെറ ഇലപോലെ ചെറുതായിരിക്കും. സം-മത്സ്യാക്ഷി.

**മീനം**-ക്രി. മേടം മുതൽ പന്ത്രണ്ടാമത്തെ മാസം. വ. മീനംരാശി. ന. മത്സ്യം. ഹിംസിക്കുന്നതു്, ഹിംസിക്കപ്പെടുന്നതു് ഇങ്ങിനെ ശബ്ദാർത്ഥങ്ങൾ. ർ. വടക്കു കിഴക്കേ കോണു്.

**മീനരംഗം**-പൊന്മാൻ.

**മീനാക്ഷി**-ക്രി. മീനങ്ങാണി. വ. മീൻകണ്ണിക്കുറുക. ന. സുന്ദരി. ർ. പാർവ്വതി.

**മീനാങ്കൻ**-കാമദേവൻ.

'മീനാങ്കാർത്തിതയായൊരമങ്ക'
(ഭാഷാഭൂഷണം)

**മീനാണ്ഡി**-പഞ്ചസാര.

**മീനാശി**-വി. മത്സ്യത്തെ തിന്നുന്ന.

**മീൻ**-ക്രി. മത്സ്യം.

മാംസം-വാതശമനകരമാണു്. കഫത്തെ വർദ്ധിപ്പിക്കും. ബലമധികമുണ്ടാക്കും. മൂത്രം പെരുപ്പിക്കും. ശരീരം തടിപ്പിക്കും. മദ്യപാനികൾ, വ്യായാമം വഴിനടപ്പു് ഇവകൊണ്ടു് തളർന്നവർ, സ്ത്രീസക്തന്മാർ, ജഠരാഗ്നിബലമുള്ളവർ ഇവർക്കു ഹിതമാകുന്നു. വർഷകാലത്തിൽ എല്ലാം മത്സ്യങ്ങളും ദോഷമുള്ളതാണു്. ഉണക്കാതെ വേവിച്ച എല്ലാം മത്സ്യവും നന്നു്. മത്സ്യം പാലിനോടും ശർക്കര മുതലായ ഇക്ഷുവികാരങ്ങളോടും തേനിനോടും ഭക്ഷിച്ചാൽ വിരുദ്ധമാണു്.

വ, നക്ഷത്രം.

**മീൻകള്ളത്തി, മീൻകൊത്തി**—പൊന്മ.

**മീൻകണ്ണിക്കുറുക**-പന്നിക്കുറുക.

കഫം, ജ്വരം മുതലായവക്കു നന്നു്. ഇതു മിക്കവാറും ജലത്തിലോ ജലത്തിൻെറ സമീപത്തിലോ ഉണ്ടാകുന്നു. ഇലയുടെ അഗ്രം സൂചിപോലെയിരിക്കും. സം-ഗണ്ഡദൂർവ്വാ. ത-കൊടിയറുക.

**മീൻകാൽ**-കാൽവണ്ണ.

**മീൻകുഴ**-കാൽവണ്ണ.

**മീൻപാച്ചൽ**-വിഷൂചികക്കുള്ള ഉരുണ്ടുകയററം.

**മീമാംസ**-ശാസ്ത്രങ്ങൾ ആറുള്ളതിൽ ഒന്നു്. (പൂർവ്വമീമാംസ, ഉത്തരമീമാംസ).

മീമാംസ-ആറു ദർശനങ്ങളിൽ ഒന്നാകുന്നു. ജൈമിനി മുനിയാണു് ആ ദർശനസ്ഥാപകൻ. ഇതിനെ പൂർവ്വമീമാംസ (അ) കർമ്മമീമാംസ എന്നു പറയുന്നു. യാഗകർമ്മങ്ങളെ വിവരിക്കുന്ന ദർശനമാണു്. വേദാന്തത്തെ ഉത്തരമീമാംസ എന്നു പറഞ്ഞുവരുന്നു.

പൂർവ്വമീമാംസ അല്ലെങ്കിൽ കർമ്മമീമാംസ ജൈമിനി സ്ഥാപിച്ചതു്. ഉത്തര

മീമാംസ അല്ലെങ്കിൽ ബ്രഹ്മമീമാംസ ബാദരായണൻ സ്ഥാപിച്ചതു്. ആദ്യത്തേതു വേദത്തിലെ ആചാരങ്ങളേയും അവയുടെ അൎത്ഥത്തേയും വിവരിക്കുന്നു. രണ്ടാമത്തേതു് പരമാത്മാവിന്റെ സ്വഭാവത്തെ പറയുന്നു. രണ്ടിനും അന്യോന്യ സംബന്ധമില്ലായ്കനിമിത്തം വേറെ വേറെ വിചാരിച്ചുവരുന്നു. പൂൎവ്വമീമാംസ=മീമാംസ. ഉത്തരമീമാംസ=വേദാന്തം.

മീമാംസകൻ-൧. മീമാംസ പഠിച്ചിട്ടുള്ളവൻ. ൨. വിചാരണ ചെയ്യുന്നവൻ.

മീരം-൧. കടൽ. ൨. അതിൎത്തി.

മീലനം-കണ്ണടയ്ക്കുക.

മീലിത-വി. ൧. കണ്ണടയ്ക്കപ്പെട്ട. ൨. പകുതിതുറന്ന. ൩. കാണാതായ.

മീലിതം-൧. ഒന്നുകൊണ്ടു മറ്റൊന്നു മറഞ്ഞുപോകുന്നതു്. ൨. അലങ്കാരങ്ങളിൽ ഒന്നു്.

മീവര-വി. ഉപദ്രവിക്കുന്ന.

മീവരൻ-സേനാധിപൻ.

മീവാ-വായു.

മീശ-പുരുഷന്റെ മുഖത്തുള്ള രോമം.

മീശക്കൊമ്പു്—കൊമ്പുപോലെ നീണ്ട മീശ.

മീളുന്നു - തിരിയെ എടുക്കുന്നു, ഉദ്ധരിക്കുന്നു.

മീൾ-ഉദ്ധാരണം, തിരിയെ കൊടുക്ക.

മീറു-ഒരുവക ചെമന്ന കടുപ്പമുള്ള ഉറുമ്പു്

മീറുന്നു-൧. ലംഘിക്കുന്നു. ൨. കോപിക്കുന്നു.

---

## മു

മുഃ-൧. ശിവൻ. ൨. കാവൽ, പാറാവു്. ൩. കരാൽനിറം.

മുകക്കയറു്-നാൽക്കാലികളുടെ മോന്തക്കിടുന്ന കയറു്.

മുകട്ടു്-വസ്ത്രത്തിന്റെയും മററും മുഖവട്ടു്.

മുകട്ടോല, മുകട്ടുവള-പുരക്കഴുക്കോലുകൾ ഇളകാതിരിപ്പാനായിട്ടു തുളച്ചു കോൎക്കുന്ന മരം, മോന്തായം.

മുകച്ചെവി-മുയൽ.

മുകത്തല-൧. കറുക്കവഴി. ൨. മുണ്ടിന്റെ വലതുവശം.

മുകപ്പു്- ഭവനത്തിന്റെ മുൻവശത്തുള്ള ഒരു സ്ഥലം.

മുകം-മുഖം. (പ-മ.)

മുകയ്ക്കുക-൧ മണക്കുക. ൨. ചുംബിക്കുക.

മുകരുന്നു-൧. ഉമ്മവെക്കുന്നു, ചുംബിക്കുന്നു ൨. വാസനിക്കുന്നു.

മുകളിടുന്നു-ഭവനത്തിന്റെ മുകൾ ഓല കൊണ്ടും മററും അടയ്ക്കുന്നു.

മുകളെടുപ്പു്-മേൽപ്പുരയുടെ രണ്ടററത്തും ഭംഗിയായിട്ടു മരംകൊണ്ടു പണിതുവെക്കുന്ന ഒരു പണി.

മുകൾ-മേൽഭാഗം, അഗ്രം.

മുകഴുന്നു-മുകരുന്നു.

മുകഴ്ച-൧ ചുംബനം. ൨ മണക്കുക.

മുകറു്-മുഖം, മുൻഭാഗം.

മുകിൽ-മേഘം, കറുത്തമേഘം.

മുകിൽപെരുമാൾ- മുഗൾ ചക്രവൎത്തി.

മുകിൽവൎണ്ണൻ-കൃഷ്ണൻ.

മുകിലൻ-൧. മുഗൾപ്രഭു. ൨. പ്രധാനി.

മുകിലൊലി-ഇടിനാദം.

മുകുടം-൧ മകുടം, കിരീടം ഇതുകൊണ്ടു ശിരസ്സ് അലങ്കരിക്കപ്പെടുന്നതിനാൽ ഈ പേരുണ്ടായി. ൨. പൎവ്വതശിഖരം.

മുകുന്ദൻ-വിഷ്ണു, കൃഷ്ണൻ.

മുകുന്ദം-൧. വൈശ്രവണന്റെ ഒമ്പതു നിധികളിൽ ഒന്നു്. മനോഹരമായിരി

ക്കുന്നതു്, ദാരിദ്ര്യമോക്ഷത്തെ ചെയ്യുന്നതു് ഇങ്ങനെ ശബ്ദാർത്ഥങ്ങൾ. ഉ. കുഷ്ഠകം. രോഗമുക്തിയെ ദാനംചെയ്യുന്നതു് എന്നർത്ഥം. ൧. രസം.

മുകരം-ഫ. മുഖക്കണ്ണാടി. തേജസ്സിനെ മോചിക്കുന്നതു്, സദാ തേജസ്സിനെ പുറപ്പെടുവിക്കുന്നതു് ഇങ്ങനെ ശബ്ദാർത്ഥങ്ങൾ. മകരം എന്നുമാവാം. ഉ. കശവന്റെ കലംമനയുന്ന യന്ത്രത്തിന്റെ പിടി. ൧. ഇലഞ്ഞി. ൨. ലന്തമരം. ൩. വള്ളിമുല്ല. ൪. താന്നി.

മുകുളം-വിടിൎന്നുതുടങ്ങിയ മൊട്ടു്. മൊട്ടു് എന്നുള്ള അവസ്ഥയെ ഉപേക്ഷിക്കുന്നതു് എന്നർത്ഥം.

മുകുളം എന്നതിനു മൊട്ടു് എന്നാണു് സാധാരണ അർത്ഥം കാണുന്നതു്. എന്നാൽ വിടിൎന്നതിന്റെ ശേഷം ചിലപ്പോൾ കൂമ്പിപ്പോവുക പതിവുണ്ടു്. അങ്ങിനെയുള്ള 'മൊട്ടു്' ആയിരിക്കണം. മൊട്ടിന്റെ ആകൃതിയിൽ നില്ക്കുന്ന പുഷ്പത്തിനും 'മുകുളം' എന്നു പറയാം.

മുകുളിത-വി. ഫ. കൂമ്പിയ. ഉ. ഒട്ടു വിടിൎന്ന.

മുക്കുലകം-ചെറിയ മന്തി.

മുക്കു്-ഫ. കോണു്. ഉ. പ്രയാസമായ കാൎയ്യം ചെയ്യുമ്പോളുണ്ടാകുന്ന ശബ്ദം. ൧. ജലത്തിൽ താഴ്ത്തുക. ൨. വിരൽമുക്കി സത്യംചെയ്ക.

മുക്കടു-ചുക്കു, മുളകു്, തിപ്പലി ഇവ മൂന്നും

മുക്കണ്ണൻ-ശിവൻ മൂന്നുകണ്ണുള്ളതുകൊണ്ടു് ഈ പേർ വന്നു.

സാധാരണ കണ്ണു രണ്ടും, നെററിയിലെ തീക്കണ്ണും ഉൾപ്പെടെയാണു്.

മുക്കണ്ണി-ത്രികോണു്.

മുക്കണ്ണിക്കുന്നു-ത്രികോണാകുന്നു

മുക്കൽ-ഫ. വെള്ളത്തിൽ മുക്കുക. ഉ. ഒരുമാതിരി ശബ്ദം പുറപ്പെടുവിക്കുക.

മുക്കവത്തി-മുക്കവന്റെ സ്ത്രീ.

മുക്കവൻ, മുക്കുവൻ- മീൻപിടിക്കുന്ന ഒരു ജാതിക്കാരൻ.

മുക്കവല-മൂന്നുവഴി കൂടുന്ന സ്ഥലം.

മുക്കവലവഴി-മൂന്നുവഴി കൂടിയതു്.

മുക്കളം-അ. നിറയെ. ഉ-ം, 'ചോര മുക്കളം കുടിച്ചു'.

മുക്കഴഞ്ചു്-മൂന്നുകഴഞ്ചു്.

മുക്കാട്ടു്-തിരശ്ശീല.

മുക്കാടി-മുക്കവക്കുടി.

മുക്കാണി-ഒരു കീഴ് കണക്കു്. 3/80.

മുക്കാണിയൻ-മുമ്പിൽ കുടുമയുള്ള പരദേശബ്രാഹ്മണരിൽ ഒരു ജാതിക്കാരൻ.

മുക്കാൻ-ചെമ്പോത്തു്.

മുക്കാപ്പീരാ-ഒരുമാതിരി പച്ചമരുന്നു്.

മുക്കാലം-കഴിഞ്ഞതും വരുവാനുള്ളതും ഇപ്പോഴുള്ളതുമായ മൂന്നു കാലം.

മുക്കാലി-ഫ. മൂന്നു കാലുള്ളതും, കുററക്കാരെ കെട്ടി അടിക്കുന്നതിനുള്ളതുമായ ഒരു സാധനം. ഉ. മൂന്നു കാലുള്ള മേശ.

മുക്കാൽ-ഒന്നുകൊണ്ടു നാലു പങ്കു വെച്ചാൽ അതിൽ ഒരു പങ്കു നീക്കി ശേഷമുള്ളതു്.

മുക്കാൽവട്ടം-ഫ. ക്ഷേത്രംവകയായിട്ടുള്ള ദേശം. ഉ. ചില ക്ഷേത്രങ്ങൾക്കു പറയുന്ന ഒരു പേർ.

മുക്കിടി, മുക്കുടി-മരുന്നുകൾ മോരിൽ പുഴുങ്ങി അരച്ചുകലക്കി തിളപ്പിച്ചുണ്ടാക്കുന്ന ഒരൌഷധം.

മുക്കിത്തെളിയുന്നു - തിളച്ചുകിടക്കുന്ന നെയ്യിൽ കൈ മുക്കിയാൽ പൊള്ളാതെ നേരു തെളിയുന്നു.

മുക്കിളിക്കുന്നു-ജലത്തിൽ മുങ്ങി പൊങ്ങുന്നു.

മുക്കിഴങ്ങ്-ഒരുമാതിരി വള്ളിയുടെ കിഴങ്ങ്.

**മുക്കടം**-പു. മൂന്നു കടം. വ. കിരീടം.

**മുക്കടി**-ചില മരുന്നുകൾ മോരിൽ വേവിച്ചു അരച്ചുകലക്കി തിളപ്പിച്ചുണ്ടാക്കുന്നതു്.

**മുക്കടിയൻ**-മുഴുക്കുടിയൻ, വലിയ കള്ളുകുടിയൻ.

**മുക്കടുമി**-മുമ്പിലും പുറകിലും നടുവിലുമുള്ള കുടുമി.

**മുക്കുന്നു**-പു. പ്രയാസമായ കാര്യം ചെയ്യുമ്പോൾ ശബ്ദം പുറപ്പെടുവിക്കുന്നു. വ. വെള്ളത്തിൽ താഴ്ത്തുന്നു. ന. വിരൽ മുക്കുന്നു.

**മുക്കറ, മുക്ര**-കാളയുടെ ശബ്ദം.

**മുക്കുറ്റി**-ഒരുവക ചെടി, പു. തീണ്ടാനാഴി. വ. തൊട്ടാവാടി.

അതിസാരം, കഫം മുതലായവക്കു നന്നു്. മുള്ളുള്ളതും മുള്ളില്ലാത്തതും രണ്ടുതരമുണ്ടു്. സം-ലജ്ജാലു. ത-വരളച്ചുണ്ടി, തൊട്ടാൽവാടി. ഇം-A Sensitive plant.

**മുക്കൂട്ടു്**-എണ്ണയും നെയ്യും ആവണക്കെണ്ണയും കൂടെ കൂട്ടിയതു്.

**മുക്കോണു്**-പു. മൂന്നുകോണു്. വ. മൂന്നു കോണുള്ള വസ്തു.

**മുക്ത**-വി. മോചിക്കപ്പെട്ട, വിടപ്പെട്ട.

**മുക്തകഞ്ചുകം**-പടം കഴിച്ച പാമ്പു്, വളയഴിച്ച പാമ്പു്. കഞ്ചുകത്തെ ഉപേക്ഷിച്ചതു് എന്നർത്ഥം.

**മുക്തകം**-പു. കൈകൊണ്ടെറിയുന്ന ഒരായുധം. വ. ഒറ്റശ്ലോകം.

**മുക്തകണ്ഠൻ**-തൊണ്ടതുറന്നവൻ.

**മുക്തകണ്ഠം**-അ. ഉറക്കെ.

**മുക്തചക്ഷുസ്സ്**-സിംഹം.

**മുക്തശങ്ക**-വി. സംശയംകൂടാതെയുള്ള.

**മുക്താ**-പു. മുത്തു്, മുത്തുമണി. ശുക്തിസംപുടത്തിൽ നിന്നു മോചിക്കുന്നതു് എന്നർത്ഥം. വ. അരത്ത. ന. ഗണിക.

**മുക്താകാര**-വി. മുത്തുപോലെയിരിക്കുന്ന.

**മുക്താപുഷ്പം**-കുരുക്കുത്തിമുല്ല.

**മുക്താപ്രസൂ**-മുത്തുച്ചിപ്പി.

**മുക്താഫലം**-പു. മുത്തു്. വ. കർപ്പൂരം. ന. ലവലിക്കായ്.

**മുക്താഭാ**-കുടമുല്ല.

**മുക്താവലി**-പു. മുത്തുമാല. മുത്തുമണികളുടെ കൂട്ടം എന്നർത്ഥം. മുക്താവലീഹാരം എന്നുമുണ്ടു്. വ. മുക്തന്മാരുടെ (മോക്ഷം പ്രാപിച്ചവരുടെ) സമൂഹം. ന. ഗ്രന്ഥവിശേഷം. വേദാന്തത്തിലും തർക്കത്തിലും 'മുക്താവലി' എന്ന ഗ്രന്ഥമുണ്ടു്.

**മുക്താസ്ഫോടം**-മുത്തുച്ചിപ്പി. മുത്തുമണികൾ ഇതിൽനിന്നുണ്ടാകുന്നതിനാൽ ഈ പേർ വന്നു.

**മുക്തി**-പു. മോക്ഷം. ആത്മാവിനെ സംസാരബന്ധത്തിൽ നിന്നു വേർപെടുത്തുന്നതു് എന്നർത്ഥം. വ. ഉപേക്ഷിക്ക. ന. വിടുക.

ക്ലേശങ്ങൾ മുഴുവനും നശിച്ചു ആത്മാവു കേവലമായ സ്വരൂപത്തിലിരിക്കും എന്ന അവസ്ഥയാണു് മുക്തി. ആ അവസ്ഥ ആനന്ദമയമാകുന്നു. എന്നു പതഞ്ജലിയുടെ മതം. ആത്മാവു ബ്രഹ്മസ്വരൂപത്തിലായിത്തീരുക എന്നതാണു് 'മോക്ഷം' എന്നു പാണിനീയമതം.

**മുക്തികാ**-മുത്തു്.

**മുക്തിപടം**-ഒരുമാതിരി കളിക്കുന്നതിനുള്ള പടം

**മുക്തിമാർഗ്ഗം**-പു. മോക്ഷം കിട്ടുന്നതിനുള്ള വഴി. വ. ജ്ഞാനം.

**മുക്തിയാറു്**-കോടതികാര്യങ്ങളിൽ പ്രതിനിധിയായി നിന്നുകൊള്ളുവാൻ കിട്ടുന്ന അധികാരം. (അറബിഭാഷ). പൂർണ്ണ അധികാരം സിദ്ധിച്ച ഒരു ചുമതലക്കാരൻ.

മുഖ-വി. ഒന്നാമത്തെ.

മുഖക്കയറ്-കാളയുടേയും മററും മുഖത്തു ഭംഗിക്കു കെട്ടുന്ന ഒരു കയറ്.

മുഖക്ഷാളനം-മുഖം കഴുകുക.

മുഖഖുരം-പല്ല്.

മുഖഗന്ധകം-വലിയ വെള്ളുള്ളി.

മുഖച്ഛായ-മുഖത്തിന്റെ ആകൃതി, മുഖത്തിന്റെ ഭാഷ.

മുഖജാലം-ഒരുമാതിരി പാട്ട്.

മുഖതാവ്-മുൻഭാഗം, സമക്ഷം.

മുഖതാവിൽ- മുഖാത്തോട്ടുമുഖമായി, മുമ്പാകെ.

മുഖദൎശനം-൧. മുഖം കാണുക, മുഖാത്തോട്ടു നോക്കുക. ൨. അനുകൂലത.

മുഖദാക്ഷിണ്യം- മുഖത്തുനോക്കുമ്പോൾ തോന്നുന്ന അനുകൂലത.

മുഖദൂഷണം-വലിയ വെള്ളുള്ളി.

മുഖനിരീക്ഷകൻ - ൧. മടിയുള്ളവൻ. ൨. അനുസരണമുള്ള വേലക്കാരൻ.

മുഖനോട്ടം-മുഖംനോക്കി ചെയ്യുന്ന പക്ഷഭേദം.

മുഖപടം-൧. മുഖം മൂടുന്ന വസ്ത്രം. ൨. ആനയുടെ മുമ്പിൽ ചാൎത്തുന്ന മനോഹരമായ തുണി.

മുഖപത്മം-ഭംഗിയുള്ള മുഖം.

മുഖപരിചയം-കണ്ടറിവ്.

മുഖപാഠം-൧. പുസ്തകത്തിൽ നോക്കാതെ പറവാൻ തക്കവണ്ണം പഠിക്കുക. ൨. ആദ്യത്തെ പാഠം.

മുഖപൂരണം-ജലംകൊണ്ടു വായിൽ നിറക്കുക.

മുഖപ്പ്-ഭവനത്തിന്റെ ചെറിയ തളം, പൂമുഖം, മുകപ്പ്.

മുഖപ്രീതി-മുഖം കൊണ്ടറിയിക്കുന്ന സന്തോഷം, മുഖത്തിന്റെ തെളിവ്.

മുഖബന്ധനം-൧. കിണററിന്റെ വാരുല്ല്. ൨. സമചതുരശ്രമായ കളം. ൩. കഴിച്ചുണ്ടാക്കപ്പെട്ട കളം, കൊക്കരണി.

മുഖഭൂഷണം-൧. വെററില തിന്നുക. ൨. വെള്ളത്തീയം.

മുഖമണ്ഡപം-ശ്രീകോവിലിന്റെ മുഖപ്പ്, മുമ്പിലുള്ള മണ്ഡപം.

മുഖം-൧. കഴുത്തിന്നു മുകളിൽ തലയുടെ ഭാഗം. ൨. ഭവനത്തിന്റെ മുൻവശം, പൂമുഖം. ൩. ആരംഭം. ൪. വായ്. ഭക്ഷ്യത്തെ ചവക്കുന്നത് എന്നൎത്ഥം. മററു പൎയ്യായങ്ങൾ-വക്ത്രം, ആസ്യം, വദനം, തുണ്ഡം, ആനനം, ലപനം. (ഉപചാരാൽ അതോട്ടുകൂടിയ ആസകലം മുഖത്തിന്നും പറയാം). ൫. നീക്കുപോക്ക്. ൬. പക്ഷിയുടെ ചുണ്ട്. ൭. ൮. മുഖപരിചയം. ൯. രാജ്യത്തിന്റെ ഭാഗം. ൧൦. അയിനി. ൧൧. അററം, തുമ്പ്, പുച്ഛം. ൧൨. ഭാരം. ൧൩. വഴി.

മുഖര-വി. ൧. ശബ്ദമുള്ള. ൨. പരിഹസിച്ചു പറയുന്ന.

മുഖരൻ-൧. നായകൻ. ൨. അപ്രിയത്തെ പറയുന്നവൻ, നിന്ദിതമായ മുഖത്തോട്ടുകൂടിയവൻ എന്നൎത്ഥം.

മുഖരം-൧. കാക്ക ൨. ഒരുമാതിരി ശംഖ്.

മുഖരിത-വി. ശബ്ദിക്കപ്പെട്ട.

മുഖരീകരിക്ക-ശബ്ദായമാനമാക്കുക.

മുഖരീകൃതം- ശബ്ദായമാനമാക്കിച്ചെയ്യപ്പെട്ടതു്.

മുഖരോമം-൧ മീശ. ൨. മുഖത്തുള്ള രോമം.

മുഖലാംഗലം-പന്നി.

മുഖവാരം-ഭവനത്തിന്റെ മുൻഭാഗത്തുള്ള സ്ഥലം.

മുഖവാസനം-മുഖസൌരഭ്യത്തെ ഉണ്ടാക്കുന്ന കൎപ്പൂര താംബൂലാദിയുടെ പേർ. മുഖത്തിങ്കൽ വാസനയെ ചെയ്യുന്നതു് എന്നൎത്ഥം.

മുഖവികാരം-മുഖത്തെ ഭാവഭേദം.

മുഖവിഷ്ഠാ-നരിച്ചീർ.

മുഖവീണ-ഒരു വാദ്യം.

മുഖവുര-മുമ്പിൽ പറയുന്നതു്.

മുഖശൃംഗം-വാൾമീൻ.

മുഖശ്ലില-വി. ചീത്തമുഖമുള്ള.

മുഖസംസ്കാരം-മുഖം നന്നാക്കുക.

മുഖസ്തുതി-മുഖത്തുനോക്കി സ്തുതിച്ചുപറക, നേരെനിന്നു പുകഴ്ത്തിപ്പറക.

മുഖസ്ഥ-വി. ൧. മുഖത്തിരിക്കുന്ന. ൨. കാണാപ്പാഠം പഠിച്ച.

മുഖസ്ഥമാക്കുന്നു-പഠിക്കുന്നു.

മുഖസ്രാവം-ഉമിനീർ, വായിൽ നിന്നൊഴുകുന്ന വെള്ളം.

മുഖാന്തരം-൧. സഹായം. ൨. ഉദ്ദേശം. (സം) ന. മറെറാരു മുഖം.

മുഖാമുഖം-അ. മുഖത്തോടു മുഖമായി, നേരിട്ടുനിന്നു്.

മുഖാമൃതം-പാൻ.

മുഖാരി-ഒരു രാഗം.

മുഖാവരണം-മുഖമൂടി.

മുഖാസ്രം-തെണ്ട്.

മുഖേന-മുഖമായിട്ടു്, സഹായമായിട്ടു്, ഉദ്ദേശമായിട്ടു്.

മുഖര-തുടസ്സം.

മുഖ്യ-വി. ശ്രേഷ്ഠമായ. ൨. ഒന്നാമത്തെ

മുഖ്യചതുഷ്ടയം - അലങ്കാരത്തിനു വസ്ത്രം, ഭക്ഷണത്തിനു നെയ്യ്, സ്ത്രീകൾക്കു ഗുണം, വിദ്വാന്മാൎക്കു ആത്മജ്ഞാനം ഇവ നാലും.

മുഖ്യത-ശ്രേഷ്ഠത.

മുഖ്യതമ-വി. ഏററവും മുഖ്യമായുള്ള.

മുഖ്യം-൧. പ്രധാനം, സാരമായുള്ളതു്, ശ്രേഷ്ഠം. മുഖംപോലെയുള്ളതു്, മുഖത്തിൽ ഭവിച്ചതു്. ഇങ്ങനെ ശബ്ദാൎത്ഥങ്ങൾ. ൨. സാരമായുള്ള നിയമകൎമ്മം.

മുഖ്യസ്ഥൻ-പ്രമാണി.

മുഗ്ദ്ധ-വി. ൧. ഭംഗിയുള്ള. ൨. മൂഢതയുള്ള.

മുഗ്ദ്ധത, മുഗ്ദ്ധത്വം-൧. ഭംഗി. ൨. മൌഢ്യം.

മുഗ്ദ്ധബോധം-വോപദേവൻ ഉണ്ടാക്കിയ ഒരു വ്യാകരണം.

മുഗ്ദ്ധഹാസം-മന്ദഹാസം.

മുഗ്ദ്ധാ- സൌന്ദൎയ്യമുള്ള ചെറിയ സ്ത്രീ, ബുദ്ധിക്കുസാമൎത്ഥ്യംവന്നിട്ടില്ലാത്തവൾ, അപ്രൌഢാ.

മുഗ്ദ്ധാക്ഷി-നല്ല കണ്ണുള്ളവൾ, സുന്ദരി.

മുഗ്ദ്ധേന്ദുചൂഡൻ-ശിവൻ. ചന്ദ്രനെ ചൂടിയവൻ എന്നൎത്ഥം.

മുങ്ങൽ-ജലത്തിൽ താഴുക, മുങ്ങുക.

മുങ്ങിക്കപ്പൽ-സമുദ്രത്തിൻെറ അടിയിൽക്കൂടെ ഓടുന്ന ഒരുവക കപ്പൽ, ജലവാഹിനിക്കപ്പൽ. (സബ്മറൈൻ)

മുങ്ങുന്നു-ജലത്തിൽ താഴുന്നു.

മുചുകുന്ദൻ-മാന്ധാതാവു എന്ന രാജാവിൻെറ പുത്രൻ.

മുചുകുന്ദൻ രാജ്യം പരിപാലിക്കുമ്പോൾ ദേവലോകത്തുചെന്നു ദേവവൈരികളെ ഒടുക്കി അവിടെ പാൎത്തു. ഇന്ദ്രൻ വളരെ സന്തോഷിച്ചു എന്തു വരം വേണമെന്നു ചോദിച്ചു. മോക്ഷമൊഴിഞ്ഞു് മറെറാക്കെത്തരാം, അതിനു വിഷ്ണുവിനെ അധികാരമുള്ളു എന്നു ഇന്ദ്രൻ പറഞ്ഞപ്പോൾ ഉറങ്ങീട്ടു വളരെക്കാലമായതിനാൽ ആ അലസത തീൎക്കണമെന്നപേക്ഷിച്ചു. ഏറിയ കാലം 'നിദ്രപൂണ്ടുകൊൾക എന്നും നിദ്രക്കു ആരു ഭംഗം വരുത്തുന്നുവോ അവൻ അങ്ങയുടെ നേത്രാഗ്നിയിൽ

ഭസ്മമാകട്ടെ എന്നും' ഇന്ദ്രൻ വരം കൊടുത്തു. അനന്തരം പർവ്വതഗുഹയിൽ നിദ്രാണനായിരുന്ന മുചുകുന്ദന്റെ മുമ്പാകെ യവനൻ ചെല്ലുകയും കണ്ണു തുറന്നു നോക്കുകയാൽ യവനൻ ഭസ്മമാകുകയും ചെയ്തു. ഈ യവനൻ കൃഷ്ണനെ ഉപദ്രവിപ്പാനായി ഓട്ടിച്ചപ്പോൾ അദ്ദേഹത്തെ കാണാതാകയും ഗുഹക്കകത്തുണ്ടെന്നു വിചാരിച്ചു ചെന്നു നോക്കിയ സമയം മുചുകുന്ദനെ കണ്ടു് തെറ്റിദ്ധരിച്ചു ചവിട്ടുകയും ചെയ്കയാലാണ് ഭസ്മമായി തീർന്നതു്. പിന്നീടു മുചുകുന്ദനെ ഭഗവാൻ കാണുകയും മോക്ഷം നൽകുകയും ചെയ്തു. ഇഷ്ടമുള്ളേടത്തു പോയി സ്വർഗ്ഗീയസന്തോഷങ്ങൾ അനുഭവിച്ചുകൊള്ളുന്നതിനു കൃഷ്ണൻ വരംകൊടുത്തു എന്നും അതിൻപ്രകാരം ഗന്ധമാദനപർവ്വതത്തിൽ പോയി തപസ്സുചെയ്തു എന്നുംകൂടി കാണുന്നുണ്ടു്.

മുചുകുന്ദം-ചെമ്പകംപോലെ ഒരു വലിയ വൃക്ഷം.

മുച്ചാൺവടി-മൂന്നു ചാണുള്ള വടി.

മുച്ചി-മുഖം.

മുച്ചിലിക്ക(ക)-പിഴയേററു എഴുതുന്ന ഒരെഴുത്തു്.

മുച്ചിറി, മുച്ചുണ്ടു് - ചിറിയുടെ (ഓഷ്ഠത്തിന്റെ) ആകൃതിയിൽ വന്നിട്ടുള്ള വിരൂപത.

മുച്ചൂട്ടം-അ. മുഴുവനേ, ഒട്ടുക്കു്.

മുച്ചോൽ-കീർത്തി.

മുജ്ജന്മം-മുമ്പിലത്തെ ജന്മം, പൂർവ്വജന്മം.

മുജ്ജന്മവാസന-പൂർവ്വജന്മത്തിൽ പ്രവർത്തിച്ചിരുന്നതിന്റെ ചില അടയാളം.

മുഞ്ജം-മേഖലപ്പുല്ലു്.

മുഞ്ജകേശൻ-പു. ശിവൻ. വ. വിഷ്ണു.

മുഞ്ജപ്പുല്ലു് - വേഴൽപോലെയുള്ള ഒരു പുല്ലു്.

തണ്ണീർദാഹം, ചുട്ടുനീററൽ മുതലായവക്കു നന്നു്. ഇതിനെ വ്രതികൾ അരഞ്ഞാണിന്നുപയോഗിക്കുന്നു. എന്നാൽ അതു ഇതിന്റെ തണ്ടിന്നു പുറത്തുള്ള പോള ഉണക്കിയതാണ്.

മുഞ്ഞ-ഒരു വൃക്ഷം.

മുഞ്ഞി-മുഖം.

'ഒരുവൾക്കമുഞ്ഞികറുത്തു'

(കിരാതം തുള്ളൽ)

മുട-പു. അഴുക്കു്. വ. നാററം. ന. മുടിച്ചി, കെട്ടു.

ഉപ്പ്, ശർക്കര, മുണ്ടു് ഇവയിലുള്ള അഴുക്കിന്നു മുടയെന്നു പറഞ്ഞുവരുന്നു.

മുടക്കൻ-കതകിലും മററും തറയ്ക്കുന്ന ഒരു മാതിരി ഇരിമ്പുകൊളുത്തു്.

മുടക്കം, മുടക്കു്-പു. വിരോധം. വ. ഉപേക്ഷ. ന. മുടന്തു്.

മുടക്കു്-വിരോധം. വ. മുടന്തു്.

മുടക്കുചീട്ടു്-വിരോധിച്ചു എഴുതുന്ന ഒരു ചീട്ടു്.

മുടക്കുക-വിലക്കുക.

മുടക്കോല-മുടക്കുള്ള ഓല.

മുടങ്ങുന്നു-വിഘ്നം വരുന്നു. (ക ക്രി-മുടക്കുന്നു).

മുടച്ചൽ-മടച്ചിൽ.

മുടന്തു,മുടന്തൽ-കാലിന്റെ ഒരു അസ്വാധീനത, ഏന്തു്.

മുടന്തൻ-മുടന്തുള്ളവൻ.

മുടന്തുന്നു-ഭംഗികേടായി നടക്കുന്നു.

മുടമ്പല്ലു്-ചൊവ്വേ അല്ലാത്ത പല്ലു്.

മുടമ്പല്ലൻ-മുടമ്പല്ലുള്ളവൻ.

മുടമുടകൻ-ഒരുവക ശകാരം.

മുടയുന്നു-മടയുന്നു, തെങ്ങോലയും മററും പിണച്ചു ചേർക്കുന്നു.

മുടവു്-മുടന്തു്.

മുടവൻ-മുടന്തൻ.

**മുടി**-൧. രോമം. ൨. ചില മൃഗങ്ങളുടെ കഴുത്തിലോ തലയിലോ ഉള്ള രോമം. ൩. തലമുടി. ൪. തല. ൫. കിരീടം. ൬. ജടാ. ൭. ഓട്ടൻ തുള്ളക്കാരും മററും തലയിൽ വെക്കുന്ന വസ്തു. ൮. കയറിന്റെ കെട്ട്. ൯. മുൾക്കാളിയുടേയും മററും മുടി.

**മുടികാലൻ**-നശിപ്പിക്കുന്നവൻ.

**മുടിക്കുന്നു**-൧. അവസാനിപ്പിക്കുന്നു. ൨. നശിപ്പിക്കുന്നു.

**മുടിക്കോൽ** - കന്നുകാലികളെ അടിക്കുന്ന വടി.

**മുടിച്ചുൽ**-൧. കെട്ട്. ൨. സഞ്ചികെട്ടുക. ൩. നാശം.

**മുടിത്തമ, മുടിത്തമൈ**-മുടിച്ചു എന്നുള്ളതു, വധിച്ചതു (പ-മ).

**മുടിപ്പു**-൧. നാശം. ൨. സഞ്ചിയിൽ കെട്ടിയ പണം.

**മുടിമണി**-കിരീടത്തിലോ തലയിലോ അലങ്കരിക്കുന്ന രത്നം.

**മുടിമന്നൻ**-ശത്രുവിനെ ജയിപ്പാൻ ശക്തിയുള്ള രാജാവ്.

**മുടിമന്നർ**-മുടിക്ഷത്രിയർ.

പരശുരാമനെ എതിർത്ത ക്ഷത്രിയരെ ഇപ്രകാരം വിളിക്കുന്നു.

**മുടിമാല**-തലയിൽ കെട്ടുന്ന മാല.

**മുടിയഞ്ചീര**- നീച്ചീരപോലെയുള്ള ഒരു മാതിരി ചീര.

(ഇല നീണ്ടതായിരിക്കും. സം-കന്തളീ).

**മുടിയൻ**-നശിപ്പിക്കുന്നവൻ.

**മുടിയന്തരം**-നാശം.

**മുടിയിഴ**-തലനാര്.

**മുടിയുന്നു**-൧. നശിക്കുന്നു. ൨. അവസാനിക്കുന്നു. (സ. ക്രി. മുടിക്കുന്നു).

**മുടിയേററ്**-൧. രാജാവിനെ കിരീടം ധരിപ്പിക്കുക. ൨. ഒരുമാതിരി കളി.

**മുടില്**-൧. പുൽപ്പടപ്പ്. ൨. പാമ്പ്. ൩. മത്സ്യത്തിന്റെ കുഞ്ഞ്. ൪. തവളക്കുഞ്ഞ്.

**മുടിലാരം**-പുല്പടപ്പ്.

**മുടിവ്**-നാശം, അവസാനം.

**മുടുക്**-൧. ഒരുമാതിരി പൊൻവള, (മിടുക് എന്നതു നന്ന്). ൨. കരിയും മററും കെട്ടുന്നതിനുള്ള വള്ളി.

**മുടുകുന്നു**-അടുക്കുന്നു. (ദേശ്യപദം—ഒരു ക്ഷോട്ടുമാത്രം നടപ്പ്).

'അലറി മാരുതിയോടു മുടുകിനാൻ'
(പാതാളരാമായണം).

സന്നദ്ധരായി എതിർക്കുന്നു.

**മുടുക്ക്**-൧. വീതികുറഞ്ഞ റോട്ട്, വഴി, ഇടുക്കുവഴി. ൨. കോൺ.

**മുട്ട്**-൧. തടവ്, തടസ്സം. ൨. കാലിന്റേയും കൈയുടേയും നടുവിൽ മുഴച്ചിരിക്കുന്ന അസ്ഥി. ൩. നാശം. ൪. കാവ്. ൫. ആവശ്യം. ൬. തലയും മററും മുട്ടുക. ൭. കരിമ്പിന്റെ പോളനില്ക്കുന്ന സ്ഥലം. ൮. ആട്ടമാട്ടുകളും മററും തമ്മിലുള്ള ഇടി. ൯. വാക്കുമുട്ട്. ൧൦. ചിറ. ൧൧. മറിപ്പിരിക്കു. ൧൨. വ്യാകലം. ൧൩. ഉരുണ്ടകാൽ. ൧൪. പുലിമുട്ട്. ൧൫. കൊട്ടുതടികൊണ്ടുള്ള അടി. ൧൬. വഴിയുടേയും ശാസനത്തിന്റേയും മററു തടവ്. ൧൭. യുദ്ധത്തിൽ രണ്ടു പുറവുമുള്ള സൈന്യങ്ങൾ തമ്മിൽ മുട്ടുക. ൧൮. നാരായത്തിന്റെ കൊട.

**മുട്ട**-പക്ഷികളുടേയും മററും മുട്ട, കോഴിയും മററും പ്രസവിക്കുന്ന സാധനം.

**മുട്ടക്കരു**-മുട്ടയുടെ അകത്തുള്ള വസ്തു.

**മുട്ടക്കുണ്ട്**-ഒരുമാതിരി ഉരുണ്ട കുണ്ട്.

**മുട്ടക്കോഴി**—മുട്ടയിട്ടുകൊണ്ടിരിക്കുന്ന കോഴി.

മുട്ടയപ്പ്-൧. കന്നുകാലികൾക്കുണ്ടാകുന്ന ഒരുമാതിരി ദീനം. ൨. ശ്വാസത്തിന്റെ തടവ്.

മുട്ടടി-മരായുധം, മുഠത്തടി

മുട്ടത്തോട്-മുട്ടയുടെ തോട്.

മുട്ടൻ-൧. ശരീരപുഷ്ടിയും ആരോഗ്യവും ഉള്ളവൻ. ൨. ശഠൻ. ൩. മുട്ടാട്.

മുട്ടപ്പാരി-ഒരുവക പലഹാരം.

മുട്ടാ-മുട്ടത്തടി, വെട്ടിയാൽ കീറുന്നതിനു പ്രയാസമുള്ള തടി.

മുട്ടൽ-ശ്വാസത്തിന്റെയും മററും തടവ്

മുട്ടാക്ക്-൧ തിരശ്ശീല. ൨. മൂടി. ൩. തലയിൽ തുണിയിട്ടു (മുണ്ടും മററും ഇട്ടു) മറയ്ക്കുക.

മുട്ടാട്-ആണാട്, ആട്ടുകൊററൻ.

മുട്ടാളത്തം-വഷളത്തം, ദുർജ്ജനസ്വഭാവം.

'ത്വം' എന്നതു സംസ്കൃതപദങ്ങളോടു ചേർക്കണം. മലയാള പദങ്ങളോടു 'ത്തം' എന്നുതന്നെയാണ് ചേർക്കേണ്ടതു്.

മുട്ടാളത്തരം-മുട്ടാളന്റെ തൊഴിൽ.

മുട്ടാളൻ-വഷളൻ, ഖലൻ, വീണൻ.

മുട്ടാൾ-മുട്ടാളൻ.

മുട്ടാ(ൾ)പ്രാക്ക്-മുട്ടാളന്റെ സ്വഭാവം

മുട്ടാറ്-നീളം കുറഞ്ഞ ആറ്.

മുട്ടി-൧. വിറകുതടി. ൨. കൊല്ലൻ ഇരിമ്പു കാച്ചി അടിക്കുന്ന ചുററിക. ൩. കളമെടുക്കുന്ന ഒരു പാത്രം. ൪. ഉണക്കല്ല്.

മുട്ടിക-ഇരിമ്പു തല്ലി നീട്ടുന്ന സാധനം, കൊല്ലന്റെ പണിക്കോപ്പുകളിൽ ഒന്ന്, ചുററിക.

മുട്ടിക്കത്തി-മൂർച്ചയില്ലാത്ത ക്ഷൌരക്കത്തി

മുട്ടിക്കാലൻ-വളകാലൻ.

മുട്ടിക്കാൽ-വളഞ്ഞ കാൽ.

മുട്ടിക്കുന്നു-൧. പ്രയാസപ്പെടുത്തുന്നു. ൨. തികയാതെയാക്കുന്നു. ൩. ഇല്ലാതെയാക്കുന്നു, മുടക്കുന്നു. ൪. കടക്കാരനെ ഞെരുക്കുന്നു. ൫. കൂട്ടിത്തൊട്ടുവിക്കുന്നു. ൬. വഴിയടയ്ക്കുന്നു. ൭. ആട്ടുകളെ തമ്മിൽ ഇടിപ്പിക്കുന്നു. ൮. തല മുട്ടിക്കുന്നു. ൯. കർമ്മങ്ങൾ മുടക്കുന്നു. ൧൦. വാക്ക മുട്ടിക്കുന്നു. ൧൧. കൂട്ടിയടിക്കുന്നു. ൧൨. തടയുന്നു.

മുട്ടിക്കരണ്ടി-ഇരിക്കുന്നതിനുള്ള ഒരുമാതിരി താണതരം പലക (പീഠം).

മുട്ടിത്തിരിച്ചൽ-൧. വഴിയറിയാതെ ചുററുക. ൨. നിർവാഹമില്ലാതെ വ്യാകുലപ്പെടുക.

മുട്ടിത്തിരിയുന്നു-൧. വഴിയറിയാതെ ചുററുന്നു. ൨. നിർവാഹമില്ലാതെ വ്യാകുലപ്പെടുന്നു.

മുട്ടിവണ്ടി-വണ്ടികട്ടർ ഉണ്ടാക്കുന്ന ഒരു വക താണതരത്തിലുള്ള മരവണ്ടി.

മുട്ടുകണ്ണി-പെരുവിരലോളം വലിപ്പമുള്ള കണ്ണികൾ ഉള്ള വല.

മുട്ടുകാരൻ-കൊട്ടുകാരൻ, ചെണ്ടക്കാരൻ.

മുട്ടുതല്ലി, മുട്ടുതട്ടി-നടക്കുമ്പോൾ മുട്ടുകൾ തമ്മിൽ തട്ടുന്നവൻ, കൊട്ടുകാലൻ.

മുട്ടുതെരു-പുറത്തു പോകാൻ മാർഗ്ഗമില്ലാത്ത മുടുക്കുവഴി.

മുട്ടുന്നു-൧. തടസ്ഥംവരുന്നു, തടവുവരുന്നു. ൨. ആവശ്യപ്പെടുന്നു. ൩. ഞെരുങ്ങുന്നു, പ്രയാസപ്പെടുന്നു. ൪. ഇല്ലാതെയാകുന്നു, ദാരിദ്ര്യം അനുഭവിക്കുന്നു, ഉത്തരം ഇല്ലാതാകുന്നു. ൫. തിടുക്കപ്പെടുന്നു. ൬. എത്തിത്തൊടുന്നു. ൭. ഒന്നു മറെറാന്നിനോടു തട്ടുന്നു, കൂട്ടി അടിക്കുന്നു. ൮. ഇടിക്കുന്നു, കതകിൽ ഇടിക്കുന്നു. ൯. കൊട്ടുപടികൊണ്ടടിക്കുന്നു. ൧൦. മടങ്ങുന്നു. ൧൧. ശ്വാസം തടയുന്നു.

മുട്ടുപാട്-മറിപ്പ്, അത്യാവശ്യം.

മുട്ടുപാത്രം-പണയംവെച്ച പാത്രം.

മുട്ടുമറിപ്പ്-നിർബന്ധം, മുട്ടുപാട്.

മുട്ടവായ്പ—തൽക്കാലമായിട്ടു വാങ്ങിച്ച കടം.

മുട്ടശാന്തി-ക്രി. അത്യാവശ്യത്തിനായി പകരം വഹിക്കുക. ഉ. ശാന്തി മുടങ്ങാതിരിപ്പാൻ പൂജ കഴിക്ക.

മുറ്റേ-അ. കഴിയുന്നിടത്തോളം, മുഴുവനായി.

മുണുമുണുപ്പ്-മുറുമുറുക്കുന്ന ശബ്ദം.

മുണ്ട്-വസ്ത്രം, സ്ത്രീകൾക്കും പുരുഷന്മാർക്കും ഉടുക്കുന്നതിനും തോളിൽ ഇടുന്നതിനും മറവുമുള്ള വസ്ത്രം. (അടിത്തുകിൽ എന്നതു നോക്കുക).

മുണ്ടകൻ-ക്രി. ഓകുള്ള ഒരുമാതിരി നെല്ല്. ഉ. ചില ദിക്കിൽ കന്നിമാസത്തിൽ വിതയ്ക്കുന്ന നിലം.

മുണ്ടകം-മകരമാസത്തിൽ കൊയ്യുന്ന ഒരു മാതിരി നെല്ല്.

മുണ്ടച്ചക്ക-ഒരുവക ചെറിയ ചക്ക.

മുണ്ടച്ചി-വിധവ.

മുണ്ടത്തി-മുണ്ടി.

മുണ്ടൻ-ക്രി. കുറിയവൻ, നീളമില്ലാത്തവൻ. ഉ. കള്ളുകുടുക്കുന്ന തെങ്ങിൻകുല.

മുണ്ടൻകൊട്ടി-കള്ളുകുടുക്കുന്ന ചേകവൻ.

മുണ്ടപ്പള്ളി-ഒരുവക നെല്ല്.

മുണ്ടവള്ളി-ഒരുമാതിരി വള്ളി.

മുണ്ടാണി - മാഹാണിയുടെ മൂന്നിലൊരംശം.

മുണ്ടാറ്-നീളം കുറഞ്ഞ ആറ്.

മുണ്ടി-ക്രി. കുറിയവൾ, നീളം കുറഞ്ഞവൾ. ഉ. മുണ്ടിനീര്. ന. ഒരുവക പക്ഷി.

മുണ്ടിക്കുന്നു-പൊക്കം കുറയുന്നു.

മുണ്ടിനീര്-താടിയിലുണ്ടാകുന്ന നീര്.

മുണ്ടിയൻ-ഒരുവക വനദേവത.

മുണ്ടുകാരൻ-സ്വദേശ ക്രിസ്ത്യാനികൾ.

മുണ്ടുപെട്ടി-വസ്ത്രം സൂക്ഷിക്കുന്ന ഒരുമാതിരി പെട്ടി.

മുണ്ടുമുറി-വീട്ടുസാമാനം.

മുണ്ടുമുറിപ്പുടവ-കൈമുണ്ട്.

മുണ്ടോടാൻ-ഒരുവക അരി.

മുണ്ഡ-വി ക്രി. ക്ഷൌരം ചെയ്യിച്ച, തലചിരച്ച ഉ. മുനയില്ലാത്ത. ന. കഷണ്ടിയായ, മൊട്ടത്തലയായ.

മുണ്ഡകൻ-ക്ഷൌരക്കാരൻ.

മുണ്ഡകാ-അഥർവ്വവേദത്തിൻെറ ഒരു ഉപനിഷത്ത്.

മുണ്ഡജം-ഉരുക്ക്.

മുണ്ഡനം-മൊട്ടയടിപ്പ്, ക്ഷൌരം ചെയ്യിപ്പ്.

മുണ്ഡൻ-ക്രി. ക്ഷൌരക്കാരൻ. ഉ. കേതുവിൻെറ ഒരു പേർ. ന. ദുർഗ്ഗാദേവി കൊന്ന ഒരസുരൻ. ര. രാഹു.

മുണ്ഡൻ, മുണ്ഡിതൻ-തല മൊട്ടയടിച്ചവൻ. തലമുടി മുറിച്ചവൻ എന്നർത്ഥം.

മുണ്ഡഫലം-തെങ്ങ്.

മുണ്ഡം-ക്രി. മൊട്ടയടിച്ച തല, തല ഉ. നെററി. ന. അഗ്രത്തിലെ കൊമ്പുകൾ പോയ വൃക്ഷം (തണ്ടുരം). ര. ഇരുമ്പ്. ൫. നറുമ്പശ

മുണ്ഡമാല-തലയോട്ടു കോർത്ത മാല.

മുണ്ഡാ-മഞ്ചട്ടി എന്ന മരുന്ന്.

മുണ്ഡായസം-ഇരിമ്പ്.

മുണ്ഡി-ക്രി. ക്ഷൌരക്കാരൻ. ഉ. അടയ്ക്കാമണിയൻ

മുണ്ഡിത-വി. ചിരയ്ക്കപ്പെട്ട.

മുണ്ഡിതം-ക്രി. രോമംകളഞ്ഞ (ക്ഷൌരം ചെയ്യിച്ച) ശിരസ്സുതലയായത്. ഖണ്ഡിക്കപ്പെട്ടതു് എന്നർത്ഥം. ഉ. ഇരിമ്പ്.

മുണ്ഡീ-ക്രി. ക്ഷൌരക്കാരൻ മുണ്ഡനം ചെയ്യുന്നവൻ എന്നർത്ഥം. ഉ. ശിവൻ.

മുതക്ക്-ന. ഒരുവക ഔഷധവള്ളി.

രക്തദോഷം, മൂത്രച്ചുടുനീറൽ മുതലായവക്കു നന്ന്. സം-വിദാരീ. ത-നിലപ്പനങ്കിഴങ്ങ്. ദി, ചത്തമൂഗം.

മുതക്കുന്നു-ഉയർത്തുന്നു.

മുതപ്പ്-അടയാളപ്പെടുത്തുന്ന തടി, പ്ലവം.

മുതല-ജലത്തിലുള്ള ഒരു വലിയ ജന്തു.

ഇതു മത്സ്യവർഗത്തിൽ ചേർന്ന ഒരു ജലജന്തുവാണ്. പെരുമുതല എന്നും ഇതിനു പേരുണ്ട്.

മുതലവകാശം-ദ്രവ്യത്തിന്റെ ഉടമസ്ഥത, ദ്രവ്യസംബന്ധം.

മുതലവകാശി-ദ്രവ്യത്തിന് ഉടമസ്ഥതയുള്ളവൻ, ദ്രവ്യസംബന്ധമുള്ളവൻ.

മുതലായ-വി. തുടങ്ങിയുള്ള.

മുതലാളൻ-നിലവും പുരയിടവും പാട്ടത്തിന്നായിട്ടു കുടിയാന്മാരെ ഏല്പിക്കുന്നവൻ, ജന്മി.

മുതലാളി-വലിയ കച്ചവടക്കാരൻ.

മുതലിക്കുന്നു-ചിട്ടി മുതലായ ഏർപ്പാടുകളിൽ ആദ്യമായി മുതൽ ശേഖരിക്കുന്നു, ആരംഭിക്കുന്നു.

മുതലിച്ചവൻ-ആരംഭിച്ചവൻ, തുടങ്ങിയവൻ.

മുതലിയാർ-ഒരു ജാതിക്കാരൻ.

മുതലെടുപ്പ്-ആണ്ടടക്കമുള്ള അനുഭവം ശേഖരിപ്പ്; ആണ്ടടക്കമുള്ള കരം പിരിവ്.

മുതലൻ-ഒരു പ്രധാനി.

മുതൽ-ന ദ്രവ്യം. ദി. ആകയുള്ള തുക. ന. തുടക്കം, ആരംഭം.

മുതൽ-അ ഇതു മററു ചില വാക്കിന്റെ ഒടുവിൽ ചേർക്കുമ്പോൾ 'തുടങ്ങി' എന്നർത്ഥം വരും.

മുതൽകാര്യം-വസ്തുവക.

മുതൽക്കൂട്ട്-വരവിന്റെ കണക്ക്.

മുതൽക്ക്-അ തുടങ്ങി.

മുതൽച്ചെലവ്-ദ്രവ്യം ചെലവിടുക.

മുതൽദ്രവ്യം-മൂലധനം, പലിശയ്ക്കും ലാഭത്തിനും കാരണമായുള്ള ദ്രവ്യം പണമോ.

മുതൽ പലിശകൾ-മുതലും പലിശയും.

മുതൽപററ്-ചേകവന്മാരുടെ മേലധികാരിയുടെ സ്ഥാനം. (അധികാരി-മുതൽ പററുകാരൻ).

മുതൽപിടി-ദ്രവ്യം ഏററുവാങ്ങിച്ചു സൂക്ഷിക്കുന്നവന്റെ ഉദ്യോഗം (ഉദ്യോഗസ്ഥൻ-മുതൽപിടിക്കാരൻ).

മുതൽപ്പട്ടിക-മുതലിനെ സംബന്ധിച്ചെഴുതുന്ന ഒരു കണക്ക്.

മുതൽപ്പേര്-ഠാണാ ശിപായിമാരിൽ പ്രധാനി (പ്രമാണി).

മുതിര-കാണം, ഒരുവക ധാന്യം.

(ചുമ, ചുട്ടുനീറൽ, അർശസ്സ്, പ്രമേഹം മുതലായവക്കു നന്ന്. കണ്ണിനു നന്നല്ല. വെളുത്തും കറുത്തും ചെമന്നും മൂന്നുതരമുണ്ട്. ഗുണം ഒന്നുപോലെതന്നെ. അല്പം കാട്ടുജീരകം കൂട്ടിപ്പുഴുങ്ങിയാൽ എളുപ്പത്തിൽ നല്ലവണ്ണം വേകും. ഇതു പാലിനോടൊരുമിച്ചു ഭക്ഷിക്കരുത്. മുതിര തിന്നുണ്ടാകുന്ന അജീർണ്ണത്തിങ്കൽ കടുക്കയും നെല്ലിക്കയും കഷായംവെച്ചു സേവിക്ക. സം-കുലത്ഥം. ത-കൊള്ളു. ഇം-Horse-gram ഹാഴ്സ്ഗ്രാം.

മുതിരപ്പിറവൻ-വസൂരി ന്നവ-ൽ ഒന്ന്. (ഇതിനവധിയില്ല. പിഴച്ചാൽ ഉടൻ മരിക്കും).

മുതിരുന്നു-ന. തുനിയുന്നു, ഉദ്യമിക്കുന്നു, വട്ടംകൂട്ടുന്നു. ദി. വളരുന്നു, പ്രായം കൂടുന്നു. ഉ-ം മുതിർന്ന ആളുകൾ.

മുതിക്കുന്നു-ന. ഉത്സാഹിപ്പിക്കുന്നു. ദി. പരിചയിപ്പിക്കുന്നു. ന. വലുതാക്കുന്നു. ര. ഏല്പെടുത്തുന്നു.

മുതുധാതുവിൽ നിന്നുണ്ടായ 'മുതിർക്ക്' എന്ന സകർമ്മക്രിയയും മുതുധാതുവിൽ നിന്നുള്ള 'മുതിരുക' (തുനിയുക) എന്ന അകർമ്മക്രിയയും രണ്ടാണെന്നു ധരിക്കുക.

മുതിപ്പ്, മുതിച്ച്-ഥ. തുനിച്ചൽ, തുനിയുക. വ. വളർച്ച. ന. വലുതാകുക.

മുതു-വി. വയസ്സുചെന്ന.

മുതു, മുതുക്-ദേഹത്തിൻെറ പിൻവശം.

മുതുക്കൻ-ഥ. വൃദ്ധൻ, വയസ്സുചെന്നവൻ വ. മുഖക്കുരു.

മുതുക്കി-വൃദ്ധ, വയസ്സുചെന്നവൾ.

മുതുക്കിഴങ്ങ്-ഒരുവക കാച്ചിൽ.

മുതുചൊൽ-പ്രായം കവിഞ്ഞവർ പറഞ്ഞിട്ടുള്ള ചില വാക്ക്, പഴഞ്ചൊല്ല്.

മുതുതല-ചുവട്.

മുതുമുറി-മരവും മററും പലതായി മുറിച്ചാൽ അതിൽ ചുവട്ടുമുറി.

മുതുമുത്തച്ഛൻ-അച്ഛൻെറ മുത്തച്ഛൻ.

മുതുമുത്തശ്ശി-അമ്മയുടെ മുത്തശ്ശി.

മുത്ത്-ഥ. നവരത്നങ്ങളിൽ ഒന്ന്.

മുക്താ എന്നാകുന്നു മുത്തായത്. ഒരു പാത്രത്തിൽ ഗോമൂത്രം ഒഴിച്ച് ഉപ്പും കാരവും പൊടിച്ചിട്ട് അതിൽ മുത്തിട്ട് ഒരുദിവസം വെച്ചിരുന്നെടുത്ത് ഉമികൊണ്ടു തേച്ചു നോക്കുക. പൊട്ടു മുതലായ വികാരങ്ങൾ ഒന്നുമില്ലെങ്കിൽ അതു ശ്രേഷ്ഠമായ മുത്താകുന്നു. ശോധനവും മാരണവും ശരിയാകാത്ത മുത്തു ഭക്ഷിച്ചുണ്ടാകുന്ന വികാരത്തിൽ പശുവിൻപാലും നെയ്യും പഞ്ചസാരയും തേനും ചേർത്ത് സേവിക്കുക, സം-മുക്താ. ത-മുത്ത്. ഇം-Pearl പേൾ.

വ. സന്തോഷം, സുഖം. ന. ചുംബനം. ദ. അകത്തേക്കുരുവ്.

മുത്തങ്ങാ-ഒരുവക പുല്ല്. (തമിഴിൽ കോരക്കിഴങ്ങ്).

മേഘത്തിൻെറ പേരെല്ലാം ഇതിൻെറ പേരാണ്. അതിസാരത്തിനും മററും നന്ന്. സം-മുസ്താ. ത-മുത്തക്കാചു)

മുത്തച്ഛൻ-ഥ. അച്ഛൻെറ അച്ഛൻ. വ. അമ്മയുടെ അച്ഛൻ.

മുത്തണി-ഥ. മുത്തുമാല, (അണി=ആഭരണം), വ. സന്തോഷപരമ്പര.

മുത്തൻ-വൃദ്ധൻ, വയസ്സൻ.

മുത്തപ്പൻ-മുത്തച്ഛൻെറ അനുജൻ.

മുത്തം-ചുംബനം.

മുത്തമ്മ-അമ്മൂമ്മ.

മുത്തരം-വി. സന്തോഷമുള്ള.

മുത്തമ്പി, മുസ്തമ്പി-ഒരു വൃക്ഷം (കരന്തംളിപോലെയിരിക്കും).

മുത്തരി-ചെറുമുത്തുപോലെയുള്ള പല്ല്.

മുത്തശ്ശി-ഥ. അമ്മൂമ്മ, അമ്മയുടെ അമ്മ. വ. അച്ഛൻെറ അമ്മ.

മുത്താരം-മുത്തുമാല.

മുത്താറി-പഞ്ഞപ്പുല്ല് (ഒരുവക ധാന്യം)

മുത്താഴം-രണ്ടുനേരവും ഭക്ഷണമുള്ളതിൽ ഒന്നാമത്തെ ഭക്ഷണം.

മുത്തി-ഥ. വൃദ്ധസ്ത്രീ. വ. അമ്മൂമ്മ

മുത്തിങ്ങൾ-മൂന്നു മാസം.

മുത്തിൾ-കടകൻ, കടങ്ങൽ, വല്ലാര.

മുത്തുക്കട-അരികിനും മററും മുത്തു കോർത്തു കെട്ടിയ ഒരുമാതിരി കട.

മുത്തുച്ചമ്പാവ്-ഒരുമാതിരി നെല്ല് (മുത്തുപോലെ നിറം കാണും.)

മുത്തുച്ചിപ്പി-അകത്തു മുത്തുവിളയുന്ന ഒരുമാതിരി ജലജന്തു, മുത്തുക്കക്ക.

ചുമ, ശ്ലേഷ്മം, വായുമുട്ടൽ മുതലായവക്കു നന്ന്. ജോനക നാരങ്ങാനീരിൽ സോമനേയന്ത്രം കൊണ്ടു പചിച്ച് ചുട്ട

വെള്ളത്തിൽ കഴുകി ഉണക്കുക. ശുദ്ധി വരും. സം-ശുക്തി. ഇം-Oyster-shell, pearl-oyster.

മുത്തുത്താവടം-മുത്തുമാല.

മുത്തുന്നു-ചുംബിക്കുന്നു, ഉമ്മവെക്കുന്നു.

മുത്തുവടം-നാ. മുത്തുമാല. വ. ഒരുവക വസ്ത്രം.

മുത്തുമണി-മുത്ത്.

മുത്തുമാല-മുത്തുകോർത്ത മാല.

മുത്തറം-കടകപ്പാല.

മുത്ര്യം-മുത്ത്.

മുദാ-മുദത്തോടെ, സന്തോഷത്തോടെ.

മുദാ-പൃഥ്വി.

മുദി-ചന്ദ്രിക.

മുദിത-മോദിച്ച, സന്തോഷിച്ച.

മുദിരൻ-നാ. പ്രിയൻ. വ. സ്ത്രീലോലൻ

മുദിരം-നാ. മേഘം. കൃഷിക്കാരെ സന്തോഷിപ്പിക്കുന്നതു എന്നർത്ഥം. വ. തവള. ന. മുത്തങ്ങ. ര. ഒരുമാതിരി മുല്ല.

മുദ്ഗപർണ്ണി-നാ. കാട്ടുപയറ്, ചെറുപയറിന്റെ ഇലയുടെ സമമായ ഇലയുള്ളതു് എന്നർത്ഥം. വ. ചെറുപിടക്കോൽ.

മുദ്ഗഭുക്ക്-കുതിര.

മുദ്ഗം-നാ. ചെറുപയറ്. വ. നീർക്കാക്ക.

മുദ്ഗരം-നാ. മുട്ടൻതടി. സന്തോഷത്തെ കളയുന്നതു് എന്നർത്ഥം വ. ഇരിമ്പുലക്ക ന. ചുററിക. ര. വെരപ്പുളി.

മുദ്ഗലൻ-ഒരു സന്ന്യാസി.

ഇദ്ദേഹം പ്രാവിനെപ്പോലെ വയലുകളിൽ നിന്നും ധാന്യം പെറുക്കി അതു കൊണ്ടു പല ബ്രാഹ്മണർക്കും ആഹാരം കൊടുത്തുവന്നു. ഒരുക്കിയ ഭക്ഷണം എത്രതന്നെ ചെലവാക്കിയാലും ഇരുന്നതിൽ കുറവു വരികയില്ല. ദുർവാസസ്സ് ഒരിക്കൽ ശാന്തിശീലപരീക്ഷണാർത്ഥം അദ്ദേഹത്തെ പ്രാപിച്ച് ആറു പ്രാവശ്യം ഉണ്ടായിരുന്ന ഭക്ഷണങ്ങളെല്ലാം ഭക്ഷിച്ച അവസാനിപ്പിച്ചുകളഞ്ഞു. എന്നിട്ടും മുദ്ഗലനു കോപമുണ്ടായില്ല. ഇതിൽ മുനി സന്തുഷ്ടനായി 'ശരീരത്തോടെ സ്വർഗം പ്രാപിക്കുക' എന്നു വരം കൊടുത്തു. അനന്തരം സ്വർഗത്തിൽ നിന്നും ഒരു ദൂതൻ വന്നു. അവനോടു മുദ്ഗലൻ അവിടത്തെ വിശേഷങ്ങളെ ചോദിച്ചറിഞ്ഞു. അവിടെയുള്ള സന്തോഷങ്ങൾക്കും അവസാനമുണ്ടെന്നു മനസ്സിലാക്കി സർവ്വവുമുപേക്ഷിച്ചു തപസ്സു ചെയ്തു നിർവ്വാണം പ്രാപിച്ചു.

മുദ്ര-നാ. അടയാളം. വ. അടയാളമുള്ള മോതിരം.

മുദ്രക്കടലാസ്സ്-മുദ്രകുത്തിയ കടലാസ്സ്.

മുദ്രക്കാരൻ-നാ. ശിപായി. വ. മുദ്രയുള്ളവൻ.

മുദ്രക്കെട്ട്-അടയാളക്കെട്ട്.

മുദ്രക്കോൽ-മുദ്രയിടുന്ന അച്ച്.

മുദ്രണം-നാ. മുദ്രവയ്പ്പ്. വ. അടയ്ക്കുക.

മുദ്രപ്പാറ-തോറ്റു കണക്കാക്കി സർക്കാരിൽ നിന്നും അടയാളപ്പെടുത്തിക്കൊടുത്തിട്ടുള്ള പാറ.

മുദ്രമോതിരം-മുദ്രയിടുവാനുള്ള ഒരു മോതിരം.

മുദ്രയരക്ക്-മുദ്രവയ്ക്കാനുള്ള ഒരുമാതിരി അരക്ക്.

മുദ്രയാല-അച്ചടിശാല.

മുദ്രവാൾ-സ്ഥാനവലിപ്പത്തിനായിട്ടു കൊടുക്കുന്ന വാൾ.

മുദ്രശ്ശിപായി-ബില്ലയുള്ള ശിപായി.

മുദ്രാക്ഷരലേഖനി-എഴുതുവാൻ ഉപയോഗിക്കുന്ന ഒരു യന്ത്രം. Type writer.

മുദ്രാങ്കിത-വി. മുദ്രയിടപ്പെട്ട.

മുദ്രാധാരണം-മുദ്രധരിക്കുക.

മുദ്രാധാരി-വി. മുദ്രധരിച്ച.

മുദ്രായന്ത്രം-അച്ചടിയന്ത്രം.

മുദ്രാരാക്ഷസം-ഒരു നാടകഗ്രന്ഥം.

ഈ നാടകം വിശാഖദത്തൻ ഉണ്ടാക്കിയതാണ്. ൧൨-ാം ശതാബ്ദത്തിൽ ജീവിച്ചിരുന്നു. ചന്ദ്രഗുപ്തൻ ഇതിലെ ഒരു പ്രധാന പാത്രമാണ്.

മുദ്രാലങ്കാരം-ഒരു അലങ്കാരം.

'പ്രകൃതാപയോഗികളായ പദങ്ങൾ മുഖേനയായിച്ചു പ്രകൃതവാക്യാർത്ഥത്തെ നിഷ്പാദനം ചെയ്തതിന്റെ ശേഷം ശബ്ദവിന്യാസവൈചിത്ര്യംകൊണ്ടു പ്രകൃതത്തെ സംബന്ധിച്ചു തന്നെ ഒരു വിശേഷാർത്ഥത്തെക്കൂടി സൂചിപ്പിക്കുന്നതു മുദ്രാലങ്കാരം'.

(ഭാഷാഭൂഷണം)

ഉദാഹരണം.

(പ്രസാധകന്റെ സ്വന്ത കൃതി.)

'പുത്രൻതാനന്നിതെല്ലാമരുളവെനട്ടവ-
ത്തൂർണ്ണം വിസ്തരിപ്പാൻ—
നാളെശാൽസ്പഷ്ടമാദീനവരൊട്ടുഭേദവ-
ട്ടൂതുവർണ്ണിച്ചുനന്നായ്,
അദ്ദേഹത്തിങ്കൽവാഴ്കുംസുരുചിരരചനാ-
ചാതുരിപ്രാഭവത്തെ
വാത്ത്മാവോന്നല്ലവാഗീശ്വരിയുടെനടന-
പ്പന്തലാണന്തരംഗം'.

(പാണ്ഡവവിജയം നാടകം)

പാണ്ഡവവിജയത്തെപ്പറ്റിയുള്ള അഭിപ്രായത്തിൽ ലക്ഷ്മീപുരത്തു കൊട്ടാരത്തിൽ രവിവർമ്മ കോയിത്തമ്പുരാൻ തിരുമനസ്സുകൊണ്ട് ഇങ്ങിനെ പറയുന്നു.

'മുദ്രാലങ്കാരരീത്യാമൃദുതരപിനട്ടവ-
ത്തൂർണ്ണനേയും വിശേഷാൽ
മുദ്രാകാരാംവിമുക്തംസുമഹിതഭേദവ-
ട്ടൂർമ്മനയുമുകത്തി,
നൽദ്രാക്ഷാപാകമാർന്നിസ്സരസകവിവരൻ
തീർത്തഭാഗത്തെവീണ്ടും
മുദ്രാഹീനപ്രമോദത്തൊട്ടുവിബുധവര-
ന്മാരുകൊണ്ടാടിവാഴ്ത്തും'.

മുദ്രാവാക്യം-അടയാളമോ പ്രമാണമോ ആയി സ്വീകരിച്ചിട്ടുള്ള വാക്യം.

മുദ്രാഹീനം-വി. അളവില്ലാത്ത, അതിരില്ലാത്ത, വിസ്താരിയായ.

മുദ്രിക-൧. മുദ്രയോ അടയാളമോ വെച്ച കടലാസ്സ്. ൨. ചെറിയ മുദ്ര. ൩. മോതിരം.

മുദ്രിത-വി. ൧. മുദ്രയിടപ്പെട്ട. ൨. വിടരാത്ത.

മുധാ-അ. വൃഥാ, വെറുതെ.

മുന-൧. വല്ല വസ്തുവിന്റെയും കൂർത്ത അററം. ൨. കോന്ത്രത്ത്. ൩. മൂച്ച്.

മുനക്കുന്നു-മുമ്പോട്ടു പോകുന്നു.

മുനക്കരുവ്-ചിത്രം കൊത്തുന്നതിനും മററും ഉള്ള ചെറിയ കരുവ്.

മുനങ്ങുന്നു-പതുക്കെപ്പറയുന്നു. (പ-മ.)

മുനമ്പ്-൧. കോന്ത്രത്ത്. ൨. ഒരു സ്ഥലം.

മുനയുക-മുഴങ്ങുക, മുരളുക.

മുനി-൧. ഋഷി. ൨. സന്യാസി. ൩. മൌനവ്രതമുള്ള തപസ്വി. ജ്ഞാനമുള്ളവൻ എന്നർത്ഥം.

മുനിയുടെ ഗുണങ്ങൾ—

'നിവൃത്തഃസർവ്വതസ്സംഗൈ
കാമക്രോധവിവർജ്ജിതഃ
ധ്യാനാദ്ധ്യാനിഷ്ക്രിയോദാന്ത
സ്തുല്യമൃത്കാഞ്ചനോമുനിഃ'

൪. മഷിപ്പൂവ്. ൫. മുരൾമരം. ൬. അകത്തി. ൭. ബുദ്ധൻ. എല്ലായ്പോഴും ആത്മവിചാരത്തോടുകൂടിയവൻ എന്നർത്ഥം. സർവ്വധർമ്മങ്ങളുടെ അറിവോടുകൂടിയവൻ എന്നുമാവാം. വ്യ. ഏഴ് എന്ന അക്കം.

മുനിചതുഷ്ടയം-ഗ്ര. അഗസ്ത്യൻ. ര. വ്യാസൻ. ന. ബുദ്ധൻ. ര. പാണിനി. (ഇവർ നാലുപേരും).

മുനിച്ചൽ-കോപംകൊണ്ടും മററും മിണ്ടാതെയിരിക്ക.

മുനിഞ്ഞാന്ന്— അ. മിനിഞ്ഞാന്ന്. [മുൻ+ഞാൻറ്, മുൻ=മുമ്പിലത്തെ, ഞാൻറ=ദിവസം.]

മുനിത്രയം-പാണിനി, കാത്യായനൻ, പതഞ്ജലി ഇവർ മൂന്നുപേരും.

മുനിദ്രുമം-അകത്തി.

മുനിപ്പെരുമാററം-പരശുരാമൻ.

മുനിയുന്നു-കോപിച്ചോ മറേറാ മിണ്ടാതെയിരിക്കുന്നു, കോപിക്കുന്നു.

മുനിവ്-മുനിച്ചൽ, കോപം.
'മുനിവൊടുചൊന്നതുകേട്ടുപിരിഞ്ഞിതു'
(കണ്ണശ്ശരാമായണം)

മുനിഷി-ഗ്ര. ഭാഷ പഠിപ്പിക്കുന്നവൻ. ര. എഴുത്തുകാരൻ.

മുനീന്ദ്രൻ-ഗ്ര. മുനിശ്രേഷ്ഠൻ. ര. ബുദ്ധമുനി.

മുൻ-അ. ഗ്ര. മുമ്പെ. ര. ഒന്നാമത്. ന. പണ്ടേ.

മുൻകൂറ്-വി. മുൻകൂട്ടി, മുമ്പേറായി.

മുൻചൊൽ-ഗ്ര. പഴഞ്ചൊല്ല്. ര. മുമ്പിലത്തെ വാക്ക്.

മുന്തി-ഉടുത്തിരിക്കുന്ന വസ്ത്രത്തിന്റെ മടി

മുന്തിയ-വി. മുമ്പിലത്തെ, മേത്തരമായ.

മുന്തിയറുക്കുന്നവൻ-കള്ളൻ.

മുന്തിരി-ഗ്ര. ഒരു കീഴ്ക്കണക്ക്. 1/320. ര. മുന്തിരിവള്ളി, ഒരു വൃക്ഷം.
മുന്തിരിയുടെ പഴുത്ത കായ് ക്ഷയം, മൂത്രദോഷം മുതലായവക്ക നന്ന്. മലത്തെ പുറത്തുകളയും. സം-ദ്രാക്ഷ. തകൊടിമുന്തിരി. ഇം-Grape ഗ്രേപ്.

മുന്തിരിങ്ങ-മുന്തിരിമേലുണ്ടാകുന്ന കായ്.

മുന്തുന്നു-മുമ്പാകുന്നു, മുമ്പിലാകുന്നു.

മുന്ന-അ. മുൻപേ.

മുന്നട-(മുൻ+നട) മുമ്പിൽ നടക്കുക.

മുന്നണി- മുൻപട, മുന്നിൽ നില്ക്കുന്ന അണി.

മുന്നം-അ. പണ്ട്.

മുന്നമേ-അ. പണ്ടേ, മുമ്പേതന്നെ.

മുന്നരങ്ങ്- ആട്ടത്തിന്റെയും മററും ആരംഭം.

മുന്നർ-മുന്നിൽ, മുമ്പിൽ. (പ-മ.)

മുന്നറിവ്-മുമ്പേയുള്ള അറിവ്.

മുന്നാഴി-മൂന്നു നാഴി. ഒരു ഇടങ്ങഴികൊണ്ട് നാലായി പകുത്തതിൽ മൂന്നു പങ്ക്

മുന്നാളിൽ-അ. പണ്ട്.

മുന്നാററം-ഗ്ര. പ്രധാനി. ര. മൂന്നാംദിവസം.

മുന്നിക്കുന്നു-ആനയേയും മററും നടത്തിക്കുന്നു.

മുന്നിടുന്നു-മുമ്പിലാകുന്നു, മുമ്പേചെല്ലുന്നു.

മുന്നില-ഗ്ര. (മുൻ+നില) മുമ്പിലത്തെ അവസ്ഥ. ര. ദേശത്തുള്ള ഒരു ചെറിയ അധികാരം.

മുന്നിലക്കാരൻ, മില്ലക്കാരൻ-ദേശത്തിന്റെ ചെറിയ അധികാരി, ഒരു ചെറിയ ജീവനക്കാരൻ.

മുന്നിൽ-അ. മുമ്പിൽ, മുൻഭാഗത്ത്.

മുന്നുംപിന്നും-അ. മുമ്പിലും പിറകിലും.

മുന്നൂറ്-മൂന്നു നൂറു കൂടിയത്.

മുന്നേ-അ. ഗ്ര. മുമ്പേ, പണ്ടേ. ര. മുൻപിലെ ഭാഗത്തെ.

മുന്നേത്-വി. മുമ്പിലത്തെ.

മുന്നോക്കം-അ. മുമ്പോട്ട്.

മുന്നോക്കി-അ. മുമ്പോട്ട്.

മുന്നോട്ട്-മുമ്പോട്ട്.

മുമ്പ്-അ. ഗ്ര. പണ്ട്. ര. മുൻഭാഗം. ന. ആദി.

മുൻപട- യുദ്ധത്തിനായിട്ടു മുമ്പേ നിരത്തിയ സൈന്യം.

മുമ്പൻ-തലവൻ, ഒന്നാമൻ.

മുൻപല്ല്-പല്ലുകളിൽ നടുവിലുള്ള പല്ലുകൾ.

മുൻപാകെ-അ. മുമ്പിൽ, മുൻഭാഗത്ത്.

മുൻപായ-വി. പ്രധാനമായ.

മുൻപായി-അ. ആദിയായി.

മുൻപിടുന്നു-മുൻപിലാകുന്നു, ശേഷം പേരുടെ മുമ്പിൽ കയറി നടക്കയും മറ്റും ചെയ്യുന്നു.

മുമ്പിൽ-അ. ൧. പണ്ട്. ൨. ആരുടെ എങ്കിലും നേരെയുള്ള ഭാഗത്ത്.

മുൻപിനാലെ-അ. പണ്ടേതന്നെ.

മുമ്പിന്ന്യം-അഗ്രം.

മുൻപിലത്തേ-വി. പണ്ടത്തേ.

മുൻപുമറിയുന്നു-മുൻപോട്ടു മറിയുന്നു.

മുൻപെടൽ-മുമ്പേ ആക.

മുൻപെടുന്നു-മുമ്പേ ആകുന്നു.

മുൻപേ-അ. ൧. പണ്ടേ. ൨. മുമ്പിൽ, മുൻഭാഗത്ത്.

മുമ്പേറു-വി. മുൻകൂറായി.

മുൻപേറു-മുൻകൂറായി കൊടുക്കുന്ന തുക

മുൻപോക്കം-അ. മുൻപോട്ട്.

മുൻപോട്ട്-അ. മുമ്പിലോട്ട്.

മുൻഭാഗം-മുൻപു, മുൻവശം.

മുൻഷി-൧. ഭാഷ പഠിപ്പിക്കുന്നവൻ. ൨. എഴുത്തുകാരൻ. (അറബിഭാഷ).

മുൻസിപ്പ്-(മുൻസിഫ്) ൧. സിവിൽ വ്യവഹാരങ്ങളെ കേട്ടു തീർക്കുന്ന ആദ്യത്തെ നീതിന്യായക്കോടതിയിലെ പ്രധാന ഉദ്യോഗസ്ഥൻ. ൨. ആ കോടതി. (അറബിഭാഷ).

മുപ്പത്ത്-മൂന്നു പത്തുകൂടിയത്.

മുപ്പരപ്പൻപല്ല്-മപ്പാടൻപല്ല്.

അതിസാരത്തിനും മറ്റും നന്ന്. ഉരുണ്ട തണ്ടുള്ളതിനു വട്ടപ്പുല്ലെന്നു പേർ.

മുപ്പല്ലി-മൂന്നു മുനയുള്ള ഒരുമാതിരി വടി.

മുപ്പഴം-മൂന്നു പഴം-(വാഴപ്പഴം, ചക്കപ്പഴം, മാമ്പഴം ഇവ മൂന്നും).

മുപ്പറ-മൂന്നു പറ. സർക്കാരിലേക്കു കൊടുക്കുന്ന ഒരു കരം.

മുപ്പാരുമയക്കി-കാമദേവന്റെ ഒരു മോഹനാസ്ത്രത്തിന്റെ പേർ.

മുപ്പാർ-മൂന്നു പാര്. (ഭൂമി, പാതാളം, സ്വർഗ്ഗം ഇവ മൂന്നും).

മുപ്പിരി-കയറിനും മറ്റും മൂന്നിഴകൂട്ടി പിരിച്ച പിരി.

മുപ്പുരം-മൂന്നു ഭവനം.

മുപ്പൂ-ഒരു ആണ്ടിൽ മൂന്നു തവണ വിളവെടുക്കുക എന്നുള്ളത്.

മുമുക്ഷാ-മോക്ഷം.

മുമുക്ഷു-വി. മോക്ഷത്തിന്നാഗ്രഹമുള്ള.

മുമുക്ഷുചതുഷ്ടയം-തീവ്രൻ, മധ്യമൻ, മന്ദൻ, അതിമന്ദൻ ഇവർ നാലുപേരും.

മുമുചാനം-മേഘം.

മുമുരൻ-൧. കാമദേവൻ. ൨. സൂര്യന്റെ ഒരു കുതിര.

മുമുഷിഷു-കള്ളൻ.

മുമൂർഷ-മരിപ്പാനുള്ള ആഗ്രഹം.

മുമ്മടങ്ങ്-മൂന്നു മടങ്ങ്, മൂന്നിരട്ടി.

മുമ്മാ-ഒരു കീഴ് കണക്ക്.

മുമ്മാമുക്കാണി, മുണ്ടാണി-ഒരു കീഴ് കണക്ക്.

മുമ്മാല-സന്ധ്യ.

മുമ്മി-ഒരു കീഴ്കണക്ക്.

മുമ്മുന-മുപ്പല്ലി.

മുമ്മുല-൧. മൂന്നു മുല. ൨. മൂന്നു മുലയുള്ള പശു.

മുമ്മൂന്നു-൧. മൂന്നു മൂന്നുകൂടിയ. ൨. മൂന്നു വീതമുള്ള.

മുമ്മൂർത്തി-മൂന്നു മൂർത്തികൾ, ത്രിമൂർത്തികൾ. ബ്രഹ്മാവ്, വിഷ്ണു, മഹേശ്വരൻ ഇവർ മൂന്നും.

മുയലി-ഒരു ദീനം, പ്രലാപസന്നി.

മുയൽ-ഒരുവക ചെറിയ കാട്ടുജന്തു, ചെവിയൻ.

മാംസം രാജയക്ഷ്മാവിനും മററും നന്ന്. സം-ശശം. ത-മുയൽ. ഇം-Hare, Rabbit.

മുയൽച്ചെവിയൻ-ഒരു പച്ചമരുന്ന്.

മുയ്യ്-ഒരുവക മത്സ്യം.

മുയ്യു-ലോഹാദികൾ ഉരുക്കുന്ന പാത്രം, മൂശ.

മുയ്യാലി-മൂശാരി.

മുര-വി. വരെ.

മുര-ചിററീന്ത.

മുരക്കള്ളൻ-വലിയ കള്ളൻ.

മുരചു(ശ്)-ഒരുവക വാദ്യം.

മുരച്ചൽ-൧. പ്രയാസം. ൨. വലച്ചൽ. ൩. ക്ഷീണം. ൪. ദുഃഖം.

മുരജഫലം-പ്ലാവ്.

മുരജം-മിഴാവ്. തോൽവാറും മററും കൊണ്ടു കെട്ടിയതു് എന്നർത്ഥം. (മുരം=ചുററിക്കെട്ടുന്നതു്).

മുരജാ-൧. കുബേരന്റെ ഭാര്യ. ൨. ഒരു വലിയ വാദ്യം.

മുരട്-വൃക്ഷത്തിന്റെ ചുവട്.

മുരടൻ-ശാഠ്യക്കാരൻ.

മുരടിക്ക — മരവിക്ക. (മരംപോലെയാവുക).

മുരടിക്കുന്നു-കരുകുന്നു, മുരണ്ടുപോകുന്നു.

മുരടുന്നു-ചുരുങ്ങുന്നു.

മുരട്ടുതടി-മുഴയുള്ള ഒരുമാതിരി വടി.

മുരട്ടുശീലം-ശാഠ്യമുള്ള സ്വഭാവം.

മുരൺ-ശക്തി, ബലം.

മുരത്തടം-ശാഠ്യം.

മുരൻ, മുരു-ഒരു അസുരൻ.

ഇവനെ ശ്രീകൃഷ്ണൻ (വിഷ്ണു) കൊല്ലുകയാൽ മുരമഥനൻ, മുരാരി ഇങ്ങനെ പേരുണ്ടായി. മുരനു ൭൦൦൦ പുത്രന്മാരുണ്ടായിരുന്നു. പ്രാഗ്ജ്യോതിഷനഗരത്തിൽ വാണ നരകാസുരന്റെ സ്നേഹിതനാകുന്നു. കൃഷ്ണൻ ഈ നഗരത്തിൽ പ്രവേശിക്കാതിരിപ്പാൻ മുരൻ നഗരത്തിനു ചുററും മൂർച്ചയുള്ള കണികൾ വെച്ചു. കൃഷ്ണൻ ചക്രംകൊണ്ടു് അവയെ ഒക്കെ മുറിച്ചിട്ടു നഗരത്തിൽ പ്രവേശിച്ചു് അവനെ വധിച്ചു. ൭൦൦൦-പുത്രന്മാരെയും ചക്രജ്വാലയിൽ ഭസ്മമാക്കി.

മുരമഥനൻ-വിഷ്ണു, കൃഷ്ണൻ.

മുരയുന്നു-൧. ദുഃഖിക്കുന്നു. ൨. ക്ഷീണിക്കുന്നു. (സ. ക്രി. മുരയിക്കുന്നു.)

മുരമർദ്ദനൻ-വിഷ്ണു. മുരാസുരനെ മർദ്ദിച്ചവൻ എന്നർത്ഥം.

മുരയൽ-ദുഃഖം.

മുരരിപു-വിഷ്ണു, കൃഷ്ണൻ.

മുരലം-ഒരുവക മത്സ്യം. (ഇതു ശുദ്ധജലത്തിൽ ഉണ്ടാകുന്നതാണ്).

മുരൽ-൧. ജലഭാരം. ൨. ഒരുവകമത്സ്യം

മുരവ്-അതിര്.

മുരവൈരി-വിഷ്ണു.

മുരശാസനൻ-വിഷ്ണു.

മുരശു-൧. ഒരുവക മത്സ്യം. ൨. ഒരുവക വാദ്യം.

മുരളി-ഓടക്കുഴൽ.

മുരളിക്കാരൻ-മുരളി ഊതുന്നവൻ.

മുരളിയൂത്ത്-ഓടക്കുഴൽ വിളിക്കുക.

മുരളീധരൻ-കൃഷ്ണൻ.

മുരളുന്നു-൧. മൂളുന്നു. ൨. ചുരുങ്ങുന്നു.

മുരൾ-ഒരുവക വൃക്ഷം. (ഈന്തു് എന്നൊരു പക്ഷം).

മുരൾമരം-പഴുത്ത കായ് തണ്ണീർദാഹം, ജ്വരം മുതലായവക്കു നന്ന്. ഈ

വൃക്ഷം കൊങ്കണം മുതലായ ദേശങ്ങളിൽ അധികമായുണ്ടാകുന്നു. സം-പ്രിയാളം. ത-മുരളമഞ്ചെടി. ഇം-A tree called piyal.

മുരഞ്ച-൧. മുഴിച്ച. ൨. ചുരുങ്ങൽ.

മുരാ-മുരാമാഞ്ചി. ചുററിപ്പിണയുന്നതു് എന്നർത്ഥം.

മുരാന്തകൻ-വിഷ്ണു. മുരന്റെ കാലൻ എന്നർത്ഥം.

മുരാമാഞ്ചി-ഒരു ഗന്ധദ്രവ്യം.

മുരാരി-൧. വിഷ്ണു, കൃഷ്ണൻ ൨. അനർഘരാഘവത്തിന്റെ കർത്താവു്.

ഈ ഗ്രന്ഥകർത്താവു് ൯-ാം ശതാബ്ദത്തിനു മുമ്പായി ജീവിച്ചിരുന്നു.

മുരിക്കു്-ഒരു വൃക്ഷം.

മുള്ളുള്ള മരമാണു്. ത-പവളമല്ലികൈ. സം-പാരിഭദ്രം. ഇം-Coral tree.

മുരിങ്ങ്-ഞമഞ്ഞി.

കൃമി, വിഷം മുതലായവയ്ക്കു നന്നു്. സം-ശിഗ്രു. ത-മുരുങ്കൈ. ഇം-Horse radish tree.

മുരിങ്ങ-൧. ഒരു വൃക്ഷം ൨. ഞമഞ്ഞി.

മുരു-ഞമഞ്ഞി.

മുരുകൻ-സുബ്രഹ്മണ്യൻ.

മുരുത്തു്-൧. ചില ജന്തുക്കളുടെ പുറത്തെ എല്ലു്. ൨. ചില വൃക്ഷങ്ങളുടെ തൊലി.

മുരുത്തോൻ-ഒരു വൃക്ഷം.

മുരുന്താ-കടൽനാക്കു്.

മുരുപ്പു്-തോലിന്റെ അല്ലെങ്കിൽ തൊലിയുടെ ഉൾവശം.

മുമ്മുരം-ഉമിത്തീയു്.

മുല-മാറത്തുള്ള അവയവം.

മുലക്കച്ച-സ്ത്രീകൾ മുല മൂടുന്ന വസ്ത്രം.

'മഞ്ജുൾക്കണ്ണി! നിനക്കുമൊരഴകമുലക്കച്ചകൂടാതെ തന്നെ'

മുലക്കണ്ണു്-മുലയിൽ നിന്നും പാലു വരുന്ന ദ്വാരം.

മുലക്കാമ്പു്-മുലയുടെ ഞെട്ടു്.

മുലപ്പട-മുലക്കച്ച.

മുലപ്പാൽ-മുലയിലുള്ള പാൽ.

വൈകുന്നേരം പാൽക്കുട്ടി ഊണുകഴിച്ചാൽ സൂതികയ്ക്കു മുലയിൽ പാൽ വർദ്ധിക്കും.

മുല്ലാട്ടു്-വി. ആദ്യമായിത്തന്നെ, മുൻകൂറായി, മുമ്പു്, മുൻഭാഗത്തു്.

മുല്ലെട്ടു്-അ. മുൻപിട്ടു്.

മുല്ല-ഒരുമാതിരി സുഗന്ധപുഷ്പമുണ്ടാകുന്ന വള്ളി.

മുല്ലപ്പൂനാറിയകിൽ-ഒരുമാതിരി അകിൽവൃക്ഷം.

മുല്ലബാണൻ-കാമദേവൻ.

മുല്ലബാണാരി-ശിവൻ.

മുല്ലൈ-കാടും കാട്ടിനകത്തുള്ള നിലവും.

മുല്ലൈനിലക്കാരൻ-ഇടയൻ.

മുശിട്ടു്, മുശിര-ദേഹത്തിലുള്ള ചീത്ത നാററം.

മുശ്ശു-വലിയ കാരിമീൻ.

മുശ്ശു-നാററം.

മുശ്ശുമുശ്ശുക്കു്-ഒരുമാതിരി തൈ.

മുഷകം-എലി.

മുഷലി-ബലഭദ്രൻ. (മുസലി എന്നതിന്റെ പാഠം).

മുഷാ-മൂശ. (മൂഷ എന്നതിന്റെ പാഠം).

മുഷിക്കുന്നു-ചീത്തയാക്കുന്നു, അഴുക്കാക്കുന്നു.

മുഷിച്ചൽ-൧. നീരസം, ഇഷ്ടക്കേടു്. ൨. അഴുക്കാകൽ.

മുഷിച്ചിലാക്കുന്നു-നീരസം വരുത്തുന്നു, ഉപദ്രവിക്കുന്നു.

മുഷിഞ്ഞ-വി. ൧. ഇഷ്ടക്കേടായ, നീരസമായ. ൨. അഴുക്കായ.

മുഷിത-വി. മോഷ്ടിക്കപ്പെട്ട.

മുഷിപ്പിക്കുന്നു-അസഹ്യപ്പെടുത്തുന്നു.

മുഷിയുന്നു-൧. പിണങ്ങുന്നു, നീരസമാകുന്നു. ൨. അഴുക്കാകുന്നു. ൩. വലയുന്നു

മുഷ്ക്ക്-അതിക്രമം, ബലം.

മുഷ്കകം-ഒരു മരം, വെൺപാതിരി.

ഗുല്മം, പ്ലീഹോദരം, ചൊറി മുതലായവക്കു നന്നു്. ഇതു പ്ലാശുപോലെ മലയിലുണ്ടാകുന്ന ഒരുതരം ക്ഷാരവൃക്ഷമാണു്. ത-കാട്ടുപരുത്തിച്ചെടി, മുളിയുലാവു്, മുഴമ്പിലാവു്, മുളപ്പാവു്, മുളംപ്ലാച്ചി എന്നു ദേശഭേദേന പറയുന്നതാണു് ഈ മരമെന്നു പഴയ ആളുകൾ പറയുന്നുണ്ടു്.

മുഷ്കൻ-൧. അതിക്രമക്കാരൻ, ബലമുള്ളവൻ, ഗർവമുള്ളവൻ. ൨. കള്ളൻ.

മുഷ്കം-൧. വൃഷണം. ൨. വെൺപാതിരി വൃക്ഷം (മുഷ്കകം എന്നതു നോക്കുക). ൩. കൂട്ടം, കൂമ്പാരം.

മുഷ്കരത്വം-മുഷ്കരന്റെ ഭാവം.

മുഷ്കരൻ-൧. മുഷ്കം വീർത്തവൻ. ൨. (മ) വൻപൻ, ബലവാൻ, തന്റേടക്കാരൻ.

മുഷ്കരം-ബലം.

മുഷ്ടം-മോഷ്ടിക്കപ്പെട്ടതു്.

'മുഷ്ടംധനാമോഷകനെവിളിച്ചു'
(അഭിജ്ഞാനശാകുന്തളം)

മുഷ്ടി-൧. ചുരുട്ടിപ്പിടിച്ച കൈ. ൨. വാളിന്റെയും മററും പിടി. ൩. മുഴം. ൪. പിടിനെല്ലു്. ൫. മുഷ്കകവൃക്ഷം. ൬. ഒരളവു്.

മുഷ്ടി, മുഷ്ടിബന്ധം, മുഷ്ടിസംഗ്രഹം-കൈയിന്റെ വിരലുകൾ മടക്കി മുഷ്ടിപിടിക്കുക.

മുഷ്ടികാ-ചുരുട്ടിപ്പിടിച്ച കൈ.

മുഷ്ടികൻ-ഒരു മല്ലൻ.

കംസന്റെ ആശ്രിതനാണു്. ബലരാമൻ വധിച്ചു.

മുഷ്ടിബന്ധം-കൈചുരുട്ടുക.

മുഷ്ടിമുഷ്ടി-അ. കൈചുരുട്ടിച്ചുരുട്ടി മുഷ്ടിക്കുമുഷ്ടി.

മുഷ്ടിയുദ്ധം — തമ്മിൽ ചുരുട്ടിപ്പിടിച്ച കൈകൊണ്ടു മാത്രം നടത്തുന്ന യുദ്ധം.

മുഷ്ണൽ — വി. മോഷ്ടിക്കുന്ന. (ഷ്ണൻ, ഷ്ണന്തി, ഷ്ണൽ).

മുസലായുധൻ—ബലരാമൻ. മുസലം ആയുധമായുള്ളവൻ എന്നർത്ഥം.

മുസലം-൧. ഇരുമ്പുലക്ക, ഉലക്ക. ഇതു കൊണ്ടു നെല്ലു കുത്തുന്നതിനാൽ ഈ പേർ വന്നു. ൨. ബലരാമന്റെ ആയുധം.

ബലരാമന്റെ ആയുധമായ മുസലത്തിനു 'സൌനന്ദം' എന്നായിരുന്നു പേർ.

മുസലി-൧. ബലരാമൻ. മുസലം ആയുധമായിട്ടുള്ളവൻ എന്നർത്ഥം. ൨. ഉലക്കയെടുത്തവൻ. ൩. പല്ലി, ഗൌളി. സംശയത്തെ തീർക്കുന്നതു് എന്നർത്ഥം.

ഗൌളിശാസ്ത്രം അനുസരിച്ചു ഗൌളിയുടെ ശബ്ദത്തെ മനസ്സിലാക്കി സംശയങ്ങൾ തീർക്കാമല്ലോ.

൪. നിലപ്പന. രോഗങ്ങളെ ഖണ്ഡിക്കുന്നതു് എന്നർത്ഥം. ൫. എലിച്ചെവി.

മുസല്യ-വി. ഉലക്ക കൊണ്ടടിച്ചു് കൊല്ലത്തക്ക.

മുസല്മാൻ-ഇസ്ലാംമതക്കാരൻ, മഹമ്മദീയൻ.

മുസൃണ്ഠി-ഒരായുധം.

'കണ്ഠീരവരെമുസൃണ്ഠികൾകൊണ്ടും'
(കിരാതം തുള്ളൽ)

മുസ്താ, മുസ്തകം-മുത്തങ്ങ. കെട്ടിപ്പിണഞ്ഞു കിടക്കുന്നതു് എന്നർത്ഥം.

മുസ്താദം-പന്നി.

മുസ്ലിം-മുഹമ്മദീയമതം അല്ലെങ്കിൽ വർഗ്ഗം.

**മുസ്സാവരി** - വിദേശീയ യാത്രക്കാരുടെ താൽക്കാലികമായ താമസത്തിനു സൌകര്യപ്പെടുത്തി പ്രധാന പട്ടണങ്ങളിൽ പണികഴിപ്പിച്ചിട്ടുള്ള കെട്ടിടം. (അറബിഭാഷ).

**മുഹറം**-മഹമ്മദന്മാരുടെ ഒരു വിശേഷ ദിവസം.

**മുഹിരത**-ഭോഷത്തരം.

**മുഹിരൻ**-ഭോഷൻ.

**മുഹിരം**-കാമം, സ്നേഹം.

**മുഹുർഭാഷ**-പറഞ്ഞതിനെത്തന്നെ വീണ്ടും വീണ്ടും പറയുക. മറെറാരു പര്യായം-അനുലാപം.

**മുഹുഃ**-അ. പിന്നെ, പിന്നെയുംപിന്നെയും

**മുഹൂർത്തകാലം**-രണ്ടു നാഴിക കൂടിയ സമയം.

**മുഹൂർത്തക്കാരൻ**-ഗണിതശാസ്ത്രക്കാരൻ.

**മുഹൂർത്തപദവി**-ജ്യോതിശ്ശാസ്ത്രവകയിൽ ഒരു പുസ്തകം.

**മുഹൂർത്തം**-൧. മുഹൂർത്തകാലം. ൨. നല്ല നേരം. ൩. പന്ത്രണ്ടു ക്ഷണം കൂടിയതു്, രണ്ടു നാഴിക.

നാട്ടുസമ്പ്രദായത്തിൽ-൬൦ ഗുർവക്ഷരം കൂടിയതു ഒരു വിനാഴിക. ൬൦ വിനാഴിക കൂടിയതു് ഒരു നാഴിക. ൨൭ നിമേഷം (മാത്ര) അല്ലെങ്കിൽ ൧½-കാഷ്ഠ = ൧ ഗുർവക്ഷരം. ൯൦-കാഷ്ഠ അല്ലെങ്കിൽ ൩ കല = ഒരു വിനാഴിക. ൧൮൦ കല അല്ലെങ്കിൽ ൬ ക്ഷണം = ഒരു നാഴിക (അര മുഹൂർത്തം) ൬൦ സെക്കണ്ടു് = ൧ മിനിട്ടു്. ൬൦ മിനിട്ടു് = ൧ മണിക്കൂറു് (൨½-നാഴിക) ഇതനുസരിച്ചു ൨½ ഗുർവക്ഷരം അല്ലെങ്കിൽ മൂന്നേമുക്കാൽ കാഷ്ഠ = ൧ സെക്കണ്ടു്. ൨½ വിനാഴിക അല്ലെങ്കിൽ ൭½ കല = ൧ മിനിട്ടു്. ൨½ നാഴിക അല്ലെങ്കിൽ ഒന്നേകാൽ മുഹൂർത്തം = ൧ മണിക്കൂറു്.

**മുള**-൧. ഇല്ലി.

സം-വംശം. ത-മൂങ്കിൽ. ഇം-Bamboo.

൨. കൃമി, നാമ്പു്. ൩. കൈയിലും കാലിലും ഉണ്ടാകുന്ന ഒരുമാതിരി ദീനം. ൪. കീലം.

**മുളകു്**-൧. നല്ലമുളകു്, കുരുമുളകു്, കൊടിമുളകു്.

ചുമ, വായുമുട്ടൽ, അസ്ഥിസ്രാവം മുതലായ വകക്കു നന്നു്.

൨. ചീനമുളകു്. ൩. കാന്താരിമുളകു്. ൪. വാൽമുളകു്. ൫. കൊള്ളിമുളകു്.

**മുളകുകഷായം**-ഒരുമാതിരി കറി.

**മുളകുകൊടി** - നല്ലമുളകുണ്ടാകുന്ന ഒരു വള്ളി.

**മുളകുചമ്പാവു്**-ഒരുവക നെല്ലു്.

**മുളകുതൂക്കു്**-മുളകു് ത്രാസിലോ വെള്ളിക്കോലിൻെറ തട്ടിലോ ഇട്ടു തൂക്കുക.

**മുളകുപോററി**-കയിൽ.

**മുളകുമടിശ്ശീല**-തിരുവിതാംകൂർ സംസ്ഥാനത്തുണ്ടായിരുന്ന ഒരു കച്ചേരി.

**മുളകുസ്ഥലം**-മുമ്പിൽ സർക്കാർവക നല്ല മുളകു ശേഖരിക്കുന്ന സ്ഥലം.

**മുളകെട്ടുന്നു**-മുളയ്ക്കുന്നതിനു ധാന്യങ്ങൾ നനച്ചു കെട്ടിവയ്ക്കുന്നു.

**മുളഞ്ഞ**-ചക്കയരക്കു്.

**മുളനെല്ലു്**-മുളയുടെ കായു്. (തമിഴിൽ-മൂങ്കിലരിചി).

**മുളപ്പൊടി**-മുളച്ചുവിത്തു വറുത്തുപൊടിച്ചതു്.

**മുളം**-കൈയുടെ മുട്ടും വിരലും കൂടി അളന്ന അളവു്.

**മുളതൊലി** - മുളപ്പിച്ച ധാന്യങ്ങളുടെ തൊലി.

**മുളയൻ**-പുലയൻ, പുലക്കണ്ണു്.

മുളയലക്-മുളവാരി.

മുളയാർ-മുളയലക്.

മുളയിടുന്നു-ധാന്യങ്ങൾ കിളുക്കുന്നതിനു നനച്ചുവെക്കുന്നു.

മുളയില-ഉണങ്ങിയ ഇല.

മുളയുന്നു-൧. ഇഴഞ്ഞുകേറുന്നു. ൨. ഉഴവു നിരത്തുന്നു.

മുളയ്ക്കുന്നു-കിളുക്കുന്നു. (സ. ക്രി. മുളപ്പിക്കുന്നു)

മുളയ്പ്പ്-കിളുപ്പ്.

മുളയ്പുമരുത്-ഒരു വൃക്ഷം.

മുളയ്പുവിത്ത്, മുളവിത്ത്-മുള വന്ന വിത്ത്.

മുളി-(ഴി) ൧. കരിഞ്ഞത്, വാടിയത്. ൨. പൊള്ളിയത്.

മുളിയില-കരിയില.

മുളിയുക-൧. കീറുക, മാന്തുക. ൨. മുടിയുക.

മുൾ-൧. മുള്ള്. ൨. കുത്തുവാക്ക്. ൩. സൂചി ൪. മത്സ്യത്തിന്റെ അസ്ഥി. ൫. പൈതങ്ങളുടേയും മററും തൊണ്ടയിൽ വരുന്ന ഒരുവക ദീനം. ൬. വസ്ത്രം അലക്കിയാൽ നന്നാക്കുന്ന ഒരുമാതിരി ചീപ്പ്.

മുൾക്കൊളുത്ത്-ഇറച്ചി തൂക്കുന്ന കൊളുത്ത്.

മുൾത്തടി-ഒരായുധം.

മുൾപ്പടർപ്പ്-മുള്ളും വള്ളിയും കൂടിയ കാട്.

മുൾപ്പടൽ-പടപ്പ്.

മുൾമുടി-തലയിൽ വയ്ക്കുന്നതിനായിട്ടു മുള്ളുകൊണ്ടു മുടിപോലെയുണ്ടാക്കിയത്.

മുൾമുരിക്ക്-ഒരുമാതിരി മുള്ളുള്ള വൃക്ഷം.

മുള്ള്-൧. വൃക്ഷങ്ങളിലും മററും മുനകൂർത്തുണ്ടാകുന്ന വസ്തു. ൨. മുള്ളുപോലെ കൂർപ്പിച്ചുണ്ടാക്കുന്ന ചില വസ്തു. ൩. മുൾ.

മുള്ളങ്കി-മൂലരി.

മുള്ളൻ, മുള്ളൻപന്നി-ഒരുവക കാട്ടുമൃഗം, എയ്യൻ.

(ഇതിന്റെ നായാട്ടുപേർ-കല്ലടക്കൊററൻ).

മുള്ളൻകൊഴിഞ്ഞിൽ— മുള്ളൻകൊഴുവ.

മുള്ളൻചീര-ഒരുമാതിരി ചീര.

മുള്ളൻചേന-ഒരുമാതിരി കിഴങ്ങ്.

മുള്ളൻപായൽ-ജലത്തിലുള്ള ഒരുവക പായൽ.

മുള്ളമ്പുല്ല്-മുള്ളുള്ള ഒരുവക പുല്ല്.

മുള്ളാണി-ഒരുമാതിരി ചെറിയ ആണി.

മുള്ളി-൧. ഒരുമാതിരി ചുണ്ട. ൨. ഒരുവക മത്സ്യം.

മുള്ളിക്കാ(യ്)-ഒരുമാതിരി ചുണ്ടക്കാ.

മുള്ളിലവ്(വം)-ഒരുമാതിരി പഞ്ഞിമരം.

മുള്ളുകുത്തി-൧ മുള്ളെടുക്കുന്ന സൂചി. ൨. കള്ളുകുത്ത്. ൩. ഒരുമാതിരി താക്കോൽ.

മുള്ളുന്നു-മുള്ളിട്ടു കുത്തുംവണ്ണം കുത്തുന്നു.

'തൊള്ളയിലുടനേ മുള്ളീടേണം'

(സ്യമന്തകം തുള്ളൽ)

മുള്ളുപട്ടിൽ-പരുവ, മുളക്കായൽ

മുള്ളുവാക്ക്-ഇഷ്ടവാക്കു പറയുന്നപ്രകാരം മാധുര്യത്തോടെ ശകാരിക്കുന്ന വാക്ക്. ഭംഗിയുള്ള നിന്ദാവാക്ക്.

'മുള്ളുപറഞ്ഞാലതുപൊഴുതുടനേ'

(രാമാനുചരിതം തുള്ളൽ)

മുള്ളുവാള-ഒരുവക മത്സ്യം.

മുള്ളുവേങ്ങ ഒരു വൃക്ഷം.

മുള്ളെലി-മുള്ളൻപന്നി.

മുള്ളെല്ല്-തണ്ടെല്ല്.

മുഴ-പ്ര. ശരീരത്തിൽ വീങ്ങുന്ന വേദന കൂടാതെ വരുന്ന ദീനം. വ. വൃക്ഷത്തിനും മററുമുള്ള നിരപ്പില്ലായ്മ.

മുഴക്കം- ശബ്ദം, പ്രതിശബ്ദം, ഇടിയുടെ ശബ്ദം.

മുഴക്കുക-പ്ര. ശബ്ദമുണ്ടാക്കുക. വ. തെല്ലുക. മുഴക്കം (ശബ്ദം) ഉണ്ടാകത്തക്ക വണ്ണം തെല്ലുക എന്നർത്ഥം. ഉ-ം, പാത്രംമുഴക്കുക.

മുഴക്കോൽ-ഒരുമാതിരി അളവുകോൽ.

മുഴങ്കാൽ-മുട്ടിനു താഴെയുള്ള കാൽ.

മുഴങ്കൈയ്-കൈയുടെ മുട്ടിനു താഴെയുള്ള ഭാഗം. (മുഴങ്കൈ എന്നും കാണുന്നു)

മുഴങ്ങുന്നു-ശബ്ദിക്കുന്നു. (സ. ക്രി. മുഴക്കുന്നു. കാ. ക്രി. മുഴക്കിക്കുന്നു).

മുഴന്തു്-വൃക്ഷത്തിന്റെ മുഴ.

മുഴം-മുട്ടും വിരലും കൂട്ടി അളന്ന അളവു്.

മുഴയൻ-മുഴയുള്ളവൻ.

മുഴലുക-മുരളുക ഉ-ം, 'വണ്ടുമുഴലുന്നു'.

മുഴലുന്നു- മുഴയുണ്ടാകുന്നു, നിഴലിപ്പിക്കുന്നു. (സ. ക്രി. മുഴപ്പിക്കുന്നു).

മുഴി-ഏപ്പു്, സന്ധിബന്ധം.

മുഴിപ്പു്-പ്ര. ദുഃഖം. വ. ഭയം. ന. കോപം.

മുഴു-വി. ഇതു് മററു ചിലതിനോടു ചേർത്താൽ 'വലിയ' എന്നർത്ഥം.

മുഴുകൽ-പ്ര. വെള്ളത്തിൽ താഴുക. വ. മുങ്ങിക്കുളിക്കുക.

മുഴുകുന്നു-പ്ര. ജലത്തിൽ താഴുന്നു. വ. മുങ്ങിക്കുളിക്കുന്നു.

മുഴുക്കുന്നു-പ്ര. മതിയാകുന്നു, തികയുന്നു. വ. വലുതാകുന്നു. ന. തീരുന്നു. ര. ദശിക്കുന്നു. (സ. ക്രി. മുഴുപ്പിക്കുന്നു).

മുഴുക്കപ്രായം-നിലയങ്കി.

മുഴുക്കെ-അ. വളരെ, കനക്കെ.

മുഴുങ്ങു്-നാററം.

മുഴുത്ത-വി. പ്ര. തികഞ്ഞ. വ. മുഴുവനായ, തീർന്ന ന. തടിച്ച, വലിയ.

മുഴുപ്പു്-പ്ര. വണ്ണം. വ. തീപ്പു.

മുഴുമതി-പൂർണ്ണചന്ദ്രൻ.

മുഴുവനും-അ. അശേഷം, എല്ലാം.

മുഴുവൻ-അ. ആസകലം, ഒക്കയും.

മുഴുവർ-ഗുണം തികഞ്ഞവർ.

മുഴുവാരം-അ. ശരീരം മുഴുവനും.

മുറ-പ്ര. ക്രമം. വ. ചട്ടം. ന. ആചാരം. ര. നടപ്പു്. ഉ. പ്രമാണം. ഊ. മര്യാദ. ൭. നിലവിളി.

മുറക്കാരൻ-പ്ര. മുറയുള്ളവൻ. വ. തവണപ്രകാരം ചെയ്യേണ്ടുന്നവൻ. (സ്ത്രീ-മുറക്കാരി).

മുറച്ചെവിയൻ-ആന. മുറംപോലെയുള്ള ചെവിയുള്ളതിനാൽ ഈ പേർവന്നു.

മുറജപം—രാജ്യത്തിന്റെ ഐശ്വര്യത്തിന്നായി രാജാക്കന്മാർ നടത്തുന്ന മാന്ത്രികമായ ഒരു വലിയ അടിയന്തിരം.

'മുറജപം' എന്നാൽ മുറതെററാതുള്ള ജപം എന്നാകുന്നു. ഒരു മുറ എന്നതു എട്ടു ദിവസമാണു്. ദിവസന്തോറും ഋഗ്വേദത്തിൽ ഓരോ അഷ്ടകം വീതം പാരായണം ചെയ്യണമെന്നാണു് ഏപ്പാടു്. ൭ മുറയ്ക്കുള്ള ൫൬ ദിവസംകൊണ്ടു ഋഗ്വേദം മുഴുവനും ഋഗ്വേദികൾ പാരായണം ചെയ്യണം. അതനുസരിച്ചു യജുർവ്വേദവും സാമവേദവും അവരവർ ചൊല്ലേണ്ടതാണു്. ശ്രീപത്മനാഭസ്വാമിക്ഷേത്രത്തിന്റെ മുഖമണ്ഡപത്തിൽ ചെന്നിരുന്നു ദിവസന്തോറും പ്രാതഃകാലത്തു് പാരായണം ചെയ്യണമെന്നാണു് ഏപ്പാടു്. മുറജപത്തിന്റെ മുഖ്യാംഗം ഇതുതന്നെ. ഇതു ആറു കൊല്ലങ്ങൾക്കൊരിക്കൽ തിരുവനന്തപുരത്തു നടന്നുവരുന്നു. ഈ വലിയ സത്രം ശ്രീവീരമാർത്താണ്ഡവർമ്മ മഹാരാജാവു തിരുമനസ്സു

കൊണ്ടാണ് ആദ്യമായി ഏൎപ്പെടുത്തിയതു്. ഒരു അയനത്തിന്റെ അവസാനത്തിൽ ഭദ്രദീപം ഘോഷിക്കുന്നു. ൧൨ ഭദ്രദീപം കഴിയുമ്പോൾ ഒരു മുറജപം ഉണ്ടാകുന്നു. മുറജപത്തിന്റെ അവസാനത്തിലാണ് 'ലക്ഷദീപം' എന്ന മഹോത്സവം. ആദ്യത്തെ മുറജപം ൯൨൫-ാം മാണ്ടു വൃശ്ചികമാസത്തിൽ ആരംഭിച്ചു.

മുറണ്ട്-ശാഠ്യം, ഒരുമാതിരി ചീത്തസ്വഭാവം.

മുറണ്ടൻ-മുറണ്ടുള്ളവൻ.

മുറം-൧. നെല്ല് അരി മുതലായവ പേററിക്കൊഴിക്കുന്നതിനുള്ള പാത്രം. ൨. ഒരളവ്.

മുറമ-കീഴ്നടപ്പ്.

മുറമുറണ-മുരൾ (മുറൾ)

മുറമുറയായി-അ. ൧. ക്രമമായി. ൨. വിലംബത്തോടെ.

മുറയിടുന്നു-൧. നിലവിളിക്കുന്നു. ൨. ചട്ടം നിശ്ചയിക്കുന്നു.

മുറവിളി-നിലവിളി (ക്രി. മുറവിളിക്കുന്നു)

മുറൾ-ഒരുമാതിരി സുഗന്ധവസ്തു.

മുറി-൧. കഷണം, തുണ്ട്. ൨. ചില ദിക്കിൽ സ്ത്രീകൾ ഉടുക്കുന്ന വസ്ത്രം. ൩. ചിട്ടി. ൪. പുരമുറി. ൫. ചീട്ട്. ൬. ദേശത്തിന്റെ ഒരു ഭാഗം ൭. മുറിവ്.

മുറികൂട്ടുന്നു-മുറിഞ്ഞ് അകന്നിരുന്നവയെ യഥാസ്ഥാനം ചേൎത്തു യോജിപ്പിക്കുന്നു.

മുറികൂട്ടി-കറുത്ത ഇലയുള്ള ഒരുവക പച്ചമരുന്ന്.

മുറിക്കാരൻ-൧. കരക്കാരൻ, ദേശത്തുള്ളവൻ. ൨. മുറിയുള്ളവൻ.

മുറികൈത്താൽ-ഉത്തരക്ഷയ്ക്കുള്ള ഒരു ചട്ട.

മുറിച്ചൽ-൧. മുറിയുക. ൨. മുറിവ്.

മുറിച്ചുകുത്ത്-കുത്തിപ്പിരിക്ക, പിന്നൽ

മുറിത്തടി-മരക്കഷണം, മുട്ടം.

മുറിത്തോണി-വള്ളത്തിന്റെ പാതി.

മുറിപാട്-൧. മുറിഞ്ഞതുകൊണ്ടുണ്ടായ അടയാളം, മുറിവ്. ൨. മുറിവു പൊറുത്തിട്ടുള്ള തഴമ്പ്.

മുറിപ്പട്ടിണി-ഭക്ഷണത്തിനു തികയായ്കകൊണ്ടു അല്പം ഭക്ഷിച്ചു വിശന്നിരിക്കുക.

മുറിപ്പരുത്തി-ഒരുവക തൈ.

മുറിമൂക്കൻ-മൂക്കു മുറിഞ്ഞുള്ളവൻ.

മുറിമൊഞ്ച്-ഫലമില്ലാത്ത കോപം.

മുറിമൊഞ്ചൻ-ഫലമില്ലാത്ത കോപമുള്ളവൻ.

മുറിയൻ-മുരട്ടുശീലമുള്ളവൻ, പിടിയാത്തവൻ.

മുറിയൻശൎക്കര-അലിഞ്ഞ ഒരുമാതിരി ശൎക്കര.

മുറിയുന്നു-൧. മുറിവുണ്ടാകുന്നു. ൨. വേർപെടുന്നു. ൩. ഒടിഞ്ഞു വേർപെടുന്നു. (സ-ക്രി-മുറിക്കുന്നു. കാ-ക്രി-മുറിപ്പിക്കുന്നു)

മുറിവ്-൧. വാൾ മുതലായ ആയുധങ്ങൾ കൊണ്ടു ശരീരത്തിലും മററുമുണ്ടാകുന്ന അടയാളം. ൨. മുറിയുക.

കളിയടയ്ക്കയും കടുക്കയുംകൂടി അരച്ചുവെച്ചു കെട്ടിയാൽ ദശ പുറത്തേയ്ക്കു വ്യാപിച്ച മുറിവിന്റെ ദശ ഒതുങ്ങി സുഖപ്പെടും.

മുറിവാ-മുറിഞ്ഞിരിക്കുന്ന ഭാഗം, കോൾവാ.

മുറിവാക്ക്-൧. സാരമില്ലാത്ത വാക്ക്. ൨. തികയാത്ത വാക്ക്.

മുറു-വി. മുറടായ.

മുറുകൽ-൧. തിടുക്കം. ൨. കെട്ടും മററും മുറുകുക. ൩. കട്ടയാക.

മുറുകുന്നു-൧. തിടുക്കമാകുന്നു. ൨. കെട്ടും മററും മുറുകുന്നു. ൩. വെള്ളമായ വസ്തു കട്ടയാകുന്നു.

മുറുകെ-അ. ൧. മുഴക്കമായിട്ട്, മുറുകെ. ൨. വേഗത്തിൽ.

മുറുക്ക്-൧. ഒരുവക പലഹാരം. ൨. കെട്ട്. ൩. വെററിലതീററി. ൪. ബലപ്പെടുത്തൽ. ൫. എണ്ണകാച്ചുക.

മുറുക്കം-കെട്ടിനും മററുമുണ്ടാകുന്ന മുറുപ്പ്, അമർത്തൽ.

മുറുക്കാണി-മുറുക്കുന്ന ആണി, വീണയുടേയും മററും കമ്പി മുറുക്കുന്ന ആണി.

മുറുക്കുന്നു-൧. വെററില തിന്നുന്നു. ൨. ഞെരുക്കിയുറപ്പിക്കുന്നു. ൩. കെട്ടുമുറുക്കുന്നു. ൪. ഉറപ്പിക്കുന്നു. ൫. ബലമായി പിടിക്കുന്നു. ൬. എണ്ണകാച്ചുന്നു.

മുറുക്കുപെട്ടി-വെററിലപ്പെട്ടി, മുറുക്കുന്നതിനു വെററില പാക്കു മുതലായവ വയ്ക്കുന്നതിനുള്ള പെട്ടി.

മുറുക്കുസഞ്ചി-വെററില തിന്നുന്നതിനു വെററിലയും മററും സൂക്ഷിക്കുന്നതിനുള്ള സഞ്ചി.

മുറുമുറുക്കുന്നു-മുറുമുറെ ശബ്ദിക്കുന്നു, പിറുപിറുക്കുന്നു.

മുറുമുറുപ്പ്-പിറുപിറുപ്പ്, ഒരുമാതിരി ശബ്ദം.

മുറുവൽ-പല്ല്. (മുറുവലൊളി-പല്ലിൻെറ ശോഭ)

മുററ്-വി. തിങ്ങിയ.

മുററം-ഭവനത്തിൻെറ അടുത്ത ചുററുമുള്ള സ്ഥലം.

മുററുമുറെറ-അ. മുറുകമുറുകെ.

മുററാത്ത-വി. ൧. വലുതാകാത്ത. ൨. തികയാത്ത.

മുററി, മിററി-മൂത്തു. (പ-മ)

മുററിമുറം-ഒരുമാതിരി കൊച്ചുമുറം.

മുററിയ-വി. പരിപൂർണ്ണമായ.

മുററുന്നു-൧. തികയുന്നു. ൨. തീരുന്നു. ൩. നല്ലപാകമാകുന്നു, മൂക്കുന്നു, വിളയുന്നു. (സ-ക്രി-മുററിക്കുന്നു.)

മുററും-അ. ൧. അശേഷം. ൨. മാത്രം ൩. വീണ്ടും.

മുറെറ-അ. മുഴുവനായി, മുറുകെ.

# മൂ

മൂക-വി. സംസാരിപ്പാൻ വയ്യാത്ത.

മൂകൻ-൧. സംസാരിപ്പാൻ വയ്യാത്തവൻ, ഊമ. 'മൂ' എന്നു ശബ്ദിക്കുന്നവൻ എന്നൎത്ഥം. ൨. ഒരു ദേവൻ. ൩. ഒരു മത്സ്യം. ൪. ഒരു അസുരൻ.

ഈ അസുരനാണ് അൎജ്ജുനൻെറ തപസ്സിനെ മുടക്കുന്നതിനു ഒരു കാട്ടുപന്നിയുടെ രൂപത്തിൽ ചെന്നതും ഹതനായതും. മൂകൻ ഉപസുന്ദൻെറ പുത്രനാണ്. കിരാതവേഷധാരിയായ ശിവനാകുന്നു മൂകാസുരനെ കൊന്നത്. (കിരാതം നോക്കുക.)

൫. ഒരു മഹാകവി.

മൂകമഹാകവിയുടെ ജന്മദേശം ദ്രാവിഡം എന്നാണൂഹം. ജാതിയിൽ ബ്രാഹ്മണൻ ആയിരുന്നു എന്നാണ് ഐതിഹ്യം. കാഞ്ചീപുരത്തു കാമാക്ഷിയെ ഭജിച്ചു ഇദ്ദേഹം വരംവാങ്ങി. ദേവി മഹാകവിത്വമാണ് ഇദ്ദേഹത്തിനു നൽകിയതു്. മൂകമഹാകവി ജീവിച്ചിരുന്നതു ക്രിസ്തുവിനു പിമ്പു് പതിനേഴാം ശതാബ്ദത്തിനു മുമ്പാണ്. ഇദ്ദേഹത്തിൻെറ കവിതയ്ക്കു നല്ല ചമൽക്കാരസൌരഭമുണ്ടു്. പ്രധാനകൃതി-'മൂകപഞ്ചശതി.

മൂകം-മീൻ.

മൂകാംബാ-ദുൎഗ്ഗ.

മൂക്ക്-൧. കണ്ണുകൾക്കു മദ്ധ്യേ കീഴ്പ്പോട്ടുനീണ്ടുമുന്തിനിൽക്കുന്ന അവയവം. ൨. ചുണ്ടുപാരം.

മൂക്കടപ്പ് - ജലദോഷത്തിങ്കൽ മൂക്കിൽക്കൂടി ശ്വാസം പോകുന്നതിനുള്ള തടവ്.

മൂക്കണാങ്കയർ - കാളയുടെ മൂക്ക തുളച്ചു കോർക്കുന്ന കയർ.

മൂക്കൻ - ൧. നീണ്ട മൂക്കുള്ളവൻ. ൨. ഒരുതരം പാമ്പ്.

മൂക്കറ - വി. മൂക്ക മുറിഞ്ഞുപോയ.

മൂക്കറയൻ - മൂക്ക മുറിഞ്ഞുപോയവൻ, മൂക്കില്ലാത്തവൻ.

മൂക്കറ്റം - അ. മൂക്കോളം

മൂക്കിട്ട - മൂക്കിള.

മൂക്കിള - മൂക്കിലെ മലം.

മൂക്കുകുത്തുന്നു - ൧. മൂക്ക തുളെക്കുന്നു. ൨. മുഖംകുത്തിവീഴുന്നു.

മൂക്കുത്തി - സ്ത്രീകൾ മൂക്കിലിടുന്ന ഒരാഭരണം.

മൂക്കുനീര് - മൂക്കിലെവെള്ളം.

മൂക്കുന്നു - ൧. വിളയുന്നു. ൨. വളരുന്നു. ൩. ഉയരുന്നു. ൪. പുളിച്ചുപൊങ്ങുന്നു. ൫. അഹംഭാവം നടിക്കുന്നു.

മൂക്കുപടിയൻ - വൃത്തികെട്ട മൂക്കുള്ളവൻ.

മൂക്കുപാലം - മൂക്കിന്റെ ദ്വാരങ്ങൾ രണ്ടിന്റെയും നടുവിലെ ഭാഗം.

മൂക്കുവാർച്ച - മൂക്കിൽക്കൂടെ വെള്ളം ഒഴുകുക.

മൂക്കുവിട്ട - മൂക്കിള.

മൂക്കൊഴുക്ക് - മൂക്കുവാർച്ച.

മൂങ്കിൽ - ൧ ഒരുവക വാഴ. ൨. മുള.

മൂങ്ങ - മൂമൻപക്ഷി.

മൂചേട്ട - മൂദേവി.

മൂച്ചി - ൧. വയസ്സുചെന്ന സ്ത്രീ, മുത്താച്ചി, മുത്തി. ൨. പഴക്കംചെന്ന മാവ് വൃക്ഷം. ൩. മാവുവൃക്ഷം. ൪. ശ്വാസംപിടിപ്പ്.

മൂച്ച - മച്ചി, മുഖം.

മൂഞ്ഞ - ഒരു ചെറിയതരം വൃക്ഷം.

മൂഞ്ചുക - നക്കുക വലിച്ചുകുടിക്കുക, ഈമ്പുക. (സഭ്യമല്ല).

മൂജ - കാല്യ.

മൂട് - ൧. വൃക്ഷം മുതലായതിന്റെ ചുവട്. ൨. ചിലതിന്റെ വേർ.

മൂട - ൧. ധാന്യക്കുമ്പാരം. ൨. ചിപ്പം ൩. മൂടകഞ്ഞ്.

മൂടകുത്തി - അരിച്ചാക്ക തുളെക്കുന്നതിനുള്ള ഇരിമ്പുസാധനം.

മൂടൽ - ൧. മഴക്കാറ്. ൨. മങ്ങൽ. ൩. മറവ്. ൪. മന്ദത. ൫. വിഡ്ഢിത്തം.

മൂടൽമഞ്ഞ് - ഉറച്ചമഞ്ഞ്.

മൂടാപ്പ് - തിര, മറ.

മൂടി - ൧. പെട്ടകത്തിന്റെയും മറ്റും അടപ്പ്. ൨. മൂടുന്നവസ്തു.

മൂടുന്നു - ൧. മറയ്ക്കുന്നു. ൨. അടയ്ക്കുന്നു. ൩. പുതയ്ക്കുന്നു. ൪. അടക്കുന്നു. (സ-ക്രി. മൂടിക്കുന്നു)

മൂടുപടം - മൂടുന്ന വസ്ത്രം, പുതപ്പ്.

മൂടുപടലം - കണ്ണിലുണ്ടാകുന്ന ഒരുമാതിരി ദീനം.

മൂടുപല്ലക്ക് - മൂടിയപല്ലക്ക്.

മൂടുപുടവ - മൂടുപടം, മൂടുന്നവസ്ത്രം.

മൂടുശില - മൂടുന്നതിനുള്ള ശില.

മൂട്ട് - തുന്നൽ.

മൂട്ട - പേനിനേക്കാൾ വലുതായ ഒരുവക ചെറിയജന്തു, മക്കുണം.

(കസേരകളിലും മതിലുകളുടെ ദ്വാരങ്ങളിലും മററും കയറിപ്പാർക്കുന്ന മൂട്ട, ചെള്ള് മുതലായ പ്രാണികളെ നശിപ്പിക്കാൻ ചൂടുവെള്ളത്തിൽ പടിയക്കാരം കലക്കി ആ വെള്ളം ഒഴിച്ചു കഴുകുന്നത് വളരെ ഫലപ്രദമാകുമെന്നു കണ്ടിരിക്കുന്നു.)

മൂട്ടൽ - തുന്നൽ, കൂട്ടിത്തയ്പ്പ്.

മൂട്ടുതുണി - തുന്നിയവസ്ത്രം.

മൂട്ടുന്നു-ക്രി. തുന്നുന്നു, തയ്ക്കുന്നു. ല. തീ വളൎത്തുന്നു.

മൂട്ടുപാ-കൂട്ടിത്തയ്യാറാക്കിയ പാ.

മൂട്ടുമറി-വൃക്ഷത്തിന്റെയും മറ്റും ചുവട്ടുമുറി.

മൂട്ടുശീല-കൂട്ടിത്തച്ച ശീല, വസ്ത്രം.

മൂട്ടേരിമ-ഒട്ടേരിമ.

മൂഢ-വി. അറിവില്ലാത്ത, ഭോഷത്വമുള്ള.

മൂഢത്വം, മൂഢത — അറിവില്ലായ്മ, ഭോഷത്തം.

മൂഢൻ-പു. ഭോഷൻ. ല. മടിയൻ ന. മൂർഖൻ, മോഹിച്ചവൻ (തിരിച്ചറിവില്ലാത്തവൻ)എന്നൎത്ഥം. മറ്റു പൎയ്യായങ്ങൾ, അജ്ഞൻ, യഥാജാതൻ, മൂർഖൻ, വൈധേയൻ,ബാലിശൻ. മൂഢൻ > < വിദ്വാൻ.

മൂഢബുദ്ധി-ഭോഷത്തരം.

മൂഢസൂത്രം-പുസ്തകങ്ങളിൽ വയ്ക്കുന്ന ഒരു അടയാളം.

മൂഢാത്മാവ്-യഥാൎത്ഥസ്ഥിതി അറിയാത്ത ആൾ, അജ്ഞാനി.

മൂണ, മോണ-പല്ലിന്റെ മാംസം.

മൂണ്ടാണി—മുണ്ടാണി എന്ന കീഴ്ക്കണക്ക്.

മൂത-വി. കെട്ടപ്പെട്ട.

മൂത്ത— വി. ഫ. വയസ്സേറിയ. ല. വിളഞ്ഞ.

മൂത്തതു്-അമ്പലവാസികളിൽ പൂണൂലുള്ള ഒരു ജാതിക്കാരൻ.

മൂത്തമ്മ-പു. പേരമ്മ. ല. വയസ്സായസ്ത്രീ.

മൂത്തവൻ-പു. ജ്യേഷ്ഠൻ. ല. വയസ്സേറിയവൻ. (സ്ത്രീ-മൂത്തവൾ)

മൂത്തവേളി-മുമ്പേ ബ്രാഹ്മണൻ വിവാഹംചെയ്ത ഭാൎയ്യ.

മൂത്താച്ചി-പു. വയസ്സചെന്നവൾ. ല. അച്ഛന്റെയോ അമ്മയുടെയോ അമ്മ.

മൂത്താൻ—പു. വയസ്സചെന്ന ശൂദ്രൻ, മൂത്തവൻ. ല. ഒരു ജാതിക്കാരൻ.

മൂത്താർ-മൂത്തനാര്.

മൂത്രകൃഛ്റം—മൂത്രം തടഞ്ഞു തുള്ളിത്തുള്ളിയായി പോകുന്ന ഒരുമാതിരി ദീനം. മൂത്രം വീഴുന്നതിൽ പ്രയാസത്തെ ചെയ്യുന്നതു എന്നു ശബ്ദാൎത്ഥം.

മൂത്രകൃഛ്റി-മൂത്രകൃഛ്റമുള്ളവൻ.

മൂത്രദോഷം-അസ്ഥിസ്രാവദീനം.

മൂത്രം—ശരീരത്തിൽ നിന്നും മൂത്രദ്വാരത്തിൽക്കൂടെ ഒഴുകുന്നവെള്ളം. ഒലിച്ചുപോകുന്നതു എന്നൎത്ഥം.

മൂത്രത്തെ തടുത്താൽ മേലൊക്കെ നുറുങ്ങി നോവുകയും അശ്മരിയും, മൂത്രാശയത്തിങ്കലും ലിംഗത്തിലും ഒടിയിലും വേദനയും പ്രായേണ മുൻ പറഞ്ഞ രോഗങ്ങളുമുണ്ടാകും.

മറ്റൊരു പൎയ്യായം-പ്രസ്രാവം.

മൂത്രമൊഴിവ്-മൂത്രവാച്ച്, ഒരു ദീനം.

മൂത്രവാച്ച്-മൂത്രമൊഴിവ്.

മൂത്രവിസൎജ്ജനം-മൂത്രം ഒഴിക്കുക (അടിതോൽ എന്നതു നോക്കുക).

മൂത്രളം-വി. മൂത്രത്തെ ഉണ്ടാക്കുന്ന.

മൂത്രാഘാതം-മൂത്രമടയ്പ്പ്.

മൂത്രാശയം — ശരീരത്തിന്നകത്തുള്ള ഒരു അവയവം.

മൂത്രിക്കുന്നു-മൂത്രം വീഴ്ത്തുന്നു.

മൂത്രിത-വി. മൂത്രമൊഴിക്കപ്പെട്ട.

മൂദേവി, മൂതേവി, മൂധേവി—മൂത്തദേവി, നാശത്തിന്റെ ഇരിപ്പിടമായ ദേവത, ജ്യേഷ്ഠാദേവി, ലക്ഷ്മിയുടെ ചേട്ടത്തി.

മൂന്നു്-വി. രണ്ടും ഒന്നും കൂടിയ തുക.

മൂന്നാൻ, മൂന്നാളൻ - മൂന്നാംസ്ഥാനക്കാരൻ.

മൂന്നാം-വി. മൂന്നാമത്തെ.

മൂന്നാമത്ത്-അ. മൂന്നാംപ്രാവശ്യം.

മൂന്നാമൻ-൧. മൂന്നാമത്തവൻ. ൨. മദ്ധ്യസ്ഥൻ.

മൂന്നാമവൻ-മൂന്നാമത്തവൻ.

മൂന്നാമസ്ഥാനം-മദ്ധ്യസ്ഥന്റെസ്ഥാനം.

മൂന്നിലൊന്ന്-വി. മൂന്നിൽ ഒരു പങ്ക്.

മൂപ്പ്-൧. വയസ്സിന്റെ അധികത. ൨. വിളച്ചൽ. ൩. കാരണവസ്ഥാനം.

മൂപ്പത്തി-൧. വയസ്സചെന്ന സ്ത്രീ. ൨. കന്നാത്തി. ൩. തട്ടാത്തി. ൪. വാണിച്ചി.

മൂപ്പൻ-൧. വയസ്സചെന്നവൻ. ൨. കന്നാൻ. ൩. തട്ടാൻ. ൪. വാണിയൻ. ൫. തലവൻ. ൬. മഹമ്മദുകാരിൽ ഒരു പ്രമാണി.

മൂപ്പര്-൧. ചിലയാളുകൾ കന്നാന്മാരേയും, തട്ടാന്മാരേയും, വാണിയന്മാരേയും പറയുന്ന ഒരു പേർ. ൨. വലിയവ്വളോൻ.

മൂപ്പിക്കുന്നു-൧. വളർത്തുന്നു. ൨. പഴക്കമാക്കുന്നു, ൩. നെയ്യും മററും മുറുക്കുന്നു.

മൂപ്പിറക്കുന്നു-പാട്ടക്കാരൻ പുരയിടം ഒഴിയുമ്പോൾ തേങ്ങാ മുതലായ മൂത്ത ഫലങ്ങൾ എടുക്കുന്നു.

മൂപ്പിന്ന്-വയസ്സധികമുള്ളവരിൽ ചിലരെ പറയുന്ന ഒരു ബഹുമാനപ്പേർ.

മൂയെട്ട, മൂചെട്ട-മൂദേവി.

മൂരൽ-മുറിക്ക, കൊയ്യുക, അറുക്ക.

മൂരി-൧. കാളക്കുട്ടി. ൨. വലിയ തിരമാല. ൩. കൈയും കാലും നിവർത്തു ശ്വാസം കളക.

മൂരിക്കുന്നു-൧. ചോറ ചീത്തയാകുന്നു. ൨. വഴക്കമില്ലാതാകുന്നു.

മൂരിനിവിർക്കുക-ചടവുതീർക്കുക.

മൂരിപ്പ്-൧. ചോറധികം തണുത്തു ചീത്തയാക. ൨. വഴക്കമില്ലായ്ക.

മൂരുക-വിരിക്കുക, നീട്ടുക, വലിയുക, വിസ്താരമാക്കുക.

മൂരുന്ന-വി. പരന്ന, മൂർച്ചയുള്ള.

മൂരുന്നവൻ-കൊയ്യുന്നവൻ, മുറിക്കുന്നവൻ.

മൂരുന്നു-കൊയ്യുന്നു, അറുക്കുന്നു.

മൂർക്കുക-മൂർച്ചകൂട്ടുക.

മൂർഖ-വി. മൂഢതയുള്ള (നാമം-മൂർഖത)

മൂർഖൻ-൧. അറിവില്ലാത്തവൻ. ൨. മുട്ടാളൻ ൩. ക്രൂരൻ, ദുഷ്ടൻ. മൂർഖൻ > < പണ്ഡിതൻ. ൪. ഒരുവക പാമ്പ്.

മൂർഖൻപാമ്പ്-ഒരുമാതിരി വിഷമുള്ള പാമ്പ്.

മൂർഖത, മൂർഖത്വം-അറിവില്ലായ്ക, മുട്ടാളത്തം.

മൂർഖപുലം-പാമ്പിരിക്കുന്ന സ്ഥലം.

മൂർഖമതി-അറിവില്ലാത്തവൻ, ശഠൻ.

മൂർച്ച-വായ്ത്തല.

മൂർച്ഛ-ബോധക്കേട്, മോഹാലസ്യം. തന്റേടമില്ലാതാവുക എന്നർത്ഥം, മററു പര്യായങ്ങൾ-കശ്മലം, മോഹം.

മൂർച്ഛനാ-൧. ബോധക്കേട്. ൨. സംഗീതത്തിലെ ഒരു സ്വരഭേദം.

മൂർച്ഛാല-വി. ബോധംകെട്ട, മോഹാലസ്യപ്പെട്ട.

മൂർച്ഛിക്കുന്നു-൧. ബോധം കെടുന്നു. ൨. വർദ്ധിക്കുന്നു.

മൂർച്ഛിത-വി. ൧. ബോധക്കേടുള്ള. ൨. മൂഢതയുള്ള. മൂർച്ഛിതന്റെ മററു പര്യായങ്ങൾ-മൂർച്ഛാലൻ, മൂർത്തൻ. ൩. ഉന്നതമായുള്ള, വർദ്ധിച്ച.

മൂർണ്ണ-വി. ബന്ധിക്കപ്പെട്ട.

മൂർത്ത-വി. ൧. ബോധക്കേടുള്ള. ൨. ആകൃതിയുള്ള. ൩. കഠിനമായിട്ടുള്ള. ൪. മണ്ണത്തരമുള്ള. ൫. മൂർച്ചയുള്ള. ൬. ഉളയുന്ന. ൭. കാണത്തക്ക. ൮. പ്രശംസായോഗ്യമായ മൂർത്തിയോടുകൂടിയ.

മൂർത്തദ്രവ്യങ്ങൾ-കാണത്തക്ക ശരീരമുള്ള വസ്തുക്കൾ.

മൂർത്താ-മൂർത്തിമതി.

'മൂർത്താപുണ്യാൽകരപരിണതി:
(മയൂരസന്ദേശം)

മൂർത്തി-പു. ശരീരം. തന്റെ സ്ഥിതിമറന്നു പ്രവർത്തിക്കുന്നതു്, വളരുന്നതു് ഇങ്ങനെ ശബ്ദാർത്ഥങ്ങൾ. ല. രൂപം. ന. വസ്തു. ർ. പിശാചു്. ഒ. ക്രൂരത, കാഠിന്യം. മൂർച്ഛയെ പ്രാപിക്കുന്നതു് എന്നർത്ഥം.

മൂർത്തിതുള്ളൽ-പിശാചുബാധിച്ചുതുള്ളുക.

മൂർത്തിത്രയം-ബ്രഹ്മാവു്, വിഷ്ണു, മഹേശ്വരൻ ഇവർ മൂവരും.

മൂർത്തിത്വം-അവതാരം, ശരീരധാരണം, വസ്തുവായിഭവിക്ക.

മൂർത്തിമൽ-വി. പു. ആകൃതിയുള്ള (മാൻ, മതി, മൽ) ല. കഠിനമായുള്ള.

മൂർത്തിയാട്ടം-പിശാചു ബാധിച്ചു തുള്ളുക.

മൂർത്തീകരിക്കുന്നു-ആകൃതിപ്പെടുത്തുന്നു.

മൂർത്തുള്ള-മൂർച്ചയുള്ള.

മൂർദ്ധപൃഷ്ഠം-നെന്മേനിവാക'

മൂർദ്ധജം-തലമുടി.

മൂർദ്ധനി, മൂർദ്ധ്നി-അ. തലയിൽ.

മൂർദ്ധന്യ, മൂർദ്ധനീയ—മൂർദ്ധാവിനെ സംബന്ധിച്ച. ല. മുഖ്യമായ. ന. ശ്രേഷ്ഠമായ.

മൂർദ്ധന്യങ്ങൾ-(വ്യാകരണത്തിൽ) ട, ഠ, ഡ, ഢ, ണ, ഋ, ഷ, ഴ, ള, ര, റ ഇവ പു-ം, മൂർദ്ധാവിൽനിന്നു ജനിക്കയാൽ ഈ പേർ വന്നു.

മൂർദ്ധവേഷ്ടനം-തലപ്പാവു്.

മൂർദ്ധാഭിഷിക്തൻ-പു. രാജാവു്. ല. ക്ഷത്രിയൻ. രാജ്യദാനസമയത്തിൽ മൂർദ്ധാവിൽ അഭിഷേകം ചെയ്യപ്പെട്ടവൻ എന്നർത്ഥം. ന. മന്ത്രി.

മൂർദ്ധാവു്-പു. തല. ഇതിന്മേൽ അടികൊണ്ടാൽ മോഹാലസ്യപ്പെടുന്നതുകൊണ്ടു് ഈ പേർവന്നു. ല. നെറുക. ന. ഉച്ചം. അഗ്രഭാഗം.

മൂർപ്പു്-മൂർച്ച.

മൂർപ്പിക്കുന്നു-മൂർച്ചകൂട്ടുന്നു.

മൂർവ്വ-പെരുംകുരുമ്പ, വെള്ളോവരം. പടന്നു പിടിക്കുന്നതു് എന്നർത്ഥം.

മൂല-പു. കോണു്. ല. ഗൂഢസ്ഥലം.

മൂലകം-പു. മുള്ളങ്കി, കാന്തകവാഴ. ഉറച്ചുനിൽക്കുന്നതു്, മുളച്ചുണ്ടാകുന്നതു് ഇങ്ങിനെ ശബ്ദാർത്ഥങ്ങൾ. ല. ഭെമാരിതി വിഷം.

മൂലകർമ്മം-ഒരുവക മന്ത്രവാദപ്രവൃത്തി, ഔഷധികളുടെ മൂലം മുതലായതുകൊണ്ടു ചെയ്യപ്പെടുന്ന ഉച്ചാടനാദികർമ്മം.

മൂലക്കല്ലു്-കോൺകല്ലു്.

മൂലക്കുരുവു്-ഭഗന്ദരക്കുരുവു്.

മൂലഘാതി-ആകപ്പാടെ നശിപ്പിക്കുന്നതു്.

മൂലച്ഛേദം-വേരോടുകൂടി നശിപ്പിക്ക എന്നതു്.

മൂലത്തണ്ടു്-തണ്ടെല്ലു്.

മൂലദേവൻ-കംസൻ.

മൂലദ്രവ്യം-പൂർവ്വധനം.

മൂലധനം-പൂർവ്വധനം. മറ്റു പര്യായങ്ങൾ-നീവി, പരിപണം.

മൂലധാതു-ശുദ്ധജലം.

മൂലനഗരം-പ്രധാനപട്ടണം.

മൂലനാശം-പു. കാരണത്തിന്റെയും മറ്റും നാശം. ല. വേരോടെ നശിപ്പിക്കുക.

മൂലപ്രകൃതി-ലോകസൃഷ്ടിക്കു് ആദ്യനിദാനമായ ശക്തി.

മൂലഫലദം-പ്ലാവു്.

മൂലബലം-പ്രധാന സൈന്യം.

മൂലബിംബം-പ്രധാന ബിംബം.

മൂലഭാഷാ-പണ്ടേയുള്ള ഭാഷ.

മൂലമന്ത്രം-പ്രധാനമന്ത്രം.

മൂലം-൧. വേർ. (മുരട്). ഉറച്ചുനില്ക്കുന്നത് എന്നൎത്ഥം. ൨. മുതൽദ്രവ്യം. ൩. മൂലം എന്ന നക്ഷത്രം. ൪. കിഴങ്ങ്. ൫. ആദ്യം, കാരണം, ബീജം. ൬. ആദിസാക്ഷി. ൭. ഇന്ദ്രജാലം. ൮ സമീപത. ൯. തിപ്പലിമൂലം. ൧൦. പുഷ്കരമൂലം. ൧൧. ചേന. ൧൨. അടിവാരം, അടിസ്ഥാനം. ൧൩. പ്രധാന നഗരം. ൧൪. അടിസ്ഥാനഗ്രന്ഥം.

മൂലരോഗം-അൎശസ്സ്.

മൂലരോഗി-അൎശസ്സുള്ളവൻ.

മൂലവൎഗ്ഗം-ഒരു വസ്തുവിന്റെ ആദ്യത്തെ ഉടമസ്ഥാനം.

മൂലസ്ഥാനം-൧. പ്രത്യേകമുള്ള സ്ഥലം, ൨. രാജധാനി. ൩. ശ്രീകോവിൽ. (സം) ൪. ദൈവം ൫. ആകാശം.

മൂലാക്ഷരം - (വ്യാകരണത്തിൽ) അ. ഇ. ഉ.

മൂലാഗ്നി-വയററിലുള്ള തീ.

മൂലാതണ്ടു്-പുറത്തെ എല്ലു്.

മൂലാധാരം-ആറു് ആധാരങ്ങളിൽ ഒന്നു്, ശരീരത്തിനുള്ളിൽ പ്രധാനമായ ഒരു സ്ഥാനം.

മൂലാരുള്-പെരുമരത്തൊൽ.

മൂലാശനം-മൂലഭക്ഷണം.

മൂലാഭം-മുള്ളങ്കിക്കിഴങ്ങ്.

മൂലാശി-വി. മൂലം ഭക്ഷിക്കുന്ന.

മൂലിക-വേർ.

മൂലിക-വി. മൂലത്തെ സംബന്ധിച്ച.

മൂലികൻ-മൂലത്തെ ഭക്ഷിക്കുന്ന സന്ന്യാസി.

മൂലികന്ദം-പങ്കിട്ടന.

മൂലി-വൃക്ഷം (നകാരാന്തം)

മൂലോകം-മൂന്നുലോകം.

മൂലോപദംശം— മൂലങ്ങളെക്കൊണ്ടുള്ള കറി.

മൂലോപദേശം—ആദിയിലുള്ള ഉപദേശം, പ്രത്യേകമായ ഉപദേശം.

മൂല്യ-വി. മൂലിക്കേണ്ടുന്ന, വേരോടെ പറിക്കേണ്ടുന്ന.

മൂല്യം-൧. വില. അസ്സൽ വിലയിൽ കറയാത്തതു് എന്നൎത്ഥം. ൨. ശമ്പളം ൩. വിലക്കുവാങ്ങിച്ച വസ്തു.

മൂവഞ്ച്-വി. പതിനഞ്ച് (൩ × ൫ = ൧൫).

മൂവന്തി-പ്രഭാതകാലം, ഉച്ച, അസ്തമന സമയം ഇവ മൂന്നിനും കൂടെയുള്ള ഒരു പേർ.

മൂവർ-മൂന്നുപേർ.

മൂവാറ്-വി. പതിനെട്ട് (൩ × ൬ = ൧൮)

മൂവില-ഒരു പച്ചമരുന്നു്.

ചുട്ടുനീറൽ, ഛൎദ്ദി, വാതം, വിഷമജ്വരം, ഇക്കിൾ, പ്രമേഹം, ജ്വരം, അൎശസ്സ്, ശോഫം, അതിസാരം, ക്ഷയം, ഗുല്മം, ഇവയ്ക്കുനന്നു്. ധാതുപുഷ്ടികരമാണ്. ദേഹം തടിപ്പിക്കും, രസായനഗുണമുണ്ട്. ഉഷ്ണവീൎയ്യമാണ്. ഗുരുവാകുന്നു. സം-സാലപൎണ്ണി. ത-മേർമല്ലി.

മൂവെട്ട്-വി. ഇരുപത്തുനാല് (൩ × ൮ = ൨൪)

മൂവേണി-ഗംഗാനദി.

പാതാളം, ഭൂതലം, ആകാശം ഇവ മൂന്നു ലോകങ്ങളിൽ കൂടി പ്രവഹിക്കുന്നതിനാൽ ഈ പേരുണ്ടായി. മൂവേണി = മൂന്നു കൈവഴിയുള്ളതു്. വേണിക്കു 'കെട്ടിയ തലമുടി' എന്നും അൎത്ഥമുണ്ട്.

മൂവേഴ്-വി. ഇരുപത്തിയൊന്നു് (൩ × ൭ = ൨൧.)

മൂവൊൻപതു്— വി. ഇരുപത്തേഴു് (൩ × ൯ = ൨൭)

മൂവൊന്നു്-വി. മൂന്നു് (൩ × ൧ = ൩.)

മൂശ- ലോഹങ്ങൾ ഉരുക്കുന്നതിനുള്ള ഒരു പാത്രം.

മൂശാരി, മൂശകാരി-ഓട്ടുരുക്കി പാത്രങ്ങൾ ഉണ്ടാക്കുന്നവൻ. (മൂശാലി, മൂശ്ശാലി എന്നുമുണ്ടു്.)

മൂശാവലം— ഉപദ്രവം. ഉപദ്രവഹേതു. (പ. മ.)

മൂശെട്ട-വൃത്തികേടു്.

മൂഷ(ക)ം-എലി.

മൂഷ്-പ്ര. മൂശ. ൨. എലി. ൩. ഒരുപുല്ലു്.

മൂഷി-പ്ര. എലി. ൨. പെരുച്ചാഴി.

മൂഷികക്ഷത്രിയർ-പരശുരാമനെ എതിർത്തു കീഴടങ്ങിയ ക്ഷത്രിയർ.

മൂഷികൻ-പ്ര. എലി. അന്നം മുതലായതിനെ കക്കുന്നവൻ എന്നർത്ഥം. ൨. കള്ളൻ.

മൂഷികപ(ക)ർണ്ണി-ഒരു പച്ചമരുന്നു്, എലിച്ചെവിയൻ.

മൂഷികം-പ്ര. എലി ൨. ശിരീഷകുസുമം

മൂഷികം, മൂഷീകം-പ്ര. ഒരു വൃക്ഷം. ൨. മൂഷികരാജ്യം.

മൂഷികപാഷാണം-എലിപ്പാഷാണം.

മൂഷികരഥൻ-ഗണേശൻ.

മൂഷികരാജ്യം-കൊല്ലത്തിനും കന്യാകുമാരിക്കും മദ്ധ്യേയുള്ള രാജ്യം.

ഇതു കേരളത്തിന്റെ ഒരു ഭാഗമെന്നും കണ്ണൂറ്റിമുതൽ കുമാരിവരെയുള്ള സ്ഥലമെന്നും കാണുന്നുണ്ടു്.

മൂഷികവാഹനൻ-ഗണപതി.

മൂഷികാ, മൂഷാ-പെരുച്ചാഴി, എലി.

മൂഷികാങ്കൻ-ഗണേശൻ.

മൂഷികാഞ്ചനൻ-ഗണേശൻ.

മൂഷിത-വി. മോഷ്ടിക്കപ്പെട്ട.

മൂസ്സതു്-പ്ര. ബ്രാഹ്മണരിൽ ചിലർ വയസ്സുമൂപ്പുള്ളവരെ മാനിച്ചു പറയുന്ന ഒരു പേർ, ൨. ഒരു ജാതിക്കാരൻ A lower division of Brahmans=ഊരിലെ പരിഷ 151 who have left the കർമ്മങ്ങൾക്കാധിക്യം to others and with Parasu Rama's sins have taken on themselves the secular power ഉഭയാധിക്യം-Brahmans who practise surgery are ranking with them.—(Gundert.)

മൂള-തലച്ചോറു്.

മൂളക്കം-പ്ര. മൂളിച്ച. ൨. തൊണ്ടയിൽനിന്നും പുറപ്പെടുന്ന ഉണ്ടയുടെയും മറ്റും ശബ്ദം.

മൂളൽ-പ്ര. മൂളുക, ഞരക്കം. ൨. അനുസരണത്തിൽ പുറപ്പെടുവിക്കുന്ന ഒരു ശബ്ദം ൩. പല്ലക്കുകാരുടെ ശബ്ദം. ൪. ആലാപം.

മൂളി-പ്ര. ഒരു ചെവിയില്ലാത്തവൻ (വലു) (മൂളിക്കാരൻ—മൂളിക്കാരി) ൨. കഴുത്തു പോയ കപ്പിയും മറ്റും.

മൂളിച്ച-മൂളൽ.

മൂളിയൻ-ആൺകരണ്ടു്.

മൂളുന്നു-പ്ര. ഞരങ്ങുന്നു. ൨. പല്ലക്കുകാർ ശബ്ദിക്കുന്നു. ൩. അനുവദിക്കുന്നു. ൪. വിളിക്കുന്നു. ഉ-ം. ചെലം മൂളുന്നു. ൫. ആലാപിക്കുന്നു. (സ. ക്രി. മൂളിക്കുന്നു. കാ. ക്രി. മൂളിപ്പിക്കുന്നു.)

മൂഴക്കു്-മൂന്നു് ഉഴക്കു കൂടിയതു്, ഒരു നാഴിയിൽ നാലു പങ്കിൽ മൂന്നു പങ്കു കൂടിയതു്.

മൂഴി-വയലിലെ വെള്ളപ്പാത്തി.

## മൃ

മൃഗകാനനം-മാൻ മുതലായ മൃഗങ്ങളെ വളൎത്തുന്നതിന്ന വച്ചുകെട്ടിയ സ്ഥലം.

മൃഗചൎമ്മം-പു. മാൻതോൽ. വ. മൃഗങ്ങളുടെ തോൽ.

മൃഗചൎമ്മജം-പച്ചപ്പുഴവ്.

മൃഗണാ-അന്വേഷണം.

മൃഗതൃഷ-മൃഗതൃഷ്ണ.

മൃഗതൃഷ്ണ-മണൽ പ്രദേശത്തിങ്കൽ വ്യാപിച്ച സൂൎയ്യകിരണങ്ങളിൽ ഉച്ചനേരത്തു ചിലക്കുണ്ടാകുന്ന ജലഭ്രമം. (തിളതിളക്കം) (കാനൽ). മൃഗങ്ങൾക്ക് ഇതിൽ ആഗ്രഹമുള്ളതിനാൽ ഈ പേരുണ്ടായി.

മൃഗതൃഷ്ണിക-മൃഗതൃഷ്ണ.

മൃഗദംശ(ക)ൻ-നായ്. മൃഗങ്ങളെ കടിക്കുന്നവൻ എന്നൎത്ഥം.

മൃഗദൃഷ്ടി-സിംഹം.

മൃഗദ്വിട്ട്-സിംഹം.

മൃഗധൂൎത്ത(ക)ൻ-കുറുക്കൻ.

മൃഗനാഭി-കസ്തൂരി. മൃഗത്തിന്റെ നാഭിയിൽ നിന്നുണ്ടായത് എന്നൎത്ഥം.

മൃഗനാഭിജാ-കസ്തൂരി.

മൃഗപതി-സിംഹം.

മൃഗപാളിക-കസ്തൂരിമാൻ.

മൃഗപൂകം-മൃഗക്കൂട്ടം.

മൃഗപ്രായ-വി. മൃഗത്തോടു തുല്യതയുള്ള, മൃഗസ്വഭാവമുള്ള.

മൃഗബന്ധിനി-നായാട്ടുവല, മൃഗപക്ഷികളെ പിടിക്കുവാനുള്ള വല.

മൃഗമദം-കസ്തൂരി.

മൃഗമദവാസാ-കസ്തൂരിമുല്ല.

മൃഗം-പു. മാൻ. നായാട്ടുകാരാൽ അന്വേഷിക്കപ്പെടുന്നത് എന്നൎത്ഥം. വ. കാട്ടുമൃഗം. ന. പശുക്കളും മററും. ർ. അന്വേഷണം. ഇ. മകയിരം. നു. മകരം. ൧. കസ്തൂരി. വു. വേട്ട. ൻ. ഒരുവക ആന. ഫ. മാൎഗ്ഗശീഷമാസം.

മൃഗമാംസഭുക്ക്-കടുവാ.

മൃഗയാ-പു. നായാട്ട്. വ. അന്വേഷണം.

മൃഗയാകുശല-വി. നായാട്ടിന്നു സാമൎത്ഥ്യമുള്ള.

മൃഗയു-പു. നായാടി, വ്യാധൻ. മൃഗവധത്തിന്നായി അവയെ പിൻതുടരുന്നവൻ എന്നൎത്ഥം. വ. കുറുക്കൻ. ന. ബ്രഹ്മാവ്. ർ. കടുവാ.

മൃഗരാജൻ-സിംഹം.

മൃഗരിപു-സിംഹം.

മൃഗരോമജ-വി. മൃഗരോമം കൊണ്ടുണ്ടാക്കിയ.

മൃഗലക്ഷ്മാവ്-ചന്ദ്രൻ.

മൃഗലാഞ്ഛനൻ-ചന്ദ്രൻ.

മൃഗവധം-മൃഗത്തെ കൊല്ലുക.

മൃഗവധാജീവ-വി. മൃഗത്തിനെ കൊന്നു ദിവസവൃത്തികഴിക്കുന്ന. (മൃഗവധാജീവൻ=വ്യാധൻ).

മൃഗവാഹനൻ-വായു.

മൃഗവ്യം-പു. നായാട്ട്. ഇതിൽ മൃഗങ്ങൾ നശിക്കുന്നതിനാൽ ഈ പേർ വന്നു. വ. ലക്ഷ്യം.

മൃഗശാബം-പു. മാൻകുട്ടി. വ. മൃഗത്തിന്റെ കുട്ടി.

മൃഗശിരസ്സ്, മൃഗശീൎഷം-മകീരം നക്ഷത്രം. മൃഗത്തിന്റെ തലപോലെയുള്ളത് എന്നൎത്ഥം.

മൃഗശീല-വി. മൃഗസ്വഭാവമുള്ള.

മൃഗശീലം-മൃഗസ്വഭാവം.

മൃഗഹാ-കടുവാ.

മൃഗാക്ഷി-മാൻകണ്ണി, സുന്ദരി.

മൃഗാങ്കൻ-ചന്ദ്രൻ. മൃഗം അടയാളമായുള്ളവൻ.

ചന്ദ്രമണ്ഡലമദ്ധ്യത്തിലുള്ള കറുപ്പിനെ ചിലർ മൃഗം എന്നും മററു ചിലർ ശശം എന്നും പറയുന്നു.

മൃഗാങ്കം-കപ്പൂരം.

മൃഗാങ്കലേഖാ-വിശ്വനാഥൻ ഉണ്ടാക്കിയ ഒരു നാടകം.

മൃഗാംഗനാ-മാൻപേട.

മൃഗാജീവൻ-പു. നായാട്ടുകാരൻ. ൨. ചെന്നായ്.

മൃഗാജീവം-ചെന്നായ്.

മൃഗാണ്ഡജാ-കസ്തൂരി.

മൃഗാദന(ൻ)ം-പു. ചെന്നായ്. ൨. പുലി. മൃഗങ്ങളെ ഭക്ഷിക്കുന്നത് എന്നർത്ഥം.

മൃഗാദനം എന്നതു കഴുതപ്പുലിയിലുള്ളതും പട്ടിയുടെ ആകൃതിയോടു കൂടിയതുമായ ഒരു മൃഗവിശേഷമെന്നു അഭിപ്രായം കാണുന്നു.

൩. സിംഹം.

മൃഗാദനി-സ്ത്രീ. ചെന്നായിൽപെണ്ണ്. ൨. കാട്ടുവെള്ളരി. ൩. മഞ്ഞക്കുരുന്തോട്ടി.

മൃഗാദം-ചെറുപുലി.

മൃഗാധിപൻ-സിംഹം.

മൃഗാന്തകൻ-പുലി.

മൃഗാരാതി-പു. നായ്. ൨. സിംഹം.

മൃഗാരി-പു. പട്ടി. ൨. കടുവാ. ൩. സിംഹം.

മൃഗാശനൻ-സിംഹം.

മൃഗാസനം-സിംഹാസനം.

മൃഗാസ്യൻ-ശിവൻ.

മൃഗിത-വി. അന്വേഷിക്കപ്പെട്ട.

മൃഗി-സ്ത്രീ. പേടമാൻ. ൨. ഒരു വൃത്തത്തിന്റെ പേർ. ൩. മൃഗജാതിസ്ത്രീ. മൃഗ+ഈ=മൃഗി.

മൃഗേന്ദ്രൻ-സിംഹം.

മൃഗ്യ-വി. അന്വേഷിക്കപ്പെടേണ്ടുന്ന.

മൃജ-സ്ത്രീ. മേൽ തേച്ചുമററും ശരീരം ശുദ്ധിവരുത്തുക. ൨. വെടിപ്പാക്കുക.

മൃഡൻ-ശിവൻ. സുഖത്തെ ചെയ്യുന്നവൻ എന്നർത്ഥം.

മൃഡാനി-പാർവ്വതി. മൃഡന്റെ (ശിവന്റെ) പത്നി എന്നർത്ഥം. (പാഠങ്ങൾ-മൃഡാ, മൃഡീ).

മൃണാളം-പു. താമരവളയം. ഭക്ഷിക്കപ്പെടുന്നത് എന്നർത്ഥം. (ഇതു ഭക്ഷണസാധനമായി ഉപയോഗിക്കാറുണ്ട്). ൨. രാമച്ചം.

മൃണാളതന്തു-താമരയുടെ നൂൽ.

മൃണാളശാകം-ഒരു ചീര.

മൃണാളസൂത്രം-താമരനൂൽ.

മൃണാളി-പു. താമര. ൨. താമരവളയം.

മൃണാളികാ-താമരവളയം.

'മൃദുമൃണാളികാകലിതകങ്കണം'
(അഭിജ്ഞാനശാകുന്തളം)

മൃച്ഛകടി-ഒരു നാടകം.

ശൂദ്രകരാജാവുണ്ടാക്കിയതാണ്. സംസ്കൃത നാടകങ്ങളിൽ വെച്ചു വളരെ പുരാതനമാകുന്നു. ഇതുണ്ടാക്കിയത് ഒന്നാം ശതാബ്ദത്തിലെന്നു ചിലർ അഭിപ്രായപ്പെടുന്നു.

മൃത-വി. പു. മരിച്ച. ൨. ലോഹങ്ങൾ ഔഷധങ്ങൾകൊണ്ടു ശക്തികുറയ്ക്കപ്പെട്ട.

മൃതകം-പു. മരണം. ൨. ശവം.

മൃതകാന്തകൻ-കുറുക്കൻ.

മൃതം-ഇരന്നുവാങ്ങി ഉപജീവിക്കുക. മരിക്കുന്നതിനോടു തുല്യം എന്നർത്ഥം.

മൃതപത്രിക-മരണശാസനം Will.

മൃതപ്രായം-വി. മരിച്ചവണ്ണമുള്ള ഭാവത്തിൽ, ജീവനില്ലാത്ത മട്ടിൽ.

മൃതസഞ്ജീവനി-മരിച്ചവരെ ജീവിപ്പിക്കുന്ന ഒരു മന്ത്രവും ഒരു മരുന്നും.

മൃതസ്നാത-വി. മരിച്ചതിന്റെ ശേഷം കുളിച്ച, പുലകുളിച്ച.

മൃതാംഗം-പ്രേതം, ശവം.

മൃതാലകം-സുഗന്ധമണ്ണ്.

മൃതാളകം-തുവര. മണ്ണിനെ അലങ്കരിക്കുന്നതു് എന്നർത്ഥം. (പാഠം-മൃത്താളകം).

മൃതി-മരണം.

മൃത്തു്-൧. മണ്ണ്. കുശവന്മാരാൽ കുഴയ്ക്കപ്പെടുന്നതു്, മർദ്ദനം ചെയ്യപ്പെടുന്നതു് എന്നർത്ഥം. ൨. തുവര.

മൃത്തിക-൧. മണ്ണ്. കുശവന്മാരാൽ കുഴയ്ക്കപ്പെടുന്നതു് എന്നർത്ഥം. ൨. സുഗന്ധമണ്ണ്.

'മൃത്തികകൊണ്ടൊരു ശിവലിംഗത്തെ'

(കിരാതം തുള്ളൽ)

മൃൽപിണ്ഡം-മണ്ണുരുള.

മൃത്യു-൧. മരണം. പ്രാണനെ ഉപേക്ഷിക്കുക എന്നർത്ഥം. ൨. കാലൻ. ൩. ബ്രഹ്മാവു്. ൪. വിഷ്ണു. ൫. മായ. ൬. കാളി. ൭. കാമദേവൻ.

മൃത്യുകരചതുഷ്ടയം- ശഠനായ ബന്ധു, കഠിനയായ ഭാര്യ, എതിർത്തുപറയുന്ന ഭൃത്യൻ, സർപ്പസഞ്ചാരമുള്ള ഭവനം ഈ നാലും.

മൃത്യുഞ്ജയൻ-ശിവൻ. മൃത്യുവിനെ (അന്തകനെ) ജയിച്ചവൻ എന്നർത്ഥം.

മൃത്യുഞ്ജയം-ഒരുമാതിരി ഹോമകർമ്മം.

മൃത്യുപുഷ്പം-കരിമ്പു്.

മൃത്യുഫല-വാഴ.

മൃത്യുലോകം-തെക്കേദിക്കു്.

മൃത്യുശാസനൻ-ശിവൻ.

മൃത്യുസൂതി-ഞണ്ടു്.

മൃത്സാ, മൃത്സ്നാ-നല്ല വിശേഷപ്പെട്ട മണ്ണ്. പ്രശംസാർത്ഥത്തിൽ 'സ' 'സ്ന' എന്ന പ്രത്യയങ്ങൾ വെച്ചാണു് രൂപസിദ്ധി. (പ്രശസ്താമൃത്തികാ).

മൃത്സ്നാ-൧. നല്ല മണ്ണ്. വിശേഷപ്പെട്ട മണ്ണ്, സുഗന്ധമുള്ള ഒരുവക മണ്ണ്, കുഴയ്ക്കപ്പെടുന്നതു് എന്നർത്ഥം. ൨. തുവര. നല്ല മണ്ണിലുണ്ടാകുന്നതിനാൽ ഈ പേർ വന്നു.

മൃത്സ്നം-പൊടി.

മൃദംഗം-൧. മിഴാവു്. ൨. ഒരുവക മദ്ദളം. മർദ്ദനം ചെയ്യപ്പെടുന്നതു് എന്നർത്ഥം. ൩. ശബ്ദം.

മൃദിതം-൧. ഞെക്കിയ. ൨. ചതച്ച. ൩. കൊല്ലപ്പെട്ട. ൪. തുടച്ചുകളയപ്പെട്ട.

മൃദു-വി. ൧. മാർദ്ദവമുള്ള, കോമളമായുള്ള. ൨. സാവധാനമുള്ള. ൩. മൂർച്ചയില്ലാത്ത, തീക്ഷ്ണമല്ലാത്ത. മർദ്ദിക്കപ്പെടുന്നതു് എന്നർത്ഥം. (നാമം-മൃദുത, മൃദുത്വം).

മൃദു > <കഠിനം.

മൃദുക്കൾ-(വ്യാകരണത്തിൽ) ഗ, ജ, ഡ, ദ, ബ ഇവ ൫-ം.

മൃദുതമം-വി. അത്യധികം മൃദുവായുള്ള.

മൃദുതര-വി. അധികം മൃദുവായുള്ള.

മൃദുത്വക്ക്-ഒരു വൃക്ഷം, പൂതണക്കു്.

മൃദുഭാഷണം-മൃദുവായ വാക്കു്.

മൃദുല-വി. മൃദുവായുള്ള. (നാമം-മൃദുലത).

മൃദുലം-൧. വെള്ളം. ൨. കറുത്ത ചണംപയറു്. ൩. കോമളം, മാർദ്ദവമായുള്ളതു്.

മൃദുലോമകം-മുയൽ.

മൃദുഹാസം-പുഞ്ചിരി.

മൃദുള-വി. മൃദുവായുള്ള.

മൃദ്വീക-മുന്തിരി. മർദ്ദനം ചെയ്യപ്പെടുന്നതു് എന്നർത്ഥം.

ഇതിന്റെ ഫലമായ മുന്തിരിങ്ങയെ മദ്യമുണ്ടാക്കുന്നതിനായി മർദ്ദിക്കുക സാധാരണമാണല്ലോ.

മൃധം-൧. യുദ്ധം. ഹിംസിക്കുക എന്നർത്ഥം. ൨. അലക്ഷ്യം, അപഹാസം.

മൃന്മയ-വി. മണ്ണുകൊണ്ടുള്ള.

മൃഷാ-അ. ൧. അസത്യമായി. ൨. വെറുതെ.

മൃഷാധ്യായി-കൊക്ക്.

മൃഷാൎത്ഥകം-ഒട്ടും ചേൎച്ചയില്ലാത്ത അൎത്ഥത്തോടുകൂടിയ വാക്ക്.

മൃഷാലകം-മാവുവൃക്ഷം.

മൃഷാവാദം-൧. നിന്ദാസ്തുതി. ൨. അസത്യവാക്ക്.

മൃഷാവാദി-വി. അസത്യം പറയുന്ന.

മൃഷാവാദി-അസത്യം പറയുന്നവൻ.

മൃഷ്ട-വി. ൧. ശുദ്ധിയാക്കപ്പെട്ട. ൨. വെടിപ്പായ. ൩. തൊടപ്പെട്ട.

മൃഷ്ടഭോജനം, മൃഷ്ടാന്നം, മൃഷ്ടാശനം, മൃഷ്ടി-വെടിപ്പായ ഭക്ഷണം.

മൃഷ്ടം-മുളക്.

മൃഷ്ടി-൧. വെടിപ്പാക്കുക. ൨. തൊടുക. ൩. ഭക്ഷണത്തിന്നൊരുക്കുക.

---

## മെ

മെകളി-ബഹ്ളി.

മെക്കരിക്ക-ഛൎദ്ദിക്ക.

മെച്ചം-൧. മേത്തരം. ൨. അത്ഭുതം.

മെച്ചമേ-നന്നായി.

'അച്ഛനെത്തന്നെയുംമെച്ചമേനോക്കി'
(കൃഷ്ണഗാഥ)

മെതി-൧. ധാന്യങ്ങൾ ചവുട്ടിമെതിക്കൽ. ൨. ചവുട്ടുക. ൩. നെയിത്തുകാരന്റെ ചവുട്ടുതടി. ൪. കിണററിന്റെ അരികിൽ ഇടുന്ന പലക.

മെതിക-അരയുക.

മെതിക്കല്ല്-ചവുട്ടിക്കയറുവാനുള്ളകല്ല്

മെതിക്കുന്നു-൧. ചവുട്ടുന്നു. ൨. ധാന്യങ്ങൾ ചവുട്ടി മെതിക്കുന്നു.

മെതിപാവൽ-ഒരുമാതിരി പാവൽ വള്ളി.

മെതിമരം-കിണററിനുള്ള പടിപ്പലക.

മെതിയടി-പാദകരട്ട്, കാലിലിട്ടുംകൊണ്ടു നടക്കുന്നതിനുള്ള ഒരു വസ്തു. ചെരിപ്പ്.

'എന്നുടെമെതിയടിരണ്ടുണ്ടായതി
ലൊന്നുതനിയ്ക്കുംമററതെനിയ്ക്കും'
(പ്രദോഷമാഹാത്മ്യം തുള്ളൽ)

മെതിയം-മതിയം.

മെതിയാല-ഉരൽ.

മെതിയുന്നു-മൃദുവാകുന്നു.

'പാതിമെതിഞ്ഞൊരുതാംബൂലം'
(കൃഷ്ണഗാഥ)

മെതുക്കുന്നു-മൃദുവാക്കുന്നു.

മെത്ത-൧. കിടക്കുന്നതിനു തുണികൊണ്ടു തച്ച് അകത്തു പഞ്ഞി അടച്ചത്. ൨. വെണ്മാടം. ൩. കയററുപാര, ചന്ന.

മെത്തപ്പായ്-രണ്ടു പായ് കൂട്ടി തച്ചുണ്ടാക്കിയ ഒരുമാതിരി നല്ല പായ്.

മെത്തശ്ശീല-മെത്തയുണ്ടാക്കുന്ന ഒരുമാതിരി തുണി.

മെത്താരണ-കട്ടിലിന്റെ കാക്കലും തലയ്ക്കലുമുള്ള ക്രാതി.

മെത്തുന്നു-൧. വൎദ്ധിക്കുന്നു. ൨. ഉയരുന്നു. ൩. ചാടുന്നു. ൪. ചേരുന്നു.

മെത്രാൻ-സുറിയാനിക്രിസ്ത്യാനികൾ അവരുടെ സഭാമേലദ്ധ്യക്ഷനെ വിളിക്കുന്ന പേർ.

മെത്രാപ്പോലീത്താ-ഒരു സംസ്ഥാനത്തുള്ള ക്രിസ്തീയ സഭാ മേലദ്ധ്യക്ഷന്മാരിൽ പ്രധാനി.

മെയ്യ്-൧. ശരീരം. ൨. സത്യം.

മെയ്ക്കടം-പണയത്തിന്മേലോ ഈടിന്മേലോ അല്ലാതെ പണം കടം വാങ്ങിക്ക എന്നത്.

മെയ്ക്കാവൽ-ശരീരത്തെ കാത്തു സൂക്ഷിക്കുക.

മെയ്ത്തല-അ. മീതെ, മേൽ, ശരീരത്തിന്മേൽ.

മെയ്ത്തൊഴിൽ-ശരീരവ്യായാമം.

മെയ്ത്തോക്ക്-ചെറിയ തോക്ക്.

മെയ്യിടിത്തം-ശരീരത്തിൽ എണ്ണതേച്ചു തിരുമ്മുക.

മെയ്യറക്കുന്നു-ക്രി. ശരീരം സൂക്ഷിക്കാതെയിരിക്കുന്നു. വ. സത്യം മറക്കുന്നു.

മെയ്യറുതി-മരണം.

മെയ്യാക്കം-ദേഹബലം.

മെയ്യിടുക-വസ്തു മറെറാരാളിനു മാററിക്കൊടുക്കുക.

മെയ്യുര-സത്യം, ആണ.

മെയ്യേറുക-അടികലശൽ കൂട്ടുക.

മെയ്യോളക്കം-ദേഹബലം, മെയ്യാക്കം.

മെയ്യുഴി-വാസ്തവമായ മതം.

മെയ്ശങ്ക-ക്രി. അടക്കം, ഒതുക്കം. വ. മര്യാദ.

മെരുക്, വെരു-ഒരുമാതിരി കസ്തൂരിമൃഗം.

വെരു, വെരുക് ഇങ്ങിനെ പറയുന്നതു തെക്കൻദിക്കുകളിലാണ്. ഇതിൻെറ നായാട്ടുപേർ ഓമനക്കൊടിയൻ.

മെരുകിൻചട്ടം—മെരുകിൻെറ പുഴവുണ്ടാകുന്ന സ്ഥലം.

മെരു(രി)ങ്ങുക-അനുഗ്രഹിക്കുക, ആശ്രയിക്കുക, പരിചയിക്കുക.

'കല്പകപ്പൂമലർനണ്ണിനവണ്ടുതാൻ
മറെറാരുപൂവിൽമെരുങ്ങുമോതാൻ'
(കൃഷ്ണഗാഥ)

മെലിച്ചൽ, മെലിവ്— ശരീരത്തിൻെറ വണ്ണം കുറക.

മെലിയുന്നു-ചടയ്ക്കുന്നു, വണ്ണംകുറയുന്നു.

മെല്ലവെ-അ. പതുക്കെ.

മെല്ലിക്കുന്നു-മെലിയുന്നു.

മെല്ലിടയാൾ-കൃശമദ്ധ്യ, സുന്ദരി.

മെല്ലളി-ചിറമ്പിയിൽ അല്പം വലുത്.

മെല്ലെ-അ. പതുക്കെ.

മെൽ-വി. മൃദുവായ.

മെഴു, മെഴുക്-തേനിൻെറ കീടൻ, അരക്ക്.

കഷ്ടം, വ്രണം മുതലായവക്കു നന്ന്. ഇതു തേൻ കൂടാണ്. സം-മധൂച്ഛിഷ്ടം.

മെഴുകുതിരി-ക്രി മെഴുകുകൊണ്ടുണ്ടാക്കുന്ന തിരി. വ. വിളക്കുവെക്കുന്നതിനു വെളിച്ചെണ്ണകൊണ്ടുണ്ടാക്കുന്ന തിരി.

മെഴുകുന്നു-ചാണകം ജലത്തിൽ കലക്കി നിലത്തു തേയ്ക്കുന്നു.

മെഴുകുശീല- മെഴുക പൂശിയ തുണി. (വസ്ത്രം).

മെഴുക്ക്-ക്രി. എണ്ണമയം. വ. എണ്ണ. ദേ. മെഴുകുക.

മെഴുക്കൽ-ക്രി. ചാണകം വെള്ളത്തിൽ കലക്കി നിലത്തു തേയ്ക്കുക. വ. മെഴുകിയിട്ടിരിക്കുന്ന സ്ഥലം.

മെഴുക്കനെ-അ. മിനുക്കെ.

മെഴുക്കുന്നു-ക്രി. തടിക്കുന്നു. വ. മിനുന്നു.

മെഴുക്കെ-അ. കനക്കെ.

മെഴുത്ത-വി. തടിച്ച.

മെഴുനിലം-മെഴുക്കൽ, സ്ഥണ്ഡിലം.

മെഴുപ്പ്-ക്രി. തടിപ്പ്. വ. മൃദുത്വം.

മെഴുമീൻ-പാഞ്ഞെത്തുന്ന മീൻ.

മെഴുമെഴെ-അ. തെററിത്തെററി.

## മേ

മേകലം-ആട്.

മേക്കലം-മീതെവെയ്ക്കുന്ന കലം.

മേക്കാത്-കാതിൻെറ മുകൾ.

മേക്കാമോതിരം-മേക്കാതിലിടുന്ന ഒരാഭരണം, കുണുക്ക്.

**മേക്കാരൻ**-ഇടയൻ.

**മേക്ക്**-പടിഞ്ഞാറ്.

**മേക്കണക്ക്** - മേക്കാതിലിടുന്ന ഒരാഭരണം.

**മേ(ൽ)ക്കെട്ടി**-കിടക്കുന്നതിനു മേൽഭാഗത്തും മററും ശീലകൾകൊണ്ടുണ്ടാക്കുന്ന സാധനം.

**മേഖല**-൧. സ്ത്രീകളുടെ അരഞ്ഞാണം. ൨. വാൾക്കച്ച. ൩. ബ്രാഹ്മണരും മററും അരയിൽ കെട്ടുന്ന പുല്ല്. ൪. പർവ്വതത്തിന്റെ ചുററുമുള്ള ഭൂമി. ൫. നർമ്മദാനദി. ൬. ഓരില. ൭. പൂഞ്ഞാൽ. ൮. വാൾപട്ട.

**മേഖലകന്യ(ക)**-നർമ്മദാനദി.

**മേഖലപ്പുല്ല്**-മേഖല പിരിക്കുന്നതിനുള്ള പുല്ല്.

**മേഘകഫം**-ആലിപ്പഴം.

**മേഘഛന്ന**-വി. മേഘത്താൽ മറയ്ക്കപ്പെട്ട.

**മേഘച്ഛാത്ത്**-മേഘക്കൂട്ടം.

**മേഘജീവനം**-വേഴാമ്പൽ പക്ഷി.

**മേഘജ്യോതിസ്സ്**-മിന്നൽ, ഇടിത്തീയ്. പരസ്പരസംഘട്ടനം ഹേതുവായിട്ട് മേഘങ്ങളുടെ ഇടയിൽ നിന്നു കീഴോട്ടു പതിച്ചു വൃക്ഷം മുതലായവയിൽ പിടിപെടുന്ന തേജസ്സ് എന്നർത്ഥം. മററൊരു പര്യായം-ഇരമ്മദം.

**മേഘതിമിരം**-മഴക്കാറ്.

**മേഘത്തൂണ്**-തൂണുപോലെ നിൽക്കുന്ന മേഘം.

**മേഘദീപം**-മിന്നൽ.

**മേഘദൂത്**-പ്രസിദ്ധിയുള്ള ഒരു കാവ്യം. കാളിദാസൻ ഉണ്ടാക്കിയതാണ്. മേഘസന്ദേശത്തിൽ കവി കാവ്യവിഷയമാക്കീട്ടുള്ളതു് ഒരു യക്ഷൻ അളകാപുരത്തിൽ നിന്നും ബഹിഷ്കൃതനായി രാമഗിരിയിൽ താമസിക്കുമ്പോൾ തന്റെ ഭാര്യക്ക് ദൂതയച്ചതിനെയാണ്.

**മേഘദ്വാരം**-ആകാശം.

**മേഘനാദൻ**-൧. ഇന്ദ്രജിത്ത്, രാവണന്റെ മൂത്ത മകൻ. ൨. വരുണൻ.

**മേഘനാദം**-൧. ചെറുചീര. ൨. ഇടിമുഴക്കം. ൩. പ്ലാശുവൃക്ഷം.

**മേഘനാദാനുലാസി**-മയിൽ. മേഘനാദത്തിനു ചേർന്നു നൃത്തംചെയ്യുന്നവൻ എന്നർത്ഥം.

**മേഘനാമാവ്**—മുത്തങ്ങ. മേഘത്തിന്റെ പേരുള്ളതു് എന്നർത്ഥം.

**മേഘനിർഘോഷം**-ഇടിശബ്ദം,മേഘം

**മേഘപുഷ്പം**-൧. വെള്ളം. മേഘത്തിന്റെ പുഷ്പംപോലെയുള്ളതു് എന്നർത്ഥം. മേഘങ്ങളുടെ ഇടയിൽ നിന്നു പുഷ്പംപോലെ ഉതിർന്നു വീഴുന്നതു് എന്നുമാവാം. ൨. ശ്രീകൃഷ്ണന്റെ(വിഷ്ണുവിന്റെ) തേർക്കുതിര.

'മേഘപുഷ്പവലാഹകന്മാരെക്കൊ-
ണ്ടിണചേർത്തുവിലാസമെഴുന്നൊരു'
(സന്താനഗോപാലം പാന)

൩. ആററുവഞ്ചി. ൪. ആലിപ്പഴം.

**മേഘപ്രസവം**-ജലം.

**മേഘഭവ**-വി. മേഘത്തിൽ നിന്നുണ്ടാകുന്ന.

**മേഘം**-൧. ജലധരം, കാറ്. ജലംകൊണ്ടു നനയ്ക്കുന്നതു് എന്നർത്ഥം. മററു പര്യായങ്ങൾ-അഭ്രം, വാരിവാഹം, സ്തനയിത്നു, വലാഹകം, ധാരാധരം, ജലധരം, തഡിത്വാൻ, വാരിദം, അംബുഭൃത്ത്, ഘനം, ജീമൂതം, മുദിരം, ജലമുക്, ധൂമയോനി. ൨. മുത്തങ്ങ.

**മേഘമണ്ഡലം**-മേഘങ്ങൾ സഞ്ചരിക്കുന്ന പ്രദേശം.

**മേഘമാല**-മേഘക്കൂട്ടം. മററൊരു പര്യായം-കാദംബിനി.

**മേഘരാഗം**–സ്വരങ്ങളിൽ ഒന്നു്.

**മേഘരാവീ**–മയിൽ.

**മേഘവർണ്ണാ**–പ്ര. അമരി. വ. ആറ വൈൽ.

**മേഘവാഹനൻ**–പ്ര. ഇന്ദ്രൻ. വർഷത്തി ന്നു മേഘങ്ങളെ പ്രേരിപ്പിക്കുന്നവൻ എ ന്നൎത്ഥം. ശമ്രുപധാരികളായ ഐരാ വതാദികൾ വാഹനമായിട്ടുള്ളവൻ എ ന്നുമാവാം. വ. ശിവൻ.

**മേഘസാരം**–ചീനക്കൎപ്പൂരം.

**മേഘസുഹൃത്തു്**–മയിൽ.

**മേഘസ്കന്ദം**–എട്ടടിമാൻ.

**മേഘാച്ഛാദ്യു്**–ആകാശം.

**മേഘാനന്ദം(ന്ദി)**–മയിൽ.

**മേഘാനന്ദാ**–വെള്ളിപ്പക്ഷി.

**മേഘാന്തം**–ശരൽക്കാലം.

**മേഘാരി**–കാററു്.

**മേഘാസ്ഥി**–ആലിപ്പഴം.

**മേങ്ങുക**–മേടിക്ക.

**മേങ്കൈ**–അധികാരം.

**മേങ്കൊങ്ക**–നല്ല മുല.

**മേക്കോയിമ്മ**–മേലധികാരം.

**മേചക**–വി. കറുത്ത.

**മേചകം**–പ്ര. കറുത്ത നിറം. മററു നിറ ത്തോടു ഇടചേരുന്നതു് എന്നൎത്ഥം.

മേചകനിറം കറുപ്പും നീലനിറവും കൂടി ചേൎന്നും കാദംബനിറത്തിനു തു ല്യവുമാകുന്നു. 'മേചകഃ കൃഷ്ണനീലഃ സ്യാദതസീപുഷ്പസന്നിഭഃ' എന്നു ശബ്ദം ൎണ്ണവം.

വ. പീലിക്കണ്ണു്. മേചകനിറമുള്ളതു് എന്നൎത്ഥം. ന. കാരുപ്പ്. ര. സൌവീ രാഞ്ജനം. ഖ. സ്രോതാഞ്ജനം. ന്ദ. ക രിമുരിങ്ങ. ൭. കന്മുരക്കം. ൮. മേഘം. ൯. പുക.

**മേചകാപഗാ**–യമുന.

**മേച്ചൽ**–പ്ര. പുരാമേയുക. വ. മൃഗങ്ങളെ തീററുക. ന. തീൻ തേടി നടക്കുക.

**മേട്ടു്**–പ്ര. മലമുകൾ. വ. ഉയൎന്നസ്ഥലം. ന. ഉപദ്രവം.

**മേട**–ഒരുമാതിരി മാളിക.

'മേടാഹൎമ്മ്യങ്ങളുമാളിക'

(വൈജയന്തി)

**മേടം**–പ്ര. മാസങ്ങൾ പന്ത്രണ്ടുള്ളതിൽ ഒ ന്നാമത്തെ മാസം. (മേഷം എന്നതാണു് മേടം ആയതു്).

**മേടവിഷു**–ആണ്ടു പിറക്കുന്ന ദിവസം, മേടമാസം ഒന്നാംതിയതി.

**മേടിക്കുന്നു**–പ്ര. വാങ്ങിക്കുന്നു. വ. കൊ ള്ളുന്നു.

**മേട്ടുക**–കിഴുക്കുക, വിരൽകൊണ്ടു തട്ടുക.

**മേട്ടി**–ഭക്ഷണവസ്തു പാകംചെയ്ത ശേഷം എടുത്തുകൊടുക്കുന്ന ഒരു വേലക്കാരൻ.

**മേട്ടുവഴി**–മലയിൽകൂടിയുള്ള വഴി.

**മേഠൻ**–ആനക്കാരൻ.

**മേഢ്രകം**–കറിയാട്ടു്.

**മേഢ്രം**–പ്ര. പുരുഷന്റെ ലിംഗം. മൂ ത്രംകൊണ്ടു യോനിയെ നനയ്ക്കുന്നതു് എന്നൎത്ഥം. വ. മുട്ടാടു്, കറിയാട്ടു്.

**മേത്തു്**–മേദിനി, ഭൂമി. (പഴയ മലയാളം, മേദിനിയുടെ തത്ഭവം).

'ഉടലോട്ടയിതാംവൊരായി
അാമ്മേത്തിൽ വീഴ്ന്തനർ'

(രാമചരിതം)

'മേതിൽനിറങ്ങളുമിരുവഴിഞ്ഞൊരു
ശീതംപൊറുക്കരുതാഞ്ഞു'

(കൃഷ്ണഗാഥ)

**മേധാ**–ബുദ്ധി. (പ. മ.)

**മേത്തു്**–അ. മേലെ.

**മേത്തൻ**-തുലുക്കന്മാരിൽ ചിലക്കു പറയുന്ന ഒരു പേർ.

**മേത്തരം**-വി. വിശേഷമായുള്ള.

**മേത്തോന്നി, മേന്തോന്നി**-ഒരു പച്ചമരുന്നു്. കലപ്പക്കിഴങ്ങു് എന്നു ചിലർ.

വീക്കം, അർശസ്സ് മുതലായവകളെ നന്നു്. സം-കലികാരി. ഇം-Wolfs' bane.

**മേഥി**-(മേധി എന്നതിൻെറ പാഠം).

**മേദകം**-൧. മദ്യത്തിൻെറ അടിയിൽ ഊറിക്കിടക്കുന്ന കല്ക്കം. ൨. കൊഴുത്ത മദ്യം. സ്നിഗ്ദ്ധതയെ ഉണ്ടാക്കുന്നതു് എന്നർത്ഥം.

**മേദസ്കൃത്തു്**-മാംസം.

**മേദസ്സ്**-മാംസത്തിൻെറ അകത്തിരിക്കുന്ന നെയ്യ്, കൊഴുപ്പ്, സപ്തധാതുക്കളിൽ ഒന്നു്, സ്നിഗ്ദ്ധതയെ ഉണ്ടാക്കുന്നതു് എന്നു ശബ്ദാർത്ഥം.

**മേദാ**-ഒരു മരുന്നു്.

ക്ഷയത്തിനും മററും നന്നു്. ഇം-A root resembling ginger.

**മേദിനി**-൧. ഭൂമി. മേദസ്സിനോടു സംബന്ധിച്ചതു് എന്നർത്ഥം.

മധു എന്നും കൈടഭൻ എന്നും രണ്ടു അസുരന്മാരുടെ മേദസ്സിനാൽ നനയ്ക്കപ്പെട്ടതുകൊണ്ടു് ഈ പേർ വന്നു.

'മധുകൈടഭയോസ്സ്പൃഷ്ടാ
മേദസാ സംപരിപ്ലുതാ
മേദിനീതി തതോ ദേവി
പ്രോച്യസേ ബ്രഹ്മവാദിഭിഃ'

എന്നു പ്രമാണം.

൨. അമരകോശം പോലെയുള്ള ഒരു നിഘണ്ടു. ൩. മേദ

**മേദിനീപതി**-രാജാവു്.

**മേദുരം**-വി. ൧. വലിയ. ൨. തടിച്ച. ൩. മെഴിച്ച. ൪. വമ്പിച്ച. ൫. കനത്തും മിനുത്തും ഇരിക്കുന്ന.

**മേധം**-യാഗം.

**മേധ**-ധാരണയുള്ള ബുദ്ധി (ധരിച്ചതിനെ മറക്കാത്ത ബുദ്ധി), ഒന്നിനേയും മറന്നുകളയാത്തതു് എന്നു സാരം. എല്ലാം ഇതിൽ വന്നുചേരുന്നു എന്നു ശബ്ദാർത്ഥം.

**മേധാതിഥി**-൧. ഒരു ഋഷി.

തപസ്സ് ഹേതുവായിട്ടു സന്തുഷ്ടനായ ഇന്ദ്രൻ ഈ ഋഷിയെ ഒരാടിൻെറ ആകൃതിയിൽ സ്വർഗ്ഗത്തിലേക്കു കൊണ്ടുപോയി.

൨. തത്ത.

**മേധാവി**-൧. ധാരണാബുദ്ധിയുള്ളവൻ. ൨. നായകൻ. ൩. സമർത്ഥൻ.

**മേധാവിനീ**-പഞ്ചവർണ്ണക്കിളി.

**മേധാവീ**-൧. തത്ത. ൨. മദ്യം.

**മേധി**-കാള, പശു മുതലായതിനെ കെട്ടുന്ന കെട്ടുകററി. പശുക്കളെ ഇതോടു ചേർക്കുന്നതിനാൽ ഈ പേർ വന്നു. പാഠം-മേഥി.

**മേധ്യ**-വി. ൧. ശുദ്ധിയുള്ള. കൂടിച്ചേരുവാൻ യോഗ്യമുള്ള എന്നർത്ഥം. ൨. യാഗത്തിനു കൊള്ളാവുന്ന.

'മേദ്ധ്യമായിരിക്കുന്നധർമ്മവുമതിങ്കൽ'
(ഭാഗവതം)

**മേധ്യാ**-൧. വയമ്പ്. ൨. വലിയ വാലുഴവം. ൩. വന്നി. ൪. ഗോരോചന. ൫. പൂക്കൈത. ൬. ബ്രഹ്മി. ൭. ശംഖപുഷ്പി. ൮. വിഷ്ണുക്രാന്തി. ൯. ചെറുപ്പുന്ന. ൧൦. ആട്ടിൻപെട. ൧൧. വെളുവയമ്പ്.

**മേധ്യാജിനം**-യാഗത്തിനു വേണ്ട മാൻതോല്.

**മേധ്യം**-൧. യവം. ൨. ആട്.

**മേനക**-൧. വിശ്വാമിത്രന്റെ തപോവിഘ്നം വരുത്തുന്നതിനായ് അയക്കപ്പെട്ട ഒരപ്സരസ്ത്രീ, ശകുന്തളയുടെ മാതാവ്. ൨. ഹിമവാന്റെ ഭാൎയ്യ, പാൎവ്വതിയുടെ അമ്മ.

**മേനകാത്മജാ**-പാൎവ്വതി.

**മേനവൻ**-൧. ചില രാജാക്കന്മാർ നായന്മാൎക്ക കൊടുക്കുന്ന ഒരു സ്ഥാനപ്പേർ. ൨. കണക്കെഴുത്തുകാരനു ചില ദിക്കിൽ പറയുന്ന പേർ.

**മേനാ**-൧. ഹിമവാന്റെ ഭാൎയ്യ. ൨. ഒരു നദി.

**മേനാദം**-൧. ആട്. ൨. പൂച്ച. ൩. മയിൽ.

**മേനാവ്**-ഒരുമാതിരി വാഹനം.

**മേനാൾ**-മേൽനാൾ.

**മേനി**-൧. ദേഹം. ൨. ഭംഗി. ൩. മാൎദ്ദവം. ൪. തൊഴുത്ത്. ൫. നിറം. ൬. ശ്രേഷ്ഠത്വം. ൭. നന്മ. ൮. മാതിരി. ൯. മുഖസ്തുതി. ൰. വൻപുപറക. ൧൧. വിതെക്കുന്ന വിത്തിനു കൂടുതൽ കിട്ടുന്ന സംഖ്യ.

**മേനിക്കാരൻ**-൧. മേനിയുള്ളവൻ. ൨. അഹംഭാവമുള്ളവൻ.

**മേനിപ്പാട്ടം**-൧. വസ്തുക്കളിൽ നിന്നു പല പൂവുകളിലായി ലഭിക്കുന്ന ആദായങ്ങളെ കണക്കാക്കി ഒരാണ്ടത്തേക്ക ക്ലിപ്തപ്പെടുത്തീട്ടുള്ള ശരാശരിപ്പാട്ടം.

**മേനിപ്പൊരുതി**-സുഖമായിട്ടുള്ളപാൎപ്പ്.

**മേനിവിളച്ചൽ**-ഒന്നാംതരം വിളവ്.

**മേനോക്കി**-നായന്മാരുടെ ഒരു സ്ഥാനപ്പേർ.

**മേന്തടി**-മീതെയുള്ള തടി.

**മേന്തോന്നി**-ഒരു പച്ചമരുന്ന്, മേത്തോന്നി.

**മേമ്പൊടി, മേമ്പടി**-൧. കഷായങ്ങൾക്ക മുകളിൽ ചിതറുവാനുള്ള പൊടി. ൨. അല്പമായി ചേൎക്കേണ്ടുന്ന നല്ല സാധനം.

മേമ്പൊടി എന്നതിനെ മേല്പൊടി എന്നും പറയുന്നുണ്ട്. (കഷായത്തിനു മേല്പൊടി എന്നു പറയുന്നതു ഇതാണ്.) ഇതു കഷായത്തിനു വീൎയ്യം കൂട്ടുന്നതാകുന്നു.

**മേന്മ**-ഉൽകൎഷം, വലുപ്പം.

**മേന്മീശ**-മൂക്കിനു താഴെ ചുണ്ടിനു നില്ക്കുന്ന മീശ.

**മേന്മേൽ**-മേലാൽ, മേൽക്കുമേൽ.

**മേപ്പടവ്**-ഉയൎന്നതട്ട്.

**മേപ്പടി**-മേൽപറഞ്ഞവിധം.

**മേപ്പാവ്**-വലുതായ കെട്ടിടം.

**മേപ്പുലം**-മേച്ചിൽസ്ഥലം.

**മേയ**-വി. അളക്കത്തക്ക.

**മേയനാമം**-(വ്യാകരണത്തിൽ) ഒരു ജാതിവ്യക്തി വിവേകം ഇല്ലാത്ത വസ്തുവിനെ കുറിക്കുന്ന പദം. ഉ-ം, ഇരുട്ട്, മഴ ഇത്യാദി.

**മേയാപ്പുര**-തല്ക്കാലത്തേക്കുള്ള പുര.

**മേയിക്കൽ**-കന്നുകാലിയെ തീററുക.

**മേയുന്നു**-൧. കന്നുകാലികൾ നടന്നു തിന്നുന്നു. ൨. പുര കെട്ടുന്നു, ഓലകെട്ടുന്നു.

**മേയ്ക്കുന്നു, മേയിക്കുന്നു**—കന്നുകാലിയെ തീററുന്നു. (സ. ക്രി.—മേയ്പിക്കുന്നു)

**മേയ്ക്കൂലി**-൧. ഇടയന്റെ കൂലി, ഏരുത്താന്ന്യം. ൨. പുരകെട്ടുകാരന്റെ കൂലി,

**മേയ്പ്പുകാരൻ**-കന്നുകാലിത്തീററുകാരൻ.

**മേര**-മേനി.

**മേരു**-ഒരു പൎവ്വതം. (മഹാമേരു എന്നതു

നോക്കുക.) തന്റെ കൊടുമുടികളെക്കൊണ്ടു ജ്യോതിസ്സുകളിൽ ചെന്നു മുട്ടുന്നതു് എന്നർത്ഥം. അസുരന്മാരെ ഹിംസിക്കുന്നതു് എന്നുമാവാം.

മേരുധന്വാവു്-ശിവൻ.

മേരുപൃഷ്ഠം-ന. സ്വർഗ്ഗം. ൨. ആകാശം.

മേരുപ്പു്-ഒരു ലവണദ്രവ്യം.

അശ്മസ്സിന്നു മറവും നന്നു്, നിറം വെളുപ്പാണു്.

മേരുസഖൻ-ഹിമവാൻ. മഹാമേരുവിന്റെ ഇഷ്ടൻ എന്നർത്ഥം.

മേരുസാവർണ്ണി-മേരുവിനോടൊപ്പം നിറമുള്ള.

മേരുസാവർണ്ണി-ഒരു മഹർഷി.

മേലടി-ന. കടിയാൻ മുതലായുള്ള സൽക്കാരമായി കൊടുക്കുന്ന വസ്തുക്കൾ. ൨. കന്നുകാലികളെ സൂക്ഷിക്കുന്നതിനു ഏല്പിക്കുക.

മേലധികാരം-മേൽവിചാരം.

മേലധികാരി-മേൽവിചാരിപ്പുകാരൻ.

മേലവൻ,മേലാൻ-മേലാൾ.

മേലാ-അ. വഹിയാ, വയ്യാ.

മേലാക്കം-കരേറം.

മേലാച്ചി-വേലക്കാരി.

മേലാട-മേൽമുണ്ടു്.

മേലാപ്പു്-മേൽക്കെട്ടി.

മേലായ്ക-ന. വഹിയായ്ക ൨. ക്ഷീണത.

മേലായ്ക്കുറു്-ജന്മിയുടെ അവകാശം.

മേലാരു്-ഉയൻ ജാതിക്കാരെ ചില തീണ്ടലുള്ള ജാതിക്കാർ പറയുന്ന ഒരു പേർ.

മേലാൽ-അ. വരുംകാലം, ഇനി.

മേലാൾ,മേലാവു്-ന. മേലധികാരി. ൨. പ്രമാണി.

മേലികാ-വാവൽ.

മേലിൽ-അ. വരുംകാലത്തിൽ.

മേലും-അ. ന. വിശേഷിച്ചും, കൂടാതെയും. ൨. വരുംകാലത്തും.

മേലുര-ഉരകല്ലിൽ പൊന്നുരച്ച മേലത്തെ പാടു്.

മേലെരി-ഹോമത്തിനുള്ള വിറകു്, പിലാവിൻ വിറകു്.

'നാലു ഭാഗങ്ങളിൽ നല്ല
മേലെരിയുമെരിയിച്ചു'

(ത്രിപുരദഹനം തുള്ളൽ)

മേലെഴുത്തു്—മേലെഴുത്തുകാരന്റെ ഉദ്യോഗം.

മേലെഴുത്തുകച്ചേരി - തിരുവിതാംകൂർ രാജ്യത്തെ ഒരു (മേൽ കണക്കെഴുത്തു) കച്ചേരി.

മേലെഴുത്തുപിള്ള-മേലെഴുത്തുകച്ചേരിയിൽ പ്രധാനിയായ ഒരു ഉദ്യോഗസ്ഥൻ.

മേലേ-അ. മീതെ.

മേലേക്കുറുമ്പടി-കട്ടിളയുടെ മേല്പടി.

മേലേടം-ഭാവികാലം.

മേലേതു്-മീതെയുള്ളതു്.

മേലോട്ടു്-അ. മുകളിലോട്ടു്.

മേൽ-അ. മീതെ.

മേൽകാച്ചിൽ-ശരീരത്തിലെ ചൂടു്.

മേൽകീഴു്-തലകീഴായി.

മേൽക്കച്ച-ഉടുപ്പിനുമീതെ അരയിൽ കെട്ടുന്ന ഒരു കച്ച.

മേൽക്കച്ചവടം-വലിയ കച്ചവടം.

മേൽക്കണക്കു്-പ്രധാനമായ കണക്കു്.

മേൽക്കരം-മേലാലുള്ള പാട്ടം.

മേൽക്കാച്ചിൽ-കാച്ചിലിന്റെ വള്ളിയിൽ ഉണ്ടാകുന്ന ചെറിയ കാച്ചിൽ.

മേൽക്കാണം-പണയം എഴുതിയ വസ്തുവിന്മേൽ പിന്നെയും വാങ്ങിക്കുന്ന ദ്രവ്യം, പുറവായ്പ്പ.

മേൽക്കാതു്-കാതിന്റെ മുകൾഭാഗം.

മേൽക്കാററു്-പടിഞ്ഞാറൻ കാററു്.

മേൽക്കുമേൽ-അ. മീതെ മീതെ.

മേൽക്കൂട്ടു്-പുരയുടെ ഭിത്തിക്കുമീതെ പണിയുന്ന ഉത്തരവും മറവും.

മേൽക്കെട്ടി-പൊടിയും മററും വീഴാതെ തിരിപ്പാനായിട്ടു മുറിയിൽ മച്ചിനു താഴെ കെട്ടുന്ന വസ്ത്രം.

മേൽക്കോയ്മ-മേലധികാരം.

മേൽച്ചീട്ട്-മേൽവിലാസം.

മേൽച്ചുങ്കം-പ്രധാനമായ ചുങ്കസ്ഥലം.

മേൽത്തട്ട്-൧. പുരമുറിക്കകത്തു മുകളിൽ ഉത്തരത്തിന്മേൽ ഇടുന്ന പലക, മച്ച്. ൨. കപ്പലിന്റെ മേൽഭാഗം. ൩. മാളിക. ൪. തേരിന്റെയും മററും മേൽഭാഗം.

മേൽത്താഴ്-പൂട്ടിയതിനു മീതെ ഇട്ടു പൂട്ടിയ താഴ്, മേൽപ്പൂട്ട്.

മേല്പഞ്ചായം-കാൎയ്യങ്ങൾ കേട്ടു തീൎച്ച വരുത്തുന്ന ഒരാലോചനക്കാരുടെ കൂട്ടം.

മേല്പട-വരവാനുള്ള സൈന്യം.

മേല്പടി-വി. മുൻപറഞ്ഞ.

മേല്പടി-അ. മുൻപറഞ്ഞവിധം, മേപ്പടി.

മേല്പട്ടക്കാരൻ-വലിയ പട്ടക്കാരൻ, ബിഷോപ്പ്, മെത്രാനും മററും.

മേല്പട്ടം-വലിയ പട്ടക്കാരന്റെ സ്ഥാനം.

മേല്പാട്ട്-മുകൾവശം.

മേല്പാടം-൧. പുരാതനമായ എഴുത്ത്. ൨. ഉയൎച്ചയുള്ള കണ്ടം.

മേല്പുടവ-ഉത്തരീയം.

മേല്പുര-പുരയുടെ മുകളിൽ മേഞ്ഞിരിക്കുന്ന ഓലയും മററും.

മേല്പൂട്ട്-പുറംപൂട്ട്, മേൽത്താഴ്.

മേല്പെട്ട്, മേല്പെട്ടു-അ. മുകളിലോട്ട്.

മേല്പൊടി-കഷായത്തിൽ ഇടുന്ന പൊടി. മേമ്പടി.

മേൽഫലം-൧. മുകളിലുള്ള തേങ്ങയും മററും. ൨. മേലിൽ വരുന്ന ഫലം.

മേൽബലം-൧. മുൻപട. ൨. സഹായിക്കുന്ന സൈന്യം.

മേൽഭാഗം-മുകൾവശം, ആകാശം.

മേൽഭാരം-മുകളിൽ കയററപ്പെട്ട ഭാരം.

മേൽമണിയം-മേലധികാരം.

മേൽമണ്ഡലം-ആകാശത്തുള്ള ചന്ദ്രമണ്ഡലവും മററും.

മേൽലാഭം-അധികമായുണ്ടാകുന്ന ലാഭം.

മേൽവയറ്-പൊക്കിളിന്റെ മീതെയുള്ള വയറ്.

മേൽവരവ്-൧. ക്രമപ്രകാരമുള്ളതു കൂടാതെ അധികമായുണ്ടാകുന്ന ദ്രവ്യലാഭം. ൨. വൎദ്ധന.

മേൽവാചകം-൧. തലവാചകം. ൨. മേൽവിലാസം.

മേൽവായ്-അണ്ണാക്ക്.

മേൽവായ്പ്പ(യിപ്പ)-പുറവായ്പ്പ്.

മേൽവാരം-മലംകൃഷിക്കും മററും കൊടുക്കുന്ന കരം.

മേൽവാഴി-മേൽക്കോയിമ്മ ഭരിക്കുന്നവൻ.

മേൽവിചാരം-മേൽനോട്ടം.

മേൽവിത്ത്-ഒരുത്തൻ വിതച്ച നിലത്തിൽ പിണങ്ങി മറെറാരുത്തൻ പിന്നെയും വിതക്കുന്ന വിത്ത്.

മേൽവിരിപ്പ്-മേൽക്കെട്ടി.

മേൽവിലാസം-കൊടുത്തയക്കുന്ന എഴുത്തു ഇന്ന സ്ഥലത്തേക്കെന്നും ഇന്നാൎക്കെന്നും മററും പുറത്തെഴുതുന്ന വാചകം.

മേൽവെള്ളം-പുതുവെള്ളം.

മേൽശാന്തി-൧. ക്ഷേത്രത്തിലെ പ്രധാന ശാന്തിക്കാരൻ. ൨. പ്രവൃത്തി, ദേവനെ പൂജിക്കയും മററും.

മേവലർ-ശത്രുക്കൾ.

മേവൽ-൧. യോജിപ്പ്. ൨. സ്നേഹം. ൩. പാൎക്ക. ൪. ആഗ്രഹം. ൫. ഭരിക്ക. ൬. സ്ഥിരപ്പെടുത്തുക.

മേവിക്കൊടുക്കുന്നു-യോജിക്കുന്നു.

മേവിടുന്നു-പാൎക്കുന്നു.

മേവുന്നു-൧. പാൎക്കുന്നു. ൨. യോജിക്കുന്നു. ൩. ആഗ്രഹിക്കുന്നു. ൪. സ്ഥിരപ്പെടുത്തുന്നു. ൫. ചേരിക്കുന്നു. ൬. സ്നേഹിക്കുന്നു. ൭. ഉണ്ടാകുന്നു. ൮. ചെയ്യുന്നു.

മേവുക എന്നതിന്റെ അൎത്ഥം ആദ്യം 'സ്നേഹിക്ക', 'പരിചയിക്ക' എന്നായിരുന്നു. ഇപ്പോഴത്തെ അൎത്ഥം 'വസിക്കുക' എന്നായിത്തീൎന്നു.

മേശ-ഒരു വലിയ നാല്ക്കാലിപ്പലക.

മേഷി-൧. തടവ്. ൨. പ്രയാസം. ൩. കുററം. ൪. മരങ്ങളിലുണ്ടാകുന്ന ഒരുമാതിരി വിരിച്ചിൽ.

മേഷകംബളം—കംബളം (കമ്പിളി), ആട്ടിൻരോമംകൊണ്ടു നെയ്തുണ്ടാക്കിയ കരിമ്പടം മുതലായതു്. (കംബളം= ശീതാൎത്തന്മാരാൽ കാമിക്കപ്പെടുന്നതു്).

മേഷം-൧. മുട്ടാടു്; കുറിയാടു്. സ്പൎദ്ധിക്കുന്നതു് എന്നൎത്ഥം. ൨. മേടം. ൩. തകര.

മേഷാ-ചിററേലം.

മേഷാണ്ഡൻ-ഇന്ദ്രൻ

മേഷി-൧. പെണ്ണാടു്. ൨. മാഞ്ചി. ൩. പൊട്ടുകാര.

മേഷിക-പെണ്ണാടു്.

മേസ്തിരി-പണി നടത്തുവാൻ ഏററിരിക്കുന്ന ആൾ, പ്രധാനിയായ പണിക്കാരൻ.

മേഹഘാതിനി-മഞ്ഞൾ.

മേഹനം-൧. മൂത്രദ്വാരം. ൨. മൂത്രം. ൩. മൂത്രമൊഴിവ്. ൪. പുരുഷന്റെ ലിംഗം. ശുക്ലംകൊണ്ടു യോനിയെ നനയ്ക്കുന്നതു് എന്നൎത്ഥം.

മേഹം-൧. മൂത്രമൊഴിവ്, പ്രമേഹം. എപ്പോഴും മൂത്രമൊഴിക്കുന്നതു് എന്നൎത്ഥം. ൨. മൂത്രം. ൩. ആടു്.

മേള-൧. മഷി. ൨. അമര.

മേളക്കാരൻ-വാദ്യക്കാരൻ.

മേളക്കൊഴുപ്പ്-കൊഴുപ്പ്, കഴൽ, വാദ്യം മുതലായതിന്റെ ശബ്ദംകൊണ്ടുള്ള യോജിപ്പ്.

മേളതാളം-മേളക്കാരുടെ താളം.

മേളനം-കൂട്ടം, ഒരുമിപ്പ്.

മേളപ്പണം - വാദ്യക്കാൎക്കു കൊടുക്കുന്ന കൂലി.

മേളം-൧. വാദ്യക്കാരുടെ കൂട്ടം. ൨. ആട്ടക്കോട്ട്. ൩. സന്തോഷം, സല്ലാപം. ൪. കൂടുക. ൫. ചേരുക.

മേളത്തിൽ-നല്ലവണ്ണം.

മേളിക്കുക-തമ്മിൽ കൂടിച്ചേരുക

മേളാ-൧. അമരി. ൨. ഒരുമിപ്പ്. ൩. കൂട്ടം. ൪. മഷി.

മേളാങ്കം-ഉല്ലാസം, സന്തോഷം.

മേളിക്കുന്നു-൧. യോജിക്കുന്നു. ൨. സന്തോഷിക്കുന്നു.

മേളിത-വി. യോജിപ്പിക്കപ്പെട്ട.

മേളിപ്പ്- ൧. യോജിപ്പ്. ൨. സന്തോഷം.

മേഴി-കലപ്പയുടെ പിടി.

—————

# മൈ

മൈ-൧. മഷി. ൨. കറുത്ത നിറം.

മൈക്കണ്ണി-സ്ത്രീ, സുന്ദരി.

മൈക്കോലവാർകുഴലാൾ— ഇരുണ്ട തലമുടിയുള്ളവൾ, സുന്ദരി.

മൈതാനനിലം-ഒപ്പനിരപ്പുള്ള നിലം.

മൈത്തുക-ലഭിക്കുക.

മൈത്തൽ-അലസാനം, മിടുക്ക്, ജാഗ്രത, വേല.

മൈത്തുന്നു-അലസാനപ്പെടുന്നു.

മൈത്ര-വി. മിത്രത്തെ സംബന്ധിച്ച.

**മൈത്രൻ**-പു. ശുദ്ധ (പരമാൎത്ഥ) ബ്രാഹ്മണൻ. വ. സ്നേഹിതൻ.

**മൈത്രകം**-സ്നേഹം.

**മൈത്രം**-പു. അനിഴം. വ. ബന്ധുത്വം.

**മൈത്രാവരുണൻ**-പു. അഗസ്ത്യൻ. 'വാരുണി' എന്നു മാത്രമായാലും പൎയ്യായം തന്നെ.

മിത്രാവരുണന്മാരുടെ രേതസ്സിനെ ഉൎവ്വശി കലശത്തിൽ ഭദ്രമായി വെച്ചു എന്നും അനന്തരം ആ കലശത്തിൽനിന്നും അഗസ്ത്യൻ ജനിച്ചു എന്നും പുരാണപ്രസിദ്ധം. 'മിത്രാവരുണയോഃ സൂനുരൌൎവ്വശേയശ്ചവാരുണിഃ'

വ. വാല്മീകി. ന. വസിഷ്ഠൻ.

**മൈത്രാവരുണി**-പു. വാല്മീകി.

'പ്രാചേതസശ്ചാദികവിഃ
സ്യാന്മൈത്രാവരുണിശ്ചസഃ'
എന്നു പ്രമാണം.

വ, അഗസ്ത്യൻ. ന. വസിഷ്ഠൻ.

**മൈത്രീ, മൈത്ര്യം**- മിത്രത്തിന്റെ ഭാവം (കൎമ്മം), സ്നേഹം.

**മൈത്രേയൻ**-കുഷാരുവിന്റെ മകനും പരാശരന്റെ ശിഷ്യനുമായ ഒരു ഋഷി.

ഓരോ മന്വന്തരത്തിൽ ഓരോ മഹൎഷി വ്യാസപദവിയെ കൈക്കൊള്ളുന്നു. ഹിന്തുമതം സ്ഥാപിച്ച വ്യാസൻ കൃഷ്ണദ്വൈപായനൻ എന്ന മഹൎഷിയായിരുന്നു കൃഷ്ണദ്വൈപായനന്റെ ശേഷം വ്യാസപദത്തെ സ്വീകരിച്ചതു മൈത്രേയമഹൎഷിയാണ്. വ്യാസപദം വഹിക്കുന്ന മഹൎഷിമാർ വിഷ്ണുവിന്റെ അംശമാകുന്നു. പാണ്ഡവരോടു കലഹിക്കരുതെന്നു ധൃതരാഷ്ട്രരെ ഉപദേശിച്ചവരിൽ മൈത്രേയമഹൎഷിയുമുണ്ട്. ഇദ്ദേഹം ഇപ്പോഴും ബദരികാശ്രമത്തിനു സമീപം സ്വന്ത ആശ്രമത്തിൽ വസിക്കുന്നു. ഇപ്പോഴും വ്യാസപൌൎണ്ണമി ദിവസം 'ശാങ്'വനത്തിൽ വച്ചു ഒരുപന്യാസം ഈ ധീമാൻ ചെയ്യാറുണ്ടുപോലും.

(കൌഷാരവി എന്നതു നോക്കുക)

**മൈത്രേയി**-യാജ്ഞവല്ക്യന്റെ ഭാൎയ്യ.

**മൈഥില**-വി. മിഥിലയെ സംബന്ധിച്ച

**മൈഥിലി**-സീത.

**മൈഥുന**-വി. പു. ഇരട്ടയായ. വ, വിവാഹംകൊണ്ടു യോജിച്ച.

**മൈഥുനം**-പു. സ്ത്രീയും പുരുഷനും കൂടിയുള്ള ചേൎച്ച, സ്ത്രീസംഗം. സ്ത്രീപുരുഷന്മാരുടെ പ്രവൃത്തി എന്നൎത്ഥം. മററു പൎയ്യായങ്ങൾ- വ്യവായം, ഗ്രാമ്യധൎമ്മം, നിധുവനം, രതം. വ. ദാമ്പത്യസംബന്ധം. മിഥുനത്തിന്റെ (സ്ത്രീപുരുഷന്മാരുടെ) തു് എന്നൎത്ഥം. ഇവരുടെ കൎമ്മം എന്നുമാവാം.

**മൈഥുനി**-വണ്ടാരങ്കോഴി.

**മൈധാവകം**-ബുദ്ധി.

**മൈനാകം**-പു. ഒരു പൎവ്വതം.

കൈലാസത്തിനു വടക്കു സ്ഥിതിചെയ്യുന്നു. ഇന്ദ്രൻ പൎവ്വതങ്ങളുടെ ചിറകു മുറിച്ചപ്പോൾ മൈനാകം മാത്രം രക്ഷയെ പ്രാപിച്ചു. മൈനാകം എന്ന പൎവ്വതം സദാ സമുദ്രമദ്ധ്യത്തിൽ സ്ഥിതിചെയ്യുന്നു. ഇപ്പോൾ 'ശിവാലിക്' എന്നു പറയുന്നതു് ഇതാണെന്നു ചിലരുടെ മതം. മൈനാകം ഹിമവാന്റെ പുത്രനും പാൎവ്വതിയുടെ സഹോദരനുമാണത്രെ.

വ. ഒരുവക പക്ഷി.

**മൈനാത്തു്**-അലക്കുകാരനു ചില ദിക്കിൽ പറയുന്ന ഒരു പേർ.

**മൈനാലൻ**-മുക്കുവൻ.

**മൈന്തൻ**-പു. മകൻ. വ. ബാലൻ.

**മൈന്ദൻ**-ഒരസുരൻ.

കൃഷ്ണനാൽ വധിക്കപ്പെട്ടു.

മെമ്പ്-ഇതാംമയക്കം.

മെയൽ-മയക്കം, മോഹം.

മെയ്യൻ-വലിയ കള്ളൻ.

മൈരേയം-ഒരുവക മദ്യം, ശക്കര കൂട്ടി ച്ചമച്ച മദ്യം. കരിമ്പിൻനീർ മുതലായ തു കൊണ്ടുണ്ടാക്കിയ മദ്യം എന്നും കാ ണുന്നു. മിരയിൽ ഉണ്ടായതു എന്നത്ഥം. മിര എന്നതിനു ദേശവിശേഷമെന്നും ഔഷധവിശേഷമെന്നും അത്ഥം കാ ണുന്നു.

കൃമി, ഗുല്മം മുതലായവ കള നന്ന്. മൈരേയം എന്നതു താതിരിപ്പൂവ്, ശ ക്കര, വറുത്തയവം, ജലം ഇവകൊണ്ടു ണ്ടാക്കിയ മദ്യമാണെന്നാണ് മാധവാ ചാര്യരുടെ അഭിപ്രായം.

മൈല-ം. ഒരുവക വൃക്ഷം. വ. വെളു പ്പും കറുപ്പും കൂടിയ നിറം.

മൈലാടമഞ്ഞൾ-ഒരുമാതിരി നല്ല മഞ്ഞൾ.

മൈലെള്ള്-ഒരുവക വൃക്ഷം.

മൈലൊമ്പി-ഒരുവക ചെടി.

മൈസൂർ-ഒരു രാജ്യം. Mysore.

മൈളിന്ദം-വണ്ടു.

## മൊ

മൊക്കണി, മുകക്കണി-കുതിരക്കു തീ റ്റിയിട്ടു കൊടുക്കുവാനുള്ള ചാക്കുസഞ്ചി

മൊങ്കാൻ-വലിയ കെട്ടുവടി.

മൊങ്ങ-കുരങ്ങ്.

മൊച്ച-ം. കരിങ്കുരങ്ങ്. വ. ഒരുമാതിരി മരം.

മൊച്ചക്കൊട്ട-മൊച്ചയുടെ കായ്.

മൊഞ്ച്-ം. കോപം. വ. അഴക്.

മൊഞ്ചൻ-ം. വേഗത്തിൽ കോപിക്കുന്ന വൻ. വ. നല്ല ബലമുള്ളവൻ, മിടു ക്കൻ.

മൊട്ട്-വിടരാത്ത പൂവ്.

മൊട്ട, മുട്ട-ം. പക്ഷികളും മറ്റും പ്രസ വിച്ച സാധനം. വ. ചിരച്ച തല. ന. കഷണ്ടിത്തല.

മൊട്ടമ്പ് - മൂച്ചയില്ലാത്ത ഒരുമാതിരി അമ്പ്.

മൊട്ടയിടുന്നു-ം. ചിരക്കുന്നു. വ. പ ക്ഷി പാമ്പു മുതലായ ചില ജന്തുക്കൾ പ്രസവിക്കുന്നു.

മൊട്ടവാൾ-വായ്ത്തല കുറിക്കുള്ള വാൾ. (നീണ്ടിരിക്കും, പിച്ചളപ്പിടി കാണും)

മൊട്ടസൂചി-കഴയില്ലാത്ത ഒരുമാതിരി സൂചി.

മൊത്താ-മുഴവൻ.

മൊത്തി-മുഖം, മുഞ്ഞി.

'പാണ്ഡവവൃഷ്ണികളൊന്നായപ്പോൾ
കണ്ണാദികളുടെ മൊത്തികറുത്തു'

(കൃഷ്ണാർജ്ജുനവിജയം തുള്ളൽ)

അധികം പുസ്തകങ്ങളിലും ഞാൻ ക ണ്ടിട്ടുള്ളതു 'മുഞ്ഞി' എന്നാണ്, മൊത്തി എന്നല്ല.

മൊത്തുന്നു-ം. പാത്രം ചൊടിയിൽവെ ച്ചു വലിച്ചു കുടിക്കുന്നു. വ. ചുംബിക്കുന്നു.

മൊന്നാക്കൾ-പുരോഹിതന്മാർ.

മൊന്ത-ം. പിച്ചളയും മറ്റും കൊണ്ടുണ്ടാ ക്കിയ ഒരുമാതിരി ചെറിയ കുടം. വ. കാട്ടുപന്നി കിടക്കുന്ന സ്ഥലം.

മൊന്തൻപഴം-ം. കായ്ക്കുന്നതിനു കൊ ള്ളാത്ത ആൾ. വ. ഒരുവക പഴം.

മൊരമ്പുക-മുരളുക.

മൊരശു, മുരശു-മുരച്ച്, ഒരു വാദ്യം.

മൊരി-ം. വൃക്ഷത്തിന്റെ ഉണങ്ങിയ തൊലി. വ. ദേഹത്തിലുണ്ടാകുന്ന ഒരു ഉണക്ക.

**മൊരിച്ചൽ**-ന. വൃക്ഷത്തിന്റെയും മറവും തൊലിയുടെ ഉണക്ക്. ഉ. ഉണങ്ങിയ തൊലി.

**മൊരിച്ചുണങ്ങ്** - ദേഹത്തിലുണ്ടാകുന്ന ഒരുമാതിരി ചുണങ്ങ്.

**മൊരിയൻ**-ശരീരത്തിൽ മൊരിയുള്ളവൻ.

**മൊരിയുന്നു**-ന. തൊലിയിൽ ഉണക്കുണ്ടാകുന്നു. ഉ. നല്ലവണ്ണം വറളുന്നു. (പൊരിയുന്നു).

**മൊഹറം**-ഒരു നോൻപ്.

മൊഹറം നോമ്പ്—മഹമ്മദു നിബിയുടെ മകളായ ഫാത്തിമയെ (പാത്തുമ്മായെ) അലി (അലിയാരുങ്ങൾ) വിവാഹം കഴിച്ചു. അലിക്കു ഹസയിൻ, ഹുസയിൻ ഇങ്ങനെ രണ്ടു മക്കൾ ഉണ്ടായി. ഒരു കാമിനിമൂലമുള്ള കലഹത്തിൽ അന്നത്തെ ഒരു യഹൂദരാജാവായ യസീദ് ഹസയിനാരെ നഞ്ചുകൊടുത്തു കൊല്ലുകയും, ഹുസയിനാരെ കെർബലാ എന്ന സ്ഥലത്തുവെച്ചു ൬൮൦ അക്ടോബർ ൧൦-ാംതീയതി വെട്ടിക്കൊല്ലുകയും ചെയ്തു. ഹുസയിനാരുടെ മരണദിവസമാണ് മൊഹറം.

**മൊളി**-ന. വൃക്ഷത്തിന്റെ കരിന്തൊലി. ഉ. തൊലികളിലും മറവുണ്ടാകുന്ന ഉണക്ക്, മൊരി.

**മൊളിച്ചൽ**-മൊരിച്ചൽ.

**മൊളിയില**-കരിയില

**മൊള്ള്**-മൂത്രം.

**മൊള്ളുന്നു**-മൂത്രം വീഴ്ത്തുന്നു.

**മൊഴി**-വാക്ക്.

**മൊഴിമാത്**-സരസ്വതി.

**മൊഴിമാറ്**-കൈച്ചീട്ട്.

**മൊഴിമാററം**-വാക്കുവ്യത്യാസം.

**മൊഴിയുന്നു**-പറയുന്നു.

**മൊഴിവഴി**-അനുസരണം.

—ഠഠഠ—

## മോ

**മോകുക**-കടിക്കുക, മോന്തുക.

**മോക്തൃ**-വി. ന. മോചിക്കുന്ന, ഉപേക്ഷിക്കുന്ന. ഉ. അയക്കുന്ന. ന. അഴിച്ചുവിടുന്ന.

**മോക്ഷക**-വി. വിടുവിക്കുന്ന.

**മോക്ഷപുരി**-കാഞ്ചിപട്ടണം.

**മോക്ഷം**-ന. ജ്ഞാനംകൊണ്ടു ആത്മാവിനു കിട്ടുന്ന സ്വാതന്ത്ര്യം, പ്രവൃത്തികൊണ്ടു മോക്ഷം കിട്ടുന്നതല്ല.

ജീവതത്തിന്റെ ശുഭമായ പരിണാമത്തെ 'മോക്ഷം' എന്നു തത്വജ്ഞാനികൾ വ്യവഹരിക്കുന്നു. ദുഃഖനിവൃത്തിക്കും അതിന്റെ ഫലമായ പരമാനന്ദപ്രാപ്തിക്കും മോക്ഷം എന്നു അവർ പേർ പറയുന്നു.

ബ്രഹ്മാനന്ദം. ഉ. മരണം. ന. പാടലി വൃക്ഷം. (മോക്ഷം എന്നതിനു സംസാരദുഃഖത്തിന്റെ അവസാനം എന്നർത്ഥം. അവിദ്യാപാശത്തിൽ നിന്നു ആത്മാവിനെ മോചിപ്പിക്കുന്നതു എന്നുമാവാം.

**മോക്ഷചതുഷ്ടയം**-സാലോക്യം, സാമീപ്യം, സാരൂപ്യം, സായുജ്യം ഇവ നാലും. ഓരോന്നും നോക്കുക.

**മോക്ഷണം**-വിടുതൽ.

**മോക്ഷദ്വാരപാലചതുഷ്ടയം**-ശമം, സന്തോഷം, സാധുസംഗമം, വിചാരണ ഇവ നാലും.

**മോക്ഷവിളക്ക്**-മരിച്ച മൂന്നാംനാളത്തെ വിശേഷം.

**മോഘ**-വി. വ്യർത്ഥമായ. ഉ. വിടപ്പെട്ട.

**മോഘം**—നിഷ്ഫലമായിട്ടുള്ളത്. ഇതിൽ ബുദ്ധി ക്ഷയിക്കുന്നതുകൊണ്ടു ഈ പേരുണ്ടായി. മറെറാരു പര്യായം—നിരർത്ഥകം.

**മോഘാ**—ഗ. പൂപ്പാതിരി. വ. വിഴാൽ, ഇലവ്.

**മോഘാലി**—വേലി.

**മോങ്ങൽ, മോങ്ങു**—കര. (പട്ടിയുടെ ശബ്ദം).

**മോചം**—ഗ. വാഴ. പട്ടകളെ മോചിക്കുന്നതു് എന്നർത്ഥം.

'അരുളും സല്ലഹിതപവനം
തന്നിൽ മോചാകരംബം'
(മയൂരസന്ദേശം)

വ. ഇലവ് (വി). മരം. പശ പുറപ്പെടുവിക്കുന്നതു് എന്നർത്ഥം. ന. അമരി. ര. ഇരുന്തിൽ.

**മോചക**—വാഴ.

**മോചകൻ**—ഒരു സന്യാസി.

**മോചകം**—ഗ. മുരിങ്ങ. വ. വാഴ. ന. ഇലവിൻപശ. ര. മുഷ്ക്കവൃക്ഷം.

**മോചനം**—വിടുക.

**മോചം**—ഗ. വാഴപ്പഴം. വ. കരിമുരിങ്ങ. ന. പ്ലാവ്.

**മോചിക്കുന്നു**—വിടുന്നു, ഉപേക്ഷിക്കുന്നു.

**മോഞ്ഞ**—ഗ. മോണ. വ. മോണയിലെ ഒരു രോഗം.

**മോട്ട്**—മുകളിലേ ഭാഗം.

**മോടകം**—ഒരുമാതിരി വള്ളി.

**മോടൻ**—ഒരുവക നെല്ല്.

**മോടി**—ഗ. വെടിപ്പ്. വ. ഭംഗി. ന. കൺകെട്ടുവിദ്യ. ര. ഉല്ലാസം.

**മോടിക്കാരൻ**—ഗ. ഭംഗിക്കാരൻ. വ. ഉല്ലാസക്കാരൻ. ന. മോടിവിദ്യക്കാരൻ.

**മോടിവിദ്യ**—കൺകെട്ടുവിദ്യ, ചെപ്പടിവിദ്യ.

**മോട്ടം**—അഹംകാരം.

**മോട്ടായിതം**—നായികമാൎക്ക യൌവനാവസ്ഥയിൽ സത്വോദ്രേകം കൊണ്ടുണ്ടാകുന്നതായ പത്തു അലങ്കാരങ്ങളിൽ ഒന്ന്.

മനസ്സിൽ പ്രിയതമന്റെ രൂപം, ശീലം മുതലായവയെത്തന്നെ വിചാരിച്ചുകൊണ്ടിരിക്കുമ്പോൾ അദ്ദേഹത്തിന്റെ കഥതന്നെ കേൾപ്പാനിടയായി. അനന്തരം ചെയ്യുന്ന കൎണ്ണകണ്ഡൂയനം, വിരൽപൊട്ടിക്കുക, കോട്ടുവായിടുക മുതലായ ചേഷ്ടാവിശേഷങ്ങൾക്കു മോട്ടായിതം എന്നു പേർ.

'തൽഭാവഭാവിതേ ചിത്തേ
വല്ലഭസ്യ കഥാദിഷു
മോട്ടായിതമിതി പ്രാഹുഃ
കൎണ്ണകണ്ഡൂയനാദികം'
(എന്നു പ്രമാണം)

(വിലാസങ്ങൾ എന്നതു നോക്കുക)

**മോണ**—പല്ലിന്റെ ചുവട്ടിലെ മാംസം.

എലഞ്ഞിത്തൊലി ചുട്ട കരിയും ഉമിക്കരിയും സമംചേൎത്തു എടുത്തു ജാതിക്കപ്പൊടിയും കാത്തും കുരുമുളകുപൊടിയും കുറച്ചു ചേൎത്തു പല്ലുതേച്ചാൽ മോണപഴുപ്പ്, പല്ലിനിടയിൽ രക്തംവരുക ഇവ ശമിപ്പിക്കും.

**മോണം**—ഗ. ചീങ്കണ്ണി. വ. പാമ്പുകളെ വയ്ക്കുന്ന കൊട്ട (കുട്ട)

**മോണയൻ**—ഒരു ശകാരവാക്ക്. (സ്ത്രീ.—മോണച്ചി).

**മോണാലി**—ഒരുവക നെല്ല്.

**മോണ്ടം**—മുഖമന്ധപം.

**മോത**—ഗ. തിരപൊങ്ങുക. വ. ഒരുവക മീൻ.

**മോതിരക്കണ്ണി**—ഗ. ഒരുമാതിരി തൈ. വ. ഇരുമ്പുകൊണ്ടും മററുമുള്ള ചെറിയ വളയം. ന. കാൽവിരലിന്റെ മുട്ട്. ര. ചെറിയ ഉരുണ്ടുമുളക്.

മോതിരം-വിരലിൽ ഇടുന്ന ഒരാഭരണം.

മോതിരവള്ളി-ഒരുമാതിരി വള്ളി.

മോതിരവിരൽ-അണിവിരൽ.

മോതുക-മുട്ടുക, തട്ടുക.

മോദകം-പ്ര. അപ്പം. (പലഹാരവിശേഷം). മോദിപ്പിക്കുന്നതു് എന്നൎത്ഥം. കൊഴുക്കട്ടയുടെ ആകൃതിയിലുള്ള ഒരു വക പലഹാരം. അട എന്നു ചിലർ. ഉ. അംപഴം.

മോദം-പ്ര. സന്തോഷം, (സുഖം) ഉ. ആമ്യഴം. ന. പരിമളം, സുഗന്ധം.

മോദയന്തി(ക)-കാട്ടുമല്ല.

മോദിക്കുന്നു—സന്തോഷിക്കുന്നു. (സ. ക്രി. മോദിപ്പിക്കുന്നു.

മോദിത-വി. സന്തോഷിപ്പിക്കപ്പെട്ട.

മോന-ഒരു പദത്തിന്റെ പ്രഥമഖണ്ഡത്തിലെ ആദ്യക്ഷരത്തോടു അതിലെ രണ്ടാംഖണ്ഡത്തിലെ ആദ്യക്ഷരത്തിനു വരുന്ന സാമ്യം. 'എതുക' എന്നതു നോക്കുക.

മോനയുടെ പ്രാബല്യം എഴുത്തച്ഛന്റെ കാലത്തോടുകൂടി ക്ഷയിച്ചു. എതുകയ്ക്കും മോനയ്ക്കും അക്ഷരസാമ്യം മാത്രമല്ലാതെ അക്ഷരൈകരൂപ്യം ആവശ്യമുള്ളതല്ല.

മോൻ-മകൻ.

മോന്ത-മുഖം.

മോന്തൽ-പാത്രം മുഖത്തു ചേൎത്തു് വലിച്ചുകുടിക്കൽ.

മോന്തായം-പുരയുടെ കഴുക്കോൽ പിടിപ്പിക്കുന്ന ഒരു നീളമുള്ള തടി.

മോന്തുന്നു-പാത്രം എടുത്തു വായിൽ തൊട്ടുവിച്ചു വലിച്ചുകുടിക്കുന്നു.

മോരു്-പ്ര. വെണ്ണ എടുത്ത തൈരു്. ഉ. തൈരിൽ വെള്ളം ചേൎത്തതു്.

വിഷം, വീക്കം, മഹോദരം, അൎശസ്സ്, ഗ്രഹണി മുതലായവക്കു നന്നു്. ഈ പാൽപ്പായസത്തിന്റെ പിന്നാലെ കുടിച്ചാൽ വിരുദ്ധം. മോരു സേവിച്ചുണ്ടാകുന്ന അജീൎണ്ണത്തിൽ ചുക്കുവെള്ളം സേവിക്കുക. സം-തക്രം. ത-മോരു. ഇം-Butter-milk.

മോരടം-പ്ര. കരിമ്പിൻവേർ. ചുററിപ്പിണഞ്ഞിരിക്കുന്നതു് എന്നൎത്ഥം. ഉ. പെരുംകരുമ്പ.

മോരടാ—പെരുംകരുമ്പ. ചുററിപ്പിണയുന്നതു് എന്നൎത്ഥം.

മോർചിലന്തി-വസൂരി പതിനെട്ടിൽ ഒന്നു്. പ്ര-രംഭിവസം കളിപ്പിക്കാം.

മോർവഴന-ഒരുമാതിരി വഴനവൃക്ഷം.

മോശക്കാരൻ-പ്ര. മോഷൻ. ഉ. ഹീനൻ. ന. ദരിദ്രൻ.

മോശം-പ്ര. കുറവു്. ഉ. ചേതം. ന. ദാരിദ്ര്യം. ർ. അപകടം. ഇ. മൂഢത്വം. ന്ത. കുററം.

മോഷകൻ-കള്ളൻ. കക്കുന്നവൻ എന്നൎത്ഥം. മോഷ്ടിച്ചവൻ.

'മുഷ്ടംധനംമോഷകനേവിളിച്ചു'
(അഭിജ്ഞാനശാകുന്തളം)

മോഷണം-കളവു്.

മോഷണിക്കുക-മോഷ്ടിക്കുക.

മോഷൻ-കള്ളൻ.

മോഷാ-പ്ര. കള്ളം. ഉ. കവച്ചു.

മോഷ്ടാവു്-കള്ളൻ.

മോഷ്ടിക്കുന്നു-മോഷണം ചെയ്യുന്നു.

മോഹന-ഒരുമാതിരി മുല്ല.

മോഹന-വി മോഹിപ്പിക്കുന്ന, വശീകരിക്കുന്ന.

മോഹനകം-ചൈത്രമാസം.

മോഹനൻ- പ്ര. മോഹിപ്പിക്കുന്നവൻ. ഉ. ശിവൻ.

മോഹനം-പ്ര. വശീകരണം. ഉ. സംയോഗം. ന. കാമദേവന്റെ ഒരസ്ത്രം. ർ. ഉന്മത്തു്.

മോഹനമാല-പൊന്മാല.

മോഹനീയ-വി. മോഹിപ്പിക്കത്തക്ക.

മോഹം-൧. വലിയ ആഗ്രഹം. ൨. മോഹാലസ്യം. വിചിത്തതാ (ചിത്തനാശം) എന്നൎത്ഥം. ൩. അറിവില്ലായ്മ, മോഷത്വം. ൪. വ്യാകുലത. ൫. സൊമ്പരം, ദുഃഖം. ൬. തെററ്, പിഴ. ൭. ഐശ്വൎയ്യതിമിരത്താൽ കൃത്യാകൃത്യങ്ങളെ അറിയാതിരിക്ക.

മോഹമുദ്ഗരം-വേദാന്തം വ്യാഖ്യാനിക്കുന്ന ഒരു കാവ്യം.

മോഹർ, മോഹറാവു്-ഒരു സ്വൎണ്ണനാണയം. (വില രൂപാ ൧൫).

മോഹാലസ്യം-ബോധക്കേടു്. പൎയ്യായങ്ങൾ-മൂൎച്ഛ, കശ്മലം, മോഹം.

മോഹി-വിടൻ, അത്യാഗ്രഹക്കാരൻ.

മോഹിക്കുന്നു-൧. ആഗ്രഹിക്കുന്നു. ൨. ബോധംകെടുന്നു, മനസ്സിനു് അന്ധത വരുന്നു. (കാം. ക്രി. മോഹിപ്പിക്കുന്നു).

മോഹിത-വി. ൧. മോഹിപ്പിക്കപ്പെട്ട. ൨. ബോധംകെട്ട.

മോഹിനി-൧. തേവിടിശ്ശി. ൨. സുന്ദരി. ൩. ഒരപ്സരസ്ത്രീ. ൪. പാലാഴിമഥനത്തിൽ അസുരന്മാരെ ജയിപ്പാൻ വിഷ്ണു എടുത്ത ഒരു വേഷം.

'ദൈത്യരെമോഹിപ്പിച്ചു
പീയൂഷംവീണ്ടീടുവാൻ
ദൈത്യാരിപുനരൊരു
മോഹിനീവേഷംപൂണ്ടാൻ'
(ഭാഗവതം)

പാലാഴിമഥനത്തിൽ വിഷ്ണു മോഹിനിവേഷത്തെ അവലംബിച്ചതു അമൃതത്തെ അസുരർ കൈവശപ്പെടുത്താതിരിക്കുന്നതിനായിട്ടാണു്.

൫. വശീകരിക്കുന്നവൾ, മോഹിപ്പിക്കുന്നവൾ. ൬. കഞ്ചാവു്.

മോഹിനിയാട്ടം-തേവിടിശ്ശിയാട്ടംപോലെ കളിക്കുന്ന ഒരു കളി.

മോഴ-൧. മോഷത്വം. ൨. കൊമ്പില്ലാത്ത കാളയോ പശുവോ.

മോഴപിരട്ടുന്നു-വഞ്ചിക്കുന്നു.

മോഴവള-സ്വൎണ്ണവള.

മോറ്-മുഖം.

മോറൽ-കഴുകുക.

മോറാഴി(യി)-കത്തിയുടേയോ വടിയുടേയോ പിടി.

മോറുന്നു-വെടിപ്പാക്കുന്നു, കഴുകുന്നു.

---

## മൌ

മൌകലി(ളി)-കാക്ക.

മൌകുലി(ളി)-കാക്ക. 'മുകലഃ ഭത്താസ്യാന്മുകുലഃ കാനനേചരഃ' എന്നു യമപൎയ്യായം (ശബ്ദാൎണ്ണവം). യമനോടു സംബന്ധപ്പെട്ടതു് എന്നു ശബ്ദാൎത്ഥം.

മൌക്തികദാമ-ഒരു വൃത്തം.

മൌക്തികപങ്ക്തി-ഒരു വൃത്തം.

മൌക്തികപ്രസവ-മുത്തുച്ചിപ്പി.

മൌക്തികം-മുത്തുമണി. ശുക്തിസംപുടത്തിൽനിന്നു മോചിക്കുന്നതു് എന്നൎത്ഥം.

മൌക്തികമാല-ഒരു വൃത്തം. (ഇതിനു 'ശ്രീ' എന്നും പേരുണ്ടു്).

മൌക്തികശുക്തി-മുത്തുച്ചിപ്പി.

മൌഖൎയ്യം-നിന്ദ.

മൌഞ്ജീ - ബ്രഹ്മചാരിയുടെ അരയിൽ കെട്ടുന്ന ഒരു ചരടു്, കരുമന്തിരി പുല്ലുകളെക്കൊണ്ടു പിരിച്ചുണ്ടാക്കുന്ന അരഞ്ഞാൺ.

മൌഢ്യം-മൂഢത, അറിവില്ലായ്മ.

മൌണ്ഡ്യം-മുണ്ഡിതം.

മൌദ്ഗീനം - ചെറുപയറു വിളയുന്ന സ്ഥലം.

**മൌനഭാക്ക്**-മുനി.

**മൌനം**-൧. മിണ്ടാതെയിരിക്ക. ൨. വ്രതങ്ങൾ നിമിത്തമായി മിണ്ടാതിരിക്കുക. മുനിയുടെ ഭാവം (കൎമ്മം) എന്നൎത്ഥം.

**മൌനവ്രതം**-മിണ്ടാതെയിരുന്നു അനുഷ്ഠിക്കുന്ന വ്രതം.

**മൌനാനുവാദം** - മനസ്സില്ലാത്ത അനുവാദം, അനുവാദത്തിനു പകരം മിണ്ടാതിരിക്കുക.

**മൌനി**-വി. മിണ്ടാതെയിരിക്കുന്ന.

**മൌനി**-സന്യാസി, മഹൎഷി.

**മൌനേയർ**-കശ്യപന്റെ മക്കളായ ഒരു കൂട്ടം ഗന്ധൎവ്വന്മാർ.

ഇവർ നാഗങ്ങളെ തോല്പിച്ചു അവരുടെ ലോകം പിടിച്ചടക്കി. ഈ സന്ദൎഭത്തിൽ നാഗങ്ങൾ വിഷ്ണുവിനോടു സഹായിക്കണമെന്നു പ്രാൎത്ഥിച്ചു. വിഷ്ണു പുരുകുത്സനെ അയച്ചു അവരെ നശിപ്പിച്ചു.

**മൌരജികൻ**-മൃദംഗക്കാരൻ. മുരജം ശില്പമായിട്ടുള്ളവൻ. മിഴാവടിക്കുന്നവൻ എന്നും പക്ഷമുണ്ട്.

**മൌൎഖ്യം, മൌൎക്ക്യം**-മൂൎഖത, മൂഢത്വം.

**മൌൎയ്യർ**-പാടലീപുത്രത്തിൽ ചന്ദ്രഗുപ്തൻ സ്ഥാപിച്ച രാജവംശം.

ഈ വംശത്തിൽ ചന്ദ്രഗുപ്തൻ, ബിന്ദുസാരൻ, അശോകവൎദ്ധനൻ, സുയശസ്സൻ, ദശരഥൻ, സംഗതൻ, ശാലിശൂകൻ, സോമശൎമ്മാവ്, ശശധൎമ്മാവ്, ബൃഹദ്രഥൻ ഇപ്രകാരം പത്തു രാജാക്കന്മാരുണ്ടായിരുന്നു. ചില പുസ്തകങ്ങളിൽ ഈ പേരുകൾ മാറിയും കാണുന്നുണ്ട്.

**മൌൎവ്വി**-വില്ലിന്റെ ഞാൺ. മൂൎവ്വയുടെ (പെരുംകുരുമ്പയുടെ) വികാരം എന്നൎത്ഥം.

**മൌല**-വി. മൂലത്തിൽ നിന്നുണ്ടായ, വേരിൽ നിന്നുണ്ടായ.

**മൌലി**-൧. കിരീടം. ൨. ശിരസ്സ്. ൩. കെട്ടിയ തലമുടി. ൪. കുടുമ്മ. മൂലത്തിന്റെ അഗ്രത്തിൽ ഭവിച്ചതു എന്നൎത്ഥം. ൫. ഭൂമി. ൬. അശോകം.

**മൌലിമാല**-മൌലിയിൽ അലങ്കരിക്കുന്ന മാല.

'മാനിനിമാർ മൌലിമാലേ'

**മൌൽഗല്യൻ**-ഒരു മുനി (നാളായണീ ചരിതം തുള്ളൽ നോക്കുക).

**മൌൽഗീനം**-ഉഴുന്നു വിളയുവാൻ യോഗ്യമായ കണ്ടം.

**മൌഷ്കൎയ്യം**-മുഷ്കരത.

**മൌഷ്കലി**-കാവതിക്കാക്ക.

**മൌഷ്ടി**-മുഷ്ടിയുദ്ധം.

**മൌഹൂൎത്തൻ**-ജ്യോതിഷക്കാരൻ. മുഹൂൎത്തത്തെ അറിയുന്നവൻ എന്നൎത്ഥം. മുഹൂൎത്തഗ്രന്ഥത്തെ പഠിച്ചവൻ എന്നുമാവാം.

## മ്യ

**മ്യാൽ**-൧. പാകുന്ന സ്ഥലം. ൨. മഴ കൊണ്ടു നനയുന്ന സ്ഥലം.

## മ്ര

**മ്രാൽ**-ഒരുമാതിരി പേരാൽ വൃക്ഷം.

**മ്രശം**-നേരംപോക്ക്.

## മ്ല

**മ്ലാന**-വി. ൧. വാടിയ. ൨. മലിനമായ.

**മ്ലാനി**-൧. ക്ഷീണം. ൨. മലിനത. ൩. വാട്ടം, ഉണക്കം.

**മ്ലാവ്**-ഒരുവക കാട്ടുമൃഗം.

(സം-സ്ത്രീകാരി. ഇ-Elk എൽക്ക്)

**ക്ലിഷ്ട**-വി. ൧. വ്യക്തമില്ലാത്ത. ൨. ആലസ്യമുള്ള.

**ക്ലിഷ്ടം**-വ്യക്തമില്ലാത്ത വാക്ക്, കൊഞ്ചിക്കൊണ്ടു പറയുക. വ്യക്തമായി കേൾക്കപ്പെടാത്തത് എന്നർത്ഥം.

**മ്ലേച്ഛകന്ദം**-വെള്ളുള്ളി.

**മ്ലേച്ഛജാതി**-മ്ലേച്ഛദേശത്തു പാർക്കുന്ന പല ജാതിക്കാർ.

**മ്ലേച്ഛത**-ഹീനത, വെറുപ്പ്.

**മ്ലേച്ഛദേശം**-ഇൻഡ്യക്കു തെക്കും വടക്കുമുള്ള ദേശം. മറ്റൊരു പര്യായം-പ്രത്യന്തം.

കാമരൂപാദികൾ ഒക്കയും മ്ലേച്ഛദേശങ്ങളാകുന്നു. മ്ലേച്ഛദേശലക്ഷണം—

'ചാതുർവർണ്യവ്യവസ്ഥാനം
യസ്മിന്ദേശേ ന വിദ്യതേ
തം മ്ലേച്ഛവിഷയം പ്രാഹു-
രാര്യാവർത്തമതഃപരം'

എന്നതുകൊണ്ടു അറിയേണ്ടതാകുന്നു. ഇതിന്റെ അർത്ഥം ബ്രാഹ്മണർ, ക്ഷത്രിയർ, വൈശ്യർ, ശൂദ്രർ ഇങ്ങനെയുള്ള ജാതിനിയമത്തോടു കൂടാത്തതുകളായ ദേശങ്ങളെ 'മ്ലേച്ഛദേശ'ങ്ങൾ എന്നു പറയുന്നു. മ്ലേച്ഛദേശങ്ങളിൽ ചേരാത്തതായ ദേശത്തെ 'ആര്യാവർത്തം' എന്നു പറയുന്നു.

മ്ലേച്ഛലക്ഷണം.

'ഗോമാംസഭക്ഷകോ യസ്തു
ലോകബാഹ്യഞ്ച ഭാഷതേ,
സർവാചാരവിഹീനോഽസൗ
മ്ലേച്ഛ ഇത്യഭിധീയതേ.'

(സൂതസംഹിത)

**മ്ലേച്ഛൻ**-പു. സംസ്കൃതം ഒഴികെ മററു ഭാഷ പറയുന്ന ചില ജാതിക്കാർക്കു പറയുന്ന പേർ. ൨. പാപി. ൩. കുററക്കാരൻ. (മ്ലേച്ഛന്മാർ എന്നതിനു അവ്യക്തമായി പറയുന്നവർ എന്നർത്ഥം).

**മ്ലേച്ഛന്മാർ**-അനുദ്രുഹ്യുവിന്റെ പരമ്പര.

'അനുദ്രുഹ്യുവിന്മക്കളെല്ലാം
മ്ലേച്ഛജാതികളല്ലോ' (ഭാരതം)

**മ്ലേച്ഛഭോജനം**-കോതമ്പ്.

**മ്ലേച്ഛം**-ചായില്യം

**മ്ലേച്ഛമുഖം**-ചെമ്പ്. മ്ലേച്ഛദേശത്തിലുണ്ടായത് എന്നർത്ഥം. മ്ലേച്ഛന്മാരുടെ മുഖംപോലെയുള്ളത് എന്നുമാവാം.

**മ്ലേച്ഛസ്ഥലം**-ചീത്തസ്ഥലം.

# യ

**യ**—ഒരു വ്യഞ്ജനാക്ഷരം, ഘല്ലുകളിൽ ഒന്ന്.

**യകൃത്തു**-കരൾ, ഉദരത്തിന്റെ അകത്തു വലത്തുഭാഗത്തിലിരിക്കുന്ന കറുത്ത ഒരു മാംസപിണ്ഡം. ഒതുങ്ങിയിരിക്കുന്നതു എന്നു ശബ്ദാർത്ഥം. മററൊരു പര്യായം-കാളഖണ്ഡം.

**യക്ഷകർദ്ദമം**-കുറിക്കൂട്ട്. യക്ഷപ്രിയമായ കുറിക്കൂട്ട്.

(കർപ്പൂരം, അകിൽ, കസ്തൂരി, തക്കോലപ്പുട്ടിൽ ഇവയെല്ലാം കൂട്ടിച്ചേർത്തുണ്ടാക്കിയതാണ്. തക്കോലപ്പുട്ടിലിന്റെ സ്ഥാനത്തു ചന്ദനം ചേർക്കുന്നതുമുണ്ട്. ചിലർ കുങ്കുമത്തെ ചേർക്കുന്നതായും കാണുന്നു.

'കർപ്പൂരാഗരുകസ്തൂരി,
കക്കോലൈര്യക്ഷകർദ്ദമഃ'

(അമരകോശം)

'കർപ്പൂരാഗരുകസ്തൂരി
കക്കോലഘുസൃണാന്വിച
ഏകീകൃതമിദം സർവം
യക്ഷകർദ്ദമ ഇഷ്യതേ'.

(എന്നു വ്യാഡി.)

'കുങ്കുമാഗരുകസ്തൂരി
കർപ്പൂരം ചന്ദനം തഥാ
മഹാസുഗന്ധമിത്യുക്തം
നാമതോയക്ഷകർദ്ദമഃ'
(ധന്വന്തരി)

**യക്ഷതരു**—പേരാൽ.

**യക്ഷധൂപം**—ഫ. ചെഞ്ചല്യം. യക്ഷന്മാരെ ദുഃഖിപ്പിക്കുന്നത് എന്നർത്ഥം. (യക്ഷന്മാരുടെ ഉപദ്രവം ഇതുകൊണ്ടുള്ള ധൂപമാണല്ലോ തീർക്കുന്നത്.) യക്ഷപ്രിയമായ ധൂപദ്രവ്യം എന്നുമാവാം.

**യക്ഷൻ**—ഉപദേവകളിൽ ഒരു ജാതിക്കാരൻ. യക്ഷജാതിയിലുള്ളവൻ. പൂജിക്കപ്പെടുന്നവൻ, ശിവനെ പൂജിക്കുന്നവൻ. ഈ=ലക്ഷ്മി (സമ്പത്ത്), ഇതിനെ വ്യാപിക്കുന്നവൻ. ഇങ്ങിനെ ശബ്ദാർത്ഥങ്ങൾ.

**യക്ഷന്മാർ**—കുബേരാദികൾ.

**യക്ഷം**—ഫ. ഇന്ദ്രന്റെ ഒരു കൊട്ടാരം. ഉ. പൂജ. ന. യാഗം.

**യക്ഷരാജൻ, യക്ഷരാൾ(ട്ട്)**—കുബേരൻ. യക്ഷന്മാരുടെ കൂട്ടത്തിൽ ശോഭിക്കുന്നവൻ എന്നർത്ഥം.

**യക്ഷരാത്രി**—ദീപാളി.

**യക്ഷർ**—കുബേരന്റെ പരിചാരകന്മാരും നിധികൾ സൂക്ഷിക്കുന്നവരും ആയ ഒരു കൂട്ടം ആത്മാക്കൾ. ആരെയും ഉപദ്രവിക്കാത്തതുകൊണ്ട് 'പുണ്യജനങ്ങൾ' എന്നും പേരുണ്ട്.

**യക്ഷി, യക്ഷിണി**—ഫ. യക്ഷന്റെ സ്ത്രീ, കുബേരന്റെ ഭാര്യ. ഉ. ദേവിയുടെ ഒരു ദാസി.

**യക്ഷികഥ**—കൌമാരാവസ്ഥയിൽ കുട്ടികൾക്കു വായിച്ചു രസിക്കേണ്ടുന്ന കഥ.

**യക്ഷിപീഡ**—യക്ഷിയുടെ ഉപദ്രവം.

**യക്ഷ്മാവ്**—ക്ഷയരോഗം. രാജയക്ഷ്മാവ്. രോഗങ്ങളിൽവെച്ചു രാജാവാകയാൽ പൂജിക്കപ്പെടുന്നത് എന്നർത്ഥം.

**യജത്രക്കൾ**—യജിച്ചിരിക്കുന്നവർ. യജിക്ക=യാഗംചെയ്ക. (കർമ്മനിഷ്ഠന്മാർ എന്നു സാരം)

**യജനം**—ഫ. യാഗം. ഉ. പൂജ.

**യജമാന**—വി. ഫ. യാഗംചെയ്യുന്ന, ഉ. പൂജിക്കുന്ന.

**യജമാനൻ**—ഫ. യാഗം ചെയ്യുന്നവൻ. (മ) ഉ. നാഥൻ. ന. ഭർത്താവ്. ൪. ഭവനത്തിന്റെ ഉടയക്കാരൻ, കുടുംബഭരണകർത്താവ്.

**യജിക്കുന്നു**—യാഗംചെയ്യുന്നു, പൂജിക്കുന്നു.

**യജുർവേദം**—നാലു വേദങ്ങളിൽ ഒന്ന്.

(വേദങ്ങളിൽവച്ചു രണ്ടാമത്തേത്. പ്രത്യേകം യാഗങ്ങളെ സംബന്ധിച്ചത്. തൈത്തിരീയം അല്ലെങ്കിൽ കൃഷ്ണയജുർവേദം, വാജസനേയി അല്ലെങ്കിൽ ശുക്ലയജുർവേദം ഇങ്ങിനെ രണ്ടുവിധം).

**യജുർവേദവിത്ത്**—യജുർവേദം പഠിച്ചവൻ.

**യജുസ്സ്**—ഫ. യജുർവേദം. ഉ. യാഗത്തെ സംബന്ധിച്ച പ്രാർത്ഥന. ന. യാഗസന്ദർഭത്തിൽ ഉച്ചരിക്കുന്ന ഗദ്യമന്ത്രങ്ങൾ. ദേവന്മാർ ഇതുകൊണ്ടു യജിക്കുന്നതിനാൽ 'യജുസ്സ്' എന്നു പേർവന്നു.

**യജ്ഞകൃത്ത്**—യാഗംചെയ്യുന്നവൻ.

**യജ്ഞനിവുൻ**—ശിവഭക്തനായ ഒരു മുനി.

**യജ്ഞൻ**—ഫ. രുചിയുടെ പുത്രൻ, ദക്ഷിണയുടെ ഭർത്താവ്.

(ഒരു മാനിന്റെ തലയുണ്ടായിരുന്നു. ദക്ഷയാഗത്തിൽവച്ചു വീരഭദ്രൻ വധിച്ചു.)

ഉ. അഗ്നി. ന. വിഷ്ണു.

**യജ്ഞപുരുഷൻ**—വിഷ്ണു.

**യജ്ഞം**-പു. യാഗം. (പഞ്ചയജ്ഞം നോക്കുക).

യജ് (പൂജ) എന്നതിൽ നിന്നുണ്ടായി, യജ്ഞം എന്നതിനു 'ബലികഴിക്ക' എന്ന ൎത്ഥമില്ല.

വ. അഗ്നി.

**യജ്ഞവല്ലി**-സോമമെന്ന ചെടി.

**യജ്ഞവാടം**-യജ്ഞസ്ഥലം.

**യജ്ഞവാഹനൻ**-വിഷ്ണു.

**യജ്ഞസാരം**-അത്തിയാൽ.

**യജ്ഞസൂത്രം**-പൂണൂനൽ, വലത്തിട്ടുക (വലത്തെക്കൈ പൊങ്ങിച്ചു ഇടത്തെ ചുമലിൽ തട്ടിച്ചിടുന്ന പൂണൂനൽ).

**യജ്ഞസേനൻ** - പാഞ്ചാലരാജാവു്, ദ്രുപദൻ. വിദൎഭരാജ്യത്തിലേ രാജാവു്.

**യജ്ഞസ്തംഭം**-യാഗശാലയിൽ നാട്ടുന്ന തൂണു്.

**യജ്ഞാംഗം**-പു. യാഗത്തിനു് അവശ്യം ഉണ്ടായിരിക്കേണ്ടതു, യാഗത്തിന്റെ ഒരു ഭാഗം. വ. അത്തിവൃക്ഷം, ചമതസ്രുക്, സ്രുവം, പാത്രം മുതലായ ഉപകരണങ്ങളോടു കൂടി യാഗത്തിൽ പ്രവേശിക്കുന്നതു് എന്നൎത്ഥം. ന. കരിങ്ങാലി. ര. വെളുത്ത ദൎഭ.

**യജ്ഞിയ**- വി. യാഗത്തിനു കൊള്ളാവുന്ന.

**യജ്ഞിയം**-പു. മൂന്നാമത്തെയുഗം, ദ്വാപരയുഗം. വ. കരിങ്ങാലി.

**യജ്ഞിയശാല**-യാഗശാല.

**യജ്വാവു്**-വിധിക്കു തക്കവണ്ണം യാഗം ചെയ്യുവൻ.

**യത**-വി. അടക്കപ്പെട്ട.

**യതനം**-പ്രയത്നം, ഉത്സാഹം.

**യതസ്സ്**-അ. യാതൊന്നു ഹേതുവായിട്ടു്.

**യതാത്മാവു്**-നിയന്ത്രണശക്തിയുള്ളവൻ.

**യതി**-പു. സന്യാസി. വ. ജിതേന്ദ്രിയൻ. (വൃത്തശാസ്ത്രത്തിൽ) കൈകാലുകൾക്കു മുട്ടുകളിൽ ഒടിവുള്ളതുപോലെ പാദത്തിനു ചിലേടത്തുള്ള ഒടിവു്.

'പാദത്തിൽമുറിയുന്നേടം
യതിമുട്ടുകളെന്നപോൽ'
(വൃത്തമഞ്ജരി)

**യതിത**-വി. പ്രയത്നിച്ച.

**യതിനി**-വിധവാ.

**യൽ**-അ. യാതൊന്നു ഹേതുവായിട്ടു്.

**യത്നം**-പ്രയത്നം, അദ്ധ്വാനം, ഉത്സാഹം.

**യത്നവൽ**-വി. ഉത്സാഹമുള്ള.

**യത്ര**-അ. യാതൊരിടത്തു്.

**യഥാ**-അ. യാതൊരുപ്രകാരം, പോലെ, പദാരംഭത്തിൽ ചേൎന്നുവരുമ്പോൾ പിൻപദാൎത്ഥംപോലെ എന്നുള്ള അൎത്ഥം വരുത്തുന്നു. ഉ-ം, യഥാക്രമം = ഇഷ്ടത്തിനു തക്കവണ്ണം. യഥാഗുണം = ഗുണംപോലെ. യഥാക്രമം = ക്രമംപോലെ.

**യഥാജാത**-വി. ഭോഷത്വമുള്ള.

**യഥാജാതൻ**-മൂഢൻ. ജനിച്ചപ്പോൾ ഉള്ളതിൽ അധികമായ അറിവു ലഭിക്കാതെ ആ നിലയിൽ തന്നെ ഇരിക്കുന്നവൻ എന്നൎത്ഥം.

**യഥാതത്വം**-അ. സത്യമാകുംവണ്ണം.

**യഥാതഥ**-വി നേരായുള്ള.

**യഥാതഥം**-ചരിത്രം.

**യഥാതഥാ**-അ. ഉചിതമായി, സത്യം എന്ന അൎത്ഥത്തിലുമാവാം.

**യഥാമുഖീന**-വി. തുല്യമായ,

**യഥായഥം**-അ. പോലെ, യഥായോഗ്യം, മറെറാരു പൎയ്യായം-യഥാസ്വം.

**യഥാൎത്ഥ**-വി. സത്യമുള്ള, സംഭവിച്ച.

**യഥാൎത്ഥത**-പു. സത്യസ്ഥിതി. വ. യോഗ്യത.

**യഥാൎത്ഥം**-അ. സത്യമായിട്ടു്.

## യഥാൎത്ഥവും പരമാൎത്ഥവും തമ്മിലുള്ള വ്യത്യാസം.

യഥാൎത്ഥം—കാൎയ്യത്തിന്റെ സൂക്ഷ്മസ്ഥിതി അറിയാതെ താൻ അറിഞ്ഞതു നേരെന്നു വിശ്വസിച്ചു പറയുന്നതു്.

പരമാൎത്ഥം—കാൎയ്യത്തിന്റെ സത്യസ്ഥിതി അറിഞ്ഞു് അതിനെ പ്രസ്താവിക്കുന്നതു്.

യഥാൎഹ-വി. യോഗ്യതയ്ക്കു തക്കവണ്ണമുള്ള.

യഥാൎഹം- അ. യോഗ്യതപോലെ, യുക്തംപോലെ.

യഥാൎഹവൎണ്ണൻ-ഒററുകാരൻ, ചാരപുരുഷൻ. അതാതു സമയത്തെ തരംപോലെ രൂപം മാററുന്നവൻ എന്നൎത്ഥം.

യഥാവൽ-അ. ൧. സത്യമായിട്ടു്. ൨. യോഗ്യമായിട്ടു്, ന്യായമായിട്ടു്. ൩. തക്കവണ്ണം. ൪. മുമ്പിലത്തെപ്പോലെ.

യഥാസ്ഥിത-വി. നേരുള്ള.

യഥാസ്ഥിതം— അ. ആയിരുന്നതുപോലെ.

യഥാസ്വം-അ. ൧. യഥായഥം, പോലെ, അവനവനു തക്കവണ്ണം. ൨. പ്രത്യേകം പ്രത്യേകമായി.

യഥേപ്സിത-വി. ഇച്ഛിക്കപ്പെട്ട ആഗ്രഹിക്കപ്പെട്ട.

യഥേപ്സിതം-ഇഷ്ടംപോലെ, യഥേഷ്ടം (ക്രിയാവിശേഷണമായി പ്രയോഗിക്കുന്നു) പ്രാപിപ്പാൻ ഇച്ഛിക്കപ്പെട്ടതു് എന്നൎത്ഥം.

യഥേഷ്ടം-അ. ഇഷ്ടംപോലെ.

യഥോചിത-വി. ഉചിതത്തിനു തക്കവണ്ണമുള്ള.

യദാ-അ. യാതൊരിക്കൽ.

യദി-അ. എങ്കിൽ, പക്ഷാന്തരം. ഉ-ം, അസ്തിയദി=ഭവിക്കുന്നു എങ്കിൽ.

യദു-യയാതിക്കു ദേവയാനിയിൽ ഉണ്ടായ മൂത്തപുത്രൻ.

തന്റെ യൌവനം കൊടുത്തു പിതാവിന്റെ വാൎദ്ധക്യം ഏററുകൊള്ളാത്തതുകൊണ്ടു ശപിക്കപ്പെട്ടു.

യദുകുലോത്ഭവൻ-കൃഷ്ണൻ.

യദുപതി-കൃഷ്ണൻ.

യദുശ്രേഷ്ഠൻ-കൃഷ്ണൻ.

യദൃച്ഛ-അ. വിചാരിക്കാതെ.

യദൃച്ഛ—സ്വാതന്ത്ര്യം (സ്വേച്ഛാചാരിത്വം). യാതൊരു ഇച്ഛ എന്നൎത്ഥം.

യദൃച്ഛാശബ്ദം സ്വേച്ഛാശബ്ദാൎത്ഥമാണെന്നു അഭിപ്രായം കാണുന്നു. ഈ ശബ്ദം (യദൃച്ഛ) നിത്യസ്ത്രീലിംഗമാണെന്നു മറെറാരഭിപ്രായം.

മറെറാരു പൎയ്യായം-സ്വൈരിതാ.

യദൃച്ഛയാ-അ. വിചാരിച്ചിരിക്കാതെ, യദൃച്ഛയായിട്ടു്.

യദ്വാ-അ. യാതൊരുപ്രകാരമോ.

യൻ-യമൻ.

യന്തൃ-വി. വിരോധിക്കുന്ന, അടക്കുന്ന.

യന്താവു്-പു. ൧. തേർനടത്തുന്നവൻ. ൨. ആനക്കാരൻ. ൩. നടത്തിപ്പുകാരൻ നിയമിക്കുന്നവൻ—പിടിച്ചു നിറുത്തുന്നവൻ—എന്നൎത്ഥം.

യന്ത്രകം-പു. തിരികല്ലു്. ൨. കുശവന്റെ ചക്രം. ൩. ചാട്ടു്.

യന്ത്രകല്ലു്-തിരികല്ലു്.

യന്ത്രകാ-ഭാൎയ്യയുടെ അനുജത്തി.

യന്ത്രണം, യന്ത്രണാ-തടുക്കുക, അടക്കുക നിറുത്തുക.

യന്ത്രണീ, യന്ത്രിണി-ഭാൎയ്യയുടെ അനുജത്തി

യന്ത്രപുത്രകം, യന്ത്രപുത്രികാ-പൂത്തപ്പാവ.

യന്ത്രപ്പണി-ഗ. സൂത്രപ്പണി. ൨. കൌശലപ്പണി.

യന്ത്രപ്പാഷാണി-തിരികല്ല്.

യന്ത്രപ്രയോഗം-ഗ. സൂത്രപ്പണിചെയ്ക. ൨. മന്ത്രവാദികൾ എഴുതിയ ചില തകിടുകൊണ്ടുള്ള പ്രയോഗം.

യന്ത്രം-ഗ. സൂത്രപ്പണി. ൨. മന്ത്രവും മററും എഴുതിയ ചില തകിട്. ൩. (മ) ചില സ്ത്രീകൾ കഴുത്തിൽ കെട്ടുന്ന ഒരാഭരണം. ർ. ഉപായം, കൌശലം.

യന്ത്രാലയം-അച്ചുക്കൂടം.

യന്ത്രി-ഗ. ഉപായമുള്ളവൻ.

'യന്ത്രികളാകിനകണ്ണൻശകുനി'
(കിരാതം തുള്ളൽ).

൨. യന്ത്രമുള്ളവൻ,സൂത്രപ്പണിയുള്ളവൻ. ൩. ഉപദ്രവം ചെയ്യുന്നവൻ. (സ്ത്രീ-യന്ത്രിണി).

യന്ത്രിക്കുന്നു-ഗ. സൂത്രങ്ങൾ ഉണ്ടാക്കുന്നു. ൨. ഉപായം വിചാരിക്കുന്നു.

യന്ത്രിത-വി. ഗ. കെട്ടപ്പെട്ട. ൨. അടക്കപ്പെട്ട ൩. അസ്വാതന്ത്ര്യമുള്ള.

യന്ത്രോപലം-തിരികല്ല്.

യഭൽ-പായു.

യമ-വി. ഇരട്ടയായ.

യമക-വി. ഇരട്ടയായ, ഇരട്ടപിറന്ന.

യമകം-ശബ്ദാലങ്കാരങ്ങളിൽ ഒന്ന്. അർത്ഥഭേദത്തോടുകൂടി അക്ഷരക്കൂട്ടത്തിന്റെ ആവൃത്തി.

യമധർമ്മം-എല്ലാവരും ആചരിക്കേണ്ടുന്ന കർമ്മധർമ്മങ്ങൾ. അവ ഏതെല്ലാമെന്നും എത്രയാണെന്നും അഭിപ്രായവ്യത്യാസം കാണുന്നു.

ഗ 'ബ്രഹ്മചര്യംദയാക്ഷാന്തിർ
ദാനം സത്യമകല്കതാ,
അഹിംസാസ്തേയമാധുര്യേ-
ദമശ്ചേതിയമാഃസ്മൃതാഃ,

൨. ആനൃശംസ്യംദയാസത്യ-
മഹിംസാക്ഷാന്തിരാർജ്ജവം,
പ്രീതിപ്രസാദോമാധുര്യം
മാർദ്ദവംച യമാദശ.

൩. അഹിംസാസത്യവചനം
ബ്രഹ്മചര്യമകല്കതാ,
അസ്തേയമിതിപഞ്ചൈതേ
യമാഖ്യാംനിവ്രതാനിച'

യമതാട-ഒരായുധം, കട്ടാരം(തി).

യമദംഷ്ട്രാ-ഗ. അന്തകന്റെ ആയുധം. ൨. (മലയാളത്തിൽ) അതിവേദന.

യമദിക്ക്-തെക്കേദിക്ക്.

യമദൂതകം-കാക്ക.

യമദൂതൻ-അന്തകന്റെ ഭൃത്യൻ.

യമദൂതി-പാമ്പിന്റെ വിഷപ്പല്ലുകളിൽ ഒന്ന്.

യമദ്രുമം-ഇലവ്.

യമനം-ഗ. ബന്ധിക്കുക. ൨. അടക്കുക.

യമനികാ-തിരശ്ശീല. (ജവനികയുടെ പാഠാന്തരം).

യമൻ-കാലൻ, അന്തകൻ. യമുനയോടൊരുമിച്ചു ഇരട്ടയായി പിറന്നവൻ എന്നർത്ഥം. ശിക്ഷിപ്പിക്കുന്നവൻ എന്നുമാവാം.

യമൻ സൂര്യന്റെ പുത്രനാണ്. കൊട്ടാരത്തിന്റെ പേർ 'കാമീചി'. സിംഹാസനത്തിന്റെ പേർ 'വിചാരഭൂ'. മനുഷ്യരുടെ പ്രവൃത്തികളെ എഴുതിവെച്ചിട്ടുള്ള പുസ്തകത്തിന്റെ പേർ 'അഗ്രസന്ധാനി'. ലേഖകന്റെ പേർ 'ചിത്രഗുപ്തൻ'. വാതിൽ കാവൽക്കാരന്റെ പേർ 'വൈധ്യതൻ'. ഹേമമാല, സുശീല, വിജയം ഇവർ മൂവരുമത്രേ ഭാര്യമാർ. ശുശ്രൂഷക്കാർ 'മഹാചണ്ഡൻ' 'കാലപുരുഷൻ'. യമൻ യമപുരിയിൽ മുൻപറഞ്ഞ കൊട്ടാരത്തിലുള്ള സിംഹാസനത്തിന്മേൽ ഇരുന്നുകൊണ്ടു പുസ്തകപ്രകാരവും ചിത്രഗുപ്തന്റെ സഹായാനുസരണവും

ആത്മാക്കളെ നീതിയാംവണ്ണം വിസ്തരിച്ചു തീൎപ്പുകല്പിക്കുന്നു. യമദൂതന്മാർ ആത്മാക്കളെ കൊണ്ടുവന്നാൽ കാവൽക്കാരന്റെ വരുതിയോടുകൂടിവേണം യമസന്നിധിയിൽ നിറുത്തുവാൻ. യമനു ദുഷ്ടന്മാരെ ശിക്ഷിക്കാൻ അധികാരമുണ്ടെന്നു ഋഗ്വേദത്തിൽ പറഞ്ഞുകാണുന്നില്ല. യമനു സൂൎയ്യൻ ഒരു പൂവൻകോഴിയെ കൊടുത്തിട്ടുണ്ടു്. ഇങ്ങിനെ കൊടുപ്പാനുണ്ടായ കാൎയ്യം താഴെ പറയുന്നു. ഒരിക്കൽ യമൻ അച്ഛന്റെ പത്നിയായ ഛായയെ ചവുട്ടുന്നതിനു കാലുയൎത്തുകയാൽ ആ മഹതി അവനെ ശപിച്ചു. അതുകൊണ്ടു കാൽ വ്രണപ്പെട്ടു് പുഴക്കാനിടവന്നു. വ്രണത്തിലുള്ള പുഴുക്കളെ കൊത്തിപ്പെറുക്കി വ്രണം പൊറുപ്പിക്കാനായിട്ടാണു് കോഴിയെ കൊടുത്തതു്. യമനു നാലു കണ്ണുള്ള രണ്ടു നായ്ക്കളും ഉണ്ടു്. അവയ്ക്കു ഒരുനാളും തൃപ്തിവരുന്നില്ലെന്നാണു് പ്രസിദ്ധം. യമന്റെ ശസ്ത്രം 'കാലദണ്ഡം'.

യമന്മാർ-ഇരട്ടപിറന്നവർ. (Twins).

യമഭഗിനി-യമുനാനദി.

യമം-കാക്ക.

യമം-൧. അടക്കുക, ഒരിക്കുക. ൨. രാജയോഗത്തിന്റെ ഒരംഗം. (യമങ്ങൾ എന്നതു നോക്കുക). യോഗികളെ നിഷിദ്ധകൎമ്മങ്ങളിൽ നിന്നു യമിക്കുന്നതു്. വിരോധിക്കുന്നതിനു യമം എന്നു പറയുന്നു. അഹിംസ, സത്യം, അസ്തേയം, ബ്രഹ്മചൎയ്യം, അപരിഗ്രഹം ഇവ യത്രെ യമപഞ്ചകം.

ശരീരമാത്രംകൊണ്ടു സാദ്ധ്യവും ജീവിതകാലംവരെ അവശ്യവുമായ കൎമ്മമത്രെ യമം. യമങ്ങൾ-ഗുണങ്ങൾ ൧൦. ൧. ബ്രഹ്മചൎയ്യം, ൨. ദയ, ൩. ക്ഷമ, ൪. ദാനം, ൫. സത്യം, ൬ നീതി, ൭. അഹിംസാ, ൮. കളവുചെയ്യാതെയിരിക്കുക, ൯. എല്ലാവൎക്കും പ്രിയനായിരിക്കുക, ൰. ഇന്ദ്രിയനിഗ്രഹംചെയ്ക. (യമങ്ങൾ എന്നതു നോക്കുക).

൰൧. ഉപരതി.

യമരാട്ട്-കാലൻ. കാലകിംകരന്മാരുടെ രാജാവു് എന്നൎത്ഥം. സംയമംകൊണ്ടു ശോഭിക്കുന്നവൻ എന്നുമാവാം.

യമരാജൻ-കാലൻ.

യമവാഹനം-പോത്തു്.

യമശാലി-സന്യാസി. അടക്കം നല്ലവണ്ണമുള്ളവൻ എന്നൎത്ഥം.

യമസ്വസാ-യമുനാനദി.

യമള-ഒരു സുഖക്കേടു്, ദീനം.

വളരെ നേരംകൊണ്ടു ഇരണ്ടു കൂടി വരുന്ന ഇക്കിളിനു 'യമളം' എന്നു പേർ. ശിരസ്സിനും കഴുത്തിനും ഇളക്കവും ഉണ്ടാവും.

യമളം-ഇണ, ഇരട്ട.

യമാരി, യമരിപു, യമവല്ലൻ-വിഷ്ണു.

യമി-വി. അടക്കുന്ന.

യമി-൧. യമുനാനദി. ൨. സന്യാസി, മഹൎഷി, യോഗി. ഇന്ദ്രിയവൃത്തിയെ നിയന്ത്രിച്ചവൻ എന്നൎത്ഥം.

'യമിനാംപ്രവരഃ കദാപി'

(ദക്ഷയാഗം കഥകളി)

യമിക്കുന്നു-നിരോധിക്കുന്നു.

യമിത-വി ൧. അടക്കപ്പെട്ട. ൨. ഇണചേൎക്കപ്പെട്ട.

യമുനാ-കാളിന്ദി എന്ന നദി. ഉപരമശീലം എന്നൎത്ഥം. സംജ്ഞയിൽ സൂൎയ്യന്റെ പുത്രി, യമന്റെ സഹോദരി, ത്രിയാമ എന്നും മററും വിളിക്കാറുണ്ടു്. (കാളിന്ദി, ബലരാമൻ ഈ ശബ്ദങ്ങൾ നോക്കുക).

**യമുനാഭ്രാതാവ്**-അന്തകൻ. സൂര്യപുത്രനാകയാൽ യമുനാനദിയുടെ സോദരൻ എന്നർത്ഥം.

**യമേശം**-ഭരണിനക്ഷത്രം.

**യയാതി** - സോമവംശത്തിലുണ്ടായിരുന്ന ഒരു രാജാവ്, നഹുഷന്റെ പുത്രൻ. വിഷ്ണുപുരാണത്തിലെ കഥയ്ക്കു 'ദേവയാനി' എന്ന ശബ്ദം നോക്കുക. മററു കഥകളനുസരിച്ചുള്ളവ താഴെ ചേർക്കുന്നു.

യയാതിക്കു 'ദേവയാനി' എന്നും 'ശർമ്മിഷ്ഠ' എന്നും രണ്ടു ഭാര്യമാരുള്ളവരിൽ യദുകുലസ്ഥാപകനായ യദു ദേവയാനിയുടേയും പൌരവകുലസ്ഥാപകനായ പുരു ശർമ്മിഷ്ഠയുടേയും പുത്രരാണ്. യയാതിക്കു ദ്രുഹ്യു, തുർവ്വസു, അനു എന്നു വേറെ മൂന്നു പുത്രന്മാരും ഉണ്ടായിരുന്നു. പത്മപുരാണം—ഇന്ദ്രൻ മാതലിയെ അയച്ചു യയാതിയെ സ്വർഗ്ഗത്തിലേക്കു ക്ഷണിച്ചുവരുത്തി. വഴിമദ്ധ്യേ യയാതിക്കു മാതലി വളരെ സദുപദേശങ്ങൾ നൽകി. യയാതി തിരിയെ വന്നു ഉപദേശങ്ങളനുസരിച്ചു രാജ്യഭാരം തുടങ്ങി. മനുഷ്യർക്കു ദുർമ്മാർഗ്ഗങ്ങൾ നീങ്ങുകയാൽ മരണമില്ലെന്നായി. ഈ വിവരം യമൻ ഇന്ദ്രനെ ധരിപ്പിച്ചു. ഉടൻ യയാതിക്കു സ്ത്രീവിഷയത്തിൽ ആസക്തി ജനിപ്പിക്കാനായി തന്റെ മകളായ അശ്രുബിന്ദുമതിയേയും, കാമദേവനേയും ഇന്ദ്രൻ അയച്ചു. അവളിൽ മോഹാന്ധനായിത്തീൎന്ന യയാതി തന്റെ വാർദ്ധക്യം സ്വീകരിച്ചു യൌവനം നൽകണമെന്നു പുത്രന്മാരോടാവശ്യപ്പെട്ടു. ഇതിനെ സമ്മതിച്ചതു പുരു മാത്രമായിരുന്നു. കുറെ നാൾ കഴിഞ്ഞതിന്റെശേഷം യയാതി തന്റെ രാജ്യത്തോടുകൂടി യൌവനം പുരുവിനു തിരിയെ കൊടുത്തിട്ടു അശ്രുവിന്ദുമതിയോടുകൂടി സ്വർഗ്ഗത്തെ പ്രാപിച്ചു. ഹരിവംശം—ഇന്ദ്രൻ യയാതിക്കു ഒരു രഥത്തെ നൽകി. ഇതിനെക്കൊണ്ടു യയാതി ലോകം മുഴുവൻ കീഴടക്കി. ഇതിനു ആറു രാത്രിയേ വേണ്ടിവന്നുള്ളു. രഥം ഗാർഗ്ഗ്യന്റെ ശാപം ഹേതുവായിട്ടു ജനമേജയന്റെ പക്കൽ നിന്നു വേർവിട്ടതായി പറയുന്നു.

**യയി**-പു. യാഗത്തിനുള്ള കുതിര. പ്രധാനമായി അശ്വമേധയാഗത്തിനുള്ളതാണ്.
൨. സാധാരണ കുതിര. ൩. ശിവൻ. ൪. വഴി. ൫. മേഘം.

**യയു**-പു. കുതിര. ൨. അശ്വമേധയാഗത്തിനായി നിശ്ചയിക്കപ്പെട്ട കുതിര. യാഗശാലയെ പ്രാപിക്കപ്പെടുന്നതു് എന്നർത്ഥം.

**യലിയാൻ**-കടലാവണക്ക്.

**യവകം**-പു. ഒരു ധാന്യം. യവകച്ചെന്നെല്ല്, യവം. ൨. പാക്യജനകം. ൩. പടുതോര.

**യവക്യം**-കോതമ്പ് വിളയുന്നേടം, യവകച്ചെന്നെല്ലു വിളയുന്നേടം.

**യവക്രീതൻ**-ഭരദ്വാജന്റെ പുത്രൻ.

യവക്രീതൻ ഇന്ദ്രനെ തപസ്സുചെയ്തു അദ്ധ്യയനം കൂടാതെ വേദജ്ഞാനം ഉണ്ടാവാൻ വരം വാങ്ങി. ഈ വരം ഡംഭാഹാരങ്ങൾക്കു ഇടയാക്കി. ഋഷിമാരെ അഗണ്യമായി കരുതുന്നതിനു ആരംഭിച്ചു. എന്നാൽ യവക്രീതൻ ഒരു ഭയങ്കര രാക്ഷസനാൽ വധിക്കപ്പെട്ടു. രൈഭ്യന്റെ പുത്രനായ 'പരാവസു' എന്ന ഋഷി നടത്തിയ യാഗത്തിൽ നിന്നാണു രാക്ഷസൻ ഉൽഭവിച്ചതു്. യാഗം നടത്തി ഋഷി ഈവിധം ചെയ്യിച്ചതിനു കാരണം അദ്ദേഹത്തിന്റെ ഭാര്യയെ യവക്രീതൻ വശീകരിപ്പാൻ ശ്രമിച്ചതായിരു

നു. പുത്രനോടുള്ള വാത്സല്യം ഹേതുവായി ഭരദ്വാജൻ ചിതയിൽ കയറി തന്നത്താൻ മരിച്ചു. പരാവസു അയാളുടെ പിതാവിന്റെ ഘാതകനായി തീരുമെന്നു ശപിച്ചുംവച്ചാണു മരിച്ചതു്. അതിന്റെ ശേഷം ഒരു മാനാണെന്നു തെറ്റിദ്ധരിച്ചു രൈഭ്യനെ പരാവസു നിഗ്രഹിച്ചു. രൈഭ്യന്റെ മറ്റൊരു പുത്രനായ അർവാവസുവിന്റെ ഭക്ത്യാഗ്രഹം ഹേതുവായിട്ടു ദേവകൾ അവരെ മൂന്നുപേരെയും ജീവിപ്പിച്ചു.

**യവക്ഷാരം**-ഒരു മരുന്നു്, ചവക്കാരം.

**യവക്ഷോദം**- യവം പൊടിച്ചു കുഴച്ച മാവ്.

**യവനൻ**-(മുചുകുന്ദൻ നോക്കുക).

**യവനൻ**-൧. ഗ്രെക്കൻ, ഗ്രെക്കുജാതിക്കാരൻ. ൨. മുഹമ്മദീയൻ.

പണ്ടു രാജാക്കന്മാരുടെ അമ്പും വില്ലും സൂക്ഷിക്കുന്നതിനായി യവനയുവതികൾ (യവനിക) നിയമിക്കപ്പെട്ടുവന്നു എന്നു നാടകങ്ങൾ പ്രത്യക്ഷപ്പെടുത്തുന്നു.

**യവനം**-൧. ഒരു രാജ്യം, ഗ്രെക്ക്. ൨. കോതമ്പ്. ൩. അറബിക്കുതിര. ൪. വേഗമുള്ള കുതിര.

**യവനാരി**-കൃഷ്ണൻ.

**യവനാനി**- യവനഭാഷയുടെ അക്ഷരങ്ങൾ.

**യവനിക**-൧. തിരശ്ശീല, മറ.

'മായായവനികാച്ഛന്നനായ്മേവിന'
(ഭാഗവതം)

൨. യവനസ്ത്രീ, മഹമ്മദീയസ്ത്രീ. ൩. കുറാശാണി.

**യവനേഷ്ടം**-൧ ഈയ്യക്ക്. ൨. കാരീയം. ൩. ചണ്ണമുള്ളങ്കി ൪. വേപ്പ്. ൫. വെള്ളുള്ളി. ൬. വലിയ ചെമന്നുള്ളി.

**യവഫലം**-൧. മുള. ൨. ജടാമാഞ്ചി. ൩ കടകപ്പാല. ൪. കല്ലാൽ.

**യവം**-൧. ഒരു ധാന്യം, വാൽക്കോതമ്പ്. കൂട്ടിച്ചേർക്കുന്നതു് എന്നർത്ഥം.

യവത്തിനു 'അക്ഷതധാന്യം' എന്നും പറയുന്നുണ്ടു്. ഈ ഭോജ്യവർഗത്തിൽ ചേർന്ന ശൂകധാന്യമാണ്. ഇതു മൂന്നുതരമുണ്ടു്. ൧. വെളുത്ത് ഓവുള്ളതു്—ഗുണാധിക്യമുള്ളതാണ്. ൨. ഓവില്ലാത്തതു്—ഗുണം കുറഞ്ഞതാകുന്നു. ൩. പച്ചനിറമുള്ളതു്—ഹീനഗുണമുള്ളതാണ്. ഓവുള്ളതുകൊണ്ടാണു ഇതിനെ വാൽക്കോതമ്പ് എന്നു വിളിക്കുന്നതു്. ത-യവൈകോതുമൈ, തോൽക്കോതുമൈ എവ. ഇം-Barley ബാല്ലി.

തോമരപ്പയറ് (തോരൻപയറ്) എന്നും കാണുന്നു. ൨. കടകപ്പാലയരി.

**യവസം**-പൈപ്പുല്ല്.

പശുക്കൾക്കു തിന്നുന്നതിനു യോഗ്യമായ എല്ലാത്തരം പുല്ലിനും 'യവസം' എന്നു പേർ.

**യവസുരം**— യവത്തിൽ നിന്നെടുക്കുന്ന മദ്യം.

**യവാഗു**-കഞ്ഞി. വറവും വെള്ളവും കൂടിച്ചേർന്നതു് എന്നർത്ഥം.

'ഭക്തയവാഗുപാനീയാദികളിൽ'
(ഭാഗവതം)

**യവാഗ്രജം**-൧ യവത്തിന്റെ ഓക്ക് ചുട്ടുണ്ടാക്കുന്ന ഉപ്പ് ൨. ചവക്കാരം. ൩ കുറാശാണി.

**യവാനകം**-അയമോദകം.

**യവാനകം, യവാനികാ, യവാനീ**- അയമോദകം.

**യവാനി**-൧. ജീരകം. ൨. കുറാശാണി.

യവാനിക-സ്ത്രീ. ജീരകം. വ. അയമോദകം. ദുഷ്ടമായ യവം എന്നർത്ഥം. ന. കുറാശാണി.

യവാപത്യാ-ചവക്കാരം.

യവാഷം, യവാസം-ഒരു പച്ചമരുന്ന്, കൊടിത്തൂവ. വ്യാപിക്കുന്നത് എന്നർത്ഥം

യവാസശർക്കര- കൊടിത്തൂവ കഷായത്തിൽ കരിമ്പിൻനീരു ചേർത്തു മുതക്കിൻവേരു കത്തിച്ചുണ്ടാക്കുന്ന പഞ്ചസാര.

യവിഷ്ഠ-വി. വളരെ ചെറിയ.

യവിഷ്ഠൻ-പു. ഉള്ളതിൽ ചെറിയ അനുജൻ. വ. അഗ്നി.

യവീയസ്സ്-വി. എല്ലാവരിലും ഇളയ.

യവീയസ്സ്-അനുജൻ. ചെറിയ യുവാവ് എന്നർത്ഥം.

യവ്യാ-യവം വിളയുന്നേടം.

യശദം, ജശദം-നാകം.

യശസ്കൻ-യശസ്സുള്ളവൻ.

യശസ്കരി-അടവതിയൻ.

യശസ്വൽ-വി. കീർത്തിയുള്ള. (സ്വാൻ, സ്വതി, സ്വൽ).

യശസ്വി-വി. യശസ്സുള്ളവൻ (സ്വീ, സ്വിനി, സ്വി).

യശസ്വിനി-സ്ത്രീ. യശസ്സുള്ളവൾ. വ. മറിക്കുന്നി. ന. വലിയ വാലുഴവം. ദ കീരിവള്ളി. ഉ ഉഴി. ന്യ. കാട്ടുപരുത്തി.

യശസ്സ്-കീർത്തി. ദിക്കുകളെ വ്യാപിക്കുന്നതു് എന്നർത്ഥം. മററു പര്യായങ്ങൾ-കീർത്തി, സമജ്ഞം.

യശഃപടഹം-ഒരു വാദ്യം, മദ്ദളം. നിഷാണ (നിസ്സ്വരണ) വാദ്യം.

വിരവാണത്തിന്റെ പേർ എന്നു ചിലർ.

യശോദ-നന്ദന്റെ പത്നി, കൃഷ്ണന്റെ വളർത്തമ്മ.

യശോദം-രസം.

യഷ്ടാവ്-യാഗം ചെയ്യുന്നവൻ.

യഷ്ടി-ഭോഷൻ.

'ഒട്ടുമകംപുറമില്ലാതുള്ളൊരു
യഷ്ടീ! നില്ലുനിനക്കെന്തറിയാം'
(ഘോഷയാത്ര തുള്ളൽ)

യഷ്ടി-സ്ത്രീ. വടി, തടി. വ. ഗദ. ന. മാല. ദ മുത്തുമാല, മുത്തുമാലയുടെ ഇഴ. ഉ ഇരട്ടിമധുരം ന്യ. വടികൊണ്ടുള്ള അടി.

യഷ്ടികം-ഒരു പക്ഷി.

യഷ്ടിത്വം-വഷളത്വം.

യഷ്ടിമധു-ഒരങ്ങാടിമരുന്ന്, ഇരട്ടിമധുരം

യഷ്ടിഹേതികൻ-ഈട്ടിക്കാരൻ.

യഷ്ടീകം-ഇരട്ടിമധുരം.

യഷ്ടീമധുകം - ഇരട്ടിമധുരം. മധുവിനു സമം മധുരമുള്ള കോൽ എന്നർത്ഥം.

## യാ

യാ-ലക്ഷ്മി.

യാ പോവുക, അനങ്ങുക, നടക്കുക.

യാഗം-ദേവകൾ പ്രസാദിപ്പാനായിട്ടു ചെയ്യുന്ന ഒരു കർമ്മം. ഇതിൽ യജിക്കപ്പെടുന്നതിനാൽ—ദേവന്മാർ പൂജിക്കപ്പെടുന്നതിനാൽ—ഈ പേർ വന്നു. പര്യായങ്ങൾ യജ്ഞം, സവം, അദ്ധ്വരം, യാഗം, സപ്തതന്തു, മഖം, ക്രതു.

യാഗശാല-യാഗം ചെയ്യുവാനായിട്ടു കെട്ടിയുണ്ടാക്കുന്ന പുര.

യാഗസന്താനൻ-ജയന്തൻ.

യാചക-വി. ഇരക്കുന്ന, ചോദിക്കുന്ന.

യാചകൻ-൧. ഇരക്കുന്നവൻ. ൨. സന്യാസി, ഭിക്ഷു.

യാചകം-യാചന, ഇരക്കുന്നതു്.

യാചന-ഇരക്കുക, ചോദിക്കുക. പര്യായങ്ങൾ-യാച്ഞാ, അഭിശസ്തി, യാചനാ, അർത്ഥനാ.

യാചനകൻ-യാചിക്കുന്നവൻ.

യാചനക-വി. യാചിക്കുന്ന, ഇരക്കുന്ന, ചോദിക്കുന്ന.

യാചനം-അപേക്ഷ.

യാചിക്കുന്നു-ഇരക്കുന്നു, ചോദിക്കുന്നു.

യാചിത-വി. ഇരക്കപ്പെട്ട, ചോദിക്കപ്പെട്ട.

യാചിതകം — ഇരവൽ, യാചിച്ചുകിട്ടുന്നതു്.

യാചിഷ്ണു-യാചിക്കുശീലമുള്ളവൻ.

യാച്ഞാ-ഇരക്കുക.

യാജം-൧. ചോറ്. ൨. ആഹാരം.

യാജകം-൧. മദംപൊട്ടിയ ആന. ൨. രാജാവിന്റെ ആന.

യാജകൻ-യാഗം ചെയ്യുന്നവൻ, യജിക്കുന്നവൻ.

യാജൻ-പുണ്യവാനായ ഒരു ബ്രാഹ്മണൻ.

ഈ ബ്രാഹ്മണനെക്കൊണ്ടു ദ്രുപദരാജാവു ഒരു യാഗം കഴിപ്പിച്ചു. ഒരുകോടി പശുക്കളാണ് ഇതിനു കൊടുത്തതു്. ദ്യുമ്നനും ദ്രൗപദിയും ബലിപീഠത്തിൽ നിന്നുണ്ടായവരാണ്.

യാജനം-യാഗംചെയ്ക.

യാജമാനം-യജമാനനാൽ ചെയ്യപ്പെടുന്ന ഒരു യാഗഭാഗം.

യാജി-൧. യാഗം കഴിക്കുന്ന ആൾ. ൨. യാഗം.

യാജിനം-യാഗംചെയ്ക.

യാജുഷം-തിരിപ്പുള്ള്.

യാജ്യ-വി. യാഗം ചെയ്യപ്പെടുവാൻതക്ക, പൂജിപ്പാൻതക്ക.

യാജ്യൻ-പൂജയെ ഏല്പാൻ യോഗ്യൻ.

യാജ്യം-യാഗത്തിൽ കിട്ടുന്ന ദാനം.

യാജ്ഞവല്ക്യൻ-ഒരു പ്രസിദ്ധനായ മഹർഷി.

ശതപഥബ്രാഹ്മണം, യാജ്ഞവല്ക്യസ്മൃതി, ബൃഹദാരണ്യകം ഇവയുടെ കർത്താവ്. യോഗം സ്ഥാപിച്ചു.

യാജ്ഞസേനി-പാഞ്ചാലി. യജ്ഞസേനന്റെ മകൾ എന്നർത്ഥം.

യാജ്ഞികൻ-യാഗം ചെയ്യുന്നവൻ.

യാജ്ഞികം-൧. അരയാൽ. ൨. ചെങ്ങരിങ്ങാലി. ൩. പ്ലാശു. ൪. പച്ചനിറമുള്ള ദർ.

യാത-വി. ൧. പോയ. ൨. ലഭിച്ച.

യാതനാ-൧. നരകവേദന, അധികമായ വേദന. നാശത്തെ പ്രാപിക്കുന്നതു് എന്നർത്ഥം ഉപദ്രവിക്കുന്നതു് എന്നുമാവാം. ൨. നരകശിക്ഷ. മററു പര്യായങ്ങൾ-കാരണാ, തീവ്രവേദന.

യാതനം-പ്രതികാരംചെയ്യുക.

യാതാ-ആനയെ നടത്തുക.

യാതയാമ-വി. ൧. പഴയ. ൨. അനുഭവിക്കപ്പെട്ട. ഉപഭോഗകാലം, കഴിഞ്ഞുപോയതു് എന്നർത്ഥം. ൩. പെരുമാറിയ. ൪. തള്ളപ്പെട്ട.

യാതാവ്-൧. ജ്യേഷ്ഠന്റെ ഭാര്യ അനുജന്റെ ഭാര്യയെ പറയുമ്പോഴും മറിച്ചു അനുജന്റെ ഭാര്യ ജ്യേഷ്ഠന്റെ ഭാര്യയെ പറയുമ്പോഴും ഉപയോഗിക്കുന്ന വാക്ക്. ൨. ഭർത്താവിന്റെ സഹോദരന്റെ ഭാര്യ. ഗൃഹകർമ്മങ്ങളിൽ ഒരുമിച്ചു പ്രയത്നംചെയ്യുന്നവർ എന്നർത്ഥം.

'ഭ്രാതൃവർഗസ്യ ഭാര്യാഃ തു
പരസ്പരം യാതരഃ സ്യുഃ'

ജ്യേഷ്ഠാനുജന്മാരുടെ ഭാൎയ്യമാർ അ ന്യോന്യം യാതാക്കന്മാരാണ്.

ന. വണ്ടിയടിക്കുന്നവൻ. ൪ വഴിയാ ത്രക്കാരൻ, നടക്കുന്നവൻ.

**യാതീഫലം**-ജാതിക്ക.

**യാതു**-വി. പോകുന്ന.

**യാതു**-പു. രാക്ഷസൻ. ൨. പാന്ഥൻ ൩. വായു. ൪. സമയം. ൫ ഒരു ആയുധം.

**യാതുഘ്നം**-ഗുഗ്ഗുലു.

**യാതുധാനൻ**-പു. രാക്ഷസൻ. യാതു എന്ന പേരുധരിച്ചവൻ എന്നൎത്ഥം. സ്വ ജാതിസ്നേഹം ഹേതുവായിട്ടു യാതുക്കളെ (രാക്ഷസന്മാരെ) പോഷിപ്പിക്കുന്നവൻ. (പാഠം-ജാതുധാനൻ). ൨. സന്നിധാ നമുള്ളവൻ (മായാവി).

യാതുധാനർ-നായ്,കഴുകൻ തുടങ്ങി യുള്ള ജന്തുക്കളുടെ ആകൃതിയിൽ ചരി ക്കുന്ന ദുഷ്ടന്മാർ. വായുപുരാണം അനു സരിച്ചു സുരസയിൽ കാശ്യപൻെറ മക്കൾ.

**യാതൃകൻ**-യാത്രക്കാരൻ.

**യാതൊന്നു**-അ. അതെന്നു പറയുന്ന വാ ക്കിനെ സംബന്ധിച്ചു വരുന്നതു്.

**യാതൊരളവു്**-അ. പു. യാതൊരു സമ യം. ൨. എത്രത്തോളം.

**യാതൊരിക്കൽ**-അ. യാതൊരു സമയ ത്തിൽ.

**യാതൊരുത്തൻ** - മുമ്പിൽ പറയപ്പെട്ട വൻ.

**യാതൊരുത്തി**-മുമ്പിൽ പറയപ്പെട്ടവൾ.

**യാത്ര**-പു. പുറപ്പാടു, സഞ്ചാരം, പോക.

(അടിതോൽ എന്നതു നോക്കുക).

മററു പൎയ്യായങ്ങൾ-പ്രജ്യാ, അഭിനി ൎയ്യാണം, പ്രസ്ഥാനം, ഗമനം, ഗമം.

യാത്രയ്ക്കു കൊള്ളുന്നതും കൊള്ള രുതാത്തതുമായ ദിവസങ്ങൾ.

അശ്വതി, രോഹിണി, മകയിരം, പുണർതം, പൂയം, ഉത്രം, അത്തം, ചോ തി അനിഴം, മൂലം, ഉത്രാടം, തിരുവോ ണം, അവിട്ടം, ചതയം, ഉത്രട്ടാതി, രേ വതി ഈ നാളുകൾ കൊള്ളാം.

ജന്മനക്ഷത്രങ്ങളും ഇടവം, ചിങ്ങം, വൃശ്ചികം, കുംഭം, മിഥുനം ഈ രാശി കളും പ്രതിപദം, ചതുൎത്ഥി, ഷഷ്ഠി, നവ മി, ചതുർദശി, വാവു ഈ പക്കങ്ങളും ഗുളികവ്യഷ്ടി ഗണ്ഡാന്തങ്ങളും യാത്രക്കു കൊള്ളുകയില്ലാ. നാലാമിടത്തു ചന്ദ്ര നോടുകൂടിയ രാശിയും കൊള്ളുകയില്ല. ആറിലും പന്ത്രണ്ടിലും ചന്ദ്രനോടുകൂടിയ രാശിയും മദ്ധ്യമം. കിഴക്കോട്ടേക്കു ഞാ യറാഴ്ചയും, അഗ്നിക്കോണിലേക്കു ചൊ വ്വാഴ്ചയും, തെക്കോട്ടേക്കു വ്യാഴാഴ്ചയും, നിരൃതിക്കോണിലേക്കു ബുധനാഴ്ചയും പടിഞ്ഞാറോട്ടേക്കു വെള്ളിയാഴ്ചയും, വായുക്കോണിലേക്കു ശനിയാഴ്ചയും, വട ക്കോട്ടേക്കു തിങ്കളാഴ്ചയും യാത്രപോകാൻ കൊള്ളുകയില്ല. അതുപോലെ തന്നെ നാളുകളിൽ കിഴക്കോട്ടേക്കു ഉത്രാടവും, തിരുവോണവും; തെക്കോട്ടേക്കു ഉത്രട്ടാ തിയും, അശ്വതിയും, വടക്കോട്ടേക്കു ഉ ത്രവും, അത്തവും നിഷിദ്ധമാകുന്നു. യോഗിനിയിൽകൂടി പോകുന്നു എങ്കിൽ മകരം രാശികൊണ്ടു പുറപ്പെടരുതു്. യാത്രപോയാൽ ൯ ാം ദിവസത്തിലും ൯-ാം മാസത്തിലും ഭവനത്തിങ്കൽ മടങ്ങി ച്ചെല്ലരുതു്. ചെന്ന മൂന്നാംദിവസം രേ ദിക്കിലേക്കും പോകരുതു്. യാത്ര പുറ പ്പെടുന്ന ദിക്കിലേക്കു നേരെ വിൽപ്പാടെ ങ്കിലും ചെന്നു താമസിക്കാവു. വഴി യിൽ അഞ്ചു ദിവസത്തിലധികം താമ സിച്ചാൽ വേറെ മുഹൂൎത്തംകൊണ്ടു യാത്ര

പുറപ്പെടണം. കേരളീയർ യാത്രക്കു യോഗിനീപഞ്ചകം മുതലായതുകളെ അധികം നോക്കിവരുമാറില്ല. അടിയന്തര യാത്ര വേണ്ടിവന്നാൽ നക്ഷത്രാദികളൊന്നും വിചാരിക്കാതെ പ്രഭാതത്തിൽ യാത്രപോകാം.

| | | |
|---|---|---|
| കിഴക്കോട്ട്- | ചൊവ്വാഴ്ച- | ലാഭം. |
| തെക്കോട്ട്- | തിങ്കൾ, ശനി | -ധനാഗമം. |
| പടിഞ്ഞാറോട്ട്- | ബുധൻ, വ്യാഴം | -കാര്യസിദ്ധി |
| വടക്കോട്ട്- | ഞായർ, വെള്ളി | -ധാന്യലാഭം. |

ജന്മനക്ഷത്രം തുടങ്ങി യാത്രതിരിക്കുന്ന ദിവസത്തെ നക്ഷത്രം വരെ എണ്ണിയാൽ ൧, ൨, ൯, ൧൦, ൧൧, ൧൮, ൧൯, ൨൦, ൨൭ ഈ ഒൻപതിൽ ഏതെങ്കിലും ഒന്നു വന്നാൽ മരണഭയവും ൧൨, ൧൩, ൧൪, ൧൫, ൧൬, ൧൭ ഇവയിൽ ഏതെങ്കിലും ഒന്നു വന്നാൽ ദുഃഖവും ഫലം. മറ്റുള്ള സംഖ്യ വന്നാൽ യാത്രക്കു വിരോധമില്ല.

൨. വഴി (റോട്ട്). ൩. ഉപജീവനം.

**യാത്രക്കളി**-കേരളത്തിലെ ഒരു കളി.

ഇതു കേരളത്തിലുണ്ടായതു് കലിവർഷം ൩൪൦൦-നു ഇടയ്ക്കാണ്. ഇതിനെ 'ശാസ്ത്രക്കളി' എന്നും 'പാനക്കളി' എന്നും പറയുന്നുണ്ട്. കളിയുടെ പ്രധാനാംഗങ്ങൾ ഇപ്പോൾ നാലു പാദം, പാന, ആംഗ്യങ്ങൾ, ഹാസ്യങ്ങൾ ഇവയാകുന്നു. ഈ കളി നമ്പൂരിമാർക്കു വളരെ പ്രധാനമാണ്.

ഒരു ഗാനം താഴെ ചേർക്കുന്നു.

'മൂട്ടകടിച്ചാലും വലിയാന-
ത്തലവൻ ചത്തു
മൂട്ടിൽകിടന്നൊരു മുക്കളൻ
പറന്നേപോയി.
കാട്ടിൽകിടന്നൊരരണ്ടെലിക്കുട്ടി
കടലുഴുതു
കാചത്തിലുവിത്തുവിതച്ചപ്പോ-
ഴടയ്ക്കാകാച്ചു'

**യാത്രായോഗം**-യാത്ര നോക്കുന്നതിനുള്ള നല്ല നേരം.

**യാത്രാശൂലം**- യാത്രയെ സംബന്ധിച്ച ശൂലം.

**യാഥാകഥ്യം**-പരമാർത്ഥം, വാസ്തവം.

**യാഥാർത്ഥ്യം**-യഥാർത്ഥത, വാസ്തവം.

**യാദവൻ**-൧. കൃഷ്ണൻ. ൨. യദുകുലസന്തതി.

യാദവർ-യദുവിന്റെ സന്തതി. കൃഷ്ണന്റെ ജനനം ഈ കുലത്തിലാകുന്നു.

**യാദവം**-കന്നുകാലിക്കൂട്ടം.

**യാദവീ**-ദുർഗ്ഗ.

**യാദസാംപതി**-വരുണൻ, സമുദ്രം.

**യാദസ്പതി, യാദഃപതി**-൧. സമുദ്രം. ൨. വരുണൻ. യാദസ്സുകളുടെ (ജലജന്തുക്കളുടെ) നാഥൻ എന്നർത്ഥം.

**യാദസ്സ്**-ജലജന്തു.

**യാദാസ്തു**-കാര്യവിവരം കുറിച്ചിട്ടുള്ള എഴുത്ത്.

യാദാസ്തിനു ഇപ്പോൾ നടപ്പുള്ള പേർ 'മഹസർ' എന്നാകുന്നു.

**യാദു**-ജലം.

**യാദൃച്ഛിക**-വി. യദൃച്ഛയായുള്ള.

**യാദൃശ**-വി. യാതൊരുപ്രകാരമുള്ള (ശൻ, ശീ, ശം).

**യാദോനാഥൻ**-കടൽ.

**യാദോനിധി**-സമുദ്രം.

**യാദോനിവാസം**-ജലം.

**യാനകം**-വാഹനം.

യാനപാത്രം-കപ്പൽ, സമുദ്രത്തിലെ വള്ളവും മററും, മരക്കലം. മറെറാരു പൎയ്യായം-പോതം.

യാനം-ഫ. യാത്ര. പോവുക. ൨. ആന തേർ മുതലായ വാഹനം. ൩. സന്ധി മുതലായ ൬-ഗുണങ്ങളിൽ ഒന്നു്. ഗമിക്കുന്ന ശത്രുവിൻെറ നേരെ യുദ്ധത്തിന്നായി ഒരുങ്ങിക്കൊണ്ടുള്ള പുറപ്പാടു്. (ആറു നയങ്ങളിൽ ഒന്നു്).

യാനമുഖം-തേർ മുതലായ വാഹനങ്ങളുടെ മുൻഭാഗം. യാനത്തിൻെറ മുഖം എന്നൎത്ഥം.

യാപക-വി. കൊടുക്കുന്ന.

യാപനം-ഫ. കാലംകഴിക്ക. ൨. ഇരിപ്പ്. ൩. അയച്ചുകളക.

യാപിക്കുന്നു-ഉപജീവനം കഴിക്കുന്നു.

യാപ്യൻ-അധമൻ.

യാപ്യ-വി. ഹീനമായ, നിന്ദ്യമായ, ദുരാചാരകലാദികളെക്കൊണ്ടു നിന്ദിക്കപ്പെട്ട. ൨. കാലം കഴിക്കപ്പെടുവാൻ തക്ക. (യാപ്യം-ഉന്തുകൂടിയാൽ വിടാം അതു് എന്നു ശബ്ദാൎത്ഥം).

യാപ്യയാനം-ഒരുമാതിരി പല്ലക്കു്, അന്തോളം. യാപ്യന്മാരാൽ (അധമന്മാരാൽ) വഹിക്കപ്പെടുന്നതു് എന്നൎത്ഥം.

യാഭം-സ്ത്രീയും പുരുഷനും തമ്മിലുള്ള ക്രീഡ.

യാമ-വി. യമനെ സംബന്ധിച്ച.

യാമം-ഫ. ഏഴരനാഴിക കൂടിയ സമയം. യാനം ചെയ്യുന്നതു് എന്നൎത്ഥം. മറെറാരു പൎയ്യായം-പ്രഹരം. ൨. അടക്കം, ക്ഷമ.

യാമഘോഷി-ഏഴരനാഴികവെളുപ്പിനു കണിശമായി കൂകുന്ന കോഴി.

യാമഘോഷം-കോഴി.

യാമവതി-ഫ. മഞ്ഞൾ. ൨. രാത്രി.

യാമളം-ഇരട്ട

യാമാൎദ്ധം-യാമത്തിൽ പാതി, മൂന്നേമുക്കാൽ നാഴിക.

യാമി-ഫ. സഹോദരി. ൨. കുലസ്ത്രീ. സുഖം അനുഭവിക്കുന്നവൾ എന്നൎത്ഥം. ൩. രാത്രി. ൪. മകൻെറ ഭാൎയ്യ.

യാമികൻ-യാമത്തിൻെറ മുറ കാക്കുന്ന കാവൽക്കാരൻ.

യാമിനി-ഫ. രാത്രി. യാമങ്ങൾ ഉള്ളതു് എന്നൎത്ഥം. ൨. മഞ്ഞൾ.

യാമിനീചര-വി. രാത്രിയിൽ സഞ്ചരിക്കുന്ന.

യാമിനീചരൻ-രാക്ഷസനും മററും.

യാമിനീചരം-ഗുഗ്ഗുലു.

യാമിനീപതി-ഫ. കൎപ്പൂരം ൨. ചന്ദ്രൻ.

യാമിനീവിരഹം-ചക്രവാകപ്പക്ഷി.

യാമീ-ഫ. സഹോദരി. ൨. സുകൃതമുള്ള സ്ത്രീ. ൩. രാത്രി. ൪. തെക്ക്. ൫. പുത്രി. ൬. പുത്രൻെറ ഭാൎയ്യ.

യാമീരം-ഫ. ചന്ദ്രൻ. ൨. രാത്രി.

യാമുനം-ഫ. ഒരു ശൈലം. ൨. സ്രോതോഞ്ജനം, സൌവീരാഞ്ജനം. യമുനയിലുണ്ടായതു് എന്നൎത്ഥം. 'സുമ്മ' എന്നു ഭാഷ കാണുന്നു.

യാമുനേയൻ-ഉടപ്പിറന്നവളുടെ പുത്രൻ.

യാമ്യ-വി. ഫ. തെക്കുള്ള. ൨. യമനെ സംബന്ധിച്ച.

യാമ്യൻ-ഫ. അഗസ്ത്യൻ. ൨. ശിവൻ. ൩. വിഷ്ണു.

യാമ്യം-ചന്ദനം.

യാമ്യാ-ഫ. രാത്രി. ൨. തെക്കുഭാഗം.

യായജൂകൻ-വീണ്ടുംവീണ്ടും യാഗം ചെയ്യുന്നവൻ

**യായാവര**-വി. തെണ്ടിനടക്കുന്ന, അലയുന്ന.

**യായാവരൻ**-യോഗി.

**യായാവരം**— അശ്വമേധത്തിന്ന തിരഞ്ഞെടുത്ത കുതിര.

**യാവ**-വി. യവത്തെ സംബന്ധിച്ച.

**യാവകം**-പു. യവം. വ. മുതിര. ന. പട്ടരോരം കൂടിച്ചേരുന്നതു് എന്നൎത്ഥം.

**യാവ(ക)ം**-അരക്കു്.

**യാവജ്ജീവം**-അ. ജീവപൎയ്യന്തം.

**യാവത്തുകം**-സകലങ്ങൾ.

**യാവന**-വി. യവനനെ സംബന്ധിച്ച.

**യാവന**-ദിവസവൃത്തികഴിച്ചൽ.

**യാവനം**-അറബിക്കുന്തുരുക്കം, കുന്തുരുക്കം. അന്യദ്ധൂപദ്രവ്യങ്ങളോടു കൂടിച്ചേരുന്നതു് എന്നൎത്ഥം. യവനദേശത്തിലുണ്ടായതു് എന്നൎത്ഥം.

**യാവനാളം**-ചോളം.

**യാവം**-അരക്കു്, കോലരക്കു്. വസ്ത്രാദികളിൽ ചായമായിട്ടും മറവം കൂടിച്ചേരുന്നതു് എന്നൎത്ഥം.

ചെമ്പഞ്ഞിച്ചാറായിട്ടും മറവം ഉപയോഗിച്ചുവരുന്നു.

**യാവൽ**-വി. യാതൊരിടത്തോളമുള്ള.

**യാവൽ**-അ. പു. യാതൊരിക്കൽ. വ. എത്ര (യാവൽ=എത്ര. താവൽ=അത്ര) ന. ഏതുവരെ. ര. എപ്പോൾ.

**യാവശൂകം**-ചവക്കാരം.

**യാവസം** - ഒരുമാതിരി പുല്ലിന്റെ കൂമ്പാരം.

**യാഷ(സ)ം**-വെൺകൊടിത്തൂവ.

**യാഷ്ടീകൻ**-യഷ്ടിയുള്ള ഒരു യോദ്ധാവു്. യഷ്ടി (വടി) ആയുധമായിട്ടുള്ളവൻ. ഈട്ടിക്കാരൻ.

**യാസം**-പു. കൊടുത്തൂവ. വ. പരിശ്രമം, പ്രയത്നം.

**യാസ്കൻ**-നിരുക്തത്തിന്റെ കൎത്താവു്.

## യി

**യിയക്ഷമാണൻ**-യാഗംചെയ്യുന്നതിനാഗ്രഹമുള്ളവൻ.

**യിയക്ഷു**-വി. ചെയ്യുന്നാഗ്രഹമുള്ള.

**യിയാനൻ**-യാനംചെയ്വാൻ ഇച്ഛിക്കുന്നവൻ.

**യിയാസ**-പോവാനുള്ള ആഗ്രഹം.

**യിയാസു**-പോവാനാഗ്രഹമുള്ള ആൾ.

**യിര(റ)ളി**-മുതക്കു് (വിമരി).

## യു

**യുക്ത**-വി. പു. യോജിക്കപ്പെട്ട, ശരിയായ, തക്ക. വ. ചേൎന്ന. ന. ഉറപ്പിച്ച.

**യുക്തൻ**-രാഗാദികളെ അടക്കിയിരിക്കുന്ന മഹൎഷി.

**യുക്തം**-പു. യോജിച്ചതു്, ചേൎന്നതു്. വ. നാലു മുഴംകൂടിയ ഒരളവു്. ന. ന്യായമായി കിട്ടുന്നതു്. ര. ന്യായത്തോടു കൂടിയതു്.

**യുക്തരസ**-ചിററരത്ത, അരത്ത. യുക്തമായ രസത്തോടുകൂടിയതു് എന്നൎത്ഥം.

**യുക്താ**-ഒരു പച്ചമരുന്നു്.

**യുക്തി**-പു. യോഗ്യത, യോജിപ്പിക്കൽ. വ. ചേൎച്ച. ന. മൎയ്യാദ. ര. (മ) ഉത്തരമായി പറയുന്ന വാക്കു്.

**യുക്തിഭംഗം**-പു. യുക്തിയില്ലായ്ക. വ. ചേൎച്ചകേടു്.

**യുക്തിമൽ**-വി. യുക്തിയുള്ള.

**യുക്തിയുക്ത**-വി. യുക്തിയോടുചേൎന്ന.

**യുക്**-ഇരട്ട.

**യുക്**-അ. ചീത്തയായി.

**യുഗകീലകം**-നുകക്കഴി, നുകത്തെയ്. യുഗത്തിന്റെ (നുകത്തിന്റെ) കീലകം (ആണി).

**യുഗന്ധരം**-൧. യുഗംകെട്ടുവാനുള്ള തണ്ട്. യുഗത്തെ (നുകത്തെ) ധരിക്കുന്നത് എന്നൎത്ഥം. ൨. രഥാവയവവിശേഷം. മറെറാരു പൎയ്യായം-കൂബരം. ൩. ഒരു പൎവ്വതം.

**യുഗധൎമ്മചതുഷ്ടയം**-കൃതത്തിൽ ധ്യാനം, ത്രേതയിൽ യജനം, ദ്വാപരത്തിൽ പൂജ, കലിയിൽ കീൎത്തനം (പക്ഷാന്തരം-കൃതത്തിൽ തപസ്സ്, ത്രേതയിൽ ആത്മജ്ഞാനം, ദ്വാപരയിൽ യാഗം, കലിയിൽ ദാനം) ഇവ ൪-ം.

**യുഗപത്രകം**-ഒരു വൃക്ഷം, മലയകത്തി, കൊങ്ങ, ഇരട്ടയായ ഇലയുള്ളത് എന്നൎത്ഥം.

**യുഗപത്രം**-മുളംപ്ലാശു്.

**യുഗപദ്**-അ. ഒന്നായിട്ടു്, ഒരുകാലത്തു് (ഒരുനാൾ)

**യുഗപാൎശ്വഗൻ**-പൂട്ടിത്തെളിഞ്ഞ കാള, നുകംവെച്ചു കരികെട്ടിയ കാള. യുഗത്തിന്റെ (നുകത്തിന്റെ) പാൎശ്വത്തെ ഗമിക്കുന്നവൻ എന്നൎത്ഥം.

**യുഗപ്രളയം**-യുഗാവസാനത്തിലുള്ള ചെറിയ പ്രളയം.

**യുഗം**-൧. ഇരട്ട ൨. നുകം. ൩. ജോടി. ൪. വൃദ്ധി. ൫ നാലുമുഴം. ൬. കാലം. യോജിപ്പിക്കപ്പെടുന്നതു് എന്നൎത്ഥം. (കൃതയുഗം, ത്രേതായുഗം, ദ്വാപരയുഗം, കലിയുഗം). (കല്പം, കാലപരിമാണവിജ്ഞാനം ഇവ നോക്കുക).

കലിയുഗം ആരംഭിച്ചതു് ക്രിസ്തുവിനു മുമ്പു് ൩൧൦൨-ാം വൎഷം ഫെബ്രുവരി മാസം ൧൮-ാം തീയതിയാണു് എന്നു കാണുന്നു. ഒരു മഹായുഗം അല്ലെങ്കിൽ മന്വന്തരത്തിനു നാലു യുഗങ്ങൾ ഉണ്ടു്. അവയുടെ പേരും ദേവവൎഷപ്രകാരം ഉള്ള ദൈൎഘ്യവും ഓരോ യുഗത്തിന്റെയും മുമ്പും പിമ്പും ആ യുഗത്തിന്റെ പത്തിലൊരംശം കാലദൈൎഘ്യമുള്ള സന്ധ്യയും സന്ധ്യാംശവും താഴെ ചേൎക്കുന്നു.

൧ കൃതയുഗം-ദേവവൎഷപ്രകാരം ദൈൎഘ്യം ൪000. സന്ധ്യ-൪00. സന്ധ്യാംശം ൪00-൪൮00 മഹാഭാരതത്തിൽ ഹനുമാന്റെ വിവരണം അനുസരിച്ചു ഈ യുഗത്തിൽ നീതിയും ന്യായവും ശരിയായി നടന്നു. അസൂയ, പക, ദുഃഖം, വേദന, ഭയം, ക്രൂരത ഇവയൊന്നും ഇല്ലായിരുന്നു. വേദം ഒന്നു്, മനുഷ്യായുസ്സ് ൪000-കൊല്ലം.

൨ ത്രേതായുഗം-വൎഷം ൩000. സന്ധ്യ ൩00. സന്ധ്യാംശം-൩00-൩൬00. ഈ യുഗത്തിൽ നീതി ന്യായങ്ങൾ കാലംശം കുറഞ്ഞു. മനുഷ്യൎക്കു് ആന്തരത്തോടു കൂടിയ പ്രവൃത്തികളാണുണ്ടായിരുന്നതു്. അവർ ബലികൎമ്മങ്ങൾ വട്ടംകൂട്ടി. അവൎക്കു അക്കാലത്തു് ആയുസ്സ് ൩000 വൎഷം.

൩. ദ്വാപരയുഗം-വൎഷം ൨000. സന്ധ്യ ൨00. സന്ധ്യാംശം ൨00-൨൪00. ഈ യുഗത്തിൽ നീതിന്യായങ്ങൾ പകുതിയോളം കുറഞ്ഞു. അപൂൎവ്വം ചിലരേ സത്യം ആചരിച്ചുള്ളൂ. അപ്പോൾ വേദങ്ങൾ-൪. രോഗങ്ങൾ പിടിപെട്ടു മനുഷ്യായുസ്സ് ൨000-വൎഷം മാത്രമായി.

൪. കലിയുഗം-വൎഷം ൧000. സന്ധ്യ-൧00. സന്ധ്യാംശം ൧00-൧൨00. ഈ യുഗത്തിൽ നീതിന്യായങ്ങൾ കാലംശം മാത്രം ശേഷിച്ചു ദുർവിചാരം മുതലായവ വൎദ്ധിച്ചു മനുഷ്യായുസ്സ് ക്ഷയിച്ചു ക്ഷയിച്ചു ഒരു നിശ്ചയമില്ലാത്ത സ്ഥിതിയിലായി.

ഒരു ദേവവർഷം ൩൬൦ മനുഷ്യവർഷം ആകുന്നു യുഗങ്ങളെ സംബന്ധിച്ചും അവയുടെ ദീർഘതയെപ്പററിയും ഋഗ്വേദത്തിൽ ഒന്നും കാണുന്നില്ല. കൃതയുഗത്തിൽ ബ്രാഹ്മണരല്ലാതെ മററാരുമുണ്ടായിരുന്നില്ലെന്നും ക്ഷത്രിയർ ത്രേതായുഗത്തിലാണു ഉണ്ടായതെന്നും കാണുന്നുണ്ട്.

യുഗ(ള)ം-ഇരട്ട, ജോടി.

യുഗാദിപണ്ഡിക-പുതിയ ആണ്ടു തുടങ്ങുന്ന നാളിൽ കൊണ്ടാടുന്ന ഉത്സവം.

യുഗാദ്ധ്യക്ഷൻ-പു. ശിവൻ. വ. പ്രജാപതി.

യുഗ്മഫലാ-പു. വെളിപ്പരുത്തി. വ. തേക്കിട.

യുഗ്മം-പു. ഇരട്ട, ജോടി, യോജിക്കുന്നതു് എന്നർത്ഥം. രണ്ട്. വ. വൃത്തശാസ്ത്രത്തിൽ പദ്യത്തിനു നാലു പാദങ്ങൾ ഉള്ളതിൽ രണ്ടും നാലും പാദങ്ങൾ.

യുഗ്മരാശി-എടവം, കർക്കടകം, കന്നി, വൃശ്ചികം, മകരം, മീനം ഇവ ൬-ം (സൌമ്യങ്ങളാകുന്നു)

യുഗ്മവിപുലാ-ഒരു വൃത്തത്തിന്റെ പേർ.

യുഗ്യം-പു. തേരിൽ കെട്ടുന്ന കുതിര മുതലായവ. വ. വാഹനം. യോജിപ്പിക്കുന്നതു് എന്നർത്ഥം. ന. നുകത്തെ വഹിക്കുന്ന കാള.

യുഗ്യവാഹൻ-വണ്ടിക്കാരൻ.

യുഞ്ജാന-വി. യോജിക്കുന്ന.

യുഞ്ജാനൻ-പു. തേർ നടത്തുന്നവൻ. വ. യോഗാഭ്യാസമുള്ള ബ്രാഹ്മണൻ.

യുത-വി. പു. കൂടിയ വ. ചേർന്നിരിക്കുന്ന.

യുതകം-പു. യോനിസംബന്ധം. വ. സ്ത്രീധനം.

യുതന്മാർ-വധൂവരന്മാർ.

യുതം-പു. നാലു മുഴം കൂടിയ ഒരളവ്. വ. ചേർന്നിരിക്കുന്നതു്.

യുത്തു(യുൽ)-യുദ്ധം.

യുദ്ധഭണ്ഡാരം-യുദ്ധസാമാനങ്ങൾ വയ്ക്കുന്ന സ്ഥലം.

യുദ്ധം-പട, കലഹം. സമ്യക്കാകുംവണ്ണം പ്രഹരിക്കുക എന്നർത്ഥം. മററു പര്യായങ്ങൾ-ആയോധനം, ജന്യം, പ്രധനം, പ്രവിദാരണം, മൃധം, ആസ്കന്ദനം, സംഖ്യം, സമീകം, സാംപരായികം, സമരം, അനീകം, രണം, കലഹം, വിഗ്രഹം, സംപ്രഹാരം, അഭിസംപാതം, കലി, സംസ്ഫോടം, സംയുഗം, അഭ്യാമർദ്ദം, സമാഘാതം, സംഗ്രാമം, അഭ്യാഗമം, ആഹവം, സമുദായം, സംയത്ത്, സമിതി, ആജി, യുത്ത്.

യുദ്ധവൃദ്ധൻ-യുദ്ധംചെയ്തു നല്ല പഴക്കമുള്ളവൻ.

യുദ്ധസാരം-കുതിര.

യുധാജിത്ത്-കൈകേയിയുടെ സഹോദരൻ, ഒരു കേകയരാജാവ്, ഭരതന്റെ മാതുലൻ.

യുധിഷ്ഠിരൻ-ധർമ്മപുത്രർ. (കുന്തിയുടെ മൂത്ത പുത്രൻ). യുദ്ധത്തിൽ സ്ഥിരനായവൻ എന്നർത്ഥം.

പാണ്ഡവരുടേയും പാഞ്ചാലിയുടേയും ഇന്ദ്രസ്വർഗ്ഗത്തിലേക്കുള്ള യാത്രാവിവരം മഹാഭാരതം (മഹാപ്രസ്ഥാനം) നോക്കുക. ധർമ്മപുത്രർക്കു പാഞ്ചാലിയിൽ പ്രതിവിന്ധ്യൻ എന്നും ദേവകിയിൽ യൌധേയൻ എന്നും രണ്ടു പുത്രന്മാരുണ്ടായിരുന്നു. ധർമ്മൻ, ധർമ്മരാജൻ, അജാതശത്രു എന്നിവയും അദ്ദേഹത്തിന്റെ പേരാണത്രെ. ദ്രോണനെ അധൈര്യപ്പെടുത്തുവാൻ വേണ്ടി അയാളുടെ പുത്രനായ അശ്വത്ഥാമാ മരിച്ചുപോയി എന്നു എല്ലാവരുംകൂടി ഇദ്ദേഹത്തെക്കൊണ്ടു ഒരു കളവു പറയിച്ചിട്ടുണ്ട്. മുൻപറഞ്ഞ നാമധേയത്തിൽ ഒരാനയെ കൊന്നിട്ടാണു

ഇപ്രകാരം പറയിച്ചതു്. അശ്വത്ഥാമാവു മരിച്ചുപോയി എന്നല്ലാതെ ദ്രോണപുത്രനായ അശ്വത്ഥാമാവു മരിച്ചുപോയി എന്നു ധർമ്മപുത്രർ പറഞ്ഞില്ല. ഈ ചതി അദ്ദേഹം ധരിച്ചിരുന്നുമില്ല.

(കുന്തി, പാണ്ഡവർ, ദ്രൗപദി എന്നിവ നോക്കുക).

**യുയു**-കുതിര.

**യുയുത്സാ**-യുദ്ധത്തിനുള്ള ആഗ്രഹം.

**യുയുത്സു**-വി. ചെയ്യാനാഗ്രഹമുള്ള.

**യുയുത്സു**-പു. പോരാളി. വ. ഒരു വൈശ്യസ്ത്രീയിൽ ധൃതരാഷ്ട്രർക്കു ജനിച്ച പുത്രൻ.

'ധൃതരാഷ്ട്രനും പിന്നെ
വൈശ്യസ്ത്രീപെററിട്ടൊരു
സുതനുമുണ്ടായ്‌വന്നു
യുയുത്സുവെന്നുപേരായ്'

(ഭാരതം)

ധർമ്മപുത്രർ യുയുത്സുവിനെ ഇന്ദ്രപ്രസ്ഥത്തിൽ രാജാവാക്കിയുംവച്ചാണു രാജ്യം ത്യജിച്ചുപോയതു്.

യുയുത്സു കൌരവപക്ഷത്തിൽ നിന്നു പാണ്ഡവപക്ഷത്തിൽ ചേർന്ന ആളാണു്. ന. ഗാന്ധാരിയിൽ ധൃതരാഷ്ട്രർക്കു ജനിച്ച മറെറാരു പുത്രൻ.

**യുയുധാനൻ**-പു. ഇന്ദ്രൻ. വ. സാത്യകി. ന. യോദ്ധാവു്.

**യുവ**-വി. പു. യൌവനമുള്ള. വ. ശ്രേഷ്ഠതയുള്ള.

**യുവ**-അറുപതിൽ ഒൻപതാമത്തെ വർഷം.

**യുവതി**-പു. യൌവനയുക്തയായ സ്ത്രീ. പുരുഷനോടുകൂടി ചേരുന്നവൾ എന്നർത്ഥം. വ. മഞ്ഞൾ.

യുവതി, യൂനി—പതിനാറു വയസ്സിനു മേൽ നാല്പതു വയസ്സിനു താഴെയുള്ള സ്ത്രീ.

**യുവനാശ്വൻ**-ഒരു സൂര്യവംശരാജാവു്. ഗർഭം ധരിച്ചു മാന്ധാതാവിനെ പ്രസവിച്ചു.

**യുവരാജൻ**-ഇളയരാജാവു്.

**യുവാവു്**-പതിനാറുവയസ്സു കഴിഞ്ഞവൻ, വൃദ്ധനാകാത്തവൻ, യൌവനയുക്തൻ. സ്ത്രീകളോടുകൂടി ചേരുന്നവൻ എന്നർത്ഥം.

പന്ത്രണ്ടു വയസ്സിനുമേൽ ഇരുപത്തഞ്ചു വയസ്സിനകം പ്രായമുള്ളവനാണു യുവാവ് എന്നു കാണുന്നു.

**യുഷ്മൽ**-'നിങ്ങളുടെ' എന്നുള്ള അർത്ഥത്തിൽ പദങ്ങളുടെ മുമ്പിൽ ചേർത്തു പ്രയോഗിക്കുന്നു. ഉ-ം, യുഷ്മദ്ദൃശന്മാർ=നിങ്ങളെപ്പോലെയുള്ളവർ.

—ഠഠഠഠ—

## യൂ

**യൂകം**, **യൂകാ**-പേൻ.

**യൂകാവാസം**-ശാഖോടവൃക്ഷം.

**യൂതി**-ഏകീകരണം, യോജിപ്പു്.

**യൂഥനാഥൻ**-ആനത്തലവൻ. ആനക്കൂട്ടത്തിന്റെ നാഥൻ എന്നർത്ഥം.

**യൂഥപൻ**—ആനത്തലവൻ. ആനക്കൂട്ടത്തെ കാക്കുന്നവൻ എന്നർത്ഥം.

**യൂഥം**-മൃഗങ്ങളുടേയും പക്ഷികളുടേയും മററും കൂട്ടം. സജാതീയങ്ങളായ തിര്യക്കുകളുടെ സമൂഹം. കൂട്ടിക്കലർന്നതു് എന്നർത്ഥം.

**യൂഥിക**- പു. കുറുമൊഴിമുല്ല. കൂട്ടമുള്ളതു്, അനേകം വള്ളികൾ ഒന്നായി കൂടിപ്പിണഞ്ഞു കിടക്കുന്നതു് എന്നർത്ഥം. വ. വൻകുറുഞ്ഞി. ന. പാട.

**യൂഥിക** -അംപഴം.

**യൂദൻ**-ജൂതവംശത്തിലുള്ളവൻ.

**യൂപകടകം**- യജ്ഞസ്തംഭത്തിന്റെ മേലേ വളയം. (മുകളിൽ മരംകൊണ്ടു വളയമായി ഉണ്ടാക്കിവെയ്ക്കുന്ന ഒരു സാധനവിശേഷം).

യൂപകം-കാട്ടരയാല്.

യൂപദ്രു-കരിങ്ങാലി.

യൂപം-൧. യജ്ഞസ്തംഭം. (സ്തൂവം എന്നും പാഠം കാണുന്നു). ൨. ഇത്തിയാല്.

യൂപാഗ്രം-യജ്ഞസ്തംഭത്തിന്റെ മുകൾ.

യൂഷം-൧. പരിപ്പു മുതലായതുവെച്ച് ഊററിയ രസം. ൨. ഒരു കറി, പരിപ്പ്. ൩. ഒരു വൃക്ഷം, ഇൻഡ്യയിലുള്ള അമാറത്തി എന്ന വൃക്ഷം. ൪. ദ്രവം.

## യേ

യേന-അ. എന്തുകൊണ്ട്, ഏതിനാൽ, എങ്ങിനെ.

യേനകേനപ്രകാരേണ-അ. വല്ലവിധത്തിലും.

യേശു-ക്രിസ്തുവിന്റെ ഒരു പേർ.

## യോ

യോക്ത്രം—നുകക്കയറ്. ഇതുകൊണ്ടു യോജിപ്പിക്കുന്നതിനാൽ ഈ പേർ വന്നു. അമിക്കയർ.

യോഗകന്യാ-യശോദയുടെ ശിശു.

യശോദ പ്രസവിച്ചപ്പോൾ വസുദേവർ കൃഷ്ണനെ അവിടെ കിടത്തിയുംവെച്ചു ഈ കുഞ്ഞിനെ എടുത്തു ദേവകിയുടെ അടുക്കൽ കിടത്തി. കംസൻ കൊല്ലുന്നതിനായി ശിശുവിനെ എടുത്തപ്പോൾ അതു മേല്പെട്ടു പൊങ്ങി മറഞ്ഞു. അപ്പോൾ ഈ ശിശു പറഞ്ഞ മൊഴി താഴെ ചേർക്കുന്നു.

'അരേ! ദുരാചാരനൃശംസകംസ!
പരാക്രമം സ്ത്രീകളിലല്ലവേണ്ടു,
ഭവാന്തകൻ ഭൂമിതാലജനിച്ചു
ഭവാനെ സർവ്വത്രതിരഞ്ഞുകൊൾക'
(ശ്രീകൃഷ്ണചരിതം)

യോഗക്ഷേമം-ശരീരസൌഖ്യം.

യോഗജ്ഞൻ-വി യോഗത്തെ അറിഞ്ഞ.

യോഗതാരക-ഒരു നക്ഷത്രത്തിലെ പ്രധാന താരക.

യോഗജം-അകിൽ.

യോഗദണ്ഡ്-യോഗാഭ്യാസ പരിശീലനത്തിനു വേണ്ട വടി.

യോഗനിദ്ര-ഒരു യുഗാവസാനത്തിൽ വിഷ്ണുവിന്റെ ഉറക്കം. ആത്മധ്യാനത്തിൽ മുഴുകീട്ട് പുറമെ നടക്കുന്ന സംഗതികളെ തീരെ അറിയാതെയിരിക്കുന്ന സ്ഥിതി. ധ്യാനത്തിൽ ലയിച്ചിട്ടുള്ള ഉറക്കം.

യോഗം-൧. ഭാഗ്യം, യുക്തി. ൨. സമ്പത്ത്. ൩. തമ്മിൽ ചേർച്ച, യോജിക്കൽ, സംബന്ധം. ൪. ബ്രഹ്മധ്യാനം, ആത്മവിചാരം. ൫. കൂട്ടം. ൬. ഒരുമ്പാട്, യുദ്ധാദികൾക്കു തയ്യാറാകുക, കവചബന്ധനം. ൭. നാലുപായങ്ങളിൽ ഒന്ന്, ഉപായം. ൮. സന്നാഹം. ൯. അവസരം. ൧൦. കാര്യം. ൧൧. ഔഷധം. ൧൨. മന്ത്രവാദം. ൧൩. യോഗ്യത. ൧൪. ചക്ഷം. ൧൫. ആയുധവർഗ്ഗം ൧൬. സംയോജനം. ൧൭. ഇന്ദ്രിയങ്ങളെ അടക്കി ശരീരം ഇളകാതെയിരിക്കു, ചിത്തവൃത്തിനിരോധനം. ൧൮. ധ്യാനം. ൧൯. ഇരുപത്തേഴു നക്ഷത്രങ്ങൾക്കും കൂടെയുള്ള പേർ. ൨൦. വർദ്ധനം. ൨൧. പതഞ്ജലിയുടെ ദർശനങ്ങളിൽ ഒന്ന്. സാംഖ്യത്തിന്റെ ഒരു ഭാഗമായി എണ്ണുന്നു. ഇവ തമ്മിൽ വിശേഷബന്ധമൊന്നുമില്ല. പരമാത്മാവിൽ ചെന്നു ലയിപ്പാനുള്ള വഴിയെ പഠിപ്പിക്കുന്നു. (യോഗം =യോജിപ്പിക്കുന്നത്).

കർമ്മയോഗം, ജ്ഞാനയോഗം ഇവയ്ക്കു യോഗദ്വയം എന്നു പേർ.

൧൨-വിധം യോഗങ്ങൾ—ജ്ഞാനയോഗം, ഹഠയോഗം, ലയയോഗം,

നാദയോഗം, ശിവയോഗം, ബ്രഹ്മയോഗം, ജ്ഞാനയോഗം, അദ്വൈതയോഗം, നിരാലംബയോഗം, നിരാഭാസയോഗം, അഷ്ടാംഗയോഗം, രാജയോഗം.

**യോഗപട്ടം**-യോഗാഭ്യാസത്തിങ്കൽ യോഗികൾ കെട്ടുന്ന ഒരു വസ്ത്രം.

**യോഗപീഠം**-യോഗികൾ ഇരിക്കുന്ന ആസനം.

**യോഗബലം**-പു. കൂട്ടുകാരെക്കൊണ്ടുള്ള ബലം. ൨. സൌഭാഗ്യം.

**യോഗരംഗം**-നാരകം.

**യോഗവാഹി**-രസം.

**യോഗവിഷം** — വിഷസംബന്ധമായ വ്രണം.

**യോഗശക്തി**-കൂട്ടുകാരെക്കൊണ്ടുള്ള ബലം.

**യോഗശാലി**-വി. എല്ലാസുഖങ്ങളും അനുഭവിക്കുന്നതിനു ഭാഗ്യമുള്ള. (സ്ത്രീ-യോഗശാലിനി).

**യോഗശാസ്ത്രം** - യോഗാഭ്യാസത്തിന്റെ മുറകൾ അടങ്ങിയിരിക്കുന്ന ഒരു ഗ്രന്ഥം.

**യോഗസാര(ക)ം**-നാരകം.

യോഗത്തിന്റെ ഉദ്ദേശം മനുഷ്യന്റെ ചിത്തവൃത്തികളെ നശിപ്പിച്ചു മനസ്സിനെ സ്വസ്ഥാനത്തിൽ നിറുത്തുകയാകുന്നു. ഇതിനു ഈശ്വരഭക്തി പ്രധാനം.

**യോഗാഭ്യാസം** — യോഗങ്ങളെ അഭ്യസിക്ക

യോഗാഭ്യാസത്തിന്റെ അംഗങ്ങൾ— യമം, നിയമം, ആസനം, പ്രാണായാമം, പ്രത്യാഹാരം, ധ്യാനം, ധാരണ, സമാധി.

**യോഗാഗ്നി**-യോഗശക്തികൊണ്ടു തന്നത്താനെ സൃഷ്ടിക്കാവുന്ന അഗ്നി.

**യോഗാർത്ഥം**—(വ്യാകരണത്തിൽ) ധാത്വർത്ഥം.

**യോഗാഷ്ടാംഗങ്ങൾ**-യമം, നിയമം, ആസനം, പ്രാണായാമം, പ്രത്യാഹാരം, ധാരണ, ധ്യാനം, സമാധി. ഇവ വൃ-ം.

**യോഗാസനം**-യോഗികൾ ഇരിക്കുന്ന ഇരിപ്പ്.

**യോഗിയാര്, യോഗിയാതിരി**-അവരോധിക്കപ്പെട്ട മലയാളബ്രാഹ്മണരുടെ പേർ.

തൃശ്ശിവപേരൂര്, ഇരിങ്ങാലക്കട, പെരുമനം, തൃത്താല, തളിപ്പറമ്പ്, ശുകപുരം എന്നിവ മലയാളത്തിൽ അവരോധമുള്ള ക്ഷേത്രങ്ങളാണ്. ഇരിങ്ങാലക്കടയിലും തളിപ്പറമ്പിലും നായർ വംശജൻ അവരോധിക്കപ്പെടുന്നു. അവരോധം കഴിഞ്ഞാൽ തച്ചുടയകൈമ്മൾ എന്ന സ്ഥാനം ലഭിക്കും. മററു ക്ഷേത്രങ്ങളിൽ മലയാളബ്രാഹ്മണരെയാണ് അവരോധിക്കുന്നത്. അവർക്കുള്ള പേരാണു യോഗിയാര്, യോഗിയാതിരി എന്നു മുഖ്യ പറയപ്പെട്ടത്.

**യോഗി**-വി. യോഗമുള്ള.

**യോഗി**-പു. യമനിയമാദിയോഗങ്ങളോടു കൂടിയവൻ, യോഗാഭ്യാസമുള്ളവൻ. ൨. സന്ന്യാസി ൩. ഇന്ദ്രജാലക്കാരൻ. ൪. ശിവൻ. ൫. വിഷ്ണു ൬. അർജ്ജുനൻ. ൭. യാജ്ഞവല്ക്യൻ. ൮. നാരകം.

**യോഗിദണ്ഡ** -ചൂരൽ.

**യോഗിനികൾ**-ദുർഗ്ഗയാൽ സൃഷ്ടിക്കപ്പെട്ട (ദേവിയുടെ പരിചാരികമാരായ) എട്ടു സ്ത്രീകൾ.

മഞ്ജതി, കർപ്പൂരതിലകം, മലയഗന്ധിനി, കൌമുദിക, ഭേരുണ്ഡാ, മാതാലീ, നായകീ, ജയ (ശുഭാചാരാ) ഇവരെ കൂടാതെ സുലക്ഷണ, സുനന്ദ എന്നും രണ്ടു പേരുണ്ട്.

യോഗിനീ.

ശതമഖേന്ദുഹുതാശനരക്ഷസാം യമജലേശസമീരണശൂലിനാം
ദിവിഭുവിക്രമശഃപരിവൎത്തതേ സിതതിഥിപ്രഥമാദിഷു യോഗിനി.

| ശുക്ലതിഥികൾ. | കൃഷ്ണതിഥികൾ | യോഗിനി സ്ഥിതി | ശുക്ലതിഥി കൾ. | കൃഷ്ണതിഥികൾ | യോഗിനി സ്ഥിതി |
|---|---|---|---|---|---|
| പ്ര. ഏകാദശി | ഷഷ്ഠി | കിഴക്ക് | ഷഷ്ഠി | പ്ര. ഏകാദശി | പടിഞ്ഞാറ് |
| ദ്വി. ദ്വാദശി | സപ്തമി | വടക്ക് | സപ്തമി | ദ്വി. ദ്വാദശി | വായുക്കോണ് |
| തൃ. ത്രയോദശി | അഷ്ടമി | അഗ്നി | അഷ്ടമി | തൃ. ത്രയോദശി | ഈശമൂല |
| ച. ചതുൎദ്ദശി | നവമി | നിരൃതി | നവമി | ച. ചതുൎദ്ദശി | ആകാശം |
| പ. പൌൎണ്ണമാ | ദശമി | തെക്ക് | ദശമി | പ. അമാവാസി | ഭൂമി |

യോഗീശ്വരൻ-പ. യോഗികളിൽ പ്രധാനി. ൨. ശിവൻ.

യോഗീശ്വരി-കാട്ടുപാവൽ.

യോഗേശൻ-പ. ശിവൻ. ൨. യാജ്ഞവല്ക്യൻ. ൩. യോഗികളിൽ പ്രധാനി, സാംഖ്യാ തുടങ്ങിയുള്ള എല്ലാ യോഗത്തിനും നാഥനായുള്ളവൻ.

യോഗേശ-ബ്രഹ്മാവിന്റെ നഗരം.

യോഗേഷ്ടം-കാരീയം. ധാതുസംയോഗത്തിൽ-അവ കൂട്ടിവിളക്കുന്നതിൽ-ഇഷ്ടം എന്നൎത്ഥം.

യോഗ്യ-വി. പ. സാമൎത്ഥ്യമുള്ള. ൨. യോഗത്തിന്നു കൊള്ളാവുന്ന. ൩. ശേഷിയുള്ള, ശക്തിയുള്ള. ൪. ചേൎച്ചയുള്ള.

യോഗ്യത-പ. സാമൎത്ഥ്യം. ൨. ചേൎച്ച, യോജിപ്പ്.

യോഗ്യം-ഋദ്ധി. യോഗത്തിൽ ഹിതം എന്നൎത്ഥം. ൨. കാട്ടുമുതിര. ൩. ഒരു പലഹാരം ൪. ഒരു വാഹനം ൫. ചന്ദനം. ൬. പാൽ.

യോഗ്യഭാഗ്യം-യോഗ്യമായ ഭാഗ്യം.

യോജന, യോജനം-നാലു ക്രോശം കൂടിയ ദൂരം, പത്തു നാഴിക അകലം. ൨. ചിത്തസാമഗ്ര്യം. ൩. യോജിപ്പ്, നകത്തിൽ പൂട്ടുക. ൪. കൂട്ടിച്ചേൎക്കൽ.

യോജനഗന്ധ-പ. കസ്തൂരി. ൨. സീതാദേവി. ൩. സത്യവതി.

യോജനപൎണ്ണി-മഞ്ചട്ടി.

യോജനവല്ലി-ഒരങ്ങാടിമരുന്ന്, മഞ്ചട്ടി വളരെ നീളമുള്ള വള്ളിയുള്ളത് എന്നൎത്ഥം.

യോജനീയ-വി. ചേൎക്കത്തക്ക.

യോജിക്കുന്നു-പ. ചേരുന്നു. (സ ക്രി-യോജിപ്പിക്കുന്നു).

യോജിപ്പ്-പ. ചേൎച്ച. ൨. അന്യോന്യം, സ്നേഹം.

പുത്രനെ വിദ്യയിലും, കന്യകയെ നല്ല കുലത്തിലും, ബന്ധുവിനെ ധൎമ്മത്തിലും, ശത്രുവിനെ ദുഃഖത്തിലും യോജിപ്പിക്കണം.

യോജ്യത-പ ചേൎച്ച. ൨. ഇണക്കം.

യോത്തു-അമരു്.

യോത്രം-നുകക്കയറു്, അമിക്കയറു്.

യോദ്ധാവ്, യോധൻ- യുദ്ധംചെയ്യുന്നവൻ, യുദ്ധവീരൻ.

യോദ്ധൃസംരാവം-പോരിനു വിളി.

യോധസംരാവം-യോദ്ധാക്കന്മാർ പരസ്പരം സ്പൎദ്ധയോടുകൂടി ചെയ്യുന്ന പോൎക്കുവിളി. യോധന്മാരുടെ ഒച്ച എന്നൎത്ഥം.

യോഷിൽപ്രിയാ-മഞ്ഞൾ.

യോനി-൧. ഉല്പത്തിസ്ഥാനം. പുരുഷലിംഗത്തോടുകൂടിച്ചേരുന്നതു് എന്നൎത്ഥം.

യോനിപ്പൊരുത്തം.

പുരുഷൻ പുരുഷയോനി നക്ഷത്രത്തിലും, സ്ത്രീ സ്ത്രീയോനി നക്ഷത്രത്തിലും ജനിച്ചാൽ യോനിപ്പൊരുത്തം ഉത്തമമായും, സ്ത്രീപുരുഷന്മാർ ഇരുവരും സ്ത്രീയോനി നക്ഷത്രങ്ങളിൽ ജനിച്ചാൽ മദ്ധ്യമമായും, സ്ത്രീപുരുഷന്മാർ പുരുഷയോനി നക്ഷത്രങ്ങളിൽ ജനിച്ചാൽ അധമമായും ഭവിക്കുന്നു. പുരുഷൻ സ്ത്രീയോനി നക്ഷത്രത്തിലും, സ്ത്രീ പുരുഷയോനി നക്ഷത്രത്തിലും ജനിച്ചാൽ അത്യന്ത കഷ്ടവും ഫലമാകുന്നു. അശ്വതി, ഭരണി, പൂയം, ആയില്യം, മകം, ഉത്രം, ചോതി, വിശാഖം, തൃക്കേട്ട, മൂലം, പൂരാടം, ഉത്രാടം, തിരുവോണം, പൂരുരുട്ടാതി ഇവ പുരുഷയോനി നക്ഷത്രങ്ങളും ശേഷം സ്ത്രീയോനി നക്ഷത്രങ്ങളുമാകുന്നു.

൨. സ്ഥലം, സ്ഥാനം. ൩. ജലം.

യോനിരഞ്ജനം-ആൎത്തവം.

യോപനം-കുഴപ്പം. ൨. നശിപ്പിക്കൽ.

യോഷണാ-യുവതി.

യോഷാ-സ്ത്രീ.

യോഷിതാ-സ്ത്രീ.

യോഷിത്തു്-സ്ത്രീ. പുരുഷനെ അനുവത്തിച്ചു നിൽക്കുന്നവൾ എന്നൎത്ഥം.

യൌ

യൌതകം-സ്ത്രീധനം.

യൌതവം-മാനം (അളവു മുതലായതു്)

യൌവതം-യൌവനമുള്ള സ്ത്രീകളുടെ കൂട്ടം.

യൌവനകണ്ടകം-മുഖക്കുരു.

യൌവനം-ബാല്യം കഴിഞ്ഞു വാൎദ്ധക്യത്തിനു മുമ്പുള്ള സമയം.

യൌവനാശ്വൻ-യുവനാശ്വന്റെ പുത്രനായ മാന്ധാതാവു്

യൌവരാജ്യം-യുവരാജാവിന്റെ സ്ഥാനം.

ര

ര—ഹല്ലുകളിൽ ഇരുപത്തേഴാം അക്ഷരം.

രകം-സൂൎയ്യകാന്തക്കല്ലു്.

രം-൧. തീയ്. ൨. ചൂടു്. ൩. സ്നേഹം. ൪. കാന്തി.

രക്ത-വി. ൧. രാഗമുള്ള, സ്നേഹമുള്ള. ൨. ചെമപ്പുള്ള. ൩. ശുദ്ധമുള്ള.

രക്തകന്ദം-പവിഴം.

രക്തകം-൧. ഉച്ചമലരി. ചെമന്ന പൂവുള്ളതു് എന്നൎത്ഥം. ൨. ചെമന്ന വസ്ത്രം. ൩. പതംഗം. ൪. ചെംകുറിഞ്ഞി. ൫. ചെമ്മുരിങ്ങ, പുന്മുരിങ്ങ. ൬. ചെമന്ന ആവണക്കു്.

പൂവിന്റെ നിറം അനുസരിച്ചു മുരിങ്ങ പലതരത്തിലുണ്ടു്. എല്ലാത്തിനും ഗുണങ്ങൾ വെവ്വേറെയുണ്ടു്.

രക്തക്രമം-൧. നീർനെല്ലി ൨. ഉച്ചമലരി.

രക്തചന്ദനം-൧ ചെമന്ന ചന്ദനം. ൨. കുങ്കുമം. ൩. പതംഗം (പതിമുകം.

രക്തജിഹ്വം-സിംഹം.
രക്തതുണ്ഡം-തത്ത.
രക്തദന്തി, രക്തദന്തികാ-ദുർഗ്ഗ.
രക്തദൃക്ക്-പ്രാവ്.
രക്തധാതു-൧. കാവിമണ്ണ്. ൨. ചെമ്പ്.
രക്തപ-വി. രക്തത്തെ കുടിക്കുന്ന.
രക്തപക്ഷൻ-ഗരുഡൻ.
രക്തപൻ-രാക്ഷസൻ.
രക്തപാ-൧. ജലത്തിലെ അട്ട. രക്തത്തെ പാനംചെയ്യുന്നത് എന്നർത്ഥം. ൨. രാക്ഷസി.
രക്തപാദം-൧. തത്ത ൨. ആന.
രക്തപാരദം-ചായില്യം.
രക്തപാഷാണം-കാവിമണ്ണ്.
രക്തപിത്തം-ഒരു ദീനം.
രക്തപുഷ്പം-൧. എരിക്ക്. ൨. ചെമന്ന അരളി. ൩. ഉച്ചമലരി. ൪. മുരിക്ക്. ൫. അകത്തി ൬. പുന്ന. ൭. തള്ളി മാതളം. ൮. കൊക്കമന്താരം.
രക്തപുഷ്പാ-൧. ഇലവ്. ൨. ചെമന്ന തഴുതാമ.
രക്തപ്ലുക-വെട്ടിയോ കുത്തിയോ കൊന്നതു നിമിത്തമുണ്ടായ ദോഷം.
രക്തപ്രസാദന-വി. രക്തത്തെ തെളിക്കുന്ന.
രക്തപ്രസാദം-രക്തത്തിന്റെ തെളിവ്
രക്തപ്രിയ-വി രക്തത്തിൽ ആഗ്രഹമുള്ള
രക്തഫലം-പേരാൽ.
രക്തഫലാ-൧. നല്ലകോവ (തമിഴിൽ-കോവൽവക്കി) ൨. തക്കാരിവഴുതിന. ൩. സ്വർണ്ണലി
രക്തബീജൻ-ഒരസുരൻ.

ദേവിയുമായി യുദ്ധംചെയ്തു. തന്റെ ശരീരത്തിൽ വീണ ഓരോരോ രക്തത്തുള്ളിയും ഓരോ അസുരനായിത്തീർന്നു. ഇതിനാൽ ദേവി അയാളുടെ ചോര കുടിക്കയും മാംസം ഭക്ഷിക്കയും ചെയ്തു.

രക്തബീജം-൧. മാതളനാരങ്ങ. ൨. ഉരഞ്ചി.
രക്തം-൧. ചോര. വസ്ത്രം മുതലായതിൽ പററിയാൽ നിറപ്പകർച്ചയുണ്ടാകുന്നത് എന്നർത്ഥം. ഒരരത്തം. ൨. കുങ്കുമം. ൩. സിന്ദൂരം. ൪. ചെമ്പ്. ൫. ചായില്യം. ൬. പതുമുകം. ൭. കയ്യുമ്യമരം. ൮. നീർകടമ്പ്. ൯. കട്ടംചെമപ്പ്. തുടുതുടുപ്പുള്ളത് എന്നർത്ഥം. രാഗത്തെ (നിറത്തെ) പ്രാപിക്കുന്നത് എന്നുമാവാം. ൧൦. അമരി മുതലായതു കൊണ്ടുണ്ടാക്കിയ ചായം പിഴിഞ്ഞ വസ്ത്രാദികൾ. ൧൧. ചെമന്ന നിറമുള്ളവ.
രക്തമഞ്ജരം-നീർക്കടമ്പ്.
രക്തമണ്ഡലി-ഒരു പാമ്പ്.
രക്തമന്ദാരം-ചെമന്ന മന്ദാരം.
രക്തമാലം-൧. ഉങ്ങ്. ൨. ദ്വീപാന്തരത്തിലുള്ള ഈത്തപ്പഴം.
രക്തമാല്യം-ചെമന്ന പൂക്കളെക്കൊണ്ടു കെട്ടിയ മാല.
രക്തമുഖം-തത്ത.
രക്തമോക്ഷണം-ചോര കളക.
രക്തലോചനം-൧. മാടപ്രാവ്. ൨. ചകോരപ്പക്ഷി.
രക്തവക്ത്രചരണം-ചുണ്ടും കാലും ചെമന്നിരിക്കുന്ന അന്നം.
രക്തവർണ്ണം-സ്വർണ്ണം.
രക്തവർണ്ണകം-പവിഴം.
രക്തവർദ്ധനം-മാടപ്രാവ്.
രക്തവാച്ച്-ചോര പോക.
രക്തശീർഷകം-വണ്ടാരംകോഴി.
രക്തസങ്കോചം-കുങ്കുമം.
രക്തസന്ധ്യകം-൧. ചെന്താമര ൨. ചെങ്ങഴിനീർപ്പൂവ്, ചെമന്ന കൽഹാരം

രക്തസംബന്ധം-ചോരച്ചാർച്ച, ഉടപ്പം.

രക്തസാക്ഷി-ന. കൊലപാതകസംബന്ധമായ സാക്ഷി. വ. സത്യത്തെക്കുറിച്ചു മരിക്കുന്നവൻ.

രക്തസ്രാവം-ഒരു ദീനം.

രക്താ-ന ചെമന്ന കന്നി. വ. അരക്ക്. ന. മഞ്ചട്ടി. ര. ഒട്ടകച്ചെടി.

രക്താകാരം-പവിഴം.

രക്താക്ഷം-ന. മാടപ്രാവ്. വ. ചകോരപ്പക്ഷി. ന. പോത്ത്.

രക്താംഗൻ-ചൊവ്വ എന്ന ഗ്രഹം.

രക്താംഗം-ന. പവിഴം. വ. കമ്പിപ്പാല. ന. മൂട്ട. ര കുങ്കുമം. ഇ. രക്തചന്ദനം.

രക്താംഗി-ന. കമ്പിപ്പാല. വ. അടവതിയൻ ചെറുത്. ന. മഞ്ചട്ടി.

രക്താപഹം-നരംപശ.

രക്താംബര-വി. ചെമന്ന വസ്ത്രംധരിച്ച.

രക്താംബരൻ-ചെമന്ന വസ്ത്രംധരിച്ചു ഭിക്ഷക്കു നടക്കുന്ന സന്യാസി.

രക്തി-ന. സ്നേഹം. വ. ചേർച്ച.

രക്തശാരി-ഒരു ദേവത.

രക്തോല്പലം-ന. ചെന്താമര. വ. കാവിമണ്ണ്. ന. ഇലവ്.

രക്ഷക-വി. രക്ഷിക്കുന്ന.

രക്ഷണൻ-ന. രക്ഷിതാവ്. വ. വിഷ്ണു.

രക്ഷണം-രക്ഷ.

രക്ഷണി-ന. ത്രായമാണാ. വ. കടിഞ്ഞാൺ

രക്ഷണീയ-വി. രക്ഷിക്കപ്പെടത്തക്ക.

രക്ഷത-രാക്ഷസന്റെ പ്രവൃത്തി.

രക്ഷസ്സ്-ന. രാക്ഷസൻ, (രക്ഷസ്സുകൾ-വിഭീഷണാദി രാക്ഷസർ) വ. നിരൃതിവംശജന്മാരായ രാക്ഷസന്മാർ മായകൊണ്ടു തന്നത്താൻ രക്ഷിക്കുന്നവൻ എന്നർത്ഥം.

രക്ഷസ്സഭം-രാക്ഷസന്മാരുടെ സഭ, രാക്ഷസന്മാരുടെ ഗൃഹം. (സമൂഹം).

രക്ഷാ-ന രക്ഷിക്കുക. വ. പിശാചുക്കളുടെയും മററും ഉപദ്രവം തട്ടാതെയിരിപ്പാൻ മന്ത്രവാദികൾ എഴുതിയ ഒരുമാതിരി ചെമ്പുതകിടും മററും ന. അരക്ക്.

രക്ഷാകര-വി. രക്ഷിക്കുന്ന.

രക്ഷാകരണ്ഡം-രാജപുത്രന്മാർ ധരിക്കുന്ന ഒരു ആഭരണവിശേഷം.

രക്ഷാകർത്താവ്-രക്ഷിക്കുന്നവൻ.

പലരും രക്ഷകർത്താവ് എന്ന എഴുതുകയും പറകയും ചെയ്യുന്നുണ്ട്. രക്ഷാകർത്താവ് എന്നതിനാണ ശബ്ദശുദ്ധി.

രക്ഷാകർത്തൃ-വി. രക്ഷചെയ്യുന്ന.

രക്ഷാപര-വി. രക്ഷിപ്പാൻ താല്പര്യമുള്ള.

രക്ഷാഭോഗം-രക്ഷിക്കുന്നവനു കൊടുക്കുന്ന ദ്രവ്യം, രാജഭോഗം.

രക്ഷാശിക്ഷകൾ-രക്ഷയും ശിക്ഷയും.

രക്ഷി-വി. രക്ഷിക്കുന്ന.

രക്ഷികാ-രക്ഷാകർത്ത്രി.

രക്ഷിക്കുന്നു-കാത്തുസൂക്ഷിക്കുന്നു.

രക്ഷിത-വി. രക്ഷിക്കപ്പെട്ട.

രക്ഷിതാവ്-രക്ഷിക്കുന്നവൻ.

രക്ഷിവർഗം-രാജധാനിയിലും മററുമുള്ള കാവൽക്കാരൻ.

രക്ഷോഘ്നം-ന. പെരുങ്കായം. വ. കാടി. ന. ചേരുമരം. ര. വെങ്കടുക്.

രക്ഷോഘ്നി-ന. വയമ്പ്. വ. വെളുവയമ്പ്.

രക്ഷാരശന-രക്ഷ നേടുന്നതിനുള്ള റബ്ബർ ബെൽട്ട്.

രക്ഷോവരൻ - രാക്ഷസന്മാരിൽ ശ്രേഷ്ഠൻ, രാവണനും മററും.

രക്ഷ്ണം-പാലനം.

രക്ഷ്യ-വി. രക്ഷയ്ക്കു യോഗ്യമായ.

രക്ഷ്യചതുഷ്ടയം—ക്ഷീണനായ ബന്ധു, ദരിദ്രനായിപ്പോയ കുലീനൻ, പുത്രനില്ലാത്ത സഹോദരി, നിരാശ്രയനായ സ്നേഹിതൻ. ഇവരെ കൂടപ്പാർപ്പിച്ചു രക്ഷിക്കണം.

രഘു-സൂര്യവംശത്തിലുള്ള ഒരു പ്രസിദ്ധപ്പെട്ട രാജാവു്.

ഇദ്ദേഹം ദിലീപന്റെ പുത്രനും അജന്റെ പിതാവുമാണ്. ശാസ്ത്രങ്ങളുടെ അന്തവും യുദ്ധത്തിൽ ശത്രുക്കളുടെ അന്തവും വരെ പോകാൻ സമർത്ഥനാകുമെന്നു കണ്ടു ദിലീപൻ തന്റെ പുത്രനു രഘു എന്നു നാമകരണം ചെയ്തു എന്നു കാളിദാസൻ രഘുവംശം കാവ്യത്തിൽ പറഞ്ഞിരിക്കുന്നു. രഘ് ധാതുവിനു പോകുക എന്നാണത്രെ അർത്ഥം. ഇദ്ദേഹം ദിക്കുകളെല്ലാം കീഴടക്കിയതിൽ പിന്നെ വലുതായ വിശ്വജിൽയാഗം നടത്തി. അതിൽ സകല സമ്പത്തും ബ്രാഹ്മണർക്കായി രഘു ദാനം ചെയ്തു. പണ്ഡിതനും പരാക്രമിയുമായിരുന്നു.

രഘുവംശം—പ്ര. രഘുരാജാവിന്റെ കുലം, ഉ. ഒരു കാവ്യം.

ഈ പുസ്തകത്തിൽ ശ്രീരാമന്റെ വംശപാരമ്പര്യവും ചരിത്രവും അടങ്ങിയിരിക്കുന്നു കാളിദാസന്റെ പ്രസിദ്ധിയുള്ള ഒരു കാവ്യമാണ്.

രഘുവംശതിലകാ-രാമചന്ദ്രൻ.

രങ്കു-വി. പ്ര. ക്ഷേമമുള്ള. ഉ. മന്ദതയുള്ള. ന. യാചകനിലയിലുള്ള

രങ്കു- വെളുത്ത രോമവും മുതുകിൽ ചാരനിറവുമുള്ള വലിയ മാൻ.

രങ്കിടുക-ചായമിടുക.

രംഗചാരൻ-നടൻ.

രംഗനം-ആട്ടം.

രംഗം-പ്ര. നാടകശാല, അരങ്ങ്. ഉ. തട്ട്. ന. യുദ്ധഭൂമി. ര. നൃത്തം. ഇ. രാഗം. ദ. വെളുത്തീയം. ൻ. പൊൻകാരം. ൽ. കാത്തു്. ഫ. സംഘം, സഭ. പ്ര.പ്ര. രണാങ്കണം. പ്ര.ഉ. നൃത്തം, അഭിനയം, വിനോദം, കളി.

രംഗജം-സിന്ദൂരം.

രംഗനാഥൻ-വിഷ്ണു.

രംഗബീജം-വെള്ളി.

രംഗമാതാ-അരക്ക്.

രംഗസദൃശം—നാകം.

രംഗാജീവൻ-പ്ര. ചിത്രമെഴുതുന്നവൻ. ഉ. വേഷക്കാരൻ. രംഗംകൊണ്ടുപജീവിക്കുന്നവൻ എന്നർത്ഥം.

രചകൻ-രചിതാവ്.

രചന-പ്ര. ഉണ്ടാക്കുക. ഉ. എഴുതുക. ന. തലമുടി വിടർത്തു കെട്ടി അലങ്കരിക്ക. വസ്ത്രാഭരണാദികളെക്കൊണ്ടു ചമയുക. പിന്നെയും പിന്നെയും ഗുണത്തെ ചെയ്യുക എന്നർത്ഥം.

രചിക്കുന്നു-പ്ര. ഉണ്ടാക്കുന്നു. ഉ. എഴുതുന്നു.

രചിത-വി. ഉണ്ടാക്കപ്പെട്ട. ഉ. എഴുതപ്പെട്ട.

രജകൻ-അലക്കുന്നവൻ, വെളുത്തേടൻ. അഴുക്കുകളഞ്ഞു നന്നാക്കുന്നവൻ എന്നർത്ഥം.

രജകം-തത്ത.

രജകി, രജകാ-വെളുത്തേടത്തി.

രജത-വി. പ്ര. വെളുത്ത. ഉ. വെള്ളികൊണ്ടുണ്ടാക്കിയ.

രജതം-പ്ര. വെള്ളി. നിറപ്പകിട്ടിനെ ഉണ്ടാക്കുന്നതു് എന്നർത്ഥം. ഉ. വെളുപ്പ്. ന. ഒരു പർവ്വതം. ര. പൊന്ന്. ഇ. രക്തം. ദ. ദന്തം, ആനക്കൊമ്പ്.

**രജതാദ്രി** (പ്രസിദ്ധം)-കൈലാസം.

**രജനം**-ചായമിടുക.

**രജനി**-൧. രാത്രി. രാഗികൾക്കു അനുരാഗമുണ്ടാകുന്ന സമയം എന്നർത്ഥം. ൨. മഞ്ഞൾ. ൩. മരമഞ്ഞൾ ൪. കരിങ്കച്ചോലം. ൫. അമരി ൬. അരക്ക്. ൭. ഋഗ്ഗ്.

**രജനീകരൻ**-൧. ചന്ദ്രൻ. രാത്രിയെ ചെയ്യുന്നവൻ എന്നർത്ഥം. ൨. കർപ്പൂരം.

**രജനീചരൻ**-൧. രാക്ഷസൻ. രാത്രിയിൽ സഞ്ചരിക്കുന്നവൻ എന്നർത്ഥം. ൨. കള്ളൻ. ൩. രാത്രിയിലെ കാവൽക്കാരൻ. ൪. ചന്ദ്രൻ

**രജനീചരം**-കർപ്പൂരം.

**രജനീചരി**-രാക്ഷസി.

**രജനീനാഥൻ**-ചന്ദ്രൻ.

**രജനീപുഷ്പാ**-പിച്ചകം.

**രജനീമുഖം** - സന്ധ്യാമുഖം, രാത്രിയുടെ ആരംഭകാലം.

**രജം**-രജോഗുണം. (രജസ്സ് എന്നതിൻെറ പാഠം).

**രജസ്വല**-വി. പൊടിയുള്ള.

**രജസ്വലം**-പോത്ത്.

**രജസ്വലാ**-൧. തീണ്ടായിരുന്നവൾ, തീണ്ടായിരിക്കുന്നവൾ. രജസ്സുള്ളവൾ എന്നർത്ഥം.

'അഷ്ടവർഷാഭവേൽഗൌരീ
നവവർഷാചരോഹിണീ,
ദശമേകന്യകാപ്രോക്താ
അതഊർദ്ധ്വംരജസ്വലാ'

ഋതുവായി നാലു ദിവസം വരെ ഗമിക്കരുത്. മഹാപാപമുണ്ട്. ആദ്യത്തെ മൂന്നു ദിവസവും ൧൧-ാം ദിവസവും വർജ്ജ്യമെന്നു വാഗ്ഭടമതം.

൨. വിവാഹത്തിനു സമീപിച്ച പെൺകുട്ടി.

**രജസ്സ്**-൧. രജോഗുണം. പ്രകൃതിയുടെ ഗുണം, രഞ്ജിപ്പിക്കുന്നത്, രാഗത്തെ ഉണ്ടാക്കുന്നത് എന്നർത്ഥം. ൨. ആർത്തവം. സ്ത്രീകൾക്കു ഋതുകാലത്തിൽ സ്രവിക്കുന്ന രക്തം, യോനിരക്തം. ൩. പൊടി. നിറപ്പകർച്ചയെ ചെയ്യുന്നത് എന്നർത്ഥം. പൂമ്പൊടി ൪. അപരാധം, ൫. പാപം.

**രജി**-ആയുസ്സിൻെറ പുത്രി.

രജിക്കു ധീരന്മാരായ ൫൦൦ പുത്രന്മാരുണ്ടായിരുന്നു. ദേവാസുര യുദ്ധത്തിൽ രജി ഏതു ഭാഗം ചേരുമോ ആ ഭാഗത്തു ജയമുണ്ടാകുമെന്നു ബ്രഹ്മാവു പറഞ്ഞു. രജിയുടെ അടുക്കൽ ആദ്യം അസുരകൾ ചെന്നു സഹായം അപേക്ഷിച്ചു. ജയിക്കുന്ന പക്ഷം അവരുടെ രാജാവാകാമോ എന്നു രജി ചോദിച്ചു. ഇതിനെ വിസമ്മതിച്ച് അവർ മടങ്ങിപ്പോയി. പിന്നീടു ദേവകൾ ചെന്നു ജയിച്ചാൽ ഇന്ദ്രനാക്കിക്കൊള്ളാമെന്നു സമ്മതിച്ചു തദനുസരണം രജി യുദ്ധംചെയ്ത് അസുരരെ തോല്പിച്ചു ദേവരാജാവായി. പിന്നീടു ഇന്ദ്രൻപോലും രജിയെ സേവിപ്പാൻ തുടങ്ങി. കുറച്ചു കഴിഞ്ഞു രജി ഇന്ദ്രനെ പ്രതിനിധിയാക്കീട്ടു സ്വന്ത രാജ്യത്തേക്കു മടങ്ങി. രജി മരിച്ചു. പിൻതുടർച്ചാവകാശത്തിനു പുത്രന്മാരെ ഇന്ദ്രൻ അനുവദിച്ചില്ല. ബൃഹസ്പതിയുടെ സഹായത്തോടുകൂടി ഇന്ദ്രൻ തൻെറ ആധിപത്യത്തെ തിരിയെ എടുത്തു.

**രജീകരിക്കുന്നു**-രജസ്സാക്കിച്ചെയ്യുന്നു.

**രജോഗുണം**-മൂന്നു ഗുണങ്ങളിൽ ഒന്ന്.

**രജോമൂർത്തി**-ബ്രഹ്മാവ്.

**രജ്ജു**-൧. കയറ്. ൨. വലച്ചരട്.

**രഞ്ജക**-വി. ൧. രഞ്ജിപ്പിക്കുന്ന, ചേർക്കുന്ന. ൨. ചായമിടുന്ന.

**രഞ്ജകൻ**-ചായമിടുന്നവൻ.

രഞ്ജനം-ഫ. അന്യോന്യമുള്ള മനസ്സിന്റെ ചേൎച്ച. വ. രക്തചന്ദനം. ന. ചായമിടുക.

രഞ്ജനി-ഫ. അമരി. രഞ്ജിപ്പിക്കുന്നതു്-ചായമിടുന്നതു്-എന്നൎത്ഥം. നീലം. വ ഒരു വൃക്ഷം. ന. മഞ്ഞൾ.

രഞ്ജിക്കുന്നു-ചേരുന്നു. (സ. ക്രി. രഞ്ജിപ്പിക്കുന്നു).

രഞ്ജിത-ഫ. ചേരപ്പെട്ട. വ. ചായമിടപ്പെട്ട.

രഞ്ജിപ്പു്-ചേൎച്ച, ഐകമത്യം.

രട(ക)ം ടിട്ടിഭപ്പക്ഷി.

രടനം-ശബ്ദം.

രടിത-വി. ശബ്ദിച്ച.

രടിതം-ഫ. ശബ്ദം. വ. മുഖാംഗലയുടെ ശബ്ദം.

രട്ടു്-ഒരുമാതിരി കട്ടിയുള്ള ശീല.

രട്ട-വി. ഇരട്ട.

രണഗൃദ്ധ്രപക്ഷി-കങ്കപക്ഷിയിൽ ഒരു തരം.

കറുത്ത നിറമുള്ളതും കാഴ്ചയ്ക്കു ഭയങ്കരമായിട്ടുള്ളതുമായ ഒരു വലിയ പക്ഷിയാണു്.

രണത്തു്-രണിച്ചിയങ്ങുന്നതു്. രണിക്ക=പുറപ്പെടുക.

രണനിപുണ-വി. യുദ്ധസാമൎത്ഥ്യമുള്ള.

രണം-ഫ. യുദ്ധം. ശബ്ദിക്കുന്നതു് എന്നൎത്ഥം വ. ശബ്ദം. ന. ശബ്ദത്തെ ഉണ്ടാക്കുക. ൪. അനക്കം, ഇളക്കം. ൫. സന്തോഷം. ൬ യുദ്ധാങ്കണം.

രണരണ(ക)ം-ഫ ആകുലം. വ. ഇച്ഛ.

രണരണികാ-ഉൽക്കണ്ഠ, രാഗാതിശയം.

രണസങ്കുല -ഇടകലൎന്നയുദ്ധം, രണ്ടു സൈന്യങ്ങളും കൂടിച്ചേൎന്നു സങ്കലമായി ചെയ്യുന്ന യുദ്ധം.

രണാജിരം-യുദ്ധാങ്കണം.

രണാലംകരണം-കങ്കപക്ഷി.

രണിക്കുന്നു-പുറപ്പെടുന്നു

രണിത-വി ശനി.

രണിതം-ശബ്ദം.

രണേച്ഛു-കോഴി.

രണ്ടു്-വി. ഒന്നിരട്ടിച്ചുവരുന്ന സംഖ്യ.

രണ്ടാം-വി. രണ്ടാമത്തെ.

രണ്ടാംചോറു്-വിലക്കുകോരിക.

രണ്ടാംമുഹൂൎത്തം-വിവാഹം കഴിഞ്ഞാൽ ഭൎത്താവു ഭാൎയ്യയെ ആദ്യം പ്രാപിക്കുന്നതിനുള്ള മുഹൂൎത്തം.

രണ്ടാംവേളി-ഫ. രണ്ടാമതു ചെയ്യുന്ന വിവാഹം. വ. രണ്ടാമത്തെ ഭാൎയ്യ.

രണ്ടിക്കുന്നു-രണ്ടായി തീരുന്നു, ഇരട്ടിക്കുന്നു. (സ. ക്രി. രണ്ടാക്കിത്തീൎക്കുന്നു, രണ്ടാക്കുന്നു).

രണ്ടിലൊന്നു്-രണ്ടുള്ളതിൽ ഒന്നു്.

രണ്ടുനേരം-ഫ. രണ്ടു പ്രാവശ്യം. വ. കാലത്തും വൈകീട്ടും.

രണ്ടുപക്ഷം-ഫ. ശത്രുപക്ഷവും ബന്ധുപക്ഷവും. വ. ഒരേനിലയിൽ വിചാരിക്കേണ്ടവരായി രണ്ടുപേരുള്ളവരിൽ ഒരാളോടു അനുകൂലമായും മറ്റൊരാളോടു പ്രതികൂലമായും പ്രവൎത്തിക്കുക. ന. രണ്ടുഭാഗം, ഇടത്തും വലത്തും. ൪. കറുത്തപക്ഷവും വെളുത്തപക്ഷവും. ൫. സംശയം.

രണ്ടുംകെട്ടനേരം-സന്ധ്യ, അസ്തമനസമയം.

രണ്ടുംകെട്ടവൻ-ആണും പെണ്ണും കെട്ടവൻ, ഭോഷൻ.

രണ്ടുടെ-അ. രണ്ടു പ്രാവശ്യം.

രണ്ഡൻ-പുത്രനുണ്ടാകാതെ മരിക്കുന്നവൻ

രണ്ഡാ-ഫ. വിധവ. വ. ഒരു പച്ചമരുന്നു്, എലിച്ചെവിയൻ. കളിക്കുന്നതു് എന്നൎത്ഥം.

രത-വി. ൧. താൽപര്യമുള്ള ൨. സന്തോഷിച്ച.

രതനാരീചാ-നായ്.

രതം-൧. സംയോഗം, ക്രീഡ, സ്ത്രീസംഗം രമിക്കുക എന്നർത്ഥം. ൨. ഗുഹ്യസ്ഥലങ്ങൾ.

രതി-൧. ക്രീഡ ൨. ആഗ്രഹം, സന്തോഷം, തുഷ്ടി. ൩. കാമദേവന്റെ ഭാര്യ. ൪. വിഷയസുഖം. ൫ സന്തോഷം.

രതിദീപികാ—ശയനമുറിയിലുള്ള വിളക്ക്.

രതിപതി-കാമദേവൻ. രതിയുടെ ഭർത്താവു എന്നർത്ഥം.

രതോദ്വഹാ-കുയിൽ

രത്നകന്ദലം-പവിഴം.

രത്നകരൻ(ഗർഭൻ)-കുബേരൻ.

രത്നക്കമ്പിളി-ഒരുമാതിരി മേചമന്ന കമ്പിളി.

രത്നക്കിരീടം-രത്നം പതിച്ച കിരീടം.

രത്നഗർഭ-ഭൂമി. രത്നങ്ങൾ അന്തർഭാഗത്തു വിളയുന്നതു് എന്നർത്ഥം.

രത്നഗർഭം-കടൽ.

രത്നനാഭൻ(വിധി)-വിഷ്ണു.

രത്നനായകം-മാണിക്യം.

രത്നനിധി-൧. സമുദ്രം. ൨. വിഷ്ണു. ൩. മേരു. ൪. വാലാട്ടിപ്പക്ഷി.

രത്നവതി-ഭൂമി.

രത്നസാനു-മഹാമേരു പർവതം രത്നമയങ്ങളായ താഴ്വരകളുള്ളതു് എന്നർത്ഥം.

രത്നസൂ രത്നസൂതി-ഭൂമി.

രത്നം-൧. പത്മരാഗ-മരതക-സ്ഫടികാദികളുടേയും മുത്തു മണി പവിഴം മുതലായതിന്റേയും പേർ. ഇതിൽ മനങ്ങൾ രമിക്കുന്നതിനാൽ ഈ പേർ വന്നു മറ്റൊരു പര്യായം-മണി.

രത്നങ്ങൾ രണ്ടുതരമുണ്ടു്. അവ സ്ഥലജങ്ങളും ജലജങ്ങളുമാകുന്നു. രത്നം, മണി എന്നവ രണ്ടും എല്ലാമാതിരി രത്നങ്ങളുടേയും സാമാന്യമായ പേരാകുന്നു.

൨. പദങ്ങളുടെ ഒടുവിൽ ചേർന്നു വരുമ്പോൾ മുൻ പദാർത്ഥജാതിയിൽ ശ്രേഷ്ഠതയുള്ളതു് എന്നർത്ഥം വരുത്തുന്നു. ഉ-ം, ഭൂപാലരത്നം = ഏററവും നല്ല രാജാവു്. (പഞ്ചരത്നങ്ങൾ, നവരത്നങ്ങൾ, ചതുർദശരത്നങ്ങൾ ഇവ നോക്കുക).

എല്ലാത്തരം വസ്തുക്കളിലും ശ്രേഷ്ഠമായിട്ടുള്ളതു രത്നമാണു്. 'രത്നഹാരീതുപാർത്ഥിവഃ' എന്നുള്ള ന്യായപ്രകാരം ഭൂമിയിലുള്ള രത്നങ്ങൾക്കൊക്കെയും രാജാവിനാണു് അവകാശം. ഭൂമിയിലുള്ള പദാർത്ഥങ്ങളിൽ യാഗത്തിലെ ഹവിസ്സിനു മാത്രമേ ദേവന്മാർക്കവകാശമുള്ളു.

രത്നമുഖ്യം-വൈരം.

രത്നാകരൻ-ഒരു മഹാകവി.

'ഹരവിജയം' മഹാകാവ്യത്തിന്റെ കർത്താവു. ൯-ാം ശതാബ്ദത്തിൽ അവന്തിവർമ്മരാജാവിനെ ആശ്രയിച്ചുപാർത്തു.

രത്നാകരം-൧. സമുദ്രം. ൨. രത്നങ്ങൾ വിളയുന്നിടം.

രത്നാങ്കം-വിഷ്ണുവിന്റെ രഥം.

രത്നാവലി-൧. മാല ൨. ഒരു നാടകത്തിന്റെ പേർ.

ഈ നാടകം കാശ്മീര രാജാവായ ശ്രീഹർഷദേവൻ ഉണ്ടാക്കിയതാണു്. കഥ ഉദയനന്റേയും വാസവദത്തയുടേയും അനുരാഗം. സുബന്ധുവിന്റെ വാസവദത്തയും രത്നാവലിയിലെ നായികയും ഒന്നല്ല.

൩. ഒരു വൃത്തത്തിന്റെ പേർ.

രത്നി-പു. പിടിമുഴം. കച്ചവടക്കാർ ഇതു കൊണ്ടു രമിക്കുന്നതിനാൽ ഈ പേർ വന്നു. വ. മുഴം. ന. മുഷ്ടി. ർ. കൈമുട്ട്.

എല്ലാ വിരലുകളും നിവർത്തിപ്പിടിച്ചു കൈപ്പടത്തോടുകൂടിയ കൈത്തണ്ടയുടെ —ഒരു മുഴവൻ മുഴത്തിൻെറ— അല്ലെങ്കിൽ ൨൪-അംഗുലം നീളമുള്ള ആശാരി മുഴക്കോലിൻെറ പേരാണ് ഹസ്തം. ഈ ഹസ്തം തന്നെ എല്ലാ വിരലും മടക്കിപ്പിടിച്ച മുഷ്ടിയോടുകൂടിയ താ ം ണെങ്കിൽ അതിൻെറ—പിടിമുഴത്തിൻെറ—പേരത്രെ രത്നി.

'നടുവെപ്പിടിമുഴമാത്രം
ചതുരംവരുമാറുകണ്ടുശകലേന'
(കേരളി)

രഥകട്യ-തേർക്കൂട്ടം.

രഥകാരൻ-പു. തേരുണ്ടാക്കുന്നവൻ. വ. വൈശ്യനു ശൂദ്രസ്ത്രീയിലുണ്ടായവൻ. ന. ആശാരി.

രഥകുടുംബി-തേർ നടത്തുന്നവൻ. തേരിനെക്കൊണ്ടു നടത്തുവാൻ ശീലമുള്ളവൻ എന്നർത്ഥം.

രഥഗുപ്തി-ശത്രുക്കളുടെ പ്രയോഗിക്കുന്ന ആയുധങ്ങളും തേരാളിക്കു കൊള്ളാതിരിപ്പാനായി തേരിലുണ്ടാക്കുന്ന മറ.

രഥഘോഷം-രഥം പോകുമ്പോഴുള്ള ശബ്ദവും മുഴക്കവും.

രഥചരണം-ചക്രവാകപ്പക്ഷി.

രഥദ്രു-തൊടുകാര. രഥത്തിനുപയോഗിക്കുന്ന വൃക്ഷം എന്നർത്ഥം.

രഥൻ-വീരൻ, ശൂരൻ, വമ്പൻ.

രഥപാദം-പു. തേരുരുൾ. വ. ചെമന്ന വാത്ത്.

രഥപുംഗവൻ- കീർത്തിപ്പെട്ട യോദ്ധാവ്, മുഖ്യനായ യോദ്ധാവ്.

രഥബന്ധം - ചിത്രം എന്ന അലങ്കാരത്തിൽ പെട്ടത്.

രഥം-പു. തേർ

ചക്രങ്ങളോടുകൂടിയതും യുദ്ധത്തിനുപയോഗപ്പെടുന്നതുമായ വാഹനമത്രെ രഥം.

ഇതിലിരുന്നു സുഖിക്കുന്നതിനാൽ ഈ പേർ വന്നു. വ. വഞ്ചി. ന. തൊടുകാര. ർ. അവയവം. ൫. ശരീരം.

രഥവീഥി-പ്രധാനവഴി.

രഥവ്രജം-രഥസമൂഹം.

രഥഹയം-തേർക്കുതിര.

രഥാംഗ(ക)ം-ചക്രവാകപ്പക്ഷി.

രഥാംഗനാമാ-ചക്രവാകപ്പക്ഷി.

രഥാംഗം-പു. തേരുരുൾ, ചക്രം.

'രഥാംഗശംഖാബ്ജഗദാധരന്മാർ'
(ശ്രീകൃഷ്ണചരിതം)

വ. വിഷ്ണുവിൻെറ ചക്രം.

രഥാംഗാഹ്വയനാമകം- ചക്രവാകപ്പക്ഷി. ചക്രത്തിൻെറ ആഹ്വയം (പര്യായം) നാമമായിട്ടുള്ളത് എന്നർത്ഥം.

രഥാശ്വം-വണ്ടിക്കു കെട്ടുന്ന കുതിര.

രഥികൻ-തേർക്കാരൻ, തേരിൻെറ ഉടമസ്ഥൻ.

രഥിനൻ-രഥമുള്ളവൻ. രഥത്തിൻെറ ഇനൻ (പ്രഭു) എന്നർത്ഥം.

രഥിര വി. തേരുള്ള, തേരിൽ കയറിപ്പോകുന്ന.

രഥീ-പു. തേരാളി. വ. തേരിൻെറ ഉടമസ്ഥൻ.

രഥോത്സവം-തേരോട്ടം.

രഥോദ്ധതാ-ഒരു വൃത്തത്തിൻെറ പേർ. ലക്ഷണം— 'രംനരംലഘുരുവും രഥോദ്ധതാ'.

രഥ്യ-പു. തേർക്കൂട്ടം. വ. തേർവീഥി. ന. വഴി. ർ. ഗ്രാമമദ്ധ്യത്തിലുള്ള പ്രധാന

വീഥി. രഥികനെക്കൊണ്ടു നടക്കത്തക്കതു് എന്നർത്ഥം.

രഥ്യം-തേർക്കുതിര. രഥത്തെ വഹിക്കുന്നതു് എന്നർത്ഥം.

രദനച്ഛദം-ചുണ്ടു്, ചോടി. പല്ലിനെ മറയ്ക്കുന്നതു് എന്നർത്ഥം.

രദ(ന)ം-പു. പല്ലു്. കടിപ്പാനുള്ള കരണം എന്നർത്ഥം. വ. തേററ.

രദം-പു. പല്ലു്. വ. കീറുക.

രദാങ്കം-ദന്തക്ഷതം.

'നന്നായന്യാംരദാങ്കംപ്രിയനുടയ'
(അമരുകശതകം)

രദായുധം-പന്നി.

രന്തിദേവൻ-പു. ചന്ദ്രവംശത്തിലെ ഒരു രാജാവു്.

ഭരതനിൽ നിന്നു ന്ന-ാമത്തവൻ. ഇദ്ദേഹത്തിനു രണ്ടു ലക്ഷം പാചകന്മാരുണ്ടായിരുന്നു. ദിവസാന്തോറും ൨,000 കന്നുകാലികളേയും അത്രയും മററു മൃഗങ്ങളേയും കൊന്നു പചിച്ചു ആവശ്യമുള്ള ഇതര ഭക്ഷണസാധനങ്ങളോടു കൂടി പാവപ്പെട്ടവൎക്കു കൊടുത്തുവന്നു. ഇപ്രകാരം വധിക്കപ്പെട്ട മൃഗങ്ങളുടെ ചോര ഒരു നദിയായി പ്രവഹിച്ചിരുന്നു. ആ നദിയുടെ പേർ 'ചൎമ്മണ്വതി'.

വ. നായ്.

രന്തു-പു. നദി. വ. വഴി.

രന്തുകാമ-വി. ക്രീഡിപ്പാനാഗ്രഹമുള്ള.

രന്ധ്രപ്രതീക്ഷി-അവസരംനോക്കിയിരിക്കുന്നവൻ.

രന്ധ്രബഭ്രു-എലി.

രന്ധ്രം-പു. സുഷിരം, ദ്വാരം. വായു നിമിത്തം ശബ്ദിക്കുന്നതു് എന്നർത്ഥം. വ. കുററം. ന. [illegible]. ര. യോജ്യതകേടു്.

രിപ്പോർട്ടു്-പ്രസിദ്ധിപ്പിക്ക, അറിയിക്ക. Report.

രഭസം-പു. വേഗം. (രഭസാൽ=വേഗത്തിൽ) വ. ആഹ്ലാദം, ഹൎഷം. ന. ഉഗ്രത, കാഠിന്യം, ഊക്കു്.

രമകൻ-സ്നേഹിതൻ.

രമഠം-പെരുങ്കായം.

രമണൻ-പു. ഭർത്താവു്. വ. സ്നേഹിതൻ. ന. കാമദേവൻ. ര. കഴുത. ഇ. അരുണൻ.

രമണപ്പൂ-പൂമരം.

രമണം-പു. ക്രീഡ, കളി. വ. രമിക്കുക, സ്ത്രീയുമായുള്ള ക്രീഡ. ന. കരിവേപ്പു്. ര. കഴുത.

രമണാ-പു. ഭാര്യ. വ. സ്നേഹമുള്ളവൾ.

രമണി, രമണാ-പു. നല്ല സ്ത്രീ, ഭാര്യ. വ. ശ്ലോകത്തിന്റെ ഒരു വൃത്തഭേദം.

ആലിംഗനചുംബനാദികളെക്കൊണ്ടു പുരുഷനെ രമിപ്പിക്കുന്നവളത്രേ രമണി.

രമണീയ-വി. സൌന്ദര്യമുള്ള, മനസ്സിനെ വശീകരിക്കുന്ന. (നാമം-രാമണീയകം).

രമണീയത-മനോഹരത, ഭംഗി.

രമണീയം-പു. ഒരു വൃത്തത്തിന്റെ പേർ. വ. മനോഹരം.

രമണ്യം-ക്രീഡ, കളി.

രമതി-പു. കാമദേവൻ. വ. പ്രിയൻ. ന. സ്വൎഗ്ഗം. ര. സമയം.

രമൻ-പു. പ്രിയൻ. വ. ഭർത്താവു്.

രമം-പു. സന്തോഷം. വ. അശോകവൃക്ഷം.

രമാ-പു. ലക്ഷ്മി. വ. ഭാര്യ. ന. ഭാഗ്യം, ഐശ്വൎയ്യം.

രമാപതി-വിഷ്ണു.

രമാവരൻ-വിഷ്ണു.

രമാവല്ലഭൻ-വിഷ്ണു.

രമിക്കുന്നു-കളിക്കുന്നു, ക്രീഡിക്കുന്നു. (സ. ക്രി രമിപ്പിക്കുന്നു).

രമേശൻ-വിഷ്ണു.

രമ്യ-വി. ൧. മനോഹരത്വമുള്ള. ൨. സൌന്ദൎയ്യമുള്ള.

രമ്യ-രാത്രി.

രമ്യകം-ഒരുവൎഷം, (ജംബുദ്വീപം നോക്കുക).

'പിന്നെരമ്യകത്തിൽവൈ-
വസ്വതൻമനുവരൻ'
(ഭാഗവതം)

രമ്യത-മനോഹരത്വം.

രമ്യം - ൧. ഒരുമാതിരി വെള്ളരിയുടെ പേർ. ൨. ശുക്ലം, രേതസ്സ്. ൩. മനോഹരം. ൪. ചമ്പകം. ൫. കൊടുമന്താരം.

രംഭ-൧. വാഴ. വേഗത്തിൽ വളരുന്നതു് എന്നൎത്ഥം.

'രംഭാരമ്യംതുടവടിവെഴും'
(ഉണ്ണുനീലിസന്ദേശം)

൨. നളകൂബരന്റെ ഭാൎയ്യ, അപ്സരസ്ത്രീകളിൽ ഒരുത്തി.

രംഭ എന്ന സ്ത്രീയുടെ ജനനം സമുദ്രമഥനത്തിൽ നിന്നാണ്. സൌന്ദൎയ്യത്തിന്റെ മൂൎത്തിയാകുന്നു. വിശ്വാമിത്രനെ വശീകരിപ്പാൻ ഒരിക്കൽ ഇന്ദ്രനാൽ നിയോഗിക്കപ്പെട്ടു. അദ്ദേഹത്തിന്റെ ശാപം നിമിത്തം ൧,000 വൎഷം കല്ലായിട്ടു കഴിച്ചു. രാവണൻ ഒരിക്കൽ ബലാൽ സ്വീകരിച്ചിട്ടുണ്ട്. (രാവണവിജയം നോക്കുക.)

൩. ഗൌരി. ൪. വ്യഭിചാരിണി. ൫. ഒരുമാതിരി അരി. ൬. അമ്പു്.

രംഭൻ-രാമായണത്തിൽ പറയുന്ന ഒരു കരടി.

രംഭം-൧. ശബ്ദം. ൨. വടി. ൩. മുള. ൪. പൊടി.

രംഹണം-വേഗത്തിലുള്ള ഗമനം.

രംഹസ്സ്-൧. വേഗം. വേഗത്തിലുള്ള ഗമനം. ൨. അത്യാശ, ബലാൽക്കാരം. ൩. ശിവൻ. ൪. വിഷ്ണു.

രയം-൧. വേഗം. ൨. ഒഴുക്ക്. ൩. വേഗത്തിലുള്ള ഗമനം.

രയി-ജലം.

രല്ലകം-൧. കമ്പിളി, കരിമ്പടം, ക്രീഡാസുഖത്തെ അനുഭവിപ്പിക്കുന്നതു് എന്നൎത്ഥം. ൨. ഒരുവക മാൻ. ൩. ഇമ.

രവണ-വി. ൧. ശബ്ദിക്കുന്ന. ൨. ചൂടുള്ള. ൩. സ്ഥിരമില്ലാത്ത.

രവണൻ-ഉച്ചപ്പെടുത്തുന്നവൻ. അക്ഷരവ്യക്തികൂടാതെ ഘോഷിക്കുകയും മറ്റും ചെയ്യുന്നവൻ.

രവണം-൧. ഒട്ടകം. ൨. കുയിൽ. ൩. ചെമ്പും ഈയവുംകൂട്ടിയതു, ഓടു്, വെള്ളോടു്.

രവം-൧. ശബ്ദം. ൨. ഇടി, ഇടിനാദം.

രവി-൧. ചുങ്കസ്ഥലം. ൨. രകതാരി.

രവാന-വഴച്ചീട്ടു്.

രവി-൧. സൂൎയ്യൻ. സ്തുതിക്കപ്പെടുന്നവൻ എന്നൎത്ഥം. ൨. എരിക്കു്. ൩. പൎവ്വതം. ൪. പന്ത്രണ്ടു എന്ന അക്കം.

രവികാന്തം-സൂൎയ്യകാന്തക്കല്ലു്.

രവിജൻ (സൂനു, പുത്രൻ, തനയൻ)-൧. കൎണ്ണൻ. ൨. ബാലി. ൩. വൈവസ്വതമനു. ൪. യമൻ. ൫. സുഗ്രീവൻ.

രവിനാഥം-൧. താമര. ൨. ഉച്ചമലരി.

രവിനാമകം-ചെമ്പു്.

രവിപുലാ-ഒരു വൃത്തത്തിന്റെ പേർ.

രവിപ്രിയം-൧. ചെന്താമര. ൨. ചെമന്ന അരളി.

രവിലോചനൻ-൧. വിഷ്ണു. ൨. ശിവൻ

രവിലോഹം-ചെമ്പു്.

രവിവാസരം-ഞായറാഴ്ച.

രവീഷു-കാമദേവൻ.

രവീഷ്ടം-നാരകം.

രശന-൧. അരഞ്ഞാൺ. ൨. നാവ്.

രശീതി-രസീത്. (receipt) ശീട്ട്.

രശ്മി-൧. ശോഭ. ൨. കയറ്. ൩. കടിഞ്ഞാൺ, വ്യാപിക്കുന്നതു് എന്നർത്ഥം. ൪. ഇമ.

രസകർപ്പൂരം-പുടംവെച്ചുണ്ടാക്കുന്ന ഒരുമാതിരി ഭസ്മം.

രസക്കേട്-൧. ഇഷ്ടക്കേട്. ൨. രുചിയില്ലായ്മ.

രസങ്ങൾ-(നവരസങ്ങൾ നോക്കുക)

രസഗന്ധം-നറുമ്പശ.

രസഗർഭം-൧. ചായില്യം. ൨. രസാഞ്ജനം. ൩. മാക്കീരക്കല്ല്.

രസച്ചുരട്ടുപൊട്ടിക്കുക-രസവത്തായ സംഗതിയിൽ ശ്രദ്ധയോടുകൂടിയിരിക്കുമ്പോൾ അതിനു വല്ലവിധവും വിഘ്നം വരുത്തുക.

രസജം-ശർക്കര.

രസജ്ഞ-വി. രസത്തെ അറിയുന്ന.

രസജ്ഞത-രസജ്ഞത്വം.

രസജ്ഞൻ-൧. ശൃംഗാരാദിരസങ്ങളേയും മറ്റും അറിഞ്ഞു് പുസ്തകം എഴുതിയ ഒരു വിദ്വാൻ. ൨. രസവാദി. ൩. രസംകൊണ്ടു ചികിത്സിക്കുന്ന വൈദ്യൻ. ൪. രസത്തെ അറിയുന്നവൻ.

രസജ്ഞാ-നാവ് (നാക്ക്). മധുരാദിരസങ്ങളെ അറിയുന്നതു് എന്നർത്ഥം.

രസതന്ത്രം-(Chemistry) വസ്തുക്കളുടെ യോഗവിയോഗങ്ങളെപ്പറ്റി പഠിപ്പിക്കുന്ന ശാസ്ത്രം.

രസധാതു-ഏഴു ധാതുക്കളിൽ ഒന്നാമത്തെ ധാതു, ത്വക്ക്.

രസനം-൧. സ്വർണ്ണം. ൨. അരത്ത. ൩. വെള്ളി.

രസനാ-൧. നാവ്. ൨. അരത്ത.

രസപാകജം-ശർക്കര.

രസഫലം-തെങ്ങ്.

രസഭംഗം-൧. ഇഷ്ടക്കേട്. ൨. രുചിയില്ലായ്മ. ൩. നീരില്ലായ്മ.

രസഭസ്മം-രസം പുടംവെച്ചു ഭസ്മമാക്കിയതു്.

രസമണി-രസം ഉരുക്കിയുണ്ടാക്കിയ മണി.

രസം-൧. വിഷമുള്ള ഒരു മരുന്ന്. ൨. ഇഷ്ടം, രുചി. ൩. നീർ, ജലം. ൪. സ്നേഹം. ൫. ശൃംഗാരംമുതലായ രസങ്ങൾ ഒൻപതും. ൬. ചവർപ്പുമുതലായ ആറിന്റേയും പേർ. ൭. വിഷം. ൮. നറുമ്പശ. ൯. പഞ്ചഭൂതങ്ങളുടെ ഗുണം. ൰. ചക്ഷുരാദീന്ദ്രിയങ്ങളുടെ വിഷയങ്ങളിൽ ഒന്ന്. ൰൧. മരുന്നുകളിൽ ഇരിക്കുന്ന വീര്യം. ൰൨. കാവ്യത്തിന്റെ ജീവൻ. ൰൩. വെളുത്തീയം. ൰൪. സപ്തധാതുക്കളിൽ ഒന്ന്. ആസ്വദിക്കപ്പെടുന്നതു് എന്നർത്ഥം.

രസംകുന്നൻ-ഒരുവക വാഴ.

രസവതി-അടുക്കള. ആറു് രസങ്ങളടങ്ങിയ ഭക്ഷണപദാർത്ഥങ്ങളോടുകൂടിയതു് എന്നർത്ഥം.

രസവൽ-വി. രസമുള്ള. (വാൻ, വതി, വൽ).

രസവാദം-രസം ഗന്ധകം മുതലായ വസ്തുക്കളും ചില ഔഷധങ്ങളും കൂട്ടി ലോഹങ്ങളോടു ചേർത്തു ഒരുവിധം പൊന്നും വെള്ളിയും ഉണ്ടാക്കുന്നതിനും മറ്റുമുള്ള ഉപായങ്ങളെ വിവരിക്കുന്ന ശാസ്ത്രം.

രസവാദി-രസവാദം അറിഞ്ഞിരിക്കുന്നവൻ.

രസവിഭാവത്രയം-ആലംബനം, ഉദ്ദീപനം, അനുഭാവം.

രസസിദ്ധൻ-രസവാദി, രസസിദ്ധിയുള്ളവൻ.

രസസിദ്ധി-രസവാദശാസ്ത്രത്തിന്റെ അറിവ്.

രസസിന്ദൂരം-രസം പുടംവച്ച് എടുത്ത പൊടി

രസാ-ഫ. ഭൂമി ൧. നാവ്. രസങ്ങളാൽ അനുഭവിക്കപ്പെട്ടത്, ആറു രസങ്ങൾ ഉള്ളത്. ൨. ഇരന്തമരം ൩. പാടവള്ളി ആസ്വദിക്കപ്പെടുന്നത് എന്നർത്ഥം. ൪. അരത്ത. ൫. തിന.

രസാഞ്ജനം-കണ്ണിൽ തേയ്ക്കുന്ന ഒരു മരുന്ന്. കഷായരസത്തിൽ നിന്നുണ്ടായ അഞ്ജനം എന്നർത്ഥം.

രസാതലം-ഭൂമിക്കു കീഴുള്ള ലോകങ്ങളിൽ ഒന്ന്. ഭൂമിയുടെ അധോഭാഗം എന്നർത്ഥം. (തലം എന്നതിനു സ്വരൂപം എന്ന അർത്ഥവും ഉണ്ട്, ഉ-ം, മഹീതലം).

രസാദാനം-രസത്തെ വലിച്ചെടുക്ക, മുലകുടിക്കയും മറ്റും.

രസാപായി-നായ്.

രസാഭാസം-മനസ്സിലുള്ള വിചാരത്തെ മറയ്ക്കൽ.

രസായനൻ-ഫ. ഗരുഡൻ. ൧. രസവാദി.

രസായനഫലാ-കടുക്ക.

രസായനം-ഫ. രോഗങ്ങളെ ശമിപ്പിച്ച് ആയുസ്സിനെ വർദ്ധിപ്പിക്കുന്ന ഒരുമാതിരി മരുന്ന്. ൧. രസവാദശാസ്ത്രം. ൨. രസവും ഔഷധവും കൂട്ടിയുള്ള പ്രയോഗം. ൩. മോര്. ൪. വിഷം. ൫. രസത്തിനുള്ള ഇരിപ്പിടം.

രസായിനി-ചെറുകടൽ.

രസാലം-ഫ. മാവുവൃക്ഷം, മാതെയ്യ്, തേന്മാവ്. ൧. പ്ലാവ്. ൨. കരിമ്പ്. ൩. കോതമ്പ്. ൪. അറബിക്കുന്തുരുക്കം. ൫. മുത്ത, നറുംപശ. ൬. ചാണപ്പുല്ല്. ൭. വിഴാൽ.

രസാലസ-ഞരമ്പ്.

രസാവഹ-വി. രസമുള്ള; രുചിപ്രദമായ

രസാഹ്വാ-പയിനെണ്ണ.

രസാള-ഫ. തൈരിൽ നല്ലമുളകും പഞ്ചസാരയും ചുക്കും ജീരകവും ചേർത്തുണ്ടാക്കുന്ന ഒരു കറി, രസങ്ങളെ ആദാനം ചെയ്യുന്നത് എന്നർത്ഥം.

പഞ്ചസാരയും മുളകുപൊടിയും ഇട്ട് വെള്ളം കൂടാതെ കടഞ്ഞെടുത്ത തൈരിൽ ചുക്കും ജീരകവും പൊടിച്ചിട്ടാൽ അതിനു 'രസാള' എന്നു പേർ. "ശർക്കരാമരിചാക്രാന്തം നിരംബുമഥിതം ദധി, ശുണ്ഠീജീരകസംയുക്തം രസാളേത്യഭിധീയതേ"
൧. മുന്തിരി.

രസാളം-ഫ. മാവ്. രസത്തെ മഥനംചെയ്യുന്നത് എന്നർത്ഥം. ൧. കരിമ്പ്. മധുരരസത്താൽ അലങ്കരിക്കപ്പെട്ടത് എന്നർത്ഥം. ൨. പുണ്ഡരീകക്കരിമ്പ്.

രസിക-വി. രസിപ്പിക്കുന്ന, രസമുള്ള, രസത്തോടുകൂടിയ. ൧. രുചിയുണ്ടാക്കുന്ന.

രസികൻ-ഫ. രസിപ്പിക്കുന്നവൻ. രസികൻ > <ശുഷ്കൻ. ൧. സുന്ദരൻ എന്ന് അഭിമാനിക്കുന്നവൻ. ൨. താന്തോന്നി.

രസികം-ഫ. വണ്ടാരംകോഴി. ൧. കുതിര. ൨. ആന.

രസികാ-ഫ. കരിമ്പിൻനീർ. ൧. രസാളക്കറി. ൨. സ്ത്രീയുടെ അരഞ്ഞാണം. ൩. നാവ്. ൪. പഞ്ചവർണ്ണക്കിളി. ൫. സന്തോഷം വരുത്തുക വാക്കുകളെ പറയുന്നവൾ.

രസിക്കുന്നു-ഫ. ഇഷ്ടപ്പെടുന്നു, സന്തോഷമാകുന്നു, സന്തോഷിക്കുന്നു. ൧. രുചിക്കുന്നു. ൨. ശബ്ദിക്കുന്നു. (സ. ക്രി. രസിപ്പിക്കുന്നു).

രസിത-വി. പൊന്നും മറ്റും പൂശപ്പെട്ട.

രസിതം-ഫ. ശബ്ദം, ൧. ഇടിമുഴക്കം.

രസീതി-ശീട്ട്, Receipt രസീത്.

രസോനം-വെളുള്ളി.

**രസോത്തമം**-പു. പാല്. വ. രസം. ന. ചെറുപയറ്.

**രസോന(ക)ം**-വെള്ളുള്ളി. ഭക്ഷിക്കുന്ന കാൎയ്യത്തിൽ ഉപേക്ഷിക്കപ്പെടുന്നതു് എന്നൎത്ഥം.

**രസ്ത**-ധാന്യപ്പുര.

**രഹണം**-വേൎപാടു്.

**രഹദാരി**-കാവൽ സ്ഥലങ്ങളിൽ തടിയും മററും തടയാതെയിരിക്കാൻ സൎക്കാരിൽ നിന്നു കൊടുക്കുന്ന ഒരെഴുത്തു്.

**രഹസ്സ്**-വിജനപ്രദേശം.

**രഹസ്സ്**-അ. ഗൂഢമായി.

**രഹസ്യ**-വി. ഗൂഢമായുള്ള.

**രഹസ്യം** - പു. ഗൂഢകാൎയ്യം. രഹസ്യം ▷ ◁ പരസ്യം.

രഹസ് എന്ന പദത്തോടു 'യൽ' പ്രത്യയം ചേൎന്നുണ്ടായതാത്രേ രഹസ്യം. ഈ പദത്തിന്റെ പ്രതിയോഗിയായി ഒരു പദം വേണ്ടതായി ദ്രാവിഡർ കണ്ടു 'പര' എന്ന ശബ്ദത്തെ തെററായി പരസ്സാക്കി അതോടു 'യൽ' പ്രത്യയം കൂട്ടിച്ചേൎത്തു 'പരസ്യം' എന്നൊരു പദത്തെ അവർ സൃഷ്ടിച്ചു.

വ. വിജനപ്രദേശത്തുണ്ടായതു്.

**രഹസ്യാ**-ഒരാറു്.

**രഹിത**-വി. വെടിഞ്ഞ, ഉപേക്ഷിച്ച, വിട്ട.

## രാ

**രാ**-ദാനംചെയ്ക, കൊടുക്ക.

**രാ**-പു. രാത്രി. വ. പൊന്നു്.

**രാഃ**-സ്വൎണ്ണം.

**രാക**-പു. പൂൎണ്ണചന്ദ്രനുള്ള വെളുത്തവാവു്. സുഖത്തെദാനംചെയ്യുന്നതു് എന്നൎത്ഥം. വ. തീണ്ടായിരുന്നവൾ. ന. ഒരു രാക്ഷസി, ഖരന്റെയും ശൂൎപ്പണഖയുടേയും അമ്മ, വിശ്രവസ്സിന്റെ ഭാൎയ്യ. ശ. വെളുത്തവാവിൻനാളിലെ ദേവി. ഉ. ചൊറി.

**രാകാനിശാകരൻ**-പൂൎണ്ണചന്ദ്രൻ.

**രാകാപതി**-ചന്ദ്രൻ.

**രാകുന്നു**-അരംകൊണ്ടു് അറുക്കുന്നു.

**രാകേന്ദു**-വെളുത്തവാവുനാൾ രാത്രിയിലുദിക്കുന്ന ചന്ദ്രൻ.

**രാക്കു്**-അരംകൊണ്ടു് അറുക്കുക

**രാക്കണ്ണു്**-ഇരുട്ടു്.

**രാക്കുറു്**-രാത്രി.

**രാക്ഷസ**-വി. രാക്ഷസനെ സംബന്ധിച്ച

**രാക്ഷസൻ**-പു. മനുഷ്യരെ ഭക്ഷിക്കുന്ന ഒരു ജാതിക്കാരൻ. ഇവനിൽ നിന്നും ജനങ്ങളെ രക്ഷിക്കേണ്ടതായിരിക്കുന്നതിനാൽ ജനദ്രോഹി എന്നു ശബ്ദാൎത്ഥം. മററു പൎയ്യായങ്ങൾ-കൌണപൻ, ക്രവ്യാത്തു്, ക്രവ്യാദൻ, അസൃക്പൻ, ആശരൻ, രാത്രിഞ്ചരൻ, രാത്രിചരൻ, കൎബ്ബുരൻ, കീകസാത്മജൻ, യാതുധാനൻ, പുണ്യജനൻ, നൈരൃതൻ, യാതു, രക്ഷസ്സ്.

രാക്ഷസന്മാരുടെ ഉത്ഭവത്തെപ്പററി പല അഭിപ്രായങ്ങൾ കാണുന്നു. രാവണനൊപ്പംപോലെ പുലസ്ത്യസന്തതിയെന്നു ചിലർ പറയുന്നു. ബ്രഹ്മാവിന്റെ പാദത്തിൽ നിന്നുത്ഭവിച്ചവരും വിഷ്ണുപുരാണപ്രകാരം ദക്ഷന്റെ പുത്രിയായ ഖശയിൽ കശ്യപപ്രജാപതിയുടെ സന്തതിയും ആയ ഒരുവക ദുഷ്ടരെന്നു ചിലർ പറയുന്നു. ഇവർ പല തരക്കാരുണ്ടു്. ചിലർ ദേവന്മാരുടെ വിരോധികളാണു്. ചിലർ ആരേയും ഉപദ്രവിക്കാത്തവരാകുന്നു ചിലർ രാവണാദികളോടൊപ്പം മഹാദുഷ്ടന്മാരാണു്. ഹനുമാൻ പൂച്ചയുടെ ആകൃതിയിൽ ചെന്നതായും രാക്ഷസരെ സുരൂപികൾ, വിരൂപികൾ, ദീൎഘകായന്മാർ, ഹ്രസ്വകായന്മാർ, സൎപ്പത്തലയന്മാർ, ആനത്തലയന്മാർ, കുതിരത്തലയന്മാർ, ഒററക്കണ്ണന്മാർ, ഒററച്ചെവിയന്മാർ, നീണ്ടപല്ലുള്ളവർ, വലിയ വയറുള്ളവർ, മൂന്നു കാലുള്ളവർ, നാലു കാലുള്ളവർ, കഴുതമുഖമുള്ളവർ മുതലായി പലതരത്തിൽ കണ്ടതായും പ്രസ്താവിച്ചുകാണുന്നു.

## രാക്ഷസോൽപത്തി

ആദ്യം ബ്രഹ്മാവു ജലത്തെ സൃഷ്ടിച്ചു. പിന്നീട് അതിനെ രക്ഷിപ്പാൻ ജലജന്തുക്കളെ നിർമ്മിച്ചു. അവർ 'ഞങ്ങൾക്കു വിശക്കുന്നു' എന്ന് ബ്രഹ്മാവിനോടു പറഞ്ഞു. രക്ഷ്യതാം എന്നായിരുന്നു അദ്ദേഹത്തിന്റെ മറുപടി. രക്ഷാമഃ എന്നു ചിലരും യക്ഷാമഃ എന്നു മററു ചിലരും പറകയുണ്ടായി. രക്ഷാമഃ എന്നു പറഞ്ഞവർ രാക്ഷസരായും, യക്ഷാമഃ എന്നു പറഞ്ഞവർ യക്ഷരായും തീർന്നു. രാക്ഷസരിൽ പ്രധാനികളായി സഹോദരന്മാരായിട്ട് ഹേതിയും പ്രഹേതിയും ഉണ്ടായി. പ്രഹേതി തപസ്സിനു പോയി. ഹേതി കാലന്റെ ഭഗിനിയെ വേട്ടു. അവരുടെ പുത്രൻ വിദ്യുൽകേശൻ. ഇയാൾ സന്ധ്യയുടെ പുത്രിയായ സാലകടംകടയെ വിവാഹം ചെയ്തു. തൽപുത്രനത്രേ സുകേശൻ.

### സുകേശൻ

‖ (1) വേദവതി

- മാല്യവാൻ ‖ (2) സുന്ദരി
  1. മത്തൻ
  2. ഉന്മത്തൻ
  3. വജ്രദംഷ്ട്രൻ
  4. സുപ്തഘ്നൻ
  5. വിരൂപാക്ഷൻ
  6. ദുർമ്മുഖൻ
  7. യജ്ഞാന്തകൻ
  8. അനലാ
- സുമാലി ‖ കേതുമതി
  1. പ്രഹസ്തൻ
  2. വികടൻ
  3. ധൂമ്രാക്ഷൻ
  4. അകമ്പനൻ
  5. സുപാർശ്വൻ
  6. ദണ്ഡൻ
  7. സംഹ്രാദി
  8. പ്രജംഘൻ
  9. കാലധനസ്സ്
  10. ഭാസകർണ്ണൻ

  1. രാക
  2. പുഷ്പോൽക്കട
  3. കൈകസി
  4. കുംഭീനസി
- മാലി ‖ വസുധ
  1. അനലൻ
  2. അനിലൻ
  3. വരൻ
  4. സമ്പാദി

കൈകസിയുടെ മക്കൾ:

- (3) രാവണൻ ‖ (4) മണ്ഡോദരി
  1. മേഘനാദൻ (ഇന്ദ്രജിത്ത്)
  2. അക്ഷകുമാരൻ
- രാവണൻ ‖ ധാന്യമാലി
  1. അതികായൻ
  2. ത്രിശിരസ്സ്
  3. ദേവാന്തകൻ
  4. നരകാന്തകൻ
- കുംഭകർണ്ണൻ ‖ (5) വജ്രജ്വാല
  - കുംഭൻ
  - നികുംഭൻ
- ശൂർപ്പണഖ
- വിഭീഷണൻ ‖ (6) സരമ
  1. ത്രിജടം
  2. അനലാ
  3. സരമ

| (ഒററവര)—മകാരം (മകൻ) എന്നതിനെ സൂചിപ്പിക്കുന്നു. || (രണ്ടുവര)—വിവാഹത്തെ സൂചിപ്പിക്കുന്നു.

(1) ദേവവതി—ഗ്രാമിണി എന്ന ഗന്ധൎവ്വാധിപന്റെ പുത്രി. (2) സുന്ദരി, കേതുമതി, വസുധ—ഈ മൂന്നുപേരും നൎമ്മദ എന്ന ഗന്ധൎവ്വസ്ത്രീയുടെ പുത്രികൾ. (3) രാവണൻ, കുംഭകൎണ്ണൻ, വിഭീഷണൻ-വിശ്രവസ്സിന്റെ പുത്രന്മാർ. അമ്മ-കൈകസി. (4) മണ്ഡോദരി—മയന്റെയും ഹേമ എന്ന അപ്സരസ്ത്രീയുടെയും മകൾ. (5) വജ്രജ്വാല—വൈരോചനാസുരന്റെ ദൌഹിത്രി. (6) സരമ—ശൈലൂഷൻ എന്ന ഗന്ധൎവ്വന്റെ മകൾ.

ഖരൻ-രാവണന്റെ പേരമ്മയായ രാകയുടെ മകൻ. മകൻ-മകരാക്ഷൻ. കുംഭീനസി- പുഷ്പോൽകടയുടെ മകൾ. ഭൎത്താവ്- മധു. ജംബുമാലി- പ്രഹസ്തന്റെ മകൻ. യുദ്ധോന്മത്തൻ, മത്തൻ- കുംഭീനസിയുടെ മക്കൾ. വിദ്യുജ്ജിഹ്വൻ-ശൂൎപ്പണഖയുടെ ഭൎത്താവ്. വിശ്രവസ്സിനു ഇളിബിളിയിൽ (ഭരദ്വാജപുത്രിയിൽ) വൈശ്രവണനുണ്ടായി.

൨. മുദ്രാരാക്ഷസത്തിൽ നന്ദന്റെ മന്ത്രി.

രാക്ഷസധൎമ്മചതുഷ്ടയം - പരനാരീസ്പൎശനം, പരദ്രവ്യമോഹം, വേദഭ്രംസം, ശിവഭക്തി.

രാക്ഷസി-നാ. രാക്ഷസസ്ത്രീ. ൨. കരുമംതിരി വലിയ പല്ലും തേററയും മററും. ൩. ഒരു സുഗന്ധമുള്ള മരുന്ന്. ൪. കാട്ടുകച്ചോലം, അടവിക്കച്ചോലം. രക്ഷസ്സിനെ സംബന്ധിച്ചതു് എന്നൎത്ഥം.

രാഗതാഖി-പവിഴം.

രാഗദ്വയം-പൂൎണ്ണം (൭ വിധം), ജന്യം (വളരെയുണ്ട്. ഈ രാഗമത്രേ നാം ഉപയോഗിക്കുന്നതു്.)

രാഗദ്വേഷം-രാഗംകൊണ്ടുണ്ടായ ദ്വേഷം, വൈരം.

രാഗദൃൿ-മാണിക്യം.

രാഗൻ-ഒരു രാജാവ്

രാഗം-നാ. ചെമപ്പ്. ൨. നിറം. ൩. സ്നേഹം. സുഖസാധനങ്ങളിൽ ഉണ്ടാകുന്ന ആഗ്രഹം, പ്രേമം, മൈഥുനേച്ഛ. ൪. മനസ്സിലുണ്ടാകുന്ന ഒരു ഭാവഭേദം. ൫. സംഗീതശാസ്ത്രപ്രകാരം എല്ലാ രാഗങ്ങൾക്കും കൂടെ പറയുന്ന പേർ, മട്ട്. (രസം, അസൂയ ഇവ നോക്കുക).

രാഗങ്ങൾ ൬. ഓരോ രാഗത്തിനു ആറാറു രാഗിണികളുമുണ്ട്.

'ഭൈരവഃ കൌശികശ്ചൈവ
ഹിന്ദോളോ ദീപകസ്തഥാ,
ശ്രീരാഗോ മേഘരാഗശ്ച
രാഗാഃ ഷഡിതി കീൎത്തിതാഃ'

രാഗലതാ-രതി.

രാഗവാൻ-സ്നേഹമുള്ളവൻ.

രാഗാംഗഷൾകം-(വരഗുണം) വിഭവം, ശൌൎയ്യം, സൌന്ദൎയ്യം, സൌശീല്യം, ആഭിജാത്യം, വിദ്യ ഇവ ൬-ം. (വധൂഗുണം) കാംക്ഷ, രൂപം, അനുരാഗം, സ്നേഹം, ബഹുമാനം, ലജ്ജ ഇവ ൬-ം

'വിഭവാദികളാമാറു
ഗുണം വരനു ചേരുകിൽ,
കാംക്ഷാമുഖ്യങ്ങളാമാറു
ഗുണം വധുവിനും വരം'

(സുഭാഷിതരത്നാകരം)

രാഗാദി-രാഗം, ദ്വേഷം, മദം, മാത്സൎയ്യം, ലോഭം, മോഹം.

രാഗാദികൾ ൧൬-രാഗം, ദ്വേഷം, കാമം, ക്രോധം, ലോഭം, മോഹം, മദം, മാത്സൎയ്യം, ഈൎഷ്യാ, അസൂയ, ഡംഭം, ദൎപ്പം, അഹംകാരം, ഇച്ഛ, ഭക്തി, ശ്രദ്ധ.

രാഗി-വി. രാഗമുള്ള.

രാഗി-മഞ്ഞപ്പുല്ല്.

രാഗിണി-പ്ര. അനുരാഗമുള്ള സ്ത്രീ, രാഗമുള്ളവൾ. ഉ. പഞ്ഞിപ്പുല്ല്.

രാഘവൻ-ശ്രീരാമൻ, രഘുവിന്റെ സന്തതി.

(ശ്രീരാമകഥ എല്ലാവർക്കും അറിയാവുന്നതാണല്ലോ)

രാഘവപാണ്ഡവീയം-ഒരു കാവ്യം.

രാഘവപാണ്ഡവീയം-ഒരു ഉത്തമമായ കൃത്രിമ കാവ്യമാണ്. ഇതിൽ ഒരേ സന്ദർഭത്തിൽ രാഘവന്റെയും പാണ്ഡവന്മാരുടേയും കഥകൾ വിവരിക്കുന്നു. ഒരേസമയത്തു രാമായണ ഭാരത കഥകൾ ഒന്നിച്ചു വർണ്ണിക്കുന്നതുകൊണ്ടു സംസ്കൃതഭാഷയിൽ കവിക്കുള്ള വാസനയും വക്രതയും പാണ്ഡിത്യവും വെളിവാകുന്നു. അധികവും ശ്ലേഷംകൊണ്ടുള്ള ചെപ്പടിവിദ്യയാണ്. ഈമാതിരി ഗ്രന്ഥം സംസ്കൃതത്തിലേ നിർമ്മിക്കാൻ കഴിയൂ. ഗ്രന്ഥകർത്താവു 'കവിരാജൻ' ആകുന്നു.

രാഘവം-പ്ര. കടൽ. ഉ. ഒരുവക വലിയ മത്സ്യം.

രാഘവവിലാസം-ഒരു കാവ്യം.

കർത്താവു സാഹിത്യദർപ്പണത്തിന്റെ കർത്താവായ വിശ്വനാഥനാകുന്നു. പ്രമേയം രാമചരിതം.

രാങ്കലം-ഒരുവക മുള്ള്.

രാങ്കവം- വസ്ത്രങ്ങൾ വാല്കം, ഫാലം, കൌശേയം, രാങ്കവം ഇങ്ങിനെ നാലുതരം ഉള്ളതിൽ ഒന്ന്. രുരുരോമംകൊണ്ടു നെയ്യുന്നതു 'രാങ്കവം'. രുരു=(പുള്ളി) മൃഗജാതി. (ഏതുതരം രോമംകൊണ്ടു നെയ്തതായാലും രാങ്കവം തന്നെ). മയിർപ്പടം, കമ്പിളി.

രാങ്കവം-വി. മാനിന്റെ രോമംകൊണ്ടുണ്ടാക്കിയ.

രാജക-വി. രാജാവുള്ള.

രാജകദംബ(ക)ം-പൊങ്ങിലകടമ്പ്.

രാജകം-രാജാക്കന്മാരുടെ കൂട്ടം.

രാജകരം - രാജാവിനു കൊടുക്കേണ്ടുന്ന കരം.

രാജകശേരു-കഴിമുത്തങ്ങ, പെരുമുത്തങ്ങ.

രാജകയിൽ-ഒരുവക കറുത്തപക്ഷി.

രാജക്കരു-പൂളവ എന്നു പേരായ വലിയ പരുവ്.

രാജക്ഷോഭം-രാജകോപം.

രാജഗൃഹം-പ്ര. രാജഭവനം. ഉ. മഗധരാജ്യത്തിന്റെ തലസ്ഥാനം.

രാജതം-വി. വെള്ളികൊണ്ടുള്ള.

രാജതരംഗിണി- ഒരു കാശ്മീരരാജ്യചരിത്രം.

ശ്രുതിപ്പെട്ട ഈ ഗ്രന്ഥത്തിന്റെ കർത്താവു കല്ഹണപണ്ഡിതനാണ്. ഇതുണ്ടായതു ഉദ്ദേശം പൂർവ്വ[illegible]കുന്നു. സംസ്കൃതത്തിൽ രാജ്യചരിത്രരീതിയിൽ ഇതല്ലാതെയില്ലെന്നു കാണുന്നു.

രാജതാപം-രാജാവിന്റെ അവസ്ഥ.

രാജദ്വാരം-രാജധാനിയുടെ പടിവാതിൽ.

രാജധാനി-രാജാവിന്റെ ഭവനം.

രാജധാന്യം-ചാമ.

രാജൻ-ഇതു മററു ചില വാക്കുകളുടെ ഒടുക്കം ചേർക്കുമ്പോൾ രാജാവ്, മുഖ്യൻ, ശ്രേഷ്ഠൻ എന്നീ അർത്ഥങ്ങൾ വരും.

രാജനയം-തന്ത്രത്തോടുകൂടിയ രാജ്യഭരണവഴി.

രാജനിംബൂകം-മധുരനാരകം.

രാജനീതിപഞ്ചാംഗം- സഹായം, സാധനോപായം, ദേശകാലവിഭാഗം, ആപത്തിന്റെ പരിഹാരം, സിദ്ധി ഇവ ൫-ം.

രാജന്യകം-ക്ഷത്രിയസമൂഹം.

രാജന്യൻ-ക്ഷത്രിയൻ. ശോഭിക്കുന്നവൻ എന്നൎത്ഥം.

'രാജന്യസ്ത്രീമണിയുടെ ഗുണൌഘങ്ങളുന്യാദൃശങ്ങൾ'

(മയൂരസന്ദേശം)

രാജന്വത്ത് - സകലഗുണസമ്പന്നനായ രാജാവിനാൽ രക്ഷിക്കപ്പെടുന്ന ദേശം. (ന്വാൻ, ന്വതീ, ന്വത്).

'രാജന്വതീമാഹുരനേനഭൂമിം'

(രഘു)

രാജന്വൽ-വി. ൧. രാജാവിനോടുകൂടിയ. ൨. രാജാവുള്ള. (ന്വാൻ, ന്വതീ, ന്വൽ).

രാജപിണ്ഡം-രാജാവിൽ നിന്നും കിട്ടുന്ന ആഹാരം.

രാജപുത്രി-൧. രാജാവിന്റെ മകൾ. ൨. നല്ലെലി. ൩. പേച്ചുര. ൪. അരേണുകം. ൫. പിച്ചകം.

രാജപുത്രികാ-൧. പിച്ചകം. ൨. തരാവ്.

രാജപുരുഷന്മാർ-ഉദ്യോഗസ്ഥന്മാർ.

രാജബലാ-പ്രസാരണി, തലനീലി. ബലപ്രദങ്ങളിൽവെച്ചു രാജാവു എന്നൎത്ഥം.

പ്രസാരണിയും തലനീലിയും രണ്ടാണെന്നും പക്ഷമുണ്ടു്.

രാജബീജി-രാജവംശത്തിൽ പിറന്നവൻ. (നകാരാന്തം).

രാജബുദ്ധി-൧. രാജാവിന്റെ ബുദ്ധി. ൨. വലിപ്പമുള്ള ബുദ്ധിക്കു പറയുന്ന പേർ.

രാജഭണ്ഡാരം-രാജദ്രവ്യം.

രാജഭദ്രകം-മുരിക്ക്.

രാജഭോഗം-രാജാവിനുകൊടുക്കുന്നകരം.

രാജഭോഗ്യാ-ജാതിക്ക.

രാജമല്ലികാ-ഒരു പൂമരം.

രാജമാന്യ-വി. രാജാവിനൊപ്പംലെ മാനിക്കത്തക്ക, ബഹുമാനത്തെ സൂചിപ്പിക്കുന്നതിനായി ആളുകളുടെ പേരിനു മുമ്പിൽ ചേൎത്തെഴുതുന്നതു്. ഉ-ം, രാജമാന്യരാജശ്രീ, പി. ദാമോദരൻ നായർ അവർകൾ. ഇതിനെ ചുരുക്കി രാ രാ. ശ്രീ എന്നാക്കിയിരിക്കുന്നു. ചിലപ്പോൾ 'മഹാരാജമാന്യരാജശ്രീ' എന്നും എഴുതാറുണ്ടു്. ഇതിന്റെ ചുരുക്കമാണ് 'മ.രാ.രാ.'

ഇയ്യിടെ മുൻ പറഞ്ഞവയ്ക്കു പകരം 'ശ്രീമാൻ' എന്നുള്ള പ്രയോഗമാണു് അധികമായി കാണുന്നതു് = ശ്രീമാൻ, പി. ചന്ദ്രശേഖരൻ നായർ അവർകൾ. സ്ത്രീകൾക്കു ശ്രീമതി എന്നും എഴുതിവരുന്നു. ഉ-ം, ശ്രീമതി, എൽ. ഗൌരി അമ്മ അവർകൾ.

രാജമാൎഗ്ഗം-രാജവഴി.

രാജമാഷം-പെരുമ്പയറ്.

രാജമുദ്ര-രാജചിഹ്നം.

രാജമൌലി-൧. രാജശ്രേഷ്ഠൻ. ൨. ചന്ദ്രചൂഡനായ ഭഗവാൻ.

രാജയക്ഷ്മാവ്-ഒരു ദീനം, ക്ഷയം.

രാജാവിനു് അതായതു ചന്ദ്രനു യക്ഷ്മാവു കൊണ്ടു് രോഗമുണ്ടായതു ആകയാൽ രാജയക്ഷ്മാവു എന്നു പറയപ്പെടുന്നു.

'രാജ്ഞശ്ചന്ദ്രമസോയസ്മാൽ
അഭൂദേതൽകിലാമയ!
തസ്മാത്തംരാജയക്ഷ്മേതി
കേചിദാഹുൎമ്മനീഷിണഃ'

(സുശ്രുതം)

രാജയക്ഷ്മാവിന്റെ ലക്ഷണം-ചുമലുകളിലും രണ്ടു പാൎശ്വങ്ങളിലും വേദന കാണും. കൈകാലുകൾ ചുടും. സകലാവയവങ്ങളും വേദനയോടും ജ്വരത്തോടും കൂടിയിരിക്കും.

രാജയോഗം- പു. രാജാവാകുന്നതിനുള്ള യോഗം. ൨. അഭ്യാസബലത്താൽ മനസ്സിനെ ഒരു ശസ്ത്രരൂപത്തിലാക്കി അതിൽ മന്ത്രശക്തിവൈഭവത്താൽ വേണ്ടുവോളം ശക്തി നിറച്ചു ഉദ്ദിഷ്ടശത്രുവിന്റെ നേരെ പ്രക്ഷേപിക്കുക.

രാജയോഗ്യ-വി. രാജാവിനു കൊള്ളാവുന്ന.

രാജരംഗം-വെള്ളി.

രാജരത്നം-രാജശ്രേഷ്ഠൻ.

രാജരാജൻ-പു. വൈശ്രവണൻ. യക്ഷന്മാരുടെ രാജാവ് എന്നർത്ഥം. ൨. ചക്രവർത്തി.

രാജർഷഭൻ-രാജപുംഗവൻ.

രാജർഷി-പു. ഋഷികൾ ഏഴുതരമുള്ളതിൽ ഒരുവക ഋഷി. ൨. ഭക്തിയും തപസ്സും കൊണ്ടു ഋഷിക്കു തുല്യനായ രാജാവ്, വിശ്വാമിത്രൻ, ജനകൻ, പുരൂരവസ്സ് മുതലായവരെപ്പോലെ തപസ്സുചെയ്തു ഋഷിയായ ക്ഷത്രിയൻ.

രാജവാൻ-വി. രാജാവുള്ള.

രാജവംശ്യ-വി. രാജവംശത്തിലുള്ള.

രാജവംശ്യൻ-രാജവംശത്തിൽ പിറന്നവൻ.

രാജവർജ്യചതുഷ്ടയം-അല്പപ്രജ്ഞൻ, ദീർഘസൂത്രൻ, അലസൻ, ചാരണൻ ഇവ ൪-ം.

രാജവല്ലഭം- പു. ഞെട്ടികഴിയൻമാവ്. ൨. പഴമുൺപാല. ൩ വലിയ ലന്ത.

രാജവല്ലി-പു. ഒരുമാതിരി ചുര. ൨. പാവൽ.

രാജവഴി-പെരുവഴി.

രാജവി-ഒരു പക്ഷി.

രാജവിരൽ-നടുവിലത്തെ വിരൽ.

രാജവീഥി-രാജവഴി.

രാജവൃക്ഷം-പു. കൊന്നമരം. രോഗരാജാവിനെ ഉന്മൂലനംചെയ്യുന്നത്, വൃക്ഷങ്ങളുടെ രാജാവ് ഇങ്ങനെ ശബ്ദാർത്ഥങ്ങൾ. ൨. ഇരുന്തപ്പന.

രാജവേശ്മം-രാജധാനി.

രാജശാസനം-രാജകല്പന.

രാജശേഖരൻ-ഒരു പ്രസിദ്ധകവി.

ഇദ്ദേഹം ഏഴും പത്തും ശതാബ്ദങ്ങൾക്കു മദ്ധ്യേ ജീവിച്ചിരുന്നു. ഇദ്ദേഹത്തിന്റെ മററു കൃതികൾ കർപ്പൂരമഞ്ജരി, പ്രചണ്ഡപാണ്ഡവം, ബാലരാമായണം, ബാലഭാരതം, വിദ്ധശാലഭഞ്ജികം മുതലായ നാടകാദികളാണ്.

രാജശ്രീ-പു. രാജാവിന്റെ ശോഭ. ൨. രാജാവിന്റെ സമ്പത്ത്.

രാജസ-വി. രജോഗുണത്തെ സംബന്ധിച്ച

രാജസക്കാരൻ-രസികനെന്നു നടിച്ചു നടക്കുന്നവൻ.

രാജസദനം-അരമന.

രാജസഭക്തി-കീർത്തി, ഐശ്വര്യം എന്നിത്യാദിക്കായി പ്രതിമ മുതലായവയിൽ അച്യുതനെ അർച്ചിക്കുന്നതു.

രാജസഭാ-രാജാവിന്റെ സഭ.

രാജസർപ്പം-സർപ്പങ്ങളിൽ പ്രമാണി.

രാജസലക്ഷണചതുഷ്ടയം-കാമ്യമായി കർമ്മംചെയ്ക, നിസ്സാരത്തിലും ഭയംതോന്നുക, അസൽകാര്യോദ്യമം, വിഷയസക്തി ഇവ നാലും.

രാജസാരസം-മയിൽ.

രാജസി-പു. ഒരു ദേവി. ൨. കരിങ്കുക.

രാജസിംഹം - രാജശ്രേഷ്ഠൻ, മഹാരാജാവ്.

രാജസിംഹാസനം-രാജാക്കന്മാർ ഇരിക്കുന്ന പീഠം.

രാജസൂയം-ഒരു വലിയ യാഗം. രാജാവിനാൽ നിഷ്പാദയിതവ്യം. രാജാവ് = ലതാത്മകനായ സോമൻ—സോമലത.

അന്ന് ഇതിൽ അഭിഷവണംചെയ്യുന്നു. അതിനാൽ ഈ പേർ വന്നു. ഇതു പതിനേഴ മാസം കൊണ്ടു അവസാനിക്കണം.

ചക്രവത്തികളുടെ പട്ടാഭിഷേകത്തിൽ ചെയ്യപ്പെടുന്നതാണ്.

രാജഹത്യ-രാജാവിനെ കൊല്ലുക

രാജഹംസം- അരയന്നപ്പക്ഷി, ചുണ്ടും കാലും ചെമന്നിരിക്കുന്ന അന്നം.

കൊക്കും കാലും ചെമന്നും ബാക്കി മുഴുവൻ വെളുത്തും ഉള്ള ഹംസങ്ങളത്രേ രാജഹംസങ്ങൾ.

രാജാ-കപ്പൂരം.

രാജാംഗദശകം—നാട്, മല, നദി, ഊര്, കൊട്ടാരം, കുതിര, ആന, മുരശ്, കൊടി, ചെങ്കോൽ. (ദശരാജാംഗം എന്നും പറയുന്നു).

രാജാഗ്നി-രാജകോപം.

രാജാ(വ്)-൧. രാജ്യം രക്ഷിക്കുന്നവൻ. ൨. ക്ഷത്രിയൻ. ൩. ചന്ദ്രൻ. ശോഭിക്കുന്നവൻ എന്നത്ഥം. ൪. യുധിഷ്ഠിരൻ ൫. ഇന്ദ്രൻ. ൬. യക്ഷൻ. ൭. യജമാനൻ. ൮. പ്രഭു.

സഹായം, സാധനോപായം, ആപത്തിനു പരിഹാരം നേടുക, ദേശവിഭാഗം, കാലവിഭാഗം-ഇവയെ 'രാജനീതിപഞ്ചകം' എന്നു പറയുന്നു.

രാജാക്കന്മാർ ഒമ്പതുവിധം.

൧. സാവ്ഭൌമചക്രവത്തി-ആസമുദ്രക്ഷിതീശൻ.

൨. അധിരാജൻ- നീതിന്യായതല്പരത, ഷഡ്ഗുണം ശക്തി ഇവയോടുകൂടിയിരിക്കണം. സൂൎയ്യവംശത്തിലോ ചന്ദ്രവംശത്തിലോ ജനിച്ചിരിക്കണം. ആറു സംസ്ഥാനങ്ങളുടെ ഭരണം ഏററിരിക്കണം.

൩. നരേന്ദ്രൻ- മൂന്നു അംശകന്മാരായ രാജാക്കന്മാരെ തോല്പിക്കണം. രാജ്യം അടക്കി നീതിയോടും ക്ഷേമത്തോടും ഭരിക്കണം.

൪. പാൎഷ്ണികൻ-ഈ ഭരണാധികാരി നരേന്ദ്രനു കീഴടങ്ങിയിരിക്കണം. പ്രാകാരം മുതലായവയാൽ പരിരക്ഷിതമായ സംസ്ഥാനത്തെ ഭരിക്കണം.

൫. പട്ടധൃക്ക്-നരേന്ദ്രനു കീഴ്പെട്ടിരിക്കണം. ഒരു കോട്ട മാത്രമുള്ള രാജ്യം ഭരിക്കണം. നല്ല ഗുണമുണ്ടായിരിക്കണം.

൬. മണ്ഡലേശ്വരൻ-ഒരു സംസ്ഥാനത്തിന്റെ ഒരു ഭാഗത്തിലെ ഭരണാധികാരി.

൭. ഭട്ടഭാക്ക്-മണ്ഡലേശ്വരനു കീഴ്പെട്ടിരിക്കണം. സാമുദായികങ്ങളായ ഏൎപ്പാടുകളെ നടത്തണം. ധമ്മാത്ഥങ്ങളെ സംരക്ഷിക്കണം.

൮. പ്രഹാരകൻ-ചതുൎവ്വണ്ണത്തിലേതിലെങ്കിലും ഉൾപ്പെടണം. സ്വന്തമായി ഒരു കോട്ട വേണം.

൯. ശ്രോത്രി (അന്ത്യ) ഗ്രാഹി - ഒരു കോട്ടയുടെ ആധിപത്യം വേണം. ഒരു നഗരിയുടെ ഭരണകത്തൃത്വം ഉണ്ടായിരിക്കണം. ഏതാനും രാജ്യഭാഗങ്ങളിൽ മാത്രം അധികാരം സിദ്ധിച്ചിരിക്കണം.

(ഇങ്ങിനെ മനുസ്മൃതി)

ശുക്രനീതിപ്രകാരം ൯- ഹീനസാമന്തൻ, സാമന്തൻ, മാണ്ഡലികൻ, രാജാവ്, മഹാരാജാവ്, സ്വരാട്ട്, സമ്രാട്ട്, വിരാട്ട്, സാവ്ഭൌമൻ.

രാജാദ(ത)നം-മുര(റ)ൾമരം. രാജാക്കന്മാരാൽ ഭക്ഷിക്കപ്പെടുന്നത് എന്നത്ഥം.

രാജാദനം-൧. മുരൾമരം. ൨. പഴമുൺപാല. ൩. പ്ലാശ്.

രാജാദനി-പഴമുൺപാല.

രാജാധിരാജൻ-മഹാരാജാവ്.

രാജാനകരത്നകണ്ഠൻ-ഒരു സംസ്കൃത കവി. മധ്യമവ്യായനവംശം. രാജാനക ശംകരകണ്ഠന്റെ പുത്രൻ. പ്രൌഢവി ക്രമാബ്ദത്തിൽ സ്തുതികുസുമാഞ്ജലിക്കു ല ഘുപഞ്ചിക എന്നൊരു വ്യാഖ്യാനവും ര ത്നശതക (സൂൎയ്യസ്തവ)വും ഉണ്ടാക്കി.

രാജാന്നം-രാജാവിന്റെ കല്പനപ്രകാരം കിട്ടുന്ന ശമ്പളം.

രാജാഭിഷേകം-രാജാവിനെ അഭിഷേകംചെയ്ക.

രാജാൎഹ-വി. രാജാവിന്നു യോഗ്യമായുള്ള

രാജാൎഹം-അകിൽ. രാജാക്കന്മാൎക്കു യോഗ്യം എന്നൎത്ഥം. (ചെന്നിനായകമരം എന്നും കാണുന്നു).

രാജാൎഹാ-ഞാവൽ.

രാജാവൎത്തം-ഒരു രത്നം.

രാജാസനം-സിംഹാസനം.

രാജി-സ്ത്രീ. പങ്ക്തി, മുറിയാതുള്ള വര, വരി. ൨. ഇടതൂൎമ്മയുള്ള വൃക്ഷസമൂഹം. ശോഭിക്കുന്നതു് എന്നൎത്ഥം. ൩. കൂട്ടം. ൪. ശരീരത്തിന്നകത്തുള്ള ഒരു ചെറിയ പാത്രം. ൫. ഉടമ്പടിയോല. ൬. പരസ്പരസമ്മതം.

രാജിക-സ്ത്രീ. കറുത്ത കടുക്. ശോഭയുള്ളതു് എന്നൎത്ഥം. ൨. ഒരു ധാന്യം. ൩. ചെങ്കടുക്. ൪. വരി, പങ്ക്തി ൫. വയൽ.

രാജിക്കുന്നു-ശോഭിക്കുന്നു.

രാജിത-വി. ശോഭിക്കപ്പെട്ട.

രാജിമാൻ-ഒകെപ്പൻ പടവലം.

രാജിലം-പു. ചേര. ഇഴഞ്ഞു നടന്നു ഭൂമിയെ അടയാളപ്പെടുത്തുന്നവൻ എന്നൎത്ഥം. പുള്ളികൾ ഉള്ളവൻ എന്നുമാവാം. ൨. വിഷമില്ലാത്തതും ഉപദ്രവം ചെയ്യാത്തതുമായ ഒരുവക സൎപ്പം.

രാജീവം-ന. താമര. അല്ലികളാകുന്ന രാജികൾ (വരകൾ) ഉള്ളതു് എന്നൎത്ഥം. നീലത്താമര. ൨. ആന. ൩. വണ്ണാരംകോഴി ൪. വരിമീൻ വരകൾ ഉള്ളതു് എന്നൎത്ഥം. ൫. ഒരുവക മാൻ.

രാജേന്ദ്രൻ-രാജശ്രേഷ്ഠൻ.

രാജേഷ്ടം-വാഴ.

രാജ്ഞി-സ്ത്രീ. രാജസ്ത്രീ, രാജഭാൎയ്യ. ൨. വെള്ളോട്ട്, പിച്ചള. ൩. അമരി. ൪. പിച്ചകം. ൫. കരിങ്കടുക്. ൬. സൂൎയ്യന്റെ ഭാൎയ്യ.

രാജ്യക്കാർ-രാജ്യത്തിൽ പാൎക്കുന്നവർ.

രാജ്യതന്ത്രം-രാജ്യഭരണോപായം, രാജ്യഭരണസിദ്ധാന്തം.

രാജ്യപരിവൎത്തനം — അന്തശ്ഛിദ്രമോ ക്ഷോഭമോ ഹേതുവായിട്ടു ഒരു രാജ്യത്തിലുണ്ടാകുന്ന മാററം.

രാജ്യഭാരം-രാജ്യത്തെ രക്ഷിക്കുക.

രാജ്യം-നാടു്, ഒരു രാജാവിന്റെ അധികാരത്തിലുള്ള ഭൂമി.

ഐശ്വൎയ്യം, ആരോഗ്യത, സുഖം, കാവൽ (രക്ഷ), കൃഷിബഹുലത ഇവയ്ക്കു 'രാജ്യലക്ഷണപഞ്ചകം' എന്നു പേർ.

രാജ്യാംഗം-രാജാവു്, മന്ത്രി, ബന്ധു, ഭണ്ഡാരം, രാജ്യം, കോട്ട, സൈന്യം ഇവ ൭. (പുരവാസികൾ, ഗുരു ഇങ്ങിനെ രണ്ടുകൂടിയുണ്ടെന്നു കാണുന്നു).

സ്വാമി മുതൽ ൭-ം, കൂടിയതു രാജ്യാംഗങ്ങൾ ആകുന്നു. 'സ്വാമ്യമാത്യശ്ച രാഷ്ട്രഞ്ച ദുൎഗ്ഗം കോശോബലം സുഹൃൽ, പരസ്പരോപകാരീദം സപ്താംഗം രാജ്യമുച്യതേ'. സ്വാമി മുതൽക്കുള്ള ഏഴു അംഗങ്ങളും തികച്ചുണ്ടെങ്കിലേ രാജ്യമാകയുള്ളൂ.

രാടി-൧. പക്ഷി. ൨. യുദ്ധം.

രാട്, രാട്ട്-രാജാവ്. ശോഭിക്കുന്നവൻ എന്നർത്ഥം.

രാഢം-മലങ്കാര.

രാണം-൧. ഇല. ൨. കയിലിന്റെ വാൽ.

രാണികാ-കടിഞ്ഞാൺ.

രാണ്ഡവം-സൈന്യം.

രാതി-൧. ബന്ധു. ൨. സമ്മാനം.

രാത്രകൻ-ഒരു വർഷം വേശ്യാഗൃഹത്തിൽ പാർക്കുന്നവൻ.

രാത്രകം-അഞ്ചു രാത്രികൂടിയത്.

രാത്രി-൧. ആദിത്യൻ അസ്തമിച്ചാൽ ഉദിക്കുന്നതുവരെയുള്ള സമയം. സുഖത്തെ കൊടുക്കുന്നത് എന്നർത്ഥം. ൨. മഞ്ഞൾ. ൩. മരമഞ്ഞൾ.

രാത്രികരം-കർപ്പൂരം.

രാത്രികാ-രാത്രി.

രാത്രികാശികാ-താമരപ്പൊയ്ക.

രാത്രിജ-വി രാത്രിയിലുണ്ടായ.

രാത്രിജം-നക്ഷത്രം.

രാത്രിജാഗരം-വി രാത്രിയിൽ കാത്തു സൂക്ഷിക്കുന്ന.

രാത്രിജാഗരം-പട്ടി

രാത്രിഞ്ചരൻ, രാത്രിചരൻ-൧. രാക്ഷസൻ. ൨. കള്ളൻ.

രാത്രിന്ദിവം-അ. രാത്രിയും പകലും ഇടവിടാതെ.

രാത്രിപുഷ്പം-ആമ്പൽ

രാത്രിമണി-കർപ്പൂരം.

രാത്രിവികാശശോൾ-കറുത്ത ആമ്പൽ

രാത്രിവിശ്ലേഷഗാമി-ചക്രവാകപ്പക്ഷി

രാത്രിവേദം-കോഴി.

രാധാദേവി-ജയദേവരുടെ അമ്മ.

രാദ്ധ-വി. സന്തോഷിപ്പിക്കപ്പെട്ട, തൃപ്തിവരുത്തിയ.

രാദ്ധാന്തം-നിശ്ചയം, സിദ്ധാന്തം, ആലോചനയുടെ മറുകര കണ്ടത് എന്നർത്ഥം.

രാധം-൧. ഇടവമാസം, വിശാഖമാസം. ൨. ദയ, സ്നേഹം. ൩. ഐശ്വര്യം.

രാധാ-൧. വിശാഖനക്ഷത്രം. കാര്യങ്ങളെ സാധിപ്പിക്കുന്നതിനു കാരണമുള്ളതു എന്നർത്ഥം. ൨. വൈശാഖമാസം, വിശാഖനക്ഷത്രയുക്തയായ പൂർണ്ണിമയോടുകൂടിയതു് എന്നർത്ഥം. ൩. ശ്രീകൃഷ്ണന്റെ പ്രിയയായ ഒരു ഗോപസ്ത്രീ.

ഗീതാഗോവിന്ദത്തിന്റെ നായികയാകുന്നു. ഗോപാലനായ അയനഘോഷന്റെ ഭാര്യയായിരുന്നു. ലക്ഷ്മിയുടെ അവതാരമാണെന്നു വിശ്വസിച്ചു ചിലർ സേവിച്ചുവരുന്നു. രാധയെ രാധിക എന്നും പറയും.

൪. മിന്നൽ. ൫. കർണ്ണന്റെ വളർത്തമ്മ, അതിരഥന്റെ ഭാര്യ. ൬. നെല്ലി. ൭. വിഷ്ണുക്രാന്തി. ൮. വിജയം.

രാധാപതി (രമണൻ)-കൃഷ്ണൻ.

രാധേയൻ-രാധാസുതൻ, കർണ്ണൻ.

രാപ്പകൽ-അ. രാവും പകലും.

രാപ്പട്ട്-കറുത്തപട്ട്.

രാപ്പനി-രാത്രിമാത്രം പനിയുണ്ടായിരിക്കുക.

രാപ്പുരുമാററം-രാത്തെണ്ടൽ.

രാഭോജനം-രാത്രിഭക്ഷണം, അത്താഴം.

രാമ-വി. ൧. ഭംഗിയുള്ള. ൨. കറുത്ത. ൩. വെളുത്ത.

രാമഘട്ടം-മന്ദാകിനീനദിയുടെ ഒരു കടവ്.

രാമചന്ദ്രൻ-ശ്രീരാമൻ.

രാമചന്ദ്രകവി - ഒരു സംസ്കൃതകവിയാണ്. ഹേമചന്ദ്രാചാര്യന്റെ ശിഷ്യൻ

സിദ്ധാഹേമം എന്ന ശബ്ദാനുശാസനം, സത്യഹരിശ്ചന്ദ്രനാടകം ഇവയുണ്ടാക്കി. പ്രബന്ധശതകകർത്താവെന്നു പ്രസിദ്ധിയുണ്ട്.

**രാമചരിതം**- മദ്ധ്യമലയാളകാലത്തുണ്ടായിട്ടുള്ള ഒരു പുസ്തകം.

**രാമച്ചം**-ഒരങ്ങാടിമരുന്ന്.

**രാമഠം**- പെരുംകായം. രാമഠദേശത്തിലുണ്ടായത് എന്നർത്ഥം.

**രാമഠി**—കറിക്കായം.

**രാമണീയക**-വി. മനോഹരമായ, സന്തോഷിപ്പിക്കത്തക്ക. (നാമം-രാമണീയകത, രാമണീയത്വം).

**രാമണീയകം**-മനോഹാരിത്വം.

**രാമദൂതൻ**-ഹനുമാൻ

**രാമദേവവർഷം**- ഫാൻർ-ക്ക് ന്യർന്യ-ന്യർ൭.

**രാമൻ**-൧. ശ്രീരാമൻ. ൨. പരശുരാമൻ. ൩. ബലരാമൻ സൌന്ദൎയ്യത്താൽ എല്ലാവൎക്കും സന്തോഷം വരുത്തുന്നവൻ എന്നർത്ഥം. യോഗികൾക്ക ആനന്ദം വരുത്തുന്നവൻ എന്നുമാവാം. ഇങ്ങനെ രാമന്മാർ ൩.

മൂന്നു രാമന്മാരുടേയും വിവരത്തിനു 'അവതാരം' എന്ന ശബ്ദം നോക്കുക.

ദശരഥപുത്രനായ ശ്രീരാമന്റെ കഥ മഹാഭാരതത്തിൽ വനപൎവ്വത്തിൽ സംഗ്രഹിച്ചിട്ടുണ്ടു. രാമായണം കൊണ്ടു സവിസ്തരം അറിയാമല്ലോ.

സൂൎയ്യവംശത്തിൽ പ്രസിദ്ധനായി ദശരഥൻ എന്നൊരു രാജൎഷി ഉണ്ടായിരുന്നു. അദ്ദേഹം മൂന്നു ഭാൎയ്യമാരൊന്നിച്ചു അയോദ്ധ്യയിൽ സുഖമായി പാൎത്തുവന്നു. പുത്രസന്താനം ഇല്ലായ്കയാൽ പുത്രകാമേഷ്ടി ആരംഭിച്ചു. യാഗത്തിൽ നിന്നു ലഭിച്ച പായസം ഹേതുവായിട്ടു മൂന്നു ഭാൎയ്യമാൎക്കും ഗൎഭമുണ്ടായി പ്രസവിച്ചു. മൂത്തവൻ രാമനും അതിനിളയവൻ ഭരതനും പിന്നത്തേവർ ലക്ഷ്മണശത്രുഘ്നന്മാരുമായിരുന്നു. ഒരിക്കൽ വിശ്വാമിത്ര മഹൎഷി വന്നു യാഗരക്ഷക്കായി ശ്രീരാമനെ അയക്കണമെന്നു ദശരഥനോടു പറഞ്ഞു. വ്യസനമുണ്ടായിരുന്നെങ്കിലും രാമലക്ഷ്മണന്മാരെ മുനിയൊന്നിച്ചയച്ചു. അവർ പുറപ്പെട്ടു. ദാഹവും വിശപ്പും ഉണ്ടാകാതെയിരിപ്പാൻ മുനി അവൎക്കു 'ബലം' 'അതിബലം' എന്ന രണ്ടു മന്ത്രങ്ങളെ കൊടുത്തു. ദുഷ്ടയായ താടകയെ രാമൻ വധിച്ചു. പല രാക്ഷസരേയും രാമൻ ഒടുക്കി. മിഥിലയെ പ്രാപിച്ചു രാമൻ ശിവന്റെ വില്ലു ഖണ്ഡിച്ച് ജനകപുത്രിയായ സീതയെ വിവാഹം കഴിച്ച് അയോദ്ധ്യയിലേക്കു മടങ്ങി. വഴിമദ്ധ്യേ രാമചന്ദ്രൻ ഭാൎഗ്ഗവരാമനെ ജയിച്ചു. രാമചന്ദ്രനെ യുവരാജാവായി അഭിഷേകം കഴിപ്പാൻ ദശരഥൻ നിശ്ചയിച്ചു. കൈകേയി തടഞ്ഞു. കൈകേയി ഹേതുവായിട്ടു രാമലക്ഷ്മണന്മാർ സീതയൊന്നിച്ചു വനത്തിൽ പോയി. പുത്രദുഃഖം ഹേതുവായിട്ടു ദശരഥൻ മരിച്ചു. ഭരതൻ ചിത്രകൂടത്തിൽ വസിക്കുന്ന ശ്രീരാമനെക്കണ്ടു മെതിയടി വാങ്ങി മടങ്ങി. രാമാദികൾ അത്രിയുടെ ആശ്രമത്തിൽ ഒരു രാത്രി കഴിച്ചു. പിന്നീടു ദണ്ഡകവനത്തെ പ്രാപിച്ച് പല മഹൎഷിമാരുടേയും ആശ്രമങ്ങളെ സന്ദൎശിച്ചു. പിന്നെ ഗോദാവരീതീരത്തിൽ പഞ്ചവടിയിൽ എത്തി. ശൂൎപ്പണഖയുടെ നാസാകുചങ്ങളെ ലക്ഷ്മണൻ ഛേദിച്ചു. ഖരദൂഷണാദികളെ രാമൻ വധിച്ചു. മാരീചൻ പൊന്മാനായി രാവണാജ്ഞയാ വരികയും രാമനാൽ ഹതനാകയും ചെയ്തു. സീതയെ രാവണൻ മായാമഹൎഷിയായിട്ടു മോഷ്ടിച്ചുകൊണ്ടുപോയി. ശ്രീ

രാമാദികൾ ഹനുമാന്റെ പ്രേരണയോടുകൂടി സുഗ്രീവനുമായി സഖ്യംചെയ്തു. ബാലിയെ കൊന്നു. ഹനുമാൻ ലങ്കയിലെത്തി സീതാദേവിയെ കണ്ടു. ലങ്കയെ ഭസ്മമാക്കി. തിരിയെ വന്നു് സ്വാമിയെ വിവരം അറിയിച്ചു. എല്ലാവരും ഒന്നിച്ചുചെന്നു രാവണാദികളെ വധിച്ചു് സീതയെ വീണ്ടെടുത്തു. ശ്രീരാമപുത്രന്മാർ—കുശൻ, ലവൻ.

൪. വരുണൻ. ൫. ഒരു പേർ ൬. മനോഹരൻ. ൭. യോഗികൾ രമിക്കുന്നതിനുള്ള വാസസ്ഥാനം.

ശ്രീരാമന്റെ ജനനം.

മിസ്റ്റർ വാൾട്ടർ ആർ. ഓൾഡ് എന്ന ശാസ്ത്രജ്ഞൻ കണക്കാക്കിയതു്.

ക്രിസ്തു ജനിക്കുന്നതിനു മുമ്പു് ൧൭൬൧ ഫെബ്രുവരി ൧൦-ാംനു-യാണെന്നു കണ്ടിരിക്കുന്നതായി 'നാളഡ്ജ്' എന്ന പത്രഗ്രന്ഥത്തിൽ പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു. അതു കഴിഞ്ഞിട്ടു് ഇപ്പോൾ ൩൬൮൯ സംവത്സരവും ആറു മാസവും കഴിഞ്ഞിരിക്കുന്നു. (കൈരളി ൧൧൦൫ ചിങ്ങം).

രാമം—൧. പച്ചില. ൨. ചീര. ൩. കൊട്ടം. ൪. കുതിര. ൫ പെരിയകലമാൻ, പെരുംചമരിമാൻ ക്രീഡാശീലമുള്ളതു് എന്നർത്ഥം. ൬. ഇരുട്ടു്. ൭. കുഷ്ഠം.

രാമസഖി—സുഗ്രീവൻ.

രാമസേതു—ശ്രീരാമൻ കെട്ടിച്ച അണ.

സമുദ്രക്കരയിൽ നിന്നും ഉള്ളിലോട്ടു രണ്ടു ഫർലാംഗ് വീതിയിൽ കെട്ടപ്പെട്ടിട്ടുള്ളതും കന്യാകുമാരി കോടി മുതൽ കോവളം വരെ മൂന്നു മയിൽ നീളമുള്ളതുമാണ്. ഇതു സീതാന്വേഷണാർത്ഥം ശ്രീരാമൻ നിർമ്മിച്ചതാകുന്നു. വിശ്വകർമ്മാവിന്റെ പുത്രനായ നളന്റെ പണിയാണ്”.

രാമാ—൧. സുന്ദരി. ൨. സ്ത്രീ, രമിക്കുന്നവൾ. ൩. നദി. ൪. കായിമണ്ണു്. ൫. പെരുങ്കായം ൬. വെളുത്ത കണ്ടകാരിച്ചുണ്ട. ൭. കറവപശു. ൮. ഗോരോചനം. ൯. അശോകം. ൧൦. പുരുഷോപഭോഗം കൊണ്ടു സുഖിക്കുന്നവൾ.

രാമാനം—രാത്രി.

രാമാനുജൻ—൧. ഒരു വൈഷ്ണവ നവീകരണക്കാരൻ.

വളരെ ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്.

൨. എഴുത്തച്ഛൻ.

രാമായണം—രാമന്റെ കഥ.

അദ്ധ്യാത്മരാമായണം കിളിപ്പാട്ടു സംസ്കൃതത്തിലുള്ള അദ്ധ്യാത്മരാമായണത്തിന്റെ നേർ തർജ്ജമയാകുന്നു. ഈ കിളിപ്പാട്ടു എഴുത്തച്ഛന്റെ മദ്ധ്യവയസ്സിലെ കൃതിയായിരിക്കാം. ഇതിന്റെ മൂലഗ്രന്ഥം ബ്രഹ്മാണ്ഡപുരാണത്തിന്റെ ഒരംശമാകുന്നു. മൂലഗ്രന്ഥത്തെ ഒരു വൈരാഗി ബ്രാഹ്മണൻ ചെമ്പകശ്ശേരി രാജാവിന്റെ രാജധാനിയായ അമ്പലപ്പുഴ കൊണ്ടുചെന്നു. അതു ൭൦൦-ചിങ്ങമാസത്തിലായിരുന്നു. അപ്പോൾ അമ്പലപ്പുഴ രാജാവിന്റെ കൂടെ രാജമന്ദിരത്തിൽ പ്രസിദ്ധനായ മേൽപ്പത്തൂർ നാരായണ ഭട്ടതിരിപ്പാടും എഴുത്തച്ഛനും ഉണ്ടായിരുന്നു. മൂലഗ്രന്ഥം തെലുങ്ക് ലിപിയിലായിരുന്നതിനാൽ രാജാവ് അതിനെ മലയാള അക്ഷരത്തിൽ പകർത്തുന്നതിനായി ഭട്ടതിരിപ്പാടു മുഖാന്തരം തെലുങ്കക്ഷരം അറിയാമായിരുന്ന എഴുത്തച്ഛനെ ഏല്പിച്ചു. എഴുത്തച്ഛനാകട്ടെ മൂലഗ്രന്ഥത്തെ പകർത്തിയതോടുകൂടെ ഭാഷയിൽ തർജ്ജമചെയ്കയും ചെയ്തു.

ഈപ്രകാരമാണ് അദ്ധ്യാത്മരാമായണം കിളിപ്പാട്ട് ഉണ്ടാകാൻ ഇടയായതെന്നു തോന്നുന്നു.— അദ്ധ്യാത്മരാമായണത്തിന്റെ സംഗ്രഹം അറിയണമെന്നുണ്ടെങ്കിൽ കല്യാണസൌഗന്ധികം തുള്ളക്കഥ നോക്കുക. 'മാർത്താണ്ഡവംശേ ദശരഥൻതന്നുടെ' ഇത്യാദി കാണുക.

(വാത്മീകിരാമായണം, അദ്ധ്യാത്മരാമായണം, ബാലരാമായണം, ഗായത്രീരാമായണം, അത്ഭുതരാമായണം—ഇവയ്ക്കു 'രാമായണപഞ്ചകം' എന്നു പേർ).

**രാമിലൻ**-പു. ഭർത്താവ്. ൨. പ്രിയൻ. ൩. കാമദേവൻ. ൪. ഒരു കവി.

**രാമേശ്വരം**-ഒരു പുണ്യക്ഷേത്രം.

ഇൻഡ്യയുടെ തെക്കേ അതിർത്തിയിലുള്ള ഒരു പുണ്യസ്ഥലം. സീതയെ അന്വേഷിപ്പാനായി ശ്രീരാമൻ വാനരത്തെക്കൊണ്ടു ഇവിടെ ഒരു അണ കെട്ടിച്ചിട്ടുണ്ട്.

**രാമോപാഖ്യാനം**-മഹാഭാരതത്തിന്റെ വനപർവ്വത്തിൽ അടങ്ങീട്ടുള്ള രാമചരിതം.

**രാംഭം**-സന്ന്യാസിമാരുടെ മുളംദണ്ഡ്. രംഭത്തിന്റെ (മുളയുടെ) വികാരം എന്നർത്ഥം.

**രായൻ**-രാജാവ്.

**രായപ്പണം**-രാശി.

**രായം**-പു. പൊൻ. ൨. ധനം.

**രായർ,റാവ്**-ഒരുജാതി ബ്രാഹ്മണരുടെ ജാതിപ്പേർ.

**രായസക്കാരൻ**-ചില കച്ചേരികളിലെ എഴുത്തുകാരനു പറയുന്ന ഒരു പേർ.

**രായസം**-കച്ചേരിയിലെ എഴുത്തുവേല.

**രാരാജിക്കുന്നു**-അധികമായി ശോഭിക്കുന്നു

**രാവ്**-രാത്രി.

**രാവണൻ**-ഒരു രാക്ഷസരാജാവ്

ബ്രഹ്മാവിന്റെ പുത്രനായ പുലസ്ത്യമഹർഷി മഹാമേരുപർവ്വതപാർശ്വത്തിൽ തൃണാംഗനിയുടെ ആശ്രമത്തിൽ തപോനിഷ്ഠനായി വാണു. അക്കാലത്തു കന്യകകൾ പലരും അവിടെ കളിപ്പാനായി വരുന്നതു തനിക്കു ഉപദ്രവമായി തോന്നുകയാൽ ഇനി കന്യകാജനം ഇവിടെ വന്നാൽ അന്നുതന്നെ ഗർഭമുണ്ടാകട്ടെ എന്നു മുനി ശപിച്ചു. പിറ്റേദിവസം ഈ പരമാർത്ഥം അറികയാൽ ആരും അവിടെ കളിപ്പാൻ ചെന്നില്ല. അങ്ങിനെയിരിക്കെ തൃണവിന്ദു എന്ന രാജാവിന്റെ മകൾ ഈ കഥ അറിയാതെ അവിടെ ചെല്ലുകയും ഗർഭം ധരിക്കയും ചെയ്തു. അനന്തരം വിവരം ഗ്രഹിച്ചു മകളെയും കൂട്ടിക്കൊണ്ടു മുനിയുടെ അടുക്കൽ ചെന്നു രാജാവു സങ്കടം ഉണർത്തുകയും മകളെ ഭാര്യയായി സ്വീകരിച്ചുകൊള്ളണമെന്നു അപേക്ഷിക്കയും ചെയ്തു. അതനുസരിച്ചു അദ്ദേഹം അവളെ സ്വീകരിച്ചു 'വേദവിശ്രവണേന ഗർഭമുണ്ടായ മൂലം' പിറന്ന കുഞ്ഞിനു 'വിശ്രവസ്സ്' എന്നു പേരുണ്ടായി. വിശ്രവസ്സ് ഭരദ്വാജമഹർഷിയുടെ മകളെ വേട്ടു. അവരും പെററ് വൈശ്രവണൻ ജനിച്ചു ഇദ്ദേഹം യക്ഷന്മാരുടെ രാജാവായി. പിതാവിന്റെ കല്പനപ്രകാരം ഇദ്ദേഹം ലങ്കയിൽ സുഖമായി താമസിച്ചു. വിശ്രുവസ്സ് ഒരിക്കൽ അസ്തമയസമയത്തിങ്കൽ സന്ധ്യാവന്ദനം ചെയ്യുമ്പോൾ സുമാലിയുടെ പുത്രിയായ കൈകസി ചെന്നു 'സന്താനമാശു മേ ദേഹി ദേഹി' എന്നു പറഞ്ഞു അപ്പോൾ ഗർഭമുണ്ടായി. കൈകസിയുടെ ഈ മൂത്ത പുത്രനത്രെ മഹാവീരപരാക്രമശാലിയായ രാവണൻ.

പത്തു തലയുമിരുപതു കൈകളുമെത്രയും
ഭീഷണനായ് പിറന്നാനവൻ* കൊണ്ടൽ
നിറംപൂണ്ട നീലശൈലംപോലെ രണ്ടാ
മതുമുടനുണ്ടായിതന്യനാം* മൂന്നാമതുണ്ടാ
യതുമൊരു രാക്ഷസി ചാൻചേലുള്ളവ
ളും തെളിഞ്ഞീടിനാൾ* പിന്നെ നാലാമതു
ണ്ടായാനൊരു പുമാൻ ധന്യനായ് ഭാഗവ
തോത്തമനായെടോ* നാമം ദശമുഖനും
കുംഭകർണ്ണനും ശ്രീമാൻ വിഭീഷണനെ
ന്നും വിളിച്ചിതു* താരും ശൂർപ്പണഖേതി
ഭഗിനിക്കു പ്രീതിപൂണ്ടീടിനാൾ കൈക
സിയും തഥാ*

ഈ മക്കളോടുകൂടി കൈകസി കാട്ടിൽ സുഖമായി പാർക്കുമ്പോൾ പിതാവിനെ വന്ദിപ്പാനായി വൈശ്രവണൻ പുഷ്പകവിമാനത്തിൽ കയറിപ്പോകുന്നതു കണ്ടിട്ടു രാവണനോടു കൈകസി അങ്ങോട്ടു നോക്കു, ആ വിമാനത്തിൽ കേറി പോകുന്നവന്റെയും നിന്റെയും അച്ഛൻ ഒന്നായിരുന്നിട്ടെന്തുഫലം? എന്നു പറഞ്ഞു. ഇതു കേട്ടിട്ടു് അമ്മേ ക്ഷമിക്കണം ഇതിലും ഉന്നതസ്ഥിതിയെയാണ് ഞാൻ പ്രാപിപ്പാൻ പോകുന്നതു എന്നു പറഞ്ഞിട്ടു രാവണൻ അനുജന്മാരുമായി തപസ്സിനു ഒരുമ്പെട്ടു. ഗോകർണ്ണം പ്രവേശിച്ചു മൂവരും ബ്രഹ്മാവിൽ ചിത്തമുറപ്പിച്ചു കഠിനമായ തപസ്സുതുടങ്ങി. പതിനായിരത്താണ്ടു കഴിഞ്ഞിട്ടും ബ്രഹ്മാവിനെ കാണായ്കയാൽ ദശാനനൻ ഒരു തലയറുത്തു അഗ്നിയിലിട്ടു. ആയിരത്താണ്ടു കഴിഞ്ഞിട്ടും കാണായ്കയാൽ വീണ്ടും ഒരു തല ഹോമിച്ചു. പത്തൊമ്പതിനായിരത്താണ്ടു ചെന്നപ്പോൾ ഒരു തല ശേഷിച്ചതുംകൂടി അറുപ്പാൻ ഒരുങ്ങിയ അവസരത്തിൽ ബ്രഹ്മാവു സംഭ്രമത്തോടു പ്രത്യക്ഷനായി എന്തു വരമാണു വേണ്ടതു് എന്നു ചോദിച്ചു.

'ദേവഗന്ധർവ്വാസുരോരഗാദ്യന്മാരി
ലേവരാലും ഞാനവധ്യനായീടണം
എന്നുവേണ്ടാ നരന്മാരാലൊഴിഞ്ഞിനി
ക്കന്യരാൽ മൃത്യുവരാതെയിരിക്കണം'.

അനന്തരം അപേക്ഷപ്രകാരം ഭവിക്കട്ടെ എന്നു പറഞ്ഞിട്ടു ബ്രഹ്മാവു കുംഭകർണ്ണനെ പ്രാപിച്ചു് നിദ്രത്വത്തെയും വിഭീഷണനു വിഷ്ണുഭക്തിയേയും കല്പാവസാനകാലത്തോളം ജീവിതത്തെയും പ്രദാനംചെയ്തു. പിന്നീടു രാവണൻ ലങ്കയെ ഒഴിപ്പിച്ചുവാങ്ങി മഹാഗർവ്വിഷ്ഠനായി ലോകോപദ്രവത്തിനു വട്ടംകൂട്ടി. ലങ്കേശനായ രാവണനെ രാക്ഷസ രാജാവായി അഭിഷേകം ചെയ്തു. ത്രൈലോക്യത്തെ പീഡിപ്പിച്ചുംകൊണ്ടു രാവണൻ ലങ്കയിൽ താമസിക്കവെ ഒരിക്കൽ വേട്ടക്കുപോയ അവസരത്തിൽ പുത്രിയോടുകൂടി സഞ്ചരിക്കുന്ന മയനെ കാണുകയുണ്ടായി. മയസുതയായ മണ്ഡോദരിയെ രാവണൻ മയന്റെ അനുവാദപ്രകാരം സ്വീകരിച്ചു. ലോകോപദ്രവകാരിയെന്നു ലോകർ പറയുന്നതു കേട്ടിട്ടു ഗുണദോഷിപ്പാനായി ഒരിക്കൽ വൈശ്രവണൻ രാവണന്റെ സന്നിധിയിലേക്കു ഒരു ദൂതനെ അയച്ചു. അവനെ രാവണൻ വെട്ടിനുറുക്കിക്കളഞ്ഞു. പിന്നീടു വൈശ്രവണനോടു ചെന്നു യുദ്ധം ചെയ്തു് വിമാനത്തെ പിടിച്ചുപറിച്ചു. അനന്തരം കൈലാസപർവ്വതം എടുത്തു അമ്മാനയാടി പരമേശ്വരനോടു ചന്ദ്രഹാസം എന്ന വാൾ വാങ്ങി. പിന്നീടു വേദവതിയുടെ ശാപം ഏല്പാനിടയായി. സീതയായി അവതരിച്ചതു ഈ വേദവതിയാണത്രേ. അതിന്റെ ശേഷം മരുത്തൻ എന്ന നൃപതിയുമായി പിണങ്ങി. ഗുരൂപദേശം ഹേതുവായിട്ടു മരുത്തൻ ക്ഷമിച്ചു. ജയിച്ചഭാവത്തോടെ രാവ

ണൻ നടന്നു. പിന്നെ രാവണൻ അനാരണ്യമഹിപനെ വധിച്ചു. കുറച്ചുകഴിഞ്ഞു് രാവണൻ കാൎത്തവീൎയ്യാൎജ്ജുനന്റെ കാരാഗൃഹത്തിലെപ്പട്ടുകിടന്നു. പുലസ്ത്യമുനി രാവണനെ മോചിപ്പിച്ചു. ബാലിയുടെ വാലിൽ രാവണൻ ൧൨-കൊല്ലം കിടന്നു. പിന്നീടു കാലനെ ജയിച്ചു അനേക പതിവ്രതമാരെ ഉപദ്രവിച്ചു പിടിച്ചടക്കി. പിന്നെ മാൎഗ്ഗമദ്ധ്യേ രംഭയെ ബലാൽ സ്വീകരിച്ചു. ദേവേന്ദ്രനോടു രാവണൻ യുദ്ധത്തിനു ചെന്നപ്പോൾ രാവണന്റെ മകൻ മേഘനാദൻ ഇന്ദ്രനെ പിടിച്ചുകെട്ടി ഒടുവിൽ ത്രൈലോക്യം മുടിക്കുന്നതായി അറിയുകയാൽ വിഷ്ണു രാമനായി അവതരിക്കയും രാവണനെ വധിക്കയും ചെയ്തു. (ഈ ഭാഗം രാമായണംകൊണ്ടു വ്യക്തമാകുമല്ലൊ).

രാവണി - രാവണന്റെ മകൻ, ഇന്ദ്രജിത്തു്.

രാവപ്പൂ-ഒരുവക മുല്ല.

രാവം-ശബ്ദം.

രാവിലെ-അ. സൂൎയ്യൻ ഉദിച്ച ഉടനെ, നേരത്തെ.

രാവുറക്കം-രാത്രിയിൽ പതിവിൻപ്രകാരമുള്ള ഉറക്കം.

രാശി-൧. കൂട്ടം, കുമ്പാരം. ൨. മേടം തുടങ്ങിയ പന്ത്രണ്ടും. ൩. പരശുരാമൻ അടിപ്പിച്ച ഒരു സ്വൎണ്ണനാണയം. വിഷചക്രം ൧൦.

## രാശിക്കൂറുകൾ 12.

| നമ്പർ | രാശികൾ | കൂറു | ക്ഷേത്രം |
|---|---|---|---|
| 1 | അശ്വതി ഭരണി, കാൎത്തിക കാൽ | മേടം | കുജൻ |
| 2 | കാൎത്തിക മുക്കാൽ, രോഹിണി, മകീരം അര | ഇടവം | ശുക്രൻ |
| 3 | മകീരം അര, തിരുവാതിര, പുണർതം മുക്കാൽ | മിഥുനം | ബുധൻ |
| 4 | പുണർതം കാൽ, പൂയം, ആയില്യം | കൎക്കടകം | ചന്ദ്രൻ |
| 5 | മകയിരം, പൂരം, ഉത്രം കാൽ | ചിങ്ങം | ആദിത്യൻ |
| 6 | ഉത്രം മുക്കാൻ, അത്തം, ചിത്തിര അര | കന്നി | ബുധൻ |
| 7 | ചിത്തിര അര ചോതി, വിശാഖം മുക്കാൽ | തുലാം | ശുക്രൻ |
| 8 | വിശാഖം കാൽ, അനിഴം, കേട്ട | വൃശ്ചികം | കുജൻ |
| 9 | മൂലം. പൂരാടം, ഉത്രാടം കാൽ | ധനു | വ്യാഴൻ |
| 10 | ഉത്രാടം മുക്കാൽ, തിരുവോണം, അവിട്ടം അര | മകരം | ശനി |
| 11 | അവിട്ടം അര ചതയം, പൂരുരുട്ടാതി മുക്കാൽ | കുംഭം | ശനി |
| 12 | പൂരുരുട്ടാതി കാൽ, ഉത്രട്ടാതി, രേവതി | മീനം | വ്യാഴൻ |

### രാശിപ്പൊരുത്തം.

കന്യക ജനിച്ച കൂറിൽ നിന്നു ൨, ൩, ൪, ൫, ൬ ഈ കൂറുകളിൽ ജനിച്ച പുരുഷനെ വൎജ്ജിക്കണം. ൭-മുതൽ ൧൨-വരെ കൂറുകളിൽ ജനിച്ച പുരുഷനെ ഭൎത്താവായി സ്വീകരിക്കാം. കന്യകയുടെ കൂറിൽ തന്നെ ഭിന്നനക്ഷത്രത്തിൽ ജനിച്ച പുരുഷനേയും സ്വീകരിക്കാം.

### രാശ്യധിപപ്പൊരുത്തം.

ഒരു ഗ്രഹംതന്നെ സ്ത്രീപുരുഷന്മാർ ജനിച്ച കൂറുകളുടെ നാഥനായിട്ടു വന്നാലും

സ്ത്രീപുരുഷന്മാർ ജനിച്ച കൂറുകളുടെ അധിപന്മാർ അന്യോന്യം ബന്ധുക്കളായിട്ടുവന്നാലും രാശ്യധിപപ്പൊരുത്തം ഭവിക്കുന്നു. വിപരീതമായാൽ മേൽപറഞ്ഞ പൊരുത്തം ഭവിക്കുന്നതല്ല.

രാശിപ്രമാണം.

'മേഷോവൃഷോഥമിഥുനം
കർക്കടകസ്സിംഹകന്യകേ
തുലാചവൃശ്ചികശ്ചാധന്വീ
മകരഃകുംഭമീനകൌ'

| നാ | വി | രാശി |
|---|---|---|
| 4 | 36 | മേടം |
| 5 | 9 | ഇടവം |
| 5 | 29 | മിഥുനം |
| 5 | 19 | കർക്കടകം |
| 4 | 59 | ചിങ്ങം |
| 4 | 53 | കന്നി |
| 5 | 7 | തുലാം |
| 5 | 26 | വൃശ്ചികം |
| 5 | 24 | ധനു |
| 4 | 54 | മകരം |
| 4 | 26 | കുംഭം |
| 4 | 18 | മീനം |

'നാലേകാലജമീനൌ
ഘടവൃഷഭൌപാദഹീനമഞ്ചല്ലും,
അഞ്ചരപാപകച്ഛീരൌ
കന്നിതുലാമഞ്ചുമിച്ചമഞ്ചേകാൽ'

(ഇങ്ങനെയും കാണുന്നുണ്ട്)

രാശിചക്രം - മേടം മുതലായ പന്ത്രണ്ടു രാശികൾ ഇരിക്കുന്ന ചക്രം, സൂര്യചന്ദ്രാദികളായ ഗ്രഹങ്ങൾ സഞ്ചരിക്കുന്ന ആകാശമാർഗ്ഗം. (വൃത്താകൃതിയാണ്).

രാശിസ്ഥാനം—രാശികൾ ഇരിക്കുന്ന സ്ഥലം.

രാശീകരിക്കുന്നു-കൂട്ടമാക്കിച്ചെയ്യുന്നു.

രാശീശ്വരൻ-അതാതു രാശികൾക്കു പ്രത്യേകമുള്ള നാഥൻ.

രാഷ്ട്രം-ന. സ്വരാജ്യം, (രാജ്യം). ശോഭിക്കുന്നതു് എന്നർത്ഥം. ഉ. ഉപദ്രവം.

രാഷ്ട്രിക-വി. രാജ്യത്തെ സംബന്ധിച്ച.

രാഷ്ട്രിക-ന. പുത്തരിച്ചുണ്ട. നാട്ടുംപുറത്തുണ്ടാകുന്നതു് എന്നർത്ഥം, ഉപദ്രവിക്കുന്നതു് എന്നുമാവാം. കണ്ടകാരിച്ചുണ്ട. ഉ. ചെറുവഴുതിന.

രാഷ്ട്രിയ-വി. രാജ്യത്തെ സംബന്ധിച്ച.

രാഷ്ട്രിയൻ - രാജാവിന്റെ ഭാര്യയുടെ സോദരനു (അളിയനു്) നാട്യത്തിൽ പറയുന്ന ഒരു പേർ. രാഷ്ട്രത്തിൽ (രാജ്യത്തിൽ) ഏതാനും ചില അധികാരങ്ങൾ ഉള്ളവൻ എന്നർത്ഥം.

രാഷ്ട്രീ-രാജഭാര്യ.

രാസകം-ഒരു രൂപകഭേദം.

രാസക്രീഡ-ഗോപിമാരുടെ കളി.

രാസഭം-കഴുത. ശബ്ദിക്കുന്നതു് എന്നർത്ഥം

രാസം, രാസക്രീഡ, രാസമണ്ഡലം -കൃഷ്ണനും വൃന്ദാവനത്തിലെ ഗോപികളുമായുള്ള ഒരു നൃത്തനം.

രാസേശ്വരി-രാധ.

രാസ്ന-ന. അരത്ത, ചിററരത്ത. ഉ. നൊച്ചി. ആസ്വദിപ്പിക്കപ്പെടുന്നതു് എന്നർത്ഥം.

രാഹിത്യം-വേർതിരിച്ചൽ.

രാഹു-നവഗ്രഹങ്ങളിൽ ഒന്നു്, ഒരു താമസഗ്രഹം. ആദിത്യചന്ദ്രന്മാരെ ആദ്യം പിടിച്ചു് പിന്നീടു വിടുന്നവൻ എന്നർത്ഥം. മററു പര്യായങ്ങൾ-തമസ്സ്, സ്വർഭാനു, സൈംഹികേയൻ, വിധുന്തുദൻ. (ഗ്രഹണം എന്ന ശബ്ദം നോക്കുക).

പുരാണപ്രകാരം— രാഹു വിപ്രചിത്തിയുടേയും സിംഹികയുടേയും പുത്രനായ ഒരസുരനാകുന്നു. രാഹുവിന്നു നാലു് കൈകളും വാലും ഉണ്ടുപോലും. പണ്ടു സമുദ്രമഥനത്തിൽ കിട്ടിയ അമൃതത്തെ ദേവകൾക്കു വിളമ്പുമ്പോൾ രാഹുവും ദേവകളുടെ വേഷം എടുത്തുകൊണ്ടു പന്തിയിലിരുന്നു് ഭക്ഷിപ്പാൻ തുടങ്ങി. കള്ളനെ കണ്ടുനിന്ന സൂൎയ്യചന്ദ്രന്മാർ ഉടനെ ചെന്നു വിഷ്ണുവിനോടു വിവരം ഉണൎത്തിച്ചു ഉടനെ വിഷ്ണു അവന്റെ ശിരസ്സിനെയും രണ്ടു കൈകയേയും ശരീരത്തിൽനിന്നു ഛേദിച്ചു വേർപെടുത്തിക്കളഞ്ഞു എങ്കിലും അവൻ അല്പം അമൃതത്തെ ഭക്ഷിച്ചുപോയതു നിമിത്തം അമൎത്ത്യതയെ പ്രാപിച്ചു അമൃതം കുടിച്ചു് അമൎത്ത്യത സമ്പാദിച്ചുപോയതു നിമിത്തം നക്ഷത്രമണ്ഡലത്തിൽ ഒരു സ്ഥാനം കിട്ടി. ശിരസ്സ് രാഹുവും ശരീരം കേതുവുമായിത്തീൎന്നു. സൂൎയ്യചന്ദ്രന്മാർ പരസ്പരം എതിരായി നില്ക്കുന്ന പൌൎണ്ണമാസി ദിവസങ്ങളിൽ ഉണ്ടാകുന്ന ചന്ദ്രഗ്രഹണങ്ങളും അവർ യോഗത്തിൽ നില്ക്കുന്ന അമാവാസി ദിവസങ്ങളിൽ ഉണ്ടാകുന്ന സൂൎയ്യഗ്രഹണങ്ങളും രാഹു അവരുടെ മേൽ തന്റെ പകവീട്ടുന്നതാണത്രെ. രാഹുവിന്റെ മറ്റു പേരുകൾ—കബന്ധൻ, ഗ്രഹൻ, ഭരണീഭൂ, അഭ്രപിശാചു്.

രാഹുവും കേതുവും തമോഗ്രഹങ്ങളാണു്. സൂൎയ്യാദികളായ ഗ്രഹങ്ങൾക്കെന്നപോലെ ഇവക്കു വാസ്തവമായ ഒരു ബിംബം ഇല്ല. സൂൎയ്യചന്ദ്രന്മാർ സഞ്ചരിക്കുന്ന വൃത്തങ്ങൾ തങ്ങളിൽ യോജിക്കുന്ന സമ്പാതസ്ഥലങ്ങൾക്കാണു് ഈ പേർ.

രാഹുകാലം.

| | | |
|---|---|---|
| ഞായറാഴ്ച | ൨൬ । | നാഴികക്കുമേൽ |
| തിങ്കളാഴ്ച | ൩ ।।। | ,, |
| ചൊവ്വാഴ്ച | ൨൨ ।। | ,, |
| ബുധൻ | ൧൫ | ,, |
| വ്യാഴാഴ്ച | ൧൮ ।।। | ,, |
| വെള്ളി | ൧൧ । | ,, |
| ശനി | ൭ ।। | ,, |

ഈ ആഴ്ചകളിൽ കാണിച്ച നാഴികക്കുമേൽ മൂന്നേമുക്കാൽ നാഴിക രാഹുകാലം. രാത്രിയിലും മേൽപ്രകാരം തന്നെ. രാഹുകാലം സകല ശുഭകൎമ്മങ്ങൾക്കും വൎജ്യം.

രാഹുഗ്രസനം,-ഗ്രാസം,-ദൎശനം,-പീഡാ,-സംസ്പൎശനം—ഗ്രഹണം.

രാഹുഗ്രസ്തൻ-രാഹുവിനാൽ ഗ്രസിക്കപ്പെട്ട ചന്ദ്രൻ അല്ലെങ്കിൽ സൂൎയ്യൻ.

രാഹുഗ്രാഹം-ഗ്രഹണം.

രാഹുഛത്രം-ഇഞ്ചി.

രാഹുഛിഷ്ടം-വെള്ളുള്ളി.

രാഹുഭേദി-വിഷ്ണു.

രാഹുരത്നം-ഗോമേദകം.

രാഹുവേള-ഗ്രഹണം.

രാഹുസൂതകം-ഗ്രഹണം.

രാളം-ചെഞ്ചല്യം എന്ന അങ്ങാടിമരുന്നു്. സുഖത്തെ ദാനംചെയ്യുന്നതു് എന്നൎത്ഥം.

## രി

രിക്ത-ചതുൎത്ഥി, നവമി, പതിന്നാലു ഇവ മൂന്നിന്നും കൂടെയുള്ള പേർ.

രിക്ത-വി. ൧. ഒന്നുമില്ലാത്ത, ഒഴിഞ്ഞ. ൨. പ്രയോജനമില്ലാത്ത.

രിക്തക-വി. ൧. ഒന്നുമില്ലാത്ത, ഒഴിഞ്ഞ. ശൂന്യതയുള്ള ൨. പാപപ്പെട്ട. ൩. ഭാരമില്ലാത്ത. ൪. വയറിളക്കപ്പെട്ട.

രിക്തകം- ഉല്ലം, ഒന്നുമില്ലാത്തതു്, ശൂന്യം.

രിക്തതം-ഒന്നുമില്ലായ്ക.

രിക്തപാത്രം-ഒഴിഞ്ഞ പാത്രം.

രിക്തം-൧. നടക്കാവു്. ൨. ഒഴിവു്, ഒന്നുമില്ലാത്തതു്.

രിക്തഹസ്ത - വി. കൈയിൽ ഒന്നുമില്ലാത്ത.

രിക്ഥം-൧. സമ്പത്തു്. ധനം കുറഞ്ഞുപോകുന്നതു് എന്നർത്ഥം. ൨. സ്വർണ്ണം. ൩. പിൻതുടർച്ചാവകാശം.

രിക്ഥഹാരി-വി. സമ്പത്തിനെ അനുഭവിക്കുന്ന (നകാരാന്തം).

രിക്ഷഹാരി-മരിച്ചവന്റെ സമ്പത്തിന്നവകാശമുള്ളവൻ.

രിക്ഷാ-ഈരു്, പേൻമുട്ട.

രിംഖാ-൧. ചരിവു്. ൨. ഇഷ്ടാഭംഗം ൩. ഇഴച്ചൽ. ൪. ആട്ടം. ൫. കുതിരക്കുളമ്പു്.

രിംഗണം, രിംഖണം—നിലതെറ്റി (വഴുകി-കുട്ടികളും മററും) വീഴുന്നതു്, ഇടച്ചു, തെററി വീഴുകയും മററും

'വിഹിതരിംഖണം രഹിതസങ്കടം'
(ഭാഗവതം ൧൦-വൃത്തം)

രിംഗിണി-കാട്ടുപയറു്.

രിടി-൧. ജ്വാലയുടെ ശബ്ദം. ൨. കറുപ്പു്. ൩. ഒരു വാദ്യം. ൪. ഭൃംഗിരിടി. (ശിവാനുചരൻ).

രിബ്ബം-മെതിച്ച വയ്ക്കോൽ നീക്കി ചേറുവാൻ ഒരുക്കിവെച്ച നെല്ലു്. (ഉബ്ബം എന്നതിന്റെ പാഠം).

രിപു-൧. ശത്രു. ദോഷങ്ങളെ വെളിപ്പെടുത്തുന്നവൻ എന്നർത്ഥം. ൨. അടവിക്കച്ചോലം.

രിപുകർമ്മൻ- ശത്രുക്കളെ ദുഃഖപ്പെടുത്തുന്നവൻ.

'അസ്തുപുനർമർമ്മം രിപുകർമ്മ'
(നളചരിതം കഥകളി)

രിപുതാ-ശത്രുത.

രിപ്രം-൧. പാപം. ൨. അഴുക്കു്.

രിരീ-പിച്ചള.

രിഷ്ടകം-ചെമ്മരിങ്ങ.

രിഷഭം—പന്ത്രണ്ടാമത്തെ രാശി, മീനം രാശി.

രിശ്യ(ഷ്യ)ം-ഒരുവക മാൻ.

രിഷ-വി. ൧ ഉപദ്രവിക്കുന്ന. ൨. നശിപ്പിക്കുന്ന.

രിഷി-മഹർഷി.

രിഷ്ട-വി. ൧ ഉപദ്രവിക്കപ്പെട്ട ൨. ഭാഗ്യമുള്ള. ൩. നിർഭാഗ്യമുള്ള.

രിഷ്ടം-൧ ശുഭം ൨ ഭാഗ്യം. ൩. നിർഭാഗ്യം. ൪. നാശം. ൫. പുളിഞ്ഞി മരം. (പൂവത്തി എന്നു തമിഴർ ശീതാഹനം എന്നു മലയാളികൾ). ൬. ഐശ്വര്യം. ൭. ചെമ്മരിങ്ങ.

രിഷ്ടി-൧. വാൾ. ഹിംസിക്കുന്നതു് എന്നർത്ഥം ൨. ഭാഗ്യം.

രിഷ്യ-മൃഗഭേദം (ഋശ്യത്തിന്റെ പാഠം)

രിഹ-ഉപദ്രവിക്ക, കൊല്ലുക.

---

## രീ

രീഠാ-ഉറഞ്ചി.

രീഢ-നിന്ദ. കൊല്ലുന്നതിനോടു തുല്യം എന്നർത്ഥം.

രീഢകം-നട്ടെല്ലു്.

രീണ-വി. ൧. ഒഴുകിയ. ൨. ക്ഷീണിച്ച.

രീതി-൧ പ്രകാരം, വിധം. ൨. രൂപം, ആകൃതി. ൩ നാട്ടുനടപ്പു്. ൪. സ്വഭാവഗുണം. ൫. ഒഴുക്കു് (ഒലിവു്). ൬. പിച്ചള. ൭. പുഴ.

'നഗരീതിസാലപരിവേഷാ'
(കിർമ്മീരവധം കഥകളി)

വ്യ. പിത്തള. ൻ ഇരിമ്പിൻകിട്ടം.

രീതിത്രയം- വൈദർഭി, ഗൌഡി, പാഞ്ചാലി ഇവ മൂന്നും.

'ബന്ധപാരുഷ്യമില്ലാതെ
ശബ്ദകാഠിന്യമെന്നിയെ
സമാസദീർഘ്യ കുറയും
വൈദർഭീരീതിയങ്ങനെ'
'ഓജസ്സംകാന്തയും ചേർന്നാൽ
ഗൌഡീരീതിയാംസ്ഥനം
പാഞ്ചാലീരീതി വൈദർഭീ
ഗൌഡീരീതികൾ ചേർന്നതാം'

രീതിപുഷ്പ -പിച്ചളഭസ്മം, പിച്ചളയിൽ വെച്ചൂതിയാൽ അതിൽനിന്നുണ്ടാകുന്ന കിട്ടം, കുസുമാഞ്ജനം, പുഷ്പാഞ്ജനം. പിച്ചളയിൽ നിന്നു പൂവിനു തുല്യമായുണ്ടാകുന്നത് എന്നർത്ഥം.

രീതിപ്പെടുത്തുന്നു-ക്രമപ്പെടുത്തുന്നു.

—oo0oo—

## രു

രു-ഫ. ശബ്ദം. വ. ഭയം. ന. യുദ്ധം. ര. പങ്കിടുക.

രുക്-ഫ. വേദന. വ. രോഗം. ന. ശോഭ, പ്രഭ. ര. കൊട്ടം.

രുക്പ്രതിക്രിയ- ചികിത്സ വ്യാധിക്കു പകരം ചെയ്ക എന്നർത്ഥം.

രുക്മകാരകൻ - പൊൻപണിക്കാരൻ, തട്ടാൻ.

രുക്മം-ഫ. പൊൻ. വ. ഇരുമ്പ്. ന. ഉമ്മത്ത്. ര. നാഗപ്പൂവ്.

രുക്മി-ഭീഷ്മകരാജാവിൻെറ പുത്രനായ വിദർഭരാജാവ്.

ഇയാൾ വമ്പു പറയുന്നവനാണ്. തന്നിമിത്തം കൌരവരും പാണ്ഡവരും ഇയാളുടെ സഹായത്തെ ഉപേക്ഷിച്ചു. സഹോദരിയായ രുക്മിണിയെ കൃഷ്ണൻ ഗൂഢമായി ഭാര്യയാക്കിയതിൽ രസിക്കായ്കയാൽ യുദ്ധം ചെയ്തു. കൃഷ്ണനോടു തോററു. ഇയാളെ ബലരാമൻ വധിച്ചു.

രുക്മിണി-ഫ. ശ്രീകൃഷ്ണൻെറ ഭാര്യ, ഭീഷ്മകൻെറ പുത്രി, രുക്മിയുടെ സഹോദരി.

രുക്മിണി കൃഷ്ണൻെറ പ്രധാന ഭാര്യയാണ്. രുക്മിണിയെ കൃഷ്ണൻ വിവാഹം കഴിക്കുന്നതിൽ രുക്മിണിയുടെ മാതാപിതാക്കന്മാൎക്കും സഹോദരനും സമ്മതമില്ലായിരുന്നു. അവർ ഈ കന്യകയെ ചേദിരാജാവായ ശിശുപാലനു കൊടുപ്പാനാണ് തീർച്ചയാക്കിയിരുന്നത്. താൻ കൃഷ്ണനെ അല്ലാതെ മററാരെയും വരിക്കുന്നതിനു തയാറില്ലെന്നും മററുമുള്ള വിവരങ്ങൾ ഒരു ബ്രാഹ്മണൻ മുഖേന രുക്മിണി മുൻകൂട്ടി കൃഷ്ണനെ അറിയിക്കയാൽ മുഹൂർത്തസമയം അദ്ദേഹം വന്നു ബലാൽ രുക്മിണിയെ തേരിൽ കയററി കൊണ്ടുപോയി. രുക്മി കോപിച്ചടുത്തു. അയാളുടെ താടിമീശകൾ ഭഗവാൻ ഛേദിച്ചു. രുക്മിണിയുടെ ദീനപ്രലാപം ഹേതുവായിട്ടു രുക്മിയെ കൃഷ്ണൻ വധിച്ചില്ല. ശിശുപാലാദികൾ കൃഷ്ണനെ എതിർത്തു. എല്ലാവരെയും യുദ്ധത്തിൽ ജയിച്ച് രുക്മിണിയെ ഭഗവാൻ ദ്വാരകക്കു കൊണ്ടുപോയി സുഖമായി പാർത്തു. ശ്രീകൃഷ്ണനു രുക്മിണിയിൽ ഉണ്ടായ പുത്രനത്രെ പ്രദ്യുമ്നൻ. കൂടാതെ ചാരു, സുചാരു, ചാരുദേഷ്ണൻ, സുദേഷ്ണൻ, ചാരുദേഹൻ, സ്വാക്ഷനൻ, ചാരുഗുപ്തൻ, ഭദ്രചാരു, ചാരുവിന്ദൻ ഇവരും കൃഷ്ണൻെറ പുത്രന്മാരാകുന്നു. ഒരു പുത്രിയും ഉണ്ടായിട്ടുണ്ട്. പേർ 'ചാരുമതി'. കൃഷ്ണൻ ഉത്തരായ

ണം പ്രാപിച്ചതിന്റെ ശേഷം രുക്മിണിയും മററുള്ള എഴു ഭാൎയ്യമാരും ചിതയിൽ കൂടി ദഹിപ്പിക്കപ്പെട്ടു.

൨. മഞ്ഞപ്പാലുള്ള മല എരുമ.

**രുഗ്ണ**-വി. വളഞ്ഞ, വളച്ച, ഒടിച്ച, ഭഗ്നമായ.

**രുക്മരഥൻ (-വാഹനൻ)**-ദ്രോണൻ.

**രുചകതം**-പാക്യജനകം. Nitrogen.

**രുചകം**-൧. മാതളനാരകം. രുചിയെ ഉണ്ടാക്കുന്നതു് എന്നൎത്ഥം. ൨. തുവൎച്ചില ഉപ്പു്. ശോഭിക്കുന്നതു് എന്നൎത്ഥം. ൩. വയമ്പു്. ൪. ഒരാഭരണം. ൫. വിഴാൽ. ൬. പ്രാവു്. ൭. വെളുത്ത ആവണക്കു്. ഭംഗിയുള്ളതു് എന്നൎത്ഥം. ൮. വെങ്ങച്ചുട്ട വെണ്ണീർകൊണ്ടുണ്ടാക്കുന്ന ക്ഷാരം. ൯. പല്ലു്. ൧൦. കഴുത്തിലേക്കുള്ള ഒരു പൊന്നാഭരണം.

**രുചകാ**-ഗോരോചന.

**രുചി**-൧. സ്വാദു്. ൨. ആഗ്രഹം, ഇഷ്ടം. ൩. താല്പൎയ്യം. ൪. ശോഭ. ൫. രശ്മി. ൬. ഭംഗി. ൭. ഗോരോചന. ൮. അത്യാസക്തി.

**രുചികര**-വി. രുചിയെ ഉണ്ടാക്കുന്ന.

**രുചിക്കുന്നു**-൧. സ്വാദു തോന്നുന്നു. ൨. ആഗ്രഹിക്കുന്നു.

**രുചിത**-വി. ൧. മധുരമുള്ള. ൨. ആഗ്രഹമുള്ള.

**രുചിര**-വി. ൧. സ്വാദ ഭംഗിയുള്ള. ൨. മധുരമുള്ള. ൩. ദഹനത്തിനു കൊള്ളാവുന്ന.

**രുചിരം**-൧. ഭംഗിയുള്ളതു്. ൨. വെള്ളി ൩. മുള്ളങ്കി. ൪. കുങ്കുമം. ൫. ഇലവങ്ങപ്പൂവു്. ൬ മനോഹരം.

**രുച്യ**-വി. ൧. ഭംഗിയുള്ള, മനോഹരമായ. ൨. രുചിയുണ്ടാക്കുന്ന.

**രുച്യകന്ദം**-ചേന.

**രുജ**-൧. രോഗം. ൨. നാശം. ൩. ദുഃഖം. ൪ കൊട്ടം.

**രുട്ടു്**-കോപം.

**രുണസ്ഥരാ**-എളുപ്പത്തിൽ കറക്കാവുന്ന പശു.

**രുണ്ഡം**-തലയില്ലാത്ത ദേഹം.

**രുണ്ഡികാ**-രണാങ്കണം.

**രുതം**-പക്ഷികളുടെ ശബ്ദം.

**രുദഥൻ**-കുട്ടി.

**രുദഥം**-൧. നായു്. ൨. കോഴി.

**രുദനം**-കരച്ചൽ.

**രുദിത**-വി. കരയിപ്പിക്കപ്പെട്ട.

**രുദിതം**-കരച്ചൽ.

**രുദ്ധ**-വി. ൧ വിളയപ്പെട്ട ൨. ഉറപ്പാക്കപ്പെട്ട. ൩. അടയ്ക്കപ്പെട്ട ൪. തടുക്കപ്പെട്ട.

**രുദ്ധം**-൧. തടുക്കപ്പെട്ടതു്. ൨. നദി മുതലായതിനാൽ ചുററപ്പെട്ട ദ്വീപു മുതലായതു്.

**രുദ്ധാ**-സൈന്യം വന്നു ചുററുക.

**രുദ്ര**-തിരുവാതിര നക്ഷത്രം.

**രുദ്രഗീതം**-ഒരു മന്ത്രം.

പ്രചേതാക്കൾക്കു ശിവൻ കൊടുത്തതാകുന്നു.

**രുദ്രൻ, രുദ്രർ**-ശിവൻ. ദുഷ്ടന്മാരെ രോദിപ്പിക്കുന്നവൻ, ജനനകാലത്തിങ്കൽ തന്നത്താൻ രോദിച്ചതുകൊണ്ടു് രുദ്രൻ എന്ന പേരുണ്ടായി.

രുദ്രോത്ഭവം അനേക പ്രകാരത്തിൽ കാണുന്നു. വിഷ്ണുപുരാണത്തിൽ രുദ്രൻ ബ്രഹ്മാവിന്റെ ഫാലസ്ഥലിയിൽ നിന്നുണ്ടായതായും അനന്തരം ബ്രഹ്മാവിന്റെ കല്പന ഹേതുവായിട്ടു് സ്ത്രീപുരുഷന്മാരായി വിഭാഗിച്ചതായും അവ്വണ്ണം പതിനൊന്നുപേരായി പെരുകിയതായും

കാണുന്നു. ശിവനും രുദ്രനും ഒന്നാണെന്നും ശിവൻ രുദ്രരിൽ മുഖ്യനാണെന്നും വേറൊരഭിപ്രായവും ഉണ്ട്. രുദ്രർ കശ്യപന്റെയും സുരഭിയുടേയും പതിനൊന്നു പുത്രരാകുന്നു എന്നു മറ്റൊരിടത്തു കാണുന്നു. ബ്രഹ്മാവിനു ഒരു പുത്രനെ സൃഷ്ടിപ്പാൻ ആശ തോന്നുകയാൽ ഒരു കുട്ടിയുണ്ടായതായും ആ കുട്ടി രോദനം ചെയ്തുകൊണ്ടു ഒരു പേർ ചോദിച്ചതായും അനന്തരം ബ്രഹ്മാവ് അവനെ 'രുദ്രൻ' എന്നു വിളിച്ചതായും വീണ്ടും കുട്ടി ഏഴു തവണ കരയുകയാൽ ഓരോ പ്രാവശ്യവും അതിനെ ഭവൻ, ശർവൻ, ഈശാനൻ, പശുപതി, ഭീമൻ, ഉഗ്രൻ, മഹാദേവൻ ഇങ്ങനെ പേരുകളുണ്ടായതായും വിഷ്ണുപുരാണത്തിൽ തന്നെ മറ്റൊരു ഭാഗത്തു വിവരിക്കുന്നു.

രുദ്രന്മാർ—൧൧. അജൻ, ഏകപാദൻ, അഹിർബുധ്ന്യൻ, ത്വഷ്ടാ, രുദ്രൻ, ഹരൻ, ശംഭു, ത്ര്യംബകൻ, അപരാജിതൻ, ഈശാനൻ, ത്രിഭുവനൻ

രുദ്രപുഷ്പം-ചെമ്പരത്തിപ്പൂ.

രുദ്രപൂജ-ശിവപൂജ.

രുദ്രപ്രിയ-കടുക്ക.

രുദ്രഭൂ-ചുടലക്കളം.

രുദ്രരോദനം-സ്വർണ്ണം.

രുദ്രസാവർണ്ണൻ-പന്ത്രണ്ടാമത്തെ മനു.

രുദ്രസൂ-പതിനൊന്നു കുട്ടികളെ പ്രസവിച്ച സ്ത്രീ.

രുദ്രാക്ഷം-രുദ്രാക്ഷമരം, രുദ്രാക്ഷമരത്തിന്റെ കായ്. (കുരുവ്).

ഒരു മുഖം ഉള്ളതു-മാഭീതം. രണ്ടു മുഖമുള്ളതു്—വരാർഗലം. നാലുള്ളതു്—ബ്രഹ്മാവ്. അഞ്ചുള്ളതു്—ഹരൻ. ആറുള്ളതു്—ഗുഹം.)

രുദ്രാക്ഷാവലി ധാരണമെന്നതു
ശൂദ്രന്മാർക്കതു ഭൂഷണമല്ലത്രേ
രുദ്രപ്രീതിയവർക്കുളവിപ്പാൻ
ഭദ്രമിതെന്നു മഹാജനപക്ഷം.
(പ്രദോഷമാഹാത്മ്യം തുള്ളൽ)

രുദ്രാണി-൧. പാർവ്വതി. (രുദ്രസ്യ സ്ത്രീ= രുദ്രാനീ=രുദ്രാണീ). ൨. ൧൧ വയസ്സ് പ്രായമുള്ള സ്ത്രീ

രുദ്രാവാസം-൧ കൈലാസം. ൨. കാശി. ൩. ചുടലക്കളം.

രുധിരൻ-ചൊവ്വ എന്ന ഗ്രഹം.

രുധിരം-൧. ചോര. ചർമ്മത്താൽ മറയ്ക്കപ്പെട്ടതു് എന്നർത്ഥം. ൨. കുങ്കുമം.

രുവഥു-കോഴി.

രുമ-൧. ഉപ്പുപടനം. ൨. വാനരരാജാവായ സുഗ്രീവന്റെ ഭാര്യ.

രുമണ്വാൻ-രേണുകയുടെ ഒരു പുത്രൻ.

രുരു-൧. കറുപ്പും ചാരനിറവും കലർന്ന മാൻ, വൻ കരിമാൻ, കറുപ്പ ചാറലുള്ള കലമാൻ. നിലവിളിക്കുന്നതു എന്നർത്ഥം. ൨. ഒരു മുനി. (പ്രമതി എന്ന മുനിക്കു ഘൃതാചിയിലുണ്ടായവൻ) ൩. നായ്.

രുവുകം-ആവണക്ക്.

രുശതി-ചീത്തവാക്ക്, അമംഗലവചനം. അന്യനെ കെടുക്കുന്നതു് എന്നർത്ഥം.

രുഷ-കോപം. ('ക്രോധോ മന്യുഃ ക്രുധാ രുഷാ' എന്ന ശബ്ദാർണ്ണവം).

രുഷം-മീൻ.

രുഷിത-വി. കോപിച്ച.

രുഷ്ട-വി. കോപിച്ച.

രുഷ്ടി-ആവണക്ക്.

രുഹ-ഒരു പുല്ല്, കറുക. മുറിച്ചാലും പൊടിച്ചുണ്ടാവുന്നതു് എന്നർത്ഥം.

രഹ[illegible]ി. ൧. മുടയ്ക്കുന്ന. ൨. കരേറുന്ന.

രഹകം-൧. ദ്വാരം. ൨. ഗ്രഹ.

## രു

രുക്ഷ-വി. കടുപ്പമുള്ള. ൨. പരുഷമായ; ൩. ചവർപ്പുള്ള.

രുക്ഷത-൧. കടുപ്പം. ൨. പരുഷം. ൩. ചവർപ്പ്.

രുക്ഷൻ-൧. കടുപ്പമുള്ളവൻ. ൨. പ്രേമമില്ലാത്തവൻ.

രുക്ഷം-൧. വൃക്ഷം, ൨. തീക്ഷ്ണം. ൩. ചവർപ്പുള്ളത്. ൪. കടുപ്പമുള്ളത്. ൫. മുരുക്. ൬. ചേരുമരം, ൭. സ്നിഗ്ധം (മെഴുക്കമയം) ഇല്ലായ്മ, സ്നിഗ്ധതയില്ലാത്തത്.

രൂഢ-വി. ൧. നിശ്ചയമുള്ള. ൨. പ്രസിദ്ധമായ. ൩. മുളയ്ക്കപ്പെട്ട. ൪. ജനിച്ച. ൫. പാരമ്പര്യന്യായമുള്ള.

രൂഢകം-തിപ്പലിമൂലം.

രൂഢശബ്ദങ്ങൾ-മറ്റൊന്നിന്റെ അപേക്ഷ കൂടാതെയും കാരണത്തെ ആശ്രയിക്കാതെയും സംസാരിക്കുന്നതിനു വേണ്ടി നിശ്ചയിച്ചിട്ടുള്ള പദങ്ങൾ.

രൂഢി-൧. പ്രസിദ്ധം. ൨. പരിചയം. ൩. വാക്കുകൾക്കു പതിവായി പറഞ്ഞുവരുന്ന അർത്ഥം. ൪. വർദ്ധന. ൫. വളർച്ച. ൬. ജനനം. ൭. കീർത്തി. ൮. കീഴ്നടപ്പ്.

രൂപകത്രയം-നാട്യം, നൃത്യം, നൃത്തം.

രൂപകാംഗത്രയം-വസ്തു, നായകൻ, രസം.

രൂപകാതിശയോക്തി-ഒരലംകാരം.

രൂപകം-൧. നാട്യജാതിയിൽപെട്ട ഒരുതരം കൃതികളുടെ പേർ. അഭിനയംകൊണ്ട് ഒരു കഥയെ രൂപപ്പെടുത്തുന്നത്. (ദശരൂപകം എന്നതു നോക്കുക).

സംഗീതത്തോടുകൂടി അഭിനയിച്ച് ആളുകളെ രസിപ്പിക്കുന്നതിനുള്ള സാഹിത്യകൃതികൾക്കു പ്രാചീനഭാരതകവികൾ മൊത്തത്തിൽ കൊടുത്തിരിക്കുന്ന പേർ.

രൂപകം-൧൦ വിധം. ഉപരൂപകം-൧൮ വിധം. രൂപകത്തിന്റെ പ്രധാനാംശം. ൧ വസ്തു (കഥാശരീരം). ഇതു രണ്ടുവിധം-ആധികാരികം, പ്രാസംഗികം. ൨. നേതാവ് (നായകൻ). ൩. രസം.

രൂപകങ്ങളുടെ അവാന്തരവിഭാഗങ്ങൾ:—

൧. രസംസ്വപ്രധാനവും അതാതു ഭാവരസത്തിനു അനുസരണങ്ങളായ അഭിനയം ഇടക്കിടക്കായും ഉള്ള നാടകം മുതലായ 'നാട്യകൃതികൾ'.

൨. ഭാവചേഷ്ടകൾ സ്വപ്രധാനവും നടൻ ഉച്ചരിക്കുന്ന ഓരോ വാക്കിനനുസരണമായുള്ള അഭിനയം അത്യാവശ്യവുമായ ഭാണം മുതലായ 'നൃത്യകൃതികൾ'.

൩. താളലയം സ്വപ്രധാനമായും ഇതിനനുസരണമായ ഗാനനർത്തനാഭിനയങ്ങളിൽ പ്രയോഗചാതുര്യം വേണ്ടതായും ഇരിക്കുന്ന 'നൃത്തകൃതികൾ.'

ഉപരൂപകങ്ങൾ ൧൮.

| പേർ | ഉദാഹരണം. |
|---|---|
| 1. നാടിക | രത്നാവലി. |
| 2. ത്രോടകം | വിക്രമോർവ്വശീയം. |
| 3. ഗോഷ്ഠീ | രൈവതമദനികം. |
| 4. സട്ടകം | കർപ്പൂരമഞ്ജരി. |

5. നാട്യരാസകം—നർമ്മവതി.
6. പ്രസ്ഥാനം—ശൃംഗാരതിലകം.
7. ഉല്ലാപ്യം—ദേവീമഹാദേവം.
8. കാവ്യം—യാദവോദയം.
9. പ്രേംഖണം-ബലിവധം.
10. രാസകം—മേനകാഹിതം.
11. സംലാപകം—മയകപാലികം.
12. ശ്രീഗദിതം—സുഭദ്രാഹരണം.
13. ശില്പകം—കനകവതീമാധവം.
14. വിലാസികാ—കൃതകയവധം.
15. ദുർമ്മല്ലികാ—ഇന്ദുമതി.
16. പ്രകരണി—ദൃപ്തധനദം.
17. ഹല്ലീശം—കേളീരൈവതകം.
18. ഭാണികാ—കാമദത്തം.

വ. ഒരലങ്കാരം.

ഉപമാനവും ഉപമേയവും രണ്ടു വസ്തുക്കളല്ല. ഒന്നുതന്നെ എന്നു അഭേദം കല്പിച്ചു ഉപമാനധർമ്മത്തെ എടുത്തു ഉപമാനധർമ്മത്തെ എടുത്തു ഉപമേയത്തിൽ വെക്കുന്നതു രൂപകാലങ്കാരം.

ന. സാരൂപം. ർ. രൂപാ (നാണയം).

രൂപക്കേട്-പ്ര. വിരൂപം. വ. അറിവില്ലായ്ക. ന. ക്രമക്കേട്.

രൂപണം-പ്ര. അന്വേഷണം, പരിശോധന, പരീക്ഷ.

രൂപഗുണം-സൌന്ദര്യം.

രൂപ-വി. തുല്യതയുള്ള.

രൂപകസമാസം-(വ്യാകരണത്തിൽ) ഒന്നു മറ്റൊന്നുതന്നെ എന്നു വ്യത്യാസമില്ലാത്ത അർത്ഥത്തിൽ രണ്ടു വിശേഷ പദങ്ങൾ തമ്മിൽ സമാസിക്കുന്നതു. ഉ-ം മനക്കരുന്ന്=മനസ്സാകുന്ന കരുന്ന്.

രൂപം-പ്ര. ആകൃതി, വേഷം. വ. വിഗ്രഹം. ന. ഭംഗി. ർ. പ്രത്യക്ഷത. ൫. അറിവ്. ൬. കളി. ൭. സൌന്ദര്യം.

യാതൊന്നിനെക്കണ്ടാൽ പ്രാണികളുടെ നേത്രേന്ദ്രിയം വിശേഷേണ മോഹിച്ചു തദഭിമുഖമായിത്തീരുന്നുവോ അതത്രേ രൂപം.

രൂപംകെട്ടവൻ-പ്ര. ഭോഷൻ, അറിവില്ലാത്തവൻ. വ. ഭംഗിയില്ലാത്തവൻ.

രൂപലാവണ്യം-സൌന്ദര്യം.

രൂപവാൻ-വി. രൂപമുള്ള, സൌന്ദര്യവും മററുമുള്ള. (വാൻ, വതി, വൽ)

രൂപസാരം-സൌന്ദര്യസാരം.

രൂപാ-ഒരു നാണയം. (പ്ര. വെള്ളിരൂപാ. വ. പൊന്നുരുപ്പിക)

ഒരു വെള്ളിബ്രിട്ടീഷ്രൂപക്കു ചക്രം ഇരുപത്തിയെട്ടര. ഒരു തിരുവിതാംകൂർ രൂപക്കു ചക്രം ഇരുപത്തിയെട്ട്. ഒരു രൂപാത്തൂക്കം എന്നതു ന-ാ-പണമിട (ഒരാല) ആകുന്നു.

രൂപാജീവാ-വേശ്യാസ്ത്രീ. സൌന്ദര്യം ഉപജീവനമായിട്ടുള്ളവൾ എന്നർത്ഥം.

രൂപാന്തരപ്പെടുന്നു-രൂപം മാറുന്നു.

രൂപാന്തരം-വേറൊരു രൂപം, ആകൃതിഭേദം.

രൂപി-വി. സൌന്ദര്യമുള്ള.

രൂപിക-പ്ര. രൂപ. വ. വെള്ളെരിക്ക്.

രൂപിക്കുന്നു-പ്ര. രൂപമാക്കുന്നു. വ. കണ്ടറിയുന്നു.

രൂപിണി-രൂപവതി.

രൂപീകരിക്കുന്നു-നല്ല ആകൃതി വരുത്തുന്നു.

രൂപ്യ-വി. പ്ര. വെള്ളികൊണ്ടുള്ള. വ. ഭംഗിയുള്ള.

രൂപ്യം-പ്ര. വെള്ളി. രൂപക്രിയയെ ചെയ്യുന്നതു എന്നർത്ഥം. വ. പണിചെയ്ത വെള്ളി. ന. പണിത പൊന്ന്, ർ.

ഉരുക്കി രൂപാകൃതിയായി അടിച്ചുണ്ടാക്കിയ സാധനം അല്ലെങ്കിൽ വെള്ളി. അടിച്ചുണ്ടാക്കിയ രൂപത്തോടുകൂടിയതു എന്നർത്ഥം. ഇ. നല്ല രൂപത്തോടുകൂടിയതു്

രൂപ്യാചലം-കൈലാസം, വെള്ളിമാമല.

രൂപ്യാദ്ധ്യക്ഷൻ-വെള്ളിവകകളുടെ വിചാരിപ്പുകാരൻ വെള്ളി മുതലായതിരിക്കുന്ന ഭണ്ഡാരത്തിലെ അധികൃതൻ.

രൂഷകം-ആടലോടകം.

രൂഷിത-വി. പൊതിക്കപ്പെട്ട. ഉ. മൂടപ്പെട്ട ന. അലങ്കരിക്കപ്പെട്ട. ര. വ്യാപിക്കപ്പെട്ട. ഇ. പുരട്ടപ്പെട്ട.

രൂഷിതം-പൊടി മുതലായതു പിരണ്ടു സ്വസ്വഭാവം മറഞ്ഞു കിടക്കുന്നതു്.

## രെ

രെഞ്ചിടുന്നു-കമ്മായം പൂശുന്നു.

—:o:—

## രേ

രേ-അ. സമന്മാരെ വിളിക്കുന്നതിനുപയോഗിക്കുന്ന ഒരു വ്യാക്ഷേപക പദം. ഉ. എടാ!

രേകം-പു. തവള. ഉ. സംശയം. ന. സ്വർണ്ണം.

രേകൻ-ഹീനൻ, നീചൻ.

രേക്ണസ്സ്-സ്വർണ്ണം.

രേഖ-സ്ത്രീ. വരി, വര. ഉ. ചതിവു്. ന. പരിപൂർണ്ണത. ര. ചിഹ്നങ്ങളിൽ ഒന്നു്.

ചിഹ്നനം രേഖ '—' ചുരുക്കിപ്പറഞ്ഞതിനെ വിവരിക്കുന്നു എന്നും മററും കുറിക്കുന്നു.

രേചക-വി. വയറിളക്കുന്നതിനുള്ള.

രേചകം-പു. ഒരുവക ഉപ്പു്. ഉ. മയിലെള്ളു്. ന. വയറിളക്കുക. ര. മുഴുവൻ പ്രാണായാമത്തെയും രണ്ടു ഭാഗങ്ങളായി വിഭജിച്ചതിൽ ഒന്നു്. (മററേതു—പൂരകം). പ്രാണവായുവിൽ അപാനനെ ഹോമിക്കുക. ഇ. ചവക്കാരം. ൬. അഴിഞ്ഞിൽ. ൭. നേർവാളം. ൮. കമ്പിപ്പാല.

രേചകി-കടുക്ക.

രേചന-ഒരു മരുന്നു്.

രേചനം-പു. വയറിളക്കം. ഉ. കംകുഷ്ഠം. ന. ശർക്കര.

രേചനി-സ്ത്രീ. ത്രികോല്പക്കൊന്ന. വിരേചിപ്പിക്കുന്നതു് എന്നർത്ഥം. ഉ. കമ്പിപ്പാല. ന. ഗോരോചന.

രേചിത-വി. ശൂന്യമാക്കപ്പെട്ട, വിരേചനം വരുത്തപ്പെട്ട.

രേചിതം-ഇടമട്ടിലുള്ള അശ്വഗമനം.

രേണു-പു. പൊടി. പറക്കുന്നതും കൂടിച്ചേരുന്നതും എന്നർത്ഥം. ഉ. ഒരു മരുന്നു്. ന. സൂര്യവംശത്തിലെ ഒരു രാജാവു്.

രേണുക-സ്ത്രീ. പരശുരാമന്റെ അമ്മ, സൂര്യവംശത്തിലെ പ്രസേനജിത്തിന്റെ പുത്രി, ജമദഗ്നിയുടെ പത്നി.

അഞ്ചു പുത്രന്മാരൊന്നിച്ചു ജമദഗ്നി മുനി തന്റെ പത്നിയായ രേണുകയുമായി നർമ്മദാ നദിയുടെ തീരത്തിൽ പാർത്തിരുന്നു. രേണുക ഒരു നല്ല പതിവ്രതയായിരുന്നു. നദിയിൽ ചെന്നു രേണുക മണ്ണെടുത്തുരുട്ടുമ്പോൾ പാതിവ്രത്യശക്തികൊണ്ടു് അതൊരു കുടമായിത്തീരും. ഇങ്ങിനെ കുടമുണ്ടാക്കിയാണു് പതിവായി ജലം കൊണ്ടുവരിക. ഒരിക്കൽ ചിത്രാംഗദൻ എന്ന ഗന്ധർവന്റെ നിഴൽ

നദിയിൽ കാണുകയാൽ പാതിവ്രത്യത്തിനു ഭംഗം വന്നു. മണ്ണുകൂട്ടിയതു കുടമാകാഞ്ഞു് വിഷമിച്ചു വസതിയിൽ വന്നു വിവരം മുനി അറിഞ്ഞ ഉടൻ രേണുകയെ വധിപ്പാൻ അഞ്ചു പുത്രരോടും ആജ്ഞാപിച്ചു. പരശുരാമൻ മാത്രം അനുസരിച്ച് മാതാവിന്റെ കഴുത്തു വെട്ടി. സന്തുഷ്ടനായി എന്തു വേണമെന്നു മകനോടു ചോദിച്ചു. അമ്മയെ ജീവിപ്പിക്കണമെന്നു പറഞ്ഞു. അതിനുണ്ണും ജീവിപ്പിച്ചു. രേണുകയുടെ അഞ്ചു പുത്രന്മാർ-രുമണ്വാൻ, സുഷേണൻ, വസു, വിശ്വാവസു, പരശുരാമൻ.

വ. അരേണുകം.

രേണുരൂഷിതം-കഴുത.

രേണുസാരകം-കർപ്പൂരം.

രേതം-പ. രസം. വ. ജലം. ന. നെയ്യ്.

രേതസ്സ്-ബീജം, ശുക്ലം. സ്ത്രീസന്നികർഷത്തിൽ സ്രവിക്കുന്നതു് എന്നർത്ഥം.

രേഫ-വി. പ. നിന്ദ്യതയുള്ള. വ. ഭരവശ്രുതിയുള്ള.

രേഫം-പ. 'ര' എന്ന അക്ഷരം. വ. രാഗം, ആഗ്രഹം. ന. ജാത്യാചാരകലാദികളെക്കൊണ്ടു നിന്ദിക്കപ്പെട്ടതു്.

രേഫാന്തം-തേരിന്റെ മുഖ്യം.

രേരിഹാണൻ-പ. ശിവൻ. വ. രാക്ഷസൻ. ന. കള്ളൻ.

രേരേ-എടാ എന്ന ഹീന സംബോധനം.

രേവ-പ. നർമ്മദാനദി. കുതിച്ചൊലിച്ചു പോകുന്നതു് എന്നർത്ഥം. വ. രതി. ന. അമരി.

രേവതി-പ. ഇരുപത്തേഴാമത്തെ നക്ഷത്രം. വ. ബലരാമന്റെ ഭാര്യ, രൈവതനൃപന്റെ മകൾ.

രേവതി അതി സുന്ദരിയായിരുന്നു. രേവതിക്കു അനുരൂപനായ ഒരുവനെ കിട്ടാഞ്ഞു് അക്കാര്യത്തെക്കുറിച്ചു ആലോചിപ്പാനായി പിതാവ് ബ്രഹ്മാവിനെ പ്രാപിച്ചു. അദ്ദേഹം വിഷ്ണുവിനെ വന്ദിച്ചിട്ടു് അദ്ദേഹത്തിന്റെ ഒരംശം ദ്വാരകയിൽ ബലരാമനായി അവതരിച്ചിട്ടുണ്ടെന്നു പറഞ്ഞു. താനറിയാതെ രൈവതൻ ബ്രഹ്മലോകത്തു വളരെക്കാലം പാർത്തു് തിരിയെ ഭൂമിയിലേക്കു വന്നപ്പോൾ മനുഷ്യരെ മാറിയ നിലയിൽ കാണുകയുണ്ടായി. അവർ വലിപ്പം കുറഞ്ഞും ശക്തി ക്ഷയിച്ചും ബുദ്ധി മന്ദിച്ചും കാണപ്പെട്ടു. രൈവതൻ മകളെ ബലരാമനു നൽകി. രേവതിക്കു നീളം കൂടിപ്പോയതുനിമിത്തം ബലരാമൻ ഹലായുധംകൊണ്ടു നീളം കുറച്ചിട്ടു് ഭാര്യയായി അംഗീകരിച്ചു.

രേവതീരമണൻ-ബലദേവൻ.

രേവന്തൻ-സൂര്യന്റെയും സംജ്ഞയുടെയും പുത്രൻ. ഗുഹ്യകരുടെ പ്രധാനി. ഹയവാഹനൻ എന്നും വിളിക്കാറുണ്ടു്.

രേഷണം-അലച്ച, ശബ്ദം.

—:o:—

## രൈ

രൈഭ്യൻ-ഒരു ഋഷി.

രൈഭ്യൻ ഭരദ്വാജന്റെ സ്നേഹിതനാണ്. അർവാവസു, പരാവസു എന്ന രണ്ടു പേരും രൈഭ്യന്റെ പുത്രന്മാരാണ്. ഒരു മാനാണെന്നു തെറ്റിദ്ധരിച്ചു തന്റെ പിതാവിനെ പരാവസു വധിച്ചു. ഇതിനു കാരണം ഭരദ്വാജന്റെ ശാപമാകുന്നു. അനന്തരം അർവാവസു വനത്തിൽ ചെന്നു തപസ്സു തുടങ്ങി. ഇതു സഹോദരന്റെ പാപമോചനത്തിന്നായിട്ടായിരുന്നു. തിരിച്ചു വന്നപ്പോൾ അച്ഛനെ കൊന്നതു അർവാവസു ആണെന്നു് പരാവസു പറഞ്ഞു. തന്നിമിത്തം

അർവാവസു വീണ്ടും വനത്തിൽ ചെന്നു തപസ്സ് ആരംഭിച്ചു. ഇതിൽ ദേവന്മാർ സന്തുഷ്ടരായിട്ടു പരാവസുവിനെ രാജ്യഭ്രഷ്ടനാക്കി രൈഭ്യനെ പിന്നെയും ജീവിപ്പിച്ചു. ('യവക്രീതൻ' എന്നതു നോക്കുക).

രൈവതം—പു. ദ്വീപാന്തരത്തിലുള്ള ഈത്തപ്പഴം. വ. വൻകൊന്ന.

രൈവതകം—പു. ഒരു പർവതം.

ഈ പർവതം ദ്വാരകാരാജധാനിയുടെ അടുക്കലാണ്. ഇവിടെ സ്വൈരസഞ്ചാരത്തിന്നായി ചില ഭവനങ്ങളും ഉദ്യാനങ്ങൾ മുതലായവയും ഉണ്ടാക്കി അവയെ സൂക്ഷിക്കുന്നതിനായി ചില കാവൽക്കാരെയും ശ്രീകൃഷ്ണാദികൾ നിയമിച്ചിട്ടുണ്ടായിരുന്നു.

വ. ദ്വീപാന്തരത്തിലുള്ള ഈത്തപ്പഴം.

രൈവതൻ—പു. ശിവൻ. വ. ഒരസുരൻ.

സുന്ദരിയായ രേവതിയുടെ അച്ഛനായ രൈവതൻ ബ്രഹ്മാവിന്റെ ഉപദേശാനുസരണം രേവതിയെ ബലഭദ്രനായിക്കൊണ്ടു കൊടുത്തു. രേവതന്റെ പുത്രൻ = രൈവതൻ.

ന. അഞ്ചാമത്തെ മനു.

—:o:—

## രൊ

രൊക്കം—വി. ഉടൻ തന്നെ കൊടുക്കുന്ന

രൊക്കവില-ഉടൻ തന്നെ കൊടുക്കുന്ന വില.

---

## രോ

രോകം—പു. ദ്വാരം. രന്ധ്രം (ഓട്ട). പ്രകാശിക്കുന്നതു് എന്നു ശബ്ദാർത്ഥം. പ്രകാശിപ്പിക്കുന്നതു് എന്നുമാവാം. വ. വള്ളം. ന. രൊക്കം. മാററം.

രോക്ക—മിനുസം വരുത്തുന്ന ഒരുമാതിരി ഉളി.

രോഗം—വ്യാധി, ദീനം. ദേഹത്തെ പീഡയാക്കിത്തീർക്കുന്നതു് എന്നർത്ഥം.

ഭരണി, കാർത്തിക, തിരുവാതിര, ആയില്യം, മൂപ്പൂരം, ചോതി, കേട്ട, അവിട്ടം, ചതയം ഈ നാളുകളും ചതുർത്ഥി, ഷഷ്ഠി, നവമി, ദ്വാദശി ഈ പക്കങ്ങളും ഞായർ, ചൊവ്വാ, ശനി ഈ ആഴ്ചകളും കൂടിയ ദിവസങ്ങളിൽ രോഗം തുടങ്ങിയാൽ ശമിക്കുകയില്ല. രോഗങ്ങൾ പാപഫലവും ചികിത്സ അതിനുള്ള പ്രായശ്ചിത്തവുമാണെന്നു കാണുന്നു. 'ചികിത്സിതം ഹിതം പത്ഥ്യം പ്രായശ്ചിത്തം ഭിഷഗ്ജിതം' എന്നുണ്ട്. അതുകൊണ്ടു് അസാദ്ധ്യമാണെന്നു തീർച്ചപ്പെട്ട രോഗങ്ങളിൽ പോലും ചികിത്സ അത്യാവശ്യമാണെന്നും അവ്വണ്ണം ചികിത്സ ചെയ്യാതെ ഉപേക്ഷിക്കുന്ന പക്ഷം ആ രോഗത്തിനു കാരണമായ പാപം തീരാതെ അനുവർത്തിച്ചു നിൽക്കുമെന്നും പിന്നത്തെ ജന്മത്തിൽ ആ രോഗംതന്നെ വീണ്ടും അനുഭവിക്കേണ്ടി വരുമെന്നും ശാസ്ത്രാന്തരങ്ങൾകൊണ്ടു് വെളിവാകുന്നു.

രാത്രി തൈർ കൂട്ടുക, വൃദ്ധസ്ത്രീശയനം, കാലത്തെ വെയിൽ കൊള്ളുക, ദുഷിച്ച ജലം ഉപയോഗിക്കുക, പ്രത്യൂമം ഏല്ക്കുക-ഇവയത്രെ "രോഗവർദ്ധനകാരണപഞ്ചകം"

രോഗദ്വയം—പു. കായികം, മാനസികം. വ. നിജം, ആഗന്തുകം.

രോഗഹാരി—വൈദ്യൻ. രോഗത്തെ ഹരിക്കുന്നവൻ (കളയുന്നവൻ) എന്നർത്ഥം. രോഗം മാററുവാൻ ശീലമുള്ളവൻ എന്നുമാവാം.

**രോഗാധിഷ്ഠാനദ്വയം**-കായം, മനസ്സ്.

**രോഗി**-വി. രോഗമുള്ള. (ന) രോഗമുള്ളവൻ.

രോഗി കിടക്കുന്ന മുറിയിൽ ധാരാളം ശുദ്ധവായു ഉണ്ടായിരിക്കണം. കിടക്ക വൃത്തിയായി സൂക്ഷിക്കണം. നാറിയതും മുഷിഞ്ഞതുമായ വസ്ത്രങ്ങൾ രോഗിയെ ധരിപ്പിക്കരുതു്. പനിയുണ്ടായാൽ ഉപവസിക്കുന്നതു് നല്ലതാണ്. വിശപ്പു തോന്നിയാൽ പൊടിയരിക്കഞ്ഞി കുടിക്കാം. മരുന്നു ഒന്നും ഉപയോഗിക്കരുതു്.

**രോഗിഗുണചതുഷ്ടയം**-ധനം, വൈദ്യവിധിയെ അനുസരിക്കുക, രോഗസ്ഥിതിയെ ധരിപ്പിക്കാനുള്ള സാമർത്ഥ്യം, മനോബലം ഇവ ൪-ം.

**രോഗേതര**-വി. രോഗമില്ലാത്ത, സുഖമായ.

**രോചക**-വി. രുചിയുണ്ടാക്കുന്ന, ഇഷ്ടമുണ്ടാക്കുന്ന.

**രോചക**-വാഴ.

**രോചകം**-൧. വിശപ്പ്, രുചി. ൨. വാഴപ്പഴം. ൩. ഒരുമാതിരി ഉള്ളി.

**രോചന**-വി. ൧. വിശേഷമുള്ള. ൨. ഭംഗിയുള്ള. ൩. രുചിയുണ്ടാക്കുന്ന.

**രോചന**-൧. ചെങ്ങഴിനീർ. ൨. ഗോരോചന.

**രോചനം**-൧. പഞ്ഞിമരം; ൨. വൻകൊന്ന. ൩. തെങ്ങ്. ൪. ശോനകനാരകം. ൫. കുടകപ്പുളിനാരകം. ൬. രുചി. ൭. ഉങ്ങ്. ൮. അഴിഞ്ഞിൽ. ൯. താളിമാതളം.

രോചനം എന്നതിനു കുണ്ടിലവ്, മുള്ളിലവ്, (ചിററിലവ്) മലയിലവ്, കാട്ടുപൂള ഇങ്ങനെ പല പേരുകൾ കാണുന്നു.)

**രോചനീ**-൧. ഗോരോചന. ൨. മുളയുടെ അരി. ൩. ശ്രേഷ്ഠതയുള്ള സ്ത്രീ. ൪. ചെന്താമര. ൫. നെല്ലി. ൬. മനയോല. ൭. കമ്പിപ്പാല. ൮. ചെറുകയ്യുല്ല്. ശോഭിക്കുന്നതു് എന്നർത്ഥം. ൯. ത്രികോല്പക്കൊന്ന. വിരേചിപ്പിക്കുന്നതു് എന്നർത്ഥം.

**രോചമാന**-വി. ൧. ഭംഗിയുള്ള, ശോഭയുള്ള. ൨. രുചിയുണ്ടാക്കുന്ന.

**രോചമാനം**-കുതിരയുടെ കുഞ്ചിരോമം.

**രോചി**-ചീര.

**രോചിത**-വി. രുചിയുണ്ടാക്കപ്പെട്ട.

**രോചിഷ്ണു**-വി. ൧. അലങ്കരിക്കപ്പെട്ട. ൨. ശോഭയുള്ള. (ത്രിഷു).

**രോചിഷ്ണു**-അലങ്കാരാദികളെക്കൊണ്ടു അതിശയേന ശോഭിക്കു ശീലമായിട്ടുള്ളവൻ. മററൊരു പര്യായം-ഭ്രാജിഷ്ണു.

**രോചിസ്സ്**-ശോഭ, പ്രഭ. ശുഭമാക്കുന്നതു എന്നർത്ഥം.

**രോദനം**-൧. കരച്ചൽ, നിലവിളി. ൨. കണ്ണുനീർ.

**രോദനി**-കൊടിത്തൂവ. നിലവിളിപ്പിക്കുന്നതു എന്നർത്ഥം.

**രോദസ്സ്, രോദസി**-ആകാശവും ഭൂമിയും.

**രോദിക്കുന്നു**-കരയുന്നു.

**രോദിത**-വി. കരഞ്ഞ.

**രോധന**-വി. രോധിക്കുന്ന, തടവുണ്ടാക്കുന്ന (നൻ, നീ, നം).

**രോധനൻ**-ബുധൻ എന്ന ഗ്രഹം.

**രോധനം**-തടവ്, വിരോധം.

**രോധം**-തീരപ്രദേശം.

**രോധവൃക്ഷം**-നീർമാതളം.

**രോധസ്സ്**-തീരം. തടുക്കുന്നതു് എന്നർത്ഥം.

**രോധി**-തടുക്കുന്നവൻ.

**രോധിക്കുന്നു**-തടയുന്നു.

**രോധിനി**-മ. തടുക്കുന്നവൾ. ൨. ചിഹ്നങ്ങളിൽ ഒന്ന്.

ചിഹ്നനം ; —മഹാവാക്യങ്ങളിലുള്ള ഉപവാക്യങ്ങളെ വേർതിരിക്കയും മററുമാണ് ഇതിൻെറ കൃത്യം. ഇതിനെ അർദ്ധവിരാമങ്ങളിൽ ഉപയോഗിക്കണം.)

**രോധോവക്രാ**-നദി.

**രോധ്രം**-പാച്ചോററി.

**രോപണം**-മ. ഒന്നിൽ വെക്കുക. ൨. നടുക. ൩. ഉയർത്തുക. ൪. ബുദ്ധിയുടെ ഒരു ഭ്രമം.

൫. വ്രണത്തെ ഉണക്കുന്നത്.

**രോപം**-മ. അമ്പ്. മോഹിപ്പിക്കുന്നത് എന്നർത്ഥം. ൨. ബുദ്ധിയുടെ ഒരു കലക്കം. ൩. ദ്വാരം.

**രോമകാ**-പൊടിയുപ്പ്.

**രോമകർണ്ണകം**-മുയൽ.

**രോമകൂപം**-രോമത്തിൻെറ ചുവട്ടിലുള്ള കുഴി.

**രോമക്കാൽ**-രോമദ്വാരം;

**രോമക്കുത്ത്**-രോമത്തിൻെറ ചുവട്ടിലെ കുഴി.

**രോമക്കുറ്**-തലയിലെ രോമം.

**രോമന്ഥം**-അയവിറക്കുക, അയറുക, ചർവിത ചർവണം, പശുക്കളും മററും ഭക്ഷിച്ച പുല്ലുമുതലായവയെ പിന്നീടും വായിലേക്കു വരുത്തി രണ്ടാമതും കടിച്ചു ചവച്ചിറക്കുക.

**രോമപാദൻ** -രാമായണപ്രസിദ്ധനായ രോമപാദൻ അംഗാധിപതിയാണ്.

**രോമം**-മ. മയിർ, മുടി. മുളയ്ക്കുന്നത് എന്നർത്ഥം. ൨. ജലം. ൩. ദ്വാരം.

**രോമവികാരം**-രോമാഞ്ചം.

**രോമശ**-(വി) ധാരാളം രോമമുള്ള.

**രോമശം**-മ, പന്നി. ൨. പച്ചില. ൩. കറിയാട്ട്. ൪. പപ്പടവൃക്ഷം.

**രോമഹർഷണം**-മ. രോമാഞ്ചം. ൨, താന്നി.

**രോമഹർഷണൻ**-ഒരു ശൂദ്രൻ.

(വേദവ്യാസൻ എഴുതിയ 'പുരാണസംഹിത' എന്ന ഗ്രന്ഥത്തെ ഈ രോമഹർഷണനെ പഠിപ്പിയ്ക്കയുണ്ടായി.

**രോമാഞ്ചം**-കോൾമയിർ, രോമം എഴുന്നു നിൽക്കുക, കുളുർമയിർക്കൊള്ളുക.

**രോമാഞ്ചിത**-വി. രോമാഞ്ചമുള്ള.

**രോമാലു**-നായിക്കൊരണ.

**രോമാവലി**-രോമക്കൂട്ടം.

**രോമാളി**-രോമക്കൂട്ടം.

**രോമോദ്ഗമം**-രോമാഞ്ചം.

**രോലം**-നീർനെല്ലി.

**രോലംബം**-വണ്ട്. ശബ്ദിക്കുന്നത് എന്നർത്ഥം. (ലോലംബം എന്നുമാവാം.)

**രോഷം**-കോപം. ഹിംസിക്കുന്നത് എന്നർത്ഥം.

**രോഷണം**-രസം.

**രോഷിക്കുന്നു**-കോപിക്കുന്നു.

**രോഷിത**-വി. കോപിപ്പിക്കപ്പെട്ട.

**രോഹക**-വി. രോഹിക്കുന്ന, രോഹിച്ച, കരേറിയ.

**രോഹകൻ**-പിശാച്.

**രോഹകാ**-കരേറുക.

**രോഹണം**-മ. ബീജം, ശുക്ലം. ൨. കരേററം. ൩. വളർച്ച. ൪ ഒരു പർവ്വതം.

**രോഹം**-മ. മൊട്ട്, തളിർ. ൨. കരേററം.

**രോഹി**-മ. പേരാൽ ൨. ചെമ്മരം. വെട്ടിയാൽ തീർച്ചയായും പിന്നീടും പൊടിക്കുന്നത് എന്നർത്ഥം. ൩. അരയാല്.

**രോഹിണി**-മ. നാലാമത്തെ നക്ഷത്രം. ൨. ചെമന്ന നിറത്തോടുകൂടിയവൾ. ൩. ബലഭദ്രൻെറ അമ്മ, വസുദേവൻെറ ഒരു ഭാര്യ. ൪ ഒമ്പതുവയസ്സായ പെണ്ണ്. ൫. കടുകരോഹിണി. ൬. നല്ല പശു.

൯. കടുക. വ്യ. കമിഴ്. ൻ. മഞ്ചട്ടി. ൧൦. ദ്വിതീയമാംസരോഹിണി. ൧൧. പശു. ൧൨. പ്രസാരണി. ൧൩. പേച്ചുര. ൧൪. ചെറുകമിഴ്. ൧൫. മരമഞ്ഞൾ. ൧൬. കശ്യപന്റെയും സുരഭിയുടെയും പുത്രി, കാമധേനു തുടങ്ങി എല്ലാ കന്നുകളുടെയും മാതാവ്. ൧൭. ദക്ഷന്റെ പുത്രി, ചന്ദ്രന്റെ ഇഷ്ടഭാര്യ. ൧൮. കൃഷ്ണന്റെ ഒരു ഭാര്യ.

രോഹിണീരമണൻ-൧. വസുദേവൻ ൨. കാള.

രോഹിക്ക-മുളയ്ക്കു.

രോഹിത-വി. ചെമപ്പുനിറമുള്ള, ചെമന്ന.

രോഹിത(ക)ം-ചെമ്മരം.

രോഹിതൻ, *രോഹിതാശ്വൻ- ഹരിശ്ചന്ദ്രരാജാവിന്റെ പുത്രൻ.

രോഹിതം-൧. കുങ്കുമം. ൨. ചെങ്കവരിമീൻ. ൩. ചെങ്കവരിമാൻ. ൪. മീൻ. ൫. കടുംചെമപ്പ്. ൬. ഇന്ദ്രന്റെ വില്ല്

ഇന്ദ്രധനുസ്സുതന്നെ ചില സമയം വളയാതെ നെടുനീളത്തിൽ കാണും. അതിന്റെ പേരത്രേ രോഹിതം. ഇത് ഉൽപാതസൂചകമാണ്.

'രോഹിതം കുങ്കുമേ രക്ത
ഋജുശക്രശരാസനേ
പുംസിസ്യാന്മീനമൃഗയോ
ർഭേദരോഹിതകദ്രുമ'

(മേദിനി)

൭. രക്തം. ൮. ചെമ്മരം. ൯. കരനരി.

രോഹിതാശ്വൻ-൧. അഗ്നി. മുരുക്കിൻപൂവിന്റെ നിറത്തിലുള്ള (ചെമന്ന) കുതിരകൾ ഉള്ളവൻ എന്നർത്ഥം. ൨. കൊടുവേലി.

രോഹിഷം-൧. ഒരുവക മീൻ. ൨. ഒരുവക മാൻ.

# രൌ

രൌക്മ-വി. സ്വർണ്ണംകൊണ്ടുള്ള.

രൌക്മിണേയൻ-പ്രദ്യുമ്നൻ.

രൌക്ഷ്യം-രൂക്ഷത.

രൌചനിക-വി. മഞ്ഞനിറമായ.

രൌദ്ര-വി. ൧. രുദ്രനെ സംബന്ധിച്ച. ൨. ഭയങ്കരമായുള്ള. ൩. ക്രൂരതയുള്ള. ൪. തീക്ഷ്ണതയുള്ള

രൌദ്രത-൧ കോപം. ൨ ഉഷ്ണം. ൩. ക്രൂരത.

രൌദ്രൻ-൧. യമൻ. ൨. കാർത്തികേയൻ.

രൌദ്രം-൧ എട്ടു രസങ്ങളിലൊന്ന്, ഉഗ്രം. ഭയത്തെ കൂട്ടിച്ചേർക്കുന്നത് എന്നർത്ഥം.

യുദ്ധവീരന് ഉത്സാഹവും രൌദ്രരസത്തിന് ക്രോധവുമാണ് മുൻകടന്നു നിൽക്കുന്നത്. അത്രേ അവയ്ക്കുള്ള ഭേദം.

൨. സൂര്യന്റെ ചൂട്.

രൌദ്രി-പാർവ്വതി.

രൌപ്യം-വെള്ളി.

രൌമ(ക)ം-൧. ഉവരുപ്പ്, പടന്ന ഉപ്പ്. രുമയിൽ (ഉപ്പുപടന്നയിൽ) ഉണ്ടായത് എന്നർത്ഥം. ൨. പൊടിയുപ്പ്.

രൌരവ-വി. ഭയങ്കരമായുള്ള. ൨. വ്യാജമായുള്ള ൩. വഴുതലുള്ള.

രൌരവൻ-മൂർഖൻ, ക്രൂരൻ.

രൌരവം-ഒരു നരകം. രുരുവിന്റേത് എന്നു ശബ്ദാർത്ഥം. ഈ നരകത്തിൽ പതിക്കുന്നവർ രുരുക്കൾ (മഹാരുരുക്കൾ) എന്ന പ്രാണികളാൽ ദംശിക്കപ്പെടുന്നതു കൊണ്ട് ഈ പേർ വന്നു.

രൌഷ്ട്ര്യം - കോപം.

രൌഹിണേയൻ - പു. ബലരാമൻ. രോഹിണിയുടെ പുത്രൻ എന്നൎത്ഥം. വ. ബുധൻ.

ചന്ദ്രന്റെ ഭാൎയ്യയായ രോഹിണി ബുധനെ ലാളിച്ചു വളൎത്തിയതുകൊണ്ടു ഈ പേർ വന്നു. പരമാൎത്ഥം നോക്കിയാൽ ബുധൻ രോഹിണിയുടെ പുത്രനല്ല. വ്യാഴത്തിന്റെ പത്നിയായ താരാദേവിയിൽ ചന്ദ്രനു ജനിച്ച ഗൂഢപുത്രനാകുന്നു. തന്റെ ഭൎത്താവിന്റെ പുത്രനാണെന്നുള്ള വാത്സല്യം ഒന്നു തന്നെയാണു രോഹിണി ബുധനെ ലാളിച്ചു വളൎത്തുവാൻ കാരണം.

രൌഹിണേയം - മരതകം.

രൌഹിത്യം - കടൽ.

രൌഹിഷം - പു. ചെങ്കുവരിമാൻ, മലമാൻ. നാമ്പുകപ്പുല്ലു തിന്നുന്നതു് എന്നൎത്ഥം. വ. നാമ്പുകപ്പുല്ലു്, കാവട്ടപ്പുല്ലു്. മുളച്ചുണ്ടാകുന്നതു് എന്നൎത്ഥം.

---

# ല

ല - ഹല്ലുകളിൽ ഇരുപത്തെട്ടാം അക്ഷരം. ഒരു വ്യഞ്ജനാക്ഷരം.

ലഃ - ഇന്ദ്രൻ.

ലകം - നെററി.

ലകാരം - പു. 'ല' എന്നക്ഷരം. വ. അനങ്ക്ല, കമല, വിമല, സുശീല, സുകല ഇങ്ങിനെ ഭാൎയ്യമാർ ൫ വിധം.

ഇതിനു 'ലകാരപഞ്ചകം' എന്നു പേർ. ഇങ്ങിനെയുള്ള ഭാൎയ്യയുള്ളവനത്രേ ഭാഗ്യവാൻ.

ലകുചം - അയിനിപ്പിലാവു്, അയനിമരം. ആസ്വദിക്കപ്പെടുന്നതു് എന്നൎത്ഥം. (ലകചം, ലികുചം ഇങ്ങിനെയും കാണുന്നു)

ലക്ക് - പു. തക്കതായ സമയം. വ. ലാക്കു്. ന. ബോധം.

ലക്കം - അങ്കം.

ലക്കോട്ടു് - മടക്കിയ എഴുത്തു്, എഴുത്തു് അടക്കം ചെയ്യുന്നതിനുള്ള കൂടു്.

ലക്തകം - പു. കീറത്തുണി. വ. കറുത്ത അരക്കു്.

ലക്ഷകം - സാഹിത്യശാസ്ത്രപ്രകാരം ശബ്ദത്തിന്റെ ഒരു വിഭാഗം.

ലക്ഷണം - പു. അടയാളം. പദാൎത്ഥത്തെ കാണിച്ചുതരുന്നതു് എന്നൎത്ഥം. വ. രൂപം. ന. പ്രമാണം. ര. ഗുണം. ൫ മൎയ്യാദ. ൬. ലാക്കു്.

ലക്ഷ്മണൻ - പു. ഒരു പേർ. വ. ലക്ഷ്മണൻ.

ലക്ഷ്മണാ - ഒരുമാതിരി പക്ഷിയിൽ പിട.

ലക്ഷദീപം - തിരുവനന്തപുരത്തു മതില്ക്കകം ക്ഷേത്രത്തിലെ ഒരു വലിയ വിശേഷ ഘോഷം. (മുറജപം എന്നതു നോക്കുക).

ലക്ഷം, ലക്ഷ - പു. നൂറായിരം. വ. ചതിവു്. ന. അടയാളം. ര. ലാക്കു്. ആലോചിക്കപ്പെടുന്നതു് എന്നൎത്ഥം. ശരവും മററും പ്രയോഗിച്ചാൽ കൊള്ളേണ്ടുന്ന സ്ഥലം.

ലക്ഷിക്കുന്നു - നോക്കുന്നു.

ലക്ഷിതം - വി. പു. കാണപ്പെട്ട. വ. അടയാളമിടപ്പെട്ട. ന. ലാക്കുനോക്കപ്പെട്ട. ര. ശോധനചെയ്യപ്പെട്ട.

ലക്ഷീകരിക്കുന്നു - ലക്ഷ്യമാക്കിത്തീൎക്കുന്നു, ഉന്നുന്നു.

ലക്ഷീഭവിക്കുന്നു - ലക്ഷ്യമായി ഭവിക്കുന്നു, ലാക്കു (ഉന്നം) ആയിത്തീരുന്നു.

ലക്ഷോപലക്ഷം-വി. വളരെ അധികം; അനവധി.

ലക്ഷ്മണ-വി. ൧. ലക്ഷണമുള്ള. ൨. ശ്രീയുള്ള. ൩. ഖ്യാതിയുള്ള.

ലക്ഷ്മണൻ-൧. ശ്രീരാമന്റെ അനുജൻ സുമിത്രയിൽ ദശരഥന്റെ പുത്രനാണ്. ശേഷസർപ്പത്തിന്റെ അവതാരമെന്ന് അദ്ധ്യാത്മരാമായണം കൊണ്ട് വെളിവാകുന്നു. സീതയുടെ സഹോദരിയായ ഊർമ്മിളയെ വേട്ടു. രാമചന്ദ്രനൊന്നിച്ച് ലക്ഷ്മണനും വനത്തിൽ പോവുകയുണ്ടായി. പഞ്ചവടിയിൽ വച്ചു ശൂർപ്പണഖയുടെ നാസാകുചങ്ങളെ ഖണ്ഡിച്ചു. രാമരാവണയുദ്ധത്തിൽ വളരെ പരാക്രമം കാണിച്ചു. രാവണന്റെ മകനായ മേഘനാദനെ വധിച്ചു. ഒരിക്കൽ യമൻ മുനിവേഷം ധരിച്ച് രാമചന്ദ്രനെ കാണുന്നതിനായി ചെന്നു. വിവരം അറിയിക്കണമെന്നു പറകയാൽ ലക്ഷ്മണൻ പോയി അറിയിച്ചു. മുനിയെ രാമചന്ദ്രൻ വണങ്ങി അഭിമതം ചോദിച്ചു. സംസാരമദ്ധ്യേ ആരെങ്കിലും വന്നു കേറിയാൽ അവനെ വധിക്കാമെന്നു സത്യംചെയ്യുന്നപക്ഷം വന്ന കാര്യം പറയാമെന്നു മുനി പറഞ്ഞു. അതു സമ്മതിച്ച് ലക്ഷ്മണനെ സ്വാമി ഗോപുരദ്വാരത്തിൽ സൂക്ഷിപ്പാനായി നിയമിച്ചു. ഉടൻ ഭഗവാനെ കാണ്മാൻ ദുർവ്വാസസ്സ് മഹർഷി വന്നുചേർന്നു. മുനിയുടെ മുട്ടുകൊണ്ടും കുലനാശത്തെ ഭയപ്പെട്ടും ലക്ഷ്മണൻ സംസാരമദ്ധ്യേ ചെന്നുകേറി മുനി വന്നുനില്ക്കുന്ന വിവരം അറിയിച്ചു. അവർ തമ്മിൽ കണ്ടു പിരിഞ്ഞശേഷം ശ്രീരാമൻ സത്യപരിപാലനാർത്ഥം ചിന്ത തുടങ്ങി. വധവും ത്യാഗവും സമമെന്നു തീർച്ചയാക്കി അനുജനെ ഉപേക്ഷിച്ചു. ലക്ഷ്മണൻ സരയൂനദീതീരത്തിൽ ചെന്ന് ബ്രഹ്മധ്യാനതൽപരനായി യോഗത്തോടെ സ്ഥിതി ചെയ്തു. ഉടൻ ഇന്ദ്രൻ വിമാനവുംകൊണ്ടു വന്ന് ലക്ഷ്മണനെ അതിൽ കയററി സ്വർഗ്ഗത്തേക്കു കൊണ്ടുപോയി സുഖമായി പാർപ്പിച്ചു. പുത്രന്മാർ-അംഗദൻ, ചന്ദ്രകേതു.

൨. വണ്ടാരംകോഴി. ൩. ദുര്യോധനന്റെ പുത്രൻ. (അഭിമന്യു കൊന്നു). ൪. ശ്രീയുള്ളവൻ.

ലക്ഷ്മണം-അടയാളം.

ലക്ഷ്മണാ-൧. വണ്ടാരംകോഴിപ്പിട. ശ്രീയുള്ളത് എന്നർത്ഥം. ൨. ത തതാളി. ൩. വെളുത്ത കണ്ടകാരിച്ചുണ്ട. ൪. കാട്ടുപാവൽ. ൫. ഇരട്ടിമധുരം. ൬. വാച്യാർത്ഥത്തിനു അന്വയം വരായ്കകൊണ്ടു അതിനെ ത്യജിച്ചു തത്സംബന്ധമായി നാം കല്പിക്കുന്ന മററു പ്രവൃത്തി.

ലക്ഷ്മണാചാര്യൻ-ഒരു സംസ്കൃതകവി. മഹാരാഷ്ട്രരാജ്യം. വേണിമാധവന്റെ പുത്രൻ. രാധ എന്നു അമ്മയുടെ നാമം. അത്രിഗോത്രം. വാണി എന്നു വേറെ പേർ. രഘുനാഥൻ ഗുരുനാഥൻ. വളരെ പ്രാചീനനല്ല. ചണ്ഡീകുചപഞ്ചാശിക നിർമ്മിച്ചു.

ലക്ഷ്മാവ്-൧. അടയാളം. പദാർത്ഥത്തെ കാണിച്ചുതരുന്നത് എന്നർത്ഥം. ൨. പ്രധാനം.

ലക്ഷ്മീ-൧. വിഷ്ണുവിന്റെ ഭാര്യ, കാമന്റെ അമ്മ. പാൽക്കടലിന്റെ പുത്രിയാണത്രെ. ശ്രീ. മര്യാദക്കാരെ അറിഞ്ഞുകാണുന്നവൾ എന്നർത്ഥം. (അനീതിയായി നടക്കുന്നവരിൽ ശ്രീ സ്ഥിരയല്ലല്ലോ). പര്യായങ്ങൾ-ലക്ഷ്മീ, പത്മാലയാ, പത്മാ, കമലാ, ശ്രീ, ഹരിപ്രിയാ, ഇന്ദിരാ, ലോകമാതാവ്, മാ,

രമ, മംഗലാദേവത, ഭാൎഗ്ഗവി, ലോകജനനി, ക്ഷീരസാഗരകന്യക. ൨. സമ്പത്ത്, ധനാദിസമൃദ്ധി. ൩. ശോഭ. ൪. തിപ്പലി. ൫. മഞ്ഞൾ. ൬. ഋദ്ധി എന്ന ഔഷധം. ൭. വൃദ്ധി. ൮. ഞാഴൽ. ൯. വെളുത്ത തുളസി. ൧൦. മുത്ത്. ൧൧. ഓരിലത്താമര. ൧൨. ഭംഗി, അഴക്.

തൈത്തരീയ സംഹിതപ്രകാരം ലക്ഷ്മിയും ശ്രീയും ആദിത്യന്റെ ഭാൎയ്യമാരെന്നു കാണുന്നു.

ലക്ഷ്മീകാന്തൻ-വിഷ്ണു.

ലക്ഷ്മീഗൃഹം-ചെന്താമരപ്പൂവ്.

ലക്ഷ്മീനാഥൻ-വിഷ്ണു.

ലക്ഷ്മീപതി-൧. വിഷ്ണു. ൨. കവുങ്ങ്. ൩. ഇലവംഗപ്പൂവ്. ൪. രാജാവ്.

ലക്ഷ്മീപുത്രൻ-൧. കുതിര. ൨. കുശൻ. ൩. ലവൻ. ൪. കാമദേവൻ.

ലക്ഷ്മീപുഷ്പം-മാണിക്യം.

ലക്ഷ്മീഫലം-കൂവളം.

ലക്ഷ്മീരമണൻ-വിഷ്ണു.

ലക്ഷ്മീവൽ-വി. ലക്ഷ്മിയുള്ള, ശ്രീയുള്ള. (വാൻ, വതീ, വൽ).

ലക്ഷ്മീവാരം-വ്യാഴാഴ്ച.

ലക്ഷ്മീവേഷ്ടം—പയിനെണ്ണ, കൎപ്പൂരതൈലം. (Turpentine).

ലക്ഷ്മീശൻ-വിഷ്ണു.

ലക്ഷ്മീസഹോദരൻ-൧. ഇന്ദ്രന്റെ കുതിര. ൨. ചന്ദ്രൻ.

ലക്ഷ്യ-വി. ൧. കാണപ്പെടുവാൻ തക്ക. ൨. അറിയപ്പെടുവാൻ തക്ക.

ലക്ഷ്യഭേദം-ലാക്കുമുറിക്കൽ.

ലക്ഷ്യം-൧. അടയാളം. ൨. ലാക്ക്. ൩. നൂറായിരം. ൪. വഞ്ചന. ൫. തെളിവ്.

ലക്ഷ്യജ്ഞ-വി. ലക്ഷ്യത്തെപ്പററി എല്ലാം അറിയാവുന്ന, അസ്ത്രപ്രയോഗത്തിൽ സാമൎത്ഥ്യമുള്ള. (നാമം-ലക്ഷ്യജ്ഞത്വം).

ലഗഡ-വി. അഴകുള്ള. ൨. പ്രിയമുള്ള.

ലഗാൻ-കടിഞ്ഞാൺ.

ലഗായിക്ക-മേളം കൂട്ടുക, തകൎക്കുക.

ലഗിത-ലഭിച്ച, കിട്ടിയ.

ലഗുഡം-൧. വടി, (ലഗുരം, ലഗുലം ഇങ്ങനെയുമാവാം), കുറുവടി. ൨. ചെമന്ന അരളി.

ലഗ്ന-വി. ചേൎന്നിരിക്കുന്ന.

ലഗ്നകൻ-ജാമ്യക്കാരൻ, മദ്ധ്യസ്ഥൻ. ലജ്ജിക്കുന്നവൻ എന്നൎത്ഥം. മററൊരു പൎയ്യായം— പ്രതിഭുവൻ.

ലഗ്നൻ-മദയാന.

ലഗ്നം-ഉദയരാശി, രാശികളുടെ ഉദയത്തിന്റെ പേർ. ഫലത്തോടു യോജിച്ചു നില്ക്കുന്നതു് എന്നൎത്ഥം.

ജ്യോതിശ്ചക്രം പന്ത്രണ്ടു ഖണ്ഡമാണ്. ഓരോ ഭാഗത്തിന് 'രാശി' എന്നു പറയപ്പെടുന്നു. അതിൽ കിഴക്കുവശത്തു് ഏതുസമയം ഏതുരാശി ഉദിക്കുന്നു അതിന്റെ പേരത്രെ ലഗ്നം. ജ്യോതിശ്ചക്രം സദാ പ്രദക്ഷിണമായി ചുററിത്തിരിയുന്നു. അതിന്മേലുള്ള സൂൎയ്യാദിഗ്രഹങ്ങൾ വിപരീതമായി സഞ്ചരിക്കുന്നു. ജ്യോതിശ്ശാസ്ത്രസിദ്ധാന്തം ഇപ്രകാരമാണല്ലോ.

ലഗ്നാധിപൻ-ഉദയരാശിയുടെ നാഥൻ.

ലഗ്നിക-പത്തുവയസ്സു ചെന്ന പെൺ.

ലഘിമാവ്-൧. അഷ്ടൈശ്വൎയ്യങ്ങളിൽ ഒന്ന്. ൨. ഏററവും ലഘുത്വം, കനം കുറയുക എന്നൎത്ഥം.

ലഘിഷ്ഠ-വി. ഏററവും ലഘുവായ.

ലഘു-വി. ൧. ഭാരമില്ലാത്ത. ൨. സാരമില്ലാത്ത. ൩. ചെറിയ. ൪. നിമഷ

മുള്ള ൭ സൌന്ദര്യമുള്ള. ൮. ഹീനമായ ൯ വെടിപ്പുള്ള ൧൦. ക്ഷീണമുള്ള ൧൧. ഹ്രസ്വമായ (നാമം ലഘുത്വം = ഭാരമില്ലായ്ക). (ലഘ്വ ലഘ്വീ, ലഘു).

ലഘു-കാലതാമസം കൂടാതെ.

ലഘു-൧. രാമച്ചം. ൨. ലാമജ്ജകം. ൩. കാരകിൽ ൪. ഇഷ്ടമായിട്ടുള്ളത്, അല്പമായിട്ടുള്ളത്. ലംഘിക്കപ്പെടുന്നത് എന്നർത്ഥം. ൫. ചെറുപയറ് ൬. ചോനകപ്പുല്ല്. ൭ തകരം

ലഘുകായം-ആട്.

ലഘുകൌമുദി-പാണിനിയുടെ വ്യാകരണം. (വരദരാജൻ സംഗ്രഹിച്ചത്).

ലഘുത്വം-കനക്കുറവ്. ലഘുത്വം > < ഗുരുത്വം

ലഘുനാമാ-അകിൽ.

ലഘുഭക്ഷണം - ചെറിയ തോതിലുള്ള ഭക്ഷണം, എളുപ്പത്തിൽ ദഹിക്കുന്ന ഭക്ഷണം (കഞ്ഞി, കാപ്പി, മുതലായവ)

ലഘുശംഖം-ഞവഞ്ഞ്.

ലഘുലയം-രാമച്ചം. രോഗങ്ങളെ ലംഘിക്കുന്നതും ഭൂമിയിൽ ചേർന്ന് കിടക്കുന്നതും എന്നർത്ഥം.

ലഘ്വീ-൧. സാരമില്ലാത്ത സ്ത്രീ. ൨ കനമില്ലാത്ത ഒരു വാഹനം, ഒരുമാതിരി വണ്ടി ൩. ചോനകപ്പുല്ല്.

ലങ്ക-൧. രാവണൻ പാർത്തിരുന്ന സ്ഥലം.

ലങ്കാദ്വീപ് സിംഹളം അല്ലെങ്കിൽ സിലോൺ ആകുന്നു ൧൦൦ യോജനയുണ്ട്. ഇലങ്കുക എന്നതിന് പ്രകാശിക്കുക എന്നർത്ഥം. ലങ്ക വിശ്വകർമ്മാവു സ്വപ്നംകൊണ്ടുണ്ടാക്കിയ ഒരു നഗരമാണു. ഭാഗവതപുരാണപ്രകാരം ലങ്കാനഗരം മേരുപർവ്വതത്തിന്റെ ഒരു ശിഖരമാകുന്നു. വായു ശിഖരംപൊട്ടിച്ചു സമുദ്രത്തിലേക്കെറിഞ്ഞതു ലങ്കാനഗരമായിത്തീർന്നു.

'വിശ്വകർമ്മാവു നിർമ്മിച്ചീടിനോരല്ലോ പുരം വിശ്വവിസ്മയകരമാകിയ ലങ്കാപുരം ദക്ഷിണാബ്ധിയിൽ ത്രികൂടാചലോപരി തത്ര രാക്ഷസവീരന്മാർക്ക് വാണീടുവാൻ വിചിത്രമായ്'.

(അദ്ധ്യാത്മരാമായണം)

൨. പാതിവ്രത്യമില്ലാത്ത സ്ത്രീ. ൩. മൂന്നു ദളമുള്ള കടല ൪. വെളുത്ത നവനീണ്ടി.

ലങ്കട-മുടന്ത്.

ലങ്കർ-നങ്കൂരം.

ലങ്കാരി-ശ്രീരാമൻ.

ലങ്കാദ്ദാഹി-ഹനുമാൻ.

ലങ്കോപികാ-ചോനകപ്പുല്ല്. ലങ്കയിൽ കൃഷിചെയ്യപ്പെടുന്നത് എന്നർത്ഥം. (പാഠങ്ങൾ ലങ്കോയിക, ലങ്കാസിക).

ലംഗ(ക)ൻ-പ്രിയൻ

ലംഘനം-൧. അപ്പുറത്തേയ്ക്കു കടക്കുക. ൨. ഉപവാസം ൩. അതിക്രമം. ൪. കുതിരയുടെ ഒരുമാതിരി നടപ്പ്. ൫. വിരോധമായ പ്രവൃത്തി.

ലംഘിക്കുന്നു-൧. അതിക്രമിക്കുന്നു. ൨. നിഷേധിക്കുന്നു.

ലംഘിത-വി. ലംഘിക്കപ്പെട്ട.

ലംഘ്യ, ലംഘനീയ-വി. ലംഘിക്കത്തക്ക

ലംചാ-൧. സമ്മാനം. ൨. കൈക്കൂലി.

ലഞ്ജം-൧. അടിവശം. ൨. വാൽ.

ലഞ്ജിക-തേവിടിച്ചി.

ലജ്ജ-൧. നാണം. മറു പര്യായങ്ങൾ- മന്ദാക്ഷം, ഹ്രീ, ത്രപാ, വ്രീഡ. ൨. മുക്കുറ്റി.

ലജ്ജാകര-വി. ലജ്ജയെ ജനിപ്പിക്കത്തക്ക

ലജ്ജിക്കുന്നു-നാണിക്കുന്നു. (സ. ക്രി. ലജ്ജിപ്പിക്കുന്നു).

ലജ്ജിത-വി. നാണിച്ച, ലജ്ജിച്ച.

ലഞ്ജികാ-വ്യഭിചാരിണി.

ലടൻ-ദുർബുദ്ധി. ൨. കവർച്ചക്കാരൻ.

ലടഭ-വി. സൌന്ദര്യമുള്ള, ഭംഗിയുള്ള.

ലടഭാ-സുന്ദരിയായ യുവതി.

ലട്വം-കതിര.

ലട്ടു്-പമ്പരം, കുട്ടികൾ കളിക്കുന്ന ഒരു സാധനം.

ലട്വാ-ന. ഉർക്കരികിൽപക്ഷി, ചീവൽ പക്ഷി. ൨. പാതിവ്രത്യമില്ലാത്ത സ്ത്രീ. ൩. കഴഞ്ചി. ൪. കയ്യുന്യമരം. ൫. കതിര. ൬. ഒരു രാഗം. ൭. നെററിയിലെ ഒരു ചുഴി.

ലഡഹ-വി. ഭംഗിയുള്ള

ലഡായി-ശണ്ഠ

ലഡ്ഡു, ലഡ്ഡുകം-ഒരു പലഹാരം.

നെയ്യപ്പത്തിനു ഈ പേരുണ്ടെന്നു കാണുന്നുണ്ട്. ഇപ്പോൾ നടപ്പിൽ ഇരിക്കുന്ന ലഡ്ഡുവും നെയ്യപ്പവുമായി ഒരു യോജിപ്പും കാണുന്നില്ല

ലണ്ഡനപുരം-ലണ്ഡൻ നഗരം.

ലത-ന. വള്ളി. പടരുന്നതു് എന്നർത്ഥം. ൨. വെളുത്ത നറുനീണ്ടി. ൩. ലതാകസ്തൂരികം. ൪. വെളുത്ത വലിയ പിച്ചകം. ൫. ചെറുപുന്ന ൬. വെങ്കുറക. ൭. ഞാഴൽ പടർന്നുകൊണ്ടിരിക്കുന്നതു് എന്നർത്ഥം. ൮. മാധവി. ൯. മെകവത്തികം വള്ളി. ൧൦. ചോനകപ്പുല്ല്. ൧൧. മരങ്ങളുടെ കൊമ്പു്. ൧൨. കരുക്കത്തിമുല്ല. പരിമളമുള്ളതുകൊണ്ടു ജനങ്ങളുടെ മനസ്സുകളെ ആമോദം ചെയ്യുന്നതു് എന്നർത്ഥം. ൧൩. സ്ത്രീ.

ലതാഗൃഹം-വള്ളിക്കുടിൽ, വള്ളിപ്പടപ്പ്

ലതാംഗി-സുന്ദരി. ൨. കർക്കടകശൃംഗി.

ലതാജിഹ്വം-പാമ്പു്.

ലതാതരു-ന. തെങ്ങു്. ൨. കരിമ്പന.

ലതാന്തം-പുഷ്പം.

ലതാമൃഗം-കുരങ്ങു്.

ലതായാവകം-പവിഴം.

ലതാരസനം-സർപ്പം.

ലതാർക്ക-വി. പച്ചനിറമുള്ള.

ലതാർക്കം-പച്ചനിറമുള്ള ഉള്ളി.

ലതാലകൻ-ആന.

ലതാവൃക്ഷം-ന. തെങ്ങു്. ൨. മരുതു്.

ലതാപ്രതാനിനീ-വള്ളിപ്പടപ്പ്.

ലതികാ-വള്ളി.

ലത്തികാ-ഒരുവക ഗൌളി.

ലന്ത-ഒരുവൃക്ഷം. പര്യായങ്ങൾ-കർക്കന്ധു, ബദരീ, കോലി. (ലന്തക്കാർ=യൂറോപ്പിലുള്ള ഒരു ദിക്കുകാർക്ക പറയപ്പെട്ട ഒരു പേർ. ലന്ത, ഒലന്ത=ഹാളൻഡ്. (Holland).

ലന്തക്കാർ-ഡച്ചുകാർ.

ലപനം-ന. മുഖം, മുഖവിലം, വായ്. ൨. വാക്ക്, വർത്തമാനം, സംസാരം.

ലപിത-വി. പറയപ്പെട്ട.

ലപിതം-വാക്ക്, പറയപ്പെട്ടതു്.

ലബ്ധ-വി. ലഭിക്കപ്പെട്ട, ലഭിച്ച.

ലഭിക്കപ്പെട്ടതിനു പര്യായങ്ങൾ-(പ്രാപ്തം, പ്രണിഹിതം).

ലബ്ധവർണ്ണ-വി. ന. വിദ്യയുള്ള. ൨. എല്ലാവരാലും സ്തുതിക്കപ്പെടുന്ന.

ലബ്ധവർണ്ണൻ-വിദ്വാൻ.

ലബ്ധാ-വിശ്വസിപ്പാൻ വയ്യാത്ത ഭർത്താവുള്ളവൾ

ലബ്ധി-ലാഭം.

ലഭസം-ന. ധനം. ൨. കുതിരയെ കെട്ടുന്ന കയറു്

ലഭിക്കുക-കിട്ടുക

ലഭ്യ-വി. ലഭിക്കപ്പെടുവാൻ തക്ക.

ലംപടൻ-സ്ത്രീകളിൽ അധികം ആഗ്രഹമുള്ളവൻ, സമർത്ഥൻ, കൊതിയുള്ളവൻ, തന്നെത്താന്നി.

ലംപാടം-സമർത്ഥം.

ലംഫം-ചാട്ടം.

ലംബ-വി. ൧. നീളമുള്ള, വിസ്താരമുള്ള. ൨. തൂങ്ങിയ. (ലംബരേഖ Perpendicular).

ലംബകർണ്ണം-ഫ. രണശീതപ്പക്ഷി. ൨. കഴുത. ൩. ആട്. ൪. ആന. ൫. അഴിഞ്ഞിൽ. ൬. പരുന്ത്.

ലംബകം-ഫ. ചുവരുകെട്ടുന്നതിന്ന കൊത്തന്മാർ ഉപയോഗിക്കുന്ന കണ്ടും നൂലും. ൨. (ക്ഷേത്രവ്യവഹാരത്തിൽ) നെട്ടുങ്ങനെയുള്ള രേഖ, ലംബരേഖ.

ലംബഗ്രീവം-ഒട്ടകം.

ലംബനം-ഫ. തൂങ്ങുക, ഞാന്നുകിടക്കുക. ൨. കഴുത്തിലിടുന്ന ഒരുമാതിരി മാല, അയവായി കെട്ടുന്ന കണ്ഠാഭരണം. തൂങ്ങിനില്ക്കുന്നതു് എന്നർത്ഥം.

ലംബം-ഫ. കൈക്കൂലി. ൨. തൂക്കം, ഞാലുക. ൩. വണ്ടാരക്കോഴി.

ലംബമാന-വി. തൂങ്ങിക്കിടക്കുന്ന, ആശ്രയിക്കുന്ന.

ലംബാ-ഫ. ലക്ഷ്മി. ൨. ദുർഗ്ഗ. ൩. പേച്ചുര.

ലംബിക-അണ്ണാക്ക്.

ലംബിക്കുന്നു-ഞാന്നുകിടക്കുന്നു.

ലംബിത-വി. ൧. ലംബിക്കപ്പെട്ട, ആശ്രയിക്കപ്പെട്ട. ൨. തൂങ്ങിയ.

ലംബോദരൻ-ഫ. ഗണപതി. തൂങ്ങിയ വയറുള്ളവൻ എന്നർത്ഥം. ൨. കുടവയറുള്ളവൻ.

ലംബോഷ്ഠം-ഒട്ടകം.

ലംബൗഷ്ഠം-ഒട്ടകം

ലംഭനം-ഫ. ശകാരം. ൨. നിന്ദ. ൩. ലാഭം.

ലംഭിത-വി. ലഭിക്കപ്പെട്ട, കൊടുക്കപ്പെട്ട.

ലമകൻ-പ്രിയൻ.

ലമ്മാണികർ-അലഞ്ഞുനടക്കുന്ന ധാന്യവ്യാപാരികളിൽ ഒരു വകക്കാർ.

ലമ്മി-വി. അഴിമതിയുള്ള.

ലയപുത്രി-നൃത്തംചെയ്യുന്നവൾ.

ലയം-ഫ. നാശം.

ലയത്തിന്റെ നാനാർത്ഥങ്ങൾ-'നാശേ സംശ്ലേഷണേ തൌര്യത്രികസാമ്യേ ച വേല്ലയഃ'

൨. നൃത്തഗീതാദികൾ ഒരുമിച്ച് ഉപയോഗിക്കുക.

ലയം എന്നതു ഗീതവാദ്യങ്ങളുടേയും പാദാദിവിന്യാസങ്ങളുടേയും ക്രിയാകാലങ്ങളുടെ സാമ്യാവസ്ഥയുടെ പേരാകുന്നു

൩. ദ്രാവണം. ൪. മുറുകെ പിടിക്കുക. ൫. ഉല്ലാസം. ൬. വേനം, സുഖസ്ഥാനം. ൭. രാമച്ചം. ൮. ലാമജ്ജകം. (മഞ്ഞനിറമുള്ള രാമച്ചം).

ലയാലംബൻ-നൃത്തംചെയ്യുന്നവൻ.

ലയിക്കുന്നു-ഫ. നശിക്കുന്നു. ൨. ദ്രവിക്കുന്നു. ൩ ഉല്ലസിക്കുന്നു. (സ. ക്രി. ലയിപ്പിക്കുന്നു).

ലലജ്ജിഹ്വം-ഫ ഒട്ടകം. ൨. നായ്.

ലലന-ഫ സ്ത്രീ. ൨. കാമമുള്ള സ്ത്രീ, പലതിലും ആഗ്രഹമുള്ളവൾ, വിലാസശീല. ൩. ലാളിക്കപ്പെട്ടവൾ. (ധാത്വർത്ഥപ്രകാരം ഇങ്ങിനെ ഒരർത്ഥം എങ്ങിനെയുണ്ടാകും?) ൪. നാവ്.

ലലനം-ഫ. ഉല്ലാസം. ൨. നാവുനീട്ടുക. ൩. ചെഞ്ചല്യം. ൪. പയിൻ. ൫. മുരൾമരം.

**ലലനാപ്രിയം**-കടമ്പുമരം

**ലലനികാ**-ചെറിയ പെൺകുട്ടി.

**ലലന്തിക, ലലന്തി**-൧. അയവായി കെട്ടുന്ന കണ്ഠാഭരണം, കഴുത്തിൽ നീണ്ടു കിടക്കുന്ന മാല. ൨. ഗൗളി, പല്ലി.

**ലലാടം**- നെററി. ആഗ്രഹിക്കപ്പെടുന്നതു്, ഭംഗിയുള്ളതു്, വിലാസത്തെ പ്രാപിക്കുന്നതു് ഇങ്ങിനെ ശബ്ദാർത്ഥങ്ങൾ.

**ലലാടിക**-൧. നെററിയിലെ ആഭരണം, നെററിപ്പട്ടം. ൨. തൊടുകുറി.

**ലലാമ**-വി. ഭംഗിയുള്ള, കൌതുകം തോന്നിപ്പിക്കുന്ന.

**ലലാമകം**-പൂമാല, കുടുമയിൽ കെട്ടി മുന്നോക്കമിട്ടതും നെററിമേൽ തൂങ്ങിനില്ക്കുന്നതുമായ മാല. ലലാടത്തിൽ തൂങ്ങിനില്ക്കുന്നതു് എന്നർത്ഥം.

**ലലാമം**-൧. തൊടുകുറി. ൨. അടയാളം. ൩. കൊടിമരം. ൪. വാക്ക്. ൫. പ്രമാണം. ൬. പ്രധാനത. ൭. ആഭരണം. ൮. കുതിരയുടെ ആഭരണം. അശ്വാദികളുടെ നെററിത്തടത്തിലുള്ള ചിത്രം (ചുട്ടി). ലലാമം എന്നാൽ കൌതുകമായി ശോഭിക്കുന്നതു് എന്നർത്ഥം. ൯. കുതിര. ൧൦. വാൽ. ൧൧. പ്രാധാന്യം (പ്രധാനം).

**ലലിത**-വി. ൧. ആഗ്രഹിക്കപ്പെട്ട. ൨. സൌന്ദര്യമുള്ള.

**ലലിതം**-സുന്ദരിമാരുടെ ചില ശൃംഗാരഭാവം.

**ലലിതാ**-കസ്തൂരി.

**ലലിതാപഞ്ചമി**-അശ്വിനി മാസത്തിലെ വെളുത്ത പഞ്ചമി.

**ലലിതാസപ്തമി** - ഭാദ്രപദമാസത്തിലെ ശുക്ലസപ്തമി.

**ലവങ്കം**-ദേവകുസുമം എന്ന വൃക്ഷം.

**ലവംഗം**-ഇലവംഗം.

**ലവണ**-വി. ൧. ഉപ്പുരസമുള്ള. ൨. സൌന്ദര്യമുള്ള. (ലവണധാതു-Sodium).

**ലവണത**-൧. അഴക്. ൨. ഉപ്പുരസം.

**ലവണൻ**-ഒരു രാക്ഷസൻ.

രാവണന്റെ സഹോദരിയും വിശ്രവസ്സിന്റെ മകളുമായ കുംഭീനസിയിൽ മധുവിനുണ്ടായവൻ, മധുരനൃപൻ. ശിവൻ മധുവിനു കൊടുത്ത ശൂലം ലവണന്റെ പക്കൽ ഇല്ലാത്ത അവസരം നോക്കി ശത്രുഘ്നൻ വധിച്ചു.

**ലവണം**-൧. ഉപ്പുരസം. ജാഡ്യത്തെ ഉണ്ടാക്കുന്നതു് എന്നർത്ഥം. ൨. ഉപ്പ്. ൩. കടൽ. ൪. ഇന്തുപ്പ്. ൫. ഉപ്പുകാരം.

ഇന്തുപ്പ്, വിളയുപ്പ്, ഉവരുപ്പ്, കടലുപ്പ്, തുവർച്ചിലയുപ്പ്, കാരുപ്പ്-ഇവയ്ക്കു 'ലവണപഞ്ചകം' എന്നു പേർ.

**ലവണസമുദ്രം**-ഉപ്പുകടൽ.

**ലവണാ**-൧. ശോഭ. ൨. ഒരാറ്. ൩. വലിയ വാല്മുഴവം. ൪. ചെറുപ്പുന്ന.

**ലവണാകരം**-ഉപ്പുവിളയുന്ന സ്ഥലം, ഉപ്പുപടന്ന.

**ലവണോദം**-൧. ഉപ്പുവെള്ളം. ൨. ലവണസമുദ്രം.

ക്ഷീരോദം, ലവണോദം, ഇക്ഷൂദം, സുരോദം, ഘൃതോദം, ദധ്യുദം, ജലോദം ഇങ്ങിനെ ൭.

**ലവനം**-൧. കൊയിത്ത്. ൨. കണ്ടിക്കുക.

**ലവൻ**-രാമചന്ദ്രന്റെ ഒരു പുത്രൻ.

കുശനോടുകൂടി വാല്മീകി വളർത്തി. ശ്രാവസ്തിയിൽ വസിച്ചു.

**ലവം**-൧. സൂക്ഷ്മമായതു്. ൨. അല്പം, അല്പമായ ഒരു സംശയം. ൩. നിമിഷം. ൪. അറുക്കുക, മുറിക്കുക, നെല്ലു മുതലായതു് കൊയ്യുക. ൫. കൊല്ലുക. ൬. നാശം. ൭. കരയാമ്പൂവ്. ൮. ചീവൽപക്ഷി. ൯. ലാമജ്ജകം. ൧൦. ഇലവങ്ങപ്പൂവ്. ൧൧. ജാതിക്ക.

ലവംഗ -പു. ഏലവങ്ങം, ഏലവങ്ങപ്പൂവ്. ല. കരയാമ്പൂ വൃക്ഷം.

ലവലി-ഒരു വൃക്ഷം.

അത്തിയുടെ എന്ന പോലെ തടിയിൽ കായുണ്ടാകുന്നു. ഒരുതരം നെല്ലിയാണ്.

ലവഘലശം-അം. വളരെ കറച്ചുപോലും

ലവാകം-അരിവാൾ

ലവാണകം-അരിവാൾ.

ലവിത്രം-അരിവാൾ. ഇതുകൊണ്ടു ഛേദിക്കുന്നതിനാൽ ഈ പേർ വന്നു

ലശുനം-വെള്ളുള്ളി. ഭക്ഷിക്കപ്പെടുന്നതു് എന്നർത്ഥം.

ലഷിത- വി. ആഗ്രഹിക്കപ്പെട്ട, കൊതിച്ച.

ലസൽ-വി. പു. ഉല്ലസിക്കുന്ന. ല. ശോഭിക്കുന്ന. (സൻ, സന്തീ, സൽ)

ലസനം-ശോഭ.

ലസാ-മഞ്ഞൾ.

ലസിക-വായിലെ നീർ.

ലസിക്കുന്നു-ശോഭിക്കുന്നു. (സ. ക്രി. ലസിപ്പിക്കുന്നു).

ലസുനം-വെള്ളുള്ളി.

ലസ്ത-വി. പു. പിടിക്കപ്പെട്ട. ല. സാമർത്ഥ്യമുള്ള.

ലസ്തകം-വില്ലിന്റെ നടുവ്. കൈയിൽ അടങ്ങിയിരിക്കുന്നതു് എന്നർത്ഥം.

ലസ്തകീ-വില്ല്.

ലഹരിദ്രവ്യം-മദമുള്ള വസ്തു

ലഹരി-പു. ഒരുമാതിരി വലിയ തിരമാല. ല. (മ) മദംപിടിക്ക ന. ഒഴുക്ക്.

ലഹള-കൂട്ടംകൂടിയുള്ള കലഹം.

ലളിത-വി. പു സൌന്ദര്യമുള്ള ല. ആഗ്രഹിക്കപ്പെട്ട.

ലളിതപദം-ഒരു വൃത്തം (അതിജഗതിഛന്ദസ്സിൽ പെട്ടതാണ്).

ലളിതം-പു. സുന്ദരിമാരുടെ ചില സ്ത്രൈണഭാവം. വിലാസവിശേഷം. സുകുമാരമായ അംഗവിന്യാസം. (വിലാസങ്ങൾ നോക്കുക). ല. സാഹിത്യശാസ്ത്രപ്രകാരം രീതികളിൽ ഒന്ന്. ന. മനോഹരം, സുന്ദരം.

ലളിതവിസ്താരം-ഒരു കാവ്യം.

ഇതിൽ ബുദ്ധന്റെ ചരിത്രവും ഉപദേശങ്ങളും അടങ്ങിയിരിക്കുന്നു.

ലളിതാ- പു. സൌന്ദര്യമുള്ളവൾ, ല വേശ്യ.

## ലാ

ലാകുകം-ലാത്തുക.

ലാക്ക്-പു. അടയാളം. ല. ലക്ഷ്യം, ഉന്നം.

ലാക്കടി-ഒരാഭരണം.

തിരുക്കപ്പൂവിന്റെ മാതിരിയിൽ വലുതായിരിക്കുന്നതും തലയിൽ ചേർത്തു വച്ചു പിന്നുന്നതുമാണ്. തലയിൽ ഉള്ളതിൽ മുകളിൽ വെക്കും.

ലാക്ഷ-അരക്ക്, കോലരക്ക്. അടയാളപ്പെടുത്തുന്നതു് എന്നർത്ഥം. (ലാക്ഷാ എന്നതിനു ചെമ്പഞ്ഞിച്ചാറ് എന്നും പക്ഷമുണ്ട്).

'ലാക്ഷാഭവനം തന്നിലിരിക്കും
സാക്ഷാൽ പരമശരനൊടുതുല്യൻ'
(ഹിഡിംബവധം തുള്ളൽ)

ലാക്ഷകീ-സീത.

ലാക്ഷാങ്കം-ചെമ്പഞ്ഞിച്ചാറിന്റെ പാട്ട്.

'ആലാക്ഷാങ്കംലലാടംസ്ഥലമതുവഴലെ'
(അമരുകശതകം)

ലാക്ഷാതരു-പ്ലാശ്.

ലാക്ഷാപ്രസാദനം - പു. മലങ്കമുക്. വ. ചെമന്ന പാച്ചോററി. അരക്കിനു നിറത്തെ കൊടുക്കുന്നതു് എന്നത്ഥം.

ലാക്ഷാരസം-കോലരക്കിൽ നിന്നെടുക്കുന്ന ചെമന്ന ചായം, ചെമ്പഞ്ഞിച്ചാറ് (കോലരക്കിൻചാറ്).

ഇതു ചെമന്നിരിക്കും. മംഗളാത്ഥമായി സ്ത്രീകളുടെ കാലടികളിൽ തേയ്ക്കുന്നതുണ്ട്.

ലാംഗലഗ്രന്ഥം-കലപ്പയുടെ പിടി, കരിക്കോൽ.

ലാംഗലപദ്ധതി - ഉഴപ്പൊളി, ഉഴവുചാൽ. കരിപോയ വഴി എന്നത്ഥം.

ലാംഗലം-പു. കലപ്പ; കരി. ശമിക്കുന്നതു് എന്നത്ഥം. വ. ഒരുമാതിരി വനവൃക്ഷം.

ലാംഗലി-പു. നീൎത്തിപ്പുലി. വ. തെങ്ങ്. ആടിക്കൊണ്ടു നില്ക്കുന്നതു് എന്നത്ഥം. ന. മേത്തോന്നി. ര. നായിക്കൊരുണ. ഒ. മറിക്കുന്നി. ന്റ. ബലഭദ്രൻ.

ലാംഗലികീ- പു. കറംകാട്ട്. വ. മേത്തോന്നി.

ലാംഗൂലം-പു. വാൽ. വ. ലെല്ലൂരം.

ലാംഗൂലി-പു. കരങ്ങ്. വ. ഇടവകം ന. ഓരില. ര. നായിക്കൊരുണ.

ലാഘവം-പു. ലഘുത്വം, കനമില്ലായ്ക, സാരമില്ലായ്ക. വ. ശരീരസൌഖ്യം.

ലാജം-പു. മലര്. വറക്കപ്പെടുന്നതു് എന്നത്ഥം. വ. നനച്ച ധാന്യം. ന. രാമച്ചം.

ലാഞ്ഛുന്ന-വെള്ളത്തിലിട്ടു ഉലച്ചു കഴുകുന്നു

ലാഞ്ഛനം- അടയാളം. പദാത്ഥങ്ങളെ കാണിച്ചുതരുന്നതു് എന്നത്ഥം.

ലാഞ്ഛിത-വി. അടയാളപ്പെട്ട.

ലാട-വി. പു. പഴതായ. വ. ശിശുതാമുള്ള.

ലാട-ഒരു രാജ്യം. (ഇപ്പോഴത്തെ ബറോഡ, അഹമ്മദാബാദ് ഈ സ്ഥലങ്ങളിലായിരുന്നു ലാടരാജ്യം).

ലാടൻ-പു. ഒരു ദിക്ക്. വ. അവിടെയുള്ള മനുഷ്യൻ.

ലാടം-പു. കുതിരയുടെ കാലിൽ വച്ചു തറയ്ക്കുന്ന ഇരിമ്പുപോലമ. (സം.) വ. വസ്ത്രം. ന. കറാം.

ലാടാനുപ്രാസം - ശബ്ദാലങ്കാരങ്ങളിൽ ഒന്ന്.

ലാണ്ടനി-കുലട

ലാതു്-ചാട്ടം.

ലാത- വി. എടുക്കപ്പെട്ട, സ്വീകരിക്കപ്പെട്ട.

ലാതുക-ചാട്ടക.

ലാത്തുന്നു-സാവധാനത്തിൽ അങ്ങോട്ടും ഇങ്ങോട്ടും നടക്കുന്നു. (നാമം-ലാത്തൽ, ലാത്തു്).

ലാന്തർ-റാന്തൽ.

ലാപം-സംസാരം.

ലാഭം-പു. വരവ്, നേട്ടം. ലഭിക്കപ്പെടുന്നതു്. മററു പത്ഥ്യങ്ങൾ-അധികം, ഫലം. (ഒരു സംഖ്യയിട്ടു കച്ചവടം ചെയ്താൽ അധികം കിട്ടുന്നതു് ലാഭം). വ. പുപു-ഠംരാശി.

ലാമജ്ജകം-(മഞ്ഞനിറമുള്ള) രാമച്ചം.

ലായം-കുതിരപ്പന്തി.

ലാല-വായിലെ വെള്ളം. ആഗ്രഹിക്കുന്നതു് എന്നത്ഥം. (ഒരു പദാത്ഥത്തിൽ ആഗ്രഹമുണ്ടാകുമ്പോളാണല്ലൊ ഇതു സ്രവിക്കുന്നതു്).

ലാലസം-വ്യാപൃതമായിട്ടുള്ളതു്, സന്തോഷിക്കുന്നതു്.

ലാലസാ-പു. അധികമായ ആഗ്രഹം. വ. യാചനം, അപേക്ഷ, പ്രാത്ഥന. ന. ഉല്ലാസം. ര. വ്യാകുലത്. ഒ. ദുഃഖം. ന്റ. ഇഷ്ടാത്ഥത്തെക്കുറിച്ചുള്ള താൽ

പർപ്പാതിശയം. പ്രകാശിക്കുന്നതു് എന്നർത്ഥം.

ലാലസിക്കുന്നു – അധികമായി ശോഭിക്കുന്നു.

ലാലസീക–ചാറു്.

ലാലാടിക–വി. പ്ര. ലലാടത്തെ സംബന്ധിച്ച, നെററിയോടു ചേന്ന. വ. പീനമായ. ന. ദൈവകല്പിതത്തെ സംബന്ധിച്ച. (കൻ, കീ, കം).

ലാലാടികൻ–പ്ര. യജമാനന്റെ ഭാവം നോക്കി നില്ക്കുന്നവൻ, യജമാനന്റെ മനസ്സിലുള്ളതിനെ മുഖഭാവം നോക്കി അറിയുന്ന ഭൃത്യൻ. വ. ഒന്നിനും കൊള്ളരുതാത്തവൻ, മടിയൻ, കാര്യങ്ങൾക്കു പ്രാപ്തിയില്ലാത്തവൻ.

ലാലാലിക–പോത്തു്.

ലാലിക–പോത്തു്.

ലാലിക്കുന്നു–ലാളിക്കുന്നു.

ലാലസിപ്പു–അധികമായി ശോഭിക്കുന്നു. ഈ പദം സംസ്കൃതത്തിലെ യങ്ലുഗന്തത്തെ ഭാഷയിൽ പകർത്തുമ്പോൾ വരുന്നതാണു്. ഇതു സംസ്കൃതത്തിൽ തന്നെ വൈദികമാണെന്നു സിദ്ധാന്തിക്കുന്ന പണ്ഡിതന്മാരുണ്ടു്.

ലാലിനീ–വേശ്യാ.

ലാവ–കാടപ്പക്ഷിപ്പിട.

ലാവകൻ–കൊയ്യുന്നവൻ.

ലാവ(ക)ം—ചീവൽപ്പക്ഷി (മീവൽപക്ഷി).

ലാവണ–വി. ഉപ്പുരസമുള്ള.

ലാവണം— സ്ഥിരമായുള്ള പണി (ഉദ്യോഗം).

ലാവണ്യം–പ്ര. സൌന്ദര്യം. [ള്ളിൽ'
'അംഗലാവണ്യംകൊണ്ടംഗനമാർക്ക
(വാതിൽതിറപ്പാട്ടു്)
വ. ഉപ്പുരസം.

ലാവണ്യാജ്ജിതം–സ്ത്രീധനമായി കൊടുക്കപ്പെട്ട മുതൽ.

ലാവം–പ്ര. കാടപ്പക്ഷി, മീവൽപക്ഷി. കൊത്തിയറുക്കുന്നതു് എന്നർത്ഥം. വ. വെട്ടിയിടുക, മുറിയ്ക്കൽ.

ലാവികം–പോത്തു്.

ലാവുന്നു, ലാകുന്നു–ലാത്തുന്നു, ഉലാത്തുന്നു, നടക്കുന്നു.

ലാസകൻ–പ്ര. ആട്ടക്കാരൻ. വ. ശിവൻ

ലാസകം–മയിൽ.

ലാസം–ആട്ടം.

ലാസികാ, ലാസികി–ആടുന്നവൾ, നത്തകി. കളിക്കുന്നവൾ എന്നർത്ഥം.

ലാസ്യം–പ്ര. ആട്ടം, നൃത്തം. കളിക്കുക എന്നർത്ഥം. വ. കൊട്ടും പാട്ടും നൃത്തവും കൂടിയതു്. ന. ഗൌരീനൃത്തം. (ശിവനൃത്തത്തിനു താണ്ഡവം എന്നു പേർ).

ലാളനം–ലാളിക്കുക, വാത്സല്യത്തോടെ രക്ഷിക്കുക.

ലാളിക്കുന്നു–വാത്സല്യത്തോടെ രക്ഷിക്കുന്നു, ഓമനിക്കുന്നു.

ലാളിത–വി. ലാളിക്കപ്പെട്ട.

ലാളിത്യം–ഏവരുടേയും വാത്സല്യത്തിനു പാത്രീഭവിക്കത്തക്ക ഗുണം, മനോഹര പ്രകൃതി, മനോഹരത.

—○○—

## ലി

ലികുചം–പ്ര. ഒരു വൃക്ഷം, അയിനി (ലകുചം എന്നു നോക്കുക). വ. പുളിയഞ്ചീര.

ലിക്ഷാ–ഈരു്; പേനിന്റെ മുട്ട. "ലിക്ഷാത്രപലോചനേ".

ലിഖിത–വി. പ്ര. എഴുതപ്പെട്ട. വ. വരയ്ക്കപ്പെട്ട. ന. വർണ്ണിക്കപ്പെട്ട.

ലിഖിതം–എഴുത്തു്.

ലിഖ്യ-ഈറാപ്പൻ.

ലിഖ്യപ്രകരണം-എഴുത്തുകുത്തുവഴക്കങ്ങളുടെ നിയമങ്ങൾ അടങ്ങീട്ടുള്ള ഗ്രന്ഥം.

ലിംഗകം-വിളർമരം.

ലിംഗധാരി-൧. ശിവഭക്തന്മാരുടെ ഇടയിലുള്ള ഒരു വർഗ്ഗത്തിന്റെ പേർ. ൨. പ്രത്യേക മുദ്രയെ ധരിച്ചിട്ടുള്ളവൻ. ൩. ലിംഗം ധരിച്ചവൻ.

ലിംഗനം-ആശ്ലേഷം, കെട്ടിപ്പിടിക്കുക.

ലിംഗപുരാണം-പതിനെട്ടു പുരാണങ്ങളിൽ ഒന്ന്.

ലിംഗം-൧. അടയാളം. ൨. ശിവലിംഗം. ൩. പുരുഷന്റെ അടയാളം, മേഢ്രം. ൪. പ്രകൃതി. ൫. (വ്യാകരണത്തിൽ) ശബ്ദത്തിന്റെ പുല്ലിംഗവും മററും. ൬. രൂപം. ൭. രോഗലക്ഷണം. ൮. മനസ്സ് തീരാദികളിൽ അഭിമാനത്തോടുകൂടിയ അന്തഃകരണപ്രവൃത്തി.

ലിംഗവൃത്തി-കപടഭക്തികൊണ്ട് ഉപജീവിപ്പാനായിട്ടു സന്യാസികളുടെയും മററും വേഷംകെട്ടി നടക്കുന്നവൻ, കാഷായവസ്ത്രം, ഭസ്മം തുടങ്ങിയ ആശ്രമചിഹ്നങ്ങളെക്കൊണ്ടു കാലംകഴിക്കുന്നവൻ എന്നർത്ഥം.

ലിപി-൧. അക്ഷരം, എഴുത്ത്. പററുന്നത്. (എഴുതുമ്പോൾ അതു കടലാസിലും മററും പററി രേഖയുടെ ആകൃതിയിൽ കാണുന്നതിനാൽ ഈ പേർ സിദ്ധിച്ചു 'ലിബി' എന്നും കാണുന്നു.

ലിപി എന്നാൽ വർണ്ണങ്ങളെക്കുറിക്കുന്ന 'അ', 'ആ' മുതലായ ചിഹ്നങ്ങളാകുന്നു.

൨. ചിത്രമെഴുത്ത്.

ലിപികാരൻ-എഴുത്തുകാരൻ.

ലിപ്ത-വി. ൧. പൂശപ്പെട്ട, ലേപനം ചെയ്യപ്പെട്ട. ൨. തിന്ന. ൩. ആലിംഗനം ചെയ്യപ്പെട്ട. ൪. വിഷത്താൽ തേയ്ക്കപ്പെട്ട. ൫. അശുദ്ധിയാക്കപ്പെട്ട.

ലിപ്തകം-വിഷം പുരട്ടിയ അമ്പ്.

ലിപ്തം-ഭക്ഷിക്കപ്പെട്ട അന്നം മുതലായത്. വായിൽ തേച്ചത് എന്നർത്ഥം.

ലിപ്തവർണ്ണപദം-രോഗംമുതലായതുകൊണ്ടുള്ള ശക്തിയില്ലായ്മ ഹേതുവായിട്ടോ, ജഡത്വം, ബാല്യത്വം ഇത്യാദി നിമിത്തമോ അക്ഷരങ്ങളോ പദങ്ങളോ ലോപിച്ചുകൊണ്ടു പറയുന്ന വാക്ക്.

ലിപ്സാ-ലഭിപ്പാനുള്ള ആഗ്രഹം, ഇച്ഛ.

## ലീ

ലീഢ-വി. ൧. നക്കപ്പെട്ട. ൨. ഭക്ഷിക്കപ്പെട്ട.

ലീന-വി. ലയിച്ച, ചേർന്ന.

ലീല-൧. ക്രീഡ. ൨. കളി. ൩. വേഷം. ൪. ഉല്ലാസം. ൫. ഹാവവിശേഷം. വാക്കിലും നടത്തയിലും പ്രവൃത്തിയിലും പ്രിയനെ അനുസരണമായിരിക്കുക. (വിലാസം നോക്കുക). ൬. വിലാസം, ശോഭിക്കുന്നത് എന്നർത്ഥം.

സൃഷ്ടിസ്ഥിതിസംഹാരാദികൾ നടത്തുന്നതിനാൽ ഭഗവാനൊന്നുമുദ്ദേശവും നിർവഹിപ്പാനില്ലാതിരിക്കുന്നതുകൊണ്ടു ആ വക പ്രവൃത്തികൾക്കു ലീലകൾ എന്നു പറയപ്പെടുന്നു.

ലീലാശബ്ദവും ക്രീഡാശബ്ദവും പലപ്പോഴും മന്മഥവിനോദങ്ങളെ കുറിക്കും.

ലീലൻ-൧. കളിച്ചവൻ. ൨. ലയിച്ചവൻ.

ലീലാകഞ്ജം-ലീലക്കായിട്ടുള്ള കഞ്ജം (താമരപ്പൂവ്).

ലീലാഗാരം-ലീലാഗൃഹം.

ലീലാതിലകം-കേരളഭാഷാശാസ്ത്രവിഷയമായി സംസ്കൃതത്തിൽ ചമച്ചിട്ടുള്ള ഒരു പ്രാചീന ഗ്രന്ഥം.

എട്ടു ശില്പങ്ങളായി ഭാഗിച്ചിരിക്കുന്നു. ൧. മണിപ്രവാള ലക്ഷണം, മണിപ്രവാള വിഭാഗങ്ങൾ മുതലായവ. ൨ & ൩. വ്യാകരണ നിയമങ്ങൾ. ൪. കാവ്യദോഷങ്ങൾ ൫. കാവ്യഗുണങ്ങൾ. ൬. ശബ്ദാലങ്കാരം, ൭. അൎത്ഥാലങ്കാരം. ൮. രസങ്ങൾ.

ലീലായമാന-വി. കളിയോടുകൂടിയ.

ലീലാവതി-൧. ലീലയുള്ള സ്ത്രീ ൨. ഒരു കണക്കുപുസ്തകം. ൩. ഒരു സ്ത്രീയുടെ പേർ, ഭാസ്കരാചാൎയ്യമിശ്രന്റെ മകൾ.

ജ്യോതിശ്ശാസ്ത്രപാരംഗതനായ ഭാസ്കരാചാൎയ്യമിശ്രനു വളരെ വിദുഷിയായി ലീലാവതി എന്നൊരു പുത്രിയുണ്ടായിരുന്നു. ഭാസ്കരാചാൎയ്യമിശ്രൻ സിദ്ധാന്തശിരോമണി എന്നൊരു ഗ്രന്ഥം നിൎമ്മിച്ചതിന്റെ പ്രഥമഭാഗത്തിനു 'ലീലാവതി' എന്നു പറയുന്നു. ഇതു മിശ്രന്റെ പുത്രിയുടെ സ്മാരകമായി നിൎമ്മിച്ചതാണ്.

൪. ദുൎഗ്ഗ ൫. മയാസുരന്റെ പത്നി

ലീലാവിലാസം-ഉല്ലാസം

## ലു

ലുങ്കി-മൊസൽമാൻ സ്ത്രീകളുടെ പലനിറമുള്ള ഒരുവക വസ്ത്രം.

ലുംഗം-മാതളനാരകം

ലുഞ്ചിത-വി. ചിരയ്ക്കപ്പെട്ട.

ലുഞ്ചിതകേശൻ-തല ചിരച്ചവൻ.

ലുഠനം-൧. പിരളുക ൨. ഉരുളുക.

ലുഠിത-വി- ൧. പിരളുന്ന. ൨. ഉരുളുന്ന

ലുഠിതൻ-ക്ഷീണം കളയുന്നതിനു പിന്നെയും പിന്നെയും നിലത്തുകിടന്നുരുളുന്ന കുതിര. ലോഠനം ചെയ്യുന്നവൻ എന്നൎത്ഥം.

ലുണ്ടകൻ-കള്ളൻ

ലുണ്ടനം-കൊള്ളയിടുക.

ലുപ്ത-വി. ൧. നശിപ്പിക്കപ്പെട്ട, നശിച്ച. ൨. തള്ളപ്പെട്ട.

ലുപ്തത-നാശം.

ലുപ്തം-കൊള്ള, കവൎച്ച

ലുപ്തവൎണ്ണപദം-രോഗം മുതലായതുകളാലുള്ള ശക്തിയില്ലായ്മ ഹേതുവായിട്ടും ജഡത്വം, ബാല്യത്വം ഇത്യാദി നിമിത്തമോ അക്ഷരങ്ങളെയോ പദങ്ങളെയോ ലോപിച്ചുകൊണ്ടു പറയുന്ന വാക്ക്.

ലുബ്ധ്-പിശുക്ക്.

ലുബ്ധ വി. ലോഭമുള്ള, പിശുക്കുള്ള, കൊതിയുള്ള, പണക്കൊതിയുള്ള.

ലുബ്ധത-പിശുക്ക്.

ലുബ്ധ(ക)ൻ-൧. പിശുക്കൻ. ൨. ആകാംക്ഷയുള്ളവൻ, അഭിലാഷമുള്ളവൻ. ൩. നായാടി, വേടൻ. മോഹിപ്പിക്കുന്നവൻ എന്നൎത്ഥം.

'ലുബ്ധാളി പടുശരത്താൽ'

ലുബ്ധാളി=വേടക്കൂട്ടം

ലുലാപ(യ)ം-കാട്ടുപോത്ത്.

ലുളിത-വി ഇളക്കപ്പെട്ട.

## ലൂ

ലൂട്ട്-കവൎച്ച.

ലൂത-൧. ചിലന്തി(ന്നി). ഛേദിക്കുന്നത് എന്നൎത്ഥം. ഛേദിക്കപ്പെടുന്നത് എന്നും ആവാം. ൨. ഉറുമ്പ്.

ലൂതാമൎക്കടകം-കുരങ്ങ്.

ലൂന-വി. മുറിക്കപ്പെട്ട.

ലൂനി-കൊയ്ത്തു.

ലൂനം-വാൽ. ഛേദിക്കപ്പെട്ടതു് എന്നൎത്ഥം.

ലൂലകം-തവള.

ലൂലം-വെളുത്ത ചേന.

---

## ലേ

ലേഖ-രേഖ.

ലേഖം-എഴുത്തു്.

ലേഖകചതുഷ്ടയം-സുശീലൻ, കോമളാംഗൻ, സുകേശൻ, സത്യവാദി ഇവർ ൪.

ലേഖകൻ-എഴുത്തുകാരൻ, എഴുതുന്നവൻ. മറ്റു പൎയ്യായങ്ങൾ-ലിപികാരൻ, അക്ഷരചണൻ, അക്ഷരചുഞ്ചു.

ലേഖനതൂലിക-എഴുതുന്നതൂവലും മറ്റും.

ലേഖനം-പ. എഴുത്തു്. വ. ഭൂൎജ്ജമരം. ന. കരവിക്കരിയു്.

ലേഖന്മാർ-ദേവന്മാർ-പ്രാണികളുടെ ശുഭാശുഭഫലത്തെ എഴുതുന്നവർ. (ലേഖിക്ക=എഴുതുക. കഴുത്തു്, പാദം, കൈ ഇവയിൽ നല്ല രേഖയോടുകൂടിയവർ; ചിത്രപടാദികളിൽ ധ്യാനാൎത്ഥം ഭക്തന്മാരാൽ എഴുതപ്പെടുന്നവർ.

ലേഖനാഥൻ-ദേവേന്ദ്രൻ.

ലേഖനി-എഴുത്തുകോൽ, എഴുത്തുകല്ലു്.

ലേഖനികൻ-അഞ്ചൽക്കാരൻ.

ലേഖൻ-ദേവൻ.

ലേഖൎഷഭൻ-ഇന്ദ്രൻ ദേവശ്രേഷ്ഠൻ എന്നൎത്ഥം.

ലേഖാ-ഇടതൂൎമ്മയുള്ള വൃക്ഷസമൂഹം. അക്ഷരസമൂഹം പോലെ വരിവരിയായിട്ടുള്ളതു് എന്നൎത്ഥം.

ലേഖ്യ-വി. എഴുതപ്പെടുവാൻതക്ക.

ലേഖ്യചൂൎണ്ണിക-എഴുതുന്ന തൂവൽ

ലേഖ്യപത്രം-കരിമ്പന.

ലേഖ്യം-പ. എഴുതിയ കടലാസും മറ്റും. വ. എഴുത്തു്.

ലേഖ്യസ്ഥാനം-എഴുതുന്നതിനുള്ള സ്ഥാനം.

ലേഞ്ചി-തലയിൽ കെട്ടുന്ന ചില ചെറിയ വസ്ത്രങ്ങൾക്കു പറയുന്ന ഒരു പേർ. മുഖം തുടെക്കുന്നതിനും മറ്റും കുപ്പായക്കീശ മുതലായതിൽ തയാറാക്കി വെച്ചുകൊള്ളുന്ന ചെറിയ തുണി, ലേസു്.

ലേപകൻ-പൂശുന്നവൻ. നിലം ചുമര മുതലായതു ചെത്തിത്തേക്കുന്നവൻ, കമ്മായപ്പണിക്കാരൻ. ലേപനം ചെയ്യുന്നവൻ എന്നൎത്ഥം.

ലേപനം-പ. പൂശൽ, തേക്കുക. വ. അറബിക്കുന്തുരുക്കം.

ലേപം-പ. ചുണ്ണാമ്പു്. വ. കമ്മായം തേക്കുക. ന. ഭക്ഷിക്കുക.

ലേപ്യ-വി. തേക്കപ്പെടുവാൻ തക്ക.

ലേപ്യം-ലേപനം, പൂശുക, തേക്കുക.

ലേയം-സിംഹരാശി.

ലേലം-പരസ്യമായി കൂടുതൽ വിലക്കു കൊടുക്കുന്ന ഏൎപ്പാടു്. (പോൎത്തുഗീസുഭാഷ).

ലേലിഹാനം-പാമ്പു്.

ലേശം-അല്പം.

ലേഷ്ടു-മൺകട്ട.

ലേസു്-ലേഞ്ചി.

ലേഡികൻ-ആനപ്പുറത്തു കയറി ഓടിക്കുന്നവൻ.

ലേഹനം-നക്കുക.

ലേഹം-പ. ഉണ്ണു്, ഭക്ഷണം. ആസ്വദിക്കുക എന്നൎത്ഥം. വ. നക്കുക. ന. (മ) നക്കുവാൻ തക്ക ഒരു മരുന്നു്.

ലേഹ്യ-വി. നക്കപ്പെടുവാൻതക്ക.

ലേഹ്യം-ദേവന്മാരുടെ ഒരു ഭക്ഷണം, അമൃത്. നക്കിത്തിന്മാൻതക്ക ഒരുമാതിരി മരുന്ന്, ലേഹം.

—:o:—

## ലൈ

ലൈംഗം—അഷ്ടാദശപുരാണങ്ങളിൽ ഒന്ന്.

ആഗ്നേയകല്പത്തിൽ അഗ്നിലിംഗമദ്ധ്യസ്ഥിതനായ ശിവൻ ധർമ്മാർത്ഥകാമമോക്ഷങ്ങൾ അരുളിച്ചെയ്തത്. ശിവനെ വാഴ്ത്തുന്നു. അവയവം വിഷ്ണുവിന്റെ വലത്തെ നരിയാണി. താമസപ്രധാനം. ഗ്രന്ഥം ൧൧,000.

ലൈംഗികം—(വ്യാകരണത്തിൽ) 'അൻ', 'അൾ' മുതലായ ലിംഗപ്രത്യയങ്ങൾക്കുള്ള പേർ.

ലൈംഗീ-ഷഡ്വിരലിക്കോവം.

—:o:—

## ലൊ

ലൊട്ട-വി. ഹീനമായ.

## ലോ

ലോകജനനി-൧. ലക്ഷ്മി. ൨. പാർവ്വതി.

ലോകജിത്ത്-ബുദ്ധമുനി. തപസ്സുകൊണ്ട് ലോകങ്ങളെ ജയിച്ചവൻ എന്നർത്ഥം.

ലോകത-ലോകമര്യാദ.

'ഗണിതഗ്രന്ഥംവൈദ്യവുമെന്തി
ഗുണവാനെന്നുപ്രസിദ്ധംതാനും
ലോകതയെന്നതുകണികാണ്മാനി-
ല്ലേകനദോഷമനേകമസംഖ്യം'
(രുക്മിണീസ്വയംവരം തുള്ളൽ)

ലോകതത്വം-ഈ ലോകത്തിൽ യഥാർത്ഥമായി കാണുന്ന പ്രമാണം, ലോകപ്രകൃതി.

ലോകനാഥൻ, ലോകനായകൻ-൧. ലോകത്തെ രക്ഷിക്കുന്നവൻ, രാജാവ്. ൨. ഒരു ബുദ്ധമുനി.

ലോകപാലൻ-ലോകത്തെ രക്ഷിക്കുന്നവൻ, രാജാവ്. ഇത് ഇന്ദ്രൻ, അഗ്നി മുതലായ ചില ദേവന്മാർക്കും പറയും.

('അഷ്ടദിക്പതികൾ, എന്നതു നോക്കുക. ഇവർ എട്ടുദിക്കുകളെ പാലിക്കുന്നവരാണ്. 1. കിഴക്ക്—ഇന്ദ്രൻ. 2. തെക്കുകിഴക്ക്—അഗ്നി. 3. തെക്ക്—യമൻ. 4. തെക്കുപടിഞ്ഞാറ്—നിരൃതി. 5. പടിഞ്ഞാറ—വരുണൻ. 6. വടക്കുപടിഞ്ഞാറ—വായു. 7. വടക്ക്—കുബേരൻ. 8. വടക്കുകിഴക്ക്—ശിവൻ. ('ദിക്കരിണികൾ' എന്ന ശബ്ദം നോക്കുക).

ലോകപീഡ - ലോകങ്ങളെ ഉപദ്രവിക്കുക.

ലോകപ്പശുക്കൾ - മനുഷ്യരാകുന്നകാലികൾ.

ലോകപ്രകൃതി-൧. ഈ ലോകത്തിൽ കാണുന്ന എല്ലാററിന്റേയും സ്ഥിതി. ൨. സാധാരണമായുള്ള മനുഷ്യസ്വഭാവം.

ലോകബാന്ധവൻ-ആദിത്യൻ.

ലോകം-൧. ഭുവനം, എല്ലാം ഇതിൽ കാണപ്പെടുന്നതിനാൽ ഈ പേർ വന്നു. മററു പര്യായങ്ങൾ—ജഗതി, വിഷ്ടപം, ഭുവനം, ജഗത്ത്. ൨. ജനം. ൩. ജനക്കൂട്ടം. ൪. സ്വർഗ്ഗാദിലോകം. കാണപ്പെടുന്നത് എന്നർത്ഥം. ഭൂമി, പാതാളം, സ്വർഗ്ഗം (പതിന്നാല് ലോകങ്ങൾ എന്നതു നോക്കുക). ൫. കാഴ്ച.

(വേദാന്തികൾ 8 ലോകങ്ങൾ എന്നു പറയുന്നു—ബ്രഹ്മലോകം, പിതൃലോകം,

സോമലോകം, ഇന്ദ്രലോകം, ഗന്ധർവ്വലോകം, രാക്ഷസലോകം, യക്ഷലോകം, പിശാചലോകം).

(സത്യലോകത്തിൽ എത്തിയാൽ പിന്നെ പുനർ ജന്മമില്ല).

**ലോകമാതാവ്**-പ്ര. ലക്ഷ്മി. ഉ. പാർവ്വതി.

**ലോകയാത്ര**-ലോകജീവിതം.

**ലോകർ**-ജനങ്ങൾ.

**ലോകശ്രുതി**-ലോകപ്രസിദ്ധം.

**ലോകവാദം**-ജനവാദം.

**ലോകവാർത്ത**-ലോകത്തിലെ വർത്തമാനം.

**ലോകവാസം**-ലോകത്തിലെ ഇരിപ്പ്.

**ലോകസക്തി**-വിഷയസുഖത്തിലുള്ള താല്പര്യം.

**ലോകാചാരം**-ലോകമര്യാദ.

**ലോകാന്തം**-ലോകാവസാനം.

**ലോകാന്തരം**-വേറൊരുലോകം, വരുവാനുള്ള ലോകം, വരുവാനുള്ള ജീവിതം.

**ലോകാപവാദം**-ദുഷ്കീർത്തി.

**ലോകായതം**-ചാർവ്വാകനാൽ പഠിപ്പിക്കപ്പെട്ട ഒരു മതം, ചാർവ്വാകശാസ്ത്രം. ലോകത്തിൽ പ്രയത്നം ചെയ്യുന്നവർ ലോകായതന്മാർ = ചാർവ്വാകന്മാർ. അവരുടെ ശാസ്ത്രമെന്നർത്ഥം. ഈശ്വരൻ ഇല്ലെന്നുള്ള ഒരു പ്രമാണം.

**ലോകായതികൻ, ലൌകായതികൻ**-ചാർവ്വാക മതത്തെ അനുസരിക്കുന്നവൻ, നാസ്തികൻ, ഈ പ്രത്യക്ഷലോകമേ ഉള്ളു എന്നു വാദിക്കുന്നവൻ, ദേഹാത്മവാദിയായ ബുദ്ധമതക്കാരൻ.

**ലോകാലോകം** - ഏഴു സമുദ്രങ്ങളേയും ചുററിയുള്ള ഒരു പർവ്വതം. ഈ ലോകത്തെ ചുററി നില്ക്കുന്ന ഒരു പർവ്വതം, ലോകാലോകപർവ്വതം. മറെറാരു പര്യായം—ചക്രവാളം.

'ഇക്കാണുന്ന മണ്ഡലത്തിൽ
നാലൊന്നും അറിഞ്ഞാലും
ശിക്ഷയാം ലോകാലോക-
ത്തിന്നകമെന്നറിനാം'
(ഭാഗവതം)

'ലോകം പാതിയലോകവുമാകയാൽ
ലോകാലോകമിതെന്നു പറയുന്നു'
(സന്താനഗോപാലം പാന)

നിർമ്മലജലസമുദ്രത്തിനു പുറമെ ഭൂമിയെ ചുററിയിരിക്കുന്ന ഒരു പർവ്വതമാണു ലോകാലോകം. അതിനപ്പുറം മുഴുവനും ഇരുട്ടാകുന്നു. ഈ പർവ്വതം സപ്തദ്വീപസപ്തസമുദ്രരൂപമായ ഭൂമിയുടെ പുറമെ ഒരു ചക്രാകാരേണ ചുററിക്കൊണ്ടിരിക്കുന്നു).

**ലോകിക്കുന്നു**-അടങ്കൽ കാണുന്നു.

**ലോകേശൻ**-ബ്രഹ്മാവ്.

**ലോകൈകനാഥൻ**-ലോകങ്ങൾക്കു ഏകനാഥൻ, പതിനാലു ലോകങ്ങൾക്കും താൻതന്നെ നാഥനായുള്ള എന്നുള്ളവൻ.

**ലോകോക്തി**-പ്ര. ലോകതത്വത്തെയും ലോകപ്രകൃതിയേയും വിവരിക്കുന്ന വാക്ക്. ഉ. ആളുകളുടെ സാധാരണമായുള്ള പറച്ചൽ, പഴഞ്ചൊല്ല്.

**ലോകോത്തര**-വി. ലോകത്തിൽ ശ്രേഷ്ഠതയുള്ള.

**ലോചക**-വാഴ.

**ലോചകൻ**-ദുർബുദ്ധി.

**ലോചകം**-പ്ര. മാംസഖണ്ഡം. ഉ. കണ്ണിലെ ഉണ്ണി. ദ്വ. വിളക്കുപക്ഷി. ര്. നെററിപ്പട്ടം. ഉ. കണ്മിഴി. ന്ദ്ര. നീലവസ്ത്രം. ൈ, കുണ്ഡലം. വ്യ. വാഴ. ൻ. വില്ലിന്റെ ഞാൺ. പ്ര പുരികം. പ്രം. സ്ത്രീകൾ നെററിമേൽ ധരിക്കുന്ന ഒരു വിശിഷ്ട ആഭരണം.

**ലോചന**-യാദവന്മാരുടെ ദേവി.

**ലോചനം**-കണ്ണു. കാണുന്നതു എന്നർത്ഥം.

ലോചനാമയം-കണ്ണിൽദീനം.

ലോചമൎക്കടം-കരിഞ്ചീരകം. (ലോചമസ്തകം എന്നതു നോക്കുക).

ലോചമസ്തകം-പു. മയിലോശിക. ശിഖയുള്ള മസ്തകത്തോടുകൂടിയതു് എന്നൎത്ഥം. (പാഠം—ലോചമൎക്കടം) ൨. കരിഞ്ചീരകം. ൩. ഒരു പുഷ്പം.

ലോടനം-ഉരുളുക.

ലോട്ട്-പു. ഉപദ്രവം. ൨. കളി.

ലോഠം-ഉരുളുക.

ലോതം-പു. കവച്ച. ൨. കണ്ണുനീര്. ൩. അടയാളം. ൪. ഉപ്പ്.

ലോത്രം-കത്തിക്കുവന്റെടുത്തതു്. (ലോപ്ത്രം എന്നതിന്റെ പാഠം).

ലോദ്ധ്രം-പാച്ചോററി. രോഗങ്ങളെ തടുക്കുന്നതു് എന്നൎത്ഥം.

ലോപം-പു. കുറവു്. ൨. നാശം. ൩. ഛേദനം. ൪. സന്ധികളിൽ ഒന്നു; (വ്യാകരണത്തിൽ) പദങ്ങൾ ഒന്നിച്ചു ചേരുമ്പോൾ വൎണ്ണങ്ങൾ നശിക്കുന്നതിനു ലോപം എന്നു പേർ. ഉ-ം, കണ്ടു+ഇല്ല=കണ്ടില്ല.

ലോപാമുദ്ര-അഗസ്ത്യമഹൎഷിയുടെ സഹധൎമ്മചാരിണിയായ പത്നി. സ്ത്രീകളുടെ രൂപാഭിമാനത്തെ ചുരുക്കുകയും ബ്രഹ്മസൃഷ്ടിയെ മുദ്രിക്കുകയും ചെയ്യുന്നവൾ എന്നൎത്ഥം. ഭൎത്തൃശുശ്രൂഷ ചെയ്യാതെ ഇരിക്കാൻ സന്തോഷമില്ലാത്തവൾ എന്നുമാവാം—ഒരിക്കലും ധൎമ്മത്തിനു ലോപം വരുത്താത്തവൾ ഇങ്ങനെ ശബ്ദാൎത്ഥങ്ങൾ. (അഗസ്ത്യൻ എന്നതു നോക്കുക).

അനസൂയ (അത്രിമുനിയുടെ പത്നി), ലോപാമുദ്ര (അഗസ്ത്യമുനിയുടെ പത്നി), അരുന്ധതി (വസിഷ്ഠന്റെ പത്നി). ഈ മൂന്നു മഹൎഷിപത്നിമാരും പാതിവ്രത്യനിഷ്ഠയിൽ അതി പ്രസിദ്ധകളാണ്.

സ്വപത്നിയാക്കുന്നതിനുവേണ്ടി അഗസ്ത്യൻ അനേകം മൃഗങ്ങളുടെ അഴകുള്ള അംശങ്ങൾ എടുത്തു ലോപാമുദ്രയെ സൃഷ്ടിച്ചു ഈ സ്ത്രീയെ സന്തുഷ്ടയാക്കുന്നതിനായിട്ട് അഗസ്ത്യൻ ഇല്വലൻ എന്ന രാക്ഷസവീരനെ വധിച്ചു. അവന്റെ സൎവസ്വത്തുക്കളും കൊടുത്തു. ലോപാമുദ്രയ്ക്കു കൗശീതകി, വരപ്രദാ, ലോപാ ഇങ്ങിനേയും പേരുകൾ ഉള്ളതായി കാണുന്നു).

ലോപിക്കുന്നു-പു. കുറയുന്നു. ൨. നശിപ്പിക്കുന്നു. ൩. ഛേദിക്കുന്നു.

ലോപ്ത്രം, ലോത്രം-കൊള്ളയിട്ടെടുത്ത വസ്തു.

ലോഭം-പു. അത്യാഗ്രഹം, ധനാഗ്രഹം. ൨. പിശുക്ക്. (ആൎക്കും ഒന്നും കൊടുക്കരുതെന്നുള്ള വിചാരമത്രെ ലോഭം).

ലോഭവാൻ-ലുബ്ധൻ, അത്യാഗ്രഹി.

ലോഭി-വി. ലോഭമുള്ള (ഭീ, ഭിനി, ഭി).

ലോഭിക്കുന്നു-ലോഭത്തെ കാണിക്കുന്നു, ദ്രവ്യം ചെലവിടാതെയും മററും സൂക്ഷിക്കുന്നു.

ലോമപാദൻ-ഒരു അംഗരാജാവ്. (ഋശ്യശൃംഗൻ എന്നതു നോക്കുക)

ലോമം-പു. രോമം. മുളയ്ക്കുന്നതു് എന്നൎത്ഥം. ൨. വാൽ.

ലോമശ-വി. രോമംകൊണ്ടു മൂടിയിരിക്കുന്ന.

ലോമശ-പു. മാഞ്ചി. (രോമശ എന്നുമാവാം). രോമതുല്യമായ ഒമരുള്ളതു് എന്നൎത്ഥം. ൨. കിലുകിലുപ്പ്. ൩. വയമ്പ്. ൪. ഉരകം. ൫. ധാതുകാസീസം. ൬. വെളുവയമ്പ്. ൭. നരമാഞ്ചി ൮. മഹാമേദ. ൯. നായ്ക്കുരണ ൧൦. കാക്കോളി.

**ലോമശൻ**-൧. ഒരു മഹർഷി. ൨. ൨. മുട്ടാട്.

**ലോമഹർഷണം**-രോമാഞ്ചം, (രോമഹർഷണം).

**ലോല**-൧. നാക്ക്. ൨. ലക്ഷ്മീദേവി. ൩. സുന്ദരി.

**ലോല**-വി. ൧. ആഗ്രഹമുള്ള. ൨. ഇളക്കമുള്ള, ഇളകുന്ന, വിറയ്ക്കുന്ന.

**ലോലത**-൧. ആഗ്രഹം. ൨. ഇളക്കം. വിറയൽ.

**ലോലൻ**-സ്ഥിരതയില്ലാത്തവൻ.

**ലോലം**-ചഞ്ചലമായിട്ടുള്ളത്.

**ലോലംബം**-വണ്ട്.

'കരതലലോലംബമാലാകലാംമാലാം'

**ലോലിത**-വി. ഇളക്കപ്പെട്ട, മറന്ന.

**ലോലുപ**-വി. അത്യാഗ്രഹമുള്ള.

(ഗർഹിതമാകുംവണ്ണം ചുഴിഞ്ഞാഗ്രഹിക്കുന്നവൻ-ലോലുപൻ).

**ലോലുഭ**-വി. അത്യാഗ്രഹമുള്ള.

(ഏററവും ലോഭിക്കുന്നവൻ—ലോലുഭൻ).

**ലോഷ്ടഭേദനം**-കട്ടയുടക്കുന്നതിനുള്ള തടി, പല്ലിത്തടി.

**ലോഷ്ടം**-൧. മൺകട്ട. കട്ടപ്പിടിച്ചത് എന്നർത്ഥം. ൨. ഇരിമ്പുകിട്ടം. ൩. ഓട്ട്.

**ലോഷ്ടു** = മൺകട്ട.

**ലോഹ**-വി. ൧. ചെമപ്പുനിറമുള്ള. ൨. ലോഹംകൊണ്ടുണ്ടാക്കിയിട്ടുള്ള.

**ലോഹകാന്തം**—കാന്തക്കല്ല്, അയസ്കാന്തം.

**ലോഹകാരകൻ** - കൊല്ലൻ. ഇരിമ്പുപണിചെയ്യുന്നവൻ എന്നർത്ഥം. (കരുവാൻ).

**ലോഹകിട്ടം**-ഇരിമ്പുകിട്ടം.

**ലോഹചുംബകന്യായം**-ഇരിമ്പും കാന്തവും തമ്മിലുള്ളതുപോലെയുള്ള പരസ്പരാകർഷണം.

**ലോഹജിത്ത്**-വജ്രം.

**ലോഹദ്രാവി**-പൊൻകാരം.

**ലോഹനാഡി**-രക്തഞരമ്പ്.

**ലോഹപൃഷ്ഠം**-കങ്കപ്പക്ഷി. ഇരിമ്പുപോലെ ഉറപ്പുള്ള പൃഷ്ഠത്തോടുകൂടിയത് എന്നർത്ഥം. (ഞാറപ്പക്ഷി എന്നും കാണുന്നു).

**ലോഹപ്രതിമ** - ലോഹംകൊണ്ടുള്ള രൂപം, അടകല്ല്.

**ലോഹം**-൧. ഇരിമ്പ്. ഛേദിക്കുന്നതു എന്നർത്ഥം. ൨. ഉരുക്ക്. ൩. ഇരിമ്പ്, ചെമ്പ് മുതലായവ. ൪. വെള്ളോട്. ൫. ശസ്ത്രം. ൬. രക്തം. ൭. അകിൽ. ഇരുമ്പിനെപ്പോലെ ഉറപ്പുള്ള കാതലുള്ളത് എന്നർത്ഥം. ശബ്ദത്തിൻെറ പരിപൂർണ്ണമായ ഹരണം എന്നും ശബ്ദാർത്ഥം.

(ലോഹങ്ങളെല്ലാം അഗേയങ്ങളാകുന്നു).

**ലോഹമയ**-വി. ലോഹംകൊണ്ടുള്ള.

**ലോഹല**-വി. അസ്പഷ്ടമായി പറയുന്ന, കൊഞ്ഞപറയുന്ന.

**ലോഹലം**-ഇരിമ്പുചങ്ങലയുടെ വലിയ വളയം.

**ലോഹാഭിസാരം**-ശസ്ത്രങ്ങളോടുകൂടെയുള്ള യാത്ര. (ലോകാഭിഹാരം നോക്കുക).

**ലോഹാഭിഹാരം, ലോഹാഭിസാരം**-അസ്ത്രശസ്ത്രങ്ങളുമായ രാജാക്കന്മാരുടെ നീരാജനവിധിയുടെ (തിരുഴിച്ചിലിൻെറ) പേ

(മഹാനവമി അല്ലെങ്കിൽ ദശമി ഈ ദിവസം ആയുധപൂജ ചെയ്തു യുദ്ധത്തിന്നായി പുറപ്പെടുംമുമ്പ് നീരാജനാവിധി ചെയ്യുക പതിവാണ്. ലോഹാഭിഹാരം എന്നതു നീരാജനത്തിന്നുശേഷം ചെയ്യുന്ന 'ആയുധം എടുക്കുക' എന്ന പ്രധാനക്രിയയുടെ പേരാണെന്നും അഭിപ്രായം കാണുന്നു).

ലോഹിത-വി. ചെമന്ന.

ലോഹിതൻ-ചൊവ്വാ എന്ന ഗ്രഹം.

ലോഹിതം-൧. ചോര. ശരീരത്തിൽനിന്നു പുറപ്പെടുന്നതെന്നൎത്ഥം. ൨. കട്ടച്ചെമപ്പ്. ൩. ചെമന്ന അകിൽ. ൪. യുദ്ധം. ൫. കുങ്കുമം, പുൽ കുങ്കുമം. ൬. ഒരു മത്സ്യം. ൭. രക്തചന്ദനം. ൮. ചെന്നെല്ല്. ൯. പതംഗം. ൧൦. ഹരിചന്ദനം. ൧൧. കരുത്ത ചണംപയറ്. ൧൨. വാകച്ചേമ്പ്. ൧൩. ചെമന്ന കരിമ്പ്. ൧൪. കമ്പിപ്പാല. ൧൫. ചെങ്കവരിമീൻ. ൧൬. പാമ്പ്. ൧൭. ബ്രഹ്മപുത്രാനദി.

ലോഹിതക-വി. ചെമന്ന.

ലോഹിതകം- പത്മരാഗമണി. ലോഹിത വൎണ്ണമായിട്ടുള്ളത് എന്നൎത്ഥം. ചെമപ്പുകല്ല്, മാണിക്യം. ൨. പിച്ചള. ൩. ചൊവ്വാ.

ലോഹിതചന്ദനം-രക്തചന്ദനം.

ലോഹിതാ-൧. കോപം കൊണ്ടോ സ്നേഹംകൊണ്ടോ ചെമന്നവൾ. ൨. ഒരു വള്ളി. ൩. അഗ്നിയുടെ ഒരു ജിഹ്വാ. സന്ധ്യാദികളിൽ പ്രത്യക്ഷമാകുന്നതു് എന്നൎത്ഥം. ൪. ചെമന്ന തഴുതാമ. ൫. പന്നിക്കിഴങ്ങ്.

ലോഹിതാംഗൻ -ചൊവ്വാ. ചെമപ്പുനിറമായ അംഗങ്ങളുള്ളവൻ എന്നൎത്ഥം.

ലോഹിതാശ്വൻ-അഗ്നി.

ലോഹിതികാ - അനുരാഗംകൊണ്ടോ കോപം മുതലായതു കൊണ്ടോ ചെമന്നവൾ. (ഇവൾ സ്വതേ ചെമന്നവൾ അല്ല). ലോഹിനികാ എന്നുമുണ്ട്.

ലോഹിനി-ചെമന്നവൾ.

ലോഹിനികാ — അനുരാഗംകൊണ്ടോ കോപം മുതലായതുകൊണ്ടോ ചെമന്നവൾ. (ഇവൾ സ്വതേ ചെമന്നവൾ അല്ല).

ലോളിതാ-ചഞ്ചലാ.

## ലൌ

ലൌകായതികൻ-ബൃഹസ്പതി ചാൎവ്വാകമതക്കാരൻ. (ലോകായതികൻ എന്നതു നോക്കുക).

ലൌകിക-വി. ലോകത്തെ സംബന്ധിച്ച (കൻ, കീ, കം).

ലൌകികം-൧. സാഹിത്യസാരപ്രകാരമുള്ള വൎണ്ണനത്തിന്റെ രണ്ടുവിധങ്ങളിൽ ഒന്നു്. ഇതു വിനോദത്തിനുവേണ്ടി ചെയ്യുന്നതാണു്. ലോകമൎയ്യാദ (ലോഹ്യം എന്നു പറയാറുണ്ടു്).

'(ലൌകീകം എന്നു ചിലർ എഴുതാറുണ്ടു്. ദീൎഘം ആവശ്യമില്ല. ലൌകികം എന്നു മതി. സംസ്കൃതത്തിലെ ദീൎഘങ്ങളെ കുറയ്ക്കുയാണു മലയാളത്തിൽ നടപ്പു്. തത്ഭവപ്രകൃതിയിലെ വിധികൾ നോക്കുക. മൂന്നക്ഷരമുള്ള ഒരു പദം മുഴുവൻ ദീൎഘമായിരുന്നാൽ ഉച്ചാരണക്ലേശം അധികം ഉച്ചാരണസൌകൎയ്യം മദ്ധ്യസ്വരം ഹ്രസ്വമായിരുന്നാലാകയാൽ ദീൎഘം ചെയ്യുന്നതിനു ഒരു ന്യായവും കാണുന്നില്ല).

(സാഹിത്യസാഹ്യം)

ലൌഹം-ഇരിമ്പ്. (ലോഹം എന്നതിന്റെ പാഠം)

ലൌഹിതിക-വി. ചെമപ്പുനിറമുള്ള.

ലൌഹിത്യം-ചെമപ്പ്.

# വ

**വ**—ഹല്ലുകളിൽ ഇരുപത്തൊമ്പതാം അക്ഷരം.

('വ') എന്ന വർണ്ണം ചില മലയാള പദങ്ങളിൽ 'ക' എന്നു മാറുന്നുണ്ട്. ഉ-ം. പോവുന്നു = പോകുന്നു. രാവുന്നു=രാകുന്നു. സംസ്കൃതത്തിൽ 'വബയോൎന്ന ഭേദം' എന്നതനുസരിച്ച് വ, ബ ഇവയ്ക്കു ഭേദം ഇല്ല. ഉ-ം. സ്വയംവരം=സ്വയംബരം. വിന്ദു=ബിന്ദു).

വ-വി. ശക്തിയുള്ള.

വ-അ. പോലെ.

വഃ-പു. കടുവാ. ൨. കടൽ. ൩. താമരക്കിഴങ്ങ്. ൪. വരുണൻ. ൫. വരുണന്റെ വാസസ്ഥലം. ൬. രാഹു. ൭ കാറ്റ്. ൮. ഭുജം. ൯. ഭവനം.

വക-പു. തനത്. ൨. സമ്പത്ത്. ൩. മാതിരി. ൪. ജാതി. ൫. വീതം. ൬. കാരണം. ൭. സംബന്ധം.

വകക്കാരൻ-പു. സമ്പത്തുള്ളവൻ. ൨. ശേഷക്കാരൻ.

വകക്കാരി-ശേഷക്കാരി.

വകച്ചാൽ -പു. മണ്ണിളക്കിത്തടമാക്കുക. ൨. ചില കവിതകൾ എഴുതിയുണ്ടാക്കുക.

വകതിരിക്കുന്നു-കൂടിക്കലൎന്ന വസ്തുക്കളെ വേർതിരിക്കുന്നു.

വകതിരിവ്- കാലദേശാവസ്ഥകളേയും യോഗ്യായോഗ്യങ്ങളേയും തിരിച്ചറിയുന്ന ബുദ്ധി.

വകത്തല-ആദായം.

വകധൂപം-തിരുവട്ടപ്പശ.

വകപുഷ്പം- പു. കൊക്കമന്ദാരം ൨. വകവൃക്ഷത്തിന്റെ പൂവ്.

വകഭേദം-പു. ഒരു ജാതിയിൽതന്നെയുള്ള പല വസ്തുക്കൾ തമ്മിലുള്ള വ്യത്യാസം. ൨. വെവ്വേറെതരത്തിലുള്ള അവാന്തരജാതി,

വകം-പു. ഒരു പക്ഷി, കൊക്ക്. ൨. ഒരു വൃക്ഷം, കൊക്കമന്ദാരം.

വകമാററം-ഒന്നിനൊന്നുമാറുക.

വകയാകുന്നു-ഒരുവന്റെ സ്വന്തമാകുന്നു

വകയാക്കുന്നു-പു. ചെലവിന്നായിട്ടു സമ്പാദിക്കുന്നു. ൨. ചെലവിടുന്നു.

വകയിടുന്നു-പു. പലിശകൊണ്ട് ചെലവുകഴിയാൻ തക്കപോലെ നിലം പുരയിടങ്ങൾ പണയമായിട്ടു എഴുതിവാങ്ങിയുംകൊണ്ട് പണം കൊടുക്കുന്നു. ൨. വിഭാഗിക്കുന്നു.

വകയുന്നു-പു. കവിതയുണ്ടാക്കുന്നു. ൨. വൃക്ഷങ്ങൾക്ക് തടമുണ്ടാക്കുന്നു.

വകയോല—ക്ഷേത്രസംബന്ധമായ ഭൂസ്വത്ത് കൈവശക്കാൎക്കു കൊടുക്കുന്ന ഒരു പ്രമാണം.

വകവാട്-പങ്ക്.

വകവെയ്ക്കുന്നു-ആദരിക്കുന്നു, ഗൌനിക്കുന്നു.

വകുക്കുന്നു-പു. പകുക്കുന്നു, പകിടുന്നു. ൨. തരംതിരിക്കുന്നു.

വകുപ്പ്-പു. പകുപ്പ്, പങ്ക്. ൨. ഖണ്ഡിക.

വകു(ക്കു)ളം-ഒരു വൃക്ഷം, ഇലഞ്ഞി.

വകുളാ-കടുരോഹിണി.

വകേരുകാ-വെള്ളിപ്പക്ഷി.

വക്ക്- പു. വിളുമ്പ്. ൨. ഒരു മതെ, ചണം. ൩. പന്നികളുടെ കടുംകോപം.

വക്ക—ആനയെക്കൊണ്ടു തടി പിടിപ്പിക്കുന്നതിനുള്ള കയറോ വള്ളിയോ.

വക്കുകെട്ടുക-ചൂതുകളിയിലും മററും ഇരുഭാഗക്കാരും മുൻകൂറായി മദ്ധ്യസ്ഥനെ പണം ഏല്പിക്കുക.

വക്കത്തഴമ്പു്-വക്ക പിടിച്ചാൽ ആനയുടെ തുമ്പിക്കൈയിലും മററും ഉണ്ടാകുന്ന തഴമ്പ്.

വക്കനാരു്-ചണനാരു്.

വക്കയിടുന്നു-വക്ക കോർത്തുകെട്ടുന്നു.

വക്കൽ-തീയുടെ ജ്വാലകൊണ്ടുണ്ടാകുന്ന കരിവു്.

വക്കാണം-൧. യുദ്ധം. ൨. വഴക്കു്, വ്യവഹാരം.

'വക്കാണത്തിനു വട്ടംകൂട്ടി'
(ശീലവതി ഓട്ടൻതുള്ളൽ)

വ്യാഖ്യാനം എന്നതാണു് 'വക്കാണം' ആയതു്.

വക്കാണിക്കുന്നു-൧. യുദ്ധംചെയ്യുന്നു. ൨. വ്യവഹരിക്കുന്നു.

വക്കാർ-പണ്ടകശാല, ചരക്കുകളെ വയ്ക്കുന്ന പുര.

വക്കാലത്തു്-അധികാരപത്രം, പ്രതിനിധിയായി വ്യവഹാരം നടത്തുവാനുള്ള അധികാരം. (അറബി ഭാഷ).

വക്കീൽ-ആൾപ്പേരായിട്ടു വ്യവഹാരം പറയുന്നവൻ. (അറബിഭാഷ).

വക്കീൽമശ്ശാര-വക്കീലിനു കൊടുക്കുന്ന ശമ്പളം.

വക്കുന്നു-തീയുടെ ജ്വാലകൊണ്ടു കരിയുന്നു.

വക്തവ്യ-വി. ൧. പറയപ്പെടുവാൻ യോഗ്യമായുള്ള. ൨. നിന്ദിക്കത്തക്ക. ൩. അധീനമായുള്ള

വക്തവ്യം-൧. ചട്ടം, പ്രമാണം. ൨. വാക്കു്.

വക്താവു്-൧. പറയുന്നവൻ. ൨. വാക്സാമർത്ഥ്യമുള്ളവൻ.

വക്തൃ-വി. ൧. പറയുന്ന. ൨. വാക്സാമർത്ഥ്യമുള്ള, ബുദ്ധിയുള്ള. (ക്താ, ക്ത്രീ, ക്തൃ).

വക്ത്രചഞ്ചു-തത്ത.

വക്ത്രദൂഷണം-വലിയ വെള്ളുള്ളി.

വക്ത്രം-൧. മുഖം. ൨. ഒരു വൃത്തത്തിന്റെ പേർ.

വക്ത്രവാസം-നാരകം.

വക്ര-വി. ൧. വളഞ്ഞ. ൨. ക്രൂരതയുള്ള. ൩. ചതിവുള്ള.

വക്രഗതി-൧. വളഞ്ഞുനടപ്പു്. ൨. ഗ്രഹങ്ങൾക്കു ചില സമയത്തുണ്ടാകുന്ന വിപരീതഗമനം.

വക്രഗം-പാമ്പു്.

വക്രഗാമിനി-നദി.

വക്രഗ്രീവം-ഒട്ടകം.

വക്രത-൧. വളവു്. ൨. വളഞ്ഞഗമനം. ൩. നേരില്ലായ്മ. വക്രത > < ഋജുത.

വക്രതുണ്ഡം-കഴുവൻ.

വക്രദംഷ്ട്രം-പന്നി.

വക്രദൃഷ്ടി-വി. ൧. കോങ്കണ്ണുള്ള. ൨. അസൂയയുള്ള.

വക്രൻ-൧. ചൊവ്വാ. ൨. ഒരസുരൻ. ൩. ശനി. ൪. ശിവൻ.

വക്രനക്രാ-തത്ത.

വക്രനാസികാ-മൂങ്ങ.

വക്രപുച്ഛം, വക്രപുച്ഛിക-പട്ടി, നായ്.

വക്രഭാവം-വഞ്ചന.

വക്രം-൧. ആററിന്റെയും മററും വളവ്. ൨. തകരം. ൩. വളഞ്ഞതു്. (വക്രം > < ഋജു).

വക്രമം-തിരിഞ്ഞുപോക.

വക്രലാംഗൂലം-നായ്.

വക്രവാലധി-നായ്.

വക്രാംഗം-ഒരുവക അരയന്നം.

വക്രി-വി. ൧. വ്യാജം പറയുന്ന, വ്യാജമുള്ള. ൨. ചതിവുള്ള. ൩. വളവുള്ള. (ക്രീ, ക്രിണീ, ക്രി).

വക്രിക്കുന്നു-ക്രി. വളയുന്നു. ൨. തിരിച്ചു പോകുന്നു.

വക്രോക്തി-ഒരലങ്കാരം. ശ്ലേഷം, കാകു മുതലായവയെക്കൊണ്ടു വേറെ അർത്ഥത്തെ കല്പിക്കുന്നതു്. കവിതകളിലും മററും ഒരു വാക്കിനു മറെറാരു ഗൂഢാർത്ഥം കൂടെ വിചാരിച്ചുംകൊണ്ടു പറയുന്ന ഒരു പ്രയോഗം.

'കൈകേക്കാരാകനമ്മയിൽപക്ഷം
പീലിയാൽഫലമെന്തുമേ'

വംക്ഷണം-കടി. കൂടിച്ചേർന്നിരിക്കുന്നതെന്നർത്ഥം (കഴലപ്പാട്ടു് എന്നും പറയുന്നുണ്ടു്).

വക്ഷണം-ക്രി. മാറിടം. ൨. അഗ്നി.

വക്ഷസ്സ്-മാറിടം, മാറിടം. കൂട്ടിപ്പിടിക്കുന്നതു് എന്നർത്ഥം.

വക്ഷസ്ഥലം-മാറിടം.

വക്ഷിക്ക-കൂടുക. 'വക്ഷരോഷ സംഘാതയിത്യേകേ' എന്നു സിദ്ധാന്തകൌമുദി.

വക്ഷോജം-മുല.

വക്ഷോരുഹം-മുല.

വക്ഷ്യമാണ-വി. പറയപ്പെടുവാനിരിക്കുന്ന.

വങ്ക്-ക്രി. എലിയുടെ മാളം മുതലായതു്. എലി, പാമ്പു് മുതലായവ ഇരിക്കുന്ന ദ്വാരം. ൨. വിളയു്. ൩. ഇരിക്കുന്നതിനായിട്ടു് മരംകൊണ്ടുണ്ടാക്കിയ ഒരു സാധനം.

വങ്കട-ഒരുവക മത്സ്യം.

വങ്കാന്, വങ്കാന്-ക്രി. കാടു്. ൨. വക്കാണം. ൩. അന്ധകാരം.

വങ്കത്തരം-വങ്കന്റെ സ്വഭാവം അല്ലെങ്കിൽ പ്രവൃത്തി.

വങ്കൻ-ക്രി. മൂഢൻ ൨. ഏഭ്യൻ. ൩. തടിയൻ.

വങ്കം-ക്രി. വളവു്. ൨. ആററിന്റെ വളവു്. ൩. (മ) ഈയം. ൪. ബങ്കാള രാജ്യം. വംഗം എന്നതിന്റെ തത്ഭവം.

വങ്കർ-ബങ്കാളികൾ.

വങ്കസിന്ദൂരം-ഈയം പുടം വെച്ചുണ്ടാക്കുന്ന ഭസ്മം.

വങ്കാള-വി. ക്രി. ബംഗാൾ രാജ്യസംബന്ധമായ. ൨. വലിയ.

വങ്കി-കട്ടാരി (കട്ടാരം) എന്ന ആയുധം.

വഗാഹം-മുങ്ങൽ. (അവഗാഹം എന്നതിലെ അകാരം ലോപിച്ചുണ്ടായതു്).

വംഗജം-സിന്ദൂരം.

വംഗജീവനം-വെള്ളി.

വംഗം-ക്രി. വെളുത്തീയം. ൨. കരുത്തീയം. ൩. ഒരു ദേശം. (ബങ്കാളത്താണു്). ൪. പഞ്ഞി. ൫. കക്കാരിവഴുതിന. ൬. കരുപ്പുത്തി. ൭. കയിൽ. (വംഗം=ബംഗാൾ).

വങ്ങൽ-ക്രി. തീയുടെ ജ്വാലകൊണ്ടു കരിയുക. ൨. ചെറിയ കാട്ടുകളും മററും വെട്ടുക.

വങ്ങുന്നു-ക്രി. ചെറിയ കാട്ടുകളും മററും വെട്ടുന്നു. ൨. തീയുടെ ജ്വാലകൊണ്ടു കരിയുന്നു.

വച-ക്രി. ഒരങ്ങാടിമരുന്നു്, വയമ്പു്. ൨. പഞ്ചവർണ്ണക്കിളി.

വചനം-ക്രി. വാക്കു്. ൨. വാക്കു്. ൩. (വ്യാകരണത്തിൽ) നാം എന്തെങ്കിലും ഒരു വസ്തുവിനെക്കുറിച്ചു സംസാരിക്കുമ്പോൾ ആ വസ്തു ഒന്നോ അതിലധികമോ എന്നു കാണിപ്പാൻ അതിനെ പറയുന്ന ശബ്ദത്തിനു ചെയ്യുന്ന രൂപഭേദം. (വചനം ൨. ഏകവചനം. ബഹുവചനം.) ൪. ഗുണദോഷം.

വചനിക്കുന്നു-സംസാരിക്കുന്നു.

വചനീയ-വി. ക്രി. പറയപ്പെടേണ്ടുന്ന. ൨. കുററപ്പെടുത്തേണ്ടുന്ന.

വചനോത്ഥിത-വി. പറഞ്ഞതു കേട്ടു നടക്കുന്ന.

വചാ-നത്ത.

വചൻ-സൂൎയ്യൻ.

വചരാ-കോഴി.

വചസാംപതി-ബൃഹസ്പതി.

വചസ്സ്-വാക്ക്. (വാക്ക് എന്നതു നോക്കുക).

വചിക്കുന്നു-പറയുന്നു.

വചോഗുണഷൾക്കം—മാധുൎയ്യം, അക്ഷരവ്യക്തി, പദസ്ഫുടത, സുസ്വരം, ധൈൎയ്യം, ലഘുത.

ഇവ ൬-ം.

വചോഗുപ്തി-വാക്കുകളെ മറയ്ക്കുക.

വച്ചിതാവു-വച്ചാൽ കൊള്ളാമെന്നു ബലമായി (ഞാൻ) ആഗ്രഹിക്കുന്നു.

വച്ചിരവെകിറൻ-രാവണൻ.

വജ്ര-വി. കട്ടപ്പുള്ള, ഉറപ്പുള്ള.

വജ്രകണ്ടകം-൧. ചതുരക്കള്ളി ൨. വയൽച്ചുള്ളി.

വജ്രകന്ദം-വലിയ ചേന.

വജ്രകാലികാ-ശാക്യമുനിയുടെമാതാവു.

വജ്രകീലം-ഇടിവാൾ.

വജ്രകൂട-വജ്രപൎവ്വതം.

വജ്രകേതു-നരകാസുരൻ.

വജ്രക്ഷാരം-ഒരു മാതിരി കാരം, നവസാരം.

ചുമ, ജ്വരം, ഗുല്മം, മഹോദരം മുതലായവയ്ക്കു നന്ന്. മലത്തെ ഇളക്കും. ത-നവച്ചാരം. സം.-നരസാരം. ഇം-Ammonium chloridum, Chloride of Ammonium.

വജ്രചൎമ്മാ-വാൾമാൻ.

വജ്രജിത്ത്-ഗരുഡൻ.

വജ്രതുണ്ഡം-൧) കഴുവൻ. ൨, ചതുരക്കള്ളി.

വജ്രദന്തം-൧ പന്നി. ൨. എലി.

വജ്രദംശം-൧. പന്നി. ൨. എലി.

വജ്രദ്രു-ചതുരക്കള്ളി.

വജ്രനിഷ്പേഷം-ഇടിവെട്ടുക, വജ്രസംഘട്ടനശബ്ദം.

വജ്രൻ-ശ്രീകൃഷ്ണന്റെ പൌത്രനായ അനിരുദ്ധന്റെ പുത്രൻ.

കൃഷ്ണൻ തന്റെ മരണത്തിനു കുറച്ചു മുമ്പു വജ്രനെ യദുക്കളുടെ രാജാവാക്കി. സുഭദ്രയുടെ പുത്രനെന്നും ഉഷയുടെ പുത്രനെന്നും അഭിപ്രായങ്ങൾ കാണുന്നു.

വജ്രനാഭം-കൃഷ്ണന്റെ പ്രസിദ്ധ ചക്രം.

ഖാണ്ഡവദാഹംചെയ്യുമ്പോൾ ഇന്ദ്രനെ തോല്പിപ്പാൻ സഹായിക്കയാൽ അഗ്നി കൊടുത്തതാണു്.

വജ്രനിശ്ലേഷം— വജ്രസംഘട്ടനശബ്ദം, അശനിയുടെ ശബ്ദം. (വജ്രനിഷ്പേഷം, വജ്രനിൎഘാതം). (ഇടി എന്ന ശബ്ദം നോക്കുക).

വജ്രപാണി-ദേവേന്ദ്രൻ.

വജ്രപുഷ്പം-എള്ളിൻപൂവു്.

വജ്രപുഷ്പ-ശതകുപ്പ.

വജ്രപ്പശ-പുസ്തകം ബയിൻഡു ചെയ്യുന്നതിനും മററും ഉപയോഗിക്കാറുള്ള ഒരു തരം പശ.

വജ്രബാഹു-ശോണ്ണദേശാധിപതി. (പത്നി-സുമതി).

വജ്രം-൧. വൈരക്കല്ലു്.

വൈരക്കല്ലു് നല്ലവണ്ണം ശോധന ചെയ്തെടുക്കണം. നാലുജാതിയുണ്ടു്. ൧. വെളുത്തതു്-ബ്രാഹ്മണജാതി. ൨. ചെമന്നതു്-ക്ഷത്രിയജാതി. ൩. മഞ്ഞ-വൈശ്യജാതി. ൪. കറുത്തതു്-ശൂദ്രജാതി. വൃത്താകാരമായും അതിതേജസ്സുള്ള

താവും ഒരു രേഖയും വിന്ദുവും കൂടാത്തതാവുമുള്ള വജ്രം ഉത്തമമാണ്. ഇതു പുരുഷജാതിയാകുന്നു. സ്ത്രീജാതിയിൽ പെട്ടതിനു രേഖയും വിന്ദുവും കാണും. ആറോ മൂന്നോ കോണുകൾ ഉണ്ടായിരിക്കും. ത്രികോണമായിട്ടു മഞ്ഞൾ നിറത്തിൽ നീണ്ടുള്ളതു നപുംസകജാതി. അശുദ്ധമായ വജ്രം ഭക്ഷിക്കരുത്. ഭക്ഷിച്ചാൽ കുഷ്ഠം, പാർശ്വങ്ങളിൽ വേദന, പാണ്ഡു, പാരവികലത ഇവയുണ്ടാകും. (വൈരം എന്ന പദം കൂടി നോക്കുക). ൨. ഇന്ദ്രന്റെ ആയുധം. ഒരിക്കലും മടങ്ങാതെ ശത്രുക്കളുടെ നേരെ ചെല്ലുന്നതു എന്നർത്ഥം.

'നിത്യം തപസ്സുചെയ്തീടും ദധീചിയെ
പ്രാർത്ഥിച്ചുവാങ്ങിനോരസ്ഥികൾ കൊണ്ടുടൻ * ചേർത്തു ചമച്ചിട്ടതോരു വജ്രത്തെയും'

(ഭാഗവതം)

വജ്രായുധം ദധീചിമുനിയുടെ അസ്ഥികൾകൊണ്ടുണ്ടാക്കപ്പെട്ടതാണ്. വൃത്രാസുരനെ കൊല്ലുന്നതിനായി ദേവകൾക്കു ദധീചിമഹർഷി തന്റെ അസ്ഥിയെ കൊടുത്തു.

പേരുകൾ—

'ഹ്രാദിനീവജ്രമസ്ത്രീസ്യാൽ
കുലിശംഭിദുരംപവിഃ
ശതകോടിഃസ്വരുഃശംബോ
ദംഭോളിരശനിർദ്വയോഃ'

ആഭ്രോത്ഥം, ബഹുധാരം, ഭിദിരം, ഛിദകം, ജസ്സുനി, ഫേനവാഹി, ഷട്കോണം.

൩. എള്ളിൻപൂവ്. ൪. ജ്യോതിശ്ശാസ്ത്രത്തിൽ പറയുന്ന യോഗങ്ങളിൽ ഒന്ന്. ൫. നെല്ലിക്ക. ൬. ഇരുവേലി. ൭. കാടി. ൮. വയൽച്ചുള്ളി. ൯. വെളുത്ത ദർഭ. ൧൦. ചതുരക്കള്ളി.

വജ്രാലാഘകം—കാന്തം.

വജ്രവല്ലി—ഒരു വള്ളി, ചങ്ങലംപരണ്ട.

വജ്രവൃക്ഷം—ചതുരക്കള്ളി.

വജ്രസാരം—വി. വജ്രത്തെപ്പോലെ കടുപ്പമുള്ള, ഇടിവാൾ പോലെ ശക്തിയുള്ള.

വജ്രസൂചി—വജ്രംകൊണ്ടുണ്ടാക്കപ്പെട്ട സൂചി.

വജ്രഹാരം—വൈരക്കല്ലു പതിച്ച രത്നമാല.

വജ്രഹൃദയം—കഠിനഹൃദയം.

വജ്രാ—സ്ത്രീ. ചിററമൃത്. ൨. ചതുരക്കള്ളി.

വജ്രാകാരം — വൈരക്കല്ലെടുക്കപ്പെടുന്ന കുഴി.

വജ്രാംഗം—ഒരു പാമ്പ്.

വജ്രി—പു. ദേവേന്ദ്രൻ. വജ്രായുധം ധരിക്കയാൽ ഈ പേർ വന്നു. ൨. ഊമൻ.

വഞ്ച(ഞ്ചു)കൻ—പു. കുറുക്കൻ. ൨. ചതിയൻ (മറെറാരു പര്യായം-ധൂർത്തൻ).

വഞ്ചകൻ—പു. വളർത്തുന്ന കീരി. ൨. കുറുക്കൻ. ൩. ചതിയൻ.

വഞ്ചന—ചതിവ്.

വഞ്ചനം—ചതിവ്.

വഞ്ചി—പു. വള്ളം. ൨. ഒരു വന്യവൃക്ഷം.

അർശസ്സ്, കുഷ്ഠം, വ്രണം മുതലായവയ്ക്കു നന്ന്. സം-വേതസം. ത-വഞ്ചി.

൩. തിരുവിതാംകൂർ രാജ്യം.

വഞ്ചി എന്നതു തിരുവിതാംകൂറിനു പണ്ടേയുള്ള ഒരു പേരാണ്. വഞ്ചി ചേരരാജാക്കന്മാരുടെ പഴയ രാജധാനിയായിരുന്നു. ഇതിനെയാണ് തിരുവഞ്ചിക്കുളം (തിരു അഞ്ചെയ്ക്കളം) എന്നു പറയുന്നതു. ഇതു കൊടുങ്ങല്ലൂരിനു സമീപമാണ്.

വഞ്ചിക—ദ്രവ്യം ശേഖരിച്ചുവെക്കുന്നതിനുള്ള വലുതായ ഒരു പാത്രം (പെട്ടി).

വഞ്ചിക്ഷ്മാ-തിരുവിതാംകൂർ രാജ്യം.

വഞ്ചിത-വി. ചതിക്കപ്പെട്ട.

വഞ്ചിനാഗം-ഒരുമാതിരി പച്ചപ്പാമ്പ്.

വഞ്ചിപ്പാട്ട്-വള്ളപ്പാട്ട്.

വഞ്ചിപ്പുര-വള്ളപ്പുര.

വഞ്ചിഭൂ(മി)-൧. തിരുവിതാംകൂർ. ൨. കേരളം.

വഞ്ചിഭൂപതി-തിരുവിതാംകൂർ മഹാരാജാവ്.

വഞ്ചിവണ്ടി-ഉരുളുകൾ ചെറുതായൊ ഇല്ലാതെയൊ ഉള്ള വണ്ടി.

വഞ്ചിവിരുത്തി-വള്ളം കടത്തുന്ന വകയ്ക്കു സർക്കാരിൽ നിന്നും കരം ഒഴിഞ്ഞു കൊടുത്ത നിലം.

വഞ്ചീശൻ - തിരുവിതാംകൂർ മഹാരാജാവ്.

വഞ്ചുളദ്വാദശി - ബുധനാഴ്ചയും തിരുവോണവും ദ്വാദശിയും കൂടിവരുന്ന ദിവസം.

വഞ്ചുളം-൧. തൊട്ടകാര. (വഞ്ജുളം എന്നുമാവാം). ൨. വഞ്ചിവൃക്ഷം. ൩. അശോകവൃക്ഷം.

വഞ്ജുല-വി. വളഞ്ഞ.

വഞ്ജുളം-൧. അശോകമരം. യാചിക്കപ്പെടുന്നതു് എന്നർത്ഥം. ൨. വഞ്ചി, വഞ്ഞി. ഇളകിക്കൊണ്ടിരിക്കുന്നതു് എന്നർത്ഥം. ൩. തൊട്ടകാര. ൪. ഓരിലത്താമര.

വഞ്ഞി-നാക്കൂലപ്പുല്ല്.

വട-ഒരു പലഹാരം.

വട-വി. വടക്ക്.

വടകം-൧. ഒരു പലഹാരം, വട. എട്ടു മാഷം കൂടിയ തൂക്കം. ൨. ആറ്റുപേരാൽ.

വടകിഴക്ക്-വടക്കു കിഴക്കായ ഭാഗം.

വടക്ക്-വടക്കേ ദിക്ക്.

വടക്കണ്ണയ-വടക്കുവശം

വടക്കൻ-൧. വടക്കേ ദിക്കിലുണ്ടായവൻ. ൨. വടക്കുനിന്നു വരുന്നവൻ.

വടക്കിനി-നാലുകെട്ടുള്ള പുരയുടെ വടക്കേക്കെട്ട്.

വടക്കിനേറ്റ്-വടക്കിനി.

വടക്കുനോക്കി-എപ്പോഴും വടക്കോട്ടു തന്നെ മുന തിരിഞ്ഞുനില്ക്കുന്ന ഒരു യന്ത്രം.

വടക്കുംകൂർ-തിരുവിതാംകൂറിൽ ഏറ്റുമാനൂർ, വൈക്കം മുതലായ പ്രദേശങ്ങൾ.

വടക്കേ-വി. വടക്കുവശത്തുള്ള.

വടക്കോട്ട്-വടക്കേ ദിക്കിലോട്ട്.

വടഗിരി-മേരു.

വടതി-വി. വടക്കുനിന്നു വരുന്ന. (ഇതു കാറ്റിനോടു മാത്രം ചേരും)

വടശൃംഗം-പേരാൽ മൊട്ട്.

വടപത്രാ-കുടമുല്ല.

വടം-൧. കയറ്. ൨. പേരാൽ വൃക്ഷം. തന്റെ സ്ഥാനത്തെ വേടുകളെക്കൊണ്ടു ചുററിപ്പിടിക്കുന്നതു് എന്നർത്ഥം. ൩. ഉരുണ്ട സാധനം, ഉരുള. ൪. വട എന്ന പലഹാരം. ധാത്വർത്ഥം അനുസരിച്ചു മുറുക്ക് എന്ന പലഹാരം എന്നുമാവാം. ൫. കവടി. ൬. ഗന്ധകം.

വടമകൾ-പാർവ്വതി.

വടമർ-ഒരു ജാതിക്കാർ.

വടമല - പർവ്വതപംക്തി. North of Palghat).

വടമലനായർ-ഒരുവക താണതരം ജാതി മുനി.

വടമൂലം-പേരാൽ വൃക്ഷത്തിന്റെ ചുവട്

വടര-വി. ദുർബ്ബുദ്ധിയുള്ള.

രൻ-കള്ളൻ.

വടരം-൧. കോഴി. ൨. പായ്. ൩. തലപ്പാവ്. ൪. വാസനയുള്ള ഒരുവക പുല്ല്.

വടലി-ചീഞ്ഞ വെററില.

വടവാസികം യക്ഷികം.

വടവൃക്ഷം-പേരാൽമരം.

വടാകരം-൧. കയറ്, ചരട്. ൨. വലച്ചരട് (വടം=വേഷ്ടനം). വരാടകം എന്നതിന്റെ പാഠം.

വടശൃംഗം-പേരാൽമൊട്ട്.

വടായി-വലിപ്പം, തന്നത്താൻ സ്തുതിക്ക.

വടി-൧. അടിപ്പാനം കുത്തിനടപ്പാനം ഉപകരിക്കുന്ന സാധനം. ൨. ആററുപേരാൽ. ൩. ഇത്തിയാൽ. ൪. കയറ്. ൫. വലച്ചരട്.

വടിക-൧. ഗുളിക. ൨. ഒരുവക പലഹാരം.

വടിക്കാരൻ-വടിയുള്ളവൻ.

വടിക്കുന്നു-ഇടങ്ങഴിയിൽ നെല്ല് (അരിയോ മററോ) ഇട്ടു ഇടങ്ങഴിക്കോൽകൊണ്ടു നിരത്തുന്നു.

വടിപ്പു്-വടിക്കുക.

വടിപ്പൻ-൧. വടിവാ. ൨. വടിക്കുന്ന കോൽ. (പത്തിടങ്ങഴി അളവു്).

വടിപ്പയററു്-വടികൊണ്ടുള്ള അഭ്യാസം.

വടിയുന്നു-൧. നിറഞ്ഞു വക്കിനു സമമാകുന്നു ൨. കവിഞ്ഞൊഴുകുന്നു.

വടിവു്-൧ ഭംഗി, അഴക്. ൨. കൈയക്ഷരത്തിന്റെ തരഭേദം ൩ ആകൃതി ൪. ഉടൽ.

വടിവെട്ടു്, വടിവിനൊട്ടു്- വഴിപോലെ, ഭംഗിയായി.

വട്ട-൧. അടികൊണ്ടോ വ്രണംകൊണ്ടോ ശരീരത്തിലുണ്ടാകുന്ന പാടു്, തഴമ്പു്.

'പാരിച്ചമന്ദഗിരിതന്നുടെ പാറകൊണ്ടു
കീറിച്ചമഞ്ഞവട്ടകാണ്മതുവെണ്മതക്ക്'

(ഭാഷാഭൂഷണം)

൨. ബ്രഹ്മചാരി. ൩. ബ്രാഹ്മണകുമാരൻ.

വട്ടകത്തി-വട്ടകന്റെ സ്ത്രീ.

വട്ടകൻ-മംഗ്ഗത്തിൽ കൂട്ടുന്നവരിൽ ചിലൎക്കു പറയുന്ന ഒരു പേർ. ൨. ജോനകൻ. ൩. തെലുങ്കൻ. ൪. അടിമ, ദാസൻ. ൫. ഭോഷൻ. ൬. ചെറുക്കൻ, പയ്യൻ.

വട്ടകപ്പുളിനാരകം-കട്ടകപ്പുളിനാരകം ക്രമി, ഛർദ്ദി, വിഷൂചിക, ചുമ മുതലായവയ്ക്കു നന്ന്. സം-നിംബൂകം. ഇം-Lemons ലെമൻസ്.

വട്ടപ്പം-രണ്ടു തേങ്ങ ഒന്നായി കൂട്ടിക്കെട്ടുക.

വട്ടവൻ-വട്ടകൻ.

വട്ടു്-൧. വണ്ടിയുടെ ചുററ്. ൨. തെററാലിയുടെ ഞാണ വലിച്ചുവെക്കുന്ന സ്ഥലം. ൩. ഒരുമാതിരി വലിയ പന്തു്.

വട്ട-൧. ഒരു വൃക്ഷം. ൨. കിണ്ണം, പാത്രം ൩. വഴി.

വട്ടക-വട്ടത്തിലുള്ള ഒരുമാതിരി പാത്രം.

'കൊട്ടുണ്ണുകരങ്ങളിൽവട്ടകകളു
മോരോ(ന്ന്)'

(ഭാഗവതം)

വട്ടക്കണ്ണി-൧. വളയം. ൨. ഒരുവക മത്സ്യം ൩. ഒരു വൃക്ഷം. ൪. കണ്ണടച്ചുള്ള ഒരുവക ചുററിത്തിരിയുന്ന കളി.

വട്ടക്കയറു്-വലിക്കുന്നതിനുള്ള കയറ്, വടക്കയറ്.

വട്ടക്കറ-വട്ടവൃക്ഷത്തിന്റെ കറ.

വട്ടക്കളി-സ്ത്രീകൾ വിളക്കിനു ചുററും നിന്നു കളിക്കുന്ന ഒരുമാതിരി കളി.

വട്ടക്കാക്കക്കൊടി ഒരു ചെടി

വട്ടക്കാടൻ, വട്ടക്കാട്ടവൻ, വട്ടക്കാട്ടുനായർ, വട്ടക്കാട്ടുനായർ- An oilmaker (=കച്ചേരിനായർ). (ഗുണ്ടർട്ട്).

വട്ടക്കാരൻ-A Shroff. ശ്രാപ്പ്.

വട്ടക്കുറ-രുധിരമണ്ഡലി, പദ്മനമണ്ഡലി.

വട്ടച്ചാണായി-ഒരുമാതിരി പയർ.

വട്ടച്ചാവൽ-ഒരു പക്ഷി.

വെള്ളവട്ടച്ചാവൽ എന്നും ഭാഷകാണുന്നു. മയിലിന്റെ ചിറകുപോലെയിരിക്കുന്ന ചിറകോടും ചിത്രവർണ്ണമായ ശരീരത്തോടും കൂടിയതാണ്. സം-ജീവം ജീവകം.

വട്ടച്ചുര-കടച്ചുര

പാൽച്ചുരയുടെ ഭേദമാണ്. ശാകവർഗ്ഗത്തിൽപ്പെട്ട ഫലശാകമാകുന്നു. സം-കുംബതുംബി.

വട്ടച്ചൊറിയണം-തൊട്ടാൽ ചൊറിയുന്ന ഒരു വള്ളി.

വട്ടണിക്കുന്നു—ചുററിപ്പോകുന്നു, വട്ടത്തിൽ പോകുന്നു.

വട്ടത്തിലാവുക-കുഴപ്പത്തിലകപ്പെടുക.

വട്ടൻ-൧. പശുവിന്റെയും മററും മേൽ ഇരിക്കുന്ന ഒരു പ്രാണി. ൨. ഒരുവക നെല്ല്.

വട്ടൻകൊത്തി-വട്ടനെ കൊത്തിത്തിന്നുന്ന ഒരു പക്ഷി.

വട്ടപ്പണം-കച്ചവടക്കാർ തമ്മിൽ ലാഭം വർദ്ധിപ്പിക്കുവാനായി ചുമത്തുന്ന ഒരുതരം പ്രായശ്ചിത്തത്തുക.

വട്ടപ്പരമ്പ്-നെല്ലിടുന്ന പരമ്പ്.

വട്ടപ്പാലം-പൈതങ്ങൾ വട്ടത്തിൽ ചുററിക്കളിക്കുന്ന ഒരു കളി, കണ്ണാംപീച്ചം.

വട്ടപ്പുണ്ണ്-വട്ടത്തിലുള്ള വ്രണം, ഒരുവക കുഷ്ഠം.

വട്ടപ്പുല്ല്-ഒരുവക പുല്ല്.

മുരപ്പൻ പുല്ലിന്റെ ഗുണമുണ്ട്. നീണ്ടതിനു ഗുണം കൂടും. സം-വൃത്തഗുണ്ഡം.

വട്ടപ്പൂന്താളി-ഒരു പച്ചമരുന്ന്, അമരി, നീല.

വട്ടപ്പോർമുല-വട്ടത്തിൽ തമ്മിൽ തമ്മിൽ എതിർക്കത്തക്കവണ്ണം നെഞ്ചു നിറഞ്ഞു തിങ്ങി നില്ക്കുന്ന മുല.

വട്ടം-൧. വൃത്തം. ൨. ഭാവം. ൩. ആരംഭം. ൪. പണം പലിശയ്ക്കു കൊടുക്കുമ്പോഴും മററും ഒരു ക്ലുപ്തകാലത്തേയ്ക്കു മുൻകൂട്ടി എടുക്കുന്ന പലിശ. ൫. കോപ്പുകൾ. ൬. ഉപകരണം. ൭. കശവന്റെ ഒരുപകരണം. ൮. വാദ്യങ്ങളുടെ തോൽ പററിക്കുന്ന വളയം. ൯. ഒരു താളത്തിന്റെ സമയം. ൧൦. പൊൻവിലയ്ക്കു പറയുന്ന ഒരു പേർ. ൧൧. മല്ലാലയി എടുക്കുന്ന തുക. ൧൨. കളിക്കാനായി വട്ടത്തിൽ ഉണ്ടാക്കുന്ന ഓട്.

വട്ടം കറക്കുക-ബുദ്ധിമുട്ടിക്കുക, കഷ്ടപ്പെടുത്തുക.

വട്ടംകൂട്ടുക-ഒരുങ്ങുക, ഒരുക്കുക, തയ്യാറാക്കുക.

വട്ടംതിരിച്ചൽ-വട്ടംചുററുക.

വട്ടംതിരിയുന്നു-വട്ടത്തിൽ ചുററുന്നു.

വട്ടംവഴക്കുക-സങ്കടപ്പെടുത്തുക.

വട്ടംവഴക്കൊല്ലാ-സങ്കടപ്പെടുത്തരുതേ.

'എന്നേക്കമെൻഗർവ്വംവെച്ചു
വട്ടംവഴക്കൊല്ലാകൃഷ്ണ!'
(കുചേലവൃത്തം വഞ്ചിപ്പാട്ട്)

വട്ടംവിഴുങ്ങുക-മുഴുവനും ഒന്നാകെ കരസ്ഥമാക്കുക, വഞ്ചിച്ചെടുക്കുക.

വട്ടമുള്ളങ്കി-ശാകവർഗ്ഗത്തിൽ ചേർന്ന മൂലശാകം.

(ഇതിന്റെ കിഴങ്ങു ചേനപോലെയിരിക്കും. സം-പിണ്ഡമൂലം).

വട്ടമോതിരം-൧. മുദ്രമോതിരം. ൨. ഇരിമ്പുവളയം.

വട്ടലോഹകം-പഞ്ചലോഹം.

വട്ടവര-വട്ടത്തിലുള്ള വര.

വട്ടവാശി-നാണയങ്ങളുടെ പതിവായുള്ള വിലയിൽ ഏററക്കുറവു്.

വട്ടളം-അരിവെപ്പിനുള്ള ഒരു വലിയ പാത്രം.

വട്ടി-നാ. തഴ കൊണ്ടോ പുല്ലു കൊണ്ടോ പനയോല കൊണ്ടോ വേ കൊണ്ടോ മററും നെയ്തുണ്ടാക്കുന്ന ഒരു പാത്രം. പ. പലിശ.

വട്ടിക്കാർ-കൊച്ചിയിലെ ഒരു താണ തരം നായന്മാർ.

വട്ടിപ്പണം-പലിശക്കിട്ടിരിക്കുന്നപണം.

വട്ടിപ്പുല്ലു്-വട്ടി നെയ്യുന്നതിനുള്ള പുല്ലു്.

വട്ടിവയറു്-വലിയ വയറു്. (പു—വട്ടിയൻ. സ്ത്രീ—വട്ടിച്ചി).

വട്ടിവയറൻ-കുടവയറൻ.

വട്ടിളം-ഒരു മാതിരി വലിയ ഓട്ടുപാത്രം. വാർപ്പു്.

'ചട്ടമിതൊന്നു പകൎന്നു കണ്ടവർ
വട്ടിളമങ്ങു ചെരിച്ചുവിളമ്പി'
(ഐരാവതപൂജ ഓട്ടൻതുള്ളൽ)

വട്ടുകളി-നാ. വട്ടു (വട്ടത്തിലുള്ള ഓടു) കൊണ്ടുള്ള ഒരു മാതിരി കളി. പ. പന്തുകളി.

വട്ടുവം-വെററിലസ്സഞ്ചി (പെട്ടി).

വട്ടൂരം-അനത്തിപ്പിഴിച്ചിലിനുള്ള ഒരു മാതിരി ഇല.

വട്ടെഴുത്തു്-പഴയ കാലങ്ങളിൽ തമിഴും മലയാളവും എഴുതിവന്ന സമ്പ്രദായത്തിനുള്ള പേർ. (ഇതു മാറിയാണു കോലെഴുത്തായതു്. 'കോലെഴുത്തു്' എന്ന ശബ്ദം നോക്കുക).

പരശുരാമന്റെ കാലത്തു മലയാളഭാഷ ആദ്യം എഴുതിവന്നതു് ഇതിലായിരുന്നു. ഈ എഴുത്തു മിക്ക ക്ഷേത്രത്തിലും ഇന്നും കാണാം. തെക്കേ മലയാളം തിരുവിതാംകൂർ ഈ രാജ്യങ്ങളിലും തഞ്ചാവൂരിനു തെക്കുള്ള പ്രദേശങ്ങളിലും ആദ്യം ഉപയോഗിച്ചിരുന്ന തമിഴക്ഷരങ്ങൾ വട്ടെഴുത്തുകളായിരുന്നു. ഏകദേശം ൧൧-ാം നൂററാണ്ടോടുകൂടി വട്ടെഴുത്തിനെ തീരെ വേണ്ടെന്നു വച്ചു എന്നു പറയാം. എന്നാൽ മലയാളരാജ്യത്തു ൧൭-ാം നൂററാണ്ടിന്റെ ഒടുവുവരെ അതിനെ തന്നെ ഉപയോഗിച്ചുപോന്നു.

വട്ടോളി— പുഴായി ദേശത്തിലെ ഒരു ക്ഷേത്രം.

വഠര-വി. ദുർബുദ്ധിയുള്ള.

വഠരൻ-നാ. ദുർബുദ്ധി. പ. വൈദ്യൻ. ന. കള്ളൻ.

വഠരം ജലപാത്രം.

വഡഭി-മുഖപ്പലക. (വളഭി എന്നതു നോക്കുക).

വഡവാ-നാ. പെൺകുതിര. സാമർത്ഥ്യമുള്ളതു് എന്നർത്ഥം. പ. വ്യഭിചാരിണി. ന. ദാസി.

വഡാ-ഒരുവക പലഹാരം.

വഡിശി-ചൂണ്ടൽ.

വഡ്ര-വി. വലിയ.

വഡ്രം-വിശാലം, വിസ്താരമുള്ളതു്. മറയ്ക്കുന്നതു് എന്നർത്ഥം.

വഡ്രല-ഒരു മരുന്നു്, വലിയ ഏലത്തരി.

വഡ്വൈലാ-പേരേലം.

വണക്കം-നാ. വന്ദനം. പ. വിനയം, അടക്കം, താഴ്മ.

'വണങ്ങുന്ന ജനങ്ങളിൽ
ഇണങ്ങും ദേവതമാതും'.
മണമുള്ളമലർതന്നി-
ലണയുംവണ്ടുകൾപോലെ,

വണങ്ങുന്നു-വന്ദിക്കുന്നു.

വണിക്ക്-പു. കച്ചവടക്കാരൻ, ചെട്ടി. ഖ. തുലാം രാശി.

വണിക്പഥം-കച്ചവടത്തെരുവ്.

വണിജകൻ-കച്ചവടത്തെരുവ്.

വണിജകൻ-കച്ചവടക്കാരൻ.

വണിജം-കച്ചവടം.

വണിജ്യം, വണിജ്യ-കച്ചവടം.

വണ്ട്-പു പൂക്കളുടെ തേൻ കുടിച്ചുകൊണ്ടു പറക്കുന്ന ഒരു വക കറുത്ത ജന്തു. ഖ. വടികെട്ടുക.

(ഇഡ്ഡലിപ്പാത്രമില്ലാത്തവരും വണ്ടുകെട്ടുക പതിവാണ്. ഉക്കാലി എന്ന പലഹാരത്തിനും വണ്ടുകെട്ടുന്നതു പതിവാകുന്നു. ഒരു പാത്രത്തിൽ ജലം നിറച്ചിട്ടു തുണികൊണ്ടു വായ്ക്കെട്ടി അതിൽ അരിമാവോ മറ്റോ ഇട്ടു ആവിയിൽ വേവിച്ചെടുക്കാറുണ്ട്. ഇങ്ങിനെ തുണികൊണ്ടു വായ്ക്കെട്ടുന്നതിനു സാധാരണ വണ്ടുകെട്ടുക എന്നു പറഞ്ഞുവരുന്നു).

വണ്ട(ക)ം-അംശം, പങ്ക്, ഒന്നിനെ ഒന്നിലധികമായി ഭാഗിച്ചതിൽ ഏതെങ്കിലും ഒരു ഭാഗത്തിന്റെ പേർ. (ഈ ഭാഗങ്ങൾ തുല്യാംശകങ്ങളായിരിക്കണമെന്നില്ല. അവ്വണ്ണം ആകരുതെന്നുമില്ല.

വണ്ടത്താൻ-വണ്ട്.

വണ്ടൻ-വിവാഹം കഴിക്കാത്തവൻ.

വണ്ടൽ- അഴുക്ക്, ജലത്തിനുണ്ടാകുന്ന ചീത്തത്തം.

വണ്ടവാഴി-ഒരങ്ങാടിമരുന്ന്, ഒരുമാതിരി അരത്ത.

വണ്ടാരംകോഴി-ഒരു പക്ഷി, താമരക്കോഴി.

(മാംസം അർശസ്സ്, ഗ്രഹണി ഇത്യാദിക്ക നന്ന്. താമരയുടെ പേരെല്ലാം ഇതിനു പേരായിവരും. സം-സാരസം. ത-വണ്ടാഴ്വാൻ).

വണ്ടാർ-വി. വണ്ടിനെപ്പോലെ കറുത്ത, വണ്ടോടുകൂടിയ പോലെയുള്ള. ഉ-ം, വണ്ടാർ പൂങ്കുഴലാൾ.

വണ്ടാർകുഴൽ -വണ്ടിനെപ്പോലെ കറുത്ത തലമുടി.

വണ്ടാർകുഴലി - വണ്ടിനെപ്പോലെ കറുത്ത തലമുടിയുള്ളവൾ, സുന്ദരി.

വണ്ടി-പു. കാളയേയോ കുതിരയേയോ കെട്ടി കയറിപ്പോകുന്ന ഒരു വസ്തു. ഖ. ചാട്. സ. ചക്രം, ഉരുൾ, വട്ടം.

വണ്ടിക്കട്ടുക്കൻ-പുരുഷന്മാർ കാതിലിടുന്ന ഒരാഭരണം.

വണ്ടിക്കാരൻ-പു. വണ്ടിയടിക്കുന്നവൻ, വണ്ടി നടത്തുന്നവൻ. ഖ. മുട്ടുപുരകളിലും മറ്റും വിറക കീറുകയും പാത്രങ്ങൾ തേയ്ക്കുകയും ചെയ്യുന്ന ഒരു വേലക്കാരൻ.

വണ്ടിക്കാൽ-ഒരു വക അളവുകോൽ.

വണ്ടിണ്ട-വണ്ടിനം, വണ്ടിൻകൂട്ടം.

വണ്ടിനം-വണ്ടിൻകൂട്ടം.

വണ്ടിത്താര, വണ്ടിച്ചാല്-വണ്ടിച്ചക്രത്തിന്റെ പാട്.

വണ്ടിപ്പേട്ട - വണ്ടികൾ വാടകയ്ക്കും മറ്റും കൊടുക്കുന്ന സ്ഥലം.

വണ്ടിപ്രവൃത്തി-വണ്ടിക്കാരന്റെ വേല

വണ്ടുകെട്ടുന്നു-പാത്രങ്ങളുടെ വൃത്താകാരമായ വക്കിൽ തുണികെട്ടുന്നു.

വണ്ടോട്-വണ്ടിന്റെ പുറത്തെ ഓട്.

വണ്ണ-പു. മുഴങ്കാലിന്റെ പിൻഭാഗം. ഖ. പുതുതായി പ്രസവിച്ച സ്ത്രീ.

വണ്ണക്കാരൻ-വണ്ണമുള്ളവൻ, തടിയൻ.

വണ്ണത്താൻ-വെളുത്തേടൻ, അലക്കുകാരൻ.

വണ്ണൻ-ഒരു മങ്കിരി വാഴ.

വണ്ണം-അ. പ്രകാരം. (ചില വാക്കുകളുടെ ഒടുവിൽ വരുമ്പോഴാണ് ഈ അർത്ഥം സിദ്ധിക്കുന്നത്. ഉ-ം, പറഞ്ഞവണ്ണം, പറഞ്ഞതിൻവണ്ണം).

വണ്ണംകെട്ടിപ്പ്, പുഷ്ടി.

വണ്ണാച്ചൻ-ചെറിയ ചിലന്തി.

വണ്ണാത്തി-ഒരു പക്ഷി.

വണ്ണാൻ-പു. താണജാതിക്കാരുടെ മുണ്ട ലക്കുന്ന ഒരു ജാതിക്കാരൻ. (സ്ത്രീ.-വണ്ണാത്തി) ൨. ചെറിയ ചിലന്തി.

വണ്ണിക്കുന്നു-തടിക്കുന്നു.

വതങ്ങുന്നു-വാടുന്നു

വതണ്ഡാ-പഞ്ചവർണ്ണക്കിളി.

വതംസം-പു. തലയിലെ ആഭരണം ൨. ചെവിയിലെ ആഭരണം, കുണ്ഡലം.

(ഭാഗുരിയുടെ അല്ലോപം വരുത്തി ഉണ്ടായതാണ് ഈ ശബ്ദം. അവതംസം എന്നതു പ്രധാനം).

വൽ-അ. ചില വാക്കുകളുടെ ഒടുക്കം വരുമ്പോൾ 'പോലെ' എന്നുള്ള അർത്ഥം വരും.

വത്ത-ബത്ത, പടിവ്, ഇളവ്, ബാററ.

വത്സകം-പു. പശുക്കിടാവ്. ൨. പൈതൽ. ൩. കടകപ്പാല. ൪. കാള.

വത്സതരം -മുലകുടിമാറിയ പശുക്കിടാവ്, കുടിവററിയ കാളക്കുട്ടി.

വത്സതരീ-പശുക്കിടാവ്.

വത്സൻ-പു. കുഞ്ഞ്, ആൺപൈതൽ, ഒരു വയസ്സു ചെന്നവൻ, ബാലൻ. ൨. പശുക്കിടാവ്.

വത്സനാഭം, വത്സനാഭി -വിഷമുള്ള ഒരു മരുന്ന്.

(കഫം, വാതം, കണ്ഠരോഗം ഇവയ്ക്കു നന്ന്. ഇതു ഭക്ഷിച്ചുണ്ടാകുന്ന വികാരത്തിൽ മുളകുവെള്ളം കുടിയ്ക്കുക. ത്രിഫലക്കഷായവും നന്നതന്നെ. Aconite എകൊനൈററ്).

വത്സപാലൻ-പു. കൃഷ്ണൻ. ൨. ബലരാമൻ.

വത്സം-പു. നെഞ്ച്, മാറിടം. ഉരപ്പുള്ളത് എന്നർത്ഥം. ൨. സംവത്സരം. ൩. കിടാവ്, കന്നുകാലിയുടെ കുട്ടി, മുലകുടിക്കുന്ന കാളക്കുട്ടി.

വത്സരൻ-പു. വിഷ്ണു. ൨. ധ്രുവനു ഭ്രമി എന്ന ഭാര്യയിൽ ജനിച്ചവൻ.

വത്സരം-മുന്നൂററഅറുപത്തഞ്ചു ദിവസം കൂടിയത്, സംവത്സരം. നിമേഷാദി കാലങ്ങൾക്കു ഇരിപ്പിടം എന്നർത്ഥം.

വത്സരാജാവ്-ഉദയനൻ.

വത്സല-വി. സ്നേഹമുള്ള.

വത്സലത-വാത്സല്യം.

വത്സലത്വം-പ്രിയത്വം (ആദരവ്).

വത്സലൻ-വത്സ+ല. വത്സ=കുട്ടി. ല് എന്നതു 'അതുണ്ട്' എന്ന അർത്ഥത്തിൽ വരുന്ന ഒരു തദ്ധിതപ്രത്യയം. ൨. സ്നേഹമുള്ളവൻ.

വത്സലം-വാത്സല്യരസം.

വത്സാദനം-ചെന്നായ്.

വത്സാദനി-പു. ചിററമൃത്. കുട്ടികൾ ഔഷധമായി ഭക്ഷിക്കുന്നത് എന്നർത്ഥം ൨. പാതാളഗരുഡക്കൊടി. ൩. അത്തിത്തിപ്പലി.

വദ-വി. പറയുന്ന.

വദൽ-വി. പറയുന്ന. (ൻ, ന്തി, ൽ).

വദനം-പു മുഖം, വായ്, ൨. മുക്കോണിന്റെ മുകളിലെ മൂല.

വദന്യ, വദാന്യ- വി. പു. വാക്കിനു സാമർത്ഥ്യമുള്ള. ൨. കൊടുക്കുന്ന

വദാന്യൻ-പു. നല്ല ഭംഗിയായി സംസാരിക്കുന്നവൻ. ൨. ദാനശീലൻ.

വദാമ-ഒരുവക വൃക്ഷം.

ഇതു അധികമായും കാബൂൾ മുതലായ ദേശങ്ങളിൽ ഉണ്ടാകുന്നു. സം-വാ

താമം. ത-വാതുമമെ ഇം-Sweet almond, Bitter almond.

വദാലം-ചുഴി.

വദാവദ-വി. നല്ലവണ്ണം പറയുന്ന.

വദിക്കുന്നു-പ്ര. പറയുന്നു. വ. വാഴ്ത്തുന്നു. (കാ. ക്രി.—വദിപ്പിക്കുന്നു).

വദ്ധ്റം-വെളുത്തീയം

വധം-കൊല്ലുക, കൊല.

വധകൻ-കൊലചെയ്യുന്നവൻ.

വധസ്ഥലി-കൊല്ലുന്നതിനുള്ള സ്ഥലം, കൊലനിലം.

വധാർഹ-വി. കൊല്ലേണ്ടുന്ന.

വധിക്കുന്നു-കൊല്ലുന്നു. (കാ. ക്രി. വധിപ്പിക്കുന്നു).

വധൂ-പ്ര. ഭാര്യ. വ. പുത്രന്റെ ഭാര്യ. കൊണ്ടുവരപ്പെടുന്നവൾ എന്നർത്ഥം. ന. സ്ത്രീ. ഭർത്താവിനാൽ വഹിക്കപ്പെടുന്നവൾ എന്നർത്ഥം. ര. ജോനകപ്പുല്ല്. പരിമളത്തെ വഹിക്കുന്നതു് എന്നർത്ഥം. ൫. ചെറുകച്ചോലം. ൬. നറുനീണ്ടി (വെളുത്തതു്). ൭. വിവാഹംചെയ്യുന്ന കന്യക.

(വധുവിൽ ൬ ഗുണം ഉണ്ടായിരിക്കണം—കാംക്ഷ, രൂപം, അനുരാഗം, ബഹുമാനം, സ്നേഹം, ലജ്ജ ഇവയാകുന്നു).

വധൂജനം-സ്ത്രീ, സ്ത്രീജനം.

വധൂടി-പ്ര. സ്ത്രീ. വ. യുവതി. ന. പുത്രന്റെ ഭാര്യ.

വധൂവരന്മാർ-ഭാര്യയും ഭർത്താവും, ദമ്പതിമാർ.

വധൂസര-ഒരു നദി (തീർത്ഥം).

ഭൃഗുമുനിയുടെ പത്നിയായ പുലോമയെ പുലോമൻ എന്ന ഒരു രാക്ഷസൻ സൂകരവേഷം ധരിച്ചു് എടുത്തുകൊണ്ടു പോയപ്പോൾ ഗർഭിണിയായ അവൾ പെററ പുത്രൻ ആ രാക്ഷസനെ ഭസ്മീകരിച്ചു. പുലോമ കുഞ്ഞുംകൊണ്ടു ആശ്രമത്തിൽ ചെന്നു. അവളുടെ കണ്ണീർ വീണുണ്ടായതാണു് ഈ തീർത്ഥം.

'അശ്രുക്കൾവീണുവധൂസരയെന്നു നദി വിശ്രുതമായതീർത്ഥമുണ്ടായിതു കാലം'

(ഭാരതം-പൌലോമം)

വധോദ്യമം-കൊല്ലുവാനുള്ള ഉത്സാഹം.

വധ്യ-വി. കൊല്ലേണ്ടുന്ന, വധിക്കത്തക്ക.

വനകരി-കാട്ടാന.

വനകദളി-മരവാഴ.

വനചന്ദനം-പ്ര. അകിൽ. വ. ദേവതാരം.

വനചന്ദ്രികാ-വള്ളിമുല്ല.

വനചരൻ-കാട്ടാളൻ.

വനചരം-പ്ര. കാട്ടാന. വ. കരടി.

വനചാരി-വി. കാട്ടിൽ കിടക്കുന്ന, കാട്ടിൽ പാർക്കുന്ന (രീ, രിണി, രി).

വനച്ഛാഗം-പന്നി.

വനജ-വി. പ്ര. കാട്ടിലുണ്ടായ. വ. ജലത്തിലുണ്ടായ.

വനജം-പ്ര. താമര. വ. മുത്തങ്ങ. ന. ആന. ര. കാട്ടുമാതളനാരകം. ൫. വെളുത്ത ചേന. ൬. തുമ്പുണി.

വനജ്യോത്സ്നി-പ്ര. കാട്ടിലെ നിലാവുള്ള രാത്രി. വ. നവമാലിക.

വനത-വനതപം.

വനതിക്തിക, വനതിക്താ-പാട.

വനദീപം-ഒരു പൂവ്, രാജചമ്പകം.

വനദേവത-കാട്ടിലെ ദൈവം.

വനദ്വിപം-കാട്ടാന.

വനന്തപം-നായ്.

വനപല്ലവം-മുരിങ്ങ.

വനപ്രമാണം, വനപ്രായം, വനവൽ-അ. വനംപോലെ.

**വനപ്രിയം**-നാ. കുയിൽ. ൨. താന്നി. ൩. ഏലവങ്ങം. ൪. കടമാൻ.

**വനപ്രിയാ**-കുയില്പേട.

**വനഉക്ഷ്**-നാ. കാള. ൨. ഇടവകം.

**വനം**-നാ. കാട്. ജനങ്ങളാൽ ആശ്രയിക്കപ്പെടുന്നത് എന്നർത്ഥം.

(കാമ്യവനം, അദിതിവനം, വ്യാസവനം, ഫലകീവനം, സൂര്യവനം, മധുവനം, ശീതവനം ഇങ്ങിനെ വനങ്ങൾ ഏഴ്.)

കൃഷ്ണന് പ്രിയമുള്ള 12 വനങ്ങൾ— ഭദ്രവനം, ശ്രീവനം, ലോഹവനം, ഭാണ്ഡീരവനം, മഹാവനം, താലവനം, ഖദിരവനം, ബകുളവനം, കുമുദവനം, കാമ്യവനം, മധുവനം, വൃന്ദാവനം.
൨. വെള്ളം. യാചിക്കപ്പെടുന്നത് എന്നർത്ഥം. ൩. കൂട്ടം. ൪. വാസസ്ഥലം. ൫. ഉറവ്, അരുവി ൬. തടി, വിറക്. ൭. മരപ്പാത്രം.

**വനമക്ഷിക**-കാട്ടീച്ച.

**വനമല്ലിക**-നാ. ഒരു വള്ളി, കാട്ടുമുല്ല. ൨. തൂശിമുല്ല.

**വനമാല, വന്യമാല**-വിഷ്ണുവിന്റെ ഒരു മാല.

എല്ലാ ഋതുക്കളിലുമുള്ള പൂക്കളെക്കൊണ്ടു കോർത്തതും, നടുവിൽ വലിയ കടമ്പുമരത്തിന്റെ പൂവു കോർത്തതും, കാലുകളുടെ മുട്ടുകൾവരെ നീണ്ടുകിടക്കുന്നതുമായ മാലയാണ് വനമാല എന്നു പറയപ്പെടുന്നത്.

'ആജാനലംബിനീമാലാ
സർവ്വർത്തുകുസുമോജ്ജ്വലാ
മദ്ധ്യസ്ഥൂലകദംബാഢ്യാ
വനമാലേതികീർത്തിതാ'

(ഭാഗവതം)

'കിരീടഹാരാംഗദവന്യമാലം'

(ശ്രീകൃഷ്ണചരിതം)

'തുളസീകുന്ദമന്ദാര
പാരിജാതസരോരുഹൈഃ
ഏതൈരചിതാമാലാ
വനമാലാഭിധീയതേ'

**വനമാലി**-നാ. വിഷ്ണു. കാട്ടുപൂക്കളെ മാലയാക്കി ധരിച്ചവൻ എന്നർത്ഥം. പാദപത്മത്തിലോളം നീണ്ടുകിടക്കുന്ന വനമാലയെ ധരിച്ചവൻ എന്നുമുണ്ട്. 'ആപാദപത്മം യാ മാലാ വനമാലേതി സാ സ്മൃതാ' എന്നു കലിംഗൻ. ൨. പന്നിക്കിഴങ്ങ്.

**വനമാലിക**-പന്നിക്കിഴങ്ങ്.

**വനമാലിനീ**-ദ്വാരക.

**വനമുദ്ഗം**-കാട്ടുപയർ, മകുട്ടപ്പയറ്, അല്പം വെളുത്ത ചെറുപയറ്.

**വനമൂതം**-മേഘം.

**വനമോചാ**-മലവാഴ.

**വനരാജൻ**-സിംഹം.

**വനരുഹം**-താമര.

**വനലക്ഷ്മീ**-വാഴ.

**വനവാസം**-കാട്ടിലെ പാർപ്പ്.

**വനവാസി**-വി. കാട്ടിൽ പാർക്കുന്ന. (സി, സിനീ, സി).

**വനവാസി**-നാ. മഹർഷി. ൨. കാട്ടാളൻ. ൩. കാവതിക്കാക്ക. ൪. മുഷ്കകവൃക്ഷം. ൫. പന്നിക്കിഴങ്ങ് ൬. ശാന്മലികന്ദം. ൭. ഇടവകം ൮. എരുമക്കിഴങ്ങ്.

**വനശൃംഗാടം**-ഞെരിഞ്ഞിൽ. വനത്തിൽ ശൃംഗാടംപോലെ സഞ്ചരിക്കുന്നത് എന്നർത്ഥം.

**വനശ്വാവ്**-നാ. വെരുക്. ൨. കുറുക്കൻ ൩. കടുവാ.

**വനസഖൻ**-കുയിൽ.

**വനസമൂഹം**-കാടുകളുടെ കൂട്ടം.

**വനസ്ഥ**-വി. കാട്ടിൽ പാർക്കുന്ന.

വനസ്ഥൻ-കാട്ടിൽ പാൎക്കുന്നവൻ, വാനപ്രസ്ഥൻ.

വനസ്ഥലീ-കാട്ടുപ്രദേശം.

വനസ്പതി-പു. പുഷ്പമില്ലാതെ കായ്ക്കുന്ന മരം. കാട്ടിലെ പ്രധാനി എന്നു ശബ്ദാൎത്ഥം. (ഇതു വൃക്ഷസാമാന്യപൎയ്യായവുമാകുന്നു). ഉ. പേരാല്. ന. ചിററാല്.

വനഹുതാശനൻ-കാട്ടുതീ.

വനഹ്രദിനീ-കാട്ടാറ്. (ഇതു് അല്പജലമുള്ളതായിരിക്കും).

വനാഖു-മുയൽ.

വനാന്തം-പു. വനത്തിൻെറ അതിര്. ഉ. വനപ്രദേശം.

വനാന്തരം-വനത്തിൻെറ അന്തരം, മറെറാരുവനം.

വനായു-പു. ഒരു ദേശം. (കുതിരയ്ക്കു പ്രസിദ്ധിയുള്ളതാണ്). ഉ. മാൻ. (വാനായു എന്നതിൻെറ പാഠം. 'വാനായു' എന്നുമുണ്ട്).

വനായുജം- വനായുദേശത്തിൽ ഉത്ഭവിച്ചു കുതിര.

വനി-വി. വനത്തിൽ അധിവസിക്കുന്ന.

വനി-പു. വൃക്ഷം. ഉ. കൊടുവേലി. ന. അഗ്നി. ര. വാനപ്രസ്ഥനായ ബ്രാഹ്മണൻ. ഇ. യാചനം. ന്ന. അനുഗ്രഹം.

വനികാ-പു. വനം, ഉ. ഉപവനം, ന. തോപ്പ്.

വനിത-വി. പു. ചോദിക്കപ്പെട്ട ഉ. യാചിക്കപ്പെട്ട.

വനിതാ-പു. സ്ത്രീ. പുരുഷനെ വഴിയായും കാംക്ഷിച്ചു നില്ക്കുന്നവൾ എന്നൎത്ഥം. ഉ. അധികം അനുരാഗത്തോടുകൂടിയ സ്ത്രീ.

വനീ-പു. കാട്, ഉ. വൃക്ഷക്കൂട്ടം.

വനീകൻ-യാചകൻ.

വനീപകൻ, വനീയകൻ- ഇരക്കുന്നവൻ, യാചകൻ. വനിയെ പാലിക്കുന്നവൻ—കാട്ടിൽ തെണ്ടിനടക്കുന്നവൻ എന്നൎത്ഥം.

വനേചര-വി. കാട്ടിൽ സഞ്ചരിക്കുന്ന.

വനേചരൻ-കാട്ടാളൻ, വേടൻ.

വനോത്ഭവ-വി. കാട്ടിലുണ്ടായ.

വനോത്ഭവ-പു. കാട്ടുപരുത്തി, കാട്ടുപരുത്തി. ഉ. കാറവാഴ. ന. കാട്ടുമാതളനാരകം. ര. കാട്ടുപയറ്.

വനൌകസ്സ്-പു. കരടി; വാനരൻ. വനം ഗൃഹമായിട്ടുള്ളവൻ എന്നൎത്ഥം. ഉ. വനത്തിൽ താമസക്കാരൻ.

വന്തി-കൊടുത്ത മുതൽ കിട്ടാഞ്ഞാൽ അതിനു പകരം മറെറാന്നു കൈക്കലാക്കുക.

വന്ദ-ഒരപ്സരസ്ത്രീ.

സംഭവപൎവ്വം സുഭദ്രാഹരണത്തിൽ ഈ പേർ കാണുന്നു. മൂലത്തിൽ 'വൎഗ്ഗ' എന്നാണു കാണുന്നതു്. ഇവരും നക്രമായതു ഒരു ബ്രാഹ്മണശാപംകൊണ്ടാണ്.

വന്ദക-ചെറുതേക്ക്. വൈദ്യന്മാരാൽ വന്ദിക്കപ്പെടുന്നതു് എന്നൎത്ഥം.

വന്ദനം-നമസ്കാരം, നമസ്കരിക്ക, തൊഴുക.

വന്ദനാ-നമസ്കാരം, വണക്കം.

വന്ദനമാല - അലങ്കരിച്ചിട്ടുള്ള വളച്ചുവാതിൽ.

വന്ദനീയ-വി. വന്ദിക്കപ്പെടേണ്ടുന്ന.

വന്ദനീയ-മഞ്ഞക്കയ്യുണ്ണി

വന്ദനീയാ-ഗോരോചനം.

വന്ദാ, വന്ദാക-ഇത്തിക്കണ്ണി.

വന്ദാരു-പു. ആശ്രയിക്കുന്നവൻ, വന്ദനശീലൻ. ഉ. വന്ദി, സ്തുതിപാടുന്ന ഒരു ജാതിക്കാരൻ.

**വന്ദി**-൧. രാജാക്കന്മാരുടെ സ്തുതികളെ പാടുന്നവൻ. ൨, സ്തുതിക്കുന്നവൻ. ൩. അടിമയാക്കപ്പെട്ട ആളോ മൃഗമോ.

**വന്ദി**-൧. വന്ദിശാല ൨. ചോരാദികളെ ആകർഷിക്കുക. ൩. ബന്ധനം. ൪. പിടിച്ചുകെട്ടിക്കൊണ്ടു വന്നിടുക.

**വന്ദിക്കുന്നു**-൧. നമസ്കരിക്കുന്നു, തൊഴുന്നു. ൨. പൂജിക്കുന്നു.

**വന്ദിത**-വി. വന്ദിക്കപ്പെട്ട.

**വന്ദ്യ**-വി. വന്ദിക്കപ്പെടേണ്ടുന്ന.

**വന്ദ്യാ**-൧. ഇത്തി(ം)ക്കണ്ണി. ൨. ഗോരോചന.

**വന്ധകീ**-വേശ്യാസ്ത്രീ.

**വന്ധ്യ**-വി. ൧. കായ്ക്കാത്ത. ൨. ഫലമില്ലാത്ത, സാദ്ധ്യമില്ലാത്ത.

**വന്ധ്യം**-ഒരിക്കലും കായ്ക്കാത്ത മരം. (ബന്ധ്യം എന്നുമാവാം). ഫലത്തെ പുറത്തു വിടാതെ ബന്ധിച്ചുനിറുത്തുന്നതു് എന്നർത്ഥം.

**വന്ധ്യാ**-൧. മച്ചി, പ്രസവിക്കാത്ത സ്ത്രീ, മലടി.

മലടി മൂന്നുവിധം-൧. കാകവന്ധ്യ= ഒന്നു പ്രസവിച്ചു പിന്നീടു പ്രസവിക്കാതിരിക്ക ൨. മൃതവന്ധ്യ=ജനിക്കുന്ന കുട്ടികളെല്ലാം മരിച്ചുപോവുക ൩. ജന്മവന്ധ്യ=ജനനം മുതൽ മലടിയായിരിക്ക.

൨. കാട്ടുപാവൽ.

**വൻപു**-പ്രതാപം.

**വന്യ**-വി. കാട്ടിലുണ്ടാകുന്ന.

**വന്യഭോജനം**-കായ്കറികൾ കൊണ്ടുള്ള ഭോജനം (ഭക്ഷണം).

**വന്യഭോജ്യം**-കായ്കനി.

**വന്യം**-൧. ഏലവങ്ങം, ൨. വലിയ വേഴൽ. ൩. കിരാതചന്ദനം. ൪. വെളുത്ത ചേന. ൫. കുഴിമുത്തങ്ങ. ൬. പന്നിക്കിഴങ്ങ്.

**വന്യാ**-൧. മുത്തങ്ങ. ൨. ചെമന്ന കന്നി. ൩. നറുമഞ്ഞൾ. ൪. കാട്ടുക്കൂട്ടം. ൫. ജലക്കൂട്ടം.

**വന്യാശന**-വി. കായ്കനികളെ ഭക്ഷിക്കുന്ന.

**വൻ**-വി. ചില ശബ്ദങ്ങളുടെ ആരംഭത്തിൽ ചേരുമ്പോൾ 'വലിയ' എന്ന അർത്ഥം ഉണ്ടാകും, 'ബലമുള്ള' എന്ന അർത്ഥവും ചിലപ്പോൾ സിദ്ധിക്കും. (ഉ-ം വൻകള്ളൻ).

**വൻകുറുഞ്ഞി**-വാടാക്കുറുഞ്ഞി.

മുള്ളുള്ള വലിയ കാട്ടുചെമന്തി എന്നും അഭിപ്രായം കാണുന്നു. സം-രാജതരണീ. ത-വാടാക്കുറുഞ്ചി. പൂ മഞ്ഞനിറമാണു്.

**വൻകൊന്ന**-ഒരു വൃക്ഷം.

ചെറി, കുഷ്ഠം, ശൂലം മുതലായവയ്ക്കു നന്നു്. സം-ആരഗ്വധം. ത-കൊന്റൈ. ഇം- Pudding pipe tree, Purging cassia, Cassia pulp.

**വൻകോട്ട**-വാൽചട്ട, വാൽവട്ട, ചിരവപ്പല്ലു്.

വീക്കം, ചുട്ടുനീറൽ മുതലായവയ്ക്കു നന്നു്. മുലപ്പാലിനെ വർദ്ധിപ്പിക്കും. ശംകവർഗ്ഗത്തിൽ ചേർന്ന കന്ദശാകമാണു്. ഇതു ജലത്തിനുമീതെ പായൽപോലെ പടർന്നുണ്ടാകുന്ന ഒരു സാധനത്തിന്റെ കിഴങ്ങാകുന്നു. സം-ശൃംഗാടകം. ഇം- Water caltrop വാട്ടർ കാൽട്രാപ്.

**വൻതല**-൧. വലിയതല. ൨. ചുറ്റുവിൻതല.

**വൻതിരിച്ചൽ**-കുഞ്ഞുങ്ങളുടെ ഒരുവക കളി.

**വൻതീ, വന്തീ**-൧. വലിയ തീ. ൨. കാട്ടുതീ.

വന്തി-തടവ്. Imprisonment.

വന്തൂക്ക്-തീത്തോക്ക്, ചക്കുമുക്കിത്തോക്ക്. A firelock.

വന്തേൻ-കാട്ടുതേൻ.

വന്നല-ഉററിക്കളഞ്ഞ ധാന്യം.

വന്നി-ഒരു വൃക്ഷം. ഇതു മുള്ളുമരമാണ്.

ഇല ചെറുതായിരിക്കും. കായ് നീണ്ടതായിരിക്കും. സം-ശമി. ഇം—Spung tree സ്പംഗ് ട്രി. അതിസാരം, ചുമ, കുഷ്ഠം, അർശസ്സ് മുതലായവയ്ക്കു നന്ന്.

വന്നിയർ - ഒരു ജാതിക്കാർ. (തമിഴരാണ്).

വൻപ്-വലിപ്പം, ഉദാരം, പ്രയാസം.

വൻപത്തം-വലിപ്പം.

വൻപൻ-൧. വലിയവൻ. ൨. ബലമുള്ളവൻ. ൩. ധനവാൻ. ൪. ബുദ്ധിയും വിദ്യയുമുള്ളവൻ.

വൻപിക്കുന്നു-വൻപനാകുന്നു.

വൻപുററ-വലിപ്പമുള്ള, പ്രയാസമുള്ള.

വൻപൂപ്പ്-വേട്ടയിൽ കിട്ടിയ പ്രധാനഭാഗം. ഉ-ം, വൻപൂപ്പിനു കത്തിവച്ചു.

വമ്പേ-അ. ആശ്ചര്യമോ അസൂയയോ തോന്നുമ്പോൾ പറയുന്ന ഒരു ശബ്ദം.

വമ്മിരിയം-പുള്ളിപ്പുലിയൻ (നായാട്ടുപേർ).

വന്മീകം-ചിതൽപ്പുററ്.

വന്മീകം എന്ന ക്ഷുദ്രരോഗം കഴുത്തിന്റെ പുറത്തും മററും പുററുപോലെ മുഴയുണ്ടാകുന്നതാകുന്നു. ഇതു അനേകം മുഖത്തോടും വേദനയോടും മററും അഗ്രം ഉയർന്നു വ്യാപിക്കും. ദിവസം അധികം കഴിഞ്ഞാൽ ഇതിനു ചികിത്സയില്ല.

വപ-൧. മാംസത്തിന്നകത്തുള്ള മെനെ, ശുദ്ധമായ മാംസസ്നേഹം (നെയ്).

ശരീരത്തിനുള്ളിൽ പൊക്കിളിന്റെ സമീപത്തു കീഴായി ഉദ്ദേശം ഒരു മുഴം നീളത്തിൽ കോണകത്തോളം വീതിയിൽ ഉള്ള മെനമാലയാണു 'വപ'. എല്ലാം ജന്തുക്കളുടേയും ഹൃദയത്തിലും അസ്ഥികളുടെ പുറമേയുമിരിക്കുന്ന ഒരു സ്നേഹവിശേഷമാണു 'മേദസ്സ്'. ശുദ്ധമാംസം വെച്ചുററിയെടുക്കുന്ന സ്നേഹമാകുന്നു 'വസ'.

൨. പോത്ത്, പൊത്ത്, രന്ധ്രം (ഓട്ട). പുല്ലു മുതലായതു മുളയ്ക്കുന്ന സ്ഥലം എന്നർത്ഥം.

വപനം-൧. വിത. ൨. ക്ഷൌരം. ൩. ശുക്ലം, രേതസ്സ്.

വപൻ-൧. ചിരയ്ക്കുന്നവൻ. ൨. വിതയ്ക്കുന്നവൻ. ൩. നെയ്യുന്നവൻ.

വപുനം-ദൈവം.

വപുഷാ-അടക്കാവണിയൻ.

വപുഷ്മാൻ-ഒരു വിശ്വദേവൻ.

സൂര്യവംശരാജാവായ മരുത്തനെ വധിക്കയാൽ മരുത്തന്റെ മകനായ ദമൻ വപുഷ്മാനെ നിഗ്രഹിച്ച് ആ രക്തം കൊണ്ട് ബലി കഴിക്കയും മാംസം രാക്ഷസ സന്തതികളായ ചില ബ്രാഹ്മണരെ ഭക്ഷിപ്പിക്കയും ചെയ്തു.

വപുസ്സ്-ശരീരം. പൂർവ്വപുരുഷനാൽ കൃഷിചെയ്യപ്പെട്ടതു് എന്നർത്ഥം.

വപുസ്സ്-വി. ഭംഗിയുള്ള.

വപ്താവ്-വിതയ്ക്കുന്ന ആൾ, കൃഷകൻ.

വപ്പി-പല്ലില്ലാത്തവൻ, പല്ലുപോയവൻ.

വപ്പ്-൧. താഴത്തെ ചൊടി. ൨. ഉലക്കയുടെ ഇരിമ്പുപൂണ്. ൩. ഇറച്ചി കുത്തിയെടുക്കുന്ന മുള്ള്.

വപ്പുകടി-മുകളിലത്തെ പല്ലുകൊണ്ടു താഴത്തെ ചൊടിയിൽ കടിയ്ക്കു.

വപ്പുരവർ—ഒരുതരം കപ്പലോട്ടക്കാർ.

വപ്രകം—ചക്രത്തിന്റെ ചുററളവ്.

വപ്രക്രീഡ—മൃഗങ്ങൾ തമ്മിൽ ഇടിക്കയും മററും.

വപ്രൻ—പു. അച്ഛൻ. ൨. പ്രജാപതി.

വപ്രം—പു. കൃഷിസ്ഥലം. ഇവിടെ വിത്തു വിതയ്ക്കുന്നതിനാൽ ഈ പേർ വന്നു വയൽ. ൨. മൺകൂട്ട. ൩. മതിലിന്റെ അടിയിൽ ഉറപ്പിന്നായി കെട്ടിയുണ്ടാക്കുന്ന ചാരുമതിൽ. ൪. കോട്ടയുടെ പുറത്തു കിടങ്ങു കീറുന്ന സമയം ആ കല്ലും മണ്ണും കൂട്ടി കൂട്ടി ഉയരത്തിയുണ്ടാക്കുന്ന മൺതിണ്ണ. ൫. തീരം, ആററിൻതീരം. ൬. ഗോപുരവാതിൽ. ൭. മൺകുന്ന്. ൮. അടിസ്ഥാനം. ൯. കാരീയം. രസവാദപ്രകാരം സ്വർണ്ണമായിത്തീരുന്നതു് എന്നർത്ഥം.

വപ്രി—പു. കടൽ. ൨. വയൽ. ൩. ദുർഗ്ഗതി.

വമഥു—പു. ഛർദ്ദി. ൨. ആനത്തുമ്പിക്കൈയിൽ നിന്നു വരുന്ന വെള്ളത്തുള്ളി.

വമ(ന)ം—ഛർദ്ദി.

വമനം—പു. ഛർദ്ദി. ൨. ചണ.

വമി—ഛർദ്ദി.

വമിക്കുന്നു—പു. ഛർദ്ദിക്കുന്നു. ൨. വർഷിക്കുന്നു.

വമിത—വി. ഛർദ്ദിച്ച.

വംശകം, വംശികം—അകിൽ. മുളപോലെയുള്ളതു് എന്നർത്ഥം.

വംശക്കാരൻ—വംശത്തിലുള്ളവൻ. (സ്ത്രീ—വംശക്കാരി, വംശക്കാരത്തി).

വംശക്രമം—കുടുംബവഴി.

വംശപത്രിതൃണം—ഒരുവക പുല്ല്.

പശുക്കൾക്കു പാലിനെ പെരുപ്പിക്കും. സം—വംശപത്രീ.

വംശപരമ്പര—വംശത്തിനുള്ള തലമുറ.

വംശപാരമ്പര്യം—ക്രമേണയുള്ള കുലസംബന്ധവഴി.

വംശം—പു. കുലം. മററ പര്യായങ്ങൾ—സന്തതി, ഗോത്രം, ജനനം, കുലം, അഭിജനം, അന്വയം, അന്വവായം, സന്താനം. ൨. കൂട്ടം. ൩. ഓടക്കുഴൽ (പഞ്ചാംഗുലം). ൪. മുള. ശബ്ദിക്കുന്നതു് എന്നർത്ഥം. ഇല്ലി. ൫. കരിമ്പ്. ൬. മരുത്. ൭. താഴ്വഴിക്രമം. ൮. ജാതി.

വംശവാദ്യം ദുർഗ്ഗാക്ഷേത്രത്തിൽ വെച്ചു വാദനം ചെയ്യരുതെന്നു യോഗിനീതന്ത്രത്തിൽ വിധിച്ചിട്ടുണ്ട്.

വംശരോചന—പു. മുളയുടെ അകത്തുണ്ടാകുന്നതും ഗോരോചനക്കു തുല്യവുമായ ഒരൌഷധവിശേഷം.

ഇതു കൂവപ്പൊടിയാണെന്നു അഭിപ്രായം കാണുന്നു.

വംശവാൻ—വംശമുള്ളവൻ. (സ്ത്രീ—വംശവതി).

വംശശലാകാ—രാമച്ചം.

വംശസ്ഥിതി—വംശത്തെ നിലനിറുത്തുക

വംശാങ്കുരം—ഇല്ലിക്കൂമ്പ്, മുളംകൂമ്പ്.

വംശാനുക്രമം—വംശപാരമ്പര്യം.

വംശാവലി—ഒരു വംശത്തിലെ ആളുകളുടെ കുലസംബന്ധവഴി.

വംശി—ഓടക്കുഴൽ, കുഴൽ. ൨. ഞരമ്പ്.

വംശിക—വി. വംശത്തെ സംബന്ധിച്ച. (കൻ, കീ, കം).

വംശികൻ—കുഴലൂത്തുകാരൻ.

വംശികാ—അകിൽ.

വംശോത്ഭവ—വി. വംശത്തിലുണ്ടായ.

വംശ്യ—വി. വംശത്തിലുണ്ടായ, കുലത്തിൽ ജനിച്ച.

വാംശ്യാ—ചണ്ടിപ്പയറ്.

**വയക്കുന്നു**-ക്രി. ചെത്തുന്നു. ൨. വെട്ടി നിരത്തി സമമാക്കുന്നു.

**വയന**-ഒരുവക മരം.

**വയനം**-ന. ബുധം. ൨. ക്ഷേത്രം. ൩. ഋഷി.

**വയനാട്ട്**-ഒരു ദേശം.

**വയമ്പ്**-ന. ഒരങ്ങാടിമരുന്ന്.

അതിസാരം, കഫം, തണ്ണീർദാഹം മുതലായവയ്ക്കു നന്ന്. ഓർമ്മയെ വരുത്തും, വാക്കിന്റെ തടവിനെ തീർക്കും. കണ്ഠശുദ്ധിയെ ചെയ്യും. സം-വചാ. ത-വചമ്പ്. ഇം-Sweet Flag-root, Orris root.

൨. ഒരു മത്സ്യം.

**വയൽ**-കണ്ടം.

**വയൽച്ചുള്ളി**-ഒരു പച്ചമരുന്ന്.

അതിസാരം, അരുചി, വീക്കം മുതലായവയ്ക്കു നന്ന്. ഇതു കണ്ടങ്ങളിൽ മുള്ളുള്ള ചെടിയാണ്. സം-കോകിലാക്ഷം. ത-നീർമുള്ളി. ഇം-Long leaved Barleria ലാങ് ലീവ്ഡ് ബാർല്ലേരിയാ.

**വയൽവെള്ളരി**-ചെറിയ വെള്ളരി.

ഇതു വെള്ളരിയിൽതന്നെ പഴുക്കുമ്പോൾ വിണ്ടുപിളക്കുന്ന ജാതിയായിരിക്കണം. സം-വാലുകീ.

**വയസ്കൻ**-(പദാന്ത്യത്തിൽ വയസ്സുള്ളവൻ. ഉ-ം, മദ്ധ്യവയസ്കൻ.

**വയസ്ഥ**-വി. യൌവനമുള്ള.

**വയസ്ഥ**-ന. ചിററമൃത്. ൨. കടുക്ക. ൩. നെല്ലി. ൪. മീനങ്ങാണി. ൫. ചന്ദനമരം. ൬. ബ്രഹ്മി. ൭ ഇലവ്. ൮. ക്ഷീരകാകോളി. ൯. കാകോളി. ൰. സോമവള്ളി. ൰൧. ചിററേലം.

**വയസ്ഥൻ**-ന. സ്നേഹമുള്ള ചങ്ങാതി. ൨. യൌവനാവസ്ഥയിലിരിക്കുന്നവൻ.

**വയസ്യ**-വി. വയസ്സിനെ സംബന്ധിച്ച, വയസ്സധികമുള്ള.

**വയസ്യൻ**-വയസ്ഥൻ, സമവയസ്സുള്ളവൻ, സ്നേഹിതൻ, ചങ്ങാതി, മററു പര്യായങ്ങൾ-സ്നിഗ്ദ്ധൻ; സവയസ്സൻ.

**വയസ്യാ**-സ്ത്രീയുടെ സഖിയായ സ്ത്രീ.

ഒപ്പം കളിച്ചു വളരുന്നവളത്രെ സഖി. അനസൂയ, പ്രിയംവദ ഇവർ ശകുന്തളയുടെ സഖികളാണത്രെ.

**വയസ്വി**-വൃദ്ധൻ.

**വയസ്സ്**-ന. ജീവിച്ചിരിക്കുന്ന കാലം ബാല്യം, യൌവനം, വാർദ്ധക്യം മുതലായത്. ൨. പക്ഷി. ൩. കാക്ക.

**വയറ്**-നാഭിക്കുമേൽ നെഞ്ചിനു താഴെയുള്ള സ്ഥലം.

**വയറ**-ഒരുമാതിരി വള്ളി.

**വയറൻ**-ന. വലിയ വയറുള്ളവൻ. ൨. വളരെ ഭക്ഷിക്കുന്നവൻ.

**വയററി**-മണ്ണൻ എന്ന മണ്ഡം.

**വയറി**-ന. വയറു വലിയവൾ. ൨. വളരെ ഭക്ഷിക്കുന്നവൾ.

**വയറിളക്കം**-വയററിൽ നിന്നും മലം ഇളകി ഒഴിഞ്ഞുപോകുക.

**വയററത്തടിക്ക, വയററത്തിടിക്ക**-ഉപജീവനമാർഗ്ഗം മുട്ടിക്ക.

**വയററാട്ടി** - പ്രസവിക്കുന്ന സമയത്ത് അടുക്കൽ ഇരുന്ന് ശുശ്രൂഷിക്കുന്നവൾ. A Mid-wife=വേററി.

**വയററുനോവ്**-വയററിൽ വേദനയുണ്ടാക്കുന്ന ഒരു ദീനം.

**വയററുപാട്ട്**-ന. കാലക്ഷേപം, ഉപജീവനം. ൨. ദീനം.

**വയററുപിഴപ്പ്**-ഉപജീവനം.

**വയോധിക** - വി. അധികം വയസ്സുചെന്ന.

വയോബലം-വയസ്സുകൊണ്ടുള്ള ബലം.

വയോവൃദ്ധ-വി. വയസ്സധികമായ.

വയ്ക്കുന്നു-൧. ഇടുന്നു. ൨. സ്ഥാപിക്കുന്നു. ൩. വിചാരിച്ചുകൊള്ളുന്നു.

വയ്ക്കോൽ-നെല്ലിന്റെയും മറ്റും പീലി.

വയ്ക്കോൽതുറു്-വൃക്ഷത്തിലും മറ്റും കുമ്പാരമായിച്ചുറ്റിയ പീലി.

വയ്ക്കോൽപിരി-വയ്ക്കോൽ കൂട്ടിപ്പിരിച്ചതു്.

വയ്ക്കോൽപുര-പീലികൊണ്ടു മേഞ്ഞ പുര.

വയ്ക്കോൽപുറ-വയ്ക്കോൽ കുമ്പാരം.

വയ്യങ്കതക്-മുള്ളുള്ള ഒരുവക വൃക്ഷം.

ഇതിന്റെ വേരു്, തൊലി മുതലായവ ഗ്രഹണിക്കും മറ്റും നന്നാണു്. വന്യവൃക്ഷത്തിൽ പെട്ടതാകുന്നു. മുള്ളുള്ള മരമാണു. സം-വികങ്കതം. ത-നരമുങ്ങക.

വയ്യാവേലി-വെറുതെയുള്ള ദുർവഴക്കു്, കണ്ടാമണ്ടി.

വയ്യാ-(ഒരു വ്യാക്ഷേപകം) കഴികയില്ല.

വയ്യെ-വഴിയെ.

വര-വി ശ്രേഷ്ഠതയുള്ള, വലുതായുള്ള.

വര-ത്രിഫല. ൧. രേഖ. ൨. കൈകളുടേയും മറ്റും അകത്തുള്ള രേഖ. ൩. ചതുരംഗഖണ്ഡവും മറ്റും. ൪. കൈയക്ഷരം നന്നാകുന്നതിനു എഴുതുന്ന എഴുത്തു്. ൫. ഉഴപ്പോള.

വരകു്-ഒരുവക തൃണധാന്യം.

കഫം, പിത്തം, വിഷം ഇവയ്ക്കു നന്നു്. മലത്തെ വളരെ പിടിക്കും. ഇതു പാലിനോടൊരുമിച്ചു ഭക്ഷിക്കരുതു്. ഇതു് അധികമായി ഭക്ഷിച്ചുണ്ടാകുന്ന വികാരത്തിൽ കാച്ചിത്തണുത്ത പാലു്, പഞ്ചസാര ചേർത്തു് കുടിക്കുക, അല്ലെങ്കിൽ കുമ്പളങ്ങ വട്ടിപ്പിഴിഞ്ഞ നീരു് ശർക്കരചേർത്തു കുടിക്കുക. സം-കോദ്രവം. ത-വരകു്. ഇം-Punctured paspalam പംക്ചേഡ് പാസ്പേലം.

വരകരി-വരകിന്റെ അരി.

വരക്കോൽ - വരയ്ക്കുമ്പോൾ വെക്കുന്ന കോൽ.

വരക്കൽ-ഒരു ക്ഷേത്രം. (കോഴിക്കോട്ടി നടുത്തു്).

വരച്ചൽ-൧. വരയ്ക്കുക. ൨. വിള്ളുക.

വരട്ടു്-൧. കരിഞ്ഞ പുല്ലു്. ൨. ഉണക്കത്തേങ്ങ.

വരട-൧. അരയന്നപ്പിട. ശ്രേഷ്ഠമായ നടത്തമുള്ളതു് എന്നർത്ഥം. സരസ്സിനെ ആശ്രയിക്കുന്നതു് എന്നുമാവാം.

'മദേകപുത്രാ ജനനീ ജരാതുരാ
നവപ്രസൂതിർവ്വരടാ തപസ്വിനീ'
(നൈഷധം)

൨. കടന്നൽ. അടുത്തു ചെല്ലുന്നവരെ ചുറ്റിപ്പിടിക്കുന്നതു് എന്നർത്ഥം. (വരടി എന്നുമാവാം).

വരട-പഠിത്തവും മറ്റും ഇല്ലാത്ത ഒരു വക മൂഢജാതിക്കാർ.

വരടം-൧. ഒരുമാതിരി അരയന്നത്തിൽ ആൺ. ൨. ഒരുമാതിരി കടന്നൽ. ൩. വളരെ പൂവുണ്ടാകുന്ന ഒരുമാതിരി മുല്ല.

വരടി-൧. അരയന്നപ്പിട. ൨. കടന്നൽ.

വരട്ട-വി. ഉണങ്ങിയ.

വരട്ടുകാ-ഉണങ്ങിയ കായ്.

വരട്ടുന്നു- ഉണക്കുന്നു, പാകത്തിൽ വറുത്തെടുക്കുന്നു.

വരട്ടുപിത്തം-ഒരു ദീനം.

വരട്ടുമഞ്ഞൾ — പുഴുങ്ങിയുണങ്ങിയ മഞ്ഞൾ.

വരട്ടെ-(വ്യാകരണപ്രകാരം) ഒരു വ്യാക്ഷേപകം

വരണം-ഒരു വൃക്ഷം, നീർമാതളം.

വരണാ-പ്ര. നീർമാതളം. രോഗികളാൽ വരിക്കപ്പെടുന്നതു് എന്നർത്ഥം. വ. മതിൽ. രാജധാനിയെ ചുററിനില്ക്കുന്നതു് എന്നർത്ഥം. ന. വരിക്കുക

വരണസി-കാശി. (വാരാണസി).

വരണ്ട-ഇരണ്ട, ഒരു പക്ഷി,

അഗ്നിസൂചകമായ പക്ഷിവിശേഷമെന്നു കാണുന്നു. പക്ഷേ പ്രസാദപക്ഷിയായിരിക്കാം. സം-കക്കാരട്ട. ത-രാജാളി. ഇം-Teal, Numidian crane ടീൽ, നമീഡിയൻ ക്രേൻ.

വരണ്ടുന്ന-പുല്ലു്, കരട്ട്, കരിയില മുതലായവയെ കൈകൊണ്ടു തട്ടിക്കൂട്ടുന്നു.

വരണ്ടി-പുല്ലും മററും വരണ്ടിക്കൂട്ടുവാനുള്ള ആയുധം.

വരണ്ഡം-പ്ര. മുഖക്കുരുവു്, മുഖരോഗം. വ. വയസ്സാൽ തുരുവു്.

വരണ്ഡാ-പ്ര. വിളക്കിലെ തിരി. വ. കത്തി.

വരതനു-സൌന്ദര്യമുള്ള സ്ത്രീ, സുന്ദരി.

വരത്തു്-വരവു്.

വരത്തൻ-പ്ര. തെണ്ടി. വ. അന്യൻ. ന. ക്ഷണിക്കാതെ വന്ന വിരുന്നുകാരൻ.

വരത്തടിപ്പലക-ചതുരംഗപ്പലക.

വരത്ര-പ്ര. ആനയുടെ കച്ചക്കയറ്, ആനപ്പുറത്തു കയറുന്നവനെ രക്ഷിക്കുന്നതു് എന്നർത്ഥം. വ. ഒരുമാതിരി കയറ്, തോൽവാറ്. ഇതുകൊണ്ടു ചുററിക്കെട്ടുന്നതിനാൽ ഈ പേർ വന്നു.

വരദ-വി. വരത്തെ കൊടുക്കുന്ന.

വരദ-പ്ര. കന്യക. വ. വരത്തെ ദാനം ചെയ്യുന്നവൾ. ന. ഒരു നദി.

വിദർഭരാജ്യത്തിനു സമീപം. ഇപ്പോഴത്തെ പേർ 'വാർഡ' Warda.

൪. സരസ്വതി.

വരദൻ-പ്ര. വരത്തെ ദാനംചെയ്യുന്നവൻ. വ. ഉപകാരം ചെയ്യുന്നവൻ. ന. ഹോമത്തിനുള്ള തീയ്യു പറയുന്ന ഒരു പേർ.

വരദാനം-വരത്തെ കൊടുക്കുക.

വരൻ-പ്ര. ഭർത്താവു്. വ. ശിവൻ, ന. വിവാഹപുരുഷൻ.

വരമ്പു്-ഓരോ കണ്ടങ്ങൾക്ക വെവ്വേറെയുള്ള അതിര്.

വരം-പ്ര. പ്രസന്നന്മാരായ ദേവന്മാരിൽ നിന്നു സിദ്ധിക്കുന്ന അഭീഷ്ടം, ദൈവത്തിൽ നിന്നും മററും ലഭിക്കുന്ന അനുഗ്രഹം. വ. തിരഞ്ഞെടുപ്പു്. ന. സമ്മാനം. ൪. ആഗ്രഹം. ൫. ധർമ്മം. ൬. ചുററക. ൭. കരഞ്ഞതും പ്രിയമായിട്ടുള്ളതു്.

വരമിഴിയാൾ-സുന്ദരി, നീണ്ട കണ്ണോടുകൂടിയവൾ.

വരമൊഴി-എഴുതുവാനുപയോഗിക്കുന്ന ഭാഷ.

വരയൻ-മലയാട്ട്.

വരയാട്ടു്-ഒരുമാതിരി ആട്ട്.

വരയുന്ന-ഏതിന്റെയെങ്കിലും പോലെ കൾ വരുത്തുന്നു വരകളുടെ ആകൃതിയിൽ പോരുന്നു. (സ. ക്രി. വരയിക്കുന്നു).

വരയ്ക്കു്-അ. വരെ, ഓളം. (വരെ എന്നതു നോക്കുക).

വരയ്ക്കുന്ന-പ്ര. വരയുണ്ടാക്കുന്നു. വ. രൂപമുണ്ടാക്കുന്നു. ന. അക്ഷരം വരയ്ക്കുന്നു.

വരരുചി-പ്ര. വിക്രമാദിത്യസഭയിലെ നവരത്നങ്ങളിൽ ഒന്നു്.

കലിവർഷം 2500-നു ഇപ്പുറം ഗോവിന്ദസ്വാമി എന്നൊരു മഹാവിദ്വാനായ ബ്രാഹ്മണൻ നാലുവർണ്ണങ്ങളിലായിട്ടു നാലു വിവാഹം കഴിച്ചു. ബ്രാഹ്മണസ്ത്രീ

യില്ലുണ്ടായ മഹാനാണ് വരരുചി. ജനനസ്ഥലം ഗോകൎണ്ണം. ഇദ്ദേഹം ജ്യോതിശ്ശാസ്ത്രത്തിലെ വാക്യപരല്പേരുകളുടെ കൎത്താവാകുന്നു. പ്രാകൃതവ്യാകരണം എഴുതിയതു ഇദ്ദേഹമാണത്രെ.

൨. ഒരു വൈയാകരണൻ, കാത്യായനൻ.

വരവ്-൧. വരിക. ൨. ലാഭം.

വരവൎണ്ണിനി-൧. ഉത്തമസ്ത്രീ.

'ശീതേസുഖോഷ്ണസൎവ്വാംഗീ
ഗ്രീഷ്മേ യാ സുഖശീതളാ,
ഭൎത്തൃഭക്താ ച യാ നാരീ
സാ ഭവേദ്വരവൎണ്ണിനീ'
(എന്നു രുദ്രൻ)

൨. ദേവി. ൩. ലക്ഷ്മി. ൪. സരസ്വതി. ൫. മഞ്ഞൾ. ൬. ഗോരോചന. ശ്രേഷ്ഠമായ നിറത്തോടുകൂടിയതു് എന്നൎത്ഥം.

വരവുചെലവ്-കിട്ടുകയും ചെലവാകുകയും, ലാഭവും ചേതവും.

വരളി-പരത്തിയുണക്കിയ ചാണകം.

വരളുന്നു-൧. ഉണങ്ങുന്നു. ൨. ഉലരുന്നു. ൩. ഉണങ്ങി വെള്ളംവലിയുന്നു. വറളുന്നു എന്നുമുണ്ട്. (സ. ക്രി. വര(ം)ട്ടുന്നു).

വരാക-വി. ൧. പാവപ്പെട്ട, അസഹ്യമായ, ദയ തോന്നത്തക്ക. ൨. ശുഷ്ടിയില്ലാത്ത.

വരാകൻ-ശിവൻ.

വരാകം-യുദ്ധം.

വരാംഗകം-ഇലവങ്ങവൃക്ഷം.

വരാംഗന-ഉത്തമസ്ത്രീ.

വരാംഗം-൧. തല. ൨. ഗുഹ്യപ്രദേശം.

വരാംഗരൂപോപേത-വി. സൌന്ദൎയ്യമുള്ള.

വരാംഗി-൧. സുന്ദരി. ൨. ശൎയ്യാതിയുടെ ഭാൎയ്യ.

വരാട(ക)ം-കവടി, താമരക്കുരു.

വരാടകം-൧. താമരപ്പൂവിന്റെ ഉള്ളിലുള്ളതും താമരക്കുരുക്കളാൽ നിറയപ്പെട്ടതുമായ കൎണ്ണിക. താമരക്കുരുക്കളെ മറയ്ക്കുക എന്നതിനെ പ്രാപിക്കുന്നതു് എന്നൎത്ഥം. ൨. കയറ്, വലച്ചരട്. (വടംകരം എന്നുമാവാം). വടം=വേഷ്ടനം (കെട്ടുക). ൩. കവടി.

വരാടി(ക)-കവടി.

വരാണൻ-ഇന്ദ്രൻ.

വരാണസി-വാരാണസി.

വരാരകം-വജ്രം.

വരാരോഹകൻ-ആനക്കാരൻ.

വരാരോഹ-ഉത്തമസ്ത്രീ. ശ്രേഷ്ഠമായ കടിപ്രദേശത്തോടുകൂടിയവൾ എന്നൎത്ഥം. സുന്ദരി.

വരാന്ത-വീട്ടിന്റെ ചുററും വിശാലമായുള്ള തിണ്ണ.

വരാൽ-ഒരു മത്സ്യം.

വരാസനം-ശ്രേഷ്ഠമായ ഇരിപ്പിടം.

വരാസി-കനം (കട്ടി) ഉള്ള വസ്ത്രം.

വരാഹകല്പം-ഇപ്പോഴത്തെ കല്പവൎഷത്തിന്റെ പേർ.

വരാഹതരു-തെങ്ങ്.

വരാഹൻ-൧. ഒരു പൊൻനാണയം. ൨. വിഷ്ണു. ൩. വരാഹമിഹിരൻ.

വരാഹപുരാണം-ഒരു പുരാണം.

വരാഹാവതാരത്തിൽ വിഷ്ണു ഭൂമിദേവിക്കുപദേശിച്ചതാണ്.

വരാഹം-൧. പന്നി. താന്നേക്കാൾ വലിയ ജന്തുവിനെക്കൂടി ഹിംസിക്കുന്നതു് എന്നൎത്ഥം. ൨. വിഷ്ണുവിന്റെ മൂന്നാമത്തെ അവതാരം. ൩. പൎവ്വതം. ൪. പന്നിക്കിഴങ്ങ്. ൫. ചീങ്കണ്ണി. ൬. കാള. ൭. മുത്തങ്ങ. ൮. ഒരുമാതിരി അളവ്. ൯. പതിനെട്ടു ചെറിയ ദ്വീപുകൾ ഉള്ളതിൽ ഒന്ന്. ൧൦. മേഘം. ൧൧. മുട്ടാട്.

വരാഹമിഹിരൻ — ഒരാചാര്യബ്രാഹ്മണൻ, ഒരു ജ്യോതിശ്ശാസ്ത്രി.

വിക്രമാദിത്യ സദസ്സിലെ നവരത്നങ്ങളിൽ ഒന്നാണ്. ബൃഹൽസംഹിതയുടെയും ബൃഹൽജാതകത്തിൻെറയും കർത്താവാകുന്നു. കലിവർഷം 3606-ൽ ജനിച്ചു. 3688-ൽ മരിച്ചു. അവന്തിദേശീയനും ആൎയ്യഭട്ടൻെറ പിൻതുടൎച്ചക്കാരനുമാണ്. പിതാവ് ആദിത്യദാസൻ എന്ന ജ്യോതിശ്ശാസ്ത്രിയാകുന്നു

വരാഹമൂൎത്തി-വിഷ്ണുവിൻെറ ഒരവതാരം

വരാഹാവതാരം-വിഷ്ണുവിൻെറ ഒരവതാരം.

അവതാരം എന്ന പദം നോക്കുക. സവിസ്തരം അറിയണമെങ്കിൽ ഭാഗവതം തൃതീയസ്കന്ധംകൂടി നോക്കുക.

വരാളി-ഒരു രാഗം.

വരി-൧. പുസ്തകം മുതലായതിലെ അക്ഷരങ്ങളുടെ പന്തി. ൨. നിര, ക്രമം, പന്തി. ൩. ഒരാവശ്യത്തിനു പലരുംകൂടെ മുതലെടുക്കുന്നതിൻെറ ഒരു മുറ. ൪. വരിനെല്ല്. ൫. കാളയുടെ വൃഷണം.

വരിക്ക-വി. നല്ല ഫലമുണ്ടാകുന്ന. (ഇതു മാവു, പ്ലാവു മുതലായ ചില വൃക്ഷങ്ങളോടു മാത്രം ചേരും).

വരിക്കണ്ണി-ഒരുമാതിരി മുള്ളുള്ള വള്ളി.

വരിക്കമാങ്ങാ- വരിക്കമാവിന്മേലുണ്ടാകുന്ന മാങ്ങ.

വരിക്കുന്നു-൧. അപേക്ഷിക്കുന്നു. ൨. ഭൎത്താവാക്കി സ്വീകരിക്കുന്നു.

വരിച്ചൽ-൧. പുരയുടെ പുറത്തുംമറ്റും വാരിവെച്ചു കയറുകൊണ്ടു കെട്ടുക. ൨. ചുററിക്കെട്ടുക ൩. വരിയാനുള്ള വാരിയോ, കോലോ.

വരിച്ചാൎത്ത്-എണ്ണം കണ്ടെഴുതുന്ന കുറിപ്പ്.

വരിനീണ്ട-നീണ്ട ഇമകളോടുകൂടിയ.

'വരിനീണ്ടമിഴിമാചനഭംഗിയും'

(കംസാരാഹരണം പാന)

വരിനെല്ല്-വിതയ്ക്കാതെ താനെ കിളൎന്നുണ്ടാകുന്ന ഒരുവക ധാന്യം.

ഇതു മലഞ്ചെ പിടിയ്ക്കും. വലുതും ചെറുതും രണ്ടുതരമുണ്ട്. ജലത്തിലാണു വലുതിൻെറ ഉത്ഭവം. സം-നീവാരം. ഇം-Wild rice. വൈൽഡ്‌റൈസ്.

വരിപ്പ്-ചില വസ്തുക്കളുടെ ഒരുമാതിരി വക്ക്.

വരിപ്പട-കോണി, കോണിക്കെട്ട്.

വരിപ്പണം-നിശ്ചയിച്ചിരിക്കുന്ന പ്രകാരം വീതംവെച്ച് എടുക്കുന്ന പണം.

വരിപ്പീച്ചിൽ-വെരപ്പീച്ചിൽ, പീരം. ഒരു ഫലശാകം.

കായ് വരിപ്പുള്ളതും പൂ മഞ്ഞനിറവുമാണ്. സം-കോശാതകി. ത-ഉമ്മട്ടി. ഇം-Acutangled cucumber അക്യൂട്ടാംഗിൾഡ് കക്കംബർ.

വരിപ്പുലി, വരിയൻപുലി-വരിയുള്ള പുലി.

വരിമാൻ-ഒരുമാതിരി മാൻ.

(സം-രോഹിഷം. ത-മരൈമാൻ).

വരിമിഴി - നീണ്ട കണ്ണ്. (വരിമിഴിയാൾ=സുന്ദരി).

വരിമീൻ-ഒരുവക മത്സ്യം.

(സാമാന്യം മത്സ്യത്തിൻെറ ഗുണമാണുള്ളത്. സം-രാജീവം).

വരിയൻ-വരിയുള്ള.

വരിയൻ കക്കരി-മത്ത.

സം-ദശാംഗുലം. ത-ഇനിപ്പുപൂചനിക്കായ്, പറങ്കിക്കായ്. ഇം-Melon മെലൻ.

വരിയാത്തക്കിഴങ്ങ്-ഒരുമാതിരി കാട്ടുകിഴങ്ങ്.

വരിയുന്നു-വാരിവെച്ചു കെട്ടുന്നു, ചുററിക്കെട്ടുന്നു.

വരിയോല-വിലവിവരപ്പട്ടിക, പലക്കം കൊട്ടുക്കേണ്ട കുറിപ്പടികളിൽ ഒന്ന്.

വരിവസി(സി്ര)ത-വി. ഭൂ. ആദരിക്കപ്പെട്ട. ര. വന്ദിക്കപ്പെട്ട. ന. സേവിക്കപ്പെട്ട.

വരിവസ്യ-ഭൂ. ആദരം. ര. പൂജാപരിചരണം, വന്ദനം, സേവ. ന. ബഹുമാനം.

വരിവെള്ളം-മഴപെയ്തൊഴുകുന്ന വെള്ളം

വരിഷകാലം-മഴക്കാലം.

വരിഷം-ഭൂ. മഴ. ര. സംവത്സരം. ന. ഭൂമിയുടെ ഓരോ ഖണ്ഡം (വർഷം).

വരിഷിക്കുന്നു-ഭൂ. മഴപെയ്യുന്നു. ര. മഴപോലെ പൊഴിക്കുന്നു

വരിഷ്ഠ-വി. ഏററവും ശ്രേഷ്ഠതയുള്ള, മഹത്വമുള്ള.

വരിഷ്ഠം-ഭൂ. ചെമ്പ്. ര. നല്ലമുളക്.

വരീ-ഭൂ. ശതാവരി. ര. ഛായ. (സൂര്യന്റെ പത്നി).

വരീയസ്സ്-വി. ഏററവും വലിയ.

വരീയാൻ-ജ്യോതിശ്ശാസ്ത്രത്തിൽ പറയുന്ന യോഗങ്ങളിൽ പതിനെട്ടാമത്തേത്.

വരീവർദ്ദം-കാള, മൂരി.

വരീഷു-കാമദേവൻ.

വരുണൻ-ഭൂ. സമുദ്രത്തിന്റെ ദൈവം. ആയുസ്സിന്നായിക്കൊണ്ടു ജനങ്ങളാൽ പ്രാർത്ഥിക്കപ്പെടുന്നവൻ എന്നർത്ഥം. വരണൻ എന്നുമുണ്ട്). അദിതിപുത്രൻ, ജലേശ്വരൻ.

വരുണൻ അഷ്ടദിക്പാലന്മാരിൽ ഒരുവനാകുന്നു. ജലങ്ങളുടെ ദേവനാണത്രേ. പുഷ്കരന്റെ പിതാവ്. അസ്സന്റെ പേർ കമട്ടൻ. ഉതത്ഥ്യന്റെ പത്നിയായ ഭദ്രയെ മോഷണംചെയ്തു. വരുണന്റെ വാഹനം മകരവും പാശം ആയുധവുമാകുന്നു.

ര. മഹർഷി.

വരുണപത്നി-ജ്യേഷ്ഠ

വരുണാത്മജാ-മദ്യം.

മദ്യം അമൃതമഥനത്തിൽ സമുദ്രത്തിൽ നിന്ന് ഉണ്ടായതാണല്ലോ.

വരുണാനീ, വരുണീ - വരുണന്റെ ഭാര്യ, മദ്യത്തിന്റെ ദേവി.

മദ എന്നും സുര എന്നും പേരുകൾ ഉണ്ട്.

വരുണാലയം-സമുദ്രം.

വരുണാവീ-ലക്ഷ്മീ.

വരുതി-കല്പന.

വരുത്തം-ഭൂ. വരിപ്പ്. ര. പ്രയാസം. ന. ഉപദ്രവം. ർ. സുഖമില്ലായ്മ.

വരുന്തി-വ്യസനിച്ചു. (പ. മ)

വരുന്നു-ഭൂ. സമീപത്താകുന്നു. ര. ഉണ്ടാകുന്നു. ന. മുളയ്ക്കുന്നു. (സ. ക്രി-വരുത്തുന്നു. കാ. ക്രി. വരുത്തിക്കുന്നു).

വരുമാനം-ആദായം, വരവ്.

വരൂഥം-ഭൂ. ശത്രുക്കൾ പ്രയോഗിക്കുന്ന ആയുധങ്ങൾ തേരാളിയ്ക്കു കൊള്ളാതിരിപ്പാനായിട്ടു തേരിനെ മൂടുന്ന (മറവ്) ശീല. ര. ചട്ട.

'അസ്ത്രങ്ങൾ വരൂഥങ്ങളീഷകൾ യുഗങ്ങളും'

(ഭാരതം സംഭവം)

ന. ഭവനം. ർ. കുടുംബം. ൫. രക്ഷ. ൬. കൂട്ടം.

വരൂഥിനി—സൈന്യം. രഥഗുപ്തികൾ ഉള്ളത് എന്നർത്ഥം. (വരൂഥംകൊണ്ടു വ്യാപ്തം).

വരെ-അ. ഇതു ചില വാക്കുകളുടെ ഒടുക്കം വരുമ്പോൾ "ഓളം" എന്നുള്ള അൎത്ഥം വരും. ഉ-ം കുളംവരെ-കുളത്തോളം.

വരെയും-അ. വരെ, ഓളം.

വരേണ്യ-വി. അധികം ശ്രേഷ്ഠതയുള്ള.

വരേണ്യം-൧. ശ്രേഷ്ഠം. ൨. കുങ്കുമം.

വൎക്കത്ത്-ഗുണം, നന്മ, വെടിപ്പ്,. ലക്ഷണം. (അറബി ഭാഷ).

"തൎക്കം പലതുംകണ്ടവനൊരുവനു
വൎക്കത്തില്ല ശരീരം കണ്ടാൽ"
(രുക്മിണീസ്വയംവരം തുള്ളൽ)

വൎക്കരം-൧. യൌവനമുള്ള മൃഗം. ചെറുപ്പമായ നാല്ക്കാലി. ൨. ആട്. ൩. കറിയാട്ട് ൪. ആട്ടിൻകുട്ടി.

വൎക്കലഗ്ഗോപി-ഒന്നുമില്ലാത്ത സ്ഥിതി, ഒന്നും കിട്ടാത്ത സ്ഥിതി. ഉ-ം, അവിടെ ചെന്നാൽ വൎക്കലഗ്ഗോപി=ഒന്നും കിട്ടുകില്ല എന്നു സാരം.

വൎക്കോപലോഞ്ചി-ഉഴിഞ്ഞ.

വൎഗ്ഗചതുഷ്ടയം-പുരുഷാൎത്ഥചതുഷ്ടയം.

വൎഗ്ഗണ-സംഖ്യകൾ തമ്മിൽ പെരുക്കുക.

വൎഗ്ഗം-൧. കൂട്ടം, സമസ്തവസ്തുക്കളുടെ സമൂഹം. ൨. അദ്ധ്യായം. ൩. തുല്യവസ്തുക്കളുടെ കൂട്ടം. ൪. (വ്യാകരണത്തിൽ) ക-മുതൽ മ-വരെ ൨൫ വൎണ്ണത്തിൽ അഞ്ചഞ്ചു എണ്ണങ്ങൾക്കു പറയുന്ന പേർ. (൧. ഖരം. ൨. അതിഖരം. ൩. മൃദു. ൪. ഘോഷം. ൫. അനുനാസികം). ൫. (ജ്യോതിഷത്തിൽ) ദ്രേക്കാണം, ഹോരാ, നവാംശകം, ത്രിംശാംശകം, ദ്വാദശാംശകം, ക്ഷേത്രം ഇവ ൬-ം.

വൎഗ്ഗശഃ-കൂട്ടംകൂട്ടമായി.

വൎഗ്ഗാ-സൌഭദ്രതീൎത്ഥത്തിൽ മുതലയായി കിടന്നിരുന്ന ഒരു അപ്സരസ്ത്രീ, കുബേരന്റെ ഒരു പ്രിയ കാമിനി. സത്യലോകത്തിലെ ഒരു തീക്ഷ്ണവ്രതനായ ബ്രാഹ്മണന്റെ തപോവിഘ്നത്തിനു ശ്രമിച്ചതിൽ ശാപം ഏറ്റു മുതലയായി. തീൎത്ഥയാത്രയിൽ അൎജ്ജുനൻ ഈ മുതലയെ കരയിൽ വലിച്ചിട്ടപ്പോൾ പഴയ രൂപം വന്നു.

വൎഗ്ഗിക്കുന്നു-കണക്കിൽ പെരുക്കുന്നു.

വൎഗ്ഗ്യൻ-ഒരുമിച്ചു പഠിച്ചവൻ.

വൎഗ്ഗ്യ-വി. ഒരു വൎഗ്ഗത്തിലുള്ള.

വൎച്ചഫം-കയിൽ.

വൎച്ചസ്സ്-൧. ആകൃതി. ൨. തേജസ്സ്. ൩. മലം, ശോഭിക്കുന്നത് എന്നൎത്ഥം.

വൎജ്ജനം-൧. ഉപേക്ഷിക്ക. ൨. കൊല്ലുക. ൩. ഉപദ്രവിക്ക.

വൎജ്ജനി-മരമഞ്ഞൾ.

വൎജ്ജനീയ-വി. ഉപേക്ഷിക്കപ്പെടുവാൻ യോഗ്യമായ.

വൎജ്ജിക്കുന്നു-ഉപേക്ഷിക്കുന്നു, കളയുന്നു.

വൎജ്ജിത-വി. ഉപേക്ഷിക്കപ്പെട്ട.

വൎജ്ജ്യ-വി. ഉപേക്ഷിക്കത്തക്ക.

വൎജ്ജ്യചതുഷ്ടയം-പരധനം, പരസ്ത്രീ, പരദൂഷണം, ഗുരുനിന്ദ ഇവ നാലും.

വൎണ്ണക-വി. സ്തുതിക്കുന്ന.

വൎണ്ണക-൧. ചായം. ൨. മറവ്, നിറം.

വൎണ്ണകം-൧, ചന്ദനം, കറിക്കൂട്ട്. ൨. അരിതാരം. ൩. നീലി മുതലായ ചായദ്രവ്യം. ൪. നല്ല സ്വൎണ്ണം.

വൎണ്ണകൃത്രിമം-പീതചന്ദനം.

വൎണ്ണഗാത്രി-സരസ്വതി.

വൎണ്ണചതുഷ്ടയം-ബ്രാഹ്മണൻ, ക്ഷത്രിയൻ, വൈശ്യൻ, ശൂദ്രൻ-ഈ നാലും.

വൎണ്ണതൂലിക — ചായമിടുന്ന തൂവൽ (പുല്ല്).

വൎണ്ണദം-പീതചന്ദനം.

വൎണ്ണനം-പറക, വിസ്തരിച്ചു പറക, സ്തുതിക്ക.

വർണ്ണനീയ-വി. വർണ്ണിക്കപ്പെടുവാൻതക്ക.

വർണ്ണപത്രം-വർണ്ണമുള്ള കിടക്ക, മെത്ത.

വർണ്ണം-൧. നിറം. ൨. ജാതി.

ജാതി-൪. ബ്രാഹ്മണൻ, ക്ഷത്രിയൻ, വൈശ്യൻ, ശൂദ്രൻ. ഇവരിൽ ആദ്യത്തെ ജാതികൾ മൂന്നും ദ്വിജന്മാരാകുന്നു. ബ്രാഹ്മണരുടെ പേരുകളോടു ശർമ്മാ, ദേവൻ എന്നും, ക്ഷത്രിയരുടെ പേരുകളോടു വർമ്മാ, ത്രാതാ എന്നും, വൈശ്യരുടെ പേരുകളോടു ഗുപ്തൻ, ഭൂതി, ദത്തൻ എന്നും ശൂദ്രരുടെ പേരുകളോടു ദാസൻ എന്നും ചേർത്തുവരുന്ന പതിവുണ്ട്).

'ശർമ്മാ ദേവശ്ച വിപ്രസ്യ
വർമ്മാ ത്രാതാ ച ഭൂഭുജഃ
ഭൂതിർദത്തശ്ച വൈശ്യസ്യ
ദാസഃ ശൂദ്രസ്യ കാരയേൽ'

൩. അക്ഷരം. സ്വരങ്ങൾക്കും ൩൭ വ്യഞ്ജനങ്ങൾക്കും കൂടിയുള്ള ൫൧ ഉച്ചാരണങ്ങളിൽ ഓരോന്നിനുമുള്ള പേർ.

('വേദത്തിൽ 'വർണ്ണം' എന്ന പദം ഉപയോഗിച്ചിരിക്കുന്നതു് ആര്യന്മാരേയും അനാര്യന്മാരേയും വേർതിരിക്കുന്നതിനാകുന്നു.

൪. സ്തുതി. ൫. ആകൃതി. ൬. ഗുണം. ൭. ശ്രുതി. ൮. ചെമ്പാരിപ്പടം. ൯. കുങ്കുമം. ൰. പൊന്ന്.

വർണ്ണമാതൃകാ-സരസ്വതി.

വർണ്ണവതി-മഞ്ഞൾ.

വർണ്ണവിഗ്രഹാ-സരസ്വതി. വർണ്ണ (അക്ഷര)മയമായ വിഗ്രഹ(ശരീര)ത്തോടു കൂടിയവൾ എന്നർത്ഥം.

വർണ്ണവൃത്തം-ഒരു പാദത്തിനു ഇത്ര വർണ്ണം (അക്ഷരം) എന്നു നിയമമുള്ള വൃത്തം.

വർണ്ണസങ്കരം-പല വർണ്ണമോ പല ജാതിയോ കൂടിക്കലരുക.

വർണ്ണസങ്കോചം-(വ്യാകരണത്തിൽ) സംസാരിക്കുമ്പോഴും എഴുതുമ്പോഴും വർണ്ണങ്ങളെ യഥേഷ്ടം ലോപിപ്പിക്കുക. ഉ-ം, അവിടെ നിന്ന് = അവിട്ന്ന്.

വർണ്ണഹീനൻ-ജാതിഭ്രഷ്ടൻ.

വർണ്ണാചാരം-ജാത്യാചാരം.

വർണ്ണാശ്രമം-ബ്രഹ്മക്ഷത്രിയാദി നാലു ജാതികൾ, ബ്രഹ്മചര്യം മുതലായ നാലു സ്ഥിതികൾ.

വർണ്ണി-ബ്രഹ്മചാരി.

വർണ്ണികൻ-എഴുത്തുകാരൻ.

വർണ്ണികാ-൧. ചായം. ൨. മഷി.

വർണ്ണിക്കുന്നു-൧. വിസ്തരിച്ചു പറയുന്നു, പറയുന്നു. ൨. സ്തുതിക്കുന്നു.

വർണ്ണിത-വി. ൧. വർണ്ണിക്കപ്പെട്ട. ൨. ചായമിടപ്പെട്ട.

വർണ്ണിനീ-൧. ചതുർവ്വർണ്ണങ്ങളിലൊന്നിലുള്ള ഒരു സ്ത്രീ. ൨. സ്ത്രീ. ൩. മഞ്ഞൾ.

വർണ്ണു-സൂര്യൻ.

വർണ്ണ്യ-വി. വർണ്ണിപ്പാനുള്ള.

വർണ്ണ്യം-൧. വർണ്ണിക്കേണ്ടതു്. ൨. കുങ്കുമം.

വർത്തക-വർത്തിക്കുന്ന, ജീവിക്കുന്ന, പാർക്കുന്ന.

വർത്തകൻ-൧. ദ്രവ്യമുള്ളവൻ. ൨. വലിയ കച്ചവടക്കാരൻ.

വർത്തകാ-൧. കാടപ്പക്ഷി. ഒളിച്ചിരിക്കുന്നതു് എന്നർത്ഥം. ൨. കുതിരക്കുളമ്പ്. ൩. വെള്ളോട്ട്. ൪. (മ) കച്ചവൾ. ൫. പഞ്ചലോഹം.

വർത്തന-വി. വർത്തിക്കുന്ന, സ്ഥിരമായിട്ടിരിക്കുന്ന.

**വൎത്തനൻ**-വൎത്തിക്ക ശീലമായിട്ടുള്ളവൻ

**വൎത്തനം**-പു. ജീവനോപായം, ജീവനം. വ. പ്രവൃത്തി. ന. ഇരിപ്പു. ൪. വഴി. ൫. തുല്യനെള്ള പഞ്ഞി.

**വൎത്തനി**-വഴി. വൎത്തിക്കുന്നതു്-വഴിപോക്കൎക്കാശ്രയമായിരിക്കുന്നതു് എന്നൎത്ഥം. (പാഠം-വൎത്മനി).

**വൎത്തമാന**-വി. പു. വൎത്തിക്കുന്ന. വ. ഇപ്പോഴുള്ള. (നാമം-വൎത്തമാനത).

**വൎത്തമാനം**-പു. അന്നന്നുണ്ടാകുന്ന വിശേഷം. വ. (വ്യാകരണപ്രകാരം) നടക്കുന്നതിനു വൎത്തമാനകാലമെന്നു പേർ. ന. സംസാരിക്കുക, സംസാരം,

**വൎത്തി**-വി. ഇരിക്കുന്ന, പാൎക്കുന്ന. (ൎത്തീ, ൎത്തിനീ, ൎത്തി).

**വൎത്തി**-പു. തിരി, വിളക്കിലെ തിരി. വ. ഒരുവക അഞ്ജനം. ന. വരി. ൪. ചന്ദനക്കൂട്ടു്. മേൽ പൂശുന്നതിനു അരച്ചു ചേൎത്തുണ്ടാക്കുന്ന സുഗന്ധദ്രവ്യം.

**വൎത്തികാ**-പു. ഒരു പക്ഷി, കാടയടിയാൻ, കാട. വ. ചായമിടുന്നതിനുള്ള കോൽ. ന. വിളക്കിന്റെ തിരി, തിരി.

**വൎത്തിക്കുന്നു**-പാൎക്കുന്നു, ഇരിക്കുന്നു

**വൎത്തിഷ്ണു**-വി. വൎത്തിക്ക ശീലമായ

**വൎത്തുല**-വി. വട്ടത്തിലുള്ള.

**വൎത്തുല**-തുലുന്നുന്നതിനും മററും വട്ടത്തിൽ തിരിയുന്നതിനുവേണ്ടി വയ്ക്കുന്ന മണ്ണുണ്ട.

**വൎത്തുലം**-ചണ്ണമുള്ളങ്കി. വ. ഒരുമാതിരി ഉഴുന്നു. ന. പൊൻകാരം. ൪. പന്തു്.

**വൎത്തുലാൎമ്മം**-കടുവാ.

**വൎത്മകൎദ്ദമം**-ഒരു രോഗം.

പോളയ്ക്കു പഴുപ്പിനേയും ചൂടിനേയും ഉണ്ടാക്കും. അതുനിമിത്തം പോള കറുത്തു ചെളിപോലെയിരിക്കും.

**വൎത്മനി**-വഴി.

**വൎത്മബന്ധം**-ഒരു രോഗം.

സന്നിപാതം നിമിത്തം ചൊറിച്ചലോടും അല്പമായ കത്തിനോവോടും കൂടി പോളമേൽ നീരുണ്ടായാൽ അതു കണ്ണുസുഖമായി അടപ്പാൻ കഴിയാതെയാവും.

**വൎത്മശൎക്കര**-ഒരു രോഗം.

പോളമേൽ പരുപരുത്തിട്ടും തടിച്ചിട്ടും ചെറിയ കുരുക്കളാൽ ചുററപ്പെട്ടിട്ടും ഉണ്ടാകുന്ന പിടക.

**വൎത്മാ(വ്)**-പു. വഴി. വ. കൺപോള. ന. ക്ഷത്രിയന്റെ പേരിന്റെ അവസാനത്തിൽ ചേൎക്കുന്ന ഒരു പദം.

**വൎദ്ധക**-വി. വൎദ്ധിച്ചുവരുന്ന, വൎദ്ധിപ്പിക്കുന്ന.

**വൎദ്ധകം**-ചെറുതേക്കു്.

**വൎദ്ധകി**-ആശാരി, തച്ചൻ. മരം മുറിക്കുന്നവൻ എന്നൎത്ഥം.

**വൎദ്ധന**-വി വൎദ്ധിപ്പിക്കുന്ന.

**വൎദ്ധനം**-പു. വളൎച്ച. വ. ഛേദനം, മുറിക്ക. ന. വിഭാഗിക്ക. ൪. (മ) ദ്രവ്യവൃദ്ധി.

**വൎദ്ധനി**-പു. പ്രേതമഞ്ചം. വ. ചൂൽ.

**വൎദ്ധനികാ**-ശുദ്ധജലം നിറയ്ക്കുന്ന ഒരു മാതിരി ചെറിയ പാത്രം.

**വൎദ്ധമാന**-വി. വൎദ്ധിക്കുന്ന, വളരുന്ന.

**വൎദ്ധമാനൻ**-പു. വിഷ്ണു. വ. ജിനന്മാരിൽ ഒരു പ്രധാനി.

**വൎദ്ധമാനം**-പു. ആവണക്കു്. എവിടെ എങ്കിലും മുളച്ചുവളരുന്നതു് എന്നൎത്ഥം. ഔഷധാൎത്ഥം ഛേദിക്കപ്പെടുന്നതു് എന്നുമാവാം. വ. ചില ജലപാത്രത്തിന്റെ മൂടി.

**വൎദ്ധമാനകം**-ഒരുമാതിരി ചെറിയ പാത്രം, ചരാതു്. ഉടയുന്നതു് എന്നൎത്ഥം. (മററൊരു പൎയ്യായം-ശരാവം).

വർദ്ധി-(പരാന്ത്യത്തിൽ ചേർത്തു സാധാരണമായി പ്രയോഗിക്കപ്പെടുന്നു). വർദ്ധിപ്പിക്കുന്നവൻ. (സ്ത്രീ-വർദ്ധിനി).

വർദ്ധിക്കുന്നു-൧. വളരുന്നു. ൨. പെരുകുന്നു. ൩. മുറിക്കുന്നു. (സ. ക്രി. വർദ്ധിപ്പിക്കുന്നു).

വർദ്ധിത-വി. ൧. വർദ്ധിക്കപ്പെട്ട, വളർന്ന. ൨. മുറിക്കപ്പെട്ട. ൩. നിറഞ്ഞ.

വർദ്ധിഷ്ണു-വി. വർദ്ധിക്കുന്ന.

വർദ്ധ്രം-കാരീയം.

വർദ്ധ്രീ-തോൽവാറ്. വലിക്കുമ്പോൾ നീളുന്നത് എന്നർത്ഥം.

വർപ്പ്മോട-ഒരുമിച്ച്.

വർബ്ബരി-ആട്ടുനാറിവേള.

വർമ്മ(ൻ)-ചില ക്ഷത്രിയന്മാരുടെ പേരിന്റെ ഒടുക്കം ചേർത്തു പറയുന്ന ഒരു വാക്ക്.

വർമ്മം-൧. ഒരുമാതിരി ചട്ട, പടച്ചട്ട. ൨. മർമ്മം.

വർമ്മി-ആരൽമീൻ.

വർമ്മിത-വി. ചട്ടയിട്ട.

വർയ്യ-വി. ശ്രേഷ്ഠതയുള്ള.

വർയ്യ-൧. സ്വേച്ഛയാ ഒരു ഭർത്താവിനെ വരിപ്പാൻ തുടങ്ങുന്നവൾ. (പൂർവ്വകാലങ്ങളിൽ നടപ്പുണ്ടായിരുന്ന സ്വയംവരത്തെ ഓർമ്മിക്കുക). ൨ ശ്രേഷ്ഠ. ൩, തുവരപ്പയറ്. ൪. സ്ത്രീ.

വർയ്യൻ-൧. കാമദേവൻ. ൨. ശ്രേഷ്ഠൻ

വർയ്യം-൧. ശ്രേഷ്ഠം. ൨. കവടി.

വർണ്ണാ-൧. ഈച്ച ൨. ചെറുതേനീച്ച

വർവ്വരൻ-൧. ഒരു ഹീനജാതിക്കാരൻ. ൨. ദുർബ്ബുദ്ധി.

വർവ്വരം-൧. കറുത്ത ചെറുതുളസി. ൨. നാറാപശ. ൩. ഒരു രാജ്യം, വർവ്വരൻ പാർക്കുന്ന ദിക്ക്. ൪. ചായില്യം. ൫. പീതചന്ദനം. ൬. ചെറുതേക്ക്.

വർവ്വരാ-ചെറുതുളസി.

വർവ്വരീ-൧. ഒരുമാതിരി ചിര. ൨. തേനീച്ച. ൩. ചെറുതുളസി.

വർഷ-൧. വർഷകാലം, മഴക്കാലം. ൨. കരിഞ്ചീരകം.

വർഷകരി-ഒരുവക കൊച്ചുപ്രാണി.

വർഷഗിരി-ലോകത്തിന്റെ വർഷങ്ങളെ പരസ്പരം വേർതിരിക്കുന്ന പർവ്വതം.

ഇവ-7. ഹിമവാൻ, ഹേമകൂടം, നിഷധം, മേരു, ചൈത്രം, കർണ്ണീ, ശൃംഗീ.

'ഹിമവാൻ ഹേമകൂടശ്ച
നിഷധോ മേരുരേവച
ചൈത്രഃ കർണ്ണീച ശൃംഗീച
സപ്തൈതേ വർഷപർവ്വതാഃ'

വർഷണം-മഴ.

വർഷതം-മഴ.

വർഷന്താറും-അ. ആണ്ടുതോറും.

വർഷപാകി-അമ്പഴം.

വർഷപ്രതിബന്ധം-മഴയ്ക്കു തടവ്, മഴയില്ലായ്ക.

വർഷപ്രിയ-വേഴാമ്പൽ പക്ഷി.

വർഷം-൧. വർഷകാലം. ൨. രാജ്യം. ൩. മഴ. ജലംകൊണ്ടു നനയ്ക്കുന്നത് എന്നർത്ഥം. ൪. സംവത്സരം. ൫. ഭൂമിയുടെ ഒൻപതു ഖണ്ഡങ്ങൾക്കും പറയുന്ന ഒരു പേര്.

ഒമ്പതു വർഷങ്ങളായി ലോകം വിഭാഗിക്കപ്പെട്ടിരിക്കുന്നു. അതായതു കുരു, ഹിരണ്മയം, രമ്യകം, ഇളാവൃതം, ഹരി, കേതുമാലം, ഭദ്രാശ്വം, കിന്നരം, ഭാരതം ഇവയാകുന്നു ലോകത്തിന്റെ ഒരു വിഭാഗത്തിന് വർഷം എന്നു പറയപ്പെടുന്നു.

൬. കരിഞ്ചീരകം. ൭ മഴക്കാലം. ൮. മഴപോലെ പൊഴിയുന്നത്. ൯. ആധിക്യം. ഉ-ം, സൌന്ദര്യവർഷം.

വർഷങ്ങൾ.

കൊല്ലവർഷം — 1094-ക

| | | |
|---|---|---|
| കലിവർഷം | .... | 5020—5021 |
| പാണ്ഡവവർഷം | .... | 5020—5021 |
| വിക്രമവർഷം | .... | 1160—1161 |
| ഭോജവർഷം | .... | 1159—1160 |
| ശകവർഷം | .... | 1841—1842 |
| രാമദേവവർഷം | .... | 646 — 647 |
| പ്രതാപരുദ്രവർഷം | ... | 641— 642 |
| കൃഷ്ണരായവർഷം | .... | 390 — 391 |
| ക്രിസ്തുവർഷം | .... | 1918—1919 |

വർഷത്തു-ചിങ്ങവും കന്നിയും രണ്ടുമാസം

വർഷവരൻ- അന്തഃപുരത്തിൽ സ്ത്രീകളുടെ വളരെ അടുത്തു പരിചയി(രി)ക്കുന്ന നപുംസകൻ. രേതഃപാതത്തെ മറയ്ക്കുന്നവൻ, ആണുംപെണ്ണുമല്ലാത്തവൻ.

വർഷാകരം-മേഘം.

വർഷാഗമം-മഴയുടെ വരവു്.

വർഷാഘോഷം-മഞ്ഞനിറമുള്ള പെരുന്തവള, തവള.

വർഷാഭ്രു-പു. തവള. വർഷകാലങ്ങളിലുണ്ടാകുന്നതു് എന്നർത്ഥം. വ. ഒരു പച്ചമരുന്നു്, (വെളുത്ത) തമിഴാമ.

വർഷാഭ്വീ-സ്ത്രീ. പെൺതവള. വ. തവളക്കുഞ്ഞു്. ന. തമിഴാമ.

വർഷാമദം-മയിൽ.

വർഷാംബു-മഴവെള്ളം.

വർഷാശനം-അട്ടത്തൂൺ.

വർഷിക്കുന്നു-പൊഴിക്കുന്നു, ചൊരിയുന്നു. (കാ. ക്രി. വർഷിപ്പിക്കുന്നു).

വർഷിഷ്ഠ-വി. അധികം വയസ്സുചെന്ന.

വർഷീയസ്സ് - വി. അധികം വയസ്സുചെന്ന.

വർഷുക-വി. വർഷിക്കുന്ന.

വർഷുകാബ്ദം-മഴപെയ്യിക്കുന്ന മേഘം.

വർഷോപലം-ആലിപ്പഴം. Hail. വെള്ളം കല്ലുപോലെ ഉറച്ചു കട്ടിയായതു്.

വർഷ്മാവു്-പു. ശരീരം. വ. ഒരളവു്. ന. ഉയരം. ർ. ഭംഗി.

വർഹം-പച്ചില.

വർഹിണം-മയിൽ.

വർഹീ-മയിൽ.

വല-സ്ത്രീ. പക്ഷി, മൃഗം, മീൻ മുതലായവയെ പിടിക്കുന്നതിനു നൂൽച്ചരടുകൊണ്ടും മറ്റും കെട്ടിയുണ്ടാക്കുന്ന ഒരു കൌശലപ്പണി. വ. ചുക്കിലിവല.

വലകെട്ടു്-പു. വലയുണ്ടാക്കുക. വ. മൃഗങ്ങളേയും മറ്റും പിടിക്കുന്നതിനു വല വെച്ചുറപ്പിക്കുക. ന. ചുക്കിലിവലയുക്കുക.

വലകെട്ടിപ്പാച്ചൽ-ഒരു കളി.

വലക്കണ്ണു്-വലയുടെ ദ്വാരം.

വലക്കാരൻ—വലവീശുന്നവൻ, മുക്കുവൻ.

വലക്ഷം-വെളുപ്പു്.

വലച്ചൽ-പു. ആലസ്യം, ക്ഷീണം. വ. ബുദ്ധിമുട്ടു്, ദാരിദ്ര്യം. ന. വസ്ത്രങ്ങളുടെ നൂൽ അങ്ങുമിങ്ങും നീങ്ങുക.

വലഗ്നം— ശരീരമദ്ധ്യം. (അവലഗ്നത്തിന്റെ പാഠം.)

വലകൈ-വലത്തു കൈ.

വലജ-വി. ബലജ.

വലജ-സുന്ദരി. സൌന്ദര്യാതിശയം ഹേതുവായിട്ടു ഇളകിക്കൊണ്ടിരിക്കുന്നവൾ എന്നർത്ഥം.

വലജം-പു. സസ്യങ്ങൾ ഉള്ള കണ്ടം. വ. ക്ഷേത്രം. ന. ഭവനവാതിൽ, ഗോപുരദ്വാരം. ർ. രാജധാനി. ബലത്തിലുണ്ടായതു് എന്നർത്ഥം.

വലത്തു്-അ. കിഴക്കോട്ടു നോക്കിയിരിക്കുമ്പോൾ തെക്കുവശം.

വലത്തൂട്ട്-അ. വലത്തുവശത്തുകൂടെ

വലത്തേ-അ. വലത്തുവശത്തെ.

വലനെല്ല്-ഒരുവക നെല്ല്.

(നവരയോടു ഏകദേശമുള്ള ഗുണമുണ്ട്. സം-ഉജ്ജ്വാലം).

വലൻ-ഒരസുരൻ.

(ഇന്ദ്രൻ വധിച്ചു.)

വലപ്പാട്ട്-ന. ഒരു വല നിവിർത്താലുള്ള സ്ഥലം. വ. മുക്കോക്കടി. ന. വലത്തുപാട്ട്.

വലഭാഗം-വലത്തുവശം.

വലം-ന. പ്രദക്ഷിണം, വലത്തുഭാഗം. വ. ബലം (സൈന്യം).

വലമണി-വലയിൽ കെട്ടുന്ന ഈയക്കട്ടി.

വലമഥനൻ-ദേവേന്ദ്രൻ. വലൻ എന്ന അസുരനെ കൊന്നവൻ എന്നർത്ഥം.

വലമാഥി-ഇന്ദ്രൻ.

വലമ്പിരി-വലത്തോട്ടു പിരിയുള്ളതു്.

വലമ്പോരുക-നാട്ടു വലംവെക്കുക.

വലയഗ്രഹണം-ഒരു ഗ്രഹണം.

വലയപുരിശിവാ-ഊരകത്തു ഭഗവതി.

വലയം-ന കൈവള. വ. (വ്യാകരണത്തിൽ) ഒരു ചിഹ്നം. (ചിഹ്നം എന്നതു നോക്കുക).

ഇതൊരു വാക്യത്തേയോ വാചകത്തേയോ പദത്തേയോ മറ്റൊന്നിന്റെ മദ്ധ്യേ അതിനോടു വ്യാകരണസമ്മതമായ സംബന്ധം കൂടാതെ ചേർക്കുന്നു ഇതിനകത്തു വരുന്ന ഭാഗത്തിനു 'ഗർഭവാക്യം' എന്നു പേർ. വലയത്തിന്റെ ലക്ഷണം— ( )

ന. ഒരു രോഗം.

(തൊണ്ടയിൽ നീണ്ടിട്ടും ഉയർന്നിട്ടും നീരുണ്ടാകും. അതു് ആഹാരത്തിന്റെ ഗതിയെ തടുക്കും).

ർ. വേലി. ഉ. വൃത്തം.

വലയിത-വി. ചുററപ്പെട്ട.

വലയിതം-ന. ചുററപ്പെട്ടതു്. വ. നദി മുതലായതിനാൽ ചുററപ്പെട്ട ദ്വീപു മുതലായതിന്റെ പേർ.

വലയിലകപ്പെടുക- ആപത്തിൽ കുടുങ്ങുക.

വലയുന്നു-ന. ദുഃഖിക്കുന്നു. വ. ക്ഷീണിക്കുന്നു. (സ. ക്രി-വലയ്ക്കുന്നു)

വലയ്ക്കുന്നു-ഉപദ്രവിക്കുന്നു, ഞെരുക്കുന്നു. വ. അലക്കുകാർ വസ്ത്രം വലപോലെ ആക്കുന്നു.

വലരിപു-ദേവേന്ദ്രൻ. വലാസുരന്റെ ശത്രു എന്നർത്ഥം.

വലലാ-ചന്ദ്രവംശത്തിലെ ഉക്ഷൻ എന്ന രാജാവിന്റെ ഭാര്യ.

വലവരി-മുക്കോന്മാർ കൊടുക്കുന്ന കരം.

വലവീശുക-സ്വാധീനപ്പെടുത്തുവാനുള്ള തന്ത്രങ്ങൾ പ്രയോഗിക്കുക.

വലവെ(കെ)ട്ടിക്കളി-കുട്ടികളുടെ ഇടയിലുള്ള ഒരുതരം കളി.

വലശാസനൻ, വലശാസൻ-ദേവേന്ദ്രൻ.

വലാകം-വെള്ളിപ്പക്ഷി.

വലാടം-ചെറുപയറ്.

വലാരാതി-ദേവേന്ദ്രൻ. വലാസുരന്റെ (അരാതി) ശത്രു എന്നർത്ഥം.

വലാരി-ഇന്ദ്രൻ വലാസുരന്റെ ശത്രു എന്നർത്ഥം.

വലാസം-ഒരു രോഗം.

കണ്ഠത്തിൽ നീരുണ്ടാകും ശ്വാസവും വേദനയും കാണും.

വലാസകം-തവള.

വലാഹകം-ന. മേഘം. വലാകകൾ എന്ന പക്ഷികളാൽ നേരിട്ടു ഗമിക്കപ്പെടുന്നതു് എന്നർത്ഥം. (ബലാഹകം എന്ന പാഠവും കാണുന്നു. അതിനു ബലത്തെ

ഗ്രഹിക്കാത്തതു് എന്നു ശബ്ദാൎത്ഥം). ൨. പൎവ്വതം. ൩. മുത്തങ്ങ. ൪. ശ്രീകൃഷ്ണന്റെ (വിഷ്ണുവിന്റെ) തേർകുതിര.

'മേഘപുഷ്പവലാഹകന്മാരെക്കൊ-
ണ്ടിണ്ണചേൎത്തുവിലാസമെഴുന്നൊരു'

(കമാരാഹരണം പാന)

വലി-൧. ശരീരത്തിൽ ഉണ്ടാകുന്ന ചുളിവു്. ൨. വയററിന്റെ മടക്കു്. ൩. ബലി. ൪. വലിക്ക. ൫. കരം. ൬. ബലക്രിയ.

വലികം-ഇറയ്യു്.

വലിക്കുന്നു-൧. തടിയും മററും വക്കയിട്ടു പിടിച്ചുകൊണ്ടു പോകുന്നു. ൨. പൊന്നു മുതലായ ചില ലോഹങ്ങൾ യന്ത്രത്തിലിട്ടു പിടിച്ചു കമ്പിയാക്കുന്നു. ൩. ശ്വാസം വലിയ്ക്കുന്നു. ൪. പുകവലിക്കുന്നു. (കാ. ക്രി. വലിപ്പിക്കുക).

വലിച്ചൽ-അയവില്ലായ്മ, പിടിത്തം, മുറുക്കം, ചുളിവു്.

വലിത-വി. ൧. ശരീരത്തിലെ തൊലി ഞൊറിഞ്ഞ. ൨. ചുററപ്പെട്ട.

വലിതം-൧. മുളകു്. ൨. ചുററപ്പെട്ടതു്.

വലിത്രയം-മുലയ്ക്കുതാഴെയുള്ള മൂന്നുവരകൾ.

വലിനൻ- വാൎദ്ധക്യംകൊണ്ടോ മററൊ ശരീരത്തിന്മേൽ ചുളിവുള്ളവൻ (വലീ-ചുളിവു്).

വലിപ്പം-൧ വൃദ്ധി, വണ്ണം. ൨. പൊക്കം, നീളം. ൩. പ്രാഭവം, മഹത്വം. ൪. ഡംഭം.

വലിഭ-വി. ശരീരത്തിലെ തൊലി ഞൊറിഞ്ഞ.

വലിമ-൧. മഹത്വം. ൨. വലിപ്പം. ൩. ശക്തി.

വലി(ലീ)മുഖൻ-കുരങ്ങു്. മുഖത്തു ചുളിവുള്ളവൻ എന്നൎത്ഥം.

വലിമ്പു്-ഉറപ്പു, ചാക്കു്, സന്ധി.

വലിയ-വി. ൧. ചെറുതല്ലാത്ത. ൨. ശക്തിയുള്ള. ൩. സമ്പത്തും കീൎത്തിയുമുള്ള.

വലിയ ഉങ്ങു്-മരോട്ടി, മരവെട്ടി.

സം-മഹാകരഞ്ജം, ത-നീരോട്ടി.

വലിയ ഉറരകം-ആനത്തുത്തി, വലിയതുത്തി, നരിമരുട്ടി.

ഇതിന്നു കുറുന്തോട്ടിയുടെ ഗുണമുണ്ടു്. ചൊറിക്കും മററും നന്നു്. സം നാഗബലം.

വലിയ കടമ്പു്-മഴക്കടമ്പു്.

ഇതിന്നു കടമ്പിന്റെ ഗുണമാണുള്ളതു്. സം-ധാരാകദംബം.

വലിയ കടലാടി-വെളുത്ത കടലാടി.

വലിയതു്-൧. ചെറുതല്ലാത്തതു്. ൨. വലിപ്പമുള്ളതു്. ൩. മഹത്വമുള്ളതു്.

വലിയതാക്കു്-പീരങ്കി.

വലിയപ്പൻ-അപ്പന്റെ ജ്യേഷ്ഠൻ.

വലിയമ്മ-൧. അമ്മയുടെ ജ്യേഷ്ഠത്തി. ൨. വയസ്സധികമുള്ള സ്ത്രീ.

വലിയമ്മാവൻ—അമ്മയുടെ മൂത്തസഹോദരൻ, അമ്മാവന്മാരിൽ വയസ്സധികമുള്ള ആൾ.

വലിയവൻ-ബുദ്ധിയും ബലവും സമ്പത്തും കീൎത്തിയും അധികമുള്ളവൻ.

വലിയവെടി-വലിയതോക്കിലെ വെടി

വലിയവെടിപ്പുള്ളി- വലിയ തോക്കുകൊണ്ടു വെടിവെയ്ക്കുന്ന പട്ടാളക്കാർ.

വലിയുന്നു-൧. നീളുന്നു. ൨. ഇഴയുന്നു. ൩. അയവില്ലാതാകുന്നു.

വലിയെ-അ. ഞെരുങ്ങി, നിർബന്ധത്തോടെ.

വലിര-വി. കോങ്കണ്ണുള്ള. (വിഷയഗ്രഹണാൎത്ഥം കടക്കൺ പ്രദേശത്തേക്കു വരുന്നതു-വലി (നേത്രരോഗം). അതുള്ളതു വലിരം=നേത്രം. ആ നേത്രമുള്ളവൻ വലിരൻ).

വലിവു്-നാ. വലിച്ചൽ. 2. വലിയുക 3. ശ്വാസംമുട്ടൽ.

വലീ-ചുളിവു്.

വലീകം-വാമടയുടെ താഴെ തറയ്ക്കുന്ന തുള്ളാൽപലക.

വലീമുഖം-കുരങ്ങു്.

വലീവൎദ്ദം-കാള.

വലുതു്-വി. ചെറുതല്ലാത്ത, വലിപ്പമുള്ള.

വലൂകം-ഒരു പക്ഷി.

വലെക്കുന്ന-(വലയ്ക്കുന്ന എന്നതു നോക്കുക).

വല്കതരു-കവുങ്ങു്.

വല്കഫലാ-താളിമാതളം.

വല്കം-നാ. മരത്തിന്റെ തൊലി, മരവിരി. 2. മത്സ്യത്തിന്റെ ചെതുമ്പൽ. 3. ചെമന്ന പാച്ചോററി.

അത്തി, ഇത്തി, കല്ലാൽ, പേരാൽ, അരയാൽ ഇവയ്ക്കു 'വല്ക(ല)പഞ്ചകം' എന്നു പേർ.

വല്കലം-നാ. മരത്തിന്റെ തൊലി, മരവിരി. 2. മരത്തൊലികൊണ്ടുണ്ടാക്കിയ വസ്ത്രം. (മരവുരി).

'മല്ലാക്ഷീമണിയാം ഹ വല്കലമതും'
(അഭിജ്ഞാനശാകുന്തളം)

3. ഏലവങ്ങം.

വല്ഗ-കടിഞ്ഞാൺ.

വല്ഗൽ-വി. പതിഞ്ഞുനടക്കുന്ന.

വല്ഗന-ചലനം.

'ലീലാവല്ഗനയാംകപോലഫലകം'
(അഭിജ്ഞാനശാകുന്തളം)

വല്ഗനം-കുതിരയെ ചാടിക്കയെന്നുള്ളതു്, ചാട്ടം.

വല്ഗിത-വി. ചാടിയ.

വല്ഗിതം-നാ. ഓട്ടം, ചാട്ടം. 2. കുതിരയുടെ ഒരുമാതിരി ഓട്ടം.

ശരീരത്തിന്റെ അഗ്രഭാഗത്തെ സമുല്ലസിപ്പിച്ചുകൊണ്ടും മുഖത്തെ ചുരുക്കി നട്ടു താഴ്ത്തിക്കൊണ്ടുമുള്ള അശ്വഗമനമത്രേ വല്ഗിതം.

വല്ഗു-വി. ഭംഗിയുള്ള, മനോഹരമായ.

'ഫല്ഗുനന്റെപരിഭ്രമംകണ്ടിട്ടു
വല്ഗുവാംവണ്ണമേവമരുൾചെയ്തു'
(കമ്മരാഹരണം പാന)

വല്ഗു-മുട്ടാടു്, ആടു്.

വല്ഗുക-വി. ഭംഗിയുള്ള.

വല്ഗുകം-നാ. ചന്ദനം. 2. വില.

വല്ഗുദൃശ്-വി. ഭംഗിയിൽ നോട്ടമുള്ള.

വല്ഗുലാ-നാ. മലംപുള്ളു്. 2. കാർകോകിൽ.

വല്ഗുലി-മലംപുള്ളു്.

വല്ഗുഹാസം-ഭംഗിയുള്ള ചിരി.

വല്മീകൻ-വാല്മീകിമഹൎഷി.

വല്മീകഭ്രുവു്-വാല്മീകിമഹൎഷി. വല്മീകത്തിൽ (പുററിൽ) നിന്നു ജനിച്ചവൻ എന്നൎത്ഥം.

വല്മീകി-വാല്മീകിമഹൎഷി.

വല്മീകം-ചിതൽപുററു്, പുററു്.

ചിതൽ, ഉറുമ്പു മുതലായ ക്ഷുദ്രപ്രാണികൾ ഭൂമി തുളച്ചു മണ്ണുകയററിയുണ്ടാക്കുന്നതത്രേ പുററു്. അനന്തരം ഇതു പാമ്പുകളുടെ ഇരിപ്പിടമായും തീരാറുണ്ടു്.

വല്യ-വി. വലിയ, പ്രാധാന്യമുള്ള
'അതുവഴിവരുംവല്യസായിപ്പനിന്നെ'
(മയൂരസന്ദേശം)

വല്യാ-നെല്ലി.

വല്ല-വി. ഏതെങ്കിലും.

വല്ല്-ശരിയായത്. വല്ല് > < വല്ലായ്മ.

വല്ല്-ശക്തിയുള്ള.

വല്ലകി-൧. വീണ. ധ്വനിവിശേഷത്തെ ധരിക്കുന്നതു് എന്നർത്ഥം. ൨. ഇന്ദ്രൻ.

വല്ലച്ചാതിയും-വല്ല ജാതിയും.

വല്ലജാതിയും-അ. ഏതുപ്രകാരമെങ്കിലും

വല്ലതും-അ. ഏതെങ്കിലും, എന്തെങ്കിലും.

വല്ലന്തി-ആപത്തു്, ദോഷം.
'നല്ലന്തിനേരമൊന്ന
വല്ലന്തിയുണ്ടാക്കാതെ'
(രാമാനുചരിതം ഓട്ടൻതുള്ളൽ)

വല്ലപ്പാടു്- കണ്ടത്തിൽ വെള്ളംകേററി വിടുന്ന ഒരു വഴി.

വല്ലപ്പോത്തു്.(ത്തൻ)-മാൻ. (നായാട്ടു പേർ).

വല്ലപ്പോഴും-അ. എപ്പോഴെങ്കിലും.

വല്ലഭ-വി. ൧. ഇഷ്ടമുള്ള. ൨. അധികാരമുള്ള.

വല്ലഭ-൧. ഭാര്യ. ൨. തൊഴൽ.

വല്ലഭൻ-൧. ഭർത്താവു്. ൨. അദ്ധ്യക്ഷൻ, നായകൻ. സഞ്ചരിക്കുന്നവൻ എന്നർത്ഥം.

വല്ലഭം-൧. സാമർത്ഥ്യം. ൨. ഒരു വൃക്ഷം.

വല്ലഭാചാര്യൻ-വൈഷ്ണവമതത്തിന്റെ പ്രസിദ്ധപ്പെട്ട സ്ഥാപകൻ.

വല്ലം-൧. ഒരുമാതിരി വലിയ കൊട്ട. ൨. ചെറിയ അമര.

വല്ലയം-ഭാരം, ദുരങ്കം.

വല്ലരി(രീ)-൧. വള്ളി. ൨. തളിക്കല. ൩. പൂങ്കല. ൪. ഉലുവാ. മറയ്ക്കുന്നതു് എന്നർത്ഥം.

വല്ലവട്ടി-ഭക്ഷണവസ്തുക്കൾ സൂക്ഷിക്കുന്ന ഒരുമാതിരി പുല്ലുവട്ടി.

വല്ലവനും-ആരെങ്കിലും.

വല്ലവൻ-൧. ഇടയൻ. പശുക്കളെ മേയ്ക്കുന്നവൻ എന്നർത്ഥം. ൨. വെപ്പുകാരൻ, ഭക്ഷണവസ്തുക്കളെ പാകംചെയ്യുന്നവൻ. ൩. ഭീമസേനന്റെ ഒരു പേർ.

വല്ലവി-ഇടച്ചി.

വല്ലവിധത്തിലും-അ. ഏതുപ്രകാരവും.

വല്ലാ-കഴിയായ്ക.

വല്ലാതെ-അ. ൧. ക്രമക്കേടായി, ചീത്തയായിട്ടു്. ൨. കഴിയാതെ.

വല്ലാത്ത-വി. ൧. ചീത്തസ്സ്വഭാവമുള്ള. ൨. ദോഷമുള്ള.

വല്ലാനപ്പോത്തു് - കരടി. (നായാട്ടു പേർ. കടമാന്റെ നായാട്ടുപേർ എന്നുമുണ്ടു്).

വല്ലായ്മ-൧. ക്രമക്കേടു്. ൨. ദോഷം. ൩. ദുഷ്ടത. ൪. അമാംഗി. ൫. കറച്ചൽ.

വല്ലി-൧. വള്ളി. മറയ്ക്കുന്നതു്, ചുററിപ്പിണഞ്ഞതു് എന്നർത്ഥം. (വെല്ലി എന്ന പാഠവും കാണുന്നു). ൨. (മ) പുലയക്കും മററും കൊടുക്കുന്ന കൂലി. ൩. അജമോദകം. ൪. ഒരു ദേവി, സുബ്രഹ്മണ്യന്റെ പത്നി.

വല്ലി, വല്ലികാ-വള്ളി.

വല്ലിച്ച-വല്ല. any.

വല്ലി(ല്ലീ)ജം-കൊടിമുളകു്, മുളകു്.

വല്ലി, വൽ എന്ന ധാതുവിന്റെ ഭൂതകാലരൂപം. ഇപ്പോൾ പ്രയോഗമില്ല. വല്ലാത്ത എന്ന പേരെച്ചരൂപമേ ഇപ്പോൾ നടപ്പുള്ളൂ. അതുകൊണ്ടു ചില ധാതു വല്ലായ്മ, വല്ലായ്ക, വല്ലവനും ഇവ വൽധാതുവിന്റെ രൂപങ്ങളാകുന്നു.

വല്ലിയാൾ-പുലയൻ.

വല്ലീല-(വല്ലി + ഈല)-കഴിഞ്ഞില്ല.

വല്ലീവൃക്ഷം-മരുതു്.

വല്ലീശൻ-സുബ്രഹ്മണ്യൻ.

വല്ലുക-കഴിയുക. (പ-മ).

വല്ലൂരം-വള്ളിക്കുടിൽ.

വല്ലുവോൻ, വല്ലോൻ-ആരാനും.

വല്ലൂ-കഴികയുള്ളു. (പ-മ).

വല്ലൂരം-൧. ഉണക്കമാംസം, (വല്ലൂരം എന്നുമാവാം). ൨. പന്നിയുടെ മാംസം. ൩. തരിശുനിലം. ൪. പടപ്പുകാടു്.

വല്ലേടത്തും-അ, എങ്ങാനും, എവിടെയെങ്കിലും.

വല്ലേൻ-(എനിക്കു) കഴികയില്ല. (പ-മ).

വല്ലോനും- അ. ഏവനെങ്കിലും, ആരാനും.

വല്ലോർ-ജ്ഞാനമുള്ളവർ. (പ-മ).

വവം-ചെണ്ടക്കോൽ.

വവ്വായി, വവ്വാലി-നരി. (വവ്വുക= പിടിച്ചുപറിക്കുക).

വവ്വുന്നു-പിടിച്ചുപറിക്കുന്നു.

വശ-വി. ൧. സ്വാധീനത്തിലുള്ള. ൨. കീഴടങ്ങിയ. ൩. ക്ഷുദ്രപ്രയോഗംകൊണ്ടു വശീകരിച്ച.

വശ-൧. ഭർത്തൃസഹോദരി. ൨. ഭാര്യ. ൩. പിടിയാന. ൪. മച്ചിപ്പശു, പശു. ൫. സ്ത്രീ.

വശകാ-അനുസരണമുള്ള ഭാര്യ.

വശക്കേടു്-൧. ക്ഷീണം. ൨. അസ്വാധീനം. ൩. പാട്ടമാററം.

വശക്രിയ— വശ്യപ്രയോഗം, മണിമന്ത്രൌഷധാദികളെക്കൊണ്ടു ചെയ്യപ്പെടുന്ന വശീകരണം, മരുന്നും മന്ത്രവും കൊണ്ടുള്ള വശീകരണം, സ്വാധീനമാക്കുക.

വശഗ-വി. വശം പ്രാപിച്ച, അനുസരണമുള്ള.

വശത-൧. സ്വാധീനത. ൨. കൌശലം.

വശൻ-അധീനൻ.

വശം-൧. ഇച്ഛ, ആഗ്രഹം. ൨. തന്റേടം. ൩. അധികാരം. ൪. കീഴടക്കം. ൫. ജനനം. ൬. വേശ്യാഭവനം. ൭. ശീലം, പരിചയം, പഠിപ്പു്. ൮. സ്വാധീനം. ൯. പുറം, ഭാഗം.

വശംകെടുന്നു-ക്ഷീണിക്കുന്നു, നിവൃത്തിയില്ലാത്ത പതനത്തിലാകുന്നു.

വശംവദ-വി. അനുസരണമുള്ള.

വശവർത്തി—വി. ഇഷ്ടമനുസരിച്ചു നില്ക്കുന്ന.

വശള-വശളച്ചീര, ഒരുമാതിരി വള്ളി.

വശാ-൧, ഇച്ഛിക്കപ്പെടുന്നവൾ. ൨. പിടിയാന. ൩. മച്ചിയായ പശു. ൪. സ്ത്രീ. ഭർത്താവിനെ ഇച്ഛിക്കുന്നവൾ എന്നർത്ഥം. ൫. വന്ധ്യ. ൬. ഭാര്യ. ൭. പുത്രി.

വശാൽ-അ. ൧. കാരണത്താൽ. ൨. പെട്ടെന്നു്.

വശി-വി. കീഴടക്കുന്ന, ഇന്ദ്രിയജയമുള്ള. (ശീ, ശിനീ, ശി).

വശി-ഇന്ദ്രിയങ്ങളെ കീഴടക്കിയിരിക്കുന്ന മഹർഷിയും മററും.

വശിക-വി. അകത്തൊന്നുമില്ലാതിരിക്കു.

വശിക-ഒരു മരം, ചെന്നിനായകം.

വശിത്വം, വശിത-വശിയുടെ അവസ്ഥ.

വശിത്വം - അഷ്ടൈശ്വര്യങ്ങളിൽ ഒന്നു്. എല്ലാവരേയും തനിക്കു അധീനന്മാരാക്കുക, ഇന്ദ്രിയങ്ങളെ സ്വാധീനത്തിൽ ഇരുത്തുന്നതു്, ആരെയും തന്നിഷ്ടംപോലെ സ്വാധീനപ്പെടുത്തുവാനുള്ള ശക്തി.

'വശിത്വമുഖംകൊണ്ടു മഹാഭരിതൻ'

(ശ്രീകൃഷ്ണചരിതം)

**വശിനീ**-൧. ഒരു വൃക്ഷം, ശമി. ൨. ഇത്തിക്കണ്ണി.

**വശിരം**-൧. കടലുപ്പു്. വസിരം എന്നതിൻെറ പാഠം) ൨. അത്തിത്തിപ്പലി. ൩. കാട്ടുതിപ്പലിയുടെ കായ്.

**വശീകരണം**-സ്വാധീനമാക്കുക.

**വശീകരം**-സ്വാധീനമാക്കുവാനുള്ള പ്രവൃത്തി.

**വശീകരിക്കുന്നു**-സ്വാധീനമാക്കുന്നു.

**വശീകൃത**-വി. സ്വാധീനമാക്കപ്പെട്ട.

**വശ്യ**-വി. ൧. അനുസരണമുള്ള. ൨. ഇണക്കമുള്ള.

**വശ്യൻ**-സ്വാധീനമായിട്ടുള്ളവൻ, ആശ്രിതൻ, അടിമക്കാരൻ.

**വശ്യപ്രയോഗം** - വശീകരിക്കുന്നതിനുള്ള ചില പ്രയോഗം.

**വശ്യം**-കരയാമ്പൂവ്.

**വശ്യമുഖീ**-ദേവിയുടെ ധ്യാനം.

ധ്യാനം.

'സന്ധായ സുമനോബാണാൻ
കുർവന്തീമൈക്ഷവം ധനുഃ
ജഗജ്ജൈത്രീം ജപാരക്താം.
ദേവീം വശ്യമുഖീം ഭജേ'

**വശ്യാ**-അനുസരണമുള്ള ഭാര്യ.

**വഷളത്വം**-ചീത്തത്തം.

**വഷളൻ**-കൊള്ളരുതാത്തവൻ.

**വഷളം**-വി. ചീത്ത.

**വഷൾ**-അ. ദേവാദികൾക്കു ഹവിരാദികളെ കൊടുക്കുമ്പോൾ പ്രയോഗിക്കപ്പെടുന്നതു്, ഹോമബലി കഴിക്കുമ്പോൾ പറയുന്ന ഒരു ശബ്ദം.

**വഷൾക്കാരം**-ഹോമം.

**വഷൾകൃത**-വി. ഹോമിക്കപ്പെട്ട, അഗ്നിയിൽ പ്രക്ഷേപിക്കപ്പെട്ട.

(വഷൾ എന്നതോടു ചേർന്ന മന്ത്രം കൊണ്ടു അഗ്നിയിൽ ഹോമിക്കപ്പെട്ടതിനു 'വഷൾകൃതം' എന്നു പേർ.)

**വസാ**-മേദസ്സ്.

**വസതി**-൧. നിവാസസ്ഥാനം, ഭവനം. ൨. ഇരിപ്പ്. ൩. രാത്രി. ഇതിൽ വസിക്കുന്നതിനാൽ ഈ പേർ വന്നു. ൪. മഞ്ഞൾ.

**വസഥം**-൧. വാസസ്ഥാനം. ൨. കൂട്, പക്ഷിക്കൂട്.

**വസനം**-൧. വസ്ത്രം. ഇതുകൊണ്ടു മറയ്ക്കുന്നതിനാൽ ഈ പേർ വന്നു. ൨. മറയ്ക്കാനുള്ള സാധനം. ൩. പച്ചില. ൪. വാസസ്ഥാനം.

**വസന്ത**-പകരുന്ന വ്യാധി.

**വസന്തകം**-പലകപ്പയ്യാനി.

**വസന്തകാലം**-ഋതുക്കൾ ആറുള്ളതിൽ ഒന്നാമത്തേതു, പൂക്കളുണ്ടാകുന്ന സമയം, മേടമാസവും ഇടവമാസവും കൂടിയ സമയം. (മാസം എന്നതു നോക്കുക).

(വസന്ത ഋതു അതായതു കുംഭം, മീനം രണ്ടുമാസം. ഒരു ദിവസത്തേക്കു വിചാരിക്കുന്നപക്ഷം സൂര്യോദയം മുതൽ പത്തുനാഴിക പുലച്ചവരെ. വസന്ത ഋതു കുംഭം, മീനം രണ്ടു മാസമാണെന്നു വൈദ്യഗ്രന്ഥമതം).

**വസന്തകുസുമം**-നവരി.

**വസന്തഘോഷി**-കുയിൽ.

**വസന്തജാ**-വെളുത്ത വലിയ പിച്ചകം.

**വസന്തജ്വരം**-൧. പകരുന്ന പനി. ൨. വസന്തകാലത്തുണ്ടാകുന്ന ഒരു പനി.

**വസന്തദൂതി**-കയിൽപ്പേട.

**വസന്തദൂതൻ**-൧. കുയിൽ. ൨. മാവ്.

**വസന്തദ്രുമം**-മാവ്.

**വസന്തൻ**-വിദൂഷകൻ.

**വസന്തഭൈരവി**-ഒരു രാഗം.

**വസന്തം**-൧. മദനോത്സവാദിക്കുള്ള കാലം, വസന്തകാലം, (വസന്തകാലം

എന്നതു നോക്കുക). ൨. മസൂരി. ൩. വയററിളക്കം, അതിസാരം.

**വസം**-താർതാവൽ.

**വസന്തമണ്ഡനം**-സിന്ദൂരം.

**വസന്തബന്ധു (സഖൻ)**-കാമൻ.

**വസന്തൎത്തു**-വസന്തകാലം.

**വസന്തവൃക്ഷം**-മാവു്.

**വസന്തസേനാ**- മൃച്ഛകടികനാടകത്തിന്റെ നായിക.

**വസാ**-൧. മാംസരോഹിണി. ൨. മാഞ്ചി. ൩. മുരാമാഞ്ചി. ൪. ശുഭ്രമായ മാംസസ്നേഹത്തിന്റെ (നെയ്യിന്റെ) പേർ. (വപാ എന്നതു നോക്കുക).

**വസാഢ്യം**-ചീങ്കണ്ണി.

**വസിക്കുന്നു**-പാർക്കുന്നു, ഇരിക്കുന്നു. (സ. ക്രി. വസിപ്പിക്കുന്നു).

**വസിത**-വി. ൧. പാർക്കുന്ന. ൨. ധരിക്കപ്പെട്ട. ൩. ശേഖരിക്കപ്പെട്ട.

**വസിതം**-പാർക്കുന്ന സ്ഥലം.

**വസിരം**-൧. കടലുപ്പു്. ൨. അത്തിത്തിപ്പലി. (പാഠാ-വശിരം).

**വസിഷ്ഠൻ**- സപ്തർഷിമാരിൽ ഒരുവൻ (ബ്രഹ്മാവിന്റെ പുത്രൻ ആകുന്നു). വൈദിക ഋഷിയാണു്.

(ഒററവര | മകൻ എന്നതിനെ സൂചിപ്പിക്കുന്നു)

ബ്രഹ്മാവു്
|
വസിഷ്ഠൻ
|
ശക്തി
|
പരാശരൻ
|
വ്യാസൻ
|
ശുകൻ

'സർവ്വജ്ഞന്മാരാം മിത്രവരുണന്മാ-
രുർവ്വശിയെ പരിഗ്രഹിച്ചീലയോ'
(ശീലവതി)

വസിഷ്ഠൻ ഒരു പ്രജാപതിയാകുന്നു. വേദസംബന്ധമായ പല മന്ത്രഗ്രന്ഥങ്ങളുടെ കർത്താവാണു്. ഋഗ്വേദത്തിന്റെ 7-ാംമണ്ഡലം ഇദ്ദേഹത്തിന്റേതാകുന്നു. ഒരിക്കൽ ഉർവ്വശിയെക്കണ്ടു മിത്രനും വരുണനും മററും മോഹാന്ധന്മാരായി. അനന്തരം നിലത്തിൽ വീണ അവരുടെ ബീജത്തിൽനിന്നു വസിഷ്ഠനും ഭരണിയിൽ വീണതിൽ നിന്നു അഗസ്ത്യനും ഉത്ഭവിച്ചു. വസിഷ്ഠൻ സൂര്യവംശത്തിലെ ഒന്നാമത്തെ രാജാവായ ഇക്ഷ്വാകു മുതൽ അറുപത്തൊന്നു തലമുറയോളം സൂര്യവംശരാജാക്കന്മാരുടെ പുരോഹിതസ്ഥാനം വഹിച്ചു. വസിഷ്ഠനും വിശ്വാമിത്രനും പരസ്പരം ശത്രുക്കളായിരുന്നു. ഒരു ഭാഗം ഹരിശ്ചന്ദ്രചരിതംകൊണ്ടു വെളിവാകും. മററവ താഴെ കാണിക്കുന്നു. വിശ്വാമിത്രൻ വളരെക്കാലം അതായതു അനേകായിരം സംവത്സരം ഭൂമിയിൽ രാജാവായിരുന്നു. ഒരിക്കൽ വസിഷ്ഠന്റെ ആശ്രമത്തിൽ കണ്ട കാമധേനുവിനെ മോഹിച്ചതനുസരിച്ചു് വസിഷ്ഠൻ കൊടുക്കാത്തതുകൊണ്ടു വിശ്വാമിത്രൻ ഹഠാൽ കൊണ്ടുപോകാൻ ശ്രമിച്ചു. ഉടൻ ഘോരയുദ്ധം ഉണ്ടായി. ഒരുഭാഗത്തു വിശ്വാമിത്രന്റെ സേനകളും മറുഭാഗത്തു കാമധേനുവിൽ നിന്നുണ്ടായ സേനകളും ഉണ്ടായിരുന്നു. വിശ്വാമിത്രൻ പരാജിതനായി എന്നു തന്നെയല്ല വസിഷ്ഠന്റെ ശാപം ഹേതുവായിട്ടു് അദ്ദേഹത്തിന്റെ നൂറു സുതന്മാരും നശിപ്പാനിടയായി. വിശ്വാമിത്രൻ പിന്നീടു രാജ്യത്തെ ത്യജിച്ചിട്ടു് തപോനുഷ്ഠാനത്തിന്നായി ഹിമാലയത്തെ പ്രാപിച്ചു. കുറച്ചുകാലം കഴിഞ്ഞു

അവർ വീണ്ടും തമ്മിൽ എതിർത്തു ദ്വന്ദ്വയുദ്ധം ആരംഭിച്ചു. അതിൽ ബ്രാഹ്മണനായ വസിഷ്ഠൻ വിജയിയായി. തന്നിമിത്തം ബ്രാഹ്മണനാവാനായിട്ടു വിശ്വാമിത്രൻ പോയി തപസ്സുചെയ്തു ബ്രാഹ്മണനായി. ഒരവസരത്തിൽ 700 പ്രാവശ്യം ഹീനജാതികളായി ജനിക്കട്ടെ എന്നു വിശ്വാമിത്രൻ വസിഷ്ഠന്റെ മക്കളെ ശപിച്ചു. ഇതിനു കാരണം വിശ്വാമിത്രൻ ക്ഷത്രിയനാകയാൽ ബ്രാഹ്മണത്വം ഇല്ലെന്നു വസിഷ്ഠന്റെ പുത്രന്മാർ നിന്ദിച്ചതാണ്. ഒരിക്കൽ വസിഷ്ഠൻ വിശ്വാമിത്രനെ ശപിച്ച് ഒരു പക്ഷിയാക്കി. ഇതിനു കാരണം വിശ്വാമിത്രൻ ഹരിശ്ചന്ദ്രനോടു കാണിച്ച ക്രൌര്യമായിരുന്നു. ഉടൻ വിശ്വാമിത്രൻ വസിഷ്ഠനെയും ശപിച്ചു പക്ഷിയാക്കി. പക്ഷികൾ പരസ്പരം യുദ്ധം ഉണ്ടായി. ലോകം മിക്കവാറും നശിച്ചു. അതിനാൽ ബ്രഹ്മാവ് അവരെ ശാപത്തിൽ നിന്നു നിവർത്തിപ്പിച്ചു പൂർവാകൃതി നൽകി രഞ്ജിപ്പിച്ചയച്ചു.

മറ്റൊരു കഥ-കന്മാഷപാദൻ എന്ന രാജാവ് വസിഷ്ഠപുത്രനായ ശക്തിയുടെ ശാപംനിമിത്തം രാക്ഷസനായി ഭവിച്ചു. വിശ്വാമിത്രന്റെ ഉപായം കൊണ്ടു നരമാംസഭോജിയായ രാക്ഷസനായിത്തീർന്ന അയാൾ ശക്തി ഉൾപ്പെടെ വസിഷ്ഠന്റെ എല്ലാ പുത്രരേയും ഭക്ഷിക്കയുണ്ടായി. വ്യസനാക്രാന്തനായ വസിഷ്ഠൻ ആത്മഹത്യക്കൊരുമ്പെട്ടു മഹാമേരുപർവതത്തിൽ നിന്നു കീഴ്പോട്ടു ചാടി. ഏതു പാറയിൽ വീണോ അതു അദ്ദേഹത്തിനു പഞ്ഞിപോലെ തോന്നി. കഴുത്തിൽ കല്ലുകെട്ടി കടലിൽ ചാടിനോക്കി. ഉടൻ അദ്ദേഹത്തിനെ തിരകൾ കരയ്ക്കാക്കി. എരിയുന്ന വൻകാട്ടിൽ സഞ്ചരിച്ചു. എന്നിട്ട് അഗ്നിക്കു തീരെ ചൂടില്ലെന്നു തോന്നി. കൈയും കാലും കെട്ടിക്കൊണ്ടു ഒരു നദിയിൽ ചാടി; എന്നിട്ട് കെട്ടുകൾ താനേ അഴിഞ്ഞു കരയ്ക്കു വന്നുചേർന്നു. ഇതിനാൽ ആ നദിക്കു 'വിപാശ' എന്നു പേരുണ്ടായി. മുതല ധാരാളമുള്ള ഒരു നദിയിൽ ചാടി. എന്നിട്ടും ആ നദി നൂറു വഴിയായി ഓടിക്കടന്നു. ഇതാണ് ഇതിനു 'ശതദ്രു' എന്നു പേരുണ്ടാവാൻ കാരണം. ഈവിധമെല്ലാം പ്രവർത്തിച്ചിട്ടും മരിക്കാഞ്ഞു ആശ്രമത്തിലേക്കു മടങ്ങുന്ന അവസരത്തിൽ മാർഗ്ഗമദ്ധ്യേ കന്മാഷപാദനെക്കണ്ടു ശാപത്തിൽനിന്നു നിവർത്തിപ്പിച്ചയച്ചു. ഒടുവിൽ ദേവകളുടെ ഉത്സാഹം നിമിത്തം വസിഷ്ഠനും വിശ്വാമിത്രനും പരസ്പരം മൈത്ര്യമാകയും വസിഷ്ഠൻ വിശ്വാമിത്രനെ ഒരു ബ്രഹ്മർഷിയായി സ്വീകരിക്കയും ചെയ്തു.

വസു-വി. മധുരമുള്ള. ൨. ഉണങ്ങിയ.

വസു-ന. ദ്രവ്യം, ധനം. ഗുണങ്ങൾ ഇതിൽ വസിക്കുന്നതിനാൽ ഈ പേർ വന്നു. ൨. ഗണദേവന്മാരിൽ വസുക്കൾ എട്ടുപേരേക്കൂടെ പറയുന്ന ഒരു പേർ. ൩. രശ്മി. എല്ലാടവും വസിക്കുന്നതു എന്നർത്ഥം. ൪. അഗ്നി. ൫. രത്നം. ൬. പൊന്ന്. ൭. വെള്ളം. ൮. വൃദ്ധി. ൯. പൊടിയുപ്പ്. ൧൦. താർതാവൽ. ൧൧. ചീര. ൧൨. കൊടുവേലി. ൧൩. മഹാമേദം. ൧൪. പച്ചിലമരം. ൧൫. ഉപരിചരൻ. ൧൬. കൊക്കമന്താരം. ൧൭. രേണുകയുടെ ഒരു പുത്രൻ. ൧൮. ഐശ്വര്യം.

(വസുക്കൾ ൮. ആപൻ, ധ്രുവൻ, സോമൻ, ധരൻ, അനിലൻ, പ്രത്യൂഷൻ, അനലൻ, പ്രഭാസൻ).

**വസുകം**-൧. പടന്ന ഉപ്പ്. ൨. എരിക്ക്. തേജസ്സിന്നു ഇരിപ്പിടം എന്നർത്ഥം. ൩. കർക്കിൽ. ൪. മന്ദാരം.

**വസുകീടൻ**-ഇരക്കുന്നവൻ.

**വസുക്കൾ**-ഇന്ദ്രന്റെ പരിചാരകരായ എട്ടു ദേവകൾ.

'ധരോ ധ്രുവശ്ച സോമശ്ച
അഹശ്ചൈവാനിലോനലഃ
പ്രത്യൂഷശ്ച പ്രഭാസശ്ച
വസവോഷ്ടാവിതി സ്മൃതാഃ'

രാമായണപ്രകാരം വസുക്കൾ അദിതിയുടെ മക്കളാണ്. ചിലപ്പോൾ അഹന്നപകരം ആപനെ ഉൾപ്പെടുത്താറുണ്ട്.

**വസുക്ഷേണൻ**-കർണ്ണൻ.

**വസുദേവൻ** - ശ്രീകൃഷ്ണന്റെ അച്ഛൻ. ധനങ്ങളെക്കൊണ്ടു ശോഭിച്ചവൻ, രാജാക്കന്മാരിൽ വെച്ചു-ധനവാന്മാരിൽ വെച്ചു-പ്രത്യേകം ശോഭയുള്ളവൻ. ഇങ്ങിനെ ശബ്ദാർത്ഥം.

യദുവംശജനായ ശൂരന്റെ പുത്രനാകുന്നു. കുന്തിയുടെ സഹോദരൻ. ആഹുകന്റെ ൭-പുത്രിമാരെ വേട്ടു. ദേവകി (കൃഷ്ണന്റെ അമ്മ) ഏഴാമത്തെ മഹതിയാണ്. വസുദേവനു ആനകദുന്ദുഭി, ദുന്ദു, ഭൂകശ്യപൻ ഈ നാമധേയങ്ങളും ഉള്ളതായിക്കാണുന്നു. വസുദേവനും ദേവകിയും രോഹിണിയും ദ്വാരകയിൽ വെച്ചു അഗ്നിപ്രവേശം ചെയ്തതായി വെളിവാകുന്നു.

വസുദേവരുടെ ഏഴു പത്നിമാർ— ദേവകി, ശ്രുതദേവാ, യശോദാ, ശ്രുതിശ്രവാ, ശ്രീദേവാ, ഉപദേവാ, സുരൂപാ.

**വസുധ**-ഭൂമി. വസു (ദ്രവ്യം) ഉള്ളതു്, ധനത്തെ ധരിക്കുന്നതു് എന്നർത്ഥം.

**വസുധാരാ**-(ദാരം, സ്ഥലീ, ഓകസാരാ) കുബേരന്റെ നഗരം.

**വസുന്ധര**-൧. ഭൂമി. വസു (ദ്രവ്യം) ഉള്ളതു് എന്നർത്ഥം. ധനത്തെ ധരിക്കുന്നതു് എന്നുമാവാം. ൨. സാർവ്വഭൗമന്റെ ഭാര്യ.

**വസുബന്ധു**-ദിങ്നാഗൻ എന്ന കവിയുടെ ആചാര്യനായ അസംഗന്റെ സഹോദരൻ.

വിക്രമസഭയിൽ ഹിന്ദുക്കളോടു വാദത്തിൽ തോററ മനോരഥന്റെ ശിഷ്യൻ. ബ്രാഹ്മണപുത്രൻ കാശ്മീരത്താണു പഠിച്ചതു്. നേപാളത്തുവെച്ചു മരിച്ചു. വിക്രമാദിത്യനെ പിൻതുടന്ന ശിലാദിത്യന്റെ രാജധാനിയിലെ ഒരു പ്രധാനിയാകുന്നു.

**വസുമതി**-൧. ഭൂമി. വസു (ദ്രവ്യം) ഉള്ളതു് എന്നർത്ഥം. ൨. ഒരു വൃത്തത്തിന്റെ പേർ.

**വസുമാൻ** — വൈവസ്വതമനുവിന്റെ പുത്രൻ.

**വസുരത്നം**-മാണിക്യം.

**വസുവൃക്ഷം**-ഇത്തിയാല്.

**വസുശ്രേഷ്ഠം**-വെള്ളി.

**വസൂത്തമം**-വെള്ളി.

**വസൂരാ**-കലട.

**വസൂരി, വസൂരിക, മസൂരി**-ഒരു പകരുന്ന ദീനം.

**വസൂരിക്കല**-വസൂരി വന്നു പൊറുത്ത വടുക്.

**വസൂലാകുന്നു, വസൂവലാകുന്നു**-കൈവശം വന്നുചേരുന്നു, ഈടാകുന്നു. [വസൂൽ(വസൂവൽ) ആക്കുന്നു. സ. ക്രി.] (വസൂൽ-അറബിഭാഷ)

**വസ്തം**-൧. വെള്ളാടു്. ൨. ദേനം. ൩. ആടു്. ൪. വക്ക്.

'വസ്ത്രസ്യ വസ്തയോഃ ദശാഃ സ്യുഃ'= വസ്ത്രത്തിന്റെ രണ്ടു വസ്തങ്ങളിൽ (വക്കുകളിൽ) ദശകൾ എന്ന പേർ വിളിക്കുന്നു.

വസ്തവ്യ-വി. വസിക്കുവാൻ യോഗ്യമായ

വസ്തി-പു. പൊക്കിളിങ്കൽ നിന്നു താഴെയുള്ള ഭാഗം, നാഭിക്കു താഴെ മൂത്രമിരിയ്ക്കുന്ന ഒരു സ്ഥലം, മൂത്രാശയം. മൂത്രം ഇവിടെ സ്ഥിതിചെയ്യുന്നതിനാൽ ഈ പേർ വന്നു. ന. വസ്തിചെയ്യുന്ന ഒരു കുഴൽ, വസ്തിയന്ത്രം. ര്. വസ്ത്രത്തിന്റെ രണ്ടു തലയ്ക്കലും നടുവിലും വക്കത്തും ഉള്ള കര, പുടവക്കര.

വസ്തു-പു. എന്തെങ്കിലും ഒരു സാധനം. വ. കഥാശരീരം. ന. പ്രകൃതിയാലുള്ള ശീലം. ര്. കായ്യു, കാതൽ.

വസ്തുഗന്ധാ-ആട്ടുനാറിവേള.

വസ്തുത-പരമാൎത്ഥം.

വസ്തുവക-പൊന്നു്, വെള്ളി, വെങ്കലപാത്രം, നിലം, പുരയിടം മുതലായവ.

വസ്തുവൃത്തം-വൎത്തമാനം, കായ്യം.

വസ്ത്യം-ഭവനം.

വസ്ത്രകുട്ടിമം-കുട.

വസ്ത്രദാരണം-എലി.

വസ്ത്രനിൎണ്ണേജകൻ-അലക്കുകാരൻ.

വസ്ത്രപരിധാനം-വസ്ത്രധാരണം.

വസ്ത്രപുത്രിക-പാവ.

വസ്ത്രപുഷ്ടി-വസ്ത്രത്തിന്റെ വലിപ്പം.

വസ്ത്രഭേദകൻ, വസ്ത്രഭേദി-തയ്യൽക്കാരൻ.

വസ്ത്രം-പു. മുണ്ടു്, നൂൽകൊണ്ടു നെയ്തുണ്ടാക്കിയ വസ്തു, തുണി. ഗുഹ്യപ്രദേശത്തെ മറയ്ക്കുന്നതു് എന്നൎത്ഥം. വ. പച്ചില.

വസ്ത്രയോനി-പു. വസ്ത്രമുണ്ടാക്കുന്ന പദാൎത്ഥം. വ. ചില മരത്തിന്റെ തൊലി. ന. ഒരുമാതിരി പുഴു. ര്. പഞ്ഞിയുണ്ടാകുന്ന ഒരുമാതിരി കായ്. പരുത്തിക്കായ്. ഋ. ചില മൃഗങ്ങളുടെ രോമം.

വസ്ത്രവേശ്മം-വസ്ത്രംകൊണ്ടുണ്ടാക്കുന്ന ഒരുമാതിരി ഭവനം.

വസ്ത്രഹീന-വി. വസ്ത്രമില്ലാത്ത.

വസ്നകം-ഒരുമാതിരി ഉപ്പു്.

വസ്നം-പു. വില. കച്ചവടസാധനം ഇതുകൊണ്ടു നിലനില്ക്കുന്നതിനാൽ ഈ പേർ വന്നു. വ. കൂലി, ശമ്പളം. ന. വസ്ത്രം. ര്. സമ്പത്തു്. ഋ. മരണം.

വസ്നസ-ജീവവായു സഞ്ചരിക്കുന്ന വലിയ ഞരമ്പു്. അംഗപ്രത്യംഗങ്ങളുടെ സന്ധിബന്ധനത്തെ ചെയ്യുന്നതായ ഞരമ്പു്, പെരുഞരമ്പു്, സന്ധിബന്ധങ്ങളെ മറയ്ക്കുന്നതു് എന്നൎത്ഥം.

വസ്വൌകസാര-പു. ഇന്ദ്രന്റെ നഗരം, അമരാവതി. വ. അമരാവതിയിലുള്ള ഒരു തടാകം. ന. അളകാപുരി. ര്. അളകാപുരിയിലെ തടാകം.

മേല്പറഞ്ഞ നദി അമരാവതിയിലും അളകാപുരിയിലും കൂടിയാണു ഒഴുകുന്നതു്.

വഹതൻ-പാന്ഥൻ.

വഹതം-കാള.

വഹതി-പു. ചങ്ങാതി. വ. കാള. ന. കാറ്റു്. ര് സ്നേഹിതൻ. ഋ. ഗുണദോഷക്കാരൻ. ൠ. നദി.

വഹതു-കാള.

വഹൽ-വി. ചുമക്കുന്ന.

വഹനം-പു. ചുമക്കുക. വ. ഒഴുകുക. ന. വാഹനങ്ങളിൽ ഏതെങ്കിലും.

വഹനീയ-വി. വഹിക്കത്തക്ക, കൊണ്ടുപോകാൻ സൌകൎയ്യമുള്ള.

വഹന്ത-കാററ്.

വഹം-൧. ചുമക്കുക. ൨. വാഹനം. ൩. കാളയുടെ മുതുകിൽ നുകം വെക്കുന്ന സ്ഥാനം. നുകത്തെ വഹിക്കുന്നത് എന്നൎത്ഥം. ൪. കാററ്. ൫. പെരുവഴി. ൬. ആണ്ടാട്. ൭. അറുപത്തുനാല് ഇടങ്ങഴിത്തൂപ്പ്, നാലു ദ്രോണം.

വഹലഗന്ധം-കിരാതചന്ദനം.

വഹലം-ബോട്ട്, വള്ളം.

വഹാ-ആറ്, നദി.

വഹിക്കുന്നു-൧. ധരിക്കുന്നു. ൨. ചുമക്കുന്നു.

വഹിത്രം-തോണി, ചങ്ങാടം, പൊങ്ങുതടി.

വഹിയാ-അ. മേലാ, ചെയ്വാൻ കഴികയില്ല.

വഹിയായ്ക-മേലായ്ക, അരുതായ്ക.

വഹിസ്സ്-അ. പുറത്തു, വെളിയിൽ.

വഹ്നി-൧. അഗ്നി, തീ. ഹവ്യത്തെ വഹിക്കുന്നവൻ എന്നൎത്ഥം. ദേവകൾക്കു ഹവ്യത്തെ എത്തിച്ചുകൊടുക്കുന്നവൻ എന്നുമാവാം. അഷ്ടദിക്പാലന്മാരിൽ ഒരാൾ. ൨. കൊടുവേലി. ൩. വയററിലെ അഗ്നി. ൪. വട്ടകപ്പുമിനാരകം. ൫. ആചാൎയ്യൻ. ൬. മൈവം ൧ കതിര. ൭. വൃ സോമൻ. ൮. ചേരുമരം.

വഹ്നികോണം-കിഴക്കുതെക്കേ മൂല.

വഹ്നിഗൎഭം-൧. മുള. ൨. അരണിവൃക്ഷം.

വഹ്നിധൂമന്യായം-ഒരിക്കലും വിട്ടുപിരിയാതെയുള്ള ലക്ഷണസാന്നിദ്ധ്യം.

വഹ്നിച്ചുമത-വഹ്നിമരത്തിന്റെ ചെറിയ കൊമ്പുമുറിച്ചത്.

വഹ്നിജ്ജ്വാല-൧. അഗ്നിജ്ജ്വാല. ൨. താതിരി. ൩. മേത്തോന്നി.

വഹ്നിബീജം-സ്വൎണ്ണം.

വഹ്നിഭോഗ്യം-നെയ്യ്.

വഹ്നിമണ്ഡലം-തീകൊണ്ടുള്ള ഒരു വലയം.

വഹ്നിരേതസ്സ്-സ്വൎണ്ണം.

വഹ്നിലോഹകം-വെള്ളോട്.

വഹ്നിവൎണ്ണം-ചെമന്ന ആമ്പൽ.

വഹ്നിശിഖം-൧. കുസുമ്പപ്പൂ. ൨. കുങ്കുമം.

വഹ്നിശിഖാ-൧. അത്തിത്തിപ്പലി. ൨. ഞൊഴൽ. ൩. മേത്തോന്നി. ൪. താതിരി.

വഹ്നിസംജ്ഞകം-കൊടുവേലി. വഹ്നി എന്ന പേരുള്ളത് എന്നൎത്ഥം.

വഹ്യം-൧. വാഹനം. ൨. വണ്ടി, ചാട്ട് മുതലായ വാഹനം.

വള-൧. കൈയിലിടുന്ന ആഭരണം, കടകം. ൨. പുരയുടെ കഴുക്കോൽ തുളച്ചു ചെലുത്തുന്നതിനു ചതുരമായിട്ടു തീൎക്കുന്ന മരം. ൩. പാമ്പിന്റെ തോലി (ചട്ട).

വളകഴിപ്പൻ-ഒരുമാതിരിപ്പാമ്പ്.

വളക്കത്തി-കട്ടാരം, വളഞ്ഞ വാൾ.

വളക്ഷം-വെളുപ്പുനിറം. വിശേഷമായി കാണപ്പെടുന്നത് എന്നൎത്ഥം.

വളങ്കടി-ഈൎപ്പമുള്ള മണ്ണിലും മററും ചവിട്ടിയാൽ കാലിന്റെ വിരലിന്നിടയിൽ ചൊറിഞ്ഞുണ്ടാകുന്ന ഒരു ദീനം, ഇരകടി.

വളച്ചൽ-൧. വളവ്. ൨. ചുററൽ.

വളച്ചുകെട്ടിപ്പറയുക-കാൎയ്യം വെളിപ്പെടുത്തിപ്പറയാതെ ഉപായത്തിൽ ഗ്രഹിപ്പിക്കുക, അൎത്ഥം എളുപ്പത്തിൽ മററാരും അറിഞ്ഞുപോകരുതെന്നു വിചാരിച്ചു ചുററിക്കെട്ടിപ്പറയുക. കല്യാ

ണസൌഗന്ധികം തുള്ളക്കഥയിലെ 'തം മരാസംക്ഷയൻറമെത്തെടതാഴത്തു' എന്നുംമററുമുള്ള ഭാഗം ഇതിനു ദൃഷ്ടാന്തമാകുന്നു. (ഹനുമാൻ എന്ന പദം നോക്കുക).

വളച്ചുവിടുക-പ്രേരിപ്പിക്കുക

വളച്ചെറുമൻ-പുലയൻ.

വളഞ്ചിയൻ-ഒരുവക ക്ഷൌരകൻ.

വളഞ്ഞ-വി. വളവുള്ള.

വളത്തടി-ഒരായുധം.

വളപ്പു്-പ്ര. വളവു്. വ. പറമ്പു്.

വളപ്പുര-വള്ളത്തിൽ വെയ്ക്കുന്നതിനു കെട്ടിയുണ്ടാക്കുന്ന പുര.

വളപ്പുഴവു്-ഒരുവക ചെറിയ പുഴവു്.

വളഭി-മട്ടപ്പാവു്, മുഖപ്പലക, ചുവരിൽ പുലിമുഖവും മററും വെയ്ക്കുന്നതിനുള്ള വളമരം.

'വളഭികൾമുകളേറിയിരുന്നിട്ടനു'
(സ്യമന്തകം തുള്ളൽ)

വളം-പ്ര. സസ്യാദികൾ തഴച്ചുവരുന്നതിനു് അവയുടെ ചുവട്ടിൽ വെയ്ക്കുന്ന ചവറുംമററും. വ. ഒരുമാതിരി ചെറിയ പുഴവു്.

വളംവെച്ചുകൊടുക്കുക= പ്രോത്സാഹിപ്പിക്കുക.

വളയക്കാം- തേങ്ങാക്കഷണം. ഉരുണ്ടതാണു് (വൃത്താകാരമായതാണു്).

വളയപ്പൻ-വളകഴിപ്പൻ.

വളയം-ഇരിമ്പു്, ഓടു മുതലായ ലോഹങ്ങൾകൊണ്ടു വട്ടത്തിൽ പണിതതോ വാർത്തോ ഉണ്ടാക്കിയ വസ്തു.

വളയർവട്ടക-ഒരുമാതിരി പാത്രം.

വളയുപ്പു്-ഒരുമാതിരി ഉപ്പു്.

വളയുന്നു-കനിയുന്നു, ക്രുനുന്നു. (വളയ്ക്കുന്നു-സ. ക്രി.)

വളയ്ക്കുന്നു- പ്ര. ചൊവ്വില്ലാതെയാക്കുന്നു, കനിയ്ക്കുന്നു. വ. നേർവഴി വിട്ടു ചുററി നടക്കുന്നു.

വളരു്-പ്ര. ആനവണക്കി. വ. കല്ലുകൊണ്ടു പുറത്തറയിൽ പണിയുന്നതിൽ ഒന്നിൻെറ പേർ. ന. മരംകൊണ്ടു മേൽപുരയിൽ പണിയുന്നതിൻ, ഒന്നിൻെറ പേർ.

വളരുന്നു-വൎദ്ധിക്കുന്നു, വലിയതാകുന്നു. (വളൎക്കുന്നു, വളൎത്തുന്നു-സ. ക്രി)

വളരെ-അ. അനവധി, ഒപ്പത്തു്.

വളർ-ആനവണങ്ങി, വളവ്ടി.

വളർ-വി. പ്ര. വലിയ. വ. വളഞ്ഞ. ന. വെളുത്ത (പ-മ.)

'വാരിയെടുത്തു വളർ കടർമാലകൾ'
(ഭാഗവതം)

വളക്കുന്നു, വളത്തുന്നു-രക്ഷിക്കുന്നു.

വളർക്ഷ-വി. വെളുപ്പുനിറമുള്ള.

വളർക്ഷം-പ്ര. മുത്തു്. വ. വെളുപ്പുനിറം.

വളച്ചു-വളരുക.

വളത്തൽ-വളൎത്തുക.

വളമ്മ-വളച്ചു.

വളർവട്ടക-കോളാമ്പി.

വളവു്-ചൊവ്വില്ലായ്ക, ക്രുനു്.

വളവളാ-ചെറിയ പൈതൽ പറയുന്ന ശബ്ദം.

വളി-അധോവായു, കീഴ്ശ്വാസം.

വളിക്കുന്നു- ചോറു്, കറി മുതലായവ അറിഞ്ഞണത്താൽ ദുർഗന്ധവും ദുസ്സ്വാദും ഉണ്ടാകുന്നു.

വളിച്ചി-സ്ത്രീകളെപ്പറയുന്ന ഒരു ശകാരവാക്കു്.

വളിപ്പു-വളിച്ചാലുള്ള അവസ്ഥ.

വളുതം-കളിയായി പറയുന്നതു്, കള്ളം, കളവു്.

വളുതക്കാരൻ-ചതിയൻ

വാളുസം, വാളുതം ഇഷ്ടത്തിന്നായിട്ടു പറയുന്ന നുണവാക്ക്.

'വളുസം പറകെന്നെളിയവനോടും
നന്നല്ലാക്കം'
(ഉത്തരരാമായണം ചമ്പു)

വള്ളക്കാരൻ-തോണി ഊന്നുന്നവൻ.

വള്ളത്തടി-വള്ളത്തിനുള്ള തടി

വള്ളത്തുടൽ-വള്ളം പൂട്ടുന്ന ചങ്ങല.

വള്ളപ്പടി-വള്ളത്തിനകത്തിരുന്നു തുഴയുന്നതിനും മററും ഉള്ള പടി.

വള്ളപ്പലക- വള്ളത്തിനകത്ത് ഇട്ടിരിക്കുന്ന പലക.

വള്ളപ്പാട്ട്- വള്ളംകളിക്കുമ്പോൾ പാടുന്ന ഒരുമാതിരി പാട്ട്, വഞ്ചിപ്പാട്ട്.

വള്ളം-൧. വെള്ളത്തിന്നു മീതെ സഞ്ചരിക്കുന്നതിനായിട്ടു മരംവെട്ടിക്കുഴിച്ചുണ്ടാക്കിയ ഒരു സാധനം, തോണി, വഞ്ചി. ൨. വല്ലം (൨൦൦ മുതൽ ൪൦൦ വരെ അരി കൊള്ളുന്ന മുളക്കുട്ട).

വള്ളൽ-൧. ഒപ്പമില്ലായ്മ. ൨. വള്ളി.

വള്ളവൻ- പുലയക്കു കൊടുക്കുന്ന ഒരു സ്ഥാനപ്പേർ.

വള്ളി-൧. മുളച്ചു പടരുന്ന വസ്തു. ൨. ി (ഇ) എന്ന അടയാളം. ൩. നാരു (കെട്ടുന്നതിനുള്ളതു്). ൪. കാതിന്റെ വള്ളി (വക്ക്). ൫. വല്ലി. സുബ്രഹ്മണ്യന്റെ പത്നി.

വള്ളിക്കാഞ്ഞിരം-ചെറുകാഞ്ഞിര വൃക്ഷം.

വള്ളിക്കാണം- കന്നുകാലികളെ വിലയ്ക്കു വാങ്ങിക്കുമ്പോൾ ഉടമസ്ഥർ അവയുടെ കഴുത്തിൽ കയററിട്ടു തരുന്നതിനായിട്ടു വിലയിൽ കൂടാതെ കൊടുക്കുന്ന അല്പം ദ്രവ്യം.

വള്ളിക്കാതു്-ചെവിയുടെ അടിവശം.

വള്ളിക്കിഴങ്ങ്-ഒരുമാതിരി കിഴങ്ങ്.

വള്ളിക്കുടിൽ-വള്ളിക്കെട്ട്.

വള്ളിക്കെട്ട്-വള്ളി ചുററിപ്പടർന്നു പുരപോലെ ആയതു്, വള്ളിക്കുടിൽ.

വള്ളിക്കൊട്ട— വള്ളികൊണ്ടുണ്ടാക്കിയ കൊട്ട, കയ്യാലക്കൊട്ട.

വള്ളിത്തുള- വക്ക കോർത്തുകെട്ടുന്നതിനു തടിമേൽ തുളച്ച ദ്വാരം.

വള്ളിത്തേരകം-ഒരു വൃക്ഷം.

വള്ളിനാരകം-ഒരുവക നാരകം.

വള്ളിനാരങ്ങ— വള്ളിനാരകത്തിന്റെ ഫലം.

വള്ളിപ്പുലി-ഒരുമാതിരി ചെറിയ പുലി.

വള്ളിമുല്ല-ഒരു ചെടി.

വിഷം, വ്രണം, അരുചി മുതലായവ കളയും. സം-മല്ലികാ. ത-മല്ലികൈ. ഇം-Arabian Jasmine അറേബ്യൻ ജാസ്മിൻ.

വള്ളിമോടകം-ഒരു വള്ളി.

വള്ളിവക്കോനാതിരി- വെള്ളാട്ടുകര രാജാവ്.

വള്ളിവനാട്ട്-വെള്ളാട്ടുകര രാജ്യം.

വള്ളിവഴുതിന-ഒരുവക കറിസ്സാധന വള്ളി.

വള്ളുവൻ-പുലയക്കു കൊടുക്കുന്ന ഒരു സ്ഥാനപ്പേർ.

വള്ളൂരം-ഉണങ്ങിയ മീൻ അല്ലെങ്കിൽ ഇറച്ചി, ഉപ്പുമീൻ, ഉപ്പിട്ട മീൻ.

വള്ളോടി –സാമന്തക്ക് വെള്ളാട്ടുകരെ പറയുന്ന ഒരു പേർ.

വഴക്ക്-വ്യവഹാരം.

'എന്നുടെ ക്രൂര പകൻ കളഞ്ഞായെ-
ന്നൊന്നോടു കൂട വഴക്കാകൊല്ല'
(കൃഷ്ണഗാഥ)

വഴക്കം-൧. വണക്കം. ൨. വിനയം. ൩. കീഴടക്കം. ൪. ഒതുക്കം. ൫. ശങ്ക. ൬. വളയത്തക്കവണ്ണമുള്ള മൃദുത്വം.

വഴക്കാളി-വഴക്ക കൂട്ടാൻ താല്പൎയ്യമുള്ള ആൾ.

വഴക്കുകാരൻ-വഴക്ക പറയുന്നതിലും കലഹിക്കുന്നതിലും സന്തോഷമുള്ളവൻ. (സ്ത്രീ — വഴക്കുകാരി).

വഴക്കുന്നു-൧. വളയ്ക്കുന്നു. ൨. താഴ്മ കാണിക്കുന്നു.

വഴക്കോഴി-ഒരു പക്ഷി.

വഴങ്ങൽ-വഴക്കം.

വഴങ്ങില-വാടിയ ഇല, ഉണങ്ങിയ ഇല.

വഴങ്ങുന്നു-൧. വളയുന്നു. ൨. കനിയുന്നു. ൩. കീഴിലടങ്ങുന്നു, കീഴ്പ്പെടുന്നു. ൪. വണങ്ങുന്നു. ൫. അഴയുന്നു. (പ. മ.) (സ. ക്രി.-വഴക്കുന്നു). ൬. യാത്രചോദിക്കുന്നു.

വഴന-ഒരു വൃക്ഷം.

കാട്ടുവയന=കരിവേലപ്പട്ട.

വഴല-ഒരുതരം പാമ്പ്.

വഴലൻ-ദുൎബ്ബുദ്ധി.

ഇതു വഷളൻ എന്നതു ദുഷിച്ചതാണ്. പ്രയോഗിക്കാതെയിരിക്കുക നന്ന്.

വഴി-൧. എല്ലാവൎക്കും നടക്കുന്നതിന്നായിട്ടുള്ള സ്ഥലം, പോകയും വരികയും ചെയ്യുന്ന സ്ഥലം. ൨. നിൎവ്വാഹം. ൩. ഉപായം. ൪. മുറ, ക്രമം. ൫. കാരണം. ൬. വംശപാരമ്പൎയ്യം.

വഴികാട്ടി-വഴികാണിക്കുന്നവൻ.

വഴികെട്ടിക്കളയുന്നു-ഒരുവന്റെ ഉപജീവനത്തെ ഇല്ലാതാക്കുന്നു.

വഴികേട്-മുറകേട്.

വഴിക്കരി-വഴിച്ചെലവിനുള്ള അരി.

വഴിക്കാരൻ-വഴിപോക്കൻ.

വഴിച്ചൽ-പാത്രങ്ങളിലും മറ്റും നിറഞ്ഞു കവിയുക.

വഴിച്ചെലവ്-ഒരു ദിക്കിൽനിന്നു പുറപ്പെട്ടാൽ മറ്റൊരു ദിക്കിൽ എത്തുന്നതു വരെയ്ക്കുമുള്ള ചെലവ്.

വഴിച്ചേരി-൧. തിരുവിതാംകൂർ രാജ്യത്തിൽ മുൻപുണ്ടായിരുന്ന തീരുവസ്ഥലങ്ങളിൽ ഉൾപ്പെട്ടിരുന്ന ചെറിയ അധികാരങ്ങൾ. ൨. വ്യാജച്ചരക്കു കൊണ്ടുപോകുന്നവരുടെ പ്രത്യേക വഴി.

വഴിച്ചോറ്-ദൂരദിക്കിലേക്കു പോകുന്നവർ വഴിയിൽ ഭക്ഷിക്കുന്നതിന് പൊതികെട്ടി കൊണ്ടുപോകുന്ന ചോറ്.

വഴിത്തടവ്-വഴിമുട്ട്.

വഴിത്തല-പല വഴികൾ കൂടുന്നതിനടുത്ത സ്ഥലം.

വഴിത്താര്-ജനങ്ങൾ നടന്നു വഴിയുണ്ടായ അടയാളം.

വഴിത്തിരി-കമ്പവെടിയ്ക്കും മറ്റും പടക്കങ്ങളിൽ തീ ചെല്ലുന്നതിനുള്ള വെടിമരുന്നുതിരി.

വഴിത്തിരിച്ചൽ-൧. വഴിമാറ്റം. ൨. തിരിച്ചറിവ്.

വഴിത്തുണ-വഴിയ്ക്കുള്ള സഹായം.

വഴിത്തെറ്റ്-വഴി പിഴയ്ക്കൽ.

വഴിനട(പ്പ്)-വഴിയിൽ നടക്കുക.

വഴിപാട്-നേൎച്ച, ക്ഷേത്രങ്ങളിൽ കൊടുക്കുന്നത്.

വഴിപാട്ടുകാരൻ-നേൎച്ച കഴിക്കുന്നവൻ

വഴിപിണക്കം-വഴിതെറ്റുക.

വഴിപോക്കൻ-ഒരു ദിക്കിൽ നിന്നും മറ്റൊരു ദിക്കിൽ പോകുന്നവൻ, വഴിക്കാരൻ.

വഴിപോരുംവണ്ണം—കഴിയുന്നിടത്തോളം.

വഴിപോലെ-നല്ലവണ്ണം, ഭംഗിയായി.

വഴിപ്പണി-റോട്ടുവേല.

വഴിപ്പെടുന്നു-കീഴടങ്ങുന്നു.

വഴിമരുന്ന്-കതിനായ്ക്കും മറ്റും തീപിടിക്കുന്നതിനു പുറമേയിടുന്ന വെടിമരുന്ന്.

**വഴിമാററം**-പ്ര. വഴിയിൽ നിന്നും മാറുക. ദ്വി. വഴി പിഴയ്ക്കുക. തൃ. ക്രമത്തെററ്.

**വഴിയമ്പലം**-വഴിക്കാർക്കു വെള്ളം കൊടുക്കുന്ന സ്ഥലം, തണ്ണീർപ്പന്തൽ, വഴിപോക്കർക്കു കയറിയിരുന്നു ഇളച്ചു തീർക്കുവാനുള്ള മണ്ഡപം.

**വഴിയാകുന്നു**-നിർവാഹമുണ്ടാകുന്നു. (സ. ക്രി. വഴിയാക്കുന്നു).

**വഴിയാക്കുന്നു**-കാര്യം സാധിക്കുന്നു.

**വഴിയുന്നു**- നിറഞ്ഞു കവിയുന്നു. (കാ. ക്രി. വഴിക്കുന്നു). (പ-മ)
'തോഷംനിറഞ്ഞുവഴിഞ്ഞുസുരേന്ദ്രനും'
(ബാല്യുത്ഭവം തുള്ളൽ)

**വഴിയും മൊഴിയും തിരിക്കുന്നു**-കാര്യങ്ങൾ തീർച്ചചെയ്യുന്നു.

**വഴിയൂട്ട്**- വഴിക്കാർക്കു കൊടുക്കുന്ന ഭക്ഷണം.

**വഴിയേ**-അ. പ്ര. വഴിയിൽ കൂടെ. ദ്വി. മുറയ്ക്കു. തൃ. മര്യാദപ്രകാരം. ച. പിന്നാലെ.

**വഴിയോട്ട്**-അ. പുറകോട്ട്.

**വഴിവരം**-മാർഗ്ഗമാകുന്നവരം. (പ-മ.)

**വഴിവരുന്നു**-നേരെവരുന്നു.
ഉ-ം, ശിക്ഷയാൽ അവൻ വഴിവരാം വണ്ണ്.

**വഴിവാടെത്തിക്കുക**- അശ്രദ്ധയോടെ കാര്യങ്ങൾ ചെയ്യുക.

**വഴുക**-തെങ്ങിൻ മടലിന്റെ അകത്തുനിന്നു കീറിയെടുക്കുന്ന നാര്.

**വഴുകുന്നു**-പ്ര. ചറുക്കുന്നു, തെററുന്നു. ദ്വി. വൈകുന്നു.

**വഴുക്ക**-ഇളനീരിന്റെ അകത്തുള്ള വസ്തു, വഴുമ്പൽ.

**വഴുക്കൽ**-പ്ര. തെററൽ. ദ്വി. ചില മത്സ്യത്തിന്റെ മേത്തും മററുമുള്ള അവസ്ഥ

**വഴുക്കുന്നു**-തെററുന്നു, കാലുതെററി വീഴുവാൻ തുടങ്ങുന്നു, ചറുക്കുന്നു.
വഴുക്കുക എന്നതു 'വഴുതുക' എന്നതിന്റെ പ്രയോജകപ്രകൃതിയാണ്.

**വഴുതൽ**-പ്ര. ക്ഷമ. ദ്വി. ഉപേക്ഷ. തൃ. തെററ്, ചറുക്കൽ.

**വഴുതിന**-ഒരുവക കറിസ്സാധനമുണ്ടാകുന്ന തൈ.

**വഴുതിനങ്ങ**-വഴുതിനയുടെ കായ്.

**വഴുതുന്നു**-പ്ര. ക്ഷമിക്കുന്നു. ദ്വി. ഉണ്ടാകുന്നു.
'വിരിഞ്ഞനവനൊരുകരുണവഴുതണം'
(ത്രിപുരദഹനം തുള്ളൽ)
തൃ. തെററുന്നു, ചറുക്കുന്നു.

**വഴുത്തി**-ഒരു തൈ, ചെറുവഴുതിന, കറുത്തചുണ്ട, പുണ്യാഹച്ചുണ്ട.

**വഴുപ്പ്**-ചില പശയോ ചെളിയോ കൊണ്ടുണ്ടാകുന്ന ഒരു തെററൽ.

**വഴുവഴുപ്പ്**-അധികമായുള്ള തെററൽ.

**വഴുവഴെ**-അ. തെററിത്തെററി.

**വറ**-പ്ര. പശയിടുക, പശയിട്ടുപററിക്കുക. ദ്വി. വറുപ്പ്, വറക്കുക.

**വറ**-വറുത്തുപൊടിച്ച വസ്തു.

**വറകലം**-വറക്കുന്ന പാത്രം.

**വറക്കുന്നു**-പൊരിക്കുന്നു. പ്ര. ധാന്യാദികളെ കലത്തിലും മററും ഇട്ടു വെള്ളംകൂടാതെ വേവിക്കുന്നു. ദ്വി. ഉപ്പേരിക്കുള്ളവയും മററും വെളിച്ചെണ്ണയിലോ നെയ്യിലോ ഇട്ടു വേവിക്കുന്നു.

**വറം**-ചുരുക്കം, അപൂർവ്വസ്ഥിതി, ക്ഷാമം.

**വറട്ട്**-വരട്ട്, ഉണങ്ങിയ.

**വറടി**-മച്ചി, മലടി.

**വറട്ടുന്നു**-ഉണക്കുന്നു, നല്ലവണ്ണം പൊരിക്കുന്നു, വററിക്കുന്നു.

**വറൽ**-പൊരിച്ച കറി.

വറവ്-ഗ. വറക്കുക ഉ. പഞ്ഞം, ക്ഷാമം. നു. ഉണക്കുകാലം, അധികം വെയിലുള്ള സമയം.

വറളി-ചാണകം ഉണക്കിയ ചാണകം.

വറളുന്നു-ഉണങ്ങുന്നു, വെള്ളം വററുന്നു. നല്ലവണ്ണം പൊരിയുന്നു. (ഇപ്പോൾ വരളുന്നു എന്നായിരിക്കുന്നു). (സ-ക്രി. വരട്ടുന്നു).

വറാംച്ച-വരണ്ടതിൻെറ അവസ്ഥ.

വറുതി, വറുമ-ഗ. ക്ഷാമം, ദാരിദ്ര്യം. ഉ. ചൂട്.

വറുത്തൽ-വറവ്.

വറുത്തുപ്പേരി-ചേന, വാഴക്കാ മുതലായവ അരിഞ്ഞ് ഉപ്പുപുരട്ടി വെളിച്ചെണ്ണയിലോ നെയ്യിലോ വറുത്തത്.

വറുത്തരിച്ചേറി-ഒരു കറി.

വറുമ, വറുതി-ഗ. ക്ഷാമം, ദാരിദ്ര്യം. ഉ. ചൂട്.

വറോൻ-പാവപ്പെട്ടവൻ.

വാറ്-ഗ. ചോറ്. ഉ. ചോററിനുള്ള അശുദ്ധി.

വററൽ-ഗ. ഉണക്കുകൊണ്ട് വെള്ളം വലിയുക. ഉ. തേകുന്നതിനാലുണ്ടാകുന്ന വെള്ളക്കുറവ്.

വററൽച്ചുണ്ട-പുത്തരിച്ചുണ്ട.

വററൽമുളക്-ഉണങ്ങിയ മുളക്.

വററാത-വററാത്ത, നശിക്കാത്ത.

വററുന്നു-ഗ. വെയിൽകൊണ്ടോ തീ കൊണ്ടോ തേകുകകൊണ്ടോ വെള്ളം കുറയുന്നു. ഉ. വെയിൽകൊണ്ടും മററും ജലം തീരെയില്ലാതാകുന്നു. ന. നീരുപൊററുക്കുന്നു. (സ. ക്രി. വററിക്കുന്നു).

## വാ

വാ-അ എന്നപോലെ, സംശയം, മാത്രം. ഇപ്രകാരമുള്ള അർത്ഥങ്ങൾ വരും. ഉ-ം, അദ്യവാ ശ്വോ വാ = ഇന്നോ നാളെയോ.

വാ-വരുക എന്ന ക്രിയയുടെ ആജ്ഞാപകം.

വാഃ-ജലം.

വാ(യ്)-ഗ. മുഖത്തുള്ളതിൽ ഭക്ഷിക്കുന്ന ദ്വാരം. ഉ. സന്ധി, കടം മുതലായ വസ്തുക്കളുടെ അകത്തേക്കുള്ള വഴി, ചില ആയുധങ്ങളുടെ മൂർച്ചയുള്ള ഭാഗം.

വാക-ഗ. ഒരു വൃക്ഷം. ഉ. ഒരു മത്സ്യം.

വാകച്ചേമ്പ്-ഒരു കന്ദശാകം.

സം-ശരകന്ദാലു. ഇതിൽ വെട്ടുചേമ്പിൻെറ ഗുണമാണുള്ളത്. വൃദ്ധിവിധിയും മററും നന്ന്.

വാകുചി - ഒരങ്ങാടിമരുന്ന്, കാർകോകിൽ. വാതത്തെ ചുരുക്കുന്നുത് എന്നർത്ഥം.

വാക്ക്-ഗ. വചനം. ഉ. ഭംഗി. (പ-മ). മാധുര്യം, അക്ഷരവ്യക്തി, സുസ്വരം, പദസ്ഫുടത, ലഘുത, ധൈര്യം ഇവയ്ക്കു 'വചോഗുണഷൾക്കം' എന്നു പേർ.

വാക്കത്തി-ഒരുമാതിരി വെട്ടുകത്തി.

വാക്കൻ-നടൻ.

വാക്കിലേററം- മുറകേടായി പറക, ശകാരം.

വാക്കെട്ടു-വായടച്ചുകെട്ടുക.

വാക്കേററം-വാക്കിലേററം, ശകാരം.

വാക്-സരസ്വതി. സ്തുതിക്കപ്പെടുന്നവൾ എന്നർത്ഥം.

വാക്ഛലം-വാക്കിൻെറ വ്യാജം.

വാക്തക്കം-തർക്കം പറയുക.

വാക്ദേവതാ-സരസ്വതി.

വാക്ദേവി-സരസ്വതി.

വാക്പതി-വി. വാഗ്വൈഭവമുള്ള.

വാക്പതി-ഗ. വ്യാഴൻ. ഉ. സ്വാധീനവാക്കായിട്ടുള്ളവൻ.

വാക്പാരുഷ്യം-വാക്കിൻെറ കടുപ്പം.

വാക്പ്രദാ-സരസ്വതീനദി.

വാക്യത്രയം-ചൂർണ്ണിക, സങ്കീർണ്ണകം, മഹാവാക്യം ഇങ്ങനെ മൂന്നുവിധം. (ഓരോന്നും പ്രത്യേകം പ്രത്യേകം നോക്കുക).

വാക്യപദീയം-ഭർത്തൃഹരിയുടെ പുസ്തകം

വാക്യം-ന. വാക്ക്. 2. വാചകം. 3. ഒരു ജ്യോതിശ്ശാസ്ത്രഗ്രന്ഥം. 4. (വ്യാകരണത്തിൽ) ഒരു സംഗതിയെ പൂർണ്ണമായി വിവരിക്കുന്ന പദങ്ങളുടെ കൂട്ടം, തിങന്തസമൂഹത്തിനും സുബന്തസമൂഹത്തിനും വാക്യം എന്നു പേർ.

വാക്യാർത്ഥം-വാക്യങ്ങളുടെ പൊരുൾ.

വാഗരൻ-പു. സന്യാസി. 2. പരിശുദ്ധൻ. 3. പണ്ഡിതൻ. 4. ധീരൻ.

വാഗരം-ചെന്നായ്(യ്).

വാഗാ-കടിഞ്ഞാൺ.

വാഗാരു-വി. നന്ദികെട്ട, വാഗ്ദത്തത്തെ ഇല്ലാതാക്കുന്ന.

വാഗീശ-വി. വാഗ്വൈഭവമുള്ള.

വാഗീശൻ-പു. ബൃഹസ്പതി. 2. പറവാൻ സാമർത്ഥ്യമുള്ളവൻ, വിദ്വാൻ. 3. ബ്രഹ്മാവ്, ബ്രഹ്മം.

വാഗീശാ-സരസ്വതി.

വാഗീശ്വരൻ-പു. വാഗ്വൈഭവമുള്ളവൻ, വിദ്വാൻ. 2. ബൌദ്ധന്മാരുടെ ഒരു ദേവൻ. 3. ബ്രഹ്മാവ്.

വാഗീശ്വരി-സരസ്വതി.

വാഗുജി-കാർകോകിൽ.

വാഗുര- നായാട്ടുവല ഹിംസിക്കുന്നത് എന്നർത്ഥം

വാഗുരി-ഒരു ഗ്രന്ഥകാരൻ.

വാഗുരികൻ-വലവെച്ചു മൃഗങ്ങളെ പിടിക്കുന്നവൻ. വാഗുരകൊണ്ടു ചരിക്കുന്നവൻ എന്നർത്ഥം.

വാഗ്ഗുദം-വാവൽ.

വാഗ്ദത്ത-വി. വാക്കുകൊടുക്കപ്പെട്ട.

വാഗ്ദത്തം-പ്രതിജ്ഞ. വാക്കുകൊടുക്കുക.

വാഗ്ദത്താ-കൊടുക്കാമെന്നു പറയപ്പെട്ട കന്യക.

വാഗ്ദലം-ചുണ്ട്.

വാഗ്ദാനം-പ്രതിജ്ഞ, വാക്കുകൊടുക്കുക.

വാഗ്ദുഷ്ട-വി വാക്കുകൊണ്ടു ചീത്തയാക്കപ്പെട്ട.

വാഗ്ദുഷ്ടൻ-ചൊല്ലേണ്ടുന്ന പ്രായം കഴിഞ്ഞിട്ടും ഉപനയനവും മററും കഴിക്കപ്പെടാത്ത ബ്രാഹ്മണൻ.

വാഗ്ദേവി-സരസ്വതി.

വാഗ്ദോഷം-പു. ചീത്തവാക്ക്, ശകാരം. 2. അപശബ്ദം.

വാഗ്ധോരണി- വാക്കുകളുടെ ധാരാളത്വം, വളരെ വാക്കുകളുടെ പ്രയോഗം.

വാഗ്ഭടൻ-അഷ്ടാംഗഹൃദയ കർത്താവായ ഒരു ആചാര്യൻ.

"ഇദ്ദേഹം ബുദ്ധമതക്കാരനാണെന്നു ഏതുപ്രകാരമോ ജനങ്ങളുടെ ഇടയിൽ ഒരു അഭിപ്രായം വ്യാപിച്ചിട്ടുണ്ട്. ഈ അഭിപ്രായം യുക്തിയുക്തമല്ല. ബുദ്ധമതത്തിലേയും ഹിന്ദുമതത്തിലേയും തത്വങ്ങൾക്കു തമ്മിൽ പല വ്യത്യാസങ്ങളുമുണ്ട്. പല ഭാഗങ്ങളും വിരുദ്ധമായിരിക്കുന്നു. ബുദ്ധമതക്കാർ ഹൈന്ദവ വേദത്തെ അംഗീകരിക്കാത്തവരാണ്. ഹിന്ദുമതം, പുരാണം, വേദം, മന്ത്രം, വിശ്വാസം മുതലായവയോടു വാഗ്ഭടാചാര്യർക്കു പൂർണ്ണമായ അനുഭവമുണ്ടെന്നു അഷ്ടാംഗഹൃദയത്തിന്റെ പല ഭാഗങ്ങളും വ്യക്തമാക്കുന്നുണ്ട്. അഷ്ടാംഗഹൃദയത്തിന്റെ കർത്താവ് ഒരിക്കലും ബുദ്ധമതക്കാരനായിരുന്നില്ലെന്നു തെളിയുന്നു".

വാഗ്മി-വി. വാക്സാമർത്ഥ്യമുള്ള, നല്ല യുക്തികളോടു കൂടി പറയുന്ന. (നകാരാന്തം). (ഗ്മീ, ഗ്മിനീ, ഗ്മി).

വാഗ്മി-പു. വാക്കിന്നു സാമൎത്ഥ്യമുള്ളവൻ. ൧. വ്യാഴം. ൨. വിഷ്ണു. ൩. തത്ത.

വാഗ്യ-വി. സത്യമായി സംസാരിക്കുന്ന, കുറച്ചു വൎത്തമാനം പറയുന്ന, സൂക്ഷിച്ചു സംസാരിക്കുന്ന.

വാഗ്യം-വിനയം, മൎയ്യാദ, അടക്കം.

വാഗ്യമം-നീരസംകൊണ്ടോ മററൊ മിണ്ടാതെയിരിക്കുക.

വാഗ്വാദം-വാക്കുതൎക്കം.

വാഗ്വിഭവം-വാക്കുസാമൎത്ഥ്യം.

വാഗ്വിശേഷം - വാക്കിന്റെ ഒരു തരഭേദം.

വാഗ്വൈഭവം-വാക്കുസാമൎത്ഥ്യം.

വാംകം-സമുദ്രം.

വാങ്ക്-കട്ടാരം, ചൊട്ട.

വാങ്ങൽ-പു. മേടിക്കൽ. ൧. പുറകോട്ടു മാറൽ. ൨. നീങ്ങുക. അടുപ്പത്തുനിന്നു നീക്കുക.

വാങ്ങിക്കുന്നു-മേടിക്കുന്നു. (കാ. ക്രി.-വാങ്ങിപ്പിക്കുന്നു.)

വാങ്ങിയം, വാങ്ങ്യം-പുരക്കു വിസ്താരം കൂട്ടുന്നതിന്നു വെക്കുന്ന വാരയുത്തരം.

വാങ്ങുന്നു-പു. വിലകൊടുത്തുംമററും മേടിക്കുന്നു. ൧. പുറകോട്ടു മാറുന്നു. ൨. അടുപ്പത്തുനിന്നു നീക്കുന്നു. ൩. പൂവും മററും എടുത്തുഴിഞ്ഞു ചിലർ ദേവതയെ മാററിക്കളയുന്നു.

വാങ്മനഃകായകൎമ്മങ്ങൾ — വാക്കുകൊണ്ടും മനസ്സുകൊണ്ടും ദേഹംകൊണ്ടും ഉള്ള പ്രവൃത്തികൾ.

വാങ്മയ-വി. വാക്കുകൊണ്ടുള്ള.

വാങ്മയം-വാക്കിന്റെ സ്വരൂപം.

വാങ്മാധുൎയ്യം-വാക്കിന്റെ ഭംഗി.

വാങ്മുഖം - വാക്കിന്റെ ഭംഗിയായ ആരംഭം, വചനാരംഭം.

വാങ്മൂലം-പു. വാക്കിന്റെ കാരണം. ൧. വാക്കുനിമിത്തം.

വാചം-ഒരുവക മീൻ.

വാചകൻ-നല്ല വാഗ്മി.

വാചകം-പു. ശാസ്ത്രത്തിലെ ശബ്ദം. ൧. സാഹിത്യശാസ്ത്രപ്രകാരം ശബ്ദത്തിന്റെ ഒരു വിഭാഗം. ൨. അൎത്ഥബോധത്തിന്നു വേണ്ടി പറയുന്ന വാക്കുകളുടെ കൂട്ടം. ൩. (വ്യാകരണത്തിൽ) ഒരു കാരാതി ക്രിയ കൂടാതെ അന്യോന്യം ചേൎന്നുനില്ക്കുന്ന പദങ്ങളുടെ കൂട്ടം.

വാചനം-വായന.

വാചനകം-കടങ്കഥ.

വാചംയമൻ-മൌനവ്രതമുള്ള തപസ്വി. വാക്കിനെ അടക്കുന്നവൻ എന്നൎത്ഥം.

വാചസ്പതി-വ്യാഴം. വാക്കുകളുടെ നാഥൻ എന്നൎത്ഥം.

വാചസ്പത്യം—ഒരു വിശിഷ്ട സംസ്കൃതനിഘണ്ടു.

(താരാനാഥതൎക്കവാചസ്പതി പണ്ഡിതരുടെ കൃതിയാണ്)

വാചാ-വാക്ക്, സംസാരം.

വാചാട-വി. നിന്ദ്യമായി വളരെ പറയുന്ന.

വാചാല-വി. പു. ഏററവും സംസാരിക്കശീലമുള്ള. ൧. നിന്ദ്യമായി വളരെ പറയുന്ന. വാചാലൻ എന്ന പദത്തിന്നു വളരെ പറയുന്ന. വാചാലൻ എന്ന പദത്തിന്നു വളരെ പറയുന്നവൻ എന്നു ശബ്ദാൎത്ഥം).

വാചി-വി. പറയുന്ന. (പദാന്ത്യത്തിൽ ചേരുന്നു. ഉ-ം. കുശലവാചി=കുശലം പറയുന്ന.

വാചിക-വാക്കുകൊണ്ടുള്ള, വാക്കുമൂലമായുള്ള.

**വാചികപത്രം**- ദൂതന്മാരുടെ പക്കൽ കൊടുത്തയയ്ക്കുന്ന എഴുത്ത്.

**വാചികം**-൧. വാക്യം. ൨. സന്ദേശം, പറഞ്ഞയയ്ക്കപ്പെട്ട വർത്തമാനം.

'ത്വദ്വാചികം അഴൽമോചകം'
(നളചരിതം കഥകളി)

**വാചികഹാരകൻ**-ദൂതൻ.

**വാചോയുക്തി**-വി. വാക്കിന്റെ യുക്തി, നല്ലവണ്ണം സംസാരിക്കുക.

**വാചോയുക്തിപടു**-വി. വാഗ്വൈഭവമുള്ള.

**വാചോയുക്തിപടു**-വാമി. വാചോയുക്തിയിങ്കൽ പടു (സമർത്ഥൻ).

**വാച്ചി**-൧ വള്ളവും മറ്റും ചെത്തുന്ന ഒരുവക ഉളി, വളഞ്ഞ ഉളി. ൨. മുത്തം, ചുംബനം.

**വാച്ചിപ്പുറം, വാച്ചിൽ**- മിറ്റത്തിന്റെ ചുറ്റുമുള്ള സ്ഥലം, പരിയമ്പുറം.

**വാച്ചുക**-വെട്ടുക.

**വാച്ചോൽ**-രണ്ടാളുകൾകൂടി ഒരു കാര്യത്തെക്കുറിച്ചു സംസാരിക്കുമ്പോൾ വിചാരിച്ചിരിക്കാതെ മറ്റൊരുത്തൻ അതിനു ചേരുന്നതായ വാക്കുപറക.

**വാച്യ**-വി. ൧. വചിക്കപ്പെടത്തക്ക, പറയപ്പെട്ടുവാൻതക്ക. ൨. കുറ്റം പറയപ്പെടത്തക്ക

**വാച്യലിംഗം**-മൂന്നു ലിംഗത്തിലും പറയപ്പെടാകുന്ന പദം.

**വാച്യാർത്ഥം**-സ്പഷ്ടമായി പറഞ്ഞിരിക്കുന്നതിന്റെ അർത്ഥം.

**വാജപേയം**- ഒരു യാഗം, യജ്ഞവിശേഷം.

**വാജം**-൧. അമ്പിനു വേഗമുണ്ടാവാനായി അതിന്റെ കടയ്ക്കൽ ചേർത്തുകെട്ടുന്ന തൂവൽ. ൨. വേഗം. ൩. ശബ്ദം. ൪. ഒനെ. ൫. ജലം ൬. ചിറക്. ൭. ആഹാരം. ൮. യാഗം. ൯. ബലം. ൧൦. ധനം.

**വാജസനൻ**-൧ വിഷ്ണു. ൨. ശിവൻ.

**വാജസനേയൻ**-ശുക്ലയജുർവേദത്തിന്റെ കർത്താവോ സ്ഥാപകനോ ആയ യാജ്ഞവല്ക്യൻ.

**വാജി**-൧. കുതിര. വാജികൾ (ചിറകുകൾ ഉള്ളത് എന്നർത്ഥം വേഗമുള്ളത് എന്നുമാവാം.

കുതിരകൾക്കു പൂർവകാലത്തു ചിറകുണ്ടായിരുന്നല്ലോ.

൨. പക്ഷി. ചിറകുള്ളത് എന്നർത്ഥം. ൩. അമ്പ്. ൪. ആടലോടകം.

**വാജി**-വി. ൧. വേഗമുള്ള. ൨. ബലമുള്ള.

**വാജി**-ഇന്ദ്രൻ, ബൃഹസ്പതി മുതലായവർ.

**വാജിദന്തകം**-ആടലോടകം. കുതിരപ്പല്ലിനു സദൃശമായ കേസരങ്ങൾ ഉള്ളത് എന്നർത്ഥം.

**വാജിനം**-ബലം.

**വാജിനി**-പെൺകുതിര.

**വാജിമേധം** ഒരു യാഗം, അശ്വമേധം.

**വാജിശാല**-കുതിരപ്പുര.

**വാജീകരണം**-ഔഷധങ്ങളെക്കൊണ്ടു രേതസ്സിനെ വർദ്ധിപ്പിക്കുക.

**വാജീകരാ**-കലശലായ കാമവികാരം.

**വാഞ്ഛ്, വാഞ്ഛനം**-ആഗ്രഹം.

**വാഞ്ഛിക്കുന്നു**-ആഗ്രഹിക്കുന്നു.

**വാഞ്ഛിത**-വി. ആഗ്രഹിക്കപ്പെട്ട.

**വാട** വി. ൧. വടവൃക്ഷംകൊണ്ടുണ്ടാക്കിയ, വടത്തെസംബന്ധിച്ച. ൨. വാടിയ.

**വാട**-൧. മൺകോട്ട. ൨. മണം. ൩. കിടങ്ങ്. ദുർഗ്ഗന്ധം.

**വാടക**-ഒരു കൃത്യസമയത്തേക്ക വല്ലതും അനുഭവത്തിനു കൊടുത്തുപകരുന്ന പ്രതി

ഫലം, കാളക്കുഴി, ക്രുഖി (ഭാടകം എന്നതാണ് വാടക എന്നായത്).

വാടക്കിടങ്ങ്, വാടക്കുഴി-മൺകോട്ടയുടെ പുറമെയുള്ള കുഴി.

വാടക്കുഴി-കിടങ്ങ്.

വാടതിരുവി-വില്ലസ്സ്.

വാടൽ-പ്ര. വാട്ടം. ദ്വ. മൂക്കാതെ പഴുത്ത ഫലം.

വാടം-പ്ര. ഉദ്യാനം. ദ്വ. വേലി, വേലിക്കകം. ത്വ. വഴി. ച. മൺകോട്ട. പ. ഒരു ധാന്യം.

വാടാമല്ലിക-ഒരു പൂച്ചെടി.

വാടാവിളക്ക്-രാവും പകലും ഇടവിടാതെ നിന്നെരിയുന്ന വിളക്ക്.

വാടി-പ്ര. വേലിക്കകമായുള്ള സ്ഥലം, വളപ്പിനകം. ദ്വ. ഭവനം. ത്വ. ഒരു ധാന്യം. ച. ആവരണമുള്ള സ്ഥലവിശേഷം. പ. വഴി.

വാടിക-പ്ര. തോട്ടം, പൂങ്കാവനം. ദ്വ. വീടിരിക്കുന്ന സ്ഥലം. ത്വ. കരുന്തോട്ടി. ച. കറിക്കായം

വാടുന്നു-പ്ര. തീയോ വെയിലോ കൊണ്ടു വാടിയതായി തീരുന്നു, വഴങ്ങുന്നു. ദ്വ. തളരുന്നു. ത്വ. ശോഭ കുറയുന്നു. ച. ദുഃഖിക്കുന്നു. (സ. ക്രി. വാട്ടുന്നു, വാടിക്കുന്നു).

വാട്ട -പ്ര. തളച്ച് (വാട്ടംപൊരുന്ന=തളച്ച് അധികമായിത്തീൎന്ന) ദ്വ. ക്ഷീണം. ത്വ. വഴക്കം. ച. ശങ്ക. പ. ബാക്ക്, Balance.

വാട്യാലകം- ഒരു പച്ചമരുന്ന്, കരുന്തോട്ടി. വാടിയെ (തോട്ടത്തെ) അലങ്കരിക്കുന്നതെന്നൎത്ഥം.

വാഡവാനലൻ-സമുദ്രത്തിലെ തീ, ബഡവാഗ്നി.

വാഡവേയം-കാള.

വാഢം-വി. പ്ര. അധികമായ. ദ്വ. ഉറപ്പുള്ള.

വാഢം-വളരെ, അധികം, നന്നായി, നല്ലവണ്ണം.

വാണക്കററി-വാണം എരിച്ചു വിടുന്നതിന് വെടിമരുന്നിട്ടിരിക്കുന്ന മുളംകററി.

വാണക്കോൽ-വാണക്കററിമേൽ വെച്ചു മുറുക്കുന്ന അലകുവടി.

വാണൻ-പ്ര ബാണൻ, മഹാബലിയുടെ പുത്രൻ ദ്വ. ഒരു വലിയ വില്ലാളി, കവി.

വാണം-പ്ര. അമ്പ്. ദ്വ. അഗ്നിയുടെ ഒരു പേർ. വെടിമരുന്നുകൊണ്ടുള്ള പ്രയോഗം. ത്വ. അമ്പൊട്ടൽ.

വാണി-വി. ബാണമുള്ള, അമ്പുള്ള.

വാണി-പ്ര. സരസ്വതി. നദീരൂപേണ പ്രവഹിക്കുന്നവൾ എന്നൎത്ഥം. ബ്രഹ്മലോകത്തിലുള്ള മാനസസരസ്സിൽ ക്രീഡിക്കുന്നവൾ എന്നുമാവാം. ദ്വ. വാക്ക്. ത്വ. നെയിത്ത്. ച. സരസ്വതീനദി.

വാണിജൻ-ചെട്ടി, കച്ചവടക്കാരൻ.

വാണിജം, വാണിജ്യം-കച്ചവടം. വണിക്കിന്റെ കൎമ്മം എന്നൎത്ഥം.

വാണിജികൻ-പ്ര. കച്ചവടക്കാരൻ. ദ്വ. കള്ളൻ, ചതിയൻ.

വാണിജ്യം-കച്ചവടം.

വാണിനി-പ്ര. തുള്ളുന്നവൾ, നൎത്തകി. ദ്വ. മദിച്ചവൾ. ത്വ. ദൂതി. ആവശ്യമായി സംസാരിക്കുന്നവൾ എന്നൎത്ഥം.

വാണിഭക്കാരൻ-കച്ചവടക്കാരൻ.

വാണിഭം-കച്ചവടം.

വാണിയൻ-എണ്ണയുള്ള വസ്തുക്കളെ ആട്ടുന്ന ഒരു ജാതിക്കാരൻ.

വാണിയം-കച്ചവടം.

വാണീജാനി-ബ്രഹ്മാവു്. വാണി (സരസ്വതി) യാകുന്ന ജായയോടു കൂടിയവൻ എന്നൎത്ഥം.

വാണീഭഗവതി, വാണിമാതു്-സരസ്വതി.

വാണീവിലാസം-ഃ. വാക്കിന്റെ ശോഭ. ൨. വാക്സാമൎത്ഥ്യം. ൩. സരസ്വതീവിലാസം.

വാണ്ണീട്ടം-(വാണീട്ടം എന്നതിന്റെ പൂൎവ്വരൂപം).

വാതു്-പന്തയം, പന്താവം, ചൂതുപൊരുതുമ്പോഴം മററം ജയിക്കുന്നവനു മടങ്ങുന്നവൻ കൊടുക്കാമെന്നു പറയുന്ന വസ്തു.

വാതകം-ഃ. തുവരപ്പയറു്. ൨. വായു പോലെയുള്ളതു്, വായുരൂപമായതു്, ആവി. ൩. ചെയ്യ്. ൪. നീരാരൽ.

വാതകി-വി. വാതരോഗമുള്ള.

വാതകീ-തുവരപ്പയറു്.

വാതകേതു-പൊടി.

വാതക്കൂറു്- വാതദീനത്തിന്റെ ബീജം കലൎന്നിട്ടുള്ള ദേഹപ്രകൃതി.

വാതക്കൊടി-ഒരു പച്ചമരുന്നു്.

വാതഗുല്മം-ഃ. കൊടുംകാററു്. ൨. ഒരു രോഗം.

വാതധ്വജം-മേഘം.

വാതൻ-വായു, കാററു്. വീയു(ശു)ന്നവൻ എന്നൎത്ഥം.

വാതനാഡി-വാതം സഞ്ചരിക്കുന്ന ഞരമ്പു്.

വാതപൎയ്യായം-ഒരു രോഗം.

പുരികങ്ങളിലും കണ്ണുകളിലും വാതം ക്രമേണ ചിലപ്പോഴം വന്നിട്ടു പലപ്രകാരത്തിൽ വലിയ വേദനയുണ്ടാകും.

വാതപുത്രൻ-ഃ. ഭീമൻ. ൨. ഹനുമാൻ.

വാതപോഥ(ക)ം-പ്ലാശുവൃക്ഷം. വാതരോഗത്തെ കളയുന്നതു് എന്നൎത്ഥം.

വാതപ്പനി-വാതംകൊണ്ടുണ്ടാകുന്നപനി.

വാതപ്പുല്ലാന്ത്രം-ഒരു വാതരോഗം.

വാതപ്രമി-പെരുമാൻ, കാററിന്റെ നേരെ പാഞ്ഞുചെല്ലുന്നതു് എന്നൎത്ഥം.

വാതമണ്ഡലി-ചുഴലിക്കാററു്.

വാതമുഖപാകം-ഒരു രോഗം.

വാതം വായിൽ മുഴുവൻ സഞ്ചരിച്ചിട്ടു കത്തിനോവോടുകൂടിയ പൊള്ളലുകളെ ഉണ്ടാക്കും.

വാതമൃഗം-പെരുമാൻ.

വാതം-ഃ. കാററു്. ൨. ത്രിദോഷങ്ങളിൽ ഒന്നു്. ൩. വാതരോഗം.

വാതംകൊല്ലി-ഒരു പച്ചമരുന്നു്.

വാതരക്തം-ഒരു ദീനം.

വാതരംഗം-അരയാലു്.

വാതരായണൻ-ലഹരി പിടിച്ചവൻ. ഭ്രാന്തൻ.

വാതരായണം-ഃ. ശരം ൨. കൊടുമുടി.

വാതരൂപം-മഴവില്ലു്.

വാതരോഗം — വാതംകൊണ്ടുണ്ടാകുന്ന ദീനം.

വാതരോഗി-വി. വാതരോഗമുള്ള.

വാതരോഹിണി-ഒരു രോഗം.

നാക്കിൽ എല്ലാടവും വളരെ വേദനയോടുകൂടി കണ്ണഭാരം അടയുമാറു മാംസാങ്കുരങ്ങളുണ്ടാകും.

വാതവൽ-വി. ഃ. കാററുള്ള. ൨. വാതരോഗമുള്ള

വാതവൈരി-ആവണക്കു്.

വാതശോണിതം- ഒരു ദീനം, വാതരക്തം.

വാതസാരഥി-അഗ്നി.

**വാതസ്കന്ധം**—ആകാശത്തിന്റെ വായുസഞ്ചാരത്തിനു പ്രധാനമായ ഭാഗം, വായുമണ്ഡലം.

**വാതളം**—കടല.

**വാതാടം**—പേടമാൻ.

**വാതാപി** – ദണ്ഡകാരണ്യത്തിലെ ഒരു രാക്ഷസൻ. (ഇല്വലൻ എന്ന ശബ്ദം നോക്കുക).

**വാതാമയം**— വായുകോപത്താലുള്ള സുഖക്കേട്, കാററടിയേററിട്ടുള്ള പീഡ.

**വാതാമോദാ**—കസ്തൂരി.

**വാതായനം** – കിളിവാതിൽ. കാററിനു അകത്തുകടപ്പാനുള്ള മാർഗ്ഗം എന്നർത്ഥം.
'പ്രാസാദം തന്നിലെ വാതായനങ്ങളും'
(കൃഷ്ണഗാഥ)
൨. കാററുകൊള്ളുന്നതിന്നിരിക്കുന്ന മണ്ഡപമോ കൂടാരമോ. ൩. കതിര.

**വാതായു**—മാൻ. വായുവിനെ തേടിനടക്കുന്നതു് എന്നർത്ഥം.

**വാതാരി**—൧. ചേന. ൨. നൊച്ചി. ൩. കരിങ്കാച്ചോലം. ൪. വിഴാൽ. ൫. ശതാവരി. ൬. വെളുത്ത ആവണക്ക്. ൭. ചേരമരം. ൮. ചതുരക്കള്ളി. ൯. പുത്രഞ്ജായി. ൰. കരിമരം. ൰൧. ചെറുതേക്ക്. ൰൨. കറാശാണി. ൰൩. ബജാർ. bazar.

**വാതാശനൻ**—സർപ്പം.

**വാതാളി**—ചുഴലിക്കാററ്.

**വാതി**—൧. സൂര്യൻ. ൨. കാററ്. ൩. ചന്ദ്രൻ.

**വാതികയോനികന്ദം**—ഒരു രോഗം. (യോനിവ്യാപന്നിദാനത്തിൽപ്പെട്ടതാണ്)
വാതംകൊണ്ടുണ്ടാകുന്ന യോനികന്ദം രൂക്ഷമായിട്ടും വർണ്ണഭേദത്തോടും പൊട്ടലോടുകൂടിയുമിരിക്കും.

**വാതിൽ**—൧. ഭവനം മുതലായതിൽ കേറുവാനും മറവുമുള്ള വഴി. ൨. കതക്. (വാ + ഇൽ=വാതിൽ = ഗൃഹം. ഗൃഹത്തിന്റെ വായ്).

**വാതിൽമാടം**—ക്ഷേത്രത്തിനകത്തുള്ള ഒരു സ്ഥലം.

**വാതീയ**—വി. കാററുള്ള.

**വാതീയം**—കാടി.

**വാതുറക്കുക**—സംസാരിക്കുക.

**വാതൂല**—വി. ൧. വാതരോഗമുള്ള. ൨. ഭ്രാന്തുള്ള.

**വാതൂലം**— കൊടുംകാററ്. വാതങ്ങളുടെ സമൂഹം എന്നർത്ഥം. (വാതൂലം എന്നുമുണ്ട്. ചുഴലിക്കാററ് എന്ന അർത്ഥവും കാണുന്നു).

**വാതോർമ്മി**—ഒരു വൃത്തത്തിന്റെ പേർ.

**വാത്തി**—൧. ഒരു ജാതിക്കാർ. ൨. ഈഴവരുടെ ക്ഷൌരക്കാർ.

**വാത്യ**—ചുഴലിക്കാററ്.

**വാത്യാജാലം**—കൊടുങ്കാററ്.

**വാത്സകം**—൧. പശുക്കിടാങ്ങളുടെ സമൂഹം. ൨. പൈതങ്ങളുടെ കൂട്ടം.

**വാത്സല്യം**—പുത്രന്മാരെയും മററും കുറിച്ചുള്ള സ്നേഹം.

**വാത്സല്യിക്കുന്നു**—സ്നേഹിക്കുന്നു.

**വാത്സ്യായനൻ**—ഒരു മഹർഷി.
(കാമസൂത്രങ്ങൾ എന്ന പുസ്തകത്തിന്റെ കർത്താവാണ്.)

**വാത്സ്യായനം** – വാത്സ്യായന മഹർഷി ഉണ്ടാക്കിയ ഒരു ഗ്രന്ഥം.

**വാദകൻ**—൧. വാദ്യക്കാരൻ. ൨. സംസാരിക്കുന്നവൻ.

**വാദചഞ്ചു**—സംഭാഷണത്തിൽ സമർത്ഥൻ.

**വാദനം**—൧. ശബ്ദിപ്പിക്കുക. ൨. വാദ്യം സേവിക്കുക.

**വാദപ്രതിവാദം**—വാക്തർക്കം.

**വാദം** – ൧. പറക. ൨. വ്യവഹാരം, തർക്കം.

**വാദര**-വി. പഞ്ഞികൊണ്ടുണ്ടാക്കപ്പെട്ട.

**വാദലം**-ഒരങ്ങാടിമരുന്നു, എരട്ടിമധുരം.

**വാദസൌഹിത്യം**-തർക്കിച്ചു തൃപ്തിവന്ന സ്ഥിതി, തർക്കിക്കുന്നതിലുള്ള പ്രതിപത്തി.

**വാദാലം**-ഒരു മത്സ്യം.

ഈ മത്സ്യത്തിനു ആയിരം പല്ലുണ്ടെന്നു അഭിപ്രായം കാണുന്നു.

**വാദി**-വി. പറയുന്ന. (ദീ, ദിനീ, ദി).

**വാദി**-പു. വാദിക്കുന്നവൻ, വിദ്വാൻ ഉ. ആവലാതിക്കാരൻ.

**വാദികൻ**-ആഹ്വകൻ.

**വാദിക്കുന്നു**-ക്രി. പറയുന്നു. ഉ. വ്യവഹരിക്കുന്നു.

**വാദിത്രം** - വീണ മുതലായ തതവാദ്യത്തിന്റെയും, മുരജം മുതലായ ആനദ്ധവാദ്യത്തിന്റെയും, വംശം തുടങ്ങിയ സുഷിരവാദ്യത്തിന്റെയും, കാംസതാളാദിയായ ഘനവാദ്യത്തിന്റെയും സാമാന്യമായ പേർ. ഒച്ചപ്പെടുത്തുന്നതു് എന്നു ശബ്ദാർത്ഥം. (വാദ്യം എന്ന പദം നോക്കുക).

'വാദിത്രാണൊന്നിനാദങ്ങളുമിളകുമെന്തോ'
(ഉത്തരരാമചരിതം ചമ്പു)

**വാദിശൻ**—വിദ്വാൻ, പണ്ഡിതൻ, ജ്ഞാനി.

**വാദിപ്രതി(വാദി)കൾ**- ആവലാതിക്കാരനും അതിനുത്തരം പറയുന്നവനും.

**വാദ്യക്കാരൻ**-വാദ്യം കൊട്ടുന്നവൻ.

**വാദ്യനിർഘോഷം**, **വാദ്യധ്വനി**-പല വാദ്യങ്ങളുടെ ശബ്ദം.

**വാദ്യചതുഷ്ടയം**-ഘനം, തതം, സുഷിരം, വിതതം (വാദ്യം എന്നതു നോക്കുക)

**വാദ്യഭാണ്ഡം**-വാദ്യങ്ങളുടെ കൂട്ടം.

**വാദ്യം**-വീണ, മിഴാവു്, കുഴൽ, മണി മുതലായവ. ഉ. വാദ്യശബ്ദം.

ശ്രോത്രേന്ദ്രിയത്തിനു ആഹ്ലാദകരമായ ഒരുവിധം ക്രിയയാകുന്നു വാദ്യം. മൂശലത്തിൽ നിന്നാണുത്ഭവം. പ്രത്യേകശാസ്ത്രത്താൽ വിവരിക്കപ്പെട്ടിട്ടുള്ളതാകുന്നു. വാദ്യം നാലുവിധമുണ്ടു്. ഘനം, തതം, സുഷിരം, വിതതം ഇവയാകുന്നു. ഘനവാദ്യം ഓട്ടുകൊണ്ടുണ്ടാക്കപ്പെട്ട ഏലത്താളം, ചേങ്ങല മുതലായവയാകുന്നു. വിരിഞ്ചക്ഷേത്രത്തിൽവെച്ചു ഢക്കാവാദ്യത്തെയും, ശിവക്ഷേത്രത്തിൽവെച്ചു കരതാളത്തെയും, സൂര്യക്ഷേത്രത്തിൽവെച്ചു ശംഖും, ദുർഗ്ഗാക്ഷേത്രത്തിൽവെച്ചു മാധുരി (ഒരുവക കുഴൽവാദ്യം), ഓടക്കുഴൽ ഇവയും പ്രയോഗിക്കരുതു്.

1. ഘനവാദ്യം 12-വിധം.-കരതാലം, കാംസ്യബലം, ജയഘണ്ട, ശുക്തിക, കംബിക, പടവാദ്യം, വട്ടതോയം, ഘർഘരം, ഝാഝാതാലം, മഞ്ജീരം, കർത്തരി, ഉങ്കരം. (ഘനവാദ്യം കിന്നരന്മാർക്കുള്ളതാകുന്നു).

2. തതം-തതമെന്ന വാദ്യം തംബുരു, വീണ, ഫിഡിൽ മുതലായവയാകുന്നു തതവാദ്യത്തിൽ അലാവനി, ബ്രഹ്മവീണ, കിന്നരി, ലഘുകിന്നരി, വിപഞ്ചി, വല്ലകി, ജ്യേഷ്ഠചിത്രം, ഹസ്തിക, കുബ്ജിക, കൂർമ്മി, ശാരങ്ങി, പരിവാദിനി, വാരണഹസ്തം, രുദ്രം, കപിലാസി മുതലായി പലവിധഭേദങ്ങളുണ്ടു്. (തതവാദ്യം ദേവന്മാർക്കുള്ളതാണു്).

3. സുഷിരം-ഇതു് ഓടക്കുഴൽ, നാഗസ്വരം, ശംഖു, കൊമ്പു മുതലായ വാദ്യമാകുന്നു. സുഷിര വാദ്യഭേദം-വംശം, വാരി, മധുരി, തിത്തിരി, ശംഖം, കാഹളം, തോഡഹി, മുരളി, ബുക്ക, ശൃംഗിക, സ്വരം, കാപാലികവംശം, ചർമ്മവംശം. (സുഷിരവാദ്യം ഗന്ധർവന്മാർക്കുള്ളതാണു്).

4 വിതതം (ആനദ്ധം)-ഇതു വാദ്യഭാണ്ഡത്തിന്റെ മുഖത്തു ചർമ്മം ബന്ധിച്ചു അതിന്മേലടിച്ചു മുഴക്കമുണ്ടാക്കുന്ന ചെണ്ട, മദ്ദളം, മൃദംഗം മുതലായവയാകുന്നു. ഇതു 3 വിധം—അങ്ക്യം (മടിയിൽവെച്ചു വാദനം ചെയ്യുന്നതു). ആലിംഗ്യം (ഗോപുച്ഛാകൃതിയിലിരിക്കുന്നതും തഴുകിക്കൊട്ടുന്നതും). ഊർദ്ധ്വകം (ഉയരത്തുവെച്ചു താളം പിടിക്കുന്നതു്). ഇവയിൽ തുടി, കടുന്തുടി, പറ, പെരുമ്പറ, മിഴാവു് മുതലായവ ഉൾപ്പെടും. വിതതം (ആനദ്ധം) എന്ന വാദ്യം രാക്ഷസന്മാർക്കുള്ളതാകുന്നു).

വാധൂ(ധൂ)ക്യാ-വിവാഹം.

വാദ്ധ്യായൻ-ഗുരു. വേദം പഠിപ്പിക്കുന്ന ഗുരു.

വാദ്ധ്യായപ്രവൃത്തി-ഗുരുവിന്റെ മുറ.

വാദ്ധ്യായനി-വാദ്ധ്യായരുടെ പ്രവൃത്തി ചെയ്യുന്നവൾ (ഉപാദ്ധ്യായിനി എന്ന പദം നോക്കുക).

വാന-വി. ൧. ഉണങ്ങിയ. ൨. ജീവിക്കുന്ന. ൩ പോകുന്ന. ൪. കാടിനെ സംബന്ധിച്ച.

വാനം-൧. കെട്ടിടം മുതലായതിന്റെ അടിയിൽ പെയ്യുന്ന കല്പണി. അസ്ഥിവാരം. ൨. ഉണങ്ങിയ കായ്. ൩. ഉണങ്ങിയ പൂവ്. ഉണങ്ങിയതു് എന്നർത്ഥം. ൪. ആകാശം ൫ വെള്ളത്തിന്റെ ഇരപ്പ്.

വാന്-൧ ഉണങ്ങിയ മരം. ൨. ഉണങ്ങിയ കായ്. ൩ ആകാശം.

വാനഞ്ചടി-ഒരു മീൻ

വാനപ്രസ്ഥൻ-കാട്ടിൽചെന്നു് തപസ്സു ചെയ്യുന്നവൻ, മൂന്നാം ആശ്രമി. പ്രസ്ഥം=കണക്കാക്കപ്പെട്ട വസ്തു. വനം തന്നെ പ്രസ്ഥമായതു വനപ്രസ്ഥം, അവിടെ ഭവിച്ചവൻ-വാനപ്രസ്ഥൻ.

വാനപ്രസ്ഥം-൧. മൂന്നാം ആശ്രമം. (കാട്ടിൽചെന്നു തപസ്സുചെയ്യുക). പ്രസ്ഥം=കണക്കാക്കപ്പെട്ട വസ്തു. ൨. പ്ലാശുവൃക്ഷം. ൩. ഇരിപ്പവൃക്ഷം.

വാനമല്ലിക-ഒരുമാതിരി മുല്ല.

വാനമീൻ-നക്ഷത്രം.

വാനമ്പാടി-ഒരു പക്ഷി.

വാനരൻ-കുരങ്ങ്. 'വാ നരഃ'-മനുഷ്യനോ എന്നു ശങ്കിക്കപ്പെടുന്നതു് എന്നർത്ഥം.

വാനരം-൧. കുരങ്ങ്. ൨. കല്ലാല്.

വാനരേന്ദ്രൻ-൧. സുഗ്രീവൻ. ൨. ഹനുമാൻ.

വാനവർ, വാനോർ-ദേവകൾ.

വാനവർകോൻ-ദേവേന്ദ്രൻ.

വാനവില്ല്-മഴവില്ല്.

വാനസ്പത്യം-പൂവിൽ നിന്നു കായുണ്ടാകുന്ന വൃക്ഷം, ആദ്യം പൂവുണ്ടായി പിന്നീട് അതിൽനിന്നു കായുണ്ടാകുന്ന മാവു തുടങ്ങിയ വൃക്ഷം. വൃക്ഷജാതിയിൽ പെട്ടതു് എന്നർത്ഥം.

വാനാ-കാട്ടയടിയാൻ.

വാനായു-മാൻ.

വാനിടം, വാനുലകം-സ്വർഗ്ഗലോകം.

വാനീരം-൧. ആറ്റുവഞ്ചിമരം, ചൂരൽ. വാ=ശുഷ്കം—ശുഷ്കമായ ജലത്തോടുകൂടിയതു് എന്നർത്ഥം, ൨. കോട്ടം.

വാനീർ-ഉപ്പൽ.

വാനേയം-കഴിമുത്തങ്ങ. വനത്തിൽ (ജലത്തിൽ) ഭവിച്ചതു് എന്നർത്ഥം.

വാനോർ, വാനവർ-ദേവകൾ.

വാൻ-൧ ചോദ്യം അർത്ഥമായ വാക്യാലങ്കാരം.

'പൊയ്യുമായിട്ടോവരുന്നുവാനീശ്വര'
(സന്താനഗോപാലം പാന)

൨. ആകാശം.

വാന്ത-വി. ൧. ഛർദ്ദിക്കപ്പെട്ട. ൨. പുറത്തുതള്ളിയ.

വാന്താദം-പട്ടി.

വാന്താന്നം-ഛർദ്ദിക്കപ്പെട്ട അന്നം.

വാന്തി-ഛർദ്ദി.

വാപദണ്ഡം-നെയ്ത്തുകാരൻെറ ഒരു തടി, നെയ്ത്തുകോൽ.

വാപട്ടകൻ-വിട്ടുവായൻ.

വാപം-൧. വിത. ൨. ക്ഷൌരം, ൩. നെയ്ത്ത്.

വാപനം-ക്ഷൌരംചെയ്യുക.

വാപി-വലിയ കുളം, നെട്ടുങ്കോണി, പൊയ്ക. താമര, ആമ്പൽ മുതലായവ മുളക്കുന്ന സ്ഥലം എന്നർത്ഥം.

ഇകാരാന്തമായും ഈകാരാന്തമായും ആകാം.

വാപികാ-കുളം.

വാപിത-വി. ൧. വിതക്കപ്പെട്ട. ൨. ക്ഷൌരംചെയ്യപ്പെട്ട.

വാപീതടം-പൊയ്കയുടെ തീരം, കുളവക്ക്.

വാപീഹം-വേഴാമ്പൽപക്ഷി.

വാപൊളിക്കുക-മരിക്കുക.

വാപ്പ-അച്ഛൻ, തകപ്പൻ.

വാപ്പിരട്ടി-നിന്ദാവാക്ക്, ശകാരം.

വാപ്യ-വി. വിതക്കപ്പെട്ടവാൻ തക്ക, വിതക്കേണ്ടുന്ന.

വാപ്യം-ഒരങ്ങാടിമരുന്ന്, കൊട്ടം. വാപിയിൽ വെച്ചതു് എന്നർത്ഥം

വാമ-വി. ൧. ഭംഗിയുള്ള, സൌന്ദര്യമുള്ള. ൨. ഇടത്തെ. (വാമം > < ദക്ഷിണം). ൩. വിപരീതത്വമുള്ള. ൪. മനോഹരമായ. ൫. ദുഷ്ടതയുള്ള. ൬. ദുഷ്ടന്മാരുടെ മദത്തെ കളയുന്ന. ൭. നീളംകുറഞ്ഞ. ൮. വളഞ്ഞ. (നാമം-വാമത).

വാമക-വി. ൧. ഇടത്തെ. ൨. വിപരീതമായ.

വാമദേവൻ-൧. ശിവൻ. വക്രതയുള്ളവൻ, ശ്രേഷ്ഠനായ ദേവൻ, ഇടതുവശത്തു ധരിക്കപ്പെട്ട ദേവിയോടുകൂടിയവൻ, ദുഷ്ടന്മാരുടെ മദത്തെ കളയുന്നവൻ, സുന്ദരൻ ഇങ്ങിനെ ശബ്ദാർത്ഥങ്ങൾ. ൨. ഒരു മഹർഷി.

ഇദ്ദേഹം വേദത്തിലെ പല ഗീതങ്ങളുടെ കർത്താവാണ്. ഗർഭസ്ഥനായസമയംതന്നെ അസാധാരണവിധത്തിൽ മാതാവിൻെറ ഒരു ഭാഗത്തുകൂടി ജനിപ്പാൻ ആലോചിച്ചു.

൩. വിസ്മയകരവേഗത്വമുള്ള രണ്ടു വാമ്യാശ്വങ്ങളുടെ ഉടമസ്ഥൻ.

വാമന-വി. ൧. നീളംകുറഞ്ഞ. ൨. നീചത്വമുള്ള.

വാമനൻ-൧. ഹ്രസ്വശരീരൻ, മുണ്ടൻ. ൨. വിഷ്ണുവിൻെറ അഞ്ചാമത്തെ അവതാരം. ൩. ലോകത്തിൻെറ തെക്കേക്കോണിലെ ആന. ൪. പാണിനിസൂത്രങ്ങളുടെ വ്യാഖ്യാനമായ കാശികാവൃത്തിയുടെ കർത്താവ്. ൫. വിഡ്ഢിത്തം പറയുന്നവൻ. ൬. കള്ളൻ.

വാമനപുരാണം-വാമനാവതാര കഥ അടങ്ങിയ ഒരു പുരാണം. ൧൮ പുരാണങ്ങളിൽ ഒന്ന്.

കർമ്മകല്പത്തിൽ ത്രിവിക്രമൻെറ മാഹാത്മ്യത്തെ വിഷയീകരിച്ചു നാന്മുഖനാൽ ത്രിവർഗ്ഗമരുളിച്ചെയ്യപ്പെട്ടതു്. ബ്രഹ്മാവിനെ പുകഴ്ത്തുന്ന. വിഷ്ണുവിൻെറ അവയവം ത്വക്ക്. രാജസഗുണപ്രധാനം. ഗ്രന്ഥം ൧൦,൦൦൦.

ഇതിൽ ശിവനേയും വിഷ്ണുവിനേയും ഒന്നുപോലെ സ്തുതിക്കുന്നുണ്ട്. പുരാണത്തിലെ ലക്ഷണങ്ങളും മുഴുവനും ഇല്ല. വാമനാവതാരം ത്രേതായുഗത്തിലാണ്.

വാമനം-൧ അഷ്ടാദശപുരാണങ്ങളിൽ ഒന്ന്. ൨. അഴിഞ്ഞിൽ.

വാമനമൂർത്തി-വിഷ്ണുവിന്റെ അഞ്ചാമത്തെ അവതാരം.

വാമനി-൧. മുണ്ടി. ൨. പെൺകുതിര. ൩. ഒരു ദീനം.

വാമനിക-മുണ്ടി, കുറിയവൾ.

വാമൻ-൧. ശിവൻ. ൨. കാമദേവൻ.

വാമഭാഗം-ഇടത്തുവശം.

വാമം-൧. മുലയുടെ സ്ഥാനം, അകിട്. ൨. പ്രതികൂലം. ൩. മനോഹരം. ൪. ദുഷ്ടത. ൫. കാമം. ൬. പാമ്പ്. ൭. ധനം. ൮. ഇടത്തുവശം. ൯. ചീര.

വാമലൂരം-പുററ്. ക്ഷുദ്രജന്തുക്കളാൽ ഛേദിക്കപ്പെടുന്നത് എന്നർത്ഥം.

വാമലോചന-വി. നല്ല കണ്ണോടുകൂടിയ

വാമലോചന-സുന്ദരി.

വാമാ-൧. സുന്ദരി, സ്ത്രീ. സ്നേഹിക്കുന്നവൾ എന്നർത്ഥം. ൨. ഗൌരി. ൩. ലക്ഷ്മി. ൪. സരസ്വതി. ൫. സാധാരണഗതിക്കനുസരിക്കാത്തവൾ, വിപരീതശീല. “കാമസ്യ വാമാഗതി” എന്നു ഗീതാഗോവിന്ദം.

വാമാക്ഷി-സുലോചന, സുന്ദരി.

വാമാത്മാവ്-പ്രതികൂലൻ.

വാമാദേവി-ചന്ദ്രവംശത്തിലെ നൃപൻ എന്ന രാജാവിന്റെ ഭാര്യ.

വാമി-൧. പെൺകുതിര. വരുണനെ ഗമിക്കുന്നവൾ എന്നർത്ഥം. ൨. പെൺകഴുത. ൩. പിടിയാനക്കുട്ടി. ൪. പെൺനരി.

വാമികാ-ദുർഗ്ഗ.

വാമില-വി. ൧. സൌന്ദര്യമുള്ള. ൨. കൌശലമുള്ള. ൩. ചതിവുള്ള.

വാമുള്ളു-പൈതങ്ങളുടെ വായിൽ ഉണ്ടാകുന്ന ഒരു ദീനം.

വാമൊഴി-സക്കാരുദ്യോഗസ്ഥന്മാർ ചോദിക്കുന്നതിനു വാദിപ്രതികൾ എഴുതിവെയ്ക്കുന്ന ഉത്തരം, സംഭാഷണം ചെയ്യുന്നതിനു ഉപയോഗിച്ചുവരുന്ന ഭാഷ.

വാമോതിരം- ചില ആഭരണങ്ങളുടെ കുഴയിൽ വെച്ചു വിളക്കുന്ന സ്വർണ്ണകമ്പിയും വെള്ളിക്കമ്പിയും.

വാമോത്സംഗം- ഇടത്തുഭാഗം, ഇടത്തുമടി.

വാംശി-മുളന്തര, മുളവെണ്ണ.

വാംശികൻ-ഓടക്കുഴൽ വിളിക്കുന്നവൻ.

വായകൻ-നെയ്ത്തുകാരൻ.

‘മെത്തകൾതിരകളും കെത്തിടുന്ന
വായകൻ’
(ഭാഗവതം)

വായകം-കൂട്ടം.

വായങ്കം-വാക്കലഹം, തക്കം, ശണ്ഠ.

വായടക്കുന്നു-വാക്കുമുട്ടിക്കുന്നു.

വായദണ്ഡം-നെയ്ത്തുകോൽ. (പാഠം-വാപദണ്ഡം).

വായന-൧. എഴുത്തുകൾ നോക്കി ക്രമത്തിനു ചൊല്ലുക. ൨. വീണ മുതലായ ചില വാദ്യങ്ങൾ ശബ്ദിപ്പിക്ക.

വായനക്കോൽ-വീണവായിക്കുന്ന വില്ല്, മീട്ടുകോൽ

വായനൻ-വായാടി, വായാളൻ.

വായനം-൧. പലഹാരം ൨. വായിക്കുക.

വായം-൧. ഉന്നൽ. ൨. നെയ്ത്ത്.

വായവ-വി. വായുവിനെ സംബന്ധിച്ച.

വായവീയ, വായവ്യ-വി. വായുവിനെ സംബന്ധിച്ച.

വായവ്യം — അഷ്ടാദശപുരാണങ്ങളിൽ ഒന്ന്.

ഈശാനകല്പത്തിൽ വായുവിനാൽ ധൎമ്മം പറയപ്പെട്ടതു്. (ശിവമാഹാത്മ്യം ഉൾപ്പെടെ) ശിവനെ വാഴ്ത്തുന്നു. വിഷ്ണുവിന്റെ അവയവം ഇടത്തുകൈയ്. താമസപ്രധാനം. ഗ്രന്ഥം ൨൪,൦൦൦.

വായസം-നാ. കാക്ക. വയസ്സുകളുടെ (പക്ഷികളുടെ) കൂട്ടത്തിൽ ചേൎന്നതു് എന്നൎത്ഥം. ൨. തിരുവട്ടപ്പശ. ൩. കാരകിൽ.

വായസാന്തകൻ-ഊമൻ.

വായസാരാതി-മൂങ്ങ, ഊമൻ. കാക്കയുടെ ശത്രുവെന്നൎത്ഥം.

വായസാരി-ഗുഗ്ഗുലു.

വായസി-സ്ത്രീ. കാക്കപ്പെൺ. ൨. കരിങ്കാളി. ൩. മണിത്തക്കാളി. ൪. വലിയ വാലുഴവം. ൫. കാട്ടത്തി.

വായസോളി-ഒരു മരുന്നു്, കാകോളി. കാക്കയെപ്പോലെ ചലിച്ചുകൊണ്ടിരിക്കുന്നതു് എന്നൎത്ഥം.

വായാടി, വായാളി-വളരെ സംസാരിക്കുന്നവൻ.

വായിക്കുന്നു-ക്രി. എഴുത്തുകൾ നോക്കി ക്രമത്തിനു ചൊല്ലുന്നു. ൨. വീണ മുതലായ ചില വാദ്യങ്ങളെ ശബ്ദിപ്പിക്കുന്നു. (കാ. ക്രി. വായിപ്പിക്കുന്നു).

വായില്ലാക്കുന്നിലപ്പൻ-നാ. ഒരു ദേവൻ. ൨. ഒരു മുനി. A (dumb) low-caste sage. (Gundert).

വായു-നാ. കാറ്റു്. വീശുന്നവൻ എന്നൎത്ഥം. ൨. ശരീരത്തിലുള്ള പ്രാണൻ മുതലായവ അഞ്ചും. (പഞ്ചവായുക്കൾ എന്നതു നോക്കുക). ൩. ഒരു ദേവൻ. വായുവിന്റെ പൎയ്യായങ്ങൾ-ശ്വസനൻ, സ്പൎശനൻ, വായു, മാതരിശ്വാ, സദാഗതി, പൃഷദശ്വൻ, ഗന്ധവഹൻ, ഗന്ധവാഹൻ, അനിലൻ, ആശുഗൻ, സമീരൻ, മാരുതൻ, മരുത്തു്, ജഗൽപ്രാണൻ, സമീരണൻ, നഭസ്വാൻ, വാതൻ, പവനൻ, പവമാനൻ, പ്രഭഞ്ജനൻ.

വായു ഹനുമാന്റെയും ഭീമന്റെയും അച്ഛനാണ്. മേരുപൎവതത്തിന്റെ ശിഖരം ഒടിച്ചുകളയുന്നതിന് ഒരിക്കൽ നാരദൻ ഉത്സാഹിപ്പിച്ചു. അനന്തരം ചിറകുകൾകൊണ്ട് മറച്ചു ഗരുഡൻ രക്ഷിച്ചു. പിന്നീടു ഗരുഡൻ ഇല്ലാത്ത തരം നോക്കി വായു ശിഖരം പൊട്ടിച്ചു സമുദ്രത്തിൽ എറിഞ്ഞു. ലങ്കാദ്വീപമായിത്തീൎന്നതു് ഈ ശിഖരമാണത്രേ. വായു വിഷ്ണുപുരാണപ്രകാരം ഗന്ധൎവന്മാരെ നാം കാണുന്നുണ്ട്. വായുക്കൾ ഒന്നിനു മേൽ ഒന്നായി ഏഴുവിധമുണ്ട്. (സപ്തമരുത്തുകൾ നോക്കുക)

'ആവഹഃ പ്രവഹശ്ചൈവ
സംവഹശ്ചോദ്വഹസ്തഥാ
വിവഹാഖ്യഃ പരിവഹഃ
പരാവഹ ഇതിക്രമാൽ'

വായുകോണം-പടിഞ്ഞാറു വടക്കേമൂല

വായുക്ഷോഭം-നാ. ഒരു ദീനം. ൨. കാറ്റിന്റെ ഇളക്കം.

വായുഗന്ധം-ദഹനക്കേടു്, അജീൎണ്ണത.

വായുഗുല്മം-നാ. ഒരുമാതിരി കാറ്റ്, ചുഴലിക്കാറ്റ്. ൨. ഒരു വയറുനോവ്.

വായുഗുളിക-കസ്തൂരി മുതലായ ചില മരുന്നുകൾ ഒക്കെക്കൂടെ അരച്ചുകൂട്ടിയുണ്ടാക്കിയതു്.

വായുപുത്രൻ-നാ. ഹനുമാൻ. ൨. ഭീമസേനൻ.

വായുപുരാണം— പതിനെട്ടുപുരാണങ്ങളിൽ ഒന്നു്.

ശിവസ്തുതി അടങ്ങുന്നു.

വായുപ്പിഴ-ഉളുക്കു്.

വായുഫലം-ആലിപ്പഴം.

വായുഭക്ഷ(ക്ഷ്യ)ം-പാമ്പ്.

വായുഭുക്ക്-പാമ്പ്.

വായുമണ്ഡലം, വായുമാൎഗ്ഗം-ആകാശത്തിൽ കാററിന്റെ സഞ്ചാരമുള്ള സ്ഥലം, ആകാശം.

വായുമണ്ഡലത്തിലുണ്ടാവുന്ന വിവിധവിശേഷങ്ങൾ ൩ വിധം. ൧. കാററ്, കൊടുങ്കാററ്, ചുഴലിക്കാററ് മുതലായി വെറും വായുസംബന്ധികൾ. ൨. മഞ്ഞിൻകട്ട, മഞ്ഞുവെള്ളം, മഞ്ഞ്, മഴ, ആലിപ്പഴം (വൎഷോപലം) മുതലായ ജലമയങ്ങൾ. ൩. ഇടി, മിന്നൽ, ആകാശവില്ല്, ധ്രുവദീപ്തി തുടങ്ങിയുള്ള തേജോമയങ്ങൾ. വായുമണ്ഡലം=വായു നിറഞ്ഞ സ്ഥലം.

വായുമുട്ടൽ-ശ്വാസത്തിന്റെ തടവുകൊണ്ടുണ്ടാകുന്ന ഒരു ദീനം, കുര.

വായുവാഹം-പുക.

വായുസഖൻ, വായുസഖി-അഗ്നി.

വായുസ്തംഭനം-കാററിന്റെ ഇളക്കമില്ലായ്മ.

വായോല-നിലമോ പറമ്പോ ഒഴിഞ്ഞ പ്രകാരം എഴുതിക്കൊടുക്കുന്ന എഴുത്ത്.

വായ്ക്കത്തി-ഒരുവിധം വലിയ കത്തി.

വായ്ക്കയറ്-കടിഞ്ഞാൺ.

വായ്ക്കര-സമുദ്രം, നദി മുതലായവയുടെ തീരപ്രദേശം.

വായ്ക്കരി-മരിച്ചവരെ അടക്കുമ്പോൾ ശവത്തിന്റെ വായിലിടുന്ന അരി.

വായ്ക്കല്ല്-കിണററിൻവക്കിൽ പണിയുന്ന കല്ല്.

വായ്ക്കാൽ-ഇടുങ്ങിയ ചെറിയ തോട്.

വായ്ക്കുന്നു-വൎദ്ധിക്കുന്നു, വളരുന്നു.

വായ്ക്കുരൽ-ഊതുന്ന കുഴൽ, മുരളി.

വായ്ക്കുരളായി ചൊല്ലുന്നു-കണ്ഠണി കൂട്ടുന്നു.

വായ്ക്കൂട്ട്-ശകാരം.

വായ്ക്കൊൾക-വായിലാക്കുക.

'വായ്ക്കൊണ്ടപ്പുല്ലെല്ലാംപാതിചവച്ചങ്ങു'
(കൃഷ്ണഗാഥ)

വായ്ചൊല്ല്-അടുത്തു എവിടെ നിന്നെങ്കിലും പെട്ടെന്നു കേൾക്കുമാറിടയാകുന്ന വാക്ക്, പക്ഷവാക്ക്.

വായ്ത്തല-ആയുധങ്ങളുടെ മൂൎച്ചയുള്ള ഭാഗം.

വായ്ത്താരി-ആപ്പ്.

വായ്ത്താളം-൧. വാകൊണ്ടു ചൊല്ലുന്ന താളം. ൨. വെറുതെ പറയുന്ന വാക്ക്.

വായ്നീര്-തുപ്പൽ.

വായ്പ്-വളൎച്ച, ധാന്യങ്ങളുടേയും മററും വളൎച്ച, വൎദ്ധന. (പ-മ).

'വായ്പോന്നിനുള്ളകാൎപ്പാസംകൊണ്ടുള്ള'
(കൃഷ്ണഗാഥ)

വായ്പ്പ-കടം.

വായ്പ്പട-ഉററവാക്ക്.

വായ്പുണ്ണ്-വായ്ക്കുള്ളിലുണ്ടാകുന്ന വ്രണം.

വായ്പ്പടവ്-വായ്ക്കല്ല്.

വായ്പ്പറക-ശകാരിക്ക.

വായ്പ്പാടം-പുസ്തകംനോക്കാതെ ചൊല്ലുക.

വായ്പ്പാടുക-തുറന്നുപറയുക. (പ-മ).

'വാൎത്തകളോരോന്നേവായ്പ്പാടി'
(കൃഷ്ണഗാഥ)

വായ്പ്പിടിയൻ-കാട്ടുപന്നി. (നായാട്ടുപേർ).

വായ്പ്പിരട്ട്-ശകാരം.

വായ്പ്പോതി-വായ്ക്കൂട്ട്.

വായ്മ-മൊഴി. (പ-മ).

വായ്മലർ-ചുണ്ട്.

'ചെന്തൊണ്ടിവായ്മലരും....'
(അദ്ധ്യാത്മരാമായണം)

വായ്മിഷ്ടം-മധുരവാക്ക്. (പ-മ).

'വായ്മിഷ്ടംകൊണ്ടെങ്ങടോസങ്കടം
പോയ്ക്കൂടാ'
(കൃഷ്ണഗാഥ)

വായ്മീൻ-ഒരുവക നല്ല കടൽമീൻ.

വായ്മൊഴി-വാമൊഴി, മൊഴി.

വായ്വിഷ്ഠാനം-ശകാരം.

വായ്വിളങ്കം, വാളിയങ്കം-വിഴാലരി.

വാർ-നാ. വെള്ളം. (മ). ൧. വാറെടുത്തിട്ടുള്ള തോലും മറ്റും. ൨. നന്മ. ൩. ഭംഗി. ൪. ശക്തി. ൫. ജലം. ൬ കീറ്. ൭ കക്ഷണം. ൮ സൂക്ഷ്മം. ൯. ദൈർഘ്യം. ൧൦. മാർദ്ദവം.

വാർ-വി. നാ. പദങ്ങളുടെ മുമ്പിൽ ചേർന്നുവരുമ്പോൾ 'നല്ല' എന്നർത്ഥമുള്ള വിശേഷണം. (ഉ-ം, വാർകുഴൽ). ൧. ദീർഘമായ. ൨. ശുദ്ധമായ. ൩. സൂക്ഷ്മമായ. (പ-മ).

വാർത്താർ-താമര. (പ. മ.)

വാർമൊഴി-നാ. നിശ്ചയമില്ലാത്ത വാക്ക്. ൧. ഉത്ഭവസ്ഥാനം. (പ. മ.)

വാര-ഗജം. (പോർട്ടുഗീസുഭാഷ.)

വാരംകം-പക്ഷി.

വാരംഗം-വാളിന്റെ പിടി.

വാരടം-വയൽ.

വാരണതുണ്ഡൻ-ഗണപതി.

വാരണബുസാ-വാഴ. ആനയാൽ ഉൽസൃജിക്കപ്പെടുന്നതു എന്നർത്ഥം. "വാരണബുഷാ" എന്നും കാണുന്നു.

വാരണം-നാ. തടസ്സം. ൧. ആന. ശത്രുബലത്തെ തടുക്കുന്നവൻ എന്നർത്ഥം. ൨. പടച്ചട്ട.

വാരണംചെയ്ക-തടുക്കുക.

വാരണമുഖൻ-ഗണപതി.

വാരണവദനൻ-ഗണപതി.

വാരണവല്ലഭാ-വാഴ.

വാരണസി-വാരാണസി.

വാരണാവതം-ഒരു നഗരം, ഇന്ദ്രപ്രസ്ഥം.

ഇതിലാണ പാണ്ഡവന്മാർ രാജ്യഭ്രഷ്ടരായശേഷം പാർത്തതു്. ഇവിടെയായിരുന്നു അരക്കില്ലം.

വാരണിക്കൊങ്ക-നെയ്യുനിറഞ്ഞ മുല.

വാരണേന്ദ്രം-ബങ്കാളത്തുള്ള ഒരു ദേശം.

വാരനാരി-വേശ്യ.

വാരൻ-ശിവൻ.

വാരം-നാ. ആഴ്ച. ൧. കൂട്ടം. മറയ്ക്കുന്നതു് എന്നർത്ഥം. ൨. അവസരം, സമയം. ൩. പടിവാതിൽ. ൪. മദ്യം വെയ്ക്കുന്ന ഒരു പാത്രം (മ) ൫. ക്ഷേത്രങ്ങളിൽ വെച്ചു കഴിക്കുന്ന ഒരടിയന്തിരം. ൬. ഒരു ബ്രാഹ്മണഭോജനം. ൭. ചേറും മറ്റും നടുന്നതിനു കിളച്ചുണ്ടാക്കുന്ന സ്ഥലം. ൮. ഭവനങ്ങളിൽ ചേർത്തു ചായിച്ചു പണിയുന്ന ഒരു മുറി. ൯. കുടിയാന്മാർ മുതലാളന്മാർക്കും മറ്റും വിളവിൽനിന്നും കൊടുക്കുന്ന ഒരു ഭാഗം.

വാരം-അ. കൂടക്കൂടെ.

വാരമുഖ്യ-എട്ടുവിധം നായികമാരുള്ളതിൽ ഒന്ന്, വേശ്യാസമൂഹത്തിൽ വെച്ചു ശ്രേഷ്ഠ, ഗുണാധിക്യംകൊണ്ടു ജനങ്ങളാൽ സ്തുതിക്കപ്പെട്ട വേശ്യ.

വാരംവാരം-അ. പിന്നെയും പിന്നെയും, പലപ്പോഴും.

'നാരായണാഖ്യലീലകളെ
വാരംവാരം നിനമനമേ നീ'
(ഭാഗവതം)

വാരലാ-അന്നപ്പേട.

വാരൽ-ധാന്യങ്ങളും മറ്റും രണ്ടു കൈയും കൂട്ടി എടുക്കുക, വാരുക.

വാരവധു-വേശ്യ.

വാരവാണം-ചട്ട. ബാണത്തെ തടുക്കുന്നതു് എന്നൎത്ഥം. (വാരബാണം, ബാണവാരം എന്നുമാവാം).

ചട്ട എന്നാൽ ശത്രുക്കളുടെ ശരവും മററും ശരീരത്തിൽ കൊള്ളാതിരിപ്പാൻ വേണ്ടി യോദ്ധാക്കൾ ഇരിമ്പു മുതലായവ കൊണ്ടുണ്ടാക്കി ദേഹത്തിൽ വെച്ചു കെട്ടുന്നതാകുന്നു.

വാരവധൂ-വ്യഭിചാരിണി.

വാരവൃഷാ-വാഴ.

വാരശൂലം-യാത്രപുറപ്പെടാൻ കൊള്ളരുതാത്ത ആഴ്ചകൾ.

ഞായറും വെള്ളിയും 12 നാഴിക വരെ പടിഞ്ഞാറു ശൂലം.

തിങ്കളും ശനിയും 8 നാഴികവരെ കിഴക്കു ശൂലം.

ചൊവ്വായും ബുധനും 12-ം, 16-ം വീതം നാഴികവരെ വടക്കു ശൂലം.

വ്യാഴം 20 നാഴികവരെ തെക്കു ശൂലം.

ഈ ആഴ്ചകളിൽ അതാതു ദിക്കുകളിലേയ്ക്കു ആരും യാത്ര പുറപ്പെടരുതു്.

വാരസ്ത്രീ-വേശ്യ, തേവിടിശ്ശി. സൎവ്വജനങ്ങൾക്കും ഒന്നുപോലെ സ്വാധീനമാകയാൽ ഈ പേരുണ്ടായി.

വാരാ-വരികയില്ല. (പ. മ.)

വാരാ-വരം (വരികയില്ല.

വാരാകരം-സമുദ്രം.

വാരാണസി-കാശിയിലെ ക്ഷേത്രവും നഗരവും

വാരാതെ-വരാതെ. (പ. മ.)

'രുചിമനസിവാരാഞ്ഞു'

(മഹാഭാരതം)

വാരാന്നിധി-സമുദ്രം.

വാരായുന്നു-എന്തേ വാരായുന്നു=എന്തു കൊണ്ടു വരുന്നില്ല.

വാരായുന്നു, കളയായുന്നു:—വരിക, വാരാ; കളക, കളയാ. ഇതിൽ വാരാ, കളയാ എന്നതു നിഷേധാൎത്ഥമാണ്. ഇവയോടു വൎത്തമാനപ്രത്യയമായ 'ഉന്നു' ചേൎത്തു 'വാരായുന്നു' 'കളയായുന്നു' എന്നാക്കി. ഈ പ്രയോഗം ഇപ്പോൾ നടപ്പില്ല ഇപ്പോഴത്തെ രൂപം വരാത്തു, കളയാത്തു എന്നാകുന്നു.

വാരാൻ, വാരാളം-വി. ശക്തിയുള്ള.

വാരാഹ-വി. പന്നിയെ സംബന്ധിച്ച.

വാരാഹം-ന. അഷ്ടാദശപുരാണങ്ങളിൽ ഒന്നു്. മുനീന്ദ്രന്മാരെ മാനവകല്പത്തിൽ വരാഹത്തിന്റെ മാഹാത്മ്യം, വിഷ്ണു ഭൂമിയോടു പറഞ്ഞതു്, വിഷ്ണുവിനെ പൂകഴ്ത്തുന്നു, വിഷ്ണുവിന്റെ അവയവം-ഇടത്തെ നരിയാണി, സാത്വികപുരാണം. ഗ്രന്ഥം 24,000. ൨. പന്നി.

വാരാഹി-സ്ത്രീ. ഏഴു മാതൃക്കളിൽ ഒന്നു്. ൨. പന്നിക്കിഴങ്ങ്. വരാഹങ്ങൾക്കിഷ്ടമുള്ളതു് എന്നൎത്ഥം. ൩. നിലപ്പന. ൪. ഒരളവു്. ൫. ഭൂമി. ൬. പെൺപന്നി.

വാരി-ന. വെള്ളം. ൨. ഇരുവേലി. ൩. ആനയെ കെട്ടുന്ന സ്ഥലം. ൪. ആനയെ പിടിക്കുന്ന കുഴി. ൫. ആനയെ കെട്ടുന്ന കയറ്. ൬. സരസ്വതി. ൭. അടിമ. ൮. വെള്ളംകൊണ്ടുവരുന്ന കുടം. (മ) ന. കവുങ്ങു, പന മുതലായവ കീറിയതു്. ൨. ആറാംവാരി. ൩. ഇറയ്ക്കു.

വാരികണം-വെള്ളത്തുള്ളി.

വാരികൎപ്പൂരം-വാള എന്ന മീൻ.

വാരിക്കുന്നു-മുടപ്പിക്കുന്നു.

വാരിക്കുഴി-ആനയെ പിടിപ്പാൻ കുഴിച്ചു മേൽ പുറം മൂടിയ കുഴി.

വാരിചര-വി. വെള്ളത്തിൽ സഞ്ചരിക്കുന്ന.

വാരിചരം-മത്സ്യം.

വാരിചാമരം-കരിമ്പായൽ.

വാരിജ-വി. വെള്ളത്തിൽ നിന്നുണ്ടായ.

വാരിജം-പു. താമര. വ. ഒരുമാതിരി ശംഖ്. ന. മരക്കല ഉപ്പ്. ര. ഗൌര സ്വർണ്ണം. (ശംകാരഭേദം). ഇ. കക്കാ. ന്ത. ഇലവംഗപ്പൂവ്.

വാരിജമകരം-ലക്ഷ്മി.

വാരിജലോചനൻ — താമരക്കണ്ണൻ, കൃഷ്ണൻ.

വാരിജസംഭവൻ-ബ്രഹ്മാവ്. താമരയിൽ നിന്നുണ്ടായവൻ എന്നർത്ഥം.

വാരിജാതി-വാരിയൻ.

വാരിത-തടുക്കപ്പെട്ടു.

വാരിതസ്കരഃ-മുത്തങ്ങാ.

വാരിദ-വി. വെള്ളത്തെക്കൊടുക്കുന്ന.

വാരിദം-പു. മേഘം. വ. മുത്തങ്ങാ.

വാരിധാര-പു. മുത്തങ്ങാ. വ. വാരിക്കൊണ്ടുള്ള ധാര, ജലധാര.

വാരിധി, വാരിനിധി-സമുദ്രം.

വാരിധിമേഖല-ഭൂമി. സമുദ്രം അരഞ്ഞാണായിട്ടുള്ളതു് എന്നർത്ഥം.

വാരിപർണ്ണി-പു. നീർച്ചീര. വ. കടപ്പായൽ.

വാരിപൂരം-പ്രളയം.

വാരിപ്പുറം-പു. പള്ളപ്പുറം. വ. പുരയിൽ വാരിവെച്ചു കെട്ടിയതിന്റെ പുറം.

വാരിപ്രവാഹം-വെള്ളത്തിന്റെ ഒഴുക്ക്

വാരിപ്രസാദനം-തേററാമ്പരൽ.

വാരിയൻ—അമ്പലവാസികളിൽ ഒരു ജാതിക്കാരൻ. (സ്ത്രീ-വാരസ്യാർ, വാരിയശ്യാർ).

വാരിയം-വാരിയന്റെ വീട്.

വാരിയസ്യാര്-വാര്യരുടെ സ്ത്രീ.

വാരിയെല്ല്-ശരീരത്തിൽ ഇടത്തുഭാഗത്തും വലത്തുഭാഗത്തും ഉള്ള അറാമെല്ലുകൾ.

വാരിരാശി-സമുദ്രം.

വാരിരുഹം-താമര.

വാരിവാലകം-തവള.

വാരിവാഹം-പു. മേഘം. വ. മുത്തങ്ങ

വാരിശർക്കര-ആലിപ്പഴം.

വാരിസംഭവം-പു. രാമച്ചം. വ. കടലുപ്പ്. ന. ഇലവംഗപ്പൂവ്. ര. സൌവീരാഞ്ജനം.

വാരിഉഞ്ഛിങ്ങം - ധൈര്യമുള്ള സിംഹക്കുട്ടി.

വാരീടൻ-ആന.

വാരീശൻ-കടൽ, സമുദ്രം.

വാരുണം-പു. ഒരു പുരാണം. വ. ജലം.

വാരുണി-പു. വാരുണീമദ്യം. വ. മദ്യം. ന. വരുണന്റെ ഭാര്യ. ര. അഗസ്ത്യൻ. ഇ. പടിഞ്ഞാറെ ദിക്ക്. ന്ത. ചതയം നക്ഷത്രം. ൈ. ഒരുതരം പുല്ല്. ഢ. ചെറിയ കാട്ടുവെള്ളരി. ൻ. കരിങ്കറുക. പ്ഠ. മീൻകണ്ണിക്കറുക.

(വാരുണീമദ്യം വാറ്റുമുട്ടൽ, പീനസം, അരുചി മുതലായവയ്ക്കു നന്നു. ഇം-Palm-wine).

വാരുണീസേവ-പു. മദ്യപാനം. വ. പടിഞ്ഞാറെ ദിക്കിൽ ചെല്ലുക.

വാരുന്നു-പു. ധാന്യങ്ങളും മററും രണ്ടു കൈയും കൂട്ടിയെടുക്കുന്നു, ധാന്യങ്ങളും മററും പാത്രങ്ങളിലാക്കുന്നു. വ. പിച്ചാം കത്തികൊണ്ടു നേരെ കീറുന്നു. (വാരിക്കുന്നു-സ. ക്രി).

വാരുററ-വി. പു. ഉറപ്പുള്ള. വ. ഭംഗിയുള്ള. ന. മഹത്വമുള്ള. (പ. മ)

'വാരുററ കാന്തി കലർന്നുള്ള വാരിജം'

(കൃഷ്ണഗാഥ)

വാക്കളമാൻ-ഒരുമാതിരി ചെറിയ മാൻ

വാക്കാരൻ-വാറുള്ളവൻ, പട്ടാളത്തിൽ ശിപായിയും മററും.

വാക്കാർ-കതിരപ്പട്ടാളം.

വാക്കുന്നു-൧. പൊഴിക്കുന്നു, തൂകുന്നു ഉ-ം, കണ്ണുനീർ വാക്കുന്നു. ൨. ചോററിൽനിന്നു കഞ്ഞി ഊററുന്നു. ൩. ചില ഓട്ടുപാത്രങ്ങളും മററും തീർക്കുന്നതിന് ഓടു മുതലായവ ഉരുക്കി ഒഴിക്കുന്നു. (വാപ്പിക്കുന്നു-സ. ക്രി.)

വാർക്ഷ-വി. വൃക്ഷത്തെ സംബന്ധിച്ച, വൃക്ഷംകൊണ്ടുണ്ടാക്കിയ.

വാർക്ഷി-പത്തു ഭർത്താക്കന്മാരുണ്ടായിരുന്ന സൽകർമ്മമുള്ള ഒരു സ്ത്രീ, ഒരു മുനിപുത്രി, ഒരേ പേരോടുകൂടിയ സഹോദരന്മാരും തപോനിധികളുമായ പ്രചേതസ്സുകളെ പ്രാപിച്ചു.

വാച്ച്-൧. ഒഴുക്ക്. ൨. ചോർച്ച.

വാർജ്ജം-താമര.

വാർണ്ണികൻ-എഴുത്തുകാരൻ.

വാർത്ത-വി. ൧. രോഗം മാറി സുഖപ്പെട്ട. ൨. വേലകൾ ചെയ്തുകൊണ്ടിരിക്കുന്ന.

വാർത്ത-൧. വർത്തമാനം. ലോകസ്ഥിതിയെ അറിയിക്കുന്നതു് എന്നർത്ഥം. ൨. വിശേഷവർത്തമാനം, കേൾവി. ൩. ദിവസവൃത്തി, ജീവനോപായം. ൪. കച്ചവടം, കൃഷി മുതലായ തൊഴിലുകൾ. ൫. തക്കാളിവഴുതിന. ൬. കേട്ടുകേൾവി.

വാർത്തകഞ്ഞി-ചോററിൽനിന്നു ഊററിയ കഞ്ഞിവെള്ളം.

വാർത്തൻ-രോഗം മാറി സുഖപ്പെട്ടവൻ, രണ്ടാമതു ജീവിച്ചവൻ എന്നർത്ഥം.

വാർത്തപ്പാട്ട്-വാംശത്തം.

വാർത്തം-൧ സൌഖ്യം, രോഗമില്ലാത്തതു്. ൨. പതിരു്, നിസ്സാരമായിട്ടുള്ളതു്.

വാർത്താകം-തക്കാളി വഴുതിന, ചെറുവഴുതിന.

വാർത്താകി-൧. തക്കാളി വഴുതിന. ൨. ചെറുവഴുതിന. ആരോഗ്യത്തെ ചെയ്യുന്നതു് എന്നർത്ഥം. ൩. കണ്ടകാരിച്ചുണ്ട.

വാർത്താകു-ചെറുവഴുതിന.

വാർത്തായനൻ-ഒററുകാരൻ, ചാരൻ. ൨. സ്ഥാനാപതി.

വാർത്താവഹൻ-൧. ദൂതൻ. ൨. മെഴുകുതിരിയുണ്ടാക്കുകയും മററും ചെയ്യുന്നവൻ.

വാർത്തിക-വി. ൧. വാർത്തയെ സംബന്ധിച്ച. ൨. വൃത്തിയെ സംബന്ധിച്ച, അർത്ഥത്തെ തെളിയിക്കുന്ന.

വാർത്തികം-൧. വ്യാകരണത്തോടുകൂടിയ ഒരു വ്യാഖ്യാനം. ൨. കാടപ്പക്ഷി.

വാർത്തികൻ-൧. വർത്തമാനത്തെ അറിയിക്കുന്നവൻ. ൨. വൈശ്യൻ.

വാർത്രഘ്നൻ-അർജ്ജുനൻ.

വാർദ്രം-൧. ജലം. ൨. അകിൽ.

വാർദ്ധകം-൧. വൃദ്ധന്റെ അവസ്ഥ, വാർദ്ധക്യം, വൃദ്ധത, വൃദ്ധത്വം. ൨. വൃദ്ധന്മാരുടെ കൂട്ടം.

വാർദ്ധക്യം-വൃദ്ധത.

വാർദ്ധി-കടൽ.

'ഏറിയഭക്തിയാംവാർദ്ധിയിൽവീണു'
(ഭാഗവതം)

വാർദ്ധികഫം-കടൽനുര.

വാർദ്ധിഫേനം-കടൽനുര.

വാർദ്ധുഷി, വാർദ്ധുഷികൻ-കടം കൊടുത്തു അതിന്റെ പലിശ വാങ്ങി അതുകൊണ്ടു നിത്യവൃത്തി കഴിക്കുന്നവൻ

വാർദ്ധുഷ്യം-പലിശ.

വാർദ്ധ്രീണ(ന)സം-ഖാഡ്ഗമാൻ.

വാൾപ്പട്ടാളം-വാളുള്ള ശിപായിമാർ ആയിരംകൂടിയ ഒരു കൂട്ടം.

വാപ്പ്-കാതുള്ള ഒരുമാതിരി ഓട്ടുപാത്രം.

വാൎപ്പപണി-മൂശാരിയുടെ വേല, ഓട്ടം മററം ഉരുക്കി പാത്രങ്ങൾ വാൎക്കുക.

വാൎട്ടം-മുതല.

വാൎമ്മണം-പടക്കപ്പായമിട്ടവരുടെ കൂട്ടം.

വാൎമുക്ക്-മുത്തങ്ങ.

വാൎയ്യൻ-ഒരു ജാതിക്കാരൻ. (സ്ത്രീ-വാൎയ്യസ്യാർ).

വാൎയ്യം-പ്ര. വാരിയം, വാൎയ്യരുടെ ഗൃഹം. ഉ. വരം.

വാൎവ്വടീരം-വെളുത്തീയം.

വാൎശിലാ-ആലിപ്പഴം.

വാൎഷികം-വി. പ്ര. ആണ്ടുതോറുമുള്ള. ഉ. വൎഷകാലത്തിൽ വളരുകയും മുളയ്ക്കുകയും ചെയ്യുന്ന. (കൻ, കീ, കം).

വാൎഷികം-ഒരു പച്ചമരുന്നു്, ബ്രഹ്മി. വൎഷകാലത്തിൽ ഭവിച്ചതു് എന്നൎത്ഥം.

വാൎഷികി-മഴമുല്ല.

വാൎഷ്ണേയൻ-പ്ര. നളന്റെ സാരഥി. ഉ. കൃഷ്ണൻ.

വാൎഹതം-ഒരുമാതിരി വഴുതിനങ്ങ.

വാല-വി. ബാല, ചെറിയ.

വാലകം-ഇരുവേലി.

വാലഖില്യർ-ഒരുവക ഋഷികൾ.

ഇവർ 60,000 പേരുണ്ടു്. വിരലോളമേ വലിപ്പമുള്ളൂ. ക്രതുവിൽ സന്നതിയുടെ പുത്രരാകുന്നു. സൂൎയ്യരശ്മിക്കു തുല്യമായ ശോഭ, സുകൃതം, ഭക്തി, അതിവേഗത ഇവയുള്ളവരാണു്, ഇവർ സൂൎയ്യന്റെ രഥത്തെ കാത്തുവരുന്നു.

വാലധി, ബാലധി-വാലിന്റെ അഗ്രത്തിലുള്ള രോമസമൂഹം. ബാലങ്ങൾ (രോമങ്ങൾ) ഇതിൽ നിധാനം ചെയ്യപ്പെടുന്നതുകൊണ്ടു് ഈ പേരുണ്ടായി.

വാലപാശം, ബാലപാശം-കേശസമൂഹം.

വാലപാശ്യാ, പാലവാശ്യാ-സീമന്തരേഖയിൽ കെട്ടുന്ന സ്വൎണ്ണപട്ടം. കേശസമൂഹത്തിലേക്കു യോജിപ്പുള്ളതു് എന്നൎത്ഥം.

വാലം-തലമുടി. ഉയൎന്നുണ്ടാകുന്നതു് എന്നൎത്ഥം. (ബാലം എന്നതിന്റെ പാഠം).

വാലാക്കഴ-രാജാക്കന്മാൎക്കു അകമ്പടിയായിട്ടു് അലങ്കരിച്ചുകൊണ്ടു നടക്കുന്ന ഒരുമാതിരി മരക്കുന്തം.

വാലാട്ടിപ്പക്ഷി-ഒരുമാതിരി പക്ഷി.

വാലാൻ, ബാലാൻ-ഒരു മത്സ്യം.

വാലറ്റു-വാൽ (ശൂലം) ഇല്ലാത്തു, മരണം സംബന്ധിച്ചുണ്ടാകുന്നതിനേക്കാൾ കുറഞ്ഞ അശുദ്ധി, പ്രസവം ഹേതുവായിട്ടുണ്ടാകുന്ന അശുദ്ധി.

വാലവായജം-വൈഡൂൎയ്യം.

വാലി-ബാലി.

വാലികം-കാതിലിടുന്ന ഒരാഭരണം.

വാലിൽതൂങ്ങുക-പ്ര. ആശ്രയിക്കുക. ഉ. നീചമായി സേവിക്കുക. ല. ഒരുവനെ താങ്ങിക്കൊണ്ടു പുറകെ നടക്കുക.

വാലുകാ-പ്ര. മണൽ, ചരൽ. ഉ. വയൽതിട്ട. ല. കൎപ്പൂരം.

വാലുകം-പ്ര. ഏലാവാലുകം. (ഒരങ്ങാടിമരുന്നു്). ഇളകുന്നതു് എന്നൎത്ഥം. ഉ. മണൽ

വാലുന്നു-പ്ര. അല്പമായിട്ടൊലിക്കുന്നു. ഉ. കിഴങ്ങും മററും വളരുന്നു.

വാൽ-പ്ര. നാല്ക്കാലികളുടെയും മററും പുറകിൽ നീണ്ടുകിടക്കുന്നതു്. ഉ. ആട്ടക്കാരുടെ ഒരുമാതിരിഉടുപ്പു്.

വാല്ക്കം-വി. മരത്തൊലികൊണ്ടുള്ള. (ല്കൻ, ല്കീ, ല്കം).

വാല്ക്കണ്ണു്-അപാംഗം, കടക്കണ്ണു്.

വാല്കം-ചണ മുതലായവയുടെ തോലിയിൽ നിന്നെടുക്കുന്ന നൂൽകൊണ്ടു നെയ്ത്ത്. വല്കത്തിന്റെ വികാരം എന്നർത്ഥം.

വാല്കാഗ്രം-മൃഗങ്ങൾക്കുള്ള കരം.

വാല്കൂടം-വാലിന്റെ അറ്റത്തുള്ള രോമങ്ങൾ.

വാല്പ്പൊഞ്ചു്—കുതിരയുടെയും മററും രോമം അധികമുള്ള വാൽ.

വാൽക്കോതമ്പു്-ഒരുമാതിരി യവം. (ബാർളി).

കോതമ്പിനെക്കാൾ മുഴുപ്പു കുറഞ്ഞതും നീളമുള്ളതും രോമില്ലാത്തതുമാണ്. ചെറിയ കോതമ്പിന്റെ ഗുണമുണ്ടു്.

വാൽത്താര-വാലിന്റെ മുടികൂടാത്ത കീഴ്ഭാഗം.

വാൽനക്ഷത്രം-ധൂമകേതു. Comet. (ധൂമകേതു പദം നോക്കുക).

വാല്മീകി, വാല്മീകൻ-ഒരു മഹർഷി. വല്മീകാൽ ഭവഃ വാല്മീകിഃ പുററിൽ നിന്നുണ്ടായവൻ എന്നർത്ഥം.

ഇദ്ദേഹം രാമായണം സംസ്കൃതഭാഷയിൽ 24,000 ഗ്രന്ഥമായിട്ടു നിർമ്മിച്ചു.

'പ്രാചേതസശ്ചാദികവിഃ
സ്യാന്മൈത്രാവരുണിശ്ച സഃ
വാല്മീകിശ്ചാഥ ഗാധേയോ
വിശ്വാമിത്രശ്ച കൗശികഃ
വ്യാസോ ദ്വൈപായനഃ പാരാ-
ശര്യഃ സത്യവതീസുതഃ'

പ്രാചേതസൻ, ആദികവി, മൈത്രാവരുണി, വാല്മീകി—൪-ം, വാല്മീകിമഹർഷിയുടെ പേർ.

ഗാധേയൻ, വിശ്വാമിത്രൻ, കൗശികൻ—൩-ം, വിശ്വാമിത്രമഹർഷിയുടെ പേർ.

വ്യാസൻ, ദ്വൈപായനൻ, പാരാശര്യൻ, സത്യവതീസുതൻ—൪-ം, വേദവ്യാസമഹർഷിയുടെ പേർ.

വാല്മീകി ജനനാൽ ബ്രാഹ്മണനായിരുന്നു. ശൈശവത്തിൽ തന്നെ മാതാപിതാക്കന്മാർ ഉപേക്ഷിച്ചു. കള്ളന്മാർ എടുത്തുവളർത്തി. തന്നിമിത്തം ഒരു വലിയ കള്ളനായി ഭവിച്ചു. വഴിയാത്രക്കാരോടു കവർച്ചചെയ്തും അവരെ കൊന്നും ഉപജീവിച്ചു. വളരെക്കാലം ഇങ്ങിനെ കഴിഞ്ഞു ഒരിക്കൽ നാരദമഹർഷിയെക്കണ്ടു കൈക്കൽ ഉള്ളതെല്ലാം വയ്ക്കാൻ പറഞ്ഞു. തന്റെ പാതകങ്ങളുടെ ഒരു പങ്കു ഭാര്യയും പുത്രന്മാരും സ്വീകരിച്ചുകൊള്ളുമോ എന്നു അവരോടു ചോദിപ്പാനായി ആ ഋഷി വാല്മീകിയെ പറഞ്ഞയച്ചു. അദ്ദേഹം ചെന്നു ചോദിച്ചതിൽ അവർക്കു അതിനു മനസ്സില്ലെന്നു പറകയാൽ അത്ഭുതപരവശനായി മടങ്ങിവന്നു. അപ്പോൾ ഋഷി വാല്മീകിയോടു 'മരാ മരാ' (മറിച്ചാൽ രാമ രാമ) എന്നു ജപിപ്പാൻ പറഞ്ഞിട്ടു പോയി. സ്വപാതകങ്ങളുടെ സ്ഥിതി മനസ്സിലാക്കി വാല്മീകി വളരെക്കാലം അവിടെയിരുന്നു 'മരാ മരാ' എന്നു ജപിച്ചു. ഒടുവിൽ തന്റെ ദേഹം ചിതൽപ്പുററുകൊണ്ടു മൂടി. പിന്നീടു നാരദമഹർഷി വന്നു ചിതൽപ്പുററിൽ നിന്നു വാല്മീകിയെ വെളിപ്പെടുത്തി. വല്മീകത്തിൽ (പുററിൽ) നിന്നെടുത്തതിനാൽ വാല്മീകിയായി. ഒരിക്കൽ രണ്ടു ക്രൗഞ്ചപക്ഷികളിൽ ഒന്നിനെ ഒരു വേടൻ കൊന്നതു കണ്ടു വാല്മീകി അവനെ ശപിച്ചു. ശാപം യഥാക്രമം

'മാ നിഷാദ പ്രതിഷ്ഠാം ത്വ-
മഗമഃ ശാശ്വതീഃ സമാഃ।

യൽ ക്രൌഞ്ചമിഥുനാദേക
മവധീഃ കാമമോഹിതം' ||

അൎത്ഥം.

വ്യാധപക്ഷം— ഏടാ അലക്ഷ്മീകനായുള്ള വേടാ! നീ ആകട്ടെ യാതൊരു കാരണത്താൽ കുളക്കോഴിയിണയിൽ നിന്നു കാമത്താൽ മോഹിപ്പിക്കപ്പെട്ടിരുന്ന ഒന്നിനെ കൊന്നുവൊ അതുകൊണ്ടു അധികം കാലം ജീവിതത്തെ പ്രാപിക്കയില്ല.

രാമപക്ഷം—അല്ലയൊ ലക്ഷ്മിക്ക് ആശ്രയമായുള്ളൊനെ! നീ യാതൊരു കാരണത്താൽ രാക്ഷസ മിഥുനത്തിൽ നിന്നു കാമത്താൽ മോഹിപ്പിക്കപ്പെട്ട ഒരുത്തനെ (രാവണനെ) കൊന്നുവൊ അതുകൊണ്ടു വളരെക്കാലത്തേയ്ക്കു ഖ്യാതിയെ നീ പ്രാപിച്ചു.

ഇപ്രകാരം ശ്ലോകരൂപമായിരുന്നു. ഈ പുതിയ രൂപത്തിൽ ആദ്യകാവ്യമായ രാമായണം ചമയ്ക്കാൻ ബ്രഹ്മാവ് അദ്ദേഹത്തോടു പറഞ്ഞു. ശ്രീരാമൻ സീതയെ ഉപേക്ഷിച്ചപ്പോൾ ഇദ്ദേഹത്തിന്റെ ആശ്രമത്തിലാണു സ്ഥിതിചെയ്തതു്. ഇദ്ദേഹം കുശലവന്മാരുടെ ഗുരുവാകുന്നു.

വാല്മീകൻ-വാല്മീകിമഹൎഷി.

വാല്മീകിരാമായണം- വാല്മീകിയുണ്ടാക്കിയ രാമായണം. (24,000 ശ്ലോകം ഉണ്ടു്.)

ചരിത്രകാരന്മാർ വാല്മീകിരാമായണത്തിനു മൂവായിരം കൊല്ലത്തോളം പഴക്കം തീരുമാനപ്പെടുത്തീട്ടുണ്ടു്.

വാൽമീൻ-വാൽ നക്ഷത്രം.

വാൽമുളകു്—ഒരങ്ങാടിമരുന്നു ചീനമുളകു്.

വാല്യം-൧. ബാല്യം. ൨. വാലിയച്ചൻ. ൩. ഗ്രന്ഥത്തിന്റെ ഭാഗം. (Volume).

വാല്ഹീകം-കുങ്കുമം.

വാവു് - പതിനഞ്ചാമത്തെ പക്കം. ൧. വെളുത്തവാവു്. ൨. കറുത്തവാവു്.

വാവട-൧. പുരയുടെ കഴുക്കോലുകളുടെ താഴത്തെ അററത്തും മേലെ വശത്തും വച്ചു തറയ്ക്കുന്ന മരം. ൨. വാവുന്നാൾ ഭക്ഷിക്കുന്നതിന്നായിട്ടുണ്ടാക്കുന്ന ഒരു പലഹാരം. (വാവു+അട).

വാവടയോടു്-വാവടയുടെ പുറത്തു മേയുന്നതിനുള്ള ഒരുമാതിരി മേടോടു്.

വാവദൂകൻ-വി. ൧. അധികം സംസാരിക്കുന്ന. ൨. വാക്ചാതുൎയ്യമുള്ള.

വാവയം-ചെറുതുളസി.

വാവൽ, ആവൽ-തലകീഴ്പോട്ടായിട്ടു മരത്തിൽ തൂങ്ങുന്ന ഒരുമാതിരി പക്ഷി. മാംസം മലത്തെ കറയ്ക്കും. വായത്തെ വലിപ്പിക്കും. സം-ചൎമ്മകീ. ത-വാവലു. ഇം-Flying fox.

വാവലൂയം-വാമോതിരം.

വാവിടാജന്തു-മിണ്ടാപ്രാണി.

വാവിഷ്ടാൎണ്ണം-ശകാരം.

വാവുടം-വള്ളം, ചങ്ങാടം.

വാവൃത്തൻ-സ്വയംവരാദികളിൽ കന്യാദികളാൽ വരിക്കപ്പെട്ട വരൻ.

വാവൃത്തം-വി. വരിക്കപ്പെട്ട.

വാശ(ക)-വി. ശബ്ദിക്കുന്ന, അലറുന്ന.

വാശ, വാശകം-ഒരു പച്ചമരുന്നു്, ആടലോടകം.

വാശനം-൧. ശബ്ദം. ൨. അലച്ച്.

വാശ(സ)ാ-ആടലോടകം.

വാശി-അഗ്നി. (മ). ൧. ശാഠ്യം. ൨. മറിച്ചുകന്നാൽ ഉണ്ടാകുന്ന കൂട്ടലോ കുറവോ ൪. ഭിന്നത്തിന്റെ അടക്കം ൫. പന്തയം.

വാശി(സി)കാ-ആടലോടകം. ശബ്ദി ക്കുന്നതു് എന്നർത്ഥം.

വാശിക്കാരൻ-ശാഠ്യക്കാരൻ.

വാശിപിടിക്ക- ശാഠ്യംപിടിക്ക, മത്സരിക്ക.

വാശിത-വി. സുഗന്ധിപ്പിക്കപ്പെട്ട.

വാശിതം—പശുപക്ഷിമൃഗാദികളുടെ ശബ്ദം.

വാശിതാ-൧. സ്ത്രീ. ൨. പിടിയാന. (വാസിതാ എന്നതിന്റെ പാഠമാണ്).

വാശിയാകുന്നു-ഭേദമാകുന്നു. ഉ-ം ദീനം വാശിയാകുന്നു.

വാശ്രാ-രാത്രി.

വാത്സല്യം—വല്ലഭ്യം.

'വാത്സല്യമതന്നാകിലുംവേണ്ടതില്ലിങ്ങേടം'
(ബാല്യത്തവം തുള്ളൽ)

'ചെണ്ടക്കാരൻ ചെല്ലുന്നേട
ത്തുണ്ടാം വാത്സല്യമെന്തവൈഷമ്യം'
(രുക്മിണീസ്വയംവരം ഓട്ടൻതുള്ളൽ)

വാഷ്കല-വി. വലുതായ.

വാഷ്കലൻ-യോദ്ധാവ്.

വാഷ്പം-൧. വെള്ളത്തിലെ ആവി, ആവി. ൨. കണ്ണുനീര്. ൩. ഇരിമ്പ്.

വാഷ്പ(സ്പ)ം-ഇരിമ്പ്.

വാസഃകുടി—വസ്ത്രംകൊണ്ടുള്ള ഭവനം, കൂടാരം.

വാസക-വി. ൧. വാസനയുണ്ടാക്കുന്ന. ൨. വസിക്കുമാറാക്കുന്ന, കുടിയേറുന്ന.

വാസകം-൧. വസ്ത്രം. ൨. ആടലോടകം.

വാസകസജ്ജാ, വാസകസജ്ജികാ-൧. സർവാഭരണങ്ങളും അണിഞ്ഞും കൊണ്ടു പ്രിയന്റെ വരവിനെ കാത്തു നില്ക്കുന്നവൾ. ൨. സ്ത്രീപുരുഷന്മാരുടെ ലക്ഷണമറിവാനുള്ള ശാസ്ത്രത്തിൽ പറയുന്ന നായികമാരിൽ ഒരുത്തി.

വാസഗൃഹം - ൧. ഭവനത്തിന്നകത്തെ മുറി, ഉള്ളറ, വിജനവാസത്തിനുള്ള സ്ഥലം. ൨. അമ്പലങ്ങളിൽ വിഗ്രഹ പ്രതിഷ്ഠ ചെയ്തിട്ടുള്ള ഗർഭഗൃഹം.

വാസതേയി-൧. ഭവനം. ൨. മഞ്ഞൾ.

വാസന-വി. ൧. വസ്ത്രത്തിനു കൊള്ളുന്ന, വസിപ്പിക്കുന്ന.

വാസന-൧. മുമ്പ് അനുഭവിച്ചതിനെ മറക്കാതെയിരിക്കുന്നതു, മുൻപിലത്തെ പരിചയംകൊണ്ടുണ്ടാകുന്ന അറിവും സ്വഭാവവും. അഭ്യാസംകൂടാതെ ജന്മം കൊണ്ടുതന്നെ നമുക്കു സിദ്ധിച്ചിരിക്കുന്ന ശക്തികളെ വാസനകൾ എന്നു അറിയണം. വാസനകൾ സർവ ജീവജന്തുക്കൾക്കും ഉണ്ടു്. അവയെ വിനിയോഗിച്ചു ജന്തുക്കൾ തങ്ങളുടെ ജീവിതാവശ്യങ്ങളെ നിർവഹിക്കുന്നു. ൨. നല്ല മണം. ൩. വിചാരം. ൪. തെറ്റായ അഭിപ്രായം. ൫. ആഗ്രഹം. ൬. ബഹുമാനം.

വാസനക്കാരൻ-പ്രവൃത്തികൾ എളുപ്പത്തിൽ ഭംഗിയായി ചെയ്യുന്നവൻ.

വാസനപ്പൊടി-സൌരഭ്യം വരുത്തുന്നതിനായിട്ടു പൊടിച്ചു വിതറുന്ന സുഗന്ധദ്രവ്യപ്പൊടി.

വാസനം-൧. സുഗന്ധിപ്പിക്കുക. ൨. വസ്ത്രം. ൩. പാർക്കുക. ൪. അറിവ്.

വാസനി- പാതാളഗരുഡക്കൊടി.

വാസനീയകാ-കുങ്കുമം.

വാസന്ത-വി. വസന്തകാലത്തെ സംബന്ധിച്ച.

വാസന്ത-൧. ഒട്ടകം. ൨. മയിൽ. ൩. മുശാക്കുട്ടി. ൪. തെക്കൻ കാറ്റ്.

വാസന്താ-൧. കറുത്ത ചെറുപയറ്. ൨. ചെറുപയറ. ൩. കുയിൽ. ൪. ഒട്ടകം.

൪. മലങ്കാര ൫. ശയിലെള്ള്, ചെറിയ ആറ്. ൬ മലയപർവതത്തിലെ കാററ്.

വാസന്ത(ക)ം-തണ്ണി.

വാസന്തി-നാ. കുരുക്കത്തിമുല്ല. വസന്തകാലത്തിൽ പൂക്കുന്നത് എന്നർത്ഥം. ൧. തിപ്പലി. ൨. ചിത്രമാസത്തിൽ കാമദേവന്റെ പേക്ക് കഴിക്കുന്ന ഉത്സവം. ൩. മാധവി ൪. വെളുത്ത വലിയ പിച്ചകം. ൫. പാതിരി. ൬. കുറുമുഴി വ്യൂശിമുല്ല. ൭. കയിൽപെട.

വാസന്തിക-വി. വസന്തകാലത്തുണ്ടാകുന്ന.

വാസം-നാ. താമസം ൧. ഭവനം, പാർപ്പിടം. ൨. ഇരിപ്പ്, പാർപ്പ്, സ്ഥിതി. ൩. വസ്ത്രം. ൪. നല്ല മണം. ൫. കഴുത.

വാസയോഗം-സുഗന്ധദ്രവ്യം; വസ്ത്രം മുതലായവയ്ക്കു സൌരഭ്യമുണ്ടാക്കുന്നതിനു ഉപയോഗിക്കുന്ന പൊടി, പുക, തൈലം മുതലായത്.

വാസയോഗ്യ-വി. പാർക്കുവാൻ കൊള്ളാകുന്ന.

വാസരം-നാ. ദിവസം. ൧. പകൽ. ലോകത്തെ നിലനിർത്തുന്നത് എന്നർത്ഥം. ൨. ഒരു നാഗം.

മുഴുവൻ ദിവസത്തിന്റെ വാചകമായിട്ടും ധാരാളം പ്രയോഗങ്ങൾ കാണുന്നുണ്ട്.

വാസരാധീശൻ-സൂര്യൻ.

വാസവദത്താ-നാ. ഉജ്ജയനീരാജാവിന്റെ മകൾ. (ഉദയനൻ എന്ന ശബ്ദം നോക്കുക.) ൧. സുബന്ധുവിന്റെ 'വാസവദത്തം' എന്ന പുസ്തകത്തിന്റെ നായിക

വാസവൻ-ദേവേന്ദ്രൻ രത്നങ്ങളോടു കൂടിയവൻ, അഷ്ടവസുക്കളാൽ സേവിക്കപ്പെട്ടവൻ യോഗ്യൻ, ദൈത്യവാസസ്ഥലങ്ങളെ ഉപദ്രവിച്ചവൻ ഇങ്ങനെ ശബ്ദാർത്ഥങ്ങൾ.

വാസവം-ഗുഗ്ഗുലു.

വാസവി-നാ. വാസവന്റെ പുത്രൻ. ൧. ജയന്തൻ. ൨. ബാലി, ൩. അർജ്ജുനൻ. ൪. വ്യാസന്റെ അമ്മ.

'അത ഇഞെ' എന്ന സൂത്രപ്രകാരം വാസവശബ്ദത്തിൽ 'ഇഞെ' പ്രത്യയം ചെയ്തതു്.

൧. വസുവിന്റെ പുത്രി (സത്യവതി).

വസു എന്നുള്ള ശബ്ദത്തിൽ നിന്നു അപത്യാർത്ഥമായ അൺപ്രത്യയം പ്രയോഗിച്ചിട്ടാണെന്നു ഇത്യാദി സൂത്രപ്രകാരം സ്ത്രീലിംഗത്തിനു അണിന്റെ മുകളിൽ ങീപ് പ്രയോഗിക്കപ്പെട്ടിരിക്കുന്നു.

വാസസ്സ്-വസ്ത്രം.

വാസി-ഉളി, ചീവുളി.

വാസി, വാസിനി— (പദാന്ത്യത്തിൽ ചേർന്നുവരുന്നതു്) അധിവസിക്കുന്നവൻ (വൾ).

വാസികാ-ആടലോടകം.

വാസിത-വി. നാ. സുഗന്ധിപ്പിക്കപ്പെട്ട. ൧. മൂടപ്പിക്കപ്പെട്ട. ൨. പാർപ്പിക്കപ്പെട്ട.

വാസിതം-നാ. പക്ഷിയുടെ ശബ്ദം. ൧. ശബ്ദം. ൨. അറിവ്.

വാസിതാ-നാ. സ്ത്രീ. ൧. പിടിയാന. ഉപസേവിക്കപ്പെട്ടതു് എന്നർത്ഥം.

വാസിതി-പിടിയാന.

വാസിഷ്ഠ-വി. വസിഷ്ഠനാലുണ്ടാക്കപ്പെട്ട, വസിഷ്ഠനെ സംബന്ധിച്ച.

വാസു-നാ. വിഷ്ണു ൧. ലോകങ്ങളുടെ ആത്മാവ്. ൨. ആത്മാവ്.

വാസുകി-കശ്യപന്റെ പുത്രനായ ഒരു സർപ്പരാജാവ്, സർപ്പശ്രേഷ്ഠൻ.

വാസുദേവൻ-൧. വസുദേവന്റെ പുത്രൻ, ശ്രീകൃഷ്ണൻ, വിഷ്ണു. യാവനൊരുത്തനിൽ സകലഭൂതങ്ങളും വസിക്കുന്നുവോ അവൻ വാസുദേവൻ. വസുദേവന്റെ പുത്രൻ എന്നുമാവാം. ൨. ഭ്രമരസന്ദേശകാവ്യത്തിന്റെ കർത്താവായ ഒരു കേരളബ്രാഹ്മണൻ, വാസുഭട്ടതിരിയുടെ സഹജീവി.

വാസുദേവാ-കുതിര.

വാസുരാ-൧ ഭൂമി. ൨. രാത്രി. ൩. സ്ത്രീ. ൪. പെണ്ണാന.

വാസൂ-നാട്യത്തിൽ ബാലസ്ത്രീകളെ പറയുന്ന ഒരു പേർ. രാജാവിന്റെ പെൺകിടാവ്. അമ്മയുടെ അടുക്കലിരിക്കുന്നവൾ എന്നർത്ഥം. വളരെ ചെറിയ രാജപുത്രി.

വാസോചിത-വി. പാർക്കുന്നതിനു കൊള്ളാകുന്ന.

വാസോഭൃത്ത്-കടിപ്രദേശം (അര).

'കാലാംഗാനി വരാംഗമാനനമുരോ
ഹൃൽക്രോഡവാസോ ഭൃതോ'
(ഹോര)

വാസ്ത(സ)കം-ചീര.

വാസ്തവ-വി. ൧. നിശ്ചയിച്ച. ൨. സ്ഥാപിച്ച. ൩. യഥാർത്ഥമായുള്ള, വസ്തുതയായ.

വാസ്തവം-൧. നിശ്ചയം. ൨. പരമാർത്ഥം. ൩. അലങ്കാരത്തിന്റെ ബീജം. ൪. (മ) വർത്തമാനം.

വാസ്തവോക്തി-ഒരലങ്കാരം.

വാസ്തവ്യ-വി. പാർക്കുന്നതിനു തക്ക. ൨. സൂക്ഷിപ്പാൻ തക്ക. ൩. രക്ഷിപ്പാൻ തക്ക.

വാസ്തവ്യൻ-ചാർച്ചക്കാരൻ.

വാസ്തു-൧. ഭവനത്തിന്റെ ഇരിപ്പ്. ഗൃഹം നില്ക്കുന്ന സ്ഥലം. വാസ്തുദേവതയുടെ വാസസ്ഥാനം എന്നർത്ഥം. ഒരു ഗൃഹം പണിയിക്കുന്നതിനു കിഴക്കുപടിഞ്ഞാറും തെക്കുവടക്കും അതാതിന്നനുസരിച്ചു അളന്നു കൃത്യപ്പെടുത്തി തിരിച്ചിടുന്ന സ്ഥലത്തിനു വാസ്തു എന്നു പേർ.

൨. ഭവനം. വസിപ്പാനുള്ളത് എന്നർത്ഥം. ൩. ചീര.

വാസ്തു(സ്തു)കം, വാസ്തുച്ചീര-ഒരുമാതിരി ഇലക്കറിസ്സാധനം, ചീര. ഗൃഹത്തിന്നരികെ നില്ക്കുന്നത് എന്നർത്ഥം.

വാസ്തുദേവത-ഭവനത്തിന്റെ ദേവത.

വാസ്തുനിവേശനം-വാസ്തുദേവതയുടെ ഇരിപ്പിടം.

വാസ്തുബലി-ഭവനദേവതയ്ക്കായിട്ടു ചെയ്യുന്ന ഒരു കർമ്മം.

വാസ്തോഷ്പതി-൧. ദേവേന്ദ്രൻ. ഗൃഹക്ഷേത്രാദികളുടെ അധിദേവത എന്നർത്ഥം. ൨. ബ്രഹ്മാവിനു തന്റെ പുത്രിയിലുണ്ടായ ഒരു പുത്രൻ.

വാസ്ത്ര-വി. വസ്ത്രംകൊണ്ടുള്ള.

വാസ്ത്രം-വസ്ത്രംകൊണ്ടു മറച്ച രഥം.

വാസ്പേയം-നാകപ്പൂവ്.

വാഹകൻ-൧. കുതിരക്കാരനും മറ്റും. ൨. ചുമക്കുന്നവൻ.

വാഹടൻ, വാഹടാചാര്യൻ-അഷ്ടാംഗഹൃദയം വൈദ്യശാസ്ത്രം ഉണ്ടാക്കിയ ആചാര്യൻ.

വാഗ്ഭടാചാര്യൻ എന്നും പറയും. ബ്രാഹ്മണനാണ്. സിന്ധുദേശത്തിലത്രെ ജനിച്ചത്. പിതാവു സംഘഗുപ്താചാര്യനാകുന്നു. ഈ കുടുംബക്കാർ പരമ്പരയാ വൈദ്യന്മാരാണ്. വാഹടാചാര്യൻ ക്രിസ്ത്വബ്ദം ൯-ാം ശതാബ്ദത്തിൽ ജീവിച്ചിരുന്നിരിക്കണം. ഇവൻ ബൗദ്ധാചാര്യനാകുന്നു.

വാഹദ്വിഷത്ത്-കാട്ടുപോത്ത്. കുതിരകളെ ദ്വേഷിക്കുന്നതു് എന്നൎത്ഥം.

വാഹനം-പ്ര. കേറി നടപ്പാനുള്ളതു്, ആന, കുതിര മുതലായവയും; പല്ലക്ക്, മേനാവു് മുതലായവയും; തേര്, കപ്പൽ മുതലായവയും. വ. സിംഹം തുടങ്ങിയുള്ള ചില മൃഗങ്ങളുടെയും മയിൽ മുതലായ ചില പക്ഷികളുടെയും രൂപത്തെ ഓട്ടുകൊണ്ടോ മരംകൊണ്ടോ ഉണ്ടാക്കി കൊടിമരത്തിന്റെ മുകളിൽ വെയ്ക്കുന്നതു്. ന. ആന.

| | | |
|---|---|---|
| ലക്ഷ്മിയുടെ | വാഹനം | സിംഹം |
| ബ്രഹ്മാവിന്റെ | ,, | ഹംസം |
| വിഷ്ണുവിന്റെ | ,, | ഗരുഡൻ |
| ശിവന്റെ | ,, | കാള (നന്ദി) |
| ഗണേശന്റെ | ,, | എലി |
| ഇന്ദ്രന്റെ | ,, | ആന (ഐരാവതം) |
| യമന്റെ | ,, | പോത്തു |
| സുബ്രഹ്മണ്യന്റെ | ,, | മയിൽ |
| കാമദേവന്റെ | ,, | മകരം |
| വരുണന്റെ | ,, | മത്സ്യം |
| വായുവിന്റെ | ,, | മാൻ |
| ദുൎഗ്ഗയുടെ | ,, | കടുവാ (നരി) |
| ശനിയുടെ | ,, | പരുന്തു് |
| അഗ്നിയുടെ | ,, | ആടു് |
| ജ്യേഷ്ഠയുടെ | ,, | നായ്. |

വാഹം-പ്ര കുതിര. ഒരു ദിക്കിൽനിന്നു മറെറാരു ദിക്കിലേയ്ക്കു കൊണ്ടുപോകുന്നതു് എന്നൎത്ഥം. വ. കാളം. ന. വായുർ. സേന. ഉ. പോത്തു്. ത്രൃ വാഹനം. ൨. നൂർ ഇടങ്ങഴിത്തൂക്കം.

256 ഇടങ്ങഴിത്തൂക്കമെന്നും കാണുന്നു.

വാഹശ്രേഷ്ഠം-കുതിര.

വാഹവൈരി-പോത്തു്.

വാഹസ്സ്-പ്ര. അഗ്നി. വ. മന്ത്രം.

വാഹസം-പ്ര. പെരുമ്പാമ്പ്. മററു ജന്തുക്കളുടെ ഗതിയെ തടസ്സപ്പെടുത്തുന്നവൻ എന്നൎത്ഥം. വ. നീരാരൽ.

വാഹി-വി. വഹിക്കുന്ന.

വാഹികം-പ്ര. കാള വലിക്കുന്ന വണ്ടി. വ. ഒരു വലിയ വാദ്യം.

വാഹിതം-വലിയ ചുമടു്.

വാഹിത്ഥം-ആനയുടെ മസ്തകത്തിനു താഴെയുള്ള പ്രദേശം.

വാഹിനീ-പ്ര. നദി വ. സൈന്യം. വാഹനങ്ങൾ ഉള്ളതു് എന്നൎത്ഥം. (അക്ഷൗഹിണീ എന്നതു നോക്കുക),

81 ആനകൾ, 81 രഥങ്ങൾ, 243 കുതിരകൾ, 405 കാലാളുകൾ ഇത്രയും കൂടിയ സൈന്യം—ഒരു വാഹിനീ.

വാഹിനീപതി-പ്ര സേനാപതി, സൎവ്വസൈന്യാധിപൻ. വ. കടൽ.

വാഹുകൻ, ബാഹുകൻ-നളൻ. (ബാഹുകൻ എന്നതു നോക്കുക.)

വാഹുവാരം-നറുവരി.

വാഹ്ലി(ഹ്ലീ)കം-പ്ര. കുങ്കുമം. വ. പെരുങ്കായം.

വാള-ഒരു മത്സ്യം.

ഇതു ബലത്തെ വൎദ്ധിപ്പിക്കും. സം-ബാലം. ത-വാളൈമീൻ

വാളകം-പ്ര കൈവള. വ കൈകാമം തിരം. ന ഇരുമ്പുവല്ലി.

വാളൻ-മരം അറുക്കുന്ന ഒരു ജാതിക്കാരൻ.

വാളൻ-ഒരു കരുവ്.

വാളൻ-വി. വാളുപോലെയുള്ള.

വാളൻപുളി-ഒരുമാതിരി പുളി, മരം.

വാളമര-ഒരുമാതിരി അമര.

വാളം-പ്ര ഇരിമ്പു് അടിച്ചു നീട്ടിയതു് (പാളം) വ. ഇരുമ്പുവല്ലി.

വാളലക്-വാളിന്റെ അലക്. വാളായിട്ടു തീൎത്ത ഇരിമ്പ്.

വാളി-മേൽകാതിൽ ചില ജാതിസ്ത്രീകൾ ഇടുന്ന ഒരാഭരണം.

ചുററും തിരുക്കമാണ്. പച്ചക്കല്ലു കെട്ടി തൂക്കിയിരിക്കും.

വാളി, വാളിക - സുറിയാനിസ്ത്രീകൾ കാതിലിടുന്ന ആഭരണം.

വാളിയങ്കാ-വിഴാലരി.

വാളുന്നു-വിതയ്ക്കുന്നു.

വാളെടുക്കുക-ദേഷ്യപ്പെടുക.

വാളേറ്- വാളെറിഞ്ഞുപിടിക്കുന്ന ഒരു കളി.

വാൾ-൧. യുദ്ധത്തിലും മററും വെട്ടുവാനുള്ള ഒരായുധം. ൨. മരം അറുക്കുന്നതിനുള്ള സാധനം, അറപ്പുവാൾ.

വാൾക്കാരൻ-വാളുള്ളവൻ.

വാൾനമ്പി-സുബ്രഹ്മണ്യന്റെ മുമ്പാകെ വാളേറു കളിക്കുന്ന ഒരു ജാതിക്കാർ.

വാൾപ്പാട് - വാളുകൊണ്ടു വെട്ടിയാൽ എത്തുവാൻതക്ക അകലം.

വാൾപ്പിടി-വാളിന്റെ പിടി.

വാൾപ്പുലി-കാണ്ടാമൃഗം.

വാൾമീൻ-ഒരു മത്സ്യം.

വാഴ-ഒരുവക ചെടി ൧. കദളി. ൨. കരിങ്കദളി ൩. രക്തകദളി. ൪. ഏത്തൻ (നേന്ത്രൻ). ൫. കണ്ണൻ. ൬. കാളി. ൭ പൂവൻ ൮. ചിങ്ങൻ (പടററി). ൯ ഞാലിപ്പൂവൻ, പൂവൻ. ൰ പാളയങ്കോട്ടു കണ്ണൻ. (ഇനിയും അല്പാല്പം ഭേദമായിട്ടു പലമാതിരിയുണ്ട്).

വാഴയ്ക്കു പൎയ്യായങ്ങൾ-കദളി, സുഫലാ, രംഭാ, മോചാ, വാരണവല്ലഭാ, സുകുമാരാ, ചൎമ്മണ്വതീ, തൽപത്രീ, നഗരൌഷധീ, കാഷ്ഠീലാ, കദലം, വാരവൃക്ഷം, വാരണബുഷം, സകൃൽഫലാ, ഗുച്ഛഫലം, ഹസ്തിവിഷാണി, ഗുച്ഛദന്തികാ, നിഃസാരാ, രാജേഷ്ടാ, ബാലകപ്രിയാ, ഊരുസ്തംഭാ, ഭാനുഫലാ, വനലക്ഷ്മീ, കദലകം, മോചകം, രോചകം, ലോചകം, വാരവൃക്ഷം, ആയതച്ഛദാ, തനുവിഗ്രഹം, അംബുസാരം ഇത്യാദി.

പ്രധാന വാഴകൾ-ഏത്തൻ (നേന്ത്രൻ), കദളി, പൂവൻ, കണ്ണൻ, ചിങ്ങൻ, മൊന്തൻ, പേയൻ, പടററി ഇവയാകുന്നു. വാഴയ്ക്കു സാധാരണമായി പത്തുപന്ത്രണ്ടടി പൊക്കം കാണും. ഒരു കൊല്ലംകൊണ്ടു കായ്ക്കുന്നു. ചില ഇനം വാഴയുടെ കുലയിൽ ഇരുനൂറിലധികം കായ് കാണും.

ഇല ശൂലത്തിനു നന്ന്.

പൂവ്-സ്നിഗ്ദ്ധമാണ് മലത്തെ പിടിക്കും. കച്ചുചവൎത്തു മധുരിച്ചിരിക്കും. ഗുരുവാണ്. ക്ഷയത്തിനും മററും നന്ന്.

പഴുത്ത കായ്—തണ്ണീർദാഹം, നേത്രരോഗം, വിശപ്പ്, ക്ഷയം, വാതം, പിത്തം മുതലായവയ്ക്കു നന്ന്. ദേഹത്തെ തടിപ്പിക്കും. അഗ്നിബലമുള്ളവൎക്കു സുഖകരമാണ്. മാംസം, ബലം, കാന്തി ഇവയെ വൎദ്ധിപ്പിക്കും. കഫത്തെ ഉണ്ടാക്കും. ശുക്ലവൃദ്ധികരമാണ്. പ്രായേണ ചവൎത്തു മധുരിച്ചിരിക്കും; ഗുരു.

തൊലി-പ്രായേണ കച്ചൊരിച്ചിരിക്കും. ലഘുവാണ്.

പച്ചക്കായ്-വിഷ്ടംഭത്തെ വരുത്തും. പഴുത്തതിനെക്കാൾ ഗുണം കുറവാണ്. രൂക്ഷമാണ്. കച്ചുചവൎത്തിരിക്കും. വെള്ളദാഹം, രക്താതിസാരം ഇവയെ കളയും.

പിണ്ടി (വാഴത്തട)- രക്തദോഷം, പിത്തം, അസൃഗ്ദരം, യോനിദോഷം ഇവയ്ക്കു നന്നു്.

ഇളയകായ്-ജ്വരത്തിനും പിത്തത്തിനും നന്നു്.

കായ്-പാൽ, മോര്, തൈര്, കരിമ്പനക്കായ് ഇവ ഓരോന്നിനോടും ചേൎത്തു ഭക്ഷിക്കരുതു്. വാഴപ്പഴം സേവിച്ചുണ്ടാകുന്ന അജീൎണ്ണത്തിൽ ഉപ്പു സേവിക്കുക. സം-കദളി. ത-വാഴൈ. ഇം-Plantain പ്ലാന്റൻ.

വാഴക്കണ്ണൻ-ഒരുമാതിരി നെല്ലു്.

വാഴക്കാച്ചിൽ-വാഴത്തോപ്പുകളിൽ നടുന്ന ഒരുമാതിരി കിഴങ്ങു്.

വാഴക്കാലാ-വാഴവെച്ചു കുലവെട്ടിക്കഴിഞ്ഞ സ്ഥലം.

വാഴക്കിഴങ്ങു്-വാഴമാണം.

വാഴച്ചീപ്പു്-വാഴക്കുലയിലുള്ള പടല.

വാഴത്തുടപ്പു്-വാഴയിലയുടെ തണ്ടു്.

വാഴനാര-വാഴപ്പോളയിലെ നാരു്.

വാഴപ്പിണ്ടി-പ്ര. വാഴത്തട, കുലച്ച വാഴയുടെ അകത്തുള്ളതു്. വ. വാഴത്തടി. സം-കദളീദണ്ഡം. ഇം-Pith of the Plantain.

വാഴപ്പോള-വാഴയുടെ പോള.

വാഴമാണം-വാഴയുടെ കിഴങ്ങു്.

വാഴയ്ക്കാ-വാഴയുടെ കായ്.

വാഴാനിലം-കൃഷിചെയ്യാത്ത ഭൂമി.

വാഴി-വാഴുന്നവൻ, ഭരിക്കുന്നവൻ.

വാഴുന്നു-പ്ര. പാൎക്കുന്നു. വ. ഭരിക്കുന്നു, ന. നിലത്തിൽ കൃഷിചെയ്യുന്നു. (വാഴിക്കുന്നു-കാ. ക്രി.)

വാഴ്ക-ജയിക്കട്ടെ.

വാഴ്ച-പ്ര. പാൎപ്പു്. വ. ഭരണം. ന. നിലത്തിൽ കൃഷിചെയ്യു. (പ-മ.)

വാഴ്ത്തൽ-സ്തുതിച്ചുപറക.

വാഴ്ത്തി-സ്തുതിപാഠകൻ. (പ-മ.)

വാഴ്ത്തുന്നു-പ്ര. സ്തുതിക്കുന്നു. വ. വൎദ്ധിപ്പിക്കുന്നു. ന. അനുഗ്രഹിക്കുന്നു.

വാഴ്വു-പ്ര. വാഴ്ച. വ. ശരീരസൌഖ്യം. ന. ആശീൎവ്വാദം.

വാർമാവിൻകായു്-ഒരു വൃക്ഷം.

മാവിന്റെ ജാതിയിൽ ചേരുന്നതല്ല. ഫലവൎഗ്ഗത്തിൽ ചേൎന്നതുതന്നെ. ബദാമിനെക്കാൾ ചെറുതാണു്.

വാറണ്ടു്-പിടിച്ചു പിടിയാലേ കോടതിയിൽ ഹാജരാക്കേണ്ടതിനുള്ള അധികാരപത്രം.

വാറിട-കരിമ്പനയോല വാൎന്നെടുത്തതു്.

വാറു, വാറേ-പദാന്ത്യത്തിൽ ചേൎന്നുവരുന്നതു്, അപ്പോൾ, ആ മട്ടിൽ. ഉ-ം, ചെയ്തവാറു (ചെയ്തപ്പോൾ).

വാറു്-പ്ര. തോൽവാറു്. വ. ശിപായിമാരുടെ കഴുത്തിലിടുന്ന തോൽവാറു്. ന. ഒരുവക മത്സ്യം. ൪. കരിമ്പനയോല വാൎന്നെടുത്തതു്. ൫. വാൎന്നെടുത്ത മാംസം.

വാറുക-വാരുക.

വാറുമീൻ-ഒരു മത്സ്യം.

വാറോല-അന്യൻ ചെയ്തതെങ്കിലും ചെയ്യാത്തതെങ്കിലുമായ ദോഷത്തെ താൻ മററാരോടും പറയാതെ പരസ്യമാക്കുന്നതിലേക്കു ആരും അറിയാതെ എഴുതി സഭാസ്ഥലങ്ങൾക്കു മുൻപാകെ തൂക്കുന്ന ഓലയും മററും.

വാററു്-അരിച്ചും ഊററിയും എടുക്ക.

വാററൽ-അരിച്ചെടുക്ക, ഊററുക.

വാററുന്നു-അരിക്കുന്നു, ഊററുന്നു.

## വി

വി-ഉപസൎഗ്ഗം. (ഇതു ക്രിയാപദങ്ങൾക്കും മററും മുൻപെ വെക്കുമ്പോൾ 'വിശേഷമെന്നും, ഇല്ലയെന്നും, നിശ്ചയമെന്നും' അൎത്ഥങ്ങൾ വരും).

'വി' എന്നതിന്ന 18 അൎത്ഥമുണ്ട്.

നാനാൎത്ഥവിയോഗാതിശയഭേദദ്ദൂരാ
ൎത്ഥളുൎത്ഥകലഹൈശ്വൎയ്യമോഹന
നൈപുണ്യാന്യോന്യോൽകൎഷകുത്സനേഷദൎത്ഥാനാ
മതിമുഖ്യാനവസ്ഥാനാം പ്രാധാന്യദൎശന
ശൈഥില്യേഷു.

വി-പു. പക്ഷി. ഗമിക്കുന്നതു് എന്നൎത്ഥം. ൧. കതിര. ൨. സോമൻ. ൩. ഗമിക്കുന്നവൻ. ൪. കടുവാളുവാറ്.

വിംശതി-ഇരുപതു്.

വികംകടം-വലിയ ഞെരിഞ്ഞിൽ.

വികങ്കത(ട)ം— വയ്യങ്കതക് വൃക്ഷം. (വൈകങ്കതം എന്ന പാഠവും കാണുന്നു)

വികച-വി. പു. വിടൎന്ന. ൧. തലമുടി ഇല്ലാത്ത.

വികചൻ-പു. ബുദ്ധന്മാരിൽ സന്ന്യാസി. ൧. കേതു എന്ന ഗ്രഹം. ൨. കൊടി.

വികചം-പു. വിടൎന്നു പൂത്തുനില്ക്കുന്ന മരം. ൧. വിരിഞ്ഞതു്.

വികട-വി. പു. വലുതായുള്ള. ൧. ഭയങ്കരമായുള്ള ൨. ഡംഭമുള്ള. ൩. വിസ്തീൎണ്ണമുള്ള. ൪. നീണ്ട പല്ലുള്ള ൫. സൌന്ദൎയ്യമുള്ള. ൬. വേഷമ്മാററമുള്ള. ൭. തെളിവില്ലാത്ത.

വികടൻ-പു. വിപരീതമായി പറകയോ പ്രവൃത്തിക്കയോ ചെയ്യുന്നവൻ. ൧. ഭയങ്കരൻ.

വികടാ-പു. വിരോധം. ൧. ക്രൂരം. ൨. അപകടം, ദുൎഘടം.

വികടസരസ്വതി-പു. വികടവാക്ക്. ൧. വികടം പറയുന്നവൻ.

വികടാ-ബുദ്ധമതക്കാരുടെ ഒരു ദേവി.

വികടിക്കുന്നു- ഇടയുന്നു, പിണങ്ങുന്നു, വല്ലാതെയാകുന്നു.

വികടിപ്പു്-വിരോധം, ഇടച്ചൽ.

വികണ്ടകം- പു. ഫലവൎഗ്ഗത്തിൽ ഒന്നു്.

ഇതു് തുണിയിൽ ചായം ഇടുന്നതിന്ന് ഉപയോഗപ്പെടുന്നു.

൧. വെങ്കൊടിത്തുവ.

വികത്ഥനം-പു വെറുതെ പറക, തന്നത്താൻ സ്തുതിക്കുക, നിന്ദാസ്തുതി. ൧. സ്തുതി.

വികത്ഥാ-പു. തന്നത്താൻ സ്തുതിക്കുക. ൧. നിന്ദാസ്തുതി.

വികമ്പിത-വി. നല്ലവണ്ണം ഇളകുന്ന.

വികരം-ദീനം, വ്യാധി.

വികരാളം-ഭയങ്കരം.

വികൎണ്ണൻ-ധൃതരാഷ്ട്രരുടെ ഒരു പുത്രൻ.

വികൎത്തനൻ-പു. ആദിത്യൻ. വിശേഷണകൎത്തനം (ഛേദനം) ഉള്ളവൻ എന്നൎത്ഥം, ഇരുട്ടിനെ കളയുന്നവൻ എന്നുമാവാം. വിശ്വകൎമ്മാവിനാൽ ചുരുക്കപ്പെട്ട കാന്തിയോടുകൂടിയവൻ എന്നുമുണ്ടു്. ൧. പിതാവിൻെറ രാജ്യത്തെ അപഹരിക്കുന്നവൻ.

വികൎത്തനം-എരിക്കു്. (ചുവന്ന പൂവുള്ളതു്).

വികൎമ്മം-വിരുദ്ധപ്രവൃത്തി.

'കൎമ്മാകൎമ്മവികൎമ്മപരായണൻ'

(സന്താനഗോപാലം പാന)

വികൎഷം-ശരം.

വികൎഷണം-പു. വലിക്കുക ൧. കാമൻെറ ശരങ്ങളിൽ ഒന്നു്.

വികല-വിനാഴിക.

വികല-വി. ഊനമുള്ള, ഇളക്കമുള്ള, ഇളകിയ.

വികലം-ഒരു കലയിൽ അറുപതിൽ ഒരു പങ്ക്.

വികലാ-ഋതുകാലം കഴിഞ്ഞ സ്ത്രീ, വൃദ്ധസ്ത്രീ.

വികലാംഗ-വി. അംഗഹീനതയുള്ള.

വികലാംഗൻ-ജനനാൽത്തന്നെ അംഗവൈകല്യമുള്ളവൻ.

വികല്പം-പു. തെററ്. ൨. മാററം. ൩. സംശയം. ൪. ഒരലങ്കാരം. സമബലങ്ങളും പരസ്പരവിരോധത്താൽ ഒന്നിച്ചുവരാൻ പാടില്ലാത്തതുമായ രണ്ടെണ്ണങ്ങളിൽ വെച്ച് ഒന്നുവരുന്നത്.

വികല്പിത-വി. സംശയിക്കപ്പെട്ട, മറെറാരുപ്രകാരത്തിൽ കൂടെ നിശ്ചയിക്കപ്പെട്ട.

വികഷ(സ)ാ-പു. മഞ്ചട്ടി ൨. മാംസരോഹിണി. വികസിക്കുന്നത് എന്നർത്ഥം.

വികസൻ-ചന്ദ്രൻ.

വികസിക്കുന്നു-പു. വിടരുന്നു. ൨. വർദ്ധിക്കുന്നു. (വികസിപ്പിക്കുന്നു-സ. ക്രി.)

വികസിത-വി. വിടർന്ന.

വികസ്വര-വി. വിടരുന്ന, വിടർന്നുകൊണ്ടിരിക്കുന്ന.

വികസ്വരം-വികസിച്ചിരിക്കുന്നത്, വികസിച്ചുകൊണ്ടിരിക്കുന്നത്.

വികാരം-പു ഒരു സ്വഭാവമുള്ളത് മറെറാന്നായിത്തീരുന്നത്, മനസ്സിനുണ്ടാകുന്ന ഒരു ഭാവഭേദം. ൨. രൂപമാററം, വികൃതി. ൩. രോഗം.

വികാരം 6 വിധം—ജനിക്കുക, ഇരിക്കുക, മറെറാന്നായി മാറുക, വളരുക, കുറയുക, നശിക്കുക. (ഇവയ്ക്കു ഷഡ്വികാരം എന്നു പേർ).

മായയെ സംബന്ധിച്ചുള്ള 16 വികാരങ്ങൾ— ഭൂമി, ജലം, അഗ്നി, വായു, ആകാശം, കണ്ണ്, മൂക്ക്, ചെവി, നാവ്, തൊലി, വാക്ക്, കാല്, കൈയ്, മലദ്വാരം, മൂത്രദ്വാരം, മനസ്സ്.

വികാരി-വി. വികാരമുള്ള. (രീ, രിണി, രി).

വികാരി-പു. അറുപതിൽ മുപ്പത്തിമൂന്നാംവഷം. ൨. (വ്യാകരണത്തിൽ) ഇ, ഉ, ഋ, ഌ എന്ന നാലും, അവയുടെ ദീർഘങ്ങളും.

വികാശനം-പു. വിടർച്ച. ൨. പ്രത്യക്ഷത.

വികാശം-പു. താൻതന്നെ ഒരു സ്ഥലത്തിരിക്കുക. ൨. വിടർച്ച. ൩. സുഖാനുഭവം. ൪. ആകാശം. ൫. പ്രകാശം, പ്രത്യക്ഷത. ൬. സന്തോഷം. ൭. സ്വർഗ്ഗം. ൮. അത്യാശ.

വികാസം-വിടർച്ച.

വികാസി-വി. വിടരുന്ന.

വികിരം-പു. പക്ഷി. കൊത്തിച്ചിനക്കുന്നത് എന്നർത്ഥം. ൨. മണൽ.

വികിരണം-പു. ചിതറൽ. ൨. കൊല്ലുക. ൩. കീറുക. ൪. എരിക്ക്.

വികീരണം-ഒരു പൂച്ചെടി, എരിക്ക്. നിറച്ചു പൂവുള്ളത് എന്നർത്ഥം. വികിരണം എന്നുമാവാം.

വികീർണ്ണം-വി. പു. ചിതറിക്കപ്പെട്ട, കലർത്തിയ.

വികീർണ്ണം-കരിഞ്ചെണ്ണ.

വികുക്ഷി-ഒരു സൂര്യവംശരാജാവ്.

ബലിയ്ക്കു വേട്ടയാടി മാംസം കൊണ്ടുവരുന്നതിനയച്ചതിൻറശേഷം വിശപ്പു ഹേതുവായിട്ട് ഒരു മുയലിനെ

ഭക്ഷിക്കയാൽ 'ശശാദൻ' എന്നു പേരു ണ്ടായി. ആ മാംസം ബലിക്കുപയുക്തമല്ലെന്നാണു് വസിഷ്ഠൻ പറഞ്ഞതു്.

വികുണ്ഠം-വിഷ്ണുസ്വർഗ്ഗം.

വികുണ്ഠാ-വിഷ്ണുവിന്റെ അമ്മ.

വികുണ്ഠിത-വി. തളർന്ന.

വികുർവ്വാണ—വി. സന്തോഷമുള്ള. (ണൻ, ണാ, ണം).

വികുസ്രൻ-ചന്ദ്രൻ.

വികുസ്രം-കർപ്പൂരം.

വിക്രുണികാ-മൂക്കു്.

വികൃത-വി. രോഗമുള്ള. ൨. വികാരമുള്ള.

വികൃതം-ബീഭത്സം. മനസ്സിനെ വികാരപ്പെടുത്തുന്നതു് എന്നർത്ഥം.

വികൃതം-വിരൂപം, വികാരം (മാററം) ഉണ്ടാക്കപ്പെട്ടതു്.

വികൃതി-൧. ഛന്ദസ്സുകളിൽ ഒന്നു്. ൨. ഒരു സ്വഭാവമുള്ളതു് മറെറാന്നായിത്തീരുന്നതു്, സ്വഭാവത്തിന്റെയും മററും മാററം. ൩. ശോഷ്ഠി. ൪. പേടി. ൫. രോഗം. ൬. ദുർബ്ബുദ്ധി. ൭. ദുർബ്ബുദ്ധിയുള്ളവൻ. ൮. മരണലക്ഷണം. ൯. അറുപതിൽ ഇരുപത്തുനാലാംവർഷം.

വികൃതിത്വം-വക്രത്വം.

വികൃഷ്ട- വി. ൧. വലിച്ചെടുക്കപ്പെട്ട. ൨. അങ്ങോട്ടുമിങ്ങോട്ടും വലിക്കപ്പെട്ട. ൩. നീട്ടപ്പെട്ട. ൪. ശബ്ദമുണ്ടാക്കുന്ന.

വികേശ-വി. മുടിയില്ലാത്ത, കഷണ്ടിയായ.

വികോശ-വി. മൂടപ്പെടാത്ത, ഊരിയ.

വിക്കം-വിക്കു്, വിക്കൽ.

വിക്കൻ-വിക്കുള്ളവൻ, കൊഞ്ഞൻ.

വിക്കൽ-വിക്കു്.

വിക്കു്-വാക്കിനുണ്ടാകുന്ന ഒരു തടവു്.

"കക കക കംസൻ കികികികി കൃഷ്ണൻ പൂപൂ പൂപൂ പൂതന..............."

(രുക്മിണീസ്വയംവരം തുള്ളൽ)

ഒരുകഴഞ്ചു് ഇന്തുപ്പു കലക്കിയ ഒരു തുടം വെള്ളത്തിൽ ഒരു കഴഞ്ചു വെണ്ണയിട്ടു് ൨൪ മണിക്കൂറു കഴിഞ്ഞു് എടുത്തു ഭക്ഷിക്കുക. അങ്ങിനെ ൧൦ നേരം സേവിച്ചാൽ എത്ര കഠിനമായ വിക്കുതന്നെ ആയിരുന്നാലും തീരെ മാറി നല്ലപോലെ പറയാറാവുന്നതാണു്.

വിക്കുന്നു-൧. വിക്കിപ്പറയുന്നു. ൨. വെള്ളവും മററും കുടിക്കുമ്പോൾ ചില സമയത്തു് തൊണ്ടതിങ്ങി മേല്പോട്ടു് തെറിക്കുന്നു.

വിക്രമ-അറുപതിൽ പതിന്നാലാംവർഷം.

വിക്രമണം-നീട്ടിവെച്ചുള്ള നടപ്പു്, കവെപ്പു്, കവച്ചുനടക്കുക.

വിക്രമൻ-൧. വിക്രമമുള്ളവൻ. ൨. വിക്രമാദിത്യനെന്ന രാജാവു്.

വിക്രമം-൧. അതിപരാക്രമം, അതിബലമുള്ളവന്റെ ഭാവം. ൨. തൃതീയരാശി. ൩. യുദ്ധസാമർത്ഥ്യം. ൪. കാലടി. ൫. നടക്കുക. ൬. ആക്രമിക്കുക.

വിക്രമവാൻ-വിക്രമമുള്ളവൻ. (സ്ത്രീ.-വിക്രമവതി).

വിക്രമശാലി-വി. വിക്രമമുള്ള. (ലീ, ലിനീ, ലി).

വിക്രമാദിത്യൻ-സുപ്രസിദ്ധനായ ഒരു രാജാവു്.

ഉജ്ജയിനീപട്ടണത്തിൽ വാണിരുന്നു. കാളിദാസൻ മുതലായ നവരത്നങ്ങൾ ഇദ്ദേഹത്തിന്റെ കാലത്താണുണ്ടായിരുന്നതു്. സംവൽ വർഷത്തിന്റെ സ്ഥാപകനാകുന്നു.

വിക്രമാബ്ദം-വിക്രമാദിത്യന്റെ കാലം മുതൽ നിശ്ചയിക്കപ്പെട്ടിട്ടുള്ള സംവത്സരം.

വിക്രമാക്കൻ-വിക്രമാദിത്യൻ.

വിക്രമി-൧. വിക്രമമുള്ളവൻ, ശക്തൻ. ൨. സിംഹം. ൩. വിഷ്ണുവിന്റെ ഒരാന.

വിക്രമിക്കുന്നു-ആക്രമിക്കുന്നു.

വിക്രമോർവ്വശീയം-കാളിദാസന്റെ ഒരു നാടകം.

വിക്രയം-വില്ക്കുക, കച്ചവടം.

വിക്രയി, വിക്രയികൻ-വില്ക്കുന്നവൻ.

വിക്രാന്ത-വി. ൧. വിക്രമമുള്ള, ശക്തിയുള്ള. ൨. ജയിച്ച. ൩. വിജയമുള്ള.

വിക്രാന്തൻ-ശൂരപുരുഷൻ, വീരൻ, ശക്തിയുള്ള യോദ്ധാവു്. ശത്രുശിരസ്സിൽ ചവുട്ടുന്നവൻ എന്നർത്ഥം. ൨. സിംഹം.

വിക്രാന്തം-൧. പരാക്രമം. ൨. സിംഹം.

വിക്രാന്താ-൧. തൊഴുകണ്ണി. ൨. വിഷ്ണുക്രാന്തി. ൩. ചെറുപ്പുള്ളടി. ൪. പൂഴമുഞ്ഞ. ൫. പാതാളഗരുഡക്കൊടി.

വിക്രാന്തി-൧. കുതിരയുടെ കുതിപ്പു്. ൨. ശക്തി, മഹാബലം, വിക്രമം.

വിക്രായകൻ-വില്ക്കുന്നവൻ, കച്ചവടക്കാരൻ.

വിക്രിയ-൧. ഒരു സ്വഭാവമുള്ളതു് മറെറാന്നായിത്തീരുന്നതു്, മനസ്സിന്റെയും രൂപത്തിന്റെയും മാററം, വികാരം, വികൃതി, മാററം. ൨. കോപം. ൩. ദോഷം. ൪. ദീനം.

വിക്രീ-വില്ക്കുക.

വിക്രീത-വി. വില്ക്കപ്പെട്ട.

വിക്രുഷ്ട-വി. ൧. വിളിച്ചു പറയപ്പെട്ട. ൨. കഠിനമായ.

വിക്രുഷ്ടം-൧. സഹായത്തിനായിട്ടുള്ള കരച്ചൽ. ൨. ശകാരം.

വിക്രേതാവു്-വില്ക്കുന്നവൻ.

വിക്രേയ-വി. വില്ക്കേണ്ടുന്ന.

വിക്രേയം-വില്ക്കേണ്ടതായ സാധനം, വില്ക്കപ്പെടുന്നതു് എന്നർത്ഥം.

വിക്ലവ-വി. ൧. പാരവശ്യമുള്ള. ൨. ഭയപ്പെട്ട. ൩. കുഴപ്പത്തിലായ. ൪. ദുഃഖിച്ച.

വിക്ലിന്നം-വി. ൧. വളരെ നനഞ്ഞ, അശേഷം നനഞ്ഞ. ൨. ജീർണ്ണിച്ച, ഉണങ്ങിയ. ൩. വാർദ്ധക്യമായ.

വിക്ലിഷ്ടം-ഉച്ചാരണത്തിനുള്ള പിശക്.

വിക്ലിഷ്ടം-വി. ൧. വളരെ ഭയപ്പെട്ട. ൨. കേടുവരുത്തിയ, നശിപ്പിക്കപ്പെട്ട.

വിക്ലേദം-മുഴുവൻ നനയുക.

വിക്ഷത-വി. മുറിക്കപ്പെട്ട.

വിക്ഷപിതം-വ്യത്യാസപ്പെട്ടതു്.

'മഹിതകടാക്ഷവിക്ഷപിതമരുച്ചലം'
(അദ്ധ്യാത്മരാമായണം)

വിക്ഷവം-ചുമ. (ഒരു ദീനം).

വിക്ഷാവം-തുമ്മൽ, തുമ്പൽ, കരം. ശബ്ദമുണ്ടാക്കുന്നതു് എന്നർത്ഥം.

വിക്ഷിപ്ത-൧. എറിയപ്പെട്ട. ൨. ചിതറപ്പെട്ട.

വിക്ഷീരം-എരിക്കു്.

വിക്ഷേപണം-ഏറു്.

വിക്ഷേപണി-(വ്യാകരണത്തിൽ) ചിഹ്നങ്ങളിൽ ഒന്നു്. ഇതു് വിസ്മയം മുതലായവയെ സൂചിപ്പിക്കുന്നു- !

വിക്ഷേപം-൧. മായയ്ക്കുള്ള ശക്തികളിൽ ഒന്നു്.

മറെറതു് 'ആവരണം' എന്ന ശക്തിയാണു്. ഇതുകൊണ്ടു് ആ പരമാത്മാവു് മറയ്ക്കപ്പെട്ടു് അജ്ഞാനസംഭവം ഉണ്ടാകുന്നു. ബ്രഹ്മത്തെ അറിയാൻ വയ്യാതാക്കുന്നതും അല്പം വെളിച്ചം കൊടുത്തു് അറിയത്തക്ക വിധത്തിൽ ആക്കിത്തീർക്കുന്നതുമായ ശക്തി. സ്ഥൂലമായ ബ്ര

ദമെന്നു അറിയാതെ മറയ്ക്കുന്ന ശക്തി യത്രെ ആവരണശക്തി. വിക്ഷേപത്തിൽ നിന്നു പഞ്ചഭൂതങ്ങളും ഉണ്ടായി. ൨. നായകാശ്രിതങ്ങളായ ൨൮ അലംകാരങ്ങളിൽ ഒന്നു്.

'ഭൂഷാണാമല്പരചനാ
മിഥ്യാവിഷ്വഗവേക്ഷണം
രഹസ്യാഖ്യാനമീഷച്ച
വിക്ഷേപോ ദയിതാന്തികേ'

=നായകനൊന്നിച്ചിരിക്കുമ്പോൾ അലംകാരങ്ങളെ തികവാക്കാതിരിക്കുക, അനാവശ്യമായും ചെരിച്ചും മറിച്ചുമുള്ള നോട്ടം, രഹസ്യങ്ങൾ പറയുമ്പോൾ അതിനെ അക്ഷരപദങ്ങളെക്കൊണ്ടു ചുരുക്കുക, ഇവയത്രെ വിക്ഷേപം. ൩. കഴപ്പം. ൪. ഭയം ൫. മുന്നോട്ടും പിന്നോട്ടുമുള്ള അനക്കം.

വിക്ഷേപിക്കുന്നു-എറിയുന്നു.

വിക്ഷോഭം-ഇളക്കം, മനക്ഷോഭം.

വിഖാസാ-നാക്കു്.

വിഖുരൻ-കള്ളൻ.

വിഖ്യാത-വി. പ്രസിദ്ധമുള്ള.

വിഖ്യാതി-കീൎത്തി.

വിഖ്യാപനം-പരസ്യം, വിജ്ഞാപനം.

വിഗണനം-൧. കണക്കുകൂട്ടുക. ൨. വിചാരിക്ക, ആലോചിക്ക. ൩. കടം വീട്ടുക.

വിഗത-വി. ൧. പോയ. ൨. വേൎപെട്ട. ൩. ഒഴിവായ. ൪. ഇല്ലാത്ത ൫. ചത്ത.

വിഗതനാസിക-വി. മൂക്കുപോയ.

വിഗതം-൧. പൊയ്പോയതു്, വേൎവിട്ടതു്. ൨. പ്രഭയില്ലാത്തതു്, പ്രഭയില്ലാത്തതു്.

വിഗതാൎത്തവാ-തീണ്ടായിരി മാറിയവൾ. ആൎത്തവമില്ലാതായവൾ എന്നൎത്ഥം.

വിഗതി-പിന്നോക്കം പോക.

വിഗന്ധകം-ഓടമരം.

വിഗമം-൧ വേർപാടു്. ൨. മരണം. ൩. യാത്ര. ൪ നഷ്ടം. ൫. നാശം.

വിഗരം-പൎവതം.

വിഗൎഹണം-നിന്ദ.

വിഗൎഹിത-വി. നിന്ദിക്കപ്പെട്ട.

വിഗളത്ത്-വി. ൧. തുള്ളിത്തുള്ളിയായ്വീഴുന്ന, ഒഴുകുന്ന. ൨. ഉരുകുന്ന.

വിഗളിതം-വി. ൧. വീണുപോയ. ൨. വാൎന്നുപോയ, ഒഴുകിയ. ൩. അഴിഞ്ഞ. ൪. ഉരുകിയ.

വിഗാനം-നിന്ദ

വിഗാഹം-കുളി, മുങ്ങൽ.

വിഗീതി-ശകാരം, നിന്ദിക്കുക.

വിഗുണ-വി. ഗുണമില്ലാത്ത.

വിഗ്ന-വി. ഇളകിയ, അനങ്ങിയ, ഉദ്വേഗിപ്പിച്ച

വിഗ്ര-വി. മൂക്കില്ലാത്ത.

വിഗ്രഹം-൧. ശരീരം. വിവിധങ്ങളായ സുഖദുഃഖാദികളെ ഗ്രഹിക്കുന്നതു് എന്നൎത്ഥം. ൨. യുദ്ധം. വിശേഷേണ ഗ്രഹിക്കുക, തമ്മിൽ പിടികൂടുക എന്നൎത്ഥം. ൩. വ്യാകരണപ്രകാരം സമാസപദത്തെ വേൎതിരിക്ക. ൪. ആകൃതി. ൫. ഒരു ഭാഗം. ൬. വിസ്താരം. വിശേഷേണ ഗ്രഹിക്കുക എന്നൎത്ഥം. ൭. എതിൎപ്പു്. ൮. വിരോധിക്കുക. ൯. ശത്രുരാജ്യത്തെ ചുട്ടുപൊടിക്കുക, കത്തിക്കവരുക മുതലായ ഉപദ്രവപ്രവൃത്തി. ൧൦. ഷഡ്ഗുണങ്ങളിൽ ഒന്നു്. വേണ്ടിവന്നാൽ മാത്രം യുദ്ധം ചെയ്യുന്നതു് വിഗ്രഹം.

വിഗ്രഹാരാധന-ബിംബത്തെ പൂജിക്ക.

വിഗ്രീവ-വി. തലവെട്ടിക്കളഞ്ഞ.

വിഘടനം-നാശം.

വിഘടിത-വി. പങ്കിട്ട.

വിഘടിപ്പിക്കുന്നു-വേറതിരിക്കുന്നു.

വിഘട്ടനം(നാ)- പ്ര. ഉരച്ചൽ. ഒ. വേർതിരിക്ക, അഴിക്ക.

വിഘനൻ-നശിപ്പിക്കുന്നവൻ.

വിഘനം-ചുററിക,

വിഘസം-പ്ര. ഭക്ഷണത്തിന്റെ ശേഷം. ഒ. അതിഥികൾക്കു കൊടുക്കുന്നതിന്റെ ശിഷ്ടമായ അന്നം. ന. മെഴുക്. ര. ഭക്ഷണം. ഇ. വിഘ്നം.

വിഘസം എന്നതു ദേവന്മാർ, പിതൃക്കൾ, അതിഥികൾ, ഗുരുക്കന്മാർ ഇവർ ഭക്ഷിച്ചതിന്റെ അവശിഷ്ടമായ അന്നാദികളുടെ പേർ എന്നു കാണുന്നു.

വിഘാതം-പ്ര. തടവ്. ഒ. നാശം.

വിഘ്നനായകൻ-ഗണപതി.

വിഘ്നനാശകൻ-ഗണപതി.

വിഘ്നനാശനൻ-ഗണപതി.

വിഘ്നം-പ്ര. മുടക്കം, തടവ്. വിഹനിക്കുക, തടസ്സപ്പെടുത്തുക എന്നർത്ഥം. ഒ. പെരുംകുറവ്.

വിഘ്നരാജൻ-ഗണപതി. വിഘ്നങ്ങളുടെ രാജാവ്. വിഘ്നങ്ങളെ ഇല്ലാതാക്കുന്നതിനു ശക്തിയുള്ളവൻ ഇങ്ങിനെ ശബ്ദാർത്ഥങ്ങൾ

നിർവിഘ്നപരിസമാപ്തിക്കായ്ക്കൊണ്ടു എല്ലാപ്രാരംഭങ്ങളിലും വിഘ്നേശ്വരനെ പൂജിക്കുക എന്നതു സാധാരണയാകുന്നു

വിഘ്നിത-വിഘ്നം ഉണ്ടായതു്.

വിഘ്നേശൻ-ഗണപതി.

വിഘ്നേശവാഹനൻ-പ്ര. എലി. ഒ. പെരുച്ചാഴി.

വിങ്ങൽ- ഒരുമാതിരി വേദന, ചുളുചുളുപ്പ്.

വിങ്ങാടം-തറിമരത്തിൽ ഒരു ഭാഗം.

വിങ്ങുന്നു-ചുളുചുളുക്കുന്നു, വിമ്മുന്നു.

വിചകിലം-പ്ര. വള്ളിമുല്ല. ഒ. മക്കിപ്പൂവ്.

വിചക്ഷണ-വി. പ്ര. അറിവുള്ള. ഒ. സാമർത്ഥ്യമുള്ള.

വിചക്ഷണൻ - സമർത്ഥൻ, വിദ്വാൻ. വിശേഷേണ വ്യക്തമായി സംസാരിക്കുന്നവൻ എന്നർത്ഥം.

വിചണ്ഡാ-പ്ര. പഞ്ചവർണ്ണക്കിളി. ഒ. പത്രു.

വിചയം, വിചയനം-അന്വേഷണം.

വിചർച്ചിക-ഒരുമാതിരിച്ചൊറി, ചിരങ്ങ്. പിന്നെയും പിന്നെയും വർദ്ധിക്കുന്നതു് എന്നർത്ഥം.

വിചല-വി. ഇളക്കമുള്ള.

വിചാരകൻ-പ്ര. ന്യായാധിപതി. ഒ. പരിശോധകൻ.

വിചാരണ-പ്രമാണങ്ങളെക്കൊണ്ടു അർത്ഥനിർണ്ണയം ചെയ്യുന്നതു്, അർത്ഥപരീക്ഷ, കാര്യാകാര്യങ്ങളെ തിരക്കി അറിയുക, ആലോചന, നിരൂപണം; തീരെ സന്ദേഹമില്ലാത്തതു് എന്നർത്ഥം.

വിചാരഭൂ-യമന്റെ സിംഹാസനം.

വിചാരം-പ്ര. ഓർമ്മ. ഒ. രാജ്യഭാരം. ന. ഒരു ഉദ്യോഗം. ര. വിഷാദം. ഇ. ആലോചന.

വിചാരിക്കുന്നു-പ്ര. ഓർക്കുന്നു. ഒ. രാജ്യം ഭരിക്കുന്നു. ന. വിഷാദിക്കുന്നു. (വിചാരിപ്പിക്കുന്നു-കാ. ക്രി). ര. ചോദിക്കുന്നു. ഇ. ഉത്സാഹിക്കുന്നു.

വിചാരിത-വി. വിചാരിക്കപ്പെട്ട.

വിചാരിപ്പ്-മേലധികാരം.

വിചാര്യ—വി. വിചാരിക്കപ്പെടുവാൻ തക്ക.

വിചി-തിര.

വിചികിത്സ-൧. സംശയം. ൨. തെറ്റ്.

വിചികിത്സിതം-സംശയിക്കപ്പെട്ട കാര്യം.

വിചികീർഷ-ചെയ്യാനുള്ള ആഗ്രഹം.

വിചിത-വി. അന്വേഷിക്കപ്പെട്ട.

വിചിതി-അന്വേഷണം.

വിചിത്ര-വി. ൧. അധികം ഭംഗിയുള്ള. ൨. പലനിറമുള്ള. ൩. അത്ഭുതകരമായ.

വിചിത്രഭാഷ്യം-സരസവാഗ്മിത്വം.

വിചിത്രം-൧ നാനാവിധം. ൨. മനോഹരം. ൩. അത്യാശ്ചര്യം. ൪. വെള്ളരി. (വെളുത്ത ചെറിയതരമാണ്). ൫. മയിലെള്ള്. ൬. അശോകം. ൭. ഒരലങ്കാരം.

വിചിത്രവീര്യൻ - ശന്തനുരാജാവിനു സത്യവതിയിലുണ്ടായവൻ.

അംബികയുടെയും അംബാലികയുടെയും ഭർത്താവ്. ഭീഷ്മരുടെ അർദ്ധസോദരൻ. മക്കളില്ലാതെ മരിച്ചു. സത്യവതിയുടെ അഭിപ്രായപ്രകാരം വ്യാസൻ വിചിത്രവീര്യനുവേണ്ടി അംബികയിലും അംബാലികയിലും പുത്രരെ ജനിപ്പിച്ചു. ഇവരാണ് ധൃതരാഷ്ട്രരും പാണ്ഡുവും.

വിചിത്രാംഗൻ-൧. പുലി. ൨. മയിൽ

വിചിന്വാനൻ-അന്വേഷിക്കുന്നവൻ.

വിചേതന-വി. ൧. ബോധമില്ലാത്ത ൨. മരിച്ച.

വിചേഷ്ടിതം-പ്രവൃത്തി, പരിശ്രമം.

വിച്ച, പിച്ച-൧. ആശ്ചര്യം. ൨. കൊച്ചുപൈതങ്ങളുടെ ഒരു കളി.

വിച്ച-൧. മിടുക്ക്. ൨. ആശ്ചര്യം. (വിദ്യയുടെ തത്ഭവം). (പ-മ)

വിച്ച=വിസ്മയം. വിച്ച എന്നതു അത്ഭുതവാചിയായ ഒരു പ്രാചീനശബ്ദമാണ്. [ത്താൽ'
'വിച്ചയല്ലയോ ദേവീനൽച്ചരിതങ്ങളും
(ഗിരിജാകല്യാണം)

വിച്ചുക്കളി, പിച്ചുക്കളി-കൊച്ചുപൈതങ്ങളുടെ ഒരു കളി.

വിച്യുത-വി. താഴെ വീണ.

വിച്യുതി-വീഴ്ച, നാശം.

വിച്ഛന്ദകം - ഒരുമാതിരി രാജഭവനം, ദേവാലയ വകഭേദങ്ങളുടെ പ്രത്യേകം പേർ. അഭിലാഷത്തെ സാധിപ്പിക്കുന്നതു് എന്നർത്ഥം. വിച്ഛർദകം എന്നുമാവാം.

വിച്ഛായ-വി. ൧. കാന്തികുറവുള്ള. ൨. വിളർച്ചയുള്ള.

വിച്ഛായം-൧. പക്ഷികളുടെ നിഴൽ. ൨. രത്നം.

വിച്ഛിത്തി-൧. മുറിക്കുക. ൨. വേർതിരിക്ക. ൩. നാശം. ൪. ഭവനത്തിന്റെ അതിർത്തി. ൫. (നിറത്തിന്നായി) ദേഹത്തിൽ പൂശപ്പെടുന്ന കുറിക്കൂട്ട്. ൬. നായികാശ്രിതങ്ങളായ 28 അലങ്കാരങ്ങളിൽ ഒന്ന്.

'സ്തോകാകൽപ്യകല്പരചനാ
വിച്ഛിത്തിഃ കാന്തിപോഷകൃൽ'

ആഭരണാദ്യലങ്കാരങ്ങൾ വളരെ ചുരുക്കമാണെങ്കിലും അത്യധികം ശോഭിക്കുന്നെങ്കിൽ അതു വിച്ഛിത്തി. (വിലാസങ്ങൾ എന്ന പദം നോക്കുക).

വിച്ഛിന്ന-വി. ൧. മുറിക്കപ്പെട്ട. ൨. ഇടവിടപ്പെട്ട. ൩. പിരിഞ്ഞുപോയ.

വിച്ഛുരിതം-വി. ൧. മൂടപ്പെട്ട. ൨. പതിക്കപ്പെട്ട. ൩. പൂശപ്പെട്ട.

വിച്ഛേദം-൧. മുറിവ്. ൨. തടസ്സം. ൩. മുറിഞ്ഞ ശകലം. ൪. നാശം. ൫. കാണ്ഡം.

**വിജന**-വി. ജനമില്ലാത്ത.

**വിജനനം**-ജനനം.

**വിജയ**-൧. കടുക. ൨. കഞ്ചാവ്. ൩. വെളുംവയമ്പ്. ൪. ചെറുമുഞ്ഞ. ൫. അറുപതിൽ ഇരുപത്തേഴാം വർഷം. ൬. തൃതീയ, അഷ്ടമി, ത്രയോദശി ഈ മൂന്നു പക്കങ്ങൾക്കും കൂടെ പറയുന്ന ഒരു പേർ. ൭. തുലാമാസത്തിൽ വെളുത്ത വാവ്. ൮. ശ്രീപാർവ്വതിയുടെ ശുശ്രൂഷക്കാരത്തി, ഒരു സഖി. ൯. വെളുത്ത നൊച്ചി. ൧൦. ചെറുവന്നി. ൧൧. കരിങ്കുക. ൧൨. വയമ്പ്. ൧൩. മുഞ്ഞ. ൧൪. വിശ്വാമിത്രൻ ശ്രീരാമനു കൊടുത്ത ഒരുപദേശം. ൧൫. ദുർഗ്ഗ.

**വിജയകുഞ്ജരം**-യുദ്ധത്തിലുള്ള ആന.

**വിജയച്ഛന്ദം**-അഞ്ഞൂറ്റിനാലു ചുറ്റുള്ള ഒരു മുത്തുമാല.

**വിജയദശമി**-കന്നിമാസത്തിൽ കറുത്ത വാവുകഴിഞ്ഞു വരുന്ന വെളുത്ത ദശമി സേനകളുടേയും വർത്തകന്മാരുടേയും വിജയത്തോടുകൂടിയുള്ള പ്രത്യാഗമനത്തെക്കുറിക്കുന്ന ഒരു ഉത്സവദിവസം. ശ്രീരാമൻ അയോദ്ധ്യയിൽ തിരിച്ചെത്തിയതും പാണ്ഡവന്മാർ കൌരവരെ ജയിച്ചതും ഈ സമയത്താണ്. 'വിജയദശമി' എന്നും 'ദസ്റാ' എന്നും ഇതിനു പേരുകൾ ഉണ്ട്.

**വിജയനഗരം**-വിശാഖപട്ടണത്തിലുള്ള ഒരു നഗരം, തുംഗഭദ്രാനദീതീരത്തിൽ സ്ഥാപിക്കപ്പെട്ടിരുന്ന ഒരു ഹിന്ദുരാജ്യം. (എ. ഡി. 1444-1650).

**വിജയൻ**-൧. അർജ്ജുനൻ. ൨. വിഷ്ണുവിന്റെ ഗോപുരപാലകന്മാരിൽ ഒരുത്തൻ. ൩. വിഷ്ണു. ൪. യമൻ.

**വിജയന്തൻ**-ഇന്ദ്രൻ.

**വിജയാ**-൧. ജയിക്കുക, ഉൽക്കർഷസിദ്ധി. ൨. ദേവന്മാരുടെ രഥം.

**വിജയീ**-വി. ജയിക്കുന്ന.

**വിജയിക്കുന്നു**-വിശേഷേണ സർവ്വോൽക്കർഷത്തോടെ വർത്തിക്കുന്നു.

**വിജര**-വി. ൧. ചെറിയ. ൨. പുതിയ.

**വിജലാ**-നീർച്ചീര.

**വിജാതാ**-മാതാവ്.

**വിജാതീയ**-വി. ൧. വേറെ വിധത്തിലോ ജാതിയിലോ ഉള്ള, വ്യത്യാസപ്പെട്ട. ൨. അന്യജാതിയിലോ വർഗ്ഗത്തിലോ ഉള്ള. ൩. കൂട്ടുകൂടിയ (ജാതി).

**വിജാനൻ**-വി. അറിഞ്ഞ.

**വിജിഗീഷാ**-ജയിപ്പാനുള്ള ആഗ്രഹം.

**വിജിഗീഷു** - ൧. ജയിപ്പാനാഗ്രഹമുള്ളയാൾ. ൨. യോദ്ധാവ്.

**വിജിത**-വി. ജയിക്കപ്പെട്ട.

**വിജിതി**-ജയം.

**വിജില**-വി. കഞ്ഞിയോടുകൂടെ ചേർക്കപ്പെട്ട.

**വിജിലാ**-അയഞ്ഞ ചോറ് (കഞ്ഞി), കറി മുതലായത്. ഇളകുന്നത് എന്നർത്ഥം.

**വിജൃംഭണം**-൧. വർദ്ധനം. ൨. കോട്ടുവാ. ൩. മൂരിനിവിരുക. ൪. സ്ത്രീകളുമായുള്ള ചില നേരംപോക്ക്.

**വിജൃംഭിക്കുന്നു**-൧. വർദ്ധിക്കുന്നു. ൨. വിടരുന്നു.

**വിജൃംഭിത**-വി. ൧. പൂത്ത, വിടിന്ന. ൨. കോട്ടുവായിട്ട. ൩. സ്ത്രീകളുമായി സന്തോഷിച്ച.

**വിജൃംഭിതം**-൧. ആഗ്രഹം. ൨. നേരംപോക്ക്. ൩. ആധിക്യം.

**വിജേതാവ്**-ജയിച്ചവൻ.

**വിജ്ജുലം**-ഏലവങ്ഗം.

**വിജ്ഞ**-വി. വിശേഷേണ അറിയുന്ന. (നാമം-വിജ്ഞത, വിജ്ഞത്വം).

**വിജ്ഞപ്ത**-വി. വിജ്ഞാപനം ചെയ്യപ്പെട്ട, അറിയപ്പെടുത്തിയ, അപേക്ഷിച്ച.

**വിജ്ഞപ്തി**-അറിയിപ്പിക്ക. ൨ യാചന.

**വിജ്ഞാത**-വി. അറിയപ്പെട്ട.

**വിജ്ഞാതൻ**-പ്രസിദ്ധിയുള്ളവൻ. വിശേഷേണ അറിയപ്പെടുന്നവൻ എന്നർത്ഥം.

**വിജ്ഞാനതൈലഗൎഭം**-അഴിഞ്ഞിൽ.

**വിജ്ഞാനം**— ശില്പശാസ്ത്രാദികളിലുള്ള അറിവു്, തികഞ്ഞ അറിവു്.

വിജ്ഞാനം=വിപരീതമായ അറിവു്. 'അന്യത്ര ശില്പശാസ്ത്രയോഃ ധീഃ വിജ്ഞാനം = മോക്ഷേതരങ്ങളായ-വെറും ലൗകികങ്ങളായ ചിത്രലേഖനാദി ശില്പത്തിലും മീമാംസാദിശാസ്ത്രത്തിലും പ്രവേശിച്ചിരിക്കുന്ന ബുദ്ധിക്കു-ഇവ രണ്ടിലുമുള്ള അറിവിനു 'വിജ്ഞാനം' എന്നു പേർ.

**വിജ്ഞാനപാദൻ**-വ്യാസൻ.

**വിജ്ഞാനമയകോശം** - ജ്ഞാനേന്ദ്രിയങ്ങളോടു കൂടിയതും നിശ്ചയസ്വരൂപിണിയുമായ ബുദ്ധി.

**വിജ്ഞാനിക**-വി. മിടുക്കുള്ള.

**വിജ്ഞാപകൻ**-അദ്ധ്യാപകൻ.

**വിജ്ഞാപനം, വിജ്ഞാപനാ**-ന. അറിയിപ്പു്. ൨. യാചന. ൩ അറിവു്.

**വിജ്ഞാപിക്കുന്നു**-അറിയിക്കുന്നു.

**വിജ്ഞാപിത**-വി. അറിയിക്കപ്പെട്ട, ബോധിക്കപ്പെട്ട.

**വിജ്ഞാവരം**-കണ്ണിലെ വെളുപ്പു്

**വിജ്ഞേയ**-വി. അറിയപ്പെടേണ്ടുന്ന.

**വിട**-പോകുന്നതിന്നായിട്ടു വലിയവരോടു വാങ്ങിക്കുന്ന അനുവാദം.

**വിടകൊള്ളുന്നു**-വി. പോകുന്നു എന്നു പറയുന്നതിനു പകരം താണജാതികൾ വലിയവരോടു പറയുന്ന ഒരാചാരവാക്കു്. (അടിതൊഴൽ എന്ന പദം നോക്കുക).

**വിടകം, വിടി(ട)കാ**-കരു.

**വിടക്കു്**-ന. മൃഗങ്ങളുടെ ശവം, ചമ്പു്. ൨. അളിഞ്ഞ വസ്തു.

'കടക്കുമോ നീ ഞാൻ പറയാതെ
വിടക്കുബുദ്ധേ ചഞ്ചലബുദ്ധേ'
(ലങ്കാമൎദ്ദനം ഓട്ടൻതുള്ളൽ)

**വിടങ്കം**-ന. പ്രാക്കൂടു്, പ്രാപ്പലക, പക്ഷിക്കൂടു്. ൨. വളരുകപോതം.

**വിടങ്കിത**-വി. അടയാളപ്പെടുത്തപ്പെട്ട.

**വിടതൊഴുക**-പോകാൻ അനുവാദം വാങ്ങിക്കുക.

**വിടത്തൽ**-ഒരു വൃക്ഷം.

പിച്ചകപ്പൂവിന്റെ ആകൃതിയിൽ വെളുത്തും കറുത്തും ചെമന്നും മഞ്ഞളിച്ചുമുള്ള പൂവുണ്ടു്. മുള്ളു കാണും. സം-വെല്ലന്തരം. ത-വിടത്തലൈ).

**വിടൻ**-ന. വേശ്യാസ്ത്രീകളെ ആഗ്രഹിച്ചു് അന്വേഷിച്ചു നടക്കുന്നവൻ, ധൂൎത്തൻ. ൨. കള്ളൻ. ൩. ചതിയൻ. രാജാവിന്റെയോ പ്രഭുവിന്റെയോ മറ്റേതെങ്കിലും ധനപുരുഷന്റെയോ സഖാവും, സംഗീതസാഹിത്യാദികളിൽ വിദഗ്ദ്ധനുമായ ഒരുവൻ, വിടൻ വിദൂഷകന്റെ സ്ഥാനവും ചിലപ്പോൾ വഹിക്കും. സ്ത്രീജിതനായ ഒരുവനും വിടൻ എന്നു പറയും.

**വിടപം**-ന. മരത്തിന്റെ കൊമ്പു് ൨. വൃക്ഷങ്ങളുടെ പടപ്പു് ...

കവരുന്നവൻ. ൪ മരക്കൂട്ടം. വിടന്മാരെ രക്ഷിക്കുന്നതു് എന്നൎത്ഥം. ൫. ചെറിയ തൊഴുകണ്ണി. ൬. പരപ്പു്. ൭. പല്ലുകൂട്ടൊച്ചപ്പെടുന്നതു് എന്നൎത്ഥം.

വിടപി-൧. വൃക്ഷം. ൨. പേരാൽവൃക്ഷം. കൊമ്പുകൾ ഉള്ളതു് എന്നൎത്ഥം. വിസ്താരമുള്ളതു് എന്നുമാവാം.

വിടപ്രിയാ-മഞ്ഞരം.

വിടം-൧. വിളയുപ്പു്. ൨. കരിങ്ങാലി. ൩. നാരകം. ൪. എലി. ൫. തമിഴ്. ൬. കൂമ്പു്. ൭. വിഷം.

വിടർ-കീറു്, പൊളി, വിടവു്.

വിടല, വെടല-മൂക്കാത്ത തേങ്ങ, മത്തങ്ങ.

വിടവു്-പൊട്ടിയുണ്ടാകുന്ന അകല്ച്ച.

വിടവല്ലഭാ-പാതിരി.

വിടവഴക്കം-ഭൃത്യന്മാരും മററും പൊയ്ക്കൊള്ളാമെന്നനുസരിക്ക.

വിടവഴങ്ങുന്നു-(വിട) പോകുന്നതിന്നനുവാദം വാങ്ങിക്കുന്നു.

വിടവിക്കുന്നു-പൊട്ടിയകലുന്നു, വിള്ളുന്നു.

വിടാതെ-അ. ഇടമുറിയാതെ, മുറുകെ.

വിടാരം-പാമ്പു്. (വിടം=വിഷം).

വിടി-പീതചന്ദനം.

വിടിരുന്നു-മലരുന്നു, വികസിക്കുന്നു. (സ. ക്രി-വിടിക്കുന്നു, വിടിത്തുന്നു).

വിടിക്കുന്നു-൧. വികസിപ്പിക്കുന്നു. ൨. നിവിക്കുന്നു.

വിടിച്ചു, വിടിപ്പു്-വിരിവു്, മലച്ചു.

വിടിപ്പു്-വിടിച്ചു.

വിടിർവു-വിരിവു്, മലച്ചു.

വിട്ട-ചീത്തയായ, അങ്ങേ അററമായ എന്നീ അൎത്ഥം വരത്തക്കവണ്ണം പദാ[illegible]ത്തിൽ ചേൎത്തു പ്രയോഗിക്കുന്നു.

വിട്ടകയ്യൻ-൧. ധൂൎത്തൻ. ൨. സൂക്ഷ്മമില്ലാതെ മുതൽ ചെലവു ചെയ്യുന്നവൻ.

വിട്ടക്കാൽ-പയറുപോലെയുള്ള ഒരു നടുതല.

വിട്ടതല-വിട്ടയൽ.

വിട്ടതലപെരുക്കുന്നു-കാലം പെരുക്കുന്നു.

വിട്ടതൽ-൧. അയപ്പു്. ൨. സ്വാതന്ത്ര്യമാക്കുക.

വിട്ടതി-൧. അന്യദിക്കിൽ ചെന്നു പാൎത്തു പതിവായിട്ടു ഭക്ഷിക്കുന്നതിനു പണം കൊടുത്തു ചട്ടംകെട്ടുക, ഒരിടത്തു തക്കാലത്തേക്കു ഊണുകഴിച്ചു താമസിക്ക. ൨. ഇളവു്, മാപ്പു്.

വിട്ടതി-അ. അകലെ, ഇടയിട്ടു്.

'തേർ പിൻതിരിച്ചു വിട്ടതിനിൎത്തീടുക'
(ഭാരതം-ഭീഷ്മം)

വിട്ടുത്രുന്നു-വിട്ടക്കുന്നു.

വിട്ടധൂൎത്തൻ-ഏററവും ചതിയൻ.

വിട്ടനീർ-വിഷജലം.

വിട്ടന്നു-൧. വേർപെടുന്നു. ൨. ഉപേക്ഷിക്കുന്നു. ൩. മാറുന്നു. ൪. അയക്കുന്നു. ൫. പറിയുന്നു. ൬. പൊട്ടുന്നു. ൭. ഉലയുന്നു.

വിട്ടപാണി-ഹീനമായ ജോലി.

വിട്ടപൂ-പൂക്കുന്നു, പുഷ്പക്കൂട്ടം.

വിട്ടഭോഷൻ-വലിയ വിഡ്ഢി.

വിട്ടവാക്കു്-സാരമില്ലാത്ത വാക്കു്.

വിട്ടവായൻ-സാരമില്ലാത്ത വാക്കു പറയുന്നവൻ.

വിട്ടവിടൻ-മഹാവിടൻ.

വിട്ടവിഡ്ഢി-ഒട്ടും അറിവില്ലാത്തവൻ.

വിട്ടവൃത്തി-ഭൃത്യവൃത്തി.

'വിട്ടവൃത്തിക്കു നന്നിവരെത്രയും'
(കംസാഹരണം പാന)

വിട്ടവേർ-പേരാലിന്റെ മററം കീഴ്പോട്ടു തൂങ്ങുന്ന വേർ.

വിട്ടം-പ്ര. വളബന്ധം. വ. കുറുക്കെയുള്ള ഉത്തരം. (വിഷ്ടം എന്നതിന്റെ തത്ഭവം).

വിട്ടലൻ—കൃഷ്ണന്റെ (വിഷ്ണുവിന്റെ) ഒരു രൂപം.

വിട്ടലം-വിഷ്ണു.

വിട്ടിൽ-ഒരു ചെറിയ പറവക, വെട്ടുക്കിളി.

വിട്ടവിടുന്നു-തപ്പിപ്പിഴയ്ക്കുന്നു.

വിട്ടേറ്-ഒരുവക വേൽ. (പ-മ).

വിഡ്ഖദിരം-പ്ര. പീനാറി. വ. കരിവേലം.

വിഡ്വരാ, വിട്ചരാ-പോക്ക്. നാട്ടുപന്നി, പീപ്പന്നി. മലം തിന്നുന്നത് എന്നർത്ഥം.

'പല്ലണച്ചുചെറവിട്ചരങ്ങൾ'

(അന്യാപദേശശതകം)

വിഠങ്ക-വി. ചീത്ത.

വിഠരൻ-ബൃഹസ്പതി.

വിഡം-വിളയുപ്പ്. ഗുന്മാദിയെ ഭേദിക്കുന്നതു് എന്നർത്ഥം.

വിഡംഗ-വി. സാമർത്ഥ്യമുള്ള.

വിഡംഗം-പ്ര. വിഴാൽവൃക്ഷം. കൃമികളുടെ പിളക്കുന്നതു് എന്നർത്ഥം. വ. വിഴാലരി.

വിഡംബനം-പ്ര. വൈഭവത്തോടുകൂടിയ കളി.

'ഖാന്മായാവിഡംബനരചിതം'

(അദ്ധ്യാത്മരാമായണം)

വ. അനുകരണം. ന. പരിഹാസം.

വിഡാരകാ-പൂച്ച.

വിഡാല(ക)ം-പൂച്ച. നിലവിളിക്കുന്നവൻ എന്നർത്ഥം.

വിഡൂരഭൂമി-വജ്രം വിളയുന്നതായ ഒരു പർവ്വതം.

ഇടിമുഴക്കമുണ്ടാകുമ്പോഴാണ് വജ്രം മുളയ്ക്കുന്നതെന്നു ഒരു വിശ്വാസമുണ്ട്.

വിഡൌജസ്സ്-ദേവേന്ദ്രൻ. ശത്രുക്കളെ ഭേദിക്കുന്ന ബലമുള്ളവൻ എന്നർത്ഥം. മനുഷ്യരിൽ ഓജസ്സുള്ളവൻ. വിഡോജസ്സ് എന്നും കാണുന്നു. (പാഠഭേദം-ബിഡൌജസ്സ്, വിഡൌജസ്സ്, ബിഡോജസ്സ്, വിഡോജസ്സ്).

വിഡ്വരാഹം-നാട്ടുപന്നി.

വിഡ്ഢി-പ്ര. ഭോഷൻ, അറിവില്ലാത്തവൻ. വ. ശാസ്ത്രക്കളിയിലും അതിന്റെ രൂപാന്തരമായ ഏഴാമത്തു കളിയിലും ബീഭത്സരസസംപൂർണ്ണമായി പുറപ്പെടുന്ന വേഷം. (വിദൂഷകൻ എന്നതു നോക്കുക).

വിഡ്ഢിത്തം-ഭോഷത്തം.

വിണ്ണ്-പ്ര. സ്വർഗ്ഗം. വ. ആകാശം.

വിണ്ണ-വലിയ കൊതി.

വിണ്ണപ്പം-വിജ്ഞാപനം.

വിണ്ണർ-ദേവകൾ.

വിണ്ണർകോൻ-ദേവേന്ദ്രൻ.

വിണ്ണവർ, വിണ്ടലർ-ദേവകൾ.

വിണ്ണോർ-ദേവകൾ.

വിണ്ടണിക്കോട-പറവൂർ.

'വരെയുഴംനെടുംതളിവാഴും
വിണ്ടണിക്കോട'

വിണ്ടലം- സ്വർഗ്ഗം. (വിൺ+തലം=വിണ്ടലം).

വിണ്മങ്ക-ദേവസ്ത്രീ.

വിണ്മയം-മലമുള്ളതു്.

വിത- കൃഷിക്കായിട്ടു വിത്തുകൾ വാരി നിലത്തിൽ വിതറുക.

വിതച്ചടി-വിതച്ചിട്ടു കിളയ്ക്കു.

വിതണ്ഡ-൧. സ്വപക്ഷത്തെ സ്ഥാപിക്കാതെ പരപക്ഷത്തെ ഖണ്ഡിക്കുന്നതു്. ൨. മനയോല. ൩. സാമ്പ്രാണി. ൪. അരളി. ൫. ഒരുമാതിരി കിഴങ്ങു്.

വിതണ്ഡം-൧. മൂന്നു പൂട്ടുള്ള താഴു്. ൨. ആന.

വിതത-വി. പരത്തപ്പെട്ട, പരന്ന, അധികമായ.

വിതതി-൧. കൂട്ടം. ൨. പരപ്പു്.

വിതംസം-൧. പക്ഷിക്കൂടു്. ൨. കയർ, ചങ്ങല.

വിതഥ-വി. വ്യാജമുള്ള. (ഇതു വാക്കിനോടുമാത്രം ചേരും).

വിതഥൻ-ഭുമന്യുവിന്റെ പുത്രൻ.

വിതഥം- അസത്യഭാഷണം. (തഥം = സത്യം).

വിതനു-വി. അഴകുള്ള.

വിതന്തു-൧. നല്ല കുതിര. ൨. വിധവ.

വിതയ്ക്കുന്നു- കൃഷിക്കായിട്ടു വിത്തുകൾ വാരി നിലത്തു വിതറുന്നു. (കാ. ക്രി. വിതപ്പിക്കുന്നു).

വിതരണം-൧. ദാനം, കൊടുക്കൽ. ഇതു നരകത്തെ കടക്കുന്നതിനാൽ ഈ പേരുണ്ടായി. ൨. മടക്കുക. ൩. വിട്ടൊഴിക.

വിതർ-വിത്തു്.

വിതർക്കണം-സംശയം.

വിതർക്കം-ഊഹം, സംശയവിചാരം.

വിതർദ്ദി-തിണ്ണ, തറ. രാജധാനിയിലും മററും ഇരിപ്പാനായിട്ടു ചതുരത്തിലുണ്ടാക്കുന്ന തറ. വിശേഷേണ തളർച്ചയെ കളയുന്നതെന്നർത്ഥം.

മിററത്തും മററും സുഖമെടുക്കുന്നതിനും മംഗളാർത്ഥമായ നിറകുടം മുതലായതു വയ്പാനുമായി പരിഷ്കൃതരീതിയിൽ കെട്ടിയുണ്ടാക്കുന്ന തറ എന്നും കാണുന്നു.

വിതലം-൧൪ ലോകങ്ങളിൽ ഒന്നു്.

വിതസ്താനദി-പഞ്ചാബിലെ ഒരു നദി. ഹിമവാങ്കൽ നിന്നു പുറപ്പെടുന്നു. The Jhelum (ഝീലം).

വിതസ്തി-പന്ത്രണ്ടുവിരൽ നീളം. ചെറുവിരലും പെരുവിരലും കൂടിയ ചാൺ, തികഞ്ഞ ചാൺ. മുഴത്തിനെ അപേക്ഷിച്ചു ചെറിയതു് എന്നർത്ഥം.

വിതറൽ-൧. തൂകുക. ൨. വിതയ്ക്കുക.

വിതറുന്നു-൧. തൂകുന്നു. ൨. വിതയ്ക്കുന്നു

വിതാന-വി. ൧. സ്വരമില്ലാത്ത ൨. ഒന്നുമില്ലാത്ത. ൩. ബുദ്ധിയില്ലാത്ത.

വിതാനകം-൧. ചൂണ്ടപ്പന. ൨. കൂട്ടം

വിതാനകമൂലകം-രാമച്ചം.

വിതാനം-൧. മേല്ക്കട്ടി, മേല്ക്കട്ടി മുതലായ അലങ്കാരം. പരത്തിക്കെട്ടിയുണ്ടാക്കുന്നതു എന്നർത്ഥം. ൨. മേൽത്തട്ടു്. ൩. വിസ്താരം. ൪. യാഗം. ൫. ഒരു വൃത്തത്തിന്റെ പേർ.

വിതാനിക്കുന്നു - മേല്ക്കട്ടിയും മററും കൊണ്ടലങ്കരിക്കുന്നു.

വിതിക്കുക-പിടിക്കുക.

വിതീർണ്ണം-ദാനംചെയ്യപ്പെട്ടതു്.

വിതുക്കുന്നു-വിതുമ്പുന്നു.

വിതുന്നം-൧. നീരാരൽ. വിശേഷേണ ഛേദിക്കപ്പെടുന്നതു് എന്നർത്ഥം. ൨. താതിരി. ൩. കരിമ്പായൽ. ൪. കഴിമുതങ്ങ.

വിതുന്നകം-൧. താലീസപത്രം. ൨. കൊത്തമ്പാലയരി. ദുഃഖത്തെ കളയുന്നതു് എന്നർത്ഥം. ൩. തുരിശ്ശു്. ൪. തുത്ഥാഞ്ജനം. ൫. കിഴുകാനെല്ലി.

വിതുന്നാ-കീഴ്കാനെല്ലി.

വിതുമ്പൽ-൧. തിള, തികട്ടുക. ൨. കരച്ചലിന്റെ ആരംഭത്തിൽ ചൊടിക്കുണ്ടാകുന്ന ഒരു ഭാവഭേദം.

വിതുമ്പുന്നു-൧. തീയിൽവെച്ചു തികഞ്ഞുന്നു. ൨. കരയാൻ തുടങ്ങുന്നു, കരയുന്നു. (പ. മ)

വിത്ത്-ബീജം. ൧. വിതപ്പാനുള്ള ധാന്യം. ൨. മുളപ്പിക്കുന്നതിനുള്ള കരുവ്. ൩. ചീരയുടെയും മററും അരി. ൪. വാഴക്കണ്ണ്. ൫. ചേമ്പിന്റെ തടമേൽ പൊട്ടിയുണ്ടാകുന്ന ചെറിയ കിഴങ്ങ്.

വിത്ത്-പദാന്ത്യത്തിൽ ചേർന്നുവരുമ്പോൾ 'അറിയുന്നവൻ' എന്നർത്ഥം വരുത്തുന്നു. ഉ-ം, വേദവിൽ.

വിത്ത-വി. ൧. ശോധനകഴിക്കപ്പെട്ട. ൨. അറിയപ്പെട്ട. ൩. കീർത്തിയുള്ള. ൪. സമ്പാദിക്കപ്പെട്ട.

വിത്തനാഥൻ-വൈശ്രവണൻ.

വിത്തൻ-പ്രസിദ്ധൻ.

വിത്തം-൧. സമ്പത്ത്, ധനം. ലഭിക്കപ്പെടുന്നത് എന്നർത്ഥം. ൨. വിചാരിക്കപ്പെട്ടത്.

വിത്തര-ഒരുവക പാട്ടം, കരം. (വിത്തുകാൽ എന്നതു നോക്കുക).

വിത്തി-൧. വിവേകം. ൨. അറിവ്. ൩. സമ്പാദ്യം, ലാഭം ൪. സങ്കല്പിച്ചിരിക്കുന്ന ഓർമ്മ

വിത്തുകാൽ-വിതച്ച വിത്തിൽ നാലിലൊരു പങ്കുകൊടുക്കുന്ന കരം.

വിത്തുകെട്ടൽ-വിത്തു മുളപ്പിക്കുന്നതിനായിട്ടു കെട്ടയിലിട്ടു വെള്ളത്തിൽമുക്കി വെയ്ക്കൽ.

വിത്തുകൊട്ട- വിത്തുകെട്ടുന്നതിനുള്ള കൊട്ട.

വിത്തുപാട്-വിതെയ്ക്കുന്ന നിലത്തിന്റെ വലിപ്പം.

വിത്തുപാട്ടം-വിത്തോളമുള്ള കരം.

വിത്തുപാതി-വിത്തുകൊടുത്തു പങ്കായിട്ടു കൃഷിചെയ്യുന്നതിനു പറയുന്ന പേർ.

വിത്തുമാററം-പല്ലികെട്ടി അളക്കൽ.

വിത്തുവല്ലി-കൃഷിച്ചെലവ്.

വിത്തേററി-മരംകൊണ്ടുള്ള ഒരു വസ്തു.

വിത്തേശത-കുബേരന്റെ സ്ഥിതി, സമ്പൽസ്ഥിതി.

വിത്തേശൻ-വൈശ്രവണൻ.

വിത്രസ്ത-വി. ഭയപ്പെട്ട.

'വിത്രസ്തഹൃദയനായ് പക്ഷിരാജനും ചൊന്നാൻ'
(അദ്ധ്യാത്മരാമായണം)

വിത്രാസം-പേടി.

വിത്സനം-കാള.

വിത്ഥ്യാ-കൊഴുപ്പ്.

വിദഗ്ദ്ധ-വി സാമർത്ഥ്യമുള്ള.

വിദഗ്ദ്ധത-സാമർത്ഥ്യം.

വിദഗ്ദ്ധമാധവം-ഒരു നാടകം.

രൂപൻ എന്ന കവി രചിച്ചതാണ്. പ്രമേയം കൃഷ്ണന്റെയും രാധയുടെയും സ്നേഹമാകുന്നു. വൈശിഷ്ട്യമൊന്നും കാണുന്നില്ല.

വിദഗ്ദ്ധൻ-൧. സ്വാതന്ത്ര്യശീലമുള്ളവൻ. ൨. സമർത്ഥൻ, വിദ്വാൻ.

വിദഗ്ദ്ധാ-ബുദ്ധിശക്തിയുള്ള സ്ത്രീ.

വിദരം-൧. പിളർക്കുക. ൨. ഇലക്കള്ളി, ചതുരക്കള്ളി.

വിദർഭജാ-ദമയന്തി.

വിദർഭം-൧. ഒരു രാജ്യം. (ഇപ്പോൾ-ബിറാർ).

വിദർഭരാജ്യം നർമ്മദാനദിയുടെ തെക്കുവശമാണ്. ഇതിലെ രാജധാനി-കുണ്ഡിനം.

൨. മരളമി.

വിദർഭതനയാ, വിദർഭസുഭ്രൂ—ദമയന്തി.

**വിദല**-വി. ൧. വിടൎന്ന. ൨. കീറിയ.

**വിദലം**-൧. മുളകൊണ്ടുണ്ടാക്കിയ കൊട്ട, ധാന്യപാത്രം. ൨. കീറൽ. ൩. മാതളനാരകത്തിൻ തൊലി. ൪. മുളകെട്ടിയ പയറ്.

**വിദലാ**-ത്രികോല്പക്കൊന്ന.

**വിദാരകൻ**-വിദാരിക്കുന്നവൻ, കീറുന്നവൻ.

**വിദാരകം**-൧. വററിക്കിടക്കുന്ന പുഴയിൽ കുഴിച്ചുണ്ടാക്കുന്ന കുഴി. ൨. ഒഴുക്കിന്റെ മദ്ധ്യേയുള്ള കല്ലും മരവും. ൩. മണലിൽ കുഴിച്ച കുഴി, ൪. വജ്രക്ഷാരം.

**വിദാരണം**-൧. പിളൎക്കുക, കീറുക. ൨. വേദനപ്പെടുത്തുക. ൩. വധം. ൪. ചെറുകൊന്ന.

**വിദാരീ**-൧. വെൺമുതക്ക്. ൨ മൂവില. ൩. ഒരു രോഗം.

കഴുത്തിന്റെ ഉള്ളിലും വായിലും ചൂടോടും കത്തിനോവോടും ചുവപ്പോടും ദുൎഗ്ഗന്ധത്തോടും കൂടിയതായ നീരുണ്ടാകും. ഇതത്രേ വിദാരീ. ആ നീരു ഏതു വശത്തുണ്ടാകുന്നുവോ ആ വശം കൊണ്ടു വിശേഷിച്ചും ആ രോഗി കിടക്കും.

**വിദാരി(ലി)ക**-൧. മുതക്ക്. ൨. ഒരു ക്ഷുദ്രരോഗം.

മുതക്കിൻകിഴങ്ങുപോലെ വൃത്താകാരമായി കക്ഷത്തിലോ ഒടിയിലോ സൎവ്വലക്ഷണങ്ങളോടുകൂടിയുണ്ടാകുന്ന കുരുവാണ് വിദാരിക.

**വിദാരി(രീ)ഗന്ധ**-മൂവില.

**വിദാരിണീ**-കുമിഴ്.

**വിദാഹം**-൧. കത്തൽ. ൨. വലിയ ഉഷ്ണം, നീക്കെട്ടൽ. ൩. എരിവ്, മുള്ള്.

**വിദാഹി**-വി. ഉഷ്ണത്തെയുണ്ടാക്കുന്ന.

**വിദിക്ക്**-പ്രധാനദിക്കുകളിലെ കോണിലെ ദിക്ക്.

വിദിക എന്നാൽ രണ്ടു ദിക്കുകളിൽ നിന്നും കൂടിയുണ്ടായതു് എന്നൎത്ഥം. 'പ്രദിക്' എന്നുമാവാം. രണ്ടു ദിക്കിന്റെ നടു എന്നാൽ കിഴക്കുതെക്ക്, തെക്കുപടിഞ്ഞാറ്, പടിഞ്ഞാറുവടക്ക്, വടക്കുകിഴക്ക് ഇവയിൽ ഒന്ന്.

**വിദിത**-വി. ൧. അറിയപ്പെട്ട. ൨. പ്രതിജ്ഞചെയ്യപ്പെട്ട.

**വിദിശ**-ഒരു നഗരം. ഇപ്പോഴത്തെ പേർ ഭിത്സാ. ദശാൎണ്ണദേശത്തിന്റെ രാജധാനി. (അവന്തിദേശത്തിനു കിഴക്കുവശമാണ് ദശാൎണ്ണദേശം).

അഗ്നിമിത്രൻ ഇവിടെ ഇരുന്നു രാജ്യഭരണം ചെയ്തു. ഈ നഗരത്തിന്റെ തെക്കേ അതിൎത്തി നൎമ്മദാ നദി.

**വിദു**-ആനയുടെ മസ്തകത്തിന്റെ മദ്ധ്യം. ഇവിടെ വേദനയുണ്ടാകുമ്പോഴാണ് ആനക്കാരന്റെ ആജ്ഞയെ അറിയുന്നതു കൊണ്ടു് ഈ പേരുണ്ടായി.

**വിദുര**-വി. അറിവുള്ള.

**വിദുരൻ**-വേദവ്യാസപുത്രനായ ഒരു ശൂദ്രൻ.

അംബിക എന്ന കാശിരാജപുത്രി കണ്ണടച്ചുംകൊണ്ടാണ് വേദവ്യാസനെ ആദ്യം പ്രാപിച്ചതു്. അപ്പോഴാണ് ധൃതരാഷ്ട്രർ ഉണ്ടായതു്. അദ്ദേഹത്തിനു കണ്ണില്ലാതായതിന്റെ കാരണവും അതു തന്നെ. ഇതിൽ അംബികയ്ക്കു വളരെ വ്യസനം തോന്നി തന്റെ ശൂദ്രദാസിയെ തനിക്കുപകരം മുനിയോടു ചേരുവാൻ ആജ്ഞാപിച്ചു. ഈ ദാസി (വൃഷലസ്ത്രീ) ഗൎഭം ധരിച്ചു പ്രസവിച്ചതത്രേ വിദുരൻ. മാണ്ഡവ്യൻ എന്ന മുനിയുടെ ശാപത്താൽ ധൎമ്മരാജാവ് വിദുരനായി ജനിച്ചതാണ്. (അണിമാണ്ഡവ്യൻ എന്ന പാഠം നല്ലവണ്ണം വായിക്കുക). വിദുരർ യുദ്ധത്തിൽ പാണ്ഡവൎക്കു സഹാ

യിച്ചു. മഹാ പണ്ഡിതനാണ്. വിദുരവാക്യം സുപ്രസിദ്ധമാകുന്നു. കൌരവപാണ്ഡവന്മാൎക്ക വേണ്ടുവോളം സദുപദേശങ്ങൾ നല്കി.

**വിദുല(ള)ം**—ആററുവഞ്ഞിവൃക്ഷം, വഞ്ഞി.

**വിദുലം**—നമ്പശ.

**വിദുഷി**—അറിവുള്ളവൾ. (വിദ്വാൻ എന്ന പദത്തിന്റെ സ്ത്രീലിംഗരൂപം).

**വിദൂര**—വി. ഏററവും ദൂരെയുള്ള.

**വിദൂരജം**—വൈഡൂൎയ്യം.

**വിദൂരെ**—ഏററവും ദൂരത്തിങ്കൽ.

**വിദൂഷക**—വി. ൧. സാമൎത്ഥ്യമുള്ള. ൨. കററപ്പെടുത്തുക ശീലമുള്ള.

**വിദൂഷകൻ**—സംസ്കൃതനാടകങ്ങളിലും അവയെ അനുസരിച്ചുള്ള ഭാഷാനാടകങ്ങളിലും ഹാസ്യരസത്തെ പ്രകടിപ്പിക്കുന്ന ഒരു പാത്രം.

കഥകളിയിൽ ഈ പാത്രത്തിന് 'ഭീരു' എന്നു പേർ. രംഗസാമഗ്രികൾ ഒന്നും കൂടാതെ നേരംപോക്കു കളിക്കുന്ന തമിഴ നാടകങ്ങളിൽ 'കട്ടിയക്കാരൻ' എന്നു പേർ. ശാസ്ത്രക്കളിയിലും അതിന്റെ രൂപാന്തരമായ ഏഴാമത്തു കളിയിലും വിഡ്ഢി എന്നു പേർ. ഫലിതമയങ്ങളും അവസരോചിതങ്ങളുമായ സരസവചനങ്ങളെക്കൊണ്ടു സദസ്യരെ രസിപ്പിക്കുകയാകുന്നു ഇവരുടെ പണി.

വിദൂഷകന്റെ ലക്ഷണം.

'പൃഥ്വീദേവോത്സവനൎമ്മത്തിനപടുതസഭാ-
ഭോജനാത്യൎത്ഥിയന്ധം-
ളിത്താംവൈരൂപ്യമുള്ളാകൃതിബഹുസരസ
ഭാഷാവിശേഷിച്ചസത്യം
ചിത്തേസൽപക്ഷപാതംപലതരമുളവാ
മെന്നിനില്ലജ്ജഭാവം
നിത്യംവിഡ്ഢിത്തമാളുംതരവുമറികയി
ല്ലാസ്സഭീതസ്വഭാവം'.

'തന്മട്ടുചേരുന്ന വിദൂഷകന്ത-
ന്നിമ്മട്ടിലാകുന്നഗുണങ്ങളൊന്നിൽ
ചൊല്ക്കമഹീനായകസേവനസ്സും
നൎമ്മത്തിൽ വന്പാണധികംപ്രധാനം'

ഈ ഹാസ്യരസപ്രധാനനു കലഹപ്രിയത്വം സ്വാകാംക്ഷതല്പരതയും കൂടിയേ കഴിയൂ.

**വിദൂഷണം**—നിന്ദ.

**വിദേശം**—അന്യദേശം. വിദേശം ▷ ◁ സ്വദേശം.

**വിദേഹ**—വി. ദേഹമില്ലാത്ത.

**വിദേഹൻ**—മിഥിലയിലുണ്ടായിരുന്ന ഒരു രാജാവ്.

**വിദേഹം**—മിഥിലം.

ജനകന്റെ രാജ്യം, മിഥില തലസ്ഥാനം. ഗംഗയുടെ പോഷകനദിയായ ഗണ്ഡകിനും നീപാളിനും മദ്ധ്യേയുള്ള സ്ഥലം. (ടർഹട്ട് എന്നും പൂർണിയാ എന്നുമുള്ള സ്ഥലങ്ങൾ പണ്ടത്തെ മിഥിലയാകുന്നു).

**വിദ്ധ**—വി. ൧. തുളയ്ക്കപ്പെട്ട. ൨. അയയ്ക്കപ്പെട്ട. ൩. വിരോധിക്കപ്പെട്ട. ൪. അടിക്കപ്പെട്ട. ൫. സമമായുള്ള.

**വിദ്ധകൎണ്ണ**—വി. ചെവിതുളച്ച, ചെവിതുളഞ്ഞ.

**വിദ്ധകൎണ്ണം, വിദ്ധകൎണ്ണീ, വിദ്ധകൎണ്ണിക**—പാടവള്ളി.

**വിദ്ധം**—ഒരു രോഗം.

ആമാശയം മുതലായവയെ ഒഴിച്ചു യാതൊരംശം സൂക്ഷ്മമായിരിക്കുന്ന മുഖത്തോടുകൂടിയ ശല്യംകൊണ്ടു മുറികയും അതു ശല്യത്തോടുകൂടിയോ കൂടാതെയോ ഇരിക്കയും ചെയ്താൽ അതിനു 'വിദ്ധം' എന്നു പേർ.

**വിദ്ധശാലഭഞ്ജികാ**—ഒരു നാടകം.

രാജശേഖരൻ ഉണ്ടാക്കിയതാണ്.

വിദ്യ-സ്ത്രീ. അറിവ്. ഉ, പഠിത്തം.

അംഗങ്ങളോടും ഉപാംഗങ്ങളോടും കൂടിയുള്ള വേദം മുതലായ വിദ്യകൾ. വിദ്യകൾ ചിലരുടെ പക്ഷത്തിൽ നാലെണ്ണം ചിലരുടെ പക്ഷത്തിൽ പതിനാലെണ്ണം, കാണുക.

'ആന്വീക്ഷകീത്രയീവാർത്താ
ദണ്ഡനീതിശ്ച ശാശ്വതീ'
(എന്നു നാല്).

'ഷഡംഗമിശ്രിതാ വേദാ
ധർമ്മശാസ്ത്രം പുരാണകം
മീമാംസാ തർക്കമപി ച
ഏതാ വിദ്യാ ചതുർദശ'
(എന്നു പതിനാല്).

നം. മായ.

വിദ്യമാന-ഉള്ള, ഇരിക്കുന്ന.

വിദ്യാഗ്രഹണചതുഷ്ടയം - ഗുരുമുഖേന കാൽഭാഗം, സ്വബുദ്ധിഹേതുവായിട്ടു കാൽഭാഗം, സംസർഗ്ഗംകൊണ്ടു കാൽഭാഗം, കാലപ്പഴക്കത്താൽ കാൽഭാഗം ഇങ്ങനെ അഭ്യസിക്കുക.

'ആചാര്യാൽപാദമാദത്തേ
പാദംശിഷ്യസ്വമേധയാ
പാദംസബ്രഹ്മചാരിഭ്യഃ
പാദംകാലക്രമേണതു'

വിദ്യാദലം-ഭൂർജ്ജമരം.

വിദ്യാധനം-വിദ്യകൊണ്ടുണ്ടാകുന്ന ധനം.

വിദ്യാധരധർമ്മചതുഷ്ടയം-(വിദ്യാധരന്മാരെ സംബന്ധിച്ചവ). വിദ്യാഭ്യാസം, വിജ്ഞാനം, പൌരുഷത്വം, ശ്രീപാദഭക്തി.

വിദ്യകൾ 14—ഋക്ക്, യജുസ്സ്, സാമം, അഥർവ്വം, മീമാംസ, ന്യായശാസ്ത്രം, പുരാണം, ധർമ്മശാസ്ത്രം, ശിക്ഷ, കല്പം, വ്യാകരണം, നിരുക്തം, ജ്യോതിഷം, ഛന്ദസ്സ്.

വിദ്യാധരൻ-പു. ഉപദേവന്മാരിൽ ഒരു വർഗ്ഗക്കാരൻ.

ഇന്ദ്രന്റെ പരിചാരകരാണ്. ഇവരിലും രാജാക്കന്മാരുണ്ട്. ഇവർക്കു കാമരൂപികൾ, ഖേചരർ, പ്രിയംവദർ, നഭശ്ചരർ ഇങ്ങിനെയും പേരുകൾ പറയുന്നു. മനുഷ്യരോടു വളരെ അടുപ്പമാണ്.

ഉ. വിദ്യാൻ.

വിദ്യാഭ്യാസം-വിദ്യ പഠിക്ക.

വിദ്യാരണ്യൻ-മാധവാചാര്യൻ

വിദ്യാരംഭം-വിദ്യ പഠിക്കുന്നതിനു തുടങ്ങുക.

വിദ്യാരംഭത്തിനു ഉത്തമനാളുകൾ 16-ം, തിരുവാതിരയും കൊള്ളാം. അനധ്യായ ദിവസങ്ങളും സ്ഥിര രാശികളും ഉദയരാശികളിൽ മീനവും ബുധമൌഢ്യവും വർജ്ജിക്കണം.

വിദ്യാർത്ഥി-ശിഷ്യൻ. (ർത്ഥീ, ർത്ഥിനീ, ർത്ഥി).

വിദ്യാർത്ഥികൾക്കു നേരിടുന്ന വിഘ്നങ്ങൾ 6 വിധം.-

'ദുരാലയം, ദുരഭിമാനം, മുറക്ക, മേറാം
നാരീലയം, മടി, മനസ്സുലതീവചിന്ത'

വിദ്യാർത്ഥിയുടെ ലക്ഷണം.

'കാകദൃഷ്ടി, ബകധ്യാനം,
ശ്വാനനിദ്രാ, തഥൈവച
അല്പാഹാരം, ജീർണ്ണവസ്ത്ര
മേതദ്വിദ്യാർത്ഥിലക്ഷണം'

വിദ്യാലയം-പള്ളിക്കൂടം.

വിദ്യാവസ്ഥാചതുഷ്ടയം-പഠിക്ക, പഠിപ്പിക്ക, ആചരിക്ക, ആചരിപ്പിക്ക ഇവ ൪-ം.

വിദ്യാവാഗീശൻ-ഒരു സംസ്കൃതകവി. വംഗദേശക്കാരനാണെന്നു സംശയം.

മാതാപിതാക്കന്മാർ ധൎമ്മാധൎമ്മന്മാരാണ്. 'കൌന്തേയവൃത്തം' എന്ന കാവ്യത്തിന്റെ കൎത്താവ്.

വിദ്യാവൃദ്ധൻ-വളരെ വിദ്യയുള്ളവൻ.

വിദ്യുച്ഛക്തി-മിന്നലിന്നും ഇടിക്കും കാരണമായ ശക്തി.

വിദ്യുജ്ജിഹ്വൻ-രാവണന്റെ സഹോദരിയുടെ ഭൎത്താവായ ഒരു രാക്ഷസൻ.

വിദ്യുജ്ജ്വാലാ-മേത്തോന്നി.

വിദ്യുത്ത്-മിന്നൽപിണർ, ഇടിവാൾ. വിശേഷേണ ശോഭിക്കുന്നതു് എന്നൎത്ഥം.

വിദ്യുൽപ്രിയം-വെള്ളോട്ട്.

വിദ്യുദ്ദീപം- വിദ്യുച്ഛക്തി (മിന്നൽ) കൊണ്ടുള്ള വിളക്ക്.

വിദ്യുന്മാല-ഥ. മിന്നൽ പിണരിന്റെ കൂട്ടം. ര. ഒരു വൃത്തത്തിന്റെ പേർ.

വിദ്യുന്മാലി-ത്രിപുരന്മാരിൽ ഒരുവൻ.

വിദ്യോതമാന-വി. ശോഭിച്ചിയങ്ങുന്ന

വിദ്യോതിത-വി. പ്രകാശിക്കപ്പെട്ട.

വിദ്രധി-ഒരു ദീനം, ഒരുമാതിരി പരുവ്. കലശലായ വേദനയുള്ളതു് എന്നൎത്ഥം.

വിദ്രധിനാശനം-കരിമുരിങ്ങ.

വിദ്രം-വേധനം.

വിദ്രവം-ഥ. ഓടിപ്പോക്ക്. ര. ഭയം. ന. അലിച്ചൽ. ർ. നിന്ദ. ൫. ബുദ്ധി.

വിദ്രാവണം-ഥ. ഓടിക്കു. ര. ദ്രവിപ്പിക്കു.

വിദ്രാവിത-വി. ഥ. ഓടിക്കപ്പെട്ട. ര. ചിതറിയ. ന. ഉരുകിയ.

വിദ്രുത-വി. ഥ. ഉരുകിയ. ര. ഓടിയ.

വിദ്രുമം-ഥ. പവിഴം. വിശിഷ്ടമായ ദ്രുമങ്ങൾ വേിച്ചതു് എന്നൎത്ഥം. ര. വിലയേറിയ രത്നങ്ങൾ കായ്ക്കുന്ന വൃക്ഷം. ന. മുള, കൃമ്പ്.

വിദ്രുമലത, വിദ്രുമലതികാ, വിദ്രുമവല്ലി-പവിഴക്കൊടി.

വിദ്വൽ, വിദ്വസ്-വി. വിദ്യയുള്ള. (ദ്വാൻ, ദുഷി, ദ്വൽ).

വിദ്വന്മോദതരംഗിണി-ഒരുപുസ്തകം. ഇതു തത്വസംബന്ധമാണ്. കവി-രാമദേവൻ.

വിദ്വാൻ-ഥ. അറിവുള്ളവൻ, പണ്ഡിതൻ. ര. ഒരു മഹൎഷി. ന. ദൈവത്തിന്റെയും ആത്മാവിന്റെയും സാക്ഷാൽ ലക്ഷണത്തെ അറിയുന്നവൻ.

'വിദ്വാനാത്മവിദിപ്രാജ്ഞെ
പണ്ഡിതചാരിധെയവൽ'
(വിശ്വം)

വിദ്വാന്റെ ലക്ഷണം-ജനരഞ്ജന, ഗംഭീരാശയത്വം, സദ്വാക്യഗുണം, ഊഹാപോഹശക്തി, നയം, ജ്ഞാനം, ഔചിത്യം, പറയുന്നതുപോലെ പ്രവൎത്തിക്കുന്ന ശീലം, വിനയം, നിശ്ചയബുദ്ധി. (വിദ്വാൻ> <വിദുഷി).

വിദ്വിഷത്ത്-ശത്രു.

വിദ്വേഷം-വൈരം. വിശേഷേണയുള്ള അപ്രീതി എന്നൎത്ഥം.

വിദ്വേഷണം-ദ്വേഷിക്കു, നിന്ദിക്കു.

വിദ്വേഷി-വി. വൈരമുള്ള. (ഷീ, ഷിണീ, ഷി).

വിദ്വേഷി-ശത്രു.

വിധനുഷ്കൻ-വില്ലപൊയ്പോയവൻ.

വിധം, വിധാ-ഥ. പ്രകാരം. ര. മാതിരി.

വിധൎമ്മം- ന്യായക്കേട്, മതവിരുദ്ധത, വിരുദ്ധധൎമ്മം.

വിധവാ-ഭർത്താവ് മരിച്ചവൾ, വിഗതനായ ധവനോടുകൂടിയവൾ എന്നർത്ഥം. മറെറാരു പര്യായം-വിശ്വസ്താ.

വിധാ-൧. വേതനം (ശമ്പളം). വിധിക്കപ്പെട്ടതെന്നർത്ഥം. ൨. ധനാദിസമൃദ്ധി. വേണ്ടപ്രകാരമുള്ള സ്ഥിതി എന്നർത്ഥം. ൩. വിധി. ൪. പ്രകാരം.

വിധാതാ-മദ്യം.

വിധാതാവ്-ബ്രഹ്മാവ്. എല്ലാംചെയ്യുന്നവൻ എന്നർത്ഥം.

വിധാത്രീ-തിപ്പലി.

വിധാനം-൧. പ്രവൃത്തി. ൨. ചട്ടം. ൩. ലഹരിയുണ്ടാകുവാനായി ആനയ്ക്കു കൊടുക്കപ്പെടുന്ന ഭക്ഷണം. ൪. മാതിരി ൫. പറഞ്ഞയയ്ക്കൽ. ൬. സമ്പത്ത്. ൭ വന്ദിക്കൽ.

വിധായക- വി. ൧. ക്രമപ്പെടുത്തുന്ന. ൨. ഉണ്ടാക്കുന്ന.

വിധായകം-(വ്യാകരണത്തിൽ) 'പ്രകാരം' എന്നതിൽ ഒരുവിധം. ഇതിനെ കുറിക്കുന്ന പ്രത്യയം.

വിധി-൧. വേദവിധി. ൨. ചട്ടം. ൩. ദൈവകല്പിതം. ൪. ഒരുക്കം, സൌകര്യം.

'വിൺമങ്കമാർക്കുകളിവേഷവിധിക്കു'

(കുമാരസംഭവം ഭാഷ)

൫. ബ്രഹ്മാവ്. ൬. സമയം. ൭. വിഷ്ണു. ൮. (വ്യാകരണത്തിൽ) വാക്യങ്ങൾ രണ്ടുള്ളതിൽ ഒന്നു്. (മറെറാന്നു നിഷേധം). ഒരു ഉണ്ടായിരിക്കലിനെ പറയുന്ന വാക്യമത്രെ വിധി. ൯. പൂർവ്വജന്മങ്ങളിൽ ചെയ്ത ശുഭാശുഭകർമ്മങ്ങൾ.

വിധികർത്താവ്-വിധിക്കുന്നവൻ.

വിധിക്കുന്നു-മേലാൽ നടക്കേണ്ടുന്നതിനെ മുൻകൂട്ടി നിശ്ചയിക്കുന്നു, ഇന്ന പ്രകാരം ന്യായമെന്നു നിശ്ചയിച്ചു തീർപ്പെഴുതുകയും മററും ചെയ്യുന്നു.

വിധിയന്ത്രത്തിരിപ്പ്-യന്ത്രംപോലെ തിരിഞ്ഞുവരുന്നതായ വിധിയുടെ വിലാസം. (മനുഷ്യർക്കു സമ്പത്തും ആപത്തും മാറി മാറി വരുന്നതു് കാലചക്രം ചുററുന്നതിനാലാണെന്നു പ്രസിദ്ധി), ചക്രച്ചുററ്.

'തരുണിയെ വിട്ടു കാട്ടിലിരിപ്പുമുന്നീ—
അപരി ഹരണീയവിധിയന്ത്രത്തിരിപ്പു
മൂന്നീ'

(നളചരിതം കഥകളി)

വിധിദർശി-വിധികളെ കണ്ടറിയുന്നവൻ, സഭയിൽ പ്രധാനി.

വിധിലിഖിതം-ബ്രഹ്മകല്പിതം.

വിധിവൽ-അ. വിധിപ്രകാരം, വഴിയാംവണ്ണം

വിധിവശ-വി. ദൈവത്തിന്റെ അധീനത്തിലുള്ള, ദൈവത്തിനു കീഴടങ്ങിയ.

വിധിവിഹിത- വി. ബ്രഹ്മാവിനാൽ വിധിക്കപ്പെട്ട.

വിധു-൧. ചന്ദ്രൻ. ൨. വിഷ്ണു. എല്ലാം ചെയ്യുന്നതിനു സമർത്ഥൻ എന്നർത്ഥം. ൩. ശിവൻ ൪. ബ്രഹ്മാവ്. ൫. രാക്ഷസൻ. ൬. പാപഹരമായ ഒരു കർമ്മം. ൭. കർപ്പൂരം.

വിധുത-വി. ൧. ഉപേക്ഷിക്കപ്പെട്ട, വിടപ്പെട്ട. ൨. ഇളകപ്പെട്ട.

വിധുന്തുദൻ-രാഹു. ചന്ദ്രനെ ദുഃഖിപ്പിക്കുന്നവൻ എന്നർത്ഥം.

വിധുര-വി. പരിഭ്രമിച്ച.

വിധുര-ഒരു കറി, രസാള.

വിധുരൻ-൧. പരവശൻ, ദുഃഖിതൻ. ൨. ഉപേക്ഷിക്കപ്പെട്ടവൻ.

വിധുരം, വിധുരത-൧. വേർപാട്. ൨. പരിഭ്രമം.

വിധുരീഭാവം-ഉഴൽച്ച.

വിധുവനം-വിറയൽ, ഇളക്കം.

വിധൂത-വി. ഫ. ഇളക്കപ്പെട്ട. വ. ഉപേക്ഷിക്കപ്പെട്ട, കൈവിടപ്പെട്ട.

വിധൂനനം-വിറയൽ, ഇളക്കുക എന്ന ക്രിയ.

വിധൃത-വി. ഫ. ധരിക്കപ്പെട്ട. വ. പിടിക്കപ്പെട്ട.

വിധൃതം-തൃപ്തികേട്.

വിധേയ-വി. ഫ. ഭരിക്കപ്പെടുവാൻ തക്ക. വ. ചെയ്യപ്പെടുവാൻ തക്ക.

വിധേയം-അധീനം.

വിധേയൻ-അധീനൻ, കീഴ്പ്പെട്ടവൻ, പറഞ്ഞതു കേട്ടുനടക്കുന്നവൻ, വണങ്ങിയവൻ. കൊണ്ടു നടപ്പാൻ കഴിയുന്നവൻ എന്നൎത്ഥം.

വിധൌ-അ. പോൾ, സമയത്തിൽ.

വിധ്വംസം-ഫ. നാശം. വ. വിരോധം.

വിധ്വസ്തം-വി. ഫ. നശിപ്പിക്കപ്പെട്ട, ചിതറിക്കപ്പെട്ട. വ. മങ്ങിയ, ഇരുണ്ട.

വിന-ഫ. പാപം. വ. ദുഃഖം. ന. കഷ്ടപ്പാട്. ര. വിപത്തു്. ഇ. കൎമ്മം.

വിനത-വി. ഫ. നമിച്ച, താണ, കുനിഞ്ഞ, വളഞ്ഞ. വ. അടക്കമുള്ള.

വിനതാ-ഗരുഡന്റെയും അരുണന്റെയും അമ്മ, കശ്യപപ്രജാപതിയുടെ ഒരു ഭാൎയ്യ, ദക്ഷന്റെ പുത്രി.

വിനമ്ര(ക)ം-തകരം. (ഒരങ്ങാടിമരുന്നു്)

വിനയഗ്രാഹി-വി. വണക്കമുള്ള, പറഞ്ഞതു കേട്ടു നടക്കുന്ന.

വിനയം-ഫ. അടക്കം. വ. ആചാരം. ന. വിനീതി. ര. അഭ്യാസം.

വിനയാ-കുറുന്തോട്ടി.

വിനയാനതൻ-വിനയംകൊണ്ടു താണ ശരീരത്തോടുകൂടിയവൻ.

വിനയി-വി. വിനയമുള്ള.

വിനയെച്ചം-(വ്യാകരണത്തിൽ) പിൻവരുന്ന ക്രിയയാൽ അൎത്ഥം പൂൎണ്ണമായി വരുന്ന അപൂൎണ്ണക്രിയയുടെ പേർ. ഇതിനു 'ക്രിയാംഗം' എന്നും പേരുണ്ടു്. (ഒരു ക്രിയയിൽ അന്വയിക്കുന്ന ക്രിയതന്നെ വിനയെച്ചം).

വിനവിൻ-പറഞ്ഞു. (പ-മ.)

വിനവിന്റു—ചെന്നു നോക്കിക്കുന്നു (പ-മ.)

വിനവുന്നു-ചോദിക്കുന്നു.

'തന്നോടു വിനവുന്നളവിൽ'

വിനശനം-ഫ. നശിപ്പിക്കുക, നാശം. വ. കുരുക്ഷേത്രമെന്ന ദേശം.

വിനാ-അ. കൂടാതെ, ഒഴിച്ചു്.

വിനാഡി, വിനാഡിക-വിനാഴിക.

A measure of time equal to one-sixtieth part of a Ghatika or equal to 24 second എന്നു അൎത്ഥം.

വിനായകൻ-ഫ. ഗണപതി. ദുഷ്ടന്മാരെ ശിക്ഷിക്കുന്നവൻ, നായകനില്ലാത്തവൻ (സ്വതന്ത്രൻ), ഇങ്ങിനെ ശബ്ദാൎത്ഥങ്ങൾ. വ. ബുദ്ധമുനി. വിനയിക്കുന്നവൻ (ശിക്ഷിക്കുന്നവൻ), സൎവ്വപ്രാണികൾക്കും ഹിതത്തെ അനുശാസിക്കുന്നവൻ എന്നൎത്ഥം. ന. ഗരുഡൻ.

വിനായികാ-ഗരുഡന്റെ ഭാൎയ്യ.

വിനാരുഹാ-ന്യാൻകിഴങ്ങു്.

വിനാശക-വി. നശിപ്പിക്കുന്ന.

വിനാശം-കാണാതാവുക, നശിക്കുക.

വിനാശനം-നശിപ്പിക്കു.

വിനാശി-വി. നാശകരമായ, നശിപ്പിക്കപ്പെട്ട.

വിനാശോന്മുഖ-വി. ഫ. പഴുത്ത, പാകംവന്ന. വ. നശിപ്പാൻ ഒരുങ്ങിയ.

വിനാശോന്മുഖം-നശിപ്പാൻ അടുത്തതു്. വിനാശത്തിന്നൊരുങ്ങിയതു് എന്നർത്ഥം.

വിനാഹം-കിണറിന്റെ മുഖബന്ധനം.

വിനാഴിക-ഒരു നാഴികയുടെ അറുപതിലൊരു പങ്കു്.

വിനിക്ഷേപിക്കുന്നു-വെയ്ക്കുന്നു.

വിനിദ്ര-വി. ൧. ഉറക്കമില്ലായ്ക. ൨. വിടർന്ന.

വിനിദ്രത(ത്വം)-ഉറക്കമില്ലായ്ക.

വിനിപാതം-൧. വീഴ്ച. ൨. നഷ്ടം, നാശം, ആപത്തു്. ൩. ജീർണ്ണം, മരണം. ൪. നരകം. ൫. അപമാനം. ൬. വേദന, ബുദ്ധിമുട്ടു്. ൭. സംഭവം.

വിനിമയം-൧. തമ്മിൽ മാറുക. ൨. പണയം.

വിനിയോഗം-൧. ഒരു സങ്കല്പം. ൨. ഉപേക്ഷിക്ക, വിടുക. ൩. വേർപാടു്. ൪. ഉദ്യോഗത്തിന്നും മററും നിയമിക്ക. ൫. പെരുമാററം, ഉപയോഗം.

വിനിർഗ്ഗമിക്കുന്നു-വെളിയിലേയ്ക്കു പുറപ്പെടുന്നു.

വിനിവർത്തിക്കുന്നു-മാറിപ്പോകുന്നു.

വിനിയോഗിക്കുന്നു — പെരുമാറുന്നു, ഉപയോഗിക്കുന്നു.

വിനിവൃത്ത-വി. നിവർത്തിച്ച, അവസാനിപ്പിച്ച.

വിനിവൃത്തി-നിവൃത്തി, അവസാനം.

വിനിവേശ്യം - സ്ഥാപിക്കപ്പെടുവാൻ യോഗ്യം.

വിനിഷ്പേഷം-അരയ്ക്കുക, പൊടിക്കുക, ഞെക്കുക.

വിനിഹത-വി. ൧. ഹനിക്കപ്പെട്ട, അടിക്കപ്പെട്ട. ൨. കൊല്ലപ്പെട്ട.

വിനിഹതം-൧. ദുർല്ലക്ഷണം. ൨. ആപത്സൂചകമായ ലക്ഷണം.

വിനിഹതി-പ്രഹരം.

വിനീത-വി. ൧. വിനയമുള്ള, അടക്കമുള്ള, താഴ്മയുള്ള. ൨. ഇണങ്ങിയ.

വിനീതൻ-൧. വിനയമുള്ളവൻ. ൨. തകരാറൊന്നും കൂടാതെ നല്ലവണ്ണം നടപ്പാൻ ശീലിച്ച കുതിര. ൩. കച്ചവടക്കാരൻ.

വിനീതം-൧. ഇണങ്ങിയ മൃഗം, കുതിരയും മററും. ൨. മക്കിപ്പൂവു്.

വിനീതി-വിനയം.

വിനുത-വി. സ്തുതിക്കപ്പെട്ട.

വിനേതാവു് — വിനയിപ്പിക്കുന്നവൻ, വേണ്ടുംപ്രകാരം ശാസിക്കയും രക്ഷിക്കയും ചെയ്യുന്നവൻ.

വിനോദം-൧. കളി. ൨. ഉപേക്ഷിക്ക.

വിനോദി-കളിക്കാരൻ.

വിനോദിക്കുന്നു-കളിക്കുന്നു. (വിനോദിപ്പിക്കുന്നു-സ. ക്രി.)

വിന്നു-ഒരുമാതിരി കൊതുകു്.

വിന്ദു-വി. അറിവുള്ള.

വിന്ദു-൧. തുള്ളി. ൨. പുള്ളി. ൩. പാണ്ടു. ൪. ജ്ഞാനശീലൻ.

വിന്ദുത-ജ്ഞാതൃത്വം.

'വിന്ദുതയതിരുകവിഞ്ഞാൽ'

(ഷഷ്ടിപൂർത്തിഷഷ്ഠി)

വിന്ദുജാലം-ആനയുടെ ചമസരി.

വിന്ദുപുഷ്പകം-ഉച്ചമലരി.

വിന്ദുഫലം-മുത്തു്.

വിന്ദുസരസ്സ്-ഒരു തടാകം.

വിന്ധ്യൻ-ഒരു പർവ്വതം. വിരോധമായി ധ്യാനിക്കുന്നതു്-സൂര്യചന്ദ്രന്മാരുടെ ഗ

തിയെ മുടക്കണമെന്നു കരുതിയതത്രെ വിന്ധ്യാനം.

ഇതു കുലപർവതങ്ങളിൽ ഒന്നാണ്. ഈ പർവതം അഹംകാരംകൊണ്ടു സൂര്യനുമായി പിണങ്ങി. ഹിമാലയത്തോടു വളരെ അസൂയയുണ്ടു. മേരുപർവതത്തെ ചുററി സഞ്ചരിക്കുന്നതുപോലെ തന്നെയും ചുററി സഞ്ചരിക്കണമെന്നു പറഞ്ഞതിൽ സൂര്യൻ അനുസരിക്കാത്തതിനാൽ സൂര്യന്റെ ഗതിയെ തടുപ്പാനായ് വിന്ധ്യൻ ഉയരുന്നതിനാരംഭിച്ചു. ദേവകൾ ഭയപ്പെട്ടു അഗസ്ത്യമഹർഷിയോടു സഹായത്തിനു അഭ്യർത്ഥിച്ചു. അഗസ്ത്യൻ വിന്ധ്യന്റെ ഗുരുവായിരുന്നു. തനിക്കു നിഷ്പ്രയാസം തെക്കോട്ടും അവിടെനിന്നു തിരിച്ചു വടക്കോട്ടും കടന്നുപോകത്തക്കവണ്ണം കുനിയണമെന്നു അഗസ്ത്യൻ വിന്ധ്യനോടു ആവശ്യപ്പെട്ടു. അതിന്മണ്ണം വിന്ധ്യൻ കുനിഞ്ഞു. അഗസ്ത്യൻ തെക്കോട്ടു കടന്നുപോയി. അഗസ്ത്യൻ വടക്കോട്ടു തിരിച്ചു ചെല്ലാത്തതു നിമിത്തം വിന്ധ്യൻ കുനിഞ്ഞ രീതിയിൽ ഹിമവാനെക്കാൾ വളരെ പൊക്കം കുറഞ്ഞതായി ഇപ്പോഴും സ്ഥിതിചെയ്യുന്നു വിന്ധ്യൻ മദ്ധ്യദേശത്തിന്റെ തെക്കെ അതിരാണു.

വിന്ധ്യാ-൧. ചിററേലം ൨. ലവലി എന്ന വൃക്ഷം.

വിന്ധ്യവാസിനി-൧. ദുർഗ്ഗ.

വിന്ധ്യാവലീ-ബലിയുടെ ഭാര്യ.

വിന്ന-വി. ൧. വിചാരിക്കപ്പെട്ട. ൨. നിശ്ചയിക്കപ്പെട്ട. ൩. സ്ഥാപിക്കപ്പെട്ട. ൪. അറിയപ്പെട്ട. ൫. വിവിഹം കഴിക്കപ്പെട്ട. ൬. ലഭിച്ച, പ്രാപിക്കപ്പെട്ട.

വിന്നകൻ-അഗസ്ത്യൻ.

വിന്നം-വി. സമ്പാദിച്ച.

വിന്യാസം-൧. വെക്കുക, വേണ്ടുംപ്രകാരമുള്ള നിറുത്തൽ. ഉ-ം, ബലവിന്യാസം (സൈന്യങ്ങളെ വേണ്ടുംപ്രകാരം നിറുത്തുക). ൨. പണയംവെപ്പ്.

വിപക്ഷത, വിപക്ഷത്വം-ശത്രുത, വിരോധം.

വിപക്ഷൻ-ശത്രു.

വിപഞ്ചി, വിപഞ്ചിക-വീണ. ശബ്ദത്തെ വിസ്തരിപ്പിക്കുന്നതു് എന്നർത്ഥം. (വിപഞ്ചീ കേളി വീണായാം' എന്നു കോശാന്തരം).

വിപണം-വില്ക്കുക.

വിപണനം-കച്ചവടം ചെയ്യുക.

വിപണി-൧. പീടിക. ൨. ചന്തസ്ഥലം. ൩. തെരുവീഥി, പീടികത്തെരുവ്. ൪. കച്ചവടത്തിനുള്ള വസ്തു.

വിപത്ത്-ആപത്ത്.

വിപത്തി-൧. ആപത്ത്. ൨. വേദന. ൩. മരണം.

വിപഥം-ചീത്തവഴി.

വിപദ്വിദൂരൻ-(വിപത് + വിദൂരൻ) വിപത്തിൽനിന്നു അകന്നിരിക്കുന്നവൻ, ആപത്തിൽ അകപ്പെടാതിരിക്കുന്നവൻ

വിപന്ന-വി. ൧. വൈഷമ്യത്തോടുകൂടിയ, ആപത്തിലകപ്പെട്ട. ൨. നശിക്കപ്പെട്ട.

വിപന്നം-പാമ്പ്.

വിപരീത-വി. വിരോധമുള്ള.

വിപരീതപത്ഥ്യാവക്ത്രം-ഒരു വൃത്തത്തിന്റെ പേർ.

വിപരീതം-വിരോധം.

വിപര്യയം-വിപരീതം, വ്യത്യാസം, മാററം.

വിപര്യാസം-വിപരീതം, വ്യത്യാസം, മാററം.

വിപശ്ചിത്ത്-വിദ്വാൻ, അപ്രത്യക്ഷ

മായ വസ്തുക്കളെക്കുറിച്ച് അറിയുന്നവൻ എന്നർത്ഥം.

വിപാകം-൧. ഫലം,

'പാഞ്ചാലാംഗിപസുകൃതവിപാകേ'

(കിർമ്മീരവധം കഥകളി)

പാകം. ൨. പഴുപ്പ്. ഉ-, 'വിപാക പിംഗാസ്തുഹിനസ്ഥലീരുഹോ'.

(മാഘം).

വിപാടനം ചെയ്ക-കീറുക.

വിപാദിക-൧. കാൽവിള്ളൽ. നടപ്പാൻ വയ്യാതാക്കിത്തീർക്കുന്നതു് എന്നർത്ഥം.

വിപാശ-ഒരു നദി.

(പഞ്ചാബിലുള്ള അഞ്ചു നദികളിൽ ഒന്നാകുന്നു. ഇം-The Beas. (ബിയാസ്). ഒരിക്കൽ വസിഷ്ഠൻ ഇതിൽ ചാടി ആത്മഹത്യയ്ക്കു ശ്രമിച്ചു.

വിപിനചര-വി. വനത്തിൽ സഞ്ചരിക്കുന്ന.

വിപിനതലം-വനം.

വിപിനം-വനം. ഭയപ്പെടുത്തുന്നതു എന്നർത്ഥം.

വിപുല-വി. ൧. വലിയ. ൨. തടിച്ച. ൩. വിസ്താരമുള്ള. ൪. ആഴമുള്ള.

വിപുലത-൧. വലിപ്പം. ൨. ആഴം.

വിപുഷ്ടമ-കാശീശന്റെ പുത്രി, ജനമേജയന്റെ ഭാര്യ.

വിപുലാ-ഭൂമി. വിസ്താരമുള്ളതു എന്നർത്ഥം. (വിപുലം=വിസ്താരം).

വിപുലാസ്രവാ-കററവാഴ.

വിപൃഥുശ്രവസ്സ്-ഒരു യാദവവീരൻ, സുഭദ്രാഹരണത്തിൽ അർജ്ജുനനോടു എതിർത്തു.

വിപ്രകാരം-൧. നിന്ദ. ൨. ദുഷ്ടത.

വിപ്രകീർണ്ണം-വി. ൧. വിടർത്തപ്പെട്ട, ചിതറിക്കപ്പെട്ട. ൨. അഴിഞ്ഞ (തലമുടി). ൩. വീതിയുള്ള.

വിപ്രകൃത-വി. ൧. നിന്ദിക്കപ്പെട്ട. ൨. ഉപദ്രവിപ്പിക്കപ്പെട്ട.

വിപ്രകൃഷ്ട-വി. ദൂരമുള്ള, അകലമുള്ള.

വിപ്രകൃഷ്ട(ക)ം-൧. ദൂരത്തുള്ളതു്. ൨. ദൂരം.

വിപ്രചിത്തി-ദാനവരുടെ പ്രധാനി, കശ്യപന്റെ പുത്രൻ.

വിപ്രത, വിപ്രത്വം-ബ്രാഹ്മണത്വം.

വിപ്രതിപത്തി-൧. പരസ്പരവിരുദ്ധം, വിരോധം. ൨. സമ്മതമില്ലായ്ക. ൩. അന്യോന്യസംബന്ധം. ൪. തർക്കം.

വിപ്രതിഷേധം-തുല്യബലവിരോധം.

വിപ്ര(തി)തീസാരം-അനുതാപം, കഴിഞ്ഞതു വിചാരിച്ചുള്ള ദുഃഖം.

വിപ്രൻ-ബ്രാഹ്മണൻ.

വേദത്തിൽ 'വിപ്രൻ' എന്ന പദം ബുദ്ധിമാൻ എന്ന അർത്ഥത്തിലാണ് ഉപയോഗിച്ചിട്ടുള്ളതു്.

വിശേഷണ തപഃപൂർത്തിയെ ചെയ്യുന്നവൻ എന്നർത്ഥം.

വിപ്രം-൧. അരയാൽ. ൨. നെന്മേനിവാക.

വിപ്രമാഥം-ഉപദ്രവം.

വിപ്രയുക്തം-വി. വേർപെട്ട.

വിപ്രയോഗം-൧. രാഗികളായിരിക്കുന്ന സ്ത്രീപുരുഷന്മാരുടെ പരസ്പരമുള്ള വേർപാടു്.

'വിപ്രയോഗകൃശമാം മാലേതുമാലോചിയാ'

(അഭിജ്ഞാനശാകുന്തളം)

൨. ബ്രാഹ്മണരുടെ കൂട്ടം.

വിപ്രലബ്ധ-വി. വഞ്ചിക്കപ്പെട്ട.

വിപ്രലംഭം-൧. വേർപാട്. ൨. വഞ്ചന. ൩. രാഗികളായിരിക്കുന്ന സ്ത്രീപുരുഷന്മാരുടെ വേർപാട്. ൪. വഴക്ക്.

വിപ്രലാപം-൧. കരച്ചിൽ. ൨. വാക്കുതർക്കം. ൩. വ്യർത്ഥമായ സംസാരം.

വിപ്രലോഭി-൧. മഞ്ഞക്കുറിഞ്ഞി. ൨. അശോകം.

വിപ്രശ്നികം-പ്രശ്നം പറയുന്നവൾ.

വിപ്രിയ-വി. അനിഷ്ടമായുള്ള.

വിപ്രുട്(ട്ട്)-൧. നീർത്തുള്ളി. ൨. അടയാളം.

വിപ്ലവം-൧. ഉപദ്രവം. ൨. കലഹം. ൩. പാപം. ൪. ആപത്ത്. ൫. ക്രമമില്ലാത്ത യുദ്ധം. ൬. നാശം.

വിപ്ലുത-വി. ൧. ദുഷ്ടതയുള്ള. ൨. വിരോധമുള്ള. ൩. മുക്കിയ.

വിഫല-വി. ൧. ഫലമില്ലാത്ത. ൨. കായില്ലാത്ത. വിഫലം > <സഫലം.

വിഫലചതുഷ്ടയം— അഗുണന്റെ സൌന്ദര്യം, അസിദ്ധന്റെ വിദ്യ, ദുശ്ശീലന്റെ വംശം, അനുഭവിക്കാത്തവന്റെ ധനം, ഇവ ൪-ം.

വിഫലാ-പൂക്കൈത.

വിബന്ധം-തടവ്.

വിബുധനദി- ദേവലോകത്തെ ആറ്, ഗംഗാനദി.

വിബുധൻ-൧. ദേവൻ. ൨. വിദ്വാൻ.

വിബുധം-കർപ്പൂരം.

വിബുധേന്ദ്രൻ-ദേവേന്ദ്രൻ.

വിബോധം-൧. ഉണർച്ച. ൨. ബുദ്ധി.

വിഭക്ത-വി. ൧. വിഭജിക്കപ്പെട്ട, പകുക്കപ്പെട്ട. ൨. വേർപെടുത്തപ്പെട്ട.

വിഭക്തി-൧. പകുതി. ൨. (വ്യാകരണത്തിൽ മററു പദങ്ങളുമായുള്ള സംബന്ധത്തെ കുറിക്കുന്നതിനുവേണ്ടി നാമങ്ങളിൽ ചേർക്കുന്ന പ്രത്യയങ്ങൾക്ക് 'വിഭക്തി' എന്നു പേർ.

(ഭാഷയിൽ വിഭക്തികൾ—7;

1. പ്രഥമ (നിർദ്ദേശിക).
2. ദ്വിതീയ (പ്രതിഗ്രാഹിക).
3. തൃതീയ (സംയോജിക).
4. ചതുർത്ഥി (ഉദ്ദേശിക).
5. പഞ്ചമി (പ്രയോജിക).
6. ഷഷ്ഠി (സംബന്ധിക).
7. സപ്തമി (ആധാരിക).

വിഭക്ത്യാഭാസങ്ങൾ-എല്ലാ നാമങ്ങളിലും ചേരാത്തതും അർത്ഥത്തിൽ വിഭക്തിക്കു തുല്യങ്ങളായും ചില പ്രത്യയങ്ങൾ ഉണ്ട്. അവയ്ക്കു വിഭക്ത്യാഭാസങ്ങൾ എന്നു പേർ.

വിഭജിക്കുന്നു-പങ്കുവെയ്ക്കുന്നു.

വിഭണ്ഡകൻ-ഒരു മുനി, കശ്യപന്റെ പുത്രൻ, ഋശ്യശൃംഗന്റെ പിതാവ്.

വിഭവം-൧. സാമാനങ്ങൾ, സാധനസാമഗ്രികൾ. ൨. സമ്പത്ത്, പണം മുതലായത്. ൩. മഹാമോഹം, അത്യാഗ്രഹം. ൪. അലങ്കാരം. ൫. പൂർണ്ണശക്തി.

വിഭവസാമഗ്രികൾ-സാധനസമ്പത്തുകൾ.

വിഭാ-൧. ശോഭ. ൨. രശ്മി.

വിഭാകരൻ-൧. ആദിത്യൻ. വിശേഷേണ ശോഭയെ ചെയ്യുന്നവൻ എന്നർത്ഥം. ൨. അഗ്നി. ൩. കൊടുവേലി.

വിഭാകരം-കൊടുവേലി, എരിക്ക്.

വിഭാഗതഃ-പങ്കുപങ്കായിട്ട്.

വിഭാഗം-൧. പങ്ക്. ൨. പ്രദേശം.

വിഭാഗിക്കുന്നു-പകുക്കുന്നു.

വിഭാതം-പ്രഭാതം.

വിഭാനംചെയ്ക-ശോഭിക്ക.

വിഭാജ്യ-വി. പകുക്കപ്പെടുവാൻ തക്ക.

വിഭാണ്ഡി-ചടച്ചി.

വിഭാവം-(അലങ്കാരശാസ്ത്രത്തിൽ) ശരീരത്തിന്നോ മനസ്സിന്നോ പ്രത്യേക വികാരം വരുത്തുകയോ വർദ്ധിപ്പിക്കുയോ ചെയ്യുന്ന സ്ഥിതി.

വിഭാവകം-വി. ൧. തെളിവായിക്കാണിക്കുന്ന. ൨. വ്യവഹരിക്കുന്ന.

വിഭാവന-൧. ശോധനചെയ്തു നിശ്ചയിക്ക. ൨. തിരിച്ചറിവ്. ൩. ഒരലങ്കാരം. പ്രസിദ്ധകാരണം കൂടാതെ തന്നെ കാര്യമുണ്ടാകുന്നതു്.

വിഭാവനം, വിഭാവനാ-൧. തിരിച്ചറിവ്. ൨. വ്യവഹാരം, ശോധന. ൩. സങ്കല്പം.

വിഭാവനംചെയ്യുക-അറിയുക.

വിഭാവൻ-സ്നേഹിതൻ.

വിഭാവരീ-൧. രാത്രി. നക്ഷത്രാദികളെക്കൊണ്ടു ശോഭിക്കുന്നതു് എന്നർത്ഥം. ൨. മഞ്ഞൾ. ൩. മേദാ. ൪. സോമന്റെ രാജധാനി.

വിഭാവസു-൧. ആദിത്യൻ. പ്രഭയാകുന്ന ധനമുള്ളവൻ എന്നർത്ഥം. ൨. അഗ്നി. ൩. എരിക്ക്. ൪. കൊടുവേലി. ൫. ചന്ദ്രൻ. ൬. കഴുത്തിലെ ഒരാഭരണം, ഹാരം.

വിഭാവിത-വി. ഗ്രഹിക്കപ്പെട്ട. ൨. നിശ്ചയിക്കപ്പെട്ട.

വിഭാവിതം-വിഭാവനം ചെയ്യപ്പെട്ടതു്, അറിയപ്പെട്ടതു്.

വിഭാഷണം-ഭർത്സനം.

'ബഹുവിധവിഭാഷണം പിന്നെയും
ചെയ്തതും'
(ഭാഗവതം 24 വൃത്തം)

വിഭാഷിതം-വികല്പം.

വിഭിന്ന-വി. ൧. ചിതറപ്പെട്ട. ൨. കലർത്തപ്പെട്ട. ൩. തുളയ്ക്കപ്പെട്ട. ൪. ഉടയ്ക്കപ്പെട്ട. ൫. വ്യവസ്ഥിതമായ.

വിഭിന്നത-വേർപാട്.

വിഭീത(ക)ം-താന്നിവൃക്ഷം.

വിഭീതകീ-താന്നി.

വിഭീഷണ-വി. ഭയങ്കരമായ.

വിഭീഷണൻ-൧. രാവണന്റെ അനുജൻ. ('രാക്ഷസോല്പത്തി' നോക്കുക) ൨. ശത്രുക്കൾക്കു ഭയങ്കരനായുള്ളവൻ.

വിഭീഷണാത്മാ(വ്)-൧. ഭക്തന്മാരുടെ ഭയത്തെ ഇല്ലാതാക്കുന്നവൻ. ൨. പാപികൾക്കു വിശേഷാൽ ഭയങ്കരനായുള്ളവൻ. ൩. വിഭീഷണന്റെ ആത്മാവായിട്ടുള്ളവൻ.

വിഭീഷണൻ വലിയ വിഷ്ണുഭക്തനായിരുന്നു. ഇദ്ദേഹം തപസ്സുചെയ്തു്ബ്രഹ്മാവിനോടു വിഷ്ണുഭക്തിയെ വരിച്ചതു്. ദുഷ്ടനായ രാവണൻ വിഭീഷണന്റെ സന്മാർഗ്ഗനിഷ്ഠ രസിക്കാത്തതിനാൽ അടിച്ചു പുറത്താക്കി. വിഭീഷണൻ കൈലാസത്തിൽ ചെന്നു അഭയം പ്രാപിച്ചു. പിന്നീടു ശ്രീരാമന്റെ സഖ്യതയെ നേടി. രാവണനെ വധിച്ചതിന്റെ ശേഷം ശ്രീരാമൻ വിഭീഷണനെയാണു ലങ്കാധിപതിയാക്കിയതു്.

൨. സൌമ്യൻ.

വിഭീഷണം-വേഴൽ.

വിഭു-വി. സർവ്വവ്യാപിയായുള്ള. ൨. ഉറപ്പുള്ള. ൩. നിത്യമായുള്ള.

വിഭു-൧. സർവ്വശക്തൻ, തത്വാവധാരണസമർത്ഥൻ (ഇന്ന പ്രകാരമെന്നു നിശ്ചയിപ്പാൻ സാമർത്ഥ്യമുള്ളവൻ), എല്ലാം അറിയുന്നവൻ, പ്രഭു, നാഥൻ. ൨. ശിവൻ. ൩. വിഷ്ണു. ൪. ബ്രഹ്മാവ്.

ഇ. ഭൂത്യൻ. ന്റ. ഭിക്ക്. ഒ. കാലം. ൠ. ആത്മാവ്. ൻ. ആകാശം.

വിഭൂത(താ ം)-വാ ഭുവിന്റെ അവസ്ഥ.

വിഭൂതം-വി. ൧. ഉണ്ടായ. ൨. കാണപ്പെട്ട.

വിഭൂതി-൧. ഐശ്വൎയ്യം. ൨. ഭസ്മം. ൩. വലിപ്പം, ശക്തി.

വിഭൂഷണം-ആഭരണം.

വിഭൂഷാ-ആഭരണം.

'ഒരുവാം നിജവിഭൂഷാജാലമെല്ലാം-മണിഞ്ഞാം'

(ഭാഷാനൈഷധചമ്പു)

വിഭൂഷിത-വി. അലങ്കരിക്കപ്പെട്ട.

വിഭൃത-വി ഭരിക്കപ്പെട്ട, രക്ഷിക്കപ്പെട്ട.

വിഭ്രമം-൧. സ്ത്രീകളുടെ ചില ശൃംഗാരചേഷ്ട, വിലാസം. ൨. കളി. ൩. തെററ്. ൪. തിടുക്കം. ൫. സംശയം. ൬ സൌന്ദൎയ്യം. ൭. ചുററിത്തിരിക.

വിഭ്രമമദം-സൌന്ദൎയ്യമദം.

വിഭ്രമിക്കുന്നു-പരിഭ്രമിക്കുന്നു.

വിഭ്രംശം-൧. വീഴ്ച, പതനം. ൨. അധോഗതി, നാശം.

വിഭ്രംശിത-വി. നശിച്ച.

വിഭ്രാജം-വി. ശോഭയുള്ള.

വിഭ്രാണ-ന്നി. ൧. ധരിച്ച.

'വെള്ളം കുടാതെ വിഭ്രാണം'

(ബാലപ്രബോധനം)

൨. അനുഭവിക്കുന്ന

വിഭ്രാന്ത വി. പരിഭ്രമിച്ച.

വിഭ്രാന്തി-൧. പരിഭ്രമം, കുഴപ്പം. ൨. ചുററിത്തിരിയുക.

വിമത-വി. അനിഷ്ടമായ

വിമതൻ-ശത്രു.

വിമതസ്ഥൻ-ഭിന്നമതവിശ്വാസി.

വിമതേന്ദ്രിയൻ-ക്ഷയിച്ച ഇന്ദ്രിയശക്തിയോടു കൂടിയവൻ.

വിമഥൻ-നശിപ്പിക്കുന്നവൻ.

വിമഥം-പൂൎണ്ണനാശം.

വിമനസ്സ്, വിമനസ്സ-വി. മനോദുഃഖമുള്ള, അന്ധാളിപ്പിലായ.

വിമനായിതൻ-ദുഃഖത്തോടുകൂടിയവൻ.

വിമന്യു-വി. ൧. കോപമില്ലാത്ത. ൨. ദുഃഖമില്ലാത്ത.

വിമൎദ്ദനം-൧. മൎദ്ദിക്ക. ൨. നശിപ്പിക്ക.

വിമൎശനം-൧. ചിന്ത, വിചാരണ. ൨. ആലോചിക്ക (വി-മൎശ്) മൎശ് എന്നു മൂലധാതുവിൽ നിന്നുണ്ടായതാണ്. ആ ധാതുവിന്ന സ്പൎശനം, പ്രണിധാനം എന്ന രണ്ടൎത്ഥം പറഞ്ഞിരിക്കുന്നു. പ്രണിധാനം = ചിന്തനം ചെയ്യുന്നതു്. അതുകൊണ്ടു വിമൎശനം, വിശേഷമായ ചിന്തനം. (ഇതുപോലെ 'പരാ' എന്ന ഉപസൎഗ്ഗം ചേൎന്ന് പരാമൎശിക്ക എന്ന പദമുണ്ടായി. പരാ = പിറകേ.)

വിമൎശം-വിചാരം.

വിമല-വി. ൧. വെടിപ്പുള്ള, മലമില്ലാത്ത. ൨. വെളുത്ത

വിമലം-൧. നിൎമ്മലം ൨. വെള്ളിപ്പൂച്ച്

വിമലത-മലമില്ലായ്ക, വെടിപ്പ്.

വിമലൻ-൧. ജിനമഹൎഷി. ൨. നിൎമ്മലൻ.

വിമലൻ-ഒരു സംസ്കൃതകവി. ജൈനനാണ്. പ്രശ്നോത്തരരത്നമാല നിൎമ്മിച്ചു

വിമലാ-൧. ചമ്മന്തി ൨ കണ്ണിൽ ഭിന്നത്തിനുള്ള ഒരു ഗുളിക

വിമലാത്മകം-സ്വഭാവേന നിമ്മലമായുള്ളത്.

വിമഷ്-പ്ര. വിചാരം, ആലോചന. ൨. തുഷ്ടികേട്. ൩. ക്ഷമയില്ലായ്മ.

വിമളം-മാക്കീരക്കല്ല്.

വിമാതാവ്-ഇളയമ്മ, വിരുദ്ധയായ മാതാ.

വിമാതൃജൻ-അച്ഛൻ വേറെ വേളികഴിച്ച വലിയമ്മ, ചെറിയമ്മ ഇവരുടെ മകൻ. വിമാതാ=വിരുദ്ധയായ മാതാ. അമ്മയുടെ സപത്നിമാർ അമ്മയ്ക്കു വിരുദ്ധകളായിരിക്കുന്നതുപോലെ മക്കാൎക്കും വിരുദ്ധയായിരിക്കുമെന്നുള്ളതു കൊണ്ട് ഈ അൎത്ഥം ഭവിച്ചു.

വിമാനം-പ്ര. ദേവരഥം. ദേവന്മാൎക്ക വിശേഷമായി സ്ഥിതിചെയ്യുന്നതിനുള്ളത് എന്നൎത്ഥം.

മാനം=ഉപമാ. വിമാനം=സാദൃശ്യമില്ലാത്തത്. പക്ഷികൾ സദൃശമായി ആകാശത്തിൽ സഞ്ചരിക്കുന്നത് എന്നൎത്ഥം.

൨. അളവ്. ൩. അപമാനം. ൪. രാജധാനി. ൫. കുതിര. ൬. രഥം. ൭. ഏഴുനില മാളിക.

വിമാംസം-അശുദ്ധിയുള്ള മാംസം. (പട്ടിയുടേതുപോലെ).

വിമാൎഗ്ഗണം-അന്വേഷണം.

വിമാൎഗ്ഗം-പ്ര. ചൂൽ. ൨. ചീത്തവഴി. ൩. തെററായുള്ള വഴി.

വിമിശ്ര, വിമിശ്രിത-വി. കലൎന്ന

വിമുക്ത-വി. പ്ര. മോചിക്കപ്പെട്ട, ഉപേക്ഷിക്കപ്പെട്ട. ൨. എറിയപ്പെട്ട.

വിമുക്തി-പ്ര. മോചനം, മോക്ഷം. ൨. വേർപാട്.

വിമുഖ-വി. പ്ര. മുഖംതിരിച്ച. ൨. വിരോധമുള്ള, മനസ്സില്ലാത്ത, വെറുപ്പുള്ള, വിലക്ഷണമുഖമുള്ള.

വിമുഖത-വിരോധം, ഇഷ്ടക്കേട്, അഭിമുഖമില്ലായ്മ.

വിമുഖൻ-(സാധാരണ അൎത്ഥം) വെറുപ്പുള്ളവൻ. (ശരിയായ അൎത്ഥം) വിലക്ഷണമുഖമുള്ളവൻ.

വിമുഗ്ദ്ധ-വി. മനം കലങ്ങിയ.

വിമുഗ്ദ്ധൻ-മൂഢൻ, തത്വമറിയാത്തവൻ

വിമൂഢ-വി. പ്ര. അറിവില്ലാത്ത. ൨. അറിവുള്ള.

വിമോക്ഷണം(ണാ)-വിടുക, സ്വാതന്ത്ര്യമായി വിട്ടേയ്ക്കുക.

വിമോക്ഷം-സ്വാതന്ത്ര്യപ്പെടുത്തുക.

വിമോചനം-ഉപേക്ഷിക്ക, വിടുതൽ.

വിമോചിക്കുന്നു - വിടുന്നു, ഉപേക്ഷിക്കുന്നു.

വിമോഹന-വി. മനസ്സിനെ ഇളക്കുന്ന, മോഹിപ്പിക്കുന്ന.

വിമോഹനം-പ്ര. മനസ്സിന്റെ ഇളക്കം. ൨. ഒരു നരകം.

വിമോഹം-പ്ര. മോഹാലസ്യം, ഓൎമ്മക്കേടു മറവി. ൨. ആഗ്രഹം.

വിംബല, വിമ്മല്യനാട്-തെക്കംക്കൂറ്.

വിംബല്യാധീശൻ - തെക്കംക്കൂർ രാജാവ്.

വിംബം-പ്ര. ചന്ദ്രാദിത്യന്മാരുടെ രൂപം. ൨. പ്രതിശരീരം. ൩. കല്ല്, മരം മുതലായവ കൊണ്ടുണ്ടാക്കിയ രൂപം. ൪. കോവൽപ്പഴം (കായ്).

വിംബിക-കോവൽവള്ളി.

വിംബ്യ-അടക്കാമരം.

വിമ്മംകടിക്കുന്നു-വപ്പുകടിക്കുന്നു.

വിമ്മല്യനാട്-തെക്കംക്കൂറരാജ്യം.

വിമ്മല്യാധീശൻ-തെക്കംക്കൂറരാജാവ്.

വിമ്മാരം, മുന്നാരം, ഉമ്മാരം-വായുടെ മുൻഭാഗം.

**വിമ്മിട്ടം**-ഞെരുക്കം, ശ്വാസോച്ഛ്വാസം ചെയ്യുന്നതിലുള്ള ഞെരുക്കം, ബുദ്ധിമുട്ട്, സങ്കടം. (ക്രിയ-വിമ്മുന്നു).

'ഒമ്മിട്ടനാദങ്ങൾ കേട്ടുതുടങ്ങി
വിമ്മിട്ടമുണ്ടായി ബാലകൾക്കപ്പോൾ'
(അജ്ഞാനകുഠാരം)

**വിമ്മുന്നു**-ഏങ്ങുന്നു, വിമ്മിട്ടപ്പെടുന്നു. (നാമം-വിമ്മൽ).

**വിമ്ലാപനം**-൧. വൃത്തിയാക്കുക, ശുചിയാക്കുക. ൨. പുതുക്കുക.

**വിംശതി**-ഇരുപത്.

**വിയശ്ശുന്നു**-പരിഭ്രമിക്കുന്നു. (വിയച്ചു=പരിഭ്രമിച്ചു).

**വിയദ്ഗംഗാ**—ഗംഗാനദി, ആകാശഗംഗ.

**വിയദാപഗാ**-ഗംഗാനദി.

**വിയന്മണി**-സൂര്യൻ.

**വിയന്മണ്ഡലം**-ആകാശമണ്ഡലം.

**വിയമം**-൧. പരപീഡാദിപാപങ്ങളൊന്നും ചെയ്യാതെ സ്വസ്ഥമായിരിക്കുക, അടങ്ങുക എന്നർത്ഥം. ൨. തടവ്, നിൽക്കൽ. ൩. സുഖക്കേട്, വേദന, ദുഃഖം.

**വിയം**-൧. വിശാലത. ൨. തന്നത്താൻ സ്തുതി.

**വിയൽ, വിയത്ത്**-ആകാശം. എല്ലാടവും വ്യാപിക്കുന്നത് എന്നർത്ഥം. അവസാനമില്ലാത്തത് എന്നുമാവാം.

**വിയൽഭൂതി**-ഇരുട്ട്.

**വിയർക്കുന്നു**-ഉഷ്ണംകൊണ്ട് ശരീരത്തിലുമുറവം നിന്ന് ഒരുമാതിരി വെള്ളം പുറപ്പെടുന്നു.

**വിയാത**-വി. ൧. ധൈര്യമുള്ള. ൨. നാണമില്ലാത്ത. ൩. ഹീനമായ, അധമമായ.

**വിയാമം**-൧. പരപീഡാദി പാപകർമ്മങ്ങളൊന്നും ചെയ്യാതെ സ്വസ്ഥമായിരിക്കുക. അടങ്ങുക എന്നർത്ഥം. ൨. തടവ്, നിൽക്കൽ. ൩. സുഖക്കേട്, വേദന, ദുഃഖം.

**വിയു**-മൂഢൻ.

**വിയുത**-വി. കൂടാത്ത, വിട്ടുപോയ.

**വിയുക്ത**-വി. വേർപെട്ട.

**വിയോഗം**-൧. വേർപാട്. ൨. സ്നേഹമുള്ളവർ തമ്മിൽ കാണാതെ അകന്നിരിക്ക, വിരഹം. വിയോഗം> <സംയോഗം.

**വിയോഗി**-വി. യോഗമുള്ള.

**വിയോഗി**-ചക്രവാകപ്പക്ഷി.

ഒരുമാതിരി അരയന്നം എന്നും കാണുന്നുണ്ട്.

**വിയോഗിനി**-വിരഹമുള്ളവൾ.

'കഷ്ടപ്പെട്ടു വിയോഗിനീ കഥമപി'
(അമരുകശതകം)

**വിയോജിക്കുന്നു**-വേറെയാക്കുന്നു.

**വിയോനി**—വിലക്ഷണമായ യോനി, രോഗാദി ദൂഷിതമായ യോനി.

**വിര**-൧. ഒരുമാതിരി പുഴുവ്. ൨. വിത്ത്.

**വിരകൽ**-കുട്ടിപ്പിശകൽ.

**വിരകുന്നു**-കുട്ടിപ്പിശകുന്നു, കഴയ്ക്കുന്നു.

'വിരകിവെച്ചുള്ളചോറെടുത്തു'
(നാളായണീചരിതം തുള്ളൽ)

**വിരക്കൽ**-ഒരു ദീനം. (നഖത്തിലുണ്ടാകുന്നത്).

**വിരക്ത**-വി. ഒന്നിലെങ്കിലും ആഗ്രഹമില്ലാത്ത.

**വിരക്തം**-ഘനവാദ്യത്തിൽ ഒരിനം.

ഇതു ഗീതം കൂടാതെ മാറ്റുള്ള താളങ്ങളെ അനുസരിച്ച് വാദനം ചെയ്യുന്നതാകുന്നു.

**വിരക്തി**-വെറുപ്പ്, ഇഷ്ടമില്ലായ്ക.

**വിരംഗം**-കങ്കട്ടം.

വിരചിക്കുന്നു-സൃഷ്ടിക്കുന്നു, ഉണ്ടാക്കുന്നു.

വിരചിത-വി. ഉണ്ടാക്കപ്പെട്ട.

വിരജൻ-വിഷ്ണു.

വിരജസ്തമസ്കൻ- രജോഗുണവും തമോഗുണവും നിശ്ശേഷം നിവർത്തിക്കയാൽ ശുദ്ധസത്വഗുണവാന്മാരായവർ.

വിരജാ-൧. നഹുഷന്റെ ഭാര്യ. ൨. ദൂർവ്വ.

വിരഞ്ചൻ, വിരിഞ്ചി-ബ്രഹ്മാവ്.

വിരഞ്ഞ്-വേഗം.

'മുരരിപുമതമറിഞ്ഞുമാമുനി
വരന്മാരുംവിരഞ്ഞെഴുന്നെള്ളീടിനാർ'
(ഭാരതം)

വിരട്ടുന്നു-൧. ഓട്ടിക്കുന്നു. ൨. ഭയപ്പെടുത്തുന്നു.

വിരണം-രാമച്ചം.

വിരത-വി. അവസാനിച്ച.

വിരതി-അവസാനം, നിവൃത്തി, ഇളവ്.

വിരന്ത്-വേഗത്തിൽ. (പ. മ.)

വിരപ്പാട്ട്-വിത്തുപാട്ട്.

വിരമം-അവസാനം.

വിരമിക്കുന്നു-൧. അടങ്ങുന്നു, നിവൃത്തുന്നു, പിന്തിരിയുന്നു. ൨. ഇളയ്ക്കുന്നു. ൩. അവസാനിക്കുന്നു.

വിരയ-വളരെ വേഗത്തിൽ.

വിരയുന്നു- ആഗ്രഹിക്കുന്നു, ധൃതിവെയ്ക്കുന്നു.

വിരയെ-വി. വളരെ വേഗത്തിൽ.

വിരലായം-വിരലിന്റെ നീളം.

വിരലാഴി-മോതിരം.

'ഇടഞ്ഞിട്ടുന്ന കടകമൊട്ടു മുടക
വിരലാഴി'
(ഒരു പഴയ കൃതി)

വിരലിട-൧. വിരലുകളുടെ ഇട. ൨. ഒരു വിരൽവീതി.

വിരൽ-കൈകകളുടേയും കാലുകളുടേയും അററത്തെ അയ്യഞ്ചു ശാഖകൾ, അംഗുലി.

വിരൽകടിക്ക-പശ്ചാത്തപിക്ക.

വിരൽചരട്-വിരൽഞാൺ.

വിരൽചുററ് - വിരലിൽ ഉണ്ടാകുന്ന ഒരു ദീനം.

വിരൽപ്പാട്ട്-മുന്നര ഇഞ്ച് (8 യവം).

വിരവ്-അ. വേഗം.

വിരവിൽ-അ. വേഗത്തിൽ.

വിരവോടെ-അ. വേഗത്തോടെ.

വിരശി-ഒരു കണക്ക്.

വിരസ-വി. രസമില്ലാത്ത.

വിരസത-രസമില്ലായ്മ.

വിരസം-രസക്കേട്. (വിരസം > <സരസം).

വിരഹം-വേർപാട്, ഭാര്യാഭർത്താക്കന്മാർ തമ്മിലുള്ള വേർപാട്, വിയോഗം.

വിരഹി-വി. വിരഹമുള്ള, വേർപെട്ട.

വിരഹിണീ-൧. ഭർത്താവിൽ നിന്ന് പിരിഞ്ഞിരിക്കുന്ന സ്ത്രീ, വിരഹം അനുഭവിക്കുന്നവൾ. ൨. ശമ്പളം, കൂലി.

വിരഹിത-വി. വേർപിരിഞ്ഞ.

വിരഹീ-ഭാര്യയോടു പിരിഞ്ഞ പുരുഷൻ.

'നിനവോടു വിരഹി
നോക്കിടുന്നാക്കമോടെ'
(അമരുകശതകം)

വിരഹോൽക്കണ്ഠിതാ-ഭർത്താവിനോടു വേർപെട്ടവൾ.

വിരള-വി. ൧. ഇടവിട്ട. ൨. ഏററവും കൃശമായ, കുറഞ്ഞ. ൩. ദൂരത്തുള്ള.

വിരളം—വി. പ്ര. ഇടകളുള്ള. ദ്വ. നേരിയ, ലോലമായ ന. അയഞ്ഞ. ര. അപൂൎവ്വമായ.

വിരളം-പ്ര. ഇടവിട്ടതു്. ദ്വ. ദൈന്യ്.

വിരളി, വെരുളി-ഭയം. വി. വിരളുന്ന പ്രകൃതിയോടുകൂടിയ.

വിരളുന്നു, വെരുളുന്നു-ഭയപ്പെടുന്നു.

വിരൾച്ച-ഭയം.

വിരാഗം—പ്ര. ഇഷ്ടക്കേടു്. ദ്വ. നിറം മാററം. ന. ലോകവ്യവഹാരത്തിൽ മനസ്സില്ലായ്ക.

വിരാഗി—വി. വിരക്തിയുള്ള.

വിരാജൻ—വി. ശോഭിക്കുന്ന.

വിരാജമാനൻ—ശോഭിക്കുന്നവൻ.

വിരാജിത—വി. ശോഭിക്കപ്പെട്ട.

വിരാടജം—രാജാവൎത്തമണി.

വിരാടം—പ്ര. രാജപുരാണയ്ക്കു വടക്കുകിഴക്കുള്ള ദേശം.

വിരാടരാജാവിന്റെ ഈ രാജ്യത്താണ പാണ്ഡവർ ദ്രൗപദിയൊന്നിച്ച് അജ്ഞാതവാസം കഴിച്ചുകൂട്ടിയതു. വിരാടനെ ദ്രോണർ വധിച്ചു. വിരാടരാജാവിന്റെ പുത്രിയാണ ഉത്തര. ഉത്തര അഭിമന്യുവിന്റെ ഭാൎയ്യയും പരീക്ഷിത്തിന്റെ അമ്മയുമാകുന്നു. വിരാടൻ ഭാരതയുദ്ധത്തിൽ പാണ്ഡവൎക്ക സഹായിച്ചു.

(മാൎവ്വാൎയുടെ വടക്കും, രാജപുരാണയുടെ കിഴക്കും, ഡൽഹിക്ക തെക്കും, കോസലത്തിന്റെ പടിഞ്ഞാറുമായി കിടക്കുന്ന രാജ്യം)

ദ്വ. മഹാഭാരതത്തിലെ ഒരു പൎവ്വം.

വിരാട്ടു്—പ്ര. എങ്ങും നിറഞ്ഞു ഏകകാരണനായിരിക്കുന്ന ഈശ്വരൻ. (ഭാഗവതം ദ്വിതീയസ്കന്ധം നോക്കുക). ദ്വ. ക്ഷത്രിയൻ. ന. ശോഭ.

വിരാധൻ-ഒരു രാക്ഷസൻ.

ശതഹ്രദയിൽ കാലനു ജനിച്ചവൻ. ഏററവും ക്രൂരനാണ്. ദീൎഘശരീരി എന്നു തന്നെയല്ല നരമാംസഭോജിയുമായിരുന്നു. തപസ്സു ഹേതുവായിട്ടു ബ്രഹ്മാവിൽനിന്നു വജ്രശരീരത്തെ പ്രാപിച്ചു. ദണ്ഡകാരണ്യത്തിൽവച്ചു ശ്രീരാമാദികളെ ആക്രമിച്ചു. സീതയെ അപഹരിപ്പാൻ ശ്രമിച്ചു. ശ്രീരാമന്റെ അസ്ത്രപ്രയോഗത്തെ കൂട്ടാക്കാതെ അവരെ തോളിലെടുത്തുകൊണ്ടു ഓടിക്കളഞ്ഞു. അവനെ കൊല്ലുന്നതിനു അവർ വളരെ പണിപ്പെട്ടു. ഒടുക്കം ജീവനോടെ അവനെ കുഴിയിലിട്ടു മൂടി. അപ്പോൾ കുഴിയിൽനിന്നു വളരെ സുന്ദരനായ ഒരു ഗന്ധൎവ്വൻ എഴുന്നേററു പ്രത്യക്ഷനായി. താൻ ഒരു ഗന്ധൎവ്വനാണെന്നും കുബേരന്റെ ശാപം നിമിത്തം രാക്ഷസനായി എന്നും പറഞ്ഞു ശ്രീരാമന്റെ കാക്കൽ വീണു. വിരാധനെ തുംബുരു എന്നും വിളിക്കും.

തോളിൽ എടുത്തുകൊണ്ടു പോയതും മററും രാമായണത്തിൽ കാണുന്നില്ല. വിരാധൻ സീതയോടടുത്തപ്പോൾ കൈകളും കാലുകളും തലയും പത്രികൾകൊണ്ടു ഖണ്ഡിച്ചു എന്നും മററുമാണ അതിൽ കാണുന്നതു്. ദുൎവ്വാസാവു ശപിച്ചു എന്നാണ ഇതിൽ പ്രസ്താവിക്കുന്നതു്.

വിരാണി—ആന.

വിരാദ്ധ—വി. പ്ര. ഉപദ്രവിക്കപ്പെട്ട. ദ്വ. നിന്ദിക്കപ്പെട്ട. ന. തടുക്കപ്പെട്ട, എതിൎക്കപ്പെട്ട.

വിരാധം—പ്ര. എതിൎക്കുക, തടസ്ഥം. ദ്വ. അസഹ്യത, ഉപദ്രവം.

വിരാമം—പ്ര. നിൎത്തു്. ദ്വ. അവസാനം. ന. സ്വസ്ഥത.

**വിരാലം**-പൂച്ച.

**വിരാവം**-ശബ്ദം.

**വിരാൾപുരുഷൻ**-സത്യദൈവം.

**വിരി**-പ്ര. ജീനി. ൨. മൂടി. ൩. മറ. ൪. നാവരി.

**വിരികന്നു**-പ്ര. പരത്തുന്നു. ൨. പക്ഷികൾ മൊട്ടയിൽ നിന്നു കുഞ്ഞിനെ കൊത്തിവിരിക്കുന്നു.

**വിരിച്ചൽ**-പ്ര. പരത്തൽ. ൨. പക്ഷികളുടെയും മറ്റും മൊട്ടയിൽനിന്നു കുഞ്ഞു വേർ തിരിക. ൩. പ്രകാശം. ൪. വിള്ളൽ.

**വിരിഞ്ചൻ**-പ്ര. ബ്രഹ്മാവ്. അരയന്നങ്ങളാൽ വഹിക്കപ്പെടുന്നവൻ, ഭൂതങ്ങളെ സൃഷ്ടിചെയ്യുന്നവൻ ഇങ്ങിനെ ശബ്ദാർത്ഥങ്ങൾ. (വിരിഞ്ചി എന്ന പാഠവും കാണുന്നു). ൨. ശിവൻ. ൩. വിഷ്ണു.

'വിരിഞ്ചോ ദ്രുഹിണസ്തത്ര
വിരിഞ്ചിർദ്രുഘണോ മതഃ'

(ശബ്ദാർണ്ണവം)

**വിരിഞ്ചി**-പ്ര. ബ്രഹ്മാവ്. ൨. വിഷ്ണു. ൩. ശിവൻ.

**വിരിണൻ**-കൊതിയൻ.

'വിരിണനവനൊരു കരുണവഴുതണം'
(ത്രിപുരദഹനം തുള്ളൽ)

**വിരിപന്തൽ**-വെയിൽ കൊള്ളാതെ ഇരിപ്പാനായിട്ടുണ്ടാക്കുന്ന ഒരു പണി.

**വിരിപ്പ്**-പ്ര. പായുടേയും മറ്റും മീതെ മൂടിയിടുന്നതു്. ൨. മെത്ത മുതലായതു്. ൩. കന്നിമാസത്തിൽ കൊയ്യുന്ന നെല്ല്.

**വിരിപ്പാവ്**-ഒരുമാതിരി വിശേഷവസ്ത്രം

**വിരിയം**-പ്ര. ഒരു പക്ഷി. ൨. പന്നി.

**വിരിയമ്പാമ്പ്** - ഒരുമാതിരി പാമ്പ്, അണലി.

**വിരിയുന്നു**-പ്ര. വിടരുന്നു. ൨. മൊട്ടയിൽനിന്നു കുഞ്ഞു പുറത്തുവരുന്നു. ൩. പ്രകാശിക്കുന്നു. ൪. പിളരുന്നു.

**വിരിയെ**-വേഗത്തിൽ.

**വിരിയോല** - മഴനനയാതെയിരിപ്പാൻ ചിലർ തലയിൽ വെക്കുന്ന പനയോല.

**വിരിവ്**-പ്ര. വിടർച്ച. ൨. വിള്ളൽ.

**വിരിശ്ശ്**-ഒരു വൃക്ഷം.

**വിരുക്ക്**-ചെന്നാ.

**വിരുണൻ**-കൊതിയൻ.

**വിരുതൻ**-വിരുതുള്ളവൻ, സമർത്ഥൻ.

**വിരുത്, ബിരുത്**-പ്ര. ബഹുമതി. ൨. സമ്മാനം. ൩. ജയത്തിനുള്ള ഒരു അടയാളം. ൪. തിരിച്ചറിവാനുള്ള ഒരു അടയാളം. ൫. സാമർത്ഥ്യം. ൬. സ്ഥാനമാനം, മേന്മ.

**വിരുതം**-പ്ര. കരയുക. ൨. അലറുക. ൩. ശബ്ദം.

**വിരുതുകൊടി** — തിരിച്ചറിയിക്കുന്ന കൊടി.

**വിരുത്തി**-പ്ര. വേലക്കൂലിക്കായി സർക്കാരിൽ നിന്നും കരമൊഴിവായിട്ടു ചില കുടിയാനവന്മാർക്കു കൊടുത്തിരിക്കുന്ന നിലമോ പുരയിടമോ. ൨. പുഞ്ച.

**വിരുത്തിക്കാരൻ**-വിരുത്തിയുള്ളവൻ.

**വിരുദ്ധ**-വി. വിരോധിക്കപ്പെട്ട.

**വിരുദ്ധബന്ധം** — വാക്യദോഷത്തിൽ ഒന്നു്.

**വിരുദ്ധബുദ്ധിപ്രദം**-വാക്യദോഷത്തിൽ ഒന്നു്.

**വിരുദ്ധം**-വിരോധം, തടവ്.

**വിരുന്ന്, വിരുന്തു്**-മാനമുള്ളവരെ ക്ഷണിച്ചു വരുത്തി കൊടുക്കുന്ന ഭക്ഷണം, യദൃച്ഛയാ ഭവനത്തിൽ വരുന്നവർക്കു ആദരവോടെ നൽകുന്ന ഭക്ഷണം.

വിരുന്നുകാരൻ, വിരുന്നൻ-ഭക്ഷണത്തിനായിട്ടു ക്ഷണിക്കയാൽ വന്നവൻ, യദൃച്ഛയാ ഭവനത്തിൽ വന്നവൻ.

വിരുന്നുവാഴി-ഭരിപ്പുകാരൻ.

വിരുന്നൂട്ട്-വിരുന്നുകാൎക്ക് ഭക്ഷണംകൊടുക്ക.

വിരുന്നുണ്ണ്-വിരുന്നിനു വിളിക്കുന്നവരുടെ ഭവനത്തിൽ ചെന്നുള്ള ഭക്ഷണം.

വിരുന്നുണ്ണി-വിരുന്നുണ്ടു നടക്കുന്നവൻ.

വിരുമ്പുന്നു-ആഗ്രഹിക്കുന്നു.

വിരൂക്ഷകൻ-കോപവാക്കുകൾ പറയുന്നവൻ.

വിരൂക്ഷണ-വി. രൂക്ഷതയുള്ള.

വിരൂക്ഷണം-൧. നിന്ദ. ൨. ആണ, സത്യം.

വിരൂഢം-വി. ൧. മുളച്ചുണ്ടായ. ൨. ജനിച്ച. ൩. വളൎന്ന. ൪. കയറിയ. ൫ പൂവുണ്ടായ.

വിരൂപ-വി. ഭംഗിയില്ലാത്ത. (വൈരൂപ്യം=ഭംഗിയില്ലായ്ക).

വിരൂപം-൧. അഭംഗി. ൨. തിപ്പലിമൂലം.

വിരൂപാ-൧. യമന്റെ ഭാൎയ്യ. ൨. ചെങ്കൊടിത്തൂവ. ൩. അതിവിടയം.

വിരൂപാക്ഷൻ-൧. ശിവൻ. സൂൎയ്യൻ, ചന്ദ്രൻ, അഗ്നി ഈ രൂപങ്ങളായ കണ്ണുകളോടു കൂടിയവൻ എന്നൎത്ഥം. വിരൂപന്മാരിൽ പോലും കൃപാദൃഷ്ടിയുള്ളവൻ, അനേകപ്രകാരം ഇന്ദ്രിയവ്യാപാരശക്തിയുള്ളവൻ ഇങ്ങിനെയുമാവാം. ൨. രാവണന്റെ ഭൃത്യനായ ഒരു രാക്ഷസൻ.

വിരേചക(ന)ം-ഉകമരം.

വിരേചനം, വിരേകം-വയറിളക്കം.

വിരേചി-അഴിഞ്ഞിൽ.

വിരേചിക്കുന്നു-വയറിളകുന്നു. (വിരേചിപ്പിക്കുന്നു-സ. ക്രി.)

വിരോകം-ദ്വാരം.

വിരോചനൻ-൧. ആദിത്യൻ. നല്ലതിന്നെല്ലാം പ്രകാശിക്കുന്നവൻ എന്നൎത്ഥം, ശോഭകൊണ്ടു സന്തോഷിപ്പിക്കുന്നവൻ എന്നുമാവാം. ൨. ചന്ദ്രൻ. ൩. അഗ്നി. ൪. ദൈത്യരാജാവായ പ്രഹ്ലാദന്റെ പുത്രൻ.

വിരോചനന്റെ പുത്രനാണു മഹാബലി. ഭൂമിയെ അസുരർ കറന്നപ്പോൾ വിരോചനനെയാണ് കിടാവായി ഉപയോഗിച്ചതു്.

വിരോചനം-൧. ചെമ്മരം. ൨. ഘൃതകരഞ്ജം. ൩. വലിയ പലകപ്പയ്യാനി. ൪. എരിക്ക്.

വിരോധനം-വിരോധിക്ക. വിശേഷേണ തടുക്ക.

വിരോധം-൧. ദ്വേഷം. ൨. വിപരീതം. ൩. തടവ്. ൪. യുദ്ധം ൫. ആപത്ത്.

വിരോധാഭാസം-ഒരലങ്കാരം. 'വാസ്തവത്തിൽ വിരോധമില്ലെങ്കിലും പ്രഥമശ്രവണത്തിൽ വിരോധം തോന്നുന്ന പ്രകാരം പറയുന്നതു്'.

വിരോധി-വി. വിരോധമുള്ള.

വിരോധി-൧. ശത്രു. ൨. അറുപതിൽ ഇരുപത്തുമൂന്നാം സംവത്സരം.

വിരോധികൃൽ-അറുപതിൽ നാല്പത്തഞ്ചാം സംവത്സരം.

വിരോധിക്കുന്നു-തടുക്കുന്നു, മുടക്കുന്നു.

വിരോധോക്തി-ഒരിക്കൽ പറഞ്ഞതിനു വിരോധമായി പറയുക.

വിൽ-വില്ല്.

വില-വില്ക്കുന്ന വസ്തുക്കൾ വിററാൽ അതിനു പകരം കിട്ടുന്ന ദ്രവ്യം.

വിലകാരി-എലി.

വിലകെട്ടുന്നു-വില തീൎച്ചയാക്കുന്നു.

വിലക്ക്-൧. വിരോധം, തടവ്. ൨. വിരോധിച്ചെഴുതുന്ന് എഴുത്ത്.

വിലക്കം-൧. ഒരു മീനം. ൨. സ്ത്രീകളുടെ തീണ്ടാരി.

വിലക്കാണം-ഒരു രാജരോഗം.

വിലക്കുകോരിക-രണ്ടാമതു വിളമ്പുന്ന ചോറ്.

വിലക്കുന്നു-വിരോധിക്കുന്നു, തടുക്കുന്നു, തടയുന്നു. (പ. മ.) (കാ. ക്രി.-വിലക്കിക്കുന്നു).

'കന്യകാനഗമനത്തിനുദ്യമം
വന്നതാശു വിനയം വിലക്കയാൽ'
(മലയാളശാകുന്തളം)

വിലക്ഷ-വി. ൧. അത്ഭുതമായ. ൨. ലജ്ജിച്ച. ൩. ലാക്കില്ലാത്ത.

വിലക്ഷണ-വി. ലക്ഷണമില്ലാത്ത.

വിലക്ഷണം - വികൃതി, വ്യത്യാസപ്പെട്ടത്.

വിലങ്കൽ-മലകൊണ്ടും മറവുള്ള ഏറി. (പ. മ)

വിലങ്കമാറ്-തെളിവായി.

വിലങ്ങ്-കുററക്കാരുടെ കാലും കയ്യും ഇരുമ്പുകൊണ്ടും മറവും ഉണ്ടാക്കുന്ന വസ്തു.

വിലങ്ങൻ, വിലങ്ങുകാരൻ - വിലങ്ങിൽ കിടക്കുന്നവൻ.

വിലങ്ങുന്നു-൧. വിലങ്ങത്തിലാകുന്നു. ൨. വിലങ്ങത്തിൽ പോകുന്നു ൩. തോണിയിൽ കേററി മറുകരയിൽ ഇറക്കുന്നു.

വിലങ്ങിക്കുന്നു — തടഞ്ഞുപോകുന്നു. (പ. മ).

വിലങ്ങെ-അ. വിലങ്ങത്തിൽ.

വിലച്ചരക്ക്-വിലയ്ക്കു കൊടുപ്പാനുള്ള വസ്തു, വിലയേറിയ വസ്തു.

വിലജ്ജ-വി. ലജ്ജയില്ലാത്ത.

വിലജ്ജിത-വി. നാണിച്ച.

വിലതീൎവ്-വില തീൎന്നിരിക്കുന്ന പ്രകാരം എഴുതിക്കൊടുക്കുന്ന ഓല.

വിലത്തരം-നിശ്ചയിച്ച വില.

വിലദ്വാരം-ഗുഹയുടെ വാതിൽ.

വിലനയം-വിലയിലുണ്ടാകുന്ന ഗുണം.

വിലപനം, വിലപിതം-കരച്ചൽ.

വിലപിക്കുന്നു-കരയുന്നു. (നാമം-വിലപനം, വിലാപം, വിലപിതം).

വിലപെറുന്ന-വി. വിലയുള്ള.

വിലമകൾ-തേവിടിച്ചി.

വിലമതിക്കുന്നു-വില നിശ്ചയിക്കുന്നു.

വിലമതിപ്പ്-വില നിശ്ചയിക്ക.

വിലമരുന്ന്-വിലയേറിയ മരുന്ന്.

വിലം-൧. ഗുഹ. ൨. ദ്വാരം.

വിലംഭം-അതിദാനം. വിശേഷേണ ലഭിക്കുക എന്നൎത്ഥം.

വിലയം-നാശം, പ്രളയം.

വിലയനം-൧. വെള്ളമാക്കുക, അലിക്കുക. ൨. കേടുവരുത്തുക, നശിപ്പിക്കുക.

വിലയിടിയുന്നു-വില താഴുന്നു.

വിലപ്രയോലക്കരണം-വിലപ്രമാണം.

വിലവാശി-വിലയുടെ വ്യത്യാസം.

വിലസനം-പ്രകാശം.

വിലസൽ-വി. ശോഭിച്ച.

വിലസിത-വി. വിലാസമുള്ള, സന്തോഷവും കളിയുമുള്ള.

വിലസിതം-൧. നേരംപോക്ക്, കളി. ൨. ഫലം.

വിലസുന്നു-൧. ശോഭിക്കുന്നു. ൨. ഉല്ലാസമായി നടക്കുന്നു.

വിലാപം-കരച്ചൽ.

വിലാപിക്കുന്നു-കരയുന്നു.

വിലപിക്കുന്ന എന്നു വേണമെന്നു നിർബ്ബന്ധമില്ല. മഹാകവിപ്രയോഗം കൊണ്ടു ഇതുതന്നെ സാധുവാണ്.

'എന്നാലും വിലാപിക്കുന്ന വിപ്രനോ
ടേതുമൊന്നരുളീലാ മുകിൽവർണ്ണൻ'
(സന്താനഗോപാലം പാന)

വിലാപ്പുറം-ശരീരത്തിന്റെ ഇടത്തും വലത്തുമുള്ള ഭാഗം, പാർശ്വഭാഗം.

വിലാസകം-കയിൽ.

വിലാസം-പ്ര. സ്ത്രീകളുടെ ചഞ്ചലശീലവും മദവും, കാന്തനെ കാണുമ്പോഴുള്ള ഭാവം, (താഴെ വിലാസങ്ങൾ എന്നതു നോക്കുക). വ. നേരമ്പോക്ക്.

വിലാസങ്ങൾ-ശൃംഗാരചേഷ്ടകൾ.

| | |
|---|---|
| 1. ഭാവം | 10. കിലികിഞ്ചിതം |
| 2. ഹാവം | 11. മോട്ടായിതം |
| 3. ഹേല | 12. കുട്ടമിതം. |
| 4. മാധുര്യം | 13. ബിബ്ബോകം |
| 5. ധൈര്യം | 14. ലളിതം |
| 6. ലീല | 15. കുതൂഹലം |
| 7. വിലാസം | 16. ചകിതം |
| 8. വിച്ഛിത്തി | 17. വിഹൃതം |
| 9. വിഭ്രമം | 18. ഹാസം |

'ഭാവവുംഹാവവുംഹേലാ
മാധുര്യംധൈര്യവും തഥാ
ലീലാവിലാസംവിച്ഛിത്തി
വിഭ്രമംകിലികിഞ്ചിതം
മോട്ടായിതംകുട്ടമിതം
ബിബ്ബോകംലളിതം തഥാ
കുതൂഹലഞ്ച ചകിതം
വിഹൃതംഹാസമിങ്ങിനെ
ശൃംഗാരചേഷ്ടപതിനെ-
ട്ടെണ്ണമായ്ക്കണ്ടുകൊള്ളണം'

(ഓരോ ശബ്ദത്തിന്റെയും അർത്ഥത്തിന് അതതു പദം (ഓരോന്നും) നോക്കുക.)

കുതൂഹലം=നല്ലവസ്തുക്കൾ കണ്ടിട്ടുണ്ടാകുന്ന ചാപല്യം.

സാഹിത്യദർപ്പണകാരന്റെ പക്ഷത്തിൽ ശൃംഗാരഭാവങ്ങളായ ചേഷ്ടാവിശേഷങ്ങളുടെ സാമാന്യമായ പേർ ഹാവമെന്നല്ല; അതു് അലങ്കാരമെന്നാകുന്നു. മുൻ കാണിച്ച 18-നു പുറമേ 10 എണ്ണം കൂടിയുള്ളതു താഴെ ചേർക്കുന്നു.

19. ശോഭ—അംഗങ്ങൾക്കുള്ള ഭംഗി, രൂപം, യൗവനം, ലാളിത്യം, സ്രക്ചന്ദനാദി ജനിതസുഖാനുഭവം കൊണ്ടുണ്ടാകുന്നതാണ്.

20. കാന്തി—മേല്പറഞ്ഞ ശോഭ തന്നെ കാമോന്മേഷം നിമിത്തം പുഷ്ടിപ്പെട്ടുവന്നാൽ അതു കാന്തി.

21. ദീപ്തി—മേല്പറഞ്ഞ കാന്തി തന്നെ അത്യന്തം പുഷ്ടപ്പെട്ടാൽ അതു ദീപ്തി.

22. പ്രഗത്ഭത— സമാശ്ലേഷവും ചുംബനദംശനാദികളിൽ യാതൊരു കൂസലും കൂടാതെ കട്ടിലിൽ ഭർത്താവിനെ മസ്സനാക്കിച്ചെയ്യുന്നതു്.

23. ഔദാര്യം—പരനായി കോപലേശലക്ഷണമായ അപരാധം വെളിപ്പെട്ട സമയത്തും പരുഷഭാഷണങ്ങൾ കൂടാതെയുള്ള സ്ഥിതി തന്നെ വിനയം. അതുതന്നെ ഔദാര്യം.

24. മദം—യൗവനം പ്രിയന്റെ അനുരാഗം മുതലായതു നിമിത്തമുള്ള ഗർവ്വുകൊണ്ടുണ്ടായ വികാരം.

25. തപനം— പ്രിയവിരഹവിവശയായ നായികയുടെ ചേഷ്ടാവിശേഷങ്ങൾ പറയപ്പെടുന്നതു്.

26. മൌഗ്ദ്ധ്യം— സാധാരണ പ്രസിദ്ധമായ ഒരു വസ്തുവിനെക്കുറിച്ചു തനിക്കു യാതൊരറിവും ഇല്ലാത്തുള്ള നിലയിൽ ഭർത്താവിനോടു ചോദിക്കുന്നതു.

27. വിക്ഷേപം—നായകനോടു കൂടിയിരിക്കുമ്പോൾ, അലങ്കാരങ്ങളെ പൂൎത്തിയാക്കി ധരിക്കുക, ആവശ്യമില്ലാതെയും ചെരിച്ചും മറിച്ചും നോക്കുക, രഹസ്യവചനങ്ങൾ പറയുമ്പോൾ അതിനെ അക്ഷരപദങ്ങളെക്കൊണ്ടു ചുരുക്കുക ഇവയത്രെ വിക്ഷേപം.

28. കേളി—കാന്തനോടുകൂടെ കളിച്ചുകൊണ്ടിരിക്കുമ്പോൾ വിശേഷ ചമല്ക്കാരകാരിയായ നായികാക്രീഡിതം.

ഭാവം, ഹാവം, ഹേലം, ശോഭ, കാന്തി, ദീപ്തി, മാധുൎയ്യം, പ്രഗത്ഭതാ, ഔദാൎയ്യം, ധൈൎയ്യം ഇങ്ങിനെ 10 അലങ്കാരങ്ങൾ പുരുഷന്മാൎക്കുമുണ്ടാകാം.

വിലാസി-വി. വിലാസമുള്ള, സന്തോഷവും കളിയുമുള്ള (സീ, സിനീ, സി).

വിലാസി-൧. വിഷ്ണു. ൨. ചന്ദ്രൻ. ൩. അഗ്നി. ൪. പാമ്പു്. ൫. ശിവൻ. ൬. കൃഷ്ണൻ. ൭. കാമദേവൻ.

വിലാസിക-ഒരു രൂപകം.

ശൃംഗാരരസപ്രധാനമാണു്. ഒരങ്കമേയുള്ളു.

വിലാസിനീ-൧. സ്ത്രീ. ൨. വ്യഭിചാരിണീ.

വിലാളം-൧. പൂച്ച ൨. യന്ത്രം.

വിലിഖിത-വി. എഴുതപ്പെട്ട.

വിലീന-വി. ൧. ലയിച്ച, ചേൎന്ന. ൨. ഉരുകിയ.

വിലുണ്ഠനം-മോഷണം, കൊള്ള.

വിലുപകൻ-കള്ളൻ.

വിലുളിത-വി. ൧. ഇളക്കപ്പെട്ട. ൨. ചുളുക്കപ്പെട്ട.

വിലൂന-വി. ഛേദിക്കപ്പെട്ട, നറുക്കിയ.

വിലേഖനം-൧. തോണ്ടൽ. ൨. കീറുക. ൩. വരയ്ക്കുക.

വിലേപനം-൧. പൂശുക. ൨. കുറിക്കൂട്ടു്.

വിലേപം-൧. പരിമളം. ൨. കുഴമ്പായപശ. ൩. പൂശുക.

വിലേപി- കഞ്ഞി. പശയുള്ളതു് എന്നൎത്ഥം.

വിലേപിനീ-൧. സുഗന്ധംപൂശിയ സ്ത്രീ. ൨. കഞ്ഞി.

വിലേശയം-എലി, പാമ്പു്, മുള്ളൻപന്നി മുതലായ പൊത്തിലിരിക്കുന്ന മൃഗം.

വിലേശയാ-ഉടുമ്പു്.

വിലോകനം-കാഴ്ച.

വിലോകനംചെയ്യുന്നു-നോക്കുന്നു.

വിലോചനം-കണ്ണു്.

വിലോചനാംബു-കണ്ണുനീർ.

വിലോഡനം-ഇളക്കുക, കടകോൽകൊണ്ടു കടയുക.

വിലോഡിതം-൧. ഇളക്കപ്പെട്ടതു്. ൨. മോരു്.

വിലോപം, വിലോപനം-൧. സംഹാരം, നാശം. ൨. അപഹരണം. ൩. കുറവു്.

വിലോഭനം-മോഹം, വശീകരണം.

വിലോമ-വി. മറുപാടുള്ള, ക്രമത്തിനു വിപരീതമായുള്ള.

വിലോമജിഹ്വാ-ആന.

വിലോമൻ-വരുണൻ.

വിലോമം-൧. വിപരീതമായ വഴി. ൨. പാമ്പു്. ൩. പട്ടി. ൪. വെള്ളംകൊണ്ടുപോകുന്ന ഒരു സൂത്രം.

വിലോമീ-നെല്ലി.

വിലോല-വി. ഇളക്കമുള്ള.

വിലോളനം-ഇളക്കം.

വിലോളിത-വി. ഇളക്കപ്പെട്ട.

വിലോളിതം-൧. ഇളക്കപ്പെട്ടതു്. ൨. മോരു്.

വില്ക്കൊഴുന്നു്-വില്ലിന്റെ അററം.

വില്ക്കാശു്-ഒരുവക പൊൻ നാണയം. കണ്ണാരണത്തിന്നു് ഉപയോഗിക്കാറുണ്ടു്.

വില്ക്കുന്നു-വില വാങ്ങിച്ചുംകൊണ്ടു കൊടുക്കുന്നു. (വില്പിക്കുന്നു-ക. ക്രി.)

വില്ക്കുറുപ്പു്-വില്ലുണ്ടാക്കുന്ന ഒരു ജാതിക്കാരൻ.

വില്പന—വില്ക്കുകയെന്നതു്, ക്രയവിക്രയം.

വില്പാടു്-ഒരു വില്ലിന്റെ അകലം.

വില്ലു്-൧. വളച്ചു രണ്ടററത്തുംകൂടെ ഒരു ചരടുകൊണ്ടു് കെട്ടിയിട്ടുള്ള ഒരായുധം. ൨. ധനുമാസം. ൩. ധനുരാശി.

വില്ല-ശിപായിമാർ അടയാളമായി ധരിക്കുന്ന ലോഹത്തകിടു്.

വില്ലങ്കക്കാരൻ-൧. പ്രയാസപ്പെടുന്നവൻ. ൨. വില്ലുകൊണ്ടു് യുദ്ധം ചെയ്യുന്നവൻ. ൩. വഴക്കുപറയുന്നവൻ.

വില്ലങ്കം-൧. പ്രയാസം. ൨. ഒരു വാദ്യം.

'വില്ലങ്കം കൊട്ടുവാൻ വില്ലങ്കംതന്നെ
നല്ല പെരുമ്പറ താക്കിത്തുടങ്ങി'
(അജ്ഞാനകുഠാരം)

൩. വില്ലുകൊണ്ടുള്ള യുദ്ധം. ൪. വഴക്കു്.

വില്ലങ്കിക്കുന്നു-൧. പ്രയാസപ്പെടുന്നു. ൨. വഴക്കു പറയുന്നു.

വില്ലൻ – വില്ലുകൊണ്ടു യുദ്ധംചെയ്യുന്നവൻ; വില്ലാളി.

'വില്ലന്മാരിൽ വിശേഷൻ ഞാൻ തട-
വില്ലെങ്ങും തവ നാട്ടുമുടിപ്പാൻ'
(പ്രദോഷമാഹാത്മ്യം തുള്ളൽ)

വില്ലരക്കർ-ബലവാന്മാരായ രാക്ഷസന്മാർ. (പ. മ.)

വില്ലവൻ-വില്ലാളി. (പ. മ.)

വില്ലാട്ടം-ചലനം.

വില്ലാളൻ, വില്ലാളി—വില്ലുകൊണ്ടു് യുദ്ധം ചെയ്വാൻ സാമർത്ഥ്യമുള്ളവൻ. (ആലീഢം എന്ന പദം നോക്കുക).

വില്ലി-കാട്ടുദേവത.

ആയിരവില്ലി, കരുവില്ലി, പൂവില്ലി ഇത്യാദി.

വില്ലിക്കുന്നു-൧. ലഹരിപിടിക്കുന്നു. ൨. വില്ലിനെപ്പോലെ വളയുന്നു.

വില്ലിട-വില്പാടു്.

വില്ലുവല്ലോൻ-സാമർത്ഥ്യമുള്ള വില്ലാളി.

വില്ലുന്നി-ഒരുവക പാമ്പു്.

വില്ലുസു്-സൂക്ഷ്മപടത്തുണി. (പോർട്ടുഗീസ് ഭാഷ).

വില്ലേവു്-വില്ലിൽ അമ്പുതൊടുത്തു തെററുക.

വില്ലെയ്ത്തു്-വില്ലുകൊണ്ടു എയ്യുക.

വില്ലൊലി-വില്ലിന്റെ ഞാണവലിക്കുമ്പോഴുള്ള ശബ്ദം.

വില്ലോടിക്കാരൻ-വില്ലാളി.

വില്വം-൧. കൂവളവൃക്ഷം. ൨. കൂവളക്കായു്.

വില്വികാ, വില്വീ-കറിക്കായം.

വിവക്ഷ-൧. പറവാനുള്ള ആഗ്രഹം. ൨. ആഗ്രഹം. ൩. വിചാരം. ൪. അഭിപ്രായം.

വിവക്ഷിക്കുന്നു-ആഗ്രഹിക്കുന്നു.

വിവക്ഷിത-വി. ൧. ആഗ്രഹിക്കപ്പെട്ട. ൨. ഭാവിക്കപ്പെട്ട.

വിവക്ഷിതാ-പറവാനുള്ള ആഗ്രഹം.

വിവക്ഷിതം-ആഗ്രഹിച്ച കാര്യം.

വിവക്ഷു-വി. പറവാനാഗ്രഹമുള്ള.

വിവത്സ-വി. വത്സം (ശിശു) ഇല്ലാതെയുള്ള, സന്താപമുള്ള.

വിവധം-പ്ര. കാവു്. ഉ. വഴി, പെരുവഴി സ. കാവടി. ർ. ചുമടു്.

വിവരണം-പ്ര. വിസ്തരിച്ചു പറക, വ്യാഖ്യാനപുസ്തകം. ഉ. പരിഭാഷ.

വിവരപ്പെടുത്തുന്നു-വിസ്തരിച്ചു പറയുന്നു, വ്യാഖ്യാനിക്കുന്നു.

വിവരം-പ്ര. വിസ്താരം. ഉ. പൊത്തു്, ദ്വാരം, ഇട. സ. പൊരുൾതിരിപ്പു്. ർ. കാൎയ്യം. ഇ. കാരണം.

വിവരിക്കുന്നു-വിസ്തരിച്ചു പറയുന്നു.

വിവൎജ്ജിതം-ഒഴിച്ചു വിടപ്പെട്ട.

വിവൎണ്ണ-വി. പ്ര. ഹീനതയുള്ള ഉ. നിറഭേദംവന്ന. സ. നിറംപോരാത്ത. ർ. ചീത്തനിറമായ.

വിവൎണ്ണൻ-ഹീനജാതിക്കാരൻ, നീചൻ

വിവൎത്തനം-പ്രദക്ഷിണം.

വിവൎത്തം-രൂപഭേദം.

വിവലിതം-തിരിക്കപ്പെട്ടതു്.

'ആയാനംചെയ്തനേരം
വിവലിതമഭിഭാഷിക്കാവേ'
(അമരുകശതകം)

വിവശ-വി. പ്ര. പരവശതയുള്ള. ഉ. സുഖക്കേടുള്ള. സ. സ്വാധീനമില്ലാത്ത.

വിവശത-പ്ര. പരവശത. ഉ. സുഖക്കേടു്. സ. അസ്വാധീനം.

വിവസന-വി. നഗ്നമായ.

വിവസ്വാൻ-പ്ര. ദേവൻ. ഉ. ആദിത്യൻ. വൈവസ്വതമനുവിന്റെ പുത്രൻ എന്നൎത്ഥം. സ. അരുണൻ. ർ. എരിക്കു്.

വിവാകൻ-ന്യായാധിപതി.

വിവാദം-തൎക്കം വ്യവഹാരം.

"വിവാദോ നൈവ കൎത്തവ്യഃ
കൎത്തവ്യശ്ചേൽ സമേനഹി,
അസമാന വിവാദേന
ലാഘവമേവോപ ജായതേ."

സാരം—തൎക്കത്തിന്നൊരുമ്പെടരുതു. അഥവാ ഒരുമ്പെടുകയാണെങ്കിൽ സമന്മാരോടു വേണം. അസമന്മാരോടുള്ള വിവാദം ലാഘവത്തെ (വിലക്കുറവിനെ) ഉണ്ടാക്കുന്നു.

"മാൎഗ്ഗേ സത്രേ നദീമദ്ധ്യേ
കേളീഷു ച പരാങ്ഗണേ,
പരാഗേഹേ പരഗൃഹേ
വിവാദം ന ചരേൽബുധഃ."

സാരം—ബുദ്ധിയുള്ളവർ മാൎഗ്ഗം, സത്രം, നദീമദ്ധ്യം, കേളി, പരാങ്ഗണം, അന്യരാജ്യം, അന്യന്റെ ഗൃഹം ഇവ സ്ഥലങ്ങളിൽ വാദത്തിന്നു പുറപ്പെടരുതു്.

വിവാദി-തൎക്കിക്കുന്ന ആൾ

വിവാദിക്കുന്നു-വ്യവഹരിക്കുന്നു.

വിവാരം-പ്ര. വിരിവു്. ഉ. തൊണ്ട തുറന്നക്ഷരങ്ങളെ ശബ്ദിക്കുക.

വിവാസം, വിവാസനം - നാടുകടത്തുക.

വിവാഹചതുഷ്ടയം-കാലക്രീത, ക്രയക്രീത, പിതൃദത്ത, സ്വയംവൃത ഇവ നാലും.

വിവാഹം-പെൺകെട്ടു്, വേളി, കല്യാണം. (അഷ്ടവിവാഹം നോക്കുക).

വിവാഹ്യൻ-പ്ര. മകളുടെ ഭൎത്താവു്. ഉ. മണവാളൻ.

വിവിക്ത-വി. പ്ര. ജനമില്ലാത്ത. ഉ. ശുദ്ധമുള്ള.

വിവിക്തം-വിജനം.

വിവിദൻ-ദ്വിവിദൻ.

വിവിധ-വി. പലപ്രകാരമുള്ള. (നാമം-വിവിധത്വം).

വിവിസ്ഥയൻ-കൃഷ്ണന്റെ പുത്രനായ ചാരുദേഷ്ണൻ കൊന്ന ഒരു ദാനവൻ.

വിവൃത-വി. ൧. വിസ്താരമുള്ള. ൨. പ്രകാശിക്കപ്പെട്ട. ൩. പിളൎക്കപ്പെട്ട.

വിവൃതം-൧. (വ്യാകരണത്തിൽ) 'ശ്ശു' 'ത്ത' ഇത്യാദികളിലെപ്പോലെ സ്ഫുടമായി തുറന്നു ഉച്ചരിക്കുന്നതു്. ഈ ഉകാരത്തിനു അടുത്തു പിമ്പിൽ വ്യഞ്ജനം വന്നാൽ നിവൃത്തി വായിക്കേണ്ടതാണെന്നു കാണുന്നപക്ഷം സംവൃതം വേണം, ഉ-ം. 'ശരിയായി പഠിക്കുന്ന വിദ്യാൎത്ഥിയ്ക്കു് വിജയംതന്നെ ലഭിയ്ക്കും'. ൨. വിസ്താരമുള്ളതു്. ൩. തുറന്നതു്. ൪. പ്രകാശിക്കപ്പെട്ടതു്. ൫. വിവരണം ചെയ്യപ്പെട്ടതു്, പിളൎക്കപ്പെട്ടതു്.

വിവൃതാ-ഒരു ക്ഷുദ്രരോഗം.

പിത്തം ഹേതുവായിട്ടു വിടിന്നിരിക്കുന്ന മുഖത്തോടുകൂടി കഠിനമായ ചുട്ടുനീററൽ പനി ഇവയെ ഉണ്ടാക്കുന്നതായി പഴുത്ത അത്തിക്കായുടെ ആകൃതിപോലെയിരിക്കുന്ന ആകൃതിയോടുകൂടി വൃത്താകാരമായി ഉണ്ടാകുന്ന കുരുവത്രെ വിവൃതാ.

വിവൃതാക്ഷം-കോഴി.

വിവേകം-തിരിച്ചറിവ്, വിചാരിച്ചറിയുന്ന സ്വഭാവം, സാവധാനതയുള്ള ബുദ്ധി.

വിവേകി-വി. വിവേകമുള്ള.

വിവേകി-നല്ല വിചാരവും ബുദ്ധിയും അറിവുമുള്ളവൻ.

വിവേചനം-തിരിച്ചറിവ്.

വിവേചിച്ചറിയുക-തിരിച്ചറിയുക.

വിവ്വോകം-൧. ശൃംഗാരഭാവങ്ങളുമായ ചേഷ്ടാവിശേഷങ്ങളിൽ ഒന്നു്, ഗൎവ്വാധിക്യം നിമിത്തം ഇഷ്ടമായ വസ്തുവിൽ കൂടിയുള്ള അനാദരം. ൨. മദം.

വിശകണ്ഠാ-വെള്ളിപ്പക്ഷി.

വിശകലനം-൧. പ്രത്യേകം പ്രത്യേകം വേർതിരിക്കുക. ൨. നറുക്ക്, കീററ്, ഖണ്ഡം. ൩. ചിതറൽ.

വിശകലിത-വി. ചെറുതാക്കപ്പെട്ട, വിഭജിക്കപ്പെട്ട.

വിശക്കുന്നു-വിശപ്പുണ്ടാകുന്നു.

വിശങ്ക-വി. ശങ്കയില്ലാത്ത.

വിശങ്ക-സംശയം.

വിശദ-വി. ൧. വ്യക്തമായ, നിൎമ്മലമായ. ൨. വെളുത്ത.

വിശദം-൧. തെളിവ്. ൨. വെളുപ്പുനിറം.

വിശപ്പ്-ഭക്ഷിച്ചതു ദഹിക്കുമ്പോൾ വയററിലുണ്ടാകുന്ന ഒരു അവസ്ഥ, ക്ഷുത്തു്, ഭക്ഷിച്ചേകഴിയൂ എന്നു തോന്നുക.

വിശന്നുവലയുന്ന ഒരുവനോടു വല്ലതും ഒരു ഉപകാരം ചെയ്യുതരണമെന്നു ആവശ്യപ്പെടുന്നതു് യുക്തമല്ല. അയാൾ സുഖമായി ഊണുകഴിച്ചു തൃപ്തനായതിനു ശേഷമെങ്കിൽ അയാളോടു എന്തുകാൎയ്യവും ആവശ്യപ്പെടുന്നതിൽ തരക്കേടില്ല. (Sarada 1908 Sept.)

വിശം-൧. താമരവളയം. ൨. നിത്യച്ചെലവ്.

വിശംകട-വി. ൧. വലുതായ. ൨. ശക്തിയുള്ള.

വിശയം-൧. സംശയം. ൨. ശരണം.

വിശരം-കൊല, വധം.

വിശല്യ-വി. ൧. മുള്ളില്ലാത്ത. ൨. പ്രയാസമില്ലാത്ത.

വിശല്യ-൧. ചിററമൃതു്. ൨. ഒരുവക ചീര. ൩. നാകദന്തി. ൪. മേത്തോന്നി. ൫. ത്രികോല്പക്കൊന്ന. ൬. ഞാഴൽ.

വിശല്യകരണി-മുറിവുകളിൽ നിന്നും അമ്പിൻമുനകൾ വലിച്ചെടുക്കുന്നതിനു പകരിക്കുന്ന ഔഷധി.

**വിശസനം**-കൊല, വധം.

**വിശറി**-വീശിക്കാററവരുത്തുന്ന ഒരു സാധനം.

'വിരവോടുധനപതിവിശറിയെടുത്തു'

(ഐരാവതപൂജ ഓട്ടൻതുള്ളൽ)

വിശറികൾ പണ്ടേക്കാലം മുതല്ക്കേ ലോകത്തിൽ നടപ്പായിട്ടുണ്ട്. ചൈനാരാജ്യക്കാരാണ് ആദ്യമായി വിശറി ഉണ്ടാക്കിയവർ എന്ന് ഒരു ഐതിഹ്യമുണ്ട്.

**വിശാഖ**-വി. കൊമ്പില്ലാത്ത. (ഇതു വൃക്ഷത്തോടു ചേരും).

**വിശാഖദത്തൻ**-മുദ്രാരാക്ഷസത്തിന്റെ കത്താ.

ഏഴാം ശതാബ്ദത്തിൽ ജീവിച്ചിരുന്നു.

**വിശാഖൻ**-ഫ. സുബ്രഹ്മണ്യൻ. ര. യാചകൻ.

**വിശാഖപട്ടണം**-ഒരു നഗരം.

**വിശാഖം**-ഫ. പതിനാറാം നക്ഷത്രം. ര. റാട്ടുസൂചി. മ. എയ്യുന്നവന്റെ ഒരു നില. ൪. വെളുത്ത തഴുതാമ.

**വിശാഖാ**-ഫ. പതിനാറാം നക്ഷത്രം. ര. വെളുത്ത തഴുതാമ.

**വിശാഗരി**- ഇരിമ്പുകൊണ്ടുള്ള ചെപ്പ്. (പോർട്ടുഗീസ് ഭാഷ).

**വിശാമ്പതി**-രാജാവ്.

**വിശായം**-ക്രമത്താലെ ഉറങ്ങുക, തവണവെച്ചുറങ്ങുക, മാറിമാറി ഉറങ്ങുക.

**വിശാരദ**-വി. ഫ. സാമത്ഥ്യമുള്ള. ര. വിദ്യയുള്ള. മ. ധൈയ്യമുള്ള. ൪. കീത്തിയുള്ള.

**വിശാരദൻ**-സമത്ഥൻ.

**വിശാരദം**-ഇലഞ്ഞി.

**വിശാല**-വി. ഫ. വലിയ. ര. വിസ്താരമുള്ള.

**വിശാല**-ഫ. ഒരു നഗരം. ര. കമ്മട്ടി. മ. ചെറിയ കാട്ടുവെള്ളരി, വലിയ കാട്ടുവെള്ളരി. ൪. ആനപ്പീച്ചിൽ. ൫ വലിയ വശളച്ചീര. ൬. സരസ്വതീനദി.

**വിശാലത**-ഫ. വലിപ്പം. ര. വിസ്താരം.

**വിശാലതൈലഗർഭം**-അഴിഞ്ഞിൽ.

**വിശാലത്വക്ക്**-ഏഴിലമ്പാലവൃക്ഷം.

**വിശാലം**-ഫ. ഒരുമാതിരി മാൻ. ര. ഒരു പക്ഷി.

**വിശാലപത്രം**-ഫ. കണ്ണൻചേമ്പ്. ര. കടപ്പന.

**വിശാലാക്ഷി**-നാഗമന്തി.

**വിശാവരി**-വിശാഗരി.

**വിശിഖം**-ഫ. അമ്പ്. ര. ഇരിമ്പുപാര. മ. അമ്പെയ്യൽ.

**വിശിഖാ**- ഗ്രാമമദ്ധ്യത്തിലുള്ള പ്രധാനവീഥി.

**വിശിഷ്ട**-വി. വിശേഷമുള്ള.

**വിശിഷ്ടത**-നന്മ, വിശേഷം.

**വിശിഷ്യ**-അ. വിശേഷിച്ചും.

**വിശീണ്ണപണ്ണം**-വേപ്പ്.

**വിശീണ്ണം**-വി. നശിച്ച

**വിശുദ്ധ**-വി. ശുദ്ധമുള്ള, വെടിപ്പുള്ള.

**വിശുദ്ധനഗരങ്ങൾ**-൭.

'അയോദ്ധ്യാമഥുരാമായി
കാശീകാഞ്ചിരവന്തികാ
പുരീദ്വാരവതീചൈവ
സപ്തൈതാമോക്ഷദായികാഃ'

**വിശുദ്ധി**-ഫ. വിശേഷശുദ്ധി. ര. ഷഡാധാരങ്ങളിൽ ഒന്ന്. (അനാഹതത്തിൽ നിന്നു പത്തു വിരൽക്കിടെ മേൽ ഇരിക്കുന്നു. വിശുദ്ധിയിൽ നിന്നു പന്ത്രണ്ടു വിരൽക്കിടെ മേൽ ആജ്ഞ),

വിശൃംഖല-വി. തടവുകൂടാത്ത.

വിശേഷകം-പു. തിലകം, തൊട്ടുകുറി. ര. ലക്ഷണം. ന. മയിലെള്ള്.

വിശേഷജ്ഞ- വി. ഭേദങ്ങളെ അറിയുന്ന.

വിശേഷണ-വി. വിശേഷത്തെ അറിയിക്കുന്ന.

വിശേഷണം-വിശേഷത്തെ അറിയിക്കുന്ന പദം.

വിശേഷപരിവൃത്തം — ഒരു കാവ്യഭേദം.

വിശേഷം-വി. നല്ല.

വിശേഷം—പു. കാര്യങ്ങൾക്കും വസ്തുക്കൾക്കും തമ്മിലുണ്ടാകുന്ന ഭേദം. ര. ഓരോന്നിനെ തിരിച്ചറിയുന്നതിനുള്ള അടയാളം.

വിശേഷാൽ-അ. വിശേഷിച്ച്.

വിശേഷിക്കുന്നു-നന്മയാകുന്നു.

വിശേഷിച്ചും-അ. പിന്നെയും, മുൻപിൽ പറഞ്ഞതു കൂടാതെയും.

വിശേഷോക്തി-കവിതകളിൽ പറയുന്ന അലങ്കാരങ്ങളിൽ ഒന്ന്.

വിശേഷ്യ-വി. വ്യത്യാസം കാണിപ്പാൻ തക്ക.

വിശേഷ്യം-പ്രധാനനാമം

വിശോകം-പു. അശോകം. ര. കോഴി.

വിശോദ്ധ്യ-വി. ശോധനചെയ്യത്തക്ക.

വിശോധനം-ശോധനചെയ്ക.

വിശ്രം-മാംസം.

വിശ്രംഭം-പു. വിശ്വാസം. ര. സ്നേഹം. ന. കലഹംചോദിക്ക. ൪. ആശ്ലേഷം.

വിശ്രമം-ക്ഷീണം തീർക്ക, ആശ്വാസം.

വിശ്രമിക്കുന്നു-ആശ്വസിക്കുന്നു. (വിശ്രമിപ്പിക്കുന്നു-സ. ക്രി.)

വിശ്രവണം-കേൾവി.

വിശ്രവസ്സ്- രാവണന്റെ പിതാവ്, ഒരു മഹർഷി, പുലസ്ത്യന്റെ പുത്രൻ.

വിശ്രവസ്സിന്റെ പുത്രർ.

ഇളിബിളിയിൽ—വൈശ്രവണൻ (കുബേരൻ).

നികഷ (കൈകസി) യിൽ — രാവണൻ, കുംഭകർണ്ണൻ, വിഭീഷണൻ, ശൂർപ്പണഖ.

ഇളിബിളി ബ്രാഹ്മിണിയും നികഷ രാക്ഷസിയും ആണ്. വിഷ്ണുപുരാണപ്രകാരം ഒരു ഭാര്യയുടെ പേർ 'കേശിനി' എന്നാകുന്നു. ഭാരതം അനുസരിച്ച രാവണന്റെയും കുംഭകർണ്ണന്റെയും അമ്മ — പുഷ്പോൽകടാ. വിഭീഷണന്റെ അമ്മ—മാലിനീ. ഖരന്റെയും ശൂർപ്പണഖയുടെയും അമ്മ—രാക. (രാവണൻ എന്ന പദം നോക്കുക).

വിശ്രാ-അടക്കാവാണിയൻ.

വിശ്രാണനം-ദാനം.

വിശ്രാണിക്കുന്നു-നൽകുന്നു.

'വിശ്രാണിക്കും തവ വിതതമാം
കൌതുകം കാതുകൾക്കു'
(മയൂരസന്ദേശം)

വിശ്രാണിത-വി. കൊടുക്കപ്പെട്ട.

വിശ്രാന്ത-വി. വിശ്രമിച്ച, ആശ്വസിച്ച

വിശ്രാന്തി-വിശ്രമം, ആശ്വാസം.

വിശ്രാമം-വിശ്രമം.

വിശ്രാവം-പു. കേൾവി, കീർത്തി. ര. ഒഴുക്ക്.

വിശ്രുത-വി. കേൾവിപ്പെട്ട.

വിശ്രുതി-കേൾവി, കീർത്തി.

വിശ്ലേഷം-പു. വേർപാട്. ര. (വ്യാകരണത്തിൽ) ചിഹ്നനങ്ങളിൽ ഒന്ന്.

വിശ്ലേഷം നില്ക്കുന്നതിന്റെ മുമ്പും പിൻപും ചില അക്ഷരങ്ങൾ ലോപിച്ചു പോയിട്ടുണ്ടു്. അതിനാൽ ഇവയ്ക്കു ചേരുവയില്ലെന്ന വേർപാട്ടിനെ സൂചിപ്പിക്കുന്നു—കേട്ടോ'ളൂ = കേട്ടുകൊള്ളൂ. ' ഇതാണു് അടയാളം.

**വിശ്വ**-വി. മുഴുവനായ.

**വിശ്വൻ**-ദേവകളിൽ ഒരുത്തന്റെ പേർ.

**വിശ്വം**-പു. ലോകം മുഴുവനും, പ്രപഞ്ചം. പ്രവേശിക്കുന്നതു് എന്നർത്ഥം. വ. അശേഷം. ന. ചുക്കു്.

**വിശ്വകദ്രു**-വി. ദുഷ്ടതയുള്ള.

**വിശ്വകദ്രു**-പു. നായാട്ടുപട്ടി. വിശ്വകത്തെ (സകല മൃഗസമൂഹത്തെ) ഓടിക്കുന്നവൻ എന്നർത്ഥം. വ. പട്ടി.

**വിശ്വകർത്താവു്**-ബ്രഹ്മാവു്.

**വിശ്വകർമ്മാവു്**-പു. ആദിത്യൻ. വ. ദേവകളുടെ ആശാരി.

ഈ ശില്പശാസ്ത്രി പ്രഭാസൻ എന്ന വസുവിന്റെ പുത്രനാണു്. രാമസേതു കെട്ടിയ നളന്റെ പിതാവാകുന്നു. രാക്ഷസന്മാർക്കുവേണ്ടി ലങ്കാപുരി പണിതു. വിശ്വകർമ്മാവു് തന്റെ പുത്രിയായ സംജ്ഞയെ സൂര്യനു കൊടുത്തു. സംജ്ഞക്കു സൂര്യന്റെ ശോഭ സഹിക്കായ്കനിമിത്തം വിശ്വകർമ്മാവു സൂര്യനെ കടഞ്ഞു ശോഭയുടെ അരയ്ക്കാൽഭാഗം എടുത്തുകളഞ്ഞു ഈ എടുത്തുകളഞ്ഞ അംശംകൊണ്ടു തീർത്തതാണു് വിഷ്ണുവിന്റെ ചക്രവും, ശിവന്റെ ശൂലവും, കുബേരന്റെ ആയുധവും, കാർത്തികേയന്റെ കുന്തവും, മററു ദേവകളുടെ പലവിധ ആയുധങ്ങളും, ആഗ്നേയാസ്ത്രങ്ങളും. വിശ്വകർമ്മാവിനു തക്ഷകൻ, കാരു, ദേവവർദ്ധികൻ, സുധന്വാൻ ഈ പേരുകളുമുണ്ടു്.

ഈ ദേവശില്പി രണ്ടു വില്ലുകൾ ഉണ്ടാക്കി വിഷ്ണുവിനും ശിവനുമായി കൊടുത്തുവെന്നും ശിവന്റെ വില്ലു് ബലപരീക്ഷക്കായി വിഷ്ണു വാങ്ങി അതിനെ ഒടിച്ചുവെന്നും പുരാണപ്രസിദ്ധം.

**വിശ്വകൃത്തു്**-പു. വിശ്വം മുഴുവനും സൃഷ്ടിച്ചവൻ. വ. വിശ്വകർമ്മാവു്.

**വിശ്വകേതു**-അനിരുദ്ധൻ. എല്ലാടവും കൊടിക്കൂറയുള്ളവൻ എന്നർത്ഥം.

**വിശ്വ(ഷ്വ)ക്സേനാ**-ഞാഴൽ.

**വിശ്വഗന്ധാ**-ഭൂമി.

**വിശ്വജാ**-ആദിത്യന്റെ ഒരു ഭാര്യയായ സംജ്ഞ.

**വിശ്വജിത്തു്**-വി. വിശ്വത്തെ ജയിക്കുന്ന.

**വിശ്വജിത്തു്**-പു. ഒരു യാഗം.

വിശ്വജിത്ത് എന്ന യാഗം വിഷുവിന്റെ ൪-ാമതു ദിവസം നടത്തുന്നു.

വ. വരുണപാശം, വരുണന്റെ കണി. ന. വിഷ്ണു.

**വിശ്വദേവകൾ**—ദേവകളിൽ ഒരു ജാതി.

ഒരുകൂട്ടം ഗണദേവതകൾ-10.

'വസുഃ സത്യഃ ക്രതുർദക്ഷഃ
കാലഃ കാമോ ധൃതിഃ കുരുഃ
പുരൂരവാ മാദ്രവാശ്ച
വിശ്വേദേവാഃ പ്രകീർത്തിതാഃ'

വസു, സത്യൻ, ക്രതു, ദക്ഷൻ, കാലൻ, കാമൻ, ധൃതി, കുരു, പുരൂരവൻ, മാദ്രൻ (ജോടിയായി സഞ്ചരിക്കുന്നു).

**വിശ്വദേവാ**-പു. വലിയ ഉരകം. വ. ചെമന്ന ആമ്പൽ.

**വിശ്വനാഥൻ**-ശിവൻ.

**വിശ്വനായകൻ**-പു. ശിവൻ. വ. വിഷ്ണു. ന. ബ്രഹ്മാവു്.

വിശ്വപാലകൻ-പ്രപഞ്ചത്തെ രക്ഷിക്കുന്നവൻ, ദൈവം.

വിശ്വഭാവനൻ-വിഷ്ണു.

വിശ്വഭേഷജം-ചുക്ക്.

വിശ്വംഭര-വി. പ്രപഞ്ചത്തെ ഭരിക്കുന്ന.

വിശ്വംഭരൻ-പു. വിഷ്ണു. സകല ലോകങ്ങളെയും ഭരിക്കുന്നവൻ എന്നർത്ഥം. ൨. ശിവൻ. ൩. ഇന്ദ്രൻ.

വിശ്വംഭരാ-ഭൂമി. വിശ്വം (ജീവരാശികളെ) ഭരിക്കുന്നതു് എന്നർത്ഥം.

വിശ്വയോനി-ബ്രഹ്മാവു്. ൨. വിഷ്ണു.

വിശ്വരൂപ-വി. പ്രപഞ്ചസ്വരൂപമായ.

വിശ്വരൂപകം-കാരകിൽ.

വിശ്വരൂപൻ-പു. ശിവൻ. ൨. വിഷ്ണു

വിശ്വരൂപം-വിശ്വം മുഴുവനും നിറഞ്ഞ രൂപം.

വിശ്വരേതസ്സ്-ബ്രഹ്മാവു്.

വിശ്വസഹാ-ഭൂമി.

വിശ്വസാക്ഷി-ദൈവം.

വിശ്വസാരകം-ഇലക്കള്ളി.

വിശ്വസിക്കുന്നു-വിചാരിച്ചുറപ്പിക്കുന്നു.

വിശ്വസിത-വി. വിശ്വസിക്കപ്പെട്ട

വിശ്വസൃട്ട്-ബ്രഹ്മാവു്.

വിശ്വസൃട്സാരഥി-പരമേശ്വരൻ.

വിശ്വസൃഷ്ടി-ലോകസൃഷ്ടി.

വിശ്വസ്ത-വി. വിശ്വാസമുള്ള, വിശ്വസിച്ച

വിശ്വസ്തത-വിശ്വാസം.

വിശ്വസ്തൻ-വിശ്വസിക്കപ്പെട്ടവൻ. വിശ്വസ് എന്ന ധാതുവിനോടു 'ത' പ്രത്യയം ചേർന്നുണ്ടായ രൂപം.

വിശ്വസ്താ-വിധവ.

വിശ്വസ്ഥാ-ശതാവരി.

വിശ്വാ-പു. ചുക്ക്. ൨. തിപ്പലി. ൩. അതിവിടയം. ൪. ശതാവരി.

വിശ്വാത്മാവു്-വിശ്വമയ (സമസ്തമയ) ആത്മാവോടുകൂടിയവൻ, ബ്രഹ്മം, ദൈവം.

വിശ്വാതിശായി-എല്ലാററിനെയും അതിശയിക്കുന്നതു്.

വിശ്വാമിത്രൻ-ഒരു മഹർഷി.

"വിശ്വാമിത്രൻ വാസ്തവത്തിൽ കവിയോദ്ധാവും ഋഷിയുമായിരുന്നു. അദ്ദേഹത്തെക്കുറിച്ചു കാണുന്ന കെട്ടുകഥയിൽ അദ്ദേഹം ഒരു ക്ഷത്രിയനായിരുന്നു എന്നും പിന്നത്തേതിൽ ബ്രാഹ്മണനായി എന്നും മററും പറഞ്ഞിട്ടുള്ളതു സത്യമല്ല വാസ്തവത്തിൽ അദ്ദേഹം ഒരു വൈദികനായ ഋഷിയായിരുന്നു. അക്കാലത്തു ബ്രാഹ്മണർ ക്ഷത്രിയർ എന്നുള്ള ഭേദങ്ങൾ തീരെയില്ലായിരുന്നു".

വിശ്വാമിത്രഗോത്രക്കാരും വസിഷ്ഠഗോത്രക്കാരും വൈദികഋഷിഗോത്രക്കാരിൽ പ്രധാനികളായിരുന്നു. അസൂയനിമിത്തം അവർ കലഹിച്ചും ശപിച്ചും കാലം കഴിച്ചുവന്നു (ഋചീകൻ എന്ന പദം നോക്കുക).

വിശ്വാമിത്രന്റെ തപോവിഘ്നത്തിനായി ഒരിക്കൽ ഇന്ദ്രൻ മേനകയെ അയച്ചു. അവളുടെ മകളാണ ശകുന്തള. ഒരിക്കൽ രംഭ വിശ്വാമിത്രന്റെ തപസ്സിനു വിഘ്നംവരുത്തി. വിശ്വാമിത്രൻ രാമചന്ദ്രനെയും ലക്ഷ്മണനെയും ദശരഥനോടപേക്ഷിച്ചു കാട്ടിൽ കൂട്ടിക്കൊണ്ടുപോയി പല ഗുണങ്ങളും അവരിൽനിന്നു നേടി. ഹരിശ്ചന്ദ്രനെ അസത്യവാനാക്കാൻ ശ്രമിച്ചതിൽ വിശ്വാമിത്രൻ തന്റെ തപസ്സിന്റെ ഫലത്തിൽ

പകതിയും വസിഷ്ഠനു കൊടുക്കേണ്ടി വന്നു. ഒരിക്കൽ വിശ്വാമിത്രൻ വസിഷ്ഠനെ തന്റെ സമീപത്തുകൊണ്ടു ചെല്ലുന്നതിനു സരസ്വതീനദിയോടാജ്ഞാപിച്ചു. അതിനുമ്പ്രകാരം ചെയ്തപ്പോൾ വേറൊരുവഴി പൊയ്ക്കളകയാൽ ശപിച്ചു അതിലെ ജലം രക്തമാക്കി. കല്മാഷപാദൻ ഒരു രാക്ഷസനായപ്പോൾ വിശ്വാമിത്രൻ തന്റെ ഉപായംകൊണ്ടു വസിഷ്ഠന്റെ പുത്രന്മാരെ ഭക്ഷിപ്പിച്ചു കളഞ്ഞു. വിശ്വാമിത്രൻ ഒരിക്കൽ ത്രിശങ്കുവിനെ ഉടലോടെ സ്വർഗ്ഗത്തിലേക്കയച്ചു. ഈ സ്വർഗ്ഗത്തിൽ ശരീരത്തോടെ പ്രവേശം കിട്ടുന്നതിനു ഒരു യാഗം കഴിക്കണമെന്നു സത്യവ്രതൻ (ത്രിശങ്കു) വസിഷ്ഠനോടു അപേക്ഷിച്ചപ്പോൾ കഴികയില്ലെന്നു പറഞ്ഞു മടക്കുകയും വസിഷ്ഠന്റെ പുത്രന്മാർ അദ്ദേഹത്തെ ശപിച്ചു ചണ്ഡാലനാക്കുകയും ചെയ്തു ഉടനെ വിശ്വാമിത്രനു അദ്ദേഹത്തിന്റെ മേൽ കൃപതോന്നുകകൊണ്ടാണെന്നും ഒരിക്കൽ ക്ഷാമം പിടിപെട്ടപ്പോൾ വിശ്വാമിത്രന്റെ ഭാര്യയെയും മക്കളെയും രക്ഷിക്കനിമിത്തമാണെന്നും സത്യവ്രതൻ വസിഷ്ഠന്റെ കാമധേനുവിനെ കൊന്നു തിന്നതുകൊണ്ടു സന്തോഷിച്ചിട്ടാണെന്നും മററും പല കഥകളുമുണ്ട്. വിശ്വാമിത്രൻ ശുനശ്ശേഫനെ ദത്തെടുത്തപ്പോൾ അയാളുടെ പുത്രന്മാരിൽ 50 പേർ സമ്മതിക്കനിമിത്തം അവരെ അനുഗ്രഹിച്ചു. സമ്മതിക്കാത്തവരെ ശപിച്ചു. കാമധേനുവിനെ സംബന്ധിച്ചുണ്ടായ യുദ്ധത്തിൽ വിശ്വാമിത്രന്റെ നൂറു പുത്രന്മാരെ വസിഷ്ഠൻ തന്റെ ശ്വാസംകൊണ്ടു ദഹിപ്പിച്ചു. ആ യുദ്ധത്തിൽ വിശ്വാമിത്രൻ തോല്ക്കയാൽ ബ്രാഹ്മണനാവാൻ പ്രയത്നിച്ചു. വിശ്വാമിത്രൻ ഋഗ്വേദപ്രകാരം രാജാവായ കുശികന്റെ പുത്രനാണ്. ഗാധിജൻ, ഗാധിനന്ദനൻ ഈ പേരുകളും വിശ്വാമിത്രനുള്ളവയാകുന്നു.

വിശ്വാമിത്രപ്രിയം—തെങ്ങ്.

വിശ്വാവസു—പു. ൧. ഇന്ദ്രസ്വർഗ്ഗത്തിൽ ഗന്ധർവ്വരുടെ ഒരു പ്രധാനി. ൨. അറുപതിൽ ഒരു വർഷം. ൩. ഒരു മുനി. ൪. രേണുകയുടെ ഒരു പുത്രൻ.

വിശ്വാസഘാതകൻ—വിശ്വസിച്ചവനെ ചതിക്കുന്നവൻ.

വിശ്വാസഘാതകം—വിശ്വസിച്ചവനെ ചതിച്ചാലുള്ള പാപം.

വിശ്വാസഘാതകി. വിശ്വാസഘാതകൻ—വിശ്വസിച്ചവനെ ചതിക്കയാൽ പാപമുള്ളവൻ.

വിശ്വാസഭക്തി—വിശ്വാസംകൊണ്ടുള്ള ഭക്തി.

വിശ്വാസഭംഗം—വിശ്വാസത്തെ ഇല്ലാതാക്കുക.

വിശ്വാസം—രക്ഷിക്കയും മററും ചെയ്യുമെന്നുള്ള ഒരു മനോനിശ്ചയം.

വിശ്വാസവഞ്ചനം—വിശ്വസിച്ചിരിക്കുന്ന ആളിനെ വഞ്ചിക്കുക.

ഇതു് ഇൻഡ്യൻ പീനൽ കോഡു ൪൦൬-ാം വകുപ്പു (തി. ശി. നി. വകുപ്പു ൪൦൭) അനുസരിച്ചു ശിക്ഷിക്കത്തക്ക ഒരു കുററമാണ്. വാറണ്ടുകൂടാതെ പിടിച്ചുകൂടാ. ആദ്യം വാറണ്ടുതന്നെ അയക്കണം. ജാമ്യം എടുത്തുകൂടാ. രാജിയാകാൻ പാടില്ല. മൂന്നുകൊല്ലത്തെ രണ്ടിലേതുവിധമെങ്കിലുമായ തടവോ പിഴയോ രണ്ടുംകൂടിയോ ഉള്ള ശിക്ഷ വിധിക്കാം. വിസ്താരം സെഷ്യൻകോടതിയ്ക്കും ഒന്നാംക്ലാസ്സ് മജിസ്ട്രേട്ടിനോ ആകാം.

വിശ്വാസി—വി. വിശ്വാസമുള്ള.

വിശ്വാസ്യ-വി. വിശ്വസിക്കപ്പെടുവാന്തക്ക.

വിശ്വേശ്വരൻ-ശിവൻ.

വിശ്വൈകനാഥൻ- വിശ്വേശ്വരൻ.

വിശ്വൌഷധകം-ചുക്ക്.

വിഷ-അതിവിടയം.

വിഷകണ്ഠാ-വെള്ളിപ്പക്ഷി.

വിഷക്രിമിന്യായം — സാമാന്യക്കാൎക്ക ബാധകരമായിട്ടുള്ളതു്. അതിൽ പഴകീട്ടുള്ളവൎക്ക സുഖകരമായിരിക്കും.

വിഷക്കല്ലു്-വിഷത്തെ പരീക്ഷിച്ചറിയുന്നതിനുള്ള ഒരുമാതിരിക്കല്ലു്.

വിഷക്തം-വി. അടുത്തിരിക്കുന്ന, ചേൎന്നിരിക്കുന്ന, പററിയിരിക്കുന്ന, പററിയ.

വിഷഘ്നചൂഡാമണി- വിഷമിറക്കുന്നതിനുള്ള ഒരു മരുന്നു്.

വിഷഘ്നാ-ചിററമൃതു്.

വിഷഘ്നം-വി. വിഷത്തെ ശമിപ്പിക്കുന്ന.

വിഷഘ്നം-൧. നിലക്കടമ്പു്. ൨. വെൺകൊടിത്തുവ. ൩. നെന്മേനിവാക. ൪. ചമ്പകം. ൫. താന്നി. ൬. ചെറുചീര. ൭. കാട്ടുചെറുതുളസി. ൮. വയ്യങ്കതക്.

വിഷചതുഷ്ടയം-മൂഢന്നവിദ്യ, അജീൎണ്ണിക്ക ഭക്ഷണം, ദരിദ്രന്ന സഭ, വൃദ്ധന്ന പരസ്ത്രീ ഇവ ൪-ം.

പക്ഷാന്തരം—രാത്രിസഞ്ചാരം, ലക്ഷ്യമാക്കാത്ത രോഗം, പരാനുരക്തയായ സ്ത്രീ, രാജാവിന്റെ സ്നേഹം. മറെറാന്നു്-മൂഢന്ന അന്തരംഗം, ദരിദ്രന്ന സഭ, അജീൎണ്ണിക്ക ഭക്ഷണം, ഗുരുവില്ലാത്ത വിദ്യ.

വിഷജ്വരം-൧. ഒരുവക പനി. ൨. പോത്തു്.

വിഷജ്വാല-വിഷത്തിന്റെ ഊഷ്മാവു്.

വിഷണ്ഡം-താമരവളയം.

വിഷണ്ണ-വി. വിഷാദമുള്ള, വ്യസനിച്ച.

വിഷണ്ണത-വിഷാദം.

വിഷണ്ണൻ—വിഷമിച്ചവൻ, വിഷാദിച്ചവൻ.

വിഷണ്ഡൻ എന്നു പലെ അച്ചടികളിലും കാണുന്നുണ്ടു്. വിഷണ്ണൻ എന്നാണ വേണ്ടതു്. 'സന്ന' ശബ്ദത്തിൽ 'വി' എന്ന ഉപസൎഗ്ഗം ചേൎക്കുമ്പോൾ 'സ'കാരം 'ഷ'കാരമായും 'ഷ'കാരത്തിന്റെ പിന്നീടുള്ള 'ന്ന'കാരം 'ണ്ണ'കാരവുമായി 'വിഷണ്ണൻ' എന്നുണ്ടായി.

വിഷദ-വി. ൧. വിഷത്തെക്കൊടുക്കുന്ന. ൨. വെള്ളത്തെക്കൊടുക്കുന്ന.

വിഷദന്തകം-പാമ്പു്.

വിഷദന്തം-വിഷപ്പല്ലു്.

വിഷദം-൧. മേഘം. ൨. പച്ചത്തുരിശു്.

വിഷദംഷ്ട്രാ-ഒരു പച്ചമരുന്നു്, നാഗദന്തി

വിഷദൎശനമൃത്യുകം-ചകോരപ്പക്ഷി.

വിഷദിഗ്ദ്ധബാണം-വിഷംതേച്ചിട്ടുള്ള അമ്പു്.

വിഷദ്രുമം-കാഞ്ഞിരം.

വിഷധര-വി. വിഷമുള്ള.

വിഷധരം-സൎപ്പം

വിഷധൎമ്മാ-ചെങ്കൊടിത്തുവ.

വിഷധ്വംസീ-പെരുമുത്തങ്ങ.

വിഷനരി-ചേനരി.

വിഷനാരി-ആപൽകരയായ സ്ത്രീ.

വിഷപ്പട്ടി-പേപ്പട്ടി.

വിഷപ്പല്ലു്-വിഷമുള്ള പല്ലു്.

വിഷഭയം-വിഷംകൊണ്ടുണ്ടാകുന്ന ഭയം.

വിഷഭീരുകം-ചകോരപ്പക്ഷി.

വിഷഭുക്തി-വിഷം ഭക്ഷിക്ക.

വിഷം-൧. പാമ്പിന്റെയും മററും വായിലിരിക്കുന്ന തീക്ഷ്ണതയുള്ള വസ്തു. ൨. വത്സനാഭി മുതലായവ. ൩. വെള്ളം. ൪.

ന.വംപശ ൫. താമരവല്ലി. ൬. താമരവളയം.

വിഷംതീണ്ടൽ-പാമ്പു കടിക്കുക.

വിഷമ-വി. ൧. സമമല്ലാത്ത. ൨. പ്രയാസമുള്ള, ഗ്രഹിപ്പാൻ പ്രയാസമുള്ള ൩. ഭയങ്കരമായ. ൪. ദുഷ്ടതയുള്ള.

വിഷമച്ഛദം-ഏഴിലംപാലവൃക്ഷം.

വിഷമന്ത്രക്കാരൻ-മന്ത്രംകൊണ്ടു പാമ്പിനെ പിടിക്കുകയും വിഷമിറക്കുകയും ചെയ്യുന്നവൻ, വിഷവൈദ്യൻ.

വിഷമന്ത്രം-വിഷമിറക്കുന്നതിനുള്ള മന്ത്രം.

വിഷമപാദങ്ങൾ- ഒരു പദ്യത്തിലെ ൧-ം, ൩-ം പാദങ്ങൾ.

വിഷമം-൧. സമമല്ലാത്ത. ൨. പ്രയാസമുള്ള ൩. ഒരലങ്കാരം.

വിഷമട്ടനി-പേരരത്ത.

വിഷമവൃത്തം-ഒരു പദ്യത്തിന്റെ നാലു പാദങ്ങൾക്കും ലക്ഷണം വെവ്വേറെ വരുന്നതു്.

വിഷമിക്കുന്നു-പ്രയാസപ്പെടുന്നു.

വിഷമുഷ്ടി-ഒരു ഫലശാകം.

വെള്ളത്ത കാക്കക്കൊടി എന്നു നാട്ടുഭാഷ. ഒരു ഔഷധി.

വിഷമൃത്യു-ചകോരപ്പക്ഷി.

വിഷയൻ-ഭർത്താവു്.

വിഷയം-൧. ലോകവ്യാപാരം. ൨. ഇന്ദ്രിയങ്ങളെക്കൊണ്ടു അറിയാവുന്നതു്. ൩. ശബ്ദം. ൪. സ്പർശം. ൫. രൂപം. ൬. രസം. ൭. ഗന്ധം. ൮. ദേശം. ൯. ഭവനം, സംഗീതം. ൰. സങ്കേതം, നിത്യമായി സ്ഥിതിചെയ്യുന്ന സ്ഥാനം. വിശേഷണയുള്ള ബന്ധനം എന്നർത്ഥം. ൧൧. യാവനൊരുത്തനു യാതൊന്നു് അറിയപ്പെട്ടതായിട്ടുണ്ടോ അതു്. ൧൨. ദേശം, രാജ്യം. ൧൩. (മ) സുഖം.

1. ആകാശഗുണമായ ശബ്ദം—ശ്രോത്രേന്ദ്രിയത്തിന്റെ വിഷയം.
2. വായുഗുണമായ സ്പർശം—ത്വഗിന്ദ്രിയത്തിന്റെ വിഷയം.
3. തേജസ്സിന്റെ ഗുണമായ രൂപം—നേത്രേന്ദ്രിയത്തിന്റെ വിഷയം.
4. അപ്പിന്റെ ഗുണമായ രസം—രസനേന്ദ്രിയത്തിന്റെ വിഷയം.
5. പൃഥ്വീഗുണമായ ഗന്ധം—ഘ്രാണേന്ദ്രിയത്തിന്റെ വിഷയം.

വിഷയി-വി. വിഷയമുള്ള, ലോകകാര്യത്തിൽ ശ്രദ്ധയുള്ള. വിഷയി > < മുമുക്ഷു.

വിഷയി-൧. ഇന്ദ്രിയം. ൨. രാജാവു്. ൩. കാമദേവൻ. ൪. ഇന്ദ്രിയങ്ങളെക്കൊണ്ടറിഞ്ഞിട്ടില്ലാത്തതൊന്നും ഇല്ലാ അതെന്നു വിശ്വസിക്കുന്നവൻ.

വിഷയീഭവിക്കുന്നു- വിഷയമായിത്തീരുന്നു.

വിഷരൂപാ-അതിവിടയം.

വിഷവൃക്ഷം-വിഷമുള്ള വൃക്ഷം.

വിഷവൃക്ഷന്യായം-താൻ നട്ടുവളർത്തിയ വൃക്ഷം മുറിപ്പാൻ താന്താങ്ങൾക്കു മനസ്സുകേടു തോന്നുക.

വിഷവൈദ്യൻ-വിഷം ഇറക്കുന്നവൻ.

വിഷവൈദ്യം, വിഷവിദ്യ-വിഷചികിത്സ.

വിഷശാലൂകം-താമരക്കിഴങ്ങ്.

വിഷസൂചകം-ചെമ്പോത്തു്, ചകോരപ്പക്ഷി.

വിഷസ്ഥാനചതുഷ്ടയം-തേളിന്റെ വാലിൽ, ഈച്ചയുടെ തലയിൽ, സർപ്പത്തിന്റെ പല്ലിൽ, ദുഷ്ടന്റെ സർവ്വാംഗവും.

വിഷഹര-വി. വിഷത്തെക്കളയുന്ന.

വിഷഹരി-വാസുകിയുടെ സഹോദരി.

വിഷഹാ-൧. വെതാളി. ൨. നിവേശി.

വിഷഹാരി-വിഷവൈദ്യൻ.

വിഷാ-അതിവിടയം.

വിഷാക്ത-വി. വിഷംതേച്ച.

വിഷാണം-൧. പശു ആന മുതലായ നാല്ക്കാലികളുടെ കൊമ്പ്. ൨. കൊട്ടം.

വിഷാണഭൃത്ത്-കാള.

വിഷാണി-൧. ആട്ടുതൊടാപ്പാല. ൨. ഇടവകം. ൩. പോത്ത്. ൪. ആന; ൫. കാള.

വിഷാണിക-൧. ആട്ടുതൊടാപ്പാല. ൨. തേക്കിട. ൩. കർക്കടശൃംഗി. ൪. ചമ്മലന്ത. ൫. ചടച്ചി.

വിഷാദം-ദുഃഖം.

വിഷാദി-വി. വിഷാദമുള്ള.

വിഷാദിക്കുന്നു-ദുഃഖിക്കുന്നു.

വിഷാരം-പാമ്പ്.

വിഷാസ്യം-പാമ്പ്.

വിഷു-൧. മേടമാസം ഒന്നാം തീയതി. ൨. അറുപതിൽ പതിനഞ്ചാം വർഷം.

വിഷുക്കണി-വിഷുനാൾ കാഴ്ചകാണുന്ന വസ്തു.

വിഷുക്കൈനേട്ടം-വിഷുദിവസം കാലത്തു വാങ്ങിക്കുന്ന സമ്മാനം.

വിഷുഫലം-വിഷുദിവസത്തെ ഗ്രഹസ്ഥിതികൊണ്ടും മററും അറിവാനുള്ള ഫലം.

വിഷുവത്ത്, വിഷുവം-തുലാം ഒന്നാം തീയതി.

വിഷുസംക്രാന്തി-ആദിത്യൻ മീനം രാശിയിൽ നിന്ന് മേടംരാശിയിലേക്കു കടക്കുന്ന ദിവസം.

വിഷൂചി, വിഷൂചിക-നടപ്പുദീനം, നീക്കോയ്മ്പ്.

'സൂചീഭിരിവഗാത്രാണി
വിധ്യതീതിവിഷൂചികാ'
(അഷ്ടാംഗഹൃദയം)

വിഷൂചികക്കുണ്ടാകുന്ന ഒരു വലിയ ഉപദ്രവം 'മീൻപാച്ചൽ' (ഉരുണ്ടുകയററം) ആകുന്നു. ഇതിന്നു വേപ്പെണ്ണയിൽ വെളുത്തുള്ളിയും കടുകും കൂടി അരച്ചു പുരട്ടിയാൽ ഉടനടി ആശ്വാസം കിട്ടുവാനിടയുണ്ട്.

വിഷൂചികയുടെ ലക്ഷണം—ഇന്ദ്രിയസാദവും, അതിസാരവും, ഛർദ്ദിയും, തണ്ണീർദാഹവും, വയറുനോവും, തലതിരിച്ചലും, കാലിൽനിന്നുരുണ്ടുകയററവും, കോട്ടുവായും, ദാഹവും, ശരീരത്തിന്റെ നിറത്തിന്നു മാററവും, വിറയലും, നെഞ്ചിൽ വേദനയും, തലവേദനയും ഉണ്ടാകും.

വിഷ്കംഭം-൧. ഇരുപത്തേഴു യോഗങ്ങളിൽ ഒന്നാമത്തെ യോഗം. ൨. തടവ്. ൩. പരപ്പ്. ൪ യോഗികളുടെ ഒരു നില. ൫. നാടകത്തിലെ പൂർവ്വാംഗം, നടന്നതോ നടക്കാൻ പോകുന്നതോ ആയ കഥാംശങ്ങളെ പ്രദർശിപ്പിക്കുന്നതും ഒന്നോ അതിലധികമോ നീചമദ്ധ്യമ പാത്രങ്ങളെക്കൊണ്ടു കഥാവസ്തുവിനെ വിസ്തരിക്കുന്നതുമാകുന്നു വിഷ്കംഭ(ക)ം.

ഇതു് രണ്ടു വിധം—൧. ശുദ്ധം. ൨. സങ്കീർണ്ണം.

വിഷ്കംഭം നാടകത്തിൽ പ്രസ്താവനാനന്തരമോ അങ്കങ്ങളുടെ മദ്ധ്യേയോ വരുന്നതാണ്. നീരസങ്ങളും അനുചിത

ങ്ങളുമായ കഥാംശങ്ങളെ രംഗത്തിൽ അഭിനയിക്കാൻ പാടില്ലാത്തതുകൊണ്ട് അവയെ സൂചിപ്പിക്കുന്നതു വിഷ്കംഭകം മുഖേന ആകുന്നു. വിഷ്കംഭകം എന്നാൽ ഒന്നിച്ചു ബന്ധിക്കുന്നത് എന്നർത്ഥം.

വിഷ്കരം-പ. പക്ഷി. വ. കോഴി. ന. മയിൽ.

വിഷ്കലം-നാട്ടുപന്നി.

വിഷ്ട-വി. പ്രവേശിക്കപ്പെട്ട.

വിഷ്ടപം-ലോകം.

വിഷ്ടപേശൻ-രാജാവ്.

വിഷ്ടംഭം-നിറുത്തൽ, തടസ്സം.

വിഷ്ടംഭി-നിറുത്തുന്നവൻ.

വിഷ്ടംഭിനി-നിറുത്തുന്നവൾ.

വിഷ്ടരം-പ. പീഠം.

'വിഷ്ടരാർത്ഥം നല്പപല്ലവജാലങ്ങൾ'
(അദ്ധ്യാത്മരാമായണം)

വ. ദർഭപ്പുല്ലുകൊണ്ടുണ്ടാക്കിയ പീഠം. ന. വൃക്ഷം. ർ. അശ്വത്ഥം, ഇ. വ്യാപനശീലം.

വിഷ്ടരശ്രവസ്സ്-വിഷ്ണു. വിഷ്ടരം=ദർഭപ്പുല്ലുകൊണ്ടുണ്ടാക്കിയ പീഠം. വലിയ ക്രമ്മയുള്ള (ശ്രവസ്സ) ചെവിയുള്ളവൻ എന്നർത്ഥം. കവിഷ്ടരം=വ്യാപനശീലം. ശ്രവസ്സ്=കീർത്തി, സർവ്വത്ര വ്യാപിക്കുന്ന കീർത്തിയുള്ളവൻ എന്നർത്ഥം.

വിഷ്ടരഥാ-പൊൻകൈത.

വിഷ്ടി-വി വേലചെയ്യുന്ന.

വിഷ്ടി-പ. നരകത്തിലിടുക. വ. കൂലിയില്ലാത്ത വേല. ന. പ്രവൃത്തി. ർ. ശമ്പളം. ഇ. ഏഴു കരണങ്ങളിൽ ഒന്ന്.

വിഷ്ഠാ-മലം. ഉദരത്തിൽ വിശേഷേണ സ്ഥിതിചെയ്യുന്നത് എന്നർത്ഥം.

വിഷ്ഠി-മലം, ഭക്ഷിച്ച വസ്തു, ദഹിച്ചുണ്ടായ മലം.

വിഷ്ഠിക്കുന്നു-മലമിടുന്നു.

വിഷ്ണു-പ. ത്രിമൂർത്തികളിൽ ഒന്ന്. എല്ലായിടവും നിറഞ്ഞവൻ എന്നർത്ഥം.

വിഷ്ണു ത്രിമൂർത്തികളിൽ ഒന്നാകുന്നു. സത്വഗുണപ്രധാനിയാണ്. പരമാത്മാവിന്റെ മൂന്നവസ്ഥകൾ—

പ. ബ്രഹ്മാവ്-വിഷ്ണുവിന്റെ നാഭിയിലെ താമരയിൽ നിന്നുണ്ടായി. തൊഴിൽ-സൃഷ്ടി.

വ. വിഷ്ണു-ലോകരക്ഷാർത്ഥം പലപ്രാവശ്യം അവതരണംചെയ്തു. തൊഴിൽ-രക്ഷ.

ന. ശിവൻ (രുദ്രൻ)-വിഷ്ണുവിന്റെ നെററിയിൽനിന്നു പുറപ്പെട്ടു. സംഹാരമൂർത്തിയാണ്. തൊഴിൽ-സംഹാരം.

ചുരുക്കത്തിൽ ഇവർ മൂവരും സൃഷ്ടിസ്ഥിതിസംഹാരമൂർത്തികളാണ്.

## വിഷ്ണുവിന്റെ

| | |
|---|---|
| പത്നി | —ലക്ഷ്മി |
| ലോകം | —വൈകുണ്ഠം. |
| വാഹനം | —ഗരുഡൻ |
| സാരഥി | —ദാരുകൻ |
| മന്ത്രി | —ഉദ്ധവർ |
| അശ്വങ്ങൾ | ശൈബ്യൻ, സുഗ്രീവൻ, മേഘപുഷ്പകൻ, വലാഹകൻ |
| ശംഖം | —പാഞ്ചജന്യം |
| ചക്രം | —സുദർശനം (വജ്രനാഭം) |
| ഗദ | —കൌമോദകി |
| വില്ല് | —ശാർങ്ഗം |
| വാൾ | —നാന്ദകം |
| മറുക് (നെഞ്ചിൽ) | —ശ്രീവത്സം |
| രത്നം | —കൌസ്തുഭം |

പര്യായങ്ങൾ-വിഷ്ണു, നാരായണൻ, കൃഷ്ണൻ, വൈകുണ്ഠൻ, വിഷ്ടരശ്രവസ്സ്,

ദാമോദരൻ, ഹൃഷീകേശൻ, കേശവൻ, മാധവൻ, സ്വഭൂ, ദൈത്യാരി, പുണ്ഡരീകാക്ഷൻ, ഗോവിന്ദൻ, ഗരുഡധ്വജൻ, പീതാംബരൻ, അച്യുതൻ, ശാൎങ്ഗീ, വിഷ്വക്സേനൻ, ജനാൎദ്ദനൻ, ഉപേന്ദ്രൻ, ഇന്ദ്രാവരജൻ, ചക്രപാണി, ചതുൎഭുജൻ, പത്മനാഭൻ, മധുരിപു, വാസുദേവൻ, ത്രിവിക്രമൻ, ദേവകീനന്ദനൻ, ശൌരി, ശ്രീപതി, പുരുഷോത്തമൻ, വനമാലീ, ബലിധ്വംസീ, കംസാരാതി, അധോക്ഷജൻ, വിശ്വംഭരൻ, കൈടഭജിത്ത്, വിധു, ശ്രീവത്സലാഞ്ഛനൻ, പുരാണപുരുഷൻ, യജ്ഞപുരുഷൻ, നരകാന്തകൻ, ജലശായീ, വിശ്വരൂപൻ, മുകുന്ദൻ, മുരമൎദ്ദനൻ. ൨. അഷ്ടവസുക്കളിൽ ഒന്ന്. ൩. അഗ്നി. ൪. വേദവ്യാസൻ. ൫. ഒരു ധൎമ്മശാസ്ത്രപുസ്തകത്തിന്റെ കൎത്താവ്.

വിഷ്ണുകന്ദം—ശാകവൎഗ്ഗത്തിൽപ്പെട്ട മഹാകന്ദം.

(കൊങ്കണദേശത്തിൽ പ്രസിദ്ധം).

വിഷ്ണുകല വിഷ്ണുവിന്റെ അംശം.

വിഷ്ണുക്രാന്ത, വിഷ്ണുക്രാന്തി—൧. ഒരു പച്ചമരുന്ന്. ൨ ഒരു പൂവ്.

(വിഷം, ജ്വരം മുതലായതിനു നന്ന്. നീലപ്പൂവുള്ളതും വെളുത്ത പൂവുള്ളതും ഇങ്ങിനെ രണ്ടുതരമുണ്ട്).

വിഷ്ണുഗുപ്തൻ—ചാണക്യൻ.

വിഷ്ണുജൻ- ബ്രഹ്മാവ്.

വിഷ്ണുദയിതാ—൧ ലക്ഷ്മി. ൨, വിഷ്ണുക്രാന്തി.

വിഷ്ണുപഞ്ചകം – (ഭീഷ്മപഞ്ചകം നോക്കുക).

വിഷ്ണുപദാ—൧. ആകാശം. ൨. കടൽ.

വിഷ്ണുപദി-ഗംഗാനദി. വിഷ്ണുപദത്തിൽ നിന്നു ഉത്ഭവിച്ചതു് എന്നൎത്ഥം.

വിഷ്ണുപുരാണം – പഞ്ചലക്ഷണങ്ങളും എല്ലാമുള്ള ഒരു പ്രധാന പുരാണം.

(പരാശരൻ ഉപദേശിച്ചതാണു).

വിഷ്ണുരാതൻ-പരീക്ഷിത്ത്. വിഷ്ണുവിനാൽ കൊടുക്കപ്പെട്ടവൻ എന്നൎത്ഥം. (പരീക്ഷിത്ത് എന്ന പദം നോക്കുക).

പരീക്ഷിത്തിനെ അശ്വത്ഥാമാവു ബ്രഹ്മാസ്ത്രംകൊണ്ടു കൊന്നു. ശ്രീകൃഷ്ണൻ ഉജ്ജീവിപ്പിച്ചു. അതിനാൽ വിഷ്ണുരാതൻ എന്നു പേരുണ്ടായി.

വിഷ്ണുരഥം-ഗരുഡൻ.

വിഷ്ണുവല്ലഭാ—൧. തുളസി. ൨. മഞ്ഞോന്നി.

വിഷ്ഫാരം—൧. ഞാണൊലി.

'തുരഗപടുതരസ്ഫാരവിഷ്ഫാരനാദ'

(ഉത്തരാസ്വയംവരം കഥകളി).

൨. ഇളക്കം. ൩. കലുക്കം. ൪. ചലനം.

വിഷ്യ-വി. വിഷംകൊടുത്തു കൊല്ലേണ്ടുന്ന.

വിഷ്വക്ക്—അ. എല്ലാടവും.

വിഷ്വക്സേനാ—ഞാഴൽവൃക്ഷം.

വിഷ്വക്സേനകാന്താ — പന്നിക്കിഴങ്ങ്.

വിഷ്വ(ശ്വ)ക്സേനൻ-വിഷ്ണു. എല്ലാടവും വ്യാപിച്ച സേനയോടു (ആജ്ഞയോടു) കൂടിയവൻ എന്നൎത്ഥം.

വിഷ്വദ്ര്യക്ക്-വി. എല്ലാടവും നടക്കുന്ന.

വിസകണ്ഠാ, വിസകണ്ഠി, വിസകണ്ഠികാ-വെള്ളിപ്പക്ഷി.

വിസകുസുമം—താമര.

വിസനാഭി—താമരപ്പൊയ്ക.

വിസന്ധി-വാക്യദോഷങ്ങളിൽ ഒന്ന്.

വിസപ്രസൂനം-താമരപ്പൂവ്.

വിസം—താമരവളയം.

വിസംകടം-പു. സിംഹം. ൨. ഓടമരം.

വിസമ്മതം-സമ്മതക്കേട്, ഇഷ്ടക്കേട്.

വിസംവാദം-പു. വിരോധവാക്ക്. ൨. യോജിപ്പില്ലായ്ക.

വിസരണം-നിവിരുക, വിരിക്കുക.

വിസരം-കൂട്ടം.

വിസരിക്ക-വ്യാപിക്ക.

വിസർഗ്ഗം-പു. വിടുക. ൨. വയറിളക്കുക. ൩. ചില സംസ്കൃതവാക്കുകളുടെ ഒടുക്കം വെയ്ക്കുന്ന ഒരടയാളം, സ്വരത്തിനു പിന്നാലെ 'അഃ' എന്നപോലെ വരുന്ന ഉച്ചാരണത്തിന്റെ പേർ. (വിസർഗ്ഗം സംസ്കൃതപദങ്ങളിലേ കാണൂ) വിസർഗ്ഗം പകുതി ഹകാരത്തിന്റെ ഒച്ച പുറപ്പെടുവിക്കും. ഒരു അക്ഷരത്തിന്റെ ഉച്ചാരണത്തോടുകൂടി അതു ചേർത്തിരിക്കുന്ന വാക്ക ഉച്ചരിച്ചു തീർന്നു വിടപ്പെടുന്നതു കൊണ്ടാണ് ഈ പേർ വന്നത്. ൪. ദക്ഷിണായനം.

വിസർജ്ജനം-പു. ഉപേക്ഷിക്കുക. ൨. അയക്കുക. ൩. ദാനം.

വിസർജ്ജനീയ-വി. ഉപേക്ഷിക്കപ്പെടത്തക്ക.

വിസർജ്ജിക്കുന്നു-ഉപേക്ഷിക്കുന്നു.

വിസർപ്പം-പു. പരക്കുക. ൨. ഒരു രോഗം

വിസർപ്പണം-പു. പരത്തുക. ൨. പതുക്കെ സഞ്ചരിക്കുക.

വിസവർത്മം-ഒരു രോഗം.

പോളയുടെ ബഹിർഭാഗത്തിങ്കൽ വീക്കത്തെയും അന്തർഭാഗത്തിങ്കൽ ഛിദ്രങ്ങളുടെ ഉള്ളിൽ ജലമുണ്ടായിരിക്കലിനേയും ചെയ്യും, താമരവളയംപോലെയിരിക്കുന്നതിനാൽ ഈ പേർ വന്നു.

വിസാരം-പു. മത്സ്യം. ൨. ഇഴഞ്ഞുനടക്കുക, ഒഴുകുക.

വിസാരി-വി. ഒഴുകുന്ന. ൨. പരക്കുന്ന.

വിസാരി-മത്സ്യം.

വിസാരിണി-കാട്ടുഴുന്ന്.

വിസാരിത-വി. പു. പരത്തപ്പെട്ട. ൨. സാധിച്ച.

വിസിനീ-പു. താമരപ്പൊയ്ക. ൨. താമരവളയം.

വിസൃത-വി. പരത്തപ്പെട്ട.

വിസൃത്വര-വി. പു. സാവധാനത്തിൽ ഇഴഞ്ഞു പോകുന്ന. ൨. പരക്കുന്ന. ൩. ഒഴുകുന്ന.

വിസൃമര-വി. പു. വിസരിക്കുന്ന (പരക്കുന്ന). ൨. ഒഴുകുന്ന. ൩. ഇഴയുന്ന.

വിസൃഷ്ടൻ-വിടപ്പെട്ടവൻ.

'ഇതിസനൃപതിനാഖഗോവിസൃഷ്ടോ'
(നളചരിതം കഥകളി)

വിസൃഷ്ടം-വി. പു. പുറപ്പെടുവിച്ച. ൨. സൃഷ്ടിക്കപ്പെട്ട. ൩. അയക്കപ്പെട്ട. ൪. കൊടുക്കപ്പെട്ട ൫. ഉപേക്ഷിക്കപ്പെട്ട.

വിസ്തം-പൊൻതൂക്കം.

ഒരു കഷം, മൂന്നു കഴഞ്ച്. നാലു പണത്തൂക്കം പൊന്നിന്റെ പേർ.

വിസ്തരം-ശബ്ദത്തിന്റെ പരപ്പ്.

'വിസ്താരോവിഗ്രഹോവ്യാസഃ
സ ച ശബ്ദസ്യവിസ്തരഃ'
(അമരം)

വിസ്തരണം-പരത്തൽ

വിസ്തരിക്കുന്നു-പരത്തുന്നു. (നാമം-വിസ്തരണം. വിസ്തരിപ്പിക്കുന്നു-കാ. ക്രി.)

വിസ്താരം-പു. പരപ്പ്. ൨. അകലം. ൩. വീതി. ൪. വിചാരണം.

വിസ്തീർണ്ണ-വി. വിസ്താരമുള്ള, പരപ്പുള്ള.

വിസ്തീർണ്ണത-വിസ്താരം, പരപ്പ്.

വിസ്തീർണ്ണപർണ്ണം-കപ്പച്ചേമ്പ്.

വിസ്തൃത-വി. പു. നിവിർത്തപ്പെട്ട. ൨. പരന്ന.

വിസ്തൃതകരം-വിടിൎത്തുപിടിച്ച കൈ

വിസ്തൃതി-വീതി, വിശാലത.

വിസ്ഫാരം-ഞാണൊലി. (വിഷ്ഫാരം നോക്കുക).

വിസ്ഫോടം-പരുവ്, കുരുവ്.

വിസ്ഫോടം എന്നതിന്റെ സ്വരൂപം—രക്തപിത്തം ഹേതുവായിട്ടു തീക്കട്ടിയപോലെ പൊള്ളലുകൾ ശരീരത്തിൽ ചിലേടത്തോ എല്ലാടവുമോ ജ്വരത്തോടുകൂടിയുണ്ടാകും.

വിസ്മയനീയൻ-വിസ്മയം (അത്ഭുതം) ജനിപ്പിക്കുന്നവൻ.

വിസ്മയം-അത്ഭുതം.

വിസ്മയപ്പെടുന്നു-അത്ഭുതപ്പെടുന്നു.

വിസ്മയിക്കുന്നു-അത്ഭുതപ്പെടുന്നു.

വിസ്മരിക്കുന്നു-മറക്കുന്നു. (നാമം-വിസ്മരണം).

വിസ്മാപനം-൧. വഞ്ചന, ൨. വശീകരമുള്ള മിക്ക്. ൩. ഗന്ധൎവ്വനഗരം. ൪. അത്ഭുതം തോന്നുന്നതു്.

വിസ്മിത-വി. വിസ്മയിച്ച.

വിസ്മൃത-വി. മറക്കപ്പെട്ട.

വിസ്മൃതി-മറവി.

വിസ്രം- പച്ചമാംസഗന്ധതുല്യമായ ഗന്ധത്തോടുകൂടിയ വസ്തു.

വിസ്രഗന്ധം-ദുൎഗ്ഗന്ധം.

വിസ്രഗന്ധി-മനയോല.

വിസ്രബ്ധ-വി. ൧. വിശ്വസിക്കപ്പെട്ട. ൨. സ്നേഹിക്കപ്പെട്ട. ൩. ഇളക്കമുള്ള. ൪. ഞാംഗതയുള്ള.

വിസ്രബ്ധത-വിശ്വാസം.

വിസ്രംഭം, വിശ്രംഭം-൧. വിശ്വാസം. ൨. പ്രണയം.

വിസ്രംസനം-൧. വീഴ്ച. ൨. ഒഴുക്ക്.

വിസ്രവണം-പ്രവാഹം.

വിസ്രസാ-വാൎദ്ധക്യം.

വിസ്രാ-അടക്കാവണിയൻ,

വിസ്രാവം-ഒഴുകുക.

വിസ്സ്-൧. പക്ഷി. ൨. കതിർ.

വിഹഗൻ-൧. ആദിത്യൻ. ൨. ചന്ദ്രൻ.

വിഹഗം-൧. പക്ഷി. ൨. അമ്പ്. ൩. മേഘം.

വിഹംഗ-വി. വേഗത്തിൽ പറന്നുപോകുന്ന.

വിഹംഗം-പക്ഷി.

വിഹംഗമൻ-സൂൎയ്യൻ.

വിഹംഗമം-പക്ഷി ആകാശത്തിൽകൂടി ഗമിക്കുന്നതു് എന്നൎത്ഥം

വിഹംഗരാജൻ-ഗരുഡൻ

വിഹംഗിക-കാവടി. തോളിൽവച്ചു ചുമക്കുന്നതിനുപകരിപ്പാൻ മരംകൊണ്ടു ചെയ്ത ഒരു വസ്തു.

വിഹത-വി ൧. കൊല്ലപ്പെട്ട, ഹനിക്കപ്പെട്ട. ൨. വിരോധിക്കപ്പെട്ട.

വിഹതി-താഡനം.

വിഹം-കറിയാട്ട്.

വിഹനനം—൧. കൊല്ലുക. ൨. വിരോധം.

വിഹരണം-൧. കളി, ലീല. ൨. ശുദ്ധിയാക്കുക. ൩. തെണ്ടൽ, മുഴൽച്ച.

വിഹരിക്കുന്നു-൧. കളിക്കുന്നു, ക്രീഡിക്കുന്നു ൨. ശുദ്ധിയാക്കുന്നു.

വിഹൎഷം-വലിയ സന്തോഷം.

വിഹസനം-പുഞ്ചിരി.

വിഹസിതം-പുഞ്ചിരി.

വിഹസ്ത-വി. ഭ്രമിക്കപ്പെട്ട. (നാമം-വിഹസ്തത).

വിഹാപിത-വി. കൊടുക്കപ്പെട്ട.

വിഹാപിതം-ദാനം.

വിഹായസ്സ്-ന. ആകാശം. വ. പക്ഷി.

വിഹാരം-ന. കളി, ഉൽപ്ലവനം മുതലാ യ ക്രീഡ, ക്രീഡ. വ. സഞ്ചാരം. ന. ജയിനന്മാരുടെയോ ബുദ്ധമതക്കാരുടെയോ സന്യാസിമഠം.

വിഹിത-വി. ന. ചെയ്യപ്പെട്ട.

'നിങ്കൽസ്നേഹമേ വിഹിതം'

(നളചരിതം കഥകളി)

വ. യോഗ്യമായ. ന. ചെയ്യപ്പെടേണ്ട

വിഹിതകർമ്മചതുഷ്ടയം —നിത്യം, നൈമിത്തികം, കാമ്യം, പ്രായശ്ചിത്തം ഇവ ർ-ം.

വിഹീന-വി. ന. വേർപെട്ട. വ. ഉപേ ക്ഷിക്കപ്പെട്ട.

വിഹീരാ-കമിഴ്.

വിഹൃത-വി ന. വിവരിച്ച വ. പര ത്തപ്പെട്ട.

വിഹൃതം-സ്ത്രീകളുടെ ചില കളി, വി ലാസം, വേണ്ടുംസമയത്തു ലജ്ജകൊണ്ടു പറയാതിരിക്കുക. (വിലാസങ്ങൾ നോ ക്കുക).

വിഹൃതി-ന. വിടിച്ച് വ. വിഹരിക്കു ക, കളി.

വിഹ്വല-വി. പരിഭ്രമിക്കപ്പെട്ട. (നാ മം-വിഹ്വലത=പരിഭ്രമം)

വിള-ന. ധാന്യത്തിന്റെ വിളവ്. വ. ചിലതിന്റെ കായ്. ന. വിളഭൂമി.

വിളക്കത്തലനാ(വ)ൻ, വിളക്കത്തെ ച്ചൻ, വിളക്കത്തറവൻ-ക്ഷൌര ക്കാരൻ. (സ്ത്രീ-വിളക്കത്തച്ചി, വിളക്ക ത്തലച്ചി=നാവിയത്തി)

വിളക്കം-ന. ശോഭ. വ. മിനുസം. ന. വെടിപ്പ്. ൪. കുടിയാനവന്മാരുടെ പ റമ്പിട്ടിയും സർക്കാരിലെയും മറവും ക ണക്കും കൂടെ ഒത്തുനോക്കിപ്പതിക്ക. ൫. ലോഹങ്ങൾ ഉരുക്കിച്ചേർക്കുക.

വിളക്ക്-വെളിച്ചം കാണ്മാനായിട്ട് എ ണ്ണയും തിരിയും ഇട്ട് തീ കൊളുത്തുന്ന തിന ഓടുകൊണ്ടും മറവും ഉണ്ടാക്കുന്ന വസ്തു.

കളിവിളക്ക്, കോലുവിളക്ക്, കമ്പ വിളക്ക്, കവരവിളക്ക്, കൊടിവിള ക്ക്, കപ്പിവിളക്ക്, കത്തുവിളക്ക്, നി ലവിളക്ക്, ആലുവിളക്ക്, തൂക്കവിള ക്ക്, തൂടലുവിളക്ക്, ചങ്ങലവിളക്ക്, മാടമ്പിവിളക്ക് മുതലായവ.

വിളക്കുകൂട്ട്-വിളക്കിന്റെ കൂട്ട്.

വിളക്കുന്നു-ന. ലോഹങ്ങൾ ഉരുക്കിച്ചേ ർത്തു നന്നാക്കുന്നു വ. പ്രകാശിപ്പിക്കു ന്നു. (പ-മ.)

വിളക്കമാടം-ക്ഷേത്രത്തിനു പുറമേ ചു റ്റും വിളക്കുവെക്കുന്നതിനുള്ള പുര.

വിളക്കമാനം-ന. ശോഭ. വ. വെടിപ്പ്.

വിളക്കൂരം-ഒരു മഹാക്ഷേത്രം.

വിളക്കണി-കേറിനിന്നു വിളക്കുകൊ ളുത്തുന്നതിനുള്ള കോവണി.

വിളക്കേറു്-വസൂരിവന്നു ചത്തവരെ അടക്കുമ്പോൾ കഴിക്കുന്ന ഒരു കർമ്മം.

വിളംഗം-വിഴാൽവൃക്ഷം.

വിളംഗസാരം-വിഴാലരി.

വിളങ്ങൽ-പ്രകാശം.

വിളങ്ങിക്കൂട്ടുതൽ-കൂട്ടിവെച്ച കരം.

വിളങ്ങിപ്പേർ-പേരുവഴി എഴുതിയ ക ണക്ക്.

വിളങ്ങുന്നു-ന. പ്രകാശിക്കുന്നു, തെളിയു ന്നു. വ. ലോഹങ്ങൾ തമ്മിൽ ഉരുകി ച്ചേരുന്നു. ന. പേർവഴി കണക്കിൽ പ തിക്കുന്നു.

വിളച്ചൽ-പ്ര. ധാന്യങ്ങൾ പഴുക്കാറാക. ദ്വി. ധാന്യങ്ങളുണ്ടാക. തൃ. ഉപ്പുവിളയുക. ര. ചൈതന്യങ്ങളുടെ അഹങ്കാരം.

വിളച്ചൽകേട്-പ്ര. വിളഞ്ഞിട്ടു കൊയ്യാൻ താമസിച്ചാൽ വരുന്ന ചേതം. ദ്വി. നല്ലവണ്ണം വിളയായ്ക.

വിളച്ചിലെടുക്കുക-അനുചിതമായ അധികാരം നടിക്കുക, കാൎയ്യംകൂടാതെ കളിക്കായി ഉപദ്രവിക്കുക.

വിളനിലം, വിളഭൂമി-കൃഷിചെയ്യുന്ന സ്ഥലം, വയൽ.

വിളമ്പൻ- ഊട്ടുവിചാരക്കാരനു ചില ദിക്കിൽ പറയുന്ന പേർ.

വിളമ്പരം-പരസ്യം.

വിളമ്പൽ-ചോറ്, കറി മുതലായവയെ ഭക്ഷിപ്പാനിരിക്കുന്നവരുടെ മുൻപിൽ കൊണ്ടുചെന്നു കൊടുക്ക.

വിളമ്പുകാരൻ-വിളമ്പുന്നവൻ.

വിളമ്പുന്നു—ഭക്ഷിപ്പാനിരിക്കുന്ന വൎക്ക ചോറും കറിയും കൊടുക്കുന്നു. (കാ. ക്രി. വിളമ്പിക്കുന്നു).

വിളംബനം-താമസം.

വിളംബം-പ്ര. താമസം. ദ്വി. തൂങ്ങൽ.

വിളംബി-അറുപതിൽ ൩൨-ാം സംവത്സരം.

വിളംബി-വി. തൂങ്ങിയിരിക്കുന്ന.

വിളംബിത-വി. പ്ര. താമസിച്ച. ദ്വി. തൂങ്ങിയ.

വിളയച്ഛേദം-വിളവുചേതം.

വിളയാടുന്നു-കളിക്കുന്നു. (സ. ക്രി. വിളയാടിക്കുന്നു).

വിളയാട്ട്-കളി.

വിളയാട്ടം-കളി.

വിളയുന്നു-പ്ര. മൂക്കുന്നു. ദ്വി. ഉണ്ടാകുന്നു. തൃ. പടനകളിൽ ഉപ്പുകൂമ്പൽ കൂമ്പലായിട്ടുണ്ടാകുന്നു (സ ക്രി. വിളയിക്കുന്നു).

വിളയുപ്പ്-ഒരുമാതിരി ഉപ്പ്.

വിളരക്ഷ-വിളവു സൂക്ഷിക്ക.

വിളൎക്കുന്നു-വെളുത്ത നിറമാകുന്നു, വിളറുന്നു. (പ-മ)

വിളൎച്ച-ശരീരത്തിൽ ദീനംകൊണ്ടുണ്ടാകുന്ന ഒരു നിറഭേദം.

വിളൎപ്പ്-വിളൎച്ച.

വിളവ്-പ്ര. ധാന്യങ്ങളുടെയും മറ്റും മൂപ്പ്. ദ്വി. വിളഞ്ഞുനില്ക്കുന്ന ധാന്യം.

വിളവിടുന്നു- നിലത്തിൽ കൃഷിചെയ്യുന്നു, വിതയ്ക്കുന്നു, നടുന്നു.

വിളവുകല്ല്-താനേ വിളയുന്ന രത്നം.

വിളവെട്ടുകുന്നു-കൊയ്യുന്നു, നട്ടതലയും മറ്റും പറിച്ചെടുക്കുന്നു.

വിളറുന്നു-വെളുത്ത നിറമാകുന്നു.

വിളാകം-പ്ര. തോട്ടം. ദ്വി. രണാങ്കണം.

വിളാമ്പശ-ഒരങ്ങാടിമരുന്ന്, വിളാമരത്തിന്റെ കറ.

വിളാവ്-ഒരു വൃക്ഷം.

വിളി-പ്ര. ആരോടെങ്കിലും പറയണമെന്നു വിചാരിച്ചാൽ അവന്റെ പേരിനെ അവൻ കേൾക്കത്തക്കവിധം ഉച്ചരിക്ക. ദ്വി. നിലവിളി. തൃ. എന്റെ ഭവനത്തിൽ വരേണമെന്നു അവന്റെ വീട്ടിലൊ മറ്റൊ ചെന്നു പറക, ക്ഷണിക്ക. ര. കൊമ്പ്, കുഴൽ മുതലായ വാദ്യങ്ങളിൽ ഊതി ശബ്ദിപ്പിക്കുക.

വിളികൊള്ളുന്നു-പ്രസിദ്ധമാകുന്നു, കീൎത്തികേൾക്കുന്നു.

'വിരുതുള്ളവിജയനെന്നുള്ളൊരു
വിളികൊണ്ടതുംകേട്ടീലയോഭവാൻ'
(കിരാതം)

വിളിക്കുന്നു-ക്രി. ഒരുത്തനെ നോക്കി അവന്റെ പേരു ചൊല്ലി വരാൻ പറയുന്നു. വ. ദൂരത്തോ മറഞ്ഞോ നില്ക്കുന്നവന്റെ പേരിനെ ഉച്ചത്തിൽ പറയുന്നു. ന. ക്ഷണിക്കയും മറ്റും ചെയ്യുന്നു. (വിളിപ്പിക്കുന്നു-കാ. ക്രി.)

വിളിപ്പണി-തൊഴിൽ, ഊഴിയം.

വിളിപ്പാട്-വിളിച്ചാൽ കേൾക്കുന്ന അകലം, കാൽമണിക്കൂർ ദൂരം.

വിള്മ്പ്-വിളമ്പ്.

വിളുമ്പ്-അരിക്, വക്ക്.

വിളുരുന്നു-വിട്ടിരുന്നു.

വിൾ, വിട്ട്-പു. മനുഷ്യൻ. വ. വൈശ്യൻ.

'വിപ്രക്ഷത്രിയവിട്ശൂദ്രാഃ'

(അമരം)

ന. മലം. ഗൃഹത്തെ പ്രവേശിക്കുന്നത് എന്നർത്ഥം. ര. ഗൃഹം.

വിൾഖദിരം-വെളുത്ത കരിങ്ങാലി.

വിൾചരം-നാട്ടുപന്നി.

വിള്ളൂ, വിള്ളൽ-പൊട്ടൽ, വിണ്ടിട്ടുള്ള അടയാളം.

വിള്ളിച്ച-വിള്ളൽ.

വിള്ളുന്നു-ചില വസ്തുക്കൾക്ക് വെയിലുകൊണ്ടും മറ്റും അല്പമായിട്ട് ഒരു പൊട്ടുണ്ടാകുന്നു, പൊട്ടുന്നു, ചീന്തുന്നു, പൊളിയുന്നു.

വിഴാലരി-ഒരു അങ്ങാടിമരുന്ന്.

വിഴാൽ-ഒരു വൃക്ഷം.

വിഴി-(മിഴിയുടെ പൂർവ്വരൂപം).

വിഴുക്കുന്നു-അഴുക്കാകുന്നു.

വിഴുങ്ങൽ-വായിലിട്ടു കടിക്കാതെ ഇറക്കുക.

വിഴുങ്ങുന്നു (മിഴുങ്ങുന്നു) - വായിലിട്ടു കടിക്കാതെ ഇറക്കുന്നു.

വിഴുത്തിടുന്നു-വസ്ത്രം മാറുന്നു.

വിഴുപ്പ്-ഉടുത്തുമുഷിഞ്ഞ വസ്ത്രം, അഴുക്കുവസ്ത്രം.

വിറ-വിറയൽ, വിറയ്ക്കുക.

ഉ-ം, 'വിറകെട്ടപ്പാൻ വിറകെട്ടണ്ണു'

വിറക്-തീകത്തിപ്പാൻ ചെറുതായിട്ടു കീറിയ മരം. പര്യായങ്ങൾ-ഇന്ധനം, ഏധസ്സ്, ഇധ്മം, ഏധം, സമിത്ത്.

വിറക്കം-മനസ്സാകേട്, ചെച്ചുകേട്.

വിറങ്ങലിക്കുന്നു-തണുത്തു മരവിക്കുന്നു.

വിറങ്ങലിപ്പ്-തണുത്തു മരവിക്ക.

വിറപ്പിക്കുന്നു-കലുക്കുന്നു.

വിറയൻ-പു. ഭയമുള്ളവൻ. വ. വിറക്കുന്നവൻ.

വിറയൽ-കലുക്കം, ഇളക്കം, കിടുക്കം.

വിറയുന്നു-അത്യാഗ്രഹമുണ്ടാകുന്നു.

വിറയ്ക്കുന്നു-ക്രി. കുളിരുകൊണ്ടും മറ്റും ശരീരം ഇളകുന്നു. വ. ഇളകുന്നു, കലുങ്ങുന്നു. (സ. ക്രി. വിറപ്പിക്കുന്നു).

വിറവാതം-ഒരു ദീനം.

വിറുമ-മരം തുളയ്ക്കുന്ന ഉളി.

വിറുതീനി-തന്റെ പാത്രങ്ങളേയും മറ്റും വിററു നിത്യച്ചെലവു കഴിക്കുന്നവൻ.

വിറുമുതൽ-വിററു സമ്പാദിച്ച മുതൽ.

---

## വീ

വീ-പക്ഷി.

വീകം-പു. കാററ്. വ. പക്ഷി.

വീകാശം-പു. വിജനപ്രദേശം, രഹസ്യസ്ഥലം. വ. പ്രകാശം, പ്രകാശിപ്പിക്ക, വെളിപ്പെടുത്തുക.

വീകിക്കുക-മെന്മേലുണ്ടാവുക.

വീക്ക്-൧. കുത്ത്, ഇടി, അടി. ൨. ആണി. ൩. ഒരു വല്യവാദ്യം.

വീക്കം-നീര്, ഒരുമാതിരി ദീനം.

വീക്കാണി-ഒരുമാതിരി വലിയ ആണി.

വീക്കുന്നു-അടിക്കുന്നു, തല്ലുന്നു. (വീക്കിക്കുന്നു-കാ. ക്രി.)

വീക്ഷ-കാഴ്ച.

വീക്ഷണം-൧. കാഴ്ച, നോട്ടം. ൨. കണ്ണ്.

വീക്ഷം-൧. കാഴ്ച. ൨. അത്ഭുതമായത്, അത്ഭുതം.

വീക്ഷിക്കുന്നു-കാണുന്നു, നോക്കുന്നു.

വീക്ഷിത-വി. വീക്ഷിക്കപ്പെട്ട, കാണപ്പെട്ട.

വീക്ഷ്യ-വി. കാണപ്പെടത്തക്ക.

വീക്ഷ്യൻ-നാട്യക്കാരൻ, നടൻ.

വീക്ഷ്യം-൧. കുതിര. ൨. മയിൽ. ൩. കാഴ്ച. ൪. അത്ഭുതമായത്.

വീക്ഷ്യമാണ-വി. കാണുന്ന.

വീങ്കൻ-തടിയൻ.

വീംഖാ-നായിക്കോരണ.

വീങ്ങൽ-വീക്കം.

വീങ്ങുന്നു-വീക്കുന്നു.

വീചി, വീചികാ-൧. തിര. നെയ്യുന്നതു പോലെ ഉള്ളത് എന്നർത്ഥം. (തിര അങ്ങോട്ടും ഇങ്ങോട്ടും പോകുന്നതിനെ വസ്ത്രം നെയ്യുന്നതിനോടുപമിക്കുന്നു), തിരമാല. ൨. ഓളം, ചെറിയ തിര. ൩. സന്തോഷം. ൪ അവസരം. ൫. രശ്മി.

വീചിമാലീ-കടൽ.

വീചുക-വീതുക, വീയുക, വീശുക.

വീചുന്നു, വീശുന്നു-൧, കാറ്റുവരുന്നതിനു വിശറികൊണ്ടും മറ്റും ആളി സ്പർശിപ്പിക്കുന്നു. ൨. വലയിടുന്നു.

വീച്ച്-വലയിടുക.

വീച്ചൽക്കാരൻ-വലവീശി മീൻ പിടിക്കുന്നവൻ.

വീച്ചി-വിശറി (വീച്ചപാള).

വീച്ചപാള-പാളവിശറി.

വീച്ചുവല-മീൻപിടിക്കുന്ന വല.

വീജകം-൧. മാതളനാരകം. ൨. വേങ്ങ.

വീജകോശം-താമരക്കായ്.

വീജഗണിതം-ഭാസ്കരാചാര്യൻ ഉണ്ടാക്കിയ സിദ്ധാന്തശിരോമണിയുടെ ഒരു ഭാഗം.

വീജഗുപ്തി-ചെറുപയറു മുതലായവ.

വീജനം-൧. വിശറി. ൨. ചക്രവാകപ്പക്ഷി. ൩. വട്ടച്ചാവൽ.

വീജനസാധനം-വിശറി.

വീജം-൧. കാരണം. ൨. വിത്ത്. ൩. ശുക്ലം. ൪. തത്വം. ൫. കലവറ.

വീജരത്നം-ഉഴുന്ന്.

വീജരേചനം-നേർവാളം.

വീജാകൃത-വി. വിതച്ചടിക്കപ്പെട്ട. (ഉഴുതു കൃഷിസ്ഥലത്തോടു ചേരും).

വീജി-വി. ബീജമുള്ള, വിത്തുള്ള.

വീജോദകം-ആലിപ്പഴം.

വീജ്യ-വി. കുലത്തിൽ ജനിച്ച.

വീഞ്ഞ്-മുന്തിരിങ്ങാച്ചാരായം.

വീട്-ഭവനം.

വീട-൧. ഏകദേശം ഒരു ചാൺ നീളത്തിൽ ഉള്ള ഒരുമാതിരി തടിക്കഷണം.

ഇതിനെ ഒരു വടികൊണ്ടടിച്ചു ഒരു മാതിരി കളി കുട്ടികൾ കളിക്കാറുണ്ട്. തള്ളയും പിള്ളയും കളി എന്നും, കുട്ടിയും കോലും കളി എന്നും മലയാളത്തിൽ

പറയുന്ന കളിയ്ക്കു തുല്യമാണ് ഇത്. വിടം, വിടയം എന്നീ പാഠങ്ങളും ഒരു റാണ്ട്. തല്ലും പിള്ളും കളിയെന്നു തെക്കൻ ദിക്കിൽ പറഞ്ഞുവരുന്നു.

'വീടയുമതിനോടുകൂടവേ വീണാനേരം'

(ഭാരതം—സംഭവം)

൩. പന്ത്.

വീടൻ—൧. വീട്ടുള്ളവൻ. ൨. പ്രധാനി, ഗൃഹനായകൻ. ൩. ഭർത്താവ്.

'വീടരെപ്പെട്ടിച്ചുപോയുള്ള ജാരന്മാർ'

(കൃഷ്ണഗാഥ)

വീടാരം—വീട്.

വീട്ടതോറും—വീടായിട്ട്.

വീടി, ബീഡി, പീടി—പുകവലിക്കാനുള്ള ഒരുതരം പുകയിലച്ചുരുൾ.

വീടി, വീടിക—വെററിലച്ചുരുൾ.

'സൈ്വരാശ്ലേഷായ വീടിപ്രണയന'

(അമരുകശതകം)

'ആമോദിനീം വീടികാം

വക്ത്രേണാപഹരൻ'

(കദംബപഞ്ചകം)

വീടിക—൧. വെററിലച്ചുരുൾ.

'വീടികകൈക്കൊണ്ടു വീടനുഖം തന്നെ'

(കൃഷ്ണഗാഥ)

൨. വെററിലക്കോടി.

വീട്ടുന്നു—൧. കടം തീരുന്നു. ൨. പകരം തീരുന്നു. ൩. നോമ്പു വീട്ടുന്നു. (വീട്ടുന്നു—സ. ക്രി.)

വീട്ടി—ഒരു വൃക്ഷം.

വീട്ടിപ്പെണ്ണ് — വീട്ടുവേലക്കാരത്തി, ദാസി.

വീട്ടുകാരൻ—വീട്ടിൻെറ ഉടയവൻ. (സ്ത്രീ—വീട്ടുകാരി).

വീട്ടുകാർ, വീട്ടാർ—വീട്ടിലുള്ള സ്ത്രീകളും മററും.

വീട്ടുപക്ഷി—അടയ്ക്കാകുരുവി (കുരുവി).

വീട്ടുമിടുക്ക്—വീട്ടിലിരിക്കുമ്പോഴുള്ള സാമർത്ഥ്യം.

വീട്ടുമുറി—൧. ഭവനത്തിലെ മുറി. ൨. കടം തീർത്തതിനുള്ള രേഖ.

വീൺ—വി. വെറുതെയുള്ള, പാഴായ, വ്യർത്ഥമായ, കൊള്ളരുതാത്ത.

വീണ—വി. ശർക്കരയും മററും ഉണ്ടാക്കുമ്പോൾ പാകംപിഴച്ച.

വീണ—കമ്പിയുള്ള ഒരുവക വാദ്യം.

| | | |
|---|---|---|
| ശിവൻെറ | വീണ | അനാലംബി |
| സരസ്വതിയുടെ | ,, | കച്ഛപി |
| നാരദൻെറ | ,, | മഹതി |
| ഗണങ്ങളുടെ | ,, | പ്രഭാവതി |
| വിശ്വാവസുവിൻെറ | ,, | ബൃഹതി |
| തുംബുരുവിൻെറ | ,, | കലാവതി |

വീണകൾ മൂന്നുവിധം—തന്ത്രീവീണ, യന്ത്രവീണ, മന്ത്രവീണ. (വാദ്യം എന്ന ശബ്ദം നോക്കുക).

വ്യാപിക്കുന്നത്, ശ്രോതാക്കളുടെ മനസ്സിനെ ഗമിക്കുന്നത് എന്നർത്ഥം. സ്വരത്തെ ജനിപ്പിക്കുന്നത് എന്നുമാവാം.

വീണത്തരം—വഷളത്തം.

വീണൻ—വഷളത്തമുള്ളവൻ.

വീണശ്ശർക്കര—കരിമ്പുനീർ കുറുക്കുമ്പോൾ പാകം പിഴയ്ക്കുയാൽ ചീത്തയായ ഒരുമാതിരി ശർക്കര.

വീണാക്കുന്നു—വ്യർത്ഥമാക്കുന്നു.

'വീണാക്കീട്ടായതെല്ലാം

ശാന്താവ്യഞ്ജനനവൻ'

(അമരുകശതകം)

വീണാദണ്ഡം—വീണയുടെ തണ്ട്.

വീണാധരൻ—നാരദമഹർഷി. വീണയെ ധരിച്ചവൻ എന്നർത്ഥം.

വീണാവാദൻ—വീണവായിക്കുന്നവൻ.

വീണാസ്യൻ-നാരദൻ.

വീണു്-അ. ആവൎത്തിച്ചു.

വീണ്ടുചവയ്ക്കുന്നു-അയവിറക്കുന്നു, പശുവും മററും പുല്ലുതിന്നാൽ അതിനെ പിന്നീടും ചവയ്ക്കുന്നു.

വീണ്ടും-അ. പിന്നെയും.

വീണ്ടുവരവു്-തിരിച്ചു വരവു്.

വീണ്ടുവിചാരം-പിന്നീടുള്ള വിചാരം.

വീണ്ടുവിചാരിക്കുന്നു-പിന്നെയും വിചാരിക്കുന്നു.

വീണ്ടുവിടുന്നു-രക്ഷിക്കുന്നു, ആപത്തിൽനിന്നു രക്ഷിക്കുന്നു.

വീണ്ടെടുക്കുന്നു-പോയ വസ്തുവിനെയും മററും പിന്നെയും വരുത്തുന്നു.

വീണ്ടെടുപ്പു്-ക്രി. പോയതിനെ പിന്നീടും വരുത്തുക. ൨. രക്ഷ.

വീണ്ണു്-വീണു്. (വീഴ്ന്നു എന്നതിന്റെ രൂപഭേദം. ഇതു പൂൎവ്വകാലത്തിന്റെ കാലത്തു പോലും നടപ്പുണ്ടായിരുന്നു. പിന്നീടു 'വീണു' എന്നായി).

വീതു് - നെയ്ത്തുകാരന്റെ അച്ചുതട്ടം (വിഴുവു്).

വീത-വി. ൧. പോയ, ഇല്ലാത്ത. ൨. ഒഴിയപ്പെട്ട.

വീതക്കാരൻ-പങ്കുകാരൻ.

വീതങ്ങൾ-ഒഴിഞ്ഞവ, ഇല്ലാത്തവ.

വീതം-ക്രി. യുദ്ധപരിചയമില്ലാത്ത കുതിരയെങ്കിലും ആനയെങ്കിലും. (മ) ക്രി. പങ്കു്. ൨. മാറാ.

വീതംസം-മൃഗങ്ങളെയും പക്ഷികളെയും പിടിക്കുന്നതിനുള്ള സാധനം. ഭംഗിയായി ഉണ്ടാക്കപ്പെട്ടതു് എന്നൎത്ഥം.

വീതനു്പ്തറാ-അടപ്പിന്തിണ്ണ.

വീതശങ്ക-വി. ശങ്കയില്ലാത്ത, ഭയമില്ലാത്ത.

വീതസന്ദേഹം-അ. സംശയംകൂടാതെ.

വീതഹവ്യൻ-ഒരു ഹേഹയ രാജാവു്.

കാശിരാജാവായ ദിവോദാസന്റെ പുത്രൻ പ്രതൎദ്ദനൻ ഹേഹയരെ ആക്രമിച്ചു. ഇതിനു കാരണം വീതഹവ്യന്റെ പുത്രന്മാർ ദിവോദാസന്റെ കുടുംബം മുഴുവൻ നശിപ്പിച്ചതായിരുന്നു. വീതഹവ്യൻ ഭൃഗുവിനെ അഭയം പ്രാപിച്ചു. പ്രതൎദ്ദനൻ അനുശമിച്ചു. തദനന്തരം ഭൃഗു ഒരു വാക്കുകൊണ്ടു വീതഹവ്യനെ ബ്രഹ്മൎഷിയാക്കി.

വീതാഘ്യാ-വി. പാപരഹിതമായ.

വീതി-മ. വിസ്താരം. ൨. അകലം. (വീഥി) എന്നതാണു വീതിയായതു്. സം. ഇളക്കം, മാററം. ൪. തിന്നുക. ൫. ഉണങ്ങാക്കി ശുദ്ധിവരുത്തുക. ൬. പ്രകാശം, രശ്മി. ൭. കതിര. ൮. പുരോഡാശം മുതലായ ഭക്ഷ്യസാധനം.

വീതിക്കുന്നു-പങ്കുവെയ്ക്കുന്നു.

വീതിഹോത്രൻ-ക്രി. അഗ്നി. പുരോഡാശം മുതലായ ഹോമസാധനം ഭക്ഷ്യമായിട്ടുള്ളവൻ എന്നൎത്ഥം. വീതി=ഭക്ഷണം, കതിര. ഹോത്രം=ഹവിസ്സ്. ഹവിസ്സാകുന്ന ഹോമസാധനത്തെ കതിരയെപ്പോലെ വഹിച്ചുകൊണ്ടു പോകുന്നവൻ എന്നുമാവാം. ൨. ആദിത്യൻ. ൩. കൊടുവേലി.

വീതുക-വീയുക.

വീതുളി-ആശാരിമാരുടെ വലിയ ഉളി (വീത്തുളി).

വീഥി-ക്രി. വഴി. ൨. തെരുവു്. ൩. പന്തി. ൪. രൂപകങ്ങളിൽ ഒന്നു്. (ദശരൂപകങ്ങൾ എന്ന പദം നോക്കുക).

വീധ്ര-വി. തെളിവുള്ള, നിർമ്മലമായ.

വീനാഹം-കോട്ടത്തളം, കിണററിൻെറ മുഖബന്ധനം.

വീപ്പ, വീപ്പക്കററി-ഒരുമാതിരി വലിയ മരപ്പാത്രം.

വീമ്പ്-ഞണ്ടി.

വീയൽ-വീശുക.

വീയുന്നു-വീശുന്നു. (സം. ക്രി.-വീയിക്കുന്നു)

വീര-വി. ൧. ശക്തിയുള്ള, ബലമുള്ള. ൨. ശ്രേഷ്ഠതയുള്ള.

വീരകർമ്മചതുഷ്ടയം - ദാനം, ധർമ്മം, ദയ, യുദ്ധം ഇവ ൪-ം.

വീരചങ്ങല-രാജാക്കന്മാർ കല്പിച്ചു ബഹുമാനിച്ചു കൊടുക്കുന്ന (സ്വർണ്ണത്തുടലായിട്ടുള്ള) ഒരാഭരണം.

വീരചരിതം-ഒരു കഥാപുസ്തകം.

ഇതിൽ വിക്രമാദിത്യൻെറയും ശാലിവാഹനൻെറയും സന്തതികൾ പരസ്പരം ഉണ്ടായ പോർ വിസ്തരിക്കുന്നു. ഗ്രന്ഥകർത്താവ്—അനന്തൻ.

വീരടിയാർ-കള്ളന്മാരിൽ ഒരു പ്രധാനി

വീരണം-രാമച്ചം. തൻെറ എതിരാളിയോട് എതിർക്കുന്നത് എന്നർത്ഥം.

വീരതരം-൧. രാമച്ചം. ൨. അമ്പൊട്ടൽ.

വീരതരു-൧. നീർമരുത്. ൨. വയച്ചുള്ളി. ൩. ചേരുമരം. ൪. അമ്പൊട്ടൽ

വീരതൃണം-രാമച്ചം.

വീരത്തണ്ട്-ഭുജത്തിൽ ധരിക്കുന്ന ഒരാഭരണം.

വീരത്വം-വീരൻെറ അവസ്ഥ, സ്ഥിരനിഷ്ഠ, ഉറപ്പ്.

വീരദ്രു-നീർമരുത്.

വീരൻ—൧. യോദ്ധാവ്. ൨. നാട്ടുകാരൻ.

വീരനാദം-പടവിളി.

വീരപഞ്ചമി-വീരനായ പുത്രനുണ്ടാകണമെന്നു ഉദ്ദേശിച്ചു അനുഷ്ഠിക്കുന്ന ഒരു വ്രതം.

വീരപത്നി-വീരനായ പുരുഷൻെറ ഭാര്യ.

വീരപത്രാ-൧. ആററുതൊവൽ. ൨. കഞ്ചാവ്.

വീരപാനം, വീരപാണം-യുദ്ധത്തിനു പോകുമ്പോഴും പോയിവന്നതിൻെറ ശേഷവും യോദ്ധാക്കൾ ചെയ്യുന്ന മദ്യപാനം.

വീരപുണ്ഡരീ-വരൾത്താമര.

ചുട്ടുനീറൽ, തണ്ണീർദാഹം, വ്രണം മുതലായവയ്ക്കു നന്ന്. സം. പ്രപൌണ്ഡരീകം. ത-വരൾത്താമരര.

വീരപ്രസൂ-ധൈര്യശാലിയായ പുത്രനെ പ്രസവിക്കുന്നവൾ.

വീരഭദ്രൻ-ഒരു ഭയങ്കരമൂർത്തി.

ഇദ്ദേഹം ശിവൻെറ നെററിയിലെ കണ്ണിൽ ഉള്ള ജ്വാലയേറിയ അഗ്നിയിൽ നിന്നാണു ജനിച്ചതു്. ദക്ഷയാഗത്തിൽ ശിവനുണ്ടായ കോപമാണു ഇദ്ദേഹത്തിൻെറ ഉത്ഭവത്തിനു കാരണം. ആയിരം തലയും ൧,000 കൈയുമുണ്ട്. ശൂലം തുടങ്ങിയ ഉഗ്രമായ ആയുധങ്ങളെ ഒരു കൈയും ഒഴിയാതെ ധരിച്ചിരുന്നു. നാദം കല്പാന്തമേഘത്തിനു തുല്യമായിരുന്നു. രൌദ്രസ്വരൂപനായ ഈ വീരഭദ്രർ ദക്ഷൻെറ തല വാൾകൊണ്ടറുത്ത് യാഗാഗ്നിയിൽ ഹോമിച്ചു. (ദക്ഷയാഗം നോക്കുക).

വീരഭാര്യ-വീരനായ പുരുഷൻെറ ഭാര്യ.

വീരം-൧. നായ്ക്കുണ. ൨. ഇഞ്ചി. ൩. കുരുമുളക്. ൪. രാമച്ചം. ൫. അതകം.

൧൭. നീർമരുതു്. ൧൮. തകരം. ൧൯. പുഷ്കരമൂലം. ൨൦. കാടി. ൨൧. കഴഞ്ചി. ൨൨. ചെറുചീര. ൨൩. ഇടവകം. ൨൪. പന്നിക്കിഴങ്ങു്.

വീരമദ്ദളം-പെരുമ്പറ.

വീരമാതാ(വു്)-വീരപുരുഷന്റെ അമ്മ.

വീരമാനി-വീരനാണെന്നു തന്നത്താൻ നടിക്കുന്നവൻ.

വീരമാൎത്താണ്ഡൻ-പണ്ടുള്ള ഒരു രാജാവിന്റെ പേരു്.

വീരമുദ്രിക-കാലിന്റെ നടുവിലെ വിരലിലിടുന്ന ഒരു മോതിരം.

വീരയുദ്ധം-വീരന്മാർ തമ്മിലുള്ള യുദ്ധം.

വീരരസചതുഷ്ടയം-ദാനം, ധൎമ്മം, ദയ, യുദ്ധം ഈ ൪-ം.

വീരരസം-നവരസങ്ങളിൽ ഒന്നു്.

വീരരായൻ-ഒരുമാതിരി പൊൻപണം.

വീരവാദം-വീരന്മാർ ധൈൎയ്യത്തോടുകൂടെ പറയുന്ന ചില വാക്കു്.

വീരവാദ്യം-പെരുമ്പറ.

വീരവാളിപ്പട്ടു്-ഒരുമാതിരി വിശേഷമായ പട്ടു്.

വീരവൃക്ഷം-൧. ചേരുമരം. ൨. നീർമരുതു്. ൩. വിടത്തൽ.

വീരശാകം-ചീര.

വീരശൃംഖല-വീരചങ്ങല.

വീരസൂ-വീരന്റെ അമ്മ.

വീരസേനജൻ-നിഷധരാജാവു്, നളൻ.

വീരസേനൻ-൧. നളന്റെ അച്ഛൻ. ൨. അഗ്നിമിത്രന്റെ മഹിഷിയായ ധാരിണിയുടെ (ജാതിയിൽ താഴ്ന്ന) ഒരു സോദരൻ, അഗ്നിമിത്രന്റെ ദുൎഗ്ഗപാലൻ.

വീരഹത്യ-വീരനെ കൊല്ലുക.

വീരഹത്യാദോഷം-വീരന്മാരെ കൊന്ന ദോഷം.

വീരഹാ(വു്), വീരഹൻ-൧. വീരനെ കൊന്നവൻ. ൨. ഏകതാരാഗ്നിഹോത്രിയുടെ അഗ്നിയാണു പ്രമാദത്താൽ നശിച്ചുപോയതു അയാളുടെ പേർ. ൩. അഗ്നിത്യാഗം ചെയ്ത ബ്രാഹ്മണൻ.

വീരാഖ്യം-കഴഞ്ചി.

വീരാണി-൧. ഒരുമാതിരി സ്ക്രൂ ആണി. ൨. തെക്കൻ തിരുവിതാംകൂറിൽ ഒരു സ്ഥലത്തിന്റെ പേർ.

വീരായിതസ്ത്രീ-വിപരീതരതത്തിൽ പ്രവേശിച്ചിരിക്കുന്ന സ്ത്രീ.

വീരാശംസനം-അതിഭയങ്കരമായ പോൎക്കളം.

വീരാസനം-൧. വീരന്മാരിരിക്കുന്ന ഒരു സിംഹാസനം. ൨. യോഗികളുടെ ഒരു ഇരുപ്പു്. ൩. യുദ്ധഭൂമി. ൪. മുട്ടുകുത്തിയിരിക്കുന്ന ഒരു ഇരുപ്പു്.

വീരാസനം എന്നതു ഇടത്തെ കാലിന്റെ മുട്ടിന്മേൽ വലത്തെക്കാൽ എടുത്തുവെച്ചു ഇടത്തെക്കൈയുടെ മുട്ടു്, ആ വലത്തേക്കാലിന്റെ പാദത്തിൽ തൂക്കിയിട്ടും വലത്തെക്കൈയിൽ ജ്ഞാനമുദ്രയെ ധരിച്ചും ഇരിക്കുന്നതാകുന്നു.

വീരാസനസ്ഥൻ-വീരാസനത്തിലിരിക്കുന്നവൻ.

വീരാളി-വി. പലനിറമുള്ള.

വീരാളിപ്പാ-പലനിറമുള്ള പായു്.

വീരിടുന്നു-വല്ലാതെ ശബ്ദിക്കുന്നു, നിലവിളിക്കുന്നു.

വീരുൽ(ത്തു്)-പടൎന്നുപിടിച്ച വള്ളി, ഇലകളും ചില്ലികളുമുള്ളതായ വള്ളി.

വീരുധാ-സ്ത്രീ. പടരുന്ന വള്ളി. ൨. ശാഖ, ഇളയകമ്പു.

വീരേശ്വരൻ-പു. ഒരു പരാക്രമി. ൨. വീരഭദ്രൻ.

വീര്-പു. ആനയുടെ അലച്ചു. ൨. പന്നികൾ തൊണ്ടയിൽ നിന്നു ഒരുമാതിരി ശബ്ദം പുറപ്പെടുവിക്ക.

വീർക്കുന്നു-ക്രി. നെടുവീർപ്പുവിടുന്നു.

'നെടുതായിവീർത്തു ഞാനാത്തയാമയേൻ'
(നളചരിതം കഥകളി)

൨. ശ്വാസംവിടുന്നു, ശ്വാസോച്ഛ്വാസം ചെയ്യുന്നു, ജീവിക്കുന്നു. ൩. തുടിക്കുന്നു ൪. ഉണ്ണിക്കുന്നു. ൫. തടിക്കുന്നു.

വീർപ്പ്-പു. ശ്വാസംവിടുക.

'ഉള്ളിൽ തിങ്ങിന വീർപ്പിനാൽ'
(മലയാംശാകുന്തളം)

൨. തടിക്ക. ൩. ഉഷ്ണം.

വീർപ്പിക്കുന്നു-തടിപ്പിക്കുന്നു.

വീർപ്പുമാത്രം-അ. ശ്വാസമാത്രം.

വീർപ്പുമുട്ട് (മുട്ടൽ) - ശ്വാസത്തിന്റെ തടവ്.

വീര്യപരാക്രമം-ശൂരത.

വീര്യപുരുഷൻ-വീര്യവാൻ.

വീര്യം-പു. പ്രഭാവം. ൨. തേജസ്സ്. ൩. പരാക്രമം. ൪. സാരം. ൫. ബീജം. ൬. ശക്തി, ബലം.

വീര്യവാൻ-വി. പു. വീര്യമുള്ള ൨. ശക്തിയുള്ള.

വീര്യശാലി-വി വീര്യമുള്ള, അതിശക്തിയുള്ള.

വീര്യസ്തംഭനം-ഇന്ദ്രിയസ്രാവത്തെ തടയുകയെന്നുള്ളതു്.

വീര്യസ്വർഗ്ഗം - ധൈര്യപ്രവൃത്തിചെയ്തു (യുദ്ധംചെയ്തു) മരിക്കുന്നവൎക്കു കിട്ടുന്ന മോക്ഷം.

വീൽ-ബിൽ.

വീവധം-പു. ചുമട്. ൨. വഴി. ൩. മൂടക്കൂട്ടുക. ൪. കാവടി.

വീശക്കണക്ക്-കീഴ്കണക്ക്.

വീശത്തൂക്കം-പല്ലവണ്ണം വിളഞ്ഞു് ഉണങ്ങിയ അരിയ നെല്ലിന്റെ ഒരു മണിക്കു ശരിയായ തൂക്കം.

വീശം-അല്പം, ഒരു നെല്ലിട.

'ക്ലേശത്തിനുപുനരർജ്ജുനനോടൊരു വീശത്തിനു ഞാൻ കുറവുകയില്ല'
(കിരാതം തുള്ളൽ)

വീശൽ-പു. വിശറിയുമറ്റുംകൊണ്ടു കാററുവരത്തക്കവണ്ണം ചെയ്യുക. ൨. മീൻ പിടിപ്പാനും മററും വലയിടുക. ൩. കൈകാൽ മുതലായവ ആട്ടിക്ക.

വീശുകോൽ—വില്ലടിച്ചാമ്പാട്ടിനു വില്ലിൽ അടിക്കുന്ന കോൽ.

ഇതു ഒരുച്ചാണിൽ അല്പം കൂടിയ നീളവും മൂന്നുവിരൽ വണ്ണവുമുള്ള കമ്പിൽ കിലുക്കവളയം ഇട്ടു ഉപയോഗിച്ചുവരുന്നു.

വീശുന്നു-വിശറിയും മററുംകൊണ്ടു കാററുവരുവാന്തക്കവണ്ണം ചെയ്യുന്നു. (വീശിക്കുന്നു—കാ. ക്രി.)

വീഥാരം-സന്യാസിമഠം.

വീളാപ്പോരു്-പകരം വീട്ടാൻ സാധിക്കാത്ത യുദ്ധം.

വീളി-വഷളൻ.

വീളിത്തം, വീളിത്തരം-വഷളത്തരം.

വീളുന്നു, മീളുന്നു-ക്രി. കൈക്കൊള്ളുന്നു. ൨. രക്ഷിക്കുന്നു. ൩. മടക്കിയെടുക്കുന്നു. ൪. പകരത്തിനു പകരം വീട്ടുന്നു.

വീഴക്ഷരക്കച്ചി - വീഴക്ഷരം പ്രയോഗിക്ക പതിവുള്ള ആൾ.

വീഴക്ഷരം-തെറ്റായി വന്നുപോയ അക്ഷരം, അനക്ഷരം.

വീഴില്ലം-അധിക്ഷേപം, ദൂഷണം.

വീഴുന്നു-൧. താഴെയാകുന്നു. ൨. നശിക്കുന്നു. ൩. മുടങ്ങുന്നു. (സ. ക്രി.-വീഴിക്കുന്നു.) (വിഴുന്നു എന്നുള്ള പ്രയോഗം നന്നല്ല)

വീഴ്കാട്ട്-നഷ്ടം, കുറവ്.

വീഴ്ക്കുക-൧. അഴിച്ചുകളയുക. ൨. അഴുക്കു മാറുക. (പ. മ.)

'പെണ്ണുങ്ങൾ വീഴ്ത്തുള്ള വീഴ്പുകൾ' (കൃഷ്ണഗാഥ)

വീഴ്ച-൧ വീഴുക. ൨. നാശം. ൩. മുടക്കം.

വീഴ്ചവരുന്നു-മുടങ്ങുന്നു. (സ. ക്രി.-വീഴ്ചവരുത്തുന്നു.)

വീഴ്ത്തൽ-വീഴ്ത്തുക.

വീഴ്ത്തുന്നു-വീഴിക്കുന്നു.

വീഴ്പ്പ്-വിഴപ്പ്. (പ. മ.) (വീഴ്ക്കുക എന്നതു നോക്കുക).

വീറ്-൧. പിൻമാറാത്ത ധൈര്യം. ൨. ശക്തി. ൩. വേഗം. ൪. വെറുപ്പ്, കോപം. ൫. നിഗളം. ൬. വാശി. ൭. വലിപ്പം, മേന്മ. ൮. എരിവ്. ൯. അരുചി.

വീറുന്നു-വീക്കുന്നു.

—:o:—

## വു

വുങ്ങ്-കൊക്കമന്താരം. (പുങ്ങ് എന്നും കാണുന്നു).

—:o:—

## വൃ

വൃകൻ-൧. ഒരസുരൻ. ൨. കവച്ചുക്കാരൻ.

വൃകധൂപം-ഒരങ്ങാടിമരുന്ന്; തിരുവട്ടപ്പശ.

വൃകധൂർത്തൻ-കുറുക്കൻ.

വൃകം-൧. ചെന്നായ്. ൨. കാക്ക. ൩. കടുവാ. ൪. കുറുക്കൻ. ൫. എലി. ൬. കൊക്കമന്താരം. ൭. തിരുവട്ടപ്പശ. ൮. മുങ്ങ.

വൃകോദരൻ-൧. ഭീമൻ. ൨. ബ്രഹ്മാവ്.

വൃക്ക-മൂത്രാശയം.

വൃക്ണ-വി. മുറിക്കപ്പെട്ട.

വൃക്ഷകം-കടകപ്പാല.

വൃക്ഷചരം-കരങ്ങ്.

വൃക്ഷച്ഛായ(ം)-വൃക്ഷത്തിന്റെ നിഴൽ, തണൽ.

വൃക്ഷപണ്ണി-മുതക്ക്.

വൃക്ഷഭേദി-൧. ഉളി. ൨. മഴു.

വൃക്ഷം-മരം. ഛേദിക്കപ്പെടുന്നതു് എന്നർത്ഥം.

വൃക്ഷമർക്കടികാ-മരപ്പട്ടി.

വൃക്ഷമാർജ്ജാരം-കറവപുലി.

വൃക്ഷമൂലം-മരത്തിന്റെ ചുവട്.

വൃക്ഷമൃഗം-കരങ്ങ്.

വൃക്ഷരുഹ-ഇത്തി(ൾ)ക്കണ്ണി. ൨. കരിങ്ങച്ചോലം. ൩. അമൃതവള്ളി. ൪. മഹാമേദ.

വൃക്ഷവാടിക-മന്ത്രികളുടേയും വൈശ്യന്മാരുടേയും വേശ്യമാരുടേയും ഭവനത്തിനടുത്തുള്ള പൂന്തോട്ടം.

വൃക്ഷശായികാ-മരപ്പട്ടി.

വൃക്ഷാ-മരം.

വൃക്ഷാദനം-൧. ഉളി. ൨. മഴു. ൩. പേരാൽ. ൪. അരയാൽ. ൫. മുരൾമരം.

വൃക്ഷാദനി-൧. ഇത്തി(ൾ)ക്കണ്ണി. ൨. മുതക്ക്.

വൃക്ഷാമയാ-അരക്ക്.

വൃക്ഷാമ്ലം-൧. അമ്പഴം. ൨. മരപ്പുളി. ൩. ചാണപ്പുളി.

വൃക്ഷാവലി-മരക്കൂട്ടം.

**വൃക്ഷാശ്രയി**-ചെറിയ മൂങ്ങ.

**വൃജിന**-വി. ൧. വളഞ്ഞ. ൨. ദുഷ്ടതയുള്ള.

**വൃജിനം**- ൧. ദോഷം. ൨. ചെമന്ന തോൽ. ൩. ദുഃഖം. ൪. തലമുടി.

**വൃത**-വി. ൧. ചുററപ്പെട്ട. ൨. തിരഞ്ഞെടുക്കപ്പെട്ട. ൩. സമ്മതിക്കപ്പെട്ട. ൪. സേവിക്കപ്പെട്ട. ൫. മറയ്ക്കപ്പെട്ട.

**വൃതി**-൧. തിരഞ്ഞെടുപ്പ്, അന്വേഷണം. ൨. മറവ്. ൩. വേലി.

**വൃത്ത** വി. ൧. ഉരുണ്ട, വട്ടത്തിലുള്ള. ൨. നിവൎത്തിച്ച ൩. പോയ. ൪. തിരഞ്ഞെടുക്കപ്പെട്ട. ൫. മരിച്ച. ൬. വായിച്ചുപഠിച്ച. ൭. മറയ്ക്കപ്പെട്ട. ൮. കീൎത്തിയുള്ള. ൯. തടയില്ലാത്ത. ൰. ഉറപ്പുള്ള, കട്ടിയുള്ള.

**വൃത്തം**-൧. ശ്ലോകക്രമം. വൎണ്ണമാത്രകളുടെ വ്യവസ്ഥകളോടുകൂടിയ വാക്യത്തിന്റെ ബന്ധവിശേഷം, വരികൾ ഓരോന്നിലും ഇത്ര ഇത്ര വൎണ്ണങ്ങളോ മാത്രകളോ ഉണ്ടായിരിക്കണമെന്നുള്ള നിബന്ധനത്തിനു കീഴടങ്ങുന്ന വാക്യബന്ധം. (വൃത്തമഞ്ജരി നോക്കുക.)

ഭാഷയിൽ ഉപയോഗിക്കാറുള്ള ഏതാനും

## പ്രധാന വൃത്തങ്ങൾ.

(1) മാത്രാവൃത്തങ്ങൾ.

1. ആൎയ്യ. 2. ഗീതി. 3. ഉപഗീതി.

(2) മററു വൃത്തങ്ങൾ.

| | വൃത്തം. | അക്ഷരം. |
|---|---|---|
| 1. | ശ്രീ | 1 |
| 2. | സ്ത്രീ | 2 |
| 3. | ഭാരതി | 3 |
| 4. | സുഭഗ | 4 |
| 5. | അക്ഷരപംക്തി | 5 |
| 6. | ശശിവദന | 6 |
| 7. | മദലേഖ | 7 |
| 8. | ശ്ലോകം | 8 |
| 9. | മാണവകാക്രീഡ | 8 |
| 10. | പ്രമാണിക | 8 |
| 11. | വിദ്യുന്മാല | 8 |
| 12. | മണിബന്ധം | 9 |
| 13. | ചമ്പകമാല | 10 |
| 14. | ഹംസി | 10 |
| 15. | ചമ്പകമാലിക | 10, 11 |
| 16. | ശാലിനി | 11 |
| 17. | ദോധകം | 11 |
| 18. | ഇന്ദ്രവജ്ര | 11 |
| 19. | ഉപേന്ദ്രവജ്ര | 11 |
| 20. | ഉപജാതി | 11 |
| 21. | വിപരീതാഖ്യാനിക | 11 |
| 22. | രഥോദ്ധത | 11 |
| 23. | സ്വാഗത | 11 |
| 24. | വസന്തമാലിക | 11, 12 |
| 25. | വൈശ്വദേവി | 12 |
| 26. | തോടകം | 12 |
| 27. | പ്രമിതാക്ഷര | 12 |
| 28. | ഭുജംഗപ്രയാതം | 12 |
| 29. | ദ്രുതവിളംബിതം | 12 |
| 30. | ഹരിണീപ്ലുതം | 11, 12 |
| 31. | വംശസ്ഥം | 12 |
| 32. | ഇന്ദ്രവംശസ്ഥം | 12 |
| 33. | പുഷ്പിതാഗ്ര | 12, 13 |
| 34. | കുസുമവിചിത്ര | 12 |
| 35. | രുചിര | 13 |
| 36. | മഞ്ജുഭാഷിണി | 13 |
| 37. | പ്രഭാവതി | 13 |
| 38. | പ്രഹൎഷിണി | 13 |
| 39. | ഇന്ദുവദന | 14 |
| 40. | വസന്തതിലകം | 14 |
| 41. | മണിഗുണനികരം | 15 |
| 42. | മാലിനി | 15 |
| 43. | പഞ്ചചാമരം | 16 |
| 44. | മന്ദാക്രാന്ത | 17 |
| 45. | ഹരിണി | 17 |

46. ശിഖരിണി 17
47. പൃഥ്വീ 17
48. കുസുമിതലതാവേല്ലിത 18
49. ശാർദ്ദൂലവിക്രീഡിതം 19
50. സുവദന 20
51. സ്രഗ്ദ്ധര 21
52. കുസുമമഞ്ജരി 21
53. മത്തേഭം 22
54. ഭദ്രകം 22
55. അശ്വലളിതം 23
56. തന്വി 24
57. ശശധരബിംബം 25
58. സുന്ദരനയനം 26

൨. വർത്തമാനം, ഉണ്ടായതു്. ൩. ദിവസവൃത്തി ലഭിക്കുന്നതിനുള്ള വേല. ൪. വട്ടം. ൫. ആമ. ൬. (മ) പപ്പടം. ൭. വട്ടപ്പുല്ലു്. ൮. ദൃഢം. ൯. ചരിത്രം.

വൃത്തഫലം—൧. മുളകു്. ൨. താളിമാതളം. ൩. ലന്തമരം. ൪. വ്ളാർമരം. ൫. തണ്ണിമത്ത.

വൃത്തമല്ലിക—കുടമുല്ല.

വൃത്തരത്നാകരം—ഒരു ഗ്രന്ഥം.

വൃത്തവൽ—വി. വൃത്തമുള്ള. ൨. ജാതിമര്യാദപ്രകാരമുള്ള, നല്ലമുറകളെ ചെയ്യുന്ന.

വൃത്താകാര—വി. വട്ടത്തിലാകൃതിയുള്ള.

വൃത്താക്ഷം—കോഴി.

വൃത്താന്തം—൧. വർത്തമാനം. ൨. കഥ. ൩. ഗുണം. ൪. സമയം. ൫. കാര്യം. ൬. വിധം, പ്രകാരം. ൭. സംഗതി. ൮. മുഴുവൻ, ആകത്തുക. ൯. സംഭവം. ൰. ബുദ്ധി. ൰൧. കണക്കു്. ൰൨. ചരിത്രം. ൰൩. വിശ്രമം.

വൃത്താദ്ധ്യയനർദ്ധി—സദാചാരവേദാദ്ധ്യയനങ്ങളുടെ പരിപൂർത്തി, ആചാരം വേദാഭ്യാസം ഇവകൊണ്ടുള്ള തേജസ്സു്.

വൃത്തി—൧. ഉപജീവനം, നിത്യവൃത്തി, കാലക്ഷേപം.

'ഋതാമൃതാഭ്യാം ജീവേത
മൃതേന പ്രമൃതേന വാ,
സത്യാനൃതേന വാ ജീവേ-
ന്നശ്വവൃത്ത്യാ കഥഞ്ചന'

ഉഞ്ഛശീലം കൊണ്ടും അയാചിതമായി ദൈവോപനതമായി കിട്ടുന്നതുകൊണ്ടും ഉപജീവിക്കുന്നതാണു് ഉത്തമം. അതു സാധിക്കാത്തപക്ഷം യാചിച്ചു ഭക്ഷിക്കാം. അല്ലെങ്കിൽ കൃഷികൊണ്ടുപജീവിക്കാം. ഇതു മദ്ധ്യമപക്ഷം. ഇതൊന്നും സാധിക്കില്ലെങ്കിൽ കച്ചവടം ചെയ്തുപജീവിക്കുക. ഇതിൽ അസത്യം കൂടിച്ചേർന്നു കിടപ്പുള്ളതിനാൽ ഇതു അധമമാണു്. (നശ്വവൃത്ത്യാ കഥഞ്ചന) സേവാവൃത്തികൊണ്ടു ഒരിക്കലും ഉപജീവിക്കരുതു്. ഇതു നീചവൃത്തിയാണെന്നു താൽപര്യം.

൨. ജീവിതം. ൩. വെടിപ്പു്. ൪. വ്യാഖ്യാനം. ൫. ഇരിപ്പു്. ൬. പിടിത്തം.

വൃത്തികെട്ടവൻ—വെടിപ്പില്ലാത്തവൻ.

വൃത്തികേടു്—വെടിപ്പില്ലായ്മ.

വൃത്തിചതുഷ്ടയം—നാലുവിധം വൃത്തികൾ.

1. കൈശികി—നല്ല നല്ല സന്ദർഭങ്ങൾ ശൃംഗാരകരുണങ്ങളാൽ വർണ്ണിക്കപ്പെടുന്നതു്.
2. ആരഭടി—രൌദ്രബീഭത്സങ്ങൾ കൊണ്ടു അതിപ്രൌഢസന്ദർഭങ്ങളെ വർണ്ണിക്കുന്നതു്.
3. ഭാരതി—ഇഷ്ടനൃപചര്യസന്ദർഭങ്ങളെ വർണ്ണിക്കുന്നതു്.
4. സാത്വതി—സുകുമാര സന്ദർഭങ്ങളെ ഹാസ്യശാന്താദ്ഭുതങ്ങൾ കൊണ്ടു വർണ്ണിക്കുന്നതു്.

'കൈശിക്യാരഭടീ പിന്നെ
ഭാരതീ സാത്വതീ തഥാ'.

**വൃത്തിത്രയം**-അഭിധം, ലക്ഷണം, വ്യഞ്ജനം ഇവ മൂന്നും. (ഓരോന്നും നോക്കുക).

**വൃത്തിദുഃഖം**-നിത്യവൃത്തി കഴിക്കുന്നതിലുള്ള സങ്കടം.

**വൃത്തിസാധനം** - ഉപജീവനത്തിനുള്ള സമ്പത്ത്.

**വൃത്തിഹീന**-വി. വൃത്തിയില്ലാത്ത.

**വൃത്ത്യനുപ്രാസം**-അന്ത്യപ്രാസം എന്ന ശബ്ദാലങ്കാരത്തിന്റെ ഉൾപ്പിരിവ്.

**വൃത്ത്യർത്ഥം**-അ. വൃത്തിക്കായിട്ട്.

**വൃത്രൻ**-പു. ഒരസുരൻ.

ഗ്രീഷ്മകാലത്തിൽ മഴ ഇപ്പോൾ പെയ്യും ഇപ്പോൾ പെയ്യും എന്നു മനുഷ്യനു ആഗ്രഹത്തെ ജനിപ്പിക്കുന്നതും എന്നാൽ പലപ്പോഴും ആശാഭംഗത്തെ ഉണ്ടാക്കുന്നതും ആയ കറുത്തിരുണ്ട കാർമേഘപടലത്തിനെ 'വൃത്രഃ' എന്നു വിളിച്ചുവന്നിരുന്നു. ഇതു ഒരു അസുരനെന്നും സങ്കല്പിച്ചുപോന്നു. ഇവൻ വേനൽകാലത്തു വെള്ളമെല്ലാം സ്വരൂപിച്ചു എങ്ങും വിട്ടയക്കാതെ തന്റെ അധീനത്തിൽ വെച്ചുകൊണ്ടിരിക്കും. ഇന്ദ്രൻ തന്റെ വജ്രം ഇളക്കി ഇവനെ പ്രഹരിക്കുമ്പോൾ വെള്ളമെല്ലാം വിട്ടയക്കുകയും അതു മഴയായി വീഴുകയും ചെയ്യും. ഇതിനാൽ ജലാശയങ്ങൾ നിറഞ്ഞു പ്രവാഹമുണ്ടാകയും ദേവന്മാരും മനുഷ്യരും സന്തോഷിക്കയും ചെയ്യും. ഇന്ദ്രനും ഈ അസുരനും തമ്മിലുള്ള യുദ്ധം ഋഗ്വേദത്തിൽ ബഹുരസമായി വിസ്തരിച്ചിട്ടുണ്ട്. (പ്രാചീനാര്യാവർത്തം).

ചിത്രകേതു എന്ന വിദ്യാധരനെ പാർവ്വതി ശപിക്കയാൽ വൃത്രൻ എന്ന അസുരനായി.

ശാപകാരണം—

'അങ്ങുകൈലാസശൈലേന്ദ്രവരനുടെ
മീതെഗഗനമാർഗ്ഗേ നടക്കുന്നവൻ
ചൂതശരാരിതൻ ദേവിയെത്തന്നുടെ
തൃത്തുടതന്മേലിരുത്തിയിരിക്കുന്ന
ത്ര്യാമരേണകണ്ടാശു ചൊല്ലീടിനാൻ
വിദ്യാധരികളെ കാണ്മിനിതുമഹാ
വിദ്യാബ്ധിപാരഗനായ മഹേശ്വരൻ
നിത്യം സുരമുനീന്ദ്രാദിസമക്ഷമാം
സതസഭയിങ്കലചലജതന്നെയും
ലജ്ജകൂടാതെ മടിയിലെടുത്തുവെ
ച്ചിജ്ജനത്തെപ്രതിശങ്കയുമെന്നിയെ
വർത്തിപ്പതത്യന്തകഷ്ടമത്രേ തുലോം'

ഇതാണു ദേവി ശപിപ്പാനുള്ള കാരണം.
(ഭാഗവതം)

൨. ശത്രു. ൩. ഇന്ദ്രൻ.

**വൃത്രം**-പു. മേഘം. ൨. ഇരുട്ട്. ൩. ശബ്ദം. ൪. ഒരു പർവ്വതം.

**വൃത്രഹാവ്**-ദേവേന്ദ്രൻ. വൃത്രാസുരനെ കൊന്നവൻ എന്നർത്ഥം.

**വൃത്രാരി** - ദേവേന്ദ്രൻ. വൃത്രാസുരന്റെ ശത്രു എന്നർത്ഥം.

**വൃഥാ**-അ. വെറുതെ.

**വൃഥാടനം**-ഉലാത്തൽ, ലാത്തൽ.

**വൃഥാട്യാ**-അലഞ്ഞുതിരിഞ്ഞു നടക്കുക.

**വൃഥാദാനം**-വേണ്ടാത്ത കൊട, വെറുതെ കൊടുക്ക, വേശ്യമാർക്കും മററും കൊടുക്ക.

**വൃഥാമതി**-ദുർബ്ബുദ്ധി.

**വൃഥാലാപം**-പാഴ്വാക്ക്.

**വൃഥാവൽ**-അ. വെറുതെ.

**വൃഥാവാദം**-പാഴ്വാക്ക്.

**വൃദ്ധ**-വി. ൧. വർദ്ധിച്ച, വളർന്ന. ൨. പഴകിയ. ൩. ബുദ്ധിയുള്ള. (നാമം-വൃദ്ധത).

വൃദ്ധകാകം-കാവതിക്കാക്ക.

വൃദ്ധചതുഷ്ടയം — വൈരാഗ്യവൃദ്ധൻ, ജ്ഞാനവൃദ്ധൻ, ധർമ്മവൃദ്ധൻ, വയോവൃദ്ധൻ ഇവർ ൪-ം.

വൃദ്ധത-വൃദ്ധത്വം, വാർദ്ധക്യം.

വൃദ്ധദാരകം, വൃദ്ധദാര(ക)ം- മറിക്കന്നി.

വൃദ്ധനാഭി- വി. കുടവയറുള്ള, പൊക്കിൾക്കുഴിയുള്ള

വൃദ്ധൻ-എഴുപതിന്മേൽ വയസ്സുചെന്നവൻ, മുതുക്കൻ. ൨. ഒരു മഹർഷി.

വൃദ്ധം-ന. സാമ്പ്രാണി. ൨. ചോരകം. ൩. മറിക്കന്നി.

വൃദ്ധശ്രവസ്സ്-ദേവേന്ദ്രൻ. ബൃഹസ്പതി മുതലായ വൃദ്ധന്മാരിൽ നിന്നും ഹിതത്തെ ശ്രവിക്കുന്നവൻ എന്നർത്ഥം. വർദ്ധിക്കപ്പെട്ട കീർത്തിയുള്ളവൻ എന്നുമാവാം.

വൃദ്ധാ-വയസ്സുചെന്നവൾ, മുതുക്കി, പ്രസവംനിന്ന് നരച്ചവൾ.

വൃദ്ധി-ന. വർദ്ധന. ൨. സുഖം. ൩. സമ്പത്ത്. ൪. വൃഷണം വീക്കുന്നതായ ഒരു ദീനം. ൫. കരേററം. ൬. ശൂലം. ൭. ഒരു പച്ചമരുന്ന് (വിരുത്തി).

ഗുണം ഋദ്ധിക്കു സമമാണ്. രക്തദോഷം, ചുമ മുതലായവയ്ക്കു നന്ന്. ഋദ്ധിയും വൃദ്ധിയും വെളുത്ത രോമമുള്ള കിഴങ്ങുകളാണ്. രണ്ടും ദുർല്ലഭങ്ങളാകയാൽ രണ്ടിൻെറ സ്ഥാനത്തും പന്നിക്കിഴങ്ങു ചേർക്കാം.

൮. വേലിയേററം. ൯. പലിശ. ൧൦. ജ്യോതിശ്ശാസ്ത്രത്തിൽ പറയുന്ന യോഗങ്ങളിൽ ഒന്ന്.

വൃദ്ധിജീവിക-പലിശക്കു കൊടുക്കുക.

വൃദ്ധിദം-ജീവകം.

വൃദ്ധിമത്-വി. വർദ്ധനയുള്ള.

വൃദ്ധിമാൻ-ധനവാൻ.

വൃദ്ധിവീക്കം-വൃഷണം വീക്കുക.

വൃദ്ധോക്ഷം-മുതുകാള.

വൃദ്ധ്യാജീവൻ- പലിശകൊണ്ടുപജീവിക്കുന്നവൻ.

വൃന്തം-ന. ഞെട്ടപ്പ്, ഞെട്ട്. ആവരണം ചെയ്യുന്നത് എന്നർത്ഥം. ൨. മുലക്കണ്ണ്. ൩. തിരിക.

വൃന്താകി-ന. ചെറുവഴുതിന. ൨. കണ്ടകാരിവഴുതിന.

വൃന്ദം-കൂട്ടം.

വൃന്ദാ-തുളസി.

വൃന്ദാര(ക)-വി. ന. സൌന്ദര്യമുള്ള. ൨. ശ്രേഷ്ഠമായുള്ള. ൩. പ്രധാനമായുള്ള.

വൃന്ദാരകൻ- ന. ദേവൻ. യോഗബലത്തോടുകൂടിയവൻ എന്നർത്ഥം. ൨. തലവൻ.

വൃന്ദാരകാരാതി- അസുരൻ. വൃന്ദാരകന്മാരുടെ (ദേവന്മാരുടെ) അരാതി (ശത്രു) എന്നർത്ഥം.

വൃന്ദാവനം- കാളിന്ദീനദിയുടെ അടുക്കലുള്ള ഒരു വനം.

കൃഷ്ണമഥുരയിൽ നിന്നു അഞ്ചു മൈൽ വടക്കാണ്. യമുനാതീരത്താകുന്ന ഈ ചെറിയ വനം. അവിടെ അനേകം ക്ഷേത്രങ്ങളും ഉണ്ട്. ഇപ്പോഴും തീർത്ഥയാത്രക്കാർ ദർശിച്ചുവരുന്നു. ഇവിടെയാണ കൃഷ്ണൻ ഗോപന്മാരൊന്നിച്ചു പശുക്കളെമേച്ചു കളിച്ചുനടന്നത്.

കൃഷ്ണൻ ഗോപാലനായി യൌവനം നയിച്ച സ്ഥലം.

വൃന്ദിഷ്ഠ-വി. ന. ഏററവും സൌന്ദര്യമുള്ള. ൨. പ്രധാനമായുള്ള.

വൃശ(ഷ)ം-ന. എലി. ൨. ആടലോടകം.

വൃശ്ചികം-൧. 8-ാമത്തെ മാസം. ൨. തേൾ. ൩. 8-ാമത്തെ രാശി. ൪. ഞണ്ടു്. ൫. ചാണകത്തിലെ വണ്ടു്. ൬. ഒരു മുൾച്ചെടി, മലങ്കാര.

വൃശ്ചികാ- ഒരു മരുന്നു്, കാഞ്ഞൊറി. (കാഞ്ഞൊറി എന്നതു തമിഴാണു്).

വൃശ്ചീരം-വെളുത്ത തഴുതാമ.

വൃശ്ചീവം-വെളുത്ത തഴുതാമ.

വൃഷകൻ-ഒരു ഗാന്ധാരരാജപുത്രൻ.

വൃഷകേതു-൧. ശിവൻ. ൨. പൂച്ച.

വൃഷഗിരി-തൃശ്ശിവപേരൂർ.

പരശുരാമൻ കേരളത്തെ നിർമ്മിച്ചു് പരദേശബ്രാഹ്മണർ മുതലായവരെ അവിടെ താമസിപ്പിച്ചതിന്റെശേഷം രക്ഷാർത്ഥം ശ്രീപരമേശ്വരനെക്കൂടി കൈലാസത്തുചെന്നു് ക്ഷണിച്ചു. ശിഷ്യവാത്സല്യം ഹേതുവായിട്ടു് അദ്ദേഹം പാർവ്വതീസമേതം വൃഷാരൂഢനായി തെക്കോട്ടേക്ക എഴുന്നെള്ളി. വഴിക്ക വാഹനമായ വൃഷം ഒരു പർവ്വതംകണ്ടു് ഭഗവാന്റെ വാസത്തിനു സുഖസ്ഥാനമാണു് ഇതു എന്നു് മനസ്സിൽ വിചാരിച്ചു. പരമേശ്വരൻ ഇതറിഞ്ഞു ഉടൻ ഭൂമിയിലേക്ക അവതരിച്ചു് അവിടെ നിവാസം ഉറപ്പിച്ചു. വൃഷം കണ്ട പർവ്വതമാകയാൽ 'വൃഷഗിരി' എന്ന പേർ സിദ്ധിച്ചു. (നരസിംഹപുരാണം നോക്കുക)

വൃഷണം-അണ്ഡം. ശുക്ലത്തെ വർഷിക്കുന്നതു് എന്നർത്ഥം.

വൃഷണകച്ഛു-ഒരു ക്ഷുദ്രരോഗം. വൃഷണത്തിൽ അഴുക്കുനിമിത്തം ചൊറിച്ചിലുകൊണ്ടു പൊള്ളലുണ്ടായി പൊട്ടിയൊലിക്കും.

വൃഷണ്വസു-ഇന്ദ്രന്റെ ഭണ്ഡാരം.

വൃഷദംശകം-പൂച്ച.

വൃഷധ്വജൻ-൧. ശിവൻ. വൃഷത്തെ ധ്വജത്തിലാക്കിയവൻ എന്നർത്ഥം. ൨. ഗണപതി.

വൃഷന്ധകൻ-വൈവസ്വതമനുവിന്റെ ഒരു പുത്രൻ.

വൃഷൻ-൧. കൃഷ്ണൻ. ൨. വിഷ്ണു. ൩. ശത്രു. ൪. കാമൻ. ൫. ശക്തൻ. ൬. ശ്രേഷ്ഠതയുള്ളവരിൽ ചേർക്കുന്ന ഒരു വാക്കു്. ൭. നാലുപ്രകാരമുള്ള മനുഷ്യരിൽ രണ്ടാമത്തവൻ. ൮. ദേവേന്ദ്രൻ.

വൃഷപർവ്വാവു-അസുരാധിപൻ.

വൃഷപർവ്വാശ്രമം-ഒരാശ്രമം. ഗന്ധമാദനത്തിന്നരികെ, ഹിമവാന്റെ പുറത്തു നിർമ്മല ജലാശയങ്ങളോടും, പുഷ്പിതവൃക്ഷലതാദികളോടുംകൂടി സ്ഥിതിചെയ്യുന്നു.

വൃഷപാലകൻ-ധർമ്മരക്ഷകൻ.

വൃഷഭൻ-കാള.

വൃഷഭം-൧. കാള. ൨. ഇടവകം, ഒരു മരുന്നു്. ൩. ഇടവം രാശി. ൪. ശ്രേഷ്ഠവാചകം.

(വൃഷഭൻ—ശ്രേഷ്ഠവാചകം ഉ-ം, മുനിവൃഷഭന്മാർ)

വൃഷം-൧. ധർമ്മം. ൨. മയിൽപ്പീലി. ൩. കാള. ൪. രതിമഞ്ജരിപ്രകാരമുള്ള പുരുഷന്മാരിൽ ഒരുതരം. ൫. രാശിചക്രത്തിൽ ഒരുഭാഗം. ൬. എലി. ൭. ശുക്ലം. ൮. കതിര. ൯. ഇടവംരാശി. ൰. ഇടവകം എന്ന ഒരു മരുന്നു്. ൰൧. ബലം. ൰൨. ശ്രേഷ്ഠം. ൰൩. ആടലോടകം. ൰൪. സുകൃതം. ൰൫. എലിച്ചെവിയൻ.

വൃഷലൻ-൧. ശൂദ്രൻ. ൨. ചന്ദ്രഗുപ്തൻ. ൩. പാപി, ദുഷ്ടൻ.

വൃഷലം-൧. കതിര. ൨. ചെമന്ന ഉള്ളി.

വൃഷലി-൧. ശൂദ്രസ്ത്രീ. ൨. വിവാഹത്തിനു് പിതൃഗൃഹത്തിൽ പ്രായമായി അധിവസിക്കുന്ന യുവതി.

വൃഷലോചനം-എലി.

വൃഷവാഹനൻ-ശിവൻ. കാള വാഹനമായുള്ളവൻ എന്നൎത്ഥം.

വൃഷസ്യന്തി-മൈഥുനേച്ഛയുള്ളവൾ.

വൃഷാവ്-പു. ഇന്ദ്രൻ. ൨. കൎണ്ണൻ. ൩. ഋഷഭം. ൪. കാള. ൫. കുതിര.

വൃഷാകപായി-സ്ത്രീ. ലക്ഷ്മി. ൨. ഗൌരി. ൩. ശചി. ൪. സ്വാഹാ. ൫. അട്ടപാതിയൻ. ൬. ശതാവരി. ൭. സൂൎയ്യോദയസമയ ഉഷസ്സ്. ൮. ഇന്ദ്രന്റെ അമ്മ.

വൃഷാകപി-പു. സൂൎയ്യൻ. ൨. വിഷ്ണു. ൩. ശിവൻ ൪. ഇന്ദ്രൻ. ൫. അഗ്നി.

വൃഷാകരം-ഉഴുന്ന്.

വൃഷാങ്കൻ-ശിവൻ.

വൃഷാങ്കം-ചേരുമരം.

വൃഷാഹാരം-പൂച്ച.

വൃഷി-കശകൊണ്ടുള്ള ആസനം.

വൃഷിപ്ലി-ചിറ്റോലം.

വൃഷ്ടി-മഴ.

വൃഷ്ടിജീവനം-വേഴാമ്പൽപക്ഷി.

വൃഷ്ണി-പു. കറിയാട്ട്. ൨. മേഘം. ൩. രശ്മി. ൪. വൃഷ്ണിവംശം.

വൃഷ്ണി-പു. മധുവിന്റെ മകൻ. ശ്രീകൃഷ്ണന്റെ ഒരു പൂൎവ്വികൻ.

കൃഷ്ണൻ വൃഷ്ണിയുടെ സന്തതിയിൽ ജനിക്കയാൽ വാൎഷ്ണേയൻ, വൃഷ്ണി ഇൗ പേരുകൾ സിദ്ധിച്ചു. ൨. ഇന്ദ്രൻ. ൩. അഗ്നി ൪. കൃഷ്ണൻ. ൫. വായു.

വൃഷ്ണി-വി. കോപമുള്ള.

വൃഷ്ണിഗൎഭൻ-കൃഷ്ണൻ.

വൃഷ്ണിവംശം-യദുവംശം.

യാദവന്മാരിൽ ഒമ്പതു വൎഗ്ഗക്കാരുണ്ട്. അവർ ദാശാൎഹർ, വൃഷ്ണികൾ, അന്ധകർ, ഭോജർ, സാത്വതർ, മാധവർ, വിസൎജ്ജർ, കുകുരർ, കന്തികൾ ഇവരാകുന്നു.

വൃഷ്ണീശ്വരൻ-ശ്രീകൃഷ്ണൻ.

വൃഷ്യ-വി. ശുക്ലത്തെ വൎദ്ധിപ്പിക്കുന്ന, ശരീരപുഷ്ടിയുമുണ്ടാക്കുന്ന.

വൃഷ്യം-പു. കരിമ്പ്. ൨. ഉഴുന്ന്.

വൃസി - കശപ്പുല്ലുകൊണ്ട് ചമച്ച ആസനം.

വൃഹച്ഛല്കം-ചിങ്കിടമത്സ്യം.

വൃഹൽ(ത്)-വി. വലിയ.

വൃഹൽകഥാ-പല കഥകൾ അടങ്ങിയ ഒരു പുസ്തകം.

വൃഹൽസംഹിത-വരാഹമിഹിരന്റെ ജ്യോതിശ്ശാസ്ത്രപുസ്തകം.

വൃഹതി-സ്ത്രീ കണ്ടകാരിച്ചുണ്ട. ൨. ചെറുവഴുതിന. ൩. നാരദന്റെ വീണ ൪. ശ്ലോകത്തിന്റെ ഒരു വൃത്തം. ൫. ഒരു പുതപ്പ്.

വൃഹതിക-സ്ത്രീ. ഉത്തരീയം. ൨. ചെറുവഴുതിന.

വൃഹദംഗം-ആന.

വൃഹദ്രാവീ-ചെറിയ മൂങ്ങ.

---

## വെ

വെകിട-ചൂട്, വെക്കം.

വെക്ക-ചൂട്, അനച്ച, തീയുടെ ചൂട്.

വെക്കച്ചാ-ഒരു മൎമ്മം. (കണങ്കാലിനു കീഴെ.)

വെക്കം-അ. വേഗം, നിമിഷം.

വെക്കൽ-പു. വെക്കുക. ൨. ചൂട്, അനച്ച.

വെക്കാലി-ഒരു വൃക്ഷം.

വെക്കുന്നു-൧. വെവിക്കുന്നു, ചൂടുപിടിപ്പിക്കുന്നു. ൨. എന്തൊരു വസ്തു എങ്കിലും ഒരു സ്ഥലത്തിൽ ചേർക്കുന്നു, സ്ഥാപിക്കുന്നു. ൩. നടുന്നു. (വെപ്പിക്കുന്നു—കാ. ക്രി.)

വെങ്കു, വെങ്കടം-തിരുപ്പതിയിലെ വിഷ്ണുക്ഷേത്രം (വെങ്കിടേശ്വരസ്വാമി).

വെങ്കാടുക്ക്-ഒരു ശിംബിധാന്യം.

(കഫം, കൃമി, അർശസ്സ് മുതലായവയ്ക്കു നന്ന്. സം-സിദ്ധാർത്ഥം, ത-വെള്ളക്കാടുക്ക്).

വെങ്കടേശ്വരശാസ്ത്രി-ഒരു സംസ്കൃത കവി. രാമഭദ്രദീക്ഷിത ശിഷ്യൻ, ദക്ഷിണാമൂർത്തി പുത്രൻ. കൌണ്ഡിന്യവംശം. ശാബ്ദികവിദ്വാൽ കവിപ്രമോദം, പതഞ്ജലിചരിത വ്യാഖ്യാനം ഇവ നിർമ്മിച്ചു.

വെങ്കതലി-ഒരുമാതിരി തൈ.

വെങ്കലം-നാകവും ചെമ്പും കൂട്ടി ഉരുക്കിയതു്.

വെങ്കളി-വെള്ളക്കുന്മായം.

വെങ്കായം-വെള്ളുള്ളി.

വെങ്കാരം-പൊൻകാരംതന്നെ വെളുത്തതരം.

(ചുമ, വിഷം മുതലായവയ്ക്കു നന്ന്. സം-ശ്വേതടങ്കണം. ഇം- White Borax. വൈററ് ബോറാക്സ്)

വെങ്കാറ്-വെളുത്ത മേഘം.

വെങ്കൊടിത്തൂവ-വലിയ കൊടിത്തൂവ.

വെങ്കൊറ്റക്കുട-രാജാക്കന്മാരുടെ ഒരുമാതിരി വെള്ളക്കുട. (വെൺകൊറ്റക്കുട എന്നതു നോക്കുക)

വെങ്ങൽ-൧. പോക. ൨. അടുക്കുക. ൩. മുൻപിൽ കാണുക.

വെങ്ങുന്നു-൧. പോകുന്നു. ൨. അടുക്കുന്നു. ൩. മുൻപിൽ കാണുന്നു.

വെച്ച്-അ. വിഭക്തികളിൽ ഷഷ്ഠിയിലോ സപ്തമിയിലോ ചേർക്കുന്നതു്.

വെച്ചുമുക്ക്-വില്ല്.

വെച്ചടിക്കുക-യാത്രയാവുക.

വെച്ചിങ്ങ-തെങ്ങിൻ പൂക്കുലയിൽ ഉണ്ടാകുന്ന ചെറിയ കായ്, വെള്ളക്ക.

വെച്ചിട്ട് - തല്ക്കാലത്തേയ്ക്കു ഒഴിച്ചു വെച്ചിട്ട്.

'കാലുമെടുത്തുവിളിക്കണമെന്നാൽ
കേളനെവെച്ചിട്ടൊരുവനുമില്ല'

(നളചരിതം തുള്ളൽ)

'സന്താനവേരപ്പൊരുളുകളെവെച്ചിട്ട്'

(കല്യാണസൌഗന്ധികം തുള്ളൽ)

വെച്ചിരുത്തുന്നു-ആനയെ കോവിലിലെ നടയ്ക്കു വയ്ക്കുന്നു. (നാമം-വെച്ചിരുത്തം).

വെച്ചുപറക-നിസ്സാരമായി സൂചിപ്പിക്കുക.

വെച്ചെത്തി-വെളുത്ത ചെത്തി.

വെടി-൧. വെടിമരുന്നുകൊണ്ടുള്ള ഒരു പ്രയോഗം. ൨. നേരമ്പോക്ക് സംസാരം. ൩. കമ്പവെടി, കതിനാവെടി മുതലായവ.

വെടിക്കയറ്-വെടിത്തിരി, വഴിത്തിരി

വെടിക്കാരൻ-൧. വെടിവെക്കുന്നവൻ, ൨. നേരംപോക്കു പറയുന്നവൻ.

വെടിക്കുന്നു-വിള്ളുന്നു, പൊട്ടുന്നു.

വെടിക്കുഴ-പൈതങ്ങൾ ചില കുരുക്കളിട്ടു് വെടിവെച്ചുകളിക്കുന്ന ഒരുമാതിരി ഓട്ടക്കുഴൽ.

വെടിക്കുഴൽ-൧. തോക്കിൻെറ കുന്നക്കുഴൽ ൨. വെടിക്കുഴ.

വെടിക്കെട്ട്-കരിമരുന്നുകൊണ്ടുള്ള പ്രയോഗം.

വെടിഗ്ഗന്ധകം - വെടിമരുന്നുണ്ടാക്കുന്നതിനുള്ള ഒരുമാതിരി ഗന്ധകം.

വെടിച്ചൽ-ക്രി. വിള്ളുക, പൊട്ടുക. ല. ഉപേക്ഷിക്കുക.

വെടിത്തിരി-വഴിത്തിരി.

വെടിത്തുള-കറിഞ്ഞിള്ളു.

വെടിപറയുക-ദൂരസംഭാഷണം പറയുക.

വെടിപ്പ്-ക്രി. നന്മ. ല. കറമില്ലായ്മ. ന. സ്വച്ഛത. ര. വിള്ളൽ, പൊട്ടൽ. ('സ്വച്ഛത' എന്ന അൎത്ഥത്തിലാണെങ്കിൽ 'വെട്ടപ്പ്' എന്നതു നന്ന്.)

വെടിപ്പഴുത്-ക്രി. വെടിവെപ്പാനായിട്ടു കോട്ടയുടെ മുകളിൽ ഉണ്ടാക്കുന്ന ദ്വാരം. ല. വെടികൊണ്ടുണ്ടായ ദ്വാരം.

വെടിപ്പാകുന്ന-ക്രി. വൃത്തിയാകുന്ന, നന്നാകുന്ന. ല. മിനുസമാകുന്ന. (സ. ക്രി വെടിപ്പാക്കുന്ന.)

വെടിപ്പാട്-ക്രി. വെടിവെച്ചാൽ ഉണ്ട ചെന്ന വീഴുന്ന അകലം. ഉണ്ടകൊണ്ട വടുക്.

വെടിപ്പുര-വെടിമരുന്നുമറവം സൂക്ഷിക്കുന്ന ഭവനം.

വെടിപ്പൊട്ടി-പൊങ്ങച്ചക്കാരൻ.

വെടിപ്പൊരുൾ-സ്പഷ്ടവിവരണം, തെളിവായി വിവരിക്കുക.

വെടിമരുന്ന്-വെടിയുപ്പും ഗന്ധകവും കരിയും കൂട്ടിയുണ്ടാക്കുന്ന വസ്തു. കരിമരുന്ന.

വെടിമ്പ്, വെടിയൽ-ക്രി. വിള്ളുക, പൊട്ടുക. ല. ഉപേക്ഷിക്കു.

വെടിയുണ്ട-വെടിവെക്കുന്നതിന്ന ഈയം കൊണ്ടുംമറവം വാൎത്തുണ്ടാക്കുന്ന വസ്തു.

വെടിയുന്ന ക്രി. ഉപേക്ഷിക്കുന്ന. ല. വിള്ളുന്ന, പൊട്ടുന്ന.

വെടിയുപ്പ്-വെടിമരുന്നുണ്ടാക്കുന്നതിന്നുള്ള ഉപ്പ്.

വെടിയുപ്പ എന്നതു ചാമ്പലും അഗ്നിദ്രാവകവും എന്ന രണ്ടു പോഷണദ്രവ്യങ്ങൾ അടങ്ങിയിരിക്കുന്ന ഒരു വസ്തു ആകുന്നു. ഇതു വളത്തിന്ന നന്നാണ്. ഇതിന്ന ശുദ്ധീകരിക്കാത്ത വെടിയുപ്പ മതി. ധാന്യങ്ങൾ പച്ചപിടിക്കാൻ വളരെ നന്ന്. ആകാശത്തിൽ നിന്നും വെള്ളം പിടിച്ചുവലിക്കുന്നതിന്ന ഇതിന്ന ശക്തിയുണ്ട്.

വെട്ടത്തല-കതിര്, (നെയ്ത്തുകാരുടെ) വൈവകോല്.

വെട്ടപ്പ്-സ്വച്ഛത, നന്മ, കറമില്ലായ്മ.

വെട്ട്-ക്രി. വാൾ, മഴു, കോടാലി മുതലായ ആയുധങ്ങളെക്കൊണ്ടുള്ള പ്രയോഗം. ല. വെട്ടുകൊണ്ടുണ്ടാകുന്ന മുറിവ്.

വെട്ടൻ-വെട്ടുന്ന പോത്ത്.

വെട്ടക്കരിയൻ-മലയരുടെ ഒരു ദേവത.

വെട്ടടക്ക-കളിയടക്ക. വെള്ളടക്ക> < വെട്ടടക്ക.

വെട്ടം-വെളിച്ചം.

വെട്ടൽ-ക്രി. വെട്ടുക. ല. ശരീരത്തിലുണ്ടാകുന്ന ഒരു വേദന, മിന്നൽ.

വെട്ടരിവാൾ-കാട്ടുമാറവം വെട്ടുന്നതിനുള്ള അരിവാൾ.

വെട്ടാവാളാൻ-വേട്ടാളൻ. A wasp.

വെട്ടാവെളിവ്(ച്ചം)-വലിയ സൂൎയ്യപ്രകാശം,

വെട്ടി-വി. പ്രയോജനമില്ലാത്ത

വെട്ടി-ഒരു വൃക്ഷം.

വെട്ടിക്കതിര-കോവർകഴുത.

കതിരയിൽ കഴുതയാൽ ഉല്പാദിപ്പിക്കപ്പെടുന്ന ഒരു തരം കഴുത. സം- അശ്വതരം. ത- കോവർകഴുതൈ.

വെട്ടിത്താളി-ക്രി. വെട്ടിവൃക്ഷത്തിന്റെ ഇല. ല. വെട്ടിയില ചതച്ചുപിഴിഞ്ഞ ചാർ.

വെട്ടിപ്പിടിക്ക-യുദ്ധംചെയ്തു ജയിക്ക.

വെട്ടിൽ-വെട്ടുക്കിളി.

വെട്ടിവാളാൻ-ഒരുമാതിരി കടന്നൽ.

വെട്ടുകത്തി-ഒരായുധം, വെട്ടുന്നതിനുള്ള ഒരുമാതിരി വലിയ പിച്ചാങ്കത്തി.

വെട്ടുകല്ല്-മണ്ണിന്റെ അടിയിൽനിന്നും വെട്ടിയെടുക്കുന്ന ചെമന്ന കല്ല്.

വെട്ടുചേമ്പ്-ഒരു കന്ദശാകം.

വെട്ടുന്നു-൧. വാൾ, മഴു മുതലായ ആയുധങ്ങളെക്കൊണ്ടു പ്രയോഗിക്കുന്നു. ൨. കിണർ, കുളം മുതലായവയെ കുഴിക്കുന്നു. ൩. പ്രകാശിക്കുന്നു.

വെട്ടുപന-കുടപ്പന.

വെട്ടുപാട്-വെട്ടുകൊണ്ടുണ്ടായ മുറിവ്, തഴമ്പ്.

വെട്ടുവഴി-വീതിയുള്ള നല്ല നാട്ടുവഴി.

'വെട്ടുവഴികളടിച്ചുതളിച്ചതിൽ
പട്ടുകൾനീളെവിരിച്ചുകൊണ്ടീടണം'
(ഗണപതിപ്രാതൽ തുള്ളൽ)

വെട്ടേ-അ. വെളിച്ചത്ത്, പരസ്യമായിട്ട്.

വെൺ-വി. ൧. വെളുത്ത. ൨. പ്രകാശമുള്ള. ൩. വലിയ. ൪. ഭംഗിയുള്ള.

വെൺകഞ്ജകം-വെളുത്ത തുളസി.

വെൺകടമ്പ്-ഒരു മാതിരി കടമ്പുമരം.

വെൺകതലി, വെൺകനലി-ഒരു വൃക്ഷം.

വെൺകളാവ്-വെള്ളക്കുമ്മായം തേച്ചിട്ടുള്ള ഒരുമാതിരി വലിയഭവനം.

വെൺകളി-വെള്ളക്കുമ്മായം.

വെൺകളിമാടം-വെൺകളിതേച്ച മാളിക.

വെൺകറുക-ഒരുമാതിരി പുല്ല്.

വെൺകാരം-കാരം പലതരമുള്ളതിൽ ഒന്ന്.

വെൺകാമരം-ഒരു വൃക്ഷം.

വെൺകായൽ-വലിയ കായൽ.

വെൺകാര-ഒരു മുൾച്ചെടി.

വെൺകുറിഞ്ഞി-ഒരു പച്ചമരുന്ന്.

വെൺകുറുന്തോട്ടി-കുറുന്തോട്ടി മൂന്നുതരമുള്ളതിൽ വെളുത്തത്.

വെൺകൊട്ട-ഒരു വൃക്ഷം.

വെൺകൊററക്കുട-(വെൺ=വെളുത്ത കൊററൻ=രാജാവ്). രാജചിഹ്നമായ വെള്ളക്കുട.

വെൺചാമരി, വെൺചമരിമാൻ-ഒരുവകമാൻ.

വെൺചാണായി-വെളുത്ത അമര.

വെൺചാമരം-൧. വെൺചമരിമാനിന്റെ വാലിനു വെള്ളിയോ പൊന്നോ കൊണ്ടു പിടിയിട്ടു വീശുന്നതിനായിട്ടുണ്ടാക്കുന്ന സാധനം. ൨. വെൺചമരിമാനിന്റെ വാൽ.

വെണ്ട-൧. ഓട്ടുകൊണ്ടു വാർത്തുണ്ടാക്കിയ ഒരുമാതിരി ചെറിയ മണി. ൨. ഒരു വക ചീര. ൩. വെണ്ടക്കാ ഉണ്ടാകുന്ന ഒരു തൈ. ('ഭിണ്ഡാ' എന്നതാണ് 'വെണ്ട' എന്നായത്).

വെണ്ടകം-ഒരു വൃക്ഷം, നീർമരുത്.

വെണ്ടക്കാ-വെണ്ടയുടെ കായ്.

വെണ്ടിങ്കൾ-വെൺതിങ്കൾ, വെളുത്ത ചന്ദ്രൻ, പൂർണ്ണചന്ദ്രൻ. (പ-മ.)

വെണ്ടെല്ല്-പഴക്കംചെന്ന അസ്ഥിക്ക് ചില ദിക്കിൽ പറയുന്ന ഒരു പേർ.

വെണ്ണ-തൈരു കലക്കിയെടുത്ത നെയ്.

രക്തദോഷം, ചുട്ടുനീറൽ, ക്ഷയം, അർശസ്സ്, വ്രണം മുതലായവയെ ശമി

പ്പിക്കും. രുചിയെ ഉണ്ടാക്കും. മലത്തെ പിടിപ്പിക്കും. നേത്രത്തിനു ഹിതം.

വെണ്ണക്കല്ല്-ഒരുമാതിരി ചുണ്ണാമ്പുകല്ല്.

വെണ്ണനൈ-ഉരുക്കാത്ത നെയ്.

വെണ്ണാരക്കൽ-വെളുത്ത പാറക്കല്ല്.

വെണ്ണിലം-മണൽപ്രദേശം.

വെണ്ണിലാവ്-വെളുത്ത നിലാവ്.

വെണ്ണീറ്-ചാരം, ഭസ്മം.

വെണ്ണീററൻകുന്നൻ-ഒരുവക തരം വാഴ, ചാരക്കുന്നൻ.

വെണ്ണെഞ്ചു- മൃഗങ്ങളുടെ നെഞ്ചിനു ചിലദിക്കിൽ പറയുന്ന പേർ.

വെണ്ണെല്ല്-ന. വെൺനെല്ല്. വ. ഒരുമാതിരി വെളുത്ത നെല്ല്.

വെൺതകര-ഒരു ചെടി.

വെൺതന്തലകൊട്ടി-ഒരു പച്ചമരുന്ന്

വെൺതഴ-വെളുത്ത ശീലകൊണ്ടു നിർമ്മിച്ച തഴ.

വെൺതിങ്കൾ-പൂർണ്ണചന്ദ്രൻ, വെളുത്ത ചന്ദ്രൻ.

വെൺതുലാത്ത്-തൂക്കത്തിലെ പോരായ്മ (കുറവ്).

വെൺനിലാവ്-പൂർണ്ണചന്ദ്രപ്രകാശം.

വെൺപടാവ്-തോൽകൊണ്ടുള്ള കുടം, തോല്ക്കുടം.

വെൺപറമ്പ്- കൃഷിചെയ്യാതെ കിടക്കുന്ന പുരയിടം.

വെൺപാട്ടം-ദ്രവ്യം കൊടുക്കാതെ മുതലാളിനോടു നിലമോ പുരയിടമോ എഴുതി വാങ്ങിക്കുക, വെറുംപാട്ടം.

വെൺപാതിരി-ഒരുവൃക്ഷം.

വെണ്മ-ന. വെളുപ്പ്. വ. ശോഭ. ന. മാർദ്ദവം. ര. വെടിപ്പ്. ള. മുട്ടതാം. (പ-മ). ത്ര. കീർത്തി.

വെണ്മപെററ-വെളുപ്പുനിറമുള്ള.

'ചുററിനകത്തും പുറത്തും
ബലിശിലകളും വെണ്മ-
പെററവേദികയും പൊന്നിൻ
കൊടിമരവും'

(കുചേലവൃത്തം വഞ്ചിപ്പാട്ട്)

വെൺമട്ടം-ചിത്രമില്ലാതെയുള്ള മിനുസപ്പണി.

വെണ്മതി-ചന്ദ്രൻ.

വെണ്മല-വെള്ളിമല.

വെണ്മഴു-ഒരായുധം, പ്രകാശമുള്ള മഴു.

വെണ്മാടം-കല്ലുകൊണ്ടോ ഇഷ്ടികകൊണ്ടോ ഉണ്ടാക്കിയ ഭവനം.

വെണ്മീൻ-വെള്ളി, ഉദയനക്ഷത്രം.

വെൺമുരിക്ക്-ഒരു വൃക്ഷം.

വെതുപ്പ്-അനത്തുക, ചൂടുപിടിക്ക.

വെതുപ്പുന്നു-അനരുന്നു, ചൂടുപിടിക്കുന്നു. (വെതുപ്പിക്കുന്നു-സ. ക്രി.)

വെതുമ്പൽ-അനത്തുക, ചൂടുപിടിപ്പിക്ക.

വെതുമ്പുന്നു-അനരുന്നു, ചൂടുപിടിക്കുന്നു. (വെതുപ്പിക്കുന്നു-സ. ക്രി.)

വെതുവെത-ഇളംചൂടായിട്ട്.

വെന്തയം-ഉലുവാ.

വെന്തല-തലമണ്ട, തലയോട്ട്.

വെന്തിങ്കൾ-പൂർണ്ണചന്ദ്രൻ.

വെന്തിങ്ങ-റോമാക്കാർ കഴുത്തിൽ ധരിക്കുന്ന സാധനം.

വെന്തിരുതാളി-ഒരുമാതിരി വള്ളി.

വെന്തുമ്പ-വെളുത്ത തുമ്പ.

വെന്തേക്ക്— ഒരു വൃക്ഷം. (വേവുള എന്നും പറയും).

വെന്നി-ന. കഞ്ഞിക്കു കൂട്ടുന്ന ഒരു കറി.

'കഞ്ഞിക്കൊരുത്താരുവെന്നിയുമസ്രുവും'

(സുഭദ്രാഹരണം പാന)

വെന്നിപ്പുറം-പെരുമ്പറ.

**വെന്നിമികം**-വി. ജയമധികമുള്ള. 'നല്ല' എന്ന താൽപര്യം. ജയിക്കുന്നതായ എന്നും വരും. (പ-മ.)

**വെന്നിലാവ്**-ശോഭയുള്ള നിലാവ്.

**വെന്നീർ**-തെളിഞ്ഞ വെള്ളം.

**വെന്നൊച്ചി**-ഒരു പച്ചമരുന്ന്.

**വെൻറമ**-വെന്ന അവസ്ഥ. (പ-മ).

**വെൻറി**-ജയം.

**വെൻറിക്കൊടി**-ജയപതാക.

**വെൻറിചേർ**-ജയം ചേരുന്ന, വിശിഷ്ടമായ. (പ-മ.)

**വെപ്പൻ**-അരിയും മററും പാകംചെയ്യുന്നവൻ, വെക്കുന്നവൻ.

**വെപ്പ്**-൧. വെക്കുക. ൨. നിക്ഷേപം. ൩. നടുക. ൪. അടുക്കളവേലചെയ്യുക. ൫. പുടത്തിൽവെച്ചു സിന്ദൂരമാക്കുക. (തമിഴിൽ-വെപ്പ്=മല).

**വെപ്പാട്ടി**-വിവാഹം ചെയ്യാതെ എടുത്ത ഭാര്യ.

**വെപ്പുകാടി**- ഒരുവക ഔഷധവെള്ളം. (കാടി എന്നതു നോക്കുക). പര്യായങ്ങൾ—ആരനാളകം, സൌവീരം, കുല്മാഷം, അഭിഷുതം, അവന്തിസോമം, ധാന്യാമ്ലം, കഞ്ജലം, കാഞ്ജികം.

**വെപ്പുകാരൻ**-വെക്കുന്നവൻ.

**വെപ്പുപുര**-അടുക്കളപ്പുര.

**വെപ്പുപൊടി**-ചില സിന്ദൂരപ്പൊടി.

**വെപ്പുവള്ളം**-ഒരുമാതിരി വലിയവള്ളം.

**വെപ്പുവെള്ളം**-ചില മരുന്നുകൾ ഇട്ടു വെച്ചുണ്ടാക്കുന്ന വെള്ളം.

**വെമ്പടാവ്**-ശോഭയുള്ള നിലാവ്.

**വെമ്പൽ**-൧. വ്യാകുലത. ൨. തിടുക്കം. ൩. ഭയം.

**വെമ്പറമ്പ്**-കൃഷിചെയ്യാത്ത പറമ്പ്.

**വെമ്പാടം**-വയൽ.

**വെമ്പുന്നു**-൧. വ്യാകുലപ്പെടുന്നു. ൨. ഭയപ്പെടുന്നു. ൩. തിടുക്കപ്പെടുന്നു.

**വെയിൽ**-ആദിത്യരശ്മി.

പിത്തം, രക്തദോഷം, മൂർച്ഛ, തണ്ണീർദാഹം, തളർച്ച, വിയർപ്പ് മുതലായതിനെ ഉണ്ടാക്കും. സം-ആതപം.

**വെയിൽകെട്ട്**- വെയിലുകൊണ്ടുണ്ടായ കേട്.

**വെരകൽ**-അയവു വരുവാനായിട്ടു കൈകൊണ്ടു മട്ടിക്ക.

**വെരുക്**-ഒരു ചെറിയ മൃഗം (അതിൻെറ ഗുഹ്യത്തിൽനിന്നു പച്ചപ്പുഴ എന്ന ഒരു സുഗന്ധവസ്തു ഉണ്ടാകും).

(മെരുക്, മെരു ഇങ്ങിനെയും പറയുന്നുണ്ട്.) ഇതിൻെറ മാംസം ഗുണംകൊണ്ടു പൂച്ചമാംസത്തിനു തുല്യമാണ്. സം-ഗന്ധമാർജ്ജാരം. ഇം- Civet cat സിവെററ് ക്യാററ്)

**വെരുകടി**-മൂന്നു വിരൽകൊണ്ടു എടുക്കാവുന്നിടത്തോളമുള്ള അളവ്.

**വെരുളുക**-ഭയപ്പെടുക. (പ. മ.)

**വെമ്മ**-മരംതുളയ്ക്കുന്ന ഒരുമാതിരി ഉളി.

**വെലി**-ശ്രാദ്ധത്തിനും മററും പറയുന്ന ഒരു പേർ, ബലി

**വെലിക്കൽ, വെലിക്കല്ല്**-ക്ഷേത്രങ്ങളിൽ ബലി തൂകുന്നതിനുള്ള സ്ഥലത്തെ കല്ല്.

**വെലിക്കൽപുര**-ചില വെലിക്കല്ലു വെക്കുന്നതിനുള്ള പുര.

**വെല്കൽ**-വെല്ലുക, ജയിക്ക.

**വെല്ലം**-ശർക്കര.

**വെല്ലൽ**-ജയിക്ക.

**വെല്ലുന്നു**-ജയിക്കുന്നു.

വെല്ലുവിളി-പോർക്കുവിളി.

വെല്ലത്തി-വില്ലുസ്സ്പട്ടു്, സൂക്ഷ്മപടം.

വെവ്വേറെ-അ. ഓരോരോന്നോരോന്നായി ട്ടു, വേറെ വേറെ.

വെവ്വേറവഴി-അ. ഓരോന്നിനും പ്രത്യേക മായിട്ടു.

വെളഞ്ഞീർ, വെളഞ്ഞിനീർ—മുളഞ്ഞിൽ viscous juice as of a jack-fruit.—(Gundert).

വെളി-പ്ര. വെറുംഭൂമി. ദ. ആകാശം. മൂ. വീട്ടിന്നപ്പുറം. ൪. പ്രത്യക്ഷം. ൫. വെളിച്ചെമ്പു്.

വെളിച്ചത്താക്കുക-പരസ്യമാക്കുക.

വെളിച്ചപ്പാടു്-ദൈവത്തിന്റെ അധിവാസംകൊണ്ടു തുള്ളി കല്പനയെ പറയുന്നവൻ.

വെളിച്ചപ്പെടുന്നു-പ്ര. ദൈവത്തിന്റെ അധിവാസമുണ്ടായി തുള്ളുന്നു. ദ. പ്രത്യക്ഷമാകുന്നു. മൂ. പ്രസിദ്ധമാകുന്നു. ൪. വ്യക്തപ്പെടുന്നു.

വെളിച്ചം-പ്ര. പ്രകാശം. ദ. പ്രത്യക്ഷം.

വെളിച്ചമാകുന്നു-പ്രകാശമുണ്ടാകുന്നു.

വെളിച്ചിമരം-ഒരു വൃക്ഷം, ഏരിമരം.

വെളിച്ചിൽ(ച്ചിങ്ങ)-വെള്ളുക്ക, കൊച്ചുങ്ങ, ഇളം കരിക്കു്, (വെച്ചിങ്ങ, മെച്ചിങ്ങ എന്നു മുണ്ടു്).

വെളിച്ചെണ്ണ-തേങ്ങായിൽ നിന്നെടുക്കുന്ന എണ്ണ, തേങ്ങാഎണ്ണ.

വെളിന്താളു്-വെളിച്ചെമ്പിന്റെ തണ്ടു.

വെളിപാടു്-പ്ര. വെളിച്ചപ്പാടു തുള്ളുക. ദ. പ്രത്യക്ഷത.

വെളിപ്പെടുന്നു-പ്ര. പ്രത്യക്ഷമാകുന്നു. ദ. പ്രസിദ്ധമാകുന്നു. (വെളിപ്പെടുത്തുന്നു. സ. ക്രി).

വെളിമ്പറമ്പു്-കൃഷിചെയ്യാതെ കിടക്കുന്ന പറമ്പു്.

വെളിയട-വെളിക്കുള്ള അടപ്പു അല്ലെങ്കിൽ വാതിൽ, തിരശ്ശീല.

വെളിയം-വെളിപ്രദേശം.

വെളിയാണിക്കരു - തുരക്കുന്നതിനുള്ള കരു.

വെളിർ-ഒരുമാതിരി വെളുത്ത പക്ഷി, കൊക്കു്.

വെളിവു്-പ്ര. പ്രകാശം. ദ. സുബോധം.

വെളിവാതിൽ-പ്ര. കിളിവാതിൽ. ദ. വെളിയിലേക്കുള്ള വാതിൽ.

വെളിവുകെടുന്നു - ബോധം കെടുന്നു, മോഹാലസ്യമുണ്ടാകുന്നു.

വെളിവുകെട്ടവൻ - കള്ളുകുടിച്ചിട്ടും മറവും ബോധമില്ലാതായവൻ.

വെളിവുകേടു് - പ്ര. മോഹാലസ്യം, ബോധമില്ലായ്മ, ദ. ബുദ്ധിഭ്രമം.

വെളുക്കുന്നു-പ്ര. വെളുത്തനിറമാകുന്നു. ദ. വെളിച്ചമാകുന്നു. മൂ. നശിക്കുന്നു. സ. ക്രി—വെളുപ്പിക്കുന്നു).

വെളുക്കെ-അ. വെളുക്കത്തക്കവണ്ണം.

വെളുതി-വിളിവു്, വക്കു്.

വെളുത്തഎലി-വസൂരി ഭേദ-ൽ ഒന്നു്. ഭേദ-ശരിവസൂരി കളിപ്പിക്കും.

വെളുത്തപക്ഷം- കറുത്തവാവുകഴിഞ്ഞാൽ വെളുത്തവാവുവരെയുള്ള ദിവസങ്ങൾ 15-ം.

വെളുത്തവാവു്-പൂർണ്ണചന്ദ്രൻ ഉദിക്കുന്ന ദിവസം.

വെളുത്തവ്യാധി-കുഷ്ഠരോഗം.

വെളുത്തീയം-ഈയം രണ്ടുതരമുള്ളതിൽ ഒന്നു്. (വെളുത്തവങ്കം, ചെമ്പ്രാക്കൊടി).

വെളുത്തേടൻ-അലക്കുകാരൻ.

വെളുത്തേടം-അലക്കുന്ന സ്ഥലം (കളം)

വെളുന്നനെ - വെളുപ്പായിട്ട്.

വെളുപ്പ് - ൧. വെളുത്തനിറം. ൨. ഒരുമാതിരി കുഷ്ഠരോഗം.

വെളുപ്പിക്കുന്നവൻ - ൧ അലക്കുകാരൻ. ൨. ക്ഷൌരകൻ.

വെളുമ്പൻ - വെളുത്തവൻ.

വെളുമ്പി - വെളുത്തവൾ.

വെളുവെളെ - അ. അധികം വെള്ളയായി.

വെൾവയമ്പ് - ഒരങ്ങാടി മരുന്ന്.

(വയമ്പിന്റെ ഏറിയ ഗുണങ്ങളോടു കൂടിയതാണ്. വിശേഷാൽ കൃമി മുതലായതിനു നന്ന്. ഓർമ്മയെ ഉണ്ടാക്കും).

വെൾവേലം - തുശിപോലെ ഇരട്ടമുള്ളുള്ള ഒരു മരം.

(കായ് പുളിഞ്ചിക്കപോലെയിരിക്കും)

വെള്ള - വി. വെളുത്ത.

വെള്ള - ൧. വെളുത്ത നിറം. ൨. വെളുത്ത വസ്ത്രം. ൩. കമ്മായം ൪. വൃക്ഷങ്ങളുടെ തൊലിയ്ക്കകത്തു കാതലിന്റെ പുറമെയുള്ള ഭാഗം. ൫. മീൻപിടിക്കാനുള്ള ഒരു സൂത്രം. ൬ വെളുത്ത കൊടിക്കൂറ. ൭. സത്യം.

വെള്ളക്കരു - കോഴിമൊട്ടയുടെയുംമറ്റും അകത്തുള്ള ഒരു വസ്തു.

വെള്ളക്കള്ളൻ - ജനങ്ങളെ സമ്മതിപ്പിക്കുന്നതിനായിട്ടു നേരുകാരനെന്നു നടിക്കയും വ്യാജം പ്രവർത്തിക്കയും ചെയ്യുന്നവൻ.

വെള്ളക്കാച്ചിൽ - ഒരുമാതിരി കിഴങ്ങ്.

വെള്ളക്കാട് - വളരെ വെള്ളമുള്ള സ്ഥലത്തിനു ചിലർ പറയുന്ന പേർ.

വെള്ളക്കാരൻ - ൧. വെളുത്ത മനുഷ്യൻ, സായ്പ്. ൨. വെള്ളം ചുമക്കുന്നവൻ.

വെള്ളക്കാർ - ൧. വെളുത്തമേഘം. ൨. സായ്പന്മാർ.

വെള്ളക്കാൽ - ൧. അരുണോദയസമയം. ൨. ഉറവക്കണ്ണ്.

വെള്ളക്കാൽവീശുക - അരുണോദയം ആരംഭിക്ക.

വെള്ളക്കാറ് - മഴക്കാറ്.

വെള്ളക്കിണ്ടി - വെള്ളംകുടിക്കുന്നതിനു വാലുള്ളതായ ഒരു ജലപാത്രം.

വെള്ളക്കുരുവ - ൧. വെളുത്തകുരുവ. ൨. കുരുവന്തറ്.

വെള്ളക്കേട് - വെള്ളത്താൽ ഉണ്ടാകുന്ന നാശം.

വെള്ളക്കൊടി - ൧. വെളുത്ത കൊടിക്കൂറ. ൨. യുദ്ധക്കൊടി.

വെള്ളക്കൊപ്പര - നല്ല കൊപ്രാ.

വെള്ളച്ചായം - വെളുത്ത ചായം.

വെള്ളച്ചാഴി - ഒരുവക ചെറിയ കൃമി.

ഇതു നിലത്തിൽ നെല്ലുകിടക്കുമ്പോൾ അതിനു ദോഷംചെയ്യുന്ന ഒരുവക ജന്തുവാണ്.

വെള്ളച്ചോറ് - വെള്ളത്തിലിട്ടു വെച്ചിരിക്കുന്ന ചോറ്. കാലത്തെ ഭക്ഷണത്തിനുള്ള ചോറ്.

വെള്ളടക്ക - ഉണക്കപ്പാക്ക്, കൊട്ടടക്ക. വെള്ളടക്ക > < വെട്ടടക്ക. (വെട്ടടക്ക നോക്കുക).

വെള്ളടമ്പ് - ഒരു മരുന്നുവള്ളി.

വെള്ളത്തുത്ത് - പാൽതുത്ത്.

വെള്ളൻ - നേരുള്ളവൻ.

വെള്ളപ്പാഷാണം - ഒരുവക പാഷാണം.

വെള്ളപ്പോള - ൧. നീർക്കുമിള. ൨. ഒരു മതെ.

വെള്ളം - ൧. ജലം.

വെള്ളത്തുള്ളി—പൃഷതം, ബിന്ദു, പൃഷതം, വിപ്രുട്ട്.

വ. നീർ. ന. ഒരു വലിയ തുക, വെള്ളംപട.

വെള്ളംപട — ഈ പദം രാമായണത്തിലും ത്രിപുരദഹനം തുള്ളക്കഥയിലും മററും കാണുന്നുണ്ട്.

നൂറുനൂറായിരം-ഒരു കോടി.
നൂറുനൂറായിരംകോടി-ഒരു മഹാകോടി
നൂറുനൂറായിരം മഹാകോടി-ഒരു ശങ്ക്.
നൂറുനൂറായിരം ശംകു-ഒരു മഹാശംക്.
നൂറുനൂറായിരം മഹാശംക്-ഒരു വൃന്ദം.
നൂറുനൂറായിരം വൃന്ദം-ഒരു മഹാവൃന്ദം.
നൂറുനൂറായിരം മഹാവൃന്ദം-ഒരു പത്മം
നൂറുനൂറായിരം പത്മം-ഒരു മഹാപത്മം
നൂറുനൂറായിരം മഹാപത്മം-ഒരു ഖവ്വം
നൂറുനൂറായിരം ഖവ്വം-ഒരു മഹാഖവ്വം.
നൂറുനൂറായിരം മഹാഖവ്വം-ഒരു സമുദ്രം
നൂറുനൂറായിരം സമുദ്രം-ഒരു ഓഘം.
നൂറുനൂറായിരം ഓഘം-ഒരു മഹൌഘം
നൂറുനൂറായിരം മഹൌഘം-ഒരു വെള്ളം

വെള്ളംകുടി-ക്രി. വെള്ളം കുടിക്ക. വ. ഒരു വിരുന്നു ഭക്ഷണം.

വെള്ളംകുടിക്കുന്നു-ക്രി. വെള്ളം വായിലൊഴിച്ചിറക്കുന്നു, ബുദ്ധിമുട്ടുന്നു (വെള്ളം കുടിപ്പിക്കുന്നു-സ. ക്രി).

വെള്ളമാനം-വെളുക്കെ.

വെള്ളയടിക്കുക-ഉള്ള ദോഷത്തെ വെളിപ്പെടുത്താതെ ഇല്ലാത്ത ഗുണങ്ങൾ ഉണ്ടാക്കിപ്പറയുക.

വെള്ളർ-നേരുള്ളവർ, സത്യവാന്മാർ.

വെള്ളരി-ക്രി. ഒരു കറിസ്സാധനമുണ്ടാകുന്ന വള്ളി.

പര്യായങ്ങൾ—ഉർവ്വാരു, കക്കരി.

ഇതു പിത്തഹരവും ശീതളവുമാണ്. മൂത്രരോഗം, അരോചകം, ചുട്ടുനീറൽ, മോഹാലസ്യം ഇവയ്ക്കു നന്ന്. അധികം ഭക്ഷിക്കരുത്. ഭക്ഷിച്ചാൽ വാതകോപനമാണ്. വെള്ളരിക്കാക്കുരു വസ്തിപ്രദേശത്തിട്ടാൽ മൂത്രകൃച്ഛ്റം ശമിക്കും.
വ. വെളുത്തഅരി, ഉണക്കലരി. (പ. മ.)

വെള്ളവിരിക്കുന്നു-വെളുത്തവസ്ത്രം വിരിക്കുന്നു.

വെള്ളവീശുന്നു-ക്രി. സൂര്യരശ്മി പ്രകാശിച്ചു തുടങ്ങുന്നു. വ. യുദ്ധത്തിൽ സമാധാനത്തിന്നായിട്ടു വെളുത്ത കൊടി തൂക്കുന്നു.

വെള്ളവെങ്കായം-വെളുത്ത ഉള്ളി.

വെള്ളാട്ട്-വസൂരി പ്രമാണിച്ചു കുംഭമാസത്തിൽ കൊടുങ്ങല്ലൂർ ദേവിക്കു വേണ്ടി ചെയ്യുന്ന വിധിപൂർവ്വകമായ ഒരു കൃത്യം.

വെള്ളാട്ടി-ദാസി.

വെള്ളാന-ക്രി. ഇന്ദ്രന്റെ ഐരാവതം. വ. വെളുത്ത ആന.

വെള്ളായ്മ-കൃഷി.

വെള്ളായ്മക്കാർ-കൃഷിക്കാർ.

വെള്ളാരക്കല്ല്, വെള്ളാരമ്പാറ-വെളുത്ത പാറക്കല്ല്.

വെള്ളാവി-വസ്ത്രങ്ങൾ വെളുപ്പിക്കുന്നതിനുള്ള ആവി

വെള്ളാളർ-ചെട്ടികളിൽ ഒരു നല്ലജാതി തമിഴ് ശൂദ്രർ.

വെള്ളി-ക്രി. ഒരു ലോഹം. പര്യായങ്ങൾ ദുർവ്വർണ്ണം, രജതം, രൂപ്യം, ഖർജ്ജൂരം, ശ്വേതം.

പ്രമേഹം, ഛർദ്ദി, ക്ഷയം മുതലായവയ്ക്കു നന്ന്. രുചികരമാണ്. ബുദ്ധിയും മരണവും ശരിയാകാതെയിരിക്കുന്ന

വെള്ളി അറിയാതെ ഭക്ഷിച്ചാലുള്ള വികാരത്തിനു ശേഷം പഞ്ചസാരയും സമമായി എടുത്തു മൂന്നുദിവസം സേവിക്കുക. സം-രൂപ്യകം. ത-വെള്ളി. ഇം-Silver.

വ. വെള്ളിയാഴ്ച. ന. ശുക്രൻ. ര. കണ്ണിലുണ്ടാകുന്ന ഒരു ദീനം, പൂക്കം. ഉ. ഒരു വെള്ളിനാണയം.

വെള്ളിക്കച്ചപ്പുറം-വെള്ളികൊണ്ടുള്ള പടിയരഞ്ഞാണം.

വെള്ളിക്കട്ടൻ, വെള്ളിക്കണ്ടൻ-ഒരുവക പാമ്പ്.

വെള്ളിക്കമ്പി-വെള്ളിനൂൽ.

വെള്ളിക്കാരം-പൊൻകാരം.

വെള്ളിക്കാശ്-ഒരു നാണയം.

വെള്ളിക്കാറ-വെള്ളികൊണ്ടുള്ള ഒരു ആഭരണം.

വെള്ളിക്കോൽ-ഒരു തുലാംവരെയും തൂക്കുന്നതിനുള്ള കോൽ.

വെള്ളിത്തകിട്-വെള്ളി കനം കുറച്ചു അടിച്ചു പരത്തിയതു്.

വെള്ളിത്തടി-ം. വെള്ളിവടി. വ. വെള്ളിവടിയെടുത്തു സേവിക്കുന്ന ഒരു ഉദ്യോഗം.

വെള്ളിത്തടിക്കാരൻ-ം. കൈയിൽ യോഗിയുടെ അടയാളമായ വെള്ളിവടിയോടുകൂടി പ്രഭുക്കന്മാർ മുതലായവരുടെ വാതിൽ കാത്തു നില്ക്കുന്നവൻ.

വെള്ളിനാണയം-വെള്ളികൊണ്ടുള്ള രൂപയും മററും.

വെള്ളിനൂൽ-വെള്ളികൊണ്ടുള്ള നൂൽ.

വെള്ളിപ്പക്ഷി-ഒരുമാതിരി വെളുത്ത പക്ഷി, വെളിറ്.

മാംസം കൊക്കിന്മാംസത്തിനു തുല്യമാണ്. തെളിഞ്ഞ മദ്യത്തോടും പൂഴുങ്ങിയ ചെറുപയറു മുതലായവയോടും ഇതു ഭക്ഷിക്കരുതു്. ഒരിക്കലും പന്നിനെയ്യിൽ വറുത്തു തിന്നരുതു. സം-വലാകാ.

വെള്ളിപ്പൂണം-വെള്ളികൊണ്ടുള്ള ഒരു ചെറിയ നാണയം.

വെള്ളിപ്പത്താക്ക്-ഒരുവക വലിയ വെള്ളിനാണയം.

വെള്ളിപ്പാത്രം-വെള്ളികൊണ്ടുള്ള പാത്രം.

വെള്ളിമാമല-ഹിമവാൻ പർവതം.

വെള്ളിയാഴ്ച-ആറാമത്തെ ആഴ്ച.

വെള്ളിരൂപാ-ഒരു നാണയം, വെള്ളികൊണ്ടുള്ള രൂപ.

വെള്ളില-വെളുത്ത ഇലയുണ്ടാകുന്ന ഒരു ചെടി. വ. ഉണങ്ങിയ ഇല.

'വെള്ളിലകണ്ണീർകണങ്ങൾ ചൊരിയുന്നു'

(അഭിജ്ഞാനശാകുന്തളം)

വെള്ളിലാവ്-ഒരു വൃക്ഷം, ചുണ്ണാമ്പുവള്ളി.

വെള്ളീയം-വെളുത്തീയം.

വെള്ളുള്ളി-വെളുത്ത ഉള്ളി.

വെള്ളൂരകം, വെള്ളൂരൽ-വെള്ളപ്പം, വെളുത്ത മുപ്പം (ഒരു ചെടി).

വെള്ളൂരം-ഒരുവക മത്സ്യം.

വെള്ളൂർപാട്ട്-൧൦൦൦ നായന്മാരോടു കൂടിയ ഒരു പ്രഭു.

വെള്ളെരിക്ക-വെളുത്ത എരിക്ക്, ഒരു പൂച്ചെടി.

വെള്ളെഴുത്ത്-നാല്പതു വയസ്സുമുതൽ അൻപതുവയസ്സുവരെയും മനുഷ്യർക്ക് കണ്ണിനുണ്ടാകുന്ന ഒരു കാഴ്ചക്കുറവ്.

വെള്ളെഴുത്തുകാൽ-ഉത്തരത്തിനുകളിൽ നിരത്തി നാട്ടിനിറുത്തുന്ന മരക്കഷണം.

വെള്ളോട്ട-ചെമ്പും വെളുത്തീയവും കൂട്ടി ഉരുക്കിയ ഒരു ലോഹം.

വെള്ളോവരം-പെരുങ്കുമ്പ. ('വെള്ളോം വരം' എന്നു കോല്ലിൻസ്.)

വെഴ്, വെഠം-വെണ്മയുള്ള, ഭംഗിയുള്ള

വെഠംപ്പുളകൻ-വസൂരി പതിനെട്ടിൽ ഒന്ന്.

പതിനെട്ടാം ദിവസം കളിപ്പിക്കാം.

വെഠംചിലന്തി-വസൂരി ൧൮-ൽ ഒന്ന്.

ഇതിനു കണ്ണിൽ പൂ പുറപ്പെടും, രക്തം പെടുക്കും. പതിനൊന്നുദിവസം നല്ലവണ്ണം രക്ഷിക്കണം. ഇതു അസാദ്ധ്യമെന്നു ശാസ്ത്രം.

വെറി-൧. കലഹം, കോപം. ൨. മദ്യപാനം നിമിത്തമുള്ള തലക്കിറുക്കം. ൩. പഞ്ഞം. ൪. ഇളക്കം.

'വെറിമൂക്കുമ്പോൾ തെറിമൂക്കും'.
(പഴഞ്ചൊല്ല്)

വെറിപ്പെടുന്നു-൧. കലഹിക്കുന്നു, കോപിക്കുന്നു. ൨. കള്ളുകുടിച്ചു മദിക്കുന്നു.

വെറിയൻ-൧. കോപശീലൻ, പെട്ടെന്നു കോപമുണ്ടാകുന്നവൻ. ൨. കള്ളുകുടിക്കുന്നവൻ. ൩. ദോഷൻ. ൪. ഇരപ്പാളി.

വെറിയാകുന്നു-൧. വഷളാകുന്നു. ൨. കള്ളുകുടിച്ചു മദമുണ്ടാകുന്നു. (വെറിയാക്കുന്നു-സ ക്രി.)

വെറു-വി. ഒഴിഞ്ഞ, ഒഴിഞ്ഞിരിക്കുന്ന.

വെറുക്കുന്നു-൧. അനിഷ്ടമുണ്ടാകുന്നു, വിരോധമാകുന്നു, കോപിക്കുന്നു. ൨ അറയ്ക്കുന്നു.

വെറുങ്കഥ കെട്ടുകഥ.

വെറുംകാൽ-പാദരക്ഷക്കായി ഒന്നും ധരിച്ചിരിക്കാത്ത കാൽ.

വെറുതെ-അ. ൧. ഉപകാരം കൂടാതെ. ൨. സൗജന്യമായി.

വെറുപ്പ്-൧. അനിഷ്ടം, കോപം. ൨. അറയ്പ്പ്.

വെറുപ്പാകുന്നു - ൧. അനിഷ്ടപ്പെടുന്നു, അറയ്പ്പു തോന്നുന്നു, (വെറുപ്പാക്കുന്നു-സ ക്രി).

വെറും-വി. ഒന്നുമില്ലാത്ത, ഒഴിഞ്ഞ.

വെറുമ-ഒന്നുമില്ലായ്ക, ഒഴിഞ്ഞിരിക്ക.

വെറുമത്തിടുന്നു - ചുവരു ചുണ്ണാമ്പിട്ടതിൽ പിന്നെ മിനുക്കുന്നു.

വെറുമുഖം-വെറുപ്പ്.

വെറുമ്പാട്ടച്ചീട്ടു— ദ്രവ്യംകൊടുക്കാതെ മുതലാളനോടു നിലം പുരയിടങ്ങൾക്ക എഴുതിവാങ്ങിച്ച ഉടമ്പടി. (ഈ ഉടമ്പടി പ്രകാരമുള്ള വസ്തുക്കളുടെ കരത്തിനു 'വെറുംപാട്ടം' എന്നു പേർ)

വെറുംപോക്കിരി—ഇരപ്പാളി, യാചകൻ.

വെറുവെറെ-അ. ഒന്നിൽ ഒന്നു പററാതെ.

വെററൻ-ദരിദ്രൻ.

വെററത്തരം-ദാരിദ്ര്യം, ദരിദ്രത.

വെററി-ജയം, വെല്ലുക. (പ. മ.)

'നമ്മോടു് ഒഴിവു തെന്നി-
മററെല്ലാം വെററി'
(രാമചരിതം)

വെററില-പാക്കും ചുണ്ണാമ്പും കൂട്ടി തിന്നുന്ന ഒരുമാതിരി ഇല.

വെററിലക്കൊടി-വെററിലയുണ്ടാകുന്ന വള്ളി. പര്യായങ്ങൾ—താംബൂലവല്ലി, താംബൂലി, നാഗവല്ലി.

വെററിലച്ചെറുക്കൻ-ഭൃത്യൻ.

വെററിലപ്പാട്ടി-വെററിലസഞ്ചി.

## വേ

**വേകം**-വേകുക, വേവുക.

**വേകട**-ഒരു രാഗം.

**വേകടൻ**-പു. വൈരതൽ. ൨. ആട്ടക്കാരൻ. ൩. രത്നങ്ങൾ വില്ക്കുന്നവൻ.

**വേകൽ**-വേകുക.

**വേകുന്നു**-പ്ര. തീകൊണ്ടു പാകംവരുന്നു. ൨. ഉഷ്ണിക്കുന്നു.

**വേകുരാ, വേവുരം**-കോപം, കലശലായ ഭാവഭേദം.

**വേക്കുന്നു**-ഇടുന്നു, ഒരു സാധനം ഒരിടത്തു സൂക്ഷിക്കുന്നു. ൨. കാലിന്റെ ശക്തി കുറവുകൊണ്ടു വിഴുവാൻ തുടങ്ങുന്നു.

**വേഗം**-പു. കാലതാമസംകൂടാതെ. പര്യായങ്ങൾ—ശീഘ്രം, ത്വരിതം, ലഘു, ക്ഷിപ്രം, അരം, ദ്രുതം, സത്വരം, ചപലം, തൂർണ്ണം, അവിളംബിതം, ആശു, ൨. നിമിഷം. ൩. മലമൂത്രാദി. ൪. വെള്ളത്തിന്റെ ഒഴുക്ക്. ൫. കാഞ്ഞിരം. ൬. ആവശ്യം. ൭. മുട്ടൽ.

### വേഗങ്ങൾ 14.

ഉദ്ഗാരം, അധോവായു, പുരീഷം, മൂത്രം, ക്ഷവം, തൃഷ്ണ, ക്ഷുത്തു, നിദ്ര, കാസം, ശ്രമശ്വാസം, ജൃംഭ, അശ്രു, ഛർദ്ദി, രേതസ്സ് ഇവയെ തടയുകയും ബലാൽ വിസർജ്ജിക്കയും അരുത്.

"വേഗാന്നധാരയേജാത
വിണ്മൂത്രക്ഷവതൃഡ്ക്ഷുധാം
നിദ്രാകാസശ്രമശ്വാസ
ജൃംഭാശ്രുഛർദ്ദിരേതസാം.
(അഷ്ടാംഗഹൃദയം)

**വേഗവൽ**-വി. വേഗമുള്ള.

**വേഗവാൻ**-പു. പുലി. ൨. കൃഷ്ണന്റെ ഒരു പുത്രൻ. ൩. ശാല്വരുടെ ഭാഗം നിന്നു കൃഷ്ണനോടു യുദ്ധംചെയ്ത ഒരസുരൻ (സാംബൻ വധിച്ചു).

**വേഗസാരം**-കോവർകഴുത, വെട്ടിക്കുതിര.

**വേഗി**-വി. വേഗമുള്ള.

**വേഗി**-പരുന്ത്.

**വേഗേന**-അ. വേഗത്തിൽ, ത്വരയോടെ.

**വേങ്ങ**-ഒരു വൃക്ഷം.

**വേങ്ങപ്പുലി**-ഒരുമാതിരി വലിയ പുലി.

**വേട്ട്**-പു. ചില വൃക്ഷത്തിന്റെ കൊമ്പിൽ നിന്നു പുറപ്പെട്ട വേർ. ൨. പത്രങ്ങൾ മൂടുന്ന ശീല.

**വേടത്തി**-വേടന്റെ സ്ത്രീ.

**വേടൻ**-മൃഗങ്ങളെ കൊന്നുതിന്നുന്ന ഒരു ജാതിക്കാരൻ, കാട്ടാളൻ.

**വേടുന്നു**-മുട്ടികകൊണ്ടടിക്കുന്നു, കിഴുക്കുന്നു.

**വേട്ട**-നായാട്ട്.

**വേട്ടകാട്ടുന്നു**-നായാടിപ്പിടിച്ച മൃഗത്തെ നഗരങ്ങളിൽ കൊണ്ടുചെന്നു ജനങ്ങളെ കാണിക്കുന്നു.

**വേട്ടകോലുന്നു**-നായാടുന്നു.

**വേട്ടക്കരുമകൻ**—വേട്ടക്കൊരുമകൻ, ഒരു മൂർത്തി.

**വേട്ടക്കാരൻ**-നായാട്ടുകാരൻ.

**വേട്ടക്കൊരുമകൻ**-ശിവന്റെ ഒരു പുത്രൻ.

**വേട്ടവൻ**-വിവാഹം ചെയ്തവൻ, ഭർത്താവ്.

**വേട്ടവൾ**-വിവാഹം ചെയ്യപ്പെട്ടവൾ, ഭാര്യ.

**വേട്ടവിളി**-നായാട്ടുവിളി.

**വേട്ടാവളയൻ, വേട്ടാളൻ**-പറക്കുന്ന ഒരുവക ചെറിയ ജന്തു.

**വേട്ടി**-വേഷ്ടി, സോമൻ.

**വേട്ടുവൻ**-കാട്ടുമനുഷ്യരിൽ ഒരു ജാതിക്കാരൻ, വേടൻ.

**വേണൻ, വേനൻ**-അംഗരാജാവിന്റെ പുത്രൻ.

വേനൻ രാജാവായ ഉടനെ 'ആരും തനിക്കല്ലാതെ ബലികൾ കഴിച്ചുകൂടാ' എന്നു ഒരു വിളംബരം പ്രസിദ്ധപ്പെടുത്തി ജാതിവ്യത്യാസം ഇല്ലാതാക്കി. ഋഷികളെ വകവയ്ക്കായ്കയാൽ അവർ വേനനെ ദർഭകൊണ്ടു കൊന്നു. പുത്രനില്ലാതെയാണു പരലോകപ്രാപ്തനായതു്. തന്നിമിത്തം രാജ്യം അനാഥമായി. പിന്നെ ആ നിവൃത്തിക്കു ഋഷികൾ വേനന്റെ തുടമഥിക്കയാൽ കരിപോലെ കറുത്തു പരന്ന മുഖമുള്ള ഒരുവൻ പ്രത്യക്ഷനായി. നിഷീദ (ഇരിക്കു) എന്നു മുനികൾ അവനോടു് അരുളിച്ചെയ്തു അതുകൊണ്ടു അവൻ നിഷാദനായി. തദനന്തരം ഋഷികൾ വേനന്റെ വലങ്കൈ മഥിച്ചു പൃഥുവിനെ പുറപ്പെടുവിച്ചു. ഇദ്ദേഹം അഗ്നിപ്രഭനായിരുന്നു. ഇദ്ദേഹത്തെ രാജാവാക്കി അഭിഷേകം കഴിച്ചു.

വേണം-അ. ആവശ്യമുണ്ടു്.

വേണാടു, വേണാട്ടുകര-തിരുവിതാംകൂർ രാജ്യത്തിനു പണ്ടെയുള്ള ഒരു പേർ, വഞ്ചിനാടു്.

വേണാട്ടുരാജാവു്-തിരുവിതാംകൂർ മഹാരാജാവു്.

വേണി(ണീ)-സ്ത്രീ. തലമുടി, കെട്ടിയ തലമുടി. ചിന്താവിശേഷത്തെ സൂചിപ്പിക്കുന്നതു് എന്നർത്ഥം. ൧. ഇരുപ്പിരിയൻമുടി ൨. ദേവതാളി. ൩. വെള്ളക്കൂട്ടം. ൪. ഒഴുക്കു. ൫ കൃഷ്ണവേണി, കൃഷ്ണാനദി. ൬. ഒരുവൃത്തത്തിന്റെ പേർ.

വേണീസംഹാരം-ഒരു നാടകം.

കവി ഭട്ടനാരായണൻ. ദുശ്ശാസനൻ പാഞ്ചാലിയുടെ വസ്ത്രാപഹരണംചെയ്തതാണു കഥ. പാഞ്ചാലി ദുശ്ശാസനവധം കഴിഞ്ഞു തലമുടി കെട്ടുന്നതുവരെയുള്ള ഭാഗം ഇതിലുണ്ടു്.

വേണീസീമ്നി-തലമുടിയുടെ അറ്റം.

വേണു-പു. ഓടക്കുഴൽ. ൧. മുള. ൨. ഒരു രാജാവിന്റെ പേർ.

വേണുകാ-ആനവടി.

വേണുഗാനം-ഓടക്കുഴൽ ഊതുക.

വേണുധ്മൻ-പു. ഓടക്കുഴലൂതുന്നവൻ. വേണു വിളിക്കുന്നവൻ എന്നർത്ഥം. ൧. തട്ടാൻ.

വേണുനം-മുളക്.

വേണുധമൻ-ഓടക്കുഴലൂതുന്നവൻ.

വേണുന്ന-അ. വേണ്ടുന്ന, ആവശ്യമുള്ള. (പ. മ).

വേൺവേം-പു. ആഗ്രഹം. ൧. ആവശ്യം.

വേണ്ട-ആവശ്യമില്ല.

വേണ്ട-വി. ആവശ്യമുള്ള.

വേണ്ടതു്-അ. ആവശ്യമുള്ളതു്.

വേണ്ടതില്ല, വേണ്ടുവതില്ല, വേണ്ടില്ല-തരക്കേടില്ല.

വേണ്ടതക്കവൻ-കൊള്ളാവുന്നവൻ.

വേണ്ടാതനം, വേണ്ടാസനം-തെറ്റായ പ്രവൃത്തി, കുസൃതി, വേണ്ടാത്തതു്.

വേണ്ടാത്ത-വി. ആവശ്യമില്ലാത്ത.

വേണ്ടാത്തരം-വഷളത്തം.

വേണ്ടായ്ക-അ. ആവശ്യമില്ലായ്ക.

വേണ്ടാസനക്കാരൻ-വഷളത്തമുള്ളവൻ.

വേണ്ടി-ആവശ്യമായിട്ടു്.

വേണ്ടിക-പു. ഉപകാരം. ൧. ചേച്ച്.

വേണ്ടില്ല-തരക്കേടില്ല.

വേണ്ടു-വേണം. ഉ-ം, എന്തുവേണ്ടു.

വേണ്ടുക-ചേച്ചു. (പ. മ.)

വേണ്ടുന്ന, വേണ്ടും-വി. ആവശ്യമുള്ള.

വേണ്ടുംപ്രകാരം, വേണ്ടുംവണ്ണം-അ. വേണ്ടതുപോലെ.

**വേണ്ടുവതില്ല**-തരക്കേടില്ല.

**വേണ്ടുവോളം** - അ. മതിയാകുന്നതുവരെയും.

**വേതു്**-പ്രസവിച്ച സ്ത്രീകളേയും, ദീനക്കാരേയും കുളിപ്പിക്കുന്നതിനു വയ്ക്കുന്ന ജലത്തിലിടുന്ന ഇലകൾ.

**വേതണ്ഡം**-കുട്ടിയാന, ആനക്കുട്ടി.
'വേതണ്ഡവീരരിപുഗണ്ഡതടത്തരിപ്പു്'
(ഭാഷാകുമാരസംഭവം)

**വേതനം**-പ്ര. ശമ്പളം. വ. കൂലി. ന. വെള്ളി. ര. വൃത്തി.

**വേതം**-ചൂരൽ.

**വേതസം**-ആററുവഞ്ചിവൃക്ഷം.

**വേതസ്വാൻ**-വഞ്ചിവൃക്ഷം ധാരാളമുള്ള ഭൂമി.

**വേതാട്ടം**-വേതിനുള്ള ഇലകളിട്ടു തിളപ്പിച്ച ജലംകൊണ്ടു കുളിപ്പിക്കുക.

**വേതാട്ടുകുഴി**-വേതാടി കുളിക്കുന്ന വെള്ളം കിടക്കുന്ന കുഴി.

**വേതാളപഞ്ചവിംശതി**-ജംഭലദത്തൻ ഉണ്ടാക്കിയ ഇരുപത്തഞ്ചു കഥകൾ.

**വേതാളൻ**-പ്ര. ഒരു പിശാചു്. വ. വാതിൽ കാവല്ക്കാരൻ.

**വേതാളം**-പിശാചു്.

**വേത്താ**-പ്ര. ഒരു സന്യാസി. വ. ഭർത്താവു്

**വേത്ത്യ**-വി. അറിയുന്ന.

**വേത്രധരൻ**-പ്ര. കാവല്ക്കാരൻ. വ. വെള്ളിത്തടിക്കാരൻ.

**വേത്രം**-പ്ര. ചൂരൽ, പുരമ്പു്. വ. ചഞ്ഞി

**വേത്രയഷ്ടി**-ചൂരൽവടി.

**വേത്രവതി**-പ്ര. വാതിൽ കാവല്ക്കാരത്തി. വ. വടക്കു് അവന്തിദേശത്തിൽ (മാളുവം Malva) ഉള്ള ഒരു നദി. ഇപ്പോഴത്തെ പേർ ബിത്വാ (Betwa River)

ഈ നദി വിന്ധ്യൻ പർവതത്തിൽ നിന്നുത്ഭവിച്ചു യമുനാ നദിയിൽ ചെന്നു വീഴുന്നു.

**വേത്രി**-പ്ര. കാവൽക്കാരൻ. വ. വെള്ളിത്തടിക്കാരൻ.

**വേദക്കാരൻ**-വേദം അനുസരിച്ചു നടക്കുന്നവൻ.

**വേദചതുഷ്ടയം**-ഋക്, യജുസ്സ്, സാമം, അഥർവ്വണം. ഇവ ൪-ം.

**വേദജപം**-വേദം ചൊല്ലുക.

**വേദജ്ഞൻ**-വേദത്തെ അറിയുന്നവൻ.

**വേദന**-ഉപദ്രവം, നോവു്, നൊമ്പരം.

**വേദനപ്പെടുന്നു**-ഉപദ്രവപ്പെടുന്നു, നൊമ്പരപ്പെടുന്നു. (സ. ക്രി.—വേദനപ്പെടുത്തുന്നു.)

**വേദനം**-പറച്ചൽ.

**വേദനിന്ദകൻ**-വേദത്തെ നിന്ദിക്കുന്നവൻ, മ്ലേച്ഛൻ.

**വേദൻ**-വിഷ്ണു.

**വേദപാഠകൻ**-പ്ര. വേദത്തെ പഠിക്കുന്നവൻ. വ. വേദത്തെ ചൊല്ലുന്നവൻ.

**വേദപാരഗൻ**-വേദത്തെ മുഴുവനും പഠിച്ചവൻ.

**വേദപാരായണം**-വേദത്തെ പഠിക്ക.

**വേദപുസ്തകം**-ചില മാർഗ്ഗക്കാരുടെ ഒരു മാതിരി പുസ്തകം. ന്യായപ്രമാണവും മററും.

**വേദപ്രമാണദ്വയം** - (ക്രിസ്തുമതപ്രകാരം) എല്ലാത്തിനേയുംകാൾ ദൈവത്തെ സ്നേഹിക്ക, തന്നെപ്പോലെ അന്യനെ സ്നേഹിക്ക.

**വേദം**-പ്ര. ദൈവവചനം. വേദങ്ങൾ-൪. ഋക്ക്, യജുസ്സ്, സാമം, അഥർവ്വണം.

പരബ്രഹ്മത്തിന്റെ ശ്വാസത്തിൽ നിന്നാണു് വേദങ്ങളുടെ ഉത്ഭവം. ഓരോ വേദവും മന്ത്രം, ബ്രാഹ്മണം ഇങ്ങിനെ രണ്ടായി പകുത്തിരിക്കുന്നു. (പദ്യം—സ്തുതികളും പ്രാർത്ഥനകളും അടങ്ങിയ മന്ത്രം. ഗദ്യം—ആചാരക്രമങ്ങളും വ്യാഖ്യാനങ്ങളും കഥകളുമായ ബ്രാഹ്മണം

രണ്ടും ശ്രുതികളായിത്തന്നെ കരുതി വരുന്നു. നാലു വേദങ്ങളിലും പ്രാധാന്യമായതു ഋഗ്വേദമാണ്. അഥർവവേദം പുരാതനമായതല്ലാ. അതാണു മൂന്നു വേദങ്ങൾ എന്നു മനു പറവാനുണ്ടായ കാരണം.

ഇതിന്റെ ഉദ്ദേശ്യം—വേദം കൃത്യകൃത്യങ്ങൾ ഇന്നതാണെന്നും അതുകളെ ലംഘിച്ചാൽ ഇന്ന ഇന്ന ശിക്ഷകൾ അനുഭവിക്കേണ്ടിവരുമെന്നും രാജശാസനപോലെ കല്പിക്കയാണു ചെയ്യുന്നത്.

വേദം—പലവിധമായ അറിവിനെ നൽകുന്നതും ഉച്ചാരണത്തിൽ പോലും മഹാമഹിമായറിയതും പരിശുദ്ധവുമായ ഹിന്ദുക്കളുടെ ആദ്യത്തെ സാഹിത്യം.

1. ഋക്—ദേവതകളുടെ സ്തോത്രങ്ങളായ മന്ത്രങ്ങൾ അടങ്ങിയ ഭാഗം.
2. യജുസ്സ്—പല വിധങ്ങളായിരിക്കുന്ന വൈദിക കർമ്മങ്ങളുടെ ചടങ്ങ്, അതിനാവശ്യമായ ദ്രവ്യങ്ങൾ, അതാതു കർമ്മങ്ങളിൽ ആരാധിക്കേണ്ട ദേവതകൾ, ആ കർമ്മങ്ങളുടെ ഫലങ്ങൾ ഇവയെപ്പററി പ്രതിപാദിക്കുന്ന ഭാഗം.
3. സാമം—യാഗങ്ങളിൽ ദേവതകളെ സ്തുതിച്ചു തൃപ്തിപ്പെടുത്തുന്നതിനായി ഋഗ്വേദത്തിലെ സ്തോത്രമന്ത്രങ്ങളെത്തന്നെ ഗാനരീതിയിലാക്കി വെച്ചിട്ടുള്ള ഭാഗം.
4. അഥർവം—ശത്രുക്കളിൽ നിന്നു തങ്ങൾക്കു പരാജയം ഉണ്ടാകാതിരിക്കാനായി തങ്ങൾക്കു ബലത്തെയും എതിരാളിക്കു ബലക്കുറവിനേയും ഉണ്ടാകുന്നതിനായി വേണ്ട കർമ്മങ്ങളേയും ഉപായങ്ങളേയും പററി പ്രതിപാദിക്കുന്ന ഭാഗം.

ആയുർവേദം, ധനുർവേദം, ഗാന്ധർവവേദം എന്നിങ്ങനെയുള്ള ഉപവേദങ്ങളിൽ ആയുർവേദവും ധനുർവേദവും അഥർവവേദത്തിന്റെയും, ഗാന്ധർവവേദം സാമവേദത്തിന്റെയും ഉപവേദങ്ങളാകയാൽ അവയിൽതന്നെ അന്തർഭവിക്കുന്നു (അടങ്ങുന്നു).

സംസ്കൃതസാഹിത്യത്തിന്റെയും, ഹിന്ദുമതത്തിന്റെയും അടിസ്ഥാനം ഋഗ്വേദമാകുന്നു. വേദത്തിലെ മന്ത്രങ്ങളുടെ ഗൂഢാർത്ഥത്തെ കാണിക്കുന്ന വ്യാഖ്യാനങ്ങൾക്കു ഉപനിഷത്തു എന്നു പേർ. (ഏതാനം ഭാഗം ഗദ്യം).

സാമവും യജുസ്സും ഋക്കിൽനിന്നുത്ഭവിച്ചവയാകുന്നു. ചില ഭാഗങ്ങൾ ഋക്കിൽനിന്നെടുത്തിട്ടുമുണ്ട്.

വ. അറിവ്. ന. വ്യാഖ്യാനം. ർ. (മ) ക്രിസ്ത്യാനികളുടേയും മററും ചില പുസ്തകം.

വേദമന്ത്രം-വേദത്തിലുള്ള മന്ത്രം.

വേദമാതാവ്-ഒരു മന്ത്രം, ഗായത്രി.

വേദവല്ലി-ദക്ഷന്റെ ഭാര്യ.

'വേദശാസ്ത്രാദികോവിദൻ
വേദവല്ലീജാനി'

വേദവാക്ക്-വേദവാക്ക്.

വേദവിൽ, വേദവിത്ത്-വേദത്തെ അറിയുന്നവൻ.

വേദവതി-കുശധ്വജന്റെ പുത്രി.

വേദവതി—ബൃഹസ്പതിയുടെ പുത്രൻ കുശധ്വജൻ എന്ന മഹർഷിയുടെ മുഖത്തിൽനിന്നു വേദാഭ്യാസം ചെയ്യുന്ന സമയത്തിൽ ശ്രീഭഗവതി 'വേദവതി' എന്ന പേരോടുകൂടി അവതരിച്ചു. ഈ സ്ത്രീരത്നത്തെ വിഷ്ണുവിനു കൊടുപ്പാൻ അദ്ദേഹം തീർച്ചയാക്കി. അതി സുന്ദരിയാ

യിരുന്നു. രാവണൻ ഹിമാലയത്തിൽ ഒരു വനത്തിൽവച്ചു ഇവളെ കാംക്ഷിച്ചതിൽ സാധിച്ചില്ല. ദൈത്യരാജാവായ ശംഭു ഒരിക്കൽ ഈ സ്ത്രീയെ വശീകരിപ്പാൻ ശ്രമിച്ചു. അപ്പോൾതന്നെ വിഷ്ണുവിനായിക്കൊണ്ടു പിതാവു നിശ്ചയിച്ചിരിക്കുന്ന പ്രകാരം അവൾ പറഞ്ഞു. ഉടൻ കാമലോലനായ ശംഭു വധിച്ചു. അഭീഷ്ടസിദ്ധ്യർത്ഥം വിഷ്ണുവിനെ തന്റെ ഭർത്താവായി ലഭിക്കുന്നതിനു വേദവതി ജടാവല്ക്കലം ധരിച്ചു തപസ്സുചെയ്തു. വീണ്ടും രാവണൻ ദിഗ്വിജയം കഴിച്ചുവരുന്നമദ്ധ്യേ ചെന്നു ഭാര്യയാവാൻ നിർബന്ധിച്ചു. വിഷ്ണുവിനെക്കാൾ യോഗ്യനായ തന്റെ വിരൽകൊണ്ടു അവളുടെ തലമുടി തൊട്ടുനോക്കി. ആ മുടിയെ ഉടൻ കോപിഷ്ഠയായ വേദവതി മുറിച്ചുകളഞ്ഞു 'നിന്റെ വധത്തിനു കാരണഭൂതയായി ഞാൻ ജനിക്കും' എന്നു ശപിച്ചിട്ടു രാവണന്റെ മുമ്പാകെ അവൾ അഗ്നിപ്രവേശം ചെയ്തു. സീതയായതു ഈ വേദവതിതന്നെ.

**വേദവാക്യം** - ഇനിയൊരാൾ പറഞ്ഞറിയേണ്ടതായ ആവശ്യമില്ലെന്നും സ്ഥിരമായി വിശ്വസിപ്പാനുള്ളതു ഈ പറയുന്നതുതന്നെന്നും മറ്റൊരാളെ ധരിപ്പിക്കാനായി ഒരാൾ പറയുന്ന വാക്ക്

**വേദവിധി** - വേദങ്ങളിലുള്ള ശാസനങ്ങൾ

**വേദവിഹിത** - വി വേദത്താൽ വിധിക്കപ്പെട്ട.

**വേദവ്യാസശിഷ്യന്മാർ** - സുമന്തു, ജൈമിനി, പൈലൻ, ശുകൻ. (ഇവർ നാലുപേരും പ്രധാനികൾ).

**വേദശാഖാചാതുഷ്ടയം** - ഋക്കിനു ശാഖ 21, യജുസ്സിനു 150, സാമത്തിനു 1000, അഥർവ്വത്തിനു 50. (ഓരോ ശാഖയ്ക്കും ഓരോ ഉപനിഷത്തുമുണ്ട്).

**വേദവ്യാസൻ** - വേദത്തെ നാലാക്കിപ്പകുത്ത ഒരു മഹർഷി. വേദങ്ങളെ വിഭജിച്ചതുകൊണ്ടു ഈ പേർ വന്നു.

'ബ്രഹ്മാദിഋഷികളായ ഭൂദേവരെയാട്ടക്കവാൻ നിർമ്മലൻമുമഗനിന്ദനനായ ശേഷം * ധർമ്മസ്ഥാപനകരൻ ചിന്മയൻ ജഗന്മയൻ കന്മഷഹരൻ വേദവ്യാസനായതും നാഥൻ'

(ഭാഗവതം)

**വേദസാരം, വേദസിദ്ധാന്തം** - വേദാന്തം.

**വേദാംഗഷൾക്കം** - ശിക്ഷ, വ്യാകരണം, ഛന്ദസ്സ്, നിരുക്തം, ജ്യോതിഷം, കല്പം ഇവ ആറും വേദാംഗങ്ങൾ= വേദത്തിനുള്ള അവയവങ്ങൾ ആകുന്നു. വേദാർത്ഥതത്വം ഗ്രഹിച്ചു വേദോക്തമായ കർമ്മത്തെ വഴിപോലെ അനുഷ്ഠിച്ചു മേന്മയെ നേടുന്നതിനു നമ്മെ സഹായിക്കുന്ന മറ്റു ചില സാഹിത്യങ്ങൾ ആകുന്നു വേദാംഗങ്ങൾ,- അവയിൽ

1. ശിക്ഷ — ഇതു വേദങ്ങളുടെ ശരിയായ ഉച്ചാരണക്രമത്തെ പ്രതിപാദിക്കുന്നു.
2. വ്യാകരണം — വേദവാക്യങ്ങളുടെ പ്രയോഗത്തെയും പദങ്ങൾക്കുള്ള അർത്ഥവിശേഷങ്ങളെയും വാക്കുകളുടെ സാധുത്വാസാധുത്വത്തെയും പററി പ്രതിപാദിക്കുന്നു.
3. ഛന്ദസ്സ് — വേദസൂക്തങ്ങളുടെ ഉച്ചാരണത്തിലുള്ള വിശേഷപ്പെട്ട മട്ടുകളെപ്പററി പ്രതിപാദിക്കുന്നു.
4. നിരുക്തം — വാക്യങ്ങളിൽ വേദാർത്ഥം ഗ്രഹിക്കാൻ പ്രയാസമായുള്ള പദങ്ങളുടെ അർത്ഥവിശേഷങ്ങളെ വിസ്താരമായി വ്യാഖ്യാനിക്കുന്നു.

5. ജ്യോതിഷം—വേദോക്തങ്ങളായ കർമ്മങ്ങൾ അനുഷ്ഠിക്കുന്നതിനു ശുഭാശുഭങ്ങളായ കാലവിശേഷങ്ങളെ ഗ്രഹിപ്പിക്കുന്നതിനായി ഗ്രഹനക്ഷത്രാദികളുടെ ഗതിവിശേഷത്തെയും തന്നിമിത്തം കണക്കാക്കപ്പെടുന്ന സമയക്കണക്കിനെയും പററി പ്രതിപാദിക്കുന്നു.

6. കല്പം—വൈദിക കർമ്മാനുഷ്ഠാനത്തിൽ യജുർവ്വേദത്തിൽ ചുരുക്കിപ്പറഞ്ഞിട്ടുള്ള കർമ്മച്ചടങ്ങുകളെ തന്നെ വിശദമായി പ്രതിപാദിക്കുന്നു. ഇവയ്ക്കു ശ്രൗതസൂത്രങ്ങൾ എന്നും പറയാറുണ്ട്.

വേദാഗ്രണീ(ണി)-സരസ്വതീനദി.

വേദാത്മക-വി. വേദം ആത്മാവായുള്ള

വേദാത്മിക-സരസ്വതി. വേദംതന്നെ ആത്മാവായുള്ളവൾ എന്നർത്ഥം. (അക്ഷരരൂപിണി എന്നു ഇതുകൊണ്ടു വ്യക്തം).

വേദാദിവണ്ണൻ-പു. വേദാന്തം പഠിച്ചവൻ. ൨. ദൈവം.

വേദാന്തക്കാരൻ-വേദാന്തം പഠിച്ചവൻ

വേദാന്തം-ഒരു ദർശനം, വേദസാരം, വേദത്തിന്റെ ഒരു ഭാഗം.

വേദാന്തം—വേദത്തിന്റെ അന്തം. (അവസാനഭാഗം). പ്രധാനമായ ആറു ദർശനങ്ങൾ വേദത്തിനുള്ളതിൽ ഒടുവിലത്തേതു്, ഒരു ഉപനിഷത്തു്. ഇങ്ങിനെ ഇതിനു പേർ പറയുന്നതു വേദസാരങ്ങൾ മുഴുവനും ഇതിൽ അടങ്ങുന്നതുകൊണ്ടുതന്നെ. ജൈമിനി മഹർഷിയുടെ പൂർവ്വമീമാംസയുടെ ഉത്തരഭാഗമാണെന്നു ഭ്രമിച്ചു ചിലർ ഈ ഭാഗത്തെ ഉത്തരമീമാംസ എന്നു വ്യവഹരിക്കുന്നതു ശരിയല്ലാതാകുന്നു. വേദാന്തമെന്നു ഈ ഭാഗത്തെ പ്രത്യേകം എടുത്തു പറയുന്നതു വേദാന്തങ്ങളുടെ അവസാനത്തിൽ ഉപനിഷത്തുകൾ വിവരിച്ചിട്ടുള്ളതിൽ സ്ഥാപിതമായ ഭാഗമായതുകൊണ്ടാകുന്നു.

വേദാന്തസംഗ്രഹം-ഒരു പുസ്തകം.

വേദാന്തി-വേദസാരത്തെ പഠിച്ചവൻ.

വേദാഭ്യാസം-വേദത്തെ പഠിക്ക.

വേദി-പു. ഹോമത്തിനായി കെട്ടിപ്പൊക്കീട്ടുള്ള സ്ഥലം, പരിഷ്കൃതഭൂമി. ൨. രാജധാനിയുടെയും മററും നടുമുററത്തു സമചതുരമായുണ്ടാക്കി അലങ്കരിച്ചിട്ടുള്ള തറ. ൩. ബലി കഴിക്കുന്നതിനുള്ള തറ. ൪. മുദ്രമോതിരം. ൫ സരസ്വതി. ൬. പണ്ഡിതൻ.

വേദിക-പു. പരിശുദ്ധമായ ചുററിലുമുള്ള തറ. ൨. ക്ഷേത്രത്തിന്റെ ചുററം ഭിത്തിയോടു ചേർത്തു വിളക്കു വെപ്പാൻ ഉണ്ടാക്കീട്ടുള്ള മരക്കൂട്ടു്.

വേദിക്കുന്നു-അറിയുന്നു, വിചാരിക്കുന്നു.

വേദിയൻ-ബ്രാഹ്മണൻ.

വേദോക്ത-വി. വേദത്തിൽ പറഞ്ഞിരിക്കുന്ന.

വേദ്യ, വേദനീയ-വി. അറിയത്തക്ക, അറിയപ്പെടേണ്ടുന്ന.

വേധകൻ-തുളക്കുന്നവൻ.

വേധകം-പു. കൊത്തമ്പാലരി (ഉണങ്ങിയതു്). ൨. കച്ചോലം, ഞെരിഞ്ഞാംപുളി.

വേധനം-തുളയ്ക്ക.

വേധനി, വേധനിക-രത്നം തുളയ്ക്കുന്ന സൂചി.

വേധനിക-പു. കസ്തൂരി. ൨. ഉലുവാ

വേധം-തുളയ്ക്ക.

വേധമുഖ്യ(ക)ം—ചെറുകച്ചോലം, കച്ചോലം.

വേധമുഖ്യാ-കസ്തൂരി.

വേധസ്സ്-പു. ബ്രഹ്മാവ്. സൃഷ്ടിക്കുന്നവൻ എന്നർത്ഥം. 2. വിഷ്ണു. വിധാനം ചെയ്യുന്നവൻ എന്നർത്ഥം.

'വേധാഃ പുംസി ഹൃഷീകേശേ
ബുധേ ച പരമേഷ്ഠിനി'
(മേദിനി)

വേധാവ്-ബ്രഹ്മാവ്.

വേധി-വി. വേധിക്കുന്ന. (ധീ, ധിനി, ധി).

വേധിക്കുന്നു-തുളയ്ക്കുന്നു.

വേധിത-വി. തുളയ്ക്കപ്പെട്ട.

വേധിനി-പു. അട്ട. 2. ഉലുവാ.

വേധ്യ-വി. തുളയ്ക്കത്തക്ക.

വേധ്യം-ലാക്ക്.

വേനൻ-അംഗൻ എന്ന നൃപനു സുനീഥയിൽ ജനിച്ചവൻ. (വേണൻ എന്നതു നോക്കുക).

വേനപ്പച്ച-ഒരു പച്ചമരുന്ന്.

കഫപിത്തങ്ങളെ ശമിപ്പിക്കും. രുചികരമാണ്. സം-ഗ്രീഷ്മസുന്ദരകം.

വേനൽ-മഴ കുറയുന്ന കാലം. വൃശ്ചികം മുതൽ ആറുമാസം.

വേനൽച്ചേരി-ചെരിപ്പന്തൽ.

വേൻ-ത്രാസ്സിനുണ്ടാകുന്ന ഒരു വ്യത്യാസം, കള്ളത്രാസ്സിന്റെ അവസ്ഥ.

വേന്തൻ-പു. രാജാവ്. ഉ-ം, വേന്തർകോൻ (രാമചരിതം). 2. വ്യാഴൻ.

വേന്തിരൻ, വേന്തു, വേന്തരൻ-ഒരുവക പാമ്പ്. (പാമ്പ് എന്ന ശബ്ദം നോക്കുക).

വേപഥു-വിറയൽ.

വേപനം-വിറയൽ.

വേപമാനൻ-വിറയലോടുകൂടിയിരിക്കുന്നവൻ.

വേപിക്കുന്നു-വിറയ്ക്കുന്നു.

വേപിത-വി. വിറയ്ക്കുന്ന.

'ആളിപ്പൂസ്വരപരിതാപവേപിതാംഗീ'
(നളചരിതം കഥകളി)

വേപ്പ്-ഒരു വൃക്ഷം, ആര്യവേപ്പ്.

തണ്ണീർദാഹം, ഛർദി, ജ്വരം മുതലായവയ്ക്കു നന്ന്. ഇല-കണ്ണിനു നന്ന്. പഴുത്തയില-വ്രണത്തിനു അത്യുത്തമം. സം-നിംബം. ത-വേപ്പമരം. ഇം-Nimb-tree നിംബ് ട്രീ.

വേപ്പെണ്ണ-കഫം, വ്രണം, കുഷ്ഠം, ജ്വരം, പ്രമേഹം, അർശസ്സ്, ശിരോരോഗം, വീക്കം, കൃമി ഇവയ്ക്കു നന്ന്.

വേപ്പൽ-വേക്കുക, ആടിനടക്കുക.

വേപ്പില-വേപ്പുവൃക്ഷത്തിന്റെ ഇല.

വേപ്പിലക്കട്ടി-നാരകത്തിലയും മുളകും ഉപ്പുംകൂടി ഉരലിലിട്ട് ഇടിച്ചുപൊടിച്ചു വെക്കുന്നത്.

കറുവേപ്പിലയും മറ്റും കൂട്ടിയുണ്ടാക്കുന്ന ചമ്മന്തിക്കറിയെന്നും, ഉപ്പും വറ്റൽമുളകും കൂട്ടി പൊടിച്ചുണ്ടാക്കിയ ചമ്മന്തിക്കറിയെന്നും അഭിപ്രായം കാണുന്നുണ്ട്.

വേപ്പെണ്ണ-വേപ്പിൻ കുരുവിൽ നിന്നും എടുക്കുന്ന എണ്ണ.

വേമാവ്-നെയ്ത്തുകോൽ.

വേമ്പ്-ഒരങ്ങാടിമരുന്ന്, വേപ്പ്.

വേമ്പ്-ഒരു വൃക്ഷം.

വേമ്പാട-ഒരങ്ങാടിമരുന്ന്.

വേര-ഒരു പക്ഷി.

വേരണിമൂലം-രാമച്ചം.

വേരം-പു. തക്കാരിവഴുതിന. 2. കുങ്കുമം.

വേരം-സമൂലം. (പ-മ)

**വേരി**-മധു, തേൻ.

**വേരിച്ചൊല്ലാർ**-തേന്മൊഴി, സുന്ദരി എന്നർത്ഥം.

'വേരിച്ചൊല്ലാർ മനസിജ
കയൽക്കണ്ണമനെ'
(ഉണ്ണുനീലിസന്ദേശം)

**വേരൂന്നുക**-അടിസ്ഥാനമിടുക.

**വേർ(രു)**-വൃക്ഷങ്ങളുടേയും മററും ചുവട്ടിൽ മണ്ണിൽ താണിരിക്കുന്ന അംശം. പര്യായങ്ങൾ-ശിഫാ, ജടാ.

വേർ എന്നതു വൃക്ഷത്തിൻെറ മൂട്ടിൽനിന്നും കീഴ്പ്പോട്ടു ഭൂമിയിലേക്കു പോകുന്ന അംശമാകുന്നു. ഇതിൽനിന്നും ഉപവേരുകൾ പുറപ്പെട്ടു പലവഴിയും പോകുന്നു. നേരേ കീഴ്പ്പോട്ടു പോകുന്നതിനെ നാരായവേരെന്നും തള്ളവേരെന്നും പറയുന്നു. വേരുകൊണ്ടുള്ള ഉപയോഗങ്ങൾ വൃക്ഷങ്ങളെ ഭൂമിയിൽ സ്ഥിരമായി നിറുത്തുകയും മററുമാകുന്നു.

ഉ. മൂലം. ന. ചുവട്. ര. കരണം.

**വേർ, വിയർ**-മധുരമുള്ള.

**വേർതിരിയുന്നു**- വേർപെടുന്നു. (സ. ക്രി. വേർതിരിക്കുന്നു).

**വേർതിരിവ്**-ച. വേർപാട്. ഉ. ഒന്നിച്ചിരിക്കുന്ന സാധനം പലതായിട്ടു തീരുക ന. അടുത്തിരിക്കുന്നവരിൽ ആരെങ്കിലും അകലേപോവുക.

**വേർപാട്**-വേറെ ആയിത്തീരുക.

**വേർപിരിയുന്നു**- വേർപെടുന്നു. (സ. ക്രി. വേർപിരിക്കുന്നു).

**വേർപെടുന്നു, വേർവിടുന്നു**-വേറെ ആകുന്നു. (സ. ക്രി. വേർപെടുക്കുന്നു, വേർപെടുത്തുന്നു). (വേർവിടുക്കുന്നു, വേർവിടുത്തുന്നു).

**വേല**-ച. തൊഴിൽ, ജോലി. ഉ. അദ്ധ്വാനം, പ്രയത്നം, പ്രയാസം. ന. തീരം. ര. വേള, സമയം, ഉ, സമുദ്രം. ന. ആറാട്ടു. ൧. അരിക്. വ്യ. സമുദ്രതീരം. ൽ. രാജാരാജനം. ച. അനായാസമരണം.

**വേലകം**- വലിയ തടിയുള്ള ഒരുവക വൃക്ഷം.

**വേലക്കാരൻ**-ദാസൻ, വേല ചെയ്യുന്നവൻ. (സ്ത്രീ-വേലക്കാരി).

**വേലതുള്ളൽ**-വേലകളി, ഒരുവക കളി.

**വേലത്തി**-വേലൻെറ സ്ത്രീ.

**വേലൻ**-ച. പറതട്ടി ഓതുന്നവൻ. ഉ. ചുണ്ണാമ്പുണ്ടാക്കുന്നവൻ.

**വേലപ്പാട്**- പ്രയത്നം.

**വേലപ്പെടാതെ**-പണിപ്പെടാതെ.

**വേലപ്പെണ്ണ്**-ച. മഹാലക്ഷ്മി, കടൽകന്യ.

'വേലപ്പെൺ കാന്തൻതന്നാണചൊല്ലി'
(കൃഷ്ണഗാഥ)

ഉ. ദാസി. (പ-മ.)

**വേലയിറക്കം**-ച. വേലതുള്ളൽ ആരംഭിക്കുക. ഉ. വേലിയിറക്കം.

**വേലയേററം**-ച. വേല തുള്ളിക്കേറുക. ഉ. വേലിയേററം.

**വേലായുധൻ**-സുബ്രഹ്മണ്യൻ.

**വേലാതടം**-സമുദ്രതീരം.

**വേലാവിലംഘി**-സമുദ്രത്തെ ലംഘിക്കുന്നതു്, ധാരാളമായുള്ളതു്.

**വേലി**-പറമ്പിലും മററും കന്നുകാലികൾ കടക്കാതിരിപ്പാൻ പത്തൽ, മുള, മുള്ളു മുതലായവകൊണ്ടു ചുററും വളച്ചു കെട്ടുന്നതു്. പര്യായം-പ്രാചീനം.

**വേലിക്കടമ്പ**-വേലി കടപ്പാനുള്ള ഒരു പണി.

**വേലിക്കഴാ(യി)**- ച. നീക്കുവാതൽ. ഉ. ഉഴാൽപടി.

**വേലിക്കിഴങ്ങ്**-ഒരു മരം.

**വേലിത്തിത്ത**-ഒരു പക്ഷി.

**വേലിപ്പരുത്തി**-ഒരു വള്ളി.

ചുമ, കഫം, ജ്വരം മുതലായവയ്ക്കു നന്നു്. സം-ഇന്ദീവരം. ത-ഉത്താമണി. ഇം-Asparagus Racemoses.

**വേലിപ്പഴ**-വേലി പൊളിഞ്ഞ സ്ഥലം.

**വേലിയിറക്കം** - കടലിറക്കം, വലിച്ചിൽ.

**വേലിയേററം**-സമുദ്രജലം പൊങ്ങുക, ചാന്ദ്രോദയത്തിങ്കലുണ്ടാകുന്ന സമുദ്രജലവൎദ്ധന.

നിത്യവും കിഴക്കോട്ടു തിരിയുന്ന ഭൂമിയെ ചുററുന്നതിനായി പടിഞ്ഞാറായിട്ടു ഗമിക്കുന്ന ചന്ദ്രൻ ആ വഴിയായി ജലങ്ങളെ ആകൎഷിക്കുന്നതുകൊണ്ടു വേലിയേററവും ഇറക്കവുമുണ്ടാകുന്നു.

**വേൽ**-ഒരായുധം.

**വേൽക്കാരൻ**-വേലുള്ളവൻ.

**വേല്ലജം**-കൊടിമുളകു്, മുളകു്.

**വേല്ലം**-വിഴാൽവൃക്ഷം, വിഴാലരി.

**വേല്ലിത**-വി. ഫ. ചുററും അയക്കപ്പെട്ട.

'വേല്ലിതഭ്രൂഷ്ണി വേശ്മവിജനം'
(അമരുകശതകം)

൨. ഇളക്കപ്പെട്ട. ൩. ഇളക്കുന്ന. ൪. വളഞ്ഞ.

**വേവു്**-ഫ. അഗ്നികൊണ്ടുണ്ടാകുന്ന പാകം. ൨. ഉഷ്ണം, ചൂടു്.

**വേവലാതി(ധി)**-ഫ. പരിഭ്രമം. ൨. വ്യാകുലം, തിടുക്കം. ൩. സംഭ്രമം, ശങ്ക.

**വേവുന്നു**-തീകൊണ്ടു പാകം വരുന്നു. (സ. ക്രി. വേവിക്കുന്നു).

**വേവുവടി**-ഉത്തരത്തിനു താഴെ പണിതു വെക്കുന്ന ഒരു പലക.

**വേവുള്ള**-ഒരു വൃക്ഷം, വെന്തേക്കു്.

**വേവുററു്**-ചൂടുണ്ടായിട്ടു്. (പ-മ.)

**വേവെടുക്കുന്നു**-ഉഷ്ണിക്കുന്നു, ചുടുന്നു.

**വേശ**-മറ.

**വേശന്തം** - അല്പസരസ്സ്, ചെറുകുളം, ചിറക്കുഴി.

**വേശം**-ഫ. പ്രവേശനം. ൨. വേശ്യാഭവനം. ൩. ഭവനം. ൪. അലങ്കാരം.

**വേശ(സ)രം**-വെട്ടിക്കുതിര.

**വേശാന്തം**-ചിറക്കുഴി.

**വേശ്മഭ്രുവു്**-പുരയുടെ മുററം.

**വേശ്മം**-ഭവനം.

**വേശ്യാ**-ഫ. തേവിടിച്ചി. എല്ലാടവും ചെല്ലുന്നവൾ എന്നൎത്ഥം. മററു പൎയ്യായങ്ങൾ-വാരസ്ത്രീ, ഗണിക, രൂപാജീവ.

പണം ഒന്നിനെമാത്രം നോക്കി പുറമേക്കുമാത്രം അനുരാഗത്തെ കാണിക്കുന്നതാണു് വേശ്യയുടെ പ്രധാന ലക്ഷണം.

'ധീരാ കലാ പ്രഗല്ഭാസ്യാദ്വേശ്യാ സാമാന്യനായികാ നിൎഗ്ഗുണാനപി ന ദ്വേഷ്ടി ന രജ്യതി ഗുണിഷ്വപി * വിത്തമാത്രം സമാലോക്യ സാ രാഗം ദൎശയേൽ ബഹിഃ കാമമംഗീകൃതമപി പരിക്ഷീണധനം നരം * മാത്രാ നിഷ്കാസയേദേഷാ പുനസ്സന്ധാനകാംക്ഷയാ തസ്കരാഃ പണ്ഡകാ മൂൎഖാഃ സുഖപ്രാപ്തധനാസ്തഥാ * ലിംഗിനശ്ഛന്നകാമാദ്യാ ആസാം പ്രായേണ വല്ലഭാഃ'
(സാഹിത്യദൎപ്പണം)

൨. അതിവിടയം.

**വേശ്യാജനസമാശ്രയം**-തേവിടിശ്ശിത്തെരുവു്.

**വേശ്യാപതി**-വിടൻ.

**വേശ്യാപ്രിയ**-മഞ്ഞൾ.

**വേശ്യാവൃത്തി**-വേശ്യകളുടെ ആചാരം.

വേശ്യാസംഗം-വ്യഭിചാരം.

വേഷണം-പ്ര. പ്രവേശനം. വ. പൊ നാംപീരം.

വേഷണാ-ഏകാന്തമ്പാചയരി (ഉണങ്ങ യത്).

വേഷധാരി, വേഷധൃക്ക്-മറുവേഷം ചമഞ്ഞു നടക്കുന്നവൻ.

വേഷം-പ്ര. അലങ്കാരം. വ. ആഭരണം, ന. മറുവേഷം.

വേഷവാരം-കറികളെ പരിഷ്കരിക്കാനു ള്ള ഏതാനം സാധനങ്ങൾ. (വേസവാ രം എന്നതു നോക്കുക).

വേഷ്ട(ക)ം-തിരുവട്ടപ്പശ.

വേഷ്ടകം-വി. ചുററുന്ന.

വേഷ്ടകാ-പ്ര. തലപ്പാവ്. വ. വേലി. ന. ഇലവിൻപശ. ര. മുത്തങ്ങ.

വേഷ്ടനം-പ്ര. ചുററൽ. വ. വേലി. ന. തലപ്പാവ്. ര. ഉള്ളു. ഇ. അര ഞ്ഞാണ്.

വേഷ്ടം-പ്ര. ചുററൽ. വ. വേലി. ന. തലപ്പാവ്. ര. മരക്കറ, പശ. ഇ. പ യിനെണ്ണ.

വേഷ്ടി-അംഗവസ്ത്രം, ഉത്തരീയം.

വേഷ്ടിക്കുന്നു-ചുററുന്നു.

വേഷ്ടിത-വി. ചുററപ്പെട്ട.

വേഷ്ടിതം-ചുററുക.

വേസവാരം-കറികളെ പരിഷ്കരിക്കുന്ന തിനായി അവയിൽ ചേർത്തുവരുന്ന മുള കുപൊടി, മഞ്ഞപ്പൊടി, കായം, ജീര കം, കടുവറവു മുതലായതു്. വേശവാ രം, വേഷവാരം ഇവ പാഠങ്ങൾ.

വേഹൽ-ഇടകിടയിട്ട പല്ലു (മച്ചി പ്പല്ലു).

വേള-പ്ര. അവസരം. വ. ഒരു തെ.

വേളാൻ-കശവൻ.

വേളി-പ്ര. വിവാഹം. വ. ചില ബ്രാഹ്മ ണർക്കു മാത്രം വിവാഹത്തിനു പറയുന്ന പേർ. ന. വിവാഹം ചെയ്യപ്പെട്ട സ്ത്രീ. ര. ഒരു കായലിന്റെ പേർ.

വേളിക്കൂട്ടുന്നു- മനുഷ്യരും തമ്മിൽ ചേ രുന്നു.

വേൾക്കുന്നു-പ്ര. കല്യാണം കഴിക്കുന്നു, സംബന്ധം ചെയ്യുന്നു. വ. ബ്രാഹ്മണൻ വിവാഹം ചെയ്യുന്നു. (കാ. ക്രി. വേൾ പ്പിക്കുന്നു).

വേൾച്ച-സംബന്ധം.

വേറാകുന്നു- വേർപെടുന്നു. (സ. ക്രി. വേറാക്കുന്നു).

വേറിടുന്നു-വേർപെടുന്നു. (സ. ക്രി. വേ റിടുവിക്കുന്നു).

വേറിട്ടാകുന്നു-വേറെയാകുന്നു.

വേറു്-വി. വേറേയുള്ള.

വേറുക്കുറു്-പ്ര. മറെറാരു പങ്കു്. വ. മറു പക്ഷം.

വേറുക്കുറു്-വേർതിരിയുക, പക്ഷഭേദം.

വേറെ-വി. മററെ.

വേറെ-അ. വേറായി.

വേറൊരുത്തൻ-മറെറാരുത്തൻ. (സ്ത്രീ- മറെറാരുത്തി).

വേറുര-പ്ര. വേറപ്പോട്ടുകൂടിയ വാക്കു്. വ. വേലന്റെ ഒഞ്ഞു്.

വേഴച്ചെന്നെല്ലു്- ഒരുവക നെല്ലു് (രോമ്യവർഗ്ഗത്തിൽ ചേന്ന ശാലി).

വേഴംപ്പല്ലു്, വേഴൽ-ഒരുമാതിരി വ ലിയ പുല്ലു്.

രക്തദോഷം, ചുട്ടുനീറൽ, തണ്ണീർ ദാഹം മുതലായവയ്ക്കു നന്നു്. സം- നളം. ത-കൊരുക്കൈ, ഞണലുപ്പുല്ലു്. ഇം-Reed.

വേഴാമ്പൽ-ഒരു പക്ഷി.
സം-ചാതകം. ത-ചാതകപ്പുള്ള്.

വേഴ്ച-സ്നേഹം, ബന്ധുത.

വേഴ്വി, വേൾവി-യാഗം.
'കൌചികമുനിവേൾവികാത്തരുളുന്ന'
(രാമചരിതം)

---

## വൈ

വൈ-അ. പാദപൂരണത്തിനും മററും പ്രയോഗിക്കുന്നതു്.

വൈകക്ഷകം, വൈകക്ഷ്യകം-മാറിടത്തിൽ വിലങ്ങത്തിലിട്ട മാല. വികക്ഷത്തിൽ (ഉരസ്സിൽ) ഭവിച്ചതു വൈകക്ഷകം. വൈകക്ഷികം, വൈകക്ഷ്യകം ഇവ പാഠങ്ങൾ. പൂണുനൂൽ മാതിരി ഇടുന്ന മാല.

വൈകടികൻ-രത്നങ്ങൾ തേച്ചു നന്നാക്കുന്നവൻ.

വൈകർത്തനാലയം-യമപുരി.

വൈകർത്തനൻ-(സൂര്യന്റെ പുത്രൻ). പ്ര. കർണ്ണൻ. ദ്വ. കാലൻ.

വൈകല്യം-പ്ര. വികലത, കുറവു്. ദ്വ. മുടന്തു്, അംഗഹീനത. തൃ. ശേഷിയില്ലായ്മ.

വൈകാംകത-വയ്യാകത.

വൈകാതെ-അ. താമസിക്കാതെ, വേഗത്തിൽ.

വൈകാര്യം-മാററം.
'വൈകാര്യമെന്നിയേഭസ്മമാക്കീടിനാൾ'
(ഭാഗവതം 24 വൃത്തം)

വൈകാലം-വൈകുന്നേരം.

വൈകാശി-ഇടവമാസം, വൈശാഖമാസം.

വൈകീടാതെ-അ. വേഗത്തിൽ.

ൊ വൈകുക-താമസിക്കുക, നേരമാവുക.

വൈകുണ്ഠൻ-വിഷ്ണു. വികുണ്ഠയുടെ പുത്രൻ എന്നർത്ഥം. (വികുണ്ഠ, ശുഭ്രൻ എന്ന മഹർഷിയുടെ ഭാര്യയാണ്).

വൈകുണ്ഠം-പ്ര. വിഷ്ണുലോകം, വിഷ്ണുസ്വർഗ്ഗം (വൈഭം). ദ്വ. (വെളുത്ത) ചെറുതുളസി.

വൈകുന്നു-പ്ര. താമസിക്കുന്നു. ദ്വ. നേരമാകുന്നു. (സ. ക്രി. വൈകിക്കുന്നു).

വൈകുന്നേരം-അ. അസ്തമനസന്ധ്യാസമയം.

വൈകൃത-വി. മാറപ്പെട്ട.

വൈകൃതം-പ്ര. നീരസം. ദ്വ. വികാരം.

വൈകൃതിക-വി. പ്ര. മാററിയ. ദ്വ. വികൃതിയെ സംബന്ധിച്ച.

വൈകൃത്യ-വി. ആകൃതികൊണ്ടോ മനസ്സുകൊണ്ടോ മാററംവന്ന.

വൈകൃത്യം-പ്ര. മാററം. ദ്വ. നീരസം.

വൈക്കം-വൈകുക, താമസിക്കുക.

വൈക്രാന്തം-ഒരുവക രത്നം, പോടിവൈരം.
ക്ഷയം, കുഷ്ഠം, വിഷം, ജ്വരം മുതലായവയ്ക്കു നന്നു്.

വൈക്ലബ്യം-പാരവശ്യം, ദുഃഖം, മനസ്സുമടുപ്പു്. (വൈക്ലവ്യം എന്നുമാകാം).

വൈഖരി-വാക്കിന്റെ ഒരു പുറപ്പാടു്, സാധാരണ സംസാരം.

വൈഖാനസൻ-വാനപ്രസ്ഥൻ.

വൈഖാനസം-മീൻ.

വൈഖാനസിക-ഗൃഹസ്ഥാശ്രമം കഴിഞ്ഞു വാനപ്രസ്ഥാശ്രമം സ്വീകരിച്ചു വനത്തിൽ വന്നു താമസിക്കുന്ന സ്ത്രീ.

വൈഗുണ്യം-പ്ര. ഗുണമില്ലായ്മ. ദ്വ. താഴ്ന്ന നില.

വൈചിത്ര്യം-വ്യസനം, ദുഃഖം.

വൈചിത്ര്യം-പ്ര. വിചിത്രത, കൂടിക്കലർച്ച് നിമിത്തമുള്ള ഒരു ഭംഗി. ദ്വ. അത്ഭുതം. തൃ. ദുഃഖം. ച. നിരാശ.

വൈജനനം-പ്രസവമാസം.

വൈജയന്തൻ-ഇന്ദ്രൻ.

വൈജയന്തം-൧. ഇന്ദ്രന്റെ കൊടി. ൨. ഇന്ദ്രന്റെ മാളിക. ൩. കൊടി. ൪. ഗൃഹം.

വൈജയന്തി-൧. കൊടിക്കൂറ, ൨. പുഴമുത്ത. ൩. ഒരു നീതിശാസ്ത്രപുസ്തകം, ഒരഭിധാനഗ്രന്ഥം. ൪. മുത്ത. ൫. വിഷ്ണുവിന്റെ മാല.

വൈജയന്തി, വൈജയന്തികാ-പുഴമുത്ത (തഴുതാവൽ).

വൈജയന്തികൻ-കൊടിക്കൂറക്കാരൻ.

വൈജയന്തികം-കൊടി.

വൈജാത്യം-൧. ജാതിവ്യത്യാസം, ഭിന്നജാതിത്വം. ൨. സാധാരണയുള്ള സ്വഭാവത്തിൽ നിന്നുണ്ടാകുന്ന വ്യത്യാസം. ൩. അഴിമതി. ൪. ദുർന്നടപ്പു.

വൈജ്ഞാനിക-വി. സാമർത്ഥ്യമുള്ള.

വൈഡാലവ്രതികൻ-കപടഭക്തിയുള്ളവൻ.

വൈഡൂര്യം-നവരത്നങ്ങളിൽ ഒന്നു.

ശൂലം, നേത്രരോഗം, ശല്യം, വിഷം മുതലായവയ്ക്കു നന്നു. ധരിച്ചാൽ പാപഹരമാണു. സം-വൈഡൂര്യം. ത-വൈഡൂരിയം. ഇം-Cat's eye.

വൈണവ-വി. വേണുവെ (മുളയെ) സംബന്ധിച്ച.

വൈണവം-മുളംകമ്പു; ഇല്ലിക്കമ്പു, മുളനെല്ലു.

വൈണവികൻ-കുഴൽ വിളിക്കുന്നവൻ, വേണുവാദ്യക്കാരൻ.

വൈണികൻ-വീണവായിക്കുന്നവൻ.

വൈണുകം-ആനത്തോട്ടി.

വൈതഥ്യം-കള്ളം.

വൈതനികൻ-സേവിക്കുന്നവൻ, വേലക്കാരൻ.

വൈതംസികൻ-൧. കണിയിൽ പക്ഷിമൃഗങ്ങളെ പിടിക്കുന്നവൻ. ൨. മാംസം തിന്നുന്നവൻ.

വൈതരണി-൧. യമലോകത്തിനു പുറമുള്ള നദി, (നരകം), നരകത്തിലുള്ള ഒരു നദി. അക്കരെകടക്കാൻ പ്രയാസമുള്ളതു എന്നർത്ഥം.

'വഴിമദ്ധ്യത്തിൽക്കൂടിയൊഴുകീടുന്ന
തായി ഭയമാം വൈതരണിപ്പുഴയുണ്ടവി
ടത്തിൽ * ഘോരമായതുകണ്ടാൽസന്താ
പമേറെയുണ്ടാം പാരംപേടിയാമതിൻ
വാർത്തകളോർത്തുകണ്ടാൽ * നൂറുയോജന
യുണ്ടുവിസ്താരമതിന്നഹോ ചോരയുംചല
മിവനിറഞ്ഞങ്ങൊഴുകുന്നു * അസ്ഥിത
ൻകൂട്ടമല്ലോതീരമായിട്ടുന്നതു അത്യന്തം
ദുർഗ്ഗമയെന്നറികവൈനതേയ * കേശ
ക്കെട്ടാചളിയതിൽരക്തമാംസങ്ങളു
ല്ലോ കാൺകിലോപാപികൾക്കുകടക്കാ
നേററംപണി * രോമക്കല്ലുകേശങ്ങളും
ചണ്ടിപ്പായലുമുണ്ടങ്ങത്യഗാധയായേററം
ദുസ്തരയെന്നോർക്ക * ഉഗ്രങ്ങളായീടു
ന്ന നക്രങ്ങൾ വളരെയുണ്ടത്രയുംഘോര
മായപക്ഷിക്കൂട്ടവുമുണ്ടു * പൊയ്യല്ലവ
ഗേശ്വര വരുന്നപാപിയെക്കണ്ടയ്യോ
പാരമാവിപൂണ്ടുംപുകയുന്നു * തീയുക
ന്നിട്ടമട്ടപ്പത്തിരിക്കുന്നപാത്രെ നെയ്യതു
പോലെയെന്നുധരിക്കമനതാരിൽ *
സൂചിപോലവെയുള്ളമുഖങ്ങളോടുമതി
ഘോരങ്ങളായീടുന്നപുഴുക്കളേറെയുണ്ടു *
വലുതാംകഴുകുകൾകാക്കകളിവകളും വ
ളരെയുണ്ടവറ്റിൻകൊക്കുകൾവജ്രംപോ
ലാം * അട്ടകൾമത്സ്യങ്ങളുമാമകൾമക
രങ്ങൾ ഓട്ടറെസ്സിംഹമാരങ്ങളുമങ്ങതി

ലുണ്ട് * കളിയല്ലേററംമാംസംപിളക്കുന്നവകളും ജലജന്തുക്കളെല്ലാമുണ്ടല്ലോ നദിയതിൽ' (ഇത്യാദി നോക്കുക.)
(ഗാരുഡപുരാണം ഭാഷ.)

വ. രാക്ഷസജാതിയുടെ അമ്മ. ന. (മ) ദുഷ്ടസ്ഥലം. ര. കലിംഗരാജ്യത്തെ ഒരു നദി.

വൈതാണ്ഡം-ആനക്കൂട്ടം.

വൈതാന-വി. യാഗസംബന്ധമുള്ള, ശ്രൗതമുള്ള.

വൈതാനം-പു. മേൽക്കെട്ടി. വ. വിസ്താരം. ന. വേലി.

വൈതാളികൻ-പു. രാജാക്കന്മാരെ പാടിയുണർത്തുന്നവൻ. വ. വേതാളത്തിന്റെ ദാസൻ. ന. ക്ഷുദ്രക്കാരൻ.

വൈതുവിളി-ശകാരം.

വൈത്യൻ-വേലൻ.

വൈദ-വി. വിദ്വാനെ സംബന്ധിച്ച. (സ്ത്രീ-വൈദി).

വൈദഗ്ദ്ധ്യം-പു. സാമർത്ഥ്യം. വ. ബുദ്ധി. ന. നിമിഷം.

വൈദൻ-ധൗമ്യമഹർഷിയുടെ ഒരു ശിഷ്യൻ.
'ഇദ്ദേഹത്തിന്റെ ശിഷ്യൻ ഉദങ്കമഹർഷി'

വൈദർഭൻ-വിദർഭരാജാവ്.

വൈദർഭം-ഉപായവാക്ക്.

വൈദർഭി-പു. വിദർഭന്റെ മകൾ, ദമയന്തി.
'വൈദർഭീസാവമൂന്നാംദിധിയായി
ലവനീപുത്രിപണ്ടെന്നപോലെ'
(ഭാഷാനൈഷധചമ്പു)
വ. രുക്മിണി. ന. അഗസ്ത്യന്റെ ഭാര്യ. ര. വിദർഭരാജാവിന്റെ ഒരു പ്രമാണം.

വൈദലം-ഒരുവക അപ്പം.

വൈദിക-വി. വേദത്തെ സംബന്ധിച്ച.

വൈദികകാലം-1101—1701.
ആര്യന്മാർ സിന്ധുനദീതീരത്തിൽ, അധിവസിച്ചു തുടങ്ങിയതും, ഋഗ്വേദസൂക്തങ്ങളെ രചിച്ചതും ഇക്കാലത്താണ്

വൈദികത്വം - വൈദികന്റെ അവസ്ഥ.

വൈദികൻ-പു. വേദം വേണ്ടുംവണ്ണം അഭ്യസിച്ചവൻ. വ. മലയാളബ്രാഹ്മണർക്ക് വിധിനിശ്ചയിക്കുന്ന ആറു ബ്രാഹ്മണർക്കും കൂടെയുള്ള പേർ.

വൈദിഷ്ടൻ-വൈവസ്വതമനുവിന്റെ ഒരു പുത്രൻ.

വൈദുഷ്യം-വിദുഷത, വിദ്വത്വം, അറിവ്, പഠിപ്പ്.

വൈദൂര്യം-വൈഡൂര്യം.

വൈദേശികൻ-അന്യദേശക്കാരൻ.

വൈദേഹകൻ-പു. ചെട്ടി, കച്ചവടക്കാരൻ. വ. വൈശ്യൻ.

വൈദേഹൻ - വിദേഹരാജാവിന്റെ മകൻ.

വൈദേഹി-പു. സീത, ശ്രീരാമന്റെ ഭാര്യ. വ. വൈശ്യസ്ത്രീ. ന. തിപ്പലി. ര. ഗോരോചന. ഇ. ആറമണാവൽ.

വൈദ്യ-വി. പു. വേദസംബന്ധമായുള്ള. വ. വൈദ്യസംബന്ധമായുള്ള, ഔഷധത്തെ സംബന്ധിച്ച.

വൈദ്യകൻ-വൈദ്യൻ.

വൈദ്യകപഞ്ചാംഗം-തൊലി, ഇല, പൂവ്, കായ്, വേര് ഇവ ൫-ം.

വൈദ്യക്കാരൻ-ചികിത്സക്കാരൻ.

വൈദ്യഗ്രന്ഥം-അഷ്ടാംഗഹൃദയം, ചിന്താമണി മുതലായ വൈദ്യപുസ്തകങ്ങൾ.

വൈദ്യചിന്താമണി - ഒരു വൈദ്യഗ്രന്ഥം.

വൈദ്യനാഥൻ-പു. വൈദ്യശ്രേഷ്ഠൻ. ഉ. ശിവൻ. ന. ധന്വന്തരി.

വൈദ്യൻ-പു. ചികിത്സക്കാരൻ, ആയുർവേദവിദ്യയെ അദ്ധ്യയനം ചെയ്യുന്നവൻ എന്നർത്ഥം. ഉ. വിദ്വാൻ. ന. വേദത്തെ അനുസരിച്ചു നടക്കുന്നവൻ.

വൈദ്യപരീക്ഷാത്രയം— ദർശനം, സ്പർശനം, പ്രശ്നം.

'ദർശനസ്പർശനപ്രശ്നൈഃ
പരീക്ഷേതചരോഗിണം'
(അഷ്ടാംഗഹൃദയം)

വൈദ്യബന്ധു-വൻകൊന്ന.

വൈദ്യം-ചികിത്സ.

വൈദ്യമാതാവ്-ആടലോടകം.

വൈദ്യലക്ഷണചതുഷ്ടയം- ശാസ്ത്രജ്ഞത്വം, നിസ്സന്ദേഹത്വം, പാരവൈമുഖ്യം, കർമ്മകൗശലം ഇവ ൪-ം.

വൈദ്യശാസ്ത്രം— അഷ്ടാംഗഹൃദയേവം മറ്റും.

വൈദ്യശാസ്ത്രശീതക്രിയ-ധാര, പിഴിച്ചൽ, കളിതേപ്പ്, കിഴി ഇവ ൪-ം.

വൈദ്യസിംഹീ-ആടലോടകം.

വൈദ്യാ-കാകോളി.

വൈദ്യുതം-വി. ഇടിവാളിനെ സംബന്ധിച്ച.

'വൈദ്യുതമായ വിഭ്രമം'
(അഭിജ്ഞാനശാകുന്തളം)

വൈദ്യുതി- വിദ്യുത്തിൽ (മിന്നലിൽ) നിന്നു് ഉണ്ടാകുന്നതു്.

വൈധർമ്മ്യം-പു. വിധർമ്മത, വ്യത്യാസം. ഉ. മറ്റൊരുക്കേട്. ന. ധർമ്മവ്യത്യാസം. ൪. ഗുണവ്യത്യാസം, വ്യത്യാസപ്പെട്ട ഗുണം. വൈധർമ്മ്യം > <സാധർമ്മ്യം.

വൈധവേയൻ-വിധവയുടെ പുത്രൻ.

വൈധവ്യം-വിധവയുടെ അവസ്ഥ.

വൈധാത്രൻ-ഒരു മഹർഷി, സനത്കുമാരൻ. വിധാതാവിന്റെ (ബ്രഹ്മാവിന്റെ) പുത്രൻ എന്നർത്ഥം.

വൈധാത്രി-ബ്രഹ്മി.

വൈധുര്യം- വിധുരത, ക്ഷോഭം, കലക്കം.

വൈധൃതയോഗം, വൈധൃതി- ജ്യോതിഷശാസ്ത്രവിധിയാൽ കണക്കാക്കുന്ന ഒരു സൂര്യചന്ദ്രന്മാരുടെ നില.

വൈധേയ-വി. പു. വിധി അനുസരിച്ച. ഉ. മൂഢതയുള്ള.

വൈധേയൻ-മൂഢൻ. (അജ്ഞത എന്ന ശബ്ദം നോക്കുക).

വൈനതേയൻ-പു. വിനതയുടെ പുത്രൻ, അരുണൻ. ഉ. ഗരുഡൻ.

വൈനതേയാ-കഴുവൻ.

വൈനൻ-ശൂദ്രന് ക്ഷത്രിയസ്ത്രീയിൽ ഉണ്ടായ പുത്രൻ.

വൈനാശികൻ-പു. ജ്യോതിഷക്കാരൻ. ഉ. ദാസൻ. ന. ചിലന്തി(ന്നി).

വൈനീതകം-വാഹനം.

വൈപഞ്ചികൻ-നാരദൻ, വിപഞ്ചി (വീണ)യെ ധരിക്കുന്നവൻ എന്നർത്ഥം.

വൈപരീത്യം-വിപരീതം.

വൈപ്പാടി-വൈപ്പാട്ടി.

വൈഭണ്ഡകൻ- ഋശ്യശൃംഗൻ എന്ന മഹർഷി. വിഭണ്ഡകന്റെ പുത്രൻ എന്നർത്ഥം.

രോമപാദൻ എന്ന നൃപന്റെ രാജ്യത്തിൽ 12 സംവത്സരം മഴയില്ലാതിരുന്നതിനാൽ ഋശ്യശൃംഗമുനിയെ വരുത്തുന്നതിനു രാജാവു കല്പിച്ചു കല്പനപ്രകാരം ദാസികൾ പുറപ്പെട്ടു. അവർ പല

ഹാരങ്ങളെ ഫലങ്ങളാക്കിക്കൊടുത്തു വഞ്ചിച്ചു തന്ത്രത്തിൽ അദ്ദേഹത്തെ രാജ്യത്തിൽ കൊണ്ടുവന്നപ്പോൾ മഴയുണ്ടായി. അനന്തരം രാജാവു സന്തോഷിച്ചു 'ശാന്ത' എന്ന ഒരു കന്യകയെ കല്യാണംകഴിച്ചുകൊടുത്തു. (ഈ കന്യക ദശരഥന്റെ മകളാണെന്നും രോമപാദൻ വളർത്തിവന്നിരുന്നതാണെന്നും കാണുന്നുണ്ട്.)

**വൈഭവം**-ന. സാമർത്ഥ്യം, ശക്തി, പ്രാപ്തി. വ. ശൌര്യം. ന. സമ്പത്തു. ര. മാഹാത്മ്യം.

**വൈഭോഗം**-ധനം, സുഖാനുഭവം.

**വൈഭ്രം**-വിഷ്ണുസ്വർഗ്ഗം.

**വൈഭ്രാജകം**-മഹാമേരുവിനു ഊന്നായിട്ടുള്ള നാലു പർവ്വതങ്ങളിൽ ഒന്നിലുള്ള ഉദ്യാനം.

**വൈമനസ്യം**-ന. വിമനസത, മനസ്സുഖമില്ലായ്ക, മനസ്സിന്റെ ക്ഷീണത, മടി, ദുഃഖം. വ. രോഗം.

**വൈമല്യം**-വിമലത, നിർമ്മലത, തെളിവ്.

**വൈമാത്രൻ, വൈമാത്രേയൻ**—കൊച്ചമ്മയുടെ മകൻ, പിതാവ് വേറെ വേളികഴിച്ച വലിയമ്മ, ചെറിയമ്മ ഇവരുടെ മകൻ. (വിമാതാ=വിരുദ്ധയായ മാതാ).

**വൈമാനിക**-വി. വിമാനത്തെ സംബന്ധിച്ച.

**വൈമുക്ത**-വി. ഉപേക്ഷിക്കപ്പെട്ട.

**വൈമുഖ്യം**-വിമുഖത, നീരസഭാവം.

**വൈമേയം**-തമ്മിൽ മാററം.

**വൈയം, വൈയകം**-ഭൂലോകം, ഭൂമി. (പ-മ).

'വൈയകത്താരും തിരിപ്പോരില്ല'

(അഞ്ചടി)

**വൈയങ്കര(ക്)**-ഒരു വൃക്ഷം.

**വൈയങ്കൻ, വൈയവൻ, വൈയോൻ**-സൂര്യൻ.

**വൈയാകരണ**-വി. ന. വ്യാകരണത്തെ പഠിച്ച. വ. വ്യാകരണത്തെ സംബന്ധിച്ച.

**വൈയാകരണൻ** വ്യാകരണം മുതലായ ശാസ്ത്രം പഠിച്ചവൻ. (സ്ത്രീ-വൈയാകരണീ).

**വൈയാഗ്ര്യം**-വേല.

'പകലോ മഹാനസത്തിൽ
പാകവൈയാഗ്ര്യമല്ലോ'

(നളചരിതം കഥകളി)

**വൈയാഘ്ര**-വി. പുലിത്തോൽകൊണ്ടു പൊതിഞ്ഞ, (ഘ്രൻ, ഘ്രി, ഘ്രം).

**വൈയാത്യം**-ന. ലജ്ജയില്ലായ്ക. വ. മുരട്ടുസ്വഭാവം.

**വൈയാസിക**-വി. വ്യാസനെ സംബന്ധിച്ച.

**വൈയാറു്**-മധുരയിലെ ഒരു നദി.

**വൈയോൻ**-ആദിത്യൻ.

**വൈയ്യവൻ**-സൂര്യൻ.

**വൈയ്യവസായിക**-വി. വ്യവസായ സംബന്ധമായ.

**വൈരക്കല്ലു്**-ഒരുവക രത്നം.

**വൈരക്കള്ളി**-ഒരു പച്ചമരുന്ന്.

**വൈരച്ചാണ**-രത്നങ്ങൾ ഉരച്ചു നന്നാക്കുന്നതിനുള്ള കല്ലു്.

**വൈരത്തൂശി** - വൈരംകൊണ്ടുള്ള സൂചി, രത്നങ്ങൾ തുളക്കുന്ന സൂചി.

**വൈരനിര്യാതനം**-പകവീട്ടൽ, ഉപദ്രവിച്ചതിനു പകരം ഉപദ്രവിക്കുക.

**വൈരപ്പുളി**-ആരൻപുളി, ഇലുമ്പ.

സം-കർമ്മരംഗം. ഇം-Carambola കരംബോലം.

വൈരം—പ്ര. വിരോധം. ഉ. ശണ്ഠ ന. വജ്രം, ഒരു രത്നം.

എല്ലാ രോഗങ്ങളേയും ശമിപ്പിക്കും. മാരണവും ശോധനവും ശരിയാകാതെയിരിക്കുന്ന വൈരം ഭക്ഷിച്ചുപോയാൽ ആ വികാരത്തിൽ പശുവിൻപാലിൽ നെയ്യും തേനും പഞ്ചസാരയും ചേർത്തു സേവിക്ക. സം—ഹീരകം. ത-വയിരം, വച്ചിരം. ഇം— Diamond ഡയമണ്ഡ്.

വൈരശുദ്ധി — പകവീട്ടുക, ഇങ്ങോട്ടു ചെയ്ത ഉപദ്രവത്തിനു തക്കവിധം അങ്ങോട്ടും പകരംവീട്ടുക.

വൈരസൂചി—രത്നങ്ങൾ തുളയ്ക്കുന്ന സൂചി.

വൈരസേനി-നളൻ, പണ്ടുണ്ടായിരുന്ന ഒരു രാജാവ്. വീരസേനന്റെ മകൻ എന്നർത്ഥം.

വൈരസ്യം-വിരസത, നീരസഭാവം.

വൈരാകരൻ-ശത്രു.

വൈരാകരം-ഭൂമിയിൽ നിന്നും വൈരക്കല്ലു കഴിച്ചെടുക്കുന്ന സ്ഥലം.

വൈരാജ- വിരാട്ടിനെ (രാജാവിനെ) സംബന്ധിച്ച.

വൈരാഗി-ഒന്നിനെക്കുറിച്ചും സ്നേഹവും ആഗ്രഹവും ഇല്ലാത്തവൻ, സന്യാസി.

വൈരാഗ്യക്കാരൻ— വൈരാഗ്യമുള്ളവൻ.

വൈരാഗ്യചതുഷ്ടയം-യതമാനം, വ്യതിരേകം, ഏകേന്ദ്രിയം, വശീകാരം ഇവ ൪-ം.

വൈരാഗ്യം-ഒന്നിനെക്കുറിച്ചും സ്നേഹവും ആഗ്രഹവും ഇല്ലായ്ക.

വൈരാഗ്യശതകം— ഭർത്തൃഹരിയുണ്ടാക്കിയ ഒരു ഗ്രന്ഥം.

വൈരാടം-ഇന്ദ്രഗോപം, ഇന്ദ്രഗോപം.

വൈരാതംകം-നീർമരുത്.

വൈരി-വി. ശത്രു.

വൈരിഞ്ച-വി വിരിഞ്ചനെ (ബ്രഹ്മാവിനെ) സംബന്ധിച്ച.

വൈരിഞ്ചി-ബ്രഹ്മാവിന്റെ പുത്രൻ.

വൈരിത-വൈരിയുടെ അവസ്ഥ.

വൈരൂപ്യം-വിരൂപത, അഭംഗി.

വൈരോചനൻ, വൈരോചനി, വൈരോചി-മഹാബലി.

വൈരോചനി-പ്ര. മഹാബലി. ഉ. ബുദ്ധൻ. ന. സൂര്യന്റെ പുത്രൻ.

വൈലക്ഷണ്യം- പ്ര. വിലക്ഷണത. ഉ. അത്ഭുതം. ന. വൈപരീത്യം.

വൈവധികൻ-എണ്ണയും മററും വില്ക്കുന്നവൻ. വീവധത്തെ വഹിക്കുന്നവൻ എന്നർത്ഥം.

വൈവർണ്ണ്യം-പ്ര. നിറംകെടൽ, നിറഭേദം. ഉ. ജാതിഹീനത്വം.

വൈവസ്വതൻ-പ്ര. ഏഴാമത്തെ മനു.

സൂര്യന്റെ പുത്രനും സൂര്യകുലസ്ഥാപകനുമായ ഇക്ഷ്വാകുവിന്റെ പിതാവുമാണ്.

വൈവസ്വതമനുവിന്റെ പുത്രന്മാർ—ഇളൻ, ഇക്ഷ്വാകു, കുശനാഭൻ, ധൃഷ്ടൻ, നരിഷ്യന്തൻ, കരൂഷൻ, ശര്യാതി, പൃഷധ്രൻ, നാഭാഗൻ.

ഉ. അന്തകൻ. ന. രുദ്രന്മാരിൽ ഒരുത്തൻ. ൪. വിവസ്വാന്റെ പുത്രൻ, സൂര്യപുത്രൻ, യമൻ.

വൈവസ്വതം— ഇപ്പോഴത്തെ മന്വന്തരം.

വൈവാഹ, വൈവാഹിക-വിവാഹത്തെ സംബന്ധിച്ച.

വൈവശ്യം-വിവശത, ക്ഷീണം.

വൈവിധ്യം-വിവിധത്വം.

വൈശദ്യം-വിശദത, വെളുപ്പുനിറം, തെളിവു്, പ്രസന്നത.

വൈശമ്പായനൻ- വ്യാസന്റെ ശിഷ്യൻ.

ഒരു മഹർഷിയാണ്. വൈവസ്വതമന്വന്തരത്തിൽ പ്രഥമമഹായുഗത്തിലെ സ്വയംഭൂനാമകനായ വ്യാസന്റെ പ്രധാന ശിഷ്യൻ. യാജ്ഞവല്ക്യന്റെ മാതുലനും ഗുരുവുമാകുന്നു. ഇദ്ദേഹമാണു മഹാഭാരതം ജനമേജയനോടു പറഞ്ഞിട്ടുള്ളതു്. മഹാഭാരതകഥ വൈശമ്പായനമുനി പറഞ്ഞുകേട്ടതിൽ പിന്നെ രാജാവിനു ബ്രഹ്മഹത്യാപാപത്തിൽ നിന്നു മോചനം ലഭിച്ചു.

വൈശസം-പു. നാശം, വ. കൊല, ന. ദുഃഖം.

വൈശാഖം-പു. ഇടവമാസം. വ. ഏറുകാരന്റെ ഒരു നില. ന. കടകോൽ.

വൈശാഖമാസം-ഇടവമാസം.

വൈശാഖസ്നാനം-സുകൃതത്തിനായി വൈശാഖമാസം മുഴുവനും നേരത്തേ കുളിക്കുക.

വൈശാഖി-ചെമന്ന തഴുതാമ.

വൈശാരദ്യം-വിശാരദത, ബുദ്ധിസാമർത്ഥ്യം.

വൈശികം-വേശ്യാവൃത്തി.

വൈശിഷ്ട്യം-വിശേഷത.

വൈശിഷ്ട്യം-വിശിഷ്ടത.

വൈശിഷ്ട്യങ്ങൾ 8 വിധം—പുഷ്പങ്ങളിൽ പിച്ചകം, നഗരങ്ങളിൽ കാഞ്ചി, നദികളിൽ ഗംഗ, കാവ്യങ്ങളിൽ മാഘം, പുരുഷന്മാരിൽ വിഷ്ണു, രാജാക്കന്മാരിൽ ശ്രീരാമൻ, കവികളിൽ കാളിദാസൻ, സ്ത്രീകളിൽ രംഭ.

വൈശേഷികൻ-വൈശേഷികമതക്കാരൻ.

വൈശേഷികം-വൈശേഷികമതം, കണാദന്റെ ദർശനങ്ങളിൽ ഒന്നു്.

വൈശ്യ-വേശ്യാസ്ത്രീ.

വൈശ്യൻ—നാലുജാതിയുള്ളവരിൽ മൂന്നാമത്തേവൻ. മററു പര്യായങ്ങൾ-ഊരവ്യൻ, ഊരുജൻ, അര്യൻ, ഭൂമിസ്പൃക്ക്. (കൃഷി, കച്ചവടം മുതലായവ തൊഴിൽ).

വൈശ്യനെ 'ബാഹുജൻ' എന്നു പറയുന്നതിന്റെ താൽപര്യം കൈകൊണ്ടു വേലചെയ്യുന്നവൻ എന്നാകുന്നു. വ്യാപാരാദികളിൽ പ്രവേശിക്കുന്നവൻ വൈശ്യൻ.

വൈശ്യവൃത്തി-കൃഷി, കച്ചവടം മുതലായവ.

കൃഷി, പശുപാല്യം, വാണിജ്യം ഇവയെ വൈശ്യവൃത്തിത്രയം എന്നു പറയുന്നു.

വൈശ്രവണൻ-പു. കുബേരൻ. മററു പര്യായങ്ങൾ-കുബേരൻ, ത്ര്യംബകസഖൻ, യക്ഷരാട്ട്, ഗുഹ്യകേശ്വരൻ, മനുഷ്യധർമ്മാവു്, ധനദൻ, രാജരാജൻ, ധനാധിപൻ, കിന്നരേശൻ, പൌലസ്ത്യൻ, നരവാഹനൻ, യക്ഷൻ, ഏകപിംഗൻ, ഐലവിലൻ, ശ്രീദൻ, പുണ്യജനേശ്വരൻ. വിശ്രവസ്സിന്റെ പുത്രൻ എന്നർത്ഥം. വടക്കേ ദിക്പാലകൻ, രാവണന്റെ ജ്യേഷ്ഠൻ. (രാവണൻ എന്ന പദം നോക്കുക). വ. രാവണൻ.

വൈശ്രവണാവാസം-പേരാലു്.

വൈശ്വദേവ-വിശ്വദേവന്മാരെ സംബന്ധിച്ച.

വൈശ്വദേവം—ബ്രാഹ്മണരുടെ ഒരു കർമ്മം. ഇതു നടത്തുന്നതിന്നു ഒരു ബ്രാഹ്മണൻ ഹവിസ്സിനെ ആഹുതി ചെയ്യേണ്ടതാകുന്നു.

വൈശ്വാസിക-വിശ്വസിക്കത്തക്ക.

വൈശ്വാനരൻ-പു. അഗ്നി. വിശ്വാനരമുനിയുടെ പുത്രൻ എന്നർത്ഥം. ൨. പരബ്രഹ്മം

വൈശ്വാനരം-പു. ജനങ്ങളില്ലാത്ത ദിക്ക്. ൨. ക്ഷാമമുള്ള ദിക്ക്. ൩. കൊടുവേലി. ൪. ജഠരാഗ്നി.

വൈശ്വി-ഉത്രാടം നക്ഷത്രം.

വൈഷമ്മിക്കുന്നു-പു. സമമല്ലാതെയാകുന്നു. ൨. പ്രയാസപ്പെടുന്നു. ൩. മരിക്കുന്നു.

വൈഷമ്മിക്കുക എന്ന പദം സാധുവാണെന്ന് എനിക്കു തോന്നുന്നില്ല.

വൈഷമ്യം-പു. സമമല്ലായ്ക. ൨. പ്രയാസം, മരണം. ൩. കഷ്ടപ്പാട്.

വൈഷയികൻ-ലോകത്തുള്ള ഇമ്പങ്ങളിൽ താല്പര്യമുള്ളവൻ.

വൈഷുതം-മഹിള ശവച്ചാമ്പൽ.

വൈഷ്ണം-ഒരു ലോകം.

വൈഷ്ണവ-വി. വിഷ്ണുവിനെ സംബന്ധിച്ച.

വൈഷ്ണവൻ-വിഷ്ണുമതക്കാരൻ.

വൈഷ്ണവം- അഷ്ടാദശപുരാണങ്ങളിൽ ഒന്ന്. വരാഹകല്പത്തിൽ പരാശരൻ ധർമ്മമെല്ലാം പ്രതിപാദിച്ചിട്ടുള്ളത്. വിഷ്ണുവിനെ പുകഴ്ത്തുന്നു. അവയവം വിഷ്ണുവിന്റെ വലതുകൈയാണ്. സാത്വികപ്രധാനമാകുന്നു. ഗ്രന്ഥ ത്തു ക 23,000.

വൈഷ്ണവീ-പു. ഏഴു മാതൃക്കളിൽ ഒന്ന്. ൨. ശതാവരി. (ശംഖപുഷ്പി എന്നും അഭിപ്രായം കാണുന്നു).

വൈസാരിണം- മത്സ്യം. വിവിധമാകാംവണ്ണം സഞ്ചരിക്കുന്നതുകൊണ്ടു ഈ അർത്ഥം വന്നു.

വൈഹാസികൻ- പു. നേരംപോക്കുകാരൻ. ൨. നടൻ.

—○—

## വോ

വോഢൻ-വഹിക്കുന്നവൻ.

വോഢാവ്-പു. ചുമക്കുന്നവൻ, ൨. മണവാളൻ, ഭർത്താവ്. ൩. തേർ നടത്തുന്നവൻ. ൪. വഴികാണിക്കുന്നവൻ.

വോപദേവൻ-മുഗ്ദ്ധബോധവ്യാകരണത്തിന്റെ കർത്താവ്.

വോരടം-കരുക്കത്തിമുല്ല.

വോളം-നറുംപശ.

—○—

## വൌ

വൌഷൽ- അ. ദേവകൾക്കും പിതൃക്കൾക്കും ബലികഴിക്കുമ്പോൾ പറയുന്ന ഒരു വാക്ക്.

—○—

## വ്യ

വ്യക്ത-വി. പു. സ്പഷ്ടമായുള്ള, വെളിപ്പെട്ട. ൨. പ്രത്യേകമായുള്ള. ൩. വിദ്യയുള്ള.

വ്യക്തത, വ്യക്തത്വം-സ്ഫുടത.

വ്യക്തമാകുന്നു-സ്പഷ്ടമാകുന്നു, തെളിയുന്നു. (സ. ക്രി. വ്യക്തമാക്കുന്നു).

വ്യക്തി-പു. തെളിവ്, സ്ഫുടത. ൨. (വ്യാകരണത്തിൽ) പൊതുവേ പല എണ്ണങ്ങൾക്കു ചേരുന്ന ഒറ്റപ്പദാർത്ഥത്തെ 'ജാതി' എന്നും ആ ജാതിയിലുൾപ്പെ

ടുന്ന ഓരോരോ എണ്ണത്തേയും 'വ്യക്തി' എന്നും പറയുന്നു. ഉ-ം, (ജാതി) പട്ടണം. (വ്യക്തി) തിരുവനന്തപുരം. ൩. മൂർത്തി.

വ്യഗ്ര-വി. ഭ്രമിച്ച, വ്യാകുലപ്പെട്ട, മറ്റൊരു കാര്യത്തിൽ പ്രവർത്തിച്ച മനസ്സോടുകൂടിയ.

വ്യഗ്രത-വ്യാകുലത, പരിഭ്രമം, ഭയം, കുഴപ്പം, ദുഃഖം.

വ്യഗ്രപ്പെടുന്നു-വ്യാകുലപ്പെടുന്നു.

വ്യഗ്രം-അ. താൽപര്യത്തോടെ.

'വ്യഗ്രംവനത്തിനുപോയതവനല്ലോ'
(അദ്ധ്യാത്മരാമായണം)

വ്യംഗൻ-കാൽ മുടവൻ.

വ്യംഗം-൧. തവള. ൨. മറുക്. ൩. മുഖത്തുള്ള നിറഭേദം. ൪. ഉതക്ക്. ൫. ഒരു ക്ഷുദ്രരോഗം.

മുഖത്തിൽ കരുവാളിച്ച മണ്ഡലത്തെ ഉണ്ടാക്കും.

വ്യംഗ്യ-വി. അംഗത്തിനു കുറവുള്ള.

വ്യംഗ്യം- വാചകങ്ങളിൽ സൂചിപ്പിക്കപ്പെടുന്ന അർത്ഥം. ഒന്നു പറയുമ്പോൾ ഒന്നുകൂടെ തോന്നുക.

'വ്യംഗ്യപ്രയോഗശാലിതലെന്നെയുംകൊ-
ണ്ടങ്ങുന്നു ചാടിച്ചതുപാർത്തുകാണ്കിൽ,
തുംഗപ്രമോദംകളിയാടിടുന്നു
മാംഗല്യമൂർത്തേമഹനീയകീർത്തേ'

ഇതു നടുവത്തച്ഛൻ നമ്പൂതിരിപ്പാട്ടു തിരുമനസ്സുകൊണ്ടു സ്വന്തം 'പാണ്ഡവവിജയ'ത്തിനു തന്ന അനുമോദനത്തിൽപ്പെട്ട ഒരു പദ്യമാണ്.

ആ വ്യംഗ്യപ്രയോഗമുള്ള പദ്യം താഴെ ചേർക്കുന്നു.

'പുത്രൻതാനന്നിതെല്ലാമരുളുമവനടുവ-
ത്തച്ഛനും വിസ്തരിപ്പാ-
നാളേശാൽസ്വപ്നമാഭീന്നവരൊടുഭഗവ-
ദ്ഗീതുവർണ്ണിച്ചുനന്നായ്,
അദ്ദേഹത്തിങ്കൽവാത്സല്യംസുരുചിരരചനാ
ചാതുരിപ്രാഭവത്തെ
വാഴ്ത്താവോന്നല്ലവാഗീശ്വരിയുടെനടന
പ്പന്തലാണന്തരംഗം'

വ്യജനം-വിശറി, ആലവട്ടം.

വ്യഞ്ജകം-൧. കൈക്രിയ, ഹസ്തസംജ്ഞ. ൨. സാഹിത്യശാസ്ത്രപ്രകാരം ശബ്ദത്തിന്റെ ഒരു വിഭാഗം.

വ്യഞ്ജനപ്പുര-കലവറമുറി.

വ്യഞ്ജനം-൧. കറി. ൨. ക മുതൽ ഹ വരെയുള്ള അക്ഷരങ്ങൾ (൩൭).

| | | | | | |
|---|---|---|---|---|---|
| ക | ഖ | ഗ | ഘ | ങ | |
| ച | ഛ | ജ | ഝ | ഞ | |
| ട | ഠ | ഡ | ഢ | ണ | |
| ത | ഥ | ദ | ധ | ന | ഩ |
| പ | ഫ | ബ | ഭ | മ | |
| യ | ര റ | ല | വ | ള | ഴ |
| | ശ | ഷ | സ | ഹ | |

വ്യഞ്ജനങ്ങൾ തങ്ങളുടെ ചേർച്ചകൊണ്ടു ഓരോ സ്വരാക്ഷരത്തിനു തന്നെ ഭിന്നഭിന്നമായ ഒച്ചയെ വ്യഞ്ജിപ്പിക്കയാൽ (സൂചിപ്പിക്കയാൽ) ആണ് ഈ പേർ കല്പിച്ചതു്.

ഉ-ം, ക് + അ = ക. ഖ് + അ = ഖ ഇത്യാദി.

൩. അടയാളം. ൪. മുഖരോമം. ൫. ലിംഗം.

വ്യഞ്ജനാ- സാഹിത്യശാസ്ത്രപ്രകാരം ശബ്ദത്തിന്റെ ഒരു വിഭാഗം.

വ്യഞ്ജനം-അഭിധയും ലക്ഷണയും ക്രമംപോലെ വാച്യലക്ഷ്യാർത്ഥങ്ങളെ പ്രതിപാദിച്ചതിൽ പിന്നെ അതിൽനിന്നു ഭിന്നമായ ഒരു അർത്ഥത്തെ ഏതു പ്രവൃത്തിയുടെ ഒരു സഹായം നിമിത്തം ഉണ്ടാകുന്നുവോ അതു്.

വ്യഞ്ജനീപതി-സൂൎയ്യൻ.

വ്യഞ്ജിപ്പിക്കുന്നു-പ്രകാശിപ്പിക്കുന്നു.

വ്യഡംബകം-വെളുത്തആവണക്ക്. (വ്യഡംബകം).

വ്യഡംബനം-വെളുത്ത ആവണക്ക്.

വ്യതികര-വി. അന്യോന്യമുള്ള.

വ്യതികരം-൧. നിൎഭാഗ്യം, ആപത്തു്. ൨. അന്യോന്യമുള്ള മാററം.

വ്യതികൃതം-വ്യത്യാസപ്പെട്ടതു.

വ്യതിക്രമം-൧. പ്രതിലോമം, മറുപാട്ട്. ൨. വിപരീതം. ൩. മാററം. ൪. ലംഘനം.

വ്യതിയാനം - മാററം; മാറിനടക്കുക. വേറൊരു വഴിയിൽകൂടിയുള്ള പോക്ക്.

വ്യതിരിക്ത-വി. വേർപെട്ട, വേറായ.

വ്യതിരേകം-൧. വ്യത്യാസം. ൨. കവികളിലെ ഒരലങ്കാരം, ഉപമാനോപമേയങ്ങൾക്കു ഒരു ധൎമ്മത്തിൽ മാത്രം തങ്ങളിൽ ഭേദമുണ്ടെന്നു ചൊല്ലുന്നതു്.

വ്യതിഹാരം-പരസ്പരസംബന്ധം.

വ്യതീപാതം-൧. ആപത്തു്. ൨. ധിക്കാരം. ൩. ജ്യോതിശ്ശാസ്ത്രം അനുസരിച്ചുള്ള യോഗങ്ങളിൽ ഒന്നു്.

വ്യത്യയം-വിപരീതം.

വ്യത്യസ്ത-വി. ൧. വിപരീതമായ. ൨. ഭേദമുള്ള.

വ്യത്യാസം-൧. വിപരീതം. ൨. വ്യത്യാസം, ക്രമംതെററിയതു്.

വ്യഥ-വേദന, ദുഃഖം.

വ്യഥിത-വി. വേദനപ്പെട്ട, ദുഃഖിച്ച.

വ്യധം-തുളയ്ക്കൽ.

വ്യധ്യ-വി. മുറിക്കപ്പെട്ടുവാൻതക്ക, തുളയ്ക്കപ്പെട്ടുവാൻതക്ക.

വ്യധ്യം-ലാക്ക്.

വ്യധ്വാ-ചീത്തവഴി.

വ്യപദേശം-൧. കൗശലം, ഉപായം. ൨. വഞ്ചന. ൩. മുന്നറിവ്. ൪. പേർ, സ്ഥാനപ്പേർ. ൫. പേർപറക. ൬. കീൎത്തി. ൭. ഒളിച്ചുവെക്കുക ൮. കുടുംബം, വൎഗ്ഗം.

വ്യഭിചാരം-൧. വേശ്യാസംഗം, ൨. തെററ്.

വ്യഭിചാരി-വി. വ്യഭിചാരം ചെയ്യുന്ന

വ്യഭിചാരിണി- വ്യഭിചരിക്കുന്നവൾ. പൎയ്യായങ്ങൾ-പുംശ്ചലി, ധൎഷിണി, ബന്ധകി, അസതി, കുലട, ഇത്വരി, സ്വൈരിണി, പാംസുല.

വ്യയബഹുലം-വി. അധികം ചെലവുള്ള.

വ്യയം-൧. ചെലവ്. ൨. നാശം. ൩. നാട്യത്തിൽ വരുന്ന ഭാവഭേദങ്ങൾ മുപ്പത്തുരണ്ടും. ൪. ൧൨-ാം രാശി.

വ്യയനം-നാശം, ചെലവ്.

വ്യയിത-വി. ചെലവാക്കപ്പെട്ട, നശിപ്പിക്കപ്പെട്ട.

വ്യയീകൃത-വി. ചെലവുചെയ്യപ്പെട്ട.

വ്യൎത്ഥ-വി. പ്രയോജനമില്ലാത്ത.

വ്യൎത്ഥക-വി. വെറുതെയുള്ള.

വ്യൎത്ഥത-പ്രയോജനമില്ലായ്ക.

വ്യവകലനം, വ്യവകലിതം-വലിയ സംഖ്യയിൽ നിന്നു ചെറിയ സംഖ്യയെ കിഴിക്ക, കുറയ്ക്കൽ.

വ്യവച്ഛേദനം-(കണക്കശാസ്ത്രത്തിൽ) ഒരു സംഖ്യയിലുള്ള പല ഭാഗങ്ങളേയും അതായതു് അതിൽ അടങ്ങീട്ടുള്ള പല തരം കൂട്ടങ്ങളേയും കണ്ടുപിടിക്കുന്ന മാൎഗ്ഗം.

വ്യവച്ഛേദിക്ക—ഖണ്ഡിതമായി ഗ്രഹിക്ക.

വ്യവധ-൧. മറ, മൂടി. ൨. മറവ്. ൩. തടസ്സം.

വ്യവധാനം-൧. മറ. ൨. മറവ്, തടസ്സം.

വ്യവധായക-വി. ൧. മറയ്ക്കുന്ന, ൨. മദ്ധ്യസ്ഥമായ.

വ്യവസായം-൧. അഭ്യാസം, പരിശ്രമം. ൨. കൃഷി. ൩. കച്ചവടം. ൪. ഉപായം.

വ്യവസായി-വി. വ്യവസായമുള്ള, ഉത്സാഹമുള്ള. (യീ, യിനീ, യി).

വ്യവസിത-വി. ൧. ഉത്സാഹമുള്ള. ൨. നിശ്ചയിക്കപ്പെട്ട. ൩. വഞ്ചിക്കപ്പെട്ട.

വ്യവസ്ഥ-നിശ്ചയം, ഉറപ്പ്.

വ്യവസ്ഥിത-വി. നിശ്ചയിക്കപ്പെട്ട, ഉറപ്പാക്കപ്പെട്ട.

വ്യവസ്ഥിതി-നിശ്ചയം, തീൎപ്പ്.

വ്യവഹരിക്കുന്നു- വാദിക്കുന്നു, തൎക്കിക്കുന്നു.

വ്യവഹൎത്താവ്-വ്യവഹരിക്കുന്നവൻ.

വ്യവഹാരകൻ-കച്ചവടക്കാരൻ.

വ്യവഹാരജ്ഞൻ-വ്യവഹാരത്തെ അറിയുന്നവൻ.

വ്യവഹാരദൎശനം-വിചാരണചെയ്ക.

വ്യവഹാരപദം-വ്യവഹരിപ്പാനുള്ള സ്ഥാനം.

വ്യവഹാരപാദം-൧. വാദി. ൨. പ്രതി. ൩. സാക്ഷി. ൪. വിധി, തീൎപ്പ്.

വ്യവഹാരം-൧. തൎക്കം, വഴക്ക്. ൨. ഓടമരം.

വ്യവഹാരമാതൃക-വ്യവഹാരത്തിന്റെ മുറ.

വ്യവഹാരമാല – വ്യവഹാരത്തെ അറിയുന്നതിനുള്ള ഒരു ഗ്രന്ഥം.

വ്യവഹാരവിധി-തീൎപ്പ്.

വ്യവഹാരവിഷയം-൧. സ്ത്രീസംഗ്രഹണം ൨. സ്ത്രീപുംസധൎമ്മം ൩. വാക്പാരുഷ്യം. ൪. ദണ്ഡപാരുഷ്യം. ൫. ഋണദാനം. ൬. നിക്ഷേപം. ൭. സംവിദ്വ്യതിക്രമം. ൮. ക്രയവിക്രയാനുശയം. ൯. അസ്വാമിവിക്രയം. ൰. സംഭൂയസമുത്ഥാനം. ൰൧. ദത്തസ്യാനപാകൎമ്മ ൰൨. വേതനാദാനം. ൰൩. സീമവിവാദം. ൰൪. സ്തേയം. ൰൫. സാഹസം. ൰൬. വിഭാഗം. ൰൭. ദ്യൂതം. ൰൮. സ്വാമിപാലയോൎവിവാദം.

വ്യവഹാരസഭ, വ്യവഹാരസ്ഥലം ന്യായസ്ഥലം, വ്യവഹരിപ്പാനുള്ളസ്ഥലം

വ്യവഹാരി-വി. വ്യവഹാരമുള്ള.

വ്യവഹാരിക-വി. ൧. വേലയിൽ ഏൎപ്പെട്ട. ൨. വ്യവഹാരത്തെ സംബന്ധിച്ച. ൩. മൎയ്യാദയുള്ള ൪ മൎയ്യാദയിൽപ്പെട്ട.

വ്യവഹാരിക-൧. ചൂൽ. ൨. ആചാരം

വ്യവഹാൎയ്യ-വ്യവഹാരപ്പെടത്തക്ക.

വ്യവഹിത-വി. ൧. ചേൎന്ന. ൨. ഉപേക്ഷിക്കപ്പെട്ട. ൩. മറയ്ക്കപ്പെട്ട, മറഞ്ഞ.

വ്യവായം-൧. സംയോഗം. ൨. മറവ്.

വ്യസ്തവത-൧. വ്യത്യാസമുള്ള. ൨. വേർപെടുത്തിയ.

വ്യഷ്ടി, വ്യക്തി-൧, ഒരു ജാതിയിൽപ്പെട്ട ഓരോപ്രത്യേക എണ്ണം. ൨. പ്രത്യേകത.

വ്യസനപ്പെടുന്നു- ദുഃഖിക്കുന്നു, വേദനപ്പെടുന്നു.

വ്യസനം-൧. ദുഃഖം ൨. ആപത്തു്. ൩. കാമദോഷമോ ക്രോധമോ കൊണ്ടുണ്ടായ ദോഷം.

വ്യസനാൎത്ത-വി. ദുഃഖിക്കുന്ന, വ്യസനിക്കുന്ന

വ്യസനി-വി. വ്യസനമുള്ള.

വ്യസ്ത-വി. വേൎതിരിക്കപ്പെട്ട.

വ്യസ്തപദം - തെളിവുകുറഞ്ഞ വ്യവഹാരം.

വ്യളീക-വി. ൧. ഇഷ്ടക്കേടുള്ള. ൨. അപൂൎവമായ. ൩. യോഗ്യമല്ലാത്ത.

വ്യളീകം-വി. ൧. വ്യസനം. ൨. വഞ്ചന. കുററം, അപരാധം.

'കഠിനഹൃദയേമുഞ്ച ഭ്രാന്തിം
വ്യളീകകഥാശ്രയാം'
(അമരുകശതകം മൂലം)

൪. ഇഷ്ടക്കേടുള്ള വസ്തു. ൫. മൎയ്യാദയില്ലാത്ത പ്രവൃത്തി. ൬. അപ്രിയം. ൭. അകാൎയ്യം. ൮. ലജ്ജ..ൻ. കളവു്. ൰. സ്ത്രീകളാലുണ്ടാകുന്ന അപരാധം.

## വ്യാ

വ്യാകരണക്കാരൻ- ൧. വ്യാകരണമുണ്ടാക്കിയവൻ. ൨. വ്യാകരണം പഠിച്ചവൻ.

വ്യാകരണം-ആറുശാസ്ത്രങ്ങളിൽ ഒന്നു്, ശബ്ദശാസ്ത്രം, ഒരു ഭാഷയെ തെററുകൂടാതെ ഉപയോഗിക്കുന്നതിനുള്ള നിയമങ്ങളെ വിവരിക്കുന്ന ശാസ്ത്രം.

സംസ്കൃതത്തിൽ പല വ്യാകരണങ്ങളുണ്ടു്. ഏററവും വിശിഷ്ടമായതു പാണിനിയുടേതാണ്.

വ്യാകരിക്കുന്നു- ൧. സ്പഷ്ടമാക്കുന്നു. ൨. പിരിക്കുന്നു. ൩. വ്യാകരണപ്രകാരം ഒരു വാക്യത്തിലെ പദങ്ങൾക്കു ശബ്ദനിൎണ്ണയം ചെയ്യുന്നു.

വ്യാകാരം-രൂപംമാററൽ.

വ്യാകീൎണ്ണ-വി. ചിതറപ്പെട്ട.

വ്യാകുല-വി. ൧. ദുഃഖിക്കുന്ന. ൨. ഭയമുള്ള.

വ്യാകുലത-൧. ദുഃഖം, താപം. ൨. ഭയം.

വ്യാകുലപ്പെടുന്നു-ദുഃഖിക്കുന്നു.

വ്യാക്രുതി-വഞ്ചന.

വ്യാക്രുറു്-വ്യാളമുണ്ടു്.

വ്യാകൃതി-സ്വരൂപത്തിനു വരുന്ന മാററം, ആകൃതിയുടെ മാററം.

വ്യാകോശ-വി. വിടൎന്ന.

വ്യാക്രുൺ- ഗൎഭിണികൾക്കു ഭക്ഷണസാധനങ്ങളിലുണ്ടാകുന്ന ഓരോതരം അഭിലാഷങ്ങൾ (കൊതികൾ).

വ്യാക്ഷേപം-൧. പ്രതിബന്ധം. ൨. എതിൎപ്പു്. ൩. കാലവിളംബം.

വ്യാക്ഷേപകം, വ്യാക്ഷേപകനിപാതം-(വ്യാകരണത്തിൽ) വാക്യത്തിലുള്ള ഓരോ പദത്തോടും നേരെ ചേരാതെ നിന്നുകൊണ്ടു സ്വതന്ത്രവാക്യത്തിന്റെ ഫലത്തെ ചെയ്യുന്നതു്. ഉ-ം, ഉവ്വ്, അയ്യോ, ആ് ഇത്യാദി.

വ്യാഖ്യ-വ്യാഖ്യാനം.

വ്യാഖ്യാത-വി. ൧. വ്യാഖ്യാനിക്കപ്പെട്ട, വിസ്തരിച്ചുപറയപ്പെട്ട. ൩. വിസ്തരിക്കപ്പെട്ട.

വ്യാഖ്യാതാവ്-വ്യാഖ്യാനത്തെ ഉണ്ടാക്കിയവൻ.

വ്യാഖ്യാനം-സംസ്കൃതകവികളുടെ അൎത്ഥങ്ങളെ തെളിയിച്ചു പറയുന്ന ഗ്രന്ഥം.

വ്യാഖ്യാനിക്കുന്നു-വ്യാഖ്യാനത്തെ ഉണ്ടാക്കുന്നു, വിവരിക്കുന്നു.

വ്യാഘാതം-൧. അടി. ൨. തടവു്. ൩. ജ്യോതിശ്ശാസ്ത്രത്തിൽ പറയുന്ന യോഗങ്ങളിൽ ഒന്നു്. ൪. കൊന്നവൃക്ഷം. ൫. ഒരലങ്കാരം. ഒരുവൻ തനിക്കു ഇഷ്ടമായ കാൎയ്യത്തിനു കാരണമായി വിവക്ഷിക്കുന്ന സംഗതിയെത്തന്നെ മറെറാരുവൻ അതിനു വിപരീതമായ കാൎയ്യത്തിനു കാരണമാക്കി സമൎത്ഥിക്കുന്നതു്.

വ്യാഘ്രനഖം-൧. പുലിച്ചുവടി എന്ന മരുന്നു്. ൨. നാഗുണം. ൩. ചതുരക്കള്ളി.

വ്യാഘ്രനായകൻ-കുറുക്കൻ.

വ്യാഘ്രപാൽ (ത്തു്, ദം)- വയ്യങ്കത വൃക്ഷം.

വ്യാഘ്രപുച്ഛം-വെളുത്താവണക്കു്, ചെമന്നാവണക്കു്.

വ്യാഘ്രം-൧. കടുവാ. ൨. ചെമന്നാവണക്കു്, വെളുത്താവണക്കു്. ൩. ഉങ്ങു്. ൪. പുലി. ൫. (സമാസങ്ങളിൽ) ശ്രേഷ്ഠം എന്നൎത്ഥം. ഉ-ം, പുരുഷവ്യാഘ്രൻ.

വ്യാഘ്രരസവകൻ-കുറുക്കൻ.

വ്യാഘ്രാടം-൧. ചെമ്പോത്തു്. ൨. വാനമ്പാടിപ്പക്ഷി.

വ്യാഘ്രാലയം-വൈക്കം (വെൺപുലിനാട്ടു്).

വ്യാഘ്രാസ്യം-പൂച്ച.

വ്യാഘ്രി-൧. കണ്ടകാരിച്ചുണ്ട, ചെറുവഴുതിന. ൨. വ്യാഘ്രജാതിസ്ത്രീ.

വ്യാജക്കാരൻ-കള്ളൻ, കള്ളംപറയുന്നവൻ.

വ്യാജനിന്ദ-കവിതയിലെ ഒരലങ്കാരം, സ്തുതിക്കുന്ന ഭാവത്തിൽ നിന്ദിക്ക.

വ്യാജം-൧. കള്ളം. ൨. വഞ്ചന.

വ്യാജസ്തുതി- ഒരു അലങ്കാരം, സ്തുതിയിൽ പൎയ്യവസാനിക്കുന്ന നിന്ദയും നിന്ദയിൽ പൎയ്യവസാനിക്കുന്ന സ്തുതിയും.

വ്യാജോക്തി-അലങ്കാരങ്ങളിൽ ഒന്നു്, വെളിപ്പെടാൻ പോകുന്ന രഹസ്യത്തെ മറയ്ക്കാനായി ചൊല്ലുന്നതോ പ്രവൎത്തിക്കുന്നതോ ആയ വ്യാജം.

വ്യാജ്യം-കോടതിയിൽ നടത്തുന്ന വ്യവഹാരം.

വ്യാഡൻ-൧. ഇന്ദ്രൻ. ൨. കള്ളൻ.

വ്യാഡം-൧. പാമ്പു്. ൨. മാംസം തിന്നുന്ന ദുഷ്ടമൃഗങ്ങൾ. ൩. വനമൃഗം. ൪. കടുവാ.

വ്യാഡി-ഒരു വ്യാകരണത്തിൻേറയും നിഘണ്ടുവിൻേറയും കൎത്താവു്.

വ്യാദീൎണ്ണാസ്യം-സിംഹം.

വ്യാധൻ-കാട്ടാളൻ, വേടൻ.

വ്യാധഭീതം-മാൻ.

വ്യാധി-൧. ദീനം. മററു പൎയ്യായങ്ങൾ-രുക്ക്, രുജ, ഉപതാപം, രോഗം, ഗദം, ആമയം. ൨. കോട്ടം. ൩. ശൃംഗാരരസം സംബന്ധിച്ച പൂൎവ്വരാഗാവസ്ഥയിലുണ്ടാകുന്ന കാമാവസ്ഥകൾ പത്തുള്ളതിൽ ഒന്നു്. (ദീൎഘമായി നിശ്വസിക്കുക, ദേഹം വിളൎക്കുക, മെലിയുക മുതലായതു്).

വ്യാധിഘാതം-൧. വൻകൊന്നവൃക്ഷം. ൨. ആററുവഞ്ചി.

വ്യാധിത-വി. വ്യാധിയുള്ള, ദീനമുള്ള.

വ്യാധൂത-വി. ഇളക്കമുള്ള.

വ്യാനൻ-പഞ്ചവായുക്കളിൽ ഒന്ന്.

വ്യാപക-വി: വ്യാപിച്ചിരിക്കുന്ന, പരന്ന.

വ്യാപത്തി-ദുരദൃഷ്ടം.

വ്യാപനം-വ്യാപിക്കുക, പരക്കുക.

വ്യാപന്ന-വി. ൧. മരിച്ച. ൨. കൊല്ലപ്പെട്ട.

വ്യാപദം-പൊളിപാക.

വ്യാപരിക്കുന്നു-പ്രവൎത്തിക്കുന്നു.

വ്യാപാദ(ന)ം- ൧. കൊല്ലുക. ൨. നാശം.

വ്യാപാദം-ദ്രോഹചിന്തനം, ഉപദ്രവിപ്പാനുള്ള മനസ്സ്.

വ്യാപാരം-൧. (മ) കച്ചവടം. ൨. പ്രവൃത്തി. ൩. ക്ഷുദ്രം.

വ്യാപാരി-കച്ചവടക്കാരൻ.

വ്യാപി-വി. വ്യാപിക്കുന്ന, പരക്കുന്ന.

വ്യാപിക്കുന്നു- പരക്കുന്നു. (വ്യാപിപ്പിക്കുന്നു-കാ. ക്രി.)

വ്യാപൃതൻ-ഏൎപ്പെട്ടു പ്രവൎത്തിച്ചുകൊണ്ടിരിക്കുന്നവൻ.

വ്യാപരിക്കയിൽ നിന്നാണ വ്യാപാരവും വ്യാപൃതവും ഉണ്ടായിട്ടുള്ളതു്.

വ്യാപൃതി-വ്യാപാരം.

വ്യാപ്ത-വി. പരക്കപ്പെട്ട.

വ്യാപ്തി- വ്യാപിക്കുക, പരക്കുക. (മ) വ്യാജം.

വ്യാപ്യ-വി. പരത്തപ്പെടുവാൻ തക്ക. (നാമം-വ്യാപ്യത്വം).

വ്യാപ്യം-കൊട്ടം.

വ്യാമം, വ്യാമനം-ഒരു മാറളവു്.

വ്യാമിശ്ര-വി. ഇടകലൎന്ന.

വ്യാമോഹം- മോഹം, അന്ധാളിപ്പു്, കളിപ്പിപ്പു്.

വ്യായത-വി. ൧. ബലപ്പാടുള്ള. ൨. നീളമുള്ള. ൩. ഉറപ്പുള്ള.

വ്യായാമം-൧. അഭ്യാസം. ൨. കച്ചകെട്ടു്. ൩. പുരുഷത്വം.

വ്യാലീഢം-ആഹരിക്കപ്പെട്ടതു്.

വ്യാവയോഗം- രൂപകങ്ങളിൽ ഒന്നു്. (രൂപകങ്ങൾ എന്ന പദം നോക്കുക).

വ്യാവക്രോശി-തമ്മിൽ ശപിക്ക.

വ്യാവൎത്തനം, വ്യാവൃത്തി-൧. സ്തുതി. ൨. തിരഞ്ഞെടുപ്പു്. ൩. തള്ളൽ.

വ്യാവൎത്തിക്ക-മാറുക.

വ്യാവൎത്തിച്ചറിക-തിരിച്ചറിക.

വ്യാവഹാരിക-വി. ൧. വ്യവഹാരത്തെ സംബന്ധിച്ച. ൨. മൎയ്യാദയുള്ള.

വ്യാവഹാരികൻ-മന്ത്രി.

വ്യാവഹാസി-തമ്മിൽ ചിരിക്ക.

വ്യാവൃത്ത-വി. ൧. മാററപ്പെട്ട. ൨. വളയപ്പെട്ട. ൩. തിരഞ്ഞെടുക്കപ്പെട്ട. ൪. സ്തുതിക്കപ്പെട്ട.

വ്യാസക്ത-വി. ൧. ചേൎന്നിരിക്കുന്ന. ൨. ആകുലതയുള്ള ൩. വേൎപെട്ട.

വ്യാസൻ-ഒരു മഹൎഷി, വേദവ്യാസൻ (വസിഷ്ഠൻ എന്ന പദത്തിലെ പട്ടിക നോക്കുക). വ്യാസൻ എന്നാൽ പിരിച്ചവൻ എന്നൎത്ഥം.

ചേദിരാജാവായ വസുവിന് ഇന്ദ്രസേവകൊണ്ടു മാല, ദണ്ഡ്, വിമാനം, വിജ്ഞാനം ഇവ കിട്ടി. ആകാശസഞ്ചാരിയായിത്തീൎന്നതിനാൽ 'ഉപരിചരൻ എന്നു പേരുണ്ടായി. ഗിരികയെ വേട്ടു. ഇവൎക്കു മകളായി കാളി (മത്സ്യഗന്ധി) ജനിച്ചു. മത്സ്യഗന്ധിയെ സത്യവതി എന്നും പറയും. വ്യാസനു ജനിച്ചുടൻ യൌവനം വന്നു.

സത്യവതി വ്യാസനെ പ്രസവിച്ചതിന്റെ ശേഷം ശന്തനുരാജാവിൽ രണ്ടു പുത്രന്മാരെ സമ്പാദിച്ചു. പക്ഷേ മക്കളില്ലാതെയാണു മൃതരായതു്. തന്നിമിത്തം അവർ രണ്ടുപേരും മരിച്ചുപോയവരുടെ വിധവകളെ പരിഗ്രഹിച്ചു. 'ധൃതരാഷ്ട്രർ, പാണ്ഡു ഈ പുത്രന്മാരെ ജനിപ്പിച്ചു. ബ്രഹ്മാവു 28 പ്രാവശ്യം വ്യാസനായി അവതരിച്ചു. ഇതു വേദങ്ങളെ ക്രമപ്പെടുത്തുവാനും മറവമായിരുന്ന മഹാഭാരതമുണ്ടാക്കി, പുരാണങ്ങളെ ശരിപ്പെടുത്തി.

പേർ—1. കാനീനൻ-ന്യായമായുണ്ടായ പുത്രനല്ലായ്കയാൽ ഈ പേർ വന്നു 2. കൃഷ്ണൻ-കറുത്തവനാകയാൽ 3. ദ്വൈപായനൻ-ഒരു ദ്വീപിൽ ജനിച്ചതുകൊണ്ടു്.

വ്യാസശിഷ്യന്മാർ—൪. പൈലൻ (ഋഗ്വേദം പഠിച്ചു). വൈശമ്പായനൻ (യജുർവേദം പഠിച്ചു). ജൈമിനി (സാമം പഠിച്ചു). സുമന്തു (അഥർവം പഠിച്ചു).

**വ്യാസം**—൧. വീതി, വിസ്താരം. ൨. വേർതിരിപ്പു്. ൩. ഒരളവു്. (വ്യാസം എന്നതു സമാസം എന്നതിന്റെ വിപരീതപദമാകുന്നു).

**വ്യാസിദ്ധ**—വി. ൧. വിരോധിക്കപ്പെട്ട. ൨. അനുവദിക്കപ്പെടാത്ത.

**വ്യാഹതം**-ഒരു കാവ്യദോഷം.

**വ്യാഹരിക്കുന്നു**-പറയുന്നു.

**വ്യാഹാരം**—൧. വാക്കു്, ശബ്ദം. ൨. ഫലിതവാക്കു്.

**വ്യാഹൃത**-വി. പറയപ്പെട്ട

**വ്യാഹൃതം**—വാക്കുപറയുക, സംസാരം.

**വ്യാഹൃതി**—൧. വാക്കു്. ൨. ശബ്ദം.

**വ്യാഹൃതികൾ**—വേദങ്ങളിൽ നിന്നു പ്രജാപതി കറന്നെടുത്ത മൂന്നു വാക്കുകൾ.

സന്ധ്യാവന്ദനത്തിൽ ബ്രാഹ്മണർ ഇവയെ 'ഓം' എന്ന പദത്തിന്റെ പിറകെ ഉപയോഗിക്കുന്നു. ഋഗ്വേദത്തിൽ നിന്നെടുത്ത 'ഭൂ' ഭൂമിയായി. യജുർവേദത്തിൽ നിന്നെടുത്ത 'ഭുവ' ആകാശമായി. സാമവേദത്തിൽ നിന്നെടുത്ത 'സ്വഃ' സ്വർഗ്ഗമായി. അഥർവവേദത്തിൽ നിന്നെടുത്ത പദം 'മഹഃ' എന്നാകുന്നു.

**വ്യാളഗ്രാഹി**—പാമ്പിനെ പിടിക്കുന്നവൻ.

**വ്യാളൻ**—൧. രാജാവു്. ൨. വിഷ്ണു. ൩. കള്ളൻ.

**വ്യാളം**—൧. പാമ്പു്. ൨. സിംഹം, കടുവാ, പുലി. ൩. മദയാന. ൪. ചെമന്ന കൊടുവേലി, കൊടുവേലി. ൫. ചതി. ൬. മുള്ളൻപന്നി.

**വ്യാളായുധം**—൧. പുലിച്ചുവടി ൨. നംഗ്ഗണം.

**വ്യാളി**—൧. പിടിയാന. ൨. ശരഭം (ഒരു ഭയങ്കരമൃഗം).

'ശരഭസ്തു ഗജാരാതിഃ വ്യാളീതു ചാഷ്ടപാദകഃ' എന്നുള്ള ശ്ലോകാർദ്ധപ്രകാരം ഇതു ഗജത്തിനു ശത്രുവാണെന്നും ഇതിനു വ്യാളീശബ്ദം പര്യായശബ്ദമാണെന്നും കൂടി തെളിയുന്നു. വ്യാളി, ശരഭം, എട്ടടിമാൻ, അമഗശകസ്സ് ഇതൊക്കെ 'വ്യാളി' എന്നതിന്റെ പര്യായമായി സ്വീകരിച്ചുകൊള്ളേണ്ടതാണു്.

**വ്യാഴം**—൧. നവഗ്രഹങ്ങളിൽ ഒന്നു്. ൨. വ്യാഴാഴ്ച.

**വ്യാഴവട്ടം**—൧൨ കൊല്ലവർഷം.

**വ്യാഴാഷ്ടം**—അഞ്ചാമത്തെ അഷ്ടം.

— ——— —

## വ്യു

വ്യുത്ഥാനം-പ്ര. സ്വാതന്ത്ര്യം. ദ്വി. വിരോധം. തൃ. സമാധിനിവൃത്തി.

വ്യുൽക്കട-വി. വളരെ അധികമായ, ശ്രേഷ്ഠതയുള്ള.

വ്യുല്പത്തി-വിദ്യ.

വ്യുൽപത്തി.

'ശബ്ദധർമ്മാർത്ഥകാമാദി
ശാസ്ത്രേക്ഷാപൂർവ്വികാ,
പ്രതിപത്തിരസാമാന്യാ
വ്യുൽപത്തിരഭിധീയതേ'

ശബ്ദശാസ്ത്രമായ വ്യാകരണം, ധർമ്മശാസ്ത്രമായ സ്മൃത്യാദികൾ, അർത്ഥശാസ്ത്രം, കാമശാസ്ത്രം എന്നിവയിലും' ആദിശബ്ദംകൊണ്ടു സൂചിപ്പിക്കുന്ന ഛന്ദശ്ശാസ്ത്രം അലങ്കാരശാസ്ത്രം എന്നിവയിലുമുള്ള സവിശേഷമായ പ്രതിപത്തിയാണ വ്യുൽപത്തി

വ്യുഷ്ട-വി. പ്ര. ദഹിച്ച. ദ്വി, ഉദിച്ച

വ്യുഷ്ടം-പ്ര. പ്രഭാതകാലം. ദ്വി. ഫലം, സാഫല്യം

വ്യുഷ്ടി-പ്ര. ഫലം. ദ്വി. വർദ്ധന. തൃ. സ്തുതി

## വ്യൂ

വ്യൂഢ-വി. പ്ര. അണിനിരത്തപ്പെട്ട ദ്വി. പരന്ന. തൃ. നന്നായ് യോജിച്ച.

വ്യൂഢകങ്കടൻ-കവചം (ചട്ട) ഇട്ടവൻ.

വ്യൂഢി-അണിനിരപ്പ്.

വ്യൂത-വി. നെയ്യപ്പെട്ട.

വ്യൂതി-നെയ്യുക.

വ്യൂഷിതാശ്വൻ-പൂരുവംശത്തിലെ ഒരു രാജാവ്.

വ്യൂഹപാർഷ്ണി-പിമ്പട.

വ്യൂഹം-പ്ര. യുദ്ധത്തിൽ സൈന്യങ്ങളെ ഓരോമാതിരി നിരത്തുന്നതിന്റെ ക്രമം. (മകരവ്യൂഹം എന്ന ശബ്ദം നോക്കുക).

അനേകവിധം ബലവിന്യാസങ്ങൾ പ്രാചീനയുദ്ധസംപ്രദായത്തിൽ ഉണ്ടായിരുന്നതായി ഭാരതയുദ്ധത്തിൽ തന്നെ കാണുന്നുണ്ട്. ദണ്ഡവ്യൂഹം, ഭോഗവ്യൂഹം, മണ്ഡലവ്യൂഹം, വജ്രവ്യൂഹം, പത്മവ്യൂഹം, ക്രൗഞ്ചവ്യൂഹം, അസംഹതവ്യൂഹം, മകരവ്യൂഹം മുതലായി അനേകവിധവ്യൂഹങ്ങൾ ഉണ്ടായിരുന്നത്രെ. ഇപ്പോഴത്തെ രീതിയിലുള്ള യുദ്ധകവാത്തുകൾ, ഫാർമേഷൻ മുതലായവയുടെ പ്രാചീനനാമധേയങ്ങളിലൊന്നാണ വ്യൂഹമെന്നത്.

ദ്വി. സമൂഹം.

## വ്യോ

വ്യോകാരൻ-കൊല്ലൻ. ലോഹബീജം കൊണ്ടുള്ള വേല ചെയ്യുന്നവൻ എന്നർത്ഥം.

വ്യോമകടാഹം-ഗോളാകൃതിയിലുള്ള ആകാശമണ്ഡലം.

വ്യോമകേശൻ-ശിവൻ. ആകാശം തലമുടിയായുള്ളവൻ എന്നർത്ഥം.

വ്യോമദേവൻ-ശിവൻ.

വ്യോമം-പ്ര. ആകാശം ദ്വി. വെള്ളം.

വ്യോമയാനം-വിമാനം, ആകാശക്കപ്പൽ.

വ്യോമോദകം-മഴവെള്ളം.

വ്യോഷം-ചുക്ക്, മുളക്, തിപ്പലി (ത്രികടു)

## വ്ര

വ്രജകൻ-ഭിക്ഷക്കു നടക്കുന്ന സന്ന്യാസി.

വ്രജകിശോരൻ-കൃഷ്ണൻ.

വ്രജൽ-വി സഞ്ചരിക്കുന്ന.

വ്രജദേശം-ഒരു വിശേഷസ്ഥലം.

ഇവിടെയാണു കൃഷ്ണൻ ഗോപന്മാരോടുകൂടി തൻെറ ബാല്യം കഴിച്ചതു്.

വ്രജനം-സഞ്ചരിക്കുക

വ്രജനാഥൻ-കൃഷ്ണൻ

വ്രജം-ഫ. അമ്പാടി, പശുത്തൊഴുത്തു്. വ. കൂട്ടം. ന. വഴി.

വ്രജമണ്ഡലം-ഒരു പ്രദേശം. ഇതു കൃഷ്ണമധുരയിലാണു്. അവിടെ ഇതു വളരെ മുഖ്യമാകുന്നു.

വ്രജമോഹനൻ-കൃഷ്ണൻ.

വ്രജവരൻ-കൃഷ്ണൻ.

വ്രജവല്ലഭൻ-കൃഷ്ണൻ.

വ്രജിക്കുന്നു-പ്രാപിക്കുന്നു, പോകുന്നു.

വ്രജിനം-ഫ. ദുഃഖം. വ. പാപം. ന. തലമുടി. ര പാമ്പു്. ൫. വളഞ്ഞതു്.

വ്രജ്യ-ഫ. തീൎത്ഥയാത്ര. വ. യുദ്ധയാത്ര യുദ്ധാരംഭം. ന. സഞ്ചാരയാത്ര

വ്രണകാരി-വി. വ്രണത്തെ ഉണ്ടാക്കുന്ന.

വ്രണകൃത്തു-ചേരുമരം.

വ്രണം-ശരീരത്തിൽ പൊട്ടി അഴുകിഞ്ഞുള്ള ക്ഷീണം, മുറിവുമ്മാറ്റം.

വ്രണാശം-ഫ. നാംപശം. വ. അകത്തി.

വ്രതതി-ഫ. വെള്ളി, ലത. വ. പരപ്പു്.

വ്രതം-ഉപവാസം, നോൻപു്. ശരീരം, വാക്കു്, മനസ്സു് എന്നീ ത്രിവിധകരണങ്ങളെക്കൊണ്ടു അനന്യപരമായ സേവയിൽ ഉള്ള നിഷ്ഠ, ശരീരത്തിന്നും മനസ്സിന്നും പകാതവരുത്തുന്ന നിഷ്ഠാവിശേഷം.

വ്രതി-വി. വ്രതമുള്ള.

വ്രതീ-ഉപവസിക്കുന്നവൻ.

വ്രശ്ചനം-ഫ. അരം. വ. കത്തിരി (കത്രി). ന. കണ്ടിക്ക.

വ്രാജം-നാട്ടുകോഴി.

വ്രാജിതാവു്-തേർ നടത്തുന്നവൻ.

വ്രാതം-കൂട്ടം.

വ്രാത്യൻ-ജാതിമൎയ്യാദപ്രകാരമുള്ള കൎമ്മങ്ങൾ ഒന്നും അനുഷ്ഠിക്കാത്ത ബ്രാഹ്മണൻ.

വ്രീഡ-ലജ്ജ, നാണം.

വ്രീഹി-ധാന്യങ്ങളിൽ നെല്ലും മറ്റും.

വ്രീഹികാഞ്ചനം-കറുത്ത ചണംപയറു്

വ്രീഹിഭേദം-ഒരുവക നെല്ലു്.

വ്രീഹിശ്രേഷ്ഠം-ചെന്നെല്ലു്.

വ്രീള-ലജ്ജ, നാണം.

വ്രീളാവൽ-വി. ലജ്ജയുള്ള.

വ്രൈഹേയ-വി. വിളയുന്ന

---

## വ്ള

വ്ളാങ്കു്-ഒരുവക മത്സ്യം.

സൎപ്പാകൃതിയുള്ളതും നദിയിൽ സഞ്ചരിക്കുന്നതുമാണു്. ഇതിൻെറ മാംസം വിശേഷാൽ വാതത്തിന്നു നന്നു്. രുചികരമാണു്. പതിവായി ഉപയോഗിക്കരുതു്. സം-മീരു. ത-വിലാംകമീൻ.

വ്ളാമരം-വിളാവു്.

ഇതിൻെറ കായു് പാലിനോടൊരുമിച്ചു ഭക്ഷിക്കരുതു്. പച്ചക്കായു് കഫത്തേയും വിഷത്തേയും ശമിപ്പിക്കും. സം-കപിത്ഥം. ത-വിളാമരം. ഇം-Wood-apple വുഡ് ആപ്പിൾ, Elephant-apple എലിഫൻറ് ആപ്പിൾ.

---

# ശ

**ശ**-ഹല്ലുകളിൽ ൩൦-ാമത്തെ അക്ഷരം. വ്യഞ്ജനങ്ങളിലൊന്ന്.

**ശഃ**-പു. ശിവൻ. ൨. ഒരായുധം. ൩. ആമം. ൪. നാശകരൻ.

**ശകടൻ**-ഒരസുരൻ. ഇവൻ ശിശുവായ കൃഷ്ണനെ ചാടമായിവന്നുപദ്രവിച്ചു.

**ശകടം**-പു. വണ്ടി, ചാട്ട്. ൨. തൊട്ടകാര.

**ശകടാക്ഷം**-പു. വണ്ടിയുടെ അച്ചുതണ്ട്. ൨. ഞമ.

**ശകൻ**-പു. ഒരു രാജാവ്, ശാലിവാഹനൻ. ൨. സിന്ധുനിവാസി.

**ശകം**-ചാണകം.

**ശകലം**-പു. അംശം. ൨. നുറുക്ക്.

**ശകലാത്ത്(സ്സ്)**-ഒരുമാതിരി വസ്ത്രം, കമ്പിളി, കരിമ്പടം. (പോട്ടുഗീസ് ഭാഷ).

'ചാരുവാംശകലാസ്സനിരവെവിരിച്ചു'
(കേരളവർമ്മരാമായണം)

**ശകലി**-മീൻ.

**ശകലിക്കുന്നു**-പു. മുറിക്കുന്നു, ചെറുതായി നുറുക്കുന്നു. ൨. ഉടയ്ക്കുന്നു.

**ശകലിത**-വി. നുറുക്കപ്പെട്ട, ഉടയ്ക്കപ്പെട്ട.

**ശകാന്തകൻ**-പു. വിക്രമാദിത്യരാജാവ്. ൨. ശാലിവാഹനൻ.

**ശകാബ്ദം**—ശാലിവാഹനന്റെ സംവത്സരം.

**ശകാരൻ**-രാജാവിന്റെ വെപ്പാട്ടിയുടെ സഹോദരൻ.

**ശകാരം**-അധിക്ഷേപവാക്ക്.

**ശകാരി**-വിക്രമാദിത്യൻ.

**ശകാരിക്കുന്നു**-അധിക്ഷേപവാക്ക പറയുന്നു.

**ശകുനപ്പിഴ**-ഒരു കാര്യത്തിനു പുറപ്പെട്ടപ്പോൾ കാണുന്ന ലക്ഷണപ്പിഴ.

**ശകുനം**-പു. പക്ഷി, പറക്കവാൻ കഴിവുള്ള എന്നർത്ഥം. ൨. പ്രസ്ഥം. ൩. ഒരുമാതിരി പാട്ട്. ൪. കഴുവൻ. ൫. പരുന്ത്. ൬. ലക്ഷണം, നിമിത്തം, കണി.

## നല്ല ശകുനങ്ങൾ.

'മത്സ്യംപച്ചയിറച്ചിമണ്ണുശവവും
കള്ളുന്നതീയക്ഷതം
നെയ്യുംചന്ദനവുംവെളുത്തകുസുമം
വിപ്രദ്വയംകാളയും
വേശ്യാസ്ത്രീതൈർതേൻകരിമ്പുതുരഗവും
തണ്ടശ്ചാമരാന്ദോളവും
രാജാവുംകയറിട്ടകാളപശുവും
യാത്രാമുഖേ ശോഭനം'

'വീണാവേണുമൃദംഗശംഖപടഹ
ധ്വാനങ്ങൾഭേരീരവം
ഗീതംമംഗലമംഗനാശ്ചഗണികാ
ഭൃത്യക്ഷത്രൈകപാലികം
ദൂർവാചന്ദനപൂർണ്ണകുംഭകുസുമം
മാലാംഫലംകന്യകാം
ഘണ്ടാംദീപസരോരുഹേചച്ഛത്രം
വിദ്യാന്നിമിത്തം ബുധഃ'

'അന്നംകണ്ണാടിശയ്യാമയിലഥപടഹം
കന്യകാചക്രവാകം
ശംഖംമീൻഭൂഷണംമാലകൾനിറകുടവും
കാഞ്ചനംവെള്ളിതാമ്രം
വില്ലന്മാർവീണബന്ധുക്കളുമുടനടവും
മംഗലസ്ത്രീകളപ്പം
മൂലദ്രവ്യങ്ങൾദൂപ്പുംകശകഴലിവയും
ശോഭനം സ്യാന്നിമിത്തം'

'ശുക്ലാംബരം കറിമുള്ളട്ട
ചാമരം വർണ്ണകഞ്ചാജം
ഘണ്ടാസരോജംസമിതാ
യാത്രാകാലേ സുശോഭനം'.

ചിത്രശ്ലോകങ്ങൾ.

'വെണ്ണീറും വിറകെണ്ണയും കഴുതയും
ചൂല്ലും മുറം മദ്യവും
ചോരത്തും ക്രൂരനുമെല്ലുമുപ്പുകയറും
തക്രംമഴുശ്ലീതികൻ,
ഷണ്ഡീമുണ്ഡിതനംഗഹീനവിധവം
നഗ്നംബിരുമ്പാതുരൻ
മാര്ജ്ജാരൻ ബലിപുഷ്ടമെന്നിവയെതി-
ർത്തീടിൽ സമാനിന്ദിതം'
'ഈയംപിണ്ണാക്കുഖണ്ഡംപഴവുമുമിയുമ-
ഞ്ഞാൽ കനൽക്കട്ടരോമം
കല്പായംരിക്തകുംഭംകഴുകഥകതമം
ന്നുമന്നംചേര കല്ലും [ൻ
ക്ലീബൻഭ്രാന്തൻ സമൂകൻയതിവട്ടപറയ
ക്രൂനനാട്ടുംകരങ്ങും
കല്പാസംവെന്തനെല്ലങ്ങുടകലമിവയും
നിന്ദ്യമേററംനിമിത്തം'
'രജസ്വലാസ്ത്രീകൃതമേഹദാഹകേര
മാര്ജ്ജാരയുദ്ധംകലഹംദ്വിജാനാം,
പശ്ചക്ഷതംപന്നഗദര്ശനഞ്ച
യാത്രാമുഖേപ്രാണഹരംഷഡേതേ'.

ശകുനാഹൃതം-കിളികൊരിച്ചെന്നെല്ല്.

ശകുനി-൧. പക്ഷി. പറക്കുവാൻ കഴിവുള്ളത് എന്നർത്ഥം. ൨. ദുര്യോധനന്റെ അമ്മാവൻ. ഒരു ഗാന്ധാരരാജപുത്രൻ.

ഗാന്ധാരിയുടെ സഹോദരൻ. പാണ്ഡവരുടെ നാശത്തിനുവേണ്ടി കൌരവരെ കഴിയുന്നതും സഹായിച്ചു. ധർമ്മപുത്രരെ ചൂതുകളിയിൽ ചതിച്ചുതോല്പിച്ചു. മറെറാരു പേർ സൌബലൻ.

൩. കഴുവൻ. ൪. കൃഷ്ണനാൽ വധിക്കപ്പെട്ട ഒരു രാക്ഷസൻ. ൫. വഞ്ചകൻ (ലാക്ഷണികാർത്ഥം).

ശകുന്തം-൧. പക്ഷി. പറക്കുവാൻ കഴിവുള്ളത് എന്നർത്ഥം. ൨. കഴുവൻ (കഴു).

ശകുന്തള- മേനകയിൽ വിശ്വാമിത്രനുണ്ടായവൾ.

അമ്മ ഉപേക്ഷിക്കയാൽ ഒരു ശകുന്തം (പക്ഷി) എടുത്തു വളർത്തിയതുകൊണ്ടു ശകുന്തള എന്ന പേർ വന്നു. കണ്വമഹർഷി ശകുന്തളയെക്കണ്ടു ആശ്രമത്തിൽ കൊണ്ടുപോയി വളർത്തിവന്നു. ദുഷ്ഷന്തൻ ശകുന്തളയെ ഗാന്ധർവ്വമായി വേളികഴിച്ചു. ഈ കഥ സുപ്രസിദ്ധമാകയാൽ ഇവിടെ ചുരുക്കുന്നു. ശകുന്തള കാളിദാസന്റെ പ്രസിദ്ധപ്പെട്ട നാടകത്തിലെ നായികയാണ്.

ശകുന്തി-൧. പക്ഷി. ൨. കഴു.

ശകുലം-൧. മീൻ. ൨. പരൽ,

ശകുലാ-കട്ടരോഹിണി.

ശകുലാക്ഷകം(കാ)-൧. മീൻകണ്ണി. ൨. കറുക, വെൺകറുക. ൩. വയമ്പ്.

ശകുലാദനി-൧. കട്ടരോഹിണി. ൨. നീർതിപ്പലി. ൩. മീൻകണ്ണിക്കറുക. ൪. മഞ്ചി. ൫. ചെറുകമിഴ്.

ശകുലാർഭകം-ഗഡമത്സ്യം.

ശകുലി-മത്സ്യം.

ശകൃൽ-വിഷ്ഠ. മലം പുറത്തേക്കു കളയുവാൻ കഴിയുന്നതു് എന്നർത്ഥം.

ശകൃൽകരി-പശുക്കിടാവ്.

ശക്കരം, ശക്കരീ-കാള.

ശക്കരീ-൧. നദി. ൨. വിരൽ. ൩. അരപ്പട്ട.

ശക്ത-വി. ൧. ബലമുള്ള. ൨. ത്രാണിയുള്ള.

ശക്തി-൧. ബലം. ൨. പാർവതി. ൩. ലക്ഷ്മി. ൪. ഗണപതി. ൫. കവിതാസാമർത്ഥ്യവിശേഷം. ൬. വേൽ. ൭. ഒരു മുനി, വസിഷ്ഠന്റെ പുത്രൻ. കന്മാഷ

പാദരാജാവിനെ ശപിച്ച രാക്ഷസനാക്കി. അവൻ തന്നെ കൊന്നുഭക്ഷിച്ചു.

ശക്തിത്രയം-൧. ജ്ഞാനശക്തി, ഇച്ഛാശക്തി, ക്രിയാശക്തി ഇവ ൩-ം. ൨. പ്രഭുശക്തി, ഉത്സാഹശക്തി, മന്ത്രശക്തി.

ഈശ്വരനുള്ള മൂന്നു പ്രധാന ശക്തികൾ ഇവയാണ്.

൩. നിയാമക (നിയന്ത്രണ) ശക്തി, സഞ്ചാരശക്തി, ജ്ഞാനശക്തി. (ജീവികൾക്കുള്ളവ).

ശക്തിധരൻ-വേൽകാരൻ.

ശക്തിപൂജ-ദേവിയെ പൂജിക്കുന്ന പൂജ.

ഇതിലേക്ക ബ്രാഹ്മണർ പാലും, ക്ഷത്രിയർ നെയ്യും, വൈശ്യർ തേനും, ശൂദ്രർ മദ്യവും ഉപയോഗിക്കുന്നു.

ശക്തിമൽ-വി. ബലമുള്ള, ശക്തിയുള്ള.

ശക്തിശ്ശുക്രകം-ഗന്ധകം.

ശക്തിഹേതികൻ-വേൽക്കാരൻ.

ശക്തു-യവം.

ശക്നു-വി. ദയാപൂർവം സംസാരിക്കുന്ന.

ശക്യ-സാധിക്കപ്പെടാവുന്ന.

ശക്രജം-കാക്ക.

ശക്രജിത്ത്-ഇന്ദ്രജിത്ത്.

ശക്രതരു-നീർമരുത്.

ശക്രധനുസ്സ്-മേഘവില്ല്.

ശക്രൻ-൧. ഇന്ദ്രൻ. ൨. കടകപ്പാല. ൩. ശിവൻ. ൪ മൂങ്ങ. ൫ പതിനാല് എന്ന സംഖ്യ.

ശക്രാ-൧. കടകപ്പാല. ൨. നീർമരുത്. ൩. ഉമ്മൻ.

ശക്രപത്നി-വെളുത്ത തുളസി. ൨. ശചി.

ശക്രപാദപം-൧. ദേവദാരം. ൨. കടകപ്പാല.

ശക്രപുഷ്പി(ക)-൧. മേത്തോന്നി. ൨. ഒരുമാതിരി ചീര.

ശക്രഭവനം-ഇന്ദ്രന്റെ വാസസ്ഥലം, സ്വർഗ്ഗം.

ശക്രവല്ലി-൧. ഉഴിഞ്ഞ. ൨. ചെറിയകാട്ടുവെള്ളരി.

ശക്രവാരുണി-വലിയ കാട്ടുവെള്ളരി.

ശക്രസുതൻ-൧. ജയന്തൻ. ൨. അർജ്ജുനൻ. ൩. ബാലി.

ശക്രസുധാ-ചെഞ്ചീര.

ശക്രാഖ്യം-ഉമ്മൻ.

ശക്രാശനം-കഞ്ചാവ്.

ശക്രി-ആന.

ശക്ലു-വി. പ്രിയം പറയുന്ന.

ശക്വം-ആന.

ശക്വരം-കാള.

ശങ്ക-൧. ഭയം. ൨. സംശയം. ൩. ലജ്ജ. ൪. ബഹുമാനം, വണക്കം.

ശങ്കനീയ-വി. സംശയിക്കത്തക്ക.

ശങ്കര-വി. സുഖത്തെ ചെയ്യുന്ന.

ശങ്കരഭൂഷിതാ-പൂക്കൈത.

ശങ്കരൻ-൧. ശിവൻ. ൨. വേദാന്തം പഠിപ്പിക്കുന്നവൻ.

ശങ്കരവിജയം-ശങ്കരാചാര്യരുടെ ജീവചരിത്രം.

രണ്ട പുസ്തകം ഉണ്ട്. ഒന്നിന്റെ കർത്താവ്-ആനന്ദഗിരി. മറ്റതിന്റേതു മാധവാചാര്യർ.

ശങ്കരാചാര്യർ-കേരളത്തിലെ ഒരു അദ്വൈത മതസ്ഥാപകൻ.

ഈ മഹാവിദ്വാനായ വേദാന്തി കേരളത്തിൽ ക്രിസ്ത്വബ്ദം ൭൮൮-ൽ ജനിച്ചു. കേരളംമുതൽ കാശ്മീരംവരെ

സഞ്ചരിച്ചു. പലേടത്തും മഠങ്ങൾ സ്ഥാപിച്ചു് വേദാന്തത്തിനു പ്രചാരം വരുത്തി. പ്രധാനകൃതികൾ—ആനന്ദലഹരി; ഭഗവൽഗീതാവ്യാഖ്യാനം, ഉപനിഷദ്വ്യാഖ്യാനം, അമരുകശതകം. ൮൨൦-ൽ ൩൨-ാമത്തെ വയസ്സിൽ ഹിമാലയത്തിൽ കേദാരനാഥത്തിൽ വെച്ചു മരിച്ചു.

ശങ്കരീ-൧. പാർവ്വതി. ൨. മഞ്ചട്ടി. ൩. വന്നി.

ശങ്കാരഹിതം-ശങ്കകൂടാതെ.

ശങ്കാവിഷം—സംശയിപ്പാനിടയില്ലാത്ത കാര്യത്തിലെ ഒരു സംശയം.

ശങ്കാവിഹീനം, ശങ്കാഹീനം-വി. ശങ്കയില്ലാതെ.

ശങ്കിക്കുന്നു-൧. സംശയിക്കുന്നു. ൨. ഭയപ്പെടുന്നു. ൩. മാനിക്കുന്നു. ൪. വിചാരിക്കുന്നു. ൫. ലജ്ജപ്പെടുന്നു.

ശങ്കിടി-പ്രധാന പാട്ടുകാരന്റെ കൂടെ പാടുക.

ശങ്കിടിക്കാരൻ-കൂടെപ്പാടുന്നവൻ, ഏറ്റു പാടുന്നവൻ.

ശങ്കിടിപാടുക-അഭിപ്രായത്തെ പിൻതാങ്ങിപ്പറയുക, പ്രധാന പാട്ടുകാരന്റെ കൂടെപ്പാടുക.

ശങ്കിത-വി. ൧. ഭയപ്പെട്ട. ൨. സംശയമുള്ള. ൩. സ്ഥിരമില്ലാത്ത.

ശങ്കു-൧. മരക്കുറ്റി, കുറ്റിത്തടി. ൨. നീർപന്നി. ൩. കന്തം, കൂർപ്പുള്ള ഇരിമ്പുകരുവടി. ൪. ഇലയുടെ ഞരമ്പു്. ൫. നാഴികമണിയുടെ സൂചി. ൬. ഭയം. ൭. നാഗ്ഗണം.

ശംകു-൧. വിക്രമാദിത്യസദസ്സിലെ നവരത്നങ്ങളിൽ ഒന്നു്. ൨. ശിവൻ.

ശങ്കുകണ്ണം-൧. കഴുത. ൨. ഒട്ടകം.

ശങ്കുതരു-മരുതു്.

ശങ്കുകുപ്പി-ശംഖപുഷ്പം.

ശങ്കുമുഖം-മുതല.

ശങ്കുല-പാക്കുവെട്ടി.

ശങ്കുവൃക്ഷം-മരുതു്.

ശംഖു്-൧. ഒരു ജലജന്തു. ൨. മനുഷ്യന്റെ ശരീരത്തിലുള്ള ഒരു മർമ്മം. ൩. നവനിധികളിൽ ഒന്നു്. ൪. ഒരു വലിയ തുക.

സം-ശംഖം. ത-ചങ്ക്. ഇം-Conch.

ശംഖകം-൧. ഒരു രോഗം.

ഇതു് അസ്വാസ്ഥ്യനിദാനത്തിൽ പെട്ടതാണു്. ദുഷിച്ചിരിക്കുന്ന രക്തവും പിത്തവും വാതവും ശംഖപ്രദേശത്തിൽ ചെന്നു കോപിച്ചു തീവ്രമായിരിക്കുന്ന വേദനയോടും ചുടോടും ചെമപ്പോടും കൂടി ഭയങ്കരമായ നീരിനെ ഉണ്ടാക്കും. അതു വിഷമെന്നപോലെ വേഗത്തോടു കൂടി ശിരസ്സിലും കഴുത്തിലും വ്യാപിച്ചിട്ടു തടഞ്ഞുനിൽക്കും. ശംഖകമെന്ന ആ രോഗം മൂന്നു രാത്രികൊണ്ടു പ്രാണഹാനിയെ ചെയ്യും. ശരിയായി ചികിത്സിച്ചാൽ മൂന്നുരാത്രികൊണ്ടു ശമിക്കാനുമതി

൨. ശംഖു്.

ശംഖകുസുമ-ശംഖപുഷ്പി.

ശംഖധവള-വി. ശംഖിന്റെ വെളുപ്പു പോലെ വെളുപ്പുള്ള.

ശംഖധ്മാനം-ശംഖു് ഊതുക.

ശംഖനകം, ശംഖനഖം-ഞമഞ്ഞി.

ശംഖനാദം-ശംഖിന്റെ ശബ്ദം.

ശംഖപാലൻ-൧. ആദിത്യൻ. ൨. ഒരു സർപ്പം.

ശംഖപുഷ്പം-ഒരുമാതിരി പുഷ്പം. ൧. കറുത്ത ശംഖുപുഷ്പം. ൨. വെളുത്ത ശംഖുപുഷ്പം.

ശംഖപുഷ്പി-ശംഖപുഷ്പം.

ശംഖം-൧. ഒരുവക ജലജന്തു, ശംഖ്. ൨. വൈശ്രവണന്റെ നിധികളിൽ

ഒന്ന്. ൩. മനുഷ്യന്റെ നെററിയിലുള്ള ഒരു മർമ്മം. ൪. ഒരു വലിയ തുക. ൫. നാംഗ്ഗണം.

ശംഖമുഖം-മുതല.

ശംഖസ്വനം-ശംഖിന്റെ ശബ്ദം.

ശംഖാഹ്വാ-ശംഖപുഷ്പി.

ശംഖി-൧. സമുദ്രം. ൨. വിഷ്ണു.

ശംഖിനീ-൧. നാലുവക സ്ത്രീകളിൽ മൂന്നാമത്തെവൾ. ൨. ഒരു പച്ചമരുന്ന്, ചണ്ണ (ചണ്ണക്കൂവ). ൩. കീരിവള്ളി.

ശംഖിനീഫലം-നെന്മേനിവാക.

ശംഖുപിരി, ശംഖുതിരി-ഒരുവിധം പിരിയാണി.

ശംഖുവിളി-ശംഖിൽ ഊതി ശബ്ദിപ്പിക്കുക.

ശചീ-൧. ഇന്ദ്രാണി, ഇന്ദ്രന്റെ പത്നി. വ്യക്തമായി പറയുന്നവൾ എന്നർത്ഥം. അരയന്നത്തിനൊപ്പംലെ നടക്കുന്നവൾ എന്നുമാവാം. ൨. കരണം. ൩. വിഷ്ണി. ൪. ശതാവരി. ൫. ബലം. ൬. ഊർജ്ജസ്വലത. ൭ ചൊടിപ്പ്.

ശചീപതി-ഇന്ദ്രൻ.

ശടാ-൧. ജടം. ൨. സിംഹകേസരം.

ശടി-കച്ചോലം.

ശടി, ശടിക-ചെറുകച്ചോലം.

ശഠ-വി. ശാഠ്യമുള്ള.

ശഠത-ശാഠ്യം.

ശഠം-൧. കുങ്കുമം. ൨. ഉരുക്ക്. ൩. തകരം. ൪. ഉമ്മത്ത്.

ശഠിക്കുന്നു-ശാഠ്യംപിടിക്കുന്നു, തർക്കിച്ചുപറയുന്നു.

ശണഘണ്ടികാ-കിലുകിലുപ്പ്.

ശണം-ഒരുമാതിരി ചെടി, ചണം.

ശണപർണ്ണി-തുവരപ്പയറ്.

ശണപാത്രം-മീൻകൂട്, ഏറുവല.

ശണപുഷ്പിക-൧. കിലുകിലുപ്പ്. ൨. തുവരപ്പയറ്.

ശണസൂത്രം-ചണത്തിന്റെ നൂലുകൊണ്ടുണ്ടാക്കിയ വല.

ശണാലുകം-വൻകൊന്ന.

ശണ്ഠ-കലഹം. (ഇതാണു ചണ്ടയായത്)

ശണ്ഠി-ശഠൻ, വികൃതി, ചണ്ടി.

ശണ്ഠം, ഷണ്ഡം-നപുംസകം.

ശണ്ഡം-കാള.

ശതകം-൧. നൂറുസംവത്സരം. ൨. നൂറു ശ്ലോകം കൂടിയ ഒരു കവിത.

ശതകംചൊല്ലിക്ക-കഷ്ടപ്പെടുത്തുക

ശതകുപ്പ-ഒരുവക അങ്ങാടിമരുന്ന്.

വാതം, കഫം, അതിസാരം മുതലായവയ്ക്കു നന്ന്. സം-ശതപുഷ്പം. ത-ചെഞ്ചതകപ്പെ. ഇം—Dill Seed.

ശതകോടി-൧. വജ്രായുധം, വൈരം. ൨. നൂറുകോടി.

ശതക്രതു-ഇന്ദ്രൻ.

ശതഘ്നൻ-ശിവൻ.

ശതഘ്നി-൧. ഒരായുധം, ഇരിമ്പാണികൾ നിറച്ചു കെട്ടിവെച്ചിട്ടുള്ള ഒരു വലിയ കല്ല്. (കൃഷ്ണൻ ഉപയോഗിച്ച ഒരായുധം).

'അയഃകണ്ടക സഞ്ചന്നാ
ശതഘ്നീ മഹതീ ശിലാ'

൨. വെൺതേൾ. ൩. തൊണ്ടയിൽ ഉണ്ടാകുന്ന ഒരു ദീനം.

തിരിപോലെയും കഠിനമായിട്ടും കണ്ണാത്തെ തടുക്കുന്നതായിട്ടും വളരെ മാംസാങ്കുരങ്ങളാൽ ചുററപ്പെട്ടതായിട്ടും കത്തിനോവ്, ചൂട്, ചൊറിച്ചിൽ ഇത്യാദി വേദനയോടുകൂടിയും മുള്ളൻതടിപോലെയും ഉണ്ടാകുന്നതിനു ശതഘ്നി എന്നു പേർ.

൪. തേക്കിട. ൫ ഉഞ്ഞ്.

ശതച്ഛദം-മരംകൊത്തി.

ശതദലാ-ചേമന്തി.

ശതദ്രു-ഒരു നദി (സട്ലജ്).

ശതധന്വ-ഹൃദീകന്റെ പുത്രനായ ഒരു യാദവൻ.

സത്യഭാമയുടെ പിതാവായ സത്രാജിത്തിനെ വധിക്കയാൽ കൃഷ്ണൻ കൊന്നു. സുകൃതവും ഭക്തിയുമുള്ള ശൈബ്യയുടെ ഭർത്താവായ ഒരു രാജാ. ശതധന്വ മരിച്ച ചിതയിൽ ശൈബ്യയും മരിച്ചു. പിന്നീടു ശതധന്വ ഒരു നായായും കുറുക്കനായും ചെന്നായായും കാക്കയായും മയിലായും ജനിച്ചു. ഈ അവസരത്തിലെല്ലാം ശൈബ്യ സംഗതി മനസ്സിലാക്കി മുൻ സ്ഥിതിയെ അവലംബിക്കുന്നതിനു വേണ്ടപോലെ ഉപദേശിച്ചു. ശതധന്വ നായായപ്പോൾ ശൈബ്യ മുൻജന്മത്തിലെ അറിവോടുകൂടി രാജകുമാരിയായിട്ടാണു ജനിച്ചതു്. നായെക്കണ്ടു ശൈബ്യ പൂർവ്വജന്മത്തിന്റെ കാരണം ചോദിക്കയുണ്ടായിട്ടുണ്ടു്. ഒടുവിൽ ശതധന്വ ഒരു രാജവംശത്തിൽ ജനിക്കയും ശൈബ്യ ഭർത്താവാക്കി സ്വീകരിക്കയും ചെയ്തു.

ശതധാ-അ. നൂറുപ്രകാരം.

ശതധാ-കരിങ്കറുക.

ശതപത്ര(ക)ം-മരംകൊത്തി.

ശതപത്രം-൧. താമര. ൨. മയിൽ. ൩. കിളി. ൪. വണ്ടാരങ്കോഴി. ൫. ചെന്തത്ത (?).

ശതപത്രികാ-൧. ശതകുപ്പ. ൨. ചേമന്തി.

ശതപത്രോത്ഭവൻ-ബ്രഹ്മാവ്.

ശതപഥബ്രാഹ്മണം - ശുക്ലയജുർവ്വേദത്തിന്റെ ബ്രാഹ്മണം.

ശതപദി-൧. പഴുതാര. ൨. ശതാവരി.

ശതപദ്മം-വെള്ളത്താമര.

ശതപർവ്വാ-൧. താമരവളയം. ൨. ഭൂ (?). ൩. വയമ്പ്. ൪. കടുരോഹിണി. ൫. കമ്പക്കരിമ്പ്. ൬. ചെറുതേക്ക്. ൭. കരിങ്കറുക ൮. ശുക്രന്റെ ഭാര്യ. ൯. തുലാമാസത്തിലെ വെളുത്തവാവ്.

ശതപർവ്വകാ-൧. കറുക. ൨. വയമ്പ്. ൩. യവം. ൪. കടുരോഹിണി.

ശതപർവ്വേശൻ-ശുക്രൻ.

ശതപാദ്-ശതാവരി.

ശതപുഷ്പ-ചതകുപ്പ.

ശതപുഷ്പികാ-ശതകുപ്പ.

ശതപ്രാസ(ശ)ം-കണവീരം.

ശതഭിഷക്-ചതയംനക്ഷത്രം.

ശതഭീരു-വള്ളിമുല്ല.

ശതഭേദകം-ഞെരിഞ്ഞാമ്പുളി.

ശതം-നൂറ്.

ശതമഖൻ-ഇന്ദ്രൻ.

ശതമന്യു-൧. ഇന്ദ്രൻ. നൂറുയാഗങ്ങളോടു കൂടിയവൻ എന്നർത്ഥം. ൨. ഊമൻ.

ശതമാർജ്ജൻ-ആയുധം നന്നാക്കുന്നവൻ

ശതമാനം-൧. ഒരുപലം വെള്ളി. ൨. നാഴിടങ്ങഴി.

ശതമൂലാ-൧. കരിങ്കറുക. ൨. ശതാവരി.

ശതമൂലി-൧. ശതാവരി. ൨. വലിയ ശതാവരി.

ശതയഷ്ടികാ-നൂറുചുറ്റുള്ള (?) മാല.

ശതയോഗം-ഒരു വൈദ്യഗ്രന്ഥം.

ശതരൂപാ-സ്വായംഭുവമനുവിന്റെ ഭാര്യ.

ബ്രഹ്മപുത്രിയാണ്. സാവിത്രിയെന്നും പേരുണ്ട്. ബ്രഹ്മാവിനാൽതന്നെ സ്വായംഭുവമനുവിന്റെ അമ്മയെന്നും കാണുന്നു.

**ശതവീൎയ്യ**-൧. വെൺകറുക. ൨. ശതാവരി. ൩. വലിയ മുന്തിരി.

**ശതവേധി**-പുളിയാരൽ, ഞെരിഞ്ഞാമ്പുളി.

**ശതവേധിനീ**-പുളിഞ്ചീര.

**ശതശഃ**-അ. പലപ്രകാരം, നൂറുപ്രകാരം.

**ശതശൃംഗം**-ഒരു മല.

പാണ്ഡവന്മാരുടെ ജനനസ്ഥലം. ഈ മലയിലാണ പാണ്ഡു തപംചെയ്തു വാണതു്. ഹിമവാൻപൎവ്വതത്തിന്റെ സമീപമാണു്.

**ശതസോമൻ**-ഒരു സൂൎയ്യവംശരാജാവു്.

**ശതഹ്രദ**-മിന്നൽപിണർ, ഇടിവാൾ. അനേകംപ്രകാരം ശബ്ദിക്കുന്നതു് എന്നൎത്ഥം. വൎഷസൂചകമാകയാൽ അനേകം (ഹ്രദങ്ങൾ) ജലാശയങ്ങൾ ഉള്ളതു് എന്നുമാവാം.

**ശതഹ്രാസം**-കണവീരം.

**ശതാക്ഷി**-ശതകുപ്പ.

**ശതാംഗം**-൧ രഥം, തേർ. ൨. തൊട്ടകാര

**ശതാധിപൻ**-പടനായകൻ.

**ശതാനന്ദൻ**-൧. ബ്രഹ്മാവു്. ൨. ശിവഭക്തനായ ഒരു മഹൎഷി.

ശതാനന്ദൻ ജനകന്റെ കുലഗുരുവാകുന്നു

**ശതാനീകൻ**-൧. ഒരു മഹൎഷി. ൨. ഒരു രാജാവു്. ൩. വൃദ്ധൻ. ൪. നകുലന്റെ പുത്രൻ.

**ശതാബ്ദം**-നൂറു സംവത്സരം.

**ശതാവരി**-ഒരുവക പച്ചമരുന്നു്, ശതമൂലി.

രക്തദോഷം, ക്ഷയം, പ്രമേഹം മുതലായവക്കു നന്നു്. കണ്ണിനു നല്ലതാണു്. ഇതിന്റെ തണ്ടിലുള്ള മുള്ളിന്റെ മുന കീഴ്പോട്ടായിരിക്കും. —തണ്ണീർ വിളൻ.

**ശതാഹ്വാ**-൧. അയമോദകം. ൨. ശതകുപ്പ. ൩. ശതാവരി.

**ശതേരൻ**-ശത്രു.

**ശത്രു**-വൈരി. തന്നെ അമൎത്തുന്നവൻ എന്നൎത്ഥം.

ശത്രു നാലുവിധം— നടത്തദോഷമുള്ള അമ്മ, കടമുണ്ടാക്കിവെക്കുന്ന അച്ഛൻ, സുന്ദരിയായ ഭാൎയ്യ, അറിവില്ലാത്ത മകൻ.

**ശത്രുകണ്ടകാ**-കാട്ടിലന്ത.

**ശത്രുഘ്നൻ**-ശ്രീരാമന്റെ ഒരു അനുജൻ.

ശ്രുതകീൎത്തിയെ വിവാഹം ചെയ്തു. ലവണാസുരനെ വധിച്ചു. സുബാഹു, ബഹുശ്രുതൻ (ശ്രുതസേനൻ) ഇവരത്രെ പുത്രന്മാർ.

**ശത്രുചതുഷ്ടയം**-(ശത്രു എന്നതു നോക്കുക).

**ശത്രുഞ്ജയം**-൧. ശത്രുക്കളെ ജയിക്ക. ൨. ആന. ൩. ഒരു പൎവ്വതം.

**ശത്രുത**-വൈരം; അസൂയ.

**ശത്രുത്വം**-ശത്രുത.

**ശത്രുദോഷം**-മന്ത്രവാദംനിമിത്തം ശത്രുക്കളിൽ നിന്നും ഉണ്ടാകുന്ന ദോഷം.

**ശത്രുപീഡ**-ശത്രുക്കളെക്കൊണ്ടുള്ള ഉപദ്രവം.

**ശത്രുവ്യാപാരം**-ശത്രുവിന്റെ പ്രവൃത്തി (ക്ഷുദ്രപ്രയോഗം).

**ശത്രുസംഹാരം**-ശത്രുവിന്റെസംഹാരം.

**ശത്വരീ**-രാത്രി.

**ശദ്രി**-൧. മേഘം. ൨. അൎജ്ജുനൻ. ൩. ആന.

**ശനകാലി**-അത്തിത്തിപ്പലി.

**ശനൈഃ(സ്സ്)**-അ. പതുക്കെ.

'സൊല്ലാസം ശനകൈൎന്നിതംബഗുരുതാ-'

(അഭിജ്ഞാനശാകുന്തളം)

**ശനി**-പു. നവഗ്രഹങ്ങളിൽ ഒന്ന്. മററു പൎയ്യായങ്ങൾ-മന്ദൻ, പംഗു, ഛായാപുത്രൻ, അസിതൻ, സൌരി, ശനൈശ്ചരൻ, അൎക്കജൻ, കാലൻ.

ശനി ഉ. പെരുഗ്രഹങ്ങളിൽ ഒന്നാണ്. അച്ഛൻ-സൂൎയ്യൻ. അമ്മ-ഛായ. ആരൻ, കോണൻ, ക്രോഡൻ, ക്രൂരലോചനൻ ഇവയും ശനിയുടെ പേർ ആകുന്നു. ഒരു കഥയിൽ ബലരാമന്റെയും രേവതിയുടെയും പുത്രനെന്നു കാണുന്നു.
ഉ. ശനിയാഴ്ച. ന. ശിവൻ. ര. ഗ്രഹപ്പിഴ. ഒ. ദുഷ്ടൻ.

**ശനിപ്പിഴ**-താൻ ജനിച്ച രാശിയുടെ പന്ത്രണ്ടാം രാശിയിലും മററും ശനി കടക്കുക, ഗ്രഹപ്പിഴ.

**ശനിപ്രസൂ**-ഛായ.

**ശനിപ്രിയം**-മരതകരത്നം.

**ശനിയൻ**-കൊള്ളരുതാത്തവൻ, ദുൎഗ്ഗുണമുള്ളവൻ, ദുഷ്ടൻ.

**ശനിയാഴ്ച**-ഏഴാം ആഴ്ച.

**ശനിവലി**-കോച്ചിവലിക്കുക, വിറ.

**ശനിവാ(സ)രം**-ശനിയാഴ്ച.

**ശനൈശ്ചരൻ**-ശനി.

**ശനൈസ്സ്**-അ. പതുക്കെ.

**ശന്തനു**-ഒരു രാജാവ്. (മഹാഭാരതം എന്ന പദത്തിലെ പട്ടികയും മഹാഭിഷക് എന്ന പദവും നോക്കുക).

ഇക്ഷ്വാകുവംശത്തിൽ പ്രസിദ്ധനായ മഹാഭിഷക് എന്ന രാജാവു ഇന്ദ്രപ്രീതി നേടി സ്വൎഗ്ഗസുഖം അനുഭവിച്ചുവരുന്ന കാലത്തു ഒരുദിവസം താനും മുനികളും ദേവകളും മററുമായി ബ്രഹ്മാവിനെ സേവിപ്പാൻ പോയി. തദനന്തരം ദേവനദിയും അവിടെ വന്നു. ആ ദേവിയുടെ വസ്ത്രം മന്ദമാരുതൻ ഇളക്കിയപ്പോൾ മഹാഭിഷക് മന്മഥപരവശനായി നോക്കി. ഉടൻ 'മൎത്ത്യനായി ഭവിച്ചു ഭൂലോകവാസം ചെയ്തു സുഖം അനുഭവിച്ചുവരുക' എന്നു ബ്രഹ്മാവു ശപിച്ചു. അക്കാലം കാമധേനുവിനെ മോഷ്ടിക്കയാൽ മാനുഷസ്ത്രീകളുടെ ഗൎഭത്തിൽ പിറക്കണമെന്നുള്ള വസിഷ്ഠശാപം ഹേതുവായിട്ടു വ്യസനിച്ചുനടക്കുന്ന അഷ്ടവസുക്കളെ ഗംഗ കണ്ടു അവരുടെ അപേക്ഷപ്രകാരം ഗംഗ ഭൂമിയിൽ ജനിച്ചു. മഹാഭിഷക് ശന്തനുവായി ഭവിച്ചു. ഗംഗ തന്റെ ഭാൎയ്യയായി. ഇവരിൽ ഗംഗാദത്തൻ (ഭീഷ്മർ) ഉത്ഭവിച്ചു. ദേവവ്രതൻ എന്നും ഭീഷ്മരെ വിളിക്കും. ശന്തനുവിനു കാളി (സത്യവതി) എന്നു വേറെ ഒരു ഭാൎയ്യകൂടി ഉണ്ടായിരുന്നു. കാളിയിൽ ചിത്രാംഗദൻ, വിചിത്രവീൎയ്യൻ എന്നു രണ്ടു പുത്രന്മാരുണ്ടായിട്ടുണ്ട്. ഭക്തി, സ്നേഹം, വിനയം, ധൈൎയ്യം മുതലായ ഗുണങ്ങൾക്കു ശന്തനു വിളനിലമായിരുന്നു. അച്ഛന്റെ പേർ പ്രതീപൻ. ശന്തനുവിനെ സത്യവാചൻ എന്നു വിളിക്കാറുണ്ട്.

**ശപഥം**-ആണ, സത്യം, "ഞാൻ ഇന്നവിധം ചെയ്യും; ചെയ്തില്ലെങ്കിൽ അഗ്നിയിൽ ചാടി ദഹിച്ചുകളയും" എന്നും മററും ഉറപ്പായി പറക. മററൊരു പൎയ്യായം-ശപനം.

**ശപനം**-ശപഥം.

**ശപം**-പു. ശവം. ഉ. ശാപം. ന. ആണ.

**ശപിക്കുന്നു**-പ്രാകുന്നു, നിന്ദിക്കുന്നു.

**ശപ്ത**-വി. ശപിക്കപ്പെട്ട.

**ശപ്പൻ, ശപ്പട്ട**-ചപ്പൻ. (ശപ്പൻ= ചപ്പൻ=നിസ്സാരൻ).

**ശഫം**-പു. കുളമ്പ്. ഉ. കുതിരയുടെ കുളമ്പ്. ന. നാഗ്ഗുണം. ര. വൃക്ഷത്തിന്റെ വേർ.

**ശഫരം**-ഒരുവക ചെറിയ മത്സ്യം, കരുമത്സ്യം.

**ശഫരാധിപൻ**-വാളമീൻ.

**ശഫരി**-നരിമീൻ, മീൻ, കരുമത്സ്യം.

**ശഫായത്ത്**-(അറബിഭാഷ) മദ്ധ്യസ്ഥം.

**ശബരൻ**-കാട്ടാളൻ.

**ശബരം**-ജലം.

**ശബരാലയം**-കാട്ടാളന്റെ വീട്.

**ശബരി**-൧. കാട്ടാളത്തി. ൨. ഒരു കാട്ടാളസ്ത്രീ.

രാമചന്ദ്രനെ ഇവൾ ഭക്തിപൂർവ്വം സേവിച്ചു.

**ശബലപൃഷ്ഠകം** - വെളുത്ത രോമവും മുതുകിൽ ചാരനിറവുമുള്ള വലിയ മാൻ.

**ശബലാശ്വർ**-ഹര്യശ്വർ പോയശേഷം അസിക്നിയിൽ ദക്ഷനുണ്ടായ ൧൦൦൦ പുത്രന്മാർ.

ഇവരും മടങ്ങിവരാത്ത വിധത്തിൽ അങ്ങുമിങ്ങും പിരിഞ്ഞുപോയി. നാരദന്റെ ഉപദേശമാണു ഇതിനു കാരണം.

**ശബള**-വി. പലവർണ്ണമുള്ള.

**ശബളം**-൧. പല വർണ്ണം. ൨. വെള്ളം.

**ശബളിതം**-പല വർണ്ണങ്ങളോടു കൂടിയ. ഇന്ദ്രധനുസ്സ് (മഴവില്ല്) ശബളിതമാണ്.

**ശബളി**-പലവർണ്ണമുള്ള പശു.

**ശബ്ദകോശം**-നിഘണ്ടു.

**ശബ്ദഗ്രഹം**-ചെവി.

**ശബ്ദന**-വി. ശബ്ദിക്കുന്ന.

**ശബ്ദനൻ**-അക്ഷരവ്യക്തികൂടാതെ ചൂളയിടുക മുതലായതു ചെയ്യുന്നവൻ.

**ശബ്ദനം**-൧ ശബ്ദം ൨. മരംകൊത്തി.

**ശബ്ദബ്രഹ്മം**-ഭേദവം തോന്നിച്ചിട്ട് എഴുതിയ എഴുത്ത് എന്നു കൊല്ലിൻസ്. പരബ്രഹ്മബോധം; വേദങ്ങൾ.

'ശബ്ദബ്രഹ്മണി നിഷ്ണാതഃ
പരേബ്രഹ്മണി ധീയതേ'

**ശബ്ദം**-൧. ഒച്ച, സ്വനം. സ്വ സ്വഭാവത്തെ വെളിപ്പെടുത്തുന്നത് എന്നർത്ഥം. മററു പര്യായങ്ങൾ-നിനാദം, നിനദം, ധ്വനി, ധ്വാനം, രവം, സ്വനം, സ്വാനം, നിർഘോഷം, നിർഹ്രാദം, നാദം, നിസ്വാനം, നിസ്വനം, ആരാവം, ആരവം, സംരാവം, വിരാവം. (ശബ്ദം=ആകാശഗുണം. ബാക്കി ൧൬-ം ഒച്ചയുടെ പേർ എന്നു പക്ഷാന്തരം). ൨. സംസ്കൃതവാക്ക്. ൩. ഇന്ദ്രിയവിഷയങ്ങളിൽ ഒന്ന്. സുഖത്തെ കൊടുക്കുന്നതു എന്നർത്ഥം. സംസാരിക്കപ്പെടുന്നതു എന്നുമാവാം. ൪. പഞ്ചഭൂതങ്ങളുടെ ഗുണങ്ങളിൽ ഒന്ന്. ൫. യാതൊന്നു വ്യാകരണാദിശാസ്ത്രത്തിൽ സിദ്ധം, അതാതു ശബ്ദം.

ഒരർത്ഥത്തെ കുറിക്കുന്നതിനായി വർണ്ണങ്ങളെ കൂട്ടിച്ചേർത്തുണ്ടാക്കുന്ന അക്ഷരക്കൂട്ടത്തിനു ശബ്ദമെന്നു പേർ. ഈ ശബ്ദത്തെ തന്നെയാണു പ്രകൃതി എന്നും പറഞ്ഞുവരുന്നതു്.

ഉ-ം, ചെറുപ്പം = ച് + എ + റ് + ഉ + പ് + പ് + അ + മ.

**ശബ്ദയോനി**-വാക്കിന്റെ മൂലം, ഭൂസത്തായാം എധവൃദ്ധൌ എന്നു തുടങ്ങിയുള്ളവ, ധാതു.

**ശബ്ദവേദൻ**-വൈദ്യന്മാർ ഹൃദയം പരിശോധിക്കുന്ന ഒരു യന്ത്രം, വക്ഷഃപരിശോധിനി Stethoscope.

**ശബ്ദവേധി**-ശബ്ദം മാത്രം കേട്ട് (വസ്തു കാണാതെതന്നെ) ലക്ഷ്യത്തെ ശരത്താൽ തുളയ്ക്കുന്നവൻ.

**ശബ്ദശാസനം**-വ്യാകരണച്ചട്ടങ്ങൾ, ശബ്ദശാസ്ത്രം.

ശബ്ദശാസ്ത്രം, ശബ്ദവിദ്യ-ആറു ശാസ്ത്രങ്ങളിൽ ഒന്ന്, വ്യാകരണം.

ശബ്ദാധിഷ്ഠാനം-ചെവി.

ശബ്ദാൎത്ഥം-വാക്കിന്റെ അൎത്ഥം.

ശബ്ദാലംകാരചതുഷ്ടയം-അനുപ്രാസം, യമകം, പുനരുക്തവദാഭാസം, ചിത്രം.

ശബ്ദിക്കുന്നു-൧. പറകയും ചുമക്കുകയും മററും ചെയ്യുന്നു. ൨. ഒച്ച പുറപ്പെടുവിപ്പിക്കുന്നു. (കാ. ക്രി. ശബ്ദിപ്പിക്കുന്നു).

ശബ്ദിത-വി. ശബ്ദിക്കപ്പെട്ട.

ശബ്ദോൽപത്തി-ശബ്ദമുണ്ടാകുക.

ശമക-വി. സമാധാനം വരുത്തുന്ന.

ശമഥൻ-മന്ത്രി.

ശമഥം-ശമനം, അടക്കം, സമാധാനം.

ശമനത-ശമനം.

ശമനൻ-യമൻ.

ശമനം-൧. അടക്കം, സമാധാനം. ൨. അവസാനം, നിറുത്തൽ. ൩. ഉപദ്രവം. ൪. യാഗത്തിനു ജന്തുക്കളെ കൊലചെയ്യുക. ൫. ഒരുവക മാൻ.

ശമനസ്വസാവ്-യമുനാനദി. യമന്റെ സഹോദരി എന്നൎത്ഥം.

ശമനി-രാത്രി

ശമനീസദൻ-ഒരു രാക്ഷസൻ.

ശമം-അടക്കം, അകമേയുള്ള ഇന്ദ്രിയങ്ങളുടെ അടക്കം.

ബാഹ്യേന്ദ്രിയവൃത്തികളുടെ അടക്കത്തിനു 'ദമം' എന്നു പേർ.

ശമലം-വിഷ്ഠ.

ശമാദിഷൾക്കം-ശമം, ദമം, ഉപരതി, തിതിക്ഷ, സമാധി, ശ്രദ്ധ ഈ ആറു ഗുണങ്ങൾക്കും കൂടിയുള്ള പേർ. (ഓരോന്നും പ്രത്യേകം നോക്കുക). ഉപരതി=ബാഹ്യവൃത്തികളെ ആശ്രയിക്കാതിരിക്കുക.

ശമിക്കുന്നു-അടങ്ങുന്നു, സമാധാനമാകുന്നു. (സ. ക്രി. ശമിപ്പിക്കുന്നു).

ശമിത-വി. ശമിപ്പിക്കപ്പെട്ട.

ശമീ-൧. വഹ്നിച്ചമത, വന്നി. ൨. കാർകോകിൽ.

ശമീകൻ-ഒരു ഋഷി.

ഇദ്ദേഹത്തിന്റെ കഴുത്തിലാണ പരീക്ഷിത്ത് മൃതസൎപ്പത്തെ എടുത്തിട്ടത്.

ശമീധാന്യം-പയറുമററും.

ശമീപത്രം-പച്ച്.

'ശമീപത്രപ്രമാണേന പിണ്ഡം ദദ്യാത്
ഗയാ ശിരേ'

ശമീപത്രാ-മുക്കുററി.

ശമീരം-ചെറുവന്നിവൃക്ഷം.

ശമൂത്ത്, ചമത്ത്-സാമൎത്ഥ്യം.

ശം-(അവ്യയം) സുഖം.

ശംഖൻ-വിരാടന്റെ പുത്രൻ.

മഹാഭാരതയുദ്ധത്തിൽ ൧-ാം ദിവസം ദ്രോണരാൽ വധിക്കപ്പെട്ടു.

ശംഖപിടകം-ചങ്കിൽ പുണ്ണ്. (കണ്ഠകാലികം എന്ന ഒരു ദീനം).

ഒരു അസാദ്ധ്യരോഗം. നിശ്ചയമായി മരിക്കുന്നതുമാകുന്നു. നാവും ശങ്കം വീങ്ങി വായിൽ കുരുത്തനീറും ചലൻ വാട പുറപ്പെടുവിച്ചു മരിക്കും.

ശമ്പ-മിന്നൽപിണർ.

ശമ്പളം-കൂലി. പൎയ്യായപദങ്ങളും-കൎമ്മണ്യം, വിധം, ഭൃത്യം, ഭൃതി, ഭൎമ്മം, വേതനം, ഭരണ്യം, ഭരണം, മൂല്യം, നിൎവ്വേശം, പണം.

ശംബം-൧. വജ്രായുധം. ശത്രുക്കളെ കെടുക്കുന്നത് എന്നൎത്ഥം. ൨. ഉലക്കപ്പൂണ്. ൩. അരക്കുവെച്ചു പൂട്ടുന്ന ഇരിമ്പുചങ്ങല.

ശംബരൻ—൧. ഒരു അസുരൻ.

പ്രദ്യുമ്നനെ എടുത്തു കടലിലിട്ടു. പ്രദ്യുമ്നൻ ഇവനെ വധിച്ചു.

൨. മറെറാരസുരൻ.

ദിവോദാസനൃപനോടു യുദ്ധംചെയ്തു തോററു. കോട്ടകളെല്ലാം ഇന്ദ്രൻ നഷ്ടം വരുത്തി.

൩. മായാവി.

ശംബരം—൧. വെള്ളം. ൨. സമ്പത്ത്. ൩. യുദ്ധം. ൪. ജലം. ൫. മേഘം. ൬. കെട്ടുവെളി. ൭. നീർമരുത്. ൮. ഒരുവക മീൻ. ൯. കരിമ്പന. ൧൦. പാച്ചോററി. ൧൧. പൎവ്വതം. ൧൨. ധനം. ൧൩. മറിമാൻ. ൧൪. മാൎഗ്ഗമദ്ധ്യം. ൧൫. ജലം.

ശംബരപുരം—തൃച്ചംബരം.

ശംബരാരി—കാമദേവൻ. ശംബരാസുരന്റെ ശത്രു എന്നൎത്ഥം.

ശംബരി—൧. വലിയ ദന്തി. ൨. ശതാവരി. ൩. എലിച്ചെവിയൻ. ൪. മഹേന്ദ്രജാലം. ൫. മഹേന്ദ്രജാലക്കാരി.

ശംബലം—൧. വഴിച്ചോറു. ൨. കര. ൩. അസൂയ ൪. പുരാണപ്രസിദ്ധമായ ഒരു ഗ്രാമം.

ശംബലീ—കൂട്ടിക്കൊടുക്കുന്നവൾ, കുട്ടിനി

ശംബാകൃത—വി. ഇരുച്ചാലുഴുത.

ശംബൂകൻ—ഒരു ശൂദ്രൻ.

തപസ്സ് ചെയ്തുനിമിത്തം രാമൻ വധിച്ചു

ശംബൂകാ—ഞമഞ്ഞി, കക്ക

ശംബൂകാ—കക്ക.

ശംഭാ—൧. വജ്രായുധം. ൨. ഉലക്കപ്പൂണ്.

ശംഭളീ—വേശ്യാ, വേശ്യയായും വിടപണി ചെയ്തും പാൎക്കുന്നവൾ. "അങ്ങിനെസുഖമുണ്ട്", "ഇങ്ങനെ സുഖമുണ്ട്" എന്നു പറഞ്ഞു പിടിപ്പിക്കുന്നവൾ എന്നൎത്ഥം."

(വിടന്മാരെയും വേശ്യമാരെയും തമ്മിൽ പറഞ്ഞിണക്കി വിടന്മാരുടെ പക്കൽനിന്നു പണം തട്ടി കാലയാപനം ചെയ്യുന്നവളത്രേ 'ശംഭളി')

ശംഭു—൧. ശിവൻ. സുഖത്തെചെയ്യുന്നവൻ എന്നൎത്ഥം.

ശംഭുഃപുംസി മഹാദേവേ പരമേഷ്ഠിനിചാൎഹതി (എന്നു മേദിനി).

൨. ബ്രഹ്മാവ്. ൩. വിഷ്ണു. ൪. ഒരുമുനി. ൫. യവനന്മാരിൽ പ്രമാണി.

ശംഭുപ്രിയ—൧. പാൎവ്വതി. ൨. ദുൎഗ്ഗ. ൩. നെല്ലി.

ശംഭുശുക്രം—രസം.

ശമ്മല—പ്രയാസം, വ്യാകുലം.

ശമ്യ—൧. നുകക്കഴി. ൨. ഒരു യാഗപാത്രം.

ശമ്യാകം—കൊന്നവൃക്ഷം.

ശംവാ—൧. വജ്രായുധം. ൨. ഉലക്കപ്പൂണ്. ൩. നേർവഴിയേ ഉഴുക.

ശംവരം—വെള്ളം.

ശംസ—൧. സ്തുതി. ൨. വാക്ക്. ൩. ആഗ്രഹം. ൪. വിവരണം.

ശംസനം—൧. വാക്ക്. ൨. സ്തുതി. ൩. വിവരണം.

ശംസിക്കുന്നു—സ്തുതിക്കുന്നു, പറയുന്നു. (ശംസിപ്പിക്കുന്നു—കാ-ക്രി)

ശംസിത—വി. സ്തുതിക്കപ്പെട്ട. ൨. പറയപ്പെട്ട. ൩. ആഗ്രഹിക്കപ്പെട്ട ൪. നിശ്ചയമുള്ള. ൫. അപവാദപ്പെട്ട.

ശംസ്താവ്—സ്തുതിക്കുന്നവൻ.

ശയണ്ഡ—വി. ഉറക്കമുള്ള.

ശയഥം—൧. മീൻ. ൨. പന്നി. ൩. മരണം ൪. ഒരുവക പാമ്പ്

ശയനഗൃഹം—ഉറങ്ങുവാനുള്ള മുറി കിടക്കുന്ന മുറി.

**ശയനപ്രദക്ഷിണം**-കിടന്നുകൊണ്ടു ക്ഷേത്രത്തിനു ചുററി വലംവെയ്ക്കൽ.

**ശയനം**-൧. കിടക്കുക. കിടപ്പിന്നാധാരമായ കിടക്ക, കട്ടിൽ മുതലായ സാധനങ്ങൾ.

ശയനരചനം — കിടപ്പിന്നാധാരമായ കിടക്ക, കട്ടിൽ മുതലായ സാധനങ്ങളുടെ നിർമ്മാണം. ഇവയെ പ്രതിപാദിക്കുന്ന ശാസ്ത്രം വിശ്വകർമ്മപ്രോക്തമാകുന്നു. ഒററമരംകൊണ്ടുതന്നെയാണ് കട്ടിൽ മുതലായവയെ ഉണ്ടാക്കേണ്ടതു്. നാലിൽ കൂടുതൽ മരംകൊണ്ടു ഒരിക്കലും ചെയ്യരുതു്. കഴിയുന്നതും ഫലവൃക്ഷങ്ങളെക്കൊണ്ടു നിർമ്മിക്കണം. ശയനാസനാദികർമ്മങ്ങൾക്കു പലവിധം വൃക്ഷങ്ങളേയും ഉപയോഗിക്കരുതു്. വിശേഷിച്ചു വേങ്ങമരം, തൊട്ടുകാര, ചന്ദനം, ദേവതാരം, മരുതു്, തേക്കു്, പനച്ചി, പയൻ, കുമിഴ്, അകിൽ എന്നിവ ഏററവും ഉത്തമങ്ങളാകുന്നു.

൩. സംയോഗം.

**ശയനമന്ദിരം**-ശയ്യാഗൃഹം.

**ശയനാധികാരി**-പള്ളിയറക്കാരൻ.

**ശയനീയ**-വി. ഉറങ്ങുവാൻ കൊള്ളുന്ന.

**ശയനീയം**-മെത്ത.

**ശയനൈകാദശി**-ഒരു വിശേഷദിവസം.

ആഷാഢമാസത്തിലെ ശുക്ലപക്ഷത്തിലെ ഏകാദശി.

**ശയം**-൧ ഉറക്കം. ൨. മെത്ത. ൩. കൈ. ൪. പെരുമ്പാമ്പ്. ൫. ശാപം. ൬. കിടപ്പ്.

**ശയാന**-വി. ൧. ഉറങ്ങുന്ന. ൨. കിടക്കുന്ന

**ശയാലു**-വി. ൧. ഉറങ്ങുവാനാഗ്രഹമുള്ള. ൨. കിടപ്പാനാഗ്രഹമുള്ള.

**ശയാലു**-൧. പെരുമ്പാമ്പ്. ൨. നായ്. ൩. കുറുക്കൻ.

**ശയിക്കുന്നു**-കിടക്കുന്നു.

**ശയിത**-വി. ൧. ഉറങ്ങുന്ന. ൨. കിടക്കുന്ന.

**ശയിതം**-ഉറക്കം.

**ശയു**-പെരുമ്പാമ്പ്. ഉറക്കം അധികമുള്ളവൻ എന്നർത്ഥം. അധികനേരവും സഞ്ചരിക്കാതെ കിടക്കുന്നവൻ എന്നുമാവാം.

**ശയ്യ**-൧. മെത്ത. ൨. (സാഹിത്യത്തിൽ) രീതിഗുണം, പദങ്ങളുടെ അന്യോന്യമൈത്രി. ൩. ഉറക്കം.

**ശര്യാതി**-൧. പ്രാചീനരാജവംശിയായിട്ടുണ്ടായ ആൾ. ൨. വൈവസ്വതമനുവിൻെറ ഒരു പുത്രൻ.

**ശരകൂടം**-അമ്പിൻകൂടം, അസ്ത്രംകൊണ്ടുണ്ടാക്കിയ ഒരുമാതിരി ഭവനം.

**ശരക്കാതൽ**-൧. അമ്പിൻെറ തണ്ട് ൨. അമ്പപ്പുല്ലിൻെറ തണ്ട്.

സം-രാമകന്ധം. രുചിയെ ഉണ്ടാക്കുന്നതാണ്.

**ശരച്ചന്ദ്രൻ**-ശരൽക്കാലത്തെ ചന്ദ്രൻ.

**ശരച്ഛതം**-നൂറുവർഷം.

**ശരച്ഛദം**-അമ്പു്.

**ശരജൻ**-സുബ്രഹ്മണ്യൻ.

**ശരജം**-പുതുവെണ്ണ.

**ശരജന്മസാവിത്രി**-പാർവ്വതി. സുബ്രഹ്മണ്യനെ പ്രസവിച്ചവൾ എന്നർത്ഥം.

**ശരജന്മാവ്**-സുബ്രഹ്മണ്യൻ. ശരവണത്തിൽ പിറന്നവൻ എന്നർത്ഥം.

**ശരടം**-൧. കയിമ്പിൻശാക. ൨. ഓന്ത്.

**ശരണം**-൧. ആശ്രയം. ൨. രക്ഷിതാവ്. ൩. ഭവനം.

**ശരണത്രയം**-('ത്രിശരണങ്ങൾ' നോക്കുക)

**ശരണാഗത, ശരണാപന്ന**-വി. രക്ഷക്കായിട്ടുവന്ന.

**ശരണാർത്ഥി**- വി. രക്ഷക്കു ആഗ്രഹമുള്ള.

**ശരണി**-നാ. വഴി. ൨. ഭൂമി. ൩. വരി. (Line)

**ശരണോന്മുഖൻ**-ശരണത്തെ ചോദിക്കുന്നവൻ.

**ശരണ്യ**-വി. രക്ഷിക്കത്തക്ക.

**ശരണ്യൻ**-നാ. ശിവൻ. ൨. രക്ഷിതാവ്.

**ശരണ്യം**-നാ. രക്ഷ. ൨. ഭവനം. ൩. ശരണാർഹമായിട്ടുള്ളത്. ജനങ്ങളുടെ ആയുസ്സിനെ കളയുന്നത് എന്നർത്ഥം.

**ശരത്ത്**-നാ. ശരദൃതു. ൨. സംവത്സരം ജനങ്ങളുടെ ആയുസ്സിനെ കളയുന്നത് എന്നർത്ഥം. വ്രീഹിമുതലായവ പാകംവന്നു കൊഴിയുന്ന കാലമെന്നർത്ഥം.

**ശരദൃതു** -ശരൽക്കാലം, നാലാമത്തെ ഋതു, തുലാം വൃശ്ചികം ഈ രണ്ടുമാസങ്ങൾ കൂടുന്നകാലം.

മനുഷ്യർക്ക മദ്ധ്യബലത്തെ ചെയ്യും. ഒരു ദിവസത്തിലേക്കു വിചാരിക്കുന്നതായാൽ പത്തുനാഴിക രാത്രിക്കുമേൽ പത്തുനാഴിക വെളുപ്പുവരെയുള്ള കാലമാകുന്നു. സം—ശരത്. ഇം— Autumn.

**ശരത്കാമി**-നായ്.

**ശരത്പത്മം**-വെള്ളത്താമര.

**ശരദ്വാൻ**-കൃപയുടെ പിതാവായ ഒരു ഋഷി (കൃപൻ എന്നതു നോക്കുക).

ബ്രഹ്മാവിന്റെ പുത്രൻ അംഗിരസ്സ്. തൽപുത്രൻ ഉചത്ഥ്യൻ, തൽപുത്രൻ ദീർഘതമാവ്, തൽപുത്രൻ ഗൌതമൻ, തൽപുത്രൻ ശരദ്വാൻ.

**ശരധി**-അമ്പുറ, ആവനാഴി.

**ശരപത്രം**-നാ. കരിമ്പ്. ൨. ദർഭ.

**ശരപുംഖാ**-നാ. ഒരു മരുന്ന്. ൨. തൂവൽ വച്ചു കെട്ടിയിട്ടുള്ള അമ്പിന്റെ അഗ്രം.

**ശരപുഷ്പം**-ഉച്ചമലരി.

**ശരപ്പാട്**-അമ്പ് എയ്താൽ വീഴുന്ന അകലം.

**ശരൻ**-ശരമുള്ളവൻ. ഉ—ം, പങ്കജശരൻ. (പദത്തിന്റെ ഒടുവിൽ പ്രയോഗം).

**ശരപ്രയോഗം**—അമ്പുകൊണ്ടുള്ള പ്രയോഗം.

**ശരഭൻ**- രാമചന്ദ്രന്റെ ഒരു വാനരസഖി.

**ശരഭം**-നാ. എട്ടടിമാൻ. (എട്ടടിമാൻ എന്നപദം നോക്കുക). ഹിംസിക്കുന്നത് എന്നർത്ഥം.

ഈ എട്ടടിമാനിനു എട്ടു കാലുണ്ടെന്നും, ഇതു സിംഹത്തെ കൊല്ലുമെന്നും കാണുന്നുണ്ട്. മഹാവിഷ്ണു നരസിംഹമൂർത്തിയായി അവതരണംചെയ്തു ഹിരണ്യകശിപുവിനെ വധിച്ചതിന്റെശേഷം ദുസ്സഹമായ ക്രോധത്തിൽ മഗ്നനായിത്തീർന്നു. അന്നേരം നരസിംഹത്തിന്റെ ഉഗ്രതക്കു ശാന്തതയുണ്ടാകുവാൻ മഹാദേവൻ ശരഭമായി അവതരണംചെയ്തു. ഇതു മൃഗത്തിന്റെയും പക്ഷിയുടെയും വർഗ്ഗത്തിൽ ഉൾപ്പെടും. ശരഭമഹാമന്ത്രത്തിന്റെ ധ്യാനത്തിൽ പക്ഷിരൂപമായി വിവരിച്ചുകാണുന്നുണ്ട്. ശരഭം എന്ന ഭയങ്കരമൃഗത്തിനു എട്ടു കാലും തലയിൽ ഒരു കൊമ്പും ഉണ്ട്. സിംഹത്തെക്കാൾ ഭയങ്കരമാണ്. പുരാണത്തിലല്ലാതെ ഈ മൃഗത്തെ ലോകത്തിൽ എങ്ങും കാണുന്നില്ല. (എട്ടടിമാൻ, വ്യാളി ഇവ നോക്കുക).

൨. വരയാട്. ൩. ഒട്ടകം.

**ശരഭംഗൻ**-ഒരു മഹർഷി.

ദണ്ഡകാരണ്യത്തിലാണു ആശ്രമം. രാമചന്ദ്രാദികൾ വനത്തിൽ ചെന്ന

പ്പോൾ അവരെ കണ്ടിട്ടു ജന്മസാഫല്യം കിട്ടി എന്നു കരുതി അഗ്നിപ്രവേശം ചെയ്തു. ഉടൻ തീയിൽനിന്നു വന്ന ഒരു ദിവ്യശരീരം സ്വർഗ്ഗംഗമിച്ചു.

ശരം-ഫ. അമ്പു്. ഹിംസിക്കുന്നതു് എന്നർത്ഥം. മുറിവു പററിക്കുന്നതു് എന്നുമാവാം. വ. അമ്പുപുല്ലു്. ന. വെള്ളം. ര. ഉപദ്രവം. ഇ. അമ്പൊട്ടൽ. മററു പര്യായങ്ങൾ-പൃഷൽകം, ബാണം, വിശിഖം, അജിഹ്മഗം, ഖഗം, ആശുഗം, കളംബം, മാർഗ്ഗണം, പത്രീ, രോപം, ഇഷു.

ശരയൂ-സരയൂനദി.

ശരലോമാ-മുള്ളൻപന്നി.

ശരല്ക്കാമീ-പട്ടി.

ശരല്ക്കാലം- കന്നിയും തുലാവും രണ്ടു മാസം.

ശരവണഭവൻ-സുബ്രഹ്മണ്യൻ.

ശരവനം, ശരവണം-ശരപ്പുല്ലുകളുടെ വനം, ഞാങ്ങണക്കാട്ടു്, അമ്പുപുല്ലുകളുടെ കാട്ടു്.

വനത്തിലെ 'ന'കാരത്തിനു 'ണ'കാരമാദേശം. ഗംഗയുടെ സമീപത്താണു ഈ വനം.

ശരവൃഷ്ടി- അസംഖ്യം. ശരങ്ങൾ വന്നു വീഴുക.

ശരവ്യം-ലാക്കു്, ലക്ഷ്യം.

ശരശയ്യ-അമ്പുനിവത്തുവെച്ചുണ്ടാക്കീട്ടുള്ള കിടക്ക.

ശരസന്ധാനം-അമ്പുകൊണ്ടു ലാക്കുനോക്കുക.

ശരള-ഫ. ശരല്ക്കാലം. വ. ഒരു സംവത്സരം.

ശരളം-ചരളം.

ശരറാന്തൽ-പുറമെ മനോഹരമായ കണ്ണാടിച്ചില്ലുകൾ തൂക്കിയിട്ടുള്ള ഒരുതരം വിളക്കു്.

ശരാടി(ഡി)-താറാവു്.

ശരാതി-താറാവു്.

ശരാഭ്യാസം—അമ്പിൻപ്രയോഗം പഠിക്കുക.

ശരാമുഖം-വെഞ്ചെന്നെല്ലു്.

ശരാരത്തു്-ദുഷ്ടത.

ശരാരി-താറാവു്. വെള്ളത്തിൽ സഞ്ചരിക്കുന്നതെന്നർത്ഥം. (പാഠങ്ങൾ-ശരാതി, ശരാളീ, ശരാടി, ശരാഡി).

വെള്ളിപ്പക്ഷി എന്നു കൊല്ലിൻസ്.

ശരാരു- വി. കൊല്ലുന്ന, ഹിംസാശീലമുള്ള.

ശരാരോപം-വില്ലു്.

ശരാലി(ളി)-താറാവു്.

വെള്ളിപ്പക്ഷി എന്നു കൊല്ലിൻസ്.

ശരാവതി-ഫ. ഒരാറു്. ഈ നദിയുടെ ഇരുഭാഗങ്ങളിലും മുഞ്ഞപ്പുല്ലു വേണ്ടതുപോലെ ഉള്ളതുകൊണ്ടു ഈ പേർ സിദ്ധിച്ചു. വ. ഒരു നഗരം.

ലവനെ രാമചന്ദ്രൻ ഈ നഗരത്തിലെ രാജാവാക്കി.

ശരാവം-മൂടി, ഒരുമാതിരി ചെറിയ പാത്രം, ചട്ടി, ഇടിഞ്ഞിൽ.

ശരാവിക-രാജക്കുരു, പ്രമേഹക്കുരു.

ശരാശരി-അ. തുല്യം. (പെഷ്യൻഭാഷ).

ശരാശ്രയം-അമ്പറ. ശരത്തെ ആശ്രയിക്കുന്നതു് എന്നർത്ഥം.

ശരാസനം-വില്ലു്. ഇതുകൊണ്ടു ശരങ്ങൾ ക്ഷേപിക്കപ്പെടുന്നതിനാൽ ഈ പേർ സിദ്ധിച്ചു.

ശരി-അ. തുല്യം, സൂക്ഷ്മം, നിരപ്പു്.

ശരി-ചെറിയ കരുവിക്കമ്പു്.

ശരികട്ടു്-തെററു്.

ശരിയിടുന്നു-ഫ. ശരിയാക്കുന്നു. വ. പകരംവീട്ടുന്നു.

ശരിശ്ശ്, ശരിവരെ—വി. ൧ മുറശ്ശ്. ൨. യാതൊരു കറവും കൂടാതെ.

ശരീരകം-൧. ദേഹം. ൨. ചെറിയദേഹം. ൩. ആത്മാവ്.

ശരീരജം-രോഗം.

ശരീരതുല്യ-വി. തന്നെപ്പോലെ തന്നെ സ്നേഹിക്കപ്പെടുന്ന.

ശരീരത്രയം-൧ സ്ഥൂലം, സൂക്ഷ്മം, കാരണം ഇവ ൩-ം ജീവാത്മാവിനെ സംബന്ധിച്ചവ. ൨. ഈശൻ, സൂത്രൻ, വിരാട്. ഇവ പരമാത്മാവിനെ സംബന്ധിച്ചവ.

ശരീരദണ്ഡം-൧. ശരീരത്തിൽ ചെയ്യപ്പെടുന്ന ശിക്ഷ. ൨. തപസ്സുകൊണ്ടു ദേഹത്തെ മനസ്സിനു കീഴ്പ്പെടുത്തുക. ൩. മരണശിക്ഷ.

ശരീരധൎമ്മം-ശരീരത്തിന്റെ സ്വഭാവം.

ശരീരം-൧. ദേഹം. നശിച്ചുപോകുന്നതു് എന്നൎത്ഥം. മററു പൎയ്യായങ്ങൾ-കളേബരം, ഗാത്രം, വപുസ്സ്, സംഹനനം, വൎഷ്മം, വിഗ്രഹം, കായം, ദേഹം, മൂൎത്തി, തനു, തനൂ ൨. ഏതു വസ്തുവിന്റെയും രൂപം.

സ്ഥൂലശരീരത്തിൽ എഴുപതിനായിരം ഞരമ്പുകളുണ്ടു്.

ശരീരം മൂന്നുവിധം—സ്ഥൂലശരീരം, സൂക്ഷ്മശരീരം, കാരണശരീരം.

സ്ഥൂലശരീരതത്വങ്ങൾ 6-ത്വക്ക്, മാംസം, രക്തം, അസ്ഥി, സ്നായു, മേദസ്സ്.

ശരീരയാത്ര-ഉപജീവനത്തിനുള്ള മാൎഗ്ഗം.

ശരീരവാൻ (—വതി)-ശരീരമുള്ളവൻ (-വൾ).

ശരീരവൃത്തി-൧ ദേഹത്തിന്റെ ഉപജീവനം. ൨. ഉപജീവനം.

ശരീരവൈകല്യം-രോഗം.

ശരീരസംസ്കാരം-ശരീരത്തെനന്നാക്കുക.

ശരീരസ്ഥിതി-൧. ഉപജീവനത്തിനുള്ള മാൎഗ്ഗം. ൨. ഭക്ഷണംകഴിക്ക.

ശരീരാസ്ഥി-തോലും മാംസവുമില്ലാത്ത ശരീരാസ്ഥി (കൈകാൽ ഉടൽ ഇവയെല്ലാം കൂടിയതെന്നു താൽപൎയ്യം).

ശരീരി-വി. ശരീരമുള്ള.

ശരീരീ-ശരീരമുള്ളവൻ, മനുഷ്യൻ, പ്രാണി, ജീവൻ, ജന്തു.

ശരു-൧. കോപം. ൨. വജ്രായുധം. ൩. അമ്പ്. ൪. അമ്പൊട്ടൽ. ൫. ശസ്ത്രാഭ്യാസം.

ശരേഷ്ടം-മാവ്.

ശൎക്കര-൧. കരിമ്പിന്നീര കുറുക്കിയുണ്ടാക്കിയ വസ്തു.

സം—ഗുഡം. ത—വെല്ലം. ഇം—Treacle, molasses.

൨. പഞ്ചാര. പിത്തത്തെ നശിപ്പിക്കുന്നതെന്നൎത്ഥം. ൩. ചരൽ, ചരൽക്കല്ലുള്ള ദേശം, ചുക്കാൻകല്ലുള്ള ഭൂമി. ൪. ഓട്ടുനുറുക്ക്. ൫. തലകൂട്ടിൻ കഷണം. നശിച്ചുപോകുന്നതെന്നൎത്ഥം. ൬. കല്ലുകടപ്പെന്ന രോഗം.

ശൎക്കരകം-മധുരനാരകം

ശൎക്കരജാ-കല്കണ്ടു്.

ശൎക്കരപ്പാവ്-ശക്കര ഉരുക്കിയതു്.

ശൎക്കരവാക്ക്-സ്തുതിവാക്ക്, നല്ലവാക്ക്.

ശൎക്കരസപ്തമി-ഒരു വിശേഷദിവസം.

വൈശാഖം പകുതിയിൽ ൭-ാംനാൾ നടത്തിവരുന്നു

ശൎക്കരാവതി-മണൽപ്രദേശം, ചരൽപ്രദേശം.

ശൎക്കരില-വി. ചരലുള്ള.

ശൎമ്മ-വി. സന്തോഷമുള്ള.

ശൎമ്മ(ൻ)-ബ്രാഹ്മണൎക്കുള്ള ഒരു പേര്, ബ്രാഹ്മണരുടെ പേരിന്റെ ഒടുക്കം ചേൎത്തുപറയുന്ന ഒരു വാക്ക്.

ശൎമ്മം-സുഖം, സന്തോഷം. അസുഖത്തെ കളയുന്നത് എന്നൎത്ഥം.

ശൎമ്മരാ-മരമഞ്ഞൾ.

ശൎമ്മിഷ്ഠാ-യയാതിയുടെ രണ്ടാമത്തെ ഭാൎയ്യ (ദേവയാനി എന്നതു നോക്കുക).

അസുരാധിപനായ വൃഷപൎവ്വാവിന്റെ മകൾ. ദ്രുഹ്യുവും അനുദ്രുഹ്യുവും പുത്രന്മാർ.

ശൎവ്വൻ-നാ. ശിവൻ. പ്രളയകാലാരംഭത്തിൽ ലോകത്തെ ഹിംസിക്കുന്നവൻ എന്നൎത്ഥം. ൨. വിഷ്ണു.

ശൎവ്വരീ-നാ. രാത്രി. ലോകചേഷ്ടകളെ ഇല്ലാതാക്കുന്നത് എന്നൎത്ഥം. ൨. സ്ത്രീ. ൩. മഞ്ഞൾ. ൪. ഒരു നീചജാതിസ്ത്രീ.

ഈ നീചസ്ത്രീ വളരെ ഭക്തിയുള്ളവളായിരുന്നു. രാമാവതാരത്തിനായി കാത്തിരുന്നു. ശ്രീരാമനെ കണ്ടശേഷം അഗ്നിപ്രവേശംചെയ്തു.

ശൎവ്വരീനാഥൻ-ചന്ദ്രൻ.

ശൎവ്വരീശൻ-ചന്ദ്രൻ.

ശൎവ്വലാ-തോമരം. (സൎവ്വല എന്നതിന്റെ പാഠം).

ശൎവ്വാ-രാത്രി. (ശൎവ്വരിയുടെ പാഠം)

'ശൎവ്വരീ ശാൎവ്വരീ ശൎവ്വാ' എന്നു ശബ്ദാൎണ്ണവം.

ശൎവ്വാക്ഷം-രുദ്രാക്ഷം.

ശൎവ്വാണി-പാൎവ്വതി. ശൎവ്വന്റെ (ശിവന്റെ) പത്നി എന്നൎത്ഥം.

ശൎവ്വാരി-രാത്രി.

ശലകം-എട്ടുകാലി.

ശലൻ-സോമദത്തന്റെ പുത്രൻ.

ഭൂരിശ്രവസ്സ് സോമദത്തന്റെ പുത്രനാണ്.

ശലഭം-നാ. വെട്ടുക്കിളി. ൨. പാററ, ഇയ്യൽ. ൩. ഒരു ഘോരാസ്ത്രം. (കിരാതവേഷധാരിയായ ശിവനിൽ അൎജ്ജുനൻ ഇതു പ്രയോഗിച്ചു).

ശലാ-നാ. ഒട്ടകം. ൨. മുള്ളുകോൽ.

ശലം, ശലലം, ശലലി-എയ്യൻപന്നിയുടെ മുള്ള്. ഇളക്കിക്കൊണ്ടിരിക്കുന്നത് എന്നൎത്ഥം.

ശലാക-നാ. ഇരിമ്പുകമ്പി, തോക്കു നിറക്കുന്ന നിറകോൽ. ൨. കന്തം. ൩. അമ്പ്. ൪. സൂചി. ൫. ശ്ലാക. ൬. വൈദ്യന്റെ കാരം. ൭. കുടയുടെ ആറങ്ങാലി. ൮. അസ്ഥി. ൯. മലങ്കാര. ൰. ഈന്തിൽ. ൰൧. പഞ്ചവൎണ്ണക്കിളി. ൰൨. ഇരിമ്പ്. ൰൩. കമ്പി.

ശലാടു-നാ. പച്ചക്കായ്. പുഷ്ടിയെ പ്രാപിക്കുന്നത് എന്നൎത്ഥം. ൨. കൂവളം.

ശലാല്യ-ഒരു സുഗന്ധവസ്തു.

ശല്കം-നാ. ഖണ്ഡം. ൨. തൊലി. ൩. ചെതുമ്പല്. ൪. മീൻ.

ശല്കാലി-മീൻ.

ശല്കി-മീൻ.

ശല്മലി-നാ. മുള്ളിലവ്, ഇലവ്. ൨. പാതാളത്തിലെ ഒരു നദി.

ശല്മലീവേഷ്ടം-ഇലവിൻപശ.

ശല്യൻ-ഒരു മദ്രരാജാവ്.

പാണ്ഡുവിന്റെ ഭാൎയ്യയായ മാദ്രിയുടെ സഹോദരൻ. ഇദ്ദേഹം സാത്വികനെങ്കിലും രണശൂരനായിരുന്നു. യുധിഷ്ഠിരൻ വധിച്ചു.

ശല്യം-നാ. ഒരുമാതിരി അമ്പ്, ഉടക്കള്ളി. ൨. ക്രോധം. ൩. മലങ്കാര ൪. മുള്ളൻ.

൫. കന്താ. ൬ ഇരിമ്പുപാര ൭ അമ്പിന്റെ അററം. ൮. കററി. ൯. ഉപദ്രവം. ൧൦. നിന്ദ. ൧൧. പ്രയാസം. ൧൨. ചെമ്പ്. ൧൩. ക്രൂവളം. ൧൪. ഭാരതത്തിലെ ഒരു പർവ്വം.

ശല്യ(ക)ം-൧. മുള്ളൻപന്നി. ൨. മലങ്കാര.

ശല്ലകം-൧. ഒരുവക മരം. ൨. തോലി.

ശല്ലകി-൧ മുള്ളൻ. ൨. ഇരുന്തിൽ.

ശല്ലം-തവള.

ശല്ലാവ്-നേരിയവസ്ത്രം, (സാൽവാ).

ശല്ലി-ചെറുകന്തം.

ശവകാമ്യം-നായ്.

ശവക്കുഴി-ശവക്കല്ലറ.

ശവദാഹം-ശവം ചുടുക.

ശവപ്പറമ്പ്-ശ്മശാനം, ശവമടക്കുന്ന സ്ഥലം.

ശവപ്രായ-വി. ശവംപോലെ അനക്കമില്ലാത്ത.

ശവം-൧. മരിച്ച ദേഹം. നശിക്കുന്നത് എന്നർത്ഥം. മറെറാരു പർയ്യായം-കുണപം. ൨. ജലം.

ശവയാനം, ശവരഥം-പ്രേതമഞ്ചം.

ശവരൻ-കാട്ടാളൻ, വേടൻ.

ശവരം-വെള്ളം.

ശവസംസ്കാരം— ശവദാഹം. (അടിയോൽ എന്നതു നോക്കുക).

ശവേല-സാമാനവണ്ടിയിലെ തടിമരം.

ശശ(ക)ം-മുയൽ.

ശശധരൻ-ചന്ദ്രൻ. മുയലിനെ ധരിച്ചവൻ എന്നർത്ഥം.

ശശധരബിംബം-൧. ചന്ദ്രബിംബം ൨. വൃത്തങ്ങളിൽ ഒന്ന്. (പാദത്തിൽ ൨൫ അക്ഷരംവീതം)

ഉ-ം, 'ഒന്നതുള്ളതുപുനരെട്ടതുമിങ്ങിനെ
വരുമാദ്യത്തിൽപരമതിലായി'

ശശധരം-കർപ്പൂരം.

ശശൻ-പുരുഷന്മാർ നാലുവകയുള്ളതിൽ ഒന്നാമത്തവൻ.

ശശം-൧. മുയൽ. ചാടിയോടുന്നത് എന്നർത്ഥം. ൨. ചന്ദ്രനിലുള്ള കറുത്ത പുള്ളി (മുയൽ എന്നു വിചാരിക്കപ്പെടുന്നത്). ൩. നമ്പശ. ൪. പാച്ചോററി.

ശശലാഞ്ഛനം-കർപ്പൂരം.

ശശലോമം-മുയലിന്റെ രോമം.

ശശസ്ഥലി- ഗംഗക്കും യമുനക്കും മദ്ധ്യേയുള്ള ദേശം. (The Dcab).

ശശാങ്കചൂഡൻ-ശിവൻ.

ശശാങ്കധവള- വി. ചന്ദ്രനെപ്പോലെ വെളുത്ത.

ശശാങ്കൻ-ചന്ദ്രൻ. (ശശധരൻ എന്നതു നോക്കുക).

ശശാങ്കം-കർപ്പൂരം.

ശശാങ്കമൂർത്തി-ചന്ദ്രൻ.

ശശാങ്കശേഖരൻ-ശിവൻ.

ശശാദൻ-ഇക്ഷ്വാകുവിന്റെ സുതനായ വികുക്ഷി, പുരഞ്ജയന്റെ പിതാവ്.

ശശാദ(ന)ം-പരുന്ത്. മുയലിനെ തിന്നുന്നത് എന്നർത്ഥം.

ശശാരി-പരുന്ത്.

ശശി-൧. ചന്ദ്രൻ. ൨. പച്ചക്കർപ്പൂരം. ൩. മകയിരം നക്ഷത്രം.

ശശികല-ചന്ദ്രക(ക)ല.

ശശികാന്തം-൧. വെളുത്ത ആമ്പൽ. ൨. ചന്ദ്രകാന്തം.

ശശിഖണ്ഡം-ചന്ദ്രകല.

ശശിഖണ്ഡമൌലി-ശിവൻ, ചന്ദ്രകലാധരൻ.

ശശിചൂഡൻ-ശിവൻ.

ശശിജൻ-ബുധൻ.

ശശിധരൻ-ശിവൻ.

ശശിനി-ചന്ദ്രന്റെ ൧൬ കലകളിൽ ഒന്നിന്റെ പേർ.

ശശിപ്രഭ-നിലാവ്.

ശശിപ്രഭം-൧. മുത്ത്. ൨. വെളുത്ത ആമ്പൽ.

ശശിപ്രിയാ-ആമ്പൽപൊയ്ക.

ശശിഭൂഷണൻ-ശിവൻ.

ശശിഭൃത്ത്-ശിവൻ.

ശശിമണി-ചന്ദ്രകാന്തം.

ശശിമണിശില-ചന്ദ്രകാന്തക്കല്ല്.

ശശിമൌലി-ശിവൻ.

ശശിലേഖാ-൧. ചന്ദ്രക്കല. ൨. കാർകോവിൽ.

ശശിവദന-വൃത്തങ്ങളിൽ ഒന്ന്.

ശശിശകലം-ചന്ദ്രക്കല.

ശശിശേഖരൻ-ശിവൻ.

ശശോർണ്ണം-മുയലിന്റെ രോമം.

ശശ്വൽ-അ. ൧. എല്ലായ്പ്പോഴും. ൨. പിന്നെ. ൩. ഒന്നിച്ച്. ൪. നിത്യം. ൫. വഴിപോലെ.

ശഷ്കുലം-കഴഞ്ചി.

ശഷ്ക(സ്ക)ലീ-ചക്കലിമീൻ.

ശഷ്കുലി-ചെവിയുടെ അകത്തെത്തട്ട്.

ശഷ്പം-൧. പൈപ്പുല്ല്, ഇളംപുല്ല്. ൨. അല്പം ൩. കരിങ്കറുക.

ശസനം-൧. യാഗത്തിനായിക്കൊണ്ടുചെയ്യുന്ന പശുഹിംസ. ൨. കൊല. ൩. മുറിവേല്പിക്ക.

ശസ്ത-വി. ൧. സുഖമുള്ള. ൨. ശ്രേഷ്ഠതയുള്ള. ൩. സ്തുതിക്കപ്പെട്ട. ൪. മംഗളമായ. ൫. കൊല്ലപ്പെട്ട. ൬. മുറിവേല്പിക്കപ്പെട്ട.

ശസ്തം-സുഖം, മംഗളം. പ്രശംസിക്കപ്പെടുന്നത് എന്നർത്ഥം.

ശസ്തി-സ്തുതി.

ശസ്യ-വി. ശ്രേഷ്ഠതയുള്ള, മഹത്വമുള്ള, നല്ല, സ്തുതിക്കത്തക്ക.

ശസ്യക്ഷേത്രം-ധാന്യംവിളയുന്ന ഭൂമി.

ശസ്യം-സസ്യം.

ശസ്യമഞ്ജരി-നെല്ലിന്റെയും മറ്റും കതിര്.

ശസ്യശൂകം-ധാന്യങ്ങളുടെ ഓക്.

ശസ്ത്രകം-ഇരിമ്പ്, ഉരുക്ക്. ഹിംസിക്കുന്നതെന്നർത്ഥം.

ശസ്ത്രകാരൻ-ആയുധമുണ്ടാക്കുന്നവൻ.

ശസ്ത്രഗ്രഹണം-യുദ്ധം.

ശസ്ത്രജീവി-ആയുധക്കാരൻ.

ശസ്ത്രദൻ-ആയുധം കൊടുക്കുന്നവൻ.

ശസ്ത്രധരൻ, ശസ്ത്രധാരി, ശസ്ത്രവാൻ-യോദ്ധാവ്.

ശസ്ത്രപ്രയോഗം - ആയുധമെടുത്തു പ്രയോഗിക്കുക.

ശസ്ത്രഭൃത്ത്-യോദ്ധാവ്.

ശസ്ത്രമാർജ്ജൻ-കൊല്ലൻ, കടച്ചിക്കൊല്ലൻ. ആയുധങ്ങളെ മൂർച്ചകൂട്ടി ശുദ്ധിവരുത്തുന്നവൻ എന്നർത്ഥം.

ശസ്ത്രം-൧. ആയുധം. ഇതുകൊണ്ടു ഹിംസിക്കുന്നതിനാൽ ഈ പേർ വന്നു. ൨. ഇരിമ്പ്, ലോഹം. ൩. അമ്പ്. (മന്ത്രോച്ചാരണപൂർവ്വം പ്രയോഗിക്കുന്നത് 'അസ്ത്രം'. ബ്രഹ്മാസ്ത്രം, ആഗ്നേയാസ്ത്രം മുതലായവ).

ശസ്ത്രവാൻ, ശസ്ത്രഹസ്തി-ശസ്ത്രംധരിച്ചവൻ.

ശസ്ത്രവൈദ്യൻ-പതവും മറ്റും ഛേദിക്കുന്ന വൈദ്യൻ.

ശസ്ത്രശാല-ആയുധശാല.

ശസ്ത്രശാസ്ത്രം-ആയുധവിദ്യ.

ശസ്ത്രഹസ്തൻ-ആയുധം ധരിച്ചവൻ.

ശസ്ത്രാജീവൻ-ആയുധക്കാരൻ.

ശസ്ത്രാഭ്യാസം-ആയുധാഭ്യാസം.

ശസ്ത്രായസം-൧. ഉരുക്ക്. ൨. ഇരുമ്പ്.

ശസ്ത്രാസ്ത്രവിദ്യ-യുദ്ധവിദ്യ.

ശസ്ത്രി-കത്തി.

ശസ്ത്രി-വി. ശസ്ത്രമുള്ള.

ശസ്ത്രികാ-കത്തി.

---

# ശാ

ശാകട-വി. ശകടത്തോടു സംബന്ധിച്ച.

ശാകടം-൧. വണ്ടിവഹിക്കുന്ന കാളയും മററും. ൨. നരവരി. ൩. ഞമ.

ശാകടായനൻ-ഒരു വൈയാകരണൻ. പാണിനിയ്ക്കു മുമ്പു ജീവിച്ചിരുന്നു.

ശാകപത്രം-ചീര.

ശാകപൂണി-പണ്ടുണ്ടായിരുന്ന ഒരു വേദവ്യാഖ്യാതാവ്.

ശാകബംബരം-ചെറുതേക്ക്.

ശാകം-൧. ചീരയുംമററും.

ശാകം പത്തുവിധത്തിലുണ്ട്.

'മൂലപത്രകരീരാഗ്രഫലകാണ്ഡധിരൂഢകം
ത്വക് പുഷ്പം കവകം ചേതിശാകം ദശ
വിധം സ്മൃതം'

കിഴങ്ങ്, ഇല, മുളയാണ്ടൽ, തിരാം, കായ്, തണ്ടു, മുള, തോല്, പൂവ്, മുള്ളൻ.

൨. ഒരുചീപ്പ്. ൩. ശക്തി. ൪. ശിഷ്ഠവൃക്ഷം. ൫. തേക്ക്. ൬. നെന്മേനിവാക. ൭. ചെറുതേക്ക്.

ശാകംഭരീ-ദുർഗ്ഗ.

ശാകല്യൻ-ഒരു വൈയാകരണൻ, വേദവ്യാഖ്യാനിയുമാണ്. മററു പേരുകൾ, വേദമിത്രൻ, ദേവമിത്രൻ.

ശാകിനികൾ-ദുർഗ്ഗാദേവിയുടെ ദാസികൾ.

ശാകുനിക-വി. പക്ഷികളെ സംബന്ധിച്ച.

ശാകുനികൻ-പക്ഷിപിടിക്കുന്നവൻ.

ശാകുനികം-ശകുനങ്ങളുടേയും മററും അർത്ഥം പറയുക.

ശാകുന്തളൻ-ഭരതൻ.

ശാകുന്തളം - ശകുന്തളയെ സംബന്ധിച്ച കഥ.

ശകുന്തളയുടെ കഥയെ വിവരിക്കുന്ന ശാകുന്തളത്തെ കാളിദാസൻ നാടകമായി എഴുതീട്ടുണ്ട്. കേരളകാളിദാസനായ വലിയകോയിത്തമ്പുരാൻ തിരുമനസ്സുകൊണ്ടു ഈ ഗ്രന്ഥത്തെ ഭാഷാന്തരീകരിച്ചിട്ടുള്ളതു (അഭിജ്ഞാനശാകുന്തളം) സർവ്വപ്രസിദ്ധമാണല്ലൊ. ഇതിലെ കഥാവസ്തുവിന്റെ മൂലം ശ്രീമഹാഭാരതം ആദിപർവ്വത്തിനുള്ളിലുള്ള സംഭവം എന്ന അവാന്തര പർവ്വത്തിൽ ൬൭ മുതൽ ൭൪ വരെയുള്ള ൮ അദ്ധ്യായങ്ങളിൽ വിവരിക്കപ്പെട്ട ശാകുന്തളോപാഖ്യാനം ആകുന്നു. ഹസ്തിനാപുരത്തിൽവെച്ചു ൧-ാം അങ്കത്തിലെ കഥ നടന്നിരിക്കുന്നു. ശകുന്തളയുടെ സഖികളിൽ പ്രിയംവദയ്ക്കു വാക്സാമർത്ഥ്യവും അനസൂയയ്ക്കു കാര്യപരിജ്ഞാനവും കൂടും. ശകുന്തളയുടെ ഉല്പത്തി ധരിച്ചിട്ടുള്ള സഖി അനസൂയയാണ്.

ശാകുലികൻ-മുക്കുവൻ.

ശാകോപദംശം-൧. ചീരക്കൂട്ടാൻ. ൨. മലക്കറികൊണ്ടുള്ള കൂട്ടാൻ.

ശാക്തികൻ-നാ. ശക്തിയെ വന്ദിക്കുന്നവൻ. ൨. കുന്തക്കാരൻ. ശക്തി(വേൽ) ധരിച്ചവൻ.

ശാക്ത്യം-ശക്തിയെ വന്ദിക്കുന്ന കൂട്ടം.

ശാക്യൻ-ശാക്യമുനി.

ശാക്യന്മാർ - ഇക്ഷ്വാകുവംശരാജാക്കന്മാർ.

ശാക്യം ബുദ്ധമതം.

ശാക്യമുനി -ശാക്യവംശാവതീർണ്ണനായിരിക്കുന്ന മുനി, ശാക്യൻ.

ശാക്യസിംഹൻ-ശാക്യമുനി.

ശാക്രി-നാ ശചി. ൨. ദുർഗ്ഗ.

ശാക്വരം-കാള.

ശാഖ-നാ. വൃക്ഷത്തിന്റെ കൊമ്പ്. വ്യാപിക്കുന്നത് എന്നർത്ഥം. ൨. വേദത്തിന്റെ ഒരുഭാഗം. ൩. കൈ. ൪. ഭിന്നം. ൫. പിരിവ് (ഭാഗം).

ശാഖക്കാരൻ-ഒരു താവഴിയിലുള്ളവൻ

ശാഖൻ സുബ്രഹ്മണ്യൻ.

ശാഖാ-ഒരുവക തൈ.

ശാഖാനഗരം - ഉപഗ്രാമം. ജനബാഹുല്യംനിമിത്തം മൂലനഗരത്തിൽ സ്ഥലം കിട്ടാതെ അതിനു പുറത്തായി ഉണ്ടാക്കുന്ന ചില്ലറഗ്രാമം.

ശാഖാട്ടത്ത്-വൃക്ഷം.

ശാഖാമൃഗം-നാ. കുരങ്ങ്. മരക്കൊമ്പുകളിൽ സഞ്ചരിക്കുന്ന മൃഗം എന്നർത്ഥം. ൨. അണ്ണാൻ.

ശാഖാശന -ഒട്ടകം.

ശാഖാശിഫ- വിട്ടുവേര്.

ശാഖാസംക്രമണം-ഒരു വൃക്ഷത്തിന്റെ കൊമ്പിൽ നിന്നു മറെറാരു വൃക്ഷക്കൊമ്പിലേക്കുള്ള ചാട്ടം.

ശാഖി-വി. ശാഖയുള്ള.

ശാഖി-നാ. വൃക്ഷം. ശാഖകൾ (കൊമ്പുകൾ) ഉള്ളത് എന്നർത്ഥം. നിഖിലമായും വ്യാപിക്കുന്നത് എന്നുമർത്ഥം. ൨. വേദം. ൩. ഉകമരം.

ശാഖോടകം-ശാഖോടവൃക്ഷം, പറവമരം.

അതിസാരം, അർശസ്സ് മുതലായവയ്ക്കു നന്ന്.

ശാഖോപശാഖ-ശാഖകളും ഉപശാഖകളും.

ശാംഖികൻ-നാ. ശംഖ് കടയുന്നവൻ. ശംഖം ശില്പമായിട്ടുള്ളത് എന്നർത്ഥം. ൨. ശംഖുവിളിക്കുന്നവൻ.

ശാങ്കര-വി. ശങ്കരനെ സംബന്ധിച്ച.

ശാങ്കരം-കാള.

ശാംഗുഷ്ഠാ-ചെമന്ന കുന്നി.

ശാടകം-സ്വല്പവസ്ത്രം, വസ്ത്രവിശേഷം.

ശാടി-നാ വസ്ത്രം. ൨. കപ്പൽപ്പായ്.

‘ശാടീബന്ധമകററിയക്കിതവനാൽ’

(അമരുകശതകം)

ശാഠ്യം-നിർബന്ധം, സിദ്ധാന്തം, അതതെന്നു പറഞ്ഞാൽ അതുതന്നെ ചെയ്യുന്നശീലം. ശഠന്റെ സ്വഭാവം, കുസൃതി.

ശാഡ്വലം-പുല്ലുള്ള സ്ഥലം.

ശാണം-നാ. ഉരകല്ല്, ചാണ. ൨. ഒരുവ്. (ന്നും ബിന്ദു)

ഇംഗ്ലീഷിൽ ശാണം എന്നതിനു ‘ഡ്രാം’. ‘ടീസ്പൂൺ’ എന്നും പറയുന്നു.

ശാണി-ഉരകല്ല്, ചാണ.

ശാണിത-വി. മൂർച്ചകൂട്ടിയ.

ശാണ്ഡില്യം-കൂവളവൃക്ഷം.

ശാണ്ഡില്യൻ-ഒരു മുനി.

ശാത-വി. ൧ മൂർച്ചയുള്ള. ൨. മുദിതമുള്ള. ൩. ക്ഷീണമുള്ള. ൪. ഭംഗിയുള്ള. ൫. കൃശമായ, മെലിഞ്ഞ.

**ശാതകുംഭം**-പ്ര. പൊന്ന്. ശതകുംഭപർവ്വതത്തിലുണ്ടായത് എന്നർത്ഥം. (പാഠം-ശാതകൌംഭം). വ. കണവീരം. ന. ഉമ്മത്ത്.

**ശാതകൌംഭം**-പ്ര. സ്വർണ്ണം. വ. ഉമ്മത്ത്.

**ശാതം**-പ്ര. സന്തോഷം, സുഖം. ദുഃഖത്തെ കളയുന്നത് എന്നർത്ഥം. വ. ചാണക്കുവെച്ചും മററും മൂർച്ചകൂട്ടിയ ശസ്ത്രം. മി. മുന കനംകുറച്ചത് എന്നർത്ഥം.

**ശാതൻ**-ദുർബ്ബലൻ.

'അമാംസോ ദുർബ്ബലശ്ശാതഃ' (അമരം)

**ശാതപത്രകം(കി)**-നിലാവ്.

**ശാതശിഖ**-വി. കൂർത്ത അഗ്രത്തോടുകൂടിയ.

**ശാതവാഹനൻ**-സാലിവാഹനൻ.

**ശാതോദരി**-നല്ല വയറുള്ളവൾ, കൃശമായ (മെലിഞ്ഞ) ഉദരമുള്ളവൾ, സുന്ദരി.

**ശാത്രവൻ**-ശത്രു.

**ശാത്രവം**-പ്ര. ശത്രുത. വ. ശത്രുസമൂഹം

**ശാദം**-പ്ര. ചേറ്, ചളി. വ. പയ്പുല്ല്, ഇളംപുല്ല്. ഉണങ്ങിപ്പോകുന്നത് എന്നർത്ഥം.

**ശാദഹരിതം**-പയ്പുല്ലുള്ള.

**ശാദ്വലം**-വി. പുല്ലുള്ള.

**ശാനപാദം**-പ്ര. ചന്ദനമരയ്ക്കുന്ന കല്ല്. വ. പാരിയാത്ര പർവ്വതം.

**ശാനം**-ഉരകല്ല്, ചാണ.

**ശാന്ത**-വി. അടക്കമുള്ള, അടങ്ങിയ. (ശാന്തം > < ഉഗ്രം).

**ശാന്തത**-അടക്കം.

**ശാന്തതപ്പെടുന്നു**-അടങ്ങുന്നു, സമാധാനമാകുന്നു.

**ശാന്തനവൻ**-ഭീഷ്മർ.

**ശാന്തം**-അ. പ്ര. മതി. വ. ഇനിവേണ്ട. ന. അങ്ങിനെയല്ല.

**ശാന്തശീലം**-സമാധാനശീലം.

**ശാന്താ**-ദശരഥന്റെ ഒരു പുത്രി.

അംഗരാജാവായ ലോമപാദന്റെ ദത്തുപുത്രി. ഋശ്യശൃംഗൻ വേളികഴിച്ചു.

**ശാന്താ**-പ്ര. നെല്ലി. വ. വന്നി. ന. അരേണുകം. ർ. കരിങ്കുറുക, ഒ. ചെറുവന്നി.

**ശാന്തി**-പ്ര. ശാന്തത. വ. സർവ്വസംഗനിവൃത്തി. ന. ഭാഗ്യം. ർ. ആശ്വാസം. ഒ. പൂജാകർമ്മം. ന്യ. ഭാരതത്തിലെ ഒരു പർവ്വം.

**ശാന്തിക്കാരൻ**-ക്ഷേത്രത്തിൽ പൂജകഴിക്കുന്നവൻ.

**ശാന്തിവിരുത്തി**-ശാന്തിക്കാരന്റെ ശമ്പളം.

**ശാന്തിവൃത്തി**-ശാന്തികൊണ്ടുള്ള ഉപജീവനം.

**ശാന്തിശതകം**-നൂറു ശ്ലോകങ്ങൾ അടങ്ങിയ ഒരു പുസ്തകം.

ഗ്രന്ഥകർത്താവ് ശ്രീ ശിഹ്ലൻ. മനശ്ശാന്തിയെക്കുറിച്ചുള്ളതാണ്.

**ശാന്ത്വം**-പ്ര. സാമം. വ. ആശ്വാസം.

**ശാപമോക്ഷം**-ശാപത്തിൽ നിന്നൊഴികം.

**ശാപഠിക**-മയിൽ.

**ശാപം**-പ്ര. പിരാക്ക്. വ. ആണ. ന. ശകാരം.

**ശാപഗ്രസ്തൻ**-ശാപത്തിനു പാത്രമായവൻ.

**ശാപിത**-വി. ശപിക്കപ്പെട്ട

**ശാപ്പാട്**-ഊണ്, ഭക്ഷണം.

**ശാപ്പാട്ടുരാമൻ**-ഭക്ഷണപ്രിയൻ.

**ശാഫരികൻ**-മുക്കവൻ.

**ശാഫിമാർ**-മാപ്പിളമാർ

**ശാബ(ക)ം**-മൃഗക്കുട്ടി.

ശാംബര-വി. ൧. ആഭാസമായ. ൨. നാഗരികത്വമില്ലാത്ത.

ശാംബരം-൧. പാച്ചോററി. ൨. കററം. ൩. പാപം.

ശാബ്ദികൻ-വൈയാകരണൻ.

ശാബ്ദീ-സരസ്വതി.

ശാംബൻ-സാംബൻ. (ഈ പദം നോക്കുക).

ശാംബരി-൧. ഇന്ദ്രജാലം. ൨. ആഭിചാരിണി, മന്ത്രവാദിനി.

ശാംബരികൻ-൧. ഇന്ദ്രജാലക്കാരൻ. ൨. ശംഖു കടയുന്നവൻ.

ശാം(ബൂ)കം-കക്ക.

ശാംഭവ-വി. ശംഭുവിനെ സംബന്ധിച്ച.

ശാംഭവൻ-൧. ശിവമതക്കാരൻ. ൨. ശിവൻെറ പുത്രൻ.

ശാംഭവം-൧. ഒരുവക വിഷം. ൨. ദേവതാരം. ൩. കൊക്കമന്താരം. ൪. കർപ്പൂരം. ൫. ഗുഗ്ഗുലു.

ശാംഭവീ-൧. പാർവ്വതി. ൨. കരിങ്കറുക.

ശാമനൻ-യമൻ.

ശാമനം-൧. കൊല, വധം. ൨. സമാധാനം. ൩. അവസാനം.

ശാമം-൧. അടക്കം. ൨. സാമം.

ശാമിത്രം-൧. ബലികഴിക്ക. ൨. നാൽക്കാലികളെ കെട്ടുക. ൩. യാഗത്തിന്ന് മൃഗങ്ങളെ കൊല്ലുക. ൪. ഒരു യാഗപാത്രം.

ശായകം-൧. അമ്പ്. ൨. വാള്.

ശായനം-ശയിക്കുക, ഉറങ്ങുക.

ശായിക-ഉറക്കം.

ശാര-വി. പലനിറമുള്ള.

ശാര-ഒരുവക നെല്ല്.

ശാരംഗം-൧. ആന. ൨. മാൻ. ൩. വേഴാമ്പൽ പക്ഷി. ൪. മയിൽ.

ശാരംഗി-ഒരു വാദ്യം.

ശാരദ-വി. ശരത്തിനെ സംബന്ധിച്ച.

ശാരദ-വി. ൧. പുതിയ. ൨. ശരൽക്കാലത്തുണ്ടായ. ൩. ലജ്ജയുള്ള. ൪. പ്രയാസമുള്ള.

ശാരദൻ-പ്രതിഭ എന്ന ബുദ്ധിവിശേഷമില്ലാത്തവൻ.

ശാരദം-൧. ഏഴിലമ്പാല. ൨. ശരൽക്കാലത്തെ വെയിൽ. ൩. വെള്ളത്താമര. ൪. ചെറുപയറ്. ൫. മോടൻനെല്ല്. ൬. ഇലഞ്ഞി. ൭. കരുവിക്കരിയ്യ്.

ശാരദാ-൧. സരസ്വതി. ൨. നറുനീണ്ടി. ൩. ഓരിലത്താമര. ൪. ദുർഗ്ഗ.

ശാരദി-൧. ഏഴിലമ്പാല. ൨. നീർത്തിപ്പലി. ൩. ബ്രഹ്മി. ൪. നറുനീണ്ടി.

ശാരദിക-൧. ഇലഞ്ഞി. ൨. വയൽവെള്ളരി.

ശാരദ്വതൻ-ശരദ്വാൻ എന്ന മുനിയുടെ പുത്രൻ. (കൃപൻ എന്നതു നോക്കുക).

ശാരൻ-൧. വായു. ഹിംസിക്കുന്നതു് എന്നർത്ഥം. ൨. ചതുരംഗത്തിൻെറ കാലാൾ.

ശാരി-൧. ചതുരംഗത്തിനും മററുമുള്ള ചില കരുവ്, ചൂതു്. ൨. കിളി, പഞ്ചവർണ്ണക്കിളി.

ശാരിക-പഞ്ചവർണ്ണക്കിളി.

ശാരിഫലം-ചൂതുപലക.

ശാരിബ-ഒരു മരുന്നു്, നറുനീണ്ടി.

ശാരിയാവു്-സാരി-നിറംകാച്ചിയ ഉത്തരീയം, ചുവന്ന മേൽമുണ്ടു്.

ശാരിശി-അണിവെടി.

ശാരീര-ശരീരത്തെ സംബന്ധിച്ച.

ശാരീരം-കാള.

ശാർക്കര-വി. ചരലുള്ള.

ശാക്കരം-പു. കാള. ഉ. പഞ്ചസാരകൊണ്ടുണ്ടാക്കിയ മദ്യം. ന. ചുക്കാൻകല്ലുകൊണ്ടുകൂടിയ ദേശം മുതലായതു്.

ശാർങ്ഗധന്വാവ്-വിഷ്ണു.

ശാർങ്ഗധരൻ-വിഷ്ണു.

ശാർങ്ഗൻ-വില്ലുധരിക്കുന്നവൻ.

ശാർങ്ഗപാണി-വിഷ്ണു.

ശാർങ്ഗഭൃത്ത്-വിഷ്ണു.

ശാർങ്ഗം-പു. വിഷ്ണുവിന്റെ വില്ലു്. ഉ. ഇഞ്ചി.

ശാർങ്ഗി-വിഷ്ണു. ശാർങ്ഗം എന്ന വില്ലുള്ളവൻ എന്നർത്ഥം. (ശൃംഗത്തിന്റെ വികാരം = ശാർങ്ഗം).

ശാർങ്ഗേഷ്ടാ-വലിയ ഉങ്ങു്.

ശാർദ്ദൂലം-പു. പുലി. ഹിംസിക്കുന്നവനും ദുഃഖിപ്പിക്കുന്നവനും എന്നർത്ഥം. ഉ. കടുവാ. ന. കൊടുവേലി. ദ. എട്ടടിമാൻ.

ശാർദ്ദൂലവിക്രീഡിതം- പു. വൃത്തങ്ങളിൽ ഒന്നു്. പാദത്തിൽ ൧൯ അക്ഷരം കാണും.

ഉ-ം, 'വന്നാലായതിനുള്ളുപേരുപറയാം ശാർദ്ദൂലവിക്രീഡിതം'

ഉ. കടുവാക്കളി.

ശാർദ്ദൂലൻ-ഒരു രാക്ഷസൻ.

ശാർവ്വര-വി. ക്രൂരതയുള്ള.

ശാർവ്വരം-ഇരുട്ടു്, കൂരിരുട്ടു്.

ശാർവ്വരി-രാത്രി.

ശാല-പു. രംഗസ്ഥലം. ഉ. വലിയ മുറി. ന. വീടു്. ദ. വൃക്ഷത്തിന്റെ വലിയ കൊമ്പു്.

ശാലൻ-സാലിവാഹനൻ എന്ന രാജാവു്

ശാലഗ്രാമം- വിഷ്ണുവിന്റെ പ്രതിമയാണെന്നുവച്ചു് വൈഷ്ണവർ വന്ദിക്കുന്ന ഒരുവക കല്ലു്.

ശാലം-പു. ഒരുവക മത്സ്യം. ഉ. മരുതുമരം. ന. ആയിനി. ദ. വൃക്ഷം.

ശാലാകൻ-പാണിനി.

ശാലാവൃകം, സാലാവൃകം-പു. പട്ടി. ഉ. ചെന്നായ്. ന. മാൻ. ദ. പൂച്ച. ഇ. കുറുക്കൻ. ന്ന. കുരങ്ങു്.

ശാലി-പു. ഒരുവക ധാന്യം. ഉ. ചെറുവരിക്. ന. ചെന്നെല്ലു്.

ശാലികൻ-നെയിത്തുകാരൻ.

ശാലിയൻ-ചാലിയൻ.

ശാലിനി-പു. നെല്ലു്. ഉ. വൃത്തങ്ങളിൽ ഒന്നു്. (പാദത്തിൽ ൧൧ അക്ഷരം വീതം). ഉ-ം,

'വർണ്ണംചേരുംബാലികേശാലിനിയ്ക്കു്"

ശാലിനീന്യായം-ഒരു ന്യായം.

"അരി മുതലായതു മുറത്തിലിട്ടു ചേറുമ്പോൾ ഒരിടത്തുള്ളതു മറ്റൊരിടത്തേയ്ക്കും അവിടെയുള്ളതു് ഇങ്ങോട്ടും നീങ്ങുന്നു. എങ്ങോട്ടെങ്കിലും മാറാമെന്നർത്ഥം. സന്ദർഭം സ്പഷ്ടം."

ശാലിപർണ്ണി-മുവില.

ശാലിപിഷ്ടം-സ്ഫടികം.

ശാലിവാഹനൻ-മലയാളത്തിലെ ഒരു രാജാവു്.

വിക്രമാദിത്യന്റെ ശത്രുവായ ഒരു ക്ഷേത്രത്തിലെ ഒരു രാജാവാണു്. കരൂർ യുദ്ധത്തിൽവെച്ചു കൊല്ലപ്പെട്ടു.

ശാലിഹോത്രൻ-ഒരു ഗ്രന്ഥകർത്താവു്.

ഇദ്ദേഹം അശ്വചികിത്സയെക്കുറിച്ചു ഒരു പുസ്തകം എഴുതീട്ടുണ്ടു്.

ശാലിഹോത്രം-കുതിര.

ശാലീന-വി. ലജ്ജയുള്ള. (ശാലീനത = ലജ്ജാഭാവം).

ശാലീനം-പു. സാഹിത്യസാമ്രാജ്യപ്രകാരം രീതികളിൽ ഒന്നു്. ഉ. താമരക്കിഴങ്ങു്. ന. കാട്ടുശതകുപ്പ. ദ. ശതകുപ്പ.

ശാലീനത-ലജ്ജ.

ശാലു-പു. താമരക്കിഴങ്ങ്, വ. അടവിക്കച്ചോലം, ന. തവള.

ശാലു(ലൂ)കം-താമരക്കിഴങ്ങ്.

ശാലുവ, ശാലവാ, സാലവാ-പട്ടക്കാരുടെ ഒരുവക മേൽക്കുപ്പായം. ഉണ്ട്.

ശാലൂകം-പു. ആമ്പൽകിഴങ്ങ്. വ. ജാതിക്ക.

ശാലൂരം-പു. തവള. വ. താമരക്കിഴങ്ങ്.

ശാലേയ-വി. ശാലി വിളയുന്ന.

ശാലേയം-പു. കണ്ടിവെണ്ണ. വ. കാട്ടുശതകുപ്പ. ന. വിളഭൂമി.

ശാല്മലി-പു. ഇലവ്, ഇലവിൻപശ. വ. പാതാളത്തിലെ ഒരു നദി. ന. സപ്തദ്വീപുകളിൽ ഒന്ന്.

ശാല്മലിപ്രിയം-തത്ത.

ശാല്മലീകന്ദം-ഒരു വൃക്ഷം.

ചുട്ടുനീറൽ, മെലിവു മുതലായവയെ ശമിപ്പിക്കും. ഈ വൃക്ഷം ചെറുതായിരിക്കുമ്പോളല്ലാതെ വലുതായാൽ കിഴങ്ങു കാണുന്നതല്ല.

ശാല്മലീവേഷ്ട(ക)ം-ഇലവിൻപശ.

ശാല്യന്നം-നെല്ലരിച്ചോറ്, ശാലിയുടെ അരികൊണ്ടുണ്ടാക്കിയ ചോറ്.

ശാല്യം-ശാലിവിളയുന്ന സ്ഥലം.

ശാവ-വി. കരാൽനിറമുള്ള.

ശാവകം-ജീവജന്തുക്കളുടെ കുഞ്ഞുങ്ങൾ.

ശാവം-പു. കരാൽനിറം. വ. പുല.

ശാവരം-പാച്ചോററി.

ശാവരഭേദാക്ഷം-ചെമ്പ്.

ശാവരി-നായിക്കരണ.

ശാവലം-പു. കരിമ്പായൽ. വ. ചേലയം.

ശാശ്വത-വി. നിത്യമായുള്ള, എന്നുമുള്ള.

ശാശ്വത-ഭൂമി.

ശാശ്വതൻ-പു. നിത്യൻ. വ. വ്യാസൻ. ന. ശിവൻ. ൪. ആദിത്യൻ.

ശാശ്വതം-പു. ആകാശം. വ. നിത്യമായുള്ളത്.

ശാശ്വതം-അ. നിത്യമായിട്ട്, എന്നെന്നേക്കും.

ശാശ്വതി-ഭൂമി.

ശാഷ്കുല-വി. മാംസം ഭക്ഷിക്കുന്ന.

ശാഷ്കുലികം-ഇറച്ചി ചേർത്തുണ്ടാക്കിയ പലഹാരം.

ശാസകൻ-ശാസനകർത്താവ്.

ശാസനൻ-പു. ശിക്ഷിക്കുന്നവൻ. വ. കൊല്ലുന്നവൻ.

ശാസനം, ശാസന-പു. കല്പന. വ. ശിക്ഷ. ന. ഉടമ്പടി. ൪. രാജപദവി. ൫. ഭരിക്ക, രക്ഷിക്ക.

ശാസം-സ്തുതി.

ശാസനീയ-ശാസിക്കത്തക്ക.

ശാസിക്കുന്നു-പു. ശിക്ഷിക്കുന്നു. വ. കല്പിക്കുന്നു. ന. രക്ഷിക്കുന്നു. ൪. ഉപദേശിക്കുന്നു.

ശാസിത-വി. പു. കല്പിക്കപ്പെട്ട. വ. ഭരിക്കപ്പെട്ട. ന. ശിക്ഷിക്കപ്പെട്ട.

ശാസിതാവ്-ശാസനകർത്താവ്.

ശാസിതൃ, ശാസ്തൃ-വി. ശാസിക്കുന്ന.

ശാസ്താൻപാട്ട്-ഒരു പഴയ പാട്ട്.

കൊല്ലവർഷാരംഭത്തിനു മുമ്പുണ്ടായതാണ്. തെക്കൻദിക്കുകളിൽ 'നമ്പ്യാർപാട്ട്' എന്നും പറയും. ഈ പാട്ടു പ്രധാനമായി അയ്യപ്പൻകാവുകളിലും വീടുകളിലുംവച്ചു നടത്താറുണ്ട്.

ശാസ്താവ്-ഒരു ദേവൻ.

ശാസ്തി-പു. ശാസന, ആജ്ഞ. വ. അധികാരം. ന. ശിക്ഷ.

**ശാസ്ത്രകൃൽ**-ശാസ്ത്രമുണ്ടാക്കിയ മഹൎഷിമാരും മററും.

**ശാസ്ത്രക്കളി**-യാത്രക്കളി. (ഈ ശബ്ദം നോക്കുക).

**ശാസ്ത്രചക്ഷുസ്സ്**-വ്യാകരണം.

**ശാസ്ത്രജ്ഞ**-വി. ശാസ്ത്രത്തെ അറിയുന്ന.

**ശാസ്ത്രം**-നിരുക്തം, വ്യാകരണം, തൎക്കം, മീമാംസ, കാമശാസ്ത്രം, ജ്യോതിശ്ശാസ്ത്രം, വേദാന്തശാസ്ത്രം, ധൎമ്മശാസ്ത്രം, ശില്പിശാസ്ത്രം മുതലായവ.

**ശാസ്ത്രവിൽ**-വി. ശാസ്ത്രത്തെ അറിയുന്ന.

**ശാസ്ത്രവിദ്യ**-ശാസ്ത്രമാകുന്ന വിദ്യ.

**ശാസ്ത്രാംഗം**- ജ്യോതിശ്ശാസ്ത്രം, ഗണിതശാസ്ത്രം.

**ശാസ്ത്രി**-൧. ശാസ്ത്രം പഠിച്ചവൻ. ൨. വലിയ വിദ്വാൻ.

**ശാസ്ത്രീയ**-വി. ശാസ്ത്രസംബന്ധമായ.

**ശാസ്ത്രീയം**-സാഹിത്യസാഹ്യപ്രകാരം രണ്ടുവിധം വൎണ്ണനങ്ങളുള്ളതിൽ ഒന്ന്. (ഇതു അറിവിനുവേണ്ടി ചെയ്യുന്നതു്).

**ശാസ്ത്രോക്തം**-ശാസ്ത്രങ്ങളിൽ വിധിക്കപ്പെട്ടതു്.

**ശാസ്യ**-വി. ശാസിക്കത്തക്ക.

## ശി

**ശിഃ**-ശിവൻ.

**ശിക്യ**-൧. ഉറി. ൨. തുലാസിന്റെ ചരട്. ൩. ഉറികെട്ടിക്കൊണ്ടുപോകുന്ന ചുമട്.

**ശിക്യിത**-വി. ഉറിയിൽ വയ്ക്കപ്പെട്ട.

**ശിക്യം**-ഉറി, കാവുതണ്ടിന്മേൽ തൂങ്ങിക്കിടക്കുന്ന ഉറി. തൂങ്ങിക്കിടക്കുന്നതു് എന്നൎത്ഥം.

**ശിക്കാർ**-നായാട്ട്.

**ശിക്ത(ക)ം**-മെഴുക്.

**ശിക്ഷ**-൧. അഭ്യാസം, പഠിത്തം. ൨. കുററവിധി. ൩. ആറുവേദാംഗങ്ങളിൽ ഒന്ന്. ൪. കൊല.

**ശിക്ഷകൻ**-൧. വിദ്യാഭ്യാസി. ൨. പഠിപ്പിക്കുന്നവൻ.

**ശിക്ഷണം**-ശാസനം, പഠിത്തം.

**ശിക്ഷമാണൻ**-ശിഷ്യൻ, പഠിക്കുന്നകുട്ടി

**ശിക്ഷയാകുന്നു**-ഒതുങ്ങുന്നു, വെടിപ്പാകുന്നു. (സ. ക്രി. ശിക്ഷയാക്കുന്നു).

**ശിക്ഷാകരൻ**-൧. ഉപാധ്യായൻ. ൨. വ്യാസൻ.

**ശിക്ഷാനരൻ**-ഇന്ദ്രൻ.

**ശിക്ഷാരക്ഷ**-ശിക്ഷയും രക്ഷയും.

**ശിക്ഷാശക്തി**-൧. ബുദ്ധി. ൨. മിടുക്ക്

**ശിക്ഷിക്കുന്നു**-൧. പഠിപ്പിക്കുന്നു, ഗുണദോഷിക്കുന്നു, ൨. അടിക്കുന്നു. ൩. കൊല്ലുന്നു ൪. കുററംചെയ്തതായിതെളിഞ്ഞാൽ തടവിലാക്കുന്നു, പിഴവിധിക്കുന്നു, തൂക്കിലിടുക മുതലായവ ചെയ്യുന്നു.

**ശിക്ഷിത**-വി. ൧. വിദഗ്ദ്ധതയുള്ള. ൨. ഇണങ്ങിയ. ൩. പഠിച്ച, അഭ്യസിക്കപ്പെട്ട. ൪. ശിക്ഷിച്ച.

**ശിക്ഷിതാവ്** - ശിക്ഷിക്കുന്നവൻ, ശാസിതാവ്, പഠിപ്പിക്കുന്നവൻ.

**ശിഖണ്ഡകം**-൧. പിറപ്പുമയിർ, ൨. കുടുമ. ൩. മയിൽപ്പീലി.

**ശിഖണ്ഡഃ**-൧. മയിൽപ്പീലി. ൨. കുടുമം.

**ശിഖണ്ഡി**-൧. ദ്രുപദരാജാവിന്റെ ഒരു പുത്രൻ. (അംബ, ഭീഷ്മർ ഈ പദങ്ങൾ നോക്കുക) ൨. മയിൽ. ൩. കോഴി. ൪. ചെമന്നകുന്നി. ൫. മഞ്ഞക്കുവമുഴി.

**ശിഖണ്ഡികം**-കോഴി.

**ശിഖണ്ഡിനി**-൧. കറമുഴി. ൨. ചെമന്ന കന്നി. ൩. വിചിത്രവീൎയ്യന്റെ ഭാൎയ്യയായി ഭീഷ്മർ തിരഞ്ഞെടുത്ത 'അംബ' എന്നവൾ. ൪. ദ്രുപദപുത്രി.

**ശിഖരം**-൧. കൊടുമുടി. ൨. വൃക്ഷത്തിന്റെ അഗ്രം. ൩. വാളിന്റെ വക്ക്.

**ശിഖരവാസിനി**-ദുൎഗ്ഗ.

**ശിഖരി**-൧. പൎവ്വതം. ൨. വൃക്ഷം. ൩. വലിയ കടലാടി. ൪. ഇത്തിക്കണ്ണി. ൫. കല്ലൂർകാഞ്ഞി. ൬. കലമാൻ. ൭. പാച്ചോററി. ൮. കൎക്കിടകശൃംഗി. ൯. മുഷ്കകവൃക്ഷം. ൧൦. കുന്തുരുക്കം.

**ശിഖരിണി**-൧. കവിതയിൽ ഒരു വൃത്തം. (പാദത്തിൽ ൧൭ അക്ഷരം വീതം കാണും. ഉ-ം, 'ധരാധരകചഭരായീരേനതാംഗി
വൃഥാചിക്കാഹോ'
൨. ഉത്തമസ്ത്രീ.

**ശിഖാ**-൧. അഗ്രം. ൨. കിരീടം. ൩. മയിൽകുടുമ. ൪. കുടുമ. ൫. ജ്വാല. ൬. രശ്മി. ൭. വിട്ടുവേരുള്ള കൊമ്പ്. ൮. കൊമ്പ്. ൯. പ്രധാനം. ൧൦. മേത്തോന്നി. ൧൧. മയിലാംശിക. ൧൨. മഞ്ചി.

**ശിഖാഗ്നി**-ഉയൎന്നു കത്തുന്ന അഗ്നി.

**ശിഖാധരം**-മയിൽ.

**ശിഖാമണി**-ചൂഡാരത്നം.

**ശിഖാലംബി**-വി. ശിഖയിൽതൂങ്ങുന്ന.

**ശിഖാവതി**-പെരുംകുരുമ്പ.

**ശിഖാവരം**-പ്ലാവ്.

**ശിഖാവളം**-മയിൽ.

**ശിഖാവാൻ**-൧. അഗ്നി. ൨. കൊടുവേലി.

**ശിഖി**-വി. ശിഖയുള്ള.

**ശിഖി**-൧. മയിൽ. ൨. അഗ്നി. ൩. കാള. ൪. കുതിര. ൫. വൃക്ഷം. ൬. കേതു. ൭. കൊടുവേലി. ൮. കോഴി. ൯. അമ്പ്. ൧൦. ഉലുവം. ൧൧. നീരാരൽ.

**ശിഖിഗ്രീവം**-൧. മയൂരഗ്രീവവൎണ്ണാഞ്ജനം. ൨. തുരിശു, തുത്ഥാഞ്ജനം.

**ശിഖിപിഞ്ഛം**-മയിൽപീലി.

**ശിഖിപിഞ്ഛശേഖരൻ**-കൃഷ്ണൻ.

**ശിഖിയൂപം**-ലാവ്.

**ശിഖിവാഹനൻ**-സുബ്രഹ്മണ്യൻ.

**ശിഗ്രുഡി**-പൃഥുക്ഷുപവൎഗ്ഗത്തിൽപെട്ട ഒരു ഔഷധി.
ഗുല്മത്തെ ശമിപ്പിക്കും സം-ശിഗ്രുഡി.

**ശിഗ്രു**-൧. മുരിങ്ങ ൨. ചീര.

**ശിഗ്രുജം**-൧. മുരിങ്ങക്കാ. ൨. വെളുത്ത മുളക്.

**ശിഗ്രുബീജം**-വെളുത്തമുളക്.

**ശിങ്ക**-പതിര്.

**ശിങ്കാരം, ചിങ്കാരം**-അലങ്കാരം.

**ശിങ്കി**-ഒരുവക ജന്തിക്കാർ.

**ശിങ്കിളം**-൧. ലങ്ക. ശിങ്കിളരാഷ്ട്രം. ൨. ഒരുമാതിരി കരങ്ങ്.

**ശിങ്കികളി**-കാക്കാലന്മാരുടെ ഒരുമാതിരി കളി.

**ശിങ്കികളിക്കുക**-൧. വിഡ്ഢിയാവുക. ൨. ചതിയിലകപ്പെടുക. ൩. വശംവദനാവുക.

**ശിങ്കികളിപ്പിക്ക** -൧. വിഡ്ഢിയാക്കുക ൨. ചതിയിലകപ്പെടുത്തുക. ൩. വശംവദനാക്കുക.
'ശിങ്കകളിപ്പിക്ക' എന്നും കാണുന്നു.
ഉ-ം, 'പങ്കജബാണനശേഷംനൃപന്മാരെ
ശിങ്കകളിപ്പിക്കുന്നൊരു-'
(രുക്മിണീസ്വയംവരം തുള്ളൽ)

**ശിംഘാണം**-൧. ഇരിമ്പിൻകിട്ടം. (പഴകിയതു്) ൨. നര, പത. ൩. കണ്ണാടിപാത്രം.

ശിഞ്ജം-ആഭരണങ്ങളുടെ നാദം.

ശിഞ്ജാനം-കിലുങ്ങുന്നത്.

ശിഞ്ജി-വി. കിലുങ്ങുന്ന, ചിലമ്പുന്ന.

ശിഞ്ജിതം-ആഭരണങ്ങളുടെശബ്ദം

ശിഞ്ജിനീ-ന്ത്രീ. ഞാൺ. വ. കാലാഴി.

ശിത-വി. ന്ത്രീ. മൂർച്ചകൂട്ടിയ. വ. കൃശമായ. ക്ഷീണതയുള്ള.

ശിതദ്രു-ഒരാറ്. (Sutlej).

ശിതശൂകം-ന്ത്രീ. യവധാന്യം. വ. ഗോതമ്പ്.

ശിതി-വി. ന്ത്രീ. കറുപ്പുനിറമുള്ള. വ. വെളുത്തനിറമുള്ള.

ശിതി-ന്ത്രീ. കറുപ്പ്. വ. വെളുപ്പ്. ന. നീരാരൽ.

ശിതികണ്ഠൻ-ശിവൻ. കറുപ്പുനിറമുള്ള കണ്ഠത്തോടുകൂടിയവൻ.

ശിതികണ്ഠം-മത്ത്.

ശിതിച്ഛദം-അരയന്നം.

ശിതിവാസസ്സ്-ബ്രഹ്മാവ്.

ശിതിസാരകം-പനിച്ചി.

ശിഥില-വി ന്ത്രീ. അയഞ്ഞ. വ. പഴകിയ. ന. ബലക്ഷയമുള്ള. ര. നിസ്സാരമായുള്ള. ഉ. തളർന്ന.

ശിഥിലത-ന്ത്രീ. അയവ്. വ. ബലക്ഷയം. ന. നിസ്സാരം.

ശിഥിലം-ങ, ഞ, ണ, ന, മ, എന്ന അനുനാസികങ്ങൾക്കും യ, വ, ര, ല എന്ന മദ്ധ്യമങ്ങൾക്കും ഉള്ള പേർ.

ശിനി-സാത്യകിയുടെ പിതാവിന്റെ പിതാവ്. (യദുകുലത്തിൽപ്പിറന്നവനാണ്).

സാത്യകിയുടെ പിതാവു സത്യകൻ.

ശിപായി, ശിപ്പായി, ശിവായി-ശേവുകക്കാരൻ. (പേർഷ്യൻഭാഷ).

ശിപാശ്, ശുപാശ്ശ- അന്യന്നുവേണ്ടി കാര്യം സാധിക്കുവാനായി അനുകൂലിച്ചു പറക എന്നത്. (പേർഷ്യൻഭാഷ).

ശിപി-ന്ത്രീ. ചർമ്മം. വ. പശു. ന. ജലം.

ശിപിവിഷ്ടൻ-ന്ത്രീ. കഷണ്ടിത്തലയൻ. ശിപിയിൽ (ചർമ്മത്തിൽ) വിഷ്ടം (രോഷം) ഉള്ളവൻ എന്നർത്ഥം. വ. ത്വഗ്ദോഷി. ന. ശിവൻ. ര. വിഷ്ണു.

ശിപ്പി-മുത്തുശിപ്പി.

ശിഫാ-ന്ത്രീ. നദി. വ. മാഞ്ചി. ന. ശതകുപ്പ. ര. താമരക്കിഴങ്ങ്. ഉ. മഞ്ഞൾ. ഊ. മാതാവ്.

ശിഫാകന്ദം-താമരക്കിഴങ്ങ്.

ശിഫം-വിട്ടുവേരുള്ള കൊമ്പ്.

ശിബി-ഒരു ചക്രവർത്തി.

പുരാണപ്രസിദ്ധനായ ശിബിചക്രവർത്തിയെപ്പറ്റി കേട്ടിട്ടില്ലാത്തവർ ചുരുക്കമാണല്ലോ. കുടലർകലകാലനായ ശിബി കാടും, മലയും, കുന്നും, കുഴിയും, നാടും, കടലും വകവയ്ക്കാതെ കണ്ടു തേരിൽകേറി ഭൂപ്രദക്ഷിണംചെയ്തു ശത്രുക്കളെ വെന്നു പാരെല്ലാം കീഴടക്കി ഭരിച്ചുവന്നു. അദ്ദേഹം പല യജ്ഞങ്ങളും ചെയ്തു. അനവധി സമ്പത്തുനേടി. അശ്വമേധാദിയാഗങ്ങൾ ചെയ്തു കൈയും കണക്കുമില്ലാതെ ദ്രവ്യദാനം ബ്രാഹ്മണർക്ക് നൽകി. ഒടുവിൽ സായൂജ്യം അടഞ്ഞു. ഇദ്ദേഹം യയാതിയുടെ ദൌഹിത്രൻ ഭോജപുരരാജാവായിരുന്നു. അഗ്നി പ്രാവായും, ഇന്ദ്രൻ പരുന്തായും വേഷം മാറിച്ചെന്നു എന്നും പ്രാവിനു അഭയം കൊടുത്തതിൽവെച്ചു ശിബി തന്റെ ദേഹത്തെപ്പോലും കളവാൻ തയ്യാറായി എന്നുമുള്ള കഥ പ്രസിദ്ധം.

ശിബികാ-പല്ലക്ക്.
ശിബിരം-പു. യുദ്ധോപകരണസാമഗ്രി, പാടക്കട്ടി. വ. രാജപാളയം. ന. കാവൽ. ൪. ഒരുവക ധാന്യം.
ശിംബ-ധാന്യപ്പട്ടിൽ, പയറുമുതലായതിന്റെ മണികളിലിരിക്കുന്ന തൊണ്ട്. ഉണങ്ങുന്നതു് എന്നർത്ഥം.
മാഷാദിഫലത്തിന്റെ പേർ എന്നു ബാലപ്രിയ.
ശിംബി-പു. ഒരുവക ധാന്യം. വ. അവര. ന. നായിക്കൊരുണ. ൪. പെരുഞ്ചെണ്ടിപ്പയറ്. ൫. കാട്ടുപയറ്.
ശിംബിധാന്യം-ചെറുപയറ മുതലായവ (കോശ്ചിലിൽ വിളയുന്നവ).
ശിംശപ-ഇരുപ്പൂമരം, ഇരുമുള്ളുമരം.
ശിംശുമാരം-പു. കടലാന. വ. മുതല. ന. നീർക്കരങ്ങ്.
ശിര-ഞരമ്പു്, സിര.
ശിരഃഛേദം, ശിരഃഛേദനം-തലവെട്ടുക.
ശിരജം-തലമുടി.
ശിരം-തല.
ശിരഃകമ്പനം-തലകലുക്കൽ, സമ്മതം.
ശിരഃഫലം-തെങ്ങ്.
ശിരഃസ്താപം-തലവേദന, തലക്കുത്ത്.
ശിരസ്കം-പു. തലക്കോരിക. വ. തൊപ്പി. ന. തലപ്പാവ്.
ശിരസ്ത്രാണം-പു. തലക്കോരിക വ. തലപ്പാവ്.
ശിരസ്സ്-പു. തല. വ. വൃക്ഷത്തിന്റെ അഗ്രം. ന. മുൻപട. ൪. പ്രമാണി.
ശിരസിലിഖിതം, ശിരോലിഖിതം-തലയിലെഴുത്ത്.
ശിരസ്ഥ-ഒരു ഉദ്യോഗത്തിന്റെ പേര്. (പെഷ്യൻഭാഷ).
ശിരസ്ഥദാർ-ഒരുദ്യോഗസ്ഥന്റെ പേർ.
ശിരസ്ഥൻ- കണക്കെഴുത്തുകാരിൽ ഒരു പ്രമാണി, പ്രധാനി.
ശിരസ്യം-വിടുത്തി നന്നാക്കിയ തലമുടി.
ശിരാവൃത്തം-കാരീയം.
ശിരി-പു. വാൾ. വ. അമ്പ്. ന. കൊല്ലുന്നവൻ.
ശിരീഷം-ഒനാന്നിവാകമരം.
ശിരോഗൃഹം-മാളിക.
ശിരോധരം-കഴുത്ത്.
ശിരോധി-കഴുത്ത്.
ശിരോപീഡ-തലവേദന.
ശിരോമണി, ശിഖാമണി-തലയിലലങ്കരിക്കുന്ന രത്നം, മുടിമണി.
ശിരോമർമ്മാ-പന്നി.
ശിരോരത്നം-ശിരോമണി.
ശിരോരുക്ക്-പു. തലക്കുത്ത്. വ. ശിരോരോഗം. ന. ഏഴിലമ്പാല.
ശിരോരുജാ-തലവേദന.
ശിരോരുഹം-തലമുടി.
ശിരോരോഗം-തലയിലുണ്ടാകുന്ന ദീനം.
ശിരോലങ്കാരം- തലയിൽ അലങ്കരിക്കുന്ന മാലയും മററും.
ശിരോലിഖിതം, ശിരസിലിഖിതം-തലയിലെഴുത്ത്, വിധിബലം.
ശിരോവല്ലി-മയിൽക്കുടുമ.
ശിരോവൃത്തം-മുളക്.
ശിരോവേഷ്ടനം-പു. തലപ്പാവ്. വ. തൊപ്പി.
ശിരോവേഷ്ടി-തൊപ്പി.
ശിരോസന്ധി-തലയോട്ട്.

**ശില**-൧. കല്ല്. ൨. പാറ. ൩. മനയോല. ൪. കപ്പൂരം ൫. കാവിമണ്ണ്. ൬. കന്മദം.

**ശിലന്ധ്രാ**-കൂൺ.

**ശിലം**-കാലാപെറുക്കുക. കൊയ്തുകഴിഞ്ഞു ഉടമസ്ഥൻ പോയാൽപിന്നെ ആ കണ്ടത്തിൽ കൊഴിഞ്ഞുകിടക്കുന്ന കതിരും നെന്മണിയും പെറുക്കിയെടുത്തു അതുകൊണ്ടു ഉപജീവിക്കുക.

**ശിലാചയം**-കല്ലുകളുടെ കൂട്ടം.

**ശിലാജം**-൧. ഇരിമ്പ്. ൨. ശൈലേയം.

**ശിലാജതു, ശിലാജിൽ**-കന്മദം, പാറകളിൽനിന്നു പ്രവഹിക്കുന്ന ഒരു ദ്രവം.

**ശിലാത്മജം**-ഇരിമ്പ്.

**ശിലാത്മിക**-തീച്ചൂള.

**ശിലാധാതു**-പൊൻകാവി.

**ശിലാപുഷ്പം**-൧. കന്മുരുക്കമരം. ൨. ശൈലേയം.

**ശിലാമയ**-വി. കല്ലുകൊണ്ടുള്ള, കല്ലുകൊണ്ടു ചമച്ച.

**ശിലായു**-ഒരു രോഗം.

കഴുത്തിൽ കഫരക്തങ്ങൾ ഹേതുവായിട്ടു നെല്ലിക്കാക്കുരു പ്രമാണത്തിൽ ഉറച്ചിട്ടും അധികമായ വേദനയോടുകൂടിയും മുഴയുണ്ടാകും. അതു നിമിത്തം ഭക്ഷണത്തിനു തടവും ഭവിക്കും. ശിലായു എന്നു പേരോടുകൂടിയ ആ രോഗം ശസ്ത്രസാദ്ധ്യമാകുന്നു.

**ശിലാരസം**-കന്മുരുക്കം.

**ശിലാരംഭാ**-മരവാഴ.

**ശിലാലേഖനം**-കല്ലിന്മേൽ കൊത്തിയിട്ടുള്ള എഴുത്തു്.

**ശിലാസാരം**-ഇരിമ്പ്.

**ശിലിന്ദമത്സ്യം**-കല്ലടപ്പരൽ.

മാംസം വാതപിത്തങ്ങളെ ശമിപ്പിക്കും.

**ശിലീ**-൧. കട്ടള. ൨. കട്ടളയുടെ മേല്പടി. ൩. ഞാഞ്ഞൂൽ.

**ശിലീന്ധ്രം**-൧. കൂൺ. ൨. വാഴയുടെ പൂവ്.

**ശിലീമുഖം**-൧. വണ്ട്. ൨. അമ്പ്.

**ശിലേയ**-വി. കല്ലുപോലെയുള്ള.

**ശിലേയം**-൧. കന്മുരുക്കമരം. ൨. ശൈലേയകം.

**ശിലോച്ചയം**-പർവതം.

**ശിലോത്ഭവം**-സ്വർണ്ണം.

**ശില്പകാരൻ**-സൂത്രപ്പണിക്കാരൻ.

**ശില്പകാരിക**-സൂത്രപ്പണിയുള്ളവൾ.

**ശില്പക്രിയ**-ശില്പകർമ്മം.

**ശില്പം**-൧. സന്തോഷം. ൨. സൂത്രപ്പണി, കൊത്തുപ്പണി. ൩. ഭംഗി. ൪. അടിയന്ത്രം, ആഘോഷം. ൫. രൂപം. ൬. സൃഷ്ടി, നിർമ്മാണം. ൭. നല്ല പണിത്തരം.

**ശില്പവേല**-സൂത്രപ്പണിക്കാരന്റെ വേല.

**ശില്പശാല, ശില്പിശാല**-പണിപ്പുര.

**ശില്പാശാരി**—കൌശലപ്പണി നല്ലവണ്ണം വശമുള്ള ആശാരിയോ തട്ടാനോ മറ്റോ.

**ശില്പി**-സൂത്രപ്പണിക്കാരൻ, കരകൌശലക്കാരൻ, കൊത്തുപണിക്കാരൻ.

ദേവശില്പി—വിശ്വകർമ്മാവ്.

അസുരശില്പി—മയൻ.

കേരളത്തിലെ ജാതികളുടെ പട്ടിക പ്രകാരം ശില്പികൾ 6 വിധം—1. ആശാരി. 2. കല്ലാശാരി. 3. മൂശാരി. 4. തട്ടാൻ. 5. കൊല്ലൻ. 6. ഇരുമ്പുകൊല്ലൻ.

ശില്പീ— മറ്റൊരു പര്യായം— കാരു. ൨-ം ചിത്രകാരാദികളുടെ പേരെന്നു 'ബാലപ്രിയ' പറയുന്നു.

ശില്പിനി-ചിത്രമെഴുത്തിലും മററും സാമത്ഥ്യമുള്ളവൾ.

ശില്പിശാസ്ത്രം-തച്ചുശാസ്ത്രം.

ശില്പിശാസ്ത്രി-തച്ചുശാസ്ത്രക്കാരൻ.

ശിവ-വി. ശുഭതയുള്ള.

ശിവ-പശുവിനെ കെട്ടുന്ന കയറ്.

ശിവക്ഷേത്രം-ശിവന്റെ അമ്പലം.

ശിവൻ- പരമേശ്വരൻ. മംഗളസ്വരൂപൻ എന്നർത്ഥം.

ത്രിമൂർത്തികളിൽ ഒന്ന്. തമോഗുണമൂർത്തിയാണ്. വേദത്തിൽ രുദ്രൻ എന്ന പേരാണ കാണുന്നത്. ശിവന ൫ മുഖങ്ങളും ൪ കൈയും മൂന്ന കണ്ണുമുണ്ട്. കാമനെ നെററിക്കണ്ണിലെ തീയിൽ ഭസ്മമാക്കിയതും, കാലനെ വധിച്ചതും, ദക്ഷന്റെ മദം അടക്കിയതും മററും സുപ്രസിദ്ധങ്ങളാണ്. ആഭരണങ്ങൾ സർപ്പങ്ങളാകുന്നു. മുണ്ഡമാലയും ധരിച്ചിട്ടുണ്ട്. ഭാര്യ-പാർവ്വതി, പിനാകം തന്റെ ത്രിശൂലം, ധനസ്സ്-അജഗവം, ശര-ഖട്വാംഗം, കാള-നന്ദി.

പര്യായങ്ങൾ-ശംഭു, ഈശൻ, പശുപതി, ശിവൻ, ശൂലി, മഹേശ്വരൻ, ഈശ്വരൻ, ശർവ്വൻ, ഈശാനൻ, ശങ്കരൻ, ചന്ദ്രശേഖരൻ, ഭൂതേശൻ, ഖണ്ഡപരശു, ഗിരിശൻ, ഗിരീശൻ, മൃഡൻ, മൃത്യുഞ്ജയൻ, കൃത്തിവാസസ്സ്, പിനാകി, പ്രമഥാധിപൻ, ഉഗ്രൻ, കപർദ്ദി, ശ്രീകണ്ഠൻ, ശിതികണ്ഠൻ, കപാലഭൃത്ത്, വാമദേവൻ, മഹാദേവൻ, വിരൂപാക്ഷൻ, ത്രിലോചനൻ, കൃശാനുരേതസ്സ്, സർവ്വജ്ഞൻ, ധൂർജ്ജടി, നീലലോഹിതൻ, ഹരൻ, സ്മരഹരൻ, ഭർഗ്ഗൻ, ത്ര്യംബകൻ, ത്രിപുരാന്തകൻ, ഗംഗാധരൻ, അന്ധകരിപു, ക്രതുധ്വംസീ, വൃഷധ്വജൻ, വ്യോമകേശൻ, ഭവൻ, ഭീമൻ, സ്ഥാണു, രുദ്രൻ, ഉമാപതി.

ശിവം-ന. ശുഭം: നിദാമി സുഖത്തെ ഇല്ലാതാക്കുന്നത്, അശുഭത്തെ ഇല്ലാതാക്കുന്നത് ഇങ്ങിനെ ശബ്ദാർത്ഥം. ൨. സന്തോഷം. ൩. ഇന്തുപ്പ്. ൪. മോക്ഷം. ൫. മുക്തി. ൬. വെങ്കാരം. ൭. യോഗങ്ങളിൽ ഒന്ന്, ൮. കടലുപ്പ്. ൯. നെല്ലിക്ക. ൧൦. ശിവലിംഗം. ൧൧. ഗുഗ്ഗുലു. ൧൨. വെള്ളം. ൧൩. രസം. ൧൪. കറുത്ത ഉമ്മത്ത്. ൧൫. പൊങ്കാരം.

ശിവലിംഗപൂജയ്ക്കുള്ള ൪ പ്രമാണഗ്രന്ഥങ്ങൾ-ശൈവം, പാശുപതം, കാലദമനം, കാപാലികം.

ശിവകം-കെട്ടുകററി.

ശിവഗതി-സുഖം, ഐശ്വര്യം.

ശിവങ്കര-വി. ശുഭത്തെ ചെയ്യുന്ന.

ശിവചതുർദ്ദശി-ഒരു വിശേഷ ദിവസം, ശിവരാത്രി.

ശിവദ്രുമം-കൂവളം.

ശിവധാതു-ന. ഒരുവക കല്ല്. ൨. രസം.

ശിവധൂപം-ഗുഗ്ഗുലു.

ശിവപുരം-ന. ശിവന്റെ പ്രധാന നഗരം. ൨. ശിവക്ഷേത്രം. ൩. കാശി.

ശിവപുരാണം- പതിനെട്ടു പുരാണങ്ങളിൽ ഒന്ന്.

ശിവപുരി-കാശി.

ശിവപേരൂർ-തൃശ്ശിവപേരൂർ, തൃശ്ശൂർ.

ശിവപ്രിയം-ന. സ്ഫടികം. ൨. കൊക്കമന്താരം. ൩. ഉമ്മത്ത്. ൪. രുദ്രാക്ഷം.

ശിവബീജം-രസം.

ശിവഭക്ത-വി. ശിവനെ വന്ദിക്കുന്ന.

ശിവഭൂതഗണം-ശിവന്റെ ഭൂതക്കൂട്ടം.

നന്ദി, ഭൃംഗി, സിംഹോദരൻ, കുംഭൻ, കുംഭോദരൻ, ഭൃംഗിരീടി, നികുംഭൻ, ഋഷഭൻ.

ശിവമതക്കാരൻ-ശിവനെ സേവിക്കുന്നവൻ.

ശിവമതം-ശിവനെ വന്ദിക്കുന്നവരുടെ മതം.

ശിവമയ-വി. ആനന്ദം കൊണ്ടു നിറയപ്പെട്ട, ശിവചൈതന്യത്താൽ നിറയപ്പെട്ട.

ശിവമല്ലീ-൧. വെളുത്ത എരിക്ക്. ൨. കൊക്കമന്താരം.

ശിവരസം-മൂന്നുദിവസം കഴിഞ്ഞ അരിക്കാടി.

ശിവരാത്രി-കുംഭമാസത്തിൽ കറുത്ത പതിന്നാല്. ഒരു വിശേഷ ദിവസം.

ശിവലോകം-ശിവന്റെ ലോകം.

ശിവവലയനാട്ട്-കോഴിക്കോട്ടിലെ ഒരു ക്ഷേത്രം.

ശിവവല്ലീ-൧. ഐവിരലിക്കോവ. ൨. പുളിഞ്ചി.

ശിവവാഹനം-കാള.

ശിവവിപ്രൻ-ശിവമതക്കാരനായ ബ്രാഹ്മണൻ.

ശിവവീര്യം-രസം.

ശിവാ-൧. പാർവതി. ൨. കുറുക്കൻ. ൩. ഭാഗ്യമുള്ള സ്ത്രീ. ൪. കറുകപ്പുല്ല്. ൫. ഒരുവക വൃക്ഷം. ൬. കടുക്കാ. ൭. നെല്ലിക്കാ. ൮. ഇരുപത്തിരണ്ടാമത്തെ യവനന്റെ അമ്മ.

ശിവാത്മകൻ-മംഗലാത്മാവ്.

ശിവാനന്ദൻ-ശിവഭക്തനായ ഒരുമുനി.

ശിവാനി-പാർവതി.

ശിവായി-ശിപായി.

ശിവാരുതം-കുറുക്കന്റെ വിളി.

'അക്കാമിനിക്കുന്ന ശിവാരുതത്തെ'

(ഉമാകേരളം)

ശിവാശി-ശൂപാശ്.

ശിവിക-പല്ലക്ക്.

ശിവേഷ്ടം-൧. കൊക്കമന്താരം. ൨. കൂവളം.

ശിശിര-വി. തണുപ്പുള്ള.

ശിശിരകരൻ-ചന്ദ്രൻ.

ശിശിരകാലം-മഞ്ഞുള്ള കാലം.

ശിശിരദ്രവം-ചന്ദനം.

ശിശിരം-൧. തണുപ്പ്. ൨. മഞ്ഞ്. ൩. ചന്ദനം. ൪. രാമച്ചം. ൫. ശിശിരഋതു.

ശിശിരർത്തു-മഞ്ഞുകാലം.

ഈ ഋതുവിന്റെ ലക്ഷണം അധികവും മകരമാസത്തിൽ കാണുന്നു. ഇം- Cold Season (കോൾഡ് സീസൺ)

ശിശു-൧. പൈതൽ. ൨. മൃഗക്കുട്ടി.

ശിശുകം-൧. കൊഴുമീൻ. ൨. കുട്ടി. ൩. ചീങ്കണ്ണി.

ശിശുകലലം-ശിശുകിടക്കുന്ന ഗർഭാശയം.

ശിശുക്രന്ദ(ന)ം-കുട്ടികളുടെ കരച്ചൽ.

ശിശുക്രന്ദീയം-ഒരു ഗ്രന്ഥത്തിന്റെ പേർ.

ശിശുത്വം-ചെറുപ്പം, ശൈശവം.

ശിശുനാമാ-ഒട്ടകം.

ശിശുനായകത്വം-പൈതൽ പ്രമാണിയായിരിക്കുന്ന സ്ഥലത്തെ അവസ്ഥ.

ശിശുപാലൻ-ചേദിരാജ്യത്തുണ്ടായിരുന്ന ഒരു രാജാവ്.

സനകാദിമഹർഷിമാർ ഒരിക്കൽ വിഷ്ണുവിനെ കാണ്മാനായി വൈകുണ്ഠം പ്രാപിച്ചു. അപ്പോൾ ഗോപുരപാലന്മാരായ ജയനും, വിജയനും കൂടി അവരെ തടുത്തു. നിർജ്ജരദ്വേഷികളായി ജനിപ്പിൻ എന്നു ഉടൻ മഹർഷിമാർ ശപ

ച്ചു. ആദ്യം ഹിരണ്യാക്ഷനും, ഹിരണ്യകശിപുവുമായി ജനിച്ചു. പിന്നത്തെ ജന്മം രാവണനും കുംഭകര്‍ണ്ണനുമായി കഴിച്ചു. മൂന്നാംജന്മമത്രെ ശിശുപാലനും ദന്തവക്ത്രനും. ശിശുപാലന്റെ അച്ഛന്‍ ചേദിരാജാവായ ദമഘോഷനാണ്. അമ്മ വസുദേവന്റെ സഹോദരിയായ ശ്രുതദേവി. കൃഷ്ണന്റെ പരമശത്രുവാണ്. രുക്മിണിയെ താന്‍ ആഗ്രഹിച്ചു വിവാഹത്തിനു തീര്‍ച്ചയാക്കിയിരിക്കെ കൃഷ്ണന്‍ ബലാല്‍ കൊണ്ടുപോയതാണ് ശത്രുത്വത്തിനു കാരണം ശിശുപാലനെ ശുനീതന്‍ എന്നും വിളിക്കും. നരസിംഹാവതാരത്തിലെ ഹിരണ്യകശിപുവും രാമായണത്തിലെ രാവണനും ഈ ശിശുപാലനാണത്രെ. വിഷ്ണുവിന്റെ ബദ്ധവൈരിയാകയാല്‍ ശ്രീകൃഷ്ണന്‍ ശിശുപാലനെ യുധിഷ്ഠിരന്റെ യാഗത്തില്‍ കൊലചെയ്തു. ശ്രുതിപ്പെട്ട മാഘകാവ്യത്തിലെ കഥാവസ്തു ശിശുപാലവധമാണ്. ജനനത്തില്‍ ശിശുപാലനു മൂന്നു കണ്ണും നാലു ഭുജങ്ങളും ഉണ്ടായിരുന്നു. ഇതുകണ്ടു അച്ഛനമ്മമാര്‍ ശിശുപാലനെ ത്യജിപ്പാന്‍ ആലോചിച്ചു. എന്നിട്ടു 'കൊല്ലരുതെന്നും ഒരാള്‍ ശിശുപാലനെ കൊലചെയ്യുന്നതിനു മടിയില്‍ എടുത്തു വയ്ക്കുമ്പോള്‍ അധികമുള്ള അവയവങ്ങള്‍ പൊയ്പ്പോകുമെന്നും അയാള്‍തന്നെ ശിശുപാലനെ വധിക്കുമെന്നും' അശരീരിയുണ്ടായി. കൃഷ്ണന്‍ ശിശുപാലനെ മടിയില്‍ എടുത്തുവച്ചപ്പോള്‍ അധികമുള്ള അവയവങ്ങള്‍ ഇല്ലാതായി. ശിശുപാലന്റെ മകന്റെ പേര്‍ 'ധൃഷ്ടകേതു'.

ശിശുപാലവധം—മാഘം എന്ന കാവ്യം

ശിശുപ്രിയം—ശക്കര.

ശിശുമാരം—൧. കൊഴമീന്‍. ൨. വിഷ്ണു. ൩. ചീങ്കണ്ണി.

ശിശുവാഹകം—വലിയ കൊമ്പുള്ള ആട്.

ശിശ്നം—പുരുഷന്റെ ഗുഹ്യാവയവം. ചാടിപ്പോകുന്നതു് എന്നര്‍ത്ഥം.

ശിശ്വിദാന—വി. ൧. സുകൃതമുള്ള, പുണ്യകര്‍മ്മത്തെ ചെയ്യുന്ന. ൨. കറമില്ലാത്ത. ൩. ബുദ്ധിയുള്ള. ൪. പാപമുള്ള.

ശിഷ്ട—വി. ൧. അനുസരണമുള്ള. ൨. നല്ല. ൩. ശേഷിച്ച. ൪. പഠിച്ച, ശീലിച്ച.

ശിഷ്ടജനം—൧. നല്ലജനം. ൨. ശേഷമുള്ളവര്‍.

ശിഷ്ടന്‍—൧. നല്ലവന്‍. ശിഷ്ടന്‍ > < ദുഷ്ടന്‍. ൨. ബുദ്ധിമാന്‍. ൩. മേലധ്യക്ഷന്‍

ശിഷ്ടം—ശേഷിപ്പ്.

ശിഷ്ടസഭാ—വിദ്വല്‍സഭ.

ശിഷ്ടി—൧. ആജ്ഞ. ൨. ഭരണം. ൩. ചട്ടം. ൪. കല്പന. ൫. ശിക്ഷ.

ശിഷ്ടിക്കുന്നു—ശേഷിക്കുന്നു.

ശിഷ്ടിപ്പ്—ശേഷിപ്പ്.

ശിഷ്യത്വം—ശിഷ്യന്റെ ഭാവം.

ശിഷ്യന്‍—൧. പഠിക്കുന്നവന്‍. ൨. വേലക്കാരന്‍.

ശിഹ്ല(ക)ം— അരാബിക്കസ്തൂരുക്കം.

## ശീ

ശീകരം — ചാറല്‍മഴ, വെള്ളത്തുള്ളി, തുള്ളി.

ശീകരാഗ്നി എന്നൊരു പദം ഭാരതത്തില്‍ (യയാതിചരിത്രത്തില്‍) കാണുന്നു. ഇതിനു 'തീപ്പൊരി' എന്നാണ് അ

ത്ഥം. ശീകരശബ്ദം നിയതമായി വെള്ളത്തുള്ളിയെ കുറിക്കുന്നതാകയാൽ ഇവിടെ അതു അഗ്നിയെ കുറിയ്ക്കുന്നതിനു പ്രയോഗിച്ചിരിക്കുന്നതു് ഒരു പദദോഷമാകുന്നു. ഈ ദോഷം നേയാർത്ഥമെന്നു പറയപ്പെടുന്നു. 'ക്ലിഷ്ടാർത്ഥം നേയാർത്ഥം' എന്നു അതിനു നിർവ്വചനം.

ശീഘ്ര-വി. വേഗമുള്ള.

ശീഘ്രഗതി- വി. വേഗത്തിൽ ഗമിക്കുന്ന.

ശീഘ്രഗതി-വേഗം പോക.

ശീഘ്രഗാമി - വി. വേഗത്തിൽ പോകുന്ന.

ശീഘ്രചേതനം - ൧. നായ്. ൨. എരിക്ക്.

ശീഘ്രത-വേഗം.

ശീഘ്രപാദ-വി. വേഗം നടക്കുന്ന.

ശീഘ്രം-൧. വേഗം. ൨. ലാമജ്ജകം. ൩. രാമച്ചം. ൪. ചെറിയ ഒന്തി.

ശീഘ്രം-അ. വേഗത്തിൽ.

ശീട്ടു്,ചീട്ടു്-൧. ചില ഉദ്യോഗസ്ഥന്മാർ എഴുതിക്കൊടുത്തയയ്ക്കുന്ന ഒരുമാതിരി എഴുത്തു്. ൨. ചെറിയ കടലാസിൽ രൂപം വരച്ചുണ്ടാക്കുന്ന കളിസ്സാധനം.

ശീത-വി. ൧. തണുപ്പുള്ള. ൨. മടിയുള്ള. ൩. മൂഢതയുള്ള. ൪. കാച്ചിത്തണുത്ത.

ശീതകൻ-൧. മടിയൻ. ൨. വിചാരമില്ലാത്തവൻ.

ശീതകം-തണുപ്പുകാലം.

ശീതകരാ-കപ്പൂരം.

ശീതകിരണൻ-ചന്ദ്രൻ.

ശീതഗന്ധം-ചന്ദനം.

ശീതഗുവംശകരീരൻ - ചന്ദ്രവംശരാജാവു്.

'ചിരമവനിമനശംസദനാകലം
ശീതഗുവംശകരീരൻ.
(നളചരിതം കഥകളി)

ശീതജ-വി. ശീതത്തിൽനിന്നുണ്ടായ.

ശീതജലജം-ആമ്പൽ.

ശീതജ്വരം-തുള്ളപ്പനി.

ശീതദ്യുതി-ചന്ദ്രൻ.

'ശീതദ്യുതേർവ്വംശജനാംനൃപൻപോൽ'
(അഭിജ്ഞാനശാകുന്തളം)

ശീതപ്രഭാ-കപ്പൂരം.

ശീതഫേനം പൂവത്തി. (തമിഴർ പൂവത്തി എന്നു പറയുന്നു).

ശീതബാധ-തണുപ്പുകൊണ്ടുള്ള ഉപദ്രവം.

ശീതഭീരു-൧. വള്ളിമുല്ല. ൨. കരനൊച്ചി.

ശീതം-തണുപ്പു്. ൨. വെള്ളം. ൩. മഞ്ഞുകാലം. ൪. നറുവരി. ൫. വെൺചന്ദനം. ൬. വേപ്പു്. ൭. പപ്പടകപ്പുല്ലു്. ൮. വഞ്ചി. ൯. കപ്പൂരം. ൧൦. അരിതാരം. ൧൧. ഏലവങ്ങം.

ശീതരശ്മി-൧. ചന്ദ്രൻ. ൨. കപ്പൂരം.

ശീതലാ,ശീതളം-൧. തണുപ്പു്. ൨. മയിൽതുത്തം. ൩. ഒരുവക പശ. ൪. തണുത്തതു്. ൫. ചന്ദനം. ൬. വെള്ളച്ചന്ദനം. ൭. താമര. ൮. മുത്തു്. ൯. രാമച്ചം. ൧൦ ചേലേയം. ൧൧. ചന്ദ്രൻ. ൧൨. നറുവറി. ൧൩. കപ്പൂരം. ൧൪. ചെമ്പകം.

ശീതലാ-മണൽ.

ശീതശിവം-൧. കന്നുമക്കം. ൨. ഇന്തുപ്പു്. ൩. ശതകുപ്പ. ൪. ചേലേയം. ൫. കാട്ടുശതകുപ്പ.

ശീതള-വസൂരിയുടെ ദേവത.

ശീതള-വി. തണുപ്പുള്ള.

ശീതളത-തണുപ്പു്.

**ശീതളം**-൧. ജീരകം. ൨. ചംപകം ൩. കർപ്പൂരം.

**ശീതളാരുപാ**-കഴുത

**ശീതാ**-൧. മദ്യം. ൨. കക്കരി. ൩. നെല്ലി.

**ശീതാംശു**-൧. ചന്ദ്രൻ. ൨. കർപ്പൂരം.

**ശീതാലു**-വി. കുളിരുള്ള. ൨. മടിയുള്ള.

**ശീതാശ്മാ**-ചന്ദ്രകാന്തം.

**ശീതോത്തമം**-വെള്ളം.

**ശീതോപചാരം**-തണുത്ത പദാർത്ഥങ്ങളെക്കൊണ്ടു ശുശ്രൂഷിക്ക എന്നതു്.

**ശീതോഷ്ണാവസ്ഥ** - തണുപ്പിന്റെയും, ചൂടിന്റെയും സ്ഥിതി.

**ശീഥി**-ക്ഷൌരക്കാരൻ.

**ശീഥു** - കരിമ്പിൻനീരുകൊണ്ടുണ്ടാകുന്ന മദ്യം.

**ശീഥു(ധു)രസം**-മാവു്.

**ശീധു** - കരിമ്പിൻനീരുകൊണ്ടുണ്ടാകുന്ന മദ്യം.

**ശീഭരം**-പ്രവൃദ്ധം.

**ശീമ, സീമ**-൧. ദിക്കിന്റെ അവസാനം ൨. ദ്വീപു്.

**ശീമക്കൈതെ**-ഒരു വേലിച്ചെടി.

ഇതു ഭൂമിയുടെ നാലുവശവും മൂന്നടിപ്പാകത്തിൽ മണ്ണിട്ടു നികത്തി അതിന്മേൽ നടണം. ഇതു നട്ടുണ്ടാക്കിയാൽ നാരുണ്ടാക്കാം. തീവണ്ടിപ്പാതകളുടെ രണ്ടുവശവും ചില ദിക്കിൽ ഇതു നട്ടുപിടിപ്പിച്ചുവരുന്നു.

**ശീർ**-പിഴച്ചുപോക.

**ശീർണ്ണ**-വി. ൧. ലോലമായുള്ള. ൨. ശുഷ്കിച്ച. ൩. പൊടിഞ്ഞ.

**ശീർണ്ണദലം**-വേപ്പ്.

**ശീർണ്ണാംഘ്രി(പാദൻ)**-യമൻ.

**ശീർഷകം**-തലക്കോരിക. ൨. തലയോടു്. ൩. തീർപ്പ്. ൪. അകിൽ.

**ശീർഷച്ഛേദ്യ**-വി. തലവെട്ടി കൊല്ലപ്പെടേണ്ടുന്ന.

**ശീർഷണ്യം**-൧. തലക്കോരിക. ൨. ചിക്കരുള്ള വെടിപ്പാക്കിയ തലമുടി.

**ശീർഷം**-൧. തല. ൨. കാരകിൽ.

**ശീല**-൧. വസ്ത്രം. ൨. കൈക്കോണകം.

**ശീലക്കാശു്**- പാട്ടത്തിനു വാങ്ങിയവൻ ഉടമസ്ഥനു കൊടുക്കുന്ന ഒരു ഫീസു് (പ്രതിഫലം)

**ശീലക്കേടു്**-൧. ദുസ്സ്വഭാവം. ൨. പരിചയമില്ലായ്മ.

**ശീലഗുണം**-൧. ശീലത്തിന്റെ ഗുണം. ൨. ശീലയുടെ ഗുണം.

**ശീലത്തരം**-പലമാതിരിയിലുള്ള വസ്ത്രം.

**ശീലനം**-പരിചയം, പഠിത്തം.

**ശീലനിധി** - നല്ല ശീലത്തോടുകൂടിയവൻ.

**ശീലപ്പേൻ**-ക്രാപ്പേൻ.

**ശീലപ്പൊടി**-തുണിയിൽ അരിച്ചെടുത്ത പൊടി.

**ശീലഭേദം**-സ്വഭാവത്തിന്റെ മാതിരി.

**ശീലം**-൧, സ്വഭാവം. ൨. പതിവു്. ൩. പരിചയം. ൪. കാവ്യബോധം.

**ശീലവൽ**-വി. നല്ല ശീലമുള്ള.

**ശീലായ്മ**-സുഖക്കേടു്. (ഒരാചാരവാക്കു്)

**ശീലിക്കുന്നു**-൧. അഭ്യസിക്കുന്നു, പഠിക്കുന്നു. ൨. പരിചയിക്കുന്നു.

**ശീലിത**-വി. ശീലിക്കപ്പെട്ട.

**ശീലിതം**-പരിചയിക്കപ്പെട്ടതു്, ശീലം, സ്വഭാവം.

**ശീലു്**-പാട്ടുകളിലെ ചില ചെറിയ നിറുത്തു്.

**ശീവത**-(ജീവത നോക്കുക.)

**ശീവലം**- ൧. കരിംപായൽ. ൨. ശൈലേയം.

## ശു

**ശുക്**-ദുഃഖം.

**ശുകതരു**-നെന്മേനി വാക.

**ശുകതരുണി**-പെൺകിളി.

**ശുകൻ**-വ്യാസന്റെ പുത്രൻ.

ഘൃതാചി എന്ന അപ്സരസ്ത്രീ ഒരു തത്തയുടെ വേഷത്തിൽ സഞ്ചരിക്കുമ്പോൾ വ്യാസൻ കണ്ടു മോഹിക്കയും അതു ഹേതുവായിട്ടു ശുകൻ ജനിക്കയും ചെയ്തു. ശുകനെ വശീകരിക്കുന്നതിനു രംഭ വേണ്ട ശ്രമം ചെയ്തു. ഫലിച്ചില്ല. ഭാഗവത പുരാണം ശുകൻ പരീക്ഷിത്തിനെ കേൾപ്പിക്കുകയുണ്ടായി. ജന്മംകൊണ്ടുതന്നെ ശുകൻ തത്വജ്ഞാനിയായിരുന്നു. (ദേവീഭാഗവതം പ്രഥമസ്കന്ധം നോക്കുക).

൨. രാവണന്റെ ഒരു പരിചാരകൻ.

**ശുകനാസം**-പലകപ്പയ്യാനി. തത്തച്ചുണ്ടു പോലെയുള്ള പൂവുള്ളതു് എന്നർത്ഥം.

**ശുകപുരം**-പ്ര. കിള്ളിക്കുറിശ്ശിമംഗലം. ൨. അവിടെയുള്ള ക്ഷേത്രം.

(മലയാളത്തിൽ അവരോധമുള്ള ക്ഷേത്രങ്ങളിൽ ഒന്നാണ്).

**ശുകപ്രിയാ**-പ്ര. താളിമാതളം. ൨. ഞാവൽ.

**ശുകം**-പ്ര. കിളി. ൨. നെന്മേനിവാക മരം. ൩. കരിഞ്ചണ്ണ. ൪. കുങ്കുമം. ൫. വസ്ത്രം. ൬. വസ്ത്രത്തിന്റെ കര. ൭. തലപ്പാവ് ൮. പാച്ചോററി.

**ശുകസപ്തതി**-൭൦ കഥകൾ അടങ്ങിയ ഒരു പുസ്തകം.

ഇൻഡ്യയിലെ പലഭാഷകളിലും തർജ്ജമ ചെയ്തിട്ടുണ്ട്.

**ശുക്തൻ**-കാട്ടാളർ.

**ശുക്താ**-പ്ര. കാടി, പുളിപ്പ്. ൨. ചവർപ്പ്.

**ശുക്തി**-മുത്തുച്ചിപ്പി. ൨. ഞമഞ്ഞിക്ക. ൩. ചെറിയകക്ക. ൪. ശംഖ് ൫. ഒരു അളവ്, ഒരു ഔൺസ് (൪ ഡ്രാം).

**ശുക്തിക**-പ്ര. മുത്തുച്ചിപ്പി. ൨. കോൽപുളി. ൩. ഒരു രോഗം.

കണ്ണിന്റെ കൃഷ്ണമണ്ഡലത്തിങ്കൽ കതവാളിച്ചിട്ടും മാംസത്തോടു സമാനമായിട്ടും മുത്തുച്ചിപ്പിയുടെ ആഭപോലെ ഇരിക്കുന്ന ആഭയോടുകൂടിയോ നിയമേന വെളുത്തിട്ടോ ചില പുള്ളികളുണ്ടാകും. അതത്രേ ശുക്തിക.

**ശുക്തിജം**-മുത്ത്.

**ശുക്തിമാൻ**-പ്രധാനപ്പെട്ട 7 മലകളിൽ ഒന്ന്.

**ശുക്തിസംപുടം**-മുത്തുച്ചിപ്പി.

**ശുക്രക്കണ്ണ്**-കോങ്കണ്ണ്.

**ശുക്രക്കണ്ണി**-കോങ്കണ്ണി.

**ശുക്രൻ**-പ്ര. നവഗ്രഹങ്ങളിൽ ഒന്ന്. ൨. അസുരഗുരു, ഭൃഗുപുത്രൻ.

ശുക്രമഹർഷി ദേവയാനിയുടെ അച്ഛനാണ്. ഇദ്ദേഹം ആയിരം സംവത്സരം തലകീഴ്പ്പെട്ടായി ഉമിയുടെ പുക ശ്വസിച്ചുംകൊണ്ടു തപസ്സുചെയ്തു ഇതു അസുരരെ ദേവകൾ ഉപദ്രവിക്കാതിരിപ്പാനായിട്ടായിരുന്നു. ശുക്രൻ ഇല്ലാതിരുന്ന അവസരത്തിൽ ദേവകൾ അസുരരെ ആക്രമിച്ചു വിഷ്ണു ശുക്രന്റെ അമ്മയെ കൊന്നു. വിഷ്ണു ഏഴു തവണ മനുഷ്യരുടെ ഇടയിൽ ജനിക്കണമെന്നു ശുക്രൻ ശപിച്ചിട്ടു തന്റെ മാതാവിനെ ജീവിപ്പിച്ചു ശുക്രന്റെ തപോവിഘ്നം ചെയ്യാൻ ഇന്ദ്രൻ സ്വപുത്രിയായ ജയന്തിയെ നിയോഗിച്ചു. തപസ്സു പൂർത്തിയായതിൽ പിന്നീടു അവളെ ശുക്രൻ വേട്ടു. ൩. അഗ്നി.

ശുക്രം-൧. ബീജം. ൨. ഒരുമാതിരി കണ്ണിൽമീനം. ൩. കൊടുവേലി. ൪. മദ്യം. ൫. ജലം. ൬. സ്വർണ്ണം. ൭. മിഥുനമാസം.

ശുക്രല, ശുക്രിയ-വി. ശുക്ലത്തെ സംബന്ധിച്ച, ശുക്ലവർദ്ധകമായ.

ശുക്രവാരം-വെള്ളിയാഴ്ച.

ശുക്രശിഷ്യൻ-അസുരൻ.

ശുക്ല-വി. വെളുത്ത.

ശുക്ലക്രുപം-ഒരു നഗരത്തിന്റെ പേര്.

ശുക്ലക്ഷയം-ഒരുവക മീനം, ശുക്ലധാതുവിന്റെ ക്ഷയം.

ശുക്ലഗു-വെള്ളി.

ശുക്ലൻ-ശിവൻ.

ശുക്ലപക്ഷം-൧. വെളുത്തപക്ഷം. ൨. കൊക്ക്.

ശുക്ലപുഷ്പം-൧. വെളുത്ത വാടാമല്ലിക. ൨. കുരുക്കത്തിമുല്ല. ൩. കപ്പൂരതുളസി.

ശുക്ലം-൧. വെളുപ്പ്. ൨. വെളുത്ത ജീരകം. ൩. നിത്യയോഗങ്ങളിൽ ഒന്ന്. ൪. വെളുത്താവണക്ക്. ൫. ഒരുമാതിരി കണ്ണിൽമീനം. ൬. വെള്ളി. ൭. ബീജം, രേതസ്സ്.

ശുക്ലമണി-മുത്ത്.

ശുക്ലവർണ്ണം-വെളുപ്പുനിറം.

ശുക്ലവായസം-കൊക്ക്.

ശുക്ലസ്രാവം-ശുക്ലം സ്രവിക്കുന്ന ഒരു മീനം.

ശുക്ലാ-൧. ഉണക്കുക്കര. ൨. പഞ്ചസാര. ൩. കാക്കോളി. ൪. മുതക്ക്. ൫. കൂവനൂറ്. ൬. സരസ്വതി. ൭. അറുപതിൽ മൂന്നാമത്തെ സംവത്സരം. ൮. വെളുത്ത വയമ്പ്.

ശുക്ലാംഗം-മയിൽ.

ശുക്ലാംഗി-വെള്ളിപ്പക്ഷി.

ശുക്ലാപാംഗം-മയിൽ.

ശുക്ലാംബരം-വെളുത്ത വസ്ത്രം.

ശുക്ലാംശുരേഖ— പൂർണ്ണചന്ദ്രന്റെ പ്രകാശം.

ശുക്ലോപലാ-പഞ്ചസാര.

ശുക്ഷീ-൧. കാററ്. ൨. അഗ്നി.

ശുംഗാ-൧. അമ്പഴം. ൨. പേരാൽ.

ശുചി-വി. ൧. വെടിപ്പുള്ള. ൨. വെളുത്ത. ൩. ശുദ്ധിയുള്ള. ൪. ശോഭയുള്ള. ൫. കറ്റമില്ലാത്ത.

ശുചി-൧ ശുദ്ധി. ൨. വെളുപ്പ്. ൩. അഗ്നി. ൪. കൊടുവേലി. ൫ എരിക്ക്. ൬. യവം. ൭. സുകൃതം, നന്മ, വെടിപ്പ്. ൮. ശൃംഗാരരസം. ൯, മിഥുനമാസം. ൧൦, വിശ്വാസമുള്ള സ്നേഹിതൻ. ൧൧. ശുദ്ധൻ. ൧൨. കൈക്കൂലി വാങ്ങാത്ത മന്ത്രി. ൧൩. ചന്ദ്രൻ. ൧൪. സൂര്യൻ.

ശുചികര-വി. ശുദ്ധിയാക്കുന്ന.

ശുചിദ്രുമം-അത്തിവൃക്ഷം.

ശുചിമല്ലിക-ഊശിമുല്ല

ശുചീകരിക്കുന്നു-ശുദ്ധമാക്കുന്നു.

ശുചീന്ദ്രം—തെക്കൻ തിരുവിതാംകൂറിൽ ഒരു പുണ്യസ്ഥലം.

'അപ്രമേയമിമഞ്ച കിഞ്ച ശുചീന്ദ്രമന്ദിരവൈഭവം അപ്രകാരമൊരേടമില്ലതുമത്ഭുതത്തിലുമത്ഭുതം * ബ്രഹ്മവംശജനായവൃത്രമഹാസുരന്റെ വധത്തിനാൽ ബ്രഹ്മഹത്യപിണഞ്ഞു മണ്ടിനടന്നുപണ്ടു മഹേന്ദ്രനും * ബ്രഹ്മലോകസരസ്സിൽമുങ്ങിയൊളിച്ചുവാണൊരുകാലവും ബ്രഹ്മഹത്യവിട്ടതില്ലവലഞ്ഞുവാസവനെത്രയും * തൽക്ഷണം പുനരിങ്ങുപോന്നു മഹീതലങ്ങളിലുത്തമം ദക്ഷിണാപഥമീക്ഷിതൻ ഖലുദക്ഷവൈരിമഹാസ്ഥലേ *

സ്ഥാണുനായകമന്ദിരത്തിലകത്തു ചെന്നു
കടന്നുടൻ താണുവീണുനമസ്കരിച്ചുമുഷ്ഷ
സ്തുതിച്ചശേഷന്തരേ * കോണിലോടി
യൊളിച്ചിതപ്പോടു ബ്രഹ്മഹത്യയുമപ്പോ
ഴേ ക്ഷീണകല്മഷനായകാലവിശുദ്ധി
വന്നുമഹേന്ദ്രനും * അന്നുതൊട്ടുശുചീ
ന്ദ്രമെന്നൊരുനാമധേയമുളിക്കയാൽ ഇ
ന്നുമക്കഥ മന്നിൽവിണ്ണിലുമന്യദിക്കിലുമ
ള്ളതും'

(കംസകേണ്ണുവധം തുള്ളൽ)

ശുടീരൻ-ശൂരൻ, വീരൻ.

ശുണ്ഠി-ം. ചുക്ക്. ൨. കോപം.

ശുണ്ഠികടിക്കുക-കോപിക്കുക.

ശുണ്ഠിക്കാരൻ-കോപമുള്ളവൻ.

ശുണ്ഠിയെടുക്കുക-കോപിക്കുക.

ശുണ്ഠ്യം-ചുക്ക്.

ശുണ്ഡ- ം. മദ്യവ്യാപാരസ്ഥലം. ൨. മദ്യം. ൩. കടലാന. ൪. ആനയുടെ സേചജലം. ൫. തുമ്പിക്കൈ.

ശുണ്ഡദണ്ഡം-ആനയുടെ തുമ്പിക്കൈ

ശുണ്ഡ -ം. തുമ്പിക്കൈ. ൨. ചൊടി.

ശുണ്ഡമൂഷിക-നച്ചെലി.

ശുണ്ഡീ-ആന.

ശുതദ്രി-ശതദ്രു എന്ന നദി. വിശിഷ്ട ശാപം ഹേതുവായിട്ടു അനേകം കൈവഴികളായി ഒഴുകി (ഓടി) പ്പോയതു് എന്നർത്ഥം.

ശുദ്ധ-വി. ം. ശുദ്ധിയുള്ള, കറയില്ലാത്ത. ൨. അല്പബുദ്ധിയുള്ള. ൩. ദോഷമില്ലാത്ത.

ശുദ്ധജംഘം-കഴുത.

ശുദ്ധത-ശുദ്ധി.

ശുദ്ധബുദ്ധി-വി. ബുദ്ധിക്കു തെളിവുള്ള, നേരുള്ള.

ശുദ്ധം-ം. ശുദ്ധി. ൨. ഇന്തുപ്പു്. ൩. മുളകു്.

ശുദ്ധമാകുന്നു - നിർമ്മലമാകുന്നു. (സ. ക്രി. ശുദ്ധമാക്കുന്നു).

ശുദ്ധമേ-വെറും, മുഴുവനും.

ശുദ്ധവല്ലീ-ചിററമൃതു്.

ശുദ്ധവൃത്തം-കുററമില്ലാത്ത വൃത്തം.

ശുദ്ധശൂന്യം-തീരെ നാശം.

ശുദ്ധാത്മാവു്—നിഷ്കളങ്കഹൃദയമുള്ളവൻ.

ശുദ്ധാന്തമാനം-വാക്ചാതുര്യം.

ശുദ്ധാന്താ-രാജപത്നി, റാണി.

ശുദ്ധാന്തം-ം. രാജസ്ത്രീകൾ ഇരിക്കുന്ന മുറി (അന്തഃപുരം). സമീപത്തിൽ ശുദ്ധന്മാരായ (ജിതേന്ദ്രിയന്മാരായ) രക്ഷകന്മാരോടു കൂടിയതു്. ൨. രാജഭാര്യ.

ശുദ്ധാപഹ്നുതി-ഒരു അലങ്കാരം.

ശുദ്ധി-ം. നിർമ്മലത. ൨. വിരേചനം. ൩. പ്രകാശം. ൪. സത്യം. ൫. ദുർഗ്ഗാ.

ശുദ്ധികര-വി. ശുദ്ധിയാക്കുന്ന.

ശുദ്ധിപത്രം-പിഴതിരുത്തൽ ലിസ്റ്റു്.

ശുദ്ധിമൽ-വി. ശുദ്ധിയോടുകൂടിയ.

ശുദ്ധിഷ്ഠി-ശുദ്ധിവരുത്തുവാനുള്ള ഊട്ടു്.

ശുദ്ധീകരണം-ശുദ്ധിയാക്കിച്ചെയ്യൽ.

ശുദ്ധീകരിക്കുന്നു-ശുദ്ധിയാക്കുന്നു.

ശുദ്ധോക്തിവക്താവു്-ശുദ്ധ (സത്യ) യായ ഉക്തികളെ (വാക്കുകളെ) വചിക്കുന്നവൻ (പറയുന്നവൻ).

ശുദ്ധോദനൻ-ശകവംശത്തിൽ ഒരു പ്രധാനി, ശാക്യമുനിയുടെ പിതാവു്.

ശുദ്ധോദം-ശുദ്ധവെള്ളം.

ശുനകൻ-ം. പ്രമതി എന്ന മുനിക്കു ഘൃതാചിയിലുണ്ടായ ഒരു മുനി. ൨. പട്ടി, പട്ടിക്കുട്ടി.

ശുന(ക)ൻ-നായ്, പട്ടി. ഓടിനടക്കുന്നവൻ എന്നൎത്ഥം.

ശുനശ്ശേഫൻ-൧. അജീഗൎത്തൻ, ഒരു ബ്രാഹ്മണപുത്രൻ. ൨. ഋചീകന്റെ പുത്രൻ.

സൂൎയ്യവംശരാജാവായ ഹരിശ്ചന്ദ്രന മക്കളില്ലായ്കയാൽ ഉണ്ടാകുന്നെങ്കിൽ വരുണന ബലികഴിക്കുന്നുണ്ടെന്നു ശപഥം ചെയ്തു. അനന്തരം മകനായി രോഹിതൻ ജനിച്ചു. എന്നാൽ ഹരിശ്ചന്ദ്രൻ വളരെ താമസിച്ചതിന്റെ ശേഷം മനസ്സില്ലാമനസ്സോടെ ശപഥം ഫലവത്താക്കാൻ ഒരുമ്പെട്ടു രോഹിതൻ മരണഭീതികൊണ്ടു വനത്തിൽപുക്കു ആറുവൎഷം കഴിച്ചു. കാട്ടിൽവെച്ചു അജീഗൎത്തനെന്ന ബ്രാഹ്മണപുത്രന്മാരിൽ ഒരുവനായ ശുനശ്ശേഫനെ ആറു പശുക്കളെക്കൊടുത്തു വാങ്ങിച്ചു. എന്നാൽ ബലിക്കു കാലമായപ്പോൾ ശുനശ്ശേഫൻ വിഷ്ണുവിനേയും ദേവന്മാരേയും മന്ത്രങ്ങൾ ചൊല്ലി തൃപ്തിപ്പെടുത്തി മരണം കൂടാതെ കഴിച്ചുകൂട്ടി. അനന്തരം ശുനശ്ശേഫനെ വിശ്വാമിത്രൻ ദത്തെടുത്തു. രാമായണത്തിൽ താഴെ പറയുംപ്രകാരം കാണുന്നു. അംബരീഷൻ യാഗത്തിന നിശ്ചയിച്ചിരുന്ന മൃഗത്തെ ഇന്ദ്രൻ കൈക്കലാക്കി പകരം ഒരു മനുഷ്യൻ വേണമെന്നു യജമാനന്മാർ തീരുമാനം ചെയ്തു. അതിലേക്കു ലക്ഷം പശുക്കളെയും ഒട്ടു വളരെ ദ്രവ്യവും വിലയായി കൊടുത്തു ഋചീകന്റെ പുത്രനായ ശുനശ്ശേഫനെ വാങ്ങിച്ചു. എന്നിട്ടു ശുനശ്ശേഫൻ മാതുലനായ വിശ്വാമിത്രനെ പ്രാപിച്ചു രണ്ടു മന്ത്രങ്ങൾ വശമാക്കി. വധിപ്പാൻ വട്ടംകൂട്ടിയപ്പോൾ മന്ത്രങ്ങൾ ചൊല്ലി വിഷ്ണുപ്രീതി നേടി രക്ഷയെ പ്രാപിച്ചു. വിഷ്ണുവും ദേവകളും മററും അവന്നു ദീൎഘായുസ്സു നൽകി. അപ്പോൾ മുതൽ ശുനശ്ശേഫന, ദേവരാതൻ എന്ന പേരുണ്ടായി.

ശുനാരൻ-കടമച്ചാത്തൻ.

ശുനാശീരൻ-൧. ഇന്ദ്രൻ. വായുവിനേയും സൂൎയ്യനേയും തനിക്കധീനമാക്കിക്കൊണ്ടു നടക്കുന്നവൻ എന്നൎത്ഥം. (ശുനൻ=വായു. ശീരൻ=സൂൎയ്യൻ). ൨. മൂങ്ങ.

ശുനാസീരൻ-൧. ഇന്ദ്രൻ. നല്ല [illegible] മുഖമുള്ളവൻ എന്നൎത്ഥം. ൨. ഉലൂകൻ.

ശുനി-പെൺപട്ടി, പട്ടിച്ചി.

ശുനീരം-പെൺപട്ടിക്കൂട്ടം.

ശുഭ-വി. ൧. ഭാഗ്യമുള്ള. ൨. മംഗലമുള്ള. ൩. ഭംഗിയുള്ള.

ശുഭകൎമ്മം-മംഗലക്രിയ.

ശുഭകൃത്ത്-൧. അറുപതിൽ മുപ്പത്താറാം സംവത്സരം. ൨. മംഗലത്തെ ചെയ്യുന്നതു്.

ശുഭഗതി-൧. നല്ലനടപ്പു്. ൨. നല്ല ഗതി.

ശുഭഗം-വി. ൧. ഭംഗിയുള്ള. ൨. ഭാഗ്യമുള്ള.

ശുഭഗ്രഹം-൧. വ്യാഴം. ൨. ശുക്രൻ. ൩. പാപന്മാരോടു കൂടാത്ത ബുധൻ. ൪. പാപനോടുകൂടാത്ത ചന്ദ്രൻ.

ശുഭദ-വി. നല്ലതിന്നു കാരണമാകുന്ന.

ശുഭദതി-൧. വായുകോണിലെ പിടിയാന. ൨. നല്ലപല്ലുകൾ ഉള്ള സ്ത്രീ.

ശുഭദിനം-നല്ല ദിവസം.

ശുഭം-൧. മംഗലം, നന്മ. ൨. മംഗലകൎമ്മം. ൩. ആടു്. ൪. പത്മകം, ജ്യോതിഷ്യയോഗങ്ങളിൽ ഒന്നു്. ൫. സൌഖ്യം. ൬. മുത്തു.

ശുഭംയു-വി. ശുഭത്തോടുകൂടിയ.

**ശുഭവാക്ക്**-നല്ലവാക്ക്.

**ശുഭസ്ഥാനം**—പ്ര. നല്ലസ്ഥലം. ര. ശുഭഗ്രഹങ്ങളുടെ രാശി, ധനവും മററും.

**ശുഭാ**—പ്ര. ക്രവന്തറ്. ര. വന്നി. ന. വെങ്കറക. ർ. ഗോരോചന. ൫. ഞാഴൽ.

**ശുഭാംഗി**—പ്ര. രതി. ര. കുബേരപത്നിയായ യക്ഷി.

**ശുഭാത്മിക**-വി. നന്മയുള്ള

**ശുഭാന്വിത** — വി. ശുഭത്തോടുകൂടിയ.

**ശുഭാവഹ**-വി. ശുഭമുള്ള, ശുഭത്തെ വഹിക്കുന്ന.

**ശുഭാശുഭ**-വി. ശുഭവും അശുഭവുമുള്ള.

**ശുഭാശുഭം**-നന്മതിന്മ.

**ശുഭേച്ഛ**—മോക്ഷത്തിനുള്ള ആഗ്രഹം.

**ശുഭ്ര**-വി. പ്ര തേജസ്സുള്ള. ര. വെളുത്ത. ന. ശുദ്ധിയുള്ള.

**ശുഭ്രദന്തി**-ഒരു ദൈത.

**ശുഭ്രം** — പ്ര. വെളുപ്പ്. ര. ശുദ്ധി. ന. പത്മകം. ർ. അഭ്രം. ൫ ധാതുകാസീസം. ൬ ചന്ദനം. ൭. വെള്ളി. വ്വ മേരുപ്പ്.

**ശുഭ്രവസ്ത്രം**-വെളുത്ത വസ്ത്രം.

**ശുഭ്രാ**—പ്ര. ഗംഗാനദി. ര പടികക്കാരം. ന. പഞ്ചസാര ർ. ക്രവന്തറ്.

**ശുഭ്രാംശു**—പ്ര. ചന്ദ്രൻ. ര. കർപ്പൂരം.

**ശുംഭത്**-വി. ശോഭിച്ച.

'വീണാശുംഭൽപാണി'
(വീണകൊണ്ടുശോഭിച്ചകൈയോടുകൂടിയവൻ—നാരദൻ)

**ശുംഭൻ, നിശുംഭൻ**-രണ്ടസുരന്മാർ. സഹോദരന്മാരാണ്. അമർത്ത്യതല്പം തേടി അനേകായിരം വർഷം തപസ്സ ചെയ്തു. തപസ്സ ശിവനെ ഉദ്ദേശിച്ചായിരുന്നു. ഭീതരായിത്തീർന്ന ദേവന്മാർ തപോവിഘ്നത്തിന്നായി രംഭയേയും തിലോത്തമയേയും അവരുടെ സമീപത്തേക്ക നിയോഗിച്ചു. മന്മഥാതുരന്മാരായിത്തീർന്ന ഇവർ രണ്ടുപേരും 500 വർഷം ആ സ്ത്രീകളൊന്നിച്ചു വസിച്ചു. ഒടുവിൽ തങ്ങൾക്ക പററിയ വിഡ്ഢിത്തം മനസ്സിലാക്കി സ്ത്രീകളെ വിരട്ടിക്കളഞ്ഞിട്ടു വീണ്ടും തപസ്സിനു ഒരുമ്പെട്ടു. ആയിരം വത്സരം കഴിഞ്ഞപ്പോൾ ശിവൻ അവർക്ക ദേവകളെക്കാൾ ബലവും ധനവും നൽകി. ഉടൻ മദാന്ധന്മാരായി ദേവകളെ എതിർത്തു. അവർ തോററു. ഒടുവിൽ ഇല്ലാതെ ശിവൻെറ കല്പനയനുസരിച്ചു ദുർഗ്ഗാദേവിയെ അഭയം പ്രാപിച്ചു. ദുർഗ്ഗ ഈ അസുരന്മാരെയും ചണ്ഡമുണ്ഡൻ എന്ന രണ്ടു അനുചരന്മാരെയും കൊന്നു.

**ശുല്കം**—പ്ര. ചുങ്കം. (രാഷ്ട്രപദം) ര. കന്യകയെകൊടുത്തു വാങ്ങിക്കുന്ന ദ്രവ്യം. ന. സ്ത്രീധനം. ർ. പണയം.

'ഭോജ്യൈതെന്നുശുല്കം'
(കിർമ്മീരവധം കഥകളി)

**ശുല്ബരജ്ജു**-ചെമ്പുകമ്പി.

**ശുല്ബം, ശുലംബം**—പ്ര. ചെമ്പ്. ര. കയറ്. ന. ബലികർമ്മം.

**ശുലപാരി**-ഗന്ധകം.

**ശുശ്രൂഷ**—പ്ര ഭൃത്യവൃത്തി, പരിചര്യ. കേൾക്കണമെന്നുള്ള ആഗ്രഹം എന്ന ശബ്ദാർത്ഥം. ര. പള്ളികളിൽ കഴിക്കുന്ന ദിവ്യാരാധന.

**ശുശ്രൂഷക്കാരൻ**- ശുശ്രൂഷിക്കുന്നവൻ.

**ശുശ്രൂഷണം**-ഭൃത്യവൃത്തി, പരിചര്യ.

**ശുശ്രൂഷിക്കുന്നു**-ഭൃത്യവൃത്തിചെയ്യുന്നു, പരിചരിക്കുന്നു. നല്ലവണ്ണം രക്ഷിക്കുന്നതിനു വേണ്ടതെല്ലാംചെയ്യുന്നു. (നാമം ശുശ്രൂഷണം).

ശുഷി-൧. ചുഴിപ്പ്. ൨. ഉണക്കം. ൩. പാമ്പിന്റെ വിഷസഞ്ചിക്കകത്തുള്ള വാച്ചാൽ.

ശുഷിരം-൧. എലി. ൨. കൊട്ടുവേലി.

ശുഷിരാ-൧. പവിഴക്കൊടി. ൨. നദി.

ശുഷ്ക-വി. ഉണങ്ങിയ.

ശുഷ്കകാഷ്ഠം-ഉണക്കവിറക്.

ശുഷ്കതരു-ഉണങ്ങിയ വൃക്ഷം.

ശുഷ്കൻ-രസികനല്ലാത്തവൻ.

ശുഷ്കപത്രം-൧. ഉണക്കില, കരിയില. ൨. ഞമ.

ശുഷ്കം-൧. ഉണങ്ങിയതു്. ൨. സാഹിത്യസംഹ്യപ്രകാരം രീതികളിൽ ഒന്നു്. ൩. സാരമില്ലാത്തതു്. ൪. കാര്യമില്ലാത്തതു്.

ശുഷ്കമാംസം-ഉണക്കയിറച്ചി.

ശുഷ്കവ്രണം-ഉണങ്ങിയ വ്രണം.

ശുഷ്കാന്തി-താൽപര്യം, ശുഷ്ക. ചുട+കാന്തി. ഇതാണ ശുഷ്കാന്തിയായതു്.

ശുഷ്കാന്തിക്കുന്നു-താൽപര്യപ്പെടുന്നു

ശുഷ്കാർദ്രകം-ചുക്കു്.

ശുഷ്കവൈരം — കാര്യമില്ലാത്ത വിരോധം.

ശുഷ്കിക്കുന്നു-൧ മെലിയുന്നു. ൨. ഉണങ്ങുന്നു.

ശുഷ്മാ-൧. അഗ്നി. ൨. കൊട്ടുവേലി. ൩. ബലം. ൪. ശോഭ.

—ooOoo—

ശൂ

ശൂകകം-൧. യവം. ൨. ഓകളുള്ള ധാന്യം.

ശൂകകീടം-൧ പുഴവു്. ൨. തേരം.

ശൂകധാന്യം-ഓകളുള്ളധാന്യം, ചെന്നെല്ലു മുതലായവ.

ശൂകപാക്യം-ചവർക്കാരം.

ശൂകപുച്ഛം-ഗന്ധകം.

ശൂകം-൧. നെല്ലിന്റെ ഓക്. ൨. കരുണ.

ശൂകരം-പന്നി.

ശൂകശിംബി-നായ്ക്കുരണ, നായിക്കൊരുണ.

ശൂകാ-നായിക്കൊരുണ.

ശൂതി-വി. വർദ്ധിക്കുന്ന.

ശൂദ്രകൻ-മൃച്ഛകടിക എന്ന നാടകത്തിന്റെ കർത്താവായ ഒരു രാജാവു്.

ശൂദ്രധർമ്മം-ബ്രാഹ്മണശുശ്രൂഷ.

ശൂദ്രൻ— നാലാമത്തെ ജാതിക്കാരൻ. ജ്ഞാനമില്ലാതെ ശോചിക്കുന്നവൻ എന്നർത്ഥം.

ശൂദ്രപ്രിയം-വലിയ വെള്ളുള്ളി.

ശൂദ്രാ-ശൂദ്രജാതി സ്ത്രീ.

ശൂദ്രീ-ശൂദ്രന്റെ ഭാര്യ.

ശൂന-വി. വീർത്തുള്ള.

ശൂന്യ-വി. ഒഴിഞ്ഞ, നശിച്ച.

ശൂന്യഗൃഹം-ഒഴിഞ്ഞ ഭവനം.

ശൂന്യത-നാശം.

ശൂന്യപ്രദേശം-കാട്ടുപ്രദേശം, മനുഷ്യരില്ലാത്ത സ്ഥലം.

ശൂന്യം-൧. ഇല്ലായ്മ. ൨. ഒഴിഞ്ഞിരിക്ക. ൩. നാശം. ൪. ആകാശം. ൫. ക്ഷുദ്രം. ൬. ഭേദം.

ശൂന്യമധ്യം-വെഴൽ.

ശൂന്യമന്ദിരം-ഒഴിഞ്ഞ ഗൃഹം.

ശൂന്യമാകുന്നു-നശിക്കുന്നു. (ശൂന്യമാക്കുന്നു-സ. ക്രി).

ശൂന്യമുഖ(വദന)-വി. കറുത്ത മുഖമുള്ള.

ശൂന്യവാദി-നാസ്തികൻ.

ശൂന്യാ-൧. അകം പൊള്ളയായ വേഴക്കോൽ. ൨. ചവിഴക്കൊടി.

ശൂന്യാണ്ടിക്ക-പരിഹസിക്ക.

ശൂരണം-൧. ചേന. ൨. പലകപ്പയ്യാനി.

ശൂരത-ധീരത.

ശൂരൻ-൧. ധീരൻ, ശൌര്യമുള്ളവൻ, വീരൻ. ൨. മല്ലൻ. ൩. സിംഹം. ൪. ആൺപന്നി. ൫. വസുദേവരുടേയും കുന്തിയുടേയും, പിതാവായ ഒരു യാദവരാജാവ്.

ശൂരം-൧. കോഴി. ൨. പുലി. ൩. നായ്. ൪. സിംഹം. ൫. പന്നി. ൬. മത്ത്. ൭. അയിനി. ൮. കൊട്ടവേലി. ൯. എരിക്ക്.

ശൂരാ-ധൈര്യമുള്ളവൾ.

ശൂർപ്പകൻ-ഒരസുരൻ.

ശൂർപ്പകർണ്ണം-ആന.

ശൂർപ്പകാരാതി-കാമദേവൻ. ശൂർപ്പകൻ എന്ന അസുരന്റെ ശത്രു എന്നർത്ഥം.

ശൂർപ്പണഖാ-രാവണന്റെ സഹോദരി. ശൂർപ്പം (മുറം) പോലെയുള്ള (നഖ) നഖത്തോടുകൂടിയവൾ. (ശൂർപ്പ+നഖ=ശൂർപ്പണഖ).

പഞ്ചവടിയിൽവെച്ചു ശ്രീരാമനോടു ഭർത്താവാകണമെന്നു സിദ്ധാന്തിച്ചു. ഇവൾ സ്വാകൃതിയെ മറച്ചു ഒരു സുന്ദരിയുടെ വേഷത്തെ അവലംബിച്ചാണു ശ്രീരാമനോടടുത്തത്. രാമചന്ദ്രൻ ഉപേക്ഷിക്കയാൽ ലക്ഷ്മണനെ പ്രാപിച്ച് അഭീഷ്ടം അറിയിച്ചു. അദ്ദേഹവും ത്യജിച്ചു. ഒടുവിൽ ഇച്ഛാഭംഗംകൊണ്ടു കുപിതയായി സീതയോടടുക്കയാൽ ലക്ഷ്മണൻ ശൂർപ്പണഖയുടെ നാസാകുചങ്ങളെ ഛേദിച്ചു. ഇവൾ രാവണനോടു സങ്കടംപറഞ്ഞു, അയാളുടെ അവസാനത്തിനു കാരണഭൂതയായി.

ശൂർപ്പം-മുറം. ഇതുകൊണ്ട് അളക്കുന്നതിനാൽ ഈ പേർവന്നു. (സൂർപ്പം എന്നുമാവാം).

ശൂർപ്പശ്രുതി-ആന.

ശൂർമ്മി-൧. ഇരിമ്പുകൊണ്ടുള്ള ബിംബം. ൨. അടകല്ല്.

ശൂല-൧. ഒരുമാതിരി ദീനം, വയറുനോവ്. (ശൂലം എന്നതു നോക്കുക). ൨. കഴുമരം. ൩. വ്യഭിചാരിണി.

ശൂലകൻ-മുരട്ടുകുതിര, ശാഠ്യംപിടിച്ച കുതിര.

ശൂലദ്വിട്ട്-പെരുങ്കായം.

ശൂലനോവ്-വയറുനോവ്.

ശൂലപാണി-ശിവൻ.

ശൂലം-൧. വേദനഭേദം, വയറുനോവ്.

ശൂലരോഗത്തിന്റെ ഉല്പത്തി—കാമദേവന്റെ വധത്തിനായിട്ടാണു പരമേശ്വരനാൽ കോപഹേതുവായിട്ടു പ്രയോഗിക്കപ്പെട്ട ത്രിശൂലം എത്രയും വേഗത്തോടുകൂടി നേരെ വരുന്നതു കാമദേവൻ കണ്ടു ഭയപ്പെട്ടു വിഷ്ണുവിന്റെ ശരീരത്തിൽ പ്രവേശിച്ചു. ത്രിശൂലം ഉടനെ വിഷ്ണുവിന്റെ ഹുംകാരംകൊണ്ടു മോഹിച്ചു ഭൂമിയിലും പതിച്ചു. അന്നുമുതലാണു ശൂലം എന്ന പ്രസിദ്ധി അതിനു ഭൂമിയിലുണ്ടായത്. പിന്നീടു ആ ശൂലം പഞ്ചഭൂതമയമായ ശരീരത്തെ ദൂഷിപ്പിപ്പാൻ തുടങ്ങി. ഇപ്രകാരമാകുന്നു ശൂലരോഗത്തിന്റെ പൂർവോല്പത്തി. ശൂലത്തിൽ നിന്നും സംഭവിച്ചതുകൊണ്ടും ശൂലംകൊണ്ടു കുത്തുന്നതുപോലെ വേദനയെ ജനിപ്പിക്കുന്നതുകൊണ്ടുമാകുന്നു. അതിനു ശൂലം എന്നു പേരുണ്ടായത്. ൨. കൊടിക്കുന്തം. ൩. നിത്യയോഗങ്ങളിൽ ഒന്ന്. ൪. മൂന്നുമുനയുള്ള ഒരായുധം. ൫. ശിവന്റെയും ശക്തിയുടേയും ആയുധങ്ങളിൽ ഒന്ന്. ൬. മഴ.

ശൂലരോഗി-വി. ശൂലരോഗമുള്ള

ശൂലാകൃത-വി. ഇരിമ്പുകോലിന്മേൽ കോർത്തു ചുട്ട.

ശൂലാരോപണം-ശൂലത്തിൽ കേററുക.

ശൂലാവരോപണം - ശൂലത്തിലിട്ടു കൊല്ലുക.

ശൂലി-വി. ശൂലമുള്ള.

ശൂലികാ-മുയൽ.

ശൂലീ-പു. ശിവൻ. ശൂലമെന്ന ആയുധമുള്ളവൻ എന്നർത്ഥം. ൨. കാമദേവൻ. ൩. മുയൽ. ൪. എരുമപ്പുല്ല്.

ശൂല്ലാരം-ചീററുക.

'ശൂല്ലാരമുയന്നപാമ്പുടഞ്ഞാണു
തൊഴുന്നേൻ'

(ഘനസംഘസ്തോത്രം)

ശൂല്യ-വി. ൧. കോലിന്മേൽ കോർത്തു ചുട്ട. ൨. കഴുവേററത്തക്ക.

ശൂല്യൻ-കഴുവേറി.

ശൂല്യം - ശൂലത്തിന്മേൽ കോർത്തുചുട്ട മാംസം.

---

# ശൃ

ശൃഗാലൻ - പു. കുറുക്കൻ, നരി. ൨. കൃഷ്ണൻ.

ശൃഗാലം-പു. കുറുക്കൻ. ൨. ഒരു പിശാച്.

ശൃഗാലരൂപൻ-ശിവൻ.

ശൃംഖല-പു. പുരുഷന്റെ അരഞ്ഞാണ്, ചങ്ങല. ൨. സാഹിത്യസാഹ്യപ്രകാരം ചിഹ്നങ്ങളിൽ ഒന്ന്.

ശൃംഖല എന്ന ചിഹ്നം (-) ഇതാകുന്നു. ഇത് ഒരു പദത്തെ രണ്ടുവരികളിലായി മുറിച്ച് എഴുതേണ്ടി വന്നാൽ ഒന്നാംവരിയുടെ ഒടുവിൽ ചെയ്യേണ്ടതു്. ഒരു ചങ്ങലയിട്ടു പൂട്ടിയതുപോലെ പദത്തിന്റെ രണ്ടു ഭാഗങ്ങളേയും ഇതു തുടക്കുന്നു. സമാസമദ്ധ്യത്തിലും മററും ഇതിനെ ഉപയോഗിക്കാം. (സാഹിത്യസാഹ്യം).

ശൃംഖല(ക)ം -ഒട്ടകം, ഒട്ടകക്കുട്ടി

ശൃംഖലിത-വി. ചങ്ങലകൊണ്ടു ബന്ധിക്കപ്പെട്ട.

ശൃംഗജം-അകിൽ.

ശൃംഗം-പു. കൊമ്പ്. ൨. കഴൽ. ൩. അടയാളം. ൪. താമര. ൫. അകിൽ. ൬. കൊടുമുടി. ൭. വസ്തി. ൮. പ്രഭുത്വം. ൯. ശ്രേഷ്ഠത.

ശൃംഗവ(ബേ)രം-ചുക്ക്.

ശൃംഗാടകം-നാല്ക്കവലവഴി, നാലുറോട്ടുകൾ വന്നുകൂടുന്ന സ്ഥലം.

'ശൃംഗാരസൌവിച്ചഹർമ്മ്യാലിതഞ്ജിപല
ശൃംഗാടകേഷ്വവിളങ്ങി'

(നിവാതകവചവധം)

ശൃംഗാരചേഷ്ടകൾ - 'വിലാസങ്ങൾ' നോക്കുക.

ശൃംഗാരതിലകം-ശൃംഗാരസംബന്ധമായ ഭട്ടന്റെ ഒരു ഭാണം.

ശൃംഗാരദ്വയം -സംഭോഗം, വിപ്രലംഭം ഇവരണ്ടും.

ശൃംഗാരം-പു. നവരസങ്ങളിൽ ഒന്ന്, ശൃംഗാരരസം. ൨. അലങ്കാരം. ൩. സൌന്ദര്യം. ൪. ചേച്ച ൫. കാരകിൽ. ൬. ഇഞ്ചി. ൭. ഇലവങ്ങപ്പൂവ്. ൮. ആനയുടെ തലയിലും തുമ്പിക്കയ്യിലും ഭംഗിയായി വരച്ച വര. ൯. കരയാമ്പൂ ൧൦. സുഗന്ധപ്പൊടി.

ശൃംഗാരഭൂഷണം-സിന്ദൂരം.

ശൃംഗാരയോനി-കാമദേവൻ. ശൃംഗാരരസത്തിന്നുല്പത്തിസ്ഥാനമെന്നർത്ഥം.

ശൃംഗാരരസം-നവരസങ്ങളിൽ ഒന്ന്.

ശൃംഗാരവേഷം-അലങ്കാരം.

ശൃംഗാരി-വി. ശൃംഗാരമുള്ള, സൌന്ദര്യമുള്ള.

ശൃംഗാരി-പു. ശൃംഗാരമുള്ളവൻ. വ. ആന. സ. കവുങ്ങ്. ര. മാണിക്യം.

ശൃംഗാരിക്കുന്നു-അലങ്കരിക്കുന്നു.

ശൃംഗി-വി. ശൃംഗമുള്ള.

ശൃംഗി-ശമീകൻ എന്ന മുനിയുടെ പുത്രൻ.

ശൃംഗി-പു. ഒരുമരുന്നു, ഇടവകം: വ. ജീവകം. സ. പർവ്വതം. ര. കല്ലാല് ല. ആന. ന്ന. കൊമ്പുള്ള മൃഗം. ൦. അതിവിടയം. വ്യ. സ്വർണ്ണം. ൻ. പെരുന്തലമീൻ, കൊമ്പൻമീൻ. ഫ. പോത്ത്. ഫ.ഫ. കറിയാട്ട്.

ശൃംഗികനകം :- ആഭരണങ്ങൾക്കുള്ള പൊന്ന്.

ശൃംഗികാ-അതിവിടയം.

ശൃംഗിണാ-കറിയാട്ട്.

ശൃംഗിണി-പു. നല്ലവക പശു. വ. പശു. സ. അതിവിടയം.

ശൃംഗിവേരം-പു. ഇഞ്ചി, ചുക്ക്. വ. ഒരു പുരം.

ശൃംഗിവേരപുരം ഗംഗാതീരത്തുള്ള ഗുഹന്റെ വാസസ്ഥലത്തിനടുത്താകുന്നു. (രാമായണംകൊണ്ടു സ്പഷ്ടം).

ശൃംഗേരി, ശൃംഗഗിരി-ശങ്കരാചാര്യ്യസ്വാമിയുടെ ജന്മഭൂമി.

ശൃംഗേരിമഠം – തുംഗഭദ്രാതീരത്താണ്.

ആദിശങ്കരാചാര്യ്യർ ഇവിടെ ഒരു ശാരദാമഠം പണിയിച്ചു വേദാന്തസൂത്രം പഠിപ്പിച്ചുകൊണ്ടിരുന്നു.

ശൃണി – ആനത്തോട്ടി. (സൃണിയുടെ പാഠം)

ശൃത-വി. വെന്ത, കാച്ചിക്കുറുക്കപ്പെട്ട.

ശൃതജലം-വെന്തവെള്ളം.

ശൃതാംഭസ്സ്-വെന്തവെള്ളം.

## ശേ

ശേഖരകം-ശിരോലങ്കാരം, (തലയിലെ മുടി മൂടി തൂങ്ങിക്കിടക്കത്തക്ക നിലയിൽ നാനാവർണ്ണങ്ങളായ പുഷ്പങ്ങളെക്കൊണ്ടു മാലകെട്ടിയോജിപ്പിക്കുക.)

ശേഖരം-പു. ശിരോലങ്കാരം. വ. ഇലവങ്ങപ്പൂവ്.

ശേഖരി-ഇത്തിക്കണ്ണി.

ശേഖരിക്കുന്നു-കൂട്ടംകൂട്ടുന്നു, വട്ടംകൂട്ടുന്നു.

ശേഖരിതം-കൂടിയിരിക്കുന്നതു്.

ശേഖരിപ്പ്-ഒന്നിച്ചുകൂട്ടുക, ഭണ്ഡാരം.

ശേഖരിപ്പുമുതൽപിടി-ഭണ്ഡാരം സൂക്ഷിക്കുന്നവൻ.

ശേണം-ഭൂമി.

ശേപാലം-കരിംപായൽ.

ശേഫസ്സ്-പുരുഷന്റെ ലിംഗം. ശുക്ലം സ്രവിച്ചതിന്റെ ശേഷം ശയിക്കുന്നതു എന്നർത്ഥം.

ശേഫാളിക-പു. ചേമന്തി. വണ്ടുകൾ ഇതിൽ ശയിക്കുന്നതിനാൽ ഈ പേർ വന്നു. വ. വെള്ളനൊച്ചി. സ. കരിനൊച്ചി. (പാഠങ്ങൾ-ശീഫാലികാ, ശേഫാലി).

ശേമുഷി-ബുദ്ധി. മോഹത്തെ കളയുന്നതു് എന്നർത്ഥം.

ശേമുഷീനികഷാ-ബുദ്ധിയാകുന്ന ഉരകല്ല് (ശാന്ന).

ശേർ-കൂട്ടുപലംകൂടിയ തൂക്കം.

ശേലു-പു നറവരി. വ. ഉലുവാ.

ശേവം-മീൻ.

ശേവധി-വൈശ്രവണന്റെ നിധികളിൽ ഒന്ന്.

ശേവലം, ശേവാലം- കരിംപായൽ.

ശേവലിനി-നദി

ശേഷക്കാരൻ - തന്റെ തറവാട്ടിലുള്ളവൻ, സംബന്ധക്കാരൻ, സഹോദരിയുടെ മകൻ.

ശേഷക്രിയ - ശവസംസ്കാരം മുതലായ കർമ്മം. Funeral rites.

ശേഷദശ-വാർദ്ധക്യം.

ശേഷൻ-അനന്തൻ.

ഈ നാഗരാജാവിനു 1000 തലയുണ്ടു്. വിഷ്ണുവിന്റെ മെത്തയാണു. ശേഷന്റെ കൊട്ടാരത്തിനു 'മണിഭിത്തി' എന്നു പേർ, 'മണിമണ്ഡലം' എന്നും പറയും. പത്നിയുടെ പേർ 'മണിദീപം'. ശയ്യ 'അനന്തശീർഷം'.

ശേഷം-അ. ശിഷ്ടം, ശേഷിപ്പു, ശേഷിച്ചതു്.

ശേഷി-പ്ര. പ്രാപ്തി. വ. പ്രാപ്തിയുള്ളവൻ.

ശേഷിക്കുന്നു-ശിഷ്ടമുണ്ടാകുന്നു.

ശേഷിപ്പു്-ശിഷ്ടം.

ശേഷിയാകുന്നു-പ്രാപ്തിയാകുന്നു.

---

## ശൈ

ശൈക്ഷൻ-ചെറിയ ബ്രാഹ്മണൻ.

ശൈഖരികം-വലിയ കടലാടി.

ശൈത്താൻ-ഒരു പിശാചു്.

ശൈത്യം-തണുപ്പു്.

ശൈഥില്യം-അയവു്, ക്ഷീണത.

ശൈബ്യാ-പ്ര. ഹരിശ്ചന്ദ്രന്റെ പത്നി. വ. ശതധനുവിന്റെ പത്നി. ന. ജ്യാമഘന്റെ പത്നി.

ശൈരീയം-മുൾക്കുറിഞ്ഞി.

ശൈല-വി. ശിലയെ സംബന്ധിച്ച, പാറയെ സംബന്ധിച്ച.

ശൈലകന്യാ-പാർവ്വതി.

ശൈലകന്യാശങ്കരൻ-ശിവൻ, പാർവ്വതിയോടു ചേർന്നിരിക്കുന്നവൻ എന്നർത്ഥം.

ശൈലകാ-പ്ര. മലയിതവേലി. വ. സുഗന്ധമുള്ള ഒരുവക പശ, സാമ്പ്രാണി.

ശൈലചതുഷ്ടയം-(ശൈലം നോക്കുക)

ശൈലജാ-പാർവ്വതീ.

ശൈലതനയാ-പാർവ്വതി.

ശൈലനന്ദിനീ-പാർവ്വതി.

ശൈലപത്രാ-കൂവളം.

ശൈലപുത്രി-പാർവ്വതി.

ശൈലപ്രസവം-ഊറവകഴി.

ശൈല(ക)ം-ചേലേയം.

ശൈലം - പ്ര. പർവ്വതം. മഹാമേരുവിന്റെ ഉന്നതകളായ നാലു പർവ്വതങ്ങൾ— മന്ദരം, മേരുമന്ദരം, സുപാർശ്വം, കുമുദം. വ. സാമ്പ്രാണി ന. വെള്ളമണ്ണു്. ർ. കന്മദം ൫. മാക്കീരക്കല്ലു്.

ശൈലശിബിരം-കടൽ.

ശൈലസുതാ-പ്ര. ഗംഗാനദി. വ. പാർവ്വതി. ന. വലിയ പാലുഴവം.

ശൈലാടൻ-പ്ര സിംഹം. വ. കാട്ടാളൻ.

ശൈലാടം-സിംഹം.

ശൈലാദി-ശിലാദന്റെ പുത്രൻ, നന്ദി.

ശൈലാലി-ചാംക്യത്.

ശൈലി-പ്ര. വിലക്ഷണപ്രയോഗഭംഗി. എല്ലാ ഭാഷകളിലും വാച്യമായ അക്ഷരാർത്ഥത്തിനു പുറമേ ലക്ഷ്യമോ വ്യംഗ്യമോ ആയ അർത്ഥത്തെ കാണിക്കുന്ന ചില വാക്കുകൾ ഉണ്ടു്. ഇവ വാച്യാർത്ഥത്തെ ഗണിക്കാത്തതുപോലെ ചിലേടത്തു വ്യാകരണവിധികളെക്കൂടി ലംഘിക്കുന്നു. ഇപ്രകാരമുള്ള വാചകങ്ങളെ അതതു ഭാഷയുടെ 'ശൈലി' എന്നു പറയുന്നു. അക്കൂട്ടത്തിൽ മലയാളത്തിലും

ളുതാനും വിലക്ഷണപ്രയോഗഭംഗികൾ (ശൈലികൾ) കാണുന്നു. ഇവ സഭ്യേതരങ്ങളാകാതെ സൂക്ഷിക്കേണ്ടതാണ്. സഭ്യങ്ങളായവയ്ക്കു മാത്രമേ മേന്മ കൂട്ടുകയുള്ളൂ. വിദ്യാർത്ഥികൾ ഇവയെയല്ലാതെ ഉപയോഗിക്കരുത്.

സഭ്യങ്ങളായ ശൈലികൾക്കു ഉദാഹരണം.

൧. ചെണ്ടകൊട്ടിക്ക-ചതിക്ക.

൨. സ്വർഗ്ഗത്തിൽ കട്ടുറുമ്പ്—ചില്ലറശ്ശല്യം ചെയ്യുന്നവൻ ഇത്യാദി.

സഭ്യേതരങ്ങളായ ശൈലികൾക്കു ഉദാഹരണം.

൧. കമ്പിനീട്ടുക—വേഗത്തിൽ പുറപ്പെടുക.

൨. തട്ടിമൂളിക്കുക—തടസ്സമില്ലാതെ പ്രവർത്തിക്കുക. ഇത്യാദി.

ശൈലികൾ വ്യാകരണവിധിയെ ലംഘിക്കുന്നതിന് ഉദാഹരണം.

"കണ്ണനുണ്ണികളികഴിഞ്ഞുണ്ണുന്നോട്ടുംകൂടി"

പണ്ടു മഹാന്മാർ ചില അവസരങ്ങളിൽ സരസ്വതീകടാക്ഷം ഹേതുവായിട്ടു അർത്ഥയുക്തമായി പ്രയോഗിച്ചിട്ടുള്ള മനോഹരങ്ങളായ ചൊല്ലുകളെ "പഴംചൊല്ലുകൾ" എന്നു പറയുന്നു. ഇവയ്ക്കു ഭാഷയിൽ മാന്യസ്ഥാനമാണുള്ളത്. പഴഞ്ചൊല്ലിന് ഉദാഹരണം "പല തുള്ളി പെരുവെള്ളം" മുതലായവ.

൨. രീതി, സമ്പ്രദായം, നടപ്പ്, ആചരണം, പെരുമാററം, നിർവ്വഹണം, ൩. പിച്ചള.

ശൈലീഭവിക്കുന്നു- കല്ലായിത്തീരുന്നു, കട്ടപിടിക്കുന്നു.

ശൈലൂഷൻ-൧. നടൻ. ൨. വഞ്ചകൻ. ൩. താളംപിടിക്കുന്നവൻ.

ശൈലൂഷ്യം-൧. നാട്യം. ൨. കൂവളം.

ശൈലേന്ദ്രജാ-ഗംഗാനദി.

ശൈലേയ-വി. പർവ്വതത്തെസംബന്ധിച്ച.

ശൈലേയം-൧. സാമ്പ്രാണി. ൨. മുരാമഞ്ചി. ൩. ഇന്തുപ്പ്. ൪. സിംഹം.

ശൈലേയി-പാർവ്വതി.

ശൈലേശ്വരൻ-ഹിമവാൻ. (പർവ്വതരാജാവ്).

ശൈലോദ-ഒരു നദി.

ശൈല്യം-കടുപ്പം.

ശൈവ-വി. ശിവനെ സംബന്ധിച്ച.

ശൈവപദലക്ഷണം- ശൈലപുത്രി, ഗംഗ, ചന്ദ്രൻ, മാൻകുട്ടി, സർപ്പം, കോടീരം, ഭദ്രാക്ഷം, രുദ്രാക്ഷം, അങ്കുശം, പാശം, ശൂലം, കഠാരം, കപാലം, തുമ്പമാല, ചാമ്പൽ, പുലിത്തോൽ, ടങ്കം, ഡക്ക, കടുന്തുടി, എല്ല്, വില്വമാല, ഗണനാഥൻ, ഷൺമുഖൻ, നന്ദി, ഭൃംഗി, ഭൃംഗിരീടി, ലോകപാലന്മാർ, തക്ഷകൻ, വാസുകി, ഋഷഭൻ, വില്വപത്രം, തുളസി, ഉന്മത്തപ്പൂവ്, താമര, വെളുത്തബന്ധൂകം, വിരിഞ്ഞ കൊന്നപ്പൂവ്.

ശൈവക്കാരൻ-ശിവമതക്കാരൻ.

ശൈവൻ-ശിവമതക്കാരൻ.

ശൈവപത്രാ-കൂവളം.

ശൈവം-൧. പതിനെട്ടു പുരാണങ്ങളിൽ ഒന്ന്. ൨. ശിവമതം. ൩. കരിമ്പായൽ. ൪. കൊക്കുമന്താരം. ൫. താർതാവൽ. ൬. ഉമ്മത്ത്.

ശൈവലം-൧. കരിമ്പായൽ. ൨. പത്മകം.

ശൈവലിനി-നദി.

ശൈവ്യൻ-൧. കൃഷ്ണന്റെ ഒരു കുതിര. ൨. പാണ്ഡവസൈന്യത്തിലെ ഒരു യോദ്ധാവ്. ശൈവ്യം-കുതിര.

ശൈവാലം-കരിമ്പായൽ.

ശൈശവം-ചെറുപ്പം.

ശൈശിരം-കാട്ടുകരികിൽ.

ശൈക്ഷ്യോപാദ്ധ്യായിക - അഭ്യസിപ്പിക്ക.

---

## ശോ

ശോകം-ദുഃഖം.

ശോകനാശനം-അശോകം.

ശോകസ്ഥാനം-ദുഃഖത്തിന്റെ കാരണം

ശോകിക്കുന്നു-ദുഃഖിക്കുന്നു.

ശോചന-വി. ദുഃഖമുള്ള.

ശോചനം-ദുഃഖം.

ശോചിഷ്കേശൻ-അഗ്നി. ജ്വാലകളാകുന്ന കേശങ്ങൾ ഉള്ളവൻ എന്നർത്ഥം. കേശങ്ങളെപ്പോലെയുള്ള ജ്വാലകൾ ഉള്ളവൻ എന്നുമാവാം.

ശോചിസ്സ്-ശോഭ, രശ്മി, ജ്വാല.

ശോച്യം-വി. ൧. ശുദ്ധതയുള്ള. ൨. കൃപചെയ്യപ്പെടേണ്ടുന്ന.

ശോഠൻ-൧. മൂഢൻ. ൨. മടിയൻ. ൩. വഞ്ചകൻ. ൪. ദുഷ്ടൻ. ൫. ഹീനൻ.

ശോഠം-മാടപ്രാവു്.

ശോണ-വി. ചെമപ്പുനിറമുള്ള, കടുംചെമപ്പുള്ള.

ശോണകം-പലകപ്പയ്യാനി.

ശോണജം-തിപ്പലിമൂലം.

ശോണം-൧. കടുംചെമപ്പ്. ൨. ആണൂറ്. ൩. കുങ്കുമം, ഒരുമാതിരി പൂവ്. ൪. ചെമന്നകരിമ്പ്. ൫. രക്തം. ൬. സിന്ദൂരം. ൭. കുങ്കുമം.

ശോണരത്നം-ചെമന്നരത്നം, മാണിക്യം

ശോണലലാമകം-മാണിക്യം.

ശോണവർണ്ണ-വി. ചെമന്നനിറമുള്ള.

ശോണാകം-ഒരു വൃക്ഷം.

ശോണിത-വി. ചെമപ്പുള്ള.

ശോണിതപുരം-ബാണാസുരന്റെ നഗരം. (ഈജിപ്റ്റിലാണ്).

ശോണിതം-൧. രക്തം. ൨. ചെമപ്പ്. ൩. കുങ്കുമം. ൪. പുൽകുങ്കുമം. ൫. രക്തചന്ദനം.

ശോണിമ-ചെമപ്പുനിറം.

ശോണോപലം-മാണിക്യം.

ശോഥ(ഫ)ഘ്നി-൧. വെളുത്ത തമിഴാമ. ൨. മുവില.

ശോഥഘ്ന-വി. ശോഥത്തെ (നീരിനെ) കളയുന്ന.

ശോഥം-വീക്കം, ദേഹത്തിലുണ്ടാകുന്ന നീര്.

ശോധകൻ-ശുദ്ധിവരുത്തുന്നവൻ.

ശോധകം-ഒരുമാതിരിമണ്ണ്.

ശോധന-വി. ശുദ്ധിവരുത്തുന്ന.

ശോധന-൧. അന്വേഷണം. ൨. ശുദ്ധി. ൩. പരീക്ഷ. ൪. നന്നാക്കുക. ൫. വ്രണം തേച്ചുകഴുകുക. ൬. ലോഹാദികൾ ശുദ്ധിവരുത്തുക. ൭. തെറ്റുകൾ തിരുത്തുക. ൮. വയറൊഴിക.

ശോധനകൻ-ക്രിമിനൽ കോടതിയിലെ ഒരു ഉദ്യോഗസ്ഥൻ.

ശോധനക്കാരൻ - ശോധനചെയ്യുന്നവൻ.

ശോധനക്കോൽ-മുറിവുകളിൽ കടത്തി ശോധനചെയ്യുന്ന കരുവ്.

ശോധനി-൧. ചൂല്. ൨. അമരി.

ശോധനീബീജം-നേർവാളം.

ശോധനീയ-വി. ശോധനചെയ്യപ്പെടേണ്ടുന്ന.

ശോധം-ശുദ്ധി.

ശോധിത-വി. ൧. ശോധനചെയ്യപ്പെട്ട, ചളികളഞ്ഞുശുദ്ധിവരുത്തിയ. ൨. പുത്തനാക്കിയ, നന്നാക്കിയ. ൩. ശരിപ്പെടുത്തിയ.

ശോധ്യ-വി. ശോധനചെയ്യേണ്ടുന്ന.

ശോധ്യം-വെള്ളി.

ശോഫഘ്ന-വി. ശോഫത്തെക്കളയുന്ന, നീരിനെക്കളയുന്ന.

ശോഫഘ്നി-തഴുതാമ.

ശോഫം-വീക്കം, നീരു്, ദേഹത്തിലുണ്ടായ നീരു്. ക്ഷണത്തിൽ വ്യാപിക്കുന്നതു് എന്നൎത്ഥം.

ശോഭ-൧. പ്രകാശം. ൨. രശ്മി. ൩. ഛായ. ൪. ഭംഗി. ൫. മഞ്ഞൾ. ൬. ഗോരോചന. ൭. ആഭരണം.

ശോഭകൃത്-അറുപതിൽ മുപ്പത്തേഴാം വത്സരം.

ശോഭന-വി. ശോഭിച്ച.

ശോഭനൻ-൧. ശിവൻ. ൨. സുന്ദരൻ.

ശോഭനം-൧. പ്രകാശം. ൨. ഭംഗി. ൩. നിത്യയോഗങ്ങളിൽ ഒന്നു്. ൪. താമര. ൫. വിശേഷം.

ശോഭനാ-൧. മഞ്ഞൾ. ൨. സുന്ദരി.

ശോഭാഞ്ജനം-മുരിങ്ങവൃക്ഷം.

ശോഭായമാന-വി. ശോഭിച്ചുകൊണ്ടിരിക്കുന്ന.

ശോഭിക്കുന്നു-പ്രകാശിക്കുന്നു.

ശോഭിത-വി. ശോഭിക്കപ്പെട്ട.

ശോമാരി-മടിയൻ.

ശോലിക-കാട്ടുമഞ്ഞൾ.

ശോഷണം-൧. മെലിച്ചൽ. ൨. ചപ്പൽ. ൩. ചുക്കു്. ൪. പലകപ്പയ്യാനി. ൫. കാമദേവന്റെ അസ്ത്രങ്ങളിൽ ഒന്നു്

ശോഷം-൧ മെലിച്ചൽ. ൨. രാജയക്ഷ്മാവു്. ൩ ഉണക്കു്.

ശോഷിക്കുന്നു-൧. ഉണങ്ങുന്നു. ൨. മെലിയുന്നു.

ശോഷിത-വി. ശോഷിപ്പിക്കപ്പെട്ട, ഉണക്കപ്പെട്ട.

ശോഷ്യ-വി. ശോഷിപ്പിക്കേണ്ടുന്ന.

# ശൌ

ശൌകം-കിളിക്കൂട്ടം.

ശൌക്തികം, ശൌക്തികേയം, ശൌക്തേയം-മുത്തു്.

ശൌക്ലികേയം-ഒരുവക വിഷം, വെള്ളപ്പാഷാണം. ശുക്ലിക (ശുക്ല) ദേശത്തിൽ ഉണ്ടായതു് എന്നൎത്ഥം. (പാഠം ശൌല്കികേയം).

ശൌക്ല്യം-വെളുപ്പു്.

ശൌചം-൧. ശുദ്ധിവരുത്തുക, ശുദ്ധി. ൨. ബഹുമതി. ൩. യോഗ്യത.

ശൌചിക്കുന്നു-ശുദ്ധിയാക്കുന്നു, വൃത്തിയാക്കുന്നു.

ശൌണ്ഡ-വി. ലഹരി പിടിച്ച.

ശൌണ്ഡം-൧. ജാതിക്കാ. ൨. കോഴി. ൩. സാമൎത്ഥ്യം.

ശൌണ്ഡി-ഈഴവൻ.

ശൌണ്ഡി-൧. തിപ്പലി. ൨. ചെവിയം.

ശൌണ്ഡികൻ-ചാരായം വാറ്റുന്നവൻ. (സ്ത്രീ-ശൌണ്ഡിക).

ശൌണ്ഡികപ്രിയം-മാവു്.

ശൌണ്ഡീ-൧. അത്തിത്തിപ്പലി. ൨. തിപ്പലി. ൩. ചെവിയം.

ശൌദ്ധോദനി-ബുദ്ധമുനി. ശുദ്ധോദനന്റെ പുത്രൻ എന്നൎത്ഥം. ശാക്യമുനി.

ശൌനകൻ-ഗ്രന്ഥകൎത്താവായ ഒരു ഋഷി. അശ്വലായനന്റെ ഗുരു.

ശൌനകാദികൾ-നൈമിശവനത്തിലുള്ള വിഷ്ണുക്ഷേത്രത്തിലെ മുനിശ്രേഷ്ഠന്മാർ.

ശൌനാസീരം-ഇന്ദ്രനെ സംബന്ധിച്ചതു്.

ഋഗ്വേദപ്രാതിശാഖ്യ, ബൃഹദ്ദേവതാ മുതലായ പല വേദസംബന്ധമായ പുസ്തകങ്ങൾ ഉണ്ടാക്കീട്ടുണ്ടു്.

ശൌനികൻ-൧. മൃഗങ്ങളെ കൊന്നു മാംസം വില്ക്കുന്നവൻ. ൨. പക്ഷികളെ പിടിക്കുന്നവൻ, നായാട്ടുകാരൻ.

ശൌഭം-൧. കവുങ്ങ്. ൨. ഹരിശ്ചന്ദ്രന്റെ നഗരം.

ശൌഭികൻ-ഇന്ദ്രജാലക്കാരൻ.

ശൌരസേനി-പ്രാകൃതഭാഷ.

ശൌരി-൧. വിഷ്ണു (കൃഷ്ണൻ). ശൂരസേനന്റെ വംശത്തിൽ ജനിച്ചവൻ എന്നൎത്ഥം. ൨. ശനി, സൌരി. ൩. വേങ്ങ. ൪. ബലരാമൻ.

ശൌൎയ്യം-പരാക്രമം, ബലം.

ശൌൎയ്യവൽ-വി. ശൌൎയ്യമുള്ള. (വാൻ, വതി, വൽ).

ശൌല്കം-വി. ശുല്കത്തെ സംബന്ധിച്ച

ശൌല്കൻ-ചുങ്കംവിചാരിപ്പുകാരൻ.

ശൌല്കികൻ-ചെമ്പുപണിക്കാരൻ.

ശൌല്കികേയം-ഒരുവക വിഷം. വെളുപ്പാഷാണം. (ശൌക്ലികേയം എന്നതിന്റെ പാഠം).

ശൌല്ബികൻ-ചെമ്പുപണിക്കാരൻ.

ശൌവനദന്താ-കൂൎത്ത ദംഷ്ട്രപ്പല്ല്.

## ശ്ച്യു

ശ്ച്യുതിത-വി. ഒഴുകിയ, ഇററിററു വീഴുന്ന.

ശ്ച്യോതം-ഒലിക്കൽ.

## ശ്മ

ശ്മം-മുഖം.

ശ്മശാനക്കുഴി-ചുടലക്കളത്തിലെ കുഴി.

ശ്മശാനഭൂമി-ശവമിടുന്ന സ്ഥലം.

ശ്മശാനം-ചുടലക്കാട്, ശവം ദഹിപ്പിക്കുന്ന സ്ഥലം. ശവങ്ങൾ ഇതിൽ ശയിക്കുന്നതിനാൽ ഈ പേരുണ്ടായി.

ശ്മശാനവാസി-ശിവൻ.

ശ്മശ്രു-പുരുഷന്റെ മുഖത്തെ രോമം, മീശ. ശ്മം (മുഖം). മുഖത്തെ ആശ്രയിച്ചതു് എന്നൎത്ഥം.

ശ്മശ്രുനികൃന്തകൻ-ക്ഷുരകൻ.

'അശ്രുപൂൎണ്ണാക്ഷനായ് ശത്രുഘ്നനാം തദാ
ശ്മശ്രുനികൃന്തകന്മാരെ വരുത്തിനാൻ'
(അദ്ധ്യാത്മരാമായണം)

## ശ്യാ

ശ്യാമ-വി. കറുത്ത.

ശ്യാമാ-൧. ദേവി. ൨. യൌവനസ്ത്രീ. ൩. രാത്രി. ൪. ചിററമൃതു്. ൫. അമരി. ൬. ഇത്തിക്കണ്ണി. ൭. കരിംകുരുക. ൮. നാല്ക്കൂപ്പക്കൊന്ന. ൯. ചാമ. ൰. തിപ്പലി. ൧൧. ഗോരോചന. ൧൨. കസ്തൂരി. ൧൩. നറുനീണ്ടി. ൧൪. മയിനാപ്പക്ഷി. ൧൫. തുളസി. ൧൬. ത്രികോല്പക്കൊന്ന. ൧൭. ഞാഴൽ. ൧൮. കയിൽപ്പൂട. ൧൯. യമുനാനദി. ൨൦. മഞ്ഞൾ. ൨൧. സോമവല്ലി. ൨൨. ഗുഗ്ഗുലു. ൨൩. കാർകോകിൽ.

ശ്യാമകണ്ഠം-മയിൽ.

ശ്യാമകം-൧. നാന്മുകപ്പുല്ല്. ൨. ചാമ.

ശ്യാമകാകം-കാവതിക്കാക്ക.

ശ്യാമം-൧. കറുപ്പുനിറം. ൨. പച്ചനിറം. ൩. മുളക്. ൪. ഇന്തുപ്പ്. ൫. ചാമ. ൬. മേഘം. ൭. കയിൽ. ൮. മക്കിപ്പൂവ്. ൯. മറികുന്നി. ൰. ഉമ്മത്തു്. ൧൧. ഉകമരം.

ശ്യാമല-കസ്തൂരി.

ശ്യാമവൎണ്ണ-വി. കറുത്ത.

ശ്യാമവൎണ്ണം-കറുത്ത നിറം.

ശ്യാമശബലന്മാർ-യമന്റെ നായ്ക്കൾ. (നന്നാലു കണ്ണുണ്ട്).

ശ്യാമള-വി. കറുത്ത.

ശ്യാമളത-കറുപ്പ്.

ശ്യാമളൻ-ഒരു യാദവരാജാവ്.

ഗർഗ്ഗമുനിയെ നിന്ദിക്കകൊണ്ടു യാദവരുടെ പരമശത്രുവായ കാലയവനന്റെ പിതാവായി.

ശ്യാമളം-൧. കറുപ്പുനിറം. ൨. അരയാൽ. ൩. നീലക്കയ്യോന്നി.

ശ്യാമളാ-പാർവ്വതി.

ശ്യാമാകം-ചാമ.

ശ്യാമിക-കറുപ്പുനിറം, കറ, പാപം.

ശ്യാമിത-വി. കറുപ്പുനിറമാക്കപ്പെട്ട.

ശ്യാലകൻ-൧. ഭാര്യയുടെ സഹോദരൻ, ൨. നികൃഷ്ടനായ മച്ചിനൻ.

ശ്യാലൻ-അളിയൻ, ഭാര്യയുടെ സഹോദരൻ.

ശ്യാലി-ഭാര്യയുടെ സഹോദരി.

ശ്യാവ-വി. മാന്തളിർ പൂ നിറമുള്ള.

ശ്യാവദന്തത-കരുവാളിപ്പ്.

ശ്യാവം-മാന്തളിർ പൂ നിറം.

കറുപ്പിനും നീലത്തിനും മദ്ധ്യേയുള്ള നിറം. ഇതാണ് വിഷ്ണുവിന്റെ വൎണ്ണം.

### ശ്യേ

ശ്യേത-വി. വെളുത്ത.

ശ്യേതാ-വെള്ളനിറം.

ശ്യേനം-൧. പരുന്ത്. ൨. വെളുപ്പുനിറം.

ശ്യേനാക്ഷം-വങ്ങാരംകോഴി.

ശ്യേനി-൧. പെൺപരുന്ത്. ൨. വെളുത്ത സ്ത്രീ. ൩. അരുണന്റെ ഭാര്യ.

—:൦:—

### ശ്യൈ

ശ്യൈനംപാതാ-നായാട്ട്.

—:൦:—

### ശ്യോ

ശ്യോനാ(ണാ)കം-പലകപ്പയ്യാനി.

—:൦:—

### ശ്ര

ശ്രഥനം-൧. കെട്ടഴിക്കുക. ൨. ഉപദ്രവിക്കുക, കൊല്ലുക. ൩. കെട്ടുക.

ശ്രദ്ധ-൧. താല്പര്യം. ൨. വിശ്വാസം. ൩. ഇച്ഛ. ൪. ദക്ഷപുത്രി, ധൎമ്മന്റെ പത്നി, കാമന്റെ മാതാവ്. ൫. ഗുരുമൊഴികളെയും ശാസ്ത്രത്തെയും ഈശ്വരവിചാരത്തോടെ ഗ്രഹിക്ക.

ശ്രദ്ധധാനൻ-വിശ്വസിക്കുന്നവൻ.

ശ്രദ്ധായുക്ത, ശ്രദ്ധാലു-വി. ശ്രദ്ധയുള്ള.

ശ്രദ്ധാലു-വ്യാക്കുണമുള്ളവൾ, ഗർഭനിമിത്തമായിട്ടു അന്യവസ്തുക്കളിലുണ്ടാകുന്ന അഭിലാഷത്തോടു കൂടിയവൾ.

ശ്രദ്ധാവൽ-വി. ൧. ശ്രദ്ധയുള്ള, താല്പര്യമുള്ള. ൨. വിശ്വാസമുള്ള.

ശ്രദ്ധിക്കുന്നു—അനുഗ്രഹിക്കുന്നു, വിശ്വസിക്കുന്നു.

ശ്രന്ഥനം-൧. പൂകോൎക്കുക ൨. കെട്ടുക. ൩. അഴിക്ക.

ശ്രപണം(ണാ)-വേവിക്കുക, പുഴുങ്ങുക.

ശ്രമക്കാരൻ-൧. ശ്രമമുള്ളവൻ. ൨. സദ്യക്ക് വിളമ്പുന്നവൻ. ൩. അദ്ധ്വാനക്കാരൻ.

ശ്രമഘ്നി-പാൽച്ചുര.

ശ്രമജലം-വിയൎപ്പ്.

ശ്രമണ-വി. വേലചെയ്യുന്ന.

ശ്രമണൻ-൧. സന്ന്യാസി. ൨. യാചകൻ.

ശ്രമണാ-മാഞ്ചി.

ശ്രമദക്ഷിണ-സദ്യക്കു വെക്കയും വിളമ്പുകയും ചെയ്യുന്നവൎക്ക് കൊടുക്കുന്ന ശമ്പളം.

ശ്രമഭീതി-വളരെ ശ്രമിക്കേണ്ടിയിരിക്കുന്ന എന്നുള്ള ഭയം.

ശ്രമം-൧. അദ്ധ്വാനം. ൨. തളൎച്ച, ക്ഷീണം. ൩. പ്രയാസം. ൪. ദുഃഖം. ൫. വേദന. ൬. അഭ്യാസം. ൭. കഠിനമായ പഠിത്തം. ൮. ദേഹസാധകൎക്ക് സഹായമായിട്ടു സദ്യക്കു വിളമ്പുകയും മററും ചെയ്ക.

ശ്രമസാദ്ധ്യ-വി. എളുപ്പത്തിൽ സാധിപ്പാനിടയില്ലാത്ത.

ശ്രമസിദ്ധം-വളരെ ശ്രമിച്ചിട്ടു ലഭിച്ചതു്.

ശ്രമാംബു-വിയൎപ്പ്.

ശ്രമി-വി. ശ്രമമുള്ള.

ശ്രമിക്കുന്നു-൧. ഉത്സാഹിക്കുന്നു, പ്രയത്നിക്കുന്നു, അദ്ധ്വാനപ്പെടുന്നു. ൨. സദ്യക്കു ചോറുവിളമ്പുകയും മററും ചെയ്യുന്നു. ൩. ക്ഷീണിക്കുന്നു.

ശ്രയണം-ആശ്രയിക്കുക, സേവിക്കുക, അഭയസ്ഥാനം, രക്ഷ.

ശ്രവണദ്വാദശി-തിരുവോണവും ദ്വാദശിയുംകൂടിവരുന്ന ഒരു പുണ്യദിവസം.

ശ്രവണപാശം-ഭംഗിയുള്ള ചെവി.

ശ്രവണപുടം-ചെവിക്കുററി.

ശ്രവണം-൧. ചെവി. ൨. കീൎത്തി. ൩. പഠിത്തം. ൪. ധനം. ൫. കേൾക്കുക. ൬. ഒലിക്കുക. ൭. ഓണം, തിരുവോണം.

ശ്രവണാരുന്തുദം-ചെവിക്കു വേദന ഉണ്ടാക്കുന്നതു്.

ശ്രവണേന്ദ്രിയം-ചെവിയുടെ കേൾവിക്കുള്ള ശക്തി, ചെവി കേൾക്കുക എന്ന സ്ഥിതി.

ശ്രവം-൧. ചെവി. ൨. ഒലിക്കുക.

ശ്രവസ്യം-കീൎത്തി.

ശ്രവസ്സ്-൧. ചെവി. ൨. ധനം. ൩. യശസ്സ്. ൪. മന്ത്രം.

ശ്രവിക്കുന്നു-കേൾക്കുന്നു. (കാ. ക്രി. ശ്രവിപ്പിക്കുന്നു).

ശ്രവിഷ്ഠ-അവിട്ടം നക്ഷത്രം. അതിശയേന ശ്രവിക്കപ്പെടുന്നതു് എന്നൎത്ഥം, പ്രസിദ്ധം എന്നു താല്പൎയ്യം.

—:0:—

## ശ്രാ

ശ്രാണ-വി. വേവിച്ച.

ശ്രാണാ-അരിക്കഞ്ഞി.

ശ്രാദ്ധദേവൻ, ശ്രാദ്ധദേവത-അന്തകൻ, യമൻ, പിതൃകൎമ്മദേവത.

ശ്രാദ്ധം-വി. ശ്രദ്ധയുള്ള.

ശ്രാദ്ധം-ചാത്തം, ശ്രദ്ധയോടുകൂടെ ദാനംചെയ്യപ്പെടുന്നതു് എന്നൎത്ഥം. പിതൃകൎമ്മം, മരിച്ചവരെ (പിതൃക്കളെ) ഉദ്ദേശിച്ചു ചെയ്യുന്ന ഒരു ക്രിയ (ബലി, ബലി).

സംക്രാന്തി, അയനം, ഗ്രഹണം, വിഷു, ജന്മൎക്ഷപീഡനം ഇവയത്രേ 'ശ്രാദ്ധകാലപഞ്ചകം'.

ശ്രാന്ത-വി. തളൎന്ന, ക്ഷീണമുള്ള.

ശ്രാന്തതാ-ഉത്സാഹം.

'ശ്രാന്തതേന വിനാ തിരിഞ്ഞു'

(അമരുകശതകം)

**ശ്രാന്തസംവാഹനം** - ക്ഷീണിച്ചവരെ ആശ്വസിപ്പിക്ക.

**ശ്രാന്തി**-തളച്ച്, ക്ഷീണം, ശ്രമം.

**ശ്രാമ്പി**-ഒരുമന്ത്രി മംഗികയുടെ പേര്.

'പുള്ളിമാൻമിഴിയാളും
പള്ളിശ്രാമ്പിമേലേറി'

(രുക്മിണീസ്വയംവരം തുള്ളൽ)

സ്രാമ്പി, മാപ്പിളപ്പള്ളി.

**ശ്രാമം**-൧. സമയം. ൨. മാസം. ൩. തല്ക്കാലവാസത്തിനായുള്ള കട്ടില്.

**ശ്രായം**-ആശ്രയം.

**ശ്രാവ്**-ചിറാവ്, ഒരുവക മത്സ്യം.

**ശ്രാവണം**-ചിങ്ങമാസം. ശ്രവണ (തിരുവോണ) നക്ഷത്ര പൌർണ്ണമിയോടു കൂടിയത് എന്നർത്ഥം.

**ശ്രാവണൻ**-ഒരു വൈശ്യസന്യാസി.

ദശരഥൻ അറിയാതെ എയ്തുകൊന്നു. 'പുത്രദുഃഖം നിമിത്തം മരിക്കുക' എന്നു അയാളുടെ അച്ഛനമ്മമാർ ദശരഥനെ ശപിച്ചു.

**ശ്രാവണി**-൧. ചിങ്ങമാസത്തിലെ വെളുത്തവാവ്. ൨. ആണ്ടുതോറും പൂണുനൂൽ പുതുക്കുമ്പോൾ ചെയ്യുന്ന ഒരു കർമ്മം. ൩. നിലത്തു പടരുന്ന ഒരു കഷായദ്രവ്യം.

ശ്രാവണി ചുമ, വായുമുട്ടൽ മുതലായവയ്ക്കു നന്ന്. ബുദ്ധിയെ നന്നാക്കും.

**ശ്രാവണികം**-ചിങ്ങമാസം.

**ശ്രാവ്യ**-വി. കേൾപ്പാൻതക്ക.

**ശ്രാവ്യം**-ശ്രവിപ്പാൻ (കേൾപ്പാൻ) യോഗ്യമായുള്ളത്.

## ശ്രി

**ശ്രിത**-വി. ൧. ആശ്രയിക്കപ്പെട്ട. ൨. പ്രാപിക്കപ്പെട്ട.

## ശ്രീ

**ശ്രീ**-൧. ലക്ഷ്മി. ൨. ശ്രേയസ്സ്. ൩. ഒരു വൃത്തം, പാദത്തിൽ ഒരക്ഷരം. ഉ-ം, ശ്രീയിൽ ദീർഘം. ൪. ധനം. ൫. ക്രമം. ൬. താമര. ൭. ശോഭ. ൮. സംപത്ത്. ൯. സരസ്വതി. ൧൦. പാർവ്വതി. ൧൧. കരയാമ്പൂ. ൧൨. ശ്രുതി ൧൩. പ്രകാശം. ൧൪. മോക്ഷം. ൧൫. പ്രഭാവം. ൧൬. ശക്തി. ൧൭. സൂര്യൻ. ൧൮. പ്രയത്നം. ൧൯. കീർത്തി. ൨൦. അഭിവൃദ്ധി. ൨൧. പരിഷ്കാരം. ൨൨. ശുഭം. ൨൩. വിജയം. ൨൪. ദേവകൾ, രാജാക്കന്മാർ, കീർത്തിയുള്ളവർ മുതലായവരുടെ പേരുകളുടെ മുമ്പാകെ ബഹുമാനസൂചകമായി ചേർക്കുന്ന ഒരു പദം.

**ശ്രീകണ്ഠൻ**-൧. ശിവൻ. കണ്ഠത്തിൽ ശോഭയുള്ളവൻ എന്നർത്ഥം. ൨. വെളുതി.

**ശ്രീകണ്ഠം**-ഒരു ദിക്ക്.

ഈ ദേശം ഹസ്തിനാപുരത്തിന്റെ വടക്കുപടിഞ്ഞാറുള്ള 'കുരുജാംഗലം' എന്നു കാണുന്നു.

**ശ്രീകണ്ഠ്യ**-ഒരു രാഗം.

**ശ്രീകര** വി ശ്രീയെയുണ്ടാക്കുന്ന.

**ശ്രീകരണം**-എഴുത്തുകോൽ, പേന.

**ശ്രീകരൻ**-വിഷ്ണു.

**ശ്രീകരം**-ചെന്താമര.

**ശ്രീകാന്തൻ**-വിഷ്ണു.

**ശ്രീകാരി**-മാവ്.

ശ്രീകാൎയ്യക്കാരൻ-ചില ക്ഷേത്രത്തിലെ മേൽവിചാരത്തിന്നായിട്ട് രാജാവ് നിയമിച്ചിരിക്കുന്ന ഒരധികാരി.

ശ്രീകാൎയ്യം — ക്ഷേത്രത്തിലെ മേലധികാരം.

ശ്രീകൃഷ്ണൻ-വിഷ്ണുവിന്റെ ദശാവതാരങ്ങളിൽ ഒന്ന്, കൃഷ്ണൻ.

ശ്രീകൃഷ്ണവിലാസം-ഒരു കാവ്യം.

ശ്രീകോവിൽ-ക്ഷേത്രത്തിന്നകത്തെ ഒരു സ്ഥലം.

ശ്രീഖണ്ഡം-ചന്ദനം.

ശ്രീഗദിത — ൧൮-ാം ശതാബ്ദത്തിൽ ഉത്തര ഇൻഡ്യയിൽ നടപ്പിലിരുന്ന ഒരുതരം ദൃശ്യകൃതി.

ശ്രീഗരൻ-വിഷ്ണു.

ശ്രീഗൎഭൻ-വിഷ്ണു.

ശ്രീഗൎഭം-വാൾ.

ശ്രീഗേഹം-താമര.

ശ്രീഘനൻ-ബുദ്ധൻ. യോഗൈശ്വൎയ്യപരിപൂൎണ്ണൻ എന്നൎത്ഥം.

ശ്രീഘനം-പുളിച്ച തയിർ, തൈർ.

ശ്രീചക്രം-൧. ഇന്ദ്രന്റെ രഥച്ചക്രം. ൨. തൎക്കശാസ്ത്രത്തിൽ ഒരു ഭാഗം. ൩. മന്ത്രവാദികളുടെ ഒരു യന്ത്രം. ൪. ഭൂഗോളത്തിന്റെ വട്ടം. ൫. വിഷ്ണുവിന്റെ ചക്രം, സുദൎശനം.

ശ്രീജൻ-കാമദേവൻ.

ശ്രീത്വം-൧. സമ്പത്ത്. ൨. ശോഭ.

ശ്രീദ-വി. ശ്രീയെ കൊടുക്കുന്ന.

ശ്രീദൻ-വൈശ്രവണൻ.

ശ്രീദാമചരിത്രം-ഒരു നാടകം.

കൃഷ്ണന്റെ സ്നേഹിതനായ ദാമന്റെ ഉന്നതിയെക്കുറിച്ചു സാമരാജദീക്ഷിതരുണ്ടാക്കിയതാണ്.

ശ്രീദേവി-ലക്ഷ്മി.

ശ്രീധരൻ-൧. വിഷ്ണു. ൨. ഭട്ടികാവ്യത്തിന്റെ വ്യാഖ്യാതാവ്.

ശ്രീധരസ്വാമി-ഭഗവൽഗീത, വിഷ്ണുപുരാണം മുതലായ പല പുസ്തകങ്ങളുടേയും വ്യാഖ്യാതാവ്.

ശ്രീനന്ദനൻ-കാമദേവൻ.

ശ്രീനാരായണൻ-വിഷ്ണു.

ശ്രീനാവാക്ഷേത്രം-തിരുനാവായി.

ശ്രീനികേതൻ-വിഷ്ണു.

ശ്രീനിവാസൻ-വിഷ്ണു.

ശ്രീനിവാസം-തിരുവട്ടപ്പശ.

ശ്രീപഞ്ചമി-മാഘമാസത്തിൽ വെളുത്തപക്ഷത്തിലെ ൫-ാംനു-യുള്ള ഒരു വിശേഷദിവസം.

ശ്രീപതി-൧. വിഷ്ണു. ൨. രാജാവ്.

ശ്രീപത്മനാഭൻ-വിഷ്ണു.

ശ്രീപത്മനാഭക്ഷേത്രം-തിരുവനന്തപുരത്തുള്ള ഒരു പ്രസിദ്ധ വിഷ്ണുക്ഷേത്രം (തിരുവമ്പാടി എന്നതു നോക്കുക).

ശ്രീപഥം-പെരുവഴി.

ശ്രീപദി-മഴമുല്ല.

ശ്രീപൎണ്ണം-൧. താമരപ്പൂ ൨. മുഞ്ഞ.

ശ്രീപൎണ്ണി-൧. പെരുംകുമിഴ്. ൨. ഇലവ്. ൩. ഒരുവക ചെടി.

ശ്രീപൎണ്ണിക-൧. ഒരുവക പൂച്ചെടി. ൨. കായാമ്പാല.

ശ്രീപാദം-കാൽചുവട്ടിനു ബഹുമാനിച്ചു പറയുന്ന വാക്ക്.

ശ്രീപീഠം-പീഠത്തിനു മാനിച്ചു പറയുന്ന വാക്ക്.

ശ്രീപുത്രൻ-൧ കാമദേവൻ. ൨. കുതിര. ൩. ഇന്ദ്രന്റെ കുതിര. ൪. ചന്ദ്രൻ.

ശ്രീപൂരം-ശോഭാപൂർണ്ണം.

ശ്രീഫലം-൧. കൂവളം. ൨. നെല്ലിക്ക.

ശ്രീഫലി-൧. അമരി. ൨. നെല്ലി. ൩. വലിയ വാലുഴവം.

ശ്രീഭഗവതി-ലക്ഷ്മീ.

ശ്രീഭണ്ഡാരം-ക്ഷേത്രത്തിലെയും മററും ഭണ്ഡാരം.

ശ്രീഭദ്രാ-൧. പേരമുത്തങ്ങ. ൨. കൊടുങ്ങല്ലൂർ ഭഗവതി.

ശ്രീഭൂതബലി-ക്ഷേത്രത്തിൽ ചെയ്യുന്ന ഒരു ബലികർമ്മം.

ശ്രീഭ്രാതാ-കുതിര.

ശ്രീമതി-മഴമുല്ല.

ശ്രീമതീ-സമ്പത്തുള്ളവൾ, ശ്രീമാൻ എന്നതിൻെറ സ്ത്രീലിംഗരൂപം, ബഹുമതി കാണിക്കുവാനായി സ്ത്രീകളുടെ പേരിനു മുമ്പിലായിട്ടു ചേർക്കപ്പെടുന്നു.

ശ്രീമത്(ത്ത്)-സിന്ദൂരം.

ശ്രീമത്(ത്ത്)-വി. ശോഭയുള്ള, ശ്രീയുള്ള

ശ്രീമത്വം-൧. ഐശ്വര്യം. ൨. വിഷം.

ശ്രീമത്സ്യം-കൊമ്പൻശ്രാവു എന്ന മത്സ്യം.

ശ്രീമദം - ഐശ്വര്യംകൊണ്ടുള്ള അഹങ്കാരം.

ശ്രീമസ്തകം-വെള്ളുള്ളി.

ശ്രീമഹാദേവൻ-ശിവൻ.

ശ്രീമാൻ-൧. ഐശ്വര്യമുള്ളവൻ. ൨. ഒരു വൃക്ഷം, മൈവെള്ളു്. ൩. അരയാൽ. ൪. പുരുഷന്മാരുടെ പേരിനു മുമ്പേ ബഹുമാനസൂചകമായി ചേർക്കപ്പെടുന്നു. (സ്ത്രീ ശ്രീമതി). ൫. ഇടവകം ൬. തത്ത. ൭. മഞ്ഞക്കടമ്പു. ൮. വിഷ്ണു. ൯. ശിവൻ. ൰. കുബേരൻ.

ശ്രീമുഖം-൧. അറുപതിൽ ഏഴാംസംവത്സരം. ൨. സന്യാസിമാരുടെയും രാജാക്കന്മാരുടെയും മഹാത്മാക്കളുടെയും കത്തുകൾ.

ശ്രീമുദ്രാ-വൈഷ്ണവന്മാർക്കുള്ള നെററിയിലെ അടയാളം.

ശ്രീമൂർത്തി-വിഷ്ണുവിൻെറയോ ലക്ഷ്മിയുടെയോ രൂപം.

ശ്രീയുക്ത-വി. ൧. ശ്രീയുള്ള. ൨. സമ്പത്തുള്ള.

ശ്രീരംഗപട്ടണം-ഒരു പട്ടണം.

ശ്രീരംഗൻ-വിഷ്ണു.

ശ്രീരംഗം-൧. ശ്രീരംഗപട്ടണം. ൨. തൃശ്ശിനാപ്പള്ളിക്കു സമീപമുള്ള ഒരു ക്ഷേത്രം.

ശ്രീരാഗം-ഒരു രാഗം.

ശ്രീരാമൻ-വിഷ്ണുവിൻെറ ദശാവതാരങ്ങളിൽ ഒന്നു, ദശരഥപുത്രൻ.

ശ്രിയഃ കമലവാസിന്യാം രമണാദ്രാമ ഇത്യസൌ=കമലവാസിനിയായിരിക്കുന്ന ശ്രീയുടെ രമണത്വം ഹേതുവായിട്ടു ശ്രീരാമൻ എന്നു പറയുന്നു.

ശ്രീരാമോദന്താ-ശ്രീരാമൻെറ കഥ.

ശ്രീല-വി. ശ്രീയുള്ള, സമ്പത്തുള്ള.

ശ്രീവത്സകി-നല്ല കുതിര.

ശ്രീവത്സൻ-വിഷ്ണു.

ശ്രീവത്സം-വിഷ്ണുവിൻെറ ഒരു മറുക്. (മാറിലുള്ള രോമച്ചുഴി.) ൨. തുരങ്കം.

ശ്രീവത്സലാഞ്ഛനൻ-വിഷ്ണു. ശ്രീവത്സം എന്ന ലാഞ്ഛനം (അടയാളം) ഉള്ളവൻ.

ശ്രീവത്സാങ്കം-കാമ.

ശ്രീവത്സാങ്കിതൻ- ശ്രീവത്സംകൊണ്ടു അടയാളപ്പെട്ടവൻ.

ശ്രീവല്ലഭൻ-വിഷ്ണു.

ശ്രീവല്ലീ-൧. മഴമുല്ല. ൨. പുളിഞ്ചി.

ശ്രീവള്ളി, ശിറെറുള്ളി-ഒരു ഗ്രാമക്കാരത്.

ശ്രീവാസൻ-വിഷ്ണു.

ശ്രീവാസം-൧. തിരുവട്ടപ്പയൻ, ൨. താമര, ൩. കൂവളം.

ശ്രീവാഴ്ത്തുവോൻ-തിരുവാഴിത്താൻ, സ്തുതിപാഠകൻ.

ശ്രീവൃക്ഷം-൧. അരയാൽ. ൨. കൂവളം.

ശ്രീവേഷ്ടം-തിരുവട്ടപ്പയൻ.

ശ്രീശൻ വിഷ്ണു.

ശ്രീശുകൻ-വേദവ്യാസന്റെ പുത്രനായ ഒരു മഹർഷി.

ശ്രീശൈലം-ഒരു ക്ഷേത്രം.

ശ്രീസംജ്ഞം-ഇലവർങ്ങം.

ശ്രീസഖൻ-കുബേരൻ.

ശ്രീസഹോദരം-കർപ്പൂരം.

ശ്രീഹർഷദേവൻ-രത്നാവലീനാടകത്തിന്റെ കർത്താവ്.

ശ്രീഹർഷൻ — നൈഷധത്തിന്റെ കർത്താവ്. ക്രിസ്തുവർഷം ൧൨-ാംശതാബ്ദത്തിന്റെ ഒടുവിൽ ജീവിച്ചിരുന്നു. വേറെ പല ഗ്രന്ഥങ്ങൾ ഉണ്ടാക്കീട്ടുണ്ട്.

ശ്രീഹരി-വിഷ്ണു.

ശ്രീഹസ്തിനി-വെലിപ്പരുത്തി, (ആനച്ചെവിയൻ എന്നും കാണുന്നു.)

ശ്രീഹാനി-ശ്രീയുടെ നാശം.

---

## ശ്രു

ശ്രുത-വി. ൧. കേൾക്കപ്പെട്ട, അറിയപ്പെട്ട.

ശ്രുതകർമ്മാവ്-സഹദേവന്റെ പുത്രൻ.

ശ്രുതകീർത്തി-ശത്രുഘ്നന്റെ ഭാര്യ, സീതയുടെ പിതൃവ്യപുത്രി.

ശ്രുതകീർത്തി-അർജ്ജുനന്റെ പുത്രൻ.

ശ്രുതബോധം-ഒരു പുസ്തകം. വൃത്തത്തെക്കുറിച്ചുള്ളതാണ്. കാളിദാസന്റെ കൃതിയാണെന്നു ചിലരുടെ അഭിപ്രായം.

ശ്രുതം-൧. ശാസ്ത്രം. ൨. പഠിത്തം.

ശ്രുതശ്രവസ്സ്-ഒരു മുനി. (ഇദ്ദേഹത്തിന്റെ മകൻ സോമശ്രവസ്സ്.)

ശ്രുതസേനൻ-൧. ജനമേജയനൃപന്റെ ഒരു സോദരൻ. ൨. ശത്രുഘ്നന്റെ ഒരു പുത്രൻ. ൩. സഹദേവന്റെ പുത്രൻ.

ശ്രുതി-൧. വേദം. ൨. വേദത്തിൽ പ്രതിപാദിതങ്ങളായ യാഗാദികൾ നടത്തേണ്ട കാലം വിധം മുതലായവയെക്കുറിച്ചു പറയുന്നതു്. ൩. ചെവി. ൪. കേൾക്കുക. ൫. കീർത്തി. ൬ സ്വരോല്പത്തിക്കു ഹേതുവായ ശബ്ദം. ൭. ഒരുമാതിരി കുഴൽ. ൮. ഓണം.

ശ്രുതികടം-പാമ്പ്.

ശ്രുതികടു-ദുഷ്കീർത്തി.

ശ്രുതിക്കാരൻ-ശ്രുതി ഊതുന്നവൻ.

ശ്രുതിജീവികാ-ചട്ടപ്പുസ്തകം. (Law-book).

ശ്രുതിധര-വി. കേൾക്കുന്ന.

ശ്രുതിധർമ്മദ്വയം—(സംഗീതശാസ്ത്രപ്രകാരം). ഉച്ചം (ഉയർച്ച), നീചം (താഴ്ച)

ശ്രുതിപുടം-ചെവി.

ശ്രുതിപ്പെടുത്തുന്നു-പ്രസിദ്ധപ്പെടുത്തുന്നു

ശ്രുതിശ്രവം-കാതുതുളക്കൽ.

ശ്രുവം-൧. യാഗം. ൨. ഒരു ചെറിയ യാഗപാത്രം. (തവി).

---

## ശ്രേ

ശ്രേണി-൧. കൂട്ടം. ൨. വരി. ൩. തെരുവ്. ൪. പേരീത്ത. ൫. ഒരുമിച്ചു പണിയുന്ന തച്ചൻ. ൬. ഒരു സാധനംതന്നെ

വില്ക്കുന്ന കച്ചവടക്കാരൻ. ൬. ഏത്ത കൊട്ട.

ശ്രേണിക-കൂടാരം.

ശ്രേയസി-൧. അത്തിത്തിപ്പലി. ൨. പാടവള്ളി. ൩. കടുക്കാ. ൪. ഞൊഴൽ. ൫. അരത്ത.

ശ്രേയസ്കര-വി. കീൎത്തിയെയുണ്ടാക്കുന്ന.

ശ്രേയസ്സ്-൧. യശസ്സ്. ൨. മോക്ഷം. ൩. സുകൃതം. ൪. ശുഭം. ൫. നന്മ, മേന്മ.

ശ്രേയസ്സ്-വി. ശ്രേഷ്ഠതയുള്ള.

ശ്രേയിനം-മോക്ഷം.

ശ്രേഷ്ഠ-വി. പ്രാധാന്യമുള്ള.

ശ്രേഷ്ഠത-മുഖ്യത

ശ്രേഷ്ഠൻ-൧. മുഖ്യൻ. ൨. കുബേരൻ. ൩. രാജാവ്. ൪. ബ്രാഹ്മണൻ. ൫. വിഷ്ണു.

ശ്രേഷ്ഠം-൧. പശുവിൻപാൽ. ൨. ശ്രേഷ്ഠത.

ശ്രേഷ്ഠലവണം-ഇന്തുപ്പ്.

ശ്രേഷ്ഠാൎത്ഥവാചകങ്ങൾ—വ്യാഘ്ര, പുംഗവ, കുഞ്ജര, സിംഹ, ശാൎദ്ദൂല, നാഗ എന്നിവ.

'സ്യുരുത്തരപദേ വ്യാഘ്ര
പുംഗവൎഷഭകുഞ്ജരാഃ
സിംഹശാൎദ്ദൂലനാഗാദ്യാഃ
പുംസിശ്രേഷ്ഠാൎത്ഥവാചകാഃ'

ശ്രേഷ്ഠാശ്രമം-ഗൃഹസ്ഥാശ്രമം.

ശ്രേഷ്ഠി-വി. ശ്രേഷ്ഠമായ

ശ്രേഷ്ഠി-കേൾവിപ്പെട്ട സ്വൎണ്ണപ്പണിക്കാരൻ.

—:൦:—

## ശ്രൈ

ശ്രൈഷ്ഠ്യം-ശ്രേഷ്ഠത.

## ശ്രോ

ശ്രോണ-വി. പാകംചെയ്യപ്പെട്ട, പാകമായ.

ശ്രോണൻ-ഇരുകാൽ മുടവൻ.

ശ്രോണം-൧. ഒരു നദം. ൨. ഒരു ദീനം.

ശ്രോണാ-൧. തിരുവോണം നക്ഷത്രം. ൨. കഞ്ഞി.

ശ്രോണി-൧. കറക്. ൨. വഴി.

ശ്രോണീഫലകം-൧. കറക്. ൨. അരക്കെട്ടിലെ അസ്ഥി.

ശ്രോതവ്യ-വി. കേൾക്കുവാൻ യോഗ്യതയുള്ള.

ശ്രോതസ്സ്-൧. ചെവി. ൨. ഇന്ദ്രിയം.

ശ്രോതൃ-വി. കേൾക്കുന്ന.

ശ്രോത്രപുടം-ചെവി.

ശ്രോത്രം-ചെവി.

ശ്രോത്രമലം-ചെവിപ്പീ.

ശ്രോത്രരോധം-ചെവിയടെപ്പ്.

ശ്രോത്രാമൃതം-ചെവിക്കു സന്തോഷം വരുത്തുന്നതു്.

ശ്രോത്രിയ-വി. നല്ല ശീലമുള്ള.

ശ്രോത്രിയൻ-൧. വേദജ്ഞൻ. വേദജ്ഞനായ ബ്രാഹ്മണൻ, വേദാധ്യായി. ൨. സാധുശീലൻ.

ശ്രോത്രേന്ദ്രിയം-ചെവി എന്നുള്ള ഇന്ദ്രിയം, കേൾക്കുന്നതിനുള്ള ശക്തി.

## ശ്രൌ

ശ്രൌത-വി. ൧. ചെവിയെ സംബന്ധിച്ച. ൨. വേദത്തെ സംബന്ധിച്ച.

ശ്രൌതം-കല്പങ്ങൾ മൂന്നാംശം ഉള്ളതിൽ ഒന്ന്. മററവ ഗൃഹ്യം; ധൎമ്മം.

ശ്രൌത്രം— പ്ര. വേദാഭ്യാസം. ദ്വി. ചെവി.

ശ്രൌഷട്-അ. ചിലർ ഹോമം കഴിക്കുമ്പോൾ ചൊല്ലുന്ന ഒരു മന്ത്രം.

---

## ശ്ര്യാ

ശ്ര്യാഹ്വം-കുവളം.

—:o:—

## ശ്ല

ശ്ലക്ഷ്ണ-വി. പ്ര. നേർത്ത. ദ്വി. മൃദുവായുള്ള. തൃ. ഭംഗിയായ. ച. യോഗ്യമായ. പ. പരമാർത്ഥമായുള്ള. ഷ. അല്പമായ.

ശ്ലക്ഷ്ണകം-അടക്കാ, പാക്ക്.

ശ്ലക്ഷ്ണശില-മിനുസക്കല്ല്. (Marble മർബിൾ).

ശ്ലഥ-വി. അയഞ്ഞ, മുറുക്കമില്ലാത്ത.

ശ്ലഥനം-അയവുണ്ടാക്കൽ.

ശ്ലഥബന്ധം-അയഞ്ഞ കെട്ട്.

—:o:—

## ശ്ലാ

ശ്ലാഘ-പ്ര. പ്രശംസ, സ്തുതി. ദ്വി. തന്നെത്താൻ സ്തുതിക്ക. തൃ. അഭിലാഷം.

ശ്ലാഘനീയ-വി. സ്തുതിക്കത്തക്ക.

ശ്ലാഘാവാൻ— ശ്ലാഘയ്ക്കു (കീർത്തിക്കു) പാത്രമായവൻ.

'ശ്ലാഘാവാനെങ്ങനെ ഞാൻ–'

(നാരായണീയം ചമ്പു)

ശ്ലാഘിക്കുന്നു-വി. സ്തുതിക്കുന്നു, പ്രശംസിക്കുന്നു, വൻപുപറയുന്നു.

ശ്ലാഘിത-വി. സ്തുതിക്കപ്പെട്ട.

ശ്ലാഘ്യ-വി. സ്തുതിക്കത്തക്ക.

ശ്ലാഘ്യ-പ്ര. മാനം, ദ്വി. പദവി.

---

## ശ്ലി

ശ്ലിഷ-ആലിംഗനം

ശ്ലിഷ്ട-വി. പ്ര. ചേർന്നിരിക്കുന്ന. ദ്വി. ശ്ലേഷാർത്ഥമുള്ള.

---

## ശ്ലീ

ശ്ലീഹാ- ദൈവവാക്യം പ്രചരിപ്പിക്കുന്നതിനു യേശുക്രിസ്തു അധികാരപ്പെടുത്തിയിട്ടുള്ള ശിഷ്യരിലോരോരുത്തരും.

ശ്ലീപദപ്രഭവം-മാവ്.

ശ്ലീപദം-മന്തുകാൽ.

ശ്ലീപദാപഹം-പുത്തിലഞ്ഞി.

ശ്ലീല-വി. ഐശ്വര്യമുള്ള.

—:o:—

## ശ്ലേ

ശ്ലേഷ-പ്ര. തമ്മിൽ കൂട്ടിച്ചേരുക. ചേരുക എന്നർത്ഥം. ദ്വി. സഹവാസം. തൃ. ആലിംഗനം. ച. ഇരട്ടി അർത്ഥം തോന്നത്തക്കവണ്ണമുള്ള വാക്ക്, ഒരലങ്കാരം.

ശ്ലേഷോക്തി-ഒരലങ്കാരം.

ശ്ലേഷ്മ, ശ്ലേഷ്മം-കഫം.

ശ്ലേഷ്മഘ്നീ-പ്ര. വള്ളിമുല്ല. ദ്വി. കമ്പിപ്പാല. തൃ. ചെറുപ്പുന്ന. ച. കർപ്പൂരതുളസി.

ശ്ലേഷ്മഘ്നാ-പ്ര. വള്ളിമുല്ല. ദ്വി. പൂക്കൈത.

ശ്ലേഷ്മണ-വി. കഫം അധികമുള്ള.

ശ്ലേഷ്മണാ-ഒരു തൈ.

ശ്ലേഷ്മധാതു— ശ്ലേഷ്മമെന്നുള്ള ധാതു, കഫം.

ശ്ലേഷ്മനാഡി—കഫം സഞ്ചരിക്കുന്ന ഞരമ്പ്.

ശ്ലേഷ്മള-വി. കഫമുള്ള.

ശ്ലേഷ്മളം-നറുവരി.

ശ്ലേഷ്മാത(ക)ം-നറുവരി.

---

## ശ്ലോ

ശ്ലോകത്തിൽകഴിക്ക—ചുരുക്കത്തിൽ തീൎക്ക.

ശ്ലോകം-പ്ര. വൃത്തശാസ്ത്രത്തെ അനുസരിച്ച് ബന്ധിക്കപ്പെട്ട പദസമൂഹം (പദ്യം). ൨. യശസ്സ്. അനേകം വസ്തുക്കൾ ഒന്നായിച്ചേൎന്നുണ്ടായതു് എന്നൎത്ഥം.

---

## ശ്വ

ശ്വഃ-നാളെ.

ശ്വഗണം-നായാട്ടുപട്ടികളുടെ കൂട്ടം.

ശ്വദംഷ്ട്രാ-ഞെരിഞ്ഞിൽ. നായ്ക്കളുടേപോലെ മൂൎച്ചയുള്ളതു് എന്നൎത്ഥം.

ശ്വധൂൎത്തൻ-കുറുക്കൻ.

ശ്വനിശം-നാ കരയുന്ന രാത്രി.

ശ്വഃശ്രേയസം-മംഗളം. വരാൻപോകുന്ന ശ്രേയസ്സിനു അധിഷ്ഠാനം എന്നൎത്ഥം.

ശ്വപചൻ-പട്ടിയെ വേവിച്ചു തിന്നുന്ന ഒരു നീചജാതിക്കാരൻ, പറയൻ.

ശ്വപാകൻ-ശ്വപചൻ.

ശ്വഭീരു-കുറുക്കൻ.

ശ്വഭ്രം-പ്ര. പോതു്, സുഷിരം. ൨. വെള്ളി.

ശ്വമാംസം-പട്ടിയുടെ മാംസം.

ശ്വയഥു-വീക്കം, നീരു്.

ശ്വവൃത്തി-ഉപജീവനാൎത്ഥം അന്യനെ സേവിക്ക.

ശ്വവ്യാഘ്രം-ചെറുപുലി.

ശ്വശുരത-ഭാൎയ്യയുടെ അച്ഛന്റെ നില.

ശ്വശുരൻ-പ്ര. ഭാൎയ്യയുടെ പിതാവ്. ൨. ഭൎത്താവിന്റെ പിതാവ്. ൩. മാനമുള്ളവൻ.

ശ്വശുരാ-ബ്രഹ്മി.

ശ്വശുൎയ്യൻ-അളിയൻ, ഭൎത്താവിന്റെ അനുജൻ, ഭാൎയ്യയുടെ സോദരൻ.

ശ്വശ്രൂ-പ്ര. ഭൎത്താവിന്റെ അമ്മ. ൨. ഭാൎയ്യയുടെ അമ്മ.

ശ്വശ്രൂശ്വശുരന്മാർ-സ്ത്രീക്കാണെങ്കിൽ ഭൎത്താവിന്റെ, പുരുഷനാണെങ്കിൽ ഭാൎയ്യയുടെ അച്ഛനമ്മമാരുടെ പേർ.

ശ്വസനൻ-പ്ര. വായു. ശ്വാസോച്ഛ്വാസങ്ങൾക്ക കാരണഭൂതൻ എന്നൎത്ഥം. ൨. മലങ്കാര. ൩. ഇന്ദ്രൻകൊന്ന ഒരസുരൻ.

ശ്വസനം-പ്ര. ശ്വാസം. ൨. ദീൎഘശ്വാസം. ൩. മലങ്കാര.

ശ്വസനവാഹനം-മാൻ.

ശ്വസിക്കുന്നു-പ്ര. വായുവിനെ പുറത്തേക്കു വിടുന്നു. ൨. ജീവിക്കുന്നു. ൩. വീൎക്കുന്നു.

ശ്വസിത-വി. ശ്വസിക്കപ്പെട്ട, ശ്വാസം വിടപ്പെട്ട.

ശ്വസിതം-നിശ്വാസം.

ശ്വസ്തനം-വി. നാളേയ്ക്കുള്ള.

ശ്വഫല്ക്കൻ-ഗാന്ദിനിയുടെ ഭൎത്താവ്, അക്രൂരന്റെ പിതാവ്.

ഏററവും ഭക്തിയോടുകൂടിയ ഇദ്ദേഹം ഉള്ള സ്ഥലത്തു ക്ഷാമം, രോഗം, മരണം എന്നിവ ഒഴിഞ്ഞിരുന്നു.

---

## ശ്വാ

ശ്വാ-(നകാരാന്തം). പട്ടി. ഓടിനടക്കുന്നവൻ എന്നൎത്ഥം.

ശ്വാനൻ, ശ്വാവ്-പട്ടി.

ശ്വാനി-പെൺപട്ടി.

ശ്വാപദം-പ. മുള്ളൻപന്നി. വ. കടുവാ. ന. പുലി. ര. പാമ്പ്. ഉ. ഹിംസ്രമൃഗം.

ശ്വാവിധം-മുള്ളൻപന്നി.

ശ്വാവിൽ-മുള്ളൻപന്നി.

ശ്വാസകോശങ്ങൾ-ശ്വാസസഞ്ചികൾ

ഇവ നെഞ്ചിലുള്ള അസ്ഥിക്കൂട്ടിനകത്തു രക്താശയത്തിന്റെ ഇടത്തും വലത്തും ഇരിക്കുന്ന രണ്ടു സഞ്ചികളാണ്. ശ്വാസകോശം വളരെ ചെറുതായ അനേകം കോശ്ടി അറകളാൽ നിർമ്മിതമാകുന്നു.

ശ്വാസം-പ. വീർപ്പ്, പ്രാണൻ. വ. വായു. പുറത്തേയ്ക്കു വിടുന്നതു് 'ശ്വാസം', അകത്തേയ്ക്കു വലിയ്ക്കുന്നതു് 'ഉച്ഛ്വാസം'. ശ്വാസം><ഉച്ഛ്വാസം.

ശ്വാസംമുട്ടിക്കുക-ബുദ്ധിമുട്ടിക്കുക.

## ശ്വി

ശ്വിത്രം-പാണ്ടു.

## ശ്വേ

ശ്വേത-വി. വെളുത്ത.

ശ്വേതകുഞ്ജരൻ-(ഗജം, ഹയം) ഐരാവതം.

ശ്വേതകേതു-മുനിയായ ഉദ്ദാലകന്റെ പുത്രൻ.

വേളികഴിച്ച സ്ത്രീകൾക്കു ബ്രാഹ്മണരോടും മററു പുരുഷന്മാരോടും സംസർഗ്ഗം അരുതെന്നു വിരോധിച്ച ഒരു ഋഷിയാണ്. ശ്വേതകേതുവിന്റെ മാതാവിനെ ഒരു ബ്രാഹ്മണൻ സംസർഗ്ഗത്തിനായി ക്ഷണിച്ചു. പുത്രൻ തടഞ്ഞു. കുററമില്ലെന്നു പുത്രനോടു പിതാവു് ഉപദേശിച്ചു. അയാൾ സമ്മതിക്കാതെ നിയമം നടപ്പാക്കി.

ശ്വേതകാക-കരമത്സ്യം.

ശ്വേതഗരുൽ-പ. വാത്ത. വ. അരയന്നം.

ശ്വേതധാമാ-കടൽനുര.

ശ്വേതപിംഗം-സിംഹം.

ശ്വേതപുഷ്പം-വെളുത്ത താമര.

ശ്വേതം-പ. വെളുപ്പ്. വ. വെള്ളി. ന. ശുക്രൻ. ര. കവടി. ഉ. വെള്ളരിക്ക്. ഞ. ജീവകം. ഐ. വെൺചന്ദനം. ശ. ശംഖ്.

ശ്വേതമരിചം-മുരിങ്ങക്കായുടെ ഉള്ളിലുള്ള കുരു.

ശ്വേതരക്തം-പാടലവർണ്ണം.

ശ്വേതരഞ്ജനം-കാരീയം.

ശ്വേതരൂപ്യം-വെളുത്തീയം.

ശ്വേതവാഹനൻ-അർജ്ജുനൻ.

ശ്വേതസുരസ-വെളുത്ത ചെമന്തി.

ശ്വേതസുരാ-വാരുണിമദ്യം.

ശ്വേതാ-പ. വെള്ളപ്പക്ഷി. വ. തമനീഞ്ഞി. ന. ക്രൗഞ്ചം. ര. പഞ്ചസാര.

ശ്വേതിമ-വെളുപ്പ്.

## ഷ

ഷ-ഹല്ലുകളിൽ ൩൧-ാമത്തെ അക്ഷരം.

ഷൾ-അ. ആറാമത്തെ എണ്ണം.

ഷൾകോണം-വൈരം.

ഷൾക്കം-വി. ആറ്, ആറിരട്ടി.

ഷൾകർമ്മങ്ങൾ-ബ്രാഹ്മണർക്കുള്ള ആറു കർമ്മം.

'അദ്ധ്യാപനമദ്ധ്യയനം
യജനം യാജനം തഥാ
ദാനംപ്രതിഗ്രഹശ്ചൈവ
ഷട്കർമ്മാണ്യഗ്രജന്മനഃ'

പഠിപ്പിക്കുക, പഠിക്കുക, യജനം, യാജനം, ദാനം, പ്രതിഗ്രഹം ഇവ ൬-ം.

ഷൾകർമ്മി-വി. ഷൾകർമ്മമുള്ള.

ഷൾഗൻ-മൂഢൻ.

ഷൾഗുണങ്ങൾ-ബ. ഐശ്വര്യം, വീര്യം, വൈരാഗ്യം, വിജ്ഞാനം, ശ്രീ, യശസ്സ് ഇവ ൬-ം. ൨. സന്ധി, വിഗ്രഹം, യാനം, ആസനം, ദ്വൈധം, ആശ്രയം. (നൃപന്മാർ അറിയേണ്ട ഗുണങ്ങളാണ്).

ഷൾഗ്രന്ഥാ-വയമ്പ്.

ഷൾഗ്രന്ഥിക-ചെറുകച്ചോലം.

ഷൾഗ്രന്ഥീ-വലിയ ഉങ്ങ്.

ഷട്ചരണം-തേനീച്ച.

ഷഡ്ജിത്ത്-വിഷ്ണു.

ഷൾദർശനങ്ങൾ-സാംഖ്യം, യോഗം, ന്യായം, വൈശേഷികം, മീമാംസ, വേദാന്തം.

ഷൾപദം-വണ്ട്.

ഷൾപദാർത്ഥം-ദ്രവ്യം, ഗുണം, കർമ്മം, സാമാന്യം, വിശേഷം, സമവായം-6.

ഷൾഫലം- കാട്ടുതിപ്പലി, കാട്ടുമുളക്, കൊടുവേലി, ചുക്ക്, തിപ്പലി, ഇരിപ്പ് ഇവ ആറും കൂടിയത്.

ഷൾബിന്ദു-വിഷ്ണു.

ഷൾഭാഗം-ബ. ആറിലൊരു ഭാഗം. ൨. ആറാമത്തെ ഭാഗം. ൩. രാജഭോഗം, ഭൂമിക്കുള്ള കരം. (പഴയതാണ്).

ഷൾഭാവം-ജനനം, ബാല്യം, കൌമാരം, യൌവനം, വാർദ്ധക്യം, മരണം ഇവ ൬-ം.

ഷൾഭുജാ-ദുർഗ്ഗ.

ഷഡക്ഷരമഹാമന്ത്രം-ശ്രീ,രാ,മാ,യ,ന,മഃ.

ഷഡംഗം-ബ ശരീരത്തിന്റെ ആറു അവയവങ്ങൾ. ൨. ഞെരിഞ്ഞിൽ. ൩. വേദത്തിന്റെ ആറു ഭാഗങ്ങൾ. ൪. പനിക്കുള്ള ഒരു കഷായയോഗം. ൫. ശിക്ഷാദിവേദാംഗങ്ങൾക്കുള്ള പേർ. വേദം അവയവങ്ങളുള്ള ദേഹമെന്നു സങ്കല്പം. വ്യാകരണം-മുഖം, ജ്യോതിഷം-നേത്രം, നിരുക്തം-ചെവി, ഛന്ദസ്സ്-പാദങ്ങൾ, ശിക്ഷ-മൂക്ക്, കല്പം-കൈകൾ.

(1) 'ഘനചന്ദനശുണ്ഠ്യംബു
പർപ്പടോശീരസാധിതം'

ഘനം (മുത്തങ്ങ), ചന്ദനം, ശുണ്ഠി (ചുക്ക്), അംബു (ഇരുവേലി), പർപ്പടപ്പുല്ല്; ഉശീരം (രാമച്ചം) ഇങ്ങിനെ ൬-ം.

(2) 'ശിക്ഷാകല്പോ വ്യാകരണം
നിരുക്തം ഛന്ദസാം ചിതിഃ,
ജ്യോതിഷാമയനാ ചൈവ
ഷഡംഗോ വേദ ഉച്യതേ'

(3) 'ജംഘേ ബാഹു ശിരോ മധ്യം
ഷഡംഗമിദമുച്യതേ'

(4) 'ഗോമൂത്രം ഗോമയം ക്ഷീരം
സർപ്പിർദധിച രോചനാ,
ഷഡംഗമേതന്മംഗല്യം
പഠിതം സർവ്വദാ ഗവാം'.

ഷഡംഗുലം-ആറുവിരൽ അളവ്.

ഷഡഭിജ്ഞൻ-ബ. ബുദ്ധമുനി. ൨. ദിവ്യദൃഷ്ടി, പൂർവ്വനിവാസാനുസ്മൃതി, പരഹൃദയജ്ഞാനം, ആകാശഗമനം, കായവ്യൂഹം, ആത്മജ്ഞാനം ഇവ ൬-ം അറിഞ്ഞവൻ.

ഷഡാതതായികൾ- ആതതായികൾ 6 വിധം. പുരയ്ക്കു തീ കൊളുത്തുന്നവൻ, വിഷം കലക്കുന്നവൻ, ആയുധം

കൊണ്ടു കൊല്ലാൻ ഒരുമ്പെടുന്നവൻ, ധനം അപഹരിക്കുന്നവൻ, ക്ഷേത്രത്തെ (ഭൂമിയെ) അപഹരിച്ചവൻ, ഭാര്യയെ അപഹരിച്ചവൻ.

'അഗ്നിദോ ഗരദശ്ചൈവ
ശസ്ത്രപാണിർധനാപഹഃ
ക്ഷേത്രദാരാപഹർത്താച
ഷഡേതേഹ്യാതതായിനഃ'

ഷഡാധാരങ്ങൾ- മനുഷ്യശരീരത്തിലുള്ള ആറ ചക്രങ്ങൾ. മൂലാധാരം, സ്വാധിഷ്ഠാനം, മണിപൂരം, അനാഹതം, വിശുദ്ധി, ആജ്ഞ ഇവ ൬-ം. (ഓരോന്നും പ്രത്യേകം നോക്കുക. സുഷുമ്നയുടെ അകത്തെ ൬ സ്ഥാനങ്ങൾ).

ഇവ നാഡികളുടെ സംഘാതം (കൂട്ടം) ആണ്. ഈ ആറ ചക്രവും സ്ഥൂലശരീരത്തിലല്ല, സൂക്ഷ്മശരീരത്തിലാണെന്നും ഇവ പ്രാണനിലയങ്ങളാണെന്നും അറിയുന്നവർ പറയുന്നു.

ഷഡാനനൻ- സുബ്രഹ്മണ്യൻ. ദിവ്യമായ ദൃഷ്ടി, പൂർവനിവാസാനുസ്മൃതി, പരചിത്തജ്ഞാനം, ആകാശഗമനം, കായവ്യൂഹം, ആത്മജ്ഞാനം ഇവ ആറിനേയും സാകല്യേന അറിഞ്ഞവൻ എന്നർത്ഥം.

ഷഡിന്ദ്രിയങ്ങൾ-കണ്ണ്, മൂക്ക്, ചെവി, നാക്ക്, ത്വക്ക്, മനസ്സ്.

ഷഡീതികൾ- അതിവൃഷ്ടി, അനാവൃഷ്ടി, എലി, ശലഭം, കിളി, അത്യാസന്നനൃപന്മാർ ഈ ൬-ം.

ഷഡീരാജോപചാരങ്ങൾ - ആഭരണം, കൊട, വെൺചാമരം, ആലവട്ടം, പൂന്തൽ, ഭാസ്യം.

ഷഡൂർമ്മികൾ, ഷഡ്രിപു, ഷഡ്വർഗ്ഗം-മനുഷ്യജീവിതത്തിൽ നാശം വരുത്തുന്ന ൬ കാര്യങ്ങൾ-൧. കാമം. ൨. ക്രോധം. ൩. ലോഭം. ൪. മദം. ൫. മോഹം. ൬. മത്സരം. ഇവ ൬-ം. (വിശപ്പ്, ദാഹം, ദുഃഖം, മോഹം, ജര, മൃതി ഇവ ൬-ം എന്നും കാണുന്നു).

ഷഡൂഷണം-പഞ്ചകോലവും മരിചവും.

'പഞ്ചകോലം സമരിചം
ഷഡൂഷണമിതിസ്മൃതം'

ഷഡൃതുക്കൾ-വസന്തം, ഗ്രീഷ്മം, വർഷം, ശരത്ത്, ഹേമന്തം, ശിശിരം ഇവ ൬-ം. (ഋതു, മാസം ഇവ നോക്കുക).

ഷഡ്ജം- സപ്തസ്വരങ്ങളിൽ ഒന്നാമത്തേത്. ആറ സ്ഥാനങ്ങളിൽനിന്ന പുറപ്പെടുന്നത് എന്നർത്ഥം. (നാസിക, കണ്ഠം, മാറിടം, താലുപ്രദേശം, നാവ്, പല്ല് ഇവയത്രേ ൬ സ്ഥാനങ്ങൾ).

മയിൽ ഷഡ്ജസ്വരത്തിലാകുന്നു ശബ്ദിക്കുന്നത്.

ഷഡ്രഥന്മാർ-കൃപർ, ഭീഷ്മർ, ദ്രോണർ, കർണ്ണൻ, ശല്യൻ, അശ്വത്ഥാമാവ്.

ഷഡ്രസം-ആറ രസം. മധുരം (സ്വാദ്), ലവണം (ഉപ്പ്), കടു (എരിവ്), തിക്തം (കയ്പ്), അമ്ലം (പുളി), കഷായം (ചവർപ്പ്).

ഷഡ്രസഭോജനം-൧. ആറ രസങ്ങളും ചേർന്ന ഭക്ഷണം. ൨. നൈവിളക്ക്, മാല, താംബൂലം, നൃത്തം, വാദ്യം, വീണാഗാനം ഇവകൊണ്ടു സന്തോഷിപ്പിക്കുക.

ഷഡ്വക്ത്രൻ-സുബ്രഹ്മണ്യൻ.

ഷഡ്വദനൻ-സുബ്രഹ്മണ്യൻ.

ഷഡ്വർഗ്ഗം, ഷഡ്രിപു-(ഷഡൂർമ്മികൾ നോക്കുക).

ഷണ്ഡത-നപുംസകത്വം

**ഷണ്ഡതായോഗ്യൻ**– ഉടയ്ക്കുണ്ടല്ലായ്മയായ കാളക്കുട്ടി.

**ഷണ്ഡൻ**–പ്ര. നപുംസകൻ. തന്റെ അപഖ്യാതി വെളിപ്പെടാതിരിപ്പാൻ വേണ്ടി പണം കൊടുക്കുന്നവൻ എന്നർത്ഥം. (പാഠം-ഷൺഢൻ). ദ. വരി ഉടച്ച കാള, കാള.

**ഷണ്ഡം**-താമര മുതലായതിന്റെ കൂട്ടം, കൂട്ടം.

**ഷണ്ഡാലി**–തടാകം.

**ഷൾന്നയം**–ആറു നയം. സന്ധി, വിഗ്രഹം, യാനം, ആസനം, ദ്വൈധീഭാവം, സമാശ്രയം. (ഓരോന്നും പ്രത്യേകം നോക്കുക). ഷൾന്നയങ്ങൾ രാജാക്കന്മാർ അവശ്യം അറിഞ്ഞിരിക്കേണ്ടവയാണ്.

**ഷണ്മുഖൻ**–സുബ്രഹ്മണ്യൻ.

**ഷഷ്ടി**-അറുപത്.

**ഷഷ്ടികം**-നവരനെല്ല്.

**ഷഷ്ടിക്യം**-നവരനെല്ലു വിളയുന്ന കണ്ടം

**ഷഷ്ടിതമം**–അറുപതാമത്തെ.

**ഷഷ്ഠിപൂർത്തി**-ആറാമത്തെ തിഥിയുടെ അവസാനം.

**ഷഷ്ടിഹായനം**-പ്ര. ആന. ദ. നവരനെല്ല്.

**ഷഷ്ഠി**–ആറാമത്തെ തിഥി.

**ഷഹസാന്റ**-മതിൽ.

## ഷാ

**ഷാഡബം**–പാനകവിശേഷം.

**ഷാണ്മാതുരൻ**—സുബ്രഹ്മണ്യൻ. ആറു മാതാക്കന്മാരുടെ പുത്രൻ എന്നർത്ഥം.

## ഷി

**ഷിൽഗൻ**-കാമുകൻ, വിടൻ.

## ഷോ

**ഷോഡശ**-വി. പതിനാറാമത്തെ.

**ഷോഡശപ്രാസം**-ശബ്ദാലങ്കാരങ്ങളിൽ ഒന്ന്.

**ഷോഡശമാതൃകകൾ** – ൧൬ മാതൃകകൾ.

ഗൗരീ പത്മാ ശചീ മേധാ സാവിത്രീ
വിജയാ ജയാ * ദേവസേനാ സ്വധാ
സ്വാഹാ മാതരോ ലോകമാതരഃ *
ശാന്തിഃ പുഷ്ടി ധൃതിസ്തുഷ്ടിഃ കുലദേവാ
ത്മദേവതാഃ *

**ഷോഡശസംസ്കാരങ്ങൾ**-(ദ്വിജന്മാർ ആചരിക്കേണ്ടവ).

ഗർഭാധാനം പുംസവനം, സീമന്തോന്നയനം, ജാതകർമ്മം, നാമക്രിയ, നിഷ്ക്രമണം, അന്നപ്രാശനം, ചൂഡാകരണം, കർണ്ണവേധനം, ഉപനയനം, വേദാധ്യയനം, കേശാന്തം, സ്നാനം, വിവാഹം, വൈവാഹകാഗ്നിചയനം, ആനാഗ്നിചയനം—16.

**ഷോഡശി**–വി. പതിനാറ്.

**ഷോഡശോപചാരങ്ങൾ**- 16 ഉപചാരങ്ങൾ.

ആസനം, സ്വാഗതം, പാദ്യം, അർഘ്യം, ആചമനീയം, മധുപർക്കം, പുനരാചമനീയം, സ്നാനം, വസ്ത്രം, ആഭരണം, ഗന്ധം, പുഷ്പം, ധൂപം, ദീപം, നിവേദ്യം, നമസ്കാരം—16.

## ഷ്ഠീ

**ഷ്ഠീവനം**—തുപ്പൽ.

ഷ്ഠ്യൂ

ഷ്ഠ്യൂതം—ജലം.

# സ

സ-ഹല്ലുകളിൽ മുപ്പത്തുരണ്ടാമക്ഷരം, പദാരംഭത്തിൽ ചേൎന്നുവന്നാൽ പിൻപദാൎത്ഥത്തോടുകൂടിയതെന്നു അൎത്ഥം വരും. ഉ-ം, സഭേദം, (ഭേദത്തോടുകൂടി).

സഃ-പു. അവൻ. 2. പാമ്പ്. 3. ശിവൻ. 4. വിഷ്ണു.

സംകണ്ടകം-കരിമ്പായൽ.

സകൎമ്മകം-വി. (വ്യാകരണത്തിൽ) കൎമ്മമുള്ള.

സകല-വി. മുഴുവനായ.

സകലപ്രിയം-കടല.

സകലം-ഒട്ടൊഴിയാത്തത്, എല്ലാം, കലകളോടുകൂടിയത് എന്നൎത്ഥം.

സകലമാനം-എല്ലാം.

സകലേശൻ-എല്ലാറ്റിനും ഈശൻ.

സകാകോലം-പു. നരകങ്ങളിൽ ഒന്ന്.

സകാമം-പു. കാമത്തോടുകൂടെ. 2. അനുഗ്രഹത്തോടുകൂടെ.

സകാരം-സ എന്ന അക്ഷരം.

സകാശം-സമീപം, അടുക്കൽ.

'തൽസകാശത്തിങ്കലാക്കി'

(അദ്ധ്യാത്മരാമായണം)

സകു-സകത്തരി. Sago. (പോർട്ടുഗീസുഭാഷ)

സകുക്ഷി-വി. ഒരമ്മയിൽ നിന്നു ജനിച്ച.

സകുമാരതാ-കാവ്യഗുണങ്ങളിൽ ഒന്ന്.

സകുല-വി. കുലത്തോടുകൂടിയ, ഒരു കുടുംബത്തിലുള്ള, ബഹുമാനകുടുംബത്തിലുള്ള

സകുലൻ-പു. ബന്ധു. 2. കുലത്തിലുള്ളവൻ.

സകുലം-പരൽ എന്ന മത്സ്യം.

സകുല്യൻ-പു. ചാൎച്ചക്കാരൻ. 2. സംബന്ധക്കാരൻ.

സകൃൽ-അ. പു. ഒരിക്കൽ, ഒന്ന്.

'രടസകൃദ്ധീരമംജീരകണ്ഠേ'.

(മയൂരസന്ദേശം)

2. ഒരുമിച്ച്, കൂടെ. 3. എല്ലായ്പ്പോഴും.

സകൃൽഗൎഭം-വെട്ടിക്കതിര.

സകൃൽപ്രജം-കാക്ക. ഒരിക്കൽ കുട്ടിയുണ്ടാകുന്നതെന്നൎത്ഥം, കൊല്ലത്തിലൊരിക്കൽ മുട്ടയിടുന്നതെന്നൎത്ഥമായാൽ യോജിക്കും.

ഒരു കാക്ക ഒരിക്കലേ പ്രസവിക്കയുള്ളു എന്നു പറയപ്പെടുന്നു. ഇങ്ങിനെ അല്ലെന്നും അഭിപ്രായക്കാരുണ്ട്. അവർ ഇവിടെ കാണിച്ചിട്ടുള്ള ശബ്ദാൎത്ഥംതന്നെ സ്വീകരിച്ചുകൊള്ളണമെന്നപേക്ഷ.

സകൃൽഫലാ-വാഴ.

സക്രമന്തു-സത്യകൎമ്മം, കരബോന.

സക്ത-വി. പു. ചേൎന്നിരിക്കുന്ന 2. താൽപൎയ്യമുള്ള.

സക്തി-പു. ചേൎച്ച, യോഗം.

'സന്തതമേവാരനോടു സക്തിയുണ്ടാകയാൽ'

(അംബരീഷചരിതം കഥകളി)

2. സ്നേഹം.

സക്തുഫല, സക്തുഫലീ-വന്നിവൃക്ഷം. മലർപ്പൊടിപോലെ സ്വാദുള്ള ഫലങ്ങളുള്ളതെന്നൎത്ഥം.

സക്ഥി-പുറംതുട, കൂടിക്കൊണ്ടിരിക്കുന്നതെന്നൎത്ഥം.

മുഴുവൻ കാലിന്റെ വാചകമായിട്ടും കാണുന്നുണ്ട്.

സക്ഷത-വി, മുറിവേററ.

**സഖാ**-(ഇകാരാന്തം 'സഖി' എന്നാണ പ്രകൃതി. പ്രതിഫലേച്ഛ കൂടാതെ സ്വാഭാവികമായി സ്നേഹിക്കുന്നവൻ. ജനങ്ങൾ ഇവർ രണ്ടാളും സമന്മാരെന്നു പറയുന്നതിനാൽ ഈ പേർ വന്നു. മററു പര്യായങ്ങൾ-മിത്രം, സുഹൃത്ത്.

**സഖാവ്, സഖൻ**-മിത്രം, ബന്ധു.

**സഖി**-ചങ്ങാതിയായ സ്ത്രീ, തോഴി. (ഇകാരാന്തം) തുല്യമായി പ്രസിദ്ധിയുള്ളവളെന്നർത്ഥം.

സഖാവ് എന്നതിന്ന പകരം മലയാളത്തിൽ ഒഴുക്കനായി ബന്ധു എന്ന അർത്ഥത്തിൽ പ്രയോഗിക്കുന്നുമുണ്ട്. ഒപ്പം കളിച്ചുവളർന്നവളത്രെ സഖി.

**സഖി(സഖാ)**-സ്നേഹിതൻ.

**സഖിത്വം**-ചങ്ങാതിത്വം.

**സഖ്യത, സഖ്യം**-ന. ചങ്ങാതിത്വം, മൈത്രി, സ്നേഹഭാവം ഉ. സന്ധി. ന. കൂടിവരവ്, യോഗം.

**സഗന്ധ**-വി. ഒരേവിധത്തിലുള്ള, തമ്മിൽ ബന്ധമുള്ള.

**സഗരൻ**-ഒരു രാജാവ്.

"ഭഗീരഥൻറ പിതാമഹൻറ പിതാമഹൻ. സൂര്യവംശരാജാവായ ബാഹുവിൻറ പുത്രൻ. ഹൈഹയന്മാരും മററും ബാഹുവിനെ യുദ്ധത്തിൽ തോല്പിച്ചു കാട്ടിലേയ്ക്കു ഓടിച്ചു. ബാഹു ഭാര്യമാരോടുകൂടി കാട്ടിൽ സഞ്ചരിച്ചുകൊണ്ടിരുന്നു. മുമ്പുതന്നെ ഗർഭംധരിച്ച മാതാവിന്ന ഏഴുവർഷം ഗർഭത്തിലിരുന്ന മററൊരു രാജസ്ത്രീ കൈവിഷംകൊടുത്തു. ഔർവ്വമുനിയുടെ അനുഗ്രഹംകൊണ്ടു ഗർഭിണിക്കും ഗർഭത്തിലിരുന്ന കുട്ടിക്കും യാതൊരു തരക്കേടും പററിയില്ല. ഗർഭിണി പ്രസവിച്ചു. പ്രസവിച്ച ആൺകുട്ടിക്ക 'സഗരൻ' എന്നു പേരുണ്ടായി. (സ=കൂടെ. ഗരം=വിഷം=വിഷത്തോടുകൂടിയത്). അദ്ദേഹം ഒടുവിൽ ശത്രുക്കളെ ജയിച്ചു സഗരൻ നഷ്ടമായ രാജ്യത്തെ കൈവശപ്പെടുത്തി പ്രതാപവാനായി നാടുവാണു. അദ്ദേഹത്തിന്ന കേശിനിഎന്ന ഭാര്യയിൽ അസമഞ്ജൻ എന്ന പുത്രനും സുമതി എന്ന ഭാര്യയിൽ അറുപതിനായിരം പുത്രന്മാരും ജനിച്ചുവവാത്രെ. സുമതി പ്രസവിച്ച ഒരു ചുരങ്ങയിൽ 60,000 അരികൾ ഉണ്ടായിരുന്നു എന്നും അവയെ പാല്പാത്രത്തിൽ വെച്ചപ്പോൾ അത്രയും കുഞ്ഞുങ്ങളായിത്തീർന്നു എന്നും കാണുന്നുണ്ട്. അസമഞ്ജൻ ദുർവൃത്തനായി തീർന്നതുകൊണ്ടു അയാളെ സഗരൻ നാട്ടിൽനിന്നും നിഷ്കാസനംചെയ്തു. ഒരിക്കൽ സഗരൻ നൂറാമത്തെ അശ്വമേധയാഗത്തിനാരംഭിച്ചു. അശ്വത്തെ ഇന്ദ്രൻ കളവുചെയ്തു പാതാളലോകത്തു കൊണ്ടുപോയി ഒളിച്ചു. ആ അശ്വത്തെ കാണാതായപ്പോൾ സഗരൻ തൻെറ അറുപതിനായിരം പുത്രന്മാരേയും അയച്ചു തിരക്കിച്ചു. അവർ പാതാളലോകത്തു ചെന്നു. അവിടെ കപിലൻ എന്ന മുനി തപസ്സുചെയ്തുകൊണ്ടിരിക്കുന്നിടത്തു കുതിരനില്ക്കുന്നതു കണ്ടു മുനിതന്നെ കളവുചെയ്തിരിക്കുമെന്നു വിചാരിച്ചു അവർ മുനിയുടെ അടുക്കൽ ചെന്നു അയാളെ അടിച്ചുകൊല്ലുവാൻ ഭാവിച്ചു. അവർ അടുത്തപ്പോൾ കപിലമുനി കണ്ണുതുറന്നു കോപത്തോടുകൂടി നോക്കി അറുപതിനായിരം രാജകുമാരന്മാരും ഭസ്മമായിപ്പോയി. അയച്ച കുമാരന്മാരെ കാണായ്കയാൽ സഗരൻ അദ്ദേഹത്തിൻെറ പൌത്രനായ അംശുമാനെ അയച്ചു. അംശുമാൻ കപിലമുനിയുടെ അടുക്കലെത്തി കുതിരയെ തിരി

ശ്രപ്പെട്ടു. കപിലൻ അംശുമാന്റെ ആകൃതിയും പ്രകൃതിയും കണ്ടു സന്തോഷിച്ചു കുതിരയെ കൊടുത്തു. "നിന്റെ പൌത്രൻ ആകാശഗംഗയെ ഭൂമിയിൽ കൊണ്ടുവരാൻ സംഗതിയാകും" എന്നു മുനി പറകയും ചെയ്തു. സമുദ്രക്കര വെട്ടിക്കുഴിച്ചതു രാജകുമാരന്മാർ പാതാളത്തു ചെയ്തു. അങ്ങിനെ ചെയ്തതിൽ സമുദ്രത്തിനു വിസ്താരംകൂടി. ക്രമേണ സമുദ്രത്തിനു അതിനാൽ 'സാഗരം' എന്ന പേർ വന്നു.

സഗർഭ്യൻ-൧. ജ്യേഷ്ഠൻ ൨. അനുജൻ, സഹജൻ. ഒരു ഗർഭപാത്രത്തിലുണ്ടായവൻ എന്നർത്ഥം. തുല്യമായ ഗർഭത്തിൽ ഭവിച്ചവൻ എന്നുമാവാം. ജ്യേഷ്ഠാനുജന്മാരുടെ പേർ.

സഗോത്ര-വി. ഒരു വംശത്തിലുള്ള.

സഗോത്രൻ-വംശത്തിലുള്ളവൻ, സമാനമായ ഗോത്രത്തോടുകൂടിയവൻ.

സഗോത്രം-വംശം, സ്വജനം.

സഗ്ധി-സഹഭക്ഷണം. കൂടിയിരുന്നുള്ള ഭോജനം.

(ഇതാണു സഗ്ധ്യ ആയതു്. സഗ്ധ്യ എന്ന ശബ്ദം നോക്കുക).

സങ്കട-വി. ൧. ഇടുക്കമുള്ള. ൨. കൂട്ടംകൂടിയ.

സങ്കടക്കാരൻ-ആവലാതിക്കാരൻ.

സങ്കടപ്പെടുന്നു-ദുഃഖിക്കുന്നു. (സങ്കടപ്പെടുത്തുന്നു.-സ. ക്രി.)

സങ്കടം-൧. ആവലാതി. ൨. ദുഃഖം. ൩. ആപത്തു് ൪. പ്രയാസം. ൫. ഇടംകുറഞ്ഞേടം.

സങ്കടവർത്തോല - ആവലാതി എഴുതി വയ്ക്കുന്ന ഓല.

സങ്കരജാതികൾ 11.

1. കരണൻ-ശൂദ്രജാതിയിൽ വൈശ്യനുണ്ടായ പുത്രൻ.
2. അംബഷ്ഠൻ-വൈശ്യജാതിയിൽ ബ്രാഹ്മണനുണ്ടായ പുത്രൻ. വൃത്തി-ചികിത്സ.
3. ഉഗ്രൻ-ശൂദ്രജാതിയിൽ ക്ഷത്രിയനുണ്ടായ പുത്രൻ. വൃത്തി-ശസ്ത്രം.
4. മാഗധൻ-ക്ഷത്രിയജാതിസ്ത്രീയിൽ വൈശ്യനുണ്ടായ പുത്രൻ. രാജാക്കന്മാർ പ്രഭുക്കന്മാർ മുതലായവരുടെ അടുക്കൽ സ്തുതിപാഠം ചെയ്തു ഉപജീവിക്കുന്നതു-വൃത്തി.
5. മാഹിഷ്യൻ-വൈശ്യജാതിസ്ത്രീയിൽ ക്ഷത്രിയനുണ്ടായ പുത്രൻ. ജ്യോതിഷം, ശകുനശാസ്ത്രം, സ്വരശാസ്ത്രം-വൃത്തി.
6. ക്ഷത്താവ്-ക്ഷത്രിയജാതിസ്ത്രീയിൽ ശൂദ്രനുണ്ടായ പുത്രൻ. ഗോപുരംകാക്കുക-വൃത്തി.
7. സൂതൻ-ബ്രാഹ്മണജാതിസ്ത്രീയിൽ ക്ഷത്രിയനുണ്ടായ പുത്രൻ. ആനയെ തളയ്ക്കുക, തേർകൊണ്ടുനടത്തുക മുതലായവ-വൃത്തി.
8. വൈദേഹകൻ-ബ്രാഹ്മണസ്ത്രീയിൽ വൈശ്യനുണ്ടായ പുത്രൻ. 64 കലാവിദ്യ-വൃത്തി.
൯. രഥകാരൻ-കരണിയിൽ (ശൂദ്രജാതിസ്ത്രീയിൽ വൈശ്യനുണ്ടായ മകളിൽ) മാഹിഷ്യനിൽ നിന്നു (വൈശ്യജാതിസ്ത്രീയിൽ ക്ഷത്രിയനുണ്ടായ പുത്രങ്കൽ നിന്നു) ജനിച്ച പുത്രൻ. തേർപണിയും വിറകുകച്ചവടവും-വൃത്തി.
10. പാരശവൻ-ബ്രാഹ്മണനു ശൂദ്രസ്ത്രീയിൽ ഉണ്ടായ പുത്രൻ.

11. ചണ്ഡാലൻ- ബ്രാഹ്മണസ്ത്രീയിൽ ശൂദ്രനുണ്ടായവൻ. ശവത്തിന്മേൽ നിന്നെടുക്കുന്ന വസ്ത്രം ധരിക്കയും നിന്ദ്യമാംസങ്ങളെ ഭക്ഷിക്കയും ശ്മശാനം കാക്കുകയും ചെയ്യുന്നതു് - വൃത്തി.

സങ്കരം-൧. അടിച്ചുകൂട്ടപ്പെട്ടതു്, കലർപ്പു്. ൨. ചവറു്. ൩. കഴക്കൽ. ൪. രണ്ടുകൂടിയതു്. ൫. അലംകാരത്തിൽ ഒരു പിരിവു്.

സങ്കർഷണൻ-൧. ബലഭദ്രൻ. പ്രളയകാലത്തിൽ ലോകത്തെ സംഹരിക്കുന്നവൻ എന്നർത്ഥം. ൨. അനന്തൻ.

സങ്കർഷണം- ൧. ആകർഷണം. ൨. ഉഴവു്.

സങ്കലനം-൧. ചേർച്ച. ൨. കൂട്ടിക്കലർച്ച.

സങ്കലിത-വി. ൧. ചേർന്ന. ൨. കൂമ്പാരം കൂട്ടിയ. ൩. ഒന്നിച്ചുചേർത്ത. ൪. ഉറപ്പിൽ കെട്ടപ്പെട്ട

സങ്കലിതം-കണക്കുകൂട്ടുന്നതിന്റെ ഒരു വഴി, ഒരു തുകയോടു കൂട്ടിച്ചേർത്ത മറ്റൊരു തുക. കൂട്ടിച്ചേർത്തു കണക്കാക്കപ്പെട്ടതു് എന്നർത്ഥം.

സങ്കല്പജ-വി. സങ്കല്പത്തിങ്കൽനിന്നു ജനിച്ച.

സങ്കല്പജൻ-കാമദേവൻ.

സങ്കല്പം-൧. മനസ്സുകൊണ്ടുള്ള കർമ്മം, മനോവ്യാപാരം, വിചാരം. സമ്യക്കാകുംവണ്ണമുള്ള സാമർത്ഥ്യം എന്നർത്ഥം. ൨. ധ്യാനം. ൩. വിചാരം. ൪. നേർച്ച.

സങ്കല്പിക്കുന്നു-൧. ധ്യാനിക്കുന്നു, വിചാരിക്കുന്നു. ൨. പ്രതിഷ്ഠിക്കുന്നു.

സങ്കസുക-വി. ഉറപ്പില്ലാത്ത, സ്ഥിരതയില്ലാത്ത, മാറ്റമുള്ള. ൨. സംശയമുള്ള. ൩. ക്ഷീണതയുള്ള.

സങ്കസുകൻ-അസ്ഥിരൻ.

സങ്കാശ-വി. തുല്യമായ.

'തങ്കക്കേതപ്പൂവിനു
സങ്കാശനിറംകലർന്നജാനകിയെ'
(ജാനകീപരിണയം നാടകം)

സങ്കാശ-അ. സമീപം.

സങ്കീർണ്ണ-വി. ൧. മറ്റൊന്നിനോടുചേർന്ന. ൨. കൂട്ടംകൂടിയ. ൩. പലതരത്തിലുള്ള. ൪. ശുദ്ധമില്ലാത്ത. ൫. കലർന്ന. ൬. ഇടുങ്ങിയ. ൭. പരന്ന.

സങ്കീർണ്ണകം - വാക്യത്രയത്തിൽ ഒന്നു്, അംഗാംഗിവാക്യങ്ങൾ ചേർന്നതു്.

സങ്കീർണ്ണം-൧. കാവ്യദോഷങ്ങളിൽ ഒന്നു്, ഒരു വാക്യത്തിന്റെ ഉള്ളിൽ കിടക്കുന്ന പദം മറ്റൊരു വാക്യത്തിൽ അന്വയിക്കുന്നതിനാലുണ്ടാകുന്ന ദോഷം. ൨. അനേകതരത്തിലുള്ളവ ഒന്നിച്ചുചേർന്നാലുള്ളതു്. ൩. വ്യാപിച്ചതു്. ൪ അശുദ്ധമായ വസ്തു.

സങ്കീർണ്ണന്മാർ- അംബഷ്ഠൻ, കരണൻ തുടങ്ങി ചണ്ഡാലപര്യന്തമുള്ളവരെല്ലാം.

സങ്കീർത്തനം-സ്തോത്രം, സ്തുതി.

സങ്കുചിത-വി. ൧. കൂമ്പിയ. ൨. വിടരാത്ത. ൩. ചുരുക്കിയ ഉ-ം 'സങ്കുചിതാംശുജാലൻ'.

സങ്കുല-വി. മിശ്രമായ, തിങ്ങിയ.

സങ്കുലക്ലിഷ്ടം-വി. ൧. കലർന്ന. ൨. യോജ്യതയില്ലാത്ത.

സങ്കുലം-൧. പരസ്പരവിരുദ്ധാർത്ഥമായ വാക്കു്. ൨. അനേകതരത്തിലുള്ളവ ഒന്നിച്ചുചേർന്നതിന്റെ പേർ. ൩. കൂട്ടം, പലതിലും വ്യാപിച്ചതു്.

സംകൃതി-ഛന്ദസ്സുകളിൽ ഒന്നു്.

സങ്കേതനം-സഞ്ചയനം.

സങ്കേതം-൧. രക്ഷാസ്ഥലം, പ്രത്യേകമായി സങ്കല്പിക്കപ്പെട്ടതു്. ൨. സ്വാധീ

നമായി നിശ്ചയിക്കപ്പെട്ട സ്ഥലം, കാമുകരെ കണ്ടുമുട്ടുന്നതിലേക്കായി മുൻകൂട്ടി നിശ്ചയിച്ചിട്ടുള്ള സ്ഥലം, കുറിസ്ഥലം. ന, അടയാളം.

**സങ്കേതസ്ഥാനം**-രക്ഷാസ്ഥലം.

**സങ്കേതിപ്പിക്ക**- ഭ്രൂകോട്ടുങ്ങളാക്കയായി ഭ്രമി ഭംഗിക്ക.

**സങ്കോചപിശുനം**-കങ്കമം.

**സങ്കോചം**-പ്ര. ചുരുങ്ങൽ, മൂടൽ. വ. സംശയം. ന. ലജ്ജ. ര്. കങ്കമം.

**സങ്കോചിക്കുന്നു**-പ്ര. ചുരുങ്ങുന്നു. വ. സംശയിക്കുന്നു.

**സംക്രന്ദനൻ**-ഇന്ദ്രൻ. ശത്രുക്കളെ കരയിപ്പിക്കുന്നവൻ എന്നർത്ഥം.

**സംക്രമ(ണ)ം**-കടക്കുക, കടന്നുകൂടുക.

**സംക്രമം**-പ്ര. കോട്ട മുതലായ ദുർഗ്ഗങ്ങളിൽ പ്രവേശിക്കുക. വ. നടപ്പാൻ വയ്യാത്ത മാർഗ്ഗം. കടന്നുകൂടുക എന്നർത്ഥം.

**സംക്രമിക്കുന്നു**-പ്ര. കടക്കുന്നു. വ. ഒന്നുചേരുന്നു (കലരുന്നു).

**സംക്രാന്ത**-വി. കടക്കപ്പെട്ട.

**സംക്രാന്തി**-സൂര്യൻ ഒരു രാശിയിൽ നിന്ന് മറ്റൊരു രാശിയിലേക്കു കടക്കുന്ന സമയം.

**സംക്രീഡ, സംക്രീഡനം**-ഒരുമിച്ചുള്ള കളി.

**സംക്ഷയം**—പ്ര. ലോകനാശം. വ. നാശം.

**സംക്ഷാളനം**-കഴുകൽ.

**സംക്ഷിപ്ത**-വി. പ്ര. സംക്ഷേപിക്കപ്പെട്ട. വ. ചുരുക്കപ്പെട്ട. ന. അയയ്ക്കപ്പെട്ട. ര്. എറിയപ്പെട്ട.

**സംക്ഷേപ(ണ)ം**-പ്ര. ചുരുക്കൽ, പരന്നുകിടക്കുന്ന ഏതെങ്കിലും വസ്തുവെ ചുരുക്കുക. ഉ-ം, ഭാഗവതത്തിന്റെ സംക്ഷേപമാണ് 'നാരായണീയം' വ. അയയ്ക്കൽ. ന. എറിക.

**സംക്ഷേപിക്കുന്നു**—ചുരുക്കുകയും മററും ചെയ്യുന്നു.

**സംക്ഷോഭം**-പ്ര. അഹംഭാവം. വ. മറിച്ചിൽ. ന. ഇളക്കം, വിറയൽ.

**സംഖ്യ**-പ്ര. എണ്ണം, കണക്ക്. വ. പ്രമാണങ്ങളെക്കൊണ്ടു അർത്ഥനിർണ്ണയം ചെയ്യുക. ന. അറിവ്.

**സംഖ്യം**-യുദ്ധം. നല്ല പ്രസിദ്ധിയുണ്ടാക്കുന്നത് എന്നർത്ഥം.

**സംഖ്യയെഴുത്ത്**—(സ്ഥാന സംഖ്യ നോക്കുക).

**സംഖ്യാത**-വി. എണ്ണപ്പെട്ട, കണക്കാക്കപ്പെട്ട. (സംഖ്യാനം ചെയ്യപ്പെട്ടത്-സംഖ്യാതം).

**സംഖ്യാദിപഞ്ചാംഗം**—(ഭിക്ഷാലപഞ്ചാംഗം നോക്കുക).

**സംഖ്യാവൽ**-വി. സംഖ്യയുള്ള.

**സംഖ്യാവത്തുക്കൾ**-വിദ്വാന്മാർ.

**സംഖ്യാവാൻ**-വിദ്വാൻ, പണ്ഡിതൻ. ആലോചനയുള്ളവൻ എന്നർത്ഥം.

**സംഖ്യാസമാപനൻ**-ശിവൻ.

**സംഖ്യേയ**-വി. എണ്ണപ്പെടത്തക്ക.

**സംഗത**-വി. സംഗമിച്ച, ചേർന്ന.

**സംഗതജാനുക**-വി. കോട്ടുകാലുള്ള.

**സംഗതം**—യുക്തിയുക്തമായ വാക്ക്. മനസ്സിനു ചേരുന്നത് എന്നർത്ഥം. മറെറാരു പര്യായം—ഹൃദയംഗമം.

**സംഗതി**-പ്ര. കാര്യം. വ. ചേർച്ച, സംബന്ധം. ന. കാരണം. ര്. യാദൃച്ഛികസംഭവം. ഉ. സംഘം.

**സംഗം**-പ്ര. ചേർച്ച, തമ്മിൽ കൂടിച്ചേരുക. വ. ആസക്തി.

**സംഗമം**—പ്ര. ചേർച്ച, തമ്മിൽ കൂടിച്ചേരുക. വ. ആററിന്റെ ചേർച്ച.

**സംഗമിക്കുന്നു**-ചേരുന്നു.

**സംഗമേശൻ**—ഇരിങ്ങാലക്കുട കൂടമാണിക്യദേവൻ.

**സംഗരം**-പു. യുദ്ധം. വളരെ ശബ്ദമുള്ളതു് എന്നർത്ഥം. വ. പ്രതിജ്ഞ. ന. ഉടമ്പടി. ര. ആപത്തു്. ഇ. വന്നിക്കായ്. ന്ന. കർമ്മനിയമം.

**സംഗി**-ചേർന്നവൻ. (സ്ത്രീ-സംഗിനി).

**സംഗീർണ്ണ**- വി. പ്രതിജ്ഞചെയ്യപ്പെട്ട, അംഗീകരിക്കപ്പെട്ട.

**സംഗീതക്കാരൻ**-പാട്ടുകാരൻ.

**സംഗീതക്കാരി**-പാട്ടുകാരി.

**സംഗീതം**-പാട്ടു്, സാമവേദത്തിൻെറ ഉപവേദം.

'സംഗീതമപിസാഹിത്യം
സരസ്വത്യാസ്തനദ്വയം
ഏകമാപാതമധുര
മന്യദാലോചനാമൃതം'

ഇതു ശ്രോത്രേന്ദ്രിയപ്രധാനമായ ഒരു കലയാണു്. ക്രമീകൃതമായ സ്വരഗ്രാമത്തിനു മനുഷ്യാത്മാവിനെ സ്പർശിപ്പാൻ ഒരു പ്രത്യേകശക്തിയുണ്ടു്. രാഗങ്ങളും ഉച്ചനീചങ്ങളായ സ്വരങ്ങളും മൂലമുണ്ടാകണം. താളങ്ങളും സ്വരങ്ങളുടെ ദീർഘതയേയും ഹ്രസ്വതയേയും ആശ്രയിച്ചിരിക്കണം. ഗായകൻ മനോഭാവങ്ങളെ ഉദ്ദീപിപ്പിക്കുന്നതിനു വളരെ സമർത്ഥനായിരിക്കണം.

സംഗീതശാസ്ത്രപ്രകാരം സ്വരവൃത്തികൾ വിളംബം, പ്രവാഹം, കമ്പനം, ഭ്രമണം ഇങ്ങിനെ ൪ വിധം.

**സംഗീതരത്നാകരം**-സംഗീതം, നൃത്തം മുതലായവയെപ്പററിയുള്ള ഒരു കൃതി. ഇതിൻെറ കർത്താവു് ശാർങ്ഗദേവനാകുന്നു.

**സംഗൃദ്ധ**-വി. ൧. മറയ്ക്കപ്പെട്ട. ൨. ചുരുക്കപ്പെട്ട. ൩. കൂട്ടപ്പെട്ട. ൪. ചേർക്കപ്പെട്ട. ൫. ഉറപ്പിൽ കെട്ടപ്പെട്ട.

**സംഗൃദ്ധം**-ഒരു തുകയോടു കൂട്ടിച്ചേർത്ത മറെറാരു തുക.

**സംഗൃഹീത**-വി. ൧. എടുക്കപ്പെട്ട. ൨. സംക്ഷേപിക്കപ്പെട്ട. ൩. കൂട്ടപ്പെട്ട.

**സംഗ്രഹം**-പു. സംക്ഷേപം, ചുരുക്കിപ്പറയുക. ൨. കൂട്ടിച്ചേർപ്പു്. ൩. പ്രതിജ്ഞ. ൪. സ്വീകാരം.

'ഉണ്ടെങ്കിലും ഭൂരികളത്രസംഗ്രഹം'
(അഭിജ്ഞാനശാകുന്തളം)

൫. മുഷ്ടി. ൬. ഉയർച്ച. ൭. പ്രയത്നം. ൮. (സാഹിത്യസാഹ്യപ്രകാരം) വിസ്തൃമായ അർത്ഥത്തെ ചുരുക്കുക.

**സംഗ്രഹിക്കുന്നു**-പു. കൂട്ടിവയ്ക്കുന്നു. ൨. എടുക്കുന്നു. ൩. കരുതുന്നു ൪. സംക്ഷേപിക്കുന്നു.

**സംഗ്രാമപടഹം**-യുദ്ധയാത്രയ്ക്കുള്ള വാദ്യഘോഷം.

**സംഗ്രാമം**-യുദ്ധം.

**സംഗ്രാഹം**-പു. മുഷ്ടിചുരുട്ടി (കയ്യിൻെറ വിരലുകൾ മടക്കി) പിടിക്കുക. ൨. കൈനാട. ൩. കൈക്കൊള്ളുക. വഴിപോലെ പിടിക്കപ്പെടുന്നതു് എന്നർത്ഥം.

**സംഘക്കളി**-ശാസ്ത്രക്കളി.

**സംഘക്കാർ**-കൂട്ടക്കാർ, യോഗക്കാർ.

**സംഘചാരി**-മീൻ.

**സംഘടനാ**-ചേർച്ച.

**സംഘടിക്കുന്നു**- ചേരുന്നു, കൂട്ടിമുട്ടുന്നു. (സ. ക്രി. സംഘടിപ്പിക്കുന്നു).

**സംഘടിത**-വി നല്ലവണ്ണം ചേർക്കപ്പെട്ട.

**സംഘട്ടന(ം)**-പു. ചേർച്ച, കൂട്ടിമുട്ടുക. ൨. ആലിംഗനം.

സംഘം-സമൂഹം, ജന്തുക്കളുടെ കൂട്ടം, യോഗം. സംഹനിക്കപ്പെടുന്നതു് എന്നർത്ഥം.

സാംഘർഷം-പ്ര. മത്സരം, സ്പർദ്ധ. ദ. അരയ്ക്കുക. ന. ഒലിക്കുക.

സംഘാടം-ചങ്ങാടം.

സംഘാടികാ-പ്ര. ജോടി. ദ. മണം.

സംഘാതം-പ്ര. കൂട്ടം. ദ. ഒരു നരകം. ന. കൊല.

സചനം-പ്ര. സഹായം. ദ. വന്ദനം, വണക്കം.

സചി-പ്ര. സ്നേഹിതൻ. ദ. ഇന്ദ്രന്റെ ഭാര്യ.

സചിത്രം-പ്ര. ചായമിട്ട. ദ. പലനിറമുള്ള.

സചിവൻ-പ്ര. മന്ത്രി. ദ. സഹായജനം. ഒന്നിച്ചുനടക്കുന്നവൻ എന്നർത്ഥം.

സചേതന-വി. പ്ര. ചേതസ്സുള്ള. ദ. ബോധമുള്ള. ന. ജീവനുള്ള.

സചേതസ്സ്-വി. വിശേഷബുദ്ധിയുള്ള.

സചേല-വി. വസ്ത്രം ധരിച്ച.

സചേലസ്നാനം-വസ്ത്രംമുക്കിക്കുളിക്കൽ.

സചോഷ്ണം-മാവ്.

സച്ചാര-മഞ്ഞൾ.

സച്ചിദാനന്ദൻ-ദൈവത്തിനുള്ള ഒരു പേർ, പരമാത്മാവ്, വിഷ്ണു. (സച്ചിന്മയൻ എന്നതു നോക്കുക).

സച്ചിദാനന്ദം-സത്തും ചിത്തും ആനന്ദവും.

സച്ചിത്സ്വരൂപൻ-ദൈവത്തിനെ സ്തുതിച്ചു പറയുന്ന ഒരു പേർ.

സച്ചിന്മയൻ—സച്ചിത്സ്വരൂപൻ, സത്തും ചിത്തും കലർന്നവൻ. (സത്തു് = ഉണ്ടെന്നുള്ള അവസ്ഥ. ചിത്തു് = ജ്ഞാനം), ദൈവം.

സജഗ്ധി-സഹഭോജനം.

സജനൻ-ഒരു കുടുംബത്തിലുള്ളവൻ, ചാർച്ചക്കാരൻ.

സജംബാള-വി. ചേറോടുകൂടിയ, ചേറുള്ള.

സജംബാളം-ചളിമയമായ പ്രദേശം.

സജാതം-വി. ഒരുമിച്ചു ജനിച്ച.

സജാതി-വി. ഒരു കുലത്തിൽ ജനിച്ച.

സജാതീയ-വി. ഒരു കുലത്തിൽ ജനിച്ച, ഒരേ ജാതിയിൽ പെട്ട, ഒരേ വകയിലുള്ള.

സജ്ജ-പ്ര. അലങ്കാരം. ദ. കവചം.

സജ്ജ-വി. പ്ര. കവചമിടപ്പെട്ട, കുപ്പായം ചട്ട മുതലായവ ധരിച്ചു ഗമനത്തിനൊരുങ്ങിയ എന്നർത്ഥം. ദ. ഒരുക്കപ്പെട്ട. ന. മൂടപ്പെട്ട. ര. അലങ്കരിക്കപ്പെട്ട.

സജ്ജൻ-ഒരുങ്ങിയവൻ, ചട്ടയിട്ടവൻ, സന്നദ്ധൻ.

സജ്ജനം-പ്ര. നല്ല ആൾ, നല്ല തറവാട്ടിൽ ജനിച്ചവൻ ദ. ആനയുടെ അലങ്കാരം. ന. അലങ്കാരം. ര. സൈന്യരക്ഷണത്തിനായി നിർത്തിയ കാവൽ സൈന്യം. ഉ. അണിനിരത്തൽ.

സജ്ജനസമ്പർക്കം-നല്ല ജനങ്ങളുമായുള്ള ചേർച്ച.

സജ്ജനാ-പ്ര. തയ്യാറാവുക. ദ. രാജാവിനു കയറുന്നതിനായി ആനയെ അമ്പാരികെട്ടി ചമയിക്കുക.

സജ്ജിത-വി. പ്ര. ഒരുക്കപ്പെട്ട. ദ. കവചമിടപ്പെട്ട. ന. അലങ്കരിക്കപ്പെട്ട.

സജ്ജീകരിക്കുന്നു-തയ്യാറാക്കുന്നു. (നാമം-സജ്ജീകരണം).

സജ്ജീകൃതം- സന്നദ്ധമാക്കിച്ചെയ്യപ്പെട്ടതു്.

**സജ്യ**-വി. ഞാണവലിച്ചുകെട്ടിയ.

**സജ്യം**-കലച്ച വില്ല്.

**സജ്വരം**-പു. ചൂട്, ഉഷ്ണം. ൧. എരിച്ചിൽ

**സഞ്ചയനം**-പു. ഒരുമിച്ചുചേൎക്ക. ൨. ഒരാൾ മരിച്ചു ദഹിപ്പിച്ചതിന്റെ ശേഷം അസ്ഥി പെറുക്കി സ്ഥാപിക്കുന്ന ഒരു കൎമ്മം.

**സഞ്ചയം**-പു. ഒരുമിച്ചുകൂട്ടുക. ൨. സമൂഹം, കൂട്ടം. വൎദ്ധിക്കുന്നതു് എന്നൎത്ഥം.

**സഞ്ചയിക്ക**-ഒരുമിച്ചുകൂട്ടുക.

**സഞ്ചരണം**-നടപ്പ്.

**സഞ്ചരിക്കുന്നു**-നടക്കുന്നു.

**സഞ്ചല**-വി. വിറക്കുന്ന.

**സഞ്ചലനം**-ഇളക്കം.

**സഞ്ചായക്കാരൻ**-വനംഡിപ്പാൎട്ടുമെന്റിലെ ഉദ്യോഗസ്ഥൻ.

**സഞ്ചായം**-മരങ്ങൾ, തടി ഇവ സംബന്ധിച്ചു ഡിപ്പാൎട്ടുമെന്റ്, പുറവരവ്.

**സഞ്ചാര്യ**-ഒരു വിശേഷ യാഗം.

**സഞ്ചാരകൻ**-പു. വഴികാട്ടുന്നവൻ. ൨. ഉത്സാഹിപ്പിക്കുന്നവൻ.

**സഞ്ചാരജീവി**-വി. സഹായമില്ലാതെ വലയുന്ന.

**സഞ്ചാരം**-പു. നടപ്പ്. ൨. പ്രയാസം. ൩. പ്രയാസപ്പെട്ട വഴി. ൪. അസ്തമയം.

**സഞ്ചാരി**-വി. പു. നടക്കുന്ന. ൨. ഇളക്കമുള്ള. ൩. പ്രയാസമുള്ള.

**സഞ്ചാരി**-പു. നടക്കുന്നവൻ. ൨. വായു.

**സഞ്ചാരികാ**-ദൂതി. സന്ദേശത്തെ കൊണ്ടു നടത്തുന്നവൾ എന്നൎത്ഥം.

**സഞ്ചാരിണി**-പു. നടക്കുന്നവൾ. ൨. ചെറുപ്പുള്ളടി.

**സഞ്ചി**-മടിശ്ശീല, ഉറപ്പ.

**സഞ്ചിത**-പു. വൎദ്ധിച്ച. ൨. സമ്പാദിക്കപ്പെട്ട. ൩. ഉണ്ടാക്കപ്പെട്ട. ൪. ചേൎക്കപ്പെട്ട.

**സഞ്ചിതി**-കൂട്ടം.

**സഞ്ചിന്തനം**-ധ്യാനം, വിചാരം.

**സഞ്ചൂൎണ്ണം**-പൊടിക്കുക.

**സഞ്ചോദനം**-പറഞ്ഞയയ്ക്കൽ, നടത്തുക.

**സഞ്ജയൻ**-ധൃതരാഷ്ട്രരുടെ മന്ത്രിയും സാരഥിയും.

ഭാരതയുദ്ധം കണ്ടതുപോലെ അന്ധനായ ധൃതരാഷ്ട്രരോടു പറഞ്ഞു കേൾപ്പിച്ചു. ഗവൽഗണന്റെ പുത്രനാകയാൽ ഗാവൽഗണി എന്നും പറയുന്നു.

൨. വാസവദത്തയുടെ പിതാവായ ഉജ്ജയിനിയിലെ ഒരു രാജാവ്.

**സഞ്ജവനം**-തെക്കിനി മുതലായ നാലും കൂടി കൂടിയ നാലുപുര.

**സഞ്ജാ**-ആട്ടിൻപെട.

**സഞ്ജാത**-വി. ജനിച്ച.

**സഞ്ജീവനം**-നാലുകെട്ടുംപുര.

**സഞ്ജീവനം**-പു. ഒരുമിച്ചുള്ള പാൎപ്പ്. ൨. പുനൎജ്ജീവിപ്പിക്കൽ. ൩. നാലുകെട്ടുംപുര.

**സംജീവിനി**-ആഹാരം.

**സഞ്ജ്വരം**-അഗ്നിയുടെ ചൂട്.

**സട**-പു. ജട, പുലിയുടെ രോമക്കൂട്ടം. ൨. കിരീടം. ൩. നാട.

**സടാംകം**-സിംഹം.

**സടീ**-പു. സിംഹം. ൨. അടവിക്കച്ചോലം. ൩. ചെറുകച്ചോലം.

**സഠം**-വെളുത്തീയം.

**സണം**-ചണ.

**സണസൂത്രം**-മീൻകൂട്.

**സംഡീനം**-പക്ഷിയുടെ ഗമനം, കൂട്ടംകൂട്ടമായി പറക്കുന്നതു്.

സതത-വി. നിത്യമായുള്ള.

സതതം-നിത്യവും, എല്ലാനാളും.

സതി-സ്ത്രീ. സമ്മാനം, ദാനം, ഇനാം വ. അവസാനം, നാശം. ന. ഉടന്തടി ചാടുക.

സതീ-സ്ത്രീ. പാതിവ്രത്യമുള്ള സ്ത്രീ. ഭർത്താവ് മരണമടഞ്ഞാൽ അഗ്നിപ്രവേശം ചെയ്യുന്നവൾ എന്നർത്ഥം. വ. ശിവന്റെ ഭാര്യ, ദക്ഷന്റെ പുത്രി.

ദക്ഷന്റെ കോപം ഹേതുവായിട്ട് ദേഹത്യാഗം ചെയ്തു. അനന്തരം ഹിമവാന്റെയും മേനയുടേയും പുത്രിയായി ജനിച്ചു. ശിവൻ വേട്ടു.

സതീനം-ഒരുവക പയറ്.

സതീർത്ഥ്യൻ-ഒരു ഗുരുവിങ്കൽനിന്നു പഠിച്ചവൻ.

'ചില്ക്കാതൽക്ക സതീർത്ഥ്യനായിരുന്ന വിപ്രൻ'

(കുചേലവൃത്തം വഞ്ചിപ്പാട്ട്)

സതീർത്ഥ്യം-തുല്യം.

സതീലകം-ഒരു പയറ്.

സൽ-വി. സ്ത്രീ. ശ്രേഷ്ഠതയുള്ള. വ. കൊള്ളാവുന്ന, നല്ല.

(മററു പദങ്ങളുടെ മുൻപിൽ ചേർത്തു ഈ അർത്ഥത്തിൽ പ്രയോഗിക്കുന്നു).

ന. സത്യമുള്ള. ശ. മാനമുള്ള. ഒ. സുകൃതമുള്ള. ന്ധ. ബുദ്ധിയുള്ള. ൫. സ്ഥിരതയുള്ള.

സൽകഥ-നല്ലകഥ.

സൽകൃത-വി. പൂജിക്കപ്പെട്ട. വ. ബഹുമാനിക്കപ്പെട്ട.

സൽകൃതി-സ്ത്രീ. സുകൃതം. വ. നല്ല പ്രവൃത്തി.

സൽക്കരിക്കുന്നു-ക്രി. പൂജിക്കുന്നു. വ. മാനിക്കുന്നു.

സൽക്കാരം-ബഹുമാനം.

സൽക്രിയ-സ്ത്രീ. സൽക്കാരം. വ. നല്ല പ്രവൃത്തി.

സൽഗതി-സ്ത്രീ. നല്ലഗതി. വ. മോക്ഷം.

സൽഗുണരഹിത-വി. നന്മയില്ലാത്ത.

സത്ത്-എല്ലാടത്തും എല്ലാപ്പോഴും വ്യാപിച്ചിരിക്കുന്ന വസ്തു, സത്യദൈവം. വ. ചാറ്. ന. സാരകാര്യം. ശ. സജ്ജനം. ഒ. നല്ലതു്. ന്ധ. പരമാർത്ഥം.

സത്ത-സ്ത്രീ. ഇരിക്ക. വ. നന്മ. ന. ശ്രേഷ്ഠത.

സത്തമ-വി. സുകൃതമുള്ള. വ. ശ്രേഷ്ഠതയുള്ള.

സത്താമാത്രം-ഉണ്ടെന്നുമാത്രം അറിയേണ്ടതു്.

സത്തിക-സ്ഥിരം.

സത്തുക്കൾ-നല്ല ജനങ്ങൾ.

സൽപാത്രം-ന. നല്ലപാത്രം. വ. യോഗ്യൻ.

സൽപഥം-നല്ലവഴി.

സൽഫലം-ന. നല്ല ഗുണം. വ. മാതളനാരങ്ങ.

സൽഭാവം-നല്ല ഭാവം. (മ). അഹംഭാവം, നിന്ദ.

സൽഭാവി-വി. സൽഭാവമുള്ള, അഹംഭാവമുള്ള.

സത്മാ-ഭവനം.

സത്യ-വി. പരമാർത്ഥമായുള്ള, നേരായുള്ള.

സത്യക-വി. സത്യമുള്ള, നേരുള്ള.

സത്യകൻ-പു. സാത്യകിയുടെ അച്ഛൻ.

സത്യകൻയദുകുലോല്പന്നനായ ശിനിയുടെ പുത്രനാണ്.

വ. ബ്രഹ്മാവ്.

സത്യകം-അച്ചാരം, മുടമ്പടി.

**സത്യകർമ്മം**-൧. നേരുള്ള പ്രവൃത്തി. ൨. കരബാനം.

**സത്യക്കുറി**-൧. ഉടമ്പടി. ൨. സത്യം ചെയ്യുന്നതിനു തീരുമാനിച്ചു കോർട്ടിൽ നിന്നെഴുതുന്ന കരെഴുത്തു്.

**സത്യംകാരം**-൧. 'ഞാൻ ഇതു വിലയ്ക്കു തരാം' അല്ലെങ്കിൽ 'ഞാൻ ഇതു വിലയ്ക്കുവാങ്ങിക്കൊള്ളാം' എന്നു് ഏറ്റുപറയുക. ൨. അച്ചാരം.

**സത്യജ്ഞ**-വി. സത്യത്തെ അറിഞ്ഞ.

**സത്യധൃതി**-ശരദ്വാന്റെ പുത്രൻ, ഉർവശിയിൽ. കൃപന്റെയും കൃപിയുടെയും അച്ഛൻ.

**സത്യൻ**-൧. ശ്രീരാമൻ. ൨. വിഷ്ണു. സത്ത്വക്കമ്മിൽ കരുണയുള്ളവൻ എന്നർത്ഥം.

**സത്യപട**-പരിശുദ്ധമായ ഭണ്ഡചയലം.

**സത്യപാശം**-ആണ, ശപഥം.

**സത്യപുരം**-വൈകുണ്ഠം, വിഷ്ണുലോകം.

**സത്യപ്രതിജ്ഞ**. വാഗ്ദാനത്തിൽ സത്യമുള്ള.

**സത്യപ്രമാണം**-നേരായ പ്രമാണം.

**സത്യഫലം**-കൂവളം.

**സത്യഭംഗം**-നേരുകേട്.

**സത്യഭാരതൻ**-വ്യാസൻ.

**സത്യഭാമാ**-സത്രാജിത്തിന്റെ പുത്രി, കൃഷ്ണന്റെ അഷ്ടഭാര്യമാരിൽ ഒരുത്തി.

കൃഷ്ണൻ സത്യഭാമയ്ക്കുവേണ്ടി പാരിജാതത്തെ സ്വർഗ്ഗത്തിൽ നിന്നുംകൊണ്ടുവന്നു ഭാമയുടെ ഗൃഹത്തിൽ നട്ടു. ഇതു നിമിത്തം ഇന്ദ്രനുമായി യുദ്ധമുണ്ടായി. സത്യഭാമയുടെ പുത്രന്മാർ—10. ഭാനു, സ്വർഭാനു, പ്രഭാനു, ഭാനുമാൻ, ചന്ദ്രഭാനു, ബൃഹൽഭാനു, അതിഭാനു, ശ്രീഭാനു, പ്രതിഭാനു, സുഭാനു.

**സത്യം**-൧. പരമാർത്ഥം. ൨. ആണ. ൩. ബ്രഹ്മാവിന്റെ ലോകം. ൪. കൃതയുഗം. ൫. അരയാൽ. ൬. വികാരമില്ലാത്തതു്.

**സത്യയുഗം**-കൃതയുഗം.

**സത്യലോകം**-ബ്രഹ്മാവിന്റെ ലോകം.

**സത്യലോപം**-സത്യഭംഗം.

**സത്യവചസ്സ്**-൧. നേരുവാക്ക്. ൨. ഋഷി.

**സത്യവൽ**-വി. സത്യമുള്ള.

**സത്യവതീ**-൧. ശന്തനുവിന്റെ ഭാര്യ, ചിത്രാംഗദന്റെയും വിചിത്രവീര്യന്റേയും അമ്മ. വ്യാസന്റെ അമ്മ, അപ്സരസ്ത്രീയായ അദ്രികയിൽ ചേദിരാജാവായ ഉപരിചരന്റെ പുത്രി (കാളി).

സത്യവതി കുട്ടിയായിരുന്നപ്പോൾ പരാശരനു യമുനയിൽവച്ചുണ്ടായവനത്രേ വേദവ്യാസൻ.

൨. നാരദന്റെ ഭാര്യ. ൩. ഋചീകന്റെ ഭാര്യ, വിശ്വാമിത്രന്റെ സഹോദരി.

**സത്യവതീസുതൻ**-വ്യാസൻ.

**സത്യവാക്ക്**-൧. നേരുവാക്ക്. ൨. മഹർഷി. ൩. കാക്ക.

**സത്യവാചകം**-നേരുവാക്ക്.

**സത്യവാദി**-വി. സത്യംപറയുന്ന.

**സത്യവാൻ**-൧. നേരുള്ളവൻ. ൨. ഒരു രാജാവ്. ൩. സാവിത്രിയുടെ ഭർത്താവ്.

**സത്യവൃത്ത്**-വി. സത്യം പറയുന്ന.

**സത്യവ്യാജം**- സത്യത്തിനുവേണ്ടിയുള്ള വ്യാജം.

'അഗ്നിമണ്ഡലേവാഴുംസീതയെ
സത്യവ്യാജാൽ'
(അദ്ധ്യാത്മരാമായണം)

**സത്യവ്രത**-വി. സത്യത്തെ പാലിക്കുന്ന.

**സത്യവ്രതൻ**-പു. ഏഴാമത്തെ മനു. ൧. സൂര്യവംശത്തിൽ പണ്ടുണ്ടായിരുന്ന ഒരു നൃപൻ, ത്രിശങ്കു, ഹരിശ്ചന്ദ്രന്റെ പിതാവ്. (ത്രിശങ്കു എന്ന പദം നോക്കുക).

**സത്യശീല**-വി. സത്യമുള്ള.

**സത്യസങ്കല്പ**-വി. സത്യമായി വിചാരിക്കുന്ന.

**സത്യസങ്കാശ**-വി. സത്യംപോലെയുള്ള.

**സത്യസന്ധ**- വി. സത്യത്തെ പാലിക്കുന്ന.

**സത്യസന്ധൻ**-പു. സത്യത്തെ പാലിക്കുന്നവൻ. ൧. രാമൻ ൨. രാമന്റെ അനുജനായ ഭരതൻ. ൩. ജനമേജയൻ എന്ന രാജാവ്.

**സത്യസന്ധാ**-പാഞ്ചാലി.

**സത്യസംഗരൻ**-കുബേരൻ.

**സത്യസ്വരൂപൻ**-ദൈവം, നിർവികാരമായ പരബ്രഹ്മം, സത്തുക്കളിൽ കരുണയുള്ള പല അവതാരരൂപങ്ങളും ഉള്ളവൻ.

**സത്യഹീന**-വി. നേരില്ലാത്ത.

**സത്യാ**-സ്ത്രീ. സീത. ൧. വ്യാസന്റെ അമ്മ, സത്യവതി. ൨. ദുർഗ്ഗ. ൩. സത്യഭാമ. ൪. വിഷ്ണുവിന്റെ അമ്മ.

**സത്യാകൃതി**-അച്ചാരം.

**സത്യാനുരക്ത**-സത്യത്തോടു യോജിച്ച.

**സത്യാനൃതം**-കച്ചവടം.

**സത്യാപനം**-ന. അച്ചാരം. ൧. സത്യം പറക.

**സത്വര**-വി. ചുണയുള്ള.

**സത്രപ്പെടുന്നു**-തിടുക്കപ്പെടുന്നു.

**സത്രം**-ന. യാഗം. ൧. വഴിയമ്പലം. ൨. മറവ്. ൩. സമം കെട്ടുകന്നത്, ദാനം. ൫. ചതിവ്. ൬. കെട്ടുകെട്ട്. ൭. ഭവനം. ൮. സമ്പത്ത്. ൯. തിട്ടക്കം. ൰. വനം. ൰൧. ഡംഭം. ൰൨. ഉട്ടുപുര.

**സത്രശാല**-സ്ത്രീ. യാഗശാല. ൧. ഉട്ടുപുര.

**സത്രാ**-അ. കൂടെ.

**സത്രാജിത്ത്, സത്രാജിതൻ**-ഒരു യാദവൻ, നിഘ്നന്റെ പുത്രൻ. സത്യഭാമയുടെ പിതാവ്.

സൂര്യനെ സേവിച്ചു സ്യമന്തകം എന്ന മണി വാങ്ങിച്ചു. (സ്യമന്തകകഥ സർവപ്രസിദ്ധമാണ്. വായിക്കുക).

**സത്രാശനൻ**-ദേവൻ.

**സത്രീ**-പു. യാഗംചെയ്യുവൻ, ധർമ്മിഷ്ഠൻ, എപ്പോഴും അന്നാദിദാനം ചെയ്തുകൊണ്ടിരിക്കുന്ന ഗൃഹസ്ഥൻ. സത്രമുള്ളവൻ എന്നർത്ഥം. സത്രം-അന്നാദിദാനം. ൧. സ്ഥാനാപതി. ൨. ഗൃഹസ്ഥൻ. ൩. യാഗംകഴിക്കുന്ന ആചാര്യൻ.

**സത്വഗുണം**-മൂന്നുഗുണങ്ങളുള്ളതിൽ ഒന്നാമത്തേത്, നല്ല ഗുണം.

**സത്വം**-ന. മൂന്നു ഗുണങ്ങളിൽ ഒന്ന്. ൧. വസ്തു. ൨. ജീവൻ, ചൈതന്യം. ൩. പ്രാണൻ. ൫. ബലം. ൬. ധൈര്യം. ൭. സമ്പത്ത്. ൮. സ്വഭാവം. ൯. സാരകാര്യം. ൰. പ്രാണി. ൰൧. ബുദ്ധി. ൰൨. നാമപദം. ൰൩. നിശ്ചയം. ൰൪. സൌജന്യം. ൰൫. വീര്യം.

**സത്വരം**-അ. വേഗത്തിൽ.

**സത്വസമ്പത്ത്**-സത്വമെന്നുള്ള സമ്പത്ത്, ബലം, വീര്യം.

**സത്വസമ്പന്ന**-വി. അധികം സമ്പത്തുള്ള.

സത്വാപത്തി-മനസ്സിൽ സച്ചിദാനന്ദ വസ്തുവിന്റെ സ്ഫുരണം.

സത്വാഭിമാനം- ജീവിതത്തിലുള്ള അഭിമാനം.

സത്സംഗം-നല്ല ജനങ്ങളോടുള്ള ചേർച്ച.

സത്സേവിത-വി. സത്തുക്കളാൽ സേവിക്കപ്പെട്ട.

സദനം-പ്ര. ഭവനം. ദ്വി. ജലം.

സദംശകം-ഞണ്ട്.

സദംശവദനം-കങ്കപക്ഷി.

സദയം-അ. ദയയോടെ.

സദർ-മുഖ്യമായ, ശ്രേഷ്ഠമായ. (അറബിഭാഷ).

സദസ്സ്-സഭ.

സദസ്യൻ-യാഗശാലയിലുള്ള ആചാര്യന്മാരിൽ ഒരുത്തൻ, സഭ്യൻ.

സദാ-അ. എല്ലായ്പോഴും.

സദാകാലം-അ. എല്ലാസമയത്തും.

സദാഗതി-പ്ര. വായു. ദ്വി. ബ്രഹ്മം. തൃ. സൂര്യൻ.

സദാചാരം-നല്ല ആചാരം, മര്യാദ.

സദാതന-വി. നിത്യമായുള്ള.

സദാതനൻ-പ്ര. നിത്യൻ. ദ്വി. വിഷ്ണു.

സദാത്മാവ്-എന്നും നിലനില്പുള്ള ആത്മാവ്.

സദാനന്ദൻ-ദൈവം, ബ്രഹ്മാവ്.

സദാനന്ദം-നിത്യാനന്ദം.

സദാനർത്തം-വാലാട്ടിപ്പക്ഷി.

സദാനീര, സദാതോയാ-കരതോയ എന്ന നദി.

പണ്ടു കർക്കടകമാസത്തിൽ ഗംഗാദേവി മൂന്നു ദിവസം രജസ്വലയായി വർത്തിച്ചുവന്നു. അന്നു എല്ലാ നദികളിലും ഋതുരജസ്സ ഒഴുകിക്കൊണ്ടിരുന്നു. ഈ കരതോയാ (സദാനീരാ) നദിയിൽ അന്നും ശുദ്ധജലം തന്നെ ഒഴുകിക്കൊണ്ടിരുന്നു. ഈ നദി സ്വതന്ത്രനദിയാണ്. മറ്റൊന്നിന്റെ സാന്നിദ്ധ്യം കൂടാതെ തന്നെ (തനിച്ചുതന്നെ) ഇതിനു പരിശുദ്ധതയുണ്ട്.

സദാപുഷ്പം-പ്ര. തെങ്ങ്. ദ്വി. ചെമ്മരം. തൃ. കതക്കത്തിമുല്ല. ച. എരിക്ക്. പ. മന്ദാരം.

സദാപ്രസൂനം-പ്ര. കതക്കത്തിമുല്ല. ദ്വി. എരിക്ക്. തൃ. ചെമ്മരം.

സദാഫലം-പ്ര. അത്തിയാൽ. ദ്വി. കൂവളം. തൃ. തെങ്ങ്. ച. കാട്ടത്തി.

സദായോഗി-കൃഷ്ണൻ.

സദാരൻ-ഭാര്യയോടു കൂടിയവൻ.

സദാശിവൻ-പരബ്രഹ്മം, ശിവൻ.

സദൃക്ഷ-വി. തുല്യമായുള്ള.

സദൃശ-വി. തുല്യമായ.

സദൃശത-തുല്യത.

സദൃശിക്കുന്നു-തുല്യമാക്കുന്നു.

സദൃശീകരിക്കുന്നു-തുല്യമാക്കിച്ചെയ്യുന്നു

സദേശ-വി. അടുത്തുള്ള.

സദേശം-സമീപം.

സദ്മം-പ്ര. ഭവനം. ദ്വി. ജലം.

സദ്യ-ഊട്ട്, സഹഭോജനം.

സഗ്ധി എന്നതു ക്രമേണ സദ്ധിയായി പിന്നീടു സദ്യയായി. സഗ്ധി= സഹഭോജനം(കൂടിയിരുന്നുള്ള ഭക്ഷണം)

സദ്യസ്സ്-അ. പ്ര. വേഗത്തിൽ, ഇപ്പോൾ, തൽക്ഷണത്തിങ്കൽ.

'സദ്യഃപിടിച്ചുമുദകത്തഴകിനാൻ'
(ഭാഗവതം)

ദ്വി. ഇന്ന്. തൃ. കാച്ചുമയ്യ്. ച. സമീപകാലത്ത്.

സദ്യഃഫല-വി. വേഗത്തിൽ ഫലം വരുന്ന.

**സദ്യഃശോഥാ**-നായിക്കരണ.

**സദ്യോജാതൻ**-ശിവൻ.

**സദ്യോവ്രണം**-ഒരു രോഗം.

പല മുനകളോടും മുഖങ്ങളോടും കൂടിയ ആയുധങ്ങൾ ശരീരത്തിൽ കൊള്ളുമ്പോൾ പലവിധത്തിലുള്ള മുറിവുകൾ ഉണ്ടാകുന്നു. മുറിയുക, പിളൎന്നുപോക, ചതഞ്ഞുപോക, ക്ഷയിച്ചുപോക, നുറുങ്ങിപ്പോക, അററുപോക ഇങ്ങിനെ ആറുവിധം.

**സദ്വസഥം**-ഗ്രാമം.

**സദ്വിനിയോഗം**-നല്ലകാൎയ്യത്തിൽ ഏൎപ്പെടുകയെന്നുള്ളത്.

**സദ്വൃത്ത**-വി. നല്ല ശീലമുള്ള.

**സദ്വൃത്തി**-നല്ലതായ വൃത്തി.

**സധൎമ്മ**-വി. തുല്യമായുള്ള.

**സധൎമ്മചാരിണി**- വിവാഹംചെയ്ത ഭാൎയ്യ, ധൎമ്മപത്നി.

**സധൎമ്മി**-വി. മുറയെ അനുസരിക്കുന്ന.

**സധൎമ്മിണി**-വിവാഹംചെയ്ത ഭാൎയ്യ.

**സധി**-അഗ്നി.

**സധിസ്സ്**-കാള.

**സധ്ര്യക്**-വി. കൂടെപ്പോകുന്ന, അനുഗമിക്കുന്ന.

**സനകൻ**-ഒരു മഹൎഷി.

സനകൻ, സനന്ദനൻ, സനാതനൻ, സനൽകുമാരൻ ഇവർ ബ്രഹ്മാവിന്റെ പുത്രന്മാരാണ്. ഇവരെ സനകാദികൾ എന്നു പറയുന്നു. ബ്രഹ്മാവിന്റെ മനസ്സിൽനിന്നും ജനിച്ചവരാണ്. ഇവർ എന്നും ബാലന്മാരാകുന്നു. വിവാഹം ചെയ്തിട്ടില്ല.

'നാലംശമായിട്ടതിൽമുമ്പിലെയവതാരം നാലുപേർസനകനുംസനന്ദനൻസനാതനൻ ✱ നാലാമൻസനൽകുമാരാഖ്യനും ക്രമത്താലെ നാലഞ്ചു വയസ്സുള്ള പൈതങ്ങൾതമ്മെപ്പോലെ ✱ നാലുവേദാന്തത്തെയുംശീലിച്ചുസദാകാലം നാലുഭാഗത്തുംപിരിയാതെനടപ്പുപലകാലം'

(ഭാഗവതം)

**സനൽ**-വി. നിത്യമായ.

**സനൽ**-ബ്രഹ്മം.

**സനൽകുമാരൻ, സനാൽകുമാരൻ**-ഒരു മഹൎഷി. നിത്യം കുമാരനെന്നൎത്ഥം. സനൽ-ബ്രഹ്മം, ബ്രഹ്മപുത്രനെന്നുമുണ്ട്.

**സനം**-൧. ആനയുടെ ചെവികൊണ്ടുള്ള അടി. ൨. ഒരു മരം. ൩. ഒരു വൃക്ഷം.

**സനാ**-നിത്യം.

**സനാതന**-വി. ൧. നിത്യമായുള്ള. ൨. സ്ഥിരതയുള്ള.

**സനാതനൻ**-൧. ബ്രഹ്മാവ്. ൨. വിഷ്ണു. ൩. ശിവൻ.

**സനാതനം**-ശാശ്വതം.

**സനാതനീ**-൧. ലക്ഷ്മി. ൨. പാൎവ്വതി (ദുൎഗ്ഗ). ൩. സരസ്വതി.

**സനാഥാ**-ഭൎത്താവുള്ളവൾ.

**സനാഭയൻ** - പുരുഷാന്തരത്തോളമുള്ളവൻ.

**സനാഭി**-വി. ൧. സദൃശമായുള്ള. ൨. പ്രിയമുള്ള.

**സനാഭികൾ**-മേലും കീഴും ഏഴാംപുരുഷാന്തരത്തോളമുള്ളവരുടെ പേർ. മൂലപുരുഷനോടുകൂടിയവർ എന്നൎത്ഥം, ബന്ധു.

**സനാശി**-ഒരു രാഗം.

**സനി**-൧. ഗുരു മുതലായവരെ ആരാധിക്കു, വന്ദനം. ൨. അപേക്ഷ. ൩. ദിക്ക്.

**സനിയമപരിവൃത്തം**-കാവ്യദോഷങ്ങളിൽ ഒന്ന്.

**സന്നിഷ്ഠീവം, സന്നിഷ്ഠ്യൂവം**-ഉമിനീർ (തുപ്പൽ), ഏത്തായ, കഫം ഇവ തെറിച്ചുകൊണ്ടു പറയുന്ന വാക്ക്.

**സന്നീ**-൧. പാർവ്വതി. ൨. പ്രകാശം.

**സന്നീഡം**-അ. സമീപം.

**സന്തത**-വി. എല്ലായ്പോഴുമുള്ള.

**സന്തതജ്വരം**-ഒരുവക ജ്വരം.

ഒരു പകലിൻേറയും രാത്രിയുടേയും ഇടയിൽ രണ്ടുതവണയുണ്ടാകും.

**സന്തതം**-എല്ലായ്പോഴും. സമ്യക്കാകുംവണ്ണം തതം. തതം=വിസ്തൃതം. 'തനു വിസ്താരേ കരണേ ച' എന്നു ധാതു.

**സന്തതി**-൧. വംശം. ൨. പുത്രനും പുത്രിയും. വിസ്തരിക്കുന്നതു്, ജനസമുദായത്തെ പരത്തുന്നതെന്നർത്ഥം.

**സന്തപ്ത**-വി. ൧. ദുഃഖിച്ച. ൨. ചുട്ടു പഴുത്ത.

**സന്തമസം**-കൂരിരുട്ട്.

**സന്തരിക്കുന്നു**-കടക്കുന്നു. (ക. ക്രി.-സന്തരിപ്പിക്കുന്നു. നാമം-സന്തരണം).

**സന്തർജ്ജനം**-ഭയപ്പെടുത്തൽ.

**സന്തർജ്ജിത**-വി. ഭയപ്പെടുത്തപ്പെട്ട.

**സന്തർപ്പണം**-൧. തൃപ്തിയാക, മതിയാക. ൨. ഉഴുന്ന്.

**സന്താനം**-൧. വംശം. ൨. സന്തതി, കുഞ്ഞുങ്ങൾ. ൩. തുടർച്ചയായി വന്നുകൊണ്ടിരിക്കുന്നതു്. ഉ-ം, 'സന്തോഷസന്താനം' ൪. കല്പകവൃക്ഷം. ൫ പരപ്പ്.

**സന്താനവേദപ്പൊരുളുകൾ**-സർവ്വാഭീഷ്ടപ്രദങ്ങളായ വേദവാക്യാർത്ഥങ്ങൾ.

'സന്താനവേദപ്പൊരുളുകൾ വെച്ചിട്ടു
താമരാസനൻ ചമെച്ചതെടുത്തഴിഞ്ഞു'
(കല്യാണസൌഗന്ധികം തുള്ളൽ)

(ഇതു വളച്ചുകെട്ടിയസ്തുതി ഹനുമാനെ സംബന്ധിച്ചതാണു്. ഹനുമാൻ എന്ന പദം നോക്കുക.)

**സന്താനിക**-൧, പത, നുര. ൨. പാലിൻെറ പാട. ൩. ചിലന്തിവല. ൪ വായ്ത്തല, മൂർച്ച ൫ കത്തിർ കരിഞ്ഞാലി.

**സന്താപനം**-൧. ചൂട്. ൨. വേദന. ൩. ദുഃഖം. ൪. കാമദേവൻെറ ഒരസ്ത്രം.

**സന്താപം**-൧ ദുഃഖം. ൨. ചൂട്. ൩. വേദന ൪. പശ്ചാത്താപം ൫. കോപം.

**സന്താപിക്കുന്നു**-൧. ദുഃഖിക്കുന്നു. ൨. ഉഷ്ണിക്കുന്നു.

**സന്താപിത**-വി. ൧. ദുഃഖിക്കപ്പെട്ട. ൨. ചൂടുപിടിക്കപ്പെട്ട.

**സന്തി**-൧. അവസാനം. ൨. ദാനം.

**സന്തുഷ്ട**-വി. സന്തോഷിച്ച.

**സന്തുഷ്ടി**-൧. സന്തോഷം. ൨. തൃപ്തി.

**സന്തൃപ്തി**-നല്ല തൃപ്തി.

**സന്തോഷം**-പ്രീതി, പ്രസാദം, തൃപ്തി.

**സന്തോഷണം**-പ്രീതി, പ്രസാദം, നന്ദി

**സന്തോഷിക്കുന്നു**-പ്രസാദിക്കുന്നു. (സ. ക്രി.-സന്തോഷിപ്പിക്കുന്നു).

**സന്തോഷിത**-വി. പ്രസാദിപ്പിക്കപ്പെട്ട.

**സന്ത്യക്ത**-വി. പൂർണ്ണമായി ഉപേക്ഷിക്കപ്പെട്ട

**സന്ത്യജിക്കുന്നു**-ഉപേക്ഷിക്കുന്നു. (ക. ക്രി.-സന്ത്യജിപ്പിക്കുന്നു.)

**സന്ദംശം**-൧. ചവണ ൨. ഒരു നരകം.

**സന്ദംശികാ**-ചവണ.

**സന്ദർഭം**-൧. പൂമാലയും മററും കോർക്കുക. ൨. കോർക്കുക. ൩. കൂട്ടം. ൪ കലച്ചു. ൫. ചേപ്പ്, യോജിപ്പ്. ൬. ഗ്രന്ഥരചന.

സന്ദൎശനം-പ്ര. കാണുക, നോക്കുക.

സന്ദാനം-പ്ര. പശുക്കയറ്. ൨. മസ്തകഭാഗം. ൩. പകിട്ടുക.

സന്ദാനിത-വി. കെട്ടപ്പെട്ട.

സന്ദാനിതകം-മൂന്നു ശ്ലോകങ്ങളെ ഒന്നിച്ചു അന്വയിക്കേണ്ടിവരുമ്പോൾ പറയുന്ന പേർ.

സന്ദാനിനി-ഗോഷ്ഠം.

സന്ദാവം-പുറംകോട്ടു തിരിച്ചോടുക.

സന്ദി-ചെറിയ കട്ടിൽ.

സന്ദിഗ്ദ്ധ-വി. ൧. സംശയിക്കപ്പെട്ട. ൨. കഴപ്പത്തിച്ചായ. ൩. രക്ഷയില്ലാത്ത.

സന്ദിഗ്ദ്ധം-പ്ര. സംശയിക്കപ്പെട്ടതു്. ൨. (കാവ്യത്തിൽ) പദദോഷങ്ങളിൽ ഒന്നു്.

സന്ദിഗ്ദ്ധമതി-താൻ ചെയ്യുന്ന കൎമ്മങ്ങളെ കുറിച്ചു നല്ല വിശ്വാസമില്ലാത്തവൻ.

സന്ദിഗ്ദ്ധാൎത്ഥം-പ്ര. തൎക്കമുള്ള കടം. ൨. സംശയമുള്ള പൊരുൾ.

സന്ദിത-വി. കെട്ടപ്പെട്ട, കോൎക്കപ്പെട്ട.

സന്ദിഷ്ട-വി. ൧. വൎത്തമാനം പറയപ്പെട്ട, അറിയിക്കപ്പെട്ട. ൨. സമ്മതിക്കപ്പെട്ട. ൩. വാഗ്ദത്തം ചെയ്യപ്പെട്ട.

സന്ദിഷ്ടം-വൎത്തമാനം.

സന്ദിഷ്ടാൎത്ഥൻ-വൎത്തമാനം പറഞ്ഞയക്കപ്പെട്ട ദൂതൻ.

സന്ദീപനം-പ്ര. കത്തിക്കുക, പ്രകാശിപ്പിക്കുക. ൨. കാമദേവന്റെ അമ്പുകളിൽ ഒന്നു്.

സന്ദേശപത്രം-വൎത്തമാനക്കുറി.

സന്ദേശം-പ്ര. വൎത്തമാനം. ൨. ഒരുതരം കാവ്യം.

ഈ കാവ്യത്തിലേയ്ക്കു ആദ്യമായി തുണിട്ടതു കാളിദാസനാകുന്നു. ഇദ്ദേഹം 'മേഘസന്ദേശം' എന്നു ഒരു കാവ്യം ഉണ്ടാക്കുകയും അതിൽ മന്ദാക്രാന്താവൃത്തം പ്രയോഗിക്കുകയും ചെയ്തു. അതിനെ അനുകരിച്ചു പിൻഗാമികളായ ചില കവികളും ആ വൃത്തത്തിൽ തന്നെ സന്ദേശകാവ്യങ്ങൾ രചിക്കയാൽ, 'സന്ദേശവൃത്തം' എന്നുള്ള പേർ സാൎവ്വത്രികമായിത്തീൎന്നു. വിരഹികളായ ദമ്പതിമാർ വിഷയമായിട്ടുള്ള ഈവക കാവ്യങ്ങളിൽ സ്ഥായിയായിരിക്കേണ്ടുന്ന രസം വിപ്രലംഭശൃംഗാരമാകുന്നു. സന്ദേശകാവ്യത്തിനു പൂൎവ്വഭാഗം, ഉത്തരഭാഗം എന്നു രണ്ടു ഭാഗങ്ങൾ ഉണ്ടു്. അതിൽ ഒന്നാമത്തതിൽ ദൂതിനുള്ള കാരണം, സന്ദേശം, ദൂതാവൎജ്ജനം, ദൂതിന്റെ മാൎഗ്ഗവൎണ്ണനം ഇവയും രണ്ടാമത്തേതിൽ നായികാഗൃഹവൎണ്ണനം, നായികാവൎണ്ണനം, സന്ദേശം ഇവയും അടങ്ങിയിരിക്കും. ഈവക കാവ്യങ്ങളിൽ മുഖ്യഭാഗം, 'സന്ദേശം' ആണെന്നു വരികിലും ദൂതൻ കടന്നുപോകേണ്ട മാൎഗ്ഗത്തിലുള്ള പൎവ്വതങ്ങൾ, നദികൾ, വനങ്ങൾ, നഗരങ്ങൾ, ദേവാലയങ്ങൾ മുതലായ മനോഹര വസ്തുക്കളെ സന്ദൎഭോചിതമാകുംവിധം വൎണ്ണിക്കുന്നതിലാണു് അവയുടെ അധികഭാഗത്തേയും ഉപയോഗിക്കുന്നതു. കവിയുടെ സാമൎത്ഥ്യത്തെ പ്രകടിപ്പിക്കുന്നതു് ഈ ഘട്ടമാണു്. മലയാളത്തിൽ സന്ദേശകാവ്യങ്ങളുടെ ആവിൎഭാവത്തിനു ഹേതുഭൂതമായ വിശിഷ്ടകാവ്യമായ മയൂരസന്ദേശമത്രെ.

സന്ദേശവാക്കു്-വൎത്തമാനത്തിനുള്ള എഴുത്തു്, വാചകം.

സന്ദേശഹരൻ, സന്ദേശഹാരകൻ-ദൂതൻ, സന്ദേശംകൊണ്ടു പോകുന്നവൻ.

സന്ദേഹം-പ്ര. സംശയം. ൨. ഒരലങ്കാരം.

**സന്ദേഹിക്കുന്നു**-സംശയിക്കുന്നു.

**സന്ദോഹം**-൧. കൂട്ടം. ൨. പാൽകറപ്പ്.

**സന്ദ്രാവം**-ഓട്ടം.

**സന്ധ**-വി. കൂടിയ, ചേൎന്ന.

**സന്ധ**-൧. പ്രതിജ്ഞ. ൨. അവസ്ഥ. ൩. സ്ഥിരത. ൪. ഉറപ്പ്. ൫. സന്ധ്യ. ൬. മൎയ്യാദ. (അതിൎത്തി).

**സന്ധാനം**-൧. മദ്യം വാറുക. ൨. ചേൎക്കൽ. ൩. കെട്ടുക. ൪. പുളിച്ചുകഞ്ഞി. ൫. കൂട്ടം. ൬. താങ്ങുക. ൭. ചാരായം. ൮. ചമ്മന്തിക്കറി. ൯. (വ്യാകരണത്തിൽ) വാക്യങ്ങൾക്കു തമ്മിലുള്ള അൎത്ഥയോജന, ഖണ്ഡികകളുടെ പരസ്പരസംബന്ധം. ൧൦. കാടി.

**സന്ധാനി**-൧. മദ്യം മുതലായവ വാറുന്ന സ്ഥലം. ൨. ലോഹങ്ങൾ വാൎക്കുന്ന സ്ഥലം. ൩. വാറുക.

**സന്ധാനിത**-വി. ൧. കെട്ടപ്പെട്ട. ൨. കോൎക്കപ്പെട്ട.

**സന്ധാനിനി**-തൊഴുത്ത്.

**സന്ധാരണം**-൧. രക്ഷ. ൨. ദുഃഖാനുഭവം. ൩. നിറുത്തൽ.

**സന്ധി**-൧. ചേൎപ്പ്. ൨. സമാധാനം. ൩. നിൎത്ത്. ൪. സുരങ്കം. ൫. ഭാരം. ൬. യുഗാവസാനം. ൭. ഉടമ്പടി. ൮. മൈത്രം. ൯. പങ്കിടൽ. ൧൦. സമയം. ൧൧. ആറു നയങ്ങളിൽ ഒ[illegible] ബലവാന്മാരുമായി യോജിച്ചു കഴിച്ചുകൂട്ടുന്നത്.

**സന്ധിപഞ്ചകം**-(നാടകശാസ്ത്രം സംബന്ധിച്ചവ) മുഖം, പ്രതിമുഖം, ഗൎഭം, വിമൎശം, നിൎവഹണം ഇവ ൫-ം).

**സന്ധികം**-ഒരു സന്നിപാതരോഗം.

പൂൎവ്വരൂപമായി വേദനയുണ്ടായതിൽ പിന്നെ ശരീരം ചടയ്ക്കുകയും, വായു കോപംകൊണ്ടു വേദനയും, കഫവൎദ്ധനയും, ബലക്ഷയവും, നിദ്രാനാശവും ഉണ്ടാകയും ചെയ്യും.

**സന്ധികാ**-വാറുന്ന തൊഴിൽ.

**സന്ധിക്കുന്നു**-ചേരുന്നു. (ക. ക്രി. സന്ധിപ്പിക്കുന്നു).

**സന്ധിച്ചുകൂട്ടുക**- ഒരുവിധം കഴിച്ചുകൂട്ടുക.

**സന്ധിത**-വി. ൧. ചേൎക്കപ്പെട്ട. ൨. കെട്ടപ്പെട്ട, കോൎക്കപ്പെട്ട.

**സന്ധിതന്ത്രം**—മററു രാജ്യങ്ങളുമായി സംബന്ധംപിടിപ്പാനുള്ള കൌശലം.

**സന്ധിതം**-ഉപ്പിലിട്ട ഫലം.

**സന്ധിനി**-ചനയേററ പശു

**സന്ധിപ്പ്**-ചേൎപ്പ്, യോജിപ്പ്.

**സന്ധിബന്ധനം**-൧. കെട്ട്, ഏപ്പ്, ചേൎപ്പ്. ൨. ഞരമ്പ്.

**സന്ധിബന്ധം**-൧. ഒരു പുഷ്പം. ൨. ഏപ്പ്. ൩. ഞരമ്പ്.

**സന്ധിലാ**-൧. മദ്യം. ൨. നദി. ൩. ചുവരിലെ വിടവ്.

**സന്ധിവേല**-ദിവസം രാത്രി പക്ഷം മുതലായതിൻെറ തമ്മിൽ ചേരുന്ന സമയം.

**സന്ധു**-൧. സംശയം. ൨. ചേൎപ്പ്. ൩. അവയവം. ൪. സന്ധി.

**സന്ധുക്ഷണം**-ജ്വലിപ്പിക്കൽ.

**സന്ധ്യ**-൧. പ്രഭാതത്തിനും, മദ്ധ്യാഹ്നത്തിനും, സായാഹ്നത്തിനും സന്ധ്യയെന്നു പറയും. (പ്രഭാതം=ഉദിക്കുന്ന സമയം. മദ്ധ്യാഹ്നം=ഉച്ച. സായാഹ്നം=വൈകുന്നേരം). ൨. അൎദ്ധരാത്രി. ൩. അതിര്. ൪. വാഗ്ദത്തം. ൫. ഉടമ്പടി. ൬. ഒരു നദി. ൭. ഒരു യുഗം കഴിഞ്ഞു മററൊ

യുഗം തുടങ്ങുന്നതിനിടയിലുള്ള സമയം. വ്യ. സന്ധ്യാവന്ദനം. ൻ. ഒരു പുഷ്പം. ഫ. ബ്രഹ്മാവിന്റെ മകൾ.

(ആർദ്ര എന്ന പദം നോക്കുക.) അഹോരാത്രങ്ങളുമൽ സന്ധിക്കപ്പെടുന്നതു. സൂര്യാസ്തമനത്തിനു പിമ്പു മൂന്നുനാഴികയും, സൂര്യോദയത്തിനു മുമ്പു അഞ്ചു നാഴികയും ഉള്ള സമയത്തിനു 'സന്ധ്യ' എന്നു പേർ. പ്രാഹ്നം— പ്രാതസ്സന്ധ്യ അപരാഹ്നം—അസ്തമയസന്ധ്യ)

സന്ധ്യാകാലങ്ങളിൽ ഉപേക്ഷിക്കേണ്ടവ.

ആഹാരം, സ്ത്രീസേവ, നിദ്ര, പഠനം. ഫ.ഫ. ശിവന്റെ ഭാര്യ.

**സന്ധ്യക്ഷരങ്ങൾ**-ഏ, ഒ, ഐ, ഔ ഇവ നാലും.

**സന്ധ്യാംശം**-ഫ. അസ്തമനസമയം. വ. യുഗാവസാനം.

**സന്ധ്യാപുഷ്പി**-പിച്ചകം.

**സന്ധ്യാഭ്രം**-ഫ. സന്ധ്യക്കുള്ള മേഘം. വ. പൊൻകാവി.

**സന്ധ്യാരാഗം**-സിന്ദൂരം.

**സന്ധ്യാവന്ദനം**— സന്ധ്യകളിൽ ചെയ്യേണ്ടുന്ന കർമ്മം.

**സന്ന്യാസി** - നിഷ്കാമനായിത്തീർന്നവൻ. (സ്ത്രീ സന്ന്യാസിനി).

**സന്ന**-വി. ഫ. കനംകുറഞ്ഞ. വ. കളഞ്ഞുപോയ. ന. ആത്മാവില്ലാത്ത ൪. അനക്കമില്ലാത്ത. ൫, ക്ഷീണിച്ച. ൬ നശിച്ച. ൭. സമീപമുള്ള വ്യ. പദത്തിന്റെ ആരംഭത്തിൽ വന്നാൽ പിൻപദാർത്ഥത്തിന്റെ അഭാവത്തെ കാണിക്കും ഉ ം, സന്നഗാംഭീര്യം (ഗാംഭീര്യമില്ലാതെയായ)

**സന്നകദ്രു**-മരൾവൃക്ഷം.

**സന്നത**-വി. നമസ്കരിച്ച, വഴങ്ങിയ, താണ.

**സന്നതം**-ഫ. താണതു. വ. ശബ്ദം.

**സന്നതി**-ഫ. വണക്കം, വന്ദനം. വ. ഒരുവക യാഗം. ന. ശബ്ദം

**സന്നദ്**, **സന്നത്**-ഫ. സർക്കാരിൽനിന്നും വില്ക്കുന്നവസ്തു വാങ്ങിക്കുന്ന ആളിനുകൊടുക്കുന്ന ഒരു എഴുത്തു. വ. വക്കീലന്മാർക്കുള്ള ബിരുദപത്രം, അധികാരപത്രം.

**സന്നദ്ധ**-വി. ഫ. ആയുധം ധരിച്ച. വ. യുദ്ധത്തിനായിട്ടൊരുങ്ങിയ, പടച്ചട്ടയണിച്ച. ന. കൊല്ലുന്നതിനൊരുങ്ങിയ ൪. സമീപത്തുള്ള. ൫. തയ്യാറായ. ൬ കൂട്ടിക്കെട്ടിയ.

**സന്നദ്ധം**-ബലേന ബന്ധിക്കപ്പെട്ടതു, ഒരുക്കം തയാറുള്ളതു, തയാർ.

**സന്നം**-ഫ. അല്പം, ചെറിയ അംശം വ. ക്ഷീണം. ന. മരൾമരം.

**സന്നമനം**-വണക്കം, നമനം.

**സന്നമിക്കുന്നു**-ഫ. വണങ്ങുന്നു. നമസ്കരിക്കുന്നു. വ. കുനിയുന്നു.

**സന്നയം**-ഫ. സംഘം. വ. പിൻപട. ന. തുക, സംഖ്യ.

**സന്നഹനം**-ഒരുമ്പാടു.

**സന്നാ**-നദി.

**സന്നാഹം**-ഫ. ഒരുമ്പാടു. വ. ജാഗ്രത. ന. യുദ്ധത്തിനുള്ള കവചവും ആയുധക്കോപ്പും. ൪. പടച്ചട്ട.

**സന്നി**-ഒരു ദീനം.

**സന്നികർഷണം**-ഫ. സമീപം, അടുപ്പം. വ. സമീപത്തുകൊണ്ടുവരിക. ന. ചേർച്ച, സംബന്ധം.

**സന്നികൃഷ്ട**-വി. അടുക്കലുള്ള, അണഞ്ഞ.

**സന്നിചയം**-കൂട്ടം.

**സന്നിധാനം, സന്നിധി**-സമീപം, സാമീപ്യം, അടുപ്പം, അണഞ്ഞുവയ്ക്കൽ.

**സന്നിപാതം**-ഉ. വാതമുതലായവ മൂന്നുംകൂടി ക്ഷയിക്കുകയോ വർദ്ധിക്കുകയോ ചെയ്യുമ്പോഴുള്ളപേർ, ഒരുരോഗം. (സന്നി).

സന്നിപാതരോഹിണി എന്നൊരു രോഗമുണ്ടു. സന്നിപാതം നിമിത്തമുണ്ടാകുന്ന നീരു് അഗാധമായ പഴുപ്പോടും ചികിത്സകൊണ്ടു തടുക്കാൻ കഴിയാത്തതായ ബലത്തോടും വാതരോഹിണി മുതലായ മൂന്നു രോഹിണികളുടെ ലക്ഷണങ്ങളോടും കൂടിയിരിക്കും. ഈ രോഹിണി ഉടനെ മരിപ്പിക്കും.

വ. കൂട്ടം. ന. ചേർച്ചകൂട്ടുക. ര. കൂട്ടിക്കലച്ചു.

**സന്നിബദ്ധ**-വി. മുറുക്കെക്കെട്ടിയ.

**സന്നിബന്ധനം**-മുറുക്കെക്കെട്ടുക.

**സന്നിഭ**-വി. തുല്യമായ.

**സന്നിവൃത്ത**-വി. ഉ. പിൻവാങ്ങിയ. വ. നിവർത്തിയ.

**സന്നിവേശം**-ഉ. വെളിപ്രദേശം. വ. സമീപം ന. കൂട്ടം. ര. ഏർപ്പാട്. ഒ. ചേർച്ച.

**സന്നിഹിത**-വി. ഉ. അടുത്ത അണഞ്ഞ. വ. വെക്കപ്പെട്ട.

**സന്നിഹിതം**-സാമീപ്യം.

**സന്മാർഗ്ഗം**-ഉ. നല്ലവഴി, നല്ലനടപ്പു്. വ. മര്യാദയോടുകൂടെപെരുമാറുക. ന. സത്യമതം.

**സന്മാർഗ്ഗി**-വി. നല്ലനടപ്പുകാരൻ, മര്യാദക്കാരൻ.

**സന്യസിക്കുന്നു** - സന്യാസിയായിത്തീരുന്നു.

**സന്ന്യസ്ത**-വി. ഉപേക്ഷിക്കപ്പെട്ട.

**സന്ന്യാസം**- ഉ. ലൗകികവ്യാപാരങ്ങളെ ഉപേക്ഷിക്കുക. വ. സകലവും സന്ത്യജിച്ചുള്ള ഇരിപ്പു്, ബ്രഹ്മധ്യാനം.

നിഷ്കാമകർമ്മംചെയ്തു സാധനചതുഷ്ടയസമ്പന്നന്മാർക്കാണ സന്ന്യാസം വിധിച്ചിരിക്കുന്നതു; അല്ലാത്തവർക്കു അതു ദുഃഖഹേതുവായിരിക്കും.

ന. ഒരുവക മരുന്നു്. ര. ഒരു ദീനം.

സന്ന്യാസം എന്ന രോഗത്തിന്റെ ലക്ഷണം-ഇതു ചില കാരണങ്ങളാൽ ബലമില്ലാതായവർക്കുണ്ടാകുന്നു. ഈ രോഗത്താൽ പീഡിതനായവൻ തടിപോലെ കിടക്കും.

**സന്ന്യാസി**-സന്ന്യസിച്ചവൻ, നാലാമത്തെ ആശ്രമം ധരിച്ച ബ്രാഹ്മണൻ.

**സപക്ഷ**-വി. ഉ. ചിറകുള്ള. വ. ചങ്ങാത്തമുള്ള.

**സപക്ഷൻ**-ചങ്ങാതി, പക്ഷക്കാരൻ, കൂട്ടുകാരൻ.

**സപത്നൻ**-ശത്രു. സപത്നിയെപ്പോലെ എപ്പോഴും സ്പർദ്ധിച്ചുകൊണ്ടിരിക്കുന്നവൻ എന്നർത്ഥം.

**സപത്നി**-തന്റെ ഭർത്താവിന്റെ അന്യഭാര്യ, കൂട്ടുഭാര്യ.

**സപത്നീകൻ**-ഭാര്യയുള്ളവൻ.

**സപദി**-അ. ഉടനെ, തൽക്ഷണം, വേഗം.

**സപര്യ**-വന്ദനം, പൂജ.

**സപിണ്ഡൻ**-പിണ്ഡത്തിന്നധികാരമുള്ള ചാർച്ചക്കാരൻ, ശേഷക്രിയചെയ്യുവാൻ അർഹൻ.

**സപിണ്ഡി** മരിച്ചവർക്കുവേണ്ടി ചെയ്യുന്ന ഒരുകർമ്മം.

**സപീതി** - കൂടിക്കുടിക്കുക. പീതി=പാനം. ഒരുമിച്ചുള്ള പാനം എന്നർത്ഥം.

സപ്ത-വി. ഏഴ്.

സപ്തക-വി. ൧. ഏഴംശമുള്ള. ൨. ഏഴാമത്തെ. ൩. വേദത്തിൽ ഒരു ഭാഗം.

സപ്തകർമ്മങ്ങൾ-പരാക്രമം, പ്രാഗത്ഭ്യം, കൌശലം, ധൈര്യം, ഉന്നത, നിയമനശക്തി, യുദ്ധത്തിൽ പിന്മാറാതെയുള്ള നില.

സപ്തകീ-സ്ത്രീയുടെ അരയിലുള്ള ആഭരണം. സ്ത്രീകൾ അരയിൽ ഉടുത്ത വസ്ത്രത്തിൻെറ മേലെകെട്ടുന്ന അരഞ്ഞാൺ. സപ്തസ്വരങ്ങളെപ്പോലെ അത്രയും വിശേഷമായി ശബ്ദിക്കുന്നത് എന്നർത്ഥം.

സപ്തകൊങ്കണങ്ങൾ-കിരാതം, വിരാടം, മഹാരാഷ്ട്രം, കൊങ്കണം, ഹൈയിശം, തുളു, കേരളം ഈ ഏഴുരാജ്യങ്ങളും. (താഴെ പറയുംപ്രകാരവും കാണുന്നു)

കാരാടം, വിരാടം, മരാടം, കൊങ്കണം, ഹവ്യഗം, തൌവളം, കേരളം ഇവ ഏഴും.

'കാരാടഞ്ചവിരാടഞ്ച
മരാടംകൊങ്കണംതഥാ
ഹവ്യഗംതൌളവംചൈവ
കേരളഞ്ചേതിസപ്തകം'

സപ്തചിരഞ്ജീവികൾ-(ചിരഞ്ജീവികൾ എന്നതു നോക്കുക)

സപ്തഛദാ-ഏഴിലമ്പാല.

സപ്തജനാശ്രമം-സപ്തജനങ്ങൾ എന്ന ഏഴുമുനിമാർ തലകീഴായി വെള്ളത്തിൽ നിന്നു തപസ്സുചെയ്തു മോക്ഷംപ്രാപിച്ച ഒരു പുണ്യസ്ഥലം.

സപ്തതന്തു-യാഗം. ഏഴു ഛന്ദസ്സുകളാൽ വിസ്തരിക്കപ്പെട്ടതു് എന്നർത്ഥം.

'സപ്തതന്തുവിധാനുടൻവനാന്തരേ'
(ദക്ഷയാഗം കഥകളി)

സപ്തതന്ത്രി-വീണ.

സപ്തതലങ്ങൾ-കീഴ് ലോകങ്ങൾ.

സപ്തതി-വി. എഴുപതു്.

സപ്തദശ-വി. പതിനേഴാമത്തെ.

സപ്തദശം-വി. പതിനേഴ്.

സപ്തദീധിതി-അഗ്നി.

സപ്തദ്വീപങ്ങൾ-ഏഴു ദ്വീപങ്ങൾ.

(1) ജംബുദ്വീപം-(ഏഷ്യാ).
(2) പ്ലക്ഷദ്വീപം-(തെക്കേ അമേരിക്കാ).
(3) പുഷ്കരദ്വീപം-(വടക്കേ അമേരിക്കാ).
(4) ക്രൌഞ്ചദ്വീപം-(ആഫ്രിക്കാ).
(5) ശകദ്വീപം-(യൂറോപ്പ്).
(6) ശാല്മലദ്വീപം-(അൻററാർക്ററാ, ആസ്ത്രേലിയാ).
(7) കശദ്വീപം-(ഓഷ്യാനിയാ).

ഭൂമിയെ ഇങ്ങിനെ ഏഴു ദ്വീപുകളായി വിഭജിച്ചിട്ടുള്ളതു് സ്വായംഭുവമനുവിൻെറ പുത്രനായ പ്രിയവ്രതൻ ആകുന്നു.

സപ്തദ്വീപാ-ഭൂമി.

സപ്തധാ-അ. ഏഴുപ്രകാരം.

സപ്തധാതുക്കൾ—ഏഴുധാതുക്കൾ. =രസം, രക്തം, മാംസം, മേദസ്സ്, അസ്ഥി, മജ്ജ, ശുക്ലം.

'രസാസൃങ്മാംസമേദോസ്ഥി
മജ്ജശുക്ലാനിധാതവഃ'
(അഷ്ടാംഗഹൃദയം)

ധാതുക്കൾ—ശ്രേഷ്ഠകർമ്മം.

(1) രസം-പ്രീതിയെ ഉണ്ടാക്കുക.
(2) രക്തം-ഓജസ്സിനെ ഉണ്ടാക്കുക.
(3) മാംസം-അസ്ഥികളുടെ പുറമെ പററിനിന്നു രക്ഷിക്കുക.
(4) മേദസ്സ്-നേത്രാദികളിൽസ്നിഗ്ദ്ധതയെ ഉണ്ടാക്കുക.
(5) അസ്ഥി-ദേഹത്തെ ഉയർച്ചയുള്ളതാക്കി നിറുത്തുക

(6) മജ്ജ-അസ്ഥികളുടെ ഉള്ളിൽ നിറഞ്ഞുനില്ക്കുക.

(7) ശുക്ലം-ഗർഭോല്പാദനം.

**സപ്തനദികൾ**-ഗംഗാ, യമുനാ, ഗോദാവരി, സരസ്വതി, നർമ്മദാ, സിന്ധു, കാവേരി ഇവ ഏഴും.

**സപ്തനാഡികൾ**-ഏഴു നാഡികൾ. (ഉല്പത്തിസ്ഥാനം മൂലാധാരം).

(1) ഇഡ-ഇടത്തെനാസിക.

(2) പിംഗള-വലത്തെനാസിക.

(3) സുഷുമ്നാ-മൂലാധാരം മുതൽ കപാലപത്മം വരെ എത്തിയിരിക്കുന്നതു്.

(4) പൂഷ-വലത്തുകണ്ണ്.

(5) അലംബുഷാ-ഇടത്തുകണ്ണ്.

(6) അസ്ഥിജിഹ്വാ-ഇടത്തുചെവി.

(7) ഗാന്ധാരി-വലത്തുചെവി.

(ചിന്താരത്നം)

**സപ്തപദാർത്ഥങ്ങൾ**-ദ്രവ്യം, ഗുണം, കർമ്മം, സാമാന്യം, വിശേഷം, സമവായം, അഭാവം ഇവ ഏഴും.

**സപ്തപദി**-ഒരടിയന്തരം.

വിവാഹസമയം ഭർത്താവു ഭാര്യയൊന്നിച്ചു ഏഴടി നടക്കുക എന്നതു്.

**സപ്തപർണ്ണം**-ഏഴിലംപാല.

**സപ്തപർവ്വതങ്ങൾ**-പു. മഹേന്ദ്രം, മലയം, സഹ്യൻ, ശുക്തിമാൻ, ഋക്ഷപർവ്വതം, വിന്ധ്യൻ, പാരിയാത്രം ഇവ ഏഴും. ഒ. കുലപർവ്വതങ്ങൾ (ആ വാക്കു നോക്കുക).

**സപ്തപാതാളം**-ഏഴു കീഴ്ലോകങ്ങൾ. (ചതുർദ്ദശലോകങ്ങൾ നോക്കുക).

**സപ്തപുണ്യനഗരികൾ**-(പുണ്യനഗരികൾ നോക്കുക).

**സപ്തപ്രകൃതികൾ, സപ്തവർഗ്ഗം**-രാജ്യഭരണത്തിനു് അവശ്യം വേണ്ട ഏഴു പകരണങ്ങൾ

1. രാജാവ്. 2. മന്ത്രി. 3. ബന്ധുബലം. 4. ഭണ്ഡാരം. 5. രാജ്യം. 6. കോട്ടകൾ. 7. സൈന്യം.

**സപ്തമ**-വി. ഏഴാമത്തെ.

**സപ്തമരുത്തർ**-(മങ്കണമഹർഷിയുടെ ഏഴു പുത്രന്മാർ). വായുവേഗൻ, വായുബലൻ, വായുഹാവ്, വായുമണ്ഡലൻ, വായുജ്വാലൻ, വായുരേതസ്സ്, വായുചക്രൻ.

**സപ്തമാതൃക്കൾ**-ബ്രാഹ്മി, മാഹേശ്വരി, കൗമാരി, വൈഷ്ണവി, വാരാഹി, ഇന്ദ്രാണി, ചാമുണ്ഡ ഇങ്ങിനെ ഏഴമ്മമാർ.

'ബ്രാഹ്മീമാഹേശ്വരീചൈവ
കൗമാരീവൈഷ്ണവീ തഥാ,
വാരാഹീ ച തഥേന്ദ്രാണീ
ചാമുണ്ഡാ സപ്തമാതരഃ' [വാം.

1. ബ്രാഹ്മി-ബ്രഹ്മാവിനെ സംബന്ധിച്ച
2. മാഹേശ്വരി-മഹേശ്വരനെ ,,
3. കൗമാരി-കുമാരനെ ,,
4. വൈഷ്ണവി-വിഷ്ണുവിനെ ,,
5. വാരാഹി-വരാഹത്തെ ,,
6. ഇന്ദ്രാണി-ഇന്ദ്രനെ ,,
7. ചാമുണ്ഡ-ചാമുണ്ഡൻ എന്ന അസുരനെ കൊന്നവൾ.

**സപ്തമാരുതന്മാർ, സപ്തമരുത്തുകൾ**-ആവഹൻ, സംവഹൻ, പ്രവഹൻ, ഉദ്വഹൻ, വിവഹൻ, പരിവഹൻ, പരാവഹൻ ഇവർ ഏഴുപേരും.

ആവഹൻ-മേഘത്തെ വഹിപ്പിക്കുന്നു.

സംവഹൻ-ശീതാംശുമണ്ഡലം പതിവായി നടത്തുന്നു.

പ്രവഹൻ-സൂര്യമണ്ഡലത്തിലെ പ്രവർത്തകനാണ്.

ഉദ്വഹൻ-നക്ഷത്രങ്ങളുടെ മണ്ഡലം നടത്തുന്നു.

വിവഹൻ-ഗ്രഹമണ്ഡലം നടത്തുന്നു.

പരിവഹൻ-സപ്തർഷിചക്രത്തെയും സ്വർഗ്ഗംഗയേയും (താരങ്ങളുടെ ചക്രം) നടത്തുന്നു.

പരാവഹൻ-ധ്രുവമണ്ഡലം നടത്തുന്നു.

സപ്തമരുത്തുകൾ-ഗഗനൻ, സ്പർശനൻ, വായു, അനിലൻ, പ്രാണൻ, പ്രാണേശ്വരൻ, ജീവൻ-പക്ഷാന്തരമാണ് ആവഹൻ മുതലായവ.

സപ്തമി-ഏഴാമത്തെ തിഥി.

സപ്തരത്നങ്ങൾ-ബുദ്ധമുനി ശിഷ്യന്മാർക്കു കൊടുത്ത ഏഴുപദേശങ്ങൾ.

സപ്തർഷികൾ-ഏഴു മഹർഷിമാർ. (മരീചി, അത്രി, അംഗിരസ്സ്, പുലഹൻ, പുലസ്ത്യൻ, ക്രതു, വസിഷ്ഠൻ).

സൂര്യമണ്ഡലത്തിൽ നിന്നു ഉത്തരധ്രുവം സമീപിച്ചു നില്ക്കുന്ന ഏഴു നക്ഷത്രങ്ങളാണ് സപ്തർഷികൾ.

'മരീചിരംഗിരാ അത്രിഃ
പുലസ്ത്യഃ പുലഹഃ ക്രതുഃ ।
വസിഷ്ഠശ്ചേതിസപ്തൈതേ
ജ്ഞേയാശ്ചിത്രശിഖണ്ഡിനഃ ॥'

ഇവരുടെ ധർമ്മപത്നിമാർ.

'കലാശ്രദ്ധാനസൂയാച
ഹവിർഭൂശ്ച ഗതിഃ ക്രിയാ ।
അരുന്ധതീചക്രമശ
സ്സപ്തർഷീണാം പതിവ്രതാഃ ॥'

മരീചി-കല.
അംഗിരസ്സ്-ശ്രദ്ധ.
അത്രി-അനസൂയ.
പുലസ്ത്യൻ-ഹവിർഭൂ.
പുലഹൻ-ഗതി.
ക്രതു-ക്രിയ.
വസിഷ്ഠൻ- അരുന്ധതി.

ഈ പതിവ്രതകൾ ഏഴുപേരും കർമ്മപ്രജാപതിയിങ്കൽ നിന്നു ദേവഹൂതിയിൽ ജനിച്ചവരും കപിലവാസുദേവമൂർത്തിയുടെ സഹോദരിമാരുമാകുന്നു.

സപ്തല-൧. പിച്ചകം. ൨. കുരിമുല്ല. ൩. ചമ്മലത. ൪. ചെമന്ന കുന്നി. ൫. പാതിരി.

സപ്തവധ്രി-ഒരു ഋഷി.

തന്റെ ഭാര്യയുമായി സംയോഗംചെയ്യാതിരിപ്പാനായി സപ്തവധ്രിയെ സ്വസഹോദരന്മാർ ഏഴുപേരും കൂടി പതിവായി രാത്രി ഒരു കോട്ടയിൽ അടച്ചു സൂക്ഷിച്ചു് വെളുപ്പിനു മോചിച്ചുവന്നു. എന്നാൽ അശ്വിനിദേവകളിൽ നിന്നും രാത്രി പുറത്തിറങ്ങുന്നതിനും ഉദയത്തിനു മുമ്പിൽ അതിൽ കടക്കുന്നതിനും സപ്തവധ്രി വരം വാങ്ങി.

സപ്തവർഗ്ഗം-സപ്താംഗം.

സപ്തവർണ്ണം-൧. വെളുപ്പ്, കറുപ്പ്, ചെമപ്പ്, പച്ച, മഞ്ഞ, നീലം, ഊത. ൨. ചെമപ്പ്, പച്ച, മഞ്ഞ, നീലം, ഊത, രക്തപീതം, ഇന്ദ്രനീലം.

സപ്തവ്യസനങ്ങൾ-നായാട്ട്, ചൂത്, സ്ത്രീസേവ, മദ്യപാനം, വാക്പാരുഷ്യം, ദണ്ഡപാരുഷ്യം (കഠിനശിക്ഷ), അർത്ഥദൂഷണം ഇവയേഴും.

'ആഖേടാക്ഷസ്ത്രീസേവാ
പാനമേഞ്ചാർത്ഥദൂഷണം
വാഗ്ദണ്ഡയശ്ചപാരുഷ്യം
സപ്തൈതാനിവിവർജ്ജയേൽ'

സപ്തശതി-ദേവീമാഹാത്മ്യം കാവ്യം.

സപ്തശിഖാ-വെററിലക്കൊടി.

സപ്തസകാരങ്ങൾ-(ഗൃഹസ്ഥനാവശ്യമുള്ള ദുർല്ലഭഗുണങ്ങൾ). സമ്പത്ത്, സരസ്വതി, സത്യം, സന്താനം, സദനുഗ്രഹം, സത്താ, സുകൃതസംഭാരം.

**സപ്തസപ്തി**-സൂര്യൻ.

സൂര്യന്റെ സപ്തനാമാവായ ഒരു കുതിരയുണ്ട്. ഏഴുകുതിരകളിൽ ഒന്നാണ്. 'ഏകോഅശ്വാവഹതിസപ്തനാമകഃ'

**സപ്തസമുദ്രങ്ങൾ**-ഏഴ് സമുദ്രങ്ങൾ. (സപ്തസാഗരം എന്നതു നോക്കുക).

**സപ്തസാഗരം**-സപ്തസമുദ്രം.

ലവണ (ഉപ്പു) സമുദ്രം, ഇക്ഷു (കരിമ്പിന്നീർ) സമുദ്രം, സുരാ (മദ്യ) സമുദ്രം, സർപ്പി (നെയ്) സമുദ്രം, ദധി (തൈര്) സമുദ്രം, ശുദ്ധോദക (ശുദ്ധജല) സമുദ്രം, ക്ഷീര (പാൽ) സമുദ്രം.

**സപ്തസാരസ്വതതീർത്ഥം**-(സാരസ്വതതീർത്ഥം നോക്കുക).

**സപ്തസാലങ്ങൾ**- അരയാൽ, മാവ്, അകിൽ, ഇലഞ്ഞി, ചമത, കാഞ്ഞിരം, പുളി ഇവ ഏഴും.

7-ം, പയൻ വൃക്ഷങ്ങളെന്നും, വൃക്ഷങ്ങളെന്നും, പനകൾ എന്നും കാണുന്നുണ്ട്.

**സപ്തസിന്ധുക്കൾ**- (വേദത്തിൽ) ഗംഗാ, യമുനാ, സരസ്വതി, ശുതുദ്രി, പരുഷ്ണി, മരുദ്വൃധാ, ആർജികീയ ഇങ്ങിനെ ഏഴു നദികൾ. (പക്ഷാന്തരവും പലവിധം കാണുന്നു).

പക്ഷാന്തരം— (രാമായണത്തിൽ) ഗംഗ ആകാശത്തിൽ നിന്നു വീണുണ്ടായ കൈവഴികളായ നളിനി, ഹ്ലാദിനി, പാവനി, ചക്ഷു, സീത, സിന്ധു, ഭാഗീരഥി. (മഹാഭാരതത്തിൽ) വസ്വോകസാര, നളിനി, പാവനി, ഗംഗാ, സീത, സിന്ധു, ജംബൂനദി. (മറ്റൊരിടത്തു) ഗംഗ, യമുനാ, പ്ലക്ഷഗാ, രഥസ്ഥാ, സരയൂ, ഗോമതി, ഗണ്ഡകി.

**സപ്തസ്വരം**-സംഗീതശാസ്ത്രപ്രകാരമുള്ള ആദ്യത്തെ ഏഴു സ്വരങ്ങൾ. ഷഡ്ജം, ഋഷഭം, ഗാന്ധാരം, മദ്ധ്യമം, പഞ്ചമം, ധൈവതം, നിഷാദം ഇവ ഏഴും.

1. ഷഡ്ജം-നാസിക, കണ്ഠം, നെഞ്ചു്, താലുപ്രദേശം, നാക്, പല്ല് ഇവയെ സ്പർശിച്ചു ഈ ആറു സ്ഥലങ്ങളിൽ നിന്നുമുണ്ടാകുന്നതു്. ഷഡ്ജസ്വരത്തിലാണു മയിൽ ശബ്ദിക്കുന്നതു്.
2. ഋഷഭം-മനസ്സിൽ പ്രവേശിക്കുന്നതു കാളയുടെ ശബ്ദം. കാളയുടെ ശബ്ദം ഈ സ്വരത്തിലാണ്.
3. ഗാന്ധാരം- ഗാന്ധാരദേശവാസികളാൽ ഗാനംചെയ്യപ്പെടുന്നതു്. മറ്റു സ്വരത്തിന്റെ ഗന്ധലേശത്തെ ആദാനം ചെയ്യുന്നതു് (വാക്കുകളെ ധരിക്കുന്നതു്). ആടും കുറിയാടും ഈ സ്വരത്തിൽ ശബ്ദിക്കുന്നു.
4. മദ്ധ്യമം-നടുസ്ഥാനത്തു നില്ക്കുന്നതു്, നാഭിയാകുന്ന മദ്ധ്യപ്രദേശത്തു നിന്നു ജനിച്ചതു്. ചക്രവാകം ഈ സ്വരത്തിൽ കൂകുന്നു.
5. പഞ്ചമം-കുയിലിനാൽ വിസ്തരിക്കപ്പെടുന്നതു്, വായു നാഭിയിങ്കൽ നിന്നുയർന്നു വക്ഷസ്സ്, ഹൃദയം, കണ്ഠം, മൂർദ്ധാവ് ഈ സ്ഥാനങ്ങളിൽ സഞ്ചരിച്ചു അഞ്ചാമത്തെ സ്ഥാനമായ ശിരസ്സിനെ പ്രാപിക്കുക കാരണത്താൽ പഞ്ചമം എന്നു പറയപ്പെടുന്നു.
6. ധൈവതം-നാഭ്യാദി സ്ഥാനങ്ങളിൽ നില്ക്കുന്നതു്. കുതിര ഈ സ്വരത്തിൽ ശബ്ദിക്കുന്നു.
7. നിഷാദം-സ്വരങ്ങൾ അടങ്ങിയിരിക്കുന്നതു്. ആന ഈ സ്വരത്തിൽ ശബ്ദിക്കുന്നു.

സപ്താംഗങ്ങൾ-രാജാവ്, മന്ത്രി, നാട്, കോട്ട, ഭണ്ഡാരം, സൈന്യം, ബന്ധു ഇവ ൭-ം.

'സ്വാമ്യമാത്യശ്ചരാഷ്ട്രഞ്ച
ദുർഗ്ഗംകോശോബലം സുഹൃൽ'

സപ്താചലങ്ങൾ- (കുലഗിരികൾ നോക്കുക).

സപ്താംഭോധി-ഏഴുകടൽ. (സപ്തസാഗരം എന്നതു നോക്കുക).

സപ്താർച്ചിസ്സ്-പു. അഗ്നി. ഏഴുവിധം ജ്വാലകൾ ഉള്ളതെന്നർത്ഥം. ൨. ശനി.

(ലവണം, ഇക്ഷു, മദ്യം, നെയ്യ്, പാൽ, തൈര്, ജലം).

സപ്താശീതി-എൺപത്തേഴ്.

സപ്താശ്വൻ-ആദിത്യൻ. ഏഴു കുതിരകൾ ഉള്ളവൻ എന്നർത്ഥം. 'സപ്തം' എന്ന പേരായ ഒരു കുതിരയുള്ളവൻ എന്നുമാവാം.

സപ്താസ്ത്രങ്ങൾ-(പ്രധാനങ്ങളായ ഏഴ് അസ്ത്രങ്ങൾ) ബ്രഹ്മാസ്ത്രം, ബ്രഹ്മദണ്ഡം, ബ്രഹ്മശിരസ്സ്, പാശുപതം, വായവ്യം, ആഗ്നേയം, നാരസിംഹം. (ഇവയുടെ ഭേദത്തിന്നവസാനമില്ല).

സപ്തി-കുതിര. സേനയിൽകൂടി ചേരുന്നതു് എന്നർത്ഥം.

സപ്തോപധാതുക്കൾ- (ഉപധാതുക്കൾ നോക്കുക).

സപ്രത്യയം-വി. വിശ്വാസമുള്ള.

സപ്രസവം-വി. ഒരിടത്തുനിന്നുത്ഭവിച്ച

സഫരം(രി)-ഒരുവക ചെറിയ മിന്നുന്ന മത്സ്യം, കരുമത്സ്യം.

സഫല-വി. ഫലമുള്ള, കായ്ക്കുന്ന. സഫലം><വിഫലം.

സബർ ക്ഷമ. (അറബിഭാഷ).

സബ്രഹ്മചാരി-ഒരുമിച്ചു പഠിച്ചവൻ. ഒരു വേദത്തെത്തന്നെ അദ്ധ്യയനം ചെയ്യുന്ന വ്രതത്തെ ആചരിക്കുന്നവരുടെ അന്യോന്യമുള്ള പേർ (ബ്രഹ്മം-വേദം).

സഭ-സ്ത്രീ. സഭാസ്ഥലം. എല്ലാവരും ഒരു നിലയിൽ ശോഭിക്കുന്ന സ്ഥലമെന്നർത്ഥം. ൨. സമൂഹം, ൩. ഭവനം. ൪. ദ്യൂതസ്ഥലം. ൫. പള്ളി (Church). ൬. കൂടിവിചാരിക്കുന്ന സ്ഥലം.

(സഭയുടെ പര്യായങ്ങൾ-സമജ്യ, പരിഷത്ത്, ഗോഷ്ഠി, സഭ, സമിതി, സംസത്ത്, ആസ്ഥാനി, ആസ്ഥാനം, സദസ്സ് (പള്ളി).

൭ ഒരു പവം.

സഭംഗം-ശ്ലേഷാലങ്കാരത്തിൽ ഒരു പിരിവ്.

സഭർത്തൃക-ഭർത്താവുള്ള സ്ത്രീ

സഭാകമ്പം - സഭയിൽ പറവാനുള്ള ലജ്ജ

സഭാക്രമം-പള്ളി നിബന്ധനകൾ, സഭയുടെ ഏർപ്പാടുകൾ

സഭാജനം-പു. അഭിനന്ദനം, ബാന്ധവാദി ജനങ്ങളെ സ്വാഗതവചനവും മററും കൊണ്ടു് ആനന്ദിപ്പിക്കുക, ആദരവ്, ബഹുമാനിക്കുക. (സഭാജ എന്ന ധാതുവിൽ നിന്നുണ്ടായതു്). തനിക്കുള്ള പ്രീതിയെ കാണിക്കുന്നതു് എന്നു ശബ്ദാർത്ഥം. ൨. സഭയിലുള്ള ജനം.

'സഭാജനം നിങ്ങളിവന്റെ നേരെ
സഭാജനം ചെയ്യുവതൊന്നുകൊണ്ടും'

(ഈ നിഘണ്ടുകാരന്റെ പാണ്ഡവവിജയം നാടകം).

സഭാപതി-സഭയിൽ പ്രധാനി.

സഭാമൂപ്പൻ-ശുശ്രൂഷക്കാരൻ

സഭാവനൻ-ശിവൻ.

**സഭാവാസി**-വി. സഭയിൽ ഇരിക്കുന്ന

**സഭാസത്ത്**-സഭയിലെ അംഗത്വം, സഭയിൽ വസിക്കുന്ന സാമാജികൻ.

**സഭാസ്വം**-പള്ളിവക സ്വത്തുക്കൾ.

**സഭാസ്താരൻ**-സഭയിൽ വസിക്കുന്ന സാമാജികൻ.

**സഭികൻ**-ചൂതുകളിപ്പിക്കുന്നവൻ, രണ്ടു കക്ഷികളെയും ഒന്നുപോലെ വിചാരിച്ചു ചൂതു വച്ചുകൊടുത്തും മററും കളി നടത്തുന്നവൻ എന്നുമുണ്ട്.

**സഭ്യ**-വി. കൂട്ടത്തിലുള്ള.

**സഭ്യൻ**-൧. സഭയിലെ അംഗം, സഭയിൽ പ്രമാണി. ൨. സഭായോഗ്യൻ. സഭ്യം > < ഗ്രാമ്യം.

**സമ**-വി. ൧. തുല്യതയുള്ള. ൨. ആസകലമായ. ൩. നല്ലസമത (നാമം-സമതാ).

**സമകാലീന**-വി. തുല്യകാലത്തുള്ള.

**സമകാലം**-പായ്.

**സമക്ഷം**-കണ്ണിനുമുമ്പ്. മുമ്പിൽ, മുമ്പാകെ, പ്രത്യക്ഷമാകുംവണ്ണം.

**സമഗന്ധി**-രാമച്ചം.

**സമഗ്ര**-വി. പൂർണ്ണമായ, തികഞ്ഞ.

**സമംഗ**-൧. മഞ്ചട്ടി. ൨. പടർച്ചുണ്ട. ൩. മുക്കുററി. ൪. കരിന്തൊട്ടി.

**സമചതുരം**-നീളവും വീതിയും ഒന്നുപോലെയുള്ള ഒരു ചതുരശ്രം.

**സമചിത്തൻ**-സമഭാവനവന്ന മനോഗതിയുള്ളവൻ.

**സമജം**-൧. മൃഗക്കൂട്ടം. ൨. മൂഢക്കൂട്ടം. ൩. കൊടുങ്കാട്. ൪. കാട്.

സമജം എന്നതു പശുക്കളുടെ സമൂഹത്തിന്റെ മാത്രം പേരാണ്. പശുവ്യതിരിക്തങ്ങളായ പ്രാണികളുടെ സമൂഹത്തിനു സമാജം എന്നു പേർ.

**സമജ്ഞ**-൧. കീർത്തി. എല്ലാവരാലും അറിയപ്പെടുന്നത് എന്നർത്ഥം. ൨. പേർ.

**സമജ്യാ**-൧. സഭ, ൨. കൂട്ടം. ൩. കീർത്തി.

**സമഞ്ജസ**-വി. ൧. യോഗ്യമായ. ൨. കുററമില്ലാത്ത. ൩. സത്യമായ, സൂക്ഷ്മമായ.

**സമഞ്ജസം**-൧. ഉചിതത്തിൽനിന്നു തെററാത്തു, യുക്തം, നീതിന്യായം. സമ്മതമായ തത്വത്തോടുകൂടിയതു് എന്നർത്ഥം. ൨. യോഗ്യത.

**സമത, സമതാ**-൧. കാവ്യഗുണങ്ങളിൽ ഒന്ന്. ൨. തുല്യത.

**സമദൃക്**-സകല ജീവികളോടും ഒന്നുപോലെ പെരുമാറുന്നവൻ.

**സമധിക**-വി. അത്യന്തം അധികമായിട്ടുള്ള, വർദ്ധിച്ച.

**സമനില**-ഒരുമ, ഒരുമിപ്പ്.

**സമനിലം**-നിരപ്പുള്ള നിലം.

**സമന്തതഃ**-അ. ൧. ചുററും, എല്ലാടവും. ൨. ആസകലവും.

**സമന്തദുഗ്ദ്ധ**-ചതുരക്കള്ളി.

**സമന്തഭദ്രൻ**-ബുദ്ധൻ. പരിപൂർണ്ണമംഗളൻ എന്നർത്ഥം. പുണ്യജ്ഞാനങ്ങളെ സമ്പാദിച്ചവൻ എന്നുമാവാം.

**സമന്താ, സമന്താൽ**-അ. ചുററും.

**സമപാദം**-ഏവുകാരന്റെ നില.

**സമപ്രാധാന്യ**-അലങ്കാരത്തിന്റെ ഒരു പിരിവ്.

**സമബുദ്ധി**-തുല്യമനസ്സ്, പക്ഷഭേദമില്ലായ്മ.

സമഭാവ-വി. ഒരുപോലെ ഭാവമുള്ള.

സമഭാവം-തുല്യഭാവം, തുല്യത, ശരി.

സമം-൧. തുല്യം. ൨. അലങ്കാരശാസ്ത്രത്തിലൊരു അലങ്കാരം.

സമം-അ. കൂടെ.

സമമാകുന്നു-അ. ൧. തുല്യമാകുന്നു. ൨. നിരപ്പാകുന്നു. (സമമാക്കുന്നു. സ-ക്രി).

സമയം-൧. കാലം. വഴിപോലെ ഗമിക്കുന്നതെന്നർത്ഥം. ൨. ആണ, ശപഥം. ൩. ആചാരം. ൪. നേരം. ൫. ഉടമ്പടി. ൬. കല്പന. ൭. സിദ്ധാന്തം. ൮. സമ്മതം. ൯. സംഭാഷണം.

സമയാ-അ. ൧. അന്തികം. ൨. മദ്ധ്യം.

സമരഭീരു-യുദ്ധത്തിൽ ഭയമുള്ളവൻ

സമരം-യുദ്ധം. വഴിപോലെയുള്ള ഗമനമെന്നർത്ഥം.

സമരാശികൾ-വൃഷഭം, കർക്കടകം, കന്യാ, വൃശ്ചികം, മകരം, മീനം ഇവ ആറും.

സമർത്ഥ-വി. ബലമുള്ള. ൨. ബുദ്ധിയുള്ള. ൩. സാമർത്ഥ്യമുള്ള. ൪. യോഗ്യതയുള്ള

സമർത്ഥകം-അകിൽവൃക്ഷം.

സമർത്ഥത-സാമർത്ഥ്യം.

സമർത്ഥനം-ആലോചിച്ചു തീർച്ചചെയ്യുക. (യുക്തായുക്തങ്ങളെ പരീക്ഷിച്ചു യുക്തം ഇന്നതെന്നു തീർച്ചപ്പെടുത്തുന്നതത്രേ സമർത്ഥനം)

സമർത്ഥം-വാക്കുകളെ കൂട്ടിച്ചേർക്കൽ.

സമർത്ഥിക്കുന്നു-ആലോചിച്ചു തീർച്ചചെയ്യുന്നു, സാധിക്കുന്നു. (സമർത്ഥനം എന്നതു നോക്കുക).

സമർദ്ധുക-വി. ധർമ്മംകൊടുക്കുന്ന, ഇഷ്ടദാനശീലമുള്ള.

സമർപ്പണം-തരിക, ദാനം, വിട്ടുകൊടുക്കുക, നല്ലവണ്ണം വെക്കുക.

സമർപ്പിക്കുന്നു-൧. കൊടുക്കുന്നു. ൨. അവസാനിപ്പിക്കുന്നു.

സമർപ്പിത-വി. കൊടുക്കപ്പെട്ട.

സമര്യാദ-വി. ൧. സമീപത്തുള്ള. ൨. അതിർ തിരിച്ച.

സമവകാരം-ദശരൂപകങ്ങളിൽ ഒന്ന്. (ദശരൂപകം എന്നതു നോക്കുക).

സമവർത്തി-കാലൻ. തുല്യമായി വർത്തിക്കുന്നവൻ എന്നർത്ഥം.

സമവർത്തി-വി. തുല്യമായി വർത്തിക്കുന്ന

സമവായം-൧. കൂട്ടം, സമൂഹം. ൨. കലർപ്പ്. ൩. അടുപ്പം.

സമവായസംബന്ധം - കൂട്ടത്തോടുള്ള ചേർച്ച, വേർതിരിയാത്ത സംബന്ധം.

സമവായി-വി. ഉററ അടുപ്പമുള്ള.

സമവേത-വി. കൂടിയ, ചേർന്ന.

സമഷ്ടി-സംക്ഷേപം.

സമഷ്ഠി(ഷ്ഠീ)ല-൧. വാതക്കോടി. ൨. ഒരുവക ചീര, ശാകഭേദം. ൩. മാങ്ങാനാറി. ൪. വലിയചേന.

സമസനം-ചുരുക്കം, സംക്ഷേപിക്കുക, പരന്നുകിടക്കുന്ന ഏതെങ്കിലും വസ്തുവിനെ ചുരുക്കുക, കൂട്ടിച്ചേർപ്പ്.

സമസുപ്തി-കല്പാവസാനം, ലോകാവസാനം.

സമസൃഷ്ടം-സഹജീവിവർഗ്ഗം.

സമസൃഷ്ടി-ലോകത്തിലുള്ള പ്രാണിവർഗ്ഗവും സസ്യവർഗ്ഗവും.

സമസ്തം-മുഴുവനും.

സമസ്താധാര- വി. എല്ലാറ്റിനുമാശ്രയമായ.

സമസ്ഥ-വി. സമമായുള്ള, ശരിയായ, നിരപ്പായുള്ള.

സമസ്ഥാനം-രാജ്യം.

**സമസ്യ**-വി. സമാസിപ്പാൻതക്ക, പൂരക്കവാൻതക്ക.

**സമസ്യ**-പൂരണയോഗ്യമായ വാക്യൈകദേശം, പൂരിപ്പിക്കുവാൻതക്ക കവിത.

സമസ്യ മൂന്നുവിധം- സമസമസ്യം, വിഷമസമസ്യം, അപൂർണ്ണസമസ്യം.

മൂന്നുപാദവും ചെയ്യുന്നതിനു സാധിക്കുമോ എന്നു കവിയുടെ ശക്തിയെ പരീക്ഷിക്കുന്നതിനായിട്ടു ഉണ്ടാക്കുന്ന വാക്യൈകദേശമത്രേ സമസ്യം.

**സമസ്യാർത്ഥ**- ശ്ലോകത്തിൽ തികക്കേണ്ടുന്ന ഭാഗം.

**സമാ**— സംവത്സരം, വർഷം. ജനങ്ങളെ വിഹ്വലപ്പെടുത്തുന്നതു് എന്നു ശബ്ദാർത്ഥം.

**സമാകർഷി**-വി. ദൂരവ്യാപിയായ, സുഗന്ധമുള്ള.

**സമാഖ്യ**-കീർത്തി.

**സമാഗത**-വി. ൧. വന്ന. ൨. അടുത്ത. ൩. ചേർന്ന.

**സമാഗതം**-സമാഗമനം, വരവു്.

**സമാഗതി**-അടുക്കുക, ചേരുക, മറിക.

**സമാഗമം**-൧. ചേർച്ച, കൂടിക്കാഴ്ച, ഒരുമിപ്പു്, സന്ധിപ്പു്. ൨. വരവു്. ൩. പ്രാപ്തി.

**സമാഗമിക്ക**-വന്നുചേരുക.

**സമാഘാതം**-൧. യുദ്ധം. ൨. അടിക്കുക, കൊല്ലുക.

**സമാഘ്രാണം**-മണക്ക.

**സമാചമനംചെയ്ക**-സമ്യക്കാകുംവണ്ണം ആചമനംചെയ്ക. (ആചമനംചെയ്ക= ആത്മാവിനെ ശുദ്ധമാക്കുക).

**സമാചാര**-വി. നല്ലനടപ്പുള്ള, നല്ല മര്യാദയുള്ള.

**സമാചാരം**-൧. നല്ലനടപ്പു്. ൨. വർത്തമാനം.

**സമാജം**-൧. കൂട്ടം. ൨. സംഘം. ൩. ആന.

**സമാദൃതം**-ആദരം.

**സമാധാനം**-൧. മനസ്സിന്റെ അടക്കം, ധ്യാനം. ൨. അറിയിക്കുക, വാദംചെയ്ക.

ക്ഷമ, മനശ്ശീലം ഇവ രണ്ടും സമാധാനത്തിനു കാരണങ്ങളാകുന്നു.

**സമാധി**-൧. ഏകാഗ്രത, ഉറപ്പുള്ള ധ്യാനം, തപസ്സു്. ൨. അഷ്ടാംഗയോഗങ്ങളിൽ ഒന്നു്. ധ്യേയമായ വസ്തുവിൽ (ശുദ്ധബ്രഹ്മത്തിൽ) ഏകാഗ്രമായി മനസ്സിനെ നിറുത്തുന്നതു്; മനസ്സിനെ ഈശ്വരങ്കൽ തന്നെ ലയിപ്പിച്ചു വെളിയിൽ നടക്കുന്ന യാതൊന്നും അറിയാതിരിക്കുന്ന അവസ്ഥ. ൩. അടക്കം. ൪. മൌനം. ൫. യോജിപ്പിക്ക. ൬. പ്രതിജ്ഞ. ൭. സമാധാനം. ൮. കാവ്യഗുണങ്ങളിൽ ഒന്നു്. ൯. യോഗാംഗം. ൧൦. ദോഷപരിഹാരം. ൧൧. ബുദ്ധിപരിപാകം.

**സമാധിനിഷ്ഠൻ**-മഹർഷി.

**സമാന**-വി. തുല്യമായ

**സമാനകാലീന**-വി. ഒരേകാലത്തു ജീവിച്ചിരിക്കുന്ന അല്ലെങ്കിൽ ജീവിച്ചിരുന്ന. ('സമാനകാലികൻ' എന്ന പദമാണു ശരി. സമാനകാലീനൻ അല്ല.)

**സമാനത**-തുല്യത.

**സമാനൻ**-൧. തുല്യൻ. ൨. അഞ്ചുവായുക്കളിൽ ഒന്നു്.

**സമാനികാ**-ഒരു വൃത്തത്തിന്റെ പേർ.

**സമാനോദര്യൻ**-സോദരൻ. ഒരു വയററിൽ കിടന്നവനെന്നർത്ഥം.

**സമാന്തരം**-ഒരുപോലെയുള്ള അകൽച്ച.

**സമാപക**- വി. കഴിക്കുന്ന, മുടിപ്പിക്കുന്ന

സമാപത്തി-യദൃച്ഛികം.

സമാപനം-പ്ര. അവസാനം. ദ്വി. വധം. തൃ. അദ്ധ്യയനം. ദ്ര. ലാഭം. ഇ. ധ്യാനം.

സമാപന-വി. പ്ര. തീർച്ചവരുത്തിയ. ദ്വി. ലഭിച്ച. തൃ. സംഭവിച്ച. ദ്ര. അവസാനിപ്പിച്ച. ഇ. കൊലചെയ്ത

സമാപന്നം-അവസാനം, കറതീപ്പ്.

സമാപിക്കുന്നു-അവസാനിപ്പിക്കുന്നു.

സമാപ്ത-വി. അവസാനിപ്പിച്ച, കറതീത്ത.

സമാപ്തപുനരാത്താ - കാവ്യദോഷങ്ങളിൽ ഒന്ന്.

സമാപ്താ-വി. അവസാനിച്ച.

സമാപ്തം-അവസാനം.

സമാപ്തി-അവസാനം, കറതീപ്പ്.

സമാംശ-വി. ഒരുപോലെ പങ്കുള്ള.

സമാംശി-വി. ഒരുപോലെ പങ്കുള്ള, അവകാശമുള്ള.

സമാംസമീന-ആണ്ടുതോറും പ്രസവിക്കുന്ന പശു.

സമായം-പ്ര. വരവ്, എത്തുക. ദ്വി. കാഴ്ച.

സമായുത-വി. പ്ര ചേക്കപ്പെട്ട, ചേന്ന. ദ്വി. അലങ്കരിക്കപ്പെട്ട.

സമായുക്ത-വി. പ്ര. യോജിപ്പിക്കപ്പെട്ട, ചേക്കപ്പെട്ട ദ്വി. നിയമിക്കപ്പെട്ട.

സമായോഗം-പ്ര ചേച്ച. ദ്വി. കാരണം, ആന്തരം. തൃ. കൂട്ടം, ക്രമ്പാരം.

സമാരംഭം-തുടസ്സം, തുടങ്ങുക.

സമാരംഭിക്കുന്നു-തുടങ്ങുന്നു.

സമാരാധനം-പൂജ.

സമാത്ഥക-വി. തുല്യാത്ഥമുള്ള.

സമാലങ്കാരം-ഒരലങ്കാരം.

സമാലംഭ(ന)ം-കളഭംതേക്കുക, പൂപ്പ് ക. വഴിപോലെ അനുഭവിക്കുക എന്നത്ഥം.

സമാലോകം-നോട്ടം, കാഴ്ച.

സമാവത്തനം-പ്ര. ബ്രാഹ്മണരുടെ ഒരു കമ്മം. ദ്വി. പഠിത്തം കഴിഞ്ഞു ഗുരുകുലത്തിൽ നിന്നു പോരുക.

സമാവത്താ-സമാവത്തനം

സമാവൃത്തൻ-പഠിത്തം. കഴിഞ്ഞു ഗുരുകുലത്തിൽനിന്നു പോന്നവൻ.

സമാവേശം-പ്ര. കൂട്ടം കൂടൽ. ദ്വി. വിശദു കൂടുക.

സമാശ്രയം-പ്ര. ആശ്രയസ്ഥലം ദ്വി. ആറു നയങ്ങളിൽ ഒന്ന്. ബലിഷ്ഠശത്രു അക്രമിക്കുമ്പോൾ അന്യ രാജാക്കന്മാരോടു സഹായം അപേക്ഷിക്കുന്നത്.

സമാശ്രിത-വി, ആശ്രയിക്കപ്പെട്ട.

സമാസം-പ്ര. കൂട്ടം. ദ്വി. സംക്ഷേപം. തൃ. ഒരുമിച്ചുള്ള ചേപ്പ്.

സമാസദ-വി. പ്ര. അടുത്തുവരുന്ന. ദ്വി. സമ്പാദിക്കുന്ന.

സമാസനം-(ഏഴുവിധമുണ്ട്). കാളവണ്ടി കുതിരവണ്ടി, ഒട്ടകം, വള്ളം, പടി, മാളിക, ശിലാതലം. (ഇവയിൽ ശിഷ്യനു ഗുരുവിനോപ്പം ഇരിക്കാം)

സമാസമം-ഒരു വൃത്തം.

രാമായണം 24 വൃത്തത്തിലെ 4-ാം വൃത്തം ഇതാകുന്നു.

സമാസാദിത-വി. പ്ര. പ്രാപിക്കപ്പെട്ട. ദ്വി. സമ്പാദിക്കപ്പെട്ട.

സമാസാദ്യ-വി. പ്ര. പ്രാപിക്കത്തക്ക. ദ്വി. സമ്പാദിക്കത്തക്ക.

സമാസാത്ഥാ - ശ്ലോകത്തിൽ തികക്കേണ്ടുന്ന ഭാഗം.

സമാസിക്കുന്നു-പ്ര കൂട്ടിച്ചേക്കുന്നു. ദ്വി. പല സംസ്കൃതവാക്കുകളെ വിഭക്തി

ലോപിച്ചു കൂട്ടിച്ചേക്കുന്നു. ൩. സംഗ്രഹിക്കുന്നു.

**സമാസീന**-വി. ഇരുന്ന.

**സമാസോക്തി**-ഒരലങ്കാരം.

**സമാഹത**-വി. കൊല്ലപ്പെട്ട.

**സമാഹരണം**-൧ ചേക്കുക, ഒന്നായിച്ചേക്കുക. ൨. പലതുങ്ങളെ കൂട്ടിച്ചേക്കു

**സമാഹരിക്കുന്നു**-കൂട്ടിച്ചേക്കുന്നു.

**സമാഹാരം**-൧. കൂട്ടിച്ചേപ്പു്. ൨. ചേരാത്ത പലതുങ്ങളുടെ കൂട്ടിച്ചേപ്പു്. ൩. സംഗ്രഹം, ചുരുക്കം.

**സമാഹിത**-വി. അംഗീകരിക്കപ്പെട്ട, മനസ്സിരുത്തിയ. ൨. സമ്മതിച്ച. ൩. സ്ഥാപിച്ച. ൪. വാശ്ശത്തം ചെയ്ത. ൫. അടങ്ങിയ. ൬. അവസാനിച്ച. ൭ സ്ഥാപിച്ച. ൮. ശമിച്ച. ൯. അവസാനിപ്പിച്ച. ൧൦. സ്ഥിരമായ. ൧൧ ഒരുമിച്ചുകൂടിയ.

**സമാഹിതൻ**-പരിശുദ്ധൻ.

**സമാഹൃത**-വി ൧. ഹരിക്കപ്പെട്ട, എടുക്കപ്പെട്ട. ൨. കൂട്ടിച്ചേക്കപ്പെട്ട, എടുക്കപ്പെട്ട. ൨. കൂട്ടിച്ചേക്കപ്പെട്ട.

**സമാഹൃതി**-സംഗ്രഹിക്ക, ശാസ്ത്രങ്ങളുടേയും മററും സാരത്തെ ചുരുക്കിയെടുക്കുക.

**സമാഹ്വയം**-൧ വിളി. ൨. യുദ്ധം ൩. കോഴിപ്പോരു മുതലായതു്, വിളിച്ചുവരുത്തി കളിക്കുന്ന ചൂതു്.

**സമിതി**-൧. യുദ്ധം. ൨. സമത്വം. ൩. സഭ. ൪. സഭകൂടുക.

**സമിത്തു്**-൧ ചമത. ൨. വിറകു്. ൩. യുദ്ധം.

**സമിദ്ധം**-൧. ഭവണ്ണംവണ്ണം ജ്വലിപ്പിക്കപ്പെട്ടിതു്. ൨ വദ്ധിച്ചതു്.

**സമീകം**-൧. യുദ്ധം, ൨. കന്നു.

**സമീകരിക്കുന്നു**— സമമാക്കിച്ചെയ്യുന്നു. (നാമം-സമീകരണം).

**സമീകൃത**-വി. ൧. തുല്യമാക്കപ്പെട്ട. ൨. തുലാസിൽ തൂക്കപ്പെട്ട.

**സമീക്ഷ**-൧. സാംഖ്യത്തിൽ ഒരംശം. ൨. നോട്ടം ൩. തിരിച്ചറിവു്. ൪. അന്വേഷണം. ൫. കമ്മങ്ങളാൽ കഴിക്കുന്നതിനെക്കുറിച്ചു വിവരിക്കുന്ന ഒരു പുസ്തകം.

**സമീക്ഷണം**-൧. നോട്ടം, പരീക്ഷ, ശോധന, അന്വേഷണം. ൨. കാഴ്ച.

**സമീക്ഷ്യം** — വിജ്ഞാനശാസ്ത്രത്തിന്റെ ഒരു ഭാഗം, സാംഖ്യം.

**സമീക്ഷ്യകാരിത്വം**-വരും കായ്യം ആലോചിച്ചു പ്രവത്തിക്കുന്ന സ്ഥിതി.

**സമീചം**-കടൽ.

**സമീചിത**-വി. നല്ല, യോഗ്യമായ.

**സമീചീന**-വഴിപോലെയുള്ള.

**സമീചീനം**-നന്മ, യോഗ്യത, സത്യം.

**സമീപ**-വി. അടുത്തുള്ള.

**സമീപത**-അടുപ്പം.

**സമീപസ്ഥ**-വി. സമീപത്തിരിക്കുന്ന.

**സമീപിക്കുന്നു**-അടുക്കുന്നു, അടുത്തുചെല്ലുന്നു.

**സമീരഗുളിക**-വായുഗുളികക്കുപകരം പറയുന്ന പേർ.

**സമീരണൻ**-൧. വായു. വഴിപോലെ പ്രേരിപ്പിക്കുന്നവൻ എന്നത്ഥം. ൨. വഴി പോക്കൻ.

**സമീരണം**-൧. കപ്പൂരതുളസി. ൨. എറിക.

**സമീരൻ**-വായു, കാററു്. വഴിപോലെ ഗമിക്കുന്നവനെന്നത്ഥം.

**സമീരസാരം**-കൂവളം.

**സമീഹിത**-വി ആഗ്രഹിക്കപ്പെട്ട.

**സമുക്ഷണം**-ചൊരിയുക, തൂകുക.

സമുഖ-വി. വാക്സാമൎത്ഥ്യമുള്ള.

സമുചിത-വി. യോഗ്യമായ, ചേൎച്ചയുള്ള. ഉയൎന്ന.

സമുച്ചയം-പു. പലതുംകൂടി ഒരിടത്തു വെക്കുക, കൂട്ടുക. 2. വാക്യങ്ങളേയും മററും പലതിനെ അടുപ്പിച്ചു പറയുമ്പോൾ പറയുന്നതു്. 3. ഒരലങ്കാരം.

സമുച്ഛ്രയം-പു. ഉന്നതി, പൊക്കം. 2. വിരോധം, ശത്രുത.

സമുജ്ഝിത-വി. ഉപേക്ഷിക്കപ്പെട്ട.

സമുൽക്രമം-മേല്പോട്ടുപൊങ്ങുക.

സമുൽഗം-ചെപ്പ്.

സമുത്ഥ-വി. പു. ഉയൎന്ന, 2. ഉത്ഭവിച്ച.

സമുത്ഥാനം-പു. എഴുന്നേല്പ്. 2. വളച്ച്. 3. പുറപ്പാട്. 4. രോഗത്തിന്റെ പുറപ്പാട്.

സമുല്പത്തി-പു. ജനനം. 2. സംഭവം.

സമുല്പന്ന-വി. ഉല്പാദിച്ച.

സമുല്പിഞ്ജ-വി. തീരെ നാനാവിധമായ, അത്യന്തം ആകുലമായ.

സമുല്പിഞ്ജം—അത്യന്തം ആകുലമായ സൈന്യാദിയുടെ പേർ, നാനാവിധമായ സൈന്യം.

സമുത്സാദനം-വേരോടെ പിഴുതുകളക.

സമുത്സാരണം-പു. ഓടിച്ചുകളക. 2. പിൻതുടരുക.

സമുത്സുക-വി. ആഗ്രഹത്തോടു കൂടിയ. 2. മനസ്സിനു സുഖമില്ലാത്ത, ദുഃഖമുള്ള.

സമുദ്രസ്വം-പു. പൊക്കം. 2. ഘനം.

സമുദക്ത-വി. ഉയൎത്തപ്പെട്ട, വിലക്കപ്പെട്ട.

സമുദക്തം-കിണറുമുതലായതിൽ നിന്നു കോരി എടുക്കപ്പെട്ട ജലം മുതലായതിന്റെ പേർ, മേല്പോട്ടു ഗമിപ്പിക്കപ്പെട്ട തെന്നൎത്ഥം.

സമുദയം-പു. കൂട്ടം. 2. യുദ്ധം. 3. ഉയൎച്ച. 4. ഉത്സാഹം.

സമുദാഗമം-പൂൎണ്ണജ്ഞാനം.

സമുദായം-പു. കൂട്ടം. 2. യുദ്ധം.

സമുദിത-വി. നല്ലവണ്ണം ഉദിച്ച, കരേറിയ.

സമുദ്ഗകം, സമുൽഗകം-പു. ചെപ്പ്. 2. ഒരുമാതിരി യമകമായിട്ടുള്ള ശ്ലോകം.

സമുദ്ഗമം-പു. ഉയൎച്ച. 2. ഉത്ഭവം.

സമുദ്ഗിരണം-പു. ഛൎദ്ദിക്കുക. 2. പൊക്കുക.

സമുദ്ഗീൎണ്ണ-വി. പു. ഛൎദ്ദിക്കപ്പെട്ട. 2. ഉയൎത്തപ്പെട്ട.

സമുദ്ധത-വി. പു. ഇളക്കിപ്പുറത്തെടുക്കപ്പെട്ട. 2. ദുൎന്നടപ്പുള്ള. 3. ഗൎവ്വമുള്ള.

സമുദ്ധരണം-പു. ഛൎദ്ദിച്ചചോറു മുതലായതു്. 2. വലിച്ചുപൊക്കുക, പൊക്കുക.

സമുദ്രകഫം-കടൽനാക്ക്.

സമുദ്രകാന്താ-പു. നദി. 2. ചോനകപ്പുല്ല്.

സമുദ്രക്കര-സമുദ്രതീരം.

സമുദ്രക്കാ-ഒരുവക കായ്.

നീക്കട്ടമ്പിൻകായ് എന്നു തോന്നുന്നു. വെള്ളത്തിലരച്ചുകലക്കിക്കുടിച്ചാൽ കൃമിയെ നശിപ്പിക്കും.

സമുദ്രഗാ-നദി.

സമുദ്രഗുപ്തൻ-ഒരു കവി.

നാലാം ശതവൎഷത്തിന്റെ ഉത്തരാൎദ്ധത്തിൽ ജീവിച്ചിരുന്ന ഗുപ്തവംശ്യനായ രണ്ടാമത്തെ മഹാൻ.

സമുദ്രജം-കടല്പ്പു്.

സമുദ്രതീരം-കടലരികിലുള്ള സ്ഥലം.

സമുദ്രദയിതാ-നദി.

**സമുദ്രപ്പച്ച**-ഒരൌഷധം.

**സമുദ്രഫലം**-സമുദ്രക്കാ.

**സമുദ്രമഥനം**-പാലാഴിമഥനം. (ചതുർദ്ദശരത്നങ്ങൾ നോക്കുക).

**സമുദ്രം**-൧. കടൽ. ൨. ഒരു വലിയ തുക. (100,000 മഹാഖർവ്വം).

**സമുദ്രലവണം**-കടലുപ്പ്.

**സമുദ്രസുഭഗാ**-ഗംഗാനദി.

**സമുദ്രാന്ത**-൧. ചോനകപ്പുല്ല്. ൨. കരുപ്പരുത്തി. ൩. വെങ്കൊടിത്തൂവ. ൪. ചെങ്കൊടിത്തൂവ.

**സമുദ്രാന്തം**-ജാതിക്ക.

**സമുദ്രീയ**-വി. സമുദ്രസംബന്ധമുള്ള.

**സമുന്ദനം**-നനവ്.

**സമുന്ന**-വി. നനഞ്ഞ.

**സമുന്നത**-വി. ഉയൎന്ന, ഉയൎത്തിയ.

**സമുന്നതൻ**-മഹാൻ.

**സമുന്നതി**-ഉയൎച്ച, ഐശ്വൎയ്യം.

**സമുന്നദ്ധ**-വി. ൧. ഡംഭമുള്ള. ൨. വിദ്വാൻ എന്ന ഭാവമുള്ള. ൩. ഉത്ഭവിച്ച. ൪. കെട്ടപ്പെട്ട.

**സമുന്നയം**-൧. ഉയൎത്തുക. ൨. ലഭിക്കുക. ൩. സംഭവം.

**സമുപഗമം**-അടുത്തുവരിക.

**സമുപജോഷം**-അ. പൂൎണ്ണസന്തോഷത്തോടെ. (ഉപജോഷം എന്ന പാഠവും കാണുന്നു).

**സമുപസ്ഥാ**-അടുത്തുവരിക.

**സമൂഢ**-വി. ൧. ഒന്നിച്ചുകൂടിയ, ക്രമമായി കൂട്ടിയ. ൨. ശേഖരിച്ച. ൩. വളഞ്ഞ. ൪. ശുദ്ധിയാക്കിയ. ൫. വിവാഹം കഴിക്കപ്പെട്ട.

**സമൂരു**-വെളുത്ത നിറവും തടിച്ച കഴുത്തുമുള്ള മാൻ.

**സമൂലം**-വി. ൧. വേരോടുകൂടി. ൨. മുഴുവനും.

**സമൂഹക്കാർ**-കൂട്ടക്കാർ, യോഗക്കാർ.

**സമൂഹഗന്ധം**-പച്ചപ്പുഴുവ്.

**സമൂഹനം**-൧. കൂട്ടം. ൨. ധാരാള സ്ഥിതി.

**സമൂഹനി**-ചൂൽ.

**സമൂഹം**-കൂട്ടം, യോഗം.

**സമൂഹിക്കുന്നു**-കൂട്ടുന്നു.

**സമൂഹ്യ**-വി. കൂട്ടപ്പെടുവാൻ തക്ക.

**സമൂഹ്യം**-യാഗത്തിനുള്ള അഗ്നി.

**സമൃദ്ധ**-വി. ൧. പുഷ്ടിയുള്ള. ൨. വളൎന്ന. ൩. ഫലമുള്ള. ൪. ധനമുള്ള.

**സമൃദ്ധി**-വൎദ്ധന, ഉപജീവനത്തിനു ധാരാളം പാങ്ങുണ്ടായിരിക്കുന്ന സ്ഥിതി. സമൃദ്ധി><ദാരിദ്ര്യം.

**സമൃദ്ധിയാകുന്നു**-വൎദ്ധിക്കുന്നു, വളരെയാകുന്നു. (സമൃദ്ധിയാക്കുന്നു-സ. ക്രി.)

**സമേത**-വി. അടുത്ത, കൂടിയ.

**സമേ(ാ)ല്ലുകം**-കാരീയം.

**സം**-അ. ൧. ചേൎച്ച. ൨. നല്ലവണ്ണം. ൩. കൂട്ടം. ൪. ഒരു ഉപസൎഗ്ഗം.

ഇതു ചില വാക്കുകളുടെ ആദിയിൽ ചേൎക്കുമ്പോൾ അതിനു ചേൎച്ച, നല്ലവണ്ണം മുതലായ അൎത്ഥങ്ങൾ കൂടിവരും.

**സംജ്ഞ**-൧. ഉണൎച്ചയുള്ള ബുദ്ധി, ബോധം. ൨. അറിവ്. ൩. ബുദ്ധി, മനസ്സ്. ൪. പേർ. ൫. കൈ കണ്ണ് മുതലായവകൊണ്ടുള്ള അൎത്ഥസൂചന. ൬. വിശ്വകൎമ്മാവിന്റെ പുത്രി, സൂൎയ്യന്റെ ഭാൎയ്യ.

സൂൎയ്യന്റെ ശോഭ സഹിപ്പാൻ നിവൃത്തിയില്ലാഞ്ഞു ഒരിക്കൽ സംജ്ഞ ഛായയെ അദ്ദേഹത്തിന്റെ അടുക്കൽ പക

രം നിയമിച്ചുംവെച്ചു ഒരു പെൺകുതിരയുടെ രൂപത്തെ അവലംബിച്ചു കാട്ടിൽ ചെന്നു തപസ്സുതുടങ്ങി. ഉടൻ സൂൎയ്യൻ ഈ വിവരം ഗ്രഹിച്ചു ഒരാൺകുതിരയുടെ രൂപത്തിൽ സംജ്ഞയെ പ്രാപിച്ചു. രണ്ടശ്വിനികളും രേവന്തനും അപ്പോഴുണ്ടായവരാണ്. തദനന്തരം സംജ്ഞയെ സൂൎയ്യൻ തന്റെ വസതിക്കു കൂട്ടിക്കൊണ്ടുപോയി. പിന്നെയും സൂൎയ്യശോഭ സഹിക്കവയ്യാതെ സംജ്ഞ സങ്കടപ്പെടുന്നതറിഞ്ഞു ആ ശോഭയിൽ അരയ്ക്കാലംശം വിശ്വകൎമ്മാവു കടഞ്ഞെടുത്തു. ത്വഷ്ട്രി, മഹാവീൎയ്യ ഇങ്ങിനെയും സംജ്ഞയെ വിളിക്കാറുണ്ട്. (ഛായ എന്ന പദംകൂടി നോക്കുക).

സംജ്ഞൻ-ശിവൻ.

സംജ്ഞപനം-കൊല.

സംജ്ഞാപനം- പ്ര. പറഞ്ഞയക്കുക, നിയോഗിക്കുക, അറിവുകൊടുക്കുക എന്നു്, പഠിപ്പിക്കുക. ദ്വ. വിളിക്കുക. തൃ. കൊല, വധം.

സംജ്ഞിത-വി. വിളിക്കപ്പെട്ട.

സംജ്ഞിതം-സംജ്ഞയോടു (പേരോടു) കൂടിയതു്.

സംജ്ഞു-തമ്മിൽ അത്യന്തമടുപ്പമുള്ള മുട്ടുകാലോടുകൂടിയവൻ.

സമ്പതനം, സമ്പാതം-ഒരുമിച്ചു ചേരുകയെന്നുള്ളതു്.

സമ്പൽ, സമ്പത്തു്-പ്ര. ശുഭം. ദ്വ. വൃദ്ധി. തൃ. സമ്പത്തു്. ർ. ശ്രേഷ്ഠത. ൫. ധനം, ദ്രവ്യം. ൬. വിജയം. ൭. ഭാഗ്യം. ൮. നിറവു്. ൯. ലാഭം.

സമ്പൽക്കരി-പ്ര. ലക്ഷ്മി. ദ്വ. വൈശ്രവണന്റെ ഭാൎയ്യ.

സമ്പൽദ്വയം-ദൈവം, ആസുരം

സമ്പത്തി-പ്ര. ശുഭം. ദ്വ. ദ്രവ്യവൎദ്ധന. ഭാഗ്യം, ഐശ്വൎയ്യം. തൃ. വിജയം. ർ. നന്മ. ൫. യോഗ്യമായ സ്ഥിതി.

സമ്പദാകരം-സമ്പത്തു വൎദ്ധിപ്പാനുള്ള മാൎഗ്ഗം, മുതൽ വൎദ്ധിക്കുന്നതു്.

സമ്പദ്വരൻ-രാജാവു്.

സമ്പന്ന-വി. പ്ര. മികച്ച, പൂൎണ്ണമായ. ദ്വ. ധനമുള്ള, ഐശ്വൎയ്യമുള്ള. തൃ. മുഴുവനാക്കിയ. ർ. തികവായി വരുന്ന. ൫. ശരിയായ.

സമ്പന്നൻ-പ്ര. ധനവാൻ. സമ്പന്നൻ > < ദരിദ്രൻ. ദ്വ. ശിവൻ.

സമ്പന്നാ-ധനമുള്ളവൾ.

സമ്പരായ(യി)കം-യുദ്ധം.

സമ്പരായം-പ്ര. യുദ്ധം. ദ്വ. ആപത്തു്. തൃ. ഭാവിസ്ഥിതി.

സമ്പൎക്കം-പ്ര. സംസൎഗ്ഗം, ചേൎച്ച, സംബന്ധം.

'സജ്ജനസമ്പൎക്കവും പുണ്യതീൎത്ഥങ്ങളും'

(ഭാഗവതം)

സ്പൎശനം. ദ്വ. കൂട്ടു്. തൃ. സമൂഹം.

സമ്പാ-മിന്നൽ.

സമ്പാക-പ്ര. തൎക്കശാസ്ത്രം പഠിച്ച. ദ്വ. ഹീനമായ. തൃ. ലജ്ജയില്ലാത്ത.

സമ്പാകം-പ്ര. വൻകൊന്നവൃക്ഷം. ദ്വ. മുദ്ഗരം.

സമ്പാടം-തമ്മിൽ മുറിക്കുന്ന സ്ഥലം.

സമ്പാതം-പ്ര. വീഴ്ച. ദ്വ. കൂട്ടിമുട്ടൽ.

സമ്പാതി - ഒരുപക്ഷി, ശ്രീരാമന്റെ ഒരിഷ്ടൻ, ഗരുഡപുത്രൻ, ജടായുസ്സിന്റെ സഹോദരൻ.

സമ്പാദനം-സമ്പാദിക്കു.

സമ്പാദിക്കുന്നു-നേടുന്നു, ദ്രവ്യം സൂക്ഷിക്കുന്നു.

സമ്പാദിത-വി. സമ്പാദിക്കപ്പെട്ട.

സമ്പാദ്യ-വി. സമ്പാദിക്കത്തക്ക.

സമ്പുടകം-മൂടിയുള്ള ഒരുമാതിരി പെട്ടി.

സമ്പുടിതം-രാമായണം ഇരുപത്തിനാലു വൃത്തത്തിലെ വൃ-ം, ൨൧-ം. വൃത്തങ്ങൾ.

സമ്പൂജനം-ബഹുമാനിപ്പ്.

സമ്പൂൎണ്ണ-വി. തികഞ്ഞ, എല്ലാം, മുഴുവനായ.

സമ്പൃക്ത-വി. ൧. കൂട്ടിച്ചേൎക്കപ്പെട്ട. ൨. നിത്യസംബന്ധമുള്ള.

സമ്പ്രക്ഷാളനം-൧. കഴുകൽ. ൨. കുളി.

സമ്പ്രണേതാവ്-൧. ഭരണകൎത്താവ്. ൨. ന്യായാധിപതി.

സമ്പ്രതി-അ. ൧. അപ്പോൾ ൨. ഇപ്പോൾ.

സമ്പ്രതി-൧. കണക്കെഴുത്തുകാരിൽ ഒരു പ്രമാണി. ൨. ആ വേല.

സമ്പ്രതിക്കണക്ക്-സമ്പ്രതിപ്പിള്ളയുടെ വേല.

സമ്പ്രതിക്കാരൻ-സമ്പ്രതിപ്പിള്ള.

സമ്പ്രതിപത്തി-൧. ലാഭം, ലഭിക്കുക ൨. ഉടമ്പടി. ൩. ആക്രമം. ൪ സംഭവം.

സമ്പ്രതിപ്പിള്ള-കണക്കെഴുത്തുകാരിൽ പ്രമാണി, സമ്പ്രതി.

സമ്പ്രതിരോധകം-൧. പൂൎണ്ണമായ തടവ്, തടസ്ഥം. ൨. തടവിൽ വെക്കുക. ൩. പാറാവ്.

സമ്പ്രതീക്ഷ-ഊഹം.

സമ്പ്രതീതി-ഖ്യാതി, കേൾവി.

സമ്പ്രത്യയം-൧. ബോധഹേതു. ൨. ഉടമ്പടി.

സമ്പ്രദാനം-൧ അശേഷമായി കൊടുക്കുക. ൨. ദാനം. ൩. ചതുൎത്ഥിവിഭക്തിയുടെ പ്രയോഗം. ൪. വിവാഹമായി കൊടുക്കുക. ൫. സമ്മാനം, ദാനം.

സമ്പ്രദാനീയം-സമ്മാനം, ദാനം.

സമ്പ്രദായക്കാരൻ-൧. സൂത്രക്കാരൻ, തട്ടിപ്പുകാരൻ, ൨. പാരമ്പൎയ്യമായിട്ടു ചില വിദ്യയുള്ളവൻ. ൩. സമൎത്ഥൻ.

സമ്പ്രദായം-൧. സൂത്രം. ൨. സാമൎത്ഥ്യം. ൩. പാരമ്പൎയ്യന്യായം. ൪. തട്ടിപ്പ്. ൫. മാതിരി.

സമ്പ്രദായി-വി. ൧. സൂത്രക്കാരൻ, തട്ടിപ്പുകാരൻ. ൨. പാരമ്പൎയ്യക്കാരൻ. ൩. സമൎത്ഥൻ.

സമ്പ്രധാനം-൧. അറിവ്. ൨. നിശ്ചയം

സമ്പ്രധാരണം-നിശ്ചയം.

സമ്പ്രപാദം-ചുററിത്തിരിയുക.

സമ്പ്രപന്ന-വി. വന്നിട്ടുള്ള, പ്രാപിച്ച.

സമ്പ്രഭിന്ന-വി. ചീന്തിയ, കീറിയ, പിളൎന്ന.

സമ്പ്രയോഗം-൧. ചേൎച്ച. ൨. ചട്ടം. ൩. സുരതം. ൪. കൺകെട്ടുവിദ്യ

സമ്പ്രവൃത്തോക്തി-പ്രവൃത്തിക്കു ശരിയായ വാക്കു.

സമ്പ്രസാരണം-വ്യാകരണത്തിൽ) യ്, വ്, ര്, ല് എന്നീ അക്ഷരങ്ങൾ ഇ, ഉ, ഋ, ഌ എന്നായ്ത്തീരുക.

സമ്പ്രഹാരം-൧. യുദ്ധം. വഴിപോലെ പ്രഹരിക്കുക എന്നൎത്ഥം. ൨. വധം. ൩. അടി.

സമ്പ്രാപ്ത-വി. ൧. ലഭിച്ച. ൨. പ്രാപിച്ച.

സമ്പ്രാപ്തി-൧. ലാഭം. ൨. പ്രാപിക്കു.

സമ്പ്രീതി-൧. സ്നേഹം. ൨. സന്തോഷം.

സമ്പ്രോക്ഷണം-പുണ്യാഹം.

സംഫാലം-കുറിയാട്ട്.

സംഫുല്ല-വി. വിടൎന്ന.

സംബന്ധ-വി. ൧ യോഗ്യതയുള്ള, പ്രാപ്തിയുള്ള, ശേഷിയുള്ള. ൨. ചേൎച്ചയുള്ള.

സംബന്ധകൻ-സ്നേഹിതൻ.

സംബന്ധം-൧. ചേൎച്ച, ഉടപ്പം, ൨. ഉചിതം.

സംബന്ധാതിശയോക്തി - ഒരലങ്കാരം.

സംബന്ധി-വി. ൧. സംബന്ധമുള്ള. ൨. സൽസ്വഭാവമുള്ള.

സംബന്ധിക്കുന്നു-ചേരുന്നു.

സംബന്ധിച്ച്-അ. കുറിച്ച്, പററി.

സംബം-ജലം.

സംബരൻ-ഒരസുരൻ, ('ശംബരൻ' നോക്കുക).

സംബരം-. വെള്ളം.൧. ൨. നീൎമരുത്. ൩. മറിമാൻ. ൪. ഒരു പൎവ്വതം.

സംബൎഹണം-൧. വളൎച്ച. ൨. ഗൎജ്ജനം

സംബളം-൧. വഴിച്ചെലവിനുള്ള സാധനം. ൨. വെള്ളം.

സംബാകൃത-വി. ഉരുച്ചാലുഴുത.

സംബാധം-ഇടുക്കമുള്ളത്, ഇടുകുറഞ്ഞത്.

സംബാധനം-മുട്ടിക്കുക, തടയുക, തട്ടുക.

സംബുദ്ധ-വി- നല്ലപോലെ ഗ്രഹിച്ച.

സംബുദ്ധി-൧. നല്ലബുദ്ധി. ൨. പൂൎണ്ണബോധം. ൩. വിളി ൪. (വ്യാകരണത്തിൽ) സംബോധനവിഭക്തി.

സംബോധനം-വിളി.

സംബോധം-൧. അറിവ്. ൨. തെളിവ്.

സംഭക്തം-വി. ൧. വിഭാഗിക്കപ്പെട്ട, പങ്കിട്ട, ൨. വിശ്വാസ്സതയുള്ള. ൩. കൈവശമുള്ള.

സംഭക്തി-൧. വിഭാഗം. ൨. ബഹുമാനം.

സംഭഗ്നൻ-ശിവൻ.

സംഭഗ്നം-വി. ൧. പൊട്ടിഞ്ഞ, ഉടഞ്ഞ ൨. ചിതറിക്കപ്പെട്ട.

സംഭരിക്കുന്നു-സമ്പാദിക്കുന്നു, നേടുന്നു.

സംഭവം-൧. ജനനം, ഉത്ഭവം. ൨. കാരണം.

സംഭവിക്കുന്നു-ഉണ്ടാകുന്നു.

സംഭാരം-൧. ഒരുക്കം, വട്ടംകൂട്ടുക. ൨. കൂമ്പാരം, കൂട്ടം. ൩. രക്ഷിക്ക. ൪. പൂൎണ്ണത. ൫. (മ) അധികം വെള്ളംകൂട്ടിയ മോര്.

സംഭാവന-൧. ബഹുമാനം, വന്ദനം. ൨. ഒരലങ്കാരം.

സംഭാവനം, സംഭാവം-വന്ദിക്ക, ബഹുമാനിക്ക.

സംഭാവിക്ക-മാനിക്ക.

സംഭാവിത-വി. ൧. വന്ദിക്കപ്പെട്ട, മാനിക്കപ്പെട്ട. ൨. സംഭവിക്കാനുള്ള.

സംഭാവ്യത- സംഭവിക്കത്തക്കതാണുള്ള അവസ്ഥ.

സംഭാവ്യൻ-ബഹുമാനിക്കത്തക്കവൻ.

സംഭാഷ-൧. സംഭാഷണം. ൨. പടവിളി.

സംഭാഷ-സംസാരം.

സംഭാഷണം, സംഭാഷാ-൧. സംസാരം, വൎത്തമാനം പറക. ൨. പടവിളി. ൩. ഉടമ്പടി.

സംഭാഷമാണൻ-സംഭാഷണം ചെയ്യുന്നവൻ.

സംഭാഷിത-വി. വൎത്തമാനം പറയപ്പെട്ട.

സംഭാഷിതം-സംസാരം, വൎത്തമാനം.

സംഭിന്ന-വി. ൧. വേൎപെട്ട. ൨. ഇളക്കപ്പെട്ട.

സംഭുക്ത-വി. ഭുജിക്കപ്പെട്ട, നല്ലവണ്ണം അനുഭവിച്ച.

**സംഭൂത**-വി. സംഭവിച്ച, ജനിച്ച.

**സംഭൂതി**-൧. ഉൽപത്തി, ജനനം. ൨. ശക്തി. ൩. യോഗ്യത.

**സംഭൂയസമുത്ഥാനം**-പങ്കുകച്ചവടം.

**സംഭൃത**-വി. ൧. ശേഖരിക്കപ്പെട്ട. ൨. ഒരുങ്ങിയ. ൩. സമ്പാദിക്കപ്പെട്ട. ൪. നിറഞ്ഞ. ൫. രക്ഷിക്കപ്പെട്ട. ൬. തയ്യാറാക്കിയ. ൭. ലഭിക്കപ്പെട്ട. ൮. വളർത്തിയ, രക്ഷിച്ച.

**സംഭൃതി**-൧. പോഷണം. ൨. അധികത. ൩. ഒരുക്കം. ൪. കൂട്ടം. ൫. രക്ഷ.

**സംഭേദം**-൧. പിളപ്പ്. ൨. രണ്ട് ആറു കൂടുന്ന സ്ഥലം. ൩. ആറുവായ്. ൪. ചേർച്ച.

**സംഭോഗം**-൧. സുഖാനുഭവം. ൨. സന്തോഷം. ൩. കൂടിച്ചേർച്ച. ൪. പ്രയോഗം. ൫. ശൃംഗാരത്തിൽ ഒരിനം.

**സംഭോഗി**-വി. സംഭോഗമുള്ള.

**സംഭ്രമം**-൧. ഹർഷം മുതലായതു നിമിത്തം കർത്തവ്യകർമ്മങ്ങളിലുള്ള ത്വരാവിശേഷം (പരിഭ്രമം). ൨. ബദ്ധപ്പാട്. ൩. ഭയം. ൪. ചുററിത്തിരിച്ചൽ. ൫. ബഹുമാനം. ൬. വേഗം. ൭. കുഴപ്പം. ൮. മൂഢത്വം. ൯. ചോടിപ്പ്.

**സംഭ്രമിക്കുന്നു**-൧. കുഴങ്ങുന്നു. ൨. ചുററിത്തിരിയുന്നു.

**സംഭ്രാന്തി**-ഭ്രമം, ഇളക്കം.

**സമ്മത**-വി. ൧. സ്നേഹിച്ച. ൨. തുല്യതയുള്ള. ൩. വിചാരിച്ച. ൪. വഴിപോലെ ബഹുമാനിച്ച.

**സമ്മതക്കച്ചീട്ട്**-ഉടമ്പടിക്കച്ചീട്ട്.

**സമ്മതക്കാരൻ**-കൊള്ളാകുന്നവൻ, സമ്മതമുള്ളവൻ.

**സമ്മതം, സമ്മതി**-൧. ഇഷ്ടം, അഭിപ്രായം. ൨. അനുസരണം. ൩. അനുഗ്രഹം. ൪. കല്പന. ൫. അനുവാദം. ൬. ബോധം. ൭. വണക്കം.

**സമ്മതിക്കുന്നു**-അനുവദിക്കുന്നു, ബോധിക്കുന്നു.

**സമ്മദ**-വി. സന്തോഷമുള്ള.

**സമ്മദം**-സുഖം. നല്ല സന്തോഷമെന്നർത്ഥം.

**സമ്മന്ത്രണം**-ആലോചന.

**സമ്മർദ്ദനം**-നല്ലവണ്ണം മർദ്ദിക്കുക.

**സമ്മർദ്ദം**-തിക്കൽ. ഉ-ം, ജനസമ്മർദ്ദം.

**സമ്മർദ്ദിക്കുന്നു**-തിക്കുന്നു, കുഴക്കുന്നു.

**സമ്മർദ്ദിത**-വി. വഴിപോലെ മർദ്ദിക്കപ്പെട്ട.

**സമ്മാനം**-൧. ദാനം, ഇനാം. ൨. ബഹുമാനം. സമ്മാനം >< അവമാനം.

**സമ്മാനവാക്ക്**-സ്തുതി.

**സമ്മാനിക്കുന്നു**-൧. ബഹുമാനിക്കുന്നു. ൨. ദാനംചെയ്യുന്നു.

**സമ്മാനിത**-സമ്മാനിക്കപ്പെട്ട.

**സമ്മാർജ്ജനം**-വെടിപ്പാക്കുക.

**സമ്മാർജ്ജിനി**-ചൂൽ. വഴിപോലെ ശുദ്ധിവരുത്തുന്നതെന്നർത്ഥം.

**സമ്മിത**-വി. കൂടിയ.

**സമ്മിതൻ**-തുല്യൻ.

'ഭൂപതിഭൂതിവിഭൂഷണസമ്മിതൻ'
(അദ്ധ്യാത്മരാമായണം)

**സമ്മിശ്ര**-വി. ചേർക്കപ്പെട്ട, കൂട്ടികലർന്ന.

**സമ്മീള(ല)നം**-൧. (കണ്ണു) അടയ്ക്കൽ, (പുഷ്പം) അടയുക. ൨. മൂടുക.

**സമ്മീളിത**-വി. ചേർന്ന.

**സമ്മുഖ**-വി. എതിരിട്ട, നേരെ വന്ന.

**സമ്മുഖം**-അഭിമുഖം.

**സമ്മുഗ്ദ്ധ**-വി. ൧. ഭംഗിയുള്ള. ൨. മൂഢതയുള്ള.

**സമ്മൂർച്ഛനം**-൧. മോഹാലസ്യം. ൨.

ഉയൎച്ച. ൩. സൎവ്വത്രവ്യാപ്തി, എല്ലാടവുമുള്ള വ്യാപനം.

സമ്മൂൎഛനോൽഭവം-മീൻ.

സമ്മൃഷ്ട-വി. ൧. അടിക്കപ്പെട്ട, ൨. ശുദ്ധിയാക്കപ്പെട്ട.

സമ്മൃഷ്ടം-കല്ല്, മണ്ണ് മുതലായവ നീക്കി പരിശോധിച്ചുണ്ടാക്കിയ അന്നാദി.

സമ്മേളനം-ചേൎച്ച.

സമ്മോചനം-വിടുതൽ, അയക്കൽ.

സമ്മോദം-സന്തോഷം.

സമ്മോഹന-വി. മോഹിപ്പിക്കുന്ന.

സമ്മോഹനം-വശീകരണം.

സമ്മോഹനാസ്ത്രം-കാമദേവന്റെ ഒരു ശരം, മോഹിപ്പിക്കുന്ന അമ്പ്.

സമ്മോഹം-൧. ഇച്ഛ. ൨. കുഴപ്പം. ൩. മൌഢ്യം.

സമ്യച്-൧. വഴിപോലെ. ൨. കൂടെപ്പോകുന്ന. ൩. സത്യം. ൪. എല്ലാം.

സമ്യക്-അ. ൧ വഴിപോലെ. ൨. അശേഷമായി, മുഴുവനും.

സമ്രാൾ (ട്ട്)-ചക്രവൎത്തി, രാജസൂയം കഴിച്ച രാജാവ്, ദ്വാദശരാജമണ്ഡലാധിപതിയായ രാജാവ്, സാൎവ്വഭൌമൻ. വഴിപോലെ ശോഭിക്കുന്നവൻ എന്നൎത്ഥം. (സമ്രാട്ട് > < സാമന്തൻ).

സംയൽ-യുദ്ധം. കഴിയുന്നപ്രകാരം യത്നിക്ക എന്നൎത്ഥം.

സംയത-വി. കെട്ടപ്പെട്ട.

സംയതൻ-ബന്ധിക്കപ്പെട്ടവൻ, കയറു മുതലായതിനാൽ കെട്ടപ്പെട്ടവൻ.

സംയമനം-ബന്ധനം, അടക്കം.

സംയമനി-യമന്റെ നഗരം.

സംയം-അസ്ഥിക്കൂട്.

സംയമം—സകലേന്ദ്രിയങ്ങളെയും അടക്കിച്ചെയ്യേണ്ടതായ യോഗാംഗം, അടക്കം, ഇന്ദ്രിയനിഗ്രഹം, അത്യുൽകൃഷ്ടമായ ഉപരതി.

സംയമനി-പ്രേതനാഥന്റെ രാജധാനി.

സംയമിക്കുന്നു-അടക്കുന്നു.

സംയാത്ര-കടൽസഞ്ചാരം.

സംയാനം-൧. കൂടെ പോവുക. ൨. ഉത്തരീയം.

സംയാമം-അടക്കം, ഇന്ദ്രിയനിഗ്രഹം, അത്യുൽകൃഷ്ടമായ ഉപരതി.

സംയുക്-വി. നല്ല ലക്ഷണങ്ങളോടുകൂടിയ.

സംയുക്ത-വി. കൂടിയ.

സംയുഗം-യുദ്ധം. വഴിപോലെ കൂടിച്ചേരുക എന്നൎത്ഥം.

സംയുത-വി. കൂടിയ, ചേൎന്ന.

സംയോഗം-൧. ചേൎച്ച. സംയോഗം > < വിയോഗം. ൨. കാവ്യഗുണങ്ങളിൽ ഒന്ന്.

സംയോഗിക്കുന്നു-ചേരുന്നു.

സംയോജനം-ചേൎച്ച.

സംയോജിക്കുന്നു-ചേരുന്നു. (സ ക്രി. സംയോജിപ്പിക്കുന്നു).

സംയോജിത-വി. ചേൎക്കപ്പെട്ട, സംയോജിപ്പിക്കപ്പെട്ട, കൂട്ടപ്പെട്ട.

സംരക്ത-വി. ൧ മോഹമുള്ള. ൨. അനുരാഗമുള്ള. ൩. പലനിറമുള്ള. ൪. ചുവന്ന. ൫. കോപിച്ച.

സംരക്ഷണ, സംരക്ഷണം-രക്ഷിക്ക.

സംരംഭം-൧. സ്വപക്ഷസ്ഥാപനവ്യസനംകൊണ്ടു മതിമറക്കുക. ൨. കോപം. ൩ അഹംഭാവം. ൪. അത്യാഗ്രഹം. ൫. ഉത്സാഹം.

സംരാധനം-ഉറപ്പായ ധ്യാനം.

സംരാവം-ഒച്ച, ശബ്ദം.

സംരുദ്ധ-വി. ൧. വിശ്വാസമുള്ള. ൨. പുഷ്ടിച്ച, മുഴുച്ച.

സംരോധം-വിരോധം.

സംരോധിക്കുന്നു-വിരോധിക്കുന്നു.

സംലാപം— പരസ്പരസംഭാഷണം, സംബോധനാപൂർവകമായിട്ടുള്ള ഭാഷണം. വ്യക്തമായി പറയുക എന്നർത്ഥം. (മറ്റൊരു പര്യായം-ആഭാഷണം).

സംവൽ— വിക്രമാദിത്യന്റെ ആണ്ട്, സംവത്സരം.

സംവത്സരം-ആണ്ട്. ഋതുക്കളുടെ നല്ല വാസസ്ഥാനം എന്നർത്ഥം.

സംവനനം— മണിമന്ത്രൌഷധാദികളെക്കൊണ്ടു ചെയ്യപ്പെടുന്ന വശീകരണം. (പാഠങ്ങൾ-സംവപനം, സംവരണം).

സംവ്യയനംചെയ്യുന്നു-മൂടുക്കുന്നു.

സംവരണൻ-ഒരു രാജാവ്.

ഭരതന്റെ പ്രപൌത്രനായ ഹസ്തിയുടെ പൌത്രൻ അജമീഢൻ. ഇദ്ദേഹത്തിനു നാലു പത്നികളിൽ ൨൪൦൦ മക്കളുണ്ടായി. അവരിൽ സംവരണൻ വംശധരൻ. സൂര്യപുത്രിയായ തപതിയെ വേട്ടു. ഇവരുടെ സന്താനമാണ് കുരു. സൂര്യവംശജനാണ്. ഹസ്തിനാപുരത്തിൽ നിന്നു ഇദ്ദേഹത്തെ പാഞ്ചാലർ ഓടിച്ചുകളഞ്ഞു. വസിഷ്ഠൻ പുരോഹിതനായ ശേഷം രാജ്യം തിരിയെ ലഭിച്ചു.

സംവരണം-൧. ഒരു നാടകം. ൨. മൂടി, മറവ്.

സംവരം-൧. വെള്ളം. ൨. മറിമാൻ. ൩. മൂടി. ൪. ചിറ, അണ.

സംവരൻ-ഒരു രാക്ഷസൻ.

സംവർഗ്ഗൻ-അഗ്നി.

സംവർത്തകൻ-ബലഭദ്രൻ.

സംവർത്തകി-ബലഭദ്രൻ.

സംവർത്തകം-ബലഭദ്രന്റെ ആയുധമായ കലപ്പ.

സംവർത്തൻ-ബൃഹസ്പതിയുടെ അനുജൻ, ഒരു ധർമ്മശാസ്ത്രകർത്താവ്.

സംവർത്തം-൧. പ്രളയം. ജഗത്തിന്റെ പ്രകൃതിമാററ കാലം എന്നർത്ഥം. ൨. മേഘം.

സംവർത്തി(ക)-താമരപ്പൂ മുതലായതിന്റെ അകത്തെ പുതിയ ഇതൾ. മററൊരു പര്യായം-നവദളം.

സംവർദ്ധക-വി. വർദ്ധിപ്പിക്കുന്ന.

സംവലനം-ചേർച്ച, കലർച്ച.

സംവസഥം-ഗ്രാമം. സുഖമായി പാർക്കുന്നേടമെന്നർത്ഥം.

സംവസിക്കുന്നു-പാർക്കുന്നു.

സംവഹം-ഏഴു വായുക്കളിൽ മൂന്നാമത്തേത്.

(സപ്തമാരുതന്മാർ എന്നതു നോക്കുക).

സംവഹനം-൧. ചുമക്കുക. ൨. കൈകാൽ മുതലായ അംഗങ്ങളെ തലോടുക. (ശരിയായ പാഠം 'സംവാഹനം' എന്നാണ്).

സംവഹിക്കുന്നു-൧. ചുമക്കുന്നു. ൨. തിരുമ്മുന്നു.

സംവാദം-സംഭാഷണം.

സംവാസം-വീട്, പാർക്കുന്ന സ്ഥലം.

സംവാസിത-വി. സുഗന്ധം വരുത്തിയ

സംവാഹകൻ-കാലു തിരുമ്മുന്നവൻ, പരിചാരകൻ.

സംവാഹനം-൧. കാലു തിരുമ്മുക. ൨. ചുമക്കുക.

സംവിൽ-൧. ബുദ്ധി. സമ്യക്കാകംവണ്ണമുള്ള അറിവിനു കാരണം എന്നർത്ഥം. ൨. ജ്ഞാനം. ൩. സംഭാഷണം. ൪. സമ്മതം. ൫. കൊടി, അടയാളം. ൬. യുദ്ധം. ൭. ഉടമ്പടി. ൮. അറിവ്

ൺ. പട്ടവിളി. ൧൦. പേർ. ൧൧. ആചാരം. ൧൨. ക്രിയാനാമം. ൧൩. സങ്കേതം.

**സംവിദാ**-ഉടമ്പടി, ഏർപ്പാട്, കരാർ.

**സംവിദിത**-വി. അറിയപ്പെട്ട.

**സംവിദ്രവം**-ബോധദ്രവം.

**സംവിധാനം**-ചെയ്ക.

**സംവിഭാഗം**-പങ്കിടുക, പങ്ക്.

**സംവിഷ്ട**-വി. ൧. കിടക്കുന്ന, ഉറങ്ങുന്ന. ൨. ഒന്നിച്ചു പ്രവേശിച്ച. ൩. വസ്ത്രം ധരിച്ച. ൪. ഒന്നിച്ചിരുന്ന.

**സംവീക്ഷണം**-അന്വേഷണം.

**സംവീത**-വി. ചുററപ്പെട്ട.

**സംവീതം**-൧. ചുററപ്പെട്ടതു്. ൨. നദി മുതലായതിനാൽ ചുററപ്പെട്ട ദ്വീപു മുതലായതു്.

**സംവൃത**-വി. ചുററപ്പെട്ട. ൨. മറയ്ക്കപ്പെട്ട. ൩. അടയ്ക്കപ്പെട്ട. ൪. ചുരുക്കിയ. ൫. മൂടപ്പെട്ട.

**സംവൃതം**-൧. രഹസ്യസ്ഥലം, രഹസ്യം. ൨. ഒരുമാതിരി ഉച്ചാരണം.

കൃഷ്ണന്, പറഞ്ഞിട്ട് ഇത്യാദികളിലെപ്പോലെ അസ്ഫുടമായി ഒരു ഉൾവലിവോടുകൂടി ഉച്ചരിക്കുന്ന ഉകാരം. ഇതു് ് ഈ വിധം (അർദ്ധചന്ദ്രം) അടയാളം ഇട്ടു എഴുതണം.

ഈ ഉകാരത്തിന് അടുത്തു പിമ്പിൽ സ്വരം ഇരുന്നാൽ മുൻ ഉകാരം സംവൃതമായിരിക്കണം. ഉ-ം "മാധവന് ഇപ്പോൾ നല്ല കാലമാണ്. അവന് എപ്പോഴും കച്ചവടത്തിൽ ലാഭം കിട്ടുന്നു"

**സംവൃത്ത**-വി. ൧. മറയ്ക്കപ്പെട്ട. ൨. ആയ, തീൎന്ന, കഴിഞ്ഞ. ൩. നിവൎത്തിക്കപ്പെട്ട, തീൎക്കപ്പെട്ട,

**സംവൃത്തൻ**-വരുണൻ.

**സംവൃത്തി**-൧. മറവ്. ൨. മൂടി, അടപ്പ്. ൩. രഹസ്യകാൎയ്യം. ൪. അനുഭവം.

**സംവേഗം**-പരിഭ്രമം, സംഭ്രമം, തിടുക്കം, ഭയാദികളെക്കൊണ്ടുഴലുക.

**സംവേദം**-൧. അറിവ്. ൨. സുഖദുഃഖാദ്യനുഭവം. ൩. വേദന.

**സംവേശം**-൧. ഉറക്കം. ജീവാത്മാവ് സൂക്ഷ്മശരീരത്തെ സ്വപ്നാവസ്ഥയിൽ വഴിപോലെ പ്രവേശിക്കുന്നതിനാൽ ഈ അൎത്ഥം വന്നു.

൨. സ്വപ്നം. ൩. സ്ത്രീപുരുഷന്മാരുടെ തമ്മിലുള്ള ചേൎച്ച. ൪. ഇരിക്കുന്നതിനുള്ള സാധനം.

**സംവേശനം**-ഉറക്കം. (ഉത്ഥാപനം എഴുന്നേല്ക്കൽ).

സംവേശനോത്ഥാപനം = ഉറക്കവും എഴുന്നേല്ക്കലും.

**സംവ്യാനം**-൧. ഉത്തരീയം, രണ്ടാംമുണ്ട്, മേൽപുടവ (ഇടത്തെത്തോളിൽ ധരിക്കുന്നവസ്ത്രം) ൨. വസ്ത്രം. ൩. മൂടി.

**സംശപ്തകൻ**-യുദ്ധത്തിൽനിന്നു പിൻതിരിയുകയില്ലെന്നു സത്യം ചെയ്തിട്ടുള്ളവൻ.

('ഞങ്ങൾ ഒരിക്കലും മടങ്ങുകയില്ല' എന്നു ശപഥം ചെയ്തു പുറപ്പെട്ടു യുദ്ധത്തിൽനിന്നു പിൻതിരിയാതിരിക്കുന്നവരത്രെ സംശപ്തകന്മാർ).

**സംശയം**-സന്ദേഹം, നിശ്ചയമില്ലായ്ക. •പരമാൎത്ഥബോധംകൂടാതെ ഉഭയകോടിയിലുമിരിക്കുന്നതെന്നൎത്ഥം. മററു പൎയ്യായങ്ങൾ-വിചികിത്സ, സന്ദേഹം, ദ്വാപരം.

**സംശയാപന്നമാനസ**- വി. മനസ്സിൽ സംശയമുള്ള.

**സംശയാലു, സംശയിതാവ്**- വി. സംശയമുള്ള.

**സംശയിക്കുന്നു**-സന്ദേഹിക്കുന്നു.

സംശയിത-വി. സംശയമുള്ള.

സംശരണം-യുദ്ധത്തിന്റെ ആരംഭം, ആക്രമണം.

സംശിത-വി. ൧. നിശ്ചയമുള്ള. ൨. സാധിച്ച, നിവൎത്തിച്ച.

സംശിതി-സംശയം.

സംശുദ്ധി-൧. പരിശുദ്ധി. ൨. സംശയനിവൃത്തി.

സംശോധനം-വെടിപ്പാക്കുക.

സംശ്യാന-വി. ചുരുക്കിയ, കറച്ച.

സംശ്രയം-൧. ആശ്രയം. ൨. ആറു നയങ്ങളിൽ ഒന്നു്. സഹായം അപേക്ഷിക്കുന്നതത്രേ സംശ്രയം.

സംശ്രവണം-൧. കേൾക്കുക. ൨. ചെവി.

സംശ്രവം-അംഗീകാരം, പ്രതിജ്ഞ (ഏല്ക്കുക), ആണയിടുക.

സംശ്രിത-വി. ൧. ആശ്രയിച്ച, അംഗീകരിക്കപ്പെട്ട. ൨. ചേൎന്ന. ൩. രക്ഷിക്കപ്പെട്ട.

സംശ്രിതൻ-ആശ്രിതൻ, സേവകൻ.

സംശ്രുത-വി. അംഗീകരിക്കപ്പെട്ട, പ്രതിജ്ഞചെയ്യപ്പെട്ട.

സംശ്ലിഷ്ട-വി. ൧. ആലിംഗനം ചെയ്യപ്പെട്ട. ൨. കൂട്ടിച്ചേൎത്ത.

സംശ്ലേഷം-തഴുകൽ, ആലിംഗനം.

സംശ്ലേഷണം(ണാ)-കെട്ടു്, ചേപ്പു്.

സംസക്ത-വി. ൧. അടുത്ത. ൨. ഇടയിൽ മറ്റൊന്നില്ലാത്തവിധം തമ്മിൽ കൂടിച്ചേൎന്ന, ചേൎന്ന, പററിയ. ൩. കെട്ടപ്പെട്ട.

സംസക്തി-൧. സമീപത, വലിയ അടുപ്പം. ൨. പരിചയം, സ്നേഹം. ൩. ചേൎച്ച, സംബന്ധം, സംഗം ൪. കെട്ടു്. ൫. ഭക്തി.

സംസൽ(ത്തു്)-സ്ത്രീ. കൂട്ടം, സമൂഹം. ഒന്നിച്ചിരിക്കുന്നേടമെന്നൎത്ഥം.

'സംസത്തിങ്കലിട്ടിഴച്ചു'
(കുചേലവൃത്തം വഞ്ചിപ്പാട്ടു്)

സംസരണം-൧. വിശാലമായ രാജവഴി. ജനങ്ങൾ യോഗംചേൎന്നു സഞ്ചരിക്കുന്നേടമെന്നൎത്ഥം. ൨. പടയുടെ നിൎവിഘ്നമായ ഗമനം. ൩. ലോകം. ൪. യുദ്ധത്തിന്റെ ആരംഭം. ൫. പ്രാണികളുടെ ജനനമരണരൂപമായ സംസാരം. ൬. ഗമനം. വഴിപോലെ ഗമിക്കുക എന്നു ശബ്ദാൎത്ഥം. ൭. സത്രം.

സംസൎഗ്ഗം-൧. അന്യോന്യത. ൨. സംബന്ധം.

സംസൎജ്ജനം-വിടുതൽ.

സംസൎപ്പണം-൧. ഇഴഞ്ഞുനടക്കുക. ൨. നിനച്ചിരിയാത്തപ്പോൾ എതിൎക്കുക.

സംസാരഗുരു-കാമദേവൻ.

സംസാരം-൧. ജനനവും മരണവും, ലോകവിഷയം, അൎത്ഥപുത്രകളത്രാദികളിൽ ഭ്രമിച്ചിട്ടു ജനനമരണങ്ങൾക്കു വശവൎത്തിയായി ഉഴലുന്ന അവസ്ഥ. ൨. ലോകം. ൩. (മ) സംഭാഷണം. ൪. മാൎഗ്ഗം, വഴി.

സംസാരി-വി. സംസാരമുള്ള, ലോകസംബന്ധമുള്ള.

സംസാരി-൧. ജീവനുള്ള ജന്തു ൨ (മ) വ്യവഹാരക്കാരൻ.

സംസാരിക്കുന്നു-സംഭാഷണംചെയ്യുന്നു.

സംസിക്ത-വി. നനയ്ക്കപ്പെട്ട, നനച്ച.

സംസിദ്ധ-വി. സാധിച്ച, നിവൎത്തിച്ച.

സംസിദ്ധി-൧. സ്വഭാവം. ൨. ശീലം.

൩. മുൻകോപമുള്ള സ്ത്രീ. ൪. തീർച്ച, നിവൃത്തി.

സംസേവനം-ആശ്രയിച്ചു നില്ക്കുക, പ്രതീക്ഷിക്കുക.

സംസൃതി-൧. ലോകം. ൨. ഒഴുക്ക്.

സംസൃഷ്ട-വി. ൧. ചേർക്കപ്പെട്ട, തിരിയെ കൂട്ടിച്ചേർക്കപ്പെട്ട. ൨. വിശേഷവസ്ത്രം ധരിക്കപ്പെട്ട.

സംസൃഷ്ടത്വം-ചേർച്ച.

സംസൃഷ്ടി-൧. മുതലവകാശി. ൨. അലങ്കാരത്തിൽ ഒരു പിരിവ്. ൩. ചേർച്ച, സംബന്ധം, കൂട്ടായ്മ, സഹവാസം.

സംസ്കരിക്കുന്നു-൧. ശുദ്ധീകരിക്കുന്നു. ൨. പൂർണ്ണമാക്കുന്നു.

സംസ്കാരം-൧. ശുദ്ധീകരണം, ശുദ്ധി. ൨. തികക്കം. ൩. പൂർണ്ണമാക്കുക. ൪. അലങ്കാരം. ൫. ഏതുവസ്തുവിന്റെയും കറ തീർക്കുക. ൬. ശവം അടക്കുക. ൭. പുടംവെക്കുക. ൮. ഗുണവിശേഷത്തെ പ്രാപിക്കുന്ന സ്ഥിതി. ൯. തയാറാവുക. ൰. അഭിപ്രായം. ൰൧. പരിശുദ്ധമാക്കൽ.

പഞ്ചവിധം സംസ്കാരങ്ങൾ,-അങ്കനം (ശംഖും ചക്രവും എഴുതുക), ഊർദ്ധ്വപുണ്ഡ്രകം, യാഗം, നാമധാരണം, മന്ത്രം. പണ്ഡിതന്മാർക്ക് കൃഷ്ണദാസ്യം ഏകവരണമെങ്കിൽ ഇതു സാധിക്കണം.

സംസ്കാരഹീനൻ — ഉപനയിക്കാത്ത ബ്രാഹ്മണൻ.

സംസ്കൃത-വി. ൧. സംസ്കരിക്കപ്പെട്ട, വളരെ പരിഷ്കരിക്കപ്പെട്ട. ൨. അലങ്കരിക്കപ്പെട്ട. ൩. നിവർത്തിക്കപ്പെട്ട. ൪. ശുദ്ധീകരിക്കപ്പെട്ട. ൫. തയാറാക്കിയ. ൬. ഉൽകൃഷ്ടമായ.

സംസ്കൃതൻ-മര്യാദയനുസരിച്ചു കർമ്മങ്ങളെല്ലാം ചെയ്യപ്പെട്ടവൻ. (ബ്രാഹ്മണൻ)

സംസ്കൃതം-സംസ്കൃതഭാഷ.

സംസ്കൃതി-പരിശുദ്ധി.

സംസ്ക്രിയ-൧. ശവസംസ്കാരകർമ്മം. ൨. സംസ്കാരം.

സംസ്തരം-൧. കിടക്കാനുള്ള സാധനം, വിരിപ്പു മുതലായതു്, കട്ടിൽ, മെത്ത. ൨. യാഗം.

സംസ്തവം-൧. പരിചയം. ൨. സ്തുതി. സമ്യക്കാകുംവണ്ണമുള്ള സ്തവനമെന്നർത്ഥം

സംസ്താവം-യാഗമണ്ഡപം. യാഗശാലയിൽ ഉൽഗാതാക്കന്മാർക്ക് ഉൽഗാനം ചെയ്യുന്നതിനായി ഉണ്ടാക്കിയ സ്ഥാനം. കൂടിച്ചേർന്നു സ്തുതിക്കുന്നേടമെന്നർത്ഥം.

സംസ്തു-൧. സ്തുതിക്കുക. ൨. അലങ്കരിക്കുക,

സംസ്ത്യായം-൧. സമൂഹം, കൂട്ടം ൨. മൈതാനം. വഴിപോലെ കൂടിച്ചേരുന്നതെന്നർത്ഥം. ൩. സമീപം. ൪. ഭവനം. ൫. പരപ്പ്.

സംസ്ഥ-വി. സ്ഥിതിചെയ്യുന്ന, നില്ക്കുന്ന, ഇരിക്കുന്ന.

സംസ്ഥ-൧. മര്യാദ, ന്യായമായ മാർഗ്ഗത്തിൽനിന്നും തെറ്റാതെയിരിക്കുക, നല്ല നടപ്പ്. ൨. നില്പ്. ൩. ജീവാവസ്ഥ. ൪. കൂട്ടം. ൫. രൂപം. ൬. സ്വഭാവം. ൭. രാജചട്ടം. ൮. മരണം, അവസാനം. ൯. നാശം, ലോകനാശം. ൰. സാദൃശ്യം.

സംസ്ഥൻ-൧. ഒറ്റുകാരൻ. ൨. അയൽക്കാരൻ. ൩. നിവാസി, രാജ്യവാസി.

സംസ്ഥാന-വി. ൧. ശരിയായ ൨. തുല്യതയുള്ള.

സംസ്ഥാനം-൧. വാസസ്ഥലം. (രാജ്യം). നാലു വഴിവന്നു കൂടുന്ന സ്ഥലം.

ന. സമീപം. ശ. ആകൃതി, രൂപം. ഷ. മരണം.

സംസ്ഥാപനം-പ്ര. സ്ഥാപിക്ക. ദ്വി. ഉറപ്പിക്ക, നിവൎത്തിക്ക

സംസ്ഥാപിത-വി. സംസ്ഥാപനം ചെയ്യപ്പെട്ട.

സംസ്ഥിത-വി. പ്ര. മരിച്ച. ദ്വി. അവസാനിപ്പിച്ച. ന. നില്ക്കുന്ന. ശ. ഒവക്കപ്പെട്ട. ഷ. കൂട്ടപ്പെട്ട. സ. ഉറപ്പിച്ച.

സംസ്ഥിതി-പ്ര. മരണം. ദ്വി. വാസം. ന. ഇരിപ്പ്. ശ. ലോകനാശം.

സംസ്പൎശ-പ്ര. തൊടുക. ദ്വി. വിചാരം. ന. കലപ്പ്.

സംസ്പൎശ-പ്ര. കരിങ്കച്ചോലം. ദ്വി. വെൺകച്ചോലം. ന. കച്ചോലം. ശ. ഇഞ്ചിയുടെ (അരക്ക് ഈ മരത്തിന്റെ കറയാണെന്നും)

സംസ്ഫോടം – യുദ്ധം. (സംസ്ഫോടം എന്ന പാഠവും കാണുന്നു).

സംസ്ഥലം-പ്ര. യുദ്ധം. ദ്വി. മുട്ടൽ.

സംസ്മരണം-ഓൎക്കുക.

സംസ്മൃതി-ഓൎമ്മ.

സംസ്രവം, സംസ്രാവം-പ്ര. ഒഴുക്ക്. ദ്വി. നദി. ന. ഒലിക്ക. ശ. തുള്ളികളായി വീഴുക.

സംഹത-വി. പ്ര. കൊല്ലപ്പെട്ട. ദ്വി. ദൃഢമായി കൂടിച്ചേൎന്നിരിക്കുന്ന. ന. ശക്തിയുള്ള. ശ. അടയ്ക്കപ്പെട്ട. ഷ. കൂട്ടപ്പെട്ട.

സംഹതജാനുക-വി. തമ്മിൽ അടുപ്പമുള്ള മുട്ടുകളോടുകൂടിയ.

സംഹതജാനുകൻ-മുട്ടിക്കാലൻ.

സംഹതലം-രണ്ടു കൈയും ചേൎത്തിപ്പിടിച്ചതു്.

സംഹതി-പ്ര. സമൂഹം. കൂട്ടപ്പെട്ടതെന്നൎത്ഥം. ദ്വി. കൂടിച്ചേരുക. ന. ചേൎച്ച.

സംഹനനം-പ്ര. ശരീരം, ദേഹം. പഞ്ചഭൂതങ്ങളും ഇതിൽ ചേരുന്നതിനാൽ ഈ പേർവന്നു. ദ്വി. ഉറപ്പ്. ന. ബലം. ശ. കൊല.

സംഹനിക്കുന്നു-പ്ര. കൊല്ലുന്നു ദ്വി. തിരുമ്മുന്നു.

സംഹരണം-പ്ര. നശിപ്പിക്കുക. ദ്വി. കൊല്ലുക. ന. തടങ്ങൽ ചെയ്യുക. ശ. ശേഖരിക്കുക. ഷ. പിൻവലിക്കുക.

സംഹരിക്കുന്നു-നശിപ്പിക്കുന്നു, കൊല്ലുന്നു.

സംഹാരം-പ്ര. നശിപ്പ്, ദ്വി. ലോകാവസാനം, (സംഹാരം >< സൃഷ്ടി). ന. നരകഭേദം. പാപികളെ ഒന്നിച്ചു ചേൎക്കുന്നതു്. ഉപദ്രവിക്കുന്നതു് എന്നു ശബ്ദാൎത്ഥം. ശ. ചുരുക്കുക. ഷ. കൂട്ടം. സ. മിടുക്ക്.

സംഹാരക-വി. നശിപ്പിക്കുന്ന, ഹാനിവരുത്തുന്ന.

സംഹാരരുദ്രൻ-ശിവന്റെ ഒരു പേർ.

സംഹാരി-വി. സംഹരിക്കുന്ന, നശിപ്പിക്കുന്ന.

സംഹിത-വി. പ്ര. ചേൎന്ന. ദ്വി. ഉറപ്പിക്കപ്പെട്ട. ന. കൂട്ടപ്പെട്ട

സംഹിത-പ്ര. ഋക്കുകളുടെ സമൂഹം, വേദങ്ങളിൽ നിന്നെടുത്തുണ്ടാക്കിയ ഒരു പുസ്തകം. ദ്വി. പദസന്ധി.

സംഹൂതി-പലർകൂടി വിളിക്കുക, ആൎപ്പ്.

സംഹൃത-വി പ്ര. പിടിക്കപ്പെട്ട. ദ്വി. വിതരപ്പെട്ട. ന. ചുരുക്കപ്പെട്ട, സംഹരിക്കപ്പെട്ട.

സര-വി. പോകുന്ന.

സരകം-പ്ര. മദ്യപാനം. ശമിപ്പിക്കുന്നതു് എന്നൎത്ഥം. ദ്വി. ലഹരിയുള്ള ദ്രവദ്രവ്യം, മദ്യം. ന. പാനപാത്രം. ശ. ഗമനം. ഷ. കുളം, തടാകം, കായൽ. സ. സ്വൎഗ്ഗം.

സരഘ-തേനീച്ച.

സരഗാ-ം. പക്ഷി. ൨. ഒരു നാല്ക്കാലി.

സരജം-വെണ്ണ.

സരടം-ം. ഓന്ത്. ൨. മൂട്ടപ്പ്. ൩. കാററ്.

സരണം-ം. പോക്ക്, ഒഴിച്ചിൽ. ൨. ഇരിമ്പിൻ തുരുമ്പ്.

സരണാ-പ്രസാരണി.

(പ്രസാരണി എന്നതു തലനീളിയം ഒന്നും മററും കാണുന്നു).

സരണി-ം. വഴി. ൨. ചൊവ്വേയുള്ള വര. ൩. തൊണ്ടയിലുള്ള ഒരു ദീനം. ൪. പ്രസാരണി. ൫. പുഴമുഞ്ഞ. ൬. ത്രി കോല്പക്കൊന്ന.

സരണ്ഡം-ം. പക്ഷി. ൨. ഓരാമരണം.

സരണ്യു-ം. (സംജ്ഞ, ത്വഷ്ടു ഈ പദങ്ങൾ നോക്കുക). ൨. കാററ്. ൩. മേഘം. ൪. അഗ്നി. ൫. യമൻ.

സരപ്പൊളി, സരപ്പുളി-ഒരുതരം മാല.

സരഭസം-അ. വേഗത്തിൽ.

സരം-ം. ചിറ. ൨. പൊയ്ക. ൩. വെള്ളം. ൪. മാംസം. ൫. പാല്പ്. ൬. ഒതെർ വെള്ളം. ൭. ഒതെർപ്പാട. ൮. തടാകം. ൯. ഉപ്പുന്റ്. ൧൦. അമ്പൊട്ടൽ.

സരമ-പെൺപട്ടി. ം. വിഭീഷണന്റെ ഭാര്യ. (ലങ്കയിൽ സീതയുടെ കാവല്ക്കാരി) ൩. ഇന്ദ്രന്റെ പട്ടി. (ഇതിന്റെ കുട്ടികളായ സാരമേയർ യമന്റെ വാതിൽ കാക്കുന്നു) ൪. ദക്ഷന്റെ പുത്രി. (സകല കാട്ടുമൃഗങ്ങളുടേയും മാതാവ്).

സരയൂ ം. ഒരു നദി.

ഇതു ഹിമവാനിൽനിന്നു പുറപ്പെട്ടു അയോദ്ധ്യയുടെ സമീപത്തിൽ കൂടി ഒഴുകുന്നു.

൨. വായു, കാററ്.

സരസ-വി. ം. രസമുള്ള, വെള്ളമുള്ള. ൨. രുചിയുള്ള ൩. വിയപ്പുകൊണ്ടു നനഞ്ഞ. ൪. ഭംഗിയുള്ള. ൫. പുതിയ (സരസം > < വിരസം).

സരസ-ഒരു മരം, സരള.

സരസം-ം. പൊയ്ക. ൨. രീതികളിൽ ഒന്നു.

സരസി-ചിറ, പൊയ്ക.

സരസിക്കുന്നു-ം. കൊഞ്ചുന്നു. ൨. ക്രീഡിക്കുന്നു, ലീലാവിനോദം ചെയ്യുന്നു.

സരസിജം-ം. താമരപ്പൂ. ൨. വണ്ടാരം കോഴി.

സരസീകം-വണ്ടാരംകോഴി.

സരസീരുഹം-ം. താമരപ്പൂ. ൨. വണ്ടാരംകോഴി.

സരസ്വാൻ(ത്)-വി. നീരുള്ള, വെള്ളമുള്ള.

സരസ്വതി-ം. ബ്രഹ്മാവിന്റെ ഭാര്യ, വിദ്യാദേവി. വാക്കിന്റെ അധിഷ്ഠാനദേവത.

ബ്രഹ്മലോകത്തിലുള്ള മാനസസരസ്സിൽ ക്രീഡിക്കുന്നവൾ എന്നർത്ഥം. നദീരൂപേണ പ്രവഹിക്കുന്നവൾ, എല്ലാടവും വ്യാപിക്കുന്നതു്.

സംസ്കൃതഭാഷയും ദേവനാഗരി അക്ഷരങ്ങളും സരസ്വതി നിർമ്മിച്ചതാകുന്നു. വൈഷ്ണവർ പറയുന്നതു-അതായതു അവരുടെ ഇടയിലുള്ള ഐതിഹ്യം സരസ്വതിയും ലക്ഷ്മിയും ഗംഗയും വിഷ്ണുവിന്റെ ഭാര്യമാരായിരുന്നു എന്നും അവർ തങ്ങളിൽ വഴക്കുണ്ടാകയാൽ സരസ്വതിയെ ബ്രഹ്മാവിനും, ഗംഗയെ ശിവനും കൊടുത്തുകളഞ്ഞു എന്നുമാണു.

൨. വാക്ക്. ൩. ഒരു നദി. സരസ്സു കളുള്ളതു് എന്നർത്ഥം.

ഇതു മിക്കദിക്കിലും അന്തർവാഹിനിയാകുന്നു. ചില സ്ഥലങ്ങളിൽ ചില

സരസ്സുകളായും മററും കാണുന്നതു കൊണ്ടു് ഈ പേരുണ്ടായി.

'ക്വചിൽ പ്രകാശാം
ക്വചിദസ്ഫുടാന്തസം
സരസ്വതീം ത്വെ
മനഃസരസ്വതീം'
(നൈഷധം)

൪. ചന്ദ്രവംശത്തിലെ അന്തിനാരൻ എന്ന നൃപന്റെ ഭാര്യ. ൫. നദി. ൬. പശു.

**സരസ്വതീകരിക്കുക**- ആദ്യമായി ആരംഭിക്കുക.

**സരസ്വതീകണ്ഠാഭരണം**-ഒരു കൃതി. (അലങ്കാരം).

കർത്താവു ഭോജരാജാവു്. കാവ്യരചനയേയും മററും വിവരിക്കുന്നു.

**സരസ്വതീകുണ്ഡം**-ഒരു പുണ്യതീർത്ഥം

**സരസ്വാൻ**-൧. സമുദ്രം. ൨. ഒരാറു്. ൩. പോത്തു്.

**സരസ്സ്**-കൃത്രിമമായ പൊയ്ക. ഓളമുള്ളതെന്നർത്ഥം.

താമരപ്പൊയ്കയുടെ സാമാന്യമായ പേരെന്നും അഭിപ്രായം കാണുന്നു

**സരള**-൧. ത്രികോല്പക്കൊന്ന. ൨. വെള്ളത്തൊച്ചി.

**സരള**-വി. ൧. ബഹുമാനമുള്ള. ൨. ഭംഗിയുള്ള. ൩. പ്രസിദ്ധപ്പെട്ട. ൪. മനസ്സിനു കപടമില്ലാത്ത ൫. ഇഷ്ടത്തെ അനുസരിക്കുന്ന

**സരളത**-ദാക്ഷിണ്യം.

**സരളം**-൧. ഒരുമാതിരി പയിൻവൃക്ഷം, ചരളം. (ചളർ എന്നു ഭാഷ). വ്യത്യാസത്തെ പ്രാപിക്കുന്നതെന്നർത്ഥം. ൨. സാഹിത്യസാഹ്യപ്രകാരം രീതികളിൽ ഒന്നു്. ൩. നന്മകപ്പുല്ലു്.

**സരളദ്രവം**-തിരുവട്ടപ്പയൻ, സരളവൃക്ഷത്തിന്റെ പശ.

**സരളദ്രുമം**-ചരളവൃക്ഷം.

**സരാവം**-൧. ഇടിഞ്ഞിൽ. ൨. മൂടി, അടപ്പു്.

**സരികാ**-കറിക്കായം.

**സരിതാന്നാഥൻ**-കടൽ.

**സരിതാംപതി**-കടൽ.

**സരിത്തു്**-൧. പുഴ, നദി. ൨. നൂൽ, ചരടു്.

**സരിൽപതി**-സമുദ്രം.

**സരിത്വാൻ**-കടൽ.

**സരിൽസുതൻ**-ഭീഷ്മർ.

**സരിദ്വര**-ഗംഗാനദി.

**സരിൽഭർത്താ**-കടൽ.

**സരിലം**-ജലം.

**സരിഷപം**-കടുകു്.

**സരീസൃപം**-പാമ്പു്. കുടിലമായി ഇഴഞ്ഞു നടക്കുന്നതെന്നർത്ഥം.

**സരു**-വി. ൧, മെലിഞ്ഞ. ൨. ചെറിയ. ൩. ഭംഗിയുള്ള. ൪. വാൾപ്പിടി.

**സരൂപത(ത്വം)**-തുല്യത.

**സരോജം**-൧. താമര, താമരപ്പൂവു്. ൨. വണ്ടാരംകോഴി.

**സരോജാതാ**- കുളത്തിലുണ്ടായതു്, താമര.

**സരോജിനി**-താമരപ്പൊയ്ക.

**സരോത്ഭവം**-വണ്ടാരംകോഴി.

**സരോരുട്**-താമര.

**സരോരുഹാസനൻ**-ബ്രഹ്മാവു്.

**സരോരുഹം**-൧. താമരപ്പൂവു്. ൨. വണ്ടാരംകോഴി.

**സരോവരം**-പൊയ്ക, തടാകം.

**സർ**-ശിരസ്സു്.

**സൎക്കം**-൧. കാററ്. ൨. ഹൃദയം.

**സൎക്കാര്**-൧. രാജസംബന്ധമായ എല്ലാത്തിനും കൂട്ടിച്ചേൎത്തുപറയുന്ന വാക്ക്, പണ്ടാരവക കോയ്മ. ൨. രാജാവ്. (പോൎത്തുഗീസുഭാഷ).

**സൎക്കാരുവക**-രാജാവിന്റെവക, രാജാവിനെ സംബന്ധിച്ചുള്ളത്.

**സൎഗ്ഗൻ**-ശിവൻ.

**സൎഗ്ഗബന്ധം**-ഒരു കവിത.

**സൎഗ്ഗം**-൧. സ്വഭാവം. ൨. വിടുക. ൩. നിശ്ചയം. ൪. അദ്ധ്യായം, കാണ്ഡം. ൫. സൃഷ്ടി; പ്രപഞ്ചസൃഷ്ടി. ൬. മലശോധന ൭. പ്രയത്നം. ൮. സമ്മതം. ൯. ഉടമ്പടി. ൧൦. കതിര. ൧൧. മോഹം.

**സൎജ്ജകം**-൧. വേങ്ങമരം (സൎജ്ജം എന്നമാവാം). കറയൊലിക്കുന്നതെന്നൎത്ഥം. ൨. (മുരുമ്പു) മരുത്.

**സൎജ്ജഗന്ധാ**-അരത്ത.

**സൎജ്ജനം**-൧. വിടുക. ൨. സൃഷ്ടിക്ക. ൩. മലശോധന. ൪. പുറകിലെ സൈന്യം.

**സൎജ്ജം**-൧. ചെഞ്ചല്യം. ൨. മരുത്. ൩. വേങ്ങമരം.

**സൎജ്ജമണി**-ചെഞ്ചല്യം.

**സൎജ്ജരസം**-൧. ചെഞ്ചല്യം, പയിനിന്റെ പശ. ൨. മരുത്.

**സൎജ്ജിക, സൎജ്ജികാക്ഷാരം**-ഒരുവക കാരം.

**സൎജ്ജിക്കുന്നു**-൧. വിടുന്നു. ൨. മലമിടുന്നു. ൩. സൃഷ്ടിക്കുന്നു.

**സൎജ്ജൂ**-൧. കച്ചവടക്കാരൻ. ൨. മിന്നൽ. ൩. പിൻതുടൎച്ച.

**സൎദ്ദാർ**-പ്രധാനിയുടെ സ്ഥാനപ്പേര്.

**സൎപ്പകഞ്ചുകം**-പാമ്പിന്റെ പടം.

**സൎപ്പക്കല്ല്**-പാമ്പിനെ പകരമുണ്ടാക്കിവെച്ച വിഗ്രഹം.

**സൎപ്പക്കാവ്**-സൎപ്പങ്ങൾ ഇരിക്കുന്ന സ്ഥലത്തുള്ള മരക്കൂട്ടം.

**സൎപ്പഗന്ധാ**-ചിററരത്ത.

**സൎപ്പണം**-ഇഴച്ചൽ.

**സൎപ്പദംശം**-പാമ്പിൻകടി.

**സൎപ്പപ്പാട്ട്**-സൎപ്പക്കാവുകളിൽ നടപ്പുള്ള പാട്ട്.

വള്ളുവരാണ് ഇതു പാടുന്നത്. ചിലദിക്കുകളിൽ കുറപ്പന്മാരും പാടും.

**സൎപ്പഫണിജം**-മാണിക്കക്കല്ല്, സൎപ്പത്തിന്റെ തലയിൽ നിന്നു കിട്ടുന്ന ഒരു രത്നം.

**സൎപ്പബലി**-സൎപ്പത്തിനെ പൂജിക്കുന്ന ഒരു കൎമ്മം.

**സൎപ്പഭുക്ക്**-മയിൽ.

**സൎപ്പഭൂഷണൻ**-ശിവൻ. പാമ്പുകളെ അലങ്കാരമാക്കി ധരിച്ചിട്ടുള്ളതിനാൽ ഈ പേർ വന്നു.

**സൎപ്പമണി**-മാണിക്കക്കല്ല്.

**സൎപ്പം**-൧. പാമ്പ്. ഇഴഞ്ഞുനടക്കുന്നതെന്നൎത്ഥം. (സ്ത്രീ-സൎപ്പീ).

(പാമ്പ് എന്ന പദം നോക്കുക).

൨. ഇഴയുക. ൩. നാഗപ്പൂവ്, നാഗകേസരമെന്ന വൃക്ഷം.

**സൎപ്പംതുള്ളൽ**-പാമ്പിൻകാവിലുള്ള ഒരു കളി.

**സൎപ്പരാജൻ, സൎപ്പരാജാവ്**-വാസുകി.

**സൎപ്പലതാ**-വെററിലക്കൊടി.

**സൎപ്പലോചനി**-മുലക്കണ്ണ്.

**സൎപ്പശാപം**-സൎപ്പത്തിനെ കൊന്നാലുണ്ടാകുന്ന പാപം.

**സൎപ്പശായി**-വിഷ്ണു

**സർപ്പസത്രം**-തക്ഷകനെ അഥവാ നാഗങ്ങളെ കൊല്ലുന്നതിന ജനമേജയൻ നടത്തിയ ഒരു യാഗം.

**സർപ്പസത്രീ**-ജനമേജയൻ.

**സർപ്പാരാതി, സർപ്പാരി**-പു. ഗരുഡൻ. ഉ. മയിൽ.

**സർപ്പാവാസം**-ചന്ദനം.

**സർപ്പാശനം**-മയിൽ.

**സർപ്പാഖ്യം**-കാരീയം.

**സർപ്പിണി**-പു. ഒരു വൃത്തം.

രാമായണം 24 വൃത്തത്തിലെ 2-ം, 9-ം, വൃത്തങ്ങൾ ഈ വൃത്തമാകുന്നു. ഉ. സർപ്പസ്ത്രീ.

**സർപ്പിഷ്ടം, സർപ്പേഷ്ടം**-ചന്ദനം.

**സർപ്പിസ്സ്**-പു. നെയ്യ്. ഒലിക്കുന്നതെന്നർത്ഥം. ഉ. വെള്ളം.

**സർപ്പേന്ദ്രൻ**-പു. അനന്തൻ. ഉ. വാസുകി.

**സർമ്മം**-പു. ഗമനം, ചനകം. ഉ. ആകാശം. ന. സ്വർഗ്ഗം.

**സർവ്വ**-വി. മുഴുവനായ, എല്ലാം.

**സർവ്വകരൻ**-ശിവൻ.

**സർവ്വകലാശാല**-ഉത്തമകലകളെ അഭ്യസിപ്പിക്കുന്ന സ്ഥാപനം.

**സർവ്വകാരണൻ**-വി. എല്ലാററിനും കാരണമായവൻ, ദൈവം.

**സർവ്വത്ര**-എല്ലായിടങ്ങളിലും.

**സർവ്വകേശി**-നടൻ.

**സർവ്വങ്കഷ**-വി. പു. ശമിപ്പിക്കുന്ന. ഉ. എല്ലാം നശിപ്പിക്കുന്ന, സർവ്വശക്തിയുള്ള. ന. വഞ്ചകൻ, ദ്രോഹി.

**സർവ്വഗ**-വി. എല്ലായിടത്തും വ്യാപിക്കുന്ന.

**സർവ്വഗൻ**-പു. വിഷ്ണു. ഉ. ശിവൻ. ന. ആത്മാവ്. ര. എല്ലാത്തിനേയും പ്രാപിച്ചവൻ ഒ. ഭീമന്ന ബലന്ധരയിൽ ജനിച്ചവൻ

**സർവ്വഗം**-ജലം.

**സർവ്വഗാ**-ഒരു ചെടി, പ്രിയംഗു.

**സർവ്വചാരി**-ശിവൻ.

**സർവ്വജനീന**-വി. കീർത്തിയേറിയ.

**സർവ്വജിത്ത്**-പു. എല്ലാററിനേയും ജയിക്കുന്നവൻ. ഉ. അറുപതിൽ 21-ാം വർഷം.

**സർവ്വജ്ഞ**-വി. സർവ്വത്തെയും അറിയുന്ന.

**സർവ്വജ്ഞൻ**-പു. ദൈവം. ഉ. ശിവൻ. ന. സർവ്വത്തെയും അറിയുന്നവൻ. ര. ബുദ്ധമുനി.

**സർവ്വജ്ഞപീഠം കയറുക**— വലിയ വിദ്വാനാവുക, തനിക്കൊപ്പം വേറെ ഒരു പഠിപ്പുകാരൻ ഇല്ലെന്നുള്ള നിലയിൽ എത്തുക.

**സർവ്വജ്ഞാ**-ദുർഗ്ഗ.

**സർവ്വതഃ**-ചുററും, മുഴുവനും.

**സർവ്വതാപനൻ**-കാമദേവൻ.

**സർവ്വതോഭദ്ര**-എല്ലാടവും മംഗളമുള്ള.

**സർവ്വതോഭദ്രം**-പു. ദേവാലയവക ഭേദം, നാലുവശത്തും വാതിലുള്ള അമ്പലമോ രാജധാനിയോ.

1. സ്വസ്തികം—നാലുദിക്കിലേക്കും നടയുള്ളത്.
2. സർവ്വതോഭദ്രം-മേലേമേലേ നിലകളുള്ളത്.
3. നന്ദ്യാവൃത്തം-വട്ടത്തിലുള്ളത്.
4. വിച്ഛന്ദകം (വിച്ഛൂർദ്ദകം)- വളരെ വിസ്താരവും ഭംഗിയുമുള്ളത്.

ഉ. വേപ്പുവൃക്ഷം, ന. വിഷ്ണുവിന്റെ രഥം. ര. അണിഭേദം, ഒരുമാതിരി വ്യൂഹം. ഒ. ശ്ലോകാർത്ഥവാക്യ്. ഔ. മുള, ഇല്ലി.

**സർവ്വതോഭദ്രവ്യൂഹം**-വ്യൂഹഭേദം.

**സർവ്വതോഭദ്രാ**-പ്ര. പെരുംകുമിഴ്. ൨. ആട്ടക്കാരത്തി. ൩. ചിത്രം എന്ന അലങ്കാരത്തിൽപെട്ടതു്.

**സർവ്വതോമുഖം**-പ്ര. എല്ലാംവശത്തുംകൂടി യ. ൨. എല്ലാംമാതിരിയിലുമുള്ള, പൂർണ്ണമായ.

**സർവ്വതോമുഖൻ**-പ്ര. ശിവൻ. ൨. ബ്രഹ്മാവ്. ൩. ബ്രാഹ്മണൻ. ൪. ആത്മാവ്.

**സർവ്വതോമുഖം**-പ്ര. വെള്ളം. ൨. ആകാശം. ൩. ഇന്ദ്രസ്വർഗ്ഗം. ൪. അഗ്നി,

**സർവ്വത്ര**-പ്ര. എല്ലാടവും. ൨. എല്ലായ്പ്പോഴും.

**സർവ്വഥാ**-അ. പ്ര. എല്ലാംപ്രകാരത്തിലും. ൨. എല്ലായ്പ്പോഴും. ൩. ഏററവും. ൪. പൂർണ്ണമായിട്ടു്.

**സർവ്വദമ(ന)ൻ**—ദുഷ്ഷന്തന്റെ പുത്രൻ, ഭരതൻ.

**സർവ്വദർശനസംഗ്രഹം**— ന്യായം, വൈശേഷികം മുതലായ ദർശനങ്ങളുടെ സംഗ്രഹം.

കർത്താവ്-മാധവാചാര്യർ.

**സർവ്വദർശി**-പ്ര. പരബ്രഹ്മം. ൨. ബുദ്ധൻ.

**സർവ്വദാ**-അ. എല്ലായ്പ്പോഴും.

**സർവ്വദൃക്ക്**-വി. എല്ലാം കാണുന്ന.

**സർവ്വധാരി**-പ്ര. അറുപതിൽ ഇരുപത്തിരണ്ടാം സംവത്സരം. ൨. ശിവൻ.

**സർവ്വധുരാവഹൻ, സർവ്വധുരീണൻ**-എല്ലാം ഭാരത്തെയും വഹിക്കുന്ന കാള. ഉപചാരാൽ മററു സർവ്വധുരാവഹന്മാർക്കും (സർവ്വധുരീണന്മാർക്കും) പറയാം.

**സർവ്വൻ**-പ്ര. ശിവൻ. ൨. വിഷ്ണു, എല്ലാം താൻതന്നെ ആയുള്ളവൻ.

**സർവ്വഭക്ഷ**-വി. എല്ലാററിനേയും ഭക്ഷിക്കുന്ന.

**സർവ്വഭക്ഷാ**-പെണ്ണാടു്.

**സർവ്വഭാവകരൻ**-ശിവൻ.

**സർവ്വഭാവനൻ**-ശിവൻ.

**സർവ്വമംഗല(ള)ാ**-പാർവ്വതി.

**സർവ്വമയ**-വി. എല്ലാടവും നിറഞ്ഞ.

**സർവ്വമാന്ദ്യം**-കരമൊഴിവായ വസ്തു.

**സർവ്വമൂഷകം**-സമയം. എല്ലാത്തിനേയും മോഷ്ടിക്കുന്നതെന്നർത്ഥം.

**സർവ്വംസഹാ**-ഭൂമി. സകലവും സഹിക്കുന്നതെന്നർത്ഥം.

**സർവ്വയോഗി**-ശിവൻ.

**സർവ്വരസൻ**-സമർത്ഥൻ, വിദ്വാൻ.

**സർവ്വരസം**-പ്ര. ഉപ്പ്. ൨. ഉപ്പുരസം. ൩. ചെഞ്ചല്യം. എല്ലാവരാലും ആസ്വദിക്കപ്പെടുന്നതു് എന്നർത്ഥം.

**സർവ്വലാ**-ഇരിമ്പുപാര, തോമരം. (തമിഴിൽ) ചില്ലാക്കോൽ. എല്ലാവരേയും പിടികൂടുന്നതു് എന്നു ശബ്ദാർത്ഥം.

കടോലിന്റെ ആകൃതിയിൽ ഇരിമ്പുകൊണ്ടുണ്ടാക്കിയ ഒരായുധവിശേഷമത്രെ തോമരം.

**സർവ്വലാലസൻ**-ശിവൻ.

**സർവ്വലിംഗി**-സത്യമതവിപരീതക്കാരൻ, പാഷണ്ഡൻ. ഒരു മതക്കാരുടേയും ചിഹ്നം പൂർണ്ണമായിട്ടില്ലാത്തതുകൊണ്ടു ഈ പേർ വന്നു.

വൈദികധർമ്മത്തിനു വിരുദ്ധമായ ആചാരാദികളോടുകൂടിയ ബൌദ്ധക്ഷപണകാദികളുടെ പേർ.

**സർവ്വലോഹം**-ഇരിമ്പുശരം.

**സർവ്വവല്ലഭൻ**-എല്ലാംപ്രകാരത്തിലും സമർത്ഥനായുള്ള രക്ഷകൻ, ഈശ്വരൻ.

സർവ്വവല്ലഭാ-വേശ്യാസ്ത്രീ.

സർവ്വവേദൻ—സൎവ്വവേദങ്ങളും പഠിച്ചവൻ.

സർവ്വവേദസ്സ്-സ്വന്തമുതലെല്ലാം കൊടുത്തു യാഗം നടത്തുന്നവൻ.

സർവ്വവ്യാപി-വി. എല്ലാടവും വ്യാപിച്ച.

സർവ്വശഃ-അ. എല്ലാവിധത്തിലും, പരക്കെ.

സർവ്വസന്നാഹനം-ചതുരംഗസൈന്യമെല്ലാം ഒന്നിച്ചുചേൎന്ന പടപുറപ്പെടുക.

സർവ്വസന്നാഹം-പൂൎണ്ണസേനയെ കൂട്ടുക

സർവ്വസസ്യാഢ്യ-വി. എല്ലാ സസ്യങ്ങളുമുള്ള.

സർവ്വസാക്ഷി-വി. സകലസാക്ഷിയായ

സൎവ്വസാക്ഷികൾ-14. ആദിത്യൻ, ചന്ദ്രൻ, വായു, അഗ്നി, ആകാശം, ഭൂമി, ജലം, ഹൃദയം, യമൻ, പകൽ, രാത്രി, സന്ധ്യ ര-ം, ധൎമ്മം.

സർവ്വസാധനൻ-ശിവൻ.

സർവ്വസിദ്ധി-വില്വം.

സർവ്വസ്വം-ന. ഒരാളിന്റെ വസ്തുവക മുഴുവനും, ഏതിന്റെ എങ്കിലും സാരം.

സർവ്വഹരം-മരണം.

സർവ്വാംഗൻ-ശിവൻ.

സർവ്വാംഗം-ന. ദേഹം മുഴുവനും. ര. എല്ലാ അംഗങ്ങളും.

സർവ്വാംഗസുന്ദര-വി. എല്ലാ അംഗങ്ങളാലും സൌന്ദൎയ്യമുള്ള.

സർവ്വാണി-ന. രാജാക്കന്മാരുടെ തിരുനാൾ പ്രമാണിച്ചും മററും പണം കൊടുക്കുക. ര. പാൎവ്വതി, ശൎവ്വാണി. ന. ഇരപ്പാളികൾക്കു കൊടുക്കുന്ന സദ്യ.

സർവ്വാത്മനാ-പൂൎണ്ണമനസ്സോടെ.

സർവ്വാധികാരി-സകല അധികാരവുമുള്ളവൻ.

സർവ്വാധികാൎയ്യക്കാർ-ഒരു മുഖ്യോദ്യോഗസ്ഥൻ.

സർവ്വാധികാൎയ്യം-സൎവ്വാധികാൎയ്യക്കാരുടെ ഉദ്യോഗം.

സർവ്വാധിപത്യം-സകലത്തിന്റെയും അധിപന്റെ അവസ്ഥ.

സർവ്വാധ്യക്ഷൻ-സൎവ്വാധികാൎയ്യക്കാർ.

സർവ്വാധ്യക്ഷം-സൎവ്വാധികാൎയ്യക്കാരുടെ അധികാരം.

സർവ്വാനുഭൂതി-ത്രികോല്പക്കൊന്ന. മധുരം മുതലായ ആറു രസങ്ങളുടേയും അനുഭവമുള്ളത് എന്നൎത്ഥം. എല്ലാവരാലും അനുഭവിക്കപ്പെടുന്നത് എന്നുമാവാം.

സർവ്വാന്തൎയ്യാമി-സൎവ്വവ്യാപി.

സർവ്വാന്നഭക്ഷക, സർവ്വാന്നഭോജി, സർവ്വാന്നീനാ-വി. എല്ലാവരുടേയും (ജാതിമതഭേദം കൂടാതെ സകലരുടേയും) ചോറുണ്ണുന്ന.

സർവ്വാഭിസന്ധി-ദൂഷണക്കാരൻ. ര. കള്ളസ്സന്യാസി.

സർവ്വാഭിസാരം-പൂൎണ്ണസേനയെ കൂട്ടുക, ചതുരംഗസൈന്യമെല്ലാം ഒന്നിച്ചുചേൎന്ന പടപുറപ്പെടുക.

സർവ്വാൎത്ഥസാധികാ-ദുൎഗ്ഗ.

സർവ്വാൎത്ഥസിദ്ധൻ-ശാക്യമുനി. സകലകാൎയ്യങ്ങളേയും സാധിച്ചവൻ എന്നൎത്ഥം.

സർവ്വാൎത്ഥസിദ്ധി-ഒരു രാജാവ് സകല കാൎയ്യങ്ങളേയും സാധിച്ചവൻ എന്നൎത്ഥം.

സർവ്വാവസരം-അൎദ്ധരാത്രി

സർവ്വേശ്വരൻ-ശിവൻ, ദൈവം.

സർവ്വേശ്വരി-പാർവ്വതി.

സർവ്വൌഘൻ-പൂർണ്ണസേനയെക്കൂട്ടുന്നവൻ.

സർവ്വൌഘം-പ്ര. പൂർണ്ണസേനയെ കൂട്ടുക. വ. അതിവേഗം.

സർവ്വോപരി-അ. എല്ലാത്തിനും മീതെ.

സർവ്വോപരിഷ്ഠാൽ-എല്ലാററിനുംമീതെ.

സർവ്വോപാധി-പ്ര. എല്ലാരൂപങ്ങളും ഉപയോഗിക്കുക. വ. ദൈവം.

സർവ്വൊന്മുഖ-വി. പല മുഖങ്ങളുമുള്ള.

സർഷപം-പ്ര. കടുക്. ഇതിൽനിന്നു എണ്ണയുണ്ടാകുന്നതിനാൽ ഈ പേർവന്നു. (സരിഷപം എന്നുമുണ്ട്). വ. ഒരുവക വിഷം.

സല-ആകക്കൂക.

സലക്ഷണ-വി. ലക്ഷണത്തോടുകൂടിയ.

സലവണം-വെളുത്തീയം.

സലാം-പ്ര. വന്ദനം. വ. സമാധാനം. (അറബിഭാഷ)

സലിലകുന്തളം-കരിമ്പായൽ.

സലിലനിധി-സമുദ്രം.

സലിലപ്രിയം-പന്നി.

സലിലം-വെള്ളം. ഒലിച്ചുകൊണ്ടിരിക്കുന്നതു് എന്നർത്ഥം. (സരിലം, സലിരം, സരിരം ഇവ പാഠങ്ങൾ).

സലിലവാദ്യം-ഉദകവാദ്യം.

സലിലം = വെള്ളം. അതുകൊണ്ടുള്ള വാദ്യം ജലക്രീഡ ചെയ്യുമ്പോൾ ജലത്തിൽ കൈകൊണ്ടടിച്ചിട്ട് മദ്ദളത്തിന്റെ ഒച്ചപോലെ മുഴക്കമുണ്ടാക്കുന്ന ഒരുവിധം കർമ്മമാകുന്നു ഇതു്. തെക്കൻ ദിക്കുകളിലെ സ്ത്രീകൾ ഈ വിദ്യ സാധാരണമായറിയുന്നവരാണ്.

സലിലരാശി-കടൽ.

സലീലം-അ. കളിയായിട്ടു്, പ്രയാസം കൂടാതെ.

സലോകതാ-സാലോക്യം.

സല്ലകി-ഇലന്തവൃക്ഷം. വേരോട്ടമുള്ളതു് എന്നർത്ഥം. (സില്ലകി, ശല്ലകീ ഇങ്ങനെയുമാവാം).

സല്ലാപം-സംഭാഷണം.

സല്ലാപിക്കുന്നു-നല്ല വർത്തമാനം പറയുന്നു.

സല്ലീന-വി. നല്ലതിൽ ചേർന്നിട്ടുള്ള. വ. നല്ലപോലെ ചേർന്ന.

സവൻ-പ്ര. സൂര്യൻ. വ. ചന്ദ്രൻ.

സവനം-പ്ര. കളി. വ. പുളികളി. ത. പ്രസവം. ര. യാഗം. ഭ. കപ്പൂരം. ന്ത. സോമവള്ളി ഇടിച്ചു പിഴിയുന്ന ക്രിയ. ൯. യജ്ഞാന്തസ്നാനം.

സവം-പ്ര. യാഗം. സോമലത ഇതിൽ സവനം ചെയ്യപ്പെടുന്നതിനാൽ ഈ പേർ വന്നു. വ. സന്തതി. ത. വെള്ളം. ര. പൂന്തേൻ.

സവയസ്സ്-വി. തുല്യ വയസ്സുള്ള.

സവയസ്സ് - ചങ്ങാതി. സമാനമായ വയസ്സോടുകൂടിയവൻ എന്നർത്ഥം.

സവരൻ-ശിവൻ.

സവരം-ജലം.

സവർണ്ണ-(വിഷ്ണുപുരാണപ്രകാരം) സമുദ്രത്തിന്റെ പുത്രി, പ്രചേതസ്സുകളുടെ മാതാവ്.

സരണ്യു ഓടിപ്പോയപ്പോൾ ഇവളെയാണു പകരം നിറുത്തിയതെന്നു കാണുന്നു.

സവർണ്ണ-വി. ഒരേ നിറത്തിലോ ജാതിയിലോ ഉള്ള.

സവർണ്ണനംചെയ്യു — ചൊരുന്തിക്കുക. അനുരൂപമാക്കുക. Assimilation.

**സവാരി**— സുഖത്തിനായിട്ടുള്ള ചെറിയ സഞ്ചാരം (നടപ്പ്). (പേർഷ്യൻഭാഷ).

**സവിതാവ്**-൧. ആദിത്യൻ, ഉറങ്ങിക്കിടക്കുന്നവരെ ഉണർത്തുന്നവൻ എന്നർത്ഥം. ൨. ശിവൻ. ൩. ഇന്ദ്രൻ. ൪. പ്രപഞ്ചസൃഷ്ടികർത്താവ്.

**സവിത്രി**-൧. അമ്മ. ൨. പശു.

**സവിധ**-വി. ൧. അടുത്തുള്ള. ൨. തുല്യജാതിയായുള്ള.

**സവിധം**-സമീപം.

**വിനയ**-വി. മര്യാദയുള്ള, വണക്കമുള്ള.

**സവിസ്തരം**-അ. വിസ്തരിച്ച്.

**സവിസ്മയ**-വി. അത്ഭുതത്തോടുകൂടിയ.

**സവേശ**-വി. ൧. അടുത്തുള്ള. ൨. അലങ്കരിച്ച.

**സവേശം**-സമീപം.

**സവ്യ**-വി. ൧. ഇടത്തെ, ഇടത്തുള്ള. ൨. തെക്കുള്ള. ൩. വിപരീതമായുള്ള. ൪. പിന്നാക്കമുള്ള.

**സവ്യൻ**-വിഷ്ണു.

**സവ്യം**-൧. ഇടത്തുഭാഗം, ഇടത്തേത്. ൨. വലത്തേത്.

**സവ്യസാചി**-അർജ്ജുനൻ.

**സവ്യാനം**-ഉത്തരീയം.

**സവ്യേഷ്ഠൻ, സവ്യേഷ്ഠാവ്**-തേർതെളിക്കുന്ന സൂതൻ. ഇടത്തുവശമിരിക്കുന്നവനെന്നർത്ഥം.

**സശല്യം** — സദ്യോവ്രണനിദാനത്തിൽ പെട്ട ഒരു രോഗം.

കരുവാളിച്ചിട്ടും നീരോടും പിടകകളോടും കൂടക്കൂടെ രക്തസ്രാവത്തോടും മൃദുവായി നീക്കമുള്ളപോലെ പൊങ്ങി മാംസത്തോടുകൂടിയിരിക്കുന്ന വ്രണം ശല്യത്തോടുകൂടിയ വ്രണമാകുന്നു.

**സശ്രദ്ധ**-വി. ശ്രദ്ധയുള്ള.

**സശ്രീക**-വി. ഐശ്വര്യമുള്ള.

**സസന്ദേഹം**-ഒരലങ്കാരം.

**സസനം**—യാഗത്തിന്നായി ചെയ്യുന്ന പശുഹിംസ. (ശമനത്തിന്റെ പാഠം).

**സസ്യകം**-വാൾ, ആയുധം.

**സസ്യമഞ്ജരി** - നെല്ലിന്റെ ഓക്. നെൽക്കതിര് എന്നും കാണുന്നു.

**സസ്യമാരി**-൧. എലി. ൨. ധാന്യനാശം.

**സസ്യം**-൧. വൃക്ഷലതാദികളുടെ കായ്. വൃക്ഷാദികളെ അധിവസിക്കുന്നതെന്നർത്ഥം.

ചക്ക, മത്തൻ, പഴക്കാ മുതലായവ. ൨. ധാന്യം. ൩. ചെടികൾ.

**സസ്യശൂകം**-നെല്ലിന്റെ ഓക്(വ്).

**സസ്യസംബരം**-മരുതുവൃക്ഷം. സസ്യങ്ങളാൽ വരിക്കപ്പെടുന്നതെന്നർത്ഥം.

**സഹ**-വി. സഹിക്കുന്ന, ക്ഷമയുള്ള.

**സഹ**-അ. കൂടെ.

**സഹം**-൧. പൌഷമാസം, ധനുമാസം. ൨. ബലം.

**സഹകാരം**—തേന്മാവ്. സ്ത്രീപുരുഷന്മാരെ കൂട്ടിച്ചേർക്കുന്നതെന്നർത്ഥം.

**സഹകാരി(രിണി)**-ഒത്താശ ചെയ്യുന്നവൻ (വൾ), കൂട്ടുകാരൻ (രി).

**സഹഗമനം**-൧. കൂടെ പോക. ൨. ഉടഞ്ചാവ്.

**സഹചര**-വി. കൂടെ സഞ്ചരിക്കുന്ന.

**സഹചരൻ**-കൂട്ടുകാരൻ.

**സഹചരം**-മഞ്ഞപ്പൂവുള്ള മുൾക്കുറിഞ്ഞി.

**സഹചരി**-൧. ഭാര്യ. ൨. തോഴി. ൩. ചെറുകുറിഞ്ഞി, മഞ്ഞപ്പൂവുള്ള മുൾക്കുറിഞ്ഞി. വണ്ടുകൾ പെൺവണ്ടുകളെ

ന്നിച്ചു് ഇതിൽ സഞ്ചരിക്കുന്നതിനാൽ ഈ പേരുണ്ടായി.

**സഹചാരി**-വി. കൂടെ നടക്കുന്ന.

**സഹജ**-വി. കൂടെ ജനിച്ച.

**സഹജഗുണചതുഷ്ടയം**— ദാതൃത്വം, പ്രിയവക്തൃത്വം, ധീരത്വം, ഉചിതജ്ഞത.

**സഹജൻ**-അനുജൻ.

**സഹജാ**-അനുജത്തി.

**സഹജാരി**-സ്വഭാവേനയുള്ള ശത്രു.

**സഹതാ(ത്വം)**-ഒരുമിപ്പ്.

**സഹദേവൻ** - പ്ര പാണ്ഡവന്മാരിൽ അഞ്ചാമൻ.

മാദ്രിയിലുണ്ടായ ഒരതിസുന്ദരനാണ്. വിജയ എന്നൊരു ഭാര്യകൂടിയുണ്ടായിരുന്നു. സുഹോത്രൻ അവളുടെ പുത്രനാണ്. സഹദേവനെ ജ്യോതിഷം വായിപ്പിച്ചതു ദ്രോണരാകുന്നു. അജ്ഞാതവാസത്തിൽ സഹദേവൻ്റെ പേർ-ജയദ്ബലൻ എന്നു കാണുന്നുണ്ട്. 'തന്തിപാലൻ' എന്ന പേരിനാണു പ്രസിദ്ധി.

ഉ. ജരാസന്ധൻ്റെ പുത്രൻ.

**സഹദേവി**-ഒരു പച്ചമരുന്ന്, പൂവാംകുറുന്തൽ.

**സഹധർമ്മം**-വിവാഹം.

**സഹധർമ്മിണി**-ഭാര്യ. ഉദകപൂർവ്വമാം മുതൽ ഭർത്താവൊന്നിച്ചു സകല ധർമ്മങ്ങളേയും ചരിക്കുന്നവൾ എന്നർത്ഥം. (സധർമ്മിണി എന്നുമാവാം).

**സഹന**-വി. ക്ഷമയുള്ള.

**സഹനത**-ക്ഷമ.

**സഹനം**-ക്ഷമ.

**സഹപാഠി**-കൂടെ പഠിക്കുന്ന ആൾ.

**സഹപാനം**-കൂടെക്കുടിക്കുക.

**സഹഭാവി**-കൂട്ടുകാരൻ.

**സഹഭോജനം**-കൂടെ ഭക്ഷിക്ക, ഒരുമിച്ചുള്ള ഭക്ഷണം.

**സഹയാനം**-കൂടെ പോക.

**സഹവാസം**-പ്ര. കൂടെ പാർക്കൽ. ഉ. സംസർഗ്ഗം.

**സഹസ്സ്**-പ്ര. പൌഷമാസം, ധനുമാസം. സഹിക്കുന്നതെന്നർത്ഥം. ഉ. ബലം, പരാക്രമം. ന. പ്രകാശം.

**സഹസാ**-അ. പ്ര. പെട്ടെന്ന്, വേഗം. ഉ. വിചാരിക്കപ്പെടാതെ. ന. ബലത്തോടെ. ർ. പുഞ്ചിരിയോടുകൂടി.

**സഹസാനം**-പ്ര മയിൽ. ഉ. ഒരു യാഗം.

**സഹസ്യം**-ധനുമാസം, പൌഷമാസം.

**സഹസ്രകവചൻ** - കർണ്ണനായുണ്ടായ ഒരസുരൻ.

**സഹസ്രകിരണൻ**-ആദിത്യൻ.

**സഹസ്രദംഷ്ട്രം(ഷ്ട്രീ)**- ആയിരം പല്ലുള്ള ഒരുവക മത്സ്യം. പുരാതനകാലത്തു് ആര്യന്മാർ ഹവ്യകവ്യങ്ങളിൽ ഇതിൻ്റെ മാംസം ഉപയോഗിച്ചിരുന്നു.

**സഹസ്രധാരം**-വിഷ്ണുവിൻ്റെ ചക്രം.

**സഹസ്രനയനൻ**-പ്ര. ഇന്ദ്രൻ. ഉ. ഊമൻ.

**സഹസ്രനാമം**-വിഷ്ണുവിൻ്റെയോ ശിവൻ്റെയോ ആയിരം നാമം.

**സഹസ്രനേത്രൻ**-പ്ര. ഇന്ദ്രൻ. ഉ. ഊമൻ. ന. വിഷ്ണു.

**സഹസ്രപാദൻ**-ഒരു മുനി.

ഡുണ്ഡുഭവേഷാദികൾ നടിച്ചു നടക്കുമ്പോൾ രുരു മഹർഷി കൊൽവാൻ തുടങ്ങി. രുരുമഹർഷി ഭാര്യയാക്കാൻ നിശ്ചയിച്ചിരുന്ന പ്രമദ്വരയെ മുഹൂർത്തദിവസം ഒരു സർപ്പം കടിച്ചു കൊല്ലുകയും തൻ്റെ അർദ്ധായുസ്സുകൊടുത്തു അവളെ ജീവിപ്പിക്കയും ചെയ്തതിൻ്റെശേഷം പ്രതിക്രിയക്കായി കണ്ഡലികളെ കൊൽവാൻ രുരു ആരംഭിച്ചു. ആ കൂട്ടത്തി

ലാണ് സഹസ്രപാദന് കിട്ടിയത്. സഹസ്രപാദൻ മുനിശാപം നിമിത്തം വേഷഷുന്നനാണെന്നും നിരപരാധിയാണെന്നും പറഞ്ഞു. സഹസ്രപാദന്റെ സഖിയായ ഖഗമൻ എന്ന മുനി ഹോമം ചെയ്തുകൊണ്ടിരിക്കുമ്പോൾ നേരംപോക്കിനായി സഹസ്രപാദൻ തൃണംകൊണ്ടുണ്ടാക്കിയ സർപ്പത്തെ എടുത്തിട്ടു. ഖഗമൻ വാസ്തവമറിയാതെ ഭയപ്പെട്ടു മൂർച്ഛിതനായി വീണു. പിന്നീടു എണീററ മൂഢനായ നീയും ഈ വേഷമായ് വരികെന്നു ശപിച്ചു. കളിയാണെന്നും ശാപമോക്ഷം വേണമെന്നും സഹസ്രപാദൻ അപേക്ഷിച്ചു. രുരുമുനി നിന്നെക്കണ്ടാൽ ശാപം തീരുമെന്നു ശാപമോക്ഷം നൽകി.

സഹസ്രപത്രം-മ. താമര. ര. വണ്ടാരംകോഴി.

സഹസ്രബാഹു-മ. കാർത്തവീര്യൻ. ര. ബാണാസുരൻ. ന. ശിവൻ. ൪. വിഷ്ണു.

സഹസ്രഭിത്ത്-കസ്തൂരി.

സഹസ്രഭുജാ-ദുർഗ്ഗ.

സഹസ്രഭുജൻ-വിഷ്ണു.

സഹസ്രഭോജനം-ആയിരംപേർക്കുകൊടുക്കുന്ന ഭക്ഷണം.

സഹസ്രം-മ. ആയിരം. ര. ഒരു വലിയതുക.

സഹസ്രമൌലി-വിഷ്ണു.

സഹസ്രരശ്മി-സൂര്യൻ.

സഹസ്രലോചനൻ-ഇന്ദ്രൻ.

സഹസ്രവദനൻ-വിഷ്ണു.

സഹസ്രവീര്യ-കറുക. വളരെ പ്രഭാവമുള്ളത് എന്നർത്ഥം.

സഹസ്രവേധി-മ. സഹസ്രവേധിക്കല്ല്. ര. പെരുങ്കായം. ന. പുളിയാരൽ. ൪. കസ്തൂരി.

സഹസ്രശിഖരം-വിന്ധ്യപർവ്വതം.

സഹസ്രശ്രവണൻ-വിഷ്ണു.

സഹസ്രഹയ്യശ്വം-ഇന്ദ്രന്റെ രഥം.

സഹസ്രാംശു-ആദിത്യൻ.

സഹസ്രാക്ഷൻ-മ. ഇന്ദ്രൻ.

(അഹല്യാജാരന്റെ കഥ സുപ്രസിദ്ധമാണല്ലോ).

ര. ഉമൻ. ന. ശിവൻ. ൪. വിഷ്ണു.

സഹസ്രാരം-ചക്രായുധം.

'സഹസ്രാരത്തെക്കണ്ടുഭയപ്പെട്ടു'

(സന്താനഗോപാലം പാന)

സഹസ്രാനനൻ-വിഷ്ണു.

സഹസ്രി-വി. ആയിരമുള്ള.

സഹസ്രി-മ. സേനയുടെ ചുററും നടന്നു സൈന്യങ്ങളുടെ അററകുററങ്ങൾ നോക്കിക്കണ്ടറിയുന്നവൻ. ര. ആയിരം പേരുള്ള ഒരു പട്ടാളം. ന. ആയിരം പേർക്ക യജമാനൻ. ൪. ആയിരം പല്ലുള്ള ഒരുവക മീൻ.

സഹസ്രേക്ഷണൻ-മ. ഇന്ദ്രൻ. ര. ഉമൻ.

സഹസ്വത്-വി. ബലമുള്ള.

സഹാ-മ. ഭൂമി. ര. മഞ്ഞക്കുറന്തോട്ടി. ന. അരത്ത. ൪. ചിററരത്ത. ൫. നാഗണം. ൬. കറിഞ്ഞി. ൭. ദേവതാളി. ൮. കാട്ടുപയറ്. ൯. വെളുത്ത പൂവുള്ള കറിഞ്ഞി.

സഹായത(ത്വം)-മ. സഹായങ്ങളുടെ സമൂഹം, സഹായക്കാരുടെ കൂട്ടം. ര. സഹായഭാവം, ഒരുമിപ്പ്, സ്നേഹം; ഇഷ്ടം. ന. തുണ.

സഹായൻ-മ. കൂട്ടുകാരൻ, സഹായി. കൂടെ ഗമിക്കുന്നവൻ എന്നർത്ഥം. മററ പര്യായങ്ങൾ- അനുപ്ലവൻ, അനുചരൻ, അഭിസരൻ. ര. ശിവൻ.

സഹായം-മ. തുണ. ര. ഉപകാരം. ന. ദയ. ൪. രക്ഷണം. ൫. വിലക്കറവ്.

**സഹായവൽ**-വി. സഹായമുള്ള.

**സഹായവാൻ**-സഹായിക്കുന്നവൻ, ഇഷ്ടൻ.

**സഹായി**-കൂട്ടുകാരൻ, തുണക്കാരൻ.

**സഹായിക്കുന്നു**-തുണയ്ക്കുന്നു.

**സഹാരം**-പു. മാവു്. ഉ. മാങ്ങ. ന. പ്രപഞ്ചനാശം.

**സഹാരി**-പു. സൂര്യൻ. ഉ. ഭൂമി.

**സഹിക്കുന്നു**-പു. ക്ഷമിക്കുന്നു. ഉ. അനുഭവിക്കുന്നു.

**സഹിത**-വി. കൂടിയ, കൂടെയുള്ള.

**സഹിത്രം**-ക്ഷമ.

**സഹിയാസ്സ്**-സഹിച്ചുകൂടായ്ക.

**സഹിഷ്ണു**-വി. ക്ഷമയുള്ള.

**സഹിഷ്ണുത**-ക്ഷമ.

**സഹുരി**-പു. ആദിത്യൻ. ഉ. കാള.

**സഹൃദയ**-വി. പു. ദയയുള്ള. ഉ. വിദ്യയുള്ള.

**സഹൃദയൻ**-വിദ്വാൻ, അഭിപ്രായം അറിയുന്നവൻ.

**സഹോക്തി**-ഒരലങ്കാരം.

'ഇതരങ്ങളുമായുള്ള സഹഭാവമുരയ്ക്കുകിൽ സഹോക്തിയാമലങ്കാരമാലങ്കാരികസമ്മതം'

എന്നു ലക്ഷണം. ഉ-ം,

'ചരമഗിരിശിരസി രവിയും പ്രവേശിച്ചിതു് ചാരലങ്കാപുരാഗ്രേ കപിവീരനും'

**സഹോഢജൻ**-വിവാഹകാലത്തുതന്നെ സ്ത്രീയുടെ ഗർഭത്തിലുണ്ടായിരുന്ന പുത്രൻ. (ദ്വാദശപുത്രന്മാർ എന്നതു നോക്കുക).

**സഹോഢൻ**-തൊണ്ടിയോടുകൂടി പിടിക്കപ്പെട്ട കള്ളൻ.

**സഹോദരൻ**-പു. ജ്യേഷ്ഠൻ. ഉ. അനുജൻ.

**സഹോദരി**-പു. ജ്യേഷ്ഠത്തി. ഉ. അനുജത്തി.

**സഹോര**-വി. വിശിഷ്ടമായ, നല്ലതായ.

**സഹോരൻ**-പു. സന്യാസി. ഉ. ഭക്തിയുള്ളവൻ, ശൂരൻ.

**സഹ്യ, സഹനീയ**-വി. പു. സഹിക്കപ്പെടുവാൻതക്ക. ഉ. സമമാക്കപ്പെടുവാൻതക്ക. ന. ചേരുവാൻതക്ക. ൪. കൂടപ്പെടുവാൻതക്ക. ൫. ശക്തിയുള്ള.

**സഹ്യം**-പു. ഒരു പർവതം (സഹ്യാചലം). ഉ. സഹിപ്പാൻ തക്കതു്. ന. സുഖം. ൪. സഹായം. ൫. യോഗ്യത.

**സഹ്യാത്മജാ**-കാവേരി നദി.

## സാ

**സാ**-പു. അവൾ. ഉ. ലക്ഷ്മി. ന. പാർവതി.

**സാകം**-അ. കൂടെ.

**സാകല്യം**-പു. മുഴുവൻ, സമ്പൂർണ്ണത. സകലമാവുക എന്നുള്ളതു്. ഉ. ആകത്തുക, മൊത്തം. ഉ-ം, ഉരപ്പിക സാകല്യമായിട്ടു നൽകി.

**സാകാംക്ഷം**-കാവ്യദോഷങ്ങളിൽ ഒന്നു്.

**സാകുലം**-അ. ആകുലഭാവത്തോടുകൂടി.

**സാകൂതം**-അ. പു. ഉദ്ദേശ്യത്തോടുകൂടി. ഉ. ശ്ലാഘത്തോടുകൂടി. ന. വിലാസത്തോടുകൂടി.

**സാകേതം**-ഒരു രാജ്യം, അയോദ്ധ്യ.

**സാക്ഷ**-താഴു്.

താഴ്ക്കഴ എന്നതു ലോപിച്ചുണ്ടായ 'സാക്ഷ' ആയതു്.

**സാക്ഷരം**-എങ്ങും പ്രത്യക്ഷമായി കാണുന്നതു്. (ഇതു വേദത്തിലെ ഉപനിഷത്തിലാണു്).

**സാക്ഷരന്മാർ**-പ്ര. വിദ്യാഭ്യാസം സിദ്ധിച്ചവർ. ദ്വി. അക്ഷരാഭ്യാസമാത്രം ചെയ്തിട്ടുള്ളവർ.

'സാക്ഷരന്മാർമരിക്കുമ്പോൾ
രാക്ഷസന്മാരായിത്തീരും
പക്ഷപാതമതുപിന്നെ
അക്ഷരവിദ്യയിൽവേണം'

(ത്രിപുരദഹനം തുള്ളൽ)

**സാക്ഷാൽ**-അ. പ്ര. സത്യമായി. ദ്വി. തെളിവായി. തൃ. തുല്യമായി.

അക്ഷത്തോടുകൂടിയതു് സാക്ഷം. അതിനെ അതിക്കുന്നതു എന്നർത്ഥം=പ്രത്യക്ഷത്തിൽ.

**സാക്ഷാൽ**-വി. പ്ര. എങ്ങുംകാണാവുന്ന. ദ്വി. സുപ്രസിദ്ധമായ.

**സാക്ഷാൽക്കരിക്കുന്നു**— പ്രത്യക്ഷമാകുന്നു.

**സാക്ഷാൽക്കാരം**-പ്രത്യക്ഷമാകുക.

**സാക്ഷി**-വി. പ്ര. കണ്ടോ കേട്ടോ അറിഞ്ഞിട്ടുള്ള, കൂടെയുണ്ടായിരുന്ന. ദ്വി. സമ്മതിച്ച അവകാശി.

**സാക്ഷി**-തെളിവിനുള്ള പ്രമാണം.

**സാക്ഷിക്കാണം**-ചില ആധാരമെഴുതുമ്പോൾ സാക്ഷിക്കാരനു കൊടുക്കുന്ന ഒരവകാശം.

**സാക്ഷിക്കാരൻ**-കണ്ടുനില്ക്കുന്നവൻ.

**സാക്ഷിക്കുന്നു**-സാക്ഷിയാവുന്നു, തെളിവുകൊടുക്കുന്നു.

**സാക്ഷിത്വം**-സാക്ഷിക്കാരന്റെസ്ഥിതി.

**സാക്ഷിപ്പട്ടിക**-സാക്ഷിക്കാരുടെ പേരുവിവരം.

**സാക്ഷിപ്പെടുക**-സാക്ഷിയാവുക, തെളിവായിരിക്കുക.

**സാക്ഷിപ്രത്യയം**-സാക്ഷിയുടെ തെളിവു കാണിച്ചു കോർട്ടിൽ ബോധിപ്പിക്കുന്ന പട്ടിക (ഹർജി).

**സാക്ഷിഭൂത**—വി. സാക്ഷിയായി ഭവിച്ച.

**സാക്ഷിഭോജനം**-രാജാക്കന്മാർ അമൃതേത്തു കഴിക്കുമ്പോൾ ചിലർക്കു (ഒന്നോ രണ്ടോ പേർക്കു) കൂടെ കൊടുക്കുന്ന ഭക്ഷണം. (ഇവരുടെ ഇരിപ്പു കാഴ്ച അകലെയായിരിക്കും).

**സാക്ഷിമരണം**-ദൈവത്തെ സാക്ഷിപ്പെടുത്തിയുള്ള മരണം.

**സാക്ഷിവിസ്താരം**-കോടതികളിൽ വെച്ചു സാക്ഷികളുടെ മൊഴി (ചോദ്യോത്തരമായി) വാങ്ങിക്കുക.

**സാക്ഷിസൂചി**-സാക്ഷിക്കാണം.

**സാക്ഷീഭവിക്ക**—സാക്ഷിയായി ത്തീരുക.

**സാക്ഷ്യം**-പ്ര. സാക്ഷിസ്ഥാനം. ദ്വി. തെളിയിക്കുന്ന ലക്ഷ്യം, തെളിവു്.

**സാങ്കര്യം**-സമ്മിശ്രത, കഴപ്പം.

**സാങ്കേതിക**-വി. പ്ര. അടയാളത്തോടുകൂടിയ. ദ്വി. കൈത്തൊഴിൽ സംബന്ധിച്ച.

**സാംക്രമിക**-വി. പകരുന്ന.

**സാംക്രമികരോഗം**-പകരുന്നദീനം.

**സാംഖ്യ**-വി. എണ്ണപ്പെട്ടവൻതക്കം.

**സാംഖ്യതത്വം**-ദേഹം, ദേഹി എന്നിതുകളുടെ സ്വഭാവങ്ങളെ വിഭജിച്ചു പ്രതിപാദിക്കുന്ന ശാസ്ത്രം.

**സാംഖ്യാകാരിക**-സാംഖ്യത്തെക്കുറിച്ചുള്ള ഈശ്വരകൃഷ്ണന്റെ ഒരു പുസ്തകം.

**സാംഖ്യം**-ഒരു ദർശനം, കപിലാചാര്യരുടെ ദർശനങ്ങളിൽ ഒന്നു്, ഒരുമതം, ഒരു യോഗശാസ്ത്രം.

ഇതിൻപ്രകാരം 'പ്രധാനൻ' എന്നും 'പുരുഷൻ' എന്നും രണ്ടു തത്വങ്ങളിലും പെടാതെ ലോകത്തിൽ ഒന്നും ഇല്ലെന്നും അതിൽ പുരുഷനായ ഈശ്വരൻ

സൃഷ്ടികർത്തൃത്വം ഇല്ലെന്നും പ്രതിപാദിക്കപ്പെട്ടിരിക്കുന്നു.

'കപിലന്റെ സാംഖ്യമതത്തിന്റെ ഉദ്ദേശ്യം ദൈഹികവും മാനസികവും സഹജവും, ആഗന്തുകവും ദിവ്യവും അല്ലെങ്കിൽ അമാനുഷവും ആയ മൂന്നു വക ദോഷങ്ങളിൽ നിന്നു മനുഷ്യരെ രക്ഷിക്കുകയാകുന്നു. ജന്തുക്കളെ കൊല്ലേണ്ടതിനാലും മററും നിർമ്മലമല്ലാത്തതായ വൈദികകർമ്മങ്ങളെക്കൊണ്ടു മോക്ഷം കിട്ടുകയില്ലെന്നും അതിനു ജ്ഞാനം ആവശ്യമാണെന്നും ആയിരുന്നു അദ്ദേഹത്തിന്റെ മതം'. ലോകത്തിൽ ഇതുവരെ ഉണ്ടായിട്ടുള്ള തത്വജ്ഞാനങ്ങളിൽ ഒന്നാമതായി ഉണ്ടാക്കപ്പെട്ടിട്ടുള്ളതു് കപിലാചാര്യരുടെ സാംഖ്യദർശനമാകുന്നു.

സാംഗ-വി. അംഗത്തോടുകൂടിയ.

സാംഗത്യം-യോജിപ്പ്.

സാംഗോപാംഗ-വി. അംഗങ്ങളും ഉപാംഗങ്ങളുമുള്ള.

സാംഗോപാംഗൻ—വേദസ്വരൂപൻ, വിഷ്ണു.

സാംഗ്രാമിക-വി. യുദ്ധസാമർത്ഥ്യമുള്ള.

സാംഗ്രാമികൻ-സേനാപതി.

സാഗരഗാമിനി-നാ. നദി. വ. ചിററലം

സാഗരം-നാ. സമുദ്രം. (സഗരൻ എന്നതു നോക്കുക). സഗരനെ സംബന്ധിച്ചതെന്നർത്ഥം.

'സഗരപ്രപാലകന്മാർ വലുതാക്കിന മമ്മെന്നും അതിനാലെ സാഗരമെന്നുള്ള വായിനാമധേയം'

(ലങ്കാമർദ്ദനം)

വ. ഒരുവക മാൻ.

സാഗരാംബരാ-ഭൂമി.

സാചി-അ. വളഞ്ഞു. (വിലങ്ങനെ എന്നർത്ഥം). വിലങ്ങത്തിൽ.

സാചിവ്യം-നാ. സഖ്യം. വ. ശുശ്രൂഷ.

'സപദിരഘുപതിയോടൊരു
ണങ്ങനസാചിവ്യവും'

(അദ്ധ്യാത്മരാമായണം)

സാചീകൃത-വി. നാ. വളച്ചുണ്ടാക്കപ്പെട്ട. വ. വളഞ്ഞിരിക്കുന്ന, വിലങ്ങനെ ഭേദിച്ച, പിണഞ്ഞ.

സാചീകൃതം-മനസ്സിന്റെ വിപരീതത, പക്ഷഭേദം, തിരിക്കപ്പെട്ടതു്. ഉ-ം, സാചീകൃതവദനം.

സാടോപം-അ. ഡംഭത്തോടുകൂടി, ഗൌരവഭാവത്തിൽ.

സാട്ട-മൊത്തത്തിനു വിലയ്ക്കു വാങ്ങുക.

സാൺ-പിഞ്ഞാൺ.

സാൽ-പദാവസാനത്തിൽ ചേർക്കുന്ന ഒരു തദ്ധിതപ്രത്യയം. മുൻ പദാർത്ഥമായിത്തീർന്ന എന്നർത്ഥം ഉണ്ടാകുന്നു. (ഭസ്മസാൽകൃതം-ഭസ്മമാക്കിത്തീർത്തതു്).

സാത്കാരം-കാള.

സാത-വി. നാ. കൊടുക്കപ്പെട്ട. വ. നശിക്കപ്പെട്ട.

സാതം-സന്തോഷം, സുഖം.

സാതത്യ-വി. മുടങ്ങാതെയുള്ള.

സാതല-ഒരു മരുന്നു്, ചർമ്മലന്ത. സുഖത്തെ ദാനംചെയ്യുന്നതെന്നർത്ഥം. ശാതലാ എന്നുമാവാം.

സാതി-നാ. അവസാനം. വ. ദാനം. ന. തീവ്രവേദന, ർ. നാശം.

സാതിസാര-വി. അതിസാരരോഗമുള്ള.

സാത്യകി-സത്യകന്റെ പുത്രൻ. യുയുധാനൻ എന്നാണു പേർ. കൃഷ്ണന്റെ സാരഥിയും ബന്ധുവും, പാണ്ഡവരുടെ സഹായി.

സത്യകൻ യദുകുലോല്പന്നനായ ശിനിയുടെ പുത്രനാകുന്നു. ദ്വാരകയിൽ വെച്ചു കൃതവർമ്മാവിനെ കൊന്നതുനിമിത്തം അയാളുടെ സ്നേഹിതന്മാർ വധിച്ചു. മറുപേരുകൾ—ശൈനകൻ, യുയുധാനൻ, ശൈനേയൻ.

**സാത്വതൻ**—൧. വിഷ്ണു. ൨. ബലരാമൻ.

**സാത്വതസംഘം**—സാത്വതന്മാരുടെ (യാദവന്മാരുടെ) സംഘം. [കം'

'സാത്വതസംഘത്തിന്റെയുംകൂടികോടി
(കുചേലവൃത്തം വഞ്ചിപ്പാട്ട്)

**സാത്വിക**—വി. ൧. താനെയുള്ള, നിശ്ചയമുള്ള, മനസ്സുകൊണ്ടു നിവൃത്തമായിരിക്കുന്ന. ൨. സത്വഗുണത്തെ സംബന്ധിച്ച.

**സാത്വികൻ**—൧. ബ്രഹ്മാവ്. ൨. നാട്യത്തിൽ പറയുന്ന ഒരു ഭാവഭേദം.

**സാത്വികം**—മൂന്നു ഗുണങ്ങളിൽ ഒന്ന്, സ്വർഗ്ഗലബ്ധിക്കായിച്ചെയ്യുന്ന തപസ്സ്.

**സാത്വികഭക്തി**—ജ്ഞാനികളായ ബ്രാഹ്മണർ കർമ്മക്ഷയത്തിന്നായി വിഷ്ണുവിങ്കൽ ആത്മാർപ്പണം ചെയ്യുന്നത്.

**സാദം**—൧. തളർച്ച. ൨. ശുദ്ധി. ൩. ആലസ്യം, നാശം.

**സാദരം**—ആദരവോടുകൂടെ.

**സാദസ്യം**—സദസ്യന്മാരുടെ (വിധിനോക്കുന്നവരുടെ) ഭാവം, സഭാനാഥത്വം.

**സാദി**—൧. കുതിരപ്പുറത്തു കയറിയവൻ, കുതിരക്കാരൻ. ൨. തേരാളി. ൩. ആനക്കാരൻ. ൪. യുദ്ധശാലി.

**സാദിസംഘം**—കുതിരപ്പടക്കാർ.

**സാദൃശി**—സാമ്യം.

**സാദൃശ്യ**—വി. തുല്യമായ.

**സാദൃശ്യം**—തുല്യം.

**സാധക**—വി. സാധിക്കുന്ന, ലഭിക്കുന്ന, നിവർത്തിക്കുന്ന. (സാധകം >< ബാധകം).

**സാധകബാധകങ്ങൾ**—അനുകൂലപ്രതികൂലങ്ങൾ.

**സാധകം**—ശീലം.

**സാധനചതുഷ്ടയം**—നിത്യാനിത്യവസ്തുവിവേകം, ഇഹലോകപരലോകസുഖങ്ങളിൽ വൈരാഗ്യം, ശമാദി ആറും, മോക്ഷത്തിലാഗ്രഹം ഇവ നാലും.

**സാധനദൂഷണം**—വസ്തുക്കളുടെ കുറവ്.

**സാധനം**—൧. കാര്യനിവൃത്തി. ൨. വസ്തു. ൩. ലിംഗം. ൪. സേന. ൫. കാരണം. ൬. ആയുധം. ൭. അനുചരണം. ൮. വധം. ൯. ശേഷക്രിയ. ൧൦. ഒരു മരുന്ന്. ൧൧. ദ്രവ്യം. ൧൨. സ്നേഹം. ൧൩. ചെറിയ ഉദ്യോഗസ്ഥന്മാർ വലിയ ഉദ്യോഗസ്ഥന്മാർക്ക് എഴുതുന്ന എഴുത്ത്. ൧൪. മാരണം, മൃതസംസ്കാരം, ഗമനം, ധനം, അർത്ഥാപനം, നിവർത്തനം, ഉപകരണം, അനുഗമനം ഇവ എട്ടും.

**സാധാരണ**—വി. സാമാന്യമായുള്ള.

**സാധാരണം**—അറുപതിൽ നാല്പത്തിനാലാം സംവത്സരം.

**സാധാരണധർമ്മങ്ങൾ**—സാമാന്യധർമ്മങ്ങൾ, നടപ്പുള്ള ആചാരങ്ങൾ.

'അഹിംസാസത്യമസ്തേയം
ശൌചമിന്ദ്രിയനിഗ്രഹഃ
ദാമഃക്ഷമാർജ്ജവം ദാനം
ധർമ്മം സാധാരണം വിദുഃ'

**സാധാരണധനം**-കൂട്ടുസ്വത്തു്.

**സാധാരണം**-പ്ര. നടപ്പുള്ള ചട്ടം. ൨. സമം, സദൃശം. ൩. അനേക വസ്തുക്കളോടു സംബന്ധമുള്ളതു്. ആധാരണയോടുകൂടിയതെന്നർത്ഥം. (സാധാരണയായി എന്നതിനെക്കാൾ 'സാധാരണമായി' എന്നതു നന്നു്. പതിവായി എന്നർത്ഥം).

**സാധാരണസ്ത്രീ**-വ്യഭിചാരിണി.

**സാധാരണി**-താക്കോൽ, ഒരുമാതിരി ഓടാമ്പൽ.

**സാധാരണ്യം**-പ്ര. സാധാരണ സ്ഥിതി. ൨. ഏവർക്കുമുള്ള അവകാശം. ൩. പൊതുക്കാര്യം.

**സാധിക്കുന്നു**-പ്ര. നിവൃത്തിക്കുന്നു, ലഭിക്കുന്നു. ൨. തീരുന്നു.

**സാധിത**-വി. പ്ര. സാധിക്കപ്പെട്ട, തൻകീഴടക്കപ്പെട്ട. ൨. നിവൃത്തിക്കപ്പെട്ട. ൩. കിട്ടിയ, ലഭിക്കപ്പെട്ട.

**സാധിപ്പു**-നിവൃത്തി.

**സാധിഷ്ഠ**-വി. പ്ര. ഏററവും നല്ല, യോഗ്യമായുള്ള. ൨. ഏററവും കടുപ്പമുള്ള, വളരെ ഉറപ്പുള്ള, ബലമുള്ള.

**സാധീയസ്സ്, സാധീയാൻ**- ഏററവും നല്ലവൻ, അതിദൃഢവാൻ.

**സാധു**-പ്ര. സജ്ജനം, നല്ല തറവാട്ടിൽ ജനിച്ചവൻ ധർമ്മത്തെ സാധിക്കുന്നവൻ എന്നർത്ഥം. ൨. മുനി, സന്യാസി. ൩. നല്ല വസ്തു, ഇണങ്ങിയതു്. ൪. മനോഹരം. ൫. മധുരരസം.

**സാധു**-വി. പ്ര. ബഹുമാനമുള്ള, ഉൽകൃഷ്ടവംശത്തിലുള്ള. ൨. ഭംഗിയുള്ള. ൩. നേരുള്ള. ൪. യോഗ്യമായുള്ള. ൫. ശ്രേഷ്ഠതയുള്ള. ൬. സുകൃതമുള്ള. ൭. നല്ല.

**സാധു**-അ. വേണ്ടതുപോലെ.

'സാധു' എന്ന ശബ്ദം മുമ്പു കുലീനത്വം, വിദ്വത്വം, സൌജന്യം മുതലായ ഗുണങ്ങളോടുകൂടിയ ഒരു പുരുഷനെക്കുറിച്ചുകൊണ്ടിരുന്നു. ഇപ്പോൾ ഇരപ്പാളിയും പച്ചവെള്ളം ചവച്ചുകുടിക്കുന്നവനുമായ വകയ്ക്കുകൊള്ളാത്തവൻ എന്നായി. സാധുവിന്റെ പര്യായപദം ഇപ്പോൾ 'പാവം'.

**സാധുത്വം**-സാധുസ്വഭാവം.

**സാധുപ്രകൃതി**-ശാന്തശീലം.

**സാധുബോധനം**—സാധുക്കളെ ബോധിക്കുക.

**സാധുവാഹി**-ഇണങ്ങിയ കുതിര.

**സാധുവൃക്ഷം**-കടമ്പു്.

**സാധുവൃത്തതാ**-പ്ര. സദാചാരം. ൨. മനോഹരമായ വൃത്താകാരം.

**സാധുവൃത്തി**- ഭാരതഖണ്ഡത്തിലെ ആചാരം.

**സാധുശീല**-വി. നല്ല ശീലമുള്ള.

**സാധൂകരിക്കുന്നു**-ശരിയാക്കുന്നു.

**സാദ്ധ്യ**-വി. പ്ര. സാധിക്കപ്പെടേണ്ടുന്ന. ൨. നിവൃത്തിക്കത്തക്ക.

**സാദ്ധ്യനാമം**-സാദ്ധ്യന്റെ പേർ.

**സാദ്ധ്യൻ**-ഉപദേവന്മാരിൽ ഒരു ജാതി, ഗണദേവതകൾ.

സാദ്ധ്യന്മാർ 12. രുദ്രന്മാർ 11. ആദിത്യാദി ഒമ്പതുവർഗ്ഗക്കാർ ഗണദേവതകളാകുന്നു. ഒന്നിച്ചു സഞ്ചരിക്കുന്ന ദേവന്മാർ എന്നർത്ഥം.

**സാദ്ധ്യം**-പ്ര. സാധിക്കപ്പെടേണ്ടുന്നതു്, കാര്യം. ൨. നിവൃത്തി. ൩. നിത്യയോഗങ്ങളിൽ ഒന്നു്. ൪. വെള്ളി.

**സാദ്ധ്യസിദ്ധി** - നിവൃത്തി, അവസാനം.

**സാദ്ധ്യസിദ്ധിപാദം** - ആവലാത വിസ്തരിച്ചുണ്ടാക്കിയ വിധി.

**സാധ്വസം**-ഭയം. സാധുക്കൾക്ക് ഉപദ്രവത്തെ ചെയ്യുന്നതെന്നർത്ഥം.

**സാധ്വീ**-൧. പതിവ്രത. ൨. സാധുശീല. ൩. നന്മയുള്ളവൾ. ൪. മേദ.

**സാനന്ദ**-വി. ആനന്ദമുള്ള.

**സാനന്ദം**-അ. ആനന്ദത്തോടെ.

**സാനസി**-പൊൻ.

**സാനു**—൧. താഴ്‌വര, താഴ്‌വാരം. സസ്യാദികളെ കൊടുക്കുന്നതെന്നർത്ഥം. ൨. പർവ്വതശിഖരം. ൩. പർവ്വതത്തിന്റെ മുകളിലെ പരന്ന പ്രദേശം. ൪. കൊടുങ്കാറ്റ്. ൫. വിദ്വാൻ. ൬. സൂര്യൻ. ൭. മുള, പൊടിപ്പ്. ൮. കാട്. ൯. റോഡ് (വഴി).

**സാനുജ**-വി. അനുജനോടോ അനുജത്തിയോടോ കൂടിയ.

**സാനുമതി**-ഒരപ്സരസ്ത്രീ.

**സാനുമാൻ**-പർവ്വതം.

**സാന്തപനം**-പാപം കളയുന്നതിനുള്ള ഒരു കൃച്ഛ്റവ്രതം. വളരെ പ്രയാസമുള്ളതെന്നർത്ഥം.

'ഗോമൂത്രം ഗോമയം ക്ഷീരം
ദധി സർപ്പിഃ കുശോദകം.
ഏകരാത്രോപവാസശ്ച
കൃച്ഛ്റം സാന്തപനം സ്മൃതം'

**സാന്ത്വനം**-സമാധാനം, നല്ല വാക്കുകൊണ്ടുള്ള യോജിപ്പ്, സാമം.

**സാന്ത്വനസരണി**—സമാധാനപ്പെടുത്തുന്ന സമ്പ്രദായം

**സാന്ത്വം**-൧. നല്ലവാക്ക്, സാമവാക്ക്. ൨. തമ്മിൽ യോജിപ്പ്. ൩. സാമർത്ഥ്യം.

**സാന്ദീപനി**-ഒരു മുനി.

ശ്രീകൃഷ്ണന്റെയും ബലഭദ്രന്റേയും കുചേലന്റേയും ഗുരു. സാന്ദീപനിയുടെ പുത്രനെ പഞ്ചജനൻ എന്ന അസുരൻ മോഷ്ടിച്ചുകൊണ്ടുപോയി. അതിനാൽ കൃഷ്ണൻ അയാളെ വധിച്ചു. പുത്രനെ സംരക്ഷിച്ചു ദക്ഷിണയായി മുനിക്കു നൽകി.

**സാന്ദൃഷ്ടികം**-തൽക്കാലത്തെ ഫലം.

**സാന്ദ്ര**-വി. ൧. കട്ടിയുള്ള. ൨. തിങ്ങിയ. ൩. പരിപൂർണ്ണതയുള്ള. ൪. മൃദുത്വമുള്ള. ൫. കൊഴുത്ത, തടിച്ച.

**സാന്ദ്രം**-അ. കൊഴുക്കെ, നിബിഡമായി, തിങ്ങിയതായി.

**സാന്ദ്രം**-ഇടതൂർന്നത്. കൂടെ ബന്ധിക്കപ്പെടുന്നത് എന്നർത്ഥം.

**സാന്ദ്രസ്നിഗ്ദ്ധ**-കനത്തും മിനുത്തും ഇരിക്കുന്ന, ഇടതിങ്ങിമിനുങ്ങിയുള്ള, കൊഴുത്ത.

**സാന്ധ്യം**—സന്ധ്യാകർമ്മം, സന്ധ്യോചിത കർമ്മം.

**സാന്നാഹനിക** - വി. പടവിളിക്കുന്ന, ആർക്കുന്ന.

**സാന്നാഹനികൻ** - ആയുധം ധരിച്ചു പുറപ്പെടുന്നവൻ.

**സാന്നായ്യം**—പാലും തൈരുമായിച്ചേർത്ത ഹവിസ്സ്. ഹോമത്തിന്നായിക്കൊണ്ട് അഗ്നിയിലേക്കു വഴിപോലെ നയിക്കപ്പെടുന്നതെന്നർത്ഥം. ഹവിസ്സിന്റെ പേർ എന്നു ചിലർ.

**സാന്നിദ്ധ്യം**—സാമീപ്യം (സമീപത), സന്നിധിയിൽ (മുമ്പിൽ) ഇരിക്കുന്ന അവസ്ഥ.

**സാന്നിപാതിക**-വി. ൧. ത്രിദോഷങ്ങൾ അതായത് വാതപിത്തകഫങ്ങൾ ഒന്നിച്ചു കോപിക്കനിമിത്തമുണ്ടായ. ൨. പലതും ഒന്നിച്ചു കൂടിയുണ്ടായ.

**സാപത്നൻ**-ശത്രു.

**സാപത്ന്യം**-തന്നെപ്പോലെ അനേകം ഭാര്യമാരുള്ള അവസ്ഥ, സപത്നിയുടെ

ഭാവം. സപത്നി എന്നാൽ അനേകം ഭാൎയ്യമാരിൽ ഒരുത്തി.

'സാപത്ന്യാത്മഭവദുഃഖ
മൈത്ര്യം കഷ്ടം കഷ്ടം'
(അദ്ധ്യാത്മരാമായണം)

[സപത്നന്മാരുടെ (ശത്രുക്കളുടെ) ഭാവം].

സാപ്തപദീനം-ചങ്ങാതിത്വം, സഖ്യം, സ്നേഹം. (വിവാഹക്രിയയിൽ വധൂവരന്മാർ കൈപിടിച്ചുകൊണ്ട് ഏഴടി നടക്കണമെന്നു വിധിയുണ്ട്. 'സപ്തപദി' എന്ന ഈ അനുഷ്ഠാനത്തിൽ നിന്നത്രേ ഈ ശബ്ദത്തിന്റെ ആഗമം)

സാപ്പാട്, ശാപ്പാട്-ഭക്ഷണം.

സാഫല്യം-ഫലിക്കുക.

സാഫ്-വൃത്തിയുള്ള, ശുചിയായ. (അറബിഭാഷ).

സാമഗ്രി-൧. സാമാനങ്ങളുടെ കൂട്ടം. ൨. വസ്തുവകകൾ.

സാമഗ്ര്യം-൧. തികവ്, പൂൎണ്ണമായത്. ൨. പരിവാരം.

സാമജ — വി. സാമവേദത്തിൽനിന്നു ജനിച്ച.

സാമജം-ആന.

സാമഞ്ജസ്യം-യുക്തിയുക്തത്വം.

സാമത്വം-ഒരു രോഗം.

ആമത്തോടുകൂടിയ കണ്ണു വലുതായ വേദനയോടും ചെമപ്പോടും നീരോടും, കരുകരുപ്പോടും കത്തിനോവോടും, ശൂലത്തോടും, കണ്ണുനീരോടും കൂടിയിരിക്കും.

സാമന്ത-വി. അതിരുള്ള.

സാമന്തൻ-൧. ഇടപ്രഭു. ൨. അയൽക്കാരനായ രാജാവ്. ൩. അയൽക്കാരൻ. (സാമന്തൻ><സമ്രാട്ട്.)

സാമം-൧. മൂന്നാമത്തെ വേദം. പാപത്തെ നശിപ്പിക്കുന്നതെന്നൎത്ഥം. ൨. ഒന്നാമത്തെ ഉപായം. ൩. നല്ലവാക്കു പറയുക. ൪. സാവധാനം.

സാമയിക-വി. സമയത്തിനു ചേൎന്ന.

സാമയോനി-൧. ആന. ൨. ബ്രഹ്മാവ്.

സാമൎത്ഥ്യം-൧. മിടുക്ക്. ൨. കാവ്യഗുണങ്ങളിൽ ഒന്ന്.

സാമവായികൻ-പ്രധാനമന്ത്രി.

സാമവേദജ്ഞ-വി. സാമവേദംപഠിച്ച.

സാമവേദവിൽ(ത്)-വി. സാമവേദം പഠിച്ച.

സാമവേദി-വി. സാമവേദമുള്ള.

സാമശേഷം-സാമം ഒഴിച്ചുള്ള ഉപായങ്ങൾ.

സാമാജികൻ - സഭയിൽ വസിക്കുന്ന സദസ്യൻ. സമാജത്തിലെയ്ക്കു വേണ്ട വിധം വന്നു ചേരുന്നവൻ എന്നൎത്ഥം. (യാഗശാലയിലെ വിധികൎത്താക്കന്മാരായ സദസ്യൎക്കു സാമാജികന്മാർ എന്നു പറയുന്നു).

സാമാനം, സാമാൻ-വസ്തു.

സാമാന്യ-വി. സാധാരണമായുള്ള, നടപ്പായുള്ള.

സാമാന്യപരിവൃത്തം-കാവ്യദോഷങ്ങളിൽ ഒന്ന്.

സാമാന്യം-൧. ജാതി, ഘടത്വാദി ജാതിയുടെ പേർ. സമാനങ്ങളുടെ ഭാവം എന്നൎത്ഥം. ൨. മാതിരി, തരം. ൩. നടപ്പായുള്ളത്, സാധാരണം. ൪. ഒരലങ്കാരം. ൫. അനേക വസ്തുക്കളോടു സംബന്ധമുള്ളതിന്റെ പേർ. സമാനത്തിന്റെ ഭാവം എന്നൎത്ഥം.

സാമാന്യശാസനം - പൊതുവിലുള്ള കല്പന.

സാമാന്യാ-വ്യഭിചാരിണി.

സാമാന്യേന-അ. പൊതുവായി, നട പ്പായി.

സാമി-അ. പാതി എന്ന അൎത്ഥത്തിലും നിന്ദയിലും വരും.

സാമിധേനി- ഇഷ്ടിയിൽ (യാഗാഗ്നിയിൽ) ചമതയിടുമ്പോൾ ചൊല്ലുന്ന (ഋക്) ഒരു മന്ത്രം. അഗ്നിയെ പ്രജ്വലിപ്പിപ്പാനുള്ള 'ഉൽബുധ്യസ്വാഗ്നേ' ഇത്യാദിയായ ഋക്കിൻെറ (മന്ത്രത്തിൻെറ) പേർ. ചമത ഹോമിപ്പാനുള്ളതു് എന്നൎത്ഥം.

സാമീപ്യൻ-അയൽക്കാരൻ.

സാമീപ്യം-സമീപത.

സാമുഖ്യം-സാന്നിദ്ധ്യം.

സാമുദ്ര-വി. സമുദ്രത്തിൽ നിന്നുമുണ്ടായ.

സാമുദ്രകം-കടലുപ്പ്.

സാമുദ്രൻ-കപ്പലോടി, കപ്പൽയാത്രക്കാരൻ.

സാമുദ്രം-പ്ര. മറുക്. ൨. കടൽ ഉപ്പ്. ൩. കടൽനാക്ക്.

സാമുദ്രിക-വി. പ്ര. മറുകോടു സംബന്ധിച്ച. ൨. കടലിനെ സംബന്ധിച്ച.

സാമുദ്രികൻ-ലക്ഷണം പറയുന്നവൻ.

സാമുദ്രികം-പ്ര. ദേഹത്തിലുള്ള മറുക്, വര മുതലായവ നോക്കി ലക്ഷണം പറയുക. ൨. ഒരു ഗ്രന്ഥം.

സാമുദ്രികാ-കടൽത്തോണി.

സാമുദ്രികാലക്ഷണം— ഒരു ശാസ്ത്രഗ്രന്ഥം.

സാമോദ-വി. സന്തോഷമുള്ള.

സാമോദം-അ. സന്തോഷത്തോടുകൂടെ.

സാമോപായം- നാലുപായങ്ങളിൽ ഒന്ന് (സ്നേഹത്തെ ഉപായം).

സാംദൃഷ്ടികം-തൽക്കാലഫലം.

സാമ്പരായ-വി. പ്ര. യുദ്ധസംബന്ധമായ. ൨. ഭാവിയെ സംബന്ധിച്ച.

സാമ്പരായം-പ്ര. ആപത്തു്. ൨. യുദ്ധം. ൩. ഉത്തരകാലം, ഭവിഷ്യൽകാലം. 'സംപരായം' എന്നും കാണുന്നു. ൪. നിശ്ചയമില്ലായ്ക.

സാമ്പരായിക-വി. പ്ര. പാരത്രികമായ. ൨. ആപത്തായ. ൩. യുദ്ധസംബന്ധമായ.

സാമ്പരായികം-പ്ര. യുദ്ധം, വഴിപോലെ പരാഭവിച്ചു പുറപ്പെടുന്നതെന്നൎത്ഥം. ൨. യുദ്ധരഥം.

സാമ്പ്രതം-അ. പ്ര. ഉചിതം എന്ന അൎത്ഥത്തിൽ പ്രയോഗം. ൨. ഇപ്പോൾ, ഈ കാലത്തിൽ. (ഏകാൎത്ഥമാണ്).

സാമ്പ്രതിക-വി. പ്ര. ഇപ്പോഴുള്ള. ൨. യോഗ്യമായ, ഉചിതമായ.

സാമ്പ്രദായിക-വി. പരമ്പരാസമ്പ്രദായാനുസരണമായ.

സാമ്പ്രാണി-സുഗന്ധമുള്ള ഒരു പശ Benzoin, esp. മലാക്ക സാമ്പ്രാണി, പറങ്കിസാമ്പ്രാണി മുതലായതു്.

സാമ്പ്രാണിത്തൈലം—സാമ്പ്രാണിയിൽ നിന്നെടുക്കുന്ന എണ്ണ.

സാമ്പ്രാണിധൂപം-സാമ്പ്രാണിപ്പുക.

സാംബൻ-ശിവൻ.

സാംബൻ-ശ്രീകൃഷ്ണനു ജാംബവതിയിലുണ്ടായ പുത്രൻ.

'ഉഗ്രമൈപാതെ വസിഷ്ഠകാശ്യപാ-
ദ്യഖിലതാപസരൊത്തുമിളകതാ
ഭഗവാനെക്കാണ്മാനെഴുന്നള്ളുമ്പോൾ
ഭഗവാൻപുത്രന്മാർ പലരുമൊന്നിച്ചു
മുനികളെക്കണ്ടു പരിഹസിച്ചിതു
ഇനിയിവരോടൊന്നു കളിച്ചിടുവനിപ്പോൾ

ഝടിതി സാംബനെ ചമയിച്ചീടിനാ-
രുടലും ഗർഭിണിയുടെ വേഷമാക്കി
മുനിവരന്മാർതൻ തിരുമുമ്പിൽ വെച്ചു
വിനയം ഭാവിച്ചു തൊഴുതു ചോദിച്ചാർ
'ഇവളൊരു പെറുന്നതു പുത്രനോ പെണ്ണോ
ദിവസമേതെന്നുമരുളിച്ചെയ്യേണം'
അതു കേട്ടന്യോന്യമവരും നോക്കിക്ക-
ണ്ടതിനൊരുത്തരമരുൾചെയ്തീടിനാർ.
'അട്ടത്തിരിക്കുന്നിതിവൾക്കു പെറുമ്പോൾ
കടുപ്പമേറുന്നോരിരിമ്പുലക്കയി-
ന്നതിനാലെ കുലം മുടിയും നിങ്ങൾക്കെ-
ന്നതിനു കില്ലില്ലെ'ന്നരുളിച്ചെയ്തോർ
മുരരിപുമതമറിഞ്ഞു മാമുനി-
വരന്മാരും വിരഞ്ഞെഴുന്നള്ളീടിനാർ
സകലലോകനായകനെയും കണ്ടു
ഭഗവൽഭക്തന്മാർ മറഞ്ഞിതക്കാലം
ചിരിച്ചു ഘോഷിച്ചു നടന്നു ബാലന്മാർ
വിറച്ചു സാംബനും പ്രസവിച്ചീടിനാൻ'.

ഇരിമ്പുലക്ക കണ്ടു വളരെ പേടിച്ചു ബാലന്മാർ വിവരം ഭഗവാനോടറിയിച്ചു. പിന്നീടു ഉഗ്രസേനന്റെ വരുതിപ്രകാരം ഇരിമ്പുലക്കയെ അരംകൊണ്ടു രാകി കടലിൽ കലക്കി. അപ്പോൾ ഒരു കഷണം ശേഷിച്ചു. അതിനെ സമുദ്രത്തിലെറിഞ്ഞു. അതൊരു മത്സ്യം എടുത്തു വിഴുങ്ങി. അതു ഒരു മുക്കുവനു വലയിൽ കിട്ടി. ആ മുക്കുവൻ ഇരിമ്പുഖണ്ഡം എടുത്തു ഒരു കാട്ടാളനു കൊടുത്തു. അയാൾ അതുകൊണ്ടു ഒരു ശരം തീർത്തു. ഇരിമ്പുലക്കപ്പൊടി എല്ലാം ഏരകതൃണങ്ങളായി കരയിലുണ്ടായി. ജരസൻ (കാട്ടാളൻ) കൃഷ്ണന്റെ പാദത്തിൽ ഈ ശരംകൊണ്ടുതന്നെ എയ്കയാൽ അദ്ദേഹം ദേഹം വിട്ടു. ഏരകപ്പുല്ലുകൾകൊണ്ടു യദുനാശവും വന്നു. സാംബൻ ലിംഗപുരാണപ്രകാരം രുക്മിണിയുടെ പുത്രനെന്നു കാണുന്നുണ്ടു. പാഞ്ചാലീസ്വയംവരത്തിൽ കൗരവർ സാംബനെ തടവിലാക്കി. ഇതിനു കാരണം അയാൾ ദ്രൗപദിയെ എടുത്തുകൊണ്ടുപോയ്ക്കളഞ്ഞതാണ്. ബലരാമനാണു തടവിൽനിന്നും വിടുവിച്ചതു്. അന്നുമുതലാണു സാംബൻ ആഭാസനായതു്. ഇയാൾക്കു നാരദന്റെ ശാപം നിമിത്തം കുഷ്ഠരോഗം പിടിപെട്ടു സൂര്യനെ തപസ്സുചെയ്തു സ്വാസ്ഥ്യത്തെ പ്രാപിച്ചു. സാംബൻ ശ്രീകൃഷ്ണന്റെ പതിനാറായിരത്തെട്ടു ഭാര്യമാരെയും കാമിച്ചതായിരുന്നു ശാപഹേതു.

**സാംബശിവൻ**—അർദ്ധനാരീശ്വരൻ.

**സാമ്യം**—ന. തുല്യം, സമത്വം. ൨. അലങ്കാരത്തിന്റെ ബീജം.

**സാമ്യോക്തി**—ഒരലങ്കാരം.

**സാമ്രാജ്യം**—ന. വലിയ രാജ്യാധികാരം, രാജൈശ്വര്യം. ൨. ആധിപത്യം.

**സാംയാത്രികൻ**—കടൽ (കപ്പൽ) കച്ചവടക്കാരൻ. [അധികം പേർ ഒന്നിച്ചു യാത്രചെയ്യുക (ദ്വീപാന്തരത്തിലേയ്ക്കു യാത്രചെയ്ക). ഇതാണു സംയാത്ര]. അതു പ്രയോജനമായിട്ടുള്ളവൻ സാംയാത്രികൻ

**സാംയുഗീനൻ**—യുദ്ധകുശലൻ. സംയുഗത്തിൽ സാധു എന്നർത്ഥം.

**സാംവത്സരൻ**—ജ്യോത്സ്യൻ. സംവത്സരത്തെ അറിയുന്നവൻ എന്നർത്ഥം.

**സാംശയികൻ**—സംശയിക്കുന്നവൻ.

**സാംശയികം**—സംശയത്തിനു വിഷയീഭൂതമായ പദാർത്ഥം.

**സായകം**—ന. അമ്പു്. ൨. വാൾ. ശത്രുക്കളുടെ അന്തത്തെ ചെയ്യുന്നതെന്നർത്ഥം

**സായങ്കാലം**—അസ്തമനസന്ധ്യ.

സായണൻ - മഹാപണ്ഡിതനായ ഒരു ബ്രാഹ്മണൻ.

A. D. 1370-ൽ ജീവിച്ചിരുന്നു.

സായണം-മോരു്.

സായനാചാൎയ്യൻ - ഋഗ്വേദത്തിന്റെ ഖ്യാതിപ്പെട്ട ഒരു വ്യാഖ്യാനക്കാരൻ.

14-ാം നൂററാണ്ടിൽ വിജയനഗരത്തിൽ ജീവിച്ചിരുന്നു.

സായന്തന-വി. അസ്തമനസന്ധ്യ, അസ്തമനസന്ധ്യയെ സംബന്ധിച്ച.

സായദേവതാ-സരസ്വതി.

സായം-൧. അസ്തമന(സന്ധ്യ) കാലം.

'ഒരുസ്വരം വാണീടുകിലവിടെനീ
സായമുള്ളൂരിൽനിന്നെൻ'
(മയൂരസന്ദേശം)

൨. അവസാനം. ൩. അമ്പു്.

സായാഹ്നം-൧ വേർപെടാത്ത ചേൎച്ച. ദൈവത്തോടു ചേൎന്നൊന്നാവുക. (നാലു മുക്തികളിൽ ഒന്നു്). ൨. തുല്യത. ൩. സായങ്കാലം.

സായി-കുതിരക്കാരൻ.

സായിത്തു-സാക്ഷി (അറബിഭാഷ). ശഹീത്തു.

സായുജ്യം-൧. സാദൃശ്യം. ൨. മുക്തി.

സായൂജ്യം - മായാബദ്ധനായ ജീവാത്മാവു് ജ്ഞാനാഗ്നികൊണ്ടു് അവിദ്യാനാശം സിദ്ധിക്കുമ്പോൾ ബ്രഹ്മത്തോടു ചേൎന്നു ലയിക്കുന്നതുതന്നെ സായൂജ്യമുക്തി.

സായ്പ്-൧. ഇംഗ്ലണ്ടു മുതലായ ചില ദിക്കുകളിലെ മാനമുള്ളവൎക്കു പറയുന്ന പേർ, ധീര. ൨. പ്രഭു. (സാഹേബവർ എന്നും കാണുന്നു). ൩. പട്ടാണികളുടെ ഒരു സ്ഥാനപ്പേർ. (അറബിഭാഷ)

സാര-വി. ശ്രേഷ്ഠതയുള്ള, വിശേഷമായ. (നാമം-സാരത).

സാരംഗ-വി. പലനിറമുള്ള.

സാരംഗം-൧. മാൻ. ൨. പക്ഷി. ൩. ആന. ൪. ഭ്രമരം. ൫. പുള്ളിമാൻ. ൬. കുതിര. ൭. ശംഖു്. ൮. സിംഹം. ൯. കുട. ൧൦. പലനിറം, പലനിറമുള്ള വസ്തു. ൧൧. വസ്ത്രം. ൧൨. മേഘം. ൧൩. മയിൽ. ൧൪. ചന്ദനം. ൧൫. താമര. ൧൬. ചുണ്ടും കാലും ചെമന്ന അന്നം. ൧൭. വേഴാമ്പൽ. ൧൮. രത്നം. ൧൯. പൊന്നു്. ൨൦ കൎപ്പൂരം. ൨൧. ഒരുപൂവു്: ൨൨. കുയിൽ.

സാരഗന്ധം-ചന്ദനം.

സാരംഗാക്ഷി-മാൻകണ്ണി, സുന്ദരി.

സാരംഗി-ഒരുവക വീണ.

സാരഗ്ഗളം-ചാണപ്പുളി.

സാരഗ്രീവൻ-ശിവൻ.

സാരഘാ-തേൻ.

സാരജ്ഞ-വി. സാരത്തെ അറിഞ്ഞ.

സാരജം-വെണ്ണ.

സാരണൻ-൧. രാവണന്റെ ഒരു ദൂതൻ ൨. ഒരു യാദവൻ, സുഭദ്രയുടെ കൂടെപ്പിറന്നവൻ.

സാരണം-അതിസാരം എന്ന ദീനം.

സാരണി-൧. ചെറിയ പുഴ, തോടു്. ൨. ഒരു പച്ചമരുന്നു്.

സാരണ്ഡം-സൎപ്പത്തിന്റെ മുട്ട.

സാരതരു-വാഴ.

സാരഥി-തേരാളി, തേർ നടത്തുന്നവൻ. അശ്വങ്ങളെ ഗമിപ്പിക്കുന്നവൻ എന്നൎത്ഥം.

സാരഥ്യം-തേർ തെളിപ്പു്.

സാരദാ-൧. സരസ്വതി. ൨. ദുൎഗ്ഗ.

**സാരദ്രുമം**-ഖദിരവൃക്ഷം, കരിങ്ങാലി.

**സാരഭാണ്ഡം**-കച്ചവടസ്സാമാനം.

**സാരം**-൧. കാതൽ. ൨. ശ്രേഷ്ഠം. ൩. സത്യം. ൪. ബലം. ൫. കർപ്പൂസാരം, ൬. യുക്തം. ൭. കൊഴുപ്പ്. ൮. വിശേഷം. ൯. ഉറപ്പ്. ൧൦. തൈരിന്റെ പാട. ൧൧. ശ്രേഷ്ഠം. ൧൨. ഒരലങ്കാരം. ൧൩. പഥ്യം. ൧൪. സമ്പത്ത്. ൧൫. വെള്ളം. ൧൬. ധൈര്യം. ൧൭. പനച്ചി. ൧൮. ചന്ദനം. ൧൯. ഇരിമ്പ്. ൨൦. വെണ്ണ. ൨൧. കുങ്കുമം. ൨൨. വജ്രക്ഷാരം.

**സാരമേയൻ**-സരമയുടെ മകൻ.

ജനമേജയനൃപതി തന്റെ മൂന്നു സോദരന്മാരുമായി കുരുക്ഷേത്രത്തിൽചെന്നു മുനിമാരൊന്നിച്ചു ഒരു യാഗം തുടങ്ങി. അപ്പോൾ സാരമേയൻ അവിടെചെന്നു. അവനെ അടിച്ചു. സരമ ജനമേജയനെ ശപിച്ചു. ശാപവചസ്സ് 'ഏതുമേ പിഴയാതെ ബാലനെ ഹനിക്കയാൽ ഹേതുകൂടാതൊരാപത്തുണ്ടാക നിനയാതെ'.

(സാരമേയർ സരമയുടെ പുത്രന്മാരായ യമന്റെ നായ്ക്കളാകുന്നു).

**സാരമേയം**-പട്ടി. സരമയിൽനിന്നു ജനിച്ചതു്. (സരമ=പെൺപട്ടി).

**സാരരഹിത**-സാരമില്ലാത്ത.

**സാരലോഹം**-ഉരുക്ക്.

**സാരവ**-വി. സരയൂ (യൂ) നദിയിലുണ്ടായ.

**സാരവതി**-ഒരു വൃത്തത്തിന്റെ പേർ.

**സാരവം**-സരയൂനദിയിൽ ഭവിച്ചതു്.

**സാരവാൻ**-സമർത്ഥൻ.

**സാരസം**-൧. താമരപ്പൂവ്. ൨. ആമ്പൽ. ൩. വണ്ടാരംകോഴി. ൪. ഉടഞ്ഞാൺ.

**സാരസനം**-ഉടഞ്ഞാൺ, അരച്ചട്ട, യുദ്ധസമയത്തിൽ കുപ്പായത്തിന്റെ മീതെ കെട്ടുന്നത്.

**സാരസർവസ്വം**-സത്തിന്റെ മുഴപ്പ്.

**സാരസാസനൻ**-ബ്രഹ്മാവ്.

**സാരസി**-൧. ഒരുമാതിരി വസ്ത്രം. ൨. സാരസ്യം.

**സാരസ്വതി**-നദി.

**സാരസ്യം**-സരസന്റെ അവസ്ഥ.

**സാരസ്വത**-വി. ൧. സരസ്വതിയെ സംബന്ധിച്ച. ൨. വാക്സാമർത്ഥ്യമുള്ള. ൩. സരസ്വതദേശത്തെ സംബന്ധിച്ച.

**സാരസ്വതതീർത്ഥങ്ങൾ** - (ഏഴുസരസ്വതികൾ കൂടിച്ചേർന്നത്) സുപ്രഭം, കാഞ്ചനാക്ഷി, വിശാല, മാനസഹ്രദം, സരസ്വത്യോഘ, സുവർണ്ണം, വിമലോദകം.

**സാരസ്വതൻ**-സരസ്വതീനദിയുടെ പുത്രനായ ഒരു ഋഷി.

ഒരു ക്ഷാമകാലത്തു ഭക്ഷണം ലഭിക്കായ്കനിമിത്തം അതിനലഞ്ഞുനടന്നു ബ്രാഹ്മണർ വേദമെല്ലാം മറന്നു. സാരസ്വതൻ മാത്രം വേദാദ്ധ്യയനം നടത്തി. അമ്മ ഉപജീവനത്തിനു മത്സ്യം കൊണ്ടു കൊടുത്തു വന്നതുകൊണ്ടു ഇതു സാധിച്ചതാണ്. ക്ഷാമം കഴിഞ്ഞതിൽ പിന്നെ 600,000 ബ്രാഹ്മണരെ വേദം അഭ്യസിപ്പിച്ചു.

**സാരസ്വതം**-ഡെൽഹിയുടെ വടക്കുപടിഞ്ഞാറേ ഭാഗം.

**സാരള്യം**-(സരളത) ൧. ഇഷ്ടത്തെ അനുസരിച്ചിരിക്കുന്ന സ്ഥിതി. ൨. യോഗ്യത. ൩. ചൊവ്വ്. ൪. യഥാർത്ഥം. ൫. ഭംഗി.

സാരാംശം-നല്ല ഭാഗം.

സാരി-൧. ചതുരംഗക്കളിയിലെ കാലാൾ. ൨. പഞ്ചവർണ്ണക്കിളി. ൩. ഒരു രാഗം.

സാരിക—കിളി, ശാരിക, പഞ്ചവർണ്ണക്കിളി.

സാരിബാ(വാ)-നറുനീണ്ടി.

സാരൂപ്യം-൧. സമാനരൂപത്തോടുകൂടിയ ഭാവം, ദൈവസാരൂപത്തെ ലഭിക്ക. ൨. തുല്യത.

സാരോപദേശം-നല്ല ഉപദേശം, സാരമുള്ള ഉപദേശം.

സാൎത്ഥ-വി. അൎത്ഥത്തോടുകൂടിയ.

സാൎത്ഥനാമം-അൎത്ഥമുള്ള പേര്.

സാൎത്ഥനാമാവ്-അൎത്ഥമുള്ള പേരോടുകൂടിയവൻ.

സാൎത്ഥം-൧. ജന്തുക്കളുടെ കൂട്ടം. ൨. കച്ചവടസംഘം.

സാൎത്ഥവത്ത്-൧. അൎത്ഥമുള്ള. ൨. വലിയ സംഘമുള്ള.

സാൎത്ഥവാഹൻ - കച്ചവടക്കാരൻ, ചെട്ടി.

സാൎത്ഥികൻ-കച്ചവടക്കാരൻ.

സാൎദ്ര-വി. നനഞ്ഞ.

സാൎദ്ധ-വി. അൎദ്ധത്തോടുകൂടിയ.

സാൎദ്ധത്രിവലയം-ശംഖ്.

സാൎദ്ധം-അ. കൂടെ.

സാൎപ്പിഷം-നെയ്കൊണ്ടും എണ്ണകൊണ്ടും പാകംചെയ്യപ്പെട്ട പദാൎത്ഥം.

സാൎവ്വകാലികം-വി. സൎവ്വകാലവുമുള്ള, എല്ലാപ്പോഴുമുള്ള

സാൎവ്വജനിക-വി. പരസ്യമായ.

സാൎവ്വത്രികം-വി. സാധാരണമായ, എല്ലാസന്ദൎഭങ്ങൾക്കുമുതകിയ.

സാൎവ്വൻ-ഒരു ബുദ്ധ(ജൈന) സന്യാസി.

സാൎവ്വഭൗതിക - വി. ൧. എല്ലാ ഭൂതങ്ങളേയും സംബന്ധിച്ച. ൨. എല്ലാ ജീവജാലങ്ങളേയും സംബന്ധിച്ച.

സാൎവ്വഭൗമ-വി. ഭൂലോകത്തെ സംബന്ധിച്ച.

സാൎവ്വഭൗമപട്ടം-ചക്രവൎത്തിസ്ഥാനം.

സാൎവ്വഭൗമൻ - ൧. ആസമുദ്രക്ഷിതീശ്വരനായ ചക്രവൎത്തി, നാടെല്ലാം വാഴുന്ന രാജാവ്. സൎവ്വഭൂമിയുടെ ഈശ്വരൻ എന്നൎത്ഥം. ൨. വൈശ്രവണന്റെ ആന. ഭൂമിയിൽ സൎവ്വത്ര അറിയപ്പെട്ടത് എന്നൎത്ഥം. ൩. ചന്ദ്രവംശത്തിൽ അഹംപാതിക്ക ഭാനുമതിയിൽ ജനിച്ച മഹാൻ. ൪. വലിപ്പമുള്ളവൻ.

സാൎവ്വവൎണ്ണ്യൻ - വേദങ്ങളിൽ പാരംഗതൻ.

സാൎവ്വലൌകിക-വി. എല്ലാ ജനങ്ങൾക്കും അറിവുള്ള.

സാലഗ്രാമം-ഗണ്ഡകനദിയിലുള്ള ഒരു വക കല്ല്.

സാലപൎണ്ണി-൧. വൃക്ഷവിശേഷം, ഒരു പൂച്ചെടി. ൨. ഓരില, ൩. വെൺചന്ദനം.

സാലഭഞ്ജിക-൧. കൊത്തിയുണ്ടാക്കിയ രൂപം, പാവ.

'ശ്രീമയും പൂണ്ടപാരം
ദുഃഖവും മുഴുക്കയാൽ
സാലഭഞ്ജികപോലെ
നിന്നിതു സ്വല്പനേരം'

(ഭാരതം)

സാലം-മതിൽ, കോട്ട. ശത്രുവേഗത്തെ നശിപ്പിക്കുന്നതെന്നൎത്ഥം (ഉദാ., കനകസാലശ്രീ). ൨. മരുപ്പുമരുത്. ൩. ...

ങ്ങളെ കളയുന്നതെന്നർത്ഥം ൩. മത്തു്. ൪. വൃക്ഷം. കാററടിച്ചിളകിക്കൊണ്ടിരിക്കുന്നതെന്നർത്ഥം. ൫. പയിൻമരം. ൬ തേന്മാവ്, ൭. ഒരുവക മീൻ.

സാലാമിസ്രി-ഒരു മരുന്നു്. Salep of Misr or Egypt, orchis mascula. (Gund.)

സാലമൃഗം-മരപ്പട്ടി.

സാലവാഹനൻ - ശാലിവാഹന രാജാവ്.

സാലശൃംഗം-മതിലിന്റെ മുകൾഭാഗം.

സാലാവൃകം-൧. പട്ടി. ൨. ചെന്നായ്. ൩. കുറുക്കൻ. ൪. മാൻ. ൫. പൂച്ച. ൬. കുരങ്ങ്. (ശാലാവൃകം എന്നും കാണുന്നു)

സാലാ-൧. മതിൽ. ൨. ഭവനം.

സാലാരം-താങ്ങുപലക, ചുവരിൽനിന്നു തള്ളി നില്ക്കുന്ന കററി.

സാലുവ - രോമംകൊണ്ടുണ്ടാക്കുന്ന ഒരു തരം വിശേഷവസ്ത്രം.

സാലൂരം-തവള.

സാലോക്യം - ദൈവത്തിന്റെ ലോകത്തുകൂടെ പാർക്കുക, സമാനമായുള്ള ലോകത്തോടുകൂടി യവനാവൂ എന്നുള്ള അവസ്ഥ.

സാല്വ-വി. സാല്വരാജ്യത്തുള്ള.

സാല്വൻ-വിഷ്ണു വധിച്ച ഒരു രാക്ഷസൻ.

സാല്വം-ഒരു രാജ്യം (അതിലെ ജനം).

സാല്വഹാവ്-വിഷ്ണു.

സാല്വികം-സാരികപ്പക്ഷി.

സാവക-വി. ൧. ജനിപ്പിക്കുന്ന, മുളപ്പിക്കുന്ന. ൨. പ്രസവവേദനയുള്ള.

സാവകാശം - അ. അവകാശത്തോടുകൂടെ, ഇടയുള്ളപ്പോൾ, സാവധാനമായി.

സാവജ്ഞം-അ. നിന്ദയോടുകൂടുംവണ്ണം.

സാവദ്യം- ൧. ദോഷത്തോടുകൂടിയതു്. ൨. സന്യാസിക്കുള്ള മൂന്നു ശക്തികളിൽ ഒന്നു്. (മററവ നിരവദ്യ, മൂക്ഷ്യ).

സാവധാന-വി. സാവധാനമുള്ള, തിടുക്കമില്ലാത്ത, ശ്രദ്ധയുള്ള.

സാവധാനം-൧. ശ്രദ്ധ. ൨. ശാന്തത. ൩. താമസം.

('സാവധാനത്തിൽ' എന്നതിനേക്കാൾ 'സാവധാനമായി' എന്നതു നന്നു്)

സാവധാനക്കാരൻ, സാവധാനി-ഒന്നിൽ മനസ്സിരുത്തി ചുററുപാടുമുള്ള അവസ്ഥകളെ എല്ലാം നന്നായി നോക്കി അതിനെ പ്രവർത്തിക്കുന്നവൻ.

സാവധാനശീലൻ— തിടുക്കമില്ലാത്തവൻ, താമസിച്ചു പ്രവർത്തിക്കുന്നവൻ.

സാവധാരണം-അ. ശ്രദ്ധയോടുകൂടുംവണ്ണം.

സാവധി-അതിരുള്ള.

സാവന-വി. സൂര്യോദയത്തെ സംബന്ധിച്ച.

സാവനൻ-വരുണൻ.

സാവനം-൧. ഹോമാവസാനം. ൨. മുപ്പതുദിവസമുള്ള മാസം. ൩. ഒരു പകൽ മുഴുവൻ.

സാവയവം-രൂപകം എന്ന അലങ്കാരത്തിന്റെ ഒരു പിരിവ്.

സാവരണ-വി. മൂടപ്പെട്ട.

സാവരം-൧. കുററം. ൨. പാപം. ൩. ലോധ്രവൃക്ഷം.

സാവർണ്ണൻ-എട്ടാമത്തെ മനു.

സാവർണ്ണി-എട്ടാമത്തെ മനുവിന്റെ അമ്മവംശപ്പേർ.

സാവർണ്യം-സാദൃശ്യം.

സാവശേഷത-ശേഷിക്കുകയെന്നുള്ളതു്.

സാവികാ-വയററാട്ടി.

സാവിത്രൻ-൧. ബ്രാഹ്മണൻ. ൨. വസുദേവൻ. ൩. ശിവൻ. ൪. സൂര്യൻ.

**സാവിത്രം**-നാ. പൂണൂൽ. ൨. ഗർഭപിണ്ഡം.

**സാവിത്രി**-നാ. പാർവ്വതി. ൨. വേദത്തിലെ ഒരു വാക്യം. ൩. ആദിത്യപുത്രി. ൪. ബ്രഹ്മാവിന്റെ പുത്രിയും ഭാര്യയുമായ ശതരൂപ. ൫. അശ്വപതിരാജാവിന്റെ പുത്രി.

സത്യവാനെ ഭർത്താവായി സ്വീകരിച്ചു. രാജ്യഭ്രഷ്ടനായ ഇയാൾ മാതാപിതാക്കന്മാരൊന്നിച്ചു വനത്തിൽ സന്യാസിയായി പാർക്കുമ്പോഴാണ് ഇങ്ങനെ ചെയ്തത്. സാവിത്രി സത്യവാനിൽ സ്ഥിരാനുരാഗവതിയായിരുന്നു. സത്യവാൻ ഒരു വർഷംകൂടി മാത്രമേ ജീവിച്ചിരിക്കയുള്ളൂ എന്നുള്ള ബോധം സാവിത്രിക്കു നാരദനിൽനിന്നും കിട്ടിയിരുന്നിട്ടും ആ സ്ത്രീരത്നം ഇക്കാര്യത്തിൽ ഒട്ടും കലുങ്ങിയില്ല. ആ ഒരു വർഷാവസാനത്തിൽ വിറകിനായി വനത്തിൽ ഗമിച്ച സത്യവാനെ സാവിത്രി അനുഗമിച്ചു. അവളുടെ മടിയിൽ കിടന്നു സത്യവാൻ മൃതനായി. യമൻ അയാളുടെ ആത്മാവിനെ കൊണ്ടുപോകാനായി വന്നപ്പോൾ അവളും കൂടി പിന്നാലെ ചെന്നു. ഇഷ്ടംപോലെയുള്ള വരങ്ങൾ അവൾക്കു കൊടുത്തതിൽ സത്യവാന്റെ ജീവനും തിരിയെ കിട്ടി. രാജ്യവും തിരിയെ കിട്ടുകയുണ്ടായി. പാതിവ്രത്യം, സത്യം എന്നിവയ്ക്കു സാവിത്രി സുപ്രസിദ്ധയായ മാതൃകയായിരുന്നു. നൂതനമായി വേളികഴിക്കുന്ന യുവതികളെ 'ജന്മസാവിത്രീ ഭവ' എന്നു ജനങ്ങൾ അനുഗ്രഹിക്കുക സാധാരണമാണ്.

**സാവേശം**—അ. ആർത്തിയോടു കൂടുംവണ്ണം.

**സാശ്വാസം**-അ. ആശ്വാസത്തോടു കൂടുംവണ്ണം.

**സാഷ്ടാംഗനമസ്കാരം**-ഉരസ്സ്, മനം, കണ്ണ്, ശിരസ്സ്, കാൽകരങ്ങൾ, വചസ്സ്, ചുമൽ ഇവ എട്ടും ഉപയോഗിച്ചു ചെയ്യുന്ന നമസ്കൃതി.

'ജാനുഭ്യാം ച തഥാ പദ്ഭ്യാം
പാണിഭ്യാമുരസാ ധിയാ,
ശിരസാ വചസാ ദൃഷ്ട്യാ
പ്രണാമോഷ്ടാംഗ ഈരിതഃ'

(1) കാൽമുട്ടുകൾ. (2) പാദങ്ങൾ. (3) കൈകൾ. (4) മാറിടം. (5) മുടി. (6) തല. (7) വാക്ക്. (8) കണ്ണ്.

**സാഷ്ടാംഗം**-അ. എട്ട് അവയവങ്ങളോടുകൂടി.

തല, നെററി, മൂക്ക്, മാറിടം, രണ്ടുകൈ, രണ്ടുകാൽ ഇവയത്രെ എട്ടംഗങ്ങൾ.

**സാസ്ന**-കാളയുടെ താട, ഗോകണ്ഠത്തിൽ തൂങ്ങിക്കിടക്കുന്ന തൊലി.

**സാഹചര്യം**-നാ. ഒരുമിച്ചുള്ള നടപ്പ്, ഒരുമിച്ചു സഞ്ചരിക്കുന്ന സ്ഥിതി. ൨. സമീപമുള്ളതിന്റെ അവസ്ഥ. ൩. ഒരു കാവ്യഗുണം.

**സാഹജിക**-വി. സഹജമായുള്ളതിനെ സംബന്ധിച്ച.

**സാഹത്ത്**-നാ. ബഹുമാനം, യോഗ്യത. ൨. മണിക്കൂറ്.

**സാഹസപ്പെടുക**-നാ. ക്ഷമവിട്ടുള്ള പ്രവൃത്തിക്ക് ഒരുമ്പെടുക. ൨. അപമാനപ്പെടുക.

**സാഹസം**-നാ. ക്ഷമയില്ലായ്ക, ക്ഷമവിട്ടുള്ള പ്രവൃത്തി, ദണ്ഡം, അഹങ്കാരം. ൨. വിചാരമില്ലായ്ക.

സാഹസം-തീവെട്ടിക്കൊള്ളക്കാർക്ക്.
തസ്കരം-പിടിച്ചുപറിക്കാർക്ക്.
കൈയൂക്കം-വഞ്ചകന്മാർക്ക്.
കിട്ടിയതുകാര്യം-ചില്ലറക്കള്ളന്മാർക്ക്.

**സാഹസി**-വി. സാഹസമുള്ള, ക്ഷമയില്ലാത്ത, വിചാരമില്ലാത്ത.

**സാഹസിക**-വി. പ്ര. വിചാരമില്ലാതെ എന്തും പ്രവൎത്തിക്കുന്ന. ൨. സാഹസത്തെ സംബന്ധിച്ച.

**സാഹസിക്യം**-സാഹസം.

**സാഹസ്ര**-വി. പ്ര. ആയിരത്തോടു സംബന്ധിച്ച. ൨. ആയിരംകൊണ്ടു വാങ്ങിച്ചുള്ള.

**സാഹസ്രൻ**-ആയിരം ആളുകളെക്കൊണ്ടു യുദ്ധംചെയ്യിക്കുന്നവൻ.

**സാഹസ്രം**—പ്ര. ആയിരംപേരുകൂടിയ സൈന്യം. ൨. സഹസ്രക്കൂട്ടം.

**സാഹായ്യം**-സഹായഭാവം.

'ജായേരൻ മമ സാഹായ്യം'
(ശ്രീരാമോദന്തം)

**സാഹായ്യം, സാഹ്യം**- സഹായപ്രവൃത്തി, സഹായം ചെയ്യുന്നതു്.

**സാഹിതി**-സാഹിത്യം.

**സാഹിത്യദൎപ്പണം**- കാവ്യാലങ്കാരങ്ങളെപ്പററിയുള്ള ഒരു പ്രസിദ്ധപുസ്തകം.
കവി-വിശ്വനാഥകവിരാജൻ.

**സാഹിത്യം**-പ്ര. കലകളിൽ ഒന്നായ അക്ഷരവിദ്യ. ൨. കൂട്ടം, സമം. ൩. ഒരു പാട്ടു്. ൪. ശ്ലോകങ്ങളുടെ കൂട്ടം. ൫. കവിത.

**സാഹിത്യവിദ്യ**-ഭാഷകൊണ്ടു് ആശയങ്ങളെ വെളിവായി പ്രകാശിപ്പിക്കുന്ന കല.

**സാഹ്യം**-പ്ര. സഹഭാവം. ൨. സംസൎഗ്ഗം.

**സാള**-താളം. (ശബ്ദശുദ്ധിയില്ല).

**സാളഗ്രാമം**-(സാലഗ്രാമം എന്നതു നോക്കുക).

**സാറട്ടു്**-ഉറക്കത്തക്കസ്ഥിതിയിൽ മൂടിയുള്ള ഒരുതരം കുതിരവണ്ടി.

## സി

**സിംഘാണം**-പ്ര. ഇരിമ്പിൻകിട്ടം. ൨. നാസാമലം, മൂക്കള.

**സിംഹകേതു**-ഒരു രാജാവു്. (പാഞ്ചാല പുത്രനാണ്).

**സിംഹകേസരം**-പ്ര. സിംഹത്തിന്റെ കുഞ്ചിരോമം. ൨. ഒരു മരം.

**സിംഹതലം**-ഇടത്തേകൈയും വലത്തേകൈയും കൂട്ടിച്ചേൎത്തുപരത്തിപ്പിടിച്ചതിന്റെ പേർ. (സംഹതലം എന്നും കാണുന്നു).

**സിംഹതുണ്ഡം**-ഒരുവക മത്സ്യം.

**സിംഹദ്വാരം**-കൊട്ടാരപ്രധാനവാതൽ.

**സിംഹനാദം**-പ്ര. സിംഹത്തിന്റെ അലൎച്ച. ൨. വീരന്മാരുടെ സിംഹനാദത്തിനു തുല്യമായ ശബ്ദം.

**സിംഹപുച്ഛ**-ഓരില.

**സിംഹപുച്ഛി**-മൂവില.

**സിംഹപ്പല്ലു്**-പ്ര. വലിയ പല്ലു്, ദംഷ്ട്രം. ൨. ആനക്കൊമ്പു്.

**സിംഹഭാഗം**-വലിയഭാഗം.

**സിംഹം**-പ്ര. മൃഗരാജാവു്. ആന മുതലായ മൃഗജാതിയെ ഹിംസിക്കുന്നതെന്നൎത്ഥം. പൎയ്യായങ്ങൾ-സിംഹം, മൃഗേന്ദ്രൻ, പഞ്ചാസ്യൻ, ഹൎയ്യക്ഷൻ, കേസരി, ഹരി, കണ്ഠീരവൻ, മൃഗരിപു, മൃഗദൃഷ്ടി, പുണ്ഡരീകൻ, പഞ്ചനഖൻ, ചിത്രകായൻ, മൃഗാശനൻ, മൃഗദ്വിട്ടു്. ൨. ചിങ്ങമാസം. ൩. ചിങ്ങരാശി. ൪. ചെമ്മുരിങ്ങ. ൫. ഇലഞ്ഞി. ൬. ശ്രേഷ്ഠാൎത്ഥവാചകം.

വ്യാഘ്രഃ, പുംഗവഃ, ഋഷഭഃ, കുഞ്ജരഃ, സിംഹഃ, ശാൎദ്ദൂലഃ, നാഗഃ എന്നീ ഏഴു ശബ്ദങ്ങൾ ഉത്തരപദത്തിൽ സ്ഥിതിചെയ്യുമ്പോൾ (അവസാനത്തിലായി

രിക്കണം) ശ്രേഷ്ഠവാചകമാവും-പുരുഷവ്യാഘ്രൻ, പുരുഷപുംഗവൻ, രാജർഷഭൻ, പുരുഷകുഞ്ജരൻ, നൃപസിംഹൻ, കവിശാർദ്ദൂലൻ, നരവരൻ. സിംഹത്തിന്റെ കാട്ടിലെ ജീവിതകാലം വർഷം 20-30. കൂട്ടിലെ ജീവിതകാലം വർഷം 60.

'സ്യുരുത്തരപദേ വ്യാഘ്ര
പുംഗവർഷഭകുഞ്ജരാഃ
സിംഹശാർദ്ദൂലനാഗാദ്യാഃ
പുംസി ശ്രേഷ്ഠാർത്ഥവാചകാഃ'

സിംഹമാസം-ചിങ്ങമാസം.

സിംഹമുഖം-കോലത്തിരിയുടെ കോട്ടപ്പടി. A കോട്ടപ്പടി of Kolatiri. (Gund).

സിംഹയാനാ-പാർവ്വതി.

സിംഹരഥാ-പാർവ്വതി.

സിംഹലകം-പിച്ചള.

സിംഹവിക്രമൻ, സിംഹവിക്രാന്തൻ-കുതിര.

സിംഹസംഹനന-വി. നല്ല ദേഹവും നിറവും ബലവുമുള്ള.

സിംഹള-സിലോൺരാജ്യം.

സിംഹളം-൧. സിലോൺ എന്ന രാജ്യം. ൨. വെളുത്തീയം. ൩. പിച്ചള. ൪. എലവങ്ങത്തൊലി. (സിംഹളർ=സിങ്കളർ).

സിംഹാണം-ഇരിമ്പിൻകീടം. (സിംഹാണം, സിംഘാണം, ശിംഘാണം).

സിംഹാവലോകനന്യായം-മുമ്പോട്ടും പിമ്പോട്ടുമുള്ള നോട്ടം, ശൌര്യമായ കരുതൽ.

സിംഹാസനദ്വാത്രിംശത്ത് - വിക്രമാദിത്യന്റെ സിംഹാസനം വഹിച്ചിരുന്ന ബിംബങ്ങൾ പറഞ്ഞ ൩൨ കഥകൾ.

സിംഹാസനം - രാജാക്കന്മാരുടെ ആസനം.

സിംഹാസ്യം-ആടലോടകം.

സിംഹി-൧. പെൺസിംഹം. ൨ ചെറുവഴുതിന. ൩. രാഹുവിന്റെ അമ്മ. ൪. ആടലോടകം.

സിംഹിക-വി. ൧. സിംഹത്തെ സംബന്ധിച്ച. ൨. രാജകീയമായ.

സിംഹിക-൧. ഹനുമാനെ വായിലാക്കിയ ഒരു രാക്ഷസി. (ഹനുമാൻ തിരിയെ ചെറുതായി പുറത്തു ചാടി). ൨. കശ്യപന്റെ പുത്രി, വിപ്രചിത്തിയുടെ ഭാര്യ. ൩. ദക്ഷന്റെ പുത്രി, കശ്യപന്റെ ഭാര്യ. ൪. രാഹുവിന്റെ അമ്മ.

സിംഹിനി-ഷ്ക.

സിംഹുണ്ഡം-ചതുരക്കള്ളി.

സികത-൧. മണൽ. ൨. മണൽപ്രദേശം. ൩. മൂത്രമടപ്പ്.

സികതാമയ-വി. മണൽകൊണ്ടുള്ള.

സികതാമയം-മണൽത്തിട്ട.

സികതാവൽ-വി. മണലുള്ള.

സികതാവാൻ-മണൽപ്രദേശം.

സിക്കാ-ഒരു നാണയം. (സിക്ക ഉറുപ്പിക=a current Rupee).

സിക്ത-വി. നനയ്ക്കപ്പെട്ട.

സിക്തിലം-മണൽപ്പുറം.

സിക്ഥം-൧. മെഴുക്. ൨. വെന്ത ചോറ്. ൩. ഉരുളച്ചോറ്.

സിക്ഥകം-മെഴുക്, മധൂച്ഛിഷ്ടം.

സിചയം-വസ്ത്രം.

സിഞ്ചിതാ-തിപ്പലി.

സിഞ്ജിതം-ആഭരണങ്ങളുടെ കിലുക്കം, വസ്ത്രങ്ങളിൽനിന്നും ഇലകളിൽ നിന്നും ഉണ്ടാകുന്ന ശബ്ദം.

**സിത**-വി. ൧. വെളുത്ത. ൨. അവസാനിച്ച, നശിച്ച. ൩. കെട്ടപ്പെട്ട. ൪. അറിയപ്പെട്ട. ൫. തികവായ, മുഴുവനായ.

**സിതകരം**-കപ്പൂരം.

**സിതൻ**-ശുക്രൻ.

**സിതം**-൧. വെളുനിറം. ൨. അസ്ത്രം, അമ്പ്. ൩. വെള്ളി. ൪. ചന്ദനം.

**സിതച്ഛത്രം**-വെൺകൊററക്കുട.

**സിതച്ഛത്രാ**-ശതകുപ്പ.

**സിതച്ഛത്രി**-൧. ശതകുപ്പ. ൨. കൂൺ.

**സിതച്ഛദം**-അരയന്നം.

**സിതപക്ഷം**-൧. ശുക്ലപക്ഷം. ൨. അരയന്നം.

**സിതപുഷ്പാ**-വള്ളിമുല്ല.

**സിതപ്രഭം**-വെള്ളി.

**സിതശിവം**-൧. കല്ലുപ്പ്. ൨. ഇന്തുപ്പ്.

**സിതശൂകം**-യവം.

**സിതസിവം**-ഇന്തുപ്പ്.

**സിതാ**-൧ പഞ്ചസാര. ൨. വള്ളിമുല്ല. ൩. മരമാതിരി പുല്ല്. ൪. നിലാവ്. ൫. ചെറിയ അമര. ൬. ക്ഷുവകം. ൭. സുന്ദരി. ൮. ഒരുവക മദ്യം. ൯. മലയമുക്കി. ൰. വെങ്കുരക. ൰൧. വെള്ളി. ൰൨. ചന്ദനം. ൰൩. മുള്ളങ്കി. ൰൪. വെളുത്ത കണ്ടകാരിച്ചുണ്ട. ൰൫. കാർകോകിൽ. ൰൬. മുതക്ക്.

**സിതാഖണ്ഡം**-കൽക്കണ്ട്.

**സിതാത്രയം**—ചെമന്ന പഞ്ചസാര, വെള്ളപ്പഞ്ചസാര, തരിപ്പഞ്ചസാര.

**സിതാനനൻ**-ഗരുഡൻ.

**സിതാപാംഗം**-മയിൽ.

**സിതാഭം**-കർപ്പൂരം.

**സിതാഭ്രം**-കർപ്പൂരം.

**സിതാംഭോജം**-വെളുത്ത താമര.

**സിതാശ്വൻ**-അർജ്ജുനൻ.

**സിതാസിതൻ**-ബലരാമൻ.

**സിതാഹ്വയാ**-പഞ്ചസാര.

**സിതേതരം**-മുതിര.

**സിതോദരൻ**-കുബേരൻ.

**സിതോപല**-പഞ്ചസാര.

**സിതോപലം**-സ്ഫടികം.

**സിദ്ധ**-വി. ൧. സാധിച്ച, തീർന്ന. ൨. നിവർത്തിക്കപ്പെട്ട. ൩. പ്രസിദ്ധിയുള്ള. ൪. നിശ്ചയമായുള്ള. ൫. പാകംചെയ്യപ്പെട്ട. ൬. ചമയ്ക്കപ്പെട്ട.

**സിദ്ധദീപിക**-വേദാന്തതത്വങ്ങൾ അടങ്ങിട്ടുള്ള ഒരു കൃതി.

**സിദ്ധദേവൻ**-ശിവൻ.

**സിദ്ധധർമ്മചതുഷ്ടയം**- യോഗസിദ്ധി, സ്വാതന്ത്ര്യം, ബ്രഹ്മജ്ഞാനം, വിഷ്ണുശിവഭക്തി. (സിദ്ധന്മാർക്കുള്ള ൪ ധർമ്മം)

**സിദ്ധധാതു**-രസം, പാരതം, പാരദം.

**സിദ്ധൻ**-൧. അണിമാദി അഷ്ടൈശ്വര്യസിദ്ധിയുള്ള വിദ്യാധരാദിപ്രമുഖന്മാരായ ദേവയോനികളിൽ പെട്ട വർഗ്ഗക്കാരിൽ ഒരുവൻ. ൨. സന്ന്യാസി, തപസ്വി. ൩. മായാവിദ്യക്കാരൻ. ൪. ഒരു ദീർഘദർശി. ൫. ജ്യോതിശ്ശാസ്ത്രത്തിൽ പറയുന്ന യോഗങ്ങളിൽ ഒന്ന്. ൬. അജ്ഞതാശേഷമില്ലാത്ത ഒരു ദിവ്യൻ. ൭. ക്ഷുദ്രക്കാരൻ.

**സിദ്ധനദി**-ഗംഗാനദി, ദേവഗംഗ.

**സിദ്ധർ**-അണിമാദി അഷ്ടൈശ്വര്യങ്ങൾ സിദ്ധിയുള്ള വിശ്വാവസുപ്രമുഖന്മാരായ ദേവയോനികൾ.

ആകാശത്തിൽ ഭ്രമിക്കും സൂര്യനും മദ്ധ്യേ നിവസിക്കുന്ന ഒരുകൂട്ടം അല്പദേവതകൾ (88,000 പേർ).

**സിദ്ധരസ**-വി. ലോഹത്തെ സംബന്ധിച്ചുള്ള.

**സിദ്ധരസം**-രസം, പാരദം.

**സിദ്ധരൂപം**- സംസ്കൃതഭാഷയിലുള്ള പദരൂപങ്ങളെ കാണിക്കുന്ന ഒരു വ്യാകരണ ഗ്രന്ഥം.

**സിദ്ധസാധകൻ**-ശിവൻ.

**സിദ്ധസിന്ധു**-ഗംഗാനദി, ദേവഗംഗ.

**സിദ്ധസ്ഥാലി** - ഋഷികളുടെ ഒരു പാത്രം.

ഉടമസ്ഥൻ ആഗ്രഹിക്കുന്ന ഭക്ഷണം അതു ധാരാളം ഉടൻ കൊടുക്കും.

**സിദ്ധം**-൧. ഒരു മരുന്ന്, ഋദ്ധി. ൨. കടലുപ്പ്.

**സിദ്ധാന്തകൌമുദി**-ഒരു വ്യാകരണ ഗ്രന്ഥം.

ഭട്ടോജിദീക്ഷിതർ പാണിനിയുടെ വ്യാകരണം ലഘുവാക്കിയതു്.

**സിദ്ധാന്തം**-൧. നിബന്ധം, ശാസ്ത്രം. ൨. ആലോചനചെയ്തു് ഇതു് ഇന്നപ്രകാരം എന്നു തീർച്ചപ്പെടുത്തുന്നതു്. ആലോചനയുടെ മറുകര കണ്ടതെന്നർത്ഥം. സൂക്ഷ്മമായ പ്രമാണം. ൩. അഭിപ്രായം. ൪. താൽപര്യം. ൫. ഏതിന്റെയെങ്കിലും സാരമായി നേരായിട്ടുള്ള കാര്യം, സൂക്ഷ്മമായ പ്രമാണം. ൬. ജ്യോതിശ്ശാസ്ത്രത്തെയും ഗണിതശാസ്ത്രത്തെയും കുറിച്ചുള്ള ഒരു പുസ്തകം.

പൂർവ്വപക്ഷാക്ഷേപം ചെയ്തു സ്ഥാപിതമായ അഭിപ്രായം 'സിദ്ധാന്തം' എന്നു താർക്കികമതം.

**സിദ്ധാന്തശിരോമണി** - ഭാസ്കരാചാര്യന്റെ ഒരു ജ്യോതിശ്ശാസ്ത്രപുസ്തകം.

**സിദ്ധാന്തി**-൧. മീമാംസാശാസ്ത്രത്തെ അനുസരിച്ചു നടക്കുന്നവൻ. ൨. ശാസ്ത്രജ്ഞൻ.

**സിദ്ധാന്തിക്കുന്നു**-൧. ശാസ്ത്രംപിടിക്കുന്നു, നിബന്ധിക്കുന്നു. ൨. താൽപര്യപ്പെടുന്നു.

**സിദ്ധാപഗാ**-ഗംഗാനദി.

**സിദ്ധാർത്ഥ**-വി. കാര്യസാദ്ധ്യംവന്ന.

**സിദ്ധാർത്ഥ(ക)ം**-വെങ്കടുക്.

**സിദ്ധാർത്ഥൻ**-ഈ യുഗത്തിലുണ്ടായ ബുദ്ധാചാര്യന്റെ അച്ഛൻ. ജനനം ബി. സി. 623-ൽ.

**സിദ്ധാർത്ഥം**-൧. സിദ്ധമായ അർത്ഥത്തോടുകൂടിയതു്, കാര്യം നേടിയതു്. ൨. വെളുത്ത കടുക്. ൩. ആറാൽപേരാല്.

**സിദ്ധാർത്ഥാ**-നാലാംജിനന്റെ മാതാവ്.

**സിദ്ധാർത്ഥി**-അറുപതിൽ 53-ാം വർഷം.

**സിദ്ധാശ്രമം**-ഒരു പുണ്യസ്ഥലം.

പണ്ടു അദിതിയും കാശ്യപനും തപസ്സുചെയ്തു വിഷ്ണുവിന്റെ പുത്രനായി വരിച്ചതിന്റെ ശേഷം അവർക്കു പുത്രനായി വാമനനായും ഉപേന്ദ്രനായും അവതരിച്ചു. പിന്നീടു വാമനരൂപത്തോടുകൂടി ഈ സ്ഥലത്തു സിദ്ധിയെ പ്രാപിക്കയാൽ ഈ പേരുണ്ടായി.

**സിദ്ധി**-൧. നിവൃത്തി, ലാഭം. ൨. സാദ്ധ്യം. ൩. ജയം. ൪. ചില ദേവതകളുടെ, പ്രത്യേകം ശിവന്റെ എട്ടു് അമാനുഷ ശക്തികൾ. (അഷ്ടൈശ്വര്യങ്ങൾ എന്നതു നോക്കുക). ൫. നന്മ, ശുഭം. ൬. ജ്യോതിശ്ശാസ്ത്രത്തിൽ പറയുന്ന യോഗങ്ങളിൽ ഒന്നു്. ൭. കാട്ടുഴുന്നു്.

**സിദ്ധിക്കുന്നു**-സാധിക്കുന്നു, ലഭിക്കുന്നു ഉണ്ടാകുന്നു.

**സിദ്ധിത്രയം**-൧. ഐശ്വര്യസിദ്ധി, ജ്ഞാനസിദ്ധി, വൈരാഗ്യസിദ്ധി. ൨. കൎമ്മസിദ്ധി, യോഗസിദ്ധി, ജ്ഞാനസിദ്ധി. ൩. മണി, മന്ത്രം, ഔഷധം. ൪. കുലം, വിത്തം, ഭാഗ്യം. ൫. സ്വായത്തസിദ്ധി, സചിവായത്തസിദ്ധി, ഉഭയായത്തസിദ്ധി.

**സിദ്ധൌഷധം**-സമ്മതിച്ച നല്ല മരുന്നു്

**സിദ്ബന്തി**-സാഹ്യജോലിക്കു നിയമിക്കപ്പെട്ടിട്ടുള്ളവൻ, സേവകൻ.

**സിധ്മം**-ചുണങ്ങു്, കുഷ്ഠം.

**സിധ്മല**-൧. ഉണക്കമീൻ. ൨. ചുണങ്ങു്. ൩. ഒരുവക കുഷ്ഠം. ൪. തേമൽ.

**സിധ്മള**-വി. ചുണങ്ങുള്ള.

**സിധ്മാ**-ചുണങ്ങു്, കുഷ്ഠം

**സിധ്രകാ**-വൃക്ഷവിശേഷം, കുവളം.

**സിധ്യം**-പൂയം നക്ഷത്രം.

**സിന**-൧. വെളുത്ത. ൨. ഒററക്കണ്ണുള്ള.

**സിനം**-ദേഹം.

**സിനീവാ(ബാ)ലി**-൧. ഉദിച്ചതിൽപിന്നെയുള്ള വാവു്. ൨. പാൎവതി.

**സിന്ദുകം**-(കരി)നൊച്ചി.

**സിന്ദുവാരം**-(കരി)നൊച്ചി.

**സിന്ദൂരതിലകം**-ആന.

**സിന്ദൂരകാരണം**-കാരീയം.

**സിന്ദൂരം**-ഒരു ചെമന്ന പൊടി, ചില ലോഹങ്ങളെ പുടംവെച്ചുണ്ടാക്കുന്ന ചുവന്ന വസ്തു.

തമിഴിൽ ചെന്തൂരം. വ്രണത്തിനും മററും നന്നു്. ഇം-Menium Read lead.

**സിന്ദൂരി**-൧. ഗോരോചന. ൨. താതിരി. ൩. ചെത്തി, തെച്ചി.

സിന്ദൂരിക്ക (ചെത്തിക്ക) സം-സിന്ദൂരപുഷ്പം. ഇം-Ornate. ഛൎദ്ദിക്കും മററും നന്നു്. ചണ്ഡികാപൂജയ്ക്കും നല്ലതാണു്.

**സിന്ദൂരീകരിക്കുന്നു**—പുടത്തിൽ സിന്ദൂരമാക്കുന്നു.

**സിന്ധു**-വരുണൻ.

**സിന്ധു**-൧. സമുദ്രം. ൨. ഒരു ദേശം. ൩. നദി (ഇൻഡസ്). ൪. ഇന്തുപ്പ വിളയുന്ന ആറു്. ൫. മാൾവയിലെ ഒരു നദി. ൬. ആന. ൭. ഒരു വലിയ നദി.

**സിന്ധുകഫം**-കടൽനുര.

**സിന്ധുജ**-വി. ൧. സമുദ്രത്തിൽനിന്നുണ്ടായ. ൨. സിന്ധുദേശത്തിൽ ജനിച്ച.

**സിന്ധുജം**-൧. ഇന്തുപ്പു്. ൨. കുതിര. ൩. കൎപ്പൂരം.

**സിന്ധുജൻ**-ചന്ദ്രൻ.

**സിന്ധുജാ**-ലക്ഷ്മി.

**സിന്ധുദേശം**-ഒരു രാജ്യം.

**സിന്ധുദ്വീപം**-കടുത്തുരുത്തു്. (ഏററുമാനൂർനിന്നു വടക്കുമാറി).

**സിന്ധുനന്ദനം**-കൎപ്പൂരം.

**സിന്ധുപുഷ്പം**-ശംഖു്.

**സിന്ധുനദജം**-ഇന്തുപ്പു്.

**സിന്ധുരം**-ആന.

**സിന്ധുരാജൻ(നാഥൻ)**-ജയദ്രഥൻ.

**സിന്ധുലതാഗ്രം**-പവിഴം.

**സിന്ധുവല്ലി**-പവിഴം.

**സിന്ധുവാരം**-നല്ലജാതി കുതിര.

**സിന്ധുവാരി**-൧. സിന്ധുരാജ്യത്തുള്ള നല്ല കുതിര ൨. ഒരു വൃക്ഷം.

**സിന്ധുസംഗമം**-സമുദ്രവും നദിയും കൂടുന്നേടം.

**സിന്ധുസുതം**-കർപ്പൂരം.

**സിന്ധൂത്ഥം**-ഇന്തുപ്പ്.

**സിപ്ര**-പ്ര. ഉജ്ജയിനിക്കരികെയുള്ള ഒരു നദി. വ. സ്ത്രീകളുടെ അരഞ്ഞാണം. ന. എരുമ.

**സിപ്രൻ**-ചന്ദ്രൻ

**സിപ്രം**-വിയർപ്പ്.

**സിമം**-അസകലം.

**സിര**-പ്ര. ഞരമ്പ്. വ. തേകുന്ന പാത്രം, കൊട്ടക്കോരിക.

**സിരം**-കാട്ടുതിപ്പലിവേര്.

**സിരാഹർഷം**-ഒരു രോഗം.

സിരോല്പാതം എന്ന രോഗത്തിന്റെ ചികിത്സയിൽ ഉപേക്ഷ കാണിച്ചാൽ അതു സിരാഹർഷമായിത്തീരും. അതിന്നു കണ്ണിൽക്കൂടി ചെമ്പിച്ചിരിക്കുന്ന രക്തം അധികമൊലിക്കും. യാതൊന്നും നോക്കാൻ കഴിയാതെയാകും.

**സിരോല്പാതം**-ഒരു രോഗം.

അക്ഷിനിരകൾ വേദനയോടുകൂടാതെയും വേദനയോടുകൂടിയും ചെമ്പിച്ചിട്ടും പിന്നെയും പിന്നെയും വികൃതവർണ്ണങ്ങളായിട്ടും ഇരിക്കും.

**സിലം**-കതിരിൽ നിന്ന് ഉതിരുന്ന നെന്മണി.

'സജലാസശിലാതടിനീമനനീ'

(നളചരിതം കഥകളി)

**സിലീന്ധ്രം**-കുമിള് (ൾ).

**സിലുവ**-പരിശുദ്ധചിഹ്നം.

**സിവരം**-ആന.

**സിസൃക്ഷ**-സൃഷ്ടിക്കുവാനുള്ള ആഗ്രഹം.

**സിഹ്ലം (കം)**-കുന്തുരുക്കം.

——

## സീ

**സീതാ**-പ്ര. ശ്രീരാമന്റെ ഭാര്യ. (രാമൻ എന്നതു നോക്കുക).

വിദേഹരാജാവായ ജനകന്റെ പുത്രിയാണ്. സാക്ഷാൽ ലക്ഷ്മിയുടെ അവതാരമാകുന്നു. വേദവതിയായി കൃതയുഗത്തിൽ ജനിച്ചു. പാതിവ്രത്യത്തിന്റെയും ഭർത്തൃസ്നേഹത്തിന്റെയും മൂർത്തിയാണ്. ഭൂമി ഉഴുമ്പോൾ ഉഴവുചാലിൽ നിന്നുണ്ടാകയാൽ സീത എന്നും ധരണിസുതാ, ഭൂമിജാ, അയോനിജാ, പാർത്ഥിവി മുതലായ നാമധേയങ്ങളും ഉണ്ടായി. ഈ പതിവ്രത രാവണവധാനന്തരം അഗ്നിപ്രവേശം ചെയ്തു സ്വശുദ്ധിയെ തെളിയിച്ചു. ഒടുവിൽ ലോകാപവാദം ഹേതുവായിട്ടു ശ്രീരാമൻ ഉപേക്ഷിക്കയും ഗർഭിണിയായ ഈ മഹതി വനത്തിൽ വാന്മീകിയുടെ ആശ്രമം പ്രാപിച്ചു കുശലവന്മാരെ പ്രസവിച്ചതിന്റെ ശേഷം ഭൂമി പിളരുകയും അമ്മയായ ഭൂമി ഈ മകളെ സ്വീകരിക്കയും ചെയ്തു.

വ. കലപ്പച്ചാല്, ഉഴച്ചാല്. ന. മദ്യം. ർ. ഗംഗയുടെ ഒരു കൈവഴി. ഉ. ഇന്ദ്രന്റെ ഭാര്യ. ഞ. ലക്ഷ്മി. ഒ. പാർവ്വതി.

(സീരയത്രേ ചിരത എന്നായതു്.)

**സീതാചക്രം**-ഈ ചക്രത്തിൽ തൊട്ടാലുള്ള ഫലം.

| | | |
|---|---|---|
| 8 | 3 | 4 |
| 1 | 5 | 9 |
| 6 | 7 | 2 |

1. ധനലാഭം 2. നാശം. 3. സ്നേഹം 4. പീഡ. 5. സൌഖ്യം 6. കലഹം. 7. ധനം. 8. മരണം 9. സന്തോഷം.

**സീത്യ**-വി. ഉഴപ്പെട്ട, കൃഷിക്കായിട്ടു കിളച്ച.

**സീത്യം**-ധാന്യം, നെല്ലും മററും ഉഴുത നിലം.

**സീൽക്കാരം, സീൽകൃതി**- അധികം കുളിരുമ്പോഴും മററും പുറപ്പെടുവിക്കുന്ന ഒരു ശബ്ദം.

**സീധു**- കരിമ്പിൻനീരു കൊണ്ടുണ്ടാക്കുന്ന മദ്യം.

**സീധുരസം**-മാവു്.

**സീമ**-സ്ത്രീ. (ഗ്രാമത്തിൻെറയും ദേശത്തിൻെറയും) അതിര്, എല്ലുക. ൨. വയൽ, പറമ്പ്. ൩. പിടലി. ൪, വൃഷണം. (മ) സീമ, ചീപ്പ്.

**സീമച്ചുണ്ണാമ്പു്**- ഒരുമാതിരി കൽച്ചുണ്ണാമ്പു്.

**സീമന്തകം**-സിന്ദൂരം.

**സീമന്തം**-പു. തലയുടെ നടുവേ മുടി പകുത്തിടുമ്പോൾ ഉണ്ടാകുന്ന രേഖ. സീമാവിൻെറ അന്തം എന്നർത്ഥം. ൨. ചില ജാതിക്കാരുടെ സ്ത്രീകൾക്കു ഗർഭമുണ്ടായ 4, 5, 8 ഈ മാസങ്ങളിൽ കഴിക്കുന്ന ഒരു കർമ്മം. ൩. അതിര്.

തലമുടി പകുത്തുവയ്ക്കുന്നതിൻെറ പേരെന്നും, തലമുടി പകുത്തുവയ്ക്കുമ്പോൾ കാണാവുന്ന മദ്ധ്യരേഖയുടെ പേരെന്നും കാണുന്നു.

**സീമന്തിനി**-സ്ത്രീ. സീമന്തം ഉള്ളവൾ എന്നർത്ഥം.

**സീമന്തോന്നയനം**-ഒരടിയന്തരം. (സീമന്തം എന്നതു നോക്കുക).

**സീമാതീത**-വി. അതിരുകടന്ന, അത്യധികമായ.

**സീമാവു്**-സ്ത്രീ. അതിര്, എല്ലുക. ൨. പിടലി. ൩. വൃഷണം.

**സീരകം**-ചീങ്കണ്ണി.

**സീരധ്വജൻ**-ജനകൻ.

**സീരപാണി, സീരഭൃത്ത്**-ബലഭദ്രൻ.

**സീരം**-കലപ്പ.

**സീരകൻ**-സൂര്യൻ.

**സീരി**-ബലഭദ്രൻ.

**സീവനം**-തുന്നൽ, തൈയൽ, കൂട്ടിത്തുന്നുക, നെയ്ത്തു്.

**സീവനി**-സൂചി.

**സീസ(ക)ം**-കാരീയം.

**സീസജം**-സിന്ദൂരം.

**സീഹുണ്ഡം**-ചതുരക്കള്ളി.

—:o:—

## സു

**സു**-അ. ഒരുപസർഗ്ഗം. ഇതു ചില വാക്കുകളുടെ ആദിയിൽ ചേരുമ്പോൾ അതിനു 'നല്ല' മുതലായ അർത്ഥം വരും. (പൂജാർത്ഥത്തിലും 'ഏററവും' എന്ന അർത്ഥത്തിലും കൂടി കാണുന്നുണ്ട്)

**സുകണ്ഡു**-ചൊറി.

**സുകന്ദ(ക)ം**-വെള്ളുള്ളി. (ചെമന്നുള്ളി)

**സുകന്ദി**-ചേന.

**സുകര**-വി. എളുപ്പത്തിൽ ചെയ്യപ്പെടാവുന്ന സൌകര്യമുള്ള.

**സുകര**-ഇണങ്ങിയ പശു.

**സുകാരം**-നന്മചെയ്ക, ഗുണംചെയ്ക, (സുകരം > <ദുഷ്കരം),

**സുകർണ്ണികാ**-എലിച്ചെവി.

**സുകർമ്മ**-വി. പു. നല്ല പ്രവൃത്തിയുള്ള. ൨. പ്രവൃത്തിയിൽ ശ്രദ്ധയുള്ള.

**സുകർമ്മാവ്**-പു. വിശ്വകർമ്മാവ്. ൨. സൽകർമ്മമുള്ളവൻ. ൩. സമർത്ഥൻ.

**സുകല** വി. തനിക്കുള്ള വിഭവത്തെ അന്യന്മാർക്കു കൊടുക്കയും താനനുഭവിക്കയും ചെയ്യുന്ന.

**സുകാണ്ഡം**-കയ്പവള്ളി.

**സുകാമുകാ**-ചക്രവാകപ്പക്ഷി.

**സുകാഷ്ഠം**-വിറക്.

**സുകുമാര**-വി. ൧. മൃദുത്വമുള്ള ൨. യൌവനമുള്ള, സൌന്ദര്യമുള്ള. ൩. പക്വമല്ലാത്ത. ഉ-ം, സുകുമാരബുദ്ധികൾ.

**സുകുമാര**-പു. ൧. പിച്ചകം. ൨. തുളസിമല്ലി. ൩. വാഴ. ൪. കരിമ്പ്. ൫. ചോനകപ്പുല്ല്.

**സുകുമാരകം**-കരിമ്പ്.

**സുകുമാരകലകൾ**-(മുഖ്യങ്ങൾ) സംഗീതം, സാഹിത്യം, ചിത്രം, നാട്യം.

**സുകുമാരി**-നവമല്ലിക

**സുകൃത**-വി. ൧. പുണ്യമുള്ള, പുണ്യം ചെയ്യുന്ന. ൨. നന്നായിട്ടു ചെയ്യുന്ന.

**സുകൃതം**-പു. ൧. പുണ്യം, ധർമ്മം, ഗുണം. ൨. നന്നായിട്ടു ചെയ്യുക ൩. ദയ.

**സുകൃതി**-വി. ൧. പുണ്യമുള്ള. ൨. ഭാഗ്യമുള്ള.

**സുകൃതി**-പു. വിദ്വാൻ. ൨. പുണ്യവാൻ. ൩. ഭാഗ്യസമ്പന്നൻ.

സുകൃതിയുടെ ലക്ഷണം-ഒരു ഭാര്യ, മൂന്നു പുത്രന്മാർ, പത്തു പശു, രണ്ടു ജോലിക്കാർ, നാടിന്റെ മദ്ധ്യേ ഗൃഹം.

**സുകൃതി**-നല്ല പ്രവൃത്തി.

**സുകൃൽ**-വി. നന്നായിട്ടു ചെയ്യുന്ന.

**സുക്രതു**-പു. ഇന്ദ്രൻ ൨. അഗ്നി. ൩. സൂര്യൻ. ൪. സോമൻ. ൫. ശിവൻ. ൬. വരുണൻ.

**സുഖകര**-വി. ൧. സുഖത്തെ ചെയ്യുന്ന. ൨. വേഗത്തിൽ ചെയ്യുന്ന.

**സുഖം**-പു. സൌഖ്യം, ദുഃഖമില്ലായ്മ. ൨. വൃദ്ധി. ൩. ഋദ്ധി. ൪. സ്വർഗ്ഗം. ൫. ജലം.

**സുഖംവുണ്ണ**-ശിവന്റെ വടി.

പിടിക്കുന്നേടത്തു ഒരു തലയോടു വെച്ചുറപ്പിച്ചിരിക്കും

**സുഖദ**-വി. സുഖംതരുന്ന

**സുഖവർച്ചകം, സുഖവർച്ചസ്സ്, സുഖവർച്ചലം**-തുവർച്ചിലക്കാരം. വെന്ത ചുട്ട വെണ്ണീററിൽ നിന്നും ഉണ്ടാക്കിയ ദ്രവ്യം.

**സുഖവൃത്തി**-സൌഖ്യമുള്ള കഴിച്ചിൽ.

**സുഖസന്ദോഹ്യ**-ഇണക്കമുള്ള പശു, കറപ്പാനെളിയ പശു.

**സുഖസന്നി**-ഒരുമാതിരി പനി.

**സുഖസാദ്ധ്യ**-വി. എളുപ്പം സാധിക്കാവുന്ന

**സുഖാജാതൻ**-ശിവൻ.

**സുഖാധാരം**-സ്വർഗ്ഗം, ഇന്ദ്രലോകം.

**സുഖാപഹ**-വി. സുഖത്തെ ഇല്ലാതാക്കുന്ന.

**സുഖാശനം**-കരുട്ടുവെള്ളരി

**സുഖാശൻ**-വരുണൻ.

**സുഖാസക്തൻ**-ശിവൻ.

**സുഖി**-സുഖമുള്ള.

**സുഖിക്കുന്നു**-സൌഖ്യം അനുഭവിക്കുന്നു.

**സുഖിയൻ**-പു. ഒരുമാതിരി പലഹാരം. ൨. സുഖം അനുഭവിക്കുന്നവൻ.

**സുഗതൻ**-ബുദ്ധമുനി.

**സുഗതവാക്യം**-പഴമൊഴി, സാധാരണ വാക്ക്.

**സുഗതി**-സൽഗതി, മോക്ഷം.

**സുഗന്ധ**-വി. നല്ല മണമുള്ള.

**സുഗന്ധ**-പു. ൧. മാധവി. ൨. മഞ്ഞക്കുറുഞ്ഞി. ൩. നറുനീണ്ടി. ൪. ഗംഗാപത്രി. ൫. ചിററരത്ത. ൬. ഈന്തിൽ. ൭. അരത്ത. ൮. തുളസി. ൯. കാട്ടുമാതളനാരകം. ൰. നറുമഞ്ഞൾ. ൧൧,

തുളസി. ൧൨. തുളസിമല്ല ൧൩. പെരുഞ്ചീരകം. ൧൪. കരിഞ്ചീരകം. ൧൫. ചെറുകച്ചോലം. ൧൬. ചോനകപ്പുല്ല്. ൧൭ കാട്ടുപാവൽ ൧൮. ശതകുപ്പ.

സുഗന്ധകം-൧ നാരകം. ൨. ചെമന്ന തുളസി.

സുഗന്ധം-൧. നല്ല മണം. ൨. ചന്ദനം. ൩. കിരാതചന്ദനം. ൪. ഗന്ധകം. ൫. പൂതണക്കപ്പുല്ല്. ൬. കറുത്ത ആമ്പൽ. ൭. കരിഞ്ചണ്ണ ൮. തുവച്ചില ഉപ്പ്. ൯. ചെറുകടുക്. ൧൦. പച്ചപ്പുഴ ൧൧. പച്ചില. ൧൨. കരിഞ്ചീരകം. ൧൩. കടല. ൧൪. തുമ്പൂണി. ൧൫. ഗന്ധതൃണം. ൧൬ കസ്തൂരക്കം. ൧൭ ചെമ്മുരിങ്ങ.

സുഗന്ധവർഗ്ഗം-നല്ല മണമുള്ള വസ്തുക്കളുടെ കൂട്ടം.

സുഗന്ധാഷ്ടകം—ജാതിക്കാ, ഇലവങ്ങം, കർപ്പൂരം, തക്കോലം, ഇരുവേലി പാക്ക് ഇവ ൮-ം.

സുഗന്ധാഢ്യാ-കുടമുല്ല.

സുഗന്ധി-വി. ൧. നല്ല മണമുള്ള. ൨. സുകൃതമുള്ള.

സുഗന്ധി-൧. നല്ല മണം. ൨. സുഗന്ധമുള്ള ഒരുവക പുല്ല്. ൩. ഏലാവാലുകം. ൪. നറുംപശ ൫. വെങ്ങ. ൬ (നീർ) മുത്തങ്ങ. ൭. മുത്തങ്ങ. ൮. കൊത്തമ്പാലയരി. ൯. കാട്ടുചെറുതുളസി ൧൦ വെൺചന്ദനം. ൧൧. തിപ്പലിമൂലം.

സുഗന്ധികം-൧. രാമച്ചം. ൨ സിംഹം ൩. അറബിക്കസ്തൂരക്കം. ൪. പുഷ്കരമൂലം. ൫. കരിഞ്ചീരകം. ൬. ഏലാവാലുകം.

സുഗന്ധിമൂഷികാ-നച്ചെലി.

സുഗമ-വി. ൧. നല്ലവണ്ണം നടക്കാവുന്ന. ൨. അടുത്തുചെല്ലാവുന്ന. ൩. എളുപ്പമുള്ള. സുഗമം > < ദുർഗ്ഗമം.

സുഗഹന-വി. ൧. പ്രവേശിക്കപ്പെടുവാൻ വഹിയാത്ത. ൨. ഏറ്റവും കട്ടിയുള്ള.

സുഗൃഹം-കുളക്കോഴി.

സുഗ്രീവൻ-൧. രാമായണത്തിൽ പറയുന്ന വാനരന്മാരുടെ രാജാവ്.

സൂര്യന്റെ പുത്രനാണ്. സുഗ്രീവന്റെ ഭാര്യക്കു 'രുമ' എന്നു പേർ. ജ്യേഷ്ഠന്റെ പേർ ബാലി. തന്നെ സ്ഥാനഭ്രഷ്ടനാക്കിയ ജ്യേഷ്ഠനെ രാമചന്ദ്രനെക്കൊണ്ടു വധിപ്പിച്ചതിൻ കിഷ്കിന്ധയിൽ രാജാവായി. ഇയാൾക്കു ഇഷ്ടംപോലെ രൂപം മാറുന്നതിനുള്ള ശക്തിയുണ്ടായിരുന്നു.

൨. കൃഷ്ണന്റെ (വിഷ്ണുവിന്റെ) ഒരു കുതിര. ൩. ഇന്ദ്രൻ. ൪. ശിവൻ.

സുഗ്രീവാജ്ഞ—നിർദ്ദാക്ഷിണ്യമായ വരുതി.

സുഗ്രീവം-൧. നല്ല കഴുത്ത്. ൨. അരയന്നം. ൩. ഒരുവക ആയുധം. ൪. വിഷ്ണുവിന്റെ ഒരു കുതിര.

സുഘോഷം-നകുലന്റെ ശംഖം.

സുചരിത, സുചരിത്ര-പാതിവ്രത്യമുള്ള സ്ത്രീ.

സുചാരു കൃഷ്ണന്റെയും രുഗ്മിണിയുടെയും പുത്രൻ.

സുചിരം-അ. വളരെക്കാലം.

സുചിത്രകം-നീർകാക്ക.

സുചേലകം-നല്ല വസ്ത്രം, പട്ടുചേല.

സുജന-വി. ൧. പുണ്യമുള്ള, നന്മയുള്ള. ൨. ദയയുള്ള.

സുജനതാ-൧. നന്മ. ൨. ദയ. ൩. നല്ല ജനസമൂഹം.

സുജനത്വം-നന്മ.

സുജനൻ-ഇന്ദ്രന്റെ തേരാളി.

സുജാത-വി. ൧ നന്നായുണ്ടായ. ൨. നല്ലവംശത്തിൽ ജനിച്ച. ൩. ഭംഗിയുള്ള

സുജാതി-വി. നല്ലജാതി.

സുത-൧. പുത്രി. ൨. രാജപുത്രി.

സുതൻ-൧. പുത്രൻ. ൨. രാജപുത്രൻ. ൩. രാജാവ്.

സുതനു-സുന്ദരി.

സുതപസ്സ്-൧. നല്ല തപസ്സ്. ൨. വലിയ ചൂട്. ൩. സൂര്യൻ.

സുതരാം-അ. ഏററവും, വിശേഷമായ്.

സുതർദ്ദനം-കുയിൽ.

സുതലം-പാതാളലോകങ്ങളിൽ ഒന്ന്.

സുതവാൻ, (-വതി)-പുത്രനുള്ളവൻ (-വൾ).

സുതശ്രേണി-ഒരു മരുന്ന്, എലിച്ചെവി. അനേകം മക്കൾ ഉള്ളത് എന്നർത്ഥം.

സുതസോമൻ-ഭീമന്റെ പുത്രൻ.

സുതാത്മജൻ-പുത്രന്റെയോ പുത്രിയുടെയോ പുത്രൻ.

സുതാത്മജാ-പുത്രന്റെയോ പുത്രിയുടെയോ പുത്രി.

മക്കളുടെ മകളെമാത്രം പറയുന്നതു —ദൌഹിത്രീ).

സുതിനീ-അമ്മ.

സുതീക്ഷ്ണൻ-ദണ്ഡകവനത്തിൽ വസിച്ചിരുന്ന ഒരു സന്യാസി. (രാമനും സീതയും ഒരിക്കൽ ഇദ്ദേഹത്തെ കണ്ടു).

സുതുംഗം-തെങ്ങ്.

സുത്യാ-൧. കർമ്മാവസാനത്തിലുള്ള ഒരു കുളി, യജ്ഞാന്തസ്നാനം. ൨. സോമവല്ലി ഇടിച്ചു പിഴിയുന്ന ക്രിയ.

സുത്രാമാവ്-൧. ഇന്ദ്രൻ. ലോകങ്ങളെ സംരക്ഷിക്കുന്നവൻ എന്നർത്ഥം. ൨. ഭൂമി.

സുത്വാ-യജ്ഞാവസാനത്തിൽ അവഭൃതസ്നാനംചെയ്ത യജമാനൻ. യാഗത്തിനായിട്ടു സോമവല്ലി പിഴിഞ്ഞവൻ എന്നർത്ഥം.

സുദതി-നല്ല പല്ലുള്ളവൾ, സുന്ദരി.

സുദന്തം-നല്ല പല്ല്.

സുദന്തൻ-നടൻ, ആട്ടക്കാരൻ.

സുദന്തി - ലോകത്തിന്റെ വടക്കെ പടിഞ്ഞാറെ ഭാഗത്തെ പിടിയാന.

സുദർശ-വി. ഭംഗിയുള്ള, കാണുന്നതിന നന്നായുള്ള.

സുദർശനൻ-൧. ജിനന്മാരിൽ ഒരു പ്രധാനി ൨. കഴുവൻ.

സുദർശനം-൧. വിഷ്ണുവിന്റെ ചക്രത്തിന്റെ പേർ. ഭക്തന്മാർ സുഖത്തോടു കാണുന്നതെന്നർത്ഥം. (വജ്രനാഭം എന്നതു നോക്കുക). ൨. മേരുപർവ്വതം ൩. കഴുവൻപക്ഷി.

സുദർശാ-൧ ഒരങ്ങാടിമരുന്ന്. ൨. കല്പന. ൩. ഒരു മരം. ൪. സൌന്ദര്യമുള്ള സ്ത്രീ

സുദർശനാവല്ലി-ഒരുവക വള്ളി.

ഇതിന്റെ ഇല കരിമ്പിന്റെ പോലെ ചെറുതും നീളമുള്ളതുമാണ്. പൂ വെളുത്തിരിക്കും.

സുദർശനി-ഇന്ദ്രന്റെ പുരം.

സുദാമൻ-ഒരു മേഘം.

സുദാമാ-കടൽ.

സുദാമാവ്-൧. മേഘം. ൨. പർവ്വതം. ൩. ഇന്ദ്രഗജം. ൪. ഒരു ഗോപൻ.

**സുദായം**-സ്ത്രീധനം.

**സുദാസൻ**-ഒരു രാജാവ്.

യാഗങ്ങൾ ചെയ്യുകനിമിത്തം പ്രസിദ്ധിനേടി. വിരോധികളായ വിശ്വാമിത്രനും വസിഷ്ഠനും ഈ രാജസഭയിൽ രഞ്ജനായോട്ടു ശോഭിച്ചു.

**സുദിനം**-നല്ല ദിവസം, തെളിഞ്ഞ ദിവസം, മഴക്കാറും മറവുമില്ലാത്ത ദിവസം.

**സുദീർഘ**-വി. ഏററവും നീള(അകല)മുള്ള.

**സുദുർല്ലഭ**-വി. ലഭിപ്പാൻ പ്രയാസമുള്ള.

**സുദുശ്ചര**-വി. ൧. ചെയ്വാൻ പ്രയാസമുള്ള. ൨. പ്രയാസപ്പെട്ടു നടക്കുന്ന. ൩. പ്രയാസപ്പെട്ടു ഇളകുന്ന.

**സുദുഷ്കര**-വി. ഏററവും പ്രയാസമേറിയ.

**സുദൂര**-വി. ഏററവും ദൂരമുള്ള.

**സുദൃക്ക്**- സുന്ദരി. നല്ല കണ്ണുള്ളവൾ എന്നർത്ഥം.

**സുദൃഢ**-വി. ഏററവും കട്ടപ്പമുള്ള, ഉറപ്പുള്ള.

**സുദൃഢം**-നല്ല ഉറപ്പ്.

**സുദൃഷ്ടി**-കഴുവൻ.

**സുദേഷ്ണ**-൧. വിരാടഭാര്യ. ൨. ബാലിയുടെ ഭാര്യ.

**സുദേഷ്ണൻ**-കൃഷ്ണന്റെയും രുക്മിണിയുടെയും പുത്രൻ.

**സുദ്യുമ്നൻ**-ഇളൻ. (ഇഡ എന്നതു നോക്കുക).

**സുധന്വാവ്**-അംഗിരസ്സിന്റെ പുത്രൻ.

**സുധർമ്മ**-ദേവകളുടെ സഭ.

ഇന്ദ്രന്റെ കൊട്ടാരത്തിലെ ആലോചനമുറിയാണ്. യദുകുലത്തിലുള്ളവർക്കു കൂടുന്നതിനുവേണ്ടി കൃഷ്ണന്റെ ആജ്ഞ ഹേതുവായിട്ടു ഇന്ദ്രൻ വിട്ടുകൊടുത്തു. കൃഷ്ണന്റെ അവസാനശേഷം തിരിയെ സ്വർഗ്ഗത്തിലേക്കുതന്നെ ഗമിച്ചു.

**സുധർമ്മാവ്**-തന്റെ കുടുംബത്തെ നല്ലവണ്ണം രക്ഷിക്കുന്നവൻ.

**സുധാ**-൧. അമൃത്. ൨. ഗംഗാനദി. ൩. ഇലക്കള്ളി, ചതുരക്കള്ളി. ൪. ചാറ്. ൫. വെള്ളം. ൬. മിന്നൽ ൭. ചെറുകടമ്പ ൮. മൂവില. ൯. വെങ്കളി. ൧൦. മധു. ൧൧. നെയ്യ്. ൧൨. ചുണ്ണാമ്പ്. ൧൩. നെല്ലി.

**സുധാകണ്ഠം**-കുയിൽ.

**സുധാകരൻ**-ചന്ദ്രൻ.

**സുധാകരം**-൧. സമുദ്രം. ൨. കർപ്പൂരം.

**സുധാംഗം**-കർപ്പൂരം.

**സുധാജീവി**-കല്ലാശാരി.

**സുധാനിധി**-കർപ്പൂരം.

**സുധാപാണി**-ധന്വന്തരിമൂർത്തി.

**സുധാംശു**-൧. ചന്ദ്രൻ. ൨. കർപ്പൂരം.

**സുധാംശുരത്നം**-കർപ്പൂരം.

**സുധാസിതം**-വെണ്ണ.

**സുധീ**-൧. പണ്ഡിതൻ, വിദ്വാൻ. ൨. നല്ല ബുദ്ധിയുള്ളവൻ

**സുനന്ദാ**-൧. ഗോരോചന. ൨. ഒരു ചേദിരാജ്ഞി.

നളൻ ദമയന്തിയെ ഉപേക്ഷിച്ചുപോയതിന്റെ ശേഷം ഈ രാജ്ഞിയാണു സഹായിച്ചതു്.

**സുനയനം**-മാൻ.

**സുനാദകം**-ശംഖ്.

**സുനാമൻ**-ഉഗ്രസേനന്റെ പുത്രൻ, കംസന്റെ സഹോദരൻ.

കൃഷ്ണൻ കംസനെ ജയിച്ചപ്പോൾ ഇയാൾ സഹായാർത്ഥം അവിടെ ചെന്നു. ബലരാമൻ കൊന്നു

**സുനാസീരൻ**- ഇന്ദ്രൻ. സു=നല്ല+നാസീരം=സേനാമുഖം. ശോഭയുള്ള സേനാമുഖമുള്ളവൻ. ശുനങ്ങൾ=ഗമിക്കുന്നവ. സീരം=കലപ്പ. ഭൂമിയിൽ മഴപെയ്യിച്ച് കലപ്പകൾകൊണ്ടുഴുന്നതിന് ഇടവരുത്തുന്നവൻ.

**സുനിഷണ്ണ(ക)ം**— നീരാരൽ. ഗുണങ്ങൾ ഇതിൽ ഭംഗിയായി നിലനില്ക്കുന്നു എന്നർത്ഥം.

**സുനീതി**-ന. നല്ല നീതി, നല്ല നയം, മര്യാദ, ഉ. ധ്രുവന്റെ അമ്മ, ഉത്താനപാദന്റെ പത്നി.

**സുനീല(ക)ം**-ഇന്ദ്രനീലക്കല്ല്.

**സുന്ദൻ**-ഒരസുരൻ.

നികുംഭന്റെ പുത്രന്മാരായി സുന്ദൻ എന്നും ഉപസുന്ദൻ എന്നും രണ്ടു അസുരന്മാരുണ്ടായി. ഇവർ ബ്രഹ്മാവിനെ തപസ്സുചെയ്തു അന്യോന്യം ഒഴിഞ്ഞു ആരാലും തങ്ങൾക്കു മൃതിയുണ്ടാകരുതെന്നു വരംവാങ്ങി അഹങ്കാരത്തിൽ മുഴുകി. ഇവരെ നിഗ്രഹിക്കുന്നതിനു ദേവകളുടെ പ്രാർത്ഥനയനുസരിച്ചു ബ്രഹ്മാവു തിലോത്തമയെ സൃഷ്ടിച്ചു. അവൾ ഹേതുവായിട്ടു അവർ കലഹിച്ചു തമ്മിൽ തല്ലി മരിച്ചു. ഈ കഥയെ ആസ്പദമാക്കി ഈ നിഘണ്ടുവിന്റെ കർത്താവു് വിദ്യാർത്ഥിയായിരിക്കുമ്പോൾ 'സുന്ദോപസുന്ദയുദ്ധം' എന്ന പേരോടുകൂടി ഒരു കഥകളി എഴുതി അച്ചടിപ്പിച്ചിട്ടുണ്ട്.

**സുന്ദര**-വി. ഭംഗിയുള്ള, സൌന്ദര്യമുള്ള.

**സുന്ദരദർശനം**-ഷത്ത.

**സുന്ദരൻ**-ന. അഴകുള്ളവൻ. ഉ. കാമദേവൻ.

**സുന്ദരവിഡ്ഢി**-അസ്ഥാനത്തിലും താൻ സുന്ദരൻ എന്നു നടിക്കുന്നവൻ.

**സുന്ദരം**-ന. ശോഭമേകം. ഉ. മയിലെള്ള്. ന. മനോഹരം.

**സുന്ദരാചാര്യൻ**—ഒരു സംസ്കൃതകവി. തിരുനൽവേലിക്കാരനാണ്. വെങ്കടേശന്റെ പുത്രൻ. വളരെ പ്രാചീനനല്ല, ഗീതിശതകം നിർമ്മിച്ചു.

**സുന്ദരി**-ന. സൌന്ദര്യമുള്ള സ്ത്രീ, ശോഭനങ്ങളായിരിക്കുന്ന അവയവങ്ങളോടു കൂടിയവൾ, ഉ. മഞ്ഞൾ. ന. മണിത്തക്കാളി.

**സുന്നക്കണക്ക്**—ഒരുവക കണക്ക്; (ശൂന്യമാണു സുന്നമായതു്).

ദ്രാവിഡന്മാരുടെ ഇടയിൽ മുമ്പില്ലായിരുന്നു. ആര്യന്മാരുടെ പക്കൽ നിന്നാണു അതിനെ അവർ ഗ്രഹിച്ചതു്.

**സുന്നത്തു്**-ന. ആചരണം, വഴക്കം. ഉ. പരിച്ഛേദനം, ചേലാകർമ്മം. (അറബിഭാഷ).

**സുന്നം, ശൂന്യം**-പൂജ്യം, ശൂന്യതയെ കാണിക്കാൻ ചെറിയ വൃത്താകാരത്തിലുള്ള ചിഹ്നം.

**സുന്നി**-വി. ദൂഷ്യമില്ലാത്ത, കൃത്യതയുള്ള.

**സുപദവാദിനി**-നല്ല വാക്സാമർത്ഥ്യമുള്ളവൾ, നല്ല അറിവുള്ളവൾ.

**സുപന്ഥാവ്**-നല്ല വഴി.

**സുപദ്മാ**-ന. വയമ്പ്. ഉ. താമരപ്പൊയ്ക.

**സുപർണ്ണ**-ന. ഒരു വൃക്ഷം. ഉ. പൂവൻകോഴി. ന. താമരപ്പൊയ്ക.

**സുപർണ്ണൻ**-ഗരുഡൻ.

**സുപർണ്ണാ**-കോഴി.

**സുപർണ്ണി**-താമരപ്പൊയ്ക.

**സുപർവ്വാ**-ന. മുള. ഉ. വെങ്കടക.

**സുപൎവ്വാവ്**-പു. ദേവൻ. കാമങ്ങളെ നല്ലപോലെ പൂരിപ്പിക്കുന്നവൻ എന്നൎത്ഥം. പൂൎവ്വചരിതം ശോഭനമായിട്ടുള്ളവൻ എന്നുമാവാം. ൨. കബന്ധാവ്.

**സുപാത്രം**-പു. നല്ല ഗുണവും പ്രാപ്തിയുമുള്ളവൻ. ൨. നല്ല പാത്രം.

**സുപാന**-വി. നല്ലവണ്ണം കുടിക്കുന്ന.

**സുപാൎശ്വകം**-ഒരു വൃക്ഷം, കല്ലാൽ.

**സുപാൎശ്വൻ**-ഒരു പക്ഷി.

സമ്പാതിയുടെ പുത്രനും ജടായുസ്സിന്റെ മരുമകനുമാണ്.

**സുപാവനി**-പു. പുല്ലു. ൨. ഗംഗ. ൩. ശുദ്ധമാക്കുന്നവൾ.

**സുപീഡനം**-കാലു തിരുമ്മുക.

**സുപുഷ്പ**-തുമ്പ.

**സുപുഷ്പി**-പു. വാഴ. ൨. തുമ്പ.

**സുപ്ത**-വി. പു. ഉറങ്ങുന്ന. ൨. ബുദ്ധിമാന്ദ്യമുള്ള.

**സുപ്തജ്ഞാനം**-സ്വപ്നം.

**സുപ്തം**-ഉറക്കം.

**സുപ്തി**-പു. ഉറക്കം. ൨. മരവിപ്പ്. ൩. വിശ്വാസം. ൪. സ്വപ്നം. ൫. ബോധക്ഷയം.

**സുപ്പ്കരം**-നാമങ്ങളുടെ വിഭക്തിപ്രത്യയങ്ങൾ.

**സുപ്രജത**- നല്ല സന്താനമുള്ളവരെന്ന അവസ്ഥ.

**സുപ്രതിഭാ**-മദ്യം.

**സുപ്രഭാ**-സരസ്വതീനദി.

**സുഫലം**-മാവ്.

**സുഫലാ**-വാഴ.

**സുപ്രതിക**-വി. നല്ല ശരീരമുള്ള.

**സുപ്രതിഷ്ഠാ**-ഛന്ദസ്സുകളിൽ ഒന്ന്.

**സുപ്രതീകൻ**-പു. വടക്കുകിഴക്കേ മൂലയിലെ ആന. ൨. കാമദേവൻ. ൩. ശിവൻ.

**സുപ്രഭാതാ**-നല്ല ഉഷസ്സ്.

**സുപ്രയുക്ത**-വി. പു. ചേൎന്ന. ൨. അസ്ത്രം മുതലായവകൊണ്ടു പ്രയോഗിക്കപ്പെട്ട.

**സുപ്രയോഗം**-പു. നല്ല പ്രയോഗം, സാമൎത്ഥ്യം. ൨. ചാപല്യം.

**സുപ്രയോഗവിശിഖൻ**—ശരം പ്രയോഗിക്കുന്നതിൽ സമൎത്ഥൻ.

**സുപ്രലാപം**-നല്ല വാക്ക്, നല്ലവണ്ണം പ്രകൃഷ്ടമായ വചനം.

**സുപ്രസന്ന**—വി. ഏററവും സന്തോഷിച്ച.

**സുപ്രിയൻ** - ഗന്ധൎവ്വരാജാവിന്റെ ഒരു പേർ.

**സുബന്ധം** - സംസ്കൃതശബ്ദത്തിൽ അകാരാന്താദിയായ നാമപദം.

**സുബന്ധു**-ഒരു കവി.

കാളിദാസന്റെ അനന്തരഗാമികളിൽ ഒരാളാണ്. 7-ാംശതാബ്ദത്തിനു മുമ്പു ജീവിച്ചിരുന്നു. പ്രധാന കൃതി വാസവദത്ത.

**സുബലാ**-പു. ഗാന്ധാരിയുടെ പിതാവായ ഗാന്ധാരരാജാവ്. ൨. ലങ്കയിലെ ഒരു പൎവ്വതം.

ഹനുമാൻ ചാട്ടിയതിൽ ചെന്നിറങ്ങിയതു ഈ മലയിന്മേലാണ്.

**സുബാഹു**-പു. ഒരു രാക്ഷസൻ.

സിദ്ധാശ്രമത്തിൽ നടത്തിയ യാഗം മുടക്കുകയാൽ ശ്രീരാമൻ വധിച്ചു.

൨. ധൃതരാഷ്ട്രരുടെ ഒരു പുത്രൻ, ചേദിരാജാവ്. ൩. ശത്രുഘ്നപുത്രൻ, മധുരാജാവ്.

**സുബുദ്ധി**-വി. നല്ല ബുദ്ധിയുള്ള.

**സുബേദാർ** - പട്ടാളത്തിലെ ഒരുദ്യോഗസ്ഥൻ. (പെഷ്യൻഭാഷ).

**സുബൈ** - പുലച്ച്, പ്രഭാതം). അറബിഭാഷ).

**സുബോധ**-വി. ൧. നല്ല ബുദ്ധിയുള്ള, വേണ്ടുംവണ്ണം പഠിച്ച. ൨. ഉണർച്ചയുള്ള.

**സുബോധം**-൧. ഉണർച്ച. ൨. അറിവ്.

**സുബ്രഹ്മണ്യൻ**-ശിവന്റെ പുത്രനായ ഒരു ദൈവം, കാർത്തികേയൻ.

(ഈ പേർ ദക്ഷിണഇൻഡ്യയിൽ മാത്രം നടപ്പ്).

'ഇങ്ങിനെസ്തുതികേട്ടനേരത്തു പരമേശൻ തിങ്ങിനകൃപയോടുമാനന്ദഹർഷത്തോടും * മംഗലതരകരദാരശാത്തോടുംകൂടി ഭംഗംകൂടാതെയുള്ളോരക്ഷികൾ പതിനെട്ടാൽ * അംഗനാരത്നമാകും പാർവ്വതീമുഖംനോക്കി മംഗലശീലന്മാർക്ക സങ്കടംകളവാനായി * അംശുമൻമഹിച്ചോരകൺകളിലുളവായി ഭംഗിയിൽ തേജസ്സോടുമഗ്നിതൻ പ്രഭയെക്കാൾ * പാരതിൽപതിച്ചിതങ്ങാറായി പ്രഭയോടെ താരായണാദികളുംനടുങ്ങിവാങ്ങിനിന്നു * താരിൽമാതാവാംദേവിയോടിനാൾമടിയിന്നു ചരണങ്ങളിൽചേർത്ത ചിലമ്പുതമ്മിൽതട്ടി * പാരമതെളിതന്നിൽച്ചിതറിതരിരത്നം നാരിയാംപാർവ്വതീടെയംഗത്തിൽച്ഛായതട്ടി * നാരിമാതടെരൂപംനവരത്നത്തിൽതോന്നി വരനാംശിവനപ്പോൾ ശക്തിയുമുണ്ടാമെന്നു * ധരിച്ചു ഗർഭമവൾവാഴുന്നകാലത്തിങ്കൽ ഘോരവീരന്മാരായിജ്ജനിപ്പാൻ തുടങ്ങുമ്പോൾ * നാരിമാരംഗങ്ങളിൽ വിയർത്തവിന്ദുലക്ഷം വീരരാംനവവീരർപുറത്തുജനിച്ചപ്പോൾ * വിന്ദുക്കൾജലംവീരന്മാരായിഭവിച്ചിതുവന്നിതുവിഷ്ണുപ്രമുഖന്മാരാംസമൂഹവും * വന്ദിച്ചു പുരാരിയോടുണർത്തിച്ചിതു മന്ദമിന്ദുശേഖരഭവാനരുളിച്ചെയ്യവേണം * ഇന്നുഹാരേതസ്സിനെയെങ്ങിനെവേണ്ടുവെന്ന് നന്നായിയതുംചെയ്തു ഭഗവൻഭക്തപ്രിയ * അന്നേരമതുംചെയ്തുഅഗ്നിവായുക്കളോടു ഒന്നിച്ചുകൂട്ടിക്കൊണ്ടുഗംഗതൻതീരത്തിങ്കൽ * ശരമാംതൃണമതിലാക്കിപ്പോരികയെന്നു പരമേശ്വരൻതാനരുളിച്ചെയ്തശേഷം * വിരവിൽശിവൻതന്നെവണങ്ങിയവർകളും പാരിന്നങ്ങുഭരിച്ചുലാളിച്ചുകൊണ്ടുപോയി * ആദരാൽഗംഗാതീരേശരാരണ്യത്തിൽവെച്ചു മോദേന പോന്നുവന്നുവരനെ വണങ്ങിനാർ * സാദരംധാതാദികൾമോദമുൾക്കൊണ്ടുവേഗാൽ വേദകാരണമൂർത്തിപാദങ്ങൾപണിഞ്ഞഥ * ഇന്ദുശേഖരൻതന്റെസാന്ദ്രമാംജ്യോതിസ്സിന്നു ചെന്നുടൻസ്തനംനൽകിലാളിച്ചുപാലിപ്പാനായ് * ഇന്ദുവെവിളിച്ചുടനൊന്നതുംചെയ്തുവിഷ്ണു ഇന്നുകാർത്തികതന്നെ കല്പിക്കവേണം നീയും * എന്നതുകേട്ടചന്ദ്രൻഭാഗ്യയോടുരചെയ്തു ഒന്നുനീചെയ്കവേണം ലോകകാര്യാർത്ഥമായി * സ്വാന്തഭീതദേവാഘഹരന്റെരേതസ്സിന്നു ചെന്നുനീസ്തനംനൽകിരക്ഷിയ്ക്കസുഖത്തോടെ * എന്നതുകേട്ടുമോദാൽസത്സ്വരൂപിണിചെന്നു വിന്ദുവെയെടുപ്പാനായ്ഭാവിച്ചനേരത്തിങ്കൽ * ആറായിച്ചമഞ്ഞിതു ബാലന്മാർകുതൂഹലാൽ കൂറോടെയെടുത്തവർമുലയുംകൊടുത്തിതു * നീറണിയുന്നപരൻപുത്രനെസുഖത്തോടെ യുർവ്വിയിൽവസിച്ചഹോവളർക്കുംകാലത്തിങ്കൽ * ശ്രീമഹാദേവൻതാനും ദേവിയോടതുംചെയ്തു കാമിനീവിമോഹനലോകനാംഗംഗാ

തടെ * നമ്മുടെസൂനനാകുംബാലനെക്കാണ്മാനായി നിഷ്കളശീലെമ്പാലെപങ്കജവിലോചനെ * ഇങ്ങിനെപരശിരാശ്രുവിച്ചുദേവിതാനും മംഗലസ്വരൂപിണിയാചിച്ചുഗമിപ്പാനായ് * തുംഗമാംജടാധരൻനന്ദിയാംതരുംചെയ്തു ഗംഗതൻതീരത്തെയ്ക്കുഗമിപ്പാനായിട്ടുടൻ * ധൎമ്മരൂപനായീടുമൃഷഭത്തിന്മേലേറി നന്മൊഴി ദേവിതന്നെപ്പിന്നിലങ്ങിരുത്തീട്ടു * നിൎമ്മലമൂൎത്തി താനും ഘോഷിച്ചുനടകൊണ്ടു അംബരചാരികളുംചെയ്തിതുപുഷ്പവൃഷ്ടി * ചെന്നുടനിറങ്ങിനാൻഗംഗതൻതീരത്തിങ്കൽ വന്ദിച്ചുകാൎത്തികയുംപുത്രരെവെച്ചുവേഗാൽ * അന്നേരംബാലന്മാരെയെടുപ്പാൻദേവിതാനും മന്ദഹാസവുംചെയ്തുപാണികൾനീട്ടീടിനാൾ * വന്നിതുബാലന്മാരുമാറുപേർ സമീപത്തു നന്നായിപ്പിടിച്ചങ്ങു മടിയിൽവെച്ചുമോദാൽ * ഒന്നിച്ചിതംഗങ്ങളുംമുഖങ്ങളുംആയ്വന്നു സുന്ദരഭുജങ്ങളുംദ്വാദശമായിത്തീൎന്നു * എങ്ങിനെപറയുന്നുമായതൻവൈഭവങ്ങൾ ഭംഗിയിൽസ്കന്ദനാനൽകിത്തഴകീമോദത്തോടെ * മംഗലരൂപിയാകുംകാൎത്തിയായതരുംചെയ്തു അങ്ങുനീഗമിക്കെണമെന്നുത്തുശ്രൂശ്രൂഷയ്ക്കായി * ഇങ്ങിനെകേട്ടനേരം വണങ്ങിപ്പോയീയവൾ മംഗലസ്വരൂപിയാംദേവിയുംബാലനുമായ് * ഗംഗാവല്ലഭൻതന്റെയരികെനിന്നുചൊന്നാളുംഗജരിപോകാന്തപോകയെന്നരുളെയ്തു * സുന്ദരിഗൌരിതാനും സ്കന്ദനാംശിവനുമായ് ചെന്നുടനൃഷഭത്തിൻമുകളിൽകരേയറി * ഒന്നിച്ചുഗമിച്ചുടൻകൈലാസേസംപരിചെന്നു നന്നായിസുഖത്തോടുംവസിച്ചുരതപീഠേ.

(സ്കാന്ദപുരാണം)

സുഭഗ-വി. ൧. സൌന്ദൎയ്യമുള്ള. ൨. ഭാഗ്യമുള്ള; ൩. പ്രിയമുള്ള.

സുഭഗത്വം-സൌന്ദൎയ്യം.

സുഭഗാ-൧. പൊൻകാരം. ൨. അശോകം. ൩. ചമ്പകം. ൪. ചേലേയം. ൫. ചെംകുറിഞ്ഞി.

സുഭഗാ-൧. ഭൎത്താവിന്നു ഇഷ്ടമുള്ള സ്ത്രീ. ൨. ഒരു നല്ല അമ്മ. ൩. മഴമുല്ല. ൪. മഞ്ഞൾ. ൫. തുളസി. ൬. മൂവില. ൭. കരിങ്കറുക. ൮. കസ്തൂരി. ൯. ഞാഴൽ. ൧൦. കാട്ടുമുല്ല. ൧൧. സ്വൎണ്ണവാഴ. ൧൨. സുന്ദരി. ൧൩. ഭാഗ്യവതി.

സുഭഗാസുതൻ—സുഭഗയുടെ പുത്രൻ. (സുഭഗ=ഭാഗ്യവതി).

സുഭംഗം-തെങ്ങ്.

സുഭദ്ര-വി. നന്മയുള്ള, ഭാഗ്യമുള്ള.

സുഭദ്രകം-കൂവളം.

സുഭദ്രൻ-കൃഷ്ണൻ.

സുഭദ്രാ-കൃഷ്ണന്റെ സോദരി, അൎജ്ജുനഭാൎയ്യ.

സുഭദ്രയെ ദുൎയ്യോധനനു കൊടുക്കണമെന്നു ബലഭദ്രർ വിചാരിച്ചിരുന്നു. കൃഷ്ണന്റെ തന്ത്രംകൊണ്ടു അൎജ്ജുനന്നാണു ആ മഹതിയെ കിട്ടിയതു്. സുഭദ്രയുടെ മകനാണു് അഭിമന്യു. സുഭദ്രാഹരണത്തിൽ തന്റെ ഭൎത്താവിനു രഥം തെളിച്ചതു ഈ മഹതിയത്രെ.

സുഭദ്രാംഗി— അശോകരാജാവിന്റെ അമ്മ.

സുഭാനു-സത്യഭാമയുടെ ഒരു പുത്രൻ.

സുഭാഷിത-നല്ലവണ്ണം പറയപ്പെട്ട, വേണ്ടുംവണ്ണം പറഞ്ഞ.

സുഭാഷിതം-നല്ല വാക്ക്.

സുഭിക്ഷം-ധാരാളമായുള്ള വസ്തു.

സുഭിക്ഷാ-താതിരി.

സുഭ്രമൻ-കാൎത്തവീൎയ്യൻ എന്ന രാജാവ്,

സുഭ്രു—സ്ത്രീ. നല്ല പുരികമുള്ളവൾ എന്നൎത്ഥം.

സുമത—വി. സ്നേഹമുള്ള.

സുമതി-പു. സൽബുദ്ധി. ൨. സ്നേഹം. ൩. പഞ്ചവൎണ്ണക്കിളി. ൪. സഗരന്റെ ഒരു ഭാൎയ്യ. (൬൦,000 പുത്രന്മാരുണ്ടായിരുന്നു).

സുമന—വി. ഭംഗിയുള്ള.

സുമന—പു. ചെമന്തി. ൨. പിച്ചകം. ൩. മുല്ല.

സുമനം—പു. കോതമ്പ്. ൨. ഉമ്മത്ത്. ൩. മാവ്.

സുമനസ്സ്—പു. ദേവൻ. ൨. പുഷ്പം, പിച്ചി.

സുമനശ്ശബ്ദം പുഷ്പത്തെക്കുറിച്ചു പ്രയോഗിക്കുമ്പോൾ ബഹുവചനമായിട്ടല്ലാതെ പ്രയോഗിക്കരുത്.

൩. പണ്ഡിതൻ, സജ്ജനം. ൪. തൃപ്തൻ.

സുമനസൻ-ദേവൻ.

സുമനസം-പുഷ്പം.

സുമനോരജസ്സ്-പൂമ്പൊടി.

സുമന്ത്രൻ-ദശരഥന്റെ പ്രധാനമന്ത്രി.

സുമന്ത്രാ-ചന്ദ്രവംശത്തിൽ മഹാഭൌമ നൃപന്റെ ഭാൎയ്യ.

സുമൻ-ചന്ദ്രൻ.

സുമം-പു. പൂവ്. ൨. കൎപ്പൂരം. ൩. ആകാശം.

സുമാംഗല-വി. ശുഭമായ.

സുമംഗല-ഒരു നദി.

സുമംഗലി-ഭൎത്താവുള്ളവൾ (സഭൎത്തൃക).

സുമാറ്-അ. പു. ഉദ്ദേശത്തിൽ, ഏകദേശം. ൨. കണിശമായി, കണ്മതിപ്പ്.

സുമാറ്—പു. മതിപ്പ്. ൨. തയ്യാർ.

സുമിത്രാ-ദശരഥന്റെ ഭാൎയ്യമാരിൽ ഒരുത്തി, ലക്ഷ്മണശത്രുഘ്നന്മാരുടെ മാതാവ്.

സുമുഖ-വി. നല്ല മുഖമുള്ള, സൌന്ദൎയ്യമുള്ള.

സുമുഖത-സന്തോഷഭാവം.

സുമുഖൻ-പു. നല്ല മുഖമുള്ളവൻ, സുന്ദരൻ. ൨. ഗരുഡന്റെ പുത്രൻ. ൩. പാതാളത്തിലുള്ള സൎപ്പങ്ങളിൽ ഒന്ന്. ൪. ഒരു പണ്ഡിതൻ. ൫. ഗണപതി. ൬. ഗരുഡൻ.

സുമുഖം-പു. നല്ല മുഖം. ൨. ഒരുമാതിരി ചീര. ൩. നഖംകൊണ്ടു മാന്തിയപാട്.

സുമുഖി-പു. നല്ല മുഖമുള്ളവൾ, സുന്ദരി. ൨. ഒരു വൃത്തത്തിന്റെ പേർ. ൩. ഒരു രാഗം. ൪. മുഖക്കണ്ണാടി.

സുമേധസ്സ്-വി. ബുദ്ധിയുള്ള.

സുമേരു-വി. ശ്രേഷ്ഠമായുള്ള.

സുമേരു-പു. മഹാമേരു പൎവ്വതം. ൨. ശിവൻ.

സുമ്നം-പു. മന്ത്രം. ൨. സന്തോഷം. ൩. യശം, രക്ഷ.

സുയോധനൻ-ദുൎയ്യോധനൻ. നല്ലവണ്ണം യുദ്ധംചെയ്യുന്നവൻ.

സുര-പു. മദ്യം. ൨. അരിപ്പൊടിയും മററും കൊണ്ടുണ്ടാക്കിയ മദ്യം. ൩. പാനപാത്രം. ൪. സൎപ്പം.

സുരകാരു-വിശ്വകൎമ്മാവ്.

സുരകാൎമ്മുകം-മഴവില്ല്.

സുരക്ത-വി. പു. നല്ലപോലെ ചായമിടപ്പെട്ട. ൨. നല്ലവണ്ണം ചേൎന്ന. ൩. കടുഞ്ചെമപ്പുള്ള.

സുരക്ഷിതം-വി. സംരക്ഷിക്കപ്പെട്ട.

സുരഗണൻ-ശിവൻ.

സുരഗുരു-വ്യാഴം, ബൃഹസ്പതി.

സുരഗ്രാമണി-ഇന്ദ്രൻ.

സുരംഗ-തുരങ്കം, ഭൂവരത്തുരന്നുണ്ടാക്കിയ ദ്വാരം.

സുരംഗം-൧. മാതളനാരങ്ങാ. ൨. ചായില്യം. ൩. ചെമന്ന ചായം. ൪. ചെമ്മരം

സുരജ്യേഷ്ഠൻ-ബ്രഹ്മാവ്.

സുരത-വി. മനസ്സലിവുള്ള.

സുരത-ദൈവത്വം.

സുരതം-ക്രീഡ.

സുരതരു-കല്പവൃക്ഷം.

സുരതോഷകം-കൌസ്തുഭരത്നം.

സുരത്നകം-മാണിക്യം.

സുരദാരു-ദേവതാരവൃക്ഷം.

സുരദീർഘിക-ആകാശഗംഗ.

സുരദുന്ദുഭി-തുളസി.

സുരദ്രുമം-൧. ദേവതാരം. ൨. വലിയ വേഴൽ.

സുരദ്വിട്ട്-അസുരൻ.

സുരദ്വിപം-൧. ദേവന്മാരുടെ ആന. ൨. ഐരാവതം.

സുരധനുസ്സ്-മേഘവില്ല്.

സുരധൂപം-മരക്കറ, ദേവദാരുതൈലം.

സുരനദി-ആകാശഗംഗ.

സുരനിമ്നഗാ-ഗംഗാനദി.

സുരൻ-൧. ദേവൻ. ൨. ആദിത്യൻ. ൩. സന്ന്യാസി. ൪. വിദ്വാൻ. നല്ലവണ്ണം ശോഭിക്കുന്നവൻ എന്നർത്ഥം.

സുരപർണ്ണം-ഒരു പച്ചമരുന്നു, മക്കിപ്പൂവ്

സുരപതി-ഇന്ദ്രൻ.

സുരപഥം-ആകാശം.

സുരപമണി-ഇന്ദ്രനീലക്കല്ല്.

'സുരപമണിനിഭം
പ്രണതോസ്മ്യഹം രാമം'
(രാമായണം)

സുരപർവ്വതം-മഹാമേരു.

സുരപുന്നാഗം-ദേവപുന്ന.

സുരപുരി-സ്വർഗ്ഗം.

സുരപ്രിയാ-പിച്ചകം.

സുരഭി-വി. ൧. നല്ല ഗന്ധമുള്ള. ൨. ഇഷ്ടമുള്ള. ൩. സ്നേഹമുള്ള. ൪. സൌന്ദര്യമുള്ള. ൫. വിദ്യാമുള്ള, ബുദ്ധിയുള്ള. ൬. കേൾവിപ്പെട്ട. ൭. നല്ല, സുകൃതമുള്ള. ൮. വിശിഷ്ടമായ.

സുരഭി-൧. സുഗന്ധം. ൨. ചന്ദനം. ൩. തുശിമല്ല. ൪. വസന്ത ഋതു. വേഗത്തോടുകൂടെ നല്ലപോലെ ഗമിക്കുന്ന സമയം എന്നർത്ഥം. ൫. ഇലഞ്ഞി. ൬. ചാമ്പേയ്യം. ൭. ജാതിക്ക. ൮. മദ്യം. ൯. ഭൂമി. ൧൦. എല്ലാത്തരം മല്ലയും. ൧൧. തുളസി. ൧൨. പൊന്ന്. ൧൩. ഗന്ധകം. ൧൪. കണ്ണുഗ്ഗുലു. ൧൫. വന്നി. ൧൬. ചെഞ്ചല്യം. ൧൭. ഒരു പശു. ൧൮. കാമധേനു. (ആഗ്രഹിച്ചതിനെ എല്ലാം നൽകുന്ന ഈ പശു വസിഷ്ഠരുടെ അധീനത്തിലാണ്. പുത്രിയുടെ പേർ 'നന്ദിനി.') ൧൯. ഗന്ധതൃണം. ൨൦. മുരാമാഞ്ചി. ൨൧. തുച്ചട. ൨൨. ഈന്തിൽ. ൨൩. പച്ച. ൨൪. വെൺചന്ദനം. ൨൫. സമുദ്രമഥനത്തിൽ കിട്ടിയ പശു. ൨൬. പശു ൨൭. കടമ്പ്.

സുരഭിഗന്ധാ-പിച്ചകം.

സുരഭില-വി. സുരഭി.

സുരഭിലം-സൌരഭ്യം.

സുരലാ ഗംഗാനദി.

സുരർഷികൾ-നാരദൻ മുതലായവർ.

സുരലോകം-൧. സ്വർഗ്ഗം, ദേവസ്ത്രീ. ൨. ഭഗ്ഗ്.

സുരവരൻ-ഇന്ദ്രൻ.

സുരവർത്മാവു-ആകാശം, സ്വർഗ്ഗം.

സുരവല്ലഭ-വെളുത്ത ദൂർവ്വ.

സുരവാഹിനീപതി—൧. പരമേശ്വരൻ. ഗംഗയുടെ ഭർത്താവ് എന്നർത്ഥം. ൨. സുബ്രഹ്മണ്യൻ ദേവസൈന്യാധിപൻ എന്നർത്ഥം.

സുരവിലാസിനി-അപ്സരസ്ത്രീ.

സുരസ-വി. ൧. രസമുള്ള, മധുരമുള്ള. ൨. രുചിയുള്ള.

സുരസാ-൧. നാഗമാതാവു.

(അദ്ധ്യാത്മരാമായണം നോക്കുക)

അലമലമിതയമമലനതുലയമാക്കമേ
അൻപതുയോജന വാ പിളർന്നീടിനാളപ്പോൾ
അതുപൊഴുതുപവനസുതനതികൃശശരീര
നായ് അംഗുഷ്ഠതുല്യനായുൾപ്പുക്കിതളി
നാൾ (ഇത്യാദി).

൨. തഴുതാവ്. ൩. അരത്ത. ൪. വലിയ ശതാവരി. ൫. കരിനൊച്ചി. ൬. ചിററരത്ത. ൭ ബ്രഹ്മി. ൮. കാട്ടുശതകുപ്പ. ൯. നൊച്ചി.

സുരസം-൧. നല്ല രസം, മധുരം. ൨. തുളസി, ചെറുതുളസി. ൩. മുത്ത്. ൪. ഇലവങ്ങത്തൊലി, ഇലവിൻപശ. ൫. നൊച്ചി. ൬. കണ്ഠപ്പുല്ല്. ൭. ഗന്ധതൃണം. ൮. ഏലവങ്ങം. ൯. നാഗപശ.

സുരസംഹതീപതി-ഇന്ദ്രൻ.

സുരാചാര്യൻ-വ്യാഴം.

സുരാദ്ധ്യക്ഷൻ-ശിവൻ.

സുരാപഗാ-ഗംഗ.

സുരാപാത്രം-മദ്യപാത്രം.

സുരാപാനം-മദ്യപാനം.

സുരാബീജം-ഏതു ദ്രവ്യംകൊണ്ടാണോ മദ്യം ഉണ്ടാക്കുന്നതു അതു്.

സുരാമണ്ഡം – മദ്യത്തിന്റെ തെളി, തെളിമദ്യം.

സുരാരി-അസുരൻ.

സുരാർഹം—൧. ഹരിചന്ദനം. ൨. പൊന്ന്.

സുരാലയം-൧.സ്വർഗ്ഗം. ൨. മേരുപർവ്വതം.

സുരാഷ്ട്രജം-൧. സൌരാഷ്ട്രമുള്ള മണ്ണ്. ൨. തുവര, ഒരുവക പയർ.

സുരാഷ്ട്രം-ഇൻഡ്യയുടെ പടിഞ്ഞാറുവശത്തുള്ള ഒരു ദേശം.

സുരുംഗ-൧. തുരങ്കം. ൨. മുരിങ്ങവൃക്ഷം.

സുരുംഗാഹി - തുരങ്കമിട്ടു മോഷ്ടിക്കുന്നവൻ.

സുരുചി-ഉത്താനപാദന്റെ ഇളയ പത്നി.

സുരുചിര-വി. ഭംഗിയുള്ള, മനസ്സിന്നിണങ്ങിയ.

സുരുളി-ഒരു നദി.

സുരൂപ-വി. നല്ല രൂപമുള്ള, സൌന്ദര്യമുള്ള. ൨. വിദ്യയുള്ള.

സുരൂപാ-മരമല്ലി.

സുരേജ്യാ-൧. തുളസി. ൨. ബ്രഹ്മി.

സുരേജ്യൻ-ബൃഹസ്പതി.

സുരേന്ദ്രൻ-ദേവേന്ദ്രൻ.

സുരേന്ദ്രാ-വലിയ ചേന.

സുരേഭം-വെളുത്തീയം.

സുരേശൻ-ഇന്ദ്രൻ.

സുരേശ്വരൻ-ശിവൻ.

സുരോത്തമൻ-൧. ഇന്ദ്രൻ. ൨. സൂര്യൻ.

സുരോത്തരം-ചന്ദനം.

സുരോദം-മദ്യക്കടൽ.

സുർമ്മ-കണ്മഷി.

സുലഭ-വി. പ്രയാസംകൂടാതെ, ലഭിപ്പാൻ, പ്രയാസമില്ലാതെ, സാധിക്കാവുന്ന. സുലഭം> <ദുർല്ലഭം.

**സുലളിത**-വി. മനസ്സിന്നിണങ്ങിയ, ഭംഗിയുള്ള.

**സുലോചന**-വി. നല്ല കണ്ണുള്ള.

**സുലോചനൻ**-സുന്ദരൻ, നല്ല കണ്ണുള്ളവൻ.

**സുലോചനം**-൧ മാൻ. ൨. ചകോരപ്പക്ഷി.

**സുലോചനാ**-൧. സൌന്ദര്യമുള്ള സ്ത്രീ. ൨. ഇന്ദ്രജിത്തിന്റെ ഭാര്യ.

**സുലോഹകം**-പിച്ചള.

**സുൽത്താൻ** - മഹമ്മദീയരാജാക്കന്മാരുടെ സ്ഥാനപ്പേര്. ഉ-ം, മൈസൂരിലെ ടിപ്പുസുൽത്താൻ.

**സുവചനം**-നല്ല വാക്ക്.

**സുവചസ്സ്**-അധികമായും ഭംഗിയായും സംസാരിക്കുന്ന.

**സുവംശം**-വെള്ളക്കരിമ്പ്.

**സുവർണ്ണ**-വി. ൧ നല്ലനിറമുള്ള. ൨. നല്ല ജാതിയിലുള്ള. ൩. ശോഭയുള്ള.

**സുവർണ്ണകം**-കൊന്നവൃക്ഷം.

**സുവർണ്ണം**-൧. പൊന്ന്. ൨. ഒരക്ഷത്തൂക്കമുള്ള പൊന്ന്, പൊന്നിന്റെ ഒരു തൂക്കം ൩. ഐശ്വര്യം, സമ്പത്ത്. ൪. ഒരുമാതിരി ചുവന്ന കൽച്ചുണ്ണാമ്പ്. ൫. ചന്ദനം, ഹരിചന്ദനം. ൬. കൊന്നവൃക്ഷം. ൭. നീർമരുത്. ൮. ഉമ്മത്ത്. ൯. കണഗുഗ്ഗുലു. ൧൦. കാരകിൽ. ൧൧. പൊൻകാവി. ൧൨. നാകപ്പൂവ്.

**സുവല്ലി**-കാർകോകിൽ.

**സുവഷാ**-മഴമല്ലി.

**സുവഹ**-വി. ൧. നല്ലപോലെ ചുമക്കുന്ന. ൨. ചുമക്കുന്നതിനു പ്രയാസമില്ലാത്ത. ൩. ക്ഷമയുള്ള.

**സുവഹ**-൧. തുച്ചട. ൨. ത്രികോല്പക്കൊന്ന. ൩. നിലപ്പന. ൪. അരത്ത. ൫. ചെറുപ്പുള്ളടി. ൬. കരിനൊച്ചി. ൭. വെളുത്തനൊച്ചി. ൮. ഇലന്തിൽ. ൯. ചിററരത്ത. ൧൦. പേരരത്ത.

**സുവാസം**-൧. നല്ല ഇരിപ്പിടം. ൨. നല്ല വാസന.

**സുവാസി**-വി. നല്ല വസതിയിൽ പാർക്കുന്ന.

**സുവാസിനി**-യൌവനമാരംഭിച്ചസ്ത്രീ.

**സുവിനീത**-വി. നല്ലപോലെ വളർത്തപ്പെട്ട, വേണ്ടപോലെ പഠിപ്പിക്കപ്പെട്ട.

**സുവിനീത**-ഇണക്കമുള്ള പശു.

**സുവിശേഷം**— നല്ലവാർത്ത, യേശുവിന്റെ ജീവചരിത്രവും പ്രസംഗങ്ങളും അടങ്ങിയ ഗ്രന്ഥം.

**സുവിശേഷകചതുഷ്ടയം**— (ക്രി-മ.) മത്തായി, മാർക്കോസ്, ലൂക്കോസ്, യോഹന്നാൻ.

**സുവിശേഷകൻ**—('ഏവൻഗേലിസ്റ്റ്' നോക്കുക).

**സുവൃത്തവാൻ**-നല്ല ചരിത്രത്തോടുകൂടിയവൻ.

**സുവ്രത**-വി. സുകൃതമുള്ള, കണിശമുള്ള.

**സുവ്രതാ**-ഇണക്കമുള്ള പശു.

**സുശർമ്മാവ്**-ത്രിഗർത്തരാജാവ്.

— വിരാടരാജാവിനെ തോല്പിച്ചു തടവിലിട്ടു. ആ നൃപനെ സഹായിച്ച സുശർമ്മാവിനെ ഭീമൻ തടവുകാരനാക്കി.

**സുശാകം**-ഇഞ്ചി.

**സുശീതം**-പീതചന്ദനം.

**സുശീതല**-വി. അധികം തണുപ്പുള്ള.

**സുശീതലം**-സൌരഭ്യമുള്ള ഒരു പുല്ല്.

**സുശീല**-വി. നല്ല ശീലമുള്ള.

**സുശീല**-൧. യമന്റെ ഭാര്യ. ൨. കൃഷ്ണന്റെ ഒരു പ്രധാനഭാര്യ.

സുശീലത-നല്ലശീലം.

സുശ്രുതൻ-വിശ്രുതനായ ഒരു ഗ്രന്ഥകത്താവ്.

ജനനം നിശ്ചയമില്ല. 8-ാം ശതാബ്ദത്തിനു മുമ്പായി ഇദ്ദേഹത്തിൻെറ ഗ്രന്ഥം അറബിഭാഷയിൽ തജ്ജമയുള്ളതായി കാണുന്നു.

സുഷമ-വി. ശോഭയുള്ള, ഭംഗിയുള്ള.

സുഷമാ-അതിശോഭ.

സുഷവി-പു. പുൽവള്ളി, പാവൽ. വ. കരിഞ്ചീരകം. ന. പെരുഞ്ചീരകം. ർ. ചീരകം.

സുഷി-പു. പോത്ത്. വ. കുഴൽ.

സുഷിര-വി. നിറച്ചു തുളകളുള്ള, ഛിദ്രമുള്ള.

സുഷിരം-പു. ഛിദ്രം. വ. കുഴൽ. ന. അഗ്നി. ർ. മട.

സുഷിരാ-പവിഴക്കൊടി.

സുഷിമ-വി. തണുപ്പുള്ള.

സുഷീ(ഷി)മം-പു. സപ്പം. വ. പാമ്പ്. ന. ചന്ദ്രകാന്തക്കല്ല്. ർ. തണുപ്പ്.

സുഷുപാ-ചന്ദ്രവംശത്തിൽ ജയസേനനൃപൻെറ ഭാര്യ.

സുഷുപ്ത-വി. ഉറങ്ങുന്ന.

സുഷുപ്തി-നല്ല ഉറക്കം.

സുഷുമ്നം-സൂര്യൻെറ ഒരു രശ്മി.

സുഷുമ്നാ-ഒരു നാഡി.

ഇഡ, പിംഗല എന്ന നാഡികളുടെ മദ്ധ്യേയുള്ള നാഡിവിശേഷം. മൂലാധാരത്തിൽ നിന്നാരംഭിച്ചു ബ്രഹ്മരന്ധ്രം വരെ എത്തിയിരിക്കുന്നു.

സുഷേണൻ-പു. വിഷ്ണു. വ. രാമായണത്തിൽ പറയുന്ന ഒരു വാനരൻ, താരയുടെ അച്ഛൻ. ന. രുക്മിണിയുടെയും കൃഷ്ണൻെറയും പുത്രൻ. ർ. രാമൻെറ സേനയിലെ ഒരു വൈദ്യൻ.

യുദ്ധത്തിൽ മരിച്ചവരെ ജീവിപ്പിക്ക മുതലായ അത്ഭുതപ്രവൃത്തികൾ ഈ വൈദ്യൻ ചെയ്തിട്ടുണ്ട്.

ഇ. രേണുകയുടെ ഒരു പുത്രൻ.

സുഷേണം-പു. പെരുങ്കിളാവ്. വ. ചൂരൽ.

സുഷേണികാ-നല്ലെളാപ്പുക്കൊന്ന.

സുഷ്ഠു-അ. പു. അധികം. വ. ഏററവും നല്ല.

സുസത്യാ-ജനകൻെറ ഭാര്യ.

സുസംസ്കൃത-വി. പു. നല്ലവണ്ണം ഉണ്ടാക്കപ്പെട്ട. വ. വേണ്ടപോലെ പാകംചെയ്യപ്പെട്ട.

സുസഹ-വി. പ്രയാസംകൂടാതെ വഹിച്ച, വേണ്ടതുപോലെ സഹിക്കാവുന്ന.

സുസാധ്യം-എളുപ്പത്തിൽ സാധിക്കുന്നത്. (സുസാധ്യം><ദുസ്സാധ്യം).

സുസാരവത്ത്-സ്ഫടികം.

സുസ്ഥ-വി. നല്ലവണ്ണം ഇരിക്കുന്ന, സുഖമുള്ള.

സുസ്ഥത-സുഖം.

സുസ്ഥിര-വി. വളരെ ഉറപ്പുള്ള, ഇളകാത്ത.

സുസ്നാത-വി. നല്ലവണ്ണം കുളിച്ച.

സുസ്നാതൻ-യാഗം കഴിച്ചവൻ.

സുസ്നിഗ്ധ-വി. ഏററവും സ്നേഹമുള്ള.

സുഹിത-വി. പു. പൂണ്ണമായ. വ. തരമായ. ന. ദയയുള്ള.

സുഹൃത്ത്-പു. സ്നേഹിതൻ. വ. ബന്ധു. ന. രാജ്യാംഗങ്ങളിൽ ഒന്ന്.

സുഹൃത്തൻ-നല്ല ചരിത്രമുള്ളവൻ.

സുഹൃദയ-വി. നല്ല ഹൃദയമുള്ള, ദയയുള്ള.

ലോകൈകവീരനായി ദേവന്മാരാലും അധൃഷ്യനായി സുഹോത്രൻ എന്നൊരു രാജാവു് പണ്ടു നാടുവാണിരുന്നു. അദ്ദേഹം ധൎമ്മൈകശരണ്യനായിരുന്നു. ആത്മശ്രേയസ്സിനുതകുന്ന വരങ്ങൾ മഹൎഷികളിൽനിന്നു സമ്പാദിച്ചു. ദാനം, ധൎമ്മം, ദേവാരാധന, യജ്ഞം മുതലായവയാണു പ്രജാരക്ഷണത്തിനു സുകരമായ മാൎഗ്ഗം എന്നറിഞ്ഞു സുഹോത്രൻ ദാനധൎമ്മാദികൾകൊണ്ടും ദേവാരാധനകളാലും അരിനിഗ്രഹംചെയ്തു സദ്ഗുണങ്ങളാൽ ജീവജാലങ്ങളെ രഞ്ജിപ്പിച്ചു പരാരുടച്ചു മരിച്ചുവന്നു. അനേകായിരം അശ്വമേധവും അസംഖ്യം രാജസൂയവും മററം ചെയ്തു അദ്ദേഹം സോമവംശരാജാവായ ഭൂമന്യുവിന്റെ പുത്രനും അജമീഢന്റെ പിതാവുമാണു്.

(കാവ്യഭാവനാപരിപാകപാഠ്യ ബുദ്ധിയത്രേ സഹൃദയൻ).

സുഹോത്രൻ-സഹദേവനു വിജയയിൽ ഉണ്ടായവൻ.

---

# സൂ

സൂകം-ആമ്പൽ.

സൂകരദംഷ്ട്രകം-ഒരു ക്ഷുദ്രരോഗം.

ദാഹത്തോടുകൂടിയും പുറവും ചെമന്നും തൊലി പഴുത്തും ദുസ്സഹമായ വേദനയോടും ചൊറിച്ചലോടും ജ്വരത്തോടും കൂടിയുണ്ടാകും.

സൂകരം-൧. പന്നി. അനേകം കുട്ടികളെ പ്രസവിക്കുന്നതു് എന്നൎത്ഥം. ൨. പന്നിക്കുട്ടൻനെല്ലു്. ൩. ഒരുവക മാൻ.

സൂക്തി-നല്ല വാക്കു്.

സൂക്തം-വേദവാക്യം.

സൂക്ഷം-൧. വിചാരം, നോട്ടം. ൨. ഒപ്പം. ൩. പരമാൎത്ഥം.

സൂക്ഷിക്കുന്നു-൧. കാത്തുരക്ഷിക്കുന്നു ൨. നോക്കുന്നു.

സൂക്ഷ്മൻ-ശിവൻ.

സൂക്ഷ്മ-വി. ൧. ചെറുതായ. ൨. ത്തുലോം ചെറിയ തരിയായ. ൩. ബുദ്ധിശക്തിയുള്ള. ൪. നേരിയ. (നാമം-സൂക്ഷ്മത).

സൂക്ഷ്മം-൧. ലവം, ലേശം. സൂചിപ്പിക്കപ്പെടുന്നതെന്നൎത്ഥം. സൂക്ഷ്മ്-ഗ്സ്ഥൂലം. ൨. നോട്ടം. ൩. തരി. ൪. തേററമരം. ൫. താമരവള്ളി. ൬. പരമാത്മാവു്. ൭. ചതിവു്. ൮. ബുദ്ധിശക്തി. ൯. നേത്രത്തിലും മററം.

സൂക്ഷ്മതണ്ഡുലം-അവീൻചെടി, കല്പു്.

സൂക്ഷ്മതണ്ഡുലാ-വലിയ കരുമുളക്.

സൂക്ഷ്മദൎശി, സൂക്ഷ്മദൃഷ്ടി-വി. ചെറിയ വസ്തുക്കളെ ക്ഷണത്തിൽ കാണുന്ന, ബുദ്ധികൂൎപ്പുള്ള.

സൂക്ഷ്മദൎശിതാ-കുശാഗ്രബുദ്ധി.

സൂക്ഷ്മദേഹം-ജീവാത്മാവു്.

സൂക്ഷ്മശൎക്കര-മണൽ.

സൂക്ഷ്മാ-൧. കരുമുഴി. ൨. ചിററേലം. ൩. മണൽ. ൪. ഏലാവാലുകം.

സൂക്ഷ്മാലങ്കാരം-അലങ്കാരങ്ങളിൽ ഒന്നു്.

സൂചകൻ-൧. ഏഷണിക്കാരൻ, ഒററുകാരൻ. ൨. ഗുരു. ൩. കഴസൂചി. ൪. കൂട്ടത്തിൽ പ്രമാണി. ൫. കാക്ക. ൬. പൂച്ച. ൭. ദുഷ്ടൻ. ൮. പട്ടി. ൯. ആംഗ്യംകൊണ്ടറിയിക്കുന്നവൻ.

സൂചകം-൧. ആംഗ്യംകൊണ്ടറിയിക്കുക. ൨. ഒററു്, ഗൂഢമായി തിരക്കിയറിക. ൩. ആരംഭം. ൪. ചീരകച്ചമ്പാവു്. ൫. നായ്. ൬. പൂച്ച. ൭. കാക്ക,

**സൂചന**-൧. കുത്തിത്തുളയ്ക്കൽ. ൨. കാഴ്ച. ൩. ദൃഷ്ടി. ൪. ആംഗ്യംകൊണ്ടറിയിക്കുക.

**സൂചനം**-൧. കാണിച്ചുകൊടുക്കുക. ൨. പഠിപ്പിക്കുക. ൩. അറിയിക്കുക.

**സൂചി**-൧. തയ്ക്കുന്നതിനു ഇരിമ്പുമുതലായതുകൊണ്ടുണ്ടാക്കിയ ഒരുവക കഴസൂചി. ൨. മൊട്ടുസൂചി. ൩. മത്സ്യത്തെ കോർക്കുന്ന സൂചി. ൪. പനയോലയിൽ നാരുകോർക്കുന്നതിനു കുത്തിത്തുളയ്ക്കുന്ന അലകുസൂചി. ൫. പുരയുടെ മുകൾ കുത്തിമുറുക്കുന്ന അലകുസൂചി. ൬. ഒരു പുസ്തകത്തിലെ സംഗതിവിവരം. ൭. കൊഴു അവകാശി.

**സൂചിക**-൧. സൂചന. ൨. ആരംഭം.

**സൂചികാധരം**-ആന.

**സൂചികാമുഖം**-ശംഖ്.

**സൂചിക്കാണം**-ചില ആധാരമെഴുതിക്കൊടുപ്പാനുള്ള ഒരു അവകാശം.

**സൂചിക്കാന്തം**-അയസ്കാന്തം.

**സൂചിക്കുന്നു**-൧. ഒന്നുകൊണ്ടു വേറെ ഒന്നിനെ ഊഹിപ്പാനുള്ള ലക്ഷണമുണ്ടാകുന്നു. ൨. ആരംഭിക്കുന്നു. (സ. ക്രി.- സൂചിപ്പിക്കുന്നു).

**സൂചിക്കുഴ**-സൂചിയിൽ നൂലുകോർക്കുന്ന ദ്വാരം.

**സൂചിത**-വി. സൂചിപ്പിക്കപ്പെട്ട, അറിയിക്കപ്പെട്ട.

**സൂചിനി**-൧. സൂചി. ൨. രാത്രി.

**സൂചിപ്പണി**-തയ്യൽവേല.

**സൂചിമല്ലികാ**-തുശിമുല്ല.

**സൂചീകടാഹന്യായം**-പ്രയാസംകുറഞ്ഞ പ്രവൃത്തി ആദ്യം ചെയ്യുക എന്നതു: "കുറച്ചുമാത്രം പണിയുള്ള സൂചി ഉണ്ടാക്കിയതിനു ശേഷമാണ് അധികം പണിയുള്ള കടാഹം (കിടാരം) ഉണ്ടാക്കുവാൻ ശ്രമിക്കുന്നതു. അപ്രകാരം എളുപ്പമുള്ളതു മുമ്പിൽ ചെയ്യേണ്ട സംഗതിയിൽ ഈ ന്യായം പ്രവർത്തിക്കുന്നു".

**സൂചീമുഖം**-൧. ശംഖ്. ൨. കുരുപ്പുല്ല്. ൩. വജ്രം.

**സൂചീരോമാ**-പന്നി.

**സൂചീവക്ത്രം**-വൈരം.

**സൂചീവാപനകർമ്മം**-സൂചികൊണ്ടുള്ള വാനകർമ്മം, സൂചികൊണ്ടു വസ്ത്രം മുതലായവ തുന്നുക എന്ന പ്രവൃത്തി. (പാഠങ്ങൾ-സൂചീവാപകർമ്മം, സൂചീബാണകർമ്മം, സൂചീസന്ധാനകർമ്മം)

ഈ കർമ്മം സീവനം എന്നും ഊതനം എന്നും വിരചനം എന്നും മൂന്നു പ്രകാരത്തിൽ ഉണ്ട്. സീവനം-കുപ്പായം മുതലായവ തുന്നിയുണ്ടാക്കുന്ന വിദ്യ. ഊതനം-കീറിയ വസ്ത്രത്തെ ഇഴയൊപ്പിച്ചു തുന്നി കീറാത്ത വസ്ത്രംപോലെ ആക്കിത്തീർക്കുന്നതു്. വിരചനം-കിടക്കവിരിപ്പു, അമ്പാരി, ജീൻ മുതലായതു തുന്നിയുണ്ടാക്കുക.

**സൂച്യഗ്രം**-സൂചിമുന.

**സൂച്യാസ്യം**-എലി.

**സൂത**-വി. ൧. ജനിച്ച. ൨. അറിയിക്കപ്പെട്ട. ൩. കടിക്കപ്പെട്ട.

**സൂതകം**-ജനനം. ൨. പ്രസവിച്ചിട്ടുള്ള അശുദ്ധി, വാലായ്മ. ൩. പാരദം.

**സൂത(ക)ം**-രസം.

**സൂതൻ**-൧. തേരാളി. ൨. ആശാരി. ൩. ബ്രാഹ്മണസ്ത്രീയിൽ ക്ഷത്രിയനുണ്ടായവൻ. (സംകരജാതികൾ എന്നതു നോക്കുക).

സൂതൻ, സൂതതനയൻ-കൎണ്ണൻ.

സൂതം-൧. രസം, പാരതം. ൨. ഏരിക്ക്.

സൂതരാട്-രസം.

സൂതാ-പെറുകിടക്കുന്നവൾ.

സൂതി-൧. പ്രസവം. ൨. സന്തതി. ൩. തയ്യൽ.

സൂതികാ-പ്രസവിച്ചിട്ടു ഏറെ നാൾ ചെല്ലാത്തവൾ.

സൂതികാഗൃഹം - ഈററില്ലം, പേററുപുര.

സൂതിമാസം-പ്രസവത്തിന്റെ മാസം, പത്താംമാസം, വൈജനനം. (ഗൎഭവിമോചനം)

സൂത്ഥാന-വി. മിടുക്കുള്ള.

സൂത്യാ-കളി, ക്ഷാളനം.

സൂത്രകണ്ഠം-൧ പ്രാവ്. ൨. കരിംകുരികിൽ.

സൂത്രക്കാരൻ-൧. യന്ത്രപ്പണിക്കാരൻ. ൨. ഉപായക്കാരൻ.

സൂത്രഗ്രാഹി—(സ്ഥപതി നോക്കുക)

സൂത്രണാ-നൂലുകോൎക്കുക, ക്രമപ്പെടുത്തുക.

സൂത്രതന്തു-നൂൽ.

സൂത്രധാരൻ-൧. നാട്യത്തിൽ ഒന്നാമതു വരുന്നവൻ. (സ്ഥാപന എന്നതു നോക്കുക).

സൂത്രധാരൻ-സൂത്രത്തെ (ചരടിനെ) ധരിക്കുന്നവൻ. പാവക്കൂത്തിൽ പാവകളെ വേണ്ടപോലെ കൂത്താടിക്കുന്നതു ചരടു പിടിച്ചിരിക്കുന്നവനാണല്ലൊ. അങ്ങിനെ ചരടു പിടിച്ചിരിക്കുന്നവനെ സൂത്രധാരൻ എന്നു പറയാം. നാടകത്തിന്റെ സകല ചുമതലയും വഹിക്കുന്നതു സൂത്രധാരനാകുന്നു.

സൂത്രധാരന്റെ ലക്ഷണം.

"ആസൂത്രയൻ ഗുണാന്നേതു
കവേരപിച വസ്തുനഃ
രംഗപ്രസാധനപ്രൌഢഃ"
സൂത്രധാര ഇഹോദിതഃ"

"സൂത്രധാരൻ കവിയുടെയും കഥയുടെയും ഗുണങ്ങളെ അല്പം സൂചിപ്പിക്കുന്നവനും രംഗത്തെ അലങ്കരിക്കുന്നവനും പ്രൌഢനുമായിരിക്കണം. സന്ദൎഭത്തിന്നനുസരിച്ചു പാത്രങ്ങളെ പ്രവേശിപ്പിച്ചു വിഘ്നംകൂടാതെ നാടകത്തെ നടത്തണം. നടന്മാരിൽ പ്രധാന്യം സൂത്രധാരനാണ്. നാന്ദിയുടെ അവസാനത്തിലാണ സൂത്രധാരൻ പ്രവേശിക്കേണ്ടതു്".

൨. മരയാശാരി. ൩. ഇന്ദ്രൻ.

സൂത്രപട്ടിക - പോൎക്കതകിന്റെ നടുവിൽ ചിത്രപ്പണിചെയ്തു തറയ്ക്കുന്ന ഒരു മരം. (ഗ്രാമ്യപദം-മൂത്രാട്ടി).

സൂത്രപ്പണി—സുബുദ്ധികളുടെ ചില കൌശലപ്പണി, യന്ത്രപ്പണി, നാഴികമണി വൎത്തമാനക്കമ്പി പുകവണ്ടി എന്നിവയുടെ വേല. (സൂത്രപ്പണിക്കാരൻ=യന്ത്രപ്പണിചെയ്യുന്നവൻ.)

സൂത്രഭാഷ്യം - വ്യാകരണസൂത്രത്തിന്റെയും മററും ആദ്യത്തെ വ്യാഖ്യാനം.

സൂത്രഭിത്തു്-തയ്യൽക്കാരൻ.

സൂത്രാ-൧. ചരട്. ൨. വ്യാകരണം മുതലായവയുടെ ചുരുക്കമായ ആദ്യപുസ്തകം. ൩. പൂണുനൂൽ. ൪. രഹസ്യം. ൫. യന്ത്രപ്പണി. ൬. ഉപായം. ൭. കമ്പി.

സൂത്രവാക്യം—ചുരുക്കവാക്ക്, കാൎയ്യം ഓൎമ്മിപ്പിക്കുന്നതിനുള്ള വാചകങ്ങൾ.

സൂത്രവേഷ്ടനം-നെയ്യുമ്പോൾ നൂൽ ചുററുന്ന സാധനം.

സൂത്രാമാവ്-ഇന്ദ്രൻ. (സുത്രാമാ നോക്കുക).

സൂദന-വി. ൧. നാശത്തെ ചെയ്യുന്ന ൨. പ്രിയമുള്ള.

സൂദനം-കൊല, വധിക്ക.

സൂദൻ-വെപ്പുകാരൻ, അടുക്കളക്കാരൻ

സൂദം-൧. പാകച്ചാററി. ൨. പരിപ്പുകറി മുതലായതു്.

സൂദശാലാ-അടുക്കള.

സൂന-വി. ൧. വിടൎന്ന. ൨. ഒഴിവുള്ള. ൩. ജനിച്ച.

സൂനം-൧. പുഷ്പം. ൨. പ്രസവം.

സൂനഹദോസ്-(ഗ്രീ) സമ്മേളനം പ്രധാനപ്പെട്ട കാൎയ്യങ്ങളെ സമ്മതിക്കുന്നതിനായി വൈദികാദ്ധ്യക്ഷന്മാർ കൂടുന്ന സ്ഥലം.

സൂനാ-൧. ചെറുനാവു്. ൨. വധസ്ഥാനം. ൩. കൊല. ൪. ഉപദ്രവം. ൫. നദി ൬. പുത്രി. ൭. ആനത്തുമ്പിക്കൈയ്, അരഞ്ഞാണം. കച്ച.

സൂനി-മൃഗങ്ങളെ കൊല്ലുന്നവൻ.

സൂനു-൧. പുത്രൻ. ൨. പുത്രി. ൩. മകളുടെ മകൻ. ൪. എരിക്കു്. ൫. അനുജൻ. ൬. സൂൎയ്യൻ.

സൂനൃത-വി. ൧. സത്യമുള്ള. ൨. ഭാഗ്യമുള്ള. ൩. ഇഷ്ടമുള്ള.

സൂനൃതം-പ്രിയമായും സത്യമായുമുള്ള വാക്കു്.

സൂപകാരൻ-വെപ്പുകാരൻ, അടുക്കളക്കാരൻ.

സൂപധൂപനം-കായം എന്ന അങ്ങാടിമരുന്നു്.

സൂപം-൧. പരിപ്പു്. ൨. പാത്രം. ൩. അമ്പു്.

സൂപ്യവൎണ്ണി, സൂപവൎണ്ണി — കാട്ടുപയറു്.

സൂരണകന്ദം-ചേന.

സൂരണം-ചേന.

സൂരത-വി. ൧. ദയയുള്ള. ൨. ക്ഷമയുള്ള.

സൂരൻ-൧. സൂൎയ്യൻ. ൨. വിദ്വാൻ. ൩. യുദ്ധവീരൻ. ൪. രാജാവു്.

സൂരസൂതൻ, സൂരാത്മജൻ - അരുണൻ. (സൂൎയ്യൻനോക്കുക).

സൂരി-വി. ബുദ്ധിയുള്ള, വിദ്യയുള്ള.

സൂരി-പണ്ഡിതൻ, വിദ്വാൻ. ൨. ആദിത്യൻ. ൩. കൃഷ്ണൻ. ൪. എരിക്കു്. ൫. കരിങ്കടുക്.

സൂരിയൻ-സൂൎയ്യൻ.

സൂരീ-൧. സൂൎയ്യന്റെ ഭാൎയ്യ. ൨. കുന്തി.

സൂൎക്ഷ്മം-ഉഴുന്നു്.

സൂൎത്തി-സുരാഷ്ട്രം (സുറത്തി).

സൂൎപ്പം-മുറം.

സൂൎമ്മി-വാൎത്തുണ്ടാക്കിയ ലോഹപ്രതിമ, ഇരിമ്പുകൊണ്ടുള്ള ബിംബം.

സൂൎയ്യ-ആദിത്യന്റെ ഭാൎയ്യ.

സൂൎയ്യകമലം-സൂൎയ്യകാന്തി പുഷ്പം.

സൂൎയ്യകാന്തം-൧. ഒരു രത്നം.

നിൎമ്മലമായും മിനുത്തതായും പൊട്ടില്ലാത്തതായും ഉടയ്ക്കാതിരുന്നാലും ആകാശനിറമുള്ളതായും സൂൎയ്യരശ്മി തട്ടിയാൽ തീ പുറപ്പെടുന്നതായുമിരിക്കുന്ന സൂൎയ്യകാന്തം നന്നു. (Sunstone). സൂൎയ്യരശ്മികൊണ്ടുണ്ടാക്കിയ കല്ലാണു്. തൊട്ടാൽ തണുപ്പെങ്കിലും അധികം ചൂടുള്ളതാണു്.

൨. ഒരു പൂവു്. ൩. സ്ഫടികം.

സൂൎയ്യകാന്തി-൧. വെയിൽ. ൨. എള്ളിൻപൂവു്.

സൂൎയ്യകാലം-പകൽ.

സൂൎയ്യകിരണം-ആദിത്യരശ്മി, വെയിൽ.

**സൂൎയ്യകന്നു്**-ഒരുമന്തിരി തലവേദന, കൊടിഞ്ഞിൽ കന്നു്.

**സൂൎയ്യഛായ**-കേതു നിമിത്തം ആദിത്യനുണ്ടാകുന്ന മറവു്, വെയിലിലേനിഴൽ.

**സൂൎയ്യഗ്രഹണം** - ചന്ദ്രച്ഛായനിമിത്തം സൂൎയ്യബിംബത്തിനുണ്ടാകുന്ന മറവു്. (ഗ്രഹണം എന്ന പദം നോക്കുക).

**സൂൎയ്യജാ**-യമുനാനദി.

**സൂൎയ്യതനയ**-യമുനാനദി

**സൂൎയ്യൻ**-൧. ആദിത്യൻ. പൎയ്യായപദം—സൂരൻ, സൂൎയ്യൻ, ആൎയ്യമാവു്, ആദിത്യൻ, ദ്വാദശാത്മാവു്, ദിവാകരൻ, ഭാസ്കരൻ, അഹസ്കരൻ, ബ്രധ്നൻ, പ്രഭാകരൻ, വിഭാകരൻ, ഭാസ്വാൻ, വിവസ്വാൻ, സപ്താശ്വൻ, ഹരിദശ്വൻ, ഉഷ്ണരശ്മി, വികൎത്തനൻ, അൎക്കൻ, മാൎത്താണ്ഡൻ, മിഹിരൻ, അരുണൻ, പൂഷാവു്, ദ്യുമണി, തരണി, മിത്രൻ, ചിത്രഭാനു, വിരോചനൻ, വിഭാവസു, ഗ്രഹപതി, ത്വിഷാംപതി, അഹൎപ്പതി, ഭാനു, ഹംസൻ, സഹസ്രാംശു, സവിതാവു്, തപനൻ, രവി, പത്മാക്ഷൻ, തേജസാംരാശി, ഛായാനാഥൻ, തമിസ്രഹൻ, കൎമ്മസാക്ഷി, ജഗച്ചക്ഷു, അംശുമാലി, ത്രയീതനു, പ്രദ്യോതനൻ, ദിനമണി, ഖദ്യോതൻ, ലോകബാന്ധവൻ, ഇനൻ, ഭഗൻ, ധാമനിധി, ചണ്ഡാംശു, പത്മിനീപതി.

സൂൎയ്യന്റെ അച്ഛൻ കശ്യപനാണ്. സൂൎയ്യന്റെ പത്നി—ഛായ. സാരഥി—അരുണൻ, നഗരം—വിവസ്വതി. മക്കൾ—യമൻ, യമുന, അശ്വിനീകുമാരന്മാർ, ശനി. സൂൎയ്യന്റെ മററു ഭാൎയ്യമാർ—സംജ്ഞ, സവൎണ്ണ, സ്വാതി, മഹാവീൎയ്യ. രാമായണത്തിൽ സൂൎയ്യൻ ബ്രഹ്മാവിന്റെ പുത്രൻ എന്നു കാണുന്നു. മന്ദേഹർ എന്ന രാക്ഷസസമൂഹം ഒരിക്കൽ സൂൎയ്യനെ വിഴുങ്ങുന്നതിനു ശ്രമിച്ചപ്പോൾ അദ്ദേഹം തന്റെ ശോഭകൊണ്ടു വെല്ലുകയുണ്ടായി. പാഞ്ചാലിയ്ക്കു അക്ഷയപാത്രവും, സത്രാജിത്തിനു സ്യമന്തകം എന്ന മണിയും കൊടുത്തതു സൂൎയ്യനാണ്. ഇദ്ദേഹത്തിന്റെ രഥത്തിനു ഏഴുകുതിരകളുണ്ടു്. ഏഴുതലയുള്ള ഒററക്കുതിരയാണു രഥം വലിച്ചുകൊണ്ടുപോകുന്നതു എന്നും അഭിപ്രായം കാണുന്നു.

ബ്രഹ്മാവിന്റെ പുത്രനായ ദക്ഷനു 60 പുത്രികളുണ്ടായി. അവരിൽ അദിതിയിൽ നിന്നു സൂൎയ്യൻ ഉത്ഭവിച്ചു.

സൂൎയ്യനും ഭൂമിയും തമ്മിലുള്ള അകലം നാഴിക 926 ലക്ഷം. സൂൎയ്യന്റെ വ്യാസം 852,000 മൈൽ. ൨. എരിക്കു്.

**സൂൎയ്യപടം**-ഒരുവക വിശേഷശീല, വില്ലസ്.

**സൂൎയ്യപൎയ്യായനാമകം**-ചെമ്പു്.

**സൂൎയ്യപുടം**-ചില മരുന്നുകൾ നീററുന്നതിനു് വെയിലിൽ വെയ്ക്കുക.

**സൂൎയ്യപുത്രി**-൧. യമുനാനദി. ൨. മിന്നൽ.

**സൂൎയ്യപുത്രൻ**-൧. ശനി. ൨. യമൻ. ൩. സുഗ്രീവൻ. ൪. വൈവസ്വതമനു. ൫. കൎണ്ണൻ.

**സൂൎയ്യപ്രഭ**-ആദിത്യന്റെ ശോഭ.

**സൂൎയ്യപ്രിയം**-ചെമ്പു്.

**സൂൎയ്യഭക്തം**-ഉച്ചമലരി.

**സൂൎയ്യമണി**-സൂൎയ്യകാന്തം.

**സൂൎയ്യവംശം**-ആദിത്യന്റെ കുലം.

ഈ രാജകുലം ഇക്ഷ്വാകു സ്ഥാപിച്ചതാണ്. ബ്രഹ്മാവിന്റെ മാനസപുത്രനായ മരീചിമഹൎഷിയുടെ പുത്രൻ കാശ്യപപ്രജാപതി, തൽപുത്രൻ സൂൎയ്യൻ. ആ

പുത്രൻ വൈവസ്വതമനു. തൽഭാൎയ്യ ശ്രദ്ധ. വൈവസ്വതമനുവിൻെറ പുത്രന്മാർ 10. ഇക്ഷ്വാകു, നൃഗൻ, ശൎയ്യാതി, ദിഷ്ടൻ, ധൃഷ്ടൻ, കരൂശൻ, നരിഷ്യന്തൻ, പൃഷദ്ധ്രൻ, നാഭാഗൻ, കവി.

(സൂൎയ്യവംശ രാജാക്കന്മാരുടെകാലം ത്രേതായുഗത്തിലാണ്. ശ്രീരാമാവതാരം ത്രേതായുഗത്തിലാണല്ലൊ.)

സൂൎയ്യവംശത്തിലെ ഒന്നാമത്തെ രാജാവ് ഇക്ഷ്വാകു ആകുന്നു. പുത്രക്രമം ചുവടെ ചേൎക്കുന്നു

ഇക്ഷ്വാകു, കുക്ഷി, വികുക്ഷി, കകുൽസ്ഥൻ, ബാണൻ, അനരണ്യൻ, ത്രിശംകു, ഹരിശ്ചന്ദ്രൻ, ധുന്ധുമാരൻ, യുവനാശ്വൻ, മാന്ധാതാവു, സുസന്ധി, ധ്രുവസന്ധി, ഭരതൻ, അസിതൻ, സഗരൻ, അസമഞ്ജൻ, അംശുമാൻ, ദിലീപൻ, രഘു, ഭഗീരഥൻ, പുരുഷാദകൻ, കല്മഷപാദൻ, ശംഖണൻ, സുദൎശനൻ, അഗ്നിവൎണ്ണൻ, ശീഘ്രഗൻ, മരുത്തൻ, പ്രശുശ്രുകൻ, നാഭാഗൻ, അംബരീഷൻ, നഹുഷൻ, യയാതി, അജൻ, ദശരഥൻ, രാമൻ, കുശൻ, അതിഥി, നിഷധൻ, നളൻ, പുണ്ഡരീകൻ, ക്ഷേമധന്വാവ്, ദേവാനീകൻ, അഹീനകൻ, പാരിയാത്രൻ, വജ്രനാഭൻ, ഖഗണൻ, വ്യുഷിതാശ്വൻ, ഹിരണ്യനാഭൻ, പുഷ്യൻ, ധ്രുവസന്ധി സുദൎശനൻ, അഗ്നിവൎണ്ണൻ ശീഘ്രൻ, പ്രശുതൻ, സന്ധി, അമൎഷണൻ, സഹസ്വാൻ, വിശ്വസാഹ്വൻ, ബൃഹൽബലൻ, ബൃഹൽക്ഷണൻ, ഉരുക്ഷയൻ, വത്സവ്യൂഹൻ, പ്രതിവ്യൂഹൻ, ഭാനു, ദിവാകരൻ, സഹദേവൻ, ബൃഹദശ്വൻ, ഭാനുമാൻ, പ്രതീകാശ്വൻ, സുപ്രതീകൻ, മരുദ്ദേവൻ, സുനക്ഷത്രൻ, പുഷ്കരൻ, അന്തരിക്ഷൻ, സുതപസ്സ്, അമിത്രജിത്ത്, ബൃഹദ്രാജൻ, ബൎഹി, കൃതഞ്ജയൻ, രണഞ്ജയൻ, സഞ്ജയൻ, ശാക്യൻ, ശുദ്ധോദനൻ, ലാംഗലി, പ്രസേനജിത്ത്, ക്ഷുദ്രകൻ, കണകൻ, സുരഥൻ, സുമിത്രൻ.–ആകെ 90.

സൂൎയ്യവല്ലഭാ-താമരപ്പൊയ്ക.

സൂൎയ്യവാരം-ഞായറാഴ്ച.

സൂൎയ്യവാസരം-ഞായറാഴ്ച.

സൂൎയ്യവിലോകം-ഒരടിയന്തരം.

പ്രസവിച്ച് നാലുമാസംകഴിഞ്ഞാൽ ആദ്യമായി കുഞ്ഞിനെ വെളിയിൽ കൊണ്ടിറങ്ങുക.

സൂൎയ്യശോഭ-വെയിൽ.

സൂൎയ്യസാരഥി-അരുണൻ.

സൂൎയ്യസിദ്ധാന്തം-ഒരു പുസ്തകം.

ഇതിൻെറ കൎത്താവിനു സൂൎയ്യനിൽനിന്നും കിട്ടിയതാണ്. ജ്യോതിശ്ശാസ്ത്രമാണു വിഷയം.

സൂൎയ്യാവൎത്തം-ഒരു ശിരോരോഗം.

ഇതു സൂൎയ്യോദയത്തിൻെറ ശേഷം കണ്ണിലും പുരികത്തിലും വേദനയോടുകൂടി കാച്ചുകാച്ചായി മദ്ധ്യാഹ്നംവരെ വളരുന്നു. അതിൽപിന്നെ ശമിക്കും.

സൂൎയ്യാശ്മാ-സൂൎയ്യകാന്തം.

സൂൎയ്യാസ്തമനം-സൂൎയ്യൻ അസ്തമിക്കുക.

സൂൎയ്യാഹ്വം-ചെമ്പ്.

സൂൎയ്യേന്ദുസംഗമം-കറുത്തവാവ്.

സൂൎയ്യോദയം-സൂൎയ്യൻ ഉദിക്കുക.

സൂൎയ്യോപരാഗം-സൂൎയ്യഗ്രഹണം.

## സ്രു

സ്രുക്-സ്രുവ്വ്.

സ്രുകം-ഥ. താമര. ര. അമ്പ്. ന. കാറ്റ്.

**സൃകണ്ഡു**-ചൊറി.

**സൃകാലം**-കടവാതു്.

**സൃകാലിനി**-കടവാതു്.

**സൃഗാലൻ**-പ്ര. കുറുക്കൻ. ചോരകുടിക്കുന്നവൻ എന്നർത്ഥം. (ശൃഗാലൻ എന്നുമാവാം). ൨. അസുരൻ.

**സൃഗാ**-ഒരുവിധം ചെറിയ അമ്പു്, കഴലിൽവച്ചോ കൈകൊണ്ടോ ഉപയോഗിക്കുന്ന ഒരു ആയുധം, പിന്നറവാടി.

**സൃഗം**-കല്ലെറിയാനുള്ള സാധനം, കവിണ. മറെറാരുപര്യായം-ഭിണ്ഡിപാലം. (ഒരുമുഴം നീളമുള്ള തിരകത്തടി എന്നും കാണുന്നു).

**സൃഗാലം**-കുറുക്കൻ.

**സൃണി**-പ്ര. ആനത്തോട്ടി. ൨. ശത്രു. ൩. ചന്ദ്രൻ.

**സൃണി(ണീ)ക** - വായിൽനിന്നൊഴുകുന്ന ജലം, ഉമത്താം.

**സൃത**-വി. പോയ.

**സൃതി**-പ്ര. വഴി. ൨. പോക. ൩. ഉല്പവിക്ക.

**സൃദരം**-പാമ്പു്.

**സൃദാകു** - പ്ര. വജ്രം, ൨. നദി. ൩. മാൻ.

**സൃപാടി** - പ്ര. ഒരളവു്. ൨. നദീവിശേഷം.

**സൃപാടം**-ഒരളവു്.

**സൃപാടിക**-പക്ഷിയുടെ ചുണ്ടു് കൊക്കു്.

**സൃപ്രൻ**-ചന്ദ്രൻ.

**സൃപ്രം**-കർപ്പൂരം.

**സൃമര**-വി. നിമിഷം പോകുന്ന.

**സൃമരം**-പെരുഞ്ചാവരിമാൻ.

**സൃഷ്ട**-വി. പ്ര സൃഷ്ടിക്കപ്പെട്ട, ഉണ്ടാക്കപ്പെട്ട. ൨. വിടപ്പെട്ട. ൩. അധികമായുള്ള. ൪. നിശ്ചയിക്കപ്പെട്ട. ൫. യോജിപ്പിക്കപ്പെട്ട. ൬ അലങ്കരിക്കപ്പെട്ട. ൭. ബഹുവായിട്ടുള്ള.

**സൃഷ്ടി**—പ്ര. നിർമ്മിപ്പു്, ഉണ്ടാക്കൽ. സൃഷ്ടി >< സംഹാരം. ൨. സ്വഭാവം. ൩. ലക്ഷണമുള്ളതു് ൪. ലക്ഷണമില്ലാത്തതു്.

**സൃഷ്ടികർത്താവു്** - സൃഷ്ടിക്കുന്ന ആൾ, ബ്രഹ്മാവു്.

**സൃഷ്ടിക്കുന്നു**-നിർമ്മിക്കുന്നു, ഉണ്ടാക്കുന്നു.

**സൃഷ്ടിപ്പു്**-നിർമ്മിപ്പു്, ഉണ്ടാക്കൽ.

## സെ

**സെമിത്തേരി**-(ല) ശ്മശാനസ്ഥലം.

**സെമിനാരി**-വൈദികവിദ്യാലയം.

## സേ

**സേകപാത്രം**-പ്ര. വെള്ളം മുക്കിക്കളയുന്നതിനുള്ള പാത്രം (സേചനം). ൨. തോണിയിൽ വന്നുചേർന്ന ജലം മുക്കിക്കളയാനുള്ള പാത്രം.

**സേകം**-തേകുക, കോരിയൊഴിക്കുക, ചൊരിച്ചൽ, തളിക്കുക, നനക്കുക.

**സേചകം**-മേഘം.

**സേചനം**-പ്ര സേകപാത്രം ൨. വൃക്ഷച്ചുവട്ടിലും മററും നനയ്ക്കുക, തളിക്കുക.

**സേതു**-പ്ര. അണ, ചിറ, ആററിലും മററും മറുകര നടന്നു പോകാൻ മണ്ണു് കല്ലു്, മുതലായവ കൊണ്ടുണ്ടാക്കുന്ന ചിറ, ൨. പാലം ൩. നീർമാതളം. ൪ സീതാന്വേഷണത്തിനു ശ്രീരാമൻ വാനരന്മാരെക്കൊണ്ടു് കെട്ടിച്ച പാലം (അണ). ഇൻഡ്യയുടെ തെക്കെ അതിർത്തി. (രാമേശ്വരം)

**സേതുബന്ധം**-പ്ര. രാമേശ്വരത്തുനിന്നു് ലങ്കയിലേക്കുള്ള ചിറ, ലങ്കയുടെ ആക്രമണത്തിനു വേണ്ടി നളൻ ചെയ്ത പാലം.

സേതുസ്ഥാനം-രാമേശ്വരത്തെ സേതുവിങ്കൽ കുളിക്ക.

സേന-സ്ത്രീ. സൈന്യം, ശത്രുബലത്തെ ബന്ധിക്കുന്നതു് എന്നർത്ഥം. പൎയ്യായം. ധ്വജിനി, വാഹിനി, സേനാ, പൃതന, അനീകിനി, ചമൂ, വരൂഥിനി, ബലം, സൈന്യം, ചക്രം, അനീകം. ൨. സുബ്രഹ്മണ്യന്റെ ഭാൎയ്യ. ൩. ഈ യുഗത്തിങ്കലെ മൂന്നാമത്തെ ജിനാചാൎയ്യന്റെ മാതാവു്.

സേന-വി. യജമാനൻ ഉള്ള.

സേനാകല്പൻ-ശിവൻ.

സേനാഗൃഹം-പടവീടു്.

സേനാംഗം—ആന, കുതിര, തേരു, കാലാൾ.

സേനാധിപൻ-പട്ടാളത്തിൽ പ്രമാണി

സേനാനി-പു. പടനായകൻ, പട്ടാളത്തിൽ പ്രധാനി, ൨. കാൎത്തികേയൻ.

സേനാപതി, സേനാനായകൻ-പു. സൈന്യനായകൻ. ൨. ശിവൻ. ൩. സുബ്രഹ്മണ്യൻ.

സേനാമുഖം - സൈന്യത്തിന്റെ മുൻഭാഗം, സേനയുടെ ഉപക്രമം, മൂന്നു പത്തി കൂടിയതു്. (അക്ഷൌഹിണി നോക്കുക).

സേമന്തി-ചേമന്തി.

സേരം-ഒരളവു്.

സേരാഹം-നല്ല വെള്ളക്കുതിര.

സേവ-സ്ത്രീ. ആശ്രയിച്ചു പാൎക്കുക. ൨. ഭജനം. ൩. ഒരുവക പലഹാരം.

സേവക-വി. സേവിക്കുന്ന.

സേവ(ക)-ഒരുമാതിരി പലഹാരം.

സേവ(ക)നാഴി-സേവ(ക)യുണ്ടാക്കുന്നതിനു വളരെ ദ്വാരമുള്ള ഒരു പാത്രം.

സേവകൻ - പു. ഭൃത്യൻ, ആശ്രിതൻ. ൨. ഭജിക്കുന്നവൻ. ൩. തയ്യൽക്കാരൻ.

സേവകം-ചാക്കു്, സഞ്ചി.

സേവധി - നവനിധികളിൽ ഒന്നു്, ശേവധി.

സേവനം-ന. തുന്നൽ. ൨. സേവിക്ക. ൩. ഉപയോഗിപ്പു്. ൪. അനുഭവം. ൫. പരിചയം.

സേവനി-സൂചി.

സേവാമൂൎത്തി -സേവിച്ചധീനമാക്കിയ ദേവത.

സേവാലം-കരിമ്പായൽ.

സേവാവൃത്തി-സ്ത്രീ. സേവിച്ചുപാൎക്കുന്നവന്റെ തൊഴിൽ. ൨. സേവകൊണ്ടുള്ള കഴിച്ചൽ.

സേവി -വി. സേവിക്കുന്ന (സ്ത്രീ- സേവിനി.)

സേവിക്കുന്നു-ക്രി. ആശ്രയിച്ചു പാൎക്കുന്നു. ൨. ഭജിക്കുന്നു. ൩. ചില മരുന്നുതിന്നുന്നു. ൪. കഷായം മുതലായതു് കുടിക്കുന്നു. ൫. പിൻതുടരുന്നു, പരിചയപ്പെടുന്നു. ൬. സൂക്ഷിക്കുന്നു.

സേവിത-വി. സേവിക്കപ്പെട്ട.

സേവീ-ഭൃത്യൻ.

സേവ്യ-വി. സേവിക്കപ്പെടാൻ യോഗ്യമായ.

സേവ്യം-ന. രാമച്ചുവേർ. ൨. നീൎക്കട്ടയ്. ൩. നീൎമരുതു്. ൪. അരയാൽ.

സേവ്യമാന-വി. സേവിക്കുന്ന.

## സൈ

സൈകത-വി. മണൽകൊണ്ടുള്ള, മണലുള്ള.

സൈകതം-ന. മണൽ തിട്ട. (വെള്ളം താഴുമ്പോൾ പ്രത്യക്ഷപ്പെടുന്നതു; എന്നാൽ മണൽ നിറപ്പായിരിക്കും). ൨. ചായില്യം.

സൈകതേഷ്ടം-ഇഞ്ചി.

സൈക്ഷവം-എള്ളെണ്ണ.

സൈതവാഹിനി- വിന്ധ്യനിൽനിന്നു പുറപ്പെടുന്ന ഒരു നദി, ബാഹുദാ. കാർത്തവീര്യാർജ്ജുനനാൽ തടയപ്പെട്ടതിൽ നിന്നുമുണ്ടായ നദി.

(സിതവാഹനൻ=വെളുത്ത കുതിരകളുള്ളവൻ- കാർത്തവീര്യാർജ്ജുനൻ. അദ്ദേഹത്തെ സംബന്ധിച്ചതു. കാർത്തവീര്യാർജ്ജുനനാണു ഈ ബാഹുദാനദിയെ ഭൂമിയിലേക്കു കൊണ്ടുവന്നതു.)

സൈത്ത്-ജിതവൃക്ഷം.

സൈനാപത്യം-സേനാധിപത്യം.

സൈനിക-വി. സൈന്യത്തെ സംബന്ധിച്ച.

സൈനികൻ-സേനയിൽ ചേർന്നവൻ, പട രക്ഷിക്കുന്നവൻ, കാവൽക്കാരൻ, സേനയെ രക്ഷിക്കുന്നവൻ, സൈന്യാധിപൻ മുതലായവരുടെ പേർ.

സൈനികം-സൈന്യം.

സൈന്ധവ- വി. പു. സിന്ധുദേശത്തുണ്ടായ. ൨. കടലിലുണ്ടായ. ൩. നദിയിലുണ്ടായ.

സൈന്ധവൻ-ഒരു സന്യാസി.

സൈന്ധവം-പു. ഇന്തുപ്പു. ൨. കുതിര. ൩. ഒരു ദേശം.

സൈന്യപൃഷ്ഠം-സൈന്യത്തിന്റെ പിൻവശം.

സൈന്യവിന്യാസം--സേനയെ അണിനിരത്തുക.

സൈന്യം-സേന, പട്ടാളം.

സൈന്യാവാസം- പാളയം.

സൈരന്ധ്രി-പു. സ്വതന്ത്രമായി അന്യഗൃഹത്തിൽപാർത്തു കേശപ്രസാധനാദി അലങ്കാരത്തോടു കൂടിയിരിക്കുന്നവൾ. ൨. വിരാടപുരിയിൽ പാഞ്ചാലിക്കുണ്ടായിരുന്ന പേർ. ൩. അന്തഃപുരസ്ത്രീകളെ അലങ്കരിക്കുന്നതിനും മറ്റുമായി വസിക്കുന്ന സഖി.

സൈരിക-വി. കലപ്പയെ സംബന്ധിച്ച. ൨. ഉഴവുപ്പാളിയുള്ള.

സൈരികൻ-പു. ഉഴവുകാരൻ. ൨. ഉഴവുകാള.

സൈരിഭം-പു. പോത്തു്. കൃഷിക്കാർക്കു ആനയെപ്പോലെയുള്ളതു് എന്നർത്ഥം. ൨. സ്വർഗ്ഗം. ഇന്ദ്രസ്വർഗ്ഗം.

സൈരിഭി-എരുമ.

സൈരീയകം, സൈരേയകം-ചെറു കുറിഞ്ഞി, (മുറുകുറിഞ്ഞി).

സൈവാല(ക)ം-കരിമ്പായൽ.

## സൌ

സൌന-ശൂന്യം, പൂജ്യം. Cypher.

സൌല്ല-തൊല്ല, ഉപദ്രവം, നാശം.

സൌല്ലാപ്പു-അലമ്പൽ

സൌള്ളടിക്ക-വെടിപറയുക.

സൌള്ളുക-വെടിപറയുക.

സൌള്ളം-കട്ടയുളി.

## സോ

സോഢ-വി. പു. സഹിച്ച. ൨. ക്ഷമയുള്ള.

സോൽപ്രാശ-വി. അധികമായ.

സോൽപ്രാസ(ശ)ം-പു. പരിഹാസവചനം, നിന്ദാസ്തുതി. ൨. പൊട്ടിച്ചിരി.

സോദയം-വി. ഉദയത്തോടുകൂടിയ, ലാഭമുള്ള,

സോദരൻ- ഭ്രാതാവു്, (സ്ത്രീ-സോദരി).

സോദര്യൻ-സഹോദരൻ, അനുജൻ,

സോനഹം-വെള്ളുള്ളി.

സോന്മാദ-വി. ഉന്മാദമുള്ള, ഭ്രാന്തുള്ള

സോപകാര-വി. ഉപകാരത്തോടുകൂടിയ.

സോപപ്ലവൻ-രാഹുവിനാൽ ഗ്രസിക്കപ്പെട്ട സൂര്യനോ ചന്ദ്രനോ ഉള്ളവർ.

സോപാനം-൧. കല്പടി, ൨. കോവണി, കോണിപ്പടി.

സ+ഉപാ=ഉപരി. +അനം=ഗമനം=മുകളിൽ പോകാനുള്ള വഴി.

സോമകൻ-പാഞ്ചാല രാജാവ്, ദ്രുപദരാജാവിന്റെ പിതാമഹൻ.

സോമഗർഭൻ-വിഷ്ണു.

സോമഗ്രഹണം-ചന്ദ്രഗ്രഹണം.

സോമചൂഡൻ-ശിവൻ.

സോമജൻ-ചന്ദ്രന്റെ പുത്രൻ, ബുധൻ.

സോമജം-പാല്.

സോമദത്തൻ-ബാൽഹികന്റെ പുത്രൻ.

സോമദേവഭട്ടൻ-കഥാസരിത്സാഗര കർത്താവ്.

സോമദൈവതം-ബുധൻ.

സോമനാദികായം-ഒരുവക കായം. (ഹിംഗു).

സോമൻ-൧. ചന്ദ്രൻ. ൨. വൈശ്രവണൻ. ൩. സുഗ്രീവൻ. ൪. വായു ൫. ശിവൻ. ൬. യമൻ.

സോമൻ-വേഷ്ണി.

സോമപൻ-സോമയാഗം ചെയ്തവൻ, സോമപാനം ചെയ്തവൻ.

സോമപതി-ഇന്ദ്രൻ.

സോമപാനം-സോമം പിഴിഞ്ഞു ജലം കുടിക്ക.

സോമപീഥി-സോമപാനം ചെയ്തവൻ. (പാഠങ്ങൾ-സോമപീതി, സോമപീഥി).

സോമപുത്രൻ(സുതൻ-ഭൂവ്)-൧. ബുധൻ. ൨. ശനി.

സോമബന്ധു-വെളുത്ത ആമ്പൽ.

സോമം-൧. സോമവള്ളി. ൨. കർപ്പൂരം. ൩. അമൃത്. ൪. കരങ്ങ്. ൫. വെള്ളം. ൬. കഞ്ഞി. ൭. ആകാശം. ൮. കാർകോകിൽ.

സോമയാഗം, സോമയജ്ഞം—ഒരു യാഗം.

സോമയാജി-സോമയാഗം ചെയ്യുന്നവൻ.

സോമയോനി-ഒരുമാതിരി മണമുള്ള മഞ്ഞച്ചന്ദനം.

സോമരാജി-ഒരങ്ങാടി മരുന്നു, കാർകോകിലരി.

സോമരായം-൧. ഒരു തൈ. ൨. കരുവേപ്പ്.

സോമലതാ, സോമവല്ലരി-൧. സോമവള്ളി. ൨. ഗോദാവരി നദി

സോമവംശം-ചന്ദ്രവംശം.

സോമവല്കം-൧. കരിങ്കാര വൃക്ഷം. ൨. കായാപ്പാല.

സോമവല്ലരി-മീനങ്ങാണി.

സോമവല്ലി-൧. സോമവള്ളി. ൨. ചിററമൃത്. ൩. കാർകോകിൽ. ൪. മീനങ്ങാണി. ൫. ബ്രഹ്മി.

സോമവാരം-തിങ്കളാഴ്ച.

സോമശേഖരൻ-ശിവൻ.

സോമശ്രവസ്സ്—ശ്രുതശ്രവസ്സിന്റെ പുത്രൻ.

(ജനമേജയന്റെ പൌരോഹിത്യം വഹിച്ചു).

സോമശ്രവായണം-ഒരു തീർത്ഥം.

പാണ്ഡവർ ഏകചക്രയിൽ നിന്നു പാഞ്ചാലത്തേക്കു പോകുംവഴിക്കു ഇതു

തീൎത്ഥങ്ങളിൽ കളിക്കുന്ന അംഗാരവൎണ്ണനെക്കണ്ട.

സോമസംഭൃത-നൎമ്മദാനദി.

സോമസിദ്ധാന്തി-ശിവമതക്കാരൻ.

സോമസിദ്ധാന്തം-ശിവമതക്കാർ പ്രമാണിച്ചുവരുന്ന ഒരു ശാസ്ത്രം.

സോമസുതാ-നൎമ്മദാനദി.

സോമള-വി. മൃദുവായ, ശാന്തമായ.

സോമോത്ഭവ-നൎമ്മദ എന്ന നദി.

സോമോപരാഗം-ചന്ദ്രഗ്രഹണം.

സോരസ്താഡം - അ. നെഞ്ചിലടിച്ചുംകൊണ്ട്.

സോല്ലുണ്ഠനം-അകമേ നിന്ദയോടുകൂടിയുള്ള സ്തുതിവാക്ക്.

---

## സൌ

സൌകൎയ്യം-ഭാ. സുകരത, ചെയ്വാൻ ഉള്ള എളുപ്പം, ൨. പന്നിയുടെ സ്വഭാവം.

സൌകുമാരകം-പിച്ചള.

സൌകുമാൎയ്യം-ഭാ. മൃദുത്വം. ൨. സുകുമാരന്റെ സ്ഥിതി. ൩. കോമളത്വം.

സൌക്ഷ്മ്യം-ഭാ. സൂക്ഷ്മം. ൨. വൈശദ്യം.

സൌഖ്യം-ഭാ. സുഖം. ൨. സന്തോഷം

സൌഗതൻ-ഭാ. വേദത്തെ നിന്ദിക്കുന്ന ജാതിക്കാരൻ. ൨. ബുദ്ധമതക്കാരൻ

സൌഗതികൻ-ഭാ. ബുദ്ധമുനി. ൨. അവിശ്വാസി. ൩. ഇരന്നുനടക്കുന്ന ബ്രാഹ്മണൻ.

സൌഗതികം-വിശ്വാസമില്ലായ്മ.

സൌഗന്ധികം-ഭാ വെളുത്ത ചെങ്ങഴിനീൎപ്പൂ.

ചെങ്ങഴിനീൎപ്പൂവിൽ ഒരുതരമാണ്. ഇതു ചെമപ്പും വെളുപ്പും കലൎന്ന നിറമുള്ളതും സന്ധ്യാകാലത്തിൽ വികസിക്കുന്നതും വളരെ സൌരഭ്യമുള്ളതുമാകുന്നു. ൨. മാണിക്യം. ൩. കറുത്ത ആമ്പൽ. ൪. ഗന്ധകം. ൫. ചുകപ്പുകല്ല്. ൬. നന്മുകപ്പുല്ല്, കാവട്ടപ്പുല്ല്.

സൌഗമ്യം-സുഗമത, ലാഘവം.

സൌചി, സൌചികൻ-തയ്യൽക്കാരൻ.

സൌചിത്ര്യം-മനോഹരത.

സൌജന്യം-സുജനത്തിന്റെ സ്വഭാവം (൨) സമ്മാനം.

സൌതി-ഭാ. കൎണ്ണൻ. ൨. ഒരു ഋഷി.

നൈമിശാരണ്യത്തിൽവെച്ച് ഋഷികൾക്കു മുമ്പാകെ മഹാഭാരതം ആഖ്യാനം ചെയ്തതു ഈ ഋഷിയാകുന്നു.

സൌദാമിനി-ഭാ. മിന്നൽ പിണർ. ൨. ഐരാവതത്തിന്റെ ഭാൎയ്യ.

സൌദായിക-വി. സ്ത്രീധനമായി കൊടുക്കപ്പെടുന്ന.

സൌദാസൻ - സുദാസന്റെ പുത്രൻ, കല്മാഷപാദൻ.

സൌധഭൂഷണം-ചുണ്ണാമ്പ്.

സൌധം-ഭാ. രാജഗൃഹം, വെൺകളിമാടം. ൨. വെള്ളി.

സൌധവാതായനം — മാളികയുടെ ജന്നൽ.

സൌനന്ദം-ബലരാമന്റെ ഗദ.

സൌനികൻ-കശാപ്പുകാരൻ.

സൌന്ദൎയ്യത്തിരിക്ക്-പ്രണയകലഹം.

സൌന്ദൎയ്യപ്പിണക്കം- ഗൌരവമില്ലാത്ത വഴക്ക.

സൌന്ദൎയ്യചതുഷ്ടയം-സ്ത്രീകൾക്കു പതിവ്രതാധൎമ്മം, തപസ്വികൾക്കു ക്ഷമ, കുയിലിന്നു സ്വരം, ബ്രാഹ്മണൎക്കു വിദ്യ.

സൌന്ദൎയ്യം-അഴക്, ഭംഗി.

സൌപൎണ്ണം—മരതകം.

സൌപ്തിക—വി. ഉറക്കംസംബന്ധിച്ച

സൌപ്തികം—൧. രാത്രിയിലെ ആക്രമണം. ൨. ഭാരതത്തിലെ ഒരു പൎവ്വം.

സൌബലൻ—ശകുനി.

സൌഭഗത്വം—സൌന്ദൎയ്യം.

സൌഭഗം—സൌഭാഗ്യം, സൽഭാഗ്യം.

സൌഭഗി—൧. ഭൂപൻ. ൨. സുഭഗൻ.

സൌഭഞ്ജനം—മുരിങ്ങമരം.

സൌഭദ്രൻ, സൌഭദ്രേയൻ—അഭിമന്യു.

സൌഭം—ഹരിശ്ചന്ദ്രന്റെ വിമാനനഗരം. ഖപുരം, പ്രതിമാൎഗ്ഗകം ഈ പേരുകളുമുണ്ട്.

സൌഭരി ഒരു സന്യാസി. (മാന്ധാതാവു നോക്കുക).

സൌഭരി മാന്ധാതാവിന്റെ 50 പുത്രിമാരിൽ 150 പുത്രരെ ജനിപ്പിച്ചു അവൎക്കു വിശ്വകൎമ്മാവിനെക്കൊണ്ടു ഓരോ കൊട്ടാരം പണിയിച്ചുകൊടുത്തു. ഒടുവിൽ വനത്തിൽ പോയി വിഷ്ണുസേവചെയ്തു.

സൌഭാഗിനേയൻ—സുഭഗാപുത്രൻ, സുന്ദരിയുടെ പുത്രൻ.

സൌഭാഗ്യം—൧. സുഭഗന്റെ അവസ്ഥ, സൌന്ദൎയ്യം. ൨. ചായില്യം. ൩. ഐശ്വൎയ്യം. ൪. സിന്ദൂരം. ൫. നന്മ.

സൌഭികൻ—ചെപ്പടിവിദ്യക്കാരൻ

സൌഭ്രാത്രം—സഹോദരസ്നേഹം.

സൌമനസം—൧. ഉദയപൎവ്വതത്തിന്റെ കൊടുമുടി. ൨. ജാതിക്ക.

സൌമിത്രി—ലക്ഷ്മണൻ. സുമിത്രയുടെ പുത്രൻ എന്നൎത്ഥം. (സൌമിത്രൻ എന്നാകാമെന്നു ചിലരുടെ അഭിപ്രായം).

സൌമില്ലൻ—ഒരു കവി.

ചില നാടകങ്ങൾ നിൎമ്മിച്ചിട്ടുണ്ട്. കാളിദാസനു മുമ്പു ജീവിച്ചിരുന്നു.

സൌമുഖ്യം—സുമുഖത, സൌന്ദൎയ്യം.

സൌമേധികൻ—വിശേഷജ്ഞാനമുള്ളവൻ

സൌമേരവം—സ്വൎണ്ണം.

സൌമേചകം—സ്വൎണ്ണം.

സൌമ്യ—വി. ൧. സോമനെ സംബന്ധിച്ച. ൨. ശാന്തതയുള്ള. ൩. ഭംഗിയുള്ള.

സൌമ്യാ—൧. അറുപതിൽ നാല്പത്തിമൂന്നാംസംവത്സരം. ൨. മൂവില. ൩. വള്ളി എരട്ടിമധുരം. ൪. വലിയ കാട്ടുവെള്ളരി. ൫. ബ്രഹ്മി. ൬. അടപതിയൻ. ൭. വലിയ വാലുഴവം. ൮. എരുമവള്ളി. ൯. ദുൎഗ്ഗ.

സൌമ്യത—ശാന്തത.

സൌമ്യൻ—൧. ബുധൻ. ൨. സുമുഖൻ.

സൌമ്യം—൧. ശാന്തത. ൨. മുത്ത്. ൩. പാല്. ൪. ൪വള്ളി. ൫. സൌഗന്ധികം. ൬. അത്തിയാൽ. ൭. സോമയാഗത്തിലെ ഹവിസ്സ്. ൮. സൂക്തം. ൯. സുന്ദരം.

സൌരഥൻ—യോദ്ധാവ്.

സൌരൻ—ശനി.

സൌരനാഡി—൧. ദേഹത്തിലെ ഒരുതരം ഞരമ്പ്. ൨. സൂൎയ്യന്റെ കതിര്.

സൌരഭം—കുങ്കുമം.

സൌരഭി—ഒരു മുനി.

(ഈ മുനി ഗരുഡനെ ശപിച്ചിട്ടുണ്ട്. കാരണം ഒരിക്കൽ ഇദ്ദേഹം കാളിന്ദിയിൽ കളിക്കുമ്പോൾ ഗരുഡൻ ഒരു മീനിനെ കൊത്തിയെടുക്കവെ അതു പിടച്ചു മുനിയുടെ ശരീരത്തിൽ വീണതാണു).

സൌരഭേയ(ക)ം—കാള.

സൌരഭേയൻ—കാള. (സ്ത്രീ. സൌരഭേയി).

സൌരഭ്യം-ഗ. സുഗന്ധം. വ. അഴക്. ഭ. ശി. ന. നല്ല സ്വഭാവം.

സൌരം-മുപ്പതുദിവസമുള്ള ഒരുമാസം.

സൌരയൂഥം—സൂര്യനെ പ്രദക്ഷിണം വെയ്ക്കുന്ന ഗ്രഹാദികളുടെ (ഗോളങ്ങളുടെ) സമൂഹം, സൂര്യനും, സൂര്യനെ ചുററിവരുന്ന ഗോളങ്ങൾക്കും ഒന്നിച്ചുള്ള പേരാണ് "സൌരയൂഥം"

സൌരസേയൻ· സ്കന്ദൻ.

സൌരാജ്യം-ഗ. നല്ല രാജ്യസ്ഥിതി. വ. നല്ല രാജ്യഭരണം.

സൌരാഷ്ട്രം-ഗ. ഒരു രാജ്യം.

അമദബാദ്, കെയറാ, ബ്രോച്ച്, സൂറററ്, കെയിത്തുവാർ, ബറോഡ ഉൾപ്പെട്ട ദേശം. ഇപ്പോഴത്തെ ഗുജറാററ്. വ. ഒരു രാഗം. ന. വെള്ളോട്. ഭ. കുന്തുരുക്കം.

സൌരാഷ്ട്രകം-ഗ. ഒരുവക വിഷം. വ. പഞ്ചലോഹം.

സൌരി-ഗ. ശനി, സൂര്യന്റെ പുത്രൻ എന്നർത്ഥം. വ. ഗംഗാനദി. ന. കർണ്ണൻ. ഭ. സുഗ്രീവൻ. ഇ. യമൻ.

സൌരിരത്നം-ഇന്ദ്രനീലക്കല്ല്.

സൌവർച്ചലം -തുവർച്ചിലക്കാരം, മധുരഉപ്പ്.

സൌവർഗ്ഗം-സ്വർഗ്ഗത്തിലുള്ളത്.

സൌവർണ്ണ-വി. സ്വർണ്ണംകൊണ്ടുള്ള.

സൌവർണ്ണി-സ്വർണ്ണമയമായ.

സൊവാസ്തവ-വി. നല്ലസ്ഥലത്തിൽ പണിതുവെച്ച.

സൌവിദൻ, സൌവിദല്ലൻ-രാജഗൃഹത്തിൽ കാവൽ കാക്കുന്നവൻ, സ്ത്രീകളുടെ ഗൃഹംകാക്കുന്നവൻ.

സൌവീരം—ഒരുമാതിരി അഞ്ജനം.

സൌവീരകം-കോതമ്പ്.

സൌവീരാഞ്ജനം-ഒരുവക അഞ്ജനം.

ഇക്കിൾ, ഛർദ്ദി മുതലായവയ്ക്കു നന്ന്. ശോധനം-മേമനകനാരങ്ങാനീരിൽ സ്വേദനയന്ത്രത്തിൽ പചിച്ചു ചൂടു വെള്ളത്തിൽ കഴുകി ഉണക്കിയാൽ ശുദ്ധമാകും. ഇം-White Antimony.

സൌശിഷ്ട്യം-നന്മ.

സൌശീല്യം-നല്ല ശീലം.

സൌഷിരം-ഒരു രോഗം.

കഫരക്തങ്ങളുടെ കോപംകൊണ്ടു ഊനു വീങ്ങി വേദനയോടുകൂടി വെള്ളം ഒലിച്ചുകൊണ്ടിരിക്കും.

സൌഷ്ഠിക-ഒരു വിഷം.

സൌഷ്ഠവം-ഗ. സൌന്ദര്യം. വ. ശ്രേഷ്ഠത. ന. അധികം.

സൌസ്നാതികൻ- കുളി ശുഭമാണോ എന്നു യാഗാവസാനത്തിങ്കൽ ചോദിക്കുന്ന ആൾ.

സൌക്ഷ്മ്യം-സൂക്ഷ്മത.

സൌഹാർദ്ദം-സ്നേഹം.

സൌഹിത്യം-തൃപ്തി, പൂർത്തിയാക, തികവ്.

'മർത്ത്യരുടെസൌഹിത്യമതു സംപാദ്യ
തിരവദ്യ !'
(കിർമ്മീരവധം കഥകളി)

സൌഹൃദയം-ബന്ധുത്വം, സ്നേഹം.

—:o:—

സ്ക

സ്കന്ദഗ്രഹം-ഒരു ബാലരോഗം.

കണ്ണിൽ നിന്നു വെള്ളം ഒലിക്കുക, ശരീരം വിയർക്കുക മുതലായവ ലക്ഷണങ്ങൾ.

സ്കന്ദം-രസം.

സ്കന്ദനം-ഗ. മലശോധന. വ. ഗമനം, മാററം.

**സ്കന്ദൻ**-൧. സുബ്രഹ്മണ്യൻ. ശത്രുസൈന്യത്തോടു നേരിട്ടു ചെല്ലുന്നവൻ എന്നർത്ഥം. ൨. ഒരു മുനി.
(ജ്യോതിഷ പ്രവർത്തകനാണ്)

**സ്കന്ദാംശകം**-രസം.

**സ്കന്ദിക്കുന്നു**-സ്ഖലിക്കുന്നു.

**സ്കന്ധജ**-വി. തായ്ത്തടിയിൽ നിന്നും മുളച്ച.

**സ്കന്ധതരു**-തെങ്ങ്.

**സ്കന്ധദേശം**-൧. ആനക്കഴുത്തിൽ ഇരിക്കുന്ന സ്ഥലം. ൨. ചുമല്, തോൾ.

**സ്കന്ധഫലം**-തെങ്ങ്.

**സ്കന്ധം** -൧. സമൂഹം, സംഘം. ൨. കഴുത്ത്, ചുമൽ. ൩. ശരീരം. ൪. വൃക്ഷത്തിന്റെ കവരം ൫ തണ്ട് (തടി). ൬. യുദ്ധം ൭ ചില പുസ്തകത്തിന്റെ ഭാഗം ൮ പഞ്ചസ്കന്ധം (ബൌദ്ധശാസ്ത്രോക്തമായുള്ള രൂപ-വേദനാ-വിജ്ഞാന-സംജ്ഞാ-സംസ്കാരങ്ങൾ ഇ-ം).

**സ്കന്ധരോമം**-കഴുത്തിലെ രോമം.

**സ്കന്ധവാഹം**-ചുമട്ടുകാള.

**സ്കന്ധശാഖ**- പ്രധാനക്കൊമ്പ്, വൃക്ഷത്തിന്റെ തായ്ക്കൊമ്പ്.

**സ്കന്ധശൃംഗം**-പോത്ത്.

**സ്കന്ധസ്സ്**-൧. ചുമൽ. ൨. കുററിത്തടി, കവരം.

**സ്കന്ധാ**-കവരം, പിരിവ്.

**സ്കന്ധാഗ്നി**-തടി കടഞ്ഞെടുക്കുന്ന തീ.

**സ്കന്ധാവാരം** — ൧. പാളയം. ൨. സൈന്യം.

**സ്കന്ധി**-വൃക്ഷം.

**സ്കന്ന**-വി. പതിക്കപ്പെട്ട, വീണ. സ്വസ്ഥാനത്തുനിന്നു വീണ, കാലുന്ന.

**സ്കാന്ദം**-പതിനെട്ടു പുരാണങ്ങളിൽ ഒന്ന്. തല്പുരുഷ കല്പത്തിൽ സ്കന്ദനാൽ ശൈവധർമ്മങ്ങളും കഥകളും പറയപ്പെട്ടത്. ശിവനെ വാഴ്ത്തുന്നു. അവയവം വിഷ്ണുവിന്റെ രോമങ്ങൾ. താമസപ്രധാനം. ഗ്രന്ഥം 81,100.

## സ്ഖ

**സ്ഖലനം**-൧. കുട്ടികളും മററും നില തെററി (വഴുക്കി) വീഴുക, കുട്ടികൾ മുട്ടുകുത്തി നടക്കുക, ഇടർച്ച. ൨. തെററുക. ൩. സ്വധർമ്മിയുടെ ചലനം, ധർമ്മത്തിൽ നിന്നു തെററുക. ൪. കൂട്ടിമുട്ടുക.

**സ്ഖലിക്കുന്നു**-ഇടറുന്നു.

**സ്ഖലിത**-വി. ൧. ഇടറപ്പെട്ട, ഇടറുന്ന. ൨. വീണുപോയ, പോയ. ൩. ഉറപ്പില്ലാത്ത. ൪. തലകിറങ്ങിയ. ൫. ഉപദ്രവം തട്ടിയ. ൬. കുഴപ്പത്തിലായ.

**സ്ഖലിതം**-൧. ഉപായം. ൨. ഇടർച്ച, ഇടറിയത്. ൩. ധർമ്മലംഘനം, യുദ്ധമര്യാദയുടെ ലംഘനം. ൪. ബീജമോക്ഷം.

## സ്ത

**സ്തനനം**-൧. ശബ്ദം. ൨. മുഴക്കം, ഇടിമുഴക്കം, ഞരക്കം. ൩. കഠിനമായി ശ്വാസിക്ക.

**സ്തനന്ധയൻ, സ്തനന്ധയീ, സ്തനപായക, സ്തനപ, സ്തനപായീ**-പ്രസവിച്ചു കിടക്കുന്ന കിടാവ്, മുലകുടിക്കുന്ന കുട്ടി.

**സ്തനപ**-വി. മുലകുടിക്കുന്ന.

**സ്തനം**-മുല.

**സ്തനമുഖം**-മുലക്കണ്ണ്.

**സ്തനയിത്നു**-൧. മേഘം. ൨. രോഗം. ൩. ഇടിമുഴക്കം. ൪. മരണം.

**സ്തനാന്തരം**-൧. മുലകളുടെ മദ്ധ്യഭാഗം, നെഞ്ച്. ൨. ഹൃദയം. ൩. വിധവ

ന്നായിത്തീരുവാൻ നെഞ്ചെത്തുള്ള ഒരു ചിഹ്നം.

സ്തനാംശുകം-മുല മറയ്ക്കുന്ന മുണ്ട്.

സ്തനിതം-പ്ര. ഇടിമുഴക്കം. വ. കൈ കൊട്ടുന്ന ശബ്ദം.

സ്തന്യം-മുലപ്പാൽ.

സ്തബകം-പൂങ്കുല.

സ്തബരകം-പ്ര. വേലി. വ. തൂൺ.

സ്തബ്ധ-വി. പ്ര. സ്തംഭിച്ച, അനക്കമില്ലാത്ത, ഇളക്കമില്ലാത്തായ, മൂഢതയുള്ള.

സ്തബ്ധരോമാവ്-പന്നി.

സ്തഭം-ആട്

സ്തംബേകരി-അരി, ധാന്യം. നെല്ല് അരി മുതലായവയുടെ സാമാന്യപ്പേർ. കൂട്ടറപ്പുള്ളത് എന്നർത്ഥം.

സ്തംബഘ്നം, സ്തംബഘ്നം-പ്ര. ചെറിയ തുമ്പം. വ. തണ്ടറുക്കും കത്തി. ന. അരിവാൾ. ശ. ഒരുമാതിരി കൊട്ടം. (സ്തംബഘനനം എന്നും കാണുന്നു).

സ്തംബഘ്ന-വി. പുൽക്കൂട്ടപൊട്ടിക്കുന്നതിനുള്ള.

സ്തംബം-പ്ര. തണ്ടില്ലാതെയും ഇല വിസ്താരമായുമുള്ള വള്ളി, തൃണം മുതലായവയുടെ പൂങ്കുല. വ. കററ. ന. പുല്ക്കൂട്ടം. ശ. ആനയെ തളയ്ക്കുന്ന മരം. ഖ. തൂൺ. ന. പർവ്വതം. ൧. ബുദ്ധിയില്ലായ്ക. വ. കൂട്ടം.

സ്തംബഘനനം-അരിവാൾ, കളപറിക്കുക മുതലായവയ്ക്കുള്ള ഒരു ആയുധം.

സ്തംബേരമം-ആന.

സ്തംഭകി-തോൽപൊതിഞ്ഞ ഒരുവക വാദ്യം.

സ്തംഭനം-പ്ര. സ്തംഭിക്ക. വ. മന്ത്രവാദികളുടെ ഒരു കർമ്മം. ന. കാമദേവന്റെ അഞ്ചു ബാണങ്ങളിൽ ഒന്ന്.

സ്തംഭം-പ്ര. തൂൺ. വ. ജ(ഡ)ത്വം. ന. വിരോധം. ശ. മരപ്പ്. ഖ. അനക്കം. (ശരസ്തംഭം).

സ്തംഭിക്കുന്നു-മരവിക്കുന്നു, ഇളകാതെ നിൽക്കുന്നു.

സ്തംഭിത-വി. സ്തംഭിക്കപ്പെട്ട

സ്തംഭിനീ-ഭൂമി (പഞ്ചഭൂതങ്ങളിൽ ഒന്ന്).

സ്തര-വി. നിരന്നുകിടക്കുന്ന.

സ്തരം-പ്ര. പാളി, നിരന്നുകിടക്കുന്നത്. വ. മെത്ത. ന. കട്ടിൽ.

സ്തരി-പ്ര. മെത്ത. വ. കട്ടിൽ.

സ്തരീ-പ്ര. പുക, ആവി. വ. മച്ചിയായ പശു.

സ്തവകൻ-സ്തുതിപാഠകൻ.

സ്തവകം-പ്ര. പൂങ്കുല. വ. സ്തുതി. ന. കൂട്ടം.

സ്തവം-സ്തോത്രം.

സ്തിഭി-കടൽ.

സ്തിമിത-വി. പ്ര. ഇളക്കമില്ലാത്ത. വ. നനഞ്ഞ.

സ്തിമിതാ-രാമായണം 24 വൃത്തത്തിലെ 18-ം 24-ം വൃത്തങ്ങൾ.

സ്തീർണ്ണ-വി. നിരന്ന.

സ്തീവി-പ്ര. ജലം. വ. പുല്ല്. ന. ആകാശം. ശ. ചോര. ഖ. ഇന്ദ്രൻ.

സ്തുത-വി. സ്തുതിക്കപ്പെട്ട.

സ്തുതൻ-ശിവൻ.

സ്തുതം-സ്തോത്രം.

സ്തുതി-സ്തോത്രം. പര്യായങ്ങൾ-സ്തവം, സ്തുതി, സ്തോത്രം, നുതി.

സ്തുതിക്കുന്നു-പുകഴ്ത്തുന്നു.

സ്തുതിപാഠകൻ-സ്തുതിക്കുന്നവൻ; രാജാക്കന്മാരുടെ സമീപത്തിലും മററും സ്തുതിപാടുന്ന കൂട്ടക്കാരൻ; (വൈതാളികൻ നോക്കുക).

സ്തുതിപ്പു-സ്തുതി.

സ്തുത്യ-വി. സ്തുതിക്കത്തക്ക.

സ്തുത്യർഹ-സ്തുതിക്ക യോഗ്യതയുള്ള.

സ്തുത്യാ-ചവിഴക്കൊടി.

സ്തുനകം-ആടു്.

സ്തുഭൻ-ആട്ടുകൊററൻ.

സ്തുഭം-ആടു്.

സ്തൂപം-ന. താഴികക്കുടം. ൨. കശ്മലം. ൩. കൂമ്പാരം. ൪. ശക്തി.

സ്തൂപിക-ന. ഗോപുരത്തെ നിലനിറുത്താൻ പണിയിക്കുന്ന സ്തംഭം. ൨. താഴികക്കുടം.

സ്തൂയമാന-സ്തുതിക്കപ്പെട്ട.

സ്തേനൻ-കള്ളൻ.

സ്തേനം-മോഷണം.

സ്തേമം-നനവു്.

സ്തേയം-ന. കളവു്, മോഷണം. ൨. രഹസ്യമായുള്ളതു്.

സ്തേയി-ന. കള്ളൻ. ൨. തട്ടാൻ. ൩. എലി.

സ്തൈന്യൻ-കള്ളൻ.

സ്തൈന്യം-മോഷണം.

സ്തൈമിത്യം-ന. സ്തിമിതത, കട്ടപ്പം, കാഠിന്യം, ഉറപ്പു്. ൨. മരവിപ്പു്, സ്തംഭനം.

സ്തോക-വി. അല്പമായ.

സ്തോകകം-ന. വേഴാമ്പൽ. ൨. വത്സനാഭം.

സ്തോകം-ന. വേഴാമ്പൽ. ൨. ഒരുതുള്ളി ജലം.

സ്തോകനമ്ര-വി. കീഴോട്ടു് അല്പം വളഞ്ഞ.

സ്തോതവ്യ-വി. സ്തുതിക്കത്തക്ക.

സ്തോതൃ-വി. സ്തുതിക്കുന്ന.

സ്തോത്രം-ന. സ്തുതി, സ്തുതിപ്പാനുള്ള പദ്യം. ൨. സ്തുതിമന്ത്രം.

സ്തോത്രീയം(യാ)-ഒരുവക പദ്യം.

സ്തോഭം-ന. നിറുത്തു്. ൨. സ്തോത്രം. ൩. ചൈതന്യമില്ലാതെ ഭവിക്ക. ൪. അനാദരം. ൫. ഒരു മന്ത്രം. ൬. സാമവേദത്തിന്റെ ഒരു പിരിവു്.

സ്തോമം-ന. കൂട്ടം. സ്തുതിക്കപ്പെടുന്നതു് എന്നർത്ഥം. ൨. സ്തുതി. ൩. ധാന്യം. ൪. ധനം. ൫. യാഗം. ൬. വലിയഭാഗം, വലിപ്പം, കട്ടി.

## സ്ത്ര

സ്ത്രസ്തൻ-ഭയമുള്ളവൻ.

സ്ത്രീ-ന. പെൺ. പര്യായങ്ങൾ-സ്ത്രീ, യോഷിത്തു്, അബല, യോഷാ, നാരീ, സീമന്തിനീ, വധൂ, പ്രതീപദർശിനീ, വാമ, വനിതാ, മഹിളാ.

സ്ത്രീകളുടെ ജാതി ലക്ഷണങ്ങൾ-

'പത്മിനീ ചിത്രിണീ ചൈവ
ശംഖിനീ ഹസ്തിനീ തഥാ'

പത്മിനി, ചിത്രിണി, ശംഖിനി, ഹസ്തിനി ഇങ്ങിനെ സ്ത്രീകൾ നാലുവിധം. ഹസ്തിനിയെ 'കരിണി' എന്നും പറയും.

ലക്ഷണങ്ങൾ.

'ഭവതികമലനേത്രാ നാസികാക്ഷുദ്രരന്ധ്രാ അവിരളകുചയുഗ്മാ ചാരുകേശീ കൃശാംഗീ। മൃദുവചനസുശീലാ ഗീതവാദ്യാനുരക്താ സകലതനുസുവേശാ 'പത്മിനീ' പത്മഗന്ധാ ॥ 1.

ഭവതിരതിരസജ്ഞാ നാതിഖർവ്വാ നദീർഘാ തിലകുസുമസുനാസാ സ്നിഗ്ദ്ധനീലോല്പലാക്ഷീ। ഘനകഠിനകുചാഢ്യാ സുന്ദരീ ബദ്ധശീലാ സകലഗുണവിചിത്രാ 'ചിത്രിണീ' ചിത്രവക്ത്രാ ॥ 2.

ദീൎഘാതിദീൎഘനയനാ വരസുന്ദരീ യാ കാമോപഭോഗരസികാഗുണശീലയുക്താ । രേഖാത്രയേണ ചവിഭൂഷിതകണ്ഠദേശാ സംഭോഗകേളിരസികാകില 'ശംഖിനീ'സാ ॥ 3.

സ്ഥൂലാധരാസ്ഥൂലനിതംബബിംബാ സ്ഥൂലാംഗുലിഃ സ്ഥൂലകചാ സുശീലാ । കാമോൽസുകാ ഗാഢരതിപ്രിയാ ച നിതാന്തഭോക്ത്രീഖലു 'ഹസ്തിനീ' സ്യാൽ (കരിണീമതാസാ) ॥' 4.

സ്ത്രീകളുടെ പ്രായഭേദങ്ങൾ-ബാല, തരുണി, പ്രൌഢ, വൃദ്ധ. 16 വയസ്സുവരെ ബാല. 16-നു മേൽ 30-നകം തരുണി. 30-നു മേൽ 50-നകം പ്രൌഢ. അതിനു മേൽ വൃദ്ധ.

ഋതുകാലം-12 വയസ്സിൽ തുടങ്ങും. 50-ൽ നില്ക്കും. പകൽ ഋതുവായാൽ സൌഭാഗ്യവതി. രാത്രിയിൽ-ഭൎത്താവിന്റെ ക്ഷേമലാഭങ്ങളെ വൎദ്ധിപ്പിച്ചു ഭൎത്താവിനെ നല്ല അവസ്ഥയിൽ കൊണ്ടുവരും.

൨. ഭാൎയ്യ. ൩. ഒരു വൃത്തത്തിന്റെ പേർ. ൪. ഭാരതത്തിലെ ഒരു പൎവ്വം.

സ്ത്രീകുസുമം-തീണ്ടാരി.

സ്ത്രീഘോഷം-പ്രഭാതം.

സ്ത്രീചൌരൻ-സ്ത്രീയെ മോഷ്ടിക്കുന്നവൻ.

സ്ത്രീജനനി-പെൺകുട്ടികളെ മാത്രം പ്രസവിക്കുന്ന സ്ത്രീ.

സ്ത്രീജിതൻ—സ്ത്രീയുടെ വശത്തിലായവൻ.

സ്ത്രീജ്ഞൻ-സ്ത്രീവിഷയത്തിൽ അത്യാസക്തിയുള്ളവൻ.

സ്ത്രീത്വം-സ്ത്രീയുടെ ഭാവം (അവസ്ഥ).

സ്ത്രീധനം-വിവാഹത്തിൽ പെണ്ണിന്റെ ശേഷക്കാരിൽ കിട്ടുന്ന ദ്രവ്യം, സ്ത്രീകൾ ബോധിച്ചതുപോലെ ഒക്കെകാൎയ്യം ചെയ്യാൻ തക്ക വിധം സ്വാതന്ത്ര്യത്തിൽ കിട്ടുന്ന ദ്രവ്യം.

സ്ത്രീധൎമ്മം-൧. സ്ത്രീകൾക്കു മാസംതോറും പ്രവൎത്തിക്കുന്ന രക്തം. ൨. സ്ത്രീയുടെ ധൎമ്മം (ജോലി, പ്രവൃത്തി). ൩. സ്ത്രീകളെ സംബന്ധിച്ചുള്ള ഏൎപ്പാടുകൾ.

സ്ത്രീധൎമ്മിണി-തീണ്ടായിരുന്നവൾ. സ്ത്രീധൎമ്മമുള്ളവൾ എന്നൎത്ഥം. (സ്ത്രീധൎമ്മം-ആൎത്തവം).

സ്ത്രീധവൻ-പുരുഷൻ.

സ്ത്രീനായകത്വം—സ്ത്രീയുടെ ഭരണം, സ്ത്രീയുടെ പ്രഭുത്വം, സ്ത്രീയുടെ ആധിപത്യം.

സ്ത്രീപരൻ-സ്ത്രീയെ തല്പരമുള്ളവൻ.

സ്ത്രീപ്രജ-പെൺകുട്ടി.

സ്ത്രീപ്രസൂ-പെൺകുട്ടികളെ മാത്രം പ്രസവിക്കുന്ന സ്ത്രീ.

സ്ത്രീപ്രിയം-മാവുവൃക്ഷം.

സ്ത്രീമുഖപം-അശോകവൃക്ഷം.

സ്ത്രീരഞ്ജനം-വെററില.

സ്ത്രീലിംഗം-൧. വ്യാകരണത്തിലെ ൩ ലിംഗങ്ങളിൽ ൨-ാമത്തേതു്. ൨. സ്ത്രീകളുടെ അടയാളം.

സ്ത്രീവിധേയ-വി. ഭാൎയ്യയാൽ ഭരിക്കപ്പെടുന്ന, ഭാൎയ്യാവശനായ.

സ്ത്രീവ്യഞ്ജനം-സ്ത്രീയുടെ അടയാളം.

സ്ത്രീസംഗ്രഹണം— ന്യായവിരോധമായി സ്ത്രീയെ ആലിംഗനം ചെയ്ക.

സ്ത്രീസ്വഭാവൻ-സ്ത്രീയുടെ സ്വഭാവമുള്ളവൻ.

**സ്ത്രീഹത്യാ**-സ്ത്രീയെ കൊലചെയ്ക.

**സ്ത്രീഹാരി**-സ്ത്രീയെ വശീകരിച്ചു കൊണ്ടുപോകുന്നവൻ, ബലാൽകൊണ്ടുപോകുന്നവൻ.

## സ്ത്ര്യ

**സ്ത്ര്യദ്ധ്യക്ഷൻ**- ശയനാധികാരി, പള്ളിയറ പ്രവൃത്തിക്കാരൻ.

**സ്ത്ര്യാഗാരം**-അന്തഃപുരം, സ്ത്രീകൾ വസിക്കുന്ന വീട്ടിനകം.

## സ്ത്രൈ

**സ്ത്രൈണ**-വി. ൧. സ്ത്രീകൾക്കുചേൎന്ന. ൨. സ്ത്രീയെ സംബന്ധിച്ച. (നാമം-സ്ത്രൈണത(ത്വം).

**സ്ത്രൈണകേസരം**- പെണ്ണുല്ലി. സ്ത്രീയെ സംബന്ധിച്ച കേസരം എന്നൎത്ഥം.

## സ്ഥ

**സ്ഥ**-പദാന്ത്യത്തിൽ ചേരുമ്പോൾ മുൻപദാൎത്ഥത്തിൽ സ്ഥിതിചെയ്യുന്നതു് എന്നൎത്ഥം വരും. ഉ-ം, ഹൃദിസ്ഥം (ഹൃദയത്തിലായതു്) 'ഉള്ള' എന്നും അൎത്ഥം വരാറുണ്ടു്. ഉ-ം, നേരസ്ഥൻ (നേരുള്ളവൻ).

**സ്ഥകരം**-പാക്കു്.

**സ്ഥഗ**-വി, ൧. വഞ്ചനയുള്ള. ൨. ലജ്ജയില്ലാത്ത. ൩. മാനമില്ലാത്ത. ൪ നിന്ദയുള്ള.

**സ്ഥഗനം**-ഒളിപ്പു്, ഒളിച്ചുവെക്കുക.

**സ്ഥഗൻ**-൧. കള്ളൻ. ൨. ചതിയൻ.

**സ്ഥഗരാ**-പാക്കു്.

**സ്ഥഗികാ**-൧. ഗണിക, വേശ്യ. ൨. മുറുക്കാൻ കൊടുപ്പു ജോലിയുള്ളവൾ.

**സ്ഥഗിക്കുന്നു**-മറയ്ക്കുന്നു.

**സ്ഥഗിത**-വി. മൂടപ്പെട്ട, ഒളിക്കപ്പെട്ട.

**സ്ഥണ്ഡിലം**-൧. (യാഗശാലയിലെ) ചതുരശ്രഭൂമി, അഗ്നിഹോത്രം വയ്ക്കുവാനായി സംസ്കരിച്ചുണ്ടാക്കിയ സ്ഥലം. ഇതിൽ അഗ്നികൾ സ്ഥിതിചെയ്യുന്നതിനാൽ ഈ പേരുണ്ടായി. മെഴുകി ശുദ്ധിവരുത്തിയ വെറുംസ്ഥലം. ൨. തരിശുനിലം. ൩. എല്ലക.

**സ്ഥണ്ഡിലശായി**- മെഴുകി ഉണങ്ങാതെയുള്ള സ്ഥലത്തു കിടന്നു വ്രതം അനുഷ്ഠിക്കുന്നവൻ, ഒരുമാതിരി തപസ്വി.

**സ്ഥപതി**— ൧. ബാൎഹസ്പത്യയാഗം (ബൃഹസ്പതിസവം) ചെയ്തവൻ. ൨. രാജാവു്. ൩. സ്ത്രീകളുടെ മുറിയിൽ സൂക്ഷിക്കുന്നവൻ. ൪. കാരുക്കൾ എന്ന ആശാരിമാർ നാലുപ്രകാരം ഉള്ളവരിൽ ഒന്നാമൻ. ശേഷം 3-സൂത്രഗ്രാഹി, തക്ഷകൻ, വൎദ്ധകി.

‘കാരുഗ്രഹേപ്രാക്‌സ്ഥപതിശ്ച സൂത്രഗ്രാഹീതതസ്തക്ഷകവൎദ്ധകീച । ഗ്രാഹ്യാഃ ക്രമേണൈവ ചതുർവിധേഷു ശില്പിപ്രവീണേഷുയഥോചിതാസ്തേ ॥’

കാരുക്കളുടെ ലക്ഷണത്തെ പറയുന്നു.

‘സൎവശാസ്ത്രനിപുണോജിതേന്ദ്രിയ
സ്സൎവദാവ്യവഹിതോപ്രമാദവാൻ ।
കൎമ്മഠോഹ്യവികലോവിമത്സരോ
ധാൎമ്മികഃ സ്ഥപതിരസ്തുസത്യവാൻ’ ॥

‘ജ്ഞാനിയാൻ സ്ഥാപനാൎഹസ്ഥപതിരിതിഗുണൈഃ പ്രായശസ്തേനതുല്യഃ സൂത്രഗ്രാഹീസ്യാത്താവാംസ്ഥപതി മതിഗതിപ്രേക്ഷകശ്ശിഷ്യകോവാ । സ്ഥൂലാനാന്തക്ഷണാത്തക്ഷക ഇതികഥിതസ്സന്തതം ഏഷ്ട ചിത്ത ശ്ലാകാനായശ്ചോപരിഷ്ടാനുഹര പിവിധിവൎദ്ധകിശ്ചൈകീസ്യാൽ ॥’

(മനുഷ്യാലയചന്ദ്രിക)

൯. കുബേരൻ.

സ്ഥലപുരാണം-ഓരോ സ്ഥലത്തിന്റെ ചരിത്രം.

ഉത്തരകേരളത്തിൽ ചൊവ്വര മുതൽ തെക്ക് കന്യാകുമാരി വരെ ഓരോ മഹാക്ഷേത്രങ്ങൾക്കു പരശുരാമനാൽ ഏർപ്പെടുത്തപ്പെട്ട സ്ഥലമാഹാത്മ്യങ്ങൾ (നമ്പൂരിമാർ സംസ്കൃതത്തിൽ എഴുതീട്ടുണ്ട്).

സ്ഥലം-൧. ഇരിക്കുന്ന ദിക്ക്. ൨. ഉറച്ച നിലം. ൩. പ്രദേശസാമാന്യം. (കൃത്രിമമായും അകൃത്രിമമായുമുള്ള പ്രദേശം).

സ്ഥലാ-കൃത്രിമപ്രദേശം.

സ്ഥലി-നന്നാക്കാത്ത പ്രദേശം, ഉറച്ച പ്രദേശം. അകൃത്രിമമായുമുള്ള പ്രദേശം.

'സ്ഥലീത്വകൃത്രിമാപ്രോക്താ
കൃത്രിമാതു സ്ഥലം മതം,
അകൃത്രിമം കൃത്രിമം വാ
സ്ഥലമിത്യുച്യതേ ബുധൈഃ'

സ്ഥലം എന്നാൽ പ്രദേശമെന്നർത്ഥം. ഉ-ം, കളിസ്ഥലം, പാറസ്ഥലം ഇത്യാദി. സ്ഥലി എന്നാൽ പ്രവേശിച്ചു നന്നാക്കാൻ നിവൃത്തിയില്ലാത്തിടം. ഉ-ം, ഫലസ്ഥലി. അകൃത്രിമം, കൃത്രിമം രണ്ടിനും സ്ഥലം എന്നു പറയാം.

൪. ഏലുക.

സ്ഥവി-൧. നെയ്യുന്നവൻ. ൨. സ്വർഗ്ഗം.

സ്ഥവിര-വി. ൧. വയസ്സുചെന്ന. ൨. സ്ഥിരതയുള്ള ൩. ഉറപ്പുള്ള. ൪. പഴകിയ.

സ്ഥവിരൻ-൧. ബ്രഹ്മാവ്. ൨. വൃദ്ധൻ. ൩. യാചകൻ.

സ്ഥവിഷ്ഠ-വി. ൧. ഏററവും തടിച്ച. ൨. വളരെ ശക്തിയുള്ള.

സ്ഥവീയസ്സ്-വി. വളരെ വലുതായ.

## സ്ഥാ

സ്ഥാണു-വി. സ്ഥിരതയുള്ള, ഉറപ്പുള്ള.

സ്ഥാണു-൧. ശിവൻ. പ്രളയകാലത്തിൽ പോലും നാശമില്ലാതെ സ്ഥിതിചെയ്യുന്നവൻ എന്നർത്ഥം. ൨. കൊമ്പുകളോടുകൂടാതെ നില്ക്കുന്ന മരം, കുററി. ൩. കന്തം. ൪. കൊമ്പുകളഞ്ഞു നിർത്തിയ മരം. ൫. ഒരുമാതിരി ചിതൽപുററ്.

സ്ഥാണ്ഡിലൻ-സന്യാസി, മെഴുകി ഉണങ്ങാതെയുള്ള സ്ഥലത്തുകിടന്നു വ്രതം അനുഷ്ഠിക്കുന്നവൻ.

സ്ഥാതവ്യ-വി. സ്ഥാപിക്കത്തക്ക, നില്പവാൻ യോഗ്യതയുള്ള.

സ്ഥാനക്കൊള്ളു-പുറങ്കിള. The outter mulwall of a native compound.

സ്ഥാനപഞ്ചകം-(ആലീഢം എന്നതു നോക്കുക)

സ്ഥാനപാലകൻ-കാവൽക്കാരൻ.

സ്ഥാനഭ്രംശം, സ്ഥാനഭ്രഷ്ടം-ഇരിക്കുന്ന സ്ഥലത്തുനിന്നു താഴത്താവുക.

സ്ഥാനഭ്രഷ്ട-വി. ഇരിക്കുന്ന സ്ഥലത്തുനിന്നു താഴെ പോയ്പോയ.

സ്ഥാനമാനം-സ്ഥാനവലിപ്പം നിമിത്തമുള്ള മാനം.

സ്ഥാനം-൧. സ്ഥലം. ൨. താമസം. ൩. ഭവനം. ൪. നഗരം. ൫. തുല്യത. ൬. ഉദ്യോഗം, പദവി. ൭. അദ്ധ്യായം. ൮. ഏററക്കുറച്ചൽ ഇല്ലാതിരിക്കുക. ൯. യുക്തം. ൧൦. അഷ്ടവർഗ്ഗം ക്ഷയിക്കാതെയും വർദ്ധിക്കാതെയും നിലയ്ക്കുനില്ക്കുന്നതു്, ഇതിനു സ്ഥിതി എന്നും പറയാറുണ്ട്.

ക്ഷയസ്ഥാനവൃദ്ധികൾ മൂന്നും കൂടിയതാണ് 'ത്രിവർഗ്ഗം'. ഇതു നീതിശാസ്ത്ര

ന്മാരുടെ പക്ഷമാണ്. മററുള്ളവരുടെ അഭിപ്രായം ധർമ്മാർത്ഥകാമങ്ങളെന്നാകുന്നു.

(1) ക്ഷയം- ശത്രുക്കളുടെ പ്രവൃത്തികൊണ്ടുണ്ടാകുന്ന ഉടച്ചൽ.

(2) വൃദ്ധി-തന്റെ ഉൽകർഷം ഹേതുവായിട്ടു ശത്രുവിനെ ഉടച്ചുകൊണ്ടുണ്ടാകുന്ന ഔന്നത്യം.

(3) സ്ഥാനം-മേല്പറയപ്പെട്ടവ രണ്ടുമില്ലാത്ത അവസ്ഥ.

൧൧. ഇരിപ്പിടം. ൧൨. സംബന്ധം (പിതൃസ്ഥാനെ). ൧൩. രാജ്യം. (മ) ൧. പദവി. ൨. അവകാശം. ൩. ഷഡ്സ്ഥാനങ്ങൾ. ൧൦ (വില്ലാളികളുടെ നിലകൾ). വൈഷ്ണവം, സമപാദം, വൈശാഖം, മണ്ഡലം, പ്രത്യാലീഢം, ആലീഢം. ൨. നാസിക, കണ്ഠം, മാറിടം, താലു, നാക്ക്, പല്ല്.

സ്ഥാനസംജ്ഞ- പുരാതന പണ്ഡിതന്മാർ സംഖ്യയെഴുതുന്നതിനുള്ള സ്ഥാനങ്ങൾക്കു ഏർപ്പെടുത്തിയ പേർ

'ഏക, ദശ, ശത, സഹസ്രം,
യുത,ലക്ഷ,പ്രയുത,കോടയഃ, ക്രമശഃ
അർബ്ബുദ വൃന്ദേ, ഖർവ്വനി
ഖർവ്വ,മഹാപത്മ,ശങ്കു,വസ്തസ്മാൽ
ജലധി,ശ്ചാന്ത്യം,മദ്ധ്യം,
പരാർദ്ധ,മിതിദശഗുണോത്തരം സംജ്ഞാഃ

സ്ഥാനാപതി-ഒരു രാജാവിന്റെയോ പ്രഭുവിന്റെയോ ആൾപ്പേര്.

സ്ഥാനാപത്യം— സ്ഥാനാപതിയുടെ വേല.

സ്ഥായി-വി. സ്ഥാനമുള്ള, സ്ഥാനത്തിരിക്കുന്ന.

സ്ഥാനിക— വി. സ്ഥാനത്തെസ്സംബന്ധിച്ച

സ്ഥാനികൻ-൧. അധിപൻ, നാഥൻ. ൨. ഒരു സ്ഥലത്തെ ഗവർണർ. ൩. ഒരു ഉദ്യോഗസ്ഥൻ.

സ്ഥാനികം-ക്ഷേത്രത്തിലെ അധികാരം, സമുദായസ്ഥാനം.

സ്ഥാനീയ-വി. സ്ഥാനത്തോടു സംബന്ധിച്ച.

സ്ഥാനീയം-നഗരം, മൂലനഗരം, തലസ്ഥാനം. സ്വരാജ്യത്തിനു 'ഹിതം' എന്നർത്ഥം.

സ്ഥാനെ-അ. യുക്തം, ശരിയായി. ൨. സത്യമായി. ൩. എന്നതുകൊണ്ട്. ൪. സദൃശമായി.

സ്ഥാപക-വി. സ്ഥാപിക്കുന്ന, ഉറപ്പിക്കുന്ന.

സ്ഥാപകൻ-സൂത്രധാരൻ, രംഗസ്ഥലത്തിൽ ഒരു പ്രമാണി. (സ്ഥാപന നോക്കുക).

സ്ഥാപത്യൻ-രാജഗൃഹത്തിൽ (സ്ത്രീകളുടെ വാസസ്ഥലം) സൂക്ഷിക്കുന്നവൻ.

സ്ഥാപത്യവേദം-ശില്പശാസ്ത്രം (ഒരു ഉപവേദം).

സ്ഥാപന-നാടകത്തിലെ വസ്തുവെ (കഥാശരീരത്തെ) സ്ഥാപിക്കുന്നത്.

ഇതിനെ പ്രസ്താവന എന്നാണ് ഇപ്പോൾ പറഞ്ഞുവരുന്നത്. കഥാശരീരം യാതൊന്നിനാൽ പ്രസ്താവിക്കപ്പെടുന്നോ അതു പ്രസ്താവനയാകുന്നു. പ്രസ്താവനയിൽ സാധാരണമായി സൂത്രധാരനും നടിയുമായുള്ള സംഭാഷണം അടങ്ങിയിരിക്കും. സൂത്രധാരനു സ്ഥാപകൻ എന്നും പറയും.

സ്ഥാപനം-൧. വെക്കുക. ൨. നിധി വെക്കുക. ൩. നടുക.

സ്ഥാപനി-ഒരു ചെടി, പാട.

**സ്ഥാപിക്കുന്നു**-൧. വെക്കുന്നു. ൨. നട്ടുന്നു. ൩. നിധിവെക്കുന്നു.

**സ്ഥാപിത**-വി. ൧. വെക്കപ്പെട്ട. ൨. നടപ്പെട്ട. ൩. തീർച്ചചെയ്യപ്പെട്ട. ൪. നിധിവെക്കപ്പെട്ട. ൫. നിയമിക്കപ്പെട്ട.

**സ്ഥാമ**—ബലം, പരാക്രമം.

**സ്ഥാപ്യം**-൧. സ്ഥാപിക്കപ്പെട്ടത്. ൨. പണയം.

**സ്ഥായി**-വി. ൧. സ്ഥിതിയുള്ള, ഇരിക്കുന്ന. ൨. നിലനില്ക്കുന്ന. ൩. ഉറപ്പുള്ള. ൪. നിവസിക്കുന്ന.

**സ്ഥായി**-൧. നാട്യത്തിലെ ഒരു രസഭേദം. ൨. സ്ഥിരത. ൩. സ്നേഹം, സ്ഥായീഭാവം.

**സ്ഥായിയായി**-൧. സ്ഥിരമായി. ൨. പ്രധാനമായി. ൩. തുടർച്ചയായി.

**സ്ഥായീഭവിക്കുന്നു**- സ്ഥിരമായി ഭവിക്കുന്നു.

**സ്ഥായീഭാവം**— സ്ഥിരമായുള്ള ഭാവരസം.

**സ്ഥായീരസം**—സ്നേഹമുള്ളവരുടെ ഒരു ഭാവം.

**സ്ഥായുക**-സ്ഥിരമായി ഉറച്ചുനില്പാൻ ശീലമുള്ള.

**സ്ഥായുകൻ**—ഗ്രാമാധിപൻ, ഒരു ഊരിനു രക്ഷിതാവ്, ഏകഗ്രാമാധികാരി.

**സ്ഥാലം, സ്ഥാലീ**-൧. കലം, പാത്ര, ഓദനാദിപചനപാത്രം, മൺപാത്രം, കട്ടകം. ൨. ഒരു പൂവ്, ഉമ്മത്തിന്റെ പൂവ്.

**സ്ഥാലീപുലാകന്യായം**-ഒരു സംഗതിയിൽ നിന്നും പല സംഗതികളും അനുമാനിക്കാവുന്ന സ്ഥിതി.

**സ്ഥാവര**-വി. സ്ഥിതിചെയ്യുന്ന, ഇളകാത്ത.

**സ്ഥാവരം**-൧. സ്ഥിരമായി സ്ഥിതിചെയ്യുന്നത്. ൨. പർവ്വതം. ൩. ഞാണ്. ൪. വൃക്ഷം. സ്ഥാവരം ▷ ◁ ജംഗമം.

**സ്ഥാവിരം**-വാർദ്ധക്യം. 70 വയസ്സു കഴിഞ്ഞ് ആരംഭം.

**സ്ഥാസകം**-൧. ചന്ദനകങ്കുമാദികൊണ്ടു മേൽ പൂശുന്നത്. ൨. നീർക്കുമള.

**സ്ഥാസ്നു**-വി. ൧. ഏറ്റവും ഉറച്ച, അത്യന്തം സ്ഥിരമായിട്ടുള്ള. ൨. നിലനില്ക്കുന്ന.

—:o:—

## സ്ഥി

**സ്ഥിത**-വി. ഇരുന്ന, നിന്ന.

**സ്ഥിതപ്രേമാവ്**-മായമില്ലാത്ത സ്നേഹിതൻ.

**സ്ഥിതി**-൧. ഇരിപ്പ്. ൨. നിശ്ചയം. ൩. നില്പ്. ൪. ഒരു ദിക്കിൽതന്നെ സ്ഥിരമായി ചെയ്യുന്ന ഇരിപ്പ്.

**സ്ഥിര**-വി. ഉറപ്പുള്ള, ഇളകാത്ത.

**സ്ഥിര**-൧. ഭൂമി. എല്ലാറ്റെയും ഉള്ളത് എന്നർത്ഥം. എല്ലാം ഇതിൽ സ്ഥിതിചെയ്യുന്നു എന്നുമാവാം. ഉറച്ചുനില്ക്കുന്നത് എന്നും പറയാം. ൨. മൂവില.

**സ്ഥിരഗന്ധം, സ്ഥിരപുഷ്പം**— ചെമ്പകം.

**സ്ഥിരച്ഛദം**-വൃക്ഷം.

**സ്ഥിരജിഹ്വം**-മീൻ.

**സ്ഥിരത, സ്ഥിരത്വം**-ഉറപ്പ്, ധൈര്യം.

**സ്ഥിരതര**-വി. ഏറ്റവും ഉറപ്പുള്ള.

**സ്ഥിരതരൻ**-പരബ്രഹ്മം.

**സ്ഥിരതരം**— അത്യന്തം സ്ഥിരമായിട്ടുള്ളത്.

**സ്ഥിരദംഷ്ട്രൻ**-വരാഹാവതാരമൂർത്തി.

സ്ഥിരദംഷ്ട്രം-പാമ്പ്.

സ്ഥിരനക്ഷത്രം-ഇളക്കമില്ലാത്ത നക്ഷത്രം, ധ്രുവനക്ഷത്രം.

സ്ഥിരപുഷ്പം-പ്ര. ചെമ്പകവൃക്ഷം. ദ്വി. ഇലഞ്ഞി.

സ്ഥിരപ്പെടുന്നു-ഉറപ്പാകുന്നു.

സ്ഥിരം-പ്ര. ഉറപ്പ്. ദ്വി. കാള.

സ്ഥിരമദം-മയിൽ.

സ്ഥിരരാശികൾ—ഇടവം, ചിങ്ങം, വൃശ്ചികം, കുംഭം ഇവ നാലും.

സ്ഥിരസംഗര-വി. പ്ര. നന്ദിയുള്ള. ദ്വി. സാരമുള്ള.

സ്ഥിരായുസ്സ്-ഇലവുമരം. വളരെക്കാലം ജീവിച്ചിരിക്കുന്നത് എന്നർത്ഥം.

സ്ഥിരീകരണം-ഉറപ്പിക്കൽ.

സ്ഥിരീകരിക്കുന്നു-ഉറപ്പിക്കുന്നു.

സ്ഥിവിരലഗുഡന്യായം- ന്യായങ്ങളിൽ ഒന്ന്.

"വൃദ്ധന്റെ കൈയിലുള്ള വടി നിലത്തു കുത്തുമ്പോൾ ചില സമയം വിചാരിച്ചിടത്തുതന്നെ കുത്തുകൊണ്ടേയ്ക്കും. ചിലസമയം തെറ്റിപ്പോയെന്നും വരും. സന്ദർഭം സ്പഷ്ടം".

---

## സ്ഥൂ

സ്ഥൂണ-പ്ര. തൂണ്, ഗൃഹത്തിലുള്ളതൂണ്. ദ്വി. അടകല്ല്. തൃ. വാർത്തുണ്ടാക്കിയ ഇരിമ്പു വിഗ്രഹം, ഇരിമ്പുപ്രതിമ. ഇളകാതെ നില്ക്കുന്നത് എന്നർത്ഥം. ച. ഒരു രോഗം.

സ്ഥൂണം-തൂണ്.

സ്ഥൂണാകർണ്ണൻ-ഒരു ഗന്ധർവൻ.

ശിഖണ്ഡിനി വിനിമയനം ചെയ്തതു ഈ ഗന്ധർവനുമായിട്ടാണ്. (സ്ഥൂണനെന്നും കാണുന്നു). (സ്ഥൂണനം, സ്ഥൂണനാകർണ്ണൻ-ദ്രുപദന്റെ പുത്രിയായ ശിഖണ്ഡിനിക്കു കുറച്ചുനാളത്തേക്കു തന്റെ പുരുഷത്വം കൊടുത്ത ഒരു യക്ഷൻ എന്നും അഭിപ്രായം കാണുന്നു).

സ്ഥൂണാകർണ്ണം—അർജ്ജുനൻ കിരാതമൂർത്തിയായ ശിവനെ താഡിച്ച ഒരു ഘോരാസ്ത്രം.

സ്ഥൂമൻ-ചന്ദ്രൻ.

സ്ഥൂമം-പ്രകാശം.

സ്ഥൂരം-കാള.

സ്ഥൂരൻ-മനുഷ്യൻ.

സ്ഥൂല-വി. പ്ര. തടിച്ച. ദ്വി. കൊഴുത്ത ശക്തിവർദ്ധിച്ച. തൃ. മൂഢതയുള്ള.

സ്ഥൂലത-തടിപ്പ്.

സ്ഥൂലതമ-വി. ഏറ്റവും തടിച്ച.

സ്ഥൂലനാസം, സ്ഥൂലനാസിക—പന്നി.

സ്ഥൂലനാളം-ഒരുമാതിരി വലിയ മുള.

സ്ഥൂലൻ-മഹാൻ.

സ്ഥൂലപാദം-ആന.

സ്ഥൂലം-പ്ര. മാംസനേത്രത്തിനു ഗ്രാഹ്യമായതു. സ്ഥൂലം><സൂക്ഷ്മം. ദ്വി. പിലാവ്. തൃ. വൻകൊന്ന. ച. കൂമ്പാരം പ. പർവതശിഖരം.

സ്ഥൂലലക്ഷ്യൻ, സ്ഥൂലലക്ഷൻ-പ്ര. ദാനശീലൻ, വേണ്ടുവോളം കൊടുക്കുന്നവൻ. ദ്വി. വിദ്വാൻ. തൃ. ഉപകാരാപകാരങ്ങളെ അറിയുന്ന ബുദ്ധിയോടുകൂടിയവൻ. (നാമം-സ്ഥൂലലക്ഷത).

സ്ഥൂലലക്ഷത-ഔദാര്യശീലം.

സ്ഥൂലവിരാട്ട്-പരന്നുനിറഞ്ഞ ദൈവികശക്തിയുടെ വിശ്വരൂപം.

സ്ഥൂലശാടകം— പരുത്തിനൂൽകൊണ്ടു നെയ്ത വസ്ത്രം.

സ്ഥൂലാസ്യം-പാമ്പ്.

സ്ഥൂലി-ഒട്ടകം. (നകാരാന്തം)

സ്ഥൂലിക്കുന്നു-തടിക്കുന്നു.

സ്ഥൂലോച്ചയം-പു. മലയിൽ നിന്നും വീണ പാറ. ൨. പരിപൂർണ്ണതയില്ലായ്മ. ൩. ആനയുടെ നടപോലെയുള്ള നട. ൪. മുഖക്കുരു.

സ്ഥൂലോപലം-വലിയ പാറ.

—o—

### സ്ഥേ

സ്ഥേമാവ്-ബലം, സ്ഥിരം.

സ്ഥേയൻ-പു. ജഡ്ജി, ന്യായാധിപതി. ൨. വഴക്കു തീർക്കുന്ന മദ്ധ്യസ്ഥൻ.

സ്ഥേയസ്സ്-വി. പു. സ്ഥിരതയുള്ള. ൨. നിത്യമുള്ള.

സ്ഥേഷ്ഠ-വി. വളരെ ഉറപ്പുള്ള.

—:0:—

### സ്ഥൈ

സ്ഥൈര്യം-ഉറപ്പ്.

സ്ഥൈര്യലേപനം — (മുമ്പിലത്തെ പ്രെ.ഷ്ഠമ നോക്കുക).

### സ്ഥൌ

സ്ഥൌണേയം — തുണിയാകം എന്ന മരുന്ന്.

സ്ഥൌരി-പു. അധികം ബലമുള്ള കുതിര. ൨. ചുമട്ടുകുതിര.

സ്ഥൌല്യം-സ്ഥൂലത.

—:0:—

### സ്ന

സ്നപിപ്പിക്കുന്നു — സ്നാനം ചെയ്യിപ്പിക്കുന്നു.

സ്നവം-ഒലിപ്പ്, ഒഴുകുന്നത്.

സ്നവിത-വി. കുളിച്ച, തളിച്ച.

സ്നസ-പു. ഏപ്പ്. ൨. പെരുഞരമ്പ്, അംഗപ്രത്യംഗങ്ങളുടെ സന്ധിബന്ധനത്തെ ചെയ്യുന്ന ഞരമ്പ്. (ചെറു ഞരമ്പ് എന്നും കാണുന്നു).

### സ്നാ

സ്നാത-വി. കുളിച്ച, ശുദ്ധിവരുത്തിയ.

സ്നാതകൻ-പു. വേദാധ്യയനത്തിനു വ്രതമനുഷ്ഠിക്കുന്നവൻ. ൨. വേദം മുഴുവൻ അഭ്യസിച്ചു ഗൃഹത്തിൽ പാർക്കുന്ന ബ്രാഹ്മണൻ, ഗൃഹസ്ഥൻ. ൩. ഭിക്ഷുവായ ബ്രാഹ്മണൻ.

ബ്രഹ്മചര്യാശ്രമത്തിന്റെ സമാപ്തികർമ്മമായ സമാവർത്തനം കഴിഞ്ഞു. ഗൃഹസ്ഥാശ്രമം സ്വീകരിച്ചിട്ടുമില്ല. ഇങ്ങിനെയുള്ള നിലയിലിരിക്കുന്നവരാണ സ്നാതകന്മാർ, ഇവർ മൌഞ്ജീമേഖലാദികളായ ബ്രഹ്മചാരിവ്രതത്തിലെ ചിഹ്നങ്ങളെ ഉപേക്ഷിച്ചു എങ്കിലും ബ്രഹ്മചര്യം മുതലായ വ്രതനിഷ്ഠകളെ ഉപേക്ഷിക്കുകയുമില്ല. ഗംഗാദി പുണ്യതീർത്ഥങ്ങളിൽ സ്നാനം ചെയ്തു ദേവർഷിജനനിഷ്ഠന്മാരായിരിക്കും. ഈ നിലയിലുള്ളവരാണ് മലയാളബ്രാഹ്മണസമുദായത്തിലെ വേളിക്കാത്ത അഫന്മാർ. ഇവിടെ ജ്യേഷ്ഠപുത്രൻ വിവാഹം ചെയ്യണമെന്നേ നിർബ്ബന്ധമുള്ളു. മററുള്ളവർ സ്നാതകന്മാരായിരിക്കുക എന്നത്രെ ഭാർഗ്ഗവാനുശാസനം. (പാ, ദാ. വ്യാ. സ).

സ്നാനപഞ്ചാംഗം — സങ്കല്പം, സൂക്തപഠനം, അഘമർഷണം, ദേവാദിതർപ്പണം, മാർജ്ജനം ഇവ ൫-ം.

സ്നാനം-കുളി.

സ്നാനീയ-വി. കുളിക്കുന്നതാകുന്ന, കുളിയോടു ചേർന്ന.

സ്നാനീയം-കുളിപ്പാനുള്ള വെള്ളം മുതലായതു.

**സ്നാപനം**-കുളിപ്പിപ്പു്, കുളിപ്പിക്കേണ്ടതിനായ് കാത്തുനില്ക്കുക.

**സ്നാപകൻ**-കുളിപ്പിക്കയും കുളിപ്പാൻ ജലംകൊണ്ടു വരികയും ചെയ്യുന്ന ഭൃത്യൻ.

**സ്നായൎമ്മം**-ഒരു രോഗം.

ശുക്ലമണ്ഡലത്തിൽ കഠിനമായിട്ടും മററും വളരെ മാംസത്തോടുകൂടിയും വെളുത്തിട്ടുമുണ്ടാകുന്ന മാംസം.

**സ്നായി**-വി. കുളിക്കുന്ന.

**സ്നായു**-രക്തം സഞ്ചരിക്കുന്നതിനുള്ള ചെറുഞരമ്പു്.

## സ്നി

**സ്നിഗ്ദ്ധ**-വി. പു. ശുദ്ധീകരിക്കപ്പെട്ട, നെയ് ചേൎത്ത, മിനുസമുള്ള, എണ്ണമയമുള്ള. ൨. ഇടതിങ്ങിയ. ൩. സ്നേഹമുള്ള. ൪. തണുപ്പുള്ള.

**സ്നിഗ്ദ്ധത**-സ്നേഹം, പ്രീതി, മെഴുക്കമയം.

**സ്നിഗ്ദ്ധൻ**-ഒരേ വയസ്സായ ഇഷ്ടൻ, മമതക്കാരൻ, സ്നേഹിതൻ, ഇഷ്ടൻ, ചങ്ങാതി.

**സ്നിഗ്ദ്ധ**-മജ്ജ.

**സ്നിഗ്ദ്ധത്വം(ത)**-സ്നേഹം, പ്രീതി.

**സ്നിഗ്ദ്ധം**-പു. മെഴുക്. ൨. പ്രകാശം. ൩. മുഴുന്ന്. ൪. പച്ചപ്പുഴുവ്. ൫. ചരളം. ൬. കട്ടി, കനം. ൭. ചെമന്ന ആവണക്ക്. ൮. അഴിഞ്ഞിൽ. ൯. നെയ് മുതലായതു് ചേൎത്തു് സ്നിഗ്ദ്ധത വരുത്തിയ അന്നാദി.

## സ്നു

**സ്നു**-പു. കരംപ്പുര, താഴ്വര, പൎവ്വതത്തിന്റെ താഴ്വര. ശുദ്ധമായിട്ടൊഴുകു എന്നൎത്ഥം.

**സ്നുക്, സ്നുഹാ, സ്നുഹി**-ചതുരക്കള്ളി.

ക്ഷീരത്തെ ഉദ്ഗിരണം ചെയ്യുന്നതെന്നൎത്ഥം.

**സ്നുത**-വി. പു. ഒഴുകിയ, (ചുരത്തിയ).

'സ്നുതകുചഭരമങ്കേധാരയന്തീഭവന്തം'
(നാരായണീയം)

൨. ചോൎന്ന.

**സ്നുഷാ**-പുത്രഭാൎയ്യ. ഗൃഹവ്യാപാരത്തിനു ജലം കോരുന്നവൾ എന്നൎത്ഥം. മററു പൎയ്യായങ്ങൾ-ജനീ, വധു.

## സ്നേ

**സ്നേഹന**-വി. പു. എണ്ണയിടുന്ന. ൨. നശിപ്പിക്കുന്ന.

**സ്നേഹപാത്രം**-പു. എണ്ണപ്പാത്രം. ൨. സ്നേഹത്തിനുതകുന്നവൻ.

**സ്നേഹപ്രിയം**-വിളക്കു്.

**സ്നേഹം**-പു. ക്ഷേമം, മമത. പൎയ്യായങ്ങൾ-പ്രേമ, പ്രിയതാ, ഹാൎദ്ദം, പ്രേമം, സ്നേഹം. ൨. എണ്ണ, നല്ലെണ്ണ. ൩. കരുണം.

**സ്നേഹരംഗം**-എള്ളു്.

**സ്നേഹവൽ**-വി. സ്നേഹമുള്ള.

**സ്നേഹി**-വി. സ്നേഹമുള്ള.

**സ്നേഹി**-എള്ളു്.

**സ്നേഹി**-(ഇകാരാന്തം) പു. സ്നേഹമുള്ളവൻ, (സ്ത്രീ-സ്നേഹിനീ). ൨. ചായമിടുന്നവൻ.

**സ്നേഹിക്കുന്നു**-സ്നേഹത്തെ ചെയ്യുന്നു.

**സ്നേഹിത**- വി. പു. സ്നേഹിക്കപ്പെട്ട, സ്നേഹമുള്ള. ൨. പിരട്ടിയ, തേച്ച, എണ്ണയിട്ട.

**സ്നേഹിതൻ**-ചങ്ങാതി.

**സ്നേഹു**-പു. ചന്ദ്രൻ. ൨. ഒരു രോഗം.

## സ്പ

**സ്പൎദ്ധ**-൧. മത്സരം. ൨. അസൂയ.

**സ്പൎദ്ധന**-അസൂയ.

**സ്പൎദ്ധാലു**-വി. ൧. മത്സരമുള്ള. ൨. അസൂയയുള്ള.

**സ്പൎദ്ധി, (സ്പൎദ്ധിനി)**- അസൂയയുള്ളവൻ (വൾ).

**സ്പന്ദം**-൧. ഇളക്കം. ൨. പിടയൽ. ൩. തുടിപ്പ്. ൪. ചാഞ്ചാട്ടം.

**സ്പന്ദനം**-൧. ഇളക്കം, വിറയൽ, പിടയൽ, തെറിപ്പിക്കൽ. ൨. പിള്ളയനക്കം (ഗൎഭപാത്രത്തിൽ).

**സ്പന്ദിക്കുന്നു**-ഇളകുന്നു.

**സ്പന്ദിത**-വി. ഇളക്കപ്പെട്ട, അനക്കപ്പെട്ട.

**സ്പൎശനൻ**-വായു.

**സ്പൎശനം**-൧. തൊടുക. ൨. ദാനം. തൊടുക്കുന്ന വസ്തുവിനെ സ്പൎശിക്കുന്നതു കൊണ്ട് ഈ പേരുണ്ടായി.

**സ്പൎശപുരുഷൻ**-ചാരൻ, വൎത്തമാനം ഗ്രഹിച്ചു വരുന്നതിനു ഗൂഢമായി അയക്കപ്പെടുന്നവൻ.

**സ്പൎശൻ**-വേഷപ്രച്ഛന്നനായി നടന്നു രാജ്യവൃത്താന്തങ്ങളെ അറിയുന്നവൻ, ഗൂഢപുരുഷൻ.

**സ്പൎശം**-൧. തൊടുക, ത്വക്കിന്റെ വിഷയം. ൨. യുദ്ധം. ൩. രോഗം. ൪. രീതികേട്. ൫. സമ്മാനം, ദാനം. ൬. വായു. ൭. ആകാശം. ൮. സംയോഗം (സ്പൎശങ്ങൾ=വൎഗ്ഗ്യങ്ങൾ. ഇവ വ്യഞ്ജനങ്ങളിൽ ക മുതൽ മ വരെയുള്ള 25 അക്ഷരങ്ങളാകുന്നു).

**സ്പൎശാ**-വേശ്യ.

**സ്പൎശിക്കുന്നു**-൧. തൊടുന്നു. ൨. കൊടുക്കുന്നു.

**സ്പഷ്ട**-വി. തെളിവായുള്ള.

**സ്പഷ്ടത**-തെളിവ്.

## സ്പൃ

**സ്പൃക്ക്**-തൊടുക.

**സ്പൃക്ക, പൃക്കാ**-ചോനകപ്പുല്ല്. ഗന്ധഗുണത്താൽ സ്പൎശിക്കപ്പെടുന്നതു് എന്നൎത്ഥം.

**സ്പൃശി**-പുത്തരിച്ചുണ്ട. സമീപത്തുചെല്ലുന്നവരുടെ ദേഹത്തിൽ പറ്റുന്നതു് എന്നൎത്ഥം. ('കണ്ടകാരിച്ചുണ്ട' എന്നു ബാലപ്രിയ).

**സ്പൃഷ്ട**-വി. തൊട്ടന്ന.

**സ്പൃഷ്ടി**-തൊടുക, സ്പൎശനം.

'പാദസ്പൃഷ്ടികൊണ്ടഹല്യയും'
(അദ്ധ്യാത്മരാമായണം)

**സ്പൃഹ**-ഇച്ഛ.

**സ്പൃഹണം**-ഇച്ഛിക്കുക.

**സ്പൃഹണീയ**-വി. ആഗ്രഹിക്കത്തക്ക.

**സ്പൃഹയാലു**-വി. ആഗ്രഹമുള്ള.

**സ്പൃഹ്യ**-വി. ആഗ്രഹിക്കത്തക്ക.

## സ്പ്ര

**സ്പ്രഷ്ടാ**-അധികമായ ചൂട്.

## സ്ഫ

**സ്ഫടം (ടാ)**-പാമ്പിന്റെ പത്തി. ചിലപ്പോൾ വിടൎത്തുന്നതു് എന്നൎത്ഥം. (പാഠാന്തരം-സ്ഫടം, ഫടാ).

**സ്ഫടികപാത്രം**-സ്ഫടികം കൊണ്ടുള്ള പാത്രം.

**സ്ഫടികമണി, സ്ഫടികാശ്മം, സ്ഫടികശിലാ**-ഉരുണ്ട ചെറിയ സ്ഫടികം, പളുങ്ക്.

സ്ഫടികം-൧. പളുങ്ക്, മണൽ ഉരുക്കി ഉണ്ടാക്കുന്ന ഒരു തെളിഞ്ഞ വസ്തു, കണ്ണാടി. ൨. സൂര്യകാന്തം.

Crystal. വിഷത്തിനും മെലിവിനും മറ്റും നന്ന്.

൩. കർപ്പൂരം.

സ്ഫടികാചലം, സ്ഫടികാദ്രി-മേരുപർവ്വതം.

സ്ഫടികാദ്രി-കൈലാസം.

സ്ഫടികാവദാത-വി. സ്ഫടികം കൊണ്ടു ശോഭിക്കുന്ന.

സ്ഫരണം-൧. വിങ്ങൽ. ൨. ഇളക്കം. ൩. വിറയൽ.

## സ്ഫാ

സ്ഫാത-വി. വർദ്ധിച്ച, വീർത്ത, വീങ്ങിയ.

സ്ഫാതി-൧. വൃദ്ധി. ൨. വീക്കം.

സ്ഫായത്ത്-വി. വർദ്ധിക്കുന്ന.

സ്ഫാര-വി. വലിയ, പ്രവൃദ്ധം.

സ്ഫാരണം-വിറയൽ.

സ്ഫാരം-൧. പെരുകിയത് (ബഹുലം), വിങ്ങൽ. ൨. വിറയൽ. ൩. കമല.

സ്ഫാലം-൧. വിറയൽ. ൨. അനക്കം, ഇളക്കം.

സ്ഫാലനം-൧. വിറയൽ. ൨. തഴുകൽ.

## സ്ഫി

സ്ഫിക്-ആസനം, ഇടുപ്പു മുകളിലെ പിൻഭാഗം, കടിയിൽ ഉന്നതമായ പ്രദേശം.

സ്ഫിക്തടം-ആസനം.

സ്ഫിരം-ബഹുലം, വളരെ, പെരുകിയത്.

## സ്ഫീ

സ്ഫീത-വി. ൧. വർദ്ധിച്ചിരിക്കുന്ന, വളരെയുള്ള. ൨. ശുഭമായ. ൩. വീങ്ങിയ. ൪. സന്തോഷമുള്ള.

സ്ഫീര-വി. വളരെയുള്ള.

## സ്ഫു

സ്ഫുട-വി. ൧. വിടർന്ന. ൨. തെളിവായ. ൩. വലുതായ. ൪. നിർമ്മലമായ. (നാമം-സ്ഫുടത).

സ്ഫുട-പാമ്പിന്റെ പത്തി.

സ്ഫുടം-൧. പൂത്തു വിരിഞ്ഞു നില്ക്കുന്നത്, വിരിഞ്ഞത്. ൨. വിടർന്നു പൂത്തുനില്ക്കുന്ന മരം.

സ്ഫുടനം-൧. പിളർച്ച, വിടർച്ച ൨. പൊട്ടുക.

സ്ഫുടിക്കുന്നു— വിടരുന്നു, തെളിയുന്നു. (സ. ക്രി. സ്ഫുടിപ്പിക്കുന്നു).

'പുതുമലർപതുക്കെസ്ഫുടിപ്പിച്ചിട്ടുമ്പോഴ്'

(മയൂരസന്ദേശം)

സ്ഫുടിത-വി. ൧. പൊട്ടിയ. ൨. വിടർന്ന. ൩. പിളർന്ന.

സ്ഫുടീകരിക്ക-സ്പഷ്ടീകരിക്ക.

സ്ഫുരണം(ാ)-൧. പ്രകാശനം, അല്പമായി പ്രകാശിക്ക, തിളങ്ങൽ. ൨. സഞ്ചാരം. ൩. വിങ്ങൽ ൪. വിറയൽ. (പാഠഭേദം-സ്ഫുലനം, സ്ഫോരണം, സ്ഫാരണം, സ്ഫുരണം).

സ്ഫുരൽ-വി. ൧. ശോഭിക്കുന്ന, പ്രകാശിക്കുന്ന. ൨. വീങ്ങുന്ന, വിറയ്ക്കുന്ന. ൩. വ്യാപിക്കുന്ന. ൪. അനങ്ങുന്ന, ഇളകുന്ന.

സ്ഫുരിക്കുന്നു-ക്രി. പ്രകാശിക്കുന്നു. ൨. വ്യാപിക്കുന്നു. ൩. വീങ്ങുന്നു, വിറക്കുന്നു ൪. അനങ്ങുന്നു, ഇളകുന്നു.

സ്ഫുലിംഗം--തീപ്പൊരി.

## സ്ഫൂ

സ്ഫൂർജ്ജകം-പനിച്ചിവൃക്ഷം.

സ്ഫൂർജ്ജഥു, സ്ഫൂർജ്ജഥു-ഇടിവെട്ട്. (ഇടി എന്ന ശബ്ദം നോക്കുക).

സ്ഫൂർജ്ജം-ഇന്ദ്രന്റെ ഇടിവാൾ, മിന്നൽപിണർ.

സ്ഫൂർത്തി-ഇളക്കം, ഹൃദയത്തിന്റെ ഇടിപ്പ്, ക്ഷോഭം.

---

## സ്ഫേ

സ്ഫേഷ്ഠ-വി. ഏറ്റവും സ്ഫിരം (ബഹു) ആയ.

## സ്ഫോ

സ്ഫോടകം-പരുവ്.

സ്ഫോടനം-പൊട്ടൽ, പോറൽ.

സ്ഫോടനീ-ശകനം.

സ്ഫോടം-പു. പരുവ്. ൨. പൊട്ടുക.

സ്ഫോടാ-പാമ്പിന്റെ പത്തി.

—:o:—

## സ്മ

സ്മ-അ. ശ്ലോകത്തിന്റെ പാദപൂരണത്തിനുള്ള ഒരു അവ്യയപദം. വിശേഷിച്ച അർത്ഥമൊന്നും വേണമെന്നില്ല. വർത്തമാനക്രിയയോടു ചേരുമ്പോൾ ആ ക്രിയ ഭൂതക്രിയ ആവും.

ഉ-ം, രമതേസ്മ. രമതേ=ക്രീഡിക്കുന്നു. രമതേസ്മ=ക്രീഡിച്ചു.

ദോധകവിയുടെ അഭിപ്രായം കവിതയിൽ സാമർത്ഥ്യമില്ലാത്തവരാണ് ഈ മാതിരി അവ്യയങ്ങളെ പ്രയോഗിക്കുന്നത് എന്നാകുന്നു. ഉദാഹരണത്തിനായി തന്റെ ശ്ലോകത്തിന്റെ ഒരു പാദം മുഴുവനും മനഃപൂർവ്വം 'ചവൈ തു ഹി ചവൈ തു ഹി' എന്നാക്കിത്തീർത്തു ദോധകാവ്യത്തിൽ നിരർത്ഥകശബ്ദപ്രയോഗം ഇല്ലെന്നുള്ളതു സുപ്രസിദ്ധമാണല്ലോ.

സ്മയം-പു. ഗർവ്വം. ൨. അത്ഭുതം.

സ്മരകൂപകം (-ഗൃഹം, -മന്ദിരം)-യോനി.

സ്മരഗുരു-വിഷ്ണു.

സ്മരഛത്രം-പു. കാമദേവന്റെ കുട. ൨. Clitoris.

സ്മരണ-ഓർമ്മ.

സ്മരധ്വജം-പു. ലിംഗം. ൨. മത്സ്യം. ൩. സംഗീതവാദ്യങ്ങളിൽ ഒന്ന്. ൪. യോനി.

സ്മരധ്വജാ-പ്രകാശമാനമായ നിലാവുള്ള രാത്രി.

സ്മരൻ-കാമദേവൻ.

സ്മരം-പു. ഓർമ്മ. ൨. സ്നേഹം.

സ്മരലേഖനി-പഞ്ചവർണ്ണക്കിളി.

സ്മരവീഥികാ-വ്യഭിചാരിണി.

സ്മരസഖൻ-ചന്ദ്രൻ.

സ്മരസ്തംഭം-പുരുഷന്റെ ലിംഗം.

സ്മരസ്മര്യം-കഴുത.

സ്മരഹരൻ-ശിവൻ.

സ്മരിക്കുന്നു-ഓർക്കുന്നു, വിചാരിക്കുന്നു.

സ്മർത്തവ്യ-വി. സ്മരിക്കത്തക്ക, ഓർമ്മിക്കത്തക്ക, എപ്പോഴും ഓർത്തിരിക്കേണ്ടതായ.

—:o:—

## സ്മാ

**സ്മാര**-വി. സ്മരനെ സംബന്ധിച്ച.

**സ്മാരകം**-ഒരാളിന്റെയോ ഒരു കാൎയ്യത്തിന്റെയോ ഓൎമ്മയെ നിലനിറുത്തുവാൻ ചെയ്യപ്പെടുന്നതു്, ഓൎമ്മിപ്പിക്കുന്നതു്.

**സ്മാരികാ**-പഞ്ചവൎണ്ണക്കിളി.

**സ്മാൎത്ത**-വി. ൧. സ്മൃതിയെസ്സംബന്ധിച്ച. ൨. പ്രമാണമായുള്ള. ൩. ന്യായമായുള്ള. ൪. ഓൎമ്മയെസ്സംബന്ധിച്ച.

**സ്മാൎത്തൻ**-പാരമ്പൎയ്യ ന്യായശാസ്ത്രപ്രകാരം നടക്കുന്നവൻ, പാരമ്പൎയ്യ ന്യായശാസ്ത്രം നല്ലവണ്ണം പഠിച്ച ബ്രാഹ്മണൻ, ബ്രാഹ്മണരിൽ ഒരു ന്യായാധിപതി.

## സ്മി

**സ്മിത**-വി ൧. ചിരിക്കുന്ന, ൨. വിടൎന്ന.

**സ്മിതം**-പുഞ്ചിരി.

**സ്മിതി**-പുഞ്ചിരി.

## സ്മൃ

**സ്മൃത**-വി. വിചാരിക്കപ്പെട്ട, ഓൎക്കപ്പെട്ട.

**സ്മൃതി**-൧. ഓൎമ്മ ൨. ന്യായശാസ്ത്രം. ൩. ബുദ്ധി ൪ ആഗ്രഹം. ൫ മനസ്സിനെ മന്മഥകാൎയ്യത്തിൽ മാത്രം ഏകാഗ്രമാക്കി ചിന്തയോടുകൂടി നെടുവീൎപ്പിടുക. (ഇതു പൂൎവ്വരാഗാവസ്ഥയിൽ അഭിലാഷം സിദ്ധിച്ചിട്ടില്ലാത്ത നായികാനായകന്മാൎക്കുണ്ടാകാവുന്നപത്തവസ്ഥകളിൽഒന്നാണ്)

(സ്മൃതി-വേദാംഗങ്ങൾ, സൂത്രങ്ങൾ, രാമായണം, മഹാഭാരതം, പുരാണങ്ങൾ, ധൎമ്മശാസ്ത്രങ്ങൾ ഇവ്വിധമുള്ള വേദങ്ങളല്ലാത്ത പുസ്തകങ്ങൾ. വേദങ്ങളായ വേദങ്ങൾക്ക ശ്രുതി എന്നു പേർ. ശ്രുതി നോക്കുക).

**സ്മൃതിവിഭാഗം**-വേദാംഗങ്ങൾ, ധൎമ്മശാസ്ത്രങ്ങൾ, ഇതിഹാസങ്ങൾ പുരാണങ്ങൾ, തന്ത്രങ്ങൾ, കാവ്യങ്ങൾ രൂപകങ്ങൾ, ഗദ്യപുസ്തകങ്ങൾ, നീതിശാസ്ത്രങ്ങൾ.

**സ്മൃതിചന്ദ്രികാ**—ഒരു ന്യായശാസ്ത്ര പുസ്തകം.

കൎത്താവു-ദ്രാവിഡക്കാരനായ ദേവന ഭട്ടൻ.

**സ്മൃതിമൽ**-വി. ൧. ഓൎമ്മയുള്ള. ൨ ന്യായശാസ്ത്രം പഠിച്ച.

**സ്മൃതിമാൻ**-ഒരലംകാരം.

**സ്മൃതിവിഭ്രമം**-ഓൎമ്മക്കുഴപ്പം.

**സ്മൃതിവിരുദ്ധ**-വി. ന്യായശാസ്ത്രവിരുദ്ധമായ.

**സ്മൃതിശാസ്ത്രം**-ഒരു ന്യായശാസ്ത്രം.

## സ്മേ

**സ്മേര**-വി. ൧. വിടൎന്ന. ൨. ചിരിക്കുന്ന. ൩. തെളിവുള്ള.

**സ്മേരം**-൧, പ്രകാശിപ്പു്. ൨. വിടൎച്ച

**സ്മേരവിഷ്കിരം**-മയിൽ.

## സ്യ

**സ്യദം**-വേഗത്തിലുള്ള ഗമനം, വേഗം.

'ഉല്ലീകൃത്യമൃഗസ്യദം'

(അഭിജ്ഞാനശാകുന്തളം)

**സ്യന്ദ**-വി. ഒഴുകുന്ന.

**സ്യന്ദന**-വി. വേഗമുള്ള, വേഗം പോകുന്ന.

**സ്യന്ദനം**-൧. തേര്. ചക്രങ്ങളോടുകൂടിയതും യുദ്ധത്തിനുപയുക്തവുമായ വാഹനം (യാനം). ൨. ഇളകുന്നതു് എന്നൎത്ഥം.

വ. ഒഴുകുക. ന. വേഗം പോകുക. ര. വെള്ളം. ഉ വായിലെ വെള്ളം. ന. തൊട്ടുകാര. തേർപ്പണിചെയ്യുന്നുപയോഗിക്കുന്നതു് എന്നർത്ഥം.

സ്യന്ദനാരോഹൻ-തേരാളി. തേരിൽ കയറുന്നവൻ എന്നർത്ഥം.

സ്യന്ദം-രഥം.

സ്യന്ദി-വി. ഫ. സ്യന്ദിക്കുന്ന, ഒഴുകുന്ന. വ. പോകുന്ന.

സ്യന്ദിനി-ഫ. വായിലെ വെള്ളം, വായ്നീരു്, ഏത്തായ്. ഒലിക്കുന്നതു് എന്നർത്ഥം. വ. ഇരട്ട പെറുന്ന പശു.

സ്യന്ദ്യാ-പ്രവാഹം.

സ്യന്ന-വി. ഒഴുകിയ, ചുരത്തിയ.

സ്യമന്തകം-ഒരു ദിവ്യരത്നം. (കഥ സുപ്രസിദ്ധമാണു്).

ഇതു സൂര്യൻ സത്രാജിത്തിനു കൊടുത്തതാണു്. സത്രാജിത്തു തന്റെ അനുജനായ പ്രസേനനു അണിയുന്നതിനു കൊടുക്കയും നായാട്ടിനുപോയ അവസരത്തിൽ പ്രസേനനെ വധിച്ചു മണിയെ ഒരു സിംഹം കൊണ്ടുപോകയും സിംഹത്തെക്കൊന്നു അതിനെ ജാംബവാൻ കൈക്കലാക്കയും ചെയ്തു. പിന്നീടു കൃഷ്ണൻ ജാംബവാനോടു യുദ്ധം ചെയ്കയാൽ ജാംബവാൻ സന്തോഷിച്ചു ആ മണിയേയും തന്റെ മകളായ ജാംബവതിയേയും കൃഷ്ണനു കൊടുത്തു. മണിയെ കൃഷ്ണൻ സത്രാജിത്തിനു തിരിയെ നൽകി. സത്രാജിത്തിനെ വധിച്ചു ശതധന്വാൻ അതിനെ കൈക്കലാക്കി കടന്നു. കൃഷ്ണൻ ബലരാമനുമായി വരുന്നതറിഞ്ഞു ശതധന്വാൻ മണിയെ അക്രൂരനെ ഏല്പിച്ചുംകൊണ്ടു ഓടിപ്പോയി. കൃഷ്ണൻ പിടികൂടി വധിച്ചു. ബലഭദ്രൻ കൃഷ്ണനെ സംശയിച്ചിരിക്കവേ മണിയെ അക്രൂരൻ ഹാജരാക്കി. കൃഷ്ണനും ബലരാമനും സത്യഭാമയും മണിവേണമെന്നു വഴക്കു കൂട്ടുകകൊണ്ടു ഒടുക്കം അക്രൂരന്റെ പക്കൽതന്നെ ഇരിക്കട്ടെ എന്നു ബലഭദ്രൻ തീർച്ചയാക്കി. ഈ മണി ഇരിക്കുന്നേടത്തു ആധി, വ്യാധി മുതലായവ ഉണ്ടാകയില്ല. ഇതു ദിനംപ്രതി എട്ടുഭാരം സ്വർണ്ണത്തെ നൽകുന്നതാണു്.

സ്യമന്തപഞ്ചകം-അഞ്ചു തടാകങ്ങൾ. പരശുരാമൻ ഏഴുപ്രാവശ്യം ക്ഷത്രിയരാജാക്കന്മാരെ വധിച്ചു അവരുടെ രക്തംകൊണ്ടുണ്ടാക്കിയതാണു്.

## സ്യാ

സ്യാനന്ദൂരം-തിരുവനന്തപുരം.

സ്യാലൻ-അളിയൻ, ഭാര്യയുടെ താഴെയും മേലെയുമുള്ള ഉടപ്പിറന്നവൻ. വന്നു പൊറുക്കുന്നവൻ, വന്നു പൊറുത്തുകൊണ്ടിരിക്കുന്നവൻ എന്നർത്ഥം.

## സ്യൂ

സ്യൂത—വി. തുന്നപ്പെട്ട, ഊടും പാവുമായി നെയ്യപ്പെട്ട.

സ്യൂതം—ഫ. മുളയും മറവുംകൊണ്ടു മടഞ്ഞുണ്ടാക്കുന്ന കൊട്ട (കുട്ട) വട്ടിമുതലായതു്. നെയ്യുണ്ടാക്കുന്നതു് എന്നർത്ഥം. കാളിച്ചാക്കു്, വലിയ സഞ്ചി. വ. ഊടും പാവുമായി നെയ്യപ്പെട്ടതു്.

സ്യൂതി-തുന്നൽ, തുന്നുക. വ. സന്തതി.

സ്യൂതൻ-ആദിത്യൻ.

സ്യൂമം-ഫ. ജലം. വ. സുഖം. ന. രശ്മി.

## സ്യോ

സ്യോന-വി. ഭംഗിയുള്ള, സന്തോഷമുള്ള.

സ്യോനം—ഫ. ചാക്കു്. വ. രശ്മി.

സ്യോനൻ-സൂര്യൻ.

സ്യോനാകം, ശോണകം, ശ്യോനാകം-പലകപ്പയ്യാനി എന്ന വൃക്ഷം.

## സ്ര

സ്രക്ക്-൧. മാല. ൨. ശിരോലങ്കാരം.

സ്രംസി-വി. താഴുന്ന, പൊഴിയുന്ന, വീഴുന്ന.

സ്രംസീ-ഉകമരം. മലശോധനയുണ്ടാക്കുന്നതു് എന്നർത്ഥം.

സ്രംസിക്കുന്നു-വീഴുന്നു.

സ്രജ്യാ-കയർ.

സ്രഗ്വിണി-രാമായണം ൨൪ വൃത്തത്തിലെ ൨൧-ാം വൃത്തം.

സ്രദ്ധാ-ദക്ഷന്റെ മകൾ, ധർമ്മന്റെ ഭാര്യ, കാമദേവന്റെ അമ്മ.

സ്രവണം-൧. മൂത്രം. ൨. വിയർപ്പു്. ൩. ഒഴുക്കു്.

സ്രവന്തി-൧. നദി, ആറു്. ൨. അഴകണ്ണി.

സ്രവൽഗർഭ-ഗർഭം അലസിയ പശു.

സ്രവത്തു്-ഒഴുകുന്ന, ഒലിക്കുന്ന.

സ്രവദ്രംഗം-ചന്ത.

സ്രവം-ഒഴുക്കു്, വാർച്ച ൨. ഉറവു്.

സ്രവാ-പെരുങ്കുരുമ്പ.

സ്രവിക്കുന്നു-൧. ഒഴുകുന്നു, ഒലിക്കുന്നു. ൨. വാലുന്നു.

സ്രഷ്ടാവു്-സൃഷ്ടിക്കുന്നവൻ, ഉണ്ടാക്കുന്നവൻ. ൨. ദൈവം ൩. ശിവൻ. ൪. ബ്രഹ്മാവു്.

സ്രസ്ത-വി. സ്ഥാനത്തുന്നു വീണ, വേർപെട്ട, ഉതിരിപ്പോയ.

'സ്രസ്തം സ്രസ്തമഹോ സുവർണ്ണവലയം'
(അഭിജ്ഞാനശാകുന്തളം)

സ്രസ്തരം-ചാരുകട്ടിൽ, കട്ടിൽ.

## സ്രാ

സ്രാക്ക്-അ. വേഗം.

സ്രാങ്കു്-ചുക്കാൻ പിടിക്കുന്ന ആൾ. (പേർഷ്യൻ ഭാഷ).

സ്രാദ്ധദേവൻ-യമൻ.

സ്രാപ്പു്-സറാപ്പു്, A Shroff, ഉണ്ടയൽ വ്യാപാരി, പണത്തിന്റെ ചുമതലക്കാരൻ. (അറബിഭാഷ)

സ്രാമ്പി-ഒരുമാതിരി മാളിക.

സ്രാവം-ഒലിക്കുക, ഒലിപ്പു്.

സ്രാവക-വി. ഒഴുകുന്ന.

സ്രാവകം-മുളകു്.

## സ്രു

സ്രുക്ക്-ഹോമത്തിനുള്ള ഒരു പാത്രം.

സ്രുത-വി. ഒലിക്കപ്പെട്ട, ഒലിച്ച.

സ്രുതി-ഒലിപ്പു്.

സ്രുവ-൧. പെരുങ്കുരുമ്പ. ൨. സ്രുവം.

സ്രുവം-ഹോമത്തിനുള്ള ഒരു പാത്രം.

ഹോമം കഴിക്കുമ്പോൾ ഒരു പാത്രത്തിൽ നിന്നെടുത്തു ഹോമിപ്പാനായി സാജ്യം, നെയ്യ്, ചമത ഇവയിൽ ഏതെങ്കിലും കൊണ്ടു ഒരു മുഴം നീളത്തിൽ അഗ്രം അല്പം കുഴിഞ്ഞ സ്ഥിതിയിൽ ഉണ്ടാക്കപ്പെട്ടിട്ടുള്ളതാണു്.

സ്രുഗ്ഹസ്തൻ-ശിവൻ.

സ്രുവാവൃക്ഷം-വയ്യങ്കത. സ്രുവത്തിനുള്ള മരം എന്നർത്ഥം.

## സ്രോ

സ്രോതസ്സ്-൧. ഒഴുക്ക്. ൨. ഞരമ്പ്. ൩. നദി. ൪. ഉറവു്. ൫. ജലം.

സ്രോതഃപതി-കടൽ.

സ്രോതസ്യൻ- പ്ര. ശിവൻ. ദ്വി. കള്ളൻ.

സ്രോതസ്വതി-നദി.

സ്രോതസ്വിനി-നദി.

സ്രോതോഞ്ജനം—കണ്ണിൽ തേക്കുന്ന ഒരു മരുന്ന്, നീലാഞ്ജനം.

ഇക്കിളം, ഛർദ്ദി മുതലായവയ്ക്കു നന്ന്. ഇം-Sulphuret of antimony, Black antimony.

## സ്വ

സ്വ-വി. സ്വന്തമായുള്ള. തന്റേതായ എന്ന അർത്ഥത്തിൽ സാധാരണ പദത്തിന്റെ ആരംഭത്തിൽ ചേരും. ഉ-ം, സ്വപിതാ=തന്റെ പിതാവ്.

സ്വ-വി. തന്നെസ്സംബന്ധിച്ച, തനിക്കുള്ള.

സ്വഃ പ്ര. വിഷ്ണു. ദ്വി. ആത്മാവ്.

സ്വക-വി. തന്റേതായുള്ള, തനിക്കുള്ള.

സ്വകമ്പനൻ-വായു

സ്വകർമ്മകൃത്ത്-തനതുവേലയെ ചെയ്യുന്നവൻ

സ്വകർമ്മം-തനതുവേല

സ്വകാര്യം തനതുകാര്യം.

സ്വകീയ-വി. തനിക്കുള്ള, തന്നെ സംബന്ധിച്ച, സ്വന്തമായുള്ള. (സ്വകീയം ▷ ◁പരകീയം).

സ്വകുലക്ഷയം-മീൻ.

സ്വക്ഷ-വി. (സു+അക്ഷ) പ്ര. നല്ല കണ്ണുള്ള. ദ്വി. സൂക്ഷ്മബുദ്ധിയുള്ള.

സ്വഗത-വി. തന്റെ പറ്റിൽ ഉള്ള, തങ്കലിരിക്കുന്ന.

സ്വഗതം-നാടകമുറയിൽ 'ഒരാൾ വിചാരിക്കുന്നു' എന്നു പറയുന്നതിനു പകരം പറഞ്ഞുവരാറുള്ള ഒരു വാക്ക്, മറ്റൊരാൾ കേൾക്കാതെ തനിച്ചു പറക, വിചാരിക്ക. ആത്മഗതം എന്നും പറയും.

സ്വച്ഛ-വി. പ്ര. ശുഭ്രമുള്ള, വെടിപ്പുള്ള. ദ്വി. വെളുത്ത. തൃ. തെളിഞ്ഞ. ച. സുഖമുള്ള.

സ്വച്ഛത-വെടിപ്പ്, ശുഭ്രം.

സ്വച്ഛന്ദ-വി. പ്ര. തന്നിഷ്ടപ്രകാരമുള്ള. ദ്വി. തെളിഞ്ഞ.

സ്വച്ഛന്ദചാരി-വി. തന്നിഷ്ടംപോലെ നടക്കുന്ന.

സ്വച്ഛന്ദത-തന്നിഷ്ടം.

സ്വച്ഛന്ദൻ മറ്റൊരാളിന്റെ വരുതിക്കു കീഴടങ്ങാത്തവൻ, സ്വതന്ത്രൻ. സ്വയമായ അഭിപ്രായത്തോടു കൂടിയവനെന്നർത്ഥം.

സ്വച്ഛന്ദം തന്നിഷ്ടം.

സ്വച്ഛന്ദം-അ. ഇഷ്ടപ്രകാരം.

'സ്വച്ഛന്ദം കടിഞ്ഞാണവിട്ടയുടനെ'
(അഭിജ്ഞാനശാകുന്തളം)

സ്വച്ഛം-പ്ര. മുത്ത്. ദ്വി. അഭ്രകം. തൃ. സ്ഫടികം.

സ്വജ-വി. തനിക്കുണ്ടായ, തങ്കൽനിന്നുണ്ടായ.

സ്വജനനിഭൃതൻ—സ്വജനത്തിനെ വണങ്ങിയിരിക്കുന്നവൻ, സ്വജനവിശ്വാസി.

സ്വജനം—തന്റെ ജനം, തന്റെ ജാതിയിൽപ്പെട്ടവൻ, ബന്ധു.

സ്വജൻ-പുത്രൻ. (സ്ത്രീ-സ്വജാ).

സ്വജം-പ്ര. ചോര. ദ്വി. വിയർപ്പ്.

സ്വജാതി- പ്ര. തന്റെ ജാതിയിലുള്ളവൻ. ദ്വി. തരത്തിലുള്ള വസ്തു.

സ്വജാതിദ്വിട്ട്-നായ്.

സ്വതഃ-അ. താനേതന്നെ.

സ്വതന്ത്ര-വി. തന്നിഷ്ടം പ്രവർത്തിക്കുന്ന, മറ്റൊരാൾക്കു കീഴടങ്ങാത്ത.

സ്വതസ്സിദ്ധ-വി. താനേതന്നേ കിട്ടിയ, സഹജമായ.

സ്വതേ-താനേതന്നേ.

സ്വത്ത്-തനതുവക.

സ്വത്വബുദ്ധി-മമത്വബുദ്ധി.

സ്വത്വം-പു. തനിക്കു താൻ മതിയെന്നുള്ള സ്ഥിതി. ൨. മമത.

സ്വദിക്കുന്നു-രുചിനോക്കുന്നു, സ്വാദു ഗ്രഹിക്കുന്നു.

സ്വദേശജ-വി. തന്റെ ദിക്കിൽ ജനിച്ച.

സ്വദേശം-പു. തന്റെ ദിക്ക്. ൨. തന്റെ സ്ഥലം.

സ്വദേശി-തന്റെ ദിക്കിലുള്ളവൻ.

സ്വധനം-തന്റെ മുതൽ.

സ്വധർമ്മം-അതാതു ജാതിക്കടുത്ത മുറ.

സ്വധാ- ദക്ഷന്റെയും പ്രസൂതിയുടെയും പുത്രി.

സ്വധാ-അ. ദേവാദികൾക്കു ഹവിസ്സു മുതലായവയെ നൽകുമ്പോൾ പ്രയോഗിക്കപ്പെടുന്ന വാക്ക്. (വിവരണം ഗൃഹ്യസൂത്രാദികൾ കൊണ്ടറിയുക).

സ്വധാ-പു. മായ. ൨. ഒരാളുടെ ഇഷ്ടം. ൩. ഒരാളിന്റെ നിശ്ചയം. ൪. പിതൃക്കൾക്കു നൽകുന്ന ഭക്ഷണം. ൫. ഒരാളിന്റെ പങ്ക്. ൬. ഭക്ഷണം. ൭. ശ്രാദ്ധം.

സ്വധാപ്രിയൻ-പു. അഗ്നി. ൨. ദേവത.

സ്വധിതി-വെണ്മഴു. തന്റെ ഉടമസ്ഥനെ രക്ഷിക്കുന്നതു് എന്നർത്ഥം. (ശ്രുതിപ്രകാരം ക്ഷൌരകത്തി എന്നു കാണുന്നു).

സ്വനഗ്രാഹി(ണി)— ഒരു യന്ത്രം. Gramaphone.

സ്വനം-ശബ്ദം, ഒച്ച.

സ്വനി-ശബ്ദം.

സ്വനിക-വി. ശബ്ദിക്കുന്ന.

സ്വനിത-വി. ശബ്ദിക്കപ്പെട്ട.

സ്വനിതം-പു. ഇടിമുഴക്കം. ൨. ശബ്ദം.

സ്വനോത്സാഹം-കാണ്ടാമൃഗം.

സ്വന്തം-തനിക്കുള്ള.

സ്വൻ-പു. ചാർച്ചക്കാരൻ, ഗോത്രം ഒന്നായിട്ടുള്ളവൻ, ജ്ഞാതി. ൨. ആത്മാവ്.

സ്വപക്ഷ-വി. തന്റെ പക്ഷത്തുള്ള.

സ്വപക്ഷൻ-പു. സ്നേഹിതൻ. ൨. തന്റെ പക്ഷത്തുള്ളവൻ.

സ്വപക്ഷപ്രഭവ-വി. തന്റെ ജനങ്ങളിൽ നിന്നുണ്ടായ.

സ്വപനം-ഉറക്കം.

സ്വപരചക്രജ-വി. തന്നാട്ടിലും മറുനാട്ടിലും നിന്നുണ്ടായ.

സ്വപരമണ്ഡലം-തന്റെയും ശത്രുവിന്റെയും രാജ്യം.

സ്വപിക്കുന്നു-ഉറങ്ങുന്നു.

സ്വപ്നക്-വി. നിദ്രാശീലമുള്ള.

സ്വപ്നപ്രായ-വി. സ്വപ്നത്തിൽ കാണുന്നതുപോലെയുള്ള.

സ്വപ്നം-പു. ഉറക്കം. ൨. ഉറക്കത്തിൽ തോന്നുന്ന അവസ്ഥകൾ.

പാതി ഉറക്കവും പാതി ഉണർവ്വും കൂടിയ സ്ഥിതിയത്രെ സ്വപ്നം.

സ്വഭാവം- തന്റെ ശരിയായ ഭാവം, മാതിരി, പ്രകൃതി, ശീലം. മററു പര്യായങ്ങൾ—സംസിദ്ധി, പ്രകൃതി, സ്വരൂപം, നിസർഗ്ഗം.

**സ്വഭാവതഃ** - അ. സ്വഭാവംകൊണ്ടുതന്നെ, പ്രകൃത്യാതന്നെ.

**സ്വഭാവോക്തി** - ഒരലങ്കാരം.

**സ്വഭൂ** - പു. ബ്രഹ്മം. സ്വയമേവ ഭവിക്കുന്നവൻ എന്നർത്ഥം. ൨. വിഷ്ണു. ൩. മഹേശ്വരൻ.

**സ്വഭ്രം** - വെള്ളി.

**സ്വമേകം** - വത്സരം.

**സ്വമേധ** - തന്റെ ബുദ്ധി, തനിക്കൊത്തപോലെ.

**സ്വം** - പു. തന്നെ സംബന്ധിച്ചത്. (ഈ അർത്ഥത്തിൽ ത്രിലിംഗം). ൨. ഐശ്വര്യം, ധനം, വസ്തുവക. ൩. പ്രത്യേകമുള്ള അവസ്ഥ. ൪. പ്രസിദ്ധപ്പെട്ടത്.

**സ്വം** - മുതൽ, സമ്പത്ത്, ധനം.

**സ്വംഗം** - (സു + അംഗം) നല്ല അവയവം, അംഗസൗന്ദര്യം.

**സ്വമ്പ്** - ചെമ്പ്, സ്വത്ത്.

**സ്വയം** — അ. തനിച്ച്, തന്നെസ്സംബന്ധിച്ച.

സ്വയരക്ഷ, സ്വയപരിഷ്കാരം എന്നൊക്കെ പറയുന്നത് അബദ്ധമാണ്. സ്വയം എന്ന ശബ്ദത്തിലെ അനുസ്വാരം ലോപിക്കാവുന്നതല്ല. സ്വയംരക്ഷ, സ്വയംപരിഷ്കാരം ഇത്യാദിതന്നെ വേണം. 'സ്വ' എന്നുമാത്രം ചേർക്കുകയാണെന്നുവരികിൽ സ്വരക്ഷ, സ്വപരിഷ്കാരം എന്നിങ്ങിനെ ആവാം.

**സ്വയംകൃത** - തന്നാൽ ഉണ്ടാക്കപ്പെട്ട.

**സ്വയംകൃതാനർത്ഥപഞ്ചകം** — തന്നത്താൻ വരുത്തിക്കൂട്ടുന്ന അനർത്ഥം. ദരിദ്രന രണ്ടു ഭാര്യ, രണ്ടുദിക്കിൽ കൃഷി (കൂട്ടുകൃഷി), പെരുവഴിയിൽ വീടുവെയ്ക്കൽ, സാക്ഷിനില്ക്കൽ, ചുമതലവഹിക്കൽ ഇങ്ങിനെ ൫.

**സ്വയംദത്തൻ** - തന്നത്താൻ മറ്റൊരുവന്നു വിററവൻ (ദ്വാദശപുത്രൻ' നോക്കുക)

**സ്വയംഭൂ** - പു. ബ്രഹ്മാവ്. തന്നത്താൻ പിറന്നവൻ, മററാരുടെ പുത്രനല്ലാ അവൻ ഇങ്ങനെ ശബ്ദാർത്ഥം. ൨. വിഷ്ണു. ൩. ശിവൻ. ൪. സമയം. ൫. സ്നേഹം. ൬. കാമൻ. ൭. പരമാത്മാവ്. ൮. സ്ത്രീകളുടെ നെഞ്ഞ്.

**സ്വായംഭുവൻ** - പു. ഒന്നാമത്തെ മനു. ൨. ബ്രഹ്മാവ്. ൩. ശിവൻ.

**സ്വയംവ(ബ)രം** - കന്യകയുടെ ഇഷ്ടംപോലെ ഭർത്താവിനെ സ്വീകരിക്കുന്ന ഒരുവിധം വിവാഹം.

**സ്വയംവരാ** - ഭർത്താവിനെ വരിക്കുന്നവൾ.

**സ്വയംവരാ** - ഭർത്താവിനെ തിരഞ്ഞെടുക്കുന്നവൾ.

**സ്വരഭംഗം** - ഒരു രോഗം.

മൂർച്ഛയുണ്ടാകും, കണ്ണുരുട്ടിയടയ്ക്കും; ശ്വാസം കൂടക്കൂടെ വിടും. ഒച്ചയടയ്ക്കും തൊണ്ട വരളും. കഴുത്തു സ്വാധീനമല്ലാതെ വരും.

**സ്വരത്രയം** - പു. ഹ്രസ്വം, ദീർഘം, പ്ലുതം 3-ം. ൨. (വേദോച്ചാരണത്തിൽ വേണ്ടതു) ഉദാത്തം, അനുദാത്തം, സ്വരിതം.

**സ്വരവാദി** - ഒരു വാദ്യം.

(സുഷിരം എന്ന ഇനത്തിൽപ്പെട്ടതാണ്).

**സ്വരപത്തനം** - സാമവേദം.

**സ്വരമണ്ഡലിക** - ഒരു മാതിരി വീണ.

**സ്വയംശ്രേഷ്ഠൻ** - ശിവൻ.

**സ്വരം** - പു. ശബ്ദം. ൨. രാഗം. ൩. വ്യാകരണത്തിൽ അ മുതൽ ഔ വരെയുള്ള 16 അക്ഷരങ്ങൾ, അച്ചുകൾ. ൪. മൂക്കിൽക്കൂടി കടക്കുന്ന വായു. ൫. അനുസ്വാരം. ൬. ഏഴ് എന്ന അക്കം.

സ്വരലാസിക-വേണു.

സ്വരവാസന - പാട്ടിലുള്ള വശത, പാട്ടിന്റെ മാധുര്യം.

സ്വരസാദം-ഒരു രീനം, ഒച്ചയടപ്പ്.

സ്വരാംശം-സംഗീതസ്വരത്തിന്റെ ചില അംശത്തിനുള്ള പേർ.

സ്വരാ-ഒരു ബ്രാഹ്മണന്റെ പ്രധാന ഭാൎയ്യ.

സ്വരാപഗാ-ഗംഗാനദി.

സ്വരാല്യ-വയമ്പ്.

സ്വരിത-വി. ഉച്ചരിക്കപ്പെട്ട.

സ്വരിതം-ഉദാത്താദി മൂന്നു സ്വരങ്ങളിൽ ഒന്ന്.

സ്വരു-പു. വജ്രായുധം, ഇടിവാൾ. ശബ്ദിക്കുന്നതു എന്നൎത്ഥം. ശത്രുക്കളെ ദുഃഖിപ്പിക്കുന്നതു എന്നുമാവാം. ൨. യാഗം. ൩. അമ്പ്. ൪. യൂപത്തിന്റെ പൂള്, യജ്ഞസ്തംഭമുണ്ടാക്കുന്നതിനു മരം ചെത്തുമ്പോൾ ആദ്യമായി വീണ ശകലം.

സ്വരുചി-വി. തനിക്കിഷ്ടമുള്ള.

സ്വരുവം-നായന്മാരിൽ ഒരു ജാതി.

സ്വരുസ്സ്-ഇടിവാൾ.

സ്വരൂപ-വി. ൧. ബുദ്ധിയുള്ള, വിദ്യയുള്ള, ൨. തുല്യമായ. ൩. ഇഷ്ടമുള്ള. ൪. ഒരുപോലെ ശീലമുള്ള.

സ്വരൂപം-പു. സ്വഭാവം, പ്രകൃതി. ൨. മാതിരി. ൩. രാജ്യം.

സ്വരൂപക്കാർ ശൂദ്രരിൽ ഒരു കൂട്ടക്കാർ.

സ്വരൂപിക്കുന്നു - കൂട്ടുന്നു, സംപാദിക്കുന്നു.

സ്വർ-അ. സ്വൎഗ്ഗം. ൨. സൌന്ദൎയ്യം, ശോഭ. ൩. ആകാശം. ൪. ആദിത്യന്റെയും ധ്രുവന്റെയും മദ്ധ്യസ്ഥലം. (സ്വർ നാമാവ്യയമാണ്).

സ്വര്-അ. മംഗളവാചകം.

സ്വൎഗ്ഗം-ഇന്ദ്രന്റെ വാസസ്ഥലം, ദേവലോകം. (മേരുപൎവ്വതത്തിന്മേലാണ്.) ദേവന്മാരുടെ അധിവാസസ്ഥാനം എന്നൎത്ഥം.

'സ്വരവ്യയംസ്വൎഗ്ഗനാക
ത്രിദിവത്രിദശാലയാഃ
സുരലോകോദ്യോദിവൌദ്വേ
സ്ത്രീയാംക്ലീബെത്രിവിഷ്ടപം'

സ്വൎഗ്ഗഗിരി-മേരു പൎവ്വതം.

സ്വൎഗ്ഗത്തിലേക്കുട്ടുമ്പ് - യാതൊരുപദ്രവും ചെയ്യാത്ത വലിയ പാവം.

സ്വൎഗ്ഗത്തിൽകട്ടുറുമ്പ്-(മലശി) ചില്ലറശല്യം ചെയ്യുന്നവൻ.

സ്വൎഗ്ഗവധൂ-ദേവസ്ത്രീ.

സ്വൎഗ്ഗസ്ഥ-വി. സ്വൎഗ്ഗത്തിലിരിക്കുന്ന.

സ്വൎഗ്ഗാനുഭവം, സ്വൎഗ്ഗാനുഭൂതി-സ്വൎഗ്ഗത്തിലുള്ള അനുഭവം.

സ്വൎഗ്ഗാപഗാ-സ്വൎഗ്ഗംഗ.

സ്വൎഗ്ഗാരോഹണം - കന്യകമറിയത്തിന്റെ സ്വൎഗ്ഗപ്രവേശം.

സ്വൎഗ്ഗാരോഹണം-പു. സ്വൎഗ്ഗത്തിലേക്കു കരേറുക. ൨. ക്രിസ്തു ഉത്ഥാനാനന്തരം സ്വശക്തിയാൽ 40-ാംദിവസം സ്വൎഗ്ഗത്തിലേക്കുപോയ എഴുന്നള്ളത്ത്.

സ്വൎഗ്ഗ്യ, സ്വൎഗ്ഗീയ-വി. സ്വൎഗ്ഗത്തെ സംബന്ധിച്ച.

സ്വൎജ്ജികാക്ഷാരം - തുവച്ചിലക്കാരം, വേങ്ങച്ചുട്ട വെണ്ണീർ കൊണ്ടുണ്ടാക്കുന്ന ക്ഷാരം എന്നും കാണുന്നു.

സ്വൎണ്ണക-വി. പൊന്നുകൊണ്ടുള്ള.

സ്വൎണ്ണകായൻ-ഗരുഡൻ.

സ്വൎണ്ണകാരൻ-തട്ടാൻ.

സ്വർണ്ണകൃത്ത്-തട്ടാൻ.

സ്വർണ്ണക്ഷീരി-മലംഎരുമ. സ്വർണ്ണനിറമായ ക്ഷീരത്തോടു കൂടിയതു് എന്നർത്ഥം. (എരുമത്താളി എന്നു ചിലർ).

സ്വർണ്ണചൂഡം-കാട്ടുകാക്ക.

സ്വർണ്ണജം-വെളുത്തീയം.

സ്വർണ്ണപക്ഷൻ-ഗരുഡൻ.

സ്വർണ്ണപുഷ്പം-ചെമ്പകം എന്ന പൂമരം.

സ്വർണ്ണബിന്ദു-വിഷ്ണു.

സ്വർണ്ണഭസ്മം-പൊന്നു സിന്ദൂരിച്ചതു്.

സ്വർണ്ണം-പൊന്നു്.

ജ്വരം, ചുമ, വിഷം, ക്ഷയം മുതലായതിനു നന്നു്. യൌവ്വനം, കാന്തി മുതലായവയെ വർദ്ധിപ്പിക്കും. ധരിച്ചാൽ പാപം നശിക്കും. നല്ല സ്വർണ്ണത്തിന്റെ ലക്ഷണം-ഉരുക്കിയാൽ ചെമന്നിരിക്കും. മുറിച്ചാൽ വെളുത്തിരിക്കും ചാണയിൽ ഉരച്ചാൽ കുങ്കുമത്തിന്റെ നിറം കാണും തൂക്കത്തിൽ കനം കൂടും സ്നിഗ്ദ്ധത കാണും. ചെമപ്പുനിറവും മഞ്ഞൾനിറവും കലന്നിരിക്കും. നല്ലപോലെ ശുദ്ധിചെയ്യാതെയും നല്ലതിന്മണ്ണം നീറാതെയും ഇരിക്കുന്ന സ്വർണ്ണം ഭക്ഷിച്ചുണ്ടാകുന്ന വികാരത്തിൽ കടുക്ക പൊടിച്ചു പഞ്ചസാര ചേർത്തു മൂന്നുനാൾ സേവിക്കുക. ത-പൊന്നു്. ഇം-Gold (ഗോൾഡ്).

സ്വർണ്ണമയ—വി. പൊന്നു കൊണ്ടുള്ള. (പു-സ്വർണ്ണമയൻ. സ്ത്രീ-സ്വർണ്ണമയീ).

സ്വർണ്ണമൃഗം-പൊന്മാൻ.

സ്വർണ്ണയൂഥി(യൂഥിക)- മഞ്ഞനിറമുള്ള മുല്ല.

സ്വർണ്ണരേഖ-പൊന്നുകൊണ്ടുള്ള വര.

സ്വർണ്ണരേണു-പൊൻപൊടി.

സ്വർണ്ണവർണ്ണാ-മഞ്ഞൾ, മരമഞ്ഞൾ.

സ്വർണ്ണവാഴ-കദളിവാഴ.

സ്വർണ്ണഹരിതാലം-പൊന്നരിതാരം.

സ്വർണ്ണലി-ഒരു ചെടി.

ചമ്മലന്തയിൽ ചെറിയ തരമാണു്. കുറച്ചു പടച്ചിയുണ്ടു്. തണ്ടിൽ മുള്ളു കാണും.

സ്വർദ്ധുനീ-ഗംഗാനദി.

സ്വർന്നദി-ആകാശഗംഗ.

സ്വർഭാനു-രാഹു, അമൃതപാനം ചെയ്യണമെന്നുള്ള ദുർമ്മോഹം ഹേതുവായിട്ടു ദേവവേഷം ധരിച്ചു സ്വർഗ്ഗത്തിൽ ശോഭിച്ചവൻ.

സ്വർവ്വധൂ-അപ്സരസ്ത്രീ.

സ്വർവ്വാപി-ഗംഗാനദി.

സ്വർവേശ്യാ-അപ്സരസ്ത്രീ.

സ്വർവൈദ്യൻ - സ്വർഗ്ഗത്തിലെ വൈദ്യൻ, അശ്വനീപുത്രൻ.

സ്വല്പ-വി. ഏററവും കുറഞ്ഞ, അല്പമായ.

സ്വല്പിഷ്ഠ-വി. വളരെ ചെറിയ.

സ്വവശ—വി. സ്വാതന്ത്ര്യമുള്ള.

സ്വവാസിനി-വിവാഹം കഴിഞ്ഞവളും പ്രാരബ്ധയൌവ്വനയുമായ സ്ത്രീ.

സ്വസാദികൾ—തങ്ങളെ നയിക്കുന്നവർ.

സ്വസാവു്-സഹോദരി.

സ്വസ്രപുത്രൻ (-പുത്രി) -സോദരീപുത്രൻ (പുത്രി).

സ്വസ്തി-ആശീർവ്വാദം (ക്ഷേമം, പുണ്യം മുതലായവയിൽ വർത്തിക്കുന്നു).

സ്വസ്തികം-പു. ധനികന്മാരുടെ ഗൃഹം.

൨. മുൻവശത്തു മണ്ഡപമുള്ള ഒരു വിശിഷ്ട ക്ഷേത്രം, ദേവാലയ വകഭേദം. മംഗളത്തെച്ചെയ്യുന്നതു എന്നർത്ഥം. സർവ്വതോഭദ്രം എന്നതു നോക്കുക. ൩. കോഴി. ൪. തരത്തിന വരുന്ന കാര്യം ൫. നാല്കൂവലവഴി. ൬. തെക്കും പടിഞ്ഞാറും വടക്കും മണ്ഡപവും കിഴക്കു വാതില്പുമുള്ള ഒരു രാജധാനി. ൭. ഒരു മന്തിരി പലഹാരം. ൮. ഒരു ശുദ്ധാർത്ഥമുള്ള അടയാളം.

**സ്വസ്തികാസനം**-ജംഘയുടെയും തുടയുടെയും ഇടയിൽ രണ്ടു കാലടികളേയും വെച്ചു ശരീരം വളയാതെ നേരെയുള്ള ഇരിപ്പ്.

**സ്വസ്തിമതി**-ക്ഷേമവതി.

**സ്വസ്തിമത്ത്**-വി. സന്തോഷമുള്ള, സുഖമുള്ള.

**സ്വസ്തിമാൻ**-പുണ്യവാൻ, വിനാശരഹിതൻ.

**സ്വസ്തിവാചകം**-ബ്രാഹ്മണർ ചെയ്യുന്ന ഒരു കർമ്മം.

**സ്വസ്ഥ**-വി. നാ. തന്നിൽതന്നെയിരിക്കുന്ന. ൨. തളർച്ചയോടുകൂടാത്ത, സുഖമുള്ള. ൩. ഉറപ്പുള്ള. ൪. വിശ്വാസമുള്ള. ൫. യോഗ്യമായ് നില്ക്കുന്ന.

**സ്വസ്ഥത**-നാ. സൌഖ്യം. ൨. അവസ്ഥ.

**സ്വസ്ഥനാൾ**-വി. നാ. ആശ്വസിച്ചിരിക്കുന്ന, സുഖമുള്ള, വേലയിൽ നിന്നൊഴിഞ്ഞിരിക്കുന്ന ൨. ഉറപ്പ്.

**സ്വസ്ഥൻ**-തളർച്ചയോടു കൂടാത്തവൻ.

**സ്വസ്ഥബുദ്ധി**-യോഗ്യമായ് നിലനില്ക്കുന്ന ബുദ്ധി.

**സ്വസ്ഥം**-അ. സുഖമായി.

**സ്വസ്ഥമാകുന്നു**-നാ. ആശ്വാസമാകുന്നു, അവസരമാകുന്നു. ൨. സൌഖ്യമാകുന്നു.

**സ്വസ്ഥവൃത്തി**-ആശ്വാസം, സുഖം.

**സ്വസ്രീയൻ**-ഉടപ്പിറന്നവളുടെമകന്റെ പേർ. സ്വസാവിന്റെ അപത്യം എന്നർത്ഥം. (പാഠാന്തരം-സ്വാസ്രേയൻ).

**സ്വസ്രീയാ, സ്വാസ്രേയാ**-സഹോദരിയുടെ പുത്രി.

**സ്വഹസ്തം**-നാ. തന്റെ കൈ. ൨. സ്വന്ത കൈപ്പട.

**സ്വഹസ്താക്ഷരം**-സ്വന്ത കൈപ്പടയിലുള്ള എഴുത്തു്, കൈയ്യൊപ്പ്.

---

## സ്വാ

**സ്വാകാംക്ഷ**-നാ, (സു+ആകാംക്ഷ) സൽകാര്യത്തിലുള്ള അനുഗ്രഹം. ൨. (സ്വ+ആകാംക്ഷ) തങ്കാര്യത്തിലുള്ള താൽപര്യം.

**സ്വാംകികൻ**-ചെണ്ടക്കാരൻ, മദ്ദളക്കാരൻ.

**സ്വാക്ഷരം**-സ്വന്തകൈപ്പട.

**സ്വാഗതം**-നാ. നിഷ്പ്രയാസം വന്നുചേരുക, സുഖമായി വന്നുചേരുക ൨. അതിഥികൾ വന്നാൽ പറയപ്പെടുന്ന മംഗലവാക്ക്.

**സ്വാഗതാ**-ഒരു വൃത്തത്തിന്റെ പേർ

**സ്വാച്ഛന്ദ്യം**-സ്വച്ഛന്ദത, തന്നിഷ്ടപ്രകാരമുള്ള സ്ഥിതി (ഇരിപ്പ്), സ്വാതന്ത്ര്യം.

**സ്വാതന്ത്ര്യം**- സ്വതന്ത്രത, അന്യന്നു കീഴടങ്ങാതെ ഇരിക്കുന്നവരുടെ സ്ഥിതി.

**സ്വാതി**-നാ. ചോതിനക്ഷത്രം. ൨. സൂര്യന്റെ ഭാര്യ. ൩. വാൾ.

**സ്വാതിവിന്ദുസമുത്ഭവം**-മുത്ത്.

**സ്വാത്മവരപ്രദൻ**-തന്റെ ആത്മാവിനെക്കൂടെയും വരമായി കൊടുക്കുന്നവൻ.

സ്വാത്മാവ്-പു. (സ്വ+ആത്മാവ്) തന്റെ ആത്മാവ്. ൨. (സു+ആത്മാവ്) നല്ല ആത്മാവ്.

സ്വാദ്-പു. രുചി, മധുരം. ൨. ജീവകം എന്ന മരുന്ന്. ൩. ശക്കര. ൪ മുന്തിരിങ്ങ.

സ്വാദ്-വി. പു. മധുരമുള്ള. ൨. സൌന്ദര്യമുള്ള. ൩. ഇഷ്ടമുള്ള. ൪. രുചി തോന്നുന്ന.

സ്വാദം, സ്വാദനം-പു. രുചി. ൨. രുചി നോക്കുക, കടിക്കുക, തിന്നുക. ൩. അനുഭവം.

സ്വാദിഷ്ഠ-വി. അത്യധികം സ്വാദുള്ള (മധുരമുള്ള).

സ്വാദീയസ്സ്-വളരെ സ്വാദുള്ള (മധുരമുള്ള).

സ്വാദുകണ്ടകം-പു. ഞെരിഞ്ഞിൽ. ൨. വയ്യങ്കതക്.

സ്വാദുകര-വി. രുചിയുള്ള.

സ്വാദുധന്വാവ്-കാമദേവൻ.

സ്വാദുപടോലി-ഒരുതരം പടോലം.

അരോചകം, അഗ്നിമാന്ദ്യം, ജ്വരം മുതലായവയെ ശമിപ്പിക്കും. പഥ്യവും പുഷ്ടികരവും ബലപ്രദവുമാണ്. കറിയ്ക്കു പ്രയോഗിക്കാറുള്ള പടോലം ഇതാകുന്നു.

സ്വാദുരസ-പു. കാകോളി. ൨. മുന്തിരിങ്ങാപ്പഴം. ൩. മദ്യം. ൪. ഇലന്തപ്പഴം.

സ്വാദമ്ലം-മാതളം.

സ്വാദ്വീ-മുന്തിരി, മുന്തിരിങ്ങാപ്പഴം. ആസ്വാദിക്കപ്പെടുന്നതു് എന്നർത്ഥം.

സ്വാധിഷ്ഠാനം — ആറാധാരങ്ങളിൽ ഒന്ന്. (ഷഡാധാരങ്ങൾ എന്നതു നോക്കുക). (മൂലാധാരത്തിൽ നിന്നു നാലംഗുലത്തിനു മേൽ സ്വാധിഷ്ഠാനം)

സ്വാധീന-വി. പു. തന്റെ ഇഷ്ടംപോലെ ഉപകരിക്കുന്ന. ൨. തനിക്കു കൂടെ സഹായിക്കുന്ന, തന്റെ അധികാരത്തിലുള്ള.

സ്വാധീനം-പാങ്ങ്, എളുപ്പം, തന്റെ അധീനം, തന്റെ ശക്തി.

സ്വാധീനപതികാ-തന്റെ ഭർത്താവിനെ കീഴടങ്ങാത്തവൾ.

സ്വാധീനപ്പെടുന്നു — കീഴടങ്ങുന്നു, തന്റെ വശത്താകുന്നു.

സ്വാദ്ധ്യായം-പു. വേദാഭ്യാസം, മോക്ഷസാധനത്തെ ശീലിക്കയോ ഓങ്കാരത്തെ ജപിക്കയോ ചെയ്യുക. ൨. വേദം. ൩. കാണാതെ പഠിക്കുക, ഉരുവിടുക.

സ്വാദ്ധ്യായവാൻ-വേദം അഭ്യസിക്കുന്നവൻ.

സ്വാദ്ധ്യാനുഭവം, സ്വാദ്ധ്യാനുഭൂതി-ആത്മബോധം.

സ്വാദ്ധ്യായീ-വേദാഭ്യാസം ചെയ്യുന്ന ശിഷ്യൻ.

സ്വാനം-ശബ്ദം.

സ്വാന്ത-വി. ശബ്ദിക്കുന്ന.

സ്വാന്തം— പു. മനസ്സ്. ശബ്ദിക്കുന്നതു് എന്നർത്ഥം. (മനസ്സംബന്ധംകൂടാതെ വാക്ക് പ്രവർത്തിക്കയില്ലല്ലോ). ൨. ഗുഹ.

സ്വാപതേയം-ദ്രവ്യം, വസ്തു.

സ്വാപം-പു. ഉറക്കം. ൨. മടി, മടിക്കുക. ൩. അറിവില്ലായ്മ. ൪. ഒരു ദീനം. ൫. സ്വപ്നം. ൬. പ്രജ്ഞതൊകട്ട്.

സ്വാഭാവിക-വി. സ്വഭാവത്തെസ്സംബന്ധിച്ചുള്ള.

സ്വാഭാവ്യം-പ്രകൃത്യാ ഉള്ളതു്, സഹജമായ ശീലം.

സ്വാമി-ഉടയക്കാരനായ, രക്ഷിക്കുന്ന, അധികാരമുള്ള.

സ്വാമി-൧. വിഷ്ണു. ൨. ശിവൻ. ൩. കാർത്തികേയൻ, ൪. വാത്സ്യായനമുനി. ൫. ഗരുഡൻ. ൬. യജമാനൻ, നാഥൻ, ഉടമസ്ഥൻ (സ്ത്രീ-സ്വാമിനി). ൭. രാജാവ്. ൮. വിദ്വാൻ, വിദ്വാനായ ബ്രാഹ്മണൻ. ൯. ഗുരു. ൧൦. ഭർത്താവ്. ൧൧. രസം. ൧൨. രാജ്യാംഗങ്ങൾ ൭-ം കൂടിയതിൽ ഒന്ന്.

സ്വാമിതാ(ത്വം)-൧. ഉടമസ്ഥത. ൨. യജമാനത്വം. ൩. തീറവകാശം.

സ്വാമിദ്രോഹം-യജമാനനെ ദ്രോഹിക്കുക, വിരോധംചെയ്യുക.

സ്വാമിനീ-൧. യജമാനസ്ത്രീ. ൨. രാജസ്ത്രീ. (പു-സ്വാമി). ൩. ഉടമസ്ഥ.

സ്വാമിഭക്തി - ൧. യജമാനനോടുള്ള ഭക്തി. ൨. രാജഭക്തി.

സ്വാമിഭോഗം-ജന്മിക്കുള്ള ഭാഗം, ഉടമസ്ഥന്റെ പങ്ക്.

സ്വാമ്യം-൧. യജമാനത്വം. ൨. ഉടമസ്ഥത. ൩. സർവ്വാധികാരം.

സ്വാംഗഹോമം - തന്റെ ശരീരത്തെ തന്നേ ഹോമിക്കയെന്നതു്.

സ്വായത്ത-വി. ൧. തന്റേതായി കിട്ടിയ. ൨. തന്റെ പ്രയത്നത്താൽ കിട്ടിയ.

സ്വായംഭുവൻ-൧-ാമത്തെ മനു.

സ്വാരസ്യം- ൧. നല്ല രസമുള്ളതിന്റെ സ്ഥിതി, സ്വരസത ൨. ഭംഗി.

സ്വാരാജ്യം-ഇന്ദ്രസ്വർഗ്ഗം.

സ്വാരാട്ട്-ഇന്ദ്രൻ. സ്വർഗ്ഗത്തിൽ ശോഭിക്കുന്നവൻ എന്നർത്ഥം.

സ്വാരോചിഷൻ-രണ്ടാമത്തെ മനു.

സ്വാർത്ഥ-വി. സ്വന്ത അർത്ഥമുള്ള.

സ്വാർത്ഥതൽപരത, സ്വാർത്ഥപരത-തങ്കാര്യത്തിലുള്ള താല്പര്യം.

സ്വാർത്ഥം-സ്വന്ത അർത്ഥം, സമ്പത്ത്.

സ്വാശ്രയം-൧. തന്നെത്തന്നെ ആശ്രയിക്കയെന്നുള്ളതു്. ൨. പാർപ്പിടം.

സ്വാസ്ഥ്യം-സ്വസ്ഥത, സുഖം.

സ്വാഹാ-അഗ്നിയുടെ ഭാര്യ, ദക്ഷന്റെയും പ്രസൂതിയുടെയും പുത്രി. ദേവന്മാർ ഇതുകൊണ്ടു വഴിപോലെ വിളിക്കപ്പെട്ടന്നതിനാൽ ഈ പേരുണ്ടായി. മറ്റുപര്യായങ്ങൾ-അഗ്നായി, ഹുതഭുക്പ്രിയ.

സ്വാഹാ-അ. ദേവപ്രാർത്ഥനയിൽ ഉപയോഗിക്കുന്ന വാക്ക്. ദേവാദികൾക്കു ഹവിരാദികളെ നല്കുമ്പോൾ പ്രയോഗിക്കുന്നതു്. (വിവരണം ഗൃഹ്യസൂത്രാദികൾ കൊണ്ടറിയുക).

സ്വാഹാപതി-അഗ്നി.

സ്വാഹാഭുക്ക്-ഒരു ദേവത.

---

## സ്വി

സ്വിൽ-അ. ചോദ്യത്തിലും സംശയത്തിലും പ്രയോഗിക്കുന്ന ഒരു പദം.

സ്വിന്ന-വി. ൧. തിളന്ന. ൨. വിയർത്ത. ൩. വെവിച്ച.

—:o:—

## സ്വീ

സ്വീകരണം-൧ കൈക്കൊള്ളുക. ൨. വാങ്ങുക, ചെയ്ക; സമ്മതിക്ക. ൩. വിവാഹം.

സ്വീകാരം-൧. കൈക്കൊള്ളൽ. ൨. സമ്മതം. ൩. വിവാഹം.

സ്വീകരിക്കുന്നു-൧. കൈക്കൊള്ളുന്നു. ൨. സമ്മതിക്കുന്നു. ൩. വിവാഹം ചെയ്യുന്നു.

സ്വീകാര്യ-വി. കൈക്കൊള്ളത്തക്ക.

സ്വീകൃത-വി. സ്വീകരിക്കപ്പെട്ട.

സ്വീകൃതവിക്രിയൻ-സ്വീകരിക്കപ്പെട്ടിരിക്കുന്ന വികാരത്തോടുകൂടിയവൻ, കാമമോഹിതൻ.

സ്വീകൃതി-സ്ത്രീ. സ്വീകാരം. ഉ. വിവാഹം.

സ്വീയ-വി. തന്റേതായ, തന്നെ സംബന്ധിച്ച.

---

## സ്വേ

സ്വേച്ഛാ-തന്നിഷ്ടം.

സ്വേച്ഛാവൃത്തി-തന്റെ ഇഷ്ടംപോലെ ചെയ്ക.

സ്വേദ-വി. ചൂടുള്ള, വിയർപ്പുള്ള.

സ്വേദജ-വി. വിയർപ്പിൽ നിന്നുണ്ടായ.

സ്വേദജങ്ങൾ-കൃമികൾ, കാട്ടീച്ചകൾ, കൊതു, മൂട്ട മുതലായ ജീവികൾ.

സ്വേദനി-സ്ത്രീ. ദോശച്ചട്ടി. ഉ. മത്സ്യം വറക്കുന്ന പാത്രം. അഗ്നിയുടെ ചൂടുകൊണ്ടു സ്വേദിക്കുന്നതു് എന്നർത്ഥം.

സ്വേദനികാ-അടുക്കള.

സ്വേദം-പു. വിയർപ്പ്. ഇതുകൊണ്ടു അംഗം നനയുന്നതിനാൽ ഈ പേർ വന്നു. വിയർപ്പിനു ഹേതുവായ അംഗതാപം. ഉ. ചൂട്. നു. ആവി.

സ്വേദിക്കുന്നു-വിയർക്കുന്നു, ഉഷ്ണിക്കുന്നു.

---

## സ്വൈ

സ്വൈര-വി. ന. തന്നിഷ്ടമുള്ള, ബന്ധമില്ലാത്ത. ഉ. സാവധാനമുള്ള, മടിയുള്ള

സ്വൈരഗാമി (-മിനി)— സ്വേച്ഛപോലെ നടക്കുന്നവൻ (-വൾ).

സ്വൈരത, സ്വൈരത്വം—തന്നിഷ്ടം; ബന്ധനമില്ലായ്ക, സുഖം.

സ്വൈരൻ-പു. സ്വാതന്ത്ര്യമായി നടക്കുന്നവൻ. ഉ. മന്ദൻ.

സ്വൈരം- സ്വന്തഇഷ്ടം സുഖം. (അ) ഇഷ്ടംപോലെ.

സ്വൈരാലാപം -രഹസ്യവർത്തമാനം.

സ്വൈരി-വി. തന്റെ ഇഷ്ടംപോലെ നടക്കുന്ന.

സ്വൈരിണീ-സ്ത്രീ. വ്യഭിചാരിണി, തന്തോന്നിവാസമായി നടക്കുന്നവൾ എന്നർത്ഥം. പാംസുല, വേശ്യ. ഉ. മലംപുള്ള്.

സ്വൈരിത-തന്നിഷ്ടം, സ്വാതന്ത്ര്യം, സ്വേച്ഛാചാരിത്വം.

---

## സ്വോ

സ്വോദരപൂരക-വി. തന്റെ വയറു മാത്രം നിറയ്ക്കുന്ന (കുക്ഷിംഭരി).

സ്വോദരപൂരണം-അവനവന്റെ വയറു നിറയ്ക്കൽ, സ്വന്തം ഉപജീവനം.

---

# ഹ

ഹ—ഹല്ലുകളിൽ മുപ്പത്തുമൂന്നാം അക്ഷരം.

ഹ-അ. പാദപൂരണത്തിങ്കൽ പറയും.

ഹഃ-പു. ശിവൻ. ഉ. വിഷ്ണു.

ഹകാരം-ഹ എന്ന അക്ഷരം.

ഹക്ക-ഉള്ളതു്, വാസ്തവമായതു്. (അറബിഭാഷ).

ഹക്കൽ-ബുദ്ധി. (അറബിഭാഷ).

ഹക്കിം-വൈദ്യൻ. (അറബിഭാഷ).

ഹജാം-ക്ഷുരകൻ.

ഹജ്ജത്ത്- മഹമ്മദന്മാരുടെ കാലഗണന വർഷം. From 16th July. A. D. 622.

ഹജൂർ-റവന്യൂസംബന്ധമായ പ്രധാനകച്ചേരി, ദിവാന്റെ കച്ചേരി, രാജധാനി. (അറബിഭാഷ).

ഹജ്ജ-മെക്കായിലേക്കുള്ള തീർത്ഥയാത്ര.

ഹഞ്ജി, ഹഞ്ജികാ-ചെറുതേക്ക്.

ഹഞ്ജേ-അ. നാട്യത്തിൽ ചേടിയെ വിളിക്കുന്ന ഒരു വാക്ക്. (ഹളേ എന്നതു നോക്കുക).

ഹട്ടചൊരകൻ-ചന്തയിൽ മോഷ്ടിക്കുന്നവൻ.

ഹട്ടം-അങ്ങാടിത്തെരുവ്, ചന്തസ്ഥലം.

ഹട്ടവിലാസിനി-൧. നാകണം. ൨. പവിഴക്കൊടി. ൩. വേശ്യ.

ഹട്ടി-ചന്ത.

ഹഠകാരം-ബലാല്ക്കാരം.

ഹഠം-൧. ബലാല്ക്കാരം. ൨. പായൽ. ൩. കറുകപ്പുല്ല്.

ഹഠയോഗം- രാജയോഗത്തെക്കാൾ അധികം ശ്രമിച്ച് സാധിക്കേണ്ട ഒരു യോഗാഭ്യാസക്രമം. ജ്ഞാനബലംകൊണ്ടു മനസ്സിനെ യഥാർത്ഥ കേന്ദ്രത്തിലേക്കാകർഷിച്ചു അതുവഴി മിഥ്യാബോധത്തെ കൈവെടിയുന്നതു ഹഠയോഗം.

ഹഠാൽ-അ. ബലാല്ക്കാരമായി.

ഹഠാത്മക-ഹഠ എന്ന ശബ്ദത്തിന്റെ അർത്ഥത്തോടു കൂടിയ.

ഹണ്ഡ-നാട്യത്തിൽ നീചസ്ത്രീയെ വിളിക്കുന്ന ഒരു വാക്ക്. (ഹളേ എന്നതു നോക്കുക)

ഹത-വി. ൧. അടിക്കപ്പെട്ട, കൊല്ലപ്പെട്ട. ൨. ആകപ്പാടെ നശിക്കപ്പെട്ട. ൩. സ്ഥാനഭ്രഷ്ടാക്കപ്പെട്ട. ൪. പെരുക്കപ്പെട്ട. ൫. വിട്ടുപോയ. ൬. ഇച്ഛാഭംഗം വന്ന. ൭. അവസാനിക്കപ്പെട്ട.

ഹതകൻ-൧. ദുഷ്ടൻ. ൨. പേടിയുള്ളവൻ.

ഹതദൈവ-വി. ഭാഗ്യമില്ലാത്ത.

ഹതബുദ്ധി-ബുദ്ധിയില്ലാത്ത.

ഹതബോധൻ-ബോധമില്ലാത്തവൻ.

ഹതം-൧. പെരുക്കൽ. ൨. കൊലചെയ്ക, ഉപദ്രവിക്ക. ൩. ഹനിക്കപ്പെട്ടതു്. ൪. നഷ്ടം.

ഹതശേഷം- കൊല്ലപ്പെട്ടതിന്റെ ശേഷമുള്ളതു്.

ഹതാശ-വി. ൧. കൃപയില്ലാത്ത. ൨. ഇച്ഛാഭംഗം വന്ന. ൩. ഷണ്ഡൻ. ൪. ഹീനമായ.

ഹതാശ-മച്ചി.

ഹതി-൧. കൊല. ൨. ഉപദ്രവം. ൩. അടി. ൪. നഷ്ടം. ൫. തോൽവി.

ഹത്നു-൧. ഒരു ആയുധം. ൨. ഒരു ദീനം.

ഹത്യ-കൊല, വധം.

ഹഥൻ-മനസ്സിടിഞ്ഞവൻ.

ഹഥം-൧. അടി, ഇടി. ൨. കൊല. ൩. മരണം.

ഹൻ-൧. ശിവൻ. ൨. വിഷ്ണു. ൩. ചന്ദ്രൻ. ൪. വൈദ്യൻ. ൫. പരബ്രഹ്മം.

ഹനനൻ-കൊല്ലുന്നവൻ.

ഹനനം-൧. കൊല. ൨. അടി. ൩. ഉപദ്രവം.

ഹനം-കൊല.

ഹനാൻവെള്ളം-(സു) തീർത്ഥജലം, അനുഗ്രഹത്തിന്റെ വെള്ളം. (ക്രി-മ).

ഹനിക്കുന്നു-൧. കൊല്ലുന്നു. ൨. നശിപ്പിക്ക മുതലായതു ചെയ്യുന്നു. ൩. തല്ലുന്നു.

ഹനു-൧. താടിയെല്ല്. (ഹനൂ എന്നുമാവാം). പത്രാദികളാൽ സ്പർശിക്കപ്പെടുന്നതു് എന്നർത്ഥം. ൨. ഒരായുധം. ൩.

പവിഴക്കൊടി. ൪ മീനം. ൫ മരണം ൬. മഞ്ഞൾ. ൭ വേശ്യ.

ഹനുമാൻ, ഹനൂമാൻ-വായുപുത്രനായ ഒരു വാനരശ്രേഷ്ഠൻ. (ശ്രീരാമദാസനാണ്. അഞ്ജന എന്ന പദം നോക്കുക).

'കല്യാണസൗഗന്ധികം' തുള്ളലിൽ 'താമരസാക്ഷന്റെ മെത്തയുടെതാഴത്തു' ഇത്യാദി വളച്ചുകെട്ടിയ ഒരു സ്തുതി കാണുന്നു. ഇതിനു പലരും പലവിധം അർത്ഥം പറയുന്നുണ്ട്.

ഒരഭിപ്രായം.

താമരസാക്ഷന്റെ-വിഷ്ണുവിന്റെ.

മെത്തയുടെ-അനന്തന്റെ.

താഴത്തുതാങ്ങിക്കിടക്കുന്നവനെ-ആദികൂർമ്മത്തെ.

ചുമക്കുന്ന വമ്പന്റെ കൊമ്പന്റെ-ചുമക്കുന്ന വമ്പനായ കൊമ്പന്റെ=ഗജശ്രേഷ്ഠന്റെ=ഗണപതിയുടെ.

കൊമ്പൊന്നൊടിച്ചോന്റെ - സുബ്രഹ്മണ്യന്റെ.

ജ്യേഷ്ഠനെ-ഗണപതിയെ.

പേടിച്ചു നാട്ടീന്നുപോയോന്റെ- വൈശ്രവണന്റെ.

ചാട്ടിന്റെ-പുഷ്പകവിമാനത്തിന്റെ.

കൂട്ടിന്റെ കോട്ടംതിമിപ്പവന്റെ-രാവണന്റെ.

ഉണ്ണിയുടെ- (മകന്റെ) അക്ഷകുമാരന്റെ.

കഴുത്തറുത്തൊരു പുരുഷൻ-ഹനുമാൻ

എന്നുള്ളംതെളിവോട്ട വന്നുതുണയ്ക്കണം.

മറ്റൊരഭിപ്രായം.

താമരസാക്ഷന്റെ-വിഷ്ണുവിന്റെ.

മെത്തയുടെ-അനന്തന്റെ.

താഴത്തുതാങ്ങിക്കിടക്കുന്നവനെ-ആദികൂർമ്മത്തെ

ചുമക്കുന്ന വമ്പന്റെ സമുദ്രത്തിന്റെ.

കൊമ്പന്റെ-ഐരാവതത്തിന്റെ.

കൊമ്പൊന്നൊടിച്ചോന്റെ - കുംഭകർണ്ണന്റെ.

ചേട്ടനെ-രാവണനെ.

പേടിച്ചു നാട്ടീന്നുപോയോന്റെ- വൈശ്രവണന്റെ.

ചാട്ടിന്റെ-പുഷ്പകവിമാനത്തിന്റെ.

കൂട്ടിന്റെ-(വാസസ്ഥലത്തിന്റെ) ഭൂമിയുടെ.

അല്ലെങ്കിൽ ചാട്ടിന്റെ കൂട്ടിന്റെ- കൂട്ട (ചങ്ങാതി)=പുരഹരരഥം=ഭൂമി.

അതിന്റെ കോട്ടം-വിപരീതമായനില.

തിമിപ്പവനുണ്ണി- ആദിവരാഹമൂർത്തിയുടെ ഉണ്ണി=നരകാസുരൻ.

കഴുത്തറുത്തൊരു പുരുഷൻ-ശ്രീകൃഷ്ണൻ.

കല്യാണസൗഗന്ധികത്തിൽ 'വാനോർനഗരിപുരെ വാണരുളീടുന്ന മീനാങ്കകമ്പിയാം കൃഷ്ണൻതിരുവടി' എന്നിപ്രകാരം സ്തുതിച്ചിട്ടുള്ള സ്ഥിതിക്ക് ഇങ്ങനെയും ഒരു സ്തുതി വേണമെന്ന് ആ മഹാകവി വിചാരിക്കുമോ?

ഹനുമാൻധാര - പ്രസിദ്ധമായ ഒരു കിണറ്.

(ഇതു ചിത്രകൂടത്തിലാണ്)

ഹനൂഷൻ-ഒരു രാക്ഷസൻ.

ഹന്ത-കഷ്ടം, ആശ്ചര്യം.

ഹന്തവ്യ-വി. കൊല്ലപ്പെടേണ്ടുന്ന.

ഹന്താവ്-പു. കൊല്ലുന്നവൻ, കൊന്നവൻ. ഉ. ശത്രു.

ഹന്തു-പു. കാള. ഉ. കൊല, മരണം.

ഹന്തുകാമ-വി. കൊല്ലുവാൻ ആഗ്രഹമുള്ള.

ഹാഃന്താക്തി-ദയ.

ഹന്ന-വി. ഒഴിഞ്ഞ, കടന്നുപോയ.

ഹം-അ. കോപത്തിലും മററും പ്രയോഗിക്കുന്ന ഒരു പദം.

ഹം-൧. അരയന്നം. ൨. കുതിര ൩. ജലം. ൪. ചോര. ൫. ആകാശം. ൬. പുണ്യം (൦). ൭. ധ്യാനം. ൮. മംഗലം. ൯. സ്വർഗ്ഗം. ൧൦. അറിവ്. ൧൧. സുഖം. ൧൨. ഭയം. ൧൩. കാരണം. ൧൪. സന്തോഷം. ൧൫. ആയുധം.

ഹംസകം-൧. തള, കാൽച്ചിലമ്പ്, കാൽവള. ഹംസതുല്യം എന്നർത്ഥം. ൨. വാത്ത.

ഹംസകൂടം-൧. കാളയുടെ ഉപ്പുച്ചുമല്, പൂഞ്ഞ. ൨. ഹിമാലയശിഖരം.

ഹംസഗതി-അരയന്നത്തെപ്പോലെ നടക്കുന്ന നട.

ഹംസതൂലം-അരയന്നത്തിന്റെ തൂവൽ.

ഹംസധ്വനി-ഒരു രാഗം.

ഹംസനാദിനി-ഒരുവക പ്രധാന സ്ത്രീ.

ഹംസൻ-൧. ബ്രഹ്മാവ്. ൨. വിഷ്ണു. ൩. ശിവൻ. ൪. സൂര്യൻ. ഇരുട്ടിനെ ഹനിക്കുന്നവൻ എന്നർത്ഥം. ൫. കാമൻ. ൬. സ്വാതന്ത്ര്യമുള്ള രാജാവ്. ൭. സന്ന്യാസി. ൮. ജരാസന്ധന്റെ ഒരു കൂട്ടുകാരൻ.

ഹംസം-൧. അരയന്നം. ഗമനശീലം കൊണ്ട് ഈ പേരുണ്ടായി. ൨. ഒരു മന്ത്രം. ൩. ശ്രേഷ്ഠം. ൪. കുതിര. ൫ അസൂയ. ൬. പ്രാണവായുക്കളിൽ ഒന്ന്. ൭. മുൻപിൽ. ൮. എരിക്ക്. ൯. പർവ്വതം. ൧൦. പോത്ത്.

ഹംസമാല-൧. ഒരു വൃത്തത്തിന്റെ പേർ. ൨. കാരണം.

ഹംസമുഖി-ഒരു വൃത്തത്തിന്റെ പേർ.

ഹംസരഥൻ-ബ്രഹ്മാവ്.

ഹംസലോഹകം-പിച്ചള.

ഹംസവാദം-ചായില്യം.

ഹംസവാഹനൻ-ബ്രഹ്മാവ്. ഹംസം വാഹനമായുള്ളവൻ എന്നർത്ഥം.

ഹംസാഭിഖ്യം-വെള്ളി.

ഹംസി-പെൺ അരയന്നം.

ഹംഹോ-അ. വിളിയിങ്കലും നിന്ദയിങ്കലും പ്രയോഗിച്ചു വരുന്നു.

ഹയഗ്രീവ-ദുർഗ്ഗ.

ഹയഗ്രീവൻ-൧. ബ്രാഹ്മണരുടെ വേദം മോഷണംചെയ്ത ഒരസുരൻ. ൨. വിഷ്ണു.

ഹയനം-മൂടലുള്ള രഥം.

ഹയൻ-ഇന്ദ്രൻ.

ഹയപുച്ഛി-പെരുങ്കാണം എന്ന മരുന്ന്.

ഹയപ്രിയം-യവം.

ഹയം-൧. കുതിര. ൨. ഏഴ് എന്ന അക്കം. ൩. പുരുഷന്മാരിൽ ഒരു ജാതി.

ഹയമാരകം-കണവീരം എന്ന തൈ.

ഹംകഷൻ-൧. മാതലി. ൨. തേരാളി.

ഹയമേധാ-അശ്വമേധം (ഒരു യാഗം).

ഹയവാഹനൻ-൧. കുബേരൻ. ൨. സൂര്യൻ.

ഹയശാല-കുതിരാലയം.

ഹയാംഗാ-ധനുരാശി.

ഹയി-പെൺകുതിര.

ഹയ്യാത്ഥാ-കുതിരനിമിത്തം ഉണ്ടായത് (കിളുന്തു്).

ഹര-വി. ൧. ഹരിക്കുന്ന, ബലാൽ എടുക്കുന്ന, പിടിച്ചുപറിക്കുന്ന ൨. കളയുന്ന.

ഹരകൻ-൧. കള്ളൻ. ൨. ശിവൻ. ൩. ഹാരകം. ൪. പിടിച്ചുപറിക്കുന്നവൻ.

ഹരചൂഡാമണി-ചന്ദ്രൻ.

ഹരണം-൧. ബലാൽ എടുക്കുക. ൨. മോഷണം. ൩. കൈ. ൪. സ്ത്രീധനം. ൫. ബീജം. ൬. കവടി. ൭. പൊന്ന്. ൮. ചൂടുവെള്ളം. ൯. കണക്കിൽ കിഴിക്ക.

ഹരതേജസ്സ്-രസം.

ഹരനേത്രം-൧. ശിവന്റെ കണ്ണ്. ൨. മൂന്ന് എന്ന അക്കം.

ഹരൻ-൧. ശിവൻ. ൨. അഗ്നി. ൩. കണക്കിൽ കിഴിപ്പൻ. ൪. കഴുത.

ഹരബീജം-൧. രുദ്രാക്ഷം. ൨. രസം.

ഹരം-കഴുത.

ഹരവാഹനം-കാള.

ഹരശേഖരാ-ഗംഗാനദി.

ഹരാക്ഷം-രുദ്രാക്ഷം.

ഹരി-വി. ൧. പച്ചയായുള്ള. ൨. പിംഗലമായുള്ള. ൩. മഞ്ഞയായുള്ള.

ഹരി-൧. ഇന്ദ്രൻ. ൨. സൂൎയ്യൻ. ൩. വിഷ്ണു (കൃഷ്ണൻ). ൪. വായു. ൫. സിംഹം. ൬. തവള. ൭. കുതിര. ൮. കുരങ്ങ്. ൯. രശ്മി. ൧൦. ഭീരു. ൧൧. ചന്ദ്രൻ. ൧൨. യമൻ. ൧൩. ശുക്രൻ. ൧൪. സൎപ്പം. ൧൫. സ്വൎണ്ണവൎണ്ണം. ൧൬. കിളി. ൧൭. ശിവൻ. ൧൮. ഭൂമിയുടെ ഒൻപതു ഖണ്ഡങ്ങളിൽ ഒന്ന്, ഹരിവൎഷം. ൧൯. ബ്രഹ്മാവ്. ൨൦. അഗ്നി. ൨൧. കുയിൽ. ൨൨. അരയന്നം. ൨൩. മയിൽ. ൨൪. പച്ചനിറം. ൨൫. പിംഗലനിറം. ൨൬. താന്നി. ൨൭. ഷെരിക്ക്. ൨൮. മനുഷ്യൻ. ൨൯. ഇന്ദ്രന്റെ കുതിര. ൩൦. ഭൎത്തൃഹരി എന്ന കവി.

'ഹരിരിന്ദ്രോഹരിൎഭാനുൎഹരിൎവിഷ്ണുൎഹരിൎമ്മരുത് ഹരിസ്സിംഹോഹരിൎഭേകോ ഹരിൎവാജീഹരിഃകപിഃ। ഹരിരംശുൎഹരിൎഭീരുൎഹരിസ്സോമോ ഹരിൎയ്യമഃ ഹരിശ്ശുക്രോ ഹരിസ്സൎപ്പസ്സ്വൎണ്ണവൎണ്ണോഹരിസ്സ്മൃതഃ॥'

ഹരിഃ=28, ശ്രീ=2, ഗ=3, ണ=5, പ=1, ത=6, യ=1, ന=0, മ=5.

ഹരിഃശ്രീഗണപതയെ നമഃ=51.

ഹരികൻ-൧. മഞ്ഞ നീല നിറങ്ങളുള്ള കുതിര. ൨. ചൂതാളി. ൩. കള്ളൻ.

ഹരികേശൻ-ശിവൻ.

ഹരിക്കാരൻ, അരിക്കാരൻ-൧. രാജാവിങ്കൽ നിന്നു അധികാരം കിട്ടിയ അടയാളമുള്ള ശിപായി. ൨. ദൂതൻ. (പെൎഷ്യൻഭാഷ).

ഹരിക്കുന്നു-൧. എടുത്തുകൊണ്ടുപോകുന്നു, മാററുന്നു, കളയുന്നു, കണക്കിൽ കിഴിക്കുന്നു. ൨. അപഹരിക്കുന്നു. ൩. കൊല്ലുന്നു. ൪. ധിക്കരിക്കുന്നു.

ഹരിഗന്ധം-ഒരുതരം ചന്ദനം.

ഹരിചന്ദനം-൧. കല്പവൃക്ഷങ്ങളിൽ ഒന്ന്. ൨. രക്തചന്ദനം. ൩. കുങ്കുമം. ൪. പീതചന്ദനം ൫. നിലാവ്.

ഹരിചന്ദനം (ഒരുവക മഞ്ഞച്ചന്ദനം). മെഴുവിനും മററും നന്ന്. ഇതു ദിവ്യവും ജനങ്ങൾക്കു ദുർല്ലഭവുമാണ്.

ഹരിണ-വി. വെളുത്ത, മഞ്ഞ വെള്ള നിറമായ.

ഹരിണൻ-൧. സൂൎയ്യൻ. ൨. വിഷ്ണു. ൩. ശിവൻ.

ഹരിണം-൧. മാൻ. ൨. വെള്ളനിറം. ൩. ചെമ്പ്. ൪. അരയന്നം.

ഹരിണാരി-സിംഹം.

ഹരിണാങ്കം-കൎപ്പൂരം.

ഹരിണി-പ്ര. മാൻപേട. ദ്വി. പച്ചനിറം. തൃ. സ്വർണ്ണപ്രതിമ. ച. മഞ്ഞൾ. പ. നാലാമത്തെവകയായ ചിത്രിണി. ഷ. മഞ്ഞമുല്ല. സ. ഒരു വൃത്തം. അ. കരമുഴി. ന. മഞ്ചട്ടി. ദ. വിദേഹരാജാവായ ദേവവാന്റെ പുത്രി.

ഹരിത-വി. പച്ചനിറമുള്ള, ഇരുണ്ട് നീലനിറമുള്ള.

ഹരിത-പ്ര. കറുകപ്പുല്ല്, ദൂർവ്വ എന്ന പുല്ല്. ദ്വി. മഞ്ഞൾ. തൃ. വലിയ മുന്തിരി. ച. പൂവമുഞ്ഞ. പ. പച്ച.

ഹരിതകം-പ്ര. ഒരുമാതിരി ചീര. ദ്വി. പച്ചപ്പുല്ല്.

ഹരിതച്ഛദ-പച്ചനിറത്തോടുകൂടിയ ഇലയുള്ള.

ഹരിതം-പ്ര. പച്ചിലനിറം. ദ്വി. സിംഹം.

ഹരിതമഞ്ജരി-കുപ്പമേനി.

ഹരിതാലകം-പ്ര. ചുമലപ്രാവ്. ദ്വി. അരിതാരം.

ഹരിതാലം-അരിതാരം.

ഹരിതാശ്മം-പ്ര. പച്ചക്കല്ല്. ദ്വി. തുത്ഥാഞ്ജനം.

ഹരിത്-പ്ര. ദിക്ക്. ദിമാനാദികൾ കൊണ്ട് നടക്കാനുള്ള ഇടം എന്നർത്ഥം. ദ്വി. പച്ചിലനിറം. തൃ. ചെറുപയറ്. ച. സിംഹം. പ. മഞ്ഞൾ.

ഹരിത്പ്രഭുക്കൾ-ദിക്പാലന്മാർ.

ഹരിദശ്വൻ-ആദിത്യൻ.

ഹരിദശ്വമഹാമണി—സൂര്യകാന്തക്കല്ല്.

ഹരിദ്ര-മഞ്ഞൾ.

ഹരിദ്രവം-മരമഞ്ഞൾ, കാലേയകം.

ഹരിദ്രാഭ-വി. മഞ്ഞനിറമുള്ള.

ഹരിദ്രാഭം—പ്ര. മഞ്ഞനിറം. ദ്വി. കച്ചോലം.

ഹരിദ്രാരംഗ-വി. സ്ഥിരമില്ലാത്ത.

ഹരിദ്രു-പ്ര. മരമഞ്ഞൾ. ദ്വി. മഞ്ഞക്കടമ്പ്.

ഹരിദ്വാരം-ഒരു പുണ്യതീർത്ഥം.

(ഇതു ഗംഗയുടെ ഉത്ഭവസ്ഥാനത്താകുന്നു.)

ഹരിനാമാ-ചെറുപയറ്.

ഹരിനേത്രം-പ്ര. വെളുത്ത താമര. ദ്വി. ഉമൻ.

ഹരിന്മണി-മരതകം.

ഹരിപ്രിയ-വി. വിഷ്ണുവിനു മാറും ഇഷ്ടമുള്ള.

ഹരിപ്രിയ-പ്ര. ലക്ഷ്മി. ദ്വി. തുളസി. തൃ. ദ്വാദശി. ച. ഭൂമി. പ. ഇരട്ട.

ഹരിപ്രിയൻ-പ്ര. ശിവൻ. ദ്വി. ശേഷൻ.

ഹരിപ്രിയം-പ്ര. കടമ്പുമരം. ദ്വി. രാമച്ചം. തൃ. പീതചന്ദനം. ച. കണവീരം. പ. ഉച്ചമലരി. ഷ. ശംഖ്. സ. മഞ്ഞക്കുന്നി.

ഹരിഭുക്ക്-പാമ്പ്.

ഹരിമഞ്ജരി-ഒരു ചെടി.

ഹരിമന്ദിരം-വൈകുണ്ഠം.

ഹരിമന്ഥ(ക)ം-കടല. (ഹരിമന്ഥജം എന്ന പാഠവും കാണുന്നു).

ഹരിയം-മഞ്ഞനിറമുള്ള കുതിര.

ഹരിലോചനം-പ്ര. ഞണ്ട്. ദ്വി. ഉമൻ.

ഹരിവർഷം-ഒരു വർഷത്തിന്റെ പേർ, ഭൂമിയുടെ ഒൻപതു ഖണ്ഡങ്ങളിൽ ഒന്ന്. (ജംബുദ്വീപം നോക്കുക).

'പ്രഹ്ളാദൻ നരസിംഹമൂർത്തിയെ സ്തുതിക്കുന്നു മുദിതാത്മനാ ഹരിവർഷത്തിലിരുന്നല്ലോ'

(ഭാഗവതം)

**ഹരിവല്ലഭാ**-പ്ര. ചെമ്പരത്തി. ദ്വി. തുളസി.

**ഹരിവാൻ**-ഇന്ദ്രൻ.

**ഹരിവാലുകം**-ഒരു മരുന്ന്.

**ഹരിവാസം**-അരയാല്.

**ഹരിശ്ചന്ദ്രൻ** - പണ്ടുണ്ടായിരുന്ന ഒരു സൂര്യവംശരാജാവ്, ത്രിശങ്കുവിന്റെ പുത്രൻ. (കഥ സുപ്രസിദ്ധം.)

പ്രസിദ്ധകവിയായ പേട്ടയിൽ ഈ. രാമൻപിള്ള ആശാൻ ഈ കഥയെ ആസ്പദമാക്കി ഹരിശ്ചന്ദ്രചരിതം എന്ന ഒരാട്ടക്കഥയും, ഈ നിഘണ്ടുകാരൻ ഒരു കിളിപ്പാട്ടും എഴുതീട്ടുണ്ട്.

**ഹരിശ്ചന്ദ്രനാവുക**- സത്യസന്ധനെന്നു ഭാവിക്ക.

**ഹരിസേനൻ**-ഒരു കവി.

നാലാം ശതവർഷത്തിന്റെ ഉത്തരാർദ്ധത്തിൽ ജീവിച്ചിരുന്നു. തന്റെ രക്ഷിതാവിനെക്കുറിച്ചുള്ള ഒരു അഷ്ടകവും ഒരു മുപ്പത്തുവരി ഗദ്യവും, കാളിദാസന്റെയും ദണ്ഡിയുടെയും കവിതകളോടു സദൃശങ്ങളാക്കി നിർമ്മിച്ചിട്ടുണ്ട്. സംസ്കൃതകാവ്യലക്ഷണങ്ങളും അനുസരിച്ചു രചിച്ചിട്ടുള്ള ഹരിസേനന്റെ ഗദ്യം ദീർഘദീർഘങ്ങളായ സമസ്തപദങ്ങളെക്കൊണ്ടു നിറഞ്ഞിരിക്കുന്നു. അതുകളിൽ ഒന്നിനു നൂററിരുപതു അക്ഷരങ്ങളിൽ കൂടുതലുണ്ട്. എന്നാൽ പദ്യകൃതിയിലാകട്ടെ അദ്ദേഹം ദീർഘപദങ്ങളെ ത്യജിച്ചു കാളിദാസാദികളെപ്പോലെ വൈദർഭീരീതിയെ ആശ്രയിച്ചിരിക്കുന്നു.

**ഹരിഹയൻ**-പ്ര. ഇന്ദ്രൻ. ദ്വി. ആദിത്യൻ. തൃ. സുബ്രഹ്മണ്യൻ. ച. ഗണപതി.

**ഹരിഹരച്ചൊല്ലിക്ക**-കഷ്ടപ്പെടുത്തുക.

**ഹരിഹരതനയൻ**-ശാസ്താവ്.

വിഷ്ണുവിന്റെയും ശിവന്റെയും പുത്രൻ. വിഷ്ണുമോഹിനിയായ കഥ പുരാണപ്രസിദ്ധം.

**ഹരിഹരൻ**-വിഷ്ണുവും ശിവനും ഒന്നെന്നു സങ്കല്പിച്ചിട്ടുള്ള മൂർത്തി.

**ഹരീതകി**-കടുക്കാ.

**ഹരേണു**-പ്ര. അരേണുകം. ദ്വി. വട്ടച്ചാണായി. തൃ. ഉത്തമസ്ത്രീ. ച. ലങ്ക.

**ഹർജ്ജി, ഹരജി**-നിയമപ്രകാരമുള്ള അപേക്ഷ. (അറബിഭാഷ)

**ഹർത്താവ്**—ഹരിക്കുന്നവൻ, ബലാൽ എടുക്കുന്നവൻ.

**ഹർമ്മുടം**-പ്ര. ആമ. ദ്വി. എരിക്ക്. തൃ. സ്വർണ്ണം.

**ഹർമ്മ്യം**-പ്ര. മാളിക, മേട, ധനികഗൃഹം. ദ്വി. കൊട്ടാരം. തൃ. പൊന്ന്.

(പ്രാസാദം—ഉന്നതഭവനം)

(ധനികന്മാരുടെ മാളികയ്ക്കു 'ഹർമ്മ്യം' എന്നും രാജാക്കന്മാരുടെ മാളികയ്ക്കു 'പ്രാസാദം' എന്നും പറയുന്നു.)

**ഹര്യക്ഷൻ**-വൈശ്രവണൻ.

**ഹര്യക്ഷം**-സിംഹം.

**ഹര്യം**-താന്നി.

**ഹര്യശ്വന്മാർ** - 10,000. ദക്ഷനു അസിക്നിയിലുണ്ടായവരാകുന്നു. (സന്ന്യസിച്ചു).

**ഹർഷക**-വി. സന്തോഷമുള്ള.

**ഹർഷചരിതം** - ബാണകവിയുടെ ഒരു കാവ്യം.

ഹർഷണം-സന്തോഷിപ്പിക്കുക.

ഹർഷണാ(ണി) - ൧. സന്തോഷിപ്പിക്കൽ. ൨. കാമന്റെ അഞ്ചമ്പുകളിൽ ഒന്നിന്റെ പേർ.

ഹർഷദ-വി. സന്തോഷിപ്പിക്കുന്ന.

ഹർഷമാണ-വി. സന്തോഷമുള്ള.

ഹർഷം-൧. സന്തോഷം. ൨. വികാസം. ൩. മലങ്കാര.

ഹർഷയിത്നു-സ്വർണ്ണം.

ഹർഷവർദ്ധനൻ-ബാണകവിയുടെ ഒരു സമ്രാൻ.

ഹർഷാശ്രു-സന്തോഷാശ്രു.

ഹർഷിക്കുന്നു-സന്തോഷിക്കുന്നു.

ഹർഷിത-വി. സന്തോഷിക്കപ്പെട്ട, സന്തോഷിച്ച.

ഹലധര-വി. കലപ്പയെ ധരിച്ച.

ഹലധരൻ-ബലഭദ്രൻ.

ഹലഭൃതി, ഹലഭൂതി-കൃഷി.

ഹലഭൃത്ത്-൧. ബലഭദ്രൻ. ൨. ഉഴുന്നവൻ.

ഹലം-കലപ്പ. ഉഴുന്നതു എന്നർത്ഥം.

ഹലഹതി-കൃഷി.

ഹലാ-൧. സഖി. ൨. ഭൂമി. ൩. ജലം. ൪. മദ്യം ൫. നാട്യോക്തിയിൽ സഖിയെ വിളിക്കുന്നത്. (ഹള എന്ന ശബ്ദം നോക്കുക).

ഹലായുധൻ-ബലഭദ്രൻ.

ഹലാഹലം-൧. വിഷം. അകത്തുചെന്നാൽ ഉദരത്തെയും പുറത്തിരിക്കുമ്പോൾ അടുത്തുള്ള വൃക്ഷങ്ങൾ, ലതകൾ മുതലായവയെയും ദഹിപ്പിക്കുന്നതിനാൽ ഈ പേർ വന്നു. (ഹാലാഹലം എന്നതു നോക്കുക). ൨. ഒരുവക സർപ്പം.

ഹലി-൧. ബലഭദ്രൻ. ൨. കൃഷിക്കാരൻ. ൩. കൃഷി. ൪. ഉഴവുചാൽ.

ഹലിനീ-കലപ്പക്കൂട്ടം.

ഹലിപ്രിയ-മദ്യം.

ഹലിപ്രിയം-കടമ്പുവൃക്ഷം.

ഹലീനം-തേക്കുവൃക്ഷം.

ഹലീഷാ-കലപ്പപ്പിടി.

ഹല്യ-വി. ൧. ഉഴുത. ൨. കൃഷിക്കുതക്ക.

ഹല്യം-ഉഴുക.

ഹല്യാ-കലപ്പയുടെ കൂട്ടം.

ഹല്ലകം-ചെന്താമര.

ഹല്ലനം-ഉറക്കത്തിൽ ഉരുളുക.

ഹല്ലന്ത, ഹലന്ത-വി. ഹല്ല് അവസാനത്തിലുള്ള.

ഹല്ലീശ(ഷ)ം - വട്ടത്തിൽ കളിക്കുക, സ്ത്രീകളും മററും പാടിക്കൊണ്ട് വട്ടത്തിൽ നടന്നു കളിക്കുന്ന ഒരു കളി. ൨. ഉപരൂപകങ്ങളിൽ ഒന്ന്.

ഹല്ലെല്ലൊ(ല്ലു)യാ-ഹി. ദൈവത്തെ സ്തുതിപ്പിൻ. സ്തുതി, ആനന്ദസ്തവം,

ഹല്ല്-ക മുതലായ അക്ഷരങ്ങൾ എല്ലാം ററിനും കൂടെ പറയുന്ന പേർ.

ഹവം-൧. യാഗം. ൨. വിളി. ൩. പോർക്കുവിളി. ൪. പ്രാർത്ഥന. ൫. കല്പന, ആജ്ഞ.

ഹവനം-൧. ഹോമം. ൨. യാഗം. ൩. പോർക്കുവിളി. ൪. വിളി. ൫. പ്രാർത്ഥന.

ഹവനായുസ്സ്-അഗ്നി.

ഹവനീയ-വി. യാഗസംബന്ധമായ.

ഹവനീയം-നെയ്യ്.

ഹവാലത്തി-ജാമ്യം.

ഹവാൽദാർ-ഒരു പട്ടാള ഉദ്യോഗസ്ഥൻ.

ഹവിർഭാഗം - ഹോമിക്കപ്പെടുന്ന ദ്രവ്യാംശം.

ഹവിർഭുക്ക്-അഗ്നി.

ഹവിർഭുജ്-അഗ്നി. ഹവിസ്സിനെ വഹിക്കുന്നവൻ എന്നർത്ഥം.

ഹവിഷ്യം-നെയ്.

ഹവിസ്സ്-പു. ഹോമിപ്പാനായിട്ടുള്ള ദ്രവ്യം. (പുരോഡാശം എന്നതു നോക്കുക). ൨. നെയ്. ൩. ശിവൻ. ൪. ജലം. ൫. യാഗം.

ഹവ്യ-വി. ഹോമിപ്പാൻതക്ക.

ഹവ്യപാകം-ദേവന്മാൎക്ക നിവേദ്യത്തിന്നായിട്ടുണ്ടാക്കിയ വസ്തു.

ഹവ്യം-പു. ഹോമം. ൨. നെയ്. ൩. ചെറുപയർ.

ഹവ്യവതി-ഹവ്യ (ഭാവം).

ഹവ്യവാഹ(ന)ൻ-അഗ്നി.

ഹവ്യാശൻ-അഗ്നി.

ഹസനം-ചിരി.

ഹസനി-നെരിപ്പോട്, തീച്ചട്ടി.

ഹസനീമണി-അഗ്നി.

ഹസന്തി-പു. നെരിപ്പോട്. ൨. വള്ളിമുല്ല.

ഹസന്തിക-നെരിപ്പോട്.

ഹസം-ചിരി.

ഹസികാ-ചിരി.

ഹസിക്കുന്നു-ചിരിക്കുന്നു.

ഹസിത-വി. പു. ചിരിക്കുന്ന. ൨. വിടൎന്ന.

ഹസിതം-പു. ചിരി. ൨. കാമദേവന്റെ വില്ല്.

ഹസ്തകടകം-കൈവള.

ഹസ്തകമലം - പു. താമരപോലെയുള്ള ഹസ്തം. ൨. കൈയിൽ കൊണ്ടുനടക്കുന്ന താമര.

ഹസ്തഗതം-കൈയിൽ കിട്ടിയതു്.

ഹസ്തഗാമി-കൈയിൽ വന്നു ചേരുന്ന.

ഹസ്തജോഡി - ശംകവൎഗ്ഗത്തിലെ ഒരു മഹാകന്ദം.

വശ്യത്തിനും ഇന്ദ്രജാലത്തിനും നന്നു.

ഹസ്തതലം-പു. ഉള്ളംകൈ. ൨. ആനയുടെ തുമ്പിക്കൈയുടെ അറ്റം.

ഹസ്തതാഡനം - കൈകൊണ്ടടിക്കുക.

ഹസ്തദാനം-കൈകൊടുപ്പ്.

ഹസ്തധാരണം - തടുക്കുക. (ഹസ്തവാരണം എന്നതു നോക്കുക).

ഹസ്തപ്രാപ്ത-വി. കൈത്തലത്തിലായ.

ഹസ്തമല്ലൻ- പു. ഐരാവതം. ൨. ഗണേശൻ.

ഹസ്തം-പു. കൈ. ൨. അത്തം നക്ഷത്രം. ൩. തുമ്പിക്കൈ. ൪. തുരുത്തി. ൫. തലമുടിയുള്ള തല. ൬. ഒരു മുഴവൻ മുഴത്തിന്റെ (24 അംഗുലം നീളമുള്ള ആശാരിമുഴക്കോലിന്റെ) പേർ. വ്യാപാരാദികളാൽ ശോഭിക്കുന്നതു എന്നർത്ഥം.

ഹസ്തവാരണം-കൊല്ലുന്നതിനും മററും ഒരുമ്പെട്ടുവരുന്നവനെ തടുക്കുക.

ഹസ്തസംജ്ഞ-കൈക്രിയ.

ഹസ്തസൂത്രം-കൈവള.

ഹസ്തസ്ഥ-വി. കൈയിലായ.

ഹസ്താക്ഷരം - ഒരാളിന്റെ കൈപ്പട (ഒപ്പ്).

ഹസ്താന്തരം - വേറൊരാളിന്റെ കൈവശം.

ഹസ്താംഗുലി-കൈവിരൽ.

ഹസ്തി - പു ആന. ൨. അയമോദകം. ൩. ഭരതന്റെ പ്രപൌത്രൻ. ഇദ്ദേഹം ഹസ്തിനപുരം നിൎമ്മിച്ചു.

ഹസ്തിനഖം -ഗോപുരത്തിൽനിന്നും കീഴ്പ്പെട്ടു സുഖമായി ഇറങ്ങുകയും കയറുകയും ചെയ്യുന്നതിനു മണ്ണുകൊണ്ടോ ക

ല്ലുകൊണ്ടോ ക്രമത്തിൽ ചാഞ്ഞായി കെട്ടി ഉണ്ടാക്കുന്ന ആനക്കല്പട, ശത്രുക്കൾ എളുപ്പം കയറി ഉപദ്രവിക്കാതിരിക്കുന്നതിനു നഗരദ്വാരത്തിൽ പണിചെയ്തു വെയ്ക്കുന്ന വലിയ മൺതറ.

ഹസ്തിനാപുരം-ഒരു രാജധാനി, ഹസ്തി എന്ന രാജാവ് ഗംഗാതീരത്തിൽ പണികഴിപ്പിച്ച മുഖ്യ രാജധാനി, ഡെൽഹി, കൗരവനഗരം.

ഇപ്പോഴത്തെ ഡൽഹിക്കു ഉദ്ദേശം ൬൦ മൈൽ വടക്കു കിഴക്കാണെന്നു കാണുന്നു.

ഹസ്തിനി-ഫ. പിടിയാന. ല. സൌരഭ്യമുള്ള ഒരങ്ങാടി മരുന്ന്. ന. രതിമഞ്ജരി പ്രകാരമുള്ള നാലുജാതി സ്ത്രീകളിൽ ഒരുവൾ. (സ്ത്രീ എന്നതു നോക്കുക).

ഹസ്തിപ(ക)ൻ-ആനക്കാരൻ.

ഹസ്തിമദം-ഫ. മദജലം. ല. കണ്ടിവെണ്ണ.

കണ്ടിവെണ്ണ എന്നതു ആനയുടെ മദജലത്തിന്റെ ഗന്ധമുള്ള ഒരു ഗന്ധദ്രവ്യമാകുന്നു.

ഹസ്തിവിഷാണി(ക)-വാഴ.

ഹസ്തിശാല-ആനക്കൂട്.

ഹസ്തകരണം-വിവാഹം

ഹസ്ത്യ-വി. ഫ. കൈകൊണ്ടു കൊടുക്കപ്പെട്ട. ല. കൈകൊണ്ടു പ്രവർത്തിക്കത്തക്ക, കൈപ്പാടുള്ള, കൈസംബന്ധമായ.

ഹസ്ത്യാരോഹൻ-ആനക്കാരൻ.

ഹഹലം — ആപൽകരമായ ഒരുവക വിഷം.

ഹസ്ര-വി. ഫ. മൂഢതയുള്ള. ല. ചിരിക്കത്തക്ക, ചിരിയുണ്ടാകുന്ന.

ഹഹാ-ഒരു ഗന്ധർവ്വൻ. ('ഹാഹാ' നോക്കുക).

ഹാഹലം - ആപൽക്കരമായ ഒരുവക വിഷം.

ഹള-അ. നാട്യത്തിൽ സഖിയെ വിളിക്കുന്നത്.

ഹണ്ഡേ, ഹഞ്ജേ, ഹലേ ഇവ സംബോധനാർത്ഥകമായ അവ്യയങ്ങളാണ്.

നീചസ്ത്രീയെക്കുറിച്ചുള്ള ആഹ്വാനത്തിൽ —ഹണ്ഡേ.
ദാസിയെ ,, —ഹഞ്ജേ.
സഖിയെ(തോഴിയെ) ,, —ഹലേ

ഹറാം-ന്യായവിരുദ്ധമായ.

---

## ഹാ

ഹാ-അ. ക്ഷണം, നിന്ദ, ദുഃഖം, സന്തോഷം ഇവയിൽ പ്രയോഗിച്ചു വരുന്നത്.

ഹാംഗരം-ഒരുവക വലിയ മത്സ്യം.

ഹാജർ-സാന്നിദ്ധ്യം. (അറബിഭാഷ).

ഹാടക-വി. സ്വർണ്ണംകൊണ്ടുണ്ടാക്കിയ.

ഹാടകം-ഫ. പൊന്ന്. ശോഭിക്കുന്നതു എന്നർത്ഥം. ല. ഉമ്മം, ഉമ്മത്തം.

ഹാടകാ-ഒരു നദി.

വിതലത്തിങ്കൽപിന്നെശ്രീമഹാദേവ
ൻനിത്യം അതുലാനന്ദത്തോടുംഹാടകേ
ശ്വരനെന്ന* തിരുനാമവുംപൂണ്ടുപാർവ്വ
തിയോടുംചേർന്നു സുരതിചെയ്തുരമിച്ചിരി
പ്പതവരുടെ* ഇന്ദ്രിയംവീണുവീണുനദി
യായൊഴുകുന്നി തന്നദിയുടെനാമംഹാട
കയെന്നുതന്നെ'

(ഭാഗവതം)

ഹാടകഗിരി-മേരുപർവ്വതം.

ഹാഫികാ-കോട്ടുവായിടുക.

ഹാനം-ഫ. വിടുക. ല. ശൌര്യം.

ഹാനി-ഫ. നാശം. ല. ആപത്ത്, ന. വിടുക, ര. കുറവ്.

ഹായനം-പു. സംവത്സരം. ഋതുക്കളെ ഉപേക്ഷിക്കുന്നതു എന്നർത്ഥം. ഉ. രശ്മി. ന. ശ്രീഹിഭേദം.

ഹാരകൻ-പു കള്ളൻ, ഉ. കൊള്ളചെയ്യുന്നവൻ. ന. ചൂതുകളിക്കാരൻ.

ഹാരകം-ഹാര്യത്തിനെ ഏതു സംഖ്യകൊണ്ട് ഹരിക്കുന്നുവോ അതു്.

ഹാരം-പു. മുത്തുമാല ഉ, യുദ്ധം.

ഹാരഹൂരം-മദ്യം.

ഹാരി-വി. പു. ഭംഗിയുള്ള. ഉ.എടുക്കുന്ന.

ഹാരി-ഹാരങ്ങളോടുകൂടിയതു്.

ഹാരികണ്ണം-കുയിൽ.

ഹാരിണകൻ-വേടൻ.

ഹാരിദ്രം-പു. മഞ്ഞനിറം. ഉ. കടമ്പുവൃക്ഷം.

ഹാരീ-പു. തോഴി. ഉ. മുത്തു്. ന. കയിൽ.

ഹാരീത(ക)ം,ഹാരിലം,ഹാരിതം-ചുളപ്രാവ്.

ഹാരീതം-പു. ചുളപ്രാവ്. ഉ. വ്യാജം.

ഹാരീതൻ-ഒരുമഹർഷി.

ഹാർദ്ദം-പു. സ്നേഹം. ഉ. മയ. ന. വിചാരം. ൪. അർത്ഥം

ഹാര്യ-വി. പിടിച്ചുപറിക്കത്തക്ക.

ഹാര്യം-പു. ഹരിക്കപ്പെടുന്ന തുക. ഉ. പാമ്പ്.

ഹാലൻ-പു. ബലഭദ്രൻ. ഉ. ശാലിവാഹനൻ.

ഹാലകൻ - മഞ്ഞത്തവിട്ടുനിറമുള്ള കുതിര

ഹാലം-കലപ്പ.

ഹാലാ-മദ്യം.

ഹാലാസ്യം - പ്രധാനപ്പെട്ട ഒരു ശിവക്ഷേത്രം.

ഹാലാഹലം.-പു. വിഷം.

പാലാഴി കടഞ്ഞപ്പോൾ പുറത്തുവന്ന ദുഷ്ടാംശമാണത്രെ ഇതു്. അഹിഛത്രം, ശൃംഗിവേരപുരം, കൊങ്കണം, മലയം എന്നീ പ്രദേശങ്ങളിൽ കാണാറുണ്ട്. പൃഥുമാലി എന്ന അസുരന്റെ ചോരയിൽനിന്നുണ്ടായതാണെന്നും അഭിപ്രായം കാണുന്നു.

ഉ. ഒരുമാതിരി പുഴ.

ഹാലാഹലാ-ഒരുതരം ചുണ്ടെലി.

ഹാലാഹലാശൻ-ശിവൻ.

ഹാലാഹലി-മദ്യം.

ഹാലിക-വി. കലപ്പയെ സംബന്ധിച്ച.

ഹാലികൻ-പു. ഹലം (കരി)കൊണ്ടു പൂട്ടുന്നവൻ. ഉ. കരിയെ വഹിക്കുന്നവൻ. ന. കരിയെ സംബന്ധിച്ചവൻ.

ഹാലീ-ഭാര്യയുടെ അനുജത്തി.

ഹാല്യ-പല്ല്.

ഹാവം-പു. സ്ത്രീകളുടെ വിലാസാദിചേഷ്ടാവിശേഷം. രസം വ്യക്തമായി കാണുന്ന ഭാവം. (വിലാസം എന്നതു നോക്കുക) എടുക്കയും കൊടുക്കയും ചെയ്യുന്നതു എന്നർത്ഥം. ഉ. വിളി, വിളിക്കുക.

ഹാസകൻ-കുട്ടിയക്കാരൻ, ഭീരു, വിദൂഷകൻ.

ഹാസം-പു. ചിരി, ആകസ്മികമായ ചിരി (വിലാസങ്ങൾ നോക്കുക.) ഉ. കങ്കുട്ടം.

ഹാസ്തികൻ-ആനക്കാരൻ.

ഹാസ്തികം-ആനക്കൂട്ടം.

ഹാസ്തിനം-ഹസ്തിനാപുരം.

ഹാസ്യ-വി. ചിരിക്കപ്പെടുവാൻതക്ക, പരിഹസിക്കപ്പെടുവാൻതക്ക.

പരിഷവാക്ക്, ദുഷ്ടരോടു യാചിക്കു ഇവ മ-ം, ഹാസ്യഹേതുക്കളാകുന്നു.

**ഹാസ്യം**-പു. ചിരി. മ. നവരസങ്ങളിൽ ഒന്ന്.

**ഹാസ്യാർണ്ണവം**-ജഗദീശപണ്ഡിതർ ഉണ്ടാക്കിയ ഒരു നാടകം.

**ഹാഹാ**-അ. സന്തോഷം. (ദുഃഖം മുതലായവയിൽ പ്രയോഗം).

**ഹാഹാ**-ഒരു ഗന്ധർവ്വൻ (ഹാഹാ ഹൂഹൂ തുടങ്ങിയുള്ള ഗന്ധർവ്വന്മാർ ദേവകളുടെ പാട്ടുകാരാകുന്നു).

## ഹി

**ഹി**-അ. ദുഃഖഹേതു, വിഷാദം, വിസ്മയം എന്നീ അർത്ഥങ്ങളിൽ പ്രയോഗിച്ചുവരുന്നു, പാദപൂരണത്തിനും ചേർക്കും.

**ഹിക്ക**-ഒരു ദീനം, ഏക്കിൾ.

**ഹിജ്ജലം**-നീർകടമ്പ്.

**ഹിഡിംബി**-ഒരു രാക്ഷസി.

**ഹിഡിംബൻ**-ഭയങ്കരനായ ഒരു രാക്ഷസൻ.

പാണ്ഡവരെ വശീകരിപ്പാൻ ചെന്ന സ്വസഹോദരിയായ ഹിഡിംബിയും ഭീമനും ശൃംഗാരസല്ലാപം ചെയ്യുംമദ്ധ്യേ അവിടെ ചെന്നെത്തി. യുദ്ധത്തിൽ ഭീമനാൽ കൊല്ലപ്പെട്ടു ഹിഡിംബിയെ ഭീമൻ വേട്ടു. ഘടോൽകചൻ ഉണ്ടായി.

**ഹിഡിംബാ**-പു. ഹിഡിംബന്റെ സഹോദരി, ഭീമന്റെ ഒരു ഭാര്യ മ. ഹനുമാന്റെ ഭാര്യ.

**ഹിണ്ഡനം**-ഗമനം.

'ശീതളാംബുദമണ്ഡലോപരി
ഹിണ്ഡനം കഥയത്ര്യയം'

(ശാകുന്തളം)

**ഹിണ്ഡികൻ**-ജ്യോതിഷക്കാരൻ.

**ഹിണ്ഡി**-ദുർഗ്ഗ.

**ഹിണ്ഡി(ണ്ഡീ)രം**-കടൽനുര, കടൽനാക്ക്.

**ഹിത**-പു. ഇഷ്ടംപോലെയുള്ള, കൊള്ളുന്ന. മ. പോയ, പുറപ്പെട്ട. ന. മേലാൽ ഗുണമായിട്ടു വരുന്നതിനു കാരണമായ. ർ. പിടിക്കപ്പെട്ട, വെക്കപ്പെട്ട. ഒ. ഉപകാരമുള്ള. ന്റം സ്നേഹമുള്ള, ദയവുള്ള.

**ഹിതകം**-കുഞ്ഞ്.

**ഹിതകാരി (-രിണി)**-ഹിതം ചെയ്യുന്നവൻ (-വൾ).

ഹിതം-ഗുണകരമായുള്ളത്. ഈ പദത്തിനു 'ഇഷ്ടം' എന്നൊരർത്ഥം സംസ്കൃതഭാഷയിൽ ഇല്ല.

**ഹിതൻ**-ബന്ധു, ഇഷ്ടൻ.

**ഹിതവാദി**-വി. ഇഷ്ടത്തെ പറയുന്ന, മേലാൽ ഗുണമായിട്ടു വരുവാനുള്ള സംഗതികളെ പറഞ്ഞുകൊടുക്കുന്ന.

**ഹിതാ**-നടന്നുപോകുന്നതിനുള്ള ചിറ, വഴി.

**ഹിതാശംസ**-ഇഷ്ടവാക്ക്.

**ഹിതാഹിതം**-വേണ്ടുന്നതും വേണ്ടാത്തതും.

**ഹിതോക്തി**-ഇഷ്ടവാക്ക്.

**ഹിതോപദേശം**-പു. ഇഷ്ടമായ ഉപദേശം. മ. ഒരു പുസ്തകം.

വിഷ്ണുശർമ്മാവുണ്ടാക്കിയത്. നീതിമാർഗ്ഗം അടങ്ങിയിരിക്കുന്നു. മിക്കഭാഷകളിലും ഇതു തർജ്ജമയുണ്ട്.

**ഹിന്താലം**-ഈന്തപ്പന.

**ഹിന്ദു**-പു. ഭാരതഖണ്ഡത്തിന്റെ പേർ. മ. ഭാരതഖണ്ഡത്തിലുള്ള മനുഷ്യരുടെ പേർ. പ്രാചീനാര്യന്മാർ ആദ്യം സിന്ധുനദീതീരത്തിൽ താമസിച്ചിരുന്നതുകൊണ്ടു അന്യർ അക്കാലത്തു ആര്യന്മാരെ 'സിന്ധുക്കൾ' എന്നു വിളിച്ചുവന്നു. സിന്ധു ശബ്ദം കാലക്രമേണ 'ഹിന്ദു' ശബ്ദമായി.

ഹിന്ദുക്രുഷ്-ഏഷ്യാഖണ്ഡത്തിന്റെ നടുവിലുള്ള ഒരു പർവ്വതം.

ഹിന്ദോളം-ആന്ദോളം.

ഹിബുകം-പത്താമേടം.

ഹിമത്രയം—ചന്ദനം, രക്തചന്ദനം, പീതചന്ദനം.

ഹിമരേഖ- വേനൽക്കാലത്തും ഉരുകാതെ ഹിമം കിടക്കുന്നതിന്റെ പൊക്കം.

ഹിമരശ്മി-ചന്ദ്രൻ.

ഹിമം-൧. മഞ്ഞ്. ൨. ചന്ദനം. ൩. കർപ്പൂരം. ൪. വെള്ളത്തീയം. ൫. മുത്ത്. ൬. രക്തചന്ദനം. ൭. ഹിമാലയ പർവ്വതം. ൮. താമര. ൯. രാത്രി.

ഹിമകരം-കർപ്പൂരം.

ഹിമണി-അരയിൽ കെട്ടുന്ന ഒരുമാതിരി സഞ്ചി. (മടിശ്ശീല).

ഹിമദ്യുതി-ചന്ദ്രൻ.

ഹിമദ്രുമം-നിംബവൃക്ഷം.

ഹിമാംശു-ചന്ദ്രൻ.

ഹിമവാൻ-ഭാരതഖണ്ഡത്തിന്റെ വടക്കെ അററമുള്ള ഒരു വലിയ പർവ്വതം, ഹിമാലയൻ.

ഹിമവാലുക-കർപ്പൂരം.

ഹിമാനി-മഞ്ഞിൻകട്ടി, വലിയമഞ്ഞ്.

ഹിമാരാതി-൧. അഗ്നി. ൨. സൂര്യൻ.

ഹിമാംശു-൧. ചന്ദ്രൻ. ൨. കർപ്പൂരം.

ഹിമാംശുഭ്രുവ്-കടൽ.

ഹിമാലയൻ-ഹിമവാൻ പർവ്വതം.

ഹിമാവതി-മലയെരിമ (എരിമത്താളി)

ഹിമികാ-മഞ്ഞ്.

ഹിമ്മണി—അരയിൽ കെട്ടുന്ന ഒരു സഞ്ചി.

ഹിംകാരം-കടുവാ.

ഹിംഗു-പെരുങ്കായം. ശരീരത്തിൽ വ്യാപിക്കുന്നത് എന്നർത്ഥം.

ഹിംഗുനിര്യാസം-വേപ്പുമരം.

ഹിംഗുല(ള)-ചായില്യം.

ഹിംഗുലി-ചെറുവഴുതിന.

ഹിംഗുല്യ-ചായില്യം.

ഹിംസ-൧. അടി. ൨. വധം, കൊല.

ഹിംസകൻ-൧. ശത്രു. ൨. അഥർവ്വവേദം നല്ലവണ്ണം പഠിച്ച ബ്രാഹ്മണൻ.

ഹിംസാരു-കടുവാ.

ഹിംസാലു-നായ്.

ഹിംസാലു(ക)-വി. കൊല്ലുക ശീലമുള്ള, ഉപദ്രവിക്ക ശീലമുള്ള. ഹിംസാലുകൻ-കടിക്കുന്ന പട്ടി.

ഹിംസിക്കുന്നു-കൊല്ലുന്നു.

ഹിംസിത-വി. കൊല്ലപ്പെട്ട.

ഹിംസിതം-ഉപദ്രവം.

ഹിംസീരൻ-൧. കടുവാ. ൨. ദുഷ്ടൻ.

ഹിംസീരം-കടുവാ.

ഹിംസ്യ-വി. ഹിംസിക്കത്തക്ക.

ഹിംസ്ര-വി. ഭയങ്കരമായുള്ള. ൨. കൊല്ലുന്ന. ൩. ഉപദ്രവിക്കുന്ന.

ഹിംസ്ര-മാഞ്ചി.

ഹിംസ്രകം-ഇരതേടുന്ന കാട്ടുമൃഗം.

ഹിംസ്രൻ-൧. നശിപ്പിക്കുന്നവൻ. ൨. ശിവൻ. ൩. ഭീമൻ.

ഹിംസ്രം-ദുഷ്ടമൃഗം, കാട്ടുമൃഗം.

ഹിരംഗു-രാഹു.

ഹിരണം-സ്വർണ്ണം.

ഹിരണ്മയ-വി. പൊന്നുകൊണ്ടുണ്ടാക്കപ്പെട്ട.

ഹിരണ്മയൻ-ബ്രഹ്മാവ്.

ഹിരണ്മയം-൧. ഭൂമിയുടെ ൯-ഖണ്ഡങ്ങളിൽ ൧. (ജംബുദ്വീപം നോക്കുക).

'ആത്മമാവായപിതൃനായകൻഹിരണ്മയ വരിഷത്തിങ്കൽക്കൂർമ്മമൂർത്തിയെസേവിക്കുന്നു'.

൨. അറുപതിലൊരു വത്സരം.

ഹിരണ്യഗർഭൻ-ബ്രഹ്മാവ്.

ഹിരണ്യഗർഭം-ചില രാജാക്കന്മാർ ക ഴിക്കുന്ന ഒരു വലിയ കർമ്മം.

ഹിരണ്യം-ന. പൊന്നു. ൨. വെള്ളി. ൩. സമ്പത്തു ൪. വിലയേറിയ വസ്തു. ൫. നശിച്ചുപോകാത്ത വസ്തു. ൬. കവടി.

ഹിരണ്യതീരം-സരസ്വതിതീരം.

ഹിരണ്യനാഭം-മൈനാക പൎവ്വതം.

ഹിരണ്യരേതസ്സ്-പു. അഗ്നി. ൨. സൂൎയ്യൻ. ൩. കൊടുവേലി.

ഹിരണ്യബാഹു-പു. ശോണനദം (ശോ ണാനദി) ഇതിൽ നിന്നു സ്വൎണ്ണം അരി ച്ചെടുക്കുന്നതിനാൽ ഈ പേരുണ്ടായി. ൨. ശിവൻ.

ഹിരണ്യവൎണ്ണാ-നദി.

ഹിരുക്ക്-അ. പു. കൂടാതെ (ഒഴിച്ചു). ൨. ഇടയിൽ. ൩. സമീപത്തിങ്കൽ.

ഹിലമോചി(ക)-സ്ത്രീ. ചീര. (ശാക ഭേദം). ൨. കാനകവാഴ.

ഹില്ലം-താറാവു.

ഹിസാബ്-കണക്കു.

ഹിഹി-അ. സന്തോഷത്തിലോ, അത്ഭുത ത്തിലൊ പ്രയോഗം.

—:o:—

## ഹീ

ഹീ-അ. അത്ഭുതം, ദുഃഖം, കാരണം, ഒരുച്ച് ഇവയിൽ പറഞ്ഞു വരുന്ന ഒര വ്യയം.

ഹീന-വി. പു. കുറവുള്ള. ൨. കുറമുള്ള, ചീത്തയായ. ൩. കേടുവന്ന, തേഞ്ഞ, ചേതംവന്ന. ൪. ഉപേക്ഷിച്ച. ൫. താണ

ഹീനത-കുറവു.

ഹീനം-കുറവു. ൨. കുറം. ൩. നിന്ദ.

ഹീനാംഗ-വി. പു. മുടന്തുള്ള. ൨. അം ശത്തിനു കുറവുള്ള.

ഹീനാംഗി-ചെറിയ ഉറുമ്പു.

ഹീരം-പു. വൈരക്കല്ല് ൨. കങ്കമം. ൩. പാമ്പു. ൪. സിംഹം. ൫ ഇന്ദ്രന്റെ വജ്രായുധം.

ഹീരദളം-സ്ലീറാപ്പ്.

ഹീരൻ-പു ശിവൻ. ൨. ശ്രീഹൎഷന്റെ പിതാവിന്റെ പേർ.

ഹീര(ക)-വൈരം, വജ്രം.

ഹീരം-പു. വൈരക്കല്ലു. ൨. പാമ്പു. ൩. സിംഹം. ൪. ഇന്ദ്രന്റെ വജ്രാ യുധം.

ഹീരകം-വജ്രം.

ഹീരാ-സ്ത്രീ. ലക്ഷ്മി. ൨. ഉറുമ്പു.

ഹീരാംഗം-വജ്രായുധം.

ഹീഹി-അ. അത്ഭുതത്തിങ്കൽ പ്രയോഗം.

—:o:—

## ഹു

ഹുക്ക-കഞ്ചാവു വലിക്കുവാനുള്ള കുഴൽ. (അറബിഭാഷ).

ഹുക്കം-കല്പന, ആജ്ഞ.

ഹുങ്ക്-പു. അഹംകാരം. ൨. ശക്തി, ബലം.

ഹുങ്കാരം-അലൎച്ച.

ഹുംകൃതി-അലൎച്ച.

ഹുഡുക്കം-പു. ഒരു വാദ്യം (ആനദ്ധവാ ദ്യഭേദം). ൨. മൂങ്ങാ, നത്തു.

ഹുണ്ടി, ഉണ്ടിക, ഉണ്ടിയൽ-കച്ച വടക്കാരുടെ സൌകൎയ്യത്തിനു വേണ്ടി വെച്ചുമററ സമ്പ്രദായത്തിൽ പണം കൊടുക്കൽ വാങ്ങൽ ചെയ്യുന്ന ഏൎപ്പാടു.

ഹുണ്ഡം-പു കടുവാ ൨. നാട്ടുപന്നി.

ഹുത-വി. പു. ഹോമിക്കപ്പെട്ട. ൨. വിളി ക്കപ്പെട്ട.

ഹുതഭുക്ക്-പു. അഗ്നി ൨. കൊടുവേലി.

ഹുതഭുക്പ്രിയ - അഗ്നിയുടെ ഭാൎയ്യ, സ്വാഹ.

ഹുതം-ഹോമം, ഹോമദ്രവ്യം, അഗ്നി യിൽ പ്രക്ഷേപിക്കപ്പെട്ടതു.

**ഹുതാശനൻ, ഹുതാശൻ, ഹുതാമാഥൻ**-അഗ്നി.

**ഹൂം**-അ. ഊഹിക്കുക, അനുസരണം, ചോദ്യം മുതലായവയിൽ പ്രയോഗം.

**ഹുസ്രാർവാ!**-ഒരു വ്യാക്ഷേപകം.

---

## ഹൂ

**ഹൂ**-അ. വിളി, ദുഃഖം, നിന്ദ മുതലായവയിൽ പ്രയോഗം.

**ഹൂണൻ**-പു. ധ്വര, സംഘ്, വ. പരദേശി. ന. മ്ലേച്ഛൻ.

**ഹൂതി**-പു. വിളിക്കുക എന്നക്രിയ, ആഹ്വാനം വ. പോക്കുവിളി. ന. പേർ.

**ഹൂം**-അ. സന്ദേഹം, ചോദ്യം, ഓർമ്മ മുതലായവയിൽ പ്രയോഗം.

**ഹൂരവൽ**-കുറുക്കൻ.

**ഹൂഹൂ**-ഒരു ഗന്ധർവ്വൻ.

'ഹൂഹൂ എന്നു പേരാകും ഗന്ധർവ്വാധിപൻ വീരൻ.

(ഗജേന്ദ്രമോക്ഷം തുള്ളൽ)

## ഹൃ

**ഹൃച്ഛ്രികാ**-തുമ്പൽ.

**ഹൃണീയ**-നിന്ദ. വ. ലജ്ജ, ജുഗുപ്സ.

**ഹൃത്ത്**-പു. മനസ്സ്. വിഷയങ്ങളാൽ ഹരിക്കപ്പെടുന്നതു എന്നർത്ഥം. (വിചാരത്തിന്റെ ഇരിപ്പിടം). വ. കരളു, നെഞ്ച്. ന. ഹൃദയത്തിന്റെ ഉള്ളിലിരിക്കുന്ന പത്മാകാരമായ മാംസവിശേഷം.

**ഹൃതശേഷം**-പു. ഹരിച്ചതിൽ ബാക്കി വന്ന തുക. വ. എടുത്തതിൽ പിന്നെയുള്ള ശിഷ്ടം.

**ഹൃത**-വി. ഹരിക്കപ്പെട്ട.

**ഹൃതി**-അപഹരണം.

**ഹൃദന്തം**-ഉള്ളം.

**ഹൃദയകമലം**-മനസ്സ്.

**ഹൃദയഗ്രന്ഥി, ഹൃൽഗ്രന്ഥി**-മനസ്സിനു നേരിട്ടിരിക്കുന്ന വിഷമത.

**ഹൃദയം**-പു. മനസ്സ്, ബുദ്ധിയുടെ ഇരിപ്പിടം. വ. നെഞ്ച്, കരളു.

ഹൃദയം എന്നതു രക്താശയമാണു. ഒരു പൊള്ളയായ അവയവമാകുന്നു. ഇതിന്റെ ആകൃതി മിക്കവാറും വാഴക്കൂമ്പുപോലെയിരിക്കും. നാലറകളുണ്ട്.

**ഹൃദയംഗമ**-മനസ്സിനു ഇണങ്ങിയ, എളുപ്പത്തിൽ മനസ്സിൽ ചേരുന്ന, യുക്തമായുള്ള.

**ഹൃദയംഗമം**-യുക്തിയുക്തമായ വാക്ക്. മറ്റൊരു പര്യായം 'സംഗതം'.

**ഹൃദയസ്ഥാനം**-നെഞ്ച്.

**ഹൃദയാലു, ഹൃദയവത്**-വി. നിഷ്കളങ്കമായ മനസ്സോടുകൂടിയ.

**ഹൃദയികൻ**-നിഷ്കളങ്കമനസ്സോടുകൂടിയവൻ.

**ഹൃദിസ്പൃക്**-ഹൃദയത്തെ സ്പർശിക്കുന്നതു, ഇഷ്ടമുള്ളതു, വികാരങ്ങളെ ഉണ്ടാക്കുന്നതു.

**ഹൃദ്യ**-വി. പു. മനസ്സിൽ സന്തോഷമുണ്ടാക്കുന്ന, പ്രിയമുള്ള. വ. നല്ല. ന. ഹൃദയത്തിനെ സംബന്ധിച്ച.

**ഹൃദ്യഗന്ധ**-പിച്ചകം.

**ഹൃദ്യം**-ഹൃദയത്തെ അടക്കംവരുത്തുന്നതിനുള്ള ഒരു മന്ത്രം.

**ഹൃദ്യാ**-വൃദ്ധി എന്ന മരുന്ന്.

**ഹൃദ്പിണ്ഡം**-ഹൃദയം.

**ഹൃദ്രോഗം**-പു. നെഞ്ചിനകത്തുണ്ടാകുന്ന ഒരു ദീനം. വ. ദുഃഖം. ന. പ്രേമം.

**ഹൃല്ലാസം**-പു. നെഞ്ചെരിച്ചൽ എന്ന സുഖക്കേട്. വ. ദുഃഖം.

**ഹൃദ്ശയൻ**-കാമദേവൻ.

**ഹൃഷിത**-വി. പു. സന്തോഷിച്ച. വ. അത്ഭുതപ്പെട്ട. ന. ഇച്ഛാഭംഗംവന്ന.

**ഹൃഷീകം**-ഇന്ദ്രിയം.

ഹൃഷീകേശൻ-വിഷ്ണു ഇന്ദ്രിയങ്ങളുടെ നിയന്താവ്, സംക്ഷ, ഈശൻ. സൂര്യചന്ദ്രരൂപനായിരിക്കുന്ന യാതൊരുവന്റെ കേശങ്ങൾ (രശ്മികൾ) ജഗത്തിന ഹർഷത്തെ ചെയ്യുന്നുവോ അവൻ ഹൃഷീകേശൻ.

ഹൃഷ്ട- വി. സന്തോഷിച്ച, സന്തോഷമുള്ള.

ഹൃഷ്ടത-പ്രസന്നത.

ഹൃഷ്ടി-സ്ത്രീ സന്തോഷം. ര. സുഖം. ന. അറിവ്

## ഹേ

ഹേ-അ. സംബോധനവാചകം, അല്ലയോ, എടോ.

ഹേതി-സ്ത്രീ. ആയുധം ര. ആദിത്യരശ്മി ന. അഗ്നിജ്വാല.

ഹേതു-കാരണം.

ഹേതുക-വി. കാരണമായ.

ഹേതുകം-പു. കാരണം. ര. ഒരായുധം.

ഹേതുത(ത്വം)-കാരണമായിരിക്ക എന്നതു്.

ഹേതൂൽപ്രേക്ഷ-ഒരലങ്കാരം.

ഹേത്വതിശയോക്തി-ഒരലങ്കാരം.

ഹേത്വന്തരേണ - അ. മറെറാരുകാരണത്താൽ.

ഹേത്വപഹ്നുതി — അപഹ്നുതി എന്ന അലങ്കാരത്തിൽപ്പെട്ടതു്.

ഹേമകന്ദലം-പവിഴം.

ഹേമകരൻ, ഹേമകർത്താ-തട്ടാൻ

ഹേമകൂടം-കിംപുരുഷവർഷത്തിലുള്ള ഒരു പർവ്വതം. (മേരുവിന്നും ഹിമവാന്നും മദ്ധ്യേ).

ഹേമകേശൻ-ശിവൻ.

ഹേമചന്ദ്രൻ-ഒരു സംസ്കൃത അകാരാദിയുടെ കർത്താവ്.

ഹേമചന്ദ്രാചാര്യൻ—ഒരു സംസ്കൃതകവി. ജൈനനാണ്. മഹാവീരസ്വാമിസ്തോത്രം ഉണ്ടാക്കി.

ഹേമദുഗ്ധകം-അത്തിവൃക്ഷം.

ഹേമന്തം-ആറു ഋതുക്കളിൽ ഒന്ന്, തുലാത്തിലെ വെളുത്ത പ്രതിപദം മുതൽ ധനുവിലെ കറുത്തവാവുവരെയുള്ള കാലം. ബലത്തെ വർദ്ധിപ്പിക്കുന്നതു് എന്നർത്ഥം.

ഹേമപുഷ്പം-പു. ചെമ്പകം. ര. അശോകവൃക്ഷം, ന. ചെമ്പരത്തി. ര്. നാഗപ്പൂവ്.

ഹേമപുഷ്പിക-സ്ത്രീ ചെമ്പകം. ര. മഞ്ഞക്കുമിഴി.

ഹേമം-പു. പൊന്ന്. ര. നിബന്ധം, ശക്തി. ന. നാഗപ്പൂവ്. ര്. പൊന്നിനെ സംബന്ധിച്ച വിശേഷ അളവ്.

ഹേമമാല-യമന്റെ ഭാര്യ.

ഹേമശംഖൻ-വിഷ്ണു.

ഹേമലൻ-തട്ടാൻ.

ഹേമ-ഒരു അപ്സരസ്ത്രീ. ര. സുന്ദരി.

ഹേമാംഗം-പു. സിംഹം. ര. ചമ്പകം. ന. മേരുപർവ്വതം.

ഹേമാംഗൻ-പു ഗരുഡൻ ര. ബ്രഹ്മാവ്. ന. വിഷ്ണു.

ഹേമാദ്രി-മഹാമേരുപർവ്വതം.

ഹേമാവ്-പു. പൊന്ന്. ര. ബുധൻ.

ഹേമിക്കുന്നു-പു. ബലവിക്കുന്നു. ര. നിബന്ധിക്കുന്നു.

ഹേയ-വി. ഉപേക്ഷിക്കത്തക്ക.

ഹേരംബം-പോത്തു്.

ഹേരംബൻ-പു. ഗണപതി. ശിവന്റെ അടുക്കൽ സ്ഥിതിചെയ്യുന്നവൻ എന്നർത്ഥം. ര, അഹങ്കാരമുള്ള പടയാളി, ന. പോത്തു്.

ഹേരാ-മഞ്ഞൾ.

ഹേല-പു. ഹാവഭാവവിശേഷം, ശൃംഗാരരസക്കാരുടെ ഭാവഭേദം, വികാരസ്ഫുരത. (വിലാസം നോക്കുക). ര. നിലാവ്. ന. നിന്ദ.

ഹേലനം-പു. നിന്ദ. ര. ശൃംഗാരഭാവത്തിലെ രസഭേദം.

ഹേലി—പു. സൂര്യൻ. വ. ശൃംഗാരവിലാസം.

ഹേഷം, ഹേഷാ, ഹേഷിതം-കുതിരക്കരച്ചൽ.

ഹേഷി-കുതിര.

ഹൈഹേ-അ. (വിളിയിൽ പ്രയോഗം).

## ഹൈ

ഹൈ-അ. (വിളിയിൽ പ്രയോഗം).

ഹൈതുക-കാരണമായ.

ഹൈമ-വി. പു. ഹേമത്തോട്ട (സ്വർണ്ണത്തോട്ട) ചേർന്ന, സ്വർണ്ണമയമുള്ള. വ. ഹിമത്തോട്ട (മഞ്ഞോട്ട) ചേർന്ന.

ഹൈമന-വി. പു. തണുപ്പുള്ള. വ. മഞ്ഞുകാലത്തോട്ട ചേർന്ന. ന. മഞ്ഞുകാലത്തുണ്ടാകുന്ന.

ഹൈമനം-പു. മകരമാസം. വ. മഞ്ഞുകാലം.

ഹൈമൻ-ശിവൻ.

ഹൈമന്ത—പൊൻനിറമുള്ള ഒരുവക മുല്ല.

ഹൈമന്തിക-ഹേമന്തകാലത്തെ സംബന്ധിച്ച.

ഹൈമം-പു. ഉറച്ച മഞ്ഞ്. വ. മഞ്ഞുവെള്ളം. ന. തിലവേപ്പ്.

ഹൈമവതം-പു. ഭാരതഖണ്ഡം. വ. ഒരു വിഷം.

ഹൈമവതി—പു. പാർവ്വതി. ഹിമവാനെ സംബന്ധിച്ച. വ. വെളുത്ത വയമ്പ്, വയമ്പ്. ന. കടുക്ക. ര. മലംഎരമ. ഖ. ഗംഗ ങ. വലിയ ഏലമ. ൭. അരേണുകം.

ഹൈയംഗവീനം—ഇന്നലെ കറന്ന പാൽ കാച്ചി ഉറവീഴ്ത്തി ഇന്ന് അതു കടഞ്ഞുണ്ടാകുന്ന വെണ്ണ നെയ്യ്.

ഹൈരണ്യവാസസ്സ്-ശരസ്സം.

ഹൈരാക്കി-ഗ്ര. വൈദികഭരണക്രമം. വിശ്വാസികളേയും പട്ടക്കാരേയും മെത്രാന്മാരേയും ഒരു അതിമെത്രാന്റെയും പാത്രിയാക്കീസിന്റെയും കീഴിൽ ഉൾപ്പെടുത്തുന്ന ഭരണരീതി.

ഹൈരികൻ-കള്ളൻ.

ഹൈഹയൻ- യദുകുലത്തിൽ ജനിച്ച ശര്യാതിയുടെ പുത്രൻ.

വീതഹവ്യൻ എന്നും പറയും. ഇദ്ദേഹം തപസ്സുകൊണ്ട ഒടുവിൽ ബ്രാഹ്മണ്യത്തെ പ്രാപിച്ചു. ബ്രാഹ്മണ്യം പ്രാപിച്ചതിൽ പിന്നെയും ഒരു പുത്രനുണ്ടായി. പേർ-ഗൃൽസമദൻ.

വ. യദുവിന്റെ പുത്രന്റെ പൌത്രൻ. ന. കാർത്തവീര്യാർജ്ജുനൻ.

—:O:—

## ഹോ

ഹോ-അ. (ചോദ്യത്തിലും വിളിയിലും പ്രയോഗം).

ഹോഡം-ചങ്ങാടം.

ഹോഢം-തൊണ്ടികം, മോഷ്ടിച്ച വസ്തുക്കൾ.

ഹോതാവ്-പു. ഹോമിക്കുന്ന ആൾ. വ. യാഗംചെയ്യുന്നവൻ. ന. അഗ്നി.

ഹോത്രം-പു ഹോമബലിക്കായി നിശ്ചയിച്ച വസ്തു, ഉരുക്കി അരിച്ച നെയ്യും മററും. വ. ഹോമം.

ഹോത്രാ-പു യാഗം. വ. സ്തുതി.

ഹോത്രിയൻ-ഹോമിക്കുന്ന ആൾ.

ഹോത്രിയം-ഹോമിക്കുന്ന മുറി.

ഹോമധാന്യം-പു. എള്ള്. വ. യവം.

ഹോമധേനു- ഹോമത്തിന വേണ്ടതുള്ള നെയ്യ് മുതലായതു കൊടുക്കുന്ന പശു. (ഹോമത്തിനുവേണ്ടിയുള്ള പശു എന്ന വിഗ്രഹം).

ഹോമം-അഗ്നിയിൽചെയ്യുന്ന ഒരുകർമ്മം.

ഹോമി പു. നെയ. വ. വെള്ളം. ന. തീ.

ഹോമി-ഹോമിക്കുന്നവൻ.

ഹോമിക്കുന്നു - ഹോമത്തിന്റെ രീതി അനുസരിച്ചു തീയിലിട്ടു ദഹിപ്പിക്കുന്നു.

ഹോര—പു. ജ്യോതിശ്ശാസ്ത്രത്തിൽ വച്ചു മുഖ്യമായ ഭാഗം. വ. ലഗ്നം (രാശ്യർദ്ധം)

ന. രാശിചക്രത്തിലെ ഒരടയാളത്തിന്റെ ആരംഭം. ർ. അഹോരാത്രം, ഒരു ദിവസത്തിന്റെ ൨൪-ൽ ഒരുപങ്ക്. ഉ. ഒരു രാശിയെ രണ്ടാക്കി ഭാഗിച്ചാലുണ്ടാകുന്നതു. ന്യ. ഒരു വര.

ഹോരാഫലം-ജാതകഫലം.

ഹോശാന-സ്ത്രീ. ദൈവത്തിനു സ്തുതി. വ. ക്രിസ്തു യെരുശലേമിലേക്കു എഴുന്നള്ളിയതിനെ കൊണ്ടാടുന്ന ദിവസം, പുനരുത്ഥാനത്തിന്റെ തലേ ഞായറാഴ്ച.

ഹോഹോ-അ. (വിളിയിലും നന്ദിയിലും പ്രയോഗം).

## ഹൌ

ഹൌ-അ. നിന്ദ, ചോദ്യം ഇവയിൽ പ്രയോഗം.

ഹൌണി-ഇംഗ്ലീഷ് ഭാഷ.

ഹൌരികൾ — ദിവ്യോദ്യാനത്തിലുള്ള നിത്യയുവതികളായ കന്യകമാർ.

## ഹ്യ

ഹ്യ-അ. ഇന്നലെ.

ഹ്യസ്തന-വി. ഇന്നലത്തെ നാളു സംബന്ധിച്ച.

## ഹ്ര

ഹ്രദം-പു. ആററിൻചുഴി, കയം. ഹ്രദത്തിനു പ്രസന്നതയോടുകൂടിയിരിക്കുന്ന ഒരവസ്ഥയുണ്ട്. വ. രശ്മി.

ഹ്രദിനി-സ്ത്രീ. നദി. വ. മിന്നൽ.

ഹ്രസിക്കുക-ചുരുങ്ങുക.

ഹ്രസിത-വി. പു. ശബ്ദിച്ച. വ. ചുരുക്കിയ.

ഹ്രസിമാവ്-നീളക്കുറവ്.

ഹ്രസിഷ്ഠ-വി. നീളംകുറഞ്ഞ, വളരെ ചെറുതായ.

ഹ്രസ്വ-വി. നീളമില്ലാത്ത, പൊക്കമില്ലാത്ത. ഹ്രസ്വം > < ദീർഘം.

ഹ്രസ്വൻ-മുണ്ടൻ.

ഹ്രസ്വം-(വ്യാകരണത്തിൽ) സ്വരങ്ങളിൽ ഒന്ന്. (വൃത്തശാസ്ത്രത്തിൽ) ലഘു.

ഹ്രസ്വമൂലപഞ്ചകം-ഓരില, മൂവില, ചെറുവഴുതിന; ഞെരിഞ്ഞിൽ, വെള്ളച്ചുണ്ട.

ഹ്രസ്വഗവേധു(ധൂ)ക-ആനക്കുറുന്തോട്ടി.

ഹ്രസ്വശാഖാശിഫം-നന്നെ ചെറിയ കൊമ്പും മുരടുമായുള്ള ചെടി.

ഹ്രസ്വാംഗം-പു. ഒരു മരുന്ന്. വ. നീളംകുറഞ്ഞ അവയവം.

ഹ്രാദം-ശബ്ദം.

ഹ്രാദി-വി. ശബ്ദിക്കുന്ന.

ഹ്രാദിനി-സ്ത്രീ. മിന്നൽ. വ. വജ്രായുധം. ന. നദി. ർ. ഇലവുമരം.

ഹ്രാസം-പു. ചുരുങ്ങൽ. വ. ചെറിയതാകുക. ന. ശബ്ദം.

ഹ്രീ-ലജ്ജ, നാണം.

ഹ്രീക-ലജ്ജ, അടക്കം. ഭയം, പേടി.

ഹ്രീകു-പു. അരക്ക്. വ. വെള്ളീയം. ന. പൂച്ച. ർ. ലജ്ജ. ഉ. ഭയം.

ഹ്രീണ-വി. ലജ്ജിച്ച.

ഹ്രീത-വി. ലജ്ജിച്ച.

ഹ്രീബേ(വേ)ര(ല)ം-ഇരുവേരി.

ഹ്രീള-ലജ്ജ.

ഹ്രേഷ, ഹ്രേഷിത-കുതിരക്കരച്ചൽ.

## ഹ്ല

ഹ്ലാദം, ഹ്ലാദകം, ഹ്ലാദികാ-സന്തോഷം.

ഹ്ലാദനം-സന്തോഷം,

ഹ്ലാദി-വി. ഹ്ലാദമുള്ള, സന്തോഷമുള്ള.

ഹ്ലാദിനീ-ഇലവുവൃക്ഷം.

ഹ്വാനം-പു. വിളി. വ. ശബ്ദം.

## റ

('ര' കഴിഞ്ഞു 'റ' വരിക ഉത്തമം)

റ-ഹല്ലുകളിൽ ഒരക്ഷരം.

റക്കാബ്-അങ്കപ(വ)ടി. (അറബിഭാഷ)

റബ്ബി-യജമാനൻ. (അറബിഭാഷ).

റമ്പാൻ-സന്ന്യാസി.

റദ്ദാക്കുന്നു-വേണ്ടെന്നു വയ്ക്കുന്നു.

റവ-വളരെ ചെറിയ ഉരുണ്ട സാധനം

റവുക്ക-സ്ത്രീകൾ ധരിക്കുന്ന ഒരുതരം ചെറിയ ഉടുപ്പ്.

റാക്ക് - വെള്ളയത്തിനട്ടുത്തു മൂക്കുന്ന ഒരു മദ്യം.

റാഞ്ചൻ-ഒരു പക്ഷി.

റാഞ്ചുന്നു-പരുന്തു മുതലായ പക്ഷികൾ തക്കംനോക്കി പറന്നുവന്നു ചെറിയജന്തുക്കളെ കാൽ നഖത്തിൽ കോർത്തുകൊണ്ടു പോകുന്നു.

റാജ-ക്ഷത്രിയന്മാരുടെ ഒരുസ്ഥാനപ്പേര്.

റാട്ട്-നൂലുചുറ്റുന്ന ഒരു യന്ത്രം.

റാണി - രാജ്യഭാരംചെയ്യുന്ന രാജസ്ത്രീ, രാജ്ഞി.

റാത്തൽ - ആറേകാൽ പലം. (അറബി ഭാഷ).

റാൻ, ഇറാൻ-കല്പനപോലെ, ഉത്തരവുപോലെ, ആദരവുള്ള സമ്മതത്തെ കാണിക്കുന്ന ഒരു വ്യാക്ഷേപകപദം.

റാവുത്തു-കുതിരക്കാരൻ, (രാവുത്തൻ)

റാവുത്താർ-മഹമ്മദീയരുടെ ഒരു സ്ഥാനപ്പേര്.

റാസ-(സു) ആഘോഷമായ സുറിയാനിക്കുർബാന.

റാഹത്ത്-സമാധാനം, സുഖം. (അറബി ഭാഷ).

റിക്കാട്ട്-രേഖാവിവരം.

റുമാൽ-ഉറുമാൽ, കൈലേസ്.

റൂ(ഉറ)ശമാ-(സു). ആശീർവാദം.

റൂശ്യ വടക്കെ അറ്റത്തുള്ള ഒരു വലിയ രാജ്യം.

റൂഹാദക്കുദ്(ദി)ശാ-(സു). ആശ്വാസപ്രദൻ, പരിശുദ്ധാരൂപി, ത്രിത്വത്തിലെ മൂന്നാമത്തെ ആൾ.

റെഗുലേഷൻ-അമാലവും പോലീസും സംബന്ധിച്ച രാജ്യകാര്യങ്ങൾ നടത്തേണ്ടും നീതികളെക്കുറിച്ചു രാജാവു നിശ്ചയിച്ചെഴുതിയ കോർട്ടുകളിലും മററും സ്ഥിരപ്പെടുത്തിയിരിക്കുന്ന ഒരു പുസ്തകം

റെഡി-ഒരുക്കം, തയാർ.

റെപ്പട്ട്-ബോധിപ്പിക്കൽ. (Report).

റേന്ത-വസ്ത്രങ്ങളുടെ അററത്തു തുന്നിപ്പിടിപ്പിക്കുന്ന ഒരുമാതിരി നേരിയതരം തുണിവേല.

റൊട്ടി-ഒരു പലഹാരം.

റൊട്ടി ഈ നാട്ടിൽ പോർത്തുഗീസുകാർ മുഖാന്തരം നടപ്പായ ഒരു അപ്പമാണ്.

റോട്ട്-വഴി.

റോന്ത് - സർക്കാരുദ്യോഗസ്ഥന്മാർ രാത്രികാലങ്ങളിൽ കുടികളുടെ രക്ഷക്കുവേണ്ടി ചുററിനോക്കുക. (പോർട്ടുഗീസു ഭാഷ).

റോപ്പ്-ഒരുവലിയ ഭൂഖണ്ഡം, യൂറോപ്പ്.

റോമാ-പഴയ ക്രൂററകാരുടെ മുഖ്യസ്ഥലം.

ലിപിക്രമം—ര് & റ് =ർ).

## ള

ള—37 വ്യഞ്ജനങ്ങളിൽ ഒന്ന്, ഒരു ചില്ല്.

ളതാം-ദിവ്യതാം, മായാസംബന്ധം; ജ്യോതിസ്വരൂപം.

‘ളതാംകലന്നിളുലകാരത്തിനപ്പുറിച്ച്’

(ഹരിനാമകീർത്തനം).

## ക്ഷ

(ക-യുടെ അവസാനത്തിൽ നോക്കുക).

## ഴ

ഴ-37 വ്യഞ്ജനങ്ങളിൽ ഒന്ന്, ഒരു ചില്ല്

(ലിപിക്രമം—ള് & ഴ് =ൾ).

ശുഭം.

# അനുബന്ധം.

## അ

**അകളേബരൻ**-കാമദേവൻ. കളേബരം (ശരീരം) ഇല്ലാത്തവൻ എന്നർത്ഥം. 'അകളേബരനുമഴകമേവളക്കുമിതു' (രാമായണം ചമ്പു)

**അംഗരക്ഷണി**-ഉടുപ്പ്, ചട്ട.

**അധികരിക്ക**-(അധികപ്പെടുക എന്നതു നോക്കുക.)

**അനാമത്ത്**-പ്രത്യേകം ഇനത്തിൽപ്പെടാത്തതു്.

**അനുകൂലം**-അനുകൂലം > < പ്രതികൂലം. പുല്ലിംഗം 'അനുകൂലൻ'.

**അന്തിക്രിസ്തു**-(ഗ്രീ) ക്രിസ്തുവിന്റെ വിരോധി; ക്രിസ്തുവിന്റെ സഭയ്ക്കു വിരോധമായി ലോകാവസാനത്തിനു മുമ്പു വരുവാനിരിക്കുന്ന ഒരു ദുഷ്ടൻ.

**അന്ത്യലേപനം**-ഒടുവിലത്തെ ഒപ്രുശുമ; മരണാപകടത്തിലിരിക്കുന്ന ഒരു ക്രൈസ്തവന്റെ ശരീരത്തിനു സൌഖ്യവും, പാപത്തിനു പൊറുതിയും, ആത്മാവിനു അന്ത്യസമരത്തിൽ ശക്തിയും പ്രദാനം ചെയ്യുന്നതിനായി സൈത്തുകൊണ്ടു പൂശുന്ന ഒരു കൂദാശ.

**അന്നേ**-അന്നുതന്നെ.

**അപ്പോസ്തോലൻ**-(ഗ്രീ). പ്രേഷിതൻ; അയയ്ക്കപ്പെട്ടവൻ; ക്രിസ്തുവിന്റെ അപ്പോസ്തോലന്മാർ പന്ത്രണ്ട്. ൧. പത്രോസ്. ൨. അന്ത്രയോസ്. ൩. യാക്കോബ്. ൪. യോഹന്നാൻ. ൫. പീലിപ്പോസ്. ൬. ബർത്തലോമ്യോ. ൭. തോമ്മ. ൮. മത്തായി. ൯. (ചെറിയ) യാക്കോബ്. ൰. തദേവൂസ്. ൰൧. ശെമഓൻ. ൰൨. യൂദാ.

**അഭിഭാഷകൻ**-വക്കീൽ.

**അഭിഭാഷിക്ക**-ന്യായവാദംചെയ്ക.

**അമലോത്ഭവം**-പാപംകൂടാതെയുള്ള ജനനം, കന്യകമറിയത്തിന്റെ ഉത്ഭവദോഷംകൂടാതെയുള്ള പിറവി.

**അമ്മാച്ചൻ**-൧. അമ്മാവൻ, അമ്മയുടെ സഹോദരൻ. ൨. മൂപ്പീന്ന്, വയസ്സൻ.

**അയിത്തം**-അശുദ്ധി, തീണ്ടല്യം തൊടീല്യം. (ഇതു് അശുദ്ധി എന്നവാക്കു ദുഷിച്ചുണ്ടായതാണ്.)

**അരങ്ങഴിയുക**-ആരെയും ഭയമില്ലാതെ താന്തോന്നിത്തമായി പ്രവർത്തിക്കുക.

**അർദ്ധരാത്രികുടപിടിക്ക** - (ശൈലി) അനാവശ്യമായി ആഡംബരം ഉപയോഗിക്കുക.

**അർവാചീനം**-ഇക്കാലത്തുള്ളതു്. അർവാചീനം > < പ്രാചീനം.

**അലാഹാ** - എന്തുവേണ്ടുഎന്നുള്ള വിചാരം. (ദേശ്യപദം).

**അവസാനവിധി** - ലോകാവസാനത്തിൽ ക്രിസ്തു സകലമനുഷ്യരുടേയും മേൽ അവരുടെ പുണ്യത്തിനും പാപത്തിനും അനുസരണമായി പ്രസ്താവിക്കുന്നവിധി.

**അവിടത്തേ**-ആ സ്ഥലത്തെ.

**അവിടുത്തെ**-അദ്ദേഹത്തിന്റെ.

**അസ്തമാനം**-(അസ്തമയം എന്നുവേണം).

**അള്ളുള്ളം**-സങ്കടം, വേദന.

"പിള്ളമാപ്പിളചെട്ടിമാനിച്ചു
തല്ലിമയങ്ങിയള്ളുള്ളമാഴിചല്ലി"
(ഭാഗവതം)

**അൾത്താര**-( [illegible] ). ബലിപീഠം.

അൾമായർ-(സു). ലൗകികർ.

അറു-വി. അറുന്ന, അവസാനിക്കുന്ന.

## ആ

ആഗമനകാലം-ക്രിസ്തുമസ്സിനു മുമ്പുള്ള നാലു് ആഴ്ചവട്ടം.

ആഗ്രഹം-ഇതു (മലയാള) ഭാഷാപദമാകുന്നു.

ആഞ്ജനേയൻ-ഹനുമാൻ. (അഞ്ജനയിലുണ്ടായവൻ).

ആദം-(ഹീ). മനുഷ്യൻ, ബൈബിൾപ്രകാരം ആദ്യമനുഷ്യന്റെ പേർ.

ആദരവു്-(ആദരം എന്നു മതി).

ആനവിററുമതിയാമോ- (ശൈലി). വലിയവരെ എളിയവർക്കു തോല്പിപ്പാൻ കഴിയുന്നതാണോ?

ആർകലി-സമുദ്രം.

'ആർകലിയിൽ ചിറയിട്ടുകടന്നതും'
(രാമാശ്വമേധം)

ആലപിക്ക, ആലാപിക്ക-ക്രി. പാടുക. ൨. സംഭാഷണംചെയ്ക.

ആശാരി- ശില്പികളിൽ ഒരു വകഭേദം. ശില്പി-വിശ്വകർമ്മജനം. (ചിലർ 'ആചാരി' എന്നും എഴുതുന്നുണ്ടു്).

## ഇ

ഇരുട്ടുകൊണ്ടു് ഓട്ട അടയ്ക്ക-(ശൈലി). തല്ക്കാലത്തേയ്ക്കു പ്രതിവിധിചെയ്ക.

ഇലവുകാത്തശുകം-(ശൈലി). ആശിച്ചുകാലംകഴിയുന്നവൻ.

ഈശോ-(സു). രക്ഷകൻ, യേശു.

ഈശോമിശിഹാ-യേശുക്രിസ്തു.

## ഉ

ഉണ്ടചോററിൽകല്ലിടുക-(ശൈലി). നന്ദിയില്ലായ്മ കാണിക്ക.

ഉത്ഭവദോഷം-ആദത്തിന്റെ പാപം മൂലം മനുഷ്യവർഗ്ഗത്തിനു ജനനത്തിലേ ഉള്ള ആദ്ധ്യാത്മികമായ ഒരു വൈകല്യം.

ഉന്മി-(കല്യാണസൗഗന്ധികം തുള്ളലിൽ 'ഉന്മി' എന്നു കാണുന്നതു് 'ഉന്മീലിതം' എന്നു വായിക്കണം).

ഉയിർപ്പുതിരുനാൾ- ഈസ്റ്റർ, യേശുക്രിസ്തു മരിച്ചു സംസ്കരിക്കപ്പെട്ടിട്ടു മൂന്നാംദിവസം സജീവനായി ഉത്ഥാനം ചെയ്തതിന്റെ സ്മരണാദിനം.

ഉല്ലുല്ല-കുരവ. ഉ-ം, ഉല്ലുല്ലധ്വനി.

## എ

എപ്പിഫനി-(ഗ്രീ). പതിമൂന്നാം തിരുനാൾ, പ്രകാശം, ഉദയം, ജ്യോതിശ്ശാസ്ത്രജ്ഞന്മാരായ പൂർവ്വദേശ രാജാക്കന്മാർ ഒരു അസാധാരണ നക്ഷത്രത്താൽ നീതരായി ബേത്ലഹമിൽ ചെന്നു യേശുവിനെ ആരാധിച്ച ദിവസം.

എമ്മാനുവേൽ-(സു). ദൈവം നമ്മോടു കൂടെ; ഏശയ്യാദീർഘദർശി യേശുവിനു നൽകിയ പേർ

എവൻഗേലിയോൻ- (ഗ്രീ). സുവിശേഷം.

എവൻഗേലിസ്ത-(ഗ്രീ). സുവിശേഷകർത്താവു്. എവൻഗേലിസ്തമാർ നാലു്. മത്തായി, മർക്കോസ്, ലൂക്ക, യോഹന്നാൻ.

ഏഴകോഴകൾ-സമ്മാനം കൈക്കൂലി മുതലായവ.

ഏറെപ്പോന്ന-ധാരാളമുള്ള.

ഐക്യത-(ഐക്യം മതിയാകും).

ഐരാവത —ഇന്ദ്രന്റെ ആനയായ ഐരാവതത്തിന്റെ കൊമ്പു് കുംഭകർണ്ണൻ ഒടിച്ചിട്ടുണ്ടു്. (വാല്മീകിരാമായണം യുദ്ധകാണ്ഡം നോക്കുക).

## ഒ

ഒടുവിലത്തെ അത്താഴം-യേശു ശ്ലീഹന്മാരോടു കൂടി പീഡാനുഭവത്തിനുമുമ്പു കഴിച്ച അന്ത്യഭക്ഷണം.

ഓത-സമുദ്രം. (ഓതിന്മാതു = ലക്ഷ്മി).

ഓർശ്ലേം- (സു). സമാധാനത്തിന്റെ പുൽക്കൂട്, പൂർണ്ണപ്രഭ, ജറുസലേം പട്ടണം.

ഓശാന-(ഹി). സന്തോഷത്തോടുകൂടിയുള്ള ആർപ്പുവിളി, യേശു പീഡാനുഭവത്തിന് ആറു ദിവസം മുമ്പ് ആഘോഷമായി ഓർശ്ലേം പട്ടണത്തിൽ പ്രവേശിച്ചതിന്റെ സ്മരണ.

ക

കടമ-കർത്തവ്യം, നിശ്ചയമായി ചെയ്യേണ്ടതു്, ചുമതല.

കണ്ടമാനം-തുമ്പില്ലാത്ത സ്ഥിതി, എന്തെങ്കിലും ബോധിച്ചതുപോലെ വിചാരശൂന്യമായി ചെയ്യുന്ന സ്ഥിതി.

കത്ത(ത്ത)നാർ-സുറിയാനി വൈദികന്നുള്ള സ്ഥാനപ്പേർ.

കത്തീദ്രാൽ-(ഗ്രീ). മെത്രാസനപ്പള്ളി.

കർദ്ദിനാൾ-(ല). പ്രധാനി, വൈദികപ്രഭു.

കപ്യാർ-(പോ) ദൈവാലയം സൂക്ഷിക്കയും വൈദികകർമ്മങ്ങളിൽ പരിചരിക്കയും ചെയ്യുന്ന ആൾ.

കാനോന-(ഗ്രീ). നിയമം.

കാനോനനമസ്കാരം-വൈദികർ പ്രതിദിനം നിശ്ചിതസമയങ്ങളിൽ എത്തിക്കുന്ന ജപം.

കാനോൻനിയമം-കത്തോലിക്ക സഭയുടെ നിയമസംഹിത.

കാപ്പ-വൈദികർ ചില മതകർമ്മങ്ങളിൽ ധരിക്കുന്ന പുറംകുപ്പായം.

കാർത്ത്യായനി-കാത്യായനി

'കൃതം പ്രപഞ്ചമിത്യുക്തം
തത്ത്വം കാർത്ത്യമുച്യതേ ।
യത്തത്രശാന്തസാധീയം
തസ്മാൽ കാർത്ത്യായനീസ്മൃതാ ॥

കാരു-(സ്ഥപതി എന്നതു നോക്കുക).

കാസ-(സു). ക്രിസ്തീയവൈദികർ കുർബാനയിൽ ഉപയോഗിക്കുന്ന ഒരു പാത്രം.

കാസോ(തോ)ലിക്ക-(ഗ്രീ). പൊതുവായത്, സമാധ്യക്ഷൻ.

കുട്ടകടെ-ധാരാളമായി.

കുമ്പസാരം-(പോ). പാപസങ്കീർത്തനം, ഒരു കൂദാശ.

കുമ്പിരിക്കൂട്ടുക-ചവറിനു തീയിട്ടതിൽ തല്ലി തീപ്പൊരി പറപ്പിച്ചു കുട്ടികൾ കളിക്കുക.

കുമിഞ്ഞുമെന്ത്-പോ. ശവസംസ്കാരം.

കുംഭകർണ്ണൻ-(ഐരാവതം നോക്കുക)

കുരിശ്-(ക്രൂശ് എന്നതു നോക്കുക.)

കുർബാന-(സു). ബലി; പൂജ

കുർബാനഎന്നകൂദാശ- അപ്പത്തിന്റെയും വീഞ്ഞിന്റെയും സാരാംശം യേശുവിന്റെ ശരീരവും രക്തവുമായി അത്ഭുതമാംവണ്ണം വസ്തുഭേദപ്പെടുന്ന ഒരു കൂദാശ.

കുളത്തിലെവിളവ്-(ശൈലി) പ്രസരിപ്പില്ലാത്തവൻ.

കൂദാശ-(സു). വിശുദ്ധത; മനുഷ്യരുടെ ആത്മാക്കളെ വിശുദ്ധപ്പെടുത്തുന്നതിന്നായി യേശു സ്ഥാപിച്ചതും ഇന്ദ്രിയഗോചരമായതും ദൈവപ്രസാദവരത്തെ ഉളവാക്കാൻ പര്യാപ്തമായതുമായ ഒരു ബാഹ്യചിഹ്നം. കൂദാശകൾ ഏഴ്. മാമ്മോദീസ, മുമ്പിലത്തെ ഒപ്രുശുമ, കുർബാന, കുമ്പസാരം, ഒടുവിലത്തെ ഒപ്രുശുമ, പട്ടം, വിവാഹം.

കൂർമ്മബുദ്ധി-(ബുദ്ധിയുടെ കൂർമ്മ എന്നതു നന്ന്).

കൊന്ത-കത്തോലിക്കർ ഉപയോഗിക്കുന്ന ജപമാല, കന്യകമറിയത്തോടുള്ള ഭക്തിയെക്കുറിച്ചു കത്തോലിക്കർ നടത്തുന്ന ഒരുതരം ജപസംഹിത.

കൊവേന്ത-(ല). സന്യാസാശ്രമം.

ക്രമീകരിക്ക-(ക്രമപ്പെടുത്തുക നോക്കുക)

ക്രിസ്തു-(ഗ്രീ). അഭിഷിക്തൻ, പൂശപ്പെട്ടവൻ.

ക്രിസ്തുമസ്സ്-(ഇ). യേശുവിൻെറ ജനനദിവസം.

ക്രിസ്ത്യാനി-(ല). യേശുവിൻെറ അനുയായി.

ക്രോധാലയം, കോപാലയം—കോപിക്കുമ്പോൾ ഇരിപ്പാനുള്ള അറ.

## ച

ചെമ്മാക്കുന്നു-പരിഷ്കരിക്കപ്പെടുന്നു.

ചേക്ക-പട്ടട.

'ആവതില്ലാത്ത കൂട്ടർ ചേക്ക തൻ കോണുകളിൽ തീവെച്ചാർ'

ജാഗ്രത-(ജാഗരൂകത നന്ന്).

## ത

തക്സ-(സു). ക്രമം, ക്രമപ്പുസ്തകം. സുറിയാനി വൈദികർ കുർബാനയിൽ ഉപയോഗിക്കുന്ന പുസ്തകം.

തക്ഷകൻ-(സ്ഥപതി എന്നതു നോക്കുക)

തത്വം-(തത്ത്വം എന്നതാണ ശരി. മഹത്വം മുതലായതും അപ്രകാരം തന്നെ)

താറുന്നു-(പ. മ.) ശകാരിക്കുന്നു, അധിക്ഷേപിക്കുന്നു.

താമരസാക്ഷൻ - 'താമരസാക്ഷൻെറ മെത്തമേൽതാഴത്തു' ഇത്യാദി കല്യാണസൌഗന്ധികം തുള്ളലിൽ കാണുന്ന വളച്ചുകെട്ടിൻെറ അർത്ഥം അറിയുന്നതിന 'ഹനുമാൻ' എന്ന പദം നോക്കുക.

തിരുശ്ലീഷിപ്പ്-വിശുദ്ധന്മാരുടെ ശരീരാവശേഷവും മററും.

തീയാറ-(ല). മാപ്പാപ്പയുടെ മകുടം.

തുരപ്പ്-ഗ. ഗതാഗതത്തിനുള്ള തുരങ്കം. (ഭാരം). വ. ഓവ്.

തുറവി-ജ്ഞാനി.

തുറവൽ-ത്യാഗികൾ.

തു(തിരു)പ്പാഥേയം-മരണാപകടത്തിലിരിക്കുന്ന കത്തോലിക്കന പരലോകത്തിലേക്കുള്ള യാത്രയിൽ ശക്തി ലഭിക്കുന്നതിനായി നല്കപ്പെടുന്ന വിശുദ്ധ കുർബാന.

തേജോവധം-അത്യപമാനം.

തോമ്മാ-(ഹി). സഹദേൻ. മലങ്കരസഭാസ്ഥാപകൻ; യേശുവിൻെറ ശ്ലീഹന്മാരിൽ ഒരാളായ ഇദ്ദേഹം ഭാരതത്തിൽ കറാച്ചി, സിന്ധു, മുതലായ സ്ഥലങ്ങളിൽ സുവിശേഷം അറിയിച്ചശേഷം എ. ഡി. ൫൨-ൽ മലങ്കരെ എത്തി അനേകായിരംപേരെ ജ്ഞാനസ്നാനപ്പെടുത്തുകയും, ഏഴുപള്ളികൾ സ്ഥാപിക്കയും ചെയ്തശേഷം എ. ഡി. ൭൨-ജൂലൈ ൩-ാംനു- മൈലാപ്പൂരിൽവച്ചു ചരമംപ്രാപിച്ചു. മലങ്കരെ ഇദ്ദേഹം ജ്ഞാനപ്പെടുത്തിയവരുടെ സന്താനങ്ങളത്രെ സുറിയാനിക്കാർ.

ത്രിത്വം- ഏകദൈവത്തിൽ ബാവ, പുത്രൻ, പരിശുദ്ധാത്മാവ് എന്നിങ്ങനെ മൂന്നാളുകൾ ഉണ്ടെന്നുള്ള തത്വം.

## ദ

ദണ്ഡവിമോചനം-പീഡകളുടെ മോചനം. പാപത്തിൻെറ കറാം, മോചിക്കപ്പെട്ടതിന ശേഷം അതിനുള്ള താല്കാലിക ശിക്ഷയുടെ ഒഴിവ്.

ദണ്ഡുചാവട്ട-ചാരീയിരിക്കാനും മററും വട്ടത്തിലുണ്ടാക്കീട്ടുള്ള തലയണ.

ദനഹാ-(സു). ഉദയം. (എപ്പിഫനി നോക്കുക).

ദന്തളി-ഇടപ്പള്ളിനാട്ടിൻെറ അപരനാമധേയം.

ദഹിക്ക-ഭസ്മമാകുക. (സകർമ്മകമായി പ്രയോഗിക്കാം).

ദിവ്യകാരുണ്യം-വി. കുർബാന. (കുർബാന എന്ന ക്രമശേനോക്കുക.)

ദിവ്യപൂജ-കുർബാന.

ദുക്റാന-(സു). ഓർമ്മ, മാർതോമ്മാശ്ലീഹായുടെ മരണദിനത്തെ സ്മരിച്ചുകൊണ്ടു ഭാരതീയർ ജൂലൈ ൩-ാംനു- കൊണ്ടാടുന്നതിരുനാൾ.

ദുക്റാനാദിനം - ഓർമ്മയുടെ ദിവസം. ഭാരതശ്ലീഹായായ മാർതോമ്മായെ സ്തുതിക്കുന്നതിനായി ഭാരതീയ ക്രൈസ്തവർ ആഘോഷിക്കുന്ന ദേശീയദിനം

ദുരാഗ്രഹം - ദുശ്ശാഠ്യം (സം).

ദുഃഖവെള്ളിയാഴ്ച - യേശുവിന്റെ പീഡാനുഭവത്തിന്റെയും മരണത്തിന്റെയും സ്മരണാദിനം.

## ന

നയിക്കുന്നു - പ്രാപിക്കുന്നു. (പ്രാപിപ്പിക്കുന്നു എന്നുവേണ്ട).

നാസ്കൂട - കമിഴ്.

നിവ്യ - (സു). ദീർഘദർശി.

നിശ്ചയമായും - (നിശ്ചയമായി എന്നു മതി).

നോമ്പ്, നൊയമ്പ് - ഉപവാസം, വർജ്ജനം.

## പ

പകട - ചൂതു(കളിക്കുന്ന) 'പകിട' എന്ന ശബ്ദത്തിനാണ് അധികം പ്രചാരം. (പകിരി, പകരി ഇങ്ങനെയും കാണുന്നു).

പഞ്ചവടി - ഇതു ദണ്ഡകാരണ്യത്തിൽ ഗോദാവരിതീരത്തിൽ സ്ഥിതിചെയ്തിരുന്നു. ഇപ്പോൾ 'നാസിക' എന്നു പറയുന്നു. അഞ്ചു വടവൃക്ഷങ്ങൾ ഒന്നുചേർന്നു നില്ക്കുന്നതു് എന്നു ശബ്ദാർത്ഥം.

പട്ടക്കാരൻ - വൈദികൻ, പട്ടമുള്ളവൻ.

പട്ടം - ബലിയർപ്പിക്കുന്നതിനും മററു വൈദിക കർമ്മങ്ങൾ നടത്തുന്നതിനും മനുഷ്യന് അധികാരം കൊടുക്കുന്ന ഒരു കൂദാശ.

പഠിതാ - (മലയാളത്തിൽ 'പഠിത്തം' എന്നു മതി).

പണ്ടളം - കാൽശരായി, കാലുടുപ്പ്

പത്തീറ - (ഹി). പുതിയ അഥവാ പുളിയില്ലാത്ത അപ്പം.

പന്തക്കുസ്താ - (ഗ്രി). പരിശുദ്ധാത്മാവ് ശ്ലീഹന്മാരുടെ മേൽ ആവസിച്ച ദിവസം

പവിരി - ചുററൽ.

പഴയനിയമം - വേദപുസ്തകത്തിലെ പൂർവ്വഭാഗം. സൃഷ്ടിമുതൽ യേശുവിന്റെ ജനനംവരെ ലോകചരിത്രത്തെ വിശിഷ്യാ യഹൂദചരിത്രത്തെ വിവരിക്കുന്ന ഈ ഭാഗത്തിൽ ആകെ ൪൬ ഗ്രന്ഥങ്ങളുണ്ട്.

പറുദീസാ പറുദൈസാ - (ഹി). തോട്ടം, ഏദേൻതോട്ടം. ബൈബിൾപ്രകാരം ആദവും ഹവ്വയും ആദ്യം വസിച്ച സ്ഥലം.

പാകത - (പകത കുറെക്കൂടി നന്ന്)

പാതിരാപ്പൂ - തിരുവാതിരക്കളിയിലുള്ള ഒരു ചടങ്ങ്. ഈ കളിയിൽ അർദ്ധരാത്രിക്കാണു ദുർഗ്ഗാദേവിയുടെ പൂജാസമർപ്പണം. അതു കഴിഞ്ഞു ദേവിയുടെ പ്രസാദമായ പൂവ് കന്യകമാരെ അണിയിക്കുന്ന ചടങ്ങത്രേ പാതിരാപ്പൂ.

പാത്രിയർക്കീസ് - (ഗ്രി) പല വൈദിക സംസ്ഥാനങ്ങളുടെ അധികാരിയായി മെത്രാന്മാർക്കു മേലുള്ള ഒരു വൈദികാധികാരി.

പാലിക - മേൽകട്ടി.

പാലിയം - (ല) - മാർപ്പാപ്പ, പാത്രിയർക്കീസ്, മെത്രാപ്പോലീത്ത എന്നിവർ ധരിക്കുന്ന ഒരു സ്ഥാനവസ്ത്രം.

പിതൃപിണ്ഡം - ബലിയിടുമ്പോൾ പിതൃക്കൾക്കായി വെയ്ക്കുന്ന പിണ്ഡം.

പീലാസാ - (സു). വൈദികർ കുർബ്ബാനയിൽ ഉപയോഗിക്കുന്ന ഒരു ചെറിയ താലം.

പുതിയ നിയമം - വേദപുസ്തകത്തിലെ ഉത്തരഭാഗം. ഇതിൽ സുവിശേഷങ്ങൾ, അപ്പസ്തോലനടപടികൾ, പൌലോസ്, പത്രോസ്, യാക്കോബ്, യോഹന്നാൻ, യൂദാ ഇവരുടെ ലേഖനങ്ങൾ, വെളിപാട് എന്നിങ്ങനെ ൨൭ ഗ്രന്ഥങ്ങൾ അടങ്ങിയിരിക്കുന്നു.

**പുഷ്പകം**-പുഷ്പകവിമാനത്തെ ബ്രഹ്മാവു് വൈശ്രവണനു കൊടുപ്പാൻ കാരണം തപസ്സുകൊണ്ടു സന്തോഷിച്ചതാണു്. ബ്രഹ്മകല്പനനിമിത്തം വൈശ്രവണന്റെ അനുവാദത്തിനായി പുഷ്പകം ഭൂമിയെ ഇരിപ്പിടമാക്കി.

**പുറാട്ടുകാരൻ**-വിദൂഷകൻ.

**പൂർവ്വപിതാക്കന്മാർ** - ദൈവാവിഷ്കരണത്തെ പരിപാലിച്ച പുരാതന പിതാക്കന്മാർ. അവർ:- ആദം, സേത്തു്, ഏനോസ്, കൈനാൻ, മലാലീൽ, യാരെദ്, ഹെനോക്ക്, മത്തുസലേം, ലാമെക്ക്, നോഹ്, സെം അർഫക്സാദ്, കൈനാൻ, സാലെ ഹേബർ, ഫാലെഗ്, രാവു്, സാറൂഗ്, നാക്കോർ, താർ, അബ്രാഹം, ഇസ്സഹാക്ക്, യാക്കോബു്.

**പെസഹാ**-(സു). സന്തോഷം, കടന്നുപോക്കു്; വിരുന്നു; യഹൂദരുടെ ഒരു തിരുനാൾ.

**പെസഹാഭക്ഷണം** - പെസഹാദിവസം യേശു സ്ലീഹന്മാരോടുകൂടി നടത്തിയ ഒടുവിലത്തെ ഭക്ഷണം.

**പെസഹാവ്യാഴാഴ്ച** - യേശുവിന്റെ പെസഹാഭക്ഷണത്തെ ക്രിസ്ത്യാനികൾ സ്മരിക്കുന്ന ദിനം.

**പൊരുൾ**-വ്യ. ഇരുൾ ൻ. സാരം.

**പോത്തു്**-പൂവു്. (പോതിന്മാതു്=ലക്ഷ്മി.

**പ്രഹരം**-('അടി' എന്ന അർത്ഥത്തിൽ 'പ്രഹാരം' എന്നേ പ്രയോഗിക്കാവൂ)

**പ്രാസംഗികൻ**-(ഇതു ശരിയല്ല; പ്രസംഗകർത്താവു് എന്നു മതി).

**പൈശൂന്യം**-(പൈശുന്യം എന്നു മതി).

## ബ

**ബിറേത്ത**-(ല). കത്തോലിക്കാ വൈദികർ മതകർമ്മങ്ങൾ നടത്തുമ്പോൾ ധരിക്കുന്ന തൊപ്പി.

**ബൂള**-(ല). മാർപ്പാപ്പ പ്രധാനകാര്യങ്ങളെ തീരുമാനിച്ചു ഔദ്യോഗികമായി അയയ്ക്കുന്ന കത്തു്.

**ബേത്‌ലേം**-(സു) അപ്പത്തിന്റെ വീടു്. യേശു ജനിച്ച സ്ഥലം.

**ബ്രെവിയറി**- (ല). ('കാനോനനമസ്കാരം' നോക്കുക).

## മ

**മഞ്ഞൾപറിക്ക** - (ശൈലി). നാണം കെടുക.

**മഞ്ഞുകൊള്ളുക**-(ശൈലി) നിഷ്ഫലമായി പ്രവർത്തിക്കുക.

**മണ്ടഗണേശൻ**-വലിയ വിഡ്ഢി. (ചിലർ 'മണ്ടു ഗണേശൻ' എന്നും പറയുന്നുണ്ടു്).

**മണ്ണുകപ്പുക**-(ശൈലി). വശംകെടുക,

**മണ്ണടിയുക**-മരിക്കുക.

**മത്സ്യവല്ലഭൻ**-ഹനുമാന്റെ പുത്രൻ.

**മത്സ്യോദരീയൻ**-വേദവ്യാസൻ.

**മന്നാ**-(ഹി). 'ഇതെന്താകുന്നു' എന്നു വാച്യം. ഇസ്രായേൽ ജനത്തിനു മരുഭൂമിയിൽവച്ചു ലഭിച്ച ഒരു ഭക്ഷണസാധനം.

**മദ്ബഹാ**-(സു). ബലിപീഠം സ്ഥിതിചെയ്യുന്ന സ്ഥലം, പൂജാമണ്ഡപം.

**മഹാജ്ജനം**-(മഹാജനം എന്നു വേണം).

**മറഞ്ഞുനികരുക**-ലയിച്ചുചേരുക.

"പഞ്ചാക്ഷരത്തടിശ്ചാലതാപുഷ്പ-
സഞ്ചയംതന്നിൽ മറഞ്ഞുനികരുന്ന"
(കല്യാണസൗഗന്ധികം തുള്ളൽ)

**മറിയം**-(സു). യേശുവിന്റെ മാതാവിന്റെ പേർ; "കർത്താവിന്റെ അമ്മ". എന്നു വാച്യം.

**മാതൃനന്ദനൻ**-സുബ്രഹ്മണ്യൻ.

**മാമ്മോദീസ**-(സു). സ്നാനം; ജ്ഞാനസ്നാനം; ഒരുവനെ ക്രിസ്ത്യാനിയാക്കുന്ന ക്രമം.

**മാർ, മാറാ**-(സു). നാഥൻ; കർത്താവു്.

**മാലാഖ**-(ഹി). ദൂതൻ, ദൈവദൂതൻ.

**മാറാമ്പൽ**-ചിലന്തിവല.

**മിണുങ്ങുക**-നാണിക്കുക.

മിശിഹാ, മ്ശിഹാ - അഭിഷിക്തൻ, ക്രിസ്തു.

മുകത്തരം - ശ്രേഷ്ഠമായ.

മുഖത്തുകരിതേയ്ക്കുക - ആശാഭംഗപ്പെടുത്തുക, പ്രത്യക്ഷമായി ആക്ഷേപിക്കുക.

മുഖിയാക്കുക - പൂർത്തിയാക്കുക.

മുങ്ങാങ്കുഴിയിടുക - വെള്ളത്തിനടിയിൽ കൂടി നീന്തിച്ചെല്ലുക.

മുടി - ('തല' എന്ന് ഇതിന് അർത്ഥമില്ല).

മുട്ടാപ്പോക്ക് - മുരട്ടുത്തരം, വിചാരംകൂടാതെ തനിക്കാകാത്ത കാര്യം സാധിപ്പാൻ നോക്കുക.

മുണ്ടാണി - മൂന്ന മാഹാണി കൂടിയതു. ഒന്നിന്റെ പതിനാറു ഭാഗങ്ങളിൽ മൂന്ന ഭാഗം കൂടിയത്.

മുനപ്പിക്കുക - കൂർപ്പിക്കുക, മുനയുണ്ടാക്കുക.

മുപ്പൂരം - പൂരം, പൂരാടം, പൂരുരുട്ടാതി ഇവ മൂന്നും കൂടിയത്

മുമ്പിലത്തെ പ്രംശുമ - ക്രൈസ്തവന വിശ്വാസത്തിൽ സ്ഥിരത നൽകുന്നതിനായി മൈസെത്തുകൊണ്ടു പൂശുന്ന ഒരു കൂദാശ.

മുളഞ്ഞിൽ - ചക്കയരക്ക്.

മുള്ളുക - മൂത്രംവീഴ്ത്തുക

മുള്ളുപറയുക - ചക്കര വാക്ക പറഞ്ഞു ശാസിക്കുക.

മുഴ - പൂർണ്ണമായ.

മുഴുപ്പിക്ക - മുഴുവനാക്കുക, അവസാനിപ്പിക്ക.

മൂച്ച് - ശക്തി, ഗർവ്വം.

മൂച്ചെടുക്കുക - ഗർവ്വംകാണിക്കുക.

മൂട്ടക്കാരൻ - ചുമട്ടുകാരൻ, ഭാണ്ഡംചുമക്കുന്നവൻ.

മെ(മി)ത്രാൻ - (സു) രൂപതയുടെ ഭരണാധികാരി, ബിഷോപ്പ്.

മൂർത്തീകരിക്കുന്നു - (മൂർത്തീഭവിക്കുന്നു എന്ന വേണം).

മെ(മി)ത്രാപ്പോലീത്താ - അതിരൂപതയുടെ ഭരണാധികാരി, ആർച്ച്ബിഷോപ്പ്.

മെന - വൃത്തി.

മെരിളുക - മയപ്പെടുക.

മെരുക്കുക - ഇണക്കുക.

## യ

യമലോകംപിരട്ടി - വലിയ കള്ളൻ.

യേശു, ഈശോ - രക്ഷകൻ, യേശുക്രിസ്തു, ഈശോമിശിഹാ.

യൌസേപ്പ് - (സു). യേശുവിന്റെ വളർത്തുപിതാവിന്റെ പേർ.

## ര

രക്ത(വേദ)സാക്ഷി - മതത്തിനുവേണ്ടിയോ, മതത്തിന്റെ ഏതെങ്കിലും തത്വത്തിനുവേണ്ടിയോ മരണകരമായ പീഡകൾ സഹിക്കയോ അഥവാ മരണം വരിക്കയോ ചെയ്യുന്നവൻ.

രത്നച്ചുരുക്കം - ആകപ്പാടെയുള്ള സാരം.

രൂപത - മെത്രാന്റെ ഭരണത്തിൻ കീഴുള്ള ദേശം.

രൂപവൽക്കരിക്ക - രൂപപ്പെടുത്തുക.

രൂപീകരിക്ക - (ശരിയല്ല. രൂപവൽകരിക്ക എന്നുവേണം).

## ല

ലക്ഷ്മണൻ - ഇദ്ദേഹത്തിന് ഊർമ്മിളയിൽ ഒരു പുത്രൻ ജനിച്ചിട്ടുണ്ട്. പേർ 'അംഗദൻ'

ലക്ഷാപിലക്ഷം - (ലക്ഷോപലക്ഷം എന്നതാണ് ശരി).

ലസീഞ്ഞു - (പോ) ചെറിയ സ്തുതിപ്പ്. കത്തോലിക്കരുടെ ഒരു മതകർമ്മം.

ലാക്കുമാറാ - (സു) സുറിയാനിക്രിസ്ത്യാനികൾ ദൈവത്തോട്ട് സ്തുതിപ്പ

ർപ്പിക്കുന്നതായി നടത്തുന്ന ഒരു സ്തോത്രഗീതം.

## വ

**വഞ്ചകൻ**–(സ്ത്രീലിംഗം 'വഞ്ചിക')

**വധ്നവ്**–ആദരവും ഭയവും വകാരം ചേർന്ന് നടപ്പിൽ വന്നുപോയതു അങ്ങനെയിരിക്കട്ടെ. വധ്നവ് എന്നതിലേ 'വ' ഉപേക്ഷിച്ചേ കഴിയൂ.

**വത്തിക്കാൻ**–മാർപ്പാപ്പായുടെ അരമന.

**വത്തിക്കാൻപട്ടണം**–വത്തിക്കാൻസംസ്ഥാനത്തിന്റെ തലസ്ഥാനം.

**വത്തിക്കാൻസംസ്ഥാനം**–മാർപ്പാപ്പയുടെ ലൗകികാധികാരത്തിൽപെട്ടരാജ്യം.

**വപിലൻ**–പൂർവികൻ, പിതാവ്.

**വൽകി**–('സ്ഥപതി' നോക്കുക.)

**വികാരി**–ഇടവക ഭരണാധികാരിയായ വൈദികൻ.

**വികരിജനറാൾ**–വികാരിമാരിൽ പ്രധാനി. രൂപതാഭരണത്തിനു തന്നെ സഹായിക്കുവാൻ മെത്രാൻ നിയമിക്കുന്ന വൈദികശ്രേഷ്ഠൻ.

**വിശുദ്ധവാരം**–വലിയനോമ്പിലെ അവസാനത്തെ ആഴ്ച; യേശുവിന്റെ പീഡകളെ സ്മരിക്കുന്ന ആഴ്ച.

**വിശുദ്ധഗ്രന്ഥം**–വേദപുസ്തകം, ബൈബിൾ.

**വിശീർണ്ണ**–വി. ക്രി. ചിതറിയ. ന. ചീഞ്ഞ.

**വെന്തിങ്ങ**–(പോ) ചെറിയ വസ്ത്രം, രോമംകൊണ്ടുള്ള രണ്ടുചതുരത്തുണിക്കഷണങ്ങൾ ചരടുകൊണ്ടുബന്ധിച്ചു കത്തോലിക്കർ കഴുത്തിൽധരിക്കുന്ന ഒരു ഭക്തവസ്തു.

**വെസ്പര**–(ല). സന്ധ്യാനമസ്കാരം വൈദികർ ഉച്ചയ്ക്കു ശേഷം നടത്തുന്ന ഒരു ജപം.

**വേദപുസ്തകം**–ബൈബിൾ, യഹൂദരുടെയും ക്രൈസ്തവരുടെയും മതഗ്രന്ഥസംഹിത. കത്തോലിക് വേദപുസ്തകത്തിൽ ൭൨ ഗ്രന്ഥങ്ങൾ ഉണ്ട്. അതിന്റെ പൂർവ്വഭാഗമായ പഴയ നിയമത്തിൽ ൪൫-ം, ഉത്തരഭാഗമായ പുതിയ നിയമത്തിൽ ൨൭-ം ഗ്രന്ഥങ്ങൾ ഉണ്ട്.

**വെരുസ്സ്**–സാമർത്ഥ്യം, കഴിവ്, മിടുക്ക്.

## ശ

**ശമ്മാശ്ശ്**–(സു). വൈദിക വിദ്യാർത്ഥി.

**ശേഷി**–സാമർത്ഥ്യം.

(ശേഷിഎന്നതു മലയാള പദമാണ്. അതുകൊണ്ട് 'ശേഷിമാൻ' എന്നെഴുതുന്നതു നന്നല്ല).

**ശെവ്ര്യാർ (ഫ്രാൻസീസ്)**–ഭാരതത്തിന്റെ ദ്വിതീയ ശ്ലീഹാ; ഭാരതപ്രവേശം ചെയ്ത പ്രഥമ ഈശോസഭാ പാതിരിയായ ഇദ്ദേഹം ൧൫൦൬-ൽ ജനിക്കയും ൧൫൪൨-ൽ ഇൻഡ്യയിൽ വരികയും ചെയ്തു. മലങ്കരെ മതപ്രസംഗംചെയ്തു അനേകർക്കു മാമ്മോദീസാ നൽകി മലങ്കര കത്തോലിക്ക ലത്തീൻ സഭയെ പരിപുഷ്ടിപ്പെടുത്തിയ ഇദ്ദേഹം മുതുക്കുടി, ജപ്പാൻ മുതലായ സ്ഥലങ്ങളിൽ പ്രേഷിതവൃത്തി നടത്തിയതിനു ശേഷം ൧൫൫൨-ൽ ചീനത്തുവെച്ചു നിര്യാതനായി.

**ശ്ലീഹാ**–(സു). അയയ്ക്കപ്പെട്ടവൻ, ('അപ്പസ്തോലൻ' നോക്കുക).

## സ

**സങ്കീർത്തി**–(പോ). ചമയപ്പുര; വൈദികർ മതകർമ്മങ്ങൾക്കു വേണ്ട വസ്ത്രങ്ങൾ ധരിക്കുന്ന സ്ഥലം.